മലങ്കരസഭയിലെ കാതോലിക്കാമാർ

(ജീവചരിത്രപ്രധാനമായ സഭാചരിത്രം)

കെ. വി. മാമ്മൻ

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ
മാങ്ങാനം, കോട്ടയം - 686018
ഫോൺ: 0481-2578936

Malayalam

Malankarasabhayile Catholicamar
(Biographical Church History)

K. V. Mammen Kottackal

First Edition: March 1998

Second Edition: July 1999

Third Edition: 3-1-2018

Published by
Kottackal Publishers
Manganam P. O.
Kottayam - 686018

Printing
Sophia Print House, Kottayam

Price: **Rs. 500.00**

കെ. വി. മാമ്മൻ

ജനനം 1929-ൽ പത്തനംതിട്ടയിൽ. പിതാവ് എം. വർഗീസ് കോട്ടയ്ക്കൽ, തുമ്പമൺ. മാതാവ് മറിയാമ്മ. ബിരുദ ബിരുദാനന്തര പഠനത്തിനു പുറമേ നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് 1960-ൽ ജേർണലിസം ഡിപ്ലോമാ കരസ്ഥമാക്കി. മലയാള മനോരമയിൽ 40 -ഉം ചർച്ച് വീക്കിലിയിൽ 50-ഉം വർഷം പത്രാധിപ സമിതി അംഗമായിരുന്നു. 'മലങ്കര സഭ' മാസികയുടെ മുൻ പത്രാധിപ സമിതി അംഗം. 45 വർഷം പുതുപ്പള്ളി നിലയ്ക്കൽ പള്ളി സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു. മലങ്കരസഭയിലെ കാതോലിക്കാമാർ, ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ, റീത്തുപ്രസ്ഥാനം, സഭാകവി സി. പി. ചാണ്ടി, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പരിശുദ്ധ ഔഗേൻ ബാവാ, പാമ്പാടി തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, ബിഷപ്പ് വാൽഷ്, 2000 വർഷം പിന്നിട്ട മലങ്കരസഭ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, പുത്തൻകാവ് കൊച്ചുതിരുമേനി, യാച്ചാരം, ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും, മലങ്കര വർഗീസും ആനപ്പാപ്പിയും മുതലായി സഭാ ചരിത്ര-ജീവചരിത്രപ്രധാനങ്ങളായ അറുപതിൽപരം ഗ്രന്ഥങ്ങളുടെ കർത്താവ്.

ഭാര്യ ലീലാമ്മ മാമ്മൻ മാങ്ങാനം മന്ദിരം ആശുപത്രിയിലെ ലേയാമ്മ മെമ്മോറിയൽ നഴ്സിംഗ് സ്കൂൾ മുൻ പ്രിൻസിപ്പൽ. മക്കൾ വറുഗീസ് മാമ്മൻ (ആനന്ദ് ട്രാൻസ്പോർട്ട്), അഡ്വ. നോട്ടറി മോഹൻ മാമ്മൻ, ഡോ. അനിത മേരി തോമസ് (അണുശക്തി വകുപ്പ്)

വിലാസം: കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം - 18 ഫോൺ: (0481) 2578936

The Malankara Orthodox Syrian Church
Catholicate of the East

Baselios Marthoma Mathews II
Catholicos of
The Apostolic Throne of St. Thomas
And
Malankara Metropolitan

Catholicate Palace
Kottayam - 686 038
Kerala, India

അഭിനന്ദനം

1998 മാർച്ചിൽ പ്രസിദ്ധീകരിച്ച "മലങ്കരയിലെ കാതോലിക്കാമാർ" എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് 15 മാസം കഴിഞ്ഞ്, അതുവരെയുള്ള സംഭവങ്ങളും കൂട്ടിച്ചേർത്ത് ഇറക്കുന്നതിൽ വളരെ സന്തോഷമുണ്ട്. കടന്നുപോയ ഒരു വർഷം മലങ്കര സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട - സംഭവബഹുലമായ - ഒരു കാലഘട്ടമായിരുന്നു. ആ സംഭവങ്ങളുടെ നിജസ്ഥിതിയും പ്രാധാന്യവും പ്രത്യാഘാതങ്ങളും മറ്റും യഥാസമയം ഫോട്ടോയിലെന്നപോലെ ഒപ്പിയെടുത്തു പകർത്തി രേഖപ്പെടുത്തിയിരിക്കുന്നതു ശ്രമസാധ്യമായ ഒരു സംഗതിയാണ്. ചരിത്രസംഭവങ്ങൾ ആലേഖനം ചെയ്തു യഥാസമയം സൂക്ഷിക്കുന്നതിനുള്ള സംവിധാനമിപ്പോൾ ഇല്ലാത്ത നിലയ്ക്ക് ഈ പുസ്തകത്തിന്റെ സ്ഥാനം ഭാവിയിൽ മാത്രമേ ശരിക്കു മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

സർവ്വോപരി മലങ്കരസഭാ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിമരണംകൊണ്ടു പവിത്രമായ മദ്രാസിലെ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് രണ്ടാം പതിപ്പ് സെന്റ് തോമസ് ദിനത്തോടനുബന്ധിച്ചു ജൂലൈ 4-നു പ്രകാശനം ചെയ്യുന്നതിലും സന്തോഷിക്കുന്നു.

സഭാംഗങ്ങൾ ഈ പുസ്തകം വായിച്ച് ഇരുപതാം നൂറ്റാണ്ടിലെ സഭാചരിത്രവും സഭ നേരിട്ടതും ഇന്നും നേരിട്ടുകൊണ്ടിരിക്കുന്നതും ആയ പ്രശ്നങ്ങളും അവയെ അതിജീവിക്കുന്നതിനു കാതോലിക്കാമാർ ദൈവാശ്രയത്തോടെ നടത്തിയ ശ്രമങ്ങളും മനസ്സിലാക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഗ്രന്ഥകർത്താവായ കെ. വി. മാമ്മനെ നാം അഭിനന്ദിക്കുകയും രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണത്തിൽ നമുക്കുള്ള സന്തോഷം അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് ദ്വിതീയൻ കാതോലിക്കാ

കാതോലിക്കേറ്റ് അരമന
4-6-1999

The Malankara Orthodox Syrian Church
Kottayam Diocese

Geevarghese Mar Ivanios

Kuriakose Mar Gregorios Centre
M.D. Seminary, Kottayam

ആശംസ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു ലഘുചരിത്രവും, കാതോലിക്കാ സിംഹാസനത്തിന്റെ പ്രാധാന്യവും, സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നിസ്തുല സേവനങ്ങളും കാതോലിക്കാ സിംഹാസന പുനഃസ്ഥാപനവും ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ സാരഥികളായ കാതോലിക്കാമാരുടെ പ്രശ്നസങ്കീർണ്ണമായ ഭരണകാലത്തെ അഭിവൃദ്ധിയും പുരോഗതിയും അവിസ്മരണീയ സംഭവവികാസങ്ങളും മറ്റും ഉൾക്കൊള്ളുന്ന "മലങ്കരസഭയിലെ കാതോലിക്കാമാർ" എന്ന പുസ്തകം ഇന്നത്തെ തലമുറ അവശ്യം വായിച്ചിരിക്കേണ്ട ഒരു കൃതിയാണ്. സഭയ്ക്കുവേണ്ടി ജീവൻ പണയപ്പെടുത്തി അതുല്യ സേവനം അനുഷ്ഠിച്ച പുണ്യസ്മരണാർഹരായ പിതാക്കന്മാർ സഭയുടെ പൊതുസ്വത്താണെന്ന് നാം അഭിമാനപൂർവ്വം സ്മരിക്കണം. അവരുടെ മാതൃകാപരമായ ജീവിതവും, സൽപ്രേരണയും ആദ്ധ്യാത്മികരംഗത്തെ അനുപമ നേതൃത്വവും ആണ് നമ്മുടെ സഭയുടെ ഇന്നത്തെ വളർച്ചയ്ക്കു നിദാനമെന്നും മനസ്സിലാക്കണം. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" എന്നാണല്ലോ സെന്റ് പോൾ അനുസ്മരിപ്പിക്കുന്നത്. മലങ്കരസഭയിൽ കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തിനു വേണ്ടി പിതാക്കന്മാർ നേരിട്ട കഷ്ടനഷ്ടങ്ങളും, കാതോലിക്കാമാർ അഭിമുഖീകരിച്ച പ്രയാസങ്ങളും സമഗ്രമായി വിവരിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകത. ദീർഘനാളത്തെ പരിശ്രമവും പഠനവും കൊണ്ടല്ലാതെ ഇത്തരം ഒരു ഗ്രന്ഥം രചിക്കാൻ സാദ്ധ്യമല്ല.

നമ്മുടെ സഭയിലെ പല പിതാക്കന്മാരുടെ ജീവചരിത്രങ്ങളും, സഭാചരിത്ര സംബന്ധമായ ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ള കെ. വി മാമ്മൻ ഈ സംരംഭവും ഏറ്റെടുത്തതിൽ എനിക്കു വളരെയധികം സന്തോഷമുണ്ട്. വ്യയഹേതുകമായ ഇത്തരം കാര്യങ്ങളിൽ പ്രവേശിക്കാൻ പലരും തയ്യാറായെന്നും വരുകയില്ല. തന്നിമിത്തം ഈ പുസ്തകം വായിച്ചു സഭാപിതാക്കന്മാരുടെ അതുല്യ സംഭാവനകൾ മനസ്സിലാക്കി അഭിമാനം കൊള്ളാനും, ആദ്ധ്യാത്മിക

ജീവിതത്തെ പരിപോഷിപ്പിക്കുവാനും സാധിക്കുമെങ്കിൽ അതൊരു വലിയ നേട്ടമായിരിക്കും. അതാണ് ഈ പുസ്തകത്തിന്റെ പ്രധാന ലക്ഷ്യവും. ഗ്രന്ഥത്തിന് വിജയം നേരുകയും ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കുകയും ചെയ്യുവാൻ എനിക്ക് അനൽപമായ താൽപര്യവും ഉണ്ട്.

ദൈവം അനുഗ്രഹിക്കട്ടെ.

ഗീവറുഗീസ് മാർ ഈവാനിയോസ്
മെത്രാപ്പോലീത്താ

കോട്ടയം
23-2-1998



ആശംസ

കാതോലിക്കാ ബാവാമാരിലൂടെ സഭയ്ക്കുണ്ടായ നേട്ടങ്ങൾ

അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

ഭാരതസഭയുടെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചവരും നിർണ്ണായക ശക്തികേന്ദ്രങ്ങളും വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളുമായ പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ ത്യാഗോജ്ജ്വലമായ ജീവിതവും ചരിത്രവും സംഭാവനകളും സമാഹരിച്ച് കെ. വി. മാമ്മൻ പ്രസിദ്ധപ്പെടുത്തുന്ന "മലങ്കരസഭയിലെ കാതോലിക്കാമാർ" എന്ന ഗ്രന്ഥം ഈടുറ്റതും വിശ്വാസികൾക്കും വേദശാസ്ത്ര വിദ്യാർത്ഥികൾക്കും ചരിത്ര ഗവേഷകർക്കും ഒരേപോലെ പ്രയോജകീഭവിക്കുന്നതുമാണ്.

ചരിത്രമെഴുത്ത് എന്നത് വളരെ ശ്രേഷ്ഠമായ ഒരു കർമ്മമാണ്. തങ്ങളുടെ കണ്ണുകൊണ്ട് കണ്ടതും കൈതൊട്ടതുമായ കാര്യങ്ങൾ വരുംതലമുറയ്ക്ക് വേണ്ടി കുറിച്ചുവെയ്ക്കുന്നതിൽപരം ഒരു മഹത്കർമ്മം വേറെയെന്താണുള്ളത്? യഥാർത്ഥത്തിൽ അർത്ഥപൂർണ്ണമായ ഒരു കരുതൽധനമാണ് വളച്ചൊടിക്കലുകളില്ലാത്ത ചരിത്രരചന. ഒരേ സമയം ഭൂത-വർത്തമാന കാലങ്ങളിലേക്ക് സ്വാർത്ഥബുദ്ധിയില്ലാതെ സഞ്ചരിക്കുവാൻ തയ്യാറാവുന്ന ചരിത്രകാരൻ കാല-ദേശ-സമയത്തിനൊക്കെ അപ്പുറം ചിരസ്മരണീയനായിത്തന്നെ നിലകൊള്ളും. കെ. വി. മാമ്മനും തന്റെ ചരിത്രരചനകൾ കൊണ്ട് ഈദൃശമായ സ്ഥാനത്തിന് അർഹത നേടിയിട്ടുണ്ട് എന്നാണ് എന്റെ പൂർണ്ണമായ ബോധ്യം.

ഉദയംപേരൂർ സുന്നഹദോസിനും (1599) ഭാരതത്തിന്റെ തന്നെ ആദ്യത്തെ ദേശീയ സ്വാതന്ത്ര്യ സമരമായ കൂനൻകുരിശുസത്യത്തിനും (1653) ശേഷം മലങ്കരസഭയുടെ ചരിത്രനാൾവഴിയിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലായിരുന്നു 1912 സെപ്റ്റംബർ 15-ന് നിരണം വലിയപള്ളിയിൽ നടന്ന കാതോലിക്കാ സ്ഥാനാരോഹണം. അർക്കദിയാക്കോൻ, മാർത്തോമ്മാ മെത്രാൻ, മലങ്കര മെത്രാപ്പോലീത്താ എന്നിങ്ങനെയുള്ള സ്ഥാനക്രമത്തിലൂടെ പടിപടിയായുയർന്നു വന്ന പരിശുദ്ധ സഭയുടെ വളർച്ചാപൂർത്തീകരണമെന്ന് ഈ നേട്ടത്തെ വിളിക്കാം. ചരിത്രത്തിലെവിടെയോ മലങ്കരസഭയ്ക്ക് നഷ്ടമായിപ്പോയ സ്വയംശീർഷകത്വത്തിലേക്കുള്ള പുനഃപ്രവേശനമായിരുന്നു കാതോലിക്കേറ്റിന്റെ സ്ഥാപനം. ഇത് പുതിയ കാതോലിക്കേറ്റ് ആണോ തിഗ്രിസിലെ മഫ്രിയാനേറ്റിന്റെ തുടർച്ചയാണോ പേർഷ്യൻ ബന്ധംകൊണ്ട് രൂപപ്പെടുത്തിയതാണോ എന്നൊക്കെയുള്ള ചർച്ചകളും തർക്കങ്ങളും ഇന്നും നിലനിൽക്കു

കയാണ്. കാതോലിക്കേറ്റ് പുതിയതോ പഴയതോ എന്നുള്ളതൊന്നുമായിരിക്കരുത് നമ്മുടെ പ്രധാന ചിന്താവിഷയം. മറിച്ച് കാതോലിക്കേറ്റ് വഴിയായി ഭാരതത്തിന്റെ ദേശീയ സഭയായ നമുക്ക് കരഗതമായത് എന്താണ്? ഈ നൂറ്റാണ്ടിലും അതിന്റെ പ്രാധാന്യവും സാധ്യതയും എന്താണ്? മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയ പരിശുദ്ധ പിതാക്കന്മാരുടെ ജീവിതവും ദർശനവും ആത്മീയ മാതൃകയും ഏതുവിധമുള്ളതാണ് എന്നതിനെക്കുറിച്ചൊക്കെയുള്ള കാര്യമായ പഠനങ്ങളാണ് അത്യന്താപേക്ഷിതം.

മലങ്കരയിലെ പ്രഥമ കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ ജീവചരിത്ര സംബന്ധമായി കൂടുതൽ രേഖകളോ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളോ കൽപ്പനകളോ അധികമൊന്നും ലഭ്യമായിട്ടില്ലെങ്കിലും സഭാചരിത്രത്തിലെ ഏറ്റവും ദുർഘടപൂർണ്ണമായ ഒരു കാലഘട്ടത്തിൽ ദൈവാശ്രയബോധത്തോടെ സഭാനൗകയെ നയിക്കാൻ വാർദ്ധക്യത്തിന്റെ വൈഷമ്യങ്ങൾക്കിടയിലും ഈ ആത്മീയപിതാവ് തയ്യാറായി എന്നത് അറിയുമ്പോളാണ് അനുപമമായ ആ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠത നമുക്ക് ദർശിക്കാനാവുന്നത്. പ. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനെതതിരെ കൊല്ലവർഷം 1086 (1911) മിഥുനം 2-ന് മണ്ണത്തൂർ പള്ളിയിൽ നിന്ന് അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുമായി ചേർന്നെഴുതിയ കൽപനയിൽ മലങ്കര സഭയുടെ സ്വാതന്ത്ര്യം അങ്ങേയറ്റം ആഗ്രഹിച്ച ഒരു വലിയ ഇടയനായിട്ടാണ് അദ്ദേഹത്തെ നമുക്ക് മനസ്സിലാക്കുവാനാകുന്നത്. എന്തുകൊണ്ടും വാർദ്ധക്യത്തിലും തക്ക ഫലം കായിച്ച നീതിവൃക്ഷം തന്നെയാണീ പിതാവ്.

മലങ്കരയിലെ രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ 'വാകത്താനം ബാവ' എന്ന പേരിലാണ് പരക്കെ അറിയപ്പെടുന്നത്. നവീകരണ പ്രസ്ഥാനക്കാരുടെ കടന്നുകയറ്റവും അന്ത്യോഖ്യൻ അധികാരപ്രമത്തതയുടെ നുഴഞ്ഞുകയറ്റവും മലങ്കരയുടെ മണ്ണിൽ ആധിപത്യം ചെലുത്താൻ തുടങ്ങിയപ്പോൾ അവയെ സധൈര്യം നേരിട്ട ഈ പുണ്യപിതാവ് കാതോലിക്കേറ്റിന്റെ സുസ്ഥിരതയ്ക്കും സുഗമമായ ഭരണക്രമീകരണത്തിനുമായി മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം ചേർന്ന് പ്രവർത്തിച്ച് സഭാഭരണത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ ആ ജീവിതത്തിന്റെ വിശുദ്ധിയിലേക്കും നിഷ്ഠയിലേക്കും വെളിച്ചം വീശുന്നതാണ്.

മലങ്കരയിലെ മൂന്നാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ 'കുറിച്ചി ബാവാ', 'കല്ലാശ്ശേരി ബാവാ' എന്നീ പേരുകളിലൊക്കെ അറിയപ്പെടുന്നു. "കാതോലിക്കാ സിംഹാസനത്തിന്റെ താഴ്ച നമ്മുടെ താഴ്ച. കാതോലിക്കാ സിംഹാസനത്തിന്റെ ശ്രേയസ്സ് നമ്മുടെ ശ്രേയസ്സ്. ആകയാൽ സഭാംഗങ്ങളെ, ബാലസിംഹങ്ങളെ നമുക്ക് എഴുന്നേറ്റ്

സഭയെ പണിയാം, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പണിയാം" എന്ന് വർദ്ധിച്ച വീര്യത്തോടെ സഭാമക്കളോട് വിളിച്ചുപറഞ്ഞ വ്രതനിഷ്ഠനായ തപോധനനായിരുന്നു ഈ പിതാവ്. 1912-ൽ മെത്രാപ്പോലീത്തായായി തീർന്ന ഈ പിതാവ് 1929-ൽ കാതോലിക്കായായി അവരോധിതനാകുന്നതുവരെയും കൊല്ലം ഭദ്രാസനത്തിലെ കുണ്ടറ സെമിനാരിയായിരുന്നു ഏറ്റം പ്രിയപ്പെട്ട വാസസ്ഥലമായി കണ്ടത്. അതുകൊണ്ട് തന്നെ കൊല്ലംകാരായ ഞങ്ങൾക്കു 'കുണ്ടറ തിരുമേനി' എന്ന് വിളിക്കുന്നതാണ് ഏറെ പ്രിയം. ചിന്തയിലും പ്രവർത്തനത്തിലും കർമ്മാനുഷ്ഠാനങ്ങളിലും വിശുദ്ധിയുടെ സൂര്യശോഭ പ്രസരിപ്പിച്ച പുണ്യാത്മാവായിരുന്ന ഈ പിതാവ് ദേഹശുദ്ധിയിലും മനശുദ്ധിയിലും ഏറെ ജാഗ്രത പുലർത്തിയിരുന്നു. മലങ്കരസഭയിൽ ശാശ്വത സമാധാനം സ്വപ്നം കണ്ട ഈ പിതാവ് അതിനായി ഏറെ അദ്ധ്വാനിക്കുകയും സർവ്വംസഹയായ ഭൂമിയോളം താഴുകയും ചെയ്തു. മുമ്പെന്നപോലെ ഇനിയും നാം ഒന്നായി കഴിയുന്നതാണ് നമ്മുടെ ബലവും നേട്ടവുമെന്ന് ഉള്ളുതുറന്ന് പറഞ്ഞ ഈ പിതാവ് 1958-ൽ കൈവരുത്തിയ സമാധാനം നിലനിർത്തപ്പെടാതിരിപ്പാൻ ചിലർ ശ്രമിച്ചതിനാൽ വാർദ്ധക്യത്തിൽ ഏറെ വേദനിച്ചിട്ടുണ്ട്.

മാതൃസഭയിൽ നിന്നുള്ള എം. എ. അച്ചന്റെ (ഫാ. പി. റ്റി. ഗീവർഗീസ്) റീത്തു പ്രസ്ഥാനത്തിലേക്കുള്ള നിഷ്ക്രമണം, പെരുനാട്, ബഥനി ആശ്രമ മലയിലും സഭയിലുമുണ്ടാക്കിയ അടിയിളക്കം മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ചെറുത്തത് മറ്റൊരു പ്രഗത്ഭനും പ്രഭാഷണ തിലകനും പ്രതിഭാധനനുമായ ഫാ. കെ. റ്റി. ഗീവറുഗീസിനെ (പിന്നീട് പുത്തൻകാവ് കൊച്ചുതിരുമേനി) കണ്ടുപിടിച്ചതിനെ തുടർന്ന് അദ്ദേഹത്തെ 1930 നവംബർ 3-നു പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ്, പാമ്പാടി മാർ ഗ്രീഗോറിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ പരുമല പള്ളിയിൽ വച്ചു മെത്രാനായി അഭിഷേകം ചെയ്തുകൊണ്ടാണ്. കൂടാതെ ബഥനിയുടെ സുരക്ഷിതത്വത്തിനുവേണ്ടി ഫാ. അലക്സിയോസിനെ മാർ തേവോദോസിയോസ് എന്ന പേരിൽ 1938 ഏപ്രിൽ 7-നു മുളന്തുരുത്തി കർമ്മേൽ ദയറായിൽ വച്ചു മെത്രാപ്പോലീത്തായായി വാഴിച്ചു ആശ്രമാധിപനാക്കിയതിലും മൂന്നാം കാതോലിക്കാ ബാവായുടെ കർമ്മകുശലത ഉൾക്കാഴ്ചയോടെ പ്രവർത്തിച്ചു. മലങ്കരസഭയെ ലോകസഭകൾക്കു മുമ്പിൽ മാതൃകയോടെ നിലനിർത്താനും ഈ പിതാവിനു ഭാഗ്യം ലഭിച്ചു. 1937-ൽ എഡിൻബറോയിൽ ചേർന്ന ഫെയ്ത്ത് ആൻഡ് ഓർഡർ കോൺഫറൻസിൽ മലങ്കരസഭയെ പ്രതിനിധാനം ചെയ്യാനും പ. പിതാവിന്റെ നേതൃത്വത്തിലുള്ള സംഘത്തിനു സാധിച്ചു. ഈ കോൺഫറൻസ് ആഗോളാടിസ്ഥാനത്തിൽ മലങ്കരസഭയുടെ കൊമ്പിനെ ഉയർത്തിയ ഒരു സുപ്രധാന സംഭവം തന്നെയാണ്.

മലങ്കരയിലെ നാലാം കാതോലിക്കാ പ. ബസേലിയോസ് ഔഗേൻ

പ്രഥമൻ ബാവാ ശാന്തനും സൗമ്യനും മിതഭാഷിയും സുറിയാനി, സംസ്കൃതം, മലയാളം എന്നീ ഭാഷകളിലും സഭാവിജ്ഞാനീയത്തിലും നിപുണനുമായിരുന്നു. താപസജീവിതവും സാഹിത്യ സപര്യയും ഒരേപോലെ തുടർന്ന ഈ പിതാവ് സഭയുടെ ആരാധനാ ജീവിതത്തെ പരിഭാഷകളാൽ സമ്പന്നമാക്കി. കക്ഷിവഴക്കുകളുടെ പാരമ്യതയിൽ പിറവത്തു വച്ച് ദേഹോപദ്രവം പോലും ഏൽക്കേണ്ടി വന്ന ഈ ശ്രേഷ്ഠ ഇടയൻ 1970-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് 203-ാം നമ്പർ കൽപന വഴിയായി മലങ്കരയിൽ പടർത്തിയ കൊടുങ്കാറ്റിനെ "നമ്മുടെ സ്ഥാനമോ ജീവൻ തന്നെയുമോ പോയാലും വി. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ മഹിമയ്ക്ക് കുറവു വരുന്ന യാതൊന്നും നാം ചെയ്യുന്നതല്ല" എന്ന മറുപടി കൊണ്ട് പ്രതിരോധിച്ച് കാതോലിക്കേറ്റിന്റെ ധീരനായ കാവൽസേനാനിയായി മാറി.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ നേതൃത്വശൈലികൊണ്ട് സഭയുടെ അതിർത്തികളെ ചക്രവാളത്തിനപ്പുറത്തേക്ക് വ്യാപിപ്പിച്ച ധിഷണാശാലിയാണ്. പൗരാണികമായി ഉപയോഗത്തിലിരുന്നതും ഇടയ്ക്ക് നിലച്ചുപോയതുമായ മാർത്തോമ്മാ എന്ന സ്ഥാനനാമം ഈ ഇടയശ്രേഷ്ഠൻ വീണ്ടും സ്വീകരിക്കുകയും സഭാംഗങ്ങൾ ചിതറിപ്പാർക്കുന്ന ഇടങ്ങളിലേക്ക് സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തു. അപ്രിയ സത്യങ്ങൾ പോലും സഭയുടെ ഉൽകർഷത്തെപ്രതി മുഖം നോക്കാതെ വിളിച്ചുപറഞ്ഞ ഈ പിതാവ് കാരിരുമ്പിന്റെ കരുത്തോടും ദൈവാശ്രയത്തോടും പ. സഭയെയും സഭാ മക്കളെയും സ്വർഗ്ഗീയ സീയോനിലേക്ക് നയിച്ചു.

20-ാം നൂറ്റാണ്ടിന്റെ ഒടുവിൽ സഭയുടെ സാരഥ്യമേറ്റെടുത്ത പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ മലങ്കരസഭയുടെ തെക്കൻ മേഖലയിൽ നിന്ന് ആദ്യമായി കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പിതാവാണ്. കേരളത്തിലെ എല്ലാ സഹോദരീസഭകളുമായും സുദൃഢമായ സ്നേഹബന്ധം പുലർത്തിയ തിരുമേനിയുടെ മുഖപ്രഭ ആരെയും ആകർഷിക്കുന്നതായിരുന്നു. സഭാ സമാധാനം സ്വപ്നം കണ്ട ഈ പിതാവിന്റെ നയപരമായ ഇടപെടലുകൾ കൊണ്ട് കക്ഷി വഴക്കുകൾ സഭയുടെ തെക്കൻ പ്രദേശത്ത് അധികം ഉടലെടുത്തില്ല. പ്രാദേശിക വാദങ്ങളേക്കാളുപരി സഭയാണ് വലുത് എന്ന സന്ദേശം സ്വജീവിതത്തിൽ കൂടി വെളിവാക്കുവാനും ഈ പിതാവിന് സാധിച്ചു. ആത്മീയതയുടെ അണയാത്ത സൂര്യതേജസ്സായി അദ്ദേഹം സഭാമക്കളുടെ ഹൃദയത്തിൽ ഇന്നും നിലകൊള്ളുന്നു.

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ മൗനത്തിന്റെ വൽമീകത്തെ ഏറെ ഇഷ്ടപ്പെട്ട പിതാവാണ്. ആരാധനയുടെ സൗകുമാര്യവും ആശ്രമനിഷ്ഠകളിൽ അടിസ്ഥാനപ്പെട്ട യാമങ്ങളുടെ കാവൽക്കാരനായുള്ള ജീവിതവും ആ പിതാവിന്റെ ശ്രേഷ്ഠത വർദ്ധിപ്പിക്കുന്നു.

മലങ്കരസഭാചരിത്രത്തിൽ ഏറ്റവുമധികം മേൽപ്പട്ടക്കാരെ വാഴിച്ചതും ഈ താപസ ജ്യോതിസ്സാണ്.

കാതോലിക്കേറ്റിന്റെ ശതാബ്ദി 2012-ൽ ആഘോഷിച്ച കാലയളവിൽ ആദ്യ കാതോലിക്കാ ബാവായുടെ അതേ സ്ഥാനനാമമുള്ള ഒരു പിതാവ് മാർത്തോമ്മായുടെ ശ്ലൈഹിക സിംഹാസനത്തെ മേയിച്ചു ഭരിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടു എന്നതു തന്നെ ദൈവനിയോഗമാണ്. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ കർമ്മമേഖലകൾ, സഭയെക്കുറിച്ചുള്ള സ്വപ്നങ്ങൾ എന്നിവയെല്ലാം വർത്തമാനകാലത്തിനു പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഒട്ടും ഇല്ല. 2017 ജൂലൈ 3-ന് ബഹു. സുപ്രീംകോടതി വിധി വഴിയായി മലങ്കരയ്ക്കായി ദൈവം നൽകിയ സമാധാനത്തിനുള്ള സുവർണ്ണാവസരത്തെ ഭൂതകാലത്തു നിന്നു പഠിച്ച് ഭാവിയിലും നിലനിൽക്കത്തക്ക രീതിയിൽ വർത്തമാനകാലത്ത് പ്രാവർത്തികമാക്കുവാൻ പൂർവ്വസൂരികൾ തെളിയിച്ച വഴിയേ മാർത്തോമായുടെ മാർഗ്ഗത്തിൽ ശ്ലൈഹിക സിംഹാസനത്തിൽ ആരൂഢനായിക്കൊണ്ട് ഭാഗ്യമോടെ ദൈവത്തിന്റെ അജവൃന്ദത്തെ പച്ചയായ പുൽമാലിയിൽ സുവിശേഷത്തിനനുസൃതമായി മേയിച്ച് പരിപാലിച്ച് വഴി നടത്തുവാൻ ത്രീയേകദൈവം ഈ പിതാവിനും കൃപകൾ നൽകട്ടെ.

ദൈവമേ അടുത്ത തലമുറയോട് ഞാൻ നിന്റെ ഭുജത്തെയും വരുവാനുള്ള എല്ലാവരോടും നിന്റെ വീര്യപ്രവൃത്തികളെയും അറിയിക്കുവോളം വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ എന്ന ദാവീദിന്റെ പ്രാർത്ഥനപോലെ (സങ്കീ. 71:18) ആയുരാരോഗ്യങ്ങൾ നിറഞ്ഞതും ദൈവകൃപയിൽ അധിഷ്ഠിതവുമായ നല്ല നാളുകൾ ഗ്രന്ഥകാരന് ആശംസിക്കുന്നതിനോടൊപ്പം ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ലഭ്യമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സഭാമക്കൾക്കായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.



അവതാരിക

മാർത്തോമ്മൻ പൈതൃകത്തിലെ പരിശുദ്ധ കാതോലിക്കാമാർ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ്രശസ്ത ചരിത്രകാരനായ കെ. വി. മാമ്മൻ കോട്ടയ്ക്കലിന്റെ *മലങ്കരയിലെ കാതോലിക്കാമാർ* എന്ന ഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയുടെ ആധുനിക കാലഘട്ടത്തിന്റെ ചരിത്രമാണ് (1912-2017). കാതോലിക്കേറ്റ് സ്ഥാപനം മുതൽ ഇന്നുവരെയുള്ള കാതോലിക്കാമാരുടെ ജീവിതവും ദർശനവും സംഭാവനകളും ഒരു പത്രപ്രവർത്തകന്റെ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു. ഇതിൽ ആത്യന്തികമായി പ്രകാശം പരത്തുന്നത് മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു നൂറ്റാണ്ടിന്റെ പൈതൃകവും ദർശനവുമാണ്. മലങ്കര സഭയിലെ പ്രധാന മേലദ്ധ്യക്ഷന്മാരായ പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ ജീവിതവും ദൗത്യവും ചരിത്രപശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഈ പ്രൗഢഗ്രന്ഥം മലങ്കരസഭാചരിത്രത്തിന്റെ നേർക്കാഴ്ചയാണ്.

ഗവേഷകനും പത്രപ്രവർത്തകനുമായ കോട്ടയ്ക്കൽ കെ. വി. മാമ്മൻ സഭാചരിത്രം, പിതാക്കന്മാരുടെ ജീവചരിത്രം എന്നീ മേഖലകളിലായി അറുപതിൽ അധികം പുസ്തകങ്ങൾ എഴുതുകയും എഡിറ്റു ചെയ്തു പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലം മുതലുള്ള ആറു കാതോലിക്കാ ബാവാമാരുടെ പ്രവർത്തനങ്ങളിൽ സാക്ഷിയായ കെ. വി. മാമ്മൻ അക്ഷരലോകത്ത് തുറന്നിട്ടിരിക്കുന്നത് സഭാചരിത്രത്തിന്റെ രാജവീഥികളാണ്.

മലയാള മനോരമയിൽ 38 വർഷത്തെ സേവനത്തിനുശേഷം (1953-1990) അസിസ്റ്റന്റ് എഡിറ്റർ എന്ന നിലയിൽ വിരമിച്ചു. പത്രലോകത്തു നിന്നും ലഭിച്ച ഗവേഷണസിദ്ധിയും അനുഭവ പരിചയവും കഴിഞ്ഞ 30 വർഷമായി എഴുത്തിന്റെയും പുസ്തക പ്രസിദ്ധീകരണത്തിന്റെയും പുതിയ മേഖലകൾ സ്വതസിദ്ധമായ ശൈലിയിൽ വെട്ടിത്തുറന്നു. സഭാചരിത്രം, ജേർണലിസം, മലയാള സാഹിത്യം എന്നിവയിൽ ലഭ്യമായ വ്യുൽപ്പത്തിയാണ് എഴുത്തിനെ പ്രണയിക്കുവാൻ പ്രേരിപ്പിക്കുന്നത്. മലയാള മനോരമയിൽ മലങ്കര സഭയുമായി ബന്ധപ്പെട്ട വാർത്തകൾ പരിശോധിക്കുകയും തിരുത്തുകയും ചെയ്യുന്ന മുഖ്യധർമ്മം കെ. വി. മാമ്മനായിരുന്നു. സഭാദ്ധ്യക്ഷന്മാരുടെ പേരും സ്ഥാനനാമങ്ങളും മറ്റും കൃത്യമായി അച്ചടിച്ചു വരണമെന്ന് മലയാള മനോരമയ്ക്ക് നിർബന്ധം ഉണ്ട്. ക്രൈസ്തവ സഭകളുടെ വിവിധ വാർത്തകൾ ശേഖരിക്കു

ന്നതിനും പ്രധാന സംഭവങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനും അവസ്ഥിരീകരിക്കുന്നതിനുമുള്ള ഫൈനൽ വാക്കായിരുന്നു കെ വി. മാമ്മൻ.

പത്രപ്രവർത്തകനായ കെ. വി. മാമ്മൻ നേരിട്ടു കണ്ടതും കേട്ടതും പത്രത്തിൽ എഴുതിയതുമായ കാര്യങ്ങളാണ് വിവിധ സഭാചരിത്രഗ്രന്ഥങ്ങളിൽ ഉള്ളത്. അന്നും ഇന്നും ഇക്കാര്യങ്ങൾ അദ്ദേഹം ചെയ്യുന്നത് സഭയോടുള്ള പ്രതിബദ്ധതയും സ്നേഹവും കൊണ്ടാണ്. മാതൃദേവാലയമായ മാക്കാംകുന്നിലും പുതുപ്പള്ളി നിലയ്ക്കലുമായി 50 വർഷം സണ്ടേസ്കൂൾ അദ്ധ്യാപകൻ എന്ന നിലയിലും പ്രവർത്തിച്ചു. കോട്ടയം അക്ഷരനഗരിയിൽ 70 വർഷമായി താമസിച്ച് സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വവും സാക്ഷ്യവും വഹിക്കുന്നു. ഇവ എല്ലാം കെ. വി. മാമ്മന്റെ എഴുത്തിലും ജീവിതത്തിലും പ്രതിഫലിക്കുന്നു. അതിനാലാണ് 88-ാം വയസ്സിന്റെ നിറവിലും മലങ്കരസഭയിലെ കാതോലിക്കാമാർ എന്ന സമഗ്രവും പ്രാമാണികവുമായ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

II

'മാർത്തോമ്മൻ പൈതൃകം' മലങ്കര ഓർത്തഡോക്സ് സഭയുടെ മുഖമുദ്രയാണ്. ദേശീയ-തദ്ദേശീയ സംസ്കാരധാരകളിൽ അലിഞ്ഞുചേർന്നു വളർന്ന പാരമ്പര്യമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുള്ളത്. ഭാരതത്തിൽ ഇതിന്റെ പ്രാരംഭം എ.ഡി. 52 മുതലാണ്. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭയുടെ നസ്രാണി പാരമ്പര്യത്തിൽ വളർന്നു വികസിച്ച സുറിയാനി ക്രിസ്ത്യാനികളാണ് 'മലങ്കര നസ്രാണികൾ' അഥവാ 'സെന്റ് തോമസ് ക്രിസ്ത്യാനികൾ' എന്ന് അറിയപ്പെടുന്നത്. ആരാധനയിലുള്ള സുറിയാനി ഭാഷാപാരമ്പര്യമാണ് 'സുറിയാനി ക്രിസ്ത്യാനികൾ' എന്ന വിളിപ്പേരിന് ആധാരം. മലങ്കരസഭയുടെ സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം മൂന്നു പൊതു സുന്നഹദോസുകളിൽ അധിഷ്ഠിതമായ സത്യവിശ്വാസമാണ്. നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ് എന്നീ സുന്നഹദോസുകളിൽ അവതരിപ്പിച്ച് അംഗീകരിച്ച വിശ്വാസ പ്രബോധനങ്ങൾ തലമുറകൾ കൈമാറി കെടാതെ സൂക്ഷിച്ച പാരമ്പര്യമാണുള്ളത്.

സാംസ്കാരികമായി തദ്ദേശീയവും ഭരണപരമായി സ്വയംഭരണ സ്വാതന്ത്ര്യവും ആദ്ധ്യാത്മികമായി പൗരസ്ത്യ സ്വഭാവവും സാമുദായികമായി മതസൗഹാർദ്ദവും പുലർത്തിയ ദേശീയ സ്വത്വമുള്ള മലങ്കരസഭാ പാരമ്പര്യത്തിലേക്ക് പതിനഞ്ചാം നൂറ്റാണ്ടിൽ കത്തോലിക്കാ മിഷനറിമാർ പ്രവേശിച്ചു. എന്നാൽ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ തദ്ദേശീയവും ദേശീയവുമായി നിലനിന്ന മലങ്കരസഭയെ റോമൻ സഭയോടു ചേർക്കുവാൻ ശ്രമിച്ചപ്പോൾ വൈദേശിക അധിനിവേശത്തെയും ആധിപത്യത്തെയും നഖശിഖാന്തം പ്രതിരോധിക്കുവാനുള്ള ധാർമ്മിക ചങ്കൂറ്റം മലങ്കരയിലെ നസ്രാണി

സമൂഹത്തിനുണ്ടായി. വാക്കിലും പ്രവൃത്തിയിലും സത്യവിശ്വാസം പാലിച്ച് ഏൽപിച്ചു തന്നവരായ പിതാക്കന്മാരുടെ പാതയാണ് സഭ പിന്തുടർന്നത്.

ഇന്ത്യൻ മണ്ണിൽ പാശ്ചാത്യ അധിനിവേശത്തിനെതിരെ നടന്ന പ്രഥമ ജനകീയ സ്വാതന്ത്ര്യ സമരമാണ് കൂനൻകുരിശു സത്യം. കൊച്ചിയിലെ പള്ളികളിൽ 1652 മുതൽ നടന്ന വിവിധ മലങ്കര പള്ളിയോഗങ്ങളാണ് മലങ്കരയിലെ റോമൻ കത്തോലിക്കാ ബന്ധം വിടർത്താൻ നിശ്ചയിച്ചത്. നസ്രാണികളിൽ റോമൻ പാരമ്പര്യം അടിച്ചേൽപ്പിച്ച 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ അനന്തരഫലമാണ് *വർത്തമാനപുസ്തകത്തിലും നിരണം ഗ്രന്ഥവരിയിലും* രേഖപ്പെടുത്തിയിരിക്കുന്ന *മട്ടാഞ്ചേരി കുരിശിങ്കലെ സത്യം*. പാശ്ചാത്യ അധിനിവേശത്തെ പ്രതിരോധിച്ച മലങ്കര നസ്രാണികളുടെ ധീരനടപടികളെ നിസ്സാരവത്ക്കരിക്കാൻ യൂറോപ്യൻ ചരിത്രകാരന്മാർ ശ്രമിച്ചതിനാലാണ് 1653 മകരം 3-ന് വെള്ളിയാഴ്ച മട്ടാഞ്ചേരിയിലെ കുരിശിൽ കയർ കെട്ടി സത്യം ചെയ്ത് പടിയോല എഴുതി ഒപ്പിട്ട മഹത്തായ ചരിത്രസത്യത്തെ *കൂനൻ കുരിശ്* എന്ന പ്രയോഗത്തിലൂടെ തമസ്കരിച്ചത്. *മട്ടാഞ്ചേരി കുരിശിങ്കലെ* സത്യം എന്ന ചരിത്രസംജ്ഞയിലാവണം ഈ അധിനിവേശ വിരുദ്ധ പോരാട്ടത്തെ സഭാചരിത്രത്തിൽ രേഖപ്പെടുത്തേണ്ടത്. വിദേശ സഭാചരിത്രകാരന്മാർ നസ്രാണികളുടെ സ്വാതന്ത്ര്യ അഭിവാഞ്ഛയേയും അധിനിവേശ പ്രതിരോധത്തെയും നിസ്സാരവത്ക്കരിച്ചതിന്റെ പ്രയോഗമാണ് 'കൂനൻകുരിശ് സത്യം.' ഇങ്ങനെ മാർത്തോമ്മൻ പൈതൃകത്തിന്റെ സ്വത്വവും സ്വാതന്ത്ര്യവും ദേശീയതയും തകർക്കുവാൻ ശ്രമിച്ച വിദേശ സഭകളെ പ്രതിരോധിച്ച നസ്രാണി പൗരുഷത്തിന്റെ ഉദാത്ത മാതൃകകൾ അനവധിയാണ്.

മലങ്കരസഭയുടെ ഭരണക്രമങ്ങൾ പള്ളിയോഗ നിശ്ചയപ്രകാരമാണ് നിർവ്വഹിക്കപ്പെട്ടിരുന്നത്. മലങ്കര നസ്രാണികളുടെ ആദ്യനിയമ സംഹിതയായ 1809-ലെ കണ്ടനാട് പടിയോലയിൽ, നസ്രാണികളുടെ സാമൂഹിക ആചരണങ്ങളുടെ ക്രമീകരണം, ഇടവകപ്പള്ളികളുടെ ഭരണസംവിധാനം, ആരാധന ക്രമീകരണങ്ങളുടെ ഏകീകരണം എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. *കണ്ടനാടു പടിയോല* അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ ഒഴികെയുള്ളവ നിരോധിച്ചു. അതേസമയം 1686-ൽ മലങ്കരയിൽ അവതരിപ്പിച്ച പാശ്ചാത്യ സഭയുടെ നിയമസംഹിതയായ ഹൂദായ കാനോൻ നിലനിന്നു. 1889-ലെ റോയൽ കോർട്ട് വിധിയോടെ ഹൂദായകാനോന് മലങ്കരയിൽ നിയമസാധുതയും ലഭ്യമായി. എന്നാൽ മലങ്കരയെ സമഗ്രമായി ബാധിക്കുന്ന നിയമസംഹിതയായിട്ടല്ല ഹൂദായകാനോനെ 1934-ലെ ഭരണഘടനാ ശിൽപികൾ വിഭാവനം ചെയ്തിരിക്കുന്നത്, സഭാവിജ്ഞാനീയത്തിലും കൗദാശിക ദർശനങ്ങളിലും അന്ത്യോഖ്യൻ പാരമ്പര്യം മലങ്കരസഭ ഉൾക്കൊള്ളുന്നതിനാലാണ്.

മലങ്കരയിലെ നസ്രാണി ചരിത്രത്തിൽ മലങ്കര പള്ളിയോഗ നിശ്ചയങ്ങൾ കാനോനുകളുടെ ഗണത്തിലുള്ളതാണ്. 1873-ലെ പരുമല സുന്നഹദോസിന്റെ

കാനോനാകൾ, 1876-ലെ മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ എന്നിവയുടെ പശ്ചാത്തലത്തിലും ഹൂദായ കാനോന്റെ അടിസ്ഥാനത്തിലും വികസിപ്പിച്ചതും പുനരാഖ്യാനം ചെയ്തതുമായ നിയമസംഹിതയാണ് 1934-ലെ മലങ്കരസഭാ ഭരണഘടന. കോട്ടയം എം.ഡി. സെമിനാരിയിൽ 1934 ഡിസംബർ 26-ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 13 ഭാഗങ്ങളിലായി 127 വകുപ്പുള്ള ഭരണഘടന പാസ്സാക്കി. ഇത് പിന്നീട് പല പ്രാവശ്യം ഭേദഗതി ചെയ്തു. സ്ത്രീകൾക്ക് ഇടവകയോഗത്തിൽ അംഗത്വവും വോട്ടവകാശവും ഇടവക ഭാരവാഹിത്വവും നൽകി 2011-ലും ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിന് 16 വർഷം മുമ്പ് യാഥാർത്ഥ്യമായ 1934-ലെ മലങ്കരസഭാ ഭരണഘടനയിൽ, ഭരണനിർവ്വഹണത്തിൽ മലങ്കര മെത്രാപ്പോലീത്താ, പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി എന്നിവയുടെ പരസ്പര ബന്ധവും പരസ്പര പൂരകപ്രവർത്തനവും ഉറപ്പുവരത്തക്കവിധം ഒന്ന് ഒന്നിനെ മറികടക്കാത്തവിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

മലങ്കരയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാസ്ഥാനവും സ്വയംഭരണത്തിന്റെയും ദേശീയതയുടെയും പൗരാണികതയുടെയും പ്രതീകമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും സംയോജിപ്പിച്ചത് 1934-ലെ ഭരണഘടനയിലാണ്. അതോടെ പുരാതനമായ 'മാർത്തോമ്മാ സിംഹാസനം' ഒരാളിൽ കേന്ദ്രീകൃതമായി. 1995-ലും 2002-ലും 2017-ലും ഉണ്ടായ സുപ്രീം കോടതി വിധികൾ ഈ സ്ഥാനങ്ങൾ ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്തവിധം സുസ്ഥിരമാക്കി. സഭയിൽ ദേശീയവും സ്വതന്ത്രവുമായി വളർന്നു വികസിച്ച കാതോലിക്കേറ്റിന്റെ മഹത്വവും സമ്പൂർണ്ണവുമായ ഉൾഭരണ സ്വാതന്ത്ര്യവും 1934-ലെ ഭരണഘടന ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. മലങ്കരയിലെ ഒന്നാം കാതോലിക്കാ മുതൽ 'ശ്ലൈഹിക സിംഹാസനം' എന്ന സംജ്ഞ ഉപയോഗിച്ചിരുന്നു. മലങ്കരസഭയെ നയിച്ച പേർഷ്യൻ മെത്രാന്മാരും (-1599) മലങ്കര മെത്രാന്മാരും (1653-1815) 'മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം' എന്ന് ഉപയോഗിച്ചതായുള്ള കണ്ടെത്തൽ മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകത്തിന്റെയും ദേശീയതയുടെയും വിശാലത വെളിപ്പെടുത്തുന്നു.

കാതോലിക്കാ എന്നു ചൊല്ലി വാഴ്ത്തി ഞായം എന്നാണ് 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ എട്ടാം കാനോനായിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 'കാതോലിക്കാ' എന്നതിന് ഉദയംപേരൂർ സുന്നഹദോസ് കാനോനായിൽ 'സാർവ്വത്രിക പിതാവ്' എന്നർത്ഥം കൽപ്പിച്ചിരിക്കുന്നു. നസ്രാണികൾ തലവനെ 'കാതോലിക്കാ' എന്നഭിസംബോധന ചെയ്തത് സ്വതന്ത്രവ്യക്തിത്വത്തിന്റെ പ്രത്യേക ലക്ഷണമാണ്. മലങ്കരയിലെ കാതോലിക്കേറ്റിന്റെ വളർച്ചയുടെ അടിസ്ഥാനം, അർക്കദിയാക്കോൻ, മാർത്തോമ്മാ മെത്രാൻ, മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും എന്ന രീതിയിൽ വളർന്ന

'മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസന'മാണ്. മലങ്കരയിലെ കാതോലിക്കേറ്റ്, ദേശീയതയും സ്വയംശീർഷകത്വവും പ്രഖ്യാപിക്കുന്ന ചരിത്രപരമായ പിന്തുടർച്ചയുടെയും മാർത്തോമ്മാ ശ്ലീഹായുടെയും പൗരസ്ത്യ സിംഹാസനമാണ്.

III

മലങ്കരസഭയെ വിവിധ കാലങ്ങളിൽ നയിച്ചവരാണ് മലങ്കര സഭാപിതാക്കന്മാർ. സഭാപിതാക്കന്മാരുടെ ചരിത്രം സഭയോടും സമൂഹത്തോടും ബന്ധപ്പെട്ടതാണ്. എന്നാൽ ഇവരുടെ ചരിത്രം സഭയുടെ അകത്തളങ്ങളിൽ മാത്രം പ്രതിഷ്ഠിക്കപ്പെടുന്നു. സഭാപിതാക്കന്മാരുടെ ദർശനങ്ങൾക്കും കാഴ്ചപ്പാടുകൾക്കും സാമൂഹികമായ ഉൾക്കരുത്തുണ്ട്. സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനമാണ് പെട്രോളജി (Patrology). സഭാപിതാക്കന്മാരുടെ ജീവിതം, എഴുത്തുകൾ, പഠിപ്പിക്കലുകൾ, ദർശനങ്ങൾ എന്നിവ അപഗ്രഥിക്കുന്ന പഠനശാഖയാണ് പിതൃവിജ്ഞാനീയം. ഗ്രീക്കിലെ പാറ്റേർ (പിതാവ്), ലോഗിയ (ജ്ഞാനം, വചനം) എന്നിവയുടെ സംയോജനമാണിത്. പിതൃവിജ്ഞാനീയം, പൈതൃകവിജ്ഞാനീയം, വിശ്വാസത്തിന്റെ ആദ്യകാല ഗുരുക്കന്മാർ (Early teachers of the faith) എന്നും അറിയപ്പെടുന്നു. സഭാപിതാക്കന്മാരിൽ 'മാതാക്കൾ' എന്ന സംജ്ഞ പുറന്തള്ളപ്പെടുന്ന ധ്വനി (Exclusive term) ഉൾക്കൊള്ളുന്നതിനാൽ പെട്രോളജി എന്ന പഠനശാഖയെ 'വിശ്വാസത്തിന്റെ ആദ്യകാല ഗുരുക്കന്മാർ' എന്ന് ആധുനിക അക്കാദമിക് തലങ്ങളിൽ തിരുത്തി. അതിനാൽ സഭാപിതാക്കന്മാർ എന്നതിൽ സഭയെ വിവിധ തരത്തിൽ വിശ്വാസ പ്രബോധനത്തിൽ സംരക്ഷിച്ച സ്ത്രീകളേയും പുരുഷന്മാരേയും (lay people) ഉൾക്കൊള്ളിച്ചുള്ള പഠനത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്.

മലങ്കര മണ്ണിൽ ജീവിക്കുകയും പൗരസ്ത്യ പാരമ്പര്യം ഉൾക്കൊണ്ട് സഭാവിശ്വാസ ഭരണക്രമങ്ങളിൽ പങ്കുചേർന്ന് നേതൃത്വം നൽകുകയും ചെയ്തവരാണ് മലങ്കര സഭാപിതാക്കന്മാർ. മലങ്കരസഭയിൽ സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം ആരംഭിച്ചിട്ട് ദീർഘകാലമായില്ല. ഗ്രന്ഥ രചനയും പ്രഭാഷണവും അവയുടെ ക്രോഡീകരണവും ദൗത്യവും ദർശനവുമായി (Vision and Mission) സ്വീകരിക്കുവാൻ മലങ്കര സഭാപിതാക്കന്മാർ വിമുഖത പ്രകടിപ്പിച്ചതാവാം പിതൃവിജ്ഞാനീയ പഠനത്തിന് ഇന്നും വേണ്ടത്ര അടിത്തറ ഉറപ്പിക്കുവാൻ സാധിക്കാത്തത്. മലങ്കര നസ്രാണികളുടെയും മലങ്കരസഭാപിതാക്കന്മാരുടെയും ആദ്യ കാല വിവരണങ്ങൾ ലഭ്യമാകുന്നത് *നിരണം ഗ്രന്ഥവരി* (1824-1829), മാർ ശീമോൻ ദിവന്നാസിയോസിന്റെ നാളാഗമം (1850 -1880) തുടങ്ങിയ കൃതികളിലാണ്. പുകടിയിൽ ഇട്ടൂപ്പ് റൈട്ടരുടെ *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം* (1869), ഫാ. ബർണാദിന്റെ *മാർത്തോമ്മാ ക്രിസ്ത്യാനികൾ* (1816), ഇ. എം. ഫീലിപ്പോസിന്റെ

മാർത്തോമ്മാ ക്രിസ്ത്യാനികൾ (1929) എന്നിവയിലും മലങ്കരസഭയിലെ ആദ്യ കാല പിതാക്കന്മാരെക്കുറിച്ചുള്ള വിശകലനങ്ങളുണ്ട്.

മലങ്കര നസ്രാണികൾ എന്ന ഗ്രന്ഥപരമ്പരയുമായി 74-ാം വയസ്സിൽ സഭാ ചരിത്ര രചന ആരംഭിച്ച ഇസ്സഡ്. എം. പാറേട്ട് (1890-1981), *മലങ്കര സഭാപിതാക്കന്മാർ* എന്ന സിദ്ധാന്തം അവതരിപ്പിച്ച ഡോ. സാമുവൽ ചന്ദനപ്പള്ളി (1938-1999), 88-ാം വയസ്സിലും അക്ഷരലോകത്ത് മലങ്കര സഭാപിതാക്കന്മാരുടെ രചനകൾ പ്രകാശിപ്പിക്കുന്ന കെ. വി. മാമ്മൻ കോട്ടയ്ക്കൽ എന്നിവരുടെ രചനകൾ ഈ രംഗത്തെ ആദ്യകാല സംരംഭങ്ങളാണ്.

മലങ്കര നസ്രാണികളുടെ സ്വത്വബോധത്തിന്റെ അടിത്തറ മാർത്തോമ്മൻ പൈതൃകത്തിലും നസ്രാണിത്വത്തിന്റെ പിന്തുടർച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റിലും മാത്രമാണ്. മലങ്കരയിൽ കാതോലിക്കേറ്റിന്റെ സ്ഥാപനത്തിന് ശതാബ്ദി (1912-2012) കഴിഞ്ഞു. 1912 സെപ്റ്റംബർ 15 ഞായറാഴ്ച നിരണം വലിയപള്ളിയിൽ നടന്ന കാതോലിക്കേറ്റ് സ്ഥാപനവും സ്ഥാനാരോഹണവും മലങ്കര നസ്രാണികളുടെ സ്വയംനിർണ്ണയത്തിന്റെയും സ്വയംഭരണത്തിന്റെയും സ്വയംശീർഷകത്വത്തിന്റെയും പാതയിലെ സ്വാതന്ത്ര്യത്തിന്റെ യുഗപ്പിറവിയാണ്. ഇത് മലങ്കര നസ്രാണികൾ സുദീർഘമായി നടത്തിയ അധിനിവേശ വിരുദ്ധ പോരാട്ടത്തിന്റെ അന്തിമവിജയമായിരുന്നു. മാർത്തോമ്മായുടെ സിംഹാസനത്തിൽ 1912 മുതൽ ആരൂഢരായ കാതോലിക്കാ ബാവാമാരുടെ ചരിത്രവും സാക്ഷ്യവും സംഭാവനയും മലങ്കര സഭാചരിത്രത്തിലെ അവിസ്മരണീയമായ നാഴികക്കല്ലുകളാണ്. മാർത്തോമ്മൻ പൈതൃകത്തിൽ പ്രകാശം പരത്തിയ ഏഴു കാതോലിക്കാ ബാവാമാരുടെയും (1912-2010), മലങ്കരസഭയെ 2010 മുതൽ നയിക്കുന്ന പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും ജീവിത ദർശനങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്നതാണ് കെ. വി. മാമ്മൻ കോട്ടയ്ക്കലിന്റെ *മലങ്കരയിലെ കാതോലിക്കാമാർ.*

IV

മലങ്കരസഭയിലെ കാതോലിക്കാ ബാവാമാരുടെ 105 വർഷത്തെ ചരിത്രം (1912-2017) ആരംഭിക്കുന്നത് 1912-ൽ സ്ഥാനാരോഹണം ചെയ്ത കോലഞ്ചേരിയിൽ നിന്നുള്ള പ. പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായിൽ നിന്നുമാണ്. 2010 നവംബർ ഒന്നിന് 64-ാം വയസ്സിൽ സ്ഥാനാരോഹണം ചെയ്ത കുന്നംകുളത്തു നിന്നുമുള്ള പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മലങ്കരയിലെ എട്ടാമത്തെ കാതോലിക്കാ ബാവായാണ്.

1. പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ (1836-1913) മാർത്തോമ്മാ സിംഹാസനത്തിൽ ആരൂഢനായി വാണത് എട്ടു മാസം മാത്രമാണ്. 1913 മെയ് 2-ന് 77-ാം വയസ്സിൽ കാലംചെയ്തു.

പാമ്പാക്കുട ചെറിയ പള്ളിയിൽ കബറടക്കി. തുടർന്ന് മലങ്കരസഭയിൽ 12 വർഷം മാർത്തോമ്മായുടെ സിംഹാസനം കാതോലിക്കായില്ലാതെ ഒഴിഞ്ഞു കിടന്നു (1913–1925).

2. മലങ്കരയിൽ കാതോലിക്കേറ്റിന് തനതായ വ്യക്തിത്വവും സ്ഥാനചിഹ്നങ്ങളും വികസിപ്പിച്ചെടുത്തത് രണ്ടാം കാതോലിക്കായായി 1925 ഏപ്രിൽ 30-ന് 55-ാം വയസ്സിൽ സ്ഥാനാരോഹണം ചെയ്ത പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായാണ് (1870–1928). കാതോലിക്കേറ്റിന്റെ തനതു വ്യക്തിത്വത്തിനായി മുതലവായൻ മുടി, അംശവടി, മുദ്ര, അൽമത്തികാപ്പാ എന്നിവ സൃഷ്ടിച്ച് പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തെ ശ്ലൈഹിക സിംഹാസനമാക്കി ഉയർത്തി. മൂന്നു വർഷം ഭരണം നടത്തിയ അദ്ദേഹം 58-ാം വയസ്സിൽ 1928 ഡിസംബർ 17-ന് കാലംചെയ്തു. ഏറ്റവും ചെറുപ്രായത്തിൽ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായതും ചെറുപ്രായത്തിൽ കാലം ചെയ്തതുമായ കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായാണ്. മലയാള സഞ്ചാര സാഹിത്യ ചരിത്രത്തിൽ 22-ാം വയസ്സിൽ എഴുതിയ *കൊളംബ് യാത്രാവിവരണ*വും സഭാചരിത്രത്തിൽ 1906-ലെ സഭാ പഞ്ചാംഗവും ഇദ്ദേഹത്തിന്റെ അതുല്യ സംഭാവനയാണ്.

3. കാതോലിക്കാ സിംഹാസനത്തിൽ ദീർഘകാലം സുവർണ്ണശോഭ പരത്തിയത് *മലങ്കരയിലെ വലിയ ബാവ* എന്നറിയപ്പെടുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ് (1874–1964). 1929 ഫെബ്രുവരി 15-ന് 55-ാം വയസ്സിൽ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, സഭാ ഭരണഘടന 1934 ഡിസംബർ 26 ബുധനാഴ്ച പാസ്സാക്കിയതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ-കാതോലിക്കാ സ്ഥാനങ്ങൾ സമന്വയിപ്പിക്കുകയും അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായായി ചുമതല ഏൽക്കുകയും ചെയ്തു. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ദർശനങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അടിത്തറ ലഭ്യമായത് ഗുരുക്കന്മാരായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് (1833–1909), പ. പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (1848–1902), പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് (1858–1934) എന്നിവരിൽ നിന്നുമായിരുന്നു. ഈ ഗുരുപരമ്പരയുടെ അമൂല്യസിദ്ധിവിശേഷങ്ങളായ വിശുദ്ധജീവിതം, വേദപരിജ്ഞാനം, പ്രഭാഷണപാടവം, ഗ്രന്ഥരചനാസിദ്ധി, സാമൂഹിക കാഴ്ചപ്പാട് എന്നിവ ശിഷ്യനായ വലിയ ബാവായിലേക്കും അനുസ്യൂതം സംക്രമിച്ചു. അജപാലനരംഗത്ത് 16 വർഷം മെത്രാപ്പോലീത്തായായും (1912–1929), 34 വർഷം കാതോലിക്കായായും (1929–1964) അതിൽ 28 വർഷം മലങ്കര മെത്രാപ്പോലീത്തായായും (1934 ഡിസംബർ 28–1964 ജനുവരി 3) മലങ്കരസഭയെ നയിച്ച യുഗപ്രഭാവവാനായിരുന്നു പ. വലിയ ബാവാ.

മലങ്കരസഭയിൽ മർത്തമറിയം വനിതാ സമാജം (1929), സണ്ടേസ്കൂൾ

(1933), കാതോലിക്കാ ദിനപ്പിരിവ് (1935), യുവജനപ്രസ്ഥാനം (1937), മലങ്കര സഭാമാസിക (1946) എന്നിവ ആരംഭിച്ചു. കോട്ടയം (1934, 1951, 1959), പുത്തൻകാവ് (1958), നിരണം (1962) എന്നിവിടങ്ങളിലായി നടന്ന അഞ്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. എക്യുമെനിക്കൽ-സഭാന്തര ബന്ധങ്ങൾ ഉറപ്പിക്കുന്നതിനായി ഊർശ്ലേം (1908), ഹോംസ് (1934), എഡിൻബറോ (1937) എന്നിവിടങ്ങളിലേക്ക് വിദേശയാത്ര നടത്തി. മലയാള സാഹിത്യചരിത്രത്തിൽ കത്തുകളുടെ രൂപത്തിൽ ആദ്യമായി *യറുശ്ലേം കത്തുകൾ* എന്ന യാത്രാവിവരണം എഴുതിയതും നിരവധി ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയതും പുത്തൻകാവിൽ 1958 ഡിസംബർ 26-ന് 'യോജിച്ച മലങ്കരസഭയുടെ' അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചതും അപൂർവ്വതയാണ്. 1964 ജനുവരി മൂന്നിന് കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടക്കി.

4. മലയാളം, സുറിയാനി ഭാഷകളിൽ അതീവ വ്യുൽപ്പത്തി നേടിയ മഹാപ്രതിഭയായിരുന്നു മലങ്കരയിലെ നാലാം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ഔഗേൻ പ്രഥമൻ ബാവാ (1884-1975). സുറിയാനി ആരാധനക്രമങ്ങൾ ഭാഷാന്തരം ചെയ്യുകയും സുറിയാനിയിൽ ആരാധനക്രമങ്ങൾ രചിക്കുകയും ചെയ്തു. പെങ്കീസാ നമസ്കാരങ്ങൾ, പ്രുമിയോൻ സെദറാകൾ, പട്ടംകൊട പുസ്തകം, വി. മൂറോൻ കൂദാശക്രമം, പെരുന്നാൾ നമസ്കാരം, മേൽപട്ട സ്ഥാനാരോഹണക്രമം, കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം, വി. കുർബ്ബാനയുടെ ഹൂത്തോമ്മാകൾ തുടങ്ങിയവ മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തി. മലങ്കരസഭയുടെ കാതോലിക്കാ ബാവാമാരുടെ ചരിത്രത്തിൽ ആദ്യമായി 1962 മെയ് 17-ന് 'നിയുക്ത കാതോലിക്കാ'യാകുന്നതും 1975 സെപ്റ്റംബർ 24-ന് 'സ്ഥാനത്യാഗം' ചെയ്യുന്നതും പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായാണ്. തുടർന്ന് നിയുക്ത കാതോലിക്കാസ്ഥാനവും സ്ഥാനത്യാഗവും കാതോലിക്കാ സ്ഥാനത്തിന്റെ അവിഭാജ്യ ഘടകമായി തീർന്നു. 1975 ഡിസംബർ 8-ന് 91-ാം വയസ്സിൽ കാലം ചെയ്തു. ദേവലോകം അരമനയിൽ കബറടക്കി.

5. മാർത്തോമ്മൻ പൈതൃകവും നസ്രാണിമാർഗ്ഗവും ഉൾക്കൊണ്ട് മലങ്കര സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും സംരക്ഷിച്ച കാതോലിക്കേറ്റിന്റെ കാവൽഭടനായിരുന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ (1907-1996). മലങ്കരസഭാചരിത്രം, വേദശാസ്ത്രം, കാനോൻ എന്നിവയിൽ അഗാധ പാണ്ഡിത്യം നേടിയ അദ്ദേഹം സഭയുടെ വിശ്വാസ ആചാരാനുഷ്ഠാനങ്ങൾ കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കുകയും സാമൂഹിക കാഴ്ചപ്പാടിൽ സഭാദർശനങ്ങൾ രൂപപ്പെടുത്തുകയും ചെയ്ത ക്രാന്തദർശിയാണ്. ഒരു അത്മായൻ എന്ന നിലയിൽ ബി.എ., ബി.ഡി. ബിരുദധാരിയായ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് 1942-ൽ

വൈദികസെമിനാരിയിൽ അദ്ധ്യാപകനായപ്പോൾ വയസ്സ് 35 മാത്രം. മലങ്കരസഭയുടെ മാനേജിംഗ് കമ്മിറ്റിയിൽ 37-ാം വയസ്സിൽ അംഗമായി. 1947 മുതൽ 49 വരെ ഫാ. വി. കെ. മാത്യൂസ് വൈദികസെമിനാരി ആക്ടിംഗ് പ്രിൻസിപ്പാളായും സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വൈദികസെമിനാരിയിൽ കാൽ നൂറ്റാണ്ട് (1942-1965) അദ്ധ്യാപകനായുള്ള വേദബോധനവും അതിൽ 15 വർഷം പ്രിൻസിപ്പാളായുള്ള (1950-1965) സേവനവുമാണ് വേദശാസ്ത്ര ഗ്രന്ഥങ്ങൾക്കും പ്രഭാഷണ രചനകൾക്കും അവസരം സൃഷ്ടിച്ചത്. അത്മായനായി വൈദികസെമിനാരിയിൽ അദ്ധ്യാപകനായ അദ്ദേഹം വൈദികനായും (1947-1951) റമ്പാനായും (1951-1953) മെത്രാപ്പോലീത്തായായും (1953-1965) സെമിനാരി പ്രിൻസിപ്പാൾ സ്ഥാനം അലങ്കരിച്ചു. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായി സഭയെ നയിച്ചപ്പോൾ ആഗോളതലത്തിൽ സഭയ്ക്ക് പ്രശസ്തി ലഭ്യമായി. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ധീരമായ നേതൃത്വവും നിശ്ചയദാർഢ്യവും ആരാധനക്രമങ്ങളുടെ ക്രോഡീകരണത്തിൽ സമന്വയിച്ചപ്പോൾ 1980-കളോടെ മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനക്രമങ്ങൾക്ക് മലയാളത്തിൽ സമ്പൂർണ്ണ ലഭ്യതയും അംഗീകാരവും ലഭ്യമായി. സമുദായ കേസിന്റെ നടത്തിപ്പിൽ മുഖ്യ നേതൃത്വം നൽകിയ അദ്ദേഹം 1940-കളിൽ മുതൽ സഭാചരിത്ര രേഖകളും കാനോനുകളും പരിശോധിച്ച് വ്യാഖ്യാനിക്കുന്നതിൽ അതീവ പാണ്ഡിത്യം പ്രകടമാക്കി. 1996 നവംബർ 8-ന് കാലം ചെയ്തു. ദേവലോകം അരമനയിൽ കബറടക്കി.

6. മലങ്കരസഭയിൽ സൂര്യശോഭ പകർന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ (1915-2006) മലങ്കരസഭയിലെ ആറാം കാതോലിക്കാ ആയിരുന്നു. മലങ്കരയിലെ സൂര്യതേജസ്സായ അദ്ദേഹം ഏറ്റവും കൂടുതൽ കാലം (19249 ദിവസം) മേല്പട്ടക്കാരനായി സഭയെ നയിച്ച പിതാവാണ്. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായി 15 വർഷം സഭയെ നയിച്ച് നിരവധി സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും നട്ടുവളർത്തി. കോളജ് (2), എഞ്ചിനിയറിംഗ് കോളജ് (2), ടി.ടി.ഐ. (2), ഐ.ടി.സി. (2), സ്കൂൾ (25), ആശുപത്രി (1), ബാലഭവൻ (3), പുനരധിവാസകേന്ദ്രം (1), ആശ്രമം (7), കന്യാസ്ത്രീ മഠം (5), ബൈബിൾ സ്കൂൾ (1) എന്നിവ സ്ഥാപിച്ചു. മലങ്കരസഭയിൽ 11 എപ്പിസ്കോപ്പാമാരെ വാഴിക്കുകയും (1991, 2005) 18 മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു (1966-1985). സഭാ ശുശ്രൂഷയിൽ 504 പേർക്ക് പട്ടം നൽകി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ നാല് സമ്മേളനങ്ങളിൽ (1992, 1994, 2002, 2004) അദ്ധ്യക്ഷത വഹിച്ചു. ജനിച്ചു വളർന്ന പെരുനാട്ടിൽ നിന്നും സ്വന്തവും ബന്ധവും ഉപേക്ഷിച്ച് 21-ാം വയസ്സിൽ സഭാ ശുശ്രൂഷയ്ക്കായി എത്തി. 1953-ൽ എപ്പിസ്ക്കോപ്പാ ആകുമ്പോൾ വയസ് 38 മാത്രം. 1991-ൽ കാതോലിക്കായായി സ്ഥാനമേറ്റപ്പോൾ 76 വയസ്. സഭയുടെ

എക്യുമെനിക്കൽ ബന്ധങ്ങളിലും സഭയുടെ സമഗ്ര വളർച്ചയിലും പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ സംഭാവന അതുല്യമത്രെ. 2006 ജനുവരി 26-ന് കാലം ചെയ്തു. ശാസ്താംകോട്ട ഹോറേബ് ആശ്രമ ചാപ്പലിൽ കബറടക്കി.

7. മൗനത്തിന്റെ വിശുദ്ധി പകർന്ന പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവ (1921-2014) പത്തനാപുരം താബോർ മലയിലെ വ്രതനിഷ്ഠ നിറഞ്ഞ ജീവിതചര്യ ഇടയ പരിപാലനത്തിന്റെ എല്ലാത്തലങ്ങളിലും കാത്തുസൂക്ഷിച്ചു. മലങ്കരസഭയുടെ മേലദ്ധ്യക്ഷനായി 84-ാം വയസ്സിൽ അവരോധിതനായി. സുധീരമായ അഞ്ചു വർഷത്തെ ഭരണകാലം മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ആത്മീയ നവോത്ഥാനത്തിന്റെ വെളിച്ചം പകർന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നാലു തവണ വിളിച്ചുകൂട്ടി. പരുമല സെമിനാരിയിൽ 2006 സെപ്റ്റംബർ 21-നും ഒക്ടോബർ 12-നുമായി നടത്തിയ മലങ്കര അസോസിയേഷന്റെ രണ്ട് തുടർയോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. 2007 മാർച്ച് 21-ന് പരുമലയിൽ മലങ്കര അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ച് വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നിവരുടെയും മാനേജിംഗ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പ് നടത്തി. 2008 സെപ്റ്റംബർ 11-ന് പാമ്പാക്കുടയിലും 2010 ഫെബ്രുവരി 17-ന് ശാസ്താംകോട്ടയിലും നടന്ന മലങ്കര അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ച് ഏഴു വീതം 14 മെത്രാപ്പോലീത്തന്മാരെ തെരഞ്ഞെടുത്തു. 2009 ഫെബ്രുവരി 19-ന് പുതുപ്പള്ളിയിലും 2010 മെയ് 12-ന് കോട്ടയം ഏലിയാ കത്തീഡ്രലിലുമായി യഥാക്രമം അവരെ വാഴിച്ചു. മലങ്കരസഭയിലെ ചില ഭദ്രാസനങ്ങൾ പുനർനിർണ്ണയിച്ച് അഹമ്മദാബാദ്, ബാംഗ്ലൂർ, ബ്രഹ്മവാർ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ ഭദ്രാസനങ്ങൾ രൂപീകരിച്ചു.

മലങ്കരസഭാ ചരിത്രത്തിൽ നിരവധി റിക്കാർഡുകൾക്ക് പ. വലിയ ബാവ അർഹത നേടി. 2005-ൽ കാതോലിക്കായാകുമ്പോൾ വയസ്സ് 84 ആണ്. ഏറ്റവും കൂടിയ പ്രായത്തിൽ കാതോലിക്കാ സ്ഥാനത്തു വരികയും കാലം ചെയ്യുകയും ചെയ്ത കാതോലിക്കായും (92 വയസ്സ്) പ. വലിയ ബാവായാണ്. യോജിച്ച സഭയിൽ തെരഞ്ഞെടുക്കപ്പെടുകയും (1965) വാഴിക്കപ്പെടുകയും (1966) ചെയ്തവരിൽ ഏറ്റവും അവസാനം കാലം ചെയ്തതും വലിയ ബാവായാണ്. പിൻഗാമിയുടെ കാതോലിക്കാ വാഴ്ചയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ച ആദ്യ കാതോലിക്കാ ദിദിമോസ് ബാവായാണ്. മലങ്കരസഭയിൽ ഏറ്റവും കൂടുതൽ (14) മേൽപട്ടക്കാരെ വാഴിക്കുവാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. ഒരുമിച്ച് 7 പേരെ വീതം രണ്ടു തവണ വാഴിച്ചതും ആദ്യ സംഭവമാണ്. ഏറ്റവും ഹ്രസ്വ കാലയളവിൽ (2005-2010) ഒരു തവണ മൂറോൻ കൂദാശയും നാല് മലങ്കര അസോസിയേഷൻ യോഗങ്ങളും (2006, 2007, 2008, 2010) വിളിച്ചുകൂട്ടിയ മലങ്കര മെത്രാപ്പോലീത്താ തുടർച്ചയല്ലാത്ത രണ്ടു ദിവസങ്ങളിലായി (2006 സെപ്റ്റംബർ 21, ഒക്ടോബർ 12) ഒരു അസോസിയേഷൻ

സമ്മേളിച്ചതും മലങ്കരസഭാ ചരിത്രത്തിലെ അപൂർവതയാണ്. 2014 മെയ് 26-ന് വൈകിട്ട് 7.30-ന് പരുമല ആശുപത്രിയിൽ കാലംചെയ്തു. പത്തനാപുരം സെന്റ് സ്റ്റീഫൻസ് ചാപ്പലിൽ കബറടക്കി.

8. മലങ്കരസഭയുടെ ചരിത്രം 'കുന്നംകുള'വുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. സുറിയാനി ക്രിസ്ത്യാനികൾ തിങ്ങിപ്പാർത്ത പ്രാചീന നഗരമായ 'കുന്നംകുളങ്ങര' ബ്രിട്ടീഷ് ഭരണകാലത്താണ് 'കുന്നംകുളം' എന്നറിയപ്പെട്ടത്. കുന്നുകളും കുളങ്ങളും നിറഞ്ഞ പ്രദേശമാണ് കുന്നംകുളം. കുന്നംകുളത്തു നിന്നും മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന ഭരണസാരഥ്യം ഏറ്റെടുത്ത പ്രഗത്ഭരായ രണ്ട് മലങ്കരമെത്രാപ്പോലീത്താമാരുണ്ട്. 200 വർഷം പഴക്കമുള്ള സെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസും (....-1816), കോട്ടയം എം.ഡി. സെമിനാരി, പരുമല സെമിനാരി എന്നിവയുടെ സ്ഥാപകൻ സഭാതേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമനും (1833-1909). മൂന്നാം സഹസ്രാബ്ദത്തിൽ മലങ്കരസഭയെ നയിക്കുന്നതിന് കുന്നംകുളം മലങ്കരസഭയ്ക്ക് നൽകിയ മൂന്നാമത്തെ പ്രധാന മേൽപട്ടക്കാരനാണ് മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

തിരുവല്ലയിൽ 1982 ഡിസംബർ 28-ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എറണാകുളം സെന്റ് മേരീസ് പള്ളിയുടെ സഹവികാരി (1976-1983) ഫാ. കെ. ഐ. പോളിനെ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുമ്പോൾ പ്രായം 36 വയസ് മാത്രം. 1985-ൽ ആരംഭിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതല 39-ാം വയസ്സിൽ സ്വീകരിച്ചു. നിയുക്ത കാതോലിക്കാ സ്ഥാനം 60-ാം വയസ്സിൽ ലഭ്യമായി. നാലു വർഷം നിയുക്ത കാതോലിക്കായായി ശുശ്രൂഷിച്ചു (2006-2010). 2010 നവംബർ 1-ന് 64-ാം വയസ്സിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി സ്ഥാനമേൽക്കുവാനുള്ള വിളിയും നിയോഗവും ലഭിച്ചു.

ആത്മാർത്ഥമായും സുതാര്യമായും സഭയെ നയിക്കുക എന്നതാണ് പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രമാണം. കൃത്രിമത്വമില്ലാത്ത സംഭാഷണശൈലിയും സത്യസന്ധമായ പ്രതിപാദനരീതിയും വെളിപ്പെടുത്തുന്നത് ജീവിതത്തിന്റെ സുതാര്യതയാണ്. കൗശലങ്ങൾ ഉപയോഗിക്കാതെ സത്യസന്ധമായും സുതാര്യമായും ഇടയദൗത്യം നിർവഹിക്കുന്നു. ജീവിതത്തിൽ ആത്മാർത്ഥതയും സത്യസന്ധതയും മുറുകെ പിടിക്കുവാനുള്ള ബാലപാഠം കുടുംബത്തിൽ നിന്നും ലഭിച്ചതാണ്. സാമൂഹിക സഭാ ശുശ്രൂഷകളിൽ ഉറച്ച നിലപാടുകളും നീതിപൂർവ്വമായ സമീപനങ്ങളുമാണ്. ജീവിതനിഷ്ഠകളിലും ഇടപെടലുകളിലും നിറഞ്ഞുനിൽക്കുന്ന ലാളിത്യം ദൈവകൃപയുടെ പ്രകാശമാണ്. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ

സമീപനത്തിന്റെ അകവും പുറവും സുതാര്യം. തെറ്റെന്ന് തോന്നിയാൽ ആരോടും നേരിട്ട് അത് പറയും. അവയുടെ അവതരണത്തിലും ഭാഷയിലും കാപട്യമോ തന്ത്രങ്ങളോ ഉണ്ടായിരിക്കില്ല. അവ തുറന്ന മനസ്സോടും ആത്മാർത്ഥതയോടുമുള്ള നിരീക്ഷണങ്ങളായിരിക്കും. പ്രത്യേകിച്ച് സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മയ്ക്ക് ഏവർക്കും ആത്മാർത്ഥതയും സുതാര്യതയും ഉണ്ടാകണമെന്നും പ. ബാവാ ഉറച്ചു വിശ്വസിക്കുന്നു.

എക്യുമെനിക്കൽ-സഭാന്തരബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിരവധി രാജ്യാന്തര യാത്രകളും സംവാദങ്ങളും പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നടത്തി. കെയ്റോ (2012), എത്യോപ്യ (2013), വത്തിക്കാൻ (2013), ലാംബത്ത് (2013), വിയന്ന (2013), അർമ്മീനിയ (2015), ബെയ്റൂട്ട് (2015), ജർമ്മനി (2017) എന്നിവിടങ്ങളിലെ സമ്മേളനങ്ങളും ചർച്ചകളും ശ്രദ്ധേയമാണ്. പ. ഫ്രാൻസിസ് മാർപാപ്പായുമായും (2013), പ. പോപ്പ് തെവദ്രോസുമായും (2012), പ. മത്ഥ്യാസ് പാത്രിയർക്കീസ് ബാവായുമായും (2013), പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുമായും (2015, 2017) പ. കരേക്കിൻ, പ. അരാം എന്നീ കാതോലിക്കാമാരുമായും (2015) പ. ഇഗ്നാത്തിയോസ് യൗനാൻ പാത്രിയർക്കീസ് ബാവായുമായും (2015) കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ട്.

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രഭാഷണങ്ങളും ദർശനങ്ങളും വെളിപ്പെടുത്തുന്നത് ക്രിസ്തീയമായ അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും സാമൂഹിക നീതിയുടെയും ശബ്ദമാണ്. അനീതിയുടെയും സംഘർഷങ്ങളുടെയും യുദ്ധങ്ങളുടെയും സമകാലിക പശ്ചാത്തലത്തിൽ പവിത്രമായ ക്രിസ്തീയ ഉത്തരവാദിത്വം നിർവഹിക്കപ്പെടുവാൻ ഫലപ്രദമായ പദ്ധതികളും മാർഗ്ഗങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 71-ന്റെ നിറവിലാണ്.

V

കെ. വി. മാമ്മൻ കോട്ടയ്ക്കലിന്റെ *മലങ്കരയിലെ കാതോലിക്കാമാർ* എന്ന ഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രവും കാതോലിക്കാ സിംഹാസനത്തിന്റെ മാഹാത്മ്യവും അതിൽ ആരൂഢരായ കാതോലിക്കാ ബാവാമാരുടെ ജീവിതവും സാക്ഷ്യവും വിളംബരം ചെയ്യുന്നു. മലങ്കരസഭയിലെ കാതോലിക്കാമാരെപ്പറ്റി നിരവധി ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും ഒരു നൂറ്റാണ്ടിന്റെ സഭാചരിത്രവും പിതൃവിജ്ഞാനീയവുമാണ് ഒറ്റ വാല്യത്തിലായി അവതരിപ്പിക്കുന്നത്. നിരന്തരമായ വായനയും അന്വേഷണ തപസ്യയും ജീവിതവ്രതമാക്കിയ കെ. വി. മാമ്മൻ കോട്ടയ്ക്കൽ സ്വതസിദ്ധമായ ശൈലിയിൽ ദീർഘമായ അനുഭവജ്ഞാനത്തിന്റെ പശ്ചാത്തലത്തിൽ മാർത്തോമ്മൻ പൈതൃകത്തിലെ പരിശുദ്ധ കാതോലിക്കാമാരുടെ യഥാർത്ഥ ചിത്രം അവതരിപ്പിക്കുന്നു. ചരിത്ര

കാഴ്ചപ്പാടിലും വിശകലനത്തിലും വിമർശനമുഖം ചില സന്ദർഭങ്ങളിൽ ശക്തിപ്പെട്ടിട്ടുണ്ട്. മലങ്കരസഭയുടെ സമഗ്ര വികസനം സ്വപ്നം കണ്ടാണ് വാദമുഖം അവതരിപ്പിക്കുന്നത്. *മലങ്കരസഭയിലെ കാതോലിക്കാമാർ* എന്ന ജീവചരിത്ര പ്രധാനമായ ഈ സഭാചരിത്രം 1988-ൽ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ പരിഷ്കരിച്ച പതിപ്പാണ് രണ്ട് പതിറ്റാണ്ടുകൾക്കുശേഷം പ്രകാശനം ചെയ്യുന്നത്. നവതി നിറവിലേക്ക് അതിവേഗം സഞ്ചരിക്കുന്ന കെ. വി. മാമ്മന്റെ ജീവിത യാനം അക്ഷരങ്ങളിലൂടെയുള്ള ദൗത്യനിർവ്വഹണമാണ്.

മലങ്കരയിലെ കാതോലിക്കാമാരുടെ ചരിത്രത്തിന് അക്ഷരത പകരുന്ന കെ. വി. മാമ്മൻ കോട്ടയ്ക്കലിന്റെ രചനാതന്ത്രത്തിൽ 'മാമ്മൻ സ്പർശം' അനുഭവിച്ചറിയുവാൻ കഴിയുന്നു. അത് സഭയേയും പിതാക്കന്മാരേയും അടുത്തറിഞ്ഞ പൈതൃക വാത്സല്യത്തിന്റെ പ്രകാശമാണ്. 88-ന്റെ നിറവിലും അക്ഷര ശുശ്രൂഷയെ പ്രണയിക്കുന്ന കെ. വി. മാമ്മൻ കോട്ടയ്ക്കലിനെ ഹൃദയപൂർവ്വം അഭിനന്ദിച്ച് വായനയ്ക്കായി സവിനയം സമർപ്പിക്കുന്നു. മാർത്തോമ്മൻ പൈതൃകത്തിൽ ആരൂഢരായ പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ ജീവിതവും സാക്ഷ്യവും സംഭാവനയും അക്ഷരങ്ങളിലൂടെ അനശ്വരമാകട്ടെ.

ബോധി, പന്തളം
19 ഡിസംബർ 2017

ആമുഖം

രണ്ടു നൂറ്റാണ്ടുകളിലെ, ഇക്കഴിഞ്ഞ പതിനൊന്നു ദശാബ്ദങ്ങൾക്കിടയിൽ ആഗോള ക്രൈസ്തവതലങ്ങളിലും ചില ചലനങ്ങൾ സൃഷ്ടിച്ച ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ (മലങ്കരസഭ) ആത്മികവും ഭൗതികവുമായ വിഭിന്ന മേഖലകളിലെ വളർച്ചയും വൻപുരോഗതിയും ആദ്ധ്യാത്മിക-ഭൗതിക സേവന പ്രവർത്തനങ്ങളും പ. പരുമല മാർ ഗ്രീഗോറിയോസ്, വൈദിക സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ, മലങ്കര മെത്രാപ്പോലീത്താമാരായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് എന്നിവരുടെയും 1912 മുതൽ സഭയെ ദൈവാശ്രയത്തിൽ അടിയുറച്ചുനിന്നും പവിത്ര ജീവിതം നയിച്ചും ഭരിച്ചും കടന്നുപോയ ഏഴു കാതോലിക്കാമാരുടേയും ഭരണകാലത്തെ വലിയ നേട്ടങ്ങളും ചെറിയ കോട്ടങ്ങളും കുറിക്കുമ്പോൾ അതു നമ്മുടെ സഭയുടെ പിന്നിട്ട നൂറ്റാണ്ടിലെ ചരിത്രമായി മാറുകയാണ്. പുണ്യജീവിതത്താൽ അതിധന്യരായ ഈ കാതോലിക്കാമാരെ സപ്തർഷികൾ എന്നോ (സൂര്യമണ്ഡലത്തിൽ നിന്ന് ഉയർന്നു ഉത്തരധ്രുവത്തെ സമീപിച്ചു പ്രഭാപൂരം പൊഴിച്ചു നിൽക്കുന്ന ഏഴു നക്ഷത്രങ്ങളാണു സപ്തർഷികൾ) സപ്തമാലാഖമാർ എന്നോ വിശേഷിപ്പിച്ചാലും തെറ്റില്ല. കാതോലിക്കാബാവാമാരുടെ ജീവചരിത്രങ്ങളും അവരുടെ നിസ്വാർത്ഥവും ആത്മാർത്ഥവുമായ കഠിനപ്രയത്നങ്ങളാൽ രൂപംകൊണ്ടതും ചായം സ്പർശിക്കാത്തതുമായ സഭാചരിത്രവും സത്യവിശ്വാസികളായ സഭാംഗങ്ങൾ വായിച്ചു പഠിക്കേണ്ടതാണെന്നും മരീചിക പോലെയുള്ള കക്ഷിവഴക്കു, കുക്ഷി (വയർ) ക്കുവേണ്ടി നടത്തിയ കുതന്ത്രനാടകമാണെന്നും ഉള്ള ഉത്തമബോധ്യത്തിലും ഉൾക്കാഴ്ചയിലും ഊന്നിനിന്നുകൊണ്ടാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. ആധുനിക മലങ്കരസഭയുടെ സജീവസാക്ഷിയെന്ന നിലയിൽ കഴിഞ്ഞ 70 വർഷമായി സഭാകേന്ദ്രമായ കോട്ടയം എന്ന അക്ഷരനഗരത്തിൽ ലിപികളുമായി സംവദിച്ചുകൊണ്ടു ജീവിക്കുന്ന എന്റെ നിഗമന-സാക്ഷ്യങ്ങളെ ധൈര്യപൂർവ്വം ചോദ്യം ചെയ്യാൻ ആരും മുതിരുമെന്നു തോന്നുന്നില്ല. ഇക്കാര്യത്തിലുള്ള എന്റെ ബോധ്യവും ഉറപ്പും ദുസ്തരദുർഗ്ഗ സമാനമായതാണ്. അതാണ് ഈ ചരിത്രഗ്രന്ഥത്തിനു കൂടുതൽ കനകാഭ പ്രദാനം ചെയ്യുന്നതും. എന്നിരിക്കിലും ഗ്രന്ഥകർത്താവിന്റെ ചില വീക്ഷണങ്ങളും നിരീക്ഷണങ്ങളും സത്യപ്രസ്താവനകളും അഭിപ്രായങ്ങളും വള്ളിപുള്ളി വിസ്സർഗ്ഗങ്ങൾ മാറ്റേണ്ട ആവശ്യമില്ലാത്ത വേദവാക്യങ്ങളെപ്പോലെ കരുതേണ്ടതുമില്ല.

ഇരുപത് വർഷങ്ങൾക്കു മുമ്പ് 1998-ൽ ഞാൻ “മലങ്കരസഭയിലെ കാതോലിക്കാമാർ” എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ ആറു കാതോലിക്കാമാരുടെ സഭാചരിത്ര-ജീവചരിത്ര പ്രധാനമായ പ്രവർത്തനങ്ങളാണു മുഖ്യമായും ഉൾക്കൊള്ളിച്ചിരുന്നത്. പിന്നീട് സഭയെ നയിച്ച രണ്ടു കാതോലിക്കാമാരുടെ ജീവചരിത്രവും സുപ്രധാന സേവനങ്ങളും

രേഖപ്പെടുത്തുമ്പോൾ എട്ടു കാതോലിക്കാമാരുടെയും ഏതാണ്ടു പൂർണ്ണ വിവരണം ലഭ്യമാകും.

രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് ഇറക്കിയ ഒന്നും (1998) രണ്ടും (1999) പതിപ്പുകൾ ഇന്നു ലഭ്യമല്ല. ഇപ്പോൾ 40 വയസ്സിൽ താഴെയുള്ളവർ ആ ഗ്രന്ഥങ്ങൾ കാണുകയോ വായിക്കുകയോ ചെയ്യാനും ഇടയില്ല. ഭാഗ്യസ്മരണാർഹരും പുണ്യചരിതരുമായ മാത്യൂസ് ദ്വിതീയൻ ബാവ, കോട്ടയം ഇടവകയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് എന്നിവരുടെ അനുഗ്രഹാശീർവാദങ്ങളോടുകൂടിയാണു 1998-ൽ എഴുതിയതും കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തതും ആയ "മലങ്കരസഭയിലെ കാതോലിക്കാമാർ" എന്ന പുസ്തകമാണു ഞാൻ അന്നുവരെ ഇറക്കിയ ഗ്രന്ഥങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടതെന്നു എന്റെ ഏറ്റവും വലിയ അഭ്യുദയകാംക്ഷിയും മലങ്കര സഭാരത്നവുമായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്റെ പേർക്കെഴുതി എന്നെ മധുവിലും അധികം മധുരമുള്ള വാക്കുകൾകൊണ്ട് അഭിനന്ദനപൂർവ്വം അഭിഷേകം ചെയ്തു. പുസ്തകം അന്നത്തെ എല്ലാ മേൽപട്ടക്കാർക്കും അയച്ചുകൊടുത്തു എങ്കിലും ഗീവറുഗീസ് മാർ ഒസ്താത്തിയോസും, ഫീലിപ്പോസ് മാർ യൗസേബിയോസും മാത്രമേ അതു ശരിക്കു വായിച്ചുള്ളു. വായിക്കാത്ത മറ്റുള്ളവർ ആ പുസ്തകം കിട്ടി എന്നുപോലും അറിയിച്ചില്ലെങ്കിലും തെല്ലും പരിഭവമില്ല. നല്ല പടങ്ങളും ഉണ്ടായിരുന്നതിനാൽ ചിലരെങ്കിലും ഒന്നു മറിച്ചുനോക്കിയിട്ടുണ്ടാവും.

കഴിഞ്ഞ ജൂലൈ മാസത്തിൽ, പഴയ സെമിനാരിയുടെ പ്രഗത്ഭനായ മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ രചിച്ചതും ഞാൻ പ്രസിദ്ധീകരിച്ചതുമായ പഴയ സെമിനാരിയുടെ ചരിത്രസംക്ഷേപം (പഠിത്തവീടിന്റെ കഥ) ഗ്രന്ഥകർത്താവിന്റെ നിർദ്ദേശാനുസരണം സെമിനാരിയുമായി ബന്ധപ്പെട്ട സഭയിലെ എല്ലാ മേൽപട്ടക്കാർക്കും എന്റെ ചെലവിൽ ഞാൻ തന്നെ പോസ്റ്റു ചെയ്തു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ. രണ്ടുപേർ മാത്രമേ പുസ്തകം കിട്ടി എന്ന് എന്നെ അറിയിച്ചുള്ളു. ബാക്കിയുള്ള മിക്കവരും പുസ്തകം വായിച്ചിരിക്കാനിടയില്ല. പുസ്തകങ്ങളും പോസ്റ്റേജും നഷ്ടപ്പെട്ടതിൽ ദുഃഖമുണ്ട്. ഇതാവർത്തിക്കാതിരിക്കാൻ മേലിൽ വായിക്കാത്തവർക്കു പുതിയ ഗ്രന്ഥങ്ങൾ സൗജന്യമായി നൽകരുതെന്ന ഗുണപാഠം മനസ്സിലാക്കാനും സാധിച്ചു. ഇന്നത്തെ പ. കാതോലിക്കാ ബാവായേയും പല മെത്രാപ്പോലീത്താമാരെയും സെമിനാരിയിൽ പഠിപ്പിച്ച ഗുരുരത്നം ഫാ. ഡോ. ടി. ജെ. ജോഷ്വായുടെ അനുഭവസമ്പന്നമായ അവതാരികയിൽ തനിക്കുപോലും അജ്ഞാതമായ പല പ്രധാനപ്പെട്ട കാര്യങ്ങൾ 'പഠിത്തവീടിൽ' ഉണ്ടെന്നു തുറന്നു രേഖപ്പെടുത്തിയതിൽ വളരെ സന്തോഷമുണ്ട്. പല മേൽപട്ടക്കാർക്കും നിലയ്ക്കാത്ത തിരമാലകൾപോലെയുള്ള പരിപാടികളുടെ ബഹുത്വം, കവർ സ്വീകരണം എന്നിവ മൂലം ഭരണകാര്യങ്ങളിൽ ശ്രദ്ധിക്കാനോ രണ്ടുനേരമെങ്കിലും യഥാസമയം പ്രാർത്ഥിക്കാനോ ചെറിയ പുസ്തകങ്ങൾ, സഭവക പ്രസിദ്ധീകരണ

ങ്ങൾ എന്നിവ എങ്കിലും മറിച്ചു നോക്കാനോ സാധിക്കുന്നില്ലെന്ന വസ്തുത കുട്ടിപരിപാടികൾക്കും (മാമോദീസ, ചരമവാർഷികം മുതലായ) ക്ഷണിക്കുന്ന വിശ്വാസികൾ മനസ്സിലാക്കണം. മനുഷ്യരായ ബിഷപ്പുമാരെ ഇക്കാര്യത്തിൽ കുറ്റപ്പെടുത്താനാവില്ല. വാർത്താവിനിമയ സൗകര്യങ്ങൾ വിരൽതുമ്പിൽ നിന്നിട്ടും കത്തുകൾക്കു വൈകാതെ മറുപടി എഴുതിക്കാനോ മറുപടി നൽകാനോ ഫോൺ എടുക്കാനോ പലർക്കും സാധിക്കുന്നില്ല. ഇക്കാര്യത്തിലും പല പ്രമുഖ വൈദികരും ചില മേൽപട്ടക്കാരെ വെല്ലുന്നവരാണ്. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, പ. ഗീവറുഗീസ് രണ്ടാമൻ ബാവ, പ. ഔഗേൻ ബാവ മുതലായ ഉയർന്ന കലാലയ വിദ്യാഭ്യാസരഹിതരായ സമുന്നത സഭാമേലദ്ധ്യക്ഷന്മാർ തങ്ങൾക്കു ലഭിക്കുന്ന കത്തുകൾക്കു കൃത്യമായി മറുപടി നൽകുന്ന ആദ്ധ്യാത്മിക സംസ്കാര സമ്പന്നരായിരുന്നു എന്ന് അവരുടെ പ്രൈവറ്റ് സെക്രട്ടറിമാരായിരുന്ന ബ. മണലിൽ യാക്കോബ് കത്തനാരും ഫാ. ടി. ജി. സഖറിയായും രേഖാമൂലം സാക്ഷിച്ചിട്ടുണ്ട്. “മണലിൽ അച്ചന്റെ സഭാസ്മരണകളും” ഫാ. ടി. ജി. സഖറിയായുടെ “കാതോലിക്കാ ബാവാമാരുടെ കാലടികളും” കണ്ടിട്ടില്ലാത്തവർ ഇനിയെങ്കിലും അവ വായിച്ചാൽ നന്നായിരുന്നു എന്ന് ആഗ്രഹിച്ചു പോകുകയാണ്.

സഞ്ചാരങ്ങൾ തീരെ കുറയുകയും കുട്ടിപ്പരിപാടികളിൽ പങ്കെടുത്തു ആരെയും ബോധ്യപ്പെടുത്തേണ്ട ആവശ്യമില്ലാത്ത കവർ സ്വീകരണത്തിൽ താൽപര്യം കാണിക്കാതിരിക്കുകയും ചെയ്ത “പഴഞ്ചന്മാരായ” പ. വട്ടശ്ശേരിൽ തിരുമേനിയും പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായും, പട്ടിണി കിടന്ന പ. ഔഗേൻ ബാവായും, പ. മാത്യൂസ് പ്രഥമനും സഭാഭരണത്തിൽ കൂടുതൽ ശ്രദ്ധിച്ചതുകൊണ്ടാണു മലങ്കരസഭയെ ചില വൈദേശിക സഭാദ്ധ്യക്ഷന്മാരായ നീർപ്പിശാചുക്കളിൽ നിന്നു വിടുവിച്ച് ഇന്ന് സഭയെ ഇത്രയും ഉയർത്താൻ സാധിച്ചതെന്നു സഭാചരിത്രത്തിന്റെ താളുകൾ വായിക്കാതെ തന്നെ ഒന്നു മറിച്ചുനോക്കിയാലും മനസ്സിലാകും. ആ ഭാഗം അവിടെ നിൽക്കട്ടെ.

മലങ്കരയിൽ നിന്ന് അധികം ആരും അറിയാതെ വളഞ്ഞ വഴിയിലൂടെ അന്ത്യോഖ്യായിൽ ചെന്ന് ഏലിയാസ് പാത്രിയർക്കീസിൽ നിന്നു 1842 ഫെബ്രുവരി 14-നു മേൽപട്ടസ്ഥാനം നേടിയെടുത്ത മാരാമൺ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലം മുതലാണല്ലോ അന്ത്യോഖ്യാ-മലങ്കര ബന്ധം (അന്ത്യോഖ്യായും പേരും എന്നേ അസ്തമിച്ചു) വ്യക്തമായി ആരംഭിക്കുന്നതും തുടർന്ന് വൈദേശികനായ ഒരു പാത്രിയർക്കീസിനു മലങ്കരയിൽ കാലുകുത്താൻ അവസരം ലഭിക്കുന്നതും ഇവിടത്തെ പള്ളികളും ഭണ്ഡാരങ്ങളും സ്വത്തുക്കളും കൈക്കലാക്കാൻ ശ്രമിക്കുന്നതും. സ്വതന്ത്രമായ മലങ്കരസഭയുടെ സ്വത്തുക്കൾ പണ്ടേ സിറിയൻ ഓർത്തഡോക്സ് സഭയുടെ സ്വയാർജ്ജിത സ്വത്തുക്കളാണെന്ന വാദഗതിയും മലങ്കര മെത്രാപ്പോലീത്താസ്ഥാനം ശീമക്കാരനായ സ്ലീബാ മാർ ഒസ്താത്തിയോസിനു നേടിക്കൊടുക്കാമെന്നുള്ള വളഞ്ഞ കുബുദ്ധിയും എല്ലാം, തെളിഞ്ഞ ബുദ്ധിരാക്ഷ

സന്മാരായ പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമന്റെയും സഭാഭാസുര നായ വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെയും ആത്മിക പ്രഭാവലയത്തിന്റെ വെളിച്ചത്തിൽ ഇരുണ്ടുപോയി. ദ്രവ്യാഗ്രഹത്തിന്റെ ആൾ രൂപമായ അബ്ദള്ളാ പാത്രിയർക്കീസ് മലങ്കരയിലെ പള്ളികളും സ്വത്തുക്കളും എഴുതിക്കൊടുക്കാഞ്ഞതിന്റെ പേരിൽ പ. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി യതും അതിനു ചിലർ കൂട്ടുനിന്നു പാത്രിയർക്കീസിനു സ്തുതിഗീതങ്ങളും ഓശാനയും പാടിയതും എല്ലാം ആധുനിക ചരിത്രമാണല്ലോ.

ഒരു വൈദികനെ തക്കതായ കാരണം കൂടാതെ ദുഷ്ടലക്ഷ്യത്തോടെ ചുമ്മാ മുടക്കിയാൽ വൈദികന്റെ പട്ടത്വം നഷ്ടപ്പെടുമെന്നു വിശ്വസിച്ചിരുന്ന ദൈവശാസ്ത്ര വിജ്ഞാന രഹിതനായിരുന്ന കോനാട്ടു മാത്തൻ മൽപ്പാനും സമചിത്തതയുള്ള മനുഷ്യരെ നശിപ്പിക്കുന്ന കറപ്പ്, കഞ്ചാവ്, മദ്യം മുതലായ ലഹരിവസ്തുക്കളുടെ കുത്തകയിലൂടെ (ഇന്നത്തെ അബ്കാരി കൺട്രാക്ടർ മാരെപ്പോലെ) കണ്ടമാനം കാശുണ്ടാക്കിയശേഷം മലങ്കരസഭയിലും തന്റെ പ്രതാപ പ്രകമ്പനം പ്രതിധ്വനിപ്പിച്ച് സഭയേയും മെത്രാപ്പോലീത്തായേയും വരുതിക്കു നിറുത്താൻ നിശ്ചയിച്ച – നിയമത്തിന്റെ എ ബി സി ഡി പോലും അറിഞ്ഞുകൂടാത്ത – സി. ജെ. കുര്യനും വിചാരിച്ചു. അപ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയാൽ കൂട്ടുട്രസ്റ്റികളായ മൽപാനും കുര്യനും പഴയ സെമിനാരിയും ബസ്ഗാസാ മുറിയുടെ താക്കോലും തെങ്ങുംതോപ്പും കൈക്ക ലാക്കാമെന്നും തിരുമേനിയെ പുറത്താക്കാമെന്നും സംശയലേശമെന്യേ വിശ്വ സിച്ചു. ഇതിനുവേണ്ടി അവർ വിവരദോഷിയായ പാത്രിയർക്കീസിനെ പ്രേരി പ്പിച്ചാണു മുടക്കുകൽപ്പന പുറപ്പെടുവിച്ചത്. മെത്രാനായി മലങ്കരയിൽ 1876–ൽ വന്നു മൂറോൻ വിറ്റു കാശുണ്ടാക്കിയതിലും ഭേദം പഴയസെമിനാരിയും തെങ്ങുംതോപ്പും തട്ടിയെടുക്കുന്നതാണു നല്ലതെന്നു അബ്ദുള്ളാ പാത്രിയർ ക്കീസും കണക്കുകൂട്ടി.

ഇതിനും പുറമേ വട്ടശ്ശേരിൽ തിരുമേനിയെ തട്ടാനും, ഒതുക്കാനും, ഒടു ക്കാനും വേണ്ടി താഴത്തങ്ങാടി ഭാഗത്തെ തന്റെ ചില സിൽബന്ധികൾ ഉൾ പ്പെടെ ഏതാനും മുസ്ലീംകളെ ചേർത്ത് ഒരു ക്വട്ടേഷൻ സംഘം രൂപവൽക്ക രിക്കാനും കുര്യൻ മടിച്ചില്ല. ഇതിനും മൽപാന്റെയും പാത്രിയർക്കീസിന്റെയും പ്രേരണകളും പിൻബലവും ലഭിച്ചത്രെ (ഇന്നത്തെപ്പോലെ അന്നു ക്വട്ടേഷൻ സംഘം ഇല്ലായിരുന്നു. എതിരാളിയെ വധിക്കാൻവേണ്ടി ഒരു സംഘം ആളുകളെ സംഘടിപ്പിച്ച് അവർക്കു പണം നൽകുന്ന പ്രസ്ഥാനമാണു ക്വട്ടേ ഷൻ സംഘം. ആനപ്പാപ്പി എന്ന വർക്കി വറുഗീസിനേയും വലിയ സഭാ സ്നേഹിയായിരുന്ന പെരുമ്പാവൂർ മലങ്കര വറുഗീസിനെയും വകവരുത്തി യത് ക്വട്ടേഷൻ സംഘങ്ങളാണല്ലോ. മലങ്കര വറുഗീസിനെ തൃശൂർക്കാരായ ഒരു സംഘമാണ് വടക്കുള്ള ചില ഉന്നതരുടെ നിർദ്ദേശപ്രകാരം പട്ടാപ്പകൽ പെരുമ്പാവൂർ വച്ചു വെട്ടിക്കൊന്നത്. പ്രതികളിൽ ഒരു വൈദികനും ഉൾപ്പെ ട്ടിരുന്നു എന്നും ഓർക്കണം.).

പാത്രിയർക്കീസും, മൽപാനും കുര്യനും ചേർന്നു രൂപവൽക്കരിച്ച മുസ്ലീം

ക്വട്ടേഷൻ സംഘത്തിലൂടെ മെത്രാപ്പോലീത്തായെ തട്ടാനും സഭയെ നശിപ്പിക്കാനും നടത്തിയ കുതന്ത്രങ്ങൾ വിലപ്പോയില്ല. രണ്ടാം നിലയിൽ താമസിച്ചുവന്ന വട്ടശ്ശേരിൽ തിരുമേനിയെ വധിക്കാൻ പഴയസെമിനാരിയിൽ ഏണിചാരി കയറിയ ക്വട്ടേഷൻ സംഘത്തിന്റെ ഏണി രണ്ടുതവണ തെന്നിവീണതിനെ തുടർന്ന് അത്തരം ശ്രമങ്ങൾ ദൈവം തകർത്തു. ദൈവത്തിന്റെ അഭിഷേകം ലഭിച്ച സിദ്ധനായ മെത്രാപ്പോലീത്തായ്ക്കു പകരം അദ്ദേഹത്തിന്റെ കാവൽസേനാനിയായിരുന്ന ആനപ്പാപ്പി എന്ന വർക്കി വറുഗീസിന്റെ ചോരയും പിടയ്ക്കുന്ന ജീവനുമാണു ലഭിച്ചത്.

കൊലക്കേസിലെ പ്രതികൾ അറസ്റ്റു ചെയ്യപ്പെട്ടു. കേസിൽ പലരും അഴിക്കകത്തായി. ചിലർ വർഷങ്ങൾ കഴിഞ്ഞു മോചിതരായി തെണ്ടിത്തിരിഞ്ഞു നടന്നു മരിച്ചു. മറ്റു ചിലർ ക്വട്ടേഷൻ സംഘം രൂപവൽക്കരിച്ച കുര്യൻ മുതലാളിയെ പല തവണ ഭീഷണിപ്പെടുത്തി പണം പിടുങ്ങി വന്നു. കുര്യനും ഒളിവിൽ കഴിഞ്ഞ അദ്ദേഹത്തിന്റെ സഹോദരപുത്രനും വളരെയധികം പണം കേസിനുവേണ്ടി ചെലവഴിച്ചു. തിരുനക്കരയുടെ തിരുമുറ്റത്തെ വൻ സ്വർണ്ണക്കുടയേക്കാൾ വിലയുള്ള മണ്ണും കിട്ടിയ വിലയ്ക്കു വിറ്റു കേസു നടത്തി. ഇന്നു കൊലയ്ക്കു പ്രേരണ നൽകുന്നവരും കൊലക്കസുപ്രതികൾ തന്നെയാണെന്നു നിയമം വന്നിരിക്കുന്നു. ഈ നിയമം 1912-ൽ ഉണ്ടായിരുന്നു എങ്കിൽ സി. ജെ. കുര്യനും മൽപ്പാനും, അക്കര പാപ്പനും എലിപ്പെട്ടിയിൽ കുടുങ്ങിയ മൂഷികന്മാരെപ്പോലെ ജയിലഴികൾ എണ്ണേണ്ടി വരുമായിരുന്നു.

സി. ജെ. കുര്യന്റെ സഹോദരപുത്രനായ അക്കര പാപ്പന്റെയും വെട്ടേറ്റാണു ആനപ്പാപ്പി മരിച്ചത്. ഇത് അത്യന്തം ദാരുണമായ ഒരു കൊലപാതകം ആയിരുന്നു എങ്കിലും സഭാക്കേസിലെ ഒരു വലിയ വഴിത്തിരിവിനിടയാക്കി. വട്ടശ്ശേരിൽ തിരുമേനിയെ എതിർത്തു കേസുനടത്തിയും സഭയുടെ ഭാവിയും ലക്ഷ്യബോധവും ദൗത്യനിർവഹണവുമെല്ലാം വലിയ ഒരളവിൽ ഹനിച്ച മുതലാളി ഒടുവിൽ അണ്ടികളഞ്ഞ അണ്ണാനെപ്പോലെ സ്വത്തു നശിച്ചു നിരാശനായി അക്കര കടന്നു എന്ന് കെ. സി. മാമ്മൻ മാപ്പിള നിരീക്ഷിച്ചിട്ടുണ്ട്. ക്വട്ടേഷൻ സംഘം രൂപൽക്കരിക്കുന്നതിനും കേസുകൾ നടത്തുന്നതിനും പണം ചെലവാക്കിയതു കുര്യൻ മുതലാളിയായിരുന്നതിനാൽ മൽപ്പാനച്ചനു സാമ്പത്തികനഷ്ടം ഒന്നും ഉണ്ടായിട്ടില്ല. ഒടുവിൽ കേസു തോൽക്കുകയും മുതലാളി മരിക്കുകയും ചെയ്തതിനുശേഷമാണു കോടതിച്ചെലവു നൽകേണ്ട ഭാരം തന്റെ ശിരസ്സിൽ കയറുമോ എന്ന പേടി മൽപ്പാനെ വിറപ്പിച്ചത്. ഇതിനകം കേസിലൂടെ സഭയുടെ ഭാവിക്കു ദോഷം ഉണ്ടാക്കിയതിനു കൂട്ടുനിന്ന മൽപ്പാനു വളരെ വൈകി പശ്ചാത്താപബോധം ജനിക്കുകയും പാപമോചനാർത്ഥം വട്ടശ്ശേരിൽ തിരുമേനിയെ സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തു. സന്ദർശന തീയതി നിശ്ചയിച്ചു എങ്കിലും തലേദിവസം മൽപാൻ നേരത്തെ എലി കടിച്ചതിനാൽ മരണമടയുകയാണുണ്ടായത്. വട്ടശ്ശേരിൽ തിരുമേനിയുടെ മുമ്പിൽ അന്ത്യകുമ്പസാരത്തിനു എല്ലാം കാണുന്ന ദൈവം മൽപാനെ അനുവദിച്ചില്ല.

വട്ടശ്ശേരിൽ തിരുമേനിയെയും മലങ്കരസഭയേയും വഞ്ചിച്ചശേഷം റീത്തു പ്രസ്ഥാനം ഉണ്ടാക്കുകയും മലങ്കരസഭയുടെ സ്വത്തിനുവേണ്ടി കോടതിയിൽ കള്ളം പറയുകയും ചെയ്ത ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തന്റെ ഉറ്റസുഹൃത്തായിരുന്ന പാറേട്ട് മാർ ഈവാനിയോസിനെ കാണണമെന്നു കരൾരോഗത്താൽ മരണശയ്യയിൽ അതിവേദന സഹിച്ചു കിടക്കുമ്പോൾ ആഗ്രഹം പ്രകടിപ്പിക്കുകയും ഉറ്റസുഹൃത്തായിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുവനന്തപുരം പട്ടം അരമനയിൽ എത്തി ആർച്ചുബിഷപ്പിന്റെ തലയിൽ കൈവച്ചു പാപമോചന പ്രാർത്ഥന നടത്തുകയും ചെയ്ത കാര്യം ഇവിടെ സ്മരണീയമാണ്.

മൽപാനും കുര്യനും, 1934-ൽ വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്യുന്നതിനു വളരെ മുമ്പ് ഈ ലോകത്തിൽ നിന്നു മറുകര കടന്നിരുന്നു. ഇതും തിരുമേനിക്കു ദുഃഖമുണ്ടാക്കി. ദൈവത്തിന്റെ മന്ദിരങ്ങളായ മനുഷ്യനേയും സഭയേയും നശിപ്പിക്കുന്നവരെ ദൈവം ദാരുണമായി നശിപ്പിക്കുമെന്നു വിശുദ്ധനായ പൗലൂസ് ശ്ലീഹാ കൊരിന്ത്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന നിത്യസത്യവും ഇവിടെ ഓർക്കേണ്ടതുണ്ട്.

പണത്തിനും പുകപോലെ പറന്നുപോകുന്ന പ്രതാപത്തിനും അധികാരത്തിനും വേണ്ടി ദുരുപായങ്ങൾ മെനഞ്ഞ പാത്രിയർക്കീസന്മാരെ മേലിൽ മലങ്കരയിൽ കാലുകുത്താൻ അനുവദിക്കാതിരിക്കുന്നതു ദൈവനിയോഗമാണെന്നു മനസ്സിലാക്കിയ വട്ടശ്ശേരിൽ തിരുമേനി പണ്ടത്തെ പാത്രിയർക്കീസിനെപ്പോലെ (ഇന്ന് സിറിയായിൽ പാത്രിയർക്കീസും ആസ്ഥാനവും അച്ചനും കൊച്ചുങ്ങളും പള്ളികളും ഒന്നുമില്ല) 2013-ലെ തീവ്രവാദികളുടെ ആക്രമണം മൂലം - രാസായുധ പ്രയോഗം - സഭയും വിശ്വാസികളും പള്ളികളും ദൈവം സ്നേഹിക്കുന്ന കുഞ്ഞുങ്ങളും കത്തി ചാമ്പലായി. അന്നത്തെ വൃദ്ധനായ പാത്രിയർക്കീസ് സഖാ പ്രഥമൻ (മാർത്തോമ്മായുടെ പട്ടം വെട്ടിയ മുൻഗാമിയുടെ നടപടി വെട്ടാത്ത സ്ഥാനി) ജീവരക്ഷാർത്ഥം ലബനനിലേക്കു കടന്നു മരിച്ചു. സകല അധികാരങ്ങളുമുള്ള കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചതാണ് പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഏറ്റവും വലിയ നേട്ടം. ജന്മനാ സ്വതന്ത്രമായ മലങ്കരസഭയ്ക്ക് അദ്ദേഹം നെയ്തെടുത്തു ചാർത്തിയ ശോഭയേറിയ തങ്കക്കിരീടമാണു കാതോലിക്കേറ്റെന്നു വൈകാതെ എല്ലാവരും അംഗീകരിക്കുകയും ആഹ്ലാദിക്കുകയും ചെയ്തു. ദൈവിക പദ്ധതിയെ ലഹരി സാധനങ്ങൾ വിറ്റുകിട്ടിയ പണംകൊണ്ടും കുന്തിരിക്കത്തിന്റെ പുകവീശിയും നേടിയെടുത്ത കെസ്പ്പോ കൊണ്ടും മരീചികയ്ക്കു തുല്യമായ പ്രതാപം കൊണ്ടും അട്ടിമറിക്കാമെന്നു ചിന്തിച്ചവർക്കു സകല സരണികളും തെറ്റി.

മലങ്കര മെത്രാനായ വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണരംഗത്തെ ഔന്നത്യം, ഉൾക്കാഴ്ചയോടുകൂടിയ പ്രവർത്തനം, ദൂരവീക്ഷണം മുതലായവ കൊണ്ടാണ്, ദൈവാശ്രയത്തോടെ ജീവിതം നയിച്ച ഒന്നും രണ്ടും കാതോലിക്കാമാർക്ക് അവരുടെ സ്ഥാനമഹിമയ്ക്കൊത്ത കാര്യങ്ങൾ സഭയിൽ നേടാൻ സാധിക്കാഞ്ഞത്. സിറിയൻ ഓർത്തഡോക്സ് സഭാ

പാത്രിയർക്കീസിന്റെയും അദ്ദേഹത്തെ അനുകൂലിച്ചു വന്ന വിഘടിത വിഭാഗത്തിന്റെയും കടുംപിടുത്തം മൂലം സഭയിൽ സമാധാനമോ പുനരൈക്യമോ ഉണ്ടായില്ല. ഇങ്ങനെയിരിക്കെ 1958 സെപ്തംബർ 12 വെള്ളിയാഴ്ച ഉണ്ടായ സുപ്രീംകോടതിവിധി പാത്രിയർക്കീസിനു മലങ്കരസഭയിൽ ഉണ്ടായിരുന്നു എന്നു ചിലർ വിശ്വസിച്ച സർവ്വ അധികാരവും ഇല്ലാതാക്കി. വിഘടിത വിഭാഗത്തിലെ മെത്രാന്മാർക്കു ഭദ്രാസനവും സ്ഥാനവും നഷ്ടപ്പെട്ടു. തുടർന്ന് മുങ്ങുന്ന കപ്പലിൽ കിടന്ന ബിഷപ്പന്മാർ സമാധാനം ഉണ്ടാക്കാൻ പാത്രിയർക്കീസിൽ വലിയ നിലവിളികളോടെ സമ്മർദ്ദം ചെലുത്തി. ഗത്യന്തരമില്ലാതെ യാക്കൂബ് തൃതീയൻ കാപട്യത്തിന്റെ മുഖംമൂടി മാറ്റി വട്ടശ്ശേരിൽ തിരുമേനിയുടെ സമാധാന നിർദ്ദേശമായ പരസ്പര സ്വീകരണത്തിനു തയ്യാറായി. ഇന്നലെവരെ 'വൃദ്ധൻ പുന്നൂസാ'യിരുന്ന ഗീവറുഗീസ് രണ്ടാമൻ ബാവ, പട്ടവും സിംഹാസനവുമുള്ള പരിശുദ്ധ കാതോലിക്കാ ബാവായായി സ്വീകരിക്കപ്പെട്ടു. പട്ടത്വത്തിന്റെ പേരിലുള്ള പട്ടാപ്പകൽ തട്ടിപ്പിന്റെ തനിനിറം ലോകം നേരിട്ടു കണ്ടു മനസ്സിലാക്കി. വൈകാതെ 1958 ഡിസംബർ 16-നു പരിപാവനമായ (സമരഭൂമിയും) പഴയസെമിനാരിയിൽ വച്ചു പരസ്പരസ്വീകരണം നടത്തി. പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായും, നേരത്തെ വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കു തീർത്തുകൊണ്ടുള്ള പാത്രിയർക്കീസിന്റെ കൽപന വഴിമദ്ധ്യേ മുതലാളി പറഞ്ഞതുകേട്ടു മുക്കിയ സിറിയൻ മെത്രാൻ യൂലിയോസും പരസ്പരം സമാധാന കൽപനകൾ കൈമാറി. കാതോലിക്കാ ബാവാ നൽകിയ കൽപന 'മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന മാർ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ' എന്ന മേലെഴുത്തുള്ള ഹെഡിംഗ് പേപ്പറിലായിരുന്നു. അതോടെ മാർത്തോമ്മായ്ക്കു പട്ടമുണ്ടെന്നും സിംഹാസനമുണ്ടെന്നും പാത്രിയർക്കീസ് ഒരിക്കൽകൂടി ലോകത്തെ, സുവിശേഷം കണക്കെ അർദ്ധരാത്രിയിൽ തന്നെ അറിയിക്കുകയായിരുന്നു. ഈ പരസ്പര സ്വീകരണം നേരിട്ടു കണ്ട എന്നെപ്പോലെ കാഴ്ചശക്തിയുള്ള ഒട്ടധികം പേർ ഇന്നും ഇക്കരയിൽ നിലകൊള്ളുന്നുണ്ട്. വിഘടിത വിഭാഗത്തിലെ ബിഷപ്പുമാരെ, മുടിയൻപുത്രനെ സ്നേഹവാനായ സ്വപിതാവു സ്വീകരിച്ചതുപോലെ പ. ഗീവറുഗീസ് രണ്ടാമൻ ബാവ സ്വീകരിച്ചു അവർക്കു പഴയ ഭദ്രാസനം തന്നെ കൊടുത്തു. സുപ്രീംകോടതിയിലെ ചെലവായ ഒരു ലക്ഷം രൂപ വാങ്ങുകയും വിഘടിത വിഭാഗം പള്ളികൾ നടത്തിയെടുക്കുന്നതു സംബന്ധിച്ച കേസുകൾ കൊടുക്കുകയും ചെയ്തിരുന്നു എങ്കിൽ 12 വർഷം കഴിഞ്ഞുണ്ടായ 1970-ലെ സ്ഥിതിഗതികൾ ഒഴിവാക്കാൻ കഴിയുമായിരുന്നു. 1951-ലെ ഹൈക്കോടതി വിധിയെ തുടർന്ന് സഭാകേന്ദ്രമായ പഴയസെമിനാരി നടത്തിയെടുക്കാൻ വിഘടിത വിഭാഗം ശ്രമിച്ചതും തുടർന്നു പറുദീസാ സമാനമായ ദേവലോകം അരമനപ്പപറമ്പ് വാങ്ങിയതും ഒന്നും മറക്കാറായിട്ടില്ല. ഹൈക്കോടതിവിധി വന്നപ്പോൾ പഴയസെമിനാരി നടത്തിയെടുക്കാൻ ശ്രമിച്ചവരെ ഒന്നും അന്നു കണ്ടില്ല. ഭുവിൽ വിടർന്ന ദേവലോകം സഭയ്ക്കു ലഭിച്ച സ്വർഗ്ഗീയ സമ്മാനമായി മാറുകയും ചെയ്തു. "സൗമ്യതയുള്ളവർ അനുഗൃഹീതർ; അവർ ഭൂമിയെ അവകാശമാക്കും."

പരമോന്നത കോടതിവിധിയെ തുടർന്ന് സത്യാവസ്ഥ മനസ്സിലാക്കി വിഘടിത വിഭാഗത്തിലെ വിദ്യാഭ്യാസമുള്ള വൈദികരിൽ ഭൂരിപക്ഷവും പ്രബുദ്ധരായ ജനങ്ങളും കാതോലിക്കാബാവായുടെ നേതൃത്വം അംഗീകരിച്ചപ്പോൾ കുറെ പതിരുകളായ പാതിരിമാർ അവിടെ അവശേഷിച്ചു. മൂലഭാഷയായ സുറിയാനിയുടെ ആദ്യപാഠം മാത്രം പഠിച്ചവർ. അവരാണ് ഇതുവരെ ആരും നിർവ്വചിച്ചിട്ടില്ലാത്ത അന്ത്യോഖ്യാ വിശ്വാസ സംരക്ഷണമെന്നു പറഞ്ഞു അവിടെ കടിച്ചുതൂങ്ങി കുർബാന ചൊല്ലി ജീവിക്കുന്നത്. വൈദിക സെമിനാരി കാണാത്ത ആദംഗവാദികളായ വൈദിക നാമധാരികൾ പ്രബുദ്ധമായ മലങ്കരസഭയ്ക്കു ഒരു കളങ്കം തന്നെയാണ്.

1964 മെയ് 22-നു കോട്ടയം എം.ഡി. സെമിനാരി വളപ്പിൽ വച്ചു ഔഗേൻ മാർ തീമോത്തിയോസിനെ കാതോലിക്കായായി യാക്കൂബ് തൃതീയൻ വാഴിച്ച ശേഷം ചെയ്ത പ്രസംഗത്തിൽ മേലിൽ സഭയിൽ ഭിന്നിപ്പുണ്ടാക്കുന്നവർ ലോത്തിന്റെ ഭാര്യയെപ്പോലെ ഉപ്പുതൂണായി മാറുമെന്നു പ്രസ്താവിച്ചിരുന്നു. നാലാം കാതോലിക്കായുടെ വാഴ്ച, തുടർന്നുള്ള പ്രസംഗങ്ങൾ എന്നിവ മലയാള മനോരമയ്ക്കുവേണ്ടി സ്റ്റേജിന്റെ മുമ്പിലിരുന്നു "സ്റ്റാഫ് പ്രതിനിധി" എന്ന നിലയിൽ റിപ്പോർട്ട് ചെയ്തത് ഞാനാണ്. പ്രമാണവും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടുത്താതെ മഞ്ഞിനിക്കര മുതലേ ജീവിച്ച ഈ പാത്രിയർക്കീസ് തന്നെ 1970-ൽ 203-ാം നമ്പർ കൽപന വഴി മാർത്തോമ്മായുടെ പട്ടം വെട്ടി സഭയിൽ ഭിന്നിപ്പു വീണ്ടും ഉണ്ടാക്കിയപ്പോൾ അദ്ദേഹം ഉപ്പുതൂണായി മാറി. അധികം വൈകാതെ ഒരു മഴ പെയ്തപ്പോൾ ആ ഉപ്പുതൂൺ നനഞ്ഞ മണ്ണിൽ അലിഞ്ഞുചേർന്നു. അദ്ദേഹം അപ്രത്യക്ഷനാകുന്നതിനു മുമ്പ് "ശ്രേഷ്ഠം, കാതോലിക്കാ" എന്നീ മഹത്തായ അർത്ഥവ്യാപ്തിയുള്ള വാക്കുകളുടെ അർത്ഥമറിയാതെ അയോഗ്യരായ ചില വ്യക്തികളുടെ പേരിന്റെ മുമ്പിൽ അവ വച്ചു വിഘടിതർക്കുവേണ്ടി 'ശ്രേഷ്ഠകാതോലിക്കാ'യെ സൃഷ്ടിച്ചു.

മാർപാപ്പായും, പാത്രിയർക്കീസും, കാതോലിക്കായും സമന്മാരും അതതു സഭകളിൽ തുല്യഅധികാരമുള്ളവരുമാണ്. അവരുടെ കീഴിൽ മറ്റൊരു കാതോലിക്കാ ഉണ്ടാകുകയില്ല. അവരുടെ പേരിന്റെ ഇടത്തുവശത്തു H.H. (ഹിസ് ഹോളിനസ്സ്) എന്നു വയ്ക്കാനും സാധ്യമല്ലാത്തതുകൊണ്ടാണ് നല്ല അർത്ഥമുള്ള "ശ്രേഷ്ഠകാതോലിക്കാ" എന്ന നാമം പന്നിക്കു കനക മൂക്കുകുത്തി ഇടുന്നതുപോലെ ചിലർക്കു ഇട്ടാൽ ഒട്ടും ശോഭിക്കാത്തത്. ഇന്നു തെക്കും വടക്കും രണ്ടു കാതോലിക്കാ നാമധാരികൾ ഉണ്ട്.

റോമൻ കത്തോലിക്കാ സഭയിൽ മാർപാപ്പായ്ക്കു ഒപ്പം സ്ഥാനമുള്ള കാതോലിക്കാമാർ ഇല്ല. വാഴിക്കാനും സാധ്യതയില്ല. മലങ്കരസഭയുടെ കാതോലിക്കായും മാർപാപ്പായും സമന്മാരാണ്. അവർ ഒന്നിച്ചിരുന്നാണ് ചർച്ചകൾ നടത്തുന്നത്. രണ്ടു സഭകളുടെ പരമാദ്ധ്യക്ഷന്മാരായ റോമിലെ മാർപാപ്പായും മലങ്കരയുടെ കാതോലിക്കായും തമ്മിൽ ആദ്യം കൂടിക്കാണുന്നതും ഒരേ സോഫയിൽ ഇരുന്നു സംഭാഷണം നടത്തുന്നതും 1964 ഡിസംബറിൽ

ബോംബെയിൽ വച്ചാണ്. അന്ന് അവിടെ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കാൻ എത്തിയ പോൾ ആറാമൻ മാർപാപ്പായും മലങ്കര സഭയുടെ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായും ബോംബെ ആർച്ചുബിഷപ്പും കർദ്ദിനാളുമായിരുന്ന വലേറിയൻ ഗ്രാഷ്യസിന്റെ അരമനയിൽ വച്ചാണു സംഭാഷണം നടത്തിയത് (അതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ പ. ഔഗേൻ ബാവായുടെ ജീവചരിത്രത്തിലുണ്ട്). ഔഗേൻ ബാവായെ റോമിലേക്കു മാർപാപ്പാ ക്ഷണിച്ചു എങ്കിലും പ്രായാധിക്യം മൂലം ക്ഷണം നിരാകരിക്കുകയാണുണ്ടായത്. പിന്നീട് മാത്യൂസ് പ്രഥമൻ ബാവാ, മാർപാപ്പാ ആയിരുന്ന ജോൺ പോൾ രണ്ടാമനെ റോമിൽ വച്ചു കണ്ടു സംഭാഷണം നടത്തി. വൈകാതെ മാർപാപ്പാ കോട്ടയത്തു വന്നപ്പോൾ മാത്യൂസ് പ്രഥമനെയും എം.ഡി. യിൽ വച്ചു കണ്ടു ചർച്ചകൾ നടത്തി. ഇപ്പോഴത്തെ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ റോമിൽ വച്ചു ഫ്രാൻസിസ് മാർപാപ്പായെ അടുത്തകാലത്തു കണ്ടു ചർച്ചകൾ നടത്തുകയുണ്ടായി. തിരുവനന്തപുരം ആർച്ചുബിഷപ്പും കർദ്ദിനാളും കാതോലിക്കായുമായ മാർ ക്ലിമ്മീസിനും പുത്തൻകുരിശിലെ ശ്രേഷ്ഠനും മാർപ്പാപ്പായെ കാണണമെന്നുണ്ടെങ്കിൽ വത്തിക്കാനിൽ ചെന്നു കുറേനേരം വാതിൽക്കൽ കാത്തുനിന്ന് സ്വിസ് ഗാർഡിന്റെ അനുവാദം വാങ്ങിയശേഷമേ കാണാൻ സാധിക്കുകയുള്ളു. ചർച്ച ചെയ്യാൻ ഒന്നും ഇല്ലല്ലോ. മാർപാപ്പായെ തെരഞ്ഞെടുക്കുന്ന കൺക്ലേവിൽ കയറി (രഹസ്യ കൂട്ടായ്മ) വെളുത്ത പുക വരുന്നതുവരെ അവിടെ ഇരിക്കാനുള്ള അധികാരമേ ഇന്ന് ഒരു കർദ്ദിനാളിനുള്ളു.

കേരളം കണ്ട കർദ്ദിനാൾമാരിൽ ചിലർക്കു പ്രഗത്ഭനായിരുന്ന വലേറിയൻ ഗ്രാഷ്യസിന്റത്ര യോഗ്യതയില്ലെന്നുള്ളതും അവരുടെ കുറ്റമല്ല, ഒരു വസ്തുതയാണ്. കോട്ടയത്തെ പ്രശസ്തമായ ബി. സി. എം. വനിതാ കോളജ് ഉദ്ഘാടനം ചെയ്യാൻ വന്ന കർദ്ദിനാൾ ഗ്രാഷ്യസിനെ ഞാൻ നേരിട്ടു കണ്ടിട്ടുള്ളതുകൊണ്ടും അദ്ദേഹത്തിന്റെ ഗംഭീരമായ പ്രഭാഷണ പ്രവാഹത്തിൽ മുങ്ങിയതുകൊണ്ടുമാണ് ഇങ്ങനെ പറയുന്നത്.

മലങ്കര റീത്തെന്ന പ്രസ്ഥാനം ഒരു സഭയല്ല, സംഘടനയാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ ഏതാനുംപേരെ അടർത്തി മാറ്റി റാന്നി പെരുനാട് ബഥനിയുടെ മാർ ഈവാനിയോസ് 1930-ൽ തട്ടിക്കൂട്ടിയ ഒരു തരം സംഘടനയാണ് (സെമിത്തേരി പ്രശ്നം പരിഹരിക്കാൻ ഓർത്തഡോക്സ് പള്ളിയുടെ തൊട്ടടുത്താണ് റീത്ത് പള്ളി). വറുഗീസിനും, ഏബ്രഹാമിനും, സൈമണും, യോഹന്നാനും, മൽപാനും, ദാനിയേലിനും ഒന്നും സഭ സ്ഥാപിക്കാൻ അധികാരമില്ല. സംഘടന ഉണ്ടാക്കാൻ സാധിക്കും. സഭയ്ക്കു അപ്പസ്തോലിക സഭകളും പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ച വിശ്വാസപ്രമാണത്തിൽ ഒരു നിർവ്വചനം നൽകിയിട്ടുണ്ട്. അതായത് “സഭ അപ്പസ്തോലികവും കാതോലികവും ഏകവും വിശുദ്ധവുമായിരിക്കണം.” ഉപദേശിമാരും ചില മൽപ്പാന്മാരും മറ്റും ആരംഭിക്കുന്ന സംഘടനകൾ പലപ്പോഴും സുഖജീവിതാർത്ഥം പണപ്പിരിവും സ്ത്രീകൾ മാത്രമുള്ള വീടുകൾ കയറി

വേദവാക്യമടിയും നടത്തുന്ന പ്രസ്ഥാനങ്ങളാണ്! പുരാതന ക്രൈസ്തവരെയല്ല, ഈ സംഘടനകൾ ശിഷ്യരാക്കേണ്ടത്. സകല ജാതികളേയും ശിഷ്യരാക്കാനല്ലേ അന്ത്യ കൽപ്പന.

ഒരു മൽപ്പാനും രണ്ടു തവണ ഒരേ പട്ടം ഏറ്റാലും, ഇഷ്ടാനുസരണം അപ്പസ്തോലിക സഭയുടെ തക്സാ തിരുത്തിയും കൂട്ടിച്ചേർത്തും അരക്കുർബ്ബാന ചൊല്ലാൻ അധികാരമില്ല. അദ്ദേഹം സ്ഥാപിച്ചിരിക്കുന്ന സഭ എന്ന് പേരിട്ടിരിക്കുന്ന സംഘടന യഥാർത്ഥ പൗരസ്ത്യ സഭയുടെ നിർവ്വചനത്തിൽ വരുന്നില്ല എന്നാണു ദൈവശാസ്ത്രജ്ഞന്മാരുടെ മതം. അവ വിശ്വകർമ്മ സഭ, ധീവര സഭ, നിയമ സഭ, ഇന്ത്യൻ പെന്തക്കോസ്ത്, ശ്രീലങ്കൻ പെന്തക്കോസ്ത്, വേർപാട്, സ്വർഗ്ഗീയ സദ്യ, അഞ്ചരമതം എന്നതുപോലെയുള്ള സംഘടന മാത്രം.

ഒരു മല്പാൻ തക്സാ തിരുത്തി അരക്കുർബ്ബാന അണച്ചതിനെ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലത്തെ വൈദിക ട്രസ്റ്റിയായിരുന്ന പ്രശസ്തനായ താഴത്തു ചാണ്ടപ്പിള്ള കത്തനാർ എഴുതിയ 'വിലാപങ്ങൾ' എന്ന പുസ്തകത്തിൽ നിശിതമായി വിമർശിച്ചിട്ടുണ്ട്. പരിശുദ്ധ ദൈവമാതാവിനോടും വിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥന പാപമാണെന്നു വിശ്വസിക്കുന്ന വിഭാഗത്തിന്റെ നേതാവ് ഇപ്പോൾ, കന്യകമറിയാമിന്റെ പ്രതിമ മണർകാട്ടു പള്ളിയിൽ നടതുറന്നു പ്രദർശിപ്പിക്കുമ്പോൾ നിലത്തുവീണു "ഞങ്ങളെ രക്ഷിക്കണേ" എന്നു പറയുന്നവരുമായി കൂട്ടുകൂടാൻ വേണ്ടി ചർച്ചകൾ നടത്തുന്നത് ആടുമോഷണാർത്ഥം നടത്തുന്ന അപഹാസ്യമായ ഒരു വൈരുദ്ധ്യമല്ലെങ്കിൽ പിന്നെന്താണ്? പ. കന്യകമറിയാമിനെ ബഹുമാനിക്കാത്ത വിഭാഗത്തിനു സഭ എന്ന പേരിന് അർഹതയില്ലെന്ന് ഏതാനും വർഷം മുമ്പ് നടന്നുവന്ന ഒരു ഡയലോഗിൽ പണ്ഡിതവരേണ്യനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തുറന്നടിച്ചത് ഇന്നും ഓർക്കുന്നു.

കാലം ചെയ്ത ഏഴു കാതോലിക്കാമാരിൽ പ്രവർത്തന മികവു വച്ചു വിലയിരുത്തിയാൽ ഒന്നും, രണ്ടും, ഏഴും കാതോലിക്കാമാരെ എ വിഭാഗത്തിലും മൂന്നും, നാലും, അഞ്ചും, ആറും കാതോലിക്കാമാരെ എ പ്ലസ് വിഭാഗത്തിലും ഉൾപ്പെടുത്താമെന്നു പറയുന്നത് ഇന്നത്തെ തലമുറ ഭാഷാപരമായി മനസ്സിലാക്കാനുള്ള സൗകര്യത്തിനാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തെ ഒന്നും രണ്ടും കാതോലിക്കാമാർക്കു യഥാക്രമം ഏഴരമാസം കൊണ്ടും 30 മാസം കൊണ്ടും സഭയിൽ കാര്യമായ ചലനങ്ങളും നേട്ടങ്ങളും ഉണ്ടാക്കാൻ സാധിക്കാഞ്ഞത് പുണ്യചരിതരായ അവരുടെ കുറ്റംകൊണ്ടല്ല. ഏഴാം കാതോലിക്കാ വളരെ പ്രായമായശേഷം സ്ഥാനമേറ്റതിനാൽ വേണ്ടത്ര ആലോചനയോടും ചൈതന്യത്തോടും നീങ്ങാൻ സാധിച്ചില്ല എന്നതും ആ പവിത്രചരിതന്റെ കുറ്റമല്ല. എന്നിരിക്കിലും കോഴിക്കോട്ടെ അരമന നിർമ്മിച്ചതും 14 മെത്രാന്മാരെ വാഴിച്ചതും മൂറോൻ കൂദാശ ചെയ്തതും എടുത്തുപറയേണ്ടിയിരിക്കുന്നു. ആറാം കാതോലിക്കാ (ശാസ്താംകോട്ട കാതോലിക്ക) പ. മാത്യൂസ്

ദ്വിതീയനെ 1944 മുതൽ എനിക്കടുത്തറിയാം. ഉത്തമ സന്യാസജീവിതത്തിന്റെ എവറസ്റ്റിൽ മാലാഖയെപ്പോലെ കഴിഞ്ഞ തിരുമേനിയെ എല്ലാവരും സ്നേഹിച്ചിരുന്നു. എന്നാൽ കാതോലിക്കാ സ്ഥാനത്തു വന്നു കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ സമുന്നത പദവിയുടെ മഹത്വം സാഹചര്യങ്ങളാൽ ശരിക്കും മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞോ എന്നു സംശയിക്കുന്നവരുണ്ട്. 1995-ൽ ലഭിച്ച സുപ്രീംകോടതിവിധിയനുസരിച്ചു മേൽനടപടികൾ സ്വീകരിക്കാൻ തുനിയാതെ തിരുമേനി പുഞ്ചിരി, സഞ്ചാരം എന്നിവകൊണ്ടു കാലം കഴിക്കുകയും വഞ്ചകരായ വിഘടിത വിഭാഗത്തിന്റെ കള്ളച്ചിരികൾക്കു അടിപ്പെടുകയുമാണുണ്ടായത്. നിലയ്ക്കാത്ത പുഞ്ചിരിയോടു കൂടിയുള്ള സൽപെരുമാറ്റവും കാര്യക്ഷമമായ സഭാഭരണവും രണ്ടും രണ്ടാണ്. ജീവിതസായാഹ്നത്തിൽ സുഖമില്ലാതെ കോലഞ്ചേരി ആശുപത്രിയിൽ കിടന്നു സഭ ഭരിക്കാനാഗ്രഹിച്ച തിരുമേനിയെ സമ്മർദ്ദം ചെലുത്തിയാണു രാജി വെയ്പിച്ചത്. തിരുമേനി രാജിവയ്ക്കണമെന്ന് അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിവുണ്ടായിരുന്ന സുഹൃത്ത് ഡോ. തോമസ് മാർ മക്കാറിയോസ് ആശുപത്രിയിൽ എത്തി മഹത്തായ മലങ്കരസഭയെ ആശുപത്രിയിൽ കിടന്നു നയിക്കാനാവില്ലെന്നു ബോധ്യപ്പെടുത്തിയശേഷമാണു ബാവായുടെ രാജി. ഇക്കാര്യം വട്ടശ്ശേരിൽ തിരുമേനിയുടെ ഒരു ശ്രാദ്ധപ്പെരുന്നാളിൽ മക്കാറിയോസ് മെത്രാപ്പോലീത്താ തന്നെ പഴയസെമിനാരിയിൽ പ്രസംഗിക്കവേ വെളിപ്പെടുത്തിയതാണ്.

പിൻഗാമിയായി വന്ന തോമസ് മാർ തീമോത്തിയോസിനു മലബാർ ഭദ്രാസനം ഭരിക്കുമ്പോഴും കാതോലിക്കാ ആയിരിക്കുമ്പോഴും ആ ഉന്നത സ്ഥാനങ്ങളേക്കാൾ പ്രധാനം തന്നെ വളർത്തിയെടുത്ത പത്തനാപുരം താബോർ ദയറാദ്ധ്യക്ഷ പദവിയായിരുന്നു. കാതോലിക്കാ ആയ ആ നിമിഷം ദയറാദ്ധ്യക്ഷ സ്ഥാനം കൈവെടിയേണ്ടതായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതിനാൽ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ, കാതോലിക്കാ എന്നീ സ്ഥാനങ്ങളോടു വേണ്ടത്ര നീതി പുലർത്താൻ സാധിച്ചില്ല. കൂടെക്കൂടെ കോഴിക്കോട്ടു നിന്നു കാറിൽ പത്തനാപുരത്തെത്തി ദയറായുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും അനുദിനകാര്യങ്ങളിൽ ഇടപെട്ടിരുന്ന (എൻ. ജെ. തോമസ് റമ്പാച്ചൻ എഴുതിയ ദയറാചരിത്രം കാണുക) ഏഴാം കാതോലിക്കായ്ക്കു സഭയേക്കാൾ വലുത് താൻ ഏറ്റവും അധികം സ്നേഹിച്ചിരുന്ന - തന്നെ വളർത്തിയ - പത്തനാപുരം ദയറാ ആയിരുന്നു. അതുകൊണ്ടാണു പത്തനാപുരം കാതോലിക്കാ ദേവലോകത്തു കബറടങ്ങാതെ പത്തനാപുരത്തു തന്നെ അടക്കണമെന്നു നേരത്തെ നിർദ്ദേശിച്ചതും, ശ്രാദ്ധപ്പെരുന്നാളിൽ വീഴുന്ന - പുത്തൻകാവു തിരുമേനിയുടെ ഭാഷയിൽ - പത്തു പുത്തനും പത്തനാപുരം ദയറായ്ക്കു തന്നെ ലഭിക്കട്ടെ എന്നു തിരുമേനി ആഗ്രഹിച്ചതും സാധാരണഗതിയിൽ ഒരു പക്ഷെ തെറ്റല്ലെന്നു പറയാം.

ശാസ്താംകോട്ടയിൽ ഫാ. ഡോ. സി. റ്റി. ഈപ്പൻ സംഭാവന ചെയ്ത സ്ഥലമാണു സ്വർണ്ണത്തേക്കാൾ ലോകത്തിലേക്കും ഏറ്റവും വലിയ

സ്വത്തെന്നു കരുതിയ ആറാം കാതോലിക്കാ ജീവിത സായാഹ്നത്തിൽ സഭയേക്കാൾ പ്രധാനം ശാസ്താംകോട്ടയിലെ മണ്ണും സ്ഥാപനങ്ങളുമാണെന്നു ചിന്തിച്ചതുകൊണ്ടാവാം തന്നെ ശാസ്താംകോട്ടയിൽ കബറടക്കാൻ മരണപത്രത്തിൽ നിർദ്ദേശിച്ചതും. മലങ്കരസഭയുടെ സമുന്നതനായ ഒരു മേലദ്ധ്യക്ഷന് ഒട്ടും നിരക്കാത്ത ഒരു കാര്യമാണ് സഭാകേന്ദ്രത്തിൽ നിന്നു വളരെ ദൂരെയുള്ള ഒരു സ്ഥലത്തു കബറടക്കണമെന്നു നേരത്തെ നിർദ്ദേശിച്ചത്. കാതോലിക്കാമാരിൽ ഏറ്റവും പ്രമുഖനും ദീർഘകാലം (35 വർഷം) സഭയെ ഭരിച്ചു വൻനേട്ടങ്ങൾ കൈവരുത്തിയ ഭാഗ്യസ്മരണാർഹനുമായ പ. ഗീവറുഗീസ് രണ്ടാമന്റെ അന്ത്യകൽപ്പനയിൽ തനിക്കു ശേഷം വരുന്ന എല്ലാ കാതോലിക്കാമാരെയും ദേവലോകത്തു കബറടക്കണമെന്നു പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഇതിനെ മാത്യൂസ് പ്രഥമനും ശക്തമായി പിന്തുണച്ചിരുന്നു. ഇതു ശാസ്താംകോട്ട-പത്തനാപുരം കാതോലിക്കാമാർ തിരസ്കരിച്ചു. ഏതെങ്കിലും ഒരു മാർപാപ്പായെ വത്തിക്കാനു വെളിയിൽ കബറടക്കിയിട്ടുണ്ടോ? (വിശ്വാസികളുടെ പിതാവായ അബ്രഹാമിനെയും ഭാര്യ സാറായേയും പിൻഗാമികളേയും അബ്രഹാം വാങ്ങിയ മക്പേലാ ഗുഹയിൽ അല്ലേ അടക്കിയത്). ശാസ്താംകോട്ടയിലേയും പത്തനാപുരത്തെയും ശുഷ്കമായ ശ്രാദ്ധപ്പെരുന്നാളുകളിൽ വീഴുന്ന പണം എങ്ങോട്ടാണൊഴുകുന്നതെന്നും നിശ്ചയമില്ല. വാകത്താനം വള്ളിക്കാട്ടു ദയറായിൽ വീഴുന്ന പണത്തിന്റെ ചെലവിനു വ്യക്തമായ കണക്കു വിശ്വാസികൾക്കു അറിഞ്ഞുകൂടാ. ഈ മൂന്നു പേരുടെയും പാമ്പാക്കുട ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഒന്നാം കാതോലിക്കായുടെയും ശ്രാദ്ധപ്പെരുന്നാൾ ഒന്നിച്ച് എല്ലാ ജനുവരി മൂന്നിനും കാതോലിക്കേറ്റ് അരമന ചാപ്പലിൽ ആഘോഷപൂർവ്വം നടത്തുന്നതായിരിക്കും ഏറെ അഭികാമ്യം. അങ്ങനെ വന്നാൽ സഭാദ്ധ്യക്ഷനും മെത്രാപ്പോലീത്താമാർക്കും വൈദികർക്കും വിശ്വാസികൾക്കും വിദൂരമായ പല സ്ഥലങ്ങളിൽ പല ദിവസം സമയം ചെലവാക്കി പോകാതെയും ശാരീരിക-സാമ്പത്തിക ക്ലേശങ്ങൾ സഹിക്കാതെയും ശ്രാദ്ധപ്പെരുന്നാൾ ഭംഗിയായി നടത്താനും അതിൽ സംബന്ധിക്കാനും കഴിയും. ഇതിനുവേണ്ടി ഒന്ന്, രണ്ട്, ആറ്, ഏഴ് കാതോലിക്കാമാരുടെ അസ്ഥികൾ (ഭൗതികാവശിഷ്ടങ്ങൾ) ശേഖരിച്ചു ദേവലോകം അരമനയിൽ കബറടക്കണം. അതിനുള്ള സംവിധാനം നേരത്തെ അവിടെ സജ്ജീകരിച്ചിട്ടുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ അസ്ഥികൾ മൈലാപ്പൂരിൽ നിന്ന് എഡേസായ്ക്ക് കൊണ്ടുപോയതും പ. പരുമല തിരുമേനിയുടെ ഭൗതികാവശിഷ്ടങ്ങൾ പല സ്ഥലങ്ങളിൽ കൊണ്ടുപോയി പ്രതിഷ്ഠിക്കുന്നതുമായ ചരിത്രം നമ്മുടെ മുമ്പിലുണ്ടല്ലോ. മാർപാപ്പാമാരെ വത്തിക്കാനിൽ മാത്രം കബറടക്കുന്ന പാരമ്പര്യവും നമുക്കു തികച്ചും സ്വീകാര്യമാണ്.

നമ്മുടെ പഴയസെമിനാരി സ്ഥാപകനായ കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെയും എം.ഡി. സെമിനാരി സ്ഥാപകനായ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെയും അന്ത്യവിശ്രമസ്ഥലം പഴയസെമിനാരി ചാപ്പലാണല്ലോ. അവർക്കു വേണമെങ്കിൽ പ്രസിദ്ധമായ കുന്നംകുളം ആർത്താറ്റു പള്ളിയിൽ കബറടക്കാൻ നിർദ്ദേശിക്കാമാ

യിരുന്നു. അവിടെ നാലേക്കറിൽ കൂടുതൽ വിസ്താരമുള്ള (സഭയിലെ ഏറ്റവും വലിയ സെമിത്തേരി) സെമിത്തേരിയുടെ സാന്നിദ്ധ്യവും ഉണ്ടായി രുന്നേനെ. പ. വട്ടശ്ശേരിൽ ദീവന്നാസ്യോസിനെ മല്ലപ്പള്ളിയിൽ കബറടക്കാ മായിരുന്നു. പക്ഷേ സഭയെപ്പറ്റിയുള്ള അവരുടെ മഹത്തായ സ്വപ്നവും സഭാ ദ്ധ്യക്ഷന്മാരെന്നുള്ള അവരുടെ അനുപമ വീക്ഷണവും ആഴമുള്ള ആത്മാഭി മാനനിർഭരമായ ആദ്ധ്യാത്മിക ദർശനവും ദൈവാശ്രയവും പിന്നീടു വന്ന ചില കാതോലിക്കാമാർക്കു വേണ്ടത്ര മനസ്സിലാക്കാൻ കഴിയാതെ പോയതു നിർഭാഗ്യകരമായിപ്പോയി. പാമ്പാക്കുട, വാകത്താനം, ശാസ്താംകോട്ട, പത്ത നാപുരം കാതോലിക്കാമാരുടെ ശ്രാദ്ധപ്പെരുന്നാളുകളിൽ സംബന്ധിക്കുന്ന വരുടെ സംഖ്യ, പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ എത്തുന്നവ രുടെ നാലിലൊന്നു പോലുമില്ലെന്നു തറപ്പിച്ചു പറയാനാവും. ആളു കൂട്ടാൻ കാറിലും പള്ളിച്ചെലവിലുള്ള ബസ്സിലും മഞ്ഞനിക്കര, ശബരിമല തീർത്ഥാ ടനങ്ങൾ കണക്കെ ഇടവകകൾ "പദയാത്രകൾ" സംഘടിപ്പിക്കുന്നതും നിരു ത്സാഹപ്പെടുത്തേണ്ടതാണ്. സത്യവിശ്വാസികൾക്ക് ഏതുസമയത്തും ബാവാ മാരുടെ കബറുകളിൽ എത്തി പ്രാർത്ഥനകൾ നടത്തത്തക്കവണ്ണം കബറുക ളുടെ വാതിൽ എന്നും തുറന്നു കിടക്കുകയാണല്ലോ.

എല്ലാ സർക്കാർ-അർദ്ധസർക്കാർ സർവീസുകളിലും മറ്റു ജീവിതത്തുറ കളിലും പണ്ടു മുതലേ റിട്ടയർമെന്റ് സംവിധാനം നിലവിലുണ്ട്. ക്രൈസ്തവ സഭകളിലും അതു പ്രയോഗത്തിൽ വന്നുകഴിഞ്ഞു. മലങ്കരസഭയിൽ ഇപ്പോൾ ഇടവക വൈദികർ 70-ാം വയസ്സിൽ റിട്ടയർ ചെയ്യണമെന്നു സഭ നിശ്ചയിച്ചി ട്ടുണ്ട്. മേൽപട്ടക്കാർക്കും, സഭാദ്ധ്യക്ഷനും റിട്ടയർ ചെയ്യാനുള്ള പ്രായവും നിശ്ചയിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ദക്ഷിണേന്ത്യാ സഭയിലെ ബിഷപ്പുമാരുടെ റിട്ടയർമെന്റ് പ്രായം 65-ൽ നിന്നു 67 ആക്കി ഈയിടെ ഉയർത്തി. മറ്റു സഭകളിലും റിട്ടയർമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. മലങ്കരസഭ യിലെ മെത്രാന്മാരുടെ റിട്ടയർമെന്റ് പ്രായം 75 ആയും സഭാദ്ധ്യക്ഷന്റെ പ്രായം 80 ആയും നിർണ്ണയിക്കുന്നതായിരിക്കും ഏറെ അഭികാമ്യം.

റിട്ടയർ ചെയ്യുന്ന മേൽപട്ടക്കാർക്കു അവർ സേവനത്തിലിരുന്ന തിരക്കു പിടിച്ച കാലത്തു നൽകിയതിന്റെ ഇരട്ടി ആനുകൂല്യങ്ങളും സാമ്പത്തിക സൗകര്യങ്ങളും മികച്ച രോഗചികിത്സാ സംവിധാനങ്ങളും കരുതലും സ്നേഹവും നൽകാൻ സഭ സമ്പന്നവും പ്രതിജ്ഞാബദ്ധവുമാണ്. റിട്ടയർ ചെയ്തവർക്കു താമസിക്കാൻ സകല ആധുനിക സജ്ജീകരണങ്ങളുമുള്ള ഒരു മികച്ച റിട്ടയർമെന്റ് മന്ദിരവും സഭാകേന്ദ്രത്തോടനുബന്ധിച്ചു പണിതു യർത്തുന്നതു നന്നായിരിക്കും. അവരുടെ ജീവിത സായാഹ്നം എല്ലാവിധ ത്തിലും ഫലദായകവും സന്തോഷപ്രദവും സംതൃപ്തി നിറഞ്ഞതും ആയി രിക്കാൻ സഭയും വിശ്വാസികളും കൂടുതൽ ശ്രദ്ധിക്കുകയും വേണം.

* * * * * * * * * *

ഈ പുസ്തകത്തിനു സമുജ്ജ്വലമായ അവതാരിക എഴുതിയിരിക്കുന്നത് കുറഞ്ഞകാലം കൊണ്ട് സഭയിലെ പ്രശസ്ത പണ്ഡിതന്മാരായ

വൈദികരുടെ നിരയിൽ എത്തിയിരിക്കുന്ന ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലാണ്. നമ്മുടെ വൈദിക സെമിനാരിയിലെ സമർത്ഥനായ ഒരു പ്രൊഫസർ, മികച്ച പ്രഭാഷകൻ, ഗ്രന്ഥകാരൻ, സഞ്ചാര പഠനങ്ങളിലൂടെ അനുദിനം അറിവു നേടുന്ന ഉത്സാഹിയായ മാതൃകാ വൈദികൻ, സർവ്വോപരി മലങ്കര സഭയുടെ ഔദ്യോഗിക നാവായ 'മലങ്കരസഭാ മാസിക'യുടെ മുഖ്യ പത്രാധിപർ മുതലായ നിലകളിൽ വ്യക്തിമുദ്ര പതിച്ച ആളാണ്. ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം സംബന്ധിച്ചു നല്ല അവഗാഹമുള്ള ഫാ. ഡോ. ജോൺ തോമസ് പുസ്തകത്തിന്റെ മികവും കുറവും മനസ്സിലാക്കിയാണു പക്ഷംപിടിക്കാതെ അവതാരിക എഴുതിയിരിക്കുന്നത്. അവതാരിക എഴുതുന്നവർ പലപ്പോഴും ഗ്രന്ഥകർത്താവിനെയും പുസ്തകത്തെയും കണ്ണുമടച്ചു പുകഴ്ത്താറുണ്ട്. തികച്ചും അസ്വീകാര്യമായ ആ വഴിത്താരയിൽ നിന്നു തെന്നിമാറി ബ. അച്ചൻ തന്റെ കർത്തവ്യം നിറവേറ്റിയിരിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. അനുവാചകരെ പുസ്തക വായനയിലേക്ക് ആകർഷിക്കുന്നതിനും ഉള്ളടക്കം ശരിക്കു ഗ്രഹിക്കുന്നതിനും അവതാരിക ഒരു ചൂണ്ടുപലക ആകണം. പുസ്തകം എഴുതുന്നവർക്കും അവതാരിക കുറിക്കുന്നവർക്കും എപ്പോഴും എല്ലാവരെയും സന്തോഷിപ്പിക്കാൻ സാധ്യമല്ല. ഗ്രന്ഥകർത്താക്കളുടെ നിരീക്ഷണ-വീക്ഷണങ്ങളും അഭിപ്രായങ്ങളും അറിവും കുറെയൊക്കെ പുസ്തകങ്ങളിൽ പ്രതിഫലിക്കുക സാധാരണമാണ്. അതൊക്കെ നമ്മുടെ പ്രബുദ്ധരായ വായനക്കാർക്കു മനസ്സിലാക്കാനും സാധിക്കും. മലങ്കരസഭയിലെ എട്ടു കാതോലിക്കാമാരുടെയും നിഷ്ഠയോടുകൂടിയ ധന്യജീവിതവും പ്രവർത്തനങ്ങളും വലിയ നേട്ടങ്ങളും ചെറിയ കോട്ടങ്ങളും അവതാരികയിൽ നിഷ്പക്ഷമായി പ്രതിഫലിപ്പിക്കുന്നതിൽ ഫാ. ജോൺ തോമസ് വലിയ ഒരളവിൽ വിജയിച്ചിട്ടുണ്ട്. തന്നിമിത്തം ഇതിനുവേണ്ടി, ചെറുപ്പം ചെറുതാകാത്ത അദ്ദേഹം ചെലവഴിച്ച സമയം പാഴായിപ്പോയില്ലെന്നു തറപ്പിച്ചു പറയാനാവും. ഈ ചിന്തയോടെയാണ് ഫാ. ഡോ. ജോൺ തോമസിനെ ഞാൻ ഹൃദയം നിറഞ്ഞ നന്ദിയുടെ നറുമലർഹാരം അണിയിക്കുന്നത്.

പുസ്തകത്തെ ഒരു നല്ല ആശംസകൊണ്ടു ആശീർവദിച്ചിരിക്കുന്നത് മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസാണ്. പഠനത്തിനും വായനയ്ക്കും മുൻഗണന നൽകുന്ന മെത്രാപ്പോലീത്താ സഭയുടെ വളർച്ചയിലും പുരോഗതിയിലും കാതോലിക്കാമാരുടെ നിസ്വാർത്ഥ സേവനങ്ങൾ മൂലം മലങ്കരസഭയ്ക്ക് ഉണ്ടായ നേട്ടങ്ങളെപ്പറ്റി നല്ല ഉൾക്കാഴ്ചയുള്ള സമുന്നത വ്യക്തിയാണ്. ബാവാമാരുടെ നേട്ടങ്ങൾ എണ്ണിയെണ്ണി പറയുന്ന ചെറുപ്പക്കാരനായ മെത്രാപ്പോലീത്താ വിഷയഗ്രഹണത്തിന്റെ അടിത്തട്ടുവരെ ചെന്നിട്ടുള്ളതിൽ വളരെ സന്തോഷമുണ്ട്. ചിന്തോദ്ദീപകമായ ആശംസയ്ക്കു ആത്മാർത്ഥതയുടെ ആഴത്തിൽ നിന്നുകൊണ്ട് നന്ദിയും സ്നേഹവും സമർപ്പിക്കുന്നു.

ഇപ്പോൾ സഭയ്ക്കു സമർത്ഥമായ നേതൃത്വം നൽകുന്ന പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ജീവചരിത്രവും സഭയുടെ

അതിരുകൾ വിശാലമാക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സന്ദർശന സഞ്ചാര പരിപാടികളും ആഗോള സഭാനേതാക്കന്മാരുമായുള്ള ആശയവിനിമയവും സമ്പർക്കവും, നേട്ടങ്ങളും കുറവുകളും എല്ലാം സമാഹരിച്ചിരിക്കുന്നതു പ്രശസ്ത സഭാചരിത്ര ഗവേഷകനും ചിന്തകനും പ്രഭാഷകപ്രമുഖനും ഗ്രന്ഥ കർത്താവും എന്റെ ഒരു മാന്യ സുഹൃത്തുമായ ഡോ. എം. കുര്യൻ തോമ സാണ്. സഭയുടെ പഴയ ചരിത്രം സംബന്ധിച്ചു അറിവിന്റെ ഒരു കേദാരമായ ഡോ. കുര്യൻ തോമസ് ആരെയും അധികം വെറുപ്പിക്കാതെ രചനാത്മകമായ - സദുദ്ദേശ്യപരമായ - വിമർശനങ്ങളും വാമൊഴിയായും വരമൊഴിയായും അവതരിപ്പിക്കുന്നതിനും സമർത്ഥനാണ്. ഡോ. കുര്യൻ തോമസിനോടുള്ള സ്നേഹവും നന്ദിയും ഇവിടെ ആലേഖനം ചെയ്യട്ടെ.

എൺപത്തിഒൻപതിലേക്കു കടന്നിരിക്കുന്ന എനിക്ക് ഈ പുസ്തക ത്തിന്റെ പ്രസിദ്ധീകരണം സംബന്ധിച്ചു വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സദു പദേശങ്ങളും നൽകുകയും ഇതിന്റെ ഡി.റ്റി.പി., പ്രൂഫ് റീഡിംഗ്, കവർ രൂപ കൽപന, പേജ് സംവിധാനം, അച്ചടി എന്നിവ മനോഹരമായി നിർവഹിക്കു കയും ചെയ്തിരിക്കുന്നത് എന്റെ ഏറ്റവും ഇളയ സഹോദര സ്ഥാനീയനായ ജോയ്സ് തോട്ടയ്ക്കാടാണ്. സഭാചരിത്ര ഗവേഷകനും ഗ്രന്ഥകാരനും മാധ്യമ പ്രവർത്തകനുമായ ജോയ്സ് ചെയ്തിരിക്കുന്ന സേവനത്തിന് ആനുപാതി കമായി നന്ദി അറിയിക്കാൻ കഴിയുന്നില്ലെന്നു പറയുന്നതിൽ അതിശയോക്തി ഒട്ടും ഇല്ല.

ഈ മൂന്നാം പതിപ്പിനും പ്രബുദ്ധരായ സഭാംഗങ്ങളുടെയും മിക്ക മേൽപട്ട ക്കാരുടെയും വൈദികരുടെയും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുമെന്നു പ്രതീ ക്ഷയില്ലാത്തതിനാൽ കുണ്ഠിതമൊന്നുമില്ല. എന്നാൽ ഈ പ്രായത്തിലും ഇത്ര ത്തോളം ചെയ്യാൻ ദൈവം ആരോഗ്യവും ഓർമ്മശക്തിയും ധാർമ്മിക ധൈര്യവും നൽകി വഴിനടത്തിയതിൽ ഞാൻ തികച്ചും സംതൃപ്തനാണ്. അതിലുപരി പ്രതിഫലം ഒന്നും ആശിക്കുന്നില്ല. മഹത്തായ മലങ്കരസഭയുടെ ഉന്നമനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച എട്ടു കാതോലിക്കാമാരെയും നമുക്കു പ്രദാനം ചെയ്ത സർവ്വേശ്വരനെ നമിച്ചുകൊണ്ടും കടന്നുപോയ പുണ്യപിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ടും "മലങ്കരസഭ യിലെ കാതോലിക്കാമാരെ" 2018-ലെ ഒരു നവവത്സര സമ്മാനമായി എല്ലാ നല്ല സഭാസ്നേഹികൾക്കും സാഭിമാനം സമർപ്പിക്കുന്നതിൽ പറഞ്ഞറിയി ക്കാനാവാത്ത ആത്മസന്തോഷമുണ്ട്.

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ

മാങ്ങാനം, കോട്ടയം-686018

ഫോൺ: 0481-2578936

3-1-2018

ഉള്ളടക്കം

അഭിനന്ദനം

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 4

ആശംസ

ഗീവറുഗീസ് മാർ ഈവാനിയോസ് 5

കാതോലിക്കാ ബാവാമാരിലൂടെ സഭയ്ക്കുണ്ടായ നേട്ടങ്ങൾ

അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ 7

മാർത്തോമ്മൻ പൈതൃകത്തിലെ പരമാദ്ധ്യക്ഷന്മാർ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ 12

ആമുഖം 25

1 ഇന്ത്യൻ ഓർത്തഡോക്സ് സഭ 1
2 പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ 8
3 മാർ ബസ്സേലിയോസ് പൗലോസ് ഒന്നാമൻ 109
4 പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ 145
5 പ. ഗീവർഗീസ് രണ്ടാമൻ ബാവാ 174
6 പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ 355
7 പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ 476
8 പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 585
9 പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ 730
10 പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ 744

അനുബന്ധം

1. നാലു കാതോലിക്കാമാരുടെ കൂടെ 765
2. കാതോലിക്കാമാരുടെ കാശിന്റെ വരത്തുപോക്ക് 768
3. മലങ്കരയിലെ കാതോലിക്കാമാർ
   വർഗീസ് ജോൺ, തോട്ടപ്പുഴ 774
4. കാതോലിക്കാമാരുടെ ജീവചരിത്രഫലകങ്ങൾ
   വർഗീസ് ജോൺ, തോട്ടപ്പുഴ 775
5. ആശ്രമപ്രസ്ഥാനം ശക്തി ആർജ്ജിക്കണം 790
6. മദർ സൂസൻ കുരുവിളയുടെ കണ്ടനാട് ആശ്രമം 794

1

ഇന്ത്യൻ ഓർത്തഡോക്സ് സഭ

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്."

നമ്മുടെ രക്ഷകനും വിശ്വസ്നേഹത്തിന്റെ ഉദാത്ത പ്രതീകവുമായ ശ്രീയേശു ക്രിസ്തുവിന്റെ ഈ അന്ത്യകല്പന തെല്ലും ചോദ്യം ചെയ്യാതെ അനുസരിച്ച് അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിന്റെ വിവിധ കോണുകളിലേക്ക് അപ്പോസ്തലന്മാർ പോയി. അതനുസരിച്ച് "അവനോടു കൂടി മരിക്കാനും" ഒരുങ്ങിയ മാർത്തോമ്മാ ശ്ലീഹാ അന്ധകാരാന്തരീക്ഷത്താൽ വലയം ചെയ്ത ഇന്ത്യയിൽ വന്നു സുവിശേഷം അറിയിച്ചു. ആദ്യം വടക്കേ ഇന്ത്യയിൽ കരമാർഗ്ഗമായും പിന്നീട് തെക്കേ ഇന്ത്യയിൽ കടൽമാർഗ്ഗമായും എത്തിയ അദ്ദേഹമാണു ഭാരതസഭയുടെ സ്ഥാപകനെന്നു ക്രൈസ്തവ ലോകം വിശ്വസിക്കുകയും അംഗീകരിക്കുകയും ചരിത്ര - സാഹചര്യത്തെളിവുകൾ ആ വിശ്വാസത്തിനു ശക്തമായ പിൻബലം നൽകുകയും ചെയ്യുന്നു. ഒരു കാലത്തു കെട്ടുകഥകളെന്നു കൊട്ടിഘോഷിച്ചിരുന്ന കാര്യങ്ങൾ ഇന്നു ഗവേഷകരുടെ പഠനം മൂലം കറയറ്റ ചരിത്രവസ്തുതകളെന്നു തെളിഞ്ഞിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നു സഭ സ്ഥാപിച്ചു എന്ന വസ്തുതയെ 20 നൂറ്റാണ്ടുകൾ കഴിഞ്ഞും നിഷേധിക്കുകയും മാർത്തോമ്മാശ്ലീഹാ അപ്പോസ്തലനേ അല്ലായിരുന്നു എന്നു ബോധരാഹിത്യധാരയിൽ ഇരുന്നെഴുതി വിടുകയും ചെയ്യുന്നവരുടെ വികലവീക്ഷണത്തെ ഖണ്ഡിക്കാനോ തർക്കവിതർക്ക ഗോദായിൽ ഇറങ്ങാനോ അല്പമെങ്കിലും വിവരവും വിവേകവുമുള്ള ആരുംതന്നെ തയ്യാറാകാനിടയില്ല. ലക്ഷ്യരഹിതമായ ഒരു യുദ്ധത്തിനു വേണ്ടി ബുദ്ധിയുള്ളവർ വിലയേറിയ കടലാസും മഷിയും സമയവും നഷ്ടപ്പെടുത്തുന്നതു മനുഷ്യരാശിയോടു തന്നെ ചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധവുമായിരിക്കും.

മാർത്തോമ്മാശ്ലീഹാ പണ്ടു വന്ന മാർഗ്ഗങ്ങളെപ്പറ്റിയും മേലിൽ തലനാരിഴ കീറി സമർത്ഥിക്കേണ്ട യാതൊരാവശ്യവുമില്ല. അദ്ദേഹം വന്നു, കണ്ടു; സുവിശേഷം അറിയിച്ചു; രാജ്യം കീഴടക്കി എന്നതാണു പ്രധാന കാര്യം. ചരിത്രബോധമുള്ള ബുദ്ധിരാക്ഷസന്മാർ ബഹുഭാഷകളിൽ വിശദമായി

രചിച്ചിട്ടുള്ള സമുന്നത ചരിത്രഗ്രന്ഥങ്ങൾ വായിക്കാൻ മനസ്സും ക്ഷമയും ഉണ്ടെങ്കിൽ തോമ്മാശ്ലീഹായെപ്പറ്റി ഇനി വൈരുദ്ധ്യാധിഷ്ഠിത ചിന്തകൾ അവതരിപ്പിക്കാൻ ആരും മെനക്കെടുമെന്നു തോന്നുന്നില്ല.

കാലത്തെ രണ്ടായി വിഭജിച്ചുകൊണ്ട് യേശുക്രിസ്തു ലോകത്തിൽ അവതരിക്കുകയും നന്മചെയ്തു കൊണ്ടു ചുറ്റിസഞ്ചരിക്കുകയും ചെയ്തതു പകൽപോലെ സത്യമായ വസ്തുതയാണ്. അതുപോലെ തന്നെയുള്ള ചരിത്ര സത്യമാണ് ഇന്ത്യ ഉൾപ്പെടെയുള്ള പൗരസ്ത്യദേശങ്ങളിലെ മാർത്തോമ്മായുടെ പര്യടനങ്ങളും ദൗത്യനിർവഹണവും. ഭാരതസഭയുടെ സ്ഥാപകനും അപ്പോസ്തോലനുമായ മാർത്തോമ്മായെപ്പറ്റിയുള്ള സ്മരണകൾ തന്നെ ഇന്ത്യയിലെ സഭകളെ പുളകച്ചാർത്തണിയിക്കുക തന്നെ ചെയ്യും. മഹത്തായ മാർത്തോമ്മാ പാരമ്പര്യം മൂലം അഭിമാനമുള്ള യഥാർത്ഥ ഭാരതീയ ക്രൈസ്തവരുടെ സിരകളിലൂടെ എന്നാളും നന്ദിയുടെയും സദ്വികാരങ്ങളുടെയും നിലയ്ക്കാത്ത ചുടുനിണം ഒഴുകിക്കൊണ്ടിരിക്കും; സംശയമില്ല.

ഭാരത ക്രൈസ്തവസഭ യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചു എന്നത് ഒരു ചരിത്രവസ്തുതയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മാർത്തോമ്മാശ്ലീഹാ എ.ഡി. 52-ൽ കൊടുങ്ങല്ലൂരിനു (മുസുരിസ്) സമീപമുള്ള മാലിയങ്കര വന്നിറങ്ങി ആദ്യം യഹൂദന്മാരോടും അതിനുശേഷം വിവിധ ജാതികളോടും സുവിശേഷം അറിയിച്ചു.

തോമ്മാശ്ലീഹാ ആദ്യം ഉത്തരേന്ത്യയിലും പിന്നീട് കേരളത്തിലും തുടർന്നു പൂർവ്വതീരപ്രദേശങ്ങളിലും സുവിശേഷപ്രവർത്തനങ്ങൾ നടത്തിയിരുന്നു.

അപ്പോസ്തലന്റെ ഭാരത സന്ദർശനത്തെക്കുറിച്ചും രക്തസാക്ഷിമരണത്തെക്കുറിച്ചുമുള്ള കഥകൾ പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിൽ ഒരുപോലെ പ്രചരിച്ചിട്ടുണ്ട്. കേരള ചരിത്രകർത്താവായ എ. ശ്രീധരമേനോന്റെ ഭാഷയിൽ ക്രിസ്തു വർഷത്തിനു മുമ്പ് കേരളവും മെഡിറ്ററേനിയൻ പ്രദേശങ്ങളും തമ്മിലുണ്ടായ വിപുലമായ വാണിജ്യബന്ധങ്ങളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ തോമ്മാശ്ലീഹായുടെ കേരളാഗമനത്തിൽ അസാംഗത്യമൊന്നുമില്ല.

പൗരസ്ത്യദേശത്തെ നാലു വലിയ മാർത്തോമ്മാ സഭകളിൽ ഒന്നു മാത്രമായിരുന്നു ഇന്ത്യൻ സഭ. എദെസ്സൻ, കാൽഡിയൻ, പേർഷ്യൻ എന്നിവയായിരുന്നു മറ്റു മൂന്നു സഭകൾ. ഈ സഭകളെല്ലാം തോമ്മാശ്ലീഹായെ അവരുടെ അപ്പോസ്തലനായി കരുതി ബഹുമാനിച്ചിരുന്നു. അവയെല്ലാം മാർത്തോമ്മാ സഭകൾ എന്ന് അറിയപ്പെട്ടിരുന്നു. സ്വതന്ത്രങ്ങളായ ഈ സഭകളെല്ലാം പരസ്പര സഹകരണത്തിലും സൗഹൃദത്തിലും കഴിഞ്ഞിരുന്നു. എ.ഡി. 189-ൽ കേരളത്തിലെ ക്രൈസ്തവരുടെ അപേക്ഷയനുസരിച്ച് കേരളത്തിലെത്തിച്ചേർന്ന അലക്സന്ത്രിയായിലെ വേദ വിദ്യാലയാദ്ധ്യക്ഷനായ പന്റീയനസ് ഇവിടെ സുശക്തമായ ഒരു ക്രൈസ്തവ സമൂഹത്തെ ദർശിച്ചു.

മത്തായിയുടെ സുവിശേഷത്തിന്റെ എബ്രായ ഭാഷയിലുള്ള ഒരു പ്രതി അദ്ദേഹം കണ്ടെടുക്കുകയും അലക്സാൻഡ്രിയായിലേക്കു കൊണ്ടുപോകുകയും ചെയ്തു. ഏഷ്യയിൽ എല്ലായിടത്തുമുള്ള കൽദായ ക്രിസ്ത്യാനികൾ - പേർഷ്യ മുതൽ ചൈനയിലെ വൻകോട്ട വരെയുള്ളവർ - എല്ലാം തോമ്മാ ശ്ലീഹായെ അവരുടെ ഏറ്റവും പ്രധാന അപ്പോസ്തലനായി അംഗീകരിക്കുന്നുമുണ്ട്.

കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഭരണകാലത്ത് എ.ഡി. 325-ൽ നിഖ്യായിൽ കൂടിയ സാർവ്വദേശീയ ക്രൈസ്തവ സുന്നഹദോസിൽ സംബന്ധിച്ച പരിശുദ്ധ പിതാക്കന്മാരിൽ പേർഷ്യയുടെയും ഇന്ത്യയുടെയും മെത്രാപ്പോലീത്താ എന്നു പേരെഴുതി ഒപ്പിട്ട ഒരു ജോസഫ് സംബന്ധിച്ചിരുന്നു. കേരള ക്രൈസ്തവസഭയുടെ അപ്പോസ്തലിക പാരമ്പര്യത്തിന്റെ അനിഷേധ്യമായ തെളിവാണ് ഇത്.

എ.ഡി. 345-ൽ ക്നായി തൊമ്മൻ എന്ന വർത്തക പ്രമാണിയുടെ നേതൃത്വത്തിൽ ബാഗ്ദാദ്, നിനവെ, ജറുസലേം മുതലായ സ്ഥലങ്ങളിൽ നിന്നുള്ള ഏഴു ഗോത്രത്തിൽപ്പെട്ട 72 കുടുംബങ്ങളിൽ നിന്നു ഒരു വലിയ സംഘം സിറിയാക്കാർ എത്തിയതോടുകൂടി കേരളത്തിലെ ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചു.

ആറാം ശതകത്തിന്റെ ആദ്യകാലത്തു കേരളം സന്ദർശിച്ച അലക്സാൻഡ്രിയൻ വ്യാപാരിയായ കോസ്മസ് ഇൻഡിക്കൊപ്ലീറ്റസ് കേരളത്തിൽ സുശക്തമായ ഒരു ക്രിസ്ത്യൻ സമൂഹത്തെ കണ്ടു. ഒൻപതാം ശതകത്തിൽ (825) മാർ സാബ്രിസോയുടെ നേതൃത്വത്തിൽ ഒരു വലിയ സംഘം പേർഷ്യൻ ക്രൈസ്തവർ കേരളത്തിലെത്തിച്ചേർന്നു. ആ സംഘത്തിൽ മാർ സാപ്രോ, മാർ പ്രോദ് എന്നീ രണ്ടു ബിഷപ്പന്മാരും ഉണ്ടായിരുന്നു. മാർ സാബ്രിസോ കൊല്ലത്തു ഒരു ദേവാലയം പണികഴിപ്പിച്ചു. അന്നത്തെ വേണാടു രാജാവായ അയ്യനടികൾ തിരുവടികൾ സാബ്രിസോയ്ക്കും ക്രിസ്തീയ സമൂഹത്തിനും രണ്ടു ചെപ്പേടുകളിലായി നിരവധി സ്ഥാനമാനങ്ങളും പദവികളും സമ്മാനിച്ച് ആദരിച്ചു. കോട്ടയം വലിയപള്ളിയിൽ കാണുന്ന പേർഷ്യൻ കുരിശ് കേരളത്തിലെ പ്രാചീന ക്രൈസ്തവ സഭയ്ക്ക് പേർഷ്യൻ സഭയുമായുണ്ടായിരുന്ന സൗഹൃദസമ്പർക്കത്തിന്റെ ഉദാത്തമായ പ്രതീകമത്രേ.

വാസ്കോഡിഗാമ 1498-ൽ ഇന്ത്യയിലേക്കു ഒരു പുതിയ സമുദ്രമാർഗ്ഗം കണ്ടുപിടിച്ചതോടുകൂടി നിരവധി റോമൻ കത്തോലിക്കാ പുരോഹിതന്മാരും മിഷനറിമാരും കേരളത്തിലെത്തി. അവർ കേരള ക്രൈസ്തവരെ ലത്തീൻ കത്തോലിക്കാ മേധാവിത്വത്തിൽ കൊണ്ടുവരുവാൻ ഭഗീരഥ പ്രയത്നം ചെയ്തു. 1599-ൽ അലക്സിയോ ഡി. മെനസീസ് എന്ന കത്തോലിക്കാ മെത്രാൻ അനധികൃതമായി ഉദയംപേരൂരിൽ വിളിച്ചു കൂട്ടിയ സുന്നഹദോസ്

കേരള ക്രൈസ്തവ സഭയെ പോപ്പിന്റെ അധികാരത്തിൻകീഴിൽ തളച്ചിട്ടു. പോർട്ടുഗീസ് കാലഘട്ടത്തിൽ മലങ്കരസഭയുടെ തനിമ ഏറെ നഷ്ടപ്പെട്ടു.

പിന്നീട് റോമൻ കത്തോലിക്കാ വിശ്വാസത്തോടു വിടപറഞ്ഞ സുറിയാനി ക്രിസ്ത്യാനികൾ താൽക്കാലിക സംവിധാനമെന്ന നിലയിൽ ആർച്ചു ഡീക്കൻ തോമസിനെ അവരുടെ അനിഷേദ്ധ്യ നേതാവായി തെരഞ്ഞെടുത്തു. അദ്ദേഹത്തെ എപ്പിസ്കോപ്പൽ പാരമ്പര്യമനുസരിച്ച് മെത്രാനായി അഭിഷേകം ചെയ്യുന്നതിന് ഒരു മെത്രാനെ അയച്ചുതരണമെന്ന് പല സഭകളോടും അഭ്യർത്ഥിച്ചു. അതനുസരിച്ച് അന്ത്യോഖ്യൻ പാത്രിയർക്കീസ് നിയോഗിച്ച ജറുസലേം മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് 1665-ൽ ആർച്ചുഡീക്കൻ തോമസിനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്താ ആയി വാഴിച്ചു. ഇങ്ങനെയാണ് മലങ്കരസഭ, അന്ത്യോഖ്യൻ പാത്രിയർക്കീസുമായി യാദൃച്ഛികമായി ബന്ധപ്പെട്ടത്.

ഒന്നാം മാർത്തോമ്മാ

മലങ്കരസഭയിലെ ഒന്നാമത്തെ മേൽപട്ടക്കാരൻ പകലോമറ്റം തറവാട്ടിൽ നിന്നുമുള്ള ഒന്നാം മാർത്തോമ്മായാണ്. മാർത്തോമ്മായും അദ്ദേഹത്തെ വാഴിച്ച മാർ ഗ്രീഗോറിയോസും മലങ്കര സുറിയാനി സഭയെ കത്തോലിക്കാ - നെസ്തോറിയൻ ഉപദേശങ്ങളിൽ നിന്ന് വിമുക്തമാക്കുന്നതിന് വളരെയധികം ശ്രമിച്ചിരുന്നു. 1695 മുതൽ 1843 വരെയുള്ള കാലഘട്ടത്തിൽ മാർത്തോമ്മാ എന്ന പേരിൽ ഒൻപതു പേരും, മാർ ദീവന്നാസ്യോസ് എന്ന പേരിൽ നാലു പേരും മലങ്കര മെത്രാന്മാരായി വാഴിക്കപ്പെടുകയും അവർ വൈദിക മേലദ്ധ്യക്ഷന്മാരായി ഭരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ വിദേശ മെത്രാന്മാരും മറ്റു ചില അവസരങ്ങളിൽ നാട്ടുകാരായ മെത്രാന്മാരും മലങ്കര മെത്രാന്മാരുടെ സ്ഥാനാരോഹണ നേതൃത്വം വഹിച്ചിട്ടുണ്ട്. പക്ഷേ മലങ്കരസഭയുടെ മേൽ തന്ത്രപൂർവ്വം വിദേശാധിപത്യം അടിച്ചേൽപ്പിക്കുവാനാണ് പലപ്പോഴും വിദേശമെത്രാന്മാർ ശ്രമിച്ചിട്ടുള്ളത്.

മാർത്തോമ്മാ അഞ്ചാമന്റെ ഭാഗിനേയനായ മാർത്തോമ്മാ ആറാമൻ 1772-ൽ വിദേശ മെത്രാന്മാരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവരിൽ നിന്ന് പുനരഭിഷേകം പ്രാപിച്ചു. മാർ ദീവന്നാസ്യോസ് എന്ന പേരിൽ സുപ്രസിദ്ധനായ അദ്ദേഹം മലങ്കരസഭയെ ധീരമായി നയിച്ചു. പക്ഷേ വിദേശമെത്രാനായ മാർ ഗ്രീഗോറിയോസ് പ്രായാധിക്യം മൂലം ക്ഷീണിതനായപ്പോൾ അദ്ദേഹത്തെ ശുശ്രൂഷിച്ച കാട്ടുമങ്ങാട്ടു ഗീവറുഗീസ് എന്ന പട്ടക്കാരനെ റമ്പാനാക്കി. തുടർന്ന് 1772-ൽ കൂറിലോസ് എന്ന പേരിൽ മെത്രാനായും അഭിഷേകം ചെയ്തു. കൂടാതെ മാർ ഗ്രീഗോറിയോസിന്റെ മരണപത്രപ്രകാരം അദ്ദേഹത്തിന്റെ സ്വത്തവകാശം മാർ കൂറിലോസിനു ലഭിച്ചു. ഇതിനെ തുടർന്ന് വലിയ മാർ ദീവന്നാസ്യോസും മാർ കൂറിലോസും തമ്മിൽ

അധികാരമത്സരമുണ്ടായി. ഒടുവിൽ ഗത്യന്തരമില്ലാതെ മാർ കൂറിലോസ് ബ്രിട്ടീഷ് മലബാറിലെ ആഞ്ഞൂർ അഥവാ തൊഴിയൂർ എന്ന സ്ഥലത്തേയ്ക്കു മാറിത്താമസിച്ചു. ഈ സഭ പിൽക്കാലത്തു മലങ്കര സുറിയാനി സഭയുടെ എപ്പിസ്കോപ്പൽ പിൻതുടർച്ച നിലനിർത്തുന്നതിന് ചില സന്ദർഭങ്ങളിൽ മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പുലിക്കോട്ടിൽ

മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ഭരണകാലത്ത് ഈസ്റ്റിന്ത്യാ കമ്പനിയുടെ കൽക്കട്ടായിലെ ചാപ്ലയിൻ ആയിരുന്ന ക്ലോഡിയസ് ബുക്കാനൻ 1806-ൽ കേരളം സന്ദർശിച്ചു. തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിലെ ആദ്യത്തെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മെക്കാളെ (1800-1809) മലങ്കരസഭയോടുള്ള പ്രത്യേക താൽപര്യത്തിന്റെ ഫലമായി ഏഴാം മാർത്തോമ്മാ മുഖേന 3000 പൂവരാഹൻ എട്ടു ശതമാനം പലിശയ്ക്കു ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ നിക്ഷേപിച്ചതിന്റെ ഫലമായി സമുദായത്തിന്റെ സാമ്പത്തിക ശേഷി മെച്ചപ്പെട്ടു. പക്ഷേ പിൽക്കാലത്ത് ഈ സ്ഥിരനിക്ഷേപം വട്ടിപ്പണക്കേസിനു വഴിതെളിച്ചു.

പിൽക്കാലത്തു സെമിനാരിസ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, പുന്നത്ര മാർ ദീവന്നാസ്യോസ്, ചേപ്പാട്ടു മാർ ദീവന്നാസ്യോസ് എന്നീ മെത്രാപ്പോലീത്താമാരുടെ ബലിഷ്ഠകരങ്ങളിൽ മലങ്കരസഭാനേതൃത്വം മാറി മാറി വന്നെത്തി. ബിട്ടീഷ് റസിഡണ്ടായ കേണൽ മൺറോ (1810-1819) യുടെ ഉത്സാഹത്തിൽ ഇംഗ്ലണ്ടിലെ ചർച്ച് മിഷനറി സൊസൈറ്റി മലങ്കര സുറിയാനി സഭയുടെ സഹായ മിഷനായി എത്തി. 1816 മുതൽ 1836 വരെയുള്ള കാലഘട്ടത്തിൽ സി.എം.എസ്. മിഷനറിമാർ വിദ്യാഭ്യാസ പ്രചാരണത്തിലും വൈദിക പരിശീലനത്തിലും മലങ്കര സുറിയാനി സഭയെ സഹായിച്ചു. പക്ഷേ വിശ്വാസാചാരങ്ങളെപ്പറ്റിയുള്ള അഭിപ്രായവ്യത്യാസം മൂലം 1836-ലെ മാവേലിക്കര സുന്നഹദോസ് സി.എം.എസ്സുമായുള്ള ബന്ധം വിച്ഛേദിച്ചു. എന്നാൽ സുറിയാനിസഭയിൽ ഒരു വിഭാഗം പാലക്കുന്നത്ത് അബ്രഹാം മൽപാന്റെ നേതൃത്വത്തിൽ നവീകരണാശയങ്ങൾ ഉൾക്കൊണ്ടു.

എ.ഡി. 1842-ൽ അന്ത്യോഖ്യൻ പാത്രിയർക്കീസിൽ നിന്നു വ്യാജമാർഗ്ഗങ്ങളിലൂടെ മെത്രാൻ സ്ഥാനം സ്വീകരിച്ചു മലങ്കരയെത്തിയ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് മിഷണറിമാരുടെ സഹായത്തോടെ തിരുവെഴുത്തു വിളംബരം കൈക്കലാക്കി തിരുവിതാംകൂർ സർക്കാരിന്റെ അംഗീകാരത്തോടുകൂടി മലങ്കര മെത്രാപ്പോലീത്താ ആയി ഭരണം നടത്തി. തന്നെ കബളിപ്പിച്ചു മെത്രാൻ സ്ഥാനമേറ്റ മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് മുടക്കി. തുടർന്ന് പാത്രിയർക്കീസ് മെത്രാനായി വാഴിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമനും, മാത്യൂസ് മാർ അത്താനാസ്യോസും തമ്മിൽ

അധികാര മത്സരമുണ്ടായി. മാത്യൂസ് മാർ അത്താനാസ്യോസും അദ്ദേഹം പിൻഗാമിയായി വാഴിച്ച പാലക്കുന്നത്തു തോമസ് മാർ അത്താനാസ്യോസും, അബ്രഹാം മൽപാൻ ആരംഭിച്ച നവീകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചു. ഇതു മാർത്തോമ്മാ സഭയുടെ ഉത്ഭവത്തിനും വളർച്ചയ്ക്കും വഴിതെളിച്ചു.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്താ കേസ് നടത്തി റോയൽ കോടതി വിധി സമ്പാദിച്ച് സഭയുടെ ആസ്ഥാനമായിരുന്ന പഴയസെമിനാരി നവീകരണ നേതാവായ തോമസ് മാർ അത്താനാസ്യോസിൽ നിന്നു വീണ്ടെടുത്തു. മാർ ദീവന്നാസ്യോസ് 1909 വരെ മലങ്കര സഭയുടെ നേതൃത്വം വഹിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ വാഴിച്ചത് അന്ത്യോഖ്യാ പാത്രിയർക്കീസ്, യെരുശലേം, അർമീനിയൻ, കോപ്റ്റിക് എന്നീ സഭാ മേലദ്ധ്യക്ഷന്മാരുടെ സഹകരണത്തോടു കൂടിയായിരുന്നു. മലങ്കരസഭയുടെ ഭരണത്തിൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് അമിതമായി ഇടപെടാൻ ശ്രമിച്ചതിനെ തുടർന്ന് വട്ടശ്ശേരിൽ മെത്രാപ്പോലീത്തായും അന്ത്യോഖ്യാ പാത്രിയർക്കീസും തമ്മിലുള്ള ബന്ധം ശിഥിലമായി. ഇതിനെ തുടർന്നുള്ള സംഭവഗതികൾ മലങ്കരയിൽ കാതോലിക്കാ സിംഹാസനത്തിന്റെ പുനഃസ്ഥാപനത്തിനു വഴിതെളിച്ചു.

2

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

മലങ്കരസഭയുടെ ഇരുപതാം നൂറ്റാണ്ടിലെ ചരിത്രഗതിയെ തിരിച്ചുവിട്ടത് വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ഭാവനാപൂർവ്വമായ പ്രവർത്തനങ്ങളും ദൈവാശ്രയവും; തികഞ്ഞ സഭാസ്നേഹികളായ സമുന്നത നേതാക്കളുടെ ത്യാഗനിർഭരമായ സദുപദേശങ്ങളും ആണ്. കേസുകളുടെയും ദ്രവ്യാഗ്രഹികളായ ചില വൈദേശിക സഭാദ്ധ്യക്ഷന്മാരുടെ നീരാളിപ്പിടുത്തത്തിന്റെയും ഊരാക്കുടുക്കിൽ നിന്നു സഭയെ സ്വാതന്ത്ര്യത്തിന്റെ പച്ചപ്പുൽമേടിലേക്ക് ആനയിക്കുക എന്ന ചുമതല അസാമാന്യമായ ദൈവഭക്തിയും മേധാശക്തിയുമുള്ളവർക്കു മാത്രമേ നിറവേറ്റാനാകുകയുള്ളു. സീതാദേവിയെപ്പോലെ ചാരിത്രശുദ്ധിയുള്ള മലങ്കരസഭയെ ലക്ഷ്മണരേഖ കടത്തിവിട്ടു രാവണന്റെ പിടിയിൽ പെടാനിടയാക്കിയ മുൻഗാമികളുടെ ചിന്താശൂന്യമായ ചെയ്തികൾ മൂലം സഭയുടെ പുരോഗമനപരമായ സാധ്യതകളിലേക്ക് വേണ്ട വിധം എത്തിനോക്കുവാനോ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാനോ മലങ്കരസഭാഭാസുരനു സാധിച്ചില്ലെന്നുള്ളത് അത്യന്തം നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്.

മലങ്കരസഭയുടെ ലൗകികാധികാരത്തിലും സ്വത്തിലും വൈദേശിക സഭാദ്ധ്യക്ഷന്മാർക്ക് ഒരവകാശവും ഇല്ലെന്നു പല കോടതിവിധികൾ അസന്ദിഗ്ദ്ധമായി അടിവരയിട്ടു പല തവണ വ്യക്തമാക്കിയിട്ടും വിധേയത്വ ഉടമ്പടികൾക്കും സ്വർണ്ണക്കുരിശുകൾക്കും പണത്തിനും വേണ്ടി തമ്പടിച്ച് പൈശാചിക മാർഗ്ഗങ്ങൾ സ്വീകരിച്ച പാത്രിയർക്കീസന്മാരെ അക്കരെത്തന്നെ നിറുത്താൻ മണിമലയാറിന്റെ തീരത്തെ മല്ലപ്പള്ളിക്കാരനു സാധിച്ചതു സഭയിലെ നേതാക്കന്മാരുടെയും സാധാരണക്കാരുടെയും പിന്തുണയും പ്രാർത്ഥനയും മെത്രാപ്പോലീത്തായുടെ കുശാഗ്രബുദ്ധിയും കൊണ്ടാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. മെത്രാന്മാരെ വാഴിക്കുക, മൂറോൻ കൂദാശ ചെയ്യുക, സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുക എന്നീ മൂന്നു പ്രധാന ചുമതലകളാണല്ലോ കാതോലിക്കായ്ക്കും പാത്രിയർക്കീസിനുമുള്ളത്. 1665-ന് ശേഷം ഈ ചുമതലകൾ അന്ത്യോക്യയിലെ മെത്രാന്മാർക്കും പാത്രിയർക്കീസന്മാർക്കും നൽകി അടിമ മനസ്ഥിതിയോടുകൂടി കഴിഞ്ഞുവന്ന മലങ്കര സഭാംഗങ്ങളും ഏതാനും മേൽപട്ടക്കാരുമാണു മലങ്കരസഭയുടെ അധഃപതനത്തിനു വഴിവെട്ടിയത്. മാത്യൂസ് മാർ അത്താനാസ്യോസിന്റെ വരവിനെ തുടർന്നു സ്വന്തം സ്ഥാനം അന്ത്യോക്യയിൽ നിന്നു വന്ന സൂത്രശാലിയായ ഒരു മെത്രാനു

വിട്ടുകൊടുത്തു കഴിവുകേടിന്റെ പ്രതീകമായിത്തീരുകയും സ്ഥാനത്തിനു വേണ്ടി പാത്രിയർക്കീസിന് അസ്ഥാനത്തും അനർഹമായ അധികാരം നൽകുകയും തല കക്ഷത്തിൽ വച്ചുകൊടുക്കുകയും ചെയ്ത ചില മേൽപട്ടക്കാരെ വിശ്വാസസംരക്ഷകരായും നവീകരണാശയ പ്രതിരോധവീരന്മാരായും സ്വാർത്ഥ ലക്ഷ്യങ്ങൾ വച്ചുകൊണ്ടു ചിത്രീകരിക്കുന്നതു സഭാചരിത്രത്തോടുള്ള നിന്ദയും നന്ദികേടുമാണ്. ഈ പാപഭാരങ്ങളെല്ലാം പേറേണ്ടിവന്നതു സൂര്യനെപ്പോലെ പ്രകാശിച്ച വട്ടശ്ശേരിൽ തിരുമേനിക്കായിരുന്നു. അന്ത്യോക്യക്കാരുടെ ചവിട്ടും തൊഴിയും കൊണ്ടതു കൂടാതെ സ്വന്തമെന്നു കരുതി സ്നേഹിച്ചവരുടെ കൊടുംവഞ്ചനയും മെത്രാപ്പോലീത്തായെ പലരും ഉദ്ദേശിച്ചതുപോലെ തളർത്തിയില്ല. കുതികാൽവെട്ടികളായ ശുംഭന്മാരായ ട്രസ്റ്റികളെ പഴത്തൊലിപോലെ വലിച്ചെറിയുകയും സഭയ്ക്കു നഷ്ടപ്പെട്ടുപോയ ആത്മീയ പരമാധികാരം കാതോലിക്കാ സിംഹാസന സ്ഥാപനത്തിലൂടെ എന്നേക്കുമായി വീണ്ടെടുക്കുകയും കള്ളക്കേസുകളെയും കൊള്ളക്കാരെയും ഒരുപോലെ നേരിട്ടു വിജയിക്കുകയും ചെയ്ത മലങ്കരസഭാ ഭാസുരൻ യഥാർത്ഥത്തിൽ 'മലങ്കര സഭാരത്നം' എന്ന ബഹുമതികൊണ്ടാണറിയപ്പെടേണ്ടത്. സമാധാനകാലത്തല്ല, സമരകാലത്താണ് വലിയ മനുഷ്യരുടെ വില ശരിക്ക് അറിയാൻ കഴിയുന്നത്.

"പാത്രിയർക്കീസിന്റെ മുടക്കു ലൗകികവും ആത്മീയവും അല്ല; വെറും പൈശാചികമാണ്" എന്നു മുഖത്തു നോക്കി തുറന്നടിക്കാൻ ചങ്കൂറ്റം ഉണ്ടായിരുന്ന ഇലഞ്ഞിക്കൽ ജോൺ വക്കീലിനെപ്പോലെയുള്ള മഹാരഥന്മാർ മാർ ദീവന്നാസ്യോസിനു കൂട്ടുനിന്നിരുന്നു. അവരെല്ലാം തന്നെ വട്ടശ്ശേരിൽ തിരുമേനിയുടെ ശക്തമായ കോട്ടയായിരുന്നു; വെറും മൺകോട്ടയല്ലായിരുന്നു. കെ. സി. മാമ്മൻ മാപ്പിളയെപ്പോലെയുള്ള ഒരത്യുന്നത സഭാസ്നേഹിയായ മുഖ്യപത്രാധിപരെയും എം. എ. ചാക്കോയെപ്പോലെ നീതിനിഷ്ഠനായ ഒരുന്നത പോലീസ് ഉദ്യോഗസ്ഥനെയും വിശ്വസ്തരും സത്യസന്ധതയുടെ അവതാരങ്ങളുമായിരുന്ന ചെറിയമഠത്തിൽ സ്കറിയാ മൽപാൻ, മണലിൽ യാക്കോബ് കത്തനാർ, റ്റി. സി. ജേക്കബ് കത്തനാർ എന്നീ പ്രൈവറ്റ് സെക്രട്ടറിമാരെയും ലഭിച്ചതുകൊണ്ടാണു വട്ടശ്ശേരിൽ തിരുമേനിക്കു പ്രതിസന്ധികളുടെ തീരാത്ത തിരമാലകളെ മുറിച്ചു സഭാനൗകയെ നയിക്കാൻ സാധിച്ചതെന്ന് അവരുടെ സേവനങ്ങളിലേക്ക് ഒന്ന് എത്തിനോക്കുന്നവർക്കുപോലും കണ്ടെത്താൻ സാധിക്കും.

വട്ടശ്ശേരിൽ തിരുമേനി ഇല്ലായിരുന്നുവെങ്കിൽ ഇന്നത്തെ മലങ്കരസഭ ഒരു വട്ടപ്പൂജ്യം ആകുമായിരുന്നു. അദ്ദേഹത്തിന്റെ മഹത്വം മനസ്സിലാക്കാനോ മഹത്തായ സംഭാവനകൾ എന്താണെന്നു പഠിക്കാനോ മലങ്കര സഭാമക്കൾ മെനക്കെടാറില്ല. ആണ്ടുതോറും അവർ ഫെബ്രുവരി 23-ന് പഴയസെമിനാരിയിൽ വഴിപാടുപോലെ ഒരു ഓർമ്മദിനം ആചരിക്കുന്നു. പണ്ട് തിരുമേനിയുടെ

ചരമജൂബിലി കൊണ്ടാടി. പക്ഷെ അദ്ദേഹത്തിന്റെ സമുചിത സ്മാരകമായി, സഭാംഗങ്ങൾക്കു പ്രചോദനം നൽകുന്നതിനുവേണ്ടി എന്തുണ്ട്? ഒന്നുമില്ല. നന്ദികേടിന്റെ പര്യായമോ പ്രതീകമോ ആണു മലങ്കര സഭാംഗങ്ങൾ. തിരുമേനി പരിശുദ്ധനായിരുന്നു. സഭയ്ക്കുവേണ്ടി പഴയസെമിനാരിയിൽ വച്ച് നിശാവേളകളിൽ ഒഴുക്കിയ കണ്ണുനീർകൊണ്ടു മീനച്ചിലാറ്റിലെ ജലനിരപ്പുയർന്നിട്ടുണ്ട്. അദ്ദേഹത്തെ പരിശുദ്ധനാക്കാനുള്ള നീക്കത്തിനു തടയിട്ടത് പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മണലിൽ യാക്കോബ് കത്തനാരാണ്. തിരുമേനി പരിശുദ്ധനായിരുന്നു. പക്ഷെ അങ്ങനെ സഭ പ്രഖ്യാപിക്കാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല എന്നാണു അച്ചന്റെ അഭിപ്രായം. കോടതി വിധികളിൽ ഒട്ടധികം ജയാപജയങ്ങൾ കണ്ട സഭാഭാസുരൻ അന്ത്യോക്യയുമായുള്ള സൗഹൃദബന്ധം പരസ്പര സ്വീകരണം വഴി തുടരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അതു ഭരണഘടനയിൽ എഴുതിയും വച്ചു. അദ്ദേഹം ഭാവന ചെയ്ത ബന്ധുരമായ ബന്ധം മലങ്കരസഭയ്ക്ക് കണ്ഠാഭരണമാകണമെന്നും ആഗ്രഹിച്ചു. പക്ഷെ കണ്ഠകോടാലിയായിത്തീർന്നത് അദ്ദേഹത്തിന്റെ കുറ്റം കൊണ്ടാണെന്ന് ആരെങ്കിലും ആരോപിച്ചാൽ അയാൾ സഭയുടെ ശാപം സ്വയം ഏറ്റെടുക്കുകയായിരിക്കും.

സർവ്വോപരി തിരുമേനി മലങ്കരസഭയുടെ വിശ്വാസാചാരങ്ങൾ ലളിതസുന്ദരമായ ഭാഷയിലും വേദവാക്യങ്ങളുടെ ശക്തമായ പിൻബലത്തിലും സഭാംഗങ്ങൾക്കുവേണ്ടി പഠിച്ച് എഴുതി പ്രസിദ്ധപ്പെടുത്തി. അതാണു 'മതോപദേശസാരം' എന്ന വിലപ്പെട്ട കൃതി. നമ്മുടെ വിശ്വാസങ്ങളെല്ലാം വേദപുസ്തകാടിസ്ഥാനത്തിലുള്ളതാണെന്ന് ഈ ഗ്രന്ഥം ചൂണ്ടിക്കാട്ടുന്നു. പ്രശ്നങ്ങളുടെ ഇടയിൽ വേദപുസ്തകം അരച്ചുകുടിച്ച് ഓരോ വിഷയവുമായി ബന്ധപ്പെട്ട വേദവാക്യങ്ങൾ തപ്പിപ്പിടിച്ച് ചേർക്കണമെങ്കിൽ വളരെയധികം ദിവസങ്ങൾ വേണ്ടിവന്നിരിക്കും. പക്ഷേ, ആ ചെറിയ പുസ്തകം പോലും വാങ്ങി വായിച്ചു നമ്മുടെ കലർപ്പില്ലാത്ത വിശ്വാസാചാരങ്ങൾ മനസ്സിലാക്കാൻ മനസ്സില്ലാത്തവരാണു മലങ്കരസഭാംഗങ്ങളിൽ ഗണ്യമായ ഒരു വിഭാഗമെന്നു കാണുമ്പോഴാണ് അവരുടെ നന്ദികേടിന്റെ തനിനിറം വ്യക്തമാകുന്നത്.

കുത്തഴിഞ്ഞുകിടന്ന മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കുന്നതിനു തിരുമേനി ശ്രമിച്ചു. ഭരണഘടനാകമ്മിറ്റിയുടെ കൺവീനറായി ഒറ്റപ്ലാക്കൽ ഒ. എം. ചെറിയാനെയാണ് തെരഞ്ഞെടുത്തത്. തിരുമേനിയുടെ കാലത്തു തന്നെ ഭരണഘടന പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിലും പിന്നീട് 1934 ഡിസംബറിൽ സഭയുടെ അസ്തിവാരമായി ഭരണഘടന അംഗീകരിക്കപ്പെട്ടു. കോടതികൾ പലവട്ടം സാധുവെന്ന് പറഞ്ഞ് അംഗീകരിച്ച ഈ ഭരണഘടന, മലങ്കരസഭയിലെ സമസ്ത അംഗങ്ങൾക്കും ബാധകമാണ്. അന്ത്യോക്യൻ സഭ, പാത്രിയർക്കീസ് എന്നിവരുമായുള്ള നല്ല ബന്ധം ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ട്. കാതോലിക്കാ വാഴ്ചയോടുകൂടി ഒരു പുതിയ കോട്ടയം സഭ

സൃഷ്ടിച്ചതായുള്ള ആരോപണത്തിനു വേരില്ലെന്നു ഭരണഘടന അസന്ദിഗ്ദ്ധമായി വ്യക്തമാക്കുന്നു. മുൻ പാത്രിയർക്കീസ് വിഭാഗത്തിലെ ചില കശ്മലന്മാർ വട്ടശ്ശേരിൽ തിരുമേനിയെ വധിക്കാൻ ക്വട്ടേഷൻ നൽകി. മൂന്നു പ്രാവശ്യം പഴയസെമിനാരിയുടെ ഭിത്തിയിൽ ഏണി ചാരി വീണുപോയ കമാലുദിൻ പോലും പിന്നീടു ഖേദം പ്രകടിപ്പിച്ചു. വാശിയും വൈരാഗ്യവും കൈമുതലാക്കി മീനച്ചിലാറിന്റെ അക്കരെനിന്നു പഴയസെമിനാരിയിലേക്ക് തീയമ്പുകൾ അയച്ച വമ്പന്മാർ എല്ലാം കൊമ്പുകുത്തുകയും കുടുംബങ്ങൾ സാമ്പത്തികമായും മറ്റും തകർന്നു തരിപ്പണമാകുകയും ചെയ്ത കാര്യങ്ങൾ കെട്ടുകഥകളല്ല. നമ്മുടെ കൺമുമ്പിൽ കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന കാര്യങ്ങളാണ്. സഭാഭാസുരന്റെ ആത്മിക തേജസ്സിന്റെ മുമ്പിൽ ഈയാംപാറ്റകളെപ്പോലെ അവർ ചിറകറ്റു വീണു. പാത്രിയർക്കീസിന്റെ അധികാരങ്ങൾ എല്ലാം ഉള്ള കാതോലിക്കാബാവാ ഉണ്ടായതുകൊണ്ടാണ് മലങ്കരയിൽ പാത്രിയർക്കീസിന്റെ അധികാരങ്ങൾ ചക്രവാളസീമയിലെത്തുന്ന ചന്ദ്രബിംബം കടലിൽ മുങ്ങി പ്രഭയറ്റു പോകുന്നതുപോലെ ശൂന്യതയിൽ എത്തിയത്. മലങ്കരയിൽ കാതോലിക്കായും സിറിയൻ ഓർത്തഡോക്സ് സഭയിൽ പാത്രിയർക്കീസും പരമാധികാരികളാണെന്നു സുപ്രീംകോടതി 1958-ൽ വിധിച്ചതും കാതോലിക്കേറ്റിന്റെ അന്യൂനമായ നിലപാടു കൊണ്ടാണ്.

വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി ഒട്ടധികം ഗ്രന്ഥങ്ങൾ ഇറങ്ങിയിട്ടുണ്ട്. ജീവചരിത്രവും ഒരു തലമുറയിലെ സംഭവവികാസങ്ങളുമെല്ലാം അവയിൽ ഉണ്ട്. ഞാൻ നോക്കിയ പുസ്തകങ്ങളുടെ ലിസ്റ്റ് അവസാനം ചേർത്തിട്ടുണ്ട്. സഭാചരിത്ര പശ്ചാത്തലത്തോടുകൂടി അപഗ്രഥനാത്മകമായി രചിച്ചിട്ടുള്ള മികച്ച കൃതി ഫാ. ഡോ. വി. സി. സാമുവേലിന്റെ Truth Triumphs എന്നതാണ്. എന്നാൽ ആ കാലഘട്ടത്തിലെ സംഭവങ്ങളുടെ ദൃക്സാക്ഷിയായ ഫാ. പി. ടി. ഗീവറുഗീസ് (പിന്നീട് റോമാസഭയിൽ ചേർന്ന മാർ ഈവാനിയോസ്) 1929-ൽ ഗിരിദീപത്തിൽ എഴുതിയിട്ടുള്ള ഏതാനും പേജുകൾ മാത്രം ഇന്നത്തെ തലമുറ കണ്ടിരിക്കാനിടയില്ലെന്നു കരുതി ചുവടെ ചേർക്കുന്നു. അതിലുപരി ഒന്നും ആ കാലഘട്ടത്തിന്റെ ചിത്രം മനസ്സിലാക്കാൻ ആവശ്യമില്ല. കൂടാതെ അദ്ദേഹത്തോടടുത്തിടപെട്ടിട്ടുള്ള മനോരമയുടെയും ചർച്ച് വീക്കിലിയുടെയും മുൻ പത്രാധിപർ എൻ. എം. ഏബ്രഹാം കോട്ടയത്തെ ഒരു സിമ്പോസിയത്തിൽ എടുത്തുപറഞ്ഞ സുപ്രധാന കാര്യങ്ങളും ചേർക്കുന്നു. ആ മലങ്കര സഭാരത്നത്തെ കണ്ടിട്ടില്ലാത്ത എന്റെ പഠനം വഴിയുള്ള വിലയിരുത്തലിനു കാര്യമായ വിലയില്ലാത്തതുകൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്.

അബ്ദുള്ളാ പാത്രിയർക്കീസിന്റെ ആഗമനം

ഗിരിദീപത്തിൽ നിന്ന്: കൊല്ലവർഷം 1084 (1909) മിഥുനത്തിൽ കാലം ചെയ്ത പുലിക്കോട്ടു വലിയ മെത്രാപ്പോലീത്താ രോഗാതുരനായി

കിടപ്പിലായപ്പോൾ, മലങ്കര സന്ദർശനാർത്ഥം, ശീമയിൽ നിന്നു യാത്രപുറപ്പെട്ട പരേതനായ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ ഇംഗ്ലണ്ടിലും മറ്റും പോയി ബോംബെയിലിതാ, ഇന്ന ദിവസം വന്നുചേരുമെന്ന വിവരത്തിന് ഇപ്പോഴത്തെ വലിയ തിരുമേനി (വട്ടശ്ശേരി) യുടെ പേർക്ക് 1085 കന്നി മാസത്തിൽ ഒരു ദിവസം കമ്പി കിട്ടി. അക്കാലത്ത് നാം കോട്ടയം എം.ഡി. സെമിനാരി (ഹൈസ്കൂൾ) യുടെ പ്രിൻസിപ്പാളായിരിക്കുകയായിരുന്നു. പാത്രിയർക്കീസ് ബാവായെ യഥായോഗ്യം മലങ്കരയിലേക്ക് എതിരേറ്റു കൊണ്ടുപോരേണ്ടതിന് ഏതാനുംപേർ ബോംബെ വരെ പോകേണ്ടതാണെന്നു തീർച്ചപ്പെടുത്തി. ഇപ്പോഴത്തെ വലിയ തിരുമേനി, കോനാട്ടു മൽപാനച്ചൻ, താമരപ്പള്ളിൽ അബ്രഹാം കത്തനാർ, ഇ. എം. ഫിലിപ്പ്, കെ. സി. മാമ്മൻ മാപ്പിള എന്നിവർ യാത്രയ്ക്കൊരുങ്ങിയപ്പോൾ നാമും കൂടി തങ്ങളോടൊന്നിച്ചു പോന്നേ മതിയാവൂ എന്നു മെത്രാപ്പോലീത്താ നമ്മോടാജ്ഞാപിച്ചു. ബാവാതിരുമേനിക്ക് ഊട്ടക്കമണ്ടിൽ പോയി മദ്രാസ് ഗവർണറുമായി അഭിമുഖ ദർശനം നടത്തേണ്ടിയിരുന്നതിനാൽ അവിടെ ചെന്ന് ആവക കാര്യങ്ങൾ ശരിപ്പെടുത്തേണ്ടുന്നതിനായി മാമ്മൻ മാപ്പിള അങ്ങോട്ടും പോയി. പാത്രിയർക്കീസ് ബാവാമാരിൽ ആരെയും അതുവരെ കണ്ടിട്ടില്ലാതിരുന്ന നമുക്ക് ആ ബോംബെ യാത്ര പ്രത്യേകിച്ചും ആഹ്ലാദകരമായിരുന്നു. നിശ്ചിത ദിവസത്തിൽ ഞങ്ങളെല്ലാവരും ബോംബെയിൽ ചെന്നുചേർന്നു. മലങ്കര സുറിയാനി സഭയുടെ ആരാധ്യപുരുഷനായ പാത്രിയർക്കീസ് ബാവായ്ക്കു ഞങ്ങളെ ഓരോരുത്തരെയായി മെത്രാപ്പോലീത്താ പരിചയപ്പെടുത്തിക്കൊടുത്തതനുസരിച്ച് ഞങ്ങളെല്ലാവരും ആനന്ദഭരിതരായി സഭക്തിബഹുമാനം തൃക്കരം മുത്തി നിർവൃതി പൂണ്ടു.

അന്ന് കശ്ശീശയായിരുന്ന നാം സ്വസമുദായം വക ഒരു ഇംഗ്ലീഷ് ഹൈസ്കൂളിന്റെ പ്രിൻസിപ്പാളാണെന്നറിയുകയാലും ബാവായുടെ ആവശ്യങ്ങൾ സാധിക്കുന്നതിനും, വേണ്ടുന്ന സാധനങ്ങൾ അപ്പഴപ്പോൾ വരുത്തുന്നതിനും നാം സഹായിയാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടും, നമ്മുടെ പേരിൽ തിരുമേനിക്കു പ്രത്യേകം വാത്സല്യം തോന്നി. ബാവാതിരുമേനിയെ സംബന്ധിക്കുന്ന എന്തു കാര്യത്തിലും മുന്നിട്ടിറങ്ങാനും പ്രവർത്തിപ്പാനുമുള്ള നമ്മുടെ സന്നദ്ധതയും അത്യുത്സാഹവും തിരുമേനിയെ തൃപ്തിപ്പെടുത്തുകയും ചെയ്തു. ബോംബെയിലെ താമസത്തിൽ നിന്നു തന്നെ ഇതു വേണ്ടുവോളം പ്രത്യക്ഷപ്പെട്ടിട്ടുള്ളതത്രെ. മംഗളാശംസാപരമായും അനുഗ്രഹാഭ്യർത്ഥനാരൂപത്തിലും വന്നുകൊണ്ടിരുന്ന കത്തുകൾ, കമ്പികൾ മുതലായവ തിരുമനസ്സിലേക്കു സുറിയാനി ഭാഷയിൽ പരിഭാഷപ്പെടുത്തിക്കൊടുക്കുക മുതലായി ഒരു പ്രധാന കാര്യദർശിയുടെ സ്ഥാനമാണ് തിരുമേനി നമുക്ക് നൽകിയത്. ഒരു ദിവസം തിരുമേനി ഇംഗ്ലീഷിൽ എഴുതപ്പെട്ട ഒരു കത്തെടുത്തു നീട്ടിക്കൊണ്ട് അതൊന്നു പരിഭാഷപ്പെടുത്തി കേൾപ്പിക്കണമെന്നു കൽപിച്ചു. തദനുസരണം നാം ഏതാനും ഭാഗം പരിഭാഷപ്പെടുത്തി കേൾപ്പിച്ചപ്പോൾ,

“ഈ എഴുത്തുകാരനെ അറിയുമോ?” എന്ന് അവിടുന്നു ചോദിച്ചതിന്, “ഉവ്വ്” എന്നു നാം ഉത്തരം ബോധിപ്പിച്ചു.

(ഒരു വിധത്തിൽ പറയുന്നപക്ഷം ബാവാതിരുമേനിയുടെ മലങ്കര സന്ദർശനം അമംഗളമായി കലാശിക്കപ്പെടുവാനും, മലങ്കരസഭയിൽ അസമാധാനവും അസന്തുഷ്ടിയും കൈവരുത്തുവാനും ഇടയാക്കിയ കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത പ്രസ്തുത കത്തിലെ സംഗതിയെപ്പറ്റി ഇവിടെ രണ്ടു വാക്കു പറയേണ്ടതായ ആവശ്യമുണ്ട്. പാത്രിയർക്കീസന്മാർക്കു മലങ്കരസഭയിൽ പൂർവകാലം മുതലേ ഉണ്ടായിരുന്ന ലൗകികാധികാരത്തെ മനഃപൂർവ്വം തട്ടിപ്പറിച്ച് സ്വായത്തമാക്കിയത് പുലിക്കോട്ടു മെത്രാപ്പോലീത്തായും, അദ്ദേഹത്തിന്റെ സെക്രട്ടറിയും (ഇ. എം. ഫിലിപ്പ്) കൂടിയായിരുന്നുവെന്നും നഷ്ടപ്പെട്ടുപോയ ആ അവകാശാധികാരങ്ങളെ സമ്പാദിക്കേണ്ടതിലേക്കു ബാവാ അക്ഷീണയത്നം ചെയ്യേണ്ടതാണെന്നും വേണ്ടിവന്നാൽ വ്യവഹാരത്തിനുപോലും അവിടുന്നു സന്നദ്ധനായിരുന്നുകൊള്ളണമെന്നും ഇതിലേക്ക് ആവശ്യമാണെന്നു കൽപിക്കുന്നപക്ഷം 10,000 രൂപാ സംഭാവന ചെയ്വാൻ തിരുസിംഹാസനത്തോടുള്ള തന്റെ ഭക്തി തന്നെ പ്രേരിപ്പിക്കുന്നതായിരിക്കുമെന്നും മറ്റും എഴുതപ്പെട്ടിരുന്ന ഒരു കത്തായിരുന്നു ഇതെന്നു വായനക്കാർ ഗ്രഹിച്ചിരിക്കേണ്ടതാണ്. ഈ വിധം ഒരു കത്തെഴുതിയ ആളുടെ ഉദ്ദേശ്യത്തെപ്പറ്റി നാം ഇങ്ങനെയാണ് കേട്ടിട്ടുള്ളത്. സ്വപിതാവിന്റെ ഒരു ഛായാപടം വരച്ച് കോട്ടയം പഴയസെമിനാരിയുടെ ‘കമ്മിറ്റി’ മാളികയിൽ പ്രതിഷ്ഠിക്കത്തക്കവണ്ണം അനുമതി വാങ്ങിപ്പാനായി ഇയാൾ കാലംചെയ്ത പുലിക്കോട്ടു മെത്രാച്ചന്റെ അടുക്കൽ ചെന്നിരുന്നപ്പോൾ സെക്രട്ടറിയുമായി ആലോചിച്ചതിന്റെ ശേഷം, കൊണ്ടുവരുന്ന ചിത്രങ്ങളെല്ലാം വാങ്ങി അലങ്കരിക്കപ്പെടുവാനുള്ളതല്ല ‘കമ്മിറ്റി മാളിക’ എന്ന അർത്ഥത്തിൽ തിരുമേനി മറുപടി കൽപിക്കയുണ്ടായി പോൽ).

“ഈ എഴുത്തുകാരനെ അറിയും, ഇല്ലേ?”

“ഉവ്വ്.”

“ഇതിൽ പറയുന്ന കാര്യത്തിനായി പതിനായിരം ഉറുപ്പിക തരുവാൻ ഇയാൾ ശക്തനായിരിക്കുമോ?”

“അതിനെപ്പറ്റി എനിക്കു വിശേഷിച്ചൊന്നും അറിയാൻ പാടില്ല. കൈവശം പണമായിട്ടുണ്ടോ, എന്തോ, ഭൂസ്വത്തു കാണുമായിരിക്കും.”

“അതിരിക്കട്ടെ; എഴുത്തു നന്നായി വായിച്ചുവല്ലോ. പണത്തിന്റെ കാര്യം നമുക്കു പിന്നെ അന്വേഷിച്ചറിയാം. വല്ല കാരണത്താലും, നാമും ദീവന്നാസ്യോസും തമ്മിൽ അന്യോന്യം പിണങ്ങാൻ ഇടവരുന്നപക്ഷം നിങ്ങൾ നമ്മോടുകൂടി നിൽക്കുമോ, അതോ ദീവന്നാസ്യോസിന്റെ പക്ഷംപിടിക്കുമോ?”

എന്താ മറുപടി ഉണർത്തിക്കേണ്ടത് എന്നറിയാതെ നാം സ്വൽപനേരം അന്ധനായി നിന്നുപോയി.

പാത്രി: “മറുപടി പറയണം!”

നാം: “ആബൂൻ മാർ ദീവന്നാസ്യോസ് എന്റെ ഗുരുവാണ്. സത്യത്തിനെതിരായി അദ്ദേഹം പ്രവർത്തിക്കുന്നതിൽ ഞാൻ കൂട്ടുകാരനാകയില്ല. അല്ലാത്തപക്ഷം ഞാൻ അദ്ദേഹത്തോടു കൂടിയേ നിൽക്കുകയുള്ളു.”

നമ്മുടെ ഈ മറുപടിയിൽ ബാവാതിരുമേനിക്ക് അതൃപ്തിയും നിരാശയുമാണ് ഉണ്ടായതെന്ന് അനുക്ഷണം അവിടുത്തെ മുഖം വെളിപ്പെടുത്തി.

നമ്മുടെ നേരെ

പാത്രിയർക്കീസ് ബാവാ ആദ്യമായി ആർത്താറ്റു-കുന്നംകുളം പള്ളിയിൽ എത്തി; സ്വല്പനാൾ അവിടെ താമസിച്ചതിന്റെശേഷം ആഘോഷപൂർവ്വം 85 തുലാം 3-ന് ചൊവ്വാഴ്ച കോട്ടയം പഴയസെമിനാരിയിൽ വന്നുചേർന്നു. തിരുവനന്തപുരത്തേക്കു പോയി മഹാരാജാവുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞതിന്റെ ശേഷം വൃശ്ചികം 1-നു വീണ്ടും സെമിനാരിയിൽ തന്നെ തിരികെ വന്നു താമസിക്കുകയാണ്. തദവസരത്തിൽ ബാവായുടെ ലൗകികാധികാരാഭിവാഞ്ഛയുടെയും അതോടൊപ്പം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കുള്ള വൈമുഖ്യത്തിന്റെയും ലാഞ്ഛനകൾ അവിടവിടെ പ്രത്യക്ഷപ്പെട്ടതോടുകൂടി മെത്രാപ്പോലീത്തായുടെ പൂർവ്വവൈരികൾ തങ്ങളുടെ അഭിലാഷപൂർത്തിക്കായുള്ള കാലം വന്നണഞ്ഞതിൽ സന്തോഷിച്ച് ആയുധങ്ങൾ കൈയിലെടുത്തു. ഇക്കാലത്ത് മെത്രാപ്പോലീത്തായുടെ പക്ഷം നിൽക്കുന്നവർക്ക് മുന്നോട്ടു ചാടുവാൻ ഇടയാവുകയും അവരെ ഓരോരുത്തരെയും കെണിയിൽ പിടിച്ചു ബന്ധിക്കുവാൻ മെത്രാപ്പോലീത്തായുടെ വൈരികൾ ശ്രമം തുടങ്ങുകയും ചെയ്തു.

എം.ഡി. സെമിനാരി ഹൈസ്കൂളിലെ ഉയർന്ന ക്ലാസുകളിൽ വേദം പഠിപ്പിച്ചിരുന്നതു നാം ആയിരുന്നു. ഒരു ദിവസം ‘രക്ഷയെ’പ്പറ്റി നാം ക്ലാസിൽ സവിസ്തരം പഠിപ്പിച്ചുവരവേ, വി. കൂദാശകളെപ്പറ്റിയും സ്വല്പമായൊന്നു വിമർശിക്കേണ്ടതായി വന്നു കൂടി. അപ്പോൾ ഒരു വിദ്യാർത്ഥി “മേല്പട്ടക്കാരെ വാഴിക്കുന്നതിനു ആർക്കാണ് അധികാരം?” എന്ന് ചോദ്യം ചെയ്തു. അതിനുത്തരമായി, ആ അധികാരം മേൽപട്ടക്കാരുടെ സുന്നഹദോസിനാണെന്നും, രണ്ടോ മൂന്നോ മേൽപട്ടക്കാർ കൂടിയാൽ ഒരു മേൽപട്ടക്കാരനെ വാഴിക്കാവുന്നതാണെന്ന് നിഖ്യാ സുന്നഹദോസിൽ തീരുമാനിച്ചിട്ടുണ്ടെന്നും, അൽവാറീസു മെത്രാച്ചനെ മലങ്കരയിലുള്ള മൂന്നു മേൽപട്ടക്കാർ കൂടി വാഴിച്ചതാണെന്നും മറ്റും വിദ്യാർത്ഥികളുടെ തുടരെയുണ്ടായ ചോദ്യങ്ങൾക്കു മറുപടിയായി നാം പ്രസ്താവിച്ചുപോയി. ഇതൊക്കെ പതിന്മടങ്ങ് വലിപ്പത്തിൽ

ബാവായുടെ ചെവിയിലെത്തുകയും, തൽഫലമായി നമുക്ക് തിരുസന്നിധിയിൽ ഹാജരാവുകയും ചെയ്യാൻ ഇടയായി എന്നു പറഞ്ഞാൽ മതിയല്ലോ.

പാത്രിയർക്കീസ്: "പാത്രിയർക്കീസന്മാർക്ക് മാത്രമല്ല, കാതോലിക്കാമാർക്കും, മെത്രാപ്പോലീത്തന്മാർക്കും, മൂറോൻ കൂദാശ ചെയ്യാമെന്നും മെത്രാന്മാരെ വാഴിക്കാമെന്നും പള്ളിക്കൂടത്തിൽ പഠിപ്പിച്ചുവെന്നു കേൾക്കുന്നതു വാസ്തവമോ?"

നാം മൗനം അവലംബിച്ചു. മൂറോൻ കൂദാശ ചെയ്‌വാൻ പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും അധികാരമുള്ളതാണെന്നും, എപ്പിസ്കോപ്പന്മാരെ വാഴിക്കുവാൻ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസിനു കഴിവുള്ളതാണെന്നും ഹൂദായ കാനോനിൽ വ്യക്തമായി പറഞ്ഞിരിക്കേ, സഭാനിയമത്തിനും മനസ്സാക്ഷിക്കൊത്ത സത്യത്തിനും അനുകൂലമായി നാം പഠിപ്പിച്ചത് തെറ്റാണെന്നായിരിക്കുമോ ബാവാ വിധി കൽപിക്കുന്നതെന്നാലോചിച്ചു നാം കുഴങ്ങി.

നാം: "മൂറോനെപ്പറ്റി ഞാൻ യാതൊന്നും ക്ലാസ്സിൽ പഠിപ്പിച്ചിട്ടില്ല. ആ കാര്യമേ അവിടെ വച്ച് ഞാൻ മിണ്ടിയിട്ടില്ല. മേൽപട്ടക്കാരെ വാഴിക്കുന്നതിനെ സംബന്ധിച്ചു മാത്രമേ പറഞ്ഞുള്ളു."

പാത്രിയർക്കീസ്: "ശരി അങ്ങനെ പഠിപ്പിക്കുവാനുണ്ടായ കാരണം?"

നാം: "ഹൂദായ കാനോനിൽ അങ്ങനെ കാണുന്നുണ്ടല്ലോ. സഭയുടെ നിയമത്തിനു വിരോധമായി ഒന്നും ഞാൻ പഠിപ്പിച്ചിട്ടില്ല."

പാത്രിയർക്കീസ്: (സമീപെ നിന്നിരുന്ന കോനാട്ടു മൽപ്പാനച്ചനോടും ഔഗേൻ റമ്പാനോടുമായി) "ഇയ്യാളുടെ വഴി വിസ്താരമുള്ളതാകുന്നു. ഇയ്യാൾ വിജ്ഞാനസമുദ്രം തന്നെ" എന്ന് നമ്മെ ഒന്ന് കളിയാക്കി കൽപിച്ചപ്പോൾ ഔഗേൻ റമ്പാൻ "പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ചൊന്നും പറഞ്ഞിട്ടില്ലല്ലോ?"

പാത്രിയർക്കീസ്: "നാം നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു. അനുഗ്രഹിക്കട്ടെ, മുട്ടുകുത്തുക!"

നാം: "ഇതിൽ യാതൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല. എങ്കിലും അവിടുത്തെ അനുഗ്രഹം ആവശ്യമാണ്" എന്ന് പറഞ്ഞ് ഭക്തിപൂർവ്വം നാം മുട്ടിന്മേൽ നിന്നു.

'ശൽമൂസാ' പോരാ!

പുരാതനകാലം മുതലേ മലങ്കരയിൽ ആത്മീയവും ലൗകികവുമായ വിഷയങ്ങളിൽ സഭാഭരണം നടത്തിയിട്ടുള്ളത് മലങ്കര മെത്രാപ്പോലീത്തന്മാരത്രേ. ശീമയിൽ നിന്നു വന്ന ചില മേൽപ്പട്ടക്കാർ ഭരണവിഷയത്തിൽ പ്രവേശിക്കുക

വഴിയായി പല കുഴപ്പങ്ങൾക്കും സംഗതിയായിത്തീർന്നതിനാൽ മലങ്കരസഭാ സംബന്ധമായ ലൗകികകാര്യങ്ങളിൽ ശീമമെത്രാന്മാർ പ്രവേശിച്ചുകൂടാ എന്നും, ആത്മീയവിഷയത്തിൽ സഭയെ സഹായിപ്പാൻ മാത്രമേ അവർക്കധികാരമുള്ളൂ എന്നും തീരുമാനമുണ്ടായി. 1063-ലെ (1889) റോയൽകോർട്ടുവിധി നോക്കിയാൽ ഇത് പ്രത്യക്ഷപ്പെടുന്നതായിരിക്കും. ഇതിനെതിരായി മലങ്കര സഭമേൽ ലൗകികാധികാരവും ഉൾഭരണവും തനിക്ക് കിട്ടണമെന്ന് പാത്രിയർക്കീസ് ബാവാ ആഗ്രഹിച്ചു. മുൻകാലത്ത് യാതൊരു മെത്രാപ്പോലീത്തായും മലങ്കരസഭയുടെ ലൗകികാധികാരം പാത്രിയർക്കീസിനുള്ളതാണെന്ന് സമ്മതിച്ച് ഉടമ്പടി കൊടുത്തിട്ടില്ലെന്നും അങ്ങനെ ഒരു നടപടിയേ ഇവിടെ ഉണ്ടായിട്ടില്ലെന്നും ഗ്രഹിച്ചിരുന്ന ബാവാ ഇപ്പോഴുള്ള മെത്രാന്മാരെല്ലാവരും ഉടമ്പടി തരണമെന്നും, അങ്ങനെ തരുന്നവർക്ക് മാത്രമേ മേലിൽ മെത്രാൻ സ്ഥാനം നൽകുകയുള്ളുവെന്നും കൽപിക്കാൻ തുടങ്ങി. മെത്രാൻ സ്ഥാനാഭിഷേകവേളകളിൽ സത്യവിശ്വാസങ്ങളെ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ച് വിശുദ്ധ മദ്ബഹായിൽ വച്ച് കൊടുക്കുന്ന 'ശൽമൂസാ'യ്ക്ക് പുറമേ മുദ്രപ്പത്രത്തിൽ എഴുതി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു ഉടമ്പടി കൂടി വേണം എന്നാണ് ബാവായുടെ നിർബന്ധം എന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും, മാർ സേവേറിയോസ് മെത്രാപ്പോലീത്തായും ഈ തരത്തിലുള്ള ഉടമ്പടികൾ എഴുതിക്കൊടുത്തു (1085 ഇടവം 1; 1086 ചിങ്ങം 12). ഈ ഉടമ്പടിയാലുള്ള ഭവിഷ്യത്തിനെ ഗ്രഹിച്ച മാർ കൂറിലോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസ് ബാവായെ ഭയന്ന് അവിടവിടെ ചുറ്റി സഞ്ചരിച്ചു വന്നിരുന്നു. പാത്രിയർക്കീസ് ബാവാ അവിടുത്തെ സ്വരം ഒന്നുയർത്തി. തൽക്ഷണം മാർ കൂറിലോസ് മെത്രാപ്പോലീത്താനിർദ്ദിഷ്ട വാചകത്തിൽ ഉടമ്പടിയും നൽകി. ഇതെല്ലാം കണ്ടിട്ടും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ദൃഢനിശ്ചയത്തിന് യാതൊരു വ്യതിയാനവും ഉണ്ടായില്ല. എന്തുവന്നാലും ശരി, അങ്ങനെ ഒരു ഉടമ്പടി താൻ എഴുതുകയില്ലെന്ന് അദ്ദേഹം ശപഥം ചെയ്തു. പലവിധത്തിലും മെത്രാപ്പോലീത്തായെ വശംവദനാക്കുവാൻ പാത്രിയർക്കീസ് ബാവാ പരിശ്രമിക്കുകയുണ്ടായി. അവയൊക്കെ ഫലശൂന്യമെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ, "എന്നാൽ ഇതിന്റെ ദോഷഫലം നിങ്ങൾ അനുഭവിക്കും. ഊർശ്ലേം ഈവാനിയോസിന്റെ കഥ നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ" എന്നീ പദങ്ങൾ അവിടുത്തെ തിരുവായിൽ നിന്ന് പുറപ്പെട്ട് സമുദായമെങ്ങും മുഴങ്ങി.

ഉടമ്പടി വേണം

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കുവാനുണ്ടായ യഥാർത്ഥ കാരണം, അദ്ദേഹം ലൗകികാധികാരം പാത്രിയർക്കീസിനുള്ളതാണെന്ന് സമ്മതിച്ചുകൊണ്ട് ഉടമ്പടി കൊടുക്കാഞ്ഞതാണെന്നുള്ളത് നമുക്ക് അന്നും ഇന്നും ബോധ്യമായിട്ടുള്ളതത്രേ. മറ്റൊന്നും അദ്ദേഹം ചെയ്യുകയുണ്ടായില്ല.

ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാഞ്ഞ ഏക കാരണത്താൽ മാത്രം മെത്രാപ്പോലീത്താ പാത്രിയർക്കീസ് ബാവായുടെ അപ്രിയത്തിനും കോപത്തിനും വശംവദനായിത്തീർന്നുപോയി. എവിടെയെല്ലാം വച്ച്, ഏതെല്ലാംവിധത്തിൽ പ്രസ്തുത ഉടമ്പടിയെക്കുറിച്ച് വാഗ്വാദങ്ങൾ നടന്നിട്ടുണ്ടെന്ന് നാം അറിഞ്ഞിട്ടുള്ളതാണ്. പുതുപ്പള്ളിയിൽ വച്ച് ഒരിക്കൽ മെത്രാപ്പോലീത്തായുടെ മുഖത്തുനോക്കി ആട്ടിയതിനു തുല്യം പരുഷമേറിയ വാക്കുകൾ ബാവായുടെ വായിൽ നിന്ന് നിർഗ്ഗമിക്കപ്പെടുകയുണ്ടായില്ലയോ? ദുസ്സഹമായ മനോവ്യഥയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് അപ്പോൾ അവിടെ നിന്ന് ഓടിപ്പോകേണ്ടതായിത്തന്നെ വന്നില്ലയോ? അനന്തരം പഴയസെമിനാരിയിൽ വച്ച് മറ്റൊരിക്കൽ (1086 ഇടവം 15) മട്ടയ്ക്കൽ മൽപാനച്ചൻ കേട്ടുകൊണ്ടിരിക്കവെ, “മറ്റു മെത്രാന്മാർ ചെയ്തതുപോലെ നിങ്ങളും ചെയ്തില്ലെങ്കിൽ” എന്നിങ്ങനെ ആ വന്ദ്യപിതാവിൽ നിന്ന് പുറപ്പെട്ട തീക്ഷ്ണാട്ടഹാസങ്ങൾക്ക് ആ സെമിനാരിയുടെ നിർജ്ജീവങ്ങളായ ചുവരുകളും ജനൽ വാതിലുകളും സാക്ഷികളല്ലയോ?

പാത്രിയർക്കീസുബാവായുടെ അഭീഷ്ടപ്രകാരം മെത്രാപ്പോലീത്താ വഴിപ്പെടാൻ ഇടയില്ലെന്ന് പ്രത്യക്ഷപ്പെട്ടപ്പോൾ, പാത്രിയർക്കീസും ട്രസ്റ്റികളും കൂടിച്ചേർന്ന് സമുദായസ്വത്തുക്കൾ കരസ്ഥമാക്കുവാനുള്ള ശ്രമം തുടങ്ങിപ്പോയി. ഒന്നാമതായി പഴയസെമിനാരി തന്നെ കൈവശമാകട്ടെ എന്ന് അവർ നിശ്ചയിച്ചു. പ്രത്യേകം അയയ്ക്കപ്പെട്ട എഴുത്തുകുത്തുകളുടെ ഫലമായി 1086 ഇടവം 20-ാം തീയതിയോടു കൂടി അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ, ഒസ്താത്യോസ് മെത്രാപ്പോലീത്താ, കൂറിലോസ് മെത്രാപ്പോലീത്താ, അത്താനാസ്യോസ് മെത്രാപ്പോലീത്താ, യൂയാക്കിം റമ്പാൻ, ഔഗേൻ റമ്പാൻ, ശീമക്കാരായ രണ്ട് റമ്പാന്മാർ, കോനാട്ടു മൽപാനച്ചൻ എന്നിവർ പഴയസെമിനാരിയിലെത്തി പ്രത്യേകം പ്രത്യേകം മുറികളിൽ ആവാസമുറപ്പിച്ചു. സെമിനാരിയുടെ കിഴക്കേ കെട്ടിൽ മൂന്നാമത്തെ നിലയും, പടിഞ്ഞാറെ കെട്ടിൽ രണ്ടാമത്തെ നിലയിലെ വടക്കേ മുറിയും ‘കമ്മിറ്റി’ മാളികയും പാത്രിയർക്കീസുബാവായുടെ ആധിപത്യത്തിലായി. ഇങ്ങനെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മട്ടയ്ക്കൽ മൽപാനച്ചനും ശെമ്മാശ്ശന്മാരും താമസിച്ചുവന്ന ചുരുക്കം ചില മുറികളൊഴിച്ച് രണ്ടും മൂന്നും നിലകളിലുള്ള സർവ്വ മുറികളുടെയും താക്കോലുകൾ മറുപക്ഷത്തായിക്കഴിഞ്ഞു. ഇവയ്ക്കും പുറമേ പ്രസ്തുതയാണ്ട് ഇടവമാസം ഒന്നാം തീയതി പ്രസ്സുമുറിയുടെ താക്കോലും ട്രസ്റ്റിമാരിലൊരാൾ കൈക്കലാക്കി. ഇതിനെ തുടർന്ന് പ്രസിദ്ധമായ സെമിനാരി സമരിക്കേസും ആരംഭിച്ചു. ഇതിൽ വിജയം ലഭിക്കുന്നതിനു മലങ്കര മെത്രാപ്പോലീത്തായെ മുടക്കാതെ യാതൊരു നിർവ്വാഹവുമില്ലെന്ന് പാത്രിയർക്കീസുബാവായും അദ്ദേഹത്തിന്റെ പക്ഷക്കാരും ആലോചിച്ചുറപ്പിച്ചു. ഇതിനാലാണ് മുടക്കുണ്ടായതും അങ്ങനെയാണ് 1086 ഇടവം 28 ശനിയാഴ്ച

പ്രസ്തുത കൽപന അടുത്ത മുറിയിൽ താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്തായ്ക്ക് അടിയന്തിരത്തിൽ അഞ്ചൽമാർഗ്ഗം ലഭിക്കാൻ ഇടയായതും. മുടക്കിനു മുമ്പ് അനുവർത്തിക്കേണ്ടുന്ന യാതൊരു കാനോനിക നടപടിയും ഗൗനിക്കപ്പെട്ടില്ല. മേൽപ്പട്ടക്കാരുടെ സുന്നഹദോസിൽ വച്ച് മെത്രാപ്പോലീത്തായുടെ സമാധാനങ്ങൾ ആവശ്യപ്പെടുകയും ഉണ്ടായില്ല!

അദ്ദേഹത്തിന്റെ ദുരിതം

പ്രസ്തുത സമരിക്കേസ് നടന്നുകൊണ്ടിരുന്നപ്പോഴത്തെ വാസ്തവകഥകൾ പരസ്യപ്പെടുത്തുകയെന്നത് അത്യന്തം ലജ്ജാകരമായിട്ടുള്ളതത്രേ. ചരിത്രപ്രസിദ്ധവും സമുദായാഭിമാനസ്തംഭമെന്ന നിലയിൽ ലാലസിക്കപ്പെടുന്നതുമായ പഴയസെമിനാരി ചട്ടമ്പികളുടെ ആഗമനത്തോടുകൂടി എന്തൊരു പ്രാകൃതവേഷത്തെ കൈക്കൊണ്ടുവെന്നു വിവരിക്കുക നമ്മാൽ ശക്യമായിട്ടുള്ളതല്ല. അക്കാലത്ത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവനെ ലക്ഷ്യംവെച്ച് പലതരം വിക്രിയകൾ നടത്തപ്പെട്ട അനേകം രാത്രികൾ കഴിഞ്ഞുപോയിട്ടുണ്ട്. സെമിനാരിക്കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള വടക്കുവശത്തെ മുറിയിൽ തിരുമേനി നിർബാധം ഉറങ്ങിക്കൊണ്ടിരിക്കവേ, പ്രസ്തുത മുറിയുടെ പുറത്ത് മുളങ്കോവണി വെച്ച് ജനൽവഴി അകത്ത് പ്രവേശിപ്പാൻ പലപ്പോഴും, ചട്ടമ്പികൾ ശ്രമിക്കുകയുണ്ടായിട്ടുണ്ടെന്നും തദവസരങ്ങളിൽ ഗോവണി തെറ്റിപ്പോകയോ അതല്ലെങ്കിൽ കയറിയ ആൾക്ക് തലചുറ്റൽ ഉണ്ടാവുകയോ ചെയ്കയാൽ മാത്രം ഉദ്ദേശ്യം നിവർത്തിക്കപ്പെടാത്തതാണെന്നും കേൾക്കുമ്പോൾ വായനക്കാർക്ക് ഹൃദയസ്പന്ദനം കൂടുതലായി തോന്നുന്നില്ലയോ? മെത്രാപ്പോലീത്താ ഇവയെപ്പറ്റി ഇപ്പോഴും വളരെയൊന്നും അറിഞ്ഞു കാണുകയില്ലായിരിക്കണം. മറ്റുള്ളവർ അവിടുത്തെ ജീവരക്ഷയെക്കരുതി ചെയ്തു വന്ന മുൻകരുതലുകളെപ്പറ്റിയും അങ്ങനെ തന്നെ. ഇക്കാര്യങ്ങളെക്കുറിച്ച് അദ്ദേഹത്തോട് ആർ ഉണർത്തിക്കുവാനാണ്? അവിടുന്ന് കട്ടിലിൽ കയറിക്കിടന്നാലുടൻ നിശ്ശബ്ദമായി പ്രസ്തുത മുറിയുടെ പുറത്തുള്ള വരാന്തയിൽ എന്നും കിടക്കത്തക്കവണ്ണം നാം ചിലരെ ഏർപ്പെടുത്തിയിരുന്നതൊന്നും അവിടുന്ന് കേട്ടിട്ടേ ഉണ്ടായിരിക്കയില്ല.

"ഉ-ൗ-ൗ"

രാത്രിയെ പകലാക്കിക്കഴിച്ചുകൂട്ടിപ്പോന്ന ആ നാളുകളിൽ മെത്രാപ്പോലീത്തായുടെ പാർശ്വവർത്തികൾ സെമിനാരി വരാന്തയുടെ ഒരു ഭാഗത്തും, ട്രസ്റ്റി പക്ഷക്കാർ മറ്റു വരാന്തകളിലുമായിരുന്നു ഉറങ്ങുമാറുണ്ടായിരുന്നത്. ഏതോ ദിവസം രാത്രിയിൽ (തീയതി നാമിപ്പോൾ ഓർമ്മിക്കുന്നില്ല) നേരം പാതിരാത്രി കഴിഞ്ഞിരിക്കണം, മുകളിൽ നിന്ന് അതാ 'ഊ-ഊ-ൗ-ൗ-ൗ' എന്ന് ഉച്ചത്തിലൊരു നിലവിളി കേൾക്കപ്പെടുന്നു! തേൾ കടിയേറ്റിട്ടെന്നവണ്ണം. എല്ലാവരും പിടഞ്ഞെണീറ്റുകൊണ്ട് ആലിലപോലെ വിറയലായി. ചട്ടമ്പികളുടെയും

ആഭാസന്മാരുടെയും വിഹാരരംഗമായിത്തീർന്നിട്ടുള്ള ഒരു സ്ഥലത്തുനിന്ന് അർദ്ധരാത്രിയിൽ കേൾക്കപ്പെടുന്ന നിലവിളിക്ക് അർത്ഥമില്ലയോ. 'ആരോ ഒരാളുടെ കഥ കഴിഞ്ഞു!' എന്ന് ഏവരും തീർച്ചപ്പെടുത്തി. ആൾ ആരായിരിക്കാം? കണ്ണിൽ കുത്തിയാൽപോലും കാണാൻ വയ്യാത്ത കൂരിരുട്ട്. എവിടെയും നിശ്ശബ്ദം. എങ്ങനെ പോകുന്നു, എങ്ങോട്ടു പോകുന്നു "ഉ-ഊ-ഊ-കൊത്തേല്ലീ" (എന്നെ കൊല്ലുന്നേ) എന്ന ശബ്ദം അപ്പോഴും പ്രതിധ്വനിച്ചു കൊണ്ടിരിക്കുകയാണ്. നിശ്ചയമായും സംഭവം മുകളിൽത്തന്നെയെന്ന് ഏവരും തീർച്ചപ്പെടുത്തി. ശീമക്കാരിൽ ആരുടെയോ കഥ കഴിഞ്ഞിരിക്കണം. എന്നിട്ടും ഗോവണിമേൽ കാൽവെപ്പാൻ ആർക്കും ധൈര്യമില്ല. ആ ഒരു പരിശ്രമവും ഭയവും സ്വൽപനേരമേ നിലനിന്നുള്ളു. 'ചട-പട'യെന്നു കുറെപ്പേർ കയറി, മുകളിലേക്ക്. ഒപ്പം നാമും എത്തി. നിലവിളി രണ്ടാമത്തെ വരാന്തയിൽ നിന്നു തന്നെ. ഓടി എല്ലാവരും അങ്ങോട്ട്. കൃത്യസ്ഥലത്തു ചെന്നപ്പോൾ - എന്തു പറയാവൂ - അത്ഭുതം അത്യത്ഭുതം! സി. ജെ. കുര്യന്റെ രണ്ടാമത്തെ മകൻ (ഉതുപ്പാൻ) ശീമക്കാരനായ ഹന്നാ റമ്പാനെ ഇരുകൈകൾ കൊണ്ടും ഞെക്കിപ്പിടിച്ചു. ഊ-ഊ-ഊ-ഊ ശബ്ദംകൊണ്ടും മറ്റും ആൾ അറിഞ്ഞതോടുകൂടി ഉതുപ്പാൻ പിടിവിട്ടു. ഇരുവരും സലജ്ജം മുഖം താഴ്ത്തി. കണ്ടവരൊക്കെ ചിരിയും തുടങ്ങി.

സ്വകാര്യമായി എന്തോ ചില റിക്കാർഡുകളും സാമാനങ്ങളും സെമിനാരി മാനേജരായ മട്ടയ്ക്കൽ മല്പാനച്ചൻ അർദ്ധരാത്രിയിൽ ഇല്ലം കടത്താറുണ്ടെന്നു ശത്രുപക്ഷക്കാർ സംശയിച്ചിരുന്നു. മൂത്രമൊഴിക്കാനോ മറ്റോ പുറത്തേക്ക് കടന്ന ഹന്നാ റമ്പാനെ മല്പാനച്ചനാണെന്നു കരുതി ഉതുപ്പാൻ പിടിയുമിട്ടു.

മോഷണം പോയ പെട്ടി കിട്ടി

1086 മിഥുനം 4-ാം തീയതി ഞായറാഴ്ചയാണ്. നേരം വെളുത്ത് പ്രഭാത പ്രാർത്ഥനയും കഴിഞ്ഞ് നാം പഴയസെമിനാരിയിലേക്ക് യാത്രയൊരുങ്ങി. കുറെ പണം കൈയിലിരിക്കട്ടെയെന്നു കരുതി കൈപ്പെട്ടി എടുക്കാൻ പറഞ്ഞു. വെച്ചിരുന്ന സ്ഥലത്ത് പെട്ടി കാണുന്നില്ല. മുറിയെല്ലാം പരിശോധിച്ചു. എന്നിട്ടും തൈവ! മാനേജരും ശെമ്മാശന്മാരും എല്ലാവരും വന്നു. അന്ന് കെ. വി. ചാക്കോ അടുത്തൊരു വീട്ടിൽ താമസിക്കുന്നുണ്ടായിരുന്നു. ആളെ വിട്ട് അദ്ദേഹത്തെ വരുത്തി. ആരെല്ലാം വന്നിട്ടും ഫലം നാസ്തി. പെട്ടിയിൽ കുറെ രൂപയുണ്ട്. അതിനു പുറമേ ഗൗരവതരങ്ങളായ പല രേഖകളും! കാര്യം ചുറ്റിയല്ലോ എന്നു നാം അന്ധാളിച്ചു. അപ്പോൾ എത്തുന്നു, സ്കൂളിലെ തോട്ടക്കാരൻ. ഇവൻ അവിടെ സെമിനാരി വളപ്പിൽ താമസക്കാരനാണ്.

"എടാ, മുറിയിലിരുന്ന കൈപ്പെട്ടി കാണാനില്ല. ആരോ തട്ടിയതായിരിക്കണം, അന്വേഷിക്കണം, കേട്ടോ!"

"ഇന്നു പുലർച്ചനേരത്ത് കുശിനിപ്പുരയുടെ പിറകിൽ നിന്നുകൊണ്ട് ഒന്നു രണ്ട് ശെമ്മാശ്ശന്മാർ മന്ത്രിക്കുന്നതായി അടിയൻ കണ്ടു. അടുത്ത് ചെന്നപ്പോൾ അവർ ഒരോട്ടം. ഇവിടെ താമസിക്കുന്നവരല്ല അവർ എന്ന് അടിയനു തോന്നി."

"എന്നാൽ കുശിനിയുടെ പിറകിലുള്ള കുഴിയിലൊന്നു നോക്കണമല്ലോ" എന്ന് പറഞ്ഞ് ചിലർ അങ്ങോട്ടു പോയി. അവിടെ കുറെ സ്ഥലത്ത് മണ്ണിളകിയതായി കാണപ്പെട്ടു. മാന്തി നോക്കി, പെട്ടിയവിടെ ഇരിക്കുന്നു! യാതൊരു ഹാനിയും പെട്ടിക്കുണ്ടായിരുന്നില്ല. അന്നുമുതൽ എല്ലാ ദിവസവും ഉറങ്ങാൻ നേരത്ത് ആ പെട്ടിയെടുത്തു നാം മറ്റൊരിടത്ത് നിക്ഷേപിച്ചു വന്നു. സാധാരണയായി ആ പെട്ടി വെക്കാനുള്ള സ്ഥലത്തിനു സമീപം അതുപോലെ വേറൊരു പെട്ടി വെക്കുകയും പതിവായി.

ശെമ്മാശ്ശന്മാരുടെ വേഷമണിഞ്ഞ് നാം ഉറങ്ങിക്കിടന്നപ്പോൾ തുറന്നു കിടന്നിരുന്ന ജനൽവഴിയോ മറ്റോ അകത്തു കടന്ന ചട്ടമ്പികൾ ആയിരുന്നു പെട്ടി എടുത്തതെന്ന് പിന്നൊരിക്കൽ നാം കേട്ടു.

പെട്ടി മോഷ്ടിച്ചതെന്തിന്?

പാത്രിയർക്കീസ് ബാവാ, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിക്കളഞ്ഞു. ഒരു ശനിയാഴ്ച ദിവസത്തിലായിരുന്നു അതു സംബന്ധിച്ച് കല്പന അഞ്ചൽ വഴി അയച്ചത്. കൈപ്പറ്റിയ ക്ഷണത്തിൽത്തന്നെ വിവരം നമ്മെ അറിയിച്ചു. പിറ്റേദിവസം 1086 ഇടവം 29-ന് (ഞായറാഴ്ച) മുടക്കു കല്പന സെമിനാരി ചാപ്പലിൽ വെച്ച് വായിക്കപ്പെടുന്നതാണെന്ന് കേൾവി പൊങ്ങി. അതിനാൽ പ്രസ്തുത ദിവസം അതികാലത്ത് നാം എം.ഡി. യിൽ നിന്ന് പഴയസെമിനാരിയിലേക്കായി ഇറങ്ങി. സെമിനാരിയിൽ എത്തിയപ്പോൾ വിശുദ്ധ കുർബ്ബാനയാരംഭിച്ചിരുന്നു. ഔഗേൻ റമ്പാനാണ് കുർബ്ബാന ചൊല്ലിയിരുന്നത്. ചാപ്പൽ നിറയെ ജനങ്ങൾ കൂടിയിട്ടുണ്ട്. നാമും നമ്മോടുകൂടി വന്നവരും ചാപ്പലിൽ പ്രവേശിച്ചു. അനന്തരം നാം മദ്ബഹായിൽ കയറിയിട്ട് തെക്കുവശത്തായി നിന്നിരുന്ന കൂറിലോസ് മെത്രാപ്പോലീത്തായുടെ പുറകിൽ നിലയായി. വടക്കുവശത്തു പാത്രിയർക്കീസ് ബാവായുടെ പിറകിലായിരുന്നു കോനാട്ടു മൽപാനച്ചൻ നിന്നിരുന്നത്. മദ്ബഹായിലും ആളുകൾ കുറവില്ലായിരുന്നു. 'ബസ്മല്ക്കാ'യുടെ നേരമായി, ക്രമാനുസരണം അതും ചൊല്ലിക്കഴിഞ്ഞു. മുടക്കുകല്പന വായിപ്പാനുള്ള ശ്രമമൊന്നും കാണപ്പെട്ടില്ല. അതിന്റെ കാരണം മറ്റൊന്നായിരുന്നുവെന്നു നമുക്ക് മനസ്സിലായി.

മെത്രാപ്പോലീത്തായുടെ അനുകൂലികളായി ചാപ്പലിൽ കൂടിയ ജനങ്ങളുടെ എണ്ണവും വണ്ണവും മറ്റും സെമിനാരിയുടെ രണ്ടാം നിലയിലിരുന്നു നോക്കിക്കണ്ട സി. ജെ. കുര്യൻ തെല്ലൊന്നു പരിഭ്രമിച്ചു. അതിനാൽ ഇന്നു 'മുടക്കു കല്പന വായിക്കേണ്ട' എന്നെഴുതിയ ഒരു കുറിപ്പ് അദ്ദേഹം കുർബാനമദ്ധ്യേ മദ്ബഹായിൽ നിന്നിരുന്ന കോനാട്ട് മൽപ്പാനച്ചന് എത്തിച്ചു.

മൽപ്പാനച്ചൻ പാത്രിയർക്കീസ് ബാവായുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നതായി നാമും കണ്ടതാണ്. മൽപ്പാനച്ചൻ പ്രസ്തുത കുറിപ്പ് വായിച്ചു കഴിഞ്ഞ ഉടൻ വലിച്ചുകീറി മദ്ബഹായിൽ താഴെ ഇട്ടു. അനുക്ഷണം ശെമ്മാശ്ശന്മാരിൽ ഒരാൾ അതെടുത്തു പള്ളിയിൽ നിന്ന് പുറത്തുവന്നപ്പോൾ നമ്മെ ഏൽപ്പിച്ചു. ഇക്കാര്യം അപ്പോൾത്തന്നെ പലർക്കും അറിയാൻ സംഗതിയായി.

പഴയസെമിനാരി വക പല റിക്കാർഡുകളും നാം കൊണ്ടുപോയി എം.ഡി. സെമിനാരിയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് എതിർപക്ഷക്കാരുടെ ഇടയിൽ സംസാരമുണ്ടായിരുന്നു. അക്കൂട്ടത്തിൽ വട്ടിപ്പണത്തിന്റെ ആധാരവും ഉൾപ്പെട്ടിട്ടുണ്ടെന്നായിരുന്നു വർത്തമാനം.

പ്രസ്തുത കുറിപ്പും റിക്കാർഡുകളും ആധാരവും എങ്ങനെയും നമ്മിൽ നിന്ന് കടത്തിക്കൊണ്ടുപോകണമെന്ന് എതിർപക്ഷക്കാർ രഹസ്യമായി ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്തുവന്നിരുന്നു. അക്കാലത്ത് എം.ഡി. സെമിനാരിയിൽ നമ്മുടെ ശിഷ്യനായി താമസിച്ചിരുന്ന ഒരു ശെമ്മാശ്ശൻ ഇക്കാര്യത്തിൽ അവരുടെ ഒറ്റുകാരനായിരുന്നതായും നാം കേട്ടിട്ടുണ്ട്. ശെമ്മാശ്ശന്മാരുടെ വേഷത്തിൽ വന്ന ചട്ടമ്പികൾ പെട്ടി തട്ടിയെടുത്തത് എന്തിനായിരുന്നുവെന്ന് ഇപ്പോൾ വിശദമായിരിക്കുമല്ലോ.

ചട്ടമ്പികളുടെ അഹങ്കാരം

പഴയസെമിനാരിയുടെയും അതിന്റെ സ്വത്തിന്റെയും അധികാരികൾ തങ്ങളാണെന്ന് ഉറപ്പിക്കുവാനായിട്ടായിരുന്നുവല്ലോ ട്രസ്റ്റികൾ സമരിക്കേസിനു പുറപ്പെടുകയുണ്ടായത്. അക്കാലത്ത് നടന്ന വേറെ ഒന്നുരണ്ടു സംഭവങ്ങൾ കൂടി ഇവിടെ ചേർക്കേണ്ടതായ ആവശ്യമുണ്ട്.

നമ്മോടു ചട്ടമ്പികൾക്കുണ്ടായിരുന്ന വിരോധത്തിനു ലക്ഷ്യങ്ങളായി പലതും പറയാനുണ്ടായിരിക്കും. ഒരു ദിവസം നാം പതിവുപോലെ പഴയ സെമിനാരിയിലേക്ക് പോകുകയായിരുന്നു. അതിവർഷം നിമിത്തം വെള്ളപ്പൊക്കമുണ്ടായിരുന്നതിനാൽ ചുങ്കക്കടവു മുതൽ സെമിനാരി മുറ്റം വരെ വള്ളത്തിലായിരുന്നു പോകേണ്ടിയിരുന്നത്. നാമും നമ്മോടൊന്നിച്ചുണ്ടായിരുന്ന കെ. വി. ചാക്കോയും നമ്മുടെ അനുജനും (മത്തായി പണിക്കർ) വർക്കിപ്പിള്ളയും കൂടി ചുങ്കക്കടവിൽ നിന്ന് വള്ളം കയറി. ഞങ്ങൾ സെമിനാരി ഗേറ്റിങ്കലടുത്തപ്പോൾ എതിരെ വരുന്നു നാലഞ്ചു ചട്ടമ്പികൾ. നമ്മെ കാണുക ചതുർത്ഥിയായി കരുതിയിരുന്ന അവർ ശകാരിക്കുകയും അസഭ്യവാക്കുകൾ പറയുകയും ചെയ്തു. അതൊന്നും പോരാഞ്ഞിട്ട് അവരിൽ ഒരുത്തൻ അടുത്തുവന്ന് നമ്മുടെ ദേഹത്തിൽ വെള്ളം തട്ടി ഒഴിച്ചു. കുപ്പായവും തൊപ്പിയും എല്ലാം നനഞ്ഞു. കൂടെയുള്ളവർക്ക് ഇത് സഹ്യമായില്ല. ‘എന്തടാ!’ എന്ന ഭാവത്തിൽ ശുണ്ഠിപിടിച്ചുകൊണ്ട് അനുജൻ വള്ളത്തിൽനിന്ന് പുറത്തു ചാടാൻ ഒരുങ്ങുകയായിരുന്നു. അവന്റെ നിറവും കോലവും എല്ലാം

മാറീട്ടുണ്ട്. കോപം വരുമ്പോൾ ഭവിഷ്യൽഫലത്തെപ്പറ്റി സാധാരണന്മാർ ഓർമ്മിക്കാറില്ലല്ലോ. ചട്ടമ്പികളുടെ മുമ്പിൽ മത്തായിപ്പണിക്കർ വെറും ഒരു കൊതുകു മാത്രം. അവൻ വള്ളത്തിൽ നിന്നു ചാടിയാൽ പിന്നത്തെ കഥ യെപ്പറ്റി വിചാരിക്കുകയേ വയ്യ. ഇവയെല്ലാം മനസ്സിൽ കണ്ടുകൊണ്ട് നാം പെട്ടെന്ന് പൊട്ടിച്ചിരിച്ചു. അനുജന്റെ കോപവും നിന്നു; ചാട്ടവും നിലച്ചു. ഞങ്ങൾ നേരെ സെമിനാരിയിൽ പ്രവേശിക്കുകയും ചെയ്തു.

ജീവൻ തുലാസിൽ

മറ്റൊരു ദിവസം രാത്രിയിൽ നാം എം.ഡി. സെമിനാരി വക ബംഗ്ലാവിലെ വടക്കേ അറ്റത്തുള്ള വലിയ മുറിയിൽ സുഖമായി കിടന്നുറങ്ങുകയായിരുന്നു. മുമ്പൊരു തവണ പെട്ടി മോഷണം പോയതിൽ പിന്നെ ആരെങ്കിലും ഒരാളെ മുറിയിൽ കിടത്തുക പതിവായിത്തീർന്നു. അന്ന് മുറിയിൽ കിടന്നിരുന്നത് ഇപ്പോൾ കത്തനാരായി ബഥനിയിൽ താമസിക്കുന്ന ചേപ്പാട്ട് പീലിപ്പോസ് ശെമ്മാശനായിരുന്നു. സ്കൂളിലുള്ള സർവ്വരും നിദ്രയിലാണ്ടു കഴിഞ്ഞു. ഇല യനക്കംപോലും കേൾക്കപ്പെടുന്നില്ല. പരിപൂർണ്ണമായ നിശ്ശബ്ദത. അടച്ചി രുന്ന ഒരു ജനലിന്റെ കൊളുത്ത്, കമ്പി കടത്തി തുറന്ന് നാലഞ്ചു ഘാതക ന്മാർ അകത്ത് പ്രവേശിച്ചു. എല്ലാവരും സുഖമായി കിടന്നിരുന്ന നമ്മെ ആപാദ ചൂഡം ഒന്നു നോക്കി. ഒരാളുടെ പക്കൽ ഒന്നാന്തരം ഒരു വെട്ടുകത്തിയുണ്ട്. വേറൊരുത്തന്റെ കൈയിൽ ഒരു ചാക്കുമുണ്ട്. നാം ഇതൊന്നും അറിയുന്നു മില്ല. കാണുന്നുമില്ല. നമ്മുടെ പ്രാണൻ അപ്പോൾ തുലാസിൽ കിടന്നാടുക യാണ്. ഒരു വെട്ടിനു കഴുത്തും ഉടലും വേറെയാക്കുവാൻ അവർക്കു കിട്ടിയ ഒന്നാന്തരം അവസരം. സമീപത്തായി കിടന്നിരുന്ന ശെമ്മാശ്ശൻ ഉണരുന്ന പക്ഷം, അയാൾ എന്നന്നേക്കും ഉണരാതിരിപ്പാനായി എന്താണ് കൊടുക്കേ ണ്ടതെന്ന് അവരെ ആരും പഠിപ്പിക്കണമെന്നില്ലല്ലോ. വെട്ടുകത്തി പിടിച്ചിരുന്ന ആൾ കുറെക്കൂടി നമ്മുടെ കട്ടിലിനോടടുത്തു. പ്രജ്ഞ വിട്ട് ഉറങ്ങിയിരുന്ന നമ്മുടെ കിടപ്പു കണ്ടിട്ട് ഒട്ടും അടക്കം വരാതെ അയാൾ "എന്താ കാച്ചുക യല്ലേ?" എന്ന ഭാവത്തിൽ ചങ്ങാതികളെ വീക്ഷിച്ച് കൈപൊക്കി. അനു കൂലവും പ്രതികൂലവും പറയാതെ മറ്റുള്ളവർ നിൽക്കുകയേ വേണ്ടിയിരു ന്നുള്ളു. നിശ്ചയമായും അപ്പോൾ നമ്മുടെ മരണമാണ്! നശ്വരമായ സകല ത്തിനോടുമുള്ള നമ്മുടെ ബന്ധം ആ മുഹൂർത്തത്തിൽ അവസാനിക്കുമായി രുന്നു. കത്തി ഉയർത്തിപ്പിടിച്ചിരുന്നവനെ കൂട്ടുകാരൻ വിലക്കി. ഉണരുന്ന പക്ഷം ആകാമെന്ന് അവർ അന്യോന്യം തീർച്ചപ്പെടുത്തി. രണ്ടുപേർ നാം ഉണരുന്നുണ്ടോ എന്നു നോക്കിക്കൊണ്ട് സമീപെ നിന്നു. മറ്റുള്ളവർ പെട്ടി കൾ, പുസ്തകങ്ങൾ മുതലായവ കൊണ്ടുപോയി കടത്തുകയുമായി (ഇതു വരെയുള്ള ഭാഗം ശത്രുപക്ഷത്തിൽ നിന്നു തന്നേ നാം കേട്ടിട്ടുള്ളതാണ്). എങ്ങനെയോ ശെമ്മാശൻ ഉണർന്നുനോക്കിയപ്പോൾ രണ്ടുപേർ കട്ടിലിനോടു ചേർന്നു നിൽക്കുന്നതും വേറെ ചിലർ മുറിയിലുണ്ടായിരുന്ന സാമാനങ്ങൾ

പുറത്തേക്കെടുത്തു കൊടുത്തിരുന്നതും കണ്ടു. അയാളുടെ തുറന്ന കണ്ണ് അക്ഷണത്തിൽ അടഞ്ഞുപോകയാണ് ചെയ്തത്. നമ്മുടെ കഥ കഴിഞ്ഞിരിക്കണമെന്ന് അയാൾ തീർച്ചപ്പെടുത്തി. അർദ്ധരാത്രി നേരത്ത് ഇങ്ങനെയൊരു കാഴ്ച കണ്ടാൽ പെട്ടെന്ന് മോഹാലസ്യം ഉണ്ടാകുന്നതിൽ അതിശയിപ്പാനില്ലല്ലോ. ജീവച്ഛവംപോലെ നിശ്ചലനായി അയാൾ അതേ കിടപ്പിൽ കിടന്നു. ഭാഗ്യത്തിന് – എന്നുതന്നെ പറയട്ടെ – അയാൾ എണീറ്റുമില്ല; നിലവിളിച്ചുമില്ല. നിലവിളിക്കാൻ ശ്രമിച്ചിട്ട് ശബ്ദം പുറത്തേക്കുയർന്നില്ല. മരണഭീതി അയാളെ അപ്പോൾ മോഹാന്ധനാക്കി തീർക്കുകതന്നെ ചെയ്തു. "അയ്യോ" എന്ന് അയാൾ ശബ്ദിക്കുകയേ വേണ്ടിയിരുന്നുള്ളു. അയാളും നാമും ഒപ്പം ഇഹലോകവാസം വെടിയുമായിരുന്നു. ദൈവത്തിന്റെ അപാരമായ കൃപ ഒന്നല്ലാതെ മറ്റൊന്നുമല്ല, നമ്മെ അപ്പോൾ വെട്ടുകത്തിയുടെ വായിൽ നിന്ന് രക്ഷപ്പെടുത്തിയത്. ഘാതകന്മാർ എല്ലാവരും മുറിയിൽ നിന്ന് കടന്നുകളഞ്ഞു എന്ന് ബോദ്ധ്യമായപ്പോൾ അതുവരെ ചീമ്പക്കണ്ണിട്ടു നോക്കിയിരുന്ന ശെമ്മാശ്ശൻ, ചാടിയെണീറ്റ് നമ്മെ വിളിച്ചുണർത്തി. നടന്നുകഴിഞ്ഞ സംഭവങ്ങൾ അയാൾ വിക്കി വിക്കി പറയാൻ തുടങ്ങി. സ്കൂൾ ബോർഡിങ്ങിന്റെ ഗൃഹവിചാരകനെ ഉദ്ദേശിച്ച് 'മാനേജർ' എന്നു വിളിച്ചു നാം അടുത്ത മുറിയുടെ വാതിൽ തുറക്കാൻ ശ്രമിക്കുകയാണ് ഉടൻ ചെയ്തത്. പുറത്തേക്കു കടക്കുവാനുള്ള വാതിലുകളൊന്നും തുറന്നിട്ടു കിട്ടുന്നുമില്ല. അയാൾ ജനൽവഴി പുറത്തേക്ക് ചാടി ഒരു വലിയ പെട്ടിയുമായി ഓടിയിരുന്നവനെ കണ്ടു. "പിടിയെടാ!" എന്നു നിലവിളിച്ചു കൊണ്ടൊരോട്ടം. ഏതാനും വാര ഓടിയപ്പോഴേയ്ക്കും ഘാതകന്മാർ സുറിയാനി പുസ്തകങ്ങളിരുന്ന പെട്ടി നിലത്തിട്ടും വച്ച് അതിശീഘ്രം കടന്നുകളഞ്ഞു. അപ്പോൾ അവരുടെ കൈവശം ഒരു കൈപ്പെട്ടിയുണ്ടായിരുന്നു. അതുംകൊണ്ട് അവർ എം.ഡി. സെമിനാരിയുടെ വടക്കുവശത്തായി കീഴെയുള്ള റോഡു വഴി നാഗമ്പടം പാലം കടന്ന് ഓടി. പിറകെ 'കള്ളൻ!' 'കള്ളൻ!' എന്നു നിലവിളിച്ചുകൊണ്ട് മാനേജരും. അറത്തൂട്ടിപാലത്തിനടുത്തായപ്പോൾ ഘാതകന്മാരിൽ ഒരാളെ മാനേജർക്കു പിടികിട്ടി. കള്ളനെ പിടിച്ചാൽ ഉടൻ ചെയ്യേണ്ടുന്ന സർവ്വസാധാരണമായ പ്രയോഗത്തെപ്പറ്റിയൊന്നും അന്ന് മാനേജർക്ക് അറിയാൻ പാടില്ലായിരുന്നു. അതിനാൽ കള്ളനോടൊപ്പം മാനേജർ വിറച്ചുതുടങ്ങി. നിന്നുകൊണ്ടു വിറയ്ക്കാനല്ലാതെ മറ്റൊന്നിനും മാനേജർ പ്രാപ്തനല്ലെന്ന് അറിഞ്ഞ് കള്ളൻ അയാളെ എടുത്തുംകൊണ്ടൊരേറും കഴിച്ച് കുരിശുപള്ളിയുടെ സമീപത്തേക്കായി ഒരു പാച്ചിൽ. എവിടേക്ക് പോയോ, ഏതു വീട്ടിൽ കയറിയോ – ആർക്കും നിശ്ചയമില്ല. മാനേജർ മടങ്ങിവന്നു. മുറികളുടെ പുറത്തേക്കുള്ള വാതിലുകളെല്ലാം ബന്ധിച്ചിട്ടായിരുന്നു ഘാതകന്മാർ അകത്തു കടന്നതെന്ന് പിന്നീടാണ് മനസ്സിലായത്. അന്ന് ശെമ്മാശ്ശനായി എം.ഡി. സെമിനാരിയിൽ താമസിച്ചിരുന്ന വാളക്കുഴിയിൽ ഫാദർ യൗസേഫ് വാതിൽ തുറന്നു തന്നപ്പോൾ മാത്രമേ നമുക്ക് പുറത്തേക്കിറങ്ങാൻ സാധിക്കുകയുണ്ടായുള്ളു.

ഇത്തവണത്തെ മോഷണത്തിലും എതിർപക്ഷക്കാർക്ക് (ചട്ടമ്പികൾക്ക്) കാര്യമായ ഗുണമൊന്നും ലഭിക്കുവാൻ ഇടയായില്ല. പുസ്തകപ്പെട്ടി നമുക്ക് തിരിയെ കിട്ടി. അവർ കൊണ്ടുപോയ പെട്ടി കാര്യമായ പെട്ടി അല്ലായിരുന്നു താനും. അതു വിലപിടിച്ച സാമാനങ്ങളൊന്നും സൂക്ഷിച്ചിട്ടില്ലാത്ത വെറും പെട്ടിയായിരുന്നു എന്നു വായനക്കാർ ഓർമ്മിക്കുമല്ലോ.

നഷ്ടമൊന്നും ഉണ്ടായില്ലെങ്കിലും അന്നത്തെ ആ സംഭവം (നമ്മുടെ ജീവനെ ലക്ഷ്യംവച്ച് ചിലർ ചെയ്ത വിക്രിയകൾ) നമ്മെ ഇന്നും അനുസ്മരിപ്പിക്കുമാറുണ്ട്. എന്തിനായിട്ടോ, കുറെനാൾ ജീവിക്കുവാൻ ദൈവത്തിൽ നിന്ന് അനുവാദം ലഭിച്ച ഒരു രാത്രിയായിരുന്നു അത് എന്ന് നമുക്കറിയാം.

അശ്രുധാര

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ നമ്മെപ്പോലെ അടുത്തറിഞ്ഞിട്ടുള്ളവർ വളരെ ദുർലഭമാണെന്നാണ് നമ്മുടെ വിശ്വാസം. വിശാലമായ അവിടുത്തെ ഹൃദയത്തേയും അനന്യസാധാരണമായ അവിടുത്തെ സഹിഷ്ണുതയേയും നമുക്ക് കുറെയൊക്കെ കാണുന്നതിനു സംഗതിയായിട്ടുണ്ട്. എന്തും സഹിക്കത്തക്ക ഉറപ്പുകൂടിയ നെഞ്ചും ഏതെല്ലാം കണ്ടാലും കേട്ടാലും അടയുകയോ കുലുങ്ങുകയോ ചെയ്യാത്ത കണ്ണും ചെവിയുമത്രേ ദൈവം അദ്ദേഹത്തിനു നൽകിയിട്ടുള്ളത്. ഗംഭീരഹൃദയനായ തിരുമേനിയുടെ അന്തർഭാഗത്തെ മാർദ്ദവവും നാം അറിഞ്ഞിട്ടുള്ളതാണ്.

ഒരു ദിവസം തിരുമനസ്സുകൊണ്ട് ഒരു കൊച്ചുകുട്ടിയെപ്പോലെ പെട്ടെന്ന് കണ്ണീരൊഴുക്കുവാൻ തുടങ്ങി. അത്, തിരുമനസ്സിലെ ഹൃദയാന്തർഭാഗത്തൂടെ പിടിവരെ ഇറങ്ങിപ്പോയ കഠാരിക്കുത്തേറ്റപ്പോഴായിരുന്നുവെന്ന് ആരും അന്യഥാ ഊഹിക്കേണ്ടതില്ല. മുടക്കുകല്പന കൈവശം എത്തിച്ചേർന്ന ഉടൻ, വിവരമറിഞ്ഞ് ഓടിയെത്തിയവരായ നമ്മെയും കെ. സി. മാമ്മൻ മാപ്പിള, കെ. വി. ചാക്കോ, എ. പീലിപ്പോസ് ആദിയായവരേയും പ്രസന്നമുഖനായി അവിടുന്ന് സാന്ത്വനപ്പെടുത്തുകയാണുണ്ടായിട്ടുള്ളത്. പരിഭ്രമത്തിന്റെയോ, ഭീതിയുടെയോ, നിരാശയുടെയോ, ദുഃഖത്തിന്റെയോ യാതൊരു ലാഞ്ഛനയും തിരുമേനിയിൽ അപ്പോൾ ഞങ്ങളാരും കാണുകയുണ്ടായില്ല. അവിടുന്ന് കരഞ്ഞത് അപ്പോഴല്ല, മറ്റൊരിക്കലായിരുന്നു. സാധാരണക്കാർ ആഹ്ലാദഭരിതരായിത്തീരാൻ ഇടയുള്ള ഒരു സന്ദർഭത്തിലായിരുന്നു അതെന്ന ഒരു പ്രത്യേക വിശേഷമാണ് അതിനുള്ളത്.

തന്നെ മുടക്കിക്കളയുമെന്നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് പരിപൂർണ്ണബോധ്യം ഉണ്ടായിരുന്നില്ലെങ്കിലും, നാമും മറ്റു ചിലരും അങ്ങനെയൊക്കെ വരാൻ ഇടയില്ലായ്കയില്ലെന്നു വിശ്വസിച്ചിരുന്നവരായിരുന്നു. പ്രത്യക്ഷത്തിൽ സത്യത്തിനു വിരോധമായി, നീതിയെ അതിലംഘിച്ചും വിശുദ്ധ കാനോനാകളെ അവഗണിച്ചും അങ്ങനെ പ്രവർത്തിക്കുന്നപക്ഷം

സമുദായത്തിന്റെ ഭാവി എങ്ങനെയായിത്തീരും എന്നു നാം ചിന്തിച്ചു വന്നു. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ തിരുമേനിയെപ്പറ്റി നാം അറിഞ്ഞിട്ടുണ്ട്. അബ്ദള്ളാ പാത്രിയർക്കീസ് ബാവാ മലയാളത്തു വന്നുചേർന്നതിൽപ്പിന്നെ ഉണ്ടായ വിശേഷങ്ങളെക്കുറിച്ചും മെത്രാപ്പോലീത്തായോടുണ്ടായ വിരോധത്തിന്റെ കാരണത്തെ സംബന്ധിച്ചും ഒരുപക്ഷേ, മെത്രാപ്പോലീത്താ മുടക്കപ്പെട്ടേക്കുമെന്നതിനെപ്പറ്റിയും അബ്ദേദ് മശിഹാ പാത്രിയർക്കീസിന് എഴുതി അയയ്ക്കുന്നതു പലതുകൊണ്ടും നല്ലതാണെന്ന് നമുക്ക് തോന്നി. അബ്ദള്ളായുടെ ആഗമനാനന്തരം മലങ്കരയുണ്ടായിട്ടുള്ള കുഴപ്പങ്ങളെ വിവരിച്ചും, മുടക്കുണ്ടാകുന്നപക്ഷം അത് അക്രമമായി ചെയ്യപ്പെട്ടതുതന്നെ എന്നു മലങ്കരയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ബോദ്ധ്യപ്പെടാൻ സംഗതിയുള്ളതിനാൽ വലിയ ബഹളങ്ങൾ ഉണ്ടായേക്കാമെന്നും ആ ആപൽസന്ധിയിൽ അവിടുന്ന് മലങ്കരസഭയെ പ്രത്യേകം കടാക്ഷിക്കണമെന്നും, ചിരകാലപ്രാർത്ഥിതമായ തിഗ്രീസ് കാതോലിക്കാ സിംഹാസനം മലങ്കരയിൽ പ്രതിഷ്ഠിക്കണമെന്നാണ് പ്രാർത്ഥനയുള്ളതെന്നും, സൗകര്യമുള്ളപക്ഷം അവിടുന്ന് മലയാളത്തേക്ക് എഴുന്നള്ളിയേ മതിയാകയുള്ളുവെന്നും മറ്റും എഴുതിയ ഒരു ദീർഘമായ കത്ത് അദ്ദേഹത്തിന്റെ പേർക്കയച്ചു. ഇങ്ങനെ അയച്ച കത്തിനെപ്പറ്റി നാം ആരെയും അപ്പോൾ അറിയിച്ചിരുന്നില്ല.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അബ്ദേദ് മശീഹാ ബാവായുടെ മറുപടി കിട്ടി. അതിൽ ആശയ്ക്ക് ധാരാളം മാർഗ്ഗങ്ങൾ ഉള്ളതായും കാണപ്പെട്ടു. തൽക്കാലം തോന്നിയ സന്തോഷംകൊണ്ട് നാം ഈ വിവരങ്ങൾ നമ്മുടെ സ്നേഹിതന്മാരായ പലരേയും അപ്പോൾ ഗ്രഹിപ്പിക്കയുണ്ടായി. അക്കാലത്ത് അബ്ദള്ളാ പാത്രിയർക്കീസ് ബാവായും മലങ്കര മെത്രാപ്പോലീത്തായും പഴയസെമിനാരിയിൽ താമസിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം എങ്ങനെയോ അബ്ദേദ് മശീഹാ പാത്രിയർക്കീസ് ബാവായുമായി നടക്കുന്ന കത്തിടപാടുകളെപ്പറ്റി അബ്ദള്ളാ പാത്രിയർക്കീസ് ബാവാ കേൾക്കുവാൻ ഇടയായി. ഒട്ടും കുലുങ്ങാത്ത അദ്ദേഹം പെട്ടെന്ന് കുലുങ്ങിപ്പോയത് അപ്പോഴായിരുന്നുവെന്നു പറയാം. തൽക്ഷണം മലങ്കര മെത്രാപ്പോലീത്തായെ ആളയച്ചു വിളിപ്പിച്ചു. അദ്ദേഹം വന്നു മുമ്പിൽ നിന്നപ്പോൾ കോപിച്ചും ശകാരിച്ചും അവിടുന്ന് ഇങ്ങനെ കൽപിക്കാൻ തുടങ്ങി.

“അബ്ദേദ് മശീഹായുമായി കത്തിടപാടുകൾ ഉണ്ട്. ഇല്ലേ? അയാളെ മലയാളത്തിലേക്ക് വരുത്തുവാനായിരിക്കും?”

“ഞാനുമായി യാതൊരു എഴുത്തുകുത്തുമില്ല.”

“അയാൾ ഇവിടെ വരികയോ! 10,000 ലീര (ഒരു വക നാണയം) ചെലവഴിച്ചാൽപ്പോലും ഒക്കുന്ന കാര്യമല്ല ഇത് എന്ന് നന്നായി മനസ്സിലാക്കിക്കൊള്ളുക. അയാൾ തടവിലാണ്.”

മുടക്കുണ്ടായ ഉടനെ നാം ആ വിവരം കാണിച്ച് അബ്ദേദ് മശീഹാ പാത്രിയർക്കീസ് ബാവായുടെ പേർക്ക് കമ്പിയടിച്ചു. താമസിയാതെ ആശ്വാസകരമായ മറുപടിക്കല്പന വന്നു. അതിലെ വാചകം ഏകദേശം ഇതായിരുന്നുവെന്ന് തോന്നുന്നുണ്ട്.

'ദീവന്നാസ്യോസും കൂടെയുള്ളവരും അനുഗൃഹീതരാകുന്നു. അബ്ദള്ളായുടെ മുടക്ക് അസാധുവായിട്ടുള്ളതത്രേ.'

കമ്പിയുമായി നാം തൽക്ഷണം പഴയസെമിനാരിയിലെത്തി മെത്രാപ്പോലീത്തായെ വിവരം ഗ്രഹിപ്പിച്ചു. ഇവിടെനിന്ന് അങ്ങോട്ട് കമ്പിയടിച്ചിരുന്ന വിവരമേ അറിഞ്ഞിട്ടില്ലാതിരുന്ന മെത്രാപ്പോലീത്താ നമ്മുടെ പക്കൽ നിന്ന് ആ മറുപടിക്കമ്പി വാങ്ങി വായിച്ചു. അതാ, തിരുമനസ്സിലെ ഗണ്ഡതടങ്ങളിലൂടെ ഇരുകണ്ണുകളിൽ നിന്നും കണ്ണുനീർ അനർഗ്ഗളമായി പ്രവഹിക്കാൻ തുടങ്ങുന്നു!

വടി തട്ടിപ്പറിച്ചു

വേറൊരു ദിവസം (1087 മീനം 17 വെള്ളിയാഴ്ച) നാം ഒരു കുതിരവണ്ടിയിൽ കയറി പഴയസെമിനാരിയിലേക്ക് പോവുകയായിരുന്നു. ഇപ്പോഴത്തെ ചെറിയമഠത്തിൽ മൂപ്പച്ചൻ നമ്മോടുകൂടി വണ്ടിയിൽ ഉണ്ട്. ഇദ്ദേഹം സമുദായവർത്തമാനങ്ങൾ അറിവാനായി നമ്മുടെ പക്കൽ എം.ഡി. സെമിനാരിയിലേക്ക് വന്നതായിരുന്നു. "പഴയസെമിനാരിയിലേക്ക് പോകാം; വലിയ തിരുമേനിയെ കാണാം" എന്നു പറഞ്ഞപ്പോൾ കൂടെ പോരുന്നുണ്ടെന്ന് പറഞ്ഞ് ഇദ്ദേഹവും വണ്ടിയിൽ കയറി. ഞങ്ങൾ സെമിനാരിയിൽ എത്തി. വലിയ തിരുമേനി പടിഞ്ഞാറെ കെട്ടിലുള്ള വടക്കേ മുറിയിലായിരുന്നു. ഞങ്ങൾ ഇരുവരും മുറിയിൽ പ്രവേശിച്ചു തിരുമേനിയുമായി പല കാര്യങ്ങൾ പറഞ്ഞുകൊണ്ട് നിന്നു. അപ്പോൾ ഒരു ചട്ടമ്പി തിളങ്ങുന്ന ഒരു പിച്ചാത്തിയുമായി സെമിനാരിയുടെ വടക്കേ മുറ്റത്തു നടക്കുന്നത് ഞങ്ങൾ ഇരുവരും ജനൽ വഴി കണ്ടു. തൽക്ഷണം അച്ചൻ നമ്മുടെ അടുക്കലേക്ക് കുറെക്കൂടി അടുത്തുനിന്നുകൊണ്ട് 'കേട്ടോ! ഇവിടെ എന്തെങ്കിലും ഉടനെ ഉണ്ടായേക്കും', എന്ന് രഹസ്യമായും, തിരുമേനിയോടായി 'ഒരു വല്ലാത്ത ദുർഘടഘട്ടമാണിത്' എന്ന് പരസ്യമായും പറഞ്ഞു. സ്വല്പനേരം കഴിഞ്ഞ് ഞങ്ങൾ തിരിയെ മടങ്ങി. വണ്ടിയുടെ പിറകിൽ ഞാനും, മുന്നിൽ അച്ചനുമാണ് ഇരുന്നിരുന്നത്. ചുങ്കക്കടവിനു സമീപം ഞങ്ങൾ എത്തി. നേരം അപ്പോൾ സന്ധ്യ മയങ്ങിയിരുന്നു. ഓടിക്കൊണ്ടിരുന്ന കുതിര പെട്ടെന്നൊന്നു നിന്നു! കാരണമറിയാനായി നാം മുന്നോട്ടെത്തിനോക്കിയപ്പോൾ ചിലയാളുകൾ കുതിരയുടെ ജീനി പിടിച്ചു നിൽക്കുന്നതായി കണ്ടു. പിറകിലും കുറേപ്പേരുണ്ട്. എല്ലാവരും ചട്ടമ്പിമാർ തന്നെ. 'ചുറ്റിപ്പോയല്ലോ!' എന്ന് നമ്മുടെ ഉള്ളം കലങ്ങി. ആ യമഘാതകന്മാർക്ക് നമ്മെ നല്ല തരത്തിൽ കിട്ടിയിരിക്കയാണ്. എന്തു ചെയ്യണം? ഓടി

ഒളിക്കാമോ? ബലം പരീക്ഷിക്കാമോ? രണ്ടും സാധ്യമല്ല. ഒരു കണക്കിൽ നമുക്കുള്ള സർവ്വധൈര്യത്തെയും കൂട്ടി ശേഖരിച്ചിട്ട് നാം ഉച്ചത്തിൽ പറഞ്ഞു:

“എടോ വണ്ടിക്കാരൻ വണ്ടി വിടൂ!” നമ്മുടെ ഈ ഓർഡർ കാറ്റെടുത്തു പോകാൻ ഇടയായതല്ലാതെ വണ്ടിയും നീങ്ങിയില്ല; കുതിരയും നടന്നില്ല.

“നിങ്ങൾക്ക് വഴിയിലൂടെ പോകുന്നവരെ തടഞ്ഞുനിറുത്തുവാൻ എന്തധികാരം? മര്യാദയാണോ ഇത്? വിടൂ, കുതിരയെ. ഞങ്ങൾ പോകട്ടെ.”

വണ്ടിയുടെ മുമ്പിലും പിറകിലും നിന്നിരുന്നവർ ഹാസ്യരൂപത്തിൽ ഒന്നു ചിരിക്കുക മാത്രം ചെയ്തു. അക്കൂട്ടത്തിൽ കൊലക്കേസ് സംബന്ധമായി ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട ‘കമാൽദീൻ’ ഉണ്ടായിരുന്നുവെന്നാണ് പിന്നാലെ കേട്ടത്.

“ഇതെന്താണ്, വണ്ടി തടയുന്നത്?”

“ഇറങ്ങണം വണ്ടിയിൽ നിന്ന് പുറത്ത്!”

“എന്തിനായിട്ട്?”

“ആകട്ടെ, ഉടുപ്പഴിക്കണം.”

“എന്ത്! ഞാനതിനു തയ്യാറില്ല.”

ഒരാൾ മുന്നിൽ കടന്നുവന്ന് ചെറിയമഠത്തിൽ മൂപ്പച്ചനെ ദൃഷ്ടി പതിപ്പിച്ചൊന്നു നോക്കി. ഇയാൾ നാട്ടകം ചെറിയാനായിരുന്നുവെന്ന് പിന്നീട് അച്ചൻ നമ്മോട് പറയുകയുണ്ടായി. ചെറിയാൻ അടുത്തുനിന്നിരുന്ന ഒരാളെ പിറകോട്ട് തോണ്ടി വിളിച്ചു. അപ്പോഴേക്കും വേറെയൊരാൾ പിന്നിൽ വന്നു നമ്മുടെ കൈയിലുണ്ടായിരുന്ന വടിമേൽ പിടികൂടി. ബലാബലം പരീക്ഷിക്കാൻ ഒരുമ്പെടാതെ നാം വടിയങ്ങ് വിട്ടു.

“മതിയെടാ, ഇനിയും പൊയ്ക്കൊള്ളട്ടെ” എന്നു പറഞ്ഞ് ആ ആൾ വടികൊണ്ട് വണ്ടിയുടെ പുറത്ത് അടിച്ചു. അനന്തരം വണ്ടിയും നീങ്ങി. കഷ്ടിച്ച് അര മണിക്കൂർ കഴിഞ്ഞതിനുശേഷമേ അച്ചനും നാമും തമ്മിൽ സംസാരിക്കയുണ്ടായുള്ളു.

നാം വടി വിട്ടുകൊടുക്കാതിരുന്നുവെങ്കിൽ അവിടെ എന്താണ് നടക്കുമായിരുന്നതെന്ന് വായനക്കാർക്ക് ഊഹിക്കാവുന്നതാണ്. മൂപ്പച്ചൻ കൂടെയുണ്ടായത് വളരെ സഹായമായി എന്ന് നമുക്ക് തോന്നി. പ്രസ്തുത ചട്ടമ്പിമാരോടോ അവരുടെ പൂർവ്വികന്മാരോടോ നാം വല്ല ദ്രോഹവും ചെയ്തിരുന്നുവോ – ഇല്ല, ഒരിക്കലുമില്ല. പക്ഷേ, അവരിൽ നിന്ന് കൂടെക്കൂടെ ഇങ്ങനെയുള്ള പീഡകൾ അനുഭവിപ്പാൻ നാം ബന്ധിതൻ തന്നെ എന്ന് നമുക്ക് ബോദ്ധ്യമുണ്ട്. ദൈവത്തേക്കാൾ കൂടുതലായി നമുക്ക് സമുദായത്തെ സ്നേഹിപ്പാൻ പാടുള്ളതല്ലല്ലോ.

'ആനപ്പാപ്പിയുടെ' മരണം

മുടക്കുണ്ടായപ്പോഴെന്നല്ല, അതിനു മുമ്പും, പഴയസെമിനാരി സമരിക്കേസ് ഉണ്ടായ നിമിഷം മുതൽ തന്നെ പഴയസെമിനാരിയിലെ പ്രശാന്തത ഭഞ്ജിക്കപ്പെട്ടു കഴിഞ്ഞുവെന്നു പറയാം. അനുക്രമം അതൊരു ചെറിയ പോർക്കളത്തിന്റെ ഛായയെ പ്രാപിച്ചു. അക്രമികൾ, ആഭാസന്മാർ, പൊതുജനദ്രോഹികൾ എന്നിവരുടെ നിലയമായിത്തീർന്നു പഴയസെമിനാരി. അതിന്റെ കൈവശം തനിക്കാണെന്ന് വരുത്താൻ മലങ്കര മെത്രാപ്പോലീത്തായും, അതല്ല തങ്ങൾക്കാണെന്ന് സ്ഥാപിക്കാൻ ട്രസ്റ്റികളും ശ്രമം തുടങ്ങി. ഇതിലേക്കായി ട്രസ്റ്റികളാൽ നിയുക്തരായ ചട്ടമ്പിവർഗ്ഗം ഒരു പക്ഷത്തിൽ; അവരിൽ നിന്നും മെത്രാപ്പോലീത്തായ്ക്ക് ആപത്തൊന്നും ഉണ്ടാവാൻ ഇടയാവരുതെന്ന ഉദ്ദേശ്യത്തോടുകൂടി ദേഹരക്ഷാർത്ഥം നിയമിക്കപ്പെട്ട കൂട്ടർ വേറെ. അക്കാലത്ത് സെമിനാരിയിൽ ചെന്നാൽ മടങ്ങുന്നതുവരെയും എന്താണുണ്ടാവുക എന്ന് ഭയപ്പെടേണ്ടിയിരുന്നു. തന്റേടവും മര്യാദയും അങ്ങാടി മരുന്നോ കാട്ടുമരുന്നോ എന്നുപോലും സംശയിച്ചിരുന്ന വർഗ്ഗക്കാരെക്കൊണ്ട് വേണ്ടിയിരുന്നു അന്ന് മലങ്കരസഭയുടെ ക്ഷേമത്തെ പാലിക്കുവാൻ എന്നു മാന്യസുഹൃത്തുക്കളെ എങ്ങനെയാണ് ഗ്രഹിപ്പിക്കുക!

വിഭിന്നങ്ങളായ ഉദ്ദേശ്യങ്ങളോടുകൂടി നിയമിതരായ ഇപ്പറഞ്ഞ രണ്ടു കൂട്ടരും തമ്മിൽ ഒരു തരത്തിലും സൗഹാർദ്ദം ഉണ്ടായിരുന്നില്ലെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മെത്രാപ്പോലീത്തായുടെ അംഗരക്ഷകരിൽ ഒരാൾ ആറ്റുപുറത്തു പാപ്പിയായിരുന്നു. 'ആനപ്പാപ്പി' എന്ന പേരിൽ അറിയപ്പെടുന്ന ഇവനെ നമ്മുടെ എഴുത്തനുസരിച്ച് തിരുവല്ലായിൽ നിന്ന് (87 മീനം 18-ന് ശനിയാഴ്ച) കെ. എം. മാമ്മൻ മാപ്പിള അയച്ചുതന്നതായിരുന്നു. എന്തിനായി അവൻ നിയമിക്കപ്പെട്ടുവോ അതിൽ അവൻ ബദ്ധശ്രദ്ധനായിരുന്നുവെന്ന് പറയാം. ആനപ്പാപ്പിയുടെ വരവ് ചട്ടമ്പികൾക്ക് ഒട്ടുംതന്നെ സുഖകരമായില്ല. അവരുടെ ദുരുദ്ദേശ്യങ്ങൾക്ക് പാപ്പി തടസ്സക്കാരനാണെന്നും അവനോടെതിരിട്ടാൽ കുഴപ്പമാണെന്നും അവർ മനസ്സിലാക്കി. ദീർഘകായനായിരുന്നില്ലെങ്കിലും തടിച്ച് പനംകുറ്റിപോലെ ഇരുന്നിരുന്ന അവൻ ഭാവം മാറി ഒന്നു നോക്കിയാൽ ചട്ടമ്പികൾ ഉടൻ തലകുനിക്കുകയായി. സ്വവർഗത്തിന്റെ മേധാവിയായ പാപ്പിയും, ചട്ടമ്പികളും തമ്മിൽ അന്യോന്യം പൊരുത്തമില്ലാതെ തന്നെ കഴിഞ്ഞുകൂടിപ്പോന്നു. പൊട്ടാസും മനയോലയും ചേർത്ത് വെയിലത്ത് വെച്ചാലെന്നപോലെ എപ്പോഴാണ് തീ പുറപ്പെടുക എന്ന് ഏവരും ഭയപ്പെട്ടിരുന്ന ഒരു അവസരമായിരുന്നു അത്.

ഒരു ദിവസം എം.ഡി. സെമിനാരിയിൽ ഇരിക്കുമ്പോൾ 'ആനപ്പാപ്പിയെ അതാ തല്ലിക്കൊന്ന് ആശുപത്രിയിൽ കൊണ്ടുവന്നിരിക്കുന്നു' എന്ന് ഒരാൾ പറഞ്ഞതുകേട്ട് നാം പെട്ടെന്ന് ഞെട്ടിത്തെറിക്കുക തന്നെ ചെയ്തു. എപ്പോൾ

മരിച്ചു. മരണകാരണം എന്ത് എന്നൊന്നും അപ്പോൾ അന്വേഷിക്കാൻ നിൽക്കാതെ നാം ക്ഷണം ആശുപത്രിയിലേക്കായി നടന്നു. നമ്മോടുകൂടി മാമ്മൻ മാപ്പിളയുടെ അനുജനായ കെ. സി മാത്യുവും ഉണ്ടായിരുന്നു. ഞങ്ങൾ ഇരുവരും കൂടി ആശുപത്രിയിലേക്ക് പോയി. പാപ്പി അന്ന് മരിച്ചില്ലെങ്കിലും അത്യാസന്നസ്ഥിതിയിൽ കിടന്നിരുന്നു. പിറ്റേദിവസം 87 മീനം 19-ാം തീയതി രാത്രി മൂന്നുമണിക്ക് അവൻ മരിച്ചുപോയി. അനന്തരം പാപ്പിയുടെ ശവം പോസ്റ്റുമാർട്ടം ചെയ്യാൻ തുടങ്ങി. ഡോക്ടറുടെ അനുമതിയോടുകൂടി നാമും കൂടെയുള്ള ആളും ശവം കിടത്തിയിരുന്ന മുറിയിലേക്ക് പ്രവേശിച്ചു. ശവം കീറിത്തുടങ്ങി. തലയുടെ തൊലി ഉരിച്ചപ്പോൾ തലയോട് പത്ത് പതിമൂന്ന് കഷണങ്ങളായി പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു എന്ന് മനസ്സിലായി. അടികൾ മുഴുവനും തലയ്ക്കുതന്നെ ആയിരിക്കണം. പോസ്റ്റുമോർട്ടത്തിനുശേഷം യഥാവിധി, സംസ്കാരക്രമം നടത്തി (കോട്ടയം പുത്തൻപള്ളി സെമിത്തേരിയിൽ - ഗ്രന്ഥകാരൻ). മലങ്കര സുറിയാനി സമുദായത്തിലെ ദ്വന്ദ്വയുദ്ധങ്ങൾ, തമ്മിൽ തമ്മിലുണ്ടായിരുന്ന തൊഴുത്തിൽക്കുത്ത്, അനർഹമായ വ്യാമോഹം, സ്വാർത്ഥപരമായ അഭിവാഞ്ഛ എന്നിവയെല്ലാം കൂടി ഒടുവിൽ പഴയസെമിനാരിയുടെ മുറ്റത്തെ രക്തംകൊണ്ടു കുളിപ്പിച്ചല്ലോ എന്നു നാം വിഷാദിച്ചു. സാമുദായികമായ ദുരഭിമാനവും വാശിയും കൊലപാതകത്തിലേക്കു തന്നെ മനുഷ്യരെ ഇറക്കിവിട്ടു കളഞ്ഞു.

അങ്ങനെയൊരു കൊലപാതകം അവിടെ നടന്നില്ലായിരുന്നുവെങ്കിൽ എന്നത്രേ വായനക്കാർ ഇപ്പോൾ ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നത്. ഭയങ്കരങ്ങളും അനിർവാച്യങ്ങളുമായ പലതും അവിടെ സംഭവിക്കാൻ ഇടയുണ്ടായിരുന്നു. പഴയസെമിനാരിയുടെ മുറ്റം മനുഷ്യരക്തം കുടിച്ചതിനാൽ മാത്രം പിന്നെയൊന്നും അവിടെ നടന്നില്ല. സുറിയാനി സമുദായത്തിനു കുറെകാലമായി ഉണ്ടായിരുന്ന ദാഹം അതിനായിരുന്നു എന്ന് ഏവർക്കും ബോദ്ധ്യമായി. സ്വസമുദായത്തിന്റെ ഈയൊരു ദാഹശമനം ഏതൊന്നിന്റെ അത്യുച്ചത്തെയാണ് സൂക്ഷ്മപ്പെടുത്തുന്നതെന്നു പറയണമോ? ദൈവഭയമില്ലായ്മയുടെയും ദൈവസ്നേഹമില്ലായ്മയുടെയും തന്നെ. ഇവ രണ്ടിന്റെയും അഭാവം പാപ്പിയുടെ തലയെ പതിമൂന്നു കഷണങ്ങളാക്കിത്തീർത്തു. അവന്റെ രക്തം സമുദായമാകവേ തളിക്കപ്പെടുകയും ചെയ്തു. എന്നിട്ടും അനേകംപേർക്കും പശ്ചാത്താപം ഉണ്ടാകാത്തതിന്റെ കാരണമെന്ത്?

അബ്ദേദ് മ്ശീഹോ ബാവാ

ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പക്ഷക്കാർ അബ്ദേദ് മ്ശീഹോ പാത്രിയർക്കീസിനെ മലയാളത്തേക്കു വരുത്തിയാൽ പല അനർത്ഥങ്ങൾ ഉണ്ടായേക്കുമല്ലോ എന്നു കരുതി അബ്ദള്ളാ ബാവാ ചെയ്ത ചില പ്രയോഗങ്ങൾ രസാവഹങ്ങളാണ്. അബ്ദേദ് മ്ശീഹോ പാത്രിയർക്കീസും എതിർ

കക്ഷിയും തമ്മിൽ കത്തിടപാടുകൾ നടത്തുന്നുണ്ടെന്നറിഞ്ഞയുടൻ അബ്ദുള്ളാ മിദിയാത്തിലുള്ള തന്റെ സ്നേഹിതന്മാർക്കായി അബ്ദേദ് മ്ശീഹോയെ ഒരിക്കലും മലയാളത്തേക്ക് അയയ്ക്കരുതെന്ന് എഴുതി അയച്ചു. കത്തു കിട്ടിയ ക്ഷണത്തിൽ അവരുടെ പ്രേരണയിൽ തദ്ദേശപ്രധാനന്മാരായ മുസൽമാന്മാർ അബ്ദേദ് മ്ശീഹോ ബാവായുടെ അടുത്തുചെന്ന്, 'ഇവിടെത്തന്നെ താമസിക്കണം എങ്ങും പോകരുത്!' എന്നു വിലക്കി.

"നിങ്ങൾ ഒരാളോട് ഒരു വാക്കു പറഞ്ഞാൽ അതിനു ഭേദം ചെയ്യുമോ?"

"ഇല്ല."

"ഞാൻ ചെയ്യാമോ?"

"പാടില്ല."

"ഞാൻ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പേർക്കു മറുപടി അയച്ചിട്ടുണ്ട്. അതിൽ, വഴിയാത്രാച്ചെലവിനുള്ള പണം അയച്ചുതന്നാൽ കണിശമായും വരാമെന്നാണ് എഴുതിയിട്ടുള്ളത്. ദീവന്നാസ്യോസ് പണം അയച്ചുതന്നിരിക്കുന്നു. ഇതാ!" (എന്നു പറഞ്ഞ് കുറെ പവൻ എടുത്തു കാണിച്ചു).

"ഇഷ്ടംപോലെ ആയിക്കൊള്ളണം. ഞങ്ങളൊന്നും പറയുന്നില്ല" എന്നു പറഞ്ഞ് അവർ മടങ്ങി. ബാവാ പിന്നെയൊട്ടും താമസിയാതെ മിദിയാത്തിൽ നിന്നു മലയാളത്തേക്ക് മൂന്നു റമ്പാന്മാരൊന്നിച്ചു യാത്ര പുറപ്പെട്ടു.

ബാവാ കപ്പൽവഴി കറാച്ചിയിലിറങ്ങി. അവിടെനിന്നും തീവണ്ടിമാർഗ്ഗം ബോംബെയിലെത്തി. ഈ വിവരത്തിനു കമ്പി കിട്ടിയപ്പോൾ നാം എൻ. ഐ. പോത്തനേയും കൂട്ടി ബോംബെയിൽ ചെന്ന് ബാവാ തിരുമേനിയെ ഇങ്ങോട്ടു കൊണ്ടുപോന്നു. ആദ്യമായി (87 മിഥുനം 1) ആർത്താറ്റു-കുന്നംകുളം പള്ളിയിലായിരുന്നു എത്തിയത്. ആ വിവരത്തിനു നാം മുമ്പുകൂട്ടി എം. എ. ചാക്കോയുടെ പേർക്കും പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശ്ശന്റെ പേർക്കും കമ്പി കൊടുത്തിരുന്നു. സ്വല്പദിവസം അവിടെ താമസിച്ചശേഷം അവിടെനിന്നും കൊച്ചിയിലെത്തി. വിശ്രമാർത്ഥം ഗസ്റ്റ്ഹൗസിൽ താമസമായി. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അപ്പോഴേക്കും അവിടെ വന്നുചേർന്നിരുന്നു. അക്കാലത്ത് അയ്യപ്പൻപിള്ളയായിരുന്നു കോട്ടയം പേഷ്ക്കാർ. എതിരാളികളുടെ പ്രേരണയാൽ, കോട്ടയത്തേക്കു വരുന്നപക്ഷം പല കലാപങ്ങളുമുണ്ടാകുമെന്നറിയുന്നുവെന്നു ബാവായുടെ പേർക്കും, കൊച്ചിയിൽ പ്രവേശിക്കുമ്പോൾ സൂക്ഷിക്കണമെന്നു കൊച്ചി പോലീസ് സൂപ്രണ്ടിന്റെ പേർക്കും കമ്പികളയച്ചുവെന്ന കാര്യം ഇവിടെ സ്മർത്തവ്യമത്രെ. ഇതൊക്കെ കേൾക്കാൻ ഇടയായതിൽ സ്വല്പം വിഷമം തോന്നിയിട്ട് മെത്രാപ്പോലീത്തായോടായി "നാം വന്ന കാര്യം ഉടനെ സാധിക്കട്ടെ, കാതോലിക്കാ വാഴ്ച കഴിഞ്ഞിട്ട് നമുക്കാശ്വസിക്കാം" എന്ന് പറഞ്ഞു (87 മിഥുനം 12).

കാതോലിക്കാ വാഴ്ച

അബ്ദേദ് മ്ശീഹോ പാത്രിയർക്കീസുബാവാ മലയാളത്തിലേക്കു പുറപ്പെടുന്നതിനു മുമ്പ് അദ്ദേഹവും നാമും തമ്മിൽ പല കത്തിടപാടുകളും നടന്നിരുന്നു. മലങ്കരസഭയുടെ സുസ്ഥിരമായ നിലനിൽപിനും അഭിവൃദ്ധിക്കും കാതോലിക്കാ സിംഹാസനപ്രതിഷ്ഠ അത്യാവശ്യമാണെന്നു നാം നമ്മുടെ ആ കത്തുകളിൽ വ്യക്തമായിത്തന്നെ കാണിക്കുകയുണ്ടായിട്ടുണ്ട്. ആ ഏക കാര്യം സാധിച്ചുതരേണ്ടതിനായി അവിടുന്ന് ഇങ്ങോട്ട് എഴുന്നള്ളണമെന്നായിരുന്നു അവയുടെയെല്ലാം സംക്ഷേപവും. ഇങ്ങോട്ടു ലഭിച്ച മറുപടികളിൽ നമ്മുടെ അഭീഷ്ടത്തെ മുഴുവനും നിറവേറ്റുവാൻ അവിടുന്നു സന്നദ്ധനാണെന്നല്ലാതെ അപ്രിയമായോ പ്രതികൂലമായോ യാതൊന്നും തന്നെ എഴുതപ്പെട്ടിരുന്നുമില്ല. അദ്ദേഹം മലങ്കരയിൽ എത്തിയതിന്റെ ശേഷവും ഈ ഒരു അപേക്ഷയെത്തന്നെ നാം ആവർത്തിച്ചു പറഞ്ഞുവന്നു. അപ്പോഴൊക്കെയും സന്തോഷവും സംതൃപ്തിയും തന്നെയാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. അതിനാൽ മലങ്കര മെത്രാപ്പോലീത്തായുടെയും സ്വപക്ഷത്തുള്ള മേൽപട്ടക്കാരുടെയും ജനങ്ങളുടേയും അഭിമതമനുസരിച്ച് പൗരസ്ത്യ കാതോലിക്കായായി കണ്ടനാട്ടു ഭദ്രാസന ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. നിരണത്തുവച്ച് ഇത്രാം തീയതി കാതോലിക്കാ വാഴ്ച നടത്തപ്പെടുന്നതായിരിക്കുമെന്ന് കല്പനകൾ വഴിയായും വർത്തമാനപ്പത്രങ്ങൾ മാർഗ്ഗമായും പരസ്യപ്പെടുത്തുകയും ചെയ്തു.

നിശ്ചിത ദിവസം (൮൮ ചിങ്ങം 31-നു ഞായർ) പ്രഭാതത്തോടുകൂടിയാണ് നാം നിരണത്തു പള്ളിയിൽ ചെന്നുചേർന്നത്. അവിടെ അപ്പോൾ പാത്രിയർക്കീസു ബാവായും അദ്ദേഹത്തോടൊന്നിച്ചു വന്നവരായ ശീമ റമ്പാന്മാരും, മെത്രാപ്പോലീത്താമാരും ഔഗേൻ റമ്പാനും അനേകം പട്ടക്കാരും ജനങ്ങളും കൂടിയിരുന്നു. ആദ്യമായി നാം മലങ്കര മെത്രാപ്പോലീത്തായുടെ അടുക്കൽ ചെന്നു കൈമുത്തി. അപ്പോൾ തിരുമേനിയിൽ നിന്നു കേൾക്കാൻ ഇടയായ വർത്തമാനം നമ്മെ വല്ലാതെ വിഷമിപ്പിക്കുകയും, വേദനപ്പെടുത്തുകയും ചെയ്തു. കാതോലിക്കാസ്ഥാനം നൽകുന്നതിൽ ബാവാ വൈമുഖ്യം പ്രദർശിപ്പിച്ചിരിക്കുന്നുപോൽ. പള്ളിയിലേക്ക് ഇറങ്ങാൻപോലും മനസ്സില്ലാതെ അദ്ദേഹം കതകടച്ചു മുറിയിൽ ഇരിക്കയാണത്രെ. മലങ്കര മെത്രാപ്പോലീത്താ തിരുമേനിയും മറ്റുള്ളവരും എത്രതന്നെ അപേക്ഷിക്കുകയും നിർബന്ധിക്കുകയും ചെയ്തിട്ടും ബാവാ കല്പിച്ചതു തന്നെ കല്പിച്ചുകൊണ്ടിരിപ്പാണെന്നും പറഞ്ഞുകേട്ടു. നാം നേരെ ചെന്നു ബാവായുടെ കതകിനു മുട്ടി. തൽക്ഷണം അതു തുറക്കുകയാൽ അകത്തു പ്രവേശിച്ചശേഷം നാം കതകടച്ചു.

"എന്താണീ കേൾക്കുന്നത്? ഇതിൽപ്പരം ഒരു അപമാനം വരുവാനില്ലല്ലോ. മേലിൽ അവിടുത്തെ കല്പനകളെ ജനങ്ങൾ വിശ്വസിക്കുമോ? അവിടുത്തെ പേരിൽ അവർക്കു സ്നേഹവും ഭക്തിയും തോന്നുമോ? ഞങ്ങൾക്കു

കാതോലിക്കാ സിംഹാസനം പ്രതിഷ്ഠിച്ചു തരികയാണു വേണ്ടതെന്ന് ഇന്നല്ലല്ലോ അവർ അപേക്ഷിക്കാൻ തുടങ്ങിയത്. തിരുമനസ്സിലെ പേർക്കു ഞാൻ ഒന്നാമതായി അയച്ച കത്തിൽപ്പോലും ഇതിനെക്കുറിച്ച് അപേക്ഷിച്ചിരുന്നല്ലോ? അതിൽ പിന്നെ എല്ലാ കത്തുകളിലും ഇതു തന്നെയല്ലയോ ഞാൻ കാണിച്ചിരുന്നത്? അവിടുന്നയച്ചിരുന്ന എല്ലാ കല്പനകളിലും അതിനനുകൂലമായിത്തന്നെ അവിടുന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടല്ലോ? ഇവിടെ വന്നതിനുശേഷവും ഞാനും മെത്രാപ്പോലീത്താമാരും ഇതു തന്നെയല്ലയോ അപേക്ഷിച്ചിരുന്നത്? ഈ മുഹൂർത്തം വരെയും അവിടുന്നു യാതൊരു അപ്രിയവും പ്രദർശിപ്പിക്കാതെ ഇപ്പോഴെന്താണ് ഇങ്ങനെ കല്പിക്കാൻ തുടങ്ങുന്നതെന്നു മനസ്സിലാകുന്നില്ല."

"നമ്മുടെ വാത്സല്യമകനെ, നാം എന്താണു ചെയ്യുക? കാതോലിക്കാ സ്ഥാപന പ്രതിഷ്ഠയിൽ നമ്മെ സംബന്ധിച്ചിടത്തോളം യാതൊരു വിസമ്മതവുമില്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്."

"എന്നാൽ പള്ളിയിലേക്കിറങ്ങാം."

"വരട്ടെ നാം മുഴുവനും പറഞ്ഞവസാനിപ്പിച്ചില്ലല്ലോ. നമ്മുടെ സ്വരാജ്യക്കാർക്കു നമ്മുടെ ആ പ്രവൃത്തി ഒട്ടുംതന്നെ തൃപ്തികരമായിരിക്കയില്ല. അങ്ങനെയിരിക്കാനാണ് ഇടയുള്ളതെന്ന് തോന്നുന്നില്ലേ? നിശ്ചയമായും അവർക്കു വലിയ അനിഷ്ടമായ ഒന്നായിരിക്കും അത്. അതിനെപ്പറ്റി നാം കാര്യമായി ഗൗനിക്കേണ്ടതല്ലയോ?"

"അവർക്ക് ഇഷ്ടമോ അനിഷ്ടമോ എന്തെങ്കിലുമാവട്ടെ. അവിടുന്നു ഞങ്ങളുടെ മുട്ടിപ്പായ അപേക്ഷയെ സാധിപ്പിച്ചു തരണം!"

"നമുക്കു യാതൊരു വിരോധവുമില്ല. നാം കുറേക്കൂടി തെളിവായി പറഞ്ഞുകൊള്ളട്ടെയോ? നമ്മുടെ കൂടെ വന്നിട്ടുള്ള റമ്പാന്മാരിൽ രണ്ടുപേരും ഇക്കാര്യത്തിൽ വിരോധാഭിപ്രായക്കാരാണ്. അതു നമുക്കു പ്രത്യക്ഷമായിരിക്കുന്നു ഇപ്പോൾ. അവരുടെ വാക്കിനെ അവഗണിച്ച് പ്രവർത്തിക്കുന്നപക്ഷം പോകുന്നവഴിക്ക് അവർ നമ്മെ കപ്പലിൽനിന്നു കടലിലേക്കെടുത്തെറിയും എന്ന് ഇന്നലെ രാത്രി പറഞ്ഞിരിക്കുന്നു. എന്തൊരു വലിയ ആപത്താണു നമുക്കു നേരിട്ടിരിക്കുന്നതെന്നു നമ്മുടെ മകൻ കണ്ടുവോ?"

"ഈ റമ്പാന്മാരെ അവിടുന്നു ഭയപ്പെടുകയോ? യാതൊരാവശ്യവുമില്ല. അവർ വിചാരിച്ചാൽ ഒന്നും നടക്കുകയില്ല."

"ഇങ്ങനെ പറഞ്ഞതുകൊണ്ടു നമുക്കെങ്ങനെ ധൈര്യമുണ്ടാകും. സ്വദേശത്തെത്തുന്നതുവരെ നിങ്ങൾക്കു നമ്മോടൊന്നിച്ചു പോരാൻ സാധിക്കുമോ? അതാണ് നമുക്കറിയേണ്ടത്."

“ബോംബെ വരെ നിശ്ചയമായും ഞാൻ അവിടുത്തെ കൂടെ ഉണ്ടാവും. കപ്പലിൽ കയറ്റിയേ ഞാൻ മടങ്ങിപ്പോരുന്നുള്ളു. അവിടെവച്ചു ഞാൻ കൂടി പോന്നേ മതിയാകയുള്ളു എന്ന് കല്പിക്കുന്നപക്ഷം അതിനും ഞാൻ ഒരുക്കം തന്നെ. സ്വരാജ്യത്ത് ഇറക്കിവിട്ടേക്കാം പോരെ?”

“വേറെയൊരു സംഗതിയിലും റമ്പാന്മാരെപ്പറ്റി നമുക്കു ഭയമുണ്ട്. പറയുമ്പോൾ എല്ലാം പറയണമല്ലോ. നമ്മുടെ കൈവശം പണമായി കുറെ വല്ലതുമുണ്ടെങ്കിൽ അതു തട്ടിയെടുക്കാനായിട്ടും അവർ വല്ലതും ചെയ്തേക്കാവുന്നതല്ലയോ? വൃദ്ധനായ നമ്മെക്കൊണ്ട് എന്തു കഴിയും.”

“എല്ലാം മനസ്സിലായി. തിരുമനസ്സുകൊണ്ട് ഈ വകയിലൊന്നും ഭയപ്പെട്ടിട്ടാവശ്യമില്ല. എനിക്കായുസ്സുണ്ടെങ്കിൽ – എന്നു മാത്രമേ ഞാനിപ്പോൾ ഉണർത്തിക്കുന്നുള്ളു. ശീമയിൽ നിന്ന് ഇത്ര കഷ്ടപ്പെട്ട് ഇവിടെ വന്നിട്ട് ഉദ്ദേശിച്ച കാര്യം സാധിക്കാതെ പോയാൽ തിരുമനസ്സിലേക്കും മലങ്കരസഭയ്ക്കും അതൊരു വലിയ നഷ്ടത്തിനും വ്യസനത്തിനും കാരണമായിത്തീരും. അവിടുന്ന് ഒരിക്കലും വാഗ്ദാനം ലംഘിക്കരുത്. വളരെയധികം ജനങ്ങൾ വന്നു കൂടിയിരിക്കുന്നു. പള്ളിയിലേക്ക് എഴുന്നെള്ളാം.”

“ഓഹോ! തയ്യാർ.”

അബ്ദേദ് മശിഹാ ബാവായുടെ മടക്കം

കാതോലിക്കാ സ്ഥാനാഭിഷേകവും ശാശ്വതമായി പൗരസ്ത്യ സിംഹാസനം മലങ്കരയിൽ ഉറപ്പിച്ചിരിക്കുന്നതായുള്ള രേഖയും നൽകിയശേഷം അബ്ദേദ് മശിഹാ പാത്രിയർക്കീസു ബാവാ സ്വദേശത്തേക്കായി മടങ്ങിയെഴുന്നള്ളി. പ്രതിജ്ഞയ്ക്കനുസരണമായി നാമും അദ്ദേഹത്തോടൊന്നിച്ചു യാത്ര പുറപ്പെട്ടു. യഥാശക്തി മലങ്കരസഭയ്ക്കു ഹൃദയപൂർവ്വമായി ശാശ്വത നന്മയെ പ്രദാനം ചെയ്ത ആ വന്ദ്യ തിരുമേനിയുടെ ആപൽശങ്കയെ, വാസ്തവമായും, ഗൗനിക്കേണ്ടതായ കടമ നമുക്കുണ്ടല്ലോ. തിരുമനസ്സിലെ കൈവശത്തിൽ പലരിൽ നിന്നുമായി ലഭിച്ച ഗണ്യമായ ഒരു തുകയുണ്ടെന്നു നമുക്കറിയാമായിരുന്നു. മൃഗീയരായ മനുഷ്യരിൽനിന്ന് അതു മൂലമുണ്ടായേക്കാവുന്ന വിപത്തുകളെ നാം നോക്കിക്കണ്ടു. റമ്പാന്മാർക്കും അവർ ആശിച്ചിരുന്നതിൽ കൂടുതലായ ഒരു സംഖ്യ ലഭിച്ചിരുന്നു. ഇരുപക്ഷക്കാരേയും തമ്മിൽ പിണക്കാതെ ബാവാതിരുമനസ്സിലെ ക്ഷേമത്തെ എങ്ങനെ സംരക്ഷിക്കാം എന്നാണു നാം ആലോചിച്ചുകൊണ്ടിരുന്നത്. എല്ലാവരും ബോംബെയിൽ ചെന്നുചേർന്നു. അവിടെനിന്നങ്ങോട്ടുള്ള യാത്രച്ചെലവു സംബന്ധിച്ചു ബാവായും റമ്പാന്മാരും അവരവരുടെ തീരുമാനം ചെയ്തുവെന്ന് നമുക്കു മനസ്സിലായി. അതിനെ തുടർന്നു നാം ഒരു യുക്തി കണ്ടുപിടിച്ചു. ബാവാ തിരുമേനിയെ വിശേഷപ്പെട്ട പി. ആൻഡ് ഒ. മെയിൽ കപ്പലിലും, റമ്പാന്മാരെ കൂലി കുറഞ്ഞ മറ്റേതെങ്കിലും കപ്പലിലും അയച്ചുകഴിഞ്ഞാൽ ഒന്നും

ശങ്കിക്കാനില്ലെന്നു നിശ്ചയിച്ചുകൊണ്ട് നാം റമ്പാന്മാരോടായി ഇങ്ങനെ പറഞ്ഞു:

“ഇവിടെ നിന്നു പലതരം കപ്പലുകൾ പോകുന്നുണ്ട്. അതിൽ വിശേഷപ്പെട്ടത് പി. ആൻഡ് ഒ. കമ്പനിക്കാരുടെ മെയിൽക്കപ്പലാണ്. അതിൽ സുഖം കൂടുമെങ്കിലും കൂലി വളരെയധികമായിരിക്കും. കുറഞ്ഞ നിരക്കിനു പോകുന്ന കപ്പലുകൾ വേറെ ഉണ്ട്. സ്വല്പദിവസം കൂടി താമസിച്ചേ ഇവ എത്തുകയുള്ളു എന്നല്ലാതെ, മറ്റൊരു ദോഷവും ഇവയ്ക്കു പറയുവാനില്ല. പി. ആൻഡ് ഒ. യിൽ പോകണമോ അതേ വേറേ വല്ലതിനും മതിയോ? ബാവാ പി. ആൻഡ് ഒ. യിൽത്തന്നെ പൊയ്ക്കൊള്ളട്ടെ. നിങ്ങളെന്തു തീരുമാനിക്കുന്നു?”

“അതെ, ബാവാ പി. ആൻഡ് ഒ. യിൽ ആയിക്കൊള്ളട്ടെ. ഞങ്ങൾക്കു കൂലി കുറഞ്ഞ വേറെ വല്ലതിലും മതി.”

നമുക്കു വലിയ ഒരു ഭാരം നീങ്ങിക്കിട്ടിയതുപോലെ ആശ്വാസമായി. വിവരമൊക്കെ നാം ബാവായെ ഗ്രഹിപ്പിച്ചു.

“ഇനി ഞാൻ കൂടി കപ്പലിൽ കയറണമോ?”

“വേണ്ട മകനേ! നാം സംതൃപ്തനായി.”

ഇങ്ങനെ വെവ്വേറെ കപ്പലുകളിലായി ബാവായേയും റമ്പാന്മാരേയും നാം കയറ്റിയയച്ചു.

ശീമയാത്രയും അനന്തരഫലങ്ങളും

കൊല്ലങ്ങൾ പിന്നെയും പലതു കഴിഞ്ഞുപോയി. വട്ടിപ്പണക്കേസിൽ ജില്ലാക്കോടതിയിലെ വിധി, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായിട്ടായിരുന്നുവല്ലോ. ഉടനെ എതിർകക്ഷികൾ അപ്പീൽ ബോധിപ്പിച്ചു. ആ വിധി മെത്രാപ്പോലീത്തായ്ക്കു പ്രതികൂലമായി പരിണമിക്കുകയും ചെയ്തു. മലങ്കരസഭ രണ്ടായിപ്പൊളിയാൻ ഇടയാക്കിയേക്കാവുന്ന ഒരു അവസരമായിരുന്നു അത്. ഒരിക്കലും അതിനിടയാക്കുവാൻ പാടില്ലെന്നു മെത്രാപ്പോലീത്താ നിശ്ചയിച്ചു കഴിഞ്ഞു. അതിനാലായിരുന്നു അദ്ദേഹം മർദ്ദീനിൽ പോയി പാത്രിയർക്കീസ് ബാവാ തിരുമേനിയെ അഭിമുഖമായി കാണണമെന്നു നിശ്ചയിച്ചത്. അന്ത്യോഖ്യാ ബന്ധത്തിൽനിന്നു മലങ്കരസഭ വേർപിരിയുമാറാവരുതെന്നുള്ള തിരുമനസ്സിലെ മോഹമാണ് അവിടുത്തെ ഈ യാത്രയ്ക്കു പ്രേരിപ്പിക്കുകയുണ്ടായതും. യാക്കോബായ സഭയ്ക്ക് ഇക്കാലത്തു ശരിയായ പാത്രിയർക്കീസുള്ളപക്ഷം അദ്ദേഹത്തെ അഭിമുഖം കണ്ടു മലങ്കരസഭയിൽ സമാധാനം കൈവരുത്തണമെന്നു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് തീരുമാനിച്ചു. സ്വന്തം മുടക്കു തീർക്കാനായിട്ടായിരുന്നു ആ യാത്ര എന്ന് ഒരിക്കലും പറയാവുന്നതല്ല. പാത്രിയർക്കീസിന്റെ അറിവോടുകൂടിയല്ലാതെ

വാഴിക്കപ്പെട്ടിട്ടുള്ള സ്വകക്ഷിയിലെ മെത്രാന്മാരും, അവരുടെ അറിവും സമ്മതവും കൂടാതെ വാഴിക്കപ്പെട്ട പാത്രിയർക്കീസും തമ്മിൽ അന്യോന്യം സ്വീകരിക്കുകയും സ്വീകരിക്കപ്പെടുകയും ചെയ്താൽ മലങ്കരസഭയിൽ സമാധാനവും ഐശ്വര്യവും ഉണ്ടാകുമെന്നും; അതിനു ശീമയാത്ര സഹായിക്കുമെന്നുമായിരുന്നു തിരുമനസ്സിലെ ഉദ്ദേശ്യം. അങ്ങനെ ഒരു സ്ഥിതി ലഭിച്ചു കഴിഞ്ഞാൽ ഭരണമൊഴിഞ്ഞു വിശ്രമിക്കാമല്ലോ എന്ന് അദ്ദേഹം ആഗ്രഹിച്ചു. ഈ വക നിഷ്ക്കന്മഷമായ മനോഗതിയോടുകൂടി അദ്ദേഹം യാത്ര പുറപ്പെട്ടു എന്നു മാത്രമേ സംക്ഷിപ്തമായി ഇവിടെ പറയേണ്ടതുള്ളു.

പ്രസ്തുത യാത്രയിൽ (98 മിഥുനത്തിൽ) തിരുമനസ്സിലേക്കു നേരിട്ട ദുർഘടങ്ങൾ, കഷ്ടപ്പാടുകൾ, വിഷാദം, ഭയം എന്നിവയെപ്പറ്റി നാം അറിഞ്ഞിടത്തോളമുള്ള വിവരങ്ങൾ ഇവിടെ ഉദ്ധരിക്കുന്നപക്ഷം അവയ്ക്കായി വളരെ പുറങ്ങൾ വിനിയോഗിക്കേണ്ടി വരും, എന്നിരുന്നാലും അവയ്ക്ക് സ്വാനുഭവങ്ങളിലുള്ള സ്ഥാനം സംശയഗ്രസ്തമാണെന്നുള്ളതുകൊണ്ടു നാം ഏതദ്വിഷയത്തിലേക്കു കടക്കുവാൻ തന്നെ വിചാരിക്കുന്നില്ല.

തിരുമനസ്സുകൊണ്ടു മർദ്ദീനിൽ നിന്നു മടങ്ങി (99 കന്നി) ഇന്ന ദിവസം ബോംബെയിൽ കപ്പലിറങ്ങും എന്നു നമുക്കറിവു കിട്ടി. കാര്യങ്ങളെല്ലാം മുക്കാലെ അരയ്ക്കാലും സാധിച്ചുകൊണ്ടാണ് വരുന്നതെന്നും കൂടി അറിഞ്ഞപ്പോൾ നമുക്കു വളരെ സന്തോഷമായി. ബോംബെയിൽ ചെന്നിട്ടു തന്നെ വേണം തിരുമേനിയേയും മറ്റും അഭിനന്ദിക്കാനും എതിരേൽക്കുവാനും എന്നു നിശ്ചയിച്ചതനുസരിച്ച് ഫാദർ മാത്യൂസ് പാറേട്ടും കൂടി നാം ബോംബെയിൽ ചെന്നുചേർന്നു. മെത്രാപ്പോലീത്താ തിരുമേനിയേയും യൂലിയോസ് മെത്രാനേയും കൂടെയുള്ളവരെയും കണ്ടപ്പോൾ നമുക്കു തോന്നിയ സന്തോഷം അനിർവചനീയമെന്നേ പറയാവൂ.

നമുക്കു പ്രധാനമായി കേൾക്കേണ്ടിയിരുന്നത് കാനോൻ സംബന്ധിച്ചുണ്ടായിട്ടുള്ള തർക്കങ്ങൾക്കു വല്ല തീരുമാനവും ഉണ്ടായോ എന്നുള്ളതായിരുന്നു. ഇതിനെക്കുറിച്ചു നാം ചോദിച്ചപ്പോൾ വലിയ തിരുമേനി ഇങ്ങനെയാണ് കൽപിച്ചത്:

"ഇക്കാര്യം സർവ്വപ്രധാനമായിത്തന്നെ നാം ഗണിച്ചിരുന്നു. ഏലിയാസ് പാത്രിയർക്കീസ് ബാവായോട് ഇതിനെപ്പറ്റി നാം സംസാരിക്കയുണ്ടായി. തൃപ്തികരമായവിധത്തിലൊന്നും അവിടുന്നു മറുപടി കൽപ്പിച്ചില്ല. 18 അക്കം കള്ളക്കാനോൻ ആണെന്നും, ശീമയിൽ നടപ്പിലിരിക്കുന്ന എ അക്കം തന്നെയാണു മലങ്കരയിലും ഉറപ്പിക്കേണ്ടതെന്നും അപേക്ഷിച്ചതിന്, 'ആത്തൂൻയൊദ് ഈത്തൂൻ' (നിങ്ങൾക്കറിയാമല്ലോ) എന്നു മാത്രമായിരുന്നു മറുപടി."

മലങ്കരയിൽ സമാധാനം പുനഃസ്ഥാപിക്കുന്ന വിവരത്തിനുള്ള കൽപന യൂലിയോസ് മെത്രാപ്പോലീത്താ വശം ഉണ്ടെന്ന് വലിയ തിരുമേനിയുടെ

കൂടെയുള്ളവർ നമ്മെ ഗ്രഹിപ്പിച്ചു. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ പക്ഷം പിടിച്ച് ദേഹവും ധനവും തൃണവൽഗണിച്ചു പ്രവർത്തിച്ച സമുദായ പ്രധാനന്മാർക്ക് അതൃപ്തിയുണ്ടാവാതിരിപ്പാനായി പ്രസ്തുത കൽപന പ്രത്യേകം ഒരാൾ വശം അയച്ചതു വളരെ ഉചിതവും ബുദ്ധിപൂർവ്വവുമായി എന്നു നമുക്കു തോന്നി. വഴക്കും കുഴപ്പവും തീർത്തിട്ടും, പിന്നെയും അതു തീർന്നിട്ടില്ലെന്നവിധം അതു സംബന്ധമായി വീണ്ടും വഴക്കും കുഴപ്പവും തന്നെ ഉണ്ടാവുന്നത് ആശാസ്യമല്ലല്ലോ. ബോംബെയിൽ നിന്നു മടങ്ങി ആർക്കോണം സ്റ്റേഷനിൽ എത്തിയപ്പോഴാണ് പ്രസ്തുത കൽപന മിക്കവരും കാണുകയുണ്ടായത്. ഒസ്താത്യോസ് ബാവാ ദീനം വന്ന് കിടപ്പിലായിരിക്കുന്നുവെന്നും, യൂലിയോസ് മെത്രാപ്പോലീത്താ ഉടനെ അത്രത്തോളം വരണമെന്ന് അദ്ദേഹം കൽപിച്ചിരിക്കുന്നുവെന്നും പറയാനായി കുന്നംകുളത്തുകാരൻ പി. റ്റി. തോമസ് അപ്പോൾ അവിടെ എത്തിയിട്ടുണ്ടായിരുന്നു. യൂലിയോസ് മെത്രാൻ തോമസുമായി പുറപ്പെടാൻ ഒരുങ്ങിയപ്പോഴായിരുന്നു പാത്രിയർക്കീസിന്റെ കൽപന ഒന്നു കണ്ടാൽ കൊള്ളാമെന്നു വലിയ തിരുമേനി ആവശ്യപ്പെടുകയുണ്ടായത്. ചോദിച്ചാൽ കാണിച്ചേക്കണമെന്നു പാത്രിയർക്കീസ് ബാവാ യൂലിയോസ് മെത്രാപ്പോലീത്തായെ ശട്ടം ചെയ്തിട്ടുണ്ടായിരുന്നുവത്രേ. ഒരു തടസ്സവും പറയാതെ യൂലിയോസ് മെത്രാപ്പോലീത്താ അതു പോക്കറ്റിൽ നിന്നു പുറത്തേയ്ക്കെടുത്തു. ഇപ്പോൾ പഴയസെമിനാരിയിലെ മൽപാനായി താമസിക്കുന്ന ചെറിയമഠത്തിൽ സ്കറിയാ കത്തനാർ അതു കയ്യിൽ വാങ്ങി നിവർത്തിപ്പിടിച്ചു. ഇരുവശങ്ങളിലായി വലിയ തിരുമേനിയും യൂലിയോസ് മെത്രാപ്പോലീത്തായും ഇരുന്നിരുന്നു. സ്കറിയാ കത്തനാർ അതിലെ വാചകങ്ങൾ വലിയ തിരുമേനിക്കു കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ വായിച്ചു. നാമും പാറേട്ടച്ചനും അപ്പോൾ അടുത്തുള്ള വരാന്തയിൽ ഉണ്ടായിരുന്നു. അതിലെ വിവരം ഉടൻതന്നെ വലിയ തിരുമേനി ഞങ്ങളെ ഗ്രഹിപ്പിക്കയും ചെയ്തു. ചുരുങ്ങിയ വാചകത്തിൽ കാര്യമെല്ലാം ഭംഗിയിൽ ഒതുക്കി എഴുതപ്പെട്ട ഒരു കൽപനയായിരുന്നു അത്.

നിശ്ചിതസമയത്ത് എല്ലാവരും കൂടി ആർക്കോണത്തു നിന്നു തീവണ്ടി കയറി ഷൊർണ്ണൂർ എത്തിയപ്പോൾ ഒസ്താത്യോസ് ബാവാ എത്തിയിട്ടുണ്ടായിരുന്നു. എല്ലാവരും കൂടി പിന്നെയും യാത്ര തുടർന്നു. തൃശ്ശിവപേരൂർ എത്തി. അവിടെ ഇറങ്ങിയായിരുന്നു കുന്നംകുളത്തേക്കു പോകേണ്ടിയിരുന്നത്. പുലിക്കോട്ടിൽ യൗസേഫ് റമ്പാൻ (അന്നു ശെമ്മാശൻ) സാഘോഷമായ ഒരു എതിരേൽപിന് അവിടെ വട്ടംകൂട്ടിയിരുന്നു. യൂലിയോസ് മെത്രാന്റെ പ്രകൃതത്തെപ്പറ്റി അപ്പോൾ കുറേശ്ശെ സംശയം ജനിക്കാൻ തുടങ്ങിയതിനാൽ തൃശ്ശിവപേരൂർ ഇറങ്ങാതെ എല്ലാവരും എറണാകുളത്തു വന്നുചേർന്നു. ഇരുകക്ഷിയും ഉൾപ്പെട്ട അനേകംപേർ അവിടെ അപ്പോൾ സന്നിഹിതരായിരുന്നു. ഒസ്താത്യോസ് ബാവായുടെ ചരടുപിടുത്തമനുസരിച്ച് യൂലിയോസ് മെത്രാൻ

കരിങ്ങാച്ചിറപ്പള്ളിയിലേക്കു പോകാനാണ് പുറപ്പാടെന്നറിഞ്ഞപ്പോൾ മുടക്കു തീർത്ത കാര്യത്തെപ്പറ്റി തങ്ങൾക്കു പരസ്യമായിട്ടൊന്നു പറഞ്ഞുകേൾക്കണമെന്ന് ജനങ്ങൾ യൂലിയോസ് മെത്രാനെ ഹേമിക്കാൻ തുടങ്ങി. അപ്പോൾ യൂലിയോസ് മെത്രാൻ എണീറ്റുനിന്ന്, മുടക്കു തീർത്ത കൽപന കൈവശമുണ്ടെന്നും 10 ദിവസത്തിനകം അതു വായിക്കപ്പെടുമെന്നും പ്രസ്താവിച്ചു. തേനുങ്കൽ ഗീവർഗ്ഗീസ് കത്തനാരായിരുന്നു യൂലിയോസ് മെത്രാന്റെ പ്രസ്താവനയെ പരിഭാഷ ചെയ്തു ജനങ്ങളെ കേൾപ്പിച്ചത്.

ആ കൽപന എന്തുകൊണ്ട് ഇതുവരെ പ്രത്യക്ഷപ്പെട്ടില്ല? അതിപ്പോൾ എവിടെയായിരിക്കാം?

യൂലിയോസ് മെത്രാൻ കോട്ടയത്തെത്തിയപ്പോഴേയ്ക്കും ഇപ്പറഞ്ഞവയെല്ലാം വെറും കെട്ടുകഥകൾ എന്ന് ഏതാനുംപേർ ചെണ്ടകൊട്ടാൻ തുടങ്ങി. രാവും പകലും തമ്മിലെന്നതുപോലെ സംഗതികൾക്കാകപ്പാടെ ഒരു വ്യത്യാസം കാണപ്പെട്ടു. വലിയ തിരുമേനിയും യൂലിയോസ് മെത്രാനും തമ്മിൽ ഒരുമിച്ചിരുന്നു ഭക്ഷിച്ചിട്ടില്ല; പ്രാർത്ഥിച്ചിട്ടില്ല; ഇരുന്നിട്ടില്ല; നിന്നിട്ടില്ല; എന്നൊരുവക ശബ്ദഘോഷമിങ്ങനെ; മുടക്കുതീർത്തിട്ടില്ല; കൽപനയില്ല; പട്ടംകൊടയിൽ സംബന്ധിച്ചിട്ടില്ല - എന്നൊരുവക വേറെ! വ്യവസ്ഥയുണ്ട്; കരാറുണ്ട്; ഉടമ്പടിയുണ്ട് - എന്നിങ്ങനെ മറ്റൊരുവക! ഓടിച്ചു; ചാടിച്ചു; പേടിച്ചു - എന്നിങ്ങനെ വേറെയൊരു വക.

വായനക്കാർ ക്ഷമാപൂർവ്വം ചിന്തിച്ചാലും! ഇവയുടെയൊക്കെ അർത്ഥമെന്ത്? കാരണമെന്ത്?

'ഉം' എന്നു മൂളിയിരുന്നെങ്കിൽ!

പ്രഥമശ്രവണത്തിൽ നമ്മുടെ ചങ്കുറപ്പില്ലായ്മയെക്കുറിച്ച് സാമാന്യജനങ്ങൾ നമ്മെ കുറ്റപ്പെടുത്തിയേക്കാവുന്ന ഒന്നു രണ്ടു സംഭവങ്ങൾ ഇവിടെ ചേർക്കുന്നത് അസംഗതമായിരിക്കാൻ ഇടയുള്ളതല്ല. തദവസരങ്ങളിൽ ആശ്രിതന്മാരായി നിന്നവരോട് 'ഉം' എന്നൊന്നു മൂളിയാൽ ലഭിക്കാമായിരുന്ന തൽക്കാല വിജയങ്ങളെ നഷ്ടപ്പെടുത്തിക്കളഞ്ഞതിനു നാമല്ലാ സർവ്വാന്തര്യാമിയായ ദൈവമാണ് ഉത്തരവാദി എന്നു മാത്രമേ നമുക്കിവിടെ സമാധാനം പറയാനുള്ളു.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സംബന്ധിച്ചുള്ള മുടക്കു കൽപന പഴയസെമിനാരി ചാപ്പലിൽ വായിപ്പാൻ തീർച്ചപ്പെടുത്തിയ ആ 1086 ഇടവം 29 ഒരു ഞായറാഴ്ച നടന്ന സംഭവം തന്നെയായിരിക്കട്ടെ ഒന്നാമത്തേത്. മുടക്കു കൽപന വായിക്കുമെന്നും വായിപ്പിക്കില്ലെന്നും വിവാദിച്ചിരുന്ന അസംഖ്യം ജനങ്ങളാൽ ചാപ്പൽ നിബിഡീകൃതമായിക്കഴിഞ്ഞു. എന്താണുണ്ടായേക്കുക എന്നു സാമാന്യജനങ്ങൾ അമ്പരന്നു നിൽക്കുന്നു. കൽപന

വായിച്ചാൽ അടിപിടിയും ലഹളയും നിശ്ചയം; അവിടെ ആലോചന ഇവിടെ മന്ത്രം; മറ്റൊരിടത്ത് വാഗ്വാദം; വേറൊരിടത്ത് അസഭ്യഭാഷണം; ആകപ്പാടെ ശബ്ദകോലാഹലം തന്നെ. ഇതിനിടയിൽ ജനങ്ങളെ ഇരുവശത്തേക്കും അകത്തിനിർത്തികൊണ്ടു പരിഭ്രമാകുലനായിത്തീർന്ന പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു സ്വപക്ഷത്തുള്ള മേൽപട്ടക്കാരോടും പട്ടക്കാരോടും കൂടി പള്ളിയിൽ കയറി മദ്ബഹായിൽ പ്രവേശിച്ചു. അനുക്ഷണം വി. കുർബാനയും തുടങ്ങി. ഏതാണ്ടീനേരത്തോടടുപ്പിച്ചാണല്ലോ നാം എം.ഡി. സെമിനാരിയിൽ നിന്നു പഴയസെമിനാരി ചാപ്പലിൽ വന്നുചേരുകയുണ്ടായത്. നാം ഉൾപ്പെടെ ചിലർ മദ്ബഹായിലും, മറ്റുള്ളവർ പള്ളിയിലും പ്രവേശിച്ചു നിലയായി. ബസ്മൽക്ക കഴിഞ്ഞുള്ള സംഭവത്തെ പ്രതീക്ഷിച്ച് എല്ലാവരും വിചാര നിമഗ്നരായി നിൽക്കുന്നു. വിശുദ്ധ കുർബാന ഒരു വഴിയെ. വിചാരം മറ്റൊരു വഴിയെ. നമ്മുടെ ശിഷ്യനായ ഒരു ശെമ്മാശ്ശൻ ധൃതഗതിയിൽ മദ്ബഹായിൽ കയറിവന്ന് നമ്മെ പുറത്ത് വടക്കേ വരാന്തയിലേക്കു വിളിച്ചുകൊണ്ടുപോയി നമ്മോട് ഈവിധം ചെവിയിൽ മന്ത്രിച്ചു:

“പള്ളിയിലേക്കു പോന്ന ധൃതിയിൽ ബാവായുടെ മുറിപൂട്ടുവാൻ അവർക്കിടയായിട്ടില്ല. പണപ്പെട്ടിയും മറ്റു സർവ്വസാധനങ്ങളും അവിടെ ഇരിക്കുന്നു. എല്ലാവരും പള്ളിയിലാണ്. ഞാനതെല്ലാം എടുത്തു മാറ്റിക്കൊള്ളട്ടയോ? ഒരൊറ്റ നിമിഷത്തിനകം സാധിപ്പിച്ചേക്കാം.”

“വേണ്ട.”

“എന്നാൽ ഞാനവ ഇപ്പോളെടുത്ത് ആറ്റിലെറിയും.”

“പാടില്ല. അനാവശ്യമായി ഒന്നും ചെയ്യുവാൻ അനുവാദമില്ല.”

നമ്മുടെ ഒരു ശിഷ്യനും പ്രസംഗകനെന്ന നിലയിൽ പലർക്കും സുപരിചിതനായി ഇപ്പോൾ കത്തനാരായി അറിയപ്പെടുന്ന അയാളുടെ പേർ നാം ഇവിടെ വിശദപ്പെടുത്തുന്നില്ല.

മറ്റൊരു സംഭവം ആർക്കോണം സ്റ്റേഷനിൽ വച്ചു നടന്നതത്രെ. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും മാർ യൂലിയോസ് മെത്രാനും നാമും കൂടെയുള്ള പട്ടക്കാരും മറ്റും ബോംബെയിൽ നിന്നു പുറപ്പെട്ട് ആർക്കോണം റെയിൽവേ സ്റ്റേഷനിൽ എത്തിയിരിക്കുന്നു. മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരം മാർ യൂലിയോസ് മെത്രാൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് തന്നെ ഏൽപിച്ച മുടക്കുതീർത്ത കല്പന പരസ്യമായി നിവർത്തിപ്പിടിച്ചു വായിച്ചതിന്റെ ശേഷം ളോഹയുടെ കീശയിൽ തിരുകി. സ്വല്പനേരത്തിനകം കുളിക്കാനായി അദ്ദേഹം കുളിമുറിയിൽ പ്രവേശിച്ചു. അപ്പോൾ എത്തിയിരിക്കുന്നു നമ്മുടെ വേലക്കാരനായിരുന്ന കുന്നംകുളത്തുകാരൻ വാറു അടിയന്തരമായ ഒരു സ്വകാര്യവും കൊണ്ട്.

“എന്തെടാ?”

“യൂലിയോസ് മെത്രാച്ചൻ കുളിക്കാൻ പോയപ്പോൾ അദ്ദേഹം ആ കുപ്പായമൊക്കെ അടുത്ത മുറിയിൽ അഴിച്ചിട്ടിരിക്കുന്നു. ആ കല്പന അതിന്റെ പോക്കറ്റിൽ ഉണ്ട്. ഞാൻ ആ കല്പന കയ്യിലാക്കട്ടെയോ?”

“അനാവശ്യം ചെയ്യരുത്!”

മുന്നുദ്ധരിച്ച രണ്ടവസരങ്ങളിലും നാമൊന്ന് അനുകൂലിച്ചിരുന്നുവെങ്കിൽ മലങ്കരസഭയിലെ വിപ്ലവത്തിന്റെ കൈവഴികൾ വേറെ ചിലതൊക്കെയായി പരിണമിച്ചേക്കാമെന്നല്ലാതെ, അവ കൊണ്ടു സ്ഥായിയായ ഗുണം ലഭിക്കുമായിരുന്നുവെന്നു വിചാരിക്കുന്നവരാരും വായനക്കാരുടെ കൂട്ടത്തിൽ ഉണ്ടാകയില്ലെന്നു നാം വിശ്വസിക്കുന്നു.

സഭാ ഭാസുരന്റെ ശ്രദ്ധേയമായ ഒരു കത്ത്

മഞ്ഞിനിക്കരയിൽ വച്ച് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തതിനെ തുടർന്ന്, മലങ്കരസഭ അറിയാതെ പുതിയ പാത്രിയർക്കീസിനെ വാഴിച്ചാൽ അദ്ദേഹത്തെ അംഗീകരിക്കുകയില്ല എന്ന് വട്ടശ്ശേരിൽ തിരുമേനി കൈമാഖാമിനെ (പാത്രിയർക്കീസ് കാലംചെയ്യുമ്പോൾ താൽക്കാലിക ചുമതല വഹിക്കുന്ന മെത്രാപ്പോലീത്താ) അറിയിച്ചു.

പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, കയിമാഖാനായിരുന്ന മാർ അപ്രേം സേവേറിയോസിനും ശീമയിലുള്ള മറ്റു മേല്പട്ടക്കാർ തുടങ്ങിയവർക്കും അയച്ച കത്തിന്റെ ശരി തർജ്ജമ:

മലങ്കരയുടെ സിറിയൻ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദീവന്നാസ്യോസിൽ നിന്നും.

അഭിവന്ദ്യനേ,

അങ്ങു സസുഖം വസിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. 1932 ഫെബ്രുവരി 29-നു താഴെപ്പറയുന്നപ്രകാരം ഒരു കമ്പി അങ്ങേയ്ക്ക് അയച്ചിരുന്നത് ഇതിനാൽ ഞാൻ സ്ഥിരീകരിക്കുന്നു. ‘മലബാർ മജിലിസും കാതോലിക്കായും ഭാഗഭാക്കാകാതെയുള്ള പാത്രിയർക്കാ തെരഞ്ഞെടുപ്പ് മലങ്കരസഭ അംഗീകരിക്കുന്നതല്ല.’ നിങ്ങളുടെ പാത്രിയർക്കീസ് ഇഗ്നാത്യോസ് ഏലിയാസ് തൃതീയൻ ഈ നാട്ടിൽ വച്ച് സങ്കടകരമായി കാലം ചെയ്തതിന്റെ ഫലമായിരുന്നു ഈ കമ്പി. മലങ്കരയുള്ള ഞങ്ങൾ ആ ദുഃഖസംഭവത്തിൽ കഠിനമായി ഖേദിക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മലങ്കരയിലെ വൈദിക മേധാവികൾക്കോ ഈ സഭയ്ക്കോ യാതൊരു അറിവും കൊടുക്കാതെയും അവരെ തെരഞ്ഞെടുപ്പിൽ സംബന്ധിപ്പിക്കാ

തെയും നിങ്ങൾ ഏലിയാസ് പാത്രിയർക്കീസിനെ തെരഞ്ഞെടുത്തു. ആ കാരണത്താൽ അദ്ദേഹത്തെ ന്യായമായി തെരഞ്ഞെടുക്കപ്പെട്ട പാത്രിയർക്കീസായി അംഗീകരിക്കാൻ സമുദായത്തിലെ ഗണ്യമായ വിഭാഗം വിസമ്മതിക്കുന്നു. ഏതാദൃശ നടപടി ആവർത്തിക്കുന്നതിനാലും തന്നിമിത്തം നിങ്ങളും മലങ്കരസഭയും തമ്മിൽ ഉള്ള ബന്ധം ഹനിക്കുന്നതിനാലും വരുന്ന ആപത്തിലേക്കു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ളതായിരുന്നു നമ്മുടെ കമ്പിയുടെ ഉദ്ദേശ്യം.

ഇവിടുത്തെ നില വിസ്തരിക്കുവാൻ അനുവദിച്ചാലും. ഏകദേശം പത്തു വർഷക്കാലം റോമാ പാപ്പായുടെ കീഴിൽ ഒരു റോമൻ കത്തോലിക്ക് മെത്രാൻ ആയിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് നാം അറിയുന്നപ്രകാരം ഉള്ള മാർഗ്ഗങ്ങളിലൂടെ തുർക്കി സുൽത്താനെയോ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരെയോ പ്രേരിപ്പിച്ച് അബ്ദൽ മ്ശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ റദ്ദു ചെയ്യിക്കയും സ്വന്ത പേരിൽ ഫർമാൻ സമ്പാദിക്കുകയും ചെയ്തു. ഈ നടപടി കാനോനികമെന്നോ, സഭയെ ബന്ധിക്കുന്നതെന്നോ ഞങ്ങൾ കരുതുന്നില്ല; നിങ്ങളും കരുതുന്നില്ല എന്നു ഞങ്ങൾ കരുതുന്നു.

ഈ വിധമുള്ള തന്ത്രങ്ങളുടെ ഫലമായി അബ്ദൽ മ്ശിഹായുടെ പാത്രിയർക്കാസ്ഥാനം നശിച്ചുപോയി എന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. അബ്ദുള്ളാ പാത്രിയർക്കീസ് അല്പകാലങ്ങൾക്കുശേഷം ഈ നാട്ടിലേക്കു വരികയും അദ്ദേഹത്തിന്റെ ന്യായരഹിതമായ ആവശ്യങ്ങൾക്കു നാം കീഴ്പ്പെടാൻ വിസമ്മതിക്കയാൽ അദ്ദേഹം നമ്മെ മുടക്കിയിരിക്കുന്നതായി നടിക്കയും ചെയ്തു. അദ്ദേഹം യെരുശലേമിലേക്കു മടങ്ങി അവിടെ എങ്ങാണ്ടു വച്ച് കാലം ചെയ്തു. മലങ്കര നിന്നു തിരിച്ചു പോയ ശേഷം അദ്ദേഹം മർദ്ദീനിൽ കുർക്കുമാ ദയറായിൽ വാഴുകയോ, നാം നേരിട്ടു അറിയുന്നതുപോലെ നിങ്ങളുടെ നാട്ടിലുള്ള സമുദായത്തിലെ ഒരു ഭാഗം ആളുകളാലും മെത്രാന്മാരാലും അംഗീകരിക്കപ്പെടുകയോ ഒരിക്കലും ഉണ്ടായില്ല.

അധികം താമസിയാതെ അബ്ദൽ മ്ശിഹാ മലങ്കര സന്ദർശിക്കയും അബ്ദുള്ളാ പാത്രിയർക്കീസ് കാനോനികമായ പാത്രിയർക്കീസല്ലെന്നും അബ്ദുള്ളാ പാത്രിയർക്കീസ് പുറപ്പെടുവിച്ചിട്ടുള്ള മുടക്ക് കേവലം നിരർത്ഥകമാണെന്നും രേഖാമൂലം പരസ്യപ്രസ്താവന ചെയ്കയും കാതോലിക്കാസ്ഥാപനം ഉണ്ടാക്കുന്നതിന് അധികാരപ്പെടുത്തുകയും ചെയ്തു. സുന്നഹദോസിൽ അദ്ധ്യക്ഷനായ അദ്ദേഹം തന്നെ, സ്ഥലത്തെ ഒരു മെത്രാനെ പൗരസ്ത്യ കാതോലിക്കായായി അഭിഷേകം ചെയ്തു. അദ്ദേഹം ഇവിടെ മെത്രാപ്പോലീത്താമാരെ വാഴിക്കുകയും ചെയ്തു. ക്രമാനുഗതമായി മൂന്നാമത്തെ കാതോലിക്കാ - മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ - ആണ് ഇപ്പോൾ കാതോലിക്കാ സിംഹാസനത്തിൽ വാഴുന്നത്. അബ്ദൽ മ്ശിഹാ പാത്രിയർക്കീസ് മർദ്ദീനിലേക്ക് തിരിച്ചുപോയി അവിടെ

വാണു മരിച്ചു. മെത്രാന്മാർ, റമ്പാന്മാർ, മറ്റു പട്ടക്കാർ, അൽമായർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബസ്കുദിശായിൽ അദ്ദേഹം കബറടക്കപ്പെട്ടതിന്റെ ഒരു പടം (ഫോട്ടോ) കുർക്കുമ ദയറായിൽ നാം കണ്ടു.

നമുക്കെതിരെയുള്ള അബ്ദുള്ളാ പാത്രിയർക്കീസിന്റെ മുടക്ക് ഈ നാട്ടിൽ ഇരുപതിൽപരം വർഷങ്ങളിലെ വ്യവഹാരത്തിനു വിഷയമായി. ഈ രാജ്യത്തെ ഏറ്റം ഉയർന്ന കോടതി, മുടക്ക് അസാധുവും ശക്തിഹീനവും ആണെന്ന് അവസാനമായി വിധിച്ചു. മലങ്കര മെത്രാപ്പോലീത്തായായി തുടരുന്നതിനും സഭയുടെ വസ്തുക്കളും പണവും കൈവശം വെച്ച് നിയന്ത്രിക്കുന്നതിനും ഉള്ള നമ്മുടെ അവകാശവും സ്ഥാപിച്ചു കിട്ടി. സാധാരണ പ്രതീക്ഷിക്കാവുന്നതുപോലെ ഇവിടുത്തെ ജനങ്ങളിൽ ഒരു ചെറിയ വിഭാഗം അബ്ദള്ളായുടെ ഭാഗം പിടിച്ച് ശക്തിയായി പൊരുതും. അബ്ദൽ മശിഹായുടെ സ്വീകരണം ഞങ്ങളെ ശീശ്മക്കാരാക്കുന്നില്ല എന്ന് കോടതി വിധിയുണ്ടായി.

പുതുപ്പള്ളിക്കേസിൽ ഈ രാജ്യത്തെ ഹൈക്കോടതി വിധിയുടെ ഒരു ഭാഗം ആകുന്നു താഴെ ചേർക്കുന്നത്. 'വാദികൾ ആദ്യം ഇടവകാംഗങ്ങൾ ആയിരുന്നു എന്നുള്ളത് ഈ കേസ്സിലെ ഒന്നാം പ്രതി നിരസിക്കുന്നില്ല. മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി തുടർന്നു സ്വീകരിക്കയാലും അബ്ദൽ മ്ശിഹായെ അന്ത്യോക്യാ പാത്രിയർക്കീസായി അംഗീകരിക്കയാലും അവരുടെ ഇടവകാംഗത്വം നശിച്ചുപോകുമെന്നുള്ള അയാളുടെ വാദം പുലർത്തത്തക്കതല്ല. എന്തെന്നാൽ മാത്തൻ മല്പാനും ഉലഹന്നാൻ ഗീവറുഗീസും തമ്മിൽ ഉണ്ടായ കേസിൽ പാത്രിയർക്കീസിൽ നിന്നു മുടക്കുണ്ടെങ്കിലും മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയിത്തന്നെ ഇരിക്കുന്നു എന്നും അദ്ദേഹവും അനുയായികളും അബ്ദൽ മശിഹായെ സ്വീകരിക്കുന്നതിനാൽ വിശ്വാസത്തിൽ നിന്ന് അന്യരായി തീർന്നിട്ടില്ലെന്നും നാം അഭിപ്രായപ്പെട്ടിട്ടുണ്ട്. തന്നിമിത്തം വാദികൾ ഇപ്പോഴും ഇടവകാംഗങ്ങൾ ആയിരിക്കുന്നു എന്ന് വന്നുകൂടുന്നു.'

അതിനകം കാതോലിക്കായോടും മലങ്കര മെത്രാപ്പോലീത്തായോടും മറ്റു മെത്രാപ്പോലീത്താമാരോടും ഈ നാട്ടിലെ ജനങ്ങളോടും ആലോചിക്കാതെയും ആവരുടെ ആനുകൂല്യം കൂടാതെയും പരേതനായ ഏലിയാസ് പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുവാൻ നിങ്ങൾക്ക് ഇഷ്ടംതോന്നി. ഞങ്ങൾ പ്രകൃത്യാ ഇതിനെ എതിർക്കുകയും അദ്ദേഹത്തെ പാത്രിയർക്കീസായി അംഗീകരിക്കാതിരിക്കയും ചെയ്തു. സത്യ (ഓർത്തഡോക്സ്) സഭയുടെ രണ്ടു ശാഖകളും തമ്മിൽ മൈത്രി ആയി കാണണമെന്ന് ഏതായാലും നമുക്ക് ഉൽക്കണ്ഠയുണ്ടായി. നാം മർദ്ദീനിലേക്കുപോയി; ഏലിയാസ് പാത്രിയർക്കീസുമായി കൂടിക്കാഴ്ച നടത്തുകയും സമാധാനപരമായ ഒരു തീരുമാനം ഉണ്ടാകുകയും ചെയ്തു. നാല്പതു സഹദേന്മാരുടെ ദേവാലയത്തിൽ വച്ച് നാമും

പങ്കുകൊണ്ടു വാഴിക്കപ്പെട്ട ഒരു പുതിയ മെത്രാൻ മാർ യൂലിയോസ് സമാധാന സന്ദേശവുമായി ഈ നാട്ടിലേക്ക് അയക്കപ്പെട്ടു. ഇവിടെ എത്തിയപ്പോൾ സ്ഥലത്തെ മൽസരക്കാരുടെ കൃത്രിമത്തിനു കീഴ്പ്പെട്ട് സന്ദേശം മറച്ചുകളഞ്ഞു. മലങ്കര അസോസിയേഷൻ പ്രസിഡണ്ടും മലങ്കരയുടെ വൃദ്ധനായ മെത്രാപ്പോലീത്തായും ആയ നമ്മെ സസ്പെണ്ടു ചെയ്തു ശാസനം അയയ്ക്കാൻ തക്ക ധിക്കാരം ഒരു ചെറുപ്പക്കാരനായ അദ്ദേഹത്തിന് ഉണ്ടായി. നമ്മെ മുടക്കിയിരിക്കുന്നതായി ഏലിയാസ് പാത്രിയർക്കീസിന്റെ കല്പന എന്ന ഭാവത്തിൽ എന്തോ പരസ്യപ്പെടുത്തുകയും ചെയ്തു. സ്വകപോലകല്പിതങ്ങളായ ഈ ശാസനങ്ങളെ ആധാരമാക്കി സിവിൽ കേസ് നടത്തുവാൻ അദ്ദേഹം ജനങ്ങളെ പ്രോൽസാഹിപ്പിച്ചു. ഭാഗ്യവശാൽ ആ കേസുകളും അവസാനിക്കുകയും ഏലിയാസ് പാത്രിയർക്കീസ് ഇവിടെ ജീവിച്ചിരുന്ന കാലത്തുതന്നെ വ്യവഹാരത്തിനു വിഷയമായ പണം ബ്രിട്ടീഷ് ഖജനാവിൽ നിന്നു കെട്ടി വാങ്ങുകയും ചെയ്തു.

ഏലിയാസ് പാത്രിയർക്കീസ് സദുദ്ദേശ്യത്തോടാണ് വന്നത് എന്നുള്ളതിൽ നമുക്ക് സംശയമില്ല. ഈ നാട്ടിൽ സമാധാനവും ഐക്യവും സ്ഥാപിക്കാൻ അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മെ സ്വീകരിക്കയും നമ്മോടു പെരുമാറുകയും നാം അദ്ദേഹത്തിന്റെ വലത്തുകൈയാണെന്ന് പരസ്യപ്രസ്താവന ചെയ്കയും ചെയ്തു. എങ്കിലും വേഗത്തിൽ യൂലിയോസിന്റെ ദുഷ്ട ലക്ഷ്യത്തിൽ നിന്നുള്ള ആപൽക്കരമായ ഉപദേശങ്ങൾ പ്രബലങ്ങളായി, ഏലിയാസ് പാത്രിയർക്കീസ് ചഞ്ചലപ്പെടാനും തുടങ്ങി. അദ്ദേഹം സന്ദർശിച്ച ഓരോ പള്ളി ഇടവകയും സഭയുടെ വ്രണം സൗഖ്യമാക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിക്കയും സമാധാനം പുനസ്ഥാപിക്കാനുള്ള ഉത്തമമാർഗം അതു മാത്രമാണെന്ന് നിർദ്ദേശിക്കയും ചെയ്തു. ആ മാർഗത്തിന് അനുകൂലമായ അഭിപ്രായം ഇങ്ങനെ വർദ്ധിച്ചുവരുന്നത് യൂലിയോസിന് തീരെ ഇഷ്ടമായില്ല. അതിനാൽ ഒടുവിൽ കലഹത്തിന്റെ ആത്മാവ് ഏറ്റം ഉഗ്രമായിരിക്കുന്നതായി യൂലിയോസിന് നിശ്ചയമുള്ള ചെറിയതും നിസ്സാരങ്ങളുമായ പള്ളികളിലേക്കു മാത്രമേ ഏലിയാസ് പാത്രിയർക്കീസിനെ കൊണ്ടുപോയുള്ളു.

അപ്രകാരമുള്ള ഒരു പള്ളി അടുത്തകാലത്തു വഴങ്ങാത്ത ഒരു പട്ടക്കാരനാൽ ഉണ്ടാക്കപ്പെട്ടതും ന്യായമോ യോഗ്യമോ ആയ വാസസ്ഥലം ഇല്ലാത്തതുമായ ഒരു ചെറിയപള്ളിയിലേക്കാണ് ഏലിയാസ് പാത്രിയർക്കീസ് അവസാനമായി കൊണ്ടുപോകപ്പെട്ടത്. അവിടെ അദ്ദേഹം കാലം ചെയ്കയും ചെയ്തു. ഉടൻതന്നെ നാം അവിടെ ചെന്ന് പരേതന്റെ നിലയ്ക്കും സ്ഥാനത്തിനും ഉചിതമായ ഒരു ശവസംസ്കാരം വാഗ്ദാനം ചെയ്തു. യൂലിയോസും അദ്ദേഹത്തിന്റെ പാർശ്വവർത്തികളും സമ്മതിച്ചില്ല. ഒരു പാത്രിയർക്കീസിന്റെ ശവശരീരത്തിനുവേണ്ടി ശണ്ഠ കൂട്ടരുതല്ലോ എന്നു വിചാരിച്ചു നമുക്കു പിന്മാറേണ്ടതായി വന്നു.

ഇവിടുത്തെ നില ഈ വിധത്തിൽ ഇരിക്കുന്നു. സംഖ്യ അനുസരിച്ചായാലും വിദ്യാഭ്യാസനില നോക്കിയാലും സ്വാധീനം കൊണ്ടും പള്ളികളുടെയും ജനങ്ങളുടെയും സംഖ്യകൊണ്ടും ഞങ്ങൾ ഓർത്തഡോക്സ് സുറിയാനി സഭയുടെ വമ്പിച്ച ഭൂരിഭാഗമാകുന്നു. മലങ്കര ഞങ്ങളുടെ സംഖ്യ 350000-ൽ പരമാണ്. അതിൽ 3 ൽ 2 ഭാഗം അബ്ദള്ളാ പാത്രിയർക്കീസിനും യൂലിയോസ് മെത്രാനും എതിരാണെന്ന് ധൈര്യസമേതം നാം ഉറപ്പു പറയുന്നു. ഏകദേശം 470 പള്ളികൾ ഉള്ളതിൽ 350-ം ഒരു ഭാഗത്തു തന്നെയാണ്. ഞങ്ങൾക്ക് ഒരു കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും രണ്ട് എപ്പിസ്കോപ്പന്മാരും ഉണ്ട്. മറ്റേ ഭാഗത്തും നാലു മെത്രാന്മാർ ഉണ്ട്. ഞങ്ങൾക്ക് മൂന്ന് ആൺപള്ളിക്കൂടവും ഒരു പെൺപള്ളിക്കൂടവും ആയി 4 ഇംഗ്ലീഷ് ഹൈസ്ക്കൂളുകളും അനേകം ഇംഗ്ളീഷ് മിഡിൽ സ്ക്കൂളുകളും ഉണ്ട്. സഭയുടെ വക എല്ലാ സ്വത്തുക്കളും എന്റെ കൈവശത്തിലാണ്; സഭയുടെ എല്ലാ പൊതുമുതലും കൈകാര്യം ചെയ്യുന്നതും നാം തന്നെയാണ്.

അബ്ദുള്ളാ പാത്രിയർക്കീസ് ഉണ്ടാക്കിയ ഭിന്നതയുടെ ആരംഭത്തിൽ വടക്കുള്ള ജനങ്ങളുടെയും പള്ളികളുടെയും ഒരു ഗണ്യമായ ഭാഗം അദ്ദേഹത്തിന്റെ ഭാഗംചേർന്നു നിന്നിരുന്നു. ഭാഗ്യവശാൽ വിദ്യാഭ്യാസാഭിവൃദ്ധി, മാനസിക വികാസം എന്നിവകൊണ്ടും, തന്റെ വാക്കുകളാലും പ്രവൃത്തികളാലും വെളിപ്പെടുത്തപ്പെട്ട യൂലിയോസിന്റെ വഞ്ചന കണ്ടതുകൊണ്ടും ഈ അടുത്ത കാലത്ത് ഞങ്ങളുടെ ഭാഗത്തേക്ക് ഒരു ഒഴുക്ക് ഉണ്ടായിട്ടുണ്ട്.

അബ്ദുള്ളാ പാത്രിയർക്കീസിന്റെ കക്ഷിയിലെ ഏറ്റം വലിയ വാശിക്കാരിൽ ഒരാളായ കോനാട്ടു മാത്തൻ കശീശായുടെ അദ്ധ്യക്ഷതയിൽ വടക്കൻ പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം 1927-ൽ ആലുവായിൽ കൂടി. മലങ്കര സ്ഥാപിക്കപ്പെട്ടിട്ടുള്ള കാതോലിക്കാസ്ഥാപനം ഔദ്യോഗികമായി സ്വീകരിക്കയും അംഗീകരിക്കയും ചെയ്യണമെന്ന് ഒരു നിശ്ചയം ഏലിയാസ് പാത്രിയർക്കീസിന് അയച്ചുകൊടുക്കാനായി ഐകകണ്ഠ്യേന ആ യോഗത്തിൽ പാസാക്കി. ഇന്നു മറ്റൊരു യോഗം വിളിച്ചുകൂട്ടാമെങ്കിൽ ഈ അഭിപ്രായം തന്നെ കുറെക്കൂടെ ശക്തിയുക്തം പ്രത്യക്ഷപ്പെടും. ഈ സത്യങ്ങൾ യൂലിയോസ് സമ്മതിക്കയില്ലെന്ന് എനിക്ക് നല്ലതുപോലെ അറിയാം. നേരിട്ടുള്ള അറിവു ലഭിച്ചിട്ടില്ലാത്ത നിങ്ങളുടെ ജനങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ സ്വീകരിക്കാൻ സന്നദ്ധരായിരുന്നേക്കാം. അദ്ദേഹം അങ്ങയുടെ നാട്ടുകാരനാണ്. എന്നാൽ അങ്ങ് ആ മനുഷ്യനെ അറിഞ്ഞിട്ടില്ല എന്ന് എനിക്കു നല്ല തീർച്ചയാണ്. വിശ്വസ്തരും സത്യസന്ധന്മാരും ആയ മൂന്ന് ആളുകൾ - ഒരു മെത്രാനും ഒരു പട്ടക്കാരനും ഒരു അൽമായക്കാരനും - ഉൾപ്പെട്ട ഒരു നിവേദക സംഘത്തെ അങ്ങു മലങ്കരയ്ക്ക് അയയ്ക്കുമെങ്കിൽ ഞാൻ പറയുന്നതുപോലെയാണു സംഗതികളുടെ വാസ്തവം എന്നും യൂലിയോസ് അങ്ങേ അറിയിച്ചിരിക്കാവുന്നതുപോലെയല്ലെന്നും അവർ ഗ്രഹിക്കുമെന്നുള്ളതിൽ

എനിക്ക് സംശയമില്ല. യൂലിയോസ് അവരോട് കർണ്ണേ ജപം ചെയ്യുന്നതിനോ എന്റെയോ എന്റെ പ്രതിനിധിയുടേയോ സാന്നിദ്ധ്യത്തിലല്ലാതെ യാതൊന്നും അവരോടു സംസാരിക്കുന്നതിനോ അനുവദിക്കരുത് എന്നു മാത്രം ഒരു വ്യവസ്ഥയെ ഞാൻ വയ്ക്കുന്നുള്ളു. ഞങ്ങൾക്ക് അറബി ഭാഷ അറിഞ്ഞുകൂടാ. യൂലിയോസിന്റെ കാര്യത്തിൽ അറബിഭാഷ അസംഖ്യം പാപങ്ങളെ ആവരണം ചെയ്യുന്നു.

മറ്റൊരു ചിത്രം വരയ്ക്കുന്നതിനു (വശം പ്രതിപാദിക്കുന്നതിന്) നാം ആഗ്രഹിക്കുന്നു. അതു സങ്കടകരമാണെങ്കിൽ അങ്ങനെ ആകുന്നതിൽ ഞങ്ങൾക്ക് രസമുണ്ടെന്ന് ഒരു നിമിഷംപോലും വിചാരിക്കരുത്. നിങ്ങളുടെ ജനസംഖ്യ ഞങ്ങളുടേതിന്റെ ദശാംശത്തിൽ കുറവാണെന്നും, കമാലിന്റെ രാജ്യത്തു നമ്മുടെ ആളുകൾ പ്രായോഗികമായി ഒന്നുമില്ലാത്ത വിധം കുറഞ്ഞുപോയിരിക്കുന്നു എന്നും, ഏലിയാസ് പാത്രിയർക്കീസ് കുർക്കുമ ദയറാ ഉപേക്ഷിക്കാൻ നിർബന്ധിതനാവുകയും പാത്രിയർക്കാ സിംഹാസനം സ്ഥാപിക്കാൻ ഒരു പുതിയ സ്ഥലം തേടിക്കൊണ്ടിരുന്നു എന്നും തീർത്തു പറയുവാൻ നമുക്കു തക്ക കാരണമുണ്ട്. സിറിയായിലും പലസ്തീനിലും സഭാംഗങ്ങളുടെ സംഖ്യ വളരെ തുച്ഛമാണ്. യറുശലേമിലും ആലപ്പോയിലും പക്ഷേ ഹോംസിലും നമുക്ക് വളരെ തുച്ഛമായ ഇടവകാംഗങ്ങളോടു കൂടിയ കുറച്ചു പള്ളികൾ മാത്രമേയുള്ളു. ഇറാക്കിനേയും മൂസലിനേയും അവിടെ നമ്മുടെ സമുദായത്തിനുള്ള ശക്തിയേയും കുറിച്ചു നമുക്കു കുറച്ച് അറിയാം. മഹമ്മദന്മാരോടും പാപ്പാ മതക്കാരോടും താരതമ്യപ്പെടുത്തിയാൽ നമ്മുടെ സംഖ്യാബലം വളരെ ക്ഷീണിച്ചിരിക്കുന്നു. ഉള്ളവർ തന്നെ പ്രതിദിനം അമേരിക്കയിലേക്കും ഈജിപ്തിലേക്കും മറ്റു രാജ്യങ്ങളിലേക്കും വലിയ കൂട്ടങ്ങളായി പരദേശഗമനം ചെയ്യുന്നു. ഒന്നോരണ്ടോ പള്ളികളുടേയോ ഒരു ആശ്രമ (കോൺവെന്റു) ത്തിന്റെയോ മേൽഅധികാരികളായി എട്ടോഒൻപതോ മെത്രാന്മാർ നിങ്ങളുടെ രാജ്യത്ത് ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതെല്ലാം നാം പറയുന്നതു കഠിന വ്യഥയോടും ലജ്ജയോടും കൂടിയാണെന്ന് എന്നെ വിശ്വസിച്ചാലും. ഞങ്ങളുടെ സഭാവിഭാഗത്തിന്റെ പ്രാധാന്യവും നിങ്ങളുടെ സഭാവിഭാഗം അധഃപതിച്ചിരിക്കുന്ന നിർഭാഗ്യനിലയും അങ്ങേ ബോധ്യപ്പെടുത്തണമെന്നു മാത്രമാണു നമ്മുടെ ഉദ്ദേശ്യം. നിങ്ങളുടെ രാജ്യത്തെ സഭയെ ദൈവം അനുഗ്രഹിക്കട്ടെ. അന്ത്യോക്യാ പാത്രിയർക്കീസിന് ഒരു കാലത്തു ചൈനയിലും, ടിബറ്റിലും ടർക്കിസ്ഥാനിലും, അഫ്ഗാനിസ്ഥാനിലും, ഇൻഡ്യയിലും, പേർഷ്യയിലും, ടർക്കിയിലും അനുയായികൾ ഉണ്ടായിരുന്നു. നിങ്ങളുടേതും ഞങ്ങളുടേതും രണ്ടു ശാഖകൾ മാത്രം അവശേഷിച്ചിരിക്കുന്നു. അവയെ ഭിന്നിപ്പിക്കുന്നതിനും മറ്റും യാതൊന്നും ചെയ്യരുത് എന്നാണ് നമ്മുടെ പ്രാർത്ഥന. അബ്ദുള്ളാ പാത്രിയർക്കീസ് കോടാലി വച്ചു: യൂലിയോസ് സ്ഥിരോത്സാഹത്തോടെ അതു പ്രയോഗിച്ചുകൊണ്ടിരിക്കുകയും

ചെയ്യുന്നു. നമ്മുടെ ബന്ധം വേർപെടുത്തണമെന്നു ഞങ്ങൾക്ക് ഇഷ്ടമില്ല. എന്നാൽ സഭയുടെ ആത്മീയ നിലയേയും പൊതുവായ അഭിവൃദ്ധിയേയും ഹനിച്ച് അധികാരത്തിനും പണത്തിനുംവേണ്ടി നിലവിളി കൂട്ടുന്ന മനുഷ്യരുടെ അശുദ്ധ ശ്രമങ്ങൾക്കു കീഴ്പ്പെടാൻ ഞങ്ങൾക്കു കഴികയില്ല.

മലങ്കരസഭയുടെ എല്ലാ സ്വത്തുക്കളിന്മേലും പാത്രിയർക്കീസ് സ്വേഛാ പ്രഭുവാണെന്നു രേഖാമൂലം സമ്മതിക്കായ്കയാൽ മാത്രം 350000 ജനങ്ങളുടെ മെത്രാപ്പോലീത്താ ആയ ഒരു വൈദികാദ്ധ്യക്ഷനെ മുടക്കുവാൻ തക്ക അവിവേക ധൈര്യം അബ്ദുള്ളാ പാത്രിയർക്കീസിന് ഉണ്ടായിരുന്നു. പാത്രിയർക്കീസ് പരാജിതനായി. എന്നാൽ മലങ്കരസഭയ്ക്കു അസംഖ്യം പണം ചെലവു ചെയ്യാൻ ഇടയാക്കി എന്നു തന്നെയല്ല അതിലും കഷ്ടതരമായി അനേകം സത്യലംഘനത്തിനും കള്ളപ്രമാണ നിർമ്മാണത്തിനും കാരണമാക്കി. ഇതു കേവലം ഭയങ്കരമെന്നേ പറയേണ്ടു. സ്ഥാനത്തിന് അർഹതയുള്ള ഒരു ആത്മീയ പിതാവും ഇങ്ങനെ ഒരു അതിക്രമത്തിനു മുതിരുകയില്ലായിരുന്നു. അബ്ദുള്ളാ പാത്രിയർക്കീസ് ആരംഭിക്കുക തന്നെയല്ലാ ആ അശുദ്ധാഗ്നിയെ വീശുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അബ്ദുള്ളാ പാത്രിയർക്കീസിന്റെ പ്രതിപുരുഷൻ പരേതനായ സ്ലീബാ മാർ ഒസ്താത്തിയോസ് സ്വന്തം കൈപ്പടയിലുള്ള ഒരു കള്ള ഹൂദായകാനോൻ പുനർജീവിപ്പിക്കുവാൻ പോലും മുതിർന്നു.

മലങ്കരസഭയുടെ പല വിധത്തിലുള്ള പ്രാധാന്യം പരിഗണിച്ച് പുരാതനമായ കാതോലിക്കാ സ്ഥാപനം ഇവിടെ പുനർജീവിപ്പിക്കണമെന്ന് ഞങ്ങൾ വിചാരിച്ചു. പാത്രിയർക്കാ സിംഹാസനം ശതകഗതിയിൽ പല സ്ഥലങ്ങളിൽ മാറ്റപ്പെട്ടിട്ടുണ്ട്. മലങ്കരസഭയും അനേക നൂറ്റാണ്ടു കാലങ്ങളിൽ ഭരണസീമയിൽ ഉൾപ്പെട്ടിരുന്ന കാതോലിക്കാ സ്ഥാപനം ഈ രാജ്യത്തേക്കു മാറ്റി സ്ഥാപിച്ചതിൽ അയോഗ്യത ഒന്നുമില്ലായിരുന്നു. അബ്ദൽ മ്ശീഹാ പാത്രിയർക്കീസ് അതിനേയും അതിന്റെ തുടർച്ചയേയും അനുവദിക്കയും അനുഗ്രഹിക്കയും അദ്ദേഹംതന്നെ ഒന്നാമത്തെ കാതോലിക്കായെ അവരോധിക്കയും ചെയ്തു.

ഈ രാജ്യത്തെ ജനങ്ങളുടെ വിപുലമായ ഭൂരിപക്ഷത്തിന്റെ വികസിതവും ഊർജിതവുമായ സഹായത്തോടുകൂടി ഇവിടെ കാതോലിക്കാ സ്ഥാപനം സ്ഥിതി ചെയ്യുന്നു എന്നുള്ളതു സംശയമറ്റ സത്യമാണ്. ഇരുപതിൽപരം വർഷങ്ങൾ അതു നിലനില്ക്കുകയും മൂന്ന് അദ്ധ്യക്ഷന്മാർ ആ സ്ഥാനത്തു വാഴുകയും ചെയ്തിട്ടുണ്ട്. നിഖ്യായിലെ പൊതു സുന്നഹദോസിന്റെ നടപടികളിൽ നിന്ന്, ടൈഗ്രീസിലെ കാതോലിക്കാ സ്ഥാപനം ആ സുന്നഹദോസിനു മുമ്പു സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നും, അതിനെ സ്വീകരിക്കയും പാത്രിയർക്കീസും കാതോലിക്കായും തമ്മിലുള്ള ബന്ധം ക്രമീകരിക്കുകയും മാത്രമാണ് സുന്നഹദോസ് ചെയ്തതെന്നും അനുമാനിക്കാം. നിങ്ങളേയും

ഞങ്ങളേയും അഭിമുഖീകരിച്ചിരിക്കുന്നത് ഇതുപോലെയുള്ള ഒരു സന്ദർഭ മാണ്. കാതലായ വിശ്വാസകാര്യങ്ങളിൽ വ്യതിയാനം ഉണ്ടായിട്ടില്ല. മലങ്കര സഭ മേൽ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണം ഒരു കാലത്തും ഉണ്ടായി രുന്നില്ല.

അടുത്തകാലത്തു തത്സംബന്ധമായി തുടങ്ങിയ പരിശ്രമങ്ങൾ പരാജയ പ്പെട്ടു. തുടർന്നുള്ള പരിശ്രമങ്ങൾക്ക് ഇപ്പോൾ കുറേക്കാലമായി പാത്രിയർക്കാ സ്വേച്ഛാപ്രബുദ്ധതയ്ക്ക് ഇരയായിരുന്ന ഞങ്ങൾ കീഴ്പ്പെടുകയില്ല. അത്മാ യക്കാരുടെയും പട്ടക്കാരുടെയും സംഖ്യകൊണ്ട് ഞങ്ങൾ ഓർത്തഡോക്സ് സുറിയാനി സഭയുടെ വമ്പിച്ച വിഭാഗമാകുന്നു. പാത്രിയർക്കീസ് ഇന്നു ഭവ നരഹിതനാണ്. ഈ കാര്യങ്ങൾ അങ്ങ് അറികയും അഭിമുഖീകരിക്കയും അതിൻപ്രകാരം പ്രവർത്തിക്കയും ചെയ്യേണ്ടതാണ്. വടക്കൻ പള്ളികളിലെ കഴിഞ്ഞ തലമുറ കാതോലിക്കാ സ്ഥാപനത്തോട് ആനുകൂല്യമുള്ളവരായി രുന്നില്ലെങ്കിലും അങ്ങനെയുള്ള സ്ഥാപനത്തിന്റെ ആവശ്യം വിപുലമായും ശക്തിയായും വടക്കരുടെ ഇടയിൽ പോലുമുള്ള ഇപ്പോഴത്തെ തലമുറയ്ക്കു തോന്നിയിട്ടുണ്ട്. ഈ വാസ്തവങ്ങളിൽ അധികവും യൂലിയോസ് നിരസി ക്കുമെന്ന് എനിക്ക് അറിയാം. അദ്ദേഹത്തിന്റെ വാക്കുകൾ അങ്ങു വകവയ്ക്കു ന്നുണ്ടെങ്കിൽ, മുമ്പു സൂചിപ്പിച്ചിട്ടുള്ള നിവേദകസംഘം ഇക്കാര്യംകൂടി അന്വ ഷിച്ച് റിപ്പോർട്ടു ചെയ്യണമെന്നു നാം അപേക്ഷിക്കുന്നു. സഭയുടെ ഐക്യം പരിപാലിക്കുന്നതു നമ്മുടെ സ്ഥിരവും സ്ഥായിയുമായ ഉദ്ദേശ്യവും ആയിരി ക്കണം. പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ വ്യക്തിപരവും രാജ്യപരവുമായ മേധാ വിത്വം പരിത്യജിക്കുവാൻ നാം സന്നദ്ധരായിരിക്കണം. അങ്ങനെയുള്ള വിഷ മങ്ങൾ ഉണ്ടായിരിക്കുമ്പോൾ അങ്ങും ഞാനും ത്യാഗം ചെയ്ത്, അങ്ങനെ സഭയുടെ ഐക്യം കൈവരുത്താൻ തയ്യാറാകണം.

നിങ്ങളുടെ നാട്ടിൽ നിങ്ങളും ഈ രാജ്യത്തു ഞങ്ങളും ഉന്നതത്തിൽ നിന്ന് നടത്തപ്പെടണമെന്നും നമ്മൾ ഇരുകൂട്ടരും വണക്കത്തോടും വിശ്വാസ ത്തോടും ആ നടത്തിപ്പിനെ അനുഗമിപ്പാൻ മനസ്സും സന്നദ്ധതയും ഉള്ളവർ ആയിത്തീരണമെന്നും നാം പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ അങ്ങയുടെ
മാർ ദീവന്നാസ്യോസ് ഗീവറുഗീസ്
മലങ്കര മെത്രാപ്പോലീത്താ (ഒപ്പ്)

സിറിയൻ സെമിനാരി
കോട്ടയം
1932 മാർച്ച് 7

ഇതിനെ തുടർന്ന് ശീമയിൽ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കാൻ കൂടിയ സുന്നഹദോസിലേക്ക് 'മുടക്കപ്പെട്ട' വട്ടശ്ശേരിൽ തിരുമേനിക്കും

ക്ഷണം ലഭിച്ചു. കാതോലിക്കോസിനെയും മറ്റു മേൽപട്ടക്കാരെയും ക്ഷണി ക്കാത്തതുകൊണ്ട് വരുന്നില്ലെന്നു മെത്രാപ്പോലീത്താ കമ്പി അടിച്ചു. എന്നി രിക്കിലും പാത്രിയർക്കീസായി മാർ അപ്രേം സേവേറിയോസിനെ അവരോ ധിച്ചപ്പോൾ മലങ്കര മെത്രാപ്പോലീത്താ ഒരഭിനന്ദന സന്ദേശം കമ്പിമാർഗ്ഗം അറിയിച്ചു. അതിനു നന്ദി പ്രകടിപ്പിച്ചുകൊണ്ടുള്ള കത്തും പാത്രിയർക്കീ സിൽ നിന്നു ലഭിച്ചു. പാത്രിയർക്കീസ് നല്ല പഠിപ്പുള്ള ആളാകയാൽ മലങ്കര യിൽ സമാധാനം ഉണ്ടാക്കണമെന്നു കാണിച്ച് ഒരു കത്ത് വട്ടശ്ശേരിൽ തിരു മേനി അയച്ചു. അതിന്റെ മറുപടിയായി പാത്രിയർക്കീസ് ആലുവായിലെ മാർ അത്താനാസ്യോസിനും വട്ടശ്ശേരിൽ തിരുമേനിക്കും കത്തുകൾ അയച്ചു. ഇരുവരും കൂടിയാലോചിച്ച് ആവശ്യമായ വ്യവസ്ഥകൾ എഴുതി അറിയിക്കണ മെന്നും അതു സ്വീകരിച്ചു കൽപന അയയ്ക്കാമെന്നും ആയിരുന്നു പാത്രി യർക്കീസിന്റെ കത്തിലെ സാരം.

ജീവിതാന്ത്യം

പാത്രിയർക്കീസിന്റെ കൽപന കിട്ടിയ ഉടനെ വട്ടശ്ശേരിൽ തിരുമേനി, കല്പന വന്ന സ്ഥിതിക്ക് എന്ന് എവിടെ വച്ച് കൂടി ആലോചിക്കാൻ സൗക ര്യപ്പെടുമെന്ന് എഴുത്തിലൂടെ പൗലൂസ് മാർ അത്താനാസ്യോസിനോട് ആരാഞ്ഞു. എട്ടുപത്തു ദിവസം കഴിഞ്ഞപ്പോൾ മാർ അത്താനാസ്യോസിന്റെ കൂടെ നിന്ന ശെമ്മാശന്റെ മറുപടി വന്നു. മാർ അത്താനാസ്യോസ് പള്ളി സഞ്ചാരത്തിലായതുകൊണ്ടാണു മറുപടി വൈകിയതെന്നും ഏലിയാസ് പാത്രിയർക്കീസിന്റെ ഓർമ്മപ്പെരുന്നാളിനു പോകുമ്പോൾ കോട്ടയത്തു വരാ മെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. മഞ്ഞിനിക്കരപ്പെരുന്നാളിനു രണ്ടു മാസം കൂടിയുണ്ടെന്നും അതുകൊണ്ട് താൻ ആലുവായിൽ വരാമെന്നും സൗകര്യമുള്ള സമയം അറിയിച്ചാൽ മതിയെന്നും വട്ടശ്ശേരിൽ തിരുമേനി വീണ്ടും എഴുതി. അതിനും ശെമ്മാശനാണു മറുപടി നൽകിയത്. മഞ്ഞിനി ക്കരയ്ക്കു പോകുന്ന സമയത്തല്ലാതെ അത്താനാസ്യോസിനു സൗകര്യപ്പെ ടുകയില്ലെന്നും ഫെബ്രുവരി 12 തിങ്കളാഴ്ച വരാമെന്നുമാണ് ശെമ്മാശനെ ക്കൊണ്ടു എഴുതിച്ച കത്തിന്റെ ചുരുക്കം. ഫെബ്രുവരി 12-നു 11 മണിക്കു വന്നു. മണിയടിച്ചു സ്വീകരിച്ചു. പള്ളിയിൽ മെഴുകുതിരികൾ കത്തിച്ച് ഒരു ശെമ്മാശൻ ധൂപക്കുറ്റിയുമായി നിന്നിരുന്നു. മണലിൽ യാക്കോബ് ശെമ്മാ ശൻ കാറിനടുത്തു ചെന്നു മാർ അത്താനാസ്യോസിനെ കൈമുത്തി സ്വീകരിച്ച് പള്ളിയിലേക്കു ആനയിച്ചു. പള്ളിയുടെ പടിഞ്ഞാറേ വാതിലിനു പുറത്തു നിന്നു കുരിശുവരച്ചു പ്രാർത്ഥിച്ചു. പിന്നീട് വടക്കേ വരാന്തയിലൂടെ നടന്നു പുലിക്കോട്ടിൽ തിരുമേനിയുടെ കബറിന്റെ പുറത്തെ വാതിക്കലും നിന്ന് മൗന പ്രാർത്ഥന നടത്തി. തുടർന്ന് സെമിനാരിയുടെ ഗോവണി കയറിച്ചെന്നപ്പോൾ വട്ടശ്ശേരിൽ തിരുമേനി അവിടെ നിന്നിരുന്നു. ചുംബനം കഴിഞ്ഞു വട്ടശ്ശേ രിൽ തിരുമേനിയുടെ മുറിയിലിരുന്നു. വെയിലുകൊണ്ടും പൊടിപിടിച്ചും

വരുന്നതാകയാൽ ഒരു കൂൾഡ്രിങ്ക് ഉണ്ടാക്കി കുടിക്കാൻ കൊണ്ടുവന്നു എങ്കിലും വേണ്ടെന്നു പറഞ്ഞു. തമ്മിൽ കൂടിക്കണ്ടിട്ട് വളരെ നാളായെന്നും സെമിനാരിയിൽ വന്നിട്ടു വർഷങ്ങളായെന്നും വളരെ സന്തോഷമുണ്ടെന്നും മറ്റും വട്ടശ്ശേരിൽ തിരുമേനി പറഞ്ഞിട്ടും അതിഥി ഒന്നും മിണ്ടാതെ മൗനം പാലിച്ചു.

'എനിക്ക് ഉടനെ പോകണം. ബാവായുടെ കല്പനയും തിരുമേനിയുടെ കത്തും കിട്ടിയതുകൊണ്ടു വന്നതാണ്. എനിക്ക് ഒന്നും പറയാനില്ല. പാത്രിയർക്കീസും നിങ്ങൾ എല്ലാവരും കൂടി നിശ്ചയിക്കുന്നത് എനിക്കും സമ്മതമാണ്' മാർ അത്താനാസ്യോസ് പറഞ്ഞു. "കാതോലിക്കാ വേണമെന്ന് എനിക്കഭിപ്രായമില്ല. എല്ലാവരും കൂടി നിശ്ചയിക്കുന്നു എങ്കിൽ വിരോധവും ഇല്ല. ഞാൻ പോകുന്നു" അദ്ദേഹം തുടർന്നു പറഞ്ഞു.

'പ്രാർത്ഥനയും ഉച്ചഭക്ഷണവും കഴിഞ്ഞു പോകാം. ഇന്ന് ഇവിടെ താമസിക്കുന്നതും സന്തോഷമാണ്.' വട്ടശ്ശേരിൽ തിരുമേനി പറഞ്ഞു.

'ഭക്ഷണം വണ്ടിയിൽ ഉണ്ട്, ഞാൻ പോകയാണ്.' ഇതിനകം എഴുന്നേറ്റ മാർ അത്താനാസ്യോസ് വട്ടശ്ശേരിൽ തിരുമേനിയെ അറിയിച്ചു. അത്താനാസ്യോസ് ഇറങ്ങിക്കഴിഞ്ഞു.

മാർ അത്താനാസ്യോസിന്റെ ഈ സംസ്കാരശൂന്യമായ പെരുമാറ്റം വട്ടശ്ശേരിൽ തിരുമേനിക്ക് ഒരു ആഘാതമായിരുന്നു. ഫെബ്രുവരി 15-നു മാന്തുരുത്തേൽ പള്ളിപ്പെരുന്നാൾ ആയിരുന്നു. മണലിൽ ശെമ്മാശൻ കത്തനാരായശേഷം ആദ്യം വരുന്ന പെരുന്നാൾ. ഫെബ്രുവരി 14-നു അച്ചൻ മാന്തുരുത്തേൽ പള്ളിയിലേക്കു പോയി. അത്താനാസ്യോസുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം വട്ടശ്ശേരിൽ തിരുമേനി വളരെയധികം മൗനിയായി കാണപ്പെട്ടു.

പെരുന്നാൾ കഴിഞ്ഞാൽ ഒരു ദിവസത്തിൽ കൂടുതൽ താമസിക്കരുതെന്നു തിരുമേനി കൽപ്പിച്ചശേഷമാണ് മണലിൽ അച്ചനെ വിട്ടത്. മാമ്മലശേരിയിൽ ചെന്ന് അമ്മയെ ഒന്നു കണ്ടിട്ടു വരാമെന്നും പറഞ്ഞാണു അച്ചൻ യാത്ര ചോദിച്ചത്. പെരുന്നാൾ കഴിഞ്ഞു പിറ്റേദിവസം മാമ്മലശേരിക്കു പോകാൻ സാധിച്ചില്ല. ഫെബ്രുവരി 17-നു കാപ്പികുടി കഴിഞ്ഞു മാമ്മലശേരിക്കു പോകാൻ ഒരുങ്ങിയപ്പോൾ കോട്ടയത്തുനിന്നു ഒരാൾ വന്നു. 'വട്ടശ്ശേരിൽ തിരുമേനി സുഖമില്ലാതെ കിടപ്പിലാണ്. സംസാരിക്കുന്നില്ല. അച്ചൻ എളുപ്പം ചെല്ലണമെന്നു പറയാൻ മാമ്മൻ മാപ്പിള അയച്ചതാണ്' എന്നറിയിച്ചു. അത്താനാസ്യോസ് വന്നുപോയതിന്റെ അനന്തരഫലമായിരിക്കും ഈ അസുഖം എന്ന് അച്ചൻ ഊഹിച്ചു. വന്ന ആൾക്കും ഭക്ഷണം കൊടുത്തശേഷം ഉടനെ അച്ചൻ കോട്ടയത്തിനു തിരിച്ചു. ബസ് കിട്ടാനും മറ്റും അൽപ്പം വൈകി. സെമിനാരിയിൽ ചെന്നപ്പോൾ മണി 12.30 ആയി. തിരുമേനി കണ്ണടച്ചു കിടക്കുകയാണ്. ഇതിനകം ഇ. ജെ. പീലിപ്പോസ് തിരുവനന്തപുരത്തു നിന്നു കാറിൽ

എത്തി. അച്ചനും പീലിപ്പോച്ചനും തിരുമേനിയുടെ കൈപിടിച്ചു മുത്തി. ഞങ്ങളെ ഒരുമിച്ചു കണ്ടപ്പോൾ തിരുമേനിയുടെ കണ്ണുനിറഞ്ഞു. എപ്പോൾ വന്നു എന്ന് ആംഗ്യം മൂലം ആരാഞ്ഞു. ഇപ്പോൾ വന്നു എന്നു ഞങ്ങൾ പറഞ്ഞു. തിരുമേനി കണ്ണടച്ചു. 'എപ്പോഴും കണ്ണടഞ്ഞിരിക്കയാണ്, സംസാരമില്ല. മറ്റുള്ളവർ പറയുന്നതു മനസ്സിലാകുന്നുണ്ട്.' കൂടെ നിന്നവർ അറിയിച്ചു.

ഈ സമയം തിരുമേനിയുടെ മുറിയുടെ തൊട്ടു അച്ചൻ ഉപയോഗിച്ചു കൊണ്ടിരുന്ന മുറിയിൽ മാമ്മൻ മാപ്പിള ഇരുന്നിരുന്നു. അദ്ദേഹം അച്ചനെ വിളിച്ചു 'തിരുമേനിയുടെ കൈപ്പെട്ടിയിൽ പണം വല്ലതുമുണ്ടോ' എന്നു ചോദിച്ചു. "ആയിരത്തിൽ താഴെ കാണും." "കൈപ്പെട്ടി തുറക്കാൻ പറഞ്ഞിട്ടു ബാവായ്ക്കും മെത്രാപ്പോലീത്താമാർക്കും എല്ലാവർക്കും ഭയമാണ്. സെമിനാരിയിൽ ഒരു കാശുമില്ല. കടം വാങ്ങിയാണു അത്യാവശ്യങ്ങൾ നിറവേറ്റുന്നത്." മാനേജരച്ചൻ ഇതു പറഞ്ഞപ്പോൾ മണലിൽ അച്ചൻ തന്നെ പെട്ടിയിൽ നിന്നു പണം എടുക്കണമെന്നു മാമ്മൻ മാപ്പിള നിർദ്ദേശിച്ചു.

തിരുമേനി കിടന്ന കട്ടിലിന്റെ ക്രാസ്സിയിൽ തൂവാലയിൽ കെട്ടിയിരുന്ന താക്കോൽ എടുത്ത് അച്ചൻ ഒന്നു കുലുക്കി. കണ്ണു തുറന്നു തിരുമേനി നോക്കി. അച്ചൻ അടുത്ത മേശയിലിരുന്ന കൈപ്പെട്ടി തുറന്നു പണം എടുത്തശേഷം പൂട്ടി താക്കോൽ യഥാസ്ഥാനത്തു വച്ചു. പണം എണ്ണി. 950 രൂപാ ഉണ്ടായിരുന്നു. അതു മാമ്മൻ മാപ്പിളയെ ഏൽപിച്ചു. വേറെ പണം എടുക്കുവാൻ ഉണ്ടോ എന്നു മാമ്മൻ മാപ്പിള ചോദിച്ചപ്പോൾ 3000 രൂപ പരുമലയിലെ ഇരുമ്പുപെട്ടിയിലുണ്ടെന്നും അതിന്റെ താക്കോലും കൈപ്പെട്ടിയിൽ ആണെന്നും അച്ചൻ വെളിപ്പെടുത്തി. ആ പണം കൂടി എടുക്കണമെന്നും പല ആവശ്യങ്ങളുണ്ടെന്നും മാമ്മൻ മാപ്പിള പറഞ്ഞു. നാളെ കൊണ്ടുവരാമെന്നു പറഞ്ഞു കൈപ്പെട്ടിയിൽ നിന്നു ഇരുമ്പുപെട്ടിയുടെ താക്കോൽ എടുത്തുവച്ചു. അന്ന് ഒരു ശനിയാഴ്ച ആയിരുന്നു.

പിറ്റേ ദിവസം ഞായറാഴ്ച വി. കുർബാന കഴിഞ്ഞ് മാമ്മൻ മാപ്പിളയുടെ കാറിൽ അച്ചൻ പരുമലയിൽ ചെന്നു. ഇരുമ്പുപെട്ടി ഇരിക്കുന്ന മുറിയുടെ താക്കോൽ മാനേജരോടു വാങ്ങി പെട്ടി തുറന്നു 3000 രൂപായും എടുത്തു കോട്ടയത്തു തിരിച്ചെത്തി.

തിരുമേനി ഫെബ്രുവരി 23-നു വെള്ളിയാഴ്ച കാലംചെയ്തപ്പോൾ ഈ പണം കൊണ്ടാണു കബറടക്കം സംബന്ധിച്ച ആവശ്യങ്ങൾ നിറവേറ്റിയത്. ശനിയാഴ്ചത്തെ കബറടക്കം മെത്രാപ്പോലീത്തായുടെ സ്ഥാനത്തിന് യോജിച്ചവിധത്തിലുള്ളതായിരുന്നു. മലങ്കരയുടെ നാനാഭാഗങ്ങളിൽ നിന്നും സഭാംഗങ്ങൾ എത്തി അന്ത്യോപചാരം അർപ്പിച്ചു. അന്നു നേതാക്കൾക്കു പണം ഒട്ടും ഇല്ലായിരുന്നു. ഇന്നു ലക്ഷങ്ങൾ മറിക്കാൻ കഴിവുള്ളവർ സുലഭം.

പിന്നീട് പള്ളിക്കാരെ വിളിച്ചുകൂട്ടി മുപ്പതാം ദിവസം അടിയന്തിരം 1000 പറ അരി വച്ചു നടത്താൻ നിശ്ചയിച്ചു. വിഭവങ്ങളുടെ ചുമതല വിവിധ പള്ളിക്കാരെ ഏൽപിക്കുകയാണുണ്ടായത്. നോമ്പുകാലമായിരുന്നതിനാൽ ശനി, ഞായർ ദിവസങ്ങളിൽ മാത്രം മൂന്നുമ്മേൽ കുർബാന നടത്തി. 900 പറ അരിയുടെ ചോറു വച്ചു. പാച്ചോറും പുറമെ എല്ലാ വിഭവങ്ങളും അധികം വന്നു. ഒട്ടധികം പാവപ്പെട്ടവരും സദ്യയിൽ പങ്കെടുത്തു.

പിന്നീട് അടുത്ത മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുക, വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് തയ്യാറാക്കിയിരുന്ന നക്കൽ ഭരണഘടന അച്ചടിച്ചു പള്ളികൾക്ക് അയച്ചുകൊടുത്തശേഷം അസോസിയേഷനിൽ പാസ്സാക്കുക എന്നീ കാര്യങ്ങൾക്കുവേണ്ടി അസോസിയേഷൻ കൂടാൻ നിശ്ചയിച്ചു. പള്ളികൾക്കു മേൽപട്ടക്കാർ ഒരു നോട്ടീസും മാനേജിംഗ് കമ്മിറ്റിക്കാർ മറ്റൊരു നോട്ടീസും അച്ചടിപ്പിച്ച് ഒപ്പു വച്ചയയ്ക്കണമെന്ന് തീരുമാനിച്ചു.

വിവരം കാതോലിക്കാ ബാവായെ അറിയിച്ചപ്പോൾ ഭരണഘടനക്കാര്യം വയ്ക്കേണ്ടതില്ലെന്നു പറഞ്ഞതിനാൽ അസോസിയേഷൻ കൂടാൻ വൈകി. അപ്പോഴേക്കും എതിർകക്ഷികൾ പള്ളിപ്രതിപുരുഷയോഗത്തിനു നോട്ടീസ് അയച്ചതിനാൽ ബാവായും സമ്മതിച്ചു നോട്ടീസയയ്ക്കുകയാണുണ്ടായത്.

ഈ സമയത്ത് യൂലിയോസ് മെത്രാപ്പോലീത്തായുമൊന്നിച്ചു ബാവായും സമാധാന ആലോചനയ്ക്കു ശീമയ്ക്കു പോയി. അപ്രേം പാത്രിയർക്കീസിനെ കാണാൻ തീരുമാനിച്ചതിനാൽ ഇരുഭാഗത്തെയും അസോസിയേഷൻ യോഗങ്ങൾ കൂടുന്നില്ലെന്നു പത്രങ്ങളിൽ പരസ്യം ചെയ്തു.

ശീമയിൽ ചെന്നു പാത്രിയർക്കീസുമായി മൂന്നു തവണ സംസാരിച്ചിട്ടും സമാധാനം ഉണ്ടായില്ല. ബാവായും കൂട്ടരും യറുശലേം ബിഷപ്പിന്റെ അതിഥികളായിട്ടാണു താമസിച്ചത്. ഒടുവിൽ സമാധാനം ഇല്ലാതെ തിരിച്ചെത്തി. പാത്രിയർക്കീസ് പാവനമായ തന്റെ സ്ഥാനത്തിന് ഒട്ടും നിരക്കാത്ത തരത്തിൽ സഭ്യേതരമായ ഭാഷയിൽ കാതോലിക്കാ ബാവായെ കുറ്റപ്പെടുത്തി ഒരു കൽപ്പനയും മലങ്കരയ്ക്ക് അയച്ചു.

മലങ്കര അസോസിയേഷൻ 1934 ഡിസംബർ 26-നു കോട്ടയം എം.ഡി.യിൽ ചേരാൻ നോട്ടീസയച്ചു. അസോസിയേഷൻ ചേർന്നു ബാവായെ മലങ്കര മെത്രാപ്പോലീത്തായായും തെരഞ്ഞെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ സഭയുടെ ഭരണഘടനയും പാസ്സാക്കി.

ബഥനിയിലെ ഫാ. അലക്സിയോസിനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും സമുദായത്തിന് ഒരു കാതോലിക്കേറ്റു ഫണ്ട് ഉണ്ടാക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു.

വട്ടശ്ശേരിൽ തിരുമേനിയുടെ വിൽപത്രം അദ്ദേഹം കബറടങ്ങിയ ദിവസം

മാനേജിംഗ് കമ്മിറ്റിക്കാർ പൊട്ടിച്ചു വായിച്ചു മഹസർ എഴുതിയിരുന്നതു ഡിസ്ട്രിക്ട് രജിസ്ട്രാറുടെ ഓഫീസിൽ ഹാജരാക്കി. സാക്ഷികളായ പാറേട്ടു മാത്യൂസച്ചനേയും പ്രൈവറ്റ് സെക്രട്ടറിയായ മണലിൽ യാക്കോബച്ചനേയും വിസ്തരിച്ച് എതിർകക്ഷി ആക്ഷേപം കേട്ടശേഷം രജിസ്റ്റർ ചെയ്തു കിട്ടി. വിൽപത്രം വട്ടശ്ശേരിൽ തിരുമേനി 1932 ജനുവരിയിൽ എഴുതി രണ്ടു സാക്ഷികളെക്കൊണ്ടും ഒപ്പിട്ടു സൂക്ഷിച്ചിരുന്നതാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ സ്വന്തം സമ്പാദ്യങ്ങളും പണവും സമുദായ സ്വത്തുക്കളും ഉൾപ്പെട്ടതായിരുന്നു വിൽപത്രം.

എതിർകക്ഷികൾ 1935 സെപ്തംബറിൽ കരിങ്ങാച്ചിറ പള്ളിയിൽ പള്ളി പ്രതിപുരുഷയോഗം ചേർന്ന് പൗലൂസ് മാർ അത്താനാസ്യോസിനെ മലങ്കര മെത്രാനായും പുക്കുന്നേൽ ജോസഫ് കത്തനാരെയും തുകലൻ പൗലോ അവിരായേയും ട്രസ്റ്റിമാരായും തെരഞ്ഞെടുത്തു. ഒരു മാനേജിംഗ് കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെട്ടു. സമുദായ സ്വത്തുക്കളും കെട്ടിടങ്ങളും ചേർത്ത് അവ വിട്ടുകിട്ടണമെന്നു കാണിച്ച് അന്യായം കൊടുക്കണമെന്നും മറ്റും തീരുമാനിച്ചു. അതനുസരിച്ചാണു 1938 മാർച്ച് 10-നു കോട്ടയം ജില്ലാക്കോടതിയിൽ സമുദായക്കേസ് ആരംഭിച്ചത്.

അതികായനും പണ്ഡിതനും

കഴിഞ്ഞ തലമുറ അതികായന്മാരുടേതാണെന്നു ഞാൻ ചിന്തിക്കാറുണ്ട് - The age of stalwarts. രാഷ്ട്രീയത്തിലായാലും, സാമൂഹ്യരംഗങ്ങളിലായാലും, മതമണ്ഡലങ്ങളിലായാലും, അദ്ധ്യാപകലോകത്തായാലും കരുത്തന്മാരും പ്രതിഭാശാലികളുമായവർ വിഹരിച്ചിരുന്ന കാലഘട്ടമായിരുന്നു മുൻ തലമുറയുടേത്. പാശ്ചാത്യലോകത്തു വിൻസ്റ്റൺ ചർച്ചിൽ തുടങ്ങിയ ചരിത്രപുരുഷന്മാർ വിഹരിച്ച ആ തലമുറയിൽ തന്നെയാണു ഭാരതത്തിലെ വീര സ്വാതന്ത്ര്യ സമരസേനാനികളായ ഗാന്ധിജിയും, മോട്ടിലാൽ നെഹ്റുവും, സി. എർ. ദാസും വല്ലഭായി പട്ടേലുമൊക്കെ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനു നേരെ വിരിമാറു കാട്ടി ധർമ്മസമരം നടത്തിക്കൊണ്ടിരുന്നത്. രാഷ്ട്രീയരംഗത്ത് അതികായന്മാർ പങ്കുവഹിച്ച പല സംരംഭങ്ങളെക്കുറിച്ച് ഓർക്കുവാൻ കഴിയുന്നതുപോലെതന്നെ കഴിഞ്ഞ തലമുറയിലെ അദ്ധ്യാപകലോകത്തേക്ക് ഒന്നു കണ്ണോടിച്ചാൽ ഇന്നത്തെ തലമുറയുടെ കണ്ണഞ്ചിക്കുന്ന പ്രഭാപൂരം വീശിനിൽക്കുന്ന പലരേയും കാണുവാൻ കഴിയും.

മദ്രാസ് ക്രിസ്ത്യൻ കോളജിലെ ഡോ. സ്ക്കിന്നറുടെ ശിഷ്യനായി പഠിച്ച മുൻ രാഷ്ട്രപതി രാധാകൃഷ്ണൻ ഒരിക്കൽ പറഞ്ഞത് ഇങ്ങനെയാണ്, “ക്രിസ്തുമതത്തിന് ഹിന്ദുമതത്തേക്കാൾ എന്തു ശ്രേഷ്ഠതയാണു കൂടുതലുള്ളതെന്നു എത്ര ചിന്തിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. എന്നാൽ ഡോക്ടർ സ്ക്കിന്നറെ കാണുമ്പോൾ എന്തോ ഒരു മഹത്വം ആ മതത്തിനു

ള്ളതായി തോന്നാറുണ്ട്." ഇങ്ങനെ ശിഷ്യഗണങ്ങളുടെ സമരാദ്ധ്യരായി ത്തീർന്ന വളരെ ഗുരുശ്രേഷ്ഠന്മാരെ നമുക്കു കഴിഞ്ഞ തലമുറയിൽ ഓർക്കു വാൻ സാധിക്കും. ഈ തലമുറയിൽ അതിന്റെ ദാരിദ്ര്യം നമ്മെ ദുഃഖചിന്ത കൾക്ക് അധീനരാക്കാറുണ്ട്. ഇതുപോലെതന്നെ നമ്മുടെ സുറിയാനിസഭ യിലും അതികായന്മാരായ നേതാക്കൾ ആണ് അവിസ്മരണീയമായ സേവ നമനുഷ്ഠിച്ചത്. ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻ മാപ്പിള, എം. എ. ചാക്കോ, ഒ. എം. ചെറിയാൻ, പത്രോസ് മത്തായി എന്നിങ്ങനെ സദ്യശ സ്സിനു പാത്രവാന്മാരായിരുന്ന പ്രതിഭാശാലികളാണു സമുദായത്തിനു നേതൃത്വം നൽകിയിരുന്നത്. അവരുടെ സമീപത്തെങ്ങും നിൽക്കാനുള്ള കഴിവോ, ബുദ്ധിശക്തിയോ, കർമ്മധീരതയോ, ദാർശനികത്വമോ പ്രദർശിപ്പി ക്കുന്ന നേതാക്കൾ ഇന്നത്തെ തലമുറയിൽ അപൂർവ്വമെന്നല്ല ഇല്ലെന്നു തന്നെ പറയാം. എന്നാൽ ഇത്രയും സമുന്നതന്മാരായിരുന്നവരുടെയെല്ലാം പരിപൂർണ്ണ മായ വിശ്വാസത്തിനും, ആദരത്തിനും അഭിവന്ദനത്തിനും, വീരാരാധനയ്ക്കു തന്നെയും പാത്രീഭൂതനായിരുന്ന ഒരു മഹൽവ്യക്തിയായിരുന്നു വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്നു പറയുമ്പോൾ തിരുമേനിയുടെ പ്രഭാവത്തെക്കുറിച്ച് ഏതാണ്ടൊരു രൂപം നമുക്കു സിദ്ധിക്കും.

മാർ ദീവന്നാസ്യോസ് തിരുമേനി പുരാതനമായ വട്ടശ്ശേരിൽ കുടുംബാം ഗമായിരുന്നതുകൊണ്ടോ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വഹിച്ചിരുന്ന തുകൊണ്ടോ ആയിരുന്നില്ല ഇവരുടെയെല്ലാം വീരാരാധനയ്ക്ക് അദ്ദേഹം പാത്രീഭവിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ അന്നത്തെ നാലാം ഫോറം മാത്രം പഠിച്ചിരുന്ന തിരുമേനി ഉന്നതബിരുദധാരികളായ ജോൺ വക്കീലി ന്റെയും മാമ്മൻ മാപ്പിളയുടെയും, എം. എ. ചാക്കോയുടെയും, ഒ. എം. ചെറി യാന്റെയുമെല്ലാം അകൈതവമായ വണക്കത്തിനും, അവർ സ്വയം സമ്മതി ച്ചുകൊടുക്കാൻ പ്രേരിതമായ നേതൃത്വ മാഹാത്മ്യത്തിനും പാത്രമായതു എന്തുകൊണ്ടാണെന്നു ചിന്തിക്കുന്നതു കൊള്ളാം. സാധാരണ മനുഷ്യരുടെ ഗണത്തിൽ നിന്ന് അദ്ദേഹത്തെ തുലോം ഉയർത്തിനിർത്തുന്ന ചില വ്യക്തി മാഹാത്മ്യങ്ങളും ശ്രേഷ്ഠതയും, പ്രതിഭാസമ്പന്നതയും, നേതൃത്വസവിശേ ഷതകളും അദ്ദേഹത്തിനുണ്ടായിരുന്നു. നൈസർഗ്ഗികമായ സിദ്ധിവിശേഷ ങ്ങളെ തപോനിഷ്ഠകളും, ശിക്ഷണവും, കർമ്മനിരതത്വവുംകൊണ്ടു വിക സിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സുറിയാനി ഭാഷയിൽ അദ്ദേ ഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം വെറും ഗ്രന്ഥപ്പുഴുവിന്റേതല്ലായിരുന്നു. അസാധാരണമായ ബുദ്ധിവൈഭവവും, യുക്തിസാമർത്ഥ്യവുംകൊണ്ടു വിവേ ചനം ചെയ്തു മനസ്സിലാക്കിയിരുന്ന വേദശാസ്ത്രസത്യങ്ങൾ തിരുമേനിയുടെ സമാകർഷകമായ പ്രസംഗങ്ങളിൽകൂടി വിശദീകരിച്ചു കേൾക്കുന്നതു വിഭവ സമൃദ്ധമായ മാനസിക സദ്യയായിരുന്നു.

മതോപദേശസാരം എന്ന ഒരു ചെറിയ കൃതി തിരുമേനി രചിച്ചിട്ടുണ്ട്.

പരേതനായ സി. പി. മാത്യു പല പ്രാവശ്യം അതിനെക്കുറിച്ച് വളരെ പ്രശംസിച്ച് സംസാരിച്ച സന്ദർഭങ്ങൾ ഓർക്കുകയാണ്. അവ്യക്തതയും, ചിന്താപരമായ കാടുകയറലും ഒന്നും ആ ഗ്രന്ഥത്തിൽ ദർശിക്കുവാൻ സാദ്ധ്യമല്ല. അഗാധമായ ക്രിസ്തുമതസിദ്ധാന്തങ്ങൾ ലളിതവും ശുദ്ധവുമായ മലയാളത്തിൽ പ്രകടിപ്പിക്കാൻ കഴിഞ്ഞ ആ മഹാപണ്ഡിതന്റെ നിരവധി കൃതികൾ മതസാഹിത്യത്തിനും വേദശാസ്ത്രത്തിനും മുതൽക്കൂട്ടായിത്തീരുമായിരുന്നു. പക്ഷെ സുറിയാനി സഭയിൽ പൊട്ടിപുറപ്പെട്ട ഭിന്നതകളും വ്യവഹാരങ്ങളും അങ്ങനെയൊരു സംഭാവന നൽകുവാനുള്ള അവകാശവും വിശ്രമവും അദ്ദേഹത്തിനു നൽകിയില്ല. ആജീവനാന്തം ഒരു ധർമ്മസമരത്തിനു നേതൃത്വം നൽകേണ്ട ഭാരമാണ് അദ്ദേഹത്തിനു ദൈവം നൽകിയത്. അത് അപ്രതിഹതങ്ങളെന്നു സർവ്വരാലും അംഗീകരിക്കപ്പെട്ട പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്തു വിജയത്തിലെത്തിക്കാൻ കഴിഞ്ഞുയെന്നതു മലങ്കര സഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവാത്ത ഒരു കടപ്പാടാണ്.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ജീവചരിത്രം ഒരു വിധത്തിൽ പറഞ്ഞാൽ മലങ്കരസഭയുടെ ഏറ്റവും ചരിത്രപ്രധാനമായ ഒരു കാലഘട്ടത്തിന്റെ വിവരണമാണ്. അദ്ദേഹത്തിന്റെ ജീവചരിത്രവും സഭയുടെ ചരിത്രവും തമ്മിൽ വേർതിരിക്കാൻ കഴിയാത്തവിധം അവ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടു പലർക്കും സുപരിചിതമായ ചരിത്രവിവരങ്ങൾ ആവർത്തിക്കുന്നതു അനുചിതമായിരിക്കും. അതിനു ഞാൻ തുനിയുന്നുമില്ല. തിരുമേനിയെ നേരിട്ടു കാണുകയും, അദ്ദേഹവുമായി ഇടപെടുകയും ചെയ്തവരുടെ സംഖ്യ കുറഞ്ഞു വരികയാണ്. ഇന്നത്തെ അദ്ധ്യക്ഷൻ തിരുമേനിയെപ്പോലെ വളരെ ചുരുക്കംപേർ മാത്രമെ വട്ടശ്ശേരിൽ തിരുമേനിയുമായി അടുത്ത സമ്പർക്കം പുലർത്തിയവരിൽ ഇന്നു ജീവിച്ചിരിപ്പുള്ളു. കേവലം വിദ്യാർത്ഥിയും പിന്നീടു യുവതലമുറയിലെ ഒരു സഭാംഗവുമെന്ന നിലയിൽ തിരുമേനിയുടെ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ തിരുമേനിയുമായി തനിച്ചു സംസാരിക്കുവാൻ ഇടവന്നിട്ടുള്ള ചില അപൂർവ്വ സന്ദർഭങ്ങൾ എന്റെ ജീവിതത്തിലെ വിലപ്പെട്ട അവസരങ്ങളിൽപ്പെട്ടതായി ഞാൻ സ്മരിച്ചുപോരുന്നു. വ്യക്തിപരമായി എനിക്കുള്ള അനുഭവങ്ങളെ മുഖ്യമായും ആസ്പദമാക്കി വേണം ഈ പ്രബന്ധം എഴുതാനെന്ന് എനിക്കൊരു നിർദ്ദേശവും നൽകിയിരുന്നു. അതുകൊണ്ട് തിരുമേനിയുമായി നേരിട്ടു സംസാരിക്കാനിടവന്നിട്ടുള്ള ചില സന്ദർഭങ്ങൾ ഇവിടെ അനുസ്മരിക്കുന്നത് ഈ സന്ദർഭങ്ങളുടെ പ്രാധാന്യം കൊണ്ടൊന്നുമല്ല. തിരുമേനിയുടെ വ്യക്തിപ്രഭാവം എന്റെ യുവമനസ്സിൽ തട്ടിയ ചില സന്ദർഭങ്ങൾ വിവരിക്കുന്നുയെന്നു മാത്രം.

മഞ്ഞിനിക്കര കാലംചെയ്ത ഏലിയാസ് പാത്രിയർക്കീസ് ബാവാ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വന്നു താമസിച്ചപ്പോൾ തിരുമേനിയെ കാണാൻ വട്ടശ്ശേരിൽ തിരുമേനി ആലുവാ സി.എം.എസ്. ബംഗ്ലാവിൽ

വന്നു താമസിച്ചിരുന്നു. അവിടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന കൊച്ചുപാറേട്ടെ ജോർജ്ജ് ഫിലിപ്പ്, പള്ളിക്കര സി. പി. തരകൻ മുതലായ വർ, തിരുമേനിമാർ തമ്മിലുള്ള സന്ദർശനത്തിനു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. എ. എം. വർക്കി സാറും, കെ. സി. ചാക്കോ സാറും സഭാസമാധാനശ്രമങ്ങളിൽ വലിയ പങ്കു വഹിച്ചിരുന്നതു കൊണ്ട് അവരുടെ വാത്സല്യവിദ്യാർത്ഥിയെന്ന നിലയിൽ എനിക്കും അവരുടെ ആലോചനകളിൽ സന്നിഹിതനാകുവാനും പങ്കെടുക്കാനും കഴിഞ്ഞിരുന്നു. സന്ദർഭവശാൽ ഒരിക്കൽ ഞാൻ സി.എം.എസ്. ബംഗ്ലാവിൽ ചെന്നപ്പോൾ വട്ടശ്ശേരിൽ തിരുമേനി തനിച്ചിരിക്കുകയായിരുന്നു. തിരുമേനിയുടെ ഗംഭീരമായ പ്രസംഗങ്ങൾ കേട്ടിട്ടുള്ളതല്ലാതെ നേരിട്ടു സംസാരിക്കാനുള്ള പ്രഥമഭാഗ്യം അന്നാണെനിക്കു ലഭിച്ചത്. തിരുമേനിയുടെ കോങ്കണ്ണും, കൈ വിറയലും അദ്ദേഹത്തിന്റെ മുടക്കിനു കാരണമായി പാത്രിയർക്കീസ് ബാവായും കക്ഷിക്കാരും എടുത്തുപറയുകയും ആക്ഷേപിക്കയും ചെയ്തിരുന്നു. എന്നാൽ വിറയ്ക്കുന്ന കൈകളുമായി കുർബ്ബാന ആഘോഷിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആ മുഖത്തു കളിയാടിയിരുന്ന ഗാംഭീര്യത്തിനു കോങ്കണ്ണു മാറ്റു കൂട്ടിയതായിട്ടാണ് എന്നെപ്പോലെ പലർക്കും തോന്നിയിട്ടുള്ളത്. അമാനുഷവ്യക്തിത്വമുള്ള ഒരാളുടെ മുമ്പിലാണു ഞാൻ നിൽക്കുന്നതെന്നുള്ള ബോദ്ധ്യംകൂടാതെ ഒരിക്കലും അദ്ദേഹത്തിന്റെ സന്നിധിയിൽ ഞാൻ നിന്നിട്ടില്ല. നേരിട്ടുള്ള പ്രഥമ സന്ദർശനത്തിൽ ഞാൻ അതിനു വളരെ കൂടുതൽ വിധേയനാകുകയും ചെയ്തിരുന്നു.

എന്റെ കുടുംബത്തെക്കുറിച്ചു നല്ല അറിവുള്ളതുകൊണ്ടു പറഞ്ഞ ഉടനെ എന്നെ അറിഞ്ഞു. "നമ്മുടെ ചാക്കോത്തരകൻ ഉണ്ടോ ഒളശ്ശയിൽ?" എന്നായിരുന്നു തിരുമേനിയുടെ ഒരു ചോദ്യം. "ഉണ്ടേ! പ്രത്യേകിച്ച് അസുഖമൊന്നുമില്ല" എന്നു ഞാൻ മറുപടി പറഞ്ഞു. "ദ്രോഹി! അവനൊരുത്തനാണു യോജിപ്പിനു തടസ്സം ഉണ്ടാക്കിയത്. സി. ജെ. കുര്യനു പലപ്പോഴും യോജിക്കണമെന്നുണ്ടായിരുന്നു. തരകനാണു സമ്മതിക്കാഞ്ഞത്." അതെനിക്കൊരറിവായിരുന്നു. സി. ജെ. കുര്യനെപ്പറ്റി കുറച്ചുകൂടി ആദരപൂർവ്വം ചിന്തിക്കാൻ അതിടയാക്കി. തൃക്കുന്നത്തു സെമിനാരിയിൽ വച്ചു നടക്കാനിരുന്ന സന്ദർശനത്തെക്കുറിച്ചു വലിയ ശുഭപ്രതീക്ഷകളൊന്നും തിരുമേനിക്കില്ലായിരുന്നു. അങ്ങനെതന്നെ സംഭവിക്കയും ചെയ്തു.

പിന്നീടു തിരുമേനിയെ ഞാൻ ഒരു സ്വകാര്യ സന്ദർശനത്തിനായി പഴയ സെമിനാരിയിൽ ചെന്ന സംഭവം ഓർക്കുന്നു. ഞാൻ അന്നു വടകര ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. ഒരു രഹസ്യസന്ദേശം തിരുമേനിയെ അറിയിക്കാൻ ഔഗേൻ മാർ തിമോത്തിയോസ് തിരുമേനി എന്നെ നിയോഗിക്കയായിരുന്നു. മഞ്ഞിനിക്കര ബാവാ കാലംചെയ്ത് രണ്ടു ദിവസം കഴിഞ്ഞാണത്. ഇനിയും കാതോലിക്കായെ അല്ല പാത്രിയർക്കീസിനെത്തന്നെ വാഴിക്കുക

യാണു വേണ്ടതെന്നും, അതിൽ താനും സഹകരിക്കാമെന്നുമായിരുന്നു സന്ദേശം. സശ്രദ്ധം ഞാൻ പറഞ്ഞതു കേട്ടു. അടുത്ത ദിവസം പഴയസെമിനാരിയിൽ എല്ലാ മെത്രാച്ചന്മാരും (കാതോലിക്കാ ഭാഗത്തെ) വന്നുചേരുമെന്നും ആ മീറ്റിംഗിൽ തിമോത്തിയോസ് മെത്രാച്ചനും (ഔഗേൻ മെത്രാച്ചൻ അന്നു കണ്ടനാട് ഇടവക പാത്രിയർക്കീസ് പക്ഷത്തുനിന്നു ഭരിച്ചുകൊണ്ടിരിക്കയായിരുന്നു) കൂടി വരണമെന്നും പറയാൻ എന്നോടാജ്ഞാപിച്ചു. വരുന്ന കാര്യം കണ്ടറിയണമെന്നും കൂടി തിരുമേനി പറയാതിരുന്നില്ല. പിന്നീട് ഏതാനും വർഷങ്ങൾ കഴിഞ്ഞാണു തിമോത്തിയോസ് തിരുമേനി കാതോലിക്കാപക്ഷത്തു തുറന്നു ചേർന്നത്. അന്നു വട്ടശ്ശേരിൽ തിരുമേനി പറഞ്ഞതുപോലെ പഴയസെമിനാരി യോഗത്തിൽ മാർ തിമോത്തിയോസ് തിരുമേനി സംബന്ധിക്കയുണ്ടായില്ല. എങ്കിലും പിന്നീട് അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് പ്രവർത്തിക്കാനും കാതോലിക്കാ ആയി വാഴിക്കപ്പെടാനും ഇടയായി എന്നതു ഞാൻ ചാരിതാർത്ഥ്യപൂർവ്വം സ്മരിക്കുകയാണ്.

ഒരിക്കൽ കൂടി തിരുമേനിയെ ഞാൻ തനിച്ചു കണ്ടു സംസാരിച്ചിട്ടുണ്ട്. അതു കുണ്ടറ സെമിനാരിയിൽ വച്ചാണ്. വട്ടിപ്പണക്കേസിൽ ജയിച്ചു വളരെ വർഷത്തെ പലിശ തിരുവനന്തപുരത്തു ചെന്നു വാങ്ങി തിരുമേനി കൊണ്ടു പോരികയായിരുന്നു. രാത്രി കുണ്ടറ സെമിനാരിയിൽ താമസിക്കാനിടയായി. വിദ്യാർത്ഥി സമ്മേളനത്തിന്റെ സെക്രട്ടറിസ്ഥാനം വഹിച്ചിരുന്ന എന്റെ സഞ്ചാരപരിപാടിയിൽ അന്ന് അവിടെ ചെല്ലാനിട വന്നു. തിരുമേനിയെ കണ്ടു സംസാരിച്ചപ്പോൾ വട്ടിപ്പണം വാങ്ങിക്കൊണ്ടു വരികയാണെന്നും, സി.എം.എസ്. കോളജിനടുത്ത് കുര്യൻ മാസ്റ്റർ തന്ന സ്ഥലത്ത് ഒരു ഹോസ്റ്റൽ പണിയാനാണതുകൊണ്ടുദ്ദേശിക്കുന്നതെന്നും തിരുമേനി പറഞ്ഞു. തിരുമേനി ആരംഭിച്ച ആ ഹോസ്റ്റൽ ഇന്നു മനോഹരമായ ഒരു സ്റ്റുഡന്റ് സെന്ററായി വികസിച്ചിരിക്കയാണ്. നമ്മുടെ പലവിധ വികസനപരിപാടികളെ തടഞ്ഞു നിറുത്തിയ സമുദായക്കേസുകൾ തിരുമേനിയെ കുടുക്കിയില്ലായിരുന്നെങ്കിൽ എത്ര എത്ര നല്ല കാര്യങ്ങൾ നമ്മുടെ സഭയ്ക്കു വന്നുചേരുമായിരുന്നുവെന്നു ഞാൻ ആ അവസരത്തിൽ ഓർക്കാതിരുന്നില്ല.

എന്നാൽ തിരുമേനിയുടെ ജീവിതം അതുകൊണ്ടു സൃഷ്ടിപരമായ ഒന്നും സാധിച്ചുതന്നില്ല എന്നു ഞാൻ ഒരു നിമിഷമെങ്കിലും അർത്ഥമാക്കുന്നില്ല. നമ്മുടെ സ്വതന്ത്രമായ വികസനത്തിനും അഭിവൃദ്ധിക്കുമുള്ള അടിസ്ഥാനം പാകിത്തന്നതു വട്ടശ്ശേരിൽ തിരുമേനിയാണ്. നമ്മുടെ ഭരണ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാസ്ഥാപനം ഇവിടെ ഉറപ്പിക്കയും അതിന്റെ ഭാവി ഭദ്രമാക്കുകയും ചെയ്ത ഒറ്റ പ്രവൃത്തികൊണ്ടു തിരുമേനി ശാശ്വത സ്മരണീയനായിത്തീർന്നിട്ടുണ്ട്. അതു വിസ്മരിച്ചുകൊണ്ടല്ല ഞാൻ വികസനപരിപാടികളെക്കുറിച്ചു ചിന്തിച്ചത്. പതിനേഴാം നൂറ്റാണ്ടു മുതൽ നമുക്കു അന്ത്യോഖ്യാ പാത്രിയർക്കീസുമായി ദൃഢബന്ധം ഉണ്ടായെങ്കിലും

മാർത്തോമ്മാസഭയുമായുള്ള പോരാട്ടത്തിലാണു അവരെ തോൽപിക്കാൻ ചില അധികാരങ്ങൾ അന്ത്യോക്യാ സിംഹാസനത്തിനുണ്ടെന്നു പറഞ്ഞുപിടിപ്പിച്ചത്. അത് ഒരു കണ്ഠകോടാലിയായി നമുക്കു തീർന്നതു വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണം ആരംഭിച്ച സമയത്താണ്. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്തും അതിന്റെ വൈഷമ്യങ്ങൾ ആരംഭിച്ചെങ്കിലും നയജ്ഞനായിരുന്ന അദ്ദേഹം ആരേയും രോഷരാക്കാതെ സ്വാതന്ത്ര്യം സംരക്ഷിപ്പാൻ നോക്കി. വട്ടശ്ശേരിൽ തിരുമേനിയുടെ ജന്മസിദ്ധമായ വിശിഷ്ട ഗുണങ്ങളിൽപെട്ടതല്ല നയതന്ത്രങ്ങൾ. ബുദ്ധിപരമായും, മാനസികമായും, ആത്മീയമായും അങ്ങേയറ്റത്തെ സത്യസന്ധത പാലിക്കാനും അതു മുഖംനോക്കാതെ തുറന്നു പറയാനുമുള്ള കരുത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. സമുദായക്കേസ് വിസ്താരം സംബന്ധിച്ചു തിരുവനന്തപുരത്തു പള്ളിമുറിയിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ലോ കോളജ് പ്രൊഫസറായിരുന്ന പത്രോസ് മത്തായിയും തിരുമേനിയും തമ്മിൽ നടന്ന ഒരു സംവാദം കേട്ടു ഞാൻ ശ്രദ്ധിച്ചു നിന്നുപോയി. രണ്ടു മണിക്കൂറോളം വാദം നടന്നിട്ടും അതവസാനിച്ചില്ല. യുക്തിഭംഗം കൂടാതെ പണ്ഡിതോചിതവും സത്യസന്ധമായും നടന്ന ആ സംവാദം പത്രോസ് മത്തായി ആയതുകൊണ്ടു സന്തോഷപൂർവ്വം തുടർന്നു. പക്ഷെ സാധാരണഗതിയിൽ ചിലരെയെല്ലാം അത്തരം സംവാദങ്ങൾ വെറുപ്പിച്ചെന്നും വരാം.

തിരുമേനിയെ സംബന്ധിച്ച് അങ്ങനെ പലരും പ്രതികൂല മനോഭാവം പുലർത്താനും ഇടവന്നിട്ടുണ്ട്. സൂത്രവും വഞ്ചനയുമൊന്നും തീണ്ടിയിട്ടില്ലാത്ത അദ്ദേഹത്തിനു വിഷമകരമായ ഒരു സമരമാണു നടത്തേണ്ടി വന്നത്. തന്റെ വലത്തുകൈ എന്നപോലെ തന്നോടുകൂടി പ്രവർത്തിക്കയും, തന്റെ സഹായവും പ്രോത്സാഹനവും കൊണ്ടു എം.എ. ബിരുദം നേടുകയും ചെയ്തിരുന്ന ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് റോമാ സഭയിൽ ചേരുന്നതിന് ഏതാനും മാസങ്ങൾ മുമ്പു പരസ്പരം നടന്ന ഒരു സംഭാഷണത്തിന്റെ വിവരങ്ങൾ അതു കേട്ടുനിന്ന ഒരാളിൽ നിന്ന് എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബഥനി മെത്രാച്ചൻ സ്ത്രീകളുടെ കുമ്പസാരം കേൾക്കുന്നതിനെ (ധ്യാനയോഗങ്ങൾ നടക്കുമ്പോൾ അതു രാത്രിയിലും നടത്തപ്പെട്ടതായി വട്ടശ്ശേരിൽ തിരുമേനി അറിഞ്ഞു) ശക്തമായി എതിർത്തു സംസാരിച്ചു.

നമ്മുടെ പിതാക്കന്മാർ നമ്മെ പഠിപ്പിച്ചിരിക്കുന്നത് അങ്ങനെയുള്ള സന്ദർഭങ്ങളിൽ നിന്ന് ഒഴിഞ്ഞ് ഓടിക്കൊള്ളാനാണ്. ബോധപൂർവ്വം അങ്ങനെയുള്ള അവസരങ്ങൾ ക്ഷണിച്ചു വരുത്തുന്നത് അപകടകരമാണെന്നാണു പുണ്യവാന്മാരായിരുന്നവരുടെ അനുഭവം.

എത്ര സത്യസന്ധവും പ്രായോഗികവുമായ അഭിപ്രായങ്ങളും നിഷ്ഠകളുമാണു തിരുമേനിക്കു സന്യാസ ജീവിതത്തെക്കുറിച്ചുണ്ടായിരുന്നതെന്നു തെളിയിക്കുന്നതിനാണ് ഈ സംഭവം ഞാൻ ഇവിടെ ഉദ്ധരിച്ചത്. കപട

ഭക്തിയോ ഭക്തിപ്രകടനമോ തിരുമേനിയുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും കടന്നുകൂടിയിരുന്നില്ല. അതു ഉദാഹരിക്കാൻ മറ്റൊരു സംഭവം കൂടി പറയാം. അതു മാർത്തോമ്മാ സഭയിലെ കാലംചെയ്ത ഏബ്രഹാം മാർ ത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി എന്നോടു നേരിട്ടു പറഞ്ഞതാണ്.

അദ്ദേഹത്തിന്റെ പേരുമായി എന്റെ പേരിനുള്ള സാമ്യം നിമിത്തം അദ്ദേഹത്തിന്റെ ഉറ്റമിത്രവും എന്റെ ഗുരുവരനുമായിരുന്ന ഡബ്ലൂ. ഇ. എസ്. ഹോളണ്ട് എന്നെ സഫ്രഗൻ എന്നാണു വിളിച്ചിരുന്നത്. ആലുവാ കോളജ് സംബന്ധിച്ച ചില കാര്യങ്ങൾക്കായി ഞാൻ തിരുമേനിയുടെ അരമനയിൽ തിരുമേനിയുടെ വാത്സല്യാതിരേകം ആസ്വദിച്ചു താമസിച്ചിട്ടുമുണ്ട്. അങ്ങനെയൊരവസരത്തിലാണു തിരുമേനി ആ സംഭവം വിവരിച്ചത്. സമുദായ ക്കേസിൽ ഹൈക്കോടതി ആദ്യം വട്ടശ്ശേരിൽ തിരുമേനിക്കെതിരായി വിധി പ്രഖ്യാപിച്ചു. വീരരാഘവ അയ്യങ്കാരുടെ വിധിയെന്നു കുപ്രസിദ്ധിയാർജ്ജിച്ച ആ ദുര ദൃഷ്ടത്തിനുശേഷം എന്താണ് ഇനിയും ചെയ്യേണ്ടതെന്നു ശാന്തമായി ആലോചിക്കുവാൻ തിരുമേനി പരുമല സെമിനാരിയിൽ താമസിച്ചു വിശ്രമിക്കുകയായിരുന്നു. ആയവസരത്തിൽ തിരുമേനിയെ കാണാനും ആശ്വാസവാക്കുകൾ പറയാനും, ധീരമായ ചില നടപടികൾ സ്വീകരിക്കണമെന്നു പറയാനുമാണ് അന്നു സഫ്രഗൻ മെത്രാപ്പോലീത്താ ആയിരുന്ന ഏബ്രഹാം മാർത്തോമ്മാ തിരുമേനി പരുമല എത്തിയത്. ഒന്നുമില്ലാതെ യാക്കോബായ സഭയിൽ നിന്നു വേർപെട്ടുപോന്ന മാർത്തോമ്മാ സഭയ്ക്ക് ഇന്ന് അവഗണനീയമല്ലാത്ത സ്ഥാനം നേടാൻ കഴിഞ്ഞതു ദൈവാശ്രയത്തോടു കൂടി കേസും വ്യവഹാരവും, അവകാശവാദങ്ങളും ഉപേക്ഷിക്കുവാൻ സന്നദ്ധമായതു കൊണ്ടാണെന്നു തിരുമേനി അനുസ്മരിപ്പിച്ചു. സശ്രദ്ധം മാർത്തോമ്മാ തിരുമേനിയുടെ വാക്കുകൾ കേട്ടശേഷം വട്ടശ്ശേരിൽ തിരുമേനി പറഞ്ഞതിപ്രകാരമാണ്. “മെത്രാച്ചാ സെന്റ് പോളിനും മറ്റും അത്തരം ത്യാഗത്തിനുള്ള ധീരത ലഭിച്ചിരുന്നു. എനിക്കതില്ല. അതുണ്ടെന്നു ഞാൻ ഭാവിച്ചു വല്ലതും ചെയ്താൽ അതബദ്ധമായേ തീരൂ.” ആ Sincerity യുടെ മുമ്പാകെ കുമ്പിടാൻ തോന്നിയെന്നു മാർത്തോമ്മാ തിരുമേനി എന്നോടു പറഞ്ഞു.

വട്ടശ്ശേരിൽ തിരുമേനി റിവ്യൂ ഹർജി സമർപ്പിച്ചു കേസ് ജയിക്കയാണു ചെയ്തത്. അദ്ദേഹം ഒരു ധീരനായ യോദ്ധാവായിരുന്നു. പരാജയങ്ങളിൽ പതറാതിരുന്നത്, അദ്ദേഹം മനസ്സിലാക്കിയിരുന്നവിധം ആത്മാർത്ഥമായി ദൈവഹിതത്തിനനുസരിച്ചു സ്വന്തം ചുമതലകളെ നിറവേറ്റാൻ സന്നദ്ധനായതുകൊണ്ടാണ്. മലങ്കരസഭ മെത്രാൻ കക്ഷിയും ബാവാ കക്ഷിയുമായി പിളർന്നു പടവെട്ടിയ അവസരങ്ങളിൽ, ബാവാകക്ഷി സഭയിൽ നിന്നു വേർപെട്ടു നിൽക്കുന്നതിൽ സങ്കടം അനുഭവിച്ചതിൽ വളരെ കൂടുതൽ വേദന മാർ ഈവാനിയോസ് തിരുമേനിയും ബഥനിയാശ്രമാംഗങ്ങളിൽ ഭൂരിപക്ഷവും സഭ വിട്ടുപോയ അവസരത്തിൽ തിരുമേനി സഹിക്കേണ്ടി വന്നു. എന്നാൽ

ഏതു ക്ഷോഭജനകമായ അവസ്ഥയിലും ബുദ്ധിപരമായ ശാന്തത പാലിക്കാൻ കഴിഞ്ഞ ഒരു ധീരാത്മാവായി അദ്ദേഹം വളർന്നു. മൽപാനായിരുന്ന കാലങ്ങളിൽ ശെമ്മാശന്മാരെയും മറ്റും നല്ലവണ്ണം അടിക്കുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു എന്നു കേട്ടിട്ടുണ്ട്. “Spare the rod, spoil the child” എന്ന തത്വത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. പക്ഷെ സ്വന്തം ശിക്ഷണത്തിലും ആ ജാഗ്രത പാലിച്ചതുകൊണ്ടാണ് അദ്ദേഹം ശിഷ്യഗണങ്ങളാൽ ആരാധിക്കപ്പെട്ടുപോന്നത്. ഇന്നാകട്ടെ വടിയുമില്ല, അടിയുമില്ല, ശിക്ഷണവും അദ്ധ്യാപകനും അദ്ധ്യേതാക്കൾക്കുമില്ല എന്ന സ്ഥിതി വന്നിരിക്കയാണല്ലോ.

എന്നെ അത്യധികം ആകർഷിച്ചിട്ടുള്ള ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറഞ്ഞ് ഈ ലേഖനം അവസാനിപ്പിക്കാം. കെ. സി. ചാക്കോ എന്നോടു പറഞ്ഞിട്ടുള്ള കാര്യമാണ് ഒന്ന്. മനപ്രാർത്ഥന extempore prayers നമുക്കു വിരോധിച്ചിട്ടുണ്ടോ എന്നു തിരുമേനിയുടെ അടുക്കൽ ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞ മറുപടി ചാക്കോയെ ആഹ്ലാദിപ്പിച്ചതായി ഒരിക്കൽ പറഞ്ഞു. “എന്താണു പറയുന്നത്, മനപ്രാർത്ഥന നിരോധിക്കയെന്നോ? ഒരപ്പന്റെ അടുക്കൽ മക്കൾക്ക് എന്തും ചോദിക്കാനും പറയാനുമുള്ള സ്വാതന്ത്ര്യം സഭ നിരോധിക്കയോ, ഒരിക്കലുമില്ല. എന്നാൽ സംഘങ്ങളായി കൂടി പ്രാർത്ഥന നടത്തുമ്പോൾ ഒരാൾക്കു തോന്നുന്നതെല്ലാം പ്രാർത്ഥനയായി പറയുന്ന പതിവ് അനാശാസ്യമെന്നു കണ്ട് അതു നമ്മൾ തടഞ്ഞിട്ടുണ്ട്. കുടുംബപ്രാർത്ഥനയ്ക്കും പരസ്യാരാധനയ്ക്കും പ്രത്യേകം പ്രാർത്ഥനകൾ നാം നിശ്ചയിച്ചിട്ടുള്ളതു പുണ്യമതികളായവരുടെ നല്ല പ്രാർത്ഥനകളെ അടിസ്ഥാനമാക്കിയാണ്.”

മറ്റൊരു സംഭവം സഭാ ഐക്യത്തെക്കുറിച്ചു തിരുമേനി ഒരിക്കൽ പറഞ്ഞതാണ്. മാർ തേവോദോസ്യോസ് തിരുമേനി ഓർത്തഡോക്സ് സഭകളുടെ ഐക്യത്തിനുള്ള ആലോചനകളെക്കുറിച്ചു വട്ടശ്ശേരിൽ തിരുമേനിയോടു പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഞാനും അടുത്തുണ്ടായിരുന്നു. തിരുമേനിയുടെ രസകരവും വിജ്ഞാനപ്രദവുമായ മറുപടി എന്നെ ഹഠാദാകർഷിച്ചു എന്നു പറയേണ്ടതില്ലല്ലോ. തിരുമേനി പറഞ്ഞതിങ്ങനെയാണ്. “മെത്രാച്ചാ എങ്ങാണ്ടോ കിടക്കുന്ന അർമ്മീനിയക്കാരും കോപ്റ്റിക്കു സഭക്കാരും ഒക്കെയായി നാം ഐക്യം സ്ഥാപിക്കുന്നതിന് എന്താണു പ്രാധാന്യം. നമ്മുടെ അയൽവക്കത്തുള്ള മാർത്തോമ്മാക്കാരുമായുള്ള ഐക്യമല്ലേ നമുക്കു സജീവ പ്രശ്നം. ഒരു റിയാലിറ്റി വേണ്ടേ നമ്മുടെ പരിശ്രമങ്ങൾക്ക്.” മാർത്തോമ്മാ സഭയുമായുള്ള ഐക്യം എങ്ങനെയെന്നും എപ്പോഴെന്നും തിരുമേനിയൊന്നും പറഞ്ഞില്ല. എന്നാൽ തിരുമേനിയുടെ മനസ്സിൽ അതൊരു ചിന്താവിഷയമായിരുന്നുയെന്നുള്ളതിൽ എനിക്കു സംശയമില്ല. അല്ലെങ്കിൽ സഭയിൽ വ്യവഹാരങ്ങൾ നടന്നുകൊണ്ടിരിക്കുകയും, തിരുമേനിയുടെ സഭാവിശ്വാസങ്ങളെ കേസിൽ ചോദ്യം ചെയ്യുകയും ചെയ്ത അവസരത്തിൽ ആലുവാ

യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപനത്തിനു തിരുമേനി അനുമതി നൽകുമായിരുന്നില്ല. ക്രാന്തദർശിയായിരുന്ന അദ്ദേഹം വലിയ കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു പ്രായോഗികമായും ആദർശപരമായും പ്രശ്നങ്ങളെ വീക്ഷിക്കാനുള്ള അനിതരസാധാരണമായ കഴിവും ആ പ്രതിഭാശാലിക്കുണ്ടായിരുന്നു. മലങ്കര സുറിയാനി സഭയുടെ ചരിത്രത്തിൽ അദ്വിതീയസ്ഥാനം വഹിക്കുന്ന ആ മഹാപുരുഷന് എന്റെ വിനീതമായ ആദരാഞ്ജലി.

(1974 ഏപ്രിലിൽ കോട്ടയത്തു നടന്ന വട്ടശ്ശേരിൽ സിമ്പോസിയത്തിൽ എൻ. എം. ഏബ്രഹാം അവതരിപ്പിച്ച പ്രബന്ധമാണിത്).

പൗരസ്ത്യ കാതോലിക്കേറ്റ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് 1985-ൽ എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

കാതോലിക്കോസിന്റെ സ്ഥാനനാമവും പദവിയും രൂപമെടുത്തത് റോമാ സാമ്രാജ്യത്തിന് പുറത്തായിരുന്നു. ക്രിസ്തീയ സഭയിലെ പാത്രിയർക്കാ സ്ഥാനത്തേക്കാൾ പൗരാണികത, കാതോലിക്കാ സ്ഥാനത്തിനുണ്ട്. പാത്രിയർക്കീസിന്റെ സ്ഥാനമാനവും പദവിയും ഉദ്ഭൂതമായത് നാലും അഞ്ചും നൂറ്റാണ്ടുകളിൽ റോമൻ സാമ്രാജ്യത്തിലായിരുന്നു. പിന്നീട് ഇതരദേശങ്ങൾ ഈ മാതൃക പിൻതുടർന്നു. ആദിശതകങ്ങളിൽ മൂന്നു കാതോലിക്കേറ്റുകൾ ഉണ്ടായിരുന്നു. ഇവ ഉളവായത് അഞ്ചാം നൂറ്റാണ്ടിൽ പാത്രിയർക്കാസ്ഥാനം സ്ഥിരപ്രതിഷ്ഠ നേടുന്നതിന് വളരെ മുൻപുമായിരുന്നു. പൗരസ്ത്യകാതോലിക്കോസ്, അർമ്മീനിയൻ കാതോലിക്കോസ് എന്നിവരായിരുന്നു ഈ സ്ഥാനികൾ.

പൗരസ്ത്യകാതോലിക്കോസ് ആദ്യം അറിയപ്പെട്ടിരുന്നത് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ എന്ന അപരനാമത്തിലായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനം സെല്യൂക്യാ-ടെസിഫോണിൽ (Seleucia-etesiphon) ആയിരുന്നു. നിഖ്യാ സുന്നഹദോസിന് മുൻപ് കാതോലിക്കാസ്ഥാനം വഹിച്ചിരുന്നവരുടെ പട്ടിക വൃത്താന്തമെഴുത്തുകാർ തയ്യാറാക്കിയിരിക്കുന്നത് ഇപ്രകാരമാണ്.

1. അപ്പോസ്തലനായ വി. തോമസ്, 2. അപ്പോസ്തലനായ ആദായി (എഴുപത് അറിയിപ്പുകാരിൽപെട്ട തദിയൂസ്), 3. വി. ഹാഗായി, 4. അബ്രേശു, 5. അബ്രാഹാം പ്രഥമൻ, 6. ജെയിംസ് ഒന്നാമൻ, 7. അഹദാബുഹി, 8. ശഹലൂപ്പാ, 9. ബാബാ.

റോമാ സാമ്രാജ്യത്തിൽ ഉൾപ്പെടാതിരുന്ന സഭകളിൽ താരതമ്യേന ഏറ്റവും വലുത് ഈ പൗരസ്ത്യ സഭയായിരുന്നു. ഗണനീയമായ വലിയ സഭകൾ വേറെയും ഉണ്ടായിരുന്നു. ഭാരതസഭ, നുബിയൽസഭ, അർമീനിയൻസഭ,

ഐബീരിയൻ (ജോർജിയൻ) സഭ എന്നിവയെല്ലാം പ്രാധാന്യം കൈവരിച്ചിരുന്നു. പിൽക്കാലത്ത് എത്യോപ്യൻ സഭയും മുൻപന്തിയിലെത്തി.

അപ്പസ്തോലികപാരമ്പര്യം ഉള്ള സഭയായിരുന്നു സെലൂക്യാ-ടെസിഫോൺ (Seleucia-etesiphon) സഭ. മാർത്തോമ്മാ ശ്ലീഹായോ, എഴുപതിൽ ഒരുവനായ ആദായിയോ, ആരുതന്നെയോ ആകട്ടെ ഇതിന്റെ സ്ഥാപകൻ, പൗരസ്ത്യകാതോലിക്കേറ്റ് മഹായിടവകയുടെ അപ്പസ്തോലിക ഉത്ഭവവും ശ്രേഷ്ഠതയും ഒരിക്കലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. നിഖ്യാസുന്നഹദോസ് അവയ്ക്ക് അംഗീകാരം നൽകുകയാണുണ്ടായത്.

വി. തോമസ്, വി. ആദായി, വി. മാറി, വി. ഹഗ്ഗായി എന്നീ ആദികാലത്തെ സുവിശേഷക്കാർ പേർഷ്യ, മെസപ്പൊട്ടേമിയ, മീദിയ, അസ്സീറിയ, പാർത്ഥിയ, കുർദിസ്ഥാൻ, ബാബിലോൺ എന്നീ നാടുകളിലും, ഏഷ്യയുടെ മറ്റു മദ്ധ്യ ദേശങ്ങളിലും പശ്ചിമദേശങ്ങളിലും സുവിശേഷമറിയിച്ചു. ഈ സഭകളുടെ രൂപവൽക്കരണവും ഏകീകരണവും ഏറെക്കാലംകൊണ്ടു മാത്രമേ സാധിതപ്രായമായുള്ളു. ഈ സഭകളെ ഐക്യത്തിന്റെ ശൃംഖലകൊണ്ട് ബന്ധിപ്പിക്കുക എന്ന മഹത്തായ നേട്ടം കൈവരിച്ച ബാബാ എന്നത് കാതോലിക്കോസ് ആയിരുന്നു. അദ്ദേഹം വിവിധ ദേശീയസഭകളെ സാർവ്വത്രിക പിതാവായ കാതോലിക്കോസിന്റെ കൊടിക്കീഴിൽ അണിനിരത്തി (കാതോലിക്കോസ് എന്ന പദത്തിന്റെ അർത്ഥം പൊതുവായ മേൽപ്പട്ടക്കാരൻ എന്നത്രെ). മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഏകീകരണ പ്രക്രിയ ആരംഭിച്ചു (C2. 28 AD). നാലാം നൂറ്റാണ്ടിന്റെ ആദിഘട്ടംവരെ അത് തുടർന്നു.

പേർഷ്യൻ ഗവൺമെന്റ് ക്രൈസ്തവ സഭയോടു അനുവർത്തിച്ചു വന്നിരുന്ന പീഡനനയത്തിന് മാറ്റം വരുവാൻ ഒരു കാരണമുണ്ടായി. 399-ൽ പേർഷ്യൻ ചക്രവർത്തിയായ യെസ്ദിഗെർഡിന്റെ (Yazdegerd) സിംഹാസനാരോഹണം നടന്നു. റോമാ ചക്രവർത്തിയുടെ പ്രത്യേക പ്രതിനിധിയായി ഈ ആഘോഷത്തിൽ പങ്കുകൊള്ളാൻ എത്തിച്ചേർന്നത് മെസപ്പെട്ടേമിയനായ മൈഫെർക്കത്തിലെ മരൂത (Maruta of Maipheaquat) ആയിരുന്നു. അദ്ദേഹം ഒരു വൈദ്യനും മേല്പട്ടക്കാരനുമായിരുന്നു. റോമൻ ചക്രവർത്തിയായിരുന്ന അർക്കോഡിയസ് ആയിരുന്നു അദ്ദേഹത്തെ പേർഷ്യയിലേക്കയച്ചത്. ഈ മേൽപ്പട്ടക്കാരന്റെ വരവിനു ശേഷം പേർഷ്യൻ ഗവൺമെന്റ് ക്രൈസ്തവ സഭയോട് ആദരവ് പ്രകടിപ്പിച്ചുടങ്ങി. 409-410-ൽ ബിഷപ്പ് മരൂത പേർഷ്യയിൽ വീണ്ടും വന്ന് സഭയുടെ പുനഃസംവിധാനത്തിന് വേണ്ട ഒത്താശകൾ നൽകി. നാൽപതു മേൽപ്പട്ടക്കാർ ഉൾപ്പെട്ട വലിയ സുന്നഹദോസ് 410 ഫെബ്രുവരി 1-ാം തീയതി സമ്മേളിച്ചു. പേർഷ്യൻ സഭയുടെ സുന്നഹദോസ് നിഖ്യാവിശ്വാസം സ്വീകരിച്ചു. വിവിധ മെത്രാപ്പോലീത്താമാർ തമ്മിലുള്ള തർക്കങ്ങൾ പരിഹൃതമായി. സെല്യൂക്യ ടെസിഫോണിലെ മെത്രാപ്പോലീത്താ "വലിയ മെത്രാപ്പോലീത്തായും സകല മെത്രാന്മാരുടെയും (മേധാവിയും) മൂപ്പനും" ആയി അംഗീകരിക്കപ്പെട്ടു.

സെലൂക്യാ ടെസിഫോൺ സുന്നഹദോസ് പൗരസ്ത്യ കാതോലിക്കോസിന്റെ അധികാരസീമയും നിർണ്ണയിച്ചു. "സിയർ വൃത്താന്തപത്രിക" (chronicle of seer) യിൽ ഈ സുന്നഹദോസിന്റെ തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽനിന്നും കാതോലിക്കോസിന്റെ അധികാരവ്യാപ്തി എത്രമാത്രമായിരുന്നു എന്നു മനസ്സിലാക്കാം. കാതോലിക്കോസിന്റെ കീഴിൽ ആറു മെത്രാപ്പോലീത്താമാരുണ്ടായിരുന്നു. നാലു ഭദ്രാസന മെത്രാന്മാരുടെ മേലധികാരിയായിരുന്ന ബെയിത്ത് ലപത്ത് (Beir-Lapat), അഞ്ചു ഭദ്രാസന മെത്രാന്മാരുടെ അധിപനായിരുന്നു. നിസിബിസ്, ആറുപേരുടെ തലവനായിരുന്ന അർബെലസ്, അഞ്ചുപേരുടെ മേലദ്ധ്യക്ഷനായിരുന്ന ബെത്സ്ലോക്കിലെ കർക്കാ ഫാർ (പെഴ്സൈഡിലെ) ക്വതർ (ബഹറിനിലെയും തീരപ്രദേശത്തെയും) എന്നിവിടങ്ങളിലെ മെത്രാപ്പോലീത്താമാരും മിദിയായിലും മറ്റു പ്രാന്തപ്രദേശങ്ങളിലുമുള്ള അനവധി എപ്പിസ്കോപ്പന്മാരും കാതോലിക്കോസിന്റെ ഛത്രാധിപത്യത്തിൻകീഴിൽ ആയിരുന്നു. അക്കാലത്ത് കാതോലിക്കോസിന് ഭാരതസഭയുടെ മേൽനോട്ടം ഉണ്ടായിരുന്നതായി അറിവില്ല.

കൽക്കിദോൻ സുന്നഹദോസിനു വഴിയൊരുക്കിയ വിരുദ്ധതകൾ പേർഷ്യൻ സഭയേയും പങ്കിലമാക്കി. വിഭജനത്തിന്റെ ആദ്യഘട്ടം 484-ലെ ബെത്ത് ലബത്ത് സുന്നഹദോസിൽ അരങ്ങേറി. നിസ്ബിസത്തിലെ മെത്രാപ്പോലീത്തായായിരുന്ന ബർസൗമ്മാ ഏതാനും എപ്പിസ്കോപ്പാമാരെ വിളിച്ചുകൂട്ടി. പേർഷ്യൻസഭ നെസ്തോറിയൻ വിശ്വാസത്തിൽപെട്ടതാണെന്ന് ഈ സുന്നഹദോസ് പ്രഖ്യാപിച്ചു. ഈ സംഭവത്തിനു മുൻപു തന്നെ കാതോലിക്കോസ് ബാവാ കൊല്ലപ്പെട്ടിരുന്നു. അദ്ദേഹം ബൈസാന്റെ സാമ്രാജ്യവുമായി കത്തിടപാടുകൾ നടത്തിയിരുന്നു എന്ന കുറ്റം ആരോപിച്ച് ഗവണ്മെന്റ് അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. എ.ഡി. 485-ൽ അക്കേഷ്യസ് കാതോലിക്കാ സ്ഥാനത്ത് അവരോധിക്കപ്പെട്ടു. അദ്ദേഹം ബർസൌമ്മായെക്കാൾ മിതവാദിയായിരുന്നു. എങ്കിലും കാതലായ നെസ്തോറിയൻ വിശ്വാസത്തെ അദ്ദേഹവും പിൻതുടർന്നു. 498-ൽ അന്നത്തെ കാതോലിക്കോസ് ബാബോവി 'പൗരസ്ത്യ പാത്രിയർക്കീസ്' എന്ന സ്ഥാനനാമം സ്വീകരിച്ചു (ബാബിലോണിലെ പാത്രിയർക്കീസ് എന്ന നാമവും ചിലപ്പോൾ ഉപയോഗിക്കുമായിരുന്നു).

ഈ പുതിയ പാത്രിയർക്കാ സ്ഥാനത്തിന്റെ നെസ്തോർ വിശ്വാസം മിതമായ തോതിലുള്ളതായിരുന്നു. പാത്രിയർക്കീസായിരുന്ന മാർ ബാബായി (മഹാനായ) ഇപ്രകാരം എഴുതി:

"കാലങ്ങളുടെ ആരംഭത്തിനു മുൻപ് അനാദിയായ പിതാവിൽനിന്നും തന്റെ ദൈവത്വത്തിൽ ജന്മമെടുക്കുകയും രണ്ടു സ്വഭാവങ്ങൾ ഉള്ളവനായി സർവ്വരാലും ആരാധിക്കപ്പെടുകയും ചെയ്യുന്ന ദൈവപുത്രനായ ക്രിസ്തു ഏകനാകുന്നു. കാലത്തികവിൽ മറിയാമിൽ നിന്ന് ഏകജഡത്തോടെ

മനുഷ്യജന്മമെടുത്തു. അവന്റെ ദൈവത്വം മാതാവിന്റെ സ്വഭാവത്തിൽ നിന്നു ള്ളതായിരുന്നില്ല. അവന്റെ മനുഷ്യത്വം പിതാവിന്റെ സ്വഭാവത്തിൽ നിന്നു ള്ളതുമായിരുന്നില്ല. ഇരു സ്വഭാവങ്ങളും ഭംഗംവരാതെ ഏക ക്നൂമ്മായിൽ ഏക ആളത്വത്തിൽ ഏക പുത്രത്വത്തിന്റേതായി സ്ഥിതിചെയ്യുന്നു."

നെസ്തോറിയൂസിന്റേതെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഉപദേശം - രണ്ടാള ത്വങ്ങളും രണ്ടു പുത്രത്വങ്ങളും - ഇതിൽ കാണുന്നില്ല. ബാബായിയുടെ 'നെസ്തോറിയൻ വിശ്വാസം' ഓർത്തഡോക്സ് രീതിയിൽ മാത്രമുള്ളതാ യിരുന്നു.

ബാബായിയുടെ വാഴ്ചയ്ക്കു ശേഷമുള്ള കാലഘട്ടത്തിൽ നിസിബി സിലെ വേദശാസ്ത്ര പഠനരീതി പ്രബലപ്പെട്ടു. ഇക്കാലത്തായിരുന്നു 'നെസ് തോറിയൻ' മിഷനറിമാർ നമ്മുടെ നാട്ടിലെത്തി വിശ്വാസം പ്രചരിപ്പിക്കുവാൻ തുടങ്ങിയത്.

ഈ കാലയളവിൽതന്നെ കൽക്കിദോനെ എതിർത്തവരും കർമ്മോന്മുഖ രായി രംഗത്തുണ്ടായിരുന്നു. അന്ത്യോഖ്യായിലെ മാർ സേവേറിയോസിന്റെ (Ca 465-538) ഉപദേശങ്ങളും പേർഷ്യൻ സഭയിൽ സ്വാധീനം ചെലുത്തി. ആ സഭയിലെ അനേകരും തങ്ങളുടെ ഇടയിൽ നുഴഞ്ഞു കയറിയ നെസ് തോറിയൻ വിശ്വാസത്തിൽ അസ്വസ്ഥരായിരുന്നു. മിതമായതോതിലുള്ളതാ യിരുന്നുവെങ്കിലും ഈ വ്യതിചലനം അവർക്ക് അരോചകമായിരുന്നു. യാക്കോബ് ബറദ്യൂസിന്റെ (ca. 500-578) കാലത്ത് കൽക്കിദോനിയായ്ക്കു മുൻപുണ്ടായിരുന്ന സഭാവിശ്വാസം വീണ്ടും സജീവമായിത്തീർന്നു. ക്രിസ് തുവിൽ ഏക ആളത്വവും ഏക സ്വഭാവവും എന്ന പാശ്ചാത്യ സിറിയൻ വിശ്വാ സത്തിന് പേർഷ്യൻ സാമ്രാജ്യത്തെമ്പാടും പ്രപുരപ്രചാരം സിദ്ധിച്ചു. നെസ്തോറിയൻ വിശ്വാസത്തെ ചെറുത്തുനിന്ന ശക്തി ദുർഗ്ഗങ്ങൾ ആയി രുന്നു അന്നത്തെ സന്യാസാശ്രമങ്ങൾ. ബാർസൗമ്മാ (അഞ്ചാം നൂറ്റാണ്ടിൽ) സ്ഥാപിച്ച സന്യാസിനീ മഠങ്ങളും, മാർമത്താ (നാലാം നൂറ്റാണ്ടിന്റെ ഉത്ത രാർദ്ധത്തിൽ) മാർ ബഹനാൻ (നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ) എന്നീ പിതാക്കന്മാരുടെ ആശ്രമങ്ങളും കൽക്കദോനിയൻ വിശ്വാസത്തിനെതിരായ പോരാട്ടമായിരുന്നു. എ.ഡി. 640-ാം ആണ്ടിനോടടുത്ത് അറബികൾ സിറി യയും മദ്ധ്യപൂർവ്വദേശവും ആക്രമിച്ചു കീഴടക്കി. അറബികളുടെ സമാ ധാനപാലന വ്യവസ്ഥിതിയിൽ (The Pax Arabica) പാശ്ചാത്യ സിറിയൻ അഥവാ കൽക്കദോന്യ വിരുദ്ധസഭയുടെ അസ്തിത്വത്തിന് നിയമപരമായ അംഗീകാരം ലഭിച്ചു. കാരണം, അറബികൾ ക്രിസ്ത്യാനികളെ വീക്ഷിച്ചത് 'വിശുദ്ധ ഗ്രന്ഥത്തിലെ ജനത' (People of the book) എന്ന നിലയിൽ ആയി രുന്നു. അവരിൽ ആരെയും വേദവിപരീതികളായി മുദ്രകുത്തി പീഡനത്തിന് വിധേയരാക്കുന്നതിൽ അറബികൾക്ക് താല്പര്യമില്ലായിരുന്നു. ക്രിസ്ത്യാനി കൾ കരംകൊടുത്തിരുന്നിടത്തോളം കാലം (ഖരജ് അഥവാ ഭൂനികുതിയും

ജിസ്സാ അഥവാ തലവരിയും) അറബികൾ അവരെയെല്ലാം ഒരേ നിലയിൽ വീക്ഷിച്ചു.

അങ്ങിനെ ഏഴാം നൂറ്റാണ്ടിൽ പേർഷ്യൻ സാമ്രാജ്യത്തിൽ മൂന്നു വ്യത്യസ്ത കാതോലിക്കാസ്ഥാനങ്ങൾ ഉണ്ടായി. ഒന്നാമത്തേതു മൂല പേർഷ്യൻ സഭയിലേതും, രണ്ടാമത്തേത് ബൈസാന്റൈൻ സാമ്രാജ്യത്തിന്റെ പിന്തുണയോടെ അന്ത്യോഖ്യായിലെ ബൈസാന്റൈൻ അഥവാ കൽക്കിദോനിയൻ പാത്രിയർക്കീസ് സ്ഥാപിച്ചതും, മൂന്നാമത്തേത് കൽക്കിദോന്യവിരുദ്ധരുടെ മഫ്രിയാന സ്ഥാനവുമായിരുന്നു. അക്കാലത്ത് സിറിയയും, മെസപ്പൊട്ടേമിയയും പേർഷ്യയും ഒരേ കാലിഫിന്റെ ഭരണസീമയിൽ ആയിരുന്നു. തന്മൂലം പാശ്ചാത്യ സിറിയക്കാർക്ക് പേർഷ്യയിൽ വന്ന് അവിടുത്തെ സഭയ്ക്ക് ഉത്തേജനം നൽകാൻ കഴിഞ്ഞു. അങ്ങിനെ പേർഷ്യക്കാരനായിരുന്ന മാർ മരൂത സിറിയൻ ദയറായിൽ അഭ്യസനം പൂർത്തിയാക്കിയതിനുശേഷം മൂസലിലെ മാർ മാതായുടെ മഠത്തിൽ എത്തിച്ചേർന്നു. 629 -ൽ മാർ മരൂത ഒന്നാമത്തെ 'കിഴക്കിന്റെ മഫ്രിയാനാ' ആയിത്തീർന്നു. അദ്ദേഹം ഇരുപതുവർഷം ഭരണം നടത്തി. നെസ്തോറിയ വിശ്വാസം കൊടികുത്തി വാണിരുന്ന പ്രദേശങ്ങളിൽ പാശ്ചാത്യ സിറിയൻ സഭ വ്യാപിക്കുവാൻ മഫ്രിയാനായുടെ പ്രഗത്ഭ ഭരണം മൂലം ഇടയായി (ബൈസാന്റയിൻ കാതോലിക്കേറ്റാകട്ടെ, സ്വന്തമായ പ്രത്യേകാവകാശങ്ങളിൽ പുളകംകൊണ്ട് അലസതയുടെ ആലസ്യത്തിലമർന്നു നിന്നു പുരോഗതി കൈവരിക്കാൻ മറന്നുപോയി. ഈ സഭ പിൽക്കാലത്ത് യാക്കോബ് ബറദ്യൂസിന്റെ (Jacob Baradeus) സ്മരണയ്ക്കായി ഗ്രീക്കുകാർ ഈ സഭയ്ക്ക് 'യാക്കോബായ' എന്ന പേരു നൽകി). ഗ്രീക്കുകാരുടെ ജ്ഞാനം ഉൾക്കൊണ്ട് തത്വശാസ്ത്രം, കണക്ക്, വാനനിരീക്ഷണശാസ്ത്രം, വേദശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യം നേടി. തൽഫലമായി പല പണ്ഡിതന്മാരും ഈ സഭയിൽ ഉണ്ടായി. എഡേസ്സായിലെ യാക്കോബ് (633–708) ഒരു ഭാഷാശാസ്ത്ര പണ്ഡിതനും, തത്വചിന്തകനും, വേദപുസ്തക വ്യാഖ്യാതാവും ആയിരുന്നു. സുറിയാനി ഭാഷയിലെ യാക്കോബിന്റെ തക്സാ ഇദ്ദേഹം അപഗ്രഥിച്ച് ക്രോഡീകരിച്ചു. മറ്റു ഗണനീയരായ പണ്ഡിതരായിരുന്നു ഗ്രിഗറി ബാർ ഹെബ്രായാ (1226–86), സിറിയാക്കാരൻ മീഖായേൽ (1126–1199) (ഇവർ ചരിത്രകാരന്മാർ ആയിരുന്നു), ദീവന്നാസ്സ്യോസ് ബർശ്ലീബാ, മൂശാബർകീഫാ (833–903) എന്നിവർ.

ഈ പാശ്ചാത്യ സിറിയൻ സഭയുടെ പൗരസ്ത്യ കാതോലിക്കാ (മഫ്രിയാനാ) യ്ക്ക് ഭാരതസഭയുടെ മേൽ കർതൃത്വം ഇല്ലായിരുന്നു എന്നത് ശ്രദ്ധേയമാണ്. പേർഷ്യൻ, അഥവാ പൗരസ്ത്യ സിറിയൻ (നെസ്തോറിയൻ) കാതോലിക്കാ ആയിരുന്നു ഏഴും എട്ടും നൂറ്റാണ്ടുകളിൽ തന്റെ മേൽക്കോയ്മ ഭാരതത്തിലേക്ക് വ്യാപിപ്പിച്ചത്. ഈ കാലഘട്ടത്തിൽ വിശ്വാസ പ്രചരണത്തിന് ഭാരതത്തിൽ വേദിയൊരുക്കാൻ പാശ്ചാത്യ സിറിയൻ

(യാക്കോബായ) മപ്രിയാനാ തുനിഞ്ഞില്ല. ഈ നിസ്സംഗതയ്ക്കുള്ള കാരണം ചരിത്രത്തിൽ നിന്ന് ഇനിയും ചികഞ്ഞെടുക്കേണ്ടിയിരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടായപ്പോഴേക്കും അറബിഭരണത്തിൻകീഴിൽ പടർന്നു പന്തലിച്ച യാക്കോബായ സഭയ്ക്ക് പന്ത്രണ്ടു മെത്രാപ്പോലീത്താമാരും നൂറിലധികം മെത്രാന്മാരും ഉണ്ടായി. സിറിയ, തുർക്കി, ഇറാക്ക്, ഇറാൻ, അറേബ്യാ എന്നി വിടങ്ങളിലെല്ലാം ദേവാലയങ്ങളും ജനങ്ങളും ഉണ്ടായി. എന്നാൽ ഭാരതം ഈ സ്വാധീനവലയത്തിൽ ഉൾപ്പെട്ടിരുന്നില്ല.

തൈഗ്രീസിലെ മപ്രിയാനാ (കാതോലിക്കോസ്) മെസപ്പൊട്ടേമിയൻ സമതലത്തിലും, വിദൂരപൂർവ്വദേശത്തുള്ള പതിനെട്ടു മെത്രാസന ഇടവകകളുടെ അധിപതിയായിരുന്നു. ഭാരതവുമായി ഇദ്ദേഹവും ബന്ധം പുലർത്തിയിരുന്നില്ലെന്നതിന് വ്യക്തമായ രേഖകൾ ഉണ്ട്. പതിമൂന്നാം നൂറ്റാണ്ടായപ്പോഴേക്കും യാക്കോബായ കാതോലിക്കാ സ്ഥാനം ദുർബ്ബലമായിത്തുടങ്ങി. അക്കാലത്ത് മംഗോളിയൻ ആക്രമണം ഉണ്ടായി. ആക്രമണത്തിന്റെ ആദ്യഘട്ടത്തിൽ, ശക്തമായിരുന്ന യാക്കോബായാ സഭ, ആക്രമണം നയിച്ച (മംഗോൾ രാജാവായ ഹുലാഗു തുടങ്ങിയ) രാജാക്കന്മാരെ ഈ വിശ്വാസത്തിലേക്കാകർഷിച്ചു. അവരെ സഭയിൽ ചേർത്തു. എന്നാൽ 1394-ൽ തിമൂറിന്റെ ആഗമനത്തോടെ യാക്കോബായ വിഭാഗത്തിന്റെ നാശം ആരംഭിച്ചു. മപ്രിയാനാ (കാതോലിക്കാ) സ്ഥാനം അനാഥമായി. 1404-ൽ വീണ്ടും കാതോലിക്കാ സ്ഥാനം നിലവിൽ വന്നു. എങ്കിലും അധഃപതനം അനവരതം തുടർന്നു. കൂട്ടക്കൊല, പരദേശപ്രയാണം, ഇസ്ലാം മതത്തിലേക്കുള്ള കൂട്ടമായ പരിവർത്തനം എന്നിവ മൂലം യാക്കോബായക്കാരുടെ സംഖ്യ 19-ാം നൂറ്റാണ്ടായപ്പോഴേക്ക് രണ്ടു ലക്ഷത്തിൽ കുറവായിത്തീർന്നു. തുടർന്നും അംഗസംഖ്യയിൽ കുറവ് സംഭവിച്ചുകൊണ്ടിരുന്നു. പ്രസിദ്ധ സന്യാസാശ്രമങ്ങൾ കൊള്ളയിട്ടു നശിപ്പിക്കപ്പെട്ടു. അമൂല്യഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടു. കൊള്ളിവെപ്പിൽ നശിക്കുകയും ചെയ്തു.

എൺപത്തിഒന്നാമത്തെ മപ്രിയാനാ (കാതോലിക്കോസ്) ബെഹനാൻ നാലാമൻ 1895-ൽ കാലം ചെയ്തു. അതോടെ പേർഷ്യയിലെ പാശ്ചാത്യ സിറിയൻ കാതോലിക്കാ സ്ഥാനം നാമാവശേഷമായി. പതിനേഴു വർഷങ്ങൾക്കുശേഷം ഭാരതത്തിൽ കാതോലിക്കാസ്ഥാനം പുനഃസ്ഥാപിതമായി.

(ഓർത്തഡോക്സ് ഹെറാൾഡ്, 1985, ഓഗസ്റ്റ് 21)

കാതോലിക്കാസ്ഥാനം ചില വസ്തുതകൾ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് 1982-ൽ എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

കിഴക്കിന്റെ കാതോലിക്കാ സിംഹാസനം ഇന്ത്യയിൽ പുനഃസ്ഥാപിച്ച

തിന്റെ സപ്തതി 1982-ൽ ആഘോഷിച്ചു. ഈ കാതോലിക്കാ സ്ഥാപനം സംബന്ധിച്ച് പല തെറ്റിദ്ധാരണകളും ജനമദ്ധ്യത്തിൽ ഉണ്ട്.

ഒന്നാമത്തെ ചോദ്യം, പാത്രിയർക്കീസ് സ്ഥാനവും കാതോലിക്കാസ്ഥാനവും തമ്മിലുള്ള ഭേദവും ഏറ്റക്കുറച്ചിലും എങ്ങനെയാണെന്നാണ്.

പാത്രിയർക്കീസ് എന്നതും കാതോലിക്കോസ് എന്നതും ഗ്രീക്കു വാക്കുകളാണ്. പാത്രിയർക്കീസ് എന്ന പദത്തിനു ഗോത്രത്തലവൻ, ഗോത്രപിതാവ് എന്നർത്ഥം. പാരമ്പര്യമായി ഇത് അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർക്കാണ് ഉപയോഗിച്ചു വന്നിരുന്നത്. യാക്കോബിന്റെ 12 മക്കൾ ഇസ്രയേലിലെ പന്ത്രണ്ട് ഗോത്രപിതാക്കന്മാരായി എണ്ണപ്പെട്ടിരുന്നു.

പുതിയനിയമത്തിലെ ഹെബ്രായ ലേഖനം 7:4-ൽ അബ്രഹാമിനെ പാത്രിയർക്കീസ് എന്നു വിളിക്കുന്നെങ്കിൽ അപ്പോസ്തല പ്രവൃത്തികൾ 7:8-9 ൽ യാക്കോബിന്റെ പന്ത്രണ്ട് പുത്രന്മാരെയാണ് പാത്രിയർക്കീസന്മാർ എന്നു വിളിക്കുന്നത്.

ഒന്നാം ശതാബ്ദത്തിൽ യഹൂദന്മാർക്ക് പലസ്തീനിലും ബാബിലോണിയയിലും ഓരോ പാത്രിയർക്കീസുണ്ടായിരുന്നു. നാലാം ശതാബ്ദത്തിന്റെ അന്ത്യം വരെ ക്രിസ്ത്യാനികളുടെയിടയിൽ പാത്രിയർക്കീസ് എന്ന സ്ഥാനമേ ഉണ്ടായിരുന്നില്ല. യഹൂദന്മാരുടെ പലസ്തീൻ (തൈബീരിയാസ്) പാത്രിയർക്കീസ് റോമാസാമ്രാജ്യത്തിലെ യഹൂദന്മാരുടെ തലവനും ബാബിലോണിയൻ പാത്രിയർക്കീസ് പേർഷ്യൻ സാമ്രാജ്യത്തിലെ യഹൂദന്മാരുടെ തലവനുമായി നാലാം ശതാബ്ദം വരെ തുടർന്നു.

പാത്രിയർക്കീസ് എന്ന സ്ഥാനം ഔദ്യോഗികമായി ക്രിസ്ത്യാനികൾ അംഗീകരിച്ചത് അഞ്ചാം ശതാബ്ദത്തിലെ ജസ്റ്റിനിയൻ ചക്രവർത്തിയുടെ നിയമസംഹിതയിലായിരുന്നു. കൽക്കിദോൻ സുന്നഹദോസിന്റെ (എ.ഡി. 451) 28-ാം കാനോൻ (പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ സ്വീകരിക്കുന്നില്ല) കുസ്തന്തീനോപോലീസിലെ പുതിയ സിംഹാസനത്തിന് റോം കഴിഞ്ഞാൽ രണ്ടാം സ്ഥാനം കൊടുക്കുന്നുണ്ടെങ്കിലും പാത്രിയർക്കീസ് എന്ന സ്ഥാനം അവിടെയെങ്ങും കാണുന്നില്ല. മെത്രാന്മാരെ വാഴിക്കേണ്ടത് പാത്രിയർക്കീസാണെന്നും ഇല്ല. പ്രവിശ്യയിലെ മെത്രാപ്പോലീത്താ, മറ്റു മെത്രാന്മാരുടെ സഹായത്തോടെ പുതിയ മെത്രാനെ വാഴിക്കണമെന്നേ വ്യവസ്ഥയുള്ളു.

പോണ്ടസ്, ഏഷ്യ, ത്രേസ് എന്നീ പ്രവിശ്യകളിലെ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനുള്ള അധികാരം സാമ്രാജ്യ തലസ്ഥാന നഗരിയായ കുസ്തന്തീനോപോലീസിലെ എപ്പിസ്കോപ്പായ്ക്ക് നൽകുന്നുണ്ടെങ്കിലും അദ്ദേഹത്തെ എപ്പിസ്കോപ്പാ എന്നല്ലാതെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നില്ല.

റോമിലെയും, അലക്സന്ത്രിയയിലേയും, അന്ത്യോഖ്യായിലേയും

മെത്രാന്മാരെ ആർച്ച് ബിഷപ്പ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. പക്ഷേ, പാത്രിയർക്കീസ് എന്നില്ല. പാപ്പാ എന്ന സ്ഥാനം അലക്സന്ത്ര്യായും റോമും ഉപയോഗിക്കുന്നുണ്ട്. പക്ഷേ, പാത്രിയർക്കീസ് എന്ന പദം രേഖകളിലെങ്ങും കാണുന്നില്ല.

അഞ്ചാം ശതാബ്ദത്തിൽ റോമാ സാമ്രാജ്യത്തിനകത്ത് പാത്രിയർക്കീസന്മാർ അഞ്ചു പേരാണ്. റോമാ, കുസ്തന്തീനോപോലീസ്, അലക്സന്ത്രിയ, അന്ത്യോഖ്യാ, യരുശലേം – ഇവർക്കാർക്കും റോമാ സാമ്രാജ്യത്തിനു പുറത്ത് (അതായത് എത്യോപ്യയിലോ, പേർഷ്യയിലോ, അർമ്മേനിയയിലോ, ജോർജിയയിലോ ഇന്ത്യയിലോ, ന്യൂബിയയിലോ) യാതൊരധികാരവുമുണ്ടായിരുന്നില്ല.

അങ്ങനെ അധികാരമുണ്ടായിരുന്നതായി തെളിയിക്കുന്ന യാതൊരു രേഖയും ഇന്നേവരെ പുറത്തുവന്നിട്ടുമില്ല. പുരാതന സുറിയാനി ചരിത്രകാരന്മാരാരും അങ്ങനെ എഴുതിയിട്ടുമില്ല.

ജസ്റ്റിനിയന്റെ നിയമസംഹിതയുടെ ഒന്നാം പുസ്തകം രണ്ടാം ഭാഗം 24–ാം അദ്ധ്യായത്തിൽ കുസ്തന്തീനോപോലീസാണ് "എല്ലാ സഭകളുടെയും തല" എന്നു പറഞ്ഞശേഷം പതിമൂന്നോ പതിനാലോ പാത്രിയർക്കാ സിംഹാസനങ്ങളുടെ പട്ടിക നൽകുന്നു. ഓരോന്നിന്റെയും അധികാരപരിധിയും നൽകുന്നു.

അലക്സന്ത്ര്യ (ഈജിപ്റ്റ്), അന്ത്യോഖ്യാ (റോമാസാമ്രാജ്യത്തിലെ പൗരസ്ത്യ പ്രവിശ്യ), എഫേസൂസ് (ഏഷ്യാമൈനർ), കൈസര്യ (പോണ്ടസ്), തെസ്സലോനിക്കാ (മക്കദോനിയാ), റോമാ (റോമാ ഗവർണരുടെ അധികാരസീമ), മിലാൻ (ഇറ്റലി), സിർദിയം (യൂഗോസ്ലാവിയ), കാർത്തേജ് (ഉത്തരാഫ്രിക്കാ), ലിയോൺ (ഫ്രാൻസ്), ടൊലീഡോ (സ്പെയിൻ), യോർക്ക് (ബ്രിട്ടൻ) ഇവയാണ് പട്ടികയിലുള്ളത്. ഇവയൊക്കെ സ്വതന്ത്ര സഭകളാണ്. എല്ലാം റോമാ സാമ്രാജ്യത്തിനുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന അധികാരമുള്ളവയും.

അർമ്മേനിയയും, ജോർജിയയും രാജാക്കന്മാർ ഭരിക്കുന്ന രാജ്യങ്ങളാണെങ്കിലും ഇടയ്ക്കിടയ്ക്ക് റോമാസാമ്രാജ്യത്തിനകത്താകുമ്പോൾ, ഈ രണ്ടു സഭകളിലേയും സ്വതന്ത്രന്മാരായ കാതോലിക്കാമാർക്കും പാത്രിയർക്കീസന്മാർക്കും തുല്യമായ പദവിയാണ് നിയമം നൽകിയിരുന്നത്.

കാതോലിക്കാസ്ഥാനം ഉടലെടുത്തത് റോമാസാമ്രാജ്യത്തിനു പുറത്താണ് – ഏഷ്യയിൽ. റോമാ സാമ്രാജ്യത്തിനു പുറത്ത് പല പ്രധാന സഭകളും ഉടലെടുത്തു. ആഫ്രിക്കയിൽ ന്യൂസിയൻ സഭ (ഇന്നത്തെ സുഡാൻ) യും എത്യോപ്യൻ സഭയുമായിരുന്നു പ്രധാന സഭകൾ. ഏഷ്യയിൽ ഏറ്റവും

വലിയത് പേർഷ്യൻ സഭ, അതായത് കിഴക്കിന്റെ കാതോലിക്കേറ്റ്. പിന്നെ ഇന്ത്യൻ സഭ, ഒരു കാലത്ത് വളരെ വലിയ ഒരു സഭയായിരുന്നു.

വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ പാർത്തിയ (ഇന്നത്തെ ഇറാൻ, അഫ്ഗാനിസ്ഥാൻ, ബലുചിസ്ഥാൻ) മുതൽ ബോംബെയ്ക്കടുത്തുള്ള കല്യാൺ വരെയും ദക്ഷിണേന്ത്യയുടെ തീരപ്രദേശം മുഴുവൻ (മദ്രാസ് വരെയെങ്കിലും) വ്യാപിച്ചു കിടന്നിരുന്ന ഈ വലിയ സഭയെ പാശ്ചാത്യ ചരിത്രകാരന്മാർ അത്ര കാര്യമായെടുത്തില്ല. എന്നാൽ ഇന്ത്യൻ സഭയ്ക്കെല്ലാം കൂടി പൊതുവായ ഒരു മെത്രാപ്പോലീത്താ ഉണ്ടായത് ഏഴാം ശതാബ്ദത്തിനു ശേഷമാണ്. അതുവരെ അതതു സ്ഥലത്തുള്ള മെത്രാന്മാരാണ് സഭ ഭരിച്ചിരുന്നത്.

ഏഴാം ശതാബ്ദത്തിൽ ഹിന്ദു മതത്തിന്റെ പുനഃപ്രസരമുണ്ടായി. അതുവരെ ജയിച്ചു നിന്നിരുന്ന ബുദ്ധമതവും ജൈനമതവും പിറകോട്ട് പോകാൻ തുടങ്ങി. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ പ്രധാന മതങ്ങൾ ജൈനമതം, ബുദ്ധമതം, ക്രിസ്തുമതം, യഹൂദമതം എന്നിവയായിരുന്നു.

ഏഴാം ശതാബ്ദത്തിൽ തന്നെ ഇസ്ലാം, അറബിക്കച്ചവടക്കാരിൽ കൂടി കേരളത്തിലും വന്നു. അതോടൊപ്പം തന്നെ ഹിന്ദുമതവും ഉണർന്നെഴുന്നേറ്റു. അക്കാലം മുതലാണ് ക്രിസ്തുമതവും, ബുദ്ധമതവും, ജൈനമതവും ഒരുമിച്ച് അധഃപ്പതിക്കാൻ തുടങ്ങിയത്. ഈ ചരിത്രത്തിന് രേഖകൾ കുറവാണെങ്കിലും അറിയാവുന്ന വസ്തുതകൾ ഈ നിഗമനത്തിനനുകൂലമാണ്.

ഏഴാം ശതാബ്ദത്തിൽ പേർഷ്യൻ അറേബ്യൻ രാജ്യങ്ങളുമായുള്ള നമ്മുടെ വാണിജ്യം വർദ്ധിച്ചതോടെ പേർഷ്യൻ കാതോലിക്കോസിന്റെ പ്രതിനിധികളും ഇവിടെ വന്നു ഭാരതീയസഭയെ പുനസ്സംഘടിപ്പിക്കാൻ തുടങ്ങി. അതുമുതൽക്കാണ് കിഴക്കിന്റെ കാതോലിക്കേറ്റുമായി ഭാരതീയസഭയ്ക്കു ബന്ധം തുടങ്ങിയത്. പക്ഷേ, ഇവിടെ പ്രതിനിധികളെ അയച്ച പേർഷ്യൻ കാതോലിക്കോസ്, ഏഴാം ശതാബ്ദമായപ്പോഴേയ്ക്ക് ബാബിലോൺ പാത്രിയർക്കീസ് എന്ന സ്ഥാനം സ്വീകരിച്ചു. അദ്ദേഹത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസുമായി യാതൊരു ബന്ധവുമില്ലായിരുന്നു.

എന്നാൽ അറബികൾ പേർഷ്യയും സിറിയയും പിടിച്ചടക്കി. ഒരു കാലിഫേറ്റിന്റെ കീഴിൽ കൊണ്ടുവന്നു കഴിഞ്ഞപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് നിർബാധം പേർഷ്യയിൽ പ്രവേശിക്കാനും നെസ്തോറിയൻ വിശ്വാസം സ്വീകരിച്ച ബാബിലോൺ പാത്രിയർക്കീസിനു ബദലായി ഒരു കിഴക്കിന്റെ മഫ്രിയാനായെ വാഴിക്കുവാനും സാധിച്ചു.

ആദ്യത്തെ മഫ്രിയാന തക്രീദിലെ മാറൂത്താ വാഴിക്കപ്പെട്ടത് എ. ഡി. 629 -ലായിരുന്നു. മഫ്രിയാനാ എന്ന പദത്തിന് “ഫലദായകൻ” എന്നാണർത്ഥം. മഫ്രിയാനായും കാതോലിക്കായും തുല്യസ്ഥാനങ്ങളല്ല. മഫ്രിയാനായ്ക്കു

സ്വതന്ത്രമായി മെത്രാന്മാരെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യാനും അധികാരമുണ്ട്. പക്ഷേ, പാത്രിയർക്കീസിനേക്കാൾ സ്ഥാനത്തിൽ താഴെയാണ്.

ഒരു മഫ്രിയാനായ്ക്കു വലിയ സ്ഥാനമാണുള്ളത്. ഉറഹായിലെ വിശുദ്ധ യാക്കോബ് (708-ൽ അന്തരിച്ചു), ഗ്രീഗോറിയോസ് ബാർ എബ്രായാ (1286-ൽ അന്തരിച്ചു), മോശെ ബർകീപ്പാ (903-ൽ അന്തരിച്ചു), മീഖായേൽ റാബോ (1199-ൽ അന്തരിച്ചു) എന്നിങ്ങനെ അനേക പ്രശസ്ത പണ്ഡിതർ, മഫ്രിയാനാമാരായിരുന്നിട്ടുണ്ട്.

പക്ഷേ, അവരാരും ഇന്ത്യയിൽ ഭരണാധികാരം പുലർത്തിയില്ല. പേർഷ്യയിലെ ഏകസ്വഭാവ വിശ്വാസികളായ പൗരസ്ത്യ സുറിയാനിക്കാരുടെ മാത്രം ഭരണമാണ് അവർക്കെല്ലാമുണ്ടായിരുന്നത്.

ഏഴാം നൂറ്റാണ്ടിലും എട്ടാം നൂറ്റാണ്ടിലും ഇന്ത്യയിൽ അധികാരം വ്യാപിപ്പിക്കാൻ ശ്രമിച്ചത് ഈ മഫ്രിയാനമാരല്ലായിരുന്നു. പ്രത്യുത നെസ്തോറിയൻ, വിശ്വാസക്കാരെന്ന് വിശേഷിപ്പിക്കപ്പെടുന്ന "കിഴക്കിന്റെ പാത്രിയർക്കീസ്" ആയിരുന്നു.

നിരണത്തു വച്ച് 1912-ൽ സുറിയാ പാത്രിയർക്കീസിന്റെ സഹായത്തോടെ ഭാരതീയസഭ ഭാരതത്തിൽ പുനഃസ്ഥാപിച്ചതും മഫ്രിയാനാ സ്ഥാനമല്ലായിരുന്നു. പ്രത്യുത കാതോലിക്കാ സ്ഥാനമായിരുന്നു. കാതോലിക്കാസ്ഥാനം പാത്രിയർക്കാസ്ഥാനത്തിന് തുല്യമാണ്.

കാതോലിക്കാ എന്നുള്ളത് ഗ്രീക്ക്, റോമൻ സംസ്ക്കാരത്തിനു വെളിയിലുള്ള പാത്രിയർക്കാ സ്ഥാനമാണ്. എത്യോപ്യൻ പാത്രിയർക്കീസിന്റെയും ഇന്ത്യയിലെ കിഴക്കിന്റെ കാതോലിക്കായുടെയും സ്ഥാനപ്പേരു വ്യത്യാസമുണ്ടെങ്കിലും ഇരുവരും തങ്ങളുടെ ഭരണസീമയിൽ പൂർണ്ണ സ്വാതന്ത്ര്യമുള്ളവരാണ്.

കിഴക്കിന്റെ കാതോലിക്കാ കൂടാതെ മറ്റ് രണ്ടു കാതോലിക്കാമാരാണുണ്ടായിരുന്നത്. ഒന്ന് അർമ്മേനിയയിലും മറ്റൊന്ന് ജോർജിയയിലും. ഇവരിരുവരും പൂർണ്ണ സ്വാതന്ത്ര്യമുള്ളവരാണ്. മറ്റൊരു സഭയുടെയും കീഴിലല്ല.

അർമ്മേനിയൻ കാതോലിക്കോസിന്റെ ഭരണസീമയിൽ അദ്ദേഹത്തിന് വിധേയരായി ഒരു കുസ്തന്തീനോസ് പാത്രിയർക്കീസും ഒരു യെരുശലേം പാത്രിയർക്കീസും ഉണ്ട്. ഇന്നും ഈ രണ്ടു കാതോലിക്കാമാരുടെയും പൂർണ്ണ സ്ഥാനപ്പേര് കാതോലിക്കോസ്-പാത്രിയർക്കീസ് എന്നു തന്നെയാണ്.

പേരു പാത്രിയർക്കീസ് എന്നാണെങ്കിലും പൂർണ്ണ സ്വയശീർഷകത്വമില്ലാത്ത പാത്രിയർക്കീസന്മാരാണ് യെരുശലേമിലേയും കുസ്തന്തീനോപോലീസിലേയും അർമ്മേനിയയിലെയും പാത്രിയർക്കീസന്മാർ. അതുകൊണ്ട് പേരല്ല കാര്യം, ഭരണസീമയ്ക്കകത്തുള്ള സ്വയശീർഷകത്വമാണ്.

കിഴക്കിന്റെ കാതോലിക്കാ സ്ഥാനത്തിനനുസരിച്ച, പൂർണ്ണ സ്വയശീർഷ കത്വമുള്ള ഒരു ഭരണഘടന ഭാരതീയ ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ട് അതിനുള്ളിൽ എല്ലാ ഭാരതീയ ഓർത്തഡോക്സ് വിശ്വാസികളും ഐക്യ പ്പെട്ട് ജീവിക്കുകയെന്നതാണ് ഭാവിയിൽ അഭിലഷണീയമായിട്ടുള്ളത്.

(മലയാള മനോരമ ദിനപത്രം, 1982 സെപ്റ്റംബർ 3 വെള്ളി)

ഉത്ഭവവും വളർച്ചയും

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെയും ഐക്യത്തിന്റെയും പുരോഗതി യുടെയും പ്രതീകമായ കാതോലിക്കാ സിംഹാസനത്തിനു നൂറ്റാണ്ടുകളുടെ ചരിത്രമാണുള്ളത്. സന്തോഷത്തിന്റെ ഉഷസ്സുകളിലൂടെയും സന്താപത്തിന്റെ സായാഹ്നത്തിലൂടെയും കടന്നുപോയിട്ടുള്ള കാതോലിക്കാ സിംഹാസന ചരി ത്രത്തിലേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കുകയാണിവിടെ.

കാതോലിക്കാ സിംഹാസനം സ്ഥാപിതമായതു ചരിത്രപ്രസിദ്ധമായ പേർ ഷ്യയിലെ സെലൂക്യ പട്ടണത്തിലാണ്. മാർത്തോമ്മാശ്ലീഹാ ഇന്ത്യയിലെത്തു ന്നതിനു മുമ്പു പേർഷ്യയിൽ സ്ഥാപിച്ച സഭയ്ക്കു രണ്ടാം നൂറ്റാണ്ടു വരെ മേൽപ്പട്ടക്കാരെ ലഭിച്ചിരുന്നത് അന്ത്യോഖ്യയിൽ നിന്നും യെറുശലേമിൽ നിന്നുമായിരുന്നുവെന്നു സഭാചരിത്രം സാക്ഷിക്കുന്നു. അന്ന് അന്ത്യോഖ്യാ റോമൻ സാമ്രാജ്യത്തിലും, സെലൂക്യ പേർഷ്യൻ സാമ്രാജ്യത്തിലുമായിരു ന്നതിനാലും രണ്ടു സാമ്രാജ്യങ്ങളും തമ്മിൽ മത്സരത്തിലായിരുന്നതിനാലും പേർഷ്യൻ സഭയ്ക്ക് അന്ത്യോഖ്യയിൽ നിന്നു മേൽപ്പട്ടക്കാരെ ലഭിക്കാൻ പ്രയാസം നേരിട്ടു.

ഈ വിഷമസ്ഥിതി തരണം ചെയ്യാൻ മൂന്നാം നൂറ്റാണ്ടിൽ സെലൂക്യൻ സഭ കോംയേശു, അഹോദാബൂയി എന്ന രണ്ടു പേരെ മേൽപ്പട്ടസ്ഥാന ത്തേയ്ക്കു തെരഞ്ഞെടുത്ത് അന്ത്യോഖ്യായിലേയ്ക്കയച്ചു. ഇവർ പേർഷ്യൻ ഗവണ്മെന്റിന്റെ ചാരന്മാരാണെന്നു തെറ്റിദ്ധരിച്ച് റോമാക്കാർ അവരെ വളയു കയും കോംയേശു വധിക്കപ്പെടുകയും ചെയ്തു. രക്ഷപ്പെട്ട അഹോദാവൂയി യറുശലേമിൽ എത്തുകയും അവിടത്തെ മേൽപ്പട്ടക്കാർ അദ്ദേഹത്തെ കാതോ ലിക്കാ (പാത്രിയർക്കീസ്) ആയി വാഴിക്കുകയും ചെയ്തു. കാതോലിക്കായ്ക്കു മേൽപ്പട്ടക്കാരെ വാഴിക്കാൻ അധികാരമുണ്ടായിരിക്കുമെന്നും കിഴക്കൻ (പേർഷ്യ ആദിയായ സഭയിൽപ്പെട്ടവർ) മേലിൽ കാതോലിക്കോസിൽ നിന്നു മേൽപ്പട്ടസ്ഥാനം സ്വീകരിച്ചുകൊള്ളാമെന്നും കാണിച്ച് ഒരധികാരപത്രവും കാതോലിക്കോസിനു കൊടുത്തയച്ചു. ഇത് എ.ഡി. 231-ൽ ആയിരുന്നു. ഇപ്ര കാരം പൗരസ്ത്യസഭയിൽ ആദ്യമായുണ്ടായ കാതോലിക്കേറ്റിനെ 94 വർഷം കഴിഞ്ഞ് 325-ൽ നടന്ന നിഖ്യാസുന്നഹദോസ് സ്ഥിരപ്പെടുത്തി.

സെലൂക്യയിലെ കാതോലിക്കാ സ്ഥാപനം അഞ്ചാം നൂറ്റാണ്ടിന്റെ

അവസാനത്തോടുകൂടി നെസ്തോർ എന്ന ആളിന്റെ തെറ്റായ വേദോപദേശങ്ങൾക്കു വിധേയമായി. അതിനാൽ സത്യവിശ്വാസികൾക്കുവേണ്ടി എ.ഡി. 629-ൽ പേർഷ്യയിലെ മറ്റൊരു പട്ടണമായ തിഗ്രീസിൽ കൂടിയ സുന്നഹദോസ് തീരുമാനമനുസരിച്ച് കാതോലിക്കായുടെ തുല്യാധികാരങ്ങളോടുകൂടി "മപ്രിയാന" എന്ന പേരിൽ ഒരാളെ തിഗ്രീസിൽ അവരോധിച്ചു. അദ്ദേഹത്തെത്തുടർന്നു പല മപ്രിയാനന്മാരും ഭരണം നടത്തിവന്നു. ആദ്യ കാലങ്ങളിൽ സൗഹാർദ്ദബന്ധത്തിൽ ഇരുന്ന പാത്രിയർക്കീസും കാതോലിക്കായും തമ്മിൽ പലപ്പോഴും അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ട്. മത്സരം വർദ്ധിച്ചപ്പോൾ പാത്രിയർക്കീസ് മപ്രിയാനയെയും, മപ്രിയാന പാത്രിയർക്കീസിനെയും പരസ്പരം മുടക്കി. ഈ അധികാരമത്സരം എ.ഡി. 869-ൽ കപ്പർത്തൂത്ത എന്ന സ്ഥലത്തു വച്ചുണ്ടായ ഉടമ്പടി മൂലം അവസാനിച്ചു. സഭാസംബന്ധമായ നിയമങ്ങൾ ഉൾക്കൊള്ളുന്ന ഹൂദായ കാനോനിൽ ഈ ഉടമ്പടിയെപ്പറ്റി എടുത്തുപറയുന്നുണ്ട്. അതിന്റെ സാരം ഇപ്രകാരമാണ്.

പ്രത്യേക ക്ഷണം കൂടാതെ പാത്രിയർക്കീസോ, മപ്രിയാനയോ ഇതരന്റെ അധികാരമണ്ഡലത്തിൽ കൈകടത്താൻ പാടില്ല. മപ്രിയാന ജീവനോടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ വാഴിക്കാൻ പാടില്ല. മപ്രിയാനന്മാരിൽ പ്രധാനിയായിരുന്ന ബാർ എബ്രായയാണ് ഹൂദായ കാനോൻ തയ്യാറാക്കുകയും ഒട്ടധികം ഗ്രന്ഥങ്ങൾ രചിച്ചു സഭയെ ചൈതന്യധന്യമാക്കുകയും ചെയ്തത്.

ഇദ്ദേഹത്തിന്റെ കാലശേഷം മഹമ്മദീയ പീഡ മൂലം തിഗ്രീസിന്റെ ശക്തി ക്ഷയിക്കുകയും പിന്നീടു നാമാവശേഷമാകുകയും ചെയ്തു.

ഈ സ്ഥാപനം, പേർഷ്യൻ സഭയും മലങ്കരസഭയും തമ്മിലുള്ള പുരാതനബന്ധത്തെ മുൻനിർത്തി മലങ്കരയിലേക്കു മാറ്റിസ്ഥാപിക്കണമെന്നു മലങ്കരസഭയിലെ ദൂരവീക്ഷണമുള്ള നേതാക്കൾ ആഗ്രഹിക്കുകയും പല പ്രതിബന്ധങ്ങൾ തരണം ചെയ്ത് 1912-ൽ മലങ്കരയിൽ കാതോലിക്കാ സ്ഥാപനം പുനഃസ്ഥാപിക്കുകയാണുണ്ടായത്.

പേരിന്റെ പിന്നിൽ

അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ 'മാർ ഇഗ്നാത്തിയോസ്' എന്നും പൗരസ്ത്യ കാതോലിക്കാമാർ 'മാർ ബസ്സേലിയോസ്' എന്നുമുള്ള നാമങ്ങൾ സ്ഥിരമായി ഉപയോഗിക്കാൻ തുടങ്ങിയതത് 13-ാം നൂറ്റാണ്ടിനു ശേഷം മാത്രമാണ്. ഇതിൽ മാർ ഇഗ്നാത്തിയോസ്, പത്രോസ് ശ്ലീഹായ്ക്കും എവദോയോസിനും ശേഷം അന്ത്യോഖ്യാ പാത്രിയർക്കീസായി സഭയെ ഭരിച്ചിരുന്ന അത്യന്തം പരിശുദ്ധനായ ഒരു പിതാവായിരുന്നു. എന്നാൽ വെറും ഒരു മെത്രാനായി മാത്രം എ.ഡി. 370 മുതൽ എ.ഡി. 379 വരെ കപ്പദോക്യൻ സഭയെ ഭരിച്ചിരുന്ന ബസ്സേലിയോസിന്റെ നാമം കാതോലിക്കാമാർ സ്വീകരിക്കാൻ

ഇടയായതിൽ നിന്ന് അദ്ദേഹത്തിനു സുറിയാനി സഭയിലുള്ള സ്ഥാനവും മാഹാത്മ്യവും മനസ്സിലാക്കാം.

മാർ ബസ്സേലിയോസ് എ.ഡി. 300-ൽ തുർക്കി രാജ്യത്തു കപ്പദോക്യയിൽ ക്രൈസ്തവ തീക്ഷ്ണതയുള്ളതും സംസ്കാരസമ്പന്നവുമായ ഒരു കുടുംബത്തിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ പിതാവ് അദ്ധ്യാപകനും സുപ്രസിദ്ധ വാഗ്മിയും കപ്പദോക്യായിലും അർമ്മേനിയായിലുമുള്ള അനേകം വസ്തുവകകളുടെ ഉടമസ്ഥനുമായിരുന്നു. മാതാവായ എമിലി സ്വഭാവശ്രേഷ്ഠതയ്ക്കും സൗന്ദര്യത്തിനും പ്രശസ്തയായിരുന്നു. അവർക്കു ബസ്സേലിയോസിനെ കൂടാതെ മൂന്ന് ആൺമക്കളും നാലു പെൺമക്കളും ഉണ്ടായിരുന്നതിൽ മാർ ഗ്രീഗോറിയോസ് നിസായിലെയും പത്രോസ് സെബാസ്റ്റിയിലെയും ബിഷപ്പന്മാരായിരുന്നു. ഈ രണ്ടുപേരെയും പരിശുദ്ധന്മാരായി വിശുദ്ധ സഭ പ്രഖ്യാപിച്ചിട്ടുണ്ട്. സഹോദരി മക്രീനാ സ്വന്തമായി ഒരു മഠം സ്ഥാപിച്ചു. അവരെയും സഭ പരിശുദ്ധയായി ഗണിക്കുന്നു.

ബാല്യത്തിൽതന്നെ അതിബുദ്ധിമാനായിരുന്ന ബസ്സേലിയോസ് അന്നു ലോകത്തിൽ ഏറ്റവും വലിയ വിദ്യാഭ്യാസകേന്ദ്രമായിരുന്ന ഏതൻസിലാണ് അഞ്ചുവർഷം വിദ്യാഭ്യാസം നിർവ്വഹിച്ചത്. അവിടെ സഹപാഠികളായി നാസിയാൻസിലെ ബിഷപ്പായിരുന്ന മാർ ഗ്രീഗോറിയോസ്, ജൂലിയൻ ചക്രവർത്തി എന്നിവരെ ലഭിച്ചത് അദ്ദേഹത്തിന്റെ ഭാവിജീവിതത്തിൽ വളരെ സ്വാധീനം ചെലുത്തുവാൻ ഇടയായി. അദ്ദേഹം നിയമം, തത്ത്വശാസ്ത്രം മുതലായവയിൽ പ്രാവീണ്യം സമ്പാദിച്ചു നിയമജ്ഞനായി കുറെക്കാലം കൈസരിയായിൽ കഴിച്ചുകൂട്ടി. എന്നാൽ അധികം താമസിയാതെ അദ്ദേഹം സർവ്വസ്വത്തുക്കളും തൊഴിലും ഉപേക്ഷിച്ചു. രാത്രിയിൽ ചാക്കുതുണികൊണ്ടുള്ള വസ്ത്രവും പകൽ ഒരു വെറും കുപ്പായവും ധരിച്ചു. തറയിൽ കിടന്നു ജീവിക്കാൻ മാത്രം സസ്യഭക്ഷണവും, പച്ചവെള്ളവും ഉപയോഗിച്ച് ഒരു യതിവര്യനായി ജീവിതം തുടർന്നു. അതിനുശേഷം പട്ടക്കാരനായപ്പോഴും മെത്രാപ്പോലീത്തായായപ്പോഴും വളരെ ലളിതമായ ജീവിതരീതിയാണ് നയിച്ചുപോന്നത്.

മെത്രാനായി കൈസരിയാ ഇടവകയെ ഭരിച്ചിരുന്ന വെറും ഒമ്പതു വർഷത്തിനുള്ളിൽ, ആ ഇടവകയെ കിഴക്കുള്ള ക്രിസ്തീയ സഭകളിൽ ഏറ്റവും കൂടുതൽ ഐക്യവും മതവിശ്വാസവും ഉള്ള ഒരു പ്രദേശമാക്കിത്തീർക്കുന്നതിനു ബസ്സേലിയോസിനു സാധിച്ചു. അന്ന് അറിയോസ് പാഷണ്ഡത മൂലം കുഴഞ്ഞുമറിഞ്ഞു കിടന്നിരുന്ന നാലു ലക്ഷം അംഗങ്ങളുള്ള കൈസരിയാ ഇടവകയെ യോജിപ്പിലും ഐക്യത്തിലും കൊണ്ടുപോകുകയെന്നുള്ളത് തുലോം പ്രയാസമുള്ള സംഗതിയായിരുന്നു. കുസ്തന്തീനോസ്പോലീസിൽ എ.ഡി. 381-ൽ രണ്ടാം പൊതു സുന്നഹദോസ് വിളിച്ചു കൂട്ടുന്നതിനുവേണ്ട എല്ലാ ഒരുക്കങ്ങൾക്കും നേതൃത്വം കൊടുത്തത് അദ്ദേഹമായിരുന്നുവെങ്കിലും

നിർഭാഗ്യവശാൽ അതിൽ സംബന്ധിക്കുന്നതിനു മുമ്പ് അദ്ദേഹം കാലഗതി പ്രാപിച്ചു.

അദ്ദേഹം എഴുതിയിരുന്ന പല ഗ്രന്ഥങ്ങളും അക്കാലത്തെ ക്രിസ്ത്യാനികളും ഇതരമതക്കാരും ഭാഷാശൈലിയിലും ഉള്ളടക്കത്തിലും വിലതീരാത്ത കൃതികളായി കണക്കാക്കിയിരുന്നു. അറിയോസ് പാഷണ്ഡതയ്ക്കും അന്നു നിലനിന്നിരുന്ന മറ്റു പല അന്ധവിശ്വാസങ്ങൾക്കുമെതിരായി അദ്ദേഹം സുധീരം പോരാടി. നല്ല പ്രാർത്ഥനാകൃതികൾ ചമയ്ക്കുകയും ലളിതവും സന്മാർഗ്ഗികവുമായ ക്രിസ്തീയ ജീവിതത്തിനുള്ള ചട്ടങ്ങൾ ആവിഷ്കരിക്കുകയും സന്യാസജീവിതത്തിനു വിശ്വാസികളെ പ്രേരിപ്പിക്കുകയും ചെയ്തു. വിശുദ്ധ വേദപുസ്തകത്തെ എല്ലാറ്റിലും ഉപരിയായി കണക്കാക്കുകയും അതേസമയത്തു മറ്റു മതക്കാരുടെ സാഹിത്യഗ്രന്ഥങ്ങൾ പഠിപ്പിക്കുകയും ചെയ്തിരുന്നു. സാമൂഹ്യ ചിന്തകനും സംസ്കാരസമ്പന്നനുമായിരുന്ന അദ്ദേഹം സമ്പന്നന്മാരെ കൂടെക്കൂടെ ഓർമ്മിപ്പിച്ചിരുന്നത് എല്ലാവരും അവരവരുടെ ആവശ്യത്തിനുള്ളത് എടുത്തു കഴിഞ്ഞു മറ്റുള്ളവർക്കുവേണ്ടി സ്വത്തുക്കൾ നീക്കിവയ്ക്കുന്നപക്ഷം പണക്കാരെന്നും പാവപ്പെട്ടവരെന്നുമുള്ള വിവേചനം ഇല്ലാതാകുമെന്നാണ്.

അക്കാലത്തെ റോമാചക്രവർത്തിയായിരുന്ന വാലൻസ് വലിയ ഒരു അറിയോസ് കക്ഷിക്കാരനായിരുന്നതിനാൽ അറിയോസ് കക്ഷിക്കാരുടെ ബദ്ധശത്രുവായ ബസ്സേലിയോസിനെ കീഴ്പ്പെടുത്തുന്നതിനായി മോഡസ്റ്റസ് എന്ന ന്യായാധിപനെ നിയോഗിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽ ബസേലിയോസ് ഹാജരാക്കപ്പെട്ടു. സംഭീതനായ ന്യായാധിപതി ബസേലിയോസിനോട് ഇപ്രകാരം ചോദിച്ചു: “അല്ലയോ ബസേലിയോസ്, ലോകത്തിലുള്ള എല്ലാ ശക്തികളും ചക്രവർത്തിക്കു കീഴടങ്ങുമ്പോൾ നിങ്ങൾ മാത്രമെന്താണ് അദ്ദേഹത്തെ അനുസരിക്കാത്തത്?” തനിക്ക് ആരുടെയും വസ്തുവകകൾ കണ്ടുകെട്ടാനും നാടുകടത്താനും പീഡിപ്പിക്കാനും കൊല്ലാനും അധികാരമുണ്ടെന്ന് അദ്ദേഹത്തിനു മുന്നറിയിപ്പു നൽകി. ഇതിനു മറുപടിയായി ശാന്തനായി ബസേലിയോസ് ഇപ്രകാരം അറിയിച്ചു. “നിങ്ങൾ വേറെ വല്ല ഭീഷണിയും പ്രയോഗിക്കൂ. മേൽപ്പറഞ്ഞ ഭീഷണികളിൽ എനിക്ക് ഒരു ഭീതിയുമില്ല. കാരണം യാതൊരു വസ്തുവകയും ഇല്ലാത്ത എനിക്കു കണ്ടുകെട്ടലിനെ ഭയപ്പെടാനില്ല. ലോകം മുഴുവവൻ ദൈവഭവനമായി കണക്കാക്കുന്ന എനിക്കു നാടുകടത്തുന്നതിലും പരാതിയില്ല. ശരീരപീഡനകൾ ഏൽപ്പിക്കാമെന്നു നീ വിചാരിക്കുന്നപക്ഷം വളരെ ബലഹീനമായ എന്റെ ഗാത്രത്തിൽ നിന്നു പീഡകൾ ഏൽപ്പിക്കുന്നതിനു മുമ്പേ എന്റെ ആത്മാവ് വേർപെട്ട് ആർക്കുവേണ്ടി ഞാൻ ജീവിക്കുകയും വേല ചെയ്യുകയും ചെയ്യുന്നുവോ ആയവന്റെ സന്നിധാനത്തിൽ വേഗം ചെന്നു ചേരും. ഇതു കേട്ടു മോഡസ്റ്റസ് “ഇത്ര ധിക്കാരമായി ആരും ഒരു ന്യായാധിപന്റെ മുമ്പിൽ സംസാരിച്ചിട്ടില്ലെ”ന്നു പറഞ്ഞതിനു ബസേലിയോസിന്റെ

മറുപടി "നിങ്ങൾ ഇതിനു മുമ്പ് ഒരു മെത്രാപ്പോലീത്തായുമായി ഏറ്റുമുട്ടിയിട്ടില്ലെ"ന്നായിരുന്നു.

അന്ത്യോഖ്യാ - മലങ്കര ബന്ധം ചില ചരിത്ര വസ്തുതകൾ

ഫാ. പോൾ വറുഗീസ് (പിന്നീട് മാർ ഗ്രീഗോറിയോസ്) 1974-ൽ എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

അന്ത്യോഖ്യാ സിംഹാസനവും മലങ്കരസഭയുമായുള്ള ബന്ധം എന്നു തുടങ്ങിയതാണ്? അതിനുള്ള ചരിത്രപരമായ അടിസ്ഥാനം എന്താണ്? ആ ബന്ധം ഏതുവിധത്തിലായിരുന്നു? - ഈ രീതിയിലുള്ള സംശയങ്ങൾ ഇന്നു പലർക്കും ഉണ്ട്. എന്നാൽ ഈ വസ്തുതകളിലേക്ക് വെളിച്ചം വീശുന്ന അധികാരിക രേഖകൾ അധികമൊന്നും ഇന്നേവരെ ലഭിച്ചിട്ടില്ല. ഉള്ളവതന്നെ വിദേശീയ ഭാഷകളിലാണു താനും. സഭാചരിത്രകാരന്മാരായ മീഖായേൽ റാബോയും, ബാർഎബ്രായയും അടിസ്ഥാനമാക്കിയിരുന്ന പുരാതന രേഖകളിൽ ചിലവ നമ്മുടെ പഠനത്തെ സഹായിക്കുന്നവയാണ്. പ്രസംഗകനായ സഖറിയായുടെയും (Zachariah, the Rhetor) ആസ്യയിലെ യൂഹാനോന്റെയും (John of Asia) ചരിത്രഗ്രന്ഥങ്ങളാണ് ഏറ്റം പുരാതനവും അധികാരികവുമായിട്ടുള്ളത്. അവയെക്കുറിച്ചു ഗവേഷണം നടത്തിയ ചില പണ്ഡിതന്മാരുടെ പഠനങ്ങൾ നമുക്കു വളരെ സഹായകമാണ്.

1. പുരാതന തെളിവ്

ഇന്ത്യയിലെ സഭ പുരാതനകാലം മുതൽതന്നെ അന്ത്യോഖ്യാ പാത്രിയർക്കീസിനു കിഴ്പ്പെട്ടിരുന്നു എന്നാണ് പലരും ധരിച്ചു വച്ചിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ ചരിത്രകാരന്മാരുടെ ആധികാരിക രേഖകളിലും പഠനങ്ങളിലും അവർ വ്യക്തമാക്കിയിരിക്കുന്നത് 16-ാം നൂറ്റാണ്ടു വരെയെങ്കിലും, അവ തമ്മിൽ യാതൊരു ബന്ധവും ഇല്ലായിരുന്നുവെന്നാണ്. എന്നാൽ നമ്മുടെ ഇന്ത്യയുമായി അന്ത്യോഖ്യാ സിംഹാസനത്തിനുള്ള ബന്ധത്തെപ്പറ്റി നിസ്സംശയം സാക്ഷിക്കുന്ന ഒരു രേഖയെ സംബന്ധിച്ചു ചില പഠനങ്ങൾക്കിടയിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു പക്ഷേ ഇന്നേവരെ ലഭ്യമായിട്ടുള്ള രേഖകളിൽ വച്ച്, അന്ത്യോഖ്യാ - മലങ്കര ബന്ധത്തെ പരാമർശിക്കുന്ന ഏറ്റം പുരാതന രേഖ ഇതായിരിക്കും എന്നു കരുതുന്നു. ഇന്ന് വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതായി ഏണസ്റ്റ് ഹോണിഗ് മാൻ (Ernest Honing Man) എന്ന ഗവേഷകൻ സാക്ഷിക്കുന്ന ഈ രേഖ (P. 177, Ernest Honing Man, The Convant of Bar Sauma and the Jacobite Patriarchate of Antioch in Syria, CSCO Tome 7) 1581-ൽ കൂടിയ ഒരു സുന്നഹദോസിന്റെ മിനിറ്റ്സാണ്. പാത്രിയർക്കീസ്, ഇഗ്നാത്തിയൂസ് ദാവൂദ്ശായുടെ തെരഞ്ഞെടുപ്പുയോഗത്തിന്റെ ഈ മിനിറ്റ്സിൽ, അതിൽ സംബന്ധിച്ചവരും, ഒപ്പിട്ടവരുമായ 12

എപ്പിസ്കോപ്പന്മാരുടെ പേരു പറയുന്നു. അവയിൽ ഏറ്റവും ആദ്യമായിട്ടെഴുതിയിരിക്കുന്ന പേര് താഴെക്കൊടുത്തിരിക്കുന്ന പ്രകാരമാണ്:- "കിഴക്കിന്റെയും, ഇൻഡ്യയുടെ അതായത് പരിശുദ്ധനായ തോമാശ്ലീഹായുടെ സിംഹാസനത്തിന്റെയും കാതോലിക്കോസായ ബസേലിയോസ്."

16-ാം നൂറ്റാണ്ടിലെ ചരിത്രരേഖയിലെ ആക്ഷരികമായ മേല്പറഞ്ഞ പരാമർശങ്ങൾ താഴെപ്പറയുന്ന സംഗതികളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

1) പാത്രിയർക്കീസിനെ തെരഞ്ഞെടുത്ത സുന്നഹദോസിൽ കാതോലിക്കോസ് സംബന്ധിച്ചു.

2) അദ്ദേഹത്തിന്റെ പേര് ഒന്നാമത് എഴുതിയിരിക്കുന്നതിനാൽ, അദ്ദേഹം തന്നെയായിരിക്കണം അധ്യക്ഷത വഹിച്ചതും.

3) കിഴക്കിന്റെയും ഇന്ത്യയുടെയും കാതോലിക്കായിരുന്നു അദ്ദേഹം.

4) ഇന്ത്യയുടെ, എന്നതിന്റെ വിശേഷണമായി പരിശുദ്ധനായ മാർത്തോമ്മായുടെ നാമം പ്രത്യേകിച്ചു പറഞ്ഞിരിക്കുന്നതിനാൽ നമ്മുടെ ഇന്ത്യ തന്നെയാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്.

5) സുറിയാനി സഭയിലെ കിഴക്കിന്റെ കാതോലിക്കാ മാർത്തോമ്മായുടെ സിംഹാസനത്തിലായിരുന്നു എന്നത് 16-ാം നൂറ്റാണ്ടിലെ അന്ത്യോഖ്യൻ രേഖയും സാക്ഷിക്കുന്നു.

ഇന്നത്തെ നമ്മുടെ സഭാ അന്തരീക്ഷത്തിൽ മേല്പ്പറഞ്ഞ അഞ്ചു സംഗതികൾക്കും അതിന്റേതായ പ്രസക്തിയുണ്ട് എന്നു മാത്രം സൂചിപ്പിച്ചുകൊള്ളട്ടെ.

2. അധികാരസീമകൾ എന്തു സാക്ഷിക്കുന്നു?

മുമ്പു പറഞ്ഞ രേഖയുടെ കാലമായ 16-ാം നൂറ്റാണ്ടിനു മുമ്പ് അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ അധികാരസീമകളും മറ്റും എങ്ങനെ എന്നു പ്രതിപാദിക്കുന്ന പല രേഖകളും ഉണ്ട്. ചിലതിൽ പാത്രിയർക്കീസിന്റെ അധീനതയിൽ ഒരു പ്രത്യേക കാലയളവിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്തന്മാരെയും, അവരുടെ ആസ്ഥാനങ്ങളെയും പ്രതിപാദിക്കുന്നു. ചിലതിൽ ഓരോ മെത്രാപ്പോലീത്തൻ പ്രവിശ്യയിലും ഉള്ള എപ്പിസ്കോപ്പന്മാരുടെപോലും വിവരങ്ങൾ നൽകുന്നുണ്ട്. അവ പരിശോധിച്ചു നോക്കിയാൽ, അക്കൂട്ടത്തിൽ എവിടെയെങ്കിലും, പേർഷ്യയിലേയോ ഇന്ത്യയിലേയോ എപ്പിസ്കോപ്പന്മാരെപ്പറ്റി പറയുന്നുണ്ടോ എന്നു മനസ്സിലാക്കാം. ഉദാഹരണത്തിന് 6-ാം നൂറ്റാണ്ടിൽ, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഭരണസീമയെ പ്രതിപാദിക്കുന്ന രേഖകളിൽനിന്ന് ഹോണിഗ് മാൻ തയ്യാറാക്കിയ ഒരു ലിസ്റ്റ് പരിശോധിക്കാം (Eveques Et Eveches Monophysites, D'Asie Anterieure Au VIE, Ernest Honing Man, p. 178 ff).

മേല്പറഞ്ഞ വൃത്താന്തം, അന്ത്യോഖ്യൻ പാത്രിയർക്കേറ്റിന്റെ ഏറ്റവും സുവർണ്ണമായ ഒരു കാലഘട്ടത്തിലേതാണ്. അന്ത്യോഖ്യയിലെ പാത്രിയർക്കീസായി എ.ഡി. 512-ൽ അവരോധിക്കപ്പെട്ട വി. സേവേറിയൂസിന്റെ കാലത്തിന് തൊട്ടുമുമ്പുള്ള കാലത്തെ അധികാരാവകാശസീമയാണ് മേല്പറഞ്ഞ രേഖയുടെ യാഥാർത്ഥ ഉള്ളടക്കം. അതിൽ 16-ഓളം മെത്രാപ്പോലീത്തന്മാരും, 139-ഓളം എപ്പിസ്കോപ്പന്മാരും അന്ത്യോഖ്യാ പാത്രിയർക്കീസിനോട് ബന്ധപ്പെട്ടിട്ടുള്ളതായി കാണുന്നു. അവയിലൊന്നും തന്നെ ഇന്ത്യയെയോ, പേർഷ്യയെയോ, അവയിലെ ഏതെങ്കിലും ഭദ്രാസനങ്ങളേയോ ഉൾപ്പെടുത്തിയിട്ടില്ല. സ്വയംഭരണാധികാരം പരിപൂർണ്ണമായി ഉള്ളതും പാത്രിയർക്കീസിന്റെ സ്ഥാനത്തെ മാത്രം ബഹുമാനിക്കുന്നതുമായ മെത്രാപ്പോലീത്തൻ പ്രവിശ്യകളെപ്പോലും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബേയ്റൂട്ട്, ഹോംസ്, ലവോദിക്യ എന്നീ സ്വതന്ത്ര പ്രവിശ്യകളോടൊത്തും (Autocephalous metropolitanates) മലങ്കരയെയോ കിഴക്കിന്റെ ഭദ്രാസനങ്ങളെയോ ഉൾപ്പെടുത്തിയിട്ടില്ല എന്നതാണ് പരമാർത്ഥം.

3. പിന്തുണ പ്രഖ്യാപിച്ചവരുടെ കൂട്ടത്തിൽ ഉണ്ടോ?

ആറാം ശതാബ്ദത്തോടെ ഏകസ്വഭാവവാദികളും ഇരുസ്വഭാവവാദികളും തമ്മിലുള്ള കലഹം മൂർഛിച്ചപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസായ സേവേറിയൂസിനോടൊപ്പം നിന്ന് അദ്ദേഹത്തിനു പിന്തുണ നൽകിയ മെത്രാപ്പോലീത്തന്മാരുടേയും, എപ്പിസ്കോപ്പാമാരുടേയും വിവരങ്ങൾ നമുക്കു കിട്ടിയിട്ടുണ്ട് ('ഏകസ്വഭാവവാദികൾ' എന്ന് മറുപക്ഷത്താൽ മുദ്രയടിക്കപ്പെട്ട സേവേറിയൂസിന്റെ അനുചരന്മാരായ മെത്രാന്മാർ ആകെ 52 പേരായിരുന്നു. ഇതിൽ നാല്പതോളം പേർ അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തോട് ബന്ധമുള്ളവരും മറ്റുള്ളവർ കുസ്തന്തീനോപോലീസിലെ പാത്രിയർക്കാ സിംഹാസനത്തോട് ബന്ധമുള്ളവരുമായിരുന്നു). അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തിനു വെളിയിലായി, കുസ്തന്തീനോപ്പോലീസിലെ സിംഹാസനത്തിലുൾപ്പെട്ടവരായി അദ്ദേഹത്തോടനുകൂലിച്ചവരോടൊപ്പം, ഒരിടത്തുപോലും ഇൻഡ്യയിലെയോ, പേർഷ്യയിലെയോ മെത്രാപ്പോലീത്തന്മാരുടെയും എപ്പിസ്കോപ്പന്മാരുടെയും കാര്യം പറയുന്നില്ല. ഇൻഡ്യയിലെ സഭ ആദിമുതലേ സത്യവിശ്വാസത്തെയായിരുന്നു പിന്തുടർന്നത്. അല്ലാതെ ഇരുസ്വഭാവവാദികളുടേതല്ലായിരുന്നു. ഇവിടുത്തെ മെത്രാപ്പോലീത്താ അന്ത്യോഖ്യായുമായി വിധേയത്വപരമായോ, ഏതെങ്കിലുംവിധത്തിൽ ബന്ധപ്പെട്ടാണ് ഇരുന്നതെങ്കിൽ ഈ സഭയെക്കൂടി മേല്പറഞ്ഞ ലിസ്റ്റിൽ പെടുത്തുമായിരുന്നു. ഇതിൽനിന്നു നാം മനസ്സിലാക്കുന്നതായ പരമാർത്ഥം, മലങ്കരയിലെ സഭയ്ക്ക് ആറാം നൂറ്റാണ്ടിൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായി യാതൊരു ബന്ധമോ വിധേയത്വമോ ഇല്ലായിരുന്നുവെന്നാണ്. വല്ല ബന്ധവും ഉണ്ടായിരുന്നു

എങ്കിൽ കുസ്തന്തീനോപോലീസിലെ ആളുകളുടെ കാര്യം പറയുന്നതിനു മുമ്പു തന്നെ ഇവിടുത്തെ മെത്രാപ്പോലീത്താസ്ഥാനത്തെപ്പറ്റി പറയുമായിരുന്നു.

4. യാക്കോബ് ബുർദ്ദാനയുടെ വൃത്താന്തം എന്തു സാക്ഷിക്കുന്നു?

അന്ത്യോഖ്യാ - മലങ്കര ബന്ധത്തിലേയ്ക്ക് വെളിച്ചം വീശുന്നതും, അങ്ങനെ ഒരു ബന്ധം ഉണ്ടായിരുന്നുവെങ്കിൽ അതിനെപ്പറ്റി നിശ്ചയമായും പ്രതിപാദിക്കപ്പെടേണ്ടതായ ചരിത്ര സാഹചര്യമാണ് വി. യാക്കോബ് ബുർദ്ദാനയുടെ പ്രവർത്തനങ്ങൾ. ചക്രവർത്തിയുടെയും, സ്വാധീനമുള്ള മറ്റു പലരുടേയും പിൻബലത്തോടെ 'ഏകസ്വഭാവ വിശ്വാസം' പുലർത്തിയവരെ പീഡിപ്പിക്കുവാൻ തുടങ്ങി. സേവേറിയൂസിനെയും അദ്ദേഹത്തെ പിന്താങ്ങിയവരെയും നിർമ്മാർജനം ചെയ്യുവാൻ മറുഭാഗക്കാർ മാർഗങ്ങൾ ആരാഞ്ഞു. സേവേറിയൂസിന്റെ സ്നേഹിതനായിരുന്ന അനാസ്താസിയോസ് ചക്രവർത്തി 518-ൽ അന്തരിച്ചപ്പോൾ ജസ്റ്റിൻ ചക്രവർത്തിയായി. അദ്ദേഹത്തിന്റെ അംഗരക്ഷക പ്രമാണിയായ വിറ്റാലിയൻ ഒരു കടുത്ത കൽക്കദോന്യനായിരുന്നു. വിറ്റാലിയന്റെ പിൻബലത്തോടെ ബൈസാന്റൈൻ ചക്രവർത്തിയെ തങ്ങളുടെ ഭാഗത്തേയ്ക്ക് തിരിപ്പിച്ചു. സേവേറിയൂസിന് 518 സെപ്തംബറിൽ ഈജിപ്തിലേയ്ക്ക് അഭയാർത്ഥിയായി പോകേണ്ടി വന്നു. അന്നത്തെ അലക്സാന്ത്രിയൻ പാത്രിയർക്കീസായ തിമോത്തിയോസ് നാലാമൻ അദ്ദേഹത്തെ സ്വീകരിച്ചു. ജസ്റ്റീനിയൻ, സേവേറിയൂസിന്റെ അനുയായികളായ 52 മെത്രാന്മാരെ അറസ്റ്റു ചെയ്ത് രാജനഗരത്തിലേയ്ക്ക് കൊണ്ടുവന്നു. പക്ഷേ, ചക്രവർത്തിനിയായ തിയോഡോറാ ഒരു സിറിയാക്കാരനായ പട്ടക്കാരന്റെ പുത്രിയായിരുന്നതിനാൽ, ഈ മെത്രാന്മാരോട് അനുകമ്പ തോന്നി. ഈ മെത്രാന്മാരെ കൂടാതെ 500 ഓളം സന്യാസി പുരോഹിതന്മാരും കൊണ്ടുവരപ്പെട്ടിരുന്നു. ഇവരുടെ സംരക്ഷണത്തിനായി ചക്രവർത്തിനി തന്റെ ഒരു കൊട്ടാരം ഉപയോഗിച്ചു. മേല്പറഞ്ഞ മെത്രാന്മാരെല്ലാം തങ്ങളുടെ പിൻഗാമികളെ വാഴിക്കാതെ മരിച്ചുപോയി. എ.ഡി. 538-ൽ മാർ സേവേറിയൂസ് കാലം ചെയ്തതോടെ ഈജിപ്തിലൊഴികെ റോമാ സാമ്രാജ്യത്തിൽ ഏകസ്വഭാവ വിശ്വാസമുള്ള ഓർത്തഡോക്സ് സഭ അവസാനിച്ചു എന്ന മട്ടിലായി.

ഈയവസരത്തിൽ, തിയോഡോറാ ചക്രവർത്തിനിയും, അറബികളുടെ രാജാവായ ഹാറത്ത് ബാർ ഗബലിയും സത്യവിശ്വാസത്തെ സംരക്ഷിക്കുവാൻ വളരെയധികം കിണഞ്ഞു പരിശ്രമിച്ചു. സിറിയക്കാരിയായ ചക്രവർത്തിനി മുഖാന്തരം, ഗ്രീക്കു ചക്രവർത്തിയുടെ മുമ്പിൽ അറബി രാജാവ് ഒരു അപേക്ഷ സമർപ്പിച്ചു. അറബികൾ പകുതിയോളം പേർഷ്യൻ സാമ്രാജ്യത്തിലും, പകുതി ബിസാന്റ്യം (ഗ്രീക്ക്) സാമ്രാജ്യത്തിലും, ആയിരുന്നു. ബിസാന്റ്യത്തിന്റെ അതിർത്തി സംരക്ഷിക്കുവാൻ ആക്കിയിട്ടുള്ള പട്ടാളക്കാർ അധികവും അറബികളും സിറിയക്കാരുമാണ്. അവരുടെ ആധ്യാത്മികാവ

ശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിന് രണ്ട് എപ്പിസ്കോപ്പന്മാരെ ഒന്നു തെക്കിനും, ഒന്ന് വടക്കിനും ആയി വാഴിച്ചു കൊടുക്കണമെന്നായിരുന്നു അറബി രാജാവിന്റെ അഭ്യർത്ഥന. ചക്രവർത്തിനിയുടെ ശുപാർശപ്രകാരം ചക്രവർത്തി അപേക്ഷ അനുവദിച്ചു.

ഏകസ്വഭാവവാദിയായതിനാൽ, നാടുകടത്തപ്പെട്ടിരുന്ന അലക്സാന്ത്രിയാ പാത്രിയർക്കീസ് മാർ തേവോദോസ്യോസിനെ കൊണ്ട് ഈ രണ്ട് മെത്രാന്മാരെയും വാഴിച്ചു. അവരിൽ ഒരാളായിരുന്നു യാക്കോബ് ബുർദ്ദാന. സുറിയാനിസഭയുടെ പട്ടത്വം ഇങ്ങനെ വീണ്ടും ആരംഭിക്കുന്നത് ചക്രവർത്തിയാൽ നിഷ്ക്കാസിതനായിരുന്ന അലക്സാന്ത്രിയാ പാത്രിയർക്കീസിൽ നിന്നാണ്. 542-ൽ യാക്കോബ് ബുർദ്ദാന ഉറഹായിലെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടു. ആ സ്ഥാനത്തിരുന്നു കൊണ്ട് അദ്ദേഹം 2 പാത്രിയർക്കീസന്മാരെയും, 27 മെത്രാന്മാരെയും, 102000 കശീശന്മാരെയും പട്ടംകൊടുത്ത് അല്ലെങ്കിൽ വാഴിച്ച് നിയമിച്ചാക്കി എന്നാണ് കഥ. ഇങ്ങനെ പട്ടംകെട്ടപ്പെട്ടവരുടെ ലിസ്റ്റിലും ഇൻഡ്യയിലെ മെത്രാന്മാരെ ഒന്നും കാണുന്നില്ല.

അന്ത്യോഖ്യാ പാത്രിയർക്കീസന്മാരായ സെർഗോസും, പൗലൂസും, ഈഗുപ്തായ സഭയ്ക്ക് 12 പുതിയ മെത്രാന്മാരും, ലവോദിക്യാ, സിറിയൻ സെലൂക്യാ, താർസൂസ്, ഇസൗറിയൻ സെലൂക്യാ, ഖൽക്കീസ്, കാറിയ, സൂറ, അവീദ്, എഫേസൂസ്, സ്മിർണ, പെർഗാമോൻ, ത്രാല്ലാസ്, ഖീയോസ്, അഫ്റോഡീസിയാസ്, അലാബാന്ദ എന്നീ 15 മെത്രാസനങ്ങളിലേയ്ക്കുള്ള മെത്രാന്മാരും ആണ് അദ്ദേഹത്താൽ അഭിഷിക്തരായതായി ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നത്. അദ്ദേഹം പേർഷ്യയിൽ പോയി കാതോലിക്കായെ വാഴിച്ചു എന്ന കഥ പിന്നീടുണ്ടായതാണ്. പ്രാചീന ചരിത്രരേഖകളിൽ കാണുന്നില്ല. യാക്കോബ് ബുർദ്ദാന ആരംഭിച്ച കൈവയ്പിന്റെ പിന്തുടർച്ചയിൽ ഉണ്ടായിട്ടുള്ള എല്ലാ മെത്രാന്മാരുടേയും ലിസ്റ്റ് മിഖായേൽ റാബോ നൽകുന്നുണ്ട്. അന്ത്യോഖ്യൻ സുറിയാനി സഭയുമായി അന്നു മലങ്കരയ്ക്ക് ഏതെങ്കിലും ബന്ധം ഉണ്ടായിരുന്നുവെങ്കിൽ, മലങ്കരയ്ക്ക് അവിടെനിന്ന് പൗരോഹിത്യ കൈവെയ്പ് ലഭിച്ചുകൊണ്ടിരുന്നുവെങ്കിൽ ഈ ലിസ്റ്റുകളിൽ ഒരിടത്തെങ്കിലും മലങ്കരയുടെ കാര്യമോ, പേർഷ്യയുടെ കാര്യമോ, കാണുമായിരുന്നു. പക്ഷേ, അതും കാണുന്നില്ല.

5. ഭദ്രാസനങ്ങളുടെ ലിസ്റ്റിൽ എങ്കിലും ഉണ്ടോ?

ആറാം ശതാബ്ദം മുതൽ 12-ാം ശതാബ്ദം വരെ ഓരോ കാലത്തും ഉള്ള സുറിയാനിസഭയുടെ ഭദ്രാസനങ്ങളുടെ പേരും വിവരങ്ങളും നമുക്കു കിട്ടിയിട്ടുണ്ട്. ആ ലിസ്റ്റിൽ ഒരിടത്തുപോലും ഇൻഡ്യയിലെ ഏതെങ്കിലും ഭദ്രാസനത്തിന്റെ പേരു കാണുന്നില്ല. മിഖായേൽ റാബോയുടെ ലിസ്റ്റിൽ 130 മെത്രാസനങ്ങളുടെ പേർ കാണുന്നതിൽ, ഓരോന്നും എവിടെയാണെന്ന് നമുക്ക്

വ്യക്തമായി അറിയാം. അതിലൊന്നും ഇന്ത്യ എന്ന പേരോ, ഇന്ത്യയിലെ ഏതെങ്കിലും സ്ഥലങ്ങളുടെ പേരോ കാണുന്നില്ല.

എന്നാൽ ബാർ എബ്രായയുടെ എക്ലേസിയാസ്റ്റിക്കയിൽ 'ഇൻഡ്യ' യെപ്പറ്റി ഒരു പരാമർശനം കാണാം. 1189-ൽ ഊർമിയയിലെ (Ourmiah) എപ്പിസ്കോപ്പായായ ഗബ്രിയേൽ എന്നു മറുനാമമുള്ള ഇഗ്നാത്തിയോസ്, ഇൻഡ്യാക്കാരനായ യോഹന്നാന്റെ മകനാണെന്നും അദ്ദേഹം (de bet Hinduvaye) എഴുതിയിട്ടുണ്ട്. എന്നാൽ ഈ ഊർമിയ ഇന്നത്തെ ഇന്ത്യയിൽ അല്ല. ഇന്ന് റഷ്യയുടെ തെക്കുഭാഗത്തുള്ള അസർബൈജാനിലെ ഊർമിയ തടാകതീരത്തുള്ള റിസിയയെ (Rizaieh) നഗരമാണ്. ബാർ എബ്രായയുടെ ലിസ്റ്റ് പതിമൂന്നാം ശതാബ്ദത്തിനപ്പുറം പോകുന്നില്ല. അതുവരെ ഏതായാലും ഇൻഡ്യയിൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായി ബന്ധപ്പെട്ട മെത്രാപ്പോലീത്തന്മാരില്ല എന്ന് ഇതിൽനിന്നും വ്യക്തമാണ്.

മേല്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ ഒന്നു പരിചിന്തിക്കുമ്പോൾ പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ഇന്ന് ഉന്നയിക്കുന്ന വാദങ്ങളും ആരോപണങ്ങളും സുറിയാനി സഭാചരിത്രത്തിനു നിരക്കാത്തതാണെന്ന് വ്യക്തമാകുന്നു. അന്ത്യോഖ്യൻ പാത്രിയർക്കാ സ്ഥാപനത്തിന്റെ ചരിത്രം, കാതോലിക്കാ സ്ഥാപനത്തിന്റെ ചരിത്രം പോലെ തന്നെ പരാശ്രയത്തിന്റെയും, വൈധവ്യത്തിന്റെയും കരിനിഴൽ പരന്നതാണ്. നിഷ്പക്ഷബുദ്ധ്യായുള്ള ചരിത്രപഠനം നമ്മെ കൂടുതൽ യാഥാർത്ഥ്യങ്ങളിലേയ്ക്കു വഴി നടത്തും.

(മലങ്കരസഭ, 1974 ജൂലൈ; ചർച്ച് വീക്ക്‌ലി, 1974 ജൂൺ 2)

കാതോലിക്കാ സിംഹാസനം

പ. ഔഗേൻ കാതോലിക്കാ ബാവാ "നവീന സിംഹാസനമായ" മാർ തോമ്മാ സിംഹാസനം കണ്ടുപിടിച്ചു എന്നും മറ്റും ചില ദോഷൈകദൃക്കുകൾ വ്യാജപ്രസ്താവന നടത്തുകയും പാത്രിയർക്കീസുബാവാ ചെയ്ത ഭയങ്കരമായ തെറ്റുകൾക്കു മറപിടിക്കുകയും ചെയ്യുന്നത് ഈ കഴിഞ്ഞ നൂറ്റാണ്ടിൽ സഭയിലുണ്ടായ ഏറ്റവും നിർഭാഗ്യകരമായ സംഭവവികാസമാണ്. ഔഗേൻ ബാവാ ഒരു സിംഹാസനവും കണ്ടുപിടിച്ചില്ല, സൃഷ്ടിച്ചുമില്ല. അദ്ദേഹത്തെ മാർത്തോമ്മായുടെ സിംഹാസനത്തിൽ അവരോധിച്ചതുകൊണ്ട് അദ്ദേഹം ആ സിംഹാസനത്തിൽ ഇരുന്നു ഭരിക്കുകയും മാർത്തോമ്മായ്ക്കോ സഭയ്ക്കോ ഹാനികരമായ സകലതിനേയും പാറപോലെ നിന്ന് എതിർക്കുകയും ചെയ്തു.

മലങ്കരസഭയുടെ മാർത്തോമ്മാ പാരമ്പര്യത്തിന് ഇരുപതു നൂറ്റാണ്ടു പഴക്കമുണ്ട്. മാർത്തോമ്മാ ശ്ലീഹായല്ലാതെ മറ്റൊരാൾ ഇന്ത്യയിൽ സഭ സ്ഥാപിച്ചതായി കാര്യവിവരമുള്ള ഒരു ചരിത്രകാരനും ഇതുവരെ രേഖപ്പെടുത്തിയിട്ടുമില്ല.

മലങ്കരസഭയ്ക്ക് അന്ത്യോക്യയുമായി കഴിഞ്ഞ മൂന്നര നൂറ്റാണ്ടു കാലത്തെ ബന്ധം മാത്രമാണുള്ളത്. ഇതിനിടയിൽ മലങ്കരയിലെ മാർത്തോമ്മാ സിംഹാസനത്തിൽ വാണവരെ അഭിസംബോധന ചെയ്തുകൊണ്ട് അന്ത്യോക്യൻ സഭാ മേധാവികൾ അയച്ച കത്തുകളും കൽപനകളും സംസാരിക്കുന്ന ചരിത്രരേഖകളാണ്. നിരണത്തു വച്ചു 1912-ൽ അബ്ദേദു മശിഹാ പാത്രിയർക്കീസ് കാതോലിക്കായെ അവരോധിച്ചപ്പോൾ മാർത്തോമ്മായുടെ സിംഹാസനത്തിലേക്കാണു വാഴിക്കുന്നതെന്നു പറഞ്ഞിരുന്നു. അന്നും സിംഹാസനം ഉണ്ടെന്നല്ലേ ഇതിന്റെ അർത്ഥം. അതല്ല, അന്നാണു സിംഹാസനം ഉണ്ടായതെങ്കിൽ ഔഗേൻ ബാവാ ഇക്കാര്യത്തിൽ തികച്ചും നിരപരാധിയാണെന്നു വ്യക്തമാണല്ലോ.

മഞ്ഞനിക്കരയിലെ കബറിങ്കൽ ശുശ്രൂഷിക്കാൻ വന്ന അപ്രേം ആബൂദി റമ്പാനാണു 45 വർഷം മുമ്പ് മാർത്തോമ്മാ സിംഹാസനമില്ലെന്നു 'ശീമ വാർത്ത'യിലൂടെ സ്ഥാപിക്കാൻ വേണ്ടി ശാന്തമായിരുന്ന മലങ്കരസഭാവാപിയിൽ കല്ലെറിഞ്ഞു കലക്കാൻ ശ്രമം ആരംഭിച്ചത്. പത്രോസിനു മാത്രമേ സിംഹാസനമുള്ളു എന്നു സ്ഥാപിക്കാൻ തോമ്മാശ്ലീഹായെ ഒരു അവൈദികനാക്കേണ്ടി വന്നു. അതിനുവേണ്ടി തോമ്മാശ്ലീഹാ ഒരു കപ്യാരു പോലുമല്ലെന്നു കാണിച്ചു സഭാചരിത്ര പണ്ഡിതനായ യാക്കൂബ് പാത്രിയർക്കീസു ബാവായെക്കൊണ്ടു 1970-ൽ 203-ാം നമ്പരായി ഒരു കൽപന അയപ്പിച്ചത് അങ്ങേയറ്റത്തെ തെറ്റായ പ്രവൃത്തിയായി ക്രൈസ്തവലോകം പരിഗണിക്കുന്നു (പാത്രിയർക്കീസ് വിഭാഗം ഒന്നര ദശാബ്ദം കഴിഞ്ഞു മാർത്തോമ്മായുടെ പേര് തുബ്ദേനിൽ ചേർത്ത് തെറ്റു തിരുത്തി). നമ്പരിട്ടയച്ചിരിക്കുന്ന കല്പന സ്വകാര്യ കത്താണെന്നും മറ്റുമുള്ള ദുർവ്യാഖ്യാനം തെറ്റു മറച്ചു പിടിക്കാൻവേണ്ടിയുള്ള മറ്റൊരു വലിയ തെറ്റാണ്. വേദവിപരീതം സ്വകാര്യ കത്തിനും ഭൂഷണമായിരിക്കുകയില്ലല്ലോ. മറ്റു ശ്ലീഹന്മാരെപ്പോലെ എ.ഡി. 28-ലെ വസന്തത്തിൽ മാർത്തോമ്മായും ശ്ലീഹാസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടുവെന്നു സ്വന്തം സഭാചരിത്രപുസ്തകത്തിൽ എഴുതുകയും 1965-ൽ മൂസൽ സെന്റ് തോമസ് പള്ളിയിൽ വച്ചു പ. തോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടം ഔഗേൻ കാതോലിക്കാബാവായെ അത്യാദരപൂർവ്വം ഏൽപിക്കുകയും ചെയ്ത യാക്കൂബ് തൃതീയൻ പാത്രിയർക്കീസുബാവാ ഇപ്രകാരം ഒരു കല്പന എഴുതാൻ ഒരുങ്ങിയതെന്തുകൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. മലങ്കരസഭയുടെ ദൗർഭാഗ്യം എന്നല്ലാതെ എന്തു പറയാൻ! ഈ കല്പനയുടെ കോപ്പികൾ പൗലൂസ് മാർ പീലക്സിനോസ്, ഏബ്രഹാം മാർ ക്ലീമിസ് എന്നീ വിഘടിത മെത്രാപ്പോലീത്താമാർക്കും പാലാമ്പടം ഈപ്പൻ തോമസിനും ലഭിച്ചിരുന്നു.

ഈ കത്തിനെപ്പറ്റി വർക്കിംഗ് കമ്മിറ്റിയിലും ചില ചർച്ചകൾ നടന്നു. ഉള്ളടക്കം വേദവിപരീതമാകയാൽ തക്കതായ ഒരു മറുപടി ഔഗേൻ ബാവാ

നൽകിയതല്ലാതെ അതു പ്രസിദ്ധപ്പെടുത്താൻ ഉദ്യമിച്ചിരുന്നില്ല. ഈ വേദ വിപരീതക്കത്ത് പുറത്തുവന്നത് മുകളിൽ പറഞ്ഞ വൃത്തങ്ങളിൽ നിന്നാണ്. ദൈവശാസ്ത്രവിരുദ്ധമായ ഈ കല്പനയും സ്വതന്ത്രമായ മലങ്കരസഭയിൽ അനധികൃതമായി നടത്തിയ ഡലിഗേറ്റു നിയമനവും, മെത്രാൻ സ്ഥാനാഭി ഷേകവും സഭയിൽ യോജിപ്പുണ്ടാക്കിയ പാത്രിയർക്കീസുബാവായെ സഭ യുടെ ഒന്നാം നമ്പർ ശത്രുവായി പരിഗണിക്കാൻ വഴിതെളിച്ചു എന്നതാണു സത്യം. അന്ത്യോഖ്യയിലെ ഒരു പാത്രിയർക്കീസിനും ലഭിക്കാത്തതരത്തി ലുള്ള ഹൃദ്യമായ ഒരു സ്വീകരണമാണ് ഇഗ്നാത്യോസ് യാക്കൂബ് തൃതീയന് 1964-ൽ കേരളത്തിൽ ലഭിച്ചത്. മേലിൽ ഒരു പാത്രിയർക്കീസിനും ഇതുപോലെ ഒരു സ്വീകരണം മലങ്കരയിൽ ലഭിക്കാനും സാദ്ധ്യതയില്ല. കേരളത്തിൽ ദീർഘ കാലം താമസിച്ചു കേരളീയരുടെ പ്രത്യേക സൗഹൃദം നേടിയ ഈ പാത്രി യർക്കീസിന്റെ കാലശേഷം യാക്കോബായ-മലങ്കരബന്ധം പോലും സാരമായി ഇടിഞ്ഞു.

മലങ്കരസഭയുടെ ജന്മസിദ്ധമായ ഉൾഭരണസ്വാതന്ത്ര്യം പരിരക്ഷിക്കാൻ ബാദ്ധ്യസ്ഥരായ കാതോലിക്കാമാർ സ്വാതന്ത്ര്യം പരിരക്ഷിച്ചില്ലെങ്കിൽ അതു കൃത്യവിലോപമായിരിക്കും.

മലങ്കരസഭ സർവ്വസ്വതന്ത്ര ഭരണാധികാരമുള്ള ഒരു സഭയാണെന്നു വർഷ ങ്ങൾക്കു മുമ്പ് ഒരു വാർത്താ ഏജൻസിയുടെ ലേഖകനോട് ഒരു ചോദ്യത്തി നുത്തരമായി ഔഗേൻ ബാവാ പറഞ്ഞു. ലേഖകൻ ബാവാ പറയാത്ത ചില കാര്യങ്ങളും റിപ്പോർട്ടു ചെയ്തു ഭിന്നതയ്ക്കു വളം വച്ചു. മലങ്കരസഭയുടെ നേതൃത്വം കുറുക്കുവഴിയിലൂടെ കിട്ടാൻ ആഗ്രഹിച്ചു പത്രങ്ങളുമായി ബന്ധ പ്പെട്ട ഒരു വ്യക്തിയുടെ വീര്യമുള്ള പാനീയസൽക്കാരവും പാരിതോഷികവും കൈപ്പറ്റിക്കൊണ്ടാണു പ്രസ്തുത ലേഖകൻ തെറ്റായ വാർത്ത റിപ്പോർട്ടു ചെയ്തതെന്നു പിന്നീടു മനസ്സിലായി. വ്യാജറിപ്പോർട്ടുകൾ നിഷേധിക്കാൻ സത്യം മാത്രം പറഞ്ഞ വന്ദ്യവയോവൃദ്ധനായ ബാവാ ഒട്ടും ശ്രദ്ധിച്ചുമില്ല. ഏതാനും മാസങ്ങൾക്കകം ആ വാർത്താ ഏജൻസിയുടെ പ്രവർത്തനം കോട്ട യത്തു നിലയ്ക്കുകയും ലേഖകനെ ദൂരസ്ഥലത്തേയ്ക്കു സ്ഥലംമാറ്റുകയും ചെയ്തു.

ലൗകികാധികാരങ്ങൾ കൈകാര്യം ചെയ്യുന്ന മലങ്കരമെത്രാപ്പോലീ ത്തായും ആത്മീയകാര്യങ്ങൾ നിറവേറ്റുന്ന കാതോലിക്കായും ഒരു വ്യക്തി തന്നെ ആകയാൽ വിഭിന്നമായ അത്യുന്നത കർത്തവ്യഭാരമാണ് ആ സ്ഥാനി ക്കുള്ളത്. മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും വിളിച്ചു കൂട്ടു ന്നതു മലങ്കരമെത്രാപ്പോലീത്താ എന്ന നിലയിലാണ്. തന്നിമിത്തം കാതോ ലിക്കാബാവാ എന്ന നിലയിൽ ഉള്ള ലെറ്റർ ഹെഡ്ഡിംഗുകൾ ഏതാനും നാളു കൾ വൈകാരിക ഐക്യത്തെ സഹായിക്കുമെന്നുള്ള അടുത്തുനിൽക്കുന്ന ചിലരുടെ ഉപദേശത്തെ മുൻനിർത്തി ഔഗേൻ ബാവാ ഉപയോഗിച്ചില്ല

എന്നുള്ളതു ശരിയാണ്. പിന്നീടുണ്ടായ കേസുകളുടെ നടത്തിപ്പിലും മറ്റും ഇതു ചില പ്രശ്നങ്ങൾ സൃഷ്ടിച്ചതിനാൽ തന്റെ എല്ലാ എഴുത്തുകുത്തുകളിലും കാതോലിക്കായ്ക്കടുത്ത ലെറ്റർഹെഡ്ഡിംഗാണു തുടർന്ന് ഉപയോഗിച്ചുവന്നത്. ഇതിൽ രോഷാകുലരായ ചിലർ 1972 ഓഗസ്റ്റിൽ നടന്ന മാനേജിംഗ് കമ്മിറ്റിയിൽ നിന്നു വോക്കൗട്ടു ചെയ്തു കുപ്രസിദ്ധമായ ഒരു രംഗം സൃഷ്ടിച്ചു. തങ്ങളുടെ സ്ഥാനമഹിമയോ ഉത്തരവാദിത്വബോധമോ മനസ്സിലാക്കാതെ മൂന്നാംകിട രാഷ്ട്രീയക്കാരെപ്പോലെ ഇവർ വോക്കൗട്ടു നടത്തുകയാണുണ്ടായതെന്ന് അന്നേ വിമർശിക്കപ്പെട്ടിരുന്നു. മാലാഖമാർ കയറേണ്ട സ്ഥലത്തു കടന്നുകൂടിയവരുടെ അനുഭവം.

സുദീർഘമായ വ്യവഹാരവേളയിലൊന്നും മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം ഒരു തർക്കവിഷയമായിരുന്നില്ല. അദ്ദേഹം സഭ സ്ഥാപിച്ചു 2000 വർഷം തികഞ്ഞപ്പോഴാണ് ഈ തർക്കം ഉണ്ടായതെന്നതു ചിന്താർഹമാണ്. വോക്കൗട്ടു നടത്തിയവർ പിന്നീടു സ്വയം സഭയിൽ നിന്നു പുറത്തുപോയി. "നിന്നെ കൂടാതെയും ലോകം മുന്നോട്ടു പോകും" എന്ന ആപ്തവാക്യം അവരിൽ ചിലരെങ്കിലും അനുസ്മരിക്കുന്നുണ്ടാകും. മാർത്തോമ്മാ സിംഹാസനം ഒരു ചരിത്രവസ്തുതയാണ്. സഭയിൽ ഭിന്നിപ്പുണ്ടാക്കാൻ പ്രാധാന്യമുള്ള ഒരടിസ്ഥാന വിശ്വാസ തത്വസംഹിതയൊന്നും ഇതിൽ അന്തർലീനമല്ലെന്നു വോക്കൗട്ടുകാർക്കും അറിയാം.

മാർത്തോമ്മാ സിംഹാസന സംവാദം തെറ്റിദ്ധാരണയിൽ നിന്നു ജനിച്ചതാണെന്നു സഭയിൽ സമാധാനം കൈവരുത്തുവാൻ ജീവിതാന്ത്യത്തിൽ ആത്മാർത്ഥമായ ശ്രമം നടത്തിയ മലയാള മനോരമ മുൻ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ പ്രസ്താവിച്ചിട്ടുണ്ട്. ദിവംഗതനായ കെ. എം. ചെറിയാൻ, 1972 ജൂലൈ 2-ാം തീയതി ചെങ്ങളം സെന്റ് തോമസ് പള്ളിയിൽ നടത്തപ്പെട്ട മാർത്തോമ്മാശ്ലീഹായുടെ 19-ാം ചരമശതാബ്ദി പൊതുസമ്മേളനത്തിൽ സിംഹാസനസംവാദത്തെ പരാമർശിച്ച് ഇപ്രകാരം പറഞ്ഞു: "മാർത്തോമ്മാ സിംഹാസനം തിഗ്രീസിൽ പുരാതനകാലത്തുണ്ടായിരുന്ന കാതോലിക്കാസിംഹാസനത്തോടു ബന്ധപ്പെട്ടിരുന്നതായിട്ടാണു ചരിത്രം. നാം ഇവിടെ കാതോലിക്കാ സ്ഥാപനം ആദ്യമായി സ്ഥാപിച്ചതു സഭ രണ്ടായി പിളർന്നു മത്സരത്തിൽ കഴിഞ്ഞ കാലത്തായിരുന്നല്ലോ. തിഗ്രീസിൽ നൂറ്റാണ്ടുകളായി അസ്തമിച്ചിരുന്ന സ്ഥാപനമാണു മലങ്കരയിൽ പുനഃസ്ഥാപിച്ചതെന്നും അതിനാൽ കാതോലിക്കാ സിംഹാസനം, മാർത്തോമ്മാ സിംഹാസനമാണെന്നും അന്നു നമ്മുടെ സഭയിലെ ഒരു കക്ഷി പറഞ്ഞിരുന്നു. പിന്നീടു കാതോലിക്കാ സ്ഥാപനം രണ്ടു കക്ഷികളും പാത്രിയർക്കീസുബാവാ തിരുമേനിയും അംഗീകരിച്ചു സഭാസമാധാനം കൈവരുത്തിയതു ചരിത്രത്തിലെ അസുലഭമായ ഒരു സുവർണ്ണാവസരമായിരുന്നു. എന്നാൽ പൗരസ്ത്യ കാതോലിക്കാ സിംഹാസനം ഏകകണ്ഠമായി അംഗീകരിക്കപ്പെട്ട സന്ദർഭത്തിൽ

"മാർത്തോമ്മാ സിംഹാസനം" എന്നു നമ്മുടെ കാതോലിക്കാ ബാവായുടെ എഴുത്തുകുത്തുകളിലും ഉപയോഗിക്കരുതെന്നുള്ള ആഗ്രഹം പാത്രിയർക്കീസുബാവാ പറഞ്ഞത് ഒരു സഭയ്ക്കു രണ്ട് അപ്പസ്തോലിക സിംഹാസനം അനുചിതമാണെന്നും ആകമാന സുറിയാനിസഭയുടെ യൂണിറ്റി അല്ലെങ്കിൽ ഐക്യത്തിന്റെ ഒരു സിംഹാസനമായി കരുതപ്പെടണമെന്നുമായിരുന്നു. സഭയിലെ കലഹങ്ങളുടെ സാഹചര്യത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനവാദം സഭയുടെ ഐക്യത്തിനു ഭംഗമാകുമെന്നുള്ള തെറ്റിദ്ധാരണ ഉണ്ടായതിൽ അത്ഭുതം തോന്നുന്നില്ലെങ്കിലും ആ ധാരണ ശരിയല്ലെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. സഭയിൽ രണ്ട് അപ്പസ്തോലിക സിംഹാസനങ്ങൾ അംഗീകരിക്കപ്പെട്ടാൽ സഭ രണ്ടായി പോകുന്നില്ലെന്നുള്ളതിനു റോമൻ കത്തോലിക്കാ സഭ തന്നെ മതിയായ ഒരു തെളിവാണ്. പത്രോസിന്റെയും പൗലൂസിന്റെയും സിംഹാസനങ്ങൾ അവർ അവകാശപ്പെടുന്നു. സഭ ഒന്നായി തുടരുകയാണ്.

വാസ്തവത്തിൽ കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരും സഭയുടെ പൊതുസ്വത്താണ്. അവരുടെ സിംഹാസനങ്ങളും സഭയുടെ മുഴുവന്റെയും സ്വത്താണ്. എല്ലാ ക്രൈസ്തവസഭകളും ആ പൊതുസ്വത്തായ ശ്ലീഹന്മാരെയും അവരുടെ സിംഹാസനങ്ങളെയും അവകാശപ്പെട്ടുവെന്നു വരും. സിംഹാസനം അപ്പസ്തോലിക പദവിയുടെ ഒരു സിംബൽ എന്ന നിലയിൽ മാത്രമാണല്ലോ വിവക്ഷിക്കപ്പെടുന്നത്. അതിനാൽ സിംഹാസനം സംബന്ധിച്ച്, ഒരു തർക്കമോ ഒരു ഭിന്നതയോ ഉണ്ടാകേണ്ട കാര്യമില്ല."

കാതോലിക്കായുടെ ഇടവകയിൽ ഡലിഗേറ്റിനു സ്ഥാനമില്ലെന്നും പാത്രിയർക്കീസുബാവാ കൂടി അംഗീകരിച്ചിട്ടുള്ള മലങ്കരസഭാഭരണഘടനയിൽ പാത്രിയർക്കീസിനു നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കാൻ ഒരു ഡലിഗേറ്റിനു സാദ്ധ്യമല്ലെന്നും കെ. എം. ചെറിയാൻ അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു. കെ. എം. ചെറിയാന്റെ നിലപാടിനെ തെറ്റിദ്ധരിച്ച് അദ്ദേഹത്തെ വിമർശിച്ചവരും സഭയിൽ ഒട്ടും കുറവല്ല. മലങ്കരസഭയും സിറിയായിലെ സഭയും രണ്ടാണെന്നുള്ള ചരിത്രസത്യം അംഗീകരിക്കാൻ പാത്രിയർക്കീസുബാവാ വിസമ്മതിക്കുന്നതിന്റെ രഹസ്യം എന്താണ്? അന്ത്യോഖ്യൻ സുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ പാത്രിയർക്കീസു ബാവായും മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ കാതോലിക്കാ ബാവായും ആണെന്നുള്ള ചരിത്രസത്യം അംഗീകരിക്കാൻ ആരും വിസമ്മതിക്കേണ്ട കാര്യമില്ല.

മലങ്കര ഓർത്തഡോക്സ് സഭ അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയുടെ ഭാഗമോ ശാഖയോ അല്ലെന്നു ചരിത്രപണ്ഡിതനായ കടവിൽ പോൾ റമ്പാൻ (പാത്രിയർക്കീസ് 1970-കളിൽ അനധികൃതമായി വാഴിച്ച മെത്രാന്മാരിൽ ആദ്യത്തെയാൾ - കടവിൽ മാർ അത്താനാസ്യോസ്) എഴുതിയ *സുറിയാനി സഭയും അതിന്റെ തത്വസംഹിതകളും* എന്ന പുസ്തകത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

സഭയിൽ ഒടുവിൽ ഭിന്നത ഉണ്ടായത് ഔഗേൻ ബാവായുടെ ലെറ്റർ ഹെഡ്ഡിംഗിലെ "മാർത്തോമ്മാ സിംഹാസനം" മൂലമല്ല.

നിരണത്തു വച്ച് 1912-ൽ അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവാ യാണു കാതോലിക്കാ സിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിച്ചത്. അന്ന് അദ്ദേഹം പുറപ്പെടുവിച്ച പ്രസ്താവനയിൽ "വാത്സല്യവാനായ ഈവാ നിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മാർത്തോമ്മാ ശ്ലീഹാ യുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി നാം അഭിഷേകം ചെയ്തി രിക്കുന്നു" എന്നാണു പറഞ്ഞിട്ടുള്ളത്. 105 വർഷം മുമ്പാണെങ്കിലും മാർ ത്തോമ്മാ സിംഹാസനം രംഗത്തു വന്നു. അതിനു മുമ്പുതന്നെ മലങ്കര മെത്രാ ന്മാർ മാർത്തോമ്മായെന്ന സ്ഥാനനാമം സ്വീകരിക്കുകയും അതു മറിച്ചുകള യാൻ അന്ത്യോഖ്യാ ഉദ്യമിക്കുകയും ചെയ്തതാണ്. വാകത്താനത്തു കബറ ടങ്ങിയിരിക്കുന്ന ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ കാതോലിക്കാ 1101 മിഥുനം 15-നു പുറപ്പെടുവിച്ച ഒരു കല്പനയിൽ "ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ കാതോലിക്കാ" എന്ന് ഇംഗ്ലീഷിലും മല യാളത്തിലും അച്ചടിച്ചു. മൂന്നാമത്തെ കാതോലിക്കാ ആദ്യമായി പുറപ്പെടു വിച്ച 1929 കുംഭം 9-ലെ കല്പനയിൽ "മാർത്തോമ്മായുടെ പൗരസ്ത്യ സിംഹാ സനം" ശരിയായി മുദ്രണം ചെയ്തിരിക്കുന്നു. 1958 ഡിസംബർ 16-നു പാത്രി യർക്കീസിനെ മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായി സ്വീകരിക്കാൻ നാം പ്രസാദിച്ചിരിക്കുന്നു എന്നു പരസ്യസ്വീകരണവേളയിൽ കാതോലി ക്കോസ് കൊടുത്ത എഴുത്തിലും "മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം" എന്നു തെളിച്ചു തന്നെ കാണിച്ചു. 1964 മെയ് 22-നു നടന്ന കാതോലിക്കാ സ്ഥാനാരോഹണവേളയിൽ ഔഗേൻ ബാവാ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ കാര്യവും അനുസ്മരിപ്പിച്ചു. മാർത്തോമ്മാ സിംഹാസ നവാദമെന്ന ആരോപണം ഒന്നുകിൽ കല്ലുവച്ച നുണയോ അല്ലെങ്കിൽ ആത്മ വഞ്ചനയോ ആണെന്നു മനസ്സിലാക്കാൻ വിദ്യാഭ്യാസമില്ലാത്തവർക്കു പോലും കഴിയും.

മാർതോമ്മാ ശ്ലീഹായുടെ സിംഹാസനം
കാതോലിക്കേറ്റിനു മുമ്പ്

ഡോ. എം. കുര്യൻ തോമസ് & വർഗീസ് ജോൺ തോട്ടപ്പുഴ

കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിൽ മലങ്കര നസ്രാണികളുടെ ഏറ്റവും തീവ്രമായ വികാരമായിരുന്നു മാർതോമ്മാ പൈതൃകം. പോർട്ടുഗീസ് കാല ഘട്ടത്തിലെ റോമൻ കത്തോലിക്കാ കടന്നുകയറ്റത്തിനെതിരെ ഏറ്റവും ശക്ത മായ പ്രതിരോധം മലങ്കര നസ്രാണികൾ തീർത്തത്, മാർത്തോമ്മായുടെ 'മാർഗ്ഗവും വഴിപാടും' (വിശ്വാസവും ജാതിയും) എന്ന അടിസ്ഥാനത്തിലാ യിരുന്നു (സ്കറിയ സക്കറിയ, ഡോ., *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാ*

കൾ, ഇടമറ്റം, 1994, പേജ് 10). ഈ പൈതൃകത്തിന്റെ ഭാഗമായാണ് 1912 മുതൽ തന്നെ മലങ്കരയിലെ പൗരസ്ത്യ കാതോലിക്കാമാർ 'മാർതോമ്മാ ശ്ളീഹായുടെ' സിംഹാസനം എന്ന സംജ്ഞ ഉപയോഗിച്ചുവന്നത്. മലങ്കരയിലെ ഒന്നും രണ്ടും പൗരസ്ത്യ കാതോലിക്കാമാരുടെ തലവാചകത്തിൽ 'മാർതോമ്മാ ശ്ളീഹായുടെ സിംഹാസനം' ഉപയോഗിച്ച രേഖകൾ ലഭ്യമാണ്.

എന്നാൽ അതിലും പിമ്പോട്ടു പോയാൽ മലങ്കരസഭയെ മൂന്നു നൂറ്റാണ്ടു കാലം ഭരിച്ച മലങ്കര മെത്രാന്മാരും അതിനും മുമ്പ് സഭാദ്ധ്യക്ഷൻമാരായി വന്ന പേർഷ്യൻ മെത്രാൻമാരും മാർതോമ്മാ ശ്ലീഹായുടെ സിംഹാസനം ഉപയോഗിച്ചിരുന്നു. അവയിൽ ചിലതു മാത്രമാണ് ഈ ലേഖനത്തിന്റെ പ്രതിവാദ്യവിഷയം.

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം പ്രതിപാദിക്കുന്ന ആദ്യരേഖ എ.ഡി. 1301 ൽ കൊടുങ്ങല്ലൂർ വച്ച് ഒരു സഖറിയ ശെമ്മാശൻ പകർത്തിയെഴുതിയ കൽദായ സുറിയാനി വേദവായനക്കുറിപ്പു പുസ്തകമാണ്. വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിക്കുന്ന ടി ഗ്രന്ഥത്തിന്റെ (Vat.Syr.22) കോലഫോൺ (പകർപ്പെഴുത്തു വിവരം)-ൽ അന്ന് ഭരിക്കുന്ന മെത്രാപ്പോലീത്തായെപ്പറ്റി "ഞങ്ങളുടെ തലവനായ മാർ യാക്കോബ്, മാർ തോമാശ്ലീഹായുടെ പരിശുദ്ധ സിംഹാസനത്തിന്റെയും (The holy see of Apostle Mar Thomas) ഇന്ത്യൻ സഭ മുഴുവന്റെയും അദ്ധ്യക്ഷനും തലവനും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (റോമൻ കത്തോലിക്കാ സഭയുടെ തലവനായ മാർപ്പാപ്പ "The Holy Roman See" എന്നുപയോഗിക്കുന്നതുമായി താരതമ്യം ചെയ്യുക. Van Der Ploeg, O.P., J.P.M, *The Syriac Manuscripts of St. Thomas Christians*, Bangalore, 1983, p. 4).

1653-ൽ കൂനൻകുരിശു സത്യം മുതൽ 1815 വരെ മലങ്കര ഭരിച്ച ഒൻപതു മെത്രാൻമാരുടെയും സ്ഥാനനാമം മാർത്തോമ്മാ എന്നായിരുന്നു. ഇവരിൽ മൂന്നു പേരുടെയെങ്കിലും സ്വന്തം പേര് വ്യത്യസ്തമായിരുന്നു. ഈ സ്ഥാനനാമം മാർത്തോമ്മാ സിംഹാസനത്തിന്റെ ബഹിർസ്ഫുരണമായി വേണം കണക്കാക്കാൻ.

വ്യക്തമായും "മാർത്തോമാ ശ്ലീഹായുടെ സിംഹാസനം" എന്നു പരാമർശിക്കുന്ന ലഭ്യമായ ആദ്യരേഖ 1817 വൃശ്ചികം രണ്ടിന് കിടങ്ങൻ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ, പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസിയോസ് മൂന്നാമൻ മെത്രാപ്പോലീത്തായെ "മലങ്കരയുടെ സിംഹാസനത്തിലേക്ക് മെത്രാപ്പോലീത്താ" ആയി നൽകിയ സ്താത്തിക്കോനാണ്. ഈ സ്ഥാത്തിക്കോനിൽ തന്റെ സ്ഥാനനാമമായി മാർ പീലക്സീനോസ് ചേർത്തിരിക്കുന്നത് "തോമസ് അപ്പോസ്തോലന്റെ സിംഹാസനമാകുന്ന മലങ്കരയുടെയും ഇന്ത്യ മുഴുവന്റെയും സിംഹാസനത്തിൽ ഗീവർഗീസ് എന്നു

പേരുള്ള പീലക്സീനോസ് മെത്രാപ്പോലീത്താ" എന്നാണ് (1889-ൽ റോയൽ കോർട്ട് വിധിയിൽ അവസാനിച്ച നവീകരണക്കാരുമായുള്ള സെമിനാരിക്കേസിൽ 29 അക്കപ്രമാണം). സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ 1816 നവംബർ 24-ന് കാലം ചെയ്തതിനെ തുടർന്ന് പുന്നത്ര മാർ പീലക്സീനോസ് മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനമേറ്റിരുന്നു.

എന്നാൽ ഇതിനു മുമ്പ് പകലോമറ്റം കുടുംബവാഴ്ച അവസാനിപ്പിക്കുന്നതിനും ഇട്ടൂപ്പ് റമ്പാനെ മലങ്കര മെത്രാപ്പോലീത്താ ആക്കണമെന്നുള്ള കേണൽ മൺറോയുടെ ആവശ്യം പരിഗണിക്കുന്നതിനുമായി മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടാനുള്ള മാർ പീലക്സീനോസിന്റെ കൽപനയിൽ "തൊഴിയൂർ ഇടവകയുടെ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ" എന്നു മാത്രമായിരുന്നു തലവാചകം (ടി. കേസിൽ 39 അക്കപ്രമാണം). രണ്ടു വർഷത്തിന്റെ ഇടവേളയിലുള്ള ഈ കൽപനകളിലെ തലവാചകത്തിലെ വ്യത്യാസത്തിൽ നിന്ന് മനസിലാകുന്നത് ഇതിനിടയിൽ അദ്ദേഹത്തിനു ലഭിച്ച ആക്ടിംഗ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമാണ് അദ്ദേഹത്തെ 'മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനാക്കിയത്' എന്നാണ്.

അടുത്ത രേഖ മലങ്കര മെത്രാപ്പോലീത്താ ചേപ്പാട് മാർ ദീവന്നാസിയോസ് നാലാമൻ, തൊഴിയൂർ ഇടവകയുടെ കുത്തൂർ ഗീവർഗീസ് മാർ കൂറിലോസിന് കൊ.വ. 1005 (എ.ഡി. 1830) മീനം 15-നു നൽകിയ സ്താത്തിക്കോനാണ്. "ദൈവകൃപയാൽ ഇന്ത്യയുടെ അതൃത്തിയിലുള്ള മലയാളത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ ആട്ടിൻകുട്ടികളുടെയും പെണ്ണാടുകളുടെയും ഇടയനും യാക്കോബായ സുറിയാനി ക്രിസ്ത്യാനി സമൂഹത്തിന്റെ പിതാവും പരിശുദ്ധനും ഭാഗ്യവാനുമായ മാർ തോമസ് അപ്പോസ്തോലന്റെ സിംഹാസനാരൂഢനുമായിരിക്കുന്ന ഫിലിപ്പോസെന്ന ദീവന്നാസിയോസ് മെത്രാപ്പോലീത്താ ആയ നാം....." എന്നാണ് സ്താത്തിക്കോൻ ആരംഭിക്കുന്നത് (ഉമ്മൻ, പി.എ., *ചേപ്പാട്ട് മാർ ദിവന്നാസ്യോസ്*, ചേപ്പാട്, 1956, പേജ്. x-xi).

മാർ ദീവന്നാസിയോസ് നാലാമന് 1840 കന്നി 1-നു അന്ത്യോഖ്യായുടെ പ. ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് അയച്ച കൽപ്പനയിൽ മലങ്കരസഭയെ വിശേഷിപ്പിച്ചിരിക്കുന്നത്. "പരിശുദ്ധ അപ്പോസ്തോലനായ മാർത്തോമ്മായുടെ സിംഹാസന ഇടവക" എന്നാണ് (1889-ലെ സെമിനാരിക്കേസിൽ T. T. അക്കപ്രമാണം.).

1848-ലെ കൊച്ചി പഞ്ചായത്തു വിധിപ്രകാരം മലങ്കര മെത്രാൻ സ്ഥാനം പ്രാപിച്ച പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് "പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം" എന്ന സ്ഥാനം ഉപയോഗിച്ചിരുന്നു. തോമസ് അത്താനാസിയോസിനെ തന്റെ പിൻഗാമിയായി വാഴിച്ചപ്പോൾ

നൽകിയ സ്ഥാത്തിക്കോനിൽ അദ്ദേഹം മാർത്തോമ്മാശ്ലീഹായുടെ സിംഹാസനാരൂഢനാണെന്നും പിൻഗാമിയെ വാഴിക്കുന്നത് ആ സിംഹാസനത്തിലേയ്ക്കാണെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് (ജോർജ് വർഗീസ് മദ്രാസ്, *മലങ്കര ഓർഡോക്സ് സുറിയാനി സഭാ ചരിത്രം, ഭാഗം 2*, കോട്ടയം, 1993, പേജ് 351). കൊല്ലവർഷം 1048 (1873) നു മുമ്പു തന്നെ അദ്ദേഹം കല്പനകളിൽ മലങ്കര സിംഹാസനം എന്നെഴുതുക പതിവായിരുന്നു എന്ന് തോമസ് അത്താനാസിയോസ് സെമിനാരിക്കേസിൽ മൊഴികൊടുത്തിട്ടുണ്ട്. നവീകരണ സുറിയാനിക്കാർ (മാർത്തോമ്മാ സഭ) അവരുടെ സഭാതലവനെ സംബോധന ചെയ്യുന്നത് "മലങ്കര ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ" എന്നാണ് (ചാക്കോ, റ്റി.സി., *മലങ്കര മാർത്തോമ്മാ സഭാ ചരിത്ര സംഗ്രഹം*, തിരുവല്ല, 2000, പേജ് 210). ഇപ്പോൾ അവരുടെ കല്പനകളുടെ തലവാചകം "മലങ്കര ശ്ലീഹായുടെ സിംഹാസനത്തിന്റെ ... മാർതോമ്മാ മെത്രാപ്പോലീത്താ" എന്നാണ്.

1846-ൽ മലങ്കരെ എത്തി, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനു അവകാശവാദം ഉന്നയിക്കുകയും 1848-ലെ കൊച്ചി പഞ്ചായത്തു വിധിമൂലം ആ സ്ഥാനം ലഭിക്കാതെ പോവുകയും ചെയ്ത അന്ത്യോഖ്യൻ മേൽപ്പട്ടക്കാരനായിരുന്നു യുയാക്കിം മാർ കൂറീലോസ്. 1874-ൽ കാലം ചെയ്യുന്നതു വരെയും അദ്ദേഹം അധികാരമില്ലെങ്കിലും "മലങ്കര മെത്രാപ്പോലീത്താ" എന്നു ഭാവിച്ചിരുന്നു. അദ്ദേഹം സ്ഥാപിച്ച ഫോർട്ടുകൊച്ചി പള്ളിയിൽ ഉപയോഗിച്ചിരുന്ന തബ്ലൈത്തായിൽ "ഇന്ത്യയിലെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ യുയാക്കീം കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈകളാൽ...." എന്നു സുറിയാനിയിൽ എഴുതിയിട്ടുണ്ട് (വർഗീസ് കത്തനാർ നെടുന്തള്ളിൽ, *മാർത്തോമ്മാ ശ്ലീഹായും മലങ്കര സഭയും*, കൊച്ചി, 1975, പേജ് 70.).

1857-ൽ മലങ്കര സന്ദർശിച്ച യറുശലേമിലെ സുറിയാനി പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അബ്ദേദു നുഹറോ 1857 മീനം 13-നു റാക്കാട്ടു പള്ളി സന്ദർശിച്ചു. അതിന്റെ സ്മാരകമായി അദ്ദേഹം അവിടുത്തെ വി. മദ്ബഹായിൽ സ്ഥാപിച്ച ശിലാരേഖയിൽ യുയാക്കിം കൂറിലോസിനെ "മലങ്കരയുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന" എന്നാണ് വിശേഷിപ്പിക്കുന്നത് (അബ്രഹാം മല്പാൻ കോനാട്ട്, *മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം*, കടമറ്റം, പേജ് 16).

"മോർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ കൂറിലോസ് യൂയാക്കിം" എന്ന് അറബിയിൽ മുദ്രണം ചെയ്ത ഒരു ചെറിയ മുദ്ര യുയാക്കിം മാർ കൂറിലോസിന് ഉണ്ടായിരുന്നതായി പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ രേഖപ്പെടുത്തിയിട്ടുണ്ട് (ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്, *ഇന്ത്യയിലെ സുറിയാനി സഭാ ചരിത്രം* (മലയാള പരിഭാഷ: ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ, 2011), പേജ് 395).

യൂയാക്കിം മാർ കൂറിലോസ് പുതുപ്പള്ളിപള്ളിക്ക് 1022 (1847) ഇടവം 8-ന് അയച്ച രണ്ടു കല്പനകൾ "മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ മെത്രാപ്പോലീത്തായും ഈശോമിശിഹായുടെ അടിയാൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസുബാവായുടെ ശ്ലീഹായും ആയ മാർ കൂറിലോസ് യൂയാക്കീം മെത്രാപ്പോലീത്താ" എന്നാണ് ആരംഭിക്കുന്നത് (വെട്ടിയിൽ ഉലഹന്നാൻ തൊമ്മൻ എഴുതിയ *വാകത്താനം പള്ളിചരിത്ര*ത്തിൽ നിന്ന്).

പുലിക്കോട്ടിൽ മാർ ജോസഫ് ദിവന്നാസിയോസ് അഞ്ചാമനെ (1865-1909) പ്പറ്റി കടുത്ത അന്ത്യോഖ്യാ ഭക്തനായ ഇ. എം. ഫിലിപ്പ് "മാർ ദിവന്നാസി യോസ് അഞ്ചാമൻ മാർതോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ വാഴ്ച ഉറപ്പിക്കുകയും ചെയ്തു" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഫിലിപ്പ് ഇ. എം., *മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ*, ചിങ്ങവനം, 1977, പേജ് 229). 1889-ലെ റോയൽ കോടതി വിധിയിൽ അവസാനിച്ച നവീകരണക്കാരുമായുള്ള കേസിന്റെ പ്രധാന നടത്തിപ്പുകാരൻ എന്ന നിലയിൽ ലഭ്യമായ എല്ലാ രേഖ കളും പരിശോധിക്കാൻ അവസരം ലഭിച്ച കൂർമബുദ്ധിയായ ഇ.എം. ഫിലിപ്പ് കേവലം ആലങ്കാരികമായി ഈ പദപ്രയോഗം നടത്തിയെന്ന് വിശ്വസിക്കാൻ സാദ്ധ്യമല്ല.

ഇതുപോലെ തന്നെ വി. പത്രോസ് ശ്ലീഹായ്ക്കു മാത്രമേ സിംഹാസന മുള്ളൂ എന്ന വാദം നിരർത്ഥകമാണ്. മലങ്കരയിൽ മാത്രമല്ല ക്രൈസ്തവ ലോകത്തെ പല സഭകളും അവരുടെ തലവന്മാരുടെ സ്ഥാനപ്പേരിൽ "സിംഹാ സനം" ഉപയോഗിക്കുന്നുണ്ട്. ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബ ത്തിൽപെടുന്ന കോപ്റ്റിക് ഓർത്തഡോക്സ് സഭാ തലവൻ "അലക്സന്ത്ര്യാ യുടെ പോപ്പും വിശുദ്ധ മർക്കോസിന്റെ സിംഹാസനത്തിന്റെ പാത്രിയർ ക്കീസും" (Pope of Alexandria and Patriarch of the See of St. Mark) എന്നാണ് അറിയപ്പെടുന്നത്. ഇപ്പോഴത്തെ കോപ്റ്റിക് സഭാതലവൻ തെവോദ്രോസ് II, വി. മർക്കോസ് മുതലുള്ള 118-ാമത്തെ പാത്രിയർക്കീസാണ്. സമന്മാരായ ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ ഇടയിൽ കോപ്റ്റിക് പോപ്പിന് ഒന്നാം സ്ഥാനമാണുള്ളത്. വി. പത്രോസ് ശ്ലീഹായുടെ പിൻഗാമി യായ പ. അന്ത്യോഖ്യാ പാത്രിയർക്കീസിന് രണ്ടാം സ്ഥാനവും. നാലാം നൂറ്റാ ണ്ടിലെ സ്ഥാനക്രമമനുസരിച്ചാണിത്.

അർമേനിയൻ സഭയിൽ 'വിശുദ്ധ എച്ച്മിയാഡ്സിനിലെ മാതൃസിംഹാ സനത്തിലെ' സുപ്രിം കാതോലിക്കായുടെ കീഴ്സ്ഥാനി മാത്രമായ ജറുസ ലേമിലെ അർമേനിയൻ പാത്രിയർക്കീസ് "വിശുദ്ധ യാക്കോബിന്റെ ശ്ലൈഹിക സിംഹാസനത്തിന്റെ പാത്രിയർക്കീസ്" (Patriarch of the Apostolic Throne of St. James) എന്ന സ്ഥാനപ്പേരിലാണ് അറിയപ്പെടുന്നത്. നമ്മുടെ കർത്താ വിന്റെ സഹോദരനും ഊർശ്ലേമിലെ ഒന്നാമത്തെ എപ്പിസ്കോപ്പായുമായ മാർ യാക്കോബിനെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ശ്ലീഹന്മാരായ വി.

ബർത്തലോമിയായുടെയും വി. തദ്ദായിയുടെയും പിൻഗാമിയായ സുപ്രീം കാതോലിക്കായ്ക്ക് തന്റെ കീഴ്സ്ഥാനിയായ ജറുസലേം പാത്രിയർക്കീസ് ഈ സ്ഥാനപ്പേര് ഉപയോഗിക്കുന്നതിൽ യാതൊരെതിർപ്പുമില്ല. ഒരേ സഭയിൽ തന്നെ ഒന്നിലധികം ശ്ലൈഹിക സിംഹാസനമാകാം എന്നുള്ളതിന് ഉത്തമ ഉദാഹരണമാണിത്. അഞ്ചാം നൂറ്റാണ്ടിൽ മാത്രമാണ് ജറുസലേമിലെ അർമേനിയൻ മെത്രാൻ 'പാത്രിയർക്കീസ്' എന്ന സ്ഥാനപ്പേരു സ്വീകരിക്കുന്നത്.

"എത്യോപ്യയുടെ പാത്രിയർക്കീസും വി. തക്‌ലേഹൈമനോത്തിന്റെ സിംഹാസനത്തിന്റെ എസ്ചെഗ്വേയും" (Patriarch of Ethiopia and Echegue of the See of St.Teklehaymanot) എന്നാണ് എത്യോപ്യൻ സഭാദ്ധ്യക്ഷന്റെ സ്ഥാനനാമം. ഇപ്പോഴത്തെ ആബുനാ മത്ഥിയാസ്, ആറാമത്തെ പാത്രിയർക്കീസും 63-ാമത്തെ എസ്ചെഗ്വേയുമാണ്. 13-ാം ശതകത്തിലെ വി. തക്ലേഹൈമനോത്തിനെയാണ് ഒന്നാമത്തെ എസ്ചെഗ്വേയായി പരിഗണിക്കുന്നത്. 16-ാം നൂറ്റാണ്ടിനു മുമ്പ് മലങ്കര സഭയിലുണ്ടായിരുന്ന അർക്കദ്യാക്കോൻ (Archdeacon) പദവിക്കു സമാനമാണ് കോപ്റ്റിക് ബിഷപ്പിനു കീഴിലുണ്ടായിരുന്ന എസ്ചേഗ്വേ പദവി.

മലങ്കര സഭാചരിത്രം മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന് അനുകൂലമായും ഇന്നത്തെ ക്രൈസ്തവലോകം ഏകസിംഹാസന വാദത്തിന് പ്രതികൂലമായും തെളിവുകൾ നിരത്തുമ്പോൾ മറിച്ചു വാദിക്കുന്നവർ കണ്ണടച്ച് ഇരുട്ടാക്കുകയാണെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

ഭിന്നതയുടെ മുഖ്യ കാരണം

മലങ്കരസഭയിലെ ഇന്നത്തെ ഭിന്നതയുടെ മുഖ്യകാരണം, അന്ത്യോഖ്യയിലെ പാത്രിയർക്കാ സിംഹാസനവും, മലങ്കരയിലെ കാതോലിക്കാ സിംഹാസനവും തമ്മിലുള്ള ക്രൈസ്തവേതരങ്ങളായ അധികാരപ്പിണക്കങ്ങളാണെന്നു സത്യസന്ധമായ ചരിത്രം വായിച്ചു മനസ്സിലാക്കാൻ ആഗ്രഹവും കഴിവും ഉള്ളവർക്കു നിഷ്പ്രയാസം വ്യക്തമാകും. 1964-ലെ കാതോലിക്കാ വാഴ്ചയ്ക്കു ശേഷം യാക്കൂബ് തൃതീയൻ പാത്രിയർക്കീസും ഔഗേൻ പ്രഥമൻ കാതോലിക്കായും ഒന്നിച്ചു പള്ളികളിലെ സ്വീകരണ സൽക്കാരങ്ങളിൽ സംബന്ധിച്ചു. ഈ സന്ദർഭങ്ങളിൽ ഔഗേൻ ബാവാ സ്വതസിദ്ധമായ അതിവിനയത്തോടെയാണു പെരുമാറിവന്നത്. ഇതു കണ്ട സാധാരണക്കാരായ ചിലർ പാത്രിയർക്കീസ് പരമാധികാരിയും കാതോലിക്കാ കീഴ്തിരുമേനിയായ ദാസനും ആണെന്നും ധരിച്ചു. ചിലർ അങ്ങനെ ധരിപ്പിക്കാൻ ബോധപൂർവ്വം ശ്രമിക്കുകയും ഉണ്ടായി. ഈ പശ്ചാത്തലത്തിൽ, പണ്ഡിതനായ മലങ്കര മൽപാൻ കോനാട്ട് ഏബ്രഹാം കത്തനാർ 1974 മെയ് മാസത്തിലെ ചർച്ച് വീക്കിലിയിൽ എഴുതിയ കാതോലിക്കാ സിംഹാസനത്തിന്റെ സുദീർഘമായ ചരിത്രത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു. ഈ സത്യകഥയെ

വെല്ലുവിളിക്കാൻ അന്നും ഇന്നും വടക്കും തെക്കും ആരും ഇല്ലെന്നു എടുത്തു പറയേണ്ടതില്ലല്ലോ. രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള ഈ സഭ യേശുക്രിസ്തുവിന്റെ ശ്ലീഹന്മാർക്കും അവർ അവരുടെ പിൻഗാമികൾക്കും നൽകുകയും അങ്ങനെ പാരമ്പര്യമായി ഭരമേൽപിക്കുകയും ചെയ്തിട്ടുള്ള നിഷ്ഠകളും കൂദാശകളും നിയമങ്ങളും ചട്ടങ്ങളും മറ്റും ഉള്ള ഒന്നാണെന്നു അനുസ്മരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏബ്രഹാം കത്തനാർ ഇങ്ങനെ എഴുതിയത്:

ഈ ചരിത്രാവലോകനത്തിനുള്ള എന്റെ പ്രധാന അവലംബം സുപ്രസിദ്ധ പണ്ഡിതനും വിശുദ്ധനുമായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായ എന്ന പിതാവിന്റെ സഭാചരിത്ര ഗ്രന്ഥമാണ്. ഈ ഗ്രന്ഥം രണ്ടു ഭാഗമായിട്ട്, ഒന്നാം ഭാഗം പാത്രിയർക്കേറ്റിന്റെയും, രണ്ടാം ഭാഗം കാതോലിക്കേറ്റിന്റെയും ചരിത്രമായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത്. ഈ രണ്ടാം ഭാഗം ആരംഭിക്കുന്നതു തന്നെ "പൗരസ്ത്യസഭയുടെ പ്രഥമ മഹാപുരോഹിതൻ മാർത്തോമ്മാ ശ്ലീഹാ" എന്ന തലവാചകത്തോടു കൂടിയാണ്. മാർത്തോമ്മാ ശ്ലീഹായ്ക്കു കശ്ശീശാപട്ടം പോലുമില്ലായിരുന്നു എന്ന നവീനവാദമുന്നയിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കുവാനുള്ള ഒരു വാചകമാണിതെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ രണ്ടാം വർഷത്തിൽ, മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിലേക്കുള്ള സുവിശേഷ പ്രചരണയാത്രാമദ്ധ്യേ ഉറഹാ (എഡേസാ), സെലൂക്യാ, തെഗ്രീസ് മുതലായ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ചശേഷം യാത്ര തുടർന്നു. ആ പ്രദേശങ്ങളിൽ താൻ സ്ഥാപിച്ച സഭയിൽ, തന്റെ പിൻഗാമിയെന്ന നിലയിൽ ഭരണാധികാരിയായി സ്വശിഷ്യൻ അറിയിപ്പുകാരനായ മാർ ആദായിയെ നിയമിച്ചശേഷമാണു താൻ യാത്ര തുടർന്നത്. മാർ ആദായി ഉറഹാ കേന്ദ്രമാക്കിയാണു പ്രവർത്തനം നടത്തിയത്. ഇദ്ദേഹം കുഷ്ഠരോഗിയായ അബ്ഗർ രാജാവിനു രോഗശാന്തി നൽകുകയും രാജാവും കുടുംബവും വിശ്വസിച്ചു മാമോദീസാ മുങ്ങുകയും ചെയ്ത വിശദവിവരങ്ങളെല്ലാം വിടുകയാണ്. രാജാവിന്റെ ആനുകൂല്യത്തോടുകൂടി ഇദ്ദേഹം ഉറഹായിൽ ധാരാളം പള്ളികളും മറ്റും സ്ഥാപിച്ചു സഭയെ വിപുലപ്പെടുത്തിയശേഷം സ്വശിഷ്യന്മാരായ ആഗായി, മാറി എന്നിവരോടൊരുമിച്ചു പൗരസ്ത്യദേശങ്ങളിൽ പോയി സുവിശേഷമറിയിച്ചു. വീണ്ടും തിരികെ ഉറഹായിൽ വന്നപ്പോഴേക്ക് വിശ്വാസിയായ അബ്ഗാർ രാജാവു ചരമമടയുകയും അദ്ദേഹത്തിന്റെ പുത്രൻ രാജാവാകുകയും ചെയ്തിരുന്നു. ഇദ്ദേഹം അക്രൈസ്തവനും ക്രിസ്ത്യാനികളോടു തീരെ ഇഷ്ടമില്ലാത്തയാളുമായിരുന്നു. ഇദ്ദേഹം ആദായിയെ വധിപ്പിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ശിഷ്യൻ ആഗായി സഭാ ചുമതലയേറ്റു. ഇദ്ദേഹവും ഇതേ രാജാവിനാൽത്തന്നെ വധിക്കപ്പെട്ടു. തുടർന്ന് ആദായിയുടെ മറ്റൊരു ശിഷ്യനായ മാർ മാറി, മുൻഗാമികൾ രണ്ടു

പേരും വധിക്കപ്പെട്ടതിനാൽ പിന്നീട് ഉറഹായിൽ താമസിക്കാതെ പേർഷ്യാ രാജാവിന്റെ തലസ്ഥാനമായ സെലൂക്യാടെസിഫോണിലെത്തി. അവിടെ തന്റെ പ്രവർത്തനം വളരെ വിജയകരമായി അനുഭവപ്പെട്ടതിനാൽ അവിടം പൗരസ്ത്യസഭയുടെ കേന്ദ്രമാക്കി പ്രവർത്തനം നടത്തി. ഇദ്ദേഹമാണു സെലൂക്യാ കേന്ദ്രമാക്കി പ്രവർത്തിച്ച ഒന്നാമത്തെ പൗരസ്ത്യ മഹാപുരോഹിതൻ.

ഉറഹായിലെ സഭയിൽ ചില പ്രാദേശിക കാരണങ്ങളാൽ സെലൂക്യായിലെ മഹാപുരോഹിതനെ അംഗീകരിക്കാതെ കുറച്ചുകാലം പിരിഞ്ഞുനിന്നിരുന്ന ഒരു ചെറിയ വിഭാഗമുണ്ടായിരുന്നു. ഈ വിഭാഗക്കാർ തങ്ങളാണു സാക്ഷാൽ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളെന്നും സെലൂക്യാ സിംഹാസനത്തെക്കുറിച്ച് അതു മാറിയുടെ സിംഹാസനമെന്നും പറഞ്ഞുവന്നിരുന്നു.

ഈ സംഗതി കുപ്രസിദ്ധമായ 203-ാം നമ്പർ കല്പനയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുത പലരും ഓർക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. ഉറഹാ യിൽ നിന്നു സെലൂക്യായിലേക്ക് ആസ്ഥാനം മാറ്റിയതു മാറി എന്ന ആളായതുകൊണ്ട്, ആ സിംഹാസനം അതിന്റെ ആദ്യസ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടേതല്ലാതെ, മാറിയുടേതായിപ്പോയി എന്നാണ് അതിലെ സൂചനയെന്നു തോന്നുന്നു. ഇതാണ് വി. സഭയിലെ സിംഹാസനങ്ങളുടെ സ്ഥിതിയെങ്കിൽ ഇന്നു ദമസ്ക്കോസിൽ സ്ഥിതിചെയ്യുന്ന പാത്രിയർക്കാ സിംഹാസനം, അന്ത്യോഖ്യായിൽ സഭ സ്ഥാപിച്ച മാർ പത്രോസ് ശ്ലീഹായുടേതാവുകയില്ലല്ലോ. പ്രത്യുത യാക്കോബ് തൃതീയന്റെ സിംഹാസനമെന്നു പറയേണ്ടിവരികയില്ലേ. അതുപോകട്ടെ, ഈ മാറി, തന്റെ അന്ത്യകാലത്തോടടുത്തു സ്വശിഷ്യനായ എബ്രുസിയോസ് എന്നായാളെ പിൻഗാമിയായി നാമനിർദ്ദേശം ചെയ്തിരുന്നു. എന്നാൽ മാറി ചരമം പ്രാപിച്ച സമയത്ത് ഈ എബ്രുസിയോസ് അന്ത്യോഖ്യൻ സഭയിലെ സഹോദരന്മാരുടെ കുശലാന്വേഷണാർത്ഥം സ്വഗുരുവിന്റെ നിർദ്ദേശാനുസരണം അന്ത്യോഖ്യായിലായിരുന്നു. തന്മൂലം പൗരസ്ത്യസഭയിലെ ആളുകൾ ഉടൻതന്നെ അന്ത്യോഖ്യായിലേക്ക് ആളയച്ച് ഇദ്ദേഹത്തെ മേൽപ്പട്ടക്കാരനായി വാഴിച്ചയയ്ക്കണമെന്നാവശ്യപ്പെട്ടു. അതനുസരിച്ച് അവിടെയുള്ള ശിഷ്യന്മാർ പ്രവർത്തിക്കുകയും ചെയ്തു. പൗരസ്ത്യ സഭയിലെ പ്രധാന പുരോഹിതനെ അന്ത്യോഖ്യയിൽ വാഴിക്കുക എന്ന പിൽക്കാലത്തുണ്ടായ പതിവിന്റെ പ്രാരംഭം ഇതാണെന്നു തോന്നുന്നു. ഇദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന അബ്രഹാം എന്നയാളെയും ഇതനുസരിച്ച് അന്ത്യോഖ്യയിലെ ശിഷ്യന്മാരാണു വാഴിച്ചത്. എന്നാൽ തുടർന്നുവന്ന യാക്കോബ് ഊർശ്ലേമിൽ വച്ചാണു തെരഞ്ഞെടുത്തു വാഴിക്കപ്പെട്ടത്. ഈ യാക്കോബ് തന്റെ മരണസമയത്തു സ്വശിഷ്യന്മാരായ ആഹോദാബുയ്, കോമേശ് എന്ന രണ്ടുപേരെ അന്ത്യോഖ്യായിലേക്കയയ്ക്കണമെന്നും, രണ്ടുപേരിൽ അന്ത്യോഖ്യായിലെ മേൽപ്പട്ടക്കാരന് ഇഷ്ടപ്പെടുന്നയാളെ അദ്ദേഹം

വാഴിച്ച് അയക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ചു ഇവർ പോയപ്പോൾ മാർഗ്ഗമദ്ധ്യേ ശത്രുക്കളാൽ ആക്രമിക്കപ്പെടുവാൻ ഇടയായി. കോമേശ് വധിക്കപ്പെട്ടു. അപരൻ ഊർശ്ലേമിലേക്ക് ഓടി രക്ഷപ്പെട്ടു. അന്ത്യോഖ്യാ പാത്രിയർക്കീസ് ഈ വിവരമറിഞ്ഞപ്പോൾ ഉടൻതന്നെ അദ്ദേഹത്തെ വാഴിച്ചയയ്ക്കുവാൻ ഊർശ്ലേമിലെ മേൽപട്ടക്കാർക്കു നിർദ്ദേശം നൽകി. ഇതനുസരിച്ച് ഇദ്ദേഹത്തെ വാഴിക്കുവാൻ ഊർശ്ലേമിൽ സമ്മേളിച്ച മേൽപ്പട്ടക്കാരുടെ സുന്നഹദോസ്, മേലിൽ പൗരസ്ത്യ സഭയിലെ പ്രധാന പുരോഹിതൻ ചരമം പ്രാപിക്കുമ്പോൾ പൗരസ്ത്യസഭയിലെ എപ്പിസ്കോപ്പന്മാർതന്നെ കൂടി തെരഞ്ഞെടുപ്പും വാഴ്ചയും നടത്തിയാൽ മതിയെന്നും അന്ത്യോഖ്യായിലേക്കോ ഊർശ്ലേമിലേക്കോ അയയ്ക്കേണ്ട ആവശ്യമില്ലെന്നും, അങ്ങനെ വാഴിക്കപ്പെടുന്ന പൗരസ്ത്യ സഭയിലെ മഹാപുരോഹിതൻ മേലിൽ കാതോലിക്കാ എന്നും പാത്രിയർക്കീസ് എന്നും ഉള്ള സ്ഥാനനാമത്താൽ അറിയപ്പെടേണ്ടതാണെന്നും നിശ്ചയം ചെയ്തു. ഈ സുന്നഹദോസ് നിശ്ചയം അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസിനു സന്തോഷപ്രദമായില്ല എന്ന വസ്തുതയും ഗ്രന്ഥകാരൻ തന്നെ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്.

ഇദ്ദേഹത്തിന്റെ കാലശേഷം ശഹലൂപ്പാ എന്നയാളെ മുൻ യെറുശലേം സുന്നഹദോസ് നിശ്ചയമനുസരിച്ച് പൗരസ്ത്യർ തനിയെ തിരഞ്ഞെടുത്തു വാഴിച്ചു. ഇദ്ദേഹമാണു പൗരസ്ത്യ സഭ തനിയെ തെരഞ്ഞെടുത്തു വാഴിച്ച പ്രഥമ പൗരസ്ത്യ കാതോലിക്കാ. തുടർന്നു വന്ന പാപ്പാ എന്ന കാതോലിക്കായുടെ കാലത്താണ് നിഖ്യാ സുന്നഹദോസ് നടന്നത്. അദ്ദേഹം അതിൽ സംബന്ധിക്കുകയും ചെയ്തു. അവിടെ വച്ചു മുൻ യറുശലേം സുന്നഹദോസ് നിശ്ചയം സ്ഥിരീകരിക്കപ്പെട്ടു. ഈ യറുശലേം സുന്നഹദോസ് നിശ്ചയത്തിലോ അതിനെ സ്ഥിരീകരിക്കുന്ന നിഖ്യാ സുന്നഹദോസ് നിശ്ചയങ്ങളിലോ, തെരഞ്ഞെടുപ്പിലോ, സ്ഥാനാരോഹണത്തിലോ ഉള്ള പരസ്പര സഹകരണത്തെക്കുറിച്ചോ ഭരണപരമായ എന്തെങ്കിലും പരസ്പര ബന്ധത്തെക്കുറിച്ചോ യാതൊരു പരാമർശവും കാണാനില്ലെന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്. നിഖ്യാ സുന്നഹദോസ് നിശ്ചയങ്ങളായി ഹൂദായ കാനോനിൽ നൽകിയിരിക്കുന്ന ഉദ്ധരണിയിൽ, പാത്രിയർക്കീസും കാതോലിക്കായും ഒരുമിച്ച് ഒരു സ്ഥലത്തു സന്നിഹിതരായാൽ, അവിടെ പ്രഥമ ബഹുമതിസ്ഥാനം പാത്രിയർക്കീസിനായിരിക്കണം, കാതോലിക്കായ്ക്കു രണ്ടാം സ്ഥാനത്തിനുള്ള അർഹതയേ ഉള്ളൂ എന്ന ഏക വിവേചനമാണു കാണുവാനുള്ളത്.

തുടർന്നുള്ള എട്ടു കാതോലിക്കാമാർ ഇതനുസരിച്ചു പാശ്ചാത്യരുടെ യാതൊരുവിധ അറിവോ സഹകരണമോ കൂടാതെ വാഴിക്കപ്പെട്ടു. ഇക്കാലമായപ്പോഴേയ്ക്കു പൗരസ്ത്യദേശത്തു നെസ്തോർ വേദവിപരീതം ശക്തി പ്രാപിച്ചു. പല കാതോലിക്കാമാർ തന്നെ നെസ്തോറിയരായിത്തീർന്നു.

സത്യവിശ്വാസികളുടെ സംഖ്യയും ശക്തിയും ഗണ്യമായി അധഃപതിച്ച് അവർക്കു നേതാവില്ലാതെ തീരെ അധഃപതനാവസ്ഥയിലായി. ഈ ദുസ്ഥിതിയിലാണ് എ.ഡി. 559–ൽ യാക്കോബ് ബുർദാനാ ആഹൂദെമെ എന്നയാളെ പൗരസ്ത്യ കാതോലിക്കായായി വാഴിച്ചത്. എന്നാൽ തുടർന്നും സത്യവിശ്വാസികൾക്ക് അവിടെ ശക്തിയായി പിടിച്ചു നിൽക്കുവാൻ സാദ്ധ്യമായില്ല. ഇതിനു മുമ്പും തുടർന്നു പലപ്പോഴും ഈ സിംഹാസനം ആളില്ലാതെ ഒഴിവായിക്കിടക്കുവാനിടയായിട്ടുണ്ട്.

ഇങ്ങനെ പൗരസ്ത്യ സഭയിൽ സഭാതലവനില്ലാതെയിരുന്ന ഒരു കാലയളവിൽ എ.ഡി. 629–ൽ അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന അത്താനാസ്യോസ് ഗാമോലോയുടെ സെക്രട്ടറി ഒരു യോഹന്നാൻ ശെമ്മാശൻ യാദൃച്ഛികമായി മൂസലിലെ മാർ മത്തായി ദയറായിൽ വരുവാനിടയായി. അവിടത്തെ സഭയുടെ അധഃപതനാവസ്ഥയിൽ ഖേദിച്ച്, തൽപരിഹാരാർത്ഥം പാത്രിയർക്കീസുമായി ബന്ധപ്പെടുന്നതു നന്നായിരിക്കുമെന്ന് അദ്ദേഹം പൗരസ്ത്യരെ പ്രേരിപ്പിച്ചതിന്റെ ഫലമായി, മാർ മത്തായി ദയറായിലെ മേൽപട്ടക്കാരൻ സമീപത്തുള്ള ഇതര മേൽപട്ടക്കാരെ വിളിച്ചുകൂട്ടി ആലോചിച്ച്, അവരെല്ലാവരും കൂടി അനുയോജ്യരായ മൂന്നു സ്ഥാനാർത്ഥികളുമായി പാത്രിയർക്കീസിന്റെ അടുത്തെത്തി. ഈ മൂന്നുപേരിൽ ഒരാളെ കാതോലിക്കായായി വാഴിച്ചുതരണമെന്നാവശ്യപ്പെട്ടു. എന്നാൽ മഹാമനസ്കനായ ആ പാത്രിയർക്കീസാകട്ടെ, മുൻ സുന്നഹദോസു നിശ്ചയങ്ങൾ അനുസ്മരിപ്പിച്ചു കൊണ്ടു പൗരസ്ത്യ സഭയിലെ മേൽപട്ടക്കാർ സ്വയമായി അതു ചെയ്തു കൊള്ളേണ്ടതാണെന്നു പറഞ്ഞു പിന്മാറുകയാണുണ്ടായത്. അതനുസരിച്ച് ആ മേൽപട്ടക്കാർ മോറൂസൊ എന്നയാളെ തെരഞ്ഞെടുത്തു വാഴിച്ചു. സെലൂക്യായിൽ നെസ്തോറിയൻ പ്രാബല്യം വർദ്ധിച്ചിരുന്നതിനാൽ ആ സ്ഥാനം തെഗ്രീസിലേക്കു മാറ്റി. നെസ്തോറിയരെ ഭയന്നു കാതോലിക്കാ എന്ന പേരു മഫ്രിയാനാ എന്നാക്കി വ്യത്യാസപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹമാണു തെഗ്രീസ് കേന്ദ്രമാക്കി ഭരണം നടത്തിയ ഒന്നാമത്തെ മഫ്രിയാനാ.

മേൽപറഞ്ഞ അത്താനാസ്യോസ് ഗാമോലോ എന്ന പാത്രിയർക്കീസിനെത്തുടർന്നു മൂന്നാമത്തെ പാത്രിയർക്കീസ് മാർ തേവോദോറോ വന്നു (ഇദ്ദേഹത്തിന്റെ കാലത്താണു മുമ്പറഞ്ഞ മാർ മോറൂസോ നിര്യാതനായത്). അപ്പോൾ ഈ തേവോദോറോ എന്ന പാത്രിയർക്കീസിന് എത്യോപ്യായിലെ മെത്രാപ്പോലീത്തായെ വാഴിക്കുന്ന പതിവനുസരിച്ച്, പൗരസ്ത്യ കാതോലിക്കായെ വാഴിക്കുന്നതിനുള്ള അവകാശം അന്ത്യോഖ്യാ പാത്രിയർക്കീസിനു ലഭിച്ചാൽ കൊള്ളാമെന്നാഗ്രഹം തോന്നി. പൗരസ്ത്യ കാതോലിക്കേറ്റ് അന്നു വളരെ ദുർബലാവസ്ഥയിൽ കഴിയുന്ന കാലഘട്ടമായിരുന്നു. നയതന്ത്രങ്ങളാൽ അദ്ദേഹം പൗരസ്ത്യരെ പ്രേരിപ്പിച്ചു വശീകരിച്ച് അതിനു സമ്മതിപ്പിച്ചു. എന്നാൽ ഇരുസഭകളിലെയും മേൽപട്ടക്കാരുടെ സുന്നഹദോസ് കൂടി,

പാത്രിയർക്കീസിനെ വാഴിക്കുമ്പോൾ അദ്ദേഹത്തിന്റെ മേൽ കൈവെയ്പു നടത്തേണ്ടതു കാതോലിക്കായായിരിക്കണം, അങ്ങനെ പാത്രിയർക്കീസും കാതോലിക്കായും പരസ്പര സഹകരണത്തോടുകൂടി മാത്രമേ വാഴിക്കപ്പെടാവൂ എന്നു ഖണ്ഡിതമായ നിശ്ചയം ചെയ്തശേഷം മാത്രമാണു പൗരസ്ത്യർ ഇതിനു വഴിപ്പെട്ടത്. ഇത് എ.ഡി. 649-ലാണ്. അതനുസരിച്ചു ദനഹാ എന്നയാളെ പൗരസ്ത്യർ തെരഞ്ഞെടുക്കുകയും പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ വാഴ്ച നടത്തുകയും ചെയ്തു.

എത്യോപ്യൻ സഭയിലെ ഈ പതിവിനെക്കുറിച്ചു നിഖ്യാ സുന്നഹദോസ് ഏർപ്പെടുത്തിയ നിയമം ഹൂദായ കാനോനിൽ കാണാം. നിഖ്യാ സുന്നഹദോസു കാലത്തുതന്നെ ഇതു സ്വയംഭരണാവകാശമുള്ള ഒരു പ്രാദേശിക സഭയായിരുന്നു. ആ സഭയ്ക്കു സ്വയമായി പാത്രിയർക്കീസിനെ വാഴിക്കുവാൻ അവകാശമുണ്ടായിരിക്കയില്ലെന്നും, ആ സഭാതലവൻ മെത്രാപ്പോലീത്താ എന്ന സ്ഥാനനാമത്താൽ മാത്രം അറിയപ്പെടേണ്ടതാണെന്നും ഈ മെത്രാപ്പോലീത്തായെ അലക്സന്ത്രിയാ പാത്രിയർക്കീസ് വാഴിക്കേണ്ടതാണെന്നുമാണു സുന്നഹദോസ് നിശ്ചയം. എന്നാൽ ഇപ്പോൾ ആ സ്ഥിതി മാറി അലക്സന്ത്രിയാ പാത്രിയർക്കീസിന്റെ സഹകരണത്തോടുകൂടി അവിടെ പാത്രിയർക്കീസ് ഉണ്ടായിരിക്കയാണ്.

ഇങ്ങനെയൊരു നിശ്ചയമുണ്ടായെങ്കിലും പലപ്പോഴും വിവിധ കാരണങ്ങളാൽ ഈ പരസ്പര സഹകരണവ്യവസ്ഥ ഇരുകൂട്ടരും ലംഘിച്ചിട്ടുള്ള സംഭവങ്ങളാണു കൂടുതലും നടന്നിട്ടുള്ളത്. പലപ്പോഴും കാതോലിക്കായുടെ അറിവും സഹകരണവും കൂടാതെ പാത്രിയർക്കീസിനെ വാഴിക്കുകയും തൽകാരണത്താൽ പാത്രിയർക്കീസുമായി പൗരസ്ത്യർ നിസ്സഹകരിക്കുകയും, പാത്രിയർക്കീസിന്റെ പേരു പള്ളികളിൽ ഓർക്കുന്ന പതിവ് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. മറിച്ചും പലപ്പോഴും നടന്നിട്ടുണ്ട്. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിനു നെസ്തോർ വേദവിപരീതത്തിന്റെ ആവിർഭാവത്തോടുകൂടി ആരംഭിച്ച അധഃപതനം ക്രമേണ വർദ്ധിച്ചു വരുവാനാണിടയായത്. സെലൂക്യായിൽ നിന്നു തെഗ്രീസിലേക്ക് ആ സ്ഥാനം മാറ്റപ്പെട്ടതുതന്നെ ഇതുകൊണ്ടായിരുന്നല്ലോ. മുഹമ്മദീയ രാജ്യഭരണകർത്താക്കളിൽ നിന്നുള്ള പീഡനങ്ങളും ഈ അധഃപതനത്തിന്റെ ആക്കം കൂട്ടി. കാതോലിക്കേറ്റിന്റെ ചരിത്രം സൂക്ഷ്മമായി നിരീക്ഷണം ചെയ്താൽ, ഈ സിംഹാസനം ക്രമേണ ശക്തി ക്ഷയിച്ചു പാത്രിയർക്കീസിനു വിധേയപ്പെട്ടുവരുന്ന ഒരു ചിത്രമാണു നമുക്കു ലഭിക്കുന്നത്. ഒരു കാതോലിക്കായുടെ കാലശേഷം ദീർഘകാലത്തേക്കു സിംഹാസനം ഒഴിവായി കിടക്കുക, പാത്രിയർക്കീസ് കാതോലിക്കായെ ഇഷ്ടംപോലെ ആക്കുകയും നീക്കുകയും ചെയ്യുക, പൗരസ്ത്യരുടെ സമ്മതം കൂടാതെ സ്വന്തം ആശ്രിതന്മാരെ വാഴിക്കുക, കാതോലിക്കായെ മുടക്കുക മുതലായ നിരവധി സംഭവങ്ങൾ ഇക്കാലത്തു നടന്നിട്ടുണ്ട്. എന്നാൽ

പ്രബലന്മാരായ അത്താനാസ്യോസ് ഉറഹോയൊ, തെഗ്രീസുകാരൻ ബസ്സേലിയോസ്, ബസ്സേലിയോസ് ദ്വിതീയൻ, ഗ്രീഗോറിയോസ് ബാർ എബ്രായ മുതലായ ചില കാതോലിക്കാമാരുടെ കാലത്തു പാത്രിയർക്കീസന്മാരുടെ ഈദൃശ കൈകടത്തലുകളെ ശക്തിയുക്തം എതിർത്തു പരാജയപ്പെടുത്തിയിട്ടുള്ള സംഭവങ്ങളും ധാരാളമാണ്. കാതോലിക്കാ പാത്രിയർക്കീസിനെ മുടക്കുക, പാത്രിയർക്കീസിന്റെ പേരു പള്ളികളിൽ ഓർക്കുന്നതു നിർത്തൽ ചെയ്യുക മുതലായ സംഭവങ്ങളുടെ പട്ടികയും കുറവല്ല തന്നെ. വളരെ മഹാമനസ്കരായ ദീവന്നാസ്യോസ് ഹേഹേ, മുതലായ ചില പാത്രിയർക്കീസന്മാരും, തെഗ്രീസുകാരൻ ബസ്സേലിയോസ് മുതലായ ചില കാതോലിക്കാമാരും വളരെ താഴ്മയോടും ക്രിസ്തീയ സ്നേഹത്തോടും പരസ്പരം സമീപിച്ചു സഭയിൽ സമാധാനം പുനഃസ്ഥാപിച്ചിട്ടുള്ള പല സന്ദർഭങ്ങളിലും ഇരുസഭകളിലെയും മേൽപട്ടക്കാർ ഒരുമിച്ചുകൂടി ഇരുസഭകളും തമ്മിലുണ്ടായിരിക്കേണ്ട പരസ്പരബന്ധം, മുൻ നിഖ്യാ സുന്നഹദോസു നിശ്ചയങ്ങളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യുവാനുമിടയായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് എ.ഡി. 869-ൽ നടന്ന കപ്പർത്തുത്തൊ സുന്നഹദോസ്. ഈ നിശ്ചയങ്ങൾ പാത്രിയർക്കീസും കാതോലിക്കായും ഭരണപരമായി തങ്ങളുടെ അതിർത്തി ലംഘിച്ചുകൂടാ എന്നും, രണ്ടു സ്ഥാനികളും പരസ്പരസഹകരണത്തോടുകൂടെ വാഴിക്കപ്പെടണമെന്നും, ഈ വ്യവസ്ഥ ഒരു ഭാഗക്കാർ ലംഘിച്ചാൽ മറുഭാഗക്കാർക്കും ലംഘിക്കാമെന്നും ആണു ചുരുക്കം. തുടർന്ന് എ.ഡി. 1046-ലും എ.ഡി. 1075-ലും ഈ നിശ്ചയങ്ങൾ ആവർത്തിച്ചു സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച പലവിധ അസ്വസ്ഥതകളെകൂടി ഈ പൗരസ്ത്യ കാതോലിക്കാ സിംഹാസനം ഏതാണ്ടു 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ, നാമമാത്രമായിട്ടെങ്കിലും മൂസലിൽ തുടർന്നുപോന്നു എന്നു തോന്നുന്നു. പിന്നീട് 1912-ലാണ് ഈ സിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടത്. തൽസംബന്ധമായ വസ്തുതകളെല്ലാം സുവിദിതമാണല്ലോ. അന്ത്യോഖ്യൻ പാത്രിയർക്കേറ്റ് എന്ന പാശ്ചാത്യ വിഭാഗവും, കാതോലിക്കേറ്റ് എന്ന പൗരസ്ത്യവിഭാഗവും, രണ്ടുംകൂടി ഉൾക്കൊള്ളുന്ന ആകമാന സുറിയാനിസഭ എന്ന നിലയിലാണു സഭാചരിത്രം, കാനോൻ മുതലായവയിൽ വ്യവഹരിക്കപ്പെടുന്നതെങ്കിലും, ഈ രണ്ടു ഘടകങ്ങളും തമ്മിലുള്ള പരസ്പരബന്ധം കേവലം സൗഹാർദ്ദബന്ധം മാത്രമാണെന്നുള്ള വസ്തുതയും ഈ രേഖകളിൽ നിന്നു തന്നെ തികച്ചും വ്യക്തമാണ്. രണ്ടു മേലധികാരികളും ഒരുമിച്ച് ഒരു സ്ഥലത്തു സന്നിഹിതരാകുമ്പോൾ, പ്രഥമസ്ഥാനം പാത്രിയർക്കീസിനും രണ്ടാം സ്ഥാനം മാത്രം കാതോലിക്കോസിനും നൽകുക എന്നതാണു ഇതിലെ പ്രധാന വ്യവസ്ഥ. പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ കാതോലിക്കായും, കാതോലിക്കായുടെ സ്ഥാനാരോഹണത്തിൽ പാത്രിയർക്കീസും പ്രധാന

കാർമ്മികത്വം വഹിക്കുക എന്നുള്ളതാണ് അടുത്ത വ്യവസ്ഥ. ഈ ക്രമീകരണം നിഖ്യാ സുന്നഹദോസ് കാലത്തും തുടർന്നു ദീർഘകാലത്തേക്കും ഇല്ലായിരുന്നു എന്നും, പിൽക്കാലത്തു കാതോലിക്കേറ്റിന്റെ നിർഭാഗ്യകരമായ ശക്തി ക്ഷയിച്ച് ചില പാത്രിയർക്കീസന്മാരുടെ അധികാരമോഹവും മൂലം വന്നു സംഭവിച്ചതാണെന്നും ഞാൻ മുൻ വിവരിച്ച ചരിത്രവസ്തുതകളിൽ നിന്നും വ്യക്തമാണല്ലോ.

ഇന്നു നമ്മുടെ സഭയിൽ സംജാതമായിരിക്കുന്ന പ്രതിസന്ധിയെ ഏറ്റം ഖേദപൂർവ്വം വീക്ഷിക്കുന്നവരാണു നമ്മളെല്ലാം. എന്നാൽ പഴയ ചരിത്ര വസ്തുതകളിലേക്കു കണ്ണോടിക്കുന്നപക്ഷം ഇതൊന്നും ഈ സഭയിൽ ഒരു പുതുമയല്ലെന്നു കാണാവുന്നതാണ്. മാത്രമല്ല, പല മുൻകാല സംഭവങ്ങളുമായുള്ള താരതമ്യപഠനത്തിൽ, ഇപ്പോഴത്തെ ഈ പ്രതിസന്ധി കേവലം നിസ്സാരമാണെന്നു പോലും തോന്നാം. ഒരേസമയത്ത് അന്ത്യോഖ്യാ സിംഹാസനാവകാശികളായി നാലു പാത്രിയർക്കീസന്മാർ വരെ ഈ സഭയിലുണ്ടായിട്ടുണ്ട്. ഒരു കാതോലിക്കായുടെ കാലത്തുതന്നെ പാത്രിയർക്കീസന്മാർ അനധികൃതമായി ഇടപെട്ട് എതിർ കാതോലിക്കാമാരെ വാഴിച്ചിട്ടുണ്ട്. കാതോലിക്കാമാരും അടങ്ങിയിരിക്കാതെ ഇതിനെല്ലാം പ്രതിക്രിയകളും ചെയ്തിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഈ രണ്ടു സ്ഥാനങ്ങളും തമ്മിൽ യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ട സൗഹാർദ്ദബന്ധം യഥായോഗ്യം നിലനിന്നിട്ടുള്ള കാലഘട്ടം വളരെ അപൂർവ്വം മാത്രമാണ്. ഈ സഭയുടെ ഒരു നിർഭാഗ്യാവസ്ഥയായിരിക്കാമിത്.

എന്തായാലും ഞാൻ ഇവിടെ വിവരിച്ച ചരിത്രഭാഗങ്ങളിൽ നിന്നു ഈ രണ്ടു സ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ഏറെക്കുറെ വ്യക്തമാണ്. ഈ പൗരസ്ത്യ കാതോലിക്കേറ്റ് പാത്രിയർക്കീസുമായി സൗഹാർദ്ദബന്ധം പുലർത്തുവാനും രണ്ടു വിഭാഗങ്ങളുമുൾക്കൊള്ളുന്ന ആകമാന സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷനെന്ന നിലയിൽ പാത്രിയർക്കീസിനെ സ്വീകരിച്ചാദരിക്കുവാനും ബാദ്ധ്യസ്ഥമാണ്. എന്നാൽ ഈ ബാദ്ധ്യത തുല്യനിലയിൽ തന്നെ പാത്രിയർക്കീസിനും പാശ്ചാത്യ സുന്നഹദോസിനുമുണ്ട്. ഒരു വിഭാഗക്കാർ ഇതു ലംഘിച്ചാൽ, മറുഭാഗക്കാർക്കും അതിനുള്ള അവകാശം സിദ്ധിക്കുന്നു. ഇന്നു നമുക്കു ഭാഗ്യവശാൽ പാശ്ചാത്യ സഭാവിഭാഗം കൂടി അംഗീകരിച്ചിട്ടുള്ള, അവരുടെ കൂടെ സഹകരണത്തോടെ തികച്ചും നിയമാനുസരണം തന്നെ വാഴിക്കപ്പെട്ടിട്ടുള്ള ഒരു കാതോലിക്കായാണുള്ളത്. കാനോനികവും ഭരണഘടനാപരവുമായ മേൽവിവരിച്ച പരസ്പരബന്ധത്തിന് അനുയോജ്യമല്ലാത്ത യാതൊന്നും ഇവിടെ ആരും ചെയ്തിട്ടുമില്ല. ഈ പരിതസ്ഥിതിയിൽ പാശ്ചാത്യവിഭാഗം നിയമവിരുദ്ധമായി പ്രവർത്തിച്ചാൽ ഈ പരസ്പരബന്ധത്തിൽ നിന്ന് അവർ സ്വയം വേർപെട്ടുപോവുക എന്നതാണ് അതിന്റെ കാനോനികമായ പരിണതഫലം. ഈ ബന്ധം ഇങ്ങനെ അവർ സ്വയം വിച്ഛേദിച്ചാലും ഈ കാതോലിക്കേറ്റിനു കാനോനികമായി യാതൊരു

ന്യൂനതയും സംഭവിക്കാൻ പോകുന്നില്ല. ഈ സഭ ഈ ബന്ധം കൂടാതെ തന്നെ സ്വയം നിലനിൽക്കുവാൻ അധികാരവും അവകാശവുമുള്ള ഒരു ഘടകം തന്നെയാണ്. ആകയാൽ അര് എന്തു ഭീഷണികൾ പ്രയോഗിച്ചാലും നാം ഭയപ്പെടേണ്ട ആവശ്യമില്ല. നമുക്ക് ഈ കാതോലിക്കേറ്റിന്റെ പ. പിതാവിന്റെ പിന്നിൽ അണിനിരന്നു ധീരമായി മുന്നോട്ടുപോകാം.

ഒരു പ്രാചീന രേഖ

മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ എഡേസായിലേക്കു മാറ്റിയതിന് അദ്ദേഹം തനിക്കു ശിഷ്യപ്പെട്ട രാജാവിന്റെ മകനു മാർത്തോമ്മാ എന്ന പേരിൽ എപ്പിസ്കോപ്പാസ്ഥാനം നൽകിയിരുന്നതായി, മാർ ഗ്രീഗോറിയോസ് ബാർ എബ്രായ "ഔസർറോസെ" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് അടുത്തകാലത്ത് എന്റെ ശ്രദ്ധയിൽ പെടുവാനിടയായി. പ്രസ്തുത പുസ്തകം എന്റെ കൈവശമുള്ളതും ഞാൻ ഇതിനു മുമ്പ് ഒന്നിലധികം പ്രാവശ്യം വായിച്ചിട്ടുള്ളതുമാണെങ്കിലും താരതമ്യേന വളരെ ചെറിയ അക്ഷരങ്ങളിൽ എഴുതി, പുസ്തകത്തിന്റെ അത്രതന്നെ ശ്രദ്ധേയമല്ലാത്ത ഒരു ഭാഗത്തു കൊടുത്തിരിക്കുന്ന ഈ ഭാഗം ഇപ്പോഴാണ് എന്റെ ശ്രദ്ധയിൽ വന്നത്.

അതനുസരിച്ചു തോമ്മാശ്ലീഹായുടെയും, അദ്ദേഹം വാഴിച്ച ഈ എപ്പിസ്ക്കോപ്പായുടെയും മൃതദേഹങ്ങൾ ഒരു സ്ഥലത്തുതന്നെ അടുത്തടുത്തായി അടക്കം ചെയ്തിരുന്നു എന്നും, തോമ്മാശ്ലീഹായെ ഇന്ത്യയിലേക്ക് ആനയിച്ച ഹാബാന്റെ പൗത്രനായ ഹാബാൻ എന്നുതന്നെ പേരുള്ള ഒരാൾ അതു പിൽക്കാലത്ത് എഡേസായിലേക്കു കൊണ്ടുപോയി ആദായി ശ്ലീഹായുടെ ശവകുടീരത്തിനടുത്തു സ്ഥാപിച്ച് അവിടെ ഒരു വലിയ പള്ളി പണിതു എന്നുമാണു കാണുന്നത്. അതിന്റെ കാലത്തെക്കുറിച്ചു, തോമ്മാശ്ലീഹായുടെ മരണം കഴിഞ്ഞു നൂറ്റിമുപ്പതു സംവത്സരം കഴിഞ്ഞു എന്നാണു എഴുതിയിരിക്കുന്നത്. അതായത് എ.ഡി. 72-ൽ ശ്ലീഹാ മരിച്ചെങ്കിൽ ഈ സംഭവം എ.ഡി. 202-ൽ എന്നു വരുന്നു. തോമ്മാശ്ലീഹായ്ക്ക് "ഇരട്ട" എന്നർത്ഥമുള്ള "തോമാ" എന്ന പേരു വരുവാനുള്ള കാരണത്തെക്കുറിച്ചു പറഞ്ഞുവരുന്ന കൂട്ടത്തിലാണ് ഈ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ആ ഭാഗത്തിന്റെ പൂർണ്ണമായ പരിഭാഷ ഇതു സഹിതം അടക്കം ചെയ്യുന്നു. മാർത്തോമ്മാ ശ്ലീഹാ പട്ടക്കാരൻ പോലുമായിരുന്നില്ല എന്നാദിയായ നവീനവാദങ്ങൾ പുറപ്പെടുന്ന ഇക്കാലത്ത് ഇതു വളരെ വിലയുള്ള ഒരു രേഖയാണ്.

എഴുപതു അറിയിപ്പുകാരുടെ തലവനായ ആദായി ശ്ലീഹാ, തോമ്മാ ശ്ലീഹായോടൊരുമിച്ചു ജനിച്ച സഹോദരനാകുന്നു. അതു കാരണമാണ് അദ്ദേഹം ഇരട്ട എന്നു വിളിക്കപ്പെട്ടത്. ഇവരിരുവരും ഒരേ ഉദരത്തിൽ ഗർഭം ധരിക്കപ്പെടുകയും വളർച്ച പ്രാപിച്ചു പ്രസവിക്കപ്പെടുകയും ചെയ്തു. തെഗ്രീസു

കാരൻ കുറിയാക്കോസ് പാത്രിയർക്കീസ് തോമ്മാശ്ലീഹായെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിവരണത്തിൽ ഈ സംഗതി ഉറപ്പിച്ചു പറയുന്നുണ്ട്. "ഗാബോറെ" എന്നാദിയായ മാർ അപ്രേമിന്റെ ഒരു ഗാനം ഇതിനു തെളിവായി ഉദ്ധരിക്കയും, തോമ്മായുടെ ശരീരം ഉറഹായിലേക്ക് ആനയിക്കപ്പെട്ടു എന്നു സ്പഷ്ടമായി പറയുകയും ചെയ്തിട്ടുണ്ട്. തൽസംബന്ധമായി ഇപ്രകാരമാണു പറഞ്ഞിരിക്കുന്നത്: ഹാബാൻ എന്ന വ്യാപാരിയുടെ പൗത്രനായ ഹാബാൻ എന്നയാളിന്, അദ്ദേഹം തന്റെ നിര്യാണത്തിനുശേഷം 13 സംവത്സരം കഴിഞ്ഞ് ഒരു രാത്രിയിൽ സ്വപ്നത്തിൽ (ശ്ലീഹാ) പ്രത്യക്ഷപ്പെടുകയും, എന്റെ ജഡം എടുത്തുകൊണ്ടുപോയി ശരീരപ്രകാരവും ആത്മീയപ്രകാരവും എന്റെ സഹോദരനായ ആദായി ശ്ലീഹായുടെ ജഡത്തിന്റെ സമീപത്ത് അതിനെ സൂക്ഷിച്ചു വയ്ക്കുവാൻ നീ ബാദ്ധ്യസ്ഥനാകുന്നു; എന്നെ ഇന്ത്യയിലേക്ക് ആനയിച്ചതു നിന്റെ പിതാമഹനായ ഹാബാൻ ആകകൊണ്ട്, എന്നെ ഉറഹായിൽ, എന്റെ സഹോദരൻ ആദായി ശ്ലീഹായുടെ സമീപത്തേക്ക് ആനയിക്കുവാനുള്ള ബാദ്ധ്യത നിനക്കുള്ളതാകുന്നു എന്നു പറയുകയും ചെയ്തു. ഉടൻതന്നെ അയാൾ തോമ്മാശ്ലീഹായുടെ വിശുദ്ധജഡം ഉറഹായിലേക്കു വഹിച്ചു കൊണ്ടുപോകുകയും, അവിടെ മാർ ആദായിയുടേതിനു സമീപംതന്നെ സ്ഥാപിച്ച് ഒരു വിശിഷ്ട ദേവാലയം അവിടെ പണികഴിപ്പിക്കയും ചെയ്തു. തോമ്മാശ്ലീഹായ്ക്കു ശിഷ്യപ്പെട്ട രാജാവിന്റെ പുത്രനും അദ്ദേഹം സ്വന്തം പേരു തന്നെ നൽകി എപ്പിസ്കോപ്പാ ആക്കുകയും ചെയ്തിരുന്ന ശിഷ്യന്റെ ജഡം ഇന്ത്യയിൽതന്നെ അവശേഷിക്കയും ചെയ്തു.

അന്ത്യോഖ്യാ വിശ്വാസം

മലങ്കര സുറിയാനി സഭയിൽ ഭിന്നതകൾ ആവിർഭവിച്ചതോടുകൂടി പല സംരക്ഷണസമിതികളും രംഗപ്രവേശം ചെയ്തിട്ടുണ്ടല്ലോ. ഇവയിൽ അന്ത്യോഖ്യാ വിശ്വാസ സംരക്ഷണസഭയുടെ നാമധേയവും ലക്ഷ്യവും പരിപാടികളും വളരെ വിനോദകരവും അതേസമയം തന്നെ ദുഃഖകരവും ആണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അന്ത്യോഖ്യായുമായി ബന്ധപ്പെട്ടതിനു ശേഷമുള്ള മലങ്കര സഭാചരിത്രവും വിശ്വാസാചാരങ്ങളിൽ പാത്രിയർക്കീസന്മാർ പ്രദർശിപ്പിക്കുന്ന ചില പ്രവണതകളും പരിശോധിച്ചാൽ ഇതു സ്പഷ്ടമാകുന്നതാണ്.

1665-ൽ മലങ്കരയിൽ വന്നു വടക്കൻപറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മാർ ഗ്രീഗോറിയോസാണല്ലോ അന്ത്യോഖ്യായിൽനിന്ന് ആദ്യം മലങ്കരസഭ സന്ദർശിച്ച മെത്രാപ്പോലീത്താ. അന്നു സത്യവിശ്വാസം പുലർത്തിയിരുന്ന ഒരു പ്രാചീനസഭ മലങ്കരയിൽ ഉണ്ടായിരുന്നു എന്നുള്ളതു നിർവ്വിവാദമാണ്. 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിൽ വച്ച് ഈ സത്യവിശ്വാസത്തെ മാറ്റി റോമൻ കത്തോലിക്കാ വിശ്വാസം അടിച്ചേൽപിക്കാനാ

ണല്ലോ ആർച്ച് ബിഷപ്പ് മെനേസിസ് ശ്രമിച്ചത്. 1653-ലെ കൂനൻകുരിശു സത്യത്തോടുകൂടി റോമാബന്ധം ഉപേക്ഷിച്ച സുറിയാനിക്കാർ പുരാതനമായ അന്ത്യോഖ്യാ സഭയിൽ നിന്നുവന്ന മെത്രാനെ സഹർഷം സ്വാഗതം ചെയ്തു. എന്നാൽ ഭരണപരമായ യാതൊരു അധികാരവും പാത്രിയർക്കീസിന് അക്കാലത്തു നൽകിയില്ല എന്നുള്ളതു പിൽക്കാല നടപടികളിൽനിന്നു വ്യക്തമാണ്. ഏഴും, എട്ടും, മാർത്തോമ്മാമാരേയും രണ്ടും, മൂന്നും, നാലും, ദീവന്നാസ്യോസുമാരേയും മലങ്കരസഭയിൽ വാഴിച്ചത് അന്ത്യോഖ്യായുടെ അറിവോ സഹകരണമോ കൂടാതെയാണ്. ഒരു അന്ത്യോഖ്യാ മെത്രാനിൽ നിന്നു മേൽപട്ടസ്ഥാനം സ്വീകരിച്ച കാട്ടുമങ്ങാട്ട് റമ്പാനു മലങ്കരസഭ വിട്ടു തൊഴിയൂർ ചെന്ന് ഒരു പുതിയ സഭ സ്ഥാപിക്കേണ്ടതായി വന്നു. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെയും 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെയും സ്ഥിതി ഇതിൽനിന്നു വ്യക്തമാണല്ലോ. 1807-ൽ അന്ത്യോഖ്യായിൽ നിന്നു വന്ന ദീയസ്കോറോസിനെ സഭാകാര്യങ്ങളിൽ അനധികൃതമായി ഇടപെട്ടതിന് നാടുകടത്തേണ്ടി വന്നു. അതിനു 30-40 വർഷം മുമ്പുവന്ന മാർ ഈവാനിയോസിനെയും മൂന്നു നാലു പള്ളികളിലെ മുതൽ അപഹരിച്ചതിനു കൊച്ചി രാജാവു ബന്ധനസ്ഥനാക്കി (തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ, Vol. II, p. 205). 1825-ൽ അന്ത്യോഖ്യായിൽ നിന്നു വന്ന മാർ അത്താനാസ്യോസിനെയും സഭയിൽ കലഹം ഉണ്ടാക്കിയതിനു തിരുവിതാംകൂർ ഗവണ്മെന്റ് കപ്പൽ കയറ്റി അയച്ചു. ഇങ്ങനെ അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭയിൽ യാതൊരു അധികാരാവകാശവും ഇല്ലാതിരുന്ന അവസരത്തിലാണ്, പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോഖ്യായിൽ ചെന്നു പാത്രിയർക്കീസിൽ നിന്നു മേൽപട്ടസ്ഥാനം സ്വീകരിച്ചു വന്നത്. ചേപ്പാട്ട് ദീവന്നാസ്യോസിനെ പുറന്തള്ളാൻ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൽപന അദ്ദേഹം സമർത്ഥമായി പ്രയോഗിച്ചു. എന്നാൽ ദീവന്നാസ്യോസ് സ്ഥാനത്യാഗം ചെയ്യുന്നതുവരെ ആ കൽപനയുടെ ബലത്തിൽപോലും തിരുവെഴുത്തു വിളംബരം നേടാൻ സാധിച്ചില്ല. പിന്നീടു ലഭിച്ച തിരുവെഴുത്തു വിളംബരത്തിലാണ്, ആദ്യമായി അന്ത്യോഖ്യായെക്കുറിച്ചു പരാമർശിക്കുന്നത്. “അന്ത്യോഖ്യായിൽ നിന്ന് എഴുത്തും വാങ്ങിച്ചുംകൊണ്ടു വന്നിരിക്കുന്ന” അത്താനാസ്യോസിനു തിരുവെഴുത്തു വിളംബരം നൽകപ്പെട്ടു. “ഉഷ്ണം ഉഷ്ണേനശാന്തി” എന്ന ന്യായത്തിൽ പുലിക്കോട്ട് ജോസഫ് മാർ ദീവന്നാസ്യോസ് അന്ത്യോഖ്യായിൽ ചെന്നു പട്ടമേറ്റു വന്നു നവീകരണക്കാരെ സഭയിൽനിന്നു പുറത്താക്കാൻ ശ്രമിച്ചു.

അതേത്തുടർന്നു നടന്ന കേസിൽ അത്താനാസ്യോസിന്റെ പിൻഗാമിയും മറ്റും പരാജയപ്പെടുകയും മാർത്തോമ്മാ സഭ രൂപംകൊള്ളുകയും ചെയ്തു. ആ റോയൽ കോർട്ട് ജഡ്ജ്മെന്റിൽപോലും പാത്രിയർക്കീസിനു മൂറോൻ കൂദാശ ചെയ്യുക, മെത്രാന്മാരെ വാഴിക്കുക തുടങ്ങിയ ആത്മീയാധികാരങ്ങൾ

മാത്രമേയുള്ളു എന്നും മറ്റെല്ലാ കാര്യത്തിലും മലങ്കരസഭ സ്വതന്ത്രമാണെന്നും പ്രസ്താവിച്ചിരുന്നു. ഇതുകൊണ്ടു തൃപ്തിപ്പെടാതെയാണ് അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ വന്നു ലൗകികാധികാരം സമ്മതിച്ചുള്ള ഉടമ്പടികൾ ചില പള്ളികളിൽ നിന്നും മെത്രാന്മാരിൽ നിന്നും വാങ്ങിയത്. മലങ്കര മെത്രാപ്പോലീത്താ ഉടമ്പടി നൽകിയില്ല; മുടക്കപ്പെട്ടു. മുടക്ക് അസാധുവാണെന്നു വിധിയായി. കാതോലിക്കാ സ്ഥാപനം ഇവിടെ നിലവിൽ വന്നു. അതോടുകൂടി കാനോനികമായി പാത്രിയർക്കീസിന് ഉണ്ടായിരുന്ന ആത്മീയാധികാരങ്ങളും ഇല്ലാതെയായി. കാതോലിക്കായെയും അനുയായികളെയും സഭയിൽ നിന്നു പാത്രിയർക്കീസ് ബഹിഷ്കരിച്ചു. പാത്രിയർക്കീസ് ഭാഗത്തുനിന്നു കൊടുത്ത കേസ് സുപ്രീംകോടതി തള്ളിക്കളയുകയും കാതോലിക്കാ സ്ഥാപനവും അദ്ദേഹത്തെ അംഗീകരിച്ചിരുന്ന അസോസിയേഷനും ഭരണഘടനയും എല്ലാം നിയമാനുസൃതമാണെന്നു വിധിക്കുകയും ചെയ്തു. ഇതിനെത്തുടർന്നു പാത്രിയർക്കീസ് കാതോലിക്കായെ സ്വീകരിക്കയും പാത്രിയർക്കീസിനെ ഭരണഘടനയ്ക്കു വിധേയമായി കാതോലിക്കോസ് അംഗീകരിക്കുകയും ചെയ്തു. പാത്രിയർക്കീസ് ഇവിടെ വന്നു സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരുന്ന ഔഗേൻ കാതോലിക്കോസിന്റെ സ്ഥാനാരോഹണത്തിൽ സഹകരിച്ചു. ഇപ്പോഴിതാ, പാത്രിയർക്കീസ് മൂന്നുപേരെ മെത്രാന്മാരാക്കി മലങ്കരയിലേക്ക് അയച്ചിരിക്കുന്നു. ഇതാണ് അന്ത്യോഖ്യാ ബന്ധത്തിന്റെ സംക്ഷിപ്ത വിവരണം. കാതോലിക്കാ ഭാഗത്തു നിന്നു വിശ്വാസാചാരങ്ങളിൽ യാതൊരു വ്യത്യാസവും വരുത്തിയിരുന്നില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ സുപ്രീംകോടതിയിൽ വിജയം സാദ്ധ്യമായിരുന്നില്ല. സമാധാനത്തിനുശേഷം കാതോലിക്കോസ് വിശ്വാസാചാരങ്ങളിൽ അണുമാത്രം വ്യത്യാസം വരുത്തിയിട്ടില്ല. പിന്നെ വിശ്വാസസംരക്ഷണത്തിനു പ്രസക്തി എവിടെ? അന്ത്യോഖ്യായിൽ നിന്നു വല്ല വിശ്വാസവും ഇവിടെ കൊണ്ടുവന്നോ? അങ്ങനെ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അന്ത്യോഖ്യാ വിശ്വാസ സംരക്ഷകർ വിശദീകരിക്കുമോ?

യഥാർത്ഥത്തിൽ, ഓർത്തഡോക്സ് വിശ്വാസത്തിനും പൊതുവായ ക്രിസ്തീയ വിശ്വാസത്തിനു തന്നെയും നിരക്കാത്ത ചില അഭിപ്രായങ്ങളാണ് അന്ത്യോഖ്യാ ഭാഗത്തുനിന്നു പുറപ്പെടുവിച്ചു കാണുന്നത്. അവയിൽ പ്രധാനമായതു മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടത്വം ഇല്ല എന്നു പ്രഖ്യാപിക്കുന്ന 203-ാം നമ്പർ കൽപനയാണ്. ഈ പ്രഖ്യാപനത്തെ സാധൂകരിക്കാൻ വിഷമിക്കുന്ന ചിലർ ഇതൊരു സ്വകാര്യ കത്താണെന്നു പറയാറുണ്ട്. സ്വകാര്യ കത്തിനു നമ്പർ ഇടുമോ? പാത്രിയർക്കീസിന്റെ ഔദ്യോഗിക കൽപനകളിൽ കാണുന്ന എല്ലാ ഔപചാരിക പ്രസ്താവനകളും ഈ കൽപനയിൽ ഉണ്ട്. അതിനാൽ ഇത് ഒരു ഔദ്യോഗിക പ്രമാണം ആണ് എന്നുള്ളതിനു സംശയമില്ല. ഈ പ്രഖ്യാപനത്തെ സാധൂകരിക്കാൻ സാദ്ധ്യമല്ല എന്നു

മനസ്സിലാക്കിയ അന്ത്യോഖ്യാ ഭക്തനായ ഒരു അഭിഭാഷകൻ പറഞ്ഞത് ഈ കൽപന പാത്രിയർക്കീസ് ദേഷ്യത്തിൽ എഴുതിയതാണെന്നാണ്. രാഗദ്വേഷങ്ങൾക്ക് അതീതനായി വർത്തിക്കേണ്ട മഹാപുരോഹിതനല്ലേ പാത്രിയർക്കീസ്? ഒരു അപ്പോസ്തലനു പട്ടത്വമില്ല എന്നു പറയാനുള്ള ധൈര്യം പാത്രിയർക്കീസിന് ഉണ്ടായതിൽ അത്ഭുതപ്പെടുന്നു. എന്നാൽ മലങ്കരയിലെ ക്രിസ്ത്യാനികളെ ക്രിസ്തുവിൽ ജനിപ്പിച്ച മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടത്വം ഇല്ല എന്നു പറയുന്ന പാത്രിയർക്കീസിന്റെ വിശ്വാസം സംരക്ഷിക്കാൻ നടക്കുന്നവർ “മഹാത്ഭുതങ്ങളാണ്” എന്നു പറയാൻ തോന്നിപ്പോകുന്നു. യേശുക്രിസ്തു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചശേഷം ശിഷ്യന്മാരിൽ നിന്നു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്ത് അവർക്ക് അപ്പോസ്തലന്മാർ എന്നു പേർ വിളിച്ചു (ലൂക്കോസ് 6:12-16). അതിൽ തോമസും ഉൾപ്പെട്ടിരുന്നു. ഈ സ്ഥാനത്തുനിന്നു തോമസിനെ ആരും മാറ്റിയിട്ടില്ല. കർത്താവിനോടു കൂടി മരിക്കേണ്ടതിനു നമുക്കും യരുശലേമിലേക്കു പോകാം എന്നു പറഞ്ഞ ധീരൻ തോമാശ്ലീഹായാണ്. ഏറ്റം വിദൂരമായ ഇന്ത്യയിൽ വന്നു സുവിശേഷം അറിയിച്ചതും അദ്ദേഹം തന്നെ. “എന്റെ കർത്താവും എന്റെ ദൈവവുമേ”എന്ന് ഉയിർത്തെഴുന്നേറ്റ യേശുവിനെ സംബോധന ചെയ്തതും മറ്റാരുമല്ല. വിശുദ്ധ കുർബാനയിൽ അനേകം പ്രാവശ്യം, ഇതിനെ അനുസ്മരിച്ച് “എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ നിന്റെ തിരുമുമ്പാകെ തല കുനിക്കുന്നു” എന്നു നാം പറയുന്നില്ലേ? കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് അനുഗ്രഹിച്ചവരിൽ തോമ്മാശ്ലീഹായും ഉണ്ടായിരുന്നു. പെന്തിക്കുസ്തിയിൽ പരിശുദ്ധാത്മാവ് ആവസിച്ച സമയവും അദ്ദേഹം ഉണ്ടായിരുന്നു. ഈ പതിനൊന്നു പേരോടുകൂടിയാണ്, മത്യാസിനെ യൂദായുടെ സ്ഥാനത്തേക്കു തെരഞ്ഞെടുത്തത് (അപ്പോ. പ്രവൃ. 1:26). വേദപുസ്തകത്തിലെ ഈ ഭാഗങ്ങളെയും പാരമ്പര്യത്തെയും താൻതന്നെ എഴുതിയ ചരിത്രഗ്രന്ഥത്തിലെ പ്രസ്താവനകളെയും അവഗണിച്ചു തോമ്മാശ്ലീഹായ്ക്കു പട്ടത്വം ഇല്ല എന്നു പറയുന്ന പാത്രിയർക്കീസിന്റെ വിശ്വാസത്തെ (അതോ വേദവിപരീതത്തെയോ) സംരക്ഷിക്കുകയാണോ അന്ത്യോഖ്യാ വിശ്വാസ സംരക്ഷകരുടെ ചുമതല. അന്ത്യോഖ്യായിൽ പ്രകടമായി കാണുന്ന മറ്റൊരു അഭിപ്രായം മുടക്കിയാൽ പട്ടത്വം ഇല്ലാതാകുമെന്നാണ്. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. ഉടനെ അദ്ദേഹം വെറും ഗീവറുഗീസ് ആയി പോലും. കാനോനിക പാത്രിയർക്കീസ് ആയിരുന്ന അബ്ദൽ മിശിഹായിൽ നിന്നു സ്ഥാനം ഏറ്റ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി വെറും വൃദ്ധനായ പുന്നൂസായി. തനിക്ക് അതിനു മുമ്പ് ഉണ്ടായിരുന്ന റമ്പാൻ സ്ഥാനവും പോയോ എന്നു ബാവാ തിരുമേനി ചോദിച്ചതു കേട്ടിട്ടുണ്ട്. കുറെ ശുദ്ധന്മാർ ഇതൊക്കെ ശരിയാണെന്നു വിശ്വസിച്ചു. എന്നാൽ ഒരു സുപ്രഭാതത്തിൽ “വൃദ്ധൻ പുന്നൂസ്” ഒരു സ്വീകരണ കൽപന മൂലം പൗരസ്ത്യ കാതോലിക്കായാണെന്നു പാത്രിയർക്കീസ് സമ്മതിച്ചു. ഇതൊക്കെയാണോ സംരക്ഷിക്കേണ്ട അന്ത്യോഖ്യാ വിശ്വാസം.

യേശുക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ച് ഓറിയന്റൽ ഓർത്തഡോക്സ് സഭകളും, മറ്റ് ഓർത്തഡോക്സ് സഭകളും, റോമൻ കത്തോലിക്കാ സഭയും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. മലങ്കര സുറിയാനി സഭ ഉൾപ്പെട്ട ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കൽക്കദൂന്യാ സുന്നഹദോസും മറ്റും അംഗീകരിക്കുന്നില്ലല്ലോ. നമ്മെ ഏകസ്വഭാവവാദികൾ എന്നും കൽക്കദൂന്യാ സുന്നഹദോസ് സ്വീകരിക്കുന്ന സഭക്കാരെ ഇരു സ്വഭാവവാദികളെന്നും വിളിക്കുന്നു. ഈ വിടവു നികത്താനായി ചർച്ചകൾ നടന്നുവരുന്നതേയുള്ളു. എന്നാൽ പാത്രിയർക്കീസ് ബാവാ തിരുമേനിയും മാർപാപ്പാ തിരുമേനിയും കൂടി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ കർത്താവിന്റെ സ്വഭാവത്തെക്കുറിച്ച് ഇരുസഭകളും തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ലെന്നു പ്രസ്താവിച്ചിരിക്കുന്നു. വിശ്വാസ ഐക്യമുള്ള ഇതരസഭകളുമായോ സ്വന്തം സഭയിലെ സുന്നഹദോസുമായോ ആലോചിക്കാതെ പാത്രിയർക്കീസ് ചെയ്ത ഈ പ്രസ്താവന ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പരമ്പരാഗതമായ നിലപാടിനും ഔചിത്യത്തിനും നിരക്കാത്തതാണെന്നുള്ളതിനു സംശയമില്ല. പത്രോസിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന തനിക്കു മാർപാപ്പായെപ്പോലെയുള്ള അധികാരങ്ങൾ ഉണ്ടെന്ന തോന്നലാണ് ഇതിനു പ്രേരിപ്പിച്ചതെന്നു ന്യായമായി അനുമാനിക്കാവുന്നതാണ്. സഭയിൽ ഒരു സിംഹാസനമേ ആകാവൂ. അതു പത്രോസിന്റെ സിംഹാസനമാണ്. കാതോലിക്കാ, മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു എന്ന് എഴുതാൻ പാടില്ല എന്നൊക്കെ പറയുന്നതും ഈ ചിന്താഗതിക്ക് അനുസൃതമായിട്ടാണ്. പത്രോസിനു സമന്മാരിൽ മുമ്പൻ എന്ന സ്ഥാനമേ ഓർത്തഡോക്സ് സഭ നൽകിയിട്ടുള്ളു. തുബ്ദേനിൽ തന്നെ ശ്ലീഹന്മാരിൽ തലവന്മാരായ മാർ പത്രോസും മാർ പൗലൂസും എന്നാണല്ലോ കാണുന്നത്. അതുകൊണ്ടു മാർത്തോമ്മാ ശ്ലീഹായ്ക്ക് ഈ സഭയിൽ സിംഹാസനം ഉണ്ടാകുന്നതിൽ യാതൊരു അസാംഗത്യവും ഇല്ല. "നിങ്ങൾ സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും" എന്നു യേശുക്രിസ്തു എല്ലാ അപ്പോസ്തോലന്മാരോടു കൂടെയും ആണല്ലോ കൽപിച്ചത് (ലൂക്കോസ് 22-30). ശ്ലീഹാ ആണെങ്കിൽ സിംഹാസനം ഉണ്ടെന്ന് ഉപബോധമനസ്സിൽ ബോദ്ധ്യമുള്ളതുകൊണ്ടായിരിക്കാം, മാർത്തോമ്മായ്ക്കു പൗരോഹിത്യം ഇല്ലെന്നു പാത്രിയർക്കീസ് പറയുന്നത്. ഇതെല്ലാം വെളിവാക്കുന്നതു സ്വന്തം സ്ഥാനത്തിന്റെ മഹിമ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പത്രോസിന്റെ സിംഹാസനത്തിന്റെ മേന്മ, മാർപാപ്പായുടേതുപോലെ ആക്കുന്നതിനു ശ്രമം നടക്കുന്നു എന്നാണ്. ഓർത്തഡോക്സ് സഭയിൽ പരമാധികാരം ഒരു വ്യക്തിയിൽ അല്ല (പാത്രിയർക്കീസിലും കാതോലിക്കോസിലും അല്ല) സുന്നഹദോസിലാണ്. ആ തത്ത്വത്തെ തുച്ഛീകരിക്കാനുള്ള പ്രവണത, പാത്രിയർക്കീസും മാർപാപ്പായും കൂടി പുറപ്പെടുവിച്ച പ്രസ്താവനയിൽ സ്പഷ്ടമായി കാണാം.

മലങ്കരസഭ, അന്ത്യോഖ്യാ സഭയുടെ പുത്രികാസഭയാണെന്ന ധാരണയിലാണ് പാത്രിയർക്കീസ് പെരുമാറുന്നത്. മാത്യൂസ് മാർ കൂറിലോസ് തിരുമേനി പാത്രിയർക്കീസ് ബാവാ തിരുമേനിയെ അനേക വർഷങ്ങൾക്കു മുമ്പ് സന്ദർശിച്ചപ്പോൾ, മലങ്കരസഭ അന്ത്യോഖ്യായുടെ പുത്രികാസഭ ആണെന്ന് പാത്രിയർക്കീസ് പറയുകയും അങ്ങനെയല്ല സഹോദരീസഭ ആണെന്ന് കൂറിലോസ് തിരുമേനി മറുപടി പറയുകയും ചെയ്ത സംഭവം ഇപ്പോൾ ഓർമ്മയിൽ വരുന്നു. പത്രോസ് ശ്ലീഹാ, അന്ത്യോഖ്യായിലും തോമ്മാശ്ലീഹാ മലങ്കരയിലും സഭ സ്ഥാപിച്ചു. മലങ്കരസഭ, അന്ത്യോഖ്യാ സഭയുടെ പുത്രികാസഭയാണെന്ന ധാരണയിലാണ് പാത്രിയർക്കീസ് പെരുമാറുന്നത്. മാത്യൂസ് മാർ കൂറിലോസ് തിരുമേനി പാത്രിയർക്കീസ് ബാവാ തിരുമേനിയെ അനേക വർഷങ്ങൾക്കു മുമ്പ് സന്ദർശിച്ചപ്പോൾ, മലങ്കരസഭ അന്ത്യോഖ്യായുടെ പുത്രികാസഭ ആണെന്ന് പാത്രിയർക്കീസ് പറയുകയും അങ്ങനെയല്ല സഹോദരീസഭ ആണെന്ന് കൂറിലോസ് തിരുമേനി മറുപടി പറയുകയും ചെയ്ത സംഭവം ഇപ്പോൾ ഓർമ്മയിൽ വരുന്നു. പത്രോസ് ശ്ലീഹ, അന്ത്യോഖ്യായിലും തോമ്മാശ്ലീഹാ മലങ്കരയിലും സഭ സ്ഥാപിച്ചു. മലങ്കരയിലേത് എങ്ങനെ അന്ത്യോഖ്യായിലെ സഭയുടെ പുത്രികാസഭയാകും? ഈ തെറ്റായ ധാരണയിലാണ് അന്ത്യോഖ്യർ മലങ്കരയോട് ഒരു കോളനിയെന്ന നിലയിൽ പെരുമാറാൻ ശ്രമിക്കുന്നത്. കടവിൽ മാർ അത്താനാസ്യോസു തന്നെ അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ മലങ്കരസഭയുടെ സ്വതന്ത്രമായ നിലനിൽപ്പിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടല്ലോ. അന്ത്യോഖ്യാ വിശ്വാസ സംരക്ഷകർ അന്ത്യോഖ്യായുടെ ഈ മനോഭാവത്തെക്കുറിച്ച് എന്തു പറയുന്നു എന്ന് അറിയാൻ കൗതുകമുണ്ട്.

സന്യാസജീവിതത്തിനും വ്രതാനുഷ്ഠാനങ്ങൾക്കും പൗരസ്ത്യ സഭയിൽ ഉന്നതമായ സ്ഥാനമാണുള്ളതത്. എപ്പിസ്കോപ്പാമാരെ രാജർഷിമാരായി മലങ്കര സഭാംഗങ്ങൾ പരിഗണിക്കുന്നു, അവരും ഋഷിതുല്യമായ ജീവിതം നയിച്ചുവരുന്നു. റമ്പാൻ സ്ഥാനത്തേക്ക് പ്രവേശിക്കുന്നതു മുതൽ അവർ മാംസഭക്ഷണം വെടിയുന്നു. എന്നാൽ അന്ത്യോഖ്യായിൽ മേൽപട്ടക്കാർക്ക് മാംസം ഭക്ഷിക്കാം. പാത്രിയർക്കീസ് ബാവാ തിരുമേനി മലങ്കര സന്ദർശിച്ചപ്പോൾ പരുമല വച്ച് ജോർജ്ജ് വള്ളക്കാലിൽ അദ്ദേഹത്തോട് ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുകയും, മാംസഭക്ഷണം ഉപയോഗിക്കുമെങ്കിലും മലങ്കരെ താമസിക്കുമ്പോൾ സ്ഥലത്തെ മെത്രാന്മാരെപ്പോലെ അത് വർജ്ജിക്കുമെന്നും തിരുമേനി പറയുകയുണ്ടായി. നോമ്പുകൾ പാത്രിയർക്കീസ് ബാവാ തിരുമേനി ലാഘവപ്പെടുത്തിയെങ്കിലും അതിൽ കാലംചെയ്ത കാതോലിക്കാ ബാവായ്ക്കു (കുറിച്ചി) എത്ര അതൃപ്തിയായിരുന്നു എന്നുള്ള കാര്യം രഹസ്യമല്ലല്ലോ. വ്രതാനുഷ്ഠാനങ്ങളിലും ജീവിതവിശുദ്ധിയിലും മലങ്കരയിലെ മെത്രാന്മാരും പട്ടക്കാരും ജനങ്ങളും അന്ത്യോഖ്യായിലെ ആളുകളേക്കാൾ

ഒട്ടും പിന്നോക്കമല്ല. വളരെ മെച്ചമാണെന്നു തന്നെ ധൈര്യപൂർവ്വം അവകാശപ്പെടാം. വിദ്യാഭ്യാസ സാംസ്കാരിക നിലവാരങ്ങളിൽ മലങ്കരയിലെ ജനങ്ങൾ അന്ത്യോഖ്യയിലെ ജനങ്ങളെക്കാൾ എത്ര മുൻപന്തിയിലാണെന്ന് അതേക്കുറിച്ച് അന്വേഷിച്ചിട്ടുള്ള എല്ലാവർക്കും അറിവുള്ള കാര്യമാണ്. അന്ത്യോഖ്യായിലെ ജനങ്ങളെ ഈ രംഗങ്ങളിൽ ഉയർത്തുന്നതിന് ഒരു മിഷൻ സംഘടിപ്പിക്കേണ്ടതാണെന്ന് സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ ഒരു വാർഷികത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട് പരേതനായ സി. പി. മാത്തൻ പ്രസ്താവിച്ചത് ഓർക്കുന്നു. ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്ന ഏറ്റവും നല്ല വിദ്യാലയം തന്നെ മലങ്കരയിലാണ്.

അഖിലലോക ഓർത്തഡോക്സ് വേദശാസ്ത്രജ്ഞന്മാരുടെ മുന്നണിയിൽ നിന്ന പണ്ഡിതന്മാർ മലങ്കരയിലാണ്. ഇതെല്ലാം വിസ്മരിച്ച് അന്ത്യോഖ്യാ വിശ്വാസം സംരക്ഷിക്കുന്നതിന് കച്ചകെട്ടി ഇറങ്ങിയിരിക്കുന്നവരെക്കുറിച്ച് ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു. മലങ്കരയിൽ ഒന്നാം നൂറ്റാണ്ട് മുതൽ ഒരു ക്രിസ്തീയസഭ ഉണ്ടെന്നും അത് ഒരു അപ്പോസ്തോലൻ സ്ഥാപിച്ചതാണെന്നും ആ വിശ്വാസം, അന്ത്യോഖ്യരുടെ സഹായം കൂടാതെ, റോമൻ കത്തോലിക്കരിൽ നിന്നും പ്രൊട്ടസ്റ്റന്റുകാരിൽ നിന്നും പലവിധത്തിൽ ഉണ്ടായ പീഡകളെ ചെറുത്ത് നമ്മുടെ പൂർവ്വികന്മാർ സംരക്ഷിച്ചതാണെന്നും വിസ്മരിക്കുന്നത് എത്ര ഖേദകരമാണ്. അന്ത്യോഖ്യാ വിശ്വാസം സംരക്ഷിക്കുന്നു എന്ന ഭാവേന സ്വന്തം വാശിയും വൈരാഗ്യവും സാധിക്കാനായി മാതൃസഭയെ നശിപ്പിക്കുകയല്ലേ ചെയ്യുന്നതെന്ന് ചിന്തിക്കണമെന്ന് ഇവരോട് അഭ്യർത്ഥിക്കുന്നു. ഭരിക്കാനല്ല തങ്ങളെ വാഴിച്ചത് എന്ന് അഭിനവ മെത്രാന്മാർ പറയുന്നു. അവർ ഭരണത്തിൽ ഇടപെടുന്നില്ലേ? ഒരു ഇടവക മെത്രാപ്പോലീത്തായുടെ അധികാരസീമയിൽ അദ്ദേഹത്തിന്റെ അറിവും സമ്മതവും കൂടാതെ പ്രവേശിക്കുന്നത് ഏതു കാനോൻ നിയമം അനുസരിച്ചാണ്? തങ്ങൾക്ക് കർത്താവിന്റെ സ്ലീബായും പത്രോസിന്റെ വടിയും ഉണ്ട്. അതു മതി എന്നു പറയുന്ന മെത്രാൻ തന്നെ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾക്ക് എതിരായി രാഷ്ട്രീയഭീഷണി മുഴക്കി. തങ്ങളുടെ അഭിപ്രായങ്ങളെ മാനിക്കുന്നവരെ മാത്രമേ നിയമസഭയും ലോക്സഭയും കാണിക്കയുള്ളൂ എന്ന്. രാഷ്ട്രീയ ഭിന്നതകൾക്കും വഴിതെളിച്ചു, നിരീശ്വരന്മാരുടെ വിജയത്തിനു കളം ഒരുക്കുന്നതിന് ഇതിൽ കൂടുതൽ എന്തു ചെയ്യണം. ഈ പ്രസ്ഥാനത്തിന്റെ അന്തസ്സാരവിഹീനതയെയും വിനാശകരങ്ങളായ ഫലങ്ങളെയും കുറിച്ച് സഭാംഗങ്ങൾ ഗാഢമായി ചിന്തിക്കണമെന്ന് അപേക്ഷിക്കുന്നു.

ഭിന്നതയ്ക്കു കാരണം

ഇപ്പോഴത്തെ ഭിന്നത കാതോലിക്കാബാവാ "സിംഹാസനം" എന്ന വാക്ക് ഉപയോഗിച്ചതുകൊണ്ടാണ് എന്നും അതുപേക്ഷിച്ചാൽ എല്ലാം തീരുമെന്നു പറയുന്നതും മൗഢ്യമാണ്. ഇപ്പോഴത്തെ ഭിന്നത വളരെ കരുതിക്കൂട്ടി പ്ലാൻ

ചെയ്ത ഒരു സംരംഭത്തിന്റെ ഫലമാണ്. 1958-ലും 1964-ലും അസംതൃപ്തരായ ഒരു വിഭാഗം ആളുകൾ ഉണ്ടായിരുന്നു. അന്ന് അത് ഉപയോഗപ്പെടുത്താൻ നിവൃത്തിയില്ലാത്തവണ്ണം രണ്ടു മെത്രാപ്പോലീത്തന്മാർ വടക്കു ധീരമായി നിന്നിരുന്നു. കേസ് തോറ്റപ്പോൾ സമാധാനം ഉണ്ടാകാത്തപക്ഷം കെ. പി. ഏബ്രഹാമിന്റെയും ഡോ. പി. റ്റി. തോമസിന്റെയും ആജ്ഞാനുവർത്തിയായി ഭരിക്കേണ്ടിവരുമെന്നു മാർ ഗ്രീഗോറിയോസ് മനസ്സിലാക്കി മുമ്പോട്ടിറങ്ങിയാണു മാർ യൂലിയോസിന്റെ മേൽ സമ്മർദ്ദം ചെലുത്തിയത്. കേസു കഴിഞ്ഞ് ഉടൻ ആലുവായിൽ കൂടിയ പട്ടക്കാരുടെ മീറ്റിംഗിൽ പാത്രിയർക്കീസിന്റെ കൽപന വായിച്ചതിൽ സമാധാനത്തിന്റെ ഒരു സൂചനയുമില്ല. ജഡ്ജുമെന്റു ശരിയല്ലെന്നും ഉറച്ചുനിന്നോളാനുമാണു പറഞ്ഞത്. ഞാൻ കേട്ടതാണു കൽപന. 15 ദിവസം കഴിഞ്ഞു പരസ്പര സ്വീകരണം നടക്കുകയും ചെയ്തു.

ആബൂദി മെത്രാച്ചനും ശമുവേൽ മാർ അത്താനാസ്യോസ് മെത്രാച്ചനും ഇവിടെ വന്നു സ്ഥിതിഗതികൾ ശരിക്കും പഠിച്ചു. പല കാരണങ്ങളാൽ അസംതൃപ്തരായ കുറെ ആളുകളും അച്ചന്മാരും ഉണ്ടെന്നും അവരെ സംഘടിപ്പിച്ചാൽ ഒരു ചെറിയ സഭയെ അന്ത്യോഖ്യർക്കു കീഴിൽ നിലനിർത്താമെന്നും മനസ്സിലാക്കി. കേസിന്റെ പരിതാപകരമായ തോൽവി പരസ്പര സ്വീകരണത്തിൽ അന്തർഭവിച്ച നാണംകേട് ('പുന്നൂസ്' ബസ്സേലിയോസായത്) തങ്ങൾ വെറുത്തിരുന്ന കാതോലിക്കാ ദിനത്തിന് ആണ്ടുതോറും പണം കൊടുക്കുക, സെമിനാരിക്കു പണം കൊടുക്കുക (വടക്ക് ഇങ്ങനെയുള്ള പിരിവു സാധാരണയല്ല) സ്വന്തം ഭദ്രാസനത്തിലെ ആളുകളെ മെത്രാന്മാരായി കിട്ടാതിരിക്കുക - ഇവയൊക്കെ വടക്കരുടെ അസംതൃപ്തിക്കു കാരണമായി. ഇതോടുകൂടി സഭയുടെ ഭാവിയെപ്പറ്റി ഒരു ദർശനവും ഇല്ലാത്തതും വളരെ അധികം ദുഷിച്ചതുമായ കുറെ പട്ടക്കാർ യാതൊരു ശിക്ഷണത്തിനും വഴങ്ങാതെ കഴിയുന്നതിൽ സന്തോഷിക്കുന്നവരായി ആ രംഗത്തുണ്ട്. നല്ല ആളുകൾ ശബ്ദം ഉണ്ടാക്കുന്നവരല്ല, അവർക്ക് ഒന്നും ചെയ്യാൻ ശക്തിയുമില്ല.

വളരെ ബോധപൂർവ്വം തിരഞ്ഞെടുത്ത രണ്ടു കാര്യങ്ങളാണ് ഇന്നത്തെ അടിസ്ഥാന കാര്യങ്ങൾ. 1) സഭയുടെ അപ്പോസ്തോലിക പിന്തുടർച്ചയും പാരമ്പര്യവും ചോദ്യം ചെയ്യപ്പെടുക. 2) ഡലിഗേറ്റു പ്രശ്നം. ഇതു രണ്ടും കാതോലിക്കാ പക്ഷക്കാർ എത്രയും ശക്തിയായി എതിർക്കുമെന്നും ഈ പാറയിൽ സഭയെ രണ്ടാക്കാമെന്നും കണ്ടുപിടിച്ചു. "അന്ത്യോഖ്യ അപകടത്തിൽ", "Islam in danger" പോലെ മുദ്രാവാക്യം മുഴക്കി സാധാരണക്കാരുടെ വികാരം ഇളക്കി ഒരു കൂട്ടം ആളുകളെ ശേഖരിച്ചു സംഘടിപ്പിക്കാമെന്നും തീരുമാനിച്ചു. പാത്രിയർക്കീസ്, മാർപാപ്പാ പോലാണെന്നു പഠിച്ചും പഠിപ്പിച്ചും ഇരിക്കുന്ന ഒരു ജനത ഇളകുന്നതിൽ അത്ഭുതപ്പെടാനില്ല. ഒരുമിച്ചു നിൽക്കാമെങ്കിൽ എത്ര മെത്രാനെ വേണമെങ്കിലും കൊടുക്കാമെന്നും വാക്കുകൊടുത്തതു കൊണ്ടാണ് ആരംഭിച്ചത്. അങ്ങനെ ഒക്കെ ഇപ്പോൾ

നടന്നുകഴിഞ്ഞിരിക്കുന്നു താനും. എത്രയോ ശീഘ്രത്തിലാണു സ്ഥാനാഭിഷേകം നടത്തിയത്. കേസിൽ പുതിയ മെത്രാന്മാർക്കു ഗുണം വരികയില്ല തീർച്ചതന്നെ. പക്ഷേ അവരെ ബലം ചെയ്തു പള്ളികളിൽ കയറ്റാനും കാവൽ നിൽക്കാനും, കാതോലിക്കാ പക്ഷത്തെ മെത്രാന്മാരെ തടയാനും മടിക്കയില്ല. ആലുവാ സംഭവങ്ങൾ കാണുക. ഇതൊക്കെയാണെങ്കിലും സംഗതികൾ വിശദമായി ജനങ്ങളെ ധരിപ്പിച്ചാൽ കുറെ ഒക്കെ വ്യത്യാസം വരും എന്നാണ് എന്റെ അഭിപ്രായം. വീരരാഘവ അയ്യങ്കാരുടെ വിധിക്കുശേഷം മാമ്മൻ മാപ്പിള എഴുതിയ ലേഖനങ്ങൾ വിലയേറിയതാണ്.

സിംഹാസനം പാവപ്പെട്ട ഒരപ്പോസ്തോലനും ചിന്തിച്ചതേയില്ല. ഉണ്ടെങ്കിൽ അത് എല്ലാവർക്കുമുണ്ട്. അതിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം ഉപേക്ഷിക്കാവുന്നതല്ല. ബാവാമാർ Servants of the Servants of Christ ആണ്. മാർപാപ്പാ അങ്ങിനെയാണു Vatican Council Decree-യിൽ ഒപ്പു വച്ചിരിക്കുന്നിടത്ത് എഴുതിയിരിക്കുന്നത്. "സിംഹാസനം" എന്ന് ഉപയോഗിച്ചിരിക്കുന്നത് ഈയിടെ യാദൃച്ഛികമായി പാത്രിയർക്കീസു കണ്ടു എന്നു പറയുന്നതു എത്രയോ അസത്യം. കാലംചെയ്ത ബാവാ എത്രയോ മുമ്പ് അത് ഉപയോഗിച്ചു വന്നു. പാത്രിയർക്കീസ് ബാവാ റമ്പാനായിരുന്നപ്പോൾ അതു കണ്ടിട്ടില്ലേ? സ്വീകരണ കൽപനയിൽ അതില്ലേ? ഈ മാർ ഔഗേൻ ബാവാ എന്താണു പുത്തനായിട്ടു ചെയ്തത്? ആ സാധുവിന്റെ അതിവിനയത്തിൽ കടന്ന് അദ്ദേഹത്തെ അമർത്താമെന്നാണു ഇപ്പോൾ കരുതുന്നത്. അതിനദ്ദേഹം വഴങ്ങുകയില്ല, വഴങ്ങരുത്. പീഡകൾ എപ്പോഴും സഭയെ, വ്യക്തികളെ ശുദ്ധീകരിക്കയാണു പതിവ്. മാർ ഔഗേൻ ബാവാ എന്താണു പുതുതായി ചെയ്തതെന്നു ഞാൻ മങ്ങാട്ടംപിള്ളി അച്ചനോടു ചോദിച്ചു. ഒന്നും പറയാനുണ്ടായിരുന്നില്ല. "കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴിൽ അനുസരിച്ചു നിൽക്കേണ്ടതാണ്" എന്നു പറഞ്ഞു. ഫാ. കെ. റ്റി. സഖറിയാ 1959-ൽ മാർ പീലക്സിനോസ് ഭിന്നിച്ചുനിന്നപ്പോൾ അതിനെതിരേ ശക്തിയായി മാർ സേവേറിയോസിനോടുകൂടി നിന്ന് എതിർത്തതാണ്. ഇവരുടെ നായകത്വമാണു പുതിയ സംരംഭത്തിനുള്ളത്. പക്ഷേ, അവർ ഉണ്ടാക്കുന്ന ഭിന്നിപ്പു കുറച്ചു നിലനിൽക്കും. കാതോലിക്കാ വാഴ്ചയിൽ വന്നു സംബന്ധിക്കുന്നതിനേക്കാൾ നല്ലതല്ലേ ഒരു ചെറിയ വിഭാഗം നേരിട്ടു കീഴിൽ ഉള്ളത്. ശീമക്കാർക്കു സഭയുടെ ശക്തി ക്ഷയിക്കുന്നു എന്നു മാത്രം. അവർ അതു കണ്ടു പരിചയിച്ചവരാണ്. ശീമക്കാരെ വിശ്വസിക്കാൻ കൊള്ളുകയില്ലെന്നു വട്ടശ്ശേരിൽ മെത്രാച്ചൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തോട് എത്ര തരത്തിൽ മാർ ഏലിയാസ് ബാവാ പെരുമാറി. പ്രകടനം കൊണ്ടും കാതോലിക്കാ ദിനാചരണം കൊണ്ടും മാത്രം വലിയ പ്രയോജനം ഉണ്ടാവുകയില്ല. ഈ പുതിയ മെത്രാന്മാർ (ആരും അറിയാതെ പട്ടം ഏറ്റു വരുന്നവരുടെ) പുറകെ പോകാതിരിക്കാനും പ്രിവിലെജസ് കളയാതിരിക്കാനും ജനസമുദായം ഉണർന്നിരി

ക്കാൻ അവരെ ആഹ്വാനം ചെയ്യണം. 1958-ലും 1964-ലും ഒന്നും നടക്കാതിരുന്നെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു. ഇന്നങ്ങിനെയല്ല. ഭക്തന്മാരും സഭയെക്കുറിച്ചു ചിന്തയുള്ളവരും പള്ളിവഴക്കിൽ ചെന്നു ചാടുകയോ? അവരുടെ ആത്മീയ കാര്യങ്ങൾ നടന്നാൽ മതി എന്നു വിചാരിച്ചു മൗനിയായി കഴിച്ചുകൂട്ടും. പള്ളിവിട്ട് ആരും പുറത്തു പള്ളികെട്ടി പോവുകയില്ല. പുതിയ മെത്രാന്മാർ ഒരുമിച്ചു നിന്നു പ്രവർത്തിക്കാനാണു സാദ്ധ്യത. അവരുടെ കൂടെ ആളുകൾ കൂടും. വിധി ദോഷം വന്നാലും ബലം പ്രയോഗിച്ചു നിൽക്കാൻ ശ്രമിക്കും. വിവരമില്ലാതെയുള്ള അന്ത്യോഖ്യാപ്രേമം മാറ്റാൻ പ്രയാസമാണ്. യുവാക്കന്മാർ പള്ളിയിൽ നിന്നകന്നുപോയി. തിരിച്ചു വരുത്താൻ ശ്രമമില്ല. എല്ലാം കഷ്ടം തന്നെ, ദൈവം എല്ലാം നന്മയ്ക്കായിട്ടു തിരിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

സുന്നഹദോസും ബാവായും എടുത്തിട്ടുള്ള നില എത്രയും ശരിയാണ്. “സിംഹാസന” പ്രയോഗം പാടെ ഉപേക്ഷിച്ചു നല്ലപുള്ളി ചമയാവുന്നതല്ല. “മാർത്തോമ്മാ”മാരുടെ അപ്പോസ്തോലിക പിന്തുടർച്ചയും കൈവെയ്പും വിസ്മരിക്കപ്പെട്ട് ആറാം മാർത്തോമ്മാ മുതൽ നമ്മുടെ നില കളഞ്ഞുകുളിച്ചാണു പോന്നത്. ഒടുവിൽ പുലിക്കോട്ടു മെത്രാച്ചൻ മരിക്കുന്നതിനു രണ്ടു മാസം മുമ്പ് ഔദ്യോഗികമായി മാർ ഒസ്താത്തിയോസ് ഡെലിഗേറ്റായും രംഗപ്രവേശം ചെയ്തു. ആ കല്പന വായിക്കുമ്പോൾ ഞാൻ സെമിനാരിയിൽ 1084-ൽ ഉണ്ട്. ഡലിഗേറ്റു കഷായം കൈപ്പോടെയാണ് ആലുവായിലെ മാർ അത്താനാസ്യോസ് തിരുമേനി തന്നെ കുടിച്ചിരുന്നത്. എന്നോടുതന്നെ പറഞ്ഞിട്ടുണ്ട്. “മാർ തീമോത്തിയോസിന്റെ” ഉടമ്പടിയിലും അതുണ്ട്.

മാർ അബ്ദൽ മിശിഹാ വഴി പുനഃസ്ഥാപിച്ച കാതോലിക്കേറ്റ് അഥവാ നഷ്ടപ്പെട്ടുപോയ അപ്പോസ്തോലിക പദവി, വീണ്ടെടുത്തതും, യാക്കോബ് തൃതീയൻ അരക്കിട്ടു സഭ മുഴുവനും ബാധകമാക്കിയതുമായ കാതോലിക്കേറ്റ്, ഇനി താഴ്ത്തിക്കെട്ടാൻ അനുവദിച്ചു കൂടാ. മാർ അപ്രേം ചിങ്ങവന സത്യഗ്രഹകാലത്ത് അയച്ച വ്യവസ്ഥകളിലേക്കു നോക്കിയാൽ അറിയാം ശീമക്കാരുടെയും പാലാമ്പടത്തിന്റെയും ഉദ്ദേശ്യം. ഒന്നു തുമ്മാൻപോലും പാടില്ലാത്ത പപ്പെറ്റു കാതോലിക്കാ ആണ് അതിൽ ഉള്ളത്. സകലതിനും പാത്രിയർക്കീസിന്റെ അനുമതി വേണം. ശൽമൂസാ എഴുതികൊടുക്കേണ്ടതു പാത്രിയർക്കീസിനാണ്. വാഴ്ച ഇവിടെ നടത്താമത്രെ.

നമ്മുടെ അപ്പോസ്തോലിക പദവിയും പിന്തുടർച്ചയും കാണിക്കുന്ന സിംഹാസനപ്രയോഗം പാടെ കളഞ്ഞാൽ കാലപ്പഴക്കത്തിൽ എല്ലാം നഷ്ടപ്പെട്ടതായി വ്യാഖ്യാനിക്കപ്പെടും. മാർ ഔഗേൻ ബാവാ വിനയാധിക്യം കൊണ്ടു കുറച്ചുനാൾ “സിംഹാസനം” ഉപയോഗിക്കാതിരുന്ന് ഇപ്പോൾ ഉപയോഗിച്ചപ്പോൾ തന്നെ പത്തി വിടർത്തിയിരിക്കുന്നു. പാത്രിയർക്കീസ് വന്നില്ലെങ്കിൽ തന്നെ ഇവിടെ വാഴിക്കാനുള്ള അവകാശം നിലനിറുത്തുന്നതിനും

സിംഹാസനപദം ആവശ്യമുള്ളിടത്ത് ഒക്കെത്തന്നെ ഉപയോഗിക്കണം. അല്ലെങ്കിൽ ദൂരവ്യാപകമായ ദോഷം സംഭവിക്കും. ഇതൊക്കെ കണ്ടുകൊണ്ടാണു കാലംചെയ്ത ബാവാ അവസരോചിതമായി അതുപയോഗിച്ചു വന്നത്. സുപ്രീംകോർട്ടിൽ തോറ്റെങ്കിലും സാവകാശത്തിലും അനുഭവത്തിലും അതെല്ലാം നഷ്ടപ്പെടുത്തിയാൽ തങ്ങൾ ജയിച്ചു എന്നു വരുത്താനാണു പുതിയ യാക്കോബായ അസോസിയേഷൻ തുടങ്ങുന്നത്. ഇതുവരെ അബ്ദൽ മിശിഹായ്ക്കു പട്ടമില്ലെന്നു പാടി. ഇപ്പോൾ മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടമില്ലെന്നു പാടുന്നു. ഇതൊക്കെ കേൾക്കാൻ കുറെ ആളുകൾ ഉണ്ട്. സഭ ഈ കാരണത്താൽ രണ്ടാകുന്നതിൽ എനിക്കു ഖേദമില്ല. നാം ശരിക്കു നിയമാനുസരണം നിന്നാൽ ഇളകാതെ "സമാധാനം", "സമാധാനം" എന്നൊക്കെ പറഞ്ഞ് അലസരാകാതെ ഇരുന്നാൽ അധികം താമസിയാതെ മാർത്തോമ്മായ്ക്കു പട്ടമുണ്ടെന്നു സമ്മതിച്ചുകൊള്ളും. സിംഹാസനം ഉപയോഗിക്കുന്നതിനെയും സ്വാഗതം ചെയ്യും. ഒരുപക്ഷേ അടുത്തതോ, അല്ലെങ്കിൽ അതിനടുത്തതോ പാത്രിയർക്കീസായിരിക്കും ചെയ്യുന്നത്. ചെയ്തില്ലെങ്കിലും ഒന്നും വരാനില്ല. എത്രയോ ചെറിയ സഭകൾ ഇന്നുണ്ട്.

– ഫാ. സി. എസ്. സ്കറിയ ചെമ്മങ്കുഴ (1974-ൽ എഴുതിയത്)

3

ഒന്നാം കാതോലിക്കാ മാർ ബസ്സേലിയോസ് പൗലോസ് ഒന്നാമൻ

ഒരാൾ എത്രനാൾ ജീവിച്ചു എന്നതിനേക്കാൾ പ്രധാനം എങ്ങനെ ജീവിച്ചു എന്നതാണെന്ന കാര്യം അനേകായിരം പേരുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞതായിരിക്കണം. ഒട്ടേറെ ഉദാഹരണങ്ങൾ ഉദ്ധരിച്ചു വായനക്കാരുടെ സമയം പാഴാക്കുന്നതിൽ അർത്ഥമില്ല. ഒന്നുമാത്രം അനുസ്മരിപ്പിക്കട്ടെ. വേദപുസ്തകപ്രകാരം ഏറ്റവും കൂടുതൽ കാലം (969) ജീവിച്ചത് മെഥുശലേഹ് ആണ്. മോശയാണെങ്കിൽ വെറും 120 വർഷം മാത്രം. രണ്ടുപേരുടെയും ജീവിതവും പ്രവർത്തനങ്ങളും ജനസേവനവും നേട്ടങ്ങളും തികച്ചും വിഭിന്നം.

മാർ ബസേലിയോസ് പൗലൂസ് ഒന്നാമൻ, മാർ ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ എന്നീ മലങ്കരയിലെ ഒന്നും രണ്ടും കാതോലിക്കാമാരുടെയും, ആ പദവിയിലുള്ള ഹ്രസ്വമായ ധന്യജീവിതത്തെപ്പറ്റി ഓർക്കുമ്പോൾ മുകളിൽ പറഞ്ഞ ചിന്താശകലമാണു മനസ്സിൽ ഓടിയെത്തുന്നത്. മുള്ളുകൾക്കിടയിലെ റോസാപുഷ്പംപോലെയായിരുന്നു ലാളിത്യവും സൗന്ദര്യവും സുഗന്ധവും നിറഞ്ഞുനിന്ന അവരുടെ ജീവിതം. സഭയുടെ പരമോന്നത സ്ഥാനം പലരും കരുതുന്നതുപോലെ പുഷ്പദളങ്ങൾ വിതറിയ മെത്തയല്ലെന്നും മുള്ളുകൾ നിറഞ്ഞതും തറയിൽ വിരിച്ചതുമായ തഴപ്പായാണെന്നും ഈ കാതോലിക്കാമാരുടെ ജീവിതം തുറന്നു കാട്ടി. പക്ഷേ ചിന്താഭാരത്താൽ വെന്തെരിഞ്ഞിട്ടും അവർ അഗ്നിയിൽ കിടന്നു കത്തി സുഗന്ധം പരത്തിയ ചന്ദനത്തടികൾക്കു സമാനമായിരുന്നു.

ഒന്നും രണ്ടും കാതോലിക്കാമാരെപ്പറ്റിയും അവരുടെ അതുല്യ സംഭാവനകളെപ്പറ്റിയും മലങ്കരസഭയിലെ തെക്കും വടക്കുമുള്ള സഹസ്രക്കണക്കിനാളുകൾക്ക് ഇന്നും കാര്യമായ അറിവില്ലെന്നുള്ളതു നിഷേധിക്കാനാവാത്ത വസ്തുതയാണ്. ചരിത്രം അറിഞ്ഞുകൂടാത്തവരും അതു വേണ്ടവിധം പഠിക്കാൻ ആഗ്രഹമില്ലാത്തവരുമായ അക്ഷരവിരോധികൾക്കു ഭൂരിപക്ഷമുള്ള ഒരു സമൂഹത്തിൽ ഇങ്ങനെ സംഭവിക്കുന്നത് അപൂർവ്വമായ ഒരു പ്രതിഭാസവുമല്ല. സ്വന്തം കുടുംബത്തെപ്പറ്റിയും സഭയെപ്പറ്റിയും അഭിമാനമില്ലാത്തവർക്കു അതു കൃത്രിമമായി കുത്തിവച്ചു കൊടുക്കാനും സാധ്യമല്ലല്ലോ.

കുന്നത്തുനാട് താലൂക്കിലെ വെട്ടിത്തറ എന്ന സ്ഥലത്താണു മുറിമറ്റം കുടുംബത്തിന്റെ കേന്ദ്രം. ആ കുടുംബത്തിന്റെ പിൻതലമുറയിൽപ്പെട്ട കുര്യന്റെയും മറിയത്തിന്റെയും മൂന്നാമത്തെ പുത്രനായി 1836 മകരം ആറാം തീയതി പൂരാടം നക്ഷത്രത്തിൽ ജനിച്ച കുട്ടി (പൗലോസ്) ആ കുടുംബത്തിന്റെയും സഭയുടെയും പ്രശസ്തി അനശ്വരമാക്കുമെന്ന് കുടുംബത്തിൽപ്പെട്ട ആരുംതന്നെ ചിന്തിക്കുകയോ ഭാവന ചെയ്യുകയോ ഉണ്ടായിട്ടില്ല. എന്നാൽ ചില ജ്യോത്സ്യന്മാർ, ബാലൻ ഉന്നതസ്ഥാനം കൈവരിക്കുമെന്നു ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നുവത്രെ.

നാട്ടിലെ രീതിയനുസരിച്ചു ബാല്യത്തിൽതന്നെ കുടിപ്പള്ളിക്കൂടത്തിൽ വച്ച് പൗലോസ് എഴുത്തും വായനയും കണക്കും പഠിച്ചു. പൗലോസിന്റെ അസാധാരണമായ വിജ്ഞാനാർജ്ജന താൽപര്യവും ബുദ്ധിശക്തിയും സർവ്വരേയും ഹഠാദാകർഷിച്ചു; സന്തോഷിപ്പിച്ചു. സൽസ്വഭാവിയും സമർത്ഥനുമായിരുന്ന പൗലോസിനെ വൈദിക സേവനത്തിനായി മറ്റാരും അറിയാതെ മാതാപിതാക്കൾ പ്രതിഷ്ഠിച്ചതും പൗലോസ് സഭാസേവനത്തിനുവേണ്ടി സ്വയം സമർപ്പിച്ചതും ഒരേസമയത്തു തന്നെ എന്നു പറയുന്നതാവും ഏറെ ശരി. താമസംവിനാ പിതൃസഹോദരനായ മുറിമറ്റത്തിൽ യൗസേഫ് കത്തനാർ കോട്ടൂർ പള്ളിയുടെ ചുമതലയേറ്റ് അങ്ങോട്ടു താമസം മാറ്റിയപ്പോൾ പൗലോസിന്റെ മാതാപിതാക്കളും കോട്ടൂരിൽ വന്നു പാർത്തു. എന്നിരിക്കിലും ജന്മദേശത്തെ മാതൃദേവാലയമായ കോലഞ്ചേരിപ്പള്ളി പൗലോസിന്റെ മനസ്സിൽ അവിസ്മരണീയമായ സ്മരണകൾ നിലനിർത്തിയിരുന്നു. കോലഞ്ചേരിപ്പള്ളിയിലെ പത്രോസ്, പൗലൂസ് ശ്ലീഹന്മാരുടെ പെരുന്നാൾ ഇടവകാംഗങ്ങൾ വർഷം തോറും കാത്തിരുന്നു പങ്കെടുക്കുന്ന ഒരു വലിയ ഉത്സവം തന്നെയായിരുന്നു. കണ്ടനാടിനും കടമറ്റത്തിനും മദ്ധ്യേയുള്ള പ്രധാന പള്ളിയായ കോലഞ്ചേരിപ്പള്ളിയിലാണു പകലോമറ്റം തറവാട്ടിൽപ്പെട്ട ഏഴാം മാർത്തോമ്മാ അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ ശ്രാദ്ധപ്പെരുന്നാളുകളിൽ നമ്മുടെ കഥാപുരുഷനായ പൗലോസ് ബാല്യത്തിൽ പലവുരു സംബന്ധിച്ചിട്ടുണ്ട്.

സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞു സുറിയാനി പഠനം തുടങ്ങിയ ബാലൻ നോമ്പ്, നമസ്കാരം, ദേവാലയാരാധന, വേദപാരായണം എന്നീ കാര്യങ്ങളിൽ വലിയ നിഷ്ഠയും പാലിച്ചിരുന്നു. വിശുദ്ധ ജീവിതം നയിച്ചവരുടെ കഥകൾ മാതാപിതാക്കളിൽ നിന്നു കേട്ടുപഠിച്ച ബാലൻ പുണ്യവാന്മാരുടെ ജീവചരിത്രങ്ങളും വായിച്ചു ധന്യജീവിതസരണിയിൽ പ്രവേശിച്ചു കഴിഞ്ഞു. അങ്ങനെ കുടുംബാംഗങ്ങളുടെയും വിശിഷ്യ ജോസഫ് കത്തനാരുടെയും ആഗ്രഹപ്രകാരം ചേപ്പാട്ട് മാർ ദീവന്നാസ്യോസ്, പൗലോസിനു 1843-ൽ ഏഴാമത്തെ വയസ്സിൽ ശെമ്മാശപട്ടം നൽകി. തുടർന്നു പാമ്പാക്കുട കോനാട്ട് യോഹന്നാൻ മൽപാന്റെ കൂടെ താമസിച്ചു സുറിയാനി അഭ്യസിച്ചു. തങ്ങളുടെ പുത്രൻ വിവാഹിതനായ ഒരു പട്ടക്കാരനായി കാണാൻ മാതാപിതാക്കൾ

ആഗ്രഹിച്ചുവെങ്കിലും അവിവാഹിത ജീവിതമാണ് ശെമ്മാശൻ തെരഞ്ഞെടുത്തത്. സുറിയാനി പഠനം കഴിഞ്ഞു വൈദിക ശുശ്രൂഷാക്രമങ്ങളും ഹൃദിസ്ഥമാക്കിയ ശെമ്മാശനെ പതിനാറാമത്തെ വയസ്സിൽ 1852-ൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് തന്നെ വൈദികസ്ഥാനത്തേക്ക് ഉയർത്തി. തുടർന്ന് അദ്ദേഹം മാതൃഇടവകയായ കോലഞ്ചേരിപ്പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. ഒരു വർഷം കഴിഞ്ഞു പിതൃസഹോദരനായ യൗസേഫ് കത്തനാരും പൗലോസ് കത്തനാരുടെ പിതാവും നിര്യാതരായി. തന്നിമിത്തം കുടുംബഭാരത്തിനു പുറമെ പതിനേഴുകാരനായ പൗലോസ് കത്തനാർക്ക് ഇടവകഭരണവും നിർവഹിക്കേണ്ടി വന്നു.

ഏതാനും മാസം കഴിഞ്ഞപ്പോൾ സുറിയാനി ഭാഷയിൽ കൂടുതൽ വ്യുൽപത്തി നേടുന്നതിനുവേണ്ടി നേരത്തെ ശീമയിൽനിന്നു വന്ന് മലങ്കരയിൽ താമസിച്ചുകൊണ്ടിരുന്ന യൂയാക്കിം മാർ കൂറിലോസിനെ സമീപിക്കുകയും അദ്ദേഹത്തിൽനിന്നു സുറിയാനി നല്ലവണ്ണം പഠിക്കുകയും ഒരു മൽപാനായിത്തീരുകയും ചെയ്തു. അതോടെ ഒട്ടധികം ശെമ്മാശന്മാരുടെ ഗുരുസ്ഥാനത്തേക്ക് ഉയരുകയും ഉണ്ടായി. മെത്രാപ്പോലീത്തായുടെ വിശ്വസ്ത സഹചാരിയായി കുറച്ചുനാൾ കഴിഞ്ഞശേഷം കോട്ടൂർ പള്ളിയിലേക്കു വികാരിയെന്ന നിലയിൽ താമസം മാറ്റുകയും ശെമ്മാശന്മാരെ പഠിപ്പിക്കുകയും വീട്ടുകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു വന്നു. മാർ കൂറിലോസ് മെത്രാപ്പോലീത്തായുമൊന്നിച്ചു മലങ്കരയിലെ മിക്ക പള്ളികളും സന്ദർശിക്കാൻ സൗകര്യം കിട്ടിയതിനാൽ സമുദായത്തിലെ പ്രമുഖ വ്യക്തികളുമായും സഭാംഗങ്ങളുമായും ഉറ്റ സമ്പർക്കത്തിൽ വരാനും പൗലോസ് അച്ചന് അവസരം ലഭിച്ചു.

ഈ കാലഘട്ടത്തിൽ മധ്യതിരുവിതാംകൂറിൽ നവീകരണാശയങ്ങൾ ശക്തമായി. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലങ്കരയിൽ എത്തിയ സി.എം.എസ്. മിഷണറിമാരുടെ പ്രവർത്തനങ്ങളും നവീകരണവാദികൾക്കു പരോക്ഷമായി പ്രോത്സാഹനം നൽകിയിരുന്നു. തുടർന്നു മിഷണറിമാരുമായുള്ള ബന്ധം 1836-ലെ മാവേലിക്കര പടിയോലയനുസരിച്ചു വിഛേദിക്കുന്നതിനു ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നിർബന്ധിതനായി. ഇതേ തുടർന്നാണു നവീകരണാശയങ്ങൾ പരിപോഷിപ്പിക്കാൻവേണ്ടി പാലക്കുന്നത്ത് ഏബ്രഹാം മൽപാന്റെ സഹോദരപുത്രനായ മാത്യൂസ് ശെമ്മാശനെ സഭ അറിയാതെ ശീമയിൽ വിട്ടതും ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിനെ കൊണ്ടു മെത്രാനായി വാഴിച്ചതും. മലങ്കരസഭ ഭരിച്ചുകൊണ്ടിരുന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോസും സഭാംഗങ്ങളും ഇതൊന്നും അറഞ്ഞിരുന്നില്ല.

തന്നിമിത്തം മാത്യൂസ് മാർ അത്താനാസ്യോസിനെ സ്വീകരിക്കരുതെന്നു കാണിച്ച് ചേപ്പാട്ട് മെത്രാച്ചൻ കൽപന ഇറക്കുകയും രണ്ടാമതു പട്ടം സ്വീകരിച്ച ഏബ്രഹാം മൽപാനെ മുടക്കുകയും ചെയ്തു. മാത്യൂസ് മാർ

അത്താനാസ്യോസ് രാജകീയ വിളംബരം നേടി മലങ്കര മെത്രാപ്പോലീത്താ യായി അധികാരത്തിൽ വരികയും 1855-ൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് കാലം ചെയ്യുകയും ചെയ്തു. നേരത്തെ ശീമക്കാരനായ യൂയാക്കീം മാർ കൂറിലോസിനു ചേപ്പാട്ട് മാർ ദീവന്നാസ്യോസ് പ്രായാധിക്യം, നവീകരണാ ശയങ്ങളുടെ കടന്നാക്രമണം എന്നിവ മൂലം തന്റെ അധികാരം നൽകിയെങ്കിലും കൊല്ലം കമ്മിറ്റി ആ അധികാര കൈമാറ്റം അസാധുവാക്കുകയും മാത്യൂസ് മാർ അത്താനാസ്യോസിന് അനുകൂലമായി വിധിക്കുകയും ചെയ്തു (ചേപ്പാട്ട് മെത്രാച്ചന്റെ നടപടി സഭയ്ക്കു വളരെ ദോഷം ചെയ്തുവെന്നതു ചരിത്രസത്യം). ശീമ മെത്രാൻ തുടർന്നും മലങ്കരയിൽ താമസിച്ചപ്പോഴാണു പൗലോസച്ചൻ അദ്ദേഹത്തോടൊപ്പം സഞ്ചരിച്ചതും സുറിയാനി അഭ്യസിച്ചതും. മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലത്തു നവീകരണാശയങ്ങൾ വ്യാപിക്കുകയും കോലഞ്ചേരിപ്പള്ളിയിൽ പോലും കക്ഷി പിരിവ് ഉണ്ടാകുകയും ചെയ്തപ്പോൾ പുരാതന വിശ്വാസത്തിന്റെ കാവൽപിതാവായ പൗലോസ് അച്ചൻ കോട്ടൂർ പള്ളിയിലേക്കു പിൻവാങ്ങുകയാണുണ്ടായത്.

മാത്യൂസ് മാർ അത്താനാസ്യോസിനെ പിടിച്ചുനിർത്താൻ നവീകരണാശയ വിരുദ്ധൻ കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് കത്തനാരെ 1865-ൽ മർദ്ദീനിൽ അയച്ചു മെത്രാനായി വാഴിച്ചു. പത്തുകൊല്ലം ശ്രമിച്ചിട്ടും മാത്യൂസ് മാർ അത്താനാസ്യോസിന്റെ രാജകീയ വിളംബരം റദ്ദാക്കാനോ സഭയുടെ മുഴുവൻ പിന്തുണ നേടുന്നതിനോ ഇദ്ദേഹത്തിനു സാധിച്ചില്ല. ഈ പശ്ചാത്തലത്തിലാണ് പത്രോസ് പാത്രിയർക്കീസിനെ 1875-ൽ മലങ്കരയിലേക്കു ക്ഷണിച്ചുവരുത്തിയതും ബ്രിട്ടീഷ് അധികൃതരിലും തിരുവിതാംകൂർ രാജകുടുംബത്തിലും സ്വാധീനം ചെലുത്തി മാത്യൂസ് മാർ അത്താനാസ്യോസിന്റെ വിളംബരം പിൻവലിച്ചതും. മലങ്കരയിലെ ലൗകിക അധികാരവും കൂടി കൈക്കലാക്കാൻവേണ്ടി 1876-ൽ മുളന്തുരുത്തിയിൽ പാത്രിയർക്കീസ് അഖില മലങ്കര പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി പല പ്രധാനപ്പെട്ട തീരുമാനങ്ങൾ കൈക്കൊണ്ടു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും മറ്റും അന്നാണു രൂപംകൊള്ളുന്നത്. വ്യവസ്ഥാപിത സഭാ ഭരണക്രമത്തിന് അടിസ്ഥാനമിട്ടതും മുളന്തുരുത്തി സുന്നഹദോസാണ്. സുന്നഹദോസ് തീരുമാനമൊന്നും ഉണ്ടായിരുന്നില്ലെങ്കിലും മലങ്കര മഹായിടവകയെ ഏഴു ഭദ്രാസനങ്ങളായി തിരിക്കുകയും ആറു മെത്രാന്മാരെ കൂടി പാത്രിയർക്കീസ് വാഴിക്കുകയും ചെയ്തു. ഇത് പുലിക്കോട്ടിൽ മെത്രാച്ചനോട് ആലോചിക്കാതെയും അദ്ദേഹത്തെ പങ്കെടുപ്പിക്കാതെയുമാണ് നടത്തിയത്. പ്രത്യേക സാഹചര്യത്തിൽ പുലിക്കോട്ടിൽ മെത്രാച്ചൻ ആടിനെപ്പോലെ ശാന്തനായിരുന്നതേയുള്ളു.

നവീകരണക്കാരുടെ കേന്ദ്രമായ തെക്കൻ പ്രദേശങ്ങളിൽ നിന്നു മെത്രാൻ സ്ഥാനത്തേക്കു പറ്റിയ വൈദികരെ ലഭിക്കാതെ വന്നപ്പോഴാണു വടക്കൻ

പ്രദേശങ്ങളിൽ നിന്നു വൈദികരെ തെരഞ്ഞുപിടിച്ചു സ്വന്തം പിടിമുറുക്കാൻ പത്രോസ് പാത്രിയർക്കീസ് വാഴിച്ചതെന്നും ഓർക്കേണ്ടതുണ്ട്. ഇങ്ങനെയിരിക്കെയാണു മുളന്തുരുത്തിയിൽ വച്ചു പാത്രിയർക്കീസ് ബാവാ സുറിയാനി പണ്ഡിതനായ പൗലോസച്ചനെ കാണുന്നതും മെത്രാൻ സ്ഥാനത്തേക്കു വിളിക്കുന്നതും. സ്ഥാനം സ്വീകരിക്കാതിരിക്കാൻ ഫാ. പൗലോസ് പല തടസ്സങ്ങൾ പറഞ്ഞുനോക്കിയെങ്കിലും വിജയിച്ചില്ല. കുറെനാൾ ബാവായെ കാണാതെ കഴിഞ്ഞു കൂടി. പക്ഷേ ഇടവകയുടെയും വീട്ടുകാരുടെയും നിർബന്ധപ്രകാരം മെത്രാൻ സ്ഥാനം സ്വീകരിക്കാൻ സമ്മതിച്ചു. പാത്രിയർക്കീസ് തന്നെ റമ്പാൻ സ്ഥാനം നൽകി. കുറച്ചുനാൾ വെട്ടിക്കൽ ദയറായിൽ താമസിച്ച പൗലോസ് റമ്പാനെ 1877-ൽ കുന്നംകുളങ്ങര ചിറളയം പള്ളിയിൽ വച്ചു പത്രോസ് പാത്രിയർക്കീസ്, ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു കണ്ടനാട് ഇടവകയ്ക്കായി സ്ഥാത്തിക്കോനും കൊടുത്തു. കരവട്ടുവീട്ടിൽ ശെമവൂൻ കോർഎപ്പിസ്കോപ്പായെ മാർ ദീവന്നാസ്യോസ് എന്ന പേരിലും വാഴിച്ചു. കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല ലഭിച്ച മാർ ഈവാനിയോസ് നിലവിലുണ്ടായിരുന്ന 21 പള്ളികൾക്കു പുറമെ 15 പള്ളികൾ കൂടി സ്ഥാപിച്ചു. അങ്ങനെ 36 പള്ളികളുടെ ഭരണവുമായി 36 വർഷം ഭദ്രാസനം ഭരിച്ചു. അരമനയില്ലാതിരുന്നതിനാൽ കോലഞ്ചേരിപ്പള്ളി തന്നെയായിരുന്നു ആസ്ഥാനം. ഉത്തമന്മാരായ ഒരു സംഘം വൈദികർ മാർ ഈവാനിയോസിന്റെ ഭരണകാലത്തെ തികച്ചും ശോഭനമാക്കി.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ പ്രതാപകാലമായിരുന്നതിനാൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് ഏതാനും വടക്കൻ പള്ളികളിൽ മാത്രമേ പ്രവേശിക്കാൻ കഴിഞ്ഞുള്ളു. മാവേലിക്കര വടക്കേത്തലയ്ക്കൽ അലക്സാണ്ടർ കത്തനാർ മാർ ദീവന്നാസ്യോസിനെ മാവേലിക്കരയ്ക്കു ക്ഷണിക്കുകയും അവിടെ ഒരു ചെറിയ അരമന നിർമ്മിച്ചു താമസിപ്പിക്കുകയും ചെയ്തു. തുടർന്നാണു പരുമല പള്ളിക്കുള്ള സ്ഥലം ലഭിക്കുന്നതിനും അവിടെ ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാന്റെ നേതൃത്വത്തിൽ വൈദിക സെമിനാരി ആരംഭിക്കുന്നതിനും ഓർത്തഡോക്സ് വിശ്വാസപ്രചരണം നടത്തുന്നതിനും സാധിച്ചത്. നവീകരണപ്രസ്ഥാനം തെക്കൻ പ്രദേശങ്ങളിൽ ആഞ്ഞടിച്ചുകൊണ്ടിരുന്നു. എന്നാൽ കണ്ടനാട് ഭദ്രാസനത്തിൽ അതിന്റെ ഒരു ചെറിയ കാറ്റുപോലും വീശാഞ്ഞതിനാൽ മാർ ഈവാനിയോസിനു തൽസംബന്ധമായ ഒരു പ്രശ്നവും നേരിടേണ്ടി വന്നില്ല. ദൈവത്തോട് ഏറ്റവും അടുത്തു നിന്നിരുന്ന മാർ ഈവാനിയോസിനോട് ഏറ്റുമുട്ടാൻ പ്രതാപശാലിയായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് ഒരിക്കലും ഒരുമ്പെട്ടുമില്ല.

മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലശേഷം തോമസ് മാർ അത്താനാസ്യോസ് കേസിൽ തോൽക്കുകയും അദ്ദേഹത്തിനു പള്ളികളെല്ലാം

വിട്ടുകൊടുക്കേണ്ടി വരികയും വഴക്കുകൾ ശമിക്കുകയും ചെയ്തതിനാൽ മുറിമറ്റത്തു മാർ ഈവാനിയോസിനു പുതിയ പള്ളികൾ സ്ഥാപിക്കാനും പഴയവ പൊളിച്ചു പുതുക്കിപ്പണിയാനും ഒട്ടധികം പേർക്കു പട്ടം കൊടുക്കാനും സാധിച്ചു. വൈദിക സ്ഥാനാർത്ഥികളെ ശരിക്കും ശോധന ചെയ്തിട്ടാവും വാഴിക്കുക. തെറ്റുകളോട് ഒത്തുതീർപ്പുണ്ടാക്കുന്ന സ്വഭാവം മുറിമറ്റത്തിന് അന്യമായിരുന്നു. കോലഞ്ചേരി, കടമറ്റം പള്ളികളിൽ നേരത്തെ മുതൽ നിലവിലിരുന്ന ചാരായ നേർച്ച എന്ന ദുഷിച്ച സമ്പ്രദായം മെത്രാപ്പോലീത്താ നിർത്തലാക്കി. വൈദികനായിരുന്നപ്പോൾ തന്നെ ഈ നേർച്ച നിർത്താൻ അദ്ദേഹം ആഗ്രഹിച്ചുവെങ്കിലും നേർച്ച നടത്തുന്നവരുടെ സംഖ്യാബലം അതിനു വിലങ്ങുതടിയായി. മെത്രാൻ സ്ഥാനത്തിനുള്ള അധികാരത്തെ ഒരു സംഘം വൈദികരും ജനങ്ങളും മാനിക്കുകയും സർവ്വാത്മനാ സഹകരിക്കുകയും ചെയ്തു. എന്നിരിക്കിലും പിന്നെയും ചെറിയ തോതിൽ ചാരായ നേർച്ചയും ചാരായം കുടിയും തുടർന്നു. പക്ഷേ സ്ലീബാദാസ സമൂഹാദ്ധ്യക്ഷനായിരുന്ന എം. പി. പത്രോസ് റമ്പാൻ (പത്രോസ് മാർ ഒസ്താത്തിയോസ്) രംഗത്തു വന്നതോടെയാണു ചാരായ നേർച്ച കോലഞ്ചേരിയോടു തീർത്തും വിടപറഞ്ഞത്.

കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായ്ക്കു ഭദ്രാസന ആസ്ഥാനമെന്ന നിലയിൽ ഇരിക്കാനോ നടക്കാനോ ഒരു മറ്റവും മുറ്റവും ഇതുവരെ ഉണ്ടായിരുന്നില്ല. ആസ്ഥാനക്കാര്യം പുലിക്കോട്ടിൽ തിരുമേനിയെ അറിയിച്ചു അംഗീകാരം വാങ്ങുകയും തുടർന്ന് ഇന്നത്തെ മൂവാറ്റുപുഴ അരമന ഇരിക്കുന്ന സ്ഥലം 300 രൂപയ്ക്കു പ്രോമിസറി നോട്ടെഴുതിക്കൊടുത്തു വാങ്ങുകയും പിന്നീട് പണം പിരിച്ചു ഉടമസ്ഥനു നൽകുകയുമാണുണ്ടായത്. സ്ഥലം വാങ്ങാൻ തന്നെ പണം ഇല്ലാതിരുന്ന മെത്രാപ്പോലീത്തായ്ക്ക് അരമനയെപ്പറ്റി ഭാവന ചെയ്യാൻപോലും സാധിച്ചില്ല. ഔഗേൻ മാർ തീമോത്തിയോസ്, കാതോലിക്കാ ഭാഗത്തേക്കു വന്നതിനുശേഷമാണ് ഈ സ്ഥലത്ത് ഒരു ചെറിയ കെട്ടിടവും തുടർന്ന് അരമനയും നിർമ്മിച്ചത്.

അരമനയുടെ അഭാവത്തിൽ മാർ ഈവാനിയോസ് കോലഞ്ചേരി, കടമറ്റം, പിറവം, വടകര മുതലായ പള്ളികളിൽ മാറി മാറി താമസിച്ചിരുന്നു. പിറവം സെമിനാരി ഇരിക്കുന്ന സ്ഥലം 120 ചക്രം കൊടുത്തു മാർ ഈവാനിയോസ് വാങ്ങിയതാണ്. പിറവത്തെ ചില വൈദികർ, മലങ്കരയിൽ വന്നു താമസിച്ചിരുന്ന അബ്ദള്ളാ പാത്രിയർക്കീസിനെ സ്വാധീനിച്ചു മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ കണ്ടനാട് ഭദ്രാസനാധിപസ്ഥാനത്തുനിന്നു നീക്കിയ സംഭവം പിറവം പള്ളിയുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായം തന്നെയാണ്.

ഒരു വലിയ താപസനായിരുന്ന മുറിമറ്റത്തു മാർ ഈവാനിയോസ് നിഗ്രഹാനുഗ്രഹ ശക്തിയുള്ള വലിയ ഭക്തനായിരുന്നു. മനസ്സുനൊന്ത്

എന്തെങ്കിലും ഉച്ചരിച്ചാൽ ഫലം അച്ചട്ടായിരുന്നു. അദ്ദേഹത്തെ കോപിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തവരാരും തന്നെ ശിക്ഷ കിട്ടാതെ പോയിട്ടില്ല.

ചില വൈദികരുടെ ദുഷ്ഭരണം നടമാടിക്കൊണ്ടിരുന്ന പിറവം പള്ളിയിൽ ഒരു പുതിയ കപ്യാരെ നിയമിച്ചതു സംബന്ധിച്ചുണ്ടായ കൊടുങ്കാറ്റ് ശമിപ്പിക്കാൻ മെത്രാപ്പോലീത്താ കൽപന അയച്ചതും ഫലമില്ലാതായപ്പോൾ നേരിട്ടു ചെന്നു പള്ളിയിൽ കുർബാന അർപ്പിച്ചു തർക്കം തീർക്കാമെന്നറിയിച്ചതും പിറവത്തുകാർക്ക് 1911-ലെ ഒരു പ്രധാന സംഭവമായിരുന്നു. ഇതിന്റെ പേരിൽ ചില വൈദികർ അബ്ദുള്ളാ പാത്രിയർക്കീസ് തിരിച്ചുപോകുന്നതിന് ഏതാനും ദിവസം മുമ്പ് ഈവാനിയോസ് മെത്രാപ്പോലീത്തായെ ഭരണത്തിൽ നിന്നു നീക്കം ചെയ്തതായുള്ള കൽപന രഹസ്യമായി സമ്പാദിച്ചതും മെത്രാപ്പോലീത്താ പിറവം പള്ളിയിൽ കുർബാന അർപ്പിച്ച ദിവസം വായിച്ചതും ഒരു വൻ ചതിയായിട്ടാണു കണക്കാക്കപ്പെടുന്നത്. കുർബാനയ്ക്കുശേഷം ഈവാനിയോസ് തിരുമേനി പ്രസംഗിച്ചു കഴിഞ്ഞപ്പോൾ പാത്രിയർക്കീസിന്റെ ഒരു കൽപന ഉണ്ടെന്നു വൈദികർ പറഞ്ഞു. ആദരപൂർവ്വം കൽപന വാങ്ങി വായിക്കാൻ വൈദികരോടു ആവശ്യപ്പെട്ടുവെങ്കിലും അവർ ഒഴിഞ്ഞുമാറി. ഒടുവിൽ ഒരു ശെമ്മാശനാണു കൽപന വായിക്കാൻ തിരുമേനിയാൽ നിയോഗിക്കപ്പെട്ടത്.

ശ്രവണശക്തി കുറഞ്ഞിരുന്ന തിരുമേനിയും വ്യക്തമായി കേൾക്കത്തെക്കവണ്ണം ശെമ്മാശൻ ഉറക്കെ കൽപന വായിച്ചു. മെത്രാപ്പോലീത്തായെന്ന പദവിയിൽ നിന്നു നീക്കിയെന്നു പറയുന്ന ഭാഗം കേട്ടപ്പോൾ തിരുമേനി അതീവ ദുഃഖിതനായി. കണ്ണുകൾ കലങ്ങി. കണ്ണുനീർ മൂവാറ്റുപുഴ ആറിലേക്ക് ഒരു നീർതോടുപോലെ ഒഴുകി. ആ ചതിയുടെ കൂരമ്പുകൾ തിരുമേനിയുടെ ഹൃദയത്തെ മുറിച്ചു. “എന്റെ ദൈവമേ എന്റെ ദൈവമേ” എന്നുള്ള ശബ്ദം അഗ്നിനാവുപോലെ പെട്ടെന്നുയർന്നു. അൽപനേരം ശാന്തനായിരുന്ന ആ താപസവര്യൻ ഇങ്ങനെ കൽപിച്ചു: “ഈ കൽപന എഴുതിയവൻ മറ്റൊരു കൽപനയും എഴുതാതെ പോകട്ടെ. അവൻ തന്റെ ആസ്ഥാനത്തു ചെന്നു പറ്റാൻ സാധിക്കാതെ രണ്ടു കണ്ണും പൊട്ടി ഇടയ്ക്കുവച്ചു കാലഗതി പ്രാപിക്കും. ഈ കൽപന ദേവാലയത്തിൽ കൊണ്ടുവന്നവനു കുഷ്ഠരോഗം പിടിക്കും. ഇതിവിടെ വായിച്ചവൻ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു മറ്റൊന്നും വായിക്കാനിടയാകാതെ പോകട്ടെ. പിറവത്തു പള്ളിയിലെ അച്ചന്മാർക്ക് ഒരു കാലത്തും വെളിവുണ്ടാകുകയില്ല.” ഈ കൽപനയ്ക്കു കൂട്ടുനിന്നവർക്കെല്ലാം ശിക്ഷ കിട്ടി. അബ്ദുള്ളാ പാത്രിയർക്കീസ് മർദീനിൽ തിരിച്ചെത്താതെ രണ്ടു കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ടു യരുശലേമിൽ വച്ചു മരിച്ച് അവിടെ അടക്കപ്പെട്ടു. കൽപന പള്ളിയിൽ കൊണ്ടുവന്ന വ്യക്തിക്കു കുഷ്ഠം പിടിച്ചു. വായിച്ച ശെമ്മാശനും അകാല നിര്യാണം പ്രാപിച്ചു. പിറവം പള്ളി ഇന്നും ആ ശാപത്തിന്റെ നിഴലിലാണു നിലകൊള്ളുന്നത്.

മനസ്സിന്റെ ശക്തി

കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന ജോസഫ് മാർ പക്കോമിയോസ് എഴുതി 1991 മെയ് മാസത്തിൽ പ്രസിദ്ധീകരിച്ച *മുറിമറ്റത്തിൽ ബാവാ: മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ* എന്ന ശ്രദ്ധേയമായ ജീവചരിത്രത്തിൽ പ. ബാവായുടെ 'മനസ്സിന്റെ ശക്തി' എന്ന അദ്ധ്യായമാണ് ചുവടെ ചേർക്കുന്നത്.

മുറിമറ്റത്തിൽ തിരുമേനി എളിയ ഒരു മനുഷ്യനായിരുന്നു. എന്നാൽ, അദ്ദേഹത്തെപ്പോലെ ശക്തന്മാർ വളരെ വിരളമായേ അവതരിച്ചിട്ടുള്ളു. അദ്ദേഹത്തിനു ദൈവികശക്തിയുടെ നൽവരം ഉണ്ടായിരുന്നു. അദ്ദേഹം മനസ്സിന്റെ ഏകാഗ്രതയിൽ പറയുന്ന വാക്കുകൾക്കു വലിയ ശക്തിയുണ്ടായിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. നല്ലതു വിചാരിച്ചാലും നൊമ്പരപ്പെട്ടു വിചാരിച്ചാലും അതിന്റെ ഫലം ഉടൻതന്നെ ഉണ്ടാകുമായിരുന്നു.

ഒരിക്കൽ പിറവം വലിയപള്ളിയിൽ താമസിക്കുന്ന സമയത്തു രണ്ടു വ്യക്തികൾ മദ്യപാനം നടത്തിയിട്ട് പള്ളിപ്പരിസരത്തു വന്നിരുന്ന് എന്തൊക്കെയോ അനാവശ്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അവിടെയുണ്ടായിരുന്ന പള്ളി ശുശ്രൂഷക്കാർ അവരെ വിലക്കിയിട്ടും വഴങ്ങിയില്ല. തിരുമേനി അവിടെ കിടന്നു വിശ്രമിക്കുന്നുണ്ടെന്നും ശബ്ദം ഉണ്ടാക്കി ശല്യപ്പെടുത്തരുതെന്നും മറ്റും ഉപദേശിച്ചു നോക്കി. അവർ ഒന്നും ശ്രവിച്ചില്ല. അവരുടെ ശബ്ദകോലാഹലങ്ങൾ വർദ്ധിച്ചുവന്നപ്പോൾ ഉറങ്ങിക്കിടന്നിരുന്ന തിരുമേനി ഉണർന്ന് വിവരം അന്വേഷിച്ചു. അവിടെയുണ്ടായിരുന്നവർ നടന്ന സംഭവം വളരെ മയപ്പെടുത്തി തിരുമേനിയെ അറിയിച്ചു.

ഉടനെ തിരുമേനി പറഞ്ഞത്: 'ശുംഭന്മാർ വെളിവില്ലാതെ പള്ളിപ്പരിസരത്തു വന്ന് ആദരവില്ലാത്ത ശബ്ദകോലാഹലങ്ങളുണ്ടാക്കി പോയാൽ തുടർന്ന് അവർ വല്ല കുണ്ടിലും കിണറ്റിലും വീഴുമല്ലോ' എന്നു മാത്രം. അവർ പോകുന്ന വഴി നട്ടുച്ചനേരത്ത് അവരിലൊരാൾ ഒരു കിണറ്റിൽ വീണു.

ഒരിക്കൽ പിറവത്തു പള്ളിയിൽ താമസിക്കുന്ന കാലത്ത് ഉച്ചകഴിഞ്ഞു തിരുമേനി വിശ്രമിക്കുന്ന സമയത്ത് ഒരാൾ ഓടിക്കിതച്ച് 'തിരുമേനി രക്ഷിക്കണം' എന്നു പറഞ്ഞു തിരുമേനിയുടെ മുമ്പിൽ വന്ന് അഭയം പ്രാപിച്ചു. കാര്യം അന്വേഷിച്ചപ്പോൾ ഒരു എക്സൈസുകാരൻ അയാളെ പിടിക്കാൻ ഓടിച്ചുകൊണ്ടു വരികയായിരുന്നെന്നു മനസ്സിലായി. അയാൾ ഒരു കള്ളപ്പുകയിലക്കച്ചവടക്കാരൻ ആയിരുന്നു. കള്ളപ്പുകയിലക്കച്ചവടക്കാരനെ പിടിച്ചുകൊടുത്താൽ അക്കാലത്ത് എക്സൈസുകാരനു പ്രമോഷനും ശമ്പളക്കൂടുതലും കിട്ടും. കൊച്ചി സംസ്ഥാനത്തു നിന്നും പുകയില അതിർത്തി കടത്തി തിരുവിതാംകൂറിൽ കൊണ്ടുവന്നു വിറ്റാൽ അല്പം ലാഭം കിട്ടുമെന്നുള്ളതിനാൽ ആ ജോലിയിൽ ഏർപ്പെട്ടിരുന്ന പലരും അക്കാലത്ത് ഉണ്ടായിരുന്നു.

അപ്രകാരമുള്ള ഒരു കച്ചവടക്കാരനെയാണ് ഓടിച്ചു കൊണ്ടുവന്നത്. അധികം താമസിയാതെ എക്സൈസുകാരനും സ്ഥലത്ത് എത്തി. വന്നയുടനെ തിരുമേനിയുടെ അടുത്ത് അഭയം പ്രാപിച്ചിരിക്കുന്ന ആളെ കയറിപ്പിടിക്കാൻ തുടങ്ങി. തിരുമേനി അയാളെ വിലക്കിക്കൊണ്ട് 'അയാളെ വിടുക, കാര്യമെന്തെന്നു പറയുക' എന്നു പറഞ്ഞു. ഫലിച്ചില്ല. ആ എക്സൈസ്കാരനോടു തന്റെ നില വിട്ട് ഒരിക്കൽകൂടി ആവശ്യപ്പെട്ടു. പക്ഷേ, അയാൾ കേൾക്കാൻ സന്നദ്ധനായില്ല എന്നു മാത്രമല്ല തിരുമേനിയോടു ധിക്കാരമായി സംസാരിക്കുകയും ചെയ്തു.

'ഞാൻ കള്ളപ്പുള്ളിയെയാണു പിടിക്കുന്നത്. നിങ്ങൾക്ക് ഇതിൽ യാതൊരു കാര്യവുമില്ല' എന്ന് ഒരു മര്യാദയുമില്ലാത്ത രീതിയിലും ഭാഷയിലും സംസാരിച്ചു.

അയാൾക്കു പുള്ളിയെ പിടിച്ചുകൊടുത്താൽ കിട്ടാവുന്ന ലാഭങ്ങളിലായിരുന്നു ശ്രദ്ധ മുഴുവനും.

ഏതായാലും ഈ കാര്യത്തിൽ ദുഃഖിതനായ തിരുമേനി ആ എക്സൈസ്കാരനോടായി: 'ഹാ! കൊള്ളരുതാത്തവനെ! നീ പോയി കുഴിയിൽ വീണു കുഷ്ഠം പിടിക്കട്ടെ' എന്നു പറഞ്ഞു. അയാൾ പുള്ളിയെ പിടിച്ചു കൊടുത്തതിലുള്ള സന്തോഷാധിക്യത്താൽ അന്നു പോയി മദ്യപിച്ചു. കുടിച്ചു ലക്കില്ലാതെ നടന്നു പോകവേ ഒരു ചെളിക്കുണ്ടിൽ വീണു. നേരം വെളുക്കുന്നതുവരെ അവിടെ കിടന്നു. നേരം വെളുത്ത് എഴുന്നേറ്റു നോക്കുമ്പോൾ ശരീരം മുഴുവനും കുഷ്ഠം ബാധിച്ചിരിക്കുന്നതായിട്ടാണ് കണ്ടത്.

പിറവത്തു താമസിക്കുമ്പോൾ തിരുമേനി കുഞ്ഞമ്മാട്ടിൽ കാരണവരോടു വാങ്ങിയ സ്ഥലം സന്ദർശിക്കുക പതിവായിരുന്നു. അവിടെ പോയി വരുന്ന സന്ദർഭത്തിൽ പിറവം കരവട്ടെ ചന്തയിൽകൂടി നടന്നുപോകവേ ഒരു സ്ത്രീ അവിടെ ഇരുന്ന് അസഭ്യവാക്കുൾ വിളിച്ചു പറയുന്നതു കേട്ടു. തിരുമേനിയെ കണ്ടിട്ടും ആ സ്ത്രീ നാവ് അടക്കിയില്ല. പലരും ഉപദേശിച്ചിട്ടു വകവച്ചില്ല. ഇതു കേട്ടു സഹികെട്ട തിരുമേനി ഇവൾ പുഴുത്തേ ചാവുകയുള്ളു എന്നു പറയുകയുണ്ടായി. കാലങ്ങൾ കഴിഞ്ഞു. ആ സ്ത്രീയുടെ അന്ത്യം അപ്രകാരമായിരുന്നു.

തിരുമേനിയുമായി ബന്ധമുള്ള കടമറ്റത്തെ ഒരു ശെമ്മാശനെ ഏതോ കാര്യത്തിനു ശാസിച്ചപ്പോൾ ശെമ്മാശൻ യോഗ്യമല്ലാത്ത രീതിയിൽ മറുപടി പറഞ്ഞു. തിരുമേനിക്ക് അതു വളരെ വേദനാജനകമായി തോന്നി. 'നിനക്കു വീടെത്താനൊക്കുകയില്ല' എന്നു പറഞ്ഞു. ശെമ്മാശൻ അന്നു വീട്ടിലേക്കു പോകുമ്പോൾ ഒരു പാമ്പ് ശെമ്മാശനെ ഓടിച്ചിട്ടു കടിച്ചു. ശെമ്മാശനു ജീവനോടെ വീട്ടിൽ ചെന്നുപറ്റാൻ സാധിച്ചില്ല.

ഒരിക്കൽ കണ്ടനാട് ഭദ്രാസനത്തിലെ ഒരു ഇടവകപ്പള്ളിയിൽ പോയി. അവിടെ കുറെ നാൾ താമസിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയാണ് പോയത്. അവിടെ ചെന്നപ്പോൾ ആ ഇടവകക്കാരുടെ ഇടയിൽ ദുർന്നടപ്പ് ഒരു സാംക്രമികരോഗം പോലെ പടർന്നു പിടിച്ചിരിക്കുകയാണെന്നും മറ്റും അറിയുവാൻ ഇടയായി. അതിനു തക്ക തെളിവുകളും തിരുമേനിക്കു ലഭിച്ചിരുന്നു. തിരുമേനി അവരെ പലകുറി ഉപദേശിക്കുകയും ആളാംപ്രതി വിളിച്ചുവരുത്തി ഗുണദോഷിക്കുകയും ചെയ്തുനോക്കി. എങ്കിലും വലിയ ഫലം ഉണ്ടായില്ല. ഇതിൽ ദുഃഖിതനായ തിരുമേനി അത്യന്തം വേദനയോടെ പറഞ്ഞു: 'ദുർന്നടപ്പുകാർക്കെല്ലാം തിരിച്ചടി ഉണ്ടാകും.' എന്നിട്ട് ആ പള്ളിയിൽ നിന്നും ഇറങ്ങിപ്പോന്നു.

ഏതാനും ആഴ്ചകൾക്കുള്ളിൽ ആ ഇടവകയിൽ പലർക്കും മസൂരിരോഗം പടർന്നു പിടിച്ചു. അനേകർ മരിച്ചു. ഇടവകക്കാരും നാട്ടുകാരും ഭയവിഹ്വലരായി തിരുമേനിയെ അഭയം പ്രാപിച്ചു സങ്കടം പറഞ്ഞു. തിരുമേനി ദൈവത്തോടു പ്രാർത്ഥിക്കണമെന്നപേക്ഷിച്ചു. അവരുടെ സങ്കടം കേട്ട തിരുമേനി കുറെ നേരം മൗനമായിരുന്നിട്ടു കുറെ കുന്തിരിക്കം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ആ കുന്തിരിക്കം വാഴ്ത്തി അവരുടെ കൈയിൽ കൊടുത്തിട്ട് ഇതിന്റെ കൂടെ കുറെക്കൂടി വാങ്ങി നിങ്ങളുടെ വീടുകളിൽ പുകച്ചുകൊള്ളുക എന്നു പറഞ്ഞയച്ചു. അവർ അതുപോലെ പ്രവർത്തിക്കുകയും അധികം താമസം കൂടാതെ മസൂരിരോഗം വിട്ടുമാറുകയും ചെയ്തു.

തിരുമേനി ശെമ്മാശനായിരിക്കുമ്പോൾ ഇതുപോലെ ഒരു സംഭവം നടന്നതായി പറയപ്പെടുന്നു. കോലഞ്ചേരിപ്പള്ളിക്കടുത്ത് ഒരു വസ്തുതർക്കം തീർക്കാൻ ശെമ്മാശനെ ക്ഷണിച്ചുകൊണ്ടുപോയി. തർക്കസംഗതി ഇരുഭാഗവും കേട്ടിട്ട് ഇരുഭാഗക്കാർക്കും യോജിക്കുന്ന ഒരു തീരുമാനവും പറഞ്ഞു. എന്നാൽ, ഒരു ഭാഗക്കാരന് ആ വിധിയിൽ തൃപ്തിയായില്ല. ഇതിനാണോ ശെമ്മാശൻ വന്നത് എന്നു പറഞ്ഞുകൊണ്ട് അയാൾ നിന്നിരുന്ന കണ്ടത്തിൽ നിന്നു കുറെ ചേറും ചെളിയും കലക്കവെള്ളവും ശെമ്മാശന്റെ കുപ്പായത്തിൽ തട്ടിതെറിപ്പിച്ചു.

'ഞാൻ ആർക്കുമാർക്കും ഒരു വിരോധവും പറഞ്ഞില്ലല്ലോ. എനിക്കു ന്യായവും സത്യവുമെന്നു തോന്നിയതു മാത്രമെ ഞാൻ പറഞ്ഞുള്ളു. അതിന് നീ ഇതാണോ സമ്മാനിക്കുന്നത്. ദൈവം നിന്നോടു ചോദിക്കട്ടെ' എന്നു മാത്രം പറഞ്ഞുകൊണ്ട് ശെമ്മാശൻ സ്ഥലംവിട്ടു.

കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ വെള്ളം തട്ടിത്തൂവിയ ആളിന്റെ കാലിന് ഒരു മരവിപ്പു തോന്നി. അതു ക്രമേണ വർദ്ധിച്ചു. അനേക ചികിത്സകൾ ചെയ്തുനോക്കിയിട്ടും യാതൊരു ഗുണവും സിദ്ധിച്ചില്ല. അതു ക്രമേണ കുഷ്ഠരോഗമായി മാറുകയും ചെയ്തു.

ചെളിവെള്ളം വീണ് അഴുക്കായ കുപ്പായം ശെമ്മാശൻ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്നു. ചിലപ്പോൾ അതു പെട്ടിയിൽ നിന്നും എടുത്ത് വെയിലത്തിട്ട് ഉണക്കിവയ്ക്കുക പതിവായിരുന്നു. മെത്രാനായശേഷവും ഈ കുപ്പായമെടുത്ത് വെയിലത്തിട്ട് ഉണക്കിവയ്ക്കുക പതിവായിരുന്നു. അങ്ങനെ ഒരിക്കൽ ചെയ്തുകൊണ്ടിരിക്കുമ്പോൾ കരിങ്ങാശ്ര പള്ളിയിലെ കറുത്തേടത്തച്ചൻ തിരുമേനിയെ കാണാൻ യാദൃച്ഛികമായി വന്നു. അച്ചൻ തിരുമേനിയുമായി ഓരോ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കുപ്പായം കാണാനിടയായി. ചെളി അലക്കിക്കളയാതെ കുപ്പായം ഭദ്രമായി സൂക്ഷിക്കുന്നതിന്റെ കാരണം അന്വേഷിച്ചപ്പോൾ അടുത്തുണ്ടായിരുന്നവർ അതിന്റെ ചരിത്രം പറഞ്ഞു കേൾപ്പിച്ചു.

അച്ചൻ മടങ്ങിപ്പോകുന്നതിനു മുമ്പ് തിരുമേനിയോടായി പറഞ്ഞു: 'പാവങ്ങൾ വല്ലതുമൊക്കെ പറയും. അതിന് ഇത്തരത്തിൽ പ്രവർത്തിച്ചു തുടങ്ങിയാൽ പിന്നെ അടിയങ്ങൾ എന്തു ചെയ്യും. തിരുമേനി ഈ കുപ്പായം അലക്കി സൂക്ഷിക്കുന്നതാണ് നല്ലത്.'

തിരുമേനി ഇപ്രകാരം മറുപടി പറഞ്ഞു: 'ഓ! കത്തനാരച്ചന്റെ അഭിപ്രായം അങ്ങനെയാണെങ്കിൽ അങ്ങനെയാകട്ടെ.'

വേലക്കാരനെ വിളിച്ച് കുപ്പായം അലക്കുകാരനെ ഏല്പിക്കാൻ ഏർപ്പാടു ചെയ്തു. ഈ കുപ്പായം ഇത്ര ഭദ്രമായി സൂക്ഷിച്ചതിന്റെ ചേതോവികാരം എന്തെന്ന് ആർക്കും അറിഞ്ഞു കൂടാ. എന്തുതന്നെയാണെങ്കിലും തന്നെ സ്നേഹിക്കുന്നവർ പറഞ്ഞു കൊടുക്കുന്ന ഉപദേശങ്ങൾ സ്വീകരിക്കുവാനുള്ള സന്മനോഭാവം തിരുമേനി എക്കാലത്തും കാണിച്ചിരുന്നു.

മുറിമറ്റത്തിൽ തിരുമേനി കത്തനാരായിരിക്കുമ്പോൾ നടന്ന ഒരു സംഭവം പറയാം. അക്കാലത്ത് യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയും ദ്വിഭാഷിയുമായി കഴിഞ്ഞു കൂടുകയായിരുന്നു. മുളന്തുരുത്തിപ്പള്ളിയിൽ അവർ ഒരുമിച്ചു താമസിക്കുമ്പോൾ ഒരു ദിവസം പള്ളിമുറ്റത്തു കാറ്റുകൊള്ളാൻ ഇരുന്നു. മുറിമറ്റത്തിലച്ചൻ കട്ടിലിനരികിൽ മെത്രാപ്പോലീത്തായുമായി സംസാരിച്ചു നിൽക്കുകയായിരുന്നു. അവർ സംസാരിച്ചുകൊണ്ടിരുന്ന സ്ഥലത്തിന് കിഴക്കുവശത്തായിരുന്നു വിശാലമായ പള്ളിഅങ്കണം. ആ സമയത്തു പള്ളിമുറ്റത്തു സമീപവാസികളുടെ കുട്ടികൾ പന്തു കളിച്ചു കൊണ്ടിരുന്നു. ഒരവസരത്തിൽ പന്ത് മെത്രാപ്പോലീത്താ ഇരുന്നിരുന്ന കട്ടിലിന്റെ കീഴിൽ ഉരുണ്ടു ചെന്നു വീണു. കുട്ടികളെല്ലാവരും പന്തിന്റെ പിറകേ ഓടിച്ചെന്നു. പക്ഷേ, പന്തു കട്ടിലിന്റെ കീഴിൽ അകപ്പെട്ടപ്പോൾ എല്ലാവരും ശങ്കിച്ചു പിന്നോട്ടു മാറി നിന്നു. എന്നാൽ, ഒരു കുട്ടി യാതൊരു കൂസലും കൂടാതെ കട്ടിലിന്റെ കീഴിലേക്കു കടന്നു പന്തെടുത്തതും മുറിമറ്റത്തിലച്ചൻ ആ കുട്ടിയെ കടന്നുപിടിച്ചതും ഒരുമിച്ചു കഴിഞ്ഞു.

ഈ സംഭവം മെത്രാപ്പോലീത്തായെ സന്തോഷിപ്പിച്ചു. അവന്റെ കുടുംബത്തെപ്പറ്റിയും മാതാപിതാക്കളെപ്പറ്റിയുമൊക്കെ ചോദിച്ചറിഞ്ഞു. കുട്ടിയുടെ അമ്മയെ വിളിച്ചുകൊണ്ടു വരുവാൻ ആളയച്ചു. കുട്ടിയിൽ നിന്നു വിവരം അറിഞ്ഞ മാതാവ് മെത്രാപ്പോലീത്തായുടെ സമീപമെത്തി. കത്തനാർ അവളുടെ ഭർത്താവിന്റെ പേരും കുടുംബത്തിന്റെ സ്ഥിതിഗതികളും ചോദിച്ചറിഞ്ഞു. അതിനുശേഷം മുറിമറ്റത്തിലച്ചൻ ആ സ്ത്രീയോട് ഈ കുട്ടിയുടെ പിതാവാരാണെന്നു സത്യം പറയണമെന്ന് ആവശ്യപ്പെട്ടു. ആ സ്ത്രീ ഭയവിഹ്വലയായി.

ആ സ്ത്രീ പോയിക്കഴിഞ്ഞപ്പോൾ 'എന്തിനാണ് ആ കുട്ടിയെ കടന്നുപിടിച്ചതെന്ന്' മെത്രാപ്പോലീത്താ, പൗലോസ് കത്തനാരോടു ചോദിച്ചു. മറ്റു കുട്ടികളൊക്കെ ഉണ്ടായിരുന്നിട്ടും ഒരു കുട്ടിയൊഴിച്ചു മറ്റെല്ലാവരും ശങ്കിച്ചു മാറിനിൽക്കുകയായിരുന്നുവെന്ന് കത്തനാർ പറഞ്ഞു. അതിനു കാരണവും മനസ്സിലാക്കി. പന്തെടുത്ത കുട്ടി മാമ്മോദീസാ ഏൽക്കാത്ത ഒരാളിൽ പിറന്നവനായിരുന്നു. അതിന്റെ യാഥാർത്ഥ്യം അറിയാൻവേണ്ടി മാത്രമായിരുന്നു ആ കുട്ടിയെ കടന്നുപിടിച്ചതെന്ന് മുറിമറ്റത്തിലച്ചൻ പറഞ്ഞു. ഇതു കേട്ട് മാർ കൂറിലോസ് മെത്രാപ്പോലീത്തായും പറഞ്ഞു: 'നീ വിചാരിച്ചതുപോലെ തന്നെ ഞാനും വിചാരിച്ചു.'

കോലഞ്ചേരിപ്പള്ളിയുടെ ശാപം നീങ്ങുന്നു

കോലഞ്ചേരി പള്ളിയിൽ നിന്ന് ഒന്നാം കാതോലിക്കായെ അടിച്ചിറക്കിയ സംഭവത്തെപ്പറ്റി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ എഴുതിയ *മലങ്കരയിലെ ഒന്നാം കാതോലിക്കാ* എന്ന പുസ്തകത്തിൽ (1991) "ജീവിത സായാഹ്നത്തിൽ" എന്ന ശീർഷകത്തിൽ കൊടുത്തിരിക്കുന്ന ലേഖനമാണ് ചുവടെ ചേർക്കുന്നത്.

കോലഞ്ചേരി പള്ളിയിൽ ചേരിതിരിവും ശീതസമരവും നിലവിലിരിക്കുമ്പോഴാണ് മാർ ഈവാനിയോസ് കാതോലിക്കോസായി അവരോധിക്കപ്പെടുന്നതും കോലഞ്ചേരി പള്ളിയിൽ ചെല്ലുന്നതും. അദ്ദേഹം പള്ളിയിൽ പ്രവേശിച്ചാൽ സമാധാനലംഘനമുണ്ടാകുമെന്നും അതുകൊണ്ട് പ്രവേശനം തടയണമെന്നും കാണിച്ച് കുന്നത്തു പത്രോസ് കത്തനാർ വഴിയായി പോലീസിൽ പരാതി കൊടുത്തു. പരാതി അന്വേഷിക്കാൻ പോലീസ് സൂപ്രണ്ട് ഗലിയോയും രണ്ടാംക്ലാസ് മജിസ്ട്രേട്ട് ആർ. നീലകണ്ഠപ്പിള്ളയും സ്ഥലത്തെത്തി. തിരുമേനി ആ സമയത്ത് കോലഞ്ചേരിപ്പള്ളിയിലെ മുറിയിൽ ഇരിക്കുകയായിരുന്നു. വിവരം കേട്ട ഇടവകക്കാർ പള്ളിയിൽ ഓടിക്കൂടി.

മൊഴി കൊടുപ്പാൻ തിരുമേനി പുറത്തിറങ്ങുമ്പോൾ മുറി പൂട്ടണമെന്ന് എതിർകക്ഷിക്കാർ കരുതിയെങ്കിലും നടക്കാതെ പോയി. തിരുമേനി പള്ളിമുറിയിൽ നിന്നും ഇറങ്ങിയില്ല. മൊഴി കൊടുത്തതുമില്ല.

ഇതേ സമയത്ത് തിരുമേനിയുടെ സഹോദരപുത്രൻ കുര്യൻ അവിടെയുണ്ടായിരുന്നു. കുര്യന് എന്തെങ്കിലും ആപത്തു സംഭവിച്ചാൽ അതു സഹിക്കുവാൻ തിരുമേനിക്കു കഴിയുമായിരുന്നില്ല. എന്നാൽ, എതിർകക്ഷികൾ തിരുമേനിയെപ്പറ്റി അസഭ്യം പറയുന്നതും തിരുമേനിയുടെ നേരെ യോഗ്യമല്ലാതെ പ്രവർത്തിക്കുന്നതും കാണാൻ കുര്യനു കഴിഞ്ഞില്ല. അത്യധികമായ സങ്കടവവും മാനസിക വിക്ഷോഭവും ഉണ്ടായതിന്റെ ഫലമായി കുര്യനു സമനില തെറ്റി. കുര്യൻ എന്തൊക്കെയോ കയർത്തു സംസാരിച്ചു. ഈ അവസരം ഉപയോഗിച്ച് സ്ഥലത്തുണ്ടായിരുന്ന അധികാരികൾ കുര്യനെ അറസ്റ്റു ചെയ്തു വിലങ്ങു വച്ചുകൊണ്ട് മൂവാറ്റുപുഴയ്ക്കു പോയി. കടമറ്റത്ത് എത്തിയപ്പോൾ അവിടെയുണ്ടായിരുന്ന ഒരു പൗരപ്രധാനിയും തിരുമേനിയുടെ അടുപ്പക്കാരനുമായിരുന്ന പൂന്ത്ര മാണിയുടെ ഇടപെടൽ മൂലം കുര്യന്റെ വിലങ്ങ് അഴിച്ചു. കോലഞ്ചേരിപ്പള്ളിയിൽ വച്ചു ആൾ ബഹളത്തിനിടയിൽ സംഭവിച്ച ഈ കാര്യങ്ങളൊക്കെ കുറെ സമയം കഴിഞ്ഞതിനുശേഷമേ തിരുമേനിക്കറിയാൻ കഴിഞ്ഞുള്ളു. തിരുമേനി ഉടൻ മുറി പൂട്ടി മൂവാറ്റുപുഴയ്ക്കു തിരിച്ചു. അവിടെ എത്തി പരേതനായ തോപ്പിൽ പുന്നൂസ് വക്കീലിന്റെ വസതിയിൽ താമസിച്ചു. ജാമ്യത്തിന് അപേക്ഷിച്ചു. പക്ഷേ, ജാമ്യം നിഷേധിക്കപ്പെട്ടതിന്റെ ഫലമായി കുര്യനെ പെരുമ്പാവൂർക്കും അവിടെനിന്ന് കോട്ടയം മജിസ്ട്രേട്ട് കോടതിയിലേക്കും കൊണ്ടുപോയി.

ഈ സംഭവം നടക്കുന്നത് 1912-ലാണ് (കൊല്ലവർഷം 1088 തുലാ മാസം 24 ബുധനാഴ്ച). ആ മാസം 26-നു തിരുമേനി പള്ളിയിൽ പ്രവേശിച്ച് കുർബാന ചൊല്ലരുതെന്നു എതിർകക്ഷിക്കാർ ആവശ്യപ്പെട്ടു. ആ വക നിരോധനങ്ങളൊന്നും വകവയ്ക്കാതെ തിരുമേനി പള്ളിയിൽ പ്രവേശിച്ച് നമസ്കാരം, കുർബാന തുടങ്ങിയ കർമാദികൾ നടത്തുകയുണ്ടായി.

വി. കുർബാനാനന്തരം തേനുങ്കലച്ചനെയും ഓമ്പാളേലച്ചനേയും ഏതാനും അയ്മേനികളെയും വിളിച്ചുകൊണ്ട് തിരുമേനി കോലഞ്ചേരി പള്ളിയുടെ ശവക്കോട്ടയിലേക്കു പോയി. പരേതരുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയതിനുശേഷം അവിടെവച്ച് അവരോട് ഇടറുന്ന കണ്ഠത്തോടും ഹൃദയംപൊട്ടുമാറുള്ള സങ്കടത്തോടുംകൂടി ഇപ്രകാരം പറഞ്ഞു: 'നാം ഇവിടെനിന്നും എങ്ങോട്ടെങ്കിലും പൊയ്ക്കൊള്ളാം. നാം മുഖാന്തരം പള്ളി പൂട്ടാനും വിശുദ്ധ കുർബാന മുടങ്ങാനും ഇടയാകരുത്.'

ഇറ്റിറ്റു വീഴുന്ന കണ്ണുനീരോടു കൂടിയാണ് ഇങ്ങനെ പ്രസ്താവിച്ചത്. കുര്യനെപ്പോലെതന്നെ തേനുങ്കലച്ചനെയും ഓമ്പാളേലച്ചനെയും വിലങ്ങുവയ്പിക്കുവാൻ ചില പട്ടക്കാർ അത്യദ്ധ്വാനം ചെയ്തെങ്കിലും അതു നടന്നില്ല. ഈ ബഹളങ്ങളെല്ലാം കഴിഞ്ഞു തിരുമേനി തുലാ മാസം 30-നു കോട്ടൂർ പള്ളിയിലെത്തി താമസിച്ചു. ഈ കേസ്സുകളുടെ എല്ലാം ഫലമായി ഏറെത്താമസിയാതെതന്നെ കോലഞ്ചേരിപ്പള്ളി ഗവണ്മെന്റ്, റിസീവറുടെ ഭരണത്തിലാക്കി.

ദ്രവ്യാഗ്രഹത്തിന്റെ ആൾദൈവവും പ്രതിമയുമായിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് അകാരണമായി പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയതിനെ തുടർന്ന് കോലഞ്ചേരിപ്പള്ളിയിലും ചേരിതിരിവും കലഹങ്ങളും കേസും ഉണ്ടായി. ഒന്നാം കാതോലിക്കായെ പള്ളിയിൽ പ്രവേശിപ്പിക്കാതിരുന്നതിനെ തുടർന്ന് കോലഞ്ചേരിപ്പള്ളിയുടെ തകർച്ച ആരംഭിച്ചു. അദ്ദേഹത്തിന്റെ ശാപം 2017 ജൂലൈ മൂന്നിലെ സുപ്രീംകോടതി വിധിയോടുകൂടി പൂർണ്ണമായും നീങ്ങുമെന്നു പ്രതീക്ഷിക്കാം. കോലഞ്ചേരിപ്പള്ളിയിലെ അംഗങ്ങൾ എല്ലാംതന്നെ മലങ്കരസഭയിൽ പെട്ടവരാണ്. യാക്കോബായ സഭയെന്നു ചിലർ അർത്ഥം അറിയാതെ പരാമർശിക്കുന്ന വിഭാഗം 1911-ലും ഇന്നും മലങ്കരസഭയിലെ "ഒരു പ്രത്യേക വിഭാഗമല്ല." ഒരു വിഘടിത ന്യൂനപക്ഷമാണ്. ചില നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാൻ പണവും സ്വാധീനവും കൈയൂക്കും പെട്രോൾ ബോംബും മാരകായുധങ്ങളും കൊണ്ടു ലോകാവസാനത്തോളം പിടിച്ചു നിൽക്കാം എന്നു വ്യാമോഹിക്കുന്ന ചിലർ ഈ വിഭാഗത്തിലുണ്ട്.

കോലഞ്ചേരിപ്പള്ളിത്തർക്കം സംബന്ധിച്ചു വിഘടിതവിഭാഗം സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തതു കോടതിവിധി സ്വീകരിക്കുമെന്നുള്ള വിശ്വാസത്തിലായിരുന്നിരിക്കണം. കോടതിവിധി സത്യത്തിന്റെ ഭാഗത്തായതിനാൽ കേസു കൊടുത്തവർ അതിനെതിരെ നീങ്ങുകയാണ്. സത്യം ജയിക്കുമെന്നു 1958-ലും 1995-ലും 2017-ലും മനസ്സിലാകാത്തവർക്കു സൽബുദ്ധി ജനിക്കാൻ സർവ്വേശ്വരനോടു പ്രാർത്ഥിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല.

1958-ലെ വിധിയും പരസ്പരസ്വീകരണവും കഴിഞ്ഞപ്പോൾ എതിർവിഭാഗത്തിൽനിന്നു ഒട്ടധികം അവൈദികരും വേദശാസ്ത്രവും ദൈവശാസ്ത്രവും അറിയാവുന്ന വൈദികരും കാതോലിക്കേറ്റിന്റെ കീഴിൽ വന്നു. അത് ഇന്നും ആവർത്തിക്കാതിരിക്കാൻ കാരണമില്ല. വൈദിക സെമിനാരി കാണാത്ത, വേണ്ടത്ര യോഗ്യതയില്ലാത്ത വൈദികരും അവരുടെ കീഴിലുള്ള സത്യം ഗ്രഹിക്കാത്ത വിശ്വാസികളും ഇന്നല്ലെങ്കിൽ നാളെ യഥാർത്ഥ വെളിച്ചം കാണുമെന്നതിനു രണ്ടുപക്ഷമില്ല. മേലധികാരികളെ അനുസരിക്കാതെ ഇടവകകളുടെ വരുമാനം ഇഷ്ടാനുസരണം ചിലർക്കു കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലനിൽക്കുന്ന കാലത്തോളം അവരെ യഥാർത്ഥ സമാധാനത്തിന്റെ വഴികളിൽ വരാൻ സാത്താന്യ ശക്തികൾ അനുവദിക്കുകയില്ല. പിരിച്ചു വച്ചിരിക്കുന്ന ലക്ഷങ്ങളും കേസിന്റെ പേരിൽ പിരിച്ചെടുക്കാൻ പോകുന്ന ലക്ഷങ്ങളും സുപ്രീംകോടതിയുടെ തിരുത്തലിനുവേണ്ടി ചെലവഴിച്ചാലും ഒരു തിരുത്തും ഉണ്ടാവില്ല. 1958-ൽ വിധി പുനഃപരിശോധിക്കാൻ കൊടുത്ത ഹർജിയുടെ കഥ മറക്കാറായിട്ടില്ല.

അകാരണമായി ഒഴിവാക്കപ്പെട്ട കേരളത്തിലെ മുൻ ഡി.ജി.പി. സെൻകുമാറിനെ തിരിച്ചെടുക്കുന്നതു സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ

വ്യക്തതയ്ക്കുവേണ്ടി കേരള സർക്കാർ ലക്ഷങ്ങൾ മുടക്കി സമർപ്പിച്ച ഹർജി തിരസ്കരിച്ചതും അന്നത്തെ ചീഫ് സെക്രട്ടറി കോടതി അലക്ഷ്യത്തിനു ക്ഷമ ചോദിച്ചതും കാൽ ലക്ഷം രൂപ കെട്ടിവച്ചതും അടുത്തകാലത്തു നടന്ന സംഭവങ്ങളാകയാൽ തിരുത്തൽ ഹർജി സമർപ്പിക്കുന്നവരും മറക്കാറായിട്ടില്ലല്ലോ.

തീരാശാപം തുടരുന്നു

മുറിമറ്റത്തിൽ തിരുമേനിയ്ക്ക് എതിരായി കള്ള കൽപന വായിച്ചവർ മൂന്നു ദശാബ്ദത്തിനുശേഷം ഔഗേൻ മാർ തീമോത്തിയോസിനെ കാപ്പിവടികൊണ്ട് അടിച്ചിറക്കി. പക്ഷേ സാത്വികനായ ഔഗേൻ മാർ തീമോത്തിയോസ് ആരെയും പരസ്യമായി ശപിച്ചില്ല. മണിക്കൂറുകൾക്കുള്ളിൽ, ദൈവത്തിന്റെ അഭിഷിക്തന്റെ മേൽ കൈവെച്ചവർ ശിക്ഷിക്കപ്പെട്ടു. കുറ്റക്കാരോട് തിരുമേനി ക്ഷമിച്ചു. പക്ഷേ പള്ളിക്കേറ്റ തീരാശാപം തുടരുകയാണ്. കൊള്ളരുതാത്തവർ തള്ളിക്കളഞ്ഞ ഇരുവരും മലങ്കരയുടെ മഹാപരിശുദ്ധരായ കാതോലിക്കാമാരായി ശോഭിച്ചു. മർദ്ദിച്ചവരും അധിക്ഷേപിച്ചവരും ആരാലും അറിയപ്പെടാതെ മണ്ണടിഞ്ഞു. ആക്ഷേപവും മർദ്ദനവും ഏറ്റവർ നിത്യജീവന്റെ അവകാശികളായി സഭയ്ക്കുവേണ്ടി മദ്ധ്യസ്ഥത നടത്തുന്നു. മൺമറഞ്ഞിട്ടും മനുഷ്യമനസ്സുകളിൽ അവർ മങ്ങാതെ ജീവിക്കുന്നു.

മലങ്കരസഭയുടെ ലൗകികാധികാരങ്ങൾ പിടിച്ചുപറ്റാൻ നടത്തിയ ശ്രമത്തിൽ പരാജയപ്പെട്ട പത്രോസ് പാത്രിയർക്കീസിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ അദ്ദേഹത്തോടൊപ്പം അന്നു മെത്രാനായി വന്ന തന്ത്രശാലിയായ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ വന്നു രണ്ടു വർഷം തങ്ങുകയും പല മെത്രാന്മാരിൽ നിന്നും പള്ളികളിൽനിന്നും ഉടമ്പടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലത്തിനു മുമ്പുതന്നെ മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കാനുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരുന്നു. 1665-ൽ ഒരു പ്രത്യേക സാഹചര്യത്തിൽ ആരംഭിച്ച മലങ്കര - അന്ത്യോഖ്യാ ബന്ധത്തെ തുടർന്നു മലങ്കരസഭയുടെ ആദ്ധ്യാത്മിക പരമാധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈയിൽ ചെന്നെത്തുന്നതിനു മലങ്കരയിലുള്ള ചില പ്രമുഖ വ്യക്തികളും കാരണക്കാരാണ്. അവർ പാത്രിയർക്കീസിനെ കാണപ്പെട്ട ദൈവമായി കണക്കാക്കുകയും സ്ഥാപിത താൽപര്യങ്ങൾ നിറവേറ്റാനായി പണം നൽകി പ്രയോജനപ്പെടുത്തുകയും ചെയ്തു. ഒടുവിൽ ആത്മികാധികാരങ്ങൾ മുഴുവൻ പാത്രിയർക്കീസ് കക്ഷത്തിലാക്കുകയും ലൗകികാധികാരത്തിൽ പിടിമുറുക്കാൻ ശ്രമിക്കുകയും ചെയ്തപ്പോഴാണു മലങ്കരസഭയുടെ ചുമതല വഹിച്ചിരുന്ന ചില മേലദ്ധ്യക്ഷന്മാർ രോഗക്കിടക്കയിൽ കിടന്നുകൊണ്ടു ചുവപ്പു കൊടി കണ്ടത്. അപ്പോഴേക്കും തീവണ്ടി ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞു. പാത്രിയർക്കീസിനു മലങ്കരസഭമേൽ ലൗകികാധികാരങ്ങൾ ഇല്ലെന്നുള്ള കോടതിവിധികളെ മറികടക്കാൻ

വൈദേശിക സഭാദ്ധ്യക്ഷന്മാർക്ക് ഒരിക്കലും സാധിച്ചില്ല. ഈ ചുറ്റുപാടിലാണു നഷ്ടപ്പെട്ടുപോയ ആത്മികാധികാരങ്ങൾ (മെത്രാന്മാരെ വാഴിക്കുക, മൂറോൻ കൂദാശ ചെയ്യുക, സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുക) വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങൾ ശക്തമായി ആരംഭിച്ചതും അതിന്റെ ഫലമായി മലങ്കരയിൽ കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിച്ചതും. കാതോലിക്കായെ അവരോധിച്ചതു വഴി പാത്രിയർക്കീസിന്റെ അധികാരങ്ങൾ അപ്രത്യക്ഷമായെന്നു ചുരുക്കം. മലങ്കരയിൽ ഒരു കാതോലിക്കാ ഉണ്ടാകണമെന്ന ആഗ്രഹത്തിനു ദശാബ്ദങ്ങളിലെ പഴക്കമുണ്ട്. പക്ഷേ മണികെട്ടാൻ ആളെ കിട്ടിയില്ല. ഇവിടെയാണു മലങ്കരസഭാഭാസുരന്റെ മേധാശക്തി പ്രകടമായത്.

പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ കാലശേഷം അധികാരത്തിൽ വന്ന അബ്ദേദ് മശിഹാ പാത്രിയർക്കീസിനെ 1905-ൽ തുർക്കിയിലെ സുൽത്താന്റെ അംഗീകാരം പിൻവലിപ്പിച്ചു ഭരണാധികാരരഹിതനാക്കിയതും 1895-ൽ നടന്ന പാത്രിയർക്കീസ് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനെ തുടർന്ന് 10 കൊല്ലം റോമാ സഭയിൽ ചേർന്നുനിന്ന അബ്ദുള്ളാ പാത്രിയർക്കീസ് കുറുക്കുവഴിയിലൂടെ അധികാരത്തിലായതും മലങ്കരസഭയിൽ കാതോലിക്കാ സിംഹാസനത്തിനു പാതയൊരുക്കി.

മലങ്കരയിൽ കാതോലിക്കായെ വാഴിക്കാൻ അബ്ദേദ് മശിഹാ തയ്യാറാണെന്നും അബ്ദുള്ളാ ഒരിക്കലും അത് നൽകുകയില്ലെന്നും അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ സ്ഥാനത്തിനോ പട്ടത്വത്തിനോ യാതൊരു ന്യൂനതയും ഇല്ലെന്നും അക്കാലത്തു ശീമയിൽ താമസിച്ചിരുന്ന ഔഗേൻ റമ്പാൻ വട്ടശ്ശേരിൽ തിരുമേനിയെയും മറ്റും പലവുരു എഴുതി അറിയിച്ചിരുന്നു.

ലൗകികാധികാരം സംബന്ധിച്ച ഉടമ്പടി നൽകാഞ്ഞതിനെ തുടർന്ന് അബ്ദുള്ളാ പാത്രിയർക്കീസ് സ്വാഭാവികനീതിയെ കാറ്റിൽ പറത്തി വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയപ്പോൾ പാത്രിയർക്കീസിനെ പിന്താങ്ങുന്നവരും മെത്രാപ്പോലീത്തായെ അനുകൂലിക്കുന്നവരുമായ രണ്ടു കക്ഷികൾ മലങ്കരയിൽ ഉണ്ടായി.

അബ്ദുള്ളാ പാത്രിയർക്കീസിന്റെ മുടക്കു സംബന്ധിച്ച വാർത്ത കേട്ട ഉടൻ മുറിമറ്റത്തിൽ മാർ ഈവാനിയോസും ഇന്ത്യാ-സിലോൺ മുതലായ ഇടവകകളുടെ അൽവാറീസ് മാർ യൂലിയോസും ചേർന്നു വട്ടശ്ശേരിൽ തിരുമേനിക്ക് അയച്ച സംയുക്ത കത്താണു ചുവടെ ചേർക്കുന്നത്.

വട്ടശ്ശേരിൽ തിരുമേനിക്ക് പിന്തുണ

മലങ്കരെ കണ്ടനാടു മുതലായ പള്ളികളുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ഇൻഡ്യാ, സിലോൺ മുതലായ ഇടവകകളുടെ മാർ യൂലിയോസ് മെത്രാപ്പോലീത്തായും കൂടി എഴുതുന്നത്.

(മുദ്ര)

ഞങ്ങളുടെ പ്രിയ സഹോദരൻ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്ക്,

പാത്രിയർക്കീസ്സുബാവാ തിരുമനസ്സുകൊണ്ട് 1911 ഇടവമാസം 18-നു എന്നു തീയതി വെച്ച് അച്ചടിച്ചിട്ടുള്ളതും 26-ാം തീയതി ഞങ്ങൾക്കയച്ചുതന്നതുമായ കല്പനയിൽ അദ്ദേഹം അവിടുത്തെ മേല്പട്ടസ്ഥാനത്തിന്റെയും പട്ടത്വത്തിന്റെയും സർവ്വ നൽവരങ്ങളിൽനിന്നും മുടക്കിയിരിക്കുന്നതായി എഴുതിക്കാണുന്നു. ഇതു കണ്ടതിൽ ഞങ്ങൾക്ക് അവർണ്ണനീയമായ ആശ്ചര്യവും വ്യസനവും തോന്നി. ഇത്ര കഠിനമായവിധത്തിൽ മുടക്കാനുള്ള കാരണം ആ കല്പനയിൽ പറഞ്ഞിട്ടുള്ളതു വായിച്ചപ്പോൾ ഞങ്ങളുടെ ആശ്ചര്യവും വ്യസനവും അനേക മടങ്ങു വർദ്ധിച്ചിരിക്കുന്നു. മലങ്കര ഇടവകയിൽ അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള മേലധികാരം ആത്മീയം മാത്രമാണെന്നും ലൗകികങ്ങളിൽ ഈ സഭ ഒരു സ്വതന്ത്ര സഭയാണെന്നും മറ്റും ബഹുമാനപ്പെട്ട റോയൽക്കോടതി വിധിയിൽ തീരുമാനിച്ചിട്ടുള്ളതിനും, പോയാണ്ടു കോട്ടയത്തു കൂടിയ സുന്നഹദോസിലും മറ്റു പല സംഘങ്ങളിലും സമുദായം പ്രദർശിപ്പിച്ചിട്ടുള്ള അഭിപ്രായത്തിനും വിപരീതമായി, ലൌകികാധികാരത്തെ സമ്മതിച്ച് അവിടുന്നു ബാവായ്ക്ക് ഒരുടമ്പടി കൊടുക്കണമെന്നു പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് അവിടുത്തെ അടുക്കൽ നിർബന്ധിച്ചു വന്നിരുന്നതും, അതിനു വിസമ്മതിക്കയാൽ ബാവായ്ക്ക് അവിടുത്തെ നേരെ അത്യന്തം വിരോധമുണ്ടായി മുടക്കണമെന്ന് ആലോചിച്ചു വന്നിരുന്ന വിവരവും ഞങ്ങൾക്കു പലവിധത്തിൽ കേൾവിയും അറിവും ഉണ്ടെങ്കിലും ആ സംഗതി ഒരു മെത്രാപ്പോലീത്തായെ മുടക്കാൻ കാരണമായി പറഞ്ഞു കൂടാത്തതുകൊണ്ടു മുടക്കുമെന്നു ഞങ്ങൾക്കു ഇതുവരെയും വിചാരമുണ്ടായില്ല. മുടക്കിന്റെ സാക്ഷാൽ കാരണം ഇതല്ലാതെ മറ്റൊന്നുമല്ലെന്ന് ഞങ്ങൾക്കറിയാം. എങ്കിലും കല്പനയിൽ വിവരിച്ചിരിക്കുന്ന കാരണങ്ങൾ അടിസ്ഥാനമില്ലാത്തവയാണെന്നു പറയാൻ ഞങ്ങൾക്ക് ഒട്ടും സംശയമില്ല.

ഒന്നാമത്, അവിടുത്തെ നേരെ മൊത്തമായും അവ്യക്തമായും കുറ്റം ആരോപിച്ചിരിക്കുന്നു എന്നല്ലാതെ പ്രത്യേകമായി ഒരു കാരണവും എടുത്തു പറയുന്നില്ല.

രണ്ടാമതായി, പൊതുമുതൽ ശരിയായി നടത്തുന്നില്ലെന്നും തന്നിഷ്ടമായി പ്രവർത്തിക്കുന്നു എന്നും, സ്വതന്ത്രാധികാരം പ്രാപിപ്പാൻ ന്യായമല്ലാത്ത മാർഗത്തിൽ നടക്കുന്നു എന്നും, സഭയിൽ ഛിദ്രം ഉണ്ടാക്കുന്നുഎന്നും, മേലാവിനെ അനുസരിക്കുന്നില്ല എന്നും ദുരുപദേശങ്ങളെ പഠിപ്പിക്കുന്നു എന്നും മറ്റുമായി ഇപ്രകാരം വ്യവസ്ഥയില്ലാതെ പ്രസ്താവിച്ചിട്ടുള്ള കുറ്റാരോപണ

ങ്ങളിൽ ഒന്നിനും അവിടുന്നു പാത്രമല്ലെന്ന് അവിടുത്തെ അടുക്കലും അവിടുത്തെ നടപടികളോടും അടുത്തു ഞങ്ങൾക്കുള്ള പരിചയംകൊണ്ടു ധൈര്യമായി പറയാം.

മൂന്നാമതു, അവ്യക്തമായിട്ടല്ലാതെ പ്രത്യേകിച്ചു എടുത്തു പറഞ്ഞിട്ടുള്ള ഒരു കുറ്റം അവിടുത്തേക്കു കൈവിറ ഉണ്ടെന്നാകുന്നു. ഇത് അവിടുത്തേക്കു മുമ്പിനാലെ ഉള്ളതാണെന്നു ഞങ്ങൾക്കറിയാം. സ്ഥാനത്തിന് ഇതൊരു തടസ്സമായിട്ടൊരു നിയമവുമില്ല. കാനോനിൽതന്നെ കല്പിച്ചിരിക്കുന്നത് താഴെക്കാണുന്ന പ്രകാരമാണല്ലോ. "ഒരുത്തൻ അംഗവൈകല്യമുള്ളവനോ ഒറ്റക്കണ്ണനോ മുടന്തനോ ആയിരിക്കുകയും എപ്പിസ്കോപ്പാ സ്ഥാനത്തിനു യോഗ്യനായിരിക്കയും ചെയ്യുന്നു എന്നു വരികിൽ അവൻ ആയിത്തീരട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തിന്റെ ന്യൂനതയല്ല ആത്മാവിന്റെ അശുദ്ധിയത്രേ" (ഹൂദായുടെ കാനോൻ 7-ാം കെഫാലയോൻ 5-ാം പാസോക്കാ). മേൽ കാണുന്നപ്രകാരമുള്ള അയോഗ്യതകൾ ഒരാളെ എപ്പിസ്കോപ്പാസ്ഥാനത്തിന് അയോഗ്യനാക്കിത്തീർക്കുന്നില്ലെന്ന് തെളിവായി പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈ കുറവു മുടക്കാനുള്ള കാരണമായി ബാവാ തിരുമനസ്സുകൊണ്ടു പറഞ്ഞിരിക്കുന്നതു നിയമാനുസരണമാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല.

നാലാമതു, കല്പനയിൽ പറയുന്ന കുറ്റാരോപണങ്ങൾ യഥാർത്ഥങ്ങളും സ്വീകാര്യങ്ങളും എന്നു വിചാരിച്ചാൽതന്നെയും ഈ മുടക്കു കാനോനായിക്കനുസരണമല്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. നമ്മുടെ സഭാസംബന്ധമായ നടപടികൾക്കു അടിസ്ഥാനമായ ഹൂദായ കാനോനിൽ ഒരു മേല്പട്ടക്കാരനെ മുടക്കേണ്ട ക്രമം പറഞ്ഞിട്ടുള്ളതു താഴെ പറയുംപ്രകാരമാണല്ലോ. ഹൂദായകാനോൻ 7-ാം കെഫാലയോൻ 2-ാം പാസോക്കായിൽ ഇപ്രകാരം കാണുന്നു: (ശ്ലീഹന്മാർ 77) "അംഗീകാരയോഗ്യന്മാരായ വിശ്വാസികളാൽ കുറ്റം ചുമത്തപ്പെടുന്ന എപ്പിസ്കോപ്പാ, എപ്പിസ്കോപ്പന്മാരാൽ വിളിക്കപ്പെടണം. അവൻ വരികയും ശാസിക്കപ്പെടുമ്പോൾ ഏറ്റുപറകയും ചെയ്യുന്നു എങ്കിൽ വിധി നിശ്ചയിക്കപ്പെടണം. അവൻ വരാതെ ഇരുന്നാൽ രണ്ടാം പ്രാവശ്യവും മൂന്നാം പ്രാവശ്യവും രണ്ടു എപ്പിസ്കോപ്പന്മാരെ അയച്ചു വിളിപ്പിക്കണം. ഇപ്രകാരം ചെയ്തിട്ടും അഗണ്യമായി വിചാരിച്ചാൽ മുടക്കപ്പെടണം." കുസ്തന്തീനോപ്പോലിസ് "വേദവിപരീതികളും കുറ്റത്തിൻകീഴുള്ളവരും കുറ്റമില്ലാത്തവരെന്നു തങ്ങളെത്തന്നെ കാണിക്കുന്നതിനു മുമ്പായി എപ്പിസ്കോപ്പായെ കുറ്റം ചുമത്തുവാൻ സമ്മതിക്കപ്പെടരുത്. സ്വീകാര്യമായ കുറ്റാരോപണം സംസ്ഥാന ഇടവകയിലെ എല്ലാ എപ്പിസ്കോപ്പന്മാരുടെയും മുമ്പാകെ ആയിരിക്കണം. സംസ്ഥാന ഇടവകയിലെ എപ്പിസ്കോപ്പന്മാർക്ക് എപ്പിസ്കോപ്പായുടെമേൽ ആരോപിക്കപ്പെടുന്ന കുറ്റങ്ങളെ ശരിപ്പെടുത്താൻ കഴിയാതെയിരുന്നാൽ സംസ്ഥാന ഇടവകയിലെ വലിയ സുന്നഹദോസിന്റെ അടുക്കൽ കുറ്റാരോപണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുവരണം." (അന്ത്യോഖ്യാ 14)

"കുറ്റം വിധിക്കപ്പെടുന്ന എപ്പിസ്കോപ്പായെ സംബന്ധിച്ചു സംസ്ഥാന ഇടവകയിലെ എപ്പിസ്കോപ്പന്മാർ അഭിപ്രായത്തിൽ യോജിക്കാതെ ചിലർ കുറ്റക്കാരനായും ചിലർ കുറ്റമില്ലാത്തവനായും ഗണിക്കുന്നപക്ഷം മറ്റു സംസ്ഥാന ഇടവകയിൽ നിന്ന് അടുത്തുള്ള എപ്പിസ്കോപ്പന്മാരെ തങ്ങളോടുകൂടെ (ഇരുന്നു സംഗതി) തീരുമാനത്തിനായിട്ടു വിളിക്കണം." (അന്ത്യോഖ്യാ 15): "കുറ്റം വിധിക്കപ്പെടുന്ന ആളിനെ സംബന്ധിച്ച് സംസ്ഥാന ഇടവകയിൽ ഉള്ള എല്ലാവരും ഏകാഭിപ്രായത്തോടുകൂടെ ഒരു നിശ്ചയം ചെയ്താൽ മറ്റു സംസ്ഥാന ഇടവകയിൽ ഉള്ളവരെ വിളിപ്പാൻ ആവശ്യമില്ല. കുറ്റം വിധിക്കപ്പെടുന്നവർ മറ്റുള്ളവരുടെ വിധിയെ അന്വേഷിക്കയും അരുത്." കാനോനിൽ കല്പിച്ചിരിക്കുന്ന ഈ നടപടികളിൽ യാതൊന്നും ഇപ്പോഴത്തെ മുടക്കിനു മുമ്പായി നടന്നിട്ടില്ലാത്തതിനാൽ ഇത് ഒരു സാധുവായ മുടക്കാണെന്നു പറവാൻ പാടില്ല. കാനോൻപ്രകാരം കുറ്റാരോപണം ചെയ്യപ്പെട്ട് അവിടുത്തെ വരുത്തുകയോ ചട്ടപ്രകാരം വിസ്തരിക്കയോ ചെയ്തിട്ടില്ല. ഒരു മെത്രാപ്പോലീത്തായെ മുടക്കുന്നതിന് ആ ഹൂഫർക്കിയായിലെ മെത്രാന്മാരുടെ മുമ്പിൽ വിസ്തരിച്ചു വിധി കല്പിക്കണമെന്നു കാനോനിൽ പറയുന്നതുപോലെ ചെയ്തിട്ടുള്ളതായി ഞങ്ങൾ അറിയുന്നില്ല. ഈ ഹൂഫർക്കിയായിൽ ഇടവകഭരണമുള്ളവരോ പഴമക്കാരോ ആയ മേല്പട്ടക്കാർ ഞങ്ങൾ രണ്ടുപേരല്ലാതെ വേറെ ഇല്ല. വേറെ മെത്രാന്മാരുള്ളവർ ഈ ഹൂഫർക്കിയായിൽ ഭരണമില്ലാത്തവരും തീബേലിന്റെ മെത്രാന്മാരും ആണ്. മലങ്കരസഭയുടെ ട്രസ്റ്റിന്നു വിപരീതമായി ബാവായിക്ക് ഉടമ്പടി കൊടുത്തിട്ടുള്ളവരുമാണ്. അവിടുത്തെ നേരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളെ മെത്രാന്മാർ വാക്കാലും രേഖാമൂലവും സമ്മതിച്ചിട്ടുണ്ടെന്നു പറയുന്നു. ഇത് ഞങ്ങളെ സംബന്ധിച്ചാണെങ്കിൽ ഞങ്ങളിൽ ആരോടും ഒരക്ഷരംപോലും ഇതേ സംബന്ധിച്ചു ബാവാ ചോദിക്കുകയോ ഞങ്ങളുടെ അഭിപ്രായം അറിയുകയോ ഞങ്ങളുടെ സഹകരണം ഉണ്ടാകയോ അതിനെ ആവശ്യപ്പെടുകയോ ഈ കല്പന പുറപ്പെടുവിക്കുന്നതിനു മുമ്പു വിവരം ഞങ്ങളെ അറിയിക്കയോ ചെയ്തിട്ടില്ലെന്നു ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു. ശേഷം മെത്രാന്മാരെക്കുറിച്ചാണ് കല്പനയിൽ പറയുന്നതെങ്കിൽ അവരിൽ ഇടവക മെത്രാന്മാരായി ആരും ഇല്ല. എന്നു തന്നെയുമല്ല അവരോടാലോചിച്ചിട്ടുണ്ടെന്നിരുന്നാൽത്തന്നെയും അതിനെക്കുറിച്ചു ഞങ്ങൾക്കു യാതൊരറിവും ഇല്ല. അവർ തീബേൽ മെത്രാന്മാർ ആകയാൽ അവരുടെ അഭിപ്രായത്തെ ആശ്രയിച്ചു ഒന്നും പ്രവർത്തിപ്പാൻ കാനോൻപ്രകാരം ന്യായമുണ്ടെന്നു കാണുന്നില്ല. അവരുടെ അഭിപ്രായത്തിനു വിലയുണ്ടായിരുന്നാൽത്തന്നെയും പ്രതിയായ അവിടുത്തെ കൂടെ നിറുത്തി വിസ്താരം നടത്താതെ അവർ രഹസ്യമായി പറഞ്ഞിട്ടുണ്ടെന്നു ഭാവിക്കുന്ന അഭിപ്രായത്തിനു നിയമപ്രകാരം വിലയില്ല. ആകയാൽ ഹൂഫർക്കിയായിലെ സാക്ഷാൽ മേൽപ്പട്ടക്കാരായ ഞങ്ങളെ അറിയിക്കാതെയും അവിടുത്തേക്കു സമാധാനം കേൾപ്പിക്കുന്നതിന് അവസരം തരാതെയും ഉണ്ടായ മുടക്കു കാനോനായിക്കടുത്തതാകയില്ല.

ആറാമതു, നമ്മുടെ മലങ്കരസഭയുടെ ട്രസ്റ്റിന്റെ സ്വഭാവം ആലോചിച്ചാലും ഈ മുടക്കു നീതിയായി ഉണ്ടായതാണെന്നു പറവാൻ വഴി കാണുന്നില്ല. ബഹുമാനപ്പെട്ട റോയൽ കോടതി ബാവായിക്കു ലൌകികാധികാരം ഇല്ലെന്നു വിധിച്ചിരിക്കുന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ വിധി ശരിയല്ലെന്നു വിചാരിച്ചാലും അതിനെ കവർന്നു പൊതുയോഗത്തിന്റെ സമ്മതം കൂടാതെ പ്രവർത്തിച്ചാൽ ആ പ്രവൃത്തി കോടതിയിൽ അംഗീകരിക്കപ്പെടുന്നതല്ല. അവിടുന്നു ബാവായുടെ ആഗ്രഹം അനുസരിച്ചുള്ള ഉടമ്പടി കൊടുത്താൽ തന്നെയും അതുനിമിത്തം ട്രസ്റ്റിന് അയോഗ്യനായി തീരുമെന്നേയുള്ളു.

ഏഴാമതു, കാലം ചെയ്ത മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിന്തുർച്ചക്കാരനുമായി പൊതുയോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള തെരഞ്ഞെടുപ്പുപ്രകാരം വാഴിക്കപ്പെടുകയും മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കും താമസിയാതെ ഒരു സുന്നഹദോസു (പൊതുജനങ്ങളുടെ യോഗം) കൂടാൻ ബാവാ തീർച്ചപ്പെടുത്തിയിരിക്കുന്നതായി കല്പനപ്രകാരം മൂന്നു സഹോദരന്മാർ ഈയിടെ ഒരു കല്പന പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന സ്ഥിതിക്കും അവിടുത്തെ നേരെ ആരോപിക്കുന്ന കുറ്റങ്ങൾ പൊതുയോഗത്തെ കേൾപ്പിച്ചു കുറ്റക്കാരനെന്നു കണ്ടാൽ മലങ്കരയുടെ അറിവോടും സമ്മതത്തോടുംകൂടെ പരസ്യമായി ശിക്ഷിക്കാൻ വേണ്ട സൗകര്യമുള്ള സ്ഥിതിക്കും ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ മുടക്കു ന്യായമായിരിക്കുന്നില്ല.

മൊത്തത്തിൽ ഞങ്ങളുടെ അഭിപ്രായം ഈ മുടക്കു ന്യായരഹിതവും വിശുദ്ധ കാനോനും രാജചട്ടത്തിനും ചേരാത്തതുമാകയാൽ ഈ മുടക്കിനെ സ്വീകരിച്ചു പ്രവർത്തിപ്പാൻ ഞങ്ങൾക്ക് മാർഗ്ഗമില്ലാത്തതാകുന്നു. അവിടുന്നു സത്യവിശ്വാസത്തിന്റെ ഉറപ്പിന്നും സഭയുടെ അഭിവൃദ്ധിക്കും വേണ്ടി വളരെ തീക്ഷ്ണതയോടു കൂടെ പ്രവർത്തിച്ചുവരുന്നു എന്നുള്ളതു ഞങ്ങൾക്കും എല്ലാ ജനങ്ങൾക്കും ബോദ്ധ്യമാണ്. അതിനാൽ നമ്മുടെ കർത്താവിന്റെ വിശുദ്ധ സഭയ്ക്കുവേണ്ടി അവിടുന്ന് ഇത്രത്തോളം പ്രയാസപ്പെടുകയും പ്രയത്നിക്കയും ചെയ്തതുപോലെ മേലാലും ചെയ്തുകൊണ്ടിരിക്കണമെന്നും അവിടുത്തേക്കുണ്ടാകുന്ന സകല ഞെരുക്കങ്ങളിലും ഞങ്ങളും പങ്കുകാരായിരിക്കുമെന്നും കർത്താവിന്റെ സ്നേഹം നിമിത്തം അറിയിച്ചുകൊള്ളുന്നു. ദൈവമായ കർത്താവു കാണപ്പെടാവതല്ലാത്ത തന്റെ വലത്തുകൈ നീട്ടി അവിടുത്തെയും നമ്മുടെ സഭയെയും അനുഗ്രഹിക്കയും കാത്തുകൊള്ളുകയും ചെയ്യുന്നതിനു ബലഹീനന്മാരായ ഞങ്ങളും പ്രാർത്ഥിക്കുന്നു.

1911-ാമാണ്ടു മിഥുനമാസം 2-ാം തീയതി വ്യാഴാഴ്ച മണ്ണത്തൂർ പള്ളിയിൽ നിന്നും മാർ ഈവാനിയോസ് (ഒപ്പ്)

മാർ യൂലിയോസ് (ഒപ്പ്)

(1911 ജൂൺ 15-നു മാർ ഏലിയാ ചാപ്പലിൽ വച്ച് വട്ടശ്ശേരിൽ തിരുമേനിക്ക് സമർപ്പിച്ച കത്ത്)

ഉടക്കും മുടക്കും കഴിഞ്ഞ് അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ മലയാളക്കര വിട്ടു. അടുത്ത വർഷം അബ്ദുൽ മശിഹാ പാത്രിയർക്കീസ് മലങ്കര സഭയുടെ ക്ഷണപ്രകാരം എത്തുമെന്നും ഉറപ്പായി. അബ്ദേദ് മശിഹായുടെ തിരുവിതാംകൂർ സന്ദർശനം തടയാൻ അബ്ദുള്ളാ ചില തന്ത്രങ്ങൾ പ്രയോഗിച്ചു. അബ്ദേദ് മശിഹായും വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തരായ ചിലരും തമ്മിൽ എഴുത്തുകുത്തുകൾ നടത്തുന്നുണ്ടെന്നും അബ്ദുള്ളാ അറിഞ്ഞു. ഉടൻതന്നെ അദ്ദേഹം മിദിയാത്തിലുള്ള തന്റെ ചില സ്നേഹിതന്മാർക്ക് എഴുതിയ കത്തിൽ അബ്ദേദ് മശിഹായെ മലങ്കരയിലേക്കു വിടാതെ തടയണമെന്നു നിർദ്ദേശിച്ചു. കത്തു കിട്ടിയ ഉടൻ അബ്ദുള്ളായുടെ ചില മുസ്ലീം സുഹൃത്തുക്കൾ അബ്ദേദ് മശിഹായെ സന്ദർശിച്ചു. "ഇവിടെത്തന്നെ താമസിക്കണം. എങ്ങും പോകരുത്" എന്നു വിലക്കി. പക്ഷേ മലങ്കരയിൽ ചെല്ലാമെന്നുള്ള വാഗ്ദാനം താൻ നേരത്തെ ചെയ്തതാണെന്നും അതു ലംഘിക്കാൻ സാദ്ധ്യമല്ലെന്നും നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ പാലിക്കുകയില്ലേ എന്നും അബ്ദൽ മശിഹാ മുസ്ലീം സുഹൃത്തുക്കളോടു ചോദിച്ചപ്പോൾ അവർ കാര്യം മനസ്സിലാക്കി തിരിച്ചു പോയി.

മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ 1911-ൽ തന്നെ മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടി മാർ അബ്ദേദ് മശിഹാ വരുമ്പോൾ അദ്ദേഹത്തെ കണ്ട് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ കാതോലിക്കായായി ഉയർത്തണമെന്നപേക്ഷിക്കാനും കുറിച്ചി കല്ലാശ്ശേരി പുന്നൂസ് റമ്പാൻ, വാകത്താനത്തു കാരുചിറ ഗീവറുഗീസ് റമ്പാൻ തുടങ്ങി അഞ്ചുപേർക്കു മെത്രാൻസ്ഥാനം കൊടുക്കാനും തീരുമാനിച്ചിരുന്നു.

മാനേജിംഗ് കമ്മിറ്റിയും സുന്നഹദോസും മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ കാതോലിക്കായായി അവരോധിക്കണമെന്ന് ഏകകണ്ഠമായി നിശ്ചയിച്ചു എങ്കിലും വാർദ്ധക്യവും ക്ഷീണവും മൂലം തൽസ്ഥാനം സ്വീകരിക്കാൻ താൻ അയോഗ്യനാണെന്നും കല്ലാശ്ശേരി പുന്നൂസ് റമ്പാനെ കാതോലിക്കായായി ഉയർത്തണമെന്നും മാർ ഈവാനിയോസ് ശഠിച്ചു. സമുന്നതരായ സമുദായ നേതാക്കൾ അദ്ദേഹത്തെ പരുമല വച്ചു കണ്ടു നിർബന്ധിച്ചു എങ്കിലും വഴങ്ങാതെ കോലഞ്ചേരിക്കു പോയി. അവിടെ നിന്നു വട്ടശ്ശേരിൽ തിരുമേനിക്ക് അദ്ദേഹം അയച്ച കത്തിൽ കാതോലിക്കാസ്ഥാനം സ്വീകരിക്കുക സംബന്ധിച്ച തടസ്സങ്ങൾ എടുത്തു പറഞ്ഞിരുന്നു. കത്തു വായിച്ച ശേഷം കരുത്തനായ മാർ ദീവന്നാസ്യോസും അൽപം അമ്പരന്നുപോയി. അതിനു മറുപടിയായി വട്ടശ്ശേരിൽ തിരുമേനി അയച്ച കത്തിൽ ഇങ്ങനെ

പറഞ്ഞു. "കാതോലിക്കാ സ്ഥാനാരോഹണം നടക്കുന്നതിന് ഇനി ഒന്നു രണ്ടു ദിവസമേയുള്ളു. ആ സ്ഥാനത്തേക്കു വൈദിക സുന്നഹദോസ് തിരുമേനിയെയാണ് ഐകകണ്ഠേന തെരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടു തിരുമേനി ഉടൻ തന്നെ ആളുമൊരുമിച്ച് പരുമല സെമിനാരിയിൽ വന്നുചേരണം. ഇതിലേക്ക് എന്തെങ്കിലും തരത്തിൽ വൈമനസ്യം കാണിക്കുന്നത് പാവപ്പെട്ട നമ്മുടെ സഭയോട് തിരുമനസ്സുകൊണ്ടു ചെയ്യുന്ന ഒരു മഹാപാതകമായിരിക്കും. പിൻതലമുറ ഇതേപ്പറ്റി പശ്ചാത്തപിക്കേണ്ടി വരും."

ഈ കത്ത് ഒരു ദൂതൻ വശമാണ് കൊടുത്തയച്ചത്. എഴുത്തു പൊട്ടിച്ചു വായിച്ചതോടുകൂടി മുറിമറ്റത്തിൽ തിരുമേനി വളരെ അസ്വസ്ഥനായിത്തീർന്നു.

അഭിപ്രായം ആരായുന്നു

കാതോലിക്കാസ്ഥാനം സ്വീകരിക്കാൻ അശേഷവും മനസ്സില്ല, തൃപ്തിയും തോന്നുന്നില്ല. എന്നാൽ, താൻ മുഖാന്തരം മലങ്കരസഭയ്ക്കു കൈവരാൻ പോകുന്ന മഹാഭാഗ്യത്തിന് താനൊരു വിലങ്ങുതടിയായിത്തീരുന്നത് വളരെ കഷ്ടമായിരിക്കുമെന്നു തോന്നി. ഭാവിതലമുറയോടും സഭയുടെ ഭാവിയോടും ചെയ്യുന്ന ഒരു മഹാപരാധവുമായിരിക്കും. തിരുമേനിയുടെ മനസ്സിൽ എന്തെന്നില്ലാത്ത സംഘർഷാവസ്ഥയും പോരാട്ടവും വടംവലിയും നടന്നു. എന്തു തീരുമാനം എടുക്കണമെന്നറിയാതെ കുഴങ്ങിയിരുന്ന സന്ദർഭത്തിൽ കോലഞ്ചേരിപ്പള്ളി ഇടവകയിൽ തനിക്കു വേണ്ടപ്പെട്ട പട്ടക്കാരും ഉറ്റസ്നേഹിതന്മാരും ആയവരെ വിളിച്ചുവരുത്തി അവരുടെ അഭിപ്രായവും ആരാഞ്ഞു.

തിരുമേനിയുടെ മനസ്സിന്റെ പിരിമുറുക്കം അവരുടെ മുമ്പിൽ അവതരിപ്പിച്ചു. കാതോലിക്കാസ്ഥാനം സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും അതു സഭയുടെ നല്ല ഭാവിക്കുള്ള തുടക്കമാണെന്നും അതിനു തടസ്സം നിൽക്കരുതെന്നും അവർ സൂചിപ്പിച്ചു. മാർ ദീവന്നാസ്യോസിന്റെ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പരുമലയ്ക്ക് ഉടനെതന്നെ പുറപ്പെടുകയാണ് വേണ്ടതെന്നും എല്ലാവരും തിരുമേനിയെ അറിയിച്ചു.

അത് ദൈവഹിതമെന്ന് ഉറച്ചുകൊണ്ട് മുറിമറ്റത്തിൽ തിരുമേനി പരുമലയ്ക്ക് പുറപ്പെട്ടു. മുറിമറ്റത്തിൽ ഗീവറുഗീസ് കത്തനാർ, പ്രിയ ശിഷ്യൻ മൽപാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, മത്തായി ആശാൻ എന്നിവരൊന്നിച്ചാണ് യാത്ര തിരിച്ചത്. ആദ്യം തെക്കൻപറവൂർ പള്ളിയിൽ എത്തി അവിടെനിന്നു കോട്ടയത്തേക്കു യാത്ര തിരിച്ചു. കോട്ടയം സെമിനാരിയിലും അവിടെനിന്ന് പരുമല സെമിനാരിയിലും എത്തി. തുടർന്നു സ്ഥാനാരോഹണവേദിയായ നിശ്ചയിക്കപ്പെട്ടിരുന്ന നിരണം പള്ളിയിലും എത്തിച്ചേർന്നു.

മലങ്കരസഭ അനേക കാലമായി ശുഭപ്രതീക്ഷയോടുകൂടി കാത്തിരുന്ന കാതോലിക്കാ സിംഹാസനം 1912 കന്നി മാസം 2-ാം തീയതി (1912 സെപ്തം

ബർ 15) മലങ്കരയിൽ സ്ഥാപിതമായി. മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ കിഴക്കിന്റെ കാതോലിക്കോസായി ബസ്സേലിയോസ് പൗലോസ് പ്രഥമൻ എന്ന പേരിൽ അവരോധിക്കുകയും ചെയ്തു. കാതോലിക്കാ സ്ഥാനാരോഹണത്തിൽ മാർ അബ്ദേദ് മശിഹാ പാത്രിയർക്കീസിനോടുകൂടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും സഹകരണം ഉണ്ടായിരുന്നു.

ആ വർഷം മകരം 26-നു മാർ അബ്ദേദ് മശിഹാ പാത്രിയർക്കീസ്, ബസ്സേലിയോസ് പൗലോസ് കാതോലിക്കായുടെയും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ സഹകരണത്തോടെയും കണ്ടനാട്ടു കരവട്ടുവീട്ടിൽ യൂയാക്കിം റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിലും വാകത്താനത്തു കാരുചിറ ഗീവറുഗീസ് റമ്പാനെ മാർ പീലക്സിനോസ് എന്ന പേരിലും ചെങ്ങന്നൂർ പഴയ സുറിയാനിപള്ളിയിൽവച്ച് മെത്രാന്മാരായി വാഴിച്ചു. കാതോലിക്കാസ്ഥാനം ഏറ്റ ശേഷം തെക്കൻപ്രദേശത്തുള്ള പള്ളികൾ ആദ്യമായി സന്ദർശിച്ചു. പിന്നീട് സ്വന്തം ഇടവകയായ കോലഞ്ചേരിയിൽ വന്നു താമസിക്കുകയും ചെയ്തു.

കാതോലിക്കാസ്ഥാനം സ്വീകരിക്കാൻ മുറിമറ്റത്തിൽ മാർ ഈവാനിയോസ് വിസമ്മതിച്ച ഒരു ഘട്ടത്തിൽ വട്ടശ്ശേരിൽ തിരുമേനിയെത്തന്നെ വാഴിക്കാമെന്നു നിർദ്ദേശിച്ചു എങ്കിലും കേസിൽ പ്രതിയാണെന്നു പറഞ്ഞ് ആ ആവശ്യം അദ്ദേഹം നിരാകരിച്ചു. കൊച്ചു മെത്രാച്ചന്മാരിൽ ആരെയും വാഴിക്കാൻ അബ്ദേദ് മശിഹാ ഒരുക്കവുമല്ല. പാത്രിയർക്കീസ് നേരത്തെ വാഴിച്ച ആളെ മാത്രമേ കാതോലിക്കാസ്ഥാനത്തേക്ക് ഉയർത്തുകയുമുള്ളു. മുറിമറ്റത്തിൽ മാർ ഈവാനിയോസാകട്ടെ 1876-ൽ പത്രോസ് പാത്രിയർക്കീസ് വാഴിച്ചവരിൽ ജീവിച്ചിരിക്കുന്ന ഏക വ്യക്തിയുമാണ്.

തന്നിമിത്തം വൃദ്ധനായ മാർ ഈവാനിയോസല്ലാതെ മറ്റാരും കാതോലിക്കാ ആകാൻ സാധ്യതയുമില്ല. ഈ കുഴഞ്ഞ പ്രശ്നം പരിഹരിക്കുവാൻ മാർ ഈവാനിയോസിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുകയേയുള്ളു എന്ന നിഗമനത്തിൽ നേതാക്കൾ എത്തിച്ചേർന്നു: “അന്നു മൂവാറ്റുപുഴയിൽ പ്രാക്ടീസ് ചെയ്തിരുന്ന കുറിച്ചി തോപ്പിൽ പുന്നൂസ് വക്കീലിനു 1876-ൽ പത്രോസ് പാത്രിയർക്കീസ് വാഴിച്ച മുറിമറ്റത്തിൽ മാർ ഈവാനിയോസിനോടു വളരെ താൽപര്യവും സ്നേഹബഹുമാനാദരങ്ങളും ഉണ്ടായിരുന്നു. അദ്ദേഹവും കോട്ടയത്തുനിന്ന് വന്ന കെ. സി. മാമ്മൻ മാപ്പിളയും ഒന്നിച്ചു അർദ്ധരാത്രിയിൽ പാമ്പാക്കുടയിൽ എത്തി മെത്രാപ്പോലീത്തായെ വിളിച്ചുണർത്തി. ഇവരുടെ നിർബന്ധം മൂലം രാത്രിതന്നെ മെത്രാപ്പോലീത്താ നിരണത്തു ചെന്നു ബാവായെ സന്ദർശിച്ചു. വൃദ്ധനായ മാർ ഈവാനിയോസിനെ ബാവാ സകല കാര്യങ്ങളും ധരിപ്പിച്ചു. മാർ ഈവാനിയോസ് കരഞ്ഞുകൊണ്ട് “എന്റെ ആളുകൾ മുഴുവൻ മറുപക്ഷമാണ്. എന്നെ ഇതിനു നിർബന്ധിക്കരുത്. അവർ

എന്നെ കൊല്ലും" എന്നുവരെ പറഞ്ഞുവച്ചു. "മലങ്കരസഭ നശിക്കാതിരിക്കാൻ മെത്രാച്ചൻ ഈ സ്ഥാനം സ്വീകരിച്ചേ തീരൂ" എന്നുള്ള പാത്രിയർക്കീസിന്റെ കൽപന മാർ ഈവനിയോസ് സ്വീകരിക്കുകയും അദ്ദേഹത്തെ മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായായി അവരോധിക്കുകയും ചെയ്തു. മലങ്കരസഭ ഉള്ളിടത്തോളം ഈ സ്ഥാപനം തുടരണമെന്നുള്ള സ്ഥാത്തിക്കോനും (അനുവാദ കൽപന) നൽകി. കാതോലിക്കാ ബാവായുടെ പിന്നിൽ നിന്നു പ്രവർത്തിച്ച പ്രധാന വ്യക്തിയായ ഔഗേൻ റമ്പാച്ചനും വടക്കരുടെ പ്രതിഷേധം തള്ളിക്കളഞ്ഞുകൊണ്ട് നിരണത്തെ കാതോലിക്കാ വാഴ്ചയിൽ പങ്കെടുത്തു" (മരണമില്ലാത്ത സഭാസ്മരണകൾ, ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച്).

അബ്ദേദ് മ്ശിഹായുടെ രണ്ടു കല്പനകൾ

1. ഒന്നാം കല്പന

സർവ്വശക്തനായി സാരാംശസംപൂർണനായിരിക്കുന്ന നിത്യന്റെ തിരുനാമത്തിൽ തനിക്ക് സ്തുതി. അന്ത്യോഖ്യായുടെ ശ്ലൈഹീക സിംഹാസനത്തിന്റെ രണ്ടാമത്തെ അബ്ദേദ് മ്ശിഹാ ആകുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ്

(മുദ്ര)

സെഹിയോൻ മാളികയിൽ വച്ച് നമ്മുടെ കർത്താവേശു മ്ശിഹാ തന്റെ പരിശുദ്ധ ശിഷ്യന്മാർക്കു നൽകുകയും തന്റെ സാന്നിദ്ധ്യത്തിൽ അവരുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്തതായ ദൈവികകൃപയും സ്വർഗ്ഗീയവാഴ്‌വും പരിശുദ്ധവും ആത്മീയവുമായ സമാധാനവും വിലയേറിയ തിരുരക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ടവരും വിശുദ്ധ മാമോദീസായാൽ മുദ്രകുത്തപ്പെട്ടവരും സത്യവിശ്വാസത്താൽ അലംകൃതരും പത്രോസിനടുത്ത പാറമേൽ സുസ്ഥിതരും ഏവൻഗേലിയോന്യവും പൈതൃകവുമായ കല്പനകളെ അനുസരിക്കുന്നവരുമായ വാഴ്ത്തപ്പെട്ട പ്രധാനാചാര്യന്മാരും വെടിപ്പുള്ള അഹരോന്യ പുരോഹിതന്മാരും നിർമ്മലരായ അന്തോനിയോസ് ദയറായക്കാരും സമർത്ഥന്മാരും വിജ്ഞാനികളും ശോഭയുള്ളവരുമായ സ്തേപ്പാനോസ്യ ശെമ്മാശന്മാരും വിശ്വസ്തരായ എപ്പിത്രോപ്പന്മാരും പ്രധാനികളും ശ്രേഷ്ഠരായ വൃദ്ധന്മാരും സുരക്ഷിതരായ ശിശുക്കളും പൈതങ്ങളും പരിപാകതയുള്ള സ്ത്രീകളും പുത്രിമാരും എല്ലാ പ്രായത്തിലും അളവിലും ഇരിക്കുന്ന വിശ്വാസികളുമായി ഇന്ത്യയിലെ മലബാർ ദേശത്ത് പിതാവാംദൈവത്തിന്റെ കരുണയുടെ നിഴലിൻകീഴിൽ നിവസിക്കുന്ന നമ്മുടെ അനുഗൃഹീതരും വാഴ്ത്തപ്പെട്ടവരുമായ സ്നേഹിതന്മാരും വത്സലരുമായവരുടെ ശിരസ്സുകൾ മേൽ വന്നു ആവസിക്കുമാറാകട്ടെ. ദൈവമായ കർത്താവിന്റെ അനുഗ്രഹം ശാരീരികവും മാനസികവുമായ എല്ലാ പരീക്ഷകളിൽ നിന്നും അവരെ

രക്ഷിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ മറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽത്തന്നെ ആമ്മീൻ.

ബഹുമാനമുള്ളവരും ആത്മീയരുമായ പ്രിയപ്പെട്ടവരെ, കണ്ടനാട് ഇടവകയുടെ ബഹുമാനപ്പെട്ട പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെക്കുറിച്ച് നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നതെന്തെന്നാൽ, പരുമല സെഹിയോൻ പള്ളിയിൽ വച്ച് മലങ്കരയുടെ അനുഗൃഹീത യോഗത്തിൽ നിങ്ങളിൽ നിന്നും കാതോലിക്കാസ്ഥാനത്തേയ്ക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം നമ്മുടെ പക്കൽ സന്നിഹിതനാവുകയും ആത്മദൃഷ്ടിയാൽ നാം പരിശോധിച്ചതിൽ അദ്ദേഹത്തിൽ നാം അത്യധികം സന്തുഷ്ടനാവുകയും ചെയ്തു. കുറ്റമില്ലാത്ത തിരുരക്തത്താൽ വിലയ്ക്കുകൊള്ളപ്പെട്ട ആട്ടിൻപറ്റത്തെ മേയിപ്പാൻ സത്യവാന്മാരും ചൊവ്വുള്ളവരുമായ ഇടയന്മാർ നിങ്ങൾക്ക് ആവശ്യമാണെന്ന് നാം ഗ്രഹിച്ചു. എന്തെന്നാൽ നിങ്ങൾക്ക് ഇപ്പോഴുള്ളവർ സഭാപരമായ ശ്രമങ്ങളുടെ സംരക്ഷണത്തിന് നിങ്ങൾക്കു മതിയാകയില്ലെന്ന് നിങ്ങൾ പറയുന്നു. ഇപ്രകാരം നിങ്ങളുടെ ആത്മീയ സ്നേഹത്തിന്റെ സംസാരത്തിൽ നിന്നും നമുക്കു ബോദ്ധ്യമായിരിക്കുന്നു. ആയതു സകലവിധത്തിലും സർവദാ ഉദാസീനത കൂടാതെ പാലിക്കുവാൻ യുക്തവും വിഹിതവുമാകുന്നു. ദൈവം സഭയിൽ ആദ്യമെ ശ്ലീഹന്മാരെയും പിന്നീട് ദീർഘദർശിമാരെയും അവരുടെശേഷം വ്യാഖ്യാതാക്കളെയും നിയമിച്ചു. എന്നിങ്ങനെ പറഞ്ഞിരിക്കുന്നവണ്ണം തന്നെ. ഇതു സഭയുടെ ക്രമീകരണത്തിനും മഹിമയ്ക്കും അതിന്റെ ആത്മീയമക്കളുടെ ക്രമപാലനത്തിനും അത്രേ. നീ എന്റെ കുഞ്ഞാടുകളെ മേയിക്ക എന്റെ പള്ളാടുകളെ മേയിക്ക; എന്റെ പെണ്ണാടുകളെ മേയിക്ക എന്നു നമ്മുടെ കർത്താവേശുമിശിഹാ ശിമവോൻ കീപ്പായോട് മൂന്നു പ്രാവശ്യം അരുളിച്ചെയ്തുകൊണ്ട് ഭരമേല്പിച്ച കർത്തൃപരമായ ക്രമപ്രകാരം ഇടയസ്ഥാനത്തിന്റെ പദവിയിൽനിന്ന് നിങ്ങളുടെ അപേക്ഷയെ സാധിച്ചുതരേണ്ടത് യുക്തവും ന്യായവുമാകുന്നുവല്ലൊ. ആയതു നന്മയോ തിന്മയോ ആയ പ്രവൃത്തികൾക്കനുസരണമായി ഓരോരുവനേയും ന്യായം വിധിപ്പാൻ താൻ ഏഴുന്നെള്ളുമ്പോൾ മറുപടി കൊടുപ്പാൻ കഴിയാതെ സത്യ ഇടയനും എല്ലാ ഇടയന്മാരുടെയും നാഥനുമായവന്റെ സന്നിധിയിൽ നമുക്കും കുറ്റം ഉണ്ടാകാതിരിക്കേണ്ടതിനത്രെ. നീതിമാനായ ഈയൂബ് 'വിധി ദിവസത്തിൽ ദൈവം എഴുന്നേൽക്കുമെങ്കിൽ ഞാൻ എന്തു ചെയ്യേണ്ടൂ. ഞാൻ എന്തു മറുപടി കൊടുക്കും?' എന്ന് ചോദിച്ചിരിക്കുന്നു. വീണ്ടും കർത്താവിന്റെ നിരൂപണ ശക്തിയുള്ളതും, മനുഷ്യന്റേത് ബലഹീനവുമാകുന്നു എന്ന് ഏശായ ദീർഘദർശിയും പറഞ്ഞിരിക്കുന്നു. ഇതു നിമിത്തം നമ്മുടെ കർത്താവേശുമിശിഹാ ശിമവോൻ കീപ്പായെ ഭരമേല്പിച്ച കർത്തൃപരമായ ക്രമപ്രകാരമുള്ള ഇടയസ്ഥാനത്തിന്റെ പദവിയിൽ നിന്നും ചെയ്തുതരുവാൻ നമുക്കു വേണ്ടിയിരിക്കുന്നവണ്ണം നമ്മുടെ

സത്യസഭയുടെ വിശ്വാസാനുസരണം പരിശുദ്ധസഭയുടെ ക്രമത്തിൽ നടത്തിപ്പിന് ആവശ്യമായിരിക്കുന്ന എല്ലാ ആത്മീയാംശങ്ങളെയും ശുശ്രൂഷിപ്പാനായിട്ട് കാതോലിക്കായെ (അഥവാ മപ്രിയാനായെ) നിങ്ങൾക്കു നിലനിർത്തുവാൻ നാം പ്രേരിതനായി. ദൈവത്തിലും പരിശുദ്ധറൂഹായിലും നാം ശരണപ്പെട്ടു. താൻ മനസ്സാകുന്നിടത്തു ഊതുകയും ആവസിക്കുകയും തന്റെ ആവാസത്തിൻ പ്രകാശത്തിൽ എല്ലാ ബോധങ്ങളെയും പ്രകാശിപ്പിക്കുകയും ആത്മികങ്ങളും രഹസ്യപരങ്ങളുമായ എല്ലാ നൽവരങ്ങളെയും പൂർത്തീകരിക്കുകയും ചെയ്യുന്നു. ആത്മാവ് ഇഷ്ടപ്പെടുന്നിടത്തു ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നീ അറിയുന്നില്ല.

നിരണത്തു വിശുദ്ധ ദൈവമാതാവിന്റെ പള്ളിയിൽവച്ചു മലങ്കരയിലെ മെത്രാപ്പോലീത്തന്മാരുടെ തലവനായ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടും ശേഷം മേല്പട്ടക്കാരോടും ദയറാക്കാരോടും ശെമ്മാശന്മാരോടും വിശ്വാസികളുടെ വലിയ ഒരു സമൂഹത്തോടുംകൂടി മിശിഹാകാലം 1912 കന്നി മാസം 2-ാം തീയതി ഞായറാഴ്ച നാം സന്നിഹിതനായി. നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മിക വാത്സല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ (മപ്രിയാനയായി) കിഴക്കിന്റെയും ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെയും കാതോലിക്കായായി നാം പട്ടം കൊടുത്തിരിക്കുന്നു. തദവസരത്തിൽ എല്ലാ പിതാക്കന്മാരും ശേഷം ജനങ്ങളും ഒക്സിയോസ്, ഒക്സിയോസ്, ഒക്സിയോസ്, മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ യോഗ്യനും അർഹനുമാകുന്നു എന്ന് ഏകസ്വരത്തിൽ അട്ടഹസിച്ചു പറഞ്ഞു. വിളിക്കു യോഗ്യനായിത്തീർന്നപ്രകാരം അദ്ദേഹം കാതോലിക്കാ ആയി ആഘോഷിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. നമ്മുടെ കർത്താവേശുമിശിഹായാൽ പരിശുദ്ധ ശ്ലീഹന്മാർക്കു ദാനം ചെയ്യപ്പെട്ടതുപോലെ. ദീവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന മലങ്കര അസ്സോസ്യേഷൻ അംഗങ്ങളുടെ ആലോചനയോടുകൂടി പരിശുദ്ധ സഭയുടെ ക്രമപാലനത്തിനാവശ്യമായ എല്ലാ ആത്മിക അംശങ്ങളും പൊതുവായി ശുശ്രൂഷിപ്പാൻ അദ്ദേഹത്തിനു പരിശുദ്ധ റൂഹായാൽ അധികാരം നൽകപ്പെട്ടു. അതായത്, മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും പട്ടംകെട്ടുവാനും പരിശുദ്ധ മൂറോൻ കൂദാശ ചെയ്യുവാനും ആത്മികങ്ങളായ ശേഷമുള്ള എല്ലാ അംശങ്ങളെയും ശുശ്രൂഷിക്കുവാനും പ്രത്യേകിച്ചു ഇതുവരെയും ഭരിച്ചിരുന്നതുപോലെ കണ്ടനാട് ഇടവകയെ ഭരിപ്പാനും തന്നെ. ഇതു നിമിത്തം നിങ്ങളുടെ സന്തോഷം ആത്മികവും പരിപൂർണവും ആകുമാറ് ആത്മികശബ്ദത്തിൽ നമ്മോടൊന്നിച്ച് അവർ ഉച്ചൈസ്തരം ഘോഷിച്ചു.

വീണ്ടും വാഴ്ത്തപ്പെട്ട നമ്മുടെ ആത്മീയമക്കളെ, നിങ്ങൾ എല്ലാവരെയും

നാം പ്രബോധിപ്പിക്കുന്നതു എന്തെന്നാൽ ഈ ബഹുമാന്യനായ പിതാവിനെ നിങ്ങൾ അനുസരിക്കേണ്ടതു നിങ്ങളുടെ മുറയാകുന്നു. നിങ്ങൾ അദ്ദേഹത്തെ യുക്തമായും ഉചിതമായും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ അദ്ദേഹം നിങ്ങളുടെ തലവനും ഇടയനും ആത്മീയപിതാവുമാകുന്നു. അദ്ദേഹത്തെ ബഹുമാനിക്കുന്നവൻ നമ്മെ ബഹുമാനിക്കുന്നു. അദ്ദേഹത്തെ കൈക്കൊള്ളുന്നവൻ നമ്മെ കൈക്കൊള്ളുന്നു. അദ്ദേഹത്തിന്റെ ചൊവ്വുള്ള വചനങ്ങളെ കൈക്കൊള്ളാതിരിക്കുകയും പരിശുദ്ധസഭയുടെ കാനോനനുസരിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് എതിരായി നിന്ന് ധിക്കരിക്കുകയും മത്സരിക്കുകയും ചെയ്യുന്ന എല്ലാവരും കുറ്റക്കാരായിത്തീരുന്നതാണ്. മത്സരത്തിൽനിന്നും നിയമലംഘനത്തിൽ നിന്നും സൂക്ഷിച്ചുകൊൾവിൻ. അനുസരിക്കുന്നവരുടെമേൽ കർത്തൃസന്നിധിയിൽ നിന്നും കൃപയും വാഴ്വും വസിക്കും. അദ്ദേഹം ദൈവകല്പനയെ ലംഘിക്കുകയോ നീതിയുടെ മാർഗം വെടിഞ്ഞ് നടക്കുകയോ ചെയ്യുകയില്ലെന്ന് ദൈവത്തിൽ നമുക്കു ശരണമുണ്ട്.

നമ്മുടെ അപേക്ഷ ഇതു മാത്രമാകുന്നു. നമ്മുടെ ഹൃദയ സന്തോഷം പരിപൂർണമാകുവാൻ നിങ്ങൾ പരസ്പരം സ്നേഹത്തിലും ഐകൃതയിലും ഇരിപ്പിൻ.

വീണ്ടും നാം അപേക്ഷിക്കുന്നു. സൈത്തുപർവതത്തിൽ വച്ച് പരിശുദ്ധതൃക്കൈകൾ നീട്ടി വിശുദ്ധ ശ്ലീഹന്മാരെ വാഴ്ത്തിയവനായ കർത്താവേശു മിശിഹാ പരിശുദ്ധവും ദൈവികവുമായ അദൃശവലതുകൈ നീട്ടി ദൈവികങ്ങളായ അനുഗ്രഹങ്ങളാൽ നിങ്ങളെല്ലാവരെയും വാഴ്ത്തുമാറാകട്ടെ. നിങ്ങളിൽനിന്നും ശാരീരികവും ആത്മികവുമായ എല്ലാ പരീക്ഷകളെയും കടത്തിക്കളയട്ടെ. നിങ്ങളുടെ സമ്പാദ്യത്തെയും നിങ്ങൾക്കുള്ള സകലത്തെയും താൻ വാഴ്ത്തുമാറാകട്ടെ. നിങ്ങളുടെ മുമ്പിൽ കരുണയുടെ വാതിലിനെ താൻ തുറക്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങളും കൃപയും നിങ്ങളെല്ലാവരുടെമേലും ചൊരിയുകയും തന്റെ വലത്തു തൃക്കൈയാൽ നിങ്ങളെ താങ്ങുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കായി താൻ നിങ്ങളെ സഹായിക്കുകയും എല്ലാ സൽപ്രവൃത്തികളിലും നിങ്ങളെ തുണയ്ക്കുകയും എല്ലാ ദുഷ്പ്രവൃത്തികളിൽ നിന്നും നിങ്ങളെ വീണ്ടുകൊള്ളുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ ഇടയിലും നിങ്ങളുടെ ഹൃദയത്തിലും തന്റെ സ്നേഹം വിതയ്ക്കുകയും നിങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സുകൃതനടപടികളാൽ നിങ്ങളെ നടത്തുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ ദേശത്തു ദൈവം നിങ്ങളെ സമാധാനപ്പെടുത്തുകയും ന്യായാധിപന്മാരുടെ ഹൃദയങ്ങളിൽ നിങ്ങളെക്കുറിച്ച് കരുണയും ഭയവും തോന്നിക്കുകയും ചെയ്യട്ടെ. സന്തോഷങ്ങളുടെ കാലങ്ങളെ എല്ലായ്പോഴും നിങ്ങൾക്കു നൽകുകയും ചെയ്യട്ടെ.

താൻ നിങ്ങളുടെമേലും നിങ്ങളുടെ ഭവനങ്ങളുടെമേലും കൃപയും അനുഗ്രഹവും ചൊരിയട്ടെ. നിങ്ങളെയും നിങ്ങളുടെ മരിച്ചവരെയും നീതിമാന്മാരോടും പുണ്യവാന്മാരോടുമൊന്നിച്ച് സ്വർഗ്ഗരാജ്യത്തിന് താൻ യോഗ്യരാക്കിത്തീർക്കട്ടെ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ നിങ്ങൾ വന്നു പ്രവേശിച്ച് ലോകസ്ഥാപനത്തിനു മുമ്പേ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗരാജ്യം അവകാശിച്ചുകൊൾവിൻ എന്നു പറയുന്ന സന്തോഷശബ്ദം നിങ്ങളെയും അവരെയും താൻ കേൾപ്പിക്കട്ടെ. ആയത് ദൈവമാതാവായ മറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥപ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

(ഒപ്പ്)

ദൈവകൃപയാൽ പൂർവ്വിക സുറിയാനിജനതയുടെ പാത്രിയർക്കീസാകുന്ന അബ്ദേദ്മിശിഹാ. മിശിഹാകാലം 1912 കന്നി 2-ാം തീയതി നിരണംപള്ളിയിൽവച്ച് എഴുതപ്പെട്ടു.

(തർജ്ജമ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ)

2. രണ്ടാം കല്പന

സർവ്വശക്തനായി, സാരാംശസമ്പൂർണ്ണനായിരിക്കുന്ന, ആദിയും അന്തവുമില്ലാത്ത നിത്യന്റെ നാമത്തിൽ തനിക്കു സ്തുതി. അന്ത്യോക്യായിലെ ശ്ലൈഹിക സിംഹാസനത്തിന്റെ ബലഹീനനായ രണ്ടാമത്തെ അബ്ദേദ് മിശിഹായാകുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ്.

(മുദ്ര)

ദൈവത്താൽ കാക്കപ്പെട്ടിരിക്കുന്ന മലബാർ ദേശവാസികളായ അനുഗ്രഹിക്കപ്പെട്ടവരും വാഴ്ത്തപ്പെട്ടവരുമാകുന്ന നമ്മുടെ വാത്സല്യവാന്മാരായ കാതോലിക്കായുടെയും വിശ്വാസികളായ ജനത്തിന്റെ തലവന്മാരായ മെത്രാപ്പോലീത്താമാരുടെയും പട്ടക്കാരും ദയറായക്കാരും ശെമ്മാശന്മാരും എപ്പിത്രോപ്പാമാരും വൃദ്ധന്മാരും യൗവനക്കാരും ശിശുക്കളും പൈതങ്ങളും വലിയവരും ചെറിയവരും പുരുഷന്മാരും സ്ത്രീകളുമായി വിശുദ്ധ മാമോദീസായുടെ റൂശ്മായാൽ മുദ്രകുത്തപ്പെട്ടിരിക്കുന്നവരുമായ നമ്മുടെ സർവ്വമക്കളുടെയും ശിരസ്സുകളിൽ ദൈവികസമാധാനവും സ്വർഗ്ഗീയ വാഴ്വുകളും വന്നാവസിക്കുമാറാകട്ടെ.

ആയത് ദൈവമാതാവിന്റെയും മാർ തോമാശ്ലീഹായുടേയും തന്റെ സഖികളാകുന്ന പരിശുദ്ധ ശ്ലീഹന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

രണ്ടാം പ്രാവശ്യവും നിങ്ങൾക്ക് നാം ആശീർവാദങ്ങളെ തന്നശേഷം നിങ്ങളുടെ യഥാർത്ഥ സ്നേഹത്തോട് അറിയിക്കുന്നത്.

മിദിയാത്തിൽ നമ്മുടെ ബലഹീനതയുടെ അടുക്കൽ നിങ്ങളുടെ എഴുത്തുകൾ എത്തിയതു മുതൽ, മലബാറിൽ നമ്മുടെ ആത്മീയ മക്കളുടെ ഇടയിലും പള്ളികളിലും അബ്ദുള്ളാ അഫൻഡി വിതച്ചിട്ടുള്ള കുഴപ്പത്തെപ്പറ്റി നമുക്കു വളരെ ഖേദമുണ്ടായി. ദൈവിക തീക്ഷ്ണത നമ്മെ നിർബന്ധിക്കുകയാൽ സർവ്വശക്തനായ ദൈവത്തിൽ ശരണം വച്ചുകൊണ്ട് നാം എഴുന്നേറ്റു; നിങ്ങളുടെ അപേക്ഷപ്രകാരം മലബാറിലേക്കു വരുന്നതിന് ഉടനെ പുറപ്പെട്ടു. കരുണയുള്ള ദൈവം ഉപദ്രവം കൂടാതെയും വിരുദ്ധങ്ങൾ കൂടാതെയും നമ്മെ വഴിനടത്തി സമാധാനപൂർവ്വം നിങ്ങളുടെ അടുക്കലേക്കു കൊണ്ടുവന്നു. നമ്മുടെ പരിശോധനയിൽ മലങ്കര മെത്രാപ്പോലീത്തയായ ദിവന്നാസ്യോസും അദ്ദേഹത്തോടു ചേർന്നുനിൽക്കുന്ന എല്ലാവരും ചൊവ്വുള്ളവരാകുന്നു എന്നു നാം കണ്ടു. ഇവിടെ പരുമല സെമിനാരിയിൽ നാം യോഗംകൂടി നിങ്ങളുടെ ആവശ്യത്തെപ്പറ്റിയും അബ്ദുള്ളാ അഫൻഡി ചെയ്തിട്ടുള്ള അകാനോനിക ക്രിയകളെപ്പറ്റിയും നമുക്കു മനസ്സിലായി. മലബാറിലെ പരമാർത്ഥികളായ ദൈവകുഞ്ഞാടുകളുടെ ഇടയിൽ ഉണ്ടായിട്ടുള്ള കലഹവും കൊലയും നിമിത്തവും നമ്മുടെ ഹൃദയം ദുഃഖംകൊണ്ടു നിറഞ്ഞു.

നമ്മുടെ ആത്മീയ വാത്സല്യഭാജനങ്ങളേ, അവന്റെ ഈ ക്രിയകൾ ദൈവത്തിൽ നിന്നല്ല, പിന്നയോ സാത്താനിൽ നിന്നത്രേ എന്ന് അറിഞ്ഞുകൊള്ളുവിൻ. ദൈവിക കർമ്മങ്ങൾ അറിയപ്പെട്ടിരിക്കുന്നു. അവ നിരപ്പ്, സമാധാനം, സ്നേഹം മുതലായ ആകുന്നുവല്ലോ. നമ്മുടെ ദൈവമായ മിശിഹാ ഒരുത്തനേയും കൊന്നിട്ടില്ല; കൊല്ലുവാൻ കല്പിച്ചിട്ടുമില്ല. എന്നാലോ പരമാർത്ഥികളായ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവൻ വയ്ക്കുകയത്രേ ചെയ്തത്. തന്റെ ഇടവയയ്ക്കുവേണ്ടി ജീവൻ അർപ്പിക്കുവാൻ അവിടുന്ന് തന്റെ ശിഷ്യരോട് കല്പിക്കുകയും ചെയ്തു. വൃക്ഷം അതിന്റെ ഫലങ്ങളാൽ അറിയപ്പെടുമെന്ന് അവിടുന്നരുൾചെയ്തിരിക്കുന്നു.

ഇതുനിമിത്തം നമ്മുടെ കർത്താവിന്റെ കല്പനയ്ക്കു വിപരീതമായി പ്രവർത്തിക്കുന്നവൻ തന്റെ സഭയെ പണിയുന്നില്ലെന്നും “അന്ത്യോക്യയിലെ ശ്ലൈഹിക സിംഹാസനത്തെ ഞങ്ങൾ സഹായിക്കുന്നു” എന്ന് അവർ പറയുന്നത് പരമാർത്ഥികളെ വഞ്ചിപ്പാനാകുന്നു എന്നും നിങ്ങൾ തിരിച്ചറിഞ്ഞുകൊള്ളുവിൻ. സിംഹാസനത്തിന്റെ നിലനില്പ് കൊലപാതകത്തിലോ, അത്യാഗ്രഹത്തിലോ, വഞ്ചനയിലോ, വ്യാജത്തിലോ, ലൗകികാധികാരത്തിലോ അല്ലെന്ന് അവർ അറിയുന്നില്ല. എന്തെന്നാൽ ഇവ ലോകത്തിന്റേയും ജഡത്തിന്റേയും മോഹത്തിൽ നിന്നല്ലാതെ ദൈവിക തീക്ഷ്ണതയിൽ നിന്നു ജനിക്കുന്നവയല്ല എന്നു മനസ്സിലാക്കുവിൻ.

നമ്മുടെ വാത്സല്യമക്കളേ, നിങ്ങൾ വഞ്ചിക്കപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. നിത്യജീവൻ സമ്പാദിക്കണമെങ്കിൽ ഇപ്രകാരമുള്ള മാർഗ്ഗങ്ങളിൽ നിന്ന് അകന്നുകൊൾവിൻ. എന്നാൽ വലിയ ദുഃഖത്തോടെ നമ്മുടെ

കർത്താവേശുമിശിഹായോട് നാം അപേക്ഷിച്ചപ്പോൾ നിങ്ങളുടെ അപേക്ഷയും ആവശ്യവും നിവൃത്തിക്കുന്നതു നല്ലതാകുന്നു എന്നു വിശുദ്ധാത്മാവു മൂലം താൻ നമ്മെ അറിയിച്ചു. ഇതു നിമിത്തം ദൈവകൃപയാൽ നിങ്ങളുടെ അപേക്ഷപോലെ ബസ്സേലിയോസ് എന്ന നാമത്തിൽ മഫ്രിയാനായേയും അതായത് കാതോലിക്കായെയും, മൂന്നു പുതിയ മെത്രാന്മാരെയും വാഴിച്ചു. അവരിൽ ഒന്നാമതായി ഗീവറുഗീസ് ഗ്രീഗോറിയോസും, രണ്ടാമതായി യൂയാക്കീം ഈവാനിയോസും മൂന്നാമതായി ഗീവറുഗീസ് പീലക്സിനോസും ആകുന്നു. നാം കാതോലിക്കായെ വാഴിക്കാതിരുന്നാൽ മലബാറിലെ നമ്മുടെ സഭ പല കാരണങ്ങളാൽ വെടിപ്പിലും വിശുദ്ധിയിലും നിലനിൽക്കയില്ലെന്ന് നമുക്കു മനസ്സിലായി. എന്നാൽ, ഇപ്പോൾ കർത്താവിന്റെ ശക്തിയാൽ വെടിപ്പിലും വിശുദ്ധിയിലും എന്നേക്കും അതു നിലനിൽക്കുമെന്നും അന്ത്യോഖ്യാ സിംഹാസനത്തോടുള്ള സ്നേഹബന്ധത്തിന്റെ സംബന്ധത്തിൽ മുമ്പിലത്തേക്കാൾ അധികമായി അതു സ്ഥിരപ്പെടുമെന്നും നാം അറിയുന്നു. ഇതാകുന്നു നമ്മുടെ ഹൃദയത്തിന് സന്തോഷവും.

കണ്ടാലും, ഇപ്പോൾ നമ്മുടെ മക്കളെ, നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ. നാമോ ദൈവതിരുവിഷ്ടപ്രകാരം പോകുന്നു. നാം പോകുന്നു എന്നിരുന്നാലും നിങ്ങളെ ഒരിക്കലും നാം മറക്കുന്നതല്ലെന്ന് നിങ്ങൾ വിശ്വസിപ്പിൻ. എന്നാലോ ഇടവിടാതെ സ്വർഗത്തിലേക്കു നമ്മുടെ കണ്ണുകളെ ഉയർത്തി നമ്മുടെ രക്ഷിതാവായ മിശിഹായുടെ വിലയേറിയ രക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ട പരമാർത്ഥമുള്ള കുഞ്ഞാടുകളായ നിങ്ങൾക്കുവേണ്ടി അപേക്ഷകളും പ്രാർത്ഥനകളും കഴിക്കുന്നതാകുന്നു. നമുക്കുവേണ്ടിയും നമ്മുടെ സമൂഹം ഒക്കെക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. സ്നേഹത്തിലും നിരപ്പിലും സമാധാനത്തിലും ഇരിപ്പിൻ. നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടിയും വൃഥാ നിങ്ങളെ ശപിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ.

ആ അപഹാരിയുടെ കാനോനികമല്ലാത്തവയും കാരണമില്ലാത്തവയുമായ മുടക്കുകളെയും ശാപങ്ങളെയും നിങ്ങൾ ഭയപ്പെടേണ്ട. കലഹമുണ്ടാക്കുന്നവരെ നിങ്ങൾ ചെവിക്കൊള്ളരുത്. നന്മയായാലും തിന്മയായാലും അവരുടെ പ്രവൃത്തികൾക്ക് തക്കവണ്ണം ദൈവം അവരോടു പ്രതികാരം ചെയ്യട്ടെ. പ്രധാന ഇടയനാകുന്ന നമ്മുടെ കർത്താവേശുമിശിഹായുടെ തൃക്കൈകളിൽ നിങ്ങളെ നാം ഭരമേല്പിക്കുന്നു. താൻ നിങ്ങളെ പരിപാലിച്ചുകൊള്ളട്ടെ.

നിങ്ങളുടെ ഇടയന്മാർ, അതായതു കാതോലിക്കായും മെത്രാപ്പോലീത്തന്മാരും, നിങ്ങൾക്കുള്ള സകല ആവശ്യങ്ങളെയും നിവൃത്തിക്കുമെന്ന് ഞാൻ ശരണപ്പെടുന്നു. കാതോലിക്കാ, മെത്രാപ്പോലീത്തന്മാരോടുകൂടെ നമ്മുടെ പരിശുദ്ധ പിതാക്കന്മാരുടെ കാനോനാകൾക്ക് അനുസരണമായിട്ടു നിങ്ങൾക്കു മേല്പട്ടക്കാരെ വാഴിക്കുകയും മൂറോൻ കൂദാശ ചെയ്യുകയും ചെയ്യും. കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ

സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാന്മാർക്ക് അംഗീകാരവും അവകാശവും ഉണ്ട്. ഇതിൽ നിന്നും നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല. എന്നാൽ, സകലവും ക്രമമായും പതിവുപോലെയും മലങ്കര മെത്രാപ്പോലീത്തായാകുന്ന ദീവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന കമ്മിറ്റിക്കാരുടെ ആലോചനയോടുകൂടെയും ചെയ്യണം.

നിങ്ങളുടെ സ്നേഹത്തോട് നാം അപേക്ഷിക്കുകയും നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തിൽ നിങ്ങളോട് സൽബുദ്ധി ഉപദേശിക്കുകയും ചെയ്യുന്നു. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്ത നമ്മുടെ വിശുദ്ധസഭ ഏതിന്മേൽ പണിയപ്പെട്ടിരിക്കുന്നവോ ആ പത്രോസിന്നടുത്ത നിങ്ങളുടെ സത്യവിശ്വാസത്തിൽ നിന്ന് നിങ്ങൾ തെറ്റി പോകരുത്. അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനവുമായുള്ള സ്നേഹബന്ധത്തിന്റെ ബന്ധത്തിൽ നിന്ന് അപഹാരിയായ ഒരുവന്റെ ന്യായമല്ലാത്ത ക്രിയകൾ നിമിത്തം നിങ്ങൾ വേർപിരിയരുത് എന്ന് നിങ്ങളുടെ സത്യസ്നേഹത്തോട് നാം കല്പിക്കുന്നു. മുമ്പിലത്തെ നിങ്ങളുടെ പുണ്യവാന്മാരായ പിതാക്കന്മാരെപ്പോലെ നിങ്ങൾ അനുസരണമുള്ളവരും തിരിച്ചറിവുള്ളവരുമാണെന്നു നാം അറിയുന്നു. നിങ്ങളുടെ ജ്ഞാനത്തിന് ഇതു മതി. അല്പത്തിൽ നിന്ന് വളരെ നിങ്ങൾ മനസ്സിലാക്കും. കർത്താവിൽ ശുഭമായിരിപ്പിൻ.

നമ്മുടെ കർത്താവീശോമിശിഹായോട് നാം വീണ്ടും അപേക്ഷിക്കുന്നതെന്തെന്നാൽ, സെഹിയോൻ മാളികയിൽവച്ച് പരിശുദ്ധശ്ലീഹന്മാരുടെ മേൽ നീട്ടി അവരെ വാഴ്ത്തിയതും, അനുഗ്രഹങ്ങളും വാഴ്വുകളും നിറഞ്ഞതും, പരിശുദ്ധ കർതൃത്വത്തിനടുത്തതുമായ വലത്തുകൈ നമ്മുടെ ബലഹീനതയുടെ വലത്തുകൈയോടുകൂടി നീട്ടി നിങ്ങളെല്ലാവരെയും അനുഗ്രഹിക്കുകയും നിങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുകയും വിശ്വാസികളായ നിങ്ങളുടെ പരേതരെ പുണ്യപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

“എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനത്തിനുമുമ്പ് നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിനകത്തു പ്രവേശിച്ച് അവകാശപ്പെടുത്തിക്കൊള്ളുവിൻ” എന്ന് വലത്തുഭാഗത്തുള്ളവരോട് അരുളിചെയ്യുന്ന സന്തോഷപ്രദമായ ശബ്ദം കേൾക്കുവാൻ നിങ്ങൾക്കും നിങ്ങളുടെ മരിച്ചുപോയവർക്കും ഇടയാകട്ടെ.

ആയത് ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും വിശുദ്ധശ്ലീഹന്മാരുടെയും ഇന്ത്യയുടെ കാവൽക്കാരനായ മാർത്തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

1913-ാമാണ്ട് ശ്ബോത്ത് മാസം 8-ാം തീയതി പരുമല സെമിനാരിയിൽ നിന്ന്.

കാതോലിക്കാ വാഴ്ചയെ തുടർന്നു സ്വന്തം ഇടവകയായ കോലഞ്ചേരി പള്ളിയിൽ എത്തിയ ഒന്നാം കാതോലിക്കായെ പള്ളിയിൽ യഥായോഗ്യം കയറ്റാൻ ഒരു വിഭാഗം അനുവദിച്ചില്ല. തുടർന്നുണ്ടായ സംഘർഷത്തിന്റെ യഥാർത്ഥ ചിത്രം മനസ്സിലാക്കാതെ, ദുഃഖാർത്തനായ കാതോലിക്കാ ബാവാ മൂവാറ്റുപുഴയിൽ എത്തി പരേതനായ പുന്നൂസ് വക്കീലിന്റെ വസതിയിൽ താമസിച്ചു. പിന്നീട് എതിർകക്ഷികളുടെ നിരോധനം വകവയ്ക്കാതെ കാതോലിക്കാ ബാവാ കോലഞ്ചേരി പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചശേഷം പരേതരുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. താൻ മുഖാന്തരം പള്ളിയിൽ ആരാധന മുടങ്ങാനിട വരരുതെന്നു പറഞ്ഞു ബാവാ കോലഞ്ചേരിപ്പള്ളിയോടു വിടപറഞ്ഞു കോട്ടൂർ പള്ളിയിൽ എത്തി താമസിച്ചു. താമസംവിനാ കോട്ടയത്തു പഴയസെമിനാരിയിൽ താമസിച്ചു വരവേ വാർദ്ധക്യസഹജമായ ചില രോഗങ്ങൾ ബാധിച്ചു.

രോഗിയായപ്പോൾ സ്വന്തം ഇടവകയായ കോലഞ്ചേരിപ്പള്ളിയിലേക്കു പോകണമെന്ന് ആഗ്രഹിച്ചുവെങ്കിലും തന്റെ പ്രവേശനം ഇടർച്ചകൾക്ക് ഇട വരുത്തിയേക്കുമോയെന്ന് സംശയമുണ്ടായിരുന്നതിനാൽ അതിനു മുതിർന്നില്ല. തന്റെ അധികാരസീമയിലുള്ള ഏതെങ്കിലും ഒരു വടക്കൻ പള്ളിയിൽ അന്ത്യകാലം കഴിച്ചുകൂട്ടണമെന്നായിരുന്നു തിരുമേനി ആഗ്രഹിച്ചത്.

തിരുമേനിയുടെ രോഗവിവരം അറിഞ്ഞ് അന്നത്തെ സമുദായ വൈദിക ട്രസ്റ്റി പാലപ്പിള്ളിൽ പൗലൂസ് കത്തനാർ കോട്ടയം സെമിനാരിയിൽ എത്തി. കോട്ടൂർപള്ളി തന്റെ അന്ത്യവിശ്രമസ്ഥലമായിരിക്കണമെന്നു പല സന്ദർഭത്തിലും പറയാറുണ്ടായിരുന്ന കാര്യം അച്ചൻ തിരുമേനിയെ അനുസ്മരിപ്പിച്ചു.

കോലഞ്ചേരിയിലും കോട്ടൂർ കുരിശുപള്ളിക്കു സമീപവും തന്റെ കുടുംബക്കാരും ചാർച്ചക്കാരും സുഹൃദ്‌വലയവും അധികമായുണ്ടെങ്കിലും അവരിൽ ഒരു നല്ല പങ്ക് സഭയുടെ സത്യവിശ്വാസങ്ങൾക്കുനേരെ പുറംതിരിഞ്ഞ് നിൽക്കുന്നവരും ആദരവില്ലാത്തവരുമാണെന്നു മനസ്സിലാക്കി തന്റെ ആഗ്രഹം സഫലമാവില്ല എന്നു തിരുമേനി ചിന്തിച്ചു.

തെല്ലും ആലോചിക്കുവാൻ സമയമെടുക്കാതെ പാലപ്പിള്ളിലച്ചൻ പ്രതിവചിച്ചു. 'തിരുമേനിക്കു സമ്മതമെങ്കിൽ എന്റെ സ്വന്തം ദൈവാലയമായ പാമ്പാക്കുട കൊച്ചുപള്ളിയിൽ എത്തി വിശ്രമിച്ചു കഴിയാം.'

അവികസിതമായ ഒരു പ്രദേശമാണ് കൊച്ചുപാമ്പാക്കുടയെങ്കിലും താനും കുടുംബവും സത്യവിശ്വാസത്തിലുറച്ചു നിൽക്കുന്ന ഇടവകയിലെ ജനങ്ങളും ഒന്നടങ്കം തിരുമേനിയെ പരിപാലിച്ചുകൊള്ളാമെന്ന് അച്ചൻ വാക്കു നൽകി. അതുവഴി വടക്കൻ ഇടവകകളിൽ ഒരിടത്തു തന്റെ അന്ത്യവിശ്രമം ആയിരിക്കണമെന്നുള്ള തിരുമേനിയുടെ ആഗ്രഹം സഫലീകൃതമാകുമെന്നും അച്ചൻ അറിയിച്ചു. അതു കേട്ടിട്ട് തിരുമേനി എന്തെന്നില്ലാതെ സന്തോഷിച്ചു.

അശ്രുകണങ്ങൾ പൊഴിച്ചു. അങ്ങനെ പാമ്പാക്കുടയ്ക്കു പോകുവാൻ തിരുമേനി തീരുമാനിച്ചു.

എന്നാൽ, ഒരു വ്യവസ്ഥ കൂടി തിരുമേനി പാലപ്പിള്ളിലച്ചന്റെ മുമ്പിൽ വച്ചു. കോട്ടയത്തുനിന്നു പാമ്പാക്കുടയിലേക്കുള്ള യാത്ര വള്ളത്തിലായിരിക്കുമെന്നും വള്ളം പിറവത്തു കടവിലെത്തിയതിനുശേഷമെ പാമ്പാക്കുടയ്ക്കു പോകുവാൻ കഴിയുകയുള്ളു എന്നും തിരുമേനിക്ക് അറിയാമായിരുന്നു. അതിനാൽ തിരുമേനി അച്ചനോട് പറഞ്ഞു: 'പിറവത്തെ കടവിൽ വള്ളം അടുത്താൽ എന്റെ പാദങ്ങൾ പിറവത്തെ മണ്ണിൽ ചവിട്ടുവാൻ ഇടവരുത്തരുത്.'

ആ വ്യവസ്ഥ പാലിച്ചുകൊള്ളാമെന്ന് പാലപ്പിള്ളിലച്ചൻ ഏറ്റു. പിറവം കടവിൽ വള്ളം അടുത്തപ്പോൾ നേരത്തെ തയ്യാറാക്കി നിറുത്തിയിരുന്ന മഞ്ചലിലേക്ക് തിരുമേനിയെ എടുത്തു കയറ്റി. പാമ്പാക്കുട കൊച്ചുപള്ളിയിലേക്ക് പിറവത്തെ മണ്ണിൽ കാൽ തൊടാതെ തിരുമേനിയെ എത്തിച്ചു. തിരുമേനി അവിടെ താമസമാക്കി.

പാമ്പാക്കുട കൊച്ചുപള്ളിയിലെ താമസകാലത്ത് ഒരു ദിവസം തന്റെ അടുത്തു കൂടിനിന്നവരോടായി മലങ്കരസഭയെക്കുറിച്ചും സഭയുടെ ചരിത്രസത്യങ്ങളെക്കുറിച്ചും സഭയുടെ ഭാവിയെക്കുറിച്ചും അയവിറക്കിക്കൊണ്ട് സംസാരിക്കുന്നതിനിടയിൽ അദ്ദേഹം ഉച്ചരിച്ച വാക്കുകൾ ശ്രദ്ധേയമാണ്:

'എന്റെ പ്രിയ മക്കളെ, മലങ്കരസഭയാകുന്ന സത്യം ഉമിത്തീയിലെന്നപോലെ കഷ്ടതകളോടും ക്ലേശങ്ങളോടും നീറിനീറിക്കിടക്കും. എന്നാൽ, കാലങ്ങൾക്കുശേഷം അത് ആളിക്കത്തി പ്രകാശിക്കുക തന്നെ ചെയ്യും.'

മലങ്കരസഭയെക്കുറിച്ചും അതിലെ കാതോലിക്കേറ്റിനെപ്പറ്റിയുമാണ് അന്ന് അദ്ദേഹം കൽപിച്ചു പറഞ്ഞത്. അന്നത്തെ അദ്ദേഹത്തിന്റെ പ്രവചനങ്ങൾ ഇന്ന് മലങ്കരസഭയുടെ അനുഭവത്തിൽ യാഥാർത്ഥ്യമായി ഭവിച്ചുകൊണ്ടിരിക്കുകയാണ്.

മേടം 2-ാം തീയതി തിങ്കളാഴ്ച ആയപ്പോഴേക്കും ദീനം വളരെ വർദ്ധിച്ചു. അന്നുതന്നെ കരവട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും പല സ്ഥലങ്ങളിൽ നിന്നും വന്ന നിരവധി വൈദികരുടെ സഹകാർമ്മികത്വത്തിലും കന്തീലാ ശുശ്രൂഷ നടത്തി. മുറിമറ്റത്തിൽ തിരുമേനിയുടെ അനന്തഗാമികളായ ഓമ്പാളയിൽ ഗീവറുഗീസ് കത്തനാർ, മുറിമറ്റത്തിൽ ചെറിയ ഗീവറുഗീസ് കത്തനാർ, മൽപാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, പാണ്ടാലിപ്പറമ്പേൽ പത്രോസ് കത്തനാർ തുടങ്ങിയവരും കന്തീലാ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു.

മേടം 16-ാം തീയതിയായി. അടുത്തുണ്ടായിരുന്നവരോട് അന്നത്തെ തീയതി എത്രയെന്നു ചോദിച്ചതായും 16-ാം തീയതിയെന്ന് ഉത്തരം

കൊടുത്തപ്പോൾ 'എന്റെ ദൈവമേ ഇനി മൂന്നു ദിവസം കൂടി ഈ കഷ്ടത ഞാൻ സഹിക്കണമല്ലോ. എങ്കിലും നിന്റെ തിരുവിഷ്ടംപോലെ ആയിക്കൊള്ളട്ടെ' എന്നു പറഞ്ഞതായും കേട്ടിട്ടുണ്ട്. 1913 മെയ് രണ്ടിനു മലയാള മാസം മേടം 19-ന് അർദ്ധരാത്രി കഴിഞ്ഞ സമയം തന്റെ ആത്മാവ് ദേഹത്തിൽ നിന്നു യാത്ര പറഞ്ഞു.

മേടം 20-ാം തീയതി വെള്ളിയാഴ്ച മൃതദേഹം സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ചു പാമ്പാക്കുട ചെറിയപള്ളിയുടെ മദ്ബഹായിൽ പടിഞ്ഞാറോട്ട് അഭിമുഖമായി ഇരുത്തി. ഉച്ചനമസ്കാരാനന്തരം കബറടക്ക ശുശ്രൂഷയുടെ രണ്ടു ക്രമങ്ങൾ നടത്തിക്കഴിഞ്ഞു. സന്ധ്യാനമസ്കാരാനന്തരം ഒരു ശുശ്രൂഷയും നടത്തി. രാത്രി മുഴുവനും സങ്കീർത്തന പാരായണത്തിൽ ഏവരും കഴിച്ചുകൂട്ടി. പിറ്റേദിവസം ശനിയാഴ്ച യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ തേനുങ്കൽ ഗീവറുഗീസ് കത്തനാരും ഓമ്പാളയിൽ ഗീവറുഗീസ് കത്തനാരും കൂടി വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അനുഷ്ഠിച്ചു. കുർബ്ബാനാനന്തരം ശവസംസ്കാരശുശ്രൂഷയുടെ മറ്റൊരു ക്രമവും കൂടി നടത്തി.

അനന്തരം പള്ളിയുടെ കിഴക്കും പടിഞ്ഞാറുമുള്ള കുരിശിങ്കൽ നഗരി കാണിക്കലും അന്ത്യയാത്ര പറച്ചിലും നടത്തി. കൈമുത്ത് അവസാനിക്കുവാൻ നാലു മണിക്കൂറുകൾ എടുത്തു. രണ്ടര മണിയോടു കൂടി മൃതശരീരം സംസ്കരിക്കുവാനുള്ള ശ്രമം തുടങ്ങി. അപ്പോഴേയ്ക്കും മലങ്കരയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയും എം. എ. അച്ചനും (പിന്നീട് മാർ ഈവാനിയോസ്) വന്നുചേർന്നു. അവർ ഇരുവരും കാലംചെയ്ത തിരുമേനിയുടെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടും സ്വസമുദായോദ്ധാരണത്തിനുവേണ്ടി അദ്ദേഹം സഹിച്ചിട്ടുള്ള നിരവധി ത്യാഗങ്ങളെയും ആചാര്യത്വത്തിന്റെ മഹിമയെയും പുരസ്കരിച്ചും പ്രൗഢഗംഭീരങ്ങളായ പ്രസംഗങ്ങൾ നടത്തി. അതിനുശേഷം അന്നുണ്ടായിരുന്ന പള്ളിയുടെ വടക്കേ വാതിലിന്റെ കിഴക്കേ ഭാഗത്തു തയ്യാറാക്കിയ കബറിടത്തിൽ മൃതദേഹം സംസ്കരിച്ചു.

മുപ്പതാം ദിവസമടിയന്തിരം 75 പറ അരിവച്ച് വിപുലമായ തോതിൽ നടത്തി. മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാതോലിക്കോസായി അവരോധിക്കപ്പെട്ടതിനുശേഷം ചുരുങ്ങിയ കാലമേ ജീവിച്ചിരുന്നുള്ളു. എങ്കിലും അദ്ദേഹം വള്ളിക്കാട്ട് മാർ പീലക്സിനോസ്, കരോട്ടുവീട്ടിൽ മാർ ഈവാനിയോസ് എന്നിവരുടെ മെത്രാൻ സ്ഥാനാഭിഷേകം നടത്തി മലങ്കരസഭയിൽ എപ്പിസ്ക്കോപ്പസി നിലനിറുത്തുന്നതിൽ ഒരു കാതോലിക്കേറ്റിനുള്ള പങ്കും സ്ഥാനവും അതിന്റെ പൂർണ്ണ അർത്ഥത്തിൽ നിറവേറ്റി.

ഭവിഷ്യത്തുകൾ ശരിക്കും മനസ്സിലാക്കി വല്ലാത്ത ആ വിപൽഘട്ടത്തിൽ

മലങ്കരയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം സ്വയം ബലി അർപ്പിച്ചു.

അദ്ദേഹത്തിന്റെ കബർ 1956 വരെ പാമ്പാക്കുട ചെറിയപള്ളിയുടെ വടക്കേ വരാന്തയിൽ ഒരു തുളസിത്തറപോലെ കിടന്നിരുന്നു. 1956-ൽ കോട്ടയം ഇട വകയുടെ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്തിനോ ആ പള്ളിയിൽ ചെന്നപ്പോൾ മലങ്കരയിലെ ഒന്നാം കാതോലി ക്കായുടെ കബർ കാണുവാനും അതിന്റെ ശോച്യാവസ്ഥ മനസ്സിലാക്കുവാനും ഇടയായി. അദ്ദേഹം സ്വന്തം പണം ചെലവു ചെയ്ത് കബർ പുതുക്കിപ്പണി യിച്ച് ഒരു മാർബിൾ ശില അവിടെ സ്ഥാപിച്ചു.

അടുത്ത കാലത്ത് കോലഞ്ചേരിയിലുള്ള ചുരുക്കം ചിലരുടെ ഉത്സാഹ ത്തിന്റെ ഫലമായി ഇന്നു കാണുന്നപ്രകാരമുള്ള ഒരു കബർ കെട്ടിടവും കബ റിനു മുകളിലുള്ള മറ്റു പണികളും നടത്തി അവിടം മനോഹരമാക്കി. പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും ഇക്കാര്യത്തിൽ പ്രത്യേക താൽപര്യം പ്രകടിപ്പിച്ചിരുന്നു.

4

രണ്ടാം കാതോലിക്കാ
പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ

ഏഴര മാസം കാതോലിക്കായായി ഭരണം നടത്തിയ ബസേലിയോസ് പൗലൂസ് ഒന്നാമന്റെ മരണത്തെ തുടർന്ന് 12 വർഷം മലങ്കരയിലെ കാതോലിക്കാ സിംഹാസനം ആളില്ലാതെ ഒഴിഞ്ഞു കിടന്നു. കാതോലിക്കാ വാഴ്ച, കോടതികളിലെ കേസുകൾ മുതലായവ സൃഷ്ടിച്ച പ്രത്യേക സ്ഥിതിവിശേഷങ്ങളിൽ വ്യാപൃതരായ സഭാനേതാക്കൾക്കും സഭാംഗങ്ങൾക്കും രണ്ടാം കാതോലിക്കായെ ഉടനടി വാഴിക്കാനും സാധിച്ചില്ല. വട്ടിപ്പണക്കേസിലെ ജില്ലാക്കോടതി വിധി വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായിരുന്നു. എന്നാൽ എതിർകക്ഷികൾ സമർപ്പിച്ച അപ്പീൽ പ്രതികൂലമായി. ഇതിന്റെ ഫലമായി മലങ്കരസഭ പിളരാൻ ഇടയായേക്കുമെന്നുള്ള ദുഃഖചിന്തകൾ സഭാഭാസുരന്റെ മനസ്സിനെ വല്ലാതെ മഥിച്ചുകൊണ്ടിരുന്നു. അങ്ങനെ ഒരു പിളർപ്പ് ഒഴിവാക്കുന്നതിനുവേണ്ടി പ്രായത്തിനും യാത്രാവേളയിലെ പ്രയാസങ്ങൾക്കും അവധി നൽകിക്കൊണ്ടു മർദ്ദീനിൽ എത്തി മാർ ഏലിയാസ് പാത്രിയർക്കീസിനെ നേരിട്ടു കണ്ടു സംഭാഷണം നടത്താൻ തീരുമാനിച്ചു. അന്ത്യോഖ്യയുമായുള്ള ഉറ്റബന്ധം നിലനിർത്തണമെന്നുള്ള ആഗ്രഹവും മെത്രാപ്പോലീത്തായെ ഭരിച്ചിരുന്നു. മലങ്കരസഭയിൽ സമാധാനം കൈവരുത്തുന്നതിനുള്ള ഈ തീർത്ഥയാത്രയെ സ്വന്തം മുടക്കു തീർക്കാനുള്ള ഒരു തന്ത്രമായി ചിലർ ചിത്രീകരിക്കുന്നത് വിലകുറഞ്ഞ ഒരടവു മാത്രമാണ്. പാത്രിയർക്കീസിന്റെ അറിവു കൂടാതെ വാഴിക്കപ്പെട്ട സ്വകക്ഷിയിലെ മെത്രാന്മാരും അവരുടെ അറിവും സമ്മതവും കൂടാതെ വാഴിക്കപ്പെട്ട പാത്രിയർക്കീസും പരസ്പരം സ്വീകരിക്കുകയും സ്വീകരിക്കപ്പെടുകയും ചെയ്താൽ മലങ്കരസഭയിൽ പരിപൂർണ്ണ സമാധാനം കൈവരുമെന്നും അതിനു ശീമയാത്ര സഹായിക്കുമെന്നുമുള്ള ഉന്നതാഭിലാഷമാണു മർദ്ദീൻ യാത്രയുടെ അന്തർധാര. സഭയിൽ സമാധാനമുണ്ടായാൽ വിശ്രമിക്കാമെന്നും അദ്ദേഹം ചിന്തിച്ചിരുന്നു. തിരുവനന്തപുരം പള്ളി വികാരി തുമ്പമൺ പൂതക്കുഴി ഏബ്രഹാം അച്ചനും ചെറിയമഠത്തിൽ സ്കറിയാ മൽപാനും ബഥനി മാർ ഈവാനിയോസിന്റെ വാല്യക്കാരൻ കുന്നംകുളം സ്വദേശി വാറുവും ഈ സാഹസിക യാത്രയിൽ മലങ്കര സഭാഭാസുരനെ അനുഗമിച്ചിരുന്നു. 40 ദിവസം കുർക്കുമാ ദയറായിൽ താമസിച്ചശേഷം മുടക്കുതീർത്ത കൽപന എഴുതി. വട്ടശ്ശേരിൽ തിരുമേനി കൂടി ചേർന്നു വാഴിച്ച മാർ യൂലിയോസിനെ കൽപന ഏൽപിച്ചുകൊണ്ടു മലങ്കരയ്ക്കു വിട്ടു. ദൗർഭാഗ്യവശാൽ ഈ കൽപന വെളിച്ചം കാണുകയോ ഉദ്ദിഷ്ട

ഫലം പുറപ്പെടുവിക്കുകയോ ചെയ്തില്ല. ഈ പശ്ചാത്തലത്തിലാണു രണ്ടാമത്തെ കാതോലിക്കായായ മാർ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമനെ 1925-ൽ ഏപ്രിൽ 30-നു നിരണം പള്ളിയിൽ വച്ചു വാഴിച്ചത്. പിറ്റേ ദിവസം അഭിനവ കാതോലിക്കാ നിരണം പള്ളിയിൽ വച്ചു ബഥനിയുടെ ഫാ. പി. റ്റി. ഗീവറുഗീസിനെ മാർ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചു.

കാതോലിക്കാ സിംഹാസനത്തിൽ 30 മാസം ഇരുന്ന രണ്ടാം കാതോലിക്കാ ബാവായ്ക്കു സാധാരണക്കാർ ചിന്തിക്കുന്നതുപോലെയുള്ള വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചില്ലെങ്കിലും നവീകരണാശയങ്ങളുടെ കൊടുങ്കാറ്റിനെ തടയാനും അന്ത്യോഖ്യൻ സഭയുടെ കടന്നാക്രമണങ്ങളെ ചെറുത്തു നിർത്താനുമുള്ള ആത്മീയ ആയുധങ്ങൾ വേണ്ടത്ര ഉണ്ടായിരുന്നു. ബാവായുടെ അതുല്യമായ ദൈവഭക്തിയും ദൈവാശ്രയവും ആരാധനാ ജീവിതവും ഉപവാസവും പ്രാർത്ഥനയുമാണു ദുഷ്ടശക്തികൾക്കെതിരെ കോട്ടകൾ സൃഷ്ടിച്ചത്.

കടവിൽ മാർ അത്താനാസ്യോസ് തിരുമേനി ജീവിതാന്ത്യത്തിൽ സ്വത്തുക്കളും ആലുവാ തൃക്കുന്നത്തു സെമിനാരിയും അരമനയും വിൽപത്രം മുഖേന അനന്തരാവകാശി എന്ന നിലയിൽ ഗീവറുഗീസ് റമ്പാനു നൽകിയതാണ്. കടവിൽ തിരുമേനി കാലം ചെയ്യുകയും അബ്ദുള്ളാ പാത്രിയർക്കീസ് വന്നു വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുകയും ചെയ്തതിനെ തുടർന്നുണ്ടായ ബഹളം മൂലം തൃക്കുന്നത്തു സെമിനാരിയിൽ നിന്നു റമ്പാച്ചനു സ്ഥലം വിടേണ്ടി വന്നു. ശാന്തനും പുണ്യചരിതനുമായ അദ്ദേഹം വഴക്കിനും ഏറ്റുമുട്ടലുകൾക്കും തയ്യാറല്ലായിരുന്നു. ജീവൻ തന്നെ ത്രാസിൽ തൂങ്ങുന്ന സന്ദർഭങ്ങൾ ഉണ്ടായി. വൈകാതെ സെമിനാരി പൂട്ടിയും റെക്കോർഡുകൾ എടുത്തും റമ്പാച്ചൻ കോട്ടയത്തു വന്നു. റമ്പാച്ചൻ ഒരു ഭീരുവിനെപ്പോലെ പ്രവർത്തിച്ചുവെന്നു പറഞ്ഞു വട്ടശ്ശേരിൽ തിരുമേനി അതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. പിന്നീടാണു വാകത്താനത്തെ കുടുംബാംഗവും അവിവാഹിതനുമായ കളപ്പുരയ്ക്കൽ അച്ചൻ താമസിച്ചിരുന്ന ഒരു കൊച്ചു കെട്ടിടവും ഒരു ചെറിയ പള്ളിയും ഗീവറുഗീസ് റമ്പാച്ചന്റെ പേർക്ക് എഴുതി വച്ചിരുന്നതനുസരിച്ച് അവിടെ അദ്ദേഹം താമസിക്കുകയും കുർബ്ബാന ചൊല്ലുകയും ചെയ്തു വന്നത്.

മെത്രാനായശേഷം അദ്ദേഹം താമസിച്ച അരമനയെപ്പറ്റി ദൃക്സാക്ഷിയായ ചെമ്പകശ്ശേരിൽ കൊച്ചുകൊച്ച് തന്റെ "മരണമില്ലാത്ത സഭാ സ്മരണകളിൽ" ഇങ്ങനെ എഴുതുന്നു. ഒരു ശെമ്മാശനെപ്പോലും കൂടെ താമസിപ്പിക്കാനുള്ള സ്ഥലസൗകര്യം തന്റെ 'അരമന'യിലില്ലായിരുന്നു. അടുത്ത കാലത്ത് അന്തരിച്ച കൊച്ചുവർക്കിയായിരുന്നു ശെമ്മാശനും ശുശ്രൂഷക്കാനുമെല്ലാം. ഒരു കുശിനിക്കാരനും ഉണ്ടായിരുന്നു. വളരെ ലളിതമായ ഭക്ഷണക്രമവും വസ്ത്രധാരണവും."

മെത്രാപ്പോലീത്താ ആയശേഷം അദ്ദേഹം ഒരു സുഹൃത്തിനയച്ച കത്താണ് ചുവടെ ചേർക്കുന്നത്. അദ്ദേഹത്തിന്റെ ലളിതമായ ജീവിതത്തോടുള്ള പ്രേമമാണു കത്തിന്റെ അന്തർധാര.

സ്ഥാനം മോഹിക്കാത്ത പിതാവ്

വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയ പ. ഗീവറുഗീസ് പ്രഥമൻ ബാവാ കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ ഒരു ബന്ധുവിന് എഴുതിയ ഒരു സ്വകാര്യ കത്തിൽ നിന്നാണ് ഈ വിവരം മനസ്സിലാകുന്നത്. കത്ത് ചുവടെ ചേർക്കുന്നു.

മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയമുള്ള കടവിൽ കുഞ്ഞവരാച്ചനു വാഴ്വ്.

പ്രിയനേ: നമ്മുടെ സ്ഥാനാഭിഷേകത്തെക്കുറിച്ചു കേട്ടിരിക്കുമല്ലോ. ഇതിനെ സംബന്ധിച്ചു മുൻകൂട്ടി എഴുതി അയയ്ക്കാഞ്ഞതിന്റെ കാരണത്തെക്കുറിച്ചു പറയുന്നതായിരുന്നാൽ കമ്മട്ടി നിശ്ചയവും മറ്റും ഉണ്ടായിരുന്നു എങ്കിലും ഇനിക്കു അശേഷവും സമ്മതമില്ലായിരുന്നു. തലേ ദിവസം മാത്രമേ പൂർണ്ണമായി സമ്മതിച്ചു വാക്കു കൊടുത്തുള്ളു. അപ്പോൾ എഴുത്തയച്ചാലും സംഗതി കഴിഞ്ഞതിന്റെ ശേഷമേ അറികയുള്ളു എന്നു വച്ചു എഴുതി അയക്കാഞ്ഞതാണ്. പല തരത്തിൽ ഒഴികഴിവുകൾ പറഞ്ഞു എങ്കിലും അതു സമ്മതിക്കാഞ്ഞതിനാൽ ദൈവഇഷ്ടം ഇങ്ങനെ ഭവിക്കണമെന്നായിരിക്കും എന്നു വച്ച് അതിലേക്കു വഴിപ്പെട്ടു . നമ്മുടെ തിരുമനസ്സിലേക്കും ഈ ആഗ്രഹം ഉണ്ടായിരുന്നു. കൊച്ചു മെത്രാച്ചന്റെ കാലശേഷം വല്ല്യ മെത്രാച്ചന്റെ പേർക്കു ഈ കാര്യത്തെക്കുറിച്ചു എഴുതി അയയ്ക്കയും മറ്റും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടുത്തേക്കും ഈ ആഗ്രഹമുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നു. അവിടുത്തെ പ്രാർത്ഥനയാൽ ഇപ്പോൾ അതു നിവൃത്തിയുമായി. ദൈവത്തിനു സ്തുതി. പക്ഷേ ഈ കാലം സുറിയാനി സഭയുടെ ഗുണവും മണവും പോയിരിക്കുന്ന കാലമാക കൊണ്ടു തക്ക യോഗ്യന്മാരെ നിയമിക്കേണ്ടതായിരുന്നു. അല്ലാതെ ഇങ്ങിനെയുള്ള ബലഹീനന്മാരെ നിയമിച്ചതിനെക്കുറിച്ചു ദുഃഖവും വ്യസനവും ഉണ്ട്. ദൈവം തന്നെ സകലവും നടത്തിച്ചു തരട്ടെ. ബലഹീനന്മാരെ ശക്തിപ്പെടുത്തുന്ന ദൈവം നമ്മുടെ ബലഹീനതയെ താങ്ങി ശക്തിപ്പെടുത്തുകയും തന്റെ തിരുഹിതം പോലെയുള്ള ഒരു ജീവിതം കഴിക്കയും ചെയ്വാൻ തിരുവുള്ളമുണ്ടാകുന്നതിനു വേണ്ടി എപ്പോഴും പ്രാർത്ഥിക്കണമേ. നമ്മുടെ തത്തേപ്പള്ളീലെ ഇട്ടീച്ചനോടും പുത്തൻവീട്ടിലെ ഇട്ടീച്ചനോടും മറ്റും ഈ വിവരങ്ങൾ പറയണമെന്നു ഓർമ്മപ്പെടുത്തുന്നു.

ദൈവം കുടുംബസഹിതം അനുഗ്രഹിച്ചു കാത്തുകൊള്ളുമാറാകട്ടെ.

എന്നു 1913 കുംഭം 4 നു

വാകത്താനത്തു പള്ളിയിൽ നിന്നും

1. മെത്രാൻ സ്ഥാനാഭിഷേകം (1913 മകരം 26).
2. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി.
3. പരുമല തിരുമേനി.
4. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ.

(സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

"എല്ലാവരും ഒരിക്കൽ മുത്തേണ്ട കൈയാണിത്, ഞാൻ ആദ്യം മുത്തിയെന്നു മാത്രം." തിരുമനസ്സിലെ ജനന സമയത്ത് അടുത്തുണ്ടായിരുന്ന മാതൃസഹോദരി, കുഞ്ഞിന്റെ പിഞ്ചുകൈ ചുംബിച്ചുകൊണ്ടു പറഞ്ഞ ഈ വാക്കുകൾ അന്വർത്ഥമായി. വാകത്താനം കാരുചിറ പുന്നച്ചന്റെയും പുതുപ്പള്ളി കുട്ടൻചിറ ഉണിച്ചിയമ്മയുടെയും പുത്രനായി ജനിച്ച ഗീവറുഗീസിന് തികച്ചും ആത്മീയമായ അന്തരീക്ഷത്തിൽ വളരുവാനുള്ള ഭാഗ്യം ലഭിച്ചു. കൃശഗാത്രനായിരുന്ന ബാലൻ ചെറുപ്പത്തിൽ രോഗപീഡകളിൽ വളരെ ക്ലേശിച്ചു. മാതാപിതാക്കൾ കുഞ്ഞിനെ ദൈവവേലയ്ക്കായി സമർപ്പിച്ചു.

പതിനാറാമത്തെ വയസ്സിൽ ഗീവർഗീസ് ശെമ്മാശനായി. പണ്ഡിത കേസരികളായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ (മലങ്കരസഭാ ഭാസുരൻ), കോനാട്ട് മാത്തൻ മൽപാൻ എന്നിവരുടെ ശിക്ഷണത്തിൽ പഴയസെമിനാരിയിൽ പഠനം ആരംഭിച്ചു. പഠനത്തിൽ സമർത്ഥനും പെരുമാറ്റത്തിൽ കുലീനനുമായിരുന്ന ഗീവർഗീസ് ശെമ്മാശൻ അദ്ധ്യാപകരിൽ മതിപ്പ് ഉളവാക്കി. ക്ലാസ്സിൽ അദ്ദേഹം ഒന്നാമൻ (റീശ്) ആയിരുന്നു. സന്തോഷസൂചകമായി കോനാട്ട് മൽപാനച്ചൻ ശെമ്മാശന് ഒരു പ്രത്യേകതരം ഓട്ടുവിളക്ക് സമ്മാനിച്ചു. ഈ വിളക്ക് മരണം വരെയും അദ്ദേഹം ഭക്ത്യാദരവുകളോടെ സൂക്ഷിച്ചുവച്ചിരുന്നു.

കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറി എന്ന നിലയിൽ വിപുലമായ പരിജ്ഞാനവും അനുഭവസമ്പത്തും നേടാൻ ശെമ്മാശനു കഴിഞ്ഞു. സഭ മുഴുവൻ അറിയപ്പെട്ടിരുന്ന ശെമ്മാശ്ശന് കടവിൽ തിരുമേനി വൈദികപട്ടവും റമ്പാൻ സ്ഥാനവും നൽകി. സൂക്ഷ്മദൃഷ്ടിയോടെ കാര്യങ്ങൾ ഗ്രഹിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള റമ്പാച്ചന്റെ കഴിവ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷങ്ങളുടെ ചുക്കാൻ പിടിക്കാൻ അവസരം ലഭിച്ച റമ്പാച്ചൻ മികച്ച സംഘാടകനും നേതാവുമായി ഉയർന്നു. കടവിൽ തിരുമേനിയുടെ സെക്രട്ടറി എന്ന നിലയിൽ

ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ സ്ഥാപനത്തിൽ നിർണ്ണായക പങ്കു വഹിച്ച റമ്പാച്ചൻ തിരുമേനിയുടെ മരണശേഷം വാകത്താനം വള്ളിക്കാട്ടു പള്ളിയിലേക്ക് താമസം മാറ്റി. റമ്പാച്ചൻ തയ്യാറാക്കി പ്രസിദ്ധീകരിച്ച സഭാ പഞ്ചാംഗം നല്ല ഒരു സമുദായ ഡയറക്ടറി കൂടിയാണ്. ഇത്തരത്തിൽ സഭയിലെ ആദ്യത്തെ ഉദ്യമമാണിത്. ഇതിനിടെ മലങ്കരയിൽ കാതോലിക്കേറ്റ് പുനഃസ്ഥാപിക്കുകയും കണ്ടനാട് ഇടവകയുടെ പൗലോസ് മാർ ഈവാനിയോസിനെ പ്രഥമ കാതോലിക്കായായി അബ്ദേദ് മശിഹാ പാത്രിയർക്കീസ് സ്ഥാനാരോഹണം നടത്തുകയും ചെയ്തു. മൂന്നു റമ്പാന്മാർക്ക് പാത്രിയർക്കീസ് മെത്രാൻസ്ഥാനം നൽകി. കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ, കാരുചിറ ഗീവറുഗീസ് റമ്പാൻ, കരോട്ടുവീട്ടിൽ യൂയാക്കിം റമ്പാൻ എന്നിവരായിരുന്നു അവർ.

വിദ്യാലയങ്ങൾ

44 വയസ്സുകാരനായ മെത്രാപ്പോലീത്താ വാകത്താനം വള്ളിക്കാട്ടു ദയറായിൽ താമസമാക്കി. വാകത്താനം ദേശത്തിന്റെ പുരോഗതി അതോടെ ആരംഭിക്കുകയായിരുന്നു. അക്കാലത്ത് ഉണ്ണാമറ്റം കവലയിൽ പ്രൈമറി വിദ്യാലയം സ്ഥാപിച്ചത് തിരുമേനിയുടെ നേതൃത്വത്തിലായിരുന്നു. ഇന്നത്തെ വാകത്താനം എൽ. പി. ജി. സ്കൂൾ 'മാർ പീലക്സിനോസ് മെമ്മോറിയൽ സ്കൂൾ' എന്ന പേരിൽ തിരുമേനി സ്ഥാപിച്ചതാണ്. ഈ സ്കൂളിൽ തിരുമനസ്സിലെ അർദ്ധകായ ചിത്രം ഫ്രെയിം ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. തിരുമനസ്സിലെ ശ്രമഫലമായി നാലുന്നാക്കൽ പള്ളിയുടെ ചുമതലയിൽ നിർമ്മിച്ച സ്കൂൾ ഗവണ്മെന്റിലേക്ക് എഴുതി കൊടുത്തതാണ് ഇന്നത്തെ സെന്റ് ആദായീസ് എൽ.പി. സ്കൂൾ. പുതുശ്ശേരി എം.ജി.ഡി. ഹൈസ്കൂൾ, ഇത്തിത്താനം എൽ.പി. സ്കൂൾ, വാകത്താനം പഴഞ്ചിറ യു.പി. സ്കൂൾ എന്നിവയുടെ സ്ഥാപനത്തിലും തിരുമേനി നിർണ്ണായകപങ്കു വഹിച്ചു. വാകത്താനത്ത് ആദ്യമായി ഒരു പോസ്റ്റ് ഓഫീസ് ഉണ്ടാവുന്നത് തിരുമനസ്സിലെ ശ്രമഫലമായിട്ടാണ്. പുതിയ റോഡുകൾ നിർമ്മിക്കുക തിരുമനസ്സിലെ മറ്റൊരു സാമൂഹ്യ പ്രവർത്തനമായിരുന്നു.

മലങ്കരയിലെ ഒന്നാം കാതോലിക്കാ കാലം ചെയ്യുകയും പാമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കപ്പെടുകയും ചെയ്തു. രണ്ടാം കാതോലിക്കായെ കണ്ടെത്തുന്നതിനുള്ള തിരക്കിട്ട ആലോചനകൾ ആരംഭിച്ചു. വട്ടശ്ശേരിൽ തിരുമേനിയായിരുന്നു മലങ്കര മെത്രാപ്പോലീത്താ. തിരുമേനിയെ കൂടാതെ അന്നുണ്ടായിരുന്ന മൂന്നു മെത്രാപ്പോലീത്താമാരിൽ കരോട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസ് അനാരോഗ്യം മൂലം കിടപ്പിലായിരുന്നു. മറ്റു രണ്ടുപേരെയും വട്ടശ്ശേരിൽ തിരുമേനി നേരിൽ കണ്ട് ആഗ്രഹം അറിയിച്ചു. മാർ പീലക്സിനോസ് തിരുമേനി രോഗിയാണെന്നു പറഞ്ഞു പിന്മാറി. കല്ലാശ്ശേരിൽ മാർ

ഗ്രീഗോറിയോസ് തിരുമേനിയാകട്ടെ തനിക്കു പ്രായക്കുറവാണെന്നു കാരണം പറഞ്ഞ് പിന്മാറി.

രണ്ടുപേരും പിന്മാറിയപ്പോൾ രണ്ടുപേരുടെയും പേരെഴുതി ചീട്ടിടുവാൻ വട്ടശ്ശേരിൽ തിരുമേനി തീരുമാനിച്ചു. ചീട്ട് മാർ പീലക്സിനോസ് തിരുമേനിക്കു വീണു. ഉടൻതന്നെ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയുടെ കാൽക്കൽ കവിണ്ണുവീണ് തന്നെ ഒഴിവാക്കണം എന്ന് ഗദ്ഗദപൂർവ്വം അപേക്ഷിച്ചു. 'ഇത് ദൈവഹിതമാണ്. അതിൽനിന്ന് പിന്മാറുവാൻ ഒരിക്കലും പാടില്ല' എന്ന് വട്ടശ്ശേരിൽ തിരുമേനി കൽപിച്ചു. മലങ്കര അസോസിയേഷൻ ഇതിനകം നിരണത്തു സമ്മേളിക്കുകയും മാർ പീലക്സിനോസ് തിരുമേനിയെ കാതോലിക്കാ സ്ഥാനത്തേയ്ക്ക് ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും ചെയ്തു.

വട്ടശ്ശേരിൽ തിരുമേനിയുടെ വ്യക്തിപ്രഭാവം സഭയുടെ എല്ലാ തലങ്ങളിലും വളർന്നു പന്തലിച്ചു നിന്നിരുന്ന കാലഘട്ടമായിരുന്നതിനാൽ സഭയുടെ ലൗകിക ഭരണകാര്യങ്ങളിൽ കാതോലിക്കാ ബാവായ്ക്ക് അധികം ഇടപെടേണ്ടി വന്നിരുന്നില്ല. തന്മൂലം ആത്മീയ കാര്യങ്ങളിൽ വളരെ ശ്രദ്ധിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തി.

തിരുമേനിയുടെ വ്രതനിഷ്ഠയും ജീവിതവിശുദ്ധിയും അനേകംപേരെ ആകർഷിച്ചു. യാത്രാവേളകളിൽ ദൈവിക ചൈതന്യം ഉള്ള യുവാക്കളെ കണ്ടാൽ അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. ചെറുപ്പം മുതൽ മേൽപ്പട്ടക്കാരോടുകൂടി പള്ളികളിലും ദയറാകളിലും താമസിച്ചിരുന്നതിനാൽ നമസ്കാരം, നോമ്പ്, വ്രതം എന്നിവയിൽ തിരുമേനിക്ക് വലിയ നിഷ്ഠ ഉണ്ടായിരുന്നു.

പല സവിശേഷതകളും ഉള്ള സ്വഭാവമായിരുന്നു തിരുമേനിയുടേത്. കാൽക്കുപ്പായം, കമ്മീസ്, ശുശ്രൂഷകുപ്പായം, ചുവന്ന ളോഹ, മസനപ്സാ, കാപ്പ എന്നിവ സ്വന്തം തയ്യൽമെഷീനിൽ സ്വയം തയ്ച്ചെടുത്താണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. കുർബ്ബാനയപ്പത്തിന് ആവശ്യമുള്ളിടത്തോളം ഗോതമ്പ് പൊടി തന്നത്താൻ തിരികല്ലിൽ പൊടിച്ചെടുത്താണ് ഉപയോഗിച്ചിരുന്നത്. ആ തിരികല്ല് വള്ളിക്കാട്ടു ദയറായിൽ സൂക്ഷിച്ചിട്ടുണ്ട്. ആശാരിപ്പണിയിലും കൽപ്പണിയിലും പരിശീലനം നേടിയിരുന്ന തിരുമേനി ഉപയോഗിച്ചിരുന്ന മട്ടം, ചിന്തേര്, മുഴക്കോൽ മുതലായവയും ദയറായിൽ സൂക്ഷിച്ചിട്ടുണ്ട്.

കാതോലിക്കേറ്റിന്റെ വ്യക്തിത്വവും സ്ഥാനചിഹ്നങ്ങളും

ഡോ. എം. കുര്യൻ തോമസ് രണ്ടാം കാതോലിക്കായുടെ സംഭാവനകളെപ്പറ്റി ഇങ്ങനെ എഴുതി:

1912-ൽ ഇന്ത്യയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ചുവെങ്കിലും മാസങ്ങൾക്കുള്ളിൽ ഒന്നാം കാതോലിക്കാ കാലം ചെയ്തതിനാൽ മോറാൻ മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ, *ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിൽ കാതോലിക്കാ* എന്ന സ്ഥാനനാമം ഉപയോഗിച്ചതെന്യേ, കാതോലിക്കായ്ക്ക് പ്രത്യേക സ്ഥാനചിഹ്നങ്ങളോ ആസ്ഥാനമോ ഉണ്ടായില്ല. പിന്നീട് ഒരു വ്യാഴവട്ടക്കാലം പ. സിംഹാസനം ഒഴിഞ്ഞുകിടന്ന കാലത്ത് ആരും അതിനെപ്പറ്റി ചിന്തിച്ചുമില്ല.

എന്നാൽ സ്വന്ത ഇഷ്ടപ്രകാരമല്ലാതെയെങ്കിലും പ. വാകത്താനത്തു ബാവാ കാതോലിക്കായായി സ്ഥാനമേറ്റതോടെ കാതോലിക്കേറ്റിന് ഒരു വ്യക്തിത്വവും സ്ഥാനചിഹ്നങ്ങളും ഉണ്ടാക്കുന്നതിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. സ്വന്തം താമസസ്ഥലമായ വാകത്താനം വള്ളിക്കാട്ടു പള്ളിയെ *കാതോലിക്കേറ്റ് സിംഹാസനപ്പള്ളി*യായി നാമകരണം ചെയ്തു. His Holiness Moran Mar Baselius Catholicos of the Apostolic Throne of the East എന്ന് ഇംഗ്ലീഷിലും *ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിൽ കാതോലിക്കാ* എന്ന് മലയാളത്തിലും മേലെഴുത്തോടുകൂടിയ കല്പനക്കടലാസ് ഉപയോഗിച്ചു തുടങ്ങി. ഇവയോടൊപ്പം കാതോലിക്കേറ്റിന് സ്വന്തമായ സ്ഥാനചിഹ്നങ്ങൾ ഉണ്ടാക്കാനുള്ള ശ്രമവും അദ്ദേഹം ആരംഭിച്ചു.

ശ്രദ്ധേയമായ നാലു സംഭാവനകളാണ് പ. പിതാവിന്റേതായി ഈ രംഗത്ത് കണ്ടെത്തിയിട്ടുള്ളത്. അവ മുതലവായൻ മുടി, അംശവടി, മുദ്ര, അൽമത്തിക്കാപ്പ എന്നിവയാണ്. ഇവയെല്ലാം തനതായ വ്യക്തിത്വം പുലർത്തുന്നവയും അർത്ഥപൂർണ്ണവും പ. പിതാവിന്റെ കലാപാടവത്തിന്റെയും സഭാശാസ്ത്ര പാണ്ഡിത്യത്തിന്റെയും ബഹിർസ്ഫുരണങ്ങളുമാണ്.

ഒന്നാം മാർത്തോമ്മാ മുതലുള്ള മലങ്കര മെത്രാപ്പോലീത്താമാർ ഉപയോഗിച്ചുവന്നിരുന്ന മുതലവായൻ മുടിയുടെ ഒരു വിശദമായ പതിപ്പാണ് പ. പിതാവ് കാതോലിക്കാമാർക്ക് രൂപപ്പെടുത്തിയ മുടി. അന്ത്യോഖ്യൻ പാരമ്പര്യത്തിലെ *മത്തങ്ങാമുടി*യിൽ നിന്നും വിഭിന്നമായി ലത്തീൻ - കൽദായ പാരമ്പര്യങ്ങളിൽനിന്നും രൂപപ്പെടുത്തിയെടുത്തതാണ് ഈ മുടി. പത്തൊമ്പതാം നൂറ്റാണ്ടിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ കുത്തൊഴുക്കിൽ മലങ്കര മെത്രാപ്പോലീത്താമാരുടെ ഈ മുടിക്ക് സ്ഥാനഭ്രംശം സംഭവിച്ചു. 1877-നു ശേഷം വാഴിക്കപ്പെട്ട മെത്രാന്മാരാരും ഇതുപയോഗിച്ചില്ല. എങ്കിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രധാന അവസരങ്ങളിൽ ഈ മുടി ഉപയോഗിച്ചിരുന്നു.

*അൽമത്തികാപ്പ*യുടെ ചരിത്രവും വിഭിന്നമല്ല. പേർഷ്യൻ അർദ്ധകാപ്പായായ *മാപ്രാ*യുടേയും ലത്തീൻ മെത്രാന്മാരുടെ അംശവസ്ത്രത്തിന്റെയും

ഒരു സമഞ്ജസനമാണ് *അൽമത്തിക്കാപ്പ.* മലങ്കര മെത്രാന്മാരുടെ ഔദ്യോഗികവേഷമായിരുന്ന ഇതും മുതലവായൻ മുടിയോടൊപ്പം അപ്രത്യക്ഷമായി. പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തന്റെ സുന്ത്രോണീസോയ്ക്ക് ഇവ രണ്ടും ഉപയോഗിച്ചതായി രേഖയുണ്ട്.

പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗികവേഷമായി ഇവ രണ്ടും പ. വാകത്താനത്തുബാവാ പുനർജീവിപ്പിച്ചു. ഒന്നര അടിയോളം ഉയരത്തിൽ സ്വർണ്ണക്കുമിളകളും സ്വർണ്ണഗിൽറ്റുമായിട്ടാണ് അതിമനോഹരമായ ഈ മുതലവായൻമുടി രൂപപ്പെടുത്തിയത്. അതുപോലെ തന്നെ വിലയേറിയ കസവുനീരാളങ്ങൾ കൊണ്ടാണ് *അൽമത്തിക്കാപ്പ* പുനർസൃഷ്ടിച്ചത്. ഇതിൽ നിന്നും കാതോലിക്കേറ്റിന് ഒരു ഉന്നത വ്യക്തിത്വമാണ് പ. പിതാവ് വിഭാവനം ചെയ്തതെന്ന് വ്യക്തമാണ്.

1877-ൽ മലങ്കര മെത്രാപ്പോലീത്തായെ കൂടാതെ വാഴിച്ച ആറു മെത്രാന്മാരും തുടർന്നു വാഴിക്കപ്പെട്ടവരും മലങ്കരസഭയുടെ ഈ പുരാതന മേല്പട്ട സ്ഥാനവസ്ത്രങ്ങൾ ഉപയോഗിച്ചില്ല. അവരുടെ വാഴ്ചക്കുശേഷം മലങ്കര മെത്രാപ്പോലീത്താ അപൂർവ്വ അവസരങ്ങളിൽ ഈ സ്ഥാനചിഹ്നങ്ങൾ ഉപയോഗിച്ചത് *ജാതിക്കു തലവൻ* എന്ന നിലയിൽ തനിക്കുള്ള മേലധികാരം ദ്യോതിപ്പിക്കാനാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ പൗരസ്ത്യ കാതോലിക്കായുടെ മേലധികാരം പ്രകടമാക്കാനാണ് ഈ സ്ഥാനവസ്ത്രങ്ങൾ രൂപപ്പെടുത്തിയതെന്നു കാണാം. അദ്ദേഹം രൂപപ്പെടുത്തിയ മുടിയും *അൽമത്തിക്കാപ്പ*യുമാണ് ഇന്നും കാതോലിക്കാമാർ ഉപയോഗിക്കുന്നത്.

കാതോലിക്കേറ്റിന്റെ സ്ഥാനചിഹ്നങ്ങളിൽ പ. പിതാവിന്റെ അടുത്ത സംഭാവന അംശവടിയാണ്. അന്ത്യോഖ്യൻ പാരമ്പര്യപ്രകാരമുള്ള *പാമ്പിൻപത്തിക്കു* പകരം, പത്തിപോലെ വളഞ്ഞ - ഇലകളോടു കൂടിയ - രണ്ട് കമ്പുകളാണ് അദ്ദേഹം കാതോലിക്കാ സ്ഥാനമേറ്റ ശേഷം രൂപപ്പെടുത്തിയ അംശവടിയിലുള്ളത്. ഇത് അഹറോന്റെ തളിർത്ത വടിയുടെ സാദൃശ്യമാണ്. മഹാപുരോഹിതന്മാരുടെ സാധാരണ അംശവടിക്കു പകരം മഹാപുരോഹിതന്മാരിൽ മുമ്പനായ അഹറോന്റെ (തളിർത്ത) വടിയോടു സാദൃശ്യമുള്ള അംശവടി രൂപപ്പെടുത്തിയതും കാതോലിക്കേറ്റിന്റെ സ്വതന്ത്രവും സ്വയംശീർഷകവുമായ വ്യക്തിത്വം പ്രതിഫലിപ്പിക്കാനാണെന്നു വ്യക്തമാണ്. ഈ അംശവടിയാണ് ഇന്നും പൗരസ്ത്യ കാതോലിക്കാമാരുടെ ഔദ്യോഗിക അംശവടി.

അടുത്ത ശ്രദ്ധേയമായ സംഭാവന മുദ്രയാണ്. ചുവന്ന മഷിയിൽ കല്പനകളിൽ കുത്തിയിരുന്ന ഈ വൃത്താകാര മുദ്രയിൽ മഹാപൗരോഹിത്യ ചിഹ്നങ്ങളോടൊപ്പം ശ്രദ്ധേയമായ ഒരു വേദവാക്യവുമുണ്ട്. *ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട.* പ. പിതാവിന്റെ കാലശേഷം പിൻഗാമി പ. ഗീവർഗീസ് ദ്വിതീയൻ ബാവായും ഈ മുദ്ര കുറേക്കാലം ഉപയോഗിച്ചിരുന്നു.

1952-ലെ ഹൈക്കോടതി വിധിക്കുശേഷം കൽക്കട്ടായിൽ നിന്നും പ. ഗീവർഗീസ് ദ്വിതീയൻ ബാവാ അയച്ച കമ്പിസന്ദേശത്തിലെ ഈ വാക്യമാണ് അന്ന് നിരാശാഗർത്തത്തിലായിരുന്ന നസ്രാണികളെ ആവേശഭരിതരാക്കിയത്. അതിനും അനേകവർഷം മുമ്പ് ഈ വാക്യം കാതോലിക്കേറ്റിന്റെ ആപ്ത വാക്യമാക്കിയത് പ. വാകത്താനത്തു ബാവായുടെ ദീർഘദർശനമായി കണക്കാക്കാം.

കാതോലിക്കേറ്റിന് സ്വന്തമായ വരുമാനമാർഗ്ഗമായി റിശ്ശീസായെ പ. വാകത്താനത്തു ബാവാ കണക്കാക്കിയിരുന്നു. സഭാതലവനെന്ന നിലയിൽ തനിക്കുള്ളതെന്ന് പാത്രിയർക്കീസ് അവകാശവാദമുന്നയിച്ചിരുന്ന റിശ്ശീസാ - അതെത്ര തുശ്ചമായിരുന്നാലും - കാതോലിക്കേറ്റിന് അവകാശപ്പെട്ടതാക്കിയതിന്റെ പിന്നിൽ ധനത്തോടുള്ള കാംക്ഷ പ. വാകത്താനത്തു ബാവായിൽ ആരും ആരോപിക്കുകയില്ല. മറിച്ച് കാതോലിക്കേറ്റിന് സ്വതന്ത്രമായ - പരാശ്രയമില്ലാത്ത - വ്യക്തിത്വം രൂപപ്പെടുത്താനുള്ള ശ്രമമായി ഇതിനെ കണക്കാക്കാം.

പ. വാകത്താനത്തുബാവാ കാതോലിക്കേറ്റിനു നൽകിയ വ്യക്തിത്വ നിർവചനങ്ങൾ അദ്ദേഹം സൃഷ്ടിച്ച സ്ഥാനചിഹ്നങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചാൽ ലഭിക്കുന്ന ഫലങ്ങൾ താഴെപ്പറയുന്നവയാണ്.

1. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി തികച്ചും ദേശീയമായ ഒരു വ്യക്തിത്വം പൗരസ്ത്യ കാതോലിക്കേറ്റിനുണ്ട്.

2. പൗരസ്ത്യ കാതോലിക്കാ സിംഹാസനം ശ്ലൈഹിക സിംഹാസനമാണ്.

3. പൗരസ്ത്യ കാതോലിക്കാ മഹാപുരോഹിതന്മാരിൽ തലവനാണ്.

4. His Holiness എന്നും Moran Mar എന്നും സംബോധന ചെയ്യപ്പെടാനും ചുവന്ന മഷിയിൽ മുദ്ര കുത്തുവാനും അധികാരമുള്ള അത്യുന്നത മേലധികാരിയാണ്.

5. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിനു സ്വന്തമായ വരുമാനമാർഗ്ഗമുണ്ട്.

പ. വാകത്താനത്തു ബാവായുടെ പിൻഗാമിയായ പ. കല്ലാശ്ശേരിൽ ബാവാ, മലങ്കര മെത്രാനാകുന്നതിനു മുമ്പുതന്നെ പ. വാകത്താനത്തു ബാവാ രൂപം കൊടുത്ത അംശവസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. എങ്കിലും രണ്ടാം കാതോലിക്കായ്ക്കുശേഷം കാതോലിക്കേറ്റിന്റെ സ്ഥാനചിഹ്നങ്ങൾ രൂപപ്പെടുത്തുന്ന പ്രക്രിയ അവസാനിച്ചു.

1934-ൽ മലങ്കരസഭാ ഭരണഘടന പാസാക്കുകയും മലങ്കര മെത്രാൻ - കാതോലിക്കാ സ്ഥാനങ്ങൾ സംയോജിപ്പിക്കുകയും ചെയ്തത് കാതോലി

ക്കേറ്റിന് തനതായ വ്യക്തിത്വത്തിലേക്കുള്ള അടുത്ത കാൽവയ്പ്പായി. എന്നാൽ കാതോലിക്കേറ്റിന്റെ വ്യക്തിത്വവും മേലധികാരവും പ്രകടമാക്കുന്ന രീതിയിലുള്ള അംശവസ്ത്രങ്ങളുടെ വികസനം അവസാനിച്ചു. എന്നു മാത്ര മല്ല, പ. വാകത്താനത്തു ബാവാ രൂപംകൊടുത്ത അംശവസ്ത്രങ്ങൾ തന്നെ കാതോലിക്കാസ്ഥാനികൾ ഉപയോഗിക്കാതെയായി. സമാനമായ മലങ്കര മെത്രാന്റെ അംശവസ്ത്രം ജീവിതത്തിലൊരിക്കൽ – മലങ്കര മെത്രാൻ എന്ന നിലയിൽ ഫോട്ടോ എടുക്കാൻ – മാത്രമാണ് പിന്നീട് ഉപയോഗിച്ചു വന്നത് പ. ദിദിമോസ് പ്രഥമന്റെ കാലം മുതൽ അസോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുമ്പോൾ അൽമത്തിയും മുതലവായൻമുടിയും ഇന്നുപയോഗിക്കുന്നു ണ്ട്. പക്ഷേ, അതു മലങ്കര മെത്രാൻ എന്ന രീതിയിലാണ്.

പൂർണമായും അന്ത്യോഖ്യൻ രീതിയിലുള്ള അംശവസ്ത്രങ്ങൾ മാത്രമാണ് ഇന്ന് കാതോലിക്കായ്ക്കുള്ളത്. മറ്റു മേല്പട്ടക്കാരുമായുള്ള ഏക വ്യത്യാസം, പ. മാർത്തോമ്മാശ്ലീഹാ, പ. ദൈവമാതാവ് ഇവരുടെ ഐക്കണുകളുള്ള മുദ്ര മാലകൾ മാത്രമാണ്. പ. കല്ലാശ്ശേരിൽ ബാവായും പ. വട്ടക്കുന്നേൽ ബാവായും കാപ്പയോടൊപ്പം ഇടക്കെട്ടിൽ ധരിച്ചിരുന്ന *ഏഫോദ്* എന്ന അഹ റോന്യ മഹാപൗരോഹിത്യ ചിഹ്നവും ഇന്ന് അപ്രത്യക്ഷമായി.

കാതോലിക്കായ്ക്കടുത്ത സ്ഥാനചിഹ്നങ്ങളുടെ ഈ ശൂന്യതയ്ക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. ലോകത്ത് എല്ലാ പുരാതന സഭകളിലും പ്രധാന മേല ദ്ധ്യക്ഷന് മറ്റു മെത്രാപ്പോലീത്താമാരിൽ നിന്നും വ്യത്യസ്തമായ ഒരു വേഷ വിധാനമുണ്ട്. ഉദാഹരണത്തിന് എത്യോപ്യൻ, റൂമേനിയൻ ഓർത്തഡോക്സ് സഭകളിൽ മെത്രാന്മാർ കറുത്ത കുപ്പായവും തൊപ്പിയും ധരിക്കുമ്പോൾ പാത്രിയർക്കീസുമാർ വെളുത്ത തൊപ്പിയും കുപ്പായവുമാണ് ധരിക്കുക.

പൗരസ്ത്യ കാതോലിക്കേറ്റിന് സ്വന്തമായ വ്യക്തിത്വം ഉള്ളതുപോലെ അദ്ദേഹത്തിന് തനതായ വ്യക്തിത്വമുള്ള ഒരു അംശവസ്ത്രവും ഉണ്ടാകേ ണ്ടിയിരിക്കുന്നു. പൗരസ്ത്യ കാതോലിക്കായുടെ സ്ഥാനചിഹ്നങ്ങളിൽ മാറ്റം വരേണ്ടത് സാധാരണവസ്ത്രത്തിലും കൗദാശികമായ അംശവസ്ത്രങ്ങളി ലുമാണ്.

കൗദാശിക അംശവസ്ത്രങ്ങളെപ്പറ്റി മലങ്കരസഭയ്ക്ക് ഇന്ന് ശക്തമായ ഒരു സങ്കുചിത കാഴ്ചപ്പാടുണ്ട്. ഇന്ന് മലങ്കരസഭ ഉപയോഗിക്കുന്നത് പൂർണ്ണ മായും അന്ത്യോഖ്യൻസഭയുടെ കൗദാശികമായ അംശവസ്ത്രങ്ങളാണ്. അവ യിൽ എന്തെങ്കിലും മാറ്റം വരുത്തുക എന്നത് നസ്രാണികൾക്ക് അചിന്ത്യ മാണ്. ഈ യാഥാസ്ഥിതികത 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ മാത്രം മലങ്കരസഭയിൽ രൂഢമൂലമായതാണ്. അതിന്റെ ഭാഗമായാണ് മലങ്കര

സഭയുടെ തനതായ *വെട്ടുതൊപ്പി*യെ പടികടത്തിയത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ വി. കുർബാനയ്ക്കുപോലും ഉപയോഗിച്ചിരുന്നതായി സൂചനകളുള്ള *വെട്ടുതൊപ്പി* ഇന്ന് കോട്ടയത്തും സമീപപ്രദേശങ്ങളിലും പെരുന്നാൾ പ്രദക്ഷിണങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. അതുതന്നെ ധൂപപ്രാർത്ഥന നടത്തുമ്പോൾ മാറ്റി കറുത്ത *മക്കിത്തൊപ്പി* വയ്ക്കും. മറ്റൊരു ഉപയോഗം പട്ടക്കാർ മരിക്കുമ്പോൾ തലയിൽ വയ്ക്കാനാണ്. ഇത്തരം കടുത്ത യാഥാസ്ഥിതികത്വമാണ് കൗദാശിക അംശവസ്ത്രത്തെക്കുറിച്ചുള്ള നസ്രാണി സങ്കൽപ്പം.

ഈ പശ്ചാത്തലത്തിൽ കൗദാശിക അംശവസ്ത്രങ്ങളിൽ കാതലായ മാറ്റം വരുത്തുക ക്ഷിപ്രസാദ്ധ്യമല്ല. പക്ഷേ, പരിഗണിക്കാവുന്ന ഒന്ന് ശീലമുടിയാണ്. ബൈസന്റിയൻ സഭകളിൽ ശീലമുടിക്കു സമാനമായി ഐക്കണുകൾ പിടിപ്പിച്ച കിരീടമാണ് ഉപയോഗിക്കുന്നത്. കൽദായ സഭയിലും, കോപ്റ്റിക്ക് സഭയിലും തനതായ കിരീടങ്ങളുണ്ട്. വി. കുർബാനയ്ക്കിടയ്ക്ക് ശീലമുടി പുറകോട്ടു മാറ്റുന്നതുപോലെ നിശ്ചിത സമയങ്ങളിൽ ഈ കിരീടം ഊരിവയ്ക്കാറുമുണ്ട്.

പൗരസ്ത്യ കാതോലിക്കായ്ക്ക് ശീലമുടിക്കു പകരം ഇത്തരം കിരീടം പരിഗണിക്കാവുന്നതാണ്. അതിൽ പ. മാർത്തോമ്മാശ്ലീഹാ, പ. മാർത്തോമ്മാ ഒന്നാമൻ, വലിയ മാർ ദീവന്നാസ്യോസ്, ഒന്നാം കാതോലിക്കാ, പ. വട്ടശ്ശേരിൽ തിരുമേനി ഇവരുടെ ഐക്കണുകൾ ഉണ്ടായിരിക്കണം. ഈ കിരീടത്തിന് അടിസ്ഥാനമായി പ. വാകത്താനത്തു ബാവാ രൂപകൽപ്പന ചെയ്ത കാതോലിക്കായുടെ സ്വർണ്ണമുടി പരിഗണിക്കാം. അതിനു സാദ്ധ്യമല്ലെങ്കിൽ ബൈസാന്റിയൻ രീതിയിലുള്ള കിരീടം തന്നെ പരിഗണിക്കണം. പക്ഷേ, അതിൽ മലങ്കരസഭയുടെ പരിശുദ്ധന്മാരുടെ ഐക്കണുകൾ വേണം ചിത്രീകരിക്കാൻ. അതോടൊപ്പം മുൻപുപയോഗിച്ചിരുന്ന *ഏഫോദ്* പുനഃസ്ഥാപിക്കുകയും വേണം.

ഇനി സ്ഥാനചിഹ്നങ്ങളെപ്പറ്റി ചിന്തിക്കാം. പ. വാകത്താനത്തു ബാവാ രൂപംകൊടുത്ത അംശവടിയും സ്ലീബായും ഇന്നും ഉപയോഗിക്കുന്നുണ്ട്. അവയിൽ മാറ്റംവരുത്തുവാൻ പാടില്ല. പിന്നീടുള്ളത് മൂന്നു മുദ്രമാലകളാണ്. ഇപ്പോൾ പ്രത്യേകതകളൊന്നുമില്ലാത്ത ബൈസാന്റിയൻ മുദ്രമാലകളും അവയോടു ചേർന്നുള്ള കുരിശുമാണ് ഉപയോഗിക്കുന്നത്. ഈ അവസ്ഥ മാറണം. അർമീനിയൻ കാതോലിക്കായ്ക്കുള്ളതുപോലെ സ്വന്തവ്യക്തിത്വമുള്ള മുദ്രമാലകളും കുരിശും രൂപപ്പെടുത്തിയെടുക്കണം. ദേശീയമായ രീതിയിൽ രണ്ടു മുദ്രമാലകളും പുനർരൂപകല്പന ചെയ്യണം. അവയിൽ ദൈവമാതാവിന്റെയും മലങ്കരയുടെ ഇതിഹാസമനുസരിച്ചുള്ള - ആശാരിമട്ടവും വേദപുസ്തക

ചുരുളുമേന്തിയ - മാർത്തോമ്മാ ശ്ലീഹായുടെയും ഐക്കണുകൾ ആലേഖനം ചെയ്യണം. അതോടൊപ്പം അനുരൂപമായ കുരിശുമാലയും രൂപപ്പെടുത്തണം. ഇതിന് മലങ്കരയുടെ തനതായ മാർത്തോമ്മാ കുരിശോ അല്ലെങ്കിൽ ഒന്നാം കാതോലിക്കാ ഉപയോഗിച്ചിരുന്നതും ദേവലോകം അരമനയിൽ സൂക്ഷിച്ചിട്ടുള്ളതുമായ കുരിശുമാലയോ ഉപയോഗിക്കാം.

പരിഗണിക്കേണ്ട മറ്റൊരു സ്ഥാനചിഹ്നം *ഇടക്കെട്ടു മുദ്രയാണ്*. മുൻകാലങ്ങളിൽ പട്ടക്കാരടക്കം ഇടക്കെട്ടിൽ വെള്ളികൊണ്ടുള്ള മുദ്രയാണ് ഉപയോഗിച്ചിരുന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ വരെയുള്ളവർ ചുവന്ന കുപ്പായത്തോടൊപ്പവും ഈ മുദ്ര ഉപയോഗിച്ചിരുന്നു. പ. മാത്യൂസ് പ്രഥമൻ ബാവാ കൗദാശിക അംശവസ്ത്രത്തോടൊപ്പം ഇത് ഉപയോഗിച്ചിരുന്നു. ഇന്ന് ആരും ഇത് ഉപയോഗിക്കുന്നില്ല. പൗരസ്ത്യ കാതോലിക്കായ്ക്ക് സ്വന്തമായ ഒരു *ഇടക്കെട്ട് മുദ്ര* ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് കാതോലിക്കായുടെ സ്വന്തം മുദ്ര തന്നെ ഉപയോഗപ്പെടുത്തുന്നതാവും ഉചിതം. സാധാരണവസ്ത്രത്തോടും കാപ്പയോടുമൊപ്പം ഇതു മാത്രമാവണം ഉപയോഗിക്കേണ്ടത്.

അവസാനമായി കുപ്പായവും മുടിയുമാണ്. മേല്പട്ടത്വത്തിന്റെ സാർവലൗകിക വേഷമായ ചുവന്ന കുപ്പായവും പൗരസ്ത്യ സന്യാസ വസ്ത്രമായ കറുത്ത പുറംകുപ്പായവും ഉപേക്ഷിക്കാൻ മലങ്കരസഭയ്ക്ക് വിമുഖത ഉണ്ടാവുക സ്വാഭാവികമാണ്. അന്ത്യോഖ്യൻ രീതിയിലുള്ള *മത്തങ്ങാ മുടിയുടെ* കാര്യവും വിഭിന്നമല്ല. കുറഞ്ഞപക്ഷം കാതോലിക്കായുടെ മുടിയുടെയും സ്ലീബായിൽ കെട്ടുന്ന തൂവാലയുടെയും നിറമെങ്കിലും യഥാക്രമം കറുപ്പിൽനിന്നും ചുവപ്പിൽനിന്നും വെളുപ്പാക്കേണ്ടിയിരിക്കുന്നു.

കാതോലിക്കാമാരുടെ സാധാരണവസ്ത്രത്തോടൊപ്പം ഒരു *ആർച്ച് മാൻഡ്രിയേററ്* വടി കൂടി ഉൾപ്പെടുത്തണം. ഇത് മലങ്കരയിലെ പരമ്പരാഗത രീതിയനുസരിച്ച് വെള്ളി കെട്ടിയ ചൂരലാക്കുന്നത് ദേശീയതയ്ക്ക് തികച്ചും അനുരൂപമായിരിക്കും.

ഇതോടൊപ്പം തന്നെ ശേഷ്ഠ നിയുക്ത കാതോലിക്കായ്ക്കും ഒരു പ്രത്യേക വേഷവിധാനത്തെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു. 1980-ൽ പ. വട്ടക്കുന്നേൽ ബാവാ, അന്നത്തെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് *ശ്രേഷ്ഠ നിയുക്ത കാതോലിക്കാ* എന്ന സംബോധനയും സഭയിൽ രണ്ടാം സ്ഥാനവും നൽകി. ഈ പതിവ് ഇന്നും തുടർന്നു വരികയാണ്. എന്നാൽ സ്ഥാനചിഹ്നങ്ങളൊന്നും പ്രത്യേകിച്ചു നൽകിയിട്ടുമില്ല. കുറഞ്ഞപക്ഷം കുരിശുമാലയോടൊപ്പം ഒരു മുദ്രമാല കൂടിയെങ്കിലും ശ്രേഷ്ഠ നിയുക്ത കാതോലിക്കായ്ക്ക് സ്ഥാനചിഹ്നമായി നൽകണം. മറ്റു മെത്രാപ്പോലീത്താമാർ രണ്ടു മാല ഉപയോഗിക്കാനും

പാടില്ല. പ്രത്യേകരീതിയിലുള്ള ഒരു അംശവടിയും സ്ഥാനചിഹ്നമായി അദ്ദേഹത്തിനു നൽകുന്ന കാര്യം പരിഗണിക്കണം.

പ. സുന്നഹദോസ് ആവശ്യമായ പഠനങ്ങൾ നടത്തി സ്ഥാനചിഹ്നങ്ങൾ ക്രമപ്പെടുത്തുകയും കാനോൻ സംഹിതയിൽ ഉൾപ്പെടുത്തുകയും വേണം. കാതോലിക്കേറ്റിന്റെ വളർച്ചയുടെ പൂർണ്ണതയ്ക്ക് ഇത്തരം ബാഹ്യമായ അലങ്കാരങ്ങളും അത്യന്താപേക്ഷിതമാണ്.

(2005 മുതൽ പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എല്ലാ അസ്സോസിയേഷനിലും മലങ്കര മെത്രാന്റെ പൂർണ്ണ അംശവസ്ത്രം ധരിച്ചാണ് അദ്ധ്യക്ഷസ്ഥാനത്തിരുന്നത്. 2007-ൽ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടേയും പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായ്ക്ക്, പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ രണ്ടു മാല കല്പിച്ചു കൊടുത്തു.)

സഭാപഞ്ചാംഗങ്ങൾ

പ. വാകത്താനത്തു ബാവാ മലങ്കരസഭയ്ക്കു നൽകിയ ഏറ്റവും ശ്രദ്ധേയമായ സംഭാവനയാണ് അദ്ദേഹത്തിന്റെ സഭാപഞ്ചാംഗങ്ങൾ. 1907-ലാണ് ആദ്യത്തെ സഭാപഞ്ചാംഗം പ്രസിദ്ധീകരിക്കുന്നത്. 1989 ൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ ഗ്രന്ഥശേഖരത്തിൽ നിന്നും ആ പഞ്ചാംഗം കണ്ടെടുത്തത് ഈ ലേഖകനാണ്. 1989 ഫെബ്രുവരി 24 ലക്കം മലങ്കര ഓർത്തഡോക്സ് ഹെറാൾഡിലും അതേ വർഷം ഡിസംബർ ലക്കം മലങ്കരസഭാ മാസികയിലും ഈ ലേഖകൻ ആ പഞ്ചാംഗത്തെപ്പറ്റിയെഴുതിയ ലേഖനങ്ങളാണ് പ. വാകത്താനത്തു ബാവായുടെ സാഹിത്യ പരിശ്രമങ്ങളിലേയ്ക്ക് വെളിച്ചം വീശിയ ആദ്യ ലേഖനം. ഇതിനെ തുടർന്നാണ് അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകൾ കണ്ടെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്.

മലങ്കരസഭയിൽ സഭാപഞ്ചാംഗം അവതരിപ്പിച്ചത് വാകത്താനത്തു ബാവായല്ല. 1872 ൽ ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ ഒരു സഭാ പഞ്ചാംഗം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ ചുവടുപിടിച്ചാവണം ഗീവർഗീസ് റമ്പാൻ തന്റെ പഞ്ചാംഗം രൂപപ്പെടുത്തിയത്.

“മറ്റുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്നു നമ്മിൽ മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷണാർത്ഥം ഒന്നു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു. ഒരു പഞ്ചാംഗത്തിനു വേണ്ട എല്ലാ

വിവരണങ്ങളെയും ശേഖരിക്കുവാൻ സമയം മതിയാകാതെ വന്നു പോയി. പള്ളികളുടെ പേർ മുതലായി ഇതിൽ അടങ്ങിയിരിക്കുന്ന പല സംഗതികളിലും വല്ല പിശകും വന്നുപോയിരിക്കാം. പഞ്ചാംഗത്തിൽ വരേണ്ട വല്ല സംഗതി കളും വിട്ടുപോയിരിക്കാം. ഇതിലേക്കു വായനക്കാർ ഒഴികഴിവു ചെയ്കയും അടുത്ത ആണ്ടത്തെ പഞ്ചാംഗത്തിൽ തിരുത്താൻ വേണ്ടി കാലെകൂട്ടി അറിവു തരികയും ചെയ്യണമെന്നപേക്ഷിക്കുന്നു. പള്ളികളെ സംബന്ധിച്ചടത്തോളം അവ ആരുടെ നാമത്തിൽ സ്ഥാപിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നും വികാരിമാ രുടെയും ഇടവകപട്ടക്കാരുടെയും പേരുകളും ഇതിൽ ഉൾപ്പെടുത്തണമെന്നാ ഗ്രഹം ഉണ്ടായിരുന്നു. സമയക്കുറവു കൊണ്ടു ഈയാണ്ടിൽ സാധിക്കാഞ്ഞ തിനെപ്പറ്റി തല്ക്കാലം വ്യസനിയ്ക്കയല്ലാതെ നിവൃത്തിയില്ല. എങ്കിലും അടുത്ത ആണ്ടിൽ ഇതുപോലെയുള്ള കുറവുകളെ നികത്തിക്കൊള്ളാമെന്ന് ശരണപ്പെ ടുന്നു" എന്നാണ് ഗീവർഗീസ് റമ്പാൻ തന്റെ പഞ്ചാംഗത്തെ പരിചയപ്പെടു ത്തിക്കൊണ്ട് ആമുഖത്തിൽ പറയുന്നത്.

സഭയുടെ *ഇയർബുക്ക്* എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ള ഈ പുസ്തക പഞ്ചാംഗത്തിന്റെ എല്ലാ പേജുകളിലും ദൈനംദിന പഠനത്തിന് ഓരോ വേദ വാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സന്ദർഭത്തിലും ഉപയോഗിക്കേണ്ട വേദവാക്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. പള്ളി കമ്മറ്റി മെമ്പറന്മാരെ പ്പറ്റി പറയുന്ന പേജിൽ *ഈ സംഗതിയെപ്പറ്റി വിചാരിപ്പാൻ അപ്പോസ്തോല ന്മാരും മൂപ്പന്മാരും വന്നു കൂടി* (അ. പ്ര. 15:6) എന്ന് ചേർത്തിരിക്കുന്നു. ബ്രിട്ടീഷ് ചക്രവർത്തി, തിരുവിതാംകൂർ - കൊച്ചി രാജാക്കന്മാർ എന്നിവ രുടെ പേരുകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. അന്നത്തെ പാത്രി യർക്കീസ് ബാവായുടെ പേരും ഉണ്ട്. മലങ്കര മെത്രാപ്പോലീത്താ പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസിന്റെ ചിത്രവും പുസ്തകത്തിൽ കാണാം. അദ്ദേ ഹത്തെപ്പറ്റിയുള്ള വിവരങ്ങളും അദ്ദേഹത്തിന്റെ കീഴിൽ ഭരിച്ചുകൊണ്ടിരുന്ന കോട്ടയം, അങ്കമാലി ഇടവകകളുടെ പൗലൂസ് മാർ അത്താനാസ്യോസ്, കണ്ട നാട് ഇടവകയുടെ പൗലൂസ് മാർ ഈവാനിയോസ് എന്നിവരുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചാംഗത്തിന്റെ ഒന്നാംപേജിൽ ഇതുവരെ മലങ്കര ഭരിച്ചിട്ടുള്ള മെത്രാ പ്പോലീത്തന്മാരുടെ പേരുകളുണ്ട്. മാർതോമ്മാ ശ്ലീഹായിൽ തുടങ്ങുന്ന ഈ ലിസ്റ്റിൽ പകലോമറ്റം അർക്കദിയാക്കോന്മാർ (1653 വരെ), നെസ്തോർ മെത്രാ ന്മാർ (1599 വരെ), ലത്തീൻ മെത്രാന്മാർ (1599 - 1653 വരെ), മലങ്കര മെത്രാ പ്പോലീത്തന്മാർ (1653 മുതൽ) എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കിടങ്ങൻ മാർ പീലക്സീനോസും (തൊഴിയൂർ) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും ഉൾപ്പെട്ട ഈ ലിസ്റ്റിൽ ഒരൊറ്റ *ശീമ മേല്പട്ടക്കാ രനും* പ്രത്യക്ഷപ്പെടുന്നില്ല. വിവിധ കാലങ്ങളിൽ മലങ്കര എത്തിയ സിറി യൻ മെത്രാന്മാരുടെ പേരുകളും പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ്

പട്ടം കൊടുത്തവരിൽ കാലം ചെയ്ത നാല് ഇടവക മെത്രാപ്പോലീത്താമാരുടെ പേരുകളും അടുത്ത പുറത്ത് പ്രത്യേകം പ്രത്യേകം ചേർത്തിട്ടുണ്ട്.

ബൃഹത്തായ ഒരു വിവര ശേഖരണമാണ് പ. പിതാവ് ഈ പഞ്ചാംഗത്തിനു വേണ്ടി നടത്തിയത്. വിവരശേഖരണത്തിനും ആശയവിനിമയത്തിനുമുള്ള ഉപാധികൾ പരിമിതമായിരിക്കുകയും മലങ്കരസഭയ്ക്ക് കേന്ദ്രീകൃതമായ ഒരു ഭരണസിരാകേന്ദ്രം ഇല്ലാതിരിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിൽ പ. പിതാവ് ശേഖരിച്ച വിവരങ്ങളുടെ വൈപുല്യം ആരെയും അത്ഭുതപ്പെടുത്തും. എങ്കിൽപ്പോലും താൻ ശേഖരിച്ച വിവരങ്ങൾ സമ്പൂർണ്ണമല്ല എന്ന് പ. പിതാവ് ആമുഖത്തിൽ സമ്മതിയ്ക്കുന്നുണ്ട്. കുറവുകൾ അടുത്ത പതിപ്പിൽ പരിഹരിക്കാമെന്നും പ്രസ്താവിക്കുന്നുണ്ട്. ഈ പഞ്ചാംഗത്തിന്റെ പുറകിലെ അദ്ദേഹത്തിന്റെ അദ്ധ്വാനം മനസ്സിലാക്കാൻ ഇതിന്റെ ഉള്ളടക്കം പരിശോധിക്കാം.

അക്കാലത്തെ മലങ്കരസഭയിൽ ഏഴു റമ്പാന്മാരുണ്ടായിരുന്നു: വലിയ പൗലൂസ് റമ്പാൻ (പൗലോസ് മാർ കൂറിലോസ്), ഗീവറുഗീസ് റമ്പാൻ (വട്ടശേരിൽ മാർ ദീവന്നാസ്യോസ്), കൊച്ചു പൗലൂസ് റമ്പാൻ (പൗലൂസ് മാർ അത്താനാസ്യോസ്), വാകത്താനം ഗീവറുഗീസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ), പുന്നൂസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ), വടകര ഗീവർഗീസ് റമ്പാൻ, കുറിയാക്കോസ് റമ്പാൻ (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് - പാമ്പാടി തിരുമേനി). അവരുടെ ചുമതലയിൽ നാലു വൈദികസെമിനാരികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു (കോട്ടയത്ത് പഴയ സെമിനാരി, ആലുവാ, പാമ്പാക്കുട, പരുമല). ഇവയിൽ അദ്ധ്യാപനം നടത്തുന്ന ആറ് മല്പാന്മാരുണ്ടായിരുന്നു.

അക്കാലത്ത് മലങ്കരസഭയ്ക്ക് കേവലം ആറ് പൊതുസ്ഥാപനങ്ങളേ ഉണ്ടായിരുന്നുള്ളു. അവ: (1) വെട്ടിക്കൽ ദയറാ. (2) തൃപ്പൂണിത്തുറ ബെസ്സ്ലൂസോ. (3) മൂവാറ്റുപുഴ സത്രം. (4) കൊട്ടാരക്കര സത്രം. (5) കുന്നംകുളം സെഹിയോൻ ബംഗ്ലാവ്. (6) തിരുവനന്തപുരം പള്ളിയും കെട്ടിടങ്ങളും.

പഞ്ചാംഗത്തിന്റെ 13 മുതൽ 16 വരെയുള്ള പേജുകളിൽ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിലുള്ള 314 പള്ളികളുടെ പേരുകൾ ചേർത്തിരിക്കുന്നു. അവയിൽ ബ്രിട്ടീഷ് ഇന്ത്യയിൽ 3, കൊച്ചിയിൽ 25, തിരുവിതാംകൂറിൽ 286 പള്ളികൾ വീതമാണുള്ളത്. ഈ പള്ളികൾ ആരുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്നു എന്നും അവയുടെ വികാരിമാരുടെ പേരും ചേർക്കണമെന്നുണ്ടെങ്കിലും അവ ലഭ്യമല്ലാത്തതിനാൽ ചേർത്തിട്ടില്ലെന്നും അടുത്ത പതിപ്പിൽ ചേർക്കാമെന്നും ഈ ലിസ്റ്റിന്റെ അവസാനം ഒരു കുറിപ്പു കാണുന്നുണ്ട്.

കൂടാതെ മലങ്കരസഭ വകയായി അക്കാലത്ത് 3 ഇംഗ്ലീഷ് ഹൈ

സ്കൂളുകൾ, 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ, 200 മലയാളം പ്രൈമറി സ്കൂളുകൾ, 2 പെൺപള്ളിക്കുടങ്ങൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിരുന്നു. രണ്ടു പ്രസ്സുകളും മലങ്കര ഇടവക പത്രിക, ജീവനിക്ഷേപം, സുറിയാനി സുവിശേഷകൻ, സീമതഹായ (സുറിയാനി) എന്നീ മാസികകളുമുണ്ടായിരുന്നു.

അക്കാലത്തെ മലങ്കര സുറിയാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ മെത്രാപ്പോലീത്താമാരെ കൂടാതെ 8 വൈദികരും 11 അവൈദികരും അംഗങ്ങളായുണ്ടായിരുന്നു. ഇടവഴിക്കൽ പീലിപ്പോസ് ആയിരുന്നു അസോസിയേഷൻ സെക്രട്ടറി. മലങ്കര സുറിയാനി സുവിശേഷക സംഘം എന്നൊരു പ്രസ്ഥാനം അക്കാലത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. 85 സണ്ടേസ്കൂളുകളും 6 പുതുക്രിസ്ത്യാനി ഇടവകകളും അക്കാലത്ത് നിലവിൽ വന്നിരുന്നു. ഇവ കൂടാതെ 1905 മുതൽ 1931 വരെയുള്ള നോമ്പുകണക്ക്, 72 അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് തുടങ്ങിയവയും ഈ പഞ്ചാംഗത്തിലുണ്ട്.

സുറിയാനി, മലയാളം, ഇംഗ്ലീഷ് തീയതികൾ, ആഴ്ച ഈ ക്രമത്തിൽ അടയാളപ്പെടുത്തിയ പഞ്ചാംഗമാണ് ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗം. ഓരോ മാസവും ഓരോ പേജായി ചേർത്തിരിക്കുന്ന ഈ പഞ്ചാംഗത്തിൽ മലങ്കരസഭയുടെ വിശേഷ ദിവസങ്ങൾ പ്രത്യേകമായി കാണിച്ചിരിക്കുന്നു. 1906 –ലെ ഈ പഞ്ചാംഗത്തിൽ തോമ്മൂസ് (ജൂലൈ) മാസം മൂന്നാം തീയതി മാർതോമ്മാശ്ലീഹായുടെ ഓർമ്മ – മാറാനായ പെരുനാളായി ആണ് ചേർത്തിരിക്കുന്നത്.

ഈ പഞ്ചാംഗത്തിൽ *മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ സഭാ മേലദ്ധ്യക്ഷത നടത്തിവരുന്നു* എന്ന പരാമർശനം സമീപകാലത്ത് ചിലർ ദുർവ്യാഖ്യാനം നടത്തി, ഈ പദപ്രയോഗത്തിൽ നിന്നും പ. വാകത്താനത്തു ബാവാ പാത്രിയർക്കീസിന്റെ മേലധികാരം അംഗീകരിച്ചിരുന്നു എന്ന് സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ട്. 1876 മുതൽ മലങ്കരസഭ അപ്രകാരം കരുതിയിരുന്നു എങ്കിലും 1912 ലെ കാതോലിക്കാ സ്ഥാപനത്തോടെ അധികാരം അപ്രസക്തമായി എന്ന സത്യം ഇവർ മറച്ചു വയ്ക്കുകയാണ്.

അന്നത്തെ കാലസ്ഥിതിക്കനുസരിച്ച മേലദ്ധ്യക്ഷനായാണ് പ. പിതാവ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് അതിനു തൊട്ടുമുമ്പുള്ള പേജിൽ ലൗകിക ഭരണാധികാരികളായി ഇന്ത്യാ ചക്രവർത്തി എഡ്വേർഡ് ഏഴാമൻ, തിരുവിതാംകൂർ – കൊച്ചി മഹാരാജാക്കന്മാർ എന്നിവരുടെ പേരുകളിൽ നിന്നും വ്യക്തമാണ്. കാലാസ്ഥിതി കണക്കിലെടുക്കാതെ പാത്രിയർക്കീസിന്റെ കാര്യത്തിൽ ദുർവ്യാഖ്യാനം ചെയ്ത മാനദണ്ഡം കണക്കിലെടുത്താൽ പ. പിതാവ് *സാമ്രാജ്യത്വത്തിന്റെ കുഴലൂത്തുകാരനും*

രാജഭരണത്തിന്റെ വക്താവുമാണെന്നു വരും. ഈ പരാമർശനങ്ങൾ എല്ലാം അന്നത്തെ കാലസ്ഥിതിക്കനുസൃതം എന്നു മാത്രമേയുള്ളു.

മറിച്ച് പ. പിതാവ് അന്ത്യോഖ്യരുടെ ഭരണാധികാരത്തെ അംഗീകരിച്ചിരുന്നില്ല എന്നതിന് ഈ പഞ്ചാംഗത്തിൽ തന്നെ തെളിവുകളുണ്ട്. മലങ്കര സഭയെ ഭരിച്ചു കാലം ചെയ്ത മേലദ്ധ്യക്ഷന്മാരുടെ കൂട്ടത്തിൽ ഒറ്റ അന്ത്യോഖ്യൻ മെത്രാനെയും ഉൾപ്പെടുത്തിയിട്ടില്ല. നെസ്തോറിയരും, ലത്തീൻകാരും, എന്തിന് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസു പോലും ഉൾപ്പെട്ട ലിസ്റ്റാണെന്നോർക്കണം. തന്നെയുമല്ല മലങ്കര മെത്രാൻ സ്ഥാനത്തിന്റെ ശക്തിയും മാഹാത്മ്യവും ഇല്ലാതാക്കാനായി പത്രോസ് പാത്രിയർക്കീസ് സൃഷ്ടിച്ച ഏഴു സ്വതന്ത്ര ഇടവകകളെയും പ. പിതാവ് അംഗീകരിച്ചിരുന്നില്ല. അവയുടെ മേല്പട്ടക്കാരെപ്പറ്റി മലങ്കര ഉപ ഇടവകകളെ ഭരിച്ച മേല്പട്ടക്കാർ എന്നാണ് പരാമർശനം. പഴയസെമിനാരിയിൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണകേന്ദ്രമായ മാർ തോമസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം അന്നത്തെ സഭയുടെ പൊതു ചിന്താഗതിയല്ല ദ്യോതിപ്പിക്കുന്നത് എന്നു വിശ്വസിക്കാൻ പ്രയാസമാണ്.

ഈ പഞ്ചാംഗത്തിന്റെ പിൻഗാമിയായി 1908ലും ഗീവർഗീസ് റമ്പാൻ സഭാപഞ്ചാംഗം പ്രസിദ്ധീകരിച്ചു. പാമ്പാക്കുട കോനാട്ടു ലൈബ്രറിയിൽ നിന്നും ഇതു കണ്ടെടുത്തത് സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാടാണ്. ഈ പഞ്ചാംഗത്തെപ്പറ്റി അതിന്റെ മുഖവുരയിൽ ഗീവർഗീസ് റമ്പാൻ പറയുന്നത് കാണുക:

“കഴിഞ്ഞ പ്രാവശ്യം പഞ്ചാംഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ ചേർക്കാൻ സാധിക്കാതിരുന്ന പല സംഗതികൾ ഈയാണ്ടത്തെ പഞ്ചാംഗത്തിൽ ചേർത്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്തിരുന്നതുപോലെ മുഴുവനായി സാധിപ്പാൻ കഴിയാഞ്ഞതിൽ വ്യസനിക്കുന്നു. പുതുതായി പല സംഗതികൾ ചേർത്തിട്ടുണ്ടു. കോട്ടയം ഉൾപ്പെട്ട വടക്കോട്ടുള്ള എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ പള്ളിയോടു ചേർന്ന പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും പേരുകളും ചേർത്തിട്ടുണ്ടു. തെക്കൻ ഇടവകകളിലെ പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ ഇടവകയോടു ചേർന്ന വൈദീകന്മാരുടെ പേരുകളും കിട്ടാൻ ചില ഏർപ്പാടുകൾ ചെയ്തു എങ്കിലും മുഴുവനായി സാധിച്ചില്ലന്നു മാത്രമല്ലാ കിട്ടിയ ലിസ്റ്റുകളിൽ ചില പിശകുകൾ ഉണ്ടെന്നു സംശയം തോന്നുകയാൽ അവയെ ശരിയാക്കി എന്നു പറഞ്ഞുകൂടാ. ഒരു വക പഞ്ചാംഗവും പ്രസിദ്ധപ്പെടുത്തുക പതിവില്ലാത്തതുകൊണ്ടു ഇങ്ങനെ ഓരൊ ന്യൂനതകൾ വന്നുപോകുന്നതു ക്ഷന്തവ്യമായി വായനക്കാർ വിചാരിക്കുമെന്നു വിശ്വസിക്കുന്നു. അടുത്ത ആണ്ടിൽ ഈ ന്യൂനതകളും പരിഹരിക്കാമെന്നു ആശംസിച്ചു വായനക്കാരോടു ക്ഷമായാചന ചെയ്തുകൊള്ളുന്നു.”

ഈ ആമുഖത്തിൽ നിന്നു തന്നെ ഇതിന്റെ ഗ്രന്ഥ സ്വരൂപത്തെപ്പറ്റി ഒരു ഏകദേശ ജ്ഞാനം ലഭിക്കും. എങ്കിലും 1907 -ലെയും 1908 -ലെയും പഞ്ചാംഗങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ പറയുന്നവയാണ്.

സ്വർഗ്ഗസ്ഥനായ പിതാവേ, കൃപ നിറഞ്ഞ മറിയമേ എന്നീ പ്രാർത്ഥനകളുടെ പദ്യരൂപത്തിനു പകരം പ്രാർത്ഥനയെപ്പറ്റി *ക്രിസ്തീയ ജ്ഞാന കീർത്തനത്തിൽ* നിന്നും ചേർത്തിട്ടുള്ള കീർത്തനമാണ് ഒന്നാം പേജിൽ. 1907 നവംബർ 2-ന് കടവിൽ മാർ അത്താനാസ്യോസ് കാലം ചെയ്തതിനാൽ ഇടവക മെത്രാനായ മുറിമറ്റത്തിൽ മാർ ഈവാനിയോസ് മാത്രമാണുള്ളത്. മലങ്കര മാർ ഗ്രീഗോറിയോസു സുവിശേഷ സംഘം, മുവാറ്റുപുഴ യാക്കോബായ സുറിയാനി സുവിശേഷ സംഘം എന്നിവയെയും മലങ്കര സുറിയാനി സുവിശേഷ സംഘത്തോടൊപ്പം ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. കൂടാതെ വിവിധ സ്ഥലങ്ങളിൽ രൂപംകൊണ്ട യുവജന സംഘങ്ങളുടെ സൂചനയും 1908 -ലെ പഞ്ചാംഗത്തിലുണ്ട്.

1907-ലെ പഞ്ചാംഗത്തിലുണ്ടായിരുന്ന നോമ്പുകണക്ക്, അറിയിപ്പുകാരുടെ പേരുകൾ അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് എന്നിവ 1908-ൽ ഒഴിവാക്കി. പകരം ആമുഖത്തിൽ പറയുന്നതുപോലെ പള്ളികളുടെയും പട്ടക്കാരുടെയും ലിസ്റ്റ് വിശദമായി ചേർത്തു. കൂടാതെ മാർ ഗ്രീഗോറിയോസു സ്മാരക സുവിശേഷ സംഘത്തിലെ ഉപദേശിമാരുടെ പേരുവിവരവും ചേർത്തു. ചില സൂചനകളുടെ അടിസ്ഥാനത്തിൽ പ. പിതാവ് 1906 ലും സഭാപഞ്ചാംഗം പ്രസിദ്ധീകരിച്ചതായി അദ്ദേഹത്തിന്റെ ഡയറിയിൽ സൂചനയുണ്ടെന്ന് സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും പ്രസ്തുത ഗ്രന്ഥം കണ്ടെടുക്കുവാനായിട്ടില്ല.

ഈ പഞ്ചാംഗങ്ങൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്ന വസ്തുത വിവരം ശേഖരിക്കുവാനും അവയെ അവതരിപ്പിക്കാനുമുള്ള പ. പിതാവിന്റെ ശ്രമമാണ്. ഒരു ശതവത്സരം കൂടി കഴിഞ്ഞിട്ടും പ. പിതാവ് പരിമിതമായ സാഹചര്യങ്ങളിൽ ശേഖരിച്ചു പ്രസിദ്ധീകരിച്ച ഈ സഭാ ഡയറക്ടറികൾക്ക് ആ നിലവാരമുള്ള ഒരു പിൻഗാമിയെ സൃഷ്ടിക്കാൻ മലങ്കരസഭയ്ക്കു സാധിച്ചിട്ടില്ല എന്നു വരുമ്പോഴാണ് ഈ കൃതികളുടെ മൗലികത വ്യക്തമാകുന്നത്.

(ഡോ. എം. കുര്യൻ തോമസ് 1994 ഡിസംബറിലെ മലങ്കരസഭാദീപത്തിൽ എഴുതിയത്)

പരിശുദ്ധിയുടെ ശാന്തത

കൊല്ലവർഷം 1065 ഇടവം 20-നു കടവിൽ തിരുമേനി കുറിച്ചി വലിയപള്ളിയിൽ വച്ച് ശെമ്മാശനെ യൗപ്പദ്യക്കിനോ സ്ഥാനത്തേക്കുയർത്തി. അക്കൂട്ടത്തിൽ കുറിച്ചി കല്ലാശേരിൽ പുന്നൂസ് എന്നൊരു ബാലന് കോറൂയോ

സ്ഥാനവും നൽകുകയുണ്ടായി. ആ ബാലനാണ് പിന്നീട് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ആയി സ്ഥാനമേറ്റത്.

രസകരവും മരണം വരെ നീണ്ടുനിന്നതുമായ ഒരാത്മബന്ധമാണ് ഈ രണ്ടു ശെമ്മാശന്മാർ തമ്മിൽ അന്നാരംഭിച്ചത്. സ്മര്യപുരുഷന്റെ വളർച്ചയുടെ ഏതാണ്ടെല്ലാ പടവുകളിലും സുപ്രധാന പങ്കുവഹിച്ചത് അന്നത്തെ പുന്നൂസ് ശെമ്മാശനായിരുന്നു. സ്മര്യപുരുഷൻ കൊ.വ. 1072 ചിങ്ങം 15-നു അകപ്പറമ്പ് പള്ളിയിൽ നവപൂജാർപ്പണം നടത്തിയപ്പോൾ ശുശ്രൂഷകനായിരുന്നത് പുന്നൂസ് ശെമ്മാശനാണ്. 1088 മകരം 26-ന് സ്മര്യപുരുഷനെ മേല്പട്ടസ്ഥാനത്തേക്കുയർത്തിയപ്പോൾ സഹകാർമികനായിരുന്നത് അപ്പോഴേക്കും നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്ന ഇദ്ദേഹമാണ്. 12 വർഷങ്ങൾക്കുശേഷം കാരുചിറ മെത്രാച്ചനെ കാതോലിക്കാ സ്ഥാനത്തേക്കുയർത്തിയപ്പോൾ മുഖ്യകാർമ്മികനായിരുന്നതും, പിന്നീട് രോഗശയ്യയിൽ ശുശ്രൂഷിച്ചതും കല്ലാശ്ശേരിൽ മെത്രാച്ചനാണ്.

1066-ൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി കോട്ടയം സി.എം.എസ്. കോളജിൽ ചേർന്നെങ്കിലും പിറ്റേവർഷം കടവിൽ തിരുമേനിയോടൊപ്പം സിലോൺ യാത്രയ്ക്കു പോയതോടെ പഠനം മുടങ്ങി. ആ യാത്രയെപ്പറ്റി ശെമ്മാശൻ എഴുതിയ അപ്രകാശിത കുറിപ്പുകൾ ചരിത്രപരമായും സാഹിത്യപരമായും പ്രധാന്യമുള്ളതാണ് (*കൊളംബ് യാത്രാവിവരണം*, സോഫിയാ ബുക്സ്, കോട്ടയം). മടങ്ങിയെത്തിയതോടെ ശെമ്മാശൻ പൂർണ സമയം കടവിൽ തിരുമേനിയുടെ അന്തേവാസിയായി.

വാകത്താനം പള്ളിക്കുവേണ്ടി ഇടവകപട്ടക്കാരനായി തിരഞ്ഞെടുത്തതാണെങ്കിലും വിവാഹിതനാകാനോ ഇടവക ഭരിക്കാനോ ഇദ്ദേഹത്തിനു യാതൊരു താൽപ്പര്യവും ഉണ്ടായിരുന്നില്ല. സന്യാസ ജീവിതത്തിന്റെ മനോഹാരിതയായിരുന്നു അദ്ദേഹത്തെ ആകർഷിച്ചത്. വീട്ടുകാരും ഗുരുവായ കടവിൽ തിരുമേനിയും ഈ ഉറച്ച തീരുമാനത്തിനു വഴങ്ങിയതോടെ അദ്ദേഹത്തിനു റമ്പാൻ സ്ഥാനം നൽകുവാൻ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അനുവദിച്ചു. തുടർന്ന് കടവിൽ മാർ അത്താനാസ്യോസ് ഇദ്ദേഹത്തിനു പൂർണശെമ്മാശൻ സ്ഥാനവും, 1072 ചിങ്ങം 4-നു കശീശാ സ്ഥാനവും ചിങ്ങം 14-നു റമ്പാൻ സ്ഥാനവും നൽകി സന്യാസി വൈദികനാക്കി. പ. പരുമല തിരുമേനിക്കും, ഗീവർഗീസ് റമ്പാന്റെ കഴിവുകളിൽ വിശ്വാസമുണ്ടായിരുന്നു 1897 വൃശ്ചികം 20-ന് വാകത്താനത്തു പള്ളിക്കയച്ച കൽപ്പനയിൽ ... *നമ്മുടെയും നിങ്ങളുടെയും വാത്സല്യമുള്ള ആളാകുന്ന ബഹു. നമ്മുടെ ഗീവറുഗീസു റമ്പാച്ചൻ ഇവിടെ നിങ്ങളോടുകൂടെ ഈ പള്ളിയിൽ താമസിക്കുന്നതുകൊണ്ടും ആത്മസംബന്ധമായും പള്ളിസംബന്ധമായും ഉള്ള എല്ലാക്കാര്യങ്ങളും വെടിപ്പായും യോഗ്യമായും നിങ്ങളിൽ നടന്നു കാണാൻ ഇടവരുമെന്നും നാം വിശ്വസിക്കുന്നു....* എന്ന് കാണുന്നു.

അങ്കമാലി ഭദ്രാസന ആസ്ഥാനമായ ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ നിർമ്മാണ ചുമതല കടവിൽ തിരുമേനി ഏൽപ്പിച്ചത് ഗീവർഗീസ് റമ്പാനെയാണ്. നിശ്ചിത സമയത്തിനുള്ളിൽ ആലുവാ തൃക്കുന്നത്തു സെമിനാരി പണികഴിപ്പിച്ച് ഗുരുവിന്റെ അന്ത്യ അഭിലാഷം സാധിച്ചു കൊടുക്കാൻ ഇദ്ദേഹത്തിനു സാധിച്ചു.

അങ്കമാലി മെത്രാപ്പോലീത്തായുടെ സെക്രട്ടറി എന്ന നിലയിൽ ആ ഭദ്രാസനത്തിലെ മിക്കവാറും എല്ലാ പള്ളികളും റമ്പാൻ സന്ദർശിച്ചിരുന്നു. കണക്കു കേൾക്കുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനുമായി അനേക ദൂരം മഴനനഞ്ഞു നടന്നുവരെ വടക്കൻ പള്ളികൾ സന്ദർശിച്ച് ദിവസങ്ങളോളം താമസിച്ച് അത്തരം കാര്യങ്ങൾ വിജയകരമായി നടത്തിയിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന സത്യസന്ധതയും കഴിവും സഭ മുഴുവൻ അംഗീകരിച്ചിരുന്നു.

മലങ്കരസഭ നടത്തിയ എക്കാലത്തെയും മഹാമേളയായ പുലിക്കോട്ടിൽ തിരുമേനിയുടെ പൗരോഹിത്യ സുവർണ ജൂബിലിയുടെ സാമ്പത്തിക ചുമതല മുഴുവൻ യുവാവായ ഗീവർഗീസ് റമ്പാനായിരുന്നു. കൃത്യനിഷ്ഠ ഇദ്ദേഹത്തിന്റെ ജീവിതചര്യയായിരുന്നു. വരവുചിലവു കണക്കും ഡയറിയും അവസാനം വരെ കൃത്യമായി ഇദ്ദേഹം എഴുതി സൂക്ഷിച്ചിരുന്നു. ഈ കഴിവുകളെ കണ്ടറിഞ്ഞ് പരുമല സെമിനാരി മാനേജരാകാൻ പുലിക്കോട്ടിൽ തിരുമേനി ക്ഷണിച്ചെങ്കിലും അദ്ദേഹമതു വിനയപൂർവ്വം നിരസിച്ചു.

1902-ൽ പരിശുദ്ധ പരുമല തിരുമേനി മരണാസന്നനായപ്പോൾ അന്നുരോഗിയായിരുന്ന കടവിൽ തിരുമേനിയുടെ പ്രതിനിധിയായി പരുമലയിലെത്തിയത് ഗീവർഗീസ് റമ്പാനായിരുന്നു. ആ മഹാപരിശുദ്ധന് ഒരു പിൻഗാമിയെ റമ്പാനിൽ ഗുരുവായ കടവിൽ തിരുമേനി ദർശിച്ചിരുന്നു. പരുമല തിരുമേനി കാലം ചെയ്തതിനെ തുടർന്ന് ആ സ്ഥാനത്ത് കാരുചിറ റമ്പാനെ മേല്പട്ടക്കാരനായി വാഴിക്കണമെന്ന് കടവിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്തായ്ക്കെഴുതി. തന്റെ ശിഷ്യന്റെ വ്രതനിഷ്ഠയും പ്രാർത്ഥനാജീവിതവും ഒരു വ്യാഴവട്ടത്തിലധികമായി കണ്ടറിഞ്ഞിരുന്ന തിരുമേനിയുടെ ആഗ്രഹപൂർത്തീകരണത്തിന് പക്ഷേ ഒരു ദശവത്സരം കൂടി കഴിയേണ്ടി വന്നു. 1911-ലെ പിളർപ്പിനുശേഷം അബ്ദുള്ളാ പാത്രിയർക്കീസും കാരുചിറ റമ്പാനെ, മെത്രാൻ സ്ഥാനത്തേയ്ക്കു ക്ഷണിച്ചെങ്കിലും തന്റെ വിശ്വാസം വെടിയാൻ റമ്പാൻ തയാറായില്ല.

1907 വൃശ്ചികം 20-ന് കടവിൽ മാർ അത്താനാസ്യോസ് കാലം ചെയ്തു. ഇത് റമ്പാന് താങ്ങാനാവാത്ത ആഘാതമായിരുന്നു. തിരുമേനിയുടെ നാൽപ്പതടിയന്തിരത്തിന്റെ പിറ്റേന്ന് റമ്പാൻ ആലുവായോട് വിടവാങ്ങി. കോട്ടയത്തു പഴയസെമിനാരിയിലെത്തി തന്റെ കൈവശമുണ്ടായിരുന്ന പൊതുമുതൽ

പുലിക്കോട്ടിൽ തിരുമേനിയെ ഏൽപ്പിച്ച് കുറച്ചുകാലം അവിടെ കഴിഞ്ഞ ശേഷം വാകത്താനത്ത് വള്ളിക്കാട്ടു ദയറായിലെത്തി താമസമുറപ്പിച്ചു. തന്റെ വിശ്വസ്തശിഷ്യനും പണ്ഡിതനുമായ റമ്പാനെ പല സ്ഥാനങ്ങൾ ഏൽപ്പിക്കുവാൻ പ. വട്ടശേരിൽ തിരുമേനി ശ്രദ്ധിച്ചെങ്കിലും റമ്പാൻ ഒഴിഞ്ഞു മാറി. എന്നാൽ പ്രശ്നപരിഹാരത്തിനു പ്രതിനിധിയായി പ. വട്ടശ്ശേരിൽ തിരുമേനി നിർദേശിച്ചിടങ്ങളിൽ അത് നിവർത്തിക്കാൻ മടിച്ചില്ല.

താൻ തയാറാക്കിയ സഭാപഞ്ചാംഗം അച്ചടിപ്പിക്കുന്നതിനാണ് 1907-ൽ ഗീവർഗീസ് റമ്പാൻ പഴയസെമിനാരിയിൽ താമസിച്ചത്. ശ്രദ്ധേയമായ ഒരു ചരിത്രരേഖയാണ് ഈ പഞ്ചാംഗം. 1907-ൽ താനിറക്കിയ സഭാ പഞ്ചാംഗത്തിന്റെ പരിഷ്കരിച്ച പതിപ്പാണ് 1908-ൽ പ്രസിദ്ധീകരിച്ചത്. കലണ്ടർ എന്നതിലുപരി ഒരു സഭാ ഡയറക്ടറി കൂടിയായിരുന്നു ഈ കൃതികൾ. റമ്പാന്റെ ഗവേഷണശ്രമങ്ങളുടെയും വേദജ്ഞാനത്തിന്റെയും പ്രത്യക്ഷ തെളിവാണീ രേഖകൾ. അക്കാലത്തെ മലങ്കരസഭയുടെ ഏതാണ്ട് പൂർണമായ വിവരണം ഈ കൃതികളിൽ നിന്നു ലഭ്യമാണ്. അസാമാന്യ പണ്ഡിതനും ശ്രേഷ്ഠ മല്പാനുമായിരുന്നു പ. വാകത്താനത്തു ബാവാ. മൗദ്യോനൂസാ ക്രമം, സദൃശ്യവാക്യങ്ങൾ, മക്കാബിയരുടെ പുസ്തകം, പുതിയനിയമം മുഴുവൻ എന്നിവ അദ്ദേഹം സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തി. വിപുലമായ ഒരു ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. പ. പാമ്പാടി തിരുമേനിയേപ്പോലെയുള്ളവർ ആത്മീയ ഗുരുവായി കണക്കാക്കിയിരുന്നതും ഇദ്ദേഹത്തെയാണ്.

സഭാജീവിത നാൾവഴി

പ. പിതാവിന്റെ മറ്റൊരു ശ്രദ്ധേയ സംഭാവന അദ്ദേഹം ഡയറി രൂപത്തിലെഴുതിയ *സഭാജീവിത നാൾവഴി*യാണ്. തന്റെ സഭാജീവിതം മുഴുവനും സമഗ്രവും സൂക്ഷ്മവുമായി പ്രതിപാദിക്കുന്ന ഇത് അക്കാലത്തെ സഭാചരിത്രത്തിന്റെ ഒരു ദൃക്സാക്ഷി വിവരണം കൂടിയാണ്. ഇതിന്റെ ഭാഗമാണ് 1891-ലെ കൊളംബ് യാത്രാവിവരണം. പ. പിതാവിന്റെ അഗാധമായ വേദപുസ്തക പരിജ്ഞാനത്തിന്റെ തെളിവാണ് വിവിധ അവസരങ്ങളിൽ പ്രസംഗത്തിനായി അദ്ദേഹം ആവർത്തനം കൂടാതെ അവലംബിച്ചിരിക്കുന്ന വേദവാക്യങ്ങൾ.

തന്റെ പ്രഥമ ഗുരുവായ കളപ്പുരയ്ക്കലച്ചൻ സ്ഥാപിച്ച ചെറിയൊരു ചാപ്പലും ഏതാനും മുറികളുമുണ്ടായിരുന്ന വള്ളിക്കാട്ടു ദയറാ താനാഗ്രഹിച്ച സന്യാസജീവിതത്തിന് ഏറ്റവും അനുയോജ്യമായിരുന്നു. പിന്നീട് തന്റെ മരണം വരെ അദ്ദേഹം താമസിച്ചത് വള്ളിക്കാട്ടു ദയറായിലായിരുന്നു. റമ്പാൻ അവിടെ സ്ഥിരതാമസമാക്കിയതോടെ പ്രാർത്ഥനയിലും ദൈവസംസർഗത്തിലും കഴിയാനാഗ്രഹിക്കുന്ന അനേകർ അവിടേയ്ക്ക് ആകൃഷ്ടരായി. നോയമ്പുകാലങ്ങളിൽ അപ്രകാരം അവിടെ താമസിച്ചു ധ്യാനിച്ചിരുന്നവരിലൊരാളാണ് അന്ന് റമ്പാനായിരുന്ന പരിശുദ്ധ പാമ്പാടി തിരുമേനി. റമ്പാന് ഇടയ്ക്കിടെ വാകത്താനം പള്ളിക്കാര്യത്തിലിടപെടേണ്ടിയും വന്നു.

ഒരു യഥാർത്ഥ തപസിക്കനുസൃതമായ ജീവിതമായിരുന്നു വള്ളിക്കാട്ടുദയറായിൽ റമ്പാൻ നയിച്ചിരുന്നത്. പ്രാർത്ഥനയും ദൈവസംസർഗവും നിറഞ്ഞ ആ ജീവിതത്തിൽ കഠിനാദ്ധ്വാനവും ഒരു ഭാഗമായിരുന്നു. തനിക്കാവശ്യമായ വസ്ത്രങ്ങൾ - പൗരോഹിത്യ വസ്ത്രങ്ങൾ അടക്കം - മുഴുവൻ സ്വയം തുന്നിയാണ് ഉപയോഗിച്ചിരുന്നത്. ആശാരിപ്പണിക്കാവശ്യമായ ഉപകരണങ്ങൾ മുഴുവൻ സമ്പാദിച്ച് മരപ്പണി ചെയ്യുക, കല്പണി ചെയ്യുക തുടങ്ങിയവും റമ്പാന്റെ ജീവിതചര്യയിൽപെട്ടിരുന്നു. മേല്പട്ടക്കാരനും പൗരസ്ത്യ സഭയുടെ തലവനുമായിട്ടും ഈ അദ്ധ്വാന ജീവിതം അദ്ദേഹം അവസാനിപ്പിച്ചില്ല.

തച്ചുശാസ്ത്രത്തിൽ അസാമാന്യ താൽപ്പര്യമുണ്ടായിരുന്ന ഇദ്ദേഹം അക്കാലത്ത് വാകത്താനത്തും പരിസരങ്ങളിലുമുണ്ടായിരുന്ന പെരുന്തച്ചന്മാരെ വരുത്തി ആ ശാസ്ത്രത്തെപ്പറ്റി ചർച്ച ചെയ്തിരുന്ന വിവരം അഭിമാനപൂർവമാണ് അന്നാട്ടിലെ വിശ്വകർമ്മജർ ഇന്നും ഓർക്കുന്നത്. അദ്ദേഹം ദേഹവിയോഗം ചെയ്തപ്പോൾ ശങ്കരനാചാരി രചിച്ച വിലാപകാവ്യം തന്നെ ഈ ബന്ധത്തിനുത്തമ ദൃഷ്ടാന്തമാണ്.

പക്ഷേ വള്ളിക്കാട്ടു ദയറായുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങാനുള്ളതായിരുന്നില്ല അദ്ദേഹത്തിന്റെ ജീവിതം. 1912-ൽ അദ്ദേഹത്തെ മേല്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തു. സ്ഥാനമാനങ്ങളിൽ താൽപ്പര്യമില്ലാതിരുന്ന റമ്പാൻ ശക്തമായി എതിർത്തു. പക്ഷേ സഭ തീരുമാനവുമായി മുമ്പോട്ടു പോയി. അവസാനം തന്റെ മേല്പട്ടസ്ഥാനാരോഹണത്തിന്റെ തലേന്നു മാത്രമാണ് റമ്പാൻ തന്റെ സമ്മതം നൽകിയത്.

അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പരിശുദ്ധ അബ്ദൽ മ്ശിഹാ, മലങ്കരയിലെ പ്രഥമ കാതോലിക്കാ പരിശുദ്ധ ബസേലിയോസ് പൗലൂസ് പ്രഥമന്റെ സഹകരണത്തോടെ 1913 മകരം 26-നു ചെങ്ങന്നൂർ പള്ളിയിൽ വച്ച് ഗീവർഗീസ് റമ്പാനെ മാർ പീലക്സീനോസ് എന്ന പേരിൽ കോട്ടയം, അങ്കമാലി ഇടവകകളുടെ മെത്രാപ്പോലീത്താ ആയി വാഴിച്ചു. അന്ത്യോക്യാ പാത്രിയർക്കീസും പൗരസ്ത്യ കാതോലിക്കായും ചേർന്ന് ആധുനിക കാലത്തു നടത്തിയ ഏക മേല്പട്ട സ്ഥാനാരോഹണമായിരുന്നു ഇത്.

അടുത്ത ഒരു വ്യാഴവട്ടക്കാലം വള്ളിക്കാട്ടു ദയറായിൽ ആസ്ഥാനമുറപ്പിച്ച് ശാന്തവും എന്നാൽ ശക്തവുമായ ഇടവക ഭരണമാണ് ഇദ്ദേഹം നടത്തിയത്. ദയറാ നവീകരിച്ചതും വിപുലീകരിച്ചതും ഇക്കാലത്താണ്. ഇക്കാലത്ത് അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ചതും നവീകരിച്ചതുമായ ദേവാലയങ്ങൾ അനേകമാണ്. കോട്ടയം ഭദ്രാസനത്തിൽ മാത്രം ഒതുങ്ങിയ ഒന്നായിരുന്നില്ല അദ്ദേഹത്തിന്റെ ഭരണകാലം. മലങ്കരയിലാകമാനം അദ്ദേഹം അന്ന് നിറഞ്ഞുനിന്നിരുന്നു എന്നാണ് ചരിത്രം. തെക്കും വടക്കും വൈദിക കർമ്മങ്ങൾക്കും പ്രശ്നപരിഹാരത്തിനും നിയോഗിക്കപ്പെട്ടത് അദ്ദേഹമായിരുന്നു. പ. പരുമല

തിരുമേനിക്കുശേഷം മലങ്കര മുഴുവൻ - സമഗ്ര മേഖലയിലും - പ്രഭവിതറിയ ഏക ഇടവക മെത്രാപ്പോലീത്തായായിരുന്നു മാർ ഗീവർഗീസ് പീലക്സീനോസ്. പരുമല തിരുമേനി കാലം ചെയ്തപ്പോൾ മുതൽ തന്റെ ജീവിതാവസാനം വരെ ഏതാണ്ടെല്ലാ വർഷവും പെരുനാളിലെ മുഖ്യ കാർമ്മികൻ ഇദ്ദേഹമായിരുന്നു.

തന്റെ ഇടവക ഭരണകാലത്ത് സ്കൂളുകൾ സ്ഥാപിച്ചതുപോലെ തന്നെ ശ്രദ്ധപതിപ്പിച്ച ഒന്നാണ് റോഡുകളുടെ നിർമാണം. നല്ലൊരു സംഘാടകൻ ആയിരുന്ന തിരുമേനിയുടെ ശ്രമഫലമാണ് വാകത്താനം പ്രദേശത്തെ പല റോഡുകളും. ഈദൃശ ശ്രമങ്ങളിലെല്ലാം തിരുമേനിയുടെ പിൻബലം ഇടമന ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള നാട്ടുകാരുടെ കമ്മിറ്റികളായിരുന്നു. വാകത്താനം പോസ്റ്റാഫീസും ഇദ്ദേഹത്തിന്റെ സാമൂഹ്യപ്രവർത്തനത്തിന്റെ ഫലമാണ്. വാകത്താനത്താരംഭിച്ച പരസ്പരസഹായ സംഘമാണ് അദ്ദേഹത്തിന്റെ മറ്റൊരു സാമൂഹിക സേവനം.

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ആരോഹണം ഇവിടെയും അവസാനിച്ചില്ല. 1925-ൽ അദ്ദേഹത്തെ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു. തന്നെ ഈ സ്ഥാനത്തു നിന്നും ഒഴിവാക്കണമെന്ന് സ്ഥാനമോഹമില്ലാതിരുന്ന മെത്രാപ്പോലീത്താ പല ന്യായങ്ങൾ നിരത്തി അപേക്ഷിച്ചു. അപേക്ഷ നിരസിക്കപ്പെട്ടു. ഗുരുവും മലങ്കര മെത്രാപ്പോലീത്തായുമായ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനോട്, തന്നെ ഈ സ്ഥാനത്തു നിന്നും ഒഴിവാക്കണമെന്നു ശുപാർശ ചെയ്യാൻ മാമ്മൻ മാപ്പിളയോടു പറഞ്ഞു, മാമ്മൻ മാപ്പിളയാകട്ടെ പകരം സ്ഥാനമേൽക്കാൻ നിർബന്ധിക്കുകയാണ് ചെയ്തത്. അവസാനം സഭയുടെ നിർബന്ധം ദൈവത്തിന്റെ ഹിതമെന്നു സമാധാനിച്ച തിരുമേനി സമ്മതിക്കുകയും തുടർന്ന് 1925 ഏപ്രിൽ 30-ന് അദ്ദേഹത്തെ നിരണം പള്ളിയിൽ വച്ച് മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ ആയി വാഴിക്കുകയും ചെയ്തു.

താൻ പൗരസ്ത്യ സഭാദ്ധ്യക്ഷനായതിന്റെ പിറ്റേന്ന് ബഥനി ആശ്രമത്തിലെ ഫാദർ പി. റ്റി. ഗീവർഗീസിനെ, മാർ ഈവാനിയോസ് എന്ന പേരിൽ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. പിന്നീട് റോമൻ കത്തോലിക്കാ സഭയിൽ ചേരുകയും മലങ്കര റീത്ത് സ്ഥാപിക്കുകയും ചെയ്ത ഇദ്ദേഹമാണ് പരിശുദ്ധ ഗീവർഗീസ് പ്രഥമൻ ബാവാ വാഴിച്ച ഏക മേല്പട്ടക്കാരൻ.

പ. അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ കല്പനയും, മലങ്കരസഭയുടെ അഭിലാഷവുമനുസരിച്ച് മലങ്കര സുന്നഹദോസിനാൽ മാത്രം വാഴിക്കപ്പെട്ട ആദ്യത്തെ കാതോലിക്കായായിരുന്നു പ. ഗീവർഗീസ് പ്രഥമൻ എന്ന വാകത്താനത്തു ബാവാ. തന്നെ മഹത്തായ ഈ സ്ഥാനത്തേയ്ക്കുയർത്തിയപ്പോൾ ആ പരിശുദ്ധ പിതാവിന്റെ ശ്രദ്ധ തിരിഞ്ഞത് മലങ്കരയിൽ പുതുതായി രൂപം

കൊണ്ട കാതോലിക്കേറ്റിന് വ്യക്തമായ ഒരു രൂപവും ഭാവവും സ്ഥാനചിഹ്ന ങ്ങളടക്കം രൂപപ്പെടുത്തി, ഇത് വ്യവസ്ഥാപിതവും തുടർച്ചാ സ്വാഭാവമുള്ള തുമായ ഒന്നാക്കി മാറ്റുന്നതിലേയ്ക്കായിരുന്നു. പൗരസ്ത്യ കാതോലിക്കായ്ക്ക് മുതലവായൻ മുടിയും അൽമത്തിക്കാപ്പയുമടക്കം മലങ്കരസഭാ പാരമ്പര്യത്തി ലുള്ള പൂർണ്ണ അംശ വസ്ത്രം, ഇന്നു പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോ ഗിക അംശവടിയായ പാമ്പിൻതലയില്ലാത്ത ഇരട്ടപ്പത്തി വടി, ചുമന്ന കല്പ്പന മുദ്ര, ചുമന്ന തലക്കെട്ടോടുകൂടിയ കല്പനക്കടലാസ് – ഇങ്ങനെ കാതോലി ക്കേറ്റിന്റെ സ്വതന്ത്ര നിലനിൽപ്പും പരമാധികാരവും വ്യക്തമാക്കുന്ന അടി സ്ഥാന വസ്തുക്കൾ ഈ പരിശുദ്ധ പിതാവിന്റെ നിർമ്മാണ ചാതുരിക്കു മുമ്പിൽ രൂപംകൊണ്ടു. തന്റെ ആസ്ഥാനമായ വാകത്താനം വള്ളിക്കാട്ടു ദയ റായെ സിംഹാസന പള്ളിയായി ഉയർത്തി. ഇത് കാതോലിക്കേറ്റിന്റെ സ്ഥിരം ആസ്ഥാന ദയറായാവണമെന്ന് പ. പിതാവ് ആഗ്രഹിച്ചതിനാലാവണം ഒരു ഇടവകയായി രൂപപ്പെടുത്താതിരുന്നത്. ഈ സ്ഥാപനത്തെ സഭയും അങ്ങനെ കണ്ടിരുന്നു എന്നതിന്റെ തെളിവാണ് പിന്നീട് പ. വട്ടശേരിൽ തിരുമേനി ഈ സ്ഥാപനത്തെ *കാതോലിക്കേറ്റിന്റെ നിധി* എന്ന് വിശേഷിപ്പിച്ചത്.

പൗരസ്ത്യ കാതോലിക്കാ ആയി വാഴിക്കപ്പെട്ട ശേഷവും അദ്ദേഹം കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയി തുടർന്നു. എങ്കിലും മലങ്കരയിൽ തെക്കും വടക്കുമുള്ള പള്ളികൾ സന്ദർശിക്കുന്നതിനും ശുശ്രൂഷകൾ നടത്തുന്നതിനും സ്വീകരണങ്ങൾ ഏറ്റുവാങ്ങുന്നതിനും അദ്ദേഹം സമയം കണ്ടെത്തി. ചെറുപ്പത്തിലെ തനിക്കു ബാധിച്ച അപ്പന്റി സൈറ്റിസ് എന്ന അസുഖത്തിന്റെ ആക്രമണവും പ്രായത്തിന്റെ ക്ഷീണവും തുടരെ യാത്ര ചെയ്യുന്നതിൽ അദ്ദേഹത്തിനു തടസമായി നിന്നു. എങ്കിലും തന്റെ പരിപാലനത്തിൽ ഏൽപ്പിക്കപ്പെട്ടിരുന്ന അജഗണങ്ങളെ എല്ലാം നേരിട്ടു കാണാനുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. മലങ്കരയിലെ എല്ലാ പള്ളികൾക്കുമായി 1926 മിഥുനം പതിനാറിനു അദ്ദേഹം അയച്ച ഇടയലേഖ നത്തിൽ നിന്നും ഇതു വ്യക്തമാകുന്നുണ്ട്.

തന്നെ നിരന്തരം ശല്യപ്പെടുത്തിയിരുന്ന ഉദരരോഗം അസഹ്യമായതിനെ തുടർന്ന് അഭ്യുദയകാംക്ഷികളുടെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം നെയ്യൂ രിൽ ഡോ. സോമർവെല്ലിന്റെ വിദഗ്ധ ചികിത്സക്കായി പോയി. 1928 വൃശ്ചികം പതിനാറിന് തിരുവനന്തപുരം പള്ളിയിൽ അദ്ദേഹം കുർബാന ചൊല്ലി. ഇത ദ്ദേഹത്തിന്റെ അവസാന ദിവ്യബലിയർപ്പണമായിരുന്നു. തുടർന്ന് തിരുവിതാം കോട് പള്ളിയും സന്ദർശിച്ചു.

നെയ്യൂരിൽ വിജയകരമായി നടത്തിയ ഓപ്പറേഷനു ശേഷം അവിടെ വിശ്ര മിച്ചുകൊണ്ടിരുന്ന തിരുമേനി 1918 ഡിസംബർ 18–നു ഞായറാഴ്ച രാവിലെ പെട്ടെന്നു കാലം ചെയ്തു. അതോടെ മലങ്കരസഭയ്ക്ക് ഒരു മഹാപുരോഹി തൻ നഷ്ടപ്പെട്ടെങ്കിലും ഒരു പരിശുദ്ധൻ ജനിക്കുകയായിരുന്നു. ഇന്ന്

അദ്ദേഹത്തെ കബറടക്കിയിരിക്കുന്ന വള്ളിക്കാട്ടു ദയറായിൽ എത്തിച്ചേരുന്ന – ആ പുണ്യവാന്റെ മദ്ധ്യസ്ഥത കൊണ്ടു ഫലം നേടിയ – ജനസഹസ്രങ്ങൾ പറയുന്നതും അതാണ്. മലങ്കരസഭ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ജനഹൃദയങ്ങളിൽ അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ ആ സ്ഥാനം നേടിക്കഴിഞ്ഞു.

ഗുരു, ശിഷ്യനെക്കൊണ്ടും മുൻഗാമി പിൻഗാമിയെക്കൊണ്ടും കീർത്തിമാനാകുന്നു എന്നൊരു ചൊല്ലുണ്ട്. ആ അർത്ഥത്തിൽ പരിശുദ്ധ ഗീവർഗീസ് പ്രഥമൻ ബാവാ രണ്ടുവിധത്തിൽ ഭാഗ്യവാനാണ്. പ്രശസ്തരും പരിശുദ്ധരുമായ രണ്ടു പിൻഗാമികളാണ് അദ്ദേഹത്തിനുണ്ടായത്. പൗരസ്ത്യ കാതോലിക്കാ ആയി പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും, കോട്ടയം മെത്രാപ്പോലീത്താ ആയി പരിശുദ്ധ പാമ്പാടി തിരുമേനിയും.

(ഡോ. എം. കുര്യൻ തോമസ് മലങ്കരസഭ മാസിക 2002 ഡിസംബർ ലക്കത്തിൽ എഴുതിയ ലേഖനം)

വള്ളിക്കാട്ടു ദയറ

ആദരണീയരായ വ്യക്തികൾ എക്കാലവും ആദരിക്കപ്പെടും. അവരുടെ ജീവിതകാലത്തെ സൗരഭ്യം മരണാനന്തരവും പിൻതലമുറകളിലേയ്ക്ക് സുഗന്ധം പരത്തും. അദൃശ്യമായ സാന്നിദ്ധ്യത്തിൽ പരിശുദ്ധനായ രണ്ടാം കാതോലിക്കാ ബാവാ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ വാകത്താനം വള്ളിക്കാട്ട് ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്നു.

മലങ്കരസഭയുടെ ചരിത്രത്തിന്റ താളുകളിൽ അവിസ്മരണീയമായ സ്ഥാനമുള്ള വള്ളിക്കാട്ട് ദയറാ മലങ്കരസഭയുടെ ആത്മിക സിരാകേന്ദ്രങ്ങളിൽ ഒന്നായി ഉയരേണ്ടത് കാലത്തിന്റെ ആവശ്യം തന്നെയാണ്. ഉയർച്ചയുടെ പടവുകൾ താണ്ടുന്ന ദയറായുടെ സ്ഥാപനചരിത്രം സഭാവിശ്വാസങ്ങൾക്കെതിരായി ഉയർന്നുവന്ന നവീകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. വാകത്താനത്തെ പൗരാണിക ദേവാലയമായ വലിയ പള്ളിയിൽ നവീകരണക്കാരുടെ സ്വാധീനം ഉണ്ടാകുന്നത് മനസ്സിലാക്കി അവരിൽ നിന്ന് സഭാവിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താൻ ഒരു കേന്ദ്രം എന്ന നിലയിൽ വലിയപള്ളിയുടെ വളരെയടുത്തുള്ള പ്രശാന്തസുന്ദരമായ കുന്നിൻമുകളിൽ ഒരു കുരിശുപള്ളി സ്ഥാപിച്ചു. വലിയ പള്ളിയുടെ വികാരിയായിരുന്ന കളപ്പുരയ്ക്കൽ പൗലൂസ് കത്തനാരും, പഴയാറ്റുങ്കൽ ഗീവറുഗീസ് കത്തനാരുമാണ് മുൻകൈയെടുത്തതെങ്കിലും അവരെ ചുമതലപ്പെടുത്തിയത് പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് രണ്ടാമനായിരുന്നു.

വള്ളിക്കാട്ട് ദയറാ സ്ഥാപനത്തെപ്പറ്റി ഇടവഴിക്കൽ നാളാഗമത്തിൽ ഇങ്ങനെ കാണുന്നു: "വാകത്താനത്തു പള്ളിയിൽ എണ്ണച്ചെരി കത്തനാരു

പാലക്കുന്നന്റെ പക്ഷത്തിൽ ചെർന്നും വള്ളിക്കാട്ടു പൌലൊസ കത്തനാരു അതിനു വിരൊധമായും പല വ്യവഹാരങ്ങൾ ചെയ്തശെഷം വെറെ ഒരു പള്ളി വൈക്കണമെന്നു പൌലൊസ കത്തനാരു മുതൽ പെരു നിശ്ചയിച്ച മാർ കൂറിലൊസ ബാവായെ ബൊധിപ്പിക്കയാൽ 1837 മത കന്നി മാസം 6നു എന്റെ പെർക്കു അയച്ച സാധനത്തും പ്രകാരം ഞാൻ അവിടെ ചെന്നു വാകത്താനത്തു അയ്യനാട്ടു കുന്നിൽ 31 നു തമ്പുരാനെപ്പെറ്റമ്മയുടെ നാമത്തിൽ ഒരു പള്ളിക്കു കല്ലിട്ടു കൊടുക്കയും ചെയ്തു" (ഇടവഴിക്കൽ ഡയറി, പുസ്തകം 3, പേജ് 669-670).

ഈ കാലഘട്ടത്തിൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ മലങ്കരയിലെ പള്ളികൾ സന്ദർശിച്ച് സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിന് യത്നിച്ചു. ഈ ശ്രമം ഒരു വിജയമായി മാറിയപ്പോൾ പുതുതായി വാകത്താനത്ത് സ്ഥാപിച്ച കുരിശുപള്ളിയ്ക്കുള്ള ശ്രദ്ധ കുറഞ്ഞു.

1907-ൽ ഗീവറുഗീസ് റമ്പാൻ തൃക്കുന്നത്തു സെമിനാരിയിൽ നിന്നും വള്ളിക്കാട്ട് ദയറായിലേക്ക് താമസം മാറ്റിയതോടുകൂടി ദയറായുടെ വികസനചരിത്രത്തിന് തുടക്കമായി. വാകത്താനത്തിന്റെ സമഗ്രമായ ഉയർച്ച ലക്ഷ്യമാക്കിയുള്ള ഗീവറുഗീസ് റമ്പാന്റെ പ്രവർത്തനങ്ങൾ ആത്മിക മേഖലയ്ക്കൊപ്പം വിദ്യാഭ്യാസം, സാംസ്കാരിക മേഖല എന്നിവിടങ്ങളിലേയ്ക്ക് പടർന്നു. അദ്ദേഹം മലങ്കരയുടെ രണ്ടാം കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതോടുകൂടി വള്ളിക്കാട്ട് ദയറാ മലങ്കരസഭയുടെ ചരിത്രത്തിന്റെ ഭാഗമായി മാറി. മലങ്കരസഭയുടെ സുപ്രധാനങ്ങളായ പല യോഗങ്ങൾക്കും ആതിഥ്യം വഹിച്ച ദയറാ രണ്ടാം കാതോലിക്കാ ബാവാ കാലം ചെയ്തതോടുകൂടി (1928 ഡിസംബർ 17-ന്) താൽപര്യപൂർവ്വമായ പരിരക്ഷയില്ലാത്ത സ്ഥാപനമായിത്തീർന്നു. തിരുമനസ്സിലെ 40-ാം അടിയന്തിരം മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ അഖില മലങ്കരാടിസ്ഥാനത്തിൽ വിപുലമായാണ് നടത്തിയത്. തുടർന്ന് കാതോലിക്കാ സ്ഥാനത്തേക്ക് പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായെ തെരഞ്ഞെടുത്ത പള്ളിപ്രതിപുരുഷയോഗവും പരിശുദ്ധ സുന്നഹദോസും നടന്നത് വള്ളിക്കാട്ട് ദയറായിൽ വച്ചായിരുന്നു.

പരിശുദ്ധനായ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ 1975-ൽ കാതോലിക്കാ സ്ഥാനം ഏറ്റശേഷം തന്റെ മുൻഗാമികളുടെ കബറിടങ്ങൾ സന്ദർശിച്ച് അനുഗ്രഹം വാങ്ങാൻ പുറപ്പെട്ട യാത്ര തിരുമനസ്സിനെ വള്ളിക്കാട്ട് ദയറായിൽ എത്തിച്ചു. അർഹമായ ശ്രദ്ധയില്ലാതിരുന്ന ദയറായുടെ സ്ഥിതി കണ്ട് ദുഃഖിതനായ ബാവാ തിരുമേനി തിരിച്ചുപോയത് ഒരു ദൃഢപ്രതിജ്ഞയോടെയായിരുന്നു. തുടർന്നു വന്ന ഓർമ്മപ്പെരുന്നാളുകൾ ബാവാ തിരുമനസ്സിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ദയറാ ചാപ്പൽ പുതുക്കിപണിയുന്നതിന് നാട്ടുകാരിൽ നിന്നു ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു നിയമിച്ചു.

അതോടുകൂടി ഇന്നു കാണുന്ന പരിവർത്തനത്തിന് തുടക്കമിട്ടു. പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി താമസിച്ചിട്ടുള്ള, പാമ്പാടി തിരുമേനി നോമ്പുകാലങ്ങളിൽ ആശ്രയമായി കരുതിയിരുന്ന വള്ളിക്കാട്ട് ദയറാ പ്രകാശഗോപുരമായി ഉയരേണ്ടതിന്റെ ആവശ്യകത പ. ബാവാ ഓരോ പെരുനാളിലും വിശ്വാസികളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

ബാവാ 1982-ൽ പ്രൈവറ്റ് സെക്രട്ടറിയായ പേരങ്ങാട്ട് ഫാ. പി. കെ. സഖറിയായെ (പിന്നീട് ഔഗേൻ മാർ ദീവന്നാസ്യോസ്) ദയറായുടെ മാനേജരായി നിയമിച്ചു. അന്നു മുതൽ മുടങ്ങാതെ യാമപ്രാർത്ഥനകളും, ധൂപവും, ദയറായിലുയർന്നു. പരിശുദ്ധമായ അന്തരീക്ഷം കൂടുതൽ ശോഭനമായിത്തുടങ്ങി. ആ വളർച്ച മലങ്കരസഭയെ ഉയർത്തി. ദയറായുടെ വളർച്ചയിൽ ഏറ്റവും അധികം സന്തോഷിച്ച പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പെരുന്നാൾ മദ്ധ്യേ ചെയ്ത പ്രസംഗത്തിൽ “സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും വർഷത്തിൽ കുറച്ചുദിവസമെങ്കിലും വള്ളിക്കാട്ട് ദയറായിൽ വന്ന് താമസിച്ചു പ്രാർത്ഥിക്കണമെന്ന്” ഓർമ്മിപ്പിച്ചു.

ഈ രണ്ടാം കാതോലിക്കായുടെ കാലത്തു നടന്ന പ്രധാന സംഭവങ്ങളിൽ ഒന്ന്, അപ്പോൾ ഹൈക്കോടതി ഫുൾബെഞ്ചിന്റെ വിചാരണയിൽ ഇരുന്ന വട്ടിപ്പണ അപ്പീൽ പുനർവിചാരണകേസ് മലങ്കര മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനും തന്നിമിത്തം കാതോലിക്കേറ്റിനും അനുകൂലമായി 1928 ജൂലൈ 4-നു വിധിക്കപ്പെട്ടു എന്നുള്ളതാണ്. മാർ ദീവന്നാസ്യോസിന്റെ മുടക്ക് അസാധുവാണെന്നു വിധിച്ചതോടുകൂടി മലങ്കരയിൽ പാത്രിയർക്കീസിനുണ്ടായിരുന്ന മൂറോൻ കൂദാശാധികാരവും, മെത്രാപ്പോലീത്തന്മാരെ വാഴിക്കാനുള്ള അധികാരവും ശൂന്യപ്രായമായി ഭവിച്ചു എന്നുകൂടി വിധിന്യായത്തിൽ വ്യക്തമാക്കപ്പെട്ടിരുന്നു. ഇത് കാതോലിക്കേറ്റിന് ഒരു വമ്പിച്ച വിജയമായിരുന്നു. പരാജയപ്പെട്ട കൂറിലോസ് കക്ഷി (കൂറിലോസ് മെത്രാപ്പോലീത്താ കാലംചെയ്തു കഴിഞ്ഞിരുന്നെങ്കിലും അദ്ദേഹത്തിന്റെ കക്ഷി അങ്ങനെയാണ് അറിയപ്പെട്ടിരുന്നത്) രണ്ടു കോടതിയിലെയും ചെലവുകളും മലങ്കര മെത്രാപ്പോലീത്തായ്ക്കു നൽകണമെന്നും വിധിയിൽ പറഞ്ഞിരുന്നു. അങ്ങനെ പാത്രിയർക്കീസ് കാതോലിക്കേറ്റിൽ നടത്താൻ ശ്രമിച്ച ദുരധികാരപ്രമത്തതയ്ക്ക് തൽക്കാലത്തേക്ക് ശാന്തത ഉണ്ടായി.

സാമാന്യം പ്രശാന്തമായ ഈ അന്തരീക്ഷത്തിൽ കാതോലിക്കാ ഉദരസംബന്ധമായ രോഗത്തിനധീനനാകയും, നെയ്യൂർ ആശുപത്രിയിൽ ചികിത്സിക്കപ്പെടുകയും തുടർന്നുണ്ടായ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനായി 1928 ഡിസംബർ 17-ന് ആശുപത്രിയിൽ വച്ച് കാലം ചെയ്കയും ചെയ്തു. അദ്ദേഹത്തെ സ്വദേശമായ വാകത്താനത്ത് വള്ളിക്കാട്ടു പള്ളിയിൽ കൊണ്ടുവന്ന് പിറ്റേദിവസം കബറടക്കി. ഇദ്ദേഹത്തിന്റെ ഓർമ്മ ആണ്ടുതോറും ഡിസംബർ 17-ന് വള്ളിക്കാട്ടു ദയറാ പള്ളിയിൽ കൊണ്ടാടുന്നു.

വള്ളിക്കാട്ടു ദയറാ പ്രസിദ്ധമാണെന്നു ബന്ധപ്പെട്ടവർ അവകാശപ്പെടുമ്പോഴും ഈ ദയറായെപ്പറ്റി സഭയിലുള്ള ഗണ്യമായൊരു വിഭാഗത്തിന് വേണ്ടത്ര വിവരം ഇല്ലെന്നുള്ളതാണു വസ്തുത. കാരണം പെരുനാൾ സംബന്ധിച്ച വാർത്തകൾ ഇടുന്ന പത്രങ്ങൾ ലോക്കൽ എഡിഷനിൽ മാത്രം വാർത്ത ചേർക്കുന്നതിനാൽ വാകത്താനം, കോട്ടയം പ്രദേശങ്ങളിൽ മാത്രമേ ദയറാ അറിയപ്പെടുന്നുള്ളു. കോട്ടയത്തു വരുന്ന വാർത്ത കൊച്ചിയിലോ മലബാറിലോ കേരളത്തിനു വെളിയിലോ എത്തുന്നില്ല. സഭാ പ്രസിദ്ധീകരണങ്ങൾക്കു സർക്കുലേഷൻ കുറവാകയാലും ഭൂരിപക്ഷം സഭാംഗങ്ങളും അവ വരുത്തുകയോ വായിക്കുകയോ ചെയ്യാത്തതിനാലും അവയിൽ വരുന്ന വാർത്തകളും പ്രയോജനം ചെയ്യുന്നില്ല. തന്നിമിത്തം വള്ളിക്കാട്ടു ദയറാ വാകത്താനംകാരുടെ വകയായി നിലകൊള്ളുന്നു എന്ന യാഥാർത്ഥ്യം അംഗീകരിച്ചേ തീരൂ. ഒന്നാം കാതോലിക്കായുടെ കബർ സ്ഥിതിചെയ്യുന്ന പാമ്പാക്കുട ചെറിയപള്ളിയെപ്പറ്റിയും സ്ഥലത്തെപ്പറ്റിയും തെക്കൻ പ്രദേശങ്ങളിൽ ഉള്ള എല്ലാവർക്കും വേണ്ടത്ര വിവരം ഇല്ലെന്നു പറഞ്ഞാൽ എതിർക്കാൻ അധികം പേരുണ്ടാവില്ല.

വാകത്താനം ദയറായുടെ പുരോഗതിയിൽ മാത്യൂസ് ദ്വിതീയൻ തിരുമേനിയും കാലംചെയ്ത കോട്ടയം ഇടവകയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

5

പ. ഗീവർഗീസ് രണ്ടാമൻ ബാവാ

ഒരു നൂറ്റാണ്ടത്തെ ധന്യജീവിതം

(പ്രതികൂല സാഹചര്യങ്ങളെ ദൈവാശ്രയത്തോടും ധീരതയോടും നേരിട്ടു മലങ്കര ഓർത്തഡോക്സ് സഭയെ സംഭവബഹുലമായ സുദീർഘകാലം മെത്രാൻ, കാതോലിക്കോസ്, മലങ്കര മെത്രാപ്പോലീത്താ എന്നീ നിലകളിൽ ഭരിച്ച പ. ഗീവറുഗീസ് രണ്ടാമൻ ബാവായെപ്പോലെ വ്യക്തിപ്രഭാവവും ദീർഘായുസ്സും കൊണ്ടനുഗ്രഹിക്കപ്പെട്ട കർമ്മയോഗിയും ഭാഗ്യശാലിയും ആയ മറ്റൊരു മേൽപട്ടക്കാരൻ മലങ്കരയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല.)

ദീർഘകാലം കക്ഷിമത്സരങ്ങളും ഉൾപ്പോരുകളും നിലവിലിരുന്ന സഭാനൗകയെ കോളിളക്കം നിറഞ്ഞ കടലിൽകൂടി നയിച്ച് സമാധാനത്തിന്റെയും ശാന്തിയുടെയും തുറമുഖത്തെത്തിക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. ആഴമായ ദൈവവിശ്വാസത്തിലും ഓർത്തഡോക്സ് സഭയുടെ അനുപമമായ പാരമ്പര്യങ്ങളിലും പ്രാർത്ഥനാജീവിതത്തിലും അടിയുറച്ചുനിന്ന ഈ മഹാചാര്യന്റെ ജീവിതത്തിൽനിന്ന് അടർത്തിമാറ്റാനാവാത്തവിധമാണ് ആധുനിക സുറിയാനിസഭയുടെ ചരിത്രം കെട്ടുപിണഞ്ഞു കിടക്കുന്നത്. സഭയുമായി അത്രമാത്രം തിരുമേനിയുടെ ജീവിതം താദാത്മ്യം പ്രാപിച്ചിട്ടുണ്ട്. മഹത്തായ തപശ്ചര്യകൊണ്ട് ഋഷിതുല്യനായ തിരുമേനിക്ക് തൊണ്ണൂറു വയസ്സ് കഴിഞ്ഞിരുന്നു എങ്കിലും പ്രായാധിക്യമോ തന്മൂലമുള്ള ശാരീരികക്ലേശങ്ങളോ ആദ്ധ്യാത്മിക ചൈതന്യം വിന്യസിച്ചിരുന്ന തേജോജ്വലമായ തിരുമേനിയുടെ മുഖത്ത് നിഴൽ വീശിയിരുന്നില്ല.

സമുന്നത വ്യക്തിത്വം

ആരെയും ഹഠാദാകർഷിക്കുന്ന അനുപമസുന്ദരമായ ഒരു സമുന്നത വ്യക്തിത്വമാണ് തിരുമേനിക്കുണ്ടായിരുന്നത്. ആദ്ധ്യാത്മിക സിദ്ധിവിശേഷങ്ങളും ആജ്ഞാശക്തിയും കുടികൊണ്ടിരുന്ന ആ വ്യക്തിത്വമാണ് സഭയുടെ പ്രതിസന്ധികളിലും പ്രശോഭിച്ചു നിന്നിരുന്നത്. ഒരിക്കൽ മാത്രം കണ്ടിട്ടുള്ള വ്യക്തികൾക്കും തിരുമേനിയുടെ ചിത്രം വിസ്മരിക്കാനാവില്ല. തിരുമേനി എവിടെ ചെന്നാലും അസംഖ്യം ആളുകൾ അദ്ദേഹത്തെ ഒരുനോക്കു കാണുവാൻ ഓടിയെത്തും. കൈമുത്തി അനുഗ്രഹം പ്രാപിച്ചുകഴിയുമ്പോൾ അവർക്കു ഒരു പുണ്യതീർത്ഥത്തിൽ എത്തിച്ചേർന്ന അനുഭൂതിവിശേഷമാണുണ്ടാകുന്നത്. പാണ്ഡിത്യത്തെയും ധനത്തിന്റെ പ്രതാപത്തെയും എല്ലാം

വെല്ലുന്നതും നിർവ്വചിക്കാനാവാത്തതുമാണ് തിരുമേനിയുടെ ഈ വ്യക്തി മഹത്വം.

മതിപ്പു നേടി

ലണ്ടനിൽ വച്ചും, പാരീസിൽ വച്ചും, ജറുശലേമിൽ വച്ചും, എഡിൻബറോയിൽ വച്ചും മാത്രമല്ല തിരുമേനി സന്ദർശിച്ചിട്ടുള്ള എല്ലാ നഗരങ്ങളിൽ വച്ചും മലങ്കരയ്ക്ക് മാനവും മതിപ്പും അനായാസേന നേടിക്കൊടുത്തിട്ടുണ്ടെന്നു പറയാം. ഇംഗ്ലണ്ടിൽവച്ചും മറ്റും ശതക്കണക്കിനാളുകൾ തിരുമേനിയുടെ കരം ചുംബിച്ചനുഗ്രഹം പ്രാപിക്കുകയുണ്ടായി. വിദേശ സന്ദർശന വേളയിൽ പ്രമുഖ പത്രപ്രതിനിധികൾ തിരുമേനിയുമായി അഭിമുഖസംഭാഷണം നടത്തി തിരുമേനിയെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുക പതിവായിരുന്നു. എഡിൻബറോ സന്ദർശനത്തെപ്പറ്റി 1937 ഓഗസ്റ്റ് 7-ാം തീയതി പ്രശസ്തമായ 'ഡെയ്‌ലി റെക്കോഡ് ആൻഡ് മെയിൽ' എന്ന പത്രം ഇങ്ങനെ എഴുതി: 'എഡിൻബറോയിൽ ആഗതനായിരിക്കുന്ന ഏറ്റവും ദർശനീയനായ അതിഥിയുടെ ഹസ്തലിഖിതം വാങ്ങുവാൻ തടിച്ചുകൂടിയ ജനപ്പെരുപ്പം മൂലം അവർ പരസ്പരം തള്ളി മറിഞ്ഞുവീണുപോയി. ഒരു പാത്രിയർക്കീസിനടുത്ത അന്തസ്സോടും കാരുണ്യകിരണങ്ങൾ പൊഴിയുന്ന കണ്ണുകളോടും വിശിഷ്ടമായ വേഷഭൂഷകളോടും ആ അതിഥി സ്കോട്ട്ലണ്ടിന്റെ തലസ്ഥാന നഗരിയിലെ രാജവീഥിയിൽകൂടി നടന്നു. കൈയൊപ്പ് വേണ്ടവർക്ക് അതും, ഹസ്തദാനം വേണ്ടവർക്ക് അതും, അനുഗ്രഹം അർത്ഥിച്ചവർക്ക് അതും അദ്ദേഹം ലോഭമെന്യേ നൽകി. ... ശുഭ്രമായ തലപ്പാവ് ഭംഗിയായി ചുറ്റിവച്ചിരിക്കുന്നു. കഴുത്തിൽ കിടക്കുന്ന രത്നഖചിതമായ കുരിശ് സൂര്യപ്രഭയിൽ മിന്നി പ്രകാശിക്കുന്നു. തോളിലും ഒരു വിശേഷവസ്ത്രം ഉണ്ട്. മതസൂചകമായ ഒരു മുദ്ര ഒരു സമ്പൂർണ്ണ ശൃംഖലയിൽ തൂങ്ങിക്കിടക്കുന്നു. മീശ കുറെ നരച്ചിട്ടുണ്ട്.

78 വർഷം മുമ്പു നടന്ന വർണ്ണനയാണിത്.

ലളിതവും നിഷ്കളങ്കവുമായ ജീവിതം, സഭയിലും, ദൈവത്തിലും അപ്പോസ്തോലിക കാലത്തെപ്പോലുള്ള അടിയുറച്ച വിശ്വാസം, നിഷ്ഠയോടുകൂടിയ നമസ്കാരവും പ്രാർത്ഥനയും, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിലുള്ള സംശയരഹിതമായ ആശ്രയം, ആന്തരികമായ വിനയം എന്നിവയാണ് തിരുമേനിയുടെ അതുല്യമായ വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാന ശിലകൾ.

സ്വജീവിതത്തിലും സഭയിലും പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോഴെല്ലാം തിരുമേനി തന്റെ ഗുരുവായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറിങ്കലെത്തി പ്രാർത്ഥനയിലും ധ്യാനത്തിലും സമയം ചെലവഴിക്കുക പതിവായിരുന്നു. 1963 നവംബറിലും തിരുമേനി ആ വിശുദ്ധന്റെ ചരമവാർഷികപ്പെരുനാളിൽ സംബന്ധിച്ചു. നിർമ്മലമായ ജീവിതത്തി

നുള്ള വഴി പരുമല തിരുമേനിയാണ് ഈ സിദ്ധനു കാണിച്ചുകൊടുത്തത്. ആ ഗുരുശിഷ്യബന്ധവും അനുപമമായിത്തന്നെ അവശേഷിക്കുന്നു.

വ്രതനിഷ്ഠ

വിശുദ്ധ കൂദാശകളിലും അവ അനുഷ്ഠിക്കുന്ന വിധത്തിലും തിരുമേനിക്കുള്ള പ്രത്യേക താൽപര്യവും ശ്രദ്ധയും തിരുമേനി അനുഷ്ഠിക്കുന്ന കർമ്മാദികളുടെ മനോഹാരിതയും മറ്റും അനന്യസാധാരണമാണ്. തിരുമേനി അർപ്പിക്കുന്ന വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്ന ഭക്തജനങ്ങൾക്ക് സ്വർഗ്ഗീയമായ ഒരനുഭൂതിയാണ് ലഭിക്കുന്നത്. തിരുമേനി വിശുദ്ധ കർമ്മങ്ങളിൽ നിമഗ്നനായി കൂദാശകൾ നിർവഹിക്കുന്ന രംഗങ്ങൾ ആർക്കും വിസ്മരിക്കാൻ ആവില്ല.

തന്റെ മുൻഗാമികളിൽ ചിലരെപ്പോലെ തിരുമേനി മേധാശക്തിയിലും പാണ്ഡിത്യത്തിലും തുല്യനായിരുന്നില്ലെങ്കിലും പ്രതിസന്ധികളിൽ അന്യാദൃശമായ സിദ്ധികൾ തിരുമേനി പ്രദർശിപ്പിച്ചിരുന്നു. തന്ത്രശാലികളും ബുദ്ധിശാലികളും പരാജയപ്പെട്ട കർമ്മ മണ്ഡലങ്ങളിൽ തിരുമേനി വിജയം നേടി.

അരശതാബ്ദക്കാലം നീണ്ടുനിന്ന സമുദായക്കേസ് സഭയെയും അതിന്റെ പ്രവർത്തനങ്ങളെയും ക്ഷീണിപ്പിച്ചു എന്നു വിശ്വസിക്കുന്ന തിരുമേനി 'കേസ് സഭയെ മുടിച്ചു' എന്നു പലപ്പോഴും പറയാറുണ്ടായിരുന്നു. വഴക്കും കേസ്സും തീർന്ന് എല്ലാവരും ഒന്നായി യോജിച്ച് പ്രവർത്തിക്കണം എന്നായിരുന്നു തിരുമേനിയുടെ ആഗ്രഹം.

സഭയെ ബലഹീനമാക്കിക്കൊണ്ടിരുന്ന കേസ്സുകൾ തുടരുന്ന കാലത്തും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, കാതോലിക്കേറ്റ് ഹൈസ്കൂളുകൾ, അരമന മുതലായ വലിയ സ്ഥാപനങ്ങൾ സഭാംഗങ്ങളുടെയും സഭാനേതാക്കന്മാരുടെയും സമ്പൂർണ്ണ സഹായസഹകരണത്തോടുകൂടി തിരുമേനിക്കു സമ്പാദിക്കുവാൻ കഴിഞ്ഞു. പട്ടം കൊടുക്കുക, പുതിയ പള്ളികൾ കൂദാശ ചെയ്യുക എന്നിവ തിരുമേനിക്കു വളരെ ഇഷ്ടമുള്ള കാര്യങ്ങളായിരുന്നു. കർമ്മാദികളുടെ ദൈർഘ്യമോ, കായക്ലേശമോ പ്രായാധിക്യമോ ഒന്നും ഇതിനു തടസ്സമായി നിന്നിട്ടില്ല. തിരുമേനിയെപ്പോലെ ഇത്രയധികം മെത്രാന്മാരെ വാഴിക്കുകയും, വൈദികർക്കും ശെമ്മാശന്മാർക്കും പട്ടം കൊടുക്കുകയും, പള്ളികളും കുരിശിൻതൊട്ടികളും കൂദാശ ചെയ്യുകയും ചെയ്തിട്ടുള്ള മറ്റൊരു മഹാചാര്യനെയും പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ അന്നു വരെ കാണാൻ സാദ്ധ്യമല്ല തന്നെ.

സുറിയാനി പണ്ഡിതൻ

എട്ടാമത്തെ വയസ്സിൽ പരുമല സെമിനാരിയിൽ എത്തി മാർ ഗ്രീഗോറിയോസ് തിരുമേനി, വട്ടശ്ശേരിൽ ഗീവറുഗീസ് മൽപാൻ എന്നിവരുടെ കീഴിൽ

സുറിയാനിപഠനം ആരംഭിച്ച കാതോലിക്കാബാവാ തിരുമേനിക്ക് സുറിയാനിഭാഷയിലുള്ള വ്യുൽപത്തിയും വൈദികരുടെ സുറിയാനിഭാഷാ പഠനത്തിനുള്ള നിഷ്കർഷയും സുറിയാനി രീതിയിലുള്ള ആരാധനാക്രമങ്ങളോടുള്ള താൽപര്യവും പ്രസിദ്ധമാണ്.

തിരുമേനി റമ്പാനായി പഴയസെമിനാരിയിൽ താമസിക്കുന്ന കാലത്ത് പർദൈസാ, മാർ യൂഹാനോൻ മ്റഹമ്മൊനൊ മുതലായ ചില അമൂല്യ സുറിയാനി ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്യുകയും, രഹസ്യപ്രാർത്ഥനകൾ, സഹദേന്മാരുടെ ചരിത്രം എന്നീ പുസ്തകങ്ങൾ രചിക്കുകയും ചെയ്തു. സുറിയാനി ശരിക്കറിയാവുന്ന വൈദികരോടു തിരുമേനിക്ക് അൽപം മമത കൂടുതൽ ഉണ്ടെന്നും തോന്നിയിട്ടുണ്ട്. 80 വർഷം മുമ്പ് മൂക്കഞ്ചേരിൽ എം. പി. പത്രോസ് ശെമ്മാശനും (പിന്നീട് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) പുലിക്കോട്ടിൽ ജോസഫ് ശെമ്മാശനുംകൂടി നമ്മുടെ പ്രുമിയോൻ മഹാകവി വള്ളത്തോളിന്റെ സഹായത്തോടുകൂടി മലയാളത്തിൽ തർജ്ജമ ചെയ്തു ഒരിക്കൽ പരുമല പെരുനാളിനു മലയാളത്തിലുള്ള പ്രുമിയോൻ വിൽക്കവേ അന്ന് മാർ ഗ്രീഗോറിയോസ് മെത്രാനായിരുന്ന പ. കാതോലിക്കാബാവാ തിരുമേനി കച്ചവടക്കാരെ ഓടിച്ച കാര്യം മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം തിരുമേനിയുടെ സുറിയാനിപ്രേമത്തെ കുറിക്കുന്ന കാര്യങ്ങളാണ്.

സമുദായക്കേസുകൾ

തിരുമേനിയുടെ ഭരണകാലത്തിന്റെ സിംഹഭാഗവും സമുദായക്കേസുകളിൽ ശ്രദ്ധ പതിപ്പിക്കേണ്ടി വന്നു. അവ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സാമ്പത്തിക ഭാരങ്ങളും ക്ലേശങ്ങളും തിരുമേനിയെ വേദനിപ്പിച്ചിരുന്നു. പല പ്രാവശ്യം കോടതിവിധികൾ പ്രതികൂലമായി പരിണമിക്കുകയുണ്ടായിട്ടുണ്ട്. എങ്കിലും വിപദ്ധൈര്യത്തോടും ദൈവാശ്രയത്തോടും അങ്ങനെയുള്ള സന്ദർഭങ്ങൾ തരണം ചെയ്യുവാൻ തിരുമേനിക്കു കഴിഞ്ഞു. 1951-ൽ തിരുമേനി കൽക്കട്ടായിൽ ആയിരുന്നപ്പോഴാണ് അന്ന് ഹൈക്കോടതിവിധി തിരുമേനിക്കെതിരായി പ്രഖ്യാപിക്കപ്പെട്ടത്. ഉത്തരേന്ത്യൻ പര്യടനം മതിയാക്കി വേഗം നാട്ടിലേക്കു തിരിച്ചുവന്ന തിരുമേനിക്കു ജനങ്ങൾ അതിഗംഭീരമായ ഒരു സ്വീകരണം കൊട്ടാരക്കര മുതൽ കോട്ടയം വരെ നൽകി. കോട്ടയത്ത് എം.ഡി. സെമിനാരിയിൽവച്ചു നടത്തപ്പെട്ട മഹായോഗവും പിന്നീട് കുറുപ്പംപടി, പാമ്പാക്കുട, പിറവം, പള്ളിക്കര മുതലായ സഭാകേന്ദ്രങ്ങളിൽ നടന്ന പ്രചാരണയോഗങ്ങളുമെല്ലാം സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്.

സമുദായവസ്തുക്കൾ തിരുമേനിയുടെ അധികാരനിയന്ത്രണങ്ങളിൽ നിന്നു കൈവിടേണ്ടി വരുമെന്നു ശങ്കിക്കപ്പെട്ട ഒരു സന്ദർഭത്തിൽ യശ്ശശരീരനായ

കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ നടന്ന അഭൂതപൂർവമായ ധന ശേഖരണമാണ് സമുദായാംഗങ്ങളിൽ നിന്നുണ്ടായത്. ഒരാഴ്ചയ്ക്കുള്ളിൽ ഒന്നരലക്ഷം രൂപാ ശേഖരിച്ചു ദേവലോകം അരമന സ്ഥിതിചെയ്യുന്ന ഏഴേക്കർ വിസ്തീർണ്ണമുള്ള മനോഹരമായ കുന്നിൽപരപ്പും പഴയ അരമനക്കെട്ടിടവും വാങ്ങുവാൻ സാധിച്ചു.

സഭാസമാധാനം

സമുദായക്കേസ്സിൽ സുപ്രീംകോടതിവിധി തിരുമേനിക്കനുകൂലമായി ഭവിച്ചു. തിരുമേനിയുടെ സമുദായക്ഷേമ പരിശ്രമങ്ങളിൽ തിരുമേനിക്കു സന്തോഷം നൽകിയ ഒരു സംഭവമായിരുന്നു അതെങ്കിലും തിരുമേനിയുടെ മഹൽജീവിതത്തിൽ യഥാർത്ഥവും ശാശ്വതവുമായ ആനന്ദം നൽകിയത് 1958 ഡിസംബർ 16-ാം തീയതിയിലെ ചരിത്രം സൃഷ്ടിച്ച സഭാസമാധാനമായിരുന്നു. പ. അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ തിരുമേനി അയച്ചുതന്ന സ്വീകരണ കൽപനയും തിരുമേനിയുടെ മറുപടിയും പരസ്പരം പഴയസെമിനാരി ചാപ്പലിൽവെച്ചു കൈമാറിയതു അന്നായിരുന്നു. സുറിയാനി സഭയ്ക്കു മംഗളകരമായ ഒരു ഭാവി വാഗ്ദാനം ചെയ്ത ആ സംഭവം തിരുമേനിയുടെ ജീവിതലക്ഷ്യത്തിന്റെ ഒരു നേട്ടമായിരുന്നു.

സമാധാനശ്രമങ്ങൾ

മലങ്കരസഭയിലെ മത്സരങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി നടത്തപ്പെട്ട എല്ലാ പരിശ്രമങ്ങളിലും ബാവാതിരുമേനി ആത്മാർത്ഥമായി പങ്കെടുക്കുകയും വളരെയധികം ത്യാഗങ്ങൾ ചെയ്യുന്നതിനു സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. പലതവണ ഇരുകക്ഷിയിലെയും നേതാക്കന്മാരുമായി സുദീർഘമായ ചർച്ചയും നടത്തി. 1934-ൽ മാർ യൂലിയോസ് തിരുമേനിയുമൊന്നിച്ചു ഹോംസിലെത്തി കാലംചെയ്ത അപ്രേം പ്രഥമൻ ബാവാതിരുമേനിയുമായി ആലോചന നടത്തി. പക്ഷെ ആ തീർത്ഥയാത്രയും ഫലപ്രദമായില്ല. ആ കൊല്ലം ഒക്ടോബർ 10-ാം തീയതി തിരിച്ചെത്തിയ ബാവാതിരുമേനിക്ക് മലങ്കരയിലുടനീളം സ്വീകരണങ്ങൾ നൽകപ്പെട്ടു.

മലങ്കര മെത്രാപ്പോലീത്താ

അക്കൊല്ലംതന്നെ ഡിസംബർ 26-ാം തീയതി കാതോലിക്കാബാവായെ മലങ്കരമെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. തുടർന്നു തിരുവനന്തപുരം, ആലുവാ, ചിങ്ങവനം തുടങ്ങിയ സ്ഥലങ്ങളിൽവച്ചു നടത്തപ്പെട്ട പ്രതീക്ഷാനിർഭരങ്ങളായ ആലോചനകളിലും ബിഷപ്പ് ഗോർ, ഇർവിൻ പ്രഭു, ബിഷപ്പ് പെക്കൻഹാം വാൽഷ് എന്നിവരുടെ ശ്രമങ്ങളിലും കോട്ടയത്തുവച്ചു നടത്തപ്പെട്ട ഐതിഹാസികമായ പീസ്ലീഗിന്റെ ശ്രമത്തിലും ബാവാതിരുമേനി എടുത്ത സഹായകമായ നിലപാടു ശ്ലാഘനീയമായ ആധുനിക സംഭവങ്ങളാകയാൽ ഇവിടെ വിവരിക്കുന്നില്ല.

സഭാസമാധാന പുനസ്ഥാപനത്തിനും തുടർന്നു പുത്തൻകാവിൽവച്ചു നടത്തപ്പെട്ട അസോസ്യേഷൻ യോഗത്തിനും സംയുക്ത സ്വീകരണങ്ങൾക്കും ശേഷം സഭയിലെ ശാന്തതയിൽ സന്തോഷിച്ചുകൊണ്ടിരിക്കവേ അവിടവിടെ ചില അസ്വാസ്ഥ്യങ്ങൾ നേരിട്ടതിൽ ബാവാതിരുമേനിക്കു വളരെ കുണ്ഠിതം ഉണ്ടായി.

ക്രിസ്തീയ ചൈതന്യം

സുന്നഹദോസുമായി വിട്ടുനിന്ന പൗലൂസ് മാർ പീലക്സിനോസ് തിരുമേനിയെ ഇക്കഴിഞ്ഞ സെപ്റ്റംബർ 13-ാം തീയതി വെള്ളിയാഴ്ച കാതോലിക്കേറ്റ് അരമനയിൽ ക്ഷണിച്ചുവരുത്തി സംഭാഷണം നടത്തിയതും ഒടുവിൽ പൗലൂസ് മാർ പീലക്സിനോസ് തിരുമേനിയോട് തന്റെ ജീവാവസാനം അടുത്തിരിക്കയാണെന്നും എല്ലാവരേയും ഒന്നു കണ്ടു യാത്രപറഞ്ഞിട്ടു പോകാമെന്നു കരുതി ക്ഷണിച്ചതാണെന്നും പറഞ്ഞുകൊണ്ട് 'ഞാൻ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നിങ്ങൾക്കെല്ലാം അസുഖകരമായോ വേദനാജനകമായോ എന്തെങ്കിലും തരത്തിൽ പ്രവർത്തിച്ചുണ്ടെങ്കിൽ അവ നിങ്ങൾ ക്ഷമിക്കുകയും മറക്കുകയും ചെയ്യണം' എന്നും പ്രസ്താവിച്ചതു ബാവാതിരുമേനിയുടെ മാത്രമല്ല മലങ്കരസഭയുടെ ചരിത്രത്തിലെ ക്രിസ്തീയചൈതന്യത്തിന്റെ യഥാർത്ഥ ബഹിർസ്ഫുരണവും തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട വചനങ്ങളും ആണ്. ശിഷ്യഗണത്തിന്റെ കാലുകൾ കഴുകിയ ഗുരുവിന്റെ മഹത്തായ മാതൃകയാണു മലങ്കരയുടെ മഹാചാര്യൻ ഇവിടെ അനുകരിച്ചിരിക്കുന്നത്.

ഇത്രയധികം പ്രശസ്താഥികളെ സ്വീകരിക്കുന്നതിനും സൽക്കരിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചിട്ടുള്ള വളരെയധികം മഹാചാര്യന്മാർ ഉണ്ടായിട്ടില്ല. തെരഞ്ഞെടുപ്പു പ്രചരണാർത്ഥം 1953 ഫെബ്രുവരി 3-ാം തീയതി കോട്ടയത്തെത്തിയ നെഹ്റുവിനെ എം.ഡി. സെമിനാരിയിൽ വച്ചു ബാവാതിരുമേനി ഹാരമണിയിച്ചു സ്വീകരിച്ചു. എത്യോപ്യയിലെ ഹെയ്‌ലി സെലാസി ചക്രവർത്തി, തിരുക്കൊച്ചിയിലെ രാജാക്കന്മാർ, ഗവർണ്ണർ രാമകൃഷ്ണറാവു, വൈസ്രോയി ആയിരുന്ന ഇർവിൻ പ്രഭു, എത്യോപ്യൻ അംബാസഡർ, സൈപ്രസ് പ്രസിഡന്റ് ആർച്ചുബിഷപ്പ് മക്കാറിയോസ്, അർമ്മീനിയൻ സഭയിലെ വസ്ക്കൻ തിരുമേനി, പോളാഡിയൻ തിരുമേനി, ന്യൂഡൽഹിയിലെ ആഗോള ക്രൈസ്തവ സമ്മേളനത്തിൽ പങ്കെടുത്ത റഷ്യൻ സഭാമേലദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെ ബിഷപ്പന്മാർ, മന്നത്തു പത്മനാഭൻ തുടങ്ങിയ ഹൈന്ദവ നേതാക്കന്മാർ എന്നിവരെല്ലാം പ്രശസ്തരായ സന്ദർശകരുടെ നീണ്ട ലിസ്റ്റിൽ ഉൾപ്പെടുന്നു. തിരുമേനിയുടെ വ്യക്തിത്വവും നർമ്മബോധവും സന്ദർശകരെയെല്ലാം ആനന്ദിപ്പിച്ചിട്ടുണ്ട്.

നർമ്മോക്തികൾ

ഒരിക്കൽ മന്നത്തു പത്മനാഭൻ ബാവാതിരുമേനിയെ സന്ദർശിച്ചു കുശല പ്രശ്നങ്ങൾ നടത്തുകയുണ്ടായി. ആ അവസരത്തിൽ ഭാര്യ സുഖമായി ഇരിക്കുന്നുവോ എന്നുള്ള തിരുമേനിയുടെ അന്വേഷണത്തിന് അവർക്ക് എപ്പോഴും സുഖക്കേടാണെന്നും ഭാര്യയുണ്ടെങ്കിൽ സുഖക്കേടുമുണ്ടെന്നും മന്നം മറുപടി പറഞ്ഞു. 'പിള്ളാരുണ്ടെങ്കിൽ പറയുകയും വേണ്ടാ' എന്നു ബാവാതിരുമേനി പെട്ടെന്നു പ്രതിവചിച്ചു. അതുപോലെതന്നെ ഇന്ത്യയിലെ എത്യോപ്യൻ അംബാസഡർ തിരുമേനിയെ സന്ദർശിച്ച അവസരത്തിൽ കുശലപ്രശ്നങ്ങൾക്കു ശേഷം അംബാസഡർ കാപ്പി കുടിക്കാനായി പോയി. ആ അവസരത്തിൽ എത്യോപ്യാക്കാർക്കു കട്ടൻകാപ്പിയാണിഷ്ടമെന്നു പറഞ്ഞതു കേട്ട് 'ചുമ്മാതല്ല അയാൾ കറുത്തിരിക്കുന്നത്' എന്നത്രേ ബാവാ പറഞ്ഞത്.

മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പു മുതലേ തന്റെ ജീവാവസാനം അടുത്തു എന്നു ബാവാതിരുമേനി മറ്റുള്ളവരോടു സാധാരണ പറയാറുണ്ടായിരുന്നു. കാലംചെയ്തു കഴിയുമ്പോൾ തന്റെ മൃതദേഹം എവിടെ അടക്കണമെന്നുള്ളതിനെപ്പറ്റിയും തിരുമേനി മുൻകൂർ നിർദ്ദേശം നൽകിയിരുന്നു. കബറടക്കത്തിനായി കാതോലിക്കേറ്റ് അരമനയുടെ ഒരു ഭാഗം തിരുമേനി കാണിച്ചുകൊടുത്തപ്പോൾ അതിനടുത്ത ഒരു സ്ഥലം മറ്റു ചിലർ നിർദ്ദേശിച്ചു. അപ്പോൾ താൻ നിർദ്ദേശിച്ച സ്ഥലം തന്നെ മതിയെന്നും അവിടെ നല്ല കാറ്റുള്ളതാണ് ആ സ്ഥലം തെരഞ്ഞെടുക്കാനുള്ള കാരണമെന്നും തിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു.

(പ. കാതോലിക്കാബാവാ തിരുമേനി കാലം ചെയ്തതിനെ തുടർന്ന് കെ. വി. മാമ്മൻ തയ്യാറാക്കിയതും മനോരമയിൽ 1964 ജനുവരിയിൽ പ്രസിദ്ധപ്പെടുത്തിയതുമാണ് ഈ ലേഖനം.)

മഹാമേരുപോലെ മഹോന്നതൻ

ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിലെ പരമോന്നത പദവിയായ കാതോലിക്കാ സിംഹാസനത്തിൽ സംഭവബഹുലമായ മൂന്നര ദശാബ്ദം പ്രതിസന്ധികളെയും പ്രശ്നങ്ങളെയും പ്രതിഷേധപ്രകടനങ്ങളെയും കാലിടറാതെ പ്രത്യാശയോടെ നേരിട്ട് സഭാനൗകയെ സമാധാനത്തിന്റെ തുറമുഖത്തെത്തിച്ച പ. ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായെപ്പറ്റി ചിന്തിക്കുമ്പോൾ "യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു" എന്ന സങ്കീർത്തനക്കാരന്റെ തങ്കവാക്യമാണു മനസ്സിൽ ആദ്യം ഓടിയെത്തുന്നത്. എത്ര ശക്തമായ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും പർവ്വതങ്ങൾ കുലുങ്ങുകയോ ആടിയുലയുകയോ ചെയ്യാതെ സ്വർഗ്ഗോന്നതങ്ങളിലേയ്ക്കു

തലയുയർത്തിക്കൊണ്ടുതന്നെ നിലകൊള്ളും. ദീർഘകാലം നിലയ്ക്കാതെ നീണ്ടുനിന്ന തടസ്സങ്ങളിലൂടെ കടന്നുപോയ ഗീവറുഗീസ് രണ്ടാമൻ ബാവാ, തൊട്ടതെല്ലാം പൊന്നാക്കുകയും അദ്ദേഹത്തെ തട്ടിനീക്കാൻ ശ്രമിച്ചവർ എല്ലാം കരിക്കട്ടകളാകുകയും സഭ കൂടുതൽ ശോഭ നേടുകയും ചെയ്തതിന്റെ രഹസ്യം മലങ്കരസഭയാകുന്ന മേരു പർവ്വതത്തിന്റെ ഉന്നതശൃംഗത്തിൽ കയറി ദൈവവുമായി സദാ സംസർഗ്ഗം ചെയ്തതുകൊണ്ടാണെന്നത്രെ 24-ാം സങ്കീർത്തനത്തിലെ മറ്റൊരാശയത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്.

"യഹോവയുടെ പർവ്വതത്തിൽ ആരു കയറും? അവന്റെ വിശുദ്ധസ്ഥലത്ത് ആരു നിൽക്കും? വെടിപ്പുള്ള കൈയും നിർമ്മലഹൃദയവുമുള്ളവൻ. വ്യാജത്തിനു മനസ്സുവെയ്ക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ. അവൻ യഹോവയിൽനിന്ന് അനുഗ്രഹവും തന്റെ രക്ഷയുടെ ദൈവത്തിൽ നിന്നു നീതിയും പ്രാപിക്കും." പ. ഗീവറുഗീസ് ദ്വിതീയൻ ബാവായെപ്പറ്റി എഴുതുമ്പോൾ ഈ വസ്തുതയാണു മനസ്സിൽ സദാ മായാതെ കുടികൊള്ളുന്നതെന്ന കാര്യം അനുസ്മരിക്കാതിരിക്കാനും സാധ്യമല്ല. ഇതോടൊപ്പം "ഞാൻ എന്റെ കണ്ണു പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നു വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു!" ഈ സങ്കീർത്തനഭാഗത്തിന്റെ സാരവും ബാവായുടെ ജീവിതത്തെ എന്നും ഭരിച്ചിരുന്നു.

പർവ്വതങ്ങളും ഉയർന്ന മലകളും ദൈവനിവാസകേന്ദ്രങ്ങളാണെന്ന വിശ്വാസം ആദിമകാലം മുതലേ മനുഷ്യരിലുണ്ട്; അതുകൊണ്ടുതന്നെയായിരിക്കണം ആദിമമനുഷ്യർ പർവ്വതങ്ങളെ തങ്ങളുടെ രക്ഷാകേന്ദ്രങ്ങളെന്ന നിലയിൽ കണ്ട് ആരാധിച്ചതെന്നു ലോകചരിത്രം സാക്ഷിക്കുന്നത്. മോശയ്ക്കു ദൈവം പ്രത്യക്ഷപ്പെട്ടു പത്തു കൽപനകൾ നൽകിയതു സീനായ് മലയിൽ വച്ചാണല്ലോ. താബോർ മലയിലെ അനുപമ ദൈവ ദർശനവും മറ്റൊന്നല്ലല്ലോ അനുസ്മരിപ്പിക്കുന്നത്. യേശുക്രിസ്തു പ്രഭാഷണങ്ങൾക്കുശേഷം ജനക്കൂട്ടത്തിൽനിന്നു പിൻവാങ്ങി മലകളിൽ കയറി സ്വപിതാവുമായി സംസർഗം ചെയ്തുവന്ന കാര്യം എത്രയോ തവണ ബൈബിളിന്റെ തിളക്കമാർന്ന താളുകളിൽ നാം ദർശിക്കുന്നു.

ആർഷഭാരതത്തിലെ ഹൈന്ദവ മുനിമാർ ഈശ്വരദർശന സാക്ഷാത്ക്കാരത്തിനുവേണ്ടി ഇന്നും ഹിമവൽസാനുവിലെ ഗുഹകളിലും മലമടക്കുകളിലും പുണ്യസ്ഥലങ്ങളായ ബദരിനാഥിലും കേദാരനാഥിലും മറ്റുമുള്ള പർണ്ണശാലകളിലും ധ്യാനനിരതരായി കഴിയുന്നു. ഇതേ രീതിയിലുള്ള അവർണ്ണനീയമായ ദൈവികസാന്നിദ്ധ്യബോധം സ്വാംശീകരിക്കാനാണല്ലോ സുപ്രസിദ്ധ മിഷനറിയായിരുന്ന ഡോ. സ്റ്റാൻലി ജോൺസ് ഹിമവൽസാനുവിൽ, സതാൾ ആശ്രമം ആരംഭിച്ചത്. തന്റെ പരസ്യസേവന പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരുക്കത്തിനുവേണ്ടി യേശുക്രിസ്തു ഒന്നും ഭക്ഷിക്കാതെ നാൽപതു ദിവസം

വിജനമായ മലകളിലും മരുഭൂമിയിലും ഏകനായിരുന്നു ദൈവസംസർഗ്ഗം നടത്തി.

മഹാകവി വള്ളത്തോൾ തന്റെ മധുരമനോഹര ഖണ്ഡകാവ്യമായ മഗ്ദ ലനമറിയത്തിൽ ഇതേപ്പറ്റി കുറിച്ചിരിക്കുന്ന വരികൾ എത്രയോ ഭാവസുന്ദ രവും അർത്ഥനിർഭരവുമാണ്. താഴെ ഉദ്ധരിക്കുന്ന ആ കവിതാശകലം വായി ക്കുന്ന ആരിലും ഒരാത്മീയഹർഷമുണ്ടാകാതിരിക്കില്ല:

“യാതൊരു പർവ്വതത്തിങ്കലെ ഭക്ഷണം
യാതൊന്നുമില്ലാതെ നാൽപതുനാൾ
ധ്യാനം കൊണ്ടാത്മാവെ ആത്മാവിൽ കണ്ടു
കൊണ്ടാനന്ദലീനനായ് കന്യാപുത്രൻ
വൻ തപംചെയ്തു ഹിമാലയസാനുവിൽ
അന്തക സൂദനസ്വാമിയെപ്പോൽ.”

തന്റെ സഭാസേവനകാലം മുഴുവൻ ദൈവമഹത്വവും നീതിയും വർണ്ണി ക്കുന്ന ആകാശത്തെ തൊട്ടുരുമ്മിനിന്ന പർവ്വതങ്ങളിലേക്കു കണ്ണുയർത്തി ആകാശത്തെയും ഭൂമിയേയും സൃഷ്ടിച്ച ദൈവത്തിൽ നിന്നു ലോഭമെന്യേ ആത്മീയശക്തി ആവാഹിച്ചെടുത്ത ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ഔന്നത്യം, വിശുദ്ധി എന്നിവയെപ്പറ്റി, ഞാൻ ആരാധനാമനോഭാവത്തോടെ അനുസ്മരിക്കുന്ന എന്റെ സീനിയർ സുഹൃത്ത് സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടി കുറിച്ചിട്ട അതുല്യവും അർത്ഥനിഷ്യന്ദിയും ഭാവനയുടെ കനകം പൂശിയതുമായ താഴെപ്പറയുന്ന വാക്കുകളെ കടത്തിവെട്ടാൻ മറ്റൊരാൾക്കും ഇന്നുവരെ കഴിഞ്ഞിട്ടില്ലെന്നു തറപ്പിച്ചു പറയട്ടെ. കാതോലിക്കാ മംഗളഗാന ത്തിലെ പീയൂഷധന്യമായ ആ വരികൾ സഭാസ്നേഹികളുടെ രസനകളിൽ എന്നും മധുവിലുമധികം മധുരം ചൊരിഞ്ഞുകൊണ്ടു നിലകൊള്ളും.

“കർമ്മേൽ മലപോലുന്നതനെ ഹെർമ്മോനിൻ പനിനിർമ്മലനെ.”

ഈ അതിധന്യമായ പ്രയോഗത്തിൽ, ആയിരം പേജിൽ എഴുതി ഫലി പ്പിക്കാൻ ആവാത്ത അളവിലുള്ള ആത്മീയ ആശയ നീരുറവകളാണു നിരർഗ്ഗളം ഒഴുകുന്നത്. പ. ബാവായുടെ ഔന്നത്യം, വിശുദ്ധി എന്നീ ഗുണ ങ്ങളാണു ഉയർന്ന കർമ്മേൽ മലയും മഞ്ഞണിഞ്ഞ ഹെർമ്മോനും പ്രതീകാ ത്മകമായി പ്രഘോഷിക്കുന്നത്.

ഇങ്ങനെ ജീവിതവിശുദ്ധി, ഔന്നത്യം എന്നിവയാൽ പർവ്വതംപോലെ ഇള കാതെ നിന്നിരുന്ന ബാവായുടെ വ്യക്തിത്വത്തിൽ ഒരേസമയം രണ്ടു സ്വഭാ വങ്ങൾ അദ്ദേഹത്തെ ശരിക്കു വിലയിരുത്തിയിട്ടുള്ള സമകാലികനും സുപ്ര സിദ്ധ സഭാചരിത്രകാരനും നിരീക്ഷണപടുവുമായിരുന്ന ഇസ്സഡ്. എം. പാറേട്ട് കാണുന്നുണ്ട്. അതിപ്രകാരമാണ്: “കരിങ്കല്ലുപോലെ ഉറപ്പുള്ള ഒരു വശവും,

കാറ്റിൽ ചാഞ്ചാടുന്ന ഞാങ്ങണപോലെ മറ്റൊരു വശവും. എന്ത് ആപത്തു വന്നാലും കുലുങ്ങാത്ത ഒരു വശവും നിസ്സാരകാര്യം കൊണ്ട് ക്ഷണത്തിൽ ചഞ്ചലിക്കുന്ന മറ്റൊരു വശവും. കൊച്ചുകുഞ്ഞുങ്ങളുടേതുപോലെ കളങ്കരഹിതമായ ഒരു വശവും ചാണക്യതുല്യ തന്ത്രപൂർണ്ണമായ മറ്റൊരുവശവും അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഓരോ സമയവും ദൃശ്യമാകുമായിരുന്നു. സ്ഥാനത്തിന്റെയും പ്രായത്തിന്റെയും ഔന്നത്യവും സമീപിക്കുന്നവരിൽ ഭൂരിപക്ഷത്തിനും അക്കാര്യങ്ങളിൽ താരതമ്യേനയുള്ള കുറവും ഈ സ്വഭാവവിശേഷതകളെ സ്ഥൂലീകരിച്ചു കാണിക്കുമെന്നുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്.”

ഇസ്രയേൽ ജനത്തെ അടിമത്തത്തിൽ നിന്നു വിടുവിച്ച മോശയോട് ഉപമിക്കാൻ എല്ലാവിധത്തിലും യോഗ്യനും അമാനുഷികനും ബുദ്ധിരാക്ഷസനും ആയിരുന്ന പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ പിമ്പനായിവന്ന ഗീവറുഗീസ് ദ്വിതീയൻ ബാവാ തളരുമെന്ന് ആദ്യം ശങ്കിച്ചവരെ അദ്ദേഹം ഉന്നതസ്ഥാനത്തു വന്നപ്പോൾ നേടിയ വളർച്ച അത്ഭുതസ്തബ്ധരാക്കി എന്നതാണു ചരിത്രം. മോശയുടെ പിൻഗാമിയായി ജോഷ്വായും ഏലിയാവിന്റെ ശിഷ്യനായി എലീശയും ദൈവകരങ്ങളിൽ പ്രശോഭിച്ചതുപോലെ ആദ്യം മുതൽ അവസാനംവരെ ഗീവറുഗീസ് ദ്വിതീയൻ ബാവാ തിളങ്ങി. മലങ്കരയെ കീഴടക്കാൻ ശ്രമിച്ച വൈദേശിക ശക്തികളെ രണ്ടു ദശാബ്ദങ്ങൾക്കിടയിൽ ചെങ്കടലിനക്കരെത്തന്നെ നിറുത്താൻ ബാവായ്ക്കു സാധിച്ചതുകൊണ്ടാണല്ലോ അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷാമദ്ധ്യേ, സിറിയൻ ഓർത്തഡോക്സ് സഭയുടെ സകല ബലഹീനതകളും കള്ളക്കളികളും നേരിട്ടറിഞ്ഞിട്ടുള്ള പിൻഗാമി പ. ഔഗേൻ ബാവാ താഴെപ്പറയുന്ന നിത്യസത്യം ഉരുവിട്ടത്: “പ. ഗീവറുഗീസ് രണ്ടാമൻ മലങ്കരസഭയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ പ്രധാന ആചാര്യന്മാരേക്കാൾ ഉയർന്നു. സ്വന്തമായ കഴിവോ പ്രാപ്തിയോ അല്ല ഇതിനു കാരണം. മേലിൽനിന്നു ലഭിച്ച ശക്തിയാണ്. പിതാവിന്റെ കാലത്തു സഭ വളരെയധികം ശക്തിപ്പെട്ടു. അതിന്റെ സൽകീർത്തി ലോകമെങ്ങും വ്യാപിച്ചു.” ഇത് ഒരു വ്യക്തിയുടെ നേട്ടങ്ങളോട് ഒട്ടിനിന്ന മലങ്കരസഭയുടെ – അദ്ദേഹം ജനിച്ചുവളർന്ന സമൂഹത്തിന്റെ – ചരിത്രം കൂടി ആണെന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

സ്ഥാനവസ്ത്രങ്ങൾ ധരിച്ചു ദേവാലയത്തിലെ വിശുദ്ധിയുടെ വിശുദ്ധസ്ഥലത്ത് നിൽക്കുന്ന ഗീവറുഗീസ് രണ്ടാമൻ ബാവായെ ഒരു നോക്കു കാണുന്നതു ദൈവംതമ്പുരാനെത്തന്നെ നേരിട്ടു കാണുന്നതുപോലെയാണെന്നു സാക്ഷിക്കുന്ന പലരെ പണ്ടു കണ്ടിട്ടുണ്ട്. ഘനഗാംഭീര്യം വഴിഞ്ഞൊഴുകുന്ന ഉച്ചസ്വരത്തിൽ ബാവാതിരുമേനി വിശുദ്ധ കുർബ്ബാന ചൊല്ലുമ്പോൾ സർവചരാചരങ്ങളും ആ ദിവ്യബലിയിൽ അലിഞ്ഞമർന്നു നിൽക്കുക സാധാരണമായിരുന്നു. വിശുദ്ധ മദ്ബഹായോടു തൊട്ടുരുമ്മി ലോകലോചനങ്ങൾക്കു

കാണാനാവാത്ത റീശേൻ മാലാഖമാരും, ക്രൂബേന്മാരും സകല സ്വർഗ്ഗീയ സേനകളും അനുപമനായ ആ മൺമയന്റെ ദിവ്യ ശുശ്രൂഷയിൽ സംബന്ധിച്ചു കൊണ്ട് ആത്മാനന്ദ നിർവൃതി ആസ്വദിച്ചിട്ടുണ്ടാവും. ഉയരത്തിൽനിന്നുള്ള ദൈവിക സമ്പർക്കത്താലായിരിക്കാം ആ ദിവ്യപുരുഷന്റെ മുഖപ്രഭ നാൾക്കു നാൾ കൂടുതൽ പ്രദീപ്തമായത്.

ആ വിശുദ്ധ പിതാവിന്റെ വലംകൈയിലെ കനക സ്ലീബാ കൊണ്ട് ശിശുക്കളുടെ ശിരസ്സിൽ സ്പർശിച്ചാൽ പല അനുഗ്രഹങ്ങളും ഉയരങ്ങളിൽ നിന്നു വന്നുചേരുമെന്നു ആ ഓമനക്കുഞ്ഞുങ്ങളുടെ മാതാപിതാക്കൾ ഉറച്ചു വിശ്വസിച്ചിരുന്നു. ആ പുണ്യാത്മാവിനെ നേരിട്ടു കാണാനും അദ്ദേഹത്തിൽനിന്നു അനുഗ്രഹത്തിന്റെ ആത്മമാരി ലഭിക്കാനും ഭാഗ്യം ലഭിച്ച അന്നത്തെ തലമുറയിൽപെട്ടവർ എത്രയോ ഭാഗ്യവാന്മാരായിരുന്നു എന്നു ചിന്തിച്ചു പോകുകയാണ്. പരിശുദ്ധ ബാവായുടെ ജീവിതവും മലങ്കരസഭയുടെ അക്കാലത്തെ ചരിത്രവും വേർതിരിച്ചെടുക്കാനാവാത്തവിധം കെട്ടുപിണഞ്ഞുകിടക്കുന്നതിനാൽ കുറെയൊക്കെ ആവർത്തനമില്ലാതെ വിസ്മയം ജനിപ്പിക്കുന്ന ജീവചരിത്രം എഴുതിത്തീർക്കാനും പ്രയാസമാണ്.

ദൈവപുത്രൻപോലും സാത്താന്റെ പരീക്ഷയ്ക്കു വിധേയനായതുപോലെ പ. ബാവായുടെ ജീവിതനേട്ടങ്ങൾക്കിടയിലും മാനുഷികമായ ചില കോട്ടങ്ങളും സംഭവിച്ചിട്ടുണ്ട്. അവയും ചൂണ്ടിക്കാട്ടണമല്ലോ.

ബാല്യകാലവും വിദ്യാഭ്യാസവും

പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ജന്മദേശം, കേരളത്തിലെ ഒരു പുരാതന മതസാംസ്കാരിക വിദ്യാഭ്യാസകേന്ദ്രമെന്ന നിലയിൽ പുകൾ പെറ്റതും കോട്ടയം ജില്ലയുടെ ആസ്ഥാനവുമായ കോട്ടയം നഗരത്തിൽ നിന്നു 15 കിലോമീറ്റർ തെക്കായി സ്ഥിതിചെയ്യുന്ന കുറിച്ചി ഗ്രാമമാണ്. നോക്കെത്താത്ത കുട്ടനാടൻ വയലേലകളെ, കായലോരങ്ങളാൽ അലുക്കിട്ടു അതിർത്തി നിർണ്ണിച്ചുകൊണ്ടൊഴുകുന്ന കൊടൂരാറിനാൽ പരിസേവിതമായ നന്മ നിറഞ്ഞ ഒരു നാട്ടിൻപ്രദേശമാണു കുറിച്ചി. പള്ളികളും അമ്പലങ്ങളും അവിടെ ആരാധന നടത്തുന്ന നാനാജാതി മതസ്ഥരും മതസൗഹാർദ്ദത്തിനു ചേരാത്ത എന്തെങ്കിലും പ്രവർത്തനങ്ങളിൽ ഇന്നയോളം ഏർപ്പെട്ടിട്ടുള്ളതായി ദേശചരിത്രം രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ കുറിച്ചിയെ മാവേലിയുടെ കാലത്തെ നാടിനോടുപമിക്കുന്നതിൽ തെറ്റില്ല. എവിടെയും ആദ്ധ്യാത്മിക അന്തരീക്ഷം ദർശിക്കാൻ കഴിയുന്ന ഈ സ്ഥലം ഒട്ടധികം മേൽപട്ടക്കാർക്കു ജന്മംനൽകിയിട്ടുള്ള കുലീന കുടുംബങ്ങളുടെ ഒരിടം കൂടിയാണ്.

ഇവിടത്തെ പുരാതനമായ കല്ലാശ്ശേരിൽ കുടുംബത്തിലെ ഉലഹന്നാന്റെയും പാമ്പാക്കുട മാടപ്പറമ്പിൽ കുഞ്ഞിക്കുറുവിന്റെ പുത്രി ആച്ചിയമ്മ

(നൈത്തി) യുടെയും പുത്രനായി 1874 ജൂൺ 16–നു സ്മര്യപുരുഷൻ ജനിക്കുമ്പോൾ വീട്ടുകാരോ നാട്ടുകാരോ ആരുംതന്നെ ഈ ബാലൻ മലങ്കരസഭയുടെ സമുന്നത സാരഥിയായി നീണാൾ വാഴുമെന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല. തിരുവാതിര നക്ഷത്രത്തിൽ ഭൂജാതനായ തിരുമേനിയുടെ മാതാവിന്റെ പിതാമഹനും പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പിതാമഹനും സഹോദരീസന്താനങ്ങളായിരുന്നു. വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ മാതാവ് കുറിച്ചി കോലത്തുകളത്തിൽ പുന്നൂസിന്റെ പുത്രി ഏലിയാമ്മയാണ്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയുമായും ബന്ധം ഉണ്ടായിരുന്നു. ബാവായെപ്പോലെ ഇത്രയധികം ഉന്നതമായ കുടുംബബന്ധങ്ങൾ ഉണ്ടായിരുന്ന മേൽപട്ടക്കാർ ചുരുക്കമാണ്.

തിരുമേനിയുടെ മാമോദീസാപ്പേര് ഗീവറുഗീസ് എന്നായിരുന്നു എങ്കിലും മാതാപിതാക്കൾ തങ്ങളുടെ പൊന്നോമനയായ ബാലനെ പുന്നച്ചൻ എന്ന ഓമനപ്പേരിലാണു വിളിച്ചിരുന്നത്. ജന്മനാ രോഗിയായിരുന്ന ബാലൻ ഒരിക്കൽ മാരകമായ രോഗം ബാധിച്ചു കിടപ്പിലായിരുന്നതിനെ തുടർന്നു മാതാപിതാക്കൾ പുന്നച്ചനെ ദൈവവേലയ്ക്കായി സമർപ്പിക്കുകയും വൈകാതെ ബാലൻ രോഗവിമുക്തനാകുകയും ചെയ്തു. അങ്ങനെ പൂർണ്ണ സുഖംപ്രാപിച്ചതിനെ തുടർന്ന് മകനെ വൈദികപരിശീലനത്തിന് അയയ്ക്കണമെന്നു മാതാപിതാക്കൾ തീരുമാനിക്കുകയാണുണ്ടായത്.

കുടിപ്പള്ളിക്കൂടത്തിൽ വിടുന്നതിനുള്ള പ്രായമായ അഞ്ചുവയസ്സിലെത്തിയപ്പോൾ സമീപത്തെങ്ങും ആശാൻ പള്ളിക്കൂടം ഇല്ലാതിരുന്നതിനെ തുടർന്ന് സമീപസ്ഥലമായ പള്ളത്തുണ്ടായിരുന്ന ആര്യാട്ടുപറമ്പിൽ ഉലഹന്നാൻ ആശാന്റെ സ്കൂളിൽ ചേർത്തു പഠിപ്പിച്ചു. ദിവസവും സ്കൂളിൽ പോയിവരുന്നതിനുള്ള പ്രയാസത്തെ മുൻനിറുത്തി ഗുരുകുല സമ്പ്രദായമെന്നു തോന്നുമാറ് ഉലഹന്നാൻ ആശാന്റെ വീട്ടിൽ താമസിച്ചുകൊണ്ടായിരുന്നു പഠനം നടത്തിവന്നത്. ശനി, ഞായർ ദിവസങ്ങളിൽ സ്വഭവനമായ കല്ലാശ്ശേരിവീട്ടിൽ കൊണ്ടുപോയി തിങ്കളാഴ്ച വീണ്ടും സ്കൂളിൽ എത്തിച്ചുവന്നു. രണ്ടു വർഷം പെട്ടെന്നു കടന്നുപോയി. ഇതിനിടയിൽ മലയാളം ശരിക്കു വായിക്കാനും കണക്കുകൾ കൂട്ടാനും കുറയ്ക്കാനും മറ്റും വശമാക്കിയിരുന്നു.

പുന്നൂസിനു ഫീലിപ്പോസ് എന്നൊരു ജ്യേഷ്ഠനും, ജോൺ എന്ന ഇളയ സഹോദരനും മൂന്നു സഹോദരിമാരും ഉണ്ടായിരുന്നു. കോട്ടയം സി.എം.എസ്. കോളജ് ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലത്ത് പുന്നൂസിനു അനേകം സ്നേഹിതന്മാർ ഉണ്ടായിരുന്നു. പഠിക്കാൻ സാമാന്യം സമർത്ഥനായിരുന്നു. അതേസമയം വളരെ മുൻകോപിയും. ഒരിക്കൽ കൂട്ടുകാരുമായി വഴക്കുണ്ടായി. ഒരാളുടെ ചെകിട്ടത്ത് അടിച്ചു. അടികൊണ്ട ആൾ വായിൽ ചോരയും ഒലിപ്പിച്ച് ഹെഡ്മാസ്റ്ററെ സമീപിച്ചു. പുന്നൂസിനെ വിളിപ്പിച്ചു, രക്ഷാ

കർത്താവിനെ കൊണ്ടുവന്നതിനു ശേഷമേ ക്ലാസ്സിൽ കയറാവൂ എന്ന് അദ്ദേഹം ആജ്ഞാപിച്ചു. ഇന്നത്തെപ്പോലെ അന്നു രക്ഷകർത്താവിനെ വാടകയ്ക്കു ലഭിക്കുമായിരുന്നില്ല; ആ തന്ത്രം അജ്ഞാതവുമായിരുന്നു. പിതാവും ഇതുപോലെ മുൻകോപി ആയിരുന്നതിനാൽ മാതാവ് മുഖാന്തരം, പിതാവിനെ വിവരം ധരിപ്പിച്ചിട്ടു പിതാവിന്റെ സമീപത്തു വരാതെ ഏതാനുംനാളുകൾ തള്ളിനീക്കി. ഇങ്ങനെ ഇരിക്കെ പിതാവിന്റെ പ്രായക്കാരനും അയൽവാസിയുമായ ഒരു ഗണകൻ വീട്ടിൽ വന്നു പിതാവുമായി സംസാരിക്കുന്നതിനിടയിൽ മകൻ സ്കൂളിൽ നിന്നു പിണങ്ങി നില്ക്കുകയാണെന്നുള്ള വിവരം ധരിപ്പിച്ചു. അങ്ങനെ അവർ ഇരുവരും കൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മാതാവിന്റെ അടുക്കൽകൂടി മകൻ വന്നു കടന്നുപോകുന്നത് ഗണകൻ കണ്ടു.

പുന്നൂസിനെ ഗണകൻ ശ്രദ്ധിച്ചിട്ട് ജനിച്ച സമയവും നാളും ഒന്നു കുറിച്ചു തരണമെന്ന് ആവശ്യപ്പെട്ടു. മാതാവ് കുറിച്ചു കൊടുത്തു. താമസിയാതെ ഒരു ചെറിയ ജാതകം എഴുതി പിതാവിന്റെ കൈയിൽ കൊടുത്തിട്ട് 'പിതാവെ, എന്നോടു കോപിക്കരുത്. ഈ ജാതകം അവിടെ സൂക്ഷിച്ചുവയ്ക്കണേ. നമുക്ക് ഇരുവർക്കും പ്രായമായി. മേലിൽ ഈ കൊച്ചനെ എടാ എന്നു പോലും വിളിക്കരുത്. അയാൾ ഒരു സന്യാസിവര്യനും, ഒരു സഭാമേലദ്ധ്യക്ഷനും ആകേണ്ടവൻ ആണ്. കോപിക്കരുത്' എന്ന് ഗണകൻ അപേക്ഷിച്ചതുകൊണ്ട് ഏൽപ്പിച്ച ജാതകം വാങ്ങി മൗനമായി കുറച്ച് സമയം നോക്കിയിരുന്നശേഷം അത് സൂക്ഷിച്ചു. മാതാവിനെ വിളിച്ച് 'ഞാൻ സ്കൂളിൽ പോയി ഹെഡ്മാസ്റ്ററെ കണ്ടിട്ട് നിന്റെ മകൻ സ്കൂളിൽ പോകത്തില്ല' എന്നു ശഠിച്ചു. വിദ്യാഭ്യാസഭാവിക്കു തടസ്സം കണ്ടു പുന്നൂസിന് മനഃപ്രയാസമായി. ഇതോടെ സാധാരണഗതിയിലുള്ള വിദ്യാഭ്യാസം തൽക്കാലം നിലയ്ക്കുകയും മാതാപിതാക്കളുടെ മുൻ തീരുമാനമനുസരിച്ചു വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി പുന്നച്ചനെ പരുമല സെമിനാരിയിൽ കൊണ്ടാക്കുകയും ആയിരുന്നു.

പരുമല കൊച്ചുതിരുമേനിയെ കണ്ടു വിവരങ്ങൾ വിശദമായി അറിയിച്ചു. മാതാപിതാക്കന്മാരെ തിരുമേനിയുടെ കല്പനപ്രകാരം പരുമല സെമിനാരിയിൽ വരുത്തി. 'ഇവൻ കുറച്ചുകാലം എന്റെ കൂട്ടത്തിൽ താമസിക്കട്ടെ' എന്നു കല്പിച്ചു. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ പുന്നൂസിൽ തിരുമേനിക്ക് താല്പര്യം തോന്നി. ഒടുവിൽ ശെമ്മാശപട്ടം കൊടുക്കുവാൻ തീരുമാനിച്ചു.

പുണ്യഭൂമിയായ പരുമലയിൽ

യഹൂദന്മാർക്കു യെറുശലേം എങ്ങനെയോ അതുപോലെയാണ് മലങ്കരയിലെ ബഹുഭൂരിപക്ഷം ആളുകൾക്കും ഇന്നു പരുമല എന്നത് ഒരനിഷേധ്യ വസ്തുതയാണ്. പുണ്യനദിയായ പമ്പയുടെ ഒരു കൈവഴിയാൽ നിത്യം കഴുകി വിശുദ്ധിയാൽ പരിസേവിതമായ പരുമല ആത്മീയാനുഗ്രഹങ്ങളുടെ ഒരു അക്ഷയസ്രോതസ്സായി നിലകൊള്ളുന്നു. അവിടെ പുണ്യജീവിതം നയിച്ച്

അന്ത്യവിശ്രമം കൊള്ളുന്ന ചാത്തുരുത്തി മാർ ഗ്രീഗോറിയോസിന്റെ കബറിടവും അവിടെ എത്തി അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവർക്കു ലഭിക്കുന്ന അദൃശ്യമായ സിദ്ധികളുമാണെന്നു അനുഭവസ്ഥർ സാക്ഷിക്കുമ്പോൾ അതിനെതിരെ ആർക്കും ശബ്ദിക്കാനാവില്ലല്ലോ.

വൈദിക വിദ്യാഭ്യാസാർത്ഥം ഒമ്പതാമത്തെ വയസ്സിൽ മാതാപിതാക്കൾ പുന്നൂസിനെ പരുമല സെമിനാരിയിൽ എത്തിച്ചു. പരുമലയിൽ ആ ബാലൻ കാലുകുത്തിയതു മുതൽ കാലംചെയ്യുന്നതുവരെയും അദ്ദേഹത്തിന്റെ ജീവിതത്തിൽ പരുമല ചെലുത്തിയ ആത്മീയ ലഹരിയളക്കാൻ ഇതുവരെ ഒരു മാപിനിക്കും കഴിഞ്ഞിട്ടില്ല. പരുമല എന്നു കേൾക്കുമ്പോഴും വിശിഷ്യ അവിടെ എത്തുമ്പോഴും അദ്ദേഹത്തിന്റെ ആത്മശരീരമനസ്സുകളിൽ എന്തെന്നില്ലാത്ത - അവാച്യമായ - ഒരു സ്വർഗ്ഗീയാനുഭൂതിയുടെ രോമഹർഷം ഉണ്ടാകുമെന്നു പറയുന്നതായിരിക്കും ഏറെ ശരി. പരുമല സെമിനാരിയിലെ ആറു വർഷത്തെ വിദ്യാഭ്യാസത്തിലേക്കു കടക്കുന്നതിനു മുമ്പ് മലങ്കരസഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ആ അക്ഷയനിധിയുടെ ചരിത്രത്തിലേക്കു ഒരു ഓട്ടപ്രദക്ഷിണം ആവശ്യവുമായിരുന്നു.

കണ്ടനാടു പള്ളിയിൽ 1809-ൽ ചേർന്നതും മലങ്കരയിൽ ഉണ്ടായിരുന്നതുമായ 55 പള്ളികളുടെ പ്രതിനിധികൾ അംഗീകരിച്ച ചരിത്രപ്രസിദ്ധമായ പടിയോലയിൽ എട്ടാം ഖണ്ഡികയിൽ "തെക്കും വടക്കും ഓരോ പഠിത്തവീട്ടിൽ ഓരോരോ മൽപാന്മാർ ഇരുന്നു പൈതങ്ങളെയും ശെമ്മാശന്മാരെയും പഠിപ്പിക്കുകയും പള്ളിയിൽ നിന്നു വരിയിട്ടെടുത്തു അവർക്കു വേണ്ടത് ആണ്ടുതോറും കൊടുക്കുകയും പട്ടക്കാർ പള്ളിക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴക്കി കുറവുതീർത്തു മൽപാന്മാരുടെ എഴുത്തു യജമാനസ്ഥാനത്തു കൊണ്ടുവന്ന് കൊടുത്ത് കൂദാശപ്രവൃത്തികൾക്കു അനുവാദം വാങ്ങിച്ചു കൊൾകയും വേണം" എന്നു കാണുന്നു. ഒന്നാമത്തെ പഠിത്തവീടായ കോട്ടയം പഴയ സെമിനാരി 1814-ൽ ആരംഭിച്ചു.

പത്തനംതിട്ട ജില്ലയിലെ മാന്നാറിനു സമീപത്തുള്ള പരുമല സെമിനാരി 1872-ൽ മാത്രമാണ് സ്ഥാപിക്കാൻ കഴിഞ്ഞത്.

ഐതിഹ്യങ്ങളിൽ നിറഞ്ഞുനിൽക്കുന്ന മാന്നാറിനടുത്തുള്ള പനയന്നാർകാവ് ദേവീക്ഷേത്രത്തിന് തെക്കുവശത്തായി പണ്ട് കുറച്ചുസ്ഥലം കാടുപിടിച്ചു കിടന്നു. അക്കാലത്ത് അരികുപുറത്തെ കോരുതു മാത്തൻ എന്ന ആൾ ഈ പ്രദേശം വെട്ടിത്തെളിച്ചു കൃഷി നടത്തി വീടും വച്ചു. കോരുത് മാത്തൻ നിരണം വലിയപള്ളി ഇടവകാംഗമായിരുന്നു.

പരുമലയ്ക്കുള്ള പ്രാധാന്യം സഭാചരിത്രത്തിൽ തുടിച്ചുനിൽക്കുന്നു എന്ന വസ്തുത സഭാചരിത്ര വിദ്യാർത്ഥികൾക്കുപോലും രോമഹർഷമുണ്ടാക്കുന്നതാണ്. പരുമല തിരുമേനിയുടെ ഒട്ടധികം ജീവചരിത്രങ്ങളും നേട്ടങ്ങളും

ഇവിടെ ആവർത്തിക്കുന്നില്ല. മലങ്കരസഭയിൽ രൂപംകൊണ്ട നവീകരണപ്രസ്ഥാനക്കാരെ പ്രതിരോധിക്കാൻ 1873 സെപ്റ്റംബറിൽ പരുമലയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ വിളിച്ചുകൂട്ടിയതും യുയാക്കിം മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ചതുമായ യോഗത്തിൽ വച്ചാണു മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരിൽ മലയാളക്കരയിൽ ആദ്യമായി ഒരു സമുദായസംഘടന രൂപംകൊള്ളുന്നത്. പ്രസ്തുതയോഗം അംഗീകരിച്ചതും 27 ഖണ്ഡികകളുള്ളതുമായ 1873-ലെ പരുമല പടിയോലയിലെ വിഷയങ്ങൾ തന്നെയാണ് 1876-ലെ മുളന്തുരുത്തി സുന്നഹദോസ് സ്വീകരിച്ച കാനോനുകളിലും ചേർത്തിരിക്കുന്നത്. രണ്ടിടത്തും അവതാരകൻ പുലിക്കോട്ടിൽ തിരുമേനി തന്നെയായിരുന്നു. സുപ്രധാന വ്യവസ്ഥകളുടെ ഒരു സമാഹാരമാണ് പരുമല പടിയോല. എല്ലാ ഇടവകകളിലും ആൺ-പെൺ പഠിത്തവീടുകൾ ആരംഭിക്കണമെന്നും സുവിശേഷകരെ ശമ്പളം കൊടുത്തു നിയമിക്കണമെന്നും മറ്റും പടിയോലയിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ പരുമലയിലെ സ്ഥലം നൽകിയ മാത്തനു നന്ദിയും രേഖപ്പെടുത്തിയിരിക്കുന്നു.

പരുമല സെമിനാരിയിൽ ചേർന്ന നമ്മുടെ കഥാപുരുഷനായ പുന്നൂസിനെ സുറിയാനി പഠിപ്പിച്ചത് പരുമല മാർ ഗ്രീഗോറിയോസും, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസുമായിരുന്നു. അടിച്ചുവളരാത്ത കുട്ടികൾ നന്നാവില്ലെന്ന വിശ്വാസക്കാരായിരുന്ന ഈ മല്പാന്മാരുടെ കീഴിൽ ശിഷ്യനു ആറു വർഷം നല്ല ശിക്ഷണം ലഭിച്ചിരുന്നു. "അടിച്ചുവളരാത്ത കുട്ടിയും അടച്ചുവേവാത്ത കറിയും നന്നാവില്ലെന്നല്ലേ" ചൊല്ല്.

പതിനാലു ദശകങ്ങൾക്കു മുമ്പ് പനമ്പുകൊണ്ടു മറച്ച ഒരു ചെറിയ പള്ളിയും അഴിപ്പുര എന്നപേരിൽ സെമിനാരിക്കു പടിഞ്ഞാറുമാറി ചുറ്റും അഴിയുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടവും കുശിനിയും മാത്രമായിരുന്നു അന്നത്തെ പരുമല എന്നു മനസ്സിലാക്കണം. ഇന്നുള്ളവർക്കു അതൊന്നും പെട്ടെന്നു വിശ്വസിക്കാൻ കഴിയുകയില്ലെന്നു പറയാം. ചുറ്റുപാടുമുള്ള പള്ളികളിൽനിന്നു പണവും നെല്ലും അരിയും തേങ്ങയും ശേഖരിച്ചാണു സുറിയാനി പഠിക്കുന്ന ശെമ്മാശന്മാരുടെ ചെലവുകൾ നിർവഹിച്ചു വന്നത്. ചെറിയ ചുറ്റുപാടുകളിൽ താമസിച്ചും പഠിച്ചും വന്നവർ പിന്നീട് സഭയുടെ ഉന്നത പദവികളിൽ എത്തിയതു ദൈവകൃപകൊണ്ടു മാത്രം. വീട്ടിൽനിന്ന് അകന്നു താമസിച്ചുകൊണ്ടും കഷ്ടപ്പെട്ടും പ്രയാസമുള്ള സുറിയാനി പഠിക്കേണ്ടി വന്നതുകൊണ്ടും നന്മയ്ക്കുവേണ്ടി ദയാരഹിതമായി ശിക്ഷിക്കുന്ന മല്പാന്മാരോടുള്ള പേടികൊണ്ടും നാളുകൾ തള്ളിവിടുകയായിരുന്നു. ഇതേസമയം ഗുരുക്കന്മാരുടെ സ്നേഹവും മതിപ്പും ആർജ്ജിച്ച പുന്നൂസിന്റെ മുഖമുദ്രയായിരുന്നു അനുസരണവും സത്സ്വഭാവവും. സുറിയാനിയിൽ സാമാന്യം വ്യുൽപത്തിയും നേടിയപ്പോൾ കാലാനുസൃതമായ ഇംഗ്ലീഷ്

വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി പുന്നൂസിനെ കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽ ചേർത്തു. എന്നാൽ ഇന്നത്തെപ്പോലെ സഹപാഠികളുമായുണ്ടായ ചില്ലറ ഏറ്റുമുട്ടലുകളെ തുടർന്ന് ബോർഡിംഗിൽ ആയിരുന്ന പുന്നച്ചന്റെ പഠനം നിലച്ചു. വൈകാതെ 1892 ഏപ്രിലിൽ സ്വന്തം ഇടവകയായ കുറിച്ചി വലിയപള്ളിയിൽ വച്ചു കോട്ടയം - അങ്കമാലി ഇടവകകളുടെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസിൽനിന്നു കോറൂയോ സ്ഥാനം ഏറ്റു. ഇത് സംബന്ധിച്ച് അന്നേ ദിവസം പുന്നൂസിനൊപ്പം എവുപ്പദ്യക്കിനോ സ്ഥാനമേറ്റ കാരുചിറ ഗീവർഗീസ് ശെമ്മാശൻ (രണ്ടാം കാതോലിക്കായായ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ) ഡയറിയിൽ കുറിച്ചിരിക്കുന്നത് കാണുക:

"കല്ലുങ്കത്ര പള്ളിയിൽ നിന്നും ഇടവ മാസത്തിൽ തിരുമേനി (കടവിൽ പൗലോസ് മാർ അത്താനാസ്യോസ്) കുറിച്ചി പള്ളിയിലേക്ക് നീങ്ങുകയും 20-ന് കല്ലാശേരി പുന്നൂസിന് കോറൂയോ പട്ടവും അതോടുകൂടെ കഥാനായകൻ ഗീവറുഗീസ് കോറൂയോയ്ക്ക് എവുപ്പതിയക്കോനോ എന്ന പട്ടവും ടി. തിരുമേനി കൊടുത്തു."

ഇംഗ്ലീഷ് പഠനം തുടരാതെ താമസംവിനാ വീണ്ടും പരുമല സെമിനാരിയിൽ പോയി മാർ ഗ്രീഗോറിയോസ് തിരുമേനിയോടൊപ്പം താമസിച്ചു വൈദികവിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞു. പിന്നീട് പരുമല തിരുമേനിയിൽ നിന്നു പൂർണ്ണശെമ്മാശുപട്ടം സ്വീകരിച്ചു കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ ചേർന്നു ഇംഗ്ലീഷ് പഠനം ആരംഭിച്ചു. താമസം പഴയസെമിനാരിയിൽ ആയിരുന്നു. "മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം" എന്നു കവി പറയുംപോലെ കല്ലാശ്ശേരിക്കു കാപട്യമില്ലാത്ത മല്ലപ്പള്ളി തിരുമേനിയുടെ കർശനമായ അഭ്യസനവും പരിശുദ്ധിയുടെ സുഗന്ധം പരത്തുന്ന മുല്ലപ്പൂ തുല്യനായ ചാത്തുരുത്തി തിരുമേനിയുടെ ചാരത്തിരുന്നുള്ള പഠനവും മൂലം ഭക്തിയും ശക്തിയും വിശുദ്ധിയും ഒരേസമയം ലഭിക്കാനിടയായി.

ഈ കാലയളവിൽ സത്യത്തിനുവേണ്ടി നിത്യവും പടപൊരുതിക്കൊണ്ടിരുന്ന ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനിക്കു 1889-ലെ റോയൽ കോടതി വിധിമൂലം പഴയസെമിനാരിയും സ്വത്തുക്കളും വീണ്ടെടുക്കാൻ സാധിച്ചു. തുടർന്നു ചെറിയ പരുമല സെമിനാരി സൃഷ്ടിച്ച വലിയ ആളുകൾ പഴയ സെമിനാരിയിലേക്കു താമസം മാറ്റി. കടവിൽ മാർ അത്താനാസ്യോസ്, വട്ടശ്ശേരിൽ ഗീവറുഗീസ് മൽപാൻ, കോനാട്ട് മാത്തൻ മൽപാൻ എന്നീ പ്രഗത്ഭവ്യക്തികൾ പഴയസെമിനാരിക്കു ഒരു പുതുയുഗത്തിന്റെ കനകപ്രഭ നൽകി. പഴയസെമിനാരിയിൽ വച്ചു സുറിയാനിഭാഷയിൽ അന്ന് എം.ഡി. സെമിനാരി പ്രിൻസിപ്പാൾ പ്രശസ്തനായ വട്ടശ്ശേരിൽ ഗീവറുഗീസ് മൽപാനും ഹെഡ്മാസ്റ്റർ കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിളയും ആയിരുന്നു. മാമ്മൻ

മാപ്പിളയുടെ ഭാര്യ കുഞ്ഞാണ്ടമ്മ പുന്നൂസ് ശെമ്മാശന്റെ പിതൃസഹോദരീപുത്രിയായിരുന്നു. പിതൃസഹോദരിയെ പ്രശസ്തമായ നിരണം മോടിശ്ശേരിൽ കുടുംബത്തിലാണു വിവാഹം ചെയ്തയച്ചത്.

ആറാം ഫാറത്തിൽ പഠിച്ചുകൊണ്ടിരിക്കവേ പെട്ടെന്നുണ്ടായ കലശലായ അസുഖം മൂലം അപകടനിലയിൽ എത്തിയെങ്കിലും മാതാപിതാക്കൾ, ബന്ധുക്കൾ, സെമിനാരി വിദ്യാർത്ഥികൾ മുതലായവരുടെ പ്രാർത്ഥനയും സഹകരണവും ശുശ്രൂഷയും മൂലം മരണവക്ത്രത്തിൽ നിന്നു രക്ഷപ്പെട്ടു. അതോടുകൂടി ഇംഗ്ലീഷ് പഠനത്തിനു വിരാമമിടേണ്ടി വന്നു. തന്നിമിത്തം വേണ്ടവിധം ഇംഗ്ലീഷ് ഭാഷ തടസ്സം കൂടാതെ സംസാരിക്കുന്നതിനും ഗഹനങ്ങളായ പുസ്തകങ്ങൾ വായിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്നതിനും അവസരം ലഭിക്കാതെപോയി. ആംഗലഭാഷാപഠനത്തിനു തടസ്സം ഉണ്ടായെങ്കിലും സഭാസംബന്ധമായ രംഗങ്ങളിൽ അദ്ദേഹം അടിക്കടി ഉയർന്നുകൊണ്ടിരുന്നു.

ത്രിദിന വൈദികൻ

പൂർണ്ണമായി രോഗവിമുക്തനാകുകയും സ്കൂൾ വിദ്യാഭ്യാസം നിർത്തുകയും ചെയ്തതിനെ തുടർന്ന് പുന്നൂസ് ശെമ്മാശനു വൈദികപട്ടം നൽകണമെന്നു സ്വപിതാവ് നിർബന്ധിക്കുകയും വിവരം മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ തിരുമേനിയെ ധരിപ്പിക്കുകയും ചെയ്തു. വിവാഹിതനായശേഷം വൈദികപദവിയിൽ വന്നാൽ മതിയെന്നു മെത്രാപ്പോലീത്തായുടെ നിർദ്ദേശം ശെമ്മാശനു ഒട്ടും സ്വീകാര്യമായിരുന്നില്ല. അവിവാഹിതനായി സഭയെ സേവിക്കാനാണു താൻ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നുള്ള ശെമ്മാശന്റെ നിർബന്ധത്തിനു മെത്രാപ്പോലീത്താ വഴങ്ങിയില്ല. അക്കൊല്ലം പഴയസെമിനാരി സ്ഥാപകനായ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഓർമ്മദിവസം മറ്റു മെത്രാപ്പോലീത്താമാർ പഴയ സെമിനാരിയിൽ എത്തുമ്പോൾ അവരുമായി ആലോചിച്ചു ശെമ്മാശനു വിവാഹിതനാകാതെ തന്നെ വൈദികപട്ടം നൽകാമെന്ന നിഗമനത്തിലാണു മെത്രാപ്പോലീത്താ എത്തിയത്. വിവാഹിതനാകാതെ തന്നെ ശെമ്മാശനു വൈദികപട്ടം നൽകുന്നതിൽ പെരുന്നാളിനു വന്ന പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്നിവരുടെ സമ്മതത്തോടെ പുന്നൂസ് ശെമ്മാശനു 1898 നവംബർ 26-നു പഴയസെമിനാരിയിൽ വച്ചു വൈദികപട്ടം നൽകുകയാണുണ്ടായത്. തന്റെ സഹപാഠിയായ കുറ്റിക്കാട്ടിൽ പൗലൂസ് ശെമ്മാശനും (പിന്നീട് ആലുവായിലെ മാർ അത്താനാസ്യോസ്) ഒപ്പം വൈദികപട്ടം കൊടുത്തതിനാൽ ഒട്ടധികം വൈദികരും സഭാംഗങ്ങളും സംബന്ധിച്ചിരുന്നു. പുന്നൂസ് അച്ചൻ കുറെനാൾ വൈദികനായിരിക്കണമെന്നായിരുന്നു സ്വപിതാവായ ഉലഹന്നാന്റെ ആഗ്രഹം. എന്നാൽ അദ്ദേഹത്തെ എത്രയും വേഗം റമ്പാനാക്കണമെന്നാണ് മെത്രാപ്പോലീത്താമാർ ആഗ്രഹിച്ചത്. തന്നിമിത്തം ഫാ. പുന്നൂസ് 72 മണിക്കൂർ മാത്രമേ വൈദികനായിരുന്നിട്ടുള്ളു.

റമ്പാൻ സ്ഥാനം

മെത്രാപ്പോലീത്താമാരുടെ ആഗ്രഹപ്രകാരം ഫാ. പുന്നൂസിനെയും ഫാ. പൗലൂസിനെയും 1898 നവംബർ 29-നു ഞായറാഴ്ച പരുമല മാർ ഗ്രീഗോറിയോസ് മറ്റു മെത്രാന്മാരുടെ സഹകരണത്തോടെ റമ്പാന്മാരാക്കി. റമ്പാന്മാർ ഇരുവരും പഴയസെമിനാരിയിലെ ഒരു മുറിയിലാണു പിന്നീടു താമസിച്ചുവന്നത്. ഇവിടെവച്ചു വി. കുർബ്ബാന ചൊല്ലുന്നതിനുവേണ്ടി തക്സാ തഴക്കുകയും യാമപ്രാർത്ഥനകൾ നിർവഹിക്കുകയും ചെയ്തുവന്നു. ഏതാനും ആഴ്ചകൾ കഴിഞ്ഞു പുന്നൂസ് റമ്പാൻ പുലിക്കോട്ടിൽ തിരുമേനിയുടെ സാന്നിധ്യത്തിൽ പഴയസെമിനാരി ചാപ്പലിൽ പുത്തൻ കുർബ്ബാന അർപ്പിച്ചു. നവ പൂജാർപ്പണത്തിൽ വി. കുർബ്ബാനയ്ക്കു കൂടിയത് ശീമക്കാരനായിരുന്ന സ്ലീബാ ശെമ്മാശൻ (പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്) ആയിരുന്നു. പരുമല തിരുമേനിയുടെ കൽപനപ്രകാരം അദ്ദേഹത്ത ഭരണകാര്യങ്ങളിൽ സഹായിക്കാനായി പുന്നൂസ് റമ്പാച്ചൻ പുരാതനമായ കടമ്പനാട് പള്ളിയിൽ പോയി താമസിച്ചു. കുറെനാൾ കഴിഞ്ഞു റമ്പാച്ചൻ പഴയസെമിനാരിയിൽ എത്തി ശെമ്മാശന്മാരുടെ സുറിയാനി പഠനത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചുവന്നു. ഈ കാലഘട്ടത്തിലാണ് രഹസ്യപ്രാർത്ഥന (1900), പ. സഹദേന്മാരുടെ ചരിത്രം (1901), പരിശുദ്ധന്മാരുടെ ചരിത്രം (1902), പ. സ്ത്രീകളുടെ ചരിത്രം (1904), മാർ അന്തോനീസു ചരിത്രം (1906), മാർ ശെമഊൻ ദെസ്തുനെയുടെ ശ്രേഷ്ടത (1906), അലക്സന്ത്ര്യായുടെ പാത്രിയർക്കീസായ മാർ യൂഹാനോൻ മ്റഹ്മ്മോനൊ (1907), പർദൈസാ, മാർ യൂഹാനോൻ മംദാനാ എന്നീ ഗ്രന്ഥങ്ങൾ സുറിയാനി ഭാഷയിൽ നിന്നു പരിഭാഷപ്പെടുത്തിയത്.

ഇങ്ങനെയിരിക്കെ 1902 ഒക്ടോബറിൽ പരുമല തിരുമേനി രോഗബാധിതനായതിനെ തുടർന്ന് പരുമലയിൽ പോയി താമസിച്ചുകൊണ്ട് സ്വഗുരുവിനെ കരുതലോടെ ശുശ്രൂഷിച്ചു. അന്നു ലഭ്യമായിരുന്ന വിദഗ്ദ്ധ ചികിത്സ മുഴുവൻ പരുമലതിരുമേനിക്കു ലഭിച്ചു എങ്കിലും ആ പുണ്യാത്മാവ് 1902 നവംബർ രണ്ടിനു സഭാംഗങ്ങളെയെല്ലാം സന്താപസാഗരത്തിലാക്കിക്കൊണ്ട് ദിവംഗതനായി. നാലാം തീയതി നടന്ന കബറടക്കശുശ്രൂഷയിൽ തിരുമേനിമാരോടൊപ്പം പുന്നൂസ് റമ്പാച്ചനും ഒരു പ്രമുഖസ്ഥാനം വഹിച്ചിരുന്നു. കബറടക്കത്തെ തുടർന്നു അവിടേക്കു മലങ്കരസഭയുടെ നാനാഭാഗങ്ങളിൽ നിന്നും സഭാംഗങ്ങൾ എത്തി പ്രാർത്ഥിക്കുകയും നേർച്ചകാഴ്ചകൾ സമർപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ കബറിങ്കലെ വരുമാനം പ്രതീക്ഷാതീതമായി ഉയർന്നു. ഈ സാഹചര്യത്തിൽ പരുമല സെമിനാരിയിൽ താമസിച്ചു വരുമാനങ്ങൾ വിശ്വസ്തതയോടെ കൈകാര്യം ചെയ്യാൻ റമ്പാച്ചനെയല്ലാതെ മറ്റാരെയും കണ്ടെത്താൻ കഴിയാഞ്ഞ മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ്, കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചനെ പരുമലസെമിനാരി മാനേജരായി നിയമിച്ചതിൽനിന്ന് അദ്ദേഹത്തിന്റെ കാര്യശേഷിയിലും വിശ്വസ്തത

യോടുകൂടിയുള്ള പ്രവർത്തനങ്ങളിലും സഭാദ്ധ്യക്ഷനുള്ള മതിപ്പും കൂടുതൽ വ്യക്തമാകുകയായിരുന്നു. പരുമല തിരുമേനി ജീവിതസായാഹനത്തിൽ പണിയിച്ച പഴയപള്ളിയുടെയും നാടകശാല ഒഴിച്ചുള്ള സെമിനാരി കെട്ടിടത്തിന്റെയും പണികൾ റമ്പാച്ചന്റെ ഭരണകാലത്താണു പൂർത്തിയാക്കിയത്. പരുമല സെമിനാരിയിലെ താമസവും ഭരണവും സഭയുടെ ഒന്നാകെയുള്ള ഭരണച്ചുമതല വഹിക്കുന്നതിനുള്ള ഒരു പരിശീലനമായിരുന്നു എന്നു കാലം തെളിയിച്ചു.

വിശുദ്ധനാട്ടിലേക്ക്

പരുമല പള്ളിയുടെയും സെമിനാരിയുടെയും ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനും 1908-ൽ മേൽപട്ടസ്ഥാനം സ്വീകരിക്കുന്നതിനായി യെറുശലേമിലേക്കു പോകുന്നത്. ആ അവസരത്തിൽ പുന്നൂസ് റമ്പാനും അവരെ അനുഗമിച്ചു. യേശുക്രിസ്തുവിന്റെ പാദസ്പർശമേറ്റ പുണ്യഭൂമി സന്ദർശിക്കുന്നതിനുള്ള റമ്പാച്ചന്റെ ആഗ്രഹം അങ്ങനെ നിറവേറി. കഴിവുള്ളവരെല്ലാം പുണ്യനാടുകൾ സന്ദർശിക്കുന്നതു ഒരു മഹാഭാഗ്യമായിരിക്കുമെന്നു പരുമല തിരുമേനി നേരത്തെ രചിച്ച *ഊർശ്ലേം യാത്രാവിവരണ*ത്തിൽ സൂചിപ്പിച്ചിരുന്നു. പുണ്യഭൂമിയിൽ എത്തി കണ്ണുനീരോടെ കുമ്പിട്ടു പ്രാർത്ഥിച്ചപ്പോൾ പരുമല തിരുമേനിക്കു ലഭിച്ച ആത്മിക നൽവരങ്ങളും ദർശനങ്ങളും വിവരിക്കാൻ തിരുമേനിയുടെ പേനയ്ക്കു സാധിച്ചിരുന്നില്ല. പുണ്യഭൂമി കാണണമെന്ന തന്റെ ഗുരുവിന്റെ നിർദ്ദേശവും യെറുശലേം യാത്രയ്ക്കു പുന്നൂസ് റമ്പാനെ പ്രേരിപ്പിച്ചിരിക്കും. എന്തായാലും ഈ പുണ്യനാടു സന്ദർശനം ഒരു വലിയ ഭാഗ്യമായി പുന്നൂസ് റമ്പാൻ കരുതി. യെറുശലേമിലേക്കു 115 വർഷം മുമ്പു നടത്തിയ യാത്രയും ഇന്നത്തെ അതിവേഗ വിമാനയാത്രയും സുഖസൗകര്യപ്രദവുമായ വാഹന-താമസ സൗകര്യങ്ങളും അനുവാചകർ മനസ്സിലാക്കിയിരിക്കുന്നതു കൊള്ളാം.

1083 മേടം പതിമൂന്നിനു (1908 ഏപ്രിൽ) താഴെപ്പറയുന്ന വൈദികർ ഉൾപ്പെടെ 11 പേർ സെമിനാരിയിൽ നിന്നു പുണ്യസ്ഥലത്തേക്കു യാത്ര തിരിച്ചു. ഒന്നര മാസം കഴിഞ്ഞാണ് ലക്ഷ്യസ്ഥാനത്ത് എത്തിയത്.

1. വലിയ പൗലോസ് റമ്പാച്ചൻ.
2. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചൻ.
3. കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചൻ.
4. കണ്ടനാട്ടു യൂയാക്കീം അച്ചൻ.
5. കോടിയാട്ടച്ചൻ.
6. വേങ്കടത്തു ശെമ്മാശൻ.
7. പാറേട്ടു ശെമ്മാശൻ.

8. അയിരൂർ കുറുന്തോട്ടത്തു ശെമ്മാശൻ.
9. പൂതിയോട്ട് ഏബ്രഹാം ശെമ്മാശൻ.

ഈ ഒൻപതു പേരെ കൂടാതെ രണ്ടു വേലക്കാരും ഉണ്ടായിരുന്നു.

പുണ്യനാടു സന്ദർശനം കഴിഞ്ഞ് യറുശലേമിൽ വച്ചു 1908-ൽ വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനും, പൗലൂസ് റമ്പാനും മെത്രാന്മാരായി അബ്ദുള്ളാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടശേഷം പുന്നൂസ് റമ്പാനെയും മെത്രാനാക്കാൻ പാത്രിയർക്കീസ് വളരെ നിർബന്ധിച്ചു എങ്കിലും അദ്ദേഹം തൽക്കാലം അതു നിരസിക്കുകയാണുണ്ടായത്. മേൽപട്ടസ്ഥാനത്തേക്കു സഭ അന്നു തന്നെ തെരഞ്ഞെടുത്തിരുന്നില്ലെന്ന വസ്തുതയും പുന്നൂസ് റമ്പാൻ അനുസ്മരിച്ചിരിക്കും.

ശീമയാത്ര കഴിഞ്ഞു തിരിച്ചെത്തിയശേഷം വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ഏറ്റവും അടുത്ത ശിഷ്യനായി പുന്നൂസ് റമ്പാൻ കഴിഞ്ഞുകൂടി. ഇങ്ങനെയിരിക്കുമ്പോഴാണു മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1909 ജൂലൈ 12-നു കാലം ചെയ്യുന്നത്. നേരത്തെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര മെത്രാപ്പോലീത്തായായി. അദ്ദേഹത്തിന്റെ കൂട്ടുട്രസ്റ്റികൾ കോനാട്ട് കോര മാത്തൻ മൽപാനും സി. ജെ. കുര്യനുമായിരുന്നു. താമസംവിനാ ട്രസ്റ്റുസ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു മെത്രാപ്പോലീത്തായും ട്രസ്റ്റികളും തമ്മിൽ ഭിന്നതയും തർക്കവും ഉണ്ടായി. ഭിന്നത പിന്നീട് പല ദുരന്തങ്ങൾക്കും വഴിതെളിച്ചതു സഭയുടെ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു.

രണ്ടു വർഷം കഴിഞ്ഞ് 1910-ൽ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ വന്നു. ആത്മീയാധികാരത്തിനു പുറമെ മലങ്കരസഭയുടെ ലൗകികാധികാരവും വേണമെന്നും തൽസംബന്ധമായ ഉടമ്പടി കൊടുക്കണമെന്നും അബ്ദുള്ളാ പാത്രിയർക്കീസ് നിർബന്ധിച്ചു. ബുദ്ധിമാനും മലങ്കരസഭയുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാൻ ജനങ്ങളാൽ നിയോഗിക്കപ്പെട്ടവനുമായ മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനി പാത്രിയർക്കീസിന്റെ ആവശ്യം അദ്ദേഹത്തിന്റെ മുഖത്തുനോക്കി നിരാകരിച്ചു. വേണ്ടത്ര ആലോചനയോ വിചാരണയോ തക്കതായ കാരണമോ കൂടാതെ ദ്രവ്യാഗ്രഹത്തിന്റെ പ്രതീകമായിരുന്ന പാത്രിയർക്കീസ് മലങ്കരമെത്രാപ്പോലീത്തായെ മുടക്കി. ഉടമ്പടി കൊടുക്കുന്നപക്ഷം മെത്രാനാക്കാമെന്നു പുന്നൂസ് റമ്പാച്ചനോടും പാത്രിയർക്കീസ് പറഞ്ഞു. തന്റെ ഗുരുവും സഭാദ്ധ്യക്ഷനുമായ വട്ടശ്ശേരിൽ തിരുമേനിക്കെതിരെ നിന്നുകൊണ്ട് ഉന്നതസ്ഥാനം നേടാൻ താൻ ഒരുക്കമല്ലെന്നു പുന്നൂസ് റമ്പാൻ അസന്ദിഗ്ദ്ധമായി അറിയിച്ചുകൊണ്ടു മെത്രാൻസ്ഥാനം രണ്ടാം തവണയും നിരസിച്ചപ്പോൾ അദ്ദേഹത്തിന്റെ മഹത്വം പൂർവ്വാധികം

പ്രശോഭിക്കുകയാണുണ്ടായത്. അതേസമയം തന്റെ സഹപാഠിയും ആത്മ സുഹൃത്തുമായിരുന്ന പൗലൂസ് റമ്പാച്ചൻ ഉടമ്പടി നൽകി മെത്രാൻസ്ഥാനം സ്വീകരിച്ചു മാർ അത്താനാസ്യോസ് ആയിത്തീർന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനെ തുടർന്ന് സഭയിൽ മെത്രാൻ കക്ഷിയും ബാവാ കക്ഷിയും രൂപംകൊണ്ടു. കേസും ആരംഭിച്ചു കഴിഞ്ഞു. വട്ടശ്ശേരിൽ തിരുമേനിയും പുന്നൂസ് റമ്പാച്ചനും ബഹുഭൂരിപക്ഷം സഭാംഗ ങ്ങളും ഒരു ഭാഗത്തും മലങ്കര മെത്രാപ്പോലീത്തായോടു പിണങ്ങിനിന്ന കൂട്ടു ട്രസ്റ്റികളായ കോനാട്ടു കോര മാത്തൻ മൽപാനും സി. ജെ. കുര്യനും ഇന്നലെ വരെ പുന്നൂസ് റമ്പാച്ചന്റെ ഉത്തമസുഹൃത്തായിരുന്ന പൗലൂസ് മാർ അത്താ നാസ്യോസും മറ്റും മറുഭാഗത്തും ശത്രുതയോടെ നിലകൊണ്ടു.

ന്യായരഹിതമായ മുടക്കും, കക്ഷിമത്സരങ്ങളും സംബന്ധിച്ചുള്ള വിവര ങ്ങൾ അന്ത്യോഖ്യയിലെ നിയമാനുസൃത - കാനോനിക പാത്രിയർക്കീസാ യിരുന്ന അബ്ദൽ മശിഹായെ വട്ടശ്ശേരിൽ തിരുമേനി എഴുതി അറിയിക്കു കയും മുടക്കു അനധികൃതവും കഴമ്പില്ലാത്തതുമാണെന്നു അബ്ദൽ മശിഹാ പാത്രിയർക്കീസ് ഒരു കൽപനയിലൂടെ വ്യക്തമാക്കി മലങ്കര മെത്രാപ്പോലീ ത്തായെ ധരിപ്പിച്ച് ധൈര്യപ്പെടുത്തുകയുമാണുണ്ടായത്.

മെത്രാനായി വാഴിക്കുന്നു

മെത്രാൻ സ്ഥാനം ഏൽക്കാനായി 1908-ൽ വട്ടശ്ശേരിൽ തിരുമേനി യറുശ ലേമിലേക്കു പോയപ്പോൾ അദ്ദേഹത്തെ അനുഗമിച്ച പുന്നൂസ് റമ്പാച്ചനു മെത്രാൻസ്ഥാനം നൽകാൻ അന്നധികാരത്തിലിരുന്ന പാത്രിയർക്കീസ് നിർബ ന്ധിച്ചതും റമ്പാച്ചൻ സ്ഥാനം അപ്പോൾ നിഷേധിച്ചതും കഴിഞ്ഞ അധ്യായ ത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1909 ജൂലൈ 12-നു കാലം ചെയ്തപ്പോൾ മലങ്കരയിൽ വീണ്ടും മെത്രാന്മാരെ വാഴിക്കേണ്ട ആവശ്യം വന്നു. ഇങ്ങനെയിരിക്കെ 1912-ൽ ക്ഷണപ്രകാരം കാതോലിക്കാ വാഴ്ചയ്ക്കു മലങ്കരയിൽ എത്തിയ പ. അബ്ദേദ് മശിഹാ പാത്രിയർക്കീ സിൽ നിന്ന് അക്കൊല്ലം സെപ്തംബർ 10-നു പരുമല സെമിനാരി ചാപ്പലിൽ വച്ചു മാർ ഗ്രിഗോറിയോസ് എന്ന പേരിൽ പുന്നൂസ് റമ്പാച്ചനെ പാത്രിയർ ക്കീസ് വാഴിക്കുകയാണുണ്ടായത്. പവിത്രമായ പട്ടംകൊട ശുശ്രൂഷയിൽ വട്ട ശ്ശേരിൽ മാർ ദീവന്നാസ്യോസും, ഒന്നാം കാതോലിക്കായായിത്തീർന്ന മുറി മറ്റത്തിൽ മാർ ഈവാനിയോസും സഹകാർമ്മികരായിരുന്നു.

ഇതിനകം മലങ്കരസഭയിൽ കക്ഷിഭിന്നത രൂക്ഷമായിരുന്നതിനാൽ അബ്ദേദ് മശിഹാ പാത്രിയർക്കീസിനെ 1905-ൽ മുടക്കിയതാണെന്നും മുട ക്കിയ പാത്രിയർക്കീസിൽ നിന്നുള്ള പട്ടം സാധുവല്ലെന്നും ബാവാക്കക്ഷി

ക്കാർ കുപ്രചരണം നടത്തിയിരുന്നു. എന്നാൽ അബ്ദേദ് മശിഹായുടെ സഭാഭരണം സംബന്ധിച്ച സുൽത്താന്റെ അംഗീകാരമായ ഫർമാൻ എതിരാളികളുടെ ശ്രമം മൂലം നഷ്ടപ്പെട്ടു എന്നല്ലാതെ ആത്മീയനൽവരം ഒരിക്കലും ആർക്കും എടുത്തുമാറ്റാനാവില്ലെന്നു ഓർക്കണം. നീതിരഹിതമായ മുടക്കുകൊണ്ടു പട്ടം നഷ്ടപ്പെടുമെങ്കിൽ ഒരു നൂറ്റാണ്ടിനിടയിൽ മലങ്കര ഭരിച്ച എല്ലാ മേല്പ്പട്ടക്കാരും മുടക്കുകൾ മൂലം പട്ടം ഇല്ലാത്തവരാണെന്നു സമർത്ഥിക്കാനാവും. പട്ടം വെട്ടൽ, ദൈവശാസ്ത്രപരമായി നോക്കുമ്പോൾ ഒരു പാഷണ്ഡോപദേശമാണ് (ഒരു കപ്യാരു പോലുമല്ലെന്നു പറഞ്ഞു മാർത്തോമ്മാ ശ്ലീഹായുടെ പട്ടം വെട്ടിമാറ്റിയതു ശരിയെങ്കിൽ ഇന്ത്യയിൽ ഒരു ക്രിസ്ത്യാനിയും ഇല്ലെന്നും സ്ഥാപിക്കാനാവും). 1912-ൽ പട്ടം ഇല്ലാതെ മേല്പട്ടക്കാരനായ ആൾ 1958-ൽ പരിശുദ്ധ കാതോലിക്കാ ആകുന്നതും അത്ഭുതം.

ആബ്ദേദ് മശിഹായ്ക്കു പട്ടം ഇല്ലെങ്കിൽ കുറിച്ചി മാർ ഗ്രിഗോറിയോസിനു പട്ടം ഇല്ല. ഈ വാദഗതിയെ മുൻനിർത്തിയാണ് വിവരദോഷികളായ ചില ബാവാകക്ഷിക്കാർ സാക്ഷാൽ മെത്രാനായ മാർ ഗ്രിഗോറിയോസിനെ "വൃദ്ധൻ പുന്നൂസ്" എന്ന് പറഞ്ഞു ദീർഘകാലം ആക്ഷേപിക്കുകയും മറ്റും ചെയ്തത്. സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ നടക്കുമ്പോൾ ആബ്ദേദ് മശിഹായെ 1905-ൽ മുടക്കിയെന്നു പറഞ്ഞുള്ള ഒരു കത്തു കോടതിയിൽ കൊടുക്കാൻ മഞ്ഞനിക്കരയിൽ താമസിച്ചിരുന്ന യൂലിയോസ് മെത്രാപ്പോലീത്താ 1937-ൽ എഴുതുന്നതു അന്നവിടെ മല്പാനായിരുന്ന ഫാ. ഡോ. വി. സി. സാമുവൽ നേരിൽ കാണുകയും ഒരു 'പട്ടമുള്ള' മേല്പട്ടക്കാരന്റെ ലജ്ജാകരമായ ഈ നടപടിയിൽ പ്രതിഷേധിച്ചു മഞ്ഞനിക്കര ദയറാ വിട്ടതും കാതോലിക്കേറ്റിൽ അഭയം പ്രാപിക്കുകയും ചെയ്തതും സംബന്ധിച്ച വിശദവിവരങ്ങൾ ഫാ. സാമുവൽ എഴുതിയ 'സ്വാനുഭവവേദിയിൽ' എന്ന ആത്മകഥാപ്രധാനമായ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. അബ്ദേദ് മശിഹായെ 1903-ലാണു മുടക്കിയതെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ ഈ മുടക്കുകൾ എല്ലാം സത്യവിരുദ്ധമാണെന്നും അബ്ദേദ് മശിഹാ എല്ലാവിധത്തിലും യഥാർത്ഥ മഹാപുരോഹിതനായിരുന്നു എന്നും 1905 മുതൽ 1909 വരെ അന്ത്യോക്യയിലെ പല ആശ്രമങ്ങളിൽ താമസിച്ച ഔഗേൻ റമ്പാൻ (പിന്നീട് ഔഗേൻ ബാവ) സാക്ഷിച്ചിട്ടുണ്ട്. കാതോലിക്കാ വാഴ്ചയ്ക്ക് അബ്ദേദ് മശിഹായെ മാത്രമേ ക്ഷണിക്കാവൂ എന്നും ഔഗേൻ റമ്പാൻ നിർദ്ദേശിച്ചിരുന്നു.

മലങ്കരയിൽ 1912 സെപ്തംബർ 15-നു കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിക്കുകയും 1876-ൽ ഇവിടെ വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ വാഴിച്ച മുറിമറ്റത്തു പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരസഭയിലെ പ്രഥമ കാതോലിക്കായായി (പ. ബസ്സേലിയോസ് പൗലൂസ് ഒന്നാമൻ) സിംഹാസനത്തിൽ ഇരുത്തുകയും ചെയ്ത സഭാചരിത്രപ്രധാനമായ ശുശ്രൂഷയിൽ അബ്ദേദ് മശിഹായോടൊപ്പം വട്ടശ്ശേരിൽ തിരുമേനിയും

കല്ലാശ്ശേരിൽ ഗ്രീഗോറിയോസ് തിരുമേനിയും സഹകാർമ്മികരായിരുന്നു. ചെങ്ങന്നൂർ പഴയസുറിയാനിപള്ളിയിൽ വച്ചു കരോട്ടുവീട്ടിൽ യൂയാക്കീം റമ്പാൻ, വാകത്താനം കാരുചിറ ഗീവറുഗീസ് റമ്പാൻ എന്നിവരെ യഥാക്രമം ഈവാനിയോസ്, പീലക്സിനോസ് എന്നിവരെ പാത്രിയർക്കീസ് വാഴിച്ചപ്പോളും മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് 3-ാം കാതോലിക്കാ) സംബന്ധിച്ചിരുന്നു. പാത്രിയർക്കീസ് ഭാഗത്തായിരുന്ന ഔഗേൻ റമ്പാനും (പിന്നീടു ബാവ) തന്റെ പിതാവായ ഫാ. മത്തായിയുടെ ഗുരുവായ മുറിമറ്റത്തു മാർ ഈവാനിയോസിനെ നിരണം സെന്റ് മേരീസ് പള്ളിയിൽ വച്ചു വാഴിച്ചപ്പോൾ വടക്കരുടെ ഉടക്കിനെ അവഗണിച്ചു സംബന്ധിച്ചിരുന്നു എന്നും ഓർക്കണം. വടക്കൻ പ്രദേശത്തു ജനിച്ചുവളർന്നതു കൊണ്ടു പാത്രിയർക്കീസ് കക്ഷിയിൽ സ്വാഭാവികമായി പെട്ടുപോയ ഔഗേൻ റമ്പാൻ കാതോലിക്കേറ്റിന്റെ ശക്തനായ ഭടനായി വന്നതും സഭാസമാധാനത്തിനു വേണ്ടി തീവ്ര ശ്രമം നടത്തി പരാജയപ്പെട്ടതും ഒടുവിൽ അദ്ദേഹവും കണ്ടനാടു ഭദ്രാസനവും 1942-ൽ കാതോലിക്കേറ്റിന്റെ കീഴിൽ വന്നതും ഒടുവിൽ നാലാം കാതോലിക്കായായി ഉയർന്നതും കാതോലിക്കേറ്റിന്റെ ശക്തനായ കാവൽ സേനാനിയായതും മറ്റും ആധുനിക സംഭവങ്ങളാകയാൽ വിവരിക്കുന്നില്ല (കൂടുതൽ വിവരങ്ങൾ അറിയണമെന്നാഗ്രഹമുള്ളവർക്കു "പ. ഔഗേൻ ബാവ: കാതോലിക്കേറ്റിന്റെ കാവൽഭടൻ" എന്ന എന്റെ പുസ്തകം വായിച്ചു നോക്കാവുന്നതാണ്). മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 1929-ൽ കാതോലിക്കായായി വാഴിക്കപ്പെടുന്നതിനു മുമ്പ് കുണ്ടറ സെമിനാരിയിൽ താമസിച്ചുകൊണ്ട് കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ ഭരണം കുറച്ചുനാൾ നിർവഹിച്ചിരുന്നു.

തുമ്പമൺ ഭദ്രാസനം 1876-ൽ രൂപംകൊണ്ടു. ആദ്യത്തെ മെത്രാപ്പോലീത്താ കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് ആയിരുന്നു (1876-1884). അദ്ദേഹം 1884-ൽ പാമ്പാക്കുട വച്ചു കാലം ചെയ്തു പാമ്പാക്കുട വലിയപള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. തുടർന്നു നിരണം ഭദ്രാസനാധിപനായിരുന്ന പരുമല മാർ ഗ്രിഗോറിയോസാണു തുമ്പമൺ ഭദ്രാസനം ഭരിച്ചത്. അക്കാലത്താണ് തുമ്പമൺ ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ ആരംഭിച്ചത്. 1902-ൽ പരുമല തിരുമേനി കാലം ചെയ്തു. തുടർന്നു പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമൻ തുമ്പമൺ ഭദ്രാസനഭരണം ഏറ്റെടുത്തു. പിന്നീട് ചെങ്ങന്നൂർ പള്ളിയിൽ വച്ച് 1912-ൽ അബ്ദേദ് മശിഹാ പാത്രിയർക്കീസ് കണ്ടനാട്ടു കരോട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസിനെ വാഴിച്ചതിനെ തുടർന്ന് അദ്ദേഹത്തെ തുമ്പമൺ ഭദ്രാസന ഭരണം ഏൽപ്പിച്ചു. 1925-ൽ അദ്ദേഹം അന്തരിച്ചപ്പോൾ ഭദ്രാസന ഭരണം കല്ലാശ്ശേരിൽ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു ലഭിച്ചു. നേരത്തെ കുണ്ടറയിൽ ആയിരുന്ന മെത്രാപ്പോലീത്താ പത്തനംതിട്ടയിൽ താമസിച്ചു വരവെയാണ് 1929-ൽ അദ്ദേഹത്തെ കാതോലിക്കാ സ്ഥാനത്തേക്കു നിയോഗിച്ചതും തിരുമേനി പത്തനംതിട്ട വിട്ടതും.

തിരുമേനി പത്തനംതിട്ടയിൽ താമസിക്കുന്ന കാലത്ത് എന്റെ പിതാവ് കോട്ടയ്ക്കൽ എം. വറുഗീസ് നിർമ്മിച്ച സാമാന്യം വലിയ വീട് തിരുമേനി യാണു കൂദാശ ചെയ്തതെന്നു മാതാപിതാക്കൾ സാഭിമാനം സസന്തോഷം പറഞ്ഞു കേട്ടിട്ടുണ്ട്.

മാരാമൺ സെന്റ് മേരീസ് പള്ളി

മാരാമൺ പ്രദേശത്ത് ഒരു ഓർത്തഡോക്സ് പള്ളി നിലവിലില്ലാതിരുന്ന തിനാലും ഓർത്തഡോക്സ് ഇടവകയ്ക്കുവേണ്ടി ലഭിച്ച വൈരാവിൽ പുര യിടവും തെക്കേൽ പുരയിടവും പൂവത്തൂർ ഉണ്ടായിരുന്ന 40 സെന്റു സ്ഥലവും അന്യകൈവശത്തിലായിരുന്നതിനാലും (ചില വ്യക്തികളുടെ മാത്രം കൈവ ശത്തിലും നിയന്ത്രണത്തിലും) സൗകര്യമായ ഏതെങ്കിലും ഒരു സ്ഥലത്തു പള്ളി സ്ഥാപിക്കുന്നതിന് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി കൽപിച്ചു. അതിൻപ്രകാരം കുലത്താക്കൽ തോമസ് കോർഎപ്പിസ്കോപ്പാ സഭയ്ക്ക് എഴുതിക്കൊടുത്ത (1113-ൽ 216-ാം നമ്പരായി ആറന്മുള രജിസ്റ്റർ കച്ചേരിയിൽ) ചരുവിൽപുരയി ടത്തിൽ ഒരു പള്ളി വെയ്ക്കുകയും പ്രസ്തുത പള്ളിക്ക് ഗവ. അംഗീകാരം ലഭിക്കുകയും ചെയ്തു (1930). അതോടുകൂടി ഓർത്തഡോക്സ് സഭാവിശ്വാ സികൾ ഒന്നടങ്കം പ്രസ്തുത പള്ളിയിൽ അംഗങ്ങളായി ചേർന്നു.

പള്ളിയിൽ കൂടി നടക്കുന്നതിന് ഈ പ്രദേശത്തെ എല്ലാ ഓർത്തഡോക്സ് സഭാവിശ്വാസികളും തയാറാകുകയാണുണ്ടായത്. ഒരു മാസത്തിനുള്ളിൽ പള്ളിയുടെ കൂദാശ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ 1105 (1929) തുലാം മാസം 3-നു നിർവ്വഹിക്കുകയും പ്രസ്തുത പള്ളിക്കു "മാരാ മൺ മർത്തമറിയം ഓർത്തോദുക്സോ" (ഓർത്തഡോക്സ്) പള്ളി എന്നു നാമകരണം ചെയ്യുകയും ചെയ്തു. ഇപ്പോഴുള്ള പള്ളിയുടെ എല്ലാ രേഖ കളും പരിശോധിച്ചാൽ (മാമ്മോദീസ, വിവാഹം, മരണം, ഇടവകരജിസ്റ്റർ മുതലായവ) അന്നു മുതൽ ഇന്നുവരെ ക്രമമായും ചിട്ടയായും നടന്നുപോരുന്ന ഒരു ഇടവകയാണ് ഇതെന്നു മനസ്സിലാകും. പുത്തൻകാവ്, കോഴഞ്ചേരി, വഞ്ചിത്ര, വെണ്ണിക്കുളം, ആറാട്ടുപുഴ മുതലായ സമീപ ഓർത്തഡോക്സ് ഇടവകാംഗങ്ങളുടെയും മറ്റു സമുദായാംഗങ്ങളായ തദ്ദേശവാസികളുടെയും ആവേശോജ്ജ്വലമായ സ്വീകരണം ഏറ്റുവാങ്ങിക്കൊണ്ടാണ് പ. ബാവാതിരു മേനി മാർത്തോമ്മാക്കാരുടെ ഈറ്റില്ലമായ മാരാമണ്ണ് എത്തി പ്രസ്തുത പള്ളി യുടെ കൂദാശ നടത്തിയത് (റ്റി. സി. ചാണ്ടി തുണ്ടുമണ്ണിൽ രചിച്ച പള്ളി യുടെ ചരിത്രത്തോട് കടപ്പാട്).

1930-ൽ പുത്തൻകാവ് മാർ പീലക്സിനോസ് വാഴിക്കപ്പെട്ടതും അദ്ദേഹം തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതലയിൽ വരുന്നതും അതിനുശേഷമാണ്. അന്നു മെത്രാപ്പോലീത്തായ്ക്കു താമസിക്കാൻ അരമനയോ ഓഫീസോ

ജീവസന്ധാരണത്തിനു വേണ്ട മാർഗ്ഗങ്ങളോ ഉണ്ടായിരുന്നില്ല. ഭദ്രാസന ത്തിന്റെ ഒന്നാമത്തെ മെത്രാപ്പോലീത്താ ആയിരുന്ന കോനാട്ട് മാർ യൂലി യോസ് പാമ്പാക്കുടയിലും പരുമല തിരുമേനി പരുമലയിലും പുലിക്കോട്ടിൽ തിരുമേനി പഴയസെമിനാരിയിലും കല്ലാശ്ശേരിൽ ഗ്രിഗോറിയോസ് കുണ്ടറ യിലും താമസിച്ചുകൊണ്ടാണു തുമ്പമൺ ഭദ്രാസനം ഭരിച്ചത്. ആ കുറവ് പുത്തൻകാവ് കൊച്ചുതിരുമേനി നികത്തി.

പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ മെത്രാൻ സ്ഥാനാഭിഷേകം, മല ങ്കര മെത്രാപ്പോലീത്താ കൂടിയായ കാതോലിക്കാബാവാ എന്നീ നിലകളി ലുള്ള മുപ്പത്തഞ്ചു വർഷത്തെ മാതൃകാപരമായ നടപടികളും ഭരണനേട്ട ങ്ങളും കഷ്ടപ്പാടുകളും സുതാര്യജീവിതവും എല്ലാം പ. ബാവായോടടുത്തു നിന്ന പ. മാത്യൂസ് പ്രഥമൻ ബാവായുടെ അന്യത്ര ചേർത്തിട്ടുള്ള ലേഖന ത്തിലുണ്ട്.

ചരിത്രപ്രധാനമായ മൂന്നാം കാതോലിക്കാ വാഴ്ച

സിദ്ധനായ ഒന്നാം കാതോലിക്കാ പൗലൂസ് മാർ ഈവാനിയോസ് സ്ഥാനാ രോഹണം ചെയ്ത് 20 മാസത്തിനകം 1914 മെയ് രണ്ടിനു കാലം ചെയ്തു. അദ്ദേഹം പാമ്പാക്കുട ചെറിയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. രണ്ടാം കാതോലിക്കായായി കാരുചിറ മാർ പീലക്സിനോസിനെ 1925-ൽ നിരണം പള്ളിയിൽ വച്ചു കാതോലിക്കായായി വാഴിച്ചതു കുറിച്ചി മാർ ഗ്രിഗോറിയോ സിന്റെ മുഖ്യകാർമ്മികത്വത്തിൽ ആയിരുന്നു. 1928-ൽ രണ്ടാം കാതോലിക്കാ ഉദരരോഗ ശസ്ത്രക്രിയയെ തുടർന്നു നെയ്യൂർ ആശുപത്രിയിൽ വച്ചു കാലം ചെയ്തു. വാകത്താനം വള്ളിക്കാട്ടു ദയറായിൽ കബറടക്ക ശുശ്രൂഷയിലും മാർ ഗ്രിഗോറിയോസ് സംബന്ധിക്കുകയുണ്ടായി. നെയ്യൂരിൽ നിന്നു ഭൗതിക ദേഹം വഹിച്ച വാഹനത്തെ മാർ ഗ്രീഗോറിയോസും പിന്നീടു റീത്തിൽ ചേർന്ന ബഥനിയുടെ മാർ ഈവാനിയോസും മറ്റൊരു കാറിൽ അനുഗമിച്ചി രുന്നു. കൊട്ടാരക്കരയിൽ എത്തിയപ്പോൾ അടുത്ത കാതോലിക്കാ ആരാ ണെന്ന ചോദ്യം ബഥനി മാർ ഈവാനിയോസ് ഉന്നയിച്ചു. കബറടക്കം കഴിഞ്ഞു മതിയല്ലോ എന്ന മറുപടിയാണു മാർ ഗ്രീഗോറിയോസ് നൽകി യത്. ഉന്നത വിദ്യാഭ്യാസവും വട്ടശ്ശേരിൽ തിരുമേനിയുടെ വത്സലശിഷ്യത്വവും ഉണ്ടായിരുന്നതിനാൽ അടുത്ത കാതോലിക്കാ താനായിരിക്കുമെന്ന ചിന്ത മാർ ഈവാനിയോസിനെ ഭരിച്ചിരുന്നു എന്നാണു മുകളിൽ പറഞ്ഞ ചോദ്യ ത്തിന്റെ അന്തരാത്മാവെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ കാതോ ലിക്കാ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടതു മാർ ഗ്രീഗോറിയോസ് തന്നെ യായിരുന്നു. മെത്രാൻ സ്ഥാനത്തേക്ക് നേരത്തെ തിരഞ്ഞെടുത്തിരുന്ന പാറേട്ട് മാത്യൂസ് അച്ചൻ വട്ടശ്ശേരിൽ തിരുമേനി എത്ര നിർബന്ധിച്ചിട്ടും കാതോ ലിക്കാ സ്ഥാനം സ്വീകരിക്കാൻ തയ്യാറായില്ല. തന്നിമിത്തം 1929 ഫെബ്രുവരി

13-നു ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായായി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു വട്ടശ്ശേരിൽ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ മലങ്കരയിലെ മൂന്നാം കാതോലിക്കായായി ഉയർത്തുകയാണുണ്ടായത്.

കാതോലിക്കാ ആയശേഷം 24 മണിക്കൂറിനുള്ളിൽ പാമ്പാടി മാർ കുറിയാക്കോസ് റമ്പാനെ, മാർ ഗ്രിഗോറിയോസ് എന്ന പേരിലും ബഥനിയിലെ യാക്കോബ് റമ്പാനെ (ഒളശ്ശ കളപ്പുരയ്ക്കൽ) തെയോഫിലോസ് എന്ന പേരിലും മെത്രാന്മാരാക്കുകയും ബഥനിയുടെ മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായെ മെത്രാപ്പോലീത്തായായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തു.

1934 ഡിസംബർ 28-നു കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ ഗീവറുഗീസ് ദ്വിതീയൻ ബാവായെ മലങ്കര മെത്രാപ്പോലീത്തായായും തെരഞ്ഞെടുത്തു. ഈ സമ്മേളനമാണ് സഭയുടെ മാഗ്നാകാർട്ടാ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭരണഘടനയും പാസ്സാക്കിയത്. രണ്ടാം കാതോലിക്കായുടെ മുപ്പതാം അടിയന്തിര ദിവസം യോഗം കൂടി എത്രയും വേഗം മൂന്നാം കാതോലിക്കായുടെ വാഴ്ചയും ഏതാനും മെത്രാന്മാരുടെ അഭിഷേകവും നടത്തണമെന്ന് നിശ്ചയിച്ച് ഒരുക്കങ്ങൾ ആരംഭിച്ചു. ഇങ്ങനെയിരിക്കേ അന്നു മറുപക്ഷത്തായിരുന്ന ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും പാലാമ്പടം തോമസ് വക്കീലും വന്ന് ഉടനെ കാതോലിക്കായെ വാഴിക്കരുതെന്നും അവർക്കു പാത്രിയർക്കീസുമായി ആലോചിച്ചശേഷം യോജിച്ചു കാതോലിക്കായെ വാഴിക്കാൻ സാവകാശം വേണമെന്നും മലങ്കര മെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനോടഭ്യർത്ഥിച്ചു. പാലാമ്പടം വക്കീലിനോട് വട്ടശ്ശേരിൽ തിരുമേനി ഇങ്ങനെ പറഞ്ഞു. “എത്ര വേണമെങ്കിലും മാറ്റിവയ്ക്കാം. എന്നാൽ പാത്രിയർക്കീസ് സമ്മതിച്ചില്ലെങ്കിൽ വക്കീലും ഔഗേൻ മെത്രാച്ചനും എന്നോടു കൂടി നിന്നു കാതോലിക്കാ വാഴ്ച നടത്താമെന്നു വാഗ്ദത്തം ചെയ്യണം.” അവർ ഇതിനു സമ്മതിക്കാതെ കഴിയുംവിധം ശ്രമിക്കാമെന്നുള്ള മറുപടിയാണു നൽകിയത്. “അങ്ങനെ മാറ്റിവയ്ക്കാൻ നിവൃത്തിയില്ല. പാത്രിയർക്കീസു സമ്മതിക്കുമെന്നു വിശ്വാസവും ഇല്ല.” വട്ടശ്ശേരിൽ തിരുമേനി പറഞ്ഞു.

ഈ സംഭവത്തിനു ശേഷം 1929 ഫെബ്രുവരി 15-നു കാതോലിക്കായെ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു വാഴിക്കാനും പിറ്റേദിവസം മെത്രാനഭിഷേകം നടത്താനും നിശ്ചയിച്ചുകൊണ്ടു മലങ്കര മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയക്കുകയാണുണ്ടായത്.

മാർ ദീവന്നാസ്യോസ് നേരത്തെ മർദ്ദീനിൽ പോയി പാത്രിയർക്കീസുമായി

സമാധാന ചർച്ച നടത്തിയശേഷം സമാധാന കല്പനയുമായി വന്നപ്പോൾ മുൻ വൈരാഗ്യം മൂലം സി. ജെ. കുര്യൻ കല്പന വായിക്കാൻ അനുവദിക്കാതെ ഒളിപ്പിച്ചതിനെ തുടർന്നു ക്ഷമയറ്റാണു 1925 മെയ് ഒന്നിനു കോട്ടയം ഇടവകയുടെ മാർ പീലക്സിനോസിനെ രണ്ടാമത്തെ കാതോലിക്കാബാവായായി വാഴിച്ചതും ബഥനിയുടെ ഫാ. പി. റ്റി ഗീവറുഗീസിനെ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചതും എന്ന വസ്തുത ഇവിടെ സ്മരണീയമാണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെ മൂന്നാമത്തെ കാതോലിക്കായായി 1929 ഫെബ്രുവരി 15-ാം തീയതി മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായെ വാഴിച്ചതു സംബന്ധിച്ച് പിറ്റേന്നു "മനോരമ"യിൽ പ്രസിദ്ധപ്പെടുത്തിയ പ്രത്യേക ലേഖകന്റെ ദൃക്സാക്ഷി വിവരണത്തിന്റെ ഭാഗങ്ങളാണ് താഴെ ചേർക്കുന്നത്.

"ഇന്നത്തെ സൂര്യോദയം വളരെ രമണീയമായിരുന്നു. ഇന്നലത്തെ കാർമേഘാവൃതമായ അന്തരീക്ഷമല്ല ഇന്നത്തേത്. ബാലാർക്കൻ സുസ്മിതനായി ചെങ്കതിരുകൾ വീശി. സുഖദായകമായ കുളിർകാറ്റടിച്ചു. നാനാഭാഗങ്ങളിൽ നിന്നു വന്നുചേരുന്ന യാത്രക്കാരിൽ ഒരു പുതുമ കാണുന്നു. വരുകയും പോവുകയും ചെയ്തുകൊണ്ടിരുന്ന രീതി കൈവിട്ടു വരുന്നവർ വരുന്നവർ ഇവിടെ തന്നെ താവളങ്ങൾ അന്വേഷിച്ചു തുടങ്ങി. എവിടെ നിന്നു വരുന്നവരായാലും അവരുടെയെല്ലാം യാത്ര നേരേ പ്രസിദ്ധമായ മാർ ഏലിയാ ചാപ്പലിലേയ്ക്കാണ്. മോട്ടോർ കവലകൾ കടന്നു കിഴക്കോട്ടുള്ള വഴിയിൽക്കൂടെ ജനങ്ങൾ ഒഴുകിത്തുടങ്ങിയിരിക്കുന്നു.

വിവിധ വേഷങ്ങളണിഞ്ഞു വിവിധതരത്തിൽപ്പെട്ട ആളുകളാണ് യാത്ര ചെയ്യുന്നത്. എല്ലാവരും മലയാളം തന്നെ സംസാരിക്കുന്നുണ്ടെങ്കിലും നീട്ടും കുറുക്കും മറ്റും കൊണ്ട് ഭാഷയ്ക്കു തന്നെ വിവിധത്വം കാണുന്നുണ്ട്. അയ്മേനികൾ മാത്രമല്ല പട്ടക്കാരും ധാരാളം. ധനികനെന്നോ ദരിദ്രനെന്നോ ഒക്കെയുള്ള വകഭേദങ്ങൾ മറന്ന് ഒരേ മാതാവിന്റെ സന്താനങ്ങൾ, ആ അമ്മയുടെ അഭിമാനം സംരക്ഷിക്കുവാൻ ഓരോരുവനാലും ആകുംവിധം പ്രയത്നിക്കുന്നതിനു ഹൃദയപൂർവ്വം യോജിച്ചുകൊണ്ടുള്ള ഒരു യാത്രയാണിത്. ഞാനും അവരെ അനുഗമിച്ചു. വിചിത്രതരമായി രാജപാത അലങ്കരിക്കുന്നതിനു ബദ്ധകങ്കണരായി ഒട്ടനവധി ജനങ്ങൾ അവിടവിടെ കൂടി നിന്ന് പല ജോലികളിലേർപ്പെട്ടുകൊണ്ടിരുന്നു. വലവാതിലുകൾ, തോരണങ്ങൾ മുതലായവയുടെ ചടങ്ങുകൾ അൽപാൽപ്പമായി കണ്ടു. മന്ദം മന്ദം നടന്നു ഞാൻ മലയാള മനോരമ ഓഫീസിന്റെ പടിക്കലെത്തി. കണയോല നിരത്തിയ ഒരു ചെറു പന്തൽ ഞാനവിടെ കണ്ടു. അതിന്റെ ആർച്ചുകൾ മുതലായവ അപ്പോൾ തീർന്നിട്ടില്ല. അതിനു കിഴക്കു വശം മനോരമ (എം. ഡി. സെമിനാരി) ഹൈസ്ക്കൂളിന്റെ വടക്കുവശത്തുള്ള രാജപാതയിൽ കൊട്ടിൽ മാതിരി കയറു പാകിയിട്ടുള്ള പൂപന്തൽ വളരെ ആകർഷണീയമായിരുന്നു.

സൂര്യന്റെ ചെങ്കതിരുകൾ വിവിധ നിറത്തിലുള്ള കടലാസ്സുകളിൽ പ്രതിഫലിച്ചു. അവ മന്ദമാരുതനിൽ കളിയാടിക്കൊണ്ടിരുന്നു. ഞാൻ ഹൈസ്ക്കൂൾ വളപ്പിൽ പ്രവേശിച്ചു. വളരെ വലുപ്പത്തിൽ കെങ്കേമമായ ഒരു പുതിയ എടുപ്പാണ് എന്റെ അക്ഷികൾക്കു ലക്ഷീഭവിച്ചത്. ചാപ്പലിനു പടിഞ്ഞാറുവശത്തു പശ്ചിമാഭിമുഖമായി വിസ്താരത്തിൽ കെട്ടിയിട്ടുള്ള പ്രധാന പന്തൽ മാത്രമേ അപ്പോൾ തീർന്നു കഴിഞ്ഞിട്ടുള്ളു - 150 അടി നീളം."

സ്ഥാനാരോഹണം നടന്ന വെള്ളിയാഴ്ചത്തെ റിപ്പോർട്ടാണ് താഴെ ചേർക്കുന്നത്:

"വെളുപ്പിനു മണി നാലടിച്ചപ്പോഴേയ്ക്കു തന്നെ ആളുകൾ പന്തലിൽ സ്ഥലം പിടിച്ചു തുടങ്ങി. ആറു മണിക്കു കതിനാവെടികളും മണിനാദങ്ങളും മുഴങ്ങിക്കഴിഞ്ഞപ്പോഴേയ്ക്ക് ഇരുപതിനായിരത്തിൽപ്പരം ആളുകൾ പന്തലിലും വെളിക്കുമായി സ്ഥലംപിടിച്ചു കഴിഞ്ഞു. സ്ത്രീകളുടെ സംഖ്യ മാത്രം നോക്കിയാൽ 3000-ത്തിൽ കുറയുകയില്ല. കുട്ടികളും അത്രയും വരും. സഭയിലെ പ്രബലന്മാരായവരെല്ലാം - സമുദായാഭിമാനികളായ സകലരും - പന്തലിലും വെളിക്കുമായി നിരന്നു കഴിഞ്ഞു.

ആററമണിക്കു മേൽപ്പട്ടക്കാർ ഉൾപ്പെടെയുള്ള വൈദികർ ഹൈസ്കൂൾ ഹാളിൽ കൂടുകയും ചില നിർദ്ദേശങ്ങൾക്കു ശേഷം അണിനിരന്നു പടിഞ്ഞാറെ ഗേറ്റ് കടന്നു പന്തലിലേക്ക് ആഗതരാകുകയും നിർദ്ദിഷ്ട സ്ഥാനങ്ങൾ സ്വീകരിക്കുകയും ചെയ്തു. അതോടുകൂടി പ്രഭാത നമസ്കാരം ആരംഭിച്ചു.

തിരുമേനിമാരും പ്രത്യേകം നിയുക്തരായിരുന്ന മറ്റു പട്ടക്കാരും അംശവസ്ത്രങ്ങൽ ധരിച്ചുകൊണ്ടാണ് ഇതിലേയ്ക്ക് പ്രവേശിച്ചത്. മൂന്നാം മണിയുടെ നമസ്ക്കാരം കഴിഞ്ഞ ഉടനെ അപ്പൊസ്തോലികമായ അത്യുന്നത പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തിന്റെ പദവിയിലേക്ക് പരിശുദ്ധ റൂഹാ അവിടുത്തെ വിളിക്കുന്നുവെന്ന് വിശുദ്ധ സുന്നഹദോസ് കാതോലിക്കാ സ്ഥാനാർത്ഥിയോടു പറഞ്ഞു മുട്ടുകുത്തി.

അദ്ദേഹമാകട്ടെ "ഞാൻ സമ്മതിച്ച് അംഗീകരിക്കുന്നു" എന്നു പറഞ്ഞു കുമ്പിട്ടു. അദ്ദേഹത്തെ വിശുദ്ധ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ വലതു കൈയ്ക്കു പിടിച്ചു മദ്ബഹായിൽ പ്രവേശിപ്പിച്ചു. ആ സമയം ഗായകസംഘം "യജമാനൻ വരുമന്നേരം..." എന്ന സംഗീതം ഏറ്റം ശ്രുതി മധുരമായി പാടി. പിന്നീടു സ്ഥാനാർത്ഥിയെ സ്ഥാനോചിതമായ വസ്ത്രങ്ങൾ ധരിപ്പിച്ചു പ്രത്യേകം തയ്യാറാക്കിയിട്ടുള്ള മുറിയിലേക്കു ബഥനിയിലെ തിരുമേനിയും മെത്രാൻ സ്ഥാനാർത്ഥികളും കൂടി കൊണ്ടുവന്ന് ഇരുത്തുകയും തിരികെ വന്നു ശുശ്രൂഷ തുടരുകയും ചെയ്തു. ഇതു സംബന്ധിച്ചുള്ള കുർബ്ബാന നടത്തിയതു മറ്റു വൈദികരുടെ സഹായത്തോടുകൂടി മലങ്കര മെത്രാപ്പോ

ലീത്താ തിരുമേനി (വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്) ആയിരുന്നു. പ്രായാനുരൂപം നര ധാരാളമുള്ള തിരുമേനി സ്വതസിദ്ധമായ പ്രൗഢഗാംഭീര്യത്തോടും വഴിഞ്ഞൊഴുകുന്ന ഭക്തിപ്രചുരിമയോടും ആത്മീയ സന്താനങ്ങളിൽ നിറഞ്ഞു കവിയുന്ന വാത്സല്യപ്രസരിപ്പോടും ധർമ്മാനുഷ്ഠാനങ്ങളിൽ സഹജമായ ദൃഢവ്രതത്തോടും കൂടി മണ്ഡപത്തിൽ നിന്നു വിശുദ്ധ കുർബ്ബാന അർപ്പിച്ചതു കാണേണ്ടതായ കാഴ്ച തന്നെയായിരുന്നു.

കുർബ്ബാനമദ്ധ്യേ ബഥനിയിലെ തിരുമേനി ഒരു പ്രസംഗം ചെയ്തു. തുടർന്നു കുർബ്ബാന തുടരുകയും കാതോലിക്കാ സ്ഥാനാർത്ഥിയെ തിരികെ മണ്ഡപത്തിൽ കൊണ്ടുവരികയും ചെയ്യുന്നു. "മേൽപ്പട്ട സ്ഥാനാഭിഷേക കർമ്മം" എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുള്ള കർമ്മങ്ങൾ ഒന്നൊന്നായി തുടരുകയുണ്ടായി. സ്ഥാനാർത്ഥിയായ മാർ ഗ്രീഗോറിയോസ് തിരുമേനി സകലതും ജഗന്നിയന്താവിൽ സമർപ്പിച്ചു ഭക്തിയിൽ മുഴുകി കണ്ണുനീർ വാർത്തുകൊണ്ടാണ് ശുശ്രൂഷയിൽ സംബന്ധിച്ചത്.

ഗീതങ്ങളും പ്രാർത്ഥനകളും കഴിഞ്ഞു ഹെസ്സ് പ്രാർത്ഥന നടത്തുകയും കുറിയേലായിസോൻ (കർത്താവേ! കരുണയുണ്ടാകണമേ) ചൊല്ലുകയും മേൽപ്പട്ടക്കാരിൽ ഒരാൾ കൊറുസൂനോ വായിക്കുകയും ചെയ്ത ശേഷം സ്ഥാനാർത്ഥി കിഴിക്കോട്ടു തിരിഞ്ഞു കുനിഞ്ഞു നിൽക്കുകയും വിശുദ്ധ സുന്നഹദോസിന്റെ അദ്ധ്യക്ഷനായ വലിയ തിരുമേനി (വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്) സ്ഥാനാർത്ഥിയുടെ തലയിൽ വലതു കൈവച്ചു കൊണ്ടു വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ അനുഗ്രഹിക്കപ്പെട്ട വിശുദ്ധ സഭയ്ക്കായി ബസേലിയോസ് കാതോലിക്കാ പിതാവിന്റെയും പുത്രന്റെയും വിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവങ്കലേയ്ക്കായി അവരോധിക്കപ്പെടുന്നുവെന്ന പ്രാർത്ഥന ചൊല്ലുകയും നെറ്റിയിൽ സ്ലീബായുടെ മുദ്ര കുത്തുകയും സ്ലീബാ ഭരമേൽപ്പിക്കുകയും ചെയ്തു.

മൂന്നാം കാതോലിക്കാ സ്ഥാനാരോഹണം

... കോട്ടയത്തെ വിജയസ്തംഭം
വമ്പിച്ച കൊട്ടക, 2000 പേർക്ക് ഇരിക്കാം.
സുഖസൌകര്യ വ്യവസ്ഥകൾ
സംഭരണബാഹുല്യം
ഐകമത്യം-മഹാബലം

പ്രത്യേക ലേഖകൻ

കോട്ടയം; കുംഭം 3: ഇന്നത്തെ സൂര്യോദയം വളരെ രമണീയമായിരുന്നു. ഇന്നലത്തെ കാർമേഘാവൃതമായ അന്തരീക്ഷം അല്ലാ ഇന്നത്തേത്. ബാലാർക്കൻ സുസ്മിതനായി ചെങ്കതിരുകൾ വീശി. സുഖദായകമായ കുളിർകാറ്റ

ടിപ്പൂ നാനാദിഗന്തങ്ങളിൽ നിന്നും വന്നുചേരുന്ന യാത്രക്കാരിൽ ഒരു പുതുമ കാണുന്നു. വരുകയും പോകുകയും ചെയ്തുകൊണ്ടിരുന്ന രീതി കൈവിട്ടു വരുന്നവർ വരുന്നവർ ഇവിടെ തന്നെ താവളങ്ങൾ അന്വേഷിച്ചു തുടങ്ങി. എവിടെനിന്നു വരുന്നവരായാലും അവരുടെയെല്ലാം യാത്ര നേരെ മനോരമ പ്പള്ളി എന്നു പ്രസിദ്ധമായ മാർ ഏലിയാച്ചാപ്പലിലേക്കാണ്. മോട്ടർകവല കൾ കടന്നു കിഴക്കോട്ടുള്ള വഴിയിൽകൂടെ ജനങ്ങൾ ഒഴുകിത്തുടങ്ങിയിരി ക്കുന്നു. വിവിധ വേഷങ്ങളണിഞ്ഞു വിവിധതരത്തിൽപ്പെട്ടയാളുകളാണു യാത്ര ചെയ്യുന്നത്. എല്ലാപേരും മലയാളംതന്നെ സംസാരിക്കുന്നുണ്ടെങ്കിലും നീട്ടും കുറുക്കും മറ്റും കൊണ്ടു ഭാഷയ്ക്കുതന്നെ വിവിധത്വം കാണുന്നുണ്ട്. അയ്മേനികൾ മാത്രമല്ലാ പട്ടക്കാരും ധാരാളം. ധനികനെന്നോ ദരിദ്രനെന്നോ ഉദ്യോഗസ്ഥനെന്നോ പൗരനെന്നോ ഒക്കെയുള്ള വകഭേദങ്ങൾ മറന്നു ഒരേ മാതാവിന്റെ സന്താനങ്ങൾ ആ അമ്മയുടെ അഭിമാനം സംരക്ഷിക്കുവാൻ ഓരോരുവനാലും ആകുംവിധം പ്രയത്നിക്കുന്നതിനു ഹൃദയപൂർവ്വം യോജി ച്ചുകൊണ്ടുള്ള ഒരു യാത്രയാണത്. ഞാനും അവരെ അനുധാവനം ചെയ്തു. വിചിത്രതരമായി രാജപാത അലങ്കരിക്കുന്നതിനു ബദ്ധകങ്കണന്മാരായി ഒട്ട നവധി ജനങ്ങൾ അവിടവിടെ കൂടിനിന്ന് ഓരോരോ ജോലികളിൽ എടപെ ട്ടുകൊണ്ടിരുന്നു. വളച്ചുവാതിലുകൾ തോരണങ്ങൾ മുതലായവയുടെ ചട ങ്ങുകൾ അല്പാല്പമായി കണ്ടുകൊണ്ടു മന്ദംമന്ദം നടന്നു ഞാൻ മലയാള മനോരമ ആപ്പീസിന്റെ പടിക്കൽ എത്തി. കണിയാല നിരത്തിയ കമനീയ മായ ഒരു ചെറുപന്തൽ ഞാൻ അവിടെ കണ്ടു. അതിന്റെ ആർക്കുകൾ മുത ലായവ അപ്പോൾ തീർന്നിട്ടില്ല. അതിനു കിഴക്കുവശം മനോരമ (എം.ഡി. സിമ്മനാരി) ഹൈസ്കൂളിന്റെ വടക്കുവശത്തുള്ള രാജപാതയിൽ കൊട്ടിൽ മാതിരി കയറു പാകിപ്പടുത്തിയിട്ടുള്ള പൂപ്പന്തൽ വളരെ ആകർഷണീയമാ യിരുന്നു. സൂര്യന്റെ ചെങ്കതിരുകൾ വിവിധനിറത്തിലുള്ള കടലാസുകളിൽ പ്രതിഫലിച്ച് അവ മന്ദമാരുതനിൽ കളിയാടിക്കൊണ്ടിരുന്നു. ഞാൻ ഹൈസ്ക്കൂൾ വളപ്പിൽ പ്രവേശിച്ചു വളരെ വലിപ്പത്തിൽ കെങ്കേമമായ ഒരു പുതിയ എടുപ്പാണു എന്റെ അക്ഷികൾക്കു ലക്ഷീഭവിച്ചത്. ചാപ്പലിനു പടി ഞ്ഞാറുവശത്തു പശ്ചിമാഭിമുഖമായി വിസ്താരത്തിൽ കെട്ടിയിട്ടുള്ള പ്രധാ നപന്തൽ മാത്രമേ ഇപ്പോൾ തീർന്നു കഴിഞ്ഞിട്ടുള്ളു. 15 അടി നീളം 10 അടി വീതിയിലാണ് അതു കെട്ടിയിട്ടുള്ളത്. .... വിവിധ വർണ്ണത്തിലുള്ള തൂണു കൾക്കൊണ്ടു അവിടെ കമാനം വിതാനം ആരംഭിച്ചിട്ടുണ്ട്. അതിന്റെ മുക ളിൽ, കാണികളെ അത്യധികം ആനന്ദിപ്പിക്കുമാറ് കമനീയമായുള്ള ചിത്ര കൂടാരത്തിന്റെ തട്ടുകൾ മൂന്നും ഇപ്പോൾ മണ്ഡപത്തിൽ വച്ചു കഴിഞ്ഞിട്ടില്ല. അതിന്റെ കീഴെ പ്രതിഷ്ഠിക്കുന്നതിനുള്ള പീഠവും ഇരുപാർശങ്ങളിലുമുള്ള മാലാഖമാരും മിക്കവാറും തയ്യാറായികഴിഞ്ഞു. മേൽപറഞ്ഞ മണ്ഡപത്തെ തുടർന്ന് 24 അടി വീതിയിൽ 136 അടി നീളത്തിൽ കിഴക്കുപടിഞ്ഞാറായി ഒരു കൊട്ടിൽ കെട്ടി വളപുര വിതാനത്തിനുള്ള വെള്ള നിവിർത്തു കഴിഞ്ഞു.

അതിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ 48 അടി വീതം വീതിയിലും 150 അടി വീതം നീളത്തിൽ വമ്പിച്ച രണ്ടു പന്തലുകൾ ഇട്ടിട്ടുണ്ട്. അവയും കണ ലോലകൊണ്ടു വിതാനിച്ചുകഴിഞ്ഞു. ഈ പന്തലിലേക്കു മൂന്നു ഗേറ്റുകൾ ഉണ്ട്. അവ ഒന്നു വടക്കുനിന്നും, രണ്ടാമത്തേതു പടിഞ്ഞാറുനിന്നു, മൂന്നാമത്തേതു തെക്കുനിന്നും ആണ്. അവയിൽ തെക്കേ ഗേറ്റു വഴി മാത്രമേ സ്ത്രീകൾക്കു പ്രവേശനമുള്ളു. അവിടെ തെക്കു കിഴക്കു ഭാഗത്ത് അതിഥികൾക്ക് 23 അടി വീതിയിൽ തെക്കുവടക്കായി 48 അടി നീളം സ്ഥലം വിട്ടു കഴിഞ്ഞാൽ തെക്കേഭാഗത്തു മൂന്നിൽരണ്ടു ഭാഗം സ്ഥലം സ്ത്രീകൾക്കായി തിരിച്ചിട്ടുണ്ട്. പടിഞ്ഞാറേ ഗേറ്റുവഴി പട്ടക്കാർക്കും കുട്ടികൾക്കും പ്രവേശിക്കാം. കേവലം ശിശുക്കളെ പന്തലിൽ പ്രവേശിപ്പിച്ചാൽ ഉപദ്രവം നേരിടുമെന്ന് കണ്ട് അതിനെ തടയുവാൻ പ്രവർത്തകന്മാർക്ക് ആലോചനയുണ്ട്. സ്ത്രീകൾക്കുള്ള സ്ഥലത്തിനു വടക്കുവശം പടിഞ്ഞാറുള്ള ഗേറ്റിനു തെക്കുവശം സ്ഥലം കുട്ടികൾക്ക് ഒഴിച്ചിട്ടിരിക്കുന്നു. മണ്ഡപത്തിനു തെക്കുവശത്തെന്നപോലെ വടക്കുവശത്തും അതിഥികൾക്ക് സ്ഥലം പ്രത്യേകം തിരിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് അതിനു പടിഞ്ഞാറുവശത്തുള്ള സ്ഥലമാണ് കിടക്കുന്നത്. ഈ പന്തലിനകത്തു പന്തീരായിരത്തിലധികം ആളുകൾക്ക് ഇരിക്കുവാൻ കഴിയും. ഇതുകൊണ്ടു പോരെന്ന് കണ്ട് വടക്കും പടിഞ്ഞാറും വശങ്ങളിൽ വളരെ വിസ്തൃതമായ പന്തലുകൾ കെട്ടിത്തുടങ്ങിയിരിക്കുന്നു. വടക്കുവശത്തു കിഴക്കേ അറ്റത്ത് ഇംഗ്ലീഷിൽ തങ്കക്കടലാസുകൊണ്ടുള്ള സ്വാഗതം (WELCOME) പടുത്തപ്പോൾ മണി 10 ആയിട്ടുണ്ട്. അവിടെനിന്ന് എന്റെ ശ്രദ്ധ പതിഞ്ഞതു പന്തലിനു പടിഞ്ഞാറുവശത്തുള്ള സ്ക്കൂൾകെട്ടിടത്തിലേക്കാണ്. അവിടെ എക്സിക്യൂട്ടീവ് കൌൺസിൽ കൂടിയിരുന്നു. ആഹാരാവശ്യങ്ങൾക്കുപോലും വീടുകളിലേക്കു പോകുന്നതല്ലെന്നുള്ള പ്രതിജ്ഞയോടുകൂടിയോ എന്നു തോന്നുമാറു നാളെയും മറ്റന്നാളും നടക്കുന്ന മഹോത്സവം വിജയപ്രദമാക്കുന്നതിനു പ്രസിഡണ്ടു മി. ..... മുതലായവർ അവിടെ ..... വ്യവസ്ഥകൾ ...... അവർ ഏർപ്പെടുത്തുന്നുവെന്നു കാണുമാറായ കാര്യങ്ങൾ വിശദീകരിച്ചുള്ള ലഘുലേഖകൾ ധാരാളമായി പ്രചരിപ്പിക്കുന്നതിനു നേരത്തെ തീരുമാനിച്ചിട്ടുള്ളതാണല്ലൊ. പ്രസ്തുത മഹത്തിന്റെ മാഹാത്മ്യം എപ്പോഴും സ്മരിക്കാൻ തക്കവിധം ഓരോ ചടങ്ങിനും അന്തസ്സും ഗൌരവവും ഉണ്ടാകുന്നതിന് അവർ ബദ്ധപ്പെടുന്നുണ്ട്. ആരും ഒരിടത്തും ഇരിക്കാതെ അവിടവിടെ എത്തി ഓരോ സംഗതിയിലും ധാരാളം ശ്രദ്ധിക്കുന്നു. ഓരോ വിനാഴിക കഴിയുംതോറും പന്തലിലും മണ്ഡപത്തിലും പുതിയ പുതിയ മോടികൾ ഉദിച്ചുയരുന്നു. കാര്യനിർവാഹകന്മാരും ജോലിക്കാരും ഒരുപോലെ ജാഗ്രത്തായി ജോലി ചെയ്യുന്ന സന്ദർഭങ്ങൾ ഇതുപോലെ ഞാനധികം കണ്ടിട്ടില്ല. ഹൈസ്കൂൾ വക ഫുട്ബോൾ ചുറ്റുപാടുമായി താൽക്കാലിക കൂടാരങ്ങൾ പലതും കണ്ടുതുടങ്ങി. ഇവിടെ വന്നുചേരുന്ന വലിയ ജനാവലിയുടെ ഭക്ഷണപാനീയങ്ങൾക്കു നിർവാഹകസംഘക്കാർ ചെയ്യുന്ന വ്യവസ്ഥകളാണ്

ഇവയെന്നു കാണുന്നു. സമസൃഷ്ടികളുടേയും സന്തതി പരമ്പരകളുടെയും രക്ഷയ്ക്കുവേണ്ടി ക്രിസ്തു ഭഗവാൻ തറയ്ക്കപ്പെട്ട കുരിശുകൾ പല തരത്തിലുള്ളവ ധാരാളം സംഭരിച്ചു കഴിഞ്ഞു. പിന്നെയും പിന്നെയും അവ ശേഖരിക്കുന്നതിനു ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. മുത്തുക്കുടകൾ വന്നു ചേർന്നു തുടങ്ങി. അവ ഒന്നൊന്നായി കൊട്ടകത്തൂണുകളുടെ മുകൾഭാഗത്തു നിവിർത്തു നിരത്തിക്കൊള്ളുന്നതിനു നിർവാഹകന്മാർ തീരുമാനിച്ചു. എം.ഡി. സെമിനാരി മുതൽ പഴയസെമിനാരിവരെ മറ്റന്നാൾ നടത്തേണ്ടുന്ന ഘോഷയാത്ര കെങ്കേമമാക്കുന്നതിനുള്ള അലങ്കാരങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു (അവയെ സംബന്ധിച്ചുള്ള ഒരു വിവരണം അന്യത്ര പ്രസിദ്ധം ചെയ്തിട്ടുണ്ട്. മ. മ. പ.). അത്യന്തം ആകർഷണീയമാംവിധം 15 ആർക്കുകൾ കെട്ടുന്ന വിവരം പ്രസിദ്ധം ചെയ്തിട്ടുണ്ടല്ലോ. വേറെയും ആർക്കുകൾ കെട്ടിത്തുടങ്ങിയിട്ടുണ്ട്. വ്യാഴാഴ്ച നേരം വൈകിയപ്പോഴേയ്ക്കു കോട്ടയം പട്ടണത്തിന്റെ നില ഒന്നു ഭേദപ്പെട്ടു. രാജപാതകൾ സർവ്വത്ര അലംകൃതമായിക്കഴിഞ്ഞു. മന്ദമാരുതനിൽ ഉലാത്തുന്ന തോരണങ്ങളും, പൂപ്പന്തലുകളിൽ കളിയാടുന്ന കടലാസുപുഷ്പങ്ങളും ആഗതർക്കു സ്വാഗതമരുളുന്നു.

ഏതേതെല്ലാം പ്രദേശങ്ങളിൽ നിന്ന് ആരാരെല്ലാമാണു വന്നുചേർന്നിട്ടുള്ളതെന്നു നിർണ്ണയിക്കുവാൻ കഴിയുന്നവർ വളരെ ചുരുങ്ങും. മനോരമപ്പള്ളി മുതൽ പഴയ സെമിനാരി വരെയുള്ള സ്ഥലങ്ങൾ സന്ദർശിച്ചും സുഹൃത്തുക്കളെ അന്വേഷിച്ചും വസതികൾ നിർണ്ണയിച്ചും പലരും ചുറ്റിത്തിരിയുന്നതു നിമിത്തം ജനാവലിയുടെ വലിപ്പം അധികംപേർക്കും ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. ഒരു തീർത്ഥയാത്രയുടെ പരമഭക്തിയോടും, ഒരുക്കങ്ങളോടും കൂടെ അവിടവിടെ എട്ടും പത്തും നാൽപതും അമ്പതും ആളുകൾ കൂട്ടംകൂട്ടമായി കാണപ്പെടുന്നു. സകുടുംബം വന്നു ചേർന്നിട്ടുള്ള ഗൃഹസ്ഥന്മാർക്കും കണക്കില്ല. കൃത്യാന്തരബഹുജനായ പുരുഷനും, ഗൃഹഭരണപര്യാകുലയായ സ്ത്രീയ്ക്കും ലീലാലോലുപരായ കുട്ടികൾക്കും ഒരുപോലെ ഭക്തിരസം വഴിഞ്ഞൊഴുകുന്ന ഈ മഹനീയമായ സന്ദർഭം സകലപ്രകാരത്തിലും പ്രയോജനകരമാക്കുന്നതിനാണു സ്ത്രീപുരുഷന്മാരും ബാലികാബാലന്മാരും ഒരുങ്ങിവന്നിരിക്കുന്നത്. ഇവരിൽ ഓരോരുത്തരുടേയും മുഖത്തു കളിയാടുന്ന വിജയോത്സവം ഒന്നു പ്രത്യേകമാണ്. ചരിത്രപ്രസിദ്ധമായ പഴയസെമിനാരി സന്ദർശിക്കുന്നതിനും മാർ ജോസഫ് ദീവന്നാസ്യോസു തിരുമേനിയുടെ കബറുങ്കൽ കുമ്പിടുന്നതിനുംവേണ്ടി ഒരു നല്ല ഭാഗം ജനങ്ങൾ അങ്ങോട്ടു പോകുകയുണ്ടായി. അവിടെയും ആഡംബരസന്നാഹങ്ങൾക്കു കുറവില്ല.

സായംസന്ധ്യയായി. കതിനാവെടികൾ മുഴങ്ങി. മനോരമപ്പള്ളിയിൽ ഞാൻ എത്തി. അവിടെ ബഥനിയുടെ എപ്പിസ്ക്കോപ്പാ തിരുമേനി മറ്റു വൈദികന്മാരുടെ സഹകരണത്തോടുകൂടെ സന്ധ്യാശുശ്രൂഷ നടത്തി. പിന്നീടു നാളെയും മറ്റന്നാളും അനുഷ്ഠിക്കേണ്ടുന്നതായ ക്രമങ്ങൾ തിരുമേനി

വൈദികന്മാർക്കുപദേശിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ സന്നദ്ധസംഘം കൂടി അവർക്കു ബാഡ്ജു കൊടുക്കുകയും ക്രമപാലനരീതികൾ ഉപദേശിക്കുകയും ചെയ്തു. സായം സന്ധ്യയിലെ മനോരമപ്പള്ളി അത്യന്തം ചേതോഹരമായിരുന്നു. ഹൈസ്ക്കൂളിന്റെ പടിഞ്ഞാറേ കെട്ടിടത്തിന്റെ കിഴക്കെ വരാന്തയിലും മറ്റുമായി രമണീയമായ ദീപക്കാഴ്ച ഉണ്ടായിരുന്നു. കിഴക്കേ ഗേറ്റുങ്കൽ കെട്ടി ഉയർത്തി ഈന്തൽ കൊണ്ടു വളച്ചുള്ള ദ്ധ്വജസ്തംഭം ചന്ദ്രികയുള്ള ആകാശമണ്ഡലത്തിലേക്കുയർന്ന് അവിടെയുള്ള വിവിധ ഗോളങ്ങളെ ഇങ്ങോട്ടു ക്ഷണിക്കയാണോ എന്നു തോന്നിപ്പോകും. ഗാസ്‌ലൈറ്റുകളാൽ പ്രശോഭിതമായ പന്തലിനകം ഏറ്റവും മോഹനമായിരുന്നു. കൊട്ടിലിനകം കടലാസുമാലകളാലും പന്തലിനകം ഈന്തൽ, കൊടി എന്നിവയാലും അലംകൃതമായിരുന്നു.

മണ്ഡപം മിക്കവാറും വിതാനിക്കപ്പെട്ടിരുന്നു. മുമ്പു പ്രസ്താവിച്ചിട്ടുള്ള പീഠം സ്ഥാപിച്ചു കഴിഞ്ഞിരുന്നു. എൺകോൺ വിചിത്ര കൂടാരത്തിന്റെ മൂന്നു നിലകളും, ബലിപീഠവും അതിന്റെ മുകളിൽ പ്രതിഷ്ഠിതമായിരുന്ന കുരിശും ആ വെളിച്ചത്തിൽ തിളങ്ങി വിളങ്ങി. ചിത്രക്കടലാസുകളും വിവിധ നിറങ്ങളിലുള്ള തുണിത്തറികളാലും അലംകൃതമായിരുന്ന തൂണുകൾ അത്യന്തം ഭംഗിയുള്ളവയായിരുന്നു. എവിടെനോക്കിയാലും ഒരു ഉണർച്ചയും അവിടെയെല്ലാം എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാരും വിശേഷിച്ചു പ്രസിഡണ്ടും പ്രത്യക്ഷപ്പെട്ടിരുന്നു. കമ്മറ്റി കൂടെക്കൂടെ കൂടുകയും കാര്യപരിപാടി ക്രമപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. സഭാംഗങ്ങളിൽ ഒരു വലിയ വിഭാഗം പന്തലിലും പരിസരപ്രദേശങ്ങളിലുമായി സ്ഥാനം പിടിച്ചു. രാത്രിയിൽ ഉറങ്ങിയവരുണ്ടോ എന്ന് സംശയമാണ്. വിതാനങ്ങൾ ഭംഗിയാക്കുന്നതിനു ചുമതലപ്പെട്ടവർ ഘോഷയാത്രാവഴിയിലും പന്തലിലും നിന്ന് ഊർജ്ജിതമായി ജോലി ചെയ്തുകൊണ്ടിരുന്നു. കാര്യനിർവഹകന്മാർ അവിടവിടെ ഓടിനടന്ന് ഓരോന്നും ക്രമപ്പെടുത്തിക്കൊണ്ടിരുന്നു. നേരം വെളുക്കുവോളം കാറുകളും മറ്റു വാഹനങ്ങളും തുടരെത്തുടരെ വന്നുകൊണ്ടിരിക്കുകയും പ്രത്യേകം പ്രത്യേകം വസതികളിലേക്ക് ആഗതർ പൊയ്ക്കൊണ്ടിരിക്കുകയും ചെയ്തു. നാളെയും മറ്റന്നാളും നടക്കുന്ന വിശിഷ്ട സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഭാഷണം മാത്രമേ എവിടെയും കേൾക്കാനുള്ളു. വെള്ളിയാഴ്ച വെളുപ്പിനു മണി നാലടിച്ചപ്പോളേക്കു തന്നെ ആളുകൾ പന്തലിൽ സ്ഥലം പിടിച്ചു തുടങ്ങി. ആറു മണിക്കു കതിനാവെടികളും മണിനാദങ്ങളും മുഴങ്ങിക്കഴിഞ്ഞപ്പോളേക്ക് ഇരുപതിനായിരത്തിൽപരം ആളുകൾ പന്തലിലും വെളിക്കുമായി സ്ഥലം പിടിച്ചു കഴിഞ്ഞു. സ്ത്രീകളുടെ സംഖ്യ മാത്രം നോക്കിയാൽ 3000-ൽ കുറയുകയില്ല. കുട്ടികളും ഏകദേശം അത്രയും വരും. പുരുഷന്മാരെ നില നോക്കി ഒന്നു തരം തിരിച്ചു നിറുത്തുവാൻ പ്രയാസം. യാക്കോബായ സഭയിൽ പ്രബലന്മാരായവരെല്ലാവരും - സമുദായാഭിമാന

മുള്ള സകലരും - പന്തലിലും വെളിക്കുമായി നിരന്നു കഴിഞ്ഞു. വിവിധ ക്രിസ്തീയ വകുപ്പുകളിൽപെട്ടവരും മറ്റു മതസ്ഥരും വന്നുചേരുന്നുണ്ട്. അതിഥികൾക്കുള്ള സ്ഥലം നിറഞ്ഞു കവിഞ്ഞു. പ്രമാണികൾ പലർ പുറമേ തന്നെ ഒഴിഞ്ഞു മാറിക്കൊണ്ടു മറ്റുള്ളവർക്കു സ്ഥലം കൊടുത്തു. വാളന്റി യർമാർക്കു നിയന്ത്രിക്കാൻ പാടില്ലാത്തവിധം ജനങ്ങൾ വർദ്ധിച്ചു. ഏകദേശം മുന്നൂറോളം വൈദികന്മാർക്കിരിക്കുവാൻ തയ്യാറാക്കിയിരുന്ന സ്ഥലത്ത് മണ്ണു നുള്ളിയിട്ടാൽ താഴാതെയായി.

ആറരമണിക്ക് മേല്പട്ടക്കാർ ഉൾപ്പെടെയുള്ള വൈദികന്മാർ ഹൈസ്ക്കൂൾ ഹാളിൽ കൂടുകയും ചില നിർദ്ദേശങ്ങൾക്കു ശേഷം അണിനിരന്നു പടി ഞ്ഞാറേ ഗേറ്റു കടന്നു പന്തലിലേക്ക് ആഗതരാവുകയും നിർദ്ദിഷ്ട സ്ഥാന ങ്ങൾ സ്വീകരിക്കുകയും ചെയ്തു. അതോടുകൂടെ പ്രഭാത നമസ്ക്കാരം ആരം ഭിച്ചു. ബഥനിയുടെ എപ്പിസ്ക്കോപ്പാ അവർകളായിരുന്നു പ്രാർത്ഥന നടത്തി യത്. മലങ്കര മെത്രാപ്പോലീത്താ അവർകൾ കാതോലിക്കാ സ്ഥാനാർത്ഥിയായ തിരുമേനി, മെത്രാൻ സ്ഥാനാർത്ഥികളായ റമ്പാന്മാർ മുതൽ ധാരാളം പട്ട ക്കാരുടെ സഹകരണത്തോടുകൂടെ പ്രഭാത നമസ്ക്കാര ശുശ്രൂഷ അവസാ നിച്ചപ്പോൾ മണി ഏഴര കഴിഞ്ഞു.

“അപ്പോസ്തോലികമായ അത്യുന്നത പൗരസ്ത്യ കാതോലിക്കാസ്ഥാന ത്തിന്റെ പദവിയിലേക്കു പരിശുദ്ധ റൂഹാ അവിടുത്തെ വിളിക്കുന്നുന്നു”വെന്നു വിശുദ്ധ സുന്നഹദോസ് കാതോലിക്കാസ്ഥാനാർത്ഥിയോടു പറഞ്ഞു മുട്ടു കുത്തി. അദ്ദേഹമാകട്ടെ, “ഞാൻ സമ്മതിച്ച് അംഗീകരിക്കുന്നു” എന്നു പറഞ്ഞു കുമ്പിട്ടു. അദ്ദേഹത്തിനെ വി. സുന്നഹദോസിന്റെ അദ്ധ്യക്ഷൻ വല തുകരം പിടിച്ച് മദ്ബഹായിൽ പ്രവേശിപ്പിച്ചു. ആ സമയം ഗായകസംഘം “യജമാനൻ വരുമന്നേരം” എന്നു തുടങ്ങുന്ന ഗീതം ഏറ്റം ശ്രുതിമധുരമായി പാടി. പിന്നീടു സ്ഥാനാർത്ഥിയെ സ്ഥാനോചിതമായ വസ്ത്രങ്ങൾ ധരിപ്പിച്ചു പ്രത്യേകം തയ്യാറാക്കിയിട്ടുള്ള മുറിയിലേക്കു ബഥനിയിലെ തിരുമേനിയും മെത്രാൻസ്ഥാനാർത്ഥികളും കൂടെ കൊണ്ടുപോയി ഇരുത്തുകയും തിരികെ വന്നു ശുശ്രൂഷ തുടരുകയും ചെയ്തു. ഇതു സംബന്ധിച്ചുള്ള കുർബ്ബാന അണച്ചതു മറ്റു വൈദികന്മാരുടെ സഹായത്തോടുകൂടെ മലങ്കര മെത്രാപ്പോ ലീത്താ തിരുമേനിയായിരുന്നു. പ്രായാനുരൂപം നര ധാരാളമുള്ള തിരുമേനി സ്വതസിദ്ധമായ പ്രൗഢഗംഭീരതയോടും, വഴിഞ്ഞൊഴുകുന്ന ഭക്തിപ്രചുരിമ യോടും, ആത്മിക സന്താനങ്ങളിൽ നിറഞ്ഞു കവിയുന്ന വാത്സല്യ പ്രസരി പ്പോടും, ധർമ്മാനുഷ്ഠാനത്തിൽ സഹജമായ ദൃഢവ്രതത്തോടും കൂടെ മണ്ഡ പത്തിൽ നിന്നു കുർബ്ബാന അണച്ചതു കാണേണ്ടതായ ഒരു കാഴ്ച തന്നെ യായിരുന്നു. ശുദ്ധ ദൈവികമായ ചിന്താഭാരത്താൽ വിനയോന്മിതനായ ബഥ നിത്തിരുമേനിയുടെ സാമുഖ്യം ഏതൊരു സദസ്സിനുമെന്നപോലെ ഇന്നത്തേ തിനും ചൈതന്യസന്ദായകമായിരുന്നു. സന്ദർഭത്തിന്റെ മാഹാത്മ്യത്തിനും

ഗൗരവത്തിനും അതു ഗുണമായി. വൈദികന്മാരും അയ്മേനികളും സ്വസ്ഥാനങ്ങളിൽ നിശ്ശബ്ദപൂർവ്വം സ്ഥലംപിടിച്ചു. കുർബ്ബാനമദ്ധ്യേ ബഥനിയിലെ തിരുമേനി ഒരു പ്രസംഗം ചെയ്തു. ഹാളിൽ അഭംഗുരമായ നിശ്ശബ്ദത പരിപാലിക്കണമെന്നുള്ള നിഷ്ക്കർഷയോടുകൂടെ അദ്ദേഹം പ്രസംഗം ആരംഭിച്ചു. മാതാവായ വിശുദ്ധ കന്യകമറിയവും വളർത്തഛനായ മാർ യൗസേപ്പും കൂടെ കർത്താവായ യേശുക്രിസ്തുവിനെ ഊർശ്ലേം പള്ളിയിൽ കാഴ്ച വച്ചു. മാറാനായപെരുന്നാൾ ദിവസമാണ് ഇന്നെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് അതിന്റെ സന്ദർഭവൈശിഷ്ട്യം തിരുമേനി വിവരിച്ചു. അങ്ങനെയുള്ള ഈ ശുഭ ദിനത്തിൽ കാതോലിക്കാ സ്ഥാനാരോഹണം നടത്തുന്നതിന്റെ വൈശിഷ്ട്യം അദ്ദേഹം ചൂണ്ടിക്കാണിച്ചു. കാതോലിക്കാ സ്ഥാനാരോഹണം ദൈവികാനുഗ്രഹത്തിനുവേണ്ടി മാത്രമാണെന്നും അതിൽ മറ്റു യാതൊരു ഉദ്ദേശവുമില്ലെന്നും അദ്ദേഹം യുക്തിയുക്തം സമർത്ഥിച്ചു. പ്രസംഗം ആദ്യന്തം മർമ്മസ്പൃക്കായിരുന്നു. അതിന്റെ ശേഷം കുർബ്ബാന തുടങ്ങുകയും കാതോലിക്കാ സ്ഥാനാർത്ഥിയെ തിരികെ മണ്ഡപത്തിൽ കൊണ്ടുവരികയും ചെയ്യുന്നു. “മേൽപ്പട്ടസ്ഥാനാഭിഷേകകർമ്മം” എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള കർമ്മങ്ങൾ ഒന്നൊന്നായി നടത്തുകയുണ്ടായി. സ്ഥാനാർത്ഥിയായ മാർ ഗ്രീഗോറിയോസ് തിരുമേനി സകലതും ജഗന്നിയന്താവിൽ സമർപ്പിച്ച് ഭക്തിയിൽ മുഴുകി കണ്ണുനീർ വാർത്തുകൊണ്ടാണ് ശുശ്രൂഷയിൽ സംബന്ധിച്ചത് എന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്. ഗീതങ്ങളും പ്രാർത്ഥനകളും കഴിഞ്ഞ് രഹസ്യപ്രാർത്ഥന നടത്തുകയും “കുറിയേലായിസ്സോൻ” (കർത്താവേ! കരുണയുണ്ടാകേണമേ) ചൊല്ലുകയും, മേൽപ്പട്ടക്കാരിൽ ഒരാൾ “കോറൂസൂസോ” വായ്ക്കയും ചെയ്തശേഷം സ്ഥാനാർത്ഥി കിഴക്കോട്ടുതിരിഞ്ഞ് കുനിഞ്ഞു നിൽക്കുകയും വിശുദ്ധ സുന്നഹദോസിന്റെ അദ്ധ്യക്ഷനായ വലിയ തിരുമേനി സ്ഥാനാർത്ഥിയുടെ തലയിൽ വലതുകൈ വെച്ചുകൊണ്ട് “വിശുദ്ധ മാർതോമ്മാശ്ലീഹായുടെ അനുഗ്രഹിക്കപ്പെട്ട വി. പൗരസ്ത്യസഭയ്ക്കായി ബസേലിയോസ് കാതോലിക്കാ പ. പിതാവിന്റയും പുത്രന്റെയും വിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ” നിത്യജീവങ്കലേക്കായി അവരോധിക്കപ്പെടുന്നു എന്നുള്ള പ്രാർത്ഥന ചൊല്ലുകയും നെറ്റിയിൽ സ്ലീബായുടെ മുദ്ര കുത്തുകയും സ്ലീബാ ഭരമേൽപ്പിക്കുകയും ചെയ്തു. ഓക്സിയോസ് വിളി കഴിഞ്ഞ് അംശവടി സ്വീകരിച്ച് കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അംശവടി ഉയർത്തി സർവ്വ ജനങ്ങളെയും ആശീർവദിച്ചു. തിരുമേനിക്കു വേണ്ടി സു: അദ്ധ്യക്ഷൻ തിരുമേനി പ്രാർത്ഥിച്ചു. ഒടുവിൽ ബാവാ തിരുമനസ്സുകൊണ്ട് കുറുബാനയുടെ ബാക്കിഭാഗങ്ങളും നിറവേറ്റുകയുണ്ടായി. ഡിവിഷൻ അസിസ്റ്റന്റ് മി. സി. ഓ. മാധവൻ കുറുബാന ആരംഭിച്ചപ്പോഴേക്കു സദസ്സിൽ സന്നിഹിതനായിരുന്നു. കുറെ കഴിഞ്ഞപ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു മി. ആർ. കൃഷ്ണപിള്ള, ഡി. പോലീസു സൂപ്രണ്ട് മി. പാച്ചു അയ്യങ്കാർ എന്നിവർ വന്നുചേർന്നു. ആംഗ്ലിക്കൻ ബിഷപ്പ് റൈറ്റ് റവ. ഇ. എ.

എൽ. മൂർ അവർകൾ കുർബാന ആരംഭിച്ചശേഷം വന്നുചേർന്നു. വാഹനനിയന്ത്രണം മുതലായ വിഷയത്തിൽ സ്പൃഹണീയമായ സഹായങ്ങൾ പോലീസുകാർ ചെയ്കയുണ്ടായി. വാളന്റിയറന്മാർ അഭിനന്ദനീയമായി പെരുമാറി.

സ്ഥാനാരോഹണ ശുശ്രൂഷയുടെ ഇടയ്ക്കു കതിനാവെടികൾ മുഴക്കുകയും ബാന്റു വായിക്കുകയും ഉണ്ടായി. പതിനൊന്നര മണിയോടുകൂടി ഈ ചടങ്ങുകൾ അവസാനിച്ചു. പിന്നീടു ബഥനി എപ്പിസ്കോപ്പായെ ഒരു പ്രാർത്ഥനയോടുകൂടി മെത്രാപ്പോലീത്താ ആയി അവരോധിച്ചു. അതിന്റെശേഷം കുർബാന അവസാനിപ്പിച്ചു. അപ്പോൾ മണി പന്ത്രണ്ടര ആയിട്ടുണ്ട്. ആ സമയം കതിനാവെടികൾ വയ്ക്കപ്പെട്ടു. പിന്നീടു പള്ളി പ്രദിക്ഷണം നടത്തി. കൈമുത്തു നടത്തി രാവിലത്തെ ചടങ്ങുകൾ അവസാനിപ്പിച്ചു.

(തുടരും)

(മലയാള മനോരമ, 1929 ഫെബ്രുവരി 16)

കാതോലിക്കാ സ്ഥാനാരോഹണം

അതികമനീയമായ അലങ്കാര വിശേഷങ്ങൾ

അഭൂതപൂർവ്വമായ ജനക്കൂട്ടവും നയനാഭിരാമമായ സജ്ജീകരണങ്ങളും

(പ്രത്യേക റിപ്പോർട്ടർ)

കോട്ടയം 4-6-104: മലങ്കരസുറിയാനിസഭയുടെ ഭാഗ്യാതിരേകത്താൽ മാർ അബ്ദേദു മിശിഹാ പാത്രിയർക്കീസുബാവാ തിരുമേനിയുടെ ഔചിത്യബുദ്ധിയുടെയും ദീർഘദൃഷ്ടിയുടെയും ഫലമായി ലബ്ധമായ പൗരസ്ത്യ കാതോലിക്കാ സ്ഥാപനത്തെ അഭംഗമായി പരിപാലിക്കുന്നതിൽ ജനസമുദായത്തിനുള്ള അത്യാംകാംക്ഷയുടെ പ്രത്യക്ഷ പ്രതിഫലനമെന്നു തോന്നക്കവിധത്തിൽ ഈ പ്രാവശ്യത്തെ കാതോലിക്കാസ്ഥാനാരോഹണം സർവ്വവിധ ആഘോഷങ്ങളോടും കൂടി അത്യാഡംബരപൂർവ്വം നടത്തുന്നതിനും നൂതനമായി സ്ഥാനാരോഹണം ചെയ്യുന്ന കാതോലിക്കാബാവാ തിരുമേനിയേയും മെത്രാപ്പോലീത്തന്മാരെയും മാർ ഏലിയാ ചാപ്പലിൽ നിന്നു പഴയസെമിനാരിയിലേക്ക് കെങ്കേമമായവിധത്തിൽ എതിരേൽക്കുന്തിനുംവേണ്ട ഒരുക്കങ്ങൾ വൻപിച്ച തോതിൽ നടന്നുവരുന്ന വിവരം യഥാവസരം മനോരമ പംക്തികളിൽ പ്രസ്താവിച്ചിരുന്നതാണല്ലോ. എന്നാൽ ഇന്നു കോട്ടയം പട്ടണം സന്ദർശിക്കുന്ന യാതൊരു മനുഷ്യന്റെയും ഹൃദയഭിത്തികളെ തട്ടിത്തകർക്കുമാറു തിങ്ങിപ്പൊങ്ങി കവിഞ്ഞുവരുന്ന വികാര പരമ്പരകളെ വർണ്ണിക്കുവാനോ ദൃഷ്ടിക്കു വിഷയീഭവിക്കുന്ന അതികമനീയമായ അലങ്കാരവിശേഷങ്ങളെയും

ഈ മഹാമഹത്തിനു എത്രയും അനുയോജ്യമായവിധത്തിൽ ചെയ്യപ്പെട്ടിരിക്കുന്ന അതിവിപുലങ്ങളായ സജ്ജീകരണങ്ങളെയോ വിവരിക്കുവാനോ ആയിരം നാവുള്ള അനന്തനും സാദ്ധ്യമല്ല. പട്ടണത്തിലെവിടെയും തിക്കും തിരക്കും ബഹളവുമേ കാണ്മാനുള്ളൂ. മനോരമ ചാപ്പലിനു മുൻവശത്ത് "ചേതസ്സാകർഷക"മാംവണ്ണം നിർമ്മിക്കപ്പെട്ടിരിക്കുന്നതും ശില്പകലാവൈഭവത്തിന്റെ ഊഹാതീതമായ ഹൃദയ വശീകരണശക്തിയെ സുവ്യക്തം അനുഭവബോദ്ധ്യമാക്കുന്നതുമായ മനോഹര മണ്ഡപത്തെയും, അതിനു മൂന്നു ഭാഗത്തുമായി കെട്ടിയൊരുക്കി അലങ്കരിച്ചു മോടിപിടിപ്പിച്ചു നേത്ര സാഫല്യത്തെ പ്രദാനം ചെയ്യുമാറ് നയനാഭിരാമമാക്കി ചെയ്യപ്പെട്ടിരിക്കുന്ന വിസ്തൃതമായ പന്തലിനെ പന്തലിന്റെ മുൻഭാഗത്ത് ഉദ്ദേശം നാൽപതടി ഉയരത്തിൽ ഈന്തൽ പലവർണ്ണക്കടലാസുകൊടികൾ, ലതകൾ ആദിയായവയാൽ അലംകൃതമായി ഉച്ചത്തിൽ വഹിച്ചിരിക്കുന്ന വെള്ളക്കൊടിയുടെ മന്ദാനിലനിലുള്ള ചാഞ്ചാട്ടം മൂലം ജാതിമതഭേദം കൂടാതെ സർവ്വ മനുഷ്യർക്കും ഹൃദയപൂർവകമായ സ്വാഗതമരുളി പരിലസിക്കുന്ന ഗോപുരത്തെ വർണ്ണിക്കുന്നതിനൊരുമ്പെടുന്നതു സാഹസം തന്നെ. ചാപ്പലിന്റെ പുരോഭാഗത്തു പശ്ചിമാഭിമുഖമായി ഇരുപത്താറടി സമചതുരത്തിൽ രണ്ടര അടി ഉയർത്തി കെട്ടിയിട്ടുള്ളതും സ്ഥാനാഭിഷേകശുശ്രൂഷാ നിർവഹണത്തിനു പ്രത്യേകം തയ്യാറാക്കപ്പെട്ടിരിക്കുന്നതുമായ മണ്ഡപത്തിൽ പ്രസിദ്ധ ശില്പകലാവിദഗ്ദ്ധനായ മിസ്റ്റർ തൊമ്മിക്കണ്ണു ബാദുവാ ചെയ്തിരിക്കുന്ന അലങ്കാര വിശേഷങ്ങളുടെ മനോഹാരിത അനുഭവിച്ചാനന്ദിക്കുകതന്നെ ചെയ്യേണ്ടതാണ്. കെട്ടിപ്പൊക്കിയിട്ടുള്ളതും വിശിഷ്ടങ്ങളായ തിരശ്ശീലകളാൽ ആഛാദിതവും ആയ മണ്ഡപതറയിൽ എട്ടുപട്ടത്തിലുള്ള നാലു മനോഹര തൂണുകളും അവയുടെ മദ്ധ്യത്തിൽ വിചിത്രപ്പണികളാൽ ചേതോഹരിതമാക്കി ചെയ്യപ്പെട്ടിട്ടുള്ള മൂന്ന് ആർക്കുകളും അവയുടെ മേൽഭാഗത്ത് അഗ്രത്തിൽ മനോഹരമാംവിധം അലങ്കാരവേലകൾ ചെയ്തിട്ടുള്ള സുവർണ്ണ പ്രഭാപൂരതമായ .... ശോടുകൂടിയ എട്ടുപട്ട.... ഒരു ഗോപുരവുമാണ് കാണപ്പെടുന്നത്. എട്ടു പട്ടത്തിലുള്ള ഗോപുരത്തിന്റെ ഉൾഭാഗത്തു ചെയ്തിരിക്കുന്ന നയനാനന്ദകരമായ അലങ്കാരവേലകൾ യഥാർത്ഥത്തിൽ.... സുവർണ്ണ മണ്ഡപം കാണപ്പെടുന്നതിന്റെ അന്തർഭാഗത്താണ് ത്രോണോസ് അഥവാ അൾത്താര സ്ഥിതിചെയ്യുന്നത്. ദർശനമാത്രയിൽത്തന്നെ യാതൊരു നിരീശ്വരവാദിയേയും ഭക്തപരവശനാക്കിത്തീർക്കത്തക്കവിധത്തിൽ സുവർണ്ണദ്യുതി പ്രസ്ഫുരിപ്പിച്ചുകൊണ്ടിരിക്കുന്ന അൾത്താരയുടെ മദ്ധ്യത്തിൽ വിശിഷ്ടമായ ഒരു കനകക്കുരിശും അതിന്റെ രണ്ടു ഭാഗത്തും ആറാറു ചിറകുകളോടുകൂടിയ ഓരോ മാലാഖമാരുമായി ദീപ്തിമത്തായ മെഴുകുതിരിവെളിച്ചത്തിൽ പ്രശോഭിക്കുന്ന ആ കാഴ്ച ഭക്തജനങ്ങൾക്ക് എന്നെന്നും സ്മരിക്കത്തക്കതുതന്നെ. സുവർണ്ണ മണ്ഡപത്തിന്റെ പുരോഭാഗം അനാഛാദനം ചെയ്ത് ഉള്ളിലേക്കു ദൃഷ്ടിയേ ആനയിക്കുന്ന യാതൊരുത്തന്റെയും ഹൃദയത്തിൽ അവിടുത്തെ ആ വിശിഷ്ടാലങ്കാരങ്ങളും

കലകമയമായ അതിശോഭയും പറന്നു നിൽക്കുന്ന മാലാഖമാരുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന കുരിശും എല്ലാം കൂടി സ്വർഗ്ഗരാജ്യ സ്മരണകളെ ഉളവാക്കുമെന്നുള്ളത് നിസ്തർക്കമാണ്. ഇതുതന്നെയാണു ദിവ്യാനന്ദദായകമായ നയനസാഫല്യം. മണ്ഡപത്തിന്റെ ദക്ഷിണോത്തരഭാഗങ്ങളിലുള്ള കൊട്ടിലുകളും മുൻവശത്തുള്ള പന്തലും അലങ്കാരവിഷയത്തിൽ ഒട്ടും പിന്നോക്കമല്ല. 120 അടി സമചതുരത്തിൽ പന്തലും അതിന്റെ മധ്യഭാഗത്തുള്ള ആറടി വീതിയിൽ ഒരു കൊട്ടിലുമായിട്ടാണ് മുൻഭാഗം സജ്ജീകരിച്ചിരിക്കുന്നത്. പന്തലിന്റെ മുകൾഭാഗം പച്ചപ്പട്ടിനൊത്ത ഈന്തലുകൾ വിരിച്ചും ഇടയ്ക്കിടെ അരയടി അകലത്തിൽ വിവിധ വർണ്ണത്തിലുള്ള കൊടികളും തോരണങ്ങളും കൊണ്ടലങ്കരിച്ചു മോടിപിടിപ്പിച്ചിരിക്കുന്നു. പന്തലിന്റെ നാലുവശവും മനോഹരങ്ങളായ ആർക്കുകളും കടലാസു കൊണ്ടുള്ള വിചിത്രവേലകളും കൊണ്ടു നയനാനന്ദകരമാക്കി ചെയ്യപ്പെട്ടിരിക്കുന്നു. മദ്ധ്യത്തിലുള്ള കൊട്ടിലുകളുടെ മുകളിൽ ശുഭ്രവസ്ത്രം വിരിച്ചു പുഷ്പമാല്യങ്ങളും നക്ഷത്രപംക്തികളും കൊണ്ട് അലംകൃതമായിരിക്കുന്നു. മണ്ഡപത്തിനു രണ്ടു വശത്തുമുള്ള പന്തലുകൾ വിചിത്രമായലംകരിച്ചു മാന്യാതിഥികൾക്കായി പ്രത്യേകം ഒഴിച്ചിട്ടിരിക്കയാണ്. പന്തലിന്റെ മുൻപിൽ കാണപ്പെടുന്ന ഗോപുരം പച്ചവർണ്ണത്തിലുള്ള ലതകളും ഇലകളും കൊണ്ട് അലങ്കരിച്ച് അതീവ മോഹനമാക്കിത്തീർത്തിരിക്കുന്നു. ഗോപുരത്തിന്റെ അഗ്രത്തിൽ നിന്നു നാനാഭാഗത്തേക്കും കെട്ടിയിരിക്കുന്ന തോരണ പംക്തികളും കൊടിക്കൂറകളും ഇളംതെന്നലിൽ അല്പാല്പമായി ചലിച്ചു ജനക്കൂട്ടത്തെ ആകർഷിച്ചുകൊണ്ട് ഉയരത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു. ഇപ്രകാരം മനോരമ കോമ്പൗണ്ടിലേക്കു പ്രവേശിക്കുന്ന ഉടൻ ദൃഷ്ടിക്കു വിഷയീഭവിക്കുന്ന ഗോപുരം കൊടിക്കൂറ ഹസ്തങ്ങളാൽ ജനസഞ്ചയത്തെ സ്വീകരിച്ചഭിവാദ്യം ചെയ്യുന്നെങ്കിൽ പന്തലും പരിസരങ്ങളും ദൃഷ്ടികൾക്കു നയനസാഫല്യത്തേയും മണ്ഡപത്തിന്റെ അന്തർഭാഗം ഭക്തജനങ്ങൾക്കു ഹൃദയസംപൂർണ്ണമായ ദിവ്യാനന്ദത്തേയും പ്രദാനം ചെയ്യുന്നുണ്ട്. ഇനി നമുക്കു റോഡിലേക്കു കടക്കാം. മനോരമ ചാപ്പൽ മുതൽ പഴയസെമിനാരി വരെയുള്ള രണ്ടു മൈൽ റോഡു മുഴുവൻ ചേതോഹരമാംവണ്ണം അലങ്കരിക്കയെന്നത് എത്ര ശ്രമസാദ്ധ്യമായ ഒരു സംഗതിയാണെന്നു വായനക്കാർ തന്നെ ഊഹിച്ചുകൊള്ളുകയാണുത്തമം. റോഡിന്റെ മദ്ധ്യത്തിൽ 18 അടിയും രണ്ടുവശത്തും പതിനാലടി ഉയരത്തിൽ നെടുകെ കയറുകൊണ്ട് ഓരോ കോലകലത്തിൽ ഓരോ തോരണപംക്തി വീതമാണു കെട്ടി അലങ്കരിച്ചിരിക്കുന്നത്. ചെറുകാറ്റിൽ നാനാവർണ്ണങ്ങളിലുള്ള കൊടിക്കൂറകളും പുഷ്പമാല്യങ്ങളും പറന്നു കളിയാടുന്ന ആ കാഴ്ചയാണു റോഡിൽ എവിടെയും കാണപ്പെടുന്നത്. സ്വാഗതാശംസകളോടുകൂടിയ ഭീമാകാരത്തിലുള്ള ആർക്കുകളും എണ്ണത്തിലും വണ്ണത്തിലും കുറവില്ല. മനോരമയാപ്പീസിന്റെ പ്രവേശനദ്വാരത്തിങ്കൽ ആപ്പീസുവകയായി മനോഹരമായ ഒരു ആർക്കും ഒരു സ്വീകരണപ്പന്തലും തയ്യാറാക്കീട്ടുണ്ട്. സിറ്റി

ബാങ്കുകാരുടെ വകയായി ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ അവർകളുടെ അരമനയ്ക്കു പടിഞ്ഞാറുവശത്തുള്ള അവരുടെ ആപ്പീസിന്റെ മുമ്പിലും കോട്ടയത്തെ വണിക്ശ്രേഷ്ടന്മാരുടെ വകയായി ചന്തക്കവലയിലും കിഴക്കേക്കവലയിലും ഓരോ ആർക്ക് വന്നിട്ടുണ്ട്. കോട്ടയത്തെ മാർത്തോമ്മാ സുറിയാനി സമുദായാംഗങ്ങൾ ചേർന്നു യരുശലേം പള്ളിയുടെ പുരോഭാഗം നേത്രാനന്ദകരമാംവണ്ണം അലങ്കരിച്ചു മംഗളപത്രസമർപ്പണത്തിനു സജ്ജമാക്കിയിരിക്കുന്നു. പുഷ്പമാല്യങ്ങളും പച്ചീതലുകളും കൊണ്ടു ഹൃദയാകർഷകമാം വിധം അലങ്കരിച്ചിട്ടുള്ള ഈ പന്തലും ഈ സഹോദരങ്ങളാൽ സമർപ്പിതമാകുന്ന മംഗളപത്രവും മലങ്കര സുറിയാനിസഭാ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രൂപപ്പെടുത്തേണ്ട ഒരു നൂതനാദ്ധ്യായത്തെ സമാരംഭിക്കുന്നുണ്ടെന്നുള്ളത് ഒരു അവിതർക്കിതമാണ്. യോജിപ്പിന്റെയും സമാധാനത്തിന്റെയും ബുദ്ധിയോടുകൂടി മാർത്തോമ്മാ സഭാംഗങ്ങൾ ഇന്നു ബാവാ തിരുമനസിലേക്കു സമർപ്പിക്കുന്ന മംഗളപത്രത്തേയും അദ്ദേഹത്തിന് അവർ നൽകുന്ന സ്വീകരണത്തെയും കാതോലിക്കാബാവാ തിരുമനസുകൊണ്ടും ഒരു കാലത്തും വിസ്മരിക്കുകയില്ലെന്നു നമുക്ക് ദൃഢമായി വിശ്വസിക്കാം. യറുശലേംപള്ളിയുടെ മുൻഭാഗത്ത് ഇരുപതടി ചതുരത്തിൽ തീർത്തിരിക്കുന്ന പൂപ്പന്തൽ സുറിയാനിസഭാചരിത്രത്തിലെ ഇരുപതുവശങ്ങളെ അർഹിക്കുന്നുണ്ടെന്നു നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്. ചുങ്കം കവല, റീഡിംഗ് റൂം കവല, ബേക്കർ മെമ്മോറിയൽ സ്ക്കൂൾ കവല എന്നീ സ്ഥലങ്ങളിലും അതിമനോഹരങ്ങളായ ഓരോ ആർക്കുകൾ കെട്ടി അലങ്കരിച്ചിട്ടുണ്ട്. റോഡിലെവിടെയും തോരണപംക്തികൾ മാത്രമേ കാണുന്നതിനുള്ളൂ. ഇത്ര വലിയ ഒരു മഹോൽസവമോ ഇത്രയും കെങ്കേമമായ അലങ്കാര സവിശേഷങ്ങളോ കോട്ടയം പട്ടണം ഉണ്ടായിട്ടു ഇതുവരെയും ഉണ്ടായിട്ടില്ലെന്നു നിശ്ചയമായും പറയാം. തിരുവിതാംകൂറിൽ ധനശക്തികൊണ്ടു ം വിദ്യാഭ്യാസം കൊണ്ടും ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ അർഹിക്കുന്ന സുറിയാനി സമുദായത്തിന്റെ ഒരു പ്രധാനകേന്ദ്രമായ കോട്ടയത്തെ പ്രധാനന്മാർ തങ്ങളുടെ സമുദായത്തിന്റെയും സ്ഥിതിക്കും .... മായ വിധത്തിൽ ... കൊണ്ടാടുന്നതിനു ... അവരെ ഹൃദയപൂർവ്വം അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

(മലയാള മനോരമ, 1929 ഫെബ്രുവരി 16; 1104 കുംഭം 5 ശനിയാഴ്ച)

മലങ്കരസുറിയാനിസഭ

ഈ സഭയുടെ പ്രധാന പുരോഹിതനായി നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളെ മോറാൻ മാർ ബസേലിയോസ് എന്ന സ്ഥാനനാമത്തിൽ പൗരസ്ത്യ കാതോലിക്കായായി ഇന്നലെ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വെച്ച് അവരോധിച്ചതു സംബന്ധിച്ചുള്ള ചടങ്ങുകളെപ്പറ്റിയുള്ള റിപ്പോർട്ട് ഇന്നത്തെ ലക്കത്തിൽ തന്നെ

പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കാതോലിക്കാബാവാ അവർകളുടെ മുൻഗാമിയെ 1100 മേട മാസത്തിൽ നിരണത്തുപള്ളിയിൽവെച്ചു അവരോധിച്ച സമയം ഈ പംക്തികളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന മുഖപ്രസംഗത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നതിൽ കൂടുതലായി ഈ സംഗതിയെപ്പറ്റി അധികമായി ഒന്നും പറയാനില്ലാത്തതുകൊണ്ട് ആ മുഖപ്രസംഗത്തിന്റെ പ്രധാന ഭാഗങ്ങൾ സന്ദർഭാനുസരണം ആവശ്യമായിത്തീർന്നിട്ടുള്ള ചില ഭേദങ്ങളോടുകൂടി താഴെ ഉദ്ധരിച്ചുകൊള്ളുന്നു. 1100 മേട മാസത്തിൽ നിരണത്തുവെച്ച് കോട്ടയം മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ. മാർ പീലക്സീനോസു മെത്രാപ്പോലീത്താ അവർകളെ പൗരസ്ത്യ കാതോലിക്കായായി അഭിഷേകം ചെയ്തതിനോടുകൂടി ഈ കുഴപ്പങ്ങൾക്ക് ഒരു പരിഹാരമുണ്ടായിട്ടുള്ളതായി പരിഗണിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ പിൻഗാമിയായി നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളെ ഇന്നലെ കോട്ടയത്തു മാർ ഏലിയാ ചാപ്പലിൽ വച്ചു മലങ്കര സുറിയാനിസഭാചരിത്രത്തിൽ അഭൂതപൂർവ്വമായ ആഡംബരങ്ങളോടുകൂടി പൌരസ്ത്യ കാതോലിക്കായായി വാഴിച്ചതിനോടുകൂടി ഈ പ്രസ്ഥാനം സ്ഥായിയായി നിലനിൽക്കുമെന്നുള്ളതിനെപ്പറ്റി വല്ല സംശയവുമുണ്ടായിരുന്നു എങ്കിൽ അതും ദൂരീകരിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തീയ സഭയെ പോഷിപ്പിച്ചു മേൽഭരണം ചെയ്യുന്നതിനായി ക്രിസ്തുദേവൻ പന്ത്രണ്ടു പ്രധാന ശിഷ്യന്മാരെ തെരഞ്ഞെടുക്കുകയും ഇവരെ തന്റെ കൈകൊണ്ട് തൊട്ട് അനുഗ്രഹിച്ചു പ്രധാനാചാര്യത്വത്തിന്റെ നൽവരം പ്രദാനം ചെയ്യുകയും ഇങ്ങനെ അവിടുത്തെ ഹസ്തസ്പർശനത്താൽ ദിവ്യശക്തി പ്രാപിച്ചവരും അവരുടെ പിൻഗാമികളെ പരമ്പരയാ കൈവച്ചു മേൽപ്പട്ടക്കാരായി അഭിഷേകം ചെയ്യുകയും ചെയ്തതായും ഇങ്ങനെ അഭിഷേകം കൈക്കൊണ്ട ബിഷപ്പുമാർ അല്ലെങ്കിൽ എപ്പിസ്ക്കോപ്പന്മാർ അല്ലെങ്കിൽ മെത്രാന്മാർ എന്നു പേരു പറഞ്ഞു വരുന്ന മേൽപ്പട്ടക്കാർ ക്രിസ്തീയസഭയിൽ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നതായും ഇങ്ങനെയുള്ള മേൽപ്പട്ടക്കാർ മൂലം മാത്രമാണു യേശുക്രിസ്തു മൂലം ലഭിച്ചിട്ടുള്ള കൃപാവരങ്ങൾ മനുഷ്യന് അനുഭവപ്പെടുന്നതെന്ന് പ്രൊട്ടസ്റ്റന്റു വകുപ്പുകാരോടൊപ്പം പൗരസ്ത്യരും പാശ്ചാത്യരുമായ ക്രിസ്തീയ വകുപ്പുകാരും ദൃഢമായി വിശ്വസിച്ചുവരുന്നു. മാർപാപ്പാ അവർകളുടെ മേലധികാരം സ്വീകരിച്ചു വരുന്നവരായ ഭൂരിപക്ഷം ക്രിസ്ത്യാനികളെ പാശ്ചാത്യവകുപ്പുകാരെന്നും, ഇതര വകുപ്പുകാരെ പൗരസ്ത്യരെന്നുമാണ് നാമകരണം ചെയ്തുവരുന്നത്. രാഷ്ട്രീയമായ പിരിച്ചിൽ, സ്ഥലദൂരം, വർഗ്ഗീയവ്യത്യാസം മുതലായ പല കാരണങ്ങളാൽ ഓരോ രാജ്യങ്ങളിലുള്ള ബിഷപ്പുമാർ അല്ലെങ്കിൽ മെത്രാന്മാർ ഒരുമിച്ചു ചേർന്നും ക്രിസ്തീയ സഭയ്ക്കു പൊതുവായ പ്രധാന സംഗതികളെ ഒഴിച്ചു മറ്റു കാര്യങ്ങളിൽ മറ്റു ബിഷപ്പുമാരിൽ നിന്നു വേർപെട്ടും അവരവരുടെ

ഭരണചുമതലകൾ നിർവഹിക്കേണ്ട ആവശ്യം ആരംഭത്തിൽത്തന്നെ നേരിട്ടു. ഇങ്ങനെ ഒരുമിച്ചു പ്രവർത്തിച്ചുവന്ന ബിഷപ്പുമാരുടെ നായകനായി ഇവരിൽ ഒരാളെ ഇവരു തന്നെ അവരോധിക്കയും ഈ പ്രധാനമേൽപ്പട്ടക്കാരനു പാത്രിയർക്കീസ് അല്ലെങ്കിൽ കാതോലിക്കാ എന്നു പേരു പറയുകയും ചെയ്യുകയെന്നുള്ളത് ക്രിസ്തുസഭയുടെ ആരംഭകാലങ്ങളിൽതന്നെ നടപ്പായി. ഏതെങ്കിലും ഒരു രാജ്യത്തിലെ ബിഷപ്പുമാരു കൂടി അവരിൽ ഒരാളെ തങ്ങളിൽ വെച്ചു പ്രധാനനാക്കി അവരോധിക്കാൻ തീർച്ചയാക്കുമ്പോൾ അതതു രാജ്യങ്ങളുടെ തലസ്ഥാനങ്ങളിലെ ബിഷപ്പന്മാരേ പാത്രിയർക്കീസന്മാരായിട്ടോ കാതോലിക്കാ ആയോ തിരഞ്ഞെടുക്കുക എന്നുള്ളതും സ്വാഭാവികമായി ത്തീർന്നു. ഇങ്ങനെയാണ് കോൺസ്റ്റാന്റിനോപ്പിൽ, അലക്സന്ത്രിയാ, അന്ത്യോഖ്യാ, സെലൂക്യാ മുതലായി പൂർവ്വകാലങ്ങളിൽ പ്രബലതയിലിരുന്ന ഓരോ സ്ഥലങ്ങളിലെ ബിഷപ്പന്മാർ കാലാന്തരത്തിൽ പാത്രിയർക്കീസന്മാരായോ കാതോലിക്കാമാരായോ ഉയർത്തപ്പെടാനിടയായത്. ഈ ഓരോ പ്രധാന മേൽപ്പട്ടക്കാരും അവരവരോടുകൂടി ചേർന്നുനിന്ന ബിഷപ്പന്മാരും കൂടിച്ചേരുന്ന സംഘത്തിന് അതതു വകുപ്പുകളുടെ സിനഡ് എന്നോ സുന്നഹദോസെന്നോ പേരു പ്രസ്താവിക്കയും ഈ സുന്നഹദോസ് കൂടി അതതു സഭാകാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തുവന്നു. എന്നാൽ എല്ലാ ക്രിസ്തീയ സഭകളെയും പൊതുവായി ബന്ധിക്കുന്നവനായി കാതലായ വിശ്വാസാചാര നടപടികളെപ്പറ്റി ഉണ്ടായ അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ച് ആലോചിച്ചു സമ്മതമായ തീർച്ചകൾ ചെയ്യാനായി പൊതു സുന്നഹദോസുകൾ (എക്യുമെനിക്കൽ സിനേഡ്സ്) കൂടേണ്ട ആവശ്യം ആരംഭം മുതലേ നേരിട്ടു. നിഖ്യാ,കോൺസ്റ്റാന്റിനോപ്പിൾ, എഫീസസ് മുതലായ സ്ഥലങ്ങളിൽ കൂടിയ പൊതു സുന്നഹദോസുകളിലെ തീരുമാനങ്ങളുടെ പ്രാമാണ്യത്തെ ചില പ്രൊട്ടസ്റ്റന്റു സഭക്കാരൊഴിച്ചു പൗരസ്ത്യരും പാശ്ചാത്യരുമായ എല്ലാ ക്രിസ്തീയ വകുപ്പുകാരും സ്വീകരിച്ചുവരുന്നു. കാൽസിഡൻ അല്ലെങ്കിൽ കൽക്കുദോനിയാ എന്ന സ്ഥലത്തുവെച്ചുകൂടിയ നാലാമത്തെ പൊതു സുന്നഹദോസിൽ വെച്ചു റോമ്മാസാമ്രാജ്യക്കാരും, ഈജിപ്ത്, ഹറിയാ, പേർഷ്യാ മുതലായ പൗരസ്ത്യ രാജ്യക്കാരും തമ്മിൽ രാഷ്ട്രീയമായും മറ്റനേകം സംഗതികളിലും മുമ്പുതന്നെ ഉണ്ടായിക്കൊണ്ടിരുന്ന അഭിപ്രായവ്യത്യാസങ്ങൾ പ്രബലപ്പെടുകയും സുന്നഹദോസു യോഗങ്ങൾ കഴിഞ്ഞശേഷം ഈ പൗരസ്ത്യ രാജ്യങ്ങളിലെ ബിഷോപ്പന്മാരിൽ ഒരു വലിയ ഭാഗം ആളുകൾ സുന്നഹദോസിന്റെ പ്രാമാണ്യത്തെ നിഷേധിക്കുകയും ചെയ്തു. ഇതുമൂലം സഭ ഉടനടി രണ്ടായി പിരിഞ്ഞില്ല. രണ്ടു ഭാഗക്കാരും അവരവരുടെ ഭാഗത്തെ പ്രബലപ്പെടുത്താനായി ഉറ്റു ശ്രമിച്ചുകൊണ്ടിരുന്നു. കുസ്തന്തീനോസ് പോലീസ് പട്ടണത്തിൽ നാടുവാണിരുന്ന റോമ്മാ ചക്രവർത്തിമാരുടെ മനസ്ഥിതി അനുസരിച്ച് ഓരോ കാലത്തിൽ ഓരോ കൂട്ടർക്കു വിജയം സിദ്ധിക്കുകയും അപ്പോൾ എതിരു ഭാഗക്കാരെ കഠിനമായി ഉപദ്രവിക്കുകയും

ചെയ്യുക ഒരു പതിവായിത്തീർന്നു. മാർപാപ്പാമാർ മാത്രം ഈ ചാഞ്ചല്യങ്ങൾക്കു വഴിപ്പെടാതെ ആരംഭം മുതലേ കൽക്കദോനിയ സുന്നഹദോസിന്റെ പ്രാമാണികത്വത്തിൽ പൂർണ്ണമായി വിശ്വസിച്ചും അതിനെ പുലർത്തിയും കൊണ്ടിരുന്നു. പല ചക്രവർത്തിമാർ കൽക്കദോനിയ സുന്നഹദോസിന്റെ പരമശത്രുക്കളായിരിക്കയും അതുനിമിത്തം പൗരസ്ത്യരാജ്യങ്ങളിലെ സഭകളും മേൽപ്പട്ടക്കാരും മിക്കവാറും എതി .. ഉൾപ്പെടുകയും ചെയ്തു. ക്രിസ്താബ്ദം 518-ൽ അന്തരിച്ച അനസ്റ്റേഷ്യസ് ചക്രവർത്തിയുടെ ഇക്കൂട്ടത്തിൽ ഉൾപ്പെട്ട ഒരാളായിരുന്നു. ഈ കാലമെല്ലാം പൗരസ്ത്യസഭയും പാശ്ചാത്യ സഭയും തമ്മിൽ വേറുതിരിഞ്ഞു സമരം ചെയ്തുവന്നു. ഈ ചക്രവർത്തിയുടെ കാലശേഷം ജസ്റ്റീനിയൻ എന്നയാൾ ചക്രവർത്തി ആയതിനോടുകൂടി മട്ടെല്ലാം മാറിവീണു. ഇറ്റലി രാജ്യം ചക്രവർത്തിയുടെ അധീനത്തിൽനിന്നു വിട്ടുപോയിട്ടു വളരെക്കാലം കഴിഞ്ഞിരുന്നു. ഈ രാജ്യം തിരിച്ചുകിട്ടണമെന്നു ചക്രവർത്തിക്കുണ്ടായിരുന്ന അതിമോഹം സാധിക്കുന്നതിനു മാർപാപ്പായുടെ ആനുകൂല്യം അത്യാവശ്യമായിരുന്നു. അതിനാൽ സഭകൾ തമ്മിൽ പുനരൈക്യം ഉണ്ടാക്കണമെന്നു ചക്രവർത്തി ഹോർമ്മിസ്ദാസ് മാർപാപ്പായോട് അപേക്ഷിച്ചു. മാർപാപ്പാ ആവശ്യപ്പെട്ടപ്രകാരമെല്ലാം പൗരസ്ത്യസഭകളിലെ വിശ്വാസാചാരങ്ങൾ ഭേദപ്പെടുത്താമെന്നു ചക്രവർത്തി സമ്മതിച്ച് ഐക്യം പുനഃസ്ഥാപിതമാക്കിത്തീർക്കുകയും ചെയ്തു. എതിരുഭാഗത്തിലെ പ്രബലന്മാരായ മേലദ്ധ്യക്ഷന്മാർ അലക്സന്ത്രിയായിലെ ദീയസ്ക്കോറോസ്, അന്ത്യോഖ്യായിലെ സേവേറിയോസ് എന്നീ പാത്രിയർക്കീസന്മാരായിരുന്നു. ഈജിപ്തുകാരോടു വഴക്കിനു പുറപ്പെട്ടാൽ വലിയ കലാപമുണ്ടാകുമെന്നു ചക്രവർത്തിക്കറിയാമായിരുന്നതുകൊണ്ട് അന്ത്യോഖ്യായിലേക്കു മുഖം തിരിച്ചു. വിശ്വാസസ്ഥിരതയുണ്ടായിരുന്ന പാത്രിയർക്കീസന്മാർ ഈജിപ്തിൽ പോയി അഭയം പ്രാപിച്ചു. സിറിയയിൽ കൽക്കദോനിയ സുന്നഹദോസിനു കീഴ്പ്പെടാത്ത മേൽപ്പട്ടക്കാർ മറ്റ് മെത്രാന്മാരെ വാഴിച്ചാൽ അവർക്കു മരണശിക്ഷ കൊടുക്കുമെന്നു ചക്രവർത്തി വിളംബരം പ്രസിദ്ധപ്പെടുത്തി. ... ല്ലാമിലെ ജോൺ എന്ന മെത്രാൻ മോണോഫിസൈറ്റ് വിശ്വാസത്തിലുണ്ടായിരുന്നു. ഈ ദേഹത്തെ വധിക്കുകയും ചെയ്തു. എന്നാൽ ... ചക്രവർത്തിയുടെ ഭാര്യയായ ... ചക്രവർത്തിനി മോണോഫിസൈറ്റ് വിശ്വാസത്തിൽ സ്ഥിരപ്പെട്ട ഒരാളായിരുന്നു. അതിനാൽ .... ലുള്ള പലരേയും .... സഹായിക്കയും ..... തടവിൽ കിടന്ന ബിഷോപ്പുമാരിൽ നിന്ന് ...... മറ്റു മേൽപ്പട്ടക്കാർ സ്ഥാനം പ്രാപിക്കയും ചെയ്യുന്നതിനിടയായി. ഈ കൂട്ടത്തിൽ യാക്കോബ് ബുർദ്ദാന എന്ന പ്രധാന മേൽപ്പട്ടക്കാരൻ മെത്രാനായി. ....ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ അക്ഷീണപരിശ്രമം നിമിത്തം മോണോഫിസൈറ്റ് വിശ്വാസത്തിന് ..... പ്രാബല്യമുണ്ടാവുകയും ചെയ്തു. അങ്ങനെ സുന്നഹദോസിനാലും ..... പാത്രിയർക്കീസന്മാരാലും ബഹിഷ്ക്കരിക്കുകയും ചക്രവർത്തിയാൽ തടവിലാക്കപ്പെടുകയും ചെയ്ത യാക്കോബു ബുർദ്ദാന

അഭിഷേകം ചെയ്ത മേൽപ്പട്ടക്കാർ .... എന്നിവരാണു യാക്കോബായസഭയുടെ പാത്രിയർക്കീസ് സിംഹാസനം നിലനിർത്തിപ്പോന്നിട്ടുള്ളതെന്നുള്ള സംഗതി നിസ്തർക്കമാണ്. മേൽ വിവരിച്ചപ്രകാരം കാൽസീഡൻ സുന്നഹദോസിനാൽ മുടക്കപ്പെട്ടവരും ബഹിഷ്ക്കരിക്കപ്പെട്ടവരുമായ ഏതാനും മേൽപ്പട്ടക്കാർ മുടക്കിന്റെ ശേഷം ജയിലിൽ കിടന്നുകൊണ്ട് യാക്കോബു ബുർദ്ദാനായുടെ തലയിൽ കൈവെച്ച് അദ്ദേഹത്തെ മേൽപ്പട്ടക്കാരനാക്കി എന്നുള്ളതിനെപ്പറ്റി എതിരുകക്ഷിക്കാർക്കുപോലും യാതൊരു തർക്കവും പുറപ്പെടുവിക്കാൻ പാടില്ലാത്തവിധത്തിൽ ആ സംഭവം നടന്നതാകയാൽ യാക്കോബു ബുർദ്ദാനാ മൂലം ഉണ്ടായ മേൽപ്പട്ടക്കാർക്കു പട്ടത്വമില്ലെന്നു റോമൻ കത്തോലിക്കാസഭ പോലും വാദിക്കുന്നില്ല. യേശുക്രിസ്തു മൂലം കൈവെപ്പു സിദ്ധിച്ച മേൽപ്പട്ടക്കാരിൽനിന്നു കൈവെപ്പ് സിദ്ധിച്ചവർക്ക് ഈ ദിവ്യ നൽവരം ലഭിക്കുന്നതാണെന്നും ഒരു പാത്രിയർക്കീസിന്റെയോ എല്ലാ പാത്രിയർക്കീസന്മാരും ബിഷപ്പന്മാരും കൂടിയ പൊതു സുന്നഹദോസിന്റെയോ മുടക്കുകൊണ്ടു പോലും മായിച്ചുകളയാൻ പാടില്ലാത്ത ഒരു സ്വർഗ്ഗീയ മുദ്ര ഇങ്ങനെ കൈവെപ്പു പ്രാപിച്ചവരിൽ പതിയുന്നു എന്നുള്ളത് ക്രിസ്തീയസഭയുടെ കാതലായ ഒരു വിശ്വാസമാണ്. ഇവരുടെ മേൽപ്പട്ടത്വത്തിലോ പട്ടത്വത്തിലോ ന്യായമായ മേലധികാരത്തെ സ്വീകരിച്ചില്ലെന്നും മറ്റുമുള്ള വീഴ്ചകൾ ഉണ്ടെന്നല്ലാതെ ഇങ്ങനെ മുടക്കപ്പെട്ട മേൽപ്പട്ടക്കാർക്കോ അവർ കൈവെച്ച് അഭിഷേകം ചെയ്ത മറ്റു മേൽപ്പട്ടക്കാർക്കോ മേൽപ്പട്ടത്വത്തിന്റെ നൽവരമില്ലെന്നു റോമൻ കത്തോലിക്കാസഭ പോലും പറയുന്നില്ല. മേൽവിവരിച്ചപ്രകാരം ജയിലിൽകിടന്ന മേൽപ്പട്ടക്കാരിൽ നിന്നു മേൽപ്പട്ടം സിദ്ധിച്ച യാക്കോബു ബുർദ്ദാന മൂലം കൈവെപ്പു കിട്ടിയിട്ടുള്ള സുറിയാനിസഭയിലെ പട്ടക്കാർ കത്തോലിക്കാസഭയിൽ ചേർന്നാൽ വീണ്ടും പട്ടം കൊടുക്കുക പതിവില്ലെന്നു മാത്രമല്ല പട്ടം കൊടുക്കുന്നതായാൽ അതൊരു കഠിന പാപമായി കൂടി ഗണിക്കപ്പെട്ടും വരുന്നു. എല്ലാ ക്രിസ്തീയസഭയുടെ ഇടയിലും പട്ടത്തെപ്പറ്റിയുള്ള വിശ്വാസം ഇങ്ങനെയാണ്. ഒരു പാത്രിയർക്കീസിനാലല്ല, ഒരു പൊതു സുന്നഹദോസിൽ മുടക്കപ്പെട്ട ബിഷപ്പന്മാരിൽ നിന്നു രഹസ്യമായി മേൽപ്പട്ടക്കാരനായി കൈവെപ്പു പ്രാപിച്ച യാക്കോബു ബുർദ്ദാനായിൽ നിന്നുള്ള കൈവെപ്പു മാത്രമാണ് അബ്ദുള്ളാ പാത്രിയർക്കീസു ബാവാ മുതലായവർക്കുള്ളതെന്ന സംഗതിയും സർവ്വസമ്മതമാണ്. ഇങ്ങനെയുള്ള ഒരു പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളെ മുടക്കിയതിനാൽ മെത്രാപ്പോലീത്താ അവർകളുടെ മേൽപ്പട്ടത്വവും പട്ടത്വവും നിശ്ശേഷം മാഞ്ഞുപോയി എന്നാണല്ലോ ഒരു കൂട്ടർ ശഠിച്ചുവരുന്നത്. ലോകത്തിൽ കാര്യവിവരമുള്ള ആരെങ്കിലും ഇങ്ങനെ പറയുന്നതല്ല. ചരിത്രം ഇവരുടെ മിഥ്യാവാദങ്ങളെപ്പറ്റി എന്തു പറയുമെന്നുള്ളതു വിചാരിച്ചുനോക്കിയാൽ ലജ്ജിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ കൂട്ടർ മുടക്കപ്പെട്ടവരെന്ന് പറയുന്ന പട്ടക്കാരിലാരെങ്കിലും റോമൻ കത്തോലിക്കാ സഭയിൽ ചേർന്നാൽ മുടക്കില്ലെന്നു ഈ കൂട്ടർ പറയുന്ന

പട്ടക്കാരിലാരെയെങ്കിലും കത്തോലിക്കാ സഭയിൽ ചേർക്കുന്ന വിധത്തിൽ തന്നെ മറ്റവരേയും സ്വീകരിക്കുമോ എന്നുള്ളത് ഇപ്പോൾ തന്നെ നാമെല്ലാവരും കണ്ടു ബോധിച്ചിരിക്കുന്ന സംഗതിയാണ്. ലോകത്തിൽ ന്യായമായ കൈവെപ്പുള്ളവരെന്ന് സമ്മതിക്കപ്പെട്ടിട്ടുള്ള മേൽപ്പട്ടക്കാരിൽ ഭൂരിപക്ഷം ആളുകളും സമ്മതിക്കുന്ന ഈ പരമസത്യം സത്യമല്ലെന്നു വാദിക്കുന്നവരായി മാർ യൂലിയോസ്സ്, മാർ ഒസ്താത്ത്യോസ് മുതലായി ഏതാനും തുർക്കി ബിഷപ്പുമാരും അവരുടെ അജ്ഞത്വത്തെപ്പറ്റി മനസ്സിലാക്കുവാൻ ശക്തിയില്ലാത്തവരും മനസ്സിലായിട്ടുണ്ടെങ്കിലും അന്യോന്യമുള്ള വഴക്കുകൊണ്ട് വെളിയിൽ സമ്മതിക്കാത്തവരുമായി ചുരുക്കം ചിലയാളുകളും കാണിക്കുന്നത് സർവ്വാബദ്ധങ്ങളാണ്. വാസ്തവത്തിൽ അവർ ശഠിക്കുന്നത് കേട്ടാൽ ഭൂമിയിൽ തങ്ങൾക്കു സുബുദ്ധിയുണ്ടെന്നും മറ്റുള്ളവർക്ക് എല്ലാവർക്കുമാണ് ഭ്രാന്തെന്നും ഭാവിക്കുകയും പറകയും ചെയ്യുന്ന ഭ്രാന്തന്മാരെയാണ് മനസ്സിൽ ഓർമ്മ വരുന്നത്. അങ്ങനെയുള്ളവരെ നാം വെറുക്കുകയോ അവരേപ്പറ്റി മനസ്സിൽ പാരുഷ്യം വച്ചുകൊണ്ടിരിക്കയോ ചെയ്യാതെ തുർക്കി ചരിത്രത്തിൽ ഇവർക്കു തുടരെ നേരിട്ടുകൊണ്ടിരുന്നിട്ടുള്ള ആപത്തുകളിൽക്കൂടി നാം കടന്നുപോകേണ്ടി വരുന്നതിൽ ഇവരേക്കാൾ ഉൽകൃഷ്ടമോ .... തമോ ആയ ഒരു മനസ്ഥിതി നമുക്കുണ്ടാവുമോ എന്നു നാം ഗാഢമായി പര്യാലോചിച്ചു നോക്കേണ്ടതാണെന്നും ..... വ്വമായ അനുകമ്പയോടുകൂടി ..... വികല്പങ്ങളെ ക്ഷമിക്കേണ്ടതാണെന്നും മാത്രം പറഞ്ഞുകൊണ്ട് ..... സംഗതി വിട്ടിരിക്കുന്നു.

ഒരുമിച്ചു ചേർന്ന് ......ൻമാർ കൂടി അവരുടെ ..... മേൽപട്ടക്കാരനായി കാതോലിക്കാ എന്നോ പാത്രിയർക്കീസെന്ന പേരിലോ അദ്ധ്യക്ഷന്മാരെ അവരോധിക്കാറുണ്ടെന്നു മേൽപ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്ത്യോഖ്യാ പാത്രിയർക്കീസു സംസ്ഥാപിതമായി ഏറെത്താമസിയാതെതന്നെ സെലൂഖ്യായിലെ കാതോലിക്കായുമുണ്ടായി. അന്ത്യോഖ്യാ പട്ടണം റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ടു കിടന്നു. പേർഷ്യാ, ഇൻഡ്യാ മുതലായ മറ്റു ഭരണത്തിൻകീഴിൽ ഉൾപ്പെട്ടിരുന്ന മേൽപ്പട്ടക്കാർക്ക് അന്ത്യോഖ്യാ പാത്രിയർക്കീസു മാത്രം തങ്ങളുടെ പ്രധാനാദ്ധ്യക്ഷനായിരുന്നതുനിമിത്തം പല അസൗകര്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതിനാലാണ് ഇങ്ങനെ ഒരു കാതോലിക്കാസ്ഥാനം ഉണ്ടാകാനിടയായത്. ക്രിസ്താബ്ദം നാനൂറിനും അഞ്ഞൂറിനും മദ്ധ്യേ മുതൽ കാതോലിക്കാസ്ഥാനമുണ്ടായി എന്നുള്ളത് സർവസമ്മതമാണ്. അതിനു മുമ്പായി തന്നെ ഇതുണ്ടായിട്ടുണ്ടെന്നു ഐതിഹ്യമുണ്ടെന്നിരുന്നാലും അതിലേക്കു ചരിത്രത്തിൽ മതിയായ ലക്ഷ്യമില്ല. ഏതായാലും അന്നുമുതൽ വളരെക്കാലത്തേക്കു - അതായത് രാജ്യഭരണസംബന്ധമായ വിപ്ലവങ്ങൾ കൊണ്ടും മറ്റും കാതോലിക്കാസ്ഥാനം തന്നെ നിന്നു പോയതുവരെ - മലങ്കരസഭ സെലൂക്യയിലെ (കുറേകഴിഞ്ഞപ്പോൾ ഇവരുടെ ആസ്ഥാനം പേർഷ്യയിലെ വേറൊരു പട്ടണമായ തിഗ്രീസിലേക്കു മാറ്റപ്പെട്ടു) കാതോലിക്കായ്ക്കു

കീഴ്പ്പെട്ടിരുന്നു എന്നുള്ളതും സർവസമ്മതമാണ്. കാതോലിക്കായും പാത്രിയർക്കീസും കൂടെഒരു സ്ഥലത്തു കൂടിയാൽ പ്രാഥമ്യം പാത്രിയർക്കീസിനാണെന്നും ദിവ്യാരാധനകളിലും മറ്റും പ്രധാന പുരോഹിതൻ ഉച്ചരിക്കേണ്ട ഭാഗങ്ങൾ ഉച്ചരിക്കാനുള്ള അധികാരം പാത്രിയർക്കീസിനാണെന്നുമുള്ളതൊഴിച്ചു കാതോലിക്കാസ്ഥാനവും പാത്രിയർക്കാസ്ഥാനവും തമ്മിൽ മറ്റു യാതൊരു വ്യത്യാസവും ഏറ്റക്കുറച്ചിലുമില്ലായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും തിഗ്രീസിലെ കാതോലിക്കായുടേയും കീഴിൽ ഇരുന്ന സഭകൾ തമ്മിൽ വിശ്വാസസംഗതികളിലും മറ്റും യാതൊരു വ്യത്യാസവുമില്ലാതിരുന്നതിനാൽ ഇവ വേർപെട്ട രണ്ടു സഭകളായിരിക്കുന്നതു വിഹിതമല്ലെന്നും അതിനാൽ ഇവർ തമ്മിലുള്ള യോജിപ്പു ദൃഢീകരിക്കുന്നതിനും മറ്റുള്ളവർക്കു ദൃഷ്ടിഗോചരമാക്കിത്തീർക്കുന്നതിനുമായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ അഭിഷേകം ചെയ്യുന്നതു തിഗ്രീസിലെ കാതോലിക്കായെ അഭിഷേകം ചെയ്യുന്നതു അന്ത്യോഖ്യാ പാത്രിയർക്കീസായിരിക്കണമെന്നും അന്ത്യോഖ്യായിലെ യൂഹാനോൻ പാത്രിയർക്കീസിന്റെ ആവശ്യപ്രകാരം ഇവർ തമ്മിൽ ഒരു ഉടമ്പടി ചെയ്തു. കാതോലിക്കാസ്ഥാനം നിന്നുപോയ സമയം വരെ ആ ഉടമ്പടിപ്രകാരം സംഗതികൾ തുടർന്നുകൊണ്ടുപോകയും ചെയ്തു.

ന്യായമായ കൈവെപ്പു സിദ്ധിച്ചിട്ടുള്ള മേൽപ്പട്ടക്കാർ കൂടി മറ്റു മേൽപ്പട്ടക്കാരെയും, കാതോലിക്കായേയും, പാത്രിയർക്കീസിനെയും വാഴിക്കാമെന്നുള്ളത് മേൽപ്പട്ടസ്ഥാനത്തിന് സ്വതസിദ്ധമായി ഉള്ള ഒരധികാരശക്തിയാണ്. ഹിന്ദുമതത്തിൽ ഓരോ മഠാധിപതികളും മറ്റും അവർ മരിക്കുന്നതിനു മുമ്പായി ഇന്നാർ അവരുടെ പിൻഗാമികളായിരിക്കണമെന്നു തീർച്ചയാക്കുക പതിവുണ്ട്. എന്നാൽ ക്രിസ്തു സഭയിൽ മാർപാപ്പാ, പാത്രിയർക്കീസു, കാതോലിക്കാ എന്നീ പ്രധാനാദ്ധ്യക്ഷന്മാരെ സംബന്ധിച്ചിടത്തോളം ഇതു പതിവില്ലെന്നു മാത്രമല്ല ഒരു പ്രധാനാദ്ധ്യക്ഷനും തന്റെ പിൻതുടർച്ചക്കാരനെ നിയമിക്കാൻ പാടില്ലെന്നു കാനോൻ ചട്ടങ്ങളിൽ കഠിനമായി വിരോധിക്ക പോലും ചെയ്തിട്ടുണ്ട്. അതിനാൽ ബിഷോപ്പന്മാരുടെ സുന്നഹദോസിലും അല്ലെങ്കിൽ സംഘത്തിനു ... പാത്രിയർക്കീസിനേയോ കാതോലിക്കായേയോ ... പാടില്ലെന്നു ഒരു വിധത്തിലും ..... അബ്ദുള്ളാ പാത്രിയർക്കീസ് ഇപ്പോഴത്തെ ഏലിയാസു പാത്രിയർക്കീസു മുതലായവരെ ഒരു ..... തെരഞ്ഞെടുത്തു വാഴിക്കപ്പെട്ടെന്നും സാധാരണ ബിഷപ്പന്മാർ .... ചേർന്നു അവരോധിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ആ കക്ഷികൾ സമ്മതിക്കുന്നതാണല്ലോ. .... അബ്ദേദ് മശിഹാ പാത്രിയർക്കീസിനാൽ മെത്രാപ്പോലീത്താമാരായി നിയമിക്കപ്പെട്ട മേൽപ്പട്ടക്കാരിൽ നിന്ന് ഒരാളെ ഒരു കാതോലിക്കായായോ ഒരു പാത്രിയർക്കീസായോ അവരോധിക്കാൻ സ്വതസിദ്ധമായി അവർക്ക് അധികാരം ഉള്ളതാണ്. ഈ അധികാരം കുറെക്കാലമായി പ്രയോഗിക്കാതിരുന്നതിനാൽ പാത്രിയർക്കീസിന്റെ അനുമതി കൂടാതെ ഈ അധികാരം

പ്രയോഗിക്കുവാൻ പാത്രിയർക്കീസിൽനിന്നും സ്ഥാനം സിദ്ധിച്ച മേൽപ്പട്ട ക്കാർക്കു സമ്മതവും ധൈര്യവും ഇല്ലാതിരുന്നതിനെപ്പറ്റി അൽഭുതപ്പെടാനില്ല. എന്നാൽ അബ്ദേദ് മശിഹാ പാത്രിയർക്കീസുബാവാ മലങ്കരസഭയിലെ മേൽപ്പട്ടക്കാർക്ക് ഇതിലേക്ക് അനുവാദം കൊടുക്കുകയും ഈ അവകാശം ആർക്കും തടയുവാനോ എടുത്തുകളയുവാനോ അധികാരമില്ലെന്നു രേഖ പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അബ്ദേദ് മിശിഹാ ബാവായുടെ സ്ഥാനത്തി നെന്തെങ്കിലും ന്യൂനതയുണ്ടെന്നും മറ്റും ചില കൂട്ടർ കൽപിക്കുന്നുണ്ടെങ്കിലും ലോകമാസകലമുള്ള ക്രിസ്തീയ സഭയോ ചരിത്രമോ ഇതു സമ്മതിക്കു ന്നതല്ല.

അബ്ദുള്ളാ ബാവായുടെ മുടക്കുപ്രയോഗം മുതലായവ ന്യായരഹിതവും അസാധുവുമാണെന്നാണല്ലോ മലങ്കര സുറിയാനി സഭാംഗങ്ങളിൽ ഭൂരിപക്ഷം ആളുകളും വിശ്വസിച്ചുവരുന്നത്. എന്നാൽ ക്രിസ്തീയസഭ നിലനിറുത്തി ഭരി ച്ചുകൊണ്ടു പോകാനുള്ള അധികാരം പൂർവകാലം മുതലേ നടപ്പുകൊണ്ടും സുന്നഹദോസുകളുടെ തീരുമാനം കൊണ്ടും മെത്രാന്മാരിലാണ് സ്ഥിതി ചെയ്യുന്നത്. മെത്രാന്മാരെ പുതുതായി വാഴിക്കുന്നതും മറ്റും മെത്രാന്മാരുടെ സംഘത്തിന് അധികാരമുള്ള സംഗതിയാണെന്നിരുന്നാലും വളരെക്കാലമായി ചരിത്രസമ്മതി സിദ്ധിച്ചിട്ടുള്ള എല്ലാ ക്രിസ്തീയ സഭകളിലേയും നടപടി മെത്രാന്മാരുടെ സംഘം കൂടി ഒരു കാതോലിക്കായെയോ ഒരു പാത്രിയർക്കീ സിനേയോ വാഴിക്കണമെന്നും ഇങ്ങനെ വാഴിക്കപ്പെടുന്ന പാത്രിയർക്കീസോ കാതോലിക്കായോ നേരിട്ടുതന്നെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അനുമ തികളോടുകൂടിയും പ്രതിനിധികളായും മൂന്നിൽ കുറയാതെ ബിഷപ്പന്മാർ കൂടി ചേർന്നോ മെത്രാന്മാരെ വാഴിക്കണമെന്നാണ് വളരെക്കാലം നിലനി ന്നിട്ടുള്ള നടപ്പ്. അബ്ദുള്ളാ ബാവായുടെ നടപടിപ്പിശകുകൾക്ക് ശേഷം പൗരസ്ത്യ കാതോലിക്കാസ്ഥാനം മലങ്കരയിൽ പുനഃസ്ഥാപിക്കാനുള്ള സകല ഏർപ്പാടുകളും പൂർത്തിയാക്കി വെച്ചുവെങ്കിലും അന്ത്യോഖ്യാ സഭ യുമായി വേർപെടാതിരിക്കണമെന്നും മലങ്കരസഭയിൽ ഭിന്നതയുണ്ടാകാതി രിക്കണമെന്നും നേതാക്കന്മാർക്ക് അതിയായ ആഗ്രഹം ഉണ്ടായിരുന്നതു കൊണ്ടും വളരെക്കാലം മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായുടെ പിൻഗാമിയായി ഒരാളെ അവരോധിക്കാതെയിരുന്നതും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ മർദ്ദീനിൽ പോയതും ന്യായമായി വഴിപ്പെടാ വുന്ന എല്ലാ സംഗതികളും സമ്മതിച്ചു എന്നുള്ളതും എല്ലാവർക്കും അറിയാ വുന്ന സംഗതിയാണ്. ഇതിനും പുറമേ മർദ്ദീനിലെ പാത്രിയർക്കീസിന്റെ ഇപ്പോഴത്തെ അവസ്ഥ വിചാരിച്ചുനോക്കിയാൽ പാത്രിയർക്കാസ്ഥാനം മേലാൽ നിലനിൽക്കുമെന്നുള്ള ആശ പോലും നശിക്കയും ചെയ്തിരിക്കുന്നു. ഇതിനേപ്പറ്റി ഇവിടെക്കിട്ടിയ അറിവു മനോരമയിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ അത് അവാസ്തവമാണെന്നു തുർക്കി മെത്രാന്മാരും കൂട്ടരും കൊട്ടിഗ്

ഘോഷിച്ചു വന്നുവല്ലോ. അബ്ദേദ് മിശിഹാ പാത്രിയർക്കീസു ബാവാ ഇവിടെ വരുവാനിടയുണ്ടെന്നു മനോരമയിൽ പ്രസ്താവിച്ചപ്പോൾ അതിനെപ്പറ്റിയും ഈ കൂട്ടർ ഇങ്ങനെ തന്നെയായിരുന്നുവല്ലോ പറഞ്ഞുവന്നത്. മർദ്ദീനിലെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി ഇന്ന വഴിയിൽ നിന്നാണറിവു കിട്ടിയതെന്നു പല കാരണങ്ങളാലും വെളിപ്പെടുത്താതിരിക്കയായിരുന്നു. എങ്കിലും ഇപ്പോഴത്തെ ഘട്ടത്തിൽ ഈ സംഗതി വെളിപ്പെടുത്താതിരിക്കുന്നതു വിഹിതമല്ലെന്നു തോന്നുന്നതിനാൽ വാസ്തവം പറഞ്ഞുകൊള്ളുന്നു. സുറിയാനിക്കാരിൽ നിന്നു റോമൻ കത്തോലിക്കാ സഭയിൽ ചേർന്നിട്ടുള്ളവരായ സുറിയാനിക്കാരുടെ മേലദ്ധ്യക്ഷനും അഗാധ പണ്ഡിതനെന്നും സർവ്വസമ്മതനായ സാത്വികനെന്നും പൊതുസമ്മതി പ്രാപിച്ചിട്ടുള്ള ആളും പൗരസ്ത്യതാരക (Star of the East) എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആളുമായ ദേഹത്തിന്റെ ഒരെഴുത്താണ് ഇതിനെപ്പറ്റി ഇവിടെ കിട്ടിയിട്ടുള്ളത്. ഇദ്ദേഹത്തിന്റെ പേര് അപ്രേം റഹമാനി എന്നാണ്. ഇദ്ദേഹത്തിന്റെ സ്ഥാനമോ അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്നാണ്. ഇദ്ദേഹവും നമ്മുടെ അന്ത്യോഖ്യാ ബാവാമാരുടെ വർഗ്ഗത്തിൽ ഉൾപ്പെട്ട ഒരു സുറിയാനിക്കാരനാണ്. ഇദ്ദേഹം ഫ്രാൻസുകാരുടെ അധീനത്തിലിരിക്കുന്ന സിറിയാ രാജ്യത്തിലെ ആലപ്പോ പട്ടണത്തിൽ താമസിച്ചുവരുന്നു. അബ്ദുള്ളാ പാത്രിയർക്കീസുബാവാ റോമൻ കത്തോലിക്കാസഭയിൽ ചേർന്നശേഷം പത്തു വർഷക്കാലം അപ്രേം റഹമാനി എന്ന ഈ പാത്രിയർക്കീസു ബാവായുടെ കീഴിൽ അദ്ദേഹത്തിന്റെ ശമ്പളം പറ്റിക്കൊണ്ടാണ് കഴിച്ചുകൂട്ടിയത്. മർദ്ദീൻ പട്ടണത്തിലെ ദേവാലയങ്ങളും മറ്റും തുർക്കി പട്ടാളക്കാരുടെ വാസസ്ഥലമാക്കിയെന്നും പാത്രിയർക്കീസുബാവായെ അദ്ദേഹത്തിന്റെ പൗരോഹിത്യത്തെ സൂചിപ്പിക്കുന്ന വേഷങ്ങളെല്ലാം മാറ്റി ഒരു അയ്മേനിയുടെ വേഷം മാത്രം ധരിപ്പിച്ചു പട്ടാളക്കാരുടെ പാറാവിൽ താമസിപ്പിച്ചിരിക്കുന്നു എന്നും എഴുതി അറിയിച്ചിരിക്കുന്നതു മേൽപ്പറഞ്ഞ വിധത്തിലിരിക്കുന്ന ഒരു മഹാനാണെന്നും ആ എഴുത്ത് ആർക്കും കാണത്തക്കവണ്ണം കൈവശമുണ്ടെന്നും പറഞ്ഞാൽ തുർക്കി മെത്രാന്മാരും അവരുടെ കൂട്ടരുമല്ലാതെ ഈ സംഗതി അവിശ്വസിക്കുന്നതല്ലല്ലോ. ഇതുപോലെ തന്നെ വിശ്വാസയോഗ്യമായ വേറൊരെഴുത്ത് ഈയിടെ ഇവിടെ കിട്ടിയതിൽ പാത്രിയർക്കീസു ബാവാ തുർക്കി പട്ടാളക്കാരിൽ നിന്നു രക്ഷപെടാൻ കഴിയുന്നത്ര പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നും റഹമാനി പാത്രിയർക്കീസിന്റ എഴുത്തിൽ വിവരിച്ചിരുന്നു. ഏലിയാസ് പാത്രിയർക്കീസു ബാവാ ഇപ്പോൾ ഏതുവിധത്തിലോ തുർക്കിയിൽ നിന്നു രക്ഷപെട്ടു ബ്രിട്ടീഷാധിപത്യത്തിൻകീഴിലുള്ള രാജ്യങ്ങളിൽ താമസിച്ചുവരുന്നു. ഇദ്ദേഹത്തിനിനിയും തുർക്കിരാജ്യത്തിൽ കടക്കാനോ മർദ്ദീനിലെ പാത്രിയർക്കീസ് സിംഹാസനത്തിലിരിക്കാനോ സാധിക്കുമെന്നു വിചാരിക്കാനും തരമില്ല.

തുർക്കിയിലുള്ള മേൽപ്പട്ടക്കാർ വേറൊരാളെ പാത്രിയർക്കീസായി വാഴിച്ചിട്ടുള്ളതായും ഒരു കേൾവിയുണ്ട്. ആകപ്പാടെ വിചാരിച്ചാൽ ഏലിയാസു പാത്രിയർക്കീസിന്റെ അധികാരം പ്രയോഗിക്കുവാൻ സൗകര്യമുള്ളതായി ശേഷിച്ചിട്ടുള്ള സ്ഥലങ്ങൾ ഇറാക്കിലും പലസ്റ്റൈനിലും ഉള്ള ചുരുക്കം ചില പട്ടണങ്ങളും മലങ്കരയും ആണ്. മലങ്കരയിൽ അദ്ദേഹത്തിന്റെ പേരുവെച്ചു പല വിധികളും മുടക്കുകളും മുടക്കുതീർക്കലുകളും പ്രചരിപ്പിച്ചു വരുന്നുണ്ട്. ഇങ്ങനെയുള്ള പരിതസ്ഥിതികളെപ്പറ്റി വ്യാകുലഹൃദയന്മാരും മർദ്ദീനിലെ സംഗതികളെപ്പറ്റി കേട്ട അറിവുകൾ എല്ലാം അക്ഷരപ്രകാരം സത്യമാണെന്നു പൂർണ്ണബോധമുള്ളവരും ചുമതലാബോധമുള്ളവരുമായ നേതാക്കന്മാർക്ക് മേൽ വിവരിച്ച എല്ലാ സംഗതികളും ആലോചിച്ചുനോക്കിയ ശേഷവും ഇപ്പോൾ മലങ്കരയിൽ കാതോലിക്കാസ്ഥാനം നില... ഗത്യന്തരമില്ലെന്നു ..... അത്ഭുതപ്പെടാനില്ല. ... വടക്കുള്ള ചില ... സമുദായ നന്മയെ മാത്രം ... ന്മാർക്കു ദുഃഖമില്ലാത്തതുകൊണ്ടല്ല ഇങ്ങനെ ചെയ്തിട്ടുള്ളതെന്നുള്ള സംഗതി അവർ പ്രത്യേകം ധരിച്ചിരിക്കണമെന്നാഗ്രഹിക്കുന്നു. ഇപ്പോഴത്തെ ഘട്ടത്തിൽ ഇവിടെയുള്ള ബിഷപ്പന്മാരുടെ സംഘം കൂടി കാതോലിക്കായേയോ പാത്രിയർക്കീസിനേയോ വാഴിക്കാൻ മാർഗ്ഗമുണ്ടാക്കുന്നു എന്നുള്ളത് മേൽ വിവരിച്ച സംഗതികളിൽ നിന്നു കാണാവുന്നതാണല്ലോ. മർദ്ദീനിലോ മറ്റോ സ്വതന്ത്രനും വിശ്വാസസ്ഥിരതയുള്ള ആളും കാനോനികമായി സ്ഥാനം ലഭിച്ചിട്ടുള്ള ആളുമായ ഒരു പാത്രിയർക്കീസ് ഉണ്ടാകുന്നപക്ഷം അദ്ദേഹത്തെ പാത്രിയർക്കീസായി മലങ്കര ജനങ്ങളും സ്വീകരിക്കാനുള്ള മാർഗ്ഗം തടയരുതെന്നുള്ള ഏക ആഗ്രഹം കൊണ്ടു മാത്രമാണ് കാതോലിക്കാസ്ഥാനം കൊണ്ടു തൃപ്തിപ്പെടണമെന്നു തീർച്ചയാക്കിയതെന്നുള്ള പരമാർത്ഥം വടക്കുള്ള സഭാംഗങ്ങൾ പ്രത്യേകം മനസ്സിലാക്കിയിരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. കോട്ടയം മുതൽ തെക്കോട്ടുള്ള ആളുകളുടെ പ്രത്യേക സ്വത്തായി കാതോലിക്കായെ ആരുംതന്നെ ഉദ്ദേശിച്ചിട്ടില്ല. കാലതാമസം കൂടാതെ എല്ലാവർക്കും സംഗതികളുടെ യാഥാർത്ഥ്യം ബോധ്യപ്പെടുമെന്നും മലങ്കരസഭയുടെ യോജിപ്പിനും നിലനിൽപ്പിനും ഏക മാർഗ്ഗം ഈ കാതോലിക്കാസ്ഥാനമല്ലാതെ മറ്റൊന്നും ഇപ്പോൾ മനുഷ്യദൃഷ്ടിക്കു കാണാനില്ലെന്ന് അവർ സമ്മതിക്കുമെന്നും ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ക്രിസ്തുസഭയുടെ ആരംഭം മുതൽ ഉണ്ടായിട്ടുള്ള സർവ്വപ്രധാനങ്ങളായ ചരിത്രസംഭവങ്ങളോടു ഗാഢമായ സംബന്ധമുള്ളതും ചരിത്രദൃഷ്ട്യാ ക്രിസ്തീയ സഭാചരിത്രത്തിലെ ഒരു പ്രധാന സംഭവമെന്നു ഭാവിയിൽ ഐകകണ്ഠ്യേന സമ്മതിക്കേണ്ടി വരുന്നതും ജ്ഞാനചക്ഷുസ്സുള്ള എല്ലാവർക്കും അനിവാച്യമായ ഗൌരവമുള്ള ഒരു സംഭവമെന്നു ഇപ്പോൾത്തന്നെ കാണാവുന്നതുമായ ഒരു സംഗതിയാണ് ഇന്നലെ കോട്ടയത്തുകാരും ഇതര ഇടവകകളിൽനിന്നു വന്നുകൂടിയ ബഹുജനങ്ങളും ആബാലവൃദ്ധം എത്രമാത്രം യോജിപ്പോടും ആഹ്ലാദത്തോടും കൂടിയാണ് ഈ സംഗതിയിൽ സഹകരിച്ചതെന്നും എത്ര വലിയ ആൾക്കൂട്ടം

ഇവിടെ ഉണ്ടായിരുന്നുവെന്നും മറ്റുമുള്ള ഇതു കൂടിയിരുന്ന എല്ലാ സഭാംഗങ്ങൾക്കും അത്യന്തം കൃതാർത്ഥതാജനകമായിരുന്നു എന്നുള്ള സംഗതിയും സവിശേഷം പ്രസ്താവയോഗ്യമാണ്.

ചരിത്രപ്രസിദ്ധന്മാരായ അനേകം പുരോഹിത ശ്രേഷ്ഠന്മാരുടെ പിൻഗാമിയായും മൂന്നാമത്തെ പൗരസ്ത്യ കാതോലിക്കായായും അവരോധിക്കപ്പെട്ടിട്ടുള്ള യഥാർത്ഥ സിദ്ധനും സ്വസമുദായോന്നതിക്കായി സർവ്വാത്മനാ പ്രയത്നിക്കാനും ഏതുവിധം പ്രയാസങ്ങളും സഹിപ്പാനും സന്നദ്ധനുമായ ആ പുണ്യാത്മാവിനെ ഞങ്ങൾ ഹൃദയപൂർവ്വം അനുമോദിക്കുകയും അദ്ദേഹത്തിന്റെ ഭരണകാലം മലങ്കരസുറിയാനിസഭയുടെ സർവ..വിശ്രേയസ്സുകൾ ..... മായിത്തീരുമെന്ന് ആശംസിക്കുകയും ചെയ്തു കൊള്ളുന്നു.

(1929 ഫെബ്രുവരി 15-ാം തീയതി പൗരസ്ത്യ കാതോലിക്കായായി ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ വാഴിക്കപ്പെട്ടതിനെക്കുറിച്ച് 16-ാം തീയതിയിലെ മനോരമയുടെ മുഖപ്രസംഗം)

കാതോലിക്കാ സ്ഥാനാരോഹണ മംഗള പ്രാർത്ഥന

(ഗാഥാ രീതി)

"ശ്രീമിശിഹാവരും വീണ്ടുമൊരിക്കലീ
ഭൂമിയി"ലെന്നേവം ചൊല്ലിക്കേൾപ്പൂ.
ആ മഹാദൈവത്തിൻപുത്രനിതുകാല-
മീ മഹിതന്നിലിറങ്ങിവന്നോ?
ഭൂതലപുണ്യപ്രഭാവത്താൽക്കാരുണ്യ-
ക്കാതലാം ദൈവത്തിനുള്ള നല്ല-
പൈതലെന്നോണം ശ്രീ മാർ ബസേലിയോസു
കാതോലിക്കാബാവാ ശോഭിക്കുന്നു.
നാട്ടിൻപുറത്തുള്ള നല്ല ജനങ്ങളാ-
മാട്ടിൻകിടാക്കളേയാകമാനം
പാട്ടിൽപ്പെടുത്തി ശ്രീ മിന്നും സഭയാകും
കൂട്ടിലൊരുനിലയ്ക്കാശു ചേർപ്പാൻ
ഇത്തിരുമേനിക്കു സർവ്വശക്തൻ ദൈവ-
മിത്തിരിയൊന്നു തുണച്ചീടട്ടെ.
ക്രിസ്തുദേവൻ തന്റെ കാരണ്യപൂരത്താൽ
നിസ്തുലകീർത്തി ലഭിച്ചു മേലാൽ
സത്യത്തേ പാലിച്ചുകൃത്യങ്ങൾസാധിച്ചു
നൽത്തിരുമേനി ജയിച്ചീടട്ടെ.

മാനമോദാത്തിഹ കാതോലിക്കാബാവാ
സ്ഥാനമിയന്നോരു സൽഗുണാഢ്യൻ
ഹാനി കൂടാതെ വിളങ്ങട്ടെയിത്തിരു-
മേനിക്കു മംഗളം തിങ്ങിടട്ടെ.

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

(മലയാള മനോരമ, 1929 ഫെബ്രുവരി 16-ലെ മുഖപ്രസംഗ പേജിൽ പ്രസിദ്ധീകരിച്ച കവിത)

പൗരസ്ത്യ കാതോലിക്കാബാവാ അവർകൾ

"മലങ്കര സുറിയാനിക്കാരുടെ ഏറ്റവും ഉയർന്ന വൈദിക മേലദ്ധ്യക്ഷനായ പൗരസ്ത്യ കാതോലിക്കാബാവാ അവർകളുടെ സ്ഥാനാരോഹണം സംബന്ധിച്ചുള്ള വൈദികകർമ്മങ്ങളും അതിനോടു സംബന്ധിച്ചുള്ള മറ്റാഘോഷങ്ങളും ഏറ്റവും അഭൂതപൂർവ്വമായ വിധത്തിൽ ഈ കുംഭം നാലും അഞ്ചും തീയതികളിൽ കോട്ടയത്തുവച്ചു നടന്ന വിവരം പ്രസിദ്ധമാണല്ലോ. ഈ മഹാമഹത്തിൽ സംബന്ധിക്കുന്നതിനു കൂടിയിരുന്ന ജനാവലിയുടെ സംഖ്യയോ അതു സംബന്ധമായി കോട്ടയത്തു ചെയ്തിരുന്ന നടപടികളോ വിചാരിക്കുന്നപക്ഷം കോട്ടയം പട്ടണം ഉണ്ടായതിൽപ്പിന്നെ ഇത്രമാത്രം വിജയകരമായും ശ്രേയസ്കരമായും മറ്റൊരു സംഗതിയും ഇവിടെ നടന്നിട്ടില്ലെന്നു സംശയം കൂടാതെ തന്നെ പ്രസ്താവിക്കാവുന്നതാണ്."

(ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ ആദ്യ ഖണ്ഡിക, പുസ്തകം 33, ലക്കം 7, 1104 കുംഭം)

വലിയ മല്പാനും സിംഹക്കുട്ടിയും

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കബറടക്ക മദ്ധ്യേ ശിഷ്യനും പിൻഗാമിയുമായ ഗീവറുഗീസ് രണ്ടാമൻ ബാവാ ചെയ്ത 'നിത്യാക്ഷരപ്രസംഗ'മാണ് ചുവടെ ചേർക്കുന്നത്. പ്രസ്തുത പ്രസംഗത്തിൽ വട്ടശ്ശേരിൽ തിരുമേനി വലിയ മല്പാനും സിംഹക്കുട്ടിയും ആയിരുന്നു എന്നത്രെ ബാവാ വിശേഷിപ്പിച്ചത്.

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ,

നമ്മുടെ ഇടയിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന ഈ വിശുദ്ധ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനായി വന്നുകൂടിയിരിക്കുന്ന നിങ്ങളോട് അദ്ദേഹത്തെക്കുറിച്ച് അല്പം സംസാരിക്കുന്നത് അനുചിതമായിരിക്കയില്ലല്ലോ. ലോകപ്രകാരം നോക്കുന്നപക്ഷം അദ്ദേഹം ഒരസാധാരണമനുഷ്യൻ ആയിരുന്നുവെന്ന് നിങ്ങളേവരും

സമ്മതിക്കുമെന്ന് നാം വിശ്വസിക്കുന്നു. കണ്ടോ കേട്ടോ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള നാനാജാതി മതസ്ഥരായ ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു പരമാർത്ഥമാണിത്. അദ്ദേഹം ഒരു അഗാധ ബുദ്ധിമാനും വലിയ ജ്ഞാനിയും, മഹാപണ്ഡിതനും, ധീരയോദ്ധാവും, അചഞ്ചലഹൃദയനുമായിരുന്നു. എത്രയും വിഷമമേറിയ ഒരു ഘട്ടത്തിൽക്കൂടി വിജയപൂർവ്വം അദ്ദേഹം സഭയെ മുമ്പോട്ടു നയിച്ചു. പരാജയത്തിൽപ്പോലും ധൈര്യസമേതം പോരാടി വിജയം സമ്പാദിച്ചു. അദ്ദേഹത്തിനു സമാനമായി നമ്മുടെ ഇടയിൽ ആരുള്ളൂ? ജീവിച്ചിരുന്നപ്പോൾ അദ്ദേഹം ഒരു സിംഹക്കുട്ടി തന്നെയായിരുന്നു. സ്വതസിദ്ധമായ ഗാംഭീര്യത്തോടും ശോഭയോടും കൂടിത്തന്നെ അദ്ദേഹം ഇപ്പോഴും സ്ഥിതിചെയ്യുന്നു എന്ന് അവിടത്തെ മൃതശരീരം കണ്ടാൽ ആർക്കും തോന്നുകയില്ലയോ?

ബാലസിംഹത്തിനും മുട്ടുണ്ടായേക്കാം. എന്നാൽ അദ്ദേഹത്തിന് ഒരിക്കലും ഒരു കുറവും ഉണ്ടായിട്ടില്ല. എന്തെങ്കിലും ഇല്ലാതിരുന്നു വിഷമിപ്പാൻ അദ്ദേഹത്തിന് ഇടയായിട്ടില്ല. ദൈവത്തെ ആശ്രയിക്കുന്ന നീതിമാന് ഒരിക്കലും മുട്ടുണ്ടാകയില്ലല്ലോ. മരണനിഴലിൻ താഴ്‌വരയിൽക്കൂടി നടക്കേണ്ടി വന്നപ്പോഴും അദ്ദേഹത്തിന് ആളുകളും പണവും ലോഭം കൂടാതെ ഉണ്ടായിരുന്നു. രോഗക്കിടക്കയിലും ഒരു കുറവും അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്നില്ല. എട്ടു ദിവസത്തോളം അദ്ദേഹം രോഗശയ്യയിൽ ആയിരുന്നു. ചികിത്സയ്ക്കും പരിചരണത്തിനും യാതൊരു കുറവുമില്ലായിരുന്നു. വിദഗ്ദ്ധന്മാരായ ഭിഷഗ്വരന്മാർ തന്നെയാണ് ചികിത്സകൾ നടത്തിയത്. അവസാനം സമീപിക്കുവോളം സുബോധമുണ്ടായിരുന്നു. അദ്ദേഹത്തിന് കാണേണ്ടവരും, അദ്ദേഹത്തെ കാണേണ്ടവരുമായ മിക്കവരും വന്ന് അദ്ദേഹത്തെ സന്ദർശിച്ചു. മേല്പട്ടക്കാരായ ഞങ്ങളും അനേകം പട്ടക്കാരും സദാ കൂടെയുണ്ടായിരുന്നു. 'കന്തീലാ ശുശ്രൂഷ' നടത്തിയപ്പോൾ എത്രയും തെളിവായ ബുദ്ധിയോടെ അദ്ദേഹം അതിൽ സംബന്ധിച്ചു. കുരിശുവരയ്ക്കേണ്ട സമയങ്ങളിൽ ഒക്കെയും അദ്ദേഹം തന്നെത്താൻ അപ്രകാരം ചെയ്തു. എന്നു മാത്രമല്ല, ശുശ്രൂഷാനന്തരം ആരും ഓർമ്മിപ്പിക്കാതെതന്നെ ക്രമപ്രകാരം ചുറ്റും നിന്നവരെ 'റൂശ്മാ' ചെയ്തനുഗ്രഹിച്ചു. മരണശേഷവും അദ്ദേഹത്തിന് എന്തെങ്കിലും കുറവുണ്ടോ? ഒരുവൻ ലോകത്തിൽ എത്ര മഹാനായി ജീവിച്ചാലും അവനുചിതമായ കബറടക്കം ലഭിക്കാതിരുന്നാൽ അവൻ അലസിപ്പോയ ഗർഭപിണ്ഡത്തിനു സദൃശനാണെന്നു മഹാജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നു. ആകയാൽ യോഗ്യമായ കബറടക്കമെന്നുള്ളതു നിസാരകാര്യമല്ല. നമ്മുടെ ഈ പരിശുദ്ധ പിതാവിന് ആ ഭാഗ്യവും അധീനമായിരിക്കുന്നു. ഇത്രയധികം പട്ടക്കാരും ശെമ്മാശന്മാരും അയ്മേനികളും ഏതെങ്കിലും ഒരു കബറടക്കശുശ്രൂഷയിൽ സംബന്ധിച്ചിട്ടുള്ളതായി നമുക്കറിവില്ല. ഇതു സംബന്ധിച്ചുള്ള സന്നാഹങ്ങളും ക്രമീകരണങ്ങളും എത്രയോ ഉപരിയായിരിക്കുന്നു. ഒരു രാജർഷിക്കുചിതമായ വിധം തന്നെ അതും സാധിച്ചിരിക്കുന്നു.

ലോകപ്രകാരം നോക്കുന്നപക്ഷവും അദ്ദേഹം ഒരു മഹാൻ തന്നെയായിരുന്നു. തോൽവികളിൽപോലും നിരാശ കൂടാതെ സധൈര്യം പോരാടി ജയഘോഷം കൊണ്ടിട്ടുള്ളവനാണ്. ഒരു കുറവും അദ്ദേഹം അനുഭവിക്കേണ്ടിവന്നിട്ടില്ല. ആത്മീയപ്രകാരവും അദ്ദേഹം ഒരു മഹാനും യാതൊരു കറയും കുറവും ഇല്ലാത്തവനുമായിരുന്നുവെന്നാണ് നമ്മുടെ അഭിപ്രായം. പലർക്കും അത് അറിയുന്നതിനു സാധിച്ചിട്ടില്ല. കാരണം, അദ്ദേഹം അത് അശ്ശേഷം ഭാവിക്കുന്ന ആളല്ലായിരുന്നു എന്നുള്ളതാണ്. നമ്മുടെ കർ ത്താവ് ഉഗ്രമായി ശപിച്ചിട്ടുള്ള കപടഭക്തിയുടെ നിഴൽ പോലും അദ്ദേഹത്തിലില്ലായിരുന്നു. നമ്മൾ ആരോടടുത്ത് ഇടപെടുന്നുവോ അവരുടെ ജീവിതരഹസ്യങ്ങൾ നമുക്കു ഗ്രഹിപ്പാൻ സാധിക്കുന്നതാണല്ലോ. നാം ചെറുപ്പംമുതൽ അദ്ദേഹത്തോടുകൂടി താമസിച്ചിട്ടുള്ളവനും അടുത്തു പെരുമാറിയിട്ടുള്ളവനുമത്രേ. ദൈവത്തിന് ഇഷ്ടമുള്ള നടപടികളല്ലാതെ അദ്ദേഹത്തിൻെറ ആത്മീയജീവിതത്തിൽ നാം കണ്ടിട്ടില്ല. ആത്മീയകാര്യങ്ങളിൽ അദ്ദേഹം എത്രയും ക്രമവും നിഷ്ഠയുമുള്ളവനായിരുന്നു എന്നുള്ളതിനു നാം ദൃക്സാക്ഷിയാണ്. നിത്യവുമുള്ള വേദവായന, യാമം തോറും - വിശിഷ്യ പാതിരാത്രിക്കുപോലുമുള്ള നമസ്ക്കാരങ്ങൾ, നോമ്പാചാരണം എന്നിവയൊക്കെയും കഴിഞ്ഞ വെള്ളിയാഴ്ച പ്രഭാതം വരെ അദ്ദേഹം നിർവിഘ്നം അനുഷ്ഠിച്ചുവന്നു. രോഗശയ്യയിലായി സംസാരശക്തി ക്ഷയിച്ചിട്ടും യാമങ്ങളിൽ അദ്ദേഹം കുരിശുവരച്ചു നമസ്കരിക്കുമായിരുന്നു. വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റിയുള്ള അറിവിൽ അദ്ദേഹം അദ്വിതീയനായിരുന്നതുപോലെ തന്നെ അവയുടെ അനുഷ്ഠാനങ്ങളിലും ഒട്ടും പിന്നോക്കമായിരുന്നില്ല. സുറിയാനി ഭാഷ, കാനോൻ, സഭാചരിത്രം എന്നിവയിൽ അദ്ദേഹത്തെപ്പോലെ ഓർമ്മശക്തിയോടുകൂടിയ പാണ്ഡിത്യം മറ്റാർക്കുള്ളൂ? അദ്ദേഹം ഒരു വലിയ മൽപാനായിരുന്നു. ബലഹീനനായ നാം അദ്ദേഹത്തിന്റെ ശിഷ്യനാണ്.

അദ്ദേഹത്തിന്റെ കബറടക്കം ഇന്നു നടക്കുന്നത് അത്ഭുതകരമായിരിക്കുന്നു. വലിയനോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്നു - ഭൂലോക മല്പാനായ മാർ അപ്രേമിന്റെ ഓർമ്മ ദിവസമായ ഇന്ന് - മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു. നമ്മുടെ കർത്താവിനുവേണ്ടി രക്തസാക്ഷി മരണം വരിച്ച മാർ തേവോദോറോസ് സഹദായുടെ ഓർമ്മദിനമായ ഇന്ന്, കൊല്ലപ്പെട്ട സഹദ എന്ന പേരിന് അർഹതയില്ലെങ്കിലും അതുപോലുള്ള പല പീഡകൾ സഭയ്ക്കുവേണ്ടി സഹിക്കയാൽ ഒരു “മൗദ്യോനോ” എന്ന നാമത്തിനു യോഗ്യനായിത്തീർന്നിരിക്കുന്ന നമ്മുടെ മെത്രാച്ചൻ കബറടക്കപ്പെടുന്നു. എന്നു മാത്രവുമല്ല വലിയനോമ്പിൽ ശനി, ഞായർ ഈ ആഴ്ചകൾ ഒഴിച്ചുള്ള ദിവസങ്ങളിൽ വി. കുർബാന അനുഷ്ഠിക്കാൻ സഭ അനുവദിക്കുന്നില്ല. ആ രണ്ടു ദിവസങ്ങളിൽ അർപ്പിക്കണമെന്നു നിർബന്ധവുമാണ്. അദ്ദേഹം മരിച്ചുപോയി എന്ന വാർത്ത എങ്ങനെയോ പ്രചരിച്ച മിനിഞ്ഞാന്ന്

അദ്ദേഹം കാലംചെയ്തിരുന്നെങ്കിൽ വി. കുർബാനാനന്തരം സംസ്ക്കരിക്കപ്പെടുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു നഷ്ടപ്പെടുമായിരുന്നു.

അദ്ദേഹത്തിന്റെ വേർപാട് എത്രയും ശാന്തമായിരുന്നു. യാതൊരു ചേഷ്ടയോ ഗോഷ്ടിയോ കൂടാതെ നാഴികമണിയുടെ പെൻഡുലം ചലനരഹിതമായിത്തീരുന്നതുപോലെയാണ് അദ്ദേഹത്തിന്റെ ശ്വാസം നിന്നത്. പ്രാർത്ഥനയുടെ അവസാനം വിശ്വാസപ്രമാണം ചൊല്ലിത്തീർന്നപ്പോൾ കൃത്യം പന്ത്രണ്ടു മണിക്ക് മ്ശിഹാ തമ്പുരാൻ ലോകരക്ഷയ്ക്കുവേണ്ടി ക്രൂശിക്കപ്പെട്ട വെള്ളിയാഴ്ച ദിവസത്തിലും ആ നാഴികയിലും അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.

കൂടാതെ ഒരാൾ മരിച്ചാൽ അതിന്റെ മൂന്ന്, ഒൻപത്, മുപ്പത് എന്നീ ദിവസങ്ങളിൽ ആ ആൾക്കുവേണ്ടി വി. ബലി അർപ്പിക്കണമെന്നാണല്ലോ സഭയുടെ കല്പന. നമ്മുടെ മെത്രാച്ചൻ ഇന്നലെ കാലം ചെയ്തതുകൊണ്ട് മേൽപ്പറഞ്ഞ മൂന്നു ദിവസങ്ങളിലും സകല പള്ളികളിലും കുർബ്ബാനയിൽ അദ്ദേഹത്തെ ഓർക്കുന്നതിനു സൗകര്യമുണ്ടായിരിക്കുന്നു. ഇവയൊക്കെയും അത്ഭുതകരമല്ലയോ? ദൈവത്തിന്റെ പരിശുദ്ധന്മാരെ നാം ഇങ്ങനെയാണു തിരിച്ചറിയേണ്ടത്. ആകയാൽ അദ്ദേഹത്തിന്റെ മരണംമൂലം സഭയ്ക്ക് വലിയ ഒരു പുണ്യവാളൻ നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ നഷ്ടം വലുതാണ്. നമ്മുടെ പണ്ഡിതനായ മല്പാൻ ഇന്നു നമ്മിൽനിന്ന് പിരിഞ്ഞുപോയിരിക്കുന്നു. നമ്മുടെ വലിയ മെത്രാപ്പോലീത്താ ഇന്നു കാലം ചെയ്തിരിക്കുന്നു. നമ്മുടെ ഈ വിശുദ്ധ പിതാവ് ഇന്ന് എടുത്തുകൊള്ളപ്പെട്ടിരിക്കുന്നു. കണ്ടാലും യിസ്രായേലിൽ ഒരു വലിയ രാജാവ് ഇന്നു വീണിരിക്കുന്നു. അവർക്കെന്നപോലെ നമുക്കും ഇതൊരു സന്താപദിനമാണ്. ഇതുവരെ അദ്ദേഹം നാമേവരെയും തന്റെ ചിറകുകളിൻകീഴിൽ കാത്തുകൊണ്ടു. അദ്ദേഹം നമ്മോടു സഹതാപമുള്ളവനാകയാൽ ദൈവസന്നിധിയിൽ നമുക്കുവേണ്ടി മുട്ടിപ്പായി മദ്ധ്യസ്ഥത നടത്തുമെന്നു നമുക്കു സമാശ്വസിക്കാം. നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലുതാണല്ലോ. അദ്ദേഹം ഏതെല്ലാം തത്വങ്ങളെയും പ്രമാണങ്ങളെയും മുൻ നിർത്തി പോരാടിയോ, അവയെ സംരക്ഷിച്ചുപോകേണ്ട കടമ നാമേവർക്കുമുണ്ട്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ അനുഷ്ഠിപ്പിൻ" എന്ന് നമ്മുടെ കർത്താവ് ശിഷ്യന്മാർക്ക് കൊടുത്ത അന്ത്യസന്ദേശപ്രകാരം നമ്മുടെ ഈ വലിയ മെത്രാച്ചനോടു നമുക്കുള്ള സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തേണ്ടത് അദ്ദേഹത്തിന്റെ ആദർശങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ധൈര്യസമേതം പുരോഗമനം ചെയ്യുന്നതിലായിരിക്കണം എന്നു നാം നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരാശ്വാസം നമുക്കുണ്ട്. "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസത്തെ കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുടെ ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ

എനിക്കു തരും" എന്നു പൗലൂസ് ശ്ലീഹാ തന്നെക്കുറിച്ചുതന്നെ പറഞ്ഞിരിക്കുന്ന വചനം നമ്മുടെ ഈ വിശുദ്ധ പിതാവിനെപ്പറ്റി എത്രയും ചേർച്ചയായിരിക്കുന്നുവെന്നതു തന്നെ. അദ്ദേഹം നമുക്കുവേണ്ടി പ്രാർ ത്ഥിക്കും; നമുക്ക് അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കാം. "നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ" എന്നരുളിച്ചെയ്തിട്ട് അദ്ദേഹം നമ്മോട് യാത്രപറയുവാൻ പോകുന്നു. ഞങ്ങളുടെ "വിശുദ്ധ പിതാവേ, സമാധാനത്താലെ പോവുക" എന്ന വചനത്താൽ നമുക്ക് അദ്ദേഹത്തോട് യാത്രപറയാം. ബാലസിംഹത്തെപ്പോലെ ഇവിടെ ഇരിക്കുന്ന ഇദ്ദേഹം സിംഹക്കുട്ടിയെപ്പോലെ ഉണർന്നെഴുന്നേൽക്കും. "വിശുദ്ധ ഭൃത്യാ, നീ യോഗ്യമായി പ്രവർത്തിച്ചു; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" എന്ന ഇമ്പകരമായ ശബ്ദം കേൾപ്പാൻ ആ ന്യായവിധി ദിവസത്തിൽ ദൈവം അദ്ദേഹത്തിന് ഇടയാക്കട്ടെ. ആ ദിവസത്തിൽ അഭിമുഖമായി കാണുന്നതിനും കർത്തൃസന്നിധിയിൽ കരുണ കണ്ടെത്തുന്നതിനും അദ്ദേഹത്തിനും നമുക്കും സംഗതിയാകുവാൻ പ്രാർത്ഥിപ്പിൻ.

ഹോംസു യാത്രയ്ക്കു മുമ്പു നടന്ന ചില സമാധാന ശ്രമങ്ങൾ

ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ഹോംസ് സമാധാനദൗത്യത്തിന്റെ പശ്ചാത്തലം ശരിക്കു മനസ്സിലാക്കണമെങ്കിൽ നേരത്തെ മലങ്കരയിൽ നടന്ന ചില പ്രത്യേക സമാധാനശ്രമങ്ങളെപ്പറ്റി അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്.

ബ. കോനാട്ടു മാത്തൻ മല്പാൻ സി. ജെ. കുര്യന്റെ കൂടെ വട്ടശ്ശേരിൽ തിരുമേനിയെ സുശക്തം എതിർത്ത വൈദിക ട്രസ്റ്റിയാണ്. ദീർഘകാലം വട്ടിപ്പണക്കേസിലും സമുദായ വഴക്കിലും നിർണായക നേതൃത്വം വഹിച്ച ഒരു ശ്രേഷ്ഠ വൈദികനാണദ്ദേഹം. 1927 നവംബറിൽ അദ്ദേഹം നിര്യാതനായി. 1926-ൽ അദ്ദേഹം ആലുവാ യു.സി. കോളജ് സന്ദർശിക്കയും ചാപ്പലിൽ വി. കുർബാന അനുഷ്ഠിക്കയുമുണ്ടായി. കോനാട്ടു മല്പാനെക്കുറിച്ചു പാത്രിയർക്കീസ് കക്ഷിയുടെ അനിഷേദ്ധ്യ നേതാവെന്ന നിലയിൽ പൊതുവെ ചില ധാരണകൾ ഉണ്ടായിരുന്നു. ആ ധാരണകൾ തിരുത്തിയെഴുതുന്നതിനു നിർബന്ധിക്കുന്ന സംഭവമാണത്. അദ്ദേഹം യു.സി. കോളജ് ചാപ്പലിൽ കുർബാന അനുഷ്ഠിക്കാൻ വന്നത് അദ്ദേഹത്തിന്റെ ഭാഗത്തെ, മലങ്കര മെത്രാനായി അംഗീകരിക്കപ്പെട്ടിരുന്ന ആലുവായിലെ പൗലോസ് മാർ അത്താനാസ്യോസിന്റെ നിഷ്കൃഷ്ടമായ ഒരുത്തരവിനെ അവഗണിച്ചുകൊണ്ടായിരുന്നു. മാർത്തോമ്മാക്കാരും ആംഗ്ലിക്കൻ സഭയും തമ്മിൽ യോജിച്ചു നടത്തുന്ന ഒരു സ്ഥാപനത്തിന്റെ ചാപ്പലിൽ പാത്രിയർക്കീസ് ഭാഗത്തെ വൈദികൻ ആരാധന നടത്തിയാൽ വട്ടിപ്പണക്കേസിനു ദോഷം വരുമെന്നും, കാതോലിക്കാപക്ഷം ശീശ്മക്കാരാണെന്ന് അവർ കൊണ്ടുവന്ന വാദത്തിനു ബലഹീനത വരുത്തുമെന്നും വക്കീൽ കെ. സി. ചാക്കോത്തരകൻ, തിരുമേനിയെ

ഉപദേശിച്ചിരുന്നു. അതനുസരിച്ചു പാത്രിയർക്കീസ് പക്ഷത്തെ വൈദികർ, ആലുവാ കോളജ് ചാപ്പലിൽ കർമം നടത്തുന്നതിനെ അത്താനാസ്യോസ് തിരുമേനി വിലക്കിയിരുന്നു. ആ വിലക്കറിയാമായിരുന്നിട്ടും ബോധപൂർവ്വം മല്പാനച്ചൻ അവിടെ കുർബാന ചൊല്ലിയെന്നതാണു അതിന്റെ പ്രാധാന്യം. കാതോലിക്കാ കക്ഷിക്കു സന്തോഷജനകവും, പാത്രിയർക്കീസ് ഭാഗത്തെ സമാധാനപ്രിയരല്ലാത്ത വാശിക്കാരായ വിദ്യാർത്ഥികൾക്ക് അസംതൃപ്തിജനകവുമായിരുന്ന ഒരു നടപടിയാണു ബ. മല്പാനച്ചൻ സ്വീകരിച്ചത്.

ഏതാനും വർഷങ്ങളായി സമുദായ വഴക്കുകളിൽ താൻ വഹിച്ച പങ്കിനെക്കുറിച്ചു മല്പാനച്ചൻ പശ്ചാത്തപിച്ചുകൊണ്ടിരുന്ന ഒരവസരമായിരുന്നു അത്. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയോടും, മാർ അത്താനാസ്യോസ് തിരുമേനിയോടു തന്നെയും ആ വിവരം തുറന്നു പറയാൻ അദ്ദേഹം മടിച്ചിരുന്നുമില്ല. ഈ വസ്തുത അറിഞ്ഞുകൊണ്ടാണു കെ. സി. ചാക്കോ സാർ ഒരു കത്തു കൊടുത്തയച്ചു ചാപ്പലിൽ കുർബാന നടത്താൻ ക്ഷണിച്ചത്. അതൊരു പ്രത്യേക ഉദ്ദേശ്യത്തോടു കൂടി ആയിരുന്നു. കോളജിൽ വരുമ്പോൾ സമാധാനത്തിനു വേണ്ടി ചില ശ്രമങ്ങൾ നടത്തുന്നതിനെക്കുറിച്ചു സംസാരിക്കാൻ അവസരം ഉണ്ടാക്കുകയായിരുന്നു ചാക്കോയുടെ ഉദ്ദേശ്യം. ആ സന്ദർശനമാണു ആലുവായിൽ നടന്ന പ്രസിദ്ധമായ പള്ളിപ്രതിപുരുഷയോഗത്തിനു തുടക്കമിട്ടത്.

അന്നു പള്ളിക്കര സി. പി. തരകനും, പ്ലാന്റർ കൊച്ചുമ്മനും (ചേപ്പാട്ടു ഏവരത്തു കിഴക്കേതിൽ) ആലുവായിൽ താമസമുണ്ടായിരുന്നു. അവരും എ. എം. വർക്കി സാറും ഇതു സംബന്ധിച്ച ആലോചനകളിൽ പങ്കെടുത്തു. അവർ ചെന്നെത്തിയ തീരുമാനം, അസോസിയേഷൻ കൂടുന്നതുപോലെ എല്ലാ പള്ളികളിൽ നിന്നും ഒരു വൈദികനും രണ്ട് അയ്മേനികളുമെന്ന കണക്കിൽ പ്രതിനിധികളെ ക്ഷണിച്ചുവരുത്തി ഒരു സമ്മേളനം നടത്തണമെന്നായിരുന്നു. സമാധാനത്തിനുള്ള നിശ്ചയദാർഢ്യം ആ സമ്മേളനം പ്രകടിപ്പിക്കണമെന്നും പാത്രിയർക്കീസ് ബാവായുടെ അടുക്കൽ സഭയുടെ ഏകകണ്ഠമായ അഭ്യർത്ഥന സമർപ്പിക്കണമെന്നും തീരുമാനിച്ചു. ആലുവാ റെയിൽവേസ്റ്റേഷനു സമീപമുള്ള ഒരു മൈതാനത്തു വലിയ പന്തൽ നിർമ്മിച്ച് അതിൽ സമ്മേളനം നടത്താനാണു നിർദ്ദേശമുണ്ടായത്. സമ്മേളനം സംബന്ധിച്ച ചെലവുകൾ മുഴുവൻ താൻ വഹിക്കുന്നതാണെന്നു പ്ലാന്റർ കൊച്ചുമ്മൻ ഭരമേറ്റു. രണ്ടു പക്ഷത്തെയും തിരുമേനിമാർ യോഗത്തിൽ സംബന്ധിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. എന്നാൽ പള്ളികൾ പ്രതിനിധികളെ അയയ്ക്കുന്നതിന് അവരുടെ ആനുകൂല്യം സമ്പാദിക്കാൻ വിഷമമുണ്ടാകയില്ലെന്നായിരുന്നു അവരുടെ പ്രതീക്ഷ.

സമ്മേളനം വമ്പിച്ച വിജയമായിരുന്നു. 1927 ഫെബ്രുവരിയിൽ ബ. കോനാട്ടു മാത്തൻ മല്പാനച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ആ യോഗത്തിൽ

രണ്ടു പക്ഷത്തെയും എണ്ണപ്പെട്ട നേതാക്കളിൽ എല്ലാവരും തന്നെ സന്നിഹിതരായിരുന്നു. ഇ. ജെ. ജോൺ വക്കീൽ, എം. എ. ചാക്കോ, കെ. സി. മാമ്മൻമാപ്പിള, ഒ. എം. ചെറിയാൻ, എ. എം. വർക്കി, സി. പി. തരകൻ, പൈലൊ വക്കീൽ (പറവൂർ), ബ. തേനുങ്കൽ മല്പാനച്ചൻ, കുരിശുങ്കൽ മാണിക്കത്തനാർ എന്നിവർ പ്രസംഗിച്ചു.

അന്ത്യോക്യാ പാത്രിയർക്കീസിൽ വിശ്വാസം, അബ്ദൽ മിശിഹാ സ്ഥാപിച്ച കാതോലിക്കാ സ്ഥാപനത്തെയും അദ്ദേഹം വാഴിച്ച മെത്രാപ്പോലീത്തന്മാരെയും അംഗീകരിക്കുന്നതിനുള്ള അഭ്യർത്ഥന, അബ്ദള്ള പാത്രിയർക്കീസിന്റെ മുടക്കു മാർ ദീവന്നാസ്യോസ് മർദ്ദീനിൽ ചെന്നപ്പോൾ നീക്കിയെന്നും ഇല്ലെന്നും സഭയിൽ പ്രചരിച്ചിട്ടുള്ള സംവാദം നീക്കാൻ വേണ്ടതു ചെയ്യണമെന്നു പാത്രിയർക്കീസിനോടുള്ള അപേക്ഷ മുതലായ നിശ്ചയങ്ങൾ സർവസമ്മതമായി പാസാക്കി. ഇവ പാത്രിയർക്കീസിനെ അറിയിക്കാൻ ബ. കോനാട്ടു മല്പാനച്ചൻ, ഇ. ജെ. ജോൺ വക്കീൽ, ഒ. എം. ചെറിയാൻ മുതലായവർ ചേർന്ന ഒരു കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

ഏതാനും മാസങ്ങൾ കഴിഞ്ഞു നവംബറിൽ ബ. മല്പാനച്ചൻ ദിവംഗതനായി. അദ്ദേഹത്തിൽ കൂടിയുള്ള സന്ധി പരിശ്രമങ്ങൾ അതോടെ അവസാനിച്ചു.

കാതോലിക്കാബാവായുടെ ഹോംസ് യാത്ര

മാർ ദീവന്നാസ്യോസ് തിരുമേനി കാലം ചെയ്ത ശേഷം പുതിയ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ആളെ തെരഞ്ഞെടുക്കേണ്ട പ്രശ്നമാണു സഭ അഭിമുഖീകരിച്ചത്. സ്വാഭാവികമായി അതു പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായിൽ ചെന്നുപതിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. എന്നാൽ അസോസിയേഷൻ വിളിച്ചുകൂട്ടി അതിനുള്ള തെരഞ്ഞെടുപ്പ് നടത്തണം. 1934 മാർച്ചിൽ അസോസിയേഷൻ വിളിച്ചുകൂട്ടാനുള്ള ഒരുക്കങ്ങൾ നടന്നു. മറ്റൊരു തെരഞ്ഞെടുപ്പും അതും സംബന്ധിച്ചുണ്ടാകുന്ന വ്യവഹാരങ്ങളും നടക്കുന്നതിനു മുമ്പു കഴിയുമെങ്കിൽ രണ്ടു കക്ഷികളും യോജിക്കാനുള്ള ഒരു ശ്രമം നടത്താനുള്ള ആഗ്രഹം ഇരുപക്ഷത്തെയും നേതാക്കളിൽ പലർക്കും ശക്തമായുണ്ടായി. പാലാമ്പടം തോമസ് വക്കീൽ, ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി മുതലായവർ പാത്രിയർക്കീസ് പക്ഷത്തു നിന്നു ശക്തമായി ഇക്കാര്യത്തിൽ പ്രവർത്തിച്ചു. കാതോലിക്കാ ഭാഗത്തെ നേതാക്കളിൽ പലരും അതിൽ സഹകരിച്ചു. ഇരുകൂട്ടർക്കും സ്വീകാര്യമെന്നു തോന്നിയ ചില വ്യവസ്ഥകൾ എഴുതിയുണ്ടാക്കി. മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ആനുകൂല്യവും ഈ പരിശ്രമങ്ങൾക്കു വേണ്ടി സമ്പാദിക്കാൻ പാത്രിയർക്കീസ് കക്ഷി നേതാക്കൾ ശ്രമിച്ചു.

ഏകദേശമായി രൂപംകൊണ്ട വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്. (1)

മൂറോൻ കൂദാശയും കാതോലിക്കായുടെ സ്ഥാനാരോഹണം നടത്താനുള്ള അവകാശവും പാത്രിയർക്കീസിന്റെ അധികാരത്തിലായിരിക്കണം. (2) മലങ്കരസഭ സ്വന്തം കാതോലിക്കോസുള്ള സ്വതന്ത്ര സഭയായിരിക്കും. (3) ഈ അടിസ്ഥാനത്തിൽ പാത്രിയർക്കീസും കാതോലിക്കായും തമ്മിൽ കണ്ടു സന്ധിവ്യവസ്ഥകൾ അംഗീകരിക്കണം. ഇതിനുവേണ്ടി ഹോംസിലേക്കു കാതോലിക്കാബാവായെ, പാത്രിയർക്കീസ് അപ്രേം തൃതീയൻ ക്ഷണിക്കുകയും ചെയ്തു.

1934 ഇടവം 20-നു കാതോലിക്കാബാവാ ഹോംസിലേക്കു യാത്ര പുറപ്പെട്ടു. ചെറിയമഠത്തിൽ സ്കറിയാ മല്പാനും ഫാ. സി. എം. തോമസും (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ്) അദ്ദേഹത്തെ അനുഗമിച്ചു. മാർ യൂലിയോസ് മെത്രാപ്പോലീത്തായും കൂടെപ്പോയി. ഇവരെ യാത്ര അയയ്ക്കാൻ സന്നിഹിതരായവരുടെ കൂട്ടത്തിൽ പാലാമ്പടം തോമസ് വക്കീലും അക്കര സി. ജെ. ജോണും (സി. ജെ. കുര്യന്റെ അനുജൻ കൊച്ചുപാപ്പി) ഉണ്ടായിരുന്നു. അവർ 1934 ജൂൺ 21-ാം തീയതി ഹോംസിൽ എത്തിയപ്പോൾ സൗഹാർദ്ദപൂർവ്വം അപ്രേം പാത്രിയർക്കീസ് അവരെ സ്വീകരിച്ചു. ശീശ്മയും മറ്റും ഇല്ലാത്തതരത്തിൽ ചുംബനം നടത്തിയാണു സ്വീകരിച്ചതും. ആതിഥ്യമര്യാദകൾ പാലിക്കപ്പെട്ടു. മദ്ബഹായിൽ പാത്രിയർക്കീസിന്റെ വലതു ഭാഗത്തു കാതോലിക്കായിക്ക് ഇരിപ്പിടവും നൽകി. കാര്യത്തിലേയ്ക്കു പ്രവേശിച്ചു ചർച്ചകൾ ആരംഭിച്ചപ്പോൾ തടസ്സങ്ങൾ ഒന്നിനു പുറമേ ഒന്നായി ഉണ്ടായിക്കൊണ്ടിരുന്നു. ചെറിയമഠത്തിലച്ചനും സി. എം. തോമസ് അച്ചനും സന്ധിവ്യവസ്ഥകളുടെ ഒരു രൂപം പാത്രിയർക്കീസ് ബാവാ ആവശ്യപ്പെട്ടതനുസരിച്ചു തയ്യാറാക്കി സമർപ്പിച്ചു. അവിടെയുള്ള മെത്രാന്മാരുടെ സമ്മതമനുസരിച്ചു തീരുമാനമുണ്ടാക്കാമെന്നും താൻ നിഷ്പക്ഷത പാലിക്കുമെന്നുമുള്ള മട്ടിലാണു അപ്രേം പാത്രിയർക്കീസ് ബാവാ ചർച്ചകൾ ആരംഭിച്ചത്.

പക്ഷേ ബ. അച്ചന്മാർ സമർപ്പിച്ച വ്യവസ്ഥകൾ മാറ്റിവച്ചു പാത്രിയർക്കീസിന്റെ ആലോചനക്കാർ തയ്യാറാക്കിയ വ്യവസ്ഥകൾ അംഗീകരിക്കണമെന്ന നിർബന്ധവും ശാഠ്യവുമാണുണ്ടായത്. ചില ഘട്ടങ്ങളിൽ ഭീഷണികൾ പോലും ഉണ്ടായി. ഭാഗ്യവശാൽ ബ്രിട്ടനിലെ വിദേശകാര്യമന്ത്രി സർ ജോൺ സൈമൺ കേരളത്തിൽ നിന്നു ചെന്ന ദൗത്യസംഘത്തിന്റെ ക്ഷേമസൗകര്യങ്ങൾ അന്വേഷിച്ചു ബ്രിട്ടീഷ് കോൺസൽമാർക്കു അയച്ച കത്തുകളും, യേറുശലേമിലെ ആംഗ്ലിക്കൻ ബിഷപ്പു ജോർജ് ബ്രൗണിന്റെ പ്രത്യേക കരുതലും ഹോംസിൽ അവർക്കു ലഭിച്ച പെരുമാറ്റങ്ങളിൽ ഗണ്യമായ വ്യത്യാസം വരുത്തി. ഹാലി ഫാക്സ് പ്രഭുവിന്റെ (പിതാവിന്റെ നിര്യാണാനന്തരം ഇർവിൻ പ്രഭു, ഹാലി ഫാക്സ് പ്രഭു ആയിക്കഴിഞ്ഞിരുന്നു) താല്പര്യമനുസരിച്ചായിരുന്നു ബ്രിട്ടീഷ് ഗവൺമെന്റ് തലത്തിൽ ഈ സന്ദർശനം ശ്രദ്ധിക്കപ്പെട്ടത്.

ദീർഘമായ സംഭാഷണങ്ങൾ നടന്നു. ഇടയ്ക്കു ദൗത്യസംഘം യേറുശലേമിൽ എത്തി ആംഗ്ലിക്കൻ ബിഷപ്പിന്റെ അതിഥികളായി താമസിച്ചു. അദ്ദേഹം വേണ്ട താത്പര്യം സമാധാനാലോചനകളിൽ പ്രദർശിപ്പിക്കുകയുണ്ടായി. പിന്നെയും ഹോംസിൽ എത്തി പാത്രിയർക്കീസിന്റെ കൂടെ താമസിച്ചു. ചർച്ചകൾ തുടർന്നു. കേരളത്തിലേയ്ക്കും പാത്രിയർക്കീസിന്റെ വ്യവസ്ഥകൾ അറിയിച്ച് അഭിപ്രായം ആരായാൻ കാതോലിക്കാ ബാവാ ശ്രമിച്ചു. മലങ്കരസഭയ്ക്ക് അവശ്യം നിലനിർത്തേണ്ട ഭരണസ്വാതന്ത്ര്യങ്ങളും, അവ്യവസ്ഥാപിതമായി പാത്രിയർക്കീസിനുണ്ടായിരിക്കണമെന്നു ശഠിച്ച ശിക്ഷണാധികാരങ്ങളും സംബന്ധിച്ച് ഒരു യോജിപ്പിൽ എത്താൻ സാദ്ധ്യമല്ലായിരുന്നു. അങ്ങനെ വട്ടശ്ശേരിൽ തിരുമേനിയുടെ സന്ദർശനംപോലെ പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ തീർത്ഥയാത്രയും പരാജയത്തിൽ കലാശിച്ചു. സെപ്തംബർ 20-ാം തീയതി അവർ നാട്ടിലേയ്ക്കു മടങ്ങിപ്പോന്നു.

അപ്രേം പാത്രിയർക്കീസ് ബാവാ നിഷ്കർഷിച്ചതും കാതോലിക്കാ ബാവാ തിരസ്കരിച്ചതുമായ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

(1) അബ്ദൽ മിശിഹാ നൽകിയ എല്ലാ സ്ഥാനമാനങ്ങളും കല്പനകളും വ്യർത്ഥമാകുന്നു. (2) ചില ഉപാധികളോടെ റീശ് എപ്പിസ്ക്കോപ്പാഅഥവാ മഫ്രിയാനായെ അനുവദിക്കും. (3) അസോസിയേഷൻ തെരഞ്ഞെടുക്കുന്ന ആളെ പാത്രിയർക്കീസ് വാഴിച്ചു തരണമെന്നുള്ള അപേക്ഷയോടുകൂടി അയയ്ക്കണം. (4) അനുസരണത്തിന്റെ ഉടമ്പടിയും ശൽമൂസായും നൽകണം. (5) പാത്രിയർക്കീസ് വാഴിച്ചശേഷം സഭയെ ഭരിക്കാൻ സ്താത്തിക്കോൻ കൊടുക്കും. (6) തിഗ്രീസിന്റെയോ കിഴക്കിന്റെയോ മഫ്രിയാനായുടെ അവകാശങ്ങൾ മലങ്കര മഫ്രിയാനായിക്കുണ്ടായിരിക്കുന്നതല്ല.

(എ) മഫ്രിയാനായെ വാഴിക്കാൻ പാത്രിയർക്കീസ് മലങ്കര വന്നാൽ അതിന്റെ ചെലവു മലങ്കരസഭ വഹിക്കണം. (ബി) അത്താനാസ്യോസ്, മിഖായേൽ എന്നീ മെത്രാന്മാർ ജീവപര്യന്തം അവരുടെ ഇടവകകളിൽ ഇരിക്കണം. (സി) ഡെലിഗേറ്റ് ഉണ്ടായിരിക്കണം. മലങ്കര എപ്പിസ്ക്കോപ്പൽ സംഘത്തിൽ (സുന്നഹദോസ് എന്നല്ല) ഡെലിഗേറ്റിനു വോട്ടും മഫ്രിയാനായുടെ വലത്തു ഭാഗത്തു സ്ഥാനവും ഉണ്ടായിരിക്കും. (ഡി) മാർ ദീവന്നാസ്യോസിനു പകരം മലങ്കരമെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതു വടക്കരിൽ നിന്നായിരിക്കണം. (ഇ) മൂറോൻ മഫ്രിയാനാ പാത്രിയർക്കീസിൽ നിന്നു വരുത്തി വിതരണം ചെയ്യണം. (എഫ്) കേസുകൾ സംബന്ധിച്ച് അത്താനാസ്യോസിനു ചെലവായ സംഖ്യ കൊടുക്കണം. സി. ജെ. കുര്യന്റെ ചെലവു മലങ്കരഎപ്പിസ്കോപ്പൽ സംഘത്തിന്റെയും അസോസിയേഷന്റെയും യുക്തംപോലെ ആകാം. (ജി) മഫ്രിയാനാ എന്നു വിളിക്കപ്പെടുന്ന ആൾ പാത്രിയർക്കീസിന്റെ അടുക്കൽ ഹാജരായി റൂഹായുടെ വിളിയുടെ പ്രാർത്ഥന കഴിച്ചു സ്വീകരിക്കപ്പെടണം.

രണ്ടാമത്തെ ഗ്രൂപ്പിൽപെട്ട വ്യവസ്ഥകൾ സമാധാനത്തിനുവേണ്ടി മലങ്കരസഭയും കാതോലിക്കായും അനുഷ്ഠിക്കേണ്ട ത്യാഗങ്ങളായി അവയെക്കരുതാം. പക്ഷേ ആദ്യത്തെ ഗ്രൂപ്പിൽപെട്ട വ്യവസ്ഥകൾ സ്വീകരിച്ചാൽ അതു മലങ്കരസഭ ദീർഘ വർഷങ്ങൾ പടവെട്ടി നേടിയ സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെടുത്തുകയാണ്. അവയെ അംഗീകരിക്കാതെ തിരിച്ചു പോന്ന ബാവായ്ക്കും സംഘത്തിനും കൊട്ടാരക്കര റെയിൽവേ സ്റ്റേഷനിൽ മലങ്കരസഭ വീരോചിതമായ സ്വീകരണം നൽകി കോട്ടയത്തേക്ക് സാഘോഷം ആനയിക്കയാണു ചെയ്തത്.

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരിച്ചെത്തിയശേഷം 1934-ൽ തന്നെ അസോസിയേഷൻ കോട്ടയം എം.ഡി. സെമിനാരിയിൽ നടന്നു. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അദ്ദേഹത്തിൽ നിക്ഷിപ്തമായി. പാത്രിയർക്കീസ്പക്ഷം കരിങ്ങാശ്ര ഒരു യോഗം നടത്തി. അവർക്കും മലങ്കരമെത്രാപ്പോലീത്തായും കൂട്ടുട്രസ്റ്റികളും ഉണ്ടായി. ഏതു യോഗമാണു സാധുതയുള്ളതെന്നും, ആരാണു യഥാർത്ഥ മലങ്കരമെത്രാപ്പോലീത്തായെന്നുള്ളതും തർക്കവിഷയമായി. പാത്രിയർക്കീസ് പക്ഷത്തെ മലങ്കരമെത്രാപ്പോലീത്താ മാർ അത്താനാസ്യോസ് ഒന്നാം വാദിയും ഫാദർ ജോസഫ് പുക്കുന്നേൽ (വൈദികട്രസ്റ്റി) രണ്ടാം വാദിയായും തുകലൻ പൗലൊ അവിരാ (അത്മായ ട്രസ്റ്റി) മൂന്നാം വാദിയായും 1938-ൽ കാതോലിക്കാ ബാവായേയും കൂട്ടുട്രസ്റ്റികളെയും പ്രതികളാക്കി കോട്ടയം ഡിസ്ട്രിക്ട് കോർട്ടിൽ അന്യായം ഫയൽ ചെയ്തു. ഈ കേസ് വിസ്താരം 1943-ൽ ആണു അവസാനിച്ചു വിധിയുണ്ടായത്. അതിനിടയിലും പല സന്ധിയാലോചനകൾ നടന്നു. അതിൽ പ്രാധാന്യം അർഹിക്കുന്നത് ആലുവാ വട്ടമേശ സമ്മേളനമാണ്.

ഈ സന്ധിയാലോചനകളുടെ പിന്നിൽ വർത്തിച്ചതു ദിവംഗതനായ കെ. സി. ചാക്കോ ആയിരുന്നു. ആരോഗ്യപരമായ പരിമിതികൾ മൂലം രണ്ടു പക്ഷത്തുമുള്ള നേതാക്കളെ ഒരുമിച്ചു കൊണ്ടുവരുവാനുള്ള ശ്രമമാണ് അണിയറയിൽ നിന്ന് അദ്ദേഹം നിർവഹിച്ചത്. ഇക്കാര്യത്തിൽ ഓടിനടന്നു പലരെ കാണാനും മറ്റും അദ്ദേഹത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പുകളിൽപെട്ടവർ പ്രവർത്തിച്ചിരുന്നു. ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസ്പക്ഷത്തു നിന്നു അതിനുവേണ്ടി ശക്തമായി പ്രവർത്തിച്ച ആളാണ്. തൃക്കുന്നത്തു സെമിനാരിയിൽ പാത്രിയർക്കീസ് പക്ഷത്തെ നേതാക്കൾ ആലോചന നടത്തിയപ്പോൾ കാതോലിക്കാ പക്ഷത്തെ തിരുമേനിമാരും നേതാക്കളും ആലുവാ കോളജിൽ സമ്മേളിച്ചു. സംയുക്ത സമ്മേളനങ്ങളും കോളജിലാണു നടന്നത്. പ. കാതോലിക്കാ ബാവാ തന്നെ (ഗീവറുഗീസ് ദ്വിതീയൻ തിരുമേനി) കോളജിൽ എത്തി താമസിച്ചു. സന്ധിവ്യവസ്ഥകൾ രണ്ടു കക്ഷികളും ഒപ്പിട്ടു രാജി ഹർജിയുടെ ഭാഗമായി സമുദായക്കേസിൽ സമർപ്പിക്കാനും തീരുമാനിച്ചു. ചർച്ചകൾ ഇത്രയും പുരോഗമിച്ചപ്പോൾ അതു

നടപ്പിൽ വരുത്തുന്നതിനുള്ള പ്രഥമ ഘട്ടം സമാഗതമായി. പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ സഭാസ്നേഹവും ത്യാഗസന്നദ്ധതയും വെളിപ്പെട്ട ഒരു മഹത്തായ സന്ദർഭമായിരുന്നു അത്.

പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ വിജയത്തിനെല്ലാം നിദാനമായിത്തീർന്നതു തിരുമേനി അവിടെ പ്രദർശിപ്പിച്ച അനുഗൃഹീതമായ വിനയവും ത്യാഗോജ്ജ്വലമായ സമീപനവുമാണ്. പ. ഔഗേൻ തിരുമേനിയെപ്പോലെ ഒരു വിനയ സമ്പന്നനായിരുന്നു അദ്ദേഹമെന്ന് ആരും പറയുകയില്ല. എന്നാൽ സന്ദർഭത്തിനൊത്തുയരാനും ആരാദ്ധ്യമായ നിലപാടു സ്വീകരിക്കാനും ദൈവദത്തമായ ഒരു കഴിവ് അദ്ദേഹം പലയവസരങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു. അതിൽ ഏറ്റവും ഹൃദയംഗമമായി അനുസ്മരിക്കേണ്ട ഒന്നാണു ആലുവാ വട്ടമേശ സമ്മേളനഫലമായി അദ്ദേഹം സ്വീകരിക്കാൻ സന്നദ്ധമായ ത്യഗോജ്ജ്വല നടപടി.

അബ്രഹാം ഇസ്സഹാക്കിനെ ബലി കഴിക്കാൻ പോയ അവസരത്തിൽ ആ പിതാവിനുണ്ടായിരുന്ന വികാരമെന്തായിരിക്കണം. അതു തന്നെയാണു ബാവാ തിരുമേനിയുടെ ഹൃദയത്തെ ഒരവസരത്തിൽ മഥിച്ചത്. ബാവായ്ക്കുള്ള പട്ടത്തിന്റെ സാധുതയെക്കുറിച്ചു തനിക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല. എങ്കിലും തൃക്കുന്നത്തു സെമിനാരിയിലെത്തി പള്ളി മദ്ബഹായിൽ പാത്രിയർക്കീസ് ബാവാ അയച്ച ഒരു പ്രാർത്ഥന അദ്ദേഹത്തിന്റെ സഹപാഠി ആയിരുന്ന അത്താനാസ്യോസ് മെത്രാച്ചൻ ചൊല്ലി സ്വീകരിക്കണമെന്നുള്ള വ്യവസ്ഥ അംഗീകരിച്ച് ആ കർമ്മത്തിൽ പങ്കെടുക്കാൻ അദ്ദേഹം സമ്മതിച്ചു. സഭയുടെ യോജിപ്പും, സ്വാതന്ത്ര്യ സംരക്ഷണവും സാധിക്കുന്നതിനുള്ള ഏകമാർഗ്ഗമതാണെങ്കിൽ അതിനു തല വണങ്ങാൻ അദ്ദേഹം സന്നിഹിതനായി. പ്രാർത്ഥനയുടെ നക്കൽ അദ്ദേഹം കാണുകയും പരിശോധിക്കുകയും ചെയ്തു. പട്ടംകൊട വാചകമൊന്നുമില്ലെങ്കിലും പരിശുദ്ധാത്മ നൽവരത്തെക്കുറിച്ചുള്ള പരാമർശനം അടങ്ങിയതായിരുന്നു ആ പ്രാർത്ഥന. ആദ്യം തിരുമേനിയും തിരുമേനിയുടെ കൂടെയുള്ള മെത്രാന്മാരും ആ സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിക്കണമെന്നായിരുന്നു വ്യവസ്ഥ. ബാവാ തിരുമേനി അതിനും എതിരു പറഞ്ഞില്ല. ചില മെത്രാന്മാർ അതിൽ വൈമനസ്യം പ്രകടിപ്പിച്ചു. ബാവാ തന്നെ സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിച്ചശേഷം മറ്റു മെത്രാന്മാരുടെ കാര്യത്തിൽ ബാവാ സ്വീകരണ പ്രാർത്ഥന നടത്തിയാൽ മതിയെന്നുള്ള ഭേദഗതി അവതരിപ്പിക്കപ്പെട്ടു. ദീർഘമായ ആലോചന നടത്തിയശേഷമാണു മാർ അത്താനാസ്യോസും മാർ യൂലിയോസും അതിനു സമ്മതം മൂളിയത്. വലിയ പ്രസിദ്ധീകരണമൊന്നും കൂടാതെ രഹസ്യമായി ഈ കർമ്മം നിർവഹിക്കാമെന്നായിരുന്നു പരസ്പര സമ്മതം. അതുകൊണ്ടു രാത്രിയിലാണു ബാവാ തിരുമേനി തൃക്കുന്നത്തു സെമിനാരിയിൽ എത്തുന്നതിനു ക്രമീകരിച്ചിരുന്നത്. ബാവാ കോളജിൽ നിന്നു യാത്ര തിരിച്ചപ്പോൾ

അദ്ദേഹത്തിന്റെ മനോവൈഷമ്യം അറിഞ്ഞിരുന്ന നേതാക്കൾ വാവിട്ടു കരഞ്ഞു. ചിലർ പോകുന്നതിനെ തടസ്സപ്പെടുത്തി. താൻ സ്ഥാനം ഒഴിഞ്ഞു മാറി നിന്നേക്കാം. സമാധാനത്തിനുവേണ്ടി മറ്റാരെയെങ്കിലും കാതോലിക്കോസായി വാഴിക്കാൻ തിരുമേനി നിർദ്ദേശിച്ചതാണ്.

തൃക്കുന്നത്തു സെമിനാരിയിൽ ഇതേ സമയം മറ്റൊരു വടംവലിയാണു നടന്നത്. കാതോലിക്കാപക്ഷത്തെ എല്ലാ തിരുമേനിമാരും സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിക്കണമെന്നുള്ള വാദത്തിൽ നിന്നു മാർ യൂലിയോസിനെ പിന്തിരിപ്പിക്കാൻ വളരെ ശ്രമം വേണ്ടിവന്നു. അവസാനം അദ്ദേഹം ബാവാ മാത്രം മതിയെന്നു സമ്മതിച്ചു. ആ വിവരം അറിഞ്ഞു കഴിഞ്ഞാണു ബാവാ കോളജിൽ നിന്നു പുറപ്പെട്ടത്. എന്നാൽ തൃക്കുന്നത്തു സെമിനാരിയിൽ ചെന്നപ്പോൾ മാർ യൂലിയോസ് പോയിക്കഴിഞ്ഞിരുന്നു. മാർ അത്താനാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ സ്വീകരണം നടത്തിയാൽ മതിയെന്നു പറഞ്ഞാണത്രെ അദ്ദേഹം സ്ഥലം വിട്ടത്. എന്നാൽ തനിയെ അതു നിർവഹിക്കാൻ ഏർപ്പെടുത്തിയതിൽ സംശയാലുവായിത്തീർന്ന മാർ അത്താനാസ്യോസ് ഉഭയസമ്മതപ്രകാരം സ്വീകരണകർമ്മം നിർവഹിക്കാൻ തയ്യാറായില്ല. പിന്നീടുള്ള ചരിത്ര സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ, ദൈവത്തിന്റെ പ്രത്യക്ഷമായ ഇടപെടൽ കൊണ്ടു അനാവശ്യമായ ഒരു കീഴ്‌വഴക്കത്തിൽ നിന്നു മലങ്കരസഭയെ രക്ഷിക്കയാണു ചെയ്തതെന്നു കാണാം.

ബിഷപ് വാൾഷിന്റെ ശ്രമങ്ങൾ

1934-ൽ ആണു ബിഷപ്പ് പെക്കൻഹാം വാൾഷ് ബിഷപ്സ് കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നു റിട്ടയർ ചെയ്തത്. തടാകം ക്രിസ്തു ശിഷ്യാശ്രമം ഏതാനും ഓർത്തഡോക്സ് സഭാ യുവാക്കളുടെ സഹകരണത്തോടെ സമാരംഭിക്കുവാനുള്ള തീരുമാനം അദ്ദേഹം എടുത്തു കഴിഞ്ഞിരുന്നു. സ്വന്തം നാടായ അയർലണ്ടിൽ പോയി അവസാനമായി പ്രിയ ജനങ്ങളെ കണ്ടു യാത്ര പറയാനും, തങ്ങളുടെ വകയായി അവിടെയുണ്ടായിരുന്ന സ്വത്തുക്കൾ സംബന്ധിച്ചു വേണ്ട ക്രമീകരണങ്ങൾ ചെയ്യാനും മറ്റും കുറെ മാസങ്ങൾ ചെലവഴിച്ച ശേഷമാണ് അദ്ദേഹവും ഭാര്യ ക്ലാര പെക്കൻഹാം വാൾഷും ഇൻഡ്യയിൽ തിരിച്ചെത്തിയത്. ഈ യാത്രയിൽ അദ്ദേഹം സിറിയയിൽ എത്തി പാത്രിയർക്കീസ് ബാവായെ കണ്ടു. താൻ ആരംഭിക്കുന്ന തടാകം ആശ്രമത്തിൽ പാത്രിയർക്കീസ് ഭാഗത്തുള്ള മലങ്കരസഭാംഗങ്ങളും ചേരുന്നതിന് അനുവാദം വാങ്ങാനാണു അദ്ദേഹം പാത്രിയർക്കീസ് ബാവായെ സന്ദർശിച്ചത്. ആ അനുവാദം പാത്രിയർക്കീസ് ബാവാ ചില ലഘു വ്യവസ്ഥകൾ അനുസരിച്ച് നല്കി. സന്ദർശനത്തിൽ മലങ്കരസഭയുടെ സമാധാനത്തെക്കുറിച്ചും ദീർഘമായ ചർച്ചകൾ നടത്തി. ഇക്കാര്യത്തിൽ കൽക്കട്ടായിലെ വെസ്റ്റ്കോട്ടു മെത്രാപ്പോലീത്താ, ആർച്ചുബിഷപ്പ് ഗോർ, വൈസ്രോയി ഇർവിൻ പ്രഭു, മുതലായവർ നടത്തിയ പരിശ്രമങ്ങളുമായി അദ്ദേഹവും ബന്ധപ്പെട്ടിരുന്നു. ഇൻഡ്യയിൽ

തിരിച്ചെത്തിയശേഷം അദ്ദേഹം സ്വീകരിച്ച പ്രഥമ നടപടികളിൽ ഒന്ന്, രണ്ടു പക്ഷത്തെയും നേതാക്കളെയും തിരുമേനിമാരെയും കണ്ടു സന്ധിശ്രമങ്ങൾക്കു രണ്ടു പക്ഷത്തു നിന്നും നോമിനേറ്റു ചെയ്ത ഒരു കമ്മിറ്റിയെ സംഘടിപ്പിക്ക എന്നതായിരുന്നു. ആലുവായിലെ കെ. സി. ചാക്കോ സാർ, എ. എം. വർക്കി സാർ മുതലായവർ അദ്ദേഹത്തോടു സഹകരിച്ചിരുന്നു. ഈ സന്ധിശ്രമങ്ങളിൽ കമ്മിറ്റിയുടെ സമ്മേളനങ്ങൾ നടത്തിക്കുന്നതിലും സന്ധിവ്യവസ്ഥകളുടെ നക്കൽ തയ്യാറാക്കുന്നതിലുമൊക്കെ കാര്യമായ പങ്കു വഹിച്ചത് അഞ്ചൽ സൂപ്രണ്ടായി റിട്ടയർ ചെയ്ത ടി. ജോസഫും (പുതുപ്പള്ളി) ഡോ. പി. റ്റി. തോമസ് പാലാമ്പടവുമായിരുന്നു. പാലാമ്പടത്തു നടന്ന ചർച്ചായോഗങ്ങളിൽ രണ്ടു കക്ഷികളിലുംപെട്ട ഗണനീയന്മാരായ നേതാക്കൾ പലരും സംബന്ധിക്കയും ചെയ്തിരുന്നു. ഫാദർ മാത്യൂസ് പാറേട്ട് (പിന്നീട് മാർ ഈവാനിയോസ്) കാതോലിക്കാപക്ഷത്തെ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ കോട്ടയം ചർച്ചകളുടെ ഫലമായി രൂപവൽക്കരിക്കപ്പെട്ട സന്ധിവ്യവസ്ഥകളെപ്പറ്റി ബിഷപ്പ് വാൾഷുമായി എഴുത്തുകുത്തുകൾ തുടർന്നുകൊണ്ടിരുന്നു. വ്യവസ്ഥകൾ പാത്രിയർക്കീസു ബാവായ്ക്കയച്ചുകൊടുത്തു മറുപടി വരുത്തുന്നതിൽ ബിഷപ്പ് വാൾഷ് പങ്കു വഹിച്ചു. മറുപടി അവസാനം നിഷേധരൂപത്തിൽ പരിണമിക്കയാണു ചെയ്തത്. കെ. എ. പൗലൂസ് ജഡ്ജി, കെ. കോരുത്, പി. എ. ഉമ്മൻ, സി. ജെ. മാത്യുത്തരകൻ, സി. എം. ജോൺ, കെ. ചെറിയാൻ, ഫാദർ മാത്യൂസ് പാറേട്ട് (കൺവീനർ) എന്നിവർ ചേർന്നു സന്ധിവ്യവസ്ഥകൾക്കു രൂപംനൽകുന്നതിൽ കാതോലിക്കാപക്ഷത്തു പ്രവർത്തിച്ചവരാണ്.

അധികമാരും ഓർക്കുവാനിടയില്ലാത്ത ഒരു സന്ധിശ്രമം തിരുവനന്തപുരത്തു നടന്നു. രണ്ടുപക്ഷത്തെയും സഭാസ്നേഹികളായ ഏതാനും യുവാക്കളാണു അതിൽ പങ്കെടുത്തു പ്രവർത്തിച്ചത്. സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണ കാലത്താണു അതു നടന്നത്. പാത്രിയർക്കീസ് കക്ഷിയിലെയും കാതോലിക്കാ കക്ഷിയിലേയും യുവനേതാക്കൾ ചർച്ച ചെയ്തു കുറെ സമാധാന വ്യവസ്ഥകൾക്കു രൂപംകൊടുത്തു. അവർക്കു നേതൃത്വം നൽകിയതു പിന്നീടു മന്ത്രിമാരായിത്തീർന്ന വി. ഒ. മർക്കോസും ഇ. ജോൺ ഫീലിപ്പോസുമായിരുന്നു. തിരുവനന്തപുരം വ്യവസ്ഥകൾ എന്ന പേരു സിദ്ധിച്ച ആ സന്ധിക്കരാറിന്റെ നക്കൽ ഏഴോ എട്ടോ പേർ ചേർന്നു പ്രസിദ്ധപ്പെടുത്തുകയും സഭാംഗങ്ങളുടെ പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു.

മുൻ മന്ത്രി വി. ഒ. മർക്കോസ്, മുൻ മന്ത്രി ഇ. ജോൺ ഫീലിപ്പോസ്, സി. കെ. മാണി, പി. എ. ഉമ്മൻ (റിട്ടയാർഡ് ഡിസ്ട്രിക്ട് ജഡ്ജി), സി. ജെ. മാത്യു തരകൻ (പള്ളിക്കര), സി. എം. ജോൺ, ടി. എം. ഐസക് (പെരുമ്പാവൂർ).

പ്രസ്തുത വ്യവസ്ഥകൾ പാത്രിയർക്കീസ് ബാവായ്ക്കും കാതോലിക്കാ ബാവായ്ക്കും അയച്ചുകൊടുത്തു. അന്നു രൂപംപ്രാപിച്ചിരുന്ന ഒരു യുവജന സംഘടനയുടെ പിന്തുണയും ഈ വ്യവസ്ഥകൾക്കുണ്ടായിരുന്നു. കോട്ടയത്ത് ഒരു ഓഫീസ് ജനറൽ സെക്രട്ടറി (സി. കെ. മാണി ആയിരുന്നുയെന്നാണോർമ്മ) ഓർഗനൈസിംഗ് സെക്രട്ടറി (ടി. എം. ഐസക്) മുതലായി സംഘടനാപരമായ എല്ലാ ക്രമീകരണങ്ങളോടെ അതു പ്രവർത്തിക്കയും ചെയ്തു. ഓഫീസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതു എം. കുര്യൻ (മലയാള മനോരമ) ആയിരുന്നു.

ടി. എം. ഐസക്കിനെ പ്രത്യേകം അനുസ്മരിക്കുവാൻ ഒരു സംഭവമുണ്ടായി. അദ്ദേഹം ഉത്സാഹശീലനും സേവനസമ്പന്നനുമായിരുന്ന ഒരു കോൺഗ്രസ് ധർമഭടൻ കൂടിയായിരുന്നു. സ്റ്റേറ്റു കോൺഗ്രസ് പ്രക്ഷോഭണകാലത്തു സർ. സി. പി. യുടെ മർദനപരിപാടികൾക്കു വിധേയനായ ഐസക് സ്വാതന്ത്ര്യലബ്ധിക്കു ശേഷം അധികനാൾ ജീവിച്ചിരുന്നില്ല. ക്ഷയരോഗബാധിതനായി അദ്ദേഹം അകാലമൃത്യു പ്രാപിച്ചു. തിരുവനന്തപുരം വ്യവസ്ഥകൾ പ്രസിദ്ധീകൃതമായതിനുശേഷം അദ്ദേഹവും ചില യുവസ്നേഹിതന്മാരും മലയാള മനോരമയാഫീസിനു തൊട്ടുള്ള ചീഫ് എഡിറ്ററുടെ വസതിയിൽ ചെന്നു. മനോരമയാപ്പീസ് ഗവൺമെന്റു പൂട്ടി കൈവശപ്പെടുത്തിയിരുന്ന അവസരമായിരുന്നു അത്. മാമ്മൻമാപ്പിള അവിടെയുണ്ടായിരുന്നില്ല. കെ. എം. ചെറിയാൻ ആണു സന്ദർശകരെ സ്വീകരിച്ചത്. സന്ധിവ്യവസ്ഥകളെക്കുറിച്ചും സമാധാനസാദ്ധ്യതകളെക്കുറിച്ചും ചർച്ച ചെയ്യുവാൻ വന്നതായിരുന്നു ടി. എം. ഐസക്കും സ്നേഹിതരും.

ടി. എം. ഐസക്കിന്റെ കൂടെ സന്ദർശകരുടെ കൂട്ടത്തിൽ അവിടെ എത്തിയ ഒരപൂർവ്വ അതിഥിയെക്കുറിച്ചു പറയട്ടെ. ആ അതിഥി മറ്റാരുമായിരുന്നില്ല. മാർക്സിസ്റ്റു പാർട്ടിയുടെ അഖിലേന്ത്യാ നേതാക്കളുടെ പ്രഥമ നിരയിൽ സ്ഥാനമുള്ള ഇ. എം. എസ്. നമ്പൂതിരിപ്പാടായിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടി രൂപംകൊണ്ടു വരുന്നേയുള്ളു അന്ന്. കോൺഗ്രസിലെ ഇടതുപക്ഷ ചിന്താഗതിയുള്ളവരെ സംഘടിപ്പിക്കാനും അവരുടെ നേതൃത്വം ഏറ്റെടുക്കാനും അദ്ദേഹം ശ്രമം നടത്തിക്കൊണ്ടിരുന്ന അവസരമായിരുന്നു അത്. മലങ്കര സുറിയാനി സഭയുടെ സന്ധിയാലോചനകളിൽ തന്റെ സുഹൃത്തുക്കളായ ടി. എം. ഐസക് തുടങ്ങിയവരുടെ കൂടെ അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു. സഭയുടെ ചരിത്രത്തെയും പ്രശ്നങ്ങളെയും അതിവിദഗ്ദ്ധമായി അദ്ദേഹം വിശകലനം ചെയ്തു കേട്ടപ്പോൾ കെ. എം. ചെറിയാനും മറ്റും അത്ഭുതപ്പെട്ടുപോയി. പിന്നീട് കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായി തീർന്ന കെ. സി. ജോർജ് തുടങ്ങിയ പല സുറിയാനി സഭാ യുവാക്കൾ ഇ. എം. എസിന്റെ സുഹൃദ്വലയത്തിൽ പെട്ടുപോയതിൽ ഒട്ടും അത്ഭുതം തോന്നിയില്ല.

തിരുവനന്തപുരം വ്യവസ്ഥകൾ സമാധാനം സംജാതമാക്കാൻ ഉപകരിച്ചില്ല. എന്നാൽ ആ വ്യവസ്ഥകൾ പിന്നീടുള്ള സന്ധിയാലോചനകളിൽ പല ഭേദഗതികളോടെ അവതരിപ്പിക്കത്തക്കവണ്ണം അതൊരടിസ്ഥാനമായി തീർന്നു യെന്നതാണ് അതിന്റെ പ്രാധാന്യം. 1947-ൽ കെ. സി. ചാക്കോയുടെ നിര്യാണത്തിനു ശേഷം മലങ്കരസഭ നിയോഗിച്ച ഒരു പീസ് കമ്മിറ്റി രൂപവൽകരിച്ച വ്യവസ്ഥകളും തിരുവനന്തപുരം വ്യവസ്ഥകൾക്ക് ആവശ്യമായ ഭേദഗതി വരുത്തിയാണു നക്കൽ തയ്യാറാക്കിയത്. ആ പീസ് കമ്മിറ്റിയുടെ അംഗങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു. കെ. എ. പൗലൂസ് (റിട്ട. ജഡ്ജി), കെ. കോരുത് (റിട്ട. ജഡ്ജി), പി. എ. ഉമ്മൻ (റിട്ട. ജഡ്ജി), സി. ജെ. മാത്യുതരകൻ, സി. എം. ജോൺ, കെ. ചെറിയാൻ, ഫാദർ മാത്യൂസ് പാറേട്ട് (കൺവീനർ - പിന്നീട് മാർ ഈവാനിയോസ്).

കെ. സി. ചാക്കോ 1947 സെപ്തംബർ 15-ാം തീയതി സന്ധ്യയോടു കൂടിയാണു ദിവംഗതനായത്. തിരുവനന്തപുരം പാംലാൻഡ് ഹോട്ടലിലെ ഒരു മുറിയിൽ അദ്ദേഹത്തിന്റെ പുണ്യജീവിതത്തിന്റെ അന്ത്യം കുറിക്കാനിടയാക്കിയതു മലങ്കരസഭയുടെ സമാധാനത്തിനു വേണ്ടി അദ്ദേഹം നടത്തിയ അന്ത്യശ്രമമായിരുന്നു.

കോളിളക്കങ്ങൾക്കു മദ്ധ്യേ അചഞ്ചലനായി

1934 ഡിസംബറിലെ മലങ്കര അസോസിയേഷൻ ബാവാതിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായും അവരോധിച്ചശേഷം 1935 ആഗസ്റ്റ് 22-ാം തീയതി പൗലൂസ് മാർ അത്താനാസ്യോസ് മറുകക്ഷിയുടെ മലങ്കര മെത്രാനായി വാഴിക്കപ്പെട്ടു. അന്നുമുതൽ തിരുമേനിയുടെ ജീവിതം അടർക്കളത്തിലെ ഒരു പോരാട്ടമായിരുന്നു. സഭയാകുന്ന പടക്കുതിരയുടെ കടിഞ്ഞാൺ കൈയിലേന്തിക്കൊണ്ട് ആ വീരയോദ്ധാവ് അതിവിദഗ്ദ്ധമായി പോർ പൊരുതി. മലങ്കരസഭയുടെ സ്വാതന്ത്ര്യം, കാതോലിക്കാ സ്ഥാപനത്തിന്റെ നിലനിൽപ്പ് ഇതായിരുന്നു ആ സഭാനേതാവിന്റെ ലക്ഷ്യം. ആ ഉന്നം മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം അക്ഷീണനായി പോരാടി. ആ സമരരംഗത്ത് അദ്ദേഹം പല കുറി കാൽ വഴുതി അങ്കത്തട്ടിൽ അടിപറ്റി വീണിട്ടുണ്ട്. 1951-ൽ കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ തീരുമാനം, 1956-ൽ കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ വിധി ഇവയെല്ലാമാണ് ആ ആഘാതങ്ങളെ അനുസ്മരിപ്പിക്കുന്ന സംഭവങ്ങൾ. പക്ഷേ തിരുമേനി ദൈവാശ്രയത്തോടു കൂടി സത്യമെന്നു വിശ്വസിച്ച ഒരു സത്യത്തിനു വേണ്ടി അടിപതറാതെ അതെല്ലാം അതിജീവിച്ചു മുന്നോട്ടുപോയി. എന്തു പ്രയാസമുണ്ടാകുമ്പോഴും തന്റെ ഗുരുവും പുണ്യശ്ലോകനുമായിരുന്ന പരുമല തിരുമേനിയുടെ കബറിടത്തിൽ ചെന്ന് അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. വിഷമങ്ങൾ വർദ്ധിച്ച് മനസ്സ് വേദനാനിർഭരമാകുമ്പോൾ ആ സാത്വികശിരോമണി പാതിരാവിന്റെ

ഏകാന്തതയിൽ കട്ടിലിൽ എഴുന്നേറ്റിരുന്നു ദൈവവുമായി സംസർഗ്ഗം ചെയ്തിരുന്നു. ആ മഹാപുരുഷന്റെ അന്ത്യം വിജയശ്രീലാളിതമായിത്തീർന്ന തിനുള്ള രഹസ്യം അതായിരുന്നു. 1958 സെപ്തംബർ 12-ാം തീയതി ഇൻഡ്യ യുടെ സുപ്രീംകോടതി അദ്ദേഹം മലങ്കരസഭയുടെ അനിഷേധ്യ കാതോലി ക്കോസ് എന്നു പ്രഖ്യാപനം ചെയ്തു. അതിനെ തുടർന്ന് പാത്രിയർക്കീസ് ബാവാ തിരുമേനി ആ പുണ്യപുരുഷനെ സ്വീകരിച്ച് ആശീർവദിച്ചു. അങ്ങനെ സർവ്വാരാധ്യനായി സർവ്വത്ര കാന്തിപ്രസരം പരത്തിക്കൊണ്ട് പ്രോജ്വലിച്ച ആ ഉജ്ജ്വല താരമാണ് മലങ്കരസഭാ നഭോമണ്ഡലത്തിൽ നിന്ന് 1964 ജനു വരി മൂന്നിനു മറഞ്ഞത്.

സഭാന്തരീക്ഷം - രണ്ടു കക്ഷികൾ

ലൗകികാധികാരങ്ങളും പണവും ലഭിക്കുന്നതിനു വേണ്ടി അബ്ദുള്ള പാത്രിയർക്കീസ് 1910-ൽ മലങ്കരയിൽ വന്നു. അദ്ദേഹത്തിന് ഉടമ്പടി നൽകാ ത്തവരെയെല്ലാം മുടക്കുക എന്ന തന്ത്രത്തിന്റെ ഭാഗമായി മലങ്കര മെത്രാ പ്പോലീത്താ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെയും മുടക്കി. ഇതോടെ മലങ്കരസഭയിൽ രണ്ടു കക്ഷികൾ - ബാവായെ അനുകൂലിക്കുന്നവർ ബാവാ കക്ഷിയെന്നും മെത്രാനു പിന്തുണ നൽകുന്നവരെ മെത്രാൻ കക്ഷി എന്നും വിളിച്ചു വന്നു - ഉണ്ടായി. മലങ്കര മെത്രാപ്പോലീത്തായുടെ മേലുള്ള മുടക്ക് വെറും ബാലിശവും മറ്റെന്തെങ്കിലും നേടാൻ വേണ്ടിയുള്ളതും ആയിരുന്നു. പിന്നീട് സമാധാനാലോചനകളുടെ പരമ്പര തന്നെ നടന്നു. 1934-ൽ ഗീവറു ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഇരുകൂട്ടർക്കും ഏതാണ്ടു സ്വീകാര്യ മായ വ്യവസ്ഥകളുമായി പാത്രിയർക്കീസിനെ കാണാൻ ഹോംസിലേക്കു പോയി. അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ്, സി. എം. തോമസ് റമ്പാൻ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ എന്നിവരും ബാവായെ അനു ഗമിച്ചു. ഹോംസിൽ വച്ചു ചർച്ചകൾ നടത്തി എങ്കിലും പരസ്പര സ്വീകരണ ത്തിന്റെ രീതിയിൽ യോജിക്കാനായില്ല. മലങ്കരയിൽ നിന്നു കൊണ്ടുപോയ വ്യവസ്ഥകൾ അപ്രേം പാത്രിയർക്കീസിന് അസ്വീകാര്യമായിരുന്നു. അധി കാരമില്ലാത്ത ഒരു ഇസ്പേഡ് കാതോലിക്കായെ മലങ്കരയ്ക്കു നൽകാമെ ന്നുള്ള അഭിപ്രായം കാതോലിക്കാബാവാ പുച്ഛിച്ചു തള്ളിയശേഷം തിരി ച്ചെത്തി. യാത്ര പുറപ്പെടുന്നതിനു മുമ്പു തന്നെ പഴയസെമിനാരിയിൽ വച്ചു സത്യത്തെ അവഗണിച്ചുള്ള യാതൊരു തീരുമാനവും ഉണ്ടാക്കുന്നതല്ലെന്നു ബാവാ പറഞ്ഞിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ പ്രഗത്ഭനല്ലെന്നു കരുതി കാതോലിക്കാ ബാവായെ തന്ത്രത്തിൽ ഒതുക്കി മലങ്കരയിലെ ലൗകി കാധികാരം വീണ്ടെടുക്കാമെന്നുള്ള മോഹം ചെറിയമഠത്തിൽ മല്പാനച്ചൻ സമാധാന വ്യവസ്ഥകൾ ഇംഗ്ലീഷിലും സുറിയാനിയിലും തർജ്ജമ ചെയ്തു വിശദീകരിച്ചപ്പോൾ തകർന്നുപോയി. സുറിയാനിയിൽ ഇത്രയധികം പിടി പാടു മല്പാനച്ചന് എങ്ങനെ ലഭിച്ചു എന്നു പാത്രിയർക്കീസ് ചോദിക്കുകയും

വിസ്മയഭരിതനാവുകയും ചെയ്തു. ഈ സന്ധിസംഭാഷണവേളയിൽ പാത്രിയർക്കീസും ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായും തമ്മിൽ നടന്ന രസകരവും ചരിത്ര പ്രധാനവുമായ ഒരു സംഭാഷണം ഇവിടെ ഉദ്ധരിക്കുന്നതു സത്യം മനസ്സിലാക്കാനാണ്.

ഒരു സംഭാഷണം

സമാധാന ചർച്ചകൾ വിജയിക്കാതെ ശ്രമങ്ങൾ തുടരവേ ഒരു ദിവസം പാത്രിയർക്കീസും കാതോലിക്കായും തമ്മിൽ ഹോംസിലെ അരമനപ്പള്ളിയിലെ മദ്ബഹായിൽ ഒപ്പമിരുന്നു നടത്തിയ ഒരു സംഭാഷണം, ഭിന്നത ഉള്ളി പൊളിച്ചതുപോലെ മാത്രമേയുള്ളു എന്നു വ്യക്തമാക്കി. ആ സംഭാഷണം മല്പാനച്ചൻ രേഖപ്പെടുത്തിയിരിക്കുന്ന അതേ രൂപത്തിൽ ഉദ്ധരിക്കുന്നു. സംഭാഷണം സ്വയം സംസാരിക്കുന്നതാണ്. ഇത് അതേപടി രേഖപ്പെടുത്തിയതിനും മല്പാനച്ചനോടു മലങ്കരസഭ എന്നാളും കൃതജ്ഞരായിരിക്കേണ്ടതാണ്.

1. ഞങ്ങൾ ഹോംസിൽ ചെന്നശേഷം എന്തുകൊണ്ടോ പാത്രിയർക്കീസ് ബാവാ പള്ളിയിൽ നമസ്കാരത്തിനും മറ്റും അധികം ഇറങ്ങുന്നതായി കണ്ടില്ല. അദ്ദേഹത്തിന്റെ മുറിയിൽത്തന്നെ അവ നടത്തി വന്നു എന്നു വേണം വിചാരിക്കുവാൻ. ഒരു സമയം, ഞങ്ങൾ ചെന്നതുകൊണ്ടായിരിക്കയില്ലേ എന്നും സംശയമില്ലാതെ ഇല്ല. ഏതായാലും കാതോലിക്കാബാവായും അതനുസരിച്ച് പള്ളിയിൽ ഇറങ്ങാതെ മുറിയിൽ തന്നെ പ്രാർത്ഥിച്ചു പോന്നു. ഞങ്ങൾ അവിടെ ചെന്ന ശനിയാഴ്ച പാത്രിയർക്കീസ് ബാവായും കാതോലിക്കാബാവായുമായി സംസാരിച്ചുകൊണ്ടിരിക്കെ "ഇന്നു ഞാൻ പള്ളിയിലിറങ്ങും, അപ്പോൾ അവിടുന്നു വരണം. മദ്ബഹായിൽ ഞാൻ ഇരിക്കുന്നതിന്റെ വലതുഭാഗത്തെ ഒരു സിംഹാസനം ഇട്ടിട്ടുണ്ടായിരിക്കും. അതിൽ അവിടുന്ന് ഇരുന്നുകൊള്ളണം" എന്നു പറയുകയുണ്ടായി. സന്ധ്യാനമസ്കാരത്തിനു സമയമായി. പാത്രിയർക്കീസു ബാവാ പള്ളിയിലേക്കു പോയി. കാതോലിക്കാബാവായും അദ്ദേഹത്തോട് ഒരുമിച്ചുണ്ടായിരുന്നു. പാത്രിയർക്കീസു ബാവാ ആദ്യമായി മദ്ബഹായിൽ പ്രവേശിച്ച് കാതോലിക്കാബാവായ്ക്കുള്ള സിംഹാസനത്തിനു നേരെ കൈ ചൂണ്ടിക്കാണിച്ചിട്ട് ഇരുന്നു. കാതോലിക്കാബാവായും ഇരുന്നു. അന്നത്തെ ശുശ്രൂഷ അങ്ങനെ നടന്നു. പിറ്റേ ദിവസത്തെ കുർബാനയും അതേ രീതിയിൽ തന്നെ നടന്നു. പിന്നീട് പാത്രിയർക്കീസു ബാവാ ഉള്ള അവസരങ്ങളിലെല്ലാം കാതോലിക്കാബാവായും പള്ളിയിൽ പോകുകയും പഴയപടി വലതുഭാഗത്തെ സിംഹാസനത്തിൽ ഇരിക്കയും, ശുശ്രൂഷക്കാർ വേണ്ട ഉപചാരങ്ങൾ ചെയ്യുകയും സാധാരണയായിരുന്നു.

2. ഒരിക്കൽ ബാവാമാർ ഇരുവരും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, പാത്രിയർക്കീസ് ബാവാ, പാരീസിൽ അച്ചടിച്ച ഒരു സുറിയാനി കാനോൻ ഗ്രന്ഥം (എ അക്കം കാനോൻ) കാണിച്ചു കൊണ്ട്:

"ഇത് അവിടുത്തേക്കു വായിക്കാമോ?"

കാതോലിക്കാ ബാവാ: "വായിക്കാം."

പാത്രി: ബാവാ: "കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ ഇനിമേൽ കാതോലിക്കാ എന്നു വിളിക്കപ്പെടണം" എന്ന ഭാഗം കാണിച്ചുകൊണ്ട് "കാതോലിക്കാ എന്നു പറഞ്ഞാൽ വലിയ മെത്രാപ്പോലീത്താ എന്നേ അർത്ഥമുള്ളു."

കാതോ: ബാവാ: "വലിയ മെത്രാപ്പോലീത്തായെ ഇനിമേൽ കാതോലിക്കാ എന്നു വിളിക്കണം. അന്ത്യോഖ്യയിലെയും കുസ്തന്തിനോസ്പോലീസിലെയും എപ്പിസ്ക്കോപ്പാമാർ പാത്രിയർക്കീസ് എന്നു വിളിക്കപ്പെടണം എന്നു പറഞ്ഞിരിക്കുന്നതുപോലെ തന്നെ ഇതും എന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നത്." ഈ മറുപടിക്കു ശേഷം പിന്നെ ഇതു സംബന്ധിച്ച് ഒന്നും തന്നെ പറയാതെ സംഭാഷണ വിഷയം മാറ്റിക്കളഞ്ഞു.

3. മറ്റൊരവസരത്തിൽ 'അബ്ദേദ് മശിഹാ, സിംഹാസനത്തിൽ നിന്നു വീണുപോയവനാണ്. സുന്നഹദോസു കൂടി അദ്ദേഹത്തെ തള്ളിക്കളഞ്ഞു" എന്നു പാത്രിയർക്കീസ് ബാവാ പറഞ്ഞു.

കാതോ: ബാവാ: "അദ്ദേഹത്തെ മുടക്കീട്ടുണ്ടോ?"

പാ: ബാ: "ഇല്ല."

കാ: ബാവ: "വീണു എന്നു പറയുന്നതിന്റെയും തള്ളി എന്നു പറയുന്നതിന്റെയും അർത്ഥമെന്താണ്? ബലഹീനനായ ഒരു മനുഷ്യനെ ബലവാന്മാർ കൂടി അയാളുടെ സ്വന്ത ഭവനത്തിൽ നിന്നു പിടിച്ചു ഇറക്കി വിടുന്നതു പോലെ എന്നല്ലേ അർത്ഥമുള്ളു?"

പാ: ബാവ: "അദ്ദേഹം ചില കുറ്റങ്ങളെല്ലാം ചെയ്തിട്ടുണ്ട്."

കാതോ: "അക്കാലത്തു ഞാൻ ഊർശ്ലേമിൽ ഉണ്ടായിരുന്നതിനാൽ അതിന്റെ പരമാർത്ഥം ഞാനും മനസ്സിലാക്കീട്ടുണ്ട്."

പാത്രിയർക്കീസ് ബാവാ ഒന്നും ഉത്തരം പറഞ്ഞില്ല.

കാ: ബാവാ: "കാര്യം കൂടാതെ ഒരുത്തനെ ദ്രോഹിക്കുന്നതു ദൈവദോഷമല്ലേ?"

പാ: ബാവ: "അദ്ദേഹം വീണുപോയതാണ്."

കാ: ബാവ: "അബ്ദള്ളാ ബാവാ പാത്രിയർക്കീസായശേഷം അബ്ദേദ് മശിഹാ പട്ടംകൊടുത്തിട്ടുള്ള ഒരു റമ്പാൻ മർക്കോസിന്റെ ദയറായിൽ കുർബാന ചൊല്ലുന്നതു ഞാൻ എന്റെ കണ്ണിനു കണ്ടിട്ടുണ്ട്. അബ്ദള്ളാ ബാവായോ മറ്റാരെങ്കിലുമോ അദ്ദേഹത്തെ വിലക്കിയതായി കണ്ടിട്ടില്ല.

യാതൊരു വ്യത്യാസവും കൂടാതെ ഈ ആളും മറ്റുള്ളവരോടു കൂടെ താമസിക്കയും കർമ്മാദികളിൽ സംബന്ധിക്കുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്തുപോന്നു.”

പാ: ബാവ: “അയാളുടെ പേരെന്താണ്?”

കാതോ: ബാവാ: “തുറബ്ദീൻകാരൻ ഒരു ഹന്നാ റമ്പാൻ.”

(ഇതിനു പാത്രിയർക്കീസുബാവാ ഒന്നും മറുപടി പറഞ്ഞില്ല)

കാ: ബാവാ: “നിങ്ങളെല്ലാം പട്ടമുള്ളവരും ഞങ്ങൾ കേവലം അത്മായക്കാരും, എന്താ പോരായോ?”

പാ: ബാവ: (ഞെട്ടിക്കൊണ്ട്) “ആരങ്ങനെ പറഞ്ഞു? തീർച്ചയായി നിങ്ങൾക്കെല്ലാം പട്ടമുണ്ട്.”

കാ: ബാവാ: “അവിടുത്തെ തഹലൂപ്പാ യൂലിയോസ് മെത്രാച്ചനാണ് ഇങ്ങനെ പറഞ്ഞ് ജനങ്ങളെ വഞ്ചിക്കുന്നത്.”

(പാത്രിയർക്കീസ് ബാവാ മൗനം അനുഷ്ഠിച്ചു)

ഈ സംഭാഷണശേഷം ഞങ്ങൾ താഴത്തേക്കു പോന്നു. ഉടൻതന്നെ യൂലിയോസ് മെത്രാച്ചൻ താഴെ വന്ന് “നിങ്ങൾക്കു പട്ടമില്ലെന്ന് ഞാൻ വല്ലപ്പോഴും പറഞ്ഞിട്ടുണ്ടോ? പാത്രിയർക്കീസുബാവായോട് അങ്ങനെ പറഞ്ഞതെന്തിനാണ്?” എന്നു ചോദിക്കുകയുണ്ടായി.

‘രഹസ്യമായും പരസ്യമായും, പത്രങ്ങളിലും വാക്കുമൂലമായും എതിർകക്ഷികൾ അങ്ങനെ ധാരാളം പറയാറുണ്ട്. മാർ അത്താനാസ്യോസ്, മാർ മിഖായേൽ ദീവന്നാസ്യോസ് മുതലായ മെത്രാന്മാരും അങ്ങനെ പറയുകയും പ്രസംഗിക്കയും ചെയ്യാറുണ്ട്’ എന്നു ഞങ്ങൾ പറഞ്ഞതിന് യൂലിയോസ് മെത്രാച്ചൻ:

‘അവർ പറഞ്ഞിട്ടുണ്ടായിരിക്കാം. എന്നാൽ വല്ലപ്പോഴും ഞാൻ അങ്ങനെ പറഞ്ഞിട്ടുണ്ടോ?’

ഞങ്ങൾ: ‘അവിടുന്നു ധാരാളം പറഞ്ഞിട്ടുണ്ട്.’

യൂലി. മെ: ‘ഞാൻ അങ്ങനെ ഒരിക്കലും പറഞ്ഞിട്ടില്ല. പറയുകയുമില്ല.’

4. വേറെ ഒരു അവസരത്തിൽ ബാവാമാർ ഇരുവരും സംസാരിച്ചുകൊണ്ടിരിക്കെ ‘ഞങ്ങൾക്കു പാത്രിയർക്കീസന്മാരെ ബഹുഭയമാണ്. കാരണം മുടക്കാകുന്ന കണ്ഠകോടാലി അവർ കളിപ്പാട്ടമായിട്ടാണ് ഉപയോഗിക്കുന്നത്. ആദ്യം മലയാളത്തുകാരിൽ പാത്രിയർക്കീസിൽ നിന്നു പട്ടമേറ്റ ആൾ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു.

അദ്ദേഹത്തെ വാഴിക്കുന്നതിനും മുടക്കുന്നതിനും വലിയ കാലതാമസമുണ്ടായില്ല. പിന്നത്തെ ആൾ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു. ശീമക്കാരുടെ വലങ്കയ്യായിരുന്ന അദ്ദേഹത്തിനു ബോംബെയിൽ നിന്നു മുടക്കയയ്ക്കാമെന്നു പറഞ്ഞ് പാത്രിയർക്കീസു ബാവാ മലങ്കര നിന്നു പോയി. പെട്ടെന്ന് അദ്ദേഹം പിണങ്ങിയാൽ കുറെ തകരാറ് ശീമക്കാർക്കു പറ്റിയേക്കുമെന്ന് ഭയന്ന് അന്നങ്ങനെ ചെയ്തില്ല. പിന്നീട് അദ്ദേഹം പാത്രിയർക്കീസിന്റെ ഭാഗത്തു നിന്നുകൊണ്ട് ദീർഘനാൾ കേസു നടത്തി ജയം നേടി. ഇത്രയും ആയപ്പോഴേക്ക് ആരുടെയോ മന്ത്രം കേട്ട് അദ്ദേഹത്തെ പ്രസിഡന്റു സ്ഥാനത്തു നിന്നു സസ്പെന്റു ചെയ്തു. അടുത്ത ആൾ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു. അദ്ദേഹത്തിന്റെ മുടക്കും പിന്നാലെയുണ്ടായ കേസും സംബന്ധിച്ച് ഇവിടെ ഒന്നും വിസ്തരിക്കേണ്ടതില്ലല്ലോ. പാത്രിയർക്കീസ് മുടക്കി മുടക്കി ഇപ്പോൾ തഹലൂപ്പായും മുടക്കാൻ തുടങ്ങിയിരിക്കുന്നു' എന്ന് കാതോലിക്കാബാവാ പറഞ്ഞു.

പാ: ബാ: 'ആര്, ആരെ എപ്പോൾ മുടക്കി?'

കാ: ബാവാ: 'ഈ യൂലിയോസ് മെത്രാച്ചൻ.'

പാ: ബാ: 'ആരെ.'

കാ: ബാവ: 'മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ.'

പാ: ബാവ: 'എപ്പോൾ?'

കാ: ബാവാ: 'കേസിനുശേഷം സസ്പെന്റു ചെയ്തു ഒരു ഉത്തരവയച്ചു. അതിനെത്തുടർന്ന് ഒരു കേസും ഉണ്ടായി. അങ്ങനെ ഇപ്പോൾ തഹലൂപ്പായെയും ഭയപ്പെടേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. ജനിപ്പിക്കുകയും ഉടനെ കൊല്ലുകയും ചെയ്യുക നിങ്ങൾക്കു തൊഴിലായി തീർന്നിരിക്കയാണ്.'

പാ: ബാവ: 'ഞങ്ങൾ കൊലപാതകരെന്നാണോ നിങ്ങൾ പറയുന്നത്?'

കാ: ബാവ: 'സംശയമെന്താ?'

പാ: ബാവ: 'ഇനി അങ്ങിനെ ഉണ്ടാകുകയില്ല. പത്രോസ് പാത്രിയർക്കീസും അബ്ദള്ളാ പാത്രിയർക്കീസും മുടക്കിയതു സർവത്ര തെറ്റിപ്പോയി. ഞാൻ വളരെ ശാന്തനല്ലേ? അവരെപ്പോലെയാണോ?'

കാ: ബാവ: 'അവിടുന്ന് ശാന്തൻ തന്നെ. എനിക്കവിടുത്തോടു വളരെ ബഹുമാനവും സ്നേഹവും തോന്നുന്നു. യൂലിയോസു മെത്രാൻ കുറെക്കൂടെ ബുദ്ധിപൂർവ്വമായി പ്രവർത്തിച്ചിരുന്നെങ്കിൽ ഇത്രയും കുഴപ്പമൊന്നുമുണ്ടാകയില്ലായിരുന്നു. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മർദ്ദീനിൽ വരികയും ഏലിയാസ് പാത്രിയർക്കീസുമായി സൗഹാർദ്ദമായി പിരിയുകയും ചെയ്തു. അന്ന് അദ്ദേഹം കൊടുത്ത കല്പനകൾ വായിച്ചിരുന്നെങ്കിൽ കാതോലിക്കാ

വാഴ്ചയൊ റിവിഷൻ അപ്പീലോ അതിനുശേഷം ഉണ്ടാകുകയില്ലായിരുന്നു. റിവിഷൻ ഉണ്ടായില്ലായിരുന്നെങ്കിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം ഉരുക്കു പോലെ ബലവത്തായിരിക്കുമായിരുന്നു.'

പാത്രി: ബാവ: 'അയാൾ ആ കല്പന വായിക്കാതെ ഇരുന്നതുപോലെ ഒരു ബുദ്ധികേട് ഉണ്ടാകുവാനില്ല. ഞാൻ വന്നിരുന്നെങ്കിൽ തീർച്ചയായും മലയാളത്തു സമാധാനം ഉണ്ടാകുമായിരുന്നു. ഇനി കല്പന കൊടുക്കേണ്ടതായി വന്നാൽ അയാളുടെ കയ്യിൽ ഒരിക്കലും കൊടുക്കുകയില്ല. അവയെല്ലാം അവിടുത്തെ കയ്യിലെ തരികയുള്ളു. ഇതിൽപരം ബുദ്ധികേട് യൂലിയോസ് കാട്ടാനില്ല.'

കാ: ബാവ: "എന്നോടുള്ള അവിടുത്തെ വർത്തമാനമെങ്കിലും ബുദ്ധികേടായിപ്പോയി എന്നു ഒരു കാലത്ത് ആരും പറയാൻ ഇടയാകാതെ ഇരിക്കട്ടെ."

പാ: ബാവ: (ചിരിച്ചുകൊണ്ട്) "സർവ്വവും ശരിയാകും. അവിടുത്തേക്കു പരുമല കാലം ചെയ്ത മാർ ഗ്രീഗോറിയോസിന്റെ ആത്മബീജമുണ്ട്."

കാ: ബാവ: 'ഞാൻ അദ്ദേഹത്തിന്റെ ശിഷ്യനും ജഡപ്രകാരം അദ്ദേഹം എന്റെ കാരണവനുമാണ്.'

5. മെത്രാന്മാരിൽ പലരും ഹോംസിൽ എത്തി പാത്രിയർക്കീസിന്റെ മുറിയിൽ വച്ച് ഒരു കൂടിയാലോചന നടത്തി. അന്നു സന്ധ്യയ്ക്ക് കാതോലിക്കാ ബാവായെ മാത്രം മുകളിലേക്കു വിളിച്ചു വരുത്തി പാത്രിയർക്കീസ് ബാവാ ഒരു പട്ടംകൊട പുസ്തകം വിടർത്തി വച്ചുകൊണ്ട്:

പാ: ബാവ: "ഒരു ഇടദിവസം വി. കുർബ്ബാനമദ്ധ്യേ ഈ പ്രാർത്ഥന ഞാൻ ചൊല്ലി ശീലമുടിയും പത്രസീനും വാഴ്ത്തി തരും. അതോടു കൂടെ അംശവടി പിടിപ്പിക്കുകയും ചെയ്യും. പിന്നെ എല്ലാവരും ഓക്സിയോസ് പറകയും മെത്രാന്മാരെല്ലാം അവിടുത്തെ കൈ മുത്തുകയും ചെയ്യും. ഇപ്പോൾ എന്റെ വലതുഭാഗത്ത് അല്പം താണ ഒരു സിംഹാസനത്തിലല്ലേ അവിടുത്തെ ഇരുത്തിയിരിക്കുന്നത്. ഇതു കഴിഞ്ഞാൽ എന്റേതിനോടൊപ്പമുള്ള ഒരു സിംഹാസനം അവിടെ ഇട്ട് അതിൽ അവിടുത്തെ ഇരുത്തും.'

കാ: ബാവ: 'അവിടുത്തെ ഔദാര്യത്തിനു ഞാൻ നന്ദി പറയുന്നു. ഈ പുസ്തകം തന്നെ ഉപയോഗിച്ചാണ് ഞാനും പട്ടം കൊടുക്കുന്നത്. അതുകൊണ്ട് കൈവെപ്പിന്റെ ഈ പ്രത്യേക പ്രാർത്ഥന എന്റെ മേൽ നടത്തുന്നത് അനുവദിപ്പാൻ എന്റെ മനസാക്ഷി സമ്മതിക്കുന്നില്ല. അതു പാപമാണെന്നാണ് എന്റെ ബോധ്യം.'

പാ: ബാവ: 'അബ്ദേദു മശിഹാ സ്ഥാനത്തു നിന്നു വീണ ആളാണ്. അതുകൊണ്ട് ഒരു ദോഷവുമില്ല.'

കാ: ബാവ: 'അബ്ദേദു മശിഹാ ബാവായ്ക്കു മുടക്കില്ലെന്ന് അവിടുന്നു സമ്മതിക്കുന്നുണ്ടല്ലോ? ഞാൻ ഒന്നു ചോദിക്കട്ടെ. തൂറബ്ദീനിലെ ശ്ലീഹ് എന്ന മെത്രാപ്പോലീത്തായെ പാത്രിയർക്കീസു മുടക്കിയല്ലോ. ആ മുടക്കപ്പെട്ട മെത്രാപ്പോലീത്തായെ അവർ പാത്രിയർക്കീസായി വാഴിക്കയും ചെയ്തു. പിന്നെ അധിക നാളത്തേക്കു മർദ്ദീനിലും തൂറബ്ദീനിലും പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നു. രണ്ടു മൂന്നു തലമുറയ്ക്കു ശേഷം മർദ്ദീനിലെ പാത്രിയർക്കീസ് മൂറോൻ കൂദാശ ചെയ്തപ്പോൾ തൂറബ്ദീനിലെ പാത്രിയർക്കീസിനെ ക്ഷണിക്കയും പിന്നീട് അവർ പരസ്പരം പോയി ശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തു വന്നില്ലേ? മുടക്കപ്പെട്ട പാത്രിയർക്കീസിന്റെ പിൻഗാമികളോടു കൂടി മർദ്ദീനിലെ പാത്രിയർക്കീസ് കൂദാശകളിൽ സംബന്ധിച്ചപ്പോൾ അവരുടെമേൽ എന്തെങ്കിലും പ്രാർത്ഥന കഴിക്കയുണ്ടായോ?'

പാ: ബാവ: 'ഇല്ല.'

കാ: ബാവ: 'സീസ്, മർദീൻ, തൂറബ്ദീൻ ഇവിടെയല്ലാം പല തലമുറകളിലായി പാത്രിയർക്കീസന്മാർ വാണിരുന്നില്ലേ?'

പാ: ബാവ: 'അവർ അന്യോന്യം അറിയാതെയാണ് വാഴിക്കപ്പെട്ടുപോയത്.'

കാ: ബാവ: 'പാത്രിയർക്കീസിനെ, സുന്നഹദോസു കൂടാതെ വാഴിക്കുന്നതു ക്രമക്കേടല്ലേ? ഈ സത്യം അറിഞ്ഞശേഷം അവരാരെങ്കിലും സ്ഥാനത്തു നിന്ന് പിന്മാറീട്ടുണ്ടോ? പല തലമുറകളിലായി ഈ സിംഹാസനങ്ങളിൽ പാത്രിയർക്കീസന്മാർ വാണിട്ടുണ്ടല്ലോ? ഒടുവിൽ യോജിച്ചപ്പോൾ അവരുടെ മേൽ വല്ലവരും വല്ല പ്രാർത്ഥന നടത്തിയതായി അറിയാമോ? അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ സാക്ഷാൽ പാത്രിയർക്കീസിന്റെ കൈവെപ്പിനു പുറമെ ഒരു പ്രാർത്ഥന കൂടി നടത്തണമെന്ന് അവിടുന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്?'

'പാ: ബാവ: 'അവിടുന്ന് ഗ്രീഗോറിയോസിന്റെ സഭാചരിത്രം വായിച്ചിട്ടുണ്ടോ?'

കാ: ബാവ: 'കുറെയെല്ലാം വായിച്ചിട്ടുണ്ട്.'

'പാ: ബാവ: 'കൊള്ളാം നല്ലതു തന്നെ.'

കാ: ബാവ: 'ആരെയും അപമാനിക്കാൻ തുനിയരുത്. കാനോനിലും ഇതു തന്നെയാണ് പറയുന്നത്. മാബൂഗിലെ പീലക്സിനോസ് അറിയൂസുകാരാൽ പട്ടംകെട്ടപ്പെട്ട മിലീത്തോസിനെ മാറി പട്ടം കൊടുക്കാതെ പാത്രിയർക്കീസായി സ്വീകരിച്ചിട്ടുള്ളതായി വായിച്ചിട്ടില്ലയോ? അങ്ങനെയെങ്കിൽ ഇമ്മാതിരി യോഗ്യതയില്ലാത്ത സംഭാഷണങ്ങൾ നിറുത്തിക്കളകയല്ലേ നന്ന്?'

ഇതിനു മറുപടിയായി ബാവ, കാതോലിക്കാ ബാവായുടെ തോളിൽ കൊട്ടുക മാത്രമാണ് ചെയ്തത്.

6. ഒരിക്കൽ 'സുന്നഹദോസി'ലേക്ക് കാതോലിക്കാബാവായെ വിളിപ്പിച്ചു. ബാവാ ചെന്നപ്പോൾ പാത്രിയർക്കീസു ബാവാ സുന്നഹദോസു മുറിയിൽ നിന്ന് കരുതിക്കൂട്ടി മാറിനിൽക്കയായിരുന്നു.

മൂസലിലെ മാർ അത്താനാസ്യോസ്: 'അബ്ദേദ് മശിഹായുടെ മലയാളത്തെ പ്രവൃത്തികളൊക്കെ തെറ്റാണ്. അദ്ദേഹം സിംഹാസനത്തിൽ നിന്നു വീണുപോയി.'

കാ: ബാവ: 'അതിനു ഞാനെന്തു വേണം?'

അത്താനാ: 'അതിനാൽ അദ്ദേഹത്തിന്റെ പ്രവൃത്തികൾക്കു കുറവുണ്ട്.'

കാ: ബാവ: 'നിങ്ങൾ എന്തുകൊണ്ട് അദ്ദേഹത്തെ മുടക്കിയില്ല?'

(കുറെനേരം എല്ലാവരും മൗനമായിരുന്നു)

യൂലിയോസ്: 'ഭ്രാന്തനെ എന്തിനു മുടക്കുന്നു?'

കാ: ബാവ: 'ഭ്രാന്ത് ഒരു രോഗമല്ലേ? അത് ഭേദമാകുകയും ചെയ്യുമല്ലോ? രോഗം വരുമ്പോൾ പറന്നുപോകുന്ന ഒന്നാണ് പട്ടത്വമെങ്കിൽ ലോകത്തിൽ പട്ടത്വമുള്ളവരായി ആരും തന്നെ കാണുകയില്ല. വാതമോ, പിത്തമോ, വയറുവേദനയെങ്കിലുമോ ഇല്ലാത്ത വല്ല ആളുകളേയും ലോകത്തിൽ കണ്ടെത്താൻ കഴിയുമോ? അപ്പോൾ പട്ടത്വമോ പിന്തുടർച്ചയോ ഭൂമിയിൽ ഇല്ലെന്നു വരും. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ഞങ്ങളുടെ നാട്ടിൽ വന്നിരുന്നപ്പോൾ നാനാജാതിമതസ്ഥരായ അനേകർ അദ്ദേഹത്തെ കാണുകയും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം കുർബാന ചൊല്ലുകയും പട്ടം കൊടുക്കുകയും എല്ലാം ചെയ്തിട്ടുണ്ട്. ഭ്രാന്തിന്റെ യാതൊരു ലക്ഷണവും ഞങ്ങൾ അദ്ദേഹത്തിൽ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ പരമശത്രുക്കളായ മലയാളത്തെ പാത്രിയർക്കീസു ഭാഗക്കാരിൽ ഒരു കുഞ്ഞെങ്കിലും അദ്ദേഹത്തിനു ഭ്രാന്തുണ്ടായിരുന്നതായി പറഞ്ഞു കേട്ടിട്ടില്ല. നേരെ മറിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തെയും ശുശ്രൂഷകളെയുംപറ്റി വളരെ പുകഴ്ചയായിട്ടാണ് പറഞ്ഞിട്ടുള്ളതും. അദ്ദേഹം രോഗികളെ സൗഖ്യമാക്കുകയും പിശാചുക്കളെ പുറപ്പെടുവിക്കുകയും ചെയ്യുന്നത് ഞാൻ നേരെ കണ്ടിട്ടുമുണ്ട്.'

യൂലി: (പുച്ഛഭാവത്തിൽ) 'ആഹാ! അദ്ദേഹം അത്ഭുതവും പ്രവർത്തിച്ചിട്ടുണ്ടോ?'

കാ: ബാവ: 'അതേ, അതിനു ഞാൻ ദൃക്സാക്ഷിയാണ്.'

(എല്ലാവരും മൗനമായിരുന്നു)

ഒരു മെത്രാൻ: 'എന്നാലും പൂർത്തീകരണത്തിനു വേണ്ടി ഒന്നു പ്രാർത്ഥിച്ചേ തീരൂ.'

കാ: ബാവ: 'ഞങ്ങൾക്കു പട്ടമുണ്ടോ? ഇല്ലെങ്കിൽ ഈ വാർദ്ധക്യകാലത്ത് ഭാരമേറിയ ഈ ചുമതല ഇനിയും തലയിൽ കയറ്റണമെന്ന് വിചാരിക്കുന്നില്ല. പട്ടമുണ്ടെങ്കിൽ ആവർത്തിക്കപ്പെടുവാൻ പാടില്ലാത്ത കൂദാശ രണ്ടാമതും സ്വീകരിക്കുന്ന പാപകർമ്മത്തിന് ഞാൻ തയ്യാറില്ല. മേലിൽ ഇതേപ്പറ്റി എന്നോട് ഒന്നും സംസാരിക്കേണ്ടതില്ല.'

എല്ലാവരും: 'പട്ടമുണ്ട്... പട്ടമുണ്ട്.'

കാ: ബാവ: 'എന്നാൽ എനിക്കതു മതി.'

ഒരു മെത്രാൻ: 'അബ്ദേദ് മശിഹാ സിംഹാസനത്തിൽ നിന്നു വീണുപോയ തിനാൽ ഒന്നു പ്രാർത്ഥിച്ചേ കഴിയൂ.'

കാ: ബാ: 'വീണു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. മുടക്കില്ലല്ലോ?'

എല്ലാവരും: 'മുടക്കില്ല.'

കാ: ബാവ: 'മുടക്കില്ല. പട്ടമുണ്ട്. ഞാനോ അബ്ദേദ് മശിഹാ ബാവായോ വിശ്വാസവിപരീതികളെങ്കിൽ ഒന്നു പ്രാർത്ഥിക്കുന്നതിൽ തരക്കേടില്ലായിരുന്നു. ആ കുറ്റം നിങ്ങൾ സ്ഥാപിക്കുന്നുമില്ല. അതെല്ലാം പോകട്ടെ. അർത്ഥമില്ലാത്ത കാര്യങ്ങൾ എന്തിനു പറയുന്നു? അബ്ദേദ് മശിഹാ ബാവാ കുറ്റക്കാരൻ തന്നെ എന്ന് വാദത്തിനുവേണ്ടി സമ്മതിക്കാം. അദ്ദേഹത്തിനു ശേഷം ഒരു സത്യവിശ്വാസിക്കു പട്ടംകൊടുക്കാതെ, ഒരു റോമ്മാക്കാരനെ എന്തുകൊണ്ട് പാത്രിയർക്കീസായി അഭിഷേകം ചെയ്തു? അങ്ങനെ ഒരു ആളെ വാഴിക്കണമെങ്കിൽ അതിനു പിറകിൽ ഏതോ ഗൂഢശക്തിയുണ്ടായിരിക്കണം. അത് കൈക്കൂലിയും രാജബലവും അല്ലെങ്കിൽ മറ്റെന്തായിരുന്നു?'

ഒരു മെത്രാൻ: 'അങ്ങിനെയല്ല. അബ്ദള്ളാ ബാവാ റോമ്മാ സഭയിൽ നിൽക്കുമ്പോഴും നമ്മുടെ വിശ്വാസത്തിൽ തന്നെയായിരുന്നു.'

കാ: ബാവ: 'അങ്ങനെയെങ്കിൽ അദ്ദേഹത്തെ കണികാണാൻ കൂടെ കൊള്ളുകയില്ല. പത്തു വർഷം റോമൻ കത്തോലിക്കരുടെ കൂടെ താമസിച്ച് പട്ടം കൊടുക്കുകയും, കുർബ്ബാന ചൊല്ലുകയും, മറ്റ് സകല കൂദാശകളും നടത്തുകയും ചെയ്ത ആൾ അപ്പോഴും നമ്മുടെ വിശ്വാസത്തിൽ ആയിരുന്നു എന്ന് നിങ്ങൾ പറയുന്നെങ്കിൽ ഒന്നുകിൽ നിങ്ങൾ സർവ്വത്ര കള്ളം പറയുന്നു. അല്ലെങ്കിൽ അദ്ദേഹം മഹാവഞ്ചകൻ; രണ്ടിൽ ഒന്നു ശരിയാണ്. ഇത്തരം അസംബന്ധങ്ങൾ പറയാതെ ഇരിക്കയാണ് ഭംഗി. കാര്യമില്ലാതെ കേവലം വഞ്ചന പറഞ്ഞ് യോഗ്യന്മാരെ അപമാനിക്കയും, സഭയെ ഭിന്നിപ്പിക്കുകയും ചെയ്യരുത്. മാബൂഗിലെ പീലക്സിനോസ് മുതലായ പിതാക്കന്മാർ വളരെ താണുവന്ന് സഭയുടെ കെട്ടുപണിക്കുവേണ്ടി പല വേദവിപരീതികളെയും സ്വീകരിച്ചിട്ടില്ലേ? അറിയൂസ്കാർ പട്ടം കൊടുത്ത മിലീത്തോസിനെയും മറ്റും

യാതൊരു ശുശ്രൂഷയും കൂടാതെ സ്വീകരിക്കുകയുണ്ടായിട്ടില്ലേ? എങ്കിൽ നിങ്ങൾ ഈ പറയുന്നത്, എത്ര വഞ്ചനയും ഭോഷത്വവുമാണ്.'

യൂലിയോസ് മെ: 'മിലീത്തോസിന് പട്ടംകൊടുത്തത് അവരും നാമും കൂടെയാണ്.'

കാ: ബാവ: 'വിശ്വാസ വിപരീതികളോടു ചേർന്ന് പട്ടം കൊടുക്കുകയോ ശുശ്രൂഷയിൽ സംബന്ധിക്കുകയോ ചെയ്യാമോ? പീലക്സിനോസ് ഇത്ര വലിയ അബദ്ധം കാണിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല.'

ഒരു മെത്രാൻ: 'മോറാൻ കല്പിക്കുന്നതുപോലെ ചെയ്യണം. മോറാൻ ന്യായമായിട്ടെ കല്പിക്കയുള്ളു എന്നാണ് എന്റെ വിശ്വാസം.'

പാ: ബാവ: ' മെത്രാൻ സ്ഥാനം കൊടുക്കുന്നത് അനുവാദത്തോടു കൂടെത്തന്നെ വേണം.'

കാ: ബാവ: 'കാതോലിക്കായെ ഒരിടത്തു വാഴിക്കുന്നതെന്തിനാണ്? മെത്രാന്മാരെ വാഴിക്കുന്നതിനായിട്ടല്ലയോ?'

പാ: ബാവ: 'അതെ.'

കാ: ബാവ: 'വാഴ്ചയോടുകൂടെത്തന്നെ ആ അധികാരവും കാതോലിക്കായിൽ വന്നുചേരുന്നില്ലേ?'

പാ: ബാവ: 'ഉണ്ട്.'

കാ: ബാവ: 'ഒരു മെത്രാൻ കശീശന്മാരെയും, ശെമ്മാശന്മാരെയും പട്ടം കെട്ടുമ്പോൾ പാത്രിയർക്കീസിനോട് അപ്പഴപ്പോൾ അനുവാദം ചോദിക്കണമോ?'

പാ: ബാവ: 'വേണ്ട.'

കാ: ബാവ: 'അങ്ങനെയെങ്കിൽ കാതോലിക്കാ, മെത്രാന്മാരെ വാഴിക്കുമ്പോൾ എന്തിന് അനുവാദം ചോദിക്കുന്നു? മൂസലും മർദ്ദീനും അടുത്ത പ്രദേശങ്ങളല്ലേ? മൂസലിലെ മപ്രിയാനാമാർ മെത്രാന്മാരെ വാഴിച്ചപ്പോൾ ഒക്കെയും പാത്രിയർക്കീസന്മാരോട് അനുവാദം ചോദിക്കാറുണ്ടായിരുന്നോ?'

പാ: ബാവ: 'ആ അധികാരാവകാശമുള്ള മപ്രിയാനായെ ഞാൻ മലങ്കരയ്ക്കു തരികയില്ല. ഇപ്പോഴായിരുന്നെങ്കിൽ മൂസലിലേക്ക് ഇങ്ങനെ ഒരു ആളെ കൊടുക്കുന്നതല്ല.'

കാ: ബാവ: 'എന്തുകൊണ്ട്?'

പാ: ബാവ: 'അങ്ങനെയുള്ള അധികാരം കൊടുത്താൽ ഈ കശ്ശീശാസ്ക്കറിയായെപ്പോലെയുള്ളവരെ ജനങ്ങൾ തിരഞ്ഞെടുത്തുകൊണ്ടു വരും.

പട്ടം കൊടുക്കുവാൻ അവിടുന്നു നിർബന്ധിതനാകുകയും ചെയ്യും. അപ്പോൾ ഞാൻ പിറകിലുണ്ടായിരിക്കുന്നത് അവിടുത്തേക്ക് ബലമാണ്.'

കാ: ബാവ: 'ഞങ്ങളുടെ ദേശത്ത് ഇവിടുത്തെപ്പോലെ കൊള്ളരുതാത്ത വരെ ജനങ്ങൾ തിരഞ്ഞെടുക്കാറില്ല.'

പാ: ബാവ: 'ഗ്രീഗോറിയോസിനെ എന്തിനു കൊള്ളാം?'

കാ: ബാവ: 'പരുമല കാലം ചെയ്ത ഗ്രീഗോറിയോസിനു ശേഷം ഇത്ര പരിശുദ്ധനായ ഒരു ആൾ ആ ദേശത്തുണ്ടായിട്ടില്ല.'

പാ: ബാവ: 'അദ്ദേഹത്തിനു വല്ലതും അറിയാമോ?'

കാ: ബാവ: 'എനിക്കറിയാവുന്നതെല്ലാം അദ്ദേഹത്തിനും അറിയാം. ആകട്ടെ സമാധാനത്തിനുവേണ്ടി മെത്രാൻ സ്ഥാനം കൊടുക്കുമ്പോൾ അവിടുത്തെ അനുവാദം ആവശ്യപ്പെടാമെന്നിരിക്കട്ടെ. അനുവാദമുണ്ടാകുമെന്നു എന്തുറപ്പാണുള്ളത്?'

പാ: ബാവ: 'അനുവദിക്കുമെന്നു വിശ്വസിച്ചുകൊള്ളണം.'

കാ: ബാവ: 'അങ്ങനെ ഞാൻ വിശ്വസിക്കുമെന്നുമിരിക്കട്ടെ. അവിടുത്തെ പിൻഗാമിയും അനുവദിക്കുമെന്ന് ഞാൻ എങ്ങിനെ വിശ്വസിക്കണം.'

പാ: ബാവ: 'അതിന് നിശ്ചയമുണ്ടാക്കി ആ വാതിൽ ഞാൻ അടയ്ക്കാം.'

കാ: ബാവ: 'നല്ലതു തന്നെ ആ നിശ്ചയം. നമുക്ക് രണ്ടുപേർക്കും കൂടി ഉണ്ടാക്കി ഒപ്പും മുദ്രയും വയ്ക്കാം.'

പാ: ബാവ: (മൗനം)

കാ: ബാവ: 'ഒരു ഭാഗക്കാർ വിശ്വസിച്ച് സകലവും എഴുതിക്കൊടുക്കണമെന്നും മറുഭാഗക്കാർ അങ്ങനെ ചെയ്കയില്ലെന്നും പറയുന്നതു ന്യായമാണോ? മപ്രിയാനായെത്തന്നെ വാഴിച്ചു തന്നില്ലെങ്കിൽ മലയാളത്തുകാർ എന്തു ചെയ്യും?'

പാ: ബാവ: 'അതു വിശ്വസിച്ചുകൊള്ളണം.'

കാ: ബാവ: 'അതിനും നിയമമുണ്ടാക്കി ഒപ്പും മുദ്രയും വച്ചുകളയാം.'

പാ: ബാവ: 'നിയമമുണ്ടാക്കിക്കൊള്ളാം.'

കാ: ബാവ: 'അതിപ്പോൾ തന്നെ ചെയ്കയല്ലേ നല്ലത്?'

പാ: ബാവ: 'അതു വേണ്ട.'

കാ: ബാവ: 'എങ്കിൽ മലയാളത്തു പൂർണ്ണ അധികാരമുള്ള കാതോലിക്കായെ നഷ്ടപ്പെടുത്തുവാൻ ഞാനും വിചാരിക്കുന്നില്ല."

മലങ്കരമെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 23-നു കാലം ചെയ്തു. അക്കൊല്ലം ഡിസംബർ 26-നു കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ പുതിയ ഒരു മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കാതെ കാതോലിക്കാബാവായെത്തന്നെ ആ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. കൂടാതെ വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് രൂപംകൊടുത്തതും പിന്നീടു കുറെയെല്ലാം ഭേദഗതി ചെയ്തതുമായ മലങ്കര സഭാഭരണഘടന ഈ യോഗം അംഗീകരിച്ചതിനാൽ 1934-ലെ എം.ഡി. അസോസിയേഷൻ സഭാചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിത്തീർന്നു. നേരത്തെ വട്ടശ്ശേരിൽ തിരുമേനിയും കാതോലിക്കാബാവായും തമ്മിൽ ചില ചില്ലറ പ്രശ്നങ്ങളുടെ പേരിൽ ഭിന്നാഭിപ്രായം പ്രകടിപ്പിച്ച സാഹചര്യത്തിലാണ് മേലിൽ രണ്ടു സ്ഥാനങ്ങളും ഒരാൾ തന്നെ വഹിച്ചാൽ മതി എന്ന നിഗമനത്തിൽ നേതാക്കൾ എത്തിച്ചേർന്നതെന്നു വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന മണലിൽ യാക്കോബു കത്തനാരുടെ സഭാസ്മരണകളിൽ സൂചിപ്പിച്ചിട്ടുണ്ട്. കാതോലിക്കോസും മലങ്കര മെത്രാപ്പോലീത്തായും പരസ്പരം മേലാവും അതേസമയം കീഴുള്ളവനും ആയിത്തീർന്നു. കാതോലിക്കോസ് ഇടവക മെത്രാൻ എന്ന നിലയിൽ മലങ്കര മെത്രാപ്പോലീത്തായുടെ കീഴിലുള്ളവനും കാതോലിക്കോസ് എന്ന നിലയിൽ മലങ്കരമെത്രാന്റെ മേൽ അധികാരമുള്ളവനുമായി ഭവിച്ചു. ഇതു സംബന്ധിച്ച് ഇരുവരും തമ്മിൽ ഭിന്നിപ്പുണ്ടായിട്ടില്ല. കാതോലിക്കാ മലങ്കര മെത്രാപ്പോലീത്താ കൂടി ആയപ്പോൾ ഈ പ്രശ്നം തീർന്നു.

അന്നത്തെ അസോസിയേഷൻ നേതാക്കളുടെ ചർച്ച

ഇന്ന് എം.ഡി. ഹാളിൽ ചേർന്ന മലങ്കര അസോസിയേഷനിൽ അദ്ധ്യക്ഷനായ കാതോലിക്കായുടെ ഉപക്രമ പ്രസംഗത്തിനുശേഷം എം. എ. ചാക്കോ നി.വ.ദി.മ. ശ്രീ കാതോലിക്കാ മോറാൻ മോർ ഗീവറുഗീസ് ബസ്സേലിയോസ് ബാവായെ മലങ്കര മെത്രാപ്പോലീത്തായായിക്കൂടി വാഴിക്കുന്നുവെന്നുള്ള പ്രമേയം വായിച്ചു. സദസ്യർ ഹസ്തഘോഷത്തോടു കൂടി പ്രമേയത്തെ സ്വീകരിച്ചു. ദിവ്യശ്രീ പൂതക്കുഴിയിൽ ഏബ്രഹാം കത്തനാർ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കുകയുണ്ടായി. അപ്പോൾ പത്രോസ് മത്തായി എം.എ., ബി.എൽ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്തായായിക്കൂടി തെരഞ്ഞെടുക്കുന്നത് ഒരു ക്ലിപ്ത കാലത്തേയ്ക്കായിരിക്കണമെന്നും അത് അഞ്ചു കൊല്ലത്തേയ്ക്കായിരിക്കണമെന്നും ഒരു ഉപക്ഷേപം അവതരിപ്പിച്ചു.

കാതോലിക്കാബാവാ ജീവനോടു കൂടി ഇരിക്കുന്ന കാലം മുഴുവൻ, മലങ്കര മെത്രാപ്പോലീത്തായായിരിക്കണമെന്നു വിവരിച്ചുകൊണ്ടു തെങ്ങുംതോട്ടത്തിൽ ഏബ്രഹാം കത്തനാർ ബി.എ. ഒരു ചെറിയ പ്രസംഗം ചെയ്തു. പത്രോസ് മത്തായിയുടെയും ഏബ്രഹാം കത്തനാരുടെയും പ്രസംഗങ്ങളെ വിമർശിച്ചുകൊണ്ടു കെ. സി. മാമ്മൻ മാപ്പിള പ്രസംഗിക്കുകയും പത്രോസ്

മത്തായി തന്റെ ഉപക്ഷേപം പിൻവലിക്കാൻ സമ്മതിച്ചതനുസരിച്ചു പ്രമേയം സദസ്യരുടെ ആഹ്ലാദാഘോഷത്തിന് ഇടയിൽ സർവസമ്മതമായി പാസ്സാക്കിയിരിക്കുന്നതായി അദ്ധ്യക്ഷനായ കാതോലിക്കാബാവാ പ്രസ്താവിക്കയും ചെയ്തു.

മാർ ഏലിയാ കത്തീഡ്രൽ

എം.ഡി. സെമിനാരിയുടെയും മാർ ഏലിയാ കത്തീഡ്രലിന്റെയും സഭാചരിത്ര സംബന്ധമായ പ്രാധാന്യം ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

പൗരസ്ത്യ കാതോലിക്കായുടെ കത്തീഡ്രൽ എന്ന ഉന്നത പദവി കല്പിച്ചു നൽകിയ കാലം ചെയ്ത പ. ഔഗേൻ ബാവായുടെ ഭാഷയിൽ 'പ്രധാന പട്ടണമായ കോട്ടയത്തു മോതിരത്തിൽ രത്നം സ്ഥിതിചെയ്യുന്നതുപോലെയുള്ള മാർ ഏലിയാചാപ്പലിൽ ആദ്യമായി വിശുദ്ധ കുർബാന അർപ്പിച്ചത് 1896 ഡിസംബർ 6-ാം തീയതി ഞായറാഴ്ച ആയിരുന്നു. 1893 ഫെബ്രുവരി ഒന്നിനു സ്ഥാപിതമായ എം.ഡി സെമിനാരിയിലെ വിദ്യാർത്ഥികൾക്ക് ആരാധന നടത്തുന്നതിന് ഒരു ദേവാലയം ആവശ്യമായി വന്നു. പുതുതായി ഒരു പള്ളി പണിയുന്നതിനു അസൗകര്യമാകയാൽ നേരത്തെ വസ്തു ഉടമസ്ഥരായ യൂറോപ്യന്മാർ ഉപയോഗിച്ചിരുന്ന കെട്ടിടത്തിന്റെ പ്രധാന മുറി മദ്ബഹായായി മഹാനായ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് കൂദാശ ചെയ്തു വിശുദ്ധ കുർബാന അർപ്പിക്കുകയാണു ചെയ്തത്. ഈ അവസരത്തിൽ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയും സന്നിഹിതനായിരുന്നു.

അസാധാരണമായ രീതിയിൽ മാർ ഏലിയാ ദീർഘദർശിയുടെ നാമധേയത്തിൽ ഈ ദേവാലയം അക്കാലത്തു സ്ഥാപിതമായി എന്നുള്ളത് കൗതുകം ജനിപ്പിക്കും. പ. പരുമല തിരുമേനിയുടെ ഊർശ്ലേം കപ്പൽയാത്രാവേളയിൽ കടുത്ത കടൽക്ഷോഭം ഉണ്ടാകുകയും മാർ ഏലിയാ ദീർഘദർശിയുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുകയും തൽഫലമായി രക്ഷപ്പെടുകയും ചെയ്തതിനെ അനുസ്മരിച്ച് ഈ ദേവാലയത്തിന് മാർ ഏലിയാ ചാപ്പൽ എന്നു നാമകരണം ചെയ്തുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ ചാപ്പലിന്റെ കൂദാശാവേളയിൽ പുലിക്കോട്ടിൽ തിരുമേനിയുടെ കൂടെയുള്ള പരുമല തിരുമേനിയുടെ സാന്നിദ്ധ്യവും തിരുമേനിയുടെ സഹായകൻ എന്ന നിലയിൽ യേറുശലേമിൽ പോയിരുന്ന നിരണത്ത് തോപ്പിൽ പീലിപ്പോസ് ഈ ചാപ്പലിന്റെ കപ്യാരായി നിയമിതനായതും ആയുസ്സുപര്യന്തം ആ നിലയിൽ സേവനമനുഷ്ഠിച്ചതും പരുമല തിരുമേനിക്ക് ഈ ദേവാലയത്തിനോടുള്ള പ്രത്യേകസ്നേഹത്തിനു തെളിവായും മുൻപറഞ്ഞ വിശ്വാസത്തിനു ഉപോൽബലകമായും നിലകൊള്ളുന്നു.

ഭാഗ്യസ്മരണാർഹനായ പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണമായിരുന്നു മാർ ഏലിയാ കത്തീഡ്രലിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവപരമ്പരകളുടെ തുടക്കം കുറിച്ചത്. 1929-ൽ നടന്ന സ്ഥാനാഭിഷേകവും തുടർന്നു പഴയസെമി നാരിയിലേയ്ക്കു നടത്തപ്പെട്ട അതിഗംഭീരഘോഷയാത്രയും പിറ്റേദിവസം നടന്ന മെത്രാഭിഷേകവും കൺകുളിർക്കെ കണ്ട് ആനന്ദബാഷ്പം തൂകിയ അനേകായിരം കണ്ണുകൾ ഇന്നും സജീവമായി നിലകൊള്ളുന്നുണ്ട്. അന്നു വാഴിക്കപ്പെട്ട പാമ്പാടി മാർ ഗ്രീഗോറിയോസ്, മാർ തെയോഫിലോസ് എന്നി വരിൽ രണ്ടാമത്തെയാൾ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊപ്പം റോമാസഭയിൽ ചേർന്നു.

1934-ൽ എം.ഡി. സെമിനാരിയിൽ ചേർന്ന സുപ്രധാന അസോസിയേ ഷൻ സമ്മേളനമാണ് കാലം ചെയ്ത ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീ യൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാനായി തെരഞ്ഞെടുത്തതും സഭയുടെ ഭരണഘടന അംഗീകരിച്ചതും. 1951 ഡിസംബറിൽ സമുദായക്കേസ് സംബന്ധിച്ചു ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയെത്തുടർന്ന് ആ മാസം 31-നു നടന്ന പ. കാതോലിക്കാ സിംഹാസനത്തോടും ഓർത്തഡോക്സ് സഭ യോടുമുള്ള സത്യപ്രതിജ്ഞാ കർമ്മത്തിനുവേണ്ടിയും ഏലിയാ കത്തീഡ്രൽ തെരഞ്ഞെടുക്കപ്പെട്ടു. കേസ് വിധിയുണ്ടായപ്പോൾ കൽക്കട്ടയിലായിരുന്ന കാതോലിക്കാ ബാവായ്ക്കു തിരിച്ചുവരവെ കൊട്ടാരക്കര മുതൽ കോട്ടയം വരെ നൽകിയ സ്വീകരണ കാർഘോഷയാത്രയുടെ സംഗമസ്ഥാനവും മാർ ഏലിയാ കത്തീഡ്രലിൽ ആയിരുന്നു. പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 1953 മെയ് 15-നു പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ്, ദാനി യേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നീ അഞ്ചു പേരുടെ മെത്രാൻ സ്ഥാനാഭിഷേകവും ഇവിടെവച്ചു നടന്നു. 1964 ജനുവരി 4-നു പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ യുടെ ഭൗതികശരീരം ഭക്തജനദർശനത്തിനായി പ്രതിഷ്ഠിച്ചതും ഇവിടെ ത്തന്നെ. സർവ്വോപരി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരെയും മറ്റു പ്രശസ്താതിഥികളെയും സ്വീക രിച്ചു സ്നേഹാഞ്ജലികൾ അർപ്പിക്കുന്നതിനും ഈ ദേവാലയത്തിനും എം.ഡി. സെമിനാരിക്കും ഭാഗ്യം ലഭിച്ചിട്ടുണ്ട്.

കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് എം.ഡി. ഹൈസ്കൂളിന്റെയും ബസ്സേലിയോസ് കോളജിന്റെയും വളപ്പിൽ മലയാള മനോരമയോടു തൊട്ട ടുത്തു കെ. കെ. റോഡരുകിൽ സ്ഥിതിചെയ്യുന്നു ഈ ദേവാലയം.

ഏലിയാ കത്തീഡ്രലും എം.ഡി. സെമിനാരിയും മറ്റും ഉൾക്കൊള്ളുന്ന 22 ഏക്കറിലധികം വരുന്ന സ്ഥലം മുമ്പ് വുഡ്ലാൻഡ് എസ്റ്റേറ്റ് എന്ന

പേരിലാണ് അറിയപ്പെട്ടിരുന്നത്. അതിന്റെ ഉടമസ്ഥനായിരുന്ന ഡാറാ സായിപ്പ് വിശ്രമാർത്ഥം താമസിക്കുന്നതിനു സാമാന്യം ഭേദപ്പെട്ട ഒരു കെട്ടിടവും ഇവിടെ പണിയിച്ചിരുന്നു. ക്രിസ്തീയ സഭാപോഷണത്തിൽ തല്പരനും ഉദാരമതിയുമായിരുന്ന അദ്ദേഹം ക്രിസ്തീയ പ്രവർത്തനങ്ങൾക്കായി എസ്റ്റേറ്റും കെട്ടിടവും സംഭാവനയെന്നോണം തീറെഴുതിക്കൊടുത്തു. അതു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സുശക്ത ഹസ്തങ്ങളിൽ വന്നുചേർന്നു. കൊല്ലവർഷം 1065-ൽ മെത്രാപ്പോലീത്തായുടെ അഭീഷ്ടപ്രകാരം മലയാള മനോരമ പ്രസ്സ് ആ കെട്ടിടത്തിൽ സ്ഥാപിക്കാനും മനോരമപ്പത്രം അവിടെ നിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്താനും ഇടയായി. എം.ഡി. സെമിനാരിയെ മനോരമ പള്ളിക്കൂടം എന്ന് ഇപ്പോഴും വിളിച്ചു വരുന്നതിന്റെ കാരണവും ഇതാണ്.

വിദ്യാർത്ഥികളിൽ മതബോധചിന്ത വളർത്തുന്നതിനും അവർക്കു സഭയുടെ വിശ്വാസാചാരങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനും സമുദായം വക ഒരു സ്കൂൾ കോട്ടയത്തു സ്ഥാപിക്കണമെന്നുള്ള പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ അഭിലാഷം 1893 ഫെബ്രുവരി 1-നു മാർ ദീവന്നാസ്യോസ് സെമിനാരി പ്രവർത്തനം ആരംഭിച്ചതോടെ സാക്ഷാത്കരിക്കപ്പെട്ടു. എം.ഡി. സെമിനാരിയുടെ ആവിർഭാവത്തോടെയാണു മനോരമ അടുത്ത പുരയിടത്തിലേയ്ക്കു മാറ്റിസ്ഥാപിക്കപ്പെട്ടത്.

കുറെക്കാലം കഴിഞ്ഞപ്പോൾ എം.ഡി. യിലെ വിദ്യാർത്ഥികൾക്കു മാത്രമായി ഒരു ദേവാലയം ആവശ്യമായിത്തീർന്നു. എന്നാൽ ഉടനെ ഒരു ദേവാലയം പണിയാൻ സാദ്ധ്യമാകാതെ വരുകയാൽ, പ്രസ്സ് മാറ്റിയതിന്റെ ഫലമായി ഒഴിഞ്ഞുകിടന്ന കെട്ടിടത്തിന്റെ മദ്ധ്യഭാഗത്തുള്ള വിശാലമായ മുറി ചാപ്പലായി രൂപാന്തരപ്പെടുത്തുകയാണുണ്ടായത്.

എം.ഡി. സെമിനാരിയുടെ പ്രഥമ പ്രിൻസിപ്പലായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ (പിന്നീട് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) ചാപ്പൽ കെട്ടിടത്തിൽ താമസം ഉറപ്പിക്കുകയാൽ അദ്ദേഹത്തിന്റെ സേവനം ചാപ്പലിന്റെ ആദ്യഘട്ടങ്ങളിൽ ലഭിക്കുകയുണ്ടായി.

മല്പാന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനു സമീപവാസികൾ ചാപ്പലിൽ കൂടുക പതിവായി. മാത്രവുമല്ല, പതിവായി ആരാധന കൂടിയായപ്പോൾ വിദ്യാർത്ഥികൾക്കു പുറമെ സമീപവാസികളും അതിൽ സംബന്ധിക്കുവാൻ തുടങ്ങി. അങ്ങനെ പരോക്ഷമായി ഒരു ഇടവക ജന്മമെടുത്തു. 1937-ൽ ആണു മാർ ഏലിയാ ചാപ്പൽ ഇടവക രൂപവൽക്കരിച്ചത്.

1935 മുതൽ ഇന്നുവരെ കാതോലിക്കാ സ്ഥാനവും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും ഒരാളിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നു. തന്നിമിത്തം കാതോലിക്കായ്ക്ക് ഭരണഘടനയ്ക്കു വിധേയമായി മലങ്കരസഭയുടെമേൽ

ആത്മികവും ലൗകികവുമായ പരമാധികാരമാണുള്ളത്. ഈ പരമോന്നത സ്ഥാനം മലങ്കരയിൽ ആദ്യം നേടിയ കാതോലിക്കായും ഗീവറുഗീസ് രണ്ടാമൻ തന്നെ. “വലിയ കഴിവൊന്നുമില്ലാത്ത അല്പം ശുണ്ഠിക്കാരനായ ആധുനിക കാതോലിക്കോസിന് പരിതസ്ഥിതിക്കനുസരിച്ച് ഉയരാൻ കഴിയുമെന്നുള്ള വിശ്വാസം ജനതയ്ക്കു ലഭിച്ചത് ഒരു വലിയ ഭാഗ്യമോ യോഗമോ ദൈവനിയോഗമോ ആണെന്നത്രെ” ഇസ്സഡ് എം. പാറേട്ട് പറയുന്നത്. എം.ഡി. അസോസിയേഷൻ ഓർത്തഡോക്സ് വിശ്വാസവീരനായിരുന്ന ഫാ. അലക്സിയോസിനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും ചെയ്തു.

ആത്മീയ പ്രധാനമായ തീരുമാനങ്ങളോടൊപ്പം സമുദായത്തിന്റെ സുസ്ഥിതിക്കുവേണ്ടി പണമുണ്ടാക്കാനായി ഒരു പദ്ധതിക്കു രൂപം നൽകാൻ ഒ. എം. ചെറിയാൻ കൺവീനറായി ഒരു കമ്മിറ്റി രൂപവൽക്കരിച്ചു. നിധിപ്പിരിവിന്റെ ഓഫീസ് ചുമതല നൽകപ്പെട്ടത് എം. സി. കുറിയാക്കോസ് റമ്പാച്ചനാണ്. അന്നു രൂപവൽക്കരിച്ച “കാതോലിക്കേറ്റ് വ്യവസ്ഥാപിത നിധി”യാണ് സഭാദിനമായ വലിയ നോമ്പിലെ 36-ാം ഞായറാഴ്ച ശേഖരിക്കുന്നതും ഇന്നു പത്തു കോടിയിൽ എത്തിനിൽക്കുന്നതുമായ കാതോലിക്കാ ദിനപ്പിരിവ്. ഒ. എം. ചെറിയാന്റെ കർമ്മകുശലതയും സംഘടനാചാതുര്യവും സത്യസന്ധതയും സഹപ്രവർത്തകരുടെ ഉത്സാഹവും ആണ് കാതോലിക്കാ നിധിശേഖരണ വിജയത്തിന്റെ മുഖ്യകാരണം. ഒരു ലക്ഷം വീടുകളിൽ നിന്ന് ഒരു രൂപ വീതം ഒരു ലക്ഷം രൂപ ഒരാഴ്ചകൊണ്ടു ശേഖരിക്കണമെന്നായിരുന്നു ചെറിയാന്റെ ലക്ഷ്യം. എന്നാൽ ഇന്നത്തെ ഒരു കോടി രൂപയുടെ മൂല്യമുള്ള 25000 രൂപയോളം ശേഖരിക്കാൻ സാധിച്ചു എന്നത് ഒരു വൻ വിജയമായിരുന്നു. “ഈ നിധിയുടെ ലക്ഷ്യം പൗരസ്ത്യ കാതോലിക്കേറ്റിന്റെ പ്രതിഷ്ഠയ്ക്കും രക്ഷണത്തിനും വർദ്ധമാനമായ പുരോഗമനത്തിനും തന്നെ ആയിരുന്നു.”

വൈസ്രോയിയുടെ സന്ദർശനം

1929 ഡിസംബറിൽ, ഇൻഡ്യാ വൈസ്രോയി ഇർവിൻ പ്രഭുവും പത്നിയും തിരുവിതാംകൂർ സന്ദർശിച്ചു. പ. ബാവാ, മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയോടും മറ്റു തിരുമേനിമാരോടും കൂടി കോട്ടയം ടി.ബി. യിൽ എത്തി അദ്ദേഹത്തെ സന്ദർശിച്ച് സംഭാഷണം നടത്തി. തിരുവനന്തപുരത്തുവച്ചും ബാവാതിരുമേനി വൈസ്രോയിയെ കാണുകയുണ്ടായി. ഡിസംബർ 8-നു ഞായറാഴ്ച കാലത്തു തിരുവനന്തപുരം ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ ബാവാ അർപ്പിച്ച വി. കുർബ്ബാനയിൽ വൈസ്രോയി പരിവാരസമേതനായി സംബന്ധിച്ചു.

1930-ൽ മാർ ഈവാനിയോസും തെയോഫിലോസും സഭാപരിവർത്തനം ചെയ്തു. ഇതിനുശേഷമാണ് പുത്തൻകാവ് ഗീവറുഗീസ് റമ്പാച്ചനെ

(പുത്തൻകാവ് മാർ പീലക്സിനോസ്) 1930 നവംബർ 9-നു പരുമല സെമിനാരിയിൽ വച്ച് തുമ്പമൺ ഇടവകയുടെ മെത്രാപ്പോലീത്താ ആയി വാഴിച്ചത്.

മൂറോൻ കൂദാശ

1931 ഏപ്രിൽ 20-നു കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് മലങ്കര മെത്രാപ്പോലീത്തായുടെയും മറ്റു തിരുമേനിമാരുടെയും സഹകരണത്തിൽ ബാവാതിരുമേനി വി. മൂറോൻ കൂദാശ നടത്തി. 1931 ഇടവം 12-ാം തീയതി വാളക്കുഴി യോസേഫ് റമ്പാച്ചനെ മാർ സേവേറിയോസ് എന്ന പേരിൽ തിരുവല്ലാ ബഥനി അരമന ചാപ്പലിൽ വച്ച് ബാവാതിരുമേനി മെത്രാനായി വാഴിച്ചു. ഈ സേവേറിയോസ് പിന്നീട് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു.

മലങ്കരസഭാസുരന്റെ ദേഹവിയോഗം

മലങ്കരസഭാസുരൻ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇരുപത്തിയഞ്ചു വർഷത്തെ ഭരണശേഷം 1934 ഫെബ്രുവരി 23-നു വെള്ളിയാഴ്ച പന്ത്രണ്ടു മണിക്ക് കാലം ചെയ്തു. തിരുമേനി ഒരാഴ്ച മുമ്പ് പെട്ടെന്ന് രോഗശയ്യയിലായി. തിരുമനസ്സിലെ വത്സലശിഷ്യനായ കാതോലിക്കാബാവാ സ്വഗുരുവിനെ ശുശ്രൂഷിച്ചുകൊണ്ട് പഴയസെമിനാരിയിൽ താമസിച്ചു. ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മറ്റു മെത്രാപ്പോലീത്തന്മാരുടെയും അനവധി വൈദികരുടെയും സഹകരണത്തിലും "കന്തീലാ" ശുശ്രൂഷ നടത്തി. ശുശ്രൂഷാവേളയിൽ ബാവാതിരുമേനി ഗദ്ഗദത്തോടുകൂടി ചൊല്ലിയ പ്രാർത്ഥനകൾ ശിലാഹൃദയത്തെപ്പോലും അലിയിപ്പിക്കത്തക്കവയായിരുന്നു എന്നു ശുശ്രൂഷയിൽ സംബന്ധിച്ചിരുന്ന പലരും പിന്നീട് പറഞ്ഞുകേട്ടിട്ടുണ്ട്. തിരുമനസ്സിലെ കബറക്കം പ്രമാണിച്ച് ശനിയാഴ്ച (ഭൂലോക മല്പാന്മാരുടെ ഓർമ്മദിനത്തിൽ) പ. ബാവാതിരുമനസ്സുകൊണ്ട് സെമിനാരി ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. കാലം ചെയ്ത തിരുമേനിയെക്കുറിച്ചുള്ള സ്മരണകളെ ക്രോഡീകരിച്ചു വി. കുർബ്ബാനമദ്ധ്യേ ഹൃദയാവർജ്ജകമായ പ്രസംഗം ചെയ്തു (പ്രസംഗം അന്യത്ര). വി. കുർബ്ബാനാനന്തരം "കൈമുത്ത്", "നഗരികാണിക്കൽ" ആദിയായ ചടങ്ങുകൾ നടത്തപ്പെട്ടു. ഈ വിലാപയാത്രയിൽ വിലപിച്ചുകൊണ്ട് അനേകം വൈദികരും ആയിരക്കണക്കിനു ജനങ്ങളും സംബന്ധിച്ചിരുന്നു. തുടർന്ന് ഇടറിയ സ്വരത്തിൽ "പുശ്ബശ്ലോമ്മോ" ചൊല്ലി ബാവാതിരുമനസ്സുകൊണ്ട് പ. പിതാവിനോടു യാത്രപറഞ്ഞപ്പോൾ വൈദികരും ജനങ്ങളും വാവിട്ടു കരഞ്ഞുകൊണ്ടാണ് "പരിശുദ്ധ പിതാവേ! സമാധാനത്താലേ പോവുക" എന്നു പ്രത്യുത്തരം ചൊല്ലിയത്. യാത്രപറച്ചിലിനുശേഷം സെമിനാരി ചാപ്പലിന്റെ തെക്കുവശത്തു ചെറിയ ത്രോണോസിനോടു ചേർന്നുള്ള മുറിയിൽ തയ്യാറാക്കിയിരുന്ന കബറിൽ, ബാവായും തിരുമേനിമാരും വൈദികരും ചേർന്ന് മൃതശരീരം ഇറക്കി കബർ കുന്തിരിക്കം ഇട്ടു നിറച്ച് സിമിന്റ് സ്ലാബു കൊണ്ടു മറച്ചു. തിരുമന

സ്സിലെ 30-ാം ദിനമടിയന്തിരം പഴയസെമിനാരിയിൽ വച്ച് ആയിരത്തൊന്നു പറ അരി വച്ചു നടത്തപ്പെട്ടു.

മാർ ദീവന്നാസ്യോസിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അന്ത്യോക്യാ പാത്രിയർക്കീസ് മാർ അപ്രേം തിരുമേനി, തിരുവിതാംകൂർ മഹാരാജാവ്, കൊച്ചി മഹാരാജാവ്, മഹാറാണിമാർ, പൊളിറ്റിക്കൽ ഏജന്റ്, ഇൻഡ്യാ വൈസ്രോയി, മദ്രാസ് ഗവർണ്ണർ, കൽക്കട്ടാ മെത്രാപ്പോലീത്താ, മദ്രാസ് ബിഷപ്പ്, കാത്തലിക്ക്-ആംഗ്ലിക്കൻ-മാർത്തോമ്മാ മെത്രാപ്പോലീത്തന്മാർ, തിരുവിതാംകൂർ ദിവാൻ സർ ഹബിബുള്ള ആദിയായി പല മഹാന്മാരും പ. ബാവാതിരുമനസ്സിലേക്ക് സന്ദേശങ്ങൾ അയച്ചിരുന്നു.

തിരുമേനി കാലം ചെയ്തയുടനെ ബാവാതിരുമേനി, തിരുമേനിയെ ഏറ്റം സ്നേഹിക്കുന്ന ചിലരോട് "ഇനി നമുക്ക് ആരുണ്ട്, ഇനി നമുക്കാരുണ്ട്" എന്നു പല തവണ ഉള്ളമുരുകി ഉരുവിട്ടുകൊണ്ടിരുന്നു.

പരാജയങ്ങളുടെ പടുകുഴിയിലും വിജയാഹ്ലാദത്തിന്റെ കൊടുമുടിയിൽ

ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായിൽ, എന്ത് ആപത്തുവന്നാലും കരിങ്കല്ലുപോലെ കുലുങ്ങാത്ത ഒരു വശവും, അതേസമയം കാറ്റിൽ ചാഞ്ചാടുന്ന ഞാങ്ങണപോലെ അസ്ഥിരമായ മറ്റൊരു വശവുമുണ്ടായിരുന്നു എന്നുള്ള സുപ്രസിദ്ധ സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ടിന്റെ നിരീക്ഷണം അക്ഷരംപ്രതി ശരിയാണെന്നത്രെ അടിക്കടി ഉണ്ടായ പരാജയങ്ങളെ വിജയങ്ങളാക്കിത്തീർത്ത ബാവായുടെ ജീവചരിത്രം സാക്ഷിക്കുന്നത്. ഇതേപ്പറ്റി ചിന്തിച്ചപ്പോൾ ഒരു സംഭവകഥയാണ് ഓർമ്മയിൽ വന്നത്. ഒരാൾ കിണർ കുഴിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ ഒരുത്തമ സുഹൃത്ത് 'എങ്ങനെയുണ്ട് പുരോഗതി' എന്നു ചോദിച്ചു. 'പുരോഗതി ഒന്നുമില്ല; അധോഗതി തന്നെയാണെന്നു' മറുപടി നൽകി. കിണറിനെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ അധോഗതിയാണല്ലോ യഥാർത്ഥ പുരോഗതി!

ജീവിതത്തിൽ എത്ര ഉന്നതനും സമർത്ഥനുമാണെങ്കിൽതന്നെയും ചില സംഭവങ്ങൾ ഉണ്ടാകുമ്പോൾ തളർന്നുപോകും. ഇങ്ങനെ തളർത്താൻ കഴിയുന്ന ചില സംഭവങ്ങൾ ബാവായുടെ ജീവിതത്തിലും ഉണ്ടായിട്ടുണ്ട്. കാതോലിക്കാ ആയശേഷം സഭാസമാധാന സംഭാഷണങ്ങൾക്കുവേണ്ടി 1934-ൽ ബാവാ ഹോംസിൽ അപ്രേം പാത്രിയർക്കീസിനെ കാണാൻ പോയി. സുറിയാനി പണ്ഡിതനായ ചെറിയമഠത്തിൽ സ്കറിയാ മല്പാനും സി. എം. തോമസ് റമ്പാനും (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ്) ബാവായെ അനുഗമിച്ചിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ ബുദ്ധിശാലിയല്ലെന്നു കരുതി പിൻഗാമിയെ കീഴ്പ്പെടുത്താമെന്ന് പാത്രിയർക്കീസ് ധരിച്ചു. യൂലിയോസ്

മെത്രാൻ ഇതിന് ചൂട്ടുംപിടിച്ചു. പക്ഷേ, കാതോലിക്കാബാവാ ഹോംസിലേക്കു പോകുന്നതിനു മുമ്പു ഓർപ്പിച്ചതു തന്നെ "നമ്മുടെ പണ്ഡിതനായ മല്പാൻ ഇന്നു നമ്മിൽ നിന്നു പിരിഞ്ഞു പോയിരിക്കുന്നു. അദ്ദേഹം ഏതെല്ലാം തത്വങ്ങളെയും പ്രമാണങ്ങളെയും മുൻനിർത്തി പോരാടിയോ അവയെ സംരക്ഷിച്ചുപോകേണ്ട കടമ നമുക്ക് ഏവർക്കും ഉണ്ട്" എന്നതു മുൻ ചരമപ്രസംഗ ഭാഗമാണ്. ഈ നിലപാടിൽ നിന്നു സമാധാന ചർച്ചാവേളയിൽ കാതോലിക്കാബാവാ അണുവിട മാറിയില്ല. അദ്ദേഹത്തെ താഴ്ത്തിക്കെട്ടി മലങ്കരയുടെ ആദ്ധ്യാത്മികവും ലൗകികവുമായ അധികാരങ്ങളും സ്വത്തുക്കളും തട്ടിയെടുക്കാനുള്ള തന്ത്രം ഒന്നും ഫലിച്ചില്ല. ജീവനുപോലും അപകടം സംഭവിച്ചേക്കാവുന്ന സ്ഥിതിഗതികളെയും ബാവാ അതിജീവിച്ചു.

ചർച്ചകൾ പരാജയപ്പെട്ടശേഷം തിരിച്ചുവന്നപ്പോൾ കാതോലിക്കാബാവായ്ക്കു കൊട്ടാരക്കര നിന്നു കോട്ടയംവരെ നൽകിയ രാജകീയ വരവേൽപ് മഹായുദ്ധത്തിൽ വിജയിച്ച ഒരു സൈന്യാധിപനു ലഭിച്ചതിനു തുല്യമായിരുന്നു. മനസ്സിനു ചാഞ്ചല്യം നേരിടാവുന്ന ഒരു സാഹചര്യത്തിൽ സഭാംഗങ്ങളെല്ലാം തന്റെ പിന്നിൽ പാറ പോലെ ഉറച്ചുനിൽക്കുന്നു എന്നു കണ്ട ബാവാ "ഹോംസ് ചർച്ച" ഒരു പരാജയമല്ലെന്നും സഭയെ സംബന്ധിച്ചിടത്തോളം ഒരു വൻ വിജയമായിരുന്നു എന്നും കൂടുതൽ മനസ്സിലാക്കി.

ഹോംസ് യജ്ഞത്തെപ്പറ്റി *മലങ്കര നസ്രാണികൾ* അഞ്ചാം വാല്യത്തിൽ ഇസ്സഡ്. എം. പാറേട്ട് എഴുതിയിരിക്കുന്ന വിവരണം കാര്യങ്ങൾക്കു കൂടുതൽ വ്യക്തത നൽകുന്നതാകയാൽ ഉദ്ധരിക്കുകയാണ്.

പശ്ചാത്തലം

അഗാധബുദ്ധിമാനും അതിസമർത്ഥനും എന്ന് ലോകം സമ്മതിച്ചിട്ടുള്ള ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ പൊട്ടൻ തട്ടിക്കുകയോ ആ പണിയിൽ ഒരു പ്രധാന പങ്കു വഹിക്കുകയോ ചെയ്ത ഒരു പരദേശി പഴയസെമിനാരിയിൽ ചെന്ന്, കാതോലിക്കോസിനെ കണ്ട് 'കൈകസ്തൂരി' കൊടുത്തപ്പോഴേക്ക് ഇത്രമാത്രം ഉത്സാഹഭരിതരായിത്തീർന്നവർ സമാധാനത്തിന് എത്രമാത്രം ദാഹിച്ചാണ് കഴിഞ്ഞുവന്നതെന്ന് അനുമാനിക്കാൻ വലിയ പണിയില്ല. സമാധാനത്തിനു കൊതിച്ചിരുന്ന ആരോ ഇംഗ്ലണ്ടിൽ പ്രസിദ്ധം ചെയ്യുന്ന 'ചർച്ച് ടൈംസ്' എന്ന സഭാപത്രികയിലേക്കും ഒരു കുറിപ്പ് അയച്ചു. 'ഒരു ശീശ്മ അവസാനിച്ചു' എന്നു കാണിച്ച് ആ പത്രം 1934 ഏപ്രിൽ 13-ാം തീയതിയിലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ ആ കുറിപ്പിന്റെ ചുരുക്കം ചേർക്കുന്നു.

ഇരുഭാഗത്തുനിന്നും സമ്മതിച്ച വ്യവസ്ഥകളനുസരിച്ച് മൂറോൻ കൂദാശയും, ഭാവിയിൽ കാതോലിക്കോസിന്റെ സിംഹാസനാരോഹണം നടത്തലും പാത്രിയർക്കീസിന്റെ പ്രത്യേകാവകാശം ആണ്. എന്നാൽ മലങ്കരസഭ സ്വന്തം

കാതോലിക്കോസുള്ള, ഭരണസ്വാതന്ത്ര്യമുള്ള സഭയായിരിക്കും. പാത്രിയർക്കീസും കാതോലിക്കോസും തമ്മിൽ കണ്ട് ഇതു പരസ്പരം അംഗീകരിക്കുന്നതാകുന്നു. അതിനായി ഇപ്പോഴത്തെ കാതോലിക്കോസ് പലസ്തീനിലേക്കു പോകുന്നതാണ്. പാത്രിയർക്കീസിനെ കമ്പിമാർഗ്ഗം വിവരം ധരിപ്പിക്കുകയായിരുന്നു. അദ്ദേഹം തന്നെ സന്ദർശിക്കുന്നതിനു കാതോലിക്കോസിനെ ക്ഷണിക്കുകയും ഉണ്ടായി. ഐക്യം പാത്രിയർക്കീസും കാതോലിക്കോസും ചേർന്നു പ്രഖ്യാപിക്കുന്നതായിരിക്കും. മലബാറിലെയും, ഇറാക്ക്, സിറിയാ, പലസ്തീൻ ഇവിടങ്ങളിലെയും സഭകൾ തമ്മിൽ യോജിക്കുന്നത് ഇവയ്ക്കു കൂദാശാസംസർഗ്ഗമുള്ള അർമ്മീനിയൻ, കോപ്റ്റിക്ക്, അബ്സീനിയൻ ഈ കിഴക്കൻ സഭകൾക്കു സന്തോഷകരമായിരിക്കും.

കാതോലിക്കോസ് ഹോംസിലേക്ക്

അന്തഃഛിദ്രങ്ങളും വ്യവഹാരങ്ങളും അവസാനിപ്പിക്കണമെന്നുള്ള ആഗ്രഹത്തിൽ ഇരുഭാഗത്തെയും ആത്മാർത്ഥതയുള്ള ചില ആളുകൾ ഏതാനും മാസങ്ങളായി കൂടിയാലോചന നടത്തിയതിന്റെ ഫലമായി കാതോലിക്കോസും യൂലിയോസുംകൂടെ ഹോംസിൽപോയി പാത്രിയർക്കീസുമായി അഭിമുഖ സംഭാഷണം നടത്തുക എന്നൊരു പദ്ധതി രൂപം പ്രാപിച്ചു. നസ്രാണികളുടെ അമിതമായ ശുഭാപ്തിവിശ്വാസമാണ് ഇങ്ങനെ ഒരു പദ്ധതി ഉരുവാകാൻ ഹേതുവെന്നു വിധിക്കാതെ കഴിവില്ല. കാൽ ശതാബ്ദക്കാലത്തെ വ്യവഹാരവും കൊലപാതകവും അടിപിടിയുംകൊണ്ടു വലഞ്ഞ സമുദായാംഗങ്ങൾ, കാതോലിക്കോസും പാത്രിയർക്കീസും തമ്മിൽ കണ്ടാൽ മതി അക്ഷണം സമാധാനം കൈവരുമെന്ന് ഒരു ഓശ കേട്ടപ്പോൾ ഉത്സാഹഭരിതരായി. ദീർഘയാത്രയുടെ ക്ലേശങ്ങളെപ്പറ്റിയുള്ള ചിന്തയും പാത്രിയർക്കീസിനെ ചെന്നു കണ്ടാൽ പ്രയോജനമുണ്ടാകുമോ എന്നുള്ള സംശയവും കാതോലിക്കോസിനെ പീഡിപ്പിക്കാതിരുന്നില്ല. എങ്കിലും കർത്തവ്യകർമ്മബോധം ആ വക ചിന്തയും സംശയവുമെല്ലാം അകറ്റി. ദീവന്നാസ്യോസ് ചരമമടഞ്ഞ് 99-ാം ദിവസം - ഇടവം 20-ാം തീയതി - ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഫാ. സി. എം. തോമസ് (പിന്നീട് ദീവന്നാസ്യോസ്) എന്നിവരാൽ അനുഗതനായി കാതോലിക്കോസ് യാത്ര പുറപ്പെട്ടു.

ദീവന്നാസ്യോസിന്റെ കബറടക്കസമയത്തു ചെയ്ത ചരമപ്രസംഗത്തിലൂടെ മലങ്കരനസ്രാണികൾക്കു നൽകിയ ഉറപ്പ്, അന്നു ചെയ്ത സത്യപ്രതിജ്ഞ, യാത്ര പുറപ്പെട്ട സമയം കാതോലിക്കോസ് ഒന്നുകൂടി ഉറപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'വിശുദ്ധനാടു സന്ദർശിക്കുന്നതിനായി നാം യാത്ര ആരംഭിക്കുന്നു. നമ്മുടെ കാലംചെയ്ത പിതാവ് സത്യത്തെ എപ്രകാരം അവസാനംവരെ മുറുകെപ്പിടിച്ചുവോ അതുപോലെ സത്യത്തോടു ചേർന്നുനിന്ന്, അതിൽനിന്ന് അകലാതെ പരിശ്രമിക്കണമെന്നാണ് അവിടുത്തെ ശിഷ്യന്മാരായ ഞങ്ങളും തീരുമാനിച്ചിട്ടുള്ളത്. സത്യത്തെ അവഗണിച്ച് യാതൊരു

തീരുമാനവും ഉണ്ടാകുന്നതല്ല.' കാതോലിക്കോസിനെ യാത്രയാക്കാൻ ഹാജരായിരുന്നവരുടെ കൂട്ടത്തിൽ പാത്രിയർക്കീസു കക്ഷിയിലെ ഏറ്റം ഉന്നത നേതൃവലയത്തിൽപെട്ട പാലാമ്പടം തോമസ്, അക്കര കൊച്ചുപാപ്പി എന്നിവരും ഉൾപ്പെട്ടിരുന്നു എന്നുള്ളത് ആ ഘട്ടത്തിലെ സമാധാനാഭിലാഷത്തിനു തെളിവായി ഗണിക്കാവുന്നതാണ്.

1934 ജൂൺ 21-ാം തീയതി (മിഥുനം 7) കാതോലിക്കോസും അനുചരന്മാരും ഹോംസിൽ എത്തി. ശീശ്മയോ മറ്റോ തീണ്ടിയിട്ടുള്ള ഭാവം ഒന്നും കാണിക്കാതെ പാത്രിയർക്കീസ് അദ്ദേഹത്തെ ആലിംഗനം ചെയ്ത് തോളിൽ ചുംബിച്ചു സ്വീകരിച്ചു. കാതോലിക്കോസിന് അർഹതയുള്ള ആസനം മദ്ബഹായിൽ വലതുവശത്തു കൊടുത്തു. ആതിഥ്യ മര്യാദകൾ ശരിക്കും പാലിച്ചു. ആതിഥേയൻ 'ബിസിനസ്സു' കാര്യങ്ങൾ എടുത്തിട്ടില്ല. സന്ധിവ്യവസ്ഥകൾ ഇന്നിന്നിവ ആയിരിക്കണമെന്ന് അധികാരത്തോടെ ആജ്ഞാപിച്ചുമില്ല. ആഗതരുടെ ആശയാഗ്രഹങ്ങൾ, അവിടുത്തെ മെത്രാന്മാരെ ധരിപ്പിച്ച് അവരുടെ അഭിപ്രായം അറിയുന്നതിന് അവ രേഖപ്പെടുത്തിക്കൊടുക്കണമെന്നു നിർദ്ദേശിക്കുകയാണു ചെയ്തത്. സന്ധികാര്യത്തിൽ പാത്രിയർക്കീസ് നിഷ്പക്ഷ നില പാലിക്കും. മെത്രാന്മാരുടെ ആലോചന സ്വീകരിക്കുകയേയുള്ളു എന്നൊരു ഭാവമാണ് കാണിച്ചത്. മലങ്കരയിലെ സന്ധിസംഭാഷണ കോലാഹലങ്ങളുടെയും സന്ധിവ്യവസ്ഥാ പ്രളയത്തിന്റെയും നടുവിൽ നിന്നും ചെന്ന കത്തനാർദ്വയത്തിന് സന്ധിവ്യവസ്ഥകൾ എഴുതിക്കൊടുക്കുവാൻ പല കാലത്തുണ്ടാക്കിയ 'സന്ധിവ്യവസ്ഥകൾ' ക്രമമായി അടുക്കിവെച്ചിരുന്നവ ഒന്നു പരിശോധിച്ചാൽ മതിയായിരുന്നു. വൈകാതെതന്നെ വൈദികർ വ്യവസ്ഥകൾ രേഖപ്പെടുത്തിക്കൊടുത്തു. കൂടാതെ കാതോലിക്കോസ്, പറയാനുള്ളതെല്ലാം പലപ്പോഴായി നേരിട്ടു പാത്രിയർക്കീസിനെ ധരിപ്പിക്കുകയും ഉണ്ടായി.

വ്യവസ്ഥകൾ അടിച്ചേൽപ്പിക്കൽ

കാതോലിക്കോസും അനുചരരും പാത്രിയർക്കീസിന്റെ അതിഥികളായി അങ്ങനെ തുടർന്നു. അവരെക്കൊണ്ട് ഒപ്പിടുവിച്ചു വാങ്ങാൻ സന്ധിവ്യവസ്ഥകൾക്ക് രൂപംകൊടുത്തു കൊണ്ടിരിക്കയായിരിക്കുമോ എന്നു ചില സമയങ്ങളിൽ സംശയം തോന്നാതിരുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ വൈദികദ്വയം തയ്യാറാക്കിയ സന്ധിവ്യവസ്ഥകൾ പാത്രിയർക്കീസും അദ്ദേഹത്തിന്റെ ആലോചനക്കാരും സ്വീകരിക്കാൻ തയ്യാറില്ല എന്നു വ്യക്തമാക്കപ്പെട്ടു. അതോടുകൂടെത്തന്നെ അവരുടെ വ്യവസ്ഥകൾ കാതോലിക്കോസ് സ്വീകരിക്കുകയായിരിക്കും നല്ലത് എന്നു സൂചനയും ഉണ്ടായി. ആ സൂചനയുടെ പിമ്പിൽ അൽപം ഭീഷണിയെങ്കിലും ഉണ്ടെന്ന് അതിഥികൾ ധരിക്കണം എന്നുദ്ദേശിക്കപ്പെട്ടിരുന്നു എന്നും ഏറെക്കുറെ കാണാമായിരുന്നു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ 'ഏറെക്കുറെ കാണാം' എന്ന നിലയ്ക്കു മാറ്റം വന്നു, വരുത്തി. ശരിക്കുതന്നെ കാണത്തക്കവണ്ണം തെളിഞ്ഞുവന്നു.

ഇന്ത്യയുടെ ഒരു ഓണംകേറാമൂലയിൽ നിന്നുവന്ന ബലഹീനരായ മൂന്നു 'കറുത്ത' മനുഷ്യരേയുള്ളല്ലോ. അവരെ വരച്ചവരയിൽ നിർത്തുകയോ ഏത്തമിടുവിക്കുകയോ ചെയ്ത് ഒപ്പിടുവിക്കണം. ഒപ്പിടുവിക്കാം എന്നുള്ള ധാരണ ശരിയല്ലെന്നറിഞ്ഞപ്പോൾ അൽപമൊന്നു ഞെട്ടി. അവർക്കു പിന്തുണയില്ലെന്നു ധരിച്ചതു തെറ്റിയെന്നു തെളിഞ്ഞപ്പോഴാണ് ഈ ഞെട്ടൽ ഉണ്ടായത്. ഹാലിഫാക്സ് പ്രഭുവിന്റെ നിർദ്ദേശമനുസരിച്ച് ബ്രിട്ടീഷ് വിദേശകാര്യമന്ത്രി സർ ജോൺ സൈമൺ; ദമസ്ക്കോസ്, ബെയിറൂട്ട്, ആലപ്പൊ, യെറുശലേം എന്നീ പട്ടണങ്ങളിലെ ബ്രിട്ടീഷ് കോൺസൽമാർക്ക്, മലങ്കരയിൽനിന്നു ചെന്നിട്ടുള്ള കാതോലിക്കോസിന്റെയും പാർട്ടിയുടെയും സ്ഥിതിഗതികൾ അന്വേഷിക്കണം, അവർക്ക് ആവശ്യമുള്ള സഹായസൗകര്യങ്ങൾ ചെയ്തുകൊടുക്കണം എന്ന് എഴുതിയിരുന്നു. ആ വിവരം ആ ദിക്കിലെ ഉദ്യോഗസ്ഥന്മാരിലൂടെ പാത്രിയർക്കീസ് അറിഞ്ഞതോടെ തോന്നിയപാട് എന്തുമാകാം എന്നു വെച്ചുകൂടെന്നു ബോധമുണ്ടായി. കാതോലിക്കോസിന് അപകടം പറ്റാതെ കഴിയുകയും ചെയ്തു.

പരദേശ മെത്രാന്മാർ രൂപീകരിച്ചത് എന്നുള്ള നിലയിൽ കാതോലിക്കോസിനെ ഏൽപിച്ച സന്ധിവ്യവസ്ഥകൾ ഒരുതരത്തിലും സ്വീകരിക്കാൻ നിവൃത്തിയില്ലെന്ന് അദ്ദേഹത്തിനും കൂടെയുണ്ടായിരുന്നവർക്കും തോന്നുകയാൽ വ്യവസ്ഥകൾ മലങ്കരയിലേക്ക് അയച്ച് അവിടെനിന്നു വിവരം കിട്ടിയിട്ട് തീരുമാനിക്കാമെന്ന് പാത്രിയർക്കീസിനെ ധരിപ്പിച്ചു. അതും അപകടം ഒഴിവാക്കുന്നതിനു സഹായിച്ചിരിക്കണം.

പാത്രിയർക്കീസിന്റെ കോപം

മലങ്കര സന്ധിവ്യവസ്ഥകളോ അതുസംബന്ധിച്ചു മറുപടിയോ കിട്ടുന്നതുവരെ ഹോംസിൽ പാത്രിയർക്കീസിന്റെ അതിഥിയായി താമസിക്കാൻ കാതോലിക്കോസിനു സന്തോഷം തോന്നിയില്ല. അതിനാൽ ജൂലൈ മദ്ധ്യത്തിൽ അവർ യെറുശലേമിലേക്കു പോയി. അവിടെ 'അയിൻകുറിയിൽ' നിന്ന് 1934 കർക്കടകം 13-ന് കാതോലിക്കോസ് സ്വന്തം കൈപ്പടയിൽ എഴുതി പാമ്പാടി മാർ ഗ്രീഗോറിയോസിനയച്ച ഒരു കത്തു കണ്ടുകിട്ടിയിട്ടുണ്ട്. ആ കത്ത് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സംഗതികൾ സ്ഥിരീകരിക്കുന്നതാണ്. സുറിയാനിയിലുള്ള തലക്കെട്ട് ഒഴിച്ചു ബാക്കി ചേർക്കുന്നു: 'അയച്ച സാധനം കിട്ടി. ഇപ്പോൾ ഞങ്ങൾ അയച്ച എഴുത്തുകൾ എല്ലാം കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. പാത്രിയർക്കീസും സുന്നഹദോസും ഞങ്ങളെ ഏൽപിച്ച വ്യവസ്ഥകൾ ഞങ്ങൾ അയച്ചത് എല്ലാവരെയും കാണിച്ച് അഭിപ്രായം ഉടനെ അറിയിക്കണം, താമസിക്കരുത്. ദൈവകൃപയാൽ ഇവിടെ വന്നതിനുശേഷം സുഖമാകുന്നു. ഞങ്ങൾ ഇപ്പോൾ ഇവിടെ താമസിക്കുന്നതു യോഹന്നാൻ മാംദാനായുടെ വീട്ടിലാണ്. സമാധാനത്തെപ്പറ്റിയുള്ള നമ്മുടെ ആശ എല്ലാം

നശിച്ചിരിക്കുകയാകുന്നു. അടുത്ത കപ്പൽ ചിങ്ങം 3-ാം തീയതി ആകുന്നു. അന്നു കപ്പൽ കയറണമെന്നു വിചാരിക്കുന്നു. സമാധാനം ഉണ്ടാകുകയി ല്ലെന്നു പരസ്യം ചെയ്യേണ്ട, സംഗതികൾ എല്ലാം ഭദ്രമായി സൂക്ഷിച്ചു കൊള്ളണം. ശേഷം പിന്നാലെ'. വളരെ വൈകാതെ മലങ്കരയിൽ ഇരുഭാഗ ത്തേയും സന്ധികമ്മിറ്റിക്കാർ ചേർന്ന് തയാറാക്കി അയച്ച വ്യവസ്ഥകൾ എത്തിച്ചേരുകയും അതു പാത്രിയർക്കീസിനു കൊടുക്കുകയും ചെയ്തു. അതു പാത്രിയർക്കീസിൽ ഉണ്ടാക്കിയ പ്രതികരണം, ചെറിയമഠത്തിൽ മല്പാൻ സെപ്റ്റംബർ 16-ാം തീയതി യെറുശലേമിൽ നിന്ന് അയച്ച കത്തിൽ കാണാം. അതിൽനിന്നും ഒന്നുരണ്ടു വാചകങ്ങൾ: മലയാളത്തുനിന്ന് ഇരു പാടുകാരും കൂടി അയച്ചിരുന്ന രാജിവ്യവസ്ഥകൾ പാത്രിയർക്കീസിനെ കുപി തനാക്കുകയാണ് ചെയ്തത്. വഹിച്ചുകൂടാത്ത ഒരു നുകമാണ് അതിനു പക രമായി ഇപ്പോൾ അയച്ചുതന്നിരിക്കുന്നത്. 'എന്റെ വിരൽ എന്റെ പിതാവിന്റെ അരയേക്കാൾ വണ്ണമുള്ളതായിരിക്കും' എന്നു പറയുംപോലെ നിരാശാജന കമാണ് പാത്രിയർക്കീസിന്റെ പരിഷ്കരിച്ച വ്യവസ്ഥകൾ എന്നു മാത്രം പൊതുവെ പറയാം. ഞങ്ങൾ സെപ്റ്റംബർ 28-ാം തീയതി മടങ്ങുന്നതാണ്.

കത്തിൽ പറഞ്ഞിട്ടുള്ളവിധം മലങ്കരയിലേക്കു മടങ്ങുന്നതിനായി ഹോംസിൽനിന്നു പുറപ്പെട്ട് യെറുശലേമിൽ എത്തിയ കാതോലിക്കോസ് അവിടുത്തെ ആംഗ്ലിക്കൻ ബിഷപ്പ് ജോർജ്ജ് ഫ്രാൻസിസ് ബ്രൗണിന്റെ അതി ഥിയായി താമസിച്ചു. സമാധാനം ഉണ്ടാകാതെ വന്നതിൽ ബിഷപ്പ് ബ്രൗണിനും കുണ്ഠിതം ഉണ്ടായി. പാത്രിയർക്കീസിനെ ഒരിക്കൽകൂടെ കണ്ട് സമാധാനത്തിനു ശ്രമിക്കണമെന്നദ്ദേഹം നിർബന്ധമായി ഉപദേശിച്ചു. യാത്രയ്ക്ക് അദ്ദേഹത്തിന്റെ കാറും സുരക്ഷിതത്വത്തിനു സ്വന്തം അംഗര ക്ഷകനെയും അയച്ചുകൊടുത്തു. കാതോലിക്കോസ് ഗതികേടുകൊണ്ടാണ് ഹോംസിൽ ചെന്ന് സന്ധിക്കപേക്ഷിച്ചത് എന്നുള്ള ധാരണയിലാണ് പാത്രി യർക്കീസ് കർക്കശമായ വ്യവസ്ഥകൾ സമ്മതിക്കണമെന്ന് ആവശ്യപ്പെട്ട തെന്നും കാതോലിക്കോസ് മടങ്ങാൻ തീർച്ചപ്പെടുത്തിയപ്പോൾ താൻ സ്വീക രിച്ച നില ശരിയായില്ലെന്ന് പാത്രിയർക്കീസിനു ബോദ്ധ്യമായി എന്നും ബിഷ പ്പിന് എങ്ങനെയോ വിവരം ലഭിച്ചിരുന്നതുകൊണ്ടാണ് കാതോലിക്കോസ് ഒരിക്കൽകൂടെ പാത്രിയർക്കീസിനെ കാണണമെന്ന് അദ്ദേഹം അഭിപ്രായപ്പെ ട്ടത്. ഹാലിഫാക്സ് പ്രഭുവിന്റെ സ്നേഹിതനും അങ്ങനെ ബ്രിട്ടീഷ് സർക്കാ രിന് താൽപര്യമുള്ളവനും ആയ കാതോലിക്കോസിനെ ദ്രോഹിക്കാൻ പാത്രി യർക്കീസ് തുനിയുകയില്ല. അവിടുത്തെ സർക്കാർ അതിനു അനുമതി നൽകു കയുമില്ല എന്നു ബിഷപ്പിനു പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷേ, ബിഷപ്പിന്റെ അറിവും പ്രതീക്ഷയും വളരെ ശരിയായിരുന്നില്ല.

കാതോലിക്കോസ് വീണ്ടും ഹോംസിൽ എത്തി പാത്രിയർക്കീസിനെ കണ്ടു സംസാരിച്ചു. അദ്ദേഹം മുമ്പു സ്വീകരിച്ച നിലപാടു മാറ്റാൻ

തയ്യാറില്ലെന്നു വ്യക്തമായി. മടങ്ങിപ്പോരുകയല്ലാതെ മാർഗ്ഗം ഒന്നും ഇല്ലെന്നുകണ്ട് കാതോലിക്കോസ് മടക്കയാത്രയ്ക്ക് ഒരുങ്ങി.

അപ്പോൾ യൂലിയോസ് മെത്രാൻ ചെന്ന് കാതോലിക്കോസിനെ കണ്ട് പാത്രിയർക്കീസിന്റെ വ്യവസ്ഥകൾ തന്നെ സ്വീകരിക്കണം, അല്ലാതെ അദ്ദേഹം സമ്മതിക്കുകയില്ലെന്നു ധരിപ്പിച്ചു. ആ സ്ഥിതിക്ക് തങ്ങൾ കഴിയും വേഗം മടങ്ങിപ്പോകയാണല്ലോ ഉത്തമം, ഉടൻതന്നെ മടങ്ങുകയാണ്, എന്ന് കാതോലിക്കോസ് ഉറപ്പിച്ചു പറഞ്ഞു. അതുകേട്ട ശേഷം യൂലിയോസ് പാത്രിയർക്കീസിന്റെ അടുത്തുപോയി വിവരം ധരിപ്പിച്ച് ഒരു കടലാസുമായി മടങ്ങി എത്തി, അതു കാതോലിക്കോസിന്റെ കൈയിൽ കൊടുത്തു. 'നിങ്ങൾ പോകുന്നതിൽ എനിക്കു മനസ്ഥാപമുണ്ട്. ... മര്യാദകെട്ട നിങ്ങളുടെ കൂട്ടുകാർ... വകതിരിവില്ലാത്ത മലയാളികൾ... നിങ്ങളാണ് സഭയിൽ കലഹം ഉണ്ടാക്കുന്നത്... എന്നിങ്ങനെ കുറെ ശകാരവും; പിന്നെ അറബി യഹൂദ വർഗ്ഗത്തിനു സഹജമായി കുറെ പിരാക്കും ആയിരുന്നു ആ കടലാസിൽ ഉണ്ടായിരുന്നത്. സമാധാനയജ്ഞം അങ്ങനെ അവസാനിച്ചു.

പണ്ടത്തെ തുർക്കിരീതിയിൽ ചില ഉപജാപങ്ങളും കള്ളത്തരങ്ങളും അവിടെ നടന്നു.

ലൗകികാധികാരം തന്നെ കാര്യം

1110 കന്നി 10-ാം തീയതി മലയാള മനോരമയിൽ കെ. സി. മാമ്മൻ മാപ്പിള പേരുവച്ച് സന്ധിആലോചനകളെപ്പറ്റി എഴുതിയ ലേഖനത്തിന്റെ സംക്ഷേപം:

യൂലിയോസ് മെത്രാൻ മുതലായി പാത്രിയർക്കീസുഭാഗത്തെ പല പ്രധാനപ്പെട്ടവരും എല്ലായ്പോഴും പറഞ്ഞുകൊണ്ടിരുന്നത് അവർക്കു മലങ്കരയിൽ യാതൊരുതരം ലൗകികാധികാരമെങ്കിലും വേണമെന്നശേഷം ആഗ്രഹമില്ലെന്നും, മേൽപട്ടത്തിന്റെ ന്യൂനത എന്നൊരു സംഗതി മാത്രമാണ് അവരെ വിഷമിപ്പിച്ചുകൊണ്ടിരുന്നതെന്നും ആയിരുന്നു. ആ കക്ഷിയിൽപെട്ട പലരെയും ഇതു വിഷമിപ്പിച്ചുകൊണ്ടിരുന്നു. പലരും ഇതു പരമാർത്ഥമാണെന്നു വിശ്വസിച്ചുമിരുന്നു. രാജിവ്യവസ്ഥകളിൽ ഇതിനു പരിപൂർണ്ണമായ പ്രതിവിധി അടങ്ങിയിരുന്നു എന്നുള്ളതു നിസ്തർക്കമാണ്. എന്നാൽ യൂലിയോസ് ഇവിടെ ചിലർക്കയച്ച കത്തുകളിൽനിന്നും, പാത്രിയർക്കീസ് അവസാനമായി കൊടുത്ത വ്യവസ്ഥകളിൽനിന്നും കാര്യമിതൊന്നുമല്ലെന്നും മലങ്കരസഭയിൽ ലൗകികാധികാരം ലഭിക്കണമെന്നുള്ളതാണ് ഏകോദ്ദേശ്യമെന്നും അനിഷേധ്യമായവിധത്തിൽ തെളിഞ്ഞിരിക്കുന്നു. റോയൽകോടതിവിധി, കീഴ്നടപ്പ് ഇവയൊക്കെ കിടക്കട്ടെ. മലങ്കരസഭയുടെയും അന്ത്യോഖ്യാസഭയുടെയും ഇപ്പോഴത്തെ ജനസംഖ്യ, വിദ്യാഭ്യാസം, മറ്റു പരിതസ്ഥിതികൾ ഇവയെല്ലാം ആലോചിച്ചു നോക്കിയാൽ മലങ്കരയിൽ ലൗകികാധികാരം അന്ത്യോഖ്യയ്ക്കു വിട്ടുകൊടുക്കുന്നത് ന്യായമെന്നോ ആവശ്യമെന്നോ പ്രയോജനകരമെന്നോ

ആപൽക്കരമെന്നോ പാത്രിയർക്കീസുഭാഗത്തിൽ ഉത്തരവാദിത്വമുള്ളവരിൽ ഒറ്റയാൾപോലും അഭിപ്രായപ്പെടുകയില്ലെന്നാണെന്റെ വിശ്വാസം. ഇപ്പോൾ ഉള്ളിലെ കള്ളി അന്ത്യോഖ്യർ തന്നെ വെളിപ്പെടുത്തിത്തന്ന സ്ഥിതിക്കു മലങ്കരസഭാംഗങ്ങൾ തമ്മിൽ കടിപിടികൂടി നശിക്കാതിരിക്കണമെന്നാണു പാത്രിയർക്കീസുഭാഗത്തെ പ്രധാനപ്പെട്ടവരുടെ എല്ലാം അഭിപ്രായമെന്നും അന്ത്യോഖ്യരുടെ ദുർമോഹം സാധിച്ചുകൊടുക്കാനായി വ്യവഹാരം നടത്താനും പണം ചെലവു ചെയ്യാനും തമ്മിൽ തല്ലാനും ആ ഭാഗത്തെ നേതാക്കന്മാർ ഒരുക്കമില്ലെന്നും എനിക്കു സൂക്ഷ്മമായി അറിയാം.

ജേതാവിനു സ്വീകരണം

1110 കന്നി 24-ാം തീയതി 4.15-നുള്ള തീവണ്ടിയിൽ കൊട്ടാരക്കര എത്തിയ കാതോലിക്കോസിനു രാജോചിതമായ സ്വീകരണമാണ് ലഭിച്ചത്. കൊട്ടാരക്കര മുതൽ കോട്ടയം വരെ ഒരു ഘോഷയാത്രയും എതിരേൽപുമായിരുന്നു!! അനേകശതം കാറുകൾ, വഴിനീളെ സഹസ്രകണക്കിന് ആളുകൾ, ഇവ പരദേശികളുടെ വലയിൽപെടാതെ വന്ന അദ്ധ്യക്ഷനെ ഒരു ജേതാവായിട്ടാണ് ജനങ്ങൾ കണ്ടത് എന്നു പ്രത്യക്ഷമാക്കിയിരുന്നു. പിറ്റെന്നാൾ എം.ഡി. സെമിനാരിയിൽ വെച്ച് കാതോലിക്കോസിന് ഒരു മംഗളപത്രം കൊടുത്തു. അതിൽ 'തിരുമനസ്സിലെ ഭരണത്തെ ക്കുറിച്ച് അടിയങ്ങൾ പരമസംതൃപ്തന്മാരും പ്രത്യാശാപുഷ്ടന്മാരും ആകുന്നു' എന്നാണ് പറഞ്ഞിരുന്നത്. തദവസരത്തിൽ ഒ. എം. ചെറിയാൻ ചെയ്തതും ജനതാഭിപ്രായം ശരിക്കു പ്രതിഫലിപ്പിക്കുന്നതും ആയ പ്രസംഗത്തിൽ സന്ധിആലോചനയുടെ ഗതിവിഗതികൾ ഒട്ടെല്ലാം പ്രസ്പഷ്ടമാക്കിയിരുന്നു. ആ പ്രസംഗത്തിലെ ചില ഭാഗങ്ങളുടെ രത്നച്ചുരുക്കം:

അനേക ശതാബ്ദങ്ങൾ സംഘടിതമായി വർത്തിച്ചുവന്നിരുന്ന മലങ്കര സുറിയാനിസഭ എങ്ങനെ വിഘടിതമായി? അഭ്യസ്തവിദ്യരും ധനപ്രബലന്മാരും ജനസംഖ്യയിൽ മികച്ചവരുമായ ഈ സഭ സ്വാതന്ത്ര്യഭരണത്തെ ആഗ്രഹിച്ചു. അതിന്റെ ബീജാവാപം ചെയ്തതു മാർ ദീവന്നാസ്യോസാണ്. അദ്ദേഹം മർദ്ദീനിൽ പോയി മടങ്ങി വന്നു. ഈ കാതോലിക്കാ ബാവാ ഹോംസിൽ പോയി. സമാധാനാലോചനകൾ വിഫലമായി തിരികെ വന്നിരിക്കുന്ന ഇദ്ദേഹത്തെ കേരള ക്രൈസ്തവലോകം ഇന്നു നമസ്ക്കരിക്കുന്നു. ഒരു ചരിത്രപുരുഷനെ കൂടി നമുക്കു കിട്ടി. 1109 മേടമാസത്തിൽ ഇരുഭാഗത്തെയും പ്രമാണികളായ എം. എ. ചാക്കോ, കെ. സി. മാമ്മൻമാപ്പിള, പി. റ്റി. തോമസ് മുതലായവർ കൂടി സന്ധിആലോചന നടത്തി. വലിയ തർക്കമുണ്ടായി. അവസാനം അവർ യോജിച്ചു. ആ സന്ധികമ്മിറ്റിയുടെ തീരുമാനത്തെ ആദരിച്ച് കാതോലിക്കാ ഹോംസിനു പോയി. പാത്രിയർക്കീസ് ചില വ്യവസ്ഥകൾ എഴുതി അയച്ചു. അതു സ്വീകാര്യമല്ലെന്നു ചിലർ ബഹളം കൂട്ടി.

എന്നാൽ കാര്യമായ ഭാഗം വിട്ടുകൊടുക്കാൻ മനസ്സില്ലാത്ത സമർത്ഥന്മാർ – രണ്ടുഭാഗത്തെയും – യോജിച്ച പദ്ധതി സ്വീകരിച്ചു. ഈ അവസരത്തിൽ എം. എ. ചാക്കോ ഹോംസിലേക്കു ഒരു കത്തയച്ചു. അതിൽ മലങ്കരസഭയുടെ ന്യായമായ അവകാശങ്ങൾക്കു ഹാനിവരാതെ പാത്രിയർക്കീസിനെ സ്വീകരിക്കണമെന്നും, സമാധാനത്തിനു കാതോലിക്കാ ഒരു കാലത്തും തടസ്സക്കാരനായിരുന്നു എന്നുള്ള അപവാദത്തിനിടയാക്കരുതെന്നും കാണിച്ചിരുന്നു. ഇതേസമയം പാലാമ്പടം തോമസ് പാത്രിയർക്കീസിനയച്ച കത്തിൽ ന്യായമായിട്ടുള്ളതെല്ലാം സമ്മതിക്കണമെന്നും സമാധാനത്തിന് അദ്ദേഹം തടസ്സമായിരിക്കരുതെന്നും കാണിച്ചിരുന്നു....

കാതോലിക്കോസിന്റെ മറുപടി

മംഗളപത്രത്തിനും ആശംസകൾക്കും മറുപടിയായി കാതോലിക്കോസ് ചെയ്ത പ്രസംഗം ഹോംസിൽ നടന്ന സംഗതികളിൽ വെളിച്ചം വീശിയിരുന്നതിനാൽ അതിന്റെ സാരാംശം ചേർക്കുന്നു: അവിടുത്തെ മെത്രാന്മാരുടെ സുന്നഹദോസിന്റേതായി ചില വ്യവസ്ഥകൾ കൊണ്ടുവന്നു. അതു സ്വീകരിക്കാൻ യാതൊരു നിവൃത്തിയുമില്ലെന്നു ധരിപ്പിച്ചപ്പോൾ ഒന്നു പുതുക്കിക്കൊണ്ടു വന്നു, അതും സ്വീകാര്യമല്ല, എന്നു ഞങ്ങൾക്കു തോന്നി. അഭിപ്രായം അറിയുന്നതിന് ഇവിടേയ്ക്ക് അയച്ചു. അതിനു മറുപടി കിട്ടുന്നതുവരെ ഹോംസിൽ താമസിക്കേണ്ടെന്നു വച്ച് യെറുശലേമിലേക്കു പോയി, അവിടുത്തെ ആംഗ്ലിക്കൻ ബിഷപ്പിന്റെ കൂടെ താമസിച്ചു. മലയാളത്തു നിന്നുള്ള സന്ധിവ്യവസ്ഥകൾ വന്നു. പാത്രിയർക്കീസിനയച്ചശേഷം പാത്രിയർക്കീസിന്റെ മറുപടിക്കു കാത്തിരുന്നു. കിട്ടിയില്ല. ബിഷപ്പ് അദ്ദേഹത്തിന് എഴുതി. ബിഷപ്പ് ആറു കത്തുകളയച്ചു. മറുപടിയില്ല. അവിടെയുള്ള ഒരു മെത്രാപ്പോലീത്തായെക്കൊണ്ട് ഞാൻ കമ്പി അടിപ്പിച്ചു. മലയാളത്തു നിന്നുള്ള വ്യവസ്ഥകൾ സമ്മതിച്ചു എന്നു ഞാൻ അറിയിച്ചു. പക്ഷേ അവ പാത്രിയർക്കീസ് അംഗീകരിച്ചില്ല.

കൊട്ടാരക്കര മുതൽ കോട്ടയം വരെ രാജകീയ വരവേൽപ്

1911–ൽ ആരംഭിച്ച ഒന്നാം സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിലെ ജഡ്ജിയായിരുന്ന ബി. കൃഷ്ണയ്യർ, ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായ്ക്ക് ഗുണകരമായി വിധിച്ചു. ഇതിനെതിരെ പാത്രിയർക്കീസ് കക്ഷി തിരുക്കൊച്ചി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും ചീഫ്ജസ്റ്റീസ് വീരരാഘവഅയ്യങ്കാർ കോട്ടയം ജില്ലാക്കോടതി വിധി അസ്ഥിരപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ കാതോലിക്കാ ബാവാ കൊടുത്ത റിവ്യൂ ഹർജിയും 1951 ഡിസംബർ 21–നു കാതോലിക്കാ ഭാഗത്തിനു ദോഷകരമായി

തള്ളപ്പെട്ടു. ഈ സമയത്ത് കാതോലിക്കാ ബാവാ ബോംബെ സന്ദർശനം കഴിഞ്ഞു കൽക്കട്ടയിൽ എത്തിയിരുന്നു. 1951-ൽ ബോംബെയിലെ ദാദറിൽ സ്ഥാപിച്ച പള്ളികൂദാശയ്ക്കാണ് ബാവാ അങ്ങോട്ടു പോയത്.

കല്ലാശ്ശേരി ബാവാ ബോംബെ, പൂനെ, കൽക്കട്ട എന്നിവിടങ്ങളിൽ സന്ദർശനം നടത്തുമ്പോൾ അദ്ദേഹത്തെ അനുഗമിച്ചിരുന്ന തോമ്മാ മാർ ദീവന്നാസ്യോസ് പ. ബാവാ വിവിധ യോഗങ്ങളിൽ ചെയ്ത പ്രസംഗങ്ങൾ സുന്ദരമായ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തിരുന്നു. ബോംബെയിൽ വി. മാതാവിന്റെ നാമത്തിൽ നിർമ്മിച്ച പള്ളി (പള്ളിനിർമ്മാണത്തിനു അച്ചാമ്മ മത്തായി മുൻകൈ എടുത്തിരുന്നു) കൂദാശ കഴിഞ്ഞു ബാവായ്ക്കും മാർ ദീവന്നാസ്യോസിനും ബോംബെ ഗവർണർ മഹാരാജ സിങ്ങും ജനങ്ങളും ഒരു സ്വീകരണം നൽകി. ഗവർണർ അദ്ധ്യക്ഷത വഹിച്ച ആ യോഗത്തിൽ ബോംബെ ബിഷപ്പ് വില്യം ലാഷ്, ബിഷപ്പ് ഡോ. ജെയിംസ് കൊല്ലോക്ക്, മിസ്സിസ്സ് അച്ചാമ്മ മത്തായി, ജോസ് ബി. ഏബ്രഹാം എന്നിവർ ആശംസാപ്രസംഗം ചെയ്തു. ബോംബെയിൽ വച്ചു നമ്മുടെ രീതിയിലുള്ള ഒരു പട്ടംകൊട കാണണമെന്നുള്ള ഗവർണറുടെ ആഗ്രഹത്തെ തുടർന്ന് പി. വി. വറുഗീസ്, പി. വി. ജോർജ്ജ് എന്നിവർക്കു ബോംബെയിൽ വച്ചു ബാവാ ക്ലേറിസ്ഥാനം നൽകി. പി. വി. വറുഗീസ് ക്ലേറി അച്ചനായി വിദേശപഠനവും ജോലികളും കഴിഞ്ഞു ഫാ. പി. വി. വറുഗീസായി ഉയർന്നു. അടുത്തകാലത്ത് അന്തരിച്ച ക്ലേറി അച്ചൻ സ്ഥാപിച്ചതാണ് കോട്ടയം മെഡിക്കൽ കോളജിനടുത്തുള്ള നല്ല നിലയിൽ നടത്തിവരുന്ന പീസ് ഹിൽ എന്ന വൃദ്ധജന സംരക്ഷണ കേന്ദ്രം. പി. വി. ജോർജ്ജ് അമേരിക്കയിൽ സ്ഥിരതാമസമാക്കി എന്നാണറിയുന്നത്.

ബോംബെയിൽ നിന്നു പിന്നീട് കൽക്കട്ടായിൽ ചെന്നപ്പോഴാണു സമുദായക്കേസിന്റെ അപ്പീലിൽ ബാവാ തോറ്റു എന്നറിഞ്ഞത്. അത് 1951 ഡിസംബർ 21-നു വെള്ളിയാഴ്ചയായിരുന്നു. വിധി കേട്ട ഉടൻ ജനങ്ങളോടു "ദുഃഖവെള്ളിയാഴ്ച കുഴിച്ചുമൂടപ്പെട്ട സത്യം ഞായറാഴ്ച ഉയിർത്തതുപോലെ അവസാനം സത്യം ജയിക്കും" എന്നു ബാവാ പ്രസ്താവിച്ചു. ഏഴു വർഷത്തിനു ശേഷം 1958-ൽ സത്യം ജയിച്ചു. കേസിൽ വിജയം നേടി. പ്രവചനം നിവർത്തിയായി.

റസ്ജൂഡിക്കേറ്റ എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണു കേസ് ജയിച്ചത് (നേരത്തെ ഒരു കാര്യത്തിൽ ഇരുകക്ഷികളും തീരുമാനത്തിൽ എത്തിയാൽ ആ കാര്യം വീണ്ടും കോടതിയിൽ ഉന്നയിക്കാൻ പാടില്ല എന്നതാണു റസ്ജൂഡിക്കേറ്റായുടെ അർത്ഥം.).

വിധിക്കെതിരെ മലയാള മനോരമയിൽ വന്ന മുഖപ്രസംഗങ്ങൾ ഓർത്തഡോക്സ് വിഭാഗത്തിനു ആത്മവിശ്വാസം നൽകി അവരെ പ്രതീക്ഷയുടെ

തേരിൽ കയറ്റി. ഇതേസമയം സമുദായത്തിന്റെ പൊതുസ്വത്തുക്കളായ പഴയ സെമിനാരിയും എം.ഡി. സെമിനാരിയും നടത്തിയെടുക്കുവാൻ വിജയികൾ സത്വരശ്രമം ആരംഭിച്ചു കഴിഞ്ഞിരുന്നു.

ഈ പശ്ചാത്തലത്തിൽ സഭയിലെ നേതാക്കൾ കെ. സി. മാമ്മൻ മാപ്പിള യുടെ അദ്ധ്യക്ഷതയിൽ പഴയസെമിനാരിയിൽ ചേർന്നു. വട്ടക്കുന്നേൽ മാത്യൂസ് റമ്പാനും ഈ യോഗത്തിൽ പങ്കെടുത്തിരുന്നു. ഈ സമ്മേളനമാണ് വിധി സൃഷ്ടിച്ച ക്ഷീണം തീർക്കാൻ പരാജയപ്പെട്ടുവരുന്ന ഗീവറുഗീസ് ബാവായ്ക്കു കൊട്ടാരക്കര മുതൽ കോട്ടയം വരെ ഒരു ഗംഭീരസ്വീകരണം നൽകുന്നതിനും രഹസ്യമായി ദേവലോകം അരമന വാങ്ങുന്നതിനും തീരു മാനിച്ചത്.

കൽക്കട്ടായിൽ നിന്നു ഗീവറുഗീസ് രണ്ടാമൻ ബാവ തൃശിനാപ്പള്ളി-കൊ ട്ടാരക്കര വഴി തിരിച്ചുവന്നപ്പോൾ മലങ്കരസഭ അദ്ദേഹത്തിന് അടൂർനിന്നു കോട്ടയം എം.ഡി. സെമിനാരിയിൽ വരെ നൽകിയ വൻവരവേൽപിനു സാക്ഷിയായ എനിക്ക് അതിന്റെ വൈപുല്യം, പങ്കെടുത്തവരുടെ എണ്ണം, അർത്ഥവ്യാപ്തി എന്നിവ വിവരിക്കാൻ കഴിയുന്നില്ല. തോറ്റു തിരിച്ചെത്തു മ്പോൾ ശോകാർത്തരായ ജനങ്ങളെയായിരിക്കും കാണുക എന്നു നേരത്തെ കരുതിയ ബാവായ്ക്കു ഇങ്ങനെ ഒരു സ്വീകരണഘോഷയാത്രയെപ്പറ്റിയോ ജനലക്ഷങ്ങളുടെ പിന്തുണ വിരിച്ച ആഹ്ലാദപ്രകടനത്തെപ്പറ്റിയോ ഒട്ടും ചിന്തി ക്കാൻ കഴിഞ്ഞില്ല. അടൂർ നിന്നു കോട്ടയം വരെ 40 മൈൽ ദീർഘം വരുന്ന വഴിയുടെ ഇരുവശങ്ങളിലും ഉത്സാഹഭരിതരായി ജനങ്ങൾ നിരനിരയായി നിലകൊണ്ടിരുന്ന കൊടിതോരണങ്ങൾ വഴി നീളെ കാറ്റിൽ പാറിപ്പറക്കുന്നു ണ്ടായിരുന്നു. ബാവായ്ക്കു ആരൂഢനാകാൻ രാജകീയമായ ഒരു ഹംസരഥം. ഇന്നത്തെപ്പോലെ കാറില്ലാതിരുന്ന അന്ന് ഒന്നിനുപുറകെ ഒന്നായി മന്ദംമന്ദം എഴുനൂറിൽപരം കാറുകൾ നീങ്ങിയിരുന്നു. റോഡും റോഡ്സൈഡും എവി ടെയെന്നു നിശ്ചയമില്ലാതെ ജനങ്ങൾ റോഡിലൂടെ പരന്നൊഴുകി. രഥത്തി ലിരുന്ന പ. ബാവാ സ്വർണ്ണസ്ലീബാ ഉയർത്തി ജനസഹസ്രങ്ങളെ അനുഗ്ര ഹിച്ചുകൊണ്ടിരുന്നു. ഇതാണു സാക്ഷാൽ പരാജയത്തിന്റെ പടുകുഴിയിൽ നിന്നുള്ള വിജയാഹ്ലാദത്തിന്റെ കൊടുമുടികയറ്റം. ഇത്തരത്തിലുള്ള പരാജ യത്തെ വിജയമായി മാറ്റിയ ഒരു ആത്മീയ ആവേശഘോഷയാത്ര കഴിഞ്ഞ 85 വർഷങ്ങൾക്കിടയിൽ എനിക്കു കാണാൻ സാധിച്ചിട്ടില്ല. പിന്നോട്ടു നോക്കു മ്പോൾ ഞാനെത്ര ഭാഗ്യവാൻ എന്നു ചിന്തിച്ചുപോകുന്നു.

സഭയുടെ സിരാകേന്ദ്രമായ എം.ഡി. യിൽ ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കെ. സി. മാമ്മൻ മാപ്പിള, വി. കെ. മാത്യൂസ് റമ്പാൻ, സി. എം. സ്റ്റീഫൻ, സി. ഐ. നൈനാൻ മുതലായ നേതാക്കന്മാരാണ് ഉജ്ജ്വല പ്രഭാഷണങ്ങൾ നടത്തിയത്. എന്തെല്ലാം ത്യാഗങ്ങൾ ചെയ്യേണ്ടി വന്നാലും മലങ്കരസഭ അപ്പോസ്തോലിക

സ്വാതന്ത്ര്യം നിലനിറുത്താൻ എക്കാലവും നിലകൊള്ളുന്നതാണെന്നു യോഗം ദൃഢനിശ്ചയം ചെയ്തു. "മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ഉറപ്പിച്ചു പ്രഖ്യാപനം ചെയ്തുകൊണ്ട് ആ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷ അടയാളമായ പരിശുദ്ധ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്താനങ്ങളും ഭക്തിപൂർവ്വം നിലകൊള്ളുന്നതാണെന്നു ദൈവമുമ്പാകെ സത്യം ചെയ്യുന്നു" എന്ന പ്രതിജ്ഞ ജനസഹസ്രങ്ങൾ ചൊല്ലി. ഈ പ്രതിജ്ഞയെ രണ്ടാം 'കൂനൻകുരിശുസത്യം' എന്നാണ് സഭാചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്.

പിന്നീട് കാതോലിക്കായായി വാഴിക്കപ്പെട്ട വട്ടക്കുന്നേൽ മാത്യൂസ് റമ്പാനാണു സ്പന്ദിക്കുന്ന ഈ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. പ്രതിജ്ഞ എഴുതിയത് ഫാ. കെ. സി. തോമസ് (പിന്നീട് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ) ആയിരുന്നു.

ദേവലോകം അരമന വാങ്ങുന്നതിനുവേണ്ടി സമ്മേളനത്തിൽ വച്ചു കാണിക്ക എടുത്തപ്പോൾ സഭാസ്നേഹവും സൗമ്യതയും യഥാർത്ഥ ആഭരണമായി കരുതിയ ഒട്ടധികം സ്ത്രീകൾ കനക കണ്ഠാഭരണങ്ങളും തിളങ്ങുന്ന കൈവളകളും കാണിക്കപ്പാത്രങ്ങളിൽ സസന്തോഷം നിക്ഷേപിച്ചിരുന്നു.

ദേവലോകം സഭയ്ക്ക് ലഭിച്ച സ്വർഗ്ഗീയ സമ്മാനം

മാലിനീ നദീതീരത്തെ കണ്വാശ്രമം കണക്കെ പുരാതനവും പ്രശസ്തവും പ്രകൃതിഭംഗിയുടെ പ്രതീകവുമായ കോട്ടയത്തെ പഴയസെമിനാരി 1951-ലെ തിരു-കൊച്ചി ഹൈക്കോടതിയുടെ പ്രതികൂലവിധിയെ തുടർന്ന് പാത്രിയർക്കീസ് കക്ഷി നടത്തിയെടുത്തു മലങ്കരസഭയ്ക്കു നഷ്ടപ്പെട്ടുപോയേക്കാം എന്ന ചിന്ത മൂലം സഭാധ്യക്ഷനു മറ്റൊരു ആസ്ഥാനം കണ്ടുപിടിക്കുന്നതിനുള്ള അന്വേഷണത്തിനിടയിലാണു ദേവലോകം അരമന ഇരിക്കുന്ന സ്ഥലം വാങ്ങുന്നതിനും ഇന്നു സഭയുടെ കേന്ദ്രമായ കാതോലിക്കേറ്റ് അരമന നിർമ്മിക്കുന്നതിനും സാധിച്ചത്. യാക്കോബ് ഉറക്കമുണർന്നു പറഞ്ഞ വാചകമാണു ഓർമ്മയിൽ വന്നത്. "യഹോവ ഈ സ്ഥലത്തുണ്ട്, സത്യം! ഞാനോ അതറിഞ്ഞില്ല. ഈ സ്ഥലം എത്ര പരിപാവനം. ഈ സ്ഥലം എത്ര പരിപാവനം. ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ."

വാടകവീട്ടിൽ നിന്നു സ്വന്തമായി നിർമ്മിച്ച മേടയിലേക്കു മാറുന്ന ഒരനുഭവമാണ് പ. ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്കുണ്ടായത്. ദൈവനിവാസകേന്ദ്രമായ ദേവലോകം കുന്നിൽ നിന്നാൽ കോട്ടയം നഗരത്തിന്റെ ഒരേകദേശരൂപം ലഭിക്കും. പരിശുദ്ധ പിതാക്കന്മാരായ ഗീവറുഗീസ് രണ്ടാമൻ, ഔഗേൻ പ്രഥമൻ, മാത്യൂസ് പ്രഥമൻ എന്നീ ബാവാമാരുടെ അന്ത്യവി

ശ്രമസ്ഥലമായ ദേവലോകം ചാപ്പൽ സത്യവിശ്വാസികളുടെ ഒരഭയസ്ഥാനവും അനുഗ്രഹദായകവുമാണെന്നു സാക്ഷിക്കുന്ന ഒട്ടധികം പേരുണ്ട്. ഈ പുസ്തകരചന ആരംഭിക്കുന്നതിനു മുമ്പ് ഞാൻ ഈ പിതാക്കന്മാരുടെ അന്ത്യവിശ്രമസ്ഥലത്തെത്തി പ്രാർത്ഥന നടത്തുകയും അവരുടെ പ്രാർത്ഥനകളിൽ അഭയംതേടുകയും ചെയ്തുവെന്നുള്ള വസ്തുത മറച്ചു വയ്ക്കുന്നില്ല. ഇതു സംബന്ധിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ ആദിമുതൽ തികഞ്ഞ സഭാസ്നേഹിയും കോട്ടയത്തെ കിരീടധാരണ വൈദ്യശാല ഉടമസ്ഥനും ആയിരുന്ന കൊല്ലാട് ചെമ്പകശ്ശേരിൽ വൈദ്യനായ സി. വി. ടൈറ്റസ് എന്ന കൊച്ചുകൊച്ചു കുറിച്ചതും ഞാൻ എഡിറ്റു ചെയ്തു പ്രസിദ്ധപ്പെടുത്തിയതുമായ "മരണമില്ലാത്ത സഭാസ്മരണകളിൽ" ഇങ്ങനെ പറയുന്നു.

"ഒരു ദിവസം ഞാൻ വൈദ്യശാലയിൽ ഇരിക്കുമ്പോൾ അയ്മനം പത്തിൽ കോശി അപ്പൻ വന്നു മുട്ടമ്പലത്തു ദേവലോകം എന്ന പേരിൽ അറിയപ്പെടുന്ന ഒരു സ്ഥലം ഉണ്ടെന്നും തന്റെ അനന്തരവളുടെ ഭർത്താവായ എടത്വാ സ്വദേശി കെ. എം. ഏബ്രഹാമിന്റെ വകയാണതെന്നും നിങ്ങളുടെ സമുദായത്തിനു വേണമെങ്കിൽ വാങ്ങിക്കൊള്ളുക എന്നും പറഞ്ഞു. കോട്ടയം വൈ.എം.സി.എ. സെക്രട്ടറിയായിരുന്ന ഡിക്സൻ സായിപ്പ് രണ്ടു വർഷം അവിടെ താമസിച്ചിരുന്നു. ഇതു കേട്ട പാതി, കേൾക്കാത്ത പാതി ഞാൻ മനോരമയിൽ എത്തി കെ. സി. മാമ്മൻ മാപ്പിളയോടു ഇക്കാര്യം പറഞ്ഞു. അദ്ദേഹം ഉടനെ എന്നെ കാറിൽ കയറ്റി മാളിയേക്കൽ എം. സി. മാത്യുവിനെയും ഉപ്പൂട്ടിൽ കുഞ്ഞച്ചനെയും വിളിപ്പിച്ചു. എല്ലാവരുംകൂടി ദേവലോകത്തു ചെന്നു. കോളിംഗ്ബെൽ കേട്ടു വീട്ടുജോലിക്കാരനും തുടർന്ന് കെ. എം. ഏബ്രഹാമും എത്തി. 'മി. ഏബ്രഹാം എന്നെ അറിയുമോ' എന്നു മാമ്മൻമാപ്പിള ചോദിച്ചു. 'ഞാൻ എം.ഡി. യിൽ ഫോർത്തു, ഫിഫ്ത്ത്, സിക്സ്ത് ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സാർ എന്റെ ഹെഡ്മാസ്റ്ററായിരുന്നല്ലോ' ഏബ്രഹാം പറഞ്ഞു. അങ്ങനെ ഗുരുശിഷ്യബന്ധം പുതുക്കി പരിചയപ്പെട്ടു.

"മിസിസ്സ് എബ്രഹാമിന്റെ അമ്മാച്ചൻ കോശി അപ്പൻ ഞങ്ങളോടു പറഞ്ഞു, ഈ സ്ഥലം വിൽക്കാൻ പോകുകയാണെന്ന്, അതു ശരിയാണോ?" മാമ്മൻമാപ്പിള ചോദിച്ചു. "ശരിയാണ്. എനിക്കു കോട്ടയത്തു താമസിച്ചിട്ടു ശരീരസുഖമില്ല. അതിനാൽ മദ്രാസിൽ താമസിക്കാൻ സ്ഥലത്തിനും കെട്ടിടത്തിനും അഡ്വാൻസ് കൊടുത്തിരിക്കുകയാണ്."

വില ചോദിച്ചപ്പോൾ വീടിനും പറമ്പിനും കൂടി 'ഒന്നര ലക്ഷം രൂപ' എന്നു മറുപടി നൽകി.

അക്കാലത്തു ഒന്നര ലക്ഷം രൂപ ഒരു വലിയ സംഖ്യയായിരുന്നു. ആവശ്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ബുദ്ധിമാനായ മാമ്മൻ മാപ്പിള ആരോടും

ആലോചിക്കാതെ വാക്കു പറയുകയും ചെയ്തു. 'പത്തു ലക്ഷം രൂപ ഇനി ആരെങ്കിലും പറഞ്ഞാലും കൊടുക്കുകയില്ല. മൂന്നു മാസത്തിനകം പണം തന്നാൽ മതി.' ഏബ്രഹാം അറിയിച്ചു. അഡ്വാൻസു ചോദിച്ചാൽ കൊടുക്കത്തക്കവണ്ണം 10000 രൂപയുടെ ഒരു കാഷ് ചെക്ക് എന്നെ മാമ്മൻമാപ്പിള ഏല്പിച്ചിരുന്നു. അതിന്റെ ആവശ്യം വന്നുമില്ല. പിന്നീട് എല്ലാവരും മനോരമയിൽ കൂടി ഒരു ദിവസം കഴിഞ്ഞു പണപ്പിരിവിന് ഇറങ്ങാൻ തീരുമാനിച്ചു. പിരിവിനു മുമ്പു കോട്ടയത്തു കൂടിയവർ വരിയിട്ട് 50000 രൂപ വാഗ്ദാനം ചെയ്തു. പറഞ്ഞതുപോലെ മൂന്നാം ദിവസം തിരുവല്ലായ്ക്കു യാത്ര തിരിച്ചു. തിരുവല്ലയിൽ കുരിശുംമൂട്ടിൽ മറിയാമ്മയെന്നും സെന്റ് ജോർജ് മറിയാമ്മയെന്നും അറിയപ്പെടുന്ന വിധവയുടെ വീട്ടിലേക്കു വണ്ടി വിടാൻ പറഞ്ഞു. ആദ്യം ഒരു വിധവപ്പെമ്പിളയുടെ വീട്ടിൽ കയറണോ എന്നു ഞാൻ ചോദിച്ചു. 'വണ്ടി അങ്ങോട്ടു തന്നെ വിട്' മാമ്മൻമാപ്പിള പറഞ്ഞു. ചെന്നു വാതിൽ മുട്ടിയപ്പോൾ കതകു തുറന്നു. കൊച്ചമ്മ പനിയായി കിടക്കുകയാണെന്നു ബാല്യക്കാരത്തി വന്നു പറഞ്ഞു. കോട്ടയത്തു നിന്നു മാമ്മൻമാപ്പിളയും മറ്റു ചിലരും കൂടി വന്നിരിക്കുന്നു എന്ന് അറിയിക്കാൻ ബാല്യക്കാരത്തിയോടു പറഞ്ഞയച്ചു.

ബാല്യക്കാരത്തി പറഞ്ഞ ഉടനെ പുതപ്പും ചുറ്റി മറിയാമ്മ സ്വീകരണമുറിയിൽ വന്നു. 'അയ്യോ എന്തിനാ വല്യച്ചായനും മറ്റും ഇപ്പോൾ വന്നത്?' മറിയാമ്മ ചോദിച്ചു. മാമ്മൻമാപ്പിള പെട്ടെന്നു കാര്യം പറഞ്ഞു. 'വാചകമടിക്കാൻ സമയമില്ലെടി. നിന്റെ സംഭാവന വല്ലതും ഉണ്ടെങ്കിൽ ഇങ്ങു താ.' ഉടൻതന്നെ തലയണക്കീഴിൽ നിന്നു 2000 രൂപ എടുത്തു കൊടുത്തു. 'വേണ്ടി വന്നാൽ വല്യച്ചായാ പിന്നീടു തരാം' എന്നും പറഞ്ഞു. ഇറങ്ങി കഴിഞ്ഞപ്പോൾ എന്നോടു 'കണ്ടോടാ, വിധവപ്പെമ്പിളയുടെ സംഭാവന. അവിടെ കേറേണ്ടെന്നല്ലേ നീ പറഞ്ഞത്' എന്നു മാമ്മൻ മാപ്പിള അനുസ്മരിച്ചു.

ഒന്നു രണ്ടു സംഭവങ്ങൾ കൂടി എടുത്തു പറയട്ടെ. പിന്നീട് ഇലഞ്ഞിമൂട്ടിൽ കണ്ടത്തിൽ ഉണ്ണൂണ്ണിയെ കാണാനാണു പോയത്. ചെല്ലുന്നതിനു മുമ്പു തന്നെ, അവൻ തട്ടാമുട്ടി പറയുമെന്നും ചീത്ത വിളിച്ചേക്കുമെന്നും മാമ്മൻ മാപ്പിള പറഞ്ഞു. ദേവലോകം വാങ്ങാൻ 1000 രൂപ ചോദിച്ചപ്പോൾ 'ഞാനെന്തു വേണം' എന്നായിരുന്നു മറുപടി. ഒടുവിൽ 500 രൂപ തന്നു.

ആലപ്പുഴയിൽ ചെന്നപ്പോൾ അവിടെ ഇംഗ്ലീഷ് കമ്പനി എന്ന മെഡിക്കൽ സ്റ്റോർ ഉടമ കണ്ടത്തിൽ ഈപ്പനെ കണ്ടു കാര്യങ്ങൾ പറഞ്ഞു. ഭാര്യ വളരെയേറെ കുശലങ്ങൾ പറഞ്ഞു. ഒടുവിൽ ഭാര്യയും ഭർത്താവും വീടിനകത്തു കയറി എന്തോ കുശുകുശുത്തു 100 രൂപ കൊണ്ടുവന്നു. മാമ്മൻ മാപ്പിളയ്ക്കു ദേഷ്യം വന്നു. രൂപ ഒരേറു കൊടുത്തു. എത്ര സമയം കളഞ്ഞു എന്നു പറഞ്ഞ് മുറ്റത്ത് ഒരു തുപ്പും തുപ്പിയാണ് അവിടെ നിന്നു പോന്നത്.

പിന്നീട് മാവേലിക്കര, തിരുവനന്തപുരം, എറണാകുളം മുതലായ

സ്ഥലങ്ങളിൽ ഞങ്ങൾ പോയി. ഏതാനും ദിവസം കൊണ്ടു 111000 രൂപ ശേഖരിച്ചു. വെണ്ണിക്കുളത്തു ഒരു വീട്ടിൽ പടികൾ കയറി പകുതിയായപ്പോൾ മാമ്മൻ മാപ്പിളയ്ക്കു നെഞ്ചുവേദന ഉണ്ടായി. 'വൈദ്യനായ' എന്നെ ഏല്പിച്ചിരുന്ന ഗുളിക ഉടൻതന്നെ വായിൽ ഇട്ടുകൊടുത്തു. താമസംവിനാ കോട്ടയത്തിനു തിരിച്ചുപോയി. പിന്നീടു രണ്ടു മൂന്നു ദിവസം കഴിഞ്ഞാണു പണപ്പിരിവിനു പോയത്. സഭാസ്നേഹികളുടെ പ്രതികരണം തികച്ചും പ്രോത്സാഹനജനകമായിരുന്നു. ഈ പണപ്പിരിവിനെ ഒരു 'തെണ്ടൽ പ്രസ്ഥാന'മായിട്ടാണു മാമ്മൻ മാപ്പിള വിശേഷിപ്പിച്ചത്.

ഇങ്ങനെയിരിക്കെ സമുദായക്കേസിന്റെ അപ്പീൽ സുപ്രീംകോടതിയിൽ എത്തിയതിനാൽ ഹൈക്കോടതിയിൽ കേസു ജയിച്ചവർക്കു തുടർ നടപടിക്കെന്ന നിലയിൽ പഴയസെമിനാരി നടത്തിയെടുക്കാനൊന്നും സാധിച്ചില്ല.

ദേവലോകം വാങ്ങുന്നു

ദീർഘകാലം സഭയുടെ സെക്രട്ടറി, ട്രസ്റ്റി എന്നീ നിലകളിൽ പ്രശസ്ത സേവനം അനുഷ്ഠിച്ച പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര എഴുതുന്നു. "1951-ലെ കോട്ടയം സ്വീകരണം കഴിഞ്ഞതോടെ സമുദായക്കേസിൽ സഭാവിശ്വാസികളുടെ ധീരമായ പിന്തുണ ആവശ്യമാണെന്നു മനസ്സിലായി. സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടം. ഇതിനുവേണ്ടി കാതോലിക്കേറ്റ് ഡിഫൻസ് ഫണ്ട് രൂപീകരിക്കാൻ തീരുമാനമായി. ഫോർവേഡ് ബാങ്കിലെ എം. സി. മാത്യുവും ഞാനുമാണ് ഈ ഫണ്ടിന്റെ ട്രഷറർമാരായി തിരഞ്ഞെടുക്കപ്പെട്ടത്. എനിക്ക് അന്ന് 29 വയസ്സ്. തല മുതിർന്ന പ്രമാണിമാർക്കൊപ്പം ഞാനെങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്ന ചിന്ത എന്നിലുണ്ടായിരുന്നതിനാൽ ഈ പ്രവർത്തനങ്ങളെ ഞാൻ കാര്യമായി എടുത്തിരുന്നില്ല.

ഒരു ദിവസം വൈകുന്നേരം അമ്മാച്ചൻ കെ. സി. മാമ്മൻമാപ്പിള എന്റെ വീട്ടിലെത്തി. ചിന്താമഗ്നനായുള്ള ആ വരവിൽത്തന്നെ ഗൗരവമായ എന്തോ ചർച്ചാവിഷയം തെളിഞ്ഞു നിന്നിരുന്നു. വീടിന്റെ വരാന്തയിൽ ഇരിപ്പുറപ്പിച്ച അദ്ദേഹത്തിന്റെ സമീപം ഞാൻ വിനയാന്വിതനായി നിന്നു. എന്നെ അടുത്തു വിളിച്ചിരുത്തി. അദ്ദേഹം പറഞ്ഞു. "സഭ ഏറ്റവും സങ്കീർണ്ണമായ കാലഘട്ടത്തിലൂടെ കടന്നുപോവുകയാണ്. നാമൊക്കെ ഉണർന്നു പ്രവർത്തിച്ചേ മതിയാകൂ. ആദ്യമായി, സഭയ്ക്ക് ഒരു ആസ്ഥാനം വേണമെന്ന ഒരു നിർദ്ദേശം വന്നിട്ടുണ്ട്. ദേവലോകം കുന്ന് വാങ്ങിക്കുന്നതാണ് നല്ലതെന്നാണ് അഭിപ്രായം. വലിയ തുക സംഘടിപ്പിക്കേണ്ടതായി വരും. നിന്റെ സഹകരണം വേണം. ഞാൻ പരമാവധി തുക ശേഖരിക്കാം.

ആ വാക്കുകളിൽ തികഞ്ഞ ഗൗരവവും ദൃഢനിശ്ചയവും കാണാമായിരുന്നു. ഞാൻ എന്നാൽ കഴിയുന്ന സഹായം വാഗ്ദാനം ചെയ്തു. ആ രാത്രി മുഴുവൻ ഞാൻ ആലോചനയിലാണ്ടു. മലങ്കരസഭയ്ക്കു വേണ്ടി

നെട്ടോട്ടമോടുന്ന കെ. സി. മാമ്മൻമാപ്പിളയുടെ പ്രചോദനം അത്ര തീക്ഷ്ണമായിരുന്നു. ഇന്നും എന്റെ ഓർമ്മയിൽ മങ്ങാതെ കിടക്കുന്ന ആ വൈകുന്നേരമാണ് എന്റെ ജീവിതത്തിലെ വഴിത്തിരിവ്. എന്റെ സജീവ സഭാജീവിതത്തിന്റെ തുടക്കവും.

മൂന്നു ദിവസത്തിനുള്ളിൽ മലങ്കരസഭാ വിശ്വാസികളുടെയിടയിൽ നെട്ടോട്ടമോടി കെ. സി. മാമ്മൻമാപ്പിള സമാഹരിച്ചത് ഒരു ലക്ഷത്തി പതിനൊന്നായിരം രൂപയാണ്....! അക്കാലത്ത് ചിന്തിക്കാനാവാത്ത തുക. അത്രയ്ക്ക് സ്വാധീനം സഭയിൽ അദ്ദേഹത്തിനുണ്ടായിരുന്നു. ഏഴ് ഏക്കറിലധികം വിസ്തീർണ്ണമുള്ളതും ഫലവൃക്ഷങ്ങൾ നിറഞ്ഞതും സുഖവാസയോഗ്യമായ കെട്ടിടങ്ങൾ നിറഞ്ഞതുമായിരുന്നു ദേവലോകം കുന്ന്. മദ്രാസ് ക്രിസ്ത്യൻ കോളജിൽ കെ. സി. എമ്മിന്റെ സഹപാഠികളായിരുന്ന മൂന്നു റിട്ടയേർഡ് ഓഫിസർമാർ വാങ്ങിയിട്ടിരിക്കുകയായിരുന്നു ആ സ്ഥലം മുഴുവൻ. കെ. സി. എമ്മിന്റെ സുഹൃത്തുക്കളായിരുന്നതിനാൽ ഒന്നരലക്ഷത്തിന് ആ സ്ഥലം നൽകാമെന്ന് അവർ സമ്മതിച്ചു. പക്ഷേ ബാക്കി തുക എങ്ങനെ കണ്ടെത്തുമെന്നതായിരുന്നു അടുത്ത പ്രശ്നം. കെ. സി. എമ്മും, എം. സി. മാത്യുവും ചേർന്ന് കുറച്ചു തുക കൂടി നിക്ഷേപിച്ചു. ബാക്കി ആവശ്യമുള്ള തുക എങ്ങനെയും നൽകാമെന്നു ഞാൻ സമ്മതിച്ചു. ദൈവം നൽകിയ സമ്പത്ത് ദൈവിക കാര്യങ്ങൾക്കു വേണ്ടി ചെലവഴിക്കാൻ എനിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളു. അന്ന് സഭയിൽ പ്രമാണിമാർ ഏറെയുണ്ടായിരുന്നുവെങ്കിലും കടമില്ലാതെ നിന്ന ഒരാൾ എന്ന നിലയിൽ ദേവലോകം വാങ്ങുന്നത് എന്റെയും മാളിയേക്കൽ എം. സി. മാത്യുവിന്റെയും പേരിലാണ്. ഇതോടെ സഭയിലെ സജീവപ്രവർത്തനത്തിന് ഞാൻ നിർബന്ധിതനായി. എന്നെ സഭാപ്രവർത്തനങ്ങൾക്കിറക്കിയതിന്റെ മുഴുവൻ ക്രെഡിറ്റും ഞാൻ കെ. സി. മാമ്മൻ മാപ്പിളയ്ക്കു നൽകുകയാണ്. ദൈവനിശ്ചയം അതായിരിക്കണം. ദേവലോകത്ത് ഞങ്ങൾ മൂന്നു പേരും മുടക്കിയ പണം കുറേക്കാലങ്ങൾക്കു ശേഷം ബാവാ സമാഹരിച്ചു തിരികെ തന്നു.

കേസ് ജയിച്ച് വട്ടിപ്പണത്തിന്റെ പലിശ കിട്ടിയപ്പോൾ ഞങ്ങൾ ചെലവിട്ട പണം ബാവാതിരുമേനി തിരിച്ചു തന്നു. അവസാനം തന്നു തീർത്തത് എന്റെ പണമാണ്. അതോടെ ദേവലോകം അരമന ഞാൻ സഭയ്ക്ക് തിരിച്ചെഴുതിക്കൊടുത്തു. അപ്പോൾ ബാവാ തിരുമേനി പറഞ്ഞത് ഇപ്പോഴും എന്റെ മനസ്സിലുണ്ട്.

“എടാ മോനേ, ആദ്യമായിട്ടാണ് ഒരു ഓർത്തഡോക്സുകാരൻ വസ്തു കൈയിൽ കിട്ടിയിട്ട് തിരിച്ചു തരുന്നത്. ദൈവം നിങ്ങളെ അനുഗ്രഹിക്കും. നിനക്ക് പട്ടം തരണമെന്നായിരുന്നു എന്റെ ആഗ്രഹം, അതു നടന്നില്ല. നിന്നെ യാരെങ്കിലും ഉപദ്രവിക്കാൻ വന്നാൽ അവന് പായേൽ കിടന്ന് ചാകേണ്ടി വരില്ല.” കുറിച്ചിക്കാരന്റെ തനി നാടൻ ഭാഷയിലുള്ള ഒരു അനുഗ്രഹമായി

രുന്നു അത്. ദേവലോകത്ത് പ. കാതോലിക്കാ ബാവായ്ക്ക് ഒരു ആസ്ഥാനം പണികഴിപ്പിക്കുന്നതിനു കഴിഞ്ഞത് വലിയ നേട്ടമായാണ് സഭ കണക്കാക്കുന്നത്. ദേവലോകം അരമനയും ചാപ്പലും ഇന്നും സഭയുടെ കേന്ദ്രമാണ്. കാതോലിക്കേറ്റിന്റെ അഭിമാനസ്തംഭവും. ഇതോടെ സഭാപ്രവർത്തനങ്ങളിൽ ഞാൻ കൂടുതൽ സജീവമായി" (പി. സി. ഏബ്രഹാമിന്റെ "ഓർമ്മയുടെ പൂക്കൾ" എന്ന ആത്മകഥയിൽ നിന്നും).

സഭാ സെക്രട്ടറി എന്ന നിലയിൽ പി. സി. ഏബ്രഹാം ദേവലോകം അരമനയിൽ ചെല്ലുമ്പോൾ മാവിൽ മാങ്ങയുണ്ടെങ്കിൽ "ആണ്ട് ജന്മി വരുന്നു. അയാൾക്കു മേലാദായമായി മാങ്ങ കൊടുത്തുവിടണം" എന്നു സെക്രട്ടറിയോടു ബാവാ പറയുമായിരുന്നു (ദേവലോകത്തെ പഴയ കെട്ടിടത്തിനു മുമ്പിൽ ഇപ്പോഴും ഒരു തേന്മാവുണ്ട്. അതിലെ മാങ്ങ വലിപ്പമുള്ളതും മധുരനിഷ്യന്ദിയുമാണ്).

താമസംവിനാ കാതോലിക്കാബാവാ പഴയസെമിനാരിയിൽ നിന്ന് ആ കെട്ടിടത്തിലേക്കു താമസം മാറ്റി. പുതിയ അരമനയ്ക്കു വിശാലസുന്ദരമായ സ്ഥലം വാങ്ങിയതിൽ ബാവാ സന്തുഷ്ഠനായിരുന്നു എങ്കിലും ഒരു അരമനയുടെയും ചാപ്പലിന്റെയും കുറവ് അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ മഥിച്ചുകൊണ്ടാണിരുന്നത്. തന്നെ കാണാൻ വരുന്നവരോടെല്ലാം ബാവാ അക്കാര്യം ഏതാണ്ട് ഇങ്ങനെ പറയുമായിരുന്നു. "ആ ഏബ്രഹാമും ഭാര്യയും താമസിച്ച മുറിയിലാണു ഞാൻ കിടക്കുന്നത്. കുർബ്ബാന ചൊല്ലുന്നത് മറ്റൊരു കൊച്ചുമുറിയിൽ. എന്റെ കുർബ്ബാനയിൽ സംബന്ധിക്കാൻ വരുന്നവർക്കു എന്നെ കാണാൻ കഴിയുന്നില്ല. എന്റെ ശബ്ദം മാത്രമേ അവർ കേൾക്കുന്നുള്ളു. ഈ സ്ഥിതി മാറിക്കിട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു."

ഒരു ചാപ്പലും അരമനയും പണിയണമെന്നു ബാവാ ആഗ്രഹിച്ചു. "ചാപ്പലിൽ കുർബ്ബാന ചൊല്ലിയും അരമനയിൽ താമസിച്ചും മരിച്ചാൽ മതിയെന്നാണു എന്റെ ആഗ്രഹം." ബാവാ പലരോടും പറഞ്ഞുകൊണ്ടിരുന്നു.

ഇതിനകം അരമനയുടെയും ചാപ്പലിന്റെയും ചില പ്ലാനുകളും തയാറാക്കിയിരുന്നു. പക്ഷേ, പണമില്ലാതെ എന്തു ചെയ്യും. പണമില്ലെങ്കിലും അരമനയ്ക്കു കല്ലിടുന്നതിനു തീരുമാനിച്ചു.

കല്ലിട്ടതുകൊണ്ടു മാത്രം കാര്യമായില്ല. നല്ല പ്ലാൻ അനുസരിച്ചു അരമന പണിയുന്നതിനു നമ്മുടെ ചാക്കോപ്പിള്ളയെ (കോലഞ്ചേരി) ക്ഷണിക്കണമെന്ന് അവിടെ ഉണ്ടായിരുന്ന മാനേജരച്ചൻ ഫാ. റ്റി. സി. ജേക്കബും കൊല്ലാട് ചെമ്പകശ്ശേരിൽ സി. വി. ടൈറ്റസും (കൊച്ചുകൊച്ച്) ബാവായോടു പറഞ്ഞു. ശെമ്മാശനെക്കൊണ്ടു ഒരു കല്പനയെഴുതിച്ച് ചാക്കോപ്പിള്ള വരാൻ കല്പിക്കണമെന്നും ബാവായെ അറിയിച്ചു. ബാവാ കല്പന അയച്ചു. മൂന്നാം ദിവസം ചാക്കോപ്പിള്ള ദേവലോകത്തു എത്തി കൈ മുത്തിയപ്പോൾ ബാവാ പറഞ്ഞു:

'എനിക്കു ഒരു വലിയ അരമന വേണം. ഒറ്റ നില, നീ പണിതാൽ മതി. താമസിക്കാൻ ഒരു മുറി മതി. ബാക്കി പിന്നീട് ആരെങ്കിലും തീർത്തുകൊള്ളും. ഇതു പണിയാൻ എത്രനാൾ വേണം." "അടിയൻ ഒമ്പതു മാസം കൊണ്ടു പണി തീർത്തേക്കാം." ചാക്കോപ്പിള്ള വിനയാന്വിതനായി അറിയിച്ചു. ബാവാ സന്തുഷ്ടനായി കൈവച്ചനുഗ്രഹിച്ചു. കൈയിൽ ഉണ്ടായിരുന്ന രൂപ ചാക്കോപിള്ളയെ ഏല്പിച്ചു.

ഏലിയാ ദീർഘദർശിക്കു തുല്യനായ ബാവായുടെ ആഗ്രഹം നിറവേറ്റാൻ ലഭിച്ച സുവർണ്ണാവസരം ദൈവികമായ ഒരരുളപ്പാടായി ചാക്കോപ്പിള്ള കരുതി എന്നതാണു സത്യം. ഒരാഴ്ചയ്ക്കുള്ളിൽ വേണ്ടത്ര ആളും കമ്പിയും സിമന്റും ലോറിയും മറ്റും ദേവലോകത്ത് എത്തി പണി ആരംഭിച്ചു.

കാതോലിക്കേറ്റ് അരമനയുടെ ആദ്യത്തെ നില പണിയാമെന്നു സസന്തോഷം ഏറ്റശേഷം 1963-ൽ ചാക്കോപ്പിള്ള തന്റെ സഹോദരിയുടെ ജാമാതാവായ യോയാക്കിയെയാണു കൺസ്ട്രക്ഷൻ ചുമതല ഏല്പിച്ചത്. യോയാക്കി ഒമ്പതു മാസം ദേവലോകത്തു താമസിച്ചു പണി നടത്തി. ചാക്കോപ്പിള്ള ഇടയ്ക്കിടയ്ക്കു വന്നു വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഞാനും പണി കാണാൻ പോകുമായിരുന്നു.

പണി നടന്നുകൊണ്ടിരിക്കുമ്പോൾ മിക്ക ദിവസവും ബാവാ ഇറങ്ങിവന്നു യോയാക്കിയോടു തമാശയും കുശലങ്ങളും പറയും. കുമ്മായം കൂട്ടുമ്പോൾ കൂട്ടുന്ന ആളിന്റെ വിയർപ്പ് അതിൽ വീണാൽ കൂടുതൽ ഉറപ്പുവരുമെന്ന് ഒരിക്കൽ ബാവാ പറഞ്ഞതായി യോയാക്കി അനുസ്മരിച്ചു.

അരമനയുടെ ഒന്നാം നില വാർക്കുന്ന ദിവസം ചാക്കോപ്പിള്ളയും ഒട്ടധികം ജോലിക്കാരും എത്തിയിട്ടുണ്ട്. ആകാശം മൂടിക്കെട്ടി നിന്ന കാർമേഘം കണ്ട് അതിഭയങ്കരമായ മഴ പെയ്യുമെന്നു പലരും പറഞ്ഞു. വാർക്കപ്പണി മാറ്റിവയ്ക്കേണ്ടി വരുമെന്ന ആശങ്കയും ഉണ്ടായി. ഈ സമയത്തു ബാവ വന്നു. "ചാക്കോപ്പിള്ളേ, വാർത്തോളൂ; മഴ പെയ്യില്ല" എന്നു കല്പിച്ച ശേഷം മുറ്റത്തു കസേരയിട്ട് അവിടെ ഇരുന്നു. വാർക്കപ്പണി കഴിഞ്ഞ് മിക്കവാറും സിമന്റ് സെറ്റായപ്പോൾ രാത്രി വൈകി മഴ പെയ്തു. ഇതു വാർക്ക കൂടുതൽ ഉറയ്ക്കുന്നതിനു സഹായകവുമായി.

ഒരിക്കൽ തന്റെ അന്ത്യവിശ്രമസ്ഥലം ചൂണ്ടിക്കാണിച്ചുകൊണ്ട് ബാവാ പറഞ്ഞത്, അവിടെ നല്ല കാറ്റുണ്ടെന്നും അതുകൊണ്ടാണു ആ സ്ഥലം മുൻകൂട്ടി തെരഞ്ഞെടുക്കുന്നതെന്നുമാണ്. ബാവാ തിരുമേനിയോടൊന്നിച്ചുള്ള പ്രാർത്ഥനയും അദ്ദേഹത്തിന്റെ ദിവ്യസാന്നിദ്ധ്യവും എന്തെന്നില്ലാത്ത ഒരാധ്യാത്മിക അനുഭൂതിയാണു തന്നിൽ ജനിപ്പിച്ചതെന്നും തന്നെ പലതവണ അനുഗ്രഹിച്ച ബാവാ പണിതീർന്നപ്പോൾ സഭയുടെ ഔദ്യോഗിക ചിഹ്നമുള്ള ഒരു സ്വർണ്ണമോതിരം തനിക്കു സമ്മാനിച്ചു എന്നും യോയാക്കി ഒരിക്കൽ ഒരഭിമുഖ സംഭാഷണത്തിൽ എന്നോടു പറഞ്ഞു.

തന്റെ ഉയർച്ചയ്ക്കുള്ള പ്രധാന കാരണം ബാവായുടെ അനുഗ്രഹമാണെന്ന് കോടിക്കണക്കിനു രൂപയുടെ കോൺട്രാക്ട് ഏറ്റെടുത്തു കാര്യക്ഷമമായി നടത്തിയ സഭാഭക്തനായ യോയാക്കി പൂർവ്വസ്മരണകൾ അയവിറക്കിക്കൊണ്ട് അനുസ്മരിപ്പിച്ചു. പറഞ്ഞ ദിവസത്തിനു മുമ്പുതന്നെ പണി തീർത്തു. തന്റെ സ്നേഹത്തിന്റെയും പ്രത്യേക വാത്സല്യത്തിന്റെയും അടയാളമായി ബാവ രണ്ടര പവൻ വരുന്ന ഒരു കനകമോതിരം ചാക്കോപ്പിള്ളയെ അണിയിച്ച് കൃതജ്ഞതയറിയിച്ചു.

താൻ പണിത അരമന വയലോരത്തു കാറ്റേറ്റും വെണ്മേഘ മേഖലയോടു തൊട്ടുരുമ്മിയും സഭാധ്യക്ഷന്റെ ആസ്ഥാനമായി പരിലസിക്കുന്നതു കണ്ടു ചാക്കോപ്പിള്ള ആനന്ദാശ്രുക്കൾ പൊഴിച്ചിരിക്കും. സഭാ മാനേജിംഗ് കമ്മിറ്റി അംഗമെന്ന നിലയിലും മറ്റുമുള്ള ചാക്കോപ്പിള്ളയുടെ പ്രവർത്തനങ്ങളും സേവനങ്ങളും വിസ്തരഭയത്താൽ വിടുകയാണ്. യോയാക്കി ഏതാനും വർഷം മുമ്പ് അന്തരിച്ചു.

മറ്റൊരു സംഭവം: എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശയ്ക്ക് പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ എത്തിയിരിക്കയാണ്. ഇന്നത്തെപ്പോലെ അന്നു പള്ളിയിൽ താമസിക്കാനുള്ള പാഴ്സനേജ് സൗകര്യം ഒന്നും ഇല്ലായിരുന്നു. തന്നിമിത്തം ചെറിയ പത്രോസ്, കെ. സി. ചാക്കോ എന്നിവരുടെ വക ഇന്റർനാഷണൽ ഹോട്ടലിലെ പ്രത്യേക മുറികളിലാണു ബാവായും കൂടെയുള്ളവരും താമസിച്ചത്. ബാവായുടെ താമസം അങ്ങേയറ്റം സുഖപ്രദമാക്കണമെന്നു ചാക്കോപ്പിള്ളയ്ക്കും സഹോദരൻ പൈലിപ്പിള്ളയ്ക്കും അതിയായ ആഗ്രഹം. തങ്ങൾക്കു ഉറ്റബന്ധമുള്ളവരുടെ ഈ ഹോട്ടലിൽ ബാവാ ഒന്നുരണ്ടു ദിവസം താമസിക്കുന്നതുതന്നെ ഒരനുഗ്രഹമെന്ന് ആത്മാർത്ഥമായി ചാക്കോപ്പിള്ളയും വിശ്വസിച്ചിരുന്നു.

ഇങ്ങനെ ഹോട്ടലിൽ ബാവാ താമസിക്കുമ്പോൾ പനമ്പിള്ളി ഗോവിന്ദമേനോന് ബാവായെ ഒന്നു കാണണമെന്നാഗ്രഹം ഉണ്ടായി. പനമ്പിള്ളിയാണെങ്കിൽ മുകുന്ദപുരത്തു നിന്നു ലോക്സഭയിലേക്കു ജയിച്ചു നിൽക്കുന്നു. കേരളത്തിൽ നിന്നും കേന്ദ്രമന്ത്രിസഭയിൽ ആരും ഇല്ലാത്ത അവസരവും. അന്നു കേരളത്തിലെ യുക്തിവാദി സംഘത്തിന്റെ ഉപാധ്യക്ഷൻ കൂടിയായിരുന്നു അദ്ദേഹം. ബാവായെ കണ്ടു സംസാരിക്കാനുള്ള സൗകര്യം ഒരുക്കിയത് അദ്ദേഹത്തിന്റെ സുഹൃത്തും ഓർത്തഡോക്സ് സഭയുടെ പ്രമുഖ അഭിഭാഷകനുമായ എം. ഏബ്രഹാമാണ്.

പനമ്പിള്ളി എത്തി. വന്ന വിവരം ബാവായെ ഏബ്രഹാം അറിയിച്ചപ്പോൾ "വരട്ടെ, ഗോവിന്ദമേനോൻ വരട്ടെ" എന്നു ബാവാ കല്പിച്ചു. പനമ്പിള്ളി മുറിയിൽ കയറി തൊഴുകൈയോടെ വളരെ വിനയാന്വിതനായി നില കൊണ്ടു.

രണ്ടു പേർക്കും കാര്യമായി ഒന്നും പറയാനില്ല. ബാവായുടെ മുഖതേജസ്സ് ആ അഭിഭാഷക പ്രമുഖന്റെ നാവിനു കടിഞ്ഞാണിട്ടിരുന്നു. ഒടുവിൽ ബാവാ കല്പിച്ചു: "ഗോവിന്ദമേനോൻ മന്ത്രിയാകും. ഒന്നും സംശയിക്കേണ്ടാ, മന്ത്രിയാകും."

അന്നു കെ.പി.സി.സി. പ്രസിഡന്റ് കെ. സി. ഏബ്രഹാം മാസ്റ്ററായിരുന്നു. പനമ്പിള്ളിയ്ക്കെതിരായ ചില റിപ്പോർട്ടുകൾ നെഹ്റുവിന്റെ ചെവിയിൽ എത്തിയിരുന്നതുകൊണ്ടായിരുന്നു അദ്ദേഹത്തെ കാബിനറ്റിൽ എടുത്ത് കേരളത്തിനു പ്രാതിനിധ്യം നൽകാതിരുന്നത്.

താമസംവിനാ കെ. സി. ഏബ്രഹാം മാസ്റ്റർ ഡൽഹിയിൽ എത്തിയപ്പോൾ പനമ്പിള്ളിയ്ക്കെതിരായ ആരോപണങ്ങളിൽ കഴമ്പില്ലെന്നു പ്രധാനമന്ത്രിയെ അറിയിക്കുകയും ചെയ്തു. സത്യസന്ധതയുടെ പര്യായമായിരുന്ന മാസ്റ്ററുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ താമസംവിനാ പനമ്പിള്ളിയെ നെഹ്റു കാമ്പിനറ്റിൽ ഉൾപ്പെടുത്തി.

ആവേശം ആകാശത്തു മുട്ടിയ കുറുപ്പംപടി സമ്മേളനം

ഏതൊരു മനുഷ്യന്റെയും ജീവിതത്തിൽ മരണംവരെ മറക്കാനാവാത്ത ചില സുപ്രധാന സംഭവങ്ങൾ ഉണ്ടായിരിക്കും. മനുഷ്യനു ദൈവം നൽകിയിരിക്കുന്ന ഒരു വലിയ അനുഗ്രഹമായ മറവിക്കുപോലും അവയെ മായ്ച്ചുകളയാനാവില്ല. ഞാനുൾപ്പെടെ ഒട്ടധികം സഭാസ്നേഹികളുടെ ഹൃദയമനസ്സുകളിലും കണ്ണുകളിലും കാതുകളിലും, ആറു ദശാബ്ദങ്ങൾ പറന്നുപോയിട്ടും ഇന്നും മങ്ങാതെ തങ്ങിനിൽക്കുന്ന ഒരു മഹാസംഭവമായിരുന്നു 1952 ഒക്ടോബർ 17-നു വെള്ളിയാഴ്ച പ. ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു കുറുപ്പംപടിയിൽ നൽകപ്പെട്ട അതിഗംഭീര വരവേൽപ്പും സമ്മേളനവും എന്നു വിശേഷിപ്പിക്കുന്നതിൽ അതിശയോക്തിയുടെ അണു പോലും ഇല്ല.

1951-ൽ സമുദായക്കേസിൽ തോറ്റ പ. കാതോലിക്കാബാവായ്ക്കു വടക്കൻപ്രദേശങ്ങളിലേയ്ക്കു പാത്രിയർക്കീസു വിഭാഗത്തിന്റെ തേനീച്ച കൂടുകളിലും കടന്നൽകൂടുകളിലും നൽകപ്പെട്ട സ്വീകരണങ്ങൾ സഭാസംബന്ധമായ വിശദീകരണയോഗങ്ങളായിരുന്നു. കേസിൽ പരാജയപ്പെട്ടതിൽ സ്വാഭാവികമായും മനുഷ്യസഹജമായുണ്ടാകാവുന്ന മ്ലാനതയും തജ്ജന്യമായ ഉൽസാഹരാഹിത്യവും ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യവും ഈ വൻ വരവേൽപുകളുടെ അന്തർധാരയാണ്.

ഞാനന്ന് പ്രശസ്തമായ കോട്ടയം സി.എം.എസ്. കോളജിലെ ബി.എ. അവസാനവർഷ വിദ്യാർത്ഥിയാണ്. തെക്കൻ പ്രദേശങ്ങളിൽ നിന്നും കോട്ടയത്തു നിന്നും സഭാംഗങ്ങൾ എത്തിയാൽ മാത്രമേ കുറുപ്പംപടിയിൽ പൂഴി താഴാത്തവിധം ജനസാഗരം ഒഴുകിനിറയുകയുള്ളു. തന്നിമിത്തം തെക്കൻ

പ്രദേശത്തും മറ്റുമുള്ളവർ വാഹനങ്ങളിൽ താരതമ്യേന വിദൂരമായ കുറുപ്പംപടിയിൽ എത്തണമെന്നു സഭാനേതാക്കൾ ആഹ്വാനം ചെയ്തിരുന്നു. കോളജിലെ ഓർത്തഡോക്സുകാരായ വിദ്യാർത്ഥികൾ എല്ലാംതന്നെ പ്രത്യേക ബസ്സുകളിൽ സമ്മേളനത്തിനു പോയിരുന്നു. എന്റെ സഹപാഠി പരേതനായ പരുമല കളത്ര കെ. ഒ. ജേക്കബ് ശെമ്മാശനും ഏതാനും വൈദികരും ഞങ്ങളോടൊപ്പം ഉൽസാഹത്തിമിർപ്പോടും ആർപ്പോടും മുദ്രവാക്യം വിളിയോടും യാത്ര ചെയ്തു. സത്യം പറഞ്ഞാൽ ഞങ്ങൾ സഭാസ്നേഹത്തിന്റെയും ഉത്സാഹത്തിന്റെയും അംബരത്തോളം ഉയർന്ന ആവേശത്തേരിലാണു സഞ്ചരിച്ചത്. രണ്ടു മണിക്കൂർ കൊണ്ടു പെരുമ്പാവൂരിൽ ചെന്നു. അവിടെ നിന്നു വടക്കോട്ടു തിരിഞ്ഞു കിഴക്കോട്ടു മൂന്നു മൈൽ സഞ്ചരിച്ചാലേ കുറുപ്പംപടിയിൽ എത്തുകയുള്ളു.

റോഡിന്റെ ഇരുവശങ്ങളിലും കറുത്ത കൊടികളും പിടിച്ച് ആബാലവൃദ്ധം ജനങ്ങൾ “വൃദ്ധപുന്നൂസ് ഗോ ബാക്ക്” തുടങ്ങിയ മുദ്രാവാക്യങ്ങൾ ആർത്തുവിളിച്ചു. പ. ബാവായും മറ്റു തിരുമേനിമാരും ഒട്ടധികം റമ്പാച്ചന്മാരും വൈദികരും കെ. സി. മാമ്മൻ മാപ്പിളയും മറ്റു പ്രസംഗകരും കയറിയിട്ടുള്ള വാഹനവ്യൂഹം മന്ദംമന്ദം നീങ്ങി. നട്ടുച്ചയ്ക്കു കാർമേഘം പോലെ സംഘർഷം മുറ്റിനിന്ന നിമിഷങ്ങൾ. ഇടിവെട്ടു പോലെയുള്ള സംഘട്ടനം ഉണ്ടാകാതെയിരിക്കാൻ പോലീസ് ജാഗ്രതയോടെ റോന്തു ചുറ്റിയിരുന്നു. കുറുപ്പംപടി ഹൈസ്ക്കൂൾ കുട്ടികളും അദ്ധ്യാപകരും ഹെഡ്മാസ്റ്ററായിരുന്ന ചീരാത്തോട്ടത്തിൽ ഫാ. പി. എ. പൗലോസിന്റെ വാശിപിടിച്ച നിർദ്ദേശത്തെ തുടർന്ന് പഠനത്തിന് അവധി നൽകി റോഡിന്റെ രണ്ടു വശങ്ങളിലും അനുസരണത്തോടെ അണിനിന്നിരുന്നു. അവരുടെ അട്ടഹാസങ്ങളും മുഷ്ടിചുരുട്ടിക്കൊണ്ടുള്ള ആകാശാക്രമണങ്ങളും പോർവിളികളും എല്ലാം ഉച്ചഭാഷിണിയിലൂടെ അന്തരീക്ഷം കലുഷിതമാക്കി എങ്കിലും അവിടുത്തെ പ്രളയിക്കാടു മൈതാനത്തെ കാതോലിക്കാ നഗറിൽ ജനപ്രളയമദ്ധ്യേ നടത്തപ്പെട്ട സമ്മേളനത്തെ അവർ പ്രതീക്ഷിച്ചതുപോലെ അലങ്കോലപ്പെടുത്താനായില്ല എന്നതു മാത്രം ഒരു നല്ല കാര്യം. പെരുമ്പാവൂർ ടി. ബി. യിൽ നിന്നു കാതോലിക്കാബാവായെ നൂറിൽപരം കാറുകളുടെയും ചെണ്ട-ബാന്റു വാദ്യഘോഷങ്ങളുടെയും കൊടിക്കൂറകളുടെയും അകമ്പടിയോടെ ആരംഭിച്ച വർണ്ണശബളമായ സ്വീകരണഘോഷയാത്രയും സമ്മേളനവും യഥാർത്ഥത്തിൽ രാജകീയമായിരുന്നു. പിടക്കോഴിക്കു ഗരുഡനു പിന്നാലെ പറക്കാൻ പറ്റാത്തതുപോലെ എതിർശബ്ദങ്ങൾക്കൊന്നും ഘോഷയാത്രയുടെ ശോഭ തെല്ലും കെടുത്താൻ കഴിഞ്ഞില്ല. പ്രതിഷേധങ്ങളും അവയെ കടത്തിവെട്ടിയുള്ള പ്രശംസകളും രഥത്തിലിരുന്ന പ. ബാവായുടെ വിമല മുഖാരവിന്ദത്തിൽ പ്രഭാതചൈതന്യത്തിന്റെ ഒരു പൊൻപ്രഭ തന്നെ പ്രസരിപ്പിച്ചു എന്നു രേഖപ്പെടുത്തുന്നതായിരിക്കും ഏറെ ശരി. ‘വൃദ്ധൻ പുന്നൂസ്’ എന്നു കേൾക്കുന്നതു ബാവായ്ക്കു വലിയ സന്തോഷമായിരുന്നു. അതിനു രണ്ടു കാരണങ്ങൾ ഉണ്ട്. തന്റെ

പിതാമഹന്റെ പേര് എതിരഭിപ്രായക്കാർ കൂടി അനുസ്മരിക്കുന്നുവല്ലോ എന്ന താണ് ഒന്ന്. 2. യഥാർത്ഥ ബാവായെപ്പറ്റി അവർക്കുള്ള അറിവില്ലായ്മയിൽ സഹതാപം. അവരും പിന്നീട് യഥാർത്ഥ കാര്യങ്ങൾ മനസ്സിലാക്കിക്കൊള്ളു മെന്ന ചിന്തയും.

പതിനൊന്നു മണിക്കാരംഭിച്ച സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. സമുദായക്കേസിൽ ഉണ്ടായിരിക്കുന്ന പ്രതികൂല വിധി യിൽ ആരും അധൈര്യപ്പെടാതെ സത്യത്തിനുവേണ്ടി ഉറച്ചുനിൽക്കണമെന്നു ബാവാ ഉദ്ബോധിപ്പിച്ചു.

കെ. സി. മാമ്മൻമാപ്പിള, സി. എം. സ്റ്റീഫൻ, ഫാ. എം. വി. ജോർജ് (പിന്നീട് മാർ ഒസ്താത്തിയോസ്), തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോറെപ്പിസ്ക്കോപ്പ, വി. കെ. മാത്യൂസ് റമ്പാൻ, മാവേലിക്കര സി. ഐ. നൈനാൻ, മാത്യു ഇഞ്ചക്കലോടി മാരാമൺ എന്നിവർ ഉജ്വലമായ ഉദ്ബോ ധനങ്ങൾകൊണ്ട് തിരുവനന്തപുരം മുതൽ കുന്നംകുളം വരെയുള്ള സ്ഥല ങ്ങളിൽ നിന്നു വന്നു തടിച്ചുകൂടിയ ജനസഹസ്രങ്ങളെ കൂടുതൽ ആവേശഭ രിതരാക്കി. ഇന്നു ബാവായെ നിന്ദിക്കുന്നവർ നാളെ വന്ദിക്കേണ്ടി വരുമെന്നു വട്ടക്കുന്നേൽ വി. കെ. മാത്യൂസ് റമ്പാൻ പറഞ്ഞത് ഒരു പ്രവചനമായിരുന്നു എന്നു എട്ടു വർഷം കഴിഞ്ഞാണു മനസ്സിലായത്.

കുറുപ്പംപടി സമ്മേളനത്തിലെ ഒന്നിലൊന്നു മെച്ചമായിരുന്ന പ്രസംഗങ്ങൾ ഒന്നും അന്നു പത്രപ്രവർത്തകനല്ലാതിരുന്നതിനാൽ കുറിച്ചെടുത്തില്ല. എന്നാൽ സി. എം. സ്റ്റീഫന്റെ പ്രസംഗം എന്റെ ഹൃദയത്തിൽ ബോർഡിലെ മായിക്കാനാവാത്ത എഴുത്തുകൾ പോലെ ഇന്നും സ്ഥിതിചെയ്യുന്നു. ടെലി ഫോൺ പോസ്റ്റുകളിൽ 'വൃദ്ധപുന്നൂസ്' എന്നെഴുതി ഒട്ടിച്ചിരുന്ന നോട്ടീസിനെ പരാമർശിച്ചു സ്റ്റീഫൻ എന്ന വാഗ്മി പറഞ്ഞ കാര്യം മാത്രം കുറിക്കട്ടെ. "കുറുപ്പംപടിയിലെ ആളുകൾ ഇന്നു വരെ ഒരു യഥാർത്ഥ ബാവായെ നേരിട്ടു കണ്ടിട്ടില്ല. തന്നിമിത്തം ബാവാ ആണാണോ പെണ്ണാണോ എന്നവർക്കു തിട്ട മില്ല. ബാവാ പെണ്ണാണെന്നു ധരിച്ചതുകൊണ്ടാവാം "വൃദ്ധപുന്നൂസ്" എന്നു അച്ചടിച്ചത്. ആണാണെന്നു ധരിച്ചിരുന്നു എങ്കിൽ "വൃദ്ധൻ പുന്നൂസ്" എന്നല്ലേ അച്ചടിക്കേണ്ടത്. എന്തായാലും അവർ ഇന്ന് യഥാർത്ഥ ബാവായെ കാണുകയും ബാവാ അന്തസുറ്റ ആണാണെന്നു മനസ്സിലാക്കുകയും ചെയ്തി രിക്കുന്നതിൽ വലിയ സന്തോഷം." നീണ്ട ഹർഷാരവം ഏതാനും നിമിഷ ത്തേക്കു പ്രഭാഷണതിലകനായ സി. എം. സ്റ്റീഫന്റെ നയാഗ്രാ വെള്ളച്ചാട്ട സമാനമായ അതിശക്തപ്രസംഗ പ്രവാഹത്തിനു തടയണയിട്ടു എന്നു പറ യുന്നതാവും സത്യം.

കുറുപ്പംപടി പള്ളി ഇടവകാംഗവും ഒരു പ്രമുഖ ഓർത്തഡോക്സ് സഭാസ്നേഹിയുമായിരുന്ന പി. സി. കുരുവിള സാർ സ്വാഗതവും അന്നു ശെമ്മാശനായിരുന്ന സി. പി. വറുഗീസ് കൃതജ്ഞതയും പറഞ്ഞു.

1958-ലെ സുപ്രീംകോടതി വിധിയെത്തുടർന്നുണ്ടായ സഭാസമാധാനാന്തരീക്ഷത്തിൽ പ. ബാവായെ 1959 ജനുവരി 18-നു അങ്കമാലി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കുറുപ്പംപടി പള്ളിയിലേക്കു ഒരു വൻ വരവേല്പ്പു നൽകി സ്വീകരിച്ചു. സഭാസമാധാനത്തിൽ ആത്മാർത്ഥതയോടെ അലിഞ്ഞുചേർന്ന ഇടവക മെത്രാപ്പോലീത്താ വയലിപ്പറമ്പിൽ ഗ്രിഗോറിയോസ് തിരുമേനി പ. ബാവായെ പെരുമ്പാവൂർ കവലയിൽ വച്ചു ഹാരമണിയിച്ചു. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയും ബാവായ്ക്കു ഒരു സ്വീകരണവും മംഗളപത്രവും നൽകി. മലങ്കരയിൽ അന്നുണ്ടായിരുന്ന മിക്ക മെത്രാപ്പോലീത്താമാരും ഈ സ്വീകരണസമ്മേളനങ്ങളിൽ ഹൃദയംഗമായി പങ്കെടുത്തു. പണ്ടത്തെ കറുത്തകൊടികളും എതിർപ്പും പ്രതിഷേധവും എല്ലാം വെള്ള നിറത്തിലുള്ള തോരണങ്ങൾക്കും മുത്തുക്കുടകൾ മുതലായവയ്ക്കും വഴിമാറിക്കൊടുത്തു. 'സത്യം ജയിക്കും' എന്നു സദാ ഉരുവിട്ടിരുന്ന ബാവായെ സെന്റ് മേരീസ് പള്ളിയിൽ വച്ചു സ്വീകരിച്ചപ്പോഴാണു വി. കെ. മാത്യൂസ് റമ്പാച്ചന്റെ പ്രവചനം പൂർത്തിയായത്. പള്ളി മൈതാനത്തു ചേർന്ന പൊതുസ്വീകരണയോഗത്തിൽ പ. ബാവായും ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും പള്ളിവികാരി പി. എ. പൗലോസും മറ്റും പ്രസംഗിച്ചു. പിറ്റേ ഞായറാഴ്ച പ. ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ കുറുപ്പംപടി പള്ളിയിൽ വി. മൂന്നിന്മേൽ കുർബ്ബാനയും നടന്നു. തുടർന്നു ഡീക്കൻ പോൾ വറുഗീസ് ശെമ്മാശനു പൂർണ്ണ ശെമ്മാശുപട്ടവും നൽകി.

വടക്കൻപ്രദേശത്തെ പിറവം, പാമ്പാക്കുട മുതലായ സ്ഥലങ്ങളിലും കുറുപ്പംപടിയിൽ നടത്തിയതുപോലെയുള്ള വൻ വിശദീകരണയോഗങ്ങൾ നടന്നു എങ്കിലും ഒരു കോളജ് വിദ്യാർത്ഥിയാകയാൽ പഠനം കളഞ്ഞ് അവയിൽ സംബന്ധിക്കാൻ എനിക്കു സാധിച്ചില്ല.

1952-ലും കുറുപ്പംപടിപള്ളി വികാരിയായിരുന്ന ഫാ. പി. എ. പൗലോസ് കോർഎപ്പിസ്ക്കോപ്പ ഒരു പ്രമുഖ വൈദികനും നഖശിഖാന്തം അന്ത്യോക്യാഭക്തനുമായിരുന്നു. 1911-ൽ വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് തക്കതായ കാരണം ഇല്ലാതെ മുടക്കുമ്പോൾ പഴയസെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന പൗലോസച്ചൻ അതിന്റെ പേരിൽ സത്വരം ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ എത്തി പൗലോസ് മാർ അത്താനാസ്യോസിന്റെ കൂടെ കൂടുകയായിരുന്നു. കക്ഷിഭിന്നതയുടെ അച്ഛനായിരുന്ന പൗലോസച്ചന്റെ പ്രശസ്തരും ഐ.എ.എസു കാരുമായ പുത്രന്മാർ, ഡോ. ബാബു പോളും, റോയി പോളും വിവാഹം ചെയ്തതു യഥാക്രമം തികഞ്ഞ ഓർത്തഡോക്സുകാരായ കൈപ്പട്ടൂർ തേരകത്തു മുതലാളിയുടെയും കോട്ടയം പടിഞ്ഞാറേക്കര പി. സി. ചെറിയാന്റെയും നിർമ്മലമാനസരായ പുത്രിമാരെയാണ്. സ്ത്രീ സൗന്ദര്യത്തിനും സ്ത്രീധനത്തിനും കുക്ഷിക്കും കക്ഷിഭിന്നത ബാധകമല്ലല്ലോ. ഓർത്തഡോക്സ് സഭാ സെക്രട്ടറിയും ട്രസ്റ്റിയുമായിരുന്ന പി.

സി. ഏബ്രഹാമിനു അന്ത്യോക്യാ ഭക്തരായ വയലിൽപറമ്പിൽ നിന്നും ഡോ. പി. സി. അലക്സാണ്ടർക്കു പാലാമ്പടത്തു നിന്നും ഭാര്യമാരെ സ്വീകരിക്കാൻ കക്ഷിഭിന്നത തടസ്സമായിരുന്നില്ല. ഒരേ സഭയിൽ ഒരേ വിശ്വാസാചാരങ്ങളുള്ള രണ്ടു ചിന്താഗതിക്കാർ പള്ളി ആരാധനയ്ക്കും ശവസംസ്ക്കാരത്തിനും മറ്റും വരുമ്പോൾ പരസ്പരം തല തല്ലിക്കീറാൻ പ്രേരിപ്പിക്കുന്ന കക്ഷിഭിന്നത കഴമ്പില്ലാത്ത പണത്തിനും സ്ഥാനത്തിനും വേണ്ടിയുള്ള ഒരു കച്ചിത്തുരുമ്പല്ലെങ്കിൽ പിന്നെന്താണ്?

ആഗോള സഭാചക്രവാളത്തിൽ നക്ഷത്രം കണക്കെ ശോഭിച്ചു

1908–ലെ യറുശലേം യാത്രയും പുണ്യനാടു സന്ദർശനവും വിജയിക്കാഞ്ഞ 1934–ലെ ഹോംസ് സമാധാനയാത്രയും തുടർന്ന് 1937–ലെ കൊളമ്പോ സന്ദർശനവും ബാഹ്യകേരളത്തിലെ പ്രമുഖ നഗരങ്ങളിൽ നടത്തിയ പര്യടനങ്ങളും മൂലം പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ വീക്ഷണവും ആഗോള സഭകൾ തമ്മിലുള്ള സമ്പർക്കവും ലോകസഭാനേതാക്കളുമായുള്ള സൗഹൃദസംഭാഷണങ്ങളും മൂലം ലോക സഭാചക്രവാളത്തിൽ നക്ഷത്രം കണക്കെ അദ്ദേഹവും മലങ്കരസഭയും പ്രശോഭിച്ചു എന്ന് അവയെപ്പറ്റി ഒരു വിഹഗ വീക്ഷണം നടത്തുന്നവർക്കു പോലും തറപ്പിച്ചു പറയാൻ കഴിയും. ഇന്ത്യയുടെ തെക്കേ കോണിലെ ഒരു കുഗ്രാമത്തിൽ ജനിച്ചു വളരുകയും താരതമ്യേന ആംഗല ഭാഷയിൽ വ്യുൽപത്തി നേടാനിടവരാതിരിക്കുകയും ചെയ്ത ഒരു വ്യക്തി ചെന്ന വൻ വികസിത നഗരങ്ങളിലെ സമ്മേളനങ്ങളിലെല്ലാം സർവരാലും ആകർഷിക്കപ്പെട്ട മുഖ്യാതിഥിയായി പ്രശോഭിച്ചു എന്നു പറഞ്ഞാൽ അതിൽ അണുപോലും അസത്യം ഇല്ല. തള്ളിക്കളയുന്ന കല്ലു മൂലക്കല്ലാകുന്നു എന്നു പറയുന്നതിന് ഇതിലധികം ഉദാഹരണം വേണോ? മലങ്കരസഭയുടെ പ്രശസ്തി ദിഗന്തങ്ങളിൽ എത്തിച്ച ഈ സന്ദർശന പര്യടനങ്ങൾ സഭകളുടെ ലോക കൗൺസിലിന്റെ ശക്തിയും വർദ്ധിപ്പിക്കാൻ ഇടയാക്കി.

സഭകളുടെ ലോകകൗൺസിൽ രൂപംകൊള്ളുന്നതിനു മുമ്പുതന്നെ മലങ്കരസഭ ആഗോള സഭകളുടെ കൂട്ടായ്മയിൽ വരുന്നതു പ. ഗീവറുഗീസ് രണ്ടാമൻ ബാവാ 1937 ഓഗസ്റ്റിൽ എഡിൻബറോയിൽ നടന്ന വിശ്വാസവും പട്ടത്വവും സംബന്ധിച്ച ലോക സഭകളുടെ കോൺഫറൻസിൽ വച്ചാണ്. ബഥനിയിലെ അലക്സിയോസ് റമ്പാൻ, പത്തനാപുരത്തെ സി. എം. തോമസ് റമ്പാൻ, കോട്ടയം കല്ലുപുരയ്ക്കൽ കെ. പീലിപ്പോസ് ശെമ്മാശൻ, നിരണം ഇലഞ്ഞിക്കൽ ജോൺ ഫിലിപ്പോസ് എന്നിവരാണു എഡിൻബറോ സമ്മേളനത്തിൽ മലങ്കരസഭയെ പ്രതിനിധാനം ചെയ്തത്. സഭകളുടെ ലോക കൗൺസിലിന്റെ പ്രഥമസമ്മേളനം 1948–ൽ ആംസ്റ്റർഡാമിൽ വച്ചായിരുന്നു. അന്നുമുതൽ ഇന്നുവരെയും മലങ്കരസഭ ആറുകൊല്ലത്തിൽ ഒരിക്കൽ കൂടുന്ന

എല്ലാ ലോക സഭാ സമ്മേളനങ്ങളിലും സംബന്ധിക്കുകയും ഫലപ്രദമായ രീതിയിൽ ദൈവശാസ്ത്ര സംബന്ധമായ സംഭാവനകൾ അന്യൂനം നൽകുകയും ചെയ്തുവരുന്നു.

എഡിൻബറോയിൽ വച്ചു പ. ബാവാ ഓർത്തഡോക്സ് സഭാവിശ്വാസത്തെപ്പറ്റി ചെയ്ത പ്രസംഗങ്ങൾ സുന്ദരവും കാവ്യാത്മകവുമായ ഇംഗ്ലീഷ് ഭാഷയിൽ തർജ്ജിമ ചെയ്തതു സി. എം. തോമസ് റമ്പാച്ചനായിരുന്നു. എല്ലാവരുടെയും മതിപ്പ് ആർജ്ജിക്കുവാൻ ഈ പ്രസംഗത്തിനു കഴിഞ്ഞു. യോഗത്തിൽ സംബന്ധിച്ച മൂന്നൂറിൽപരം സഭാധ്യക്ഷന്മാരിൽ ഏറ്റവും സമാരാധ്യനായ വ്യക്തി പ. കാതോലിക്കാ ബാവായാണെന്നു കോൺഫറൻസ് റിപ്പോർട്ടിൽ പറയുന്നു. റഷ്യൻ ഓർത്തഡോക്സ് സഭയിലെ സമുന്നത ദൈവശാസ്ത്രജ്ഞരുമായി ബാവാ നടത്തിയ സംഭാഷണങ്ങൾ മറ്റ് സഭാധ്യക്ഷന്മാരുടെ സവിശേഷ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. ഇംഗ്ലീഷിലെ പല പത്രങ്ങളും കോൺഫറൻസിനും സമാരാധ്യനായ കാതോലിക്കാബാവായ്ക്കും വലിയ പ്രസിദ്ധീകരണമാണു നൽകിയത്. പല ചിത്രങ്ങളും പത്രത്തിൽ വന്നുകൊണ്ടിരുന്നു. കാതോലിക്കാ ബാവായുമായി സ്കോട്സ്മാൻ എന്ന പത്രം വാർത്തയ്ക്കു പുറമെ നടത്തിയ വിശദമായ ഒരഭിമുഖ സംഭാഷണവും കൊടുത്തിരുന്നു. പത്രത്തിൽ ഇങ്ങനെ പറയുന്നു. "എഡിൻബറോയിൽ എത്തിയ സഭാമേലദ്ധ്യക്ഷന്മാരിൽ എന്തുകൊണ്ടും ഏറ്റവും കൂടുതൽ ആരാധ്യവാൻ പ. കാതോലിക്കാ ബാവായാണ്. ഒരു പാത്രിയർക്കീസിനു ചേർന്ന അന്തസ്സോടും സദാ പ്രഭാവലയം തങ്ങിനിന്ന മുഖത്തോടും എഡിൻബറോയുടെ രാജവീഥിയിൽ സഞ്ചരിച്ച ബാവായുടെ കൈഒപ്പിനും ബാവായെ അടുത്തുകാണുന്നതിനും ജനങ്ങൾ മത്സരിക്കുന്നതിനിടയിൽ അല്പം തിക്കും തിരക്കും ഉണ്ടായി. ചിലർ കാലിടറി വീണു. ചിലർക്കു കൈ കൊടുത്തു. പുസ്തകങ്ങളിൽ ഒപ്പു വേണമെന്നാവശ്യപ്പെട്ടവർക്കു ഒപ്പുകളും കുഞ്ഞുങ്ങൾക്കു തലോടലുകളും ലഭിച്ചു. വെണ്മയേറിയ തലപ്പാവും കഴുത്തിലെ രത്നഖചിത സുവർണ്ണമാലയും കുരിശും സൂര്യപ്രകാശത്തിൽ കൂടുതൽ പ്രഭ ചൊരിഞ്ഞു. കാന്റർബറി ആർച്ചുബിഷപ്പ്, ഇന്ത്യാ വൈസ്രോയിയായിരുന്ന ഇർവിൻ പ്രഭുവിനെയും (ഹാലി ഫാക്സ് പ്രഭു) മറ്റു നേതാക്കളെയും ബാവാ സന്ദർശിച്ചു സംഭാഷണങ്ങൾ നടത്തി. ബ്രിട്ടീഷ് ചക്രവർത്തി സ്കോട്ട്ലണ്ടിലാകയാൽ ബാവായ്ക്കു കാണാൻ കഴിഞ്ഞില്ല. എഡിൻബറോ സമ്മേളനകാലത്തു ഫാ. ഡോ. കെ. എം. സൈമൺ എന്റെ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന മാവേലിക്കര നാടാവള്ളിൽ ഫാ. എൻ. ജി. കുര്യൻ എന്നിവർ എം. തൊമ്മന്റെ (ആലുവാ) സഹപാഠികളായിരുന്നു. വൈകാതെ ഇംഗ്ലണ്ടിൽ പഠിക്കാനായി പുതുപ്പള്ളി കന്നുകുഴിയിൽ കെ. പി. ലൂക്കോസ്, സഹോദരി ഗ്രേസി ലൂക്കോസ് എന്നിവരും എത്തി.

എം. തൊമ്മൻ ഒരു വർഷം വെസ്റ്റ്കോട്ട് വൈദികകോളജിൽ ചേർന്ന്

പഠനം പൂർത്തിയാക്കി. തൊമ്മന്റെ ക്ഷണമനുസരിച്ചാണ് ബാവായും സംഘവും കേംബ്രിഡ്ജിൽ എത്തി രണ്ടു ദിവസം അവിടെ താമസിച്ചത്. കേംബ്രിഡ്ജിലുണ്ടായിരുന്നവർക്ക് രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട പശ്ചാത്തലത്തിൽ ജീവരക്ഷാർത്ഥം ഇന്ത്യയിലേക്കു മടങ്ങേണ്ടിവന്നു. ഇന്ത്യൻ വിദ്യാർത്ഥികൾ കപ്പൽമാർഗ്ഗം ഗുഡ്ഹോപ്പ് മുനമ്പു ചുറ്റിയാണു ബോംബെയിൽ തിരിച്ചെത്തിയത്. 1948-ലെ ആംസ്റ്റർഡാം സമ്മേളനത്തിൽ ഫാ. അലക്സിയോസും ഡീക്കൻ കെ. പീലിപ്പോസും മലങ്കരസഭയെ പ്രതിനിധാനം ചെയ്തു. 1954-ലെ ഇവാൻസ്റ്റൻ സമ്മേളനത്തിലെ മലങ്കരസഭയുടെ മുഖ്യ പ്രതിനിധി എന്റെ അഭിവന്ദ്യ ഗുരു കൂടിയായ തുമ്പമൺ ഭദ്രാസനാധിപൻ ഡാനിയേൽ മാർ പീലക്സിനോസായിരുന്നു. മലങ്കരസഭയിൽ നിന്നു 1948-നു ശേഷം സഭകളുടെ ലോക കൗൺസിൽ യോഗങ്ങളിൽ സംബന്ധിച്ചവരിൽ റവ. ഡോ. വി. സി. സാമുവേൽ, ഫാ. പോൾ വറുഗീസ് (പിന്നീട് മാർ ഗ്രിഗോറിയോസ്), പീലിപ്പോസ് മാർ തെയോഫീലോസ്, പീലിപ്പോസ് മാർ യൗസേബിയോസ്, റവ ഡോ. കെ. എം. ജോർജ്, റവ. ഡോ. ജേക്കബ് കുര്യൻ, സി. ഐ. ഇട്ടി പുതുപ്പള്ളി, ഫാ. ഡോ. കെ. സി. ജോസഫ്, എം. എ. ചാക്കോയുടെ പ്രശസ്ത പുത്രിയായ സാറാ ചാക്കോ, പ്രൊഫ. മേരി തോമസ് മുതലായവർ ഉൾപ്പെടുന്നു. ഇവരിൽ സാറാ ചാക്കോയും പൗലോസ് മാർ ഗ്രീഗോറിയോസും സഭകളുടെ ലോകകൗൺസിൽ പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്. 1975-ൽ നെയ്റോബി സമ്മേളനം നടക്കുമ്പോഴാണ് ഔഗേൻ ബാവാ കാലം ചെയ്യുന്നത്. സഭകളുടെ ലോകകൗൺസിൽ അനുശോചനം രേഖപ്പെടുത്തി. സമ്മേളനത്തിൽ സംബന്ധിച്ചുകൊണ്ടിരുന്ന ഫിലിപ്പോസ് മാർ തെയോഫിലോസ് കോട്ടയത്തു പറന്നെത്തി ബാവായുടെ കബറടക്കത്തിൽ സംബന്ധിച്ചു.

പ. ബാവാ എഡിൻബറോ സമ്മേളനത്തിനു ശേഷം ഇവാൻസ്റ്റൻ, ലുണ്ട്, ന്യൂഡൽഹി മുതലായ സ്ഥലങ്ങളിൽ വച്ച് നടത്തപ്പെട്ട എല്ലാ അഖിലലോക സഭാസമ്മേളനങ്ങളിലേക്കും മലങ്കരസഭയിൽ നിന്നും പ്രതിനിധികളെ അയച്ചിട്ടുണ്ട്.

അഖിലലോക സഭാകൗൺസിലിലെ ഒരു പ്രധാന ഘടകമായി നമ്മുടെ സഭ തീരുന്നതിനും, ഇതര ഓർത്തഡോക്സ് സഭകളും അവയുടെ പാത്രിയർക്കീസന്മാരും മലങ്കരസഭയുമായുള്ള ബന്ധം സുദൃഢമാക്കുന്നതിനും കാലം ചെയ്ത ഡോ. പീലിപ്പോസ് മാർ തെയോഫിലോസ് വലിയ പങ്കു വഹിച്ചിട്ടുണ്ട്. അഖിലലോക സഭാകൗൺസിലിൽ നിർണ്ണായകമായ സ്ഥാനം വഹിച്ച ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഭാകൗൺസിലിലെ സേവനത്തിനായി 1962-ൽ പോകാനിടയായത് പരിശുദ്ധ ബാവായുടെ നിർബന്ധത്താലാണ്.

എഡിൻബറോ സമ്മേളനം കഴിഞ്ഞ് ബാവാതിരുമേനി ഈജിപ്ത്, റോം, യൂഗോസ്ളോവ്യ, പാരീസ് മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. ഈജിപ്തിൽ തിരുമേനി അലക്സാന്ത്ര്യാ പാത്രിയർക്കീസ് മാർ കൂറിലോസിന്റെ അതിഥിയായി താമസിക്കുകയും അദ്ദേഹം അർപ്പിച്ച വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു.

സിലോൺ സന്ദർശനം

1937 ഒക്ടോബർ 24-നു തിരുമേനി കൊളംബിൽ എത്തി. തിരുമേനിയെ സ്വീകരിക്കുന്നതിന് നിരണം മോടിശ്ശേരിൽ മാത്യൂസ് കത്തനാരും കൊടുവിള കോശി ശെമ്മാശ്ശനും കൊളംബിൽ നേരത്തെ ചെന്നിരുന്നു. വലിയ ജനക്കൂട്ടം സ്വീകരിച്ചു. ഞായറാഴ്ച തിരുമേനി കൊളംബിലുള്ള സെന്റ് പോൾസ് പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. ഒക്ടോബർ 25-ാം തീയതി സിലോൺ ഗവർണ്ണറേയും ആർച്ചുബിഷപ്പിനേയും സന്ദർശിച്ചു. ബാവായുടെ ബഹുമാനാർത്ഥം ലോക്ടൺ പാലസിൽ വച്ച് ഒരു ഗാർഡൻ പാർട്ടി സിലോണിലെ സുറിയാനി ക്രിസ്ത്യാനികളുടെ വകയായി നടത്തുകയും അതിൽ ബിഷപ്പന്മാരും പ്രധാനപ്പെട്ട ഗവൺമെന്റുദ്യോഗസ്ഥന്മാരും മറ്റും സംബന്ധിക്കുകയും ചെയ്തു.

കാതോലിക്കേറ്റ് കോളജ്
സഭയുടെ പ്രഥമ ഉന്നത കലാലയം

പ്രസിദ്ധമായ മലങ്കരസഭയുടെ ഒന്നാമത്തെ ഉന്നതകലാലയമായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കാലത്താണു സ്ഥാപിക്കപ്പെട്ടത്. ഞങ്ങൾ ആയിരത്തിതൊള്ളായിരത്തി നാല്പതുകളിൽ പഠിച്ച കാതോലിക്കേറ്റ് ഹൈസ്കൂൾ കെട്ടിടം പുത്തൻകാവു കൊച്ചുതിരുമേനി ആരംഭിച്ചപ്പോൾ ഭാവനാപൂർവ്വം രണ്ടു നിലയ്ക്കുള്ള അടിസ്ഥാനമാണിട്ടിരുന്നത്. തിരുമേനി കോളജിനു വേണ്ടി അത്രയധികം ഉൽസാഹിച്ചു എങ്കിലും ആകസ്മിക മരണം മൂലം അദ്ദേഹത്തിനു തന്റെ കോളജ് കാണാൻ സാധിച്ചില്ല. 1948-ൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു ഞങ്ങൾക്ക് ദൂരെ സ്ഥലങ്ങളിൽ പോയി കോളജുകളിൽ ചേർന്നു പഠിക്കേണ്ടതായി വന്നു. പലരും പഠനം തുടരാതെ മറ്റു ജോലികൾക്കു പോയി. നാലു വർഷം കഴിഞ്ഞു കാതോലിക്കേറ്റ് കോളജ് മനംകവരുന്ന മാക്കാംകുന്നിന്റെ അംബരചുംബിയായ നെറുകയിൽ പൊന്നിൻകുടത്തിനു പൊട്ടെന്നപോലെ ഉയർന്നു വന്നു. കാതോലിക്കേറ്റ് സ്കൂളും കോളജുമാണു "ഓർത്താൽ പത്തനംതിട്ടയ്ക്കു ചിത്തപ്രഭാപൂരം അരുളിയതെന്നു" സഭാകവി സി. പി. ചാണ്ടി നൽകിയ വിശേഷണം എന്റെ ജന്മനാടിനെ ഇന്നും പുളകം കൊള്ളിക്കുന്നു. എനിക്കും സ്കൂളിനും ഒരേ പ്രായമാണ്.

ഹൈസ്കൂളും കോളജും സ്ഥാപിക്കാൻ മുൻകൈ എടുത്തവരിൽ മാക്കാം കുന്ന് തെങ്ങുംതറയിൽ ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പായുടെ പേരു പ്രത്യേകം സ്മരിക്കേണ്ടതാണ്. അദ്ദേഹം സ്കൂളിനു വേണ്ടി സ്വന്തം സ്ഥലം നൽകി. ഇരുനില കെട്ടിടത്തിനു കല്ലിടുമ്പോൾ ഇതൊരു കോളജാകുമെന്നു ഞങ്ങളുടെ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിവികാരി കൂടിയായിരുന്ന പുണ്യസ്മരണാർഹനായ മല്പാൻ ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പാ പറഞ്ഞ വാചകം ഒരു പ്രവചനമായിരുന്നു എന്നു 1952-ൽ ആണു പലരും മനസ്സിലാക്കിയത്.

അല്പം ചരിത്രം

പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ ഒരു കോളജായി ഉയർത്തണമെന്ന് പുത്തൻകാവ് തിരുമേനിക്ക് വലിയ ആഗ്രഹമുണ്ടായിരുന്നു. വിദ്യാഭ്യാസകാര്യങ്ങൾക്കായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി നിയോഗിച്ച സമിതിയുടെ അദ്ധ്യക്ഷൻ മാർ പീലക്സിനോസ് ആയിരുന്നു. 1947 സെപ്റ്റംബറിൽ പത്തനംതിട്ടയിൽ ഒരു കോളജ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ തിരുവിതാംകൂർ യൂണിവേഴ്സിറ്റിക്ക് അയച്ചു. കോളജ് തുടങ്ങുന്നതിന് ഫിനാൻഷ്യൽ ഗാരണ്ടിയായി അഞ്ചു ലക്ഷം രൂപാ സർക്കാരിൽ കെട്ടി വയ്ക്കണമെന്ന് നിയമമുണ്ടായിരുന്നു. സഭയുടെ അക്കാലത്തെ സാമ്പത്തികനില ആശാവഹമായിരുന്നില്ലെങ്കിലും നിരാശനാകാതെ കോളജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പതിനൊന്നു പേരടങ്ങുന്ന ഒരു കമ്മിറ്റി മെത്രാച്ചൻ രൂപവൽക്കരിച്ചു.

ആദ്യ അപേക്ഷയ്ക്ക് മറുപടി ഒന്നും കിട്ടിയില്ല. 1948-ൽ വീണ്ടും എഴുതി. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂൾ ഒരു പുതിയ കെട്ടിടത്തിലേക്ക് മാറ്റാമെന്നും, അപ്പോൾ അവിടെ കോളജ് ക്ലാസ്സുകൾ ആരംഭിക്കാമെന്നും തിരുവനന്തപുരത്തിനും, ചങ്ങനാശ്ശേരിക്കും ഇടയ്ക്ക് കോളജുകളൊന്നുമില്ലെന്നും മറ്റും അപേക്ഷയിൽ ചൂണ്ടിക്കാണിച്ചിരുന്നു. അതിനും മറുപടി ലഭിച്ചില്ല. നിരാശനാകാതെ 1949-ൽ വീണ്ടും അപേക്ഷ കൊടുത്തു. അഖിലേന്ത്യാ യൂണിവേഴ്സിറ്റി കമ്മീഷൻ പുതിയ കോളജുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടെന്നും അതു പഠിച്ചതിനു ശേഷം മാത്രമേ പുതിയ കോളജുകൾ അനുവദിക്കയുള്ളു എന്നും കാണിച്ച് മറുപടി കിട്ടി.

മാർ പീലക്സിനോസ് 1950-ൽ വീണ്ടും എഴുതിയപ്പോൾ പുതിയ കോളജ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ അറിയിച്ചുകൊണ്ടുള്ള റജിസ്ട്രാറുടെ ഒരു കത്ത് 1951 ഫെബ്രുവരിയിൽ കിട്ടി. വ്യവസ്ഥകളെല്ലാം സമ്മതിച്ച് 1951 മാർച്ചിൽ തന്നെ തിരുമേനി മറുപടിയും കൊടുത്തു. 1951 എപ്രിലിൽ തിരുമേനിക്കു ലഭിച്ച മറ്റൊരറിയിപ്പിൽ കോളജ് നടത്താനുദ്ദേശിക്കുന്ന സ്ഥലത്തി

ന്റെയും കെട്ടിടങ്ങളുടെയും പ്ലാൻ അയച്ചുകൊടുക്കണമെന്നും, ഫിനാൻഷ്യൽ ഗാരണ്ടി അഞ്ചു ലക്ഷം രൂപാ കെട്ടിവെയ്ക്കുവാൻ സമ്മതമാണെന്നുള്ള വിവരം അറിയിക്കണമെന്നും കാണിച്ചിരുന്നു. ഈ കത്തിനു മറുപടി അയക്കുവാൻ സാധിക്കുന്നതിനു മുമ്പ് തിരുമേനി കാലം ചെയ്തു.

പുത്തൻകാവ് തിരുമേനിയുടെ ആഗ്രഹം സാധിക്കാനായി ഓർത്തഡോക്സ് സഭാനേതൃത്വം മുന്നോട്ടുവന്നു. അതിന്റെ ഫലമായി 1952 ഓഗസ്റ്റ് മാസത്തിൽ കോളജ് നിലവിൽ വന്നു. അതോടുകൂടി കാതോലിക്കേറ്റ് ഹൈസ്ക്കൂളിനു ഒരു സ്ഥലംമാറ്റത്തിന് വിധേയമാകേണ്ടി വന്നു. ഹൈസ്ക്കൂളിനുവേണ്ടി പത്തനംതിട്ട-കൈപ്പട്ടൂർ റോഡിന്റെ തൊട്ടടുത്തായി നിരപ്പുള്ള ഒരു സ്ഥലം വാങ്ങി സ്കൂളിന് പുതിയ കെട്ടിടം പണിയിച്ചു. ഹൈസ്കൂളിന്റെ പഴയ കെട്ടിടങ്ങളിൽ കാതോലിക്കേറ്റ് കോളജ് ആരംഭിച്ചു.

കോളജ്

1952 ആഗസ്റ്റ് 2-ാം തീയതി സമുദായംവകയായി പത്തനംതിട്ട പ. ബാവാ തിരുമനസ്സിലെ മാനേജ്മെന്റിൽ കോളജ് ഉദ്ഘാടനം ചെയ്യപ്പെട്ടു. പ. അബ്ദേദ് മിശിഹാ ബാവാ മലങ്കരയിൽ പുനഃസ്ഥാപിച്ച കാതോലിക്കേറ്റിന്റെ സ്മരണയെന്നോണം കോളജിന് “കാതോലിക്കേറ്റ് കോളജ്” എന്നു പേരിട്ടു. പ. ബാവാ അന്നു രാവിലെ കോളജ് ഹാളിൽ വി. കുർബ്ബാന അർപ്പിച്ചു. തിരു-കൊച്ചി രാജപ്രമുഖൻ ശ്രീ ചിത്തിര തിരുനാൾ, വൈസ് ചാൻസലർ രാമസ്വാമി മുതലിയാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ വച്ച് കോളജിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. രാജപ്രമുഖനെ ക്ഷണിച്ചുകൊണ്ട് പ്രസംഗിച്ചത് പ. ബാവാതിരുമേനി ആയിരുന്നു. ചടങ്ങിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയും മുഖ്യമന്ത്രി ഏ. ജെ. ജോൺ, സഹമന്ത്രിമാരായ റ്റി. എം. വറുഗീസ്, പനമ്പള്ളി ഗോവിന്ദമേനോൻ, വി. മാധവൻ എന്നിവരും നിയമസഭാ സ്പീക്കർ കെ. പി. നീലകണ്ഠപിള്ള, കുമ്പളത്തു ശങ്കുപിള്ള, മുൻമന്ത്രി അബ്ദള്ളാ, കെ. സി. മാമ്മൻമാപ്പിള, ഇ. ജോൺ പീലിപ്പോസ് എന്നിവരും വിവിധ സമുദായ പ്രതിനിധികളായി അനേകം നേതാക്കളും സംബന്ധിച്ചിരുന്നു. രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ പണ്ടുമുതലേ വിദ്യാഭ്യാസവിഷയത്തിൽ ചെയ്തുപോരുന്ന സേവനങ്ങളെ പ്രത്യേകം പ്രശംസിച്ചു. ഗ്രാമപ്രദേശമായ പത്തനംതിട്ട സ്ഥാപിച്ചിട്ടുള്ള കോളജിന്റെ ഉദ്ഘാടനത്തിൽ സംബന്ധിക്കുന്നതിനും രാജപ്രമുഖൻ തിരുമേനിയേയും സഭാമേലദ്ധ്യക്ഷന്മാരെയും മന്ത്രിമാരെയും മറ്റും ഒരു നോക്കു കാണുന്നതിനുമായി അവിടെ വൻ ജനാവലി കൂടിയിരുന്നു. ബാവാ തിരുമേനി അദ്ധ്യക്ഷനായും ഇടവകമെത്രാപ്പോലീത്താ ഔഗേൻ മാർ തീമോത്തിയോസ് ഉപാദ്ധ്യക്ഷനായും ബ. പി. ഇ. ദാനിയേൽ റമ്പാച്ചൻ പ്രിൻസിപ്പാളായും കോളജിന്റെ ഭരണം ആരംഭിച്ചു ക്ലാസ്സുകൾ തുടങ്ങി. മുൻ

മന്ത്രി ഇ. ജോൺ പീലിപ്പോസ് കോളജ് സ്ഥാപനകാര്യത്തിൽ അകമഴിഞ്ഞു പ്രവർത്തിച്ചതിന്റെയും കൂടി ഫലമായിരുന്നു ഇത്ര പെട്ടെന്ന് ഇതു സാധിതമായിത്തീർന്നത്.

ഈ ചടങ്ങിൽ സി.എം.എസ്. കോളജിൽ പഠിച്ചുകൊണ്ടിരുന്ന ഞാനും സംബന്ധിച്ചിരുന്നു.

ആഗോള യുവജനസമ്മേളനം

1952 ഡിസംബറിൽ കോട്ടയം സി.എം.എസ്. കോളജ് മൈതാനത്ത് അഖിലലോക യുവജനസമ്മേളനം നടത്തപ്പെട്ടു. തിരു-കൊച്ചി രാജപ്രമുഖൻ തിരുമേനി സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സമ്മേളനത്തിൽ സംബന്ധിച്ച വിവിധ രാജ്യങ്ങളിലെ യുവജനപ്രതിനിധികൾക്ക് ഏറ്റം ആകർഷകമായതു പ. തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു സുവിശേഷവേല ആരംഭിച്ചിട്ട് 1900 വർഷം തികയുന്നതു സംബന്ധിച്ച് 20-12-52-ൽ കോട്ടയത്തുവച്ചു നടത്തപ്പെട്ട ആഘോഷങ്ങളാണ്. കേരളത്തിലെ എല്ലാ ക്രൈസ്തവവിഭാഗങ്ങളും ചേർന്ന് 100-ൽപരം പൊൻവെള്ളിക്കുരിശുകളുടെയും വിവിധ വാദ്യമേളങ്ങളുടെയും നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരുടെയും അകമ്പടിയോടുകൂടി നടത്തപ്പെട്ട ആ ഘോഷയാത്ര വിവിധ രാഷ്ട്രങ്ങളുടെ യുവത്വം തുളുമ്പുന്ന തലമുറകളെ പുളകം കൊള്ളിച്ചു. പുരാതനപട്ടണമായ കോട്ടയത്തിന്റെ ക്രൈസ്തവചൈതന്യം പ്രകാശിതമായി. ഘോഷയാത്രയ്ക്കു ശേഷം തിരുനക്കര മൈതാനത്തു ചേർന്ന മഹായോഗത്തിൽ പരിശുദ്ധബാവാ അദ്ധ്യക്ഷത വഹിക്കുകയും വിവിധ സഭാവിഭാഗങ്ങളിലെ മേല്പട്ടക്കാരും വൈദികരും ലക്ഷത്തിലധികം ആളുകളും സംബന്ധിക്കുകയും ചെയ്തു. ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്.ഐ., കൽദായ ക്രിസ്തീയ വിഭാഗങ്ങളും വിഭാഗിക ചിന്ത വെടിഞ്ഞ് ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഒന്നുചേർന്ന് കൊണ്ടാടിയിട്ടുള്ള വേറൊരു മഹാമഹം ഇതിനു മുമ്പ് കേരളം ദർശിച്ചിട്ടില്ല. പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന ബാവാതിരുമേനി മദ്ധ്യത്തിലും ഇരുപാർശ്വങ്ങളിലായി മാർ യൂഹാനോൻ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ബിഷപ്പ് സിങ്കർ, കോട്ടയം ഇടവകയുടെ മാർ ഗ്രിഗോറിയോസ്, മാർ അത്താനാസ്യോസ്, കൽദായ ഇടവകയുടെ മാർ തോമ്മാ ധർമ്മോ, കോട്ടയം ബിഷപ്പ് ഡോ. ജെയിംസ് തറയിൽ, സി.എസ്.ഐ. ബിഷപ്പ് സി. കെ. ജേക്കബ്, തിരുവല്ലാ രൂപതയുടെ മാർ സേവേറിയോസ്, ചങ്ങനാശ്ശേരി ബിഷപ്പ് മാത്യു കാവുകാട്ട്, മാർ തേവോദോസ്യോസ്, മാർ ദീവന്നാസ്യോസ്, മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരും ഉപവിഷ്ടരായിരുന്നു. “പിതാവെ നാം ഒന്നായിരിക്കുന്നവണ്ണം ഇവരും നമ്മിൽ ഒന്നാകണമെ” എന്നു നമ്മുടെ കർത്താവിന്റെ തിരുവചനത്തെ ആസ്പദമാക്കി പ. ബാവാതിരുമേനി ചെയ്ത അദ്ധ്യക്ഷപ്രസംഗം വിവിധ സഭകളുടെയും രാഷ്ട്രങ്ങളുടെയും പ്രതിനിധികളായി

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വന്നുചേർന്ന യുവഹൃദയങ്ങളെ ഹഠാദാകർഷിച്ചു. ഇതെല്ലാം എന്റെ ജീവിതത്തിലെ സന്തോഷ സായാഹ്ന ങ്ങളായിരുന്നു.

അഖിലലോക യുവജനസമ്മേളനത്തിൽ സംബന്ധിച്ച പ്രതിനിധികളുടെ ബഹുമാനാർത്ഥം ബിഷപ്പ് സി. കെ. ജേക്കബ് ബിഷപ്പ്സ് അരമനയിൽ വച്ച് ഒരു തേയിലസൽക്കാരം നടത്തി. ഈ സൽക്കാരത്തിലും ബാവാതിരുമേനി സംബന്ധിച്ചു. തിരുമേനിയെ കൂടാതെ ഓർത്തഡോക്സ് സഭയിലെ എല്ലാ തിരുമേനിമാരും റോമൻ കത്തോലിക്കാ, കൽദായ, യാക്കോബായ, സി.എസ്.ഐ., മാർത്തോമ്മാ സഭകളിലെ ബിഷപ്പന്മാരും വിവിധ സമു ദായപ്രമാണികളും ഉദ്യോഗസ്ഥാനുദ്യോഗസ്ഥ പ്രമുഖന്മാരും പത്രക്കാരും സംബന്ധിച്ചിരുന്നു. അന്ന് അവിടെ കൊണ്ടുവന്നിരുന്ന കുഞ്ഞാന വിദേശി കളെ വളരെ ആനന്ദിപ്പിച്ചു.

പീസ്ലീഗിന്റെ ഉദയവും അസ്തമയവും

മലങ്കരസഭയിൽ ദീർഘകാലമായി നിലനിന്ന സഭയുടെ വളർച്ചയെ തളർത്തിവന്ന കേസുകൾ ഒത്തുതീർപ്പു ചർച്ചകളിലൂടെ അവസാനിപ്പിക്ക ണമെന്ന് നിരന്തരം ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു സംഘടനയായിരുന്നു പീസ് ലീഗ്. ലീഗിനു സഭാംഗങ്ങളിൽനിന്നു വൻ പിന്തുണയാണു ലഭിച്ചത്. ഗ്രീസിലെ പീറ്റർ രാജ കുമാരൻ കേരളത്തിൽ വന്നപ്പോൾ ലീഗിന്റെ പ്രവർത്തനത്തെ ശ്ലാഘിച്ചു. സമാധാനത്തിനുവേണ്ടി ലീഗിലെ ആറു യുവാക്കന്മാർ കോട്ടയം കുരിശു പള്ളിയിൽ ഉപവാസ സത്യഗ്രഹം നടത്തി. ഒടുവിൽ പീസ്ലീഗ് പ്രവർത്തക രുടെ ആഹ്വാനപ്രകാരം 09-01-1950-ൽ ചിങ്ങവനം അപ്രേം സെമിനാരിയിൽ ഇരുവശത്തെയും മെത്രാന്മാർ സമ്മേളിച്ചു. അവർ സംയുക്തമായി 11-01-1950-ൽ നാലിന നിർദ്ദേശങ്ങളടങ്ങിയ ഒരു വ്യവസ്ഥ ഉണ്ടാക്കി. അത് പീസ്ലീഗ് കമ്മിറ്റിക്ക് സ്വീകാര്യമായില്ല. അവർ ചിങ്ങവനം ടേംസ് എന്ന പേരിലറിയപ്പെടുന്ന പത്തിന നിർദ്ദേശങ്ങൾ അടങ്ങിയ പുതിയ വ്യവസ്ഥ കൾക്ക് രൂപംനൽകി 12-01-1950-ൽ മെത്രാന്മാരുടെ സംയുക്ത മീറ്റിംഗിൽ അവ തരിപ്പിച്ചു. കാതോലിക്കായുടെ അധികാരങ്ങൾ 90%-വും ഇല്ലാതാക്കിക്കൊ ണ്ടുള്ള പുതിയ വ്യവസ്ഥകൾ സ്വീകരിക്കാൻ കാതോലിക്കാ വിഭാഗത്തിന് സമ്മതമല്ലായിരുന്നു എങ്കിലും അഞ്ഞൂറോളം പീസ്ലീഗ് വാളന്റിയർമാരു ടെയും ഇരുനൂറിൽപരം - കേഫാക്കാരെ വെല്ലുന്ന - ഗ്രൂപ്പ് ലീഡർമാരുടെയും ആക്രോശങ്ങളുടെ നടുവിൽ സമ്മർദ്ദം, ഭീഷണി, അസഭ്യവർഷം, കൂടാതെ അൽപം ബലപ്രയോഗംകൂടി ഉൾപ്പെടുത്തിക്കൊണ്ടു തന്നെ അസ്വീകാര്യമായ വ്യവസ്ഥകൾക്ക് ഒപ്പുവെയ്പിക്കുവാൻ പീസ്ലീഗ് പ്രവർത്തകർക്കു കഴിഞ്ഞു. മേൽപടി ചർച്ചകൾക്കായി വട്ടമേശ സമ്മേളനത്തിനെത്തിയ കാതോലിക്കാ

ബാവായുടെ സെക്രട്ടറിയെപ്പോലും സെമിനാരിയിലേക്ക് പ്രവേശിക്കുവാൻ അനുവദിച്ചില്ല എങ്കിലും മറുഭാഗത്തെ നിയമോപദേഷ്ടാവു മുതൽ പല നേതാക്കന്മാരെയും അവിടെ പ്രവേശിപ്പിച്ചിരുന്നു. അപ്രകാരം ഒപ്പുവെയ്ക്കപ്പെട്ട വ്യവസ്ഥകൾ പാത്രിയർക്കീസിനയച്ചു കൊടുത്തു. ഒമ്പതു ബാധകൾ അയയ്ക്കപ്പെട്ടു കഴിഞ്ഞതിനുശേഷവും ഹൃദയം കഠിനമാക്കപ്പെട്ട ഫറവോനെപ്പോലെ, തികഞ്ഞ സ്വാർത്ഥനും മലങ്കരസഭയെ തന്റെ ചവിട്ടടിയിൽ ഒതുക്കണമെന്നാഗ്രഹിച്ചിരുന്നയാളുമായ അപ്രേം പാത്രിയർക്കീസ്, ഈ വ്യവസ്ഥകൾ അപ്പാടെ നിരസിച്ചു. പകരം കാതോലിക്കായുടെ അധികാരങ്ങൾ 100%-ഉം ഇല്ലാതാക്കിക്കൊണ്ടും ഇനിമേലിൽ ഒരു കാതോലിക്കാ മലങ്കരയിൽ ഉണ്ടാകാനുള്ള സാധ്യതകൾ പരിമിതപ്പെടുത്തിക്കൊണ്ടും ഉള്ള പതിനഞ്ചിന നിർദ്ദേശങ്ങൾ പാത്രിയർക്കീസ് അയച്ചുകൊടുത്തു. അപ്രേമിന്റെ ദുഷ്ടലാക്കോടുകൂടിയ വ്യവസ്ഥകൾ അസ്വീകാര്യമായതുകൊണ്ട് പീസ്ലീഗിന്റെ ഭീഷണിരൂപത്തിലുള്ള സഭാസമാധാനയജ്ഞം ഒരു തികഞ്ഞ പരാജയമായി കലാശിച്ചു.

ഈ കടുംപിടുത്തങ്ങൾക്കൊക്കെ അറുതിവരുത്തിക്കൊണ്ട് സുപ്രീംകോടതി എന്ന വലിയ മദ്ധ്യസ്ഥന്റെ വിധി സഭയിൽ സമാധാനത്തിനുള്ള കളമൊരുക്കി. 16-12-1958-ൽ പാത്രിയർക്കീസ് യാക്കോബ് തൃതീയനും പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായും പരസ്പരം സ്വീകരിച്ചുകൊണ്ടുള്ള കൽപനകൾ കൈമാറി; സഭയിൽ യോജിപ്പുണ്ടായി.

ക്നാനായ ഭദ്രാസനാധിപനായ ഏബ്രഹാം മാർ ക്ലീമിസിനെ (1957) ബദൽ മലങ്കര മെത്രാപ്പോലീത്തായായി പാത്രിയർക്കീസ് ഗ്രൂപ്പ് തെരഞ്ഞെടുത്തുവെങ്കിലും തുടർന്നുണ്ടായ കോടതിവിധികൾ ഈ തെരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിച്ചതിനാൽ എതിരാളികൾ സ്വപ്നം കണ്ടിരുന്നവിധത്തിൽ മലങ്കര മെത്രാപ്പോലീത്താ പദവിയിൽ അവരോധിതനായില്ല. 1958-ലെ സുപ്രീംകോടതിവിധിയെ തുടർന്ന് തങ്ങൾ വ്യർത്ഥനെന്നും പട്ടത്വമില്ലാത്തവനെന്നും വൃദ്ധൻ പുന്നൂസ് എന്നും ആക്ഷേപിച്ചിരുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ മൂറോൻ കൂദാശ ചെയ്യാനും മെത്രാന്മാരെ വാഴിക്കുന്നതിനും റശ്ശീസാ സ്വീകരിക്കുന്നതിനും അധികാരമുള്ള സ്ഥാനി എന്ന നിലയിൽ കാതോലിക്കോസ് ആയി പാത്രിയർക്കീസും കൂട്ടരും സ്വീകരിച്ചു. കൂടാതെ ഭീമമായ കോടതി ചെലവു തുക ഇളവു ചെയ്തുതരണമെന്ന് പാത്രിയർക്കീസ് വിഭാഗം നേതാക്കന്മാർ കാതോലിക്കാ ബാവായോട് താണുകേണപേക്ഷിച്ചപ്പോൾ ബാവാ അതും ഇളവുചെയ്തു കൊടുത്തു. അപ്രതീക്ഷിതമെങ്കിലും തങ്ങൾ ചെയ്ത പ്രവൃത്തികൾ വച്ചുനോക്കുമ്പോൾ ഒരിക്കലും അർഹിക്കാത്ത ഈ വലിയ ഇളവ് ലഭ്യമായതോടുകൂടി അതിവിനയം ഭാവിച്ചവരിൽ ചിലർ രൗദ്രഭീമന്റെ മുഖംമൂടി അണിയുവാൻ അധികം വൈകിയില്ല. യോജിച്ച സഭയിൽ മെത്രാന്മാർക്ക് ഭദ്രാസനങ്ങൾ അനുവദിച്ചു കൊടു

ത്തതിൽ അസംതൃപ്തനായ പൗലൂസ് മാർ പീലക്സിനോസ് 1960 മുതൽ സഭയിൽ വീണ്ടും പിളർപ്പുണ്ടാക്കുവാൻ തീവ്രശ്രമം ആരംഭിച്ചു. 1995-ലെ സുപ്രീംകോടതിവിധിയിൽ "Mar Philexinos a person who later joined the Patriarch after 1958 and was largly responsible for the disturbance of peace in 1965" എന്ന് പൗലൂസ് മാർ പീലക്സിനോസിനെപ്പറ്റി ജസ്റ്റീസ് ആർ. എം. സഹായ് പരാമർശിച്ചിട്ടുണ്ട്. അധികാരമോഹിയും കുത്തിത്തിരിപ്പുകാരനുമായ പൗലൂസ് മാർ പീലക്സിനോസിന്റെ സഭാവിരുദ്ധപ്രവർത്തനങ്ങൾക്ക് കല്ലുങ്കത്ര പള്ളിയിലെ പാത്രിയർക്കീസ് വിഭാഗം അകമഴിഞ്ഞ പ്രോത്സാഹനം നൽകിയിരുന്നു. 02-05-1960-ൽ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ നിരുപാധികം സ്വീകരിച്ച കാതോലിക്കാ ബാവായെ കല്ലുങ്കത്ര പള്ളി സന്ദർശന വേളയിൽ "വൃദ്ധൻ പുന്നൂസ് ഗോ ബായ്ക്ക്" എന്നു പറഞ്ഞാക്ഷേപിക്കാൻ കല്ലുങ്കത്ര തോമസ് കത്തനാരുടെ നേതൃത്വത്തിൽ ഒരു സംഘം സഭാസമാധാന വിരുദ്ധർ തയ്യാറായത് അതിനുദാഹരണമാണ്.

പരസ്പര സ്വീകരണവും സഭാസമാധാനവും

പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ഭരണകാലത്തെ ഏറ്റവും സുപ്രധാനമായ സംഭവം 1958 സെപ്തംബർ 12-ലെ സുപ്രീംകോടതിയുടെ അനുകൂല വിധിയും അതിന്റെ പശ്ചാത്തലത്തിൽ നടന്ന സഭാസമാധാനവും പരസ്പര സ്വീകരണവുമാണ്. അര നൂറ്റാണ്ടു നീണ്ടുനിന്ന വട്ടിപ്പണ-സമുദായ ക്കേസുകൾ ബാരിസ്റ്റർ എം. കെ. നമ്പ്യാർ, അഡ്വ. എം. ഏബ്രഹാം എന്നിവരുടെ സമർത്ഥമായ വാദം മൂലം അവസാനിച്ചു. ഇരുഭാഗത്തെയും മെത്രാന്മാരും വൈദികരും ജനങ്ങളും സഭ ഒന്നാണെന്നും മേലിൽ ഭിന്നിപ്പിനു കാരണമില്ലെന്നും വ്യക്തമായി മനസ്സിലാക്കി. ഗീവറുഗീസ് രണ്ടാമൻ ബാവായാണു യഥാർത്ഥ കാതോലിക്കായും മലങ്കരമെത്രാനും എന്നുള്ള ഇന്ത്യയിലെ പരമോന്നത കോടതി വിധി പാത്രിയർക്കീസ് വിഭാഗത്തിന്റെ റിവ്യൂ ഹർജി നിരാകരണം എന്നിവയെത്തുടർന്ന് ഗത്യന്തരമില്ലാതെ (അധികാരവും ഭദ്രാസനവും നഷ്ടപ്പെട്ട) പാത്രിയർക്കീസ് വിഭാഗം മേല്പട്ടക്കാർ തങ്ങൾ സ്വയം ആഴമേറിയ കടലിൽ അകപ്പെട്ടിരിക്കുന്നു എന്നു കണ്ട് സമാധാനത്തിനും പരസ്പര സ്വീകരണത്തിനുംവേണ്ടി ഡമാസ്ക്കസിലെ യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ മേൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും കാര്യഗൗരവം മനസ്സിലാക്കി പാത്രിയർക്കീസ് ഇന്നലെവരെ "വൃദ്ധൻ പുന്നൂസെ"ന്നു വിവരദോഷികൾ വിശേഷിപ്പിച്ചിരുന്ന കാതോലിക്കാ ബാവായെ 'മാർത്തോമ്മായുടെ സിംഹാസനത്തിലാരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കാ ബാവാ'യായി അംഗീകരിച്ചു. ഭിന്നിച്ചു നിന്ന മെത്രാന്മാർ കൈ മുത്തിയും സ്വീകരിക്കുകയാണുണ്ടായത്. മലങ്കരസഭയിലെ ഭിന്നിപ്പു തീരണമെങ്കിൽ പരസ്പരസ്വീകരണമാണ് ഏകമാർഗ്ഗമെന്നു മലങ്കരസഭാഭാസുരൻ ദശകങ്ങൾക്കു മുമ്പു ദർശനം കണ്ടു പറഞ്ഞ സംഗതി പ്രവചനം തന്നെയെന്നു അവിശ്വാസി

കളും വിശ്വസിച്ചു. ഇന്നലെ വരെ "പട്ടമില്ലാത്ത വൃദ്ധൻ പുന്നൂസാ"യിരുന്ന ആൾ ഇന്ന് എങ്ങനെ പരിശുദ്ധബാവാ ആകുമെന്നു പാത്രിയർക്കീസ് ഭാഗത്തെ നിരപരാധികളായ - വഴിതെറ്റിക്കപ്പെട്ട - ഒരു വിഭാഗം സാധാരണക്കാർ ചോദിച്ചതിൽ തെറ്റില്ല. സഭാചരിത്രധാരണ, നേതാക്കളുടെ വഞ്ചന, ദ്രവ്യാഗ്രഹം മുതലായ കാര്യങ്ങൾ അറിഞ്ഞു ഗ്രഹിക്കാൻ കഴിവില്ലാത്തവരായിരുന്നു സാധാരണക്കാർ.

ഇന്ത്യയിലെ മാർത്തോമ്മായുടെ സിംഹാസനത്തിൽ ഇരിക്കുന്ന ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു 1912-ൽ "മുടക്കപ്പെട്ട അബ്ദേദ് മശിഹാ പാത്രിയർക്കീസ്" മെത്രാൻ സ്ഥാനം കൊടുത്തതുകൊണ്ടാണത്രെ പട്ടം ഇല്ലാതെ പോയത്. എന്തായാലും അബ്ദേദ് മശിഹായ്ക്കു പട്ടം ഉണ്ടായിരുന്നു എന്നും അദ്ദേഹത്തെ മുടക്കി എന്ന 'വിശുദ്ധ കള്ളം' യൂലിയോസ് മെത്രാപ്പോലീത്താ പാതിരാത്രിയിൽ മഞ്ഞനിക്കര മാർ ഏലിയാസ് തൃതീയന്റെ കബറിനു സമീപത്തുവച്ചു പാത്രിയർക്കീസിന്റെ ലറ്റർപാഡിൽ എഴുതിയതും കോട്ടയം ജില്ലാ ക്കോടതിയിൽ സമർപ്പിക്കാൻ ഉദ്ദേശിച്ചതുമായ കല്പന വെറും പച്ചക്കള്ളം എന്നു പിന്നീടു തെളിഞ്ഞു. സിറിയൻ ഓർത്തഡോക്സ് സഭയെ കണ്ണടച്ചു വിശ്വസിക്കാൻ മുൻകാല ചെയ്തികൾ അനുവദിക്കാത്തതിനാൽ പാത്രിയർക്കീസിനെ സ്വീകരിച്ചത് കേസു നടക്കുമ്പോൾ തങ്ങൾ അംഗീകരിക്കയില്ലെന്നു ആണയിട്ടു പറഞ്ഞ 1934-ലെ മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായിട്ടായിരുന്നു. സ്വീകരണ കൽപനയിൽ കാതോലിക്കാബാവാ "ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസിനെ സ്വീകരിക്കുന്നു" എന്ന വാചകം കൂട്ടിച്ചേർക്കണമെന്നു നിർബന്ധിച്ചത് കാതോലിക്കാ ഭാഗത്തെ വക്കീലായ കോട്ടയം വട്ടക്കുന്നേൽ കെ. ചെറിയാനും കാതോലിക്കേറ്റ് ഓഫീസിലെ അസി. സെക്രട്ടറിയായിരുന്ന പുതുപ്പള്ളി പന്തലമുറിയിൽ പി. എൻ. നൈനാനുമാണെന്നും ഓർക്കണം.

മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായ കാതോലിക്കാ ബാവാ എന്നു സ്വീകരണ കല്പന എഴുതിയ ഹെഡിംഗ് പേപ്പറിൽ ഉണ്ടായിരുന്നു. എന്നിട്ടും കേസു സംബന്ധിച്ചു ജയിച്ച കക്ഷിക്കു നൽകേണ്ട നഷ്ടപരിഹാരം കാലഹരണപ്പെടുന്ന 12 വർഷം കടന്നുപോകാൻ ക്ഷമയോടെ കാത്തിരുന്നശേഷമാണ് സമാധാനം ഉണ്ടാക്കുകയും മേലിൽ സമാധാനം ഇല്ലാതാക്കാൻ ശ്രമിക്കുന്നവർ ഉപ്പുതൂണാകുമെന്നു 1964 മെയ് 22-നു പട്ടാപ്പകൽ എം.ഡി. യിൽ വച്ചു പ. ഔഗേൻ ബാവായെ വാഴിച്ചപ്പോൾ പറയുകയും ചെയ്ത യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് മാർത്തോമ്മായ്ക്കു പട്ടം ഇല്ലെന്നും അദ്ദേഹം ഒരു കപ്യാരുപോലും ആയിരുന്നില്ലെന്നും കാണിച്ച് 1970-ൽ 203-ാം നമ്പറായി മലങ്കരസഭയ്ക്ക് ഒരു കത്തയക്കുകയും ചെയ്തു. സത്യത്തെ ക്രൂശിച്ച യാക്കൂബ് തൃതീയൻ ബാവാ ഈ കത്തു മൂലം ആഗോള ക്രൈസ്തവ ലോകത്തെ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഒരു

പരിഹാസപാത്രമായിത്തീർന്നു. അദ്ദേഹം കുറ്റബോധത്താൽ നൊന്തു വൈകാതെ ഹൃദ്രോഗം മൂലം കടന്നുപോകുകയാണുണ്ടായത്. പല സംഭവങ്ങളും പാതിരാത്രിക്കാണല്ലോ നടക്കുന്നത്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതു സംബന്ധിച്ച പ്രഖ്യാപനവും പാതിരാ കഴിഞ്ഞാണു ഉണ്ടായത്. ലോകരക്ഷകനും സമാധാനപ്രഭുവുമായ യേശുക്രിസ്തുവിന്റെ തിരുപ്പിറവിയും രാത്രിയിലാണല്ലോ സംഭവിച്ചത്. അതുപോലെ തന്നെ കേരളത്തെയും മലങ്കരസഭയെയും പൊതുവെ സ്പർശിക്കുന്ന സുപ്രധാന സമാധാനം കൈവന്നതും നിശയുടെ നിശബ്ദതയിൽ തന്നെ. പത്രപ്രതിനിധികളായ ഞങ്ങളും ശതകണക്കിനു സഭാംഗങ്ങളും ആ പൊൻപുലരിയുടെ ജനനവേളയിൽ പുരാതനമായ പഴയസെമിനാരിയിൽ തടിച്ചു കൂടിയിരുന്നവരിൽ ഉൾപ്പെടുന്നു. പരസ്പര സ്വീകരണവും കല്പന കൈമാറ്റവും കഴിഞ്ഞപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ട ആത്മഹർഷത്തിനും ഭ്രമണപഥത്തിലെത്തിയ അതുല്യ ആഹ്ലാദ പ്രകടനത്തിനും ഒരു സഭാംഗം എന്ന നിലയിൽ സാക്ഷിയാകാൻ സാധിച്ചതിലുള്ള സന്തോഷം ഒന്നു വേറെ.

വേനൽക്കാലമായിരുന്നെങ്കിലും അവിടെ അലയടിച്ച ആനന്ദത്തിന്റെ ആന്ദോളനം മൂലം മീനച്ചിലാറിലെ ചിരിച്ചു പതഞ്ഞു പൊങ്ങിയ വെള്ളവും ദശകങ്ങൾക്കു മുമ്പ് സെമിനാരിയുടെ വിമലാങ്കണത്തിലെ മണൽതരികളിൽ പറ്റിക്കിടന്ന ആനപ്പാപ്പിയുടെ രക്തബിന്ദുക്കളിലൂടെ ഘാതകർ നേടിയ പാപക്കറകളെ കഴുകിക്കളഞ്ഞു എന്ന ചിന്ത എന്റെ മനസ്സിലൂടെ മിന്നൽ പിണർ പോലെ മിന്നിമറഞ്ഞു. അന്നത്തെ സംഘർഷാന്തരീക്ഷവും ചില്ലറ സംഘട്ടനങ്ങളും എല്ലാം സമ്പൂർണ്ണ സമാധാനത്തിനു വഴിമാറിക്കൊടുത്തു. ദൈവത്തിന്റെ പ്രവർത്തനം എത്ര മനോഹരം. മനുഷ്യൻ എന്തറിയുന്നു!

പരമോന്നത കോടതിയുടെ അന്ത്യ തീരുമാനം പ. ബാവായ്ക്ക് തികച്ചും അനുകൂലമായിരുന്നുവെങ്കിലും അതിൽ ആഹ്ലാദം പ്രകടിപ്പിക്കുകയല്ല തിരുമേനി ചെയ്തത്. വിധിസാരം അറിഞ്ഞ മാത്രയിൽ സൗമ്യതയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വലങ്കൈ നീട്ടിക്കൊടുക്കുകയാണ് ചെയ്തത് എന്നുള്ളതിന് ഈ കല്പന സാക്ഷ്യം വഹിക്കുന്നു.

കല്പന

പ്രിയരെ,

ദൈവകൃപയാൽ കേസ് നമുക്ക് അനുകൂലമായി സുപ്രീംകോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. നിങ്ങളെല്ലാവരുടെയും ഹൃദയപൂർവ്വകമായ പ്രാർത്ഥനകളും സഹായസഹകരണങ്ങളുംകൊണ്ട് ദൈവം നമ്മോടു കരുണ ചെയ്തു. എല്ലാവരും അനുതാപത്തോടും കണ്ണുനീരോടും കൂടി മഹാകരുണയുള്ളവനായ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യണം.

നമ്മുടെ എല്ലാ പള്ളികളിലും ഈ മാസം (സെപ്തംബർ) 15-ാം തീയതി തിങ്കളാഴ്ച സ്തോത്രബലി അർപ്പിക്കണം. സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം പള്ളിയിൽകൂടി ദൈവത്തെ മഹത്വപ്പെടുത്തുകയും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്യണം. ബാഹ്യമായ യാതൊരു ആഹ്ലാദവും നടത്തി നമ്മുടെ സഹോദരങ്ങളുടെ വികാരങ്ങളെ ഒരുവിധത്തിലും ക്ഷതപ്പെടുത്തരുത്. മുമ്പെന്നപോലെ ഇനിയും നാം ഒന്നായി കഴിഞ്ഞുകൂടുന്നതാണ് നമ്മുടെ ബലവും നേട്ടവും. ശേഷം പിന്നാലെ, ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

ഈ വിധി “സത്യം ജയിക്കും” എന്ന പ. ബാവായുടെ മുദ്രാവാക്യത്തിന്റെ സാക്ഷാൽക്കരണവും നിരന്തരപ്രാർത്ഥനയുടെ ഫലപ്രാപ്തിയും ആയിരുന്നു. കേസ് സുപ്രീംകോടതിയിൽ വാദം ആരംഭിച്ചതു മുതൽ ബാവാതിരുമേനി സാധാരണയിൽ കൂടുതലായി പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞുകൂടിയിരുന്നു.

സഭാസമാധാനം

1958 ഡിസംബർ 16-നാണ് മലങ്കരസഭാചരിത്രത്തിൽ മറക്കാനാവാത്ത ആ സംഭവം നടന്നത്. അന്ത്യോഖ്യാ പാത്രിയർക്കീസ് മാർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയൻ ബാവാ ഇക്കാര്യത്തിൽ കൈക്കൊണ്ട സുധീരമായ നിലപാട് പ്രശംസനീയമായിരുന്നു. 1958 സെപ്തംബർ 12-നു ഉണ്ടായ സുപ്രീംകോടതി വിധിയെത്തുടർന്ന് പാത്രിയർക്കീസ് പക്ഷത്തെ മെത്രാപ്പോലീത്തന്മാരും വൈദിക പ്രമുഖരും അത്മായ പ്രധാനികളും മലങ്കരസഭയിൽ സമാധാനം ഉണ്ടാകേണ്ട ആവശ്യത്തെപ്പറ്റി പ. പാത്രിയർക്കീസിനെ രേഖാമൂലം അറിയിച്ചു. അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസും ഈ അഭിപ്രായത്തെ അങ്ങേയറ്റം അനുകൂലിച്ചു പാത്രിയർക്കീസ് ബാവായ്ക്ക് എഴുതി. തൽഫലമായി പ. കാതോലിക്കാ ബാവായെ സ്വീകരിച്ചുകൊണ്ട് ഡിസംബർ 9-ാം തീയതി പ. പാത്രിയർക്കീസ് ബാവാ മാർ യൂലിയോസിന് കല്പന അയച്ചു. കല്പന വന്നതോടുകൂടി ഇരുഭാഗത്തേയും മേല്പട്ടക്കാരും വൈദികരും സമുദായപ്രമാണികളും ദേവലോകം അരമനയിലും ചിങ്ങവനം സെമിനാരിയിലും കൂടി പരസ്പര സ്വീകരണം സംബന്ധിച്ച ആലോചനകൾ നടത്തി. 16-ാം തീയതി പ. കാതോലിക്കാബാവായും ഇരുഭാഗത്തേയും മേല്പട്ടക്കാരും അനേകം പട്ടക്കാരും അത്മായനേതാക്കളും കോട്ടയം പഴയസെമിനാരി മാളികയിൽ സമ്മേളിച്ചു സൗഹാർദ്ദപരമായ കുശലപ്രശ്നങ്ങൾ നടത്തി. തിരുമേനിമാർ ഒന്നിച്ചിരുന്ന് കാപ്പിമേശ കഴിച്ചു.

കുശലപ്രശ്നങ്ങൾക്കുശേഷം എല്ലാവരും സെമിനാരി ചാപ്പലിലേക്കു പോയി. പ. ബാവാ മുമ്പിലും, തൊട്ടുപിമ്പിലായി മാർ യൂലിയോസും മറ്റു തിരുമേനിമാർ മൂപ്പനുസരിച്ച് നിരനിരയായി അതിനു പിമ്പിലും ഗാനാലാപം

ചെയ്യുന്ന വൈദികരാൽ അനുഗതരായി ചാപ്പലിലേക്കു നീങ്ങുന്ന കാഴ്ച കാണികളിൽ സന്തോഷബാഷ്പം പൊഴിച്ചു. തിരുമേനിമാർ മദ്ബഹായിൽ പ്രവേശിച്ചു പ്രാർത്ഥന നടത്തി. ഇരുഭാഗത്തെയും തിരുമേനിമാർ ഏകതല വന്റെ കീഴിൽ അണിനിരന്ന് ഒരേ മദ്ബഹായിൽ സമ്മേളിച്ചത് ഇതാദ്യമായി ട്ടായിരുന്നു. പ്രാർത്ഥനയ്ക്കു ശേഷം മദ്ബഹായിൽ വച്ച് സമാധാനം കൈവ ന്നതിനു ദൈവത്തെ സ്തുതിച്ചുകൊണ്ട് പ. കാതോലിക്കാബാവായും മാർ യൂലിയോസും ഓരോ ലഘുപ്രസംഗം പറഞ്ഞു. അനന്തരം പ. പാത്രിയർ ക്കീസ് ബാവായുടെ സമാധാനകല്പന മാർ യൂലിയോസ് കാതോലിക്കാ ബാവായെ ഏല്പിച്ചു. പരിശുദ്ധ കാതോലിക്കാബാവാ പാത്രിയർക്കീസ് ബാവായേയും ആ ഭാഗത്തെ മെത്രാപ്പോലീത്തന്മാരെയും സ്വീകരിച്ചുകൊ ണ്ടുള്ള കല്പന മാർ യൂലിയോസിനെ ഏല്പിക്കുകയും അനേക വർഷങ്ങ ളായി ഭിന്നിച്ചു നിന്നിരുന്ന മലങ്കര സഭ ഒന്നായതിൽ സന്തോഷം പ്രദർശിപ്പി ച്ചുകൊണ്ടും ഇതിനു മുൻകൈ എടുത്തു പ്രവർത്തിച്ച പാത്രിയർക്കീസ് ബാവായെ പ്രശംസിച്ച് ഒരു പ്രസംഗം നടത്തുകയും ചെയ്തു. ചടങ്ങുകൾ നേരിട്ടു കാണാനും പ്രസംഗങ്ങൾ കേൾക്കാനും എനിക്കു സാധിച്ചതിൽ വളരെ സന്തോഷമുണ്ട്.

പ. പാത്രിയർക്കീസ് ബാവായുടെ സഭാ സമാധാന കല്പന

നമ്പർ 447

സർവ്വശക്തനായി, സാരാംശ സമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ തിരു നാമത്തിൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹിക സിംഹാസനത്തിന്റെ ബലഹീനനായ യാക്കോബ് തൃതീയൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

അന്ത്യോഖ്യായുടെയും കിഴക്ക് ഒക്കയുടെയും പത്രോസിനടുത്തതും ശ്ലൈഹികവുമായ സിംഹാസനത്തിന്റെ അധികാരസീമയിൽപെട്ട മലങ്കരയി ലെയും ഇൻഡ്യയിലെയും നമ്മുടെ സ്നേഹഭാജനങ്ങളായ ശ്രേഷ്ഠ മെത്രാ പ്പോലീത്തന്മാർ ബഹുമാന്യ കോർഎപ്പിസ്കോപ്പന്മാർ, സുകൃതമുള്ള ദയ റാക്കാർ, വെൺമയുള്ള കശീശന്മാർ, നിർമ്മലരായ ശെമ്മാശന്മാർ എന്നി വർക്കും വിശ്വാസികളായ സകല സുറിയാനി ജനതയ്ക്കും ദൈവമാതാവായ മറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ ദിവ്യസമാ ധാനവും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

നിങ്ങളുടെ ആത്മികവും ശാരീരികവുമായ ക്ഷേമം അന്വേഷിച്ചുകൊണ്ട് നാം പറയുന്നത്:- “സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. അവർ

ദൈവമക്കൾ എന്നു വിളിക്കപ്പെടും" എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നു. "സമാധാനം" എന്ന വചനം എത്ര ഇമ്പവും, ശ്രവണ മധുരവും ഹൃദയാവർജ്ജകവുമാകുന്നു. എന്തെന്നാൽ സമാധാനം ഇടിഞ്ഞവയെ പണിയുകയും വിടവുകളെ അടയ്ക്കുകയും ഹൃദയങ്ങളെ സംയോജിപ്പിക്കുകയും ഒരു ജനതയുടെ അവയവങ്ങളെ കൂട്ടിച്ചേർത്ത് വളർത്തുകയും ഏക സഭയുടെ മക്കളെ ഏക ഐക്യതയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. സ്വർഗ്ഗം ഭൂമിയോട് കോപിച്ചിട്ട് അയ്യായിരം സംവത്സരങ്ങൾക്കു ശേഷം രക്ഷാകരമായ മനുഷ്യാവതാരം മുഖാന്തരം ഇതുപോലൊരു മാസത്തിൽ ദൈവം ആ വിശുദ്ധ സമാധാനം ഭൂതലത്തിനു നൽകി.

ഏതാണ്ട് അമ്പത് സംവത്സരങ്ങൾക്കു മുമ്പ് മലങ്കര സുറിയാനി സഭയിൽ ആവിർഭവിച്ചതായ തർക്കം, നാനാപ്രകാരേണ സഭയെ ക്ഷീണിപ്പിച്ച് ക്ഷയിപ്പിച്ചു എന്ന കാര്യം ഒരു രഹസ്യമല്ല. പ്രാരംഭം മുതലെ സഭാ സ്നേഹികളും ദൈവഭക്തരുമായ അനേകരും സമാധാനവും ഐക്യവും ഈ ഭിന്നതയ്ക്ക് ഒരു പരിഹാരവും ദർശിക്കുന്നതിന് ഏറ്റം ആഗ്രഹിച്ചിരുന്നിട്ടും അത് സാധിക്കാതെ ദുഃഖനിമഗ്നരായി ഐഹികവാസം വെടിയുവാനിടയായി. നാമും മലങ്കരസഭയിൽ സമാധാനവും ഏകഗാത്രത്തിന്റെ അവയവങ്ങളുടെ ഐക്യവും, കാണുന്നതിന് പണ്ടേ തന്നെ അഭിലഷിച്ചിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്മേലുള്ള നമ്മുടെ സ്ഥാനാരോഹണത്തിനു ശേഷം, നിങ്ങൾക്കയച്ച നമ്മുടെ ശ്ലൈഹികമായ ഔദ്യോഗിക ലേഖനത്തിൽ ഈ വാഞ്ഛ നാം വിശദമാക്കിയിട്ടുണ്ട്. നമ്മുടെ ഈ അഭിവാഞ്ഛ തണുത്തുപോകാതെ ദൈനംദിനം തീക്ഷ്ണമായി ശക്തിപ്പെട്ടുവരികയും നാം മുഖാന്തരം ഈ വിടവ് അടയ്ക്കുവാൻ തക്കവണ്ണം ദൈവംതമ്പുരാൻ പ്രസാദിക്കുകയും ചെയ്തിരിക്കുന്നു. തന്റെ നാമത്തിനു മഹത്വം.

മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേണ്ടതിലേക്കായി ഇതിനാൽ മോർ ബസ്സേലിയോസ് ഗീവറുഗീസിനെ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു.

ആകയാൽ നിങ്ങൾ ആനന്ദഭരിതരായി ഭവിക്കുന്ന സമാധാനത്തിന്റെ ഈ മാസത്തിൽ ശാന്തിയുടെ സ്വാഗതാർഹവും, ഹൃദ്യവുമായ ഭാവുകങ്ങൾ നിങ്ങൾക്ക് ഇതോടൊപ്പം നാം ആശംസിക്കുന്നു. കർത്താവ് തന്റെ ഐശ്വര്യമേറിയ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ വർഷിക്കുന്നതിനു നാം പ്രാർത്ഥിക്കുന്നു. അസൂയാർഹവും സകല സുകൃതങ്ങളാലും സമലംകൃതവും ആയ ജനമായി നിങ്ങൾ തീരുന്നതിനുവേണ്ടി തന്റെ ഉത്തമ തിരുഹിതത്തിന് പ്രീതികരമായ ദിവ്യപരിപാലനം കൊണ്ടും ആരോഗ്യം കൊണ്ടും സുഭിക്ഷത കൊണ്ടും ദൈവംതമ്പുരാൻ നിങ്ങളെ ധന്യരാക്കി തീർക്കുമാറാകട്ടെ.

ആയതു തന്റെയും തന്റെ പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും കൃപയാലും, കരുണയാലും തന്നെ. ആമ്മീൻ.

ആകാശങ്ങളിലിരിക്കുന്ന...

നമ്മുടെ പാത്രിയർക്കാ വാഴ്ചയുടെ രണ്ടാം ആണ്ട് ക്രിസ്തബ്ദം 1958 ഡിസംബർ 9-നു സിറിയായിൽ ഹോംസിലെ നമ്മുടെ അരമനയിൽ നിന്നും.

പ. കാതോലിക്കാബാവായുടെ
സഭാസമാധാന കല്പന

നമ്പർ 105

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരുഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ അധികാരസീമയിൽപ്പെട്ട നമ്മുടെ സ്നേഹഭാജനങ്ങളായ മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ ഇവർക്കും വിശ്വാസികളായ ജനങ്ങൾക്കും ദൈവിക കൃപയും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുവന്ന അസമാധാനവും കലഹങ്ങളും അവസാനിപ്പിക്കുന്നതിനു കാലം ചെയ്ത മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും പല ശ്രമങ്ങളും നടത്തിയതിൽ സമാധാനം കൈവരുത്തുന്നതിനു സാധിക്കാതെയിരുന്നതിൽ നാം എപ്പോഴും ദുഃഖത്തിൽ ഇരുന്നിരുന്നു. എന്നാൽ അസമാധാനം തീർത്ത് ഒന്നായിത്തീരുന്നതിനുള്ള സന്നദ്ധത കാണിച്ചു നാം ഒന്നായിച്ചേർന്നിരിക്കുന്നതിനാൽ നാം അത്യധികം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഭയിലെ സമാധാനത്തിനുവേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മോറോൻ മാർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരയുള്ള മേല്പട്ടക്കാരെയും ടി ഭരണ ഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിനു നമുക്ക് സന്തോഷമുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

എന്ന്

1958 ഡിസംബർ 16-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

പുത്തൻകാവ് അസോസ്യേഷൻ

സഭാസമാധാനം കൈവരുന്നതിനു മുമ്പുതന്നെ അസോസ്യേഷൻ കൂടുന്നതു സംബന്ധിച്ച് നോട്ടീസുകൾ അയച്ചിരുന്നതനുസരിച്ച് പുത്തൻകാവു പള്ളിയിൽ 1958 ഡിസംബർ 26-നു പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ അസോസ്യേഷൻ കൂടി. വട്ടിപ്പണസ്ഥാപകനും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന വലിയ മാർ ദീവന്നാസ്യോസ് അദ്ദേഹത്തിന്റെ സ്വന്ത പ്രയത്നത്താൽ പണികഴിപ്പിച്ചിട്ടുള്ളതാണ് ഈ ദേവാലയം (ഇന്നു സെന്റ് മേരീസ് കത്തീഡ്രൽ). ഇവിടെ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

കാതോലിക്കേറ്റിന്റെ രത്നദീപവും പ്രസിദ്ധ വാഗ്മിയും മലങ്കരസഭയുടെ ഗാനകോകിലവുമായിരുന്ന ഗീവറുഗീസ് മാർ പീലക്സിനോസ് അന്ത്യവിശ്രമം കൊള്ളുന്നത് ഈ പള്ളിയിലാണ്. മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ പ. ബാവാ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കര ട്രസ്റ്റ് സ്വത്തുക്കൾക്ക് മലങ്കര മെത്രാപ്പോലീത്തായുടെ സഹട്രസ്റ്റിമാരായി മണലിൽ ദിവ്യശ്രീ യാക്കോബു കത്തനാരെയും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ആയിരത്തോളം പള്ളികളുടെ പ്രതിനിധികളായി വൈദികരുൾപ്പെടെ മൂവായിരം പേരും മാർ യൂലിയോസും പന്ത്രണ്ടു മെത്രാപ്പോലീത്തന്മാരും പത്തു ലക്ഷത്തിൽപ്പരം വരുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പ്രതിനിധികളും ഒന്നിച്ചുകൂടിയ പുത്തൻകാവു സമ്മേളനം ബ്രഹത്തായ സുറിയാനിസഭയുടെ ചൈതന്യത്തിന്റെ പ്രഭ പരത്തുവാൻ പര്യാപ്തമായിരുന്നു. പ. ബാവായുടെ അദ്ധ്യക്ഷ പ്രസംഗാനന്തരം അദ്ധ്യക്ഷവേദിയിൽ നിന്നുകൊണ്ട് അദ്ധ്യക്ഷന്റെ കൈ മുത്തിയിട്ട് പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ (ഒന്നാം ശ്രേഷ്ഠ കാതോലിക്കാ) ചെയ്ത പ്രസംഗത്തിൽ.

“ആചന്ദ്രതാരം പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങൾ അണിനിരക്കും” എന്ന് സമാധാനാന്തരം ഇദംപ്രഥമമായി പറഞ്ഞതു സഭ ഒന്നടങ്കം തുടർച്ചയായുള്ള ഹസ്താഡനത്തോടുകൂടി സ്വാഗതം ചെയ്തു. ചരിത്രപ്രധാനമായ ഈ പ്രഖ്യാപനം പക്ഷേ ഒരു വഞ്ചനയായിരുന്നു.

പീലക്സിനോസിന്റെ പ്രസംഗം പൂർണ്ണരൂപം

“ഈ അവസരത്തിൽ രണ്ടു വാക്കു പറവാൻ അവസരം കിട്ടിയത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഈ സമാധാനത്തിനുവേണ്ടി ഞങ്ങൾ തീവ്രമായി പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്തു. ദൈവം തിരുഹിതമായ അവസരത്തിൽ ഞങ്ങൾക്ക് ഒരുമിച്ചുകൂടിയിരുന്നു സഭയുടെ ഭാവിയെക്കുറിച്ചു ചിന്തിക്കുവാൻ അവസരം കിട്ടി. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ആചന്ദ്രതാരം ഞങ്ങൾ അണിനിരക്കും. ഈ സിംഹാസനം എക്കാലവും ഇവിടെ നിലനില്ക്കും. അതിൽ വാഴുന്ന പൊതു പിതാവിന്റെ നേതൃത്വത്തിൽ യോജിച്ചു നിന്നു പ്രവർത്തിപ്പാൻ ദൈവം നമുക്കു സംഗതിയാക്കട്ടെ. വെറും രാഷ്ട്രീയമോ ലൗകികമോ ആയ കാര്യങ്ങളെ ഉദ്ദേശിച്ചല്ല ഞാൻ പറയുന്നത്. ഒരു പൊതുപിതാവിന്റെ നേതൃത്വത്തിൽ ഒന്നിച്ചു നിന്ന് നമ്മുടെ കർത്താവിനെ സാക്ഷിക്കുവാൻ നമുക്ക് അവസരം കിട്ടിയിരിക്കുകയാണ്. ഭാരതത്തിലെ എല്ലാ സഭകളും ഈ പൊതുപിതാവിന്റെ നേതൃത്വത്തിൽ അണിനിരക്കുന്നതിന് ഈ യോജിപ്പ് ആമുഖമായി പരിണമിക്കട്ടെ.

പരിശുദ്ധ കാതോലിക്കാ സിംഹാസനത്തിന്റെ തണലിൽ മേല്പ്പട്ടക്കാരായ ഞങ്ങൾ കയ്യോടു കൈകോർത്തു പിടിച്ചുനിന്ന് പ്രവർത്തിക്കും. പ. അന്ത്യോഖ്യാ സിംഹാസനവുമായുള്ള സ്നേഹബന്ധവും പരസ്പരധാരണയും നമ്മിൽ വർദ്ധിച്ചുവരട്ടെ. ഇനിയും ഭിന്നിച്ചു നില്ക്കുന്ന ഇൻഡ്യയിലെ ഇതര സഭാവിഭാഗങ്ങളും പ. കാതോലിക്കാ സിംഹാസനത്തിൻകീഴിൽ വന്നു നമ്മുടെ കർത്താവിനെ സാക്ഷിക്കുവാൻ ദൈവം സംഗതിയാക്കട്ടെ. നമ്മുടെ യോജിപ്പ് അതിനു വഴിതെളിക്കട്ടെ.”

സുപ്രീംകോടതി വിധിയാൽ മലങ്കരയിലെ ഭദ്രാസന ഇടവകകൾ ഭരിക്കുന്നതിനുള്ള അധികാരം, അസോസ്യേഷന്റെ തെരഞ്ഞെടുപ്പു മൂലമേ മേല്പട്ടക്കാർക്കു ലഭിക്കുമായിരുന്നുള്ളു. പാത്രിയർക്കീസ് കക്ഷിയിലെ മെത്രാപ്പോലീത്തന്മാർ പുത്തൻകാവ് അസോസ്യേഷനിൽ സംബന്ധിക്കുന്നതിനു മുമ്പ് പ. കാതോലിക്കാബാവായുടെ കല്പന അനുസരിച്ചും അസോസ്യേഷൻ പാസ്സാക്കി നിലവിലിരിക്കുന്ന ഭരണഘടനപ്രകാരവും നടന്നുകൊള്ളാമെന്നു ബാവായ്ക്കു ഉടമ്പടി എഴുതി കൊടുത്തിരുന്നു. പൗലൂസ് മാർ പീലക്സിനോസ് സ്വന്തം കൈപ്പടയിൽ എഴുതിയ ഉടമ്പടിയുടെ ശരിപകർപ്പ് താഴെ ചേർക്കുന്നു.

പൗരസ്ത്യ കാതോലിക്കാ നി.വ.ദി.മ.ശ്രീ. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സിലേക്ക്.

POULOSE PHILOXINOS METROPOLITAN

GETHSEMANE ASHRAM
PIRAMADAM
Mannathoor P. O.
Moovattupuzha
Kerala State, India

22-12-1958

സഭയിൽ സമാധാനം ഇല്ലാതെ വളരെക്കാലം കഴിഞ്ഞ ശേഷം ദൈവ കൃപയാൽ ഈ മാസം 16-ാം തീയതി അസമാധാനം അവസാനിപ്പിച്ച് യോജിക്കുന്നതിന് ഇടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

സഭയുടെ ഭാവി കാര്യങ്ങൾ തിരുമനസ്സിലെ ആജ്ഞയിൻകീഴിൽ ഭംഗിയായി നടക്കുമെന്നു വിശ്വസിക്കുന്നു. അവയുടെ നിവർത്തിക്ക് സഭയുടെ കാനോനാകളും, നടപ്പിലിരിക്കുന്ന ഭരണഘടനയും, അപ്പഴപ്പോൾ തിരുമേനി നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് എപ്പോഴും ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്ന് അറിയിച്ചുകൊള്ളുന്നു.

കണ്ടനാടു ഭദ്രാസന ഇടവകയുടെ

പൗലോസ് പീലക്സീനോസ് മെത്രാപ്പോലീത്താ (ഒപ്പ്)

ഐക്യത്തിനു ശേഷം

അസോസ്യേഷനെത്തുടർന്ന് സഭാസമാധാനം പ്രവൃത്തിപഥത്തിലാക്കുന്നതിനായി മുൻ കക്ഷിവ്യത്യാസം മറന്ന് ഇരുഭാഗത്തെയും തിരുമേനിമാർ ഒന്നിച്ചുചേർന്ന് പള്ളികൾ സന്ദർശിച്ച് വി. കുർബ്ബാന അർപ്പിച്ചു വന്നു. പ. കാതോലിക്കാ ബാവായുടെ സാന്നിദ്ധ്യത്തിൽ ആലുവായിലെ മാർ ഗ്രീഗോറിയോസ് ദേവലോകം അരമന ചാപ്പലിൽ വി. കുർബ്ബാന ചൊല്ലി. മാർ സേവേറിയോസ് തിരുമേനി കോട്ടയം കാരാപ്പുഴ ചാപ്പലിലും പൗലൂസ് മാർ പീലക്സിനോസ് താഴത്തങ്ങാടി ചാപ്പലിലും വി. കുർബ്ബാന അർപ്പിച്ചു. മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ഓർമ്മദിനത്തിൽ പ. കാതോലിക്കാ ബാവായോടു കൂടി മാർ സേവേറിയോസും പൗലൂസ് മാർ പീലക്സിനോസും വി. മൂന്നിന്മേൽ കുർബ്ബാന പഴയസെമിനാരി ചാപ്പലിൽ അർപ്പിക്കുകയും മാർ ക്ലീമിസും മറ്റു തിരുമേനിമാരും അതിൽ സംബന്ധിക്കുകയും ചെയ്തു. ബാവാ തിരുമേനി ആലുവാ സെമിനാരിയിൽ എത്തി കാലം ചെയ്ത മാർ അത്താനാസ്യോ

സിന്റെ ഓർമ്മദിനത്തിൽ സെമിനാരി ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. ബാവാതിരുമേനി കരിങ്ങാശ്ര പള്ളിയും തൃപ്പൂണിത്തുറ നടമേൽപള്ളിയും കോതമംഗലം ചെറിയപള്ളിയും മറ്റും സന്ദർശിച്ചു.

1959 ജനുവരി 14-നു എറണാകുളത്ത് ഇപ്പോഴുള്ള സെന്റ്മേരീസ് പള്ളിയുടെ ശിലാസ്ഥാപനത്തിനായി ബാവായ്ക്ക് അന്നേദിവസം 4 മണിക്ക് നടമേൽ പള്ളിയിൽ നിന്നും എറണാകുളം വരെ ഒരു സ്വീകരണം നൽകി. തിരുമേനി സന്ധ്യാനമസ്ക്കാരത്തിനുശേഷം ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയോടുകൂടി പൗലൂസ് മാർ പീലക്സിനോസ് തിരുമേനിയും ഒന്നിച്ച് എറണാകുളത്ത് എഴുപതടി റോഡിലുള്ള അരമനയിൽ താമസിച്ചു. 15-നു പൗലൂസ് മാർ പീലക്സിനോസ് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ ബാവായുടെ സാന്നിദ്ധ്യത്തിൽ വി. കുർബ്ബാന അർപ്പിക്കുകയും തുടർന്ന് പുതിയ പള്ളിയുടെ ശിലാസ്ഥാപനം മാർ തീമോത്തിയോസ്, മാർ പീലക്സിനോസ് എന്നിവരുടെ സഹകരണത്തിൽ നടത്തുകയും ചെയ്തു.

സ്വീകരണങ്ങൾ

1958-ലെ സഭാസമാധാനത്തെ തുടർന്ന് പ. ബാവായ്ക്കു ഒട്ടധികം പള്ളികളും സ്ഥാപനങ്ങളും സ്നേഹോഷ്മളമായ സ്വീകരണങ്ങൾ നൽകി. 1952 ഒക്ടോബർ 17-നു 'വൃദ്ധൻ പുന്നൂസ് ഗോ ബായ്ക്ക്' എന്നു പറഞ്ഞു ബാവായെ അധിക്ഷേപിച്ച കുറുപ്പംപടിപള്ളി 1959-ൽ ബാവായെ ഹൃദ്യമായി സ്വീകരിച്ച് പഴയ പാപം കഴുകികളഞ്ഞു. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയും സ്വീകരണം നൽകി. പാമ്പാക്കുട പള്ളിയിൽ വച്ചു സ്വീകരണം കഴിഞ്ഞ് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ചു ഗവർണർ രാമകൃഷ്ണറാവുവിന്റെ അദ്ധ്യക്ഷതയിൽ ഗംഭീരമായ ഒരു സ്വീകരണസമ്മേളനം നടത്തപ്പെട്ടു. മഞ്ഞിനിക്കര ദയറ, കോട്ടയം പൗരാവലി, മലയാള മനോരമ, ക്നാനായ ഭദ്രാസനം എന്നിവരും ബാവായെ സ്വീകരിച്ചു സന്തോഷപ്രകടനം നടത്തി.

മലങ്കരസഭയിൽ ബഹുമുഖ വികസന പ്രവർത്തനങ്ങൾ

"എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീ കൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നതെങ്ങനെ" എന്നു യെരുശലേം ദേവാലയത്തിന്റെ തകർന്ന മതിൽ പണിത നെഹമ്യാവിന്റെ വാടിയ മുഖം കണ്ടപ്പോൾ അർത്ഥഹ്ശഷ്ട രാജാവു ചോദിച്ചതിനുള്ള നെഹമ്യാവിന്റെ മറുപടിയാണിത്. എതിർപ്പുകൾ തിമിർത്താടിയപ്പോൾ "സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും; ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും" എന്നു നെഹമ്യാവു പറഞ്ഞു. തിരു-കൊച്ചി ഹൈക്കോടതി 1951-ൽ സമുദായക്കേസിൽ

തനിക്കു ദോഷമായി വിധിച്ചപ്പോൾ പ. ഗീവറുഗീസ് രണ്ടാമനുണ്ടായത് നെഹ മ്യാവിന്റെ മനോഭാവമായിരുന്നു എന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്.

കടമ്പകൾ പലതു കടന്നു സമുദായക്കേസ് സുപ്രീംകോടതിയിൽ എത്തി. കേസിനു വേണ്ടത്ര പണമില്ല. അവിടെയും പരാജയപ്പെടുമോ എന്ന ചിന്തയും കുറെയെല്ലാം ഉണ്ടായിരുന്നു താനും. എന്നാൽ ദൈവശ്രായത്തോടെ ഒരു കൈയിൽ വാളും മറുകൈയിൽ കുലശ്ശേരും പിടിച്ചു യെറുശലേമിന്റെ മതിൽ പണിതതുപോലെ ബാവാ മലങ്കരസഭയുടെ അതിരുകളും അതിനുള്ളിലെ ആധ്യാത്മിക പ്രസ്ഥാനപ്രവർത്തനങ്ങളും ശക്തിപ്പെടുത്തി. പ്രായം എൺപതു കഴിഞ്ഞിട്ടും ഒരു യുവാവിന്റെ ചങ്കുറപ്പോടും ചൈതന്യത്തോടും ബാവാ സഭാമക്കളെ സന്ദർശിച്ചു വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും സന്തോ ഷിക്കുന്നതിനും ഭാരതപര്യടനത്തോടുപമിക്കത്തക്കവിധത്തിൽ ബാഹ്യകേ രള ഭദ്രാസനങ്ങളും ബോംബെ, പൂനെ, തിരുച്ചിറപ്പള്ളി, കൽക്കട്ട മുതലായ വൻനഗരങ്ങളും സന്ദർശിച്ചു. ഈ യാത്രയിലാണു ബോംബെയിലെ പ്രഥ മവും പ്രധാനപ്പെട്ടതുമായ ദാദർ സെന്റ് മേരീസ് പള്ളി കൂദാശ ചെയ്തത്. പള്ളിപണിക്കു ഒരു കട്ടയ്ക്കു ഒരു രൂപ എന്ന കണക്കിൽ മിസിസ് അച്ചാമ്മ മത്തായി മലങ്കരയിൽ എങ്ങും നടന്നു പണം ശേഖരിച്ചിരുന്നു.

അലക്സിയോസ് മാർ തേവോദോസിയോസിന്റെ പ്രായസഹജമായ ക്ഷീണത്തെ മുൻനിർത്തി, വൈദികസെമിനാരി പ്രിൻസിപ്പൽ ആയിരുന്ന വട്ട ക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസിനെ രണ്ടാമത്തെ ബാഹ്യകേ രള ഭദ്രാസനാധിപനായി നിയമിച്ചു. നേരത്തെ വിശ്വാസവീരനായിരുന്ന അല ക്സിയോസ് മാർ തേവോദോസിയോസ് ബാഹ്യകേരള ഭദ്രാസനത്തിനു രൂപവും ഭാവവും നൽകി ശക്തമായ അടിസ്ഥാനമിട്ടിരുന്നു. രണ്ടാമത്തെ ഭദ്രാ സനാധിപൻ പിന്നീട് ബാഹ്യകേരളത്തെ മദ്രാസ്, ബോംബെ, കൽക്കട്ടാ, ഡൽഹി ഭദ്രാസനങ്ങളാക്കി തിരിച്ച് അതിനെ വൻവികസനത്തിന്റെ പാളത്തി ലാക്കി. ഇന്ത്യയിൽ ചിതറിപ്പാർക്കുന്ന മലങ്കരസഭാംഗങ്ങളെല്ലാം ഇന്ന് ഉറ പ്പുള്ള ഈ ഭദ്രാസന പാളങ്ങളിലൂടെ സഞ്ചരിച്ചു ലക്ഷ്യസ്ഥാനങ്ങളിൽ എത്തു ന്നു.

1953-ൽ വാഴിച്ച അഞ്ചു മെത്രാന്മാരിൽ ഒരാളായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസിനെ അവികസിത മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി ബാവാ തിരുമേനി നിയമിച്ചു. 1924-ൽ ആരംഭിച്ച സ്ലീബാദാസ സമൂഹത്തിന്റെ അദ്ധ്യക്ഷനായ അദ്ദേഹത്തിന്റെ ആസ്ഥാനം ഒരു നല്ല കസേരപോലും ഇല്ലാതിരുന്ന മുളന്തുരുത്തിയിലെ കർമ്മേൽ ദയറാ ആയിരുന്നുവെങ്കിലും നിശ്ചിതകാലയളവിൽ മിനിറ്റു തെറ്റാതെയുള്ള മലബാർ ഭദ്രാസന സന്ദർശന പരിപാടികൾ മൂലം ചിതറിപ്പോയ ഓർത്തഡോക്സ് സഭാംഗങ്ങളെ ചേർത്ത് ഒട്ടധികം പുതിയ ഇടവകകൾ രൂപവൽക്കരിക്കാനും പുതിയ പള്ളികൾ പണിയാനും പഴയ ഓലഷെഡ്ഡുപള്ളികൾ പുതുക്കി

ഓടിടാനും മാർ ഒസ്താത്തിയോസിനു സാധിച്ചു. രസകരമായ മലബാർ പര്യടന വിവരങ്ങൾ ചർച്ച്വീക്കിലിയിൽ ചേർത്തിരുന്നു. 1960-ൽ പ. ബാവാ മലബാർ സന്ദർശിക്കുകയും സുൽത്താൻബത്തേരി പള്ളിയുടെ കൂദാശ നടത്തുകയും കോഴിക്കോട്ടു വച്ചു എല്ലാ മതവിഭാഗങ്ങളും ചേർന്നു നൽകിയ വൻ സ്വീകരണം ഏറ്റുവാങ്ങുകയും ചെയ്തു. വനമേഖലകളാൽ വലയം ചെയ്യപ്പെട്ടിരുന്ന സുൽത്താൻബത്തേരി സ്കൂളും, കോളജും പുകൾപെറ്റ സഹകരണബാങ്കും എല്ലാം സ്ഥാപിച്ചും ആധുനിക കൃഷിമാതൃകകൾ കാണിച്ചുകൊടുത്തും ഒരു പുത്തൻ പുരമാക്കിയ മുൻ വൈദികട്രസ്റ്റി പ്രഗൽഭനായ ഫാ. നൂറനാൽ മത്തായി കത്തനാരെ ആർക്കും മറക്കാൻ സാധ്യമല്ല.

അതു പോലെതന്നെ ബാവായുടെ കാലത്തു മിഷൻ ബോർഡിന്റെ കൊടിക്കപ്പലായിരുന്ന പുതുപ്പാടി സെന്റ് പോൾസ് ബാലഭവനത്തിനും ആശ്രമത്തിനും വേണ്ടി 25 ഏക്കർ സ്ഥലം സംഭാവന നൽകിയ പ്രശസ്തമായ മണമേൽ കുടുംബത്തേയും ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. പുതുപ്പാടി പള്ളിക്കുള്ള സ്ഥലവും മണമേൽ കുടുംബം നൽകിയതാണ്. പുതുപ്പാടി ബാലഭവനുവേണ്ടി പണം ഇല്ലാതിരുന്ന പ. കാതോലിക്കാ ബാവായിൽ നിന്നു 100 രൂപ കൈനീട്ടം വാങ്ങിക്കൊണ്ടാണു ഫാ. എം. വി. ജോർജ്ജും, ഫാ. പി. എം. തോമസും പുതുപ്പാടിയിലേക്കു പോയതും ആ കൈനീട്ടം നൂറുമേനി വിളയിപ്പിച്ചതും സഭയ്ക്ക് ഒരഭിമാനമാണ്. ഇന്ന് ബാലഭവൻ കുട്ടികളിൽ നാലു പേർ ഡോക്ടർമാരായി വളർന്നുകഴിഞ്ഞു. ഇതൊരപൂർവ സംഭവമാണല്ലോ.

സഭാംഗങ്ങളുടെ സംഭാവനയായി സ്ലീബാദാസ സമൂഹത്തിനു ലഭിച്ചു വന്ന പണം ഒരിക്കലും കൈവിട്ടു കളിക്കാതെ ഒരു നല്ല പിശുക്കനെപ്പോലെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചിരുന്ന സിദ്ധനായ ഒരു മെത്രാപ്പോലീത്താ ആയിരുന്നു പത്രോസ് മാർ ഒസ്താത്തിയോസ്. ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് ആരെങ്കിലും കാർഡിൽ കത്തയച്ചാൽ അദ്ദേഹം അനിഷ്ടം പ്രകടിപ്പിക്കുമായിരുന്നു. എന്നാൽ പത്രോസ് മാർ ഒസ്താത്തിയോസ് വടിവൊത്ത സ്ഫുടമായ കൈയക്ഷരത്തിൽ കാർഡിൽ മാത്രമേ ബാവായ്ക്കും കത്തയച്ചിരുന്നുള്ളു. ഒരു കാർഡിൽ, ഒരു ഇൻലൻഡിൽ എഴുതാവുന്നതിൽ കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കും. മെത്രാച്ചന്റെ കാർഡു കിട്ടുമ്പോൾ "അയാൾ അങ്ങനെയേ അയയ്ക്കുള്ളു. എന്തു ചെയ്യാം" എന്നു പറഞ്ഞു സസന്തോഷം വായിക്കും. ഒരിക്കൽ ബാവാ മെത്രാച്ചനോട് കാർഡിൽ കത്തെഴുതുന്നതിനെപ്പറ്റി ചോദിച്ചു. "കാർഡിൽ കത്തെഴുതുന്നതു തിരുമേനിയുടെ സ്ഥാനമഹിമയെ ഒന്നും മറന്നുകൊണ്ടല്ല. തെണ്ടിപ്പിരിച്ചു കിട്ടുന്ന കാശുകൊണ്ട് കാർഡു വാങ്ങാനേ സാധിക്കുന്നുള്ളു." ബാവാ തിരുമേനി ഉള്ളുതുറന്നു ചിരിച്ചുകൊണ്ടു മെത്രാച്ചന്റെ തോളിൽ ഒന്നു തലോടി. പ്രഗല്ഭനായ വട്ടശ്ശേരിൽ തിരുമേനിയും കത്തുകൾക്കു ഉടൻ മറുപടി നൽകുമായിരുന്നു.

ഇന്നു പല മെത്രാച്ചന്മാരും കത്തുകൾക്കു മറുപടി നൽകില്ല. മറുപടി നൽകുന്നതു ചില ഉന്നതസ്ഥാനികൾക്കു മോശമാണത്രെ!

അഞ്ചാറു ദശാബ്ദങ്ങൾക്കു മുമ്പ് മൂവാറ്റുപുഴ വച്ചു നടന്ന സ്ലീബാദാസ സമൂഹവാർഷികത്തിൽ പത്രോസ് മാർ ഒസ്താത്തിയോസ് "മലങ്കരസഭയുടെ പൗലോസ് ശ്ലീഹായാണ്" എന്നത്രെ പ. ബാവാ വിശേഷിപ്പിച്ചത്. ഞാനും ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. മലങ്കര അസോസിയേഷൻ 1953-ൽ മെത്രാൻസ്ഥാനത്തേക്കു മൂന്നു പേരെ തെരഞ്ഞെടുത്തു. അപ്പോൾ തനിക്കു യോഗ്യരായ രണ്ടു സ്ഥാനാർത്ഥികൾ ഉണ്ടെന്നു പറഞ്ഞു മൂക്കഞ്ചേരിൽ പത്രോസ് റമ്പാന്റെയും ഓതറ ദയറായിലെ ഇ. മാത്യൂസ് റമ്പാന്റെയും പേരുകൾ ബാവാ പറയുകയും സഭാ മാനേജിംഗ് കമ്മിറ്റി കൈയടിച്ച് അതു സഹർഷം സ്വാഗതം ചെയ്യുകയുമാണുണ്ടായത്. കാതോലിക്കാബാവായും മലങ്കര മെത്രാപ്പോലീത്തായുമായ തിരുമേനിക്ക് ഇതിനധികാരമുണ്ടോ എന്നും മലങ്കര അസോസിയേഷൻ അല്ലേ അവരെ തെരഞ്ഞെടുക്കേണ്ടതെന്നും പിന്നെ ചോദിക്കാൻ നിയമം കൈയിൽ എടുക്കുന്ന ഒരാളിന്റെയും നാക്കു പൊങ്ങിയില്ല. അതുപോലെതന്നെ സിംഹതുല്യമായ അധികാരമുള്ള ഇന്നത്തെ ബാവാ കുഞ്ഞാടിനെപ്പോലെ ശാന്തനായി ഏവരോടും സമഭാവനയോടും സൗമ്യതയോടും സ്നേഹത്തോടും കൂടി പെരുമാറുമ്പോൾ അതു ബലഹീനതയാണെന്നു തെറ്റിദ്ധരിക്കുന്നതിനും അദ്ദേഹത്തെ ധിക്കരിക്കുന്നതിനും അദ്ദേഹത്തിന്റെ ആത്മീയാധികാരത്തെ ചോദ്യം ചെയ്യാനും അദ്ദേഹത്തിനെതിരെ കേസ് കൊടുക്കാനും മാനേജിംഗ് കമ്മിറ്റിയിലെ ഏതാനും കറുത്ത ആടുകൾ പിന്നിൽ നിന്നു കുത്താനും ശ്രമിക്കുന്നത് സ്വന്തം നിഴലിനോടു വഴക്കിടുന്ന കശ്മലന്മാരാണെന്നു സ്ഥാപിക്കാൻ കോടതികളിലെ സങ്കീർണ്ണസ്വഭാവമുള്ള വാദമുഖങ്ങൾ ഉന്നയിക്കേണ്ടതില്ല. ദൈവത്തിന്റെ അഭിഷിക്തരായ വട്ടശ്ശേരിൽ തിരുമേനിയെയും ഗീവറുഗീസ് ദ്വിതീയൻ ബാവായേയും കാശുണ്ടെന്ന തണ്ടോടുകൂടി വേണ്ടാത്ത കേസുകൾ കൊടുത്തു ശാപം വാങ്ങി മുടിഞ്ഞ ചിലരുടെ കുടുംബങ്ങൾ കോട്ടയത്തു തന്നെ ഏതാണ്ട് അന്യം നിന്ന ചരിത്രം ആധുനികമാണല്ലോ.

അവശവിഭാഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന സ്ലീബാദാസ സമൂഹത്തിന്റെ വാർഷികയോഗങ്ങളിലും വിദ്യാർത്ഥിനി വിദ്യാർത്ഥി കോൺഫ്രൻസുകളിലും എല്ലാ വർഷവും പങ്കെടുത്തുവന്ന ബാവായ്ക്കു സുവിശേഷവേലയുടെയും വളരുന്ന യുവജനങ്ങളുടെയും സഭയിലെ സ്ഥാനം ശരിക്കറിയാമായിരുന്നു. ഞാനും ബാവായോടൊപ്പം വാർഷികത്തിൽ പ്രസംഗിച്ചിട്ടുണ്ട്. സ്ത്രീകൾ സഭയിൽ മർത്ത മറിയം സമാജത്തിലൂടെ കൂടുതൽ പങ്കാളിത്തം വഹിച്ചു പ്രവർത്തിച്ചതിന്റെ ഫലമായിട്ടല്ലേ അവർ ദേവലോകം ചാപ്പൽ പണിയുന്നതിനു ഗണ്യമായ തുക സസന്തോഷം സംഭാവന ചെയ്തത്. ദേവലോകത്തെ പഴയ കെട്ടിടത്തോടനുബന്ധിച്ചു മിസിസ്സ് പുന്നൻ ലൂക്കോസ്

ഭാഗ്യസ്മരണാർഹനായ കെ. കെ. ലൂക്കോസിന്റെ സ്മരണാർത്ഥം അന്നു കാൽ ലക്ഷം രൂപ ചെലവാക്കി ഒരു കെട്ടിടം നിർമ്മിച്ചുകൊടുത്തു. അവിടെയാണ് ഇന്നത്തെ സഭാ കേന്ദ്ര ഓഫീസ് വരുന്നതുവരെ, പഴയ ഓഫീസ് പ്രവർത്തനം നടത്തിവന്നത്. മലങ്കരസഭാമാസിക ഓഫീസ് ഇന്നവടെയാണ് പ്രവർത്തിക്കുന്നത്.

അത്യാധുനിക ഭരണകാര്യാലയം കാതങ്ങൾ അകലെ

ഇരുപതാം നൂറ്റാണ്ടിൽ വ്യവസ്ഥാപിതവും ക്രമീകൃതവുമായ സെക്രട്ടറിയേറ്റ് (ഭരണകാര്യാലയം) മലങ്കരസഭയ്ക്കു സംവിധാനം ചെയ്യാൻ സാധിച്ചില്ല. ഇന്നത്തെ ഭരണസംവിധാനം താരതമ്യേന വളരെ മെച്ചമാണെന്നു പറയാം. ആധുനിക സാങ്കേതിക നിലവാരത്തിൽ എത്തണമെങ്കിൽ ഇനിയും കാതങ്ങൾ സഞ്ചരിക്കണം. ഇപ്പോൾ ദേവലോകത്തു നിർമ്മിച്ചിരിക്കുന്ന പണിതീരാത്ത കാര്യാലയത്തിൽ കമ്പ്യൂട്ടർ സംവിധാനം ഇണക്കുമ്പോൾ വലിയ മാറ്റങ്ങൾ സംഭവിക്കും. സഭയുടെ കേന്ദ്രം വിചാരിച്ചാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ പുതിയ കാര്യാലയം കാര്യക്ഷമമാക്കാനാവും.

ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കാലത്തു ക്രമീകൃത സഭാസെക്രട്ടറിയേറ്റിനു പുത്തൻകാവ് കൊച്ചുതിരുമേനിയും പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാനും കൂടി ചില ശ്രമങ്ങൾ നടത്തി പരാജയപ്പെട്ട കഥ അറിയുന്നതു നന്നായിരിക്കും.

ഇതു സംബന്ധിച്ചു "പുത്തൻകാവു കൊച്ചുതിരുമേനി: മലങ്കരസഭയുടെ രത്നദീപം" എന്ന പുസ്തകത്തിൽ പത്തു കൊല്ലം മുമ്പ് ഇങ്ങനെ എഴുതി.

മലങ്കരസഭയ്ക്ക് ശക്തമായ ഒരു ഭരണ സംവിധാനം ഉണ്ടായിരിക്കണമെന്ന് ആഗ്രഹിച്ച പുത്തൻകാവ് തിരുമേനി അതിനായി വളരെയേറെ പ്രയത്നിച്ചു. അക്കാലത്ത് ഓർത്തഡോക്സ് സഭയുടെ സിരാകേന്ദ്രം കോട്ടയം പഴയസെമിനാരിയായിരുന്നു. കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനവും, വൈദികസെമിനാരിയും എല്ലാം അവിടെത്തന്നെ. സഭയിലെ എല്ലാ ഭദ്രാസനങ്ങളിലേക്കും അയക്കേണ്ട കല്പനകളും, മറ്റ് നിർദ്ദേശങ്ങളും, ഇതര സഭകളും, വിവിധ സ്ഥാപനങ്ങളുമായുള്ള എഴുത്തുകുത്തുകളും എല്ലാം മലങ്കര മെത്രാപ്പോലീത്തായുടെ ആഫീസിൽ നിന്നു വേണം അയക്കാൻ. വളരെ പരിമിത സൗകര്യങ്ങളേ പഴയസെമിനാരിയിലേ ഓഫീസിൽ ഉണ്ടായിരുന്നുള്ളു. കാര്യക്ഷമതയറ്റ രീതിയിലാണ് അവിടെ കാര്യങ്ങൾ നടന്നു വന്നതും. സഭാകേന്ദ്രത്തിലേക്ക് ആരെങ്കിലും ഒരു കത്തയച്ചാൽ അതിന് നേരത്തും കാലത്തും അന്നും വ്യക്തമായ മറുപടി കിട്ടിയെന്നു വരില്ല.

മുളന്തുരുത്തി സുന്നഹദോസിന് മുൻപ് മലങ്കരയിൽ ഒരു മെത്രാപ്പോലീത്താ മാത്രം ഉണ്ടായിരുന്ന കാലത്തു ഔദ്യോഗിക കാര്യങ്ങൾ

നടത്തിക്കൊണ്ടു പോകുന്നതിന് ഒരു 'ആപ്പീസ്' ഉണ്ടായിരിക്കണമെന്ന് പഴയ തലമുറക്കാർ ചിന്തിച്ചു കാണില്ല. ഭരണ സംബന്ധമായ തീരുമാനങ്ങൾ ജനങ്ങളേയും, പള്ളിക്കാരേയും അറിയിക്കുന്നതിന് ഒരു റൈട്ടർ, അഥവാ ഗുമസ്ഥൻ ഉണ്ടായാൽ മതിയാകും. അയാൾക്ക് നിലത്തിരുന്ന് കടലാസ് വെച്ച് എഴുതുന്നതിന് ഒരു പെട്ടിയോ, ഉയരം കുറഞ്ഞ ചെറിയ മേശയോ, ഒരു മഷിക്കുപ്പി, ഒന്നോ രണ്ടോ സ്റ്റീൽ പെൻ, ഒരു പെൻസിൽ, ഇത്രയും ഉണ്ടെങ്കിൽ അന്നത്തെ ആപ്പീസായി. കസാലയിൽ ഇരുന്ന് മേശപ്പുറത്തു വെച്ച് എഴുതുക എന്ന പണി അന്നുണ്ടായിരുന്നില്ല. പുല്പായ വിരിച്ച് നിലത്ത് ഇരുന്നാണ് എഴുത്ത്. അതിനാണ് പെട്ടിയോ, ഉയരം കുറഞ്ഞ മേശയോ ഉപയോഗിക്കുന്നത്. മെത്രാപ്പോലീത്തായുടെ തീർപ്പുകളും, നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന കൽപ്പനകളുടെ രത്നച്ചുരുക്കമോ, വളരെ പ്രാധാന്യമുള്ളവയുടെ പകർപ്പുകളോ എഴുതിവെക്കുന്നതിന് ഒരു 'കല്പന ബുക്ക്' കൂടി ഉണ്ടെങ്കിൽ ആപ്പീസ് പൂർണ്ണമായി. അതിലും പുരാതന കാലത്ത് മെത്രാന്റെ കല്പനകൾ ഓലയിൽ എഴുതി അയയ്ക്കാറാണ് പതിവ്. അന്ന് കേരളത്തിൽ പൊതുവെ ഓലക്കരണങ്ങളായിരുന്നു ഉണ്ടായിരുന്നത്. 1800-ൽ (കൊല്ലം 955 മിഥുനം 15-നു) മാർത്തോമ്മാ 6-ാമൻ (വലിയ മാർ ദീവന്നാസ്യോസ്) ഓലയിൽ ഒരു കല്പന എഴുതിയതായി ചരിത്രഗ്രന്ഥങ്ങളിൽ കാണാം. *നിരണം ഗ്രന്ഥവരി* മുഴുവൻ ഓലയിൽ എഴുതിയതാണല്ലോ. ഓലയിൽ എഴുതുന്ന കാലത്ത് ഒരു നാരായവും, കുറെ ഓലയും, ഓല മുറിക്കുന്നതിന് ഒരു പിശ്ശാങ്കത്തിയും ഉണ്ടായാൽ അന്നത്തെ ആഫീസായി. ഓലയും, നാരായവും മാറ്റിവച്ച് കടലാസിൽ എഴുതാൻ തുടങ്ങിയ രീതി യാതൊരു മാറ്റവും കൂടാതെ വളരെ നാൾ നീണ്ടു. കാലത്തിനടുത്ത പരിഷ്കാരങ്ങൾ വേണമെന്ന് പലരും മുറവിളി കൂട്ടാൻ തുടങ്ങിയതിന്റെ ഫലമായി നിലത്തിരുന്ന് എഴുതുന്ന പതിവ് ഉപേക്ഷിച്ച് എഴുതുന്ന ആൾക്ക് മേശയും, കസേരയും ലഭിച്ചു. 1944 ലാണ് കുറെക്കൂടി സൗകര്യങ്ങൾ ഓഫീസിൽ ഉണ്ടാകണമെന്ന സഭാ നേതാക്കൻമാരുടെ നിർദ്ദേശത്തെ മലങ്കര മെത്രാപ്പോലീത്താ വൈമനസ്യത്തോടെയെങ്കിലും സമ്മതിച്ചത്.

പള്ളികളിൽ അഭിപ്രായവ്യത്യാസങ്ങളും, വഴക്കുകളും ഉണ്ടാകുക സാധാരണമാണല്ലോ. അവ സംബന്ധിച്ച പരാതികൾ കേട്ട് തീർപ്പു കല്പിക്കുക പ്രയാസമുള്ള കാര്യമായിരുന്നു. നാലു കക്ഷികൾ ഉണ്ടെങ്കിൽ നാലായിരിക്കും അഭിപ്രായം. ഓരോരുത്തരും അവരവരുടെ വാദഗതിക്കുള്ള തെളിവുകളും, രേഖകളും ഹാജരാക്കുകയും ചെയ്യും. ആദ്യം വരുന്ന ആളിന്റെ വാദങ്ങളും തെളിവുകളും കേട്ട് ഒരു തീർപ്പ് കൽപ്പിക്കും. അപ്പോഴേക്കും രണ്ടാമത്തെ പാർട്ടി പഴയസെമിനാരിയുടെ പടി കടന്ന് വരും. അയാളുടെ വാദം കേട്ട് മറ്റൊരു തീർപ്പ് കൽപ്പിക്കും. അതാ വരുന്നു മൂന്നാമത് ഒരു കൂട്ടർ. മുൻപ് രണ്ടു പേർക്കും കൊടുത്തതിൽ നിന്ന് വിഭിന്നമായ ഒരു കല്പനയും കൊണ്ട്

മൂന്നാമൻമാർ മടങ്ങും. പിന്നെ നാലാമത്തെ സംഘത്തിന്റെ ഊഴമായി. വളരെ പ്രബലനായ ഒരു നേതാവിനെയും കൊണ്ടായിരിക്കും അവരുടെ വരവ്. അപ്പോൾ അവർക്ക് അനുകൂലമായ ഒരു തീരുമാനമായിരിക്കും രേഖപ്പെടുത്തിക്കൊടുക്കുക. അങ്ങനെ ഒരു തർക്കം സംബന്ധിച്ച് രണ്ടോ, മൂന്നോ, നാലോ തരത്തിലുള്ള തീർപ്പുകൾ കൽപ്പിക്കപ്പെടുക അസാധാരണമായിരുന്നു എന്നു കരുതാൻ വയ്യ. അതു മൂലമുണ്ടാകുന്ന ആശയക്കുഴപ്പങ്ങൾ തീർപ്പു കൽപ്പിച്ച മെത്രാച്ചനെ വളരെ ശല്യപ്പെടുത്തിയെന്ന് പറയാനും പറ്റില്ല. "തനിക്ക് എന്തു തീരുമാനം ചെയ്യാനുമുള്ള അധികാരം ഉണ്ട്" എന്നായിരുന്നു വയോവൃദ്ധനായ കാതോലിക്കോസ് - മലങ്കര മെത്രാപ്പോലീത്തായുടെ ഉറച്ച ബോധ്യം. പരാതികൾ സ്വീകരിക്കുക, അവ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ശേഖരിക്കുക എന്നിവ ഓഫീസ് മുഖാന്തരം ക്രമമായി ചെയ്യണമെന്ന് പിന്നീട് അഭിപ്രായമുണ്ടായി. എടുക്കുന്ന തീർപ്പിന്റെ അസ്സൽ ആപ്പീസിൽ സൂക്ഷിക്കുകയും, അവ ഓരോ കോപ്പി കക്ഷികൾക്ക് അയയ്ക്കുകയും ചെയ്യേണ്ടിയിരുന്നു. ഇതിനെല്ലാം നല്ല സജ്ജീകരണത്തോടു കൂടിയുള്ള ഒരു ഓഫീസും ആവശ്യമായി വന്നു. അതിനുള്ള സംവിധാനം ചെയ്യാനാണ് മാർ പീലക്സിനോസ് തിരുമേനി ശ്രമിച്ചത്.

വർഷങ്ങളായി തുടർന്നുവരുന്ന ഒരു രീതി മാറ്റി പുതിയ ഒരു സമ്പ്രദായം അവലംബിക്കുന്നതിന് പറ്റിയതായിരുന്നില്ല പഴയസെമിനാരിയിലെ അന്തരീക്ഷം. കേസും, വഴക്കും കൊണ്ട് സഭാന്തരീക്ഷവും കലുഷിതമായിരുന്നു. എത്ര കഷ്ടപ്പെട്ട് പ്രവർത്തിച്ചാലും ഫലമില്ല. ഇതിനെക്കുറിച്ച് 'ബഥേലിലെ താമര' എന്ന ചെറുഗ്രന്ഥത്തിൽ പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ ഇങ്ങനെ പറയുന്നു (പേജ് 5): "മണിക്കൂറിൽ മൂന്നര മൈൽ തുഴയുവാൻ കഴിവുള്ള ഒരു വള്ളക്കാരൻ, മണിക്കൂറിൽ നാലു മൈൽ വേഗത്തിൽ ഒഴുകുന്ന ഒരു നദിയിൽ കൂടെ ഒഴുക്കിനെതിരായി തുഴഞ്ഞാൽ മണിക്കൂറിൽ അര മൈൽ പുറകോട്ടായിരിക്കും പോകുന്നത് എന്നത് സ്പഷ്ടമാണല്ലോ. മലങ്കരസഭയിൽ സമുദായ സേവനത്തിന് ഇറങ്ങിയിട്ടുള്ള മിക്കവരുടെയും അനുഭവം ഇതാണ്. തന്മൂലം ചിലർ ഒഴുക്കു കുറഞ്ഞ ശാഖകളിലേക്കു മാറി. മറ്റു ചിലർ തുഴച്ചിൽ നിർത്തി കരയ്ക്കു ചാടി. എന്നാൽ മാർ പീലക്സിനോസാകട്ടെ ഒഴുക്കിനെതിരായി സ്ഥിരോത്സാഹത്തോടെ ഇരുപതു വർഷത്തോളം തുഴഞ്ഞ് മണിക്കൂറിൽ നാലര മൈൽ തുഴയത്തക്ക - അതായത് അര മൈൽ പുരോഗമിക്കത്തക്ക സ്ഥിതിയിലേക്കു കടന്നിരിക്കവേയത്രെ ആയുസ്സിന്റെ മദ്ധ്യത്തിൽ 1951 ഏപ്രിൽ 17 നു അപ്രതീക്ഷിതമായി കുന്നംകുളം മരത്തങ്കോട്ടു ചാപ്പലിൽ വെച്ച് കാലം ചെയ്തത്."

സഭാ സെക്രട്ടറിയേറ്റ് കെട്ടിപ്പടുക്കുന്നതിനുള്ള പ്രാഥമിക പരിശ്രമത്തെക്കുറിച്ച് എം. സി. കുറിയാക്കോസ് റമ്പാൻ തന്റെ മേൽപ്പറഞ്ഞ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കാം. "...... മാർ പീലക്സീനോസ് ആഴ്ചയിൽ

ഒരിക്കൽ സുറിയാനി സെമിനാരിയിൽ ചെന്നു ബാവാ തിരുമേനിയെ സന്ദർശിക്കുന്നതും സമുദായ ആപ്പീസിൽ കയറി കാര്യങ്ങൾ അന്വേഷിക്കുന്നതും പതിവാക്കി. ആപ്പീസു കാര്യങ്ങൾ കുറേക്കൂടെ ക്രമമായും, ഊർജ്ജിതമായും നോക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. ചുമതലപ്പെടുത്തുന്ന ഏതു കാര്യവും എത്രയും കണിശമായി ഈ ലിഖിതാവു (എം. സി. കുറിയാക്കോസ് റമ്പാൻ) ചെയ്യുമെന്നു എം. എ. ചാക്കോ, ഒ. എം. ചെറിയാൻ, എ. എം. വർക്കി, മാത്തൻ മാപ്പിള മുതലായവർ തിരുമേനിയോടു പറഞ്ഞിട്ടുണ്ടെന്നും, തിരുമേനിയുടെയും അഭിപ്രായം അതു തന്നെയാണെന്നും കഴിഞ്ഞ 1951 ഫെബ്രുവരി 28-ാം തീയതി തിരുമേനി ഇവിടെ എന്റെ വാസസ്ഥലത്തു വന്ന് എന്നോടു കൽപ്പിക്കയും, ആപ്പീസിന്റെ ചുമതല ഞാൻ കയ്യേൽക്കണമെന്നു നിർബന്ധിക്കയും ചെയ്തു. മുമ്പു ഞാൻ സമുദായ സെക്രട്ടറിയായിരുന്നപ്പോൾ ആ സ്ഥാനം രാജി വെക്കുന്നതിനും, പിന്നീടു മൂന്നര വർഷത്തോളം കുണ്ടറ ഹൈസ്കൂൾ കറസ്പോണ്ടന്റായിരുന്ന ശേഷം 1951 ജനുവരിയിൽ ആ ജോലിയിൽ നിന്നു പിൻമാറുന്നതിനും ഇടയാക്കിയ മർമ്മഭേദക വസ്തുതകൾ തിരുമേനിയെ ഞാൻ അനുസ്മരിപ്പിക്കുകയും, ഇപ്പോൾ രണ്ടു മാസത്തോളമായി സ്വസ്ഥമായി പർദൈസാ സദൃശമായ പ്രശാന്തത ആസ്വദിച്ചുകൊണ്ടിരിക്കുന്ന എന്നെ ശല്യമുള്ള ജോലികൾക്കു നിർബന്ധിക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്തു. എങ്കിലും പരിപൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ടുള്ള തിരുമേനിയുടെ നയവിശേഷ നിർബന്ധത്തിനു ഞാൻ വശംവദനായി ജോലി സ്വീകരിക്കുന്നതിന് അദ്ദേഹത്തോടു കൂടെ അന്നു സെമിനാരിയിൽ ചെന്നു. നിസ്വാർത്ഥന്മാരായിരുന്ന ചാക്കോ, ചെറിയാൻ, വർക്കി, മാത്തൻ മുതലായ സിംഹപുരുഷന്മാരുടെ കാലം കഴിഞ്ഞു പോയി എന്ന് പലപ്പോഴുമെന്ന പ്രകാരം അപ്പോഴും എനിക്കു ബോദ്ധ്യമാകയും ഞാൻ ആഫീസിന്റെ ചുമതല ഭരമേറ്റാൽ അപ്പോഴത്തെ കേന്ദ്ര പ്രവർത്തകരിലെ ചില സ്വാർത്ഥതൽപ്പരരിൽ നിന്ന് പ്രതികൂല സാഹചര്യങ്ങൾ ധാരാളമായി ഉണ്ടാകുമെന്ന് എനിക്കു മനസ്സിലാകുകയും ചെയ്തു. മാത്രമല്ല സമുദായ ആഫീസിൽ ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുവാൻ തുമ്പമൺ മെത്രാപ്പോലീത്തായ്ക്കും, അത് സ്വീകരിക്കാൻ എനിക്കും ഉള്ള അവകാശം എന്ത് എന്നൊരു നിയമപ്രശ്നവും ഉന്നീതമായി. ആകയാൽ പിറ്റെ ദിവസം - മാർച്ച് ഒന്നിനു - മൂന്നു മണിക്ക് ഞങ്ങൾ മടങ്ങി. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ കാറിൽ തിരുനക്കര വരെ കൊണ്ടുവന്നു. അവിടെ വച്ചു ഞാൻ ഇറങ്ങി. അദ്ദേഹം പരാജിതനായതിലുള്ള മനസ്താപത്തോടെ കൈമുത്തി യാത്ര പറഞ്ഞ് ഇവിടെ പാത്താമുട്ടത്തേക്കു പോന്നു. അദ്ദേഹം ഒരു ശവമടക്കം പ്രമാണിച്ച് ആ വഴി റാന്നിക്കും പോയി. പിന്നീട് ഞങ്ങൾ പരസ്പരം കണ്ടിട്ടില്ല. അതു ഞങ്ങളുടെ അന്ത്യ യാത്രപറച്ചിൽ ആയിരുന്നു! സമുദായ പുരോഗമനാർത്ഥം കഷ്ടപ്പെട്ടും, നഷ്ടപ്പെട്ടും, സേവനമനുഷ്ഠിക്കുവാൻ ആശയസമ്പന്നനായ ആ തിരുമേനിയെ അദ്ദേഹത്തിന്റെ

അന്തഃകരണം ഏറ്റവും ശക്തിയായി പ്രചോദിപ്പിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലത്രെ അദ്ദേഹം അന്തരിച്ചു പോയതു എന്ന വസ്തുത എത്രയും മർമ്മഭേദകമായിരിക്കുന്നു. അതും മലങ്കരസഭയുടെ ചരിത്രത്തിൽ നെടുനീളെ കാണപ്പെടുന്ന ഒരു അനുഭവ ഭാഗ്യഹീനതയത്രെ."

മാർ പീലക്സിനോസിന്റെ സഭാ സെക്രട്ടറിയേറ്റിനെക്കുറിച്ചുള്ള സ്വപ്നം അര നൂറ്റാണ്ടു കഴിഞ്ഞിട്ടും ഇപ്പോഴും ദേവലോകത്ത് സഫലീകരിച്ചിട്ടില്ല.

കൊച്ചുതിരുമേനിയോടു വലിയ സ്നേഹം

വട്ടശ്ശേരിൽ തിരുമേനിയെ വഞ്ചിച്ചുകൊണ്ടു സഭയിലെ ആദ്യ എം.എ. വൈദികനായ പി. റ്റി. ഗീവറുഗീസ് 1930-ൽ (പിന്നീട് മാർ ഈവാനിയോസ്) റീത്തിൽ ചേർന്നപ്പോൾ അതിനു പകരം മറ്റൊരതിസമർത്ഥൻ എം. എ. ക്കാരനായ പുത്തൻകാവു തെക്കേത്തലയ്ക്കൽ കെ. റ്റി. ഗീവറുഗീസ് ശെമ്മാശനെ വട്ടശ്ശേരിൽ തിരുമേനി കണ്ടുപിടിച്ചു മെത്രാനായി വാഴിച്ചത് 1930-ൽ ആണ്. ഇതിനകം കാതോലിക്കായായി ഉയർത്തപ്പെട്ട ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു കേസുകൾ മൂലം ക്രമീകൃത ഭരണസംവിധാനത്തിൽ താല്പര്യപൂർവ്വം ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

പുതിയ സ്കൂളുകൾ സ്ഥാപിക്കുകയും റീത്തിൽ പോയ മാർ ഈവാനിയോസ് വിട്ടുതരാതെ കൂടെ കൊണ്ടുപോയ പല സ്കൂളുകൾ തിരിച്ചു പിടിക്കുകയും ചെയ്ത മാർ പീലക്സിനോസ് തിരുമേനി സാമ്പത്തിക ബാധ്യത മൂലവും പല സ്ഥലങ്ങളിൽ സഞ്ചരിച്ചു കൺവൻഷൻ പ്രസംഗങ്ങൾ ചെയ്യുകയും ഇടവകകളുടെ പാരിതോഷികം സ്വീകരിക്കുകയും അവ കൊണ്ട് സ്കൂൾ നിർമ്മിക്കുകയും ചെയ്തു വന്നു.

ഒരിക്കൽ പുത്തൻകാവ് മെത്രാപ്പോലിത്തൻ സ്കൂൾ സ്ഥാപിക്കാനാവശ്യമായ പണം കിട്ടാൻ ഒന്നു രണ്ടു കൺവൻഷനിൽ പ്രസംഗിച്ചശേഷം രാത്രി വളരെ വൈകി കൊച്ചുതിരുമേനി പഴയസെമിനാരിയിൽ എത്തി രാപാർത്തു.

പ്രഭാതഭക്ഷണം കഴിക്കാൻ ബാവാ എത്തിയപ്പോൾ ഏതെങ്കിലും മെത്രാച്ചൻ രാത്രി വന്നിട്ടുണ്ടോ എന്നാരാഞ്ഞു. ആരെങ്കിലും കൂട്ടിനുണ്ടെങ്കിൽ തിരുമേനിക്കു വളരെ ഇഷ്ടമാണ്. പുത്തൻകാവ് കൊച്ചുതിരുമേനി ഉണ്ടെന്നു ബാവായോടു പറഞ്ഞു. 'പോയി വിളിച്ചുകൊണ്ടു വാ' എന്നു ബാവാ കല്പിച്ചു. കൂടെ നിന്ന ശെമ്മാശൻ ഓടിച്ചെന്നു 'ബാവാ തിരുമേനി വിളിക്കുന്നു' എന്നു കൊച്ചുതിരുമേനിയെ അറിയിച്ചപ്പോൾ തിരുമേനി പെട്ടെന്നു ഉണർന്നെഴുന്നേറ്റു ബാവായുടെ സമീപത്തെത്തി. കൊച്ചുതിരുമേനിയെ കണ്ടപ്പോൾ തന്നെ "രാവിലെ എഴുന്നേൽക്കില്ല. പല്ല് തേക്കില്ല, പ്രാർത്ഥിക്കുകയില്ല, വേദപുസ്തകം തുറന്നു നോക്കില്ല. ദിവസം മുഴുവൻ പ്രസംഗം തന്നെ പ്രസംഗം" എന്ന് ശകാരിച്ചു.

കൊച്ചുതിരുമേനി വലിയ മിടുക്കനല്ലേ. അദ്ദേഹം ബാവായോട്, “പുത്തൻ കാവു ഹൈസ്ക്കൂൾ പണിയുകയാണ്. കൂലി കൊടുക്കാൻ പോലും കൈയിൽ കാശില്ല. മാപ്പിളയുടെ പത്തു പുത്തൻ വാങ്ങാൻ ഈ പ്രസംഗം ഒക്കെ ആവ ശ്യമാണ്” എന്ന് മറുപടി പറഞ്ഞു. ബാവായുടെ കോപം മാറി. മുഖത്തു പുഞ്ചിരി തെളിഞ്ഞു.

1951-ൽ കുന്നംകുളത്തു വച്ചു പെട്ടെന്നു ഹൃദ്രോഗം മൂലം അന്തരിച്ച കൊച്ചുതിരുമേനിയുടെ ഭൗതികദേഹം അവിടെ അടക്കാൻ വാശിപിടിച്ച ആ ദേശവാസികളായ സഭാംഗങ്ങളോട്, പ. ബാവാതിരുമേനി ഭൗതികദേഹം കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു എന്ന് പറഞ്ഞതുകൊണ്ടു മാത്രമാണ് ഭൗതികദേഹം അവർ പുത്തൻകാവിൽ കബറടക്കുവാൻ കൊടുത്തുവിട്ടത്. ഭൗതികദേഹം പഴയസെമിനാരിയിൽ എത്തിച്ചപ്പോൾ ബാവാ ഒരു നോക്കു കണ്ടു. “എന്നെ യാത്രയയ്ക്കേണ്ടവരെ ഞാൻ യാത്രയാക്കുകയാണല്ലോ” എന്നു ബാവാ പറഞ്ഞാണു വിലപിച്ചത്. ഇന്നലെ നടന്നതുപോലെ ഓർ ക്കുന്നു. ബാവാ എണ്ണ സേവിച്ചിരുന്ന കാലഘട്ടമായതിനാൽ സംസ്ക്കാര ത്തിനുവേണ്ടി പുത്തൻകാവിൽ പോയില്ല.

കെ. സി. മാമ്മൻമാപ്പിളയുടെ മഹത്തായ സേവനം

ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭയ്ക്കു 1908 മുതൽ 1963 വരെ അഞ്ചര ദശാബ്ദക്കാലം ആദ്ധ്യാത്മികവും ലൗകികവുമായ തലങ്ങളിൽ അതി സമർത്ഥമായ നേതൃത്വം നൽകി സഭയെ സ്വാതന്ത്ര്യത്തിലേക്കും ബഹുമുഖ പുരോഗതിയിലേക്കും നയിച്ച സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്നി വരെ, സൂര്യനും ചന്ദ്രനും ചുറ്റും നിന്നുകൊണ്ട് പ്രകാശം ചൊരിയുന്ന നക്ഷ ത്രങ്ങളെപ്പോലെ സേവിച്ച, പ്രഗത്ഭരായ ഒരുപറ്റം സമുന്നത അവൈദിക നേതാക്കളുണ്ടായിരുന്നു. അവരുടെ പിൻബലംകൊണ്ടാണു മലങ്കരസഭ ഇന്നത്തെ നിലയിൽ എത്തിയതെന്നു പ. പിതാക്കന്മാർക്കും ചരിത്രം പഠി ക്കുന്ന സഭാംഗങ്ങൾക്കും അറിയാം. സഹകരണം ലഭിച്ചതിനാൽ രണ്ടു സഭാ പിതാക്കന്മാരും സഭാസ്വാതന്ത്ര്യ സംരക്ഷണരംഗത്ത് ഏറെ ധന്യരുമായി. ഇവ രുടെ കാലത്തെ പ്രശസ്തരായ ഈ അവൈദിക നേതാക്കൾ എല്ലാംതന്നെ അവർ പ്രവർത്തിച്ച മേഖലകളിൽ മേധാശക്തികൊണ്ടും കർമ്മകുശലത കൊണ്ടും സത്യസന്ധമായ സൽപെരുമാറ്റങ്ങൾ കൊണ്ടും ഉന്നതതല ത്തിലെത്തിയവരുമാണ്.

കെ. സി. മാമ്മൻ മാപ്പിള, എം. എ. ചാക്കോ, ഇ. ജെ. ജോൺ, പത്രോസ് മത്തായി, എറികാട്ടു കുഞ്ചപ്പൻ, എം. പി. വർക്കി, ഡോ. ചീരൻ വറുഗീസ്, ജഡ്ജി എ. പീലിപ്പോസ് മാരേട്ട്, ചിത്രമെഴുത്തു കെ. എം. വറുഗീസ്, കെ. സി. ചാക്കോ, കെ. കെ. ലൂക്കോസ്, ഒ. എം. ചെറിയാൻ, കെ, എം.

ചെറിയാൻ, ഡോ. ചാക്കോ ജോർജ്ജ്, കെ. എം. മാത്യു, പി. സി. ഏബ്രഹാം, കെ. എം. മാമ്മൻ മാപ്പിള, പി. എൻ. നൈനാൻ, ഇ. ജെ. ജോസഫ്, സി. എം. സ്റ്റീഫൻ, സി. ഐ. നൈനാൻ, മാത്യു ഇഞ്ചക്കലോടി, എം. സി. മാത്യു, ഇ. ജെ. പീലിപ്പോസ്, ഇസ്സഡ്. എം. പാറേട്ട്, അഡ്വ. എം. ഏബ്രഹാം, അഡ്വ. കെ. ചെറിയാൻ, പുന്നൂസ് തോപ്പിൽ, ജേക്കബ് കുര്യൻ, ഇ. ഐ. ജോസഫ്, എം. ചാക്കോപ്പിള്ള, പ്ലാന്റർ കൊച്ചുമ്മൻ, സി. പി. തരകൻ, എ. എം. വർക്കി, പൈലോ വക്കീൽ, പി. ഗീവറുഗീസ്, ജഡ്ജിമാരായ കെ. എ. പൗലോസ്, പി. എ. ഉമ്മൻ, കെ. കോരുത്, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം, സി. എം. ജോൺ, മന്ത്രിമാരായിരുന്ന ഇ. ജോൺ പീലിപ്പോസ്, ഇ. ജോൺ ജേക്കബ്, കെ. സി. ജോർജ്, സി. ജെ. മാത്യു തരകൻ, ടി. എം. ഐസക്ക്, സി. കെ. മാണി, സി. പി. മാത്തൻ, എൻ. എം. ഏബ്രാഹം മുതലായവർ തിരുമേനിമാരുടെ പിമ്പിൽ പാറപോലെ ഉറച്ചുനിന്നവരിൽ പ്രമുഖരാണ്.

കർമ്മചൈതന്യംകൊണ്ട് ഇവരിൽ എല്ലാം ഏറ്റവും അധികം പ്രശസ്ത നായി സമുദായ സേവനരംഗത്ത്, തിരിഞ്ഞുനോക്കാതെ മുൻപന്തിയിൽ നിന്നതു കെ. സി. മാമ്മൻ മാപ്പിളയാണ്. സഭയോടുള്ള അദ്ദേഹത്തിന്റെ അനുപമ പ്രതിബദ്ധത സമാനതയില്ലാത്തതായിരുന്നു.

കെ. സി. മാമ്മൻ മാപ്പിള മലയാള മനോരമയുടെ ചീഫ് എഡിറ്ററായിരുന്ന കാലത്താണു ഞാൻ 1953 ജൂൺ 15-നു മനോരമ പത്രാധിപസമിതിയിൽ നിയമിതനായത്. ആറു ദശാബ്ദങ്ങൾ പെട്ടെന്നു പിന്നിട്ടപ്പോൾ മനോരമയുടെ അന്നത്തെ പത്രാധിപസമിതിയിൽ ഉണ്ടായിരുന്ന എന്റെ സഹപ്രവർത്തകർ എല്ലാവരുംതന്നെ കടന്നുപോയി. തിരിഞ്ഞുനോക്കുമ്പോൾ ദുഃഖകരവും അവിസ്മരണീയവുമായ ഒരു സംഭവം എനിക്കു പറയാനുണ്ട്.

കെ. സി. മാമ്മൻ മാപ്പിളയുടെ ഒരു പ്രസംഗം ഒരു വലിയ യോഗത്തിൽ വായിക്കാനുള്ള കനകാവസരം എനിക്കു ലഭിച്ചു. 1954 ജനുവരി ഒന്നിന് സമുദായക്കേസിലെ നമ്മുടെ ഒരു പ്രമുഖ അഭിഭാഷകനായിരുന്ന ടി. ജെ. മാത്യു തെള്ളിയിൽ (കോട്ടയത്തെ ഒരു പ്രസിദ്ധ ഡോക്ടറായ ഡോ. മാത്യു പാറയ്ക്കൽ, തെള്ളി വക്കീലിന്റെ മകളുടെ മകനാണ്) വൈക്കത്തുള്ള തന്റെ സ്ഥലത്തു നേരത്തെ നിർമ്മിച്ചിരുന്ന പള്ളിയുടെ വെഞ്ചരിപ്പിനെ തുടർന്ന് നടത്തുന്ന സമ്മേളനത്തിലെ മുഖ്യ പ്രസംഗകനായിരുന്നു വക്കീലിന്റെ ഉറ്റ സുഹൃത്തായ മാമ്മൻ മാപ്പിള. ചെറിയതോതിൽ ഹൃദ്രോഗം ഉണ്ടായിരുന്നതിനാൽ ജീവിതസായാഹ്നത്തിൽ താൻ സംബന്ധിച്ചുവന്ന സമ്മേളനങ്ങളിൽ മനോരമ പത്രാധിപസമിതിയിലെ ഒരു പ്രമുഖാംഗമായിരുന്ന പി. ഒ. ഏബ്രഹാമായിരുന്നു മാമ്മൻ മാപ്പിളയുടെ പ്രസംഗങ്ങൾ അദ്ദേഹം നൽകുന്ന ആശയബിന്ദുക്കളെ അടിസ്ഥാനപ്പെടുത്തി എഴുതി വായിച്ചുവന്നത്. നിശ്ചിതദിവസം പി. ഒ. ഏബ്രഹാമിനു പനി ബാധിച്ചു കിടപ്പിലായിപ്പോയി. ഈ ചുറ്റുപാടിൽ ജനുവരി ഒന്നിലെ പ്രസംഗം വായിക്കാനുള്ള ചുമതലയും എഴുതിയ

പ്രസംഗവും അന്നു മനോരമയുടെ മാനേജരായിരുന്ന എൻ. എം. ഏബ്രഹാം 'പയ്യനായിരുന്ന' എന്നെ ഡിസംബർ 31-ന് ഏൽപ്പിച്ചു. പ്രസംഗം തെറ്റു കൂടാതെ വായിക്കാനുള്ള ശക്തി തരണമെ എന്നു പ്രാർത്ഥിച്ചുകൊണ്ടാണ് രാത്രി പത്തരയ്ക്ക് കോട്ടയം വൈ.എം.സി.എ. യിലെ എന്റെ മുറിയിൽ ഉറ ങ്ങാൻ കിടന്നത്. അന്ന് അർദ്ധരാത്രി കഴിഞ്ഞപ്പോൾ മാമ്മൻ മാപ്പിള ദിവംഗ തനായി. രാവിലെ പത്രം കണ്ടപ്പോൾ ദുഃഖഛവി കലർന്ന എന്റെ ചിന്തകൾ മനുഷ്യജീവിതത്തിന്റെ നിസ്സഹായതയിലേക്കു പെട്ടെന്നു കടന്നു എന്നതാണു സത്യം.

"അന്യഥാ ചിന്തിതം കാര്യം
ദൈവം അന്യത്ര ചിന്തയേൽ" എന്ന കവിവാക്യം എത്രയോ അന്വർത്ഥം!!

അധ്യാപനം, പത്രപ്രവർത്തനം, സാഹിത്യപ്രവർത്തനം, കാർഷികമേഖല, വ്യവസായം, ബാങ്കിങ്, ഇൻഷുറൻസ്, കച്ചവടം ഇങ്ങനെ നാടിന്റെ പുരോഗ തിക്കും സമൂഹത്തിന്റെ ക്ഷേമത്തിനും ആ കർമ്മയോഗി നിരന്തരം പ്രവർത്തി ച്ചുകൊണ്ടിരുന്നു. ഈവക നാനാജോലിത്തിരക്കിനിടയിലെല്ലാം സഭയുടെ വിളി കേൾക്കുന്നുണ്ടോ എന്ന് അദ്ദേഹം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തന്റെ സാന്നിധ്യവും പ്രവർത്തനവും എപ്പോൾ ആവശ്യമാണെന്ന് തോന്നുന്നുവോ ആ നിമിഷം, ചെയ്തുകൊണ്ടിരുന്ന സകലവും ഇട്ടെറിഞ്ഞ് അദ്ദേഹം സഭ യുടെ രക്ഷയ്ക്കായി പാഞ്ഞെത്തിയിരുന്നു. ജീവിതസ്മരണകളിൽ അദ്ദേഹം എഴുതി. "മെത്രാൻ കക്ഷിയെ എങ്ങനെയെങ്കിലും നേരെ നിർത്തണമെന്നാ യിരുന്നു എന്റെ അഭിനിവേശ ലക്ഷ്യം. അതിനാൽ സമുദായത്തിനുവേണ്ടി ഞാൻ മറ്റു സകലതും മറന്ന് തലകീഴായി ചാടുകയാണ് ചെയ്തത്."

മേൽപറഞ്ഞ ലക്ഷ്യം നേടുവാനായി മാമ്മൻ മാപ്പിള ചെയ്ത ത്യാഗങ്ങൾ നിരവധിയാണ്. "മെത്രാൻ കക്ഷിയുടെ സംഘടനാ പ്രചാരണത്തിനായി, മനോരമയെ മറന്ന്, അക്കാലത്തു പൊതുജനജീവിതത്തെ ബാധിക്കുന്ന കാര്യ ങ്ങളിൽ അവലംബിച്ച നിഷ്പക്ഷതയും സജീവതാൽപര്യവും പൊതുപ്രശ്ന പ്രതിപാദനങ്ങളിൽ പ്രദർശിപ്പിച്ച മിതസ്വരവും അന്തസ്സും ഗൗരവവും മറ്റും ഹേതുവായി മലയാളക്കരയിലെ സർവജാതി മതസ്ഥരുടെ ഇടയിലും മനോ രമ നല്ലൊരു നിലയും വിലയും മതിപ്പും നേടിയിരുന്നു. ഈ സമുദായ വഴക്കു തുടങ്ങിയതോടെ മെത്രാൻ കക്ഷിയുടെ സംഘടനാപരമായ ദൃഢീകരണത്തെ ഉദ്ദേശിച്ച് ഇതരസമുദായങ്ങളിൽപ്പെട്ട പത്രബന്ധുക്കളുടെ അഭിരുചികളോ രസനീരസങ്ങളോ വകവെയ്ക്കാതെ ഞാൻ മനോരമയുടെ പംക്തികൾ ഈദൃശ വിഷയങ്ങളെ പരാമർശിച്ചുള്ള ദീർഘ ലേഖനങ്ങൾക്കായി നിർ ല്ലോപം ഉപയോഗിച്ചു. ഇതര ജാതി മതസ്ഥരായ വായനക്കാർക്ക് ഇത് അരോ ചകമായി തോന്നാമെന്നും അതു മനോരമയുടെ പ്രചാരണത്തിനു ഹാനിക രമായേക്കാമെന്നും എനിക്കു ബോധ്യമുണ്ടായിരുന്നു. എന്നാലും തരക്കേടില്ല, ഇക്കാണായ പ്രപഞ്ചത്തിലേക്കും ജീവൽ പ്രധാനമായ പ്രശ്നം ഇതൊന്നു

മാത്രമാണെന്നുള്ള മട്ടിലായിരുന്നു എന്റെ പുറപ്പാട്. എന്റെ ഈ ലക്ഷ്യസാധ്യത്തിനായി, മനോരമയെന്നല്ല എന്റെ സമസ്തവും കാഴ്ചവെക്കാനും ഞാൻ തയ്യാറായിരുന്നു" (ജീവിതസ്മരണകൾ, പേജ് 84-85).

ജില്ലാക്കോടതിയിൽ ജയിച്ച വട്ടിപ്പണക്കേസ്, വീരരാഘവ അയ്യങ്കാർ അടങ്ങുന്ന തിരുവിതാംകൂർ ഹൈക്കോടതിയിലെ ഫുൾബഞ്ച് അസ്ഥിരപ്പെടുത്തി വിധിച്ചു. ഹൈക്കോടതിയിലെ ആ തോൽവി ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു. അന്നത്തെ ആ ദുരനുഭവങ്ങളെക്കുറിച്ച് മാമ്മൻ മാപ്പിള *ജീവിതസ്മരണ*കളിൽ എഴുതിയ വാക്കുകൾ പകർത്തട്ടെ.

"ഒരാഴ്ച കഴിഞ്ഞപ്പോഴാണ് വീരരാഘവയ്യങ്കാരുടെ പ്രതികാര വിഷമലീമസമായ ഹൈക്കോടതിവിധി ഉണ്ടായത്. ഒരു അണുബോംബിന്റെ സംഹാര ഭീകരതയോടുകൂടി അതു സമുദായമധ്യത്തിൽ വീണു; സമുദായം ഒന്നാകെ നടുങ്ങിപ്പോയി. മെത്രാൻ പക്ഷക്കാരായ ഞങ്ങൾ എല്ലാവരുടെയും മാംസമജ്ജകളിലൂടെ അതിന്റെ പ്രാണവേദന പിടഞ്ഞുകയറി. എന്റെ കാര്യം പറയാനില്ല. പ്രചണ്ഡമായ താപകോപവികാരങ്ങൾകൊണ്ടു ഞാൻ ഏതാണ്ട് ഉന്മത്തനായി ചമഞ്ഞു.

സമുദായത്തിനു നേരിട്ട ഈ ദുരദൃഷ്ടത്തിന്റെ ഭയാനകത എന്നെ അമ്പരപ്പിച്ചു. ഞാൻ മറ്റു സകലതും മറന്നു പേനയെടുത്തു. വീരരാഘവയ്യങ്കാരുടെ വിധിയെ അതിപരുഷമായി വിമർശിച്ചുകൊണ്ട്, അഥവാ ഭർത്സിച്ചുകൊണ്ട് വൈകുന്നേരം എഴുതാനിരുന്ന ഞാൻ രാത്രി മുഴുവനും എഴുതി. നേരം പരുപരെ വെളുത്തപ്പോഴും എഴുതിക്കൊണ്ടിരുന്നു. അത്ര കലി കയറിയ എഴുത്തായിരുന്നു അത്. എന്തൊക്കെയാണ് എഴുതിയതെന്ന് എനിക്കു തന്നെ അറിയാൻ വയ്യായിരുന്നു. എഴുതിയത് അപ്പാടെ പ്രസിൽ കൊടുത്തു. പിറ്റേദിവസം അതു മനോരമയിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. വികാരത്തള്ളലിന്റെ അപസ്മാരബാധയിൽ എഴുതിയ ലേഖനമായിരുന്നു അത്.

പക്ഷേ തങ്ങളുടെ സർവ്വവും നശിച്ചെന്നുള്ള നിരാശതയുടെ അഗാധഗർത്തത്തിലേക്കു താണുപോയിരുന്ന മെത്രാൻ പക്ഷക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വൈദ്യുതി ശക്തി ആവാഹിച്ചിരുന്ന മൃതസഞ്ജീവനിയുടെ ഫലമാണ് കാണപ്പെട്ടത് എന്നുള്ള വസ്തുത സസന്തോഷം രേഖപ്പെടുത്തുന്നു.

അങ്ങനെ കര കാണാത്ത നിരാശതയിൽ താണു പോകേണ്ടതില്ലെന്നും ഇനിയും സമുദായത്തിനു ജീവിക്കാനും ഒരുപക്ഷേ പച്ചപിടിച്ചു തഴച്ചു വളരാൻപോലും ആശാരശ്മികൾ ശേഷിച്ചിട്ടുണ്ടെന്നുമാണ് ഞാൻ സമുദായംഗങ്ങൾക്ക് ഉറപ്പും ധൈര്യവും നൽകിയത്. അവരുടെ കൂമ്പിയ മനസ്സു മെല്ലെ വിടർന്ന് ഉന്മുഖമായി അനങ്ങിത്തുടങ്ങി. സ്തംഭനം പ്രാപിച്ച സമുദായംഗങ്ങളെ തഴുകിയുണർത്തണമെന്നുള്ള എന്റെ ഉദ്ദേശ്യം ഫലിച്ചു" (പേജ് 88-89).

സഭാകാര്യങ്ങളിൽ മാമ്മൻ മാപ്പിളയ്ക്ക് എന്തു മാത്രം താൽപര്യവും ആവേശവുമുണ്ടായിരുന്നു എന്നു കാണിക്കുവാൻ ഇതിൽപരം എന്തു വേണം?

ഈ സഭാദർശന പ്രതിഭാവൈഭവം അദ്ദേഹത്തിന് എവിടുന്നു കിട്ടി? കുടുംബ പാരമ്പര്യമായി കിട്ടിയ താലന്തിനെ അദ്ദേഹം പരിപോഷിപ്പിച്ചതാവാം. അക്ഷരങ്ങളുടെയും സഭാസ്നേഹത്തിന്റെയും നിസ്തുല പാരമ്പര്യമഹിമയിലാണ് മാമ്മൻ മാപ്പിളയുടെ ജനനം. മധ്യതിരുവിതാംകൂറിലെ ഉറച്ച ഓർത്തഡോക്സ് സുറിയാനി വിശ്വാസമുള്ള ശ്രേഷ്ഠ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് സഭാസ്നേഹം ജന്മസിദ്ധമായ സമ്പത്തുതന്നെയായിരുന്നു. പിതാവ് തയ്യിൽ കണ്ടത്തിൽ ചെറിയാച്ചനും മാതാവ് നിരണം ഇലഞ്ഞിക്കൽ മറിയാമ്മയും സഭയുടെ ആചാരാനുഷ്ഠാനങ്ങൾ അണുവിട വിടാതെ പാലിച്ച് ജീവിച്ചവരായിരുന്നു. പരിശുദ്ധനായ പരുമലത്തിരുമേനിയുടെ വാത്സല്യവാനായിരുന്നു ചെറിയാച്ചൻ. വിശ്വപ്രസിദ്ധമായ നിരണം പള്ളിയുടെ ട്രസ്റ്റിയായിരിക്കാൻ പരിശുദ്ധ പരുമലത്തിരുമേനി അദ്ദേഹത്തെ ക്ഷണിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ഗുണമേന്മയെപ്പറ്റി അധികം പറയേണ്ടതില്ലല്ലോ. ഭക്തിതീക്ഷ്ണതയുള്ള ആ ഉത്തമ ക്രൈസ്തവ കുടുംബത്തിലെ ആദ്യജാതനായിരുന്ന കെ. സി. മാമ്മൻ മാപ്പിളയിലും കുട്ടിക്കാലം മുതലേ സഭാസ്നേഹവും ഭക്തിയും ചുവടുറപ്പിച്ചിരുന്നു.

മദ്ധ്യകേരളത്തിലെ പുരാതന സുറിയാനി ക്രിസ്ത്യാനികൾക്കിടയിലെ പ്രസിദ്ധമായ തറവാടാണ് തയ്യിൽ കണ്ടത്തിൽ. മാമ്മൻ മാപ്പിളയുടെ മാതൃകുടുംബമായ ഇലഞ്ഞിക്കൽ തറവാടും മലങ്കരസഭാ ചരിത്രവുമായി ബന്ധപ്പെട്ടതാണ്. ഇലഞ്ഞിക്കൽ കുടുംബത്തിലെ കാരണവന്മാർ ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ചെയ്തിട്ടുള്ള കയ്യും മെയ്യും മറന്നിട്ടുള്ള സേവനങ്ങൾ സഭാചരിത്രത്തിലെ സുവർണാദ്ധ്യായങ്ങളാണ്. ക്രിസ്തുശിഷ്യനായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ നിരണം മണ്ണിൽ ഇലഞ്ഞിക്കൽ തറവാടുവീടിന്റെ മുറ്റത്ത് ഒരു ദേവാലയം നിർമ്മിച്ച് നൂറ്റാണ്ടുകളായി കാത്തുസൂക്ഷിച്ചു വരുന്നവരാണിവർ. ശീമയിൽ നിന്ന് 1665-ൽ മലങ്കര വന്ന അബ്ദുൾ ജലീൽ ഗ്രീഗോറിയോസിന്റെ ഓർമ്മയ്ക്ക് വീട്ടുമുറ്റത്ത് ഇലഞ്ഞിക്കൽപള്ളി നിർമിച്ച ആ കുടുംബകാരണവന്മാരുടെ സഭാസ്നേഹം സ്വർണ്ണലിപികളിൽ ആലേഖനം ചെയ്യേണ്ടതാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ അന്തരിച്ച പ്രസിദ്ധനായ ഇലഞ്ഞിക്കൽ ജോൺ വക്കീലും അദ്ദേഹത്തിന്റെ പുത്രന്മാരും മന്ത്രിമാരുമായിരുന്ന ഇ. ജോൺ ഫിലിപ്പോസും, ഇ. ജോൺ ജേക്കബും സഭയ്ക്കു ചെയ്തിട്ടുള്ള വിശിഷ്ട സേവനങ്ങൾക്ക് കണക്കുവെയ്ക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ള കുടുംബപാരമ്പര്യത്തിൽനിന്ന് മുളയെടുത്ത മാമ്മൻ മാപ്പിളയ്ക്ക് തനതായ സഭാദർശനവും ധൂസര സങ്കൽപ്പങ്ങളും ധൈഷണിക ഭാവങ്ങളും ഉണ്ടായിരുന്നതിൽ അതിശയിപ്പാനില്ല.

ബി.എ. പാസായ മാമ്മൻ മാപ്പിള കോട്ടയം എം.ഡി. സെമിനാരിയിൽ അധ്യാപകനാകുന്നത് മനോരമ സ്ഥാപകനും പിതൃസഹോദരനുമായ കണ്ട ത്തിൽ വറുഗീസ് മാപ്പിളയുടെ താൽപര്യപ്രകാരമായിരുന്നു. അക്കാലത്ത് സഭാ ഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയുമായി അടുത്ത് ഇടപഴകുവാൻ സംഗതി യായി. സ്കൂൾ നടത്തിപ്പിന്റെ കാര്യത്തിൽ പിന്നീട് വട്ടശ്ശേരിൽ തിരുമേനി യുമായി ഇടയേണ്ടിവന്നെങ്കിലും സഭാകാര്യങ്ങളിൽ അഭിനിവേശം കൊള്ളാൻ വട്ടശ്ശേരിൽ തിരുമേനിയുമായുള്ള സമ്പർക്കം കാരണമായിത്തീർന്നു. അതി നെക്കുറിച്ച് മാമ്മൻ മാപ്പിള തന്നെ പറയാറുണ്ട്. “വട്ടശ്ശേരിൽ മൽപാനാണ് എന്നെ സഭാകാര്യങ്ങളിൽ ഉത്സുകനാക്കിയത്” എന്ന്.

അബ്ദുള്ളാ പാത്രിയർക്കീസ് വന്ന് മലങ്കരസഭയിൽ കോളിളക്കം സൃഷ്ടി ച്ചപ്പോൾ ഇനി അടങ്ങിയിരിക്കുന്നത് ശരിയല്ലെന്നു കരുതി മാമ്മൻ മാപ്പിള സഭാതർക്ക പോർക്കളത്തിൽ ചാടിവീണു. പാത്രിയർക്കീസ് ബാവ കോട്ട യത്തു മടങ്ങിയെത്തി സുന്നഹദോസ് വിളിച്ചു കൂട്ടി. അഞ്ചു മെത്രാന്മാരെ പുതുതായി വാഴിക്കണമെന്നു നിർദ്ദേശിച്ചു. രണ്ടുപേർ മതിയെന്ന് ചിലർ അഭി പ്രായപ്പെട്ടു. ബാവായുടെ നിർദ്ദേശത്തെ വളരെ കുറച്ചുപേർ മാത്രം അനു കൂലിച്ചു. ഇതേത്തുടർന്ന് പള്ളിക്കാർ തന്നെ ഒറ്റയ്ക്ക് കണ്ടാൽ മതിയെന്ന് നിർദേശിച്ചു. നിരണം പള്ളി പ്രതിനിധിയായി കെ. സി. മാമ്മൻ മാപ്പിളയാണ് ആദ്യം കയറിച്ചെന്നത്. ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ് ഇവിടെ സകല പ്രശ്നങ്ങളും ഉണ്ടാക്കുന്നതെന്നായിരുന്നു ബാവായുടെ അഭിപ്രായം. കെ. സി. മാമ്മൻ മാപ്പിള എതിർന്യായങ്ങളുന്നയിച്ചെങ്കിലും ബാവാ അയ ഞ്ഞില്ല.

വട്ടിപ്പണക്കേസിൽ പ്രതിഭാഗം ഒന്നാംസാക്ഷിയായി ബാവാകക്ഷി ഭാഗത്തെ പ്രമുഖ നേതാവ് സി. ജെ. കുര്യനെ വിസ്തരിച്ചിരുന്നു. അദ്ദേഹം ബാവായ്ക്ക് ലൗകികാധികാരങ്ങൾ എഴുതിക്കൊടുക്കണമെന്ന ചർച്ചയിൽ പങ്കെടുത്തിരുന്നു. ആ മീറ്റിംഗിൽ കൊച്ചിയിലെ സോൾട്ട് ഇൻസ്പെക്ടർ എം. പി. വർക്കി എഴുന്നേറ്റ് ബാവായ്ക്ക് ഇപ്രകാരം അധികാരം കൊടുത്തിട്ട് ആവശ്യമില്ലെന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ യോഗത്തിൽ കൈയടി ഉയർന്നു. വർക്കിയുടെ പ്രസംഗത്തിൽ സന്തോഷിച്ച് കൈയടിച്ചവരിൽ പ്രധാനി കെ. സി. മാമ്മൻ മാപ്പിളയും അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ട പത്തുപന്ത്രണ്ടു പേരുമായിരുന്നുവെന്ന് സി. ജെ. കുര്യന്റെ മൊഴിയിൽ കാണാം. പ്രസംഗം ആരംഭിച്ചപ്പോൾത്തന്നെ വർക്കിയെ കെ. സി. മാമ്മൻ മാപ്പിള ഉത്സാഹിപ്പിച്ചു. “Fire away”, “Go on” എന്നു വിളിച്ചു പറയുകയും ചെയ്തതായി മൊഴിയിൽ തുടർന്നു പറയുന്നുണ്ട്.

പഴയസെമിനാരി ചാപ്പലിൽ കുർബാനയിൽ സംബന്ധിച്ചശേഷം അബ് ദുള്ള പാത്രിയർക്കീസ് ബാവ പുറത്തേക്കിറങ്ങി. ജനങ്ങൾ പള്ളിമുറ്റത്ത് തടിച്ചുകൂടി നിന്നിരുന്നു. ബാവായുടെ പ്രവൃത്തികളിൽ അരിശംപൂണ്ട

ജനങ്ങൾ ബാവ ഇറങ്ങിവരുന്നതും നോക്കിനിൽക്കുകയായിരുന്നു. ആ സമയം മാമ്മൻ മാപ്പിള വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായി ചിയേഴ്സ് വിളിച്ചു. "Three cheers to Mar Dionysius, the Malankara Metropolitan" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ബാവാ വിളി കേട്ടപ്പോൾ വെടികൊണ്ടപോലെ ഞെളിഞ്ഞു നിന്നു. കോപക്കലി കയറി, തന്റെ കൈയിലിരുന്ന വലിയ ചൂരൽ വടി രണ്ടു കൈ കൊണ്ടും പൊക്കി, ഒറ്റയടിക്ക് എന്നെ സംഹരിച്ചുകളയുമെന്നു തോന്നു മാറ് ഞങ്ങളുടെ നേരെ പാഞ്ഞടുത്തു.

മാമ്മൻ മാപ്പിള അതിനെക്കുറിച്ച് ഇങ്ങനെ എഴുതി, "എന്റെ നേരെ ബാവ പായിച്ച ആ ഭയങ്കര നോട്ടം ഒരു കാലത്തും മറക്കുവാൻ എനിക്കു സാധ്യ മല്ല. ദുസ്സഹവ്യഥയും, വെറുപ്പും, രോഷവും കൂടിച്ചേർന്ന് അഗ്നിജ്വാലകളായി മനുഷ്യനേത്രങ്ങളിൽ നിന്ന് ചീറിപ്പായുന്നതും അന്നാണ് ഞാൻ കണ്ടത്."

അബ്ദുള്ള പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ ഏകപക്ഷീയമായി ഒരു വിചാരണപോലും നടത്താതെ മുടക്കി. മുടക്ക് പരസ്യമായതിനെത്തു ടർന്ന് ഇതിനെതിരെ ജനങ്ങളെ ഉത്ബുദ്ധരാക്കുവാൻ കെ. സി. മാമ്മൻ മാപ്പിള മുന്നിട്ടിറങ്ങി. അദ്ദേഹത്തിന്റെ തൂലിക അതിശീഘ്രം ചലിച്ചു. വീറുള്ള മുഖ പ്രസംഗങ്ങൾ മനോരമ പത്രത്തിൽ നിറഞ്ഞുനിന്നു. മുടക്കിന്റെ കുന്തമുന ഒടിഞ്ഞ് പൊടിയുന്ന തരത്തിലുള്ള മുഖപ്രസംഗങ്ങളാണ് മനോരമയിൽ പ്രത്യ ക്ഷപ്പെട്ടത്. ഇതിനെക്കുറിച്ച് ഇസ്സഡ്. എം. പാറേട്ട് *മലങ്കര നസ്രാണികൾ* നാലാം വാല്യത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കാം.

"മുടക്ക് പരസ്യമായതിനെത്തുടർന്ന്, അന്ത്യോഖ്യാ പാത്രിയർക്കീസി ന്റെയും അദ്ദേഹത്തിന്റെ കീഴിലുള്ള തുർക്കിയിലെ യാക്കോബായക്കാരു ടെയും നിലയും അവരുടെ നിസ്സഹായാവസ്ഥയും മാർ അബ്ദുള്ളയുടെ പൂർവചരിത്രവും മുടക്കു കണ്ടമാനം വാരി വീശുന്ന രീതിയും ഇവിടേക്കു വരുന്ന വഴിക്കും വന്നതിനുശേഷവും പാത്രിയർക്കീസ് പ്രകടിപ്പിച്ചിട്ടുള്ള അത്യാഗ്രഹവും അഭിപ്രായഗതികളും വിശദമാക്കിക്കൊണ്ട് കെ. സി. മാമ്മൻ മാപ്പിള മനോരമയിൽ ഒരു പൊടിപൊടിപ്പൻ മുഖപ്രസംഗം എഴുതി. 1086 ഇടവം 32, മിഥുനം 3, മിഥുനം 7 എന്നീ മൂന്നു ലക്കങ്ങൾകൊണ്ട് അവസാ നിച്ച സുദീർഘമായ ആ പ്രസംഗത്തിന്റെ ലക്ഷ്യം, 'മുടക്ക്' എന്നു കേട്ടു ജനങ്ങൾ പരിഭ്രാന്തരായി മനോവീര്യം നഷ്ടപ്പെടാതിരിക്കണം, യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കി അവർ ഉറച്ചു നിൽക്കാൻ സഹായിക്കണം എന്നതായിരുന്നു. അതു കുറിക്കുകൊള്ളുകയും ചെയ്തു. പത്തു പതിനഞ്ചു കോളം ദൈർഘ്യമുള്ള ആ മുഖലേഖനം അപ്പടിയേ ചേർക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും നിവൃത്തിയില്ലാതെ വന്നു." ഇങ്ങനെ പാറേട്ട് ആ മുഖപ്രസംഗങ്ങൾ ചുരുക്കി അവതരിപ്പിക്കുന്നുണ്ട്. എത്ര വീറും വാശിയോടും കൂടിയായിരുന്നു മാമ്മൻ മാപ്പിള മുടക്കിനോട് പ്രതികരിച്ചതെന്ന് അത് വായിച്ചാൽ ഊഹിക്കാവുന്നതാണ്.

അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിന്റെ ഒന്നാംനമ്പർ ശത്രു വട്ടശ്ശേരിൽ തിരുമേനിയും രണ്ടാം നമ്പർ ശത്രു മാമ്മൻ മാപ്പിളയുമായിരുന്നു. മനോരമ പത്രം മെത്രാൻ കക്ഷിക്കുവേണ്ടി നടത്തിയ പ്രചാരണമാണ് അദ്ദേഹത്തിന് ഇത്രയേറെ ശത്രുത നേടിക്കൊടുത്തത്.

മുടക്കിനെതിരെ കെ. സി. മാമ്മൻ മാപ്പിള ശക്തമായി നിലകൊണ്ടതിനെത്തുടർന്ന് പാത്രിയർക്കീസ്പക്ഷം അദ്ദേഹത്തോടൊപ്പം മലയാള മനോരമ പത്രത്തെയും ശത്രുനിരയിലാക്കി. ചില വരിക്കാർ മനോരമ പത്രം വരുത്തുന്നത് നിർത്തി. മനോരമ അന്ന് ശൈശവാവസ്ഥയിലായിരുന്നു. കുറെ വരിക്കാർ വിട്ടുപോകുന്നത് പത്രത്തിന് കനത്ത ആഘാതമാണ് ഏൽപിച്ചത്. എന്നിട്ടും തന്റെ ആദർശത്തിൽനിന്ന് വ്യതിചലിക്കാൻ അദ്ദേഹം തയ്യാറായില്ല. 'കെ. സി. മാമ്മൻ മാപ്പിളയുടെ തെരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ പി. ഗോവിന്ദപ്പിള്ള ഇങ്ങനെ പറയുന്നു:

"നട്ടെല്ല് അൽപ്പമൊന്ന് വളയ്ക്കുവാൻ കഴിയുമായിരുന്നെങ്കിൽ ഈ ഘട്ടത്തിലെങ്കിലും (സി. പി. നാഷനൽ ക്വയിലോൺ ബാങ്ക് പൊളിക്കാൻ തയ്യാറെടുക്കുമ്പോൾ) മുന്നിൽ കണ്ട താക്കീതു കണക്കിലെടുത്ത് സ്റ്റേറ്റ് കോൺഗ്രസിനോടുള്ള എല്ലാ ബന്ധങ്ങളും ഛേദിച്ചുകളഞ്ഞ് അതു സി. പി. യെ കലവറ കൂടാതെ ബോധ്യപ്പെടുത്തി സ്വന്തം താൽപര്യങ്ങളും, ഒരുപക്ഷേ ബാങ്കിന്റെ തന്നെ സുരക്ഷിതത്വവും സംരക്ഷിക്കാനദ്ദേഹത്തിനു കഴിഞ്ഞേനെ."

കാതോലിക്കാ സിംഹാസന സ്ഥാപനത്തിലും മാമ്മൻ മാപ്പിള വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായി നിന്നു പ്രവർത്തിച്ചു. പത്രോസ് പാത്രിയർക്കീസ് വന്ന് മെത്രാന്മാരാക്കിയ ആറുപേരിൽ അവശേഷിക്കുന്ന ഏക മെത്രാപ്പോലീത്താ മുറിമറ്റത്തിൽ മാർ ഈവാനിയോസായിരുന്നു. അദ്ദേഹത്തെ കാതോലിക്കായാക്കണമെന്ന് നിശ്ചയിച്ചു. അദ്ദേഹത്തിന് വലിയ സമ്മതമുണ്ടായിരുന്നില്ലെങ്കിലും തത്വത്തിൽ അംഗീകരിച്ചു. അദ്ദേഹത്തെ ആ തീരുമാനത്തിൽനിന്ന് പിൻതിരിപ്പിക്കാൻ അന്ത്യോഖ്യൻ ഭക്തന്മാർ ആവുംമട്ട് ശ്രമിച്ചുകൊണ്ടിരുന്നു. അതറിഞ്ഞ മാമ്മൻ മാപ്പിള ഫാ. പി. റ്റി. ഗീവർഗീസിനെയും (പിന്നീടു റീത്തിൽ പോയ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) കൂട്ടി മണ്ണത്തൂർ പള്ളിയിൽ പോയി മാർ ഈവാനിയോസ് തിരുമേനിയെ കണ്ട് കാതോലിക്കാസ്ഥാനം തീർച്ചയായും സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. വണ്ടിയും ആളും വരുമ്പോൾ തിരുമേനി അവരൊന്നിച്ച് കോട്ടയം പഴയസെമിനാരിയിൽ വരണമെന്നും ശട്ടം കെട്ടി. മുറിമറ്റത്തിൽ മാർ ഈവാനിയോസിന്റെ സ്വന്തത്തിൽപെട്ട പലരുംതിരുമേനി കാതോലിക്കാസ്ഥാനം ഏൽക്കുന്നതിന് വിരോധികളായിരുന്നു. മാമ്മൻ മാപ്പിളയുടെ വാക്കു കേട്ടാണ് അദ്ദേഹം കാതോലിക്കാ സ്ഥാനം ഏൽക്കാൻ ധൈര്യപൂർവം പുറപ്പെട്ടതെന്ന് അക്കാലത്തെ സ്ഥിതിഗതികൾ അറിയുന്നവർ രേഖപ്പെടുത്തിയിട്ടുണ്ട്.

ബാവാകക്ഷി – മെത്രാൻകക്ഷി വഴക്ക് ആരംഭിച്ചപ്പോൾ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ദൗത്യം കെ. സി. മാമ്മൻ മാപ്പിള സ്വയം ഏറ്റെടുക്കുകയായിരുന്നു. ജനങ്ങളെ സത്യാവസ്ഥ അറിയിച്ച് മെത്രാൻകക്ഷിഭാഗത്ത് ഉറപ്പിച്ചു നിർത്താനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. ജീവിതസ്മരണകളിൽ അദ്ദേഹം അതു വെളിപ്പെടുത്തുന്നുണ്ട്.

“ഈ സംഭവങ്ങൾക്കെല്ലാം എത്രയോ മുമ്പുതന്നെ ഞാൻ മനോരമയിൽ മെത്രാൻപക്ഷത്തേക്ക് അനുകൂലമായി ശക്തമത്തായ പ്രചാരണ പ്രസിദ്ധീകരണം ആരംഭിച്ചു കഴിഞ്ഞിരുന്നു. കാനോനെയും സഭാചരിത്രവസ്തുക്കളെയും അടിസ്ഥാനപ്പെടുത്തി ഞാൻ മനോരമയിൽ തുടർച്ചയായി ദീർഘലേഖനങ്ങളെഴുതി. തൽഫലമായി കോട്ടയത്തിനു തെക്കുള്ള ദിക്കുകളിൽ 95 ശതമാനം പേരും കോട്ടയത്തും പരിസരത്തും 75 ശതമാനത്തോളം ആളുകളും ബാവ മുടക്കുന്നപക്ഷം ആ മുടക്കിനെ നിരാകരിക്കുകയാണ് വേണ്ടതെന്നുള്ള അഭിപ്രായത്തിൽ വന്നുനിന്നു. എന്നാൽ കുന്നത്തുനാട് താലൂക്കിലും മൂവാറ്റുപുഴ താലൂക്കിലും 90 ശതമാനം പള്ളികൾ ബാവായുടെ പക്ഷത്തുനിന്നു. മെത്രാൻപക്ഷത്തേക്കു ജനങ്ങളുടെ ഇത്ര വലിയ ഒരു ചായ്‌വും പ്രവാഹവും ഉണ്ടാകാൻ കാരണം മനോരമ പത്രം മുഖേന നടത്തിയ പ്രചരണവും പൊതുജനാഭിപ്രായ രൂപവൽക്കരണവുമാണെന്നുള്ളതിനെപ്പറ്റി സംശയത്തിനവകാശമില്ല.”

‘മലങ്കരസഭാ സംരക്ഷകസംഘം’ എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ‘സംരക്ഷകൻ’ എന്ന ഒരു പ്രസിദ്ധീകരണം ആരംഭിച്ചു. അതിന്റെ ചുക്കാൻ പിടിച്ചിരുന്നതും മാമ്മൻ മാപ്പിള തന്നെ ആയിരുന്നു.

വട്ടിപ്പണക്കേസിൽ ഹൈക്കോർട്ടിൽ റിവ്യു ഹർജി ബോധിപ്പിക്കുകയും വീണ്ടും വിചാരണകൾക്കുശേഷം ചീഫ് ജസ്റ്റിസ് ചാറ്റ്ഫീൽഡ് അടങ്ങുന്ന ഫുൾബഞ്ച് അയ്യങ്കാരുടെ വിധി അസ്ഥിരപ്പെടുത്തി ജില്ലാക്കോടതിവിധി സ്ഥിരപ്പെടുത്തി വിധിച്ചു. അങ്ങനെ വട്ടശ്ശേരിൽ തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തു മരണംവരെ തുടരാൻ സംഗതിയായി.

വട്ടശ്ശേരിൽ തിരുമേനി കാലംചെയ്തപ്പോൾ സഭയ്ക്കു പുതിയ മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കേണ്ടി വന്നു. ഓർത്തഡോക്സ് വിഭാഗം ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. പാത്രിയർക്കീസ് വിഭാഗം ആലുവായിലെ മാർ അത്താനാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. ആരാണ് ശരിയായ അവകാശി എന്നറിയാൻ നടത്തിയ കേസാണ് സമുദായക്കേസ് എന്ന പേരിൽ അറിയപ്പെടുന്നത്. കേസ് വിചാരണ നടക്കുമ്പോൾ മാമ്മൻ മാപ്പിള ബാങ്ക് കേസിൽപ്പെട്ട് തിരുവനന്തപുരം സെൻട്രൽ ജയിലി

ലായിരുന്നു. സി. പി. യുടെ കോപം സഭയുടെ നേരെ ജ്വലിക്കുമോ എന്ന് സഭാനേതൃത്വം ഭയന്നു. ഓർത്തഡോക്സ് സഭയിലെ മേൽപട്ടക്കാരും അൽമായ പ്രമുഖരും അങ്കലാപ്പിലായി. സഭയുടെ ശക്തിസ്രോതസ്സായ കെ. സി. മാമ്മൻ മാപ്പിളയെ ജയിലിലടച്ചു. മനോരമ അടച്ചുപൂട്ടി മുദ്രവച്ചു. നാഷനൽ ക്വയിലോൺ ബാങ്ക് പൊളിച്ചു. സമുദായക്കേസ് വേണമെങ്കിൽ സഭയ്ക്ക് എതിരാക്കാനും സി. പി. ക്കു കഴിയുമെന്നവർ വിശ്വസിച്ചു. പോരാത്തതിന് വട്ടിപ്പണക്കേസ് ഹൈക്കോർട്ടിൽ വാദിക്കാൻ പാത്രിയർക്കീസ് വിഭാഗത്തിനുവേണ്ടി സി. പി. യാണ് ഹാജരായിരുന്നത്. മാമ്മൻ മാപ്പിളയോടും മനോരമയോടുമുള്ള പ്രതികാരം സഭയോടും കാണിക്കുമോ എന്ന് സഭാനേതൃത്വം ഭയപ്പെട്ടു.

സമുദായക്കേസ് ഹൈക്കോടതിയിൽ തോറ്റ അവസരം. 1951 ഡിസംബർ 21-ാം തീയതിയാണ് വിധി വന്നത്. കാതോലിക്കാ ബാവ കൽക്കത്തയിൽ വെച്ചാണ് തോറ്റ വിവരം അറിയുന്നത്. വിവരം അറിഞ്ഞ് കാതോലിക്കാ ബാവാ വിശ്വാസികൾക്കായി ഒരു സന്ദേശം അയച്ചുകൊടുത്തു. മാമ്മൻ മാപ്പിള വളരെ പ്രാധാന്യം കൊടുത്ത് മനോരമയിൽ ബാവാ തിരുമേനിയുടെ ചിരിക്കുന്ന വലിയ പടം കൂടിചേർത്ത് പ്രസിദ്ധീകരിച്ചു. ഓർത്തഡോക്സ് സഭാവിശ്വാസികളുടെ മനസ്സിൽ ആത്മവിശ്വാസം വളർത്താനുദ്ദേശിച്ചായിരുന്നു അങ്ങനെ ചെയ്തത്.

കേസ് തോറ്റതിന്റെ പിറ്റേന്നിറങ്ങിയ മനോരമയിൽ കെ. സി. മാമ്മൻ മാപ്പിള പേരുവെച്ചെഴുതിയ ദീർഘമായ ഒരു ലേഖനം കൊടുത്തു. 'ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാവി' എന്നായിരുന്നു തലക്കെട്ട്. ആ ലേഖനം സഭാമക്കൾക്ക് വല്ലാത്തൊരു ആശ്വാസമാണ് പകർന്നു നൽകിയത്.

കേസിലെ പരാജയം മൂലം കാതോലിക്കാ ബാവാ പഴയസെമിനാരിയിൽ നിന്ന് താമസം മാറ്റേണ്ടിവരുമെന്ന് കരുതി പുതിയ ആസ്ഥാനം വാങ്ങാൻ ശ്രമമാരംഭിച്ചു. ഇതിന് മുൻകൈ എടുത്തത് മാമ്മൻ മാപ്പിള തന്നെയായിരുന്നു. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അഭിപ്രായമോ, മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനമോ വരാൻ കാത്തുനിൽക്കാതെ കാതോലിക്കാ ബാവായ്ക്കും പിൻഗാമികൾക്കും പറ്റിയ വാസസ്ഥലം കണ്ടുപിടിക്കാൻ അദ്ദേഹം മുന്നിട്ടിറങ്ങി. സ്ഥലം വാങ്ങാൻ പത്തു പൈസ കെട്ടിയിരിപ്പൊന്നും ഉണ്ടായിരുന്നില്ലെന്നതാണ് ഏറ്റവും വിചിത്രമായ വസ്തുത. വാങ്ങാനുള്ള പണം പിരിവെടുത്ത് ഉണ്ടാക്കാമെന്ന ധൈര്യത്തിലാണ് മാമ്മൻ മാപ്പിള ആ യജ്ഞത്തിന് ഇറങ്ങിത്തിരിച്ചത്. ആ അന്വേഷണത്തിലായിരുന്നു ദേവലോകം കണ്ടുകിട്ടിയത്. അതിന്റെ ഉടമസ്ഥൻ ഒന്നരലക്ഷം വില പറഞ്ഞു. സ്ഥലം ഇഷ്ടപ്പെട്ട മാമ്മൻ മാപ്പിള ആരുടെയും അഭിപ്രായത്തിനും സമ്മതത്തിനും കാത്തുനിൽക്കാതെ വസ്തു കരാറാക്കി പതിനായിരം രൂപ അഡ്വാൻസ് കൊടുക്കുവാൻ മുതിർന്നു. ഉടമസ്ഥൻ അഡ്വാൻസ് വാങ്ങിയില്ല. മാമ്മൻ മാപ്പിളയുടെ വാക്ക് ധാരാളമാണെന്നു പറഞ്ഞു.

പിന്നെ ഒന്നര ലക്ഷം രൂപ പിരിക്കാനുള്ള തീവ്രശ്രമത്തിലായിരുന്നു. ഹൃദ്രോഗത്തിന്റെ പിടിയിൽ അമർന്നിരുന്ന മാമ്മൻ മാപ്പിള തന്റെ അസുഖവും, തന്റെ പ്രായാധിക്യവും വകവെയ്ക്കാതെയും വിശ്രമമെടുക്കാതെയും മൂന്നു ദിവസത്തിനകം ഒന്നര ലക്ഷം രൂപ സ്വരൂപിച്ച് ദേവലോകം തീറു വാങ്ങി. ബാവാ കൽക്കട്ടയിൽ നിന്നു വന്നപ്പോൾ ദേവലോകത്തെ പഴയ കെട്ടിടത്തിലേക്ക് താമസം മാറ്റി. അങ്ങനെയാണ് ഇന്ന് സഭയുടെ ആസ്ഥാനവും വലിയ അരമനക്കെട്ടിടവും മറ്റുമുള്ള ദേവലോകം സ്ഥലം സഭയ്ക്ക് സ്വന്തമായി കിട്ടിയത്. വാങ്ങുമ്പോൾ അതിലൊരു ബംഗ്ലാവ് ഉണ്ടായിരുന്നു. പിന്നീട് ഗീവർഗീസ് ദ്വിതീയൻ ബാവാ പുതിയ അരമനയുടെ ഒരു നില പണികഴിപ്പിച്ച് താമസം അതിലേക്ക് മാറ്റി.

ബാവായുടെയോ മെത്രാന്മാരുടെയോ നിർദ്ദേശത്തിന് മാമ്മൻ മാപ്പിള കാത്തുനിന്നില്ല. ഒന്നര ലക്ഷം രൂപ ചുരുങ്ങിയ ദിവസങ്ങൾക്കകം പിരിച്ചെടുക്കാനുള്ള അസാമാന്യ ധൈര്യം അദ്ദേഹം കാണിച്ചു. അക്കാലത്ത് ഒന്നര ലക്ഷം രൂപ എന്നു പറഞ്ഞാൽ വലിയൊരു സംഖ്യയായിരുന്നു. കാതോലിക്കാ ബാവായുടെ താമസസ്ഥലം എന്നു പറയുമ്പോൾ അത് സഭയുടെ ആസ്ഥാനമായി വേണം കണക്കാക്കാൻ. അത്തരം സ്ഥലം വാങ്ങുമ്പോൾ മിനിമം കാതോലിക്കാ ബാവായുടെയെങ്കിലും അനുമതി വാങ്ങേണ്ടിയിരുന്നു. അതിനൊന്നും അദ്ദേഹം കാത്തുനിന്നില്ല. വളരെ രഹസ്യമായിട്ടാണ് കരുക്കൾ നീക്കിയത്. അതിനു കാരണമുണ്ട്. എതിർകക്ഷികൾ - പാത്രിയർക്കീസ് വിഭാഗക്കാർ - ആ വിവരം അറിഞ്ഞാൽ ആ കച്ചവടം നടത്തുന്നത് മുടക്കാൻ ശ്രമിക്കും. പിന്നെ കൂടുതൽ ചർച്ച നടത്തിയാൽ ഭിന്നതയും ഉടക്കും ഉണ്ടാകുമെന്നും മാമ്മൻ മാപ്പിള ധരിച്ചിരുന്നു.

പ. ബാവായ്ക്ക് 1953 ഡിസംബറിൽ മൂത്രാശയരോഗം കൂടുകയും തുടർന്നു മാമ്മൻ മാപ്പിള വെല്ലൂർക്കു ഫോൺ ചെയ്തു പ്രശസ്തനായ ഡോ. പി. കോശിയെ വിവരം ധരിപ്പിക്കുകയും ചെയ്തു. ഡോ. പി. കോശി പ്രസിദ്ധ ഡോക്ടറായ ഡോ. കാർമ്മനുമൊന്നിച്ച് ഡിസംബർ 23-നു കോട്ടയത്ത് എത്തി ബാവായെ പരിശോധിച്ചു. ഓപ്പറേഷനുവേണ്ടി 24-നു തന്നെ വെല്ലൂർക്കു കൊണ്ടുപോകാൻ തീരുമാനിച്ചതിനെ തുടർന്ന് 23-നു വൈകിട്ടു ബാവായ്ക്കു തിരുമേനിമാർ ചേർന്നു കന്തീലാ ശുശ്രൂഷ നടത്തി. ക്ഷീണിതനെങ്കിലും കെ. സി. മാമ്മൻ മാപ്പിളയും കൊച്ചി വരെ ബാവായെ അനുയാത്ര ചെയ്തു. ബാവാ ട്രെയിനിൽ കയറുംമുമ്പ് കൊച്ചിയിൽ വച്ചു ബാവായുടെ കൈ മുത്തിയത് തന്റെ അവസാനത്തെ ആദരപ്രകടനമാണെന്നു മാമ്മൻ മാപ്പിളയും ബാവായും കരുതിയിരുന്നില്ല.

1954 ജനുവരി മൂന്നിനു ഓപ്പറേഷൻ നടത്താൻ നിശ്ചയിച്ചു എങ്കിലും 1953 ഡിസംബർ 31-നു അർദ്ധരാത്രി മാമ്മൻ മാപ്പിള അന്തരിച്ചതിനെ തുടർന്ന് ദുഃഖഭാരം മൂലം ബാവായുടെ ഷുഗർ വർദ്ധിക്കുകയും തന്നിമിത്തം

ജനുവരി 18-നു ശസ്ത്രക്രിയ നടത്തുകയുമാണുണ്ടായത്. ചികിത്സയും അനേകായിരങ്ങളുടെ പ്രാർത്ഥനയും മൂലം ബാവായുടെ രോഗം മാറി.

(2013 ഡിസംബർ 31-നു മലങ്കരസഭ കോട്ടയം ബസേലിയോസ് കോളജിൽ നടത്തിയ ആദ്യ അൽമായ നേതൃസ്മൃതി സമ്മേളനത്തിൽ വച്ച് കെ. സി. മാമ്മൻ മാപ്പിളയുടെ വൻ സേവനങ്ങളെ അനുസ്മരിച്ചു. പ്രഥമ അൽമായ നേതൃസ്മൃതി പുരസ്ക്കാരം സഭാചരിത്രകാരന്മാരായ കെ. വി. മാമ്മനും അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിലിനും പ. പൗലോസ് ദ്വിതീയൻ ബാവാ സമ്മാനിച്ചു.)

പൂർണ്ണചന്ദ്രനിലും ഒരു കളങ്കം

മലങ്കരസഭാ ചക്രവാളത്തിൽ പൂർണ്ണചന്ദ്രനെപ്പോലെ ശോഭിച്ചുകൊണ്ടിരുന്ന പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ജീവിതത്തിലെ ഏറ്റവും കറുത്ത അധ്യായമാണ് കോട്ടയം ജില്ലാക്കോടതിയിലെ അനുകൂല വിധിയെ തുടർന്ന് സമുദായക്കേസിൽ വാദികൾ അപ്പീൽ കൊടുത്തപ്പോൾ സഭയ്ക്കു എന്തെങ്കിലും ദോഷം സംഭവിച്ചേക്കാമെന്നുള്ള ഭയത്തിൽ ക്രൈസ്തവ വിരുദ്ധ സർവ്വാധികാരിയായിരുന്ന തിരുവിതാംകൂർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ അനുഭാവം നേടാൻ എന്നു തോന്നുമാറ് 1939 സെപ്തംബറിൽ തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ വച്ചു മലങ്കരസഭ രാമസ്വാമിഅയ്യരുടെ ഷഷ്ടിപൂർത്തി പ്രമാണിച്ച് ഒരു ഉദ്യാനവിരുന്നും മംഗളപത്രവും നൽകിയത്. ഇതാണ് ബാവായുടെ സൂര്യപ്രഭയെ വെല്ലുന്ന വെണ്മയേറിയ സഭാജീവിതക്കുപ്പായത്തിൽ മായിച്ചുകളയാനാവാത്ത കളങ്കം പറ്റിച്ചത്.

മലങ്കരയുടെ ലൗകികാധികാരങ്ങളും സ്വത്തുക്കളും കൈക്കലാക്കാൻ ശ്രമിച്ച അബ്ദുള്ളാ പാത്രിയർക്കീസിനെ എതിർക്കുകയും വട്ടശ്ശേരിൽ തിരുമേനിയെ അനുകൂലിക്കുകയും ചെയ്തുവന്ന മലയാള മനോരമയും ഇന്ത്യൻ നാഷനൽ കോൺഗ്രസിനു പിന്തുണ നൽകിവന്ന കാതോലിക്കാ കക്ഷിയും സി. പി. രാമസ്വാമി അയ്യർക്കു ഒരു പേടിസ്വപ്നമായിരുന്നു. സമുദായ - കോൺഗ്രസ് തലങ്ങളിൽ മുന്നണിവീരനായി പ്രവർത്തിച്ച കെ. സി. മാമ്മൻ മാപ്പിളയേയും വളർന്നുവന്ന നാഷണൽ ക്വയിലോൺ ബാങ്കിനേയും സി. പി. രാമസ്വാമിഅയ്യർ പല കുതന്ത്രങ്ങൾ ഉപയോഗിച്ചു തകർത്ത് ബാങ്കിന്റെ മേധാവിയായിരുന്ന സി. പി. മാത്തനേയും മനോരമ മുദ്രവച്ചശേഷം കെ. സി. മാമ്മൻ മാപ്പിള, കെ. സി. ഈപ്പൻ, കെ. എം. ഈപ്പൻ, കെ. വി. വറുഗീസ് കൂടത്തുംമുറി മുതലായവരെയും ജയിലിൽ അടച്ചിരുന്ന പശ്ചാത്തലത്തിലാണു സി. പി. യെ സമുദായം സ്വീകരണത്തേരിലേറ്റി മംഗളപത്രം നൽകിയത്. ഇതിന്റെ പിന്നിൽ ആഴമായി ചിന്തിക്കാതിരുന്ന ചില നല്ല നേതാക്കൾ ഉണ്ടായിരുന്നു എങ്കിലും ഇതിന്റെ മുഖ്യ ഉത്തരവാദിത്വം സഭാതലവനല്ലെന്നു പറയാനാവില്ലല്ലോ.

സ്വീകരണയോഗത്തിൽ സി. പി. യിൽ പ്രശംസ ചൊരിഞ്ഞു ഇംഗ്ലീഷിൽ പ്രസംഗിക്കാൻ നല്ല കഴിവുള്ള പത്തനാപുരം ദയറായിലെ സി. എം. തോമസ് റമ്പാൻ (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ്) ക്ഷണിക്കപ്പെട്ടു. ഇതു സംബന്ധിച്ചു റമ്പാച്ചനെ ക്ഷണിച്ചുകൊണ്ടുള്ള ബാവായുടെ കത്താണു ചുവടെ ചേർക്കുന്നത്.

"നമ്മുടെ സഭാകേസുകളുടെ വിവരങ്ങൾ റമ്പാച്ചൻ ഇംഗ്ലണ്ടിൽ നിന്നു മടങ്ങിയെത്തിയശേഷം അറിഞ്ഞിട്ടുണ്ടല്ലോ. ഈ പ്രതികൂല സാഹചര്യത്തിൽ നമ്മുടെ ദിവാൻ സ്വാമിക്കു അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ച് അനുമോദനാർത്ഥം ഒരു ഗാർഡൻ പാർട്ടി നടത്തേണ്ടത് ഏറ്റവും ആവശ്യവും അനുയോജ്യവുമായിരിക്കുമെന്ന് നമുക്കും നമ്മുടെ പ്രിയ മക്കൾക്കും ബോദ്ധ്യമായിരിക്കുന്നു. ആ മീറ്റിംഗിൽ ഔചിത്യപൂർവ്വം ഇംഗ്ലീഷിൽ ഒരു ടോസ്റ്റു പ്രസംഗം നടത്തുന്നതിനു യോഗ്യനായി റമ്പാച്ചനല്ലാതെ മറ്റാരെയും നാമോ നമ്മുടെ പ്രിയപ്പെട്ടവരോ കാണുന്നില്ല. മീറ്റിംഗിനു മുമ്പ് തിരുവനന്തപുരത്തെത്തി പള്ളിക്കെട്ടിടത്തിൽ വന്ന് നമ്മെ കാണണം. ശേഷം പിന്നാലെ കാഴ്ചയിൽ."

ഗാർഡൻ പാർട്ടിയിലെ റമ്പാന്റെ പ്രസംഗം വിദ്യാസമ്പന്നനായ ഒരു സായിപ്പിനെപ്പോലും വെല്ലുന്നവിധം വളരെ മെച്ചപ്പെട്ടതായിരുന്നു. ഈ സമ്മേളനവും റ്റീപാർട്ടിയും ബാവായ്ക്കുവേണ്ടി ഒരുക്കിയത് തിരുവനന്തപുരത്തെ പ്രമുഖരായ സഭാസ്നേഹികളായിരുന്നു. ഒ. എം. ചെറിയാൻ, കെ. കെ. ലൂക്കോസ്, ഇ. ജെ. ജോൺ, ഇ. ജെ. പീലിപ്പോസ് മുതലായ നേതാക്കൾ നേതൃത്വനിരയിൽ ഉണ്ടായിരുന്നു.

സി. പി. ക്കും പ്രസംഗം വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം റമ്പാച്ചനു കൈകൊടുത്തു സന്തോഷം അറിയിച്ചു. എന്നാൽ ഓർത്തഡോക്സ് സഭാനേതാക്കളുടെ വകയായ നാഷനൽ ക്വയിലോൺ ബാങ്കും മനോരമയും പൂട്ടിക്കുകയും അവയുടെ നേതാക്കളായ സി. പി. മാത്തൻ, കെ. സി. മാമ്മൻ മാപ്പിള മുതലായവരെ പ്രതികാരമനോഭാവത്തോടെ അറസ്റ്റുചെയ്ത് അഴിക്കകത്ത് ആക്കിയ പശ്ചാത്തലത്തിൽ ഇത്തരം ഒരനുമോദനം സി. പി. ക്കു നൽകിയതാണ് തൂത്താൽ പോകാത്ത കളങ്കക്കറ ബാവായിൽ പുരട്ടിയത്.

ഈ ഗാർഡൻപാർട്ടി നൽകിയതിനെ അന്നത്തെ തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയിൽ ചേർന്ന പ്രസിദ്ധരായ ഒരു സംഘം ഓർത്തഡോക്സ് യുവനേതാക്കൾ പ്രതിഷേധിച്ചിരുന്നു. എന്നാൽ സഭാദ്ധ്യക്ഷന്റെ ആവശ്യത്തിനു "തിരുവായിക്കു എതിർവായില്ലല്ലോ" എന്ന നിലയിലാണു റമ്പാച്ചൻ പ്രസംഗിച്ചതെന്നും പ്രസംഗം മൂലം പരോക്ഷമായി സഭയ്ക്കു നേട്ടം ഉണ്ടായിട്ടുണ്ടെന്നുമാണ് സി. എം. തോമസ് റമ്പാച്ചന്റെ നിലപാട്. എന്തായാലും സി. പി. പോകുകയും അടിച്ചമർത്തപ്പെട്ട മലയാള മനോരമ വാനോളം

വളരുകയും സി. പി. മാത്തൻ ഫ്രാൻസിലെ ഇന്ത്യൻ അംബാസഡർ വരെ ഉയരുകയും ചെയ്തത് ദൈവത്തിന്റെ കരുതൽ മാത്രമെന്നു മാലോകർ വിശ്വസിക്കുന്നു.

ഗാർഡൻപാർട്ടി മംഗളപത്ര സമർപ്പണം എന്നിവയെപ്പറ്റി 1939-ലെ (1113 വൃശ്ചികം 15) പൗരപ്രഭയിൽ വന്ന വാർത്തയും മറ്റും മലങ്കര നസ്രാണികൾ അഞ്ചാം ഭാഗത്തുനിന്നു ഉദ്ധരിക്കുന്നു:

പ്രതിലോമം

ആയിരത്തിതൊള്ളായിരത്തി മുപ്പതുകളിൽ 'പ്രതിലോമം' എന്നു ചുവന്ന മഷിയിൽ മുദ്ര കുത്തപ്പെടേണ്ട ഒരു നടപടിയൊ സംഭവമോ ഉണ്ടായി. അല്പം ലജ്ജയോടു കൂടെയാണെങ്കിലും അതും രേഖപ്പെടുത്തുന്നു. 'സമുദായക്കേസ്' 1938-ൽ കോടതിയിൽ ഫയൽ ചെയ്തു. സ്പെഷ്യൽ ജഡ്ജി വിചാരണ ആരംഭിച്ചത് 1940-ൽ. പാത്രിയർക്കീസ് പിമ്പിൽ നിന്നുകൊണ്ടു നടത്തുന്ന കേസാണ്. അദ്ദേഹത്തെക്കൂടെ കക്ഷി ചേർക്കേണ്ടത് വളരെ ആവശ്യമാണ് എന്നു പ്രതികൾ ബോധിപ്പിച്ച ഹർജി തള്ളി. സമുദായസ്വത്തുക്കൾ പ്രതികൾ അനർഹമായി കൈവശം വച്ച് ആദായം എടുക്കുന്നതു തടയണം, ആദായം എടുക്കുന്നതിനു കോടതിയിൽ നിന്ന് റിസീവറെ നിയമിക്കണം എന്നു വാദികൾ കൊടുത്ത ഹർജി സംബന്ധിച്ചു സുദീർഘമായ വാദം നടന്നു. ആ ഹർജി അനുവദിക്കുന്നപക്ഷം പ്രതികൾക്കു വരുമാനം നഷ്ടപ്പെടും. അത് ഒരു അത്യാഹിതമല്ല. കേസിന്റെ നടത്തിപ്പിനു പണം ജനങ്ങൾ കൊടുക്കാൻ മടിക്കുകയില്ല എന്നു വയ്ക്കാം. പക്ഷേ, ഇക്കാലമെല്ലാം കൈവശം ഇരുന്ന വസ്തുക്കൾ വിട്ടുകൊടുക്കേണ്ടതായും കാതോലിക്കോസ് -മലങ്കര മെത്രാപ്പോലീത്തായും മറ്റും അവരുടെ വാസസ്ഥലങ്ങളിൽ നിന്നു മാറിക്കൊടുക്കേണ്ടതായും വന്നാൽ അതു ജനങ്ങളുടെ മനോവീര്യം നഷ്ടപ്പെടുത്തും എന്ന ഭയമുണ്ടായിരുന്നു. പ്രതിഭാഗത്തിന്റെ വിജയസാദ്ധ്യതയിൽ വാദികൾ ഒഴിച്ച് ആർക്കും സംശയം ഉണ്ടായിരുന്നുമില്ല. എങ്കിലും ഭരണകൂടത്തിനു കാതോലിക്കാ കക്ഷിയോടു പ്രിയമൊന്നുമില്ലെന്നു മനസ്സിലാക്കത്തക്ക സംഭവങ്ങൾ തുടരെ തുടരെ ഉണ്ടായി. മലങ്കരയുടെ അധികാരാവകാശങ്ങൾ കൈ അടക്കുന്നതിനു ഏതു മാർഗ്ഗവും സ്വീകരിക്കുന്നതിനു ഒരുങ്ങി കാപ്പകെട്ടി ഇറങ്ങിയ അബ്ദള്ളാ ദ്വിതീയനോടു എതിരിട്ട മാർ ദീവന്നാസ്യോസിനും പക്ഷത്തിനും വേണ്ടി നിർദാക്ഷണ്യം വാദിക്കുകയും പ്രചരണം നടത്തുകയും ചെയ്ത മലയാള മനോരമയെ 1938-ൽ കൊന്നു. സമരത്തിന്റെ മുന്നണിയിൽ നിന്ന് അതിനെ നയിച്ച പ്രധാന പടത്തലവന്മാരിൽ ഒരുവനും 'മലയാള മനോരമ'യുടെ പത്രാധിപരും ആയിരുന്ന കെ. സി. മാമ്മൻമാപ്പിളയും സഹപ്രവർത്തകരും രണ്ടു മാസം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവർക്കു ബന്ധമുണ്ടായിരുന്ന നാഷണൽ ക്വയിലോൺ ബാങ്ക് അതിനു മുമ്പുതന്നെ അടച്ച് അനേകായിരം ഡെപ്പോസിറ്റുകാരെയും ജോലിക്കാരെയും

വെള്ളത്തിലാക്കി. കാലു പിടിച്ചിട്ടെങ്കിലും അപകടം ഒഴിക്കുന്നതിനു ചെന്ന വരെ ഘോരാട്ടഹാസവും ഭീഷണിയുംകൊണ്ട് സ്വാഗതം ചെയ്കയും ഓടിക്കുകയും ചെയ്തത് പരസ്യമായ രഹസ്യമല്ല പരസ്യം തന്നെ ആയിരുന്നു. മാമ്മൻമാപ്പിളയ്ക്കും 'മലയാള മനോരമ'യ്ക്കും നാഷണൽ ക്വയിലോൺ ബാങ്കിനും, സി. പി. ക്കു പേടിസ്വപ്നമായി പരിണമിച്ചിരുന്ന സ്റ്റേറ്റ് കോൺഗ്രസിനും പിൻതുണ നൽകിവന്ന കാതോലിക്കോസ് കക്ഷിയെ അടിക്കാൻ അവസരം കിട്ടിയാൽ അതു പ്രയോജനപ്പെടുത്തുമെന്ന് എല്ലാവർക്കും തന്നെ ഭയമുണ്ടായിരുന്നു. സമുദായക്കേസിൽ ആസന്നമായ റിസീവർ ഹർജി പ്രശ്നം കാതോലിക്കോസ് കക്ഷിക്ക് എതിരായി ഒരു അഡീഷണൽ ജഡ്ജിയെ കൊണ്ടു തീർച്ച ചെയ്യിക്കാൻ സർവാധിപതിയായിത്തീർന്ന സി. പി. രാമസ്വാമി അയ്യർക്കു കഴിയുമെന്നും അദ്ദേഹം മടിക്കയില്ലെന്നും ഉള്ളതിലും സംശയം ഒന്നുമില്ലായിരുന്നു. ആർക്കെങ്കിലും സംശയം ഉണ്ടായിരുന്നെങ്കിൽ അതു തീർക്കുന്നതിനു പാത്രിയർക്കീസ് പക്ഷം തയ്യാറുമുണ്ടായിരുന്നു. സമുദായക്കേസ് വിചാരണ ചെയ്യുന്നതിനു നിയമിക്കപ്പെട്ടിരുന്ന സ്പെഷ്യൽ ജഡ്ജിയെ നിലയ്ക്കു നിർത്താൻ സർവ്വാധിപതി പക്ഷം തങ്ങൾ വേണ്ടതു ചെയ്തു കഴിഞ്ഞു എന്ന് അവർ വളരെ രഹസ്യമായി പരസ്യപ്പെടുത്തിയതും സ്പെഷൽ ജഡ്ജി ഒന്നിലധികം പ്രാവശ്യം ദിവാനെ കാണേണ്ടതായി വന്നതും വളരെ രഹസ്യമൊന്നുമായിരുന്നില്ല. ഈ പരിതസ്ഥിതികളിൽ മാമോന്റെ മുമ്പിൽ തല കുനിച്ചിട്ടും സമുദായകാര്യങ്ങളെ അപകടാവസ്ഥയിൽ നിന്ന് മോചിപ്പിക്കണമെന്നു കാതോലിക്കോസിനെ ചില ഉപദേഷ്ടാക്കൾ ഉപദേശിച്ചു. അദ്ദേഹം ഉപദേശം സ്വീകരിച്ചു. സി. പി. രാമസ്വാമി അയ്യരുടെ ഷഷ്ടിപൂർത്തി പ്രമാണിച്ച് അദ്ദേഹത്തിനു തിരുവനന്തപുരം വിക്ടോറിയാ ജൂബിലി ടൗൺ ഹോളിൽ വച്ച് ഒരു തേയില സല്ക്കാരം നടത്തുകയും ഒരു മംഗളപത്രം സമർപ്പിക്കുകയും ചെയ്തു. ആ ചടങ്ങിനെപ്പറ്റി 1939 നവംബറിൽ പൗരപ്രഭ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിന്റെ സംക്ഷേപം താഴെ ചേർക്കുന്നു.

തിരുവനന്തപുരം
1939 വൃശ്ചികം 15 വെള്ളി

അനുമോദനയോഗം

മലങ്കര ഓർത്തഡോക്സ് സിറിയൻ സമുദായത്തിന്റെ വകയായി സചിവോത്തമൻ സർ സി. പി. രാമസ്വാമി അയ്യരുടെ ഷഷ്ടിപൂർത്തിദിനം പ്രമാണിച്ച് വിക്ടോറിയാ ജൂബിലി ടൗൺഹോളിൽ വച്ച് മംഗളപത്രസമർപ്പണവും ഗാർഡൻപാർട്ടിയും ഇന്നു നാലര മണിക്ക് ഭംഗിയായി നടന്നിരിക്കുന്നു. ടൗൺഹോൾ പരിസരങ്ങൾ മുത്തുക്കുടകൾ കൊണ്ടും മറ്റും അലങ്കരിച്ചിരുന്നു. ക്ഷണിക്കപ്പെട്ട ഒട്ടുവളരെ മഹതീമഹാന്മാർ ഹാജരായിരുന്നു. വിശേഷപ്പെട്ട ഭക്ഷണവിഭവങ്ങൾ മേശപ്പുറത്തു സജ്ജീകരിച്ചിരുന്നു. സി. പി.

രാമസ്വാമി അയ്യരെ കാതോലിക്കോസ്, മാർ ഗ്രീഗോറിയോസ്, റമ്പാൻ തോമ്മസ്, റമ്പാൻ കുറിയാക്കോസ് ഇവരുടെ സഹകരണത്തോടുകൂടി ഹാര മണിയിച്ചു സ്വീകരിച്ചു. പട്ടക്കാർ സുറിയാനി ഗീതം ആലപിച്ചു. ആർച്ചു ബിഷപ്പ് ഈവാനിയോസും, ബിഷപ്പ് സേവേറിയോസും (മലങ്കരസഭ വിട്ട് റോമാസഭയിൽ ചേർന്നവർ) സന്നിഹിതരായിരുന്നു. സി. എം. തോമസ് റമ്പാൻ സ്വാഗതപ്രസംഗം ചെയ്തു. ഒ. എം. ചെറിയാൻ മംഗളപത്രം വായിച്ചു. പീലിപ്പോസ് മത്തായി അതു സമർപ്പിച്ചു.

മംഗളപത്രം

ഈ പുരാതന ക്രിസ്ത്യാനി സമൂഹത്തിലെ പൂർവ്വന്മാർക്ക്, ഈ രാജ്യത്തിന്റെ പുരോഗതിക്കും സംസ്ക്കാരത്തിനും തങ്ങളുടെ വിനീതമായ സംഭാവന നൽകത്തക്കവിധം തിരുവിതാംകൂർ മഹാരാജപരമ്പര കൈക്കൊണ്ടിരുന്ന വിവേകപൂർവ്വകമായ മതസഹിഷ്ണുതാ നയത്തിന് കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. .... എല്ലാ മതങ്ങളെയും മതഭേദങ്ങളെയും സംബന്ധിച്ചു ആ നയം തുടർന്നുവരുന്നതിനു മഹാരാജാവിനോട് അത്യധികം കൃതജ്ഞതയുണ്ട്. ... വിശ്വാസ്യനായ മന്ത്രിയുടെ ഷഷ്ടിപൂർത്തി കൊണ്ടാടുന്നതിൽ പങ്കുകൊള്ളുന്നതിനു സന്തോഷമുണ്ട്. ...

തിരുവിതാംകൂറിലെ മഹനീയരായ ദിവാൻജിമാരുടെ പരമ്പരയിൽ ഏറ്റം മുഖ്യസ്ഥാനം സി. പി. പ്രാപിച്ചു എന്നും രേഖപ്പെടുത്തിയശേഷം ക്ഷേത്രപ്രവേശനവിളംബരം, പള്ളിവാസൽ പദ്ധതി, സർവ്വകലാശാല മുതലായവ മംഗളപത്രത്തിൽ എടുത്തുകാണിക്കുകയും, രാജ്യത്തിന്റെ ഐശ്വര്യവും, രാജ്യവാസികളുടെ ധാർമ്മികമായ ക്ഷേമവും വളർത്തുന്നതിനു സി. പി. ചെയ്യുന്ന ശ്രമങ്ങൾക്കു സഹകരണവും പിൻതുണയും മംഗളപത്രത്തിൽ വാഗ്ദത്തം ചെയ്യുകയും ചെയ്തിരുന്നു.

സി. പി. മറുപടിയിൽ പ്രക്ഷോഭണം കൊണ്ട് ഒന്നും സാധിക്കാൻ പോകുന്നില്ലെന്നു സൂചിപ്പിക്കുകയും, അന്ധമൊ ദാസ്യപരമൊ അല്ല, വിവേകവും, ജാഗ്രതയും, വിമർശനബുദ്ധിയും തികഞ്ഞ സൃഷ്ടിപരമായ സഹകരണം നിങ്ങളിൽ നിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു എന്നു പറയുകയും ചെയ്തു.

സി. പി. രാമസ്വാമിഅയ്യർ തിരുവിതാംകൂറിലെ ക്രൈസ്തവരെ പീഡിപ്പിക്കുന്നു എന്നുള്ള ശബ്ദം നൂഡൽഹിയിൽ എത്തിയിരുന്നു. അതിനു ഒരു ഒഴിവായിട്ടായിരിക്കാം തുറുങ്കിൽ അടയ്ക്കപ്പെട്ടവരുടെ മതാദ്ധ്യക്ഷൻ സമുദായത്തിന്റെ പേരിൽ കൊടുത്ത മംഗളപത്രവും ഗാർഡൻ പാർട്ടിയും കിട്ടിയ ആൾ വീക്ഷിച്ചത്. ഈ ചടങ്ങുകൾ വിക്ടോറിയാ ജൂബിലി ഹോളിൽ നടന്ന കാലത്ത് കെ. സി. മാമ്മൻമാപ്പിളയുടെയും മറ്റും പേരിൽ എടുത്തിരുന്ന – അവരെ പല വർഷക്കാലത്തേക്കു തടവുശിക്ഷയ്ക്കു വിധിച്ച – കേസ്

തിരുവനന്തപുരം കോടതിയിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു എന്നുള്ളത് ഇതു വരുത്തിയ കളങ്കത്തിന്റെ ഘനം വർദ്ധിപ്പിച്ചു. ... മംഗളപത്രം കിട്ടിയ ആളിനു പ്രയോജനം ഉണ്ടായി. ഒരു ആത്മികാദ്ധ്യക്ഷന് അനുയോജ്യമല്ലാത്ത ആ നടപടി സ്വീകരിച്ച ആളിനൊ? സമുദായക്കേസിലെ റിസീവർ ഹർജി മംഗളപത്രസമർപ്പണം കഴിഞ്ഞ് 122-ാം ദിവസം തള്ളപ്പെട്ടു. തെളിവുണ്ടായിരുന്നതുകൊണ്ടും നിയമം അനുസരിച്ചും, കേസു വിചാരണ ചെയ്തുകൊണ്ടിരുന്ന ന്യായാധിപൻ വിധിച്ചു എന്നല്ലാതെ മംഗളപത്ര ദാതാവിനു അനുകൂലമായി തീർച്ച ചെയ്യുന്നതിനു ദത്തവാൻ സ്വാധീനം ചെലുത്താൻ മെനക്കെട്ടു എന്നോ അതുകൊണ്ട് അനുകൂലമായി വിധി ഉണ്ടായി എന്നൊ വിശ്വസിക്കാൻ തയ്യാറില്ല. അങ്ങേയറ്റം വന്നാൽ ദ്രോഹിക്കണമെന്ന് ആവശ്യപ്പെട്ടില്ല എന്നോ നിയമാനുസരണം തീർച്ചചെയ്തുകൊള്ളട്ടെ എന്നു വച്ചെന്നോ അനുമാനിക്കാം.

നെഹ്റു - ബാവാ കൂടിക്കാഴ്ച

കേരളത്തിൽ 1957-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചരണാർത്ഥം കോൺഗ്രസ് പ്രസിഡന്റു കൂടിയായ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അക്കൊല്ലം ഫെബ്രുവരി മൂന്നിന് കോട്ടയത്ത് എത്തി. കോട്ടയത്തെ പ്രസംഗവേദി പ്രസിദ്ധമായ എം.ഡി. സെമിനാരി മൈതാനത്താണു ക്രമീകരിച്ചത്. മലങ്കരസഭയ്ക്കു രാഷ്ട്രീയമില്ലാത്തതിനാൽ പ. ബാവാ കോൺഗ്രസുകാരനായ പ്രധാനമന്ത്രി നെഹ്റുവിനെ സന്ദർശിക്കുന്നതും സംസാരിക്കുന്നതും ശരിയല്ലെന്നുള്ള വാദം ചിലർ ഉന്നയിച്ചു. കോൺഗ്രസ് പ്രസിഡന്റ് എന്ന നിലയിലാണു നെഹ്റു വന്നിരിക്കുന്നത്. മലങ്കരസഭാംഗങ്ങളിൽപെട്ടവർ വിവിധ പാർട്ടി അംഗങ്ങളുമാണ്. കോൺഗ്രസ് പ്രസിഡന്റിനെ ബാവാ സ്വീകരിക്കുന്നതു കോൺഗ്രസുകാരല്ലാത്തവരും മറ്റു പാർട്ടികളിൽപെട്ടവരുമായ സഭാംഗങ്ങൾക്ക് ഒട്ടും ഇഷ്ടമില്ലാത്ത കാര്യമാണെന്നും ചിലർ ചൂണ്ടിക്കാട്ടി.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഒരേസമയം മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ആയ ഗീവറുഗീസ് ദ്വിതീയൻ ബാവാ, മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിലാണു നെഹ്റുവിനെ സ്വാഗതം ചെയ്തതെന്നും ചൂണ്ടിക്കാട്ടാമല്ലോ.

വിഭിന്ന വാദമുഖങ്ങൾ പലർ ഉന്നയിച്ചെങ്കിലും തന്റെ വക സ്ഥലത്ത് ആഗോളപ്രശസ്തനും ചരിത്രപണ്ഡിതനും പ്രഗത്ഭനുമായ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി എത്തുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കേണ്ടതു തന്റെ ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാണെന്നു മറ്റാരും പറയാതെ തന്നെ ബാവായ്ക്ക് അറിയാമായിരുന്നു. ബാവ വളരെ ഔചിത്യപൂർവ്വം യഥോചിതം നെഹ്റുവിനെ സ്വീകരിച്ചു; ഹാരമണിയിച്ചു. കുശലപ്രശ്നവും നടത്തി. രാഷ്ട്രീയ കാര്യമൊന്നും ബാവാ നെഹ്റുവിനോടു പറഞ്ഞുമില്ല.

ഇവിടെ ഒരു പഴയ സംഭവം പറയേണ്ടതുണ്ട്. പണ്ട് യേശുക്രിസ്തു ധനവാനായ ശീമോന്റെ വീട്ടിൽ ചെന്നപ്പോൾ യഹൂദമര്യാദപ്രകാരം യേശുവിന്റെ കാൽ കഴുകുന്നതിനുള്ള വെള്ളം ശീമോൻ നൽകിയില്ല. ധനവാനായ ശീമോന്റെ ആതിഥ്യമര്യാദയറ്റ ഈ നടപടി കണ്ടപ്പോൾ ശീമോനോട്,

"അല്ലേ ഗൃഹസ്ഥാനീ ധന്യനായ് ലോകത്തിൽ

ഇല്ലിതിൻമീതെ വിരുന്നുകാരൻ" എന്ന് അന്ന് ഓർപ്പിക്കേണ്ടി വന്നു. "ക്രിസ്തു ഈ ഭവനത്തിന്റെ തലയാണ്. എല്ലാ ഭക്ഷണനേരത്തെയും അദൃശ്യനായ അതിഥിയായിരിക്കും. എല്ലാ സംഭാഷണങ്ങളുടെയും നിശ്ശബ്ദനായ ശ്രോതാവായിരിക്കും" എന്നിങ്ങനെ എഴുതി വീട്ടിൽ ഫ്രെയിം ചെയ്തു വച്ചിട്ട് എന്തു പ്രയോജനം? തന്നെ സംബന്ധിച്ചിടത്തോളം നെഹ്റുവിനേക്കാൾ വലിയ അതിഥി മറ്റാരും അന്നില്ല. ചിരിച്ചുകൊണ്ടുതന്നെയാണു ബാവാ ആതിഥ്യമര്യാദയുടെ ശൃംഗത്തിൽ നിന്നുകൊണ്ട് രാഷ്ട്രശിൽപിയായ നെഹ്റുവിനെ ഹാരമണിയിച്ചതെന്നു അതിനും സാക്ഷിയായ എനിക്കു തറപ്പിച്ചു പറയാനാവും. ആ അനുപമ സായാഹ്നത്തിലെ സന്തോഷനിർഭരമായ ഹൃദയപ്പകർച്ചയ്ക്ക് ആയിരങ്ങളാണു സാക്ഷിയായത്. പലരും ഇന്നും ജീവിച്ചിരിപ്പുണ്ട്.

മന്നത്തു പത്മനാഭനെ അനുഗ്രഹിക്കുന്നു

നായർ സർവ്വീസ് സൊസൈറ്റിയുടെ സമുന്നത നേതാവും മുടിചൂടാ മന്നനുമായിരുന്ന മന്നത്തു പത്മനാഭന്റെ ശതാഭിഷേക സമാപന സമ്മേളനത്തിൽ പ. ബാവാ എത്തി ആ മഹായോഗത്തെ ആശീർവദിച്ചു. കൂടാതെ മന്നത്തിന്റെയും സമുന്നത നായർ നേതാക്കന്മാരുടെയും ആഗ്രഹപ്രകാരം മന്നത്തിന്റെ ശിരസ്സിൽ ബാവാ സ്പർശിച്ച് അനുഗ്രഹപ്രാർത്ഥന നടത്തുകയും ഉണ്ടായി. പണ്ടത്തെ നായർ - ക്രിസ്ത്യൻ പിണക്കിന്റെ പശ്ചാത്തലത്തിൽ ഈ സംഭവം കേരളത്തിന്റെ സാമുദായിക ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ട ഒരു സംഭവമാണ്. തലയിൽ പരിശുദ്ധനായ ബാവായുടെ കരസ്പർശം ഉണ്ടായ ഉടനെ അദൃശ്യമായ ഒരു ദിവ്യശക്തി തന്റെ തല മുതൽ പാദം വരെ കടന്നുപോയതായി മന്നം സാക്ഷിച്ചിട്ടുണ്ട്.

ചില നായർ പ്രമാണികൾക്കു മന്നം ബാവായുടെ മുമ്പിൽ തലകുനിച്ചു നിന്ന സംഭവം ഒട്ടും ഇഷ്ടപ്പെട്ടില്ല. അവർ അന്നത്തെ എൻ.എസ്. എസ്. ജനറൽ സെക്രട്ടറിയായിരുന്ന കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയോടു പരാതി പറഞ്ഞു. മന്നം ആഗ്രഹം അറിയിച്ചതിനെ തുടർന്നാണു ബാവായെ ക്ഷണിച്ചുവരുത്തി മന്നത്തെ അനുഗ്രഹിച്ചതെന്നു സെക്രട്ടറി പറഞ്ഞതിനെത്തുടർന്ന് എതിർപ്പുകാരെ ഒന്നും ആരും പിന്നെ കണ്ടിട്ടില്ല. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും മന്നത്തെ അനുഗ്രഹിക്കുന്നതിനും പിന്നണിയിൽ നിന്നു പ്രവർത്തിച്ചതു പന്തളത്തെ ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്കോപ്പാ ആയിരുന്നു.

ചിത്രകലാ വല്ലഭനായിരുന്ന ചിത്രമെഴുത്തു കെ. എം. വറുഗീസിന്റെ പ്രശസ്ത ചരിത്രനോവലായ "മാത്യൂസ് മാർ അത്താനാസ്യോസിന്റെ പഞ്ചകല്യാണി" എന്ന പുസ്തകത്തെ നിരൂപണത്തിന്റെ ഏ.ബി.സി.ഡി. കൾ മനഃപൂർവ്വം വിസ്മരിച്ചുകൊണ്ട് മന്നത്തു പത്മനാഭൻ എൻ.എസ്.എസ്. വക സർവ്വീസ് പത്രത്തിൽ എട്ടു ദശകങ്ങൾക്കു മുമ്പ് നിഷ്ഠുരമായി വിമർശിച്ചു. ചരിത്രസത്യങ്ങളെ അവഗണിച്ചുകൊണ്ടും കേരളീയ നസ്രാണികളുടെ പ്രശസ്ത സേവനങ്ങളെ അധിക്ഷേപിച്ചുകൊണ്ടും മന്നം എഴുതിയ ലേഖന സമാഹാരത്തിനു ചിത്രമെഴുത്ത് അനിഷേധ്യവും സുശക്തവും മായാത്തതുമായ ചരിത്രരേഖകളുടെ പിൻബലത്തിൽ എഴുതിയ "കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം" എന്ന പുസ്തകത്തിൽ ചുട്ട മറുപടി നൽകിയപ്പോൾ മന്നം ഒന്നിരുന്നു. സമസ്ത മേഖലകളിലും ക്രൈസ്തവർ നേടിയ പുരോഗതിയിൽ അൽപം അസൂയപൂണ്ട മന്നം പിന്നീട് നായന്മാർ മാപ്പിളമാരെ (ക്രിസ്ത്യാനികളെ) കണ്ടു പഠിക്കണമെന്നു പലവുരു ഗുണദോഷിച്ചിട്ടുണ്ട്.

1950-കളിൽ ക്രൈസ്തവർ മധ്യതിരുവിതാംകൂറിൽ പല കോളജുകൾ ആരംഭിച്ച പശ്ചാത്തലത്തിലാണു പണം ഇല്ലാതിരുന്ന മന്നം നാടുനീളെ നടന്നു തേങ്ങയും മാങ്ങയും അരിയും മറ്റും പിരിച്ചു ഏതാനും കോളജുകൾ ആരംഭിച്ചത്. പണപ്പിരിവുകാര്യത്തിൽ എം. പി. മന്മഥൻ, മന്നത്തിന്റെ നിഴലായി പരിശ്രമിച്ചു.

അമ്പതു വർഷം മുമ്പു നടന്ന ഒരു കാര്യം കൂടി ഓർപ്പിക്കട്ടെ. കോട്ടയത്തിനടുത്തുള്ള കുമാരനല്ലൂർ ക്ഷേത്രത്തിലെ ഉത്സവം വൻതോതിൽ നടക്കുന്നു. ഉത്സവസമ്മേളനത്തിലെ മുഖ്യാതിഥി മന്നവും. ചടങ്ങു റിപ്പോർട്ടു ചെയ്യാൻ എന്നെയാണു മനോരമ നിയോഗിച്ചത്. ഞാൻ കൊടുത്ത റിപ്പോർട്ട് മനോരമയിൽ ഭംഗിയായി വന്നു. എന്നാൽ ആ സമ്മേളനത്തിൽ മന്നം പറഞ്ഞു, "നായർ അയൽപക്കത്തെ അച്ചിക്കു വെള്ളം കോരുകയും വിറകു കീറുകയും ചെയ്യുന്ന കാലത്തോളം നന്നാവില്ല. മാപ്പിളമാരെ കണ്ടുപഠിക്കുക" എന്ന ഭാഗം പത്രത്തിൽ ചേർക്കാനാവില്ലല്ലോ. എന്തായാലും കാലം കടന്നുപോയപ്പോൾ ക്രൈസ്തവരുമായി മന്നം സഹകരിക്കുകയും ഈശ്വരാനുഗ്രഹം തേടുകയും ചെയ്തു എന്നതു ചരിത്രസത്യം.

കല്ലുങ്കത്രയിലെ പ്രതിഷേധം: മരണശിക്ഷ കിട്ടിയ പ്രതിയെ ബാവാ രക്ഷിച്ചു

മലങ്കരസഭയിൽ 1958-ൽ പരസ്പര സ്വീകരണത്തെ തുടർന്നുണ്ടായ സമാധാന അന്തരീക്ഷത്തിൽ പ. ഗീവറുഗീസ് രണ്ടാമൻ കോട്ടയത്തിനു പടിഞ്ഞാറുള്ളതും മുൻ പാത്രിയർക്കീസു വിഭാഗത്തിനു ഭൂരിപക്ഷമുള്ളതുമായ കല്ലുങ്കത്ര വലിയപള്ളിയിലേക്കു ക്ഷണിക്കപ്പെട്ടു. സഭയുടെ പരമാധികാരിയായ

തിരുമേനിയെ പള്ളിയിൽ കയറ്റാതിരിക്കാൻ വിവരദോഷികളും അന്ധമായ അന്ത്യോഖ്യൻ ആരാധകരുമായ ഒരു സംഘം ശ്രമിച്ചു. പോലീസ് ആവശ്യ മായ ക്രമസമാധാനനില പാലിക്കാൻ നിയുക്തരായി. ആഘോഷപൂർവ്വം കല്ലു ങ്കത്ര പള്ളിയിൽ ചെന്ന ബാവായെ കറുത്ത കൊടികൾ പിടിച്ചും നിഘണ്ടു വിലില്ലാത്ത വാക്കുകൾ വിളിച്ചുപറഞ്ഞും സംസ്കാരശൂന്യരായ ഏതാനും പേർ തടഞ്ഞു കലഹാന്തരീക്ഷം സൃഷ്ടിച്ചു. പാവപ്പെട്ട ഒരുപറ്റം ആളുകൾ പ്രതിഷേധക്കാരുടെ വലയിൽ വീണു. ആ കൂട്ടത്തിൽ പോലീസ് അറസ്റ്റു ചെയ്ത അയ്മനം തെക്കേക്കരയിൽ ജോൺ ജേക്കബ് ഉണ്ടായിരുന്നു. ബാവായെ തടയാൻ വന്നവരിൽ ചിലരുടെ വീടുകളിൽ ദുരനുഭവങ്ങൾ ഉണ്ടായി. ഒരപകടത്തിൽപെട്ടു വലിയ വാശിക്കാരനായ പൊക്കത്തിൽ കുര്യൻ വക്കീലിന്റെ കാലൊടിഞ്ഞു. ജോൺ ജേക്കബ് ഒരു കൊലക്കേസിൽ പ്രതി യായി. വധശിക്ഷ ലഭിച്ച അദ്ദേഹം സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ടു. ചെയ്ത തെറ്റിനെപ്പറ്റി പശ്ചാത്താപം ഉണ്ടായപ്പോൾ ജേക്കബ് പ. ബാവായ്ക്ക് താഴെപ്പറയുന്ന കത്തയച്ചു.

ജോൺ ജേക്കബ്, ഏകാന്തം നമ്പർ 9148,
സെൻട്രൽ ജയിൽ, തിരുവനന്തപുരം-12,

2-9-1963

പരിശുദ്ധ ബാവാ തിരുമനസ്സിലെ തൃക്കൈ മുത്തി ഉണർത്തിക്കുന്നത്.

ഈ എഴുത്ത് എഴുതുന്നത് അയ്മനത്ത് തെക്കേക്കരിയിൽ മരിച്ചുപോയ കൊച്ചിന്റെ മകൻ ജേക്കബ് എന്ന തിരുമനസ്സിലെ ആത്മീയ പുത്രനാണ്.

വികാരാവേശംകൊണ്ടും പെട്ടെന്നുണ്ടായ കോപം നിമിത്തവും അടിയൻ അവിവേകമായി ഒരു കൊലക്കേസിൽ ഉൾപ്പെട്ടു. അതിനു ശിക്ഷയായി അടി യനെ തൂക്കിലിടുവാൻ ഈയിടെ കോട്ടയം സെഷൻസ് കോർട്ടിൽ നിന്നും വിധിയുണ്ടായ നിർഭാഗ്യവാനായ മഹാപാപിയാണ് അടിയൻ. ഈ വിധിയി ന്മേൽ അടിയന്റെ ആളുകൾ എറണാകുളം ഹൈക്കോർട്ടിൽ അപ്പീൽ ബോധി പ്പിച്ചിരിക്കുകയാണ്. അടിയൻ അറിവോടും അറിവുകൂടാതെയും ദൈവ ത്തെയും ദൈവപ്രതിപുരുഷനായ തിരുമേനിയെയും മറ്റും പല പ്രകാരത്തിൽ പീഡിപ്പിച്ചിട്ടുള്ളവനാണ്. അങ്ങനെ അടിയന്റെ പാപങ്ങളെപ്പറ്റി ഓർക്കാനും മാപ്പ് ഇരക്കാനുമുള്ള സന്ദർഭമാണ് ഈ ശിക്ഷകൊണ്ട് അടിയനു ലഭിച്ചിരി ക്കുന്നതെന്ന് അടിയൻ പൂർണ്ണമായി വിശ്വസിക്കുന്നു.

അന്ധമായ അന്ത്യോഖ്യാ ഭക്തികൊണ്ട് അറിവില്ലാത്ത അടിയങ്ങൾ നേതാ ക്കന്മാരെന്നു വിശ്വസിച്ചിരുന്ന ആളുകളുടെ ദുരാലോചനയിൽപെട്ട് വാക്കു കൊണ്ടും പ്രവൃത്തികൊണ്ടും തിരുമനസ്സിനെയും പ്രയാസപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ അറിവില്ലാതെ പലതും പ്രവർത്തിച്ച കൂട്ടത്തിൽ തിരുമനസ്സുകൊണ്ട്

കല്ലുങ്കത്ര പള്ളിയിൽ എഴുന്നെള്ളിയ അവസരത്തിൽ അടിയങ്ങൾ തിരുമന സ്സിലെ നേർക്കു കാണിച്ച ബഹുമാനക്കുറവിൽ അടിയൻ യഥാർത്ഥമായി ദുഃഖിക്കുകയും, തിരുമനസ്സിലെ തൃക്കൈ മുത്തി പാപിയായ അടിയനോടു ക്ഷമിക്കണമേ എന്ന് യാചിക്കുകയും അടിയന്റെ ബലഹീനതയെയും ആലംബം ഒന്നുമില്ലാത്ത അടിയന്റെ കുടുംബത്തെയും നിർദ്ദോഷികളായ അഞ്ചാറു കുഞ്ഞുങ്ങളെയും ഓർത്ത് അടിയന്റെ തെറ്റുകൾ ക്ഷമിക്കണമെന്നും ഇനിയും ഒരു സത്യക്രിസ്ത്യാനി ആയിത്തീർന്ന് തെറ്റുകൾക്കു തക്ക പ്രായ ശ്ചിത്തം ചെയ്യുന്നതിന് ഒരവസരം ഉണ്ടാക്കിത്തരുന്നതിന് ദൈവത്തോട് അപേ ക്ഷിക്കുന്നതിന് അവിടുത്തെ മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്നു. കുരി ശിൽവച്ച് യേശുതമ്പുരാൻ തന്റെ ശത്രുക്കൾക്കുവേണ്ടിപ്പോലും അവർ ചെയ്യു ന്നത് ഇന്നതെന്ന് അറിയായ്കയാൽ അവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ചതുപോലെ പാപികളായ അടിയങ്ങളുടെ തെറ്റുകൾ ക്ഷമിക്കുന്ന തിന് തിരുമനസ്സുകൊണ്ട് പ്രാർത്ഥിക്കണമെന്നും അവിടുത്തെ തൃപ്പാദത്തിൽ പിടിച്ചുകൊണ്ട് നടത്തുന്ന യാചന സ്നേഹനിധിയായ തിരുമനസ്സുകൊണ്ട് തള്ളിക്കളയുകയില്ലെന്നും വിശ്വസിക്കുന്നു.

പ്രായാധിക്യത്താൽ ക്ഷീണിതനായിരിക്കുന്ന തിരുമേനിയെ ഇനിയും കൂടു തലായി എഴുതി വിഷമിപ്പിക്കുന്നില്ല. അടിയന്റെ സമാധാനത്തിനുവേണ്ടി തെറ്റുകളെ ക്ഷമിച്ചിരിക്കുന്നു എന്നും അടിയനെ തിരുമനസ്സിലെ പ്രാർത്ഥന യിൽ ഓർക്കുമെന്ന് അറിയിച്ചുകൊണ്ടും രണ്ടു വാക്കു കൽപിച്ചു മറുപടി അയയ്ക്കണമെന്നു യാചിച്ചുകൊണ്ട് മഹാപാപിയായ അടിയൻ നിർത്തുന്നു.

എന്ന് അവിടുത്തെ ആത്മീയ പുത്രൻ,

റ്റി. ജെ. ജേക്കബ്

പ. ബാവായുടെ മറുപടി

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അയ്മനത്തു തെക്കേ ക്കരിയിൽ ജോൺ ജേക്കബിനു വാഴ്വ്.

പ്രിയനെ, നിന്റെ എഴുത്തു കിട്ടി. നീ നമുക്കു വിരോധമായി എന്തെങ്കിലും ചെയ്തതായി നാം അറിഞ്ഞിരുന്നില്ല. എന്നാൽ ഏതാനും ദിവസങ്ങൾക്കു മുമ്പ് നിന്റെ അമ്മായിഅപ്പനും നിന്റെ ഭാര്യയും കുഞ്ഞുങ്ങളും കൂടി ഇവിടെ വന്ന് നിന്റെ വിവരങ്ങൾ പറഞ്ഞപ്പോഴാണ് നാം അറിഞ്ഞത്. അപ്പോൾതന്നെ നാം നിന്നോടു ക്ഷമിക്കുകയും ചെയ്തു. നിന്നോടു നമുക്കു യാതൊരു വിരോ ധവുമില്ല.

നമ്മുടെ കർത്താവ് പാപികളെ രക്ഷിക്കാനാണ് ലോകത്തിലേക്കു വന്നത്. അനുതപിക്കുന്ന പാപിയുടെ എല്ലാ തെറ്റുകളും താൻ ക്ഷമിക്കും. നീ സങ്കട ത്തോടും കണ്ണുനീരോടും കൂടെ ദൈവമുമ്പാകെ നിന്നെത്തന്നെ സമർപ്പി

ക്കുകയും പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കുകയും നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്യണം. വലത്തുഭാഗത്തെ കള്ളൻ അവന്റെ അന്ത്യനിമിഷത്തിൽ അനുതപിച്ചത് നമ്മുടെ കർത്താവ് കൈക്കൊണ്ടപ്രകാരം നിന്റെ അനുതാപം താൻ കൈക്കൊള്ളട്ടെ. ദൈവാശ്രയത്തോടും പ്രത്യാശയോടും കൂടിയിരിക്കുക. നിനക്കും നിന്റെ കുടുംബത്തിനുംവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിന്റെമേലും നിന്റെ കുടുംബാംഗങ്ങളുടെമേലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1963 സെപ്റ്റംബർ 16-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

(ഒപ്പ്)

1963 സെപ്റ്റംബർ ആദ്യം രോഗബാധിതനായ തിരുമേനി തീരെ അവശനിലയിൽ എത്തുന്നതുവരെയും ഔദ്യോഗിക കൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടുതന്നെയായിരുന്നു എന്നുള്ളതിന് ഒരു സാക്ഷ്യമാണ് 4-9-1963-ൽ തിരുമേനിക്കു ലഭിച്ച കത്തിനു അധികം താമസിയാതെ 16-9-1963-ൽ തന്നെ മറുപടി അയച്ചത്.

സെൻട്രൽ ജയിലിൽ കൊലക്കുറ്റത്തിന് തൂക്കാൻ വിധിക്കപ്പെട്ടു കിടക്കുന്ന ഒരുവന്റെ കത്തിനു മറുപടി അയയ്ക്കാമോ? അയച്ചാലത്തെ പ്രതികരണം എന്തായിരിക്കും എന്നൊക്കെ ടി കത്തു കിട്ടിയപ്പോൾ അന്ന് അരമനയിലുണ്ടായിരുന്ന പലരും ചിന്തിക്കുകയുണ്ടായി. മറുപടി അയയ്ക്കാതിരിക്കുകയായിരിക്കും നല്ലതെന്നു ചിലർ തിരുമനസ്സറിയിച്ചു. എന്നാൽ തിരുമേനി അവയെല്ലാം അവഗണിച്ച് റ്റി. വി. ജോർജ്ജിനെ (പിന്നീട് നെടുമാവച്ചൻ) വിളിച്ചു മറുപടി പറഞ്ഞുകൊടുത്ത് എഴുതിച്ച് ഒപ്പിട്ട് അയയ്ക്കുകയായിരുന്നു ചെയ്തത്.

ബാവാതിരുമേനി ഈ അപേക്ഷക്കാരനുവേണ്ടി ഹൃദയം നൊന്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1964 ജനുവരി മൂന്നിനു തിരുമേനി കാലംചെയ്തു. വിവരം അറിഞ്ഞ് സെൻട്രൽ ജയിലിൽനിന്ന് തിരുമനസ്സിലെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന റ്റി. ജി. സഖറിയാ ശെമ്മാശന്റെ പേർക്ക് ജേക്കബ് അയച്ച കത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു.

'പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പരലോകപ്രാപ്തനായതിൽ ഹൃദയംഗമമായി ദുഃഖിക്കുകയും തിരുമനസ്സിലെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവിടുത്തെ പ്രാർത്ഥനയാൽ എനിക്കു പാപമോചനം ഉണ്ടാവുകയും ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും എനിക്ക് ഉണ്ടാകുകയും ചെയ്യുമാറാകട്ടെ. പ. തിരുമേനിയുടെ

മരണത്തിനു മുമ്പായി എനിക്ക് ആശീർവാദങ്ങളും അനുഗ്രഹങ്ങളും നൽകിക്കൊണ്ട് അയച്ച കൽപന എനിക്കും എന്റെ കുടുംബത്തിനും എന്നേക്കും അനുഗ്രഹമായിത്തീരും. ശെമ്മാശാ, പരിശുദ്ധ ബാവാതിരുമേനി ചെയ്തതുപോലെ എനിക്കുവേണ്ടി പ്രാർത്ഥിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധ ബാവാതിരുമനസ്സിലെ അടിയന്തിര ഓർമ്മദിവസത്തിലെ കുർബ്ബാനയിൽ എനിക്കുവേണ്ടിയും അപേക്ഷിക്കണമെ.'

ഇന്ത്യൻ പ്രസിഡണ്ടിന്റെയടുത്ത് ജേക്കബ് ദയാഹർജി സമർപ്പിച്ചു. ദൈവതിരുമുമ്പാകെ പ. ബാവാതിരുമേനിയും ജേക്കബിനുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയിരിക്കാം. ജേക്കബ് തൂക്കുമരത്തിൽ നിന്നു രക്ഷപ്പെട്ടു. വിടുതൽ പ്രാപിച്ചു. ജയിൽവിമുക്തനായി. ഓടിവന്ന് കബറിങ്കൽ ഹൃദയം നിറഞ്ഞ സ്തോത്രങ്ങൾ അർപ്പിച്ചു.

സഭാസമാധാനം ഉണ്ടായതിനെ തുടർന്ന് പുത്തൻകാവു പള്ളിയിൽ ചേർന്ന മലങ്കര അസോസിയേഷനിൽ വച്ചു താൻ ആചന്ദ്രതാരം കാതോലിക്കേറ്റിന്റെ കീഴിൽ അടിയുറച്ചു നിൽക്കുമെന്നും, ബാവാതിരുമേനി അപ്പഴപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്ത പൗലോസ് മാർ പീലക്സിനോസ് പിന്നീട് സ്ഥാനമാനങ്ങൾക്കുവേണ്ടി സഭയിൽ വഴക്കുണ്ടാക്കുന്നതിന്റെ നേതൃത്വം ഏറ്റെടുത്തു. കല്ലുങ്കത്ര സംഭവത്തിന്റെ പിന്നിലും ഈ മെത്രാന്റെ ഗൂഢാലോചന ഉണ്ടായിരുന്നു.

1961 ഏപ്രിൽ 27-ാം തീയതി തന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിനായി എം.ഡി. സെമിനാരി അങ്കണത്തിൽ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ വിളിച്ചുകൂട്ടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അതിന്റെ തലേദിവസംതന്നെ കല്ലുങ്കത്ര തോമസ് കത്തനാരും കൂട്ടരും ഹൈക്കോടതിയിലെ വെക്കേഷൻ ജഡ്ജിയെക്കൊണ്ട് സ്റ്റേ ചെയ്യിക്കുകയുണ്ടായി. തുടർന്ന് ബാവായും കൂട്ടുപ്രതികളായ കുറ്റിക്കാട്ടിൽ ചാക്കോ കോരയും നടുവിലേക്കര ചാക്കോ കുര്യനും കണ്ടമുണ്ടാരിൽ തോമസ് മാണിയും ചേർന്ന് കൊടുത്ത അപ്പീൽ പരിഗണിച്ച് 13-06-1961-ൽ സ്റ്റേ നീക്കി. 17-5-1962-ൽ നിരണത്തുവച്ച് കൂടിയ അസോസിയേഷൻ ഔഗേൻ തിരുമേനിയെ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു. എങ്കിലും കോട്ടയം അഡീഷനൽ ഡിസ്ട്രിക്റ്റ് കോടതിയിൽ കേസ് തുടർന്നുകൊണ്ടിരുന്നു. 19-11-1963-ൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധി ഉണ്ടായി. 1964 മെയ് 22-ന് പാത്രിയർക്കീസ് യാക്കോബ് തൃതീയൻ മലങ്കരസഭാ സുന്നഹദോസിന്റെ സഹകരണത്തിൽ ഔഗേൻ തിരുമേനിയെ കാതോലിക്കാ ആയി വാഴിക്കുന്നതിന് നേതൃത്വം കൊടുത്തു. ഇതു തടസ്സപ്പെടുത്തുന്നതിനുവേണ്ടി 1964 മാർച്ച് മാസത്തിൽതന്നെ സഭാവിരുദ്ധരായ പീലക്സിനോസ് അനുഭാവികൾ വർദ്ധിതവീര്യത്തോടെ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തിരുന്നു. ഔഗേൻ ബാവാ ചുമതല ഏറ്റു

കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് അസാധുവാക്കാൻ വീണ്ടും 6 വർഷത്തോളം ഹൈക്കോടതിയിൽ കേസ് നടത്തിയ പീലക്സിനോസും, പാത്രിയർക്കീസ് അനുഭാവികളും ഒരിക്കൽകൂടി പരാജയപ്പെട്ടു. 1969 ഡിസംബറിൽ കേസ് തള്ളിക്കളഞ്ഞുകൊണ്ടുള്ള വിധി ഉണ്ടായി.

കല്ലുങ്കത്ര മണലേൽ പള്ളിയിൽ

1955 മെയ് ആദ്യ വാരം. കല്ലുങ്കത്ര മണലേൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിപ്പെരുന്നാളിനായി പ. ഗീവറുഗീസ് രണ്ടാമൻ ബാവാ ക്ഷണിക്കപ്പെട്ടു. പള്ളിയിലേക്കു കടക്കാൻ ഇന്നത്തെപ്പോലെ അന്നു പാലം നിർമ്മിച്ചിരുന്നില്ല. റോഡിൽനിന്ന് ഏതാനും അടി നടന്നുവന്ന ബാവായെ അലങ്കരിച്ചൊരുക്കിയ ഒരു തട്ടിൻവള്ളത്തിൽ കയറ്റി വാദ്യമേളങ്ങളോടും ആവേശത്തിമിർപ്പോടുമാണ് പള്ളിക്കു ചുറ്റുമുള്ള മീനച്ചിലാറിന്റെ കൈവഴിയിലൂടെ പള്ളിമുറ്റത്തേക്കു സഭാംഗങ്ങൾ എതിരേറ്റത്. പള്ളിയിലെ വികാരിമാർ ചാലാശ്ശേരി ഗീവറുഗീസ് കത്തനാരും മുപ്പാത്തിയിൽ മത്തായി കത്തനാരുമായിരുന്നു.

കക്ഷിഭിന്നത രൂക്ഷമായിരുന്ന ആ കാലഘട്ടത്തിൽ സംഘർഷഭരിതമായ അന്തരീക്ഷത്തിൽ ചാലാശ്ശേരി ഗീവറുഗീസ് കത്തനാർ ബാവായുടെ കൽപനപ്രകാരം ധൈര്യപൂർവ്വം കോട്ടയം ചെറിയപള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നു ചെറിയപള്ളി കാതോലിക്കാ കക്ഷിക്കു മാത്രമായി ലഭിക്കുകയും ചെയ്തത് ഒരാധുനിക ചരിത്രസംഭവമാണ്. ചെറിയപള്ളി വികാരിയായിരുന്ന ഫാ. കെ. പീലിപ്പോസും (പിന്നീട് മാർ തെയോഫിലോസ്) ബാവായോടൊപ്പം ഉണ്ടായിരുന്നു. പെരുന്നാൾ സംബന്ധിച്ചുള്ള സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം പള്ളി അങ്കണത്തിൽ ചേർന്ന സമ്മേളനത്തിൽ മനോരമയുടെ പ്രതിനിധിയായി എത്തിയ എനിക്കും ഫാ. കെ. പീലിപ്പോസിന്റെ നിർദ്ദേശപ്രകാരം പ്രസംഗിക്കേണ്ടി വന്നു.

ദശാംശ ശേഖരണത്തിൽ കല്ലുങ്കത്ര മണലേൽ പള്ളിയുടെ മാതൃക അനുകരണീയമാണെന്നു പറയാം. എല്ലാ ജനുവരിയിലും എല്ലാ വീടുകളിൽ നിന്നും പണം ശേഖരിക്കുന്നതിന് ഒരു ദശാംശ സമ്മേളനം നടത്തിവരുന്നു. ഏതാനും വർഷം മുമ്പ് ആരംഭിച്ച ആദ്യസമ്മേളനത്തിൽ 200 വീട്ടുകാരുള്ള പള്ളിയിൽനിന്നു 20 ലക്ഷം രൂപ ലഭിച്ചു. വർഷംതോറും ദശാംശ സമ്മേളനവും പിരിവും നടത്തും. ഈ ദശാംശ പിരിവു കൊണ്ടാണു വിശാലമായ ഒരു ഓഡിറ്റോറിയം നിർമ്മിക്കാനും അരയേക്കർ സ്ഥലം കൂടി വാങ്ങാനും, ഒരു ഗാർഡൻ ഉണ്ടാക്കാനും മറ്റും സാധിച്ചത്. ഓഡിറ്റോറിയം പണിക്കുവേണ്ടി ഇടവകാംഗങ്ങളിൽ നിന്നു ബാങ്കു നൽകുന്ന പലിശയ്ക്കു കടം വാങ്ങിയ തുകയുടെ ബാക്കിയുള്ള തുകയും പലിശയും വർഷംതോറും ദശാംശത്തിൽ നിന്നു അടച്ചുതീർത്തുകൊണ്ടാണിരിക്കുന്നത്. ദശാംശ ശേഖരണപദ്ധതി

ആവിഷ്ക്കരിച്ചു നടപ്പാക്കിയത് ഫാ. കെ. എം. സഖറിയാ വികാരിയായിരുന്ന കാലത്താണ്.

ഫാ. റ്റി. സി. ജേക്കബ്

ഫാ. റ്റി. സി. ജേക്കബ് ഒരു താപ്പാനയെ സദാ അനുഗമിച്ചു സംരക്ഷിക്കുന്ന സമർത്ഥനായ പാപ്പാനെപ്പോലെ ഗീവറുഗീസ് രണ്ടാമൻ ബാവായെ പഴയസെമിനാരിയിലും ദേവലോകത്തും എല്ലാംമറന്ന് ആത്മാർത്ഥമായി ശുശ്രൂഷിച്ചു. ഫാ. റ്റി. സി. ജേക്കബിനെ ഞങ്ങൾക്കു വിസ്മരിക്കാനാവില്ല. പ. ബാവായ്ക്കു ഭക്തജനങ്ങൾ സമ്മാനിക്കുന്ന വില കൂടിയ മുന്തിരിയും, ആപ്പിളും, ഓറഞ്ചും, കേക്കും, പാനിയും മറ്റും സൂക്ഷിക്കുന്നത് ജേക്കബ് അച്ചന്റെ സ്റ്റീൽ അലമാരിയിലായിരിക്കും. എന്നെപ്പോലെ അച്ചനെ സ്നേഹിക്കുന്നവർ വല്ലപ്പോഴും ദേവലോകത്തു ചെല്ലുമ്പോൾ ബാവായ്ക്കു ലഭിച്ചുകൊണ്ടിരുന്ന നല്ല സാധനങ്ങൾ ലോഭമെന്യേ നൽകുമായിരുന്നു. പഴവർഗ്ഗങ്ങളുടെയും മറ്റും സ്രോതസ് എനിക്ക് അറിയാമെങ്കിലും ഇതെല്ലാം മാനേജരച്ചൻ കാശുമുടക്കി വാങ്ങി വച്ചിരിക്കുകയാണോ എന്നു ചോദിച്ചാൽ "എടോ കഴിച്ചാൽ പോരെ, കുഴി എണ്ണണോ" എന്നു ഒരു കള്ളച്ചിരിയോടെ പ്രതിവചിക്കും. സത്യസന്ധനും വിശ്വസ്തനുമായ പ. ബാവായ്ക്കു ചേർന്ന ഒരു നല്ല ദാസനായിരുന്നു ഫാ. റ്റി. സി. ജേക്കബ്. ബാവായുടെ കാലശേഷം വിശ്രമജീവിതത്തിലേക്കു കടക്കാൻ ആഗ്രഹിച്ച കാര്യം പിൻഗാമിയായ പ. ഔഗേൻ ബാവായോടു പറഞ്ഞപ്പോൾ "അച്ചൻ എന്റെ കാലംവരെ ഇവിടെ തുടരുക" എന്നു പറഞ്ഞതിൽനിന്നു അച്ചന്റെ സേവനത്തിനു തങ്കത്തേക്കാൾ വിലയായിരുന്നു എന്നു വ്യക്തമാണല്ലോ.

ഒരു ശുഭസന്ദേശം ഒപ്പിടലും ഫോട്ടോഎടുപ്പും

ഞാൻ 1950-ൽ കോട്ടയത്തുവന്നശേഷം 14 വർഷം പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ മലങ്കരസഭാ ഭരണത്തിനിടയിൽ വളരെ അടുത്തും അകന്നും നിന്നുകൊണ്ട് പ. ബാവായുടെ പ്രവർത്തനങ്ങൾ വീക്ഷിക്കുകയും അദ്ദേഹം സംബന്ധിച്ച പല പരിപാടികളിൽ പങ്കെടുക്കുകയും അവയുടെ റിപ്പോർട്ടുകൾ യഥാസമയം പ്രാധാന്യം നൽകി മലയാള മനോരമയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കടുത്ത പ്രതിസന്ധികളിലും സങ്കീർണ്ണപ്രശ്നങ്ങളിലും പരാജയങ്ങളിലും വമ്പിച്ച സാമ്പത്തികബുദ്ധിമുട്ടുകൾക്കിടയിലും രോഗാവസ്ഥയിലും ഒരു വലിയ പ്രാർത്ഥനാമനുഷ്യനും പുണ്യചരിതരായ മുൻഗാമികളുടെ മദ്ധ്യസ്ഥതയിൽ പൂർണ്ണമായും അഭയം തേടുന്ന അതുല്യ ഭക്തനുമായിരുന്ന ബാവാ തളരാതെ കൂടുതൽ പ്രശോഭിക്കുകയുമാണുണ്ടായത്. പരാജയങ്ങളിൽ പതറാതെ, സത്യം ജയിക്കുമെന്ന പല്ലവി ഊണിലും ഉറക്കത്തിലും യാമങ്ങളിലും ചൊല്ലിക്കൊണ്ടിരുന്ന ബാവായുടെ തകർക്കാനാവാത്ത വിശ്വാസം അനുപമമായിരുന്നു. അതിനു സാക്ഷ്യം വഹിക്കാൻ സാധിച്ചതുതന്നെ ഒരു ഭാഗ്യമായി കരുതുന്നു.

കോട്ടയത്തെ കെ. സി. മാമ്മൻ മാപ്പിള ടൗൺഹാളിന്റെ കല്ലിട്ടത് 1955 മെയ് 23-നു അന്നത്തെ കേന്ദ്രവ്യവസായ വകുപ്പുമന്ത്രി ടി. ടി. കൃഷ്ണനാചാരിയായിരുന്നു. ഈ സ്മാരക മന്ദിര നിർമ്മാണക്കമ്മിറ്റി സെക്രട്ടറിയായിരുന്ന മലയാള മനോരമ മാനേജർ നാലാത്ര എൻ. എം. ഏബ്രഹാമാണു സമ്മേളനത്തിൽ വായിക്കാനുള്ള പ. കാതോലിക്കാ ബാവായുടെ ഒരു ശുഭസന്ദേശം തയ്യാറാക്കിയത്. ഈ സന്ദേശം പ. ബാവായെ വായിച്ചു കേൾപ്പിച്ചശേഷം ഒപ്പിട്ടു വാങ്ങുന്നതിനു മനോരമ പത്രാധിപസമിതി അംഗമായിരുന്ന എന്നെയാണു ചുമതലപ്പെടുത്തിയത്. ഞാൻ ദേവലോകത്തു ചെന്നു ഓഫീസിന്റെ ചാർജ് വഹിച്ചിരുന്ന നെടുമാവു ടി. വി. ജോർജിനെ (പിന്നീട് വൈദികൻ) കണ്ടു കാര്യം പറഞ്ഞു. ഉടൻതന്നെ ജോർജ് എന്നെ ബാവാ തിരുമേനിയുടെ മുറിയിലേക്കു കൊണ്ടുപോയി. ഇതു കെ. വി.മാമ്മനാണ്, മലയാള മനോരമയിലെ എൻ. എം. ഏബ്രഹാമിന്റെ അസിസ്റ്റന്റാണ്. ബാവാതിരുമേനിയുടെ സന്ദേശം വായിച്ചു കേൾപ്പിച്ചശേഷം ഒപ്പിടുവിക്കുവാനാണ് വന്നിരിക്കുന്നത്" എന്ന് ഉച്ചസ്വരത്തിൽ ജോർജ് പറഞ്ഞു. എൻ. എം. ഏബ്രഹാം എന്നു കേട്ടപ്പോൾതന്നെ "അപ്പോൾ നീയും നാസ്തികനാണോടാ" എന്ന് ഉറക്കെ എന്നോടു ചോദിച്ചു. ഞാൻ ഒന്നും മറുപടി പറയാതെ നിന്നപ്പോൾ എന്റെ നാടും വീടും എവിടെയെന്നും ബാവാ ആരാഞ്ഞു. തുടർന്ന് എന്റെ വീടു പത്തനംതിട്ടയിൽ മാക്കാംകുന്നിലാണെന്നു പറഞ്ഞു. ഇതിനിടയിൽ മുറിയിൽ കയറിവന്ന ദേവലോകം മാനേജർ ഫാ. ടി. സി. ജേക്കബ് "അതങ്ങ് ഒപ്പിട്ടു കൊടുത്താട്ടെ" എന്നു പറയുകയും ബാവാ ഒപ്പിട്ടുതരികയും ചെയ്തു. ഞാൻ ഒരു വലിയ കാര്യം സാധിച്ചതുപോലെ കൈ മുത്തി സ്ഥലംവിട്ടു.

എൻ. എം. ഏബ്രഹാം എന്നു കേട്ടപ്പോൾതന്നെ "അപ്പോൾ നീയും നാസ്തികനാണോടാ" എന്നു ചോദിച്ചതിന് ഒരു പശ്ചാത്തലം ഉണ്ട്. 1953 മെയ് 15-നു അഞ്ചു മെത്രാപ്പോലീത്തന്മാരെ മാർ ഏലിയാ ചാപ്പലിൽ വച്ചു ബാവാ വാഴിച്ചതിനെ തുടർന്ന് പുതിയ മെത്രാന്മാരുടെ ശ്രദ്ധയ്ക്കെന്നു പറഞ്ഞ് ചർച്ച് വീക്കിലി ചീഫ് എഡിറ്റർ കൂടിയായിരുന്ന എൻ. എം. ഏബ്രഹാം എഴുതിയ മുഖപ്രസംഗത്തിൽ ദിവ്യമായ ശുശ്രൂഷാവേളയിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന ശെമ്മാശന്മാരെയും മറ്റും ചെറിയ തെറ്റിനുപോലും പ. ബാവാ അപ്പോൾതന്നെ ശാസിക്കുന്ന രീതി സ്വീകരിക്കരുതെന്നും അതു ശുശ്രൂഷയുടെ പരിപാവന അന്തരീക്ഷത്തിനു ഭംഗം വരുത്തുമെന്നും എഴുതിയിരുന്നു. ഇതു വായിച്ചശേഷം "അവൻ ആരെടാ എന്നെ ഉപദേശിക്കാൻ" എന്നു ബാവാ ചോദിച്ചു. ഈ സംഭവത്തെ തുടർന്ന് ഏബ്രഹാം ബാവായെ കാണാതെ കഴിഞ്ഞുവരവെ ഒരു ദിവസം ബാവാ മനോരമ അങ്കണത്തിൽ എത്തി. മാനേജരായിരുന്ന എൻ. എം ഏബ്രഹാം ബാവായുടെ കൈമുത്തി സ്വീകരിച്ചു (തന്റെ വിമർശനം കുറെ കഴിയുമ്പോൾ ബാവാ മറക്കുമെന്നും അപ്പോൾ ചെന്നു കാണാമെന്നും ഏബ്രഹാം കരുതിയിരുന്നു).

“ഞാൻ നിന്നെ കാണാനാണു വന്നത്.” ഇതു കേട്ടപ്പോൾ ഏബ്രഹാം വികാരവിവശനായി. തന്നോടുള്ള ബാവായുടെ സ്നേഹത്തിന്റെ ആഴത്തെപ്പറ്റി ചിന്തിച്ച് ഏബ്രഹാം വിസ്മയിച്ചു പോയി. നേരത്തെ, നമ്മുടെ വേനൽകാല കാലാവസ്ഥയെ മുൻനിർത്തി നോമ്പിന്റെ കാഠിന്യം കുറയ്ക്കണമെന്നു പറഞ്ഞുകൊണ്ട് ഏബ്രഹാം ചർച്ച് വീക്കിലിയിൽ ഒരു മുഖപ്രസംഗം എഴുതിയിരുന്നു. നോമ്പിലും പ്രാർത്ഥനയിലും ഉപവാസത്തിലും അണുവിട മാറ്റം വരുത്താത്ത ബാവായുണ്ടോ ഈ നിർദ്ദേശം സ്വീകരിക്കുന്നു!

“പ്രമേഹരോഗിയായ നീ നോമ്പിലും മീനും ഇറച്ചിയും മുട്ടയും ഒക്കെ കഴിച്ചോ? എന്തിനാണു പരസ്യമായി പത്രത്തിൽ എഴുതുന്നത്?” ബാവാ ഏബ്രഹാമിനോടു പറഞ്ഞു. ബാവായ്ക്കു ഏബ്രഹാമിനോടു വലിയ സ്നേഹമായിരുന്നു. പല സഭാസമാധാന ആലോചനകളിൽ പങ്കെടുത്തുവന്ന ഏബ്രഹാമായിരുന്നു വിദേശ സഭാതലവന്മാർക്കുള്ള പ. ബാവായുടെ കത്തുകളും മറ്റും ഫാ. കെ. പീലിപ്പോസിന്റെ നിർദ്ദേശപ്രകാരം എഴുതി തയ്യാറാക്കി വന്നത്.

ഇങ്ങനെയിരിക്കുമ്പോഴാണു സന്ദേശം ഒപ്പിടാനായി ഞാൻ ചെല്ലുന്നത്. ഏബ്രഹാമിനോടുള്ള രോഷം എന്നോടു പെട്ടെന്നു പ്രകടിപ്പിച്ചെന്നു മാത്രം.

ഫോട്ടോ എടുപ്പ്

1963. പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ജീവിതസായാഹ്നം അടുത്ത പശ്ചാത്തലത്തിൽ ബാവായുടെ കുറെ നല്ല ഫോട്ടോകൾ എടുക്കാൻ ഞാനും പരേതനായ മനോരമ സ്റ്റാഫ് ഫോട്ടോഗ്രാഫർ എം. കെ. ജോണും നിയോഗിക്കപ്പെട്ടു. കാർ യാത്രപോലെ ഫോട്ടോ എടുക്കുന്നതും പത്രത്തിൽ പടം വരുന്നതും ബാവാ തിരുമേനിക്കു വളരെ സന്തോഷമുള്ള കാര്യമായിരുന്നു. തിരുമേനിയുടെ ഫോട്ടോ എടുക്കാൻ വന്നതാണെന്നറിയിച്ചപ്പോൾ ബാവാ പെട്ടെന്നു വേഷം മാറി ഒരു ബാലനെപ്പോലെ ഞങ്ങൾ നിർദ്ദേശിച്ച രീതിയിൽ എല്ലാം നിന്നു തന്നു. ഒടുവിൽ ഞാനും ബാവായോടൊപ്പം നിൽക്കുന്ന ഒരു ഫോട്ടോ ജോൺ എടുത്തു. ഇതിനകം രണ്ടു റോൾ ഫിലിം തീർന്നു. ഇതിന്റെയെല്ലാം ഓരോ കോപ്പി എനിക്കു തരണം. ജോണിനോടു ബാവാ കൽപിച്ചു. “അടിയൻ തരാമേ” എന്നു ജോൺ പ്രതിവചിച്ചു. ഉടൻതന്നെ ബാവാ പുഞ്ചിരിച്ചുകൊണ്ട് “ഇവൻ കള്ളനാ, ഫോട്ടോ എനിക്കു തരത്തില്ല.” മുഖത്തെ പുഞ്ചിരി മായും മുമ്പ് ഞങ്ങൾ ബാവായുടെ കൈമുത്തി മടങ്ങി. പറഞ്ഞതുപോലെ ജോൺ ഫോട്ടോ കൊടുത്തുവോ എന്ന് എനിക്കു തിട്ടമില്ല. എന്നാൽ അന്നെടുത്ത പല ചിത്രങ്ങളും ബാവ കാലംചെയ്തപ്പോൾ പത്രത്തിൽ പ്രത്യക്ഷപ്പെട്ടു എന്ന വസ്തുത നിഷേധിക്കാൻ സാധ്യമല്ല.

മറ്റൊരു സംഭവം കൂടി. 1958-ലെ സുപ്രീംകോടതിവിധിക്കും സഭായോജിപ്പിനും മുമ്പാണിതു നടന്നത്. സഭാസമാധാന നീക്കങ്ങൾ മിക്കതും തകർത്ത മഞ്ഞിനിക്കരയിലെ അന്ത്യോഖ്യൻ പ്രതിനിധി യൂലിയോസ് മെത്രാപ്പോലീത്താ,

പ. കാതോലിക്കാബാവായെ ദേവലോകത്തു വന്നു കാണാൻ തീരുമാനിച്ചു എന്ന വാർത്ത വന്നു. ഞങ്ങൾ ദേവലോകത്ത് എത്തി. യൂലിയോസ് മെത്രാച്ചൻ ബാവായുടെ കൈമുത്തി കുശലപ്രശ്നം നടത്തി. തുടർന്നു നീരു വന്ന കാൽ ബാവായെ കാണിച്ചു, തീരെ സുഖമില്ലെന്നും നടക്കുമ്പോൾ വേദന ഉണ്ടെന്നും സുറിയാനിയിൽ പറഞ്ഞു (സുറിയാനി വാചകങ്ങളുടെ തർജ്ജമ സമീപത്തുനിന്ന ഒരു വൈദികനാണ് എനിക്കു പറഞ്ഞുതന്നത്).

ഇതു കേട്ടയുടനെ ബാവാ പറഞ്ഞു "താൻ ചാകാതെ സഭയിൽ സമാധാനം ഉണ്ടാകുകയില്ല." മലയാളത്തിലുള്ള ബാവായുടെ പ്രതികരണം യൂലിയോസ് മെത്രാച്ചനു പിടികിട്ടിയോ എന്നു നിശ്ചയമില്ല. ഒട്ടധികം പത്രപ്രതിനിധികളും സഭാനേതാക്കളും ഈ സന്ദർശന സംഭാഷണങ്ങൾക്കു സാക്ഷികളാണ്.

എന്തായാലും പിറ്റേദിവസത്തെ മനോരമ പത്രത്തിൽ മൂന്നുനാലു കോളത്തിൽ "ആശാവഹമായ ഒരു കൂടിക്കാഴ്ച" എന്ന തലക്കെട്ടോടുകൂടി വാർത്ത വന്നു. ബാവാ പറഞ്ഞ കാര്യം പത്രത്തിൽ കൊടുക്കാനാവില്ലല്ലോ. കുമിള പോലെയുണ്ടായ ആശ പെട്ടെന്നു പൊട്ടിപ്പോയി.

എന്തായാലും ബാവായുടെ പ്രവചനം വിഫലമായി. 1958-ലെ സഭാസമാധാന ചടങ്ങിൽ സമാധാന കൽപന കൈമാറിയത് മാർ യൂലിയോസായിരുന്നു. ഏതാനും വർഷങ്ങൾ കഴിഞ്ഞാണു യൂലിയോസ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്. ഒരിക്കൽ വട്ടശ്ശേരിൽ തിരുമേനിയുടെ അകാരണമായ മുടക്കു തീർത്തുകൊണ്ട് യൂലിയോസ് മെത്രാപ്പോലീത്തായുടെ കൈവശം പാത്രിയർക്കീസ് കൊടുത്തയച്ച കൽപന അദ്ദേഹം മുക്കി. ഇങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ സഭാസമാധാനവും വൻ പുരോഗതിയും മലങ്കരസഭയ്ക്ക് എന്നേ ഉണ്ടാകുമായിരുന്നു.

മാമ്മൻ മാപ്പിള ഹാൾ

ആദ്യത്തെ മാമ്മൻ മാപ്പിള ഹാളിനെപ്പറ്റിയുള്ള ഒരു സ്മരണികയിൽ പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ഇങ്ങനെ എഴുതി:

"മഹാന്മാരെപ്പറ്റിയുള്ള സ്മരണകൾ ഒരിക്കലും മാഞ്ഞുപോകുകയില്ല. അവർ ചെയ്തിട്ടുള്ള മഹത്കാര്യങ്ങൾ എന്നും നിലനിൽക്കുന്നതാണ്. അവ ലോകത്തിന് എല്ലാക്കാലത്തും സൽപ്രേരണകൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. അതുകൊണ്ടാണ് അങ്ങനെയുള്ളവർ മരണശേഷം സ്മരിക്കപ്പെടുന്നത്. അക്കൂട്ടത്തിൽ ഉൾപ്പെടുന്ന ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു നമുക്ക് പ്രിയപ്പെട്ട മാമ്മൻ മാപ്പിള. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലനിൽപ്പിനും പുരോഗതിക്കുംവേണ്ടി അവസരോചിതമായി അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഏതു ദുർഘട പ്രശ്നങ്ങൾക്കും,

നീക്കുപോക്ക് കണ്ടുപിടിക്കാൻ കഴിവുള്ള മാമ്മൻ മാപ്പിളയുടെ ആലോചനകൾ വളരെയധികം സഹായകമായിരുന്നു. ഉറപ്പായ ധൈര്യവും ദൂരദൃഷ്ടിയും വിശാലമായ വീക്ഷണവും, അസാധാരണമായ ബുദ്ധിശക്തിയുമുള്ള അദ്ദേഹം സമുദായത്തിനും രാജ്യത്തിനും മാതൃഭാഷയ്ക്കും ചെയ്തിട്ടുള്ള സേവനങ്ങൾ ഏവരും വിലമതിക്കുന്നതാണ്. മാമ്മൻ മാപ്പിളയുടെ സേവനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഈ രാജ്യത്തെ ജനങ്ങൾ ഇങ്ങനെയൊരു സ്മാരകം സ്ഥാപിക്കുവാൻ ഉദ്യമിച്ചത് എത്രയും ഉചിതമായിരിക്കുന്നു. ഇതിനുവേണ്ടി പരിശ്രമിച്ചവരെ നാം അഭിനന്ദിക്കുന്നു. മാമ്മൻ മാപ്പിള ഹാൾ ഭാവിതലമുറയ്ക്ക് സൽപ്രേരണകൾ നൽകുന്ന ഒരു മഹൽ സ്ഥാപനമായി കോട്ടയം നഗരത്തിൽ എന്നും നിലനിൽക്കുവാൻ ദൈവം സംഗതിയാക്കട്ടെ."

കുറ്റവും ശിക്ഷയും ക്ഷമാപണവും

1958-ൽ പരസ്പര സ്വീകരണം മുഖേന സഭയിൽ സമാധാനം ഉണ്ടാകുകയും തുടർന്ന് 1964-ൽ ഔഗേൻ ബാവായെ യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് മലങ്കരയിലെ നാലാമത്തെ കാതോലിക്കായായി വാഴിക്കുകയും ചെയ്തശേഷം സഭ സമാധാനപൂർവ്വം പുരോഗമിച്ചുവരവേ കർത്തൃശിഷ്യന്മാരുടെ ഇടയിലെ യൂദായെപ്പോലെ മലങ്കര സുന്നഹദോസിലെ ഒരു മെത്രാൻ വിരുദ്ധത്തിന്റെ വിത്തുവിതച്ചത് ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു ജീവിതസായാഹ്നത്തിൽ ദുഃഖകാരണമായി ഭവിച്ചു. കാതോലിക്കേറ്റിന്റെ കീഴിൽ ആചന്ദ്രതാരം നിലകൊള്ളുമെന്ന് പുത്തൻകാവു അസോസിയേഷനിൽ പ്രസ്താവിച്ച പൗലോസ് മാർ പീലക്സിനോസ് അനന്യാസിനെപ്പോലെയാണു പിന്നീട് പ്രവർത്തിച്ചത്. ആധുനിക സഭാചരിത്രമാകയാൽ വിവരിക്കുന്നില്ല. സ്ഥാനമാനങ്ങൾ തേടിനടന്ന പൗലോസ് മാർ പീലക്സിനോസിനു സഭാവിരുദ്ധ തീവ്രവാദ സംഘടനയായ അന്ത്യോക്യൻ മൂവ്മെന്റിന്റെ നേതൃത്വവും പിന്തുണയും ലഭിച്ചു.

അദ്ദേഹം നേരത്തെ എഴുതിവച്ച ഉടമ്പടിക്കും സമ്മതത്തിനും പ്രസംഗങ്ങൾക്കും പുല്ലുവില കൽപിച്ച് എല്ലാം കടകവിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്നതിന് ആരംഭിച്ചു. ക്ഷണക്കത്തയച്ചിട്ടും മാനേജിംഗ് കമ്മിറ്റിയിലും സുന്നഹദോസിലും ഹാജരാകാതിരുന്നു. പുതിയ മാനേജിംഗ് കമ്മിറ്റിക്കാരെ തെരഞ്ഞെടുക്കുന്നതിന് 1959 സെപ്തംബർ 16-നു കോട്ടയം എം. ഡി. സെമിനാരിയിൽ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിക്കാതെയിരുന്നപ്പോൾ അദ്ദേഹത്തിന്റെ വിരുദ്ധനിലപാട് വ്യക്തമായി. പ. കാതോലിക്കാ ബാവായുടെ കൽപനപ്രകാരം കൂടിയ ഈ അസോസിയേഷനിൽ വച്ച് 24 പട്ടക്കാരും 48 അത്മായക്കാരും ഉൾപ്പെടെ 72 പേരെ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുത്തു. മുൻ കക്ഷി

വ്യത്യാസം മറന്ന് മലങ്കരസഭയെ പ്രതിനിധാനം ചെയ്തു നടത്തപ്പെട്ട ഈ തെരഞ്ഞെടുപ്പിൽ സഭ ഒന്നടങ്കം സന്തോഷിച്ചു. 11 മെത്രാപ്പോലീത്തന്മാരും 400-ൽ അധികം പട്ടക്കാരും ആയിരത്തിൽപരം പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചിരുന്നു.

1959 നവംബർ 26-നു കണ്ടനാടു ഭദ്രാസനയോഗം മൂവാറ്റുപുഴ അരമനയിൽ വച്ചു കൂടി. ഔഗേൻ മാർ തീമോത്തിയോസും പൗലോസ് മാർ പീലക്സിനോസും ജോയിന്റു മെത്രാന്മാരെന്നുള്ള നിലയിൽ ഒരുമിച്ച് ഒപ്പും മുദ്രയുംവച്ച് പള്ളികൾക്ക് കൽപനകൾ അയച്ച് വിളിച്ചുകൂട്ടിയ യോഗമായിരുന്നു അത്. ഈ യോഗത്തിൽ പീലക്സിനോസ് അദ്ദേഹത്തിന്റെ വിരുദ്ധ നിലപാട് വ്യക്തമാക്കി അദ്ദേഹവും പാർശ്വവർത്തികളും ചേർന്ന് ബഹളമുണ്ടാക്കുകയും വാക്കൗട്ട് നടത്തുകയും ചെയ്തു. തുടർന്ന് സഭാസമാധാനത്തിനു വിപരീതമായ ചില നിലപാടുകളും അദ്ദേഹം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഈദൃശ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ട് പ. കാതോലിക്കാ ബാവാ സഭാസമാധാനശേഷമുള്ള മെത്രാച്ചന്റെ പ്രവൃത്തികൾ അനധികൃതവും സഭാഭരണഘടനയ്ക്കും നമ്മുടെ അധികാരങ്ങൾക്കും മെത്രാച്ചൻ നമ്മുടെ മുമ്പാകെ എഴുതിവച്ചിട്ടുള്ള പ്രതിജ്ഞയ്ക്കും നമ്മുടെ കൽപ്പനയ്ക്കും വിരുദ്ധമാകയാൽ സമാധാനം ബോധിപ്പിക്കണമെന്ന് മെത്രാച്ചന് കൽപന അയച്ചു. അതിന് വളരെ നിഷേധസ്വരത്തിൽ അദ്ദേഹം ബാവായ്ക്കു ഒരു മറുപടി അയയ്ക്കുകയും ചെയ്തു. തുടർന്ന് ബാവാതിരുമേനിയും അദ്ദേഹവുമായി പല എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. 1960 ഏപ്രിൽ 4-ാം തീയതി പീലക്സിനോസ് മെത്രാപ്പോലീത്തായുടെ നിലപാടിനെപ്പറ്റിയും ബാവാതിരുമനസ്സിലേക്കയച്ച എഴുത്തുകളെപ്പറ്റിയും മറ്റും ചർച്ച ചെയ്യുന്നതിനായി എപ്പിസ്കോപ്പൽ സുന്നഹദോസ് പ. ബാവായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. സുന്നഹദോസിൽവച്ച് അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള സംഗതികൾക്ക് സമാധാനം പറഞ്ഞ് കാര്യങ്ങൾ തീർക്കുന്നതിന് ബാവാ പീലക്സിനോസിനു കൽപന അയച്ചിരുന്നെങ്കിലും അദ്ദേഹം സുന്നഹദോസിൽ ഹാജരായില്ല. ഇതിനിടയ്ക്ക് പീലക്സിനോസുമായി പല അനുരഞ്ജനശ്രമങ്ങളും പലരും നടത്തി എങ്കിലും അദ്ദേഹം അതിനു വഴിപ്പെട്ടില്ല. ഈ പശ്ചാത്തലത്തിൽ സുന്നഹദോസ് അദ്ദേഹത്തെക്കുറിച്ചുള്ള ആരോപണങ്ങളെ സംബന്ധിച്ച് വിചാരണ നടത്താൻ നിർബന്ധിതമായി. അദ്ദേഹം ബാവായ്ക്കു നൽകിയിട്ടുള്ള രേഖകളും കത്തുകളിലെ സമ്മതങ്ങളും മറ്റും പരിശോധിച്ച ശേഷം അദ്ദേഹം സഭാപരമായി കുറ്റക്കാരനാണെന്ന് സുന്നഹദോസ് ഏകാഭിപ്രായമായി തീരുമാനിച്ചു. ഈ സുന്നഹദോസിൽ മുൻ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ്, മാർ ക്ലിമ്മീസ് എന്നിവരും ഈ നിശ്ചയത്തിൽ ഏകകണ്ഠമായ അഭിപ്രായമാണ് പ്രകടിപ്പിച്ചത്. സിനഡിന്റെ ദൃഷ്ടിയിൽ കുറ്റക്കാരനായി

കാണപ്പെട്ട മെത്രാപ്പോലീത്തായ്ക്ക് ശിക്ഷ നിശ്ചയിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ വിരുദ്ധനിലപാടിൽനിന്ന് പിൻതിരിപ്പിക്കുന്നതിനായി ഒരു അനുരഞ്ജനശ്രമം കൂടി നടത്തണമെന്നും അതിനുശേഷം ഏപ്രിൽ 28-നു സുന്നഹദോസ് വീണ്ടും കൂടണമെന്നും തീരുമാനിച്ചു.

അനന്തരം നടത്തിയ അനുരഞ്ജനശ്രമങ്ങളും വിഫലമാകയാൽ മുൻനിശ്ചയമനുസരിച്ച് 28-നു സുന്നഹദോസ് കൂടി. സുന്നഹദോസിൽ പീലക്സിനോസിന് ഒരവസരംകൂടി തന്റെ നിലപാട് പുനഃപരിശോധന ചെയ്യുന്നതിനായി നൽകണമെന്ന് ഒരഭിപ്രായം ഉന്നയിക്കപ്പെടുകയും അതനുസരിച്ച് ജൂൺ 7-ാം തീയതി അവസാന തീരുമാനം എടുക്കുന്നതിന് സിനഡ് മാറ്റിവെയ്ക്കുകയും ചെയ്തു. വീണ്ടും പീലക്സിനോസിനെ സമാധാന നിലപാടിലേക്കു വരുത്തുന്നതിന് വിവിധശ്രമങ്ങൾ നടന്നെങ്കിലും അന്ത്യോഖ്യൻ മൂവ്മെന്റ് പ്രവർത്തകരായ വിരുദ്ധന്മാരുടെ വലയത്തിനുള്ളിൽ കടന്നുകൂടിയ അദ്ദേഹത്തിന് അതിൽനിന്നും വിടുതൽ പ്രാപിപ്പാൻ നിവൃത്തിയില്ലാതെ വന്നു. അദ്ദേഹം പ. കാതോലിക്കാ ബാവായേയും സുന്നഹദോസിനേയും സ്വീകരിക്കുന്നില്ലെന്നും, ഭരണഘടന അംഗീകരിക്കുന്നില്ലെന്നും, അദ്ദേഹം എഴുതിത്തന്ന ഉടമ്പടി ആരോ നിർബന്ധിച്ച് എഴുതിച്ചതാകയാൽ അത് റദ്ദാക്കുകയും പിൻവലിക്കുകയും ചെയ്യുന്നു എന്നും ബാവായ്ക്ക് അദ്ദേഹത്തോടു സമാധാനം ചോദിക്കുവാൻ അർഹതയില്ലെന്നും, ബാവാ അദ്ധ്യക്ഷനായിട്ടുള്ള സഭയെ അംഗീകരിക്കുന്നില്ല എന്നും, തന്നെയല്ല അതിൽ തനിക്ക് യാതൊരു ഓഹരിയും ഇല്ല എന്നും മറ്റും കാണിച്ച് പ. ബാവായ്ക്ക് രജിസ്റ്റർ കത്തയയ്ക്കുകയും തന്മൂലം സ്വമേധയാ സഭയിൽനിന്നും പോവുകയും ചെയ്തു. അദ്ദേഹത്തിന്റെ നിലപാടിൽനിന്നും മാറുന്നതിന് വിസമ്മതിച്ചതിനാൽ സുന്നഹദോസ് അദ്ദേഹത്തെ നിരോധിക്കുന്നതിന് ഐകകണ്ഠ്യേന തീരുമാനിച്ചു. ഇങ്ങനെ പ. ബാവായുടെ ഭരണകാലത്ത് ഇദംപ്രഥമമായി ധിക്കാരിയായ മെത്രാന്റെമേൽ നടപടിയെടുത്ത് നിരോധനം കൊടുത്തു. അദ്ദേഹത്തെ കണ്ടനാട് ഇടവകയുടെ കൂട്ടുമെത്രാപ്പോലീത്താ സ്ഥാനത്തുനിന്നും മാറ്റുകയും കാതോലിക്കേറ്റിന്റെ കീഴിലുള്ള ഏതെങ്കിലും പള്ളികളിലും സ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിനെ നിരോധിക്കുകയും, സുന്നഹദോസിലെയും മറ്റു സമിതികളിലെയും അംഗത്വത്തിൽനിന്നും നീക്കുകയും സ്വയമായി പട്ടംകൊട, പള്ളികൂദാശ ആദിയായ വി. കർമ്മങ്ങൾ നടത്തുന്നതിനുള്ള അവകാശത്തെ നിരോധിക്കുകയും ചെയ്താണ് സുന്നഹദോസ് ഐകകണ്ഠ്യേന തീരുമാനമെടുത്തത്.

പ. ബാവായുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ എന്നല്ല മലങ്കരസഭാചരിത്രത്തിൽത്തന്നെ ഒരു മെത്രാപ്പോലീത്തായുടെമേൽ ഇങ്ങനെ ഒരു നടപടി സ്വീകരിച്ചത് ഇതാദ്യമായിട്ടാണ്.

കൃതകൃത്യനായി പരലോകപ്രാപ്തനാകാൻ പ. ബാവാതിരുമേനി രോഗക്കിടക്കയിൽ കിടക്കവേ അന്ത്യമായി പൗലോസ് മാർ പീലക്സിനോസിനെ ക്ഷണിച്ചുവരുത്തി താൻ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ മെത്രാച്ചൻ ക്ഷമിക്കണമെന്നഭ്യർത്ഥിച്ചു. മെത്രാച്ചനിൽ നിന്നു മനുഷ്യസാധാരണമായ പ്രതികരണം ഒന്നും ഉണ്ടായില്ലെങ്കിലും പ. ബാവായുടെ വിശുദ്ധജീവിതാന്ത്യത്തിലെ തിളക്കമാർന്ന ഒരു ക്രിസ്തീയ സുകൃത പ്രകടനമാണ് ഈ ക്ഷമാപണമെന്നു വിശേഷിപ്പിക്കപ്പെടുന്നു.

ഒരു മഹാചാര്യന്റെ മഹച്ചരമവും അന്ത്യയാത്രയും കബറടക്കവും

മലങ്കരസഭയ്ക്ക് മൂന്നര ദശാബ്ദക്കാലം മഹത്തായ സാരഥ്യം വഹിച്ച മഹാചാര്യനായ ഗീവറുഗീസ് രണ്ടാമൻ ബാവാ 90-ാം വയസ്സിൽ സംതൃപ്തനായി 1964 ജനുവരി മൂന്നിനു ദിവംഗതനായപ്പോൾ സഭയുടെ നവോത്ഥാനയുഗത്തിന്റെ ഒരു ഘട്ടം അവസാനിക്കുകയായിരുന്നു. അദ്ദേഹത്തിനു ലഭിച്ച അർഹമായ അന്ത്യയാത്രയും അനേകായിരങ്ങളുടെ അന്ത്യാഞ്ജലികളും അനുപമ കബറടക്കവും ഒരു പുണ്യപുരുഷനു ചേരുന്നവിധത്തിലുള്ളതായിരുന്നു എന്ന് ഇതിന്റെയെല്ലാം ദൃക്സാക്ഷിയാകാൻ ഭാഗ്യം ലഭിച്ച എനിക്കു തറപ്പിച്ചു പറയാനാകും.

1964 ജനുവരി 3 വെളുപ്പിനു 4.30-ന് തിരുമേനി കാലം ചെയ്തപ്പോൾ മലങ്കരസഭയുടെ ചരിത്രത്തിലെ ഒരു ദുഃഖവെള്ളിയാഴ്ച കൂടിയായി. കാത്തിരുന്ന അന്ത്യസമയത്തെ സംബന്ധിച്ചിടത്തോളം തിരുമേനിക്ക് വ്യക്തമായ ബോദ്ധ്യം ഉണ്ടായിരുന്നു.

"ഇനി ദിവസങ്ങൾ ഏറെയില്ല. വേണ്ട ഒരുക്കങ്ങൾ ഒക്കെ ചെയ്തു കൊൾക." കൂടെ ഉള്ളവരോട് തിരുമേനി കല്പിച്ചു. വിൽപത്രം തയ്യാറാക്കി. അതോടെ നെടുമാവ് റ്റി. വി. ജോർജ്ജിനെ വിളിച്ചു അന്ത്യസന്ദേശം പറഞ്ഞുകൊടുത്തു. രണ്ടാഴ്ച കൊണ്ടാണ് അതു എഴുതിത്തീർത്തത്. വീണ്ടും വീണ്ടും അതു പല തവണ വായിച്ചു കേട്ടു.

വേർപാടിനു തൊട്ടു മുമ്പുവരെ യാമപ്രാർത്ഥനകൾ നിഷ്ഠയോടെ നടത്തിയിരുന്നു. മാർതോമ്മാശ്ലീഹായുടെ ഈ പിൻഗാമി അന്ത്യകല്പനയിൽ ഒപ്പു വച്ചു. മാർ തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്ത പെരുന്നാൾദിനമായ ഡിസംബർ 21-ാം തീയതിയായിരുന്നു ആ അവസാനത്തെ കൈയൊപ്പ്.

വിദഗ്ദ്ധ ഡോക്ടറന്മാർ നിരന്തരമായി പരിശോധിച്ചുകൊണ്ടിരുന്നു. ഭയപ്പെടുവാൻ ഒന്നുമില്ലെന്നാണ് എല്ലാവരും പറഞ്ഞത്. എന്നാൽ തിരുമേനിയാകട്ടെ "എന്റെ സമയം അടുത്തുകൊണ്ടിരിക്കുന്നു" എന്നു കല്പിക്കുന്നുണ്ടായിരുന്നു. തിരുമേനിയുടെ കാലിലെ വ്രണം എല്ലാ ദിവസവും

ഡോക്ടറന്മാർ ഡ്രസ്സ് ചെയ്യുന്നുണ്ടായിരുന്നു. 1964 ജനുവരി 2-നു സന്ധ്യയ്ക്കാണ് അവസാനമായി ഡ്രസ്സ് ചെയ്തത്. ഒരാഴ്ച കൂടെയെങ്കിലും തിരുമേനി ജീവിച്ചിരിക്കുമെന്ന് ഡോക്ടറന്മാർ ഖണ്ഡിതമായി അഭിപ്രായപ്പെട്ടു. ആ രാത്രി തിരുമേനി സുഖമായി ഉറങ്ങി. സ്വയം കുരിശുവരയ്ക്കുകയും കൈകൾ മുകളിലേക്ക് ഉയർത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന രംഗമാണ് തിരുമേനിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നവർ കണ്ടത്. തിരുമനസ്സിലെ അന്ത്യനാഴികകൾ പ്രാർത്ഥനാനിരതവും ധ്യാനനിർഭരവുമായിരുന്നു. രാത്രി 3 മണി; തിരുമേനി പെട്ടെന്ന് ഉണർന്നു. കുരിശുവരച്ചു പ്രാർത്ഥിക്കാൻ ശ്രമിച്ചെങ്കിലും ശബ്ദം പുറത്തേക്കു വന്നില്ല. ദാനിയേൽ മാർ പീലക്സീനോസും പട്ടക്കാരും ശെമ്മാശന്മാരും അടുത്തുണ്ടായിരുന്നു. അവർ ചേർന്ന് പ്രാർത്ഥിച്ചു. ബാവാ വീണ്ടും ഉറങ്ങി. 4.30 എന്ന് നാഴികമണി ചൂണ്ടിക്കാട്ടി. നീതിമാന്റെ മരണം ഉറക്കം പോലെ എന്നു വിളിച്ചറിയിച്ചുകൊണ്ട് ആ ദിവ്യപ്രകാശം പൊലിഞ്ഞു.

ഭൗതികശരീരം കട്ടിലിൽ നിന്നും എടുത്ത് കസേരയിൽ ഇരുത്തി ദേഹമാസകലം തുടച്ചു. കാപ്പ മുതലായ അംശവസ്ത്രങ്ങൾ ധരിപ്പിച്ച് അംശവടിയും സ്ലീബായും പിടിപ്പിച്ചു. മേല്പട്ടക്കാരുടെയും കത്തിച്ച മെഴുകുതിരികൾ പിടിച്ച പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും അകമ്പടിയോടുകൂടി സിംഹാസനഅരമനമുറിയിൽ നിന്നും പള്ളിയിലേക്കു കൊണ്ടുപോയി. മദ്ബഹായിൽ പൂർവ്വാഭിമുഖമായി ഇരുത്തി. പ്രത്യേക പ്രാർത്ഥനകൾക്കു ശേഷം ശരീരം മദ്ബഹായിൽ നിന്നും അഴിക്കകത്തേക്കു കൊണ്ടുവന്ന് ഒരു ഉയർന്ന വേദിയിൽ പടിഞ്ഞാറോട്ടഭിമുഖമായി ഇരുത്തി. കാലം ചെയ്തതിനെ തുടർന്ന് കോട്ടയം കളക്ടർ പത്മകുമാർ, കോട്ടയം പട്ടണത്തിലെ എല്ലാ പബ്ലിക്ക് ആഫീസുകൾക്കും പൊതു അവധി പ്രഖ്യാപനം ചെയ്തു. കേരള ഗവർണ്ണർ വി. വി. ഗിരിക്കുവേണ്ടി അദ്ദേഹത്തിന്റെ പ്രത്യേക നിർദ്ദേശാനുസരണം കളക്ടറുടെ പി. എ. മാരായ കൃഷ്ണവർമ്മൻ ഏറാടി, സി. മാത്യു എന്നിവർ ചേർന്ന് റീത്തുകൾ സമർപ്പിച്ചു.

തിരുമേനിയെ ഒരു നോക്കു കാണുന്നതിനായി നാനാജാതിമതസ്ഥരും ഉന്നതവ്യക്തികളും വന്നുകൊണ്ടിരുന്നു. തിരുമേനിയെ അത്യധികം സ്നേഹിച്ചിരുന്ന യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുശരീരദർശനമാത്രയിൽ തൃക്കൈ മുത്തവേ പൊട്ടിക്കരഞ്ഞു പോയി. ബനഡിക്ട് മാർ ഗ്രീഗോറിയാസ്, ചങ്ങനാശ്ശേരി ആർച്ച്ബിഷപ്പ് മാർ മാത്യു കാവുകാട്ട്, സഖറിയാ മാർ അത്താനാസ്യോസ്, വിജയപുരം മെത്രാൻ ആംബ്രോസ്, ബിഷപ്പ് എം. എം. ജോൺ, ബിഷപ്പ് ക്രിസോസ്റ്റം, ബിഷപ്പ് പത്രോണി, കോതമംഗലം ബിഷപ്പ് ഡോ. പോത്തനാമൂഴി, പൗലോസ് മാർ പീലക്സിനോസ് എന്നീ തിരുമേനിമാർ ബാവാതിരുമനസ്സിലെ ഭൗതികശരീരം ദർശിച്ചു.

പഴയ ആസ്ഥാനത്ത്

അന്നു രാത്രി 8.30–ന് ഭൗതികശരീരം തിരുമനസ്സിലെ ആസ്ഥാനവും ദീർഘ നാൾ താമസിച്ചിരുന്നിടവുമായ കോട്ടയം പഴയസെമിനാരിയിലേക്കു കൊണ്ടു പോയി. 4–ാം തീയതി രാവിലെ 6 മണിക്ക് മാർ തോമ്മാ ദീവന്നാസ്യോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവർ ചേർന്ന് മൂന്നിന്മേൽ കുർബാന അർപ്പിച്ചു.

അനന്തരം നഗരികാണിക്കൽ എന്ന ഹൃദയസ്പർശകമായ ചടങ്ങാണു നടന്നത്. തിരുമേനി വസിച്ചിരുന്ന പഴയസെമിനാരിയോടും തിരുമേനി തിരു ബലി അർപ്പിച്ചിരുന്ന പഴയസെമിനാരി ചാപ്പലിനോടും യാത്ര പറഞ്ഞു. “ഞങ്ങളുടെ പിതാവേ സമാധാനത്തോടെ പോകുക” എന്നു തന്റെ ആത്മീ യമക്കൾ വിലപിച്ചുകൊണ്ട് ഏറ്റുപറഞ്ഞു. കറുത്ത കൊടികളോടുകൂടിയ ലോറികൾ, കാറുകൾ, ജീപ്പുകൾ മുതലായവ പിന്തുടർന്നു. പഴയസെമിനാ രിയിൽ നിന്നു ദേലോകത്തേക്കുള്ള യാത്ര പ്രത്യേകം സജ്ജീകരിക്കപ്പെട്ട ഒരു രഥത്തിൽ ആയിരുന്നു. ഈ വിലാപയാത്ര കടന്നുപോകുന്ന വഴിയുടെ ഇരുവശങ്ങളിലും പതിനായിരക്കണക്കിനു ജനങ്ങൽ തിങ്ങിനിന്നിരുന്നു.

കോട്ടയം പട്ടണത്തിലെ സകല വ്യവസായ വാണിജ്യ സ്ഥാപനങ്ങളും അടഞ്ഞുകിടന്നു. എങ്ങും കറുത്ത കൊടികൾ. 91 വെള്ളിക്കുരിശുകളും പുതു പ്പള്ളിയിലേയും നിരണത്തെയും സ്വർണ്ണക്കുരിശുകളും വർണ്ണശബളിമയാർന്ന അഞ്ഞൂറോളം മുത്തുക്കുടകളും ഈ വിലാപയാത്രയുടെ ഗാംഭീര്യം വർദ്ധി പ്പിച്ചു.

മാർ ഏലിയാ ചാപ്പലിൽ

ഭൗതികശരീരം മാർ ഏലിയാ ചാപ്പലിൽ എത്തിയപ്പോഴേക്കും അവിടം മനുഷ്യ മഹാസമുദ്രമായി മാറിയിരുന്നു. മാർ ഏലിയാ ചാപ്പലിന്റെ പുരോ ഭാഗത്തു തയ്യാറാക്കപ്പെട്ട മണ്ഡപത്തിൽ തിരുമേനിയുടെ ഭൗതികശരീരം വയ്ക്കപ്പെട്ടു. 34 വർഷങ്ങൾക്കു മുമ്പ് ഈ ചാപ്പലിന്റെ ഇതേ സ്ഥാനത്തു ണ്ടായിരുന്ന മണ്ഡപത്തിൽവച്ചു കാതോലിക്കാ ആയി തന്റെ ആത്മീയമ ക്കൾക്ക് പ്രഥമദർശനം നൽകിയ തിരുമേനി അതേ സ്ഥാനത്തു സജ്ജീകരി ക്കപ്പെട്ട മണ്ഡപത്തിൽ വച്ച് അന്ത്യദർശനം നൽകുകയായിരുന്നു. പള്ളിക ളോടും ജനങ്ങളോടും യാത്ര പറഞ്ഞു ദേവലോകത്തേക്കുള്ള വിലാപയാത്ര ആരംഭിച്ചു. ഭൗതികശരീരം വഹിച്ച രഥത്തിന്റെ തൊട്ടുപിമ്പിലായി കേരള മ ന്ത്രിമാരായിരുന്ന പി. റ്റി. ചാക്കോയും, എം. പി. ഗോവിന്ദൻനായരും, കോട്ടയം മുനിസിപ്പൽ ചെയർമാൻ റ്റി. കെ. ഗോപാലകൃഷ്ണപ്പണിക്കർ, കലക്ടർ പത്മ കുമാർ, ഡി.എസ്.പി. ഉമ്മൻ തുടങ്ങിയവരും സഞ്ചരിച്ചിരുന്നു.

കബറടക്കത്തിന് മുമ്പ് തിരുമനസ്സിലെ ഭൗതികശരീരത്തിൽ ധരിപ്പിച്ചിരുന്ന വിലയേറിയ കാപ്പയും പത്രസീനും ശീലമുടിയും മാറ്റി. അതിനിടയിൽ

തിരുമേനിയുടെ വന്ദ്യ ഗുരുഭൂതനും മലങ്കരസഭയുടെ മഹാപരിശുദ്ധനുമായ പരുമല തിരുമേനിയുടെ കാപ്പയും പത്രസീനും ശീലമുടിയും ധരിപ്പിച്ചിരുന്നു. ഇവ ധരിപ്പിച്ചു വേണം തന്നെ കബറടക്കാൻ എന്നു തിരുമേനി മുൻകൂട്ടി പ്രത്യേകം നിർദ്ദേശിച്ചുണ്ടായിരുന്നു. ഇവയെ ദിവ്യവസ്തുക്കളായി തിരുമേനി സൂക്ഷിച്ചുവച്ചിരുന്നു. പ. പിതാവിന്റെ ഭൗതികശരീരം മെല്ലെ കല്ലറയിലേക്കിറക്കി. ആ കല്ലറയിൽ വയ്ക്കപ്പെട്ട ശരീരത്തിൽ മാർ തീമോത്തിയോസ് തിരുമേനിയും മറ്റു തിരുമേനിമാരും "നീ മണ്ണാകുന്നു മണ്ണിലേക്കു ചേരും" എന്ന വചനം നിവർത്തിക്കപ്പെടുമാറ് മണ്ണും കുന്തിരിക്കവും വിതറി. നമ്മുടെ കർത്താവിനെ സുഗന്ധവർഗ്ഗമിട്ട് കബറടക്കിയതിനെ അനുസ്മരിപ്പിക്കുമാറ് വൈദികരും തുടർന്ന് ധാരാളം അത്മായരും കബറിൽ കുന്തിരുക്കം അർപ്പിച്ചു. കുന്തിരുക്കം കൊണ്ട് കബർ നിറഞ്ഞു. തിരുമേനിമാർ ധൂപാർപ്പണം നടത്തി. ആ കല്ലറയുടെ വാതിൽ അടയ്ക്കപ്പെട്ടു. മലങ്കരസഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടം അതോടെ അവസാനിക്കുകയായിരുന്നു. കബറിങ്കൽ നാനാഭാഗങ്ങളിൽ നിന്ന് തീർത്ഥാടകർ എത്തിത്തുടങ്ങി. കേരള ഗവർണ്ണർ വി. വി. ഗിരി, ആന്ധ്രാ ഗവർണർ പട്ടം താണുപിള്ള മുതലായി വിവിധ നേതാക്കളും മതപുരോഹിതന്മാരും കബറുങ്കൽ വന്ന് പുഷ്പചക്രം അർപ്പിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

30–ാം ദിവസം അടിയന്തിരം

പ. ബാവായുടെ 30–ാം അടിയന്തരം 1964 ഫെബ്രുവരി 1–ാം തീയതി കാതോലിക്കേറ്റ് അരമനയിൽ ഭക്തിപുരസ്സരം നടത്തി.

അന്ത്യ കല്പന

നമ്പർ 106/63

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ

(തനിക്കു സ്തുതി)

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

(മുദ്ര)

കർത്താവിൽ നമ്മുടെ സ്നേഹഭാജനങ്ങളും ബ. സഹോദരന്മാരുമായ മെത്രാപ്പോലീത്തന്മാരുടെമേലും വാത്സല്യമക്കളായ പട്ടക്കാരുടെമേലും ശെമ്മാശ്ശന്മാരുടെമേലും, വിശ്വാസികളായ നമ്മുടെ എല്ലാ ആത്മീയ മക്കളുടെമേലും ദൈവികകൃപയും സ്വർഗ്ഗീയ വാഴ്വും വന്ന് ആവസിക്കുമാറാകട്ടെ.

കുറെ മാസങ്ങളായി നാം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന വിവരം

നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. സങ്കീർത്തനക്കാരൻ പറഞ്ഞിട്ടുള്ളപ്രകാരം മനുഷ്യന്റെ ആയുസ്സ് എഴുപതു സംവത്സരം, ഏറിയാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. എന്നാൽ അതും കഴിഞ്ഞു തൊണ്ണൂറിലെത്തിയിട്ടുള്ള അതിവൃദ്ധനും പലതരം ശരീരാസ്വാസ്ഥ്യങ്ങളാൽ പീഡിതനുമായ നമ്മുടെ ഇഹലോക ജീവിതം ഇതിലധികമായി വർദ്ധിച്ചുകിട്ടണമെന്ന് ആഗ്രഹിക്കാനോ ആശിക്കാനോ നമുക്ക് അവകാശമില്ല. അതിനാൽ കരുണാസമ്പൂർണ്ണവും മാറ്റമില്ലാത്തതുമായ ദൈവഹിതത്തിനു നമ്മെ സന്തോഷപൂർവ്വം ഭരമേല്പിച്ചുകൊടുക്കുകയല്ലാതെ മറ്റൊന്നും നമുക്ക് ഇപ്പോൾ ചെയ്യേണ്ടതായിട്ടില്ല. ഇപ്പോൾ അടിക്കടി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളും വേദനകളും നമ്മുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് സദാ നമ്മെ അറിയിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട മക്കളെ, സർവ്വലോകത്തിന്റെയും വഴിയേ നാമും പോകുന്നു.

പതിനാറു വർഷക്കാലം മെത്രാപ്പോലീത്താ ആയും, മുപ്പത്തിനാലു വർഷം കാതോലിക്കാ ആയും അതിൽ ഇരുപത്തെട്ടു വർഷക്കാലം മലങ്കരമെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലകൾകൂടി വഹിച്ചും നിങ്ങളുടെ ഇടയനും പിതാവുമായി നിങ്ങളെ വഴിനടത്താൻ ദൈവം നമ്മെ അനുവദിച്ചു. വളരെ ഭാരമുള്ളതും ഗൗരവമേറിയതുമായ ചുമതലകളാണു ദൈവം തമ്പുരാൻ നമ്മെ ഭരമേല്പിച്ചത്. അവയെല്ലാം ശരിയായും കൃത്യമായും നിർവ്വഹിപ്പാൻ നമുക്കു സാധിച്ചിട്ടുണ്ട് എന്നു നാം വിചാരിക്കുന്നില്ല. മനുഷ്യ സഹജമായ ബലഹീനതകൾ മൂലം പല കുറ്റങ്ങളും കുറവുകളും വന്നുപോയിട്ടുണ്ട്. അവയ്ക്കെല്ലാം ദൈവത്തിൽനിന്നു ക്ഷമയും മോചനവും കിട്ടുവാനും നമ്മുടെ ആശ്വാസത്തിനും സമാധാനത്തിനും വേണ്ടിയും കരുണയുള്ള വനായ കർത്താവിനോടു നിങ്ങളും പ്രാർത്ഥിക്കണമെന്നു നാം ഈ അവസരത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നു.

പ്രിയരെ,

നാം കാതോലിക്കാ ആയ ശേഷമുള്ള മുപ്പത്തിനാലു വർഷങ്ങൾ നിഴൽപോലെ കടന്നുപോയി. എന്നിരുന്നാലും അവയുടെ ഫലങ്ങൾ നമ്മുടെ സഭയുടെ ഭാവിയെ സാരമായി സ്പർശിക്കുന്നവയാണ്. സന്തോഷപ്രദങ്ങളും സന്താപകരങ്ങളുമായ അനേക അനുഭവങ്ങളിലൂടെയാണു വി. സഭ കടന്നുപോയത്. അനേകതരത്തിലുള്ള ആപത്തുകൾ നേരിട്ടിട്ടുള്ളപ്പോഴൊക്കെയും നമ്മുടെ കർത്താവിന്റെ കരുണയും ആശ്വാസവും നിറഞ്ഞ കരങ്ങൾ താങ്ങും തണലുമായിരുന്നു നമ്മെ മുമ്പോട്ടു നയിച്ചു എന്ന വസ്തുത നന്ദിയും സ്തോത്രവും നിറഞ്ഞ ഹൃദയത്തോടെയല്ലാതെ സ്മരിക്കുവാൻ കഴിയുന്നില്ല.

നമ്മുടെ കൈകളാൽ വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ രണ്ടുപേരുടെ

സഭാപരിവർത്തനം നമ്മുടെ ആത്മീയ മക്കളായിരുന്ന ചില പട്ടക്കാരുടെയും ജനങ്ങളുടെയും വിശ്വാസത്യാഗം, നമ്മുടെ രണ്ടു മെത്രാപ്പോലീത്തന്മാരുടെ അകാല ദേഹവിയോഗം എന്നിവ നമ്മുടെ ഹൃദയത്തെ വളരെയധികം വ്യാകുലപ്പെടുത്തിയ സംഗതികളാണ്. അപ്രകാരം തന്നെ നമ്മുടെ സഭയിൽ നീണ്ടു നിന്ന അഭിപ്രായ ഭിന്നതകളും വ്യവഹാരങ്ങളും നമ്മെ എത്രമാത്രം വേദനിപ്പിച്ചു എന്നു പറഞ്ഞറിയിക്കാവുന്നതല്ല. ഭാഗ്യവാനും ശ്വാശ്വത സ്മരണാർഹനുമായ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തെ തുടർന്നു ബലഹീനനായ നാമും വാർദ്ധക്യവും ക്ലേശവും വകവയ്ക്കാതെ നമ്മുടെ സഭയുടെ സമാധാനത്തിനുവേണ്ടി ആവതു പ്രവർത്തിച്ചു എന്നു ദൈവമുമ്പാകെ നമുക്കു നല്ല ശരണമുണ്ട്. സുപ്രീം കോടതി വിധിയോടുകൂടി കേസ്സ് അവസാനിക്കുകയും അനന്തരം അധികം താമസിയാതെ തന്നെ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം സ്വീകരിച്ച് സഭയിൽ സമാധാനമുണ്ടാകുകയും ചെയ്തു. പ. കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിന് പ. അബ്ദൽമിശിഹാ പാത്രിയർക്കീസ് ബാവ എടുത്തതു പോലെയുള്ള നിലപാട് സമാധാനസ്ഥാപനത്തിനുവേണ്ടി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായും സ്വീകരിച്ചു എന്നുള്ള സംഗതി കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നാം സ്മരിക്കുന്നു. അന്ത്യോക്യാ മലങ്കര സ്നേഹ ബന്ധം ഇതുമൂലം ദൃഢപ്പെടുകയാണു ചെയ്തിട്ടുള്ളത്. ഇങ്ങനെ മലങ്കരസഭയിലെ അഭിപ്രായ ഭിന്നതകൾക്കു പരിഹാരമുണ്ടായെങ്കിലും സമാധാനത്തോടു താല്പര്യമില്ലാത്ത ഏതാനും വ്യക്തികൾ മാറിനിൽക്കുന്നുണ്ട് എന്നുള്ളത് നമ്മുടെ വാർദ്ധക്യത്തെ വേദനിപ്പിക്കുന്നു. പൂർണ്ണ മനസ്സാലെ നമ്മോടു ചേർന്നുനിന്ന ഒരു മെത്രാപ്പോലീത്താ കുറേക്കഴിഞ്ഞു പിൻമാറി എന്നു നിങ്ങൾക്ക് അറിയാമല്ലോ. വ്യക്തിപരമായി നമുക്ക് ആരോടും വിരോധമില്ല. ആ മെത്രാപ്പോലീത്തായെ നമ്മുടെ ഈ രോഗാവസ്ഥയിൽ നാം സ്നേഹപൂർവ്വം നമ്മുടെ അരമനയിലേക്കു ക്ഷണിച്ചുവരുത്തുകയും ഐക്യതയുടെ ആവശ്യകതയെപ്പറ്റി നാം അദ്ദേഹത്തെ പ്രത്യേകം ഗുണദോഷിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിപരമായി നമ്മിൽനിന്ന് വല്ല തെറ്റുകളും വന്നുപോയിട്ടുള്ള പക്ഷം അവ ക്ഷമിക്കണമെന്നും നാം അദ്ദേഹത്തോടു പറഞ്ഞു. ഇപ്പോൾ ഇവിടെ നാം ഒരുമിച്ചിരിക്കുന്ന പ്രകാരം പരലോകത്തിലും ഒന്നിച്ചിരിക്കാൻ സംഗതിയാകണമെന്നു നാം അദ്ദേഹത്തെ ഓർപ്പിച്ചിട്ടുണ്ട്. അദ്ദേഹം തിരിഞ്ഞു തന്റെ സഹോദരന്മാരോടുകൂടെ ചേരുമെന്നു നാം ആശിക്കുന്നു.

പ്രിയരെ,

പലപ്പോഴും നാം നിർബന്ധപൂർവ്വം നിങ്ങളെ ഉത്ബോധിപ്പിച്ചിട്ടുള്ള പ്രകാരം നിങ്ങൾ സത്യവിശ്വാസത്തിൽ ഉറപ്പും നമ്മുടെ സഭയുടെ പരിപാവനങ്ങളായ ആചാരങ്ങളിൽ നിഷ്ഠയും താല്പര്യവും ഉള്ളവരായിരിക്കണം. പുരാതനവും പരിശുദ്ധവും വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പ്പിക്കപ്പെട്ട

തുമായ വിശ്വാസവും നമ്മുടെ ആരാധനകളും ആചാരങ്ങളുമാണ് നമ്മുടെ സമ്പത്ത്. എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും എന്തു ത്യാഗം സഹിച്ചായാലും ഈ വിശ്വാസവും ആചാരങ്ങളും നമ്മുടെ മഹത്തായ പാരമ്പര്യങ്ങളും നിങ്ങളേവരും മുറുകെപ്പിടിച്ചുകൊള്ളണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം വീണ്ടും നിങ്ങളെ ഉറപ്പായി പ്രബോധിപ്പിച്ചുകൊള്ളുന്നു.

വി. മാർ തോമ്മാശ്ലീഹാ ക്രിസ്താബ്ദാരംഭത്തിൽ ഇവിടെ സ്ഥാപിച്ച നമ്മുടെ സഭ, സത്യവിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്. പെരുമാരിക്കും കൊടുങ്കാറ്റിനും അതിനെ തകർക്കാൻ സാധിക്കാതെ അത് ഉറച്ചുനിൽക്കുന്നു. ഇതിന്റെ സ്ഥാപകനായ നമ്മുടെ പിതാവ് തന്റെ രക്തം ഇതിനുവേണ്ടി ചൊരിഞ്ഞു. വിശേഷിച്ചും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയുടെ ഈ ദിവസം നമ്മുടെ ഈ അന്ത്യകല്പന നാം നിങ്ങൾക്കെഴുതുമ്പോൾ അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെയും, ഭക്തിയുടെയും, ഇന്ത്യയുടെ മണ്ണിൽ അദ്ദേഹം ചെയ്തിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും, സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളുടെയും സ്മരണയാണു നമ്മുടെ ഹൃദയത്തിലൂടെ കടന്നു പോകുന്നത്. ഇവയെ നിങ്ങൾ അനുകരിപ്പീൻ. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ ' എന്ന് എബ്രായ ലേഖനത്തിൽ അപ്പോസ്തോലൻ നമ്മെ സൂഷ്മപ്പെടുത്തുന്നു. 'ക്രിസ്തുയേശുവിൽ ഞാനല്ലയോ സുവിശേഷത്താൽ നിങ്ങളെ ജനിപ്പിച്ചത്; ആകയാൽ എന്റെ അനുകാരികൾ ആകുവീൻ' എന്നു വി. പൗലോസ് അപ്പോസ്തോലൻ കോരിന്ത്യരെ ഉദ്ബോധിപ്പിക്കുന്നപ്രകാരം മാർതോമ്മാശ്ലീഹാ നമ്മെയും അനുസ്മരിപ്പിക്കുന്നു എന്നു നിങ്ങൾ അറിയണം. ആകയാൽ മാർതോമ്മാശ്ലീഹായുടെ മക്കളായ നിങ്ങൾ എന്നും അദ്ദേഹത്തിന്റെ അനുകാരികൾ ആയിരിക്കണം.

ഇന്നു ലോകസഭകളെല്ലാം നമ്മുടെ സഭയെ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ കിടക്കുന്ന കാരണം നാം ഒരു അപ്പോസ്തോലസ്ഥാപിതമായ - മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ സഭയിലെ അംഗങ്ങളായിരിക്കുന്നതാണ്. പുരാതനങ്ങളായ ഗ്രീക്ക്, കോപ്റ്റിക്ക്, എത്യോപ്യ, അർമ്മീനിയ എന്നീ സഭകളിലെ ഉന്നതസ്ഥാനീയരായ പ്രതിനിധികൾ ഈ അടുത്തു കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയെ സന്ദർശിക്കുകയും അവരുടെ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തത് നമ്മുടെ അപ്പോസ്തോലികതയും പുരാതനത്വവും സത്യവിശ്വാസവും നിമിത്തമാണ്. ഇവയെ അഭംഗം കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ ആയുഷ്ക്കാലത്ത് നാം ആവതു ശ്രമിച്ചിട്ടുണ്ട്. നിങ്ങളേവരും ഇതിൽ പ്രത്യേകം ശ്രദ്ധയും വിശ്വസ്തതയും ഉള്ളവരായിരിക്കുമെന്നു നാം വിശ്വസിക്കുന്നു.

വാത്സല്യമക്കളെ,

നിങ്ങളുടെ സത്യസ്നേഹത്തെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടെ കാതോലിക്കാ ആയ നമ്മുടെയും വിഷമ സന്ദർഭങ്ങളിലെല്ലാം നിങ്ങൾ പണംകൊണ്ടും ശരീരംകൊണ്ടും ചെയ്തുതന്നിട്ടുള്ള സഹായസഹകരണങ്ങളെ നാം നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ പ്രയാസ ഘട്ടങ്ങളിലും നിങ്ങൾ നമ്മോടു ചേർന്നുനിന്ന് നമ്മുടെ കല്പനകളും നിയോഗങ്ങളും അനുസരിച്ചിട്ടുണ്ട്. രോഗവും ക്ഷീണവും നിറഞ്ഞ ഈ ശരീരം വിട്ടാലും നമ്മുടെ ആത്മാവിൽ നിങ്ങളെക്കുറിച്ച് നമുക്കു സന്തോഷവും പ്രശംസയും ഉണ്ടായിരിക്കും. നമ്മുടെ മക്കളെ, നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താല്പര്യവും ഉള്ളവരാണ്. എന്നാൽ ഒരു കുറവുണ്ട് എന്നു നാം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിടയിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണയുള്ളവനായിരുന്നു എന്ന് വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാനത്രേ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത്' എന്നു നമ്മുടെ കർത്താവു കല്പിച്ചിട്ടുണ്ടല്ലോ. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമെ' എന്നു പ്രാർത്ഥിപ്പാനാണ് താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. ഗത്സീമോനിൽ അതിവേദന അനുഭവിച്ചപ്പോഴും 'പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു കർത്താവ് തന്നത്താൻ ഭരമേല്പിച്ചുകൊടുക്കുകയാണു ചെയ്തത്. പ്രിയരെ, ഇതാണു താൻ നമുക്കു വെച്ചേച്ചു പോയിരിക്കുന്ന മാതൃക. ഈ മാതൃക നാം പിൻതുടർന്നാൽ നമ്മുടെ ഇടയിലുള്ള എല്ലാ ഛിദ്രവാസനകളും അവസാനിക്കും. ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ്

അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു.

പ്രിയമക്കളെ,

പരിശുദ്ധ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പുരാതനവും പരിശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പോസ്തോ ലികത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോലിക്കാസ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നുകളയരുത്. 'നമ്മുടെ സഭയുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്ന് നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതല നിങ്ങളോരോരുത്തരിലും നാം സമർപ്പിച്ചു കൊള്ളുന്നു' എന്ന പ്രബോധനം നൽകിക്കൊണ്ടാണ് മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കടന്നുപോയത്. നമ്മെപ്പറ്റി പറയുന്നതായാൽ നാം നമ്മുടെ ശക്തിക്കും പ്രാപ്തിക്കുമൊത്തവണ്ണം ഈ സിംഹാസനത്തിന്റെ നിലനില്പിനും പുരോഗതിക്കുംവേണ്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് നമ്മുടെ ബോദ്ധ്യം. ഈ സിംഹാസനം പുനഃസ്ഥാപിതമായശേഷം അതിലെ മൂന്നാമത്തെ കാതോലിക്കാ ആയിരുന്ന് ഇക്കാലമത്രയും നിങ്ങളെ വഴിനടത്താൻ ദൈവം നമുക്കു സംഗതിയാക്കി. നാമും ഇതാ നമ്മുടെ ഓട്ടം തികച്ച ശേഷം പിതാക്കന്മാരുടെ വഴിയെ പോകുന്ന ഈ വേളയിൽ ഈ സിംഹാസനം സംരക്ഷിച്ചുകൊണ്ടുപോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളായ ജനങ്ങളും ഏക കൈയോടെനിന്ന് മുമ്പോട്ടുപോകുന്നതിനും നാം നിങ്ങളെ ഏവരേയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

പുനഃസ്ഥാപിതമായ കാതോലിക്കാസിംഹാസനത്തിനു സ്ഥിരമായ ഒരു ആസ്ഥാനം വേണമെന്ന് നമ്മുടെ പൂർവ്വികരും നാമും നിങ്ങളുമെല്ലാം ഒരുപോലെ ആഗ്രഹിച്ചിരുന്നതാണ്. പല പ്രയാസങ്ങളെയും പ്രാതികൂല്യങ്ങളെയും തരണം ചെയ്യേണ്ടിവന്നതിനാൽ ഇതിനു സാധിച്ചിരുന്നില്ല. ഈ കുറവു പരിഹരിക്കണം എന്ന ആഗ്രഹം മുൻനിർത്തി നാം ഇവിടെ പുതുതായി ഒരു അരമന കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അതിന്റെ ഒന്നാമത്തെ നില മിക്കവാറും പൂർത്തിയാക്കി കൂദാശ ചെയ്തു നാം അതിൽ താമസമാക്കുകയും ചെയ്തു. ഇതിന്റെ ബാക്കിപണികൾ ശരീരപ്രകാരം നിങ്ങളോടുകൂടെയിരുന്ന് നിർവ്വഹിപ്പാൻ നമുക്കു സമയം അനുവദിക്കപ്പെട്ടിട്ടില്ല. ഈ അരമന പൂർത്തിയാക്കുന്ന സംഗതിയിൽ നിങ്ങളേവരും സർവ്വാത്മനാ നമ്മുടെ പിൻഗാമിയോടു സഹകരിക്കണം. നമ്മുടെ പിൻഗാമികളായി വരുന്ന

<u>കാതോലിക്കാമാർ ഇവിടെ സ്ഥിരമായി താമസിക്കുകയും നമ്മെ തുടർന്ന് ഇവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്യണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹമെന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.</u>

പ്രിയരെ,

നമ്മുടെ ഭരണാരംഭത്തിൽ ഉണ്ടായിരുന്നവയും നമ്മുടെ ഭരണകാലത്ത് ആരംഭിക്കപ്പെട്ടിട്ടുള്ളവയുമായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പുരോഗമന പ്രവർത്തനങ്ങളും നിങ്ങളെല്ലാവരും ചേർന്ന് ശക്തിപ്പെടുത്തിക്കൊണ്ടു പോകണം. കേരളത്തിനു വെളിയിൽ ഇൻഡ്യയിലെ മിക്ക പ്രധാന പട്ടണങ്ങളിലും ഇൻഡ്യയ്ക്കു പുറത്തും നമുക്ക് ഇപ്പോൾ ഇടവകകളും പള്ളികളുമുണ്ട് എന്നതിനെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. വിജാതികളെ ക്രിസ്തുവിന്റെ പ്രകാശത്തിലേയ്ക്കു കൊണ്ടുവരുന്നതിന് സ്ലീബാദാസ സമൂഹം എന്ന മിഷ്യനറി പ്രസ്ഥാനം, നല്ല നിലയിൽ നടത്തപ്പെടുന്ന ഒരു വൈദിക സിമ്മനാരി, സന്യാസീ സന്യാസിനീ മന്ദിരങ്ങൾ, വിദ്യാർത്ഥി വിദ്യാർത്ഥിനീ സംഘടനകൾ, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം എന്നീ ആത്മിക സ്ഥാപനങ്ങൾ നമ്മുടെ ജനങ്ങളുടെ ആത്മീയ വർദ്ധനയ്ക്കുവേണ്ടിയുള്ളവയാണ്. സ്കൂളുകളും കോളേജുകളും നമ്മുടെ സമുദായത്തിനുണ്ട്. അഭ്യസ്തവിദ്യരും സംസ്ക്കാര സമ്പന്നരുമാണ് നമ്മുടെ സ്ത്രീ പുരുഷന്മാർ. ഇവയ്ക്കൊക്കെയുംവേണ്ടി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടേതായ സംഘടനകളും സ്ഥാപനങ്ങളും മേല്ക്കുമേൽ ശക്തിപ്രാപിക്കുവാൻ നാം പ്രാർത്ഥിക്കുന്നതോടൊപ്പം അവ കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുവാൻ നിങ്ങളുടെ ഓരോരുത്തരുടെയും കഴിവുകൾ പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ദരിദ്രസംരക്ഷണം, ആതുരസേവനം ഇവ സഭയുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കർത്തവ്യങ്ങളാണ്. എന്നാൽ പല പ്രതിസന്ധികളിലൂടെ കഴിഞ്ഞ കാലങ്ങളിൽ സമുദായം കടന്നുപോകേണ്ടിവന്നതിനാൽ ഈ വിഷയത്തിൽ അധികമൊന്നും പ്രവർത്തിപ്പാൻ നമുക്കു സാധിച്ചില്ല. എങ്കിലും ഒരു മെഡിക്കൽ മിഷൻ നാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുകയുമാണ്. ഈ മിഷൻ വിജയപ്രദമാക്കി തീർക്കാനുള്ള ബാദ്ധ്യത നമ്മുടെ മക്കളുടെ ഒരുമയും സ്നേഹവും ഒത്തിണങ്ങിയുമുള്ള സഹകരണവും ലഭിക്കുമെങ്കിൽ ഈ മിഷനും ഇതുപോലുള്ള മറ്റു പ്രവർത്തനങ്ങളും വിജയിക്കുമെന്നു നമുക്കുറപ്പുണ്ട്. ദൈവത്തിലും അവന്റെ അമിത ബലത്തിലും ശരണപ്പെട്ടുകൊണ്ടു നിങ്ങൾ മുമ്പോട്ടു പോകുവിൻ.

സഭകളുടെ യോജിപ്പിനുള്ള ആഗ്രഹം മുൻകാലങ്ങളിലേക്കാൾ കൂടുതലായി ഇക്കാലത്തുണ്ട്. വിവിധ സഭാ കേന്ദ്രങ്ങളിൽ നിന്നും ഐക്യതയുടെ സന്ദേശം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. എക്യുമെനിക്കൽ പ്രസ്ഥാനം ഇതിനു

വേണ്ടിയാണല്ലോ. പുരാതനവും പരിശുദ്ധവുമായ നമ്മുടെ വിശ്വാസാചാരങ്ങൾക്കും നമ്മുടെ അപ്പോസ്തോലികമായ സ്വാതന്ത്ര്യത്തിനും ഭംഗം വരാത്ത നിലയിലുള്ള ഒരു യോജിപ്പുണ്ടാകുന്നതു നല്ലതും ദൈവതിരുമുമ്പാകെ പ്രസാദകരവുമാണ്. ഇതേപ്പറ്റി ചിന്തിക്കുന്നതിന് വിശ്വാസത്തിൽ ഐക്യമുള്ള ഓർത്തഡോക്സ് സഭാ പ്രതിനിധികളുടെ ഒരു സമ്മേളനം കൂടുന്നതിനെപ്പറ്റി നാം ചിന്തിച്ചിരുന്നു. എന്നാൽ നമ്മുടെ ദിവസങ്ങൾ തീർന്നിരിക്കുന്ന ഈ വേളയിൽ ഇതും ഇതുപോലുള്ള മറ്റു കാര്യങ്ങളും നമ്മുടെ പിൻഗാമിയും മെത്രാപ്പോലീത്തന്മാരും ചേർന്നു നിർവ്വഹിക്കുമെന്നു നാം ആശിക്കുന്നു. ശരീരപ്രകാരം നാം നിങ്ങളെ വിട്ടുപിരിഞ്ഞാലും ഇവയ്ക്കെല്ലാം വേണ്ടുന്ന കൃപകൾ ദൈവത്തിൽനിന്നു ലഭിപ്പാൻ നമ്മുടെ പ്രാർത്ഥന നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങളേവരും ദൈവഭക്തിയിലും നമ്മുടെ സഭയോടുള്ള സ്നേഹത്തിലും ഒട്ടും തണുത്തു പോകരുതെന്നു നമ്മുടെ ഹൃദയത്തിൽ വലുതായ ആഗ്രഹമുണ്ട് എന്ന് നിങ്ങളെ നാം അറിയിക്കുന്നു.

നമ്മുടെ വാത്സല്യമക്കളായ വൈദികരെ,

നിങ്ങൾ ഇക്കാലമത്രയും അനുസരണത്തോടും സ്നേഹത്തോടുംകൂടിയാണു നമ്മോടു വർത്തിച്ചിട്ടുള്ളതെന്നു നമുക്കറിയാം. നിങ്ങൾ ദൈവഭക്തിയിലും മേല്പട്ടക്കാരോടുള്ള അനുസരണത്തിലും സ്നേഹത്തിലും മേലിലും വർത്തിക്കുമെന്നു നമുക്കുറപ്പുണ്ട്. കശ്ശീശ്ശന്മാർ എപ്പിസ്കോപ്പന്മാരുടെ പ്രതിനിധികളാണ്. എപ്പിസ്കോപ്പായുടെ വലംകൈയായിനിന്നുവേണം നിങ്ങൾ പ്രവർത്തിപ്പാൻ. ദൈവിക രഹസ്യങ്ങളുടെയും മർമ്മങ്ങളുടെയും കാര്യവിചാരകത്വം ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്നു എന്നു സദാ ഓർത്ത് അതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കയും, നിങ്ങളെയും നിങ്ങളുടെ സൂക്ഷിപ്പിൽ ഭരമേല്പ്പിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളെയും കർത്താവിനുള്ളവരായി കാത്തുകൊള്ളുകയും നമ്മുടെ സഭ ശക്തിപ്പെടുവാൻ തക്കവിധം കർത്താവിൽ ശരണപ്പെട്ടും, ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും എതിർക്കുവാൻ ശക്തിയുള്ളവരായി നമ്മുടെ കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് സദാ ഉണർന്നിരിക്കുകയും ചെയ്വിൻ. അപ്രകാരം തന്നെ ശെമ്മാശ്ശന്മാരും വിശുദ്ധിപാലിക്കുന്നവരും തങ്ങൾക്കു ലഭിച്ചിരിക്കുന്ന ആത്മിക ശുശ്രൂഷയ്ക്കൊത്തവണ്ണം നടക്കുന്നതിന് ജാഗ്രതയുള്ളവരും ആയിരിക്കണം.

നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരെ,

ദീർഘവർഷങ്ങൾ നിങ്ങളോടുകൂടെ ജീവിച്ചിരുന്നു ദൈവത്തിന്റെ സഭയെ മേയിച്ചു ഭരിപ്പാൻ നമുക്കു സംഗതിയായി. നമ്മുടെ സൂക്ഷിപ്പിൽ ഏല്പ്പിക്കപ്പെട്ടിട്ടുള്ള ആട്ടിൻകൂട്ടത്തെ നമ്മൾ എങ്ങനെ വഴിനടത്തി എന്ന് ആടുകളുടെ ഉടമസ്ഥനും മഹാ ഇടയനുമായ നമ്മുടെ കർത്താവിന്റെ മുമ്പാകെ നാമും നിങ്ങളും കണക്കു ബോധിപ്പിക്കേണ്ടിവരും. വി. പൗലൂസ് ശ്ലീഹാ

എപ്പേസൂസിലെ എപ്പിസ്കോപ്പന്മാരോടു പറഞ്ഞിരിക്കുന്ന പ്രകാരം നിങ്ങളെ തന്നെയും ദൈവം തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ എപ്പിസ്ക്കോപ്പന്മാരാക്കി വച്ചിരിക്കുന്ന ആട്ടിൻകൂട്ടത്തെ മുഴുവനും കാത്തുകൊൾവിൻ. സഭയുടെ കെട്ടുപണിക്കാരും വിശ്വാസത്തിന്റെ കലവറക്കാരുമായ നിങ്ങൾ ഐകമത്യ മുള്ളവരായിരുന്നാൽ ആർക്കും നമ്മുടെ സഭയെ ക്ഷീണിപ്പിക്കാനോ ഛിദ്രിപ്പിക്കാനോ കഴിയുകയില്ല. നമ്മെ തുടർന്നു നിങ്ങളോരോരുത്തരും ഇഹലോകത്തിലെ ഓട്ടം തികച്ചശേഷം കണക്കുകൊടുക്കുവാൻ നമ്മുടെ കർത്താവിന്റെ സിംഹാസനത്തിൻമുമ്പാകെ നില്ക്കേണ്ടതാകുന്നു. നിങ്ങൾക്കുമുമ്പേ നാം പോകുന്നു. അന്നു ബലഹീനനായ നാമും നിങ്ങളും മുഖപ്രസാദത്തോടുകൂടെ കർതൃ തിരുമുമ്പാകെ കാണപ്പെടുന്നതിനും കരുണ പ്രാപിക്കുന്നതിനും സംഗതിയാകട്ടെ. നമ്മുടെ വാക്കുമൂലമോ പ്രവൃത്തിമൂലമോ നമ്മുടെ സഹോദരന്മാരായ നിങ്ങളിൽ ആരെയെങ്കിലും വേദനപ്പെടുത്തിയിട്ടുള്ളതായി നിങ്ങളിൽ ആർക്കെങ്കിലും തോന്നുന്ന പക്ഷം, നമ്മുടെ കർത്താവിന്റെ സ്നേഹത്തെ പ്രതി നിങ്ങൾ നമ്മോടു ക്ഷമിക്കണമെന്നു നാം അപേക്ഷിക്കുന്നു. നിങ്ങളിൽ ആരെപ്പറ്റിയും നമ്മുടെ ഹൃദയത്തിൽ യാതൊരു വഴക്കും ഇല്ല. നമ്മോടുള്ള നിങ്ങളുടെ സ്നേഹത്തിലും സഹകരണത്തിലും നമ്മുടെ ഹൃദയത്തിൽ സംതൃപ്തിയാണുള്ളത്. നമ്മുടെ രോഗശയ്യയിൽ നമ്മോടുകൂടെ താമസിച്ചും നമ്മെ വന്നു കണ്ടും ആശ്വസിപ്പിക്കുകയും നമ്മുടെ ആശ്വാസത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടുമുള്ള അഗാധമായ കൃതജ്ഞത നാം വ്യക്തമാക്കിക്കൊള്ളട്ടെ. അപ്പഴപ്പോൾ നമ്മെ പരിശോധിച്ചു ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർമാരോടും വൈദ്യന്മാരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി നാം ഇവിടെ രേഖപ്പെടുത്തുന്നു.

നമ്മുടെ രോഗക്കിടക്കയ്ക്കടുത്തുനിന്ന് നമ്മെ പരിചരിച്ചുകൊണ്ടിരുന്ന നമ്മുടെ വാത്സല്യസഹോദരന്മാരായ മെത്രാപ്പോലീത്തന്മാരോടും അനുഗ്രഹിക്കപ്പെട്ട മക്കളായ പട്ടക്കാരോടും ശെമ്മാശന്മാരോടും, വൃദ്ധനായ നമ്മുടെ സേവനത്തിൽ സദാ ജാഗരൂകരായിരുന്നു നമ്മെ പരിചരിച്ചിട്ടുള്ള നമ്മുടെ ആത്മിക വാത്സല്യപുത്രന്മാരോടും നമുക്കുള്ള നന്ദി എവ്വിധമാണുപ്രകടിപ്പിക്കേണ്ടതെന്നു നമുക്കറിഞ്ഞുകൂടാ. അവർക്കുവേണ്ടി നമ്മുടെ ദൃഷ്ടിയെ നമ്മുടെ കർത്താവിന്റെ സന്നിധിയിലേക്കു നാം ഉയർത്തുന്നു. തന്റെ വാഴ്വേറിയ തൃക്കരങ്ങളിൽനിന്നു അവർക്കു ധാരാളമായ കൃപകളും അനുഗ്രഹങ്ങളും നൽകുവാൻ നാം പ്രാർത്ഥിക്കുന്നു.

പ്രിയ മക്കളെ,

നമ്മുടെ ദീർഘമായ ഭരണകാലത്ത് നാം നിങ്ങളെ ആരെയെങ്കിലും വിഷമിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ നഷ്ടപ്പെടുത്തുകയോ, മനസ്സോടും

മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം നമ്മുടെ രക്ഷിതാവായ കർത്താവിന്റെ നാമത്തിൽ ക്ഷമിക്കണമെന്നും നാം നിങ്ങളോരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അത് നമ്മുടെ മനസ്സിൽ അല്പം പോലും ശേഷിച്ചിട്ടില്ലെന്നും മിശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

കടശ്ശി, അനുഗ്രഹിക്കപ്പെട്ട നമ്മുടെ മക്കളെ, ദൈവതിരുമുമ്പാകെ തന്റെ ഏകജാതനായ പുത്രനല്ലാതെ ഒരുവൻ പോലും കുറ്റമില്ലാത്തവനായിട്ടില്ല. ബലഹീനനും പാപിയുമായ നാം തന്റെ കരുണയിൽ മാത്രം അഭയപ്പെടുന്നു. മരണത്തിന്റെ വാതിൽ കടന്ന് പരലോകത്തിൽ എത്തേണ്ട സമയം ഇതാ നമുക്കു തൊട്ടടുത്തിരിക്കുന്നു. നമ്മുടെ യാത്രയിൽ ദൈവികമായ കൃപയും ആശ്വാസവും നമുക്കു ലഭിപ്പാൻ നിങ്ങളോരോരുത്തരും മുട്ടിപ്പായി പ്രാർത്ഥിക്കുകയും, പട്ടക്കാർ നമുക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു. നമ്മുടെ ആയുഷ്ക്കാലത്തു പല പ്രകാരത്തിൽ നമ്മെ സഹായിച്ചിട്ടുള്ള നമ്മുടെ വാത്സല്യ മക്കളിൽനിന്ന് അവസാനമായി നമുക്കു ലഭിപ്പാനുള്ള സഹായം ഇതാകുന്നു. വി. പൗലൂസ് അപ്പോസ്തോലൻ പറഞ്ഞിട്ടുള്ള പ്രകാരം "നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടുനടന്നവനായ എന്റെ മുഖം നിങ്ങൾ ഇനി ആരും കാണുകയില്ല എന്നു ഞാൻ അറിയുന്നു..." നിങ്ങൾക്ക് ആത്മികവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു. ഉത്തമനും വിശ്വസ്തനുമായ ദാസാ എന്ന വിളി നമ്മുടെ കർത്താവിന്റെ തിരുവായിൽനിന്നുകേൾപ്പാൻ നമുക്കു സംഗതിയാകട്ടെ. നാം കടന്നുപോയ ശേഷവും നമ്മുടെ വാത്സല്യ ഭാജനങ്ങളായ നിങ്ങളെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ ഉണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മെയും ഓർപ്പിൻ. നിങ്ങളേവരും സമാധാനത്തോടെ വസിപ്പിൻ.

നമ്മുടെ കർത്താവായ യേശുമിശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുതൃക്കൈ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകൈയോടുകൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ നല്ല വേലകളെയും അനുഗ്രഹിക്കുകയും, നമ്മെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയ പർദൈസായിൽ ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യാൻ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്ത്യ ആശീർവാദങ്ങൾ നിങ്ങളേവർക്കും നാം നല്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യാമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷമുള്ള എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ..... ഇത്യാദി.

മിശിഹാകാലം 1963 ഡിസംബർ 21 -ാം ന്,
മാർതോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ പെരുനാൾദിവസം
കോട്ടയം കാതോലിക്കാ സിംഹാസന അരമനയിൽനിന്നും.

(ഒപ്പ്)

ഒൻപതു ദശാബ്ദം: സുപ്രധാന സംഭവങ്ങൾ

ജനനം, കുറിച്ചി കല്ലാച്ചേരിൽ: 1874 ജൂൺ 16.

സുറിയാനി പഠനം (പരുമല തിരുമേനിയുടെ ശിഷ്യനായി) പരുമല സെമിനാരിയിൽ: 1883.

കോട്ടയം പഴയസെമിനാരിയിൽ സുറിയാനി പഠനവും, സി.എം.എസ്. ഹൈസ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും: 1889.

ശെമ്മാശ്ശപട്ടം: 1892 മെയ് 24.

എം. ഡി. സെമിനാരി ഹൈസ്കൂളിൽ പഠനം: 1893.

കശ്ശീശ്ശാപട്ടം: 1898 നവംബർ 26.

റമ്പാൻസ്ഥാനം: 1898 നവംബർ 29.

പരുമല സെമിനാരി മാനേജർ: 1902.

യറുശലേം സന്ദർശനം: 1908.

പ. അബ്ദേദ് മ്ശിഹാ പാത്രിയർക്കീസു ബാവായിൽ നിന്നു പരുമല സെമിനാരിയിൽ വെച്ച് മെത്രാൻസ്ഥാനം സ്വീകരിച്ചു: 1912 സെപ്തംബർ 12.

കിഴക്കിന്റെ കാതോലിക്കായായി, കോട്ടയം മാർ ഏലിയാ ചാപ്പലിൽ വെച്ച് വാഴിക്കപ്പെട്ടു: 1929 ഫെബ്രുവരി 15.

പാമ്പാടി മാർ ഗ്രീഗോറിയോസ്, ബഥനി മാർ തെയോഫിലോസ് എന്നീ മെത്രാന്മാരെ വാഴിച്ചു: 1929 ഫെബ്രുവരി 16.

പുത്തൻകാവ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ വാഴിച്ചു: 1930.

വി. മൂറോൻ കൂദാശ നടത്തി: 1932.

വാളക്കുഴി മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു: 1932 മെയ് 5.

മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കബറടക്കം: 1934 ഫെബ്രുവരി 24.

സഭാ സമാധാനാർത്ഥം ഹോംസിൽ പോയി അപ്രേം പാത്രിയർക്കീസു ബാവായെ സന്ദർശിച്ചു: 1934 ജൂൺ 28.

മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കപ്പെട്ടു (എം.ഡി. സെമിനാരി അസോസ്യേഷൻ): 1934 ഡിസംബർ 26.

എഡിൻബറോയിൽ വച്ചു നടത്തപ്പെട്ട അഖിലലോക സഭാസമ്മേളനത്തിൽ സംബന്ധിച്ചു: 1937 ആഗസ്റ്റ്.

യൂഗോസ്ലാവിയായിൽ എത്തി സേർബ്യൻ പാത്രിയർക്കീസിനെ സന്ദർശിച്ചു: 1937 സെപ്തംബർ 22.

സമുദായക്കേസ്, പ. ബാവാതിരുമേനിയെ പ്രതിയാക്കി ആലുവായിലെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മുതൽപേർ കോട്ടയം ജില്ലാക്കോടതിയിൽ 111/113-ാം നമ്പരായി ഫയൽ ചെയ്തു: 1938 മാർച്ച്.

ബഥനിയുടെ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെ വാഴിച്ചു: 1938 ഏപ്രിൽ 7.

നിരണം മെത്രാസനത്തിന് തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ വാഴിച്ചു: 1941 മെയ് 7.

സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ പ. ബാവായ്ക്ക് അനുകൂലമായ വിധി (ബി. കൃഷ്ണയ്യരുടെ വിധി): 1943.

സമുദായക്കേസിൽ വാദികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ കൊടുത്ത അപ്പീലിൽ കാതോലിക്കാ കക്ഷിക്കു പ്രതികൂലമായ വിധി: 1946.

എപ്പിസ്കോപ്പൽ സുന്നഹദോസു നിശ്ചയപ്രകാരം കോതമംഗലത്തു കബറടങ്ങിയ മാർ ബസ്സേലിയോസ് യൽദോ കാതോലിക്കാബാവായെയും പരുമല കബറടങ്ങിയ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെയും (പരുമലത്തിരുമേനി) പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു: 1948 നവംബർ 2.

വി. മൂറോൻ കൂദാശ (രണ്ടാം പ്രാവശ്യം) നടത്തി: 1951 ഏപ്രിൽ.

അപ്പീൽ വിധിയിന്മേൽ ബാവാതിരുമേനി കൊടുത്ത അപ്പീൽ തള്ളിക്കൊണ്ട് തിരു-കൊച്ചി ഹൈക്കോടതിവിധി: 1951 ഡിസംബർ.

ബോംബെ പള്ളി കൂദാശയും ഉത്തരേന്ത്യൻ പര്യടനവും: 1951 നവംബർ – ഡിസംബർ.

കേസിലെ പരാജയം അറിഞ്ഞ് കൽക്കട്ടായിൽ നിന്നു തിരിച്ചെത്തിയ തിരുമേനിക്ക് അടൂർ മുതൽ കോട്ടയം വരെ നൽകിയ അത്യുജ്ജ്വല വാഹന ഘോഷയാത്ര: 1951 ഡിസംബർ 31.

കോട്ടയം പ്രതിജ്ഞ "മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൻകീഴ് ഞങ്ങളും ഞങ്ങളുടെ സന്താന പരമ്പരകളും ലോകാവസാനത്തോളം ഭക്തിപൂർവ്വം നിലകൊള്ളുന്നതാണെന്ന് ദൈവതിരുമുമ്പാകെ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.": 1951 ഡിസം. 31.

കാതോലിക്കാ സിംഹാസന അരമന (ദേവലോകം) യിൽ താമസമാക്കി: 1952.

മലങ്കരസഭയുടെ ഒന്നാമത്തെ കോളജ് (കാതോലിക്കേറ്റ് കോളജ്, പത്തനംതിട്ട) ഉദ്ഘാടനം: 1952.

വിവിധ സഭാംഗങ്ങൾ ചേർന്നു കോട്ടയത്തുവച്ചു നടത്തിയ മാർ തോമ്മാശ്ലീഹായുടെ ആഗമനത്തിന്റെ 19-ാം ശതാബ്ദി സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു: 1952.

പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്തന്മാരെ വാഴിച്ചു: 1953 മെയ് 15.

വെല്ലൂർ ആശുപത്രിയിൽ ചികിത്സയിൽ: 1953 ഡിസംബർ.

കാതോലിക്കാ സ്ഥാനാഭിഷേക ജൂബിലി വെല്ലൂരിൽ വച്ച് ആഘോഷിച്ചു: 1954 ഫെബ്രുവരി 15.

സുപ്രീംകോടതിയിൽ ബാവാതിരുമേനി സമർപ്പിച്ച അപ്പീൽ അനുവദിച്ച് സമുദായക്കേസ് കേരള ഹൈക്കോടതി വീണ്ടും കേൾക്കുന്നതിന് ഓർഡറായി: 1954.

എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ സന്ദർശനം: 1956 ഒക്ടോബർ 31.

സമുദായക്കേസിൽ വീണ്ടും ബാവാതിരുമേനിക്കു പ്രതികൂലമായുണ്ടായ വിധി: 1956 ഡിസംബർ 31.

കേസ് വീണ്ടും സുപ്രീംകോടതിയിൽ 5 ജഡ്ജിമാരടങ്ങിയ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചിൽ വാദം: 1958 ആഗസ്റ്റ്-സെപ്റ്റംബർ.

സുപ്രീംകോടതിവിധി (സമുദായക്കേസ് കാതോലിക്കാ ഭാഗത്തേക്ക് പരിപൂർണ്ണ അനുകൂലമായും മലങ്കരസഭാസ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ടും ഉണ്ടായ സുപ്രധാന സംഭവം): 1958 സെപ്തംബർ 12.

സുപ്രീംകോടതി വിധിയിന്മേൽ എതിർകക്ഷികൾ കൊടുത്ത റിവ്യൂ ഹർജി തള്ളിയുണ്ടായ വിധി: 1958 ഒക്ടോബർ 28.

മലങ്കരസഭാ സമാധാന പുനസ്ഥാപനം (കാതോലിക്കാ ബാവായേയും അദ്ദേഹത്തിന്റെ കൂടെയുള്ള എല്ലാവരേയും നിരുപാധികം സ്വീകരിച്ചുകൊണ്ടുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയന്റെ കൽപനയും, തുടർന്നു ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസു ബാവായേയും അനുയായികളെയും സ്വീകരിച്ചുകൊണ്ടുള്ള കാതോലിക്കാബാവായുടെ കൽപനയും പഴയസെമിനാരിയിൽ വെച്ച് ബാവായും യൂലിയോസ് മെത്രാപ്പോലീത്തായും കൈമാറിയത്): 1958 ഡിസംബർ 16.

പുത്തൻകാവ് അസോസ്യേഷൻ (വൈദികട്രസ്റ്റിയായി മണലിൽ യാക്കോബ് കത്തനാരെയും, അത്മായ ട്രസ്റ്റിയായി ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും തെരഞ്ഞെടുത്തു): 1958 ഡിസംബർ 26.

യോജിച്ച മലങ്കരസഭയിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, എം. ഡി. അസോസ്യേഷൻ: 1959 സെപ്തംബർ 16.

മന്നത്തു പത്മനാഭന്റെ ശതാഭിഷേക സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു: 1961 ജനുവരി 12.

ഡൽഹിയിൽ സമ്മേളിച്ച അഖിലലോക സഭാപ്രതിനിധി സമ്മേളനത്തിൽ സംബന്ധിച്ചശേഷം കോട്ടയത്തു എത്തിയ എത്യോപ്യ, അർമ്മീനിയ, സിറിയാ, ഗ്രീക്ക്, റൂമേനിയ, റഷ്യാ, ഈഗുപ്തായ സഭാ മേലദ്ധ്യക്ഷന്മാരുടെ സന്ദർശനവും സമ്മാനദാനവും: 1962 ഡിസംബർ 16.

നിരണത്തു കൂടിയ മലങ്കര അസോസ്യേഷൻ യോഗത്തിൽ വെച്ചു കണ്ടനാടു ഇടവകയുടെ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്തായെ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു: 1962 മെയ് 17.

സൈപ്രസ് പ്രസിഡന്റ് ആർച്ച്ബിഷപ്പ് മക്കാറിയോസിന്റെ സന്ദർശനം: 1962 നവംബർ 7.

അർമ്മീനിയൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ വസ്ക്കൻ കാതോലിക്കോസിന്റെ സന്ദർശനവും, പുതിയ അരമന ഉദ്ഘാടനവും: 1963 നവംബർ 18.

അന്ത്യകൽപന പൂർത്തിയാക്കി ഒപ്പുവച്ചു: 1963 ഡിസംബർ 21.

ബാവാതിരുമേനി കാലം ചെയ്തു: 1964 ജനുവരി 3 വെള്ളി രാത്രി 4.30-ന്.

6

നാലാം കാതോലിക്കാ
പ. ഔഗേൻ പ്രഥമൻ ബാവാ

പെരുമ്പാവൂരിനടുത്തുള്ള വെങ്ങോലയിലെ തുരുത്തി കുടുംബത്തിൽപെട്ട ചേറ്റാകുളത്തുംകര അബ്രഹാം കത്തനാരുടെയും പുത്തൻകുരിശിൽ വാളിയാൽ മത്തായിയുടെ പുത്രി അന്നമ്മയുടെയും രണ്ടാമത്തെ പുത്രനായി മത്തായി 1884 ജൂൺ 26-ന് ജനിക്കുമ്പോൾ ആ ബാലൻ (ഔഗേൻ ബാവ) മലങ്കരസഭയുടെ ഭാവിവിധാതാവുമെന്നോ, സഭയുടെ പരമാധികാരിയായി പരിണമിക്കുമെന്നോ, ആരും വിദൂരമായിപ്പോലും ചിന്തിക്കുകയോ ഭാവനയിൽ ദർശിക്കുകയോ ചെയ്തിരുന്നില്ല. അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ദൈവത്തിന്റെ വഴികൾ നിസ്സാരനായ മനുഷ്യൻ നേരത്തെ അറിയുന്നില്ലെന്നാണ് ഈ ബാലന്റെ ജീവചരിത്രവും വ്യക്തമാക്കുന്നത്.

പിതാവായ അബ്രഹാം കശ്ശീശ വലിയ ഭക്തനും സുറിയാനി പണ്ഡിതനുമായിരുന്നതിനാൽ അദ്ദേഹം യാമപ്രാർത്ഥനകൾ തെറ്റാതെ നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാതാപിതാക്കൾ ദീർഘായുസ്സോടെ ഇരുന്നശേഷമാണ് കാലയവനികയ്ക്കുള്ളിൽ കടന്നത്.

അബ്രഹാം കശ്ശീശായുടെ ഗുരുവും കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായും പിന്നീട് മലങ്കരയിലെ പ്രഥമ കാതോലിക്കായുമായ മുറിമറ്റത്തിൽ മാർ ഈവാനിയോസ് ആണു നമ്മുടെ കഥാനായകനെ മത്തായി എന്നു പേരിട്ടു മാമോദീസാ മുക്കിയത്. ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം കൗമാരപ്രായത്തിൽത്തന്നെ വൈദിക വിദ്യാഭ്യാസാർത്ഥം പാമ്പാക്കുട സെമിനാരിയിൽ ചേർന്ന്, മലങ്കര മല്പാനായിരുന്ന കോനാട്ടു മാത്തൻ കോർ എപ്പിസ്കോപ്പായുടെ ശിഷ്യത്വം സ്വീകരിച്ചു. ഇതിനകം കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽനിന്ന് ശെമ്മാശുപട്ടവും കിട്ടി. മലയാളത്തിലും സുറിയാനിയിലും പ്രസംഗകലയിലും സാമാന്യം നല്ല വ്യുല്പത്തി നേടിയ മത്തായി ശെമ്മാശ്ശൻ തുടർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസാർത്ഥം കോട്ടയം എം. ഡി. ഹൈസ്കൂളിൽ ചേർന്നു. കെ. സി. മാമ്മൻ മാപ്പിളയുടെ ശിഷ്യനാകാനും കഴിഞ്ഞു.

ഈ കാലയളവിലാണു ശീമയിൽ നിന്നുവന്ന ശ്ലീബാ ശെമ്മാശനുമായി (പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്) അടുത്തു പരിചയപ്പെടുന്നതിനും അദ്ദേഹത്തിന്റെ സുറിയാനിയിലുള്ള പ്രസംഗങ്ങൾ തർജ്ജമ ചെയ്യുന്നതിനും മലങ്കരയിലെ മിക്ക പള്ളികളും ഒരുമിച്ചു സന്ദർശിക്കുന്നതിനും ഇടയായത്.

മലയാളത്തിലും സുറിയാനിയിലും ഒരുപോലെ അവഗാഹം നേടിയ മത്തായി ശെമ്മാശൻ വിവാഹം കഴിച്ച് ഒരു ഇടവകപ്പട്ടക്കാരനായി ജീവിതം നയിക്കാൻ ഇഷ്ടപ്പെട്ടില്ല. സുറിയാനി ഭാഷയോടും സുറിയാനി സഭയോടുമുള്ള കൂറുനിമിത്തം സ്ലീബാ ശെമ്മാശന്റെകൂടെ 1905 ൽ ശീമയ്ക്കു പോകുകയും അസ്സീറിയയിലെ മാർ മത്തായിയുടെ ആശ്രമത്തിൽവച്ച് പൂർണ്ണ ശെമ്മാശനായിത്തീരുകയും ചെയ്തു. മൂസ്സൽവഴി ദുർഘടയാത്ര ചെയ്ത് സുറിയാനിക്കാർ കൂടുതലായി താമസിക്കുന്ന മർദ്ദീൻ, തുറബ്ദീൻ പ്രദേശങ്ങൾ സന്ദർശിക്കുകയും തുറബ്ദീനിലുള്ള മാർ ഔഗേന്റെ പുരാതനമായ ദയറായിൽവച്ച് മത്തായി എന്ന പേരുമാറി ഔഗേൻ എന്ന പേര് സ്വീകരിക്കുകയും ഉണ്ടായി. അബ്ദുള്ളാ പാത്രിയർക്കീസ് സ്ഥാനാരോഹണം ചെയ്ത് താമസിച്ചുവന്ന കുർക്കുമാ ദയറായിലേക്കു പോകുന്നവഴി തുറബ്ദീനിലെ മാർ അബ്രഹാമിന്റെ ആശ്രമത്തിൽ, തുർക്കി സുൽത്താനാൽ അധികാരപത്രം പിൻവലിക്കപ്പെട്ടശേഷം താമസിച്ചിരുന്ന സീനിയർ പാത്രിയർക്കീസ് അബ്ദൽ മശിഹായുടെ കൂടെ കുറച്ചുനാൾ പാർത്തു. പിന്നീട് മർദ്ദീനിൽ എത്തി മാർ അബ്ദുള്ളായെ കാണുകയും കുർക്കുമാ ദയറായിൽ ഒൻപതുമാസം താമസിച്ച് സുറിയാനി ഭാഷയിലുള്ള ഒട്ടധികം അമൂല്യഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുകയും ചെയ്തു. തുടർന്ന് പാത്രിയർക്കീസന്മാരായ മാർ ഏലിയാസ് തൃതീയൻ, മാർ അപ്രേം എന്നിവരെയും മറ്റും പരിചയപ്പെട്ടു. തുർക്കി സർക്കാരിന്റെ കീഴിലുള്ള സുറിയാനിക്കാരുടെ ശോചനീയമായ യഥാർത്ഥചിത്രം, ചരിത്രപ്രസിദ്ധമായ ഒട്ടധികം സ്ഥലങ്ങൾ സന്ദർശിച്ചു മനസ്സിലാക്കുന്നതിന് ഇതെല്ലാം ഔഗേൻ ശെമ്മാശനെ സഹായിച്ചു. 1908 ൽ യറുശലേമിലുള്ള മാർ മർക്കോസിന്റെ ദയറായിൽവച്ച് അന്ന് അധികാരത്തിലിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് ഔഗേൻ ശെമ്മാശ്ശനു റമ്പാൻ സ്ഥാനം നല്കി. കശ്ശീശാ ആകുന്നതിനുമുമ്പുതന്നെ റമ്പാൻസ്ഥാനം നല്കുന്ന പതിവ് മലങ്കരയിൽ നിലവിലിരുന്നില്ല. തുറബ്ദീനിൽ താമസിക്കുന്ന കാലഘട്ടത്തിൽത്തന്നെ മലങ്കരസഭയുടെ ഭാവിയെപ്പറ്റി റമ്പാച്ചൻ കൂലങ്കഷമായി ചിന്തിക്കുകയും ദീർഘദൃഷ്ടിയോടുകൂടി മലങ്കരയിലെ സഭാ നേതാക്കന്മാരിൽ ചിലരുമായി കത്തിടപാടുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

മലങ്കരയിൽ തിരിച്ചെത്തിയശേഷം കോട്ടയം ചെറിയപള്ളിയിൽവച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഔഗേൻ റമ്പാച്ചനു കശ്ശീശാപട്ടം നല്കി. 1909 -ൽ മലങ്കര സന്ദർശിച്ച അബ്ദുള്ളാ പാത്രിയർക്കീസിന്റെയും തന്റെ സ്നേഹിതനും സന്തത സഹചാരിയുമായ സ്ലീബാ മാർ ഒസ്താത്തിയോസിന്റെയും ദ്വിഭാഷിയായി ഔഗേൻ റമ്പാച്ചൻ സഞ്ചരിച്ചിരുന്നു. ഇതിനകം സമുദായാന്തരീക്ഷത്തിൽ തലയുയർത്തിയിരുന്ന വഴക്കിൽ തലയിടാതെ കഴിച്ചുകൂട്ടാൻ ഔഗേൻ റമ്പാച്ചൻ പരമാവധി പരിശ്രമിച്ചു.

മലങ്കരയിലെ ലൗകികാധികാരം ഏതു മാർഗ്ഗം സ്വീകരിച്ചും കൈക്കലാ

ക്കാൻ ശ്രമിച്ചു പരാജയപ്പെട്ട അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ തിരിച്ചു പോയതിനെ തുടർന്ന് 1912 –ൽ അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തുകയും, മുൻപരിചയത്തെ മുൻനിർത്തി ഔഗേൻ റമ്പാച്ചൻ നിരണത്തുചെന്ന് അബ്ദൽ മശിഹാ പാത്രിയർക്കീസിനെ സന്ദർശിക്കുകയും സ്വപിതാവിന്റെ ഗുരുവായ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കായായി അവരോധിച്ച ചരിത്ര പ്രധാനമായ ചടങ്ങിൽ സംബന്ധിക്കുകയും ചെയ്തു. അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ടവർക്ക് ഈ നടപടിയിൽ ഔഗേൻ റമ്പാച്ചനോട് അതൃപ്തി തോന്നിയത് സ്വാഭാവികമാണല്ലോ. അതിനു മുമ്പുതന്നെ ഔഗേൻ റമ്പാച്ചൻ ഒരു വിവാദപുരുഷനായി മാറിയിരുന്നു.

ഈ അവസരത്തിൽ മദ്രാസിലുണ്ടായിരുന്ന മലങ്കര സുറിയാനി സഭാംഗങ്ങളുടെ ആവശ്യത്തെ മുൻനിർത്തിയും പരേതനായ കെ. കെ. ലൂക്കോസ് ജഡ്ജിയുടെ അഭ്യർത്ഥനയനുസരിച്ചും മദ്രാസിലെ ആംഗ്ലിക്കൻ പള്ളിയിൽ നമ്മുടെ ആരാധന നടത്തുന്നതിന് റമ്പാച്ചൻ അവിടെപ്പോയി. അങ്ങനെ ബാഹ്യകേരള ഭദ്രാസനത്തിൽ നമുക്ക് ഒരു ആരാധനാകേന്ദ്രം മുളച്ചു. ഇന്നു വളർന്ന് വികസിച്ച മദ്രാസ് ഇടവക ഒരു ഭദ്രാസനകേന്ദ്രമായതിൽ ഔഗേൻ ബാവായുടെ ആത്മാവ് സന്തോഷിക്കുന്നുണ്ടാവും.

സുവിശേഷപ്രവർത്തനം

മഹാനഗരമായ മദ്രാസിൽ അധികനാൾ തങ്ങാതെ മലങ്കരയിൽ തിരിച്ചെത്തിയ ഔഗേൻ റമ്പാച്ചൻ വടകര പള്ളിയും സമീപ സ്ഥലങ്ങളും തന്റെ സുവിശേഷ - വിദ്യാഭ്യാസ പ്രവർത്തനരംഗങ്ങളായി സ്വീകരിച്ചു. അവിടെയുള്ള താഴ്ന്ന ജാതിക്കാരുടെ ഇടയിൽ നന്മ ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ച റമ്പാച്ചൻ സുവിശേഷ പ്രവർത്തനങ്ങളിലൂടെ ഒട്ടധികം കുടുംബങ്ങളെ ക്രിസ്തുസഭയിലേക്കു ചേർത്തു. നൂറുകണക്കിന് അധഃകൃതർ സഭാതരുവിന്റെ ശീതളഛായയിൽ ആശ്വാസം കണ്ടെത്തിയിരുന്നു. ഏതാനും വർഷങ്ങൾക്കു ശേഷം മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശൻ ആരംഭിച്ച സ്ലീബാദാസസമൂഹം ഔഗേൻ റമ്പാച്ചന്റെ മഹത്തായ വേലയുടെ പിന്തുടർച്ചയാണെന്നു തന്നെ പറയാം. അധഃകൃതരുടെ മതംമാറ്റത്തെ സ്വാർത്ഥ താല്പര്യം മുൻനിർത്തി എതിർത്ത സവർണ്ണ ഹൈന്ദവരും സർ സി. പി. യുടെ സർക്കാരും സൃഷ്ടിച്ച പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനു സ്ലീബാദാസസമൂഹത്തെ പ്രാരംഭം മുതൽ സഹായിച്ചത് ഔഗേൻ റമ്പാച്ചനല്ലാതെ മറ്റാരുമായിരുന്നില്ല. സമൂഹക്കപ്പലിന്റെ 'നങ്കൂരം' എന്നു സമൂഹം ഔഗേൻ റമ്പാച്ചനെ വിശേഷിപ്പിച്ചിട്ടുണ്ട്. സഭയിൽ രണ്ടു വിഭാഗങ്ങൾ ശക്തമായി പ്രവർത്തിച്ചിരുന്ന കാലത്തും സമൂഹത്തിനു ധാർമ്മിക പിന്തുണ നൽകുകയും അതിന്റെ രക്ഷാധികാരിയായിരിക്കുകയും ചെയ്തത് മാർ ഔഗേൻ തിമോത്തിയോസ്

മെത്രാപ്പോലീത്താ തന്നെയാണ്. മെത്രാപ്പോലീത്തായുടെ സഹകരണം വടക്കൻ പ്രദേശങ്ങളിൽ സ്ലീബാദാസ സമൂഹപ്രവർത്തനം പെട്ടെന്നു വ്യാപിക്കുന്നതിന് വളരെയധികം സഹായിച്ചു എന്നത് ഒരു ചരിത്രസത്യമാണ്. സമൂഹത്തിന്റെ ആദ്യകാല വാർഷികയോഗങ്ങളിലെല്ലാം തുടർച്ചയായി അദ്ധ്യക്ഷത വഹിച്ചുകൊണ്ടിരുന്നതും ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തന്നെയാണ്. കൊല്ലവർഷം 1105 -ൽ പള്ളിക്കര വച്ചു നടന്ന സ്ലീബാദാസ സമൂഹ വാർഷികത്തിൽ ഒ. എം. ചെറിയാൻ പ്രസംഗകനായിരുന്നതുകൊണ്ട് തിമോത്തിയോസ് മെത്രാപ്പോലീത്താപോകരുതെന്ന് അന്ത്യോക്യാ പ്രതിനിധി നിരോധിച്ചു എങ്കിലും അദ്ദേഹം പള്ളിക്കര സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. അദ്ദേഹത്തിന്റെ സുവിശേഷ താല്പര്യപ്രവാഹത്തെ തടയാൻ ആർക്കും കഴിഞ്ഞില്ല. സ്ലീബാദാസ സമൂഹത്തിന്റെ എപ്പിസ്കോപ്പൽ ഡിഫൻസ് ആയിരുന്നുകൊണ്ട് ചെയ്ത സേവനങ്ങൾ അദ്ദേഹത്തെ അനശ്വരനും ധന്യനുമാക്കിയെന്നു സംശയലേശമെന്യേ പറയാം.

സഭയിൽ ചേരുന്ന അധഃകൃതരുടെയും മറ്റും അഭിവൃദ്ധിക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നുള്ള ചിന്ത കൊണ്ടാണ് ഇക്കാര്യത്തിൽ ഒട്ടും താല്പര്യം ഇല്ലാതിരുന്ന വടകരക്കാരുടെ കുരിശിൻതൊട്ടി മൈതാനത്ത് ഒരു കെട്ടിടം നിർമ്മിച്ച് 1918 -ൽ അദ്ദേഹം ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ ആരംഭിച്ചത്. ഈ കെട്ടിടത്തിന്റെയും പിന്നീട് നിർമ്മിച്ച രണ്ടു നില കെട്ടിടത്തിന്റെയും പണിയിൽ ഔഗേൻ റമ്പാച്ചൻ അനുഷ്ഠിച്ച ത്യാഗങ്ങൾ ഇന്നത്തെ തലമുറയ്ക്കു മനസ്സിലാക്കാൻ പ്രയാസമായിരിക്കും. വടകര സെയ്ന്റ് ജോൺസ് ഹൈസ്കൂളിന്റെ പ്രശസ്തനായ മുൻ ഹെഡ്മാസ്റ്റർ ചെമ്മങ്കുഴ സി. എസ്. സ്കറിയാ കത്തനാർ തന്നെ അതേപ്പറ്റി പറയുന്നതു വായിക്കുക!:

“1902 -ൽ വടകരെ വിശാലമായ ഒരു ദേവാലയം കണ്ട് റമ്പാച്ചൻ അവിടെ എത്തി. തന്റെ സഹപാഠികളായ തറയാനിൽ മത്തായി കത്തനാർ (ഇദ്ദേഹം തന്നോടൊന്നിച്ച് യറുശലേമിൽ പോയപ്പോൾ അവിടെ വച്ചു ചരമം പ്രാപിച്ചു), കുളിരാങ്കൽ പൗലോസ് കത്തനാർ, കുറ്റിപ്പാലയ്ക്കൽ യൗസേഫ് കത്തനാർ എന്നിവരുമായുള്ള സ്നേഹമാണ് അവിടേക്ക് ആകർഷിച്ചത്. ഈ പ്രദേശത്ത് വളരെയധികം പിന്നോക്ക സമുദായ പുലയർ ഉണ്ടായിരുന്നു. സുവിശേഷ വേലയ്ക്ക് അതൊരു നല്ല വയലാണെന്നു കണ്ട് യജമാനന്മാരുടെയും സഹകരണത്തോടെ അവരുടെ വീടുകളിൽ കയറിയിറങ്ങി ഉപദേശിപ്പാൻ തുടങ്ങി. ആവശ്യമുള്ള സഹായികളെയും കിട്ടി. ഇരുനൂറിലധികം കുടുംബങ്ങൾ ഒന്നടങ്കം മാമോദീസാ കൈക്കൊണ്ടു. അവർക്കു പള്ളികളിൽനിന്നു വസ്ത്രം കൊടുത്തു. വിവാഹവും പുര കൂദാശയും അച്ചന്മാരും റമ്പാച്ചനും നടത്തിക്കൊടുത്തു. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രവർത്തനവും താമസിയാതെ തുടങ്ങി. ഇവരെല്ലാം ഇപ്പോൾ നല്ല നിലയിൽ

കഴിയുന്നു. ഇവർക്ക് പ്രത്യേകം പള്ളി വച്ച് മുന്നോക്ക സമുദായക്കാരുടെ പള്ളിയിൽ നിന്നു മാറ്റി നിർത്തണമെന്ന് ഉണ്ടായ അഭിപ്രായത്തെ പാടേ നിഷേധിച്ചാണു പ്രവർത്തിച്ചത്. പഴയ മാപ്പിളയുടെ മദ്യപാനം മാറാത്തതു പോലെ ഇവരുടെയും മാറിയില്ല. എന്നാൽ പള്ളിയിൽവച്ചു പഴയ മാപ്പിളമാരോടൊപ്പം ഇരിക്കാൻ മടിച്ച പുതിയ മാപ്പിളയെ തന്റെ ഒപ്പം കുടിക്കാൻ അഭിമാനത്തോടെ വിളിച്ചു ബഞ്ചിൽ ഇരുത്തിയ രസകരമായ സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

പുതിയ പുതിയ തുറകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനല്ലാതെ നിഷ്ക്രിയനായി ഇരിക്കുക അസാദ്ധ്യമായിരുന്നു. വിദ്യാഭ്യാസരംഗം തെരഞ്ഞെടുത്തു. കോട്ടയത്തിനും ആലുവായ്ക്കും ഇടയ്ക്ക് ഇംഗ്ലീഷ് സ്കൂൾ ഒരിടത്തും തന്നെയില്ല. വടകരപ്പള്ളിയിൽനിന്നു കൂത്താട്ടുകുളത്തു നടത്തിവന്ന ആംഗ്ലോ വെർനാക്കുലർ സ്കൂൾ ഗ്രാന്റുകൊണ്ടുനടത്താൻ വിഷമിച്ചു സർക്കാരിലേക്കു വിട്ടുകൊടുത്ത കാലമായിരുന്നു. വടകരെത്തന്നെ ഒരു പ്രൈമറി പെൺപള്ളിക്കൂടം പണിതു സർക്കാരിനു കൊടുക്കാനുള്ള ശ്രമം പരാജയപ്പെട്ടും കിടന്നു. ഈ ചുറ്റുപാടിലാണു റമ്പാച്ചൻ ഇംഗ്ലീഷ് സ്കൂൾ കാര്യം ആലോചിച്ചത്. പലരും നെറ്റിചുളുക്കി നിരാശ പ്രകടിപ്പിച്ചു. അവർ എത്രയധികം നിരാശ പ്രകടിപ്പിച്ചുവോ അത്രയും അധികം ആശയാണു റമ്പാച്ചൻ പ്രത്യക്ഷപ്പെടുത്തിയത്. പള്ളിക്കടുത്ത് ഒരു സ്ഥലം കൊടുത്താൽ കെട്ടിടം അദ്ദേഹം തീർത്തുകൊള്ളാമെന്നു പറഞ്ഞു. എല്ലാവരും സമ്മതിച്ചു. ഉടൻതന്നെ വടകരെയും സമീപത്തുമുള്ള പള്ളിക്കാരുടെ ഒരു ചെറിയ യോഗം വിളിച്ചുകൂട്ടി. അവർ സഹായം വാഗ്ദാനം ചെയ്തു. ഉടൻ തന്നെ പണപ്പിരിവിനു വീടുതോറും നടന്നു. നെല്ലും പണവും തടിയും ശേഖരിച്ചു. റമ്പാച്ചൻ എത്ര ചെറിയ തുകയും സന്തോഷത്തോടെ സ്വീകരിച്ചു. നാലണവരെ തന്നതു സ്വന്തം കൈപ്പടയിൽ കണക്കിൽ കാണാനുണ്ട്.

ഇങ്ങനെ പിരിവു നടത്തിക്കൊണ്ടിരിക്കവേയാണ് ഞാൻ അദ്ദേഹത്തെ വീണ്ടും കണ്ടുമുട്ടുന്നത്. ഞാൻ മിഡ് സമ്മർ അവധിക്കു വന്നപ്പോൾ എന്റെ മാതൃ ഭവനത്തിൽ എന്റെ മാതുലൻ മത്തായി കത്തനാരുമൊരുമിച്ചാണ് ഞാൻ കണ്ടത്. സ്കൂൾ കാര്യത്തെപ്പറ്റി എന്റെ അഭിപ്രായം ചോദിച്ചു. ഞാൻ വളരെ പ്രോത്സാഹജനകമായ മറുപടിയാണു കൊടുത്തത്. ഞാൻ ആ സ്കൂളിൽ ഹെഡ്മാസ്റ്ററാകുമെന്നോ എന്റെയും സ്കൂളിന്റെയും ഭാഗ്യോദയം ഒരുമിച്ചു പോകുമെന്നോ ഓർത്തല്ല ഞാൻ പറഞ്ഞത്. എന്റെ ലക്ഷ്യം എന്റെ ഗുരു കെ. വി. ചാക്കോയുടെ നിർദ്ദേശമനുസരിച്ച് എം. ഡി. സെമിനാരിയായിരുന്നു. എന്നെപ്പോലെ പ്രോത്സാഹജനകമായ മറുപടി ആരിൽ നിന്നും കിട്ടിയിട്ടില്ലെന്ന് സന്തോഷത്തോടെ അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ ഇങ്ങനെയുള്ള കാര്യങ്ങളിൽ അന്നും ഇന്നും ശുഭാപ്തി വിശ്വാസിയാണ്. ജനങ്ങളിൽ നാനാ ജാതി മതസ്ഥരിൽ നിന്നും കിട്ടിയ തുകയും സാധനങ്ങളുംകൊണ്ട്

മിഡിൽസ്കൂൾ കെട്ടിടം വടകര പള്ളിമൈതാനത്ത് തീർത്ത് 1093 ഇടവത്തിൽ പ്രിപ്പാററ്ററി ക്ലാസ് തുടങ്ങി. എന്നെ ഹെഡ്മാസ്റ്ററായി നിയമിച്ചു. എന്നാൽ ബി.എ. യ്ക്ക് ഒരു വിഷയം കിട്ടാതിരുന്നതിനാൽ ഞാൻ വീണ്ടും തൃശ്ശിനാപ്പള്ളി എസ്. പി. ജി. കോളജിലേക്കു പോയി. ഇവിടെ നിരണത്തു മട്ടയ്ക്കൽ എം. ബി. നൈനാൻ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. അസിസ്റ്റന്റ് കൊശേരിൽ തോമസ് കത്തനാരും. ആശിച്ചതിലധികം കുട്ടികളുണ്ടായിരുന്നു. സ്കൂൾ മാനേജരായി ഇരിക്കണമെന്നു പള്ളിക്കാർ അപേക്ഷിച്ചതിനെ അദ്ദേഹം സ്വീകരിച്ചു. അധികാരത്തിനും പ്രതാപത്തിനും പണത്തിനും മോഹമില്ലായിരുന്നു. സ്കൂൾ കാര്യങ്ങൾ വേണ്ടപോലെ നടത്തിക്കൊള്ളാൻ കൊശേരിലച്ചനും ചൊള്ളമ്പേലച്ചനും മറ്റുമൊക്കെ അനുവാദം കൊടുത്തിട്ട് സ്വദേശത്തേക്കു പോയി. ഇടയ്ക്കിടെ ആവശ്യംപോലെ വന്നിരുന്നു.

ഞാൻ 1918 ൽ ബി. എ. പാസ്സായി. എന്റെ ഗുരുഭൂതനും സഹായിയും ആയിരുന്ന എം. ഡി. ഹെഡ്മാസ്റ്റർ കെ. വി. ചാക്കോ മാസ്റ്റർ അവിടംവിട്ടു പോകാൻ ആലോചിച്ചതിനാലും ഞാൻ തെക്ക് ജോലി സ്വീകരിക്കുന്നതിന് എന്റെ ആളുകൾക്ക് സമ്മതമില്ലാതിരുന്നതിനാലും എം. ഡി. യിലേക്കു പോകുന്നകാര്യം ഉപേക്ഷിച്ചു. എന്നെ വടകരെത്തന്നെ സ്ഥിരം നിയമിച്ചു. ഭാഗ്യവശാൽ എന്നുതന്നെ പറയട്ടെ, മിഡിൽ സ്കൂൾ ഹൈസ്കൂളാക്കണം എന്ന ആലോചന 1919 ആരംഭത്തിൽ തന്നെ പ്രബലപ്പെട്ടു. റമ്പാച്ചൻ വീണ്ടും രംഗത്തിറങ്ങി. പള്ളിക്കാരുടെ യോഗം കൂടി. അയൽ പള്ളിക്കാരും സഹകരിക്കാമെന്നു പറഞ്ഞു. കൂത്താട്ടുകുളം എറണാകുളം റോഡിനു സമീപം വടകരെ അതിമനോഹരമായ സൈറ്റുള്ള ഒരു ചെറിയ കുന്നിൻപുറം, നെൽപ്പാടത്തിനു തൊട്ട് ഏഴേക്കർ സ്ഥലം, പള്ളിയിൽ നിന്നു വിലയ്ക്കു വാങ്ങി. ഒരു പൂർണ്ണ ഹൈസ്കൂൾ നടത്തുന്നതിന് ഒരു രണ്ടു നില കെട്ടിടം H ആകൃതിയിൽ പണിയാൻ തുടങ്ങി. പള്ളിയിൽ നിന്നു പണം എടുത്തു. റമ്പാച്ചൻ പണവും നെല്ലും തടിയും പിരിച്ചു കെട്ടിടം തീർത്തു. ഇതിന് ആറേഴു വർഷം വേണ്ടിവന്നു. ഈ അവസരത്തിലാണ് റമ്പാച്ചന്റെ ശരീരാദ്ധ്വാന സന്നദ്ധത, ത്യാഗശീലം, പണപ്പിരിവിനുള്ള സാമർത്ഥ്യം മുതലായവ പൂർവ്വാധികം പ്രത്യക്ഷപ്പെട്ടത്. അമ്പതു നോയമ്പു കാലമാണ് പിരിവിനുള്ള സമയം. അന്ന് എല്ലാവരും തന്നെ വീടുകളിൽ കാണും. പണവും നെല്ലുമുള്ള അവസരം. ഭക്ഷണവും സല്ക്കാരങ്ങളും സ്വീകരിക്കാൻ ഒക്കാത്ത നോയമ്പ്. സമയനഷ്ടം കൂടാതെ വീടുതോറും സഞ്ചരിക്കാനുള്ള സൗകര്യം. അദ്ദേഹത്തിനു മൂന്നു മണിക്കു മാത്രം ലഘുഭക്ഷണം മതി. കൂടെ പോകുന്നവർക്ക് ആവശ്യ മുണ്ടെങ്കിൽ അതൊക്കെ നേരത്തെ കഴിച്ചുകൊള്ളണം. അദ്ദേഹത്തിന്റെ പ്രോഗ്രാമിനു തടസ്സം വന്നു കൂടാ. ഒരു വീട്ടിൽ ചെന്നാൽ അവിടെ പറമ്പിൽ നില്ക്കുന്ന എത്രയും വലിയ ആഞ്ഞിലിത്തടിയിൽ കണ്ണുവെച്ച് അവിടെ എത്തും. 'അതു തരാൻ നിർബന്ധിക്കല്ലേ റമ്പാച്ചാ, അതിന്റെ അടുത്ത ചെറുതു വെട്ടിക്കോ' എന്ന്

ഉടമസ്ഥൻ പറയും. ഉടനെ വെട്ടുകാരെ ഏർപ്പാടു ചെയ്തുകഴിഞ്ഞു. അടുത്ത ദിവസം അറക്കക്കാരും എത്തി. കുബേരകുചേല വ്യത്യാസം കൂടാതെ സകലരേയും സമീപിക്കും. ഇംഗ്ലീഷ് സ്കൂളിൽ ഫീസ് കൊടുത്തു പഠിപ്പിക്കാൻ അടുത്ത കാലത്തെങ്ങും ശക്തിയില്ലാത്തവരേയും വിട്ടില്ല. ഇങ്ങനെ വലിയ തടി തന്നെ വേണമെന്നു പറയുന്നതും തീരെ പാവപ്പെട്ടവരെ ഒഴിവാക്കാത്തതുമെന്താണെന്നു ഞാൻ ഒരിക്കൽ ചോദിച്ചു. അതു പിരിവിന്റെ മനഃശാസ്ത്രമാണ്. വലിയതു ചോദിച്ചെങ്കിലേ ചെറുതു കിട്ടുകയുള്ളു. താരതമ്യേന പാവപ്പെട്ടവരിൽ നിന്നേ അധികം കിട്ടുകയുള്ളു എന്നു പറഞ്ഞു. അതു ശരിയാണെന്നു ഞങ്ങൾ പഠിച്ചു. ഒരു ദിവസം ഇരുപത്തിരണ്ടരയ്ക്ക് (3 മണി) വിശ്രമിച്ചു കരിക്കിൻവെള്ളമാണു കഴിച്ചത്. ദേഹം കാഞ്ഞതിനാൽ വലിയ പരവേശം വന്നു വീണു. “ഞാൻ ഇപ്പോൾ മരിക്കും. എന്റെമേൽ കൈവച്ചു പ്രാർത്ഥിക്ക” എന്നോടു പറഞ്ഞു. ഞാൻ പരിഭ്രമിച്ചുപോയി. ഉടൻതന്നെ അത്യാവശ്യത്തിനു മരുന്ന് ഒരു വീട്ടിൽനിന്നു കിട്ടി. ആശ്വാസമായി. അറത്ത ഉരുപ്പടികൾ വണ്ടിയിൽ കയറ്റുന്നതിന് ആൾ പോരാതെവന്നാൽ അതിനും കൂടും. വണ്ടി വഴിയിലെ കുഴിയിൽ താണുപോവുക അക്കാലത്തു പതിവാണ് – റോഡ് മെറ്റലിട്ടതല്ല. അപ്പോൾ കാളവണ്ടിച്ചക്രം പിടിച്ചുവിടുന്നതിനു റമ്പാച്ചനാണു മുമ്പൻ. കൊശേരിലച്ചനും കൂടും. ഞാൻ അതിൽ ശക്തനല്ല. റമ്പാച്ചന്മാർക്ക് ശരീരാദ്ധ്വാനം നിരോധിച്ചിട്ടില്ല എന്നു സമാധാനം പറഞ്ഞാണു ചെയ്യുന്നത്. കെട്ടിടത്തിന്റെ വാനം താഴ്ത്തുന്നതിന് ആദ്യം കിളച്ചതു റമ്പാച്ചനാണ്. അതും കുറച്ചുനേരത്തേക്കു ചെയ്തു.

സംഗതികൾ മുറയ്ക്കു നടക്കണമെന്നല്ലാതെ ധനമോ പ്രതാപമോ സുഖമോ കീർത്തിയോ ആഗ്രഹിച്ചില്ല. കെട്ടിടം 1928 ൽ ഹൈസ്കൂളായി.”

ഇതിനിടെ 1918-ൽ സ്വന്തമായി ഒരു ആശ്രമം ഉണ്ടാക്കാൻ ആഗ്രഹിക്കുകയും മലയാറ്റൂരിനു സമീപമുള്ള കോടനാട്ട് ചെട്ടിനട സീയോൻ ആശ്രമം സ്ഥാപിച്ച് അവിടെ താമസമാക്കുകയും ചെയ്തു. ആശ്രമത്തോടനുബന്ധിച്ച് സ്ഥാപിച്ച പള്ളി ആ കിഴക്കൻ പ്രദേശത്തു കുടിയേറിപ്പാർത്തവരുടെ ആരാധനാകേന്ദ്രമായി. പിന്നീട് കോടനാട് ആശ്രമവും പള്ളിയും പുതുക്കിപ്പണിയുകയും മാർ ഔഗേൻ ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഇതിനു വേണ്ടി മാർ ഔഗേൻ കാതോലിക്കാബാവാ ഗണ്യമായ തോതിൽ സഹായിച്ചിട്ടുണ്ടെന്നു പരേതനായ മാനേജരച്ചൻ ടി. സി. ജേക്കബ് ഈ ലേഖകനോടു മുമ്പൊരിക്കൽ പറഞ്ഞതായി ഓർക്കുന്നു. ഇതിനും പുറമേ പിറവം സെമിനാരി മിഡിൽസ്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ, പാമ്പാക്കുട മാർ തിമോത്തിയോസ് ഹൈസ്കൂൾ എന്നിവയുടെ സ്ഥാപനത്തിലും മാർ ഔഗേൻ തിമോത്തിയോസ് മെത്രാപ്പോലീത്താ നിർണ്ണായകമായ സ്ഥാനം വഹിച്ചിരുന്നു.

മെത്രാപ്പോലീത്താ

കണ്ടനാട് ഭദ്രാസന ഇടവകയുടെ ഐകകണ്ഠ്യേനയുള്ള താല്പര്യപ്രകാരമാണ് യറുശലേമിലെ മാർ മർക്കോസിന്റെ ആശ്രമപ്പള്ളിയിൽ വച്ച് 1927-ൽ ഔഗേൻ റമ്പാച്ചനെ തിമോത്തിയോസ് എന്ന പേരിൽ മഞ്ഞനിക്കരയിൽ കബറടങ്ങിയ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ വാഴിച്ചത്.

മെത്രാൻ സ്ഥാനം ഏല്ക്കുവാൻ ഔഗേൻ റമ്പാച്ചൻ ശീമയ്ക്കുപോയപ്പോൾ ഒരു രജിസ്റ്റർ ഉടമ്പടി കൊടുത്തു. മെത്രാൻ സ്ഥാനം ഏല്ക്കുന്നവർ രജിസ്റ്റർ ഉടമ്പടി വെയ്ക്കണമെന്ന ഒരു നിർബന്ധ പാരമ്പര്യം ഉള്ളതുകൊണ്ടാണ് ഉടമ്പടി എഴുതുന്നത് എന്നും, എന്നാൽ മലങ്കരസഭയുടെ ഉന്നമനത്തിനാവശ്യമായ സംഗതികൾ പ്രവർത്തിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനുമുള്ള തന്റെ സ്വാതന്ത്ര്യത്തിന് ഈ ഉടമ്പടി ബാധകമാവുകയില്ലെന്നും ഉടമ്പടിയിൽ ചേർത്തിരുന്നു. ഈ ഉടമ്പടി മെത്രാൻസ്ഥാനത്തിനു തടസ്സവും താമസവുമുണ്ടാക്കി. Augen should be punished and returned എന്നു തിരുവല്ലായിൽ നിന്ന് ഒരു കമ്പി പാത്രിയർക്കീസിനു കിട്ടി. മാർ അപ്രേം (പിന്നീടു പാത്രിയർക്കീസ്) സേവേറിയോസുമായി സന്ദർഭവശാൽ കാതോലിക്കാസ്ഥാനത്തെക്കുറിച്ചു വാദത്തിൽ ഏർപ്പെടേണ്ടിവന്നു. കൂടെയുള്ള ചൊള്ളമ്പേലച്ചൻ നയത്തിൽ പെരുമാറി ബാവായുടെ ഇഷ്ടത്തിനൊത്ത് ഉടമ്പടി ഇംഗ്ലീഷിൽ ഒന്നെഴുതിക്കൊടുപ്പിച്ചു. നാട്ടിൽ വന്നപ്പോൾ അതു രജിസ്റ്ററാക്കണമെന്ന് മാർ യൂലിയോസാവശ്യപ്പെട്ടതിന് വഴിപ്പെട്ടില്ല. അന്നുമുതൽ മാർ യൂലിയോസുമായി പിണങ്ങിയാണു കഴിഞ്ഞത്.

നാട്ടിൽ തിരിച്ചെത്തിയശേഷം പിറവം സെമിനാരിയിൽ മെത്രാപ്പോലീത്താ താമസമാക്കി. ഭദ്രാസന അരമന പിറവത്തു സ്ഥാപിക്കാനായി പിറവംപള്ളി അഞ്ചേക്കർ സ്ഥലം സൗജന്യമായി നല്കിയെങ്കിലും പല കാരണങ്ങളാൽ അരമന പണി നടന്നില്ല. ഈ സ്ഥലം പിറവം പള്ളിക്കുതന്നെ പിന്നീടു വന്ന കണ്ടനാട് മെത്രാപ്പോലീത്താ വിൽക്കുകയാണുണ്ടായത്. ഭദ്രാസനത്തിന് ഒരു ഫണ്ടുണ്ടാക്കാനായി ഔഗേൻ മെത്രാപ്പോലീത്താ ചെറായി ബാങ്കിൽ ഒരു ചിട്ടി ചേർന്നു.

തുടർന്ന് ശ്രദ്ധ തിരിച്ചത് മൂവാറ്റുപുഴയ്ക്കാണ്. കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന മാർ ഈവാനിയോസ് 300 രൂപയ്ക്ക് (പിന്നീട് പ്രഥമ കാതോലിക്കാ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ) മൂവാറ്റുപുഴ പട്ടണത്തിന്റെ സമുന്നതമായ ഒരു ഭാഗത്ത് എം.സി. റോഡിനു തൊട്ടു വാങ്ങിച്ചിട്ടിരുന്ന സ്ഥലവും കെട്ടിടവും പാട്ടക്കാരിൽ നിന്നു 1113-ൽ കൈവശപ്പെടുത്തി അവിടെയുണ്ടായിരുന്ന ചെറുകെട്ടിടത്തിൽ താമസമാക്കി. സ്ഥലം വാങ്ങാൻ പണം ഇല്ലാതിരുന്നതിനാൽ 300 രൂപയ്ക്ക് പ്രോമിസറി നോട്ടെഴുതിക്കൊടുത്താണ് ആ സ്ഥലം പണ്ട് വാങ്ങിയത്. ആ പുരയിടം

ആദായകരമാക്കിത്തീർത്ത്, അവിടെ ഇപ്പോൾ കാണുന്ന പള്ളി പണിയിച്ചു. ഓർത്തഡോക്സ് സുറിയാനിക്കാർക്ക് മൂവാറ്റുപുഴയിൽ ഒരു ആരാധനാ സ്ഥലം ഇങ്ങനെയുണ്ടായി. ഈ കാലത്ത് ചുരുക്കം ശെമ്മാശ്ശന്മാരും അവിടെ വന്നു താമസിച്ചു പഠിച്ചിട്ടുണ്ട്. അവരിൽ അന്തരിച്ച കൊച്ചി ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ്, അങ്കമാലി ഇടവകയുടെ മാർ തെയോഫിലോസ്, ഇപ്പോഴത്തെ എബ്രഹാം മാർ ക്ലീമിസ് എന്നിവരുൾപ്പെടുന്നു.

കണ്ടനാട് ഭദ്രാസനത്തെ കുറെനാൾ ഭരിച്ച മാർ കൂറിലോസ് തിരുമേനി പിറവം സെമിനാരിക്കായി പതിപ്പിച്ചെടുത്തതും മെത്രാൻകൂപ്പെന്ന് അറിയപ്പെട്ടിരുന്നതുമായ മൂന്നൂറിൽപ്പരം ഏക്കർ വിസ്തീർണ്ണമുള്ള ചേരിക്കൽ ചാത്തമറ്റം പ്രദേശത്ത് കിടന്നിരുന്നു. ഇദ്ദേഹം ഭരണമേല്ക്കുന്നതിനു മുമ്പുതന്നെ ആ വസ്തു പണയമായും പാട്ടമായും കൈയേറ്റമായും അന്യാധീനപ്പെട്ട് കൈവശക്കാരുടെ ദേഹണ്ഡത്തിൽ ആയിക്കഴിഞ്ഞിരുന്നു. ഒഴിപ്പിച്ചെടുക്കൽ അസാദ്ധ്യമായി. എങ്കിലും 10 ഏക്കർ സ്ഥലം ഒഴിപ്പിച്ചെടുത്തു. ബ: ചെമ്മങ്കുഴ സ്കറിയാ കത്തനാരുടേയും മറ്റും പരിശ്രമം കൊണ്ട് ഒരു റബ്ബർതോട്ടം തുടങ്ങി. സാമ്പത്തിക പരിമിതികൊണ്ട് വേണ്ടിടത്തോളം ശ്രദ്ധ അതിൽ പതിഞ്ഞില്ല. മൂവാറ്റുപുഴ താമസിക്കുന്ന കാലങ്ങളിൽ സമുദായ വഴക്കു നിമിത്തവും മറ്റും സാമ്പത്തികമായി മറ്റു തരത്തിലും മെത്രാപ്പോലീത്താ വളരെ അധികം പ്രയാസം അനുഭവിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ താമസിച്ചിരുന്ന പഴയ കുടിൽ കെട്ടിടം കളഞ്ഞ് അവിടെ ഒരു അരമനകെട്ടിടം പണിയണമെന്ന് മെത്രാപ്പോലീത്തായ്ക്ക് ആഗ്രഹമുണ്ടായിരുന്നു. സമാധാനമുണ്ടായ ഉടൻ അതിനായിട്ടാണ് ശ്രമിച്ചത്. നിർഭാഗ്യവശാൽ അതിനാലോചിക്കാൻ കൂടിയ യോഗം പിരിച്ചുവിടേണ്ടിവരികയാണു ചെയ്തത്. ജോയിന്റു മെത്രാച്ചനായ പൗലൂസ് മാർ പീലക്സിനോസിന്റെ സഹകരണക്കുറവുകൊണ്ടുതന്നെ. ഇതിൽ വളരെ അധികം വേദനിച്ചു. ഒന്നും ചെയ്യാതെ എല്ലാം ഉപേക്ഷിച്ച് കോടനാട്ട് ആശ്രമത്തിൽ വിശ്രമിക്കണമെന്നുപോലും ചിന്തിച്ചു. കുറച്ചുപേർ ധൈര്യം കൊടുത്തപ്പോൾ സന്തോഷമായി. പണപ്പിരിവിനു തെക്കൻ ഇടവകകളെയും സ്നേഹിതരെയും കണ്ടു. 31000 രൂപാ ചെലവുചെയ്ത് ഒന്നാംനില പണിയിച്ചു. രണ്ടാം നില പണിതു കാണാൻ ആഗ്രഹിച്ചു. അതിന് ഇടവക മെത്രാപ്പോലീത്തായെ 9000 രൂപായുടെ താഴെപ്പറയുന്ന വസ്തുക്കളും, 3000 രൂപായും ഏല്പിച്ചു. തോട്ടം വിറ്റ് 26000 രൂപായും, പിറവത്ത് അരമനപ്പറമ്പു വിറ്റ് 3000 രൂപായും ഇടവക മെത്രാപ്പോലീത്തായ്ക്കു കിട്ടി. കണ്ടനാടിടവകയ്ക്കു വേണ്ടി ചെറായി ബാങ്കിൽ ചേർന്നിരുന്ന ചിട്ടിപ്പണത്തിൽ മൂവാറ്റുപുഴ അരമനപ്പറമ്പിൽ റോഡ് സൈഡിൽ പണിത കുരിശുംതൊട്ടിക്കും, അരമനക്കെട്ടിടത്തിനും, ചികിത്സകൾക്കും മറ്റ് ആവശ്യങ്ങൾക്കും ചെലവായതു കഴിച്ചു ബാക്കി 3000 രൂപാ റെഡി ക്യാഷായിട്ടു മെത്രാപ്പോലീത്തായെ ഏല്പിച്ചു. ഒരു കൈ മുതൽ

ഇരിക്കട്ടെ എന്നു ചിന്തിക്കുക സാധാരണമാണ്. എന്നാൽ മെത്രാച്ചൻ അങ്ങനെ ചെയ്തില്ല. കോട്ടയത്തു പോയി താമസം ഉറപ്പിച്ച കാലത്തും രണ്ടാം നിലയെപ്പറ്റി അന്വേഷിച്ചുകൊണ്ടിരുന്നു. രണ്ടാം നില തീർന്നപ്പോൾ സന്തോഷിച്ച് അവിടെ ചെന്നു കണ്ട് തൃപ്തിപ്പെട്ടു. ഒന്നാം നില പണിതപ്പോൾ 1958-ൽ ഉണ്ടായ സമാധാനത്തെയും കെട്ടിടം പണിതതിനെയും മറ്റും അനുസ്മരിപ്പിക്കുന്ന ഒരു മാർബിൾ ശില അവിടെ വെയ്ക്കണമെന്നു ചിലർ പറഞ്ഞു എങ്കിലും അങ്ങനെ പ്രശംസയൊന്നും വേണ്ടെന്നുപറഞ്ഞ് അവരെ വിലക്കി. പക്ഷേ ചെമ്മങ്കുഴ അച്ചൻ ശിലയിൽ കാര്യങ്ങൾ കൊത്തിവച്ചു. അതിൽ എഴുതിയിരിക്കുന്നത് താഴെ ചേർക്കുന്നു:

To the Glory of God and in Jubilant memory of the mutual acceptance of the Patriarchate and the Catholicate on 16-12-1958, during the blessed period of H. H. the Patriarch of Antioch Moran Mar Ignatius Yakoob Ill, and H. H. the Catholicose of the East Moran Mar Baselios Gheevarghese II this Metropolitan Residence was erected by H. G. Mar Augen Themotheose Metropolitan of the Kandanad Diocese on this site earned by H. H. Moran Mar Baselios Paulose I, the Catholicose of the East, first installed in India in 1912 and formerly H. G. Mar Ivaniose Metropolitan of happy memory of the Kandanad Diocese.

Muvattupuzha
15 - 8 - 1961

അരമനയിൽ ഒന്നാം കാതോലിക്കായുടെ എണ്ണഛായാ പടവും, മാർ ഔഗേൻ ബാവായുടെ എണ്ണഛായാ പടവും എഴുതിവച്ചു. ഇതെഴുതുന്ന സമയം പടങ്ങളും സ്ലാബും അവിടെ കാണുന്നില്ല.

മൂവാറ്റുപുഴ ദീർഘനാൾ താമസിച്ചതുകൊണ്ടും, അവിടെ മനോഹരമായ അരമനകെട്ടിടം താൻ തീർത്തതുകൊണ്ടും, കാതോലിക്കാ ആയാൽത്തന്നെയും, അവിടം വിട്ടുപോകാതെ ശിഷ്ടായുസ്സ് കഴിക്കണമെന്ന് ഒരു തോന്നൽ, എല്ലാവർക്കുമെന്നപോലെ മാർ തിമോത്തിയോസ് മെത്രാച്ചനും ഉണ്ടാകാമെന്നു ഗീവറുഗീസ് ദ്വിതീയൻ ബാവാ വിചാരിച്ചു. അദ്ദേഹത്തിന്റെ കാലശേഷം കോട്ടയത്തുവന്നു കാതോലിക്കാമാരുടെ ഔദ്യോഗികവസതിയിൽത്തന്നെ താമസിക്കണമെന്നു മെത്രാച്ചനോടു പറയണമെന്ന് ഒരിക്കൽ ചെമ്മങ്കുഴ അച്ചനോടു കല്പിച്ചു. അച്ചൻ ആ വിവരം മെത്രാച്ചനെ അറിയിച്ചു. 'അച്ചനറിഞ്ഞു കൂടേ, എല്ലാം നന്നായിരിക്കണമെന്നല്ലാതെ, എനിക്ക് ഒന്നിനോടും പറ്റിപ്പിടിച്ചിരിക്കണമെന്ന സ്വഭാവമില്ലെന്ന്' എന്നു മറുപടി പറഞ്ഞു. പല സ്ഥലത്തും പ്രവർത്തിച്ചിട്ടുണ്ട്, പല സ്ഥാപനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അവയെക്കുറിച്ച് സ്വയം പ്രശംസിക്കുകയോ അവയോട് അസാധാരണ പ്രേമം കാണിക്കുകയോ ചെയ്യാറില്ല.

കോട്ടയത്ത് വൈദിക സെമിനാരിയിൽ പ്രിൻസിപ്പാളായിരിക്കുമ്പോൾ പറഞ്ഞു: "ഞാൻ മൂവാറ്റുപുഴ നിന്നു പോന്നത് നന്നായി. കണ്ടനാടിടവകക്കാർ എന്നെ മറന്നത് ഒരു തരത്തിൽ ഗുണമായിട്ടുണ്ട്. ഇപ്പോൾ എന്റെ ശ്രദ്ധ ആർക്കും എത്തുപെടാതെ കൈയെഴുത്തിൽ മാത്രം കിടക്കുന്ന സുറിയാനിഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യുന്നതിലാണ്. വളരെ മുമ്പെ ഞാൻ ആഗ്രഹിച്ചതാണ്. ഇപ്പോഴാണ് അതിനുള്ള സമയവും അച്ചടിപ്പിക്കുന്നതിനുള്ള ആളുകളുമുണ്ടായത്." പെരുനാൾപടിയുള്ള പെൻകീസാ നമസ്കാരത്തിനും, പിതാക്കന്മാരുടെ ഓർമ്മയ്ക്കും ഉപയോഗിച്ചിരുന്നതും പണ്ഡിതന്മാരും ഭക്തന്മാരുമായ പിതാക്കന്മാർ രചിച്ചിട്ടുള്ളതും വേദവാക്യംകൊണ്ടും വർണ്ണനകൊണ്ടും പരിപുഷ്ടമാക്കപ്പെട്ടിട്ടുള്ളതുമായ പ്രുമിയോൻ പ്രാർത്ഥനകൾ എത്രയും നല്ല മലയാള ഭാഷാശൈലിയിൽ പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചിട്ടുള്ളത് സാഹിത്യപരമായും സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ആരാധനയെല്ലാം മലയാളത്തിലാക്കിയിരിക്കുന്ന ഇക്കാലത്ത് മേൽപറഞ്ഞ സുറിയാനിഗ്രന്ഥങ്ങളിലെ അതിവിശേഷവും പണ്ഡിതോചിതവുമായ ആശയങ്ങൾ പുറത്തുകൊണ്ടുവരുന്നതിന്, ആർക്കും കഴിവില്ലാതെയും മനസ്സില്ലാതെയും കിടന്ന് എന്നേക്കുമായി നഷ്ടപ്പെടാതിരിക്കുന്നതിനു മെത്രാച്ചൻ ചെയ്തിട്ടുള്ള സേവനങ്ങൾ വില തീരാത്തവയാണ്. പാമ്പാക്കുട പരേതനായ മല്പാനച്ചൻ തർജ്ജമ ചെയ്തുവച്ചിരുന്ന പുതിയനിയമം പരിശോധിച്ച് അച്ചടിപ്പിച്ചു. തർജ്ജമ തന്നെയല്ല അദ്ദേഹം ചെയ്തിട്ടുള്ളത്. സ്വതന്ത്ര ഗ്രന്ഥങ്ങൾതന്നെ എഴുതിയിട്ടുണ്ട്. മതോപദേശ സത്യങ്ങൾ, മരണാനന്തരാവസ്ഥ, വിശുദ്ധ സുന്നഹദോസുകൾ മുതലായവ തന്നെ. വി. കുർബ്ബാനയുടെ ഹൂത്തോമാ, മാർതോമ്മായുടേയും, മാർ ഗീവറുഗീസ് സഹദായുടെയും ഓർമദിവസങ്ങളിലെ പെൻകീസാ നമസ്കാരം ഇവ പദ്യത്തിൽത്തന്നെ പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചു. കണ്ടനാട് ഇടവകക്കാർ ഭൂരിപക്ഷവും ഉപേക്ഷിച്ചതും മൂവാറ്റുപുഴ വിട്ടതും ഉർവ്വശീശാപമുപകാരം എന്ന നിലയിൽ സഭയ്ക്കുപയോഗപ്പെടുകയാണു ചെയ്തത്. മലങ്കരസഭയിൽ നിലവിലിരുന്ന ഭിന്നതകൾ അവസാനിപ്പിക്കാൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ പല ശ്രമങ്ങൾ നടത്തി.

മാർ ഏലിയാസ് പാത്രിയർക്കീസ് മലയാളത്ത് എത്തിയപ്പോൾ ഉണ്ടായ സമാധാനാലോചനകളിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പരസ്പര സ്വീകരണതത്വത്തോടു യോജിച്ചുനിന്നു. പാത്രിയർക്കീസ് ബാവാ കാലം ചെയ്തശേഷം നടന്ന പല സമാധാനാലോചനകളിലും പാലാമ്പടത്ത് വക്കീലിനോടൊത്തു പങ്കെടുത്തു. ഒടുവിൽ ആലുവാ വട്ടമേശസമ്മേളനം നടത്തി. അന്തിമമായ ഒരു പരിശ്രമമായിരുന്നു അത്. ഇതോടുകൂടി പാത്രിയർക്കീസ് പക്ഷത്തെ മെത്രാന്മാരുടെ കൂട്ടത്തിൽ നിന്ന് ഒറ്റപ്പെട്ടു തുടങ്ങി. മലങ്കരസഭയിൽ സമാധാനം കൈവരുത്തുന്നതിന് നടത്തിയിട്ടുള്ളതിൽ ഏറ്റവും പ്രധാനവും രോമാഞ്ചജനകവുമായ ശ്രമം ഔഗേൻ മാർ

തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ആലുവായിൽ നടത്തപ്പെട്ടതാണ്. കാതോലിക്കാ വിഭാഗത്തിന്റെ പട്ടത്വത്തിനു ന്യൂനതയുണ്ടെന്നു വാദിച്ചു വന്നവരെ തൃപ്തിപ്പെടുത്താൻ വേണ്ടി “വൃദ്ധൻ പുന്നൂസായ” പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ, പാത്രിയർക്കീസ് വിഭാഗത്തെ മെത്രാന്മാരുടെ മുമ്പിൽ തലകുനിച്ചുനിന്ന് ക്രൊയിത്തോദ് റൂഹാ എന്ന പ്രാർത്ഥന സ്വീകരിക്കാൻ തയ്യാറായി. പട്ടത്വത്തിന് എന്തെങ്കിലും ന്യൂനതയുണ്ടായിട്ടല്ല. സമാധാനാർത്ഥം അന്തിമശ്രമം നടത്തിയ ഔഗേൻ മാർ തിമോത്തിയോസിനും അക്കാര്യം നല്ല തിട്ടമായിരുന്നു. സമാധാനം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന തിമോത്തിയോസ് മെത്രാച്ചന്റെ നിർബന്ധം മൂലം തലകുനിക്കാൻ തയ്യാറായി. പാപമില്ലാത്ത മശിഹാതമ്പുരാൻ പാപികളെ രക്ഷിക്കാൻ വേണ്ടി ഈ ലോകത്തിൽ വന്നതുപോലെ, ബാവാ ഈ വ്യവസ്ഥയ്ക്കു വിധേയനാകണമെന്ന് മാർ തിമോത്തിയോസ് അനുസ്മരിപ്പിച്ചപ്പോൾ ബാവാ എതിരു പറഞ്ഞില്ല.

ആലുവാ തൃക്കുന്നത്ത് സെമിനാരി പള്ളി മദ്ബഹായിൽ പാത്രിയർക്കീസ് ബാവാ അയച്ച ഒരു പ്രാർത്ഥന തന്റെ സഹപാഠി ആയിരുന്ന അത്താനാസ്യോസ് മെത്രാച്ചൻ ചൊല്ലി സ്വീകരിക്കണമെന്നുള്ള വ്യവസ്ഥ അംഗീകരിച്ച് ആ കർമ്മത്തിൽ പങ്കെടുക്കാൻ അദ്ദേഹം സമ്മതിച്ചു. സഭയുടെ യോജിപ്പും, സ്വാതന്ത്ര്യ സംരക്ഷണവും സാധിക്കുന്നതിനുള്ള ഏക മാർഗമതാണെങ്കിൽ അതിനു തല വണങ്ങാൻ അദ്ദേഹം സന്നിഹിതനായി. പ്രാർത്ഥനയുടെ നക്കൽ അദ്ദേഹം കാണുകയും പരിശോധിക്കുകയും ചെയ്തു. പട്ടംകൊട വാചകമൊന്നുമില്ലെങ്കിലും പരിശുദ്ധാത്മ നൽവരത്തെക്കുറിച്ചുള്ള പരാമർശനം അടങ്ങിയതായിരുന്നു ആ പ്രാർത്ഥന. ആദ്യം തിരുമേനിയും കൂടെയുള്ള മെത്രാന്മാരും ആ സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിക്കണമെന്നായിരുന്നു വ്യവസ്ഥ. ബാവാ അതിനും എതിരു പറഞ്ഞില്ല. ചില മെത്രാന്മാർ അതിൽ വൈമനസ്യം പ്രകടിപ്പിച്ചു. ബാവാ തന്നെ സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിച്ചശേഷം മറ്റു മെത്രാന്മാരുടെ കാര്യത്തിൽ ബാവാ സ്വീകരണ പ്രാർത്ഥന നടത്തിയാൽ മതിയെന്നുള്ള ഭേദഗതി അവതരിപ്പിക്കപ്പെട്ടു. ദീർഘമായ ആലോചന നടത്തിയ ശേഷമാണ് മാർ അത്താനാസ്യോസും മാർ യൂലിയോസും അതിനു സമ്മതം മൂളിയത്. വലിയ പ്രസിദ്ധീകരണമൊന്നും കൂടാതെ രഹസ്യമായി ഈ കർമ്മം നിർവഹിക്കാമെന്നായിരുന്നു പരസ്പര സമ്മതം. അതുകൊണ്ട് രാത്രിയിലാണു ബാവാ തിരുമേനി തൃക്കുന്നത്ത് സെമിനാരിയിൽ എത്തുന്നതിനു ക്രമീകരിച്ചിരുന്നത്. ബാവാ യു.സി. കോളജിൽ നിന്നു യാത്ര തിരിച്ചപ്പോൾ അദ്ദേഹത്തിന്റെ മനോവൈഷമ്യം അറിഞ്ഞിരുന്ന നേതാക്കൾ വാവിട്ടു കരഞ്ഞു. ചിലർ പോകുന്നതിനെ തടസ്സപ്പെടുത്തി. താൻ സ്ഥാനം ഒഴിഞ്ഞു മാറി നിന്നേക്കാം. സമാധാനത്തിനു വേണ്ടി മറ്റാരെയെങ്കിലും കാതോലിക്കോസായി വാഴിക്കാൻ തിരുമേനി നിർദ്ദേശിച്ചതാണ്.

തൃക്കുന്നത്ത് സെമിനാരിയിൽ ഇതേസമയം മറ്റൊരു വടംവലിയാണു നടന്നത്. കാതോലിക്കാ പക്ഷത്തെ എല്ലാ തിരുമേനിമാരും സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിക്കണമെന്നുള്ള വാദത്തിൽ നിന്ന് മാർ യൂലിയോസിനെ പിന്തിരിപ്പിക്കാൻ വളരെ ശ്രമം വേണ്ടിവന്നു. അവസാനം അദ്ദേഹം ബാവാ മാത്രം മതിയെന്നു സമ്മതിച്ചു. ആ വിവരം അറിഞ്ഞു കഴിഞ്ഞാണ് ബാവാ കോളജിൽ നിന്നു പുറപ്പെട്ടത്. എന്നാൽ തൃക്കുന്നത്ത് സെമിനാരിയിൽ ചെന്നപ്പോൾ മാർ യൂലിയോസ് പോയിക്കഴിഞ്ഞിരുന്നു. മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ സ്വീകരണം നടത്തിയാൽ മതിയെന്നു പറഞ്ഞാണത്രെ അദ്ദേഹം സ്ഥലം വിട്ടത്. എന്നാൽ തനിയെ അതു നിർവഹിക്കാൻ ഏർപ്പെടുത്തിയതിൽ സംശയാലുവായിത്തീർന്ന മാർ അത്താനാസ്യോസ് ഉഭയസമ്മതപ്രകാരം സ്വീകരണകർമ്മം നിർവഹിക്കാൻ തയ്യാറായില്ല. പിന്നീടുള്ള ചരിത്ര സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ, ദൈവത്തിന്റെ പ്രത്യക്ഷമായ ഇടപെടൽകൊണ്ട് അനാവശ്യമായ ഒരു കീഴ്വഴക്കത്തിൽ നിന്നു മലങ്കരസഭയെ രക്ഷിക്കയാണു ചെയ്തതെന്നു കാണാം. 1116 മീനം 11 നു ആരംഭിച്ചു 16-നു അവസാനിച്ച വട്ടമേശ സമ്മേളനവും സഭയെ യോജിപ്പിൽ എത്തിച്ചില്ല. ഇതോടെ പാത്രിയർക്കീസ് വിഭാഗത്തിന്റെ പൊള്ളത്തരം ഒരിക്കൽ കൂടി വ്യക്തമായി. പണ്ടേ ഉള്ളിൽ കാതോലിക്കാ വിഭാഗക്കാരനായിരുന്ന ഔഗേൻ മാർ തിമോത്തിയോസ്, സഭയുടെ നന്മയ്ക്കുവേണ്ടി 1942 ൽ കാതോലിക്കായെ സ്വീകരിച്ചത് ഇതിന്റെയൊക്കെ വെളിച്ചത്തിലായിരുന്നു. ഒരു സുപ്രഭാതത്തിൽ കാതോലിക്കായെ മൂവാറ്റുപുഴയ്ക്കു ക്ഷണിച്ചതല്ല. വർത്തമാനങ്ങൾക്കു വേണ്ടി മാർ തിമോത്തിയോസും സാക്ഷാൽ ഓർത്തഡോക്സുകാരനായിരുന്ന മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസും സന്ദർഭാനുസരണം തന്ത്രപൂർവ്വം നീങ്ങിയത് തങ്ങളുടെ സഭാ ദൗത്യം തകരാതിരിക്കാനായിരുന്നു. സമുദായക്കേസിൽ കാതോലിക്കാപക്ഷത്തിനനുകൂലമായി ശരിയായ കാനോൻ തെളിയിക്കുന്നതിനു ബ. കോനാട്ട് മാത്തൻ മല്പാന്റെ ശിഷ്യൻ ബ. കോതമംഗലത്തു മാറാശ്ശേരിൽ ഇട്ടീരാ മല്പാൻ തന്റെ ശിഷ്യൻ ബ. കോനാട്ട് അബ്രഹാം മല്പാൻ എന്നിവരൊന്നിച്ചു മൊഴി കൊടുത്തു. പാമ്പാക്കുട നിന്നു 700 കൊല്ലത്തിലധികം പഴക്കമുള്ള ശീമ കൈയെഴുത്തു കാനോൻ പുറത്തുവരുന്നതിനു പ്രേരണ നൽകിയത് ഇദ്ദേഹമാണ്. സംഗതികൾ ഇങ്ങനെ ദ്രുതഗതിയിൽ നീങ്ങി.

ഇങ്ങനെ മൂവാറ്റുപുഴയിൽ താമസിക്കുന്ന കാലത്ത് 1118 (1942) -ൽ അരമനയിൽ വച്ച് കണ്ടനാട് ഭദ്രാസന പൊതുയോഗത്തിന്റെ സാന്നിദ്ധ്യത്തിൽ മാർ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ പരസ്യമായി സ്വീകരിച്ച് ഓക്സിയോസ് പാടി. അതൊക്കെ ശാന്തമായും ഭംഗിയായും നടന്നെങ്കിലും ഭദ്രാസനത്തിൽ സമാധാനക്കുറവാണുണ്ടായത്. മിക്ക പള്ളികളിലും രണ്ടു കക്ഷികൾ തമ്മിൽ വ്യവഹാരങ്ങളും നടന്നു.

താമസിയാതെ കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പാളായി അവിടെ താമസമാക്കി. കുറേക്കഴിഞ്ഞു തുമ്പമൺ ഇടവകയുടെ മെത്രാപ്പോലീത്താ മാർ പീലക്സിനോസ് (പുത്തൻകാവ്) കാലം ചെയ്തപ്പോൾ ആ ഇടവകയുടെ മെത്രാപ്പോലീത്താ ആയി പത്തനംതിട്ടയിൽ താമസിച്ചു. 1953-ൽ കോട്ടയത്തുവച്ചു നടത്തിയ മെത്രാൻ സ്ഥാനാഭിഷേക കർമ്മത്തിൽ പങ്കുകൊണ്ടു. അന്നാണ് മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ്, മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ വാഴിക്കപ്പെട്ടത്. തുമ്പമൺ ഇടവകയുടെ ഭരണം ശക്തനായ ദാനിയേൽ മാർ പീലക്സിനോസ് ഏറ്റപ്പോൾ പത്തനംതിട്ട വിട്ട് മൂവാറ്റുപുഴയെത്തി താമസിച്ചു. താൻ വളരെ നാളായി ആഗ്രഹിച്ചിരുന്ന സമാധാനം കാണുവാൻ ഇടയായത് അപ്പോഴാണ്. 1958-ൽ സുപ്രീംകോടതി വിധിയുണ്ടാവുകയും താമസിയാതെ 1958 ഡിസംബറിൽ പാത്രിയർക്കീസും കാതോലിക്കായും പരസ്പര സ്വീകരണം നടത്തി കത്തുകൾ കൈമാറുകയും ചെയ്തു. മനസ്സിനു വലിയ സമാധാനം ഉണ്ടായി. കണ്ടനാട് ഭദ്രാസനഭരണം ഒരു പ്രശ്നമായിത്തന്നെ നിലവിലിരുന്നു. ചില വ്യവസ്ഥകൾ അനുസരിച്ചു മുന്നോട്ടു നീങ്ങാനുള്ള ശ്രമങ്ങളും വിജയിച്ചില്ല. അരമന പണിയുന്നതിനുള്ള എതിർപ്പുകളെ കൂടുതൽ ശക്തിയോടെ തള്ളിമാറ്റി ചെമ്മങ്കുഴ അച്ചന്റെ നേതൃത്വത്തിൽ അരമന പണി നടന്നു. ഇതിനിടെ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി ഏതാനും ആഴ്ചകൾ വെല്ലൂരിൽ താമസിക്കേണ്ടിവന്നു എങ്കിലും സുഖം പ്രാപിച്ചു തിരുമേനി മൂവാറ്റുപുഴയിൽ താമസിക്കുമ്പോൾ കാതോലിക്കായുടെ പിൻഗാമിയായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെടുകയാണുണ്ടായത്.

പിറവം മർദ്ദനം

പുഷ്പശയ്യയെന്നു വിശേഷിപ്പിക്കപ്പെടുന്ന മെത്രാപ്പോലീത്താ സ്ഥാനം ഏറ്റശേഷം, ഔഗേൻ മാർ തിമോത്തിയോസിന്റെ യാത്ര മുള്ളുകൾ നിറഞ്ഞ വഴിയിലൂടെത്തന്നെയായിരുന്നു. മലങ്കരസഭാഭാസുരനായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായേക്കാൾ പ്രയാസങ്ങളും പീഡനങ്ങളും 'പലവട്ടം പട്ടിണിയും' സഹിക്കേണ്ടി വന്നിട്ടുണ്ട്.

അന്ത്യോക്യയിലെ സിറിയൻ ഓർത്തഡോക്സ് സഭയുമായി നല്ല ബന്ധം അഭംഗം തുടരണമെന്നാഗ്രഹിച്ച അദ്ദേഹം അവിടെനിന്നുള്ള നീതിരഹിതമായ പ്രതികരണങ്ങളിൽ അസന്തുഷ്ടനുമായിരുന്നു. എങ്കിലും സഭയിൽ സമാധാനം ഉണ്ടാക്കേണ്ടത് സഭയുടെ ഇന്ത്യയിലെ ദൗത്യ വിജയത്തിനും ലക്ഷ്യനേട്ടത്തിനും അത്യന്താപേക്ഷിതമാണെന്നുകണ്ട മാർ തിമോത്തിയോസ് അടങ്ങിയിരുന്നില്ല. 1938 -ൽ പാത്രിയർക്കീസ് ഭാഗക്കാർ, പഴയസെമിനാരിയിൽ താമസിക്കുന്ന ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്നു കൂടി അറിയപ്പെടുന്ന 'കല്ലാച്ചേരിൽ പുന്നൂസിനെ' ഒന്നാംപ്രതിയാക്കി കോട്ടയം

ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പാത്രിയർക്കീസിനുമാത്രം അവകാശപ്പെട്ട സ്ഥാനവും ചുമതലകളും കാതോലിക്കോസിനു നൽകുകയും ഒരു ഭരണഘടന ഉണ്ടാക്കി പ്രതികൾ പുതിയ സഭ സ്ഥാപിക്കുകയും ചെയ്തു എന്നായിരുന്നു അന്യായത്തിലെ പ്രധാന ആരോപണം. കേസു വാദംകേട്ട സ്പെഷൽ ജഡ്ജി ബി. കൃഷ്ണയ്യർ, യഥാർത്ഥ കാനോൻ, അബ്ദൽ മിശിഹായുടെ മുടക്ക് എന്നീ കാര്യങ്ങളിൽ മാർ യൂലിയോസ് മെത്രാപ്പോലീത്താ കൊടുത്ത മൊഴി കള്ളമാണെന്നു സമർത്ഥിക്കുകയും അവയെ ഒരു മേല്പട്ടക്കാരന്റെ 'അവിശുദ്ധ പ്രവൃത്തി' എന്നു വിശേഷിപ്പിക്കുകയും ചെയ്തു. ഒരു കത്തിലെ തീയതിയും കാനോൻ സംബന്ധിച്ച തിരുത്തുമാണ് പരസ്യമായി മാർ യൂലിയോസിനെ കള്ളനെന്നു വീണ്ടും മുദ്രയടിക്കാൻ ഇടയാക്കിയത്.

അബ്ദൽ മിശിഹാ 1912-ൽ സ്ഥാപിച്ച കാതോലിക്കേറ്റ് സാധുവാണെന്നു കാണിച്ചു ഔഗേൻ മാർ തിമോത്തിയോസ് പ്രസിദ്ധപ്പെടുത്തിയ ലഘുലേഖയിൽ തീയതി സംബന്ധിച്ചുവന്ന ഒരു പരാമർശനമാണ് യൂലിയോസിനെ വെട്ടിലാക്കിയത്. 1943-ൽ ഉണ്ടായ കോട്ടയം കോടതിവിധി കാതോലിക്കാഭാഗത്തേക്ക് വളരെ അനുകൂലമായിരുന്നു. എന്നാൽ വിധിക്കു മുമ്പുതന്നെ ചില സമാധാനാലോചനകൾ നടന്നുകൊണ്ടിരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് ആലുവായിലേത്.

താൻ നേതൃത്വം കൊടുത്ത ആലുവായിലെ സമാധാനശ്രമം വിജയത്തിന്റെ വക്കിൽ എത്തിയശേഷം തകർന്നതിൽ കുണ്ഠിതനായ ഔഗേൻ മാർ തിമോത്തിയോസ് സമാധാനശ്രമങ്ങളെപ്പറ്റിയും പാത്രിയർക്കീസുഭാഗത്തെ ചതിയെപ്പറ്റിയും കണ്ടനാട് പള്ളിപ്രതിപുരുഷയോഗത്തിൽ വിവരിച്ചശേഷം കാതോലിക്കാബാവായെ സ്വീകരിച്ചു. സഭയുടെ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനം കൂടിയേതീരു എന്ന് അദ്ദേഹം സമർത്ഥിച്ചു. അങ്ങനെ അദ്ദേഹവും ഭദ്രാസനവും 1942 ഒക്ടോബർ 7-നു കാതോലിക്കേറ്റിന്റെ കൊടിക്കീഴിൽ വന്നു. മറുപക്ഷത്തിന്റെ എതിർപ്പും തന്ത്രങ്ങളും മൂലം ഭദ്രാസനത്തിലെ മിക്ക പള്ളികളും പിന്നീട് ഇടയനെ തള്ളിപ്പറഞ്ഞു.

പ്രതികൂല സാഹചര്യങ്ങൾ തിരമാലകൾപോലെ ആഞ്ഞടിച്ചു. പക്ഷേ ആഴത്തിൽ വേരോടിയ ആ വടവൃക്ഷം മറിഞ്ഞുവീണില്ല. ഇതേ തുടർന്നാണ് കുപ്രസിദ്ധമായ പിറവം മർദ്ദനം ഉണ്ടായത്.

കാതോലിക്കേറ്റിന്റെ കീഴിൽവന്നശേഷം മൂവാറ്റുപുഴയിലെ ഒരു ഷെഡ്ഡിൽ താമസിച്ച തിമോത്തിയോസ് തിരുമേനിയെ ആപൽഘട്ടത്തിൽ ഭദ്രാസനത്തിലെ ചുരുക്കം ചില പള്ളികൾ മാത്രമാണ് സഹായിച്ചത്. യാമ പ്രാർത്ഥനകളിലും നോമ്പിലും ഉപവാസത്തിലും നിന്നു വ്രതനിഷ്ഠനായ തിരുമേനിയുടെ ദൃഢനിശ്ചയത്തിൽ നിന്നും മാറ്റാൻ ആർക്കും കഴിഞ്ഞില്ല.

ഒരിക്കൽ തന്റെ മാതൃസഹോദരിപുത്രനായ വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴയിൽ വന്ന് വളരെയധികം വാഗ്ദാനങ്ങൾ നൽകി മാർ തിമോത്തിയോസിനെ പാത്രിയർക്കീസ് പക്ഷത്തേക്കു തിരിച്ചു പിടിക്കാൻ നടത്തിയ ശ്രമങ്ങൾ ഒന്നും ഫലിച്ചില്ല.

മാനുഷിക മൂല്യങ്ങൾക്ക് അന്യനും മലങ്കരയിലെ പിളർപ്പിന്റെ കപ്പിത്താനുമായിരുന്ന മാർ യൂലിയോസിനു പിടികിട്ടാതിരുന്ന രണ്ട് മേല്പട്ടക്കാരായിരുന്നു മാർ തിമോത്തിയോസും കൊച്ചി ഇടവകയുടെ മാർ സേവേറിയോസും. 1958 –നു ശേഷമാണ് മാർ സേവേറിയോസ് കാതോലിക്കേറ്റിന്റെ കീഴിൽ വന്നത്. മൂവാറ്റുപുഴയിൽ തള്ളിക്കളഞ്ഞ മൂലക്കല്ലായി സ്ഥിതിചെയ്തപ്പോൾ മാർ തിമോത്തിയോസിനെ റോമാസഭയിലേക്ക് ക്ഷണിക്കാൻ ചിലർ മോഹന വാഗ്ദാനങ്ങളുമായി എത്തി സ്ഥാനമാനങ്ങൾ നീട്ടി. ഇവരിൽ ദൈവമുമ്പാകെ ചെയ്ത പ്രതിജ്ഞകൾ കാറ്റിൽ പറത്തി ഓർത്തഡോക്സ് സഭ വിട്ട് റോമാസഭയിൽ ചേർന്ന ചീരാത്തോട്ടം ഫാ. സി. എ. ഏബ്രഹാം, ഫാ. റ്റി. വി. ജോൺ (യു. സി. കോളജ്), ഫാ. വി. സി. ഗീവറുഗീസ് (ആലുവ) എന്നിവർ ഉൾപ്പെടുന്നു. മൂവാറ്റുപുഴ നിർമ്മലാ കോളജിന്റെ മുൻ പ്രിൻസിപ്പൽ ഫാ. മൂത്തേടം ലക്ഷ്യപ്രാപ്തിക്കായി ചില കത്തുകൾ അയച്ചിരുന്നു. തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസും സഭാപരിവർത്തനത്തിനായി ശ്രമിച്ചു. പ്രലോഭനങ്ങൾ മൂവാറ്റുപുഴ ആറുപോലെ പെരുകി എങ്കിലും ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിന്റെ ഘാതകനാകാൻ, പാറപോലെ ഉറച്ചു നിന്ന അദ്ദേഹം തയ്യാറായില്ല. മലങ്കരയിൽ സഭ സ്ഥാപിച്ചത് മാർത്തോമ്മാ ശ്ലീഹായാണെന്നും ഇതര സഭകൾക്ക് അതിന്മേൽ അധികാരമില്ലെന്നും കിഴക്കിന്റെ അപ്പസ്തോലനും പ്രഥമ മെത്രാനും മാർത്തോമ്മായാണെന്നും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്ന മാർ തിമോത്തിയോസ് റോമാ സഭയുടെ നാണയങ്ങളും സ്ഥാനമാനങ്ങളും തൃണവൽഗണിച്ചു. സത്യവിശ്വാസവും തത്വങ്ങളും, മിന്നുന്ന നശ്വരമായ നാണയങ്ങളുടെ മുമ്പിൽ കൂടുതൽ ശോഭിക്കുമെന്ന് സ്വയം കാണിച്ചുകൊടുത്ത തിരുമേനി കൂടുതൽ പ്രകാശിക്കുകയായിരുന്നു.

മലങ്കരസഭയിൽ കേസുണ്ടെന്നും പൂർണ്ണതയ്ക്കുവേണ്ടിയാണു താൻ സഭ വിടുന്നതെന്നും പറഞ്ഞുകൊണ്ട് ബഥനി മാർ ഈവാനിയോസ് റോമാ സഭയിൽ ചേർന്നതിനെ തുടർന്ന് അദ്ദേഹം മലങ്കരസഭയിലെ പല പ്രമുഖ വ്യക്തികളെയും റോമാസഭയിൽ ചേരാൻ ക്ഷണിച്ചു. മറ്റുസഭകളിൽ കാണുന്നതിനേക്കാൾ പ്രഗൽഭരായ ഒട്ടധികം വ്യക്തികളുള്ള സഭയാണ് റോമാ സഭയെന്നും ക്ഷണക്കത്തിൽ പറഞ്ഞിരുന്നു. സഭയിൽ എന്തെങ്കിലും വ്യക്തിപരമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സാധാരണക്കാരായ ചിലർ സഭ മാറുക പതിവാണെങ്കിലും സഭാ സംബന്ധമായ അറിവും സഭയോടു കൂറും തത്വദീക്ഷയുമുള്ള സമുന്നത വ്യക്തികളെ അത്തരം പ്രശ്നങ്ങൾ ഒന്നും അലട്ടു

കയില്ലെന്നാണ് ഔഗേൻ മാർ തിമോത്തിയോസിന്റെ മഹത്തായ മാതൃക വ്യക്തമാക്കുന്നത്.

മാർ ഔഗേൻ ബാവായുടെ തദ്വാരാ മലങ്കരസഭയുടെയും ചരിത്രത്തിലെ കറുത്ത ഒരദ്ധ്യായമാണു പിറവം സംഭവം. പ്രബുദ്ധമായ പിറവം വലിയപള്ളി ഇടവകയ്ക്കു ഇന്നും മായിച്ചുകളയാനാവാത്ത ഒരു കളങ്കമാണത്. ആ "ഇരുട്ടറവധം" മൂലം പ്രതികൾ ലോകത്തിന്റെ ദൃഷ്ടിയിൽ അപമാനിതരായി. ദൈവകോപം അവരുടെമേൽ ചൊരിഞ്ഞു. അടികൊണ്ട ആൾ അഗ്നികുണ്ഡത്തിലെ കനകം പോലെ ശോഭിച്ചു.

ഔഗേൻ ബാവായെ ഒരു 'സഹദാ'യുടെ പദവിയിലേക്കുയർത്തിയ ഈ മർദ്ദനത്തിന്റെ യഥാർത്ഥ ചിത്രം ഇതുവരെയും വരമൊഴിയായി വന്നിട്ടില്ലാത്തതുകൊണ്ട് സംഭവസ്ഥലത്തുചെന്ന് ഈ മർദ്ദനത്തിന്റെ ദൃക്സാക്ഷികളായ ചിലരിൽ നിന്നു ശേഖരിച്ച യഥാർത്ഥ വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്. യഹോവയുടെ അഭിഷിക്തന്റെ മേൽ ആരും എത്രതന്നെ പ്രലോഭനം ഉണ്ടായാലും കൈവയ്ക്കാതിരിക്കുന്നതിന് ഈ സംഭവവിവരണം സഹായിക്കുമെന്നു പ്രതീക്ഷിക്കുകയാണ്. 1942. കണ്ടനാട് പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. ആ യോഗ തീരുമാനപ്രകാരം ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ സ്വീകരിച്ചതിനെ തുടർന്നുള്ള പെസഹാ വ്യാഴാഴ്ച രാത്രിയാണ് യേശുക്രിസ്തുവിനെപ്പോലെ തിമോത്തിയോസ് മെത്രാപ്പോലീത്തായും സ്വന്തജനങ്ങളാൽ അധിക്ഷേപിക്കപ്പെടുകയും കൈയേറ്റം ചെയ്യപ്പെടുകയും ഉണ്ടായത്.

കണ്ടനാട് ഭദ്രാസനം വക പിറവം സെമിനാരിയിലാണ് അന്ന് മെത്രാപ്പോലീത്താ താമസിച്ചുവന്നത്. പെസഹാ ശുശ്രൂഷകൾ സെമിനാരിയിൽ നടത്തിയ ശേഷം തിരുമേനി വിശ്രമിക്കുകയായിരുന്നു.

അന്ന് പിറവം പള്ളിയിൽ ഒരു കമ്മിറ്റിയോഗം ഉണ്ടായിരുന്നു. പിറവം ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ആലപ്പാട്ട് ഡീക്കൻ എൻ. എം. തോമസ് സിറിയൻ സ്റ്റുഡന്റ്സ് കോൺഫറൻസ് സെക്രട്ടറിയായി സേവനം ചെയ്യാൻ രണ്ടു വർഷത്തെ അവധിയിൽ സ്കൂൾ വിട്ടതിനെ തുടർന്ന് അസിസ്റ്റന്റിനെ ചുമതല ഏല്പിച്ചു. എന്നാൽ സ്കൂൾ മാനേജരായിരുന്ന ഒരു വൈദികൻ മറ്റൊരു വിവാദ വ്യക്തിയെ മറ്റാരോടും ആലോചിക്കാതെ ഹെഡ്മാസ്റ്ററായി നിയമിച്ചു. ഇതേപ്പറ്റി പള്ളിക്കമ്മിറ്റിയിൽ ചോദ്യമുണ്ടായപ്പോൾ മാനേജരായിരുന്ന അച്ചൻ ഇങ്ങനെ പറഞ്ഞു:- "ഞാൻ സ്കൂളിൽ ചെന്നപ്പോൾ അവിടെ ഹെഡ്മാസ്റ്റർ ഇല്ലായിരുന്നു. അതുകൊണ്ട് ഞാൻ ഒരാളെ നിയമിച്ചു." ഒച്ചപ്പാടുകൾക്കു ശേഷം മെത്രാൻ കക്ഷിക്കാർ ഇറങ്ങിപ്പോയി. കമ്മിറ്റിയിൽ ബാവാക്കക്ഷിക്കാർക്കായിരുന്നു ഭൂരിപക്ഷം. അവർ അവർക്കിഷ്ടമുള്ള തീരുമാനങ്ങൾ എടുത്തശേഷം കമ്മിറ്റി പിരിഞ്ഞു.

കക്ഷി മത്സരത്തിന്റെ ശക്തി കൂടിവന്ന ആ ഘട്ടത്തിൽ പിറവം ടൗണിലെ ചില പ്രമുഖ വ്യക്തികൾ മെത്രാൻ ഭാഗത്തും മറ്റു ചിലരും പാഴൂർ - കക്കാടുകര പ്രമാണിമാരും ബാവാഭാഗത്തും നിന്നു പള്ളിക്കാര്യങ്ങൾ അവരവർക്കിഷ്ടമുള്ള രീതിയിൽ തിരിച്ചുവിടാൻ യത്നിച്ചുകൊണ്ടിരുന്നു. ബാവാക്കക്ഷി ഭാഗത്തെ വികാരിയും ട്രസ്റ്റിമാരും ആണ് പള്ളിഭരണം നിർവ്വഹിച്ചുവന്നത്. ഈ പശ്ചാത്തലത്തിലാണ് സെമിനാരിയിൽ താമസിച്ചുകൊണ്ടിരുന്ന ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ പള്ളിയിലേക്ക് കൊണ്ടുവരുന്നതിന് മെത്രാൻ കക്ഷിയിൽപ്പെട്ടവർ ഉത്സാഹിച്ചത്. തിരുമേനി പള്ളിയിൽ എത്തുന്നതുകൊണ്ടുള്ള പ്രയോജനവും വിവരിക്കപ്പെട്ടത്രെ. പള്ളിയിലേക്ക് പോകുന്നതിനു മുമ്പ് കാതോലിക്കാ കക്ഷിയിലെ രണ്ടു വൈദികരും തിരുമേനിയുടെ സാന്നിദ്ധ്യത്തിലേക്ക് ആനയിക്കപ്പെട്ടു. വല്യച്ചനായ ആലപ്പാട്ട് മത്തായി കത്തനാരും എരുമപ്പെട്ടി തോമസ് കത്തനാരും. പള്ളിയിലേക്ക് പോകേണ്ടതുണ്ടോ എന്ന അഭിപ്രായം ആലപ്പാട്ട് അച്ചൻ അറിയിക്കാൻ എത്തിയപ്പോഴേക്കും തിരുമേനി ചുവന്നകുപ്പായം ധരിച്ചു തയ്യാറായി നിന്നിരുന്നു. തന്നിമിത്തം അച്ചൻ എതിരൊന്നും പറയാതെ തിരുമേനിയെ അനുഗമിച്ചു.

അന്ന് പിറവം പ്രദേശത്തു ലഭ്യമായിരുന്ന മാസ്റ്റർ മോട്ടോഴ്സ് വക ബസ്സ് സെമിനാരിയിൽ എത്തി. മെഴുകുതിരി കത്തിച്ചുപിടിച്ച സണ്ടേസ്കൂൾ കുട്ടികൾ പള്ളിയിലേക്കുള്ള റോഡിന്റെ ഇരുവശങ്ങളിലും അണിനിരന്നു. പള്ളിവരെയുള്ള അഞ്ചു ഫർലോംഗ് ദൂരം ബസ്സിൽ സഞ്ചരിച്ചു; ലളിതമെങ്കിലും ആഘോഷ സമന്വിതമായ സ്വീകരണം. പള്ളിയിൽ ഉണ്ടായിരുന്ന മറുകക്ഷിയിലെ ഇടവക വികാരി ഉൾപ്പെടെയുള്ള വൈദികർ തിരുമേനി പള്ളിയിൽ കയറി ലുത്തിനിയാ പ്രാർത്ഥന, സന്ധ്യാ നമസ്കാരം എന്നിവ നടത്തിയപ്പോൾ അതിലും സഹകരിച്ചു.

കമ്മിറ്റിയിൽ ഭൂരിപക്ഷമുള്ള ബാവാകക്ഷിക്കാർ പിറവത്തെ ചില പ്രമാണികളുടെ നേതൃത്വത്തിൽ നടന്ന സ്വീകരണത്തിൽ പങ്കെടുക്കുകയോ തൽസമയം പ്രതിഷേധശബ്ദം ഉയർത്തുകയോ ചെയ്തിരുന്നില്ല. എങ്കിലും തിരുമേനി പള്ളിയിൽ എത്തിയ വിവരത്തെപ്പറ്റി അവർ പരസ്പരം രഹസ്യമായി ചർച്ച ചെയ്യുകയും കൂടുതൽ ആളുകളെ തങ്ങളുടെ ആലോചനയിൽ പങ്കെടുപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ബാവാക്കക്ഷി വൈദികർ തിരുമേനി വിശ്രമിക്കുന്നതുവരെയും പള്ളിയിൽ ഉണ്ടായിരുന്നു. രാത്രിയിൽ അവർ അവിടെനിന്നു പോകരുതെന്നു സ്വീകരണം നല്കിയവർ പറഞ്ഞു എങ്കിലും അവർ സ്ഥലം വിടുകയാണുണ്ടായത്. മെത്രാൻ ഭാഗത്തെ വല്യച്ചനും വീട്ടിൽ പോയി.

കൊച്ചച്ചനായ എരുമപ്പെട്ടിൽ തോമസ് കത്തനാരും ഏതാനും ശെമ്മാശ്ശ

ന്മാരും സ്വീകരണം നല്കിയ കൂട്ടത്തിലെ ചില ചെറുപ്പക്കാരും പള്ളിയിൽ ത്തന്നെ ഉണ്ടായിരുന്നു. പ്രശാന്തമായ രാത്രി. മൂവാറ്റുപുഴ ആറിന്റെ വിരി മാറിൽ നിന്നു പൊങ്ങിയ ഇളംതെന്നൽ പള്ളിപ്പുരയിടത്തിലെ തെങ്ങിൻതോ പ്പിനെ തഴുകി കടന്നുവന്നതു മാത്രമേ ആ ശാന്തതയ്ക്ക് എന്തെങ്കിലും ഭംഗം വരുത്തിയിരുന്നുള്ളു. കഷ്ടാനുഭവ ആഴ്ചയായിരുന്നതിനാൽ ഒട്ടധികം ഭക്ത ജനങ്ങളും വരാന്തയിലും പള്ളിയകത്തും മറ്റും ധ്യാനനിരതരായും ഉറങ്ങിയും കഴിഞ്ഞുകൂടിയിരുന്നു.

"ഓശാനയെ" അനുസ്മരിപ്പിക്കുന്ന തിരുമേനിയുടെ പള്ളിപ്രവേശനം ഒട്ടും ഇഷ്ടപ്പെടാത്തവരുടെ അനുഭാവികൾ രാത്രിയിൽ അവർക്കു ഭൂരിപക്ഷമുള്ള പാഴൂർ, കക്കാടു കരകളിൽ കയറി ഇറങ്ങി പള്ളിയിൽ "കള്ളൻ കയറി" എന്നും മറ്റും പറഞ്ഞ് ചില മുട്ടാളന്മാരെ പള്ളിയിലേക്ക് ആകർഷിച്ചു.

ഭിന്നതയെന്യേ കണ്ടനാട് ഭദ്രാസനം ഭരിച്ചിരുന്ന കാലത്ത്, അനുസരണ ക്കേടിനു മെത്രാപ്പോലീത്താ മുടക്കിയ ഒരു യുവവൈദികൻ തുടർന്ന് റീത്തിൽ ചേർന്നു എങ്കിലും തന്റെ വൈരാഗ്യം തീർക്കാനായി ബാവാകക്ഷിക്കാരുടെ ഗൂഢശ്രമങ്ങൾക്ക് സകല പിന്തുണയും നല്കിക്കൊണ്ടിരുന്നുവത്രെ. സംഘ ടിപ്പിക്കപ്പെട്ടവർ ടൗൺ ഷാപ്പുടമയായ പള്ളിപ്രമാണിയുടെ ഉപദേശവും തേടി. പൂട്ടിക്കഴിഞ്ഞിരുന്ന കള്ളുഷാപ്പിൽനിന്നു കള്ളുകൊണ്ടുവന്ന് ഷാപ്പുടമയുടെ വീട്ടിൽവച്ച് മുട്ടാളന്മാർക്കു നല്കപ്പെട്ടു. റീത്തിൽ ചേർന്ന വൈദികൻ തല യിൽ ഒരു കെട്ടുംകെട്ടി മുട്ടാളന്മാരെ പള്ളിപ്പടിവരെ അനുയാത്ര ചെയ്തു എന്നും പറയപ്പെടുന്നു. തിരുമേനിയെ "കുടിയിറക്കാൻ" വന്ന സംഘത്തിൽ പ്പെട്ട ചിലർ പാഴൂരെ ഒരു വീട്ടിൽ നിന്നു വെട്ടിയെടുത്ത ഒടിയാത്തതും വേണ്ടത്ര വിളയാത്തതുമായ കാപ്പിവടികളും കരുതിയിരുന്നു.

അർദ്ധരാത്രിയിൽ സംഘം പള്ളിയിൽ എത്തുമ്പോൾ അവിടെ ആരും ഉണർന്നിരുന്നില്ല. പള്ളിയിൽ ഭജനക്കാരുടെ മദ്ധ്യേ വച്ചിരുന്ന പെട്രോമാക്സ് വിളക്ക് തല്ലിത്തകർക്കപ്പെട്ടു. മെത്രാപ്പോലീത്തായുടെ മുറിക്ക് മുൻവശം ഉറ ങ്ങിക്കിടന്ന കൊച്ചച്ചനും ശെമ്മാശ്ശന്മാരും ഉണർത്തപ്പെട്ടു. തിരുമേനി കിട ന്നുറങ്ങിയ മുറി ബലമായി തള്ളി തുറപ്പിക്കപ്പെട്ടു. നിദ്രയിലാണ്ടിരുന്ന തിരു മേനിയുടെ തോളിൽ പിടിച്ച് ആരോ കുലുക്കി. അദ്ദേഹം ഞെട്ടി ഉണർന്നു. തിരുമേനിക്ക് പള്ളിമുറിയിൽ എത്താനുള്ള അവകാശവും മറ്റും ചോദ്യം ചെയ്യ പ്പെട്ടു. ഉടൻ സ്ഥലം വിട്ടില്ലെങ്കിൽ സംഗതി വഷളാകുമെന്നും മറ്റും അവർ പറഞ്ഞു ഭീഷണിപ്പെടുത്തി. ഒട്ടും എതിർപ്പു കൂടാതെ തിരുമേനി മുറി വിടാൻ തയ്യാറായി. ചെരുപ്പു പോലും എടുക്കാതെ പുറത്തിറങ്ങി. സംഘത്തിന്റെ ഭീഷണിയും നിഘണ്ടു കണ്ടിട്ടില്ലാത്ത വാക്കുകളുടെ വർഷവും തുടർന്ന പ്പോൾ തിരുമേനി പള്ളിയുടെ തെക്കേ മുറ്റത്തേയ്ക്കിറങ്ങി കിഴക്കോട്ടു സാവ ധാനത്തിൽ നടന്നുനീങ്ങി. പരിചിതരെ തിരിച്ചറിയാൻ കഴിയുംവിധം നിലാ വുണ്ട്. സംഘത്തിൽ ഒരു വിഭാഗം തിരുമേനിയെ അനുഗമിച്ചു. മറ്റു ചിലർ

കൊച്ചച്ചനെ പിടികൂടി ഒന്നു കൊടുത്തു. കൂടുതൽ അടികിട്ടുമെന്നുറപ്പായ എരുമപ്പെട്ടിലച്ചൻ ഓടി രക്ഷപ്പെട്ടു. സ്ഥലപരിചയമില്ലാത്ത ശെമ്മാശ്ശന്മാർ അടികൊണ്ട് ലക്ഷ്യമില്ലാതെ ഓടി.

പള്ളിയുടെ കിഴക്കുവശം നടയിറങ്ങവേ തൊട്ടുപിമ്പിലുണ്ടായിരുന്നവരെ തിരുമേനിക്കറിയാമായിരുന്നു. നടയിറങ്ങുമ്പോൾ ഒരാൾ തിരുമേനിയെ ഒന്നാഞ്ഞടിച്ചു. പുറത്തുതന്നെ കാപ്പിവടി പ്രയോഗിക്കപ്പെട്ടു. വികാരവിവശനായി തിരിഞ്ഞുനോക്കുമ്പോൾ പിമ്പിലുണ്ടായിരുന്ന ആളിനെ തിരുമേനിക്ക് മനസ്സിലായി. അക്കാര്യം പിന്നീട് തിരുമേനി വെളിപ്പെടുത്തിയിട്ടുമുണ്ട്. അർദ്ധരാത്രിയിൽ നടന്ന ക്രൂരമായ ഈ സംഭവത്തെപ്പറ്റി അന്ന് തിരുമേനി വിശ്രമിച്ചിരുന്ന മുറിയുടെ വാതില്ക്കൽ കിടന്നുറങ്ങിയ ഉച്ചിപ്പിള്ളിൽ ജോൺ ഇങ്ങനെ പറഞ്ഞു:- "ഞാൻ എന്റെ ജൂബയും തോർത്തും മടക്കി തലയിണയാക്കി തിരുമേനി കിടന്നിരുന്ന തുറന്ന മുറിയുടെ വാതില്ക്കലാണു കിടന്നത്. "മക്കളെ നിങ്ങൾ പൊയ്ക്കൊള്ളുവിൻ, ഞാൻ നാളെ രാവിലെ മടങ്ങിക്കൊള്ളാം" എന്നു തിരുമേനി പറഞ്ഞു. എങ്കിലും ഞങ്ങളിൽ ചിലർ പോയില്ല. അർദ്ധരാത്രിയായപ്പോൾ ഒരു സംഘം മുട്ടാളന്മാർ ഒറ്റമുണ്ടുടുത്ത് അരയിൽ തോർത്തുംകെട്ടി തിരുമേനി കിടന്നിരുന്ന മുറിയെ ലക്ഷ്യമാക്കി ശബ്ദമുണ്ടാക്കി കടന്നുവന്നു. ഞാൻ ഞെട്ടിയുണർന്നു തിരുമേനി കിടന്ന മുറിയിൽ കയറി രണ്ടു സാക്ഷായുള്ള കതകടയ്ക്കാൻ ശ്രമിച്ചതും പുറത്തുനിന്നുള്ള ശക്തമായ തള്ളലാൽ ഞാൻ താഴെ മറിഞ്ഞുവീണതും ഒന്നിച്ചായിരുന്നു. ഞാനും ഒറ്റമുണ്ടുമാത്രം ഉടുത്തിരുന്നതിനാൽ ഒരു പക്ഷേ എന്നെയും അവരുടെ കൂട്ടത്തിൽപ്പെട്ട ആളെന്നു കരുതി മർദ്ദിച്ചില്ല. എങ്കിലും ഞാൻ ഭയന്ന് എന്തു ചെയ്യണമെന്നറിയാതെ നിന്നുപോയി. ഇതിനിടയിൽ ആരോ പള്ളിയിൽ കയറി മണി അടിച്ചു. മണിയടി കേട്ടു പലരും പള്ളിയിൽ എത്തുമ്പോൾ തിരുമേനിയെ അക്രമികൾ പള്ളിയിൽനിന്നു ബലമായി പിടിച്ചിറക്കി സെമിനാരിയിലേക്ക് ആനയിക്കുകയായിരുന്നു. അവർ പല വാക്കുകൾ അട്ടഹസിക്കുന്നതു കേൾക്കാമായിരുന്നു."

മണിയടി കേട്ട് ഓടിയെത്തിയ മുൻ പള്ളിട്രസ്റ്റി മങ്കിടിൽ വർക്കി ഉതുപ്പിന്റെ (കുഞ്ഞപ്പന്റെ) മക്കളായ എം. യു. വർക്കി, എം. യു. ഏബ്രഹാം, എം. യു. പൗലൂസ് എന്നിവരിൽ ഇപ്പോൾ പിറവത്തെ ഒരു പ്രമുഖ സ്ഥാപനമായ സെന്റ്മേരീസ് ബാങ്കേഴ്സിന്റെ ഉടമസ്ഥനായ എം. യു. വർക്കി ഇങ്ങനെ പറഞ്ഞു: "മണിയടി ശബ്ദം കേട്ടു ഞങ്ങൾ പള്ളിയിലേക്ക് ഓടി. കുറച്ചു ദൂരം ചെന്നപ്പോൾ വെള്ള ളോഹ മാത്രം ധരിച്ച തിരുമേനിയെ നാല്പതോളം ചട്ടമ്പികൾ ചേർന്ന് ചെരുപ്പു പോലും ഇടാൻ അനുവദിക്കാതെ അസഭ്യങ്ങളും വിളിച്ചുപറഞ്ഞു നടത്തിക്കൊണ്ടുവരുന്നത് കണ്ടു. ഞങ്ങൾ പേടിച്ചുപോയി. അവരുടെ കണ്ണിൽ പെടാതെ ഞങ്ങൾ റോഡിന്റെ ഒരു വശത്തേക്ക് ഒതുങ്ങി നില്ക്കുകയും തിരുമേനിയെ നടത്തിക്കൊണ്ടു പോകുന്നതിന്റെ പിമ്പേ

അക്രമികളുടെ നോട്ടം എത്താത്ത ദൂരത്തിൽ നിന്ന് സെമിനാരി വരെ അനുഗമിക്കുകയും ചെയ്തു." അക്രമിസംഘം സെമിനാരിയിലേക്കുള്ള യാത്രാമദ്ധ്യേ മുൻ ട്രസ്റ്റിയായിരുന്ന മങ്കിടിൽ വർക്കി ഉതുപ്പിന്റെ റോഡുസൈഡിലുള്ള വീടിന്റെ നേർക്ക് റോഡിൽ കിടന്നിരുന്ന മെറ്റൽ വാരി എറിഞ്ഞു. ഈ കാര്യങ്ങൾ വിവരിച്ചപ്പോൾ വർക്കി ഉതുപ്പ് കരഞ്ഞുപോയി. തന്നെ കാണുമ്പോഴെല്ലാം "പ്രാർത്ഥിച്ചോണം" എന്നു തിരുമേനി പറയുമായിരുന്നു എന്നും വർക്കി ഉതുപ്പ് അനുസ്മരിച്ചു. തിരുമേനി സെമിനാരിയിൽ എത്തിയപ്പോഴേക്കും അക്രമിസംഘം പിരിഞ്ഞു.

തിരുമേനിയെ മർദ്ദിച്ച സംഭവത്തെപ്പറ്റി 100 വയസ്സുള്ള ആലപ്പാട്ട് മത്തായി അച്ചൻ ഈ ലേഖകനോട് 1976 മെയ് 7-ാം തീയതി വെള്ളിയാഴ്ച സ്വഭവനത്തിൽ വച്ചു പറഞ്ഞതിപ്രകാരമാണ്. "തിരുമേനി പള്ളിയിലേക്കു പോകുന്ന കാര്യത്തിൽ എനിക്കു മനസ്സിൽ തൃപ്തിയില്ലായിരുന്നു. വേണ്ടാ എന്നു പറയണമെന്നു വിചാരിച്ചു സെമിനാരിയിൽ ചെന്നപ്പോൾ തിരുമേനി ചുവന്ന കുപ്പായവും ധരിച്ച് പള്ളിയിലേക്കു പോകാൻ ഒരുങ്ങി നില്ക്കുന്നതായിട്ടാണു കണ്ടത്. അപ്പോൾ എതിരു പറയാതെ ഞാനും സഹകരിച്ചു. അവിടെ അപ്പോൾ ഇരുനൂറോളം പേരുണ്ടായിരുന്നു എന്നാണ് ഓർമ്മ. രാത്രി എട്ടുമണിയോടുകൂടി ഞങ്ങൾ പള്ളിയിൽ എത്തി. പ്രാർത്ഥന കഴിഞ്ഞു തിരുമേനിയെ തിരിച്ച് സെമിനാരിയിലാക്കണമെന്നായിരുന്നു ഞാൻ ഉദ്ദേശിച്ചത്. ഞാൻ നിർബന്ധിച്ചപ്പോൾ തിരുമേനി അതിനു സമ്മതിക്കുകയും ചെയ്തു. പക്ഷേ ഒരു മോട്ടോർ വാഹനം കൊണ്ടുവരാൻ ചെന്നപ്പോൾ അതിനു ഡ്രൈവർ ഇല്ലായിരുന്നു. മാസ്റ്റർ ബസ്സ് സർവ്വീസ് നടത്തുന്ന കുര്യാക്കോസിനോട് ബസ്സു കൊണ്ടുവരുവാൻ ഞാൻ പറഞ്ഞു. എന്നാൽ ബസ് എത്ര ശ്രമിച്ചിട്ടും സ്റ്റാർട്ടാകുന്നില്ലെന്ന് കുര്യാക്കോസ് പറഞ്ഞു. അപ്പോഴേക്കും സമയം വളരെ വൈകിപ്പോയിരുന്നു. എന്റെ കുപ്പായം വിയർത്തു നനഞ്ഞതുകൊണ്ടും എനിക്കു വളരെ ക്ഷീണം തോന്നിയതു കൊണ്ടും കുളിച്ചു വസ്ത്രം മാറി പള്ളിയിൽ തിരിച്ചെത്തണമെന്ന ആഗ്രഹത്തോടെ ഞാൻ വീട്ടിലേക്കുപോയി. അതിനു മുമ്പുതന്നെ അവിടെ നിന്നവരോടു "മക്കളെ, നിങ്ങൾ പോകുവിൻ, ഞാൻ വെളുപ്പിനെ നമസ്കാരം കഴിഞ്ഞുപൊയ്ക്കൊള്ളാം" എന്നു തിരുമേനി പറഞ്ഞിരുന്നു.

ഞാൻ വീട്ടിൽ ചെന്നപ്പോൾ ഒരു വൈദികൻ വിരുന്നുകാരനായിട്ടുണ്ടായിരുന്നു. കുളിയും കഞ്ഞി കുടിയും കഴിഞ്ഞു തെറുത്തുവച്ചിരുന്ന കിടക്ക നിവർക്കാതെ അതിൽ ചാരിക്കിടന്നു സംസാരിക്കവേ ഞാൻ ഉറങ്ങിപ്പോയി. വെളുപ്പിന് അഞ്ചു മണിക്ക് ആരോ വന്ന് എന്നെ വിളിച്ചുണർത്തി 'പള്ളിയിലെ സംഭവമൊന്നും അറിഞ്ഞില്ലേ' എന്നു ചോദിച്ചു. മർദ്ദനവിവരം പറഞ്ഞു. സംഭ്രാന്തനായ ഞാൻ നേരെ സെമിനാരിയിൽ ചെന്ന് തിരുമേനിയെ കണ്ടപ്പോൾ തിരുമേനിയുടെ കണ്ണിൽനിന്നു കണ്ണുനീർ വീഴുന്നുണ്ടായിരുന്നു. ഞാൻ

കാലിൽ കുമ്പിട്ടു തിരുമേനിയെ നമസ്കരിച്ചു. ഉടൻതന്നെ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ഇത്താക്കുവൈദ്യനെ വരുത്തി തിരുമേനിക്കു വേണ്ട ചികിത്സ നൽകി.” ഈ കാര്യങ്ങൾ എഴുതി രേഖയാക്കി വയ്ക്കേണ്ടതുണ്ടോ എന്ന ചോദ്യത്തോടെയാണ് അച്ചൻ സംഭവം മങ്ങാത്ത ഓർമ്മയിൽനിന്നു വിവരിച്ചത്. ഞാൻ കൈമുത്തി യാത്ര പറയുമ്പോൾ “അധികം കിടക്കാതെ അങ്ങു കടക്കണമെന്ന പ്രാർത്ഥനയേ എനിക്കുള്ളു” എന്നു പ്രത്യാശാനിർഭരമായ ജീവിതം നയിക്കുന്ന ഉത്തമനായ ആ വല്യച്ചൻ എന്നോടു പറഞ്ഞു.

സെമിനാരിയിൽ എത്തിയശേഷം തിരുമേനിക്കു കുഴമ്പും എണ്ണയും തിരുമ്മും എല്ലാം ലഭിച്ചു എങ്കിലും അസഹനീയമായ വേദന ഏതാനും ദിവസം അനുഭവിക്കേണ്ടി വന്നു. കാപ്പിവടിയുടെ നീളത്തിലുള്ള രണ്ടു പാടുകളും ഇടിച്ചതെന്നു കരുതപ്പെടുന്ന ഒരു പാടും സദാ കുപ്പായം ആഛാദനം ചെയ്തിരുന്ന ആ കോമളശരീരത്തിൽ ഏതാനും ആഴ്ചകൾ മായാതെ കിടന്നിരുന്നു. നേരം വെളുത്തു ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ സംബന്ധിക്കാൻ വന്നവർ തിരുമേനിയുടെ വേദനയിലും പങ്കുകൊണ്ടു. മെത്രാച്ചനെ പള്ളിയിൽനിന്നു പറഞ്ഞയയ്ക്കുന്നതിൽ കൂടുതലായിട്ടൊന്നും അതിനു ശ്രമിച്ചവർ ആഗ്രഹിച്ചിരുന്നില്ലെന്നും ഒരഭിപ്രായഗതിയുണ്ട്. എന്നാൽ അവർ കഴിച്ചിരുന്ന മദ്യവും ധരിച്ചിരുന്ന വടികളും ആ അഭിപ്രായഗതി അടിസ്ഥാനരഹിതമെന്നാണ് വിളിച്ചറിയിക്കുന്നത്.

തിരുമേനി ദുഃഖവെള്ളിയാഴ്ചത്തെ ദീർഘമായ ശുശ്രൂഷകൾ വേദന സഹിച്ചു നടത്തി. ഇടയ്ക്കു ചെയ്ത പ്രസംഗത്തിൽ കഴിഞ്ഞ രാത്രിയിലെ സംഭവത്തെപ്പറ്റി ഒരക്ഷരം പോലും പറഞ്ഞുമില്ല.

ഏതാനും ദിവസങ്ങൾക്കകം 31 പേരെ പ്രതി ചേർത്ത് കോട്ടയം കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ കോട്ടയം പോലീസ് സൂപ്രണ്ട് ഇടപെടുകയും പ്രതികൾ ജാമ്യത്തിലിറങ്ങുകയും ചെയ്തു. ഇത്തരം ഒരു കേസ് നടത്തുന്നതുകൊണ്ട് സഭയ്ക്കുതന്നെ നേരിടാവുന്ന ക്ഷീണത്തെ മുൻനിർത്തിയായിരിക്കണം ആ കേസ് മന്ദീഭവിപ്പിക്കുകയോ പിൻവലിക്കപ്പെടുകയോ ചെയ്തു എന്നാണ് പിന്നീടു മനസ്സിലാക്കാൻ കഴിഞ്ഞത്.

ദൈവത്തിന്റെ അഭിഷിക്തനായ മെത്രാപ്പോലീത്തായെ മർദ്ദിക്കുന്നതിനും അധിക്ഷേപിക്കുന്നതിനും കൂട്ടുനിന്നവർക്കെല്ലാം തക്കതായ ശിക്ഷ മുകളിൽനിന്നു ലഭിച്ചു എന്നതാണ് ഈ സംഭവത്തിലെ ചിന്താർഹമായ ഒരു വസ്തുത. കാപ്പിവടി വെട്ടിയെടുത്ത പാഴൂരുള്ള വീട്ടിലെ ഏകപുത്രൻ മുറ്റത്തുനിന്നു താഴേയ്ക്കു വീഴുകയും വടി മുറിച്ചെടുത്ത കുറ്റി വയറ്റിൽകൊണ്ടുണ്ടായ മുറിവിനെ തുടർന്ന് ആ പയ്യൻ അന്നുതന്നെ ആശുപത്രിയിൽവച്ചു മരിക്കുകയും ചെയ്തു എന്നത് ഒരു സത്യമാണ്. വടി പ്രയോഗിച്ച ആളിന്റെ മർമ്മ ഭാഗത്തുണ്ടായ പഴുപ്പ് വർഷങ്ങൾക്കുശേഷം സകുടുംബം തിരുമേനിയെ

കണ്ട് മാപ്പിരന്നശേഷമാണ് കരിഞ്ഞതെന്നും അറിയുന്നു. റീത്തിൽ ചേർന്ന വൈദികനും ഷാപ്പുകാരൻ പ്രമാണിക്കും അംഗവൈകല്യം സംഭവിച്ച സന്തതികൾ ഉണ്ടായി. വിളക്കു തെളിച്ചവർക്കും ആളുകളെ വിളിച്ചുകൂട്ടിയവർക്കും എല്ലാം പലവിധത്തിൽ അർഹിക്കുന്ന ശിക്ഷ ലഭിച്ചതായും അറിയാം. പിന്നീട് തിരുമേനി പിറവം പള്ളിയിൽ എത്തിയിട്ടുള്ളപ്പോഴെല്ലാം ചിലർ തിരുമേനിയെ കണ്ട് തങ്ങളുടെ ബന്ധപ്പെട്ടവർ ചെയ്ത ദുഷ്കൃത്യത്തിന് മാപ്പു ചോദിക്കുക പതിവായിരുന്നു. തന്നെ മർദ്ദിച്ചതിൽ തനിക്ക് പരിഭവം ഇല്ലെന്നും അവർ ആലോചിക്കാതെ ചെയ്തതാണെന്നും താൻ അതെല്ലാം ക്ഷമിച്ചുകഴിഞ്ഞുവെന്നും പിറവം പള്ളിയിൽവച്ച് തന്നെ മെത്രാപ്പോലീത്താ ഒരിക്കൽ പരസ്യമായി പ്രസ്താവിച്ചു. ഈ സംഭവത്തെപ്പറ്റി ചിലർ സാഭിമാനം ആലുവായിലെ മാർ അത്താനാസ്യോസ് മെത്രാച്ചനെ നേരിട്ട് അറിയിച്ചപ്പോൾ അവരോട്, "യഹോവയുടെ അഭിഷിക്തനെ കൈവച്ചവരാരും എന്റെ മുറിയിൽ നിൽക്കരുത്, പുറത്തു കടക്ക്" എന്ന് അദ്ദേഹം പറഞ്ഞതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സംഭവത്തെപ്പറ്റി പിൽക്കാലങ്ങളിൽ ആരോടെങ്കിലും പറയുന്നതിനോ ആരോടെങ്കിലും പക വച്ചുപുലർത്തുന്നതിനോ ക്രിസ്തീയ സുകൃതങ്ങളുടെ നിറകുടമായിരുന്ന പ. ഔഗേൻ ബാവാ ഉത്സുകനായിരുന്നില്ല. ഈ സംഭവം അദ്ദേഹത്തെ സഭയ്ക്കുവേണ്ടിയുള്ള ഒരു സഹദായായി മാറ്റി എന്നതാണു ചരിത്രസത്യം. പിറവം സംഭവത്തെ തുടർന്ന് കാതോലിക്കാ വിഭാഗക്കാർ വർഷംതോറും സെമിനാരിയിൽനിന്നു പള്ളിയിലേക്ക് കഷ്ടാനുഭവ ആഴ്ചയിൽ ഒരു മൗനജാഥ നടത്തുക പതിവായിരുന്നു. അന്ത്യോക്യാ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തി കാതോലിക്കായെ അവരോധിക്കുകയും തുടർന്ന് രണ്ടു ബാവാമാരും ഒന്നിച്ചു പിറവം പള്ളിയിൽ എത്തി പള്ളിയുടെ പടവുകൾ കൈകോർത്തുപിടിച്ചു കയറുകയും ചെയ്തതിനെ തുടർന്നാണ് ഈ മൗനജാഥ വേണ്ടെന്നുവച്ചത്.

പിറവം സംഭവത്തെപ്പറ്റി ദുഃഖിച്ച പ്രമുഖ വ്യക്തികളിൽ ഒരാളായ മങ്കിടിയിൽ ഉതുപ്പു വർക്കി ഔഗേൻ ബാവായുടെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടി, തിരുമേനിയെ നടത്തിക്കൊണ്ടുപോയ വഴിയുടെ മദ്ധ്യഭാഗത്തു കാൽലക്ഷം രൂപാ ചെലവാക്കി പുതുക്കിപ്പണിത മനോഹരമായ കുരിശുംതൊട്ടി പ. ഔഗേൻ ബാവാ 1970 ഡിസംബർ 24-നു കൂദാശ ചെയ്തു. ബാവായുടെ അനുവാദത്തോടുകൂടി കുരിശുംതൊട്ടിയിൽ ഇങ്ങനെ എഴുതിവച്ചിരിക്കുന്നതു കാണാം.

In Memory Of
H. G. Augen Mar Themothios
(H. H. Moran Mar Baselius Augen I)

Reconstructed by
Uthup Varkey, Mankidyil
(St. Mary's Bankers, Piravom)
1970.

അടിയുടെ കനകജൂബിലി

പിറവം മർദ്ദനവേളയിൽ ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായോടുകൂടെ ഉണ്ടായിരുന്ന ഡീക്കൻ വി. ജെ. ജോസഫ് (ഇന്ന് വൈദികൻ) വടശ്ശേരിയത്ത്, വയലത്തല നൽകുന്ന ദൃക്സാക്ഷി വിവരണമാണു (മലങ്കരസഭാദീപം, 1998 ജനുവരി 1 – 15 ലക്കം) ചുവടെ ചേർക്കുന്നത്:

“എന്റെ സ്മരണയിൽ എന്നും നിലനിൽക്കുന്ന ഒരു വർഷമാണ് 1946. പാത്രിയർക്കീസ് ഭാഗത്തുനിന്നു വന്ന ഔഗേൻ മാർ തിമോത്തിയോസ് തിരുമേനി മൂവാറ്റുപുഴയിൽ ഇപ്പോഴുള്ള അരമനയുടെ സ്ഥലത്ത് ഒരു ചെറിയ കെട്ടിടത്തിലായിരുന്നു താമസിച്ചിരുന്നത്. തിരുമേനി ഓർത്തഡോക്സ് വിഭാഗത്തിലേക്ക് തിരിച്ചുവരുമ്പോൾ കണ്ടനാട് ഭദ്രാസനത്തിൽ നിന്നു ധാരാളം പള്ളികളും ജനങ്ങളും തിരുമേനിയോടൊപ്പം ചേർന്നിരുന്നു. ആ കൂട്ടത്തിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു പിറവം വലിയപള്ളി.

തിരുമേനിക്ക് അവകാശപ്പെട്ട ഒരു സ്ഥാപനം പിറവത്തുണ്ടായിരുന്നു. അതാണ് പിറവം സെമിനാരിയും അതിനോട് ചേർന്നുണ്ടായിരുന്ന മിഡിൽ സ്കൂളും. പാത്രിയർക്കീസ് വിഭാഗത്തിൽനിന്ന് തന്നോടൊപ്പം പോരുന്ന പിറവം പള്ളിക്കാരോടും ജനങ്ങളോടും ഉള്ള താൽപര്യം പരിഗണിച്ച് തിരുമേനി സ്കൂൾ പള്ളിക്കാർക്ക് എഴുതിക്കൊടുത്തു. പക്ഷേ അധികം താമസിയാതെ തിരുമേനിയോടുകൂടി വന്ന പല പള്ളിക്കാരും ജനങ്ങളും തിരിച്ചുപോയി. ഈ കൂട്ടത്തിൽ പിറവംകാരും പോയി. പിറവം സെമിനാരിയോടനുബന്ധിച്ചുള്ള സ്കൂളും അങ്ങനെ നഷ്ടപ്പെട്ടു. ആ സ്ഥാപനം മറുകക്ഷിക്കാർ കൈവശപ്പെടുത്തി. അവിടെ കയറി താമസിക്കാൻ അവരുടെ അന്നത്തെ മെത്രാച്ചന്മാർ ശ്രമിക്കുന്നതായി കേട്ട് ഔഗേൻ തിരുമേനി മൂവാറ്റുപുഴയിൽനിന്ന് പിറവത്തേക്ക് താമസം മാറ്റിയിരിക്കുകയായിരുന്നു.

കൂടെ ഉണ്ടായിരുന്ന പള്ളികളും ജനങ്ങളും തിരിച്ചുപോയ സാഹചര്യത്തിൽ ഭദ്രാസനത്തിൽ നിന്ന് ഒന്നുംതന്നെ വരുമാനമുണ്ടായിരുന്നില്ല. കേന്ദ്രത്തിൽ നിന്ന് പറയത്തക്ക സഹായം ഒന്നും അക്കാലത്ത് തിരുമേനിക്ക് ലഭിച്ചിരുന്നില്ല.

ഞങ്ങൾ ചെല്ലുന്ന സമയം നോമ്പു കാലമായിരുന്നതിനാൽ രാവിലെ എല്ലാവർക്കും ഉപവാസമായിരുന്നു. ഉച്ചയ്ക്ക് കഞ്ഞിയും ചക്കക്കുരുവും മുരിങ്ങക്കായും ചേർത്തുള്ള ഒരു മെഴുക്കുപുരട്ടിയും മാങ്ങായും തേങ്ങായും ചേർത്ത

രച്ച ഒരു ചമ്മന്തിയും ആയിരുന്നു സ്ഥിരം ആഹാരം. തിരുമേനി മൂന്നു മണിക്കേ ആഹാരം കഴിച്ചിരുന്നുള്ളു. ഞങ്ങളുടെ ഭക്ഷണം മാത്രമാണ് തിരുമേനിയും കഴിക്കുക. നാലു മണിക്കൊരു കട്ടൻകാപ്പി. വൈകിട്ട് സന്ധ്യാ നമസ്കാരം കഴിഞ്ഞ് ചോറ്. അപ്പോൾ മുരിങ്ങക്കായും ചക്കക്കുരുവും ചേർത്തുള്ള മെഴുക്കുപുരട്ടി. തേങ്ങായും, മാങ്ങായും ചമ്മന്തി, മാങ്ങാ ചതച്ചിട്ട് ഉപ്പും മുളകും വെള്ളവും ചേർത്ത മാങ്ങാ മോര്. തിരുമേനിക്കും അതുതന്നെ. വെളുപ്പിന് അഞ്ചു മണിക്ക്, രാത്രി – പ്രഭാത നമസ്കാരങ്ങൾ. എട്ടു മണി മുതൽ തിരുമേനി എന്തെങ്കിലും എഴുതുകയോ ഭാഷാന്തരം ചെയ്യുകയോ ചെയ്യുമായിരുന്നു. ആണ്ടടക്കമുള്ള പെങ്കീസാ പ്രുമിയോൻ, ദൈവമാതാവിനോടുള്ള ... ഭാഷാന്തരം അക്കാലത്ത് നടന്നുകൊണ്ടിരുന്നു. ഉച്ചനമസ്കാരം കഴിഞ്ഞ് തിരുമേനി അൽപം വിശ്രമിക്കും. അതിനുശേഷം വീണ്ടും ഞങ്ങളെ വിളിക്കും. എക്കാറാ, ഹാശാ നമസ്കാരം തുടങ്ങിയവ പഠിപ്പിക്കും. മൂന്നു മണി കഴിഞ്ഞാൽ തിരുമേനി ഹാശാ ആഴ്ച നമസ്കാരം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തു ഗീതമാക്കും. പെസഹായ്ക്ക് കാലുകഴുകൽ ശുശ്രൂഷ മുഴുവൻ തിരുമേനി ഭാഷാന്തരം ചെയ്തു ഗീതമാക്കി ഞങ്ങളെ പരിശീലിപ്പിച്ചു. പാട്ടിന് എനിക്കൽപ്പം താൽപര്യവും കഴിവും മറ്റുള്ളവരെ അപേക്ഷിച്ചുണ്ടായിരുന്നതിനാൽ സെമിനാരിയിലെ സൺഡേസ്കൂളിലെ മുതിർന്ന കുട്ടികളെക്കൂടി കാലു കഴുകൽ ശുശ്രൂഷയുടെ ഗാനങ്ങൾ പഠിപ്പിക്കാൻ തിരുമേനി എന്നെ ചുമതലപ്പെടുത്തി.

ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിയുടെ വ്രതനിഷ്ഠമായ പ്രാർത്ഥനാ ജീവിതം മറ്റാരിലും കാണാൻ കഴിഞ്ഞിട്ടില്ല. വെളുപ്പിന് അഞ്ചുമണിക്ക് രാത്രി, പ്രഭാതം മുതലായ പ്രാർത്ഥനകൾ നടത്തും. എക്കാറാ അനുസരിച്ചുള്ള രാഗത്തിലെ അതു നടത്തുകയുള്ളു. ഒമ്പതു മണിയ്ക്ക് ഏതു ജോലിക്കിടയിലായാലും തിരുമേനി അടുത്തു വച്ചിട്ടുള്ള രഹസ്യ സുറിയാനി പ്രാർത്ഥനാ പുസ്തകം എടുത്ത് ചൂരലുകെട്ടിയ ചാരുകസേരയിൽ കാലുമടക്കിയിരുന്നു പ്രാർത്ഥിക്കും. പന്ത്രണ്ട് മണിക്ക് ഉച്ചനമസ്കാരം പൊതുവായി നടത്തും. അത് പള്ളിയിലാണ്. മൂന്നു മണിക്ക് രഹസ്യപ്രാർത്ഥന മുൻപറഞ്ഞ പ്രകാരം. അഞ്ചര മണിക്ക് ഇരുപത്തിരണ്ടര, സന്ധ്യ, സൂത്താറാ മുതലായ നമസ്കാരം. ഒമ്പതു മണിയ്ക്ക് ശെമ്മാശ്ശന്മാരെ വിളിച്ചിരുത്തി വേദപുസ്തകം മാറിമാറി വായിപ്പിക്കും. അതിനെക്കുറിച്ച് സാരഗർഭമായ വിശദീകരണം. തുടർന്ന് ശയന നമസ്കാരം. രാത്രി ഒരു മണി മുതൽ രണ്ടു മൂന്നു മണി വരെ കട്ടിലിൽ എഴുന്നേറ്റിരുന്ന് ധ്യാനം. ഇങ്ങനെ പ്രാർത്ഥിക്കുന്ന മറ്റു പിതാക്കന്മാരെ ആരെയും ഞാൻ കണ്ടിട്ടില്ല. സാധാരണ ഉപയോഗത്തിന് കോട്ടൺ കൊണ്ടുള്ള ഒരു ചുവന്ന കുപ്പായം, ഒരു പുറംകുപ്പായം. വി. കുർബ്ബാനയ്ക്ക് വയറ്റത്ത് വെട്ടിയിട്ട ഒരു സാറ്റിൻ ചുവന്ന കുപ്പായം. ഒരു നല്ല പുറങ്കുപ്പായം. സാധാരണ പരുക്കൻ വെള്ളക്കമ്മീസും കാൽക്കുപ്പായവും. അതു

മൂന്നോ നാലോ ജോഡി മാത്രം. കസവു പണി ചെയ്ത, കുർബ്ബാനയ്ക്കുപയോഗിക്കുന്ന രണ്ടു മസ്നപ്സാകൾ, ഒരു വെൽവെറ്റു കാപ്പ, ഒരു സാധാരണ കാപ്പ, വെള്ളി വടി, സ്വർണ്ണം പൂശിയ ഒരു സ്ലീബാ, സ്വർണ്ണം പൂശിയ ഒരു മാല, വെള്ളികൊണ്ട് സാധാരണ ഉപയോഗത്തിനുള്ള ഒരു മാല ഇത്ര മാത്രമായിരുന്നു തിരുമേനിയുടെ ആർഭാടമോ ആർഭാടരാഹിത്യമോ. എന്തായാലും ഹാശാ ആഴ്ച ചുവന്ന കുപ്പായം ധരിക്കാറില്ല.

കാതോലിക്കായായി അദ്ദേഹത്തെ വാഴിക്കുന്നതിനായി യാക്കോബ് തൃതീയൻ പാത്രിയർക്കീസ് വരുന്ന ദിവസം. എത്യോപ്യൻ ആബുനാ മാർ തെയോഫിലോസ് മുതലായവർ എത്തിക്കഴിഞ്ഞു. ഔഗേൻ തിരുമേനി ഒരു പഴയ ചുവന്ന കുപ്പായവും ഇട്ട് ദേവലോകത്തെ പഴയമുറിയിൽ ഇരിക്കുന്നു. ദാനിയേൽ മാർ പീലക്സിനോസ് പല പ്രാവശ്യം ചെന്ന് കുപ്പായം ഒന്നു മാറ്റി നല്ലത് ധരിക്കാൻ പറഞ്ഞു. പക്ഷേ തിരുമേനി കൂട്ടാക്കിയില്ല. ഈ സമയത്ത് ഞാനവിടെ ഉണ്ടായിരുന്നു. പീലക്സിനോസ് തിരുമേനി എന്നെ വിളിച്ച് രഹസ്യത്തിൽ കുപ്പായം ഒന്നു മാറ്റിക്കാനുള്ള മാർഗ്ഗം ആരാഞ്ഞു. ഞാൻ മുറിയിലേക്ക് ചെന്ന് ശെമ്മാശനെ വിളിച്ച് നല്ല കുപ്പായമൊക്കെ എടുപ്പിച്ചു. നല്ലൊരു മസ്നപ്സാ എടുത്ത് അടുത്തു കൊണ്ടുപോയി അത് കൈയിൽ കൊടുത്തിട്ട് മാറാൻ അപേക്ഷിച്ചു. അതു മാറി. അടുത്തതായി ചുവന്ന കുപ്പായം എടുത്തുകൊണ്ടുചെന്നു. എന്നോടൽപ്പം ദേഷ്യപ്പെട്ട് “താൻ എന്നെ മണവാളൻ ചമയിപ്പിക്കാൻ വന്നതാണോടൊ. ഞാൻ ഒരു ദയറാക്കാരനാണേ, ആർഭാടം ഒന്നും വേണ്ട. എനിക്കാവശ്യം കർത്താവിന്റെ കരുണയാണെന്നു” പറഞ്ഞു. ഞാൻ കുപ്പായം ആ പാവനമായ കരങ്ങളിലേൽപ്പിച്ചിട്ട് “ഇന്നു തിരുമേനി ദയറാക്കാരനായ മലങ്കരസഭയുടെ മണവാളനാണ്. മണവാട്ടിക്കുവേണ്ടി ഒന്നൊരുങ്ങണമെന്ന്” ചിരിച്ചുകൊണ്ട് പറഞ്ഞു. തിരുമേനി എഴുന്നേറ്റ് കുപ്പായം ഇട്ടു. ഞാൻ തന്നെ ഇടക്കെട്ടും കെട്ടിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് നമ്മുടെ ആഴമായ ചിന്തയെ തിരിച്ചുവിടാൻ ഒരു സംഭവം പറഞ്ഞതാണ്. ഇന്നത്തെ സഭയിലെ വൈദികർക്കും പ്രധാനാചാര്യന്മാർക്കും ഇതു മനസ്സിലാകുമോ എന്തോ?

ഞാൻ പ്രസക്ത ഭാഗത്തിലേക്ക് തിരിച്ചുപോകയാണ്. പെസഹായുടെ ദിവസം ഉച്ചയ്ക്കുശേഷം കാലുകഴുകൽ ശുശ്രൂഷയുണ്ടായിരുന്നു. ഏറ്റവും ഭക്തിനിർഭരമായും ആകർഷകമായും ഞങ്ങൾ എല്ലാം ചേർന്ന് ശുശ്രൂഷയിൽ തിരുമേനിയോടു സഹകരിച്ചു ശുശ്രൂഷ നടത്തി. വലിയ ഒരു ജനക്കൂട്ടം അതിൽ സംബന്ധിച്ചു. ശുശ്രൂഷാ മദ്ധ്യേ വളരെ ശക്തമായും ആഴമായും ആവേശഭരിതനായും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും തിരുമേനി പ്രസംഗിച്ചു. പതിവുപോലെ സന്ധ്യാനമസ്കാരം കഴിഞ്ഞ് ഞങ്ങൾ കുളിക്കാനായിപ്പോയി.

ആലപ്പാട്ട് മത്തായി അച്ചന്റെ മകൻ എൻ. എം. തോമസ് ശെമ്മാശ്ശനായിരുന്നു പിറവം മിഡിൽ സ്കൂൾ ഹെഡ്മാസ്റ്റർ. ശെമ്മാശ്ശൻ ഔഗേൻ തിരുമേനിയുടെ കൂടെ ആയിരുന്നു. സ്റ്റുഡൻസ് മൂവ്മെന്റ് സെക്രട്ടറിയായി പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ അദ്ദേഹത്തെ നിയമിച്ചിരുന്നതിനാൽ രണ്ടു വർഷത്തേക്ക് സ്കൂളിൽ നിന്ന് അവധി എടുത്ത് സ്റ്റുഡൻസ് മൂവ്മെന്റിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. അവധി കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ പള്ളിക്കമ്മിറ്റി അദ്ദേഹത്തെ സ്കൂൾ ജോലിക്കനുവദിക്കാതെ ഒരു ഹെഡ് മാസ്റ്ററെ വേറെ നിയമിച്ചു കഴിഞ്ഞിരുന്നു. എൻ. എം. തോമസ് ശെമ്മാശന് അദ്ദേഹത്തിന്റെ ജോലി തിരിച്ചുകൊടുക്കണമെന്ന് യുവജനങ്ങളും കാതോലിക്കാ പക്ഷക്കാരും ആവശ്യപ്പെട്ടു. എന്നാൽ ഭരണസമിതി അതിനു തയ്യാറായില്ല. പെസഹാ വ്യാഴാഴ്ച ഉച്ചയ്ക്കു ശേഷം പള്ളിക്കമ്മിറ്റി കൂടി ഈ വിഷയം ചർച്ച ചെയ്തു. സംഘർഷാവസ്ഥ ഉണ്ടാകാൻ സാധ്യതയുണ്ടെന്നറിഞ്ഞു. ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതുതന്നെ സംഭവിച്ചു. കമ്മിറ്റി ശെമ്മാശനെ തിരിച്ചെടുത്തില്ല. ഐപ്പ് സാറിനെ സ്ഥിരപ്പെടുത്തി. യുവജനങ്ങൾ ഒറ്റക്കെട്ടായി അങ്ങനെയെങ്കിൽ സന്ധ്യാ നമസ്കാരം പള്ളിയിൽ നടത്തിക്കയില്ല എന്നു പറഞ്ഞ് വാതിലുകളിൽ ഒക്കെയും പോയിക്കിടന്നു.

പിറവത്തെ പ്രമുഖരായ മങ്കിടി ഉമ്മൻ, കാരിത്തടത്തിൽ ചെറിയാൻ കുഞ്ഞ്, കാരിത്തടത്തിൽ ജേക്കബ് തുടങ്ങി പലരും സെമിനാരിയിൽ വന്നു തിരുമേനിയുമായി സംസാരിക്കുന്നുണ്ടായിരുന്നു. അവർ തിരുമേനിയെ പിറവം പള്ളിയിൽ ചെന്ന് താമസിക്കാൻ നിർബന്ധിക്കുകയായിരുന്നു. അവർ തിരുമേനിയെക്കൊണ്ടുപോകുവാൻ തയ്യാറായിട്ടാണ് നിൽക്കുന്നത്. അച്ചന്മാരാരെങ്കിലും വന്ന് വിളിക്കാതെ അങ്ങോട്ട് വരികയില്ലെന്ന് തിരുമേനി ശക്തമായി പറഞ്ഞു. അപ്പോൾ യുവജനങ്ങൾ, ഞങ്ങൾ അങ്ങനെയെങ്കിൽ ഇസ്ലാമിലേക്ക് പോകും എന്നു പറയുന്നുണ്ടായിരുന്നു. പ്രമുഖരിൽ ചിലർ അച്ചന്മാരെ ചെന്നു കൊണ്ടുവരാമെന്ന് പറഞ്ഞുപോയി. അധികം താമസിക്കാതെ ആലപ്പാട്ടച്ചനേയും എരുമപ്പെട്ടി തോമസച്ചനെയും കൂട്ടിക്കൊണ്ടുവന്നു. അവരും നിർബന്ധിച്ചു പറഞ്ഞതനുസരിച്ച് തിരുമേനിയും ബഹുമാനപ്പെട്ട അച്ചന്മാരും തര്യൻ ശെമ്മാശനും ഓലിക്കൽ എം. എം. മാത്യു ശെമ്മാശനും ഞാനും കൂടി മാസ്റ്റർ കുറിയാക്കോസിന്റെ വക ബസ് കൊണ്ടുവന്നിരുന്നതിൽ കയറി പള്ളിയിലേക്ക് പോയി. പള്ളിയുടെ കിഴക്കേനടയിൽ ബസു നിർത്തി ഞങ്ങൾ ഇറങ്ങുമ്പോൾ മുഴുവൻ കൽപ്പടവിലും തിരികൾ കത്തിച്ചു വെച്ചിരുന്നു. നല്ല ഒരു ജനക്കൂട്ടത്തിന്റെ മുദ്രാവാക്യങ്ങൾ മുഴങ്ങുന്നതിനിടയിൽ കൂടി പള്ളിയിലേക്ക് ഞങ്ങൾ പോയി. ഞങ്ങൾ പള്ളിയിൽ കയറി സന്ധ്യാ നമസ്കാരം വീണ്ടും നടത്തി. പള്ളിയുടെ തെക്കുവശത്തുള്ള കെട്ടിടത്തിന്റെ പടിഞ്ഞാറെ മുറിയിൽ തിരുമേനി പ്രവേശിച്ച് വിശ്രമിച്ചു. കൂടിവന്ന ജനം എല്ലാം പിരിഞ്ഞുപോയി. തിരുമേനിയും ശെമ്മാശനും എരുമപ്പെട്ടിയി

ലച്ചനും മാത്രം ഉണ്ട്. കൂടാതെ നോമ്പിൽ ഭജന ഇരിക്കാൻ വന്ന ചുരുക്കം ചില ആളുകൾ ഉണ്ടായിരുന്നു. രാത്രി പത്തര മണിയ്ക്കുശേഷം ഞങ്ങൾ ഉറങ്ങാൻ കിടന്നു.

രാത്രി ഒരു മണിയായിക്കാണും. എന്റെ വയറ്റത്ത് ഒരു ഭാരം. ഞാൻ കണ്ണു തുറന്നു നോക്കുമ്പോഴത്തേക്കും ആജാനുബാഹുവായ ഒരു മനുഷ്യൻ എന്റെ വയറ്റിനു ചവിട്ടി മറുവശം കടന്നിരുന്നു. അപ്പോഴേക്കും അതുപോലെയൊരാൾ എന്റെ വയറ്റത്ത് ചവിട്ടുകയാണ്. ഞാൻ ഒരു വശത്തേക്ക് തിരിഞ്ഞപ്പോൾ അയാളുടെ കാൽ വഴുതിപ്പോയി. ഞാൻ എഴുന്നേല്ക്കാൻ ശ്രമിച്ചു. പറ്റുന്നില്ല. ഒരു തരത്തിൽ എഴുന്നേറ്റു. പത്തു പതിനഞ്ചുപേർ. കയ്യിൽ കുറുവടി, ടോർച്ച്ലൈറ്റ് മുതലായവ ഉണ്ട്. മദ്യത്തിന്റെ ഗന്ധം പരിസരം മുഴുവൻ. വായിൽ നിന്ന് വീഴുന്നത് നാറുന്ന തെറി. 'എടാ മത്തായി കതകു തുറക്ക്' എന്നു പറഞ്ഞ് കതകിൽ ഇടിക്കുകയും തൊഴിക്കുകയുമാണ്. എന്തുചെയ്യണമെന്നറിയാതെ ഞങ്ങൾ പരിഭ്രാന്തരായി തീർന്നു.

പുറത്തടിച്ചു

ശാന്തനും സൗമ്യനുമായ തിരുമേനി കതകു തുറന്നു. തലയിൽ നിന്ന് ഉറക്കത്തിൽ പോലും മസ്നപ്സാ മാറ്റാറില്ലാത്ത തിരുമേനി മസ്നപ്സായുടെ പുറകോട്ടുള്ള ഭാഗം തലയിലോട്ട് മടക്കിയിട്ടിട്ടുണ്ട്. 'മക്കളെ നിങ്ങൾക്കിഷ്ടമില്ലെങ്കിൽ നാം പൊയ്ക്കൊള്ളാം' എന്നു പറഞ്ഞ് പുറത്തേക്കിറങ്ങി. വരാന്തയിൽ നിന്ന് പുറത്തേക്കിറങ്ങിയപ്പോൾ നിർദ്ദയനായ ഒരു മനുഷ്യൻ തിരുമേനിയുടെ പുറത്ത് കയ്യിലിരുന്ന വടികൊണ്ട് ആഞ്ഞടിച്ചു. അതുകൊണ്ട മാത്രയിൽ തിരുമേനി തിരിഞ്ഞുനിന്നു. തന്റെ തലയ്ക്ക് അടിയേൽക്കാതിരിക്കാൻ തക്കവണ്ണം രണ്ടു കൈയും ഉയർത്തിപ്പിടിച്ച് പുറകോട്ട് നടന്നു. കിഴക്കുവശത്തുള്ള കൽപ്പടവു വരെയും പുറകോട്ടു നടന്നു. അവിടെ ചെന്നു തിരിഞ്ഞു നടന്നു. എനിക്കപ്പോഴും ശരിയായി ശ്വാസം വിടാൻ പ്രയാസമുണ്ടായിരുന്നു. എങ്കിലും ഞാനും മാത്യു ശെമ്മാശനും പുറകെ നടന്നു. പടികളുടെ പകുതിയോളം ചെന്നപ്പോൾ ഒരു മനുഷ്യൻ വടക്കുവശത്ത് നിന്ന് ഓടിവന്ന് എന്നെ എടുത്തുകൊണ്ട് ശവക്കോട്ടയ്ക്ക് കിഴക്കുവശത്തുള്ള ഇടവഴിയിൽ കൂടി നടന്നു. ആരെന്നോ എന്തെന്നോ എനിക്ക് ഇന്നും നിശ്ചയമില്ല, ശെമ്മാശനും അവിടെ എത്തി. മാത്യൂസ് ശെമ്മാശൻ തിരുമേനിയോടൊപ്പം നീങ്ങുമ്പോൾ ആരോ അദ്ദേഹത്തിന്റെ പുറത്ത് കാപ്പിവടി കൊണ്ടടിച്ചു. അദ്ദേഹം അടികൊണ്ട് ഓടി വഴിയരികിലുള്ള ഇച്ചിപ്പള്ളിൽ ജോണിന്റെ വീട്ടിൽ അഭയം തേടി. വഴിയരികിൽ താമസിച്ചിരുന്ന സ്ത്രീകളുടെ കൂട്ടക്കരച്ചിൽ കേൾക്കാമായിരുന്നു. നിഷ്ഠൂരരായ പീഡകർ തിരുമേനിയെ നടത്തി. അഞ്ചൽപ്പെട്ടിയെന്ന സ്ഥലം കടത്തിവിടാനായിരുന്നു പ്ലാൻ എന്നു പറയപ്പെടുന്നു. പക്ഷേ, സെമിനാരി പടിക്കൽ എത്തിയപ്പോൾ അദ്ദേഹത്തെ

സെമിനാരിയിൽ കയറ്റി വിട്ടിട്ടുപോകാം എന്നു തീരുമാനിച്ചു. അപ്രകാരം ചെയ്തു. "ഇടയനെ വിട്ട് ആടുകൾ ചിതറിപ്പോയി" എന്ന തിരുവചനം ദുഃഖ വെള്ളിയാഴ്ചയുടെ ആ രാത്രിയിൽ തിരുമേനിയിലും നിറവേറി.

മാസ്റ്റർ കുറിയാക്കോസിന്റെ ബസിന്റെ ഡ്രൈവറായിരുന്ന പൗലോസ്, കുറിയാക്കോസിന്റെ വീട്ടിൽ വന്നു. വിവരങ്ങൾ അറിഞ്ഞ പൗലോസ് ഉടൻതന്നെ പള്ളിയിലേക്ക് പോയി. തിരുമേനിയുടെ വടി, സ്ലീബാ, കുപ്പായങ്ങൾ മുതലായവയും ഞങ്ങളുടെ സാമാനങ്ങളും എല്ലാം അവിടെനിന്ന് എടുത്തുകൊണ്ടെത്തന്നു. വെളുപ്പിന് അഞ്ചര മണിയോടെ ഞങ്ങൾ സെമിനാരിയിൽ തിരിച്ചെത്തി. ഞങ്ങളെക്കുറിച്ച് തിരുമേനി വളരെ വ്യാകുലനായിരുന്നു.

ഞങ്ങൾ തിരിച്ചു വന്നതിൽ സന്തുഷ്ടനായ തിരുമേനി എന്നെയും തര്യൻ ശെമ്മാശനെയും മുറിയിലേക്ക് വിളിപ്പിച്ചു കയറ്റി പുറത്തെന്താണെന്നു നോക്കാൻ പറഞ്ഞു. കുപ്പായം പൊക്കി നോക്കുമ്പോൾ തിരുമേനിയുടെ വലത്തെ തോൾഭാഗം മുതൽ ഇടത്തെ ആറാമ്മാലി വരെ കരിനീലിച്ചു കിടപ്പുണ്ടായിരുന്നു. തിരുമേനി കൽപ്പിച്ചതനുസരിച്ച് പച്ചക്കടുക്ക അരച്ച് ചതവുള്ള ഭാഗത്ത് ഞങ്ങൾ കൊണ്ടുചെന്ന് ഇട്ടു. തിരുമേനിക്ക് നല്ല വേദന മനസ്സിനോടൊപ്പം ശരീരത്തിനുമുണ്ടായിരുന്നതിനാൽ ദുഃഖവെള്ളിയാഴ്ച അർത്ഥവത്തായി എല്ലാ പ്രകാരേണയും കഴിച്ചുകൂട്ടി. ശുശ്രൂഷകൾ നടത്താൻ തിരുമേനിക്ക് കഴിവില്ലാതിരുന്നതിനാൽ ബഹുമാനപ്പെട്ട ആലപ്പാട്ടച്ചനാണ് സെമിനാരിയിൽ ശുശ്രൂഷകൾ നടത്തിയത്.

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തോടനുബന്ധിച്ച് കർത്താവിനോടൊപ്പം വാച്യാർത്ഥത്തിൽ തന്നെ കഷ്ടമനുഭവിച്ച മഹായോഗിയും രക്തസാക്ഷിയുമായിത്തീർന്ന ദൈവത്തിന്റെ മഹാപുരോഹിതനായിരുന്നു പരിശുദ്ധനായ ഔഗേൻ പ്രഥമൻ കാതോലിക്കാ. ഗുരുമുഖത്തു നിന്നു കേട്ടതല്ല. ഗുരുവനുഭവിച്ച വേദന നേരിട്ടു കണ്ണുകൊണ്ടു കാണുകയും അനുഭവിക്കുകയും ചെയ്തതാണ്. ഈ മർദ്ദനം നടന്നത് പെസഹാ കഴിഞ്ഞുള്ള രാത്രി. 1997-ലെ ദുഃഖവെള്ളിയാഴ്ച അമ്പതു വർഷം പൂർത്തിയായി.

കാതോലിക്കാ സിംഹാസനം

മലങ്കരസഭയുടെ സ്വാതന്ത്ര്യം, പുരോഗതി എന്നിവയുടെ പ്രതീകം എന്നു വിശേഷിക്കപ്പെടുന്ന കാതോലിക്കാ സിംഹാസനത്തെപ്പറ്റി പല തെറ്റിദ്ധാരണകളും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. മലങ്കരസഭയിൽ ഭിന്നിപ്പില്ലാതിരുന്ന കാലത്തുതന്നെ പ്രമുഖരായ നേതാക്കൾ ആവശ്യപ്പെടുകയും പാത്രിയർക്കീസുബാവായോടു ന്യായവാദം നടത്തുകയും ചെയ്തു തുടങ്ങിയ ഒരു വിഷയമാണ് കാതോലിക്കാ സ്ഥാപനം. പഴയ പാത്രിയർക്കീസുപക്ഷത്തെ സുധീരമായി നയിച്ചിരുന്നവരിൽ ഏറ്റവും പ്രമുഖസ്ഥാനം ഉണ്ടായിരുന്ന

കോനാട്ടു മാത്തൻ മൽപാൻ, സഭയിൽ ഭിന്നതകൾ ആരംഭിക്കുന്നതിന് മുമ്പ് സഭയുടെ വൈദിക ട്രസ്റ്റിയായിരുന്നു. കാതോലിക്കാ സ്ഥാപനം മലങ്കരയിൽ സ്ഥാപിച്ചുതരണമെന്നു ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം പാത്രിയർക്കീസു ബാവായ്ക്ക് എഴുതിയ കത്ത് പ്രസിദ്ധമായ ഒരു ചരിത്രരേഖയാണ്. നൂറ്റാണ്ടുകളായി തിഗ്രീസിൽ നിലനിൽക്കുകയും പിന്നീട് അസ്തമിച്ചുപോകുകയും ചെയ്ത കാതോലിക്കാ സ്ഥാപനം പുനർജീവിപ്പിക്കണമെന്നു പണ്ഡിതനായ മൽപാനച്ചൻ സമർത്ഥമായ വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ പാത്രിയർക്കീസുബാവായോട് ആവശ്യപ്പെടുകയാണുണ്ടായത്. ഇതെല്ലാം കഴിഞ്ഞാണു സഭയിൽ, സഭാംഗങ്ങൾ ആഗ്രഹിക്കാത്ത ഭിന്നതകൾ ഉണ്ടായത്. മലങ്കരസഭ കാതോലിക്കാ സ്ഥാപനത്തിനുവേണ്ടി ആഗ്രഹിച്ചതു ഭിന്നതയുടെ പശ്ചാത്തലത്തിലാണെന്നുള്ള വാദത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുന്നതിനുവേണ്ടിയാണു മൽപാനച്ചന്റെ എഴുത്തിനെപ്പറ്റി പരാമർശിച്ചത്. കക്ഷിവ്യത്യാസമെന്യേ സഭയിലെ നേതാക്കൾ ദർശനം കാണുകയും സഭ വിലമതിക്കുകയും ചെയ്ത കാതോലിക്കാ സിംഹാസനത്തെക്കുറിച്ച് ഇന്നു മലങ്കരയിലുള്ള സകലർക്കും അഭിമാനം തോന്നേണ്ടതാണ്. ഈ സിംഹാസനത്തെപ്പറ്റി ആർക്കെങ്കിലും എന്തെങ്കിലും പ്രതിഷേധം ഉണ്ടായിരുന്നു എങ്കിൽത്തന്നെ അത് 1964-ൽ പാത്രിയർക്കീസുബാവാ മലങ്കരയിലെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തോടും സഹകരണത്തോടും ഔഗേൻ ബാവായെ കാതോലിക്കായായി അവരോധിച്ചപ്പോൾ അപ്രത്യക്ഷമായിക്കാണണം. അന്ത്യോഖ്യൻ സുറിയാനിസഭയിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടാകുകയും ഒരാൾ അപരനെ അധികാരത്തിൽനിന്നു നീക്കുകയും മറ്റും ചെയ്ത കാര്യങ്ങൾ ആധുനിക സഭാചരിത്ര സംഭവങ്ങളാണ്. അബ്ദേദ് മശിഹാ, അബ്ദുള്ളാ എന്നീ രണ്ടു പാത്രിയർക്കീസുമാരുടെ കൂടെ ദീർഘകാലം ജീവിക്കുകയും അവരെ ശരിക്കു മനസ്സിലാക്കുകയും ചെയ്ത ഔഗേൻ റമ്പാൻ കാതോലിക്കാ സിംഹാസന സ്ഥാപനത്തിനുവേണ്ടി നിലകൊണ്ട ഒരാളാണെന്ന വസ്തുത അന്നേ പലർക്കും അറിയാമായിരുന്നു. ഭക്തനായ സീനിയർ പാത്രിയർക്കീസ് അബ്ദേദ് മശിഹാ മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നതിന് ആനുകൂല്യമുള്ള ആളാണെന്ന് ഔഗേൻ റമ്പാൻ പല നേതാക്കൾക്കും എഴുതിയിരുന്നു. ഈ എഴുത്തുകൾ അബ്ദേദ് മശിഹായെ ക്ഷണിച്ചുവരുത്തുന്നതിനു വളരെ സഹായിച്ചു എന്നു പ്രത്യേകം പറയേണ്ടതില്ല. 1912-ൽ നിരണം പള്ളിയിൽ വച്ചു കണ്ടനാട് ഇടവകയുടെ പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കായായി അബ്ദേദ് മശിഹാ പാത്രിയർക്കീസ് വാഴിച്ചു (ഇങ്ങനെ വാഴിച്ചതു അനധികൃതമാണെന്നു പറഞ്ഞവരാണ് കണ്ടനാട് ഇടവകയുടെ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ 1975-ൽ പാത്രിയർക്കീസ് ബാവാ ആരും അറിയാതെ അധികാരരഹിതനായ ബദൽ കാതോലിക്കായായി വാഴിച്ചപ്പോൾ പൗലൂസ് ദ്വിതീയൻ എന്ന പേരു

സ്വീകരിച്ചിരിക്കുന്നത്). അതായത് മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായുടെ വാഴ്ച ശരിയാണെന്നു പഴയ വാദമുഖങ്ങൾ എല്ലാം ഉപേക്ഷിച്ചുകൊണ്ട് എതിർ ഗ്രൂപ്പുകാർ സമ്മതിച്ചിരിക്കുന്നു!

മലങ്കരയിലെ പ്രഥമ കാതോലിക്കായെ വാഴിച്ചശേഷം ഈ സ്ഥാപനം അബ്ദേദ് മശിഹാ പാത്രിയർക്കീസ് എക്കാലവും നിലനിൽക്കത്തക്കവണ്ണം അധികാരപ്പെടുത്തിയിട്ടുള്ള കൽപന സഭയ്ക്കു നൽകി.

പാത്രിയർക്കീസിന്റെ അധികാരങ്ങളെല്ലാം കാതോലിക്കായ്ക്കും ഉണ്ടെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് കാതോലിക്കാ സ്ഥാനാരോഹണത്തെ തുടർന്ന് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:

“നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ, ഇന്ന് ഇവിടെ നടന്നിട്ടുള്ളതായ കർമ്മം എത്രയും മഹത്തരമായ ഒരു ദിവ്യശുശ്രൂഷയാകുന്നു. നിങ്ങളുടെ പിതാക്കന്മാർ കാണുന്നതിന് ആഗ്രഹിച്ചിരുന്നിട്ടു കാണാതിരുന്നതായ ഒരു സംഭവമാണ് ഇന്നു നടന്നിട്ടുള്ളത്.

മലങ്കരയുള്ള നമ്മുടെ സഭ നമ്മുടെ കർത്താവേശുമിശിഹായുടെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണ്. ഇവിടെ എല്ലാക്കാലത്തും അപ്പോസ്തോലിക കൈവെപ്പ് എന്നേക്കും നിലനിൽക്കത്തക്കവിധത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനു ദൈവം സംഗതിയാക്കിയിരിക്കുന്നു.

മെത്രാൻസ്ഥാനം സ്വീകരിക്കുന്നതിനായി തുർക്കി രാജ്യം വരെ ഇവിടെനിന്ന് ഇനിമേലിൽ ആളുകൾ പോകേണ്ട ആവശ്യമില്ല. ഇപ്പോൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ കിഴക്കിന്റെ കാതോലിക്കായായി പൂർവകാലത്തു സെലൂക്യയിൽ ഭരിച്ചുവന്ന കാതോലിക്കായുടെ അനന്തരഗാമിയായി മോറാൻ മാർ ബസേലിയോസ് എന്ന പേരോടുകൂടി വാഴിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ദീർഘായുസ്സോടിരിക്കട്ടെ. ഇദ്ദേഹത്തെക്കുറിച്ചു നിങ്ങൾക്കും നിങ്ങളോടിദ്ദേഹത്തിനും ഹൃദയപൂർവമായ സ്നേഹവും ഇദ്ദേഹത്തിന്റെ ഭരണം മൂലം മലങ്കരസഭയ്ക്കു പൂർവാധികം ശ്രേയസ്സും ഉണ്ടാകുമാറാകട്ടെ.

കാതോലിക്കായ്ക്ക് വേണ്ടുംവണ്ണമുള്ള സർവ ബഹുമാനങ്ങളും ഇദ്ദേഹത്തോടു നിങ്ങൾ കാണിക്കണം. ഇദ്ദേഹത്തെ അനുസരിക്കുകയും ഭക്തിപുരസ്സരം നിങ്ങൾ സ്മരിക്കുകയും ഇദ്ദേഹത്തിൽനിന്ന് അപ്പോസ്തോലിക അനുഗ്രഹങ്ങൾ പ്രാപിക്കുകയും വേണം. ഇദ്ദേഹത്തിന്റെ കാലശേഷം ഇവിടെയുള്ള മെത്രാപ്പോലീത്തന്മാർക്കു തന്നെ യോജിച്ച് ഒരു കാതോലിക്കായെ

അഭിഷേകം ചെയ്യുന്നതിന് അധികാരമുള്ളതാണ്. മലങ്കരസഭ എന്നേക്കും സ്വതന്ത്രമായി നിലനിൽക്കുന്നതിന് ഇപ്പോൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനം സഹായിക്കട്ടെ.

ഇതു നിങ്ങളുടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനക്കല്ലാകുന്നു. ഇങ്ങനെ നിങ്ങൾക്കു കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു തരുന്നതിനു നമ്മെ പ്രേരിപ്പിച്ചതായ കാരണം എന്തെന്നു പറയാം. തുർക്കി രാജ്യത്തുനിന്ന് ഇത്രടംവരെ വന്നെത്തുന്നത് എത്രമാത്രം പ്രയാസവും ആപൽക്കരവും ആണെന്നുള്ളതാണ്. ഇത്രമാത്രം കഷ്ടപ്പാടുകൾ എല്ലാക്കാലത്തും മലങ്കരസഭാംഗങ്ങൾ അനുഭവിക്കണമെന്നു ശഠിക്കുന്നത് അക്രമവും അക്രൈസ്തവുമാകുന്നു.

പാത്രിയർക്കീസിന്റെ അധികാരങ്ങളെല്ലാം കാതോലിക്കായിക്കുമുണ്ട്. മെത്രാപ്പോലീത്തന്മാരെ വാഴിക്കുക മുതലായ സർവവും കാതോലിക്കാമാരെക്കൊണ്ടു നിങ്ങൾക്കു സാധിപ്പിക്കാവുന്നതാണ്. കാതോലിക്കായെ നിങ്ങൾ എല്ലാവിധത്തിലും ബഹുമാനിക്കുകയും ആദരിക്കുകയും വേണം."

(മലയാള മനോരമ, 1912 സെപ്റ്റംബർ 18)

പാത്രിയർക്കീസുബാവായുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഒന്നാം കാതോലിക്കായുടെ കാലശേഷം ഇവിടെയുള്ള മെത്രാപ്പോലീത്താമാർ ചേർന്നാണു രണ്ടും മൂന്നും കാതോലിക്കാമാരെ വാഴിച്ചത്.

സമുദായക്കേസു സംബന്ധിച്ച് 1958 സെപ്തംബർ 12-നു സുപ്രീംകോടതി പുറപ്പെടുവിച്ച അന്ത്യവിധിയെ തുടർന്ന് പാത്രിയർക്കീസുബാവായും കാതോലിക്കാബാവായും പരസ്പരം 1958 ഡിസംബർ 16-നു രാത്രി പഴയസെമിനാരിയിൽ വച്ചു സ്വീകരിച്ചപ്പോൾ കാതോലിക്കാ സിംഹാസനത്തിന് ഒരിക്കൽ കൂടി പാത്രിയർക്കീസിന്റെ അംഗീകരണം ലഭിച്ചതാണ്. മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന കാതോലിക്കാ എന്ന ലറ്റർ ഹെഡ്ഡിംഗ് ഉള്ള കടലാസിൽ മലങ്കരസഭയുടെ ഭരണഘടനയ്ക്കു വിധേയമായിട്ടാണു കാതോലിക്കാ, പാത്രിയർക്കീസിനെ സ്വീകരിച്ചതെന്നുള്ളതു കാതോലിക്കായുടെ ദീർഘവീക്ഷണത്തിന്റെയും അന്ത്യോഖ്യൻ സഭയുടെ മുൻ ചെയ്തികളുടെയും ഫലമാണ്. മലങ്കരയിൽ കാതോലിക്കാ സ്ഥാപനം ഉണ്ടായതിനെ തുടർന്ന് പാത്രിയർക്കീസിന്റെ പരിമിതമായ ആത്മികാധികാരവും അപ്രത്യക്ഷമാകുകയാണുണ്ടായതെന്നു സുപ്രീംകോടതി വിധിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നാലാം കാതോലിക്കാ

മൂന്നാമത്തെ കാതോലിക്കാ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയനു പ്രായാധിക്യം മൂലം ശാരീരികക്ഷീണം വർദ്ധിച്ചുവന്നതിനെത്തുടർന്ന് മലങ്കര അസോസിയേഷൻ 1962 മെയ് 17-നു നിരണത്തുകൂടി കണ്ടനാട് ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്തായായിരുന്ന ഔഗേൻ മാർ തിമോത്തിയോസിനെ നിയുക്ത കാതോലിക്കായായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. അന്നു മാർ തിമോത്തിയോസ് തിരുമേനിയെ അനുമോദിച്ചുകൊണ്ടു കാതോലിക്കാ ബാവാ ചെയ്ത പ്രസംഗത്തിൽ 'മാർ ഔഗേനു വിനയം കൂടിപ്പോയി' എന്നു പറഞ്ഞത് പ്രസിദ്ധമായ ഒരു പ്രസ്താവനയായിത്തീർന്നു.

മലങ്കരസഭയിലെ പരസ്പര സ്വീകരണത്തിനും സമാധാന പുനഃസ്ഥാപത്തിനുശേഷവും ക്രിസ്തീയവീക്ഷണം വേണ്ടത്രയില്ലാതിരുന്ന ഒരു ന്യൂനപക്ഷം സഭാ സമാധാനത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുകയും പാത്രിയർക്കീസ് ബാവാ എടുത്ത നിലപാടിനെ വിമർശിച്ചുകൊണ്ട് അദ്ദേഹത്തിന് എഴുതുകയും ചെയ്തുകൊണ്ടിരുന്നു. സഭാപാരമ്പര്യം അനുസരിച്ച് മലങ്കരയിലെ നാലാമത്തെ കാതോലിക്കായുടെ സ്ഥാനാരോഹണം പാത്രിയർ ക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതിന് സുന്നഹദോസ് തീരുമാനിക്കുകയും പാത്രിയർക്കീസ് ബാവാ സുന്നഹദോസിന്റെ ക്ഷണം സ്വീകരിക്കുകയും ചെയ്തത് മലങ്കരസഭയുടെ ചരിത്രത്തിലെ ഒരു നിർണ്ണായകസംഭവമാണ്. മലങ്കരസഭാ സമാധാനം സംബന്ധിച്ച് പാത്രിയർക്കീസ് ബാവാ വഹിച്ച അവിസ്മരണീയമായ പങ്കിനെപ്പറ്റി ഷെവലിയർ സി. ജെ. കുര്യൻ 1964 ഓഗസ്റ്റ് 24-ാം തീയതി മലയാള മനോരമയിൽ എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറയുന്നു:

"പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ ആഗമനത്തെപ്പറ്റി പല ആശങ്കകളും പലർക്കും ഉണ്ടായിരുന്നുവെന്ന പരമാർത്ഥം മറച്ചുവെയ്ക്കേണ്ടതായ ആവശ്യം ഇപ്പോഴില്ല. എന്നാൽ തിരുമേനിക്ക് മലങ്കര സന്ദർശനത്തെപ്പറ്റിയോ, അതിന്റെ ഉദ്ദേശ്യത്തെപ്പറ്റിയോ ലേശവും സന്ദേഹമില്ലായിരുന്നുവെന്നത് കോട്ടയത്ത് 20-5-1964 ൽ എത്തിച്ചേർന്ന ഉടൻ ചെയ്ത പ്രസ്താവനയിൽ നിന്നു വ്യക്തമാണ്. "രണ്ടു ദിവസത്തിനകം നാം സഭയ്ക്ക് ഒരു കാതോലിക്കോസിനെ വാഴിക്കുവാൻ തീരുമാനിച്ചിരിക്കുന്നു" എന്നു അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുവാൻ അദ്ദേഹത്തിനു യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. തന്റെ മുൻഗാമിയുടെയും ഗുരുഭൂതന്റെയും ഭൗതികാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന ഓമല്ലൂർ ദേവാലയം സന്ദർശിച്ചശേഷം പരിപാടി അനുസരിച്ചു കോട്ടയത്ത് തിരിയെ എത്തുകയും ഔഗേൻ ബാവാ തിരുമേനിയെ 22-5-1964 ൽ കിഴക്കിന്റെ കാതോലിക്കായായി അഭിഷേകം ചെയ്യുകയും ചെയ്തു. അതിനുശേഷം ആ പരിശുദ്ധ പിതാവ് ചെയ്ത പ്രസ്താവന

മലങ്കരസഭയുടെ ചരിത്രത്തിൽ എന്നെന്നും തങ്കലിപികളിൽ എഴുതി ചേർക്കുവാൻ യോഗ്യമാണ്. കിഴക്കിന്റെ കാനോനിക കാതോലിക്കോസിനെയാണ് സഭയ്ക്കായി വാഴിച്ചിരിക്കുന്നത് എന്ന് സംശയാതീതമായി പ്രഖ്യാപനം ചെയ്തുകൊണ്ട് അദ്ദേഹം സഭയിലെ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ സകല മെത്രാപ്പോലീത്തന്മാരെയും കശീശ്ശന്മാരെയും ശെമ്മാശ്ശന്മാരെയും സർവ്വ വിശ്വാസികളെയും അവരവരുടെ സ്ഥാനാനുസരണം സ്വീകരിച്ചിരിക്കുന്നുവെന്ന് പൈതൃകവാത്സല്യം തുളുമ്പുന്ന മൊഴികൾ കൊണ്ട് പ്രസ്താവിക്കയാണ് ചെയ്തത്. സർവ്വഭിന്നതകളും അവസാനിപ്പിച്ച് മിശിഹായുടെ സഭയെ പരിപോഷിപ്പിച്ച്, അവളുടെ ചുമതലകൾ നിറവേറ്റാൻ ഒത്തൊരുമയോടുകൂടി പ്രയത്നിക്കുവാൻ അദ്ദേഹം സഭാമക്കളെ ആഹ്വാനം ചെയ്യുകയും അതോടുകൂടി ഉദയസൂര്യന്റെ മുമ്പിൽ മൂടൽമഞ്ഞ് എന്നവണ്ണം സംവത്സരങ്ങളായി സഭയെ ആവരണം ചെയ്തിരുന്ന പരസ്പര വിദ്വേഷവും വൈരാഗ്യവും സഭാമക്കളുടെ ഹൃദയത്തിൽനിന്ന് അന്തർദ്ധാനം ചെയ്യുകയും, സാഹോദര്യത്തിന്റെയും സൗമനസ്യത്തിന്റെയും അദൃശ്യമായ ബന്ധത്താൽ അവർ അന്യോന്യം കോർത്തിണക്കപ്പെടുകയും ചെയ്തുവെന്നത് ആ വിശിഷ്ട ശുശ്രൂഷകളിൽ സംബന്ധിച്ച പലർക്കും അനുഭവപ്പെട്ട സംഗതിയാണ്. 1958-ൽ ആരംഭിച്ചത് 1964-ൽ അങ്ങനെ പൂർത്തിയാക്കപ്പെടുകയാണുണ്ടായത്."

അങ്ങനെ പാത്രീയർക്കീസ് ബാവാ 1964 മെയ് 22-ാം തീയതി കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് മലങ്കരയിലെയും അന്ത്യോക്യായിലെയും സുന്നഹദോസംഗങ്ങളുടെ സഹകരണത്തോടുകൂടി മാർ ഔഗേൻ തിമോത്തിയോസ് മെത്രാപ്പോലീത്തായെ കാതോലിക്കായായി അവരോധിച്ചപ്പോൾ മലങ്കരസഭയിലെ എല്ലാവർക്കും സ്വീകാര്യനായ ഒന്നാമത്തെ കാതോലിക്കാ എന്ന മഹത്വമേറിയ സ്ഥാനം ഔഗേൻ കാതോലിക്കാ ബാവായ്ക്കു ലഭിച്ചു.

പാത്രിയർക്കീസ് കക്ഷിയിൽ നിന്ന കാലത്തും തിരുമേനി കാതോലിക്കാ കക്ഷിയുടെ ആദർശങ്ങളെ മാനിക്കുകയും എതിർഭാഗത്തെ അഭിപ്രായങ്ങളോടു സഹതപിക്കുകയും ചെയ്തിരുന്നു. തിരുമേനി കാതോലിക്കാ പക്ഷത്തു പരസ്യമായി ചേർന്നത് അഭിപ്രായങ്ങളോടുള്ള യോജിപ്പുകൊണ്ടുമാത്രമല്ല, സഭയിൽ മുഴുവൻ ആ ഐക്യം സ്ഥാപിക്കാൻ ആ നടപടി സഹായിക്കണമെന്ന ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായിട്ടുകൂടിയാണ്. വ്യക്തിപരമായ നേട്ടങ്ങളും ആദായങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിന് പാത്രിയർക്കീസ് കക്ഷിയിൽ തുടരുകയാണ് നല്ലതെന്നു അറിയാതെയല്ല തിരുമേനി കാതോലിക്കാ പക്ഷത്ത് ചേർന്നത്. തിരുമേനിയുടെ അഭിലാഷങ്ങൾ സമ്പൂർണ്ണമായി ഫലപ്രാപ്തിയിൽ എത്തിയത് സ്വർണ്ണവെള്ളിയാഴ്ച നടന്ന സ്ഥാനാരോഹണം മൂലമാണ്.

ദൈവമാണ് തിരുമേനിയെ ഈ ഉന്നതസ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. അപ്രതീക്ഷിതമായ വിധത്തിലാണ് തെരഞ്ഞെടുപ്പു നടന്നതും. തിരുമേനി

ഈ സ്ഥാനം ഒട്ടും ആഗ്രഹിച്ചതല്ല. സർവ്വശക്തന്റെ സുശക്ത കരങ്ങളിൽ സ്വയം അർപ്പിച്ച തിരുമേനിക്ക് പന്ത്രണ്ടു വർഷക്കാലം ഭാരമേറിയ ചുമതല കൾ വഹിക്കുന്നതിനുള്ള ആയുസ്സും ആരോഗ്യവും ദൈവം നല്കി. പ്രതി ബന്ധങ്ങൾ തരണം ചെയ്തുകൊണ്ട് തിരുമേനി മലങ്കരസഭയ്ക്ക് സുധീര മായ നേതൃത്വമാണു പ്രദാനം ചെയ്തത്. കാതോലിക്കായെ അവരോധിക്കു കയും അങ്ങനെ മലങ്കരസഭയുടെ ഐക്യത്തിന്റെയും പുരോഗതിയുടെയും പുതിയ അദ്ധ്യായത്തിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്ത പാത്രി യർക്കീസ് ബാവാ സ്ഥാനാരോഹണച്ചടങ്ങിനു ശേഷം ചെയ്ത ചരിത്ര പ്രധാ നമായ പ്രസംഗത്തിൽ സഭയിൽ പരിപൂർണ്ണ സമാധാനം ഉണ്ടായെന്നു പ്രഖ്യാ പനം ചെയ്തുകൊണ്ട് ഇങ്ങനെ തുടർന്നു:-

“എന്റെ പ്രിയ, മുള്ളുകളുടെ ഇടയിലെ ശൂശാനപുഷ്പം പോലെയാണെന്ന് പറഞ്ഞിട്ടുള്ളതു പോലെ സഭ ലോകത്തിലെ മുള്ളുകളുടെ ഇടയിൽ സ്ഥിതി ചെയ്യുന്ന പുഷ്പമാണ്. സഭയ്ക്കു വിരോധമായി ഓരോ കാലത്ത് നാനാ ഭാ ഗങ്ങളിൽ ഞെരുക്കങ്ങളും പീഡകളും ഉണ്ടായിട്ടുണ്ട്. സഭാമക്കളുടെ മദ്ധ്യ ത്തിൽത്തന്നെ ഇടയ്ക്കിടയ്ക്ക് കലഹങ്ങൾ തലപൊക്കിയിട്ടുണ്ട്. മലങ്കരസഭ പല വിധത്തിൽ കലഹങ്ങളിൽ ഉൾപ്പെട്ടിരുന്നു. അതുകൊണ്ട് ഇക്കാല ഘട്ട ത്തിൽ എനിക്ക് ഇവിടെ വരേണ്ടിവന്നു. കലഹത്തിലും വഴക്കിലും നടന്ന കാലം മുഴുവനായി നാം വിസ്മരിച്ചുകളയണം. സഭയിലെ ഈ വഴക്ക് മാറ്റു ന്നതിന് വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം സഭ വളരെ ക്ഷീണിച്ചുപോയി. കലഹങ്ങളിൽനിന്ന് വിമുക്തി നേടാൻ പലരും ചിന്തിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അവരിൽ ഒരാളാണു മഞ്ഞനിക്കരയിൽ കബറടങ്ങിയിരി ക്കുന്ന മാർ ഏലിയാസ് തൃതീയൻ ബാവാ തിരുമേനി. അദ്ദേഹം ഇവിടെ വന്നത് വഴക്കുകൾ തീർക്കാനായിരുന്നു. എന്നാൽ ബാവാതിരുമേനിക്ക് അതി നവസരം ലഭിച്ചില്ല. അഥവാ ദൈവം അതിനദ്ദേഹത്തെ അനുവദിച്ചില്ല. ആക യാൽ സഭയ്ക്ക് സമാധാനം നല്കേണ്ട ആവശ്യം ഉണ്ടായി. ഞാൻ പാത്രി യർക്കീസായശേഷം ഇക്കാര്യത്തെപ്പറ്റി ഗാഢമായി ചിന്തിക്കുകയും സിംഹാ സനാരൂഢനായി ഒരു വർഷം തികയുന്നതിനുമുമ്പ് നിങ്ങൾക്കറിവുള്ളതു പോലെ സമാധാന കല്പന അയയ്ക്കുകയും ചെയ്തു. ഇതുമൂലം, കാലം ചെയ്ത പരിശുദ്ധ കാതോലിക്കാബാവായെ ഞാൻ സ്വീകരിക്കുകയുമുണ്ടായി.

അങ്ങനെ ഈ സഭയുടെ സമാധാനത്തിന് അടിസ്ഥാനമിടാൻ സാധിച്ചു. ഇപ്പോൾ ആ സമാധാനം പൂർണ്ണമാക്കേണ്ട ചുമതല കൂടിയുണ്ട്. അതുകൊ ണ്ടാണ് വളരെ ദൂരെനിന്നു വന്നു ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ ഇപ്പോൾ നില്ക്കുന്നത്. ഈ സമാധാനം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ട് നമ്മുടെ സന്തോഷം സമ്പൂർണ്ണമായിരിക്കുന്നു (കരഘോഷം). ആകയാൽ ഇന്നത്തെ നമ്മുടെ സന്തോഷം അതിർത്തിയില്ലാത്തതാണ്.

എന്തുകൊണ്ടെന്നാൽ സഭയ്ക്ക് പൗരസ്ത്യ കാതോലിക്കായെ വാഴിക്കുന്നതിനിടയായി (കരഘോഷം). ഈ നല്ല പ്രവർത്തനം മൂലം സഭയ്ക്ക് ഉൽകൃഷ്ടത ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു നടത്തിയ സ്ഥാനാരോഹണ ശുശ്രൂഷ മൂലം ഈ സഭയുടെ സമാധാനത്തിനുവേണ്ടി ശ്രമിച്ചവരെല്ലാം സന്തോഷിക്ക തന്നെ ചെയ്യും. ഈ സുദിനം കാണാൻ നിങ്ങളുടെ പിതാക്കന്മാരും അവരുടെ പിതാക്കന്മാരും ആഗ്രഹിച്ചിരുന്നു. എന്നാൽ അവർക്കിതു സാധിച്ചില്ല. ഇന്നവർ ആത്മാവിൽ സന്തോഷിക്കുന്നുണ്ടാവും. ഈ നല്ല സംഗതിയിൽ എല്ലാവരും സന്തോഷിക്ക തന്നെ വേണം. ഇപ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നാം ഇപ്പോൾ മാർ ഔഗേനെ കാതോലിക്കായായി വാഴിച്ചു എന്നതുമാത്രമല്ല, നമ്മിൽ നിന്നകന്നുനിന്ന മെത്രാപ്പോലീത്താമാരെയും സകല പുരോഹിതന്മാരെയും നാം സ്വീകരിച്ചിരിക്കുന്നു. ഈ മെത്രാപ്പോലീത്താമാരെ മെത്രാപ്പോലീത്താമാരായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. പുരോഹിതന്മാരെ സത്യപുരോഹിതന്മാരായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. അപ്രകാരം തന്നെ സകല അവൈദികർക്കും വേണ്ടി ഞാൻ പ്രാർത്ഥന അർപ്പിക്കുന്നു.

ആകയാൽ നിങ്ങൾ മേലിൽ ഭിന്നതയും അഭിപ്രായ വ്യത്യാസങ്ങളും കൂടാതെ എന്റെ ഈ സന്ദേശം സ്വീകരിക്കണം. നാം ഇവരെ എപ്രകാരം സ്വീകരിക്കുന്നുവോ അപ്രകാരം നിങ്ങളും സ്വീകരിക്കണം. നാം നിങ്ങളുടെ സഭയുടെ ഇടയനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നമ്മുടെ വചനം അനുസരിക്ക തന്നെ ചെയ്യണം. ഈ നല്ല പ്രവൃത്തിയിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നതോടൊപ്പം പൗരസ്ത്യ കാതോലിക്കായ്ക്ക് ദൈവം സന്തോഷവും അഭിവൃദ്ധിയും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭരണകാലത്ത് സഭ ഉന്നതിയും ശ്രേഷ്ഠതയും പ്രാപിക്കട്ടെ. അപ്രകാരം എല്ലാ മെത്രാപ്പോലീത്തന്മാരെയും നാം അനുമോദിക്കുന്നു. സിറിയയിലുള്ള എല്ലാ സഭാമക്കളും ഈ പ്രവൃത്തിയിൽ സന്തോഷിക്കുന്നുണ്ട്. നമ്മുടെ സഹോദരനായ കാതോലിക്കാബാവാ തിരുമേനിയെയും മറ്റു മെത്രാപ്പോലീത്താമാരെയും സിറിയയിലേക്കു ഞാൻ ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ ഈ പ്രവൃത്തിയിൽ ആകമാനസഭ സന്തോഷിക്കാൻ ഇവർ അവിടെ വരണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ദൈവം സഭയ്ക്ക് അഭിവൃദ്ധിയും ഉൽകൃഷ്ടതയും നല്കട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ മറിയാമിന്റെയും മാർതോമ്മാശ്ലീഹായുടെയും സർവ്വ പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ.”

ഈ പ്രസംഗത്തിനു മറുപടിയായി ഔഗേൻ കാതോലിക്കാബാവാ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: “ഭിന്നിച്ച സഭയെ പ. പാത്രിയർക്കീസ് ബാവാ തിരുമേനി ഒന്നിപ്പിച്ച വസ്തുത മലങ്കരസഭ എക്കാലവും സ്മരിക്കും. പ. പത്രോസിന്റെ അന്ത്യോക്യാ സിംഹാസനവും മാർതോമ്മായുടെ കാതോലിക്കാ സിംഹാസനവും രണ്ടാണെങ്കിലും ഒന്നുതന്നെയാണ്.”

1964-ലെ കാതോലിക്കാ വാഴ്ചയുടെ താഴെപ്പറയുന്ന റിപ്പോർട്ട് മലയാള മനോരമയ്ക്കു വേണ്ടി എഴുതി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ബസ്സേലിയോസ് ഔഗേൻ കാതോലിക്കായായി വാഴിക്കപ്പെട്ടു

സഭയിൽ പരിപൂർണ്ണ സമാധാനമുണ്ടായെന്നു പാത്രിയർക്കീസ് ബാവായുടെ പ്രഖ്യാപനം

സ്ഥാനാരോഹണച്ചടങ്ങിൽ ജനലക്ഷങ്ങൾ സംബന്ധിച്ചു

സ്റ്റാഫ് പ്രതിനിധി

കോട്ടയം, മെയ് 22 – ജനലക്ഷങ്ങൾ സംബന്ധിച്ച ഭക്തിനിർഭരവും ശാന്ത ഗംഭീരവുമായ ഒരു ചടങ്ങിൽ, അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ തിരുമേനി, മലങ്കര മെത്രാപ്പോലീത്താ ആയ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയെ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ ആയി ഇന്ന് അവരോധിച്ചിരിക്കുന്നു.

എം. ഡി. സെമിനാരിയിലെ മാർ ഏലിയാ ചാപ്പലിനോടനുബന്ധിച്ചു പ്രത്യേകം സജ്ജീകരിച്ചിരുന്ന മണ്ഡപത്തിൽ നടത്തപ്പെട്ട സ്ഥാനാരോഹണ ശുശ്രൂഷയിൽ നൂറുകണക്കിനു വൈദികരും, ലക്ഷോപലക്ഷം സഭാംഗങ്ങളും, സഹോദരീസഭകളുടെ പ്രതിനിധികളും, പ്രമുഖാതിഥികളും മറ്റും സംബന്ധിച്ചിരുന്നു.

പൗരസ്ത്യ കാതോലിക്കായെ വാഴിച്ചിരിക്കുന്നതോടെ മലങ്കരസഭ കലഹത്തിലും വഴക്കിലും നടന്ന കാലം മുഴുവനായി വിസ്മരിക്കണമെന്നും, സഭാസമാധാനം സമ്പൂർണ്ണമായിരിക്കുന്നതുകൊണ്ടു നമ്മുടെ സന്തോഷവും പൂർണ്ണമാണെന്നും സ്ഥാനാരോഹണച്ചടങ്ങിനു ശേഷം പ. പാത്രിയർക്കീസ് ബാവാ തിരുമേനി ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചു.

ഭിന്നിപ്പിച്ച സഭയെ പ. പാത്രിയർക്കീസു ബാവാതിരുമേനി ഒന്നിപ്പിച്ച വസ്തുത മലങ്കരസഭ എന്നെന്നും സ്മരിക്കുമെന്നും പ. പത്രോസിന്റെ അന്തോഖ്യാ സിംഹാസനവും മാർതോമായുടെ കാതോലിക്കാ സിംഹാസനവും രണ്ടാണെങ്കിലും ഒന്നു തന്നെയാണെന്നും മാർ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാതിരുമേനി ചെയ്ത മറുപടി പ്രസംഗത്തിൽ പ്രസ്താവിച്ചു.

മലങ്കരസഭയുടെ ചരിത്രത്തിലെ അവിസ്മരണീയ സുദിനമായ ഇന്ന്

പ്രഭാതമാകുന്നതിനു മുമ്പു തന്നെ സ്ഥാനാരോഹണ സ്ഥലത്തേക്കു ഭക്തജനങ്ങൾ പ്രവഹിച്ചുകൊണ്ടിരുന്നു. രാവിലെ 7.45-നു മാർ തീമോത്തിയോസ് തിരുമേനിയും, 8 മണിക്കു പ. പാത്രിയർക്കീസ് ബാവാതിരുമേനിയും പരിവാരങ്ങളും മാർ ഏലിയാ ചാപ്പലിലെ സ്ഥാനാരോഹണ മണ്ഡപത്തിൽ എത്തിച്ചേർന്നു. അനാരോഗ്യംമൂലം വിശ്രമിക്കുന്ന മാർ തേവോദോസിയോസ്, പാമ്പാടി മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാരൊഴിച്ചുള്ള മലങ്കരയിലെ മറ്റെല്ലാ തിരുമേനിമാരും, തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ്, കൽദായ ഇടവകയുടെ മാർ തോമ്മാ ധർമ്മോ, എത്യോപ്യൻ സഭയിലെ അബുനാ മാർ തെയോഫിലോസ്, അർമ്മീനിയൻ സഭാ പ്രതിനിധി എന്നീ തിരുമേനിമാരും, സ്ഥാനാരോഹണ മണ്ഡപത്തിൽ സന്നിഹിതരായിരുന്നു.

സ്ഥാനവസ്ത്രം

മാർ തീമോത്തിയോസ് തിരുമേനിയെ സ്വസുഹൃത്തായ ഒസ്താത്തിയോസ് മാർ കുറിയാക്കോസ് തിരുമേനിയാണു സ്ഥാനവസ്ത്രങ്ങൾ ആദ്യമായി സസന്തോഷം അണിയിച്ചത്. ശുശ്രൂഷയുടെ ആരംഭത്തോടുകൂടി എല്ലാ തിരുമേനിമാരും സ്ഥാനവസ്ത്രങ്ങൾ മാറിയ കാഴ്ച ഹൃദയാവർജ്ജകമായിരുന്നു. 8.50-ന് ആരംഭിച്ച വി. കുർബാനയിലെ ചില ഭാഗങ്ങൾ പാത്രിയർക്കീസു ബാവാ തിരുമേനി തന്നെ മലയാളത്തിൽ ചൊല്ലി, ബാക്കി ശുശ്രൂഷയുടെ ചില ഭാഗങ്ങൾ പൗലൂസ് മാർ പീലക്സിനോസ്, ദാനിയേൽ മാർ പീലക്സിനോസ്, ഒസ്താത്തിയോസ് മാർ കുറിയാക്കോസ് എന്നീ തിരുമേനിമാരാണ് വായിച്ചത്.

തുബ്ദേൻ സമയത്തു പാത്രിയർക്കീസു ബാവാതിരുമേനി പാത്രിയർക്കീസിന്റെ സ്ഥാനമഹിമയ്ക്കനുയോജ്യമായതും വീതിയുള്ള കട്ടിക്കസവുകൊണ്ടു മനോഹരമായി ചിത്രപ്പണി ചെയ്തതുമായ വിലപിടിപ്പുള്ള കാപ്പ ധരിക്കുകയും തുടർന്നു 10.25-ന് മാർ തീമോത്തിയോസ് തിരുമേനിയെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തു.

പിന്നീട് മാർ തീമോത്തിയോസ് തിരുമേനി, ദൈവത്തോടും, സഭയോടും പൂർവ്വിക സഭാപിതാക്കന്മാരുടെ സത്യവിശ്വാസത്തോടും, അന്ത്യോഖ്യാ സിംഹാസനത്തോടും മറ്റും വിശ്വസ്തനായിരിക്കുന്നതാണെന്നുള്ള സത്യപ്രതിജ്ഞ വായിച്ചു.

അനന്തരം മാർ തീമോത്തിയോസ് തിരുമേനിയെ തിരുമേനിമാർ ഒരു കസേരയിൽ ഉയർത്തുകയും എല്ലാവരും ചേർന്നു മൂന്നു പ്രാവശ്യം ഓക്സിയോസ് വിളിക്കുകയും ചെയ്തു. കസേരയിൽ ഉയർത്തിയപ്പോൾ കാതോലിക്കാബാവാ തിരുമേനി സ്ളീബാകൊണ്ടു ജനങ്ങളെ ആശീർവദിക്കുന്നുണ്ടായിരുന്നു. കാതോലിക്കാബാവാ തിരുമേനി, “നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ ത്യജിക്കുന്നു” എന്ന വേദഭാഗം വായിച്ചു. തിരുമേനിയെ പാത്രിയർക്കീസു

ബാവാ തിരുമേനിയും മറ്റു തിരുമേനിമാരും ചേർന്ന് അംശവടി പിടിപ്പിക്കുകയും അംശവടി ഉയർത്തി കാതോലിക്കാബാവാ തിരുമേനി ജനങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. അനന്തരം പാത്രിയർക്കീസുബാവാ തിരുമേനിയും കാതോലിക്കാബാവാ തിരുമേനിയും പ്രസംഗിക്കുകയും പ്രസംഗം കഴിഞ്ഞു കാതോലിക്കാബാവാ തിരുമേനി വി. കുർബാന ശുശ്രൂഷ പൂർത്തിയാക്കുകയും ചെയ്തു. അവസാനമായി എത്യോപ്യൻ ചക്രവർത്തിയുടേയും സഭയുടേയും അർമ്മീനിയൻ സഭയുടേയും ആശംസകൾ വായിക്കുകയും സമ്മാനങ്ങൾ തിരുമേനിമാർക്കു നൽകപ്പെടുകയും ചെയ്തു.

പാത്രിയർക്കീസ്ബാവാ

ചടങ്ങുകൾക്കു മദ്ധ്യേ പ. പാത്രിയർക്കീസ് ബാവാ തിരുമേനി ചെയ്ത പ്രസംഗം താഴെച്ചേർക്കുന്നു.

എന്റെ പ്രിയരേ, മുള്ളുകളുടെ ഇടയിലെ ശൂശാനപുഷ്പങ്ങളെപ്പോലെയാണെന്നു പറഞ്ഞിട്ടുള്ളതുപോലെ സഭ ലോകത്തിലെ മുള്ളുകളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന പുഷ്പമാണ്. സഭയ്ക്കു വിരോധമായി ഓരോ കാലത്ത് നാനാഭാഗങ്ങളിൽ ഞെരുക്കങ്ങളും പീഡകളും ഉണ്ടായിട്ടുണ്ട്. സഭാമക്കളുടെ മദ്ധ്യത്തിൽ തന്നെ ഇടയ്ക്കിടയ്ക്ക് കലഹങ്ങൾ തലപൊക്കിയിട്ടുണ്ട്. മലങ്കരസഭ പലവിധത്തിൽ കലഹങ്ങളിൽ ഉൾപ്പെട്ടിരുന്നു. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ എനിക്ക് ഇവിടെ വരേണ്ടി വന്നു. കലഹത്തിലും വഴക്കിലും നടന്ന കാലം മുഴുവനായി നാം വിസ്മരിച്ചുകളയണം. സഭയിലെ ഈ വഴക്കു മാറ്റുന്നതിനു വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം സഭ വളരെ ക്ഷീണിച്ചു പോയി. കലഹങ്ങളിൽ നിന്ന് വിമുക്തി നേടാൻ പലരും ചിന്തിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അവരിൽ ഒരാളാണ് മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന മാർ ഏലിയാസ് തൃതീയൻബാവാ തിരുമേനി. അദ്ദേഹം ഇവിടെ വന്നതു വഴക്കുകൾ തീർക്കാനായിരുന്നു. എന്നാൽ ബാവാതിരുമേനിക്കു അതിനവസരം ലഭിച്ചില്ല. അഥവാ ദൈവം അതിനദ്ദേഹത്തെ അനുവദിച്ചില്ല. ആകയാൽ സഭയ്ക്കു സമാധാനം നൽകേണ്ട ആവശ്യം ഉണ്ടായി. ഞാൻ പാത്രിയർക്കീസായശേഷം ഇക്കാര്യത്തെപ്പറ്റി ഗാഢമായി ചിന്തിക്കുകയും സിംഹാസനാരൂഢനായി ഒരു വർഷം കഴിയുന്നതിനു മുമ്പ് നിങ്ങൾക്കറിവുള്ളതുപോലെ സമാധാനകല്പന അയയ്ക്കുകയും ചെയ്തു. അതു മൂലം കാലം ചെയ്ത പ. കാതോലിക്കാബാവായെ ഞാൻ സ്വീകരിക്കുകയുണ്ടായി.

അങ്ങനെ ഈ സഭയുടെ സമാധാനത്തിനു അടിസ്ഥാനമിടാൻ സാധിച്ചു. ഇപ്പോൾ ആ സമാധാനം പൂർണ്ണമാക്കേണ്ട ചുമതല കൂടി ഉണ്ട്. അതുകൊണ്ടാണ് വളരെ ദൂരെനിന്നും വന്നു ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ ഇപ്പോൾ നിൽക്കുന്നത്.

സമാധാനം

ഈ സമാധാനം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ട് നമ്മുടെ സന്തോഷം സമ്പൂർണ്ണമായിരിക്കുന്നു (കരഘോഷം). ആകയാൽ ഇന്നത്തെ നമ്മുടെ സന്തോഷം അതിർത്തിയില്ലാത്തതാണ്.

എന്തുകൊണ്ടെന്നാൽ ഈ സഭയ്ക്കു പൗരസ്ത്യ കാതോലിക്കായെ വാഴിക്കുന്നതിനു ഇടയായി (കരഘോഷം). ഈ നല്ല പ്രവർത്തനം മൂലം സഭയ്ക്കു ഉൽകൃഷ്ടത ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു നടത്തിയ സ്ഥാനാരോഹണ ശുശ്രൂഷ മൂലം ഈ സഭയുടെ സമാധാനത്തിനു വേണ്ടി ശ്രമിച്ചവരെല്ലാം സന്തോഷിക്കുക തന്നെ ചെയ്യും. ഈ സുദിനം കാണാൻ നിങ്ങളുടെ പിതാക്കന്മാരും അവരുടെ പിതാക്കന്മാരും ആഗ്രഹിച്ചിരുന്നു. എന്നാൽ അവർക്കിതു സാധിച്ചില്ല. ഇന്നവർ ആത്മാവിൽ സന്തോഷിക്കുന്നുണ്ടാവും. ഈ നല്ല സംഗതിയിൽ എല്ലാവരും സന്തോഷിക്കുക തന്നെ വേണം. ഇപ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സ്വീകരണം

നാം ഇപ്പോൾ മാർ ഔഗേനെ കാതോലിക്കായായി വാഴിച്ചു എന്നതു മാത്രമല്ല, നമ്മിൽനിന്നും അകന്നുനിന്ന മെത്രാപ്പോലീത്താമാരെയും, സകല പുരോഹിതന്മാരെയും നാം സ്വീകരിച്ചിരിക്കുന്നു. ഈ മെത്രാപ്പോലീത്തന്മാരെ മെത്രാപ്പോലീത്തന്മാരായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. പുരോഹിതന്മാരെ സത്യപുരോഹിതന്മാരായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. അപ്രകാരം തന്നെ സകല അവൈദികർക്കും വേണ്ടി ഞാൻ പ്രാർത്ഥന അർപ്പിക്കുന്നു.

ആകയാൽ നിങ്ങൾ മേലിൽ ഭിന്നതയും അഭിപ്രായ വ്യത്യാസങ്ങളും കൂടാതെ എന്റെ ഈ സന്ദേശം സ്വീകരിക്കണം. നാം ഇവരെ എപ്രകാരം സ്വീകരിക്കുന്നുവോ അപ്രകാരം നിങ്ങളും സ്വീകരിക്കണം. നാം നിങ്ങളുടെ സഭയുടെ ഇടയനെന്നു നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ നമ്മുടെ വചനം അനുസരിക്കതന്നെ ചെയ്യണം. ഈ നല്ല പ്രവൃത്തിയിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു. പൗരസ്ത്യ കാതോലിക്കായ്ക്കു ദൈവം സന്തോഷവും അഭിവൃദ്ധിയും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭരണകാലത്തു സഭ ഉന്നതിയും ശ്രേഷ്ഠതയും പ്രാപിക്കട്ടെ. അപ്രകാരം എല്ലാ മെത്രാപ്പോലീത്താമാരെയും നാം അനുമോദിക്കുന്നു. സിറിയയിലുള്ള എല്ലാ സഭാമക്കളും ഈ പ്രവൃത്തിയിൽ സന്തോഷിക്കുന്നുണ്ട്.

നമ്മുടെ സഹോദരനായ കാതോലിക്കാ ബാവാതിരുമേനിയെയും മറ്റു മെത്രാപ്പോലീത്താമാരെയും സിറിയയിലേക്കു ഞാൻ ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ ഈ പ്രവൃത്തിയിൽ ആകമാനസഭ സന്തോഷിക്കാൻ ഇവർ അവിടെ വരണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ദൈവം സഭയ്ക്ക് അഭിവൃദ്ധിയും ഉൽക്കൃഷ്ടതയും നൽകട്ടെ. ആയതു ദൈവമാതാവായ വി. മറിയാമ്മിന്റെയും

മാർത്തോമ്മാ ശ്ളീഹായുടെയും സർവ പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ.

കാതോലിക്കാബാവായുടെ പ്രസംഗം

മലങ്കരസഭയിൽ ക്രമേണ ഉണ്ടായ സമാധാനം പൂർണ്ണ നിലയിൽ എത്തിയിരിക്കുകയാണ്. സഭയിലെ ഭിന്നതകൾ പാത്രിയർക്കീസ് ബാവാ തിരുമേനി ഇന്നു തുടച്ചുനീക്കി. ഇന്നു സ്വർഗ്ഗത്തിൽ സന്തോഷമാണ്. മാലാഖമാർ സന്തോഷിക്കുന്നു. സിനഡിന്റെ അപേക്ഷപ്രകാരം ബലഹീനനായ എന്നെ അഭിഷേകം ചെയ്തിരിക്കുകയാണ്. പ. അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ ഭിന്നതയിൽ നിന്നു സഭയെ നീക്കി ഒന്നിപ്പിച്ചിരിക്കുന്നതുകൊണ്ടു തിരുമേനിയെ മലങ്കരസഭ എക്കാലവും സ്മരിക്കുകതന്നെ ചെയ്യും. ഞാൻ ആജീവനാന്തം തിരുമേനിയെ സ്നേഹിക്കുകയും കാനോൻ നിയമങ്ങൾക്കും സഭയുടെ പ്രമാണങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുകയും ചെയ്യും.

 പ. പത്രോസിന്റെ സിംഹാസനമായ അന്ത്യോഖ്യാ സിംഹാസനമാണ് മാർത്തോമ്മായുടെ സിംഹാസനത്തേക്കാൾ മെച്ചം. കാലഗതിയിൽ മാർത്തോമ്മാ ശ്ളീഹായുടെ സിംഹാസനത്തിന് അൽപ്പം ഗ്രഹപ്പിഴ വന്നു. അന്ത്യോഖ്യാ സിംഹാസനത്തെ സ്നേഹിക്കുന്നവർക്കു തോമ്മാശ്ളീഹായുടെ സിംഹാസനത്തെ സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ല. രണ്ടും രണ്ടാണെങ്കിലും ഒന്നുതന്നെയാണ്. എല്ലാവരും പാത്രിയർക്കീസ് ബാവാതിരുമേനിയുടെ കൽപ്പന അക്ഷരംപ്രതി അനുസരിക്കണം. ആജീവനാന്തം പാലിക്കണം. എന്റെ ഭാരിച്ച കർത്തവ്യം നിറവേറ്റാൻ എല്ലാവരും സഹകരിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

സ്ഥാനാരോഹണച്ചടങ്ങിൽ സംബന്ധിച്ച ഇതര സഭാപ്രതിനിധികൾക്കു നന്ദി പറഞ്ഞുകൊണ്ടു തിരുമേനി പ്രസംഗം ഉപസംഹരിച്ചു.

ഒടുവിൽ എത്യോപ്യൻ ചക്രവർത്തിയുടെ ആശംസാസന്ദേശം അംഹാരിക്കു ഭാഷയിൽ അദ്ദേഹത്തിനു വേണ്ടി പ്രതിനിധി വായിച്ചു. തുടർന്ന് അത് ഇംഗ്ലീഷിലും മലയാളത്തിലും തർജ്ജിമ ചെയ്യുകയും ചെയ്തു. എത്യോപ്യൻ ചക്രവർത്തിയുടെ വകയായുള്ള മനോഹരമായ കാപ്പയും, വടിയും, സ്ളീബായും പ. കാതോലിക്കാബാവാ തിരുമേനിക്കും എത്യോപ്യൻ സഭയിലെ ആരാധനാക്രമത്തിന്റെ ഓരോ പ്രതി രണ്ടു ബാവാതിരുമേനിമാർക്കും ആബുനാ മാർ തിയോഫിലോസ് തിരുമേനി സമ്മാനിച്ചു. ഇതിനും പുറമേ മലങ്കരസഭയിലെ എല്ലാ തിരുമേനിമാർക്കും ഓരോ സ്വർണ്ണക്കുരിശും ആബുനാ മാർ തിയോഫിലോസ് നൽകി.

അർമ്മീനിയൻ സഭയുടെ സുപ്രീംകാതോലിക്കായായ വസ്ക്കൻ തിരുമേനി കൊടുത്തയച്ച സ്വർണ്ണ സ്ളീബാ പ്രസ്തുത സഭാപ്രതിനിധി കാതോലിക്കാബാവാ തിരുമേനിക്കു സമ്മാനിച്ചു.

മലങ്കരസഭയ്ക്കു വിപുലമായ സേവന സാദ്ധ്യതകൾ

കാതോലിക്കാ സ്ഥാനാരോഹണ സമ്മേളനത്തിലെ പ്രസംഗങ്ങളും മംഗളപത്ര സമർപ്പണവും

കോട്ടയം, മെയ് 22 – കാതോലിക്കാ സ്ഥാനാരോഹണത്തോടെ മലങ്കരയിൽ പരിപൂർണ്ണ ഐക്യമുണ്ടായി സഭ പൂർവാധികം ശക്തിപ്പെട്ടുവെന്നും ഇനിയും സഭയ്ക്കു വിപുലമായ സേവനരംഗങ്ങളിൽ പ്രവർത്തിക്കാൻ സാദ്ധ്യതയും കർത്തവ്യവും ഉണ്ടെന്നും ഇന്നുച്ചയ്ക്കു ചേർന്ന സ്വീകരണ പൊതുസമ്മേളനത്തിലെ പ്രസംഗകർ അനുസ്മരിപ്പിക്കുകയുണ്ടായി.

ഈ യോഗത്തിൽ വച്ചു മലങ്കരസഭ വകയായുള്ള മംഗളപത്രം പാത്രിയർക്കീസുബാവാ തിരുമേനിക്കു നൽകുകയും അഭിനവ കാതോലിക്കായെ അനുമോദിക്കുകയും ചെയ്യുകയുണ്ടായി. യോഗത്തിൽ എറണാകുളം ആർച്ചു ബിഷപ്പ് ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചു.

അദ്ധ്യക്ഷ പ്രസംഗം

അദ്ധ്യക്ഷ പ്രസംഗത്തിൽ തിരുമേനി ഇങ്ങനെ പറഞ്ഞു. കേരളത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ സാമുദായിക നേതാക്കന്മാരും പങ്കെടുക്കുന്ന ഈ സമ്മേളനം കേരള ചരിത്രത്തിലെ അഭൂതപൂർവമായ ഒരു മഹാ സമ്മേളനമാണ്.

അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാതിരുമേനി സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും സന്ദേശവാഹകനായിട്ടാണു കേരളത്തിലേയ്ക്കു വന്നിരിക്കുന്നത്. ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ മാത്രമല്ല വിവിധ സമുദായങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ അവസാനിപ്പിച്ച് ഒരു ദേശീയ ഐക്യനിര സൃഷ്ടിക്കേണ്ടതാവശ്യമാണ്. ക്രൈസ്തവ സഭൈക്യത്തിനു വേണ്ടി കാലം ചെയ്ത ജോൺ മാർപ്പാപ്പാ തിരുമേനി ചെയ്ത സേവനങ്ങളെ പാറേക്കാട്ടിൽ തിരുമേനി അനുസ്മരിച്ചു.

മുഖ്യമന്ത്രി ശങ്കർ

വിദ്യാഭ്യാസരംഗം ഉൾപ്പെടെയുള്ള സാമൂഹ്യരംഗങ്ങളിൽക്കൂടി കേരളത്തിലെ ക്രൈസ്തവസഭ രാജ്യത്തിനു നൽകിയിട്ടുള്ള മഹത്തായ സേവനങ്ങളെ മുഖ്യമന്ത്രി ആർ. ശങ്കർ പ്രത്യേകം അഭിനന്ദിച്ചു. അദ്ദേഹം ചെയ്ത അനുമോദനപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. കേരളം എല്ലാത്തരത്തിലുള്ള സഹിഷ്ണുതയ്ക്കും പ്രത്യേകിച്ചു മതസഹിഷ്ണുതയ്ക്കും കീർത്തി കേട്ടിട്ടുണ്ട്. ചെറിയ ഈ സംസ്ഥാനത്തെപ്പോലെ വിഭിന്ന മതങ്ങൾ സൈ്വര്യമായിക്കഴിയുന്ന ചരിത്രം വേറെങ്ങും കാണുകയില്ല. വിവേകശാലികളും

വിശാല വീക്ഷണമുള്ളവരുമാണ് കേരളത്തിലെ ജനങ്ങൾ. മതത്തിന്റെ ലക്ഷ്യം ആദ്ധ്യാത്മികമാണെന്നും ദൈവം ഒന്നേയുള്ളൂ എന്നും അവർക്കറിയാം എന്ന താണു മതത്തിന്റെ പേരിൽ ഇവിടെ സംഘട്ടനമില്ലാത്തതിന്റെ കാരണം. ബാവാ തിരുമേനിയുടെ ആഗമനം മൂലം ഇവിടെ സംജാതമായിരിക്കുന്ന മഹ ത്തായ പ്രചോദനം സമുദായത്തിന്റെയും തദ്വാരാ രാജ്യത്തിന്റെയും നവോ ത്ഥാനത്തിനും അവരവരുടെ പങ്കു വഹിക്കുന്നതിനും ഇടയാക്കിത്തീർക്കട്ടെ.

യൂഹാനോൻ മാർത്തോമ്മാ

മലങ്കരസഭയിൽ അനുഗ്രഹാശ്ശിസ്സുകളുടെ മഹാമാരി സർവശക്തനായ ദൈവം വർഷിച്ചു കഴിഞ്ഞിരിക്കുകയാണെന്നു യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി പ്രസ്താവിച്ചു (പ്രസംഗവേളയിൽ മഴ പെയ്യു ന്നുണ്ടായിരുന്നു). തിരുമേനി തുടർന്നു:- ഒഴുക്കിന്റെ ഗതിക്കനുസരണമായി ഒഴുകാൻ കൂട്ടാക്കാതെ ഒഴുകേണ്ട ചാനലിലൂടെ ഗതി തിരിച്ചുവിടാൻ തയാ റായ മഹോന്നതനാണു പ. പാത്രിയർക്കീസ് ബാവാ തിരുമേനി. ഒരു വ്യാഴ വട്ടക്കാലത്തോളം മലങ്കരയിൽ താമസിച്ചു സഭയുടെ ആവശ്യങ്ങളും കഴിവും മനസ്സിലാക്കാൻ സാധിച്ചതുകൊണ്ടാണ് ഇങ്ങനെ ധീരമായ ഒരു നിലപാട് സ്വീകരിക്കാൻ തിരുമേനിക്കു കഴിഞ്ഞത്. ഇനിയും സഭയിലെ ഐക്യം സുദൃ ഢമാക്കേണ്ട കടമ ജനങ്ങളുടേതാണ്.

കോൺസ്റ്റാന്റിനോപ്പിൾ ഒഴികെയുള്ള മറ്റെല്ലാ സിംഹാസനങ്ങളുടെയും പ്രതിനിധികളുടെ സാന്നിദ്ധ്യം ക്രൈസ്തവ സഭയുടെ ഭാവിയിലേയ്ക്കാണു വിരൽ ചൂണ്ടുന്നതെന്നും തിരുമേനി പ്രസ്താവിച്ചു.

ബിഷപ്പ് ജോൺ

സി. എസ്. ഐ. ബിഷപ്പ് എം. എം. ജോൺ തിരുമേനി ചെയ്ത പ്രസംഗ ത്തിൽ കേരളത്തിലെ ക്രൈസ്തവസഭയ്ക്ക് ഇന്നൊരു പുണ്യദിനമാണെന്നു പ്രസ്താവിച്ചു.

ഒരു ഐക്യ മലങ്കരസഭയെ കാണാൻ കഴിഞ്ഞതിൽ തെന്നിന്ത്യാ സഭയ്ക്കു സംതൃപ്തിയുണ്ട്. പ. പാത്രിയർക്കീസ് ബാവായുടെ സന്ദർശനമാണ് ഈ ഐക്യം സാധ്യമാക്കിത്തീർത്തത്. കേരളത്തിൽ താമസിച്ചിരുന്ന തിരുമേനി അന്ത്യോഖ്യായിലേയ്ക്കു മടങ്ങുമ്പോൾ ഒരു പാത്രിയർക്കീസ് ബാവായായി മടങ്ങിവരട്ടെ എന്നു തന്റെ മുൻഗാമി ബിഷപ്പ് ജേക്കബ് തിരുമേനി ആശംസി ച്ചിരുന്നു. ആശംസ ഇന്നു സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. കാലംചെയ്ത കാതോലിക്കാബാവാ തിരുമേനി തനിക്കും തന്റെ മുൻഗാമിക്കും വജ്റഖചി തമായ മോതിരവും കുരിശുമാലയും സമ്മാനിച്ച കാര്യവും തിരുമേനി അനു സ്മരിച്ചു.

ഗോവിന്ദൻ നായർ

മന്ത്രി ശ്രീ. എം. പി. ഗോവിന്ദൻനായർ ഇങ്ങനെ പറഞ്ഞു. നിശ്ചയ

ദാർഢ്യം, സൗഹൃദം, സഹിഷ്ണുത എന്നിവയുടെ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നവീനാദ്ധ്യായം കേരളത്തിന്റെ ചരിത്രത്തിൽ എഴുതിച്ചേർത്ത സുദിനമാണിന്ന്. അഭിപ്രായവ്യത്യാസം നിലവിലിരുന്ന സഭയിൽ പൂർണ്ണ ഐക്യം പ്രഖ്യാപിക്കുന്ന സന്ദേശമാണിന്നു രാവിലെ ഇവിടെ കേട്ടത്. ഈ രാജ്യം നന്നാകണമെന്നാഗ്രഹിക്കുന്ന ഈശ്വരവിശ്വാസികൾക്ക് ആനന്ദം നൽകുന്ന സന്ദേശമാണിത്.

പാത്രിയർക്കീസിന്റെ മറുപടി

മലങ്കരസഭയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടതുകൊണ്ട് താൻ സമാധാനദൗത്യം അവസാനിപ്പിക്കുകയില്ലെന്നും ക്രൈസ്തവലോകത്തിന്റെ മുഴുവൻ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണെന്നും അന്ത്യോഖ്യായുടെ പ. ഇഗ്നാത്യോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമേനി മലങ്കരസഭ നൽകിയ മംഗളപത്രത്തിനു മറുപടിയായി പ്രസ്താവിച്ചു. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയാണ് മംഗളപത്രം വായിച്ചു സമർപ്പിച്ചത്. മലങ്കരസഭയിൽ സമാധാനം ഉണ്ടായതിൽ അങ്ങേയറ്റത്തെ ചാരിതാർത്ഥ്യമുണ്ടെന്നും പ. പാത്രിയർക്കീസ് ബാവാ തിരുമേനി പറഞ്ഞു. ഒറ്റക്കെട്ടായി നിന്ന് രാജ്യത്തിന്റെ പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കാനുള്ള നാനാ ജാതി മതസ്ഥരായ ജനങ്ങളുടെ സന്നദ്ധതയാണ് ഇന്നത്തെ യോഗത്തിലൂടെ അവർ പ്രകടമാക്കിയിരിക്കുന്നത്. അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ട ചുമതല നമുക്കുണ്ട്.

ക്രൈസ്തവ ഐക്യത്തിനുവേണ്ടി മറ്റു സഭാ മേലധ്യക്ഷന്മാരുമായും നാം കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളുടെ ലക്ഷ്യപ്രാപ്തിയിൽ നാം ഒരിക്കലും ഉദാസീനത കാണിച്ചിട്ടില്ല. ഇക്കഴിഞ്ഞ വത്തിക്കാൻ സുന്നഹദോസിലേയ്ക്ക് നാം പ്രതിപുരുഷനെ അയയ്ക്കുകയുണ്ടായി. മാർപ്പാപ്പാ തിരുമേനിയുമായും എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്.

മാർപ്പാപ്പാ തിരുമേനിയിൽ നിന്നും രണ്ടാഴ്ച മുമ്പ് നമുക്കൊരു കത്തു ലഭിച്ചിരുന്നു. അതിൽ ഇരുസഭകളും തമ്മിലുള്ള സാഹോദര്യബന്ധം വ്യക്തമാക്കിയിട്ടുണ്ട്. ആദിമനൂറ്റാണ്ടു മുതൽ അറിയപ്പെട്ടിരുന്ന പ. പാത്രിയർക്കീസ് സിംഹാസനങ്ങളിൽ ഒന്നാമത്തേത് അന്ത്യോഖ്യയുടേതായിരുന്നുവെന്നും പ. ബാവാ തിരുമേനി ചൂണ്ടിക്കാട്ടി.

കാതോലിക്കാബാവായുടെ മറുപടി

പാത്രിയർക്കീസ്ബാവാ തിരുമനസ്സിലെ സന്ദർശനത്തോടെ മലങ്കരസഭയിൽ സംസ്ഥാപിതമായിട്ടുള്ള സമാധാനം ശാശ്വതമായി നിലനിറുത്തുവാൻ സഭാംഗങ്ങൾ ഒന്നടങ്കം അകമഴിഞ്ഞ ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്നു കാതോലിക്കാബാവാ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ തിരുമേനി തനിക്കു നൽകിയ അനുമോദനത്തിനു മറുപടിയായി പ്രസ്താവിച്ചു.

കാതോലിക്കാബാവാതിരുമേനി ഇങ്ങനെ തുടർന്നു പറഞ്ഞു. പരിശുദ്ധ പാത്രിയർക്കീസുബാവാ തിരുമേനിയുടെ സന്ദർശനത്തോടെ എല്ലാമായി എന്നു വിചാരിച്ചു നാം അലസരായിക്കൂടാ. സഭാസമാധാനത്തെ മുമ്പെന്ന ത്തേക്കാളും സുദൃഢമാക്കിത്തീർക്കുന്നതിനുള്ള കർമ്മപരിപാടികളുമായി ഇനിയുമാണ് നാം മുമ്പോട്ടു പോകേണ്ടിയിരിക്കുന്നത്. മലങ്കര സുറിയാനി ക്കാർ മാത്രമല്ല മലയാളികളെല്ലാം വഴക്കാളികളാണെന്ന പേരു പണ്ടേയുണ്ട്. പക്ഷേ, സ്നേഹത്തിന്റെ മായാശക്തിക്ക് എല്ലാ പ്രശ്നങ്ങളേയും അവസാ നിപ്പിക്കുന്നതിനു കഴിയും. കുമ്മായം ചേർത്തു കല്ലുകൾ അടുക്കിവച്ചു മന്ദിരം പണിയുന്നതുപോലെ സ്നേഹമാകുന്ന കുമ്മായം ഉപയോഗിച്ച് ശക്തിമ ത്തായ ഒരു പുതിയ സമുദായസൗധം നമുക്കു പടുത്തുയർത്താം.

പ. പാത്രിയർക്കീസ് ബാവാതിരുമേനി മടങ്ങിപ്പോകുന്നതോടെ പല വ്യാഖ്യാനങ്ങളും ഇനിയും ഉണ്ടായെന്നു വരാം. പക്ഷേ, പ. പാത്രിയർക്കീസ് ബാവാതിരുമേനിയുടെ പരിശുദ്ധമായ സാന്നിദ്ധ്യംകൊണ്ടു സംജാതമായി ട്ടുള്ള സമാധാനത്തെ ഇല്ലായ്മ ചെയ്യുവാൻ നാം ഒരിക്കലും അനുവദിക്ക രുത്.

അധികാരം എപ്പോഴും മുൾക്കിരീടമാണെന്നാണ് അനുഭവം പഠിപ്പിക്കു ന്നത്. ആത്മീയ മക്കളായ നിങ്ങളുടെ പ്രാർത്ഥനകൾ വഴി ബലഹീനനായ എന്നെ ദൈവം ശക്തനാക്കിത്തീർക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. എല്ലാ വരുടെയും പ്രാർത്ഥനകളും ഉപദേശങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് തിരുമേനി പ്രസംഗം ഉപസംഹരിച്ചു.

പ. പാത്രിയർക്കീസ് ബാവാതിരുമേനിയെ അനുഗമിക്കുന്ന തിരുമേനിമാർ, എത്യോപ്യൻ ചക്രവർത്തിയുടെ പ്രതിനിധി ബ്ളാട്ടോ മഴ്സി ഹസ്സൻ കാർക്കോസ്സ്, അർമ്മീനിയൻ ആർച്ചുബിഷപ്പ് അബ്രഹാമിയൻ, എത്യോപ്യൻ സഭാപ്രതിനിധി അബൂനാ തെയോഫിലോസ്, മന്ത്രിമാരായ ഇ. പി. പൗലൂസ്, റ്റി. എ. തൊമ്മൻ, ജില്ലാ കലക്ടർ പി. ജി. മുരളീധരൻ, മലങ്കരയിലെ തിരുമേ നിമാർ തുടങ്ങിയവർ അദ്ധ്യക്ഷവേദിയിൽ സന്നിഹിതരായിരുന്നു.

കേന്ദ്രമന്ത്രി ശ്രീ എ. എം. തോമസ് സ്വാഗതവും ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി കൃതജ്ഞതയും പറഞ്ഞു.

ഫിലിം ചെയ്തു

ആലപ്പുഴ ഉദയാ സ്റ്റുഡിയോക്കാർ, സ്ഥാനാരോഹണച്ചടങ്ങുകളും എതി രേല്പു ഘോഷയാത്രയും ഫിലിം ചെയ്തിരുന്നു. അഖിലേന്ത്യാ റേഡിയോ യുടെ തിരുവനന്തപുരം നിലയം നടപടികൾ റിക്കാർഡ് ചെയ്തു.

ജനലക്ഷങ്ങളെ നിയന്ത്രിക്കുന്നതിൽ ഡി. എസ്. പി. ശ്രീ. ബാലഗംഗാ ധരമേനോന്റെയും ഡി. വൈ. എസ്. പി. ശ്രീ. കെ. വി. ഉമ്മന്റെയും നേതൃത്വ ത്തിൽ പോലീസ് നിർവഹിച്ച സേവനവും ജില്ലാ ഹോംഗാർഡ്സ്, സ്ക്കൗട്ട്സ്

എന്നിവരുടെ സേവനവും എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു.

ഹാരാർപ്പണം

അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടരായിരുന്ന പ. ബാവാ തിരുമേനിമാരെ മന്ത്രി ഇ. പി. പൗലൂസ്, ഫാ. വി. എം. ഗീവറുഗീസ്, മെ. സി. ജെ. കുര്യൻ, ഈപ്പൻ തോമസ് പാലാമ്പടം, മനോരമ ചീഫ് എഡിറ്റർ കെ.എം. ചെറിയാൻ, ഈ. ജെ. ജോസഫ്, ഡോ. ചാക്കോ ജോർജ്, കുര്യൻ ഉതുപ്പ് കരയോരം, റ്റി. പി. പീലിപ്പോസ്, പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, ഇട്ടി കുര്യൻ, ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ചീഫ് എൻജിനീയർ ശ്രീ. വി. എം. മാത്യു, എൻജിനീയർ ശ്രീ. കെ. സി. ജോർജ് തുടങ്ങിയവർ ഹാരമണിയിച്ചു. പ. കാതോലിക്കാബാവാ തിരുമേനിക്ക് അനുമോദനങ്ങൾ നേർന്നുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സഭാ മേലദ്ധ്യക്ഷന്മാരയച്ചിരുന്ന സന്ദേശങ്ങൾ ഫാ. കെ. ഫീലിപ്പോസ് വായിച്ചു.

ഘോഷയാത്ര

ദേവലോകം കാതോലിക്കേറ്റ് അരമനയിലേയ്ക്കുള്ള ഘോഷയാത്ര 5.45-ന് ആരംഭിച്ചു. വാദ്യമേളങ്ങളോടുകൂടിയ ഘോഷയാത്രയിൽ പൊൻ, വെള്ളി കുരിശുകളുടേയും മുത്തുക്കുടകളുടേയും പിന്നിലായി കമനീയമായി അലങ്കരിച്ചിരുന്ന ഒരു രഥത്തിൽ പ. പാത്രിയർക്കീസ് ബാവാതിരുമേനിയും പ. കാതോലിക്കാ ബാവാതിരുമേനിയും ഉപവിഷ്ടരായിരുന്നു. കോട്ടയത്തെ കൊമേർഷ്യൽ ആർട്ട് സെന്ററാണ് മനോഹരമായ ഈ രഥം നിർമ്മിച്ചത്.

എം. ഡി. സെമിനാരിയിൽ നിന്നു മുക്കാൽ മണിക്കൂറു കൊണ്ടാണ് ഘോഷയാത്ര കാതോലിക്കേറ്റ് അരമനയിൽ എത്തിച്ചേർന്നത്.

ചെറിയൊരു മഴയുണ്ടായിരുന്നിട്ടു കൂടി ആയിരക്കണക്കിനു ഭക്തജനങ്ങളും അനേകം വാഹനങ്ങളും ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു.

കഞ്ഞിക്കുഴി അസൻഷൻ ചർച്ചിന്റെ മുമ്പിൽ വച്ച് മദ്ധ്യകേരള മഹായിടവകയുടേയും അസൻഷൻ ചർച്ചിന്റെയും വകയായി തിരുമേനിമാർക്ക് സ്വീകരണം നൽകപ്പെട്ടു. വികാരി റവ. എം. സി. മാണിയും ചർച്ചു കമ്മിറ്റിയംഗങ്ങളും തിരുമേനിമാർക്ക് ഹാരങ്ങളർപ്പിക്കുകയും ബൊക്കെകൾ നൽകുകയും ചെയ്തു.

കണ്ടച്ചിറ സ്റ്റോഴ്സിന്റെ വകയായും ഹാരങ്ങളർപ്പിക്കപ്പെട്ടു. ആലക്തിക ദീപങ്ങളാൽ അലംകൃതമായിരുന്ന കാതോലിക്കേറ്റ് അരമനയിലേയ്ക്ക് 6.30-നു തിരുമേനിമാർ പ്രവേശിച്ചു.

അരമനച്ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം പ. തിരുമേനിമാർ കാലം ചെയ്ത പ. കാതോലിക്കാബാവാ തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.

പുതിയ അരമനയിൽ നിന്നുകൊണ്ടു പ. പാത്രിയർക്കീസു ബാവാതിരുമേനി ഭക്തജനങ്ങൾക്കു വാഴ്വു നൽകി. തുടർന്നു നടന്ന ഗംഭീരമായ വെടിക്കെട്ടു തിരുമേനിമാർ അരമനയുടെ മട്ടുപ്പാവിലിരുന്നുകൊണ്ടു ദർശിച്ചു. കേന്ദ്രമന്ത്രി എ. എം. തോമസും സന്നിഹിതനായിരുന്നു.

മലങ്കരസഭ ഇനിയുമാണു പ്രവർത്തിക്കേണ്ടത്

പാത്രിയർക്കീസ് ബാവാ സമാധാനശിൽപ്പി: മന്ത്രി എ. എം. തോമസിന്റെ പ്രസംഗം

കോട്ടയം, മെയ് 22 – മലങ്കരസഭ കലഹങ്ങൾ മൂലം പത്തു പഞ്ചവൽസര പദ്ധതികളുടെ കാലഘട്ടം നഷ്ടപ്പെടുത്തിയതിനാൽ ഇനിയുമാണു കാര്യമായി പ്രവർത്തിക്കേണ്ടതെന്നു മന്ത്രി എ. എം. തോമസ് പ്രസ്താവിച്ചിരിക്കുന്നു.

മലങ്കരസഭാ സമാധാനത്തിന്റെ ശില്പിയായി പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ ഭാവിതലമുറ കാണുമെന്നും മന്ത്രി പറഞ്ഞു. സ്ഥാനാരോഹണത്തിനുശേഷം നടന്ന സ്വീകരണയോഗത്തിൽ ചെയ്ത സ്വാഗത പ്രസംഗത്തിലാണദ്ദേഹം ഇപ്രകാരം പറഞ്ഞത്.

ശ്രീ. തോമസ് ഇങ്ങനെ തുടർന്നു:- ഒരു വ്യാഴവട്ടക്കാലം ഇവിടെ താമസിച്ചിരുന്ന പ. പിതാവിനു കേരളത്തിലെ പൗരത്വമുണ്ട്. അതായതു പ. പത്രോസിന്റെ സിംഹാസനത്തിൽ വാഴുന്ന പ്രഥമ മലയാളിയാണ് ഈ പാത്രിയർക്കീസ് തിരുമേനി എന്നു പറയാം.

മലങ്കരസഭയിലെ ഭിന്നതകൾ അര നൂറ്റാണ്ടുകാലം നീണ്ടുനിന്നുവെങ്കിലും അന്ത്യോക്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ ഭക്തിക്കോ, ബഹുമാനത്തിനോ സ്നേഹത്തിനോ യാതൊരു കുറവും സംഭവിച്ചിരുന്നില്ല. അന്ത്യോക്യാ സിംഹാസനവും മലങ്കരയുമായുള്ള ബന്ധം സുദൃഢമാക്കുക മാത്രമല്ല അതു ലോകാവസാനത്തോളം നിലനിൽക്കത്തക്കവിധം അരക്കിട്ടുറപ്പിക്കുകയാണു പ. പാത്രിയർക്കീസ് ബാവാ തിരുമേനി ചെയ്തിരിക്കുന്നത്.

ഇന്നു കാതോലിക്കായായി വാഴിക്കപ്പെട്ട പ. ബസ്സേലിയോസ് ഔഗേൻ ഒന്നാമൻ തിരുമേനി തികച്ചും ദൈവദത്തമായ കിരീടമാണ് അണിഞ്ഞിരിക്കുന്നത്. ദൈവഭക്തിയുടെയും വിനയത്തിന്റെയും കാര്യത്തിൽ ബാവാ തിരുമേനി മറ്റാരുടെയും പിന്നിലല്ല. സഭയിൽ സമാധാനം പുനഃസ്ഥാപിക്കാൻവേണ്ടി തിരുമേനി നടത്തിയിട്ടുള്ള ആത്മാർത്ഥമായ ശ്രമങ്ങളുടെ പ്രതിഫലമാണിന്നു തിരുമേനിക്കു ലഭിച്ചത്.

ഇനിയും പ്രവർത്തിക്കണം

പ. പാത്രിയർക്കീസ് ബാവാ എഴുന്നള്ളി, സമാധാനം നിലവിൽ വന്നു. ഇനിയുമാണു നാം സഭയ്ക്കു വേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നത്. പത്തു പഞ്ചവൽസരപദ്ധതികളുടെ കാലഘട്ടം കലഹത്തിലൂടെ നാം നഷ്ടപ്പെടുത്തി. അതുകൊണ്ടു ക്രൈസ്തവസഭയുടെ ചുമതലകൾ നാം നല്ലതുപോലെ മനസ്സിലാക്കി മറ്റു സഹോദരീസഭകളെയും മതവിഭാഗക്കാരെയും കൂട്ടുപിടിച്ചു മുന്നോട്ടു പോകുകയാണു വേണ്ടതെന്നും ശ്രീ. തോമസ് പറഞ്ഞു.

രണ്ടു സ്ഥാനാരോഹണങ്ങൾ നടന്ന ഏലിയാ ചാപ്പൽ

കോട്ടയം, മെയ് 22: 35 വർഷങ്ങൾക്കുശേഷം രണ്ടാമതൊരു കാതോലിക്കാ സ്ഥാനാരോഹണ ചടങ്ങുകൾക്കു രംഗമായിത്തീരുന്നതിനുള്ള ഭാഗ്യം കോട്ടയം മാർ ഏലിയാ ചാപ്പലിന് ഇന്നുണ്ടായിരിക്കുന്നു.

നാലാമത്തെ പൗരസ്ത്യ കാതോലിക്കായുടെ സ്ഥാനാരോഹണം ഇന്നു രാവിലെ ഇവിടെ വച്ചു നടന്നു. മൂന്നാം കാതോലിക്കാ സ്ഥാനാരോഹണവും ഇവിടെവച്ചായിരുന്നു നടന്നത്. 35 വർഷങ്ങൾക്കു മുമ്പ് ഒരു വ്യാഴാഴ്ച ദിവസം. 1929 ഫെബ്രുവരി 14-ാം തീയതി വ്യാഴാഴ്ച. അത്യാഡംബരപൂർവ്വം നടന്ന മൂന്നാം കാതോലിക്കാ സ്ഥാനാരോഹണച്ചടങ്ങിൽ ഇരുപതിനായിരത്തിൽപ്പരം ആളുകളും, മുന്നൂറിൽപ്പരം വൈദികരും സംബന്ധിച്ചിരുന്നു.

ഒന്നാമത്തെ കാതോലിക്കാ സ്ഥാനാരോഹണം 1912-ലും, രണ്ടാമത്തെ കാതോലിക്കാ സ്ഥാനാരോഹണം 1925 മേടത്തിലുമാണ് നടന്നത്.

മൂന്നാം കാതോലിക്കാ സ്ഥാനാരോഹണത്തിന് ഏലിയാ ചാപ്പൽ പരിസരത്തു വിപുലമായ സജ്ജീകരണങ്ങളാണു ചെയ്തിരുന്നത്. 1929 ഫെബ്രുവരി 16-ലെ മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കാതോലിക്കാ സ്ഥാനാരോഹണ റിപ്പോർട്ടിന്റെ ഒരു ഭാഗം ചുവടെ ചേർക്കുന്നു:

"മാർ ഏലിയാ ചാപ്പലിനു പടിഞ്ഞാറു വശത്തു പശ്ചിമാഭിമുഖമായി കെട്ടിയിട്ടുള്ള പ്രധാന പന്തലിനു 150 അടി നീളവും 120 അടി വീതിയുമുണ്ട്. കിഴക്കു ഭാഗം മദ്ധ്യത്തിൽ പള്ളിയുടെ മദ്ബഹാ സ്ഥാനത്ത് 24 അടി സമചതുരത്തിൽ മൂന്നുമൂന്നരയടി ഉയരത്തിൽ സ്ഥാനാഭിഷേകമണ്ഡപം പടുത്തുയർത്തിയിരിക്കുന്നു."

വീണ്ടുമൊരു കാതോലിക്കാ സ്ഥാനാരോഹണത്തിന് ഏലിയാ ചാപ്പൽ 35 കൊല്ലങ്ങൾക്കുശേഷം അണിഞ്ഞൊരുങ്ങി. സഭയുടെ വർദ്ധിച്ച ജനസംഖ്യയ്ക്കനുസരണമായി ഇന്നത്തെ ഒരുക്കങ്ങൾക്കു വൈപുല്യം വർദ്ധിച്ചിരുന്നുവെന്നു മാത്രം. അതേ സ്ഥാനത്തു പശ്ചിമാഭിമുഖമായിത്തന്നെയാണു പന്തലും, സ്ഥാനാരോഹണ മണ്ഡപവും ഇത്തവണയും പണിതിരുന്നത്.

മഹാഭാഗ്യം

ങ്ഊം... ദൈവമേ, രണ്ടാമതും ഈ പുണ്യകർമ്മത്തിൽ സംബന്ധിക്കുവാനുള്ള ഭാഗ്യമുണ്ടായല്ലോ...., പുറകിൽ ഒരു ദീർഘനിശ്വാസവും, വിറയാർന്ന ഒരു ശബ്ദവും. കാതോലിക്കാ സ്ഥാനാരോഹണച്ചടങ്ങുകൾ അവസാനിച്ചപ്പോൾ കൂപ്പുകൈകളുമായി നിൽക്കുന്ന ഒരു വൃദ്ധനിൽ നിന്നാണാ ശബ്ദമുയർന്നത്. ഭക്ത്യാദരവുകൾകൊണ്ട് അർദ്ധനിമീലിതങ്ങളായിരുന്ന ആ വൃദ്ധനയനങ്ങളിൽ ആനന്ദാശ്രു നിറഞ്ഞിരുന്നു. മൂന്നാം കാതോലിക്കാ സ്ഥാനാരോഹണത്തിൽ സംബന്ധിച്ച ആ വൃദ്ധൻ, നാലാം കാതോലിക്കാ സ്ഥാനാരോഹണത്തിലും സംബന്ധിക്കുവാനുള്ള ഭാഗ്യം ലഭിച്ചതിന് ദൈവത്തെ സ്തുതിക്കുകയായിരുന്നു.

“അന്നിത്രേമൊന്നും മനുഷേരില്ലായിരുന്നു, എന്നാലും ചടങ്ങു ഗംഭീരമായിരുന്നു.” അന്നത്തേയും, ഇന്നത്തേയും ചടങ്ങുകൾ തമ്മിൽ തട്ടിച്ചു നോക്കിയിട്ടെങ്ങനെയിരിക്കുന്നുവെന്നുള്ള എന്റെ ചോദ്യത്തിന് ആ വൃദ്ധൻ നൽകിയ മറുപടി ഇതായിരുന്നു. ഇന്ന് 60 വയസ്സു പ്രായമുള്ള അദ്ദേഹം തന്റെ 25-ാമത്തെ വയസ്സിലാണു മൂന്നാം കാതോലിക്കാ സ്ഥാനാരോഹണത്തിനു ദൃക്സാക്ഷിയായത്.

മരത്തിലും മട്ടുപ്പാവിലും

ഒരു വമ്പിച്ച ജനാവലി പങ്കെടുത്ത സ്ഥാനാരോഹണച്ചടങ്ങുകൾ കാണാൻ പന്തലിനുള്ളിൽ സ്ഥാനം ലഭിക്കാതിരുന്ന ഒരു നല്ല സംഖ്യ ആളുകൾ അടുത്തുള്ള ഉയർന്ന കെട്ടിടങ്ങളിൽ നിലയുറപ്പിച്ചിരുന്നു. എം.ഡി. സെമിനാരി മൈതാനത്തിനു ചുറ്റും നിന്നിരുന്ന മരങ്ങളുടെ ചില്ലകളിലും ഈ പുണ്യകർമ്മം കാണുന്നതിന് ആളുകൾ കയറിപ്പറ്റിയിരുന്നു.

ഇന്നത്തെ പൊള്ളുന്ന വെയിൽ കച്ചവടക്കാർക്ക് അനുകൂലമായിരുന്നു. പാനീയങ്ങൾക്കു നല്ല വിൽപന നടന്നു. ഒരു ഗ്ലാസു വെള്ളത്തിനു 6 ന.പ. കൊടുക്കേണ്ടി വന്നു.

സംഭാര സംഭാവന

സ്ഥാനാരോഹണച്ചടങ്ങുകളിൽ സംബന്ധിക്കാനെത്തിയവർക്കു മലയാള മനോരമയുടെ വകയായി മനോരമ അങ്കണത്തിൽ വച്ചു സൗജന്യമായി മോരും വെള്ളം നൽകുകയുണ്ടായി. 30 പറ തൈരു കലക്കിയ സംഭാരം വിതരണം ചെയ്യപ്പെട്ടു. രാവിലെ പത്തരമണിയോടുകൂടി ആരംഭിച്ച സംഭാര വിതരണം മൂന്നര മണി വരെ നീണ്ടുനിന്നു.

കോട്ടയം നഗരത്തിലെ കടകൾക്ക് ആകസ്മികമായ ചില വ്യതിയാനങ്ങൾ സംഭവിക്കുകയുണ്ടായി. ഇന്നലെവരെ പലചരക്കു വ്യാപാരം നടത്തിയിരുന്ന

ചില കടകൾ ഇന്നു സുപ്രഭാതത്തിൽ ഹോട്ടലായി മാറുകയുണ്ടായി. ഹോട്ട ലുകളിലെല്ലാം തന്നെ ഒരു വമ്പിച്ച ജനക്കൂട്ടത്തെ പ്രതീക്ഷിച്ചുള്ള തയ്യാറെ ടുപ്പുകൾ നടന്നിരുന്നു.

ഒരു ചരമം

സ്ഥാനാരോഹണത്തിനു ശേഷം വൈകുന്നേരത്തെ സമ്മേളനത്തിനു മുമ്പ് ഉച്ചയ്ക്കു രണ്ടര മണിയോടുകൂടി, സ്ഥാനാരോഹണച്ചടങ്ങു കാണാനെത്തിയ വാഴൂർ സ്വദേശിയായ ഒരാൾ മൃതിയടയുകയുണ്ടായി. കള്ളവയലിൽ പുത്തൻ വീട്ടിൽ കുഞ്ഞ് (38) എന്നയാളാണു മരണമടഞ്ഞത്. വിശ്രമാർത്ഥം ഇയാൾ പന്തലിലിരിക്കുകയായിരുന്നു. പെട്ടെന്ന് ഒന്നു കിടക്കണമെന്നു തോന്നി. അവിടെ കിടന്നു. ഏതോ അസുഖം തോന്നി. അടുത്തൊരു വീട്ടിൽ കയറി. അവിടെ വച്ചാണു മരിച്ചത്. മൃതദേഹം മലയാള മനോരമ വക വാനിൽ റോവർ സ്കൗട്സിന്റെ സഹകരണത്തോടുകൂടി വാഴൂർക്കു കൊണ്ടുപോയി.

ഒരു വ്യാഴവട്ടക്കാലം

മൂന്നാമത്തെ കാതോലിക്കാ ഗീവറുഗീസ് ദ്വിതീയൻ ബാവാ 1964 ജനു വരി 3-ാം തീയതി കാലം ചെയ്തതിനാൽ 1962 മെയ് 17-ാം തീയതി മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരുന്ന ഔഗേൻ മാർ തിമോത്തിയോസ് മലങ്കര മെത്രാപ്പോലീത്തായായി ചാർജ്ജെടുത്തു. അന്ന് എം.ഡി. സെമിനാ രിയിൽവച്ച് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ചെയ്ത ചരമ പ്രസം ഗത്തിൽ "ന്യായത്തിനും സത്യത്തിനും പ്രമാണത്തിനും നീതിക്കും വേണ്ടി നിലനിന്ന കാലംചെയ്ത തിരുമേനിയുടെ കാലടികൾ വിശ്വാസസ്ഥിരതയോ ടുകൂടി പിന്തുടരുമെന്നു" പ്രഖ്യാപിച്ചിരുന്നു. ആ സത്യപ്രതിജ്ഞ അദ്ദേഹം ജീവിതത്തിൽ നിറവേറ്റുകയും ചെയ്തു.

മലങ്കര മെത്രാപ്പോലീത്തായായി ചാർജെടുത്ത് മലങ്കരസഭയിലെ വൈകാ രിക ഐക്യം പോഷിപ്പിക്കുന്നതിനും സമ്പൂർണ്ണ സമാധാനത്തിനുള്ള വില ങ്ങുതടികൾ നീക്കുന്നതിനും പാത്രിയർക്കീസ് ബാവായെ ഹൂദായ കാനോ നിലെ വ്യവസ്ഥയെ മാനിച്ചുകൊണ്ട് ക്ഷണിക്കുന്നതിനും കാതോലിക്കാവാ ഴ്ചയിൽ പങ്കെടുപ്പിക്കുന്നതിനും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അന്നത്തെ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണ വേളയിൽ വ്യവസ്ഥയനുസരിച്ച് കാതോലിക്കായെ ക്ഷണിച്ചിരുന്നില്ലെങ്കിലും അതെല്ലാം വിസ്മരിച്ചുകൊണ്ട് 1958 -ലെ പരസ്പര സ്വീകരണത്തിന്റെ വെളിച്ചത്തിലാ യിരിക്കണം മലങ്കര സുന്നഹദോസ് കേസുകൾക്ക് അന്തിമവിരാമം ഇടുന്ന തിനും സമാധാനത്തിനു സമ്പൂർണ്ണഭദ്രത ലഭിക്കുന്നതിനും വേണ്ടി പാത്രി യർക്കീസ് ബാവായെ ക്ഷണിച്ചതെന്നു കരുതപ്പെടുന്നു. മലങ്കര സുന്നഹ ദോസിന്റെ ക്ഷണമനുസരിച്ച് പാത്രിയർക്കീസ് ബാവായും മൂന്നു മെത്രാന്മാരും

മലങ്കരയിൽ എത്തുമെന്ന് 1964 ഫെബ്രുവരിയിൽ ഉറപ്പായി. എന്നാൽ പാത്രിയർക്കീസ് വരാതിരിക്കുന്നതിനും ചില തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും മുൻ പാത്രിയർക്കീസ് ഭാഗത്തെ ചില പ്രമാണികൾ ശ്രമിച്ചുവെന്നും അത് പരാജയപ്പെട്ടുവെന്നും പിന്നീട് വ്യക്തമായി.

മലങ്കരസഭയുടെ ചെലവിൽ ഇന്ത്യയിൽ എത്തിയ പാത്രിയർക്കീസ് ബാവായും മെത്രാന്മാരും ന്യൂഡൽഹിയിൽവച്ച് രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണനെ സന്ദർശിക്കുകയും കേരളത്തിൽ എത്തി ഒട്ടധികം സ്വീകരണ സല്ക്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. കാതോലിക്കായുടെ സ്ഥാനാരോഹണത്തിനു മുമ്പ് കാതോലിക്കോസിന്റെ അധികാരസീമയിൽപ്പെട്ട കുവൈറ്റ് മുതലായ പ്രദേശങ്ങളിന്മേലുള്ള അവകാശം പാത്രിയർക്കീസിനെ പിണക്കാതിരിക്കുന്നതിനുവേണ്ടി മലങ്കര സുന്നഹദോസ് ഉപേക്ഷിച്ച കാര്യം വളരെ വൈകി മാത്രമേ സഭാംഗങ്ങൾ അറിഞ്ഞുള്ളു. അവിടുത്തെ സമ്പന്നരായ മലയാളികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനം തുടരുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. പ്രായോഗിക തലത്തിൽ ഈ തീരുമാനത്തിന് അതെഴുതിയ കടലാസിന്റെ വില പോലുമില്ലെന്നാണ് അനുഭവങ്ങൾ തെളിയിച്ചത്. മലങ്കര സുന്നഹദോസംഗങ്ങളുടെ സഹകരണത്തോടുകൂടി നടന്ന കാതോലിക്കാ സ്ഥാനാരോഹണം ചരിത്രം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു. ഈ ചടങ്ങിൽ പാത്രിയർക്കീസ് ബാവായും ശീമയിൽ നിന്നു വന്ന മെത്രാന്മാരും മാത്രമേ സംബന്ധിച്ചിരുന്നുള്ളുവെന്ന് കാണിക്കാൻ ചില തല്പരകക്ഷികൾ ഫോട്ടോ വെട്ടി ബ്ലോക്കുണ്ടാക്കി പരസ്യപ്പെടുത്തിയത് ക്രൈസ്തവർ എന്ന നിലയിലുള്ള അവരുടെ അധഃപതനത്തിന്റെ ഒരു അടയാളമായി മാത്രം അവശേഷിക്കും. കാതോലിക്കാ സ്ഥാനാരോഹണം നേരിട്ടുകണ്ട് സന്തോഷിച്ച അനേകായിരം സഭാംഗങ്ങൾ ഇന്നും തെക്കും വടക്കും ജീവിക്കുന്നുണ്ട്. ക്യാമറ കള്ളം പറഞ്ഞാലും കണ്ണുകൾ അടയ്ക്കാനാവില്ലല്ലോ. കാതോലിക്കാ സ്ഥാനാരോഹണത്തോടെ മലങ്കര ഓർത്തഡോക്സ് സഭയിൽ ഉണ്ടായിരുന്ന ഇരുവിഭാഗങ്ങളും പരിപൂർണ്ണമായും ഒന്നായി. കാതോലിക്കാ സ്ഥാപനം സഭ മുഴുവന്റേതുമായി. ഇവിടെ 1912-ൽ സ്ഥാപിച്ച കാതോലിക്കാ സിംഹാസനം അബ്ദുള്ള പാത്രിയർക്കീസും പിൻഗാമികളും അംഗീകരിച്ചില്ല. അതുപോലെതന്നെ ഇവിടെ വാണിരുന്ന കാതോലിക്കാമാരും അവരെ അനുസരിച്ചവരും അന്ത്യോക്യാ പാത്രിയർക്കീസുമാരെയും അംഗീകരിച്ചില്ല. ഈ പരസ്പര എതിർപ്പ് എന്നന്നേക്കുമായി മാറി എന്ന് എല്ലാവരും വിശ്വസിക്കുകയും ചെയ്തു. സഭ ഒട്ടുക്ക് അംഗീകരിക്കുന്ന പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും ഉണ്ടായതിനാൽ സഭയിലെ “ഞങ്ങളും” “നിങ്ങളും” അപ്രത്യക്ഷമായി. 1958-ൽ പാത്രിയർക്കീസ് ബാവാ സമാധാന കല്പന പുറപ്പെടുവിച്ചപ്പോൾ അത് അതേപടി അംഗീകരിക്കാൻ വിസമ്മതിച്ചവരും പാത്രിയർക്കീസ് ബാവായുടെ പ്രസംഗം കേട്ടപ്പോൾ കാതോലിക്കായുടെ അനുയായികളായി മാറിപ്പോയിരിക്കണം.

“മലങ്കരയിൽ ഉണ്ടായിരിക്കുന്ന സമാധാനം നിങ്ങൾ മുറുകെ പിടിക്കണം. അതായിരിക്കും എനിക്ക് നല്കാവുന്ന നിങ്ങളുടെ ഏറ്റവും അഭികാമ്യമായ പാരിതോഷികം. സർവ്വോപരി വിശുദ്ധ ജീവിതം നയിക്കുകയും വേണം. മലങ്കരസഭയിൽ പണ്ടുണ്ടായിരുന്ന കലഹത്തെപ്പറ്റി ഇനിയും ചിന്തിക്കുകയോ അതേച്ചൊല്ലി എന്തെങ്കിലും പറഞ്ഞു വഴക്കുണ്ടാക്കുകയോ ചെയ്യുന്നതു കൊണ്ട് നമ്മുടെ സഭയ്ക്കോ സഭയിൽ ആർക്കെങ്കിലുമോ യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കഴിഞ്ഞ കാര്യങ്ങൾ പറഞ്ഞു വഴക്കുകൾ കുത്തിപ്പൊക്കുവാൻ ശ്രമിക്കുന്നവർക്ക് ലോത്തിന്റെ ഭാര്യയ്ക്കുണ്ടായ അനുഭവം - ഉപ്പുതൂണായിത്തീർന്ന അനുഭവം - ഉണ്ടാകും.” കോട്ടയം സിംഹാസനപ്പള്ളിയിൽ പാത്രിയർക്കീസ്ബാവാ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗമാണിത്. സഭാ സമാധാനം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ പഴയ കാര്യങ്ങളിലേക്കും മുമ്പുണ്ടായിട്ടുള്ള അസുഖങ്ങളിലേക്കും കേസ്സുകളിലേക്കും പരസ്പരം ചെയ്തിട്ടുള്ള ദ്രോഹങ്ങളിലേക്കും കണ്ണോടിക്കുമ്പോൾ പിന്നെയും വിരുദ്ധതയിലേക്കും അസുഖങ്ങളിലേക്കും പോകാനേ മനുഷ്യനു തോന്നുകയുള്ളു. അതുകൊണ്ട് ലോത്തിന്റെ ഭാര്യയുടെ കാര്യം അനുസ്മരിപ്പിച്ചത് വളരെ നന്നായി. എന്നിട്ടും “ലോത്തിന്റെ ഭാര്യമാരായി” ചിലർ സഭയിൽ തലയുയർത്തി എന്നത് നിർഭാഗ്യകരമെന്നേ പറയേണ്ടതുള്ളു.

ഔഗേൻ ബാവായ്ക്ക് ഭാരമേറിയ ചുമതലകളാണു വഹിക്കേണ്ടിവന്നത്. അദ്ദേഹത്തിന്റെ മുൻഗാമികൾക്ക് ഒരു വിഭാഗത്തിന്റെ അഭിപ്രായങ്ങൾ ആദരിച്ചുമാത്രം പ്രവർത്തിച്ചാൽ മതിയായിരുന്നു. എന്നാൽ വിഭിന്ന ചിന്താഗതികളിൽ തഴമ്പിച്ച രണ്ടു കൂട്ടരുടെ വൈകാരിക ഐക്യം സാധിക്കുന്ന കാര്യം ശ്രമസാദ്ധ്യമായ ഒന്നായിരുന്നു. ചില കാര്യങ്ങൾ പറയാതെ വിടണം. എല്ലാ സത്യങ്ങളും പറയരുത്. പെരുമാറ്റത്തിലും പ്രവൃത്തിയിലും എല്ലാം വളരെ സൂക്ഷിച്ചു നീങ്ങേണ്ട ചുമതലയാണ് എൺപതോടടുത്ത പുതിയ കാതോലിക്കായുടെ ചുമലിൽ കയറിയത്. മുള്ളുകൾ നിറഞ്ഞ പാതയിലൂടെ സഞ്ചരിച്ച തിമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് മുള്ളുകളുടെ ഒരു കിടക്കതന്നെയായിരുന്നു കാതോലിക്കാ സ്ഥാനവും എന്നു പറയാം. മലങ്കരയിൽ ഉണ്ടായിരിക്കുന്ന ശാശ്വത സമാധാനം മൂലം സഭ സൃഷ്ടിപരമായ രംഗങ്ങളിൽക്കൂടി അഭിവൃദ്ധിപ്പെടട്ടെ എന്ന ശുഭാശംസകളോടെയാണു പാത്രിയർക്കീസ് ബാവാ മലങ്കര വിട്ടത്. അതുകൊണ്ട് സഭയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ അന്യൂനം തുടരുന്നതിനുള്ള അന്തരീക്ഷം സംജാതമായിരുന്നു.

ഔഗേൻ കാതോലിക്കാബാവാ ചുമതല ഏല്ക്കുന്നതിനു മുമ്പുതന്നെ സഭയുടെ പ്ലാനിംഗ് കമ്മിറ്റി രൂപം നല്കിയ പരിപാടികൾ പുരോഗമിച്ചുകൊണ്ടിരുന്നു. ഇതര ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെട്ടുവന്നു. 1963 ജൂലൈ മാസത്തിൽ അലക്സിസ് പാത്രിയർക്കീസിന്റെ മെത്രാൻ സ്ഥാനാഭിഷേക കനകജൂബിലിയിൽ സംബന്ധിക്കാൻ മാത്യൂസ് മാർ

അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാർ റഷ്യൻ സഭയുടെ ആതിഥ്യം സ്വീകരിച്ചു മോസ്കോയും മറ്റും സന്ദർശിച്ചു. കാതോലിക്കേറ്റ് സെൻട്രൽ ഓഫീസ് ആധുനിക നിലയിൽ സംഘടിപ്പിക്കുന്നതിന് സഭാ മാനേജിംഗ് കമ്മിറ്റി തീരുമാനം എടുത്തു. എം. ഡി. സെമിനാരി വളപ്പിൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ നിശ്ചയിച്ചു. മലങ്കരസഭാ ഭരണത്തിന് ഒരു എപ്പിസ്കോപ്പൽ കൗൺസിൽ 1963 സെപ്തംബറിൽ നിയോഗിക്കപ്പെട്ടു. മൂന്നാമത്തെ കാതോലിക്കായുടെ കാലശേഷം ഭരണഭാരമേറ്റ ഔഗേൻ ബാവായ്ക്ക് പല പ്രശ്നങ്ങളെ നേരിടേണ്ടതുണ്ടായിരുന്നു എങ്കിലും ആദ്യ വർഷങ്ങളിൽ സഭാനൗക ശാന്തമായ സാഗരത്തിലൂടെയാണു നീങ്ങിയത്. കേസ്സും കക്ഷിവഴക്കും തീർന്നു. മുമ്പു രണ്ടു കക്ഷികളായി നിന്നവർ ഒരുമിച്ച് ആരാധന നടത്തി. ചില വൈദികർ മുമ്പു കയറിയിട്ടില്ലാത്ത ദേവാലയങ്ങളിൽ സന്തോഷപൂർവ്വം ബലി അർപ്പിച്ചു. അങ്ങനെ സഭ വൈകാരിക ഐക്യത്തിലേക്കും പുരോഗതിയിലേക്കും നീങ്ങി.

സഭാ ഭരണഘടനയിൽ ആവശ്യമായി വരാവുന്ന ഭേദഗതികൾ വരുത്തുന്നതിന് കാതോലിക്കാ ബാവാ ഒരു റൂൾ കമ്മിറ്റിയെ നിയോഗിച്ചു. സഭയുടെ പുരോഗതിയെ മുൻനിർത്തി പുതുതായി ഏതാനും മെത്രാന്മാരെ വാഴിക്കാൻ സുന്നഹദോസ് നവംബർ 20-നു തീരുമാനിച്ചു. അങ്കമാലി ഭദ്രാസനത്തിന്റെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഓർത്തഡോക്സ് സണ്ടേസ്കൂൾ സമാജം പ്രസിഡണ്ടായും കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായെ സമാജം ഡയറക്ടർ ജനറലായും ഫാ. കെ. ഡേവിഡിനെ പബ്ലിക്കേഷൻ ഓഫീസറായും സുന്നഹദോസ് തെരഞ്ഞെടുത്തു.

1965 ജനുവരി ആദ്യം എത്യോപ്യയിലെ ആഡിസ് അബാബയിൽ നടന്ന പൗരസ്ത്യ സഭകളുടെ സുന്നഹദോസിൽ ഔഗേൻ ബാവാ, പാത്രിയർക്കീസ് ബാവായോടൊപ്പം സംബന്ധിക്കുകയും തുടർന്ന് പാത്രിയർക്കീസ് ബാവായുടെ ക്ഷണമനുസരിച്ച് സിറിയായിലെ പള്ളികളും വിശുദ്ധ നാടുകളും സന്ദർശിക്കുകയും ചെയ്തു. തന്റെ ചെറുപ്പകാലത്തെ ജീവിത സ്മരണകൾ പുതുക്കി. മാർതോമ്മായുടെ തിരുശേഷിപ്പും ഈ യാത്രയിൽ പാത്രിയർക്കീസ് ബാവാ നല്കി. ഓർത്തഡോക്സ് വൈദികസെമിനാരി ഒരു ബി.ഡി. കോളജായി ഉയർത്തിയത് 1965 ഫെബ്രുവരി ഒന്നു മുതലാണെന്നുള്ളത് വൈദിക സെമിനാരിയുടെ പ്രിൻസിപ്പാളായിരുന്ന ഔഗേൻ ബാവായ്ക്ക് കൂടുതൽ സന്തോഷത്തിനു വകനല്കി. കാതോലിക്കാദിനം സഭയുടെ ഐക്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായി സഭ മുഴുവൻ ആചരിച്ചു. മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. സഭവകയായി മെഡിക്കൽ മിഷൻ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു. ഓഗസ്റ്റ് 27-ാം തീയതി പഴയസെമിനാരിയിൽ ഔഗേൻ

ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സഭാമാനേജിംഗ് കമ്മിറ്റിയുടെയും പ്ലാനിംഗ് കമ്മിറ്റിയുടെയും സുന്നഹദോസിന്റെയും സംയുക്ത യോഗത്തിൽ മലങ്കരസഭയുടെ പുരോഗതി മുൻനിർത്തി പ്ലാനിംഗ് കമ്മീഷൻ മുമ്പോട്ടുവച്ച നിർദ്ദേശങ്ങൾ എല്ലാം സുന്നഹദോസ് സ്വീകരിച്ചതായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ഒക്ടോബർ 5-നു മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി കൂടി. ഡിസംബർ 28-നു അസോസിയേഷൻ വിളിച്ചുകൂട്ടുന്നതിനും മെത്രാൻ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും നിശ്ചയിച്ചു. അസോസിയേഷൻ കൂടി ഫാ. എൻ. എ. യോഹന്നാൻ മല്പാൻ, ഫാ. കെ. പീലിപ്പോസ്, ഫാ. ടി. പോൾ വറുഗീസ്, ഫാ. എം. വി. ജോർജ്ജ്, സി. റ്റി. തോമസ് റമ്പാൻ എന്നിവരെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. വൈദിക ട്രസ്റ്റി സ്ഥാനം രാജിവച്ച മണലിൽ യാക്കോബ് കത്തനാർക്കു പകരം ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ തെരഞ്ഞെടുക്കപ്പെട്ടു.

പഴയ സെമിനാരിയുടെ 150 വർഷം തികയുന്നത് സംബന്ധിച്ച ജൂബിലി ഡിസംബർ അവസാനം കൊണ്ടാടി. പ്രാരംഭ സമ്മേളനത്തിൽ മുൻ പ്രിൻസിപ്പൽ കൂടിയായ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിക്കുകയും കേരള ഗവർണ്ണർ ഏ. പി. ജയിൻ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി. തുടർന്നാണ് എത്യോപ്യൻ സുന്നഹദോസിൽ പങ്കെടുക്കാൻ കാതോലിക്കാ ബാവാ പോയത്.

നോമ്പാചരണത്തിന്റെ പ്രാധാന്യം ഒട്ടും കുറയ്ക്കാതെ ലാഘവം വരുത്തിയതാണ് ഔഗേൻ ബാവായുടെ കാലത്തെ ഒരു പ്രധാനപ്പെട്ട പരിഷ്കാരം. അപ്രേം പ്രഥമൻ പാത്രിയർക്കീസിന്റെ നോമ്പ് പരിഷ്കരണത്തോട് എതിർപ്പ് പ്രകടിപ്പിച്ച കാതോലിക്കാപക്ഷം സഭാ സമാധാനത്തെ തുടർന്നുള്ള അന്തരീക്ഷത്തിലാണ് നോമ്പ് പരിഷ്കാരത്തിന് അംഗീകാരം നല്കിയത്. മൂന്നുനോമ്പും, കഷ്ടാനുഭവ ആഴ്ചയും, വലിയ നോമ്പിലെ ബുധനാഴ്ച, വെള്ളിയാഴ്ച ദിവസങ്ങളും ഒഴിച്ചാൽ പാലും ക്ഷീരോല്പന്നങ്ങളും മത്സ്യവും ഉപയോഗിക്കാം. ദിവസങ്ങളുടെ സംഖ്യയിൽ മാറ്റമില്ല. ഇതാണു നോമ്പു സംബന്ധിച്ച ലാഘവത്തിന്റെ ചുരുക്കം.

മാർ ഏലിയാ ചാപ്പൽ, മേലിൽ കാതോലിക്കാ ബാവായുടെ കത്തീഡ്രൽ ആയിരിക്കുമെന്ന് 1966 മാർച്ച് ഒടുവിൽ പ. ബാവാ പ്രഖ്യാപനം ചെയ്തു. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയായി മാർച്ച് 24-ാം തീയതി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര തെരഞ്ഞെടുക്കപ്പെട്ടു. അതുവരെ ഇ. ജെ. ജോസഫ് ആയിരുന്നു ഈ മഹനീയസ്ഥാനം പ്രശസ്തമായ നിലയിൽ വഹിച്ചിരുന്നത്.

അഞ്ചു പേരെ സ്ഥാനാർത്ഥികളായി തെരഞ്ഞെടുത്തു എങ്കിലും മൂന്നു പേർക്കു മാത്രമേ മേല്പട്ടസ്ഥാനം കൊടുക്കുന്നുള്ളു എന്ന തീരുമാനം

സഭയിൽ അങ്ങോളമിങ്ങോളം പ്രതിഷേധ ശബ്ദം ഉയർത്തി. സിനഡിലെ ചില അംഗങ്ങളുടെ നിലപാടിനോട് എതിർത്തു നില്ക്കാൻ മാർ ഔഗേൻ ബാവാ മുതിരാതിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ചെറായി, മണർകാട് പള്ളികളിലെ കേസ്സുകൾ അവസാനിപ്പിക്കുന്നതിന് കാതോലിക്കാ ബാവായ്ക്കു സാധിച്ചു. ഒരാഴ്ച മണർകാട്ടു പള്ളിയിൽ താമസിച്ചുകൊണ്ടാണ് കേസ്സുകൾ രാജിയാക്കിയത്. ശാരീരികക്ഷീണം മൂലം പുതുപ്പള്ളിയിലും കുന്നങ്കുളത്തും എത്തി സമാധാനദൗത്യം നിറവേറ്റാൻ ബാവായ്ക്കു കഴിഞ്ഞില്ല.

അന്ത്യോക്യാ - മലങ്കരസഭാ ബന്ധം മെച്ചപ്പെട്ടതിനെ തുടർന്ന് അപ്രേം ആബൂദി റമ്പാന്റെ നേതൃത്വത്തിൽ മലങ്കരയിൽനിന്ന് ഒരു തീർത്ഥാടകസംഘം പാത്രിയർക്കീസ് ബാവായെയും സിറിയായിലെ പല പള്ളികളും വിശുദ്ധ നാടുകളും സന്ദർശിക്കുകയുണ്ടായി. 1966 ഓഗസ്റ്റ് 24-ാം തീയതി കോലഞ്ചേരിയിൽ വച്ച് ഔഗേൻ ബാവായാൽ യൂഹാനോൻ മാർ സേവേറിയോസും, തോമസ് മാർ തിമോത്തിയോസും, പീലിപ്പോസ് മാർ തെയോഫിലോസും മെത്രാന്മാരായി വാഴിക്കപ്പെട്ടു. സഭയുടെ വികസനത്തിന്റെ ലക്ഷണം എന്നാണ് ഈ മെത്രാൻ സ്ഥാനാഭിഷേകത്തെ പാത്രിയർക്കീസ്ബാവാ അന്ന് വിശേഷിപ്പിച്ചത്. തുടർന്ന് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെയും തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കു മലബാർ ഭദ്രാസനത്തിന്റെയും പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായ്ക്ക് അങ്കമാലി ഭദ്രാസനത്തിന്റെയും ചുമതല മാർ ഔഗേൻ ബാവാ നല്കി. കൊല്ലം ഇടവകയുടെ മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ഓഗസ്റ്റ് 6-ാം തീയതിയും അങ്കമാലി ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നവംബർ 6-ാം തീയതിയും കാലം ചെയ്തത് മാർ ഔഗേൻ ബാവായെ ദുഃഖാർത്തനാക്കി. എന്നാൽ 1967 ഒടുവിൽ പുതുപ്പള്ളി വലിയപള്ളിയിൽ സമാധാനം പുനഃസ്ഥാപിച്ചതും ചെറിയപള്ളി പൂട്ടി യേശുകത്തനാർ താക്കോൽ പി. സി. ഏബ്രഹാമിനെ ഏല്പിച്ചതും ബാവായെ വളരെയധികം സന്തോഷിപ്പിച്ചു. മൂറോൻ കൂദാശ 1967 ഡിസംബർ 21-ാം തീയതി പഴയ സെമിനാരിയിൽ വച്ച് ഔഗേൻ ബാവാ നിർവ്വഹിച്ചു.

ശാരീരികമായ ക്ഷീണത്തെ മുൻനിർത്തി 1970 ഡിസംബർ 31-ാം തീയതി കോട്ടയം എം. ഡി. സെമിനാരിയിൽ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുകയും അവിടെ തടിച്ചുകൂടിയിരുന്ന മലങ്കരസഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും മൂവായിരം പള്ളിപ്രതിപുരുഷന്മാരും ഏകകണ്ഠമായി എല്ലാ വിധത്തിലും യോഗ്യനായ മാത്യൂസ് മാർ അത്താനാസിയോസിനെ ഔഗേൻ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തപ്പോൾ ബാവായുടെ ചുമതലാഭാരം ഏറെക്കുറെ ലഘൂകരിക്കപ്പെടുകയുമാണുണ്ടായത്.

അന്നത്തെ അസോസിയേഷനിൽ ഔഗേൻ ബാവാ ചെയ്ത ഉപക്രമപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "കാതോലിക്കായുടെ പിൻഗാമിയുടെ കാര്യത്തിൽ ദൈവനടത്തിപ്പ് കിട്ടാനായി മെത്രാപ്പോലീത്താമാർ പരുമല പുണ്യവാളന്റെ സന്നിധിയിൽ അഭയം പ്രാപിച്ചു. ഒരാൾ ഒഴികെ ബാക്കിയുള്ളവരെല്ലാം ത്യാഗബുദ്ധിയോടുകൂടി പിന്മാറി. അദ്ദേഹവും പിന്മാറിയിരുന്നെങ്കിൽ കാര്യം നടക്കുകയില്ലായിരുന്നു. ഇത് അനുഗ്രഹകരവും സന്തോഷകരവുമായ ഒരു സംഗതിയാണ്. ദൈവത്തിനു സ്തുതി.

മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും ഏകകണ്ഠമായി തെരഞ്ഞെടുക്കുന്നതിൽ സന്തോഷമുണ്ട്. സഭയോടുള്ള സ്നേഹവും വിശുദ്ധന്മാരോടുള്ള ആദരവും എല്ലാവരും പ്രകടിപ്പിച്ചതിൽ സന്തോഷമുണ്ട്.

നിങ്ങൾ സഭയെ രക്ഷിക്കുകയും മറ്റുള്ളവരുടെ മുമ്പാകെ മാതൃകാപരമായി സന്മാർഗ്ഗനിഷ്ഠയോടുകൂടി ജീവിക്കുകയും ചെയ്യണം. സഭയുടെ ചിട്ടകൾ അനുസരിച്ച് നീങ്ങണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ കുടുംബങ്ങളും രാജ്യവും, സഭയും വിജയിക്കും. നിങ്ങൾ സഭയുടെ സംരക്ഷകരാണ്. നിങ്ങളുടെ അപമാനവും ബഹുമാനവും സഭയുടെ അപമാനവും ബഹുമാനവുമാണ്. നിങ്ങൾ സ്നേഹത്തോടും സന്തോഷത്തോടും പ്രവർത്തിച്ച് സഭയ്ക്ക് മഹിമ കൈവരുത്തണം."

നിർഭാഗ്യവശാൽ സഭാമണ്ഡലത്തിൽ അഭിപ്രായഭിന്നതകൾ ചിലർ സൃഷ്ടിച്ച കാര്യങ്ങൾ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ചിലരുടെ സ്വാർത്ഥ താല്പര്യങ്ങളാണ് സഭയെ കലക്കിയതെന്ന് ഔഗേൻ ബാവാ പലവുരു പറഞ്ഞിട്ടുണ്ട്. അതീവ ഭക്തനും ശാന്തനുമായിരുന്ന ബാവായെ സഭയിലെ അസ്വസ്ഥതകൾ വേദനിപ്പിച്ചു. മാർതോമ്മായുടെ പൗരോഹിത്യവും സിംഹാസനവും ചില കേന്ദ്രങ്ങളിൽ വിമർശനവിധേയമായപ്പോൾ ഔഗേൻ ബാവാ സ്വീകരിച്ച ഉറച്ച നിലപാടുകൊണ്ടുമാത്രം അദ്ദേഹം മലങ്കരസഭയിലെ ശക്തനായ ഒരു കാതോലിക്കാ എന്ന പേര് ചരിത്രത്തിൽ നിലനിർത്തിയിട്ടുണ്ട്. ബാവായെ പാത്രിയർക്കീസ് മുടക്കാൻ സാദ്ധ്യതയുണ്ടെന്ന് ഒരിക്കൽ സന്ദർഭവശാൽ അറിഞ്ഞപ്പോൾ "അദ്ദേഹം മാർതോമ്മാ ശ്ലീഹായെപ്പോലും മുടക്കുമെന്നാണു തോന്നുന്നതെന്ന്" ബാവാ പറഞ്ഞതോർക്കുന്നു. സഭയുടെ നിലനില്പിനെ ചോദ്യം ചെയ്തപ്പോൾ സഭയ്ക്കുവേണ്ടി ഒരു രക്തസാക്ഷിയാകാൻപോലും ബാവാ മടികാണിച്ചില്ലെന്നുള്ളതാണു സത്യം.

കല്പന

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ

(മുദ്ര)

നമ്മുടെ ... പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരസഭയിലെ ഏതാനും മെത്രാപ്പോലീത്തന്മാരെ സസ്പെണ്ട് ചെയ്തിരിക്കുന്നതായും അവർ ഭരിച്ചുകൊണ്ടിരിക്കുന്ന മെത്രാസന ഇടവകകളിൽ ചിലതിന്റെ ഭരണത്തിന് ക്നാനായ ഇടവകയുടെ ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായെ നിയമിച്ചിരിക്കുന്നതായും കാണിച്ച് 9-4-1975-ൽ അനധികൃതമായി അയച്ച കത്തുകളെപ്പറ്റി, മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് 9-5-1975-ൽ കൂടി ആലോചിച്ചു. ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഹാജരായില്ല. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഭരണഘടന ലംഘിച്ചും അനധികൃതമായും ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായ്ക്ക് മേൽപ്രകാരം ഇടവക തിരിച്ചു കൊടുത്തതായി എഴുതി അയച്ചത് അദ്ദേഹം സ്വീകരിക്കുകയും ഇടവക തിരിച്ചു കൊടുക്കാൻ പാത്രിയർക്കീസ് ബാവായ്ക്ക് അധികാരമുണ്ടെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്യുന്നതായി അദ്ദേഹത്തിന്റെ നടപടികൾ സൂചിപ്പിക്കുന്നതുകൊണ്ടും, അദ്ദേഹം അപ്രകാരം സ്വീകരിക്കുകയോ സമ്മതിക്കുകയോ ചെയ്യുന്നപക്ഷം അദ്ദേഹത്തിനു മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിലുള്ള അംഗത്വം സ്വമേധയാ നഷ്ടപ്പെട്ടു പോകുന്നതുകൊണ്ടും, യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മേൽപ്രകാരം ഇടവക തിരിച്ചുകൊടുത്തതായി എഴുതി അയച്ചത് അദ്ദേഹം സ്വീകരിക്കുകയോ ഇടവക തിരിച്ചുകൊടുക്കാൻ പാത്രിയർക്കീസ് ബാവായ്ക്കു അധികാരമുണ്ടെന്നു സമ്മതിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് അദ്ദേഹം 20-5-1975 നകം രേഖാമൂലം അറിയിക്കണമെന്നും, ആ തീയതിയ്ക്കകം അദ്ദേഹത്തിന്റെ അറിയിപ്പു കിട്ടാത്തപക്ഷം അദ്ദേഹം സുന്നഹദോസിൽ നിന്നും സ്വയം പിന്മാറിയതായും മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്താ ആയി തുടരുന്നില്ലെന്നും സുന്നഹദോസ് കണക്കാക്കി പ്രവർത്തിക്കുമെന്നും അദ്ദേഹത്തിന് എഴുതി അയയ്ക്കണമെന്ന് സുന്നഹദോസ് ഐകകണ്ഠേന തീരുമാനിച്ചു. ആ തീരുമാനപ്രകാരം അദ്ദേഹത്തിന് എഴുതി അയയ്ക്കുകയും ചെയ്തു. പ്രസ്തുത എഴുത്ത് അദ്ദേഹം കൈപ്പറ്റി. എന്നാൽ മറുപടി നൽകിയില്ല.

22-5-1975-ൽ കൂടിയ സുന്നഹദോസ് മേൽപറഞ്ഞിട്ടുള്ള സംഗതികൾ പരിഗണിച്ചതിൽ, ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ സുന്നഹദോസിൽ നിന്ന് സ്വയം പിന്മാറി എന്നും അദ്ദേഹം മലങ്കര ഓർത്തഡോക്സ്

സുറിയാനിസഭയിലെ ഒരു മെത്രാപ്പോലീത്താ ആയി തുടരുന്നില്ലെന്നും കണ്ടിരിക്കുന്നു. അതിനാൽ സഭാഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ക്നാനായ മെത്രാസന ഇടവക മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇരിക്കുന്നതാകുന്നു.

ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായ്ക്ക് സഭയിലെ ഏതെങ്കിലും പള്ളിയിലോ സഭവക ഏതെങ്കിലും സ്ഥാപനത്തിലോ സംഘടനയിലോ സഭയിലെ മേൽപട്ടക്കാരൻ എന്ന നിലയിൽ പ്രവേശിക്കാവുന്നതല്ലെന്നും സഭാംഗങ്ങൾ അദ്ദേഹത്തെ സഭയിലെ ഒരു മേൽപട്ടക്കാരനായി സ്വീകരിക്കുകയോ ആ നിലയിലുള്ള അദ്ദേഹത്തിന്റെ ഏതെങ്കിലും പ്രവൃത്തികളിൽ സഹകരിക്കുകയോ പങ്കുകൊള്ളുകയോ ചെയ്യരുതെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

വാത്സല്യമക്കളെ, ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ മേൽ വിവരിച്ചിട്ടുള്ളപ്രകാരം സുന്നഹദോസിൽ നിന്നു സ്വയം പിന്മാറിയതിൽ നമുക്ക് അതിയായ ദുഃഖമുണ്ട്. അദ്ദേഹത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ ത്തോമ്മാ ശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.........

1975 മെയ് 28-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

നേട്ടങ്ങൾ

ഔഗേൻ ബാവായുടെ ഭരണകാലത്ത് മലങ്കര സഭയിലുണ്ടായ സമാധാനത്തെത്തുടർന്ന് സഭ പല രംഗങ്ങളിലും പുരോഗമിച്ചു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, വൈദിക കോളജ്, സ്റ്റുഡന്റ് സെന്ററുകൾ, പുതിയ കോളജുകൾ, ഹൈസ്കൂളുകൾ, അനാഥ മന്ദിരങ്ങൾ എന്നിവയെല്ലാം സഭാസമാധാനത്തിന്റെ സന്തതികളാണ്.

എന്നാൽ അങ്കമാലി തുടങ്ങിയ ചില ഭദ്രാസനങ്ങളിൽ അയോഗ്യരായ ചില പട്ടക്കാരും നേതൃമോഹികളായ ചില പ്രമാണികളും മനഃപൂർവ്വം ഭിന്നതകൾ ഉണ്ടാക്കുന്നതിനും ആരും ഇതുവരെയും നിർവ്വചിച്ചിട്ടില്ലാത്ത "അന്ത്യോക്യാ വിശ്വാസ"ത്തിന്റെ പേരിൽ സാധാരണക്കാരായ സഭാംഗങ്ങളുടെ വികാരങ്ങളെ ചൂഷണം ചെയ്യുന്നതിനും നീക്കങ്ങൾ ആരംഭിച്ചു

കഴിഞ്ഞിരുന്നു. തെറ്റായ പ്രചാരണങ്ങൾ വഴി മെത്രാപ്പോലീത്തായെ അധിക്ഷേപിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനും മെത്രാപ്പോലീത്തായുടെ കാർ കത്തിക്കുന്നതിനും ഇവർ തയ്യാറായി. അക്രൈസ്തവർ പോലും ചെയ്യാൻ അറയ്ക്കുന്ന കാര്യങ്ങളാണ് ദുരഭിമാന തിമിരം ബാധിച്ച അങ്കമാലിയിലെ കശ്മലരായ ചില പ്രമാണികൾ ചെയ്തതെന്ന് ചരിത്രം രേഖപ്പെടുത്തും.

സ്വാർത്ഥമോഹികളായ ഒരു വിഭാഗമാണ് സഭയുടെ സമാധാനം നശിപ്പിക്കുന്നതെന്നും ദൈവം അവരോടു ക്ഷമിക്കട്ടെ എന്നുമുള്ള ചിന്തയായിരുന്നു പ. കാതോലിക്കാ ബാവായെ ഭരിച്ചത്. സഭയ്ക്കുവേണ്ടി കഷ്ടനഷ്ടങ്ങളും മർദ്ദനവും ഏറ്റ പ. ഔഗേൻ ബാവായെ "ക്രൂശിച്ച" ശേഷം വീണ്ടും വിലാപ്പുറത്തു കുത്തിയവരാണ് അങ്കമാലിയിലെ ദുഷ്ടന്മാരായ ചില പ്രമാണികളെന്നു ലോകമെങ്ങും മനസ്സിലാക്കി.

ഭിന്നിച്ചുനിന്ന സഭയെ ഒന്നിച്ചു ഭരിക്കുന്നതിന് പ. ഔഗേൻ ബാവായ്ക്ക് സാധിച്ചു. മുമ്പ് ഭരിച്ചവർക്കെല്ലാം മോശ കനാൻദേശം കണ്ടതുപോലെ സഭയുടെ ഐക്യം കാണാൻ കഴിഞ്ഞതല്ലാതെ ഔഗേൻ ബാവായെപ്പോലെ ഒരു ഐക്യസഭയെ താലോലിക്കാൻ സാധിച്ചില്ല. ചേപ്പാട്ട് ദീവന്നാസ്യോസ് തിരുമേനിയുടേയും സഭാതേജസ്സ് പുലിക്കോട്ടിൽ ദീവന്നാസ്യോസ് രണ്ടാമൻ തിരുമേനിയുടെയും കാലഘട്ടത്തിൽ ആംഗ്ലിക്കൻ വിഭാഗവും മാർത്തോമ്മാക്കാരും പിരിഞ്ഞു പോയെങ്കിൽ ഔഗേൻ കാതോലിക്കാ ബാവായുടെ കാലത്ത് ഭിന്നിച്ചുനിന്നവർ ഒന്നിച്ചുവന്ന് ചരിത്രം സൃഷ്ടിച്ചു. അങ്ങനെ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന സഭാവഞ്ചിയെ കല്ലോലങ്ങൾ ഇളക്കിവിട്ട് വഞ്ചിച്ചവരോട് ദൈവം പൊറുക്കുകയില്ലെന്നുള്ള അഭിപ്രായമാണ് കാതോലിക്കാ ബാവായെ ഭരിച്ചത്. ഇന്ത്യയുടെ അപ്പോസ്തലനായ മാർതോമ്മാ ശ്ലീഹായ്ക്ക് പട്ടം ഇല്ലെന്നും അദ്ദേഹം ഒരു അവൈദികനായിരുന്നുവെന്നുമുള്ള പാത്രിയർക്കീസ് ബാവായുടെ കുപ്രസിദ്ധമായ 1970 –ലെ 203 –ാം നമ്പർ കല്പന (കത്തല്ല) പാലു കൊടുത്തു വളർത്തിയ കുഞ്ഞിനു വിഷം കൊടുത്ത പ്രതീതിയാണു മലങ്കരയിൽ സൃഷ്ടിച്ചത്.

മാർതോമ്മായെപ്പറ്റിയുള്ള ഈ ദൈവശാസ്ത്ര വിരുദ്ധമായ ചിന്താഗതി ഔഗേൻ ബാവായെ വല്ലാതെ വേദനിപ്പിച്ചു. പാത്രിയർക്കീസ് ബാവാ വേദവിപരീതിയായിപ്പോകുന്നതിൽ അദ്ദേഹം ഹൃദയം നൊന്തു സങ്കടപ്പെട്ടു.

മാർതോമ്മായെപ്പറ്റി കൂടുതൽ പഠിക്കുന്നതിനും അദ്ദേഹത്തെപ്പോലെ അടിയുറച്ച ദൈവവിശ്വാസം ആർജ്ജിക്കുന്നതിനും പാത്രിയർക്കീസിന്റെ മാർതോമ്മാ വിരുദ്ധ നീക്കം മലങ്കരയിലുള്ളവരെ പ്രേരിപ്പിച്ചു. മാർതോമ്മാശ്ലീഹായുടെ പത്തൊൻപതാം ചരമ ശതാബ്ദി കോട്ടയത്തു വച്ച് അതിഗംഭീരമായി കൊണ്ടാടുന്നതിനും സാധിച്ചു. കോട്ടയം എം. ഡി. സെമിനാരിയിൽ

തടിച്ചുകൂടിയ മനുഷ്യമഹാസമുദ്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ. ഔഗേൻ ബാവാ ചെയ്ത ഉദ്ഘാടന പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "ക്രൈസ്തവസഭ വിദൂരമായ ഭാരതത്തിൽ സ്ഥാപിക്കുക മാത്രമല്ല, നമ്മുടെ കർത്താവ് അപ്പോസ്തലന്മാർക്കു നല്കിയ അനുഗ്രഹകരവും പുണ്യകര വുമായ പൗരോഹിത്യം തൃക്കൈകൾകൊണ്ട് മലങ്കരയുടെ മക്കൾക്കു നല്കി ക്കൊണ്ട് മാർതോമ്മാശ്ലീഹാ മലങ്കര നസ്രാണികളുടെ സ്ഥാനവും മാനവും സഭാചരിത്രത്തിൽ ഉയർത്തുകയുമായിരുന്നു. ക്രൈസ്തവമതത്തിന്റെ കേന്ദ്ര ങ്ങളായി അറിയപ്പെടുന്ന എല്ലാ പാശ്ചാത്യ ദേശങ്ങളെക്കാളും ചില പൗരസ്ത്യ ദേശങ്ങളെക്കാളും മുമ്പായി സത്യവിശ്വാസത്തിന്റെയും ശ്രേഷ്ഠ പൗരോഹിത്യത്തിന്റെയും വഴിത്താര തെളിച്ചുതന്ന ഈ പുണ്യ പിതാവിനെ സ്മരിക്കുമ്പോൾ നമ്മുടെ ആഹ്ലാദം അതിരുകവിയും, അഭിമാനം ഉയരും. നമ്മുടെ ശക്തിയുടെയും ആവേശത്തിന്റെയും അടിസ്ഥാനമാണ് മാർതോമ്മാ ശ്ലീഹാ."

മാർതോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19 -ാം ശതാബ്ദി കൊണ്ടാടിയ വർഷമാണ് 14 കൊല്ലം യോജിച്ചുനിന്നശേഷം മാനേജിംഗ് കമ്മി റ്റിയിലെ ചില മാന്യന്മാർ മാർതോമ്മായുടെ പേരും പറഞ്ഞ് നേതൃത്വത്തിനു വേണ്ടി മാനേജിംഗ് കമ്മിറ്റി യോഗത്തിൽ നിന്നും അതു വഴി മലങ്കര ഓർത്ത ഡോക്സ് സഭയിൽനിന്നും സ്വയം ഇറങ്ങിപ്പോയത്. സഭയുടെ ഉന്നതമായ ഭരണസമിതിയുടെ പ്രാധാന്യമോ ആദ്ധ്യാത്മിക ജീവിതത്തിന്റെ സൽപ്രേര ണകളോ ഉൾക്കൊള്ളാൻ കഴിയാതെപോയ ഒരു ന്യൂനപക്ഷം കുപ്രസിദ്ധി നേടി സഭയിൽ കലഹം ഉണ്ടാക്കാൻ ചെയ്ത ഒരു പാഴ്വേലയായിരുന്നു ഈ വോക്കൗട്ടെന്ന് പിന്നീടു നടന്ന സംഭവങ്ങൾ സാക്ഷിച്ചു. മാർതോമ്മായുടെ പാരമ്പര്യത്തിൽ അഭിമാനബോധമില്ലാത്തവരുടെ ഈ വോക്കൗട്ടിൽ കാത ലായ യാതൊരു പ്രശ്നവും അടങ്ങിയിട്ടില്ലെന്നുള്ള സത്യം ചിന്താശക്തിയു ള്ളവരെ പറഞ്ഞ് ധരിപ്പിക്കേണ്ട ആവശ്യവുമില്ല. മലങ്കര സഭാ ഭരണഘടന അംഗീകരിക്കപ്പെടുന്നതിനു മുമ്പ് പാത്രിയർക്കീസ്ബാവായ്ക്ക് മലങ്കര സഭ യുടെ മേൽ ഉണ്ടായിരിക്കേണ്ട അധികാരാവകാശങ്ങളെച്ചൊല്ലി തർക്കങ്ങളും വ്യവഹാരങ്ങളും നടന്നിട്ടുണ്ട്. അവയൊന്നും മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തെ ഒരിക്കലും സ്പർശിച്ചിരുന്നുമില്ല. മലങ്കര മെത്രാപ്പോലീ ത്താമാരെ മാർതോമ്മായുടെ സിംഹാസനത്തിൽ വാണരുളുന്ന മേലദ്ധ്യക്ഷ ന്മാരായി സംബോധന ചെയ്തിട്ടുള്ള കല്പനകൾ പാത്രിയർക്കീസുമാർ അയ ച്ചിട്ടുള്ളത് ചരിത്രരേഖകളാണ്. അതുകൊണ്ട് അന്നെങ്ങും ആരുടെയും മന സ്സിൽ ഇല്ലാതിരുന്ന ഒരു വിവാദപ്രശ്നം, 1958 മുതൽ ഗൗരവമർഹിക്കുന്ന യാതൊരു ഭിന്നതയും ഇല്ലാതിരുന്ന സഭയിൽ ഉന്നയിച്ച് സഭയെ നശിപ്പിക്കാൻ ശ്രമിച്ചവർ ഒരിക്കൽ പശ്ചാത്തപിക്കേണ്ടി വരുമെന്നാണ് ക്രൈസ്തവസഭയുടെ ചരിത്രം പഠിപ്പിക്കുന്ന ഒരു പാഠം.

കാതോലിക്കാ - മാർപ്പാപ്പാ സംഭാഷണം

1964 ഡിസംബറിൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുന്നതിനാണു പ. പോൾ ആറാമൻ മാർപ്പാപ്പാ ഇന്ത്യയിൽ എത്തിയത്. ഈ അവസരത്തിലാണ് ഇന്ത്യയിലെ ഓർത്തഡോക്സ് സഭയുടെ തലവനും മാർതോമ്മായുടെ സിംഹാസനത്തിൽ ആരൂഢനുമായ പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാബാവായെ നേരിട്ടു കാണണമെന്ന മാർപ്പാപ്പായുടെ ചിരാഭിലാഷം പൂർത്തിയായത്. ഈ സന്ദർശനത്തിനു കളമൊരുക്കിയതിൽ ഗണ്യമായ പങ്കു വഹിച്ചത് അങ്കമാലി ഭദ്രാസനാധിപനായ പീലിപ്പോസ് മാർ തെയോഫിലോസ് (അന്നു ഫാ. കെ. പീലിപ്പോസ്) മെത്രാപ്പോലീത്താ ആയിരുന്നു. മാർപ്പാപ്പായുടെ അഭിലാഷം നിറവേറ്റുന്നതിന് എൺപതോളം വയസ്സുണ്ടായിരുന്ന പ. കാതോലിക്കാബാവാ ശാരീരികക്ഷീണങ്ങൾ വിസ്മരിച്ചു ബോംബെയിൽ പറന്നെത്തി.

1964 ഡിസംബർ മൂന്നാം തീയതി രാവിലെ 9 മണിക്കായിരുന്നു കൂടിക്കാഴ്ച നടന്നത്. ബോംബെ ആർച്ച് ബിഷപ്പു കൂടിയായ ഇന്ത്യയുടെ പ്രഥമ കർദ്ദിനാൾ വലേറിയൻ ഗ്രാഷ്യസിന്റെ അരമനയിലെ വിരിച്ചൊരുക്കിയ ഒരു മുറിയായിരുന്നു സന്ദർശന രംഗം. അന്നു രാവിലെ ബോംബെ ബുഡ്ഹൗസ് കത്തീഡ്രലിലേക്കുള്ള വാഹന ഗതാഗതം കർശനമായി നിയന്ത്രിച്ചിരുന്നു. കെ. എം. ഫിലിപ്പിന്റെ വസതിയിൽ എത്തി വിശ്രമിച്ചിരുന്ന പ. കാതോലിക്കാബാവായും ഫാ. കെ. പീലിപ്പോസും മറ്റും അവിടെ നിന്നാണു വെണ്മയേറിയ ഒരു കാറിൽ ബുഡ്ഹൗസ് ബിഷപ്സ് പാലസിൽ കൃത്യസമയത്ത് എത്തിച്ചേർന്നത്.

മാർപ്പാപ്പായുടെ സെക്രട്ടറിയും ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധിയും ചേർന്ന് പ. ബാവായെ കാറിന്റെ ഡോർ തുറന്ന് സ്വീകരിച്ചു. തുടർന്ന് പ. ബാവായും ഫാ. കെ. പീലിപ്പോസും ലിഫ്റ്റിൽ, രണ്ടാംനിലയിലുള്ള മാർപ്പാപ്പായുടെ മുറിയിലേക്ക് ആനയിക്കപ്പെട്ടു.

അവിസ്മരണീയമായ അനർഘ നിമിഷങ്ങൾ. പ്രാചിയും പ്രതീചിയും തമ്മിൽ ആശ്ലേഷിക്കുന്നു. ഉത്തര ദക്ഷിണ ധ്രുവങ്ങൾ ഒന്നിച്ച് സമ്മേളിക്കുന്നു. ആ ആദ്ധ്യാത്മിക ജ്യോതിസ്സുകൾ ചൊരിഞ്ഞ പ്രഭാപൂരം ആ മുറിയിൽ തളംകെട്ടി നിന്നു. നൂറ്റാണ്ടുകൾക്കു ശേഷമുള്ള രണ്ടു സഭാ മേലദ്ധ്യക്ഷന്മാരുടെ ആ കൂടിക്കാഴ്ച കൂടെനിന്നവരെയെല്ലാം കോരിത്തരിപ്പിച്ചു. വിനയത്തിന്റെയും താഴ്മയുടെയും കേദാരങ്ങളായ ഇരുവരും ആദ്ധ്യാത്മികാനുഭൂതികളുടെ ഗിരിശൃംഗത്തിൽ നിലകൊള്ളുന്നു. അനേക വർഷങ്ങൾ തമ്മിൽ കാണാതിരുന്ന സഹോദരന്മാരുടെ സന്തോഷനിർഭരമായ ഒരു പുനഃസമാഗമനം. തപോനിഷ്ഠമായ ക്രിസ്തീയ ജീവിതപ്രവാഹത്തിന്റെ ഒരു ഗംഗാ യമുനാ സംഗമം തന്നെ.

അവർ ഇടവും വലവും കെട്ടിപ്പിടിച്ചു. മാർപ്പാപ്പാ തന്നെ ബാവായെ താനിരുന്ന സോഫായിൽ പിടിച്ചിരുത്തി. പ. പത്രോസിന്റെയും പ. തോമ്മാശ്ലീഹായുടെയും സിംഹാസനങ്ങൾ ഒന്നിച്ചിരിക്കുന്നു. അവിടെ സ്ഥാനവും സിംഹാസനവും അധികാരവും ഒന്നും പ്രശ്നമല്ല. സ്നേഹത്തിൽനിന്നു ജനിച്ച സമത്വസുന്ദരമായ അന്തരീക്ഷം.

തന്റെ പ്രായവും ആരോഗ്യനിലയും ഒന്നും കണക്കിലെടുക്കാതെ ബോംബെയിൽ എത്തിയത് തമ്മിൽ കാണുന്നതിനുള്ള അവാച്യമായ സന്തോഷം കൊണ്ടാണെന്നു പ. ബാവാ അറിയിച്ചു. ക്രിസ്തീയ സുകൃതങ്ങളുടെ നിറകുടമായ മാർപ്പാപ്പായുടെ മുഖം ആത്മനിർവൃതിയുടെയും ആനന്ദത്തിന്റെയും അത്യുന്നത മേഖലകളിൽ സഞ്ചരിക്കുന്നതുപോലെ തോന്നി. പരിപാവനമായ ആ അന്തരീക്ഷത്തിൽ അവർണ്ണനീയമായ ക്രിസ്തീയ സ്നേഹത്തിന്റെ അദൃശ്യമായ വീചികൾ കമ്പിയില്ലാ കമ്പിയിലെന്നപോലെ ഇരുവരുടെയും ഹൃദയവിപഞ്ചികകളിൽ ആത്മനിർവൃതിയുടെ അനുരണനങ്ങൾ സൃഷ്ടിക്കുന്നുണ്ടായിരുന്നു. മഹാ നഗരമായ ബോംബെ വരെ വന്നു കണ്ടതുകൊണ്ടുമാത്രം താൻ തൃപ്തനല്ലെന്നും പ. ബാവാ റോമിൽ എത്തി കുറച്ചുനാൾ തന്റെ മാന്യാതിഥിയായി താമസിക്കണമെന്നും മാർപ്പാപ്പാ പറഞ്ഞു. കർദ്ദിനാൾ ഗ്രാഷ്യസും ഫാ. കെ. പീലിപ്പോസും മാത്രമാണ് ഈ ഹൃദയപ്പകർച്ചയ്ക്കു സാക്ഷ്യം വഹിച്ചത്.

ഏതാനും മിനിറ്റുകൾ നീണ്ടുനിന്ന ആ സംഭാഷണത്തിനുശേഷം അന്നു കേന്ദ്രമന്ത്രിയും ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പ്രശസ്ത അംഗവുമായിരുന്ന എ. എം. തോമസ്, *മലയാള മനോരമ*യുടെ ന്യൂഡൽഹി പ്രതിനിധി വി. എം. മരങ്ങോലി മുതലായവർക്കും മാർപ്പാപ്പാ സന്ദർശനാനുവാദം നൽകി. മാർപ്പാപ്പായുടെ മനോഹരമായ ചിത്രത്താൽ മുഖമുദ്രയണിഞ്ഞിരുന്ന അന്നത്തെ *മലയാള മനോരമ*യുടെ ഒരു പ്രതി മനോരമ പ്രതിനിധി മാർപ്പാപ്പായുടെ പാവനകരങ്ങളിൽ സമർപ്പിച്ചു. ഒരു പുഞ്ചിരിയോടുകൂടി പത്രത്തിൽ ഒന്നു നോക്കിയശേഷം അത് അടുത്തിരുന്ന കർദ്ദിനാൾ ഗ്രാഷ്യസിനെ ഏല്പിച്ചു. സന്ദർശകരെ ഫാ. കെ. പീലിപ്പോസാണു മാർപ്പാപ്പായ്ക്കു പരിചയപ്പെടുത്തിക്കൊടുത്തത്.

പരിചയപ്പെടുത്തലിനുശേഷം പ. കാതോലിക്കാ ബാവാ പ. മാർപ്പാപ്പായ്ക്കു സമർപ്പിക്കാൻ കൊണ്ടുവന്നതും 433 വാക്കുകൾ അടങ്ങിയതുമായ സന്ദേശം ഫാ. പീലിപ്പോസ് വായിച്ചു സമർപ്പിച്ചു. പ്രതിസന്ദേശമെന്ന നിലയിൽ 470 വാക്കുകൾ അടങ്ങിയ കത്ത് മാർപ്പാപ്പാ തന്നെയാണു വായിച്ചത്. സൗഹൃദാഭിവാദനങ്ങൾ നിറഞ്ഞുനിന്ന ഇരുസന്ദേശങ്ങളിലും ഇന്ത്യയിലെ ഓർത്തഡോക്സ് സഭ അപ്പസ്തോലിക സഭയാണെന്നുള്ള ചരിത്രവസ്തുത വളരെയധികം വ്യക്തമാക്കിയിരുന്നു. കേരളം സന്ദർശിക്കുന്നതിനും അവിടുത്തെ ക്രൈസ്തവരെ നേരിട്ടു കാണുന്നതിനും മാർപ്പാപ്പാ ആഗ്രഹം

പ്രകടിപ്പിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ അപ്പോസ്തലന്മാർ സുവിശേഷം പ്രസംഗിച്ച അതേ കാലയളവിൽത്തന്നെ ഇന്ത്യയ്ക്കും ആ ഭാഗ്യം സിദ്ധിച്ചതിൽ മാർപ്പാപ്പാ സന്തോഷിക്കുന്നതായി സന്ദേശത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. പ. ബാവായെ സ്വീകരിക്കുന്നതിനോടൊപ്പം ബാവാ പ്രതിനിധാനം ചെയ്യുന്ന പുരാതന സഭയിലെ പ്രബുദ്ധരായ അംഗങ്ങളെയും അഭിവാദനം ചെയ്യുന്നതായും മാർപ്പാപ്പാ എടുത്തുപറഞ്ഞിരിക്കുന്നു.

ഇരു സന്ദേശങ്ങളിലും ഇന്ത്യയിലെ കത്തോലിക്കരും ഓർത്തഡോക്സുകാരും ഒരു ശുഭാവസരത്തിൽ അപ്പോസ്തലിക വിശ്വാസത്തിൽ കൂടുതൽ അടുക്കുമെന്ന് പ്രാർത്ഥനാപൂർവ്വം പ്രത്യാശ പ്രകടിപ്പിച്ചിട്ടുമുണ്ട്. അര മണിക്കൂർ നീണ്ടുനിന്ന ആ അവിസ്മരണീയ 'ഉച്ചകോടി' സംഭാഷണം ക്രൈസ്തവ സഭാചരിത്രത്തിലെ "സന്തോഷത്തിന്റെ ഒരു സായാഹ്ന"മായി എന്നും പരിലസിക്കും.

പ. ബാവായും പ. മാർപ്പാപ്പായും പരസ്പരം കൈമാറിയതും സ്നേഹവായ്പ് തുടിക്കുന്നതുമായ സന്ദേശങ്ങളുടെ ആത്മസത്ത തർജ്ജമയിലൂടെ ഒട്ടും ചോർന്നുപോകാതിരിക്കട്ടെ എന്നു കരുതി അവ അതേപടി ചുവടേ ചേർക്കുന്നു:

Greeting of H. H. the Catholicos Augen I to H. H. the Pope Paul VI

Holy Father in Christ,

We give glory to God, The Holy Trinity for His great mercy in making this meeting possible. This great land of India with its ancient history and tradition of great religious saints had extended its welcome to the Christian Church in the middle of the first century A. D. when St. Thomas one of the twelve disciples of Jesus Christ founded it. Through the centuries the Church has lived its life here as part of the life and history of India, for long it has been isolated from the main currents of Christian Church and its growth in the western world. However, it maintained its connection with Persia and the See of Antioch. At present Syrian Christians include Orthodox Syrians, Catholic Syrians, Anglican Syrians, and Marthoma Syrians. Inspite of all these influences and other vicissitudes it is a matter of profound gratefulness to God that we have kept the faith once delivered to the saints. The ancient Catholicate of the East was revived here at the beginning of this century and my humble self is the fourth occupant of the throne since its establishment in India in 1912.

The Orthodox Syrian Church has been viewing with keen interest, the deliberations of the Second Vatican Council under the able leadership of both Pope John of blessed memory and Your Holiness. We had sent observers to the Council in response to Your Holiness' kind invitation. The Council has opened

vistas of new hope and expectations in the minds of Christians all over the world about the union of the Christian Churches. *The Orthodox Church in India shares that hope and is united in prayer with Holiness in this great venture that the high priestly prayer of our Lord may be fulfilled in the way and time that the Holy Spirit wills.*

I may venture to express to your Holiness that the new spirit that Your Holiness and Your saintly predecessor have brought in, will inaugurate a new relationship of cordiality between our Churches. There have been painful instances of groups changing from one faith to another often without theological or doctrinal grounds which I believe have not contributed to the best in Christian witness.

In spite of my old age and present conditions of health I did not want to miss this great privilege of meeting Your Holiness and exchange fraternal greetings with You on this historical occasion of the first visit to our land by the primate of the See of Rome. Let us join to praise God for all his blessings throughout the ages and to pray Him for His inestimable blessings and guidance in the years to come.

Greeting of H. H. Pope Paul VI to H. H. the Catholicos Augen I

Your Holiness,

It is in a spirit of great joy that We greet you today. Our pilgrimage to the Congress which is meeting in this city of Bombay in order to renew Our devotion and fidelity to Our Lord and Saviour Jesus Christ receives new inspiration from the knowledge that you also have been able to come here to meet with us and exchange with Us a fraternal and Christian greeting.

How great a pleasure it would have been for Us to visit the state of Kerala and personally greet the flourishing Christian communities which are established there. Their traditions of Christian life and witness extend back to Apostolic times, and We rejoice in the fact that even as the message of love and reconciliation was being brought to Europe through Christ's Apostles, ambassadors of peace, it was also reaching out at the same time to embrace your own native land. It established deep roots, and from the beginning has contributed greatly to the spiritual and cultural life of India.

If the restricted nature of Our present pilgrimage makes it impossible for Us to make this visit at this time, We are comforted by the fact that, in the person of Your Holiness, We are able to salute the many thousands of Christians you represent. Even as We rejoice that so many Christians in this land glory in being heirs to the traditions of the Apostles, so also We face the reality

that unhappily there do not exist the bonds of full communion among those whom the Lord calls to be of one heart and one soul (Act, 4. 32). The pain which this causes also spurs Us on to strive humbly but confidently for the reconciliation of all Christians in the unity of the one and only Church of Christ (Decr de Oecumenismo, n. 24). Fidelity to the faith preached by the Apostles and the Fathers as well as loyalty to the Apostolic charge which the Lord has laid upon Us make us understand that the way to full communion is a difficult one which offers an opportunity to the genuine charity of all Christians and to their patience is striving to carry out the inscrutable decrees of God.

As We salute Your Holiness and, in Your person, the venerable church of which you are the pastor, We wish to express our desire and determination that Catholics also fully accept that opportunity.

God grant that the fraternal greeting we are exchanging now be the pledge of our common desire that, with the grace of God and according to the ways which He will determine, Catholics and Orthodox in India may one day arrive at that happy state which once characterized their apostolic forbears who, the sacred writer tells us, "continued steadfastly in the teaching of the Apostles and in the communion of the breaking of the bread and in the prayers" (Acts 2, 42).

എത്യോപ്യൻ സുന്നഹദോസ്

എത്യോപ്യൻ ചക്രവർത്തിയായിരുന്ന ഹെയ്‌ലി സെലാസിയുടെ പരിശ്രമഫലമായി 1965 ജനുവരിയിൽ എത്യോപ്യയുടെ തലസ്ഥാനമായ ആഡിസ് അബാബയിൽ ചേർന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭാതലവന്മാരുടെ സുന്നഹദോസിൽ ഇന്ത്യയിലെ ഓർത്തഡോക്സ് സഭാതലവൻ എന്ന നിലയിൽ ഔഗേൻ പ്രഥമൻ ബാവായ്ക്കും സംബന്ധിക്കുന്നതിനു ഭാഗ്യമുണ്ടായി. സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവനായ അന്ത്യോക്യാ പാത്രിയർക്കീസ് ഇഗ്നാത്യോസ് യാക്കൂബ് തൃതീയനും ഈ കോൺഫറൻസിൽ പങ്കെടുത്തു. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ദാനിയേൽ മാർ പീലക്സിനോസ്, പൗലോസ് മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരും, മാനേജരച്ചൻ എന്ന പേരിൽ പ്രസിദ്ധനായിരുന്ന ഫാ. റ്റി. സി. ജേക്കബും, അഖില ലോക സഭാ കൗൺസിൽ അസോ. സെക്രട്ടറി ഫാ. പോൾ വർഗീസും (ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ് ചക്രവർത്തി സമ്മേളനം വിളിച്ചു കൂട്ടിയത്), എത്യോപ്യായിൽ ഉണ്ടായിരുന്ന റവ. ഡോ. വി. സി. സാമുവൽ, റവ. ഡോ. കെ. സി. ജോസഫ് എന്നിവരും ആഡിസ് അബാബാ സമ്മേളനത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്തു. ഇപ്രകാരം ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്ന ആശയം ആദ്യമായി പുറപ്പെടുവിച്ചത് കാലം ചെയ്ത പ. ബസേലിയോസ്

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ആയിരുന്നു എന്ന് ഇവിടെ ഓർക്കേണ്ടതുണ്ട്.

ഭരണകാര്യത്തിൽ സ്വതന്ത്രങ്ങളായ പൗരസ്ത്യ ഓർത്തഡോക്സ് സഭകളെ സംബന്ധിച്ചിടത്തോളം ചരിത്രം സൃഷ്ടിച്ച ഈ സമ്മേളനത്തിൽ പ്രായാധിക്യത്തെ വകവയ്ക്കാതെ പങ്കെടുത്ത പ. ഔഗേൻ ബാവായോട് എത്യോപ്യൻ ചക്രവർത്തിയും മറ്റു സഭാതലവന്മാരും പ്രകടിപ്പിച്ച സ്നേഹാദരങ്ങൾ അവർണ്ണനീയമാണ്. സമ്മേളനാനന്തരം പ. അന്ത്യോക്യാ പാത്രിയർക്കീസിന്റെ ക്ഷണം സ്വീകരിച്ച് സിറിയയിലെ പ്രധാന സഭാകേന്ദ്രങ്ങളും വിശുദ്ധ നാടുകളും ഒരിക്കൽക്കൂടി സന്ദർശിക്കുന്നതിനും കാതോലിക്കാ ബാവായ്ക്കു സാധിച്ചു.

എൺപതു വയസ്സ് കഴിഞ്ഞ പ. ഔഗേൻ ബാവായും മറ്റും ജനുവരി 11-ാം തീയതി കൊച്ചിയിൽ നിന്നു വിമാനമാർഗ്ഗം ബോംബെ - കറാച്ചി - ഏഡൻ വഴി എത്യോപ്യായിലെ അസ്മാറയിലേക്കു പോയി. അവിടത്തെ ഗവർമ്മെന്റ് ഗസ്റ്റ് ഹൗസിൽ പ. ബാവാ അന്നുരാത്രി താമസിച്ചു. അതിശക്തമായ ശൈത്യം അനുഭവപ്പെട്ടതിനെ തുടർന്ന് കാതോലിക്കാ ബാവായും മാനേജരച്ചനും മറ്റും അന്നുരാത്രി തന്നെ ഇഹലോകവാസം വെടിയുമോ എന്നു പോലും ഭയപ്പെട്ടുപോയി. പിറ്റേ ദിവസം ആഡിസ് അബാബയിലേക്കുള്ള വിമാനയാത്ര തുടർന്നു. ആ വിമാനത്തിൽ അന്ത്യോക്യാ പാത്രിയർക്കീസും സിറിയയിലെ രണ്ടു മെത്രാപ്പോലീത്താമാരും രണ്ടു റമ്പാന്മാരും ഉണ്ടായിരുന്നു. മെത്രാന്മാരും ബാവാമാരും പരസ്പരം ആലിംഗനം ചെയ്തു സ്വീകരിച്ചു.

വിമാനം ആഡിസ് അബാബാ താവളത്തിൽ ഇറങ്ങിയപ്പോൾ ചക്രവർത്തിയും എത്യോപ്യൻ സഭയിലെ ആക്ടിംഗ് പാത്രിയർക്കീസായിരുന്ന ആബൂനാ തെയോഫിലോസും പതിനഞ്ചിലധികം മെത്രാപ്പോലീത്താമാരും ചേർന്നാണ് പാത്രിയർക്കീസിനെയും കാതോലിക്കായെയും കൈമുത്തി സ്വീകരിച്ചത്. തുടർന്ന് ആബൂനാ മാർ തെയോഫിലോസ് ചെയ്ത പ്രസംഗത്തിനുശേഷം പാത്രിയർക്കീസും കാതോലിക്കായും സമുചിതമായി മറുപടി പറഞ്ഞു. സഭാ തലവന്മാർക്കുവേണ്ടി പ്രത്യേകം സജ്ജമാക്കിയിരുന്ന ഒരു കൊട്ടാരത്തിലാണ് കാതോലിക്കാ ബാവായും താമസിച്ചിരുന്നത്. അന്നു വൈകിട്ട് പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും ചക്രവർത്തിയെ സന്ദർശിച്ച് സംഭാഷണം നടത്തി. എൺപത്തിഒന്നു വയസ്സുണ്ടായിരുന്ന ഔഗേൻ ബാവാ സമ്മേളനത്തിൽ ധൈര്യപൂർവ്വം എത്തിച്ചേർന്നതിൽ ചക്രവർത്തി കൂടുതൽ സന്തുഷ്ടിയും ആശ്ചര്യവും പ്രകടിപ്പിച്ചു. പുരാതനമായ മലങ്കരസഭയ്ക്ക് അദ്വിതീയമായ സ്ഥാനമാണ് ബാവായുടെ സന്ദർശനം മൂലം അവിടെയും ലഭിച്ചത്.

ആഡിസ് അബാബ സമ്മേളനം ജനുവരി 15-നു ആരംഭിച്ചു. അന്ത്യോക്യാ

പാത്രിയർക്കീസ്, അർമ്മീനിയൻ സുപ്രീം കാതോലിക്കോസ് വസ്കൻ, ഔഗേൻ കാതോലിക്കാ ബാവാ, സിലിഷ്യൻ കാതോലിക്കാ കോറിൻ, ആബൂനാ തെയോഫിലോസ് എന്നിവർ അദ്ധ്യക്ഷവേദിയിൽ ഹെയ്‌ലി സെലാസി ചക്രവർത്തിയുടെ ഇരുവശങ്ങളിലുമായി ഇരുന്നു. ചക്രവർത്തിയാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. അന്ത്യോക്യാ പാത്രിയർക്കീസ് ബാവായും, വസ്കൻ കാതോലിക്കായും പ്രസംഗിച്ചു.

അർമീനിയൻ സഭയുടെ പ്രാതിനിധ്യം സംബന്ധിച്ചുണ്ടായ തർക്കത്തെ തുടർന്ന് വൈകിട്ടും പിറ്റേദിവസവും സമ്മേളനം നടന്നില്ല. 18-നു സമ്മേളനം പുനരാരംഭിക്കുകയും ഓർത്തഡോക്സ് സഭകളെ സംബന്ധിക്കുന്ന പല സുപ്രധാന തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തു. എത്യോപ്യയിലെ സന്ദർശന പരിപാടികൾക്കു ശേഷം ജനുവരി 25-ാം തീയതി കെയ്റോയിലേക്ക് കാതോലിക്കാ ബാവായും മറ്റും പറന്നു. അവിടെ എത്തിയ ശേഷം പാത്രിയർക്കീസ് ബാവാ ദമസ്കോസിലേക്കു പോകുകയും കാതോലിക്കാ ബാവായും മറ്റും കോപ്റ്റിക് സഭയുടെ അതിഥികളായി പല പള്ളികളും സന്ദർശിക്കുകയും ചെയ്തു.

രണ്ടു ദിവസത്തെ സന്ദർശനത്തിനുശേഷം കാതോലിക്കാ ബാവായും കൂടെയുണ്ടായിരുന്നവരും യറുശലേമിലേക്കു പോയി. വിശുദ്ധ നാടുകളിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനു കാതോലിക്കാ ബാവായ്ക്കു ജീവിതസായാഹ്നത്തിൽ ഒരവസരം കൂടി ലഭിച്ചു.

ബേയ്റൂട്ട്, കോറിൻ കാതോലിക്കായുടെ ആസ്ഥാനമായ ആന്റലിയാസ് എന്നിവിടങ്ങളിലെ സന്ദർശനത്തിനുശേഷം ഫെബ്രുവരി 3 -ാം തീയതി അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആസ്ഥാനമായ ദമാസ്കസിലേക്കു പോയി. പാത്രിയർക്കാ അരമനകവാടത്തിൽവച്ച് കിഴക്കിന്റെ കാതോലിക്കായെ കണ്ടപ്പോൾ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ സസന്തോഷം ആലിംഗനം ചെയ്തു സ്വീകരിച്ചു.

'മലങ്കരസഭയിലെ സമാധാനം സുഭദ്രമായിത്തന്നെ ഇരിക്കുന്നുവോ' എന്നു പാത്രിയർക്കീസ് ബാവാ ആകാംക്ഷാപൂർവ്വം എല്ലാവരോടും ആരായുകയുണ്ടായി. രണ്ടു ബാവാമാരും സിംഹാസന വ്യത്യാസമെന്യേ ഒന്നിച്ചിരുന്നു കുശലപ്രശ്നം ചെയ്തു.

അവിടുത്തെ സന്ദർശന പരിപാടികൾക്കുശേഷം കാതോലിക്കാ ബാവാ ഹോംസും, ആലപ്പോയും, ഹെസക്കായും, ദെറിക്കും മറ്റും സന്ദർശിച്ചു പല സ്വീകരണങ്ങളിൽ പങ്കെടുത്തു. പിന്നീട് കാതോലിക്കാ ബാവാ ചരിത്രപ്രസിദ്ധമായ മൂസൽ സന്ദർശിക്കുകയുണ്ടായി.

മാർതോമ്മായുടെ തിരുശേഷിപ്പ്

മൂസൽ സന്ദർശനാർത്ഥം ഔഗേൻ ബാവായും പാത്രിയർക്കീസ് ബാവായും തീവണ്ടി മാർഗ്ഗം മൂസൽ സ്റ്റേഷനിൽ എത്തിയപ്പോൾ മൂസലിലെ മെത്രാപ്പോലീത്താ, മാർ സേവേറിയോസ് സക്കായിയും മറ്റും അവർക്കു ഹൃദ്യമായ ഒരു വരവേല്പാണു നൽകിയത്. അവരുടെ സ്വീകരണ ഘോഷയാത്രയുടെ ലക്ഷ്യം പഴക്കമേറിയ മൂസൽ മെത്രാസന അരമനയായിരുന്നു.

മാർതോമ്മാ ശ്ലീഹായുടെ നാമത്തിലാണ് ഈ പള്ളി സ്ഥാപിച്ചിരിക്കുന്നത്. ഈ പള്ളിയുടെ ഒരു ഭിത്തിക്ക് സംഭവിച്ച കേടുപോക്കുന്നതിനായി ആ ഭിത്തി പൊളിച്ച അവസരത്തിലാണ് മാർതോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടുകിട്ടിയത്. ഒരു മാർബിൾ പേടകത്തിൽ അത് ഭംഗിയായി സൂക്ഷിച്ചുവച്ചിരുന്നു. "ഇന്ത്യയിൽ സുവിശേഷം അറിയിച്ച മാർതോമ്മായുടെ തിരുശേഷിപ്പ്" എന്നു പഴയ എസ്ത്രൻഗേലാ അക്ഷരത്തിൽ അതിന്മേൽ എഴുതിയിരുന്നു. ഇന്ത്യയിൽ മാർതോമ്മാ ശ്ലീഹാ സുവിശേഷം അറിയിച്ചു എന്നുള്ളതിന് ഒരു സാക്ഷ്യമായും അതിലുപരി അപ്പോസ്തലന്റെ ഭൗതികാവശിഷ്ടം മലങ്കരസഭയിൽ ദീർഘകാലമായി നിലവിലിരുന്ന ഭിന്നത അവസാനിപ്പിച്ചു സമാധാനം പുനഃസ്ഥാപിച്ചതിന് പാത്രിയർക്കീസിനു ലഭിച്ച ഒരു ദിവ്യസമ്മാനമായും പാത്രിയർക്കീസ് ബാവാ ഈ തിരുശേഷിപ്പിനെ പരിഗണിച്ചു. മഹത്തായ ഈ 'സുവിശേഷം' പാത്രിയർക്കീസ് ബാവാ ഇന്ത്യൻസഭയെ കേബിൾമാർഗ്ഗം അറിയിച്ചു.

ആദ്യകാലത്ത് ഇന്ത്യയിൽ നിന്ന് എഡേസ്സായിലേക്കാണു മാർതോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് കൊണ്ടുപോയത്. ആ പുണ്യവസ്തു 394-ൽ ഉറഹായിലെ മാർതോമ്മാ ശ്ലീഹായുടെ പള്ളിയിൽ സ്ഥാപിച്ചു. അത് ഒരു കർക്കടകം (ജൂലൈ) മൂന്നാം തീയതിയാണ്. ആ ദിവസം മാർതോമ്മായുടെ ഓർമ്മ (ദുക്റോനോ) ആയി കൊണ്ടാടുവാൻ സഭ നിശ്ചയിച്ചു. ഈ തിരുശേഷിപ്പിന്റെ അംശങ്ങൾ പിന്നീട് പല സ്ഥലങ്ങളിലേക്കും കൊണ്ടുപോയി എന്നാണു ചരിത്രം. കാലക്രമത്തിൽ ഉറഹാ മാർതോമ്മാ ശ്ലീഹായുടെ കബറിടസ്ഥലമായും കാതോലിക്കാമാരുടെ ആസ്ഥാനമായും തീർന്നു. കാതോലിക്കാ ആസ്ഥാനത്തിന്റെ സ്ഥാനചലനത്തോടൊപ്പം ആ തിരുശേഷിപ്പുകളും മാറ്റപ്പെട്ടതായി പരിഗണിക്കപ്പെടുന്നു.

മൂസൽ സെന്റ് തോമസ് പള്ളിയിൽ ഔഗേൻ ബാവാ വിശുദ്ധ കുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ പാത്രിയർക്കീസ് ബാവാ പള്ളിയിൽ എത്തുകയും മാർബിൾ പേടകത്തിൽ സൂക്ഷിച്ചിരുന്ന മാർതോമ്മായുടെ തിരുശേഷിപ്പ് അതു വച്ചിരുന്ന സ്ഥലത്തുനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്ന് വിശുദ്ധ മദ്ബഹായിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന മനോഹരമായ ഒരു പീഠത്തിൽ വയ്ക്കുകയും പ്രത്യേക പ്രാർത്ഥനയും ധൂപാരാധനയും കഴിഞ്ഞ്

ഒരു ചെറു പ്രസംഗത്തോടുകൂടി കാതോലിക്കാ ബാവായെ ഏല്പിക്കുകയും ചെയ്തു. ഔഗേൻ ബാവാ ആദരപൂർവ്വം അത് ഏറ്റുവാങ്ങുകയും തിരുശേഷിപ്പ് നല്കിയതിൽ പാത്രിയർക്കീസ് ബാവായോടും സക്കായി മെത്രാപ്പോലീത്തായോടും കൃതജ്ഞത പ്രകാശിപ്പിക്കുകയും ഉണ്ടായി. അനന്തരം ബാവാമാരും മെത്രാപ്പോലീത്താമാരും റമ്പാച്ചന്മാരും പട്ടക്കാരും ശുശ്രൂഷകരും തിരുശേഷിപ്പും വഹിച്ചുകൊണ്ടും പള്ളിയകത്തു പ്രത്യേക ഗീതങ്ങൾ ആലപിച്ചുകൊണ്ടും ഒരു സ്തോത്ര പ്രദക്ഷിണം നടത്തുകയും തുടർന്ന് വി. കുർബ്ബാന പൂർത്തിയാക്കുകയും ചെയ്തു. ഈ തിരുശേഷിപ്പാണ് ഇന്ന് കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ സൂക്ഷിച്ചിരിക്കുന്നത്.

ബാഗ്ദാദ്, ബസ്രാ, ബഹ്റിൻ, ഖത്തർ, ഡോഹ എന്നിവിടങ്ങളിൽ സഞ്ചരിച്ചു മലയാളികളായ മലങ്കര സഭാംഗങ്ങളുടെ സ്വീകരണ സൽക്കാരങ്ങളിൽ ഔഗേൻ ബാവാ പങ്കെടുത്തു. തുടർന്ന് ബോംബെ വഴി കോട്ടയത്ത് തിരിച്ചെത്തിയപ്പോൾ ബാവായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പിനും ലഭിച്ച ഭക്തിനിർഭരമായ സ്വീകരണം അവർണ്ണനീയമാണ് (മാർതോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് നൽകിയ പാത്രിയർക്കീസാണ് അഞ്ചു കൊല്ലം കഴിഞ്ഞപ്പോൾ മാർത്തോമ്മായുടെ പട്ടം രേഖാമൂലം 'ഊരിയെടുത്തത്.' പരിശുദ്ധാത്മാവിനെതിരായ പാപം). വിശുദ്ധ നാടുകളിലെ തന്റെ അവസാനത്തെ സന്ദർശനത്തിനുശേഷം ഭാഗ്യവാനായ ഔഗേൻ ബാവാ 1965 മാർച്ച് 9 -ാം തീയതി രാത്രി കാതോലിക്കേറ്റ് അരമനയിൽ സസുഖം തിരിച്ചെത്തി.

ഒരു വ്യാഴവട്ടക്കാലം

മൂന്നാമത്തെ കാതോലിക്കാ ഗീവറുഗീസ് ദ്വിതീയൻ ബാവാ 1964 ജനുവരി 3-ാം തീയതി കാലം ചെയ്തതിനാൽ 1962 മെയ് 17-ാം തീയതി മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരുന്ന ഔഗേൻ മാർ തിമോത്തിയോസ് മലങ്കര മെത്രാപ്പോലീത്തായായി ചാർജ്ജെടുത്തു. അന്ന് എം.ഡി. സെമിനാരിയിൽവച്ച് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ചെയ്ത ചരമ പ്രസംഗത്തിൽ "ന്യായത്തിനും സത്യത്തിനും പ്രമാണത്തിനും നീതിക്കും വേണ്ടി നിലനിന്ന കാലംചെയ്ത തിരുമേനിയുടെ കാലടികൾ വിശ്വാസസ്ഥിരതയോടുകൂടി പിന്തുടരുമെന്നു" പ്രഖ്യാപിച്ചിരുന്നു. ആ സത്യപ്രതിജ്ഞ അദ്ദേഹം ജീവിതത്തിൽ നിറവേറ്റുകയും ചെയ്തു.

മലങ്കര മെത്രാപ്പോലീത്തായായി ചാർജെടുത്ത് മലങ്കരസഭയിലെ വൈകാരിക ഐക്യം പോഷിപ്പിക്കുന്നതിനും സമ്പൂർണ്ണ സമാധാനത്തിനുള്ള വിലങ്ങുതടികൾ നീക്കുന്നതിനും പാത്രിയർക്കീസ് ബാവായെ ഹൂദായ കാനോനിലെ വ്യവസ്ഥയെ മാനിച്ചുകൊണ്ട് ക്ഷണിക്കുന്നതിനും കാതോലിക്കാവാഴ്ചയിൽ പങ്കെടുപ്പിക്കുന്നതിനും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അന്നത്തെ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണ വേളയിൽ

വ്യവസ്ഥയനുസരിച്ച് കാതോലിക്കായെ ക്ഷണിച്ചിരുന്നില്ലെങ്കിലും അതെല്ലാം വിസ്മരിച്ചുകൊണ്ട് 1958 -ലെ പരസ്പര സ്വീകരണത്തിന്റെ വെളിച്ചത്തിലായിരിക്കണം മലങ്കര സുന്നഹദോസ് കേസുകൾക്ക് അന്തിമവിരാമം ഇടുന്നതിനും സമാധാനത്തിനു സമ്പൂർണ്ണഭദ്രത ലഭിക്കുന്നതിനും വേണ്ടി പാത്രിയർക്കീസ് ബാവായെ ക്ഷണിച്ചതെന്നു കരുതപ്പെടുന്നു. മലങ്കര സുന്നഹദോസിന്റെ ക്ഷണമനുസരിച്ച് പാത്രിയർക്കീസ് ബാവായും മൂന്നു മെത്രാന്മാരും മലങ്കരയിൽ എത്തുമെന്ന് 1964 ഫെബ്രുവരിയിൽ ഉറപ്പായി. എന്നാൽ പാത്രിയർക്കീസ് വരാതിരിക്കുന്നതിനും ചില തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും മുൻ പാത്രിയർക്കീസ് ഭാഗത്തെ ചില പ്രമാണികൾ ശ്രമിച്ചുവെന്നും അത് പരാജയപ്പെട്ടുവെന്നും പിന്നീട് വ്യക്തമായി.

മലങ്കരസഭയുടെ ചെലവിൽ ഇന്ത്യയിൽ എത്തിയ പാത്രിയർക്കീസ് ബാവായും മെത്രാന്മാരും ന്യൂഡൽഹിയിൽവച്ച് രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണനെ സന്ദർശിക്കുകയും കേരളത്തിൽ എത്തി ഒട്ടധികം സ്വീകരണ സല്ക്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. കാതോലിക്കായുടെ സ്ഥാനാരോഹണത്തിനു മുമ്പ് കാതോലിക്കോസിന്റെ അധികാരസീമയിൽപ്പെട്ട കുവൈറ്റ് മുതലായ പ്രദേശങ്ങളിന്മേലുള്ള അവകാശം പാത്രിയർക്കീസിനെ പിണക്കാതിരിക്കുന്നതിനുവേണ്ടി മലങ്കര സുന്നഹദോസ് ഉപേക്ഷിച്ച കാര്യം വളരെ വൈകി മാത്രമേ സഭാംഗങ്ങൾ അറിഞ്ഞുള്ളു. അവിടുത്തെ സമ്പന്നരായ മലയാളികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനം തുടരുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. പ്രായോഗിക തലത്തിൽ ഈ തീരുമാനത്തിന് അതെഴുതിയ കടലാസിന്റെ വില പോലുമില്ലെന്നാണ് അനുഭവങ്ങൾ തെളിയിച്ചത്. മലങ്കര സുന്നഹദോസംഗങ്ങളുടെ സഹകരണത്തോടുകൂടി നടന്ന കാതോലിക്കാ സ്ഥാനാരോഹണം ചരിത്രം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു. ഈ ചടങ്ങിൽ പാത്രിയർക്കീസ് ബാവായും ശീമയിൽ നിന്നു വന്ന മെത്രാന്മാരും മാത്രമേ സംബന്ധിച്ചിരുന്നുള്ളുവെന്ന് കാണിക്കാൻ ചില തല്പരകക്ഷികൾ ഫോട്ടോ വെട്ടി ബ്ലോക്കുണ്ടാക്കി പരസ്യപ്പെടുത്തിയത് ക്രൈസ്തവർ എന്ന നിലയിലുള്ള അവരുടെ അധഃപതനത്തിന്റെ ഒരു അടയാളമായി മാത്രം അവശേഷിക്കും. കാതോലിക്കാ സ്ഥാനാരോഹണം നേരിട്ടുകണ്ട് സന്തോഷിച്ച അനേകായിരം സഭാംഗങ്ങൾ ഇന്നും തെക്കും വടക്കും ജീവിക്കുന്നുണ്ട്. ക്യാമറ കള്ളം പറഞ്ഞാലും കണ്ണുകൾ അടയ്ക്കാനാവില്ലല്ലോ. കാതോലിക്കാ സ്ഥാനാരോഹണത്തോടെ മലങ്കര ഓർത്തഡോക്സ് സഭയിൽ ഉണ്ടായിരുന്ന ഇരുവിഭാഗങ്ങളും പരിപൂർണ്ണമായും ഒന്നായി. കാതോലിക്കാ സ്ഥാപനം സഭ മുഴുവന്റേതുമായി. ഇവിടെ 1912-ൽ സ്ഥാപിച്ച കാതോലിക്കാ സിംഹാസനം അബ്ദുള്ള പാത്രിയർക്കീസും പിൻഗാമികളും അംഗീകരിച്ചില്ല. അതുപോലെതന്നെ ഇവിടെ വാണിരുന്ന കാതോലിക്കാമാരും അവരെ അനുസരിച്ചവരും അന്ത്യോക്യാ പാത്രിയർക്കീസുമാരെയും

അംഗീകരിച്ചില്ല. ഈ പരസ്പര എതിർപ്പ് എന്നന്നേക്കുമായി മാറി എന്ന് എല്ലാവരും വിശ്വസിക്കുകയും ചെയ്തു. സഭ ഒട്ടുക്ക് അംഗീകരിക്കുന്ന പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും ഉണ്ടായതിനാൽ സഭയിലെ "ഞങ്ങളും" "നിങ്ങളും" അപ്രത്യക്ഷമായി. 1958-ൽ പാത്രിയർക്കീസ് ബാവാ സമാധാന കല്പന പുറപ്പെടുവിച്ചപ്പോൾ അത് അതേപടി അംഗീകരിക്കാൻ വിസമ്മതിച്ചവരും പാത്രിയർക്കീസ് ബാവായുടെ പ്രസംഗം കേട്ടപ്പോൾ കാതോലിക്കായുടെ അനുയായികളായി മാറിപ്പോയിരിക്കണം.

"മലങ്കരയിൽ ഉണ്ടായിരിക്കുന്ന സമാധാനം നിങ്ങൾ മുറുകെ പിടിക്കണം. അതായിരിക്കും എനിക്ക് നല്കാവുന്ന നിങ്ങളുടെ ഏറ്റവും അഭികാമ്യമായ പാരിതോഷികം. സർവ്വോപരി വിശുദ്ധ ജീവിതം നയിക്കുകയും വേണം. മലങ്കരസഭയിൽ പണ്ടുണ്ടായിരുന്ന കലഹത്തെപ്പറ്റി ഇനിയും ചിന്തിക്കുകയോ അതേച്ചൊല്ലി എന്തെങ്കിലും പറഞ്ഞു വഴക്കുണ്ടാക്കുകയോ ചെയ്യുന്നതു കൊണ്ട് നമ്മുടെ സഭയ്ക്കോ സഭയിൽ ആർക്കെങ്കിലുമോ യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കഴിഞ്ഞ കാര്യങ്ങൾ പറഞ്ഞു വഴക്കുകൾ കുത്തിപ്പൊക്കുവാൻ ശ്രമിക്കുന്നവർക്ക് ലോത്തിന്റെ ഭാര്യയ്ക്കുണ്ടായ അനുഭവം - ഉപ്പുതൂണായിത്തീർന്ന അനുഭവം - ഉണ്ടാകും." കോട്ടയം സിംഹാസനപ്പള്ളിയിൽ പാത്രിയർക്കീസ്ബാവാ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗമാണിത്. സഭാ സമാധാനം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ പഴയ കാര്യങ്ങളിലേക്കും മുമ്പുണ്ടായിട്ടുള്ള അസുഖങ്ങളിലേക്കും കേസ്സുകളിലേക്കും പരസ്പരം ചെയ്തിട്ടുള്ള ദ്രോഹങ്ങളിലേക്കും കണ്ണോടിക്കുമ്പോൾ പിന്നെയും വിരുദ്ധതയിലേക്കും അസുഖങ്ങളിലേക്കും പോകാനേ മനുഷ്യനു തോന്നുകയുള്ളു. അതുകൊണ്ട് ലോത്തിന്റെ ഭാര്യയുടെ കാര്യം അനുസ്മരിപ്പിച്ചത് വളരെ നന്നായി. എന്നിട്ടും "ലോത്തിന്റെ ഭാര്യമാരായി" ചിലർ സഭയിൽ തലയുയർത്തി എന്നത് നിർഭാഗ്യകരമെന്നേ പറയേണ്ടതുള്ളു.

ഔഗേൻ ബാവായ്ക്ക് ഭാരമേറിയ ചുമതലകളാണു വഹിക്കേണ്ടിവന്നത്. അദ്ദേഹത്തിന്റെ മുൻഗാമികൾക്ക് ഒരു വിഭാഗത്തിന്റെ അഭിപ്രായങ്ങൾ ആദരിച്ചുമാത്രം പ്രവർത്തിച്ചാൽ മതിയായിരുന്നു. എന്നാൽ വിഭിന്ന ചിന്താഗതികളിൽ തഴമ്പിച്ച രണ്ടു കൂട്ടരുടെ വൈകാരിക ഐക്യം സാധിക്കുന്ന കാര്യം ശ്രമസാദ്ധ്യമായ ഒന്നായിരുന്നു. ചില കാര്യങ്ങൾ പറയാതെ വിടണം. എല്ലാ സത്യങ്ങളും പറയരുത്. പെരുമാറ്റത്തിലും പ്രവൃത്തിയിലും എല്ലാം വളരെ സൂക്ഷിച്ചു നീങ്ങേണ്ട ചുമതലയാണ് എൺപതോടടുത്ത പുതിയ കാതോലിക്കായുടെ ചുമലിൽ കയറിയത്. മുള്ളുകൾ നിറഞ്ഞ പാതയിലൂടെ സഞ്ചരിച്ച തിമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് മുള്ളുകളുടെ ഒരു കിടക്കതന്നെയായിരുന്നു കാതോലിക്കാ സ്ഥാനവും എന്നു പറയാം. മലങ്കരയിൽ ഉണ്ടായിരിക്കുന്ന ശാശ്വത സമാധാനം മൂലം സഭ സൃഷ്ടിപരമായ രംഗങ്ങളിൽക്കൂടി അഭിവൃദ്ധിപ്പെടട്ടെ എന്ന ശുഭാശംസകളോടെയാണു പാത്രിയർക്കീസ് ബാവാ

മലങ്കര വിട്ടത്. അതുകൊണ്ട് സഭയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ അന്യൂനം തുടരുന്നതിനുള്ള അന്തരീക്ഷം സംജാതമായിരുന്നു.

ഔഗേൻ കാതോലിക്കാബാവാ ചുമതല ഏല്ക്കുന്നതിനു മുമ്പുതന്നെ സഭയുടെ പ്ലാനിംഗ് കമ്മിറ്റി രൂപം നല്കിയ പരിപാടികൾ പുരോഗമിച്ചു കൊണ്ടിരുന്നു. ഇതര ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെട്ടുവന്നു. 1963 ജൂലൈ മാസത്തിൽ അലക്സിസ് പാത്രിയർക്കീസിന്റെ മെത്രാൻ സ്ഥാനാഭിഷേക കനകജൂബിലിയിൽ സംബന്ധിക്കാൻ മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാർ റഷ്യൻ സഭയുടെ ആതിഥ്യം സ്വീകരിച്ചു മോസ്കോയും മറ്റും സന്ദർശിച്ചു. കാതോലിക്കേറ്റ് സെൻട്രൽ ഓഫീസ് ആധുനിക നിലയിൽ സംഘടിപ്പിക്കുന്നതിന് സഭാ മാനേജിംഗ് കമ്മിറ്റി തീരുമാനം എടുത്തു. എം. ഡി. സെമിനാരി വളപ്പിൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ നിശ്ചയിച്ചു. മലങ്കരസഭാ ഭരണത്തിന് ഒരു എപ്പിസ്കോപ്പൽ കൗൺസിൽ 1963 സെപ്തംബറിൽ നിയോഗിക്കപ്പെട്ടു. മൂന്നാമത്തെ കാതോലിക്കായുടെ കാലശേഷം ഭരണഭാരമേറ്റ ഔഗേൻ ബാവായ്ക്ക് പല പ്രശ്നങ്ങളെ നേരിടേണ്ടതുണ്ടായിരുന്നു എങ്കിലും ആദ്യ വർഷങ്ങളിൽ സഭാനൗക ശാന്തമായ സാഗരത്തിലൂടെയാണു നീങ്ങിയത്. കേസ്സും കക്ഷിവഴക്കും തീർന്നു. മുമ്പു രണ്ടു കക്ഷികളായി നിന്നവർ ഒരുമിച്ച് ആരാധന നടത്തി. ചില വൈദികർ മുമ്പു കയറിയിട്ടില്ലാത്ത ദേവാലയങ്ങളിൽ സന്തോഷപൂർവ്വം ബലി അർപ്പിച്ചു. അങ്ങനെ സഭ വൈകാരിക ഐക്യത്തിലേക്കും പുരോഗതിയിലേക്കും നീങ്ങി.

സഭാ ഭരണഘടനയിൽ ആവശ്യമായി വരാവുന്ന ഭേദഗതികൾ വരുത്തുന്നതിന് കാതോലിക്കാ ബാവാ ഒരു റൂൾ കമ്മിറ്റിയെ നിയോഗിച്ചു. സഭയുടെ പുരോഗതിയെ മുൻനിർത്തി പുതുതായി ഏതാനും മെത്രാന്മാരെ വാഴിക്കാൻ സുന്നഹദോസ് നവംബർ 20-നു തീരുമാനിച്ചു. അങ്കമാലി ഭദ്രാസനത്തിന്റെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഓർത്തഡോക്സ് സണ്ടേസ്കൂൾ സമാജം പ്രസിഡണ്ടായും കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പായെ സമാജം ഡയറക്ടർ ജനറലായും ഫാ. കെ. ഡേവിഡിനെ പബ്ലിക്കേഷൻ ഓഫീസറായും സുന്നഹദോസ് തെരഞ്ഞെടുത്തു.

1965 ജനുവരി ആദ്യം എത്യോപ്യയിലെ ആഡിസ് അബാബയിൽ നടന്ന പൗരസ്ത്യ സഭകളുടെ സുന്നഹദോസിൽ ഔഗേൻ ബാവാ, പാത്രിയർക്കീസ് ബാവായോടൊപ്പം സംബന്ധിക്കുകയും തുടർന്ന് പാത്രിയർക്കീസ് ബാവായുടെ ക്ഷണമനുസരിച്ച് സിറിയായിലെ പള്ളികളും വിശുദ്ധ നാടുകളും സന്ദർശിക്കുകയും ചെയ്തു. തന്റെ ചെറുപ്പകാലത്തെ ജീവിത സ്മരണകൾ പുതുക്കി. മാർതോമ്മായുടെ തിരുശേഷിപ്പും ഈ യാത്രയിൽ പാത്രിയർക്കീസ് ബാവാ നല്കി. ഓർത്തഡോക്സ് വൈദികസെമിനാരി ഒരു ബി.ഡി. കോളജായി ഉയർത്തിയത് 1965 ഫെബ്രുവരി ഒന്നു മുതലാണെന്നുള്ളത് വൈദിക

സെമിനാരിയുടെ പ്രിൻസിപ്പാളായിരുന്ന ഔഗേൻ ബാവായ്ക്ക് കൂടുതൽ സന്തോഷത്തിനു വകനല്കി. കാതോലിക്കാദിനം സഭയുടെ ഐക്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായി സഭ മുഴുവൻ ആചരിച്ചു. മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. സഭവകയായി മെഡിക്കൽമിഷൻ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു. ഓഗസ്റ്റ് 27-ാം തീയതി പഴയസെമിനാരിയിൽ ഔഗേൻ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സഭാമാനേജിംഗ് കമ്മിറ്റിയുടെയും പ്ലാനിംഗ് കമ്മിറ്റിയുടെയും സുന്നഹദോസിന്റെയും സംയുക്ത യോഗത്തിൽ മലങ്കര സഭയുടെ പുരോഗതി മുൻനിർത്തി പ്ലാനിംഗ് കമ്മീഷൻ മുമ്പോട്ടുവച്ച നിർദ്ദേശങ്ങൾ എല്ലാം സുന്നഹദോസ് സ്വീകരിച്ചതായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ഒക്ടോബർ 5-നു മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി കൂടി. ഡിസംബർ 28-നു അസോസിയേഷൻ വിളിച്ചുകൂട്ടുന്നതിനും മെത്രാൻ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും നിശ്ചയിച്ചു. അസോസിയേഷൻ കൂടി ഫാ. എൻ. എ. യോഹന്നാൻ മല്പാൻ, ഫാ. കെ. പീലിപ്പോസ്, ഫാ. ടി. പോൾ വറുഗീസ്, ഫാ. എം. വി. ജോർജ്ജ്, സി. റ്റി. തോമസ് റമ്പാൻ എന്നിവരെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. വൈദിക ട്രസ്റ്റി സ്ഥാനം രാജി വച്ച മണലിൽ യാക്കോബ് കത്തനാർക്കു പകരം ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ തെരഞ്ഞെടുക്കപ്പെട്ടു.

പഴയസെമിനാരിയുടെ 150 വർഷം തികയുന്നത് സംബന്ധിച്ച ജൂബിലി ഡിസംബർ അവസാനം കൊണ്ടാടി. പ്രാരംഭ സമ്മേളനത്തിൽ മുൻ പ്രിൻസിപ്പൽകൂടിയായ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിക്കുകയും കേരള ഗവർണ്ണർ എ. പി. ജയിൻ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി. തുടർന്നാണ് എത്യോപ്യൻ സുന്നഹദോസിൽ പങ്കെടുക്കാൻ കാതോലിക്കാ ബാവാ പോയത്.

നോമ്പാചരണത്തിന്റെ പ്രാധാന്യം ഒട്ടും കുറയ്ക്കാതെ ലാഘവം വരുത്തിയതാണ് ഔഗേൻ ബാവായുടെ കാലത്തെ ഒരു പ്രധാനപ്പെട്ട പരിഷ്കാരം. അപ്രേം പ്രഥമൻ പാത്രിയർക്കീസിന്റെ നോമ്പ് പരിഷ്കരണത്തോട് എതിർപ്പ് പ്രകടിപ്പിച്ച കാതോലിക്കാപക്ഷം സഭാ സമാധാനത്തെ തുടർന്നുള്ള അന്തരീക്ഷത്തിലാണ് നോമ്പ് പരിഷ്കാരത്തിന് അംഗീകാരം നല്കിയത്. മൂന്നു നോമ്പും, കഷ്ടാനുഭവ ആഴ്ചയും, വലിയ നോമ്പിലെ ബുധനാഴ്ച, വെള്ളിയാഴ്ച ദിവസങ്ങളും ഒഴിച്ചാൽ പാലും ക്ഷീരോല്പന്നങ്ങളും മത്സ്യവും ഉപയോഗിക്കാം. ദിവസങ്ങളുടെ സംഖ്യയിൽ മാറ്റമില്ല. ഇതാണു നോമ്പു സംബന്ധിച്ച ലാഘവത്തിന്റെ ചുരുക്കം.

മാർ ഏലിയാ ചാപ്പൽ, മേലിൽ കാതോലിക്കാ ബാവായുടെ കത്തീഡ്രൽ ആയിരിക്കുമെന്ന് 1966 മാർച്ച് ഒടുവിൽ പ. ബാവാ പ്രഖ്യാപനം ചെയ്തു.

മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയായി മാർച്ച് 24-ാം തീയതി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര തെരഞ്ഞെടുക്കപ്പെട്ടു. അതുവരെ ഇ. ജെ. ജോസഫ് ആയിരുന്നു ഈ മഹനീയസ്ഥാനം പ്രശസ്തമായ നിലയിൽ വഹിച്ചിരുന്നത്.

അഞ്ചു പേരെ സ്ഥാനാർത്ഥികളായി തെരഞ്ഞെടുത്തു എങ്കിലും മൂന്നു പേർക്കു മാത്രമേ മേല്പട്ടസ്ഥാനം കൊടുക്കുന്നുള്ളു എന്ന തീരുമാനം സഭയിൽ അങ്ങോളമിങ്ങോളം പ്രതിഷേധ ശബ്ദം ഉയർത്തി. സിനഡിലെ ചില അംഗങ്ങളുടെ നിലപാടിനോട് എതിർത്തു നില്ക്കാൻ മാർ ഔഗേൻ ബാവാ മുതിരാതിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ചെറായി, മണർകാട് പള്ളികളിലെ കേസ്സുകൾ അവസാനിപ്പിക്കുന്നതിന് കാതോലിക്കാ ബാവായ്ക്കു സാധിച്ചു. ഒരാഴ്ച മണർകാട്ടു പള്ളിയിൽ താമസിച്ചുകൊണ്ടാണ് കേസ്സുകൾ രാജിയാക്കിയത്. ശാരീരികക്ഷീണം മൂലം പുതുപ്പള്ളിയിലും കുന്നങ്കുളത്തും എത്തി സമാധാനദൗത്യം നിറവേറ്റാൻ ബാവായ്ക്കു കഴിഞ്ഞില്ല.

അന്ത്യോക്യാ - മലങ്കരസഭാ ബന്ധം മെച്ചപ്പെട്ടതിനെ തുടർന്ന് അപ്രേം ആബൂദി റമ്പാന്റെ നേതൃത്വത്തിൽ മലങ്കരയിൽനിന്ന് ഒരു തീർത്ഥാടകസംഘം പാത്രിയർക്കീസ് ബാവായെയും സിറിയായിലെ പല പള്ളികളും വിശുദ്ധ നാടുകളും സന്ദർശിക്കുകയുണ്ടായി. 1966 ഓഗസ്റ്റ് 24-ാം തീയതി കോലഞ്ചേരിയിൽ വച്ച് ഔഗേൻ ബാവായാൽ യൂഹാനോൻ മാർ സേവേറിയോസും, തോമസ് മാർ തിമോത്തിയോസും, പീലിപ്പോസ് മാർ തെയോഫിലോസും മെത്രാന്മാരായി വാഴിക്കപ്പെട്ടു. സഭയുടെ വികസനത്തിന്റെ ലക്ഷണം എന്നാണ് ഈ മെത്രാൻ സ്ഥാനാഭിഷേകത്തെ പാത്രിയർക്കീസ്ബാവാ അന്ന് വിശേഷിപ്പിച്ചത്. തുടർന്ന് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെയും തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കു മലബാർ ഭദ്രാസനത്തിന്റെയും പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായ്ക്ക് അങ്കമാലി ഭദ്രാസനത്തിന്റെയും ചുമതല മാർ ഔഗേൻ ബാവാ നല്കി. കൊല്ലം ഇടവകയുടെ മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ഓഗസ്റ്റ് 6-ാം തീയതിയും അങ്കമാലി ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നവംബർ 6-ാം തീയതിയും കാലം ചെയ്തത് മാർ ഔഗേൻ ബാവായെ ദുഃഖാർത്തനാക്കി. എന്നാൽ 1967 ഒടുവിൽ പുതുപ്പള്ളി വലിയപള്ളിയിൽ സമാധാനം പുനഃസ്ഥാപിച്ചതും ചെറിയപള്ളി പൂട്ടി യേശുകത്തനാർ താക്കോൽ പി. സി. ഏബ്രഹാമിനെ ഏല്പിച്ചതും ബാവായെ വളരെയധികം സന്തോഷിപ്പിച്ചു. മൂറോൻ കൂദാശ 1967 ഡിസംബർ 21-ാം തീയതി പഴയ സെമിനാരിയിൽ വച്ച് ഔഗേൻ ബാവാ നിർവ്വഹിച്ചു.

ശാരീരികമായ ക്ഷീണത്തെ മുൻനിർത്തി 1970 ഡിസംബർ 31-ാം തീയതി കോട്ടയം എം. ഡി. സെമിനാരിയിൽ മലങ്കര അസോസിയേഷൻ വിളിച്ചു

കൂട്ടുകയും അവിടെ തടിച്ചുകൂടിയിരുന്ന മലങ്കരസഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും മൂവായിരം പള്ളിപ്രതിപുരുഷന്മാരും ഏകകണ്ഠമായി എല്ലാവിധത്തിലും യോഗ്യനായ മാത്യൂസ് മാർ അത്താനാസിയോസിനെ ഔഗേൻ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുക്കുകയും ചെയ്തപ്പോൾ ബാവായുടെ ചുമതലാഭാരം ഏറെക്കുറെ ലഘൂകരിക്കപ്പെടുകയാണുണ്ടായത്.

അന്നത്തെ അസോസിയേഷനിൽ ഔഗേൻ ബാവാ ചെയ്ത ഉപക്രമപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: “കാതോലിക്കായുടെ പിൻഗാമിയുടെ കാര്യത്തിൽ ദൈവനടത്തിപ്പ് കിട്ടാനായി മെത്രാപ്പോലീത്താമാർ പരുമല പുണ്യവാളന്റെ സന്നിധിയിൽ അഭയം പ്രാപിച്ചു. ഒരാൾ ഒഴികെ ബാക്കിയുള്ളവരെല്ലാം ത്യാഗബുദ്ധിയോടുകൂടി പിന്മാറി. അദ്ദേഹവും പിന്മാറിയിരുന്നെങ്കിൽ കാര്യം നടക്കുകയില്ലായിരുന്നു. ഇത് അനുഗ്രഹകരവും സന്തോഷകരവുമായ ഒരു സംഗതിയാണ്. ദൈവത്തിനു സ്തുതി.

മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും ഏകകണ്ഠമായി തെരഞ്ഞെടുക്കുന്നതിൽ സന്തോഷമുണ്ട്. സഭയോടുള്ള സ്നേഹവും വിശുദ്ധന്മാരോടുള്ള ആദരവും എല്ലാവരും പ്രകടിപ്പിച്ചതിൽ സന്തോഷമുണ്ട്.

നിങ്ങൾ സഭയെ രക്ഷിക്കുകയും മറ്റുള്ളവരുടെ മുമ്പാകെ മാതൃകാപരമായി സന്മാർഗ്ഗനിഷ്ഠയോടുകൂടി ജീവിക്കുകയും ചെയ്യണം. സഭയുടെ ചിട്ടകൾ അനുസരിച്ച് നീങ്ങണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ കുടുംബങ്ങളും രാജ്യവും, സഭയും വിജയിക്കും. നിങ്ങൾ സഭയുടെ സംരക്ഷകരാണ്. നിങ്ങളുടെ അപമാനവും ബഹുമാനവും സഭയുടെ അപമാനവും ബഹുമാനവുമാണ്. നിങ്ങൾ സ്നേഹത്തോടും സന്തോഷത്തോടും പ്രവർത്തിച്ച് സഭയ്ക്ക് മഹിമ കൈവരുത്തണം.”

നിർഭാഗ്യവശാൽ സഭാമണ്ഡലത്തിൽ ചിലർ അഭിപ്രായഭിന്നതകൾ സൃഷ്ടിച്ച കാര്യങ്ങൾ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ചിലരുടെ സ്വാർത്ഥ താല്പര്യങ്ങളാണ് സഭയെ കലക്കിയതെന്ന് ഔഗേൻ ബാവാ പലവുരു പറഞ്ഞിട്ടുണ്ട്. അതീവ ഭക്തനും ശാന്തനുമായിരുന്ന ബാവായെ സഭയിലെ അസ്വസ്ഥതകൾ വേദനിപ്പിച്ചു. മാർതോമ്മായുടെ പൗരോഹിത്യവും സിംഹാസനവും ചില കേന്ദ്രങ്ങളിൽ വിമർശനവിധേയമായപ്പോൾ ഔഗേൻ ബാവാ സ്വീകരിച്ച ഉറച്ച നിലപാടുകൊണ്ടുമാത്രം അദ്ദേഹം മലങ്കരസഭയിലെ ശക്തനായ ഒരു കാതോലിക്കാ എന്ന പേര് ചരിത്രത്തിൽ നിലനിർത്തിയിട്ടുണ്ട്. ബാവായെ പാത്രിയർക്കീസ് മുടക്കാൻ സാദ്ധ്യതയുണ്ടെന്ന് ഒരിക്കൽ സന്ദർഭവശാൽ അറിഞ്ഞപ്പോൾ “അദ്ദേഹം മാർതോമ്മാശ്ലീഹായെപ്പോലും മുടക്കുമെന്നാണു തോന്നുന്നതെന്ന്” ബാവാ പറഞ്ഞതോർക്കുന്നു. സഭയുടെ നിലനില്പിനെ ചോദ്യം ചെയ്തപ്പോൾ സഭയ്ക്കുവേണ്ടി ഒരു രക്തസാക്ഷിയാകാൻപോലും ബാവാ മടികാണിച്ചില്ലെന്നുള്ളതാണു സത്യം.

പുരോഗതിയും വിലങ്ങുതടികളും

ഔഗേൻ ബാവായുടെ ഭരണകാലത്ത് മലങ്കര സഭയിലുണ്ടായ സമാധാനത്തെത്തുടർന്ന് സഭ പല രംഗങ്ങളിലും പുരോഗമിച്ചു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, വൈദിക കോളജ്, സ്റ്റുഡന്റ് സെന്ററുകൾ, പുതിയ കോളജുകൾ, ഹൈസ്കൂളുകൾ, അനാഥ മന്ദിരങ്ങൾ എന്നിവയെല്ലാം സഭാസമാധാനത്തിന്റെ സന്തതികളാണ്.

എന്നാൽ അങ്കമാലി തുടങ്ങിയ ചില ഭദ്രാസനങ്ങളിൽ ചില പട്ടക്കാരും നേതൃമോഹികളായ ചില പ്രമാണികളും മനഃപൂർവ്വം ഭിന്നതകൾ ഉണ്ടാക്കുന്നതിനും ആരും ഇതുവരെയും നിർവ്വചിച്ചിട്ടില്ലാത്ത ആർക്കും അറിഞ്ഞുകൂടാത്ത ഗുപ്തവും അതീവ രഹസ്യവുമായ "അന്ത്യോക്യാ വിശ്വാസ"ത്തിന്റെ പേരിൽ സാധാരണക്കാരായ സഭാംഗങ്ങളുടെ വികാരങ്ങളെ ചൂഷണം ചെയ്യുന്നതിനും നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. തെറ്റായ പ്രചാരണങ്ങൾ വഴി മെത്രാപ്പോലീത്തായെ അധിക്ഷേപിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനും മെത്രാപ്പോലീത്തായുടെ കാർ കത്തിക്കുന്നതിനും ഇവർ തയ്യാറായി. അക്രൈസ്തവർ പോലും ചെയ്യാൻ അറയ്ക്കുന്ന കാര്യങ്ങളാണ് ദുരഭിമാന തിമിരം ബാധിച്ച അങ്കമാലിയിലെ ചില കരപ്രമാണികൾ ചെയ്തതെന്ന് ചരിത്രം രേഖപ്പെടുത്തും.

സ്വാർത്ഥമോഹികളായ ഒരു വിഭാഗമാണ് സഭയുടെ സമാധാനം നശിപ്പിക്കുന്നതെന്നും ദൈവം അവരോടു ക്ഷമിക്കട്ടെ എന്നുമുള്ള ചിന്തയായിരുന്നു പ. കാതോലിക്കാ ബാവായെ ഭരിച്ചത്. സഭയ്ക്കുവേണ്ടി കഷ്ടനഷ്ടങ്ങളും മർദ്ദനവും ഏറ്റ പ. ഔഗേൻ ബാവായെ "ക്രൂശിച്ച" ശേഷം വീണ്ടും വിലാപ്പുറത്തു കുത്തിയവരാണ് അങ്കമാലിയിലെ ഈ പ്രമാണികളെന്നു ലോകമെങ്ങും മനസ്സിലാക്കി.

ഭിന്നിച്ചുനിന്ന സഭയെ ഒന്നിച്ചു ഭരിക്കുന്നതിന് പ. ഔഗേൻ ബാവായ്ക്ക് സാധിച്ചു. മുമ്പ് ഭരിച്ചവർക്കെല്ലാം മോശ കനാൻദേശം കണ്ടതുപോലെ സഭയുടെ ഐക്യം കാണാൻ കഴിഞ്ഞതല്ലാതെ ഔഗേൻ ബാവായെപ്പോലെ ഒരു ഐക്യസഭയെ താലോലിക്കാൻ സാധിച്ചില്ല. ചേപ്പാട്ട് ദീവന്നാസ്യോസ് തിരുമേനിയുടേയും പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയുടെയും കാലഘട്ടത്തിൽ ആംഗ്ലിക്കൻ വിഭാഗവും മാർത്തോമ്മാക്കാരും പിരിഞ്ഞു പോയെങ്കിൽ ഔഗേൻ കാതോലിക്കാ ബാവായുടെ കാലത്ത് ഭിന്നിച്ചുനിന്നവർ ഒന്നിച്ചുവന്ന് ചരിത്രം സൃഷ്ടിച്ചു. അങ്ങനെ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന സഭാവഞ്ചിയെ കല്ലോലങ്ങൾ ഇളക്കിവിട്ട് വഞ്ചിച്ചവരോട് ദൈവം പൊറുക്കുകയില്ലെന്നുള്ള അഭിപ്രായമാണ് കാതോലിക്കാ ബാവായെ ഭരിച്ചത്. ഇന്ത്യയുടെ അപ്പോസ്തലനായ മാർതോമ്മാ ശ്ലീഹായ്ക്ക് പട്ടം ഇല്ലെന്നും അദ്ദേഹം

ഒരു അവൈദികനായിരുന്നുവെന്നുമുള്ള പാത്രിയർ ക്കീസ് ബാവായുടെ കുപ്രസിദ്ധമായ 1970 -ലെ 203 -ാം നമ്പർ കല്പന (കത്തല്ല) പാലു കൊടുത്തു വളർത്തിയ കുഞ്ഞിനു വിഷം കൊടുത്ത പ്രതീതിയാണു മലങ്കരയിൽ സൃഷ്ടിച്ചത്.

മാർതോമ്മായെപ്പറ്റിയുള്ള വികലമായ - ദൈവശാസ്ത്ര വിരുദ്ധമായ - ഈ ചിന്താഗതി ഔഗേൻ ബാവായെ വല്ലാതെ വേദനിപ്പിച്ചു. പാത്രിയർക്കീസ് ബാവാ വേദവിപരീതിയായിപ്പോകുന്നതിൽ അദ്ദേഹം ഹൃദയം നൊന്തു സങ്കടപ്പെട്ടു.

മാർതോമ്മായെപ്പറ്റി കൂടുതൽ പഠിക്കുന്നതിനും അദ്ദേഹത്തെപ്പോലെ അടിയുറച്ച ദൈവവിശ്വാസം ആർജ്ജിക്കുന്നതിനും പാത്രിയർക്കീസിന്റെ മാർതോമ്മാ വിരുദ്ധ നീക്കം മലങ്കരയിലുള്ളവരെ പ്രേരിപ്പിച്ചു. മാർതോമ്മാശ്ലീഹായുടെ പത്തൊൻപതാം ചരമ ശതാബ്ദി കോട്ടയത്തു വച്ച് അതിഗംഭീരമായി കൊണ്ടാടുന്നതിനും സാധിച്ചു. കോട്ടയം എം. ഡി. സെമിനാരിയിൽ തടിച്ചുകൂടിയ മനുഷ്യമഹാസമുദ്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ. ഔഗേൻ ബാവാ ചെയ്ത ഉദ്ഘാടന പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: “ക്രൈസ്തവസഭ വിദൂരമായ ഭാരതത്തിൽ സ്ഥാപിക്കുക മാത്രമല്ല, നമ്മുടെ കർത്താവ് അപ്പോസ്തലന്മാർക്കു നല്കിയ അനുഗ്രഹകരവും പുണ്യകരവുമായ പൗരോഹിത്യം തൃക്കൈകൾകൊണ്ട് മലങ്കരയുടെ മക്കൾക്കു നല്കിക്കൊണ്ട് മാർതോമ്മാശ്ലീഹാ മലങ്കര നസ്രാണികളുടെ സ്ഥാനവും മാനവും സഭാചരിത്രത്തിൽ ഉയർത്തുകയുമായിരുന്നു. ക്രൈസ്തവമതത്തിന്റെ കേന്ദ്രങ്ങളായി അറിയപ്പെടുന്ന എല്ലാ പാശ്ചാത്യ ദേശങ്ങളെക്കാളും ചില പൗരസ്ത്യ ദേശങ്ങളെക്കാളും മുമ്പായി സത്യവിശ്വാസത്തിന്റെയും ശ്രേഷ്ഠ പൗരോഹിത്യത്തിന്റെയും വഴിത്താര തെളിച്ചുതന്ന ഈ പുണ്യ പിതാവിനെ സ്മരിക്കുമ്പോൾ നമ്മുടെ ആഹ്ലാദം അതിരുകവിയും, അഭിമാനം ഉയരും. നമ്മുടെ ശക്തിയുടെയും ആവേശത്തിന്റെയും അടിസ്ഥാനമാണ് മാർതോമ്മാശ്ലീഹാ.”

മാർതോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19 -ാം ശതാബ്ദി കൊണ്ടാടിയ വർഷമാണ് 14 കൊല്ലം യോജിച്ചുനിന്നശേഷം മാനേജിംഗ് കമ്മിറ്റിയിലെ ചില വിവരദോഷികൾ മാർതോമ്മായുടെ പേരും പറഞ്ഞ് ചില നേട്ടങ്ങൾക്കായി മാനേജിംഗ് കമ്മിറ്റി യോഗത്തിൽ നിന്നും അതു വഴി മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നും സ്വയം ഇറങ്ങിപ്പോയത്. സഭയുടെ ഉന്നതമായ ഭരണസമിതിയുടെ പ്രാധാന്യമോ ആദ്ധ്യാത്മിക ജീവിതത്തിന്റെ സൽപ്രേരണകളോ ഉൾക്കൊള്ളാൻ കഴിയാതെപോയ ഒരു ന്യൂനപക്ഷം കുപ്രസിദ്ധി നേടി സഭയിൽ കലഹം ഉണ്ടാക്കാൻ ചെയ്ത ഒരു പാഴ്വേലയായിരുന്നു ഈ വോക്കൗട്ടെന്ന് പിന്നീടു നടന്ന സംഭവങ്ങൾ സാക്ഷിച്ചു. മാർതോമ്മായുടെ പാരമ്പര്യത്തിൽ അഭിമാനബോധമില്ലാത്തവരുടെ ഈ

വോക്കൗട്ടിൽ കാതലായ യാതൊരു പ്രശ്നവും അടങ്ങിയിട്ടില്ലെന്നുള്ള സത്യം ചിന്താശക്തിയുള്ളവരെ പറഞ്ഞ് ധരിപ്പിക്കേണ്ട ആവശ്യവുമില്ല. മലങ്കര സഭാ ഭരണഘടന അംഗീകരിക്കപ്പെടുന്നതിനു മുമ്പ് പാത്രിയർക്കീസ്ബാവായ്ക്ക് മലങ്കര സഭയുടെ മേൽ ഉണ്ടായിരിക്കേണ്ട അധികാരാവകാശങ്ങളെച്ചൊല്ലി തർക്കങ്ങളും വ്യവഹാരങ്ങളും നടന്നിട്ടുണ്ട്. അവയൊന്നും മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തെ ഒരിക്കലും സ്പർശിച്ചിരുന്നുമില്ല. മലങ്കര മെത്രാപ്പോലീത്താമാരെ മാർതോമ്മായുടെ സിംഹാസനത്തിൽ വാണരുളുന്ന മേലദ്ധ്യക്ഷന്മാരായി സംബോധന ചെയ്തിട്ടുള്ള കല്പനകൾ പാത്രിയർക്കീസുമാർ അയച്ചിട്ടുള്ളത് ചരിത്രരേഖകളാണ്. അതുകൊണ്ട് അന്നെങ്ങും ആരുടെയും മനസ്സിൽ ഇല്ലാതിരുന്ന ഒരു വിവാദപ്രശ്നം, 1958 മുതൽ ഗൗരവമർഹിക്കുന്ന യാതൊരു ഭിന്നതയും ഇല്ലാതിരുന്ന സഭയിൽ ഉന്നയിച്ച് സഭയെ നശിപ്പിക്കാൻ ശ്രമിച്ചവർ ഒരിക്കൽ പശ്ചാത്തപിക്കേണ്ടി വരുമെന്നാണ് ക്രൈസ്തവസഭയുടെ ചരിത്രം പഠിപ്പിക്കുന്ന ഒരു പാഠം.

പാത്രിയർക്കീസിന്റെ അറിവിന് ഇതു മതി

മാർതോമ്മാ ശ്ലീഹായുടെ പട്ടം തിരിച്ചെടുത്തുകൊണ്ട് 1970 -ൽ 203-ാം നമ്പർ കല്പന അയച്ച യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ ജ്ഞാനത്തിനുവേണ്ടി പ. ഔഗേൻ പ്രഥമൻ ബാവാ അയച്ചുകൊടുത്ത മറുപടിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് ദൈവശാസ്ത്ര വിജ്ഞാനരഹിതനെന്നു തോന്നുമാറ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് അയച്ച കല്പന കൂടി ചേർക്കുകയാണ്. മലങ്കരയിൽ വന്ന് വേദവിപരീതങ്ങളും കള്ളങ്ങളും എഴുന്നെള്ളിക്കുന്നത് ഒരു ഭൂഷണമായി ചിലർ ചിന്തിക്കുകയും അറിവില്ലാത്ത ഇവിടുത്തെ ഒരു പറ്റം കുഞ്ഞാടുകൾ അതിന് ഓശാന പാടുകയും ചെയ്യുന്നത് ഇതാദ്യമല്ല.

(1938 -ൽ കോട്ടയം ജില്ലാക്കോടതിയിൽ നടന്ന സമുദായക്കേസ് വിചാരണ വേളയിൽ അബ്ദൽ മശിഹാ പാത്രിയർക്കീസിനെ 1905 -ൽ സുന്നഹദോസ് കൂടി മുടക്കി എന്നു പറയുന്ന കല്പന തെളിവായി നൽകാൻ 1938-ൽ മഞ്ഞനിക്കര ദയറായിൽ വച്ച് മാർ യൂലിയോസ് മെത്രാപ്പോലീത്താ ആ കല്പന എഴുതുന്നത് നേരിട്ടു കണ്ടതിനെ തുടർന്നാണ് അവിടുത്തെ മല്പാനും ലോകപ്രശസ്ത ദൈവശാസ്ത്രജ്ഞനുമായ റവ. ഡോ. വി. സി. സാമുവൽ പാത്രിയർക്കീസ് വിഭാഗത്തോടു വിടവാങ്ങിയതെന്ന് അച്ചന്റെ പ്രശസ്തമായ "*സ്വാനുഭവ വേദിയിൽ*" എന്ന ആത്മകഥയിൽ ആലേഖനം ചെയ്തിട്ടുണ്ട്. ഇങ്ങനെ പട്ടാപ്പകൽ മേല്പട്ടക്കാർ കള്ളം കാണിക്കുന്നതു കണ്ടാൽ ആരാണ് അതിനു കൂട്ടുനിൽക്കുക)

മാർതോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെ സംബന്ധിച്ച് പാത്രിയർക്കീസിന്റെ കത്ത്

Syrian Patriarcate
of Antioch and all the East
Damascus - Syria

No. 203/70

(മുദ്ര)

ബഹുമാനപൂർണ്ണനായ ഔഗേൻ പ്രഥമൻ പൗരസ്ത്യ കാതോലിക്കായായ നമ്മുടെ സഹോദരന്റെ ശ്രേഷ്ഠതയ്ക്ക്.

സാഹോദര്യ ചുംബനത്തിനും ബഹുമാന്യനായ അങ്ങയുടെ ക്ഷേമാമ്പേഷണത്തിനും ശേഷം പറയുന്നതെന്തെന്നാൽ.

അങ്ങയുടെ എഴുത്തിന് വളരെ നാളുകൾക്കു മുമ്പ് മാർത്തോമ്മായുടെ സിംഹാസനം എന്ന തലവാചകത്തിൽ എഴുതിയിട്ടുള്ളതായി ഒരു കത്ത് നാം വായിച്ച് വളരെ അത്ഭുതപ്പെട്ടു. നാലാം നൂറ്റാണ്ടിൽ കാതോലിക്കാസ്ഥാപനം ഉണ്ടായതു മുതൽ ഈ നാമം കാതോലിക്കാമാരിലോ മപ്രിയാനാമാരിലൊ ആരും ഉപയോഗിച്ചിട്ടില്ലാ എന്നതാണ് കാര്യം. രണ്ടാമതായി മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്നു പറയപ്പെടത്തക്കവിധത്തിൽ, മാർത്തോമ്മാ ശ്ലീഹാ ഏതെങ്കിലും ഒരു സിംഹാസനം സ്ഥാപിച്ചിട്ടേയില്ല. യൂഹാനോന്റെ ഏവൻഗേലിയോനിൽനിന്നും (20:21 – 24) വ്യക്തമാകുന്ന പ്രകാരം അദ്ദേഹം ഒരു പുരോഹിതനായിട്ടില്ലായിരുന്നു. ഒരു പുരോഹിതൻ പോലും ആകാതിരിക്കെ എങ്ങനെ മഹാപുരോഹിതനായി. ഒരു മഹാപുരോഹിതൻ അല്ലാതിരിക്കെ എങ്ങനെ സിംഹാസനം സ്ഥാപിച്ചു. അതുകൊണ്ട് പൂർവിക ചരിത്രകാരന്മാരിലാരും തന്നെ അദ്ദേഹം ആരെയും എപ്പിസ്കോപ്പാ ആയി പട്ടം കെട്ടിയതായോ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചതായോ പ്രസ്താവിച്ചിട്ടില്ല. ....

നമ്മുടെ ശ്ലൈഹിക ആശീർവാദങ്ങൾ വാത്സല്യ മെത്രാപ്പോലീത്തന്മാർക്കും നമ്മുടെ മക്കളായ വൈദികർക്കും അവിടെയുള്ള ജനത്തിനും നൽകുക. പാത്രിയർക്കാ അരമനാംഗങ്ങൾ അങ്ങയുടെ കൈ ചുംബിക്കുകയും പ്രാർത്ഥനകളെ ആശ്ലേഷിക്കുകയും ചെയ്യുന്നു. ഇവ ഇവിടെ അവസാനിക്കട്ടെ. കർത്താവിന്റെ കൃപ അങ്ങയോടുകൂടെ.

ദമസ്കോസ്
27 – 6 – 1970

(മലയാളം വിവർത്തനം)

കാതോലിക്കാ ബാവായുടെ മറുപടി

(മുദ്ര)

No. 155/70

അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും ഭാഗ്യവാനായ മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ പരിശുദ്ധതയ്ക്ക്.

തിരുമനസ്സിലെ കുശലാന്വേഷണത്തിനും ക്ഷേമാശംസയ്ക്കും ശേഷം അറിയിക്കുന്നത്:-

കഴിഞ്ഞ 27-6-70 ൽ അയച്ച തിരുമനസ്സിലെ കത്ത് ലഭിച്ചു. അതിലെ താല്പര്യപ്രകാരം നമ്മുടെ ബ. മെത്രാപ്പോലീത്തന്മാരെയും പ്രധാനപ്പെട്ട ചില കശ്ശീശന്മാരെയും വിവരങ്ങൾ അറിയിച്ചു. ഇതിൽ അവരെല്ലാവരും വളരെ അത്ഭുതപ്പെടുകയും ഏറ്റവും ദുഃഖിക്കുകയും ചെയ്തു. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യം, സിംഹാസനം, കാതോലിക്കേറ്റിന്റെ അധികാരം ഇവയെ സംബന്ധിച്ചുള്ള തിരുമനസ്സിലെ കത്തിലെ പ്രസ്താവന സത്യത്തിനും സഭാവിശ്വാസത്തിനും യോജിക്കാത്തതും, പിതാക്കന്മാരുടെ ചരിത്രത്തിനും കാനോനാകൾക്കും എതിരുമാണെന്നും, തൻനിമിത്തം അവ ഒരിക്കലും സ്വീകാര്യങ്ങളല്ലെന്നും, പ്രതിഷേധാർഹങ്ങളാണെന്നുമാണ് ഇവിടെ എല്ലാവരുടെയും അഭിപ്രായം. ഇതേപ്പറ്റി ഇവിടെ കൂടിയ സിനഡ് നിശ്ചയിച്ചതനുസരിച്ച് അതിന്റെ സെക്രട്ടറി വിശദമായി തിരുമനസ്സിലേക്ക് പിന്നീട് എഴുതുന്നതാണ്.

പ. സഭയെ കലക്കുന്നതിനും നശിപ്പിക്കുന്നതിനും അന്തി ക്രിസ്തു ആഗ്രഹിക്കുന്നതിന്റെ ഫലമായി മതപരമായ ജീവിതമോ വിശ്വാസമോ ഇല്ലാത്തവരും സഭയുടെ തത്വങ്ങളെ സംബന്ധിച്ച് പരിജ്ഞാനമില്ലാത്തവരുമായ ചുരുക്കം ചില വഴക്കാളികൾ മാത്രം ഈദൃശ സംഗതികളിൽ തല്പരന്മാരായി ഉണ്ടായേക്കാം. എന്നാലും സഭയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഇത് വളരെ സങ്കടകാരണമായിരിക്കുന്നു.

നമ്മുടെ മുൻഗാമി കാലം ചെയ്ത മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലത്ത് ഈവിധ സംഗതികളെക്കുറിച്ച് അവിടുന്ന് എഴുതിയിരുന്നതായും അന്ന് സമുചിതമായ മറുപടി അതിനു നൽകിയതായും അറിയുന്നു. കൂടുതലായി തൽക്കാലം നാം ഒന്നും എഴുതുന്നില്ല. പാത്രിയർക്കാ സിംഹാസനവും കാതോലിക്കാ സിംഹാസനവും തമ്മിൽ കാനോനികമായും മലങ്കരസഭാ ഭരണഘടന പ്രകാരവും ഉള്ള ഐക്യബന്ധം ഏറ്റക്കുറച്ചിൽ കൂടാതെ സംരക്ഷിക്കപ്പെട്ടു കാണ്മാൻ ഞങ്ങൾ എല്ലാവരും ആഗ്രഹിക്കുന്നു. പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമെന്നു ഞങ്ങൾ അഭിമാനിക്കുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭയെ

ക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായങ്ങൾ അവിടുന്ന് പുനഃചിന്തനം ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അങ്ങയുടെ ജ്ഞാനത്തിന് ഇതു മതി. ഞാൻ വാക്കുകൾ ചുരുക്കുകയാണ്.

ദൈവം അങ്ങേയ്ക്ക് ദീർഘായുസ്സും ആത്മശരീര സൗഖ്യവും അവിടുത്തെ അധികാരത്തിൻ കീഴിലുള്ള ബ. മെത്രാപ്പോലീത്തന്മാർക്കും കശീശ്ശന്മാർക്കും വിശ്വാസമുള്ള ജനത്തിനും സമാധാനവും ക്ഷേമവും നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇവിടെയുള്ള ബ. മെത്രാപ്പോലീത്തന്മാരും കശീശ്ശന്മാരും വിശ്വാസികളായ ജനങ്ങളും തൃക്കരം മുത്തുകയും അങ്ങയുടെ ശുശ്രൂഷകർക്ക് ക്ഷേമം നേരുകയും ചെയ്യുന്നു.

Baselius Augen I
Catholicos of the East

Catholicate palace
Kottayam - 4,
26 - 8 - 1970

കുറിപ്പ്:

യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ടി. 203 -ാം നമ്പർ കല്പനയിൽ വി. യോഹന്നാന്റെ സുവിശേഷം (20:21 - 24) ആധാരമായി ചേർത്തിട്ടുണ്ട്. അതോടുകൂടി വി. മത്തായിയുടെ 10:5 - 10 വരെ ഒന്നു വായിക്കുക. ഈ കൽപന എഴുതിയ പ. പാത്രിയർക്കീസ് ബാവാ തന്നെ റമ്പാനായിരുന്ന കാലത്ത് എഴുതിയ സഭാചരിത്രത്തിൽ തോമ്മാശ്ലീഹായെപ്പറ്റി പറയുന്നത് എന്തെന്ന് ഒന്നു നോക്കുക (*സുറിയാനി സഭാചരിത്രം*, പേജ് 149). 'എ. ഡി. 28 -ലെ വസന്ത കാലത്ത് മറ്റു ശിഷ്യന്മാരോടുകൂടെ വി. തോമ്മാ, ശ്ലീഹാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു (പേജ് 164). 'മലങ്കരയിൽ സുവിശേഷ വിത്ത് വിതച്ചതിനുശേഷം ഈ ബാലസഭയെ ഭരിപ്പാൻ, ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ എന്നീ ക്രിസ്തുമാർഗ്ഗം സ്വീകരിച്ച നാലു ബ്രാഹ്മണ കുടുംബങ്ങളിൽനിന്ന് അദ്ദേഹം സ്നാനം കൊടുത്ത് പട്ടക്കാരെ ഏർപ്പെടുത്തി.' ഇതിൽനിന്നും മാർത്തോമ്മാ മഹാപുരോഹിതൻ ആയിരുന്നു എന്ന് അന്ന് പാത്രിയർക്കീസ് ബാവായും സമ്മതിച്ചിരുന്നു എന്ന് സ്പഷ്ടമല്ലേ? മഹാപുരോഹിതൻ അല്ലെങ്കിൽ എങ്ങനെ പട്ടക്കാരെ വാഴിക്കാൻ സാധിക്കും? പാത്രിയർക്കീസ് ബാവാ എഴുതിയ ചരിത്രത്തിൽ തന്നെ മാർതോമ്മാ മഹാപുരോഹിതനായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. 1970 -ലെ കല്പനയിൽ കത്തനാർ പോലും ആയിരുന്നില്ല എന്നും പറയുന്നു. മലങ്കരസഭയിലെ ജനങ്ങൾ ഇതിൽ ഏതു വിശ്വസിക്കണം.

അനധികൃത മെത്രാന്മാർക്കു ശക്തമായ നിരോധനാജ്ഞ

മലങ്കരസഭയുടെ അറിവോ അംഗീകാരമോ തെരഞ്ഞെടുപ്പോ ഇല്ലാതെ രഹസ്യമായി മെത്രാൻസ്ഥാനം ഏറ്റുവന്ന തികച്ചും അയോഗ്യരായ നാലു പേർക്ക് പ. ഔഗേൻ ബാവാ അയച്ചുകൊടുത്ത നിരോധനാജ്ഞ സംബന്ധിച്ച കല്പനകളും കാതോലിക്കാ സിംഹാസന സംരക്ഷണം സംബന്ധിച്ച കല്പനയും സഭാംഗങ്ങളുടെ അനുസ്മരണാർത്ഥം ചുവടെ ചേർക്കുന്നു. മലങ്കര സഭ അന്ത്യോക്യൻ സഭയുടെ ഭാഗമോ ശാഖയോ അല്ലെന്നു പണ്ഡിതോചിതമായ തീസിസ് സമർപ്പിച്ച കടവിൽ പൗലൂസ് മാർ അത്താനാസ്യോസാണ് പാത്രിയർക്കീസിൽ നിന്നു വളഞ്ഞ മാർഗ്ഗത്തിലൂടെ മലങ്കരയിലെ മേല്പട്ടക്കാരനാകാൻ ആഗ്രഹിച്ചത്. പെരുമ്പള്ളി ഗീവറുഗീസ് കത്തനാരും, ചെറുവള്ളി സി. എം. തോമസ് കത്തനാരും മേപ്രാൽ പൂതിയോട്ട് പായ്കണ്ടത്തിൽ ജോർജ്ജ് കുര്യൻ കത്തനാരും തങ്ങൾ ആഗ്രഹിച്ചതുപോലെ തീബേലിന്റെ മെത്രാന്മാരായി. ഇവരിൽ മൂന്നു പേരും വൈകാതെ രൂപത തിരിക്കാത്ത അതിരൂപതയിലേക്കു പോയിക്കഴിഞ്ഞു. അനധികൃതമായി പട്ടമേൽക്കുന്നവരെ "ചുവന്ന കുപ്പായം ഇട്ട മൈൽകുറ്റികൾ" എന്ന് മുമ്പൊരിക്കൽ ചിറത്തലാട്ട് സി. വി. ജോർജ്ജ് കോർഎപ്പിസ്കോപ്പാ വിശേഷിപ്പിച്ചത് ഈ സന്ദർഭത്തിൽ ഓർമ്മയിൽ വരുന്നു.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
ബസ്സേലിയോസ് ഔഗേൻ പ്രഥമൻ

(മുദ്ര)

പ്രിയരെ,

കടവിൽ പോൾ റമ്പാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായിൽനിന്നു മേല്പട്ടം ഏറ്റ വിവരം നിങ്ങൾ പത്രറിപ്പോർട്ടുകളിൽനിന്നും മറ്റും അറിഞ്ഞിരിക്കുമല്ലോ. മലങ്കരസഭയിലെ ഒരു ദയറായ പട്ടക്കാരൻ സഭയുടെ ഭരണഘടനയും ചട്ടംകെട്ടുകളും ലംഘിച്ച് മേല്പട്ടം ഏല്ക്കാൻ പാത്രിയർക്കീസ് ബാവായെ സമീപിക്കുകയും പാത്രിയർക്കീസ് ബാവാ അപ്രകാരം മേല്പട്ടം കൊടുക്കുകയും ചെയ്തതിൽ നമുക്ക് വളരെ അധികം ദുഃഖമുണ്ട്. മലങ്കരസഭയിൽ നിലവിലിരിക്കുന്ന ഭരണഘടനയ്ക്ക് വിരുദ്ധമായി പാത്രിയർക്കീസ് ബാവാ നേരിട്ട് മേല്പട്ടക്കാരെ വാഴിച്ച് മലങ്കരയിലേക്ക് അയയ്ക്കാൻ പരിശ്രമങ്ങൾ നടക്കുന്നതായി അറിയുകയാൽ 1973 മേയ് 25 -ാം തീയതി കൂടിയ

മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റി, അങ്ങനെ മേല്പട്ടക്കാരെ വാഴിച്ച് മലങ്കരസഭയുമായുള്ള ബന്ധം സ്വമേധയാ വിച്ഛേദിക്കരുതെന്ന് പാത്രിയർക്കീസ് ബാവായോട് അപേക്ഷിച്ചു. സഭയുടെ കാനോനാകൾക്കും ഭരണഘടനയ്ക്കും 1958-ൽ ഉണ്ടായ സമാധാന വ്യവസ്ഥയ്ക്കും എതിരായി മേല്പട്ടക്കാരെ വാഴിച്ച് മലങ്കരയിലേക്ക് അയയ്ക്കരുതെന്ന് 1973 ആഗസ്റ്റ് 7-നു പാത്രിയർക്കീസ് ബാവായ്ക്ക് നാമും എഴുതി. മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയവും നമ്മുടെ എഴുത്തും അവഗണിച്ചാണ് പാത്രിയർക്കീസ് ബാവാ പോൾ റമ്പാനു മേല്പട്ടം കൊടുത്തത്. നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ഈ മാസം 11-നു കൂടിയപ്പോൾ, നിയമവിരുദ്ധമായ ഈ പട്ടംകൊട കാര്യത്തെപ്പറ്റി ആലോചിക്കുകയും താഴെ ചേർത്തിട്ടുള്ള നിശ്ചയങ്ങൾ ഏകാഭിപ്രായമായി പാസ്സാക്കുകയും ചെയ്തു.

1) മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണഘടനയ്ക്കും അന്ത്യോഖ്യാ പാത്രിയർക്കീസും പൗരസ്ത്യ കാതോലിക്കായും തമ്മിൽ 1958-ൽ ഉണ്ടായ പരസ്പര സ്വീകരണത്തിനും സഭയുടെ ചട്ടംകെട്ടുകൾക്കും നടപടികൾക്കും വിരുദ്ധമായും അനധികൃതമായും മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയുടെ 25-5-1973 ലെ 14-ൽ iii -ാം നമ്പർ തീരുമാനവും പൗരസ്ത്യ കാതോലിക്കാ ബാവായുടെ 1973 ആഗസ്റ്റ് 7-ാം തീയതിയിലെ 272/73 -ാം നമ്പർ അറിയിപ്പും അവഗണിച്ച് കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അധികാരസീമയിൽ ഭരണകാര്യങ്ങളിൽ ഇടപെടാനുള്ള ഉദ്ദേശ്യത്തോടുകൂടിയും ഈ സഭയിലെ ഒരു ദയറായ പട്ടക്കാരനായ കടവിൽ പോൾ റമ്പാനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ ഒരു മേല്പട്ടക്കാരനായി വാഴിച്ചതിൽ ഈ സുന്നഹദോസിനുള്ള ഉൽക്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തുകയും അപ്രകാരം വാഴിക്കപ്പെട്ട കടവിൽ പൗലോസ് മാർ അത്താനാസ്യോസിന് കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അധികാരസീമയിൽ മേല്പട്ടക്കാരന് അടുത്ത യാതൊരു അധികാരങ്ങളോ അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ലെന്ന് ഈ സുന്നഹദോസ് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

2) മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണഘടനയ്ക്കും സഭാ നടപടികൾക്കും ചട്ടംകെട്ടുകൾക്കും വിരുദ്ധമായും സഭയുടെ മേലധികാരത്തെ ധിക്കരിച്ചും സഭയിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടിയും അനധികൃതമായും നിയമവിരുദ്ധമായും അന്ത്യോക്യാ പാത്രിയർക്കീസ് ബാവായിൽനിന്നും മേല്പട്ടം സ്വീകരിച്ചിരിക്കുന്ന കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, ഈ സഭയിലെ ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങളിലോ പ്രവേശിക്കുകയോ മേല്പട്ടക്കാരനടുത്ത ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുകയോ ചുമതലകൾ നിർവഹിക്കുകയോ ചെയ്തുകൂടാത്തതും സഭാംഗങ്ങൾ അദ്ദേഹത്തെ അംഗീകരിക്കുകയോ സ്വീകരിക്കു

കയോ ചെയ്തുകൂടാത്തതും ആകുന്നു എന്ന് ഈ സുന്നഹദോസ് തീരുമാനിക്കുന്നു.

നിങ്ങൾ ഏവരും പ. സുന്നഹദോസ് പാസ്സാക്കിയ മേൽപറഞ്ഞ നിശ്ചയങ്ങൾ അനുസരിച്ച് നടന്നുകൊള്ളേണ്ടതാകുന്നു.

പാത്രിയർക്കീസ് ബാവാ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൻ കീഴിലുള്ള മലങ്കരയിലേക്ക് ഒരു ഡലിഗേറ്റിനെ വാഴിച്ച് അയച്ചതുമൂലം ഉണ്ടായ തർക്കങ്ങളും ഭിന്നതകളും ഡലിഗേറ്റ് തിരിച്ചുപോയതോടുകൂടി അവസാനിക്കുമെന്നു പ്രതീക്ഷിച്ചിരുന്നപ്പോൾ, മലങ്കരസഭയിലെ ഒരു ദയറാ പട്ടക്കാരനെ പാത്രിയർക്കീസ് ബാവാ മേല്പട്ടക്കാരനായി വാഴിച്ചത് 1958-ൽ നടന്ന പരസ്പര സ്വീകരണത്തെ തുടർന്ന് കൈവന്ന സമാധാനം അഭംഗം നിലനിന്നു കാണ്മാൻ ആഗ്രഹിക്കുന്നവർക്കെല്ലാം വേദനാജനകമാണ്. ആ പരസ്പര സ്വീകരണത്തിൽ അധിഷ്ഠിതമായ തത്വം വിസ്മരിക്കുന്നത് നീതികരിക്കാവുന്നതല്ല. അന്ന് ഉണ്ടായ സമാധാനം അതേപടി ശാശ്വതമായി നിലനിർത്തുന്നതിന് ദൈവം തിരുമനസ്സാകാൻ നാം പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കണം. ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും, ശേഷമുള്ള സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........ഇത്യാദി

എന്ന്,

1973 സെപ്റ്റംബർ 15 -ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും. (ഒപ്പ്)

നമ്പർ 80/74

പ്രിയരെ,

നമ്മുടെ പെരുമ്പിള്ളി സെന്റ് ജോർജ്ജ് പള്ളി വികാരി ആയിരുന്ന പി. എം. ഗീവർഗീസ് കത്തനാരും, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ (കോലഞ്ചേരി) ഓർഗനൈസിംഗ് സെക്രട്ടറി ആയിരുന്ന സി. എം. തോമസ് കത്തനാരും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻപട്ടം ഏല്ക്കാൻ പോകുന്നതായി കേൾക്കുകയാൽ, നമ്മുടെ സഭയിൽ നിലവിലുള്ള ചട്ടംകെട്ടുകളും നടപ്പും ലംഘിച്ച് അപ്രകാരം പട്ടം ഏല്ക്കുന്നത് കുറ്റകരമാണെന്നും അതുകൊണ്ട് അങ്ങനെ

ചെയ്യരുതെന്നും നാം 1974 ജനുവരി 31 -ാം തീയതി പി. എം. ഗീവറുഗീസ് കത്തനാർക്ക് 29/74 -ാം നമ്പരായും സി. എം. തോമസ് കത്തനാർക്ക് 30/74-ാം നമ്പരായും കല്പന അയച്ചു. എന്നാൽ അവർ നമ്മെ ധിക്കരിക്കുകയും, അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻപട്ടം ഏല്ക്കാൻ പോകുന്നതിനു നിശ്ചയിച്ചിരിക്കുകയാണെന്നും മറ്റും വിവരിച്ച് വക്കീൽ മുഖാന്തരം നമുക്കു മറുപടി അയപ്പിക്കുകയും പിന്നീട് പാത്രിയർക്കീസിൽ നിന്ന് മെത്രാൻപട്ടം ഏല്ക്കുകയും ചെയ്തു. നമ്മുടെ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് 1974 മാർച്ച് 4-ാം തീയതി കൂടി അവരുടെ ഈ നടപടികളെപ്പറ്റി ആലോചിച്ചതിൽ, അവർ മലങ്കരയിൽ നിലവിലുള്ള ചട്ടംകെട്ടുകളും നടപ്പും ലംഘിക്കുകയും മേലധികാരത്തിൽ നിന്നുള്ള ആജ്ഞയെ ധിക്കരിക്കുകയും ചെയ്തിരിക്കുന്നതായി കാണുകയാൽ, അവർ ഇരുന്നിരുന്ന സ്ഥാനങ്ങളിലേക്കു വീണ്ടും പ്രവേശിക്കുകയോ നമ്മുടെ സഭയിലെ ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങളിലോ അവയുടെ ഭരണത്തിലോ പ്രവേശിക്കുകയോ കർമ്മങ്ങൾ നടത്തുകയോ, സമിതികളിലോ സംഘടനകളിലോ പ്രസ്ഥാനങ്ങളിലോ എന്തെങ്കിലും സ്ഥാനങ്ങളോ ചുമതലകളോ വഹിക്കുകയോ ചെയ്യുന്നതിനെ നിരോധിച്ചിരിക്കുന്നു. സഭാംഗങ്ങൾ അവരെ സ്വീകരിക്കുകയോ അവരുമായി സഹകരിക്കുകയോ ചെയ്തു കൂടാത്തതാകുന്നു. ശേഷം പിന്നാലെ.

1974 മാർച്ച് 8 -ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

നമ്പർ 271/74

പ്രിയരെ,

നമ്മുടെ ഭരണത്തിൽ ഇരിക്കുന്ന മേപ്രാൽ സെന്റ് ജോർജ് പള്ളി വികാരി ആയിരുന്ന പൂതിയോട്ട് പായ്കണ്ടത്തിൽ ജോർജ്ജ് കുര്യൻ കത്തനാർ നമ്മെ അറിയിക്കുകയോ നമ്മുടെ അനുവാദം വാങ്ങിക്കുകയോ ചെയ്യാതെ സ്ഥലം വിടുകയും നമ്മുടെ സഭയുടെ നിയമങ്ങളും നടപടികളും ലംഘിച്ചും നമ്മെ ധിക്കരിച്ചും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മേല്പട്ടം ഏറ്റു തിരിച്ചു വരികയും അദ്ദേഹത്തിനെതിരായി ഉണ്ടായ കേസിൽ അദ്ദേഹം ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ മലങ്കരസഭയിൽ പ്രവർത്തിക്കരുതെന്ന് നിരോധനം ഉണ്ടാകയും ചെയ്തിട്ടുണ്ട്.

അദ്ദേഹം നമ്മുടെ ഏതെങ്കിലും പള്ളികളിലോ, സ്ഥാപനങ്ങളിലോ പ്രവേശിക്കുകയോ കർമ്മങ്ങൾ നടത്തുകയോ ചെയ്യുന്നത് അനുവദനീയമല്ലാത്തതിനാൽ അദ്ദേഹത്തെ നമ്മുടെ പള്ളികളിലോ, സ്ഥാപനങ്ങളിലോ പ്രവേശിപ്പിക്കുകയോ നമ്മുടെ സഭാംഗങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയോ അദ്ദേഹവുമായി സഹകരിക്കുകയോ ചെയ്തുകൂടാത്തതാകുന്നു. ശേഷം പിന്നാലെ.

1973 സെപ്റ്റംബർ 13 -ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

കാതോലിക്കാ സിംഹാസനത്തെ സംരക്ഷിക്കുക

പ്രിയരെ,

തിന്മയുടെയും മരണത്തിന്റെയും സർവ്വ ശക്തികളേയും തകർത്തുകൊണ്ട് കബറിൽനിന്നുയിർത്തെഴുന്നേറ്റവനായ നമ്മുടെ കർത്താവായ യേശുമിശിഹായുടെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ആനന്ദിപ്പിക്കട്ടെ. സകല തിന്മയിൽനിന്നും രോഗത്തിൽനിന്നും ശാപത്തിൽനിന്നും നമ്മുടെ കർത്താവിന്റെ ജയമുള്ള സ്ലീബാ നിങ്ങളെ കാത്തു രക്ഷിക്കുമാറാകട്ടെ.

രണ്ടായിരം വർഷത്തോളം നമ്മുടെ സഭയെ കാത്തു രക്ഷിച്ച് സകല പ്രതിസന്ധികളിലും നമ്മുടെ സഹായവും രക്ഷയുമായിരുന്ന് ഇന്നയോളം നമ്മെ നടത്തിയ ദൈവംതമ്പുരാൻ നമ്മുടെ സഭയെ തന്റെ രണ്ടാമത്തെ എഴുന്നെള്ളത്തുവരെ നടത്തിക്കൊള്ളുമെന്ന് നമുക്ക് ഉറപ്പുണ്ട്. ലോകം മുഴുവനും നടമാടുന്ന അന്ധകാരത്തിന്റെയും തിന്മയുടേയും ശക്തികൾ നമ്മുടെ സഭയിലും പ്രവേശിച്ച് പ്രശ്നങ്ങളും പ്രയാസങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈയവസരത്തിൽ ദൈവത്തിന്റെ കരുണയിലും കൃപയിലും ആശ്രയിച്ചുകൊണ്ട് നീതിക്കും സത്യത്തിനും യോജിച്ചവിധത്തിൽ നാം പ്രശ്നങ്ങളെ ധൈര്യപൂർവ്വം അഭിമുഖീകരിക്കേണ്ടത് അത്യാവശ്യമാണ്.

1958-ലെ സുപ്രീംകോടതി വിധിയോടെ നമ്മുടെ വ്യവഹാരങ്ങളും കോടതി കയറ്റവും അവസാനിച്ച് സമാധാനപരമായ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മുടെ കഴിവുകളെ നാം ഉപയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അനധികൃതമായും അന്യായമായും സഭയിൽ ചിലർ ചെയ്യുന്ന പ്രവർത്തനങ്ങളെ വേണ്ടുംവിധം നേരിട്ട് സഭയുടെ വിശ്വാസത്തേയും ആത്മീയ ശുശ്രൂഷകളേയും സംരക്ഷിക്കുന്നതിനായി വീണ്ടും നീതിന്യായക്കോടതികളെ സമീപിക്കേണ്ടി വരുന്നതിൽ നമുക്കെല്ലാവർക്കും അത്യന്തം ഖേദമുണ്ട്.

കാതോലിക്കാ സിംഹാസനത്തിന്റെ സംരക്ഷണത്തിനും സഭാതാല്പര്യങ്ങളുടെ പരിപാലനത്തിനും വേണ്ടി നാം വളരെയധികം ഉണർന്നു പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതിനുവേണ്ടി നാം ചില കമ്മിറ്റികളെ നിയമിച്ച് ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്ന കാര്യം നിങ്ങൾക്കറിയാവുന്നതാണല്ലോ. ഈവക പ്രവർത്തനങ്ങൾക്ക് വളരെയധികം പണച്ചെലവുണ്ട്. ഇതോടകം വലിയ ഒരു തുക ചെലവായിക്കഴിഞ്ഞു. ഇനിയും വമ്പിച്ച ഒരു സംഖ്യ പിരിഞ്ഞുകിട്ടിയെങ്കിൽ മാത്രമേ കാര്യങ്ങൾ മുമ്പോട്ടു പോവുകയുള്ളു. അതിന് നിങ്ങൾ ഉദാരബുദ്ധിയോടും, ത്യാഗശീലത്തോടും കൂടി സംഭാവന ചെയ്തെങ്കിൽ മാത്രമേ സാധിക്കൂ. ഒരിക്കൽ മാത്രമല്ല, പല

പ്രാവശ്യം, നിങ്ങളുടെ കയ്യയച്ച് സഭാസ്നേഹവും കഴിവുംപോലെ നിങ്ങൾ സഭയെ സഹായിക്കേണ്ടിവരും.

'കാതോലിക്കാ സിംഹാസന സംരക്ഷണനിധി' എന്ന പേരിൽ 25 ലക്ഷം രൂപയുടെ ഒരു ഫണ്ട് ശേഖരിക്കണമെന്ന കാര്യം കഴിഞ്ഞ കാതോലിക്കാ ദിനത്തിൽ പ്രഖ്യാപിക്കപ്പെട്ടതാണല്ലോ. ഉടനെ 5 ലക്ഷം രൂപയെങ്കിലും ഉണ്ടാകണം. അതുകൊണ്ട് ആ പള്ളിയിൽ നിന്ന് .... ക. സംരക്ഷണനിധിയുടെ ട്രഷറാർ പി. സി. ഏബ്രഹാമിന്റെ പേർക്ക് കാതോലിക്കേറ്റ് ആപ്പീസ്, കോട്ടയം – 4 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം താല്പര്യപ്പെടുന്നു.

നിങ്ങൾ സഭയ്ക്കുവേണ്ടി ശക്തിയായും മുട്ടിപ്പായും പ്രാർത്ഥിക്കണം. നാം സമരം ചെയ്യുന്നത് ജഡരക്തങ്ങളോടല്ല, അന്ധകാരത്തിന്റെ പൈശാചിക ശക്തികളോടും വാഴ്ചകളോടുമാണ്. വിശ്വാസവും ദൈവാശ്രയവും നോമ്പും പ്രാർത്ഥനയുംകൊണ്ടു മാത്രമേ അവസാനമായി വിജയം വരിക്കുവാൻ സാധിക്കുകയുള്ളു. നിങ്ങളുടെ പ്രാർത്ഥന ദൈവം കേൾക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും, ശേഷമുള്ള സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........

1974 മെയ് 1 –ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

എന്ന്, (ഒപ്പ്)

ഭാഗ്യവാനായി കടന്നുപോയി

സഭാഭരണത്തിൽ ചില പ്രശ്നങ്ങൾ, തന്നെ അല്പമൊക്കെ അലട്ടുകയോ അസ്വസ്ഥനാക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും പ്രശാന്തമായ ഒരു ജീവിത സായാഹ്നത്തിലൂടെയാണ് ഔഗേൻ കാതോലിക്കാ ബാവാ കടന്നുപോയത്. ഓട്ടം തികച്ച്, വിശ്വാസം കാത്ത് നീതിയുടെ കിരീടം പ്രാപിക്കാൻ പറന്നുപോയ പുണ്യാത്മാക്കളുടെ നിരയിൽ ഔഗേൻ ബാവായ്ക്കും ഒരു സ്ഥാനമുണ്ടായിരിക്കും. സഭയുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം പിൻഗാമിയുടെ സുശക്ത കരങ്ങൾ മാർ ഔഗേൻ ബാവായെ സംതൃപ്തനാക്കിയിരുന്നു.

പ്രായാധിക്യം മൂലമുള്ള ശാരീരിക ക്ലേശങ്ങൾ ഒരു വിശ്രമജീവിതം തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സഭയുടെ കാര്യങ്ങൾ ഭംഗിയായി നടക്കണമെന്നും സഭ പുരോഗമിക്കണമെന്നും സഭാംഗങ്ങൾ ദൈവാശ്രയത്തിൽ ജീവിക്കുന്നവരാകണമെന്നുമുള്ള ചിന്തയായിരുന്നു അന്ത്യംവരെയും അദ്ദേഹത്തെ ഭരിച്ചിരുന്നത്. അധികാരാവകാശ ചിന്തകളൊന്നും അദ്ദേഹത്തെ ഒട്ടും തന്നെ സ്പർശിച്ചിരുന്നില്ല. അതേസമയം അധികാരങ്ങൾ വിട്ടൊഴിഞ്ഞു റിട്ടയർ ചെയ്തു ജീവിക്കാൻ അദ്ദേഹം അഭിലഷിച്ചു. എന്നാൽ അതിനുമുമ്പ് സഭയ്ക്കാവശ്യമായ മെത്രാപ്പോലീത്താമാരെയും തന്റെ പിൻഗാമിയേയും വാഴിക്കണമെന്നും മാർ ഔഗേൻ ബാവാ ആലോചിച്ച് ഉറച്ചിരുന്നു എന്നാണ് അനന്തര സംഭവങ്ങൾ വ്യക്തമാക്കുന്നത്.

1974 ഒക്ടോബർ 2 –ാം തീയതി നിരണത്തു വെച്ച് മലങ്കര അസോസിയേഷൻ മെത്രാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്ത ഫാ. എം. വി. ജോർജ്ജ്, ഫാ. റ്റി. പോൾ വറുഗീസ്, ഫാ. കെ. കെ. പുന്നൂസ്, ഫാ. കെ. സി. തോമസ്, ഫാ. പി. വി. ജോസഫ് എന്നിവരെ 1975 ഫെബ്രുവരി 16–ാം തീയതി ഞായറാഴ്ച നിരണത്തുവെച്ച് മെത്രാപ്പോലീത്താമാരായി വാഴിച്ചതാണ് ഔഗേൻ ബാവായുടെ ജീവിതസായാഹ്നത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവം. ശാരീരികക്ഷീണം ഉണ്ടായിരുന്ന മാർ ഔഗേൻ ബാവാ, മെത്രാൻ സ്ഥാനാഭിഷേകത്തിനു മുമ്പ് കടമ്പനാട് വനിതാ മന്ദിരത്തിൽ വിശ്രമിക്കുകയായിരുന്നു. മെത്രാന്മാരെ വാഴിക്കുന്നത് സംബന്ധിച്ചുള്ള ബാവായുടെ കല്പന വാങ്ങുന്നതിനായി ഫാ. ടി. ജി. സഖറിയായും ഈ എഴുത്തുകാരനും കൂടി ഫെബ്രുവരി 14–ാം തീയതി അടൂരിൽ എത്തി. ഉടുപ്പി കോടതിയുടെ ഉടക്കുണ്ടാകുമെന്നുള്ള ഭീതി ഔഗേൻ ബാവായ്ക്കുണ്ടായിരുന്നു. അതുകൊണ്ട് മെത്രാൻ സ്ഥാനാഭിഷേകം സംബന്ധിച്ച കല്പന പിറ്റേദിവസം പത്രത്തിൽ ഇടണമോ എന്ന് ബാവാ ഞങ്ങളോടു ചോദിച്ചു. കുഴപ്പമില്ലെന്ന് ഞങ്ങൾ അറിയിച്ചപ്പോൾ "സഖറിയാ അച്ചനും മാമ്മച്ചനും കൂടി പറഞ്ഞാൽ ഞാൻ ഒപ്പിട്ടുതരാം" എന്നു പറഞ്ഞ് കല്പനയുടെ നക്കൽ ഒരിക്കൽകൂടി വായിച്ചുകേട്ടു. അതിൽ ബാവാ ചില തിരുത്തലുകൾ വരുത്തി. ബാവായുടെ ബുദ്ധിശക്തിക്കു യാതൊരു ക്ഷീണവും തട്ടിയിരുന്നില്ലെന്നുള്ളതിന് ശക്തമായ തെളിവായിരുന്നു ഈ തിരുത്തലുകൾ. പ്രസ്തുത കല്പന ചുവടേ ചേർക്കുന്നു:-

"മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഒരു നിർണ്ണായക കാലഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ അവസരത്തിൽ അതിന്റെ വൈപുല്യത്തിനും വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ വിധത്തിൽ അഞ്ചു പ്രശസ്തരായ വൈദികർക്ക് മാർതോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളിയിൽ വച്ച് ഇന്ന് മേല്പട്ടസ്ഥാനം നല്കുകയാണ്. ഭരണഘടനയെയും കാനോനെയും പാരമ്പര്യത്തെയും അങ്ങേയറ്റം മാനിച്ചുകൊണ്ടും വ്യവസ്ഥാപിത നടപടിച്ചട്ടങ്ങൾ സ്വീകരിച്ചുകൊണ്ടും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഈ

അഞ്ചു വൈദികരും സഭയിൽ ശോഭിക്കുകയും സഭയെ ശോഭിപ്പിക്കുകയും ചെയ്യുമെന്നുള്ളതിന് നമുക്ക് സംശയമില്ല.

തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ദിവംഗതനായതോടുകൂടി നിരണം ഭദ്രാസനത്തിന് വൈധവ്യം സംഭവിച്ചിരിക്കുകയാണ്. ബാഹ്യകേരള ഭദ്രാസനത്തിന്റെ അധിപൻ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നമ്മുടെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ ആ ഭദ്രാസനത്തിലും ഒരു മെത്രാപ്പോലീത്താ നിയോഗിക്കപ്പെടേണ്ടതുണ്ട്. കൂടാതെ ൮൮-ാം വയസ്സിലേക്കു കടന്നിരിക്കുന്ന കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് ഒരു അസിസ്റ്റന്റിനെ വാഴിച്ചാക്കേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു. ഇതിനും പുറമേ ചില ഭദ്രാസനങ്ങൾ ഭരണസൗകര്യത്തെ മുൻനിർത്തി വിഭജിക്കുന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് സഭയുടെ ശോഭനമായ ഭാവിയെ മുൻനിർത്തി ഇപ്പോൾ അഞ്ചുപേരെ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തുന്നത്. നമ്മുടെ സഭയിലെ നിർഭാഗ്യകരമായ ചില തർക്കങ്ങൾമൂലം ഈ മെത്രാൻ സ്ഥാനാഭിഷേകം നേരത്തെ നടത്താൻ സാധിക്കാതെ വന്നകാര്യം ഇവിടെ വിസ്മരിക്കുന്നില്ല.

ആറു മാസത്തെ ഒരുക്കത്തിനുശേഷം അനേകായിരം രൂപ ചെലവാക്കി നിരണത്തു വിളിച്ചുകൂട്ടിയ മലങ്കര അസോസിയേഷനാണ് ഇപ്പോൾ വാഴിക്കപ്പെടുന്ന വൈദികരെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തത്. എന്നാൽ സഭയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനുവേണ്ടി ചിലർ കോടതികളെ സമീപിക്കുകയും നാലഞ്ചു മാസങ്ങൾക്കുശേഷം കേരളത്തിലെ അത്യുന്നത നീതിന്യായപീഠം കുരുക്കുകൾ അഴിക്കുകയും ചെയ്തിരിക്കുകയാണ്. ദൈവം സഭയെ നയിക്കുന്നുവെന്നും കൈവിടുകയില്ലെന്നും ഈ സംഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തീയ സഭയെ പോഷിപ്പിച്ച് മേൽഭരണം നടത്തുന്നതിനായി യേശുക്രിസ്തു പന്ത്രണ്ട് പ്രധാന ശിഷ്യന്മാരെ തെരഞ്ഞെടുക്കുകയും അവരെ തന്റെ കൈകൊണ്ട് തൊട്ട് അനുഗ്രഹിച്ച് പ്രധാനാചാര്യത്വത്തിന്റെ നല്വരം അവർക്കു പ്രദാനം ചെയ്യുകയും ഉണ്ടായി. ഇങ്ങനെ അവിടുത്തെ, കരസ്പർശനത്താൽ ദിവ്യശക്തി പ്രാപിച്ചവരും അവരുടെ പിൻഗാമികളെ പരമ്പരയാ കൈവച്ച് മേൽപട്ടക്കാരായി അഭിഷേകം ചെയ്തുവന്നു. ഇപ്രകാരം അവിച്ഛിന്നമായ കൈവയ്പുമൂലം മെത്രാന്മാർ എന്ന പേരിൽ അറിയപ്പെടുന്ന മേല്പട്ടക്കാർ ക്രിസ്തീയ സഭയിൽ തുടരെ ഉണ്ടായിക്കൊണ്ടിരുന്നു. ഇങ്ങനെ മേല്പട്ടക്കാരിലൂടെ മാത്രമാണ് യേശുക്രിസ്തു മൂലം ലഭിച്ചിട്ടുള്ള കൃപാവരങ്ങൾ മനുഷ്യന് അനുഭവപ്പെടുന്നത്. പൗരസ്ത്യരും പാശ്ചാത്യരും ആയ ഭൂരിപക്ഷം ക്രൈസ്തവരും ഈ കാര്യം ഇന്ന് ദൃഢമായി വിശ്വസിച്ചുവരുന്നു. സർവ്വോപരി ഒരു മഹാപുരോഹിതൻ ദൈവത്തിനും മനുഷ്യനും ഇടയിൽ

മദ്ധ്യസ്ഥനാണ്. അതായത് ദൈവസമക്ഷം മനുഷ്യന്റെയും മനുഷ്യസമക്ഷം ദൈവത്തിന്റെയും പ്രതിനിധി. ക്രിസ്തുവിന്റെ മനുഷ്യാവതാര പ്രവർത്തന ങ്ങളുടെ അന്ത്യഘട്ടത്തിൽ, സ്വർഗ്ഗാരോഹണസമയത്ത്, *എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു* എന്നു പറഞ്ഞു കൈ ഉയർത്തി അനുഗ്രഹിച്ചുകൊണ്ട് ശ്ലീഹന്മാർക്കു നൽകിയ പ്രധാനാചാ ര്യത്വ പദവിയുടെയും അധികാരത്തിന്റെയും അവകാശികളായി മേല്പട്ട ക്കാർക്ക് യേശുക്രിസ്തു ഈ ലോക ജീവിതകാലത്ത് ഉപദേശിച്ചും പഠിപ്പിച്ചും പ്രവർത്തിച്ച മാതൃകയിൽ വി. ശ്ലീഹന്മാരെപ്പോലെ സഭാംഗങ്ങളെ നയിക്കുക എന്ന ഗൗരവാവഹമായ കർത്തവ്യമാണുള്ളത്.

മലങ്കര സഭാഭരണഘടനയ്ക്ക് വിധേയമായി വാഴിക്കപ്പെടുന്ന മെത്രാ ന്മാർക്കു മാത്രമേ മലങ്കരയിൽ സ്ഥാനമുള്ളു. ഭരണഘടനയിൽ ഇങ്ങനെ പറയുന്നു: “ഒരാൾക്ക് എപ്പിസ്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേക്ക് മലങ്കര അസോ സിയേഷൻ തെരഞ്ഞെടുക്കേണ്ടതും ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോ പ്പൽ സിനഡ് അംഗീകരിക്കുന്നപക്ഷം സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ച് കാതോലിക്കാ ആ ആളിനു പട്ടം കൊടു ക്കേണ്ടതും ആണ്. ഒരു എപ്പിസ്കോപ്പായേയോ മെത്രാപ്പോലീത്തായേയോ വാഴിക്കുമ്പോൾ വാഴിക്കപ്പെടുന്ന മേല്പട്ടക്കാരൻ സിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കായ്ക്ക് ശൽമൂസ്സോ (സമ്മതപത്രം) എഴുതിവയ്ക്കേണ്ടതാണ്. ഇപ്രകാരം വാഴിക്കപ്പെടുന്ന മേല്പട്ടക്കാരനു കാതോലിക്കാ സ്ഥാത്തിക്കോൻ (അധികാരപത്രം) നല്കുന്നതാകുന്നു.” എപ്പിസ്കോപ്പായെ വാഴിക്കുന്നത് സംബന്ധിച്ചു ഹൂദായ കാനോനിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും മറ്റും നല്കിയിട്ടുണ്ട്. ഒരു ഭാഗത്ത് മാർ ക്ലിമ്മീസിന്റെ ഒന്നാം പുസ്തകത്തിൽനിന്ന് ഇങ്ങനെ പറയുന്നു: “ഒരെപ്പിസ്കോപ്പാ വാഴിക്കപ്പെടുന്നതു ജനങ്ങൾ മുഴു വനും കൂടി തെരഞ്ഞെടുത്ത് പരിശുദ്ധാത്മ ഹിതാനുസരണമായിരിക്കണം. അദ്ദേഹം കുറ്റമില്ലാത്തവനും ജ്ഞാനിയും നിർമ്മലനും വിനയമുള്ളവനും മനോഭാരമില്ലാത്തവനും ഉണർവ്വുള്ളവനും ദ്രവ്യാഗ്രഹമില്ലാത്തവനും കല ഹപ്രിയമില്ലാത്തവനും ദയാലുവും മിതഭാഷിയായ ഉപദേഷ്ടാവും നന്മകളെ ഇഷ്ടപ്പെടുന്നവനും അദ്ധ്വാനപ്രിയനുമായിരിക്കണം.”

“ഇത്ര മഹത്തായ എപ്പിസ്കോപ്പാ സ്ഥാനത്തേക്കു വരുന്നവരുടെ പ്രവർ ത്തനംകൊണ്ടു ദൈവത്തിന് മഹത്വവും സഭയ്ക്കു വിജയവും ഉണ്ടാകാൻ ഇടയാകട്ടെ എന്നാണു നമ്മുടെ ബലഹീനമായ പ്രാർത്ഥന.”

പ്രഗത്ഭരായ ഈ അഞ്ചു മെത്രാപ്പോലീത്താമാരെ വാഴിച്ചതോടുകൂടി ദൈവത്തിനു മഹത്വവും സഭയ്ക്കു നേട്ടവും ഉണ്ടായി എന്നു ബാവാ പ്രസ്താ വിച്ചു. മെത്രാൻ സ്ഥാനാഭിഷേക വേളയിൽ ചെറുപ്പക്കാരായ മെത്രാപ്പോലീ ത്താമാർ പോലും ക്ഷീണിതരായിത്തീർന്നു എങ്കിലും തൊണ്ണൂറിലേക്കു കടന്ന

ഔഗേൻ ബാവാ ശുശ്രൂഷകളുടെ അന്ത്യം വരെയും പ്രസന്നവദനനായും ശക്തനായും കാണപ്പെടുകയാണുണ്ടായത്.

ഏതാനും മാസങ്ങൾക്കുശേഷം മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും 1975 ഒക്ടോബർ ഒടുവിൽ കാതോലിക്കാ ബാവാ സ്ഥാനവും അനാരോഗ്യം മൂലം ഔഗേൻ ബാവാ സ്വമനസ്സാലെ, മെത്രാപ്പോലീത്തന്മാരോടും മാനേജിംഗ് കമ്മിറ്റിയോടും ആലോചിച്ചശേഷം ഒഴിഞ്ഞു. മരണംകൊണ്ടു മാത്രം സ്ഥാനം ഒഴിഞ്ഞുപോകുന്ന പാരമ്പര്യം ഔഗേൻ ബാവാ ലംഘിച്ചു മഹത്തായ ഒരു മാതൃക സൃഷ്ടിക്കുകയാണുണ്ടായത്. സഭാഭരണം നിർവ്വഹിക്കാൻ പ്രായാധിക്യംമൂലം കഴിയാതെ വരുമ്പോൾ റിട്ടയർ ചെയ്യുന്ന സമ്പ്രദായം സഭയിൽ സ്വീകരിക്കേണ്ടതാണെന്ന് ഔഗേൻ ബാവാ സ്വജീവിതമാതൃകയിലൂടെ കാണിച്ചുകൊടുത്തു. ഈ മാതൃക എല്ലാ സഭാംഗങ്ങളുടെയും അഭിനന്ദനം ആർജ്ജിക്കുകയും ചെയ്തു.

ഇങ്ങനെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും ഒഴിഞ്ഞതിനാൽ തന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ 1975 ഒക്ടോബർ 27-ാം തീയതി തിങ്കളാഴ്ച ചരിത്രമുറങ്ങുന്ന പഴയ സെമിനാരിയുടെ തിരുമുറ്റത്തുവച്ച് എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കായായി അവരോധിച്ചു. അനാരോഗ്യത്താലും പ്രത്യേകം ക്ഷണിക്കാഞ്ഞതിനാലും ഈ സ്ഥാനാഭിഷേകത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും മാർതോമ്മാ മാത്യൂസ് പ്രഥമൻ ബാവാ കാതോലിക്കേറ്റ്അരമനയിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെമേൽ കൈവച്ച് ഔഗേൻ ബാവാ അനുഗ്രഹിച്ച രംഗവും മറ്റും സഭാചരിത്രത്തിന്റെ താളുകളിൽ എക്കാലവും തിളങ്ങിനില്ക്കും. കാറും കോളും നിറഞ്ഞ ജീവിതസാഗരത്തിലൂടെ തകരാതെ സഞ്ചരിച്ച ഔഗേൻ ബാവായുടെ ജീവിത നൗക പ്രശാന്തസുന്ദരമായ കടലിനക്കരെയിലേക്ക് അതിവേഗം നീങ്ങുകയായിരുന്നു. കാലംചെയ്യുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പ് മലങ്കരസഭയ്ക്ക് ഈ നൂറ്റാണ്ടിൽ ലഭിച്ച ഏറ്റവും വലിയ സംഭാവനയായ പി. ഗീവറുഗീസിന്റെ കങ്ങഴ ആശുപത്രിയിലെ മികച്ച ചികിത്സയും ശുശ്രൂഷയും ബാവായ്ക്ക് ലഭിച്ചിരുന്നു. ജീവിതത്തിൽ രോഗം മൂലം ശാരീരികമായ വേദനകൾ അധികമൊന്നും അനുഭവിച്ചിട്ടില്ലാത്ത ഒരു മേല്പട്ടക്കാരനായിരുന്നു ഔഗേൻ ബാവാ. മാംസം അധികമില്ലാതിരുന്ന ബാവായുടെ ശരീരത്തോട് രോഗാണുക്കൾ പോലും പടവെട്ടി പരാജയപ്പെട്ടതായിരിക്കാം. മേൽപട്ടക്കാർക്കു സാധാരണഗതിയിൽ പിടിപെടാറുള്ള രോഗങ്ങളൊന്നും തന്നെ ഔഗേൻ ബാവായെ ആക്രമിച്ചിട്ടില്ല. തൊണ്ണൂറു കഴിഞ്ഞ വ്രതനിഷ്ഠനായ ആ മുനിവര്യനു രണ്ടു മൂന്നു ദിവസം നീണ്ടുനിന്ന അസുഖത്തെതുടർന്ന് ഏറ്റവും മെച്ചപ്പെട്ട ചികിത്സയാണ് ലഭിച്ചത്. എങ്കിലും കഷ്ടപ്പാടുകൾ നിറഞ്ഞ ഈ ലോകത്തിൽ തിരുമേനി കിടന്നു കഷ്ടപ്പെടാതെ 1975 ഡിസംബർ എട്ടിനു

കടന്നുപോയി. അതൊരു ഭാഗ്യമരണമായിരുന്നു. അന്ന് നൈറോബിയിൽ സമ്മേളിച്ചിരുന്ന സഭകളുടെ ലോകകൗൺസിൽ തിരുമേനിയുടെ സ്മരണയ്ക്ക് ആദരാഞ്ജലി അർപ്പിച്ചു. മറ്റൊരു സഭാനേതാവിനും ലഭിക്കാത്ത ആഗോള അന്ത്യാഭിവാദ്യം തന്നെ. ചരമ വിവരമറിഞ്ഞ് നൈറോബിയിൽനിന്ന് പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പറന്നെത്തി കബറടക്കത്തിൽ പങ്കുകൊണ്ടു.

സഹസ്രക്കണക്കിനാളുകൾ നോക്കിനില്ക്കേ ചൊവ്വാഴ്ച വൈകിട്ട് ഭൗതികദേഹം തന്റെ മുൻഗാമിയുടെ കബറിടത്തിനു തൊട്ടടുത്തുള്ള കാതോലിക്കേറ്റ് അരമന ചാപ്പലിൽ സംസ്കരിച്ചു.

സഭാസ്വാതന്ത്ര്യം അന്യൂനമായി പരിരക്ഷിക്കുകയും, എല്ലാ തത്വസംഹിതകളെയും കാറ്റിൽ പറത്തിക്കൊണ്ടുള്ള അന്ത്യോക്യൻ കടന്നാക്രമണങ്ങളെ എന്നന്നേക്കുമായി കടലിനക്കരെ ഒതുക്കിനിറുത്തുകയും സഭാശരീരത്തിലെ ഒരു മുള്ളുപോലെ മാറിയ അന്ത്യോക്യൻ ബന്ധം അവസാനിപ്പിക്കുകയും ചെയ്ത പ. ഔഗേൻ ബാവായ്ക്ക് ലഭിച്ച ഹൃദയസ്പർശകമായ അന്തിമോപചാരം മലങ്കരസഭയുടെ സംരക്ഷകനു ലഭിച്ച അഭിവാദ്യം തന്നെയാണെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു.

ഒരു അനുസ്മരണ

മൂവാറ്റുപുഴ അരമനയിൽ 1953 മുതൽ ഒമ്പതു വർഷം താമസിച്ച് ഔഗേൻ തിരുമേനിയെ വളരെയടുത്ത് അറിഞ്ഞിട്ടുള്ള പരേതനായ റിട്ട. എസ്. ബി. ടി. ഓഫീസർ പി. എ. ജോർജ് (ഇലവന്താനത്ത്, കൊല്ലാട്) ഇപ്രകാരം എഴുതി:

1953 മെയ് മാസത്തിലാണ് ഞാൻ ആദ്യമായി മൂവാറ്റുപുഴ അരമനയിൽ എത്തുന്നത്. ഒരു മണിമാളിക ആയിരിക്കും അരമന എന്ന ധാരണയോടുകൂടി എത്തിയ ഞാൻ അത്ഭുതപ്പെട്ടുപോയി. സാക്ഷാൽ ഭാരതീയ ഋഷിവര്യന്റെ പർണ്ണശാല തന്നെ. മണ്ണിഷ്ടികയിൽ കെട്ടിപ്പൊക്കിയ ഒരു ചെറിയ കെട്ടിടം. അതിന്റെ കിഴക്കുഭാഗത്തുള്ള നടപ്പന്തലാണ് കിടപ്പുമുറി. അതിനോട് ചേർന്ന് ഒരു ചാരുകസേരയിൽ കണ്ടനാട് ഭദ്രാസനാധിപനായ ആ ഋഷിവര്യൻ ഒരു വെള്ളക്കുപ്പായവും തലയിൽ മസ്നപ്സായും ധരിച്ച് ചാരി ഇരിക്കുന്നു. തന്റെ മുമ്പിൽ മേനിയിൽ ആക്കിയ ഒരു പലക വച്ചെഴുതുവാൻ വച്ചിട്ടുണ്ട്. തിരുമേനി ഏതോ പുസ്തകം വായിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ചെന്ന് കൈമുത്തി. എന്റെ യാത്ര അല്പം സ്വാർത്ഥതയോടുകൂടിയതായിരുന്നു. കോട്ടയംകാരനായ എനിക്ക് തല ചായ്ക്കാനൊരിടം വേണം. എന്നോടൊപ്പം എസ്. ബി. ടി. യിലെ ഒരു ജീവനക്കാരനും ഉണ്ടായിരുന്നു. ഞാൻ ചെന്ന കാര്യം തിരക്കി. വലിയ സന്തോഷത്തോടെ എന്നോട് തിരുമേനി പറഞ്ഞു. "എടാ മോനേ! നിനക്ക് ഇഷ്ടമാണെങ്കിൽ ഇവിടെ താമസിക്കാം. ഇത്രയൊക്കെ സൗകര്യമുണ്ട്. അടുത്ത ആഴ്ച സ്കൂളും കോളജു

മൊക്കെ തുറക്കും." "രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ." എന്റെ ആഗ്രഹം പോലെ ഞാൻ അരമനയിൽ ആയി. സ്നേഹനിധിയായ വല്യപ്പച്ചനും കൊച്ചുമക്കളും കൂടി കഴിയുന്ന ഒരു പ്രതീതി.

തിരുമേനിയോടൊപ്പമുള്ള ജീവിതം ഒരു വലിയ അനുഭവം തന്നെ ആയിരുന്നു. റിട്ടയർ ചെയ്തിട്ടും എന്റെ ജീവിതത്തിൽ അവ ഉൾക്കൊള്ളുന്നതിന് ഇന്നും ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കർക്കശമായ ജീവിതചര്യകൾ, ലളിതസുന്ദരമായ ജീവിത രീതി, തെറ്റിനെ എതിർക്കുവാനുള്ള നിർഭയത്വം, തികഞ്ഞ ഭക്തി, അചഞ്ചലമായ വിശ്വാസം എന്നീ സവിശേഷതകൾ തിരുമേനിയെ അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയാക്കിത്തീർത്തു.

ഇംഗ്ലീഷ്, മലയാളം, സുറിയാനി, സംസ്കൃതം എന്നീ ഭാഷകളിൽ അസാമാന്യമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. കൈയക്ഷരമാകട്ടെ അതിമനോഹരവും. സുറിയാനി എഴുതുന്നത് പരുന്തിൻ തൂവൽ കൊണ്ടായിരുന്നു.

രചനാരീതി ശ്രദ്ധേയമാണ്. *മതോപദേശ സത്യങ്ങൾ* വേദത്തെളിവുകളോടുകൂടി എഴുതപ്പെട്ടവയായിരുന്നു. മാർ ഗീവറുഗീസ് സഹദായുടെയും, മാർത്തോമ്മാ ശ്ലീഹായുടെയും പെരുന്നാൾ നമസ്കാര ഗീതങ്ങൾ, പെങ്കീസാ നമസ്കാരത്തിന്റെ മലയാള തർജ്ജമ, ഇന്ന് വൈദികർ ഉപയോഗിക്കുന്ന ഹൂത്തോമോയുടെ മലയാള തർജ്ജമ, കഷ്ടാനുഭവ ആഴ്ച നമസ്കാരത്തിന്റെ തർജ്ജമ തുടങ്ങിയ അദ്ദേഹത്തിന്റെ രചനകൾ എല്ലാം സഭയ്ക്കു മുതൽകൂട്ടാണ്.

ജീവിതചര്യകളും അനുകരണീയമാണ്. സഭയിൽ ഏഴ് യാമ പ്രാർത്ഥനകൾ ക്രമീകരിച്ചിട്ടുണ്ട്. തിരുമേനിക്ക് ഏഴല്ല പതിന്നാല് യാമങ്ങൾ ഉണ്ടായിരുന്നു. അർദ്ധരാത്രിയിൽ എഴുന്നേറ്റിരുന്ന് പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഭക്ഷണത്തേക്കാൾ പ്രധാനം തിരുമേനിക്ക് നോമ്പും, ഉപവാസവും, നമസ്കാരവും ആയിരുന്നു. പ്രായാധിക്യം മൂലം അസുഖങ്ങൾ ഉണ്ടാകുമ്പോൾ പോലും പുതിയ ഭക്ഷണക്രമീകരണത്തിന് അദ്ദേഹം വഴിപ്പെട്ടിരുന്നില്ല. ഭക്ഷണം ജീവിക്കുന്നതിനു വേണ്ടി എന്ന തത്വമാണ് ആ പിതാവ് സ്വീകരിച്ചിരുന്നത്.

നോമ്പു കാലങ്ങളിൽ സാക്ഷാൽ ഭാരതീയ സന്യാസിമാരുടെ ജീവിത രീതി തന്നെ. നോമ്പിൽ മൂന്നുമണി കഴിയാതെ ഭക്ഷണം കഴിക്കുകയില്ല. കഞ്ഞിയും, പയറും, പപ്പടവും എന്തെങ്കിലും ഉപ്പിലിട്ടതും മാത്രം മതി.

വില കുറഞ്ഞ വസ്ത്രങ്ങളെ ധരിക്കുകയുള്ളു. അതും അത്യാവശ്യത്തിനുമാത്രം. കാപ്പക്കൂട്ടം രണ്ടോ മൂന്നോ. അതിൽ കൂടുതൽ വന്നാൽ അത്

മലബാറിലെ അച്ചന്മാർക്ക് കൊടുക്കും. ഉള്ളതിൽ നല്ല കാപ്പാ സെറ്റ് എടുക്കുമ്പോൾ സെക്രട്ടറി ശെമ്മാശനോട് 'ഞാൻ പെണ്ണുകെട്ടാൻ പോകുകയാണോ' എന്ന് ചോദിക്കും. എന്നാലും കൊടുക്കുന്നതു തന്നെ ധരിക്കും.

അതിഥി സൽക്കാരവും മറ്റുള്ളവരോടുള്ള പെരുമാറ്റവും ആരേയും ആകർഷിക്കത്തക്കതായിരുന്നു. എല്ലാ മതത്തിൽപെട്ടവരും എല്ലാ സഭാ വിഭാഗത്തിൽപ്പെട്ടവരും സന്ദർശിക്കുന്നതിന് വരുമായിരുന്നു. അവരോട് ഹൃദ്യമായി സംസാരിക്കും. സംശയങ്ങൾ പരിഹരിക്കും. അടുക്കൽവരുന്നവരെ ഇരുത്തിയതിനു ശേഷമേ സംസാരിക്കാൻ തുടങ്ങുകയുള്ളു. കാലം ചെയ്ത പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനി (അന്ന് പോൾ വർഗീസ്) ഒരിക്കൽ തിരുമേനിയെ കാണുവാൻ എത്തി. ഇരിക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം മടിച്ചു. അപ്പോൾ പുൽപ്പായിട്ട് അതിൽ ഇരുത്തി. അന്ന് ദീർഘനേരം അവർ സംസാരിച്ചു. സഭയും, വേദപുസ്തകവും, കാനോനുകളുമൊക്കെ ചർച്ച ചെയ്തു. മൂവാറ്റുപുഴ സി. എസ്. ഐ. പള്ളി വികാരി റവ. കെ. എം. ജേക്കബ്, മിക്കവാറും വരുമായിരുന്നു. തിരുമേനിക്ക് വളരെ ബഹുമാന്യനായ ഒരു വ്യക്തി ആയിരുന്നു അദ്ദേഹം. ഒരിക്കൽ നിർമ്മലാ കോളജിലെ അധ്യാപകൻ പണ്ഡാല സാർ തിരുമേനിയെ കാണാൻ ചെന്നു. വളരെ സൗഹൃദപരമായി സംസാരിച്ചു.

തന്റെ ഇല്ലായ്മയിൽ പോലും അതിഥികളെ സൽക്കരിക്കുന്നതിൽ അദ്ദേഹം മുൻപന്തിയിലായിരുന്നു. വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ് തിരുമേനി ഒരു ദിവസം ഒരു മണിയോടെ അരമനയിൽ എത്തി. സഭാ കാര്യങ്ങളും മറ്റും സംസാരിച്ചു. ഈ സമയത്ത് ചായയും ലഘു കടികളും ഊണുമേശയിൽ വച്ചു. പാൽ ഒഴിക്കാത്ത ചായ ആയതിനാൽ ഗ്രിഗോറിയോസ് തിരുമേനി കുടിച്ചില്ല. ഞങ്ങൾക്ക് നോമ്പ് ആയതിനാൽ പാൽ ഉപയോഗിക്കില്ല എന്ന് ഔഗേൻ തിരുമേനി പറഞ്ഞു. ഒരിക്കൽ ക്നാനായ ഇടവകയുടെ മാർ ക്ലിമീസ്, ഔഗേൻ തിരുമേനിയെ സന്ദർശിക്കുന്നതിനെത്തി. തിരുമേനിയുടെ ശിഷ്യനാണ് ക്ലിമീസ് തിരുമേനി. അദ്ദേഹം സുറിയാനി പഠിക്കാൻ മൂവാറ്റുപുഴ സെമിനാരിയിൽ താമസിക്കുന്ന കാലത്തെ ഫോട്ടോ അന്നും അവിടെ ഉണ്ടായിരുന്നു. തിരുമേനിമാർ രണ്ടുപേരും സഭാകാര്യങ്ങൾ ചർച്ച ചെയ്തു. യോജിപ്പിനുവേണ്ടിയുള്ള ഒരു സംഭാഷണം തന്നെ നടത്തി. ഒരു വ്യവസ്ഥയും ഉണ്ടാക്കി. എന്നാൽ അതൊന്നും പ്രാവർത്തികമായില്ല.

ഏതൊരു സഭാംഗത്തിനും വിശ്വാസപരമായ ആത്മവീര്യം ഉണർത്തത്തക്ക വിധത്തിലുള്ള സഭാസ്നേഹം ആയിരുന്നു ഔഗേൻ തിരുമേനിയുടേത്. മാർത്തോമ്മാ ശ്ലീഹായിൽ കൂടിയുള്ള ഇന്ത്യൻ സഭയുടെ ഉത്ഭവവും പാരമ്പര്യവും, വിശ്വാസവും, തിരുമേനി രാവും പകലും മുറുകെ പിടിച്ചിരുന്നു. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷി ദിനം ആചരിക്കുമ്പോൾ തിരുമേനി ഉദ്ധരിക്കുന്ന ഒരു വേദഭാഗം ഞാൻ ഓർക്കുന്നു. വിശുദ്ധ പൗലൂസ്

കൊരിന്ത്യരോടു പറയുന്നത്. "നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. നിങ്ങളെ ആത്മാവിൽ ജനിപ്പിച്ചതു ഞാൻ അല്ലയോ." ഇവിടെ മാർത്തോമ്മാ ശ്ലീഹായുടെ പിതൃത്വവും അപ്പസ്തോലിക പിന്തുടർച്ചയും അദ്ദേഹം വ്യക്തമാക്കുന്നു.

അദ്ദേഹം ശീമയിലായിരിക്കുമ്പോൾ മലങ്കരയിൽ കാതോലിക്കായെ വാഴിക്കുന്നതിനുവേണ്ടി ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ചു. അന്ത്യോഖ്യൻ പിതാക്കന്മാരുടെ ഉപദേശങ്ങളും ആചാരങ്ങളും അദ്ദേഹം മനസ്സിലാക്കിയിരുന്നു. മലങ്കരസഭയിൽ രൂപംകൊണ്ട ശക്തമായ പിളർപ്പും, മലങ്കരസഭയെ അന്ത്യോഖ്യൻ സഭയുടെ കീഴിലുള്ള സഭയാക്കി മാറ്റാനുള്ള ശ്രമവും അറിഞ്ഞ ഔഗേൻ റമ്പാൻ, വട്ടശ്ശേരിൽ തിരുമേനിയെ രഹസ്യമായി വിവരം അറിയിച്ചുകൊണ്ടിരുന്നു. അദ്ദേഹം ശീമയിലായിരിക്കുമ്പോൾ രണ്ടു പാത്രിയർക്കീസുമാർ (മാർ അബ്ദുൾ മശിഹ അധികാരരഹിതനായിട്ടും, അബ്ദുള്ളാ അന്ത്യോഖ്യൻ പാത്രിയർക്കീസായിട്ടും) വാണിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനുശേഷം മലങ്കരയിൽ കാതോലിക്കായെ വാഴിക്കുന്നതിനുള്ള ക്ഷണമനുസരിച്ച് മാർ അബ്ദുൾ മശിഹാ മലങ്കരയിലേക്ക് പോരുമ്പോൾ ഔഗേൻ റമ്പാനും കൂടെ ഉണ്ടായിരുന്നു.

1927-ൽ കണ്ടനാട് ഇടവകയുടെ മെത്രാനായി അന്ത്യോഖ്യയിലെ മാർ ഏലിയാസ് ഇഗ്നാത്തിയോസ് അദ്ദേഹത്തെ വാഴിച്ചു. 1942-ലെ ആലുവാ വട്ടമേശ സമ്മേളനം തകർന്നപ്പോൾ കണ്ടനാട് ഭദ്രാസനപ്പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി കാതോലിക്കായേയും മറ്റ് മെത്രാന്മാരേയും അദ്ദേഹം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം കണ്ടനാട് ഭദ്രാസനത്തിലെ 62 പള്ളികളും പട്ടക്കാരും കാതോലിക്കാപക്ഷത്തേക്ക് ചേർന്നു. എന്നാൽ പിൽക്കാലത്ത് ഭൂരിപക്ഷം പേരും പിൻവാങ്ങി. 1942-ൽ കാതോലിക്കാ പക്ഷത്തേക്ക് മാറിയപ്പോൾ മാർ അപ്രേം പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. ശീമക്കാരുടെ വിവരക്കേട് എന്നാണ് അതിനെ തിരുമേനി വിശേഷിപ്പിച്ചത്. കാതോലിക്കായെ സ്വീകരിച്ച് ഏറെനാൾ കഴിയുന്നതിനു മുമ്പുതന്നെ മിക്ക പള്ളികളും തിരിച്ചുപോയതിനാൽ സാമ്പത്തികമായി അദ്ദേഹം വളരെ ക്ലേശിച്ചിരുന്നു. ഫോർവേഡ് ബാങ്ക് മാനേജിംഗ് ഡയറക്ടർ മാളിയേക്കൽ എം. സി. മാത്യുവും, മാമ്മൻ മാപ്പിള ഗ്രൂപ്പും തിരുമേനിയെ സഹായിച്ചിരുന്നുവെന്നറിയാം.

റോമാസഭയിലെ ഫാ. വി. സി. ഗീവറുഗീസ്, ഫാ. സി. എ. ഏബ്രഹാം, ഫാ. റ്റി. വി. ജോൺ എന്നിവർ തിരുമേനിയെ സന്ദർശിച്ച് റോമാസഭയെ ആശ്ലേഷിക്കുവാൻ പ്രേരിപ്പിച്ചു. ഒരിക്കൽ ബനഡിക്ട് മാർ ഗ്രീഗോറിയോസിന്റെ നേതൃത്വത്തിൽ ഈ പട്ടക്കാർ അരമനയിൽ എത്തി. അന്ന് അവിടെ സാധു മണി (യൂഹാനോൻ മാർ അത്താനാസ്യോസ്), നടുക്കോട്ടിൽ സി. സി. കോര അച്ചൻ (തടാകം ആശ്രമം), കുന്നംകുളം സ്വദേശി ഡേവിഡച്ചൻ, സ്ലീബാ ദാസൻ തോമസ് വർഗ്ഗീസ് എന്നിവരോടൊപ്പം ഞാനും ഉണ്ടായിരുന്നു.

ഞങ്ങൾ അറിയിച്ചതനുസരിച്ച് വക്കീലന്മാരായ മാരേക്കാട്ട് ജോസഫ്, തെന്നിട്ടാപടി ജോസഫ്, മൂക്കംചേരിൽ വർക്കി എന്നിവരും വന്നുചേർന്നു. ഞങ്ങൾ ശക്തമായ ഭാഷയിൽ അവരോട് സംസാരിച്ചു. പിന്നീട് അവർ വന്നിട്ടില്ല. ഈ സംഭവം മൂലമാകാം തിരുമേനി റോമാ സഭയിൽ ചേരുന്നു എന്നൊരു കുപ്രചരണം ഉണ്ടായത്.

മലങ്കര അസോസിയേഷൻ 1962-ൽ അദ്ദേഹത്തെ കാതോലിക്കായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു. 1964 മെയ് 22-ന് സഭയുടെ ഭരണഘടനാനുസൃതം, സുന്നഹദോസിന്റെ ക്ഷണമനുസരിച്ച് അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസിനാൽ മാർ ഏലിയാ കത്തീഡ്രലിൽ വച്ച് അദ്ദേഹം വാഴിക്കപ്പെട്ടു.

മുള്ളുകൾക്കിടയിലെ റോസാപുഷ്പം പോലെയാണ് കണ്ടനാട് ഭദ്രാസനാധിപനായും കാതോലിക്കായായും അദ്ദേഹം ശോഭിച്ചത്. അദ്ദേഹം കാതോലിക്കേറ്റിന്റെ കാവൽഭടനായിരുന്നു. പ. മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തലസ്ഥാനത്തെ ചോദ്യം ചെയ്ത പാത്രിയർക്കീസിനേയും, പാത്രിയർക്കീസിന്റെ വേദവിപരീതത്തെയും അദ്ദേഹം ശക്തമായി എതിർത്തു. വട്ടശ്ശേരിൽ തിരുമേനിക്കൊപ്പം സഭയുടെ സ്വാതന്ത്ര്യത്തിന് ജീവൻപോലും ബലികഴിക്കുവാൻ അദ്ദേഹം തയാറായിരുന്നു.

അദ്ദേഹത്തിന് അതിരറ്റ സ്നേഹം എന്നോടുണ്ടായിരുന്നു. ഞാൻ തിരുമേനിയുടെ അനുഗ്രഹം പിടിച്ചുപറ്റിയവനാണ്. തിരുമേനിയുടെ തൃപ്പാദത്തിൽ ഇരുന്ന് സഭയുടെ ഉപദേശങ്ങളും മറ്റ് നല്ല കാര്യങ്ങളും പഠിച്ചു. അരമനയിൽ താമസിക്കുമ്പോൾ നിത്യവും മലയാള മനോരമ ദിനപത്രം തിരുമേനിയെ വായിച്ചു കേൾപ്പിക്കുന്നത് ഞാനായിരുന്നു. കാതോലിക്കായായി ദേവലോകത്ത് താമസിക്കുമ്പോൾ ഞാൻ ഇടയ്ക്കിടെ തിരുമനസ്സിന്റെ സന്നിധിയിൽ എത്താറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രോഗക്കിടക്കയിൽ മിക്കവാറും എല്ലാ ദിവസവും ഞാൻ പോകുമായിരുന്നു. കാലം ചെയ്യുന്നതിന്റെ തലേ രാത്രി മൂന്നരമണി വരെ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. മൂന്നര മണിയായപ്പോൾ തിരുമേനിയുടെ സഹോദരപുത്രൻ ഫാ. ഏബ്രഹാം എന്നോട് പറഞ്ഞതനുസരിച്ച് ഞാൻ വീട്ടിലേക്ക് മടങ്ങി. ഇന്ന് പകൽ 4 മണിക്കകം തിരുമേനി കാലം ചെയ്തേക്കാം എന്ന് പറഞ്ഞിരുന്നതിനാൽ ബാങ്കിലേക്ക് പോകുംവഴി ഞാൻ അരമനയിൽ എത്തി. എം.ഡി.എസ്. എച്ച്.എസ്. ഹെഡ്മാസ്റ്റർ സി. യു. മാത്യു എന്നെ വിളിച്ച് ജോർജ് സാർ ഇപ്പോൾ പോകരുത് എന്ന് പറഞ്ഞു. എനിക്ക് കാര്യം മനസ്സിലായി. കൊച്ചു തിരുമേനിമാർ നാലഞ്ചുപേർ ചുറ്റും നിന്ന് അന്ത്യസമയ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ മലങ്കരസഭയുടെ അഭിമാനഭാജനവും മാർത്തോമ്മാ സിംഹാസനത്തിന്റെ കാവൽഭടനുമായ ആ പിതാവ് തിരശ്ശീലയ്ക്കപ്പുറമായി. പിറ്റേദിവസം മുൻഗാമിയുടെ കബറിനോടടുത്ത് അടക്കപ്പെട്ടു. ദിവംഗതനായ ഒരു കാതോലിക്കാ,

പിൻഗാമിയും സിംഹാസനസ്ഥിതനുമായ മറ്റൊരു കാതോലിക്കായാൽ കബറടക്കപ്പെടുന്ന ഭാഗ്യസംഭവം മലങ്കരയിലെ കാതോലിക്കേറ്റിന്റെ ചരിത്രത്തിൽ ആദ്യമായിരുന്നു.

ഒരു വിലയിരുത്തൽ

ഔഗേൻ ബാവായുടെ പ്രമുഖ ശിഷ്യനും കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന കാലം മുതൽ സന്തതസഹചാരിയും മലങ്കര മല്പാനും പണ്ഡിതവര്യനുമായിരുന്ന കോനാട്ട് അബ്രഹാം കത്തനാർ, മാർ ഔഗേൻ ബാവായെപ്പറ്റി 1976 മെയ് മാസത്തിൽ തയ്യാറാക്കിത്തന്ന ഈ വിലയിരുത്തൽ അക്ഷരത്തിലും അർത്ഥത്തിലും നൂറു ശതമാനവും സത്യസന്ധവും അന്യൂനവും ആത്മാർത്ഥത തുളുമ്പുന്നതുമാണ്. മലങ്കരയിലുള്ള മറ്റൊരു വ്യക്തിക്കും ദീർഘകാലത്തെ ആത്മബന്ധത്തിന്റെയും അനുഭവസമ്പന്നതയുടെയും അടിസ്ഥാനത്തിൽ നിന്നു ജനിച്ച ഇത്തരം ഒരു നിരീക്ഷണം വരമൊഴിയിലാക്കാൻ സാധ്യമല്ല. മല്പാനച്ചന്റെ അനുപമവും രചനാത്മകവും ആത്മാവിൽ തട്ടിയതുമായ കാഴ്ചപ്പാടിനോട് ഒട്ടും വിയോജിക്കാനാവാത്തതിനാൽ അശക്തമായ മറ്റൊരു വിലയിരുത്തലിനും സ്ഥാനമോ ആവശ്യമോ ഇല്ല. അതിനാൽ ഇത് വായിച്ചു ധന്യമായാൽ മതിയെന്നും തോന്നുന്നു:

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായ മാർ ത്തോമാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രഥമ കേന്ദ്രമായിരുന്ന എഡേസ്സായിൽനിന്നു കാലചക്രഗതിയനുസരിച്ചു പിൽക്കാലത്തു പേർഷ്യാരാജ്യത്തെ സെലൂക്യാ, തെഗ്രീസ്, മൂസൽ തുടങ്ങിയ കേന്ദ്രങ്ങളിലേക്കു മാറ്റപ്പെടുകയും, 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുത്ത് അവിടെ പിൻതുടർച്ചക്കാരില്ലാതെ അവശേഷിക്കയും ചെയ്ത പൗരസ്ത്യ കാതോലിക്കാ സിംഹാസനം, അതിന്റെ ഭരണപരിധിയിൽതന്നെ ഉൾപ്പെട്ടിരുന്ന മലങ്കരയിലേയ്ക്ക് 1912-ൽ മാറ്റിസ്ഥാപിക്കപ്പെട്ട ശേഷം, ആ സിംഹാസനത്തിൽ ആരൂഢനായ നാലാമത്തെ കാതോലിക്കായാണല്ലോ ഭാഗ്യസ്മരണാർഹനായ പ. ഔഗേൻ പ്രഥമൻ ബാവാ തിരുമേനി. മലങ്കരസഭയുടെ പൂർവ്വകാലചരിത്രം വിശകലനം ചെയ്തു പരിശോധിക്കുന്നപക്ഷം, അതതു കാലത്തു മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലോ, പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലോ എല്ലാം ഈ സഭയുടെ നേതൃസ്ഥാനത്തു വരുവാനിടയായിട്ടുള്ള പിതാക്കന്മാരിൽ ഓരോരുത്തർക്കും, തങ്ങളുടെ കാലത്തു ചില പ്രധാന പ്രശ്നങ്ങളെ നേരിട്ട്, ഈ സഭയെ ശരിയായ ക്രിസ്തീയ പാരമ്പര്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള ദൈവനിയോഗമുണ്ടായിരുന്നു എന്നു തോന്നാവുന്നതാണ്.

ഈ പാരമ്പര്യമനുസരിച്ച് പ. ഔഗേൻ പ്രഥമൻ ബാവായ്ക്കു നേരിടേണ്ടിവന്ന പ്രശ്നം, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ

സ്ഥാപകനും അതിന്റെ പ്രഥമ മഹാപുരോഹിതനുമായിരുന്ന മാർത്തോമാ ശ്ലീഹായുടെ പൗരോഹിത്യം, സിംഹാസനം, പൗരസ്ത്യ കാതോലിക്കായ്ക്കു തന്റെ ഭരണസീമയിൽ എ. ഡി. 231 -ലെ യറുശലേം സുന്നഹദോസു മുതൽ ക്രൈസ്തവലോകമാകമാനം സമ്മതിച്ചുകൊടുത്തിരുന്ന ആത്മീയവും ലൗകികവുമായ പരമാധികാരം എന്നിവയായിരുന്നു. ബാഹ്യദൃഷ്ടിയിലും സാധാരണ പെരുമാറ്റത്തിലും വളരെയധികം വിനീതനായി കാണപ്പെട്ടിരുന്ന തിരുമേനി, ദൈവനിശ്ചയപ്രകാരം തന്റെ നിയന്ത്രണത്തിൽ വന്നുചേർന്ന സഭയുടെ ക്രിസ്തീയ പാരമ്പര്യമനുസരിച്ചുള്ള സ്വാതന്ത്ര്യം ചോദ്യംചെയ്യപ്പെടുന്ന പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ ഏറ്റം പ്രബലനും നിശ്ചയദാർഢ്യമുള്ളവനുമായി കാണപ്പെടുകയാണുണ്ടായത്.

ഒരു വിധത്തിൽ പറഞ്ഞാൽ തിരുമേനിയുടെ പെരുമാറ്റത്തിലും സംസാരത്തിലുമെല്ലാം സർവ്വത്ര മുഴച്ചുനിന്നിരുന്ന അതിരുകവിഞ്ഞ വിനയസ്വഭാവമല്ലേ ഇന്നത്തെ ഈ സഭാപ്രതിസന്ധിക്കു മുൻകൈ എടുക്കുവാൻ ചില നേതാക്കന്മാർക്കു പ്രേരകമായി ഭവിച്ചതെന്നുപോലും ചിലപ്പോൾ എനിക്കു തോന്നാറുണ്ട്. ബാഹ്യമായ പ്രൗഢിയിലും ആഡംബരങ്ങളിലും നിന്നെല്ലാം കഴിയുന്നത്ര ഒഴിഞ്ഞുമാറി, തികച്ചും ലളിതമായ ജീവിതചര്യ സ്വീകരിച്ചിരുന്ന തിരുമേനി, 1962-ൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട സംഭവം, ഈ സഭയിൽ തിരുമേനിയെ അടുത്തറിയാവുന്ന പലർക്കും തികച്ചും അപ്രതീക്ഷിതമായിരുന്നു. ആ കാലത്ത്, തിരുമേനിയുടെ മുൻഗാമിയായിരുന്ന പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ ഒരിക്കൽ അതിനെക്കുറിച്ചു നേരമ്പോക്കായി പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. "തിമോത്തിയോസ് മെത്രാച്ചൻ സർവ്വഥാ ഈ സ്ഥാനത്തിനു യോഗ്യനാണ്. എന്നാൽ അദ്ദേഹത്തിനു വിനയം കുറെ കൂടുതലായിപ്പോയി എന്നൊരു ദോഷമേ ഉള്ളു" എന്നായിരുന്നു അത്.

തിരുമേനിയിൽ വിളങ്ങിയിരുന്ന ഈ അതിവിനയം, തങ്ങളുടെ അധികാരമോഹങ്ങൾ ഈ സഭയിൽ അടിച്ചേല്പിക്കുവാൻ കാത്തിരുന്നവർക്ക് ഒരു സന്ദർഭമായി തോന്നിയിരിക്കണം. 1958 -ലെ സഭാ സമാധാനത്തിനുശേഷം അധികകാലം കഴിയുന്നതിനു മുൻപുതന്നെ, പ. ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് പ. പാത്രിയർക്കീസ് ബാവാ, മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന വിശേഷണം ഉപയോഗിക്കുക, കാതോലിക്കായെ "പരിശുദ്ധ" - His Holiness- എന്നു വിശേഷിപ്പിക്കുക, ലെറ്റർ പേപ്പറിന്റെ തലക്കെട്ട് ചുവന്ന മഷിയിൽ അച്ചടിക്കുക എന്നീ പതിവുകളെ ചോദ്യം ചെയ്തുകൊണ്ട് ഒരു കല്പന അയയ്ക്കുകയുണ്ടായ വിവരം സുപ്രസിദ്ധമാണല്ലോ. അതിന് ഉടൻതന്നെ ബാവാ തിരുമേനി തക്കതായ ഒരു മറുപടി അയയ്ക്കുകയും, അതോടുകൂടി ആ പ്രശ്നം പിന്നീട് ഉന്നയിക്കപ്പെടാതെ അവസാനിക്കുകയും ചെയ്തിരുന്നതാണ്.

എന്നാൽ പ. ഔഗേൻ ബാവാ തിരുമേനി സിംഹാസനാരൂഢനായപ്പോൾ തിരുമേനിയുടെ അതിവിനയം, ഈദൃശ കാര്യങ്ങളുടെ ഉപയോഗം തന്റെ മുൻഗാമി സ്വീകരിച്ചിരുന്ന പതിവിൽനിന്നു കുറെയെല്ലാം കുറവുചെയ്യാൻ തിരുമേനിയെ പ്രേരിപ്പിച്ചു. മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന വിശേഷണം, പൗരസ്ത്യ കാതോലിക്കാ എന്ന ഔദ്യോഗികനിലയിൽ പുറപ്പെടുവിക്കുന്ന ചില പൊതുകല്പനകളിൽ മാത്രം ഉപയോഗിക്കുക എന്ന രീതി അവലംബിച്ചു. പാത്രിയർക്കീസ് ബാവായ്ക്ക് വല്ലപ്പോഴും കത്തുകളെഴുതേണ്ടിവന്നാൽ, അച്ചടിച്ച ലെറ്റർപേപ്പർ ഉപയോഗിക്കാതെ സുറിയാനിയിൽ സ്വന്തം കൈപ്പടയിൽ എഴുതും. എഴുത്തിന്റെ അടിയിൽ സ്വന്തം പേരിനോടു ചേർത്ത് "വിനീതദാസൻ" എന്നും മറ്റും എഴുതുകയും ചെയ്യും. 1964 -ൽ പാത്രിയർക്കീസ് ബാവാ ഇവിടെ സന്നിഹിതനായിരുന്ന സന്ദർഭത്തിലും, 1965 -ൽ തിരുമേനി ഡമാസ്കസും മറ്റും സന്ദർശിച്ചപ്പോഴും പാത്രിയർക്കീസ് ബാവായുടെ അടുത്തുള്ള പെരുമാറ്റത്തിൽ, തനിക്കു സ്വാഭാവികമായ ഈ അതിവിനയം കാണിച്ചിരുന്നു. ഇതെല്ലാം കണ്ടപ്പോൾ മുൻപ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ നേരെ ഓങ്ങിയിട്ടും വിലപ്പോകാതിരുന്ന വാൾ, ഇപ്പോൾ ഫലിച്ചേക്കുമെന്നു സംശയം തോന്നിയിരിക്കണം. ഇവിടെ ചിലരുടെയെല്ലാം പ്രേരണയും അതിന്റെ പിന്നിലുണ്ടായിരിക്കാം. അങ്ങനെ രണ്ടാമതും ആ വാൾ പ്രയോഗിക്കപ്പെടുവാനിടയായി. പക്ഷേ ഇത്തവണ മുൻ ആരോപണങ്ങളെ കവിഞ്ഞ നിലയിൽ, മാർത്തോമാശ്ലീഹായ്ക്കു പൗരോഹിത്യം പോലുമില്ലായിരുന്നു എന്ന തനി വേദവിപരിതത്തോടുകൂടിയാണ് അതു വീശി എറിഞ്ഞത്. എന്നാൽ ഇങ്ങനെ രണ്ടാം പ്രാവശ്യം ചുഴറ്റി എറിയപ്പെട്ട ആ വാൾ, ഉദ്ദേശിച്ചിടത്ത് ഉദ്ദേശിച്ച നിലയിൽ ഏറ്റില്ല എന്നു മാത്രമല്ല, അതയച്ച സ്ഥാനത്തു തിരിഞ്ഞുചെന്നു കൊള്ളുകയും ചെയ്തു. അതിരുകവിഞ്ഞ വിനീതൻ വേണ്ടസമയത്തു പാറപോലെ ഉറച്ചു നിന്നുകൊണ്ട് ആ വാൾ തിരിയെ പായിക്കുകതന്നെ ചെയ്തു.

ഒരു ക്രിസ്ത്യാനിയുടെ സർവ്വപ്രധാന ആയുധമാകുന്ന ഉപവാസവും പ്രാർത്ഥനയും ഇത്ര നിഷ്ഠയോടുകൂടി അനുഷ്ഠിക്കുന്ന മറ്റൊരു വ്യക്തിയെ എനിക്കു കാണുവാൻ സാധിച്ചിട്ടില്ല. എല്ലാ യാമപ്രാർത്ഥനകളും മിക്കവാറും അതതു സമയത്തുതന്നെ തിരുമേനി വളരെ നിഷ്ഠയായി നടത്തുമായിരുന്നു. നോമ്പുകാലത്ത്, പ്രത്യേകിച്ച് മൂന്നു നോമ്പിലും വലിയ നോമ്പിലും, വിശുദ്ധ സഭയുടെ ശരിയായ നിയമമനുസരിച്ച്, ഒരു നേരം മാത്രമേ അദ്ദേഹം ആഹാരം കഴിച്ചിരുന്നുള്ളു. മൂന്നു മണിയാകുമ്പോൾ ഇരുപത്തിരണ്ടരയുടെ പ്രാർത്ഥന രഹസ്യമായി നടത്തിയശേഷം ചിലപ്പോൾ ഒരു പാത്രം ജീരകവെള്ളം മാത്രം കുടിക്കും. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം അല്പം പൊടിയരിക്കഞ്ഞിയും കുടിക്കും. മറ്റു നോമ്പുകളിലും മിക്കവാറും മൂന്നു മണിവരെയും, കുറഞ്ഞ പക്ഷം ഉച്ചവരെയെങ്കിലും, ഉപവാസമനുഷ്ഠിക്കും. വി. സഭയിലെ

പൊതുവായ അഞ്ചു നോമ്പുകൾക്കു പുറമേ പലപ്പോഴും പ്രത്യേക നോമ്പുകളും അനുഷ്ഠിക്കുമായിരുന്നു. പ്രായാധിക്യം ചെന്നു ശാരീരികമായി വളരെ അവശനാകുന്നതു വരെ ഇവയെല്ലാം വളരെ കൃത്യമായിത്തന്നെ അനുഷ്ഠിച്ചിരുന്നു. നോമ്പില്ലാത്ത കാലങ്ങളിലും തിരുമേനി വളരെ ലഘുവായ പദാർത്ഥങ്ങൾ മാത്രം, അതും വളരെ മിതമായി മാത്രം കഴിക്കുന്ന പ്രകൃതക്കാരനായിരുന്നു. ദീർഘകാലം തിരുമേനിയുടെ കൂടെ വളരെ അടുത്തു പെരുമാറിയിട്ടുള്ള എന്റെ സ്വന്ത ദൃഷ്ടിയിൽ കാണുവാൻ കഴിഞ്ഞിട്ടുള്ളവയാണിതെല്ലാം.

വായനയിലും പഠനത്തിലും, പ്രത്യേകിച്ച് വേദശാസ്ത്രപരമായ വിഷയങ്ങളുടെ പഠനത്തിൽ, തിരുമേനി അതീവതല്പരനും സ്ഥിരോത്സാഹിയുമായിരുന്നു. വളരെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിൽ പോലും, ലഭ്യമാകുന്ന ഇടവേളകളിൽ, വായനയിൽ മുഴുകിയിരിക്കുന്നതു കാണാം. കേവലം നാലാം ഫോറം വരെ മാത്രമേ തിരുമേനി ഇംഗ്ലീഷ് പഠിച്ചിരുന്നുള്ളു. ഇംഗ്ലീഷിൽ എഴുതുവാനും സംസാരിക്കുവാനും പ്രയാസവുമായിരുന്നു. എങ്കിലും എത്ര ആശയസംപുഷ്ടമായ ഇംഗ്ലീഷ് ഗ്രന്ഥങ്ങളും വായിച്ചു ഗ്രഹിക്കുവാനുള്ള അസാമാന്യ കഴിവുണ്ടായിരുന്നു. സുറിയാനിഭാഷയിൽ അദ്ദേഹത്തിന്റെ ജീവിതകാലത്ത്, ഈ നാട്ടിലും സിറിയാ നാട്ടിൽപോലും, ഇത്ര തികഞ്ഞ പാണ്ഡിത്യമുള്ളവർ വേറെ ഉണ്ടായിരുന്നോ എന്നു സംശയമാണ്. സുറിയാനിഭാഷ ഇത്ര വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്ന ഇതര വ്യക്തികളെക്കുറിച്ച് ആധുനികകാലത്ത് എനിക്കറിയുവാൻ കഴിഞ്ഞിട്ടില്ല. മാർ ഗ്രിഗോറിയോസ് ബാർ എബ്രായ ആദിയായ ചില പൂർവ്വപിതാക്കന്മാർ കഴിഞ്ഞാൽ, പിൻതലമുറകളിൽ എഴുന്നേറ്റിട്ടുള്ള അതിവിദഗ്ദ്ധനായ ഒരു സുറിയാനി ഭാഷാപണ്ഡിതനായിരുന്നു തിരുമേനി. ഈ നാട്ടിലും ശീമരാജ്യങ്ങളിലും തന്റെ കാലത്തു ലഭ്യമായിരുന്ന സകല സുറിയാനി വേദശാസ്ത്ര ഗ്രന്ഥങ്ങളും അദ്ദേഹം വായിച്ചു പഠിച്ചിട്ടുണ്ടായിരുന്നു. ഇതിന്റെയെല്ലാം ഫലമായി വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും വിവർത്തന ഗ്രന്ഥങ്ങളും ഇന്ന് സഭയ്ക്ക് ഒരു ശാശ്വതനിധിയാണ്.

പ. ബാവാ തിരുമേനിയുമായുള്ള ബന്ധം എന്റെ ശൈശവകാലം മുതൽ തന്നെ ആരംഭിച്ചതാണ്. അന്ന് അദ്ദേഹം ഔഗേൻ റമ്പാനാണ്. എന്നാൽ എന്റെ കുടുംബവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം അതിനും പല സംവത്സരങ്ങൾ മുൻപേ ആരംഭിച്ചതാണ്. ചെറുപ്പകാലത്തുതന്നെ അദ്ദേഹം വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി ആദ്യം ശിഷ്യപ്പെട്ടത് എന്റെ വന്ദ്യപിതാവിനായിരുന്നു. വളരെ ചുരുങ്ങിയ കാലഘട്ടംകൊണ്ടു സുറിയാനിഭാഷയിലും പള്ളി ശുശ്രൂഷകളിലും സാമാന്യം നല്ല വ്യുല്പത്തി സമ്പാദിച്ചശേഷം, സുറിയാനി പഠനം തല്ക്കാലം നിറുത്തിവച്ചിട്ട് ഇംഗ്ലീഷ് പഠനത്തിനായി കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്നു. നാലാംഫോറം വരെ പഠിച്ച

ശേഷം അദ്ദേഹത്തിനു സുറിയാനി ഭാഷയോടും ഈ സഭാവിശ്വാസാചാര ങ്ങളോടും തോന്നിയിരുന്ന അതിരുകവിഞ്ഞ ആദരവിന്റെ ഫലമായി വിശു ദ്ധനാടുകൾ സന്ദർശിക്കണമെന്ന് ആഗ്രഹം തോന്നുകയും, അങ്ങനെ കേവലം ഇരുപതു വയസ്സുമാത്രം പ്രായമുള്ള മത്തായി ശെമ്മാശൻ പലസ്തീൻ നാട്ടി ലേയ്ക്കു പുറപ്പെടുകയും ചെയ്തു. കേവലം വിശുദ്ധനാടു സന്ദർശനം മാത്ര മായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. പല സംവത്സരക്കാലം ആ നാട്ടിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും താമസിക്കുകയും ഇക്കാല മെല്ലാം അവിടെ ലഭ്യമായ പുരാതന വേദശാസ്ത്ര ഗ്രന്ഥങ്ങളും മറ്റും വായിച്ചും, പണ്ഡിതന്മാരായ പല പിതാക്കന്മാർക്കു ശിഷ്യപ്പെട്ടും സുറിയാ നിഭാഷയിലും വേദശാസ്ത്രത്തിലും അഗാധമായ പാണ്ഡിത്യം സമ്പാദി ക്കുകയും ചെയ്തു. അന്ന് അവിടെ മാർ അബ്ദൽമശിഹാ, മാർ അബ്ദുള്ളാ എന്നീ രണ്ടുപേർ പാത്രിയർക്കാ സിംഹാസനത്തിന് അവകാശികളായിട്ടു ണ്ടായിരുന്ന കാലമായിരുന്നു. ഈ രണ്ടു പാത്രിയർക്കീസുമാരുമായും തിരു മേനി പരിചയപ്പെടുകയും, ദീർഘദിവസങ്ങൾ രണ്ടുപേരുടേയും കൂടെ താമ സിക്കുകയും, സ്ഥിതിഗതികളുടെ യാഥാർത്ഥ്യം യഥായോഗ്യം ആരാഞ്ഞ റിഞ്ഞു വിവരങ്ങൾ മലങ്കരയിലെ പിതാക്കന്മാരെ അറിയിക്കുകയും ചെയ്തു കൊണ്ടിരുന്നു. അക്കാലത്തെ അദ്ദേഹത്തിന്റെ ചില കത്തുകൾ സുപ്രസിദ്ധ ങ്ങളാണ്. ഈ വിദേശവാസക്കാലത്ത് മാർ ഔഗേൻ എന്ന പരിശുദ്ധന്റെ നാമ ത്തിൽ തുറബ്ദീൻ പ്രദേശത്തുള്ള പുരാതന ദയറായിൽ കുറേക്കാലം താമ സിച്ചിരുന്നപ്പോൾ, ആ പരിശുദ്ധനെക്കുറിച്ച് വിപുലമായ പഠനം നടത്തുകയും അങ്ങനെ ആ പരിശുദ്ധനോടു തോന്നിയ അതിയായ ഭക്തിയുടെ ഫലമായി ആ പിതാവിനെ സ്വന്തം കാവൽപിതാവായി അംഗീകരിച്ചുകൊണ്ട്, മത്തായി എന്ന സ്വന്തം പേരുപേക്ഷിച്ച് ഔഗേൻ എന്ന പേരു സ്വീകരിക്കുകയുമാണു ണ്ടായത്. അവിടെവച്ചുതന്നെ ദയറാസ്ഥാനവും സ്വീകരിച്ച്, ഔഗേൻ റമ്പാ നായി 1908 -ൽ നാട്ടിൽ മടങ്ങിയെത്തി.

ആരംഭത്തിൽ കുറച്ചുകാലം മാത്രമേ തിരുമേനി എന്റെ പിതാവിനു ശിഷ്യ പ്പെട്ടിരുന്നുള്ളുവെങ്കിലും, ശീമയാത്ര കഴിഞ്ഞു മടങ്ങിയെത്തിയശേഷം അദ്ദേഹം എന്റെ പിതാവുമായി വളരെ അടുത്തു നിരന്തര സമ്പർക്കം പുലർ ത്തിക്കൊണ്ടിരുന്നു. പാമ്പാക്കുട ലൈബ്രറിയിലെ പുരാതന ഗ്രന്ഥങ്ങൾ വായി ക്കുക, പല സുറിയാനി പുസ്തകങ്ങളും പകർത്തിയെഴുതുക, സുറിയാനി പുസ്തകങ്ങൾ അച്ചടിക്കുന്നതിനു തയ്യാറാക്കുന്നതിൽ സഹായിക്കുക, എന്റെ പിതാവ് അക്കാലങ്ങളിൽ ശീമ രാജ്യത്തെ പല സഭാനേതാക്കന്മാരുമായി നടത്തിക്കൊണ്ടിരുന്ന കത്തിടപാടുകളിൽ സഹായിക്കുക മുതലായ ആവ ശ്യങ്ങൾക്കുവേണ്ടി പലപ്പോഴും അദ്ദേഹം പാമ്പാക്കുട പള്ളിമേടയിൽ വന്നു താമസിക്കുമായിരുന്നു. അങ്ങനെ താമസിക്കുന്ന സമയങ്ങളിൽ ഞങ്ങളുടെ വീട്ടിൽ വന്നു ഭക്ഷണം കഴിക്കുകയും ഞങ്ങളുടെ ഭവനത്തിലെ ഒരംഗമെന്ന

പോലെ കുടുംബാംഗങ്ങളുമായി അടുത്ത സമ്പർക്കം പുലർത്തുകയും ചെയ്തുകൊണ്ടിരുന്നു. അന്ന് ഒരു ചെറിയ പയ്യനായിരുന്ന എന്നെ പലപ്പോഴും വിളിച്ചു കൂട്ടത്തിൽ കൊണ്ടുനടക്കുകയും പല നല്ല ഉപദേശങ്ങളും പറഞ്ഞു തരികയുമെല്ലാം ചെയ്തിരുന്നത് ഞാൻ ഇപ്പോഴും ഭക്തിപൂർവ്വം ഓർമ്മിക്കുന്നു. പല സന്ദർഭങ്ങളിലും തിരുമേനി വരുമ്പോൾ ചില കൗതുകവസ്തുക്കൾ കൊണ്ടുവന്ന് എനിക്കു സമ്മാനിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ വളരെ ചെറുപ്പം മുതൽതന്നെ പിതൃനിർവ്വിശേഷമായ സ്നേഹാദരവുകൾ എനിക്ക് അദ്ദേഹത്തോട് തോന്നിയിരുന്നു.

എന്റെ പിതാവ് കോര മാത്തൻ മല്പാൻ അക്കാലത്തെ ഒരു മികച്ച സുറിയാനി ഭാഷാപണ്ഡിതനും വേദശാസ്ത്രജ്ഞനുമായിരുന്നെങ്കിലും എനിക്ക് അദ്ദേഹത്തിന്റെ കീഴിൽ കാര്യമായ വൈദിക വിദ്യാഭ്യാസം നടത്തുന്നതിനു സാധിച്ചിരുന്നില്ല. സുറിയാനിഭാഷയുടെ ചില പ്രാരംഭ പഠനങ്ങൾ മാത്രം പഠിക്കുന്നതിനേ സാധിച്ചിരുന്നുള്ളു. ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന ഞാൻ അത് പൂർത്തിയാക്കി പിതാവിന്റെ അടുക്കൽ സുറിയാനി പഠിക്കുവാൻ ആരംഭിച്ചപ്പോഴേക്ക് നിർഭാഗ്യവശാൽ അദ്ദേഹം നിര്യാതനാകുവാനാണിടയായത്. തന്റെ അന്ത്യരോഗാവസ്ഥയിൽ, തന്റെ ഐഹികജീവിതം ഏതാണ്ട് അവസാനിക്കുവാൻ പോകുന്നു എന്നും എനിക്കാവശ്യമായ വൈദിക വിദ്യാഭ്യാസം നല്കുവാൻ തന്നെക്കൊണ്ടു സാദ്ധ്യമാവുകയില്ലെന്നും തോന്നിത്തുടങ്ങിയപ്പോൾ, തന്റെ നിര്യാണത്തിന് ഏതാനും ദിവസം മുമ്പ് അദ്ദേഹം തന്റെ ശിഷ്യപ്രമുഖനായ ഈ തിരുമേനിയെ – അന്ന് അദ്ദേഹം കണ്ടനാട് ഇടവകയുടെ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായാണ് – വിളിച്ചുവരുത്തി, എന്റെ വൈദിക വിദ്യാഭ്യാസ ചുമതല തിരുമേനിയെ ഏല്പിക്കുകയാണുണ്ടായത്. എന്നോടു കുടുംബ ചുമതലകളും മറ്റും ഉപേക്ഷിച്ചു പോലും തിരുമേനിയുടെകൂടെ പോയി താമസിച്ചു പഠിച്ചുകൊള്ളണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെയാണു ഞാൻ തിരുമേനിയുടെ ശിഷ്യനായിത്തീർന്നത്. പിതാവിന്റെ നിര്യാണാനന്തരം അല്പകാലം കഴിഞ്ഞു ഞാൻ തിരുമേനിയുടെ സന്തത സഹചാരിയായി പല കൊല്ലങ്ങൾ കൂടെ താമസിച്ചു പഠിക്കുകയാണുണ്ടായത്. അങ്ങനെ ഭദ്രാസന ഭരണസംബന്ധമായ വളരെയധികം യാത്രകളും മറ്റു ബദ്ധപ്പാടുകളുമുണ്ടായിരുന്ന തിരുമേനി, അതിനെല്ലാമിടയിൽ ദിവസവും കുറച്ചു സമയമെങ്കിലും എനിക്കുവേണ്ടി ചെലവിടുമായിരുന്നു. പലപ്പോഴും യാത്രാമദ്ധ്യേ വണ്ടിയിലും വള്ളത്തിലുമെല്ലാം വച്ചായിരിക്കും പഠിപ്പിക്കുന്നത്. അങ്ങനെ ഇന്ന് സുറിയാനി ഭാഷാ സംബന്ധമായോ വേദശാസ്ത്രപരമായോ സഭാചരിത്രപരമായോ എല്ലാം പരിമിതമായ തോതിലെങ്കിലും എനിക്കുള്ള പരിജ്ഞാനത്തിനു ഞാൻ പരിപൂർണ്ണമായും തിരുമേനിയോടു കടപ്പെട്ടവനാണെന്നുള്ള വസ്തുത, സ്നേഹനിർഭരമായ ഭക്ത്യാദരവുകളോടെ ഇത്തരുണത്തിൽ അനുസ്മരിക്കുകയാണ്.

തിരുമേനി വിശുദ്ധനാടുകളിലെ സഞ്ചാരവും പഠനവുമെല്ലാം കഴിഞ്ഞ് ഔഗേൻ റമ്പാനായി നാട്ടിൽ മടങ്ങിയെത്തി അധികകാലം കഴിയുന്നതിനു മുമ്പ് മലങ്കരസഭയിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കീസ് ബാവാ മുടക്കിയതിനെ തുടർന്നുള്ള ഭിന്നതയാരംഭിച്ചു. അവിടം മുതൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നുകൊണ്ട് 1942 -ൽ മൂവാറ്റുപുഴ വച്ച് പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ പരസ്യമായി സ്വീകരിച്ച സമയംവരെയുള്ള തിരുമേനിയുടെ സഭാസംബന്ധമായ പ്രവർത്തനങ്ങൾ പലപ്പോഴും പൂർവ്വാപരവിരുദ്ധങ്ങളായിരുന്നു എന്നും, സഭാസംബന്ധമായ കാര്യങ്ങളിൽ ഒരു ഉറച്ച നിലപാടില്ലാത്ത ഒരു വിവാദ പുരുഷനായിരുന്നു തിരുമേനിയെന്നും പലരും ആരോപിക്കാറുണ്ട്. കേവലം ബാഹ്യദൃഷ്ടിയിൽ മാത്രം വീക്ഷിക്കുന്നവർക്ക് ഈ ആരോപണത്തിൽ കുറെയെല്ലാം കഴമ്പുള്ളതായി തോന്നാവുന്നതുമാണ്. എന്നാൽ ആരംഭകാലം മുതലുള്ള തിരുമേനിയുടെ സഭാപരമായ പ്രവർത്തനങ്ങളുടെ ഉള്ളിലേയ്ക്ക് അല്പം ചുഴിഞ്ഞിറങ്ങി പരിശോധിക്കുന്നപക്ഷം ആരംഭം മുതൽതന്നെ അവിടുന്നു മലങ്കര സുറിയാനിസഭയുടെ യഥാർത്ഥ ക്രിസ്തീയ പാരമ്പര്യങ്ങൾ യഥായോഗ്യം ഗ്രഹിച്ചു തദനുസരണമായ ഒരു നിലപാട് സ്വീകരിച്ചിരുന്നു എന്നും, ആ നിലപാടിന്റെ വിജയത്തിനുവേണ്ടി ഓരോ സന്ദർഭത്തിലും തന്റെ പ്രധാന ലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കാതെ, എന്നാൽ സന്ദർഭാനുസരണം ചില നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരുന്നു എന്നും ബോദ്ധ്യമാകുന്നതാണ്. ഈ വസ്തുതയുടെ യാഥാർത്ഥ്യം യഥായോഗ്യം ഗ്രഹിക്കണമെങ്കിൽ, ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം മുൻപു മുതൽ ഈ സഭയിലുണ്ടായിട്ടുള്ള ചില സംഭവവികാസങ്ങളിലേക്ക് ഒന്നു തിരിഞ്ഞുനോക്കേണ്ടത് ആവശ്യമാണ്.

ഒരു നൂറ്റാണ്ടു മുൻപ്, അതായത് എ. ഡി. 1876-ൽ, അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പ. പത്രോസ് തൃതീയൻ ബാവാ മലങ്കരസഭ സന്ദർശിക്കുകയും, മുളന്തുരുത്തി സുന്നഹദോസ് വഴിയായും മറ്റും ഈ സഭയിൽ ചില ഭരണക്രമീകരണങ്ങൾക്കു പ്രാരംഭമിടുകയും, അന്ത്യോഖ്യാ സിംഹാസനവുമായുള്ള ഈ സഭയുടെ ബന്ധം കൂടുതൽ ബലവത്താക്കുകയും ചെയ്തശേഷം മടങ്ങുകയുണ്ടായി. അന്ന് പൗരസ്ത്യ കാതോലിക്കാ ഇല്ലാത്ത കാലവുമായിരുന്നു. ആ പാത്രിയർക്കീസ് 1894 -ൽ നിര്യാതനായി. തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായി ഒരാളെ തിരഞ്ഞെടുത്ത് സ്ഥാനാരോഹണം ചെയ്യിച്ചത് ഏകാഭിപ്രായമായിട്ടായിരുന്നില്ല. മാർ പത്രോസ് പാത്രിയർക്കീസ് നിര്യാതനായപ്പോൾ കൈമാഖാമായി നിയമിതനായതു മാർ കൂറിലോസ് ഗീവറുഗീസ് എന്നൊരു മെത്രാപ്പോലീത്തായായിരുന്നു. അന്നത്തെ മേല്പട്ടക്കാരിൽ അദ്ദേഹം എല്ലാ നിലയിലും പൊതുജനസമ്മതനായിരുന്നതിനാൽ, തിരഞ്ഞെടുപ്പിനുള്ള സുന്നഹദോസു

കൂടിയപ്പോൾ ആദ്യമേ അദ്ദേഹത്തിന്റെ പേരാണു പാത്രിയർക്കാ സ്ഥാനത്തേയ്ക്ക് ഏകാഭിപ്രായമായി നിർദ്ദേശിക്കപ്പെട്ടത്. എന്നാൽ അദ്ദേഹം, ഈ സമുന്നത പദവിക്കു താൻ അർഹനല്ല എന്നു പറഞ്ഞ് സ്വയം പിന്മാറി. വളരെ ശക്തിപൂർവ്വം നിർബന്ധിച്ചിട്ടും അദ്ദേഹം വഴങ്ങാതിരുന്നതിനാൽ വീണ്ടും മറ്റൊരാളുടെ പേര് നിർദ്ദേശിക്കേണ്ടി വന്നു. അപ്പോൾ സ്ഥാനാർത്ഥികളായി രംഗത്തുവന്നത്, മാർ ദീവന്നാസ്യോസ് അബ്ദൽ മശിഹാ, മാർ ഗ്രിഗോറിയോസ് അബ്ദുള്ളാ, മാർ ദീവന്നാസ്യോസ് ബഹനാം എന്നീ മൂന്നു പേരായിരുന്നു. ഇവരിൽ കുറെക്കാലം മുൻ പാത്രിയർക്കീസിന്റെ സെക്രട്ടറിയായിരിക്കുകയും അദ്ദേഹത്തിന്റെ കൂടെ മലങ്കര സന്ദർശിക്കുകയും മറ്റും ചെയ്ത മാർ അബ്ദുള്ളാ സ്വാഭാവികമായും തിരഞ്ഞെടുക്കപ്പെടുമെന്നു പലരും പ്രതീക്ഷിച്ചിരുന്നെങ്കിലും, തിരഞ്ഞെടുപ്പു നടന്നപ്പോൾ, ചുരുങ്ങിയ ഭൂരിപക്ഷത്തോടുകൂടിയാണെങ്കിലും തിരഞ്ഞെടുക്കപ്പെട്ടത് മാർ അബ്ദൽ മശിഹായായിരുന്നു. മാർ അബ്ദുള്ളായ്ക്കു രണ്ടാം സ്ഥാനവും മാർ ബഹനാമിനു മൂന്നാം സ്ഥാനവുമേ ലഭിച്ചുള്ളു. അതനുസരിച്ച് മാർ അബ്ദൽ മശിഹാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു.

തുടർന്ന് സുൽത്താന്റെ അധികാരപത്രമായ ഫർമാനും അദ്ദേഹത്തിനു നല്കപ്പെട്ടു. തുർക്കി രാജ്യത്ത് അക്കാലത്തു സഭാഭരണാധികാരികൾക്ക്, സഭാഭരണ സംബന്ധമായ ലൗകികാധികാരങ്ങൾ പ്രയോഗിക്കണമെങ്കിൽ ഈ ഫർമാൻ കൂടാതെ സാദ്ധ്യമല്ലായിരുന്നു. ഈ സംഭവത്തെ തുടർന്ന് പാത്രിയർക്കാ തിരഞ്ഞെടുപ്പിൽ പരാജിതനായ മാർ അബ്ദുള്ളാ മെത്രാപ്പോലീത്താ, ഈ സഭ വിട്ടു റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. ഈ സംഭവത്തിന്, അദ്ദേഹം യഥാർത്ഥത്തിൽ റോമാസഭയിൽ ചേർന്നില്ല എന്നും, ഏതോ കാരണങ്ങളാൽ തുർക്കി ഗവണ്മെന്റിന്റെ അപ്രീതിക്കു പാത്രമായതിനാൽ ഗവണ്മെന്റിന്റെ പീഡനത്തിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി അന്നത്തെ ഫ്രഞ്ച് കോൺസലിനെ അഭയം പ്രാപിച്ച്, താൻ റോമൻ കത്തോലിക്കാ സഭാംഗമാണെന്നു ഭാവിച്ചതേയുള്ളു എന്നുമൊരു ഭാഷ്യവുമുണ്ട്. അതിന്റെയെല്ലാം യാഥാർത്ഥ്യങ്ങൾ എങ്ങനെയുമാകട്ടെ. 1905-ൽ മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ തുർക്കി ഗവണ്മെന്റ് പിൻവലിച്ചു. അധിക കാലതാമസമെന്യേ മാർ അബ്ദുള്ളാ മെത്രാപ്പോലീത്താ റോമാ സഭയിൽനിന്നു തിരിച്ചുവന്ന് ഒരു സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ പരസ്യമായി വി. കുർബാന അർപ്പിച്ചു. മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ റദ്ദാക്കിയതുമൂലം അദ്ദേഹത്തിന്റെ ഗവണ്മെന്റംഗീകാരം നഷ്ടപ്പെട്ടതിനാൽ, പൂർണ്ണമായ ഗവണ്മെന്റംഗീകാരത്തോടുകൂടി, സഭാഭരണസംബന്ധമായ ലൗകികാധികാരങ്ങൾകൂടി പ്രയോഗിക്കത്തക്കനിലയിൽ ഒരാൾ ആവശ്യമായതിനാൽ, വീണ്ടും പാത്രിയർക്കാ തിരഞ്ഞെടുപ്പ് നടത്തുവാൻ നിശ്ചയിച്ചു. അതിനുവേണ്ടി സുന്നഹദോസ് കൂടി. ആ സുന്നഹദോസിൽ മാർ അബ്ദുള്ളാ

മെത്രാപ്പോലീത്താ ഏകാഭിപ്രായമായി തിരഞ്ഞെടുക്കപ്പെട്ടു. ഉടനെതന്നെ അദ്ദേഹം പാത്രിയർക്കീസായി വാഴിക്കപ്പെടുകയും ചെയ്തു. തുർക്കി ഗവണ്മെന്റിൽ നിന്നുള്ള ഫർമാനും നല്കപ്പെട്ടു. ഈ വസ്തുതകൾ ആ കാലത്ത് മലങ്കരസഭയുടെ നാവായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "മലങ്കര ഇടവകപത്രിക" എന്ന മാസികയുടെ ആ കാലത്തെ ലക്കങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

അങ്ങനെ പാത്രിയർക്കാ സിംഹാസനത്തിനവകാശികളായി ഒരേ സമയത്തു രണ്ടു പേരുണ്ടായി. മാർ അബ്ദൽ മശിഹാ ലൗകികാധികാരങ്ങൾ നഷ്ടപ്പെട്ട പാത്രിയർക്കീസെന്ന നിലയിലും, മാർ അബ്ദുള്ള ഗവണ്മെന്റംഗീകാരത്തോടുകൂടി ലൗകികാധികാരങ്ങൾ കൂടി നടത്തുവാൻ അധികാരമുള്ള പാത്രിയർക്കീസെന്ന നിലയിലും കഴിഞ്ഞുവന്നു. എന്നാൽ മലങ്കരസഭ ധരിച്ചത്, അഥവാ മലങ്കരസഭയെ ധരിപ്പിച്ചത്, മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെ മദ്യപാനം, സഭാനിയമങ്ങൾക്കെതിരായ ദുർഭരണം മുതലായ കാരണങ്ങളാൽ നിയമാനുസരണം സുന്നഹദോസ് കൂടി മുടക്കി സ്ഥാനഭ്രഷ്ടനാക്കുകയും അതനുസരിച്ച് തുർക്കി ഗവണ്മെന്റ് ഫർമാൻ പിൻവലിക്കുകയും, വീണ്ടും സുന്നഹദോസ് കൂടി മാർ അബ്ദുള്ളായെ തിരഞ്ഞെടുത്തു വാഴിക്കുകയുമാണുണ്ടായതെന്നും, തന്മൂലം ശരിയായ സ്ഥാനസാധുത്വമുള്ള ഏക പാത്രിയർക്കീസ് അബ്ദുള്ള മാത്രമാണെന്നും മറ്റുമായിരുന്നു. ഏതായാലും മലങ്കരസഭ ആ കാലത്ത് ശരിയായ അന്ത്യോഖ്യാ പാത്രിയർക്കീസായി അംഗീകരിച്ചത് മാർ അബ്ദുള്ളായെയായിരുന്നു. അദ്ദേഹത്തിൽ നിന്നാണല്ലോ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും കൊച്ചുപറമ്പിൽ മാർ കൂറിലോസ് തിരുമേനിയും സ്ഥാനമേറ്റതും മറ്റും. അധിക കാലതാമസം കൂടാതെ അദ്ദേഹം മലങ്കര സന്ദർശിക്കുകയും, യഥാർത്ഥ പാത്രിയർക്കീസായി ഈ സഭ അദ്ദേഹത്തെ സ്വീകരിച്ചു ബഹുമാനിക്കുകയും ചെയ്തു. കാലതാമസമെന്യേ അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. തുടർന്ന് ഈ സഭയിൽ ഭിന്നതയുമായി.

ഇതിനുപരി അനുസ്മരിച്ചിരിക്കുന്ന പ്രകാരം പ. ഔഗേൻ ബാവാ ശെമ്മാശ്ശനായി ശീമരാജ്യങ്ങൾ സന്ദർശിച്ചതു മേൽപറഞ്ഞ രണ്ടു പാത്രിയർക്കീസന്മാരും അവിടെ ജീവിച്ചിരുന്ന കാലഘട്ടത്തിലായിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ ആ പ്രദേശങ്ങളിലെ വിപുലമായ സഞ്ചാരവും അന്വേഷണങ്ങളും പഠനവും, ഈ രണ്ടു പാത്രിയർക്കീസന്മാരുമായി നേരിട്ടു പുലർത്തുവാനിടയായ സമ്പർക്കവും മറ്റും വഴിയായി, മാർ അബ്ദൽ മ്ശിഹാ പാത്രിയർക്കീസിനെ സുന്നഹദോസു കൂടി സ്ഥാനഭ്രംശം ചെയ്തു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും, അദ്ദേഹം ചില കാരണങ്ങളാൽ തുർക്കി ഗവണ്മെന്റിന്റെ അപ്രീതിക്കു പാത്രമായിത്തീർന്നതിനാൽ കേവലം ഫർമാൻ പിൻവലിക്കുക മാത്രമേ ഉണ്ടായിട്ടുള്ളു എന്നും മനസ്സിലാക്കുവാനിടയായി.

അദ്ദേഹത്തെ അപ്പോഴും ആത്മീയനിലയിൽ പാത്രിയർക്കീസായി ആ പ്രദേശങ്ങളിൽ എല്ലാവരും പരിഗണിച്ച് ആദരിച്ചിരുന്നു. ആത്മീയമായി പാത്രിയർക്കീസിനടുത്ത പല കാര്യങ്ങളും അദ്ദേഹം നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈദൃശ വസ്തുതകളെല്ലാം മനസ്സിലാക്കിയ തിരുമേനി, മാർ അബ്ദൽ മശിഹാ ബാവായെ ശരിയായ സ്ഥാന സാധുത്വമുള്ള പാത്രിയർക്കീസായി അക്കാലം മുതൽതന്നെ ആദരിച്ചിരുന്നു. കാനോനികമായും സഭാപാരമ്പര്യമനുസരിച്ചും പൗരസ്ത്യ കാതോലിക്കായുടെ ഭരണപരിധിയിലുൾപ്പെടുന്ന മലങ്കരസഭ, അക്കാലത്തു പേർഷ്യാ രാജ്യത്തു നിലവിലില്ലാതെ അവശേഷിച്ചിരുന്ന കാതോലിക്കാ സിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ചുകൊണ്ടിരുന്ന കാലവുമായിരുന്നു. ഈ വിഷയവും തിരുമേനി രണ്ടു പാത്രിയർക്കീസന്മാരുമായി ചർച്ച ചെയ്തു. മലങ്കരയിലേയ്ക്കു ചില കത്തുകൾ തത്സംബന്ധമായി അയച്ചിരുന്ന കാര്യം പലർക്കും അറിയാവുന്ന വസ്തുതയാണ്. മാർ അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിലേയ്ക്കു കാതോലിക്കാ സിംഹാസനം മാറ്റി സ്ഥാപിക്കുന്ന വിഷയത്തിൽ അനുകൂലിയും, എന്നാൽ മാർ അബ്ദുള്ള പാത്രിയർക്കീസ് അതിനു പ്രതികൂലിയുമാണെന്നായിരുന്നു തിരുമേനിക്കു മനസ്സിലാക്കുവാൻ സാധിച്ചത്. ഈ പശ്ചാത്തലത്തിലാണു തിരുമേനി പലസ്തീൻ നാട് സന്ദർശനം കഴിഞ്ഞ് ഔഗേൻ റമ്പാനായി, 1908-ൽ നാട്ടിൽ മടങ്ങിയെത്തിയത്.

തിരുമേനി നാട്ടിൽ മടങ്ങിയെത്തി അധികകാലം കഴിയുന്നതിനു മുമ്പു മലങ്കരസഭ, പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായി. 1909 ൽ ജോസഫ് മാർ ദീവന്നാസ്യോസ് കാലംചെയ്തു. തുടർന്ന് മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി. അധികം താമസിയാതെ മാർ അബ്ദുള്ള പാത്രിയർക്കീസ് ഇവിടെയെത്തി. പാത്രിയർക്കീസ് ബാവായും മാർ ദീവന്നാസ്യോസും തമ്മിൽ പല കാര്യങ്ങളാൽ നീരസത്തിലായി. തുടർന്ന് 1911-ൽ പാത്രിയർക്കീസ്, മെത്രാപ്പോലീത്തായെ മുടക്കിയശേഷം മലങ്കരയിൽ നിന്നു മടങ്ങിപ്പോയി.

തന്റെ മുടക്ക് തികച്ചും അകാരണമെന്നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ഈ സഭയിലെ ഒരു നല്ല പങ്ക് ആളുകളും വിശ്വസിച്ചിരുന്നതിനാൽ, ഇതിനുള്ള പോംവഴിയെക്കുറിച്ച് ചിന്തിച്ചപ്പോഴാണ് മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെ അഭയം പ്രാപിക്കാമെന്നൊരാശയം ഉദയം ചെയ്തത്. അതിനുള്ള പരിശ്രമവുമാരംഭിച്ചു. എന്നാൽ അപ്പോഴേയ്ക്കു മലങ്കരസഭ പാത്രിയർക്കീസു കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും രണ്ടായി പിളർന്നുകഴിഞ്ഞിരുന്നു. കണ്ടനാട്, അങ്കമാലി, കൊച്ചി എന്നീ വടക്കൻ ഭദ്രാസനങ്ങൾ ഏതാണ്ട് പൂർണ്ണമായും, കോട്ടയം ഭദ്രാസനത്തിലെ അഗണ്യമല്ലാത്ത ഒരു വിഭാഗവും പാത്രിയർക്കീസ് കക്ഷിയിൽ ഉറച്ചു നിലകൊണ്ടു.

തെക്കൻ ഭദ്രാസനങ്ങൾ മിക്കവാറും മെത്രാൻ കക്ഷിയിലും ഉറച്ചു നിന്നു. ഈ കക്ഷിതിരിവിൽ, ഒരു വടക്കനായ ഔഗേൻ റമ്പാനും പാത്രിയർക്കീസ് കക്ഷിയായി തന്നെ നിലകൊള്ളേണ്ട സാഹചര്യമാണുണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് 1912 -ൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും അനുയായികളുടെയും പരിശ്രമഫലമായി, മാർ അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ ആഗതനായത്. അദ്ദേഹം സുന്നഹദോസിനാൽ മുടക്കി ബഹിഷ്കരിക്കപ്പെടുകയും, തന്മൂലം ആത്മീയനല്വരം നഷ്ടപ്പെടുകയും ചെയ്ത ആളാണെന്ന് ഈ സഭ നേരത്തെ സ്വീകരിച്ച നിലപാടിൽ ഉറച്ചുനിന്നുകൊണ്ട്, പാത്രിയർക്കീസ് കക്ഷിക്കാർ അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ "വിശ്വാസത്തിൽ ഭിന്നതയി"ല്ലാതിരിക്കെ, സ്വാർത്ഥതയും അധികാരഭ്രമവും മൂലം ഒരു സിംഹാസനത്തിനു രണ്ടു പാത്രിയർക്കീസന്മാരോ മെത്രാപ്പോലീത്തന്മാരോ വാഴിക്കപ്പെടുവാനിടയായാൽ, ആദ്യത്തെയാൾ ഭരണം നടത്തുകയും രണ്ടാമൻ പ്രവൃത്തിരഹിതനായിരിക്കയും ചെയ്യണം (ഹൂദായ 7:1) എന്ന കാനോൻ നിർദ്ദേശത്തെ അവലംബിച്ചുകൊണ്ട്, മെത്രാൻ കക്ഷിക്കാർ കാനോനിക പാത്രിയർക്കീസ് എന്ന നിലയിൽ അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുടക്കു തീർത്തു.

മാർ ജോസഫ് ദീവന്നാസ്യോസിന്റെ കാലം മുതൽതന്നെ ഇവിടെ ആഗ്രഹിച്ചിരുന്നപ്രകാരം, പേർഷ്യാ രാജ്യത്തു പിൻതുടർച്ചക്കാരില്ലാതെ അവശേഷിച്ചിരുന്ന പൗരസ്ത്യ കാതോലിക്കാ സിംഹാസനം മലങ്കരയിലേയ്ക്കു മാറ്റി സ്ഥാപിക്കുന്നതിൽ സഹകരിക്കുകയും ചെയ്തു. നിരണത്തു വച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പൗരസ്ത്യ കാതോലിക്കായായി വാഴിച്ചു. തന്റെ പലസ്തീൻ നാട് സന്ദർശനകാലത്ത് മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെക്കുറിച്ച് ലഭിച്ചിരുന്ന യഥാർത്ഥ വിവരങ്ങളും അദ്ദേഹത്തോടു തോന്നിയിരുന്ന ഭക്തിയും ആസ്പദമാക്കിയും മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു കാണണമെന്ന് തനിക്കുണ്ടായിരുന്ന അതിയായ ആഗ്രഹത്തിന്റെ പ്രേരണയാലും, പ്രത്യേകിച്ചു സ്ഥാനമേൽക്കുന്ന ആൾ, സ്വപിതാവിന്റെ ഗുരുവെന്ന നിലയിൽ തനിക്ക് കൂടുതൽ ആദരണീയനായിരുന്നതിനാലും, ഇവിടുത്തെ കക്ഷി ഭിന്നതയും മറ്റും അവഗണിച്ചുകൊണ്ട് ഔഗേൻ റമ്പാൻ നിരണത്തു പോയി ആ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ചു. വടക്കൻ പ്രദേശത്തെ പാത്രിയർക്കീസ് കക്ഷിയുടെ മദ്ധ്യത്തിൽ തുടർന്നു ജീവിക്കേണ്ടിയിരുന്ന അദ്ദേഹത്തിന്റെ ഈ പ്രവൃത്തി തീർച്ചയായും അല്പം ഒരു കടന്ന കൈയായിരുന്നു. എന്നാൽ തുടർന്നദ്ദേഹം സ്വന്തം നാട്ടിൽ വന്ന് പാത്രിയർക്കീസ് കക്ഷിയായി തന്നെ പ്രവർത്തിക്കുകയാണുണ്ടായത്. അപ്പോഴേക്ക് കണ്ടനാട്, അങ്കമാലി ഭദ്രാസന പ്രദേശങ്ങളിൽ പലവിധ ക്രിസ്തീയ പ്രവർത്തനങ്ങൾ അദ്ദേഹം ആരംഭിക്കുകയും ചെയ്തിരുന്നു.

വടകര കേന്ദ്രമാക്കി അധഃകൃത വർഗ്ഗക്കാരുടെ ഇടയിലുള്ള സുവിശേഷ പ്രവർത്തനമാണ് അദ്ദേഹം ആദ്യമായി ആരംഭിച്ചത്. വളരെ ആളുകളെ അദ്ദേഹം മാമ്മോദീസാ നൽകി സഭയിൽ ചേർത്തു. തുടർന്ന് വടക്കൻ പ്രദേശങ്ങളിൽ വളരെ വിരളമായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശ്രമമായി. ഇന്നത്തെ വടകര ഹൈസ്കൂൾ അദ്ദേഹത്തിന്റെ സ്വന്തം പരിശ്രമഫലമാണ്. പിറവം, കോലഞ്ചേരി മുതലായ ഹൈസ്കൂളുകളുടെ സ്ഥാപനത്തിലും ആ കാലത്ത് അദ്ദേഹം ഉത്സാഹിച്ചിരുന്നു. സഭയിലെ അന്നത്തെ കക്ഷി ഭിന്നതയിൽ പാത്രിയർക്കീസ് കക്ഷിയായി ഉറച്ചു നില കൊണ്ടിരുന്ന ഈ പ്രദേശങ്ങളിൽ, ഈദൃശ പ്രവർത്തനങ്ങളുടെ വിജയത്തിന് ആ കക്ഷിയിൽ തന്നെ ഉറച്ചു പ്രവർത്തിക്കേണ്ടത് ഒരാവശ്യമായിരുന്നതു കൊണ്ടു കൂടിയാണ് അദ്ദേഹം ആ നിലപാട് സ്വീകരിച്ചത്. സ്ലീബാദാസ സമൂഹത്തിന്റെ പ്രാരംഭപ്രവർത്തകനും സ്ഥാപകനും ആയ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും കുടുംബവും ആരംഭകാലത്ത് മെത്രാൻ കക്ഷിയിൽ ഉറച്ചു നിന്നവരായിരുന്നെങ്കിലും വടക്കൻ ഇടവകകളിലെ സുവിശേഷ പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി അദ്ദേഹം ബാവാ കക്ഷിയിൽ നിന്ന് കശീശാപട്ടം സ്വീകരിച്ച സംഭവം ഇതേനിലയിൽ തന്നെ ഉള്ള ഒന്നാണല്ലോ. അദ്ദേഹം അങ്ങനെ ചെയ്തത് ആരംഭകാലത്ത് സ്ലീബാദാസസമൂഹ പ്രവർത്തനത്തിലും സഹകരണവും പ്രചോദനവും നൽകിയിരുന്ന ഔഗേൻ റമ്പാന്റെ തന്നെ ഉപദേശാനുസരണവുമായിരുന്നു.

ഇങ്ങനെ കാലം മുന്നോട്ടു നീങ്ങവെ 1927-ൽ ഔഗേൻ റമ്പാൻ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുകയും അതനുസരിച്ച് യറുശലേമിൽ വച്ച് മാർ തിമോത്തിയോസ് എന്ന പേരിൽ മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും മെത്രാൻ സ്ഥാനം ഏൽക്കുകയും ചെയ്തു. ഇതും അന്ന് പാത്രിയർക്കീസ് കക്ഷിയിൽ ഉറച്ചുനിന്നിരുന്ന കണ്ടനാട് ഭദ്രാസനത്തിന്റെ സുഗമമായ ഭരണനിർവ്വഹണത്തിന് ഒരാവശ്യമായിരുന്നു. തുടർന്ന് പ്രസ്തുത ഭദ്രാസന ഭരണം, പാത്രിയർക്കീസ് ഭാഗത്തെ ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ വിജയകരമായി നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നു.

1912-ലെ സഭാ ഭിന്നതയെ തുടർന്ന് ഈ നിലയിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിരുന്നെങ്കിലും സഭാചരിത്രപരമായും വേദശാസ്ത്രപരമായുമുള്ള തന്റെ തികഞ്ഞ വിജ്ഞാനത്തിന്റെയും പ്രത്യേകിച്ച്, പലസ്തീൻ നാട്ടിലെ പര്യടന കാലത്ത് സംഭവങ്ങളുടെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് തനിക്ക് നേരിട്ടു ലഭിച്ചിരുന്ന അറിവിന്റെയുമെല്ലാം അടിസ്ഥാനത്തിൽ മാർ അബ്ദൽ മശിഹാ ശരിയായ ആത്മീയ നൽവരമുള്ള പാത്രിയർക്കീസ് തന്നെയാണെന്നും, തന്മൂലം അദ്ദേഹത്തിന്റെ സഹകരണത്തോടു കൂടി ഇവിടെ സ്ഥാപിതമായ കാതോലിക്കാ സ്ഥാപനം തികച്ചും അന്യൂനമാണെന്നുമുള്ള ഉൾബോധം എന്നും

തിരുമേനിയെ ഭരിച്ചിരുന്നു. ഈ വസ്തുതകൾ കുറേശ്ശെയായി ആളുകളെ ധരിപ്പിച്ച് അവരുടെ കക്ഷി വൈരാഗ്യം ലഘുപ്പെടുത്തിക്കൊണ്ടുവരുന്നതിനും തിരുമേനി കഴിവുപോലെ പരിശ്രമിച്ചിരുന്നു. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായി ഭരണമേറ്റ ശേഷം തിരുമേനി സർവ്വ പ്രാധാന്യം നൽകി പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു കാര്യം, മലങ്കരസഭയിലെ കക്ഷി ഭിന്നത എങ്ങനെയും അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുക എന്നതായിരുന്നു. അതിനുവേണ്ടി തിരുമേനി നടത്തിയിട്ടുള്ള നിരവധി കഠിന പരിശ്രമങ്ങളിൽ പലതിനെക്കുറിച്ചും അക്കാലങ്ങളിൽ തിരുമേനിയുടെ സന്തതസഹചാരിയായിരുന്ന എനിക്ക് നേരിട്ടറിവുള്ളതാണ്. അന്നത്തെ പാത്രിയർക്കീസായിരുന്ന മാർ അപ്രേം പ്രഥമൻ ബാവായുമായി തിരുമേനി വളരെയധികം കത്തിടപാടുകളും ഇത് സംബന്ധിച്ചു നടത്തിയിരുന്നു. ഇതിന്റെയെല്ലാം ഫലമായി ഇവിടുത്തെ കാതോലിക്കാ സ്ഥാപനത്തെ താൻ അംഗീകരിക്കാമെന്നും എന്നാൽ അത് ഇവിടെ നൽകുന്നതിന് പ്രധാന കാർമ്മികത്വം വഹിച്ച മാർ അബ്ദൽ മശിഹാ പാത്രിയർക്കീസ് മുടക്കുമൂലം ആത്മീയ നൽവരം നഷ്ടപ്പെട്ട ആളായിരുന്നതിനാൽ ഇപ്പോഴത്തെ കാതോലിക്കാ രണ്ടാമത് കൈവയ്പ്പു സ്വീകരിക്കേണ്ടത് ആവശ്യമാണെന്നുമുള്ള തന്റെ അന്ത്യ തീരുമാനം മാർ അപ്രേം പാത്രിയർക്കീസ് ബാവാ അറിയിച്ചു. ഇത് യഥാർത്ഥത്തിൽ തന്റെ സ്വന്തം അഭിപ്രായത്തിന് ചേർന്നതല്ലായിരുന്നെങ്കിലും മറ്റ് മാർഗ്ഗമൊന്നും ഇല്ലെന്നുള്ള നിലയിൽ ഇതെങ്കിലും എങ്ങനെയും സാധിച്ചു സഭയിൽ സമാധാനം സ്ഥാപിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി തിരുമേനി മുന്നോട്ടുനീങ്ങി.

അന്നത്തെ കാതോലിക്കായായിരുന്ന മാർ ഗീവറുഗീസ് ദ്വിതീയനെ പല പ്രാവശ്യം നേരിട്ടു കണ്ട് ആലോചന നടത്തി. അവസാനം തിരുമേനിയുടെ നിർബന്ധത്തിന്റെയും, എങ്ങനെയും സമാധാനമുണ്ടായിക്കണ്ടാൽ കൊള്ളാമെന്നുള്ള സ്വന്ത അഭിലാഷത്തിന്റെയും ഫലമായി, കാതോലിക്കാ ബാവാ ഏറെക്കുറെ അതിനു സമ്മതിച്ചു. അന്ന് ആ വിശുദ്ധ പിതാവ് കല്പിച്ചു നല്കിയ മറുപടി ഇന്നും എന്റെ ചെവികളിൽ മുഴങ്ങുകയാണ്. “മെത്രാച്ചാ! എന്റെ സ്ഥാനത്തിനു എന്തെങ്കിലും ന്യൂനതയുള്ളതായി എനിക്ക് അശേഷം ബോദ്ധ്യമില്ല. അങ്ങനെ ബോദ്ധ്യമുണ്ടായിരുന്നെങ്കിൽ കേവലം പ്രൗഢിക്കുവേണ്ടി മാത്രം ഈ വേഷം ധരിക്കുന്നവനല്ല ഞാൻ. എന്നാൽ സഭയിലെ സമാധാനത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ഞാൻ സന്നദ്ധനാണ്. നിങ്ങൾക്കൊക്കെ നിർബന്ധമാണെങ്കിൽ, യോഹന്നാൻ സ്നാപകന്റെ മുമ്പിൽ യേശുക്രിസ്തു ചെയ്തതുപോലെ, ഞാൻ ആരുടെ മുമ്പിൽ വേണമെങ്കിലും തല കുനിച്ചുകൊടുക്കാം. സന്നദ്ധതയുള്ളവർ എന്റെ തലയിൽ കൈവയ്ക്കുകയോ എന്തുവേണമെങ്കിലും ചെയ്തുകൊള്ളട്ടെ. അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതിന്റെ പാപം ആ കൈവയ്ക്കുന്നവരുടെ തലയിൽ ഇരിക്കും. എനിക്ക് അതിൽ പങ്കുണ്ടായിരിക്കയില്ല” എന്നായിരുന്നു

അത്. ഈ സമ്മതത്തെ തുടർന്നാണ് തിരുമേനി മുൻകൈയെടുത്ത് നടത്തിയ അവസാനത്തേതും ഏറ്റം പ്രധാനപ്പെട്ടതുമായ ആലുവാ വട്ടമേശസമ്മേളന ത്തിനുള്ള സജ്ജീകരണങ്ങൾ നടത്തിയത്. അതിന്റെ അന്ത്യത്തിൽ പ. ഗീവ റുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തന്റെ വാക്കു പാലിച്ചുകൊണ്ട്, മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്നു കൈവയ്പു സ്വീകരിക്കു വാൻ തയ്യാറായി ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ സന്നിഹിതനായ തുമാണ്. എന്നാൽ ചില സാങ്കേതിക തടസ്സങ്ങളുടെ പേരിൽ ആ സംഭവം നടക്കാനിടയായില്ല. ഒരുപക്ഷേ അത് അത്ഭുതകരമായ ഒരു ദൈവനിശ്ചയ മായിരിക്കാം. എന്തായാലും അതോടുകൂടി തിരുമേനി സമാധാനപരിശ്രമങ്ങ ളിൽ തികച്ചും നിരാശനായി അതിൽ നിന്നു പിന്മാറി. തുടർന്ന് ആരംഭം മുത ലുള്ള തന്റെ മനോബോദ്ധ്യവും ആഗ്രഹവുമനുസരിച്ച് എതിർ കക്ഷിയുമായി, അഥവാ മാർ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുമായി, കൂടു തൽ തുറന്നും അടുത്തും പെരുമാറിത്തുടങ്ങി.

ഇതിനിടയിൽ തിരുമേനി മെത്രാൻസ്ഥാനമേറ്റ കാലംമുതലുള്ള ഈദൃശ മായ പല പ്രവർത്തനങ്ങളും മറ്റും കാരണം പാത്രിയർക്കീസ്കക്ഷി നേതാ ക്കന്മാരുടേയും, പ്രത്യേകിച്ച് അന്നത്തെ അന്ത്യോഖ്യാ പ്രതിനിധി മാർ യൂലി യോസ് മെത്രാപ്പോലീത്തായുടേയും, കടുത്ത അപ്രീതി തിരുമേനി സമ്പാ ദിച്ചു കഴിഞ്ഞിരുന്നു. അവരുടെ പ്രേരണമൂലം പാത്രിയർക്കീസ് ബാവായിൽ നിന്നു വിമർശനപരമായ ചില കല്പനകൾ വന്നുതുടങ്ങി. സുപ്രീംകോടതി വിധിയിൽ അവസാനിച്ച സമുദായക്കേസ് അന്ന് ജില്ലാക്കോടതിയിൽ നട ക്കുന്ന കാലമായിരുന്നു. അതിൽ പ്രതിഭാഗം സാക്ഷിപ്പട്ടികയിൽ തിരുമേനി യുടെ പേരും ഉൾപ്പെടുത്തിയിരുന്നു. അതനുസരിച്ച് മൂവാറ്റുപുഴ അരമനയിൽ വച്ച് കമ്മീഷൻ മുഖാന്തരം തിരുമേനിയെ ദീർഘമായി വിസ്തരിച്ചു. വിസ്താ രമദ്ധ്യേ ഇന്ന കക്ഷി ജയിക്കയോ തോല്ക്കയോ ചെയ്യണമെന്ന ലക്ഷ്യം കൂടാതെ, തനിക്കു സത്യമെന്നു ബോദ്ധ്യമുള്ള വസ്തുതകൾ ആ നിലയിൽ തുറന്നു പറഞ്ഞു മൊഴികൊടുത്തു. പൊതുവേ ആ മൊഴി പാത്രിയർക്കീസ് കക്ഷിക്കു ദോഷകരമായിരുന്നു. അതോടുകൂടി പാത്രിയർക്കീസ് കക്ഷി നേതാ ക്കന്മാർക്ക് തിരുമേനിയോടുള്ള വൈരാഗ്യം ശതഗുണീഭവിച്ചു. തുടർന്ന് പാത്രി യർക്കീസ് ബാവായെക്കൊണ്ട് തിരുമേനിയെ മുടക്കിക്കുവാനുള്ള പരിശ്രമ മായി. ഈ വിഷമസന്ധിയിലാണ് 1942-ൽ തിരുമേനി, പ. ഗീവറുഗീസ് ദ്വിതീ യൻ കാതോലിക്കാ ബാവായെ മൂവാറ്റുപുഴ പള്ളിയിൽ ക്ഷണിച്ചുവരുത്തി പരസ്യമായി സ്വീകരിച്ചു കക്ഷിമാറിയത്. അന്നേദിവസം തിരുമേനി മൂവാറ്റു പുഴ പള്ളിയിൽ വിളിച്ചുകൂട്ടിയ കണ്ടനാട് ഭദ്രാസന പള്ളിപ്രതിപുരുഷയോ ഗത്തിൽ ബഹുഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാ നത്തിലായിരുന്നു ആ സ്വീകരണം നടന്നതും. എങ്കിലും ആ ഭൂരിപക്ഷ പിന്തുണ നീണ്ടുനില്ക്കുവാനിടയായില്ല എന്നത് നിർഭാഗ്യകരമായ ഒരു

വസ്തുതയാണ്. തുടർന്ന് അധിക കാലതാമസം കൂടാതെ പാത്രിയർക്കീസ് ബാവാ, തിരുമേനിയെ മുടക്കി. എങ്കിലും കണ്ടനാട് ഭദ്രാസനത്തിലെ അഗണ്യമല്ലാത്ത ഒരു വിഭാഗം പട്ടക്കാരുടെയും ജനങ്ങളുടെയും പിൻതുണയോടുകൂടി തിരുമേനി അടിപതറാതെ, കാതോലിക്കാ സിംഹാസനത്തിൻ കീഴിൽ ഉറച്ചുതന്നെ നിലകൊണ്ടു. അവിടം മുതൽ 1958 ലെ സഭാസമാധാനംവരെയുള്ള നീണ്ട പതിനാറു സംവത്സരക്കാലം തിരുമേനി അനുഭവിച്ച പ്രയാസങ്ങൾക്കും യാതനകൾക്കും കണക്കില്ല. ദേഹപീഡനംവരെ സഹിക്കേണ്ടിവന്ന വസ്തുതകൾ സുവിദിതമാണല്ലോ. അവസാനം 1958 -ലെ സുപ്രീം കോടതി വിധിയെ തുടർന്ന് സഭാസമാധാനമുണ്ടായി. അതോടുകൂടി അന്നുവരെ പാത്രിയർക്കീസ് കക്ഷികൾ, കേവലം പട്ടത്വമില്ലാത്ത വൃദ്ധൻ പുന്നൂസാണ്, ശരിയായ നല്വരമുള്ള ഒരു മെത്രാന്റെ കൈയെങ്കിലും തലയിലൊന്നുവയ്ക്കാതെ അദ്ദേഹത്തിനു സ്ഥാനസാധുത്വമുണ്ടാവുകയില്ല എന്നെല്ലാം പറഞ്ഞു പുച്ഛിച്ചുകൊണ്ടിരുന്നവർ, ഒരു നിമിഷംകൊണ്ട് യാതൊരു ന്യൂനതയുമില്ലാത്ത മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ പൗരസ്ത്യ കാതോലിക്കായാണെന്നും സശ്ശിരകമ്പം സമ്മതിക്കേണ്ടിവന്നു. ഇതെല്ലാം കേട്ടും വിശ്വസിച്ചും അതിന്റെ പിന്നിൽ വാശിയോടെ നിലകൊണ്ടിരുന്ന സാധാരണ ജനങ്ങളെല്ലാം അത്ഭുതസ്തബ്ധരായിപ്പോയി. എന്തായാലും അതോടുകൂടി കുറച്ചുകാലത്തേയ്ക്കെങ്കിലും സഭയിൽ പരിപൂർണ്ണ സമാധാനവും ശാന്തതയും കളിയാടി. ഇതിൽ ഏറ്റം കൂടുതൽ സന്തോഷിച്ചത് തീർച്ചയായും ചെറുപ്പകാലം മുതൽതന്നെ തന്നിൽ നിറഞ്ഞുനിന്നിരുന്ന സമാധാന വാഞ്ഛ പ്രായോഗികമായിത്തീർന്നു കണ്ട, മാർ ഔഗേൻ തിമോത്തിയോസ് മെത്രാപ്പോലീത്തായായിരിക്കണം.

ഇങ്ങനെ മലങ്കരസഭയിൽ പരിപൂർണ്ണ സമാധാനം കൈവന്നുവെങ്കിലും തിരുമേനിയെ സംബന്ധിച്ചിടത്തോളം ആ സമാധാനം പൂർണ്ണമായി അനുഭവപ്പെടാൻ കുറെ കാലതാമസം കൂടി വേണ്ടിവന്നു. 1958-ലെ പരസ്പര സ്വീകരണവും തുടർന്നുനടന്ന പുത്തൻകാവ് അസോസ്യേഷൻ സമ്മേളനവും കഴിഞ്ഞശേഷം, മുൻ പാത്രിയർക്കീസ് കക്ഷിയിൽ നിന്നിരുന്ന മെത്രാപ്പോലീത്തന്മാർക്കും ഭരണത്തിനുള്ള ഭദ്രാസനങ്ങൾ ഏല്പിച്ചുകൊടുക്കുന്ന പ്രശ്നം വന്നപ്പോൾ കണ്ടനാട് ഭദ്രാസനത്തിനു മാത്രം ഔഗേൻ മാർ തിമോത്തിയോസ്, പൗലോസ് മാർ പീലക്സിനോസ് എന്നീ രണ്ടുപേർ അവകാശികളായിട്ടുണ്ടായിരുന്നു. ഇതിനു പല പോംവഴികളെക്കുറിച്ചും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ചിന്തിക്കയുണ്ടായെങ്കിലും, അവസാനം രണ്ടു പേരേയുംകൂടി ആ ഭദ്രാസനത്തിന്റെ സഹമെത്രാപ്പോലീത്തന്മാരായി നിയമിക്കയാണുണ്ടായത്. അതായത് ഭദ്രാസന ഭരണസംബന്ധമായ സകല കാര്യങ്ങളും രണ്ടുപേരും യോജിച്ചു കൈകാര്യം ചെയ്യണം. ഈ വ്യവസ്ഥിതി പെട്ടെന്നു തന്നെ അപ്രായോഗികമായി അനുഭവപ്പെട്ടു. രണ്ടു തിരുമേനിമാരും

തമ്മിൽ ഭിന്നതയിലായി. പ്രശ്നം എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പരിഗണനയ്ക്കു വന്നു. അപ്പോഴേയ്ക്കു മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തെക്കും വടക്കുമുള്ള മുൻ പാത്രിയർക്കീസ് കക്ഷിയിലെ തീവ്രവാദികളായിരുന്ന ഒരു അതൃപ്ത വിഭാഗത്തെ സംഘടിപ്പിച്ച് 1958 ഡിസംബർ 16-നു കോട്ടയം പഴയ സെമിനാരി ചാപ്പലിലെ മദ്ബഹായിൽവച്ചു നടത്തിയ പരസ്പര സ്വീകരണമെന്ന ചടങ്ങ് സഭയിലെ കക്ഷിമത്സരത്തിൽ അടവുമാറ്റുന്നതിന് അവസരം ലഭിക്കുവാൻവേണ്ടി പ്രയോഗിച്ച ഒരു തന്ത്രം മാത്രമായിരുന്നു എന്നു പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട്, അന്ത്യോഖ്യൻ മൂവ്മെന്റ് എന്നൊരു പ്രസ്ഥാനവുമായി, സഭാസമാധാനത്തിനു വിരുദ്ധമായ ഒരു നിലപാട് സ്വീകരിച്ചുകഴിഞ്ഞിരുന്നു. പാത്രിയർക്കീസ് ബാവായിൽ നിന്ന് അത്ര പ്രത്യക്ഷമായിട്ടല്ലെങ്കിലും, പരോക്ഷമായി ആ വിഭാഗത്തെ പ്രോത്സാഹിപ്പിക്കുന്ന ചില നീക്കങ്ങളും ഉണ്ടാകാതിരുന്നില്ല. എങ്കിലും മുൻ പാത്രിയർക്കീസ് കക്ഷിയിലെ മറ്റു മെത്രാപ്പോലീത്തന്മാരാരും ഇതിനെ അനുകൂലിച്ചില്ല എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ഇതിന്റെയെല്ലാം ഫലമായി മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ സസ്പെൻഡു ചെയ്തുകൊണ്ടും, മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ പൂർണ്ണമായി ആ ഭദ്രാസന ഭരണം ഏല്പിച്ചുകൊണ്ടും പ. സുന്നഹദോസിന് ഒരു തീരുമാനം ചെയ്യേണ്ടിവന്നു. അങ്ങനെ കണ്ടനാട് ഭദ്രാസനത്തിൽ വീണ്ടും അസ്വസ്ഥതയായി. ഈ കാലഘട്ടത്തിലാണ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കഠിനമായ എതിർപ്പിനെ അഭിമുഖീകരിച്ചുകൊണ്ട് വളരെ ക്ലേശിച്ചിട്ടാണെങ്കിലും തിരുമേനി, ഇന്നു കാണുന്ന മൂവാറ്റുപുഴ ഭദ്രാസന അരമനക്കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയാക്കിയത്. ഇങ്ങനെ മുന്നോട്ടുപോകവേ 1962 ൽ തിരുമേനി പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു. എങ്കിലും കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ മൂവാറ്റുപുഴ അരമനയിൽത്തന്നെ താമസം തുടർന്നു. 1964-ൽ ഭാഗ്യസ്മരണാർഹനായ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ കാലം ചെയ്യുന്നതുവരെ അവിടെത്തന്നെ താമസിച്ചിരുന്നു. ബാവാ കാലം ചെയ്തതോടു കൂടി, നിയമാനുസരണം തിരഞ്ഞെടുക്കപ്പെട്ട പിൻഗാമിയെന്നനിലയിൽ, മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ചുമതലകൾ ഏറ്റെടുത്തുകൊണ്ട് കോട്ടയം കാതോലിക്കേറ്റ് അരമനയിലേയ്ക്ക് താമസം മാറ്റി. അധിക കാലതാമസം കൂടാതെ, മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ക്ഷണം സ്വീകരിച്ച്, തിരുമേനിയെ കാതോലിക്കായായി വാഴിക്കുവാൻവേണ്ടി, പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇവിടെ സന്നിഹിതനായി. അന്നത്തെ വിഘടിതർ പാത്രിയർക്കീസ് ബാവായെ വശീകരിച്ചു കുഴപ്പം സൃഷ്ടിക്കുവാൻ ചില പരിശ്രമങ്ങൾ നടത്തി നോക്കിയെങ്കിലും, അദ്ദേഹം അതിനൊന്നും വഴങ്ങാതെ, 1958-ലെ പരസ്പര ധാരണകൾക്കും വി. സഭയുടെ പാരമ്പര്യങ്ങൾക്കും തികച്ചും അനുയോജ്യമായി ധൈര്യപൂർവ്വം

നിലകൊണ്ടതിനാൽ, മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കും തന്റെ എതിർപ്രവർത്തനങ്ങൾ ഉപേക്ഷിച്ചു പാത്രിയർക്കീസ് ബാവായുമായി സഹ കരിക്കാതെ നിർവ്വാഹമില്ലാത്ത പതനത്തിലായി. അങ്ങനെ 1964 മെയ് മാസം 22-നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച്, മലങ്കരസഭയാൽ ഭരണ ഘടനയ്ക്കു വിധേയമായി അംഗീകരിക്കപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീ സിന്റെ പ്രധാന കാർമ്മികത്വത്തിൽ കക്ഷി ഭേദമെന്യേ ഈ സഭയിലെ സകല മേല്പട്ടക്കാരുടേയും സഹകരണത്തോടുകൂടി, തിരുമേനി പൗരസ്ത്യ കാ തോലിക്കായായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. പൗരസ്ത്യ കാതോലിക്കാ സിംഹാസനം പേർഷ്യയിൽ നിന്നു മലങ്കരയിലേയ്ക്കു മാറ്റി സ്ഥാപിക്കപ്പെ ട്ടശേഷം വാഴിക്കപ്പെട്ട നാലാമത്തെ കാതോലിക്കായാണു തിരുമേനിയെ ങ്കിലും, മലങ്കരസഭയിൽ പരിപൂർണ്ണ ഐക്യവും സമാധാനവും വിളങ്ങിനിന്ന ഒരന്തരീക്ഷത്തിൽ വാഴിക്കപ്പെടുവാനിടയായ പ്രഥമ പൗരസ്ത്യ കാതോലി ക്കായായിരുന്നു തിരുമേനിയെന്നുള്ളത് അതീവ ശ്രദ്ധേയമായ വസ്തുത യാണ്. തിരുമേനിയുടെ പൂർവ്വകാല ചരിത്രവും പ്രവർത്തനങ്ങളുമെല്ലാം സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കുന്നപക്ഷം തീർച്ചയായും തിരുമേനി യഥാർത്ഥത്തിൽ അർഹിക്കുന്ന ഒരസുലഭ ബഹുമതിയായിരുന്നു ഇതെന്നു ബോദ്ധ്യപ്പെടുന്നതാണ്.

ഈ സമാധാനം തിരുമേനിയുടെ അന്ത്യകാലം വരെ നിലനിന്നു കാണു വാൻ ഭാഗ്യമുണ്ടായില്ല എന്നതു തികച്ചും ഖേദകരമായ മറ്റൊരു വസ്തുത യാണ്. ഇന്ന് ഈ സഭയിൽ അനുഭവപ്പെടുന്ന ഭിന്നതയ്ക്കു തിരുമേനിയോ തിരുമേനിയുടെ നിയന്ത്രണത്തിലുള്ള സഭയിലെ ഭരണസമിതികളോ യാതൊരു കാരണവും ഉണ്ടാക്കിയിട്ടുമില്ല. ഇതിനുപരി അനുസ്മരിപ്പിച്ചിരി ക്കുന്നവിധത്തിൽ തന്റെ മുൻഗാമിയേക്കാൾ കൂടുതൽ ആദരവോടും സൗഹാ ർദ്ദത്തോടുംകൂടിയാണ് പ. പാത്രിയർക്കീസ് ബാവായുമായി തിരുമേനി ഇട പെട്ടുകൊണ്ടിരുന്നത്. ഇങ്ങനെ വളരെ സൗഹാർദ്ദമായും, 1958-ലെയും 1964-ലെയും പരസ്പര ധാരണകൾക്ക് അനുയോജ്യമല്ലാത്ത യാതൊന്നും പ്രവർത്തിക്കാതെയും കഴിഞ്ഞിരുന്ന സമയത്താണ്, തികച്ചും അകാരണമാ യിത്തന്നെ കുപ്രസിദ്ധമായ നമ്പർ 203/1960 കല്പന പാത്രിയർക്കീസ് ബാവാ യിൽനിന്നു വരുവാനിടയായത്. മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന വിശേഷണം ഉപയോഗിക്കുന്നതിനെ ചോദ്യം ചെയ്തു കൊണ്ടുള്ള ആ കല്പനയിൽ, മാർതോമ്മാ ശ്ലീഹായ്ക്കു പൗരോഹിത്യം ലഭിച്ചിരുന്നില്ല, തന്മൂലം അദ്ദേഹത്തിനു സിംഹാസനവുമില്ല, എന്നതു മാത്ര മാണല്ലോ എതിരായി ഉന്നയിച്ചിരിക്കുന്ന ഏക ആരോപണം. ഈ ആരോപ ണത്തെ അടിസ്ഥാനപ്പെടുത്തി താൻ ആ വിശേഷണം ഉപേക്ഷിക്കുന്ന പക്ഷം, മാർതോമ്മാ ശ്ലീഹായ്ക്ക് പൗരോഹിത്യമില്ലായിരുന്നു എന്ന കടുത്ത വേദ വിപരീതത്തെ താനും പിൻതാങ്ങിയതായി വരുമല്ലോ എന്ന ചിന്ത,

തിരുമേനിയെ വളരെയധികം ക്ലേശിപ്പിച്ചു. പല സുഹൃത്തുക്കളും സമുദായ നേതാക്കന്മാരും സഭാസമാധാനത്തെ പ്രതി ഇങ്ങനെയൊരു താല്ക്കാലിക വിട്ടുവീഴ്ചയ്ക്കു തിരുമേനിയെ പ്രേരിപ്പിച്ചു നോക്കിയെങ്കിലും, ഈ സഭയുടെ സ്ഥാപകനായ മാർതോമ്മാ ശ്ലീഹായെ തരംതാഴ്ത്തിയിട്ട്, അങ്ങനെയുള്ള ഒരു സഭയുടെ നേതൃത്വം തനിക്കാവശ്യമില്ല എന്ന നിലപാടിൽ തിരുമേനി പരമാവധി വിശ്വാസദാർഢ്യം പ്രകടമാക്കുകയാണുണ്ടായത്. 203-ാം നമ്പർ കല്പനയുടെ യഥാർത്ഥലക്ഷ്യം ഈ വിശേഷണമുപയോഗിക്കുന്നതു തട യുക മാത്രമായിരുന്നില്ലെന്നു തുടർന്നുള്ള സംഭവവികാസങ്ങളിൽ നിന്നു പകൽപോലെ വ്യക്തമായിരിക്കുന്ന ഈ സന്ദർഭത്തിൽ, അഭിവന്ദ്യ തിരുമേനി ദൈവാശ്രയത്തോടുകൂടി അന്നു സ്വീകരിച്ച നിലപാട് എത്രയോ ശരിയായി രുന്നു എന്ന് ആദരപൂർവ്വം ഞാൻ ഓർത്തുപോവുകയാണ്. ഇതിന്റെയെല്ലാം ഫലമായി അല്പം മനഃക്ലേശത്തോടു കൂടിയാണ് തിരുമേനി ഈ ലോക ത്തിൽനിന്നു യാത്രയാകുവാനിടയായതെങ്കിലും, മാർ തോമ്മാ ശ്ലീഹായുടെ മക്കളായ മലങ്കരസഭാ സന്താനങ്ങളുടെ ദൃഷ്ടിയിൽ തിരുമേനി പൂർവ്വാധികം ആദരണീയനായി ഭവിക്കുകയാണുണ്ടായത്. അങ്ങനെ ആ പാവന നാമം മലങ്കര സുറിയാനി സഭാചരിത്രത്തിൽ സുവർണ്ണലിപികളിൽത്തന്നെ രേഖ പ്പെടുത്തുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു.

അനുസ്മരണം

പ. ഔഗേൻ ബാവായെ ശരിക്കറിഞ്ഞിരുന്ന സമുന്നത വ്യക്തിയും ബാവാ യുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു കടന്നുപോയ മേല്പട്ടക്കാര നുമായിരുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ 1988-ൽ മുളന്തുരുത്തി വെട്ടിക്കൽ ദയറായിൽ നിന്ന് ഇങ്ങനെ എഴുതി:

കാലം ചെയ്ത പുണ്യശ്ലോകനായ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ ജീവചരിത്രത്തിൽ ചേർക്കാൻ ഒരനുസ്മരണം എഴുതി അയയ്ക്കണമെന്ന് ഗ്രന്ഥകർത്താവായ കെ. വി. മാമ്മൻ എന്നോടാവശ്യപ്പെ ട്ടതനുസരിച്ച് എന്റെ അനുഭവത്തിലും ഓർമ്മയിലും വരുന്ന ചില കാര്യങ്ങൾ കുറിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.

അദ്ദേഹം 1927 -ൽ മെത്രാനാകുന്നതിന് ഒരു വർഷം മുമ്പാണ് ഞാൻ ജനിക്കുന്നതുതന്നെ. 1927 മുതൽ 1964 ൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷ നായി അവരോധിക്കപ്പെടുന്നതുവരെ അദ്ദേഹം കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ഭരിച്ചു. 1943 മുതൽ 1958 വരെയുള്ള അദ്ദേഹത്തിന്റെ ജീവിതം കാർമേഘങ്ങളും കോളിളക്കങ്ങളും കഷ്ടതകളും ഞെരുക്കങ്ങളും നിറഞ്ഞതായിരുന്നു. 1962-ൽ കാതോലിക്കാ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടു ക്കപ്പെട്ടു. 1964-ൽ പരിശുദ്ധനായ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

കാലം ചെയ്തശേഷം കാതോലിക്കായായി അവരോധിക്കപ്പെട്ടു. ശേഷമുള്ള വർഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ സുവർണ്ണ കാലഘട്ടമായിരുന്നു. ഭാഗ്യസ്മരണാർഹനായ അദ്ദേഹം 1975 ഡിസംബർ 8–ാം തീയതി കാലം ചെയ്തു. ഒരു മെത്രാപ്പോലീത്താ എന്ന നിലയിലും കാതോലിക്കായെന്ന നിലയിലും അദ്ദേഹത്തെ എനിക്ക് അടുത്തറിയാൻ സാധിച്ചിട്ടുണ്ട്.

ഇദ്ദേഹം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം ഇന്നാട്ടിൽ നിന്ന് ലഭിക്കാവുന്ന വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ശീമക്കാരൻ സ്ലീബാശെമ്മാശന്റെ കൂടെ ശീമരാജ്യങ്ങളിലെ പല ദയറാകളിലും താമസിച്ച് സുറിയാനി ഭാഷയിൽ കിട്ടാവുന്നിടത്തോളം പുസ്തകങ്ങൾ വായിക്കുകയും പഠിക്കുകയും പുസ്തകങ്ങൾ പകർത്തി എഴുതുകയും ചെയ്തുകൊണ്ടിരുന്നു. വേദശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യം നേടി. കൂടാതെ സുറിയാനി ഭാഷയിൽ വ്യുൽപത്തി സമ്പാദിക്കുകയും ചെയ്തു. ഇന്നാട്ടിലും ശീമയിലും ഔഗേൻ ബാവായെപ്പോലെ സുറിയാനിഭാഷാ പണ്ഡിതനായി ഇരുപതാം നൂറ്റാണ്ടിൽ വേറെ ആരും ഉണ്ടായിട്ടില്ല. ആജീവനാന്തം എഴുത്തും വായനയും പഠനവുമായി കഴിച്ചുകൂട്ടിയ ഒരു മഹാനായിരുന്നു അദ്ദേഹം. തൊണ്ണൂറിനോടടുത്തെത്തിയിട്ടും സുറിയാനിയിലും മലയാളത്തിലും കവിതകളും ഗ്രന്ഥങ്ങളും ചമയ്ക്കത്തക്കവണ്ണമുള്ള ഭാഷാസ്വാധീനവും ഓർമ്മശക്തിയും കർമ്മശേഷിയും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ട്. വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന ഹൂത്തോമ്മാ – സുറിയാനിയും മലയാളവും – തിരുമേനിയുടെ കൃതിയാണ്. മെത്രാന്മാർ ഉപയോഗിക്കുന്ന പട്ടംകൊട പുസ്തകങ്ങൾ, പള്ളി കൂദാശ പുസ്തകങ്ങൾ തുടങ്ങിയവയും അദ്ദേഹം മലയാളത്തിലേക്കു ഗദ്യവും പദ്യവും ആയി തർജ്ജിമ ചെയ്തിട്ടുണ്ട്. കൂടാതെ മറ്റു പ്രത്യേക കൂദാശ ക്രമങ്ങൾ, പ്രാർത്ഥന പുസ്തകങ്ങൾ (കുരിശുംതൊട്ടി കൂദാശ, ശവക്കോട്ട കൂദാശ തുടങ്ങിയവ, മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിവസത്തെ പ്രാർത്ഥന, ഗീവറുഗീസ് സഹദായുടെ ഓർമ്മദിവസത്തെ പ്രാർത്ഥന, പരുമല തിരുമേനിയുടെ ഓർമ്മദിവസത്തെ പ്രാർത്ഥന) എന്നിവയും അദ്ദേഹം രചിച്ചിട്ടുണ്ട്. വിശ്വാസസത്യങ്ങൾ, സുന്നഹദോസുകൾ, മരണാനന്തര അവസ്ഥ തുടങ്ങിയവയും അദ്ദേഹത്തിന്റെ കൃതികളാണ്.

മലങ്കരസഭ തികച്ചും സ്വയംശീർഷകത്വമുള്ള ഒരു സ്വതന്ത്ര സഭയായിരിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മത്തായി ശെമ്മാശനായി ശീമയിൽ താമസിക്കുന്ന കാലത്താണ് അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ (അംഗീകാരപത്രം) തുർക്കി സുൽത്താൻ പിൻവലിക്കുന്നതും അബ്ദുള്ള പാത്രിയർക്കീസിന്റെ സ്ഥാനാരോഹണം നടക്കുന്നതും. അന്ന് അവിടെ നടന്നുകൊണ്ടിരുന്ന സഭാരാഷ്ട്രീയത്തിലെ അന്തർ നാടകങ്ങളും അതു സംബന്ധിച്ചുള്ള യഥാർത്ഥ സ്ഥിതിഗതികളും ഉടനുടൻ അദ്ദേഹം ഇവിടെ അറിയിച്ചുകൊണ്ടിരുന്നു. തന്നെയുമല്ല, അബ്ദൽ മിശിഹാ

പാത്രിയർക്കീസിന്റെ സ്ഥാനത്തിനോ, പട്ടത്വത്തിനോ യാതൊരു ന്യൂനതയും ഇല്ലെന്നും അദ്ദേഹത്തിന്റെ കത്തുകളിൽ വ്യക്തമായിരുന്നു. മുമ്പ് കോനാട്ട് മാത്തൻ മല്പാനച്ചൻ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്ക ണമെന്നു കാണിച്ച് അബ്ദൽ മശിഹാ പാത്രിയർക്കീസിന് എഴുതിയിട്ടുമുണ്ട് (1908 ധനുമാസം 30 -ാം തീയതി). അത് സ്വീകരിക്കപ്പെട്ടില്ല. എന്നാൽ ഈയ വസരത്തിൽ മലങ്കരയിൽ കാതോലിക്കേറ്റ് അനുവദിച്ചു തരുന്നതിന് അബ്ദൽ മിശിഹാ അനുകൂലിയാണ് എന്നും കൂടി അറിയിച്ചു. ചുരുക്കത്തിൽ മലങ്കര യിൽ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തലം കാണിച്ചുകൊ ടുക്കുന്നതിൽ മത്തായി ശെമ്മാശൻ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ വന്ന് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയ സംഭ വത്താൽ മലങ്കരയിൽ സംജാതമായ പ്രതിസന്ധിയിൽ കാതോലിക്കേറ്റുമായി മുന്നേറാൻ നമുക്ക് സാധിച്ചത് മത്തായി ശെമ്മാശ (പിന്നീട് ഔഗേൻ റമ്പാൻ) നിൽ നിന്നു ലഭിച്ച അറിയിപ്പുകളും നിർദ്ദേശങ്ങളുമാണ്. ആദ്യത്തെ കാതോ ലിക്കാ വാഴ്ചയിൽ അദ്ദേഹം (ഔഗേൻ റമ്പാൻ) സഹകരിച്ചു എങ്കിലും പിന്നീട് തിരിഞ്ഞുനിന്നു. പക്ഷേ കാലം അദ്ദേഹത്തെ വീണ്ടും കാതോലി ക്കേറ്റിന്റെ തൊഴുത്തിൽ കൊണ്ടുചെന്നു നിറുത്തി.

മറ്റൊരു പ്രധാനപ്പെട്ട സംഭാവന, മാർത്തോമ്മാ ശ്ലീഹായുടെ സിംഹാ സനം സംബന്ധിച്ച് അദ്ദേഹം എടുത്ത ഉറച്ച നിലപാടാണ്. മാർത്തോമ്മാശ്ലീ ഹായെ സംബന്ധിച്ച് പറയുമ്പോൾ അദ്ദേഹം 1 കോരി. 4-15 ഉദ്ധരിക്കും. സുവിശേഷത്താൽ മലങ്കരസഭയെ ജനിപ്പിച്ച പിതാവായ തോമ്മാശ്ലീഹാ ഇൻഡ്യൻ സഭയുടെ അപ്പോസ്തോലനാണ്. അദ്ദേഹം പത്രോസിൽ നിന്ന് ഒട്ടും താഴെയല്ല. മലങ്കരസഭ അദ്ദേഹത്തിന്റെ സിംഹാസനമാണ്. ഈ കാര്യ ങ്ങൾ അദ്ദേഹം ഉറക്കെ ചിന്തിക്കുകയും പറയുകയും ചെയ്തിരുന്നു. അദ്ദേ ഹത്തെ കാതോലിക്കായായി അവരോധിച്ച ദിവസം നടന്നതായ അനുമോ ദന സമ്മേളനത്തിൽ അദ്ദേഹം ഇക്കാര്യം ഉറക്കെ പ്രഖ്യാപിച്ചു. മലങ്കരസഭ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനമാണ്. പത്രോസും തോമ്മായും തുല്യ ന്മാരും സഹോദരങ്ങളുമാണ്. അന്ത്യോഖ്യായിൽ പത്രോസും മലങ്കരയിൽ തോമ്മായും സഭകൾ സ്ഥാപിച്ചു. അവർ യജമാനനും ദാസനുമല്ല എന്ന് അന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം അന്ത്യോഖ്യാ പാത്രിയർക്കീസ് വേദിയിൽ ഇരിക്കെത്തന്നെ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

മലങ്കരസഭയുടെ സ്വയംശീർഷകത്വത്തേയും സ്വാതന്ത്ര്യത്തേയും ഹനി ക്കുവാനും കാതോലിക്കേറ്റിനെ അന്ത്യോഖ്യായുടെ ഒരു വെറും ആജ്ഞാ നുവർത്തിയായിട്ടു മാറ്റുവാനുമുള്ള നീക്കത്തിന്റെ ഭാഗമായി മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടത്വമില്ല എന്നുള്ള പാത്രിയർക്കീസിന്റെ 1970 ലെ 203-ാം നമ്പർ കല്പന വന്നപ്പോൾ സ്വതവേ ശാന്തനും സൌമനും ആയി കാണപ്പെടാറുള്ള മാർ ഔഗേൻ ബാവാ സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേറ്റു. തക്ക മറു പടിയും കൊടുത്തു.

അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും സഭയുടെ ഭാവിയെപ്പറ്റിയുള്ള സുചിന്തിതമായതും സമയോചിതവുമായ പ്രായോഗിക ബുദ്ധിയുടെയും ഒരു മകുടോദാഹരണമാണ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ തന്റെ പിൻഗാമിയ്ക്കു കൈമാറുന്നത്. അത് ചരിത്രത്തിൽ അധികമൊന്നും കാണാത്ത ഒരു മഹൽ സംഭവമാണ്. താൻ ക്ഷീണിതനാകുന്നുവെന്ന് സ്വയം ബോദ്ധ്യമായപ്പോൾ ബന്ധപ്പെട്ട ആളുകളെ വിളിച്ചു. "എന്നെക്കൊണ്ട് എന്തെങ്കിലും സാധിക്കാനുണ്ടെങ്കിൽ ഇപ്പോൾ ചെയ്തുകൊള്ളണം; പിന്നീട് പരിതപിച്ചിട്ടു കാര്യമില്ല" എന്നു പറയുകയുണ്ടായി. ഈ മുന്നറിയിപ്പിന്റെ ഗൗരവം മനസ്സിലാക്കിയ ആളുകൾ അതിന്റെ മുഖവിലയ്ക്കു തന്നെ എടുത്തും ആദ്യമായി മലങ്കര മെത്രാപ്പോലീത്താ സ്ഥാനം പിൻഗാമിക്ക് കൈമാറിക്കൊണ്ടുള്ള കല്പന കൊടുത്തു. കാതോലിക്കാ സ്ഥാനവും ഒട്ടും വൈകാതെ പിൻഗാമിയെ ഏല്പിക്കുവാനുള്ള നടപടികൾ നടത്തണമെന്ന് അപ്പോൾ തന്നെ പറഞ്ഞു. തൽഫലമായി 1975 ഒക്ടോബർ 27-നു പിൻഗാമിയുടെ കാതോലിക്കാ സ്ഥാനാരോഹണം നടത്തി. ഈ രണ്ടു കാര്യങ്ങളും ചെയ്തുകഴിഞ്ഞതിന്റെ 41-ാം ദിവസം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു എന്നുള്ളത് ഓർക്കുമ്പോൾ അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയും ദൈവനടത്തിപ്പും പ്രായോഗികബുദ്ധിയും സഭയുടെ ഭാവിയെപ്പറ്റിയുള്ള വലിയ കരുതലും എത്ര മഹത്തരമായിട്ടുള്ളതായിരുന്നു എന്നുള്ളത് നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയും.

ആജീവാനന്തം ഒരു ബ്രഹ്മചാരിയും ഒരു താപസനും യഥാർത്ഥ ദയറാക്കാരനുമായിരുന്നു. പ്രാർത്ഥനയിലും ഉപവാസത്തിലും മലങ്കരയിൽ പരുമലത്തിരുമേനി കഴിഞ്ഞാൽ ഇത്രയേറെ ഉറ്റിരുന്നിട്ടുള്ള മറ്റൊരു പിതാവിനെ കണ്ടുകിട്ടാൻ പ്രയാസമാണ്.

1943 മുതൽ കാതോലിക്കേറ്റിൽ ചേർന്നു നിന്നതിന്റെ ഫലമായി ഭദ്രാസനത്തിലെ തൊണ്ണൂറു ശതമാനം പള്ളികളും തന്നെ ഉപേക്ഷിച്ചു. വരുമാനമാർഗ്ഗങ്ങളില്ലാതെ ആയി. മൂവാറ്റുപുഴ അരമന കെട്ടിടത്തിൽ (പഴയ ഒരു ജീർണ്ണിച്ച കെട്ടിടം) 1958 വരെ അദ്ദേഹം അരപ്പട്ടിണിയിലും മുഴുപ്പട്ടിണിയിലുമായി കഴിഞ്ഞുകൂടിയ സന്ദർഭങ്ങൾ ഇന്നുള്ള പലർക്കും അറിഞ്ഞുകൂടാ. അക്കാലത്തൊക്കെയും പ്രാർത്ഥനയും ഉപവാസവും എഴുത്തും വായനയും മാത്രം പുസ്തകങ്ങൾ തർജ്ജമ ചെയ്യുന്നതിലും പുതിയ ഗ്രന്ഥങ്ങൾ രചിക്കുന്നതിലും വ്യാപൃതനായിരുന്നു. കഷ്ടകാലത്തു തകർന്നുതരിപ്പണമാകാതെ അദ്ദേഹത്തെ നിലനിർത്തിയതും ശക്തിപ്പെടുത്തിയതും അനേകകാലങ്ങൾ കൊണ്ട് രൂപപ്പെടുത്തിയെടുത്ത താപസചര്യ മാത്രമാണ്.

മറ്റുള്ളവരെ ബഹുമാനിക്കുന്നതിലും ആദരിക്കുന്നതിലും അദ്ദേഹം മറ്റെല്ലാവരെക്കാളും മുൻപന്തിയിലായിരുന്നു. 1962 ൽ അദ്ദേഹത്തെ കാതോലിക്കാ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തപ്പോൾ അന്നത്തെ കാതോലിക്കാ

ഭാഗ്യസ്മരണാർഹനായ ഗീവറുഗീസ് ദ്വിതീയൻ ബാവാ ഇപ്രകാരം പറയുകയുണ്ടായി. “കൊള്ളാം. നമ്മുടെ പിൻഗാമി. പക്ഷേ വിനയം അല്പം കൂടുതലാണെന്നു മാത്രം.” ഒരു മനുഷ്യനേയും അദ്ദേഹം അപമാനിക്കുകയോ കുറ്റം പറയുകയോ ആരെപ്പറ്റിയും പുച്ഛമായി സംസാരിക്കുകയോ ചെയ്യാറില്ലായിരുന്നു.

പ്രധാനപ്പെട്ട കാര്യങ്ങൾ വരുമ്പോൾ വളരെ ചുഴിഞ്ഞിറങ്ങുന്ന ബുദ്ധിയും ആലോചനയും കാഴ്ചപ്പാടും അദ്ദേഹത്തിനുണ്ടായിരുന്നു. വേണമെന്നു തോന്നിയാൽ തക്ക സ്ഥാനത്തു വേണ്ടതുപോലുള്ള പ്രയോഗങ്ങൾ നടത്താനും അറിയാം. അത് ചെയ്യുകയും ചെയ്യുമായിരുന്നു.

ഞാൻ ബാലനായിരിക്കുന്ന കാലം മുതൽ അദ്ദേഹത്തിന് എന്നെ അറിയാം. എന്നോട് വലിയ വാത്സല്യവുമായിരുന്നു. എന്റെ പിതൃസഹോദരൻ പൂവത്തുങ്കൽ ഐപ്പ് തോമസ് കത്തനാർ വളരെ ചെറുപ്പത്തിൽതന്നെ മരിച്ചുപോയി. ആ സാഹചര്യത്തിൽ എനിക്കു പട്ടം തരണമെന്ന് നിർദ്ദേശിച്ചത് ഔഗേൻ ബാവായാണ് (ഔഗേൻ മാർ തിമോത്തിയോസ് തിരുമേനി). പിന്നീട് എനിക്ക് പൂർണ്ണ ശെമ്മാശ് പട്ടം തന്നതും കശീശാപട്ടം തന്നതും അദ്ദേഹം തന്നെയാണ്. എന്നെ മെത്രാപ്പോലീത്താ ആയി വാഴിച്ചതും തിരുമേനിയാണ്. അദ്ദേഹത്തിന്റെ പ്രയാസ കാലഘട്ടങ്ങളിൽ മൂവാറ്റുപുഴയും പിറവത്തും അദ്ദേഹത്തോടൊത്തു താമസിച്ചിട്ടുണ്ട്. കാതോലിക്കായായതിന് ശേഷം പ്രൈവറ്റ് സെക്രട്ടറി ആയിട്ടും, സുന്നഹദോസിന്റെ ഓഫീസ് സെക്രട്ടറി ആയിട്ടും താമസിച്ചിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് മുഴുവനായി യോജിക്കാതെയും ഇരുന്നിട്ടുണ്ട്. എന്നിരുന്നാലും അദ്ദേഹം പിതൃനിർവിശേഷമായി സ്നേഹിക്കുകയും ഒരു പുത്രനെപ്പോലെ കണക്കാക്കുകയും ചെയ്തിരുന്നു. ഒരു സങ്കടം അവശേഷിക്കുന്നു. അദ്ദേഹം കാലം ചെയ്യുന്ന സന്ദർഭത്തിൽ ഞാൻ വിദേശത്തായിരുന്നതിനാൽ ആ അന്ത്യയാത്രയയപ്പിൽ പങ്കുകൊള്ളാൻ കഴിഞ്ഞില്ല. വിവരം അറിഞ്ഞു പ്ലെയിൻ കിട്ടി വന്നപ്പോഴേയ്ക്കും കബറടക്കം കഴിഞ്ഞിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ മഹാമനസ്കതയുടെ മുമ്പിൽ ഞാൻ എന്നും ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടേയിരിക്കുന്നു.

മുപ്പതാം അടിയന്തിരവും ഓർമ്മപ്പെരുന്നാളും

കോട്ടയം, 1976 ജനുവരി 8: സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയ ആയിരക്കണക്കിനു തീർത്ഥാടകരുടെ സാന്നിദ്ധ്യത്തിൽ പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ മുപ്പതാം ദിനമടിയന്തിരവും പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പന്ത്രണ്ടാം ഓർമ്മപ്പെരുന്നാളും സംബന്ധിച്ച ചടങ്ങുകൾ ഇരുവരും കബറടങ്ങിയ ദേവലോകം അരമനയിൽ ഭക്തിനിർഭരമായി ഇന്നലെ നടത്തപ്പെട്ടു.

ദേവലോകം അരമനചാപ്പലിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മാത്യൂസ് മാർ കൂറിലോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും രാവിലെ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന നടത്തപ്പെട്ടു.

വിശുദ്ധ കുർബാനയിലും തുടർന്നു രണ്ടു കബറിടത്തിങ്കലും നടത്തിയ ധൂപപ്രാർത്ഥനയിലും മാത്യൂസ് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, സ്തേപ്പാനോസ് മാർ തേവോദോസ്യോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാരും സഖറിയാ റമ്പാനും അനേകം വൈദികരും ഭക്തജനങ്ങളും സംബന്ധിച്ചിരുന്നു.

വിശുദ്ധ കുർബാനമദ്ധ്യേ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ചെയ്ത പ്രസംഗത്തിൽ കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെയും പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെയും കാലത്താണു മലങ്കരസഭയ്ക്കു വമ്പിച്ച പുരോഗതി ഉണ്ടായതെന്നു പറഞ്ഞു.

സഭയിൽ ഒന്നിനൊന്ന് ആദ്ധ്യാത്മികാവേശം വർദ്ധിച്ചു വരികയാണ്. മലങ്കരസഭയെ അഖിലേന്ത്യാ സഭയായി വളർത്താനുള്ള ശ്രമങ്ങൾക്ക് ആവേശകരമായ പിന്തുണ നൽകാൻ മെത്രാപ്പോലീത്താ സഭാംഗങ്ങളെ ആഹ്വാനം ചെയ്തു.

ചടങ്ങുകളിൽ നേർച്ചകാഴ്ചകളോടെ പങ്കെടുത്ത തീർത്ഥാടകരോടും മറ്റു ഭക്തജനങ്ങളോടും ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ കൃതജ്ഞത രേഖപ്പെടുത്തി. അടിയന്തരം ചുരുങ്ങിയതോതിൽ നടത്തേണ്ടിവന്ന സാഹചര്യങ്ങൾ ബാവാ വിശദീകരിച്ചു.

വി. കുർബാനയ്ക്കു ശേഷം പടിഞ്ഞാറേ കുരിശിങ്കലേയ്ക്കുള്ള റാസായും പിന്നീടു നേർച്ചവിളമ്പും നടത്തപ്പെട്ടു.

സഭയെ ഒന്നിച്ചു നിർത്താൻ ശ്രമിച്ചു

കോട്ടയം, 1976 മെയ് 23: മലങ്കരസഭയെ ഒന്നിച്ചു നിർത്താൻ കഠിനാദ്ധ്വാനം ചെയ്ത മഹാനുഭാവനാണു കാലംചെയ്ത പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവായെന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ പ്രസ്താവിച്ചു. ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നലെ വൈകുന്നേരം മാർ ഏലിയാ കത്തീഡ്രലിൽ നടന്ന മാർ ഔഗേൻ സിംപോസിയത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു പ. ബാവാ. കെ. വി. മാമ്മൻ എഴുതിയ 'മാർ ഔഗേൻ

കാതോലിക്കാബാവാ' എന്ന പുസ്തകത്തിന്റെ പ്രകാശനവും ഈ ചടങ്ങിൽ പ. ബാവാ നിർവഹിച്ചു.

പിറവം സെന്റ് മേരീസ് ബാങ്കേഴ്സ് പ്രൊപ്രൈറ്റർ എം. യു. വർക്കിക്കു പുസ്തകത്തിന്റെ ഒരു പ്രതി നൽകിക്കൊണ്ടാണു പ. ബാവാ പ്രകാശന കർമ്മം നിർവഹിച്ചത്. എതിരാളികളുടെ ക്രൂരമായ പീഡനങ്ങൾക്കു വിധേയനായപ്പോഴും അതിരറ്റ ക്ഷമ പ്രകടിപ്പിച്ച പ. ഔഗേൻ ബാവായെ സഹദയായിട്ടാണു തങ്ങൾ കാണുന്നതെന്നു പുസ്തകം സ്വീകരിച്ചുകൊണ്ടു വർക്കി പറഞ്ഞു.

കാതോലിക്കേറ്റിനെ ആശ്ലേഷിച്ചതിന്റെ പേരിൽ ഔഗേൻ ബാവാ വളരെയേറെ പീഡനങ്ങൾ അനുഭവിക്കുകയുണ്ടായെന്നു പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. മാർത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യമില്ലെന്നും സിംഹാസനമില്ലെന്നുമുള്ള വാദത്തെ ശക്തിയുക്തം എതിർത്തു എന്നതാണു പ. ഔഗേൻ ബാവാ ചെയ്ത മഹത്തായ സേവനമെന്ന് അദ്ദേഹം പറഞ്ഞു.

പ. ഔഗേൻ ബാവായുടെ ബഹുമുഖ വ്യക്തിത്വത്തെ അപഗ്രഥിച്ചുകൊണ്ടു ഫാ. ചെമ്മങ്കുഴ സ്കറിയ, മലയാള മനോരമ സീനിയർ അസിസ്റ്റന്റ് എഡിറ്റർ എൻ. എം. ഏബ്രഹാം, കോനാട്ട് ഏബ്രഹാം മൽപാൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മലങ്കരസഭയെ പുരോഗതിയുടെ പാതയിലേക്കു കൈപിടിച്ചു കയറ്റിയ വ്യക്തിയാണു പ. ഔഗേൻ ബാവായെന്നു ഫാ. ചെമ്മങ്കുഴ പറഞ്ഞു. പ. ബാവായുടെ വിനയശീലത്തെയും അധികാരഭ്രമമില്ലായ്മയും അദ്ദേഹം പ്രകീർത്തിച്ചു.

പാത്രിയർക്കാപക്ഷത്തായിരുന്നപ്പോഴും പ. ഔഗേൻ ബാവായുടെ മനസ്സു കാതോലിക്കാപക്ഷത്തായിരുന്നുവെന്ന് അക്കാലത്തെ അദ്ദേഹത്തിന്റെ പ്രസ്താവനകളും ലേഖനങ്ങളും ഉദ്ധരിച്ചുകൊണ്ട് എൻ. എം. ഏബ്രഹാം സമർത്ഥിച്ചു. വെല്ലുവിളികളെ സുധീരം നേരിട്ട ബാവാ സഭയ്ക്ക് അവിസ്മരണീയനായ ഭരണകർത്താവായിരുന്നുവെന്നു ചരിത്രം അദ്ദേഹത്തെക്കുറിച്ചു സാക്ഷ്യം വഹിക്കുമെന്നും ഏബ്രഹാം പറഞ്ഞു. മലങ്കരസഭയിൽ ഇന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്കു പ. ഔഗേൻ ബാവാ യാതൊരു വിധത്തിലും കാരണക്കാരനല്ലെന്നും വെല്ലുവിളികളെ അദ്ദേഹം സുധീരം നേരിടുക മാത്രമാണു ചെയ്തതെന്നും മലങ്കര മൽപാൻ ഫാ. ഏബ്രഹാം കോനാട്ട് പ്രസ്താവിച്ചു.

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി കെ. എം. കുര്യാക്കോസ് സ്വാഗതവും ബേബി അലക്സ് കൃതജ്ഞതയും പറഞ്ഞു. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായും ചടങ്ങിൽ സംബന്ധിച്ചിരുന്നു. പുസ്തക പ്രകാശനത്തിനായി പ. ബാവായെ ക്ഷണിച്ചുകൊണ്ടു കെ. വി. മാമ്മനും പ്രസംഗിക്കുകയുണ്ടായി.



7

അഞ്ചാം കാതോലിക്കാ
പ. ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് പ്രഥമൻ

പുറം കഠോരം പരിശുഷ്ക്കമൊട്ടു
ക്കുള്ളോ മൃദുസ്വാദുരസാനുവിദ്ധം
നാടൻ കൃഷിക്കാരൊരു നാളികേര
പാകത്തിലാണിങ്ങനെ മിക്കപേരും

മലങ്കരയിലെ അഞ്ചാം കാതോലിക്കായായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായെപ്പറ്റി ചിന്തിക്കുമ്പോൾ ഓർമ്മയിൽ ഓടിയെത്തുന്നത് കുറ്റിപ്പുറത്തു കേശവൻ നായരുടെ പ്രസിദ്ധവും അർത്ഥനിർഭരവുമായ ഈ പദ്യശകലമാണ്. ഒറ്റനോട്ടത്തിൽ ആൾ പരുക്ക നാണെന്ന് അപരിചിതർക്ക് തോന്നുമെങ്കിലും മധുരഭാവങ്ങളുടെ സ്ഫുരണങ്ങൾ അടുക്കുംതോറും ആരെയും ആകർഷിക്കുമെന്നുള്ളത് ഒരു വസ്തുതയാണ്.

പ്രതിസന്ധികളിൽ മലങ്കരസഭയ്ക്കു പ്രഗത്ഭമായ നേതൃത്വം നൽകാൻ ദൈവം തെരഞ്ഞെടുത്ത ശ്രേഷ്ഠാചാര്യന്മാരുടെ നിരയിലെ ഒരു പ്രമുഖാംഗം, ബാർ എബ്രായയെപ്പോലെ ആരാധനാഗ്രന്ഥങ്ങൾ രചിക്കുകയും കൂടുതൽ മേൽപട്ടക്കാരെ വാഴിക്കുകയും പുതിയ ഭദ്രാസനങ്ങൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് സഭയുടെ അതിരുകൾ വിശാലമാക്കിയ കാതോലിക്കാബാവ, വിദേശ പര്യടന സന്ദർശനങ്ങൾകൊണ്ട് സഭയുടെ പ്രശസ്തി ദിഗന്തങ്ങളിൽ വ്യാപിപ്പിച്ച മേലദ്ധ്യക്ഷൻ, സഭാചരിത്രം, വേദശാസ്ത്രം, ദൈവശാസ്ത്രം കാനോൻ, സുറിയാനി ഭാഷ എന്നിവയിൽ അഗാധമായ ജ്ഞാനം നേടിയ പണ്ഡിതൻ, ആജ്ഞാശക്തിയുള്ള സമുന്നത സഭാനേതാവ്, ഇടയന്മാരുടെ വലിയ ഇടയൻ, വൈദിക ശിഷ്യസമൂഹത്താൽ അതിധന്യനായ ഗുരുവര്യൻ, വ്യക്തവും ഇമ്പകരവും സംഗീതാത്മകവുമായ ആരാധനകളാൽ ജനശതങ്ങളെ ഹഠാദാകർഷിക്കാൻ കഴിവുള്ള സഭാദ്ധ്യക്ഷൻ, ഭംഗിവാക്കുകൾ കൂടാതെ കാര്യമാത്ര പ്രസക്തമായി ഉദ്ബോധനം നൽകുന്ന പ്രഭാഷകൻ, പൂർവ്വികർ തന്നെ ഭരമേൽപിച്ച സഭയ്ക്കു ഒരു പോറലും ഏൽപിക്കാൻ അനുവദിക്കാഞ്ഞ ഉത്തമനായ കാവൽക്കാരൻ തുടങ്ങിയ നിലകളിൽ മാത്യൂസ് പ്രഥമൻ കാതോലിക്കായ്ക്കുള്ള സ്ഥാനം അനുപമമാണ്.

ആധുനിക മലങ്കരസഭയുടെ കരുത്തനായ ശിൽപിയും സഭയുടെ നാനാമുഖമായ വളർച്ചയുടെ പരപ്പും ആഴവും ഒരു വിരൽപ്പാടകലെ കണ്ട

ദർശകനും മേധാശക്തി വിശേഷത്തിൽ അഗ്രഗാമിയുമായിരുന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ. അസാധാരണമായ നേതൃത്വപാടവവും ഭരണശേഷിയും ആജ്ഞാശക്തിയും പ്രകടിപ്പിച്ച ഗംഭീരാശയനായ ഈ പിതാവ് പ്രതികൂല സാഹചര്യങ്ങളിലും സഭയുടെ മേൽഗതിയ്ക്കായി ആത്മവിശ്വാസത്തോടെ പരിശ്രമിച്ചു. 'സഭ ദൈവത്തിന്റേതാണ്' എന്ന ബോധ്യമായിരുന്നു ഈ ആത്മധൈര്യത്തിനു പിന്നിൽ. ഭരണത്തിൽ ഒരു പ്രത്യേക ശൈലിവിശേഷം തന്നെയായിരുന്നു അദ്ദേഹം. കാര്യങ്ങൾക്കെല്ലാം ഒരു ഉറപ്പും കെട്ടുപാടുമുണ്ടാക്കിയത് അദ്ദേഹത്തിന്റെ അനുപമമായ സംഭാവനയാണ്. ബാഹ്യകേരള മെത്രാസനാധിപനായിരുന്ന് വളർത്തിയെടുത്ത വിശാലവീക്ഷണവും 'മലയാള'ത്തിനു പുറത്തുള്ള സ്ഥിതിഗതികളെക്കുറിച്ച് നേരിട്ടുള്ള അറിവും കല്ലാശ്ശേരിൽ ബാവായെപ്പോലുള്ള ഉന്നതശീർഷരായ പിതാക്കന്മാരുടെ സമ്പർക്കവും "പ്രധാന മേലദ്ധ്യക്ഷ" സ്ഥാനത്ത് അദ്ദേഹത്തിന് ഏറെ ബലമായി. സൂത്രശാലികളുടെ ചെപ്പടിവിദ്യകളൊന്നും ആ സൂക്ഷ്മദൃക്കിന്റെ മുമ്പിൽ വിലപ്പോയില്ല. എങ്കിലും നല്ല ഇടയന്റെ ആത്മാർത്ഥതയും, വിശാലമനസ്ഥിതിയും അന്തസ്സും അദ്ദേഹത്തിന് വേണ്ടുവോളമുണ്ടായിരുന്നു. പരുഷവും കർക്കശവുമെന്നു തോന്നിക്കാവുന്ന ബാഹ്യഭാവത്തിനുള്ളിൽ, അലിയുന്ന മനസ്സും തുറന്ന സമീപനവും ചര്യകളുടെ നിഷ്ഠയുമുണ്ടെന്ന് തൊട്ടറിഞ്ഞവർ ധാരാളം. അലസത കൂടാതെ സദാസമയവും അദ്ധ്വാനിക്കുക അദ്ദേഹത്തിന്റെ ശൈലിയായിരുന്നു. തന്റെ സമയവും, ബഹുഭാഷാ നൈപുണ്യവും ആരാധനക്രമങ്ങൾ സമ്പുഷ്ടമാക്കാൻ അദ്ദേഹം വിനിയോഗിച്ചു. സഭയുടെ അപ്പസ്തോലിക അടിസ്ഥാനം സ്വാതന്ത്ര്യം, പൗരാണികത, സത്യവിശ്വാസം, ദേശീയത എന്നിവ ആഴത്തിൽ വേരോടിയിരുന്ന അദ്ദേഹത്തിന്റെ അന്തഃകരണം സഭയുടെ ഉൽകർഷാർത്ഥം സദാ ചലിച്ചുകൊണ്ടിരുന്നു. വിവിധ മേഖലകളിൽ അനേകം പ്രസ്ഥാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചുകൊണ്ടും നൂതനമായ ഭരണപരിഷ്ക്കാരങ്ങൾ നടപ്പാക്കിയും സഭയുടെ പേരും പ്രശസ്തിയും ആഗോളതലത്തിലെത്തിക്കുന്നതിന് കഴിഞ്ഞ അദ്ദേഹത്തിന്റെ നേതൃത്വപാടവം ഏവരെയും ഹഠാദാകർഷിച്ചുകൊണ്ട് സഭയെ സമഗ്രമായ വികസനത്തിന്റെ ഔന്നത്യത്തിലേക്ക് നയിച്ചിരുന്നു. സ്വന്തമായി ഒന്നും സമ്പാദിക്കാതെ സഭയ്ക്കായി എല്ലാം കരുതിവച്ച ആ മഹാനുഭാവൻ 16 വർഷം സഭയെ ഭരിച്ചു നടത്തി. 10 മേൽപട്ടക്കാരെ വാഴിക്കുവാനും രണ്ടു തവണ വി. മൂറോൻ കൂദാശ നടത്താനും ഭാഗ്യം ലഭിച്ചു.

പരിശുദ്ധ പരുമല തിരുമേനിയുടെ തപശ്ചര്യകളോ കുശാഗ്രബുദ്ധിയായ വട്ടശ്ശേരിൽ തിരുമേനിയുടെ തന്ത്രപരമായ നീക്കങ്ങളോ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയന്റെ മുഖതേജസ്സോ ഔഗേൻ ബാവായുടെ അതിവിനയമോ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായിൽ

ദൃശ്യമല്ലായിരിക്കാം. എന്നാൽ സഭാസ്നേഹത്തിലും സംശുദ്ധമായ വ്യക്തി ജീവിതത്തിലും ദശാംശം നൽകി പണം കൈകാര്യം ചെയ്യുന്നതിലുള്ള കൃത്യ നിഷ്ഠയിലും സഭയുടെ നിലപാടും അന്തസ്സും അന്യൂനം സംരക്ഷിക്കുന്ന തിലും ബാവാ നിർവഹിച്ച പങ്ക് മലങ്കരസഭാ ചരിത്രത്തിലെ ഒരവിസ്മരണീയ അദ്ധ്യായമാണ്. സഭയുടെ ഇക്കഴിഞ്ഞ രണ്ടു ദശാബ്ദത്തെ ചരിത്രം ശരിക്കു മനസ്സിലാക്കണമെങ്കിൽ അതിനു സമർത്ഥമായി സാരഥ്യം വഹിച്ച ബാവാ യുടെ ജീവചരിത്രത്തിലേക്കും ദീർഘകാല സഭാസേവനങ്ങളിലേക്കും കടന്നേ തീരൂ. അതിനുള്ള ഒരു ശ്രമമാണ് അടുത്ത താളുകളിലൂടെ നടത്തിയിരിക്കു ന്നത്.

മാതാപിതാക്കളും ബാല്യകാലവും

ഒരു നൂറ്റാണ്ട് മുമ്പ് ഒരേ സമയം മൂന്നു പ്രമുഖ പള്ളികളുടെ വികാരി സ്ഥാനം എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ വഹിച്ചിരുന്ന വട്ടക്കുന്നേൽ ചെറിയാൻ കുര്യൻ കത്തനാരുടെയും ഒളശ്ശ പുളിക്കപ്പറമ്പിൽ ഇട്ടി അയി പ്പിന്റെ സീമന്തപുത്രി മറിയാമിന്റെയും പത്തുമക്കളിൽ ഒമ്പതാമത്തെ സന്താ നമാണ് വി. കെ. മാത്യൂസ്. കുട്ടച്ചൻ എന്ന പേരിലാണ് ചെറുപ്പകാലത്ത് അറിയപ്പെട്ടിരുന്നത്. പ്രമുഖ അഭിഭാഷകനായിരുന്ന കെ. ചെറിയാൻ, ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന വി. കെ ജോസഫ്, സബ് രജിസ്ട്രാർ ആയിരുന്ന വി. കെ. കുര്യൻ എന്നിവരായിരുന്നു ബാവായുടെ പ്രശസ്തരായ സഹോദ രന്മാർ. ഇവരെല്ലാം തന്നെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എല്ലാ സഹോ ദരിമാരും മൺമറഞ്ഞു.

നല്ല ആകാരവും ആരോഗ്യവും ഘനഗംഭീരമായ ശബ്ദവും ഉണ്ടായിരുന്ന ചെറിയാൻ കുര്യൻ കത്തനാർ 90-ാം വയസ്സിൽ മരിക്കുന്നതുവരെയും കഠി നാദ്ധ്വാനിയും കർമ്മനിരതനും തന്ത്രശാലിയും ആജ്ഞാശക്തിയുള്ള ഒരു സമുന്നതനായിരുന്നു. മരിക്കുന്നതിനു ഏതാനും ആഴ്ചകൾക്കു മുമ്പു വരെയും അദ്ദേഹം വിശുദ്ധ കുർബ്ബാന അർപ്പിച്ചുവന്നു. പിതാവിന്റെ തന്ത്ര പരമായ സമീപനം ഒഴിച്ചുള്ള ഗുണഗണങ്ങൾ ഇളയപുത്രനിലും തിളങ്ങി നിന്നു.

ബന്ധുബലത്താലും സാമ്പത്തിക ഭദ്രതയാലും അനുഗ്രഹിക്കപ്പെട്ടിരുന്ന കുര്യൻ കത്തനാർ കൊല്ലവർഷം 1030 (എ.ഡി. 1854) മീനം 22-നു മണർകാട് മർത്തമറിയം പള്ളി ഇടവകയിൽപെട്ട വട്ടക്കുന്നേൽ ചെറിയാൻ, കണ്ണോത്ര ഏലി എന്നിവരുടെ പുത്രനായി ജനിച്ചു. അന്നു മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്നു കോറൂയോ പട്ടം സ്വീകരിക്കുകയും പഴയസെമിനാരിയിലെ വൈദിക പഠന ത്തിനുശേഷം 1875-ൽ മലങ്കരയിൽ എത്തിയ പത്രോസ് തൃതീയൻ പാത്രി യർക്കീസിൽ നിന്ന് അടുത്ത വർഷം പുതുപ്പള്ളിയിൽ വച്ചു ശെമ്മാശുപട്ടം

സ്വീകരിക്കുകയുമാണുണ്ടായത്. വിവാഹത്തെ തുടർന്ന് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു വൈദികപട്ടം ഏറ്റു.

മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കരസഭയുടെ അനുമതി കൂടാതെ പോയി പാത്രിയർക്കീസിൽ നിന്നു പട്ടം സ്വീകരിച്ചതിനെ തുടർന്ന് മലങ്കരയിൽ പുരാതന വിശ്വാസം പാലിച്ചുവന്നവരും നവീകരണ വാദക്കാരും തമ്മിൽ ഭിന്നിപ്പുണ്ടായ കാലയളവിലാണു കുര്യൻ കത്തനാർ പട്ടം സ്വീകരിച്ചത്. ഭൂരിപക്ഷം ആളുകളും പുരാതന സഭയിൽ ഉറച്ചു നിന്നിരുന്നു എങ്കിലും മണർകാട് ഉൾപ്പെടെയുള്ള പള്ളികളും സ്വത്തുക്കളും നവീകരണക്കാരുടെ കൈവശത്തിലായിരുന്നു. തന്നിമിത്തം സത്യവിശ്വാസികളായ ഇടവകാംഗങ്ങൾക്കു പള്ളിയിൽ കയറാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് വീടുകളിൽ വച്ചു ആത്മിക ശുശ്രൂഷകൾ നടത്തിവന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ സത്യവിശ്വാസികൾക്കു വേണ്ടി നിർമ്മിച്ചതാണ് മണർകാട് സെന്റ് ജോർജ്ജ് പള്ളി. വേങ്കടത്ത് അയിപ്പ് അലക്സന്ത്രയോസ് കത്തനാരും വട്ടക്കുന്നേൽ കുര്യൻ ശെമ്മാശനും കൂടിയാണു കഠിനാദ്ധ്വാനം മൂലം ഈ പള്ളിയുടെ പണി ചുരുങ്ങിയ കാലയളവിനുള്ളിൽ പൂർത്തിയാക്കിയത്. ഈ അനുഭവസമ്പത്തിനെ മുൻനിറുത്തിയാണു പിന്നീട് വടക്കൻമണ്ണൂർ, പുതുപ്പള്ളി നിലയ്ക്കൽ പള്ളികളുടെ പണി നടത്താനും മണർകാട് സെന്റ് മേരീസ് പള്ളിയുടെ പുനർനിർമ്മാണം ഏറ്റെടുക്കാനും സാധിച്ചത്. ആരംഭം മുതലേ സെന്റ് ജോർജ്ജ് പള്ളി വികാരിയായിരുന്ന കുര്യൻ കത്തനാർ സെന്റ് മേരീസ് പള്ളി നവീകരണക്കാരിൽ നിന്നു വിട്ടുകിട്ടിയതിനെ തുടർന്ന് ആ പള്ളിയുടെ വികാരിയായി മരിക്കുന്നതുവരെയും സേവനം അനുഷ്ഠിച്ചു.

മണർകാടു പള്ളിയുടെ കീഴിൽ വടക്കൻമണ്ണൂരിൽ ഉണ്ടായിരുന്ന ചാപ്പലിലും അച്ചൻ കർമ്മാദികൾ നടത്തിവന്നിരുന്നു. ഈ ചാപ്പൽ 1904-ൽ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് മണർകാടു പള്ളി വികാരി സ്ഥാനത്തിനു പുറമേ വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളിവികാരി സ്ഥാനവും ലഭിച്ചു. അന്നു മലങ്കര ഭരിച്ചിരുന്നത് എം.ഡി. സെമിനാരി സ്ഥാപകനായ സഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായിരുന്നു (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനാണ് പഴയസെമിനാരി സ്ഥാപിച്ചത്). സ്വതന്ത്ര ഇടവക പ്രഖ്യാപനത്തെ തുടർന്ന് ഓലമേഞ്ഞ ചാപ്പലിനു പകരം ഒരു സ്ഥിരം ദേവാലയം പണിയാനുള്ള ശിലാസ്ഥാപനം നടത്തുകയും ഉണ്ടായി. ഈ ദേവാലയം പണിക്ക് കൂടുതൽ ശ്രദ്ധയും അദ്ധ്വാനവും പണവും വേണ്ടിയിരുന്നതിനാലാണു കുര്യൻ അച്ചൻ വടക്കൻമണ്ണൂരിലേക്കു കുടുംബസഹിതം താമസം മാറ്റിയത്. ഇങ്ങനെ വടക്കൻമണ്ണൂരിൽ താമസിക്കുന്ന കാലത്താണു ഇളയ പുത്രനായ വി. കെ. മാത്യു 1907 മാർച്ച് 27-നു ഭൂജാതനായത്.

1904-ൽ ആരംഭിച്ച പള്ളിപണി പെട്ടെന്നു തീർന്നു എങ്കിലും ജനങ്ങളുടെ ആവശ്യത്തിനു പോരാതെ വന്നതിനാൽ 1909-ൽ വലിയപള്ളിയുടെ പണി തുടങ്ങി. ഇടത്തരക്കാരായ ഇടവകക്കാരുടെ കൊണ്ടുപിടിച്ച ശ്രമംകൊണ്ട് സാമാന്യം വലിയ പള്ളി അവിടെ രൂപംകൊണ്ടു. പള്ളിക്കുവേണ്ടി വാങ്ങിയ തേക്കു തടിയുടെ വില കൊടുക്കാൻ ഒറ്റ ദിവസം കൊണ്ട് 1500 രൂപ അക്കാലത്തു ശേഖരിക്കാൻ കഴിഞ്ഞതിൽ നിന്നു കുര്യൻ അച്ചന്റെ കഴിവു വ്യക്തമാണല്ലോ.

ഇതിനിടയിൽ സ്ഥാപിക്കപ്പെട്ട പുതുപ്പള്ളി നിലയ്ക്കൽ പള്ളിയുടെ പ്രഥമ വികാരിയും കുര്യൻ കത്തനാരായിരുന്നു. 1930-ൽ ആരംഭിച്ച പ്രസിദ്ധമായ നിലയ്ക്കൽ കൺവൻഷന്റെ പിന്നിലും അച്ചന്റെ കൈകൾ ഉണ്ടായിരുന്നു.

മണർകാട്ടെ പഴയപള്ളി പൊളിച്ച് ഇന്നു കാണുന്ന വലിയപള്ളിയുടെ നിർമ്മാണം ആരംഭിച്ചതും രണ്ടു കൊല്ലം കൊണ്ടു പൂർത്തിയാക്കിയതും കുര്യൻ കത്തനാരും വേങ്കടത്തു കത്തനാരും ചേർന്നായിരുന്നു.

ഈ കാലഘട്ടത്തിൽ മലങ്കരയിൽ എത്തിയ അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ അകാരണമായി മുടക്കിയതിനെ തുടർന്ന് മലങ്കരയിൽ കക്ഷിഭിന്നത രൂക്ഷമായി. എന്നാൽ ഒരു വിഭാഗം പാത്രിയർക്കീസിന്റെ നിലപാടിനോടു യോജിക്കുകയും മാർ ദീവന്നാസ്യോസിനെതിരെ സമരം ആരംഭിക്കുകയും ചെയ്തു. വട്ടക്കുന്നേൽ അച്ചൻ മാർ ദീവന്നാസ്യോസിന്റെ പിന്നിൽ പാറപോലെ ഉറച്ചുനിന്നു. കൂടാതെ വടക്കൻമണ്ണൂർ, നിലയ്ക്കൽ പള്ളികൾ തന്റെ നിലപാട് അംഗീകരിക്കുകയും ചെയ്തു. അച്ചനെ പാത്രിയർക്കീസിന്റെ കീഴിൽ കൊണ്ടുവരാനും മണർകാടു പള്ളിയിലെ വികാരിസ്ഥാനത്തുനിന്നു നീക്കാനും ചിലർ നടത്തിയ ശ്രമവും വിജയിച്ചില്ല.

സുറിയാനിയിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന അച്ചൻ സ്വയം പകർത്തിയെഴുതിയ വിശുദ്ധ ഗ്രന്ഥങ്ങളാണ് ആരാധനയ്ക്ക് ഉപയോഗിച്ചുവന്നത്. വിശുദ്ധ കുർബ്ബാനയും മറ്റു ശുശ്രൂഷകളും ആരാധകർക്ക് മനസ്സിലാകാൻ വേണ്ടി മലയാളത്തിൽ അർപ്പിച്ചുവന്ന അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി ഇന്നു മൃതഭാഷയായ സുറിയാനി, ആരാധനയിൽ നിന്നു തള്ളപ്പെട്ടതിൽ നിന്നു കൂടുതൽ വ്യക്തമാകുന്നുണ്ട്.

ബാല്യകാലം

വലിയ വിദ്യാഭ്യാസമൊന്നും ഇല്ലായിരുന്നെങ്കിലും വടക്കൻമണ്ണൂർ ഇടവകക്കാർ അന്നും പൊതുവേ പരിജ്ഞാനവും ആത്മീയബോധവുമുള്ളവർ ആയിരുന്നു. വടക്കൻമണ്ണൂർ ഇടവകയെക്കുറിച്ചുള്ള പഴയ ഓർമ്മകളിലേക്കിറങ്ങി ച്ചെന്നുകൊണ്ട് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞ വാക്കുകളാണിവ.

1984-ൽ പരിശുദ്ധ ബാവാ തന്റെ ബാല്യകാലത്തെപ്പറ്റി ഒരഭിമുഖ സംഭാഷണത്തിൽ ഇങ്ങനെ പറഞ്ഞു:

തന്റെ ഭാഗ്യസ്മരണാർഹനായ പിതാവ് വട്ടക്കുന്നേൽ കുര്യൻ കത്തനാർ സ്ഥാപക വികാരിയായി വടക്കൻമണ്ണൂർ ഇടവകയിൽ താമസിച്ചുവരുന്ന കാലയളവിലാണ് ബാവായുടെ ജനനം. തുടർന്നുള്ള നാലര വർഷം കൂടി വടക്കൻമണ്ണൂർ പള്ളിക്കു സമീപം പണികഴിപ്പിച്ച സ്വന്തം വീട്ടിൽ ആ കുടുംബം താമസിച്ചു. പിന്നീട് കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം മുൻനിർത്തി കുടുംബതാമസം കോട്ടയത്തേക്കു മാറ്റുകയാണുണ്ടായത്.

വടക്കൻമണ്ണൂരിൽ നിന്നു കോട്ടയത്തേക്കുള്ള അന്നത്തെ യാത്ര തന്റെ ബാല്യഹൃദയത്തിൽ പതിപ്പിച്ച അനുഭൂതികളുടെ വളരെ നേരിയ ഓർമ്മകൾ അയവിറക്കിക്കൊണ്ട് ബാവാതിരുമേനി ഇങ്ങനെ പറഞ്ഞു:

'പള്ളിത്താഴെ ആഞ്ഞിലിച്ചോടു കടവിൽ നിന്നു വള്ളത്തിലായിരുന്നു അന്നത്തെ യാത്ര. പോകാൻ എനിക്കു മടിയായിരുന്നു. ഓമത്തിൽ കൊച്ചൂട്ടൻ ചിറ്റപ്പനു (ഫാ. ഒ. ടി. കുറിയാക്കോസിന്റെ പിതൃസഹോദരൻ) എന്നെ വലിയ കാര്യമായിരുന്നു. ഞാൻ വള്ളത്തിൽ കയറാൻ മടിച്ചുനിന്നപ്പോൾ അദ്ദേഹം കൂടെക്കയറി. വള്ളം വിട്ടു കുറെ മുന്നോട്ടു പോയപ്പോൾ ചിറ്റപ്പൻ ഇറങ്ങി....'

നാലര വയസ്സിൽ കോട്ടയത്തേക്കു തിരിച്ചുപോന്നശേഷം പിന്നീട് ഇടയ്ക്കിടയ്ക്കു വടക്കൻമണ്ണൂരിൽ പോയി അവിടുത്തെ ഭവനത്തിൽ പിതാവിനോടൊത്ത് താമസിക്കാറുണ്ടായിരുന്നു. വാർദ്ധക്യം മൂലം പഴയതുപോലെയുള്ള ഓടിനടപ്പു പറ്റാതെ വന്നപ്പോൾ വടക്കൻമണ്ണൂരുള്ള വീട്ടീൽതന്നെ താമസിച്ചുകൊണ്ട് ആ പള്ളി കൂടാതെ മണർകാട്ടു പള്ളിയിലേയും നിലയ്ക്കൽ പള്ളിയിലേയും ആദ്ധ്യാത്മിക കാര്യങ്ങൾ പിതാവ് നടത്തിവന്നു.

വല്ലപ്പോഴും മാത്രമേ അപ്പച്ചൻ കോട്ടയത്തു വന്നു താമസിക്കുമായിരുന്നുള്ളു. ഇടയ്ക്കിടയ്ക്കു ഞാനും അമ്മച്ചിയും കൂടി കോട്ടയത്തു നിന്ന് അവിടെ പോയി അപ്പച്ചനോടൊത്തു താമസിക്കുമായിരുന്നു. പ്രത്യേകിച്ചു സ്കൂൾ അവധി കിട്ടുമ്പോൾ. ഞാൻ അന്നു കൊച്ചു ബാലനാണ്.

അന്നത്തെ കാര്യങ്ങൾ രസാവഹമാണ്. പറമ്പിൽ കൃഷി ചെയ്യാൻ പോകും. കപ്പയും ചേനയുമൊക്കെയാണ് കൃഷികൾ. കപ്പയും ചേനയും ഒക്കെ പറിച്ചെടുക്കാൻ വലിയ ഉത്സാഹമായിരുന്നു.

ഓമത്തിൽക്കാരും, മണലേൽക്കാരും, മാടത്താനിക്കാരുമായിരുന്നു ഞങ്ങളുടെ അയൽവാസികൾ. ഓമത്തിലെ കൊച്ചൂട്ടൻ ചിറ്റപ്പൻ, തോമ്മാ ചിറ്റപ്പൻ, കുര്യൻ ചിറ്റപ്പൻ, കൂറുമുള്ളിലെ കൊച്ചുകൊച്ചു ചേട്ടൻ, കൊച്ചുകൊച്ചു ചേട്ടന്റെ അപ്പൻ, നടുപ്പീടികയിൽ കുഞ്ഞപ്പൻ ഇവരൊക്കെ വീട്ടിൽ വരും.

ഞാൻ അങ്ങോട്ടും പോകും. കൂറുമുള്ളിൽ ചെന്നാൽ ശർക്കരയും തേങ്ങയും കിട്ടും, തിന്നാൻ നല്ല രസം.

"ഞാൻ വടക്കൻമണ്ണൂരിലാണ് ജനിച്ചത്. 1907 മാർച്ച് 27-നു മാമ്മോദീസായും വടക്കൻമണ്ണൂർ പള്ളിയിൽ ആയിരുന്നു. 1907 മെയ് 12-നു ഓമത്തിലെ വല്യപ്പൻ (തൊമ്മൻ തോമസ്) ആണു തലതൊട്ടപ്പൻ. ബാവാ തിരുമേനി ഒരു പഴയ ബുക്ക് എടുത്ത് അതിന്റെ പുറംതാളിൽ ജനനത്തീയതിയും മാമ്മോദീസാ തീയതിയും എഴുതിയിരുന്നതു വായിച്ചു. എന്നിട്ടു പറഞ്ഞു: "അപ്പച്ചൻ എഴുതിയിട്ടിരുന്നതാണ്. പിന്നീട് ഞാൻ പകർത്തിയെഴുതി."

ആദ്യകാലത്ത് എന്റെ പിതാവിനെ കൂടാതെ കുർബ്ബാന ചൊല്ലാൻ വന്നിരുന്ന വൈദികരെ ഓർക്കുന്നു. വട്ടമല അച്ചൻ, പൈനുങ്കൽ അച്ചൻ, ആലയ്ക്കപ്പറമ്പിലച്ചൻ എന്നിവരെ. എന്നാൽ തൈക്കാട്ടച്ചനെ എനിക്ക് ഓർമ്മയില്ല. വടക്കൻമണ്ണൂർ താമസിച്ചിരുന്ന കാലത്ത് വടക്കൻമണ്ണൂരാണ് കുർബ്ബാനയിൽ സംബന്ധിച്ചിരുന്നത്.

ആദ്യമൊക്കെ മണർകാട്ടു പള്ളിയിൽനിന്നു വന്നിരുന്ന കപ്യാരന്മാരാണ് ശുശ്രൂഷകരായുണ്ടായിരുന്നത്. അതിൽ കറുത്ത കുഞ്ഞപ്പൻ എന്ന കപ്യാരെ ഞാൻ ഓർക്കുന്നുണ്ട്. അതു തോമ്മാ (റിട്ടയർ ചെയ്ത ശുശ്രൂഷകൻ ചൂരനാനിക്കൽ തോമസ്) വരുന്നതിനു മുമ്പാണ്.

അന്നു ഞാൻ തീരെ ചെറുപ്പമായിരുന്നല്ലോ. അതുകൊണ്ട് മദ്ബഹായിൽ ശുശ്രൂഷിക്കാൻ കയറിയിരുന്നില്ല. തീർത്തും ചെറുപ്പത്തിൽ ശുശ്രൂഷക്കാരായി മദ്ബഹായിൽ കയറുന്ന രീതി അന്നുണ്ടായിരുന്നില്ല.

അന്നു കാളവണ്ടിയിൽ പോകാൻ ബഹുരസമാണ്. നടുപ്പീടികയിൽ കുഞ്ഞപ്പന്റെ കൂടെ പോകും. ഇന്നത്തേതുപോലെ കാറോ ബസ്സോ വല്ലതും അന്നുണ്ടോ? യാത്ര മിക്കവാറുംതന്നെ നടന്നാണ്. പിന്നെ, അപ്പച്ചൻ വാർദ്ധക്യമായപ്പോൾ 'പ്രാവിൻകൂടുവണ്ടി' ഉപയോഗിക്കുമായിരുന്നു.

ഇടവകക്കാർക്ക് അപ്പച്ചനോട് വലിയ ബഹുമാനവും താൽപര്യവുമായിരുന്നു. വലിയ ആകാരം. ആ രൂപംതന്നെ ആരിലും ബഹുമാനമുളവാക്കും. അപ്പച്ചന്റെ ഒരു കൈയുടെ ശക്തിപോലും എനിക്കില്ല. ശബ്ദവും അതുപോലെതന്നെ ഘനഗംഭീരം. വിശുദ്ധ കുർബ്ബാനവേളയിൽ ആ ശബ്മൊന്നു പ്രത്യേകം തന്നെ ആയിരുന്നു. ശുദ്ധ മലയാള പദങ്ങളേ ഉപയോഗിക്കുമായിരുന്നുള്ളു. സുറിയാനിക്രമം അപ്പച്ചൻ സ്വന്തമായി തർജ്ജമ ചെയ്താണ് ചൊല്ലിയിരുന്നത്. "പിതാവായി, സർവ്വശക്തനായി, ആകാശത്തിന്റേയും ഭൂമിയുടേയും" എന്നു ചൊല്ലുന്നത് ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു. എന്നാൽ രാത്രിനമസ്കാരം സുറിയാനിയിൽ മാത്രമേ ചൊല്ലിയിരുന്നുള്ളു.

അയൽപക്കത്തുള്ള കുട്ടികളെ അപ്പച്ചൻ കൃംതാ പാട്ടുകൾ പഠിപ്പിക്കുമായിരുന്നു. ഞാനും അക്കൂട്ടത്തിൽ ചെന്നിരിക്കുമായിരുന്നു.

ബാവാതിരുമേനി പട്ടമേറ്റത് എത്രാം വയസ്സിലാണെന്നു ചോദിച്ചപ്പോൾ പരിശുദ്ധ ബാവാ ചിരിച്ചു. ഞാൻ ഒരു പ്രത്യേക ടൈപ്പാണ്. ഇളയ മകനായതിനാൽ ചെറുപ്പത്തിൽ വളരെ "റിസേർവ്ഡ്" (അധികമാളുകളോടു ഇടപെടാത്ത ഒതുങ്ങിയ സ്വഭാവം) ആയിരുന്നു.

ചിറയിൽ അയ്യപ്പൻ പിള്ളയാണ് എന്റെ ആദ്യ ഗുരു. അദ്ദേഹം കോട്ടയത്തു ഒരു പലചരക്കു കച്ചവടക്കാരനായിരുന്നു. അദ്ദേഹമാണ് എന്റെ ആശാൻ.

പള്ളിക്കൂടത്തിലാക്കിയപ്പോൾ എനിക്ക് ആറു വയസ്സായിരുന്നു. എം. ഡി. സെമിനാരിയിൽ ഒന്നാം ക്ലാസ്സിലാണ് ചേർത്തത്.

മൂന്നാം ക്ലാസ്സിൽ ചെറിയാൻ സാറായിരുന്നു അദ്ധ്യാപകൻ. കുട്ടികളെ നല്ലവണ്ണം അടിക്കുമായിരുന്നു. പക്ഷേ, എനിക്കു തല്ലൊന്നും കൊള്ളേണ്ടി വന്നില്ല.

പ്രിപ്പാരട്ടറി ക്ലാസ്സിലെത്തിയശേഷമാണ് കളികളിൽ ശ്രദ്ധിച്ചത്. അന്നു കിളിത്തട്ടുകളിയിൽ മിടുക്കൻ ഞാനായിരുന്നു. മിക്കപ്പോഴും 'കിളി' ആയിരുന്നതും ഞാൻ തന്നെ.

ഹൈസ്കൂളിൽ കയറിയതോടെ പന്തുകളിയിലും മുന്നിലായി. ലെഫ്റ്റ് ഫോർവ്വേഡ് ആയിരുന്നു സ്കൂൾ ടീമിൽ. രണ്ടാമത്തെ ചേട്ടൻ (പരേതനായ വി. കെ. ജോസഫ്) ആയിരുന്നു ഗോളി. ഒരു തവണ ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നുതന്നെ പതിനൊന്നുപേർ കളിക്കാരായുണ്ടായിരുന്നു. സ്കൂൾ ഫൈനലിലെത്തിയപ്പോൾ ഞാൻ ഫുട്ബോൾ ടീം ക്യാപ്റ്റനായി.

കൊള്ളരുതാത്ത കുട്ടികൾ അന്നും ഉണ്ടായിരുന്നു. എങ്കിലും ഞങ്ങൾ ആ കൂട്ടുകെട്ടിലൊന്നും ഉൾപ്പെട്ടിരുന്നില്ല. അപ്പച്ചൻ വിവിധ പള്ളികളിലെ ആവശ്യങ്ങൾക്കായി വീട്ടിൽ ഇല്ലാത്തതിനാൽ അമ്മച്ചിയാണ് എല്ലാറ്റിലും ഞങ്ങൾക്ക് ശിക്ഷണവും മാർഗ്ഗദർശ്ശനവും നൽകിയത്. അപ്പച്ചൻ സ്ഥലത്ത് ഇല്ലാത്തതിനാൽ തെറ്റായി ഒന്നും ചെയ്തുകൂടാ എന്ന ബോധം ഞങ്ങളിൽ ശക്തമായിട്ടുണ്ടായിരുന്നു.

സ്കൂളിൽ പഠിക്കുമ്പോൾതന്നെ എല്ലാവരും എന്നെ 'അച്ചൻ' എന്നു വിളിച്ചിരുന്നു. ഒരു പക്ഷേ, അപ്പച്ചന്റെ അസാന്നിദ്ധ്യത്തിൽ പകരം ആ പേര് എനിക്ക് ഇട്ടതായിരിക്കാം.

ഇന്റർമീഡിയറ്റിനു സി.എം.എസ്. കോളജിൽ ചേർന്നു. അന്നത്തെ പ്രിൻസിപ്പൽ സ്ക്വയർ സായിപ്പ് വലിയ ഫുട്ബോൾ കമ്പക്കാരനായിരുന്നു. ടീമിൽ ഞാനും ഉണ്ടായിരുന്നു. കളിക്കാർക്ക് നാലു മണിക്കു പ്രിൻസിപ്പലിന്റെ വീട്ടിലാണ് കാപ്പി. ഫുട്ബോൾ കമ്പംപോലെ കളിക്കാരോടും പ്രിൻസിപ്പലിന് കാര്യമായിരുന്നു. ആയിടയ്ക്കു ടെന്നീസും കളിക്കുമായിരുന്നു.

ഇന്റർമീഡിയറ്റിനു നന്നായി പഠിച്ചു പരീക്ഷയെഴുതി. പക്ഷേ, റിസൽറ്റ് വന്നപ്പോൾ പേരില്ല! ഏതോ സാങ്കേതികപ്രശ്നം മൂലമുണ്ടായ തകരാറാണ്. എനിക്കു വലിയ മനപ്രയാസമുണ്ടായി. ഏതായാലും സെപ്റ്റംബർ പരീക്ഷയ്ക്കു പഠിക്കാൻ തുടങ്ങി.

സെപ്റ്റംബർ പരീക്ഷയ്ക്ക് പണമടയ്ക്കാൻ പോകുമ്പോൾ വൈ.എം. സി.എ. യിൽ വച്ച് ഞാൻ തോറ്റില്ല, ജയിച്ചു എന്ന ടെലഗ്രാം കിട്ടി.

നോക്കണേ, ഒരു ഗ്രഹപ്പിഴ! ഇന്ററിനു ജയിച്ചശേഷം ഡോക്ടറാകാൻ പഠിക്കണമെന്നായിരുന്നു ഉദ്ദേശ്യം. മൂത്ത ജ്യേഷ്ഠനാണ് (പരേതനായ അഡ്വ. കെ. ചെറിയാൻ) അങ്ങനെ നിർദ്ദേശിച്ചിരുന്നത്. ജ്യേഷ്ഠനാണ് ഞങ്ങളുടെ പഠിത്തകാര്യങ്ങളിലെല്ലാം വേണ്ട മാർഗ്ഗനിർദ്ദേശം തന്നിരുന്നത്. പക്ഷെ, ജയിക്കാഞ്ഞതിനാൽ മെഡിസിനു പോകാനുള്ള ചാൻസ് നഷ്ടപ്പെട്ടു. പിന്നീടു ജയിച്ചതായുള്ള കമ്പിസന്ദേശം കിട്ടിയപ്പോഴേയ്ക്കും മെഡിസിനു മാത്രമല്ല മറ്റു കോഴ്സുകൾക്കുള്ള അഡ്മിഷനും കഴിഞ്ഞു. ഒരു കോളജിലും ചേരാൻ കഴിയാത്ത അവസ്ഥ.

ഒടുവിൽ കന്നുകുഴിയിൽ കെ. കെ. തോമസ് എം.എൽ.എ. ശുപാർശ ചെയ്ത് തിരുവനന്തപുരത്തു സയൻസ് കോളജിൽ ബി.എ. യ്ക്കു അഡ്മിഷൻ കിട്ടി. കെമിസ്ട്രി, ഫിസിക്സ് ഉൾപ്പെട്ട സെക്കൻഗ്രൂപ്പാണ് ബി.എ. യ്ക്കു ലഭിച്ചത്. മെഡിക്കൽ ലൈൻ ആയിരുന്നു അപ്പോഴും നോട്ടം.

അന്ന് കേരളാ യൂണിവേഴ്സിറ്റി ഇല്ല. ഇവിടത്തെ കോളജുകൾ മദ്രാസ് സർവ്വകലാശാലയുടെ കീഴിലാണ്. മദ്രാസിൽ പോയി വേണം പരീക്ഷയ്ക്കിരിക്കാൻ.

പരീക്ഷ എഴുതാൻ മദ്രാസിനു പോയി. കെമിസ്ട്രി പരീക്ഷയ്ക്ക് 'റാഡിക്കൽസ്' കണ്ടുപിടിക്കാൻ മൈക്രോസ്കോപ്പു തന്നു. പഴഞ്ചൻ ഉപകരണം. സയൻസ് കോളജിൽ ഒന്നാംതരം മൈക്രോസ്കോപ്പുകളാണുണ്ടായിരുന്നത്. അതിൽ ചെയ്തു പരിചയിച്ച എനിക്ക് ഈ പഴയ മൈക്രോസ്കോപ്പ് എങ്ങനെയൊക്കെ തിരിച്ചിട്ടും റിസൽറ്റ് കിട്ടുന്നില്ല. ആകെ വിഷമിച്ചു. പരീക്ഷകരോടു പരാതി പറഞ്ഞു നോക്കി. പക്ഷേ വലിയ ഹാളിൽ നൂറുകണക്കിനു വിദ്യാർത്ഥികൾക്കിടയിൽ എന്റെ പരാതി ആരു ശ്രദ്ധിക്കാൻ?

ചുരുക്കത്തിൽ, അത്തവണ ഞാൻ തോറ്റു. ആദ്യത്തെ പരാജയം. ഭാവിയുടെ മുന്നിൽ വീണ്ടും തടസ്സം. മെഡിക്കൽ ലൈനിലേക്കുള്ള പ്രയാണത്തിൽ പ്രതിബന്ധം. ഏതായാലും രണ്ടാം തവണ പരീക്ഷക്കിരുന്നു. 90 ശതമാനം മാർക്കോടെ വിജയിച്ചു.

അങ്ങനെ 21-ാം വയസ്സിൽ ബി.എ. പാസ്സായി. മെഡിസിന് അപേക്ഷ കൊടുത്തു. സെലക്ഷൻ കാത്തിരുന്നു. അപ്പോഴാണ് അറിയിപ്പ്, മദ്രാസിൽ

അഡ്മിഷൻ കഴിഞ്ഞുപോയി എന്ന്. 'ഇനി വിശാഖപട്ടണം കോളജിൽ ശ്രമിച്ചു നോക്കൂ. അവിടേയ്ക്കു ശുപാർശ ചെയ്യാ'മെന്ന് മദ്രാസ് മെഡിക്കൽ കോളജിലെ പ്രിൻസിപ്പൽ എനിക്കു കത്തയച്ചു. പക്ഷേ, അങ്ങനെ അഡ്മിഷൻ വേണ്ടെന്ന് എനിക്ക് വാശി കയറി.

ഇനിയെന്ത് എന്നു ചിന്താക്കുഴപ്പമായി. തീരുമാനത്തിലെത്താതെ വീട്ടിലിരിപ്പായി.

അങ്ങനെയിരിക്കെ ഒരു ദിവസം ജ്യേഷ്ഠൻ എന്നോടു പറഞ്ഞു: ചെറിയ മഠത്തിൽ മൽപാൻ സ്കറിയാച്ചൻ മാങ്ങാനത്തു വന്നു താമസിക്കുന്നുണ്ട്. നിന്നെ സുറിയാനി പഠിപ്പിക്കണമെന്ന് ഞാൻ അച്ചനോട് പറഞ്ഞിട്ടുണ്ട്.

അങ്ങനെ സുറിയാനി പഠനം ആരംഭിച്ചു. വൈകിട്ടാണു മാങ്ങാനത്തു പോകുന്നത്. രാത്രിയിൽ സുറിയാനി പഠിക്കും. അവിടെ കിടക്കും.

കൽക്കട്ട ബിഷപ്സ് കോളജിൽ ആ വർഷമാണ് ബി.ഡി. ബിരുദകോഴ്സ് അനുവദിച്ചത്. നമ്മുടെ സഭയിൽനിന്ന് ബി.ഡി. പഠനത്തിന് ഏതാനും ചെറുപ്പക്കാരെ അയക്കണമെന്ന് കോളജ് അധികൃതർ വട്ടശ്ശേരിൽ തിരുമേനിക്ക് എഴുതി. അതിനു പറ്റിയ ആളുകളെ കണ്ടുപിടിക്കാൻ തിരുമേനി പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ചുമതലപ്പെടുത്തി.

കൊച്ചുതിരുമേനി വൈദികനായിരിക്കുമ്പോൾ എം.ഡി. സ്കൂൾ തേർഡ് ഫോമിൽ എന്റെ ഗുരുവായിരുന്നു. അദ്ദേഹം വലിയ പന്തുകളിക്കാരനായിരുന്നു. ഞാനും പന്തുകളിക്കാരനായതിനാൽ എന്നോടു വലിയ താൽപര്യവും ഉണ്ടായിരുന്നു. ബാറിന്മേലുള്ള കായികാഭ്യാസങ്ങളും തിരുമേനി ചെയ്യുമായിരുന്നു. കൂടെനിന്നു ഞാനും ബാർവേല ചെയ്തിരുന്നു. അങ്ങനെ എന്റെ ചെറുപ്പംതൊട്ടേ തിരുമേനിക്ക് എന്നെ വലിയ കാര്യമായിരുന്നു.

അതുകൊണ്ടായിരിക്കാം, ബി.ഡി. പഠനത്തിന് വിടാൻ ചെറുപ്പക്കാരെ അന്വേഷിച്ചപ്പോൾ എന്റെ കാര്യം തിരുമേനി ഓർമ്മിച്ചത്. സെമിനാരിയിലേക്ക് എന്നെ വിളിപ്പിച്ചു. ബി.ഡി. കോഴ്സിനു പോകണമെന്ന് പറഞ്ഞു. ഞാനാകട്ടെ, 'എന്റെ തിരുമേനീ, എനിക്ക് വൈദികനാകാൻ താൽപര്യമില്ല' എന്നു പറഞ്ഞു കൈമുത്തി ഇറങ്ങി.

വട്ടശ്ശേരിൽ തിരുമേനി മാളികമുറിയിൽ ഉണ്ടായിരുന്നു. തിരുമേനിയേയും കണ്ടു കൈമുത്തി ഇറങ്ങി സെമിനാരി മുറ്റത്തെ മാന്തോപ്പിലൂടെ തിരിച്ചുനടന്നപ്പോൾ കൊച്ചുതിരുമേനി പിന്നാലെ വരുന്നു! എന്നെ വിളിച്ചു നിർത്തി തിരുമേനി ദീർഘനേരം ഉപദേശിച്ചു. ഒടുവിൽ ബി.ഡി. യ്ക്കു പോകാമെന്നു ഞാൻ സമ്മതിച്ചു.

അങ്ങനെ 24-25 വയസ്സായപ്പോൾ ഞാൻ ബി.ഡി. യ്ക്കു ചേർന്നു. ആദ്യം എനിക്കു വലിയ വിഷമം തോന്നി. കാരണം സൺഡേസ്കൂൾ നാലാം ക്ലാസ്

വരെയേ ഞാൻ പഠിച്ചിരുന്നുള്ളു. നാലാം ക്ലാസ് കൊണ്ട് അക്കാലത്തു സൺഡേസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു.

ബി.ഡി. കഴിഞ്ഞു വന്നപ്പോൾ എം.ഡി. സ്കൂൾ ഹെഡ്മാസ്റ്റർ ഇട്ടിച്ചെറിയ സാർ എന്നെ അദ്ധ്യാപകജോലിക്കു ക്ഷണിച്ചു. എന്നാൽ സ്കൂൾ അദ്ധ്യാപന ജോലിക്ക് ബി.ഡി. ക്കാർ ആവശ്യമില്ലല്ലോ എന്നു പറഞ്ഞു ഞാൻ അതു നിരസിച്ചു വീട്ടിൽതന്നെ കഴിഞ്ഞു.

1942-ൽ സമുദായക്കേസ് നടന്നുകൊണ്ടിരിക്കുന്ന കാലം. വട്ടശ്ശേരിൽ തിരുമേനി കാലംചെയ്തശേഷം ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചുമതലയിലാണ് കേസ് നടത്തിക്കൊണ്ടിരുന്നത്. വളരെ കഷ്ടപ്പെട്ടാണ് ബാവാ തിരുമേനി കേസ് നടത്തിക്കൊണ്ടുപോയത്. കേസ് നടത്തിപ്പിൽ ഇന്നത്തേതുപോലുള്ള സംവിധാനമോ സൗകര്യങ്ങളോ ഒന്നും അന്നുണ്ടായിരുന്നില്ല.

കേസ് നടത്തിപ്പിൽ ബാവാ അനുഭവിച്ച പ്രയാസങ്ങൾ എനിക്കു കണ്ടു മനസ്സിലാക്കാൻ കഴിഞ്ഞു. കോടതിയിൽ ഹാജരാക്കേണ്ട പഴയ പ്രമാണങ്ങളും മറ്റും ശേഖരിക്കാനും ക്രോഡീകരിക്കാനും മറ്റു നൂറു കൂട്ടം ആവശ്യങ്ങൾക്കും ബാവായെ സഹായിക്കാൻ മാനേജരച്ചനും (അന്തരിച്ച ഫാ. ടി. സി. ജേക്കബ്) ഞാനും മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രമാണങ്ങളുടെ കോപ്പികൾ എഴുതുക, ആധാരഗ്രന്ഥങ്ങൾ ശേഖരിക്കുക തുടങ്ങിയ ശ്രമകരമായ ജോലിയിൽ ഞങ്ങൾ മുഴുകി.

ഒരു ദിവസം വൈകിട്ടു ഞങ്ങൾ എം.ഡി. സെമിനാരിയിൽ ഇരുന്ന് പിറ്റേദിവസം ഹാജരാക്കേണ്ട സാക്ഷിപ്പട്ടിക തയ്യാറാക്കുകയായിരുന്നു. രാത്രി ഒട്ടും ഉറങ്ങിയില്ല. ബാവാ തിരുമേനിയും അവിടെ താമസിക്കുന്നുണ്ടായിരുന്നു. രാവിലെ അഞ്ചു മണിക്കു പ്രാർത്ഥിക്കാൻ മണിയടിച്ചു. ബാവാ ഉറക്കമുണർന്നു വന്നുനോക്കിയപ്പോൾ ഞങ്ങൾ ഇരുവരും ഉറക്കമിളച്ചു പട്ടിക തയ്യാറാക്കുന്നതാണു കണ്ടത്.

ബാവായുടെ മുഖം കലങ്ങി. കണ്ണുകൾ നനഞ്ഞു. കണ്ണീർകണങ്ങൾ മുഖത്തു പൊടിഞ്ഞു. ബാവാ കരഞ്ഞു. അതോടെ ബാവായ്ക്കു എന്നോടു പ്രത്യേക വാത്സല്യമായി.

സെമിനാരിയിലെ വൈദികവിദ്യാഭ്യാസം അക്കാലത്തു മുടങ്ങിക്കിടക്കുകയായിരുന്നു. എം.ഡി. സെമിനാരിയിൽ അതു പുനരാരംഭിക്കണമെന്ന് ബാവാ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ചെറിയമഠത്തിൽ സ്കറിയാ മൽപ്പാനച്ചനെ പ്രിൻസിപ്പൽ ആയി നിയോഗിക്കണമെന്നു ബാവാ തിരുമേനി ആഗ്രഹിച്ചെങ്കിലും അച്ചനു സൗകര്യമുണ്ടായിരുന്നില്ല.

അങ്ങനെ സെമിനാരി നടത്തിപ്പിന് ആളെ കിട്ടാതെ വിഷമിച്ചിരിക്കുന്ന

വേളയിലാണ് ഞാൻ ബി.ഡി. പാസ്സായി വന്നത്. ബാവാ എന്നെ ഏലിയാ ചാപ്പലിൽ വിളിച്ചുവരുത്തി. ഞാൻ ചെന്നപ്പോൾ പരേതനായ എ. എം. വർക്കിയും മറ്റു ചിലരും ബാവായുമായി സംസാരിക്കുകയായിരുന്നു. സെമിനാരി പുനരുദ്ധരിക്കുന്ന പ്രശ്നമായിരുന്നു ചർച്ചാവിഷയം. ചെറിയമഠത്തിലച്ചനു അസൗകര്യമാണ്. മറ്റാരെയെങ്കിലും പ്രിൻസിപ്പൽ ആക്കണം എന്നായി സംസാരം. അപ്പോൾ ചാരുകസേരയിൽ ചാരിക്കിടക്കുകയായിരുന്ന ബാവാ നിവർന്നിരുന്ന് എന്നോടു പറഞ്ഞു: "നീ പ്രിൻസിപ്പൽ ആകണം."

"ഞാൻ അത്മായക്കാരനാണ്; അത്മായക്കാരന് പ്രിൻസിപ്പൽ ആകാൻ പറ്റുകയില്ല" എന്നു ഞാൻ മറുപടി പറഞ്ഞു.

തുടർന്ന് ഫാ. കെ. ഡേവിഡിനെ സെമിനാരിയുടെ പ്രിൻസിപ്പൽ ആയി നിയമിച്ചു. എന്നെ അദ്ധ്യാപകനായും.

പക്ഷേ, അക്കൊല്ലം എനിക്കു പഠിപ്പിക്കാൻ കഴിഞ്ഞില്ല. ജില്ലാക്കോടതിയിൽ നടന്നുകൊണ്ടിരുന്ന സമുദായക്കേസിൽ ഞാൻ മുഴുകിയിരുന്നതാണു കാരണം.

കേസിൽ പൂതക്കുഴി ഏബ്രഹാം (തുമ്പമൺ) അച്ചനാണ് കാനോൻ നിയമത്തിൽ സാക്ഷിയായിരുന്നത്. ഞാൻ കാനോൻ രേഖകൾ എല്ലാം ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്തുകൊടുത്തുകൊണ്ടിരുന്നു. സാക്ഷിവിസ്താരം തുടർന്നുകൊണ്ടിരിക്കെ, പൂതക്കുഴി അച്ചൻ രോഗം ബാധിച്ചു കിടപ്പായി. പകരം കാനോൻ സാക്ഷിയായി മറ്റാരെയും തരപ്പെട്ടു കിട്ടിയില്ല. അതിനാൽ ഞാൻ തന്നെ സാക്ഷിയാകണമെന്ന് ബാവാ തിരുമേനി നിർദ്ദേശിച്ചു.

അങ്ങനെയാണ് ഞാൻ കേസിലെ കാനോൻ സാക്ഷിയായിത്തീർന്നതും സെമിനാരിയിൽ അക്കൊല്ലം പഠിപ്പിക്കാൻ കഴിയാഞ്ഞതും. പിറ്റേ വർഷമാണ് സെമിനാരിയിൽ പഠിപ്പിക്കാൻ തുടങ്ങിയത്.

ആദ്യക്ലാസ് ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. അതേവരെ ഒരിക്കൽപ്പോലും ക്ലാസ്സെടുത്തിട്ടില്ലാത്ത ഞാൻ ഭയാശങ്കകളോടെയാണ് ക്ലാസ്സിൽ ചെന്നതു തന്നെ. എങ്കിലും ക്ലാസ് കഴിഞ്ഞപ്പോൾ വിദ്യാർത്ഥികളായ വൈദികർ എന്നെ വളരെ അഭിനന്ദിച്ചു. തുടക്കത്തിൽതന്നെ ലഭിച്ച പ്രോത്സാഹനം എന്നെ ധൈര്യപ്പെടുത്തി.

കേസിന്റെ നടത്തിപ്പിൽ അപ്പോഴും ഞാൻ സഹായിച്ചിരുന്നു.

തുടർന്ന് സഭാ വർക്കിംഗ് കമ്മിറ്റി മെമ്പറായി എന്നെ നിയോഗിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ് എന്നെ നാമനിർദ്ദേശം ചെയ്തത്. അപ്പോൾ എന്റെ ജ്യേഷ്ഠൻ കെ. ചെറിയാൻ സംശയം പ്രകടിപ്പിച്ചു. "ഓ, അവൻ വന്നു

വല്ല പെൻസിലും കടിച്ചുകൊണ്ടിരുന്നുകൊള്ളട്ടെ" എന്നായിരുന്നു കൊച്ചു തിരുമേനിയുടെ പ്രതികരണം.

വർക്കിംഗ് കമ്മിറ്റി മെമ്പർ എന്ന നിലയിൽ എനിക്കു നിശ്ചയിക്കപ്പെട്ട പ്രവർത്തനമേഖല സാഹിത്യം ആയിരുന്നു. അതനുസരിച്ചാണ് ആരാധനാക്രമങ്ങളുടെ തർജ്ജമ തുടങ്ങിയത്. സ്ലീബാനമസ്കാരം ആദ്യഭാഗം തർജ്ജമ ചെയ്യാൻ നിർദ്ദേശം ലഭിച്ചു.

ഞാൻ പട്ടമേറ്റത് 1943-ൽ ആണ്. 39-ാം വയസ്സിൽ. അതിനകം പിതാവ് മരിച്ചു. അമ്മച്ചി നേരത്തെ മരിച്ചുപോയിരുന്നു. ആയിടയ്ക്ക് ഒരു ദിവസം ഞാൻ പഴയസെമിനാരിയിൽ ചെന്നു. ഉച്ചനമസ്കാരത്തിനുശേഷം ചുമന്ന ളോഹ ഊരി കൈയിൽ പിടിച്ചു ബാവാ മാളികമുറിയിൽ മറ്റുള്ളവരോടു സംസാരിക്കുകയാണ്. ഞാൻ കയറിച്ചെല്ലുന്നതു കണ്ടു ബാവാ മറ്റുള്ളവരെ നോക്കി പറഞ്ഞു: "എനിക്ക് ഇനി ഒരാഗ്രഹമേയുള്ളു. കുട്ടിക്ക് (ബാവാ എന്നെ കുട്ടി എന്നാണു വിളിച്ചിരുന്നത്) പട്ടം കൊടുക്കണം."

അങ്ങനെ 39-ാം വയസ്സിൽ എനിക്കു ബാവാ സമ്രോനോപട്ടം നൽകി. പിറ്റേന്നുതന്നെ ശംശോനോ (പൂർണ്ണശെമ്മാശൻ) ആക്കി. എന്നിട്ടു പറഞ്ഞു, "ശെമ്മാശ്, വരുന്നയാഴ്ച ഒരുങ്ങിക്കൊള്ളണം."

അടുത്തയാഴ്ച കശ്ശീശാപട്ടം ലഭിച്ചു - 40-ാം വയസ്സിൽ. 1953-ൽ 46-ാം വയസ്സിൽ മെത്രാനായി. ബാഹ്യകേരള പള്ളികളുടെ ചുമതലയാണ് ആദ്യം എന്നെ ഏൽപ്പിച്ചത്. തുടർന്ന് ബാഹ്യകേരള ഇടവകകൾ ചേർന്ന് ഒരു ഭദ്രാസനമാക്കി. അതിന്റെ മെത്രാപ്പോലീത്താ ആയി. തുടക്കത്തിൽ 15 സെന്ററുകൾ മാത്രമുണ്ടായിരുന്ന ബാഹ്യകേരള ഭദ്രാസനം 150 സെന്ററുകളിലായി വളർന്നു. 1975 ഒക്ടോബർ 27-നു കാതോലിക്കായായി ഉയർത്തപ്പെട്ടു.

ഇതിൽ നിന്നെല്ലാം എന്റെ വിളി എന്താണെന്നും, ഞാൻ പോകേണ്ട വഴി ഏതാണെന്നും ഞാൻ നിശ്ചയിച്ചിരുന്നില്ലെന്നു വ്യക്തമാകും. ദൈവം തമ്പുരാനാണ് എന്നെ ഈ വഴിയിലേക്കു നടത്തിയത്. മെഡിസിനു പഠിക്കാൻ ആഗ്രഹിച്ച ഓരോ ഘട്ടത്തിലുമുണ്ടായ പ്രതിബന്ധങ്ങളിലൂടെ ദൈവം എന്നെ ഇവിടേയ്ക്കു വഴിനടത്തുകയായിരുന്നു.

"ജാതകത്തിൽ എനിക്കു വിധിച്ചിരുന്ന പ്രായമൊക്കെ ഞാൻ കടന്നു. ആയുസ്സിന്റെ കാലാവധി നേരത്തെ കഴിഞ്ഞു. ഇപ്പോൾ എനിക്ക് "ഗ്രേസ് പീരിയേഡ്" (സൗജന്യ കാലാവധി) ആണ്. ബാവാതിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു.

കൽക്കട്ടയിലെ പ്രശസ്തമായ ബിഷപ്പ്സ് കോളജിൽ ചേരുമ്പോൾ ബിഷപ്പ് ഹെർബട്ട് പാക്കൻഹാം വാൽഷായിരുന്നു പ്രിൻസിപ്പൽ. പവിത്ര ചരിതനും താപസവര്യനും ആയിരുന്ന ബിഷപ്പ് വാൽഷിന്റെ കീഴിൽ

പഠിക്കാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമായിട്ടാണു ശിഷ്യഗണങ്ങൾ പരിഗണിച്ചു വന്നത്. ഗമാലിയേലിന്റെ കീഴിൽ ശൗലിന് അഭ്യസനം നടത്താൻ സാധിച്ചതിൽ അദ്ദേഹത്തിനുണ്ടായ അഭിമാനംപോലെ ഓരോ വിദ്യാർത്ഥിക്കും തോന്നിയിട്ടുണ്ടാവണം.

ഏതാണ്ടു 100 വർഷം പിന്നിട്ട ബിഷപ്സ് കോളജിലെ വിദ്യാർത്ഥി ജീവിതത്തെപ്പറ്റി ബാവായുടെ സഹപാഠിയായ പിറവം റവ. സി. ടി. കുര്യാക്കോസ് പറയുന്നതിപ്രകാരമാണ്:

"കൽക്കട്ടായിലെ ബിഷപ്സ് കോളജിൽ 1931-ലാണ് ബി.ഡി. കോഴ്സിന് അഡ്മിഷൻ കിട്ടിയത്. കൊട്ടാരക്കര റയിൽവേ സ്റ്റേഷനിൽ നിന്ന് ടിക്കറ്റ് വാങ്ങി യാത്ര തിരിച്ചു. അക്കൊല്ലം ബിഷപ്സ് കോളജിൽ പ്രവേശനം കിട്ടിയ വേറെ മൂന്നുപേരും ഒപ്പം ഉണ്ടായിരുന്നു. നാലാം ദിവസം ഉച്ചയോടുകൂടി ഹൗറാ സ്റ്റേഷനിൽ എത്തി. ഞങ്ങളെ കാത്ത് വൈസ് പ്രിൻസിപ്പൽ റവ. സിത്തർ നിൽപുണ്ടായിരുന്നു. പൊക്കവും വണ്ണവും കുറഞ്ഞ് കരിപോലെ കറുത്ത മധുരക്കാരനായ ഒരു വൈദികൻ. തലയിൽ വെള്ളനിറത്തിലുള്ള ഒരു കനത്ത തലപ്പാവുമുണ്ട്. അദ്ദേഹം ടാക്സി വിളിച്ചു ഞങ്ങളെ കോളജിൽ എത്തിച്ചു.

'റാഗിംഗ്' ഇന്നു നമ്മുടെ കോളജുകളിൽ ഒരു തീരാശാപമായി തീർന്നിരിക്കയാണല്ലോ. റാഗിംഗ് എന്താണ്, എന്തിനാണ് എന്നൊന്നും അറിയാത്ത കാടന്മാരുടെ ആഭാസത്തരങ്ങൾ മൂലം ആ പേര് കേൾക്കുമ്പോൾ തന്നെ അറപ്പും വെറുപ്പും ഉണ്ടാകുന്നു. ഞങ്ങൾക്കു കിട്ടിയ റാഗിംഗ് അത്തരത്തിലുള്ളതായിരുന്നില്ല.

ഞങ്ങൾ ഹോസ്റ്റലിൽ എത്തിയതിന്റെ പിറ്റേന്ന് രാവിലെ സീനിയർ വിദ്യാർത്ഥികൾ വന്നു ഞങ്ങളെ ഫോട്ടോ എടുക്കാൻ വിളിച്ചു. ഏറ്റവും നല്ല വസ്ത്രങ്ങളുമണിഞ്ഞ് ഞങ്ങൾ ഹോസ്റ്റലിന്റെ മുമ്പിൽ അണിനിരന്നു. ഒന്നു രണ്ടു 'അണ്ണൻമാർ' ഞങ്ങളെ തയ്യാറെടുപ്പിച്ചു. 'വൺ, ടൂ, ത്രീ' എന്നു പറഞ്ഞതും നാലഞ്ചു കുടം വെള്ളം ഞങ്ങളുടെ തലയിലേക്കു വീണതും ഒരുമിച്ചായിരുന്നു. കുടവും വെള്ളവുമായി അവർ മുകളിലത്തെ നിലയിൽ കാത്തുനിന്നിരുന്നതുണ്ടോ ഞങ്ങൾ അറിയുന്നു! ആകെ നനഞ്ഞു കുതിർന്ന ഞങ്ങൾ സ്വന്തം മുറികളിലേക്കോടി വസ്ത്രം മാറി പുറത്തു വന്നു. സീനിയേഴ്സ് അപ്പോഴും നിന്നു കൈകൊട്ടി ചിരിക്കയാണ്. ആ ആഹ്ലാദത്തിൽ ഞങ്ങളും പങ്കുചേർന്നു. പിന്നെ എല്ലാവരും തമ്മിൽ തമ്മിൽ പരിചയപ്പെട്ടു. ആർക്കും ആരോടും ഒരു പരിഭവവും ഉണ്ടായില്ല.

വിദ്യാർത്ഥികളുടെ സംഖ്യ മറ്റു കോളജുകളിലെപ്പോലെ വലുതല്ല. ഞങ്ങളുടെ ബാച്ചിൽ ആകെ ഉണ്ടായിരുന്നത് പന്ത്രണ്ടോ പതിമൂന്നോ പേരായിരുന്നു. മലയാളികളായിരുന്നു അക്കൊല്ലം ഏറ്റം കൂടുതൽ; ആകെ അഞ്ചു

പേർ. മലയാളികളുടെ സംഖ്യ അക്കൊല്ലം കൂടുതലുണ്ടായത് യാദൃച്ഛികം മാത്രം. സുറിയാനി ക്രിസ്ത്യാനികളോടുള്ള പ്രിൻസിപ്പൽ ബിഷപ്പ് വാൽഷിന്റെ പ്രത്യേക താൽപര്യം ഇതിനു പിറകിൽ ഉണ്ടായിരുന്നു എന്നും വരാം.

മലയാളികൾക്കു പുറമെ ഒരു ആംഗ്ലോ ഇന്ത്യൻ, ഒരു പഞ്ചാബി, ഒരു സിലോൺകാരൻ, ഒരു കർണാടകക്കാരൻ ഇത്രയുംപേരെ ഓർമ്മയുണ്ട്. മൂന്നു ബാച്ചിലും കൂടി മൊത്തം ഏതാണ്ടു പത്തുനാൽപതു പേരിൽ കൂടുതലില്ല. എല്ലാവർക്കും പ്രത്യേകം പ്രത്യേകം മുറി. വാഷ്ബേസിൻ, ടാപ്പ് മുതലായവയും കട്ടിൽ, കസേര, അലമാര മുതലായ ഉപകരണങ്ങളും ഉണ്ടായിരുന്നു.

മലയാളികളിൽവച്ച് ഞാൻ മാത്രം അന്നു ശെമ്മാശ്ശനായിരുന്നു. മാർത്തോമ്മാ സഭയിലെ ടി. എൻ. കോശി മറ്റുള്ളവരേക്കാൾ പ്രായം കൂടിയ ആളും വിവാഹിതനുമായിരുന്നു. മിസ്സിസ്സ് ക്ലാറ വാൽഷിന്റെ പ്രത്യേക താൽപര്യപ്രകാരം രണ്ടാം വർഷം മുതൽ കോശി ഭാര്യയേയും രണ്ട് കുട്ടികളേയും കൊണ്ടുവന്നു. എല്ലാവർക്കും സമ്മതനും സമർത്ഥനുമായ കോശി പിന്നീട് വൈദികനായി കുറെക്കാലം മലയായിൽ സേവനം അനുഷ്ഠിച്ചശേഷം മാർത്തോമ്മാ സഭയുടെ വികാരി ജനറാൾ സ്ഥാനം അലങ്കരിച്ചു. ഏതാനും വർഷം മുമ്പ് അദ്ദേഹം മരണമടഞ്ഞു.

ഒളശ്ശ കോമടത്തുശ്ശേരിൽ കെ. സി. വറുഗീസായിരുന്നു പിന്നൊരു വിദ്യാർത്ഥി. അദ്ദേഹം പിന്നീട് വൈദികനായി തടാകം ആശ്രമത്തിന്റെ സുപ്പീരിയർ സ്ഥാനം വഹിച്ചു. മറ്റൊരാൾ കോട്ടയത്തു വട്ടക്കുന്നേൽ വി. കെ. മാത്യുവായിരുന്നു. അദ്ദേഹമാണ് ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ സ്ഥാനത്തു വിരാജിച്ച മാത്യൂസ് പ്രഥമൻ ബാവാ. കെ. സി. വറുഗീസ് അച്ചനും പ. കാതോലിക്കാ ബാവായും ഞാനും ഹൈസ്കൂൾ ക്ലാസുകളിലും കോട്ടയം സി.എം.എസ്. കോളജിലും ഒരുമിച്ചു പഠിച്ചവരാണ്.

ഞങ്ങളിൽ അഞ്ചാമനായ റ്റി. ഒ. മാത്യു തടാകം ആശ്രമത്തിൽ കുറെനാൾ പ്രവർത്തിച്ചശേഷം ആലുവായിൽ കുടുംബസമേതം ജീവിതം നയിച്ചു. അടുത്തയിടെ ദിവംഗതനായി. അന്നത്തെ അഞ്ചുപേരിൽ ഞാൻ മാത്രമെ ഇന്നു ജീവിച്ചിരിപ്പുള്ളു.

കോളജ് മെസ്സിലെ മത്സ്യമാംസ പ്രധാനമായ ആഹാരം എനിക്കു തീരെ രുചിക്കാതെ വന്നു. സ്റ്റൗവും കുക്കറും ഉപയോഗിച്ച് ഭക്ഷണം സ്വയം പാകം ചെയ്തു കഴിക്കാൻ തുടങ്ങിയതോടെ ആശ്വാസമായി. മത്സ്യമാംസങ്ങൾ പാടെ ഉപേക്ഷിച്ചു. കുറെ കഴിഞ്ഞപ്പോൾ വി. കെ. മാത്യുവും എന്നോടു കൂടി ചേർന്നു. പിന്നെ ഓരോരുത്തരായി കെ. സി. വറുഗീസും ടി. ഒ. മാത്യുവും വന്നു. അങ്ങനെ ഞങ്ങൾ നാലുപേരും കൂടി സ്വയം പാകം ചെയ്തു ജീവിക്കാൻ തുടങ്ങി. പാൽ, മുട്ട, പച്ചക്കറികൾ, പരിപ്പ് മുതലായവ ധാരാളം വാങ്ങി

ഉപയോഗിച്ചു. മാർക്കറ്റ് തൊട്ടടുത്തുള്ളതുകൊണ്ട് ഇഷ്ടംപോലെ സാധനങ്ങൾ വാങ്ങാം. ആവിയിൽ പുഴുങ്ങി എടുക്കുന്ന ആ ആഹാരത്തിന്റെ സ്വാദ് ഇപ്പോഴും നാവിലുണ്ട്. ഞങ്ങളെല്ലാവരുടെയും ആരോഗ്യം പൂർവ്വാധികം മെച്ചപ്പെട്ടു.

ചിലപ്പോഴെല്ലാം ബിഷപ്പിനെയും ഭാര്യയെയും (പപ്പായും മമ്മിയും) പ്രശസ്തരായ മറ്റു പലരെയും ക്ഷണിച്ച് ഞങ്ങൾ സദ്യ കൊടുത്തിരുന്നു. സ്റ്റൗവിൽ പാകംചെയ്ത വിവിധ വിഭവങ്ങൾ അവരെ അത്ഭുതപ്പെടുത്തി. 'ഇത്തരം ആഹാരമാണ് നിങ്ങൾ കഴിക്കുന്നതെങ്കിൽ ഞങ്ങളെയും കൂടി ചേർക്കണം' എന്ന് മിസിസ് വാൽഷ് പറഞ്ഞത് ഓർക്കുന്നു.

കൽക്കട്ടയുടെ ഹൃദയഭാഗമായ പാർക്ക് സർക്കസിൽ ഉദ്ദേശം പത്തു പതിനഞ്ച് ഏക്കർ വിസ്തീർണ്ണമുള്ളതും ചുറ്റും കോട്ടപോലെ ഉയർന്ന മതിൽ കെട്ടിയിട്ടുള്ളതുമായ ഒരു മൈതാനമാണ് ബിഷപ്സ് കോളജ് വളപ്പ്. പ്രിൻസിപ്പൽ താമസിക്കുന്ന മാളികക്കെട്ടിടത്തിന്റെ അടിനിലയിലാണ് ലൈബ്രറിയും ഓഡിറ്റോറിയവും. സാമാന്യം വിപുലമായ ലൈബ്രറിയിൽ ഏതു സമയത്തും പോയിരുന്നു വായിക്കുവാൻ സൗകര്യമുണ്ട്.

സ്റ്റാഫ് മെമ്പേഴ്സ് ആകെ നാലോ അഞ്ചോ പേരേയുള്ളു. അവർക്കെല്ലാം താമസിക്കാൻ പ്രത്യേകം വീടുകളും. വിവാഹിതരായ വിദ്യാർത്ഥികൾക്കു കുടുംബസഹിതം താമസിക്കാൻ സൗകര്യവും നൽകിയിരുന്നു. മൂന്നു നാലു ടെന്നീസ് കോർട്ടുകളും വോളീബോൾ ബാഡ്മിന്റൺ മുതലായവയ്ക്കുള്ള കോർട്ടുകളും രണ്ട് നീന്തൽ കുളങ്ങളുമുണ്ട്.

എല്ലാ വ്യാഴാഴ്ചയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇഷ്ടംപോലെ അതിഥികളെ ക്ഷണിക്കാം. നാലുമണിക്കുശേഷമാണ് അതിഥികളുടെ വരവ്. അവരെ യഥോചിതം സ്വീകരിക്കുക, ടെന്നീസ്, ബാഡ്മിന്റൺ മുതലായവയിൽ പങ്കെടുപ്പിക്കുക, മിസ്സിസ് വാൽഷ് തയ്യാറാക്കി വച്ചിട്ടുള്ള പലഹാരങ്ങളും ശീതളപാനീയങ്ങളും വിളമ്പുക എന്നിവയെല്ലാം വിദ്യാർത്ഥികളുടെ ചുമതലയാണ്.

ബിഷപ്പും ഭാര്യയും എന്നും രാവിലെ നാലു മണിക്ക് എഴുന്നേൽക്കും. പിന്നെ അരമുക്കാൽ മണിക്കൂർ നേരത്തെ വ്യായാമമുണ്ട്. മില്ലേഴ്സ് എക്സർസൈസ് എന്നറിയപ്പെടുന്ന ചില വ്യായാമങ്ങളും സൂര്യനമസ്കാരം പോലുള്ള ചില യോഗമുറകളുമാണ് ബിഷപ്പ് അനുഷ്ഠിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം അവയിൽ ചിലതു ഞാൻ ഏറെക്കാലം അനുഷ്ഠിച്ചുപോന്നു. സുഖവിരേചനയ്ക്കും രക്തസഞ്ചാരത്തിനും, ശ്വാസ നിയന്ത്രണത്തിനും അവ വളരെ ഗുണകരമാണെന്ന് എനിക്ക് അനുഭവമുണ്ട്.

ദേഹം വിയർത്തിരിക്കുമ്പോൾ, അപ്പടി അദ്ദേഹം തണുത്തവെള്ളത്തിൽ

കുളിക്കും. വടക്കേ ഇന്ത്യയിലെ മരംകോച്ചുന്ന തണുപ്പിൽപോലും ഈ കുളി അദ്ദേഹം മുടക്കാറില്ല.

അഞ്ചര മണിയോടു കൂടി ബിഷപ്പും ഭാര്യയും അവരുടെ ബംഗ്ലാവിന്റെ മട്ടുപ്പാവിൽ പുൽപായ വിരിച്ച് കിഴക്കോട്ടു മുഖമായി ഇരിക്കും. വൈസ് പ്രിൻസിപ്പൽ റവ. സിത്തറും വിദ്യാർത്ഥികളായ ഞങ്ങളിൽ രണ്ടുമൂന്നു പേരും പതിവായി ഈ പ്രാർത്ഥനയിൽ പങ്കുകൊള്ളാറുണ്ട്. 'അസതോമ സദ്ഗമയ' എന്ന് തുടങ്ങുന്ന ഉപനിഷത്തിലെ പ്രാർത്ഥന എല്ലാവരും കൂടി ഉരുവിടും. പിന്നെ കുറെനേരം നിശ്ശബ്ദമായി ഇരിക്കും. കിഴക്കെ ചക്രവാളത്തിൽ ചുവപ്പുരേഖ കണ്ടുതുടങ്ങുന്ന ആ അപൂർവ്വ സന്ദർഭത്തിൽ പപ്പായുടെയും മമ്മിയുടെയും സമീപത്തിരുന്നു സ്ഥലകാലചിന്തകളെല്ലാം മറന്ന് ദൈവത്തെ മുഖാഭിമുഖമായി കാണുന്ന ആ അപൂർവ്വ അനുഭവം എത്രയോ വിലയേറിയതായിരുന്നു എന്നു ഓർത്തുപോവുന്നു.

ഏഴു മണിക്കു ചാപ്പലിൽ പ്രഭാത പ്രാർത്ഥനയ്ക്കുള്ള മണി മുഴങ്ങും. എല്ലാവരും യൂണിഫോറം ധരിച്ച് അവിടെ ഹാജരാകണം. പ്രാർത്ഥനയ്ക്കോ മറ്റെന്തെങ്കിലും ചടങ്ങിനോ സംബന്ധിക്കാതിരുന്നാൽ യാതൊരു ചോദ്യമോ ശിക്ഷയോ ഇല്ല. അതുകൊണ്ടു കൂടിയായിരിക്കാം കൃത്യസമയത്തു ഹാജരാകുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കാറുള്ളത്. ആംഗ്ലിക്കൻ വൈദികർ ഉപയോഗിക്കുന്ന രീതിയിൽ വെളുത്ത കാസക്കും വെളുത്ത അരക്കെട്ടുമാണ് യൂണിഫോം. കോളജിലെ എല്ലാ ഔദ്യോഗിക ചടങ്ങുകളിലും ഈ വേഷം ധരിച്ചിരിക്കണമെന്നാണ് വയ്പ്.

പ്രഭാത പ്രാർത്ഥനയ്ക്കുശേഷം കുർബ്ബാന ആരംഭിക്കുന്നു. ബിഷപ് ഡോക്ടർ അപ്പാസാമി, റവ. സിത്തർ, റവ. ഡാർട്ട് എന്നിവർ മാറി മാറി കുർബ്ബാന ചൊല്ലുമ്പോൾ വിദ്യാർത്ഥികൾ മുറയനുസരിച്ച് സഹായികളാകും.

കുർബ്ബാന കഴിഞ്ഞ് എല്ലാവരും അവരവരുടെ മുറികളിലേക്കു പോകും. ബിഷപ്പിന് പിന്നെയും അരമണിക്കൂർ നേരത്തെ ധ്യാനവായനയുണ്ട്. ബിഷപ്പിന്റെയും പത്നിയുടെയും മഹത്തായ ക്രിസ്തീയ മാതൃകകളും വിശാലവീക്ഷണവും ലളിതജീവിതവും വിദ്യാർത്ഥികളിൽ അതുല്യമായ സൽപ്രേരണകൾ ചെലുത്തിയിട്ടുണ്ട്.

ബിഷപ്സ് കോളജിൽ പഠിച്ചിരുന്ന മലയാളി വിദ്യാർത്ഥികൾ പലപ്പോഴും ഒരുമിച്ചിരുന്നു ധ്യാനപരമായി ചിന്തിക്കുകയും ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണു മലങ്കരസഭയുടെ ആദ്യത്തെ ബാഹ്യകേരള മിഷൻ കേന്ദ്രമായ തടാകം (കോയമ്പത്തൂർ) ആശ്രമം രൂപംകൊണ്ടത്. കേസിലും വഴക്കിലും കുടുങ്ങിക്കിടന്ന മലങ്കരസഭയുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള ഈ മഹത്തായ സംരംഭത്തിൽ പങ്കെടുക്കാൻ പ്രിൻസിപ്പൽ സ്ഥാനം രാജിവച്ചു കൂടെ വരാൻ ബിഷപ്പ് വാൽഷ് ദമ്പതികൾ തീരുമാനിച്ചതു മലങ്കര

സഭയുടെ ചരിത്രത്തിലെ അതിനിർണ്ണായകമായ ഒരു നിമിഷമായിരുന്നു. കുറിയാക്കോസ് ശെമ്മാശ്ശനും വി. കെ. മാത്യൂസും ഒഴികെയുള്ളവരെല്ലാം തടാകത്തിലെ ക്രിസ്തീയ ദൗത്യപ്രധാനമായ സേവനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മലങ്കരസഭയുടെ ഒരു വലിയ സുഹൃത്തായിരുന്ന ബിഷപ്പ് വാൽഷ് 1934-ൽ സഭാസമാധാനാർത്ഥം അപ്രേം പാത്രിയർക്കീസിനെ കണ്ടു സംസാരിച്ചതും പരാജയപ്പെട്ടതും ഇവിടെ ഓർക്കേണ്ടതുണ്ട്.

അതുകൊണ്ടൊന്നും പ്രാർത്ഥനാമല്ലനും താപസവര്യനും പുണ്യജീവിതപ്രേമിയുമായ ബിഷപ്പ് തന്റെ സഭാ സഹായ ദൗത്യത്തിൽ നിന്നു പിൻവാങ്ങിയില്ല. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഹൈചർച്ച് വിശ്വാസിയായിരുന്ന ബിഷപ്പിന്റെ ചരമവാർഷിക വേളയിൽ (ജനുവരി 9) ഓർത്തഡോക്സ് സഭയിലെ മെത്രാന്മാർ വി. കുർബ്ബാന അർപ്പിക്കുകയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്യുന്നതിൽ ദൈവശാസ്ത്ര പ്രശ്നമൊന്നുമില്ല. ബിഷപ്പിനു കൽക്കട്ടയിലെ ബിഷപ്സ് കോളജിൽ നിന്നു പിരിയുമ്പോൾ ലഭിച്ച പാരിതോഷികം കൊണ്ടാണു തടാകം ആശ്രമത്തിന്റെ സ്ഥലം വാങ്ങിയത്. ആശ്രമത്തിനു കല്ലൂപ്പാറ കെ. എം. ഏബ്രഹാം അട്ടപ്പാടി മലകളിൽ താൻ സമ്പാദിച്ച വളരെയധികം സ്ഥലം ദാനം ചെയ്തിരുന്നു. ഒളശ്ശ കോമടത്തുശ്ശേരിൽ കെ. സി. വറുഗീസ്, തുമ്പമൺ തോപ്പിൽ റ്റി. ഒ. മാത്യു മുതലായവരായിരുന്നു ആശ്രമത്തിന്റെ ആദ്യകാലത്തെ പ്രമുഖ പ്രവർത്തകർ. കെ. സി. വറുഗീസ് ആദ്യത്തെ ആചാര്യയായി. പിന്നീടു മരണംവരെ അവിടെ ആചാര്യ സ്ഥാനത്തിരുന്ന അദ്ദേഹവും ഗുരുവിനോടൊപ്പം ആശ്രമത്തിൽ തന്നെ അന്ത്യവിശ്രമം കൊള്ളുന്നു."

തന്റെ അഭിവന്ദ്യ ഗുരു സ്ഥാപിച്ച തടാകം ആശ്രമത്തോടു വി. കെ. മാത്യൂസിനു വലിയ താൽപര്യം ഉണ്ടായിരുന്നു. പലപ്പോഴും ആശ്രമം സന്ദർശിച്ചിട്ടുണ്ടെങ്കിലും മെത്രാപ്പോലീത്താ, കാതോലിക്കാ എന്നീ സ്ഥാനങ്ങളിൽ എത്തിയപ്പോഴുണ്ടായ കടുത്ത സഭാപ്രശ്നങ്ങൾക്കിടയിൽ ആശ്രമത്തിന്റെ വികസനത്തിൽ ശ്രദ്ധിക്കാൻ സമയം ലഭിച്ചില്ലെന്നുള്ളതു നിർഭാഗ്യകരമായ ഒരു വസ്തുതയാണ്. ഫാ. കെ. സി. വറുഗീസിനെ തുടർന്ന് ഫാ. എം. കെ. ജേക്കബ് (പുതുപ്പള്ളി) ആചാര്യയായിരുന്നു. അദ്ദേഹത്തിന്റെ അകാല മരണത്തെ തുടർന്ന് മല്ലപ്പള്ളി സ്വദേശിയായ ഫാ. കെ. വി. യാക്കോബ് (ഇപ്പോൾ റമ്പാൻ) ആചാര്യയായി. പീലിപ്പോസ് മാർ തെയോഫിലോസ് ദീർഘകാലം വിസിറ്റർ മെത്രാപ്പോലീത്താ ആയിരുന്നു. അങ്കമാലി ഭദ്രാസനത്തിലെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളും ബോംബെ ഭദ്രാസനം, വിദ്യാർത്ഥി പ്രസ്ഥാനം എന്നിവയുടെ വികസന പ്രവർത്തനങ്ങളും മെത്രാപ്പോലീത്തായുടെ സമയം അപഹരിച്ചതിനാൽ ആശ്രമത്തിനു അദ്ദേഹത്തിന്റെ സേവനം വേണ്ടവിധത്തിൽ ലഭിച്ചില്ല. പിന്നീട് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായും ആശ്രമത്തിന്റെ ഒരംഗവും കൂടിയായിരുന്ന മാർ യൗസേബിയോസ് വിസിറ്റർ

മെത്രാപ്പോലീത്താ ആയി. ആ കാലത്ത് ആശ്രമത്തിനു അഭൂതപൂർവ്വമായ വളർച്ച കൈവന്നു. പ്രവർത്തനത്തിനുവേണ്ട ആളില്ലെന്നുള്ളതാണു ഇന്നത്തെ വലിയ കുറവ്. എങ്കിലും ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രിയും മാർ ഗ്രീഗോറിയോസ് സ്മാരക ബാലഭവനും, നഴ്സറി സ്കൂളുകളും മറ്റും കാര്യക്ഷമമായി നടത്തിവരുന്നു. ആശ്രമത്തിന്റെ ശാഖയാണു തെങ്കര ആശ്രമം.

ബി.ഡി. പഠനം കഴിഞ്ഞു തിരിച്ചെത്തിയശേഷം പട്ടമേൽക്കാതെ തന്നെ സെമിനാരിയിൽ അദ്ധ്യാപകനായും മാർ ഏലിയാ ചാപ്പലിലെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചു. വൈദികനായ ശേഷവും ഫാ. വി. കെ. മാത്യൂസ് സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലനക്ലാസ്സുകളിൽ പങ്കെടുത്തിട്ടുണ്ട്. 1948-ൽ ആറാട്ടുപുഴ വച്ച് നടത്തപ്പെട്ട പരിശീലന കോഴ്സിൽ സണ്ടേസ്കൂൾ അദ്ധ്യാപകനായ ഞാനും (ലേഖകൻ) അദ്ദേഹത്തിന്റെ നല്ല ക്ലാസ്സിൽ പങ്കെടുത്തിട്ടുണ്ട്.

വൈദികൻ

കൽക്കട്ടയിലെ ബിഷപ്സ് കോളജിൽ നിന്നു ബി.ഡി. ബിരുദം നേടി 1936-ൽ തിരിച്ചുവന്നു പ്രത്യേക ജോലിയൊന്നുമില്ലാതെ നിൽക്കുമ്പോൾ എം.ഡി. സെമിനാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേരാൻ ഹെഡ്മാസ്റ്റർ ഇട്ടിച്ചെറിയ ക്ഷണിച്ചു. എന്നാൽ അദ്ധ്യാപകവൃത്തിക്കു ബി. ഡി. ക്കാർ ആവശ്യമില്ലെന്നു പറഞ്ഞു ഒഴിയുകയാണുണ്ടായത് (അദ്ധ്യാപക ജോലിക്ക് ബി.എഡ്. ബിരുദം അന്ന് ആവശ്യമില്ലായിരുന്നു. ബി.ഡി. ക്കാർ അദ്ധ്യാപക വൃത്തി സ്വീകരിക്കുന്നതിനോടു കാലംചെയ്ത പത്രോസ് മാർ ഒസ്താത്തിയോസും ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.).

വീട്ടിൽ ഏകനായി കഴിയുന്ന അവസരത്തിൽ സ്വാഭാവികമായും വി. കെ. മാത്യൂസിനു ചില വിവാഹാലോചനകൾ വരികയുണ്ടായി. ജ്യേഷ്ഠൻ ചെറിയാൻ വക്കീലും സഹോദരിമാരും വി. കെ. മാത്യൂസ് വിവാഹിതനാകണമെന്നാഗ്രഹിച്ചിരുന്നു. ഒരു സാധാരണ വൈദികനായിരിക്കാതെ പ്രതിഷ്ഠിക്കപ്പെട്ട ഒരു സഭാപ്രവർത്തകനായിരിക്കാൻ അവിവാഹിത ജീവിതമാണു പറ്റിയതെന്ന നിഗമനത്തിൽ മാത്യൂസ് എത്തിച്ചേർന്നു. ഇക്കാര്യത്തിൽ സെന്റ് പോളിന്റെ മാതൃക അദ്ദേഹത്തെ സ്വാധീനിച്ചിരിക്കണം. സഭാസേവനരംഗത്തു താൻ ഏറ്റെടുക്കുന്ന ചുമതലകൾക്കു വിവാഹം ഒരു തടസ്സമാകുമെന്നു കരുതി ദൈവവിളിയിലും നടത്തിപ്പിലും പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു മുന്നോട്ടു നീങ്ങിയ മാത്യൂസിന്റെ വിവാഹകാര്യത്തിൽ പിന്നീടു ബന്ധുക്കൾ തലയിട്ടില്ല.

1942. സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടം. വട്ടശ്ശേരിൽ തിരുമേനിയുടെ കാലശേഷം കേസു നടത്തിപ്പിന്റെ ചുമതല ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായുടെ

ചുമലിൽ വന്നുവീണു. ഇന്നത്തെപ്പോലെ വേണ്ടത്ര പണവും ആളുകളും ഇല്ലാതെ, വളരെ പ്രയാസപ്പെട്ടാണ് അന്നു ബാവാ കേസ് നടത്തിക്കൊണ്ടിരുന്നത്. കേസുനടത്തിപ്പിൽ ബാവാ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നേരിട്ടുകണ്ട വി. കെ. മാത്യൂസ് അദ്ദേഹത്തെ സഹായിക്കാൻ തീരുമാനിച്ചു. കോടതിയിൽ ഹാജരാക്കേണ്ട പഴയ രേഖകളും മറ്റും ശേഖരിക്കാനും ക്രോഡീകരിക്കാനും പ്രധാനമായി ഫാ ടി. സി. ജേക്കബും (അന്തരിച്ച മാനേജരച്ചൻ) വി. കെ. മാത്യൂസും മാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങനെ പ്രധാന ഗ്രന്ഥങ്ങളുടെ കോപ്പികൾ എഴുതുക. ആധാര ഗ്രന്ഥങ്ങൾ തപ്പിയെടുത്തു ശേഖരിക്കുക മുതലായ ക്ലേശകരമായ ജോലികളിൽ ഇരുവരും ആമഗ്നരായി. രാത്രിയിൽ ഒട്ടും ഉറങ്ങാതെ ഇങ്ങനെ പ്രമാണങ്ങൾ തയ്യാറാക്കുകയും കോടതിയിൽ നൽകേണ്ട സാക്ഷിപ്പട്ടിക എഴുതുകയും ചെയ്തിട്ടുണ്ട്. എം. ഡി. സെമിനാരിയിൽ ഇങ്ങനെ ഒരു ദിവസം ഉറക്കമൊഴിച്ചു പട്ടിക തയ്യാറാക്കുന്നത് അന്നവിടെ താമസിച്ചിരുന്ന ബാവാ വെളുപ്പിനു അഞ്ചു മണിക്കു പ്രാർത്ഥനയ്ക്കുവേണ്ടി എഴുന്നേറ്റപ്പോൾ കാണുകയും അച്ചന്റെയും മാത്യൂസിന്റെയും കഷ്ടപ്പാടിൽ കണ്ണുനീർ വാർക്കുകയും ചെയ്തു. ഇതേ തുടർന്ന് മാത്യൂസിനോടു ബാവായ്ക്കു എന്തെന്നില്ലാത്ത താൽപര്യവും സ്നേഹവും ഉദിച്ചു.

വൈദിക സെമിനാരി അദ്ധ്യാപകൻ, വൈദികൻ, കാനോൻ വിദഗ്ദ്ധൻ എന്നീ നിലകളിലുള്ള ഫാ. വി. കെ. മാത്യുവിന്റെ പ്രവർത്തനത്തിന്റെ യഥാർത്ഥ ചിത്രം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ആത്മകഥയുടെ പ്രസക്തഭാഗം ഇവിടെ ചേർക്കുന്നതു കൂടുതൽ ആധികാരികമായിരിക്കുമെന്നുള്ള ചിന്ത കൊണ്ടാണ്.

ഞാൻ 1991 മാർച്ചിൽ പ്രസിദ്ധീകരിച്ച മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ എന്ന ജീവചരിത്രഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്.

വൈദിക സെമിനാരി

“അയ്മേനിയായിരിക്കുമ്പോൾ തന്നെ കുറച്ചുനാൾകൂടി സുറിയാനി പഠിച്ചശേഷം അക്കാലത്ത് എം.ഡി. സെമിനാരിയിൽ നടത്തിയിരുന്ന വൈദിക സെമിനാരിയിൽ ഞാൻ പഠിപ്പിക്കുമായിരുന്നു. എന്നെക്കാൾ പ്രായം കൂടിയവരും വിദ്യാർത്ഥികളിലുണ്ടായിരുന്നു. അന്ന് എനിക്ക് 29 വയസ്സിൽ കൂടുതൽ ഉണ്ടായിരുന്നില്ല. അക്കാലത്ത് ഒരു ചാപ്പലായിരുന്ന ഇപ്പോഴത്തെ മാർ ഏലിയാ കത്തീഡ്രലിനടുത്തുണ്ടായിരുന്ന ‘ചിതൽ കൊട്ടാര’മെന്നറിയപ്പെട്ടിരുന്ന ഓലമേഞ്ഞ ഒരു ചെറിയ കെട്ടിടത്തിന്റെ ചായ്പിലാണ് വൈദിക സെമിനാരി പ്രവർത്തിച്ചിരുന്നത്. പിന്നീട് അതിനോടടുത്ത് പണിത കെട്ടിടം ഞങ്ങൾ അദ്ധ്യാപകരുടെ ശമ്പളം മുടക്കി നിർമ്മിച്ചതാണ്. കൂടാതെ അക്കാലത്ത് സ്ഥിരം അദ്ധ്യാപകരായുണ്ടായിരുന്ന ഞങ്ങൾ രണ്ടുപേർ - ഞാനും

കല്ലുപുരയ്ക്കൽ ഫീലിപ്പോസ് ശെമ്മാശ്ശനും (ഫീലിപ്പോസ് മാർ തെയോഫിലോസ്) മാത്രമായിരുന്നതിനാൽ ഞങ്ങൾ ഇരുവരും സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം പിറ്റേദിവസത്തെ പണിച്ചെലവിനുള്ള പണം ഓരോ വീട്ടിലും പോയി ശേഖരിച്ചാണ് ആ കെട്ടിടം പണി തീർത്തത്. 1933 മുതൽ 1937 ന്റെ പൂർവ്വാർദ്ധം വരെ ഇപ്രകാരം സൗകര്യാർത്ഥം വൈദികസെമിനാരി എം.ഡി. സെമിനാരിയിൽ നടത്തിയശേഷം, 1937 ജൂൺ മാസത്തിൽ വൈദികസെമിനാരി അതിന്റെ പൂർവ്വസ്ഥാനമായ പഴയസെമിനാരിയിലേക്കു മാറ്റി.

1937–40 വരെ ഞാൻ സുറിയാനി ഭാഷ, ആരാധനക്രമങ്ങൾ, ചരിത്രം, കാനോൻ മുതലായ വിഷയങ്ങൾ പഠിക്കുകയും പഴയസെമിനാരിയിലെ വൈദിക സെമിനാരിയിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു. 1940–41 കാലത്തു വൈദിക സെമിനാരി നടന്നില്ല. ഇക്കാലത്തു സഭാസംബന്ധമായ കാര്യങ്ങൾ ഞാൻ സ്വയമേവ പഠിച്ചുകൊണ്ടിരുന്നു. 1941 ഉത്തരാർദ്ധത്തിൽ വൈദിക സെമിനാരി വീണ്ടും എം.ഡി. സെമിനാരിയിലേക്കു മാറ്റി. ഇതിലേക്കു നയിച്ച സംഭവവികാസങ്ങൾ ഇപ്രകാരമായിരുന്നു. പഴയസെമിനാരിയിൽ സുറിയാനി പഠനം മുടങ്ങിക്കിടന്ന സമയം ഒരു ദിവസം പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും ആലുവാ യു.സി. കോളജ് പ്രിൻസിപ്പലായിരുന്ന എ. എം. വർക്കിയും ചെറിയമഠത്തിൽ സി. ജെ. സ്കറിയ മൽപാനച്ചനും കൂടി എം.ഡി. സെമിനാരി പുരയിടത്തിൽ മാർ ഏലിയാ ചാപ്പലിനോടനുബന്ധിച്ചുണ്ടായിരുന്ന സ്വീകരണമുറിയിൽ വന്നിരുന്നുകൊണ്ടു എന്നെ ആൾ വിട്ടു വിളിപ്പിച്ച് എം.ഡി. സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പുനരാരംഭിക്കുകയാണെന്നും ഞാൻ അതിൽ ഒരദ്ധ്യാപകനായിരിക്കണമെന്നും പറഞ്ഞു. ഞാൻ ഒന്നും പ്രതികരിച്ചില്ല. പിന്നീടു പ്രിൻസിപ്പൽ ആരായിരിക്കണമെന്നു അവർ അന്യോന്യം ചോദിച്ചു. ചെറിയമഠത്തിലച്ചൻ കുമരകം സെന്റ് ജോൺസ് പള്ളി വികാരി സ്ഥാനവും വഹിച്ചിരുന്നതിനാൽ പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കുക പ്രയാസമാണെന്നു പറഞ്ഞു. അപ്പോൾ ബാവാ തിരുമേനി എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാനായിരിക്കണമെന്നു കല്പിച്ചു. ഒരു അയ്മേനി മാത്രമായ ഞാൻ പ്രിൻസിപ്പലാകുന്നത് വിഹിതമല്ലെന്നു ഞാൻ പറഞ്ഞു. അതു സാരമില്ലെന്നും വേഗം കത്തനാരാക്കിക്കൊള്ളാമെന്നും ബാവാ കൽപിച്ചു. എന്നാൽ അത് എളുപ്പമല്ലെന്നും വീട്ടുകാരോടാലോചിച്ചിട്ടില്ലെന്നും ഫാ. കെ. ഡേവിഡിനു ഒരവസരം ലഭിച്ചാൽ സെമിനാരിയിൽ പഠിപ്പിക്കുന്നതിനാഗ്രഹമുള്ളതായി എന്നെ അറിയിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞു. അച്ചനു സമ്മതമായിരുന്നതിനാൽ 1941–ൽ തന്നെ വൈദിക സെമിനാരി എം.ഡി. സെമിനാരിയിൽ പുനരാരംഭിക്കുകയും ദാവീദച്ചൻ ഒരു കൊല്ലത്തിലധികം പ്രിൻസിപ്പൽ സ്ഥാനം വഹിക്കുകയും ചെയ്തു.

സെമിനാരിയിൽ അദ്ധ്യാപകരായി ചെറിയമഠത്തിൽ സ്കറിയാ മൽപാൻ, കല്ലുപുരയ്ക്കൽ ഫീലിപ്പോസ് ശെമ്മാശ്ശൻ എന്നിവരോടുകൂടെ ഞാനും

നിയമിക്കപ്പെട്ടുവെങ്കിലും 1938-43 കാലത്തു കോട്ടയം ജില്ലാക്കോടതിയിൽ നടന്നിരുന്ന സമുദായക്കേസിന്റെ നടത്തിപ്പിൽ സഹായിക്കേണ്ടിയിരുന്നതിനാൽ 1941-ൽ പഠിപ്പിക്കുന്നതിനു എനിക്കു സാധിച്ചില്ല. പ്രാരംഭ ദശയിൽ കുറച്ചുനാൾ എ. എം. വർക്കിയും, അടൂർക്കാരൻ നെല്ലിമൂട്ടിൽ ചാവടിയിൽ ഫാ. ഡോ. സി. റ്റി. ഈപ്പനും സെമിനാരിയിൽ പഠിപ്പിച്ചിരുന്നെങ്കിലും പിന്നീട് അവർക്കു തുടർന്ന് പ്രവർത്തിക്കുവാൻ സാധിച്ചില്ല.

സമുദായക്കേസ് സംബന്ധിച്ചുള്ള ജോലികൾക്കുശേഷം, ഞാൻ 1942 മുതൽ സെമിനാരിയിൽ വേദശാസ്ത്രം, സഭാചരിത്രം, പുതിയനിയമം, മതങ്ങളുടെ താരതമ്യ പഠനം, കാതോലിക്കേറ്റിന്റെ ചരിത്രം മുതലായ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ വൈദികസെമിനാരിയിലെ അദ്ധ്യാപകവൃത്തിയിൽ വീണ്ടും ചേർന്നപ്പോഴും ദാവീദച്ചൻ പ്രിൻസിപ്പലായി തുടർന്നു. 1943-ൽ ഫാ. സി. ജെ. സ്കറിയാ ചെറിയമഠം പ്രിൻസിപ്പലായി സ്ഥാനമേറ്റു. 1946-ൽ കണ്ടനാടിടവകയുടെ മാർ തിമോത്തിയോസ് തിരുമേനി (പിൽക്കാലത്ത് പ. ഔഗേൻ പ്രഥമൻ ബാവാ തിരുമേനി) വൈദികസെമിനാരിയിൽ പഠിപ്പിക്കുവാൻ വന്നു. തിരുമേനി ഔദ്യോഗികസ്ഥാനങ്ങൾ സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയാൽ ചെറിയമഠത്തിലച്ചൻ പ്രിൻസിപ്പലായി തുടർന്നു. തിമോത്തിയോസ് തിരുമേനി സുറിയാനി പണ്ഡിതനും, കാനോൻ, വേദശാസ്ത്രം, സഭാചരിത്രം മുതലായ വിഷയങ്ങളിൽ വിദഗ്ദ്ധനുമായിരുന്നതിനാൽ വലിയ ബാവായുടെ കൽപനപ്രകാരം ഈ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. 1947-ൽ മൽപാനച്ചൻ പൂന കൗളി മിഷൻ ആശ്രമത്തിൽ വിശ്രമാർത്ഥം പോയപ്പോൾ ഞാൻ ആക്ടിംഗ് പ്രിൻസിപ്പലായി ചാർജ് വഹിച്ചു. 1948 മെയിൽ മൽപാനച്ചൻ തിരികെ വരികയും തീമോത്തിയോസ് തിരുമേനി സെമിനാരി വിടുകയും ചെയ്തു. വൈദികനായിരിക്കുമ്പോൾ എന്റെ താമസം തൊട്ടടുത്തുള്ള ഞങ്ങളുടെ ഭവനത്തിലായിരുന്നതിനാൽ പകൽ സമയമെല്ലാം ഞാൻ സെമിനാരിയിൽ കാണുമായിരുന്നു. അദ്ധ്യാപനത്തിനു പുറമെ സെമിനാരിയിലെ വിദ്യാർത്ഥികളുടെ കൂടെ ബാഡ്മിന്റൺ, ഷട്ടിൽ കോക്ക്, കാരംസ് എന്നിവയും ഒരുമിച്ചു കളിക്കുമായിരുന്നു. പിന്നീട് പഴയസെമിനാരി സഭയ്ക്ക് സ്വതന്ത്രമായി കിട്ടിയ ശേഷമാണ് വൈദിക സെമിനാരി വീണ്ടും അങ്ങോട്ടു മാറ്റിയത്. അവിടെയും ചെറിയമഠത്തിലച്ചനും ഞാനും, ഫീലിപ്പോസ് അച്ചനും തുടർന്ന് പഠിപ്പിച്ചിരുന്നു. കൂടാതെ എം. വി. ജോർജ്ജച്ചനും (പിൽക്കാലത്ത് മാർ ഒസ്താത്തിയോസ്) മാവേലിക്കരക്കാരൻ കെ. എം. അലക്സാണ്ടറും അദ്ധ്യാപകരായി ചേർന്നു. ഇവരിരുവരും ജബൽപൂരിലെ ലിയോനാർഡ് (പ്രൊട്ടസ്റ്റന്റ്) കോളജിൽ നിന്നും പാസ്സായവരാണ്. 1949-ൽ ഇതര ജോലികൾക്കായി ചെറിയമഠത്തിലച്ചൻ സെമിനാരി വിട്ടപ്പോൾ കണ്ടനാട് ഇടവകയുടെ മാർ തിമോത്തിയോസ് തിരുമേനി വീണ്ടും സെമിനാരിയിലേക്കു വരികയും പ്രിൻസിപ്പലായി നിയമിക്കപ്പെടുകയും ചെയ്തു. തിരുമേനി ഒരു വർഷം പ്രിൻസിപ്പലായിരുന്നു. 1950-ൽ എന്നെ

വൈസ് പ്രിൻസിപ്പലായി നിയമിച്ചെങ്കിലും തീമോത്തിയോസ് തിരുമേനിയുടെ കൃത്യാന്തരബഹുലത നിമിത്തം ഒരു വർഷത്തേക്ക് ഞാൻ പ്രിൻസിപ്പലിന്റെ ചാർജ് വഹിക്കേണ്ടി വന്നു. 1951-ൽ ഞാൻ റമ്പാനായി. അനന്തരം തീമോത്തിയോസ് തിരുമേനി സെമിനാരി വിട്ടുപോകയും 1951 ജൂണിൽ ഞാൻ പ്രിൻസിപ്പലായി നിയമിക്കപ്പെടുകയും ചെയ്തു. തുടന്ന് 1966 വരെ ഞാൻ അവിടെ റമ്പാൻ, മെത്രാൻ, മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് പ്രിൻസിപ്പലായി പ്രവർത്തിച്ചിട്ടുണ്ട്. 1953-ൽ മെത്രാനായും 1959-ൽ മെത്രാപ്പോലീത്തായായും ഞാൻ അവരോധിക്കപ്പെട്ടു. അതിനു മുമ്പ് അയ്മേനി, ശെമ്മാശൻ, കശ്ശീശാ എന്നീ നിലകളിലും ഞാൻ വൈദിക സെമിനാരിയിൽ 1935 മുതൽ ദീർഘകാലം പഠിപ്പിച്ചിട്ടുണ്ട്. 1964-ൽ സെമിനാരി സെറാമ്പൂർ കോളജുമായി അഫിലിയേറ്റു ചെയ്യുകയും ബി.ഡി. ഡിഗ്രി ക്ലാസ്സുകൾ തുടങ്ങുകയും ചെയ്തു. 1966-ൽ 32 വർഷത്തെ അദ്ധ്യാപനവൃത്തിക്കുശേഷം ഞാൻ സെമിനാരി വിട്ടുപോന്നു.

കാനോൻ വിദഗ്ദ്ധൻ

ഞാൻ വൈദികസെമിനാരിയിലെ അദ്ധ്യാപനവൃത്തിയിലേർപ്പെട്ടിരുന്ന മൂന്നു ദശകങ്ങൾക്കുമേൽ നീളുന്ന കാലയളവിൽ, ഏകദേശം ഒരു വർഷത്തേക്കു 1941-42-ൽ ഇതിന് ഒരു ഹ്യസ്വകാല വിഘ്നം സംഭവിച്ചു എന്നും അതിനു നിദാനം സമുദായക്കേസ് സംബന്ധിച്ചുള്ള ജോലികളിൽ സഹായിക്കുന്നതിനായിരുന്നുവെന്നും മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സിൽ 1941-ൽ കാനോൻ വിദഗ്ദ്ധനായി ഞാൻ മൊഴി കൊടുത്തു. ഇതിനായി പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തന്നെയാണു എന്റെ പേരു നിർദ്ദേശിച്ചത്. ഉടൻതന്നെ, ഞാൻ അയ്മേനിയും ചെറുപ്പക്കാരനുമാണെന്നു പറഞ്ഞു. പഴയ സെമിനാരി മാനേജർ റ്റി. സി. ജേക്കബ് കത്തനാരും കൂടി ആവശ്യപ്പെട്ടതനുസരിച്ചു പൂതക്കുഴിയിൽ പി. റ്റി. അബ്രഹാം കത്തനാര് മൊഴി കൊടുക്കുന്നതിനു ബാവാ സമ്മതിച്ചു. എങ്കിലും പിന്നീടു പൂതക്കുഴിയിലച്ചന്റെ നാവിനു തളർച്ച ഭവിച്ചതിനാൽ പകരം ആളെ നിശ്ചയിക്കേണ്ടി വരികയും ബാവാ എന്റെ പേരു തന്നെ വീണ്ടും കല്പിച്ചതിനാൽ ഞാൻ ആ ചുമതല ഏറ്റെടുക്കേണ്ടി വരികയുമാണുണ്ടായത് (പാത്രിയർക്കീസ് പക്ഷത്തെ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാൻ 1938-ൽ കാതോലിക്കാ ബാവായ്ക്കും മറ്റും എതിരായി കോട്ടയം ജില്ലാക്കോടതിയിൽ കേസ്സു കൊടുത്തു. സ്പെഷ്യൽ ജഡ്ജി ബി. കൃഷ്ണയ്യരുടെ ബെഞ്ചിൽ നടന്ന അതിന്റെ വിസ്താരവേളയിൽ ഞാനും എറികാട്ടു ബേബിയും (പിന്നീട് സമുദായ സെക്രട്ടറിയായ ഇ. ജെ. ജോസഫ്) പാറമ്പുഴക്കാരനായ മറ്റൊരാളും കൂടി കോടതിയിൽ പോയി കേസ്സ് കേൾക്കുമായിരുന്നു. എങ്കിലും ആദ്യമായി മൊഴി കൊടുക്കുവാൻ പോയ ദിവസം അശുഭസൂചകമായ ഒരനുഭവം ഉണ്ടാകുകയും, ശുഭാശുഭ സൂചനകളെക്കുറിച്ചുള്ള ധാരണകൾ നിരർത്ഥകമാണെന്ന് ഒരിക്കൽകൂടി

തെളിയുകയും ചെയ്തു. കാതോലിക്കാഭാഗം അഭിഭാഷകനായ തെള്ളി വക്കീലിന്റെ ഭവനത്തിൽ വച്ചായിരുന്നു കോടതിക്രമങ്ങൾ എന്നെ പരിശീലിപ്പിച്ചത്. മൊഴി കൊടുക്കേണ്ടിയിരുന്ന ദിവസം വക്കീലും ഞാനും വിഷയത്തിന്റെ രസാനുഭൂതിയിൽ മുഴുകിയിരുന്നതിനാൽ സമയം അതിക്രമിച്ചതറിഞ്ഞില്ല. കോടതിയിൽ ഹാജരാകേണ്ടിയിരുന്ന സമയം പതിനൊന്നു മണിയായിരുന്നു. ചില ജഡ്ജിമാർ സമയം തെറ്റിവരികയും പതിവുണ്ടായിരുന്നു. പക്ഷേ അന്നേ ദിവസം ജഡ്ജി കൃത്യസമയം വരികയും കേസ്സു വിളിക്കുകയും ചെയ്തു. അപ്പോൾ ഞാനോ വക്കീലോ ഹാജരില്ലായിരുന്നു. ഞാൻ തിടുക്കത്തിൽ അടുത്തുള്ള എന്റെ ഭവനത്തിൽ ചെന്ന് ഭക്ഷണം കഴിച്ച് വസ്ത്രം മാറി വന്നപ്പോൾ "താൻ ഇത്രയും സമയം എവിടെയായിരുന്നു"വെന്ന് ജഡ്ജി ചോദിച്ചു. ഞാൻ ക്ഷമ പറഞ്ഞതിനുശേഷം "ഭക്ഷണം കഴിച്ച് തുണി മാറുവാൻ താമസിച്ചുപോയി" എന്നു പറഞ്ഞു. അപ്പോൾ കോടതിയിൽ കൃത്യസമയത്ത് വരേണ്ടതല്ലയോ എന്നും, താൻ പറഞ്ഞ ഉപശാന്തികളൊക്കെ തന്റെ മുത്തശ്ശിയോടു പറയേണ്ടതല്ലേയെന്നും പറഞ്ഞ് ജഡ്ജി എന്നെ ശാസിക്കുകയും ചെയ്തു. മാന്യതയുടെ മാനദണ്ഡങ്ങൾ അതിലംഘിക്കുന്ന ജഡ്ജിയുടെ പദപ്രയോഗം എന്നിൽ അസാമാന്യമായ കോപം ജ്വലിപ്പിച്ചെങ്കിലും സഭയ്ക്കു ദോഷം വരത്തക്കവണ്ണം എന്തെങ്കിലും പ്രവർത്തിക്കുവാൻ തക്ക പ്രകോപനം ഒഴിവാക്കുവാനായി ഞാൻ സംയമനം പാലിച്ച് മൗനം ദീക്ഷിച്ചു. കൂടാതെ എന്റെ ജ്യേഷ്ഠൻ ചെറിയാൻ വക്കീലും ആ ജഡ്ജിയും തമ്മിൽ നിലനിന്നിരുന്ന സൗഹാർദ്ദത്തെയും കുറിച്ച് ഞാൻ ചിന്തിക്കാതിരുന്നില്ല. തുടർന്ന് ഇത് കോടതിയാണെന്നു ചിന്തിച്ചുവേണം സംസാരിക്കുവാൻ എന്നു പറഞ്ഞ് ജഡ്ജി ആ വിഷയം വിടുകയും ജഡ്ജിയുടെ കോപം ശമിക്കുകയും ചെയ്തു. എന്നാൽ വിസ്താരവേളയിൽ പാത്രിയർക്കീസ് പക്ഷത്തെ പ്രഗത്ഭനായ ഒരു സാക്ഷിക്കുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ, ഈ സംഭവകഥനം തികച്ചും മൃദുലമായ ഒരനുഭൂതിയായി വെളിപ്പെട്ടു വരുന്നതാണ്. തിരുവല്ലാ മുനിസിപ്പാലിറ്റിയുടെ പ്രസിഡണ്ടായിരുന്ന കോടിയാട്ട് കെ. ജെ. ഏബ്രഹാമായിരുന്നു ഇദ്ദേഹം. തെള്ളി വക്കീലിന്റെ ക്രോസ്സുവിസ്താരത്തിൽ ഇദ്ദേഹം പല അബദ്ധങ്ങളും ജല്പിച്ചതിനാൽ ജഡ്ജി അയാളോട് വളരെ കോപിച്ച് സംസാരിക്കുകയും അയാൾ അത്യന്തം പരിഭ്രമിക്കുകയും തൽഫലമായി ശരീരഘടനയിൽ സ്വാഭാവികമായ പ്രഥമകൃത്യം കോടതിയിൽവച്ചു തന്നെ അയാൾക്ക് നിയന്ത്രണാതീതമായി അനുഭവപ്പെടുകയും ചെയ്തു.

കാനോൻ വിദഗ്ദ്ധനായി എന്നെ മൂന്നു ദിവസം വിസ്തരിച്ചു. ചീഫ്, ക്രോസ്, റീ എന്നീ വിസ്താരങ്ങളിലെ ചോദ്യങ്ങൾക്കു ഞാൻ സമുചിതമായും ഭംഗിയായും ഉത്തരം പറഞ്ഞു. ഈ കേസ്സിൽ കാതോലിക്കാഭാഗം ജയിച്ചതായി സ്പെഷ്യൽ ജഡ്ജി 18-1-43-ൽ പ്രഖ്യാപിച്ച വിധിന്യായത്തിൽ, എന്റെ മൊഴിയെ സ്പർശിക്കുന്ന പ്രസ്താവനകൾ തികച്ചും പ്രശംസാപൂർവ്വ

മായാണു രേഖപ്പെടുത്തിയിട്ടുള്ളത്. സമുദായക്കേസിനുവേണ്ടിയുള്ള എന്റെ സേവനങ്ങൾക്കു പൊതുവെയും കാനോൻ വിദഗ്ദ്ധനെന്ന നിലയിൽ ഞാൻ കൊടുത്ത മൊഴിക്ക് പ്രത്യേകവുമായുള്ള അഭിനന്ദനസൂചകമായി പ. ബാവാ തിരുമേനി എനിക്കു ഒരു സ്വർണ്ണമോതിരം സമ്മാനിക്കുകയുണ്ടായി. നമ്മുടെ സമുദായക്കേസ്, സഭാക്കേസ് എന്നിവയ്ക്കു പുറമെ മറ്റു പല കേസ്സുകളിലും മൊഴി കൊടുക്കുന്നതിനിടയായിട്ടുണ്ട്. മാർത്തോമ്മാ സഭയിലെ യൂഹാനോൻ മെത്രാപ്പോലീത്തായും കെ. എൻ. ദാനിയേലും തമ്മിലുണ്ടായ കേസ്സിൽ 1958 ഓഗസ്റ്റിലും, കൂടാതെ നിരണംപള്ളി വികാരി മട്ടയ്ക്കൽ ജോർജ് കത്തനാരുടെ കേസ്സ് എന്നിവയിലും കൊടുത്ത മൊഴികളെക്കുറിച്ചു അവയുടെ വിധിന്യായങ്ങളിൽ എനിക്കു എത്രയും അനുകൂലമായ പ്രസ്താവനകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

1942-ൽ എം.ഡി. സെമിനാരിയിൽ വൈദിക സെമിനാരി പുനരാരംഭിച്ച് നടത്തിവരവെ, പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയുടെയും യു.സി. കോളജ് പ്രിൻസിപ്പൽ എ. എം. വർക്കി തുടങ്ങിയവരുടെയും ഉത്സാഹഫലമായി സഭയുടെ വർക്കിംഗ് കമ്മിറ്റിയിൽ ഒരംഗമായി എന്നെ പ. ബാവാ തിരുമേനി നിയമിച്ചു. സ്ഥാനന്യായേന അതോടുകൂടി ഞാൻ മാനേജിംഗ് കമ്മിറ്റിയിലേയും മെമ്പറായി തീർന്നു. വകുപ്പടിസ്ഥാനത്തിൽ രൂപീകൃതമായ വർക്കിംഗ് കമ്മിറ്റി പുനഃസംഘടിക്കപ്പെട്ട അവസരമായിരുന്നു അത്. പള്ളിക്കെട്ടിടങ്ങളും ആരാധനയും എന്ന വകുപ്പാണു എന്നെ ഏൽപിച്ചത്. സഭയിലെ പ്രാർത്ഥനകളും ആരാധനയും കൂടുതൽ പ്രയോജനപ്രദവും ആകർഷകവുമാക്കുന്നതിനുവേണ്ടി പ. ബാവാ തിരുമനസ്സിലെ അനുമതിപ്രകാരം സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സഹായത്തോടുകൂടി ഞാൻ ആ ദൗത്യം യഥോചിതം നിർവ്വഹിച്ചു. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ബുധനാഴ്ച നമസ്കാരം, വി. കുർബ്ബാനയുടെ രണ്ടാം ഭാഗം, ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ, ഹൂത്തോമ്മാ, കൂദാശക്രമങ്ങൾ എന്നിവ ഞാൻ അക്കാലത്തു ഇപ്രകാരം രചിച്ചിട്ടുള്ള ആരാധനക്രമങ്ങളാണ്. 1949 ഫെബ്രുവരി 7 വരെ ഈ കമ്മിറ്റി കൂടിയിട്ടുണ്ട്. ഇതിനു പുറമെ 1966-ൽ വി. കുർബ്ബാനക്രമവും കുട്ടികൾക്കായുള്ള നിത്യപ്രാർത്ഥനക്രമവും വിദേശരാജ്യങ്ങളിൽ അധിവസിച്ചിരുന്ന സഭാംഗങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ മുൻനിർത്തി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു.

1945 ഓഗസ്റ്റ് 18-ാം തീയതി (1121 ചിങ്ങത്തിൽ) 39-ാമത്തെ വയസ്സിൽ പഴയസെമിനാരി ചാപ്പലിൽ വച്ചു പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് എനിക്ക് മസ്മുറോനോ ആയി ആദ്യം പട്ടം നൽകി. അടുത്ത ദിവസം തന്നെ ഓഗസ്റ്റ് 19-ാം തീയതി മറുരൂപപെരുന്നാൾ ദിവസത്തിൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു എനിക്കു ബാവാ തിരുമേനി തന്നെ പൂർണ്ണശെമ്മാശുപട്ടവും നൽകി. പട്ടമേറ്റതിൽ എന്നെ അനുമോദിച്ചുകൊണ്ട്

ഒരു സുഹൃത്ത് അയച്ച സന്ദേശത്തിൽ 'വൈദികവൃത്തിയിൽ പ്രവേശിച്ചതിൽ വളരെ സന്തോഷമുണ്ട്. അങ്ങ് ഇപ്പോൾ കയറിയത് ആദ്യപടിയാണ്. ഇനിയും പല പല പടികൾ കയറാനുണ്ട്. ദൈവം അങ്ങയെ വഴിനടത്തട്ടെ' എന്നു പറഞ്ഞിരുന്നു. പൗരോഹിത്യത്തിന്റെ അത്യുന്നത പദവിയിലേക്ക് എന്നെ ഉയർത്തിയ പിൽക്കാല സംഭവങ്ങൾ, ഈ സന്ദേശത്തിന് ഒരു പ്രവചനത്തിന്റെ പരിവേഷം നൽകിയിട്ടുണ്ട്. ഒരു വർഷത്തിനുശേഷം 1946 ഒക്ടോബർ 27-ാം തീയതി മാർ ഏലിയാ ചാപ്പലിൽ വച്ചു തന്നെ പ. ബാവാ തിരുമേനി, മാർ ഔഗേൻ തീമോത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ എനിക്ക് കശ്ശീശാപട്ടവും നൽകി. ബാവാ തിരുമേനിയുടെ പ്രീതിവാത്സല്യങ്ങളുടെ നിദർശനമായി ഒരു സെറ്റ് പൂജാപാത്രങ്ങൾ എനിക്ക് സമ്മാനമായി നൽകി. സ്വന്തം ഇടവകയായ മണർകാട്ട് മർത്തമറിയം പള്ളിയിലേക്കായിരുന്നു ഞാൻ പട്ടമേറ്റത്. അതിനും പുറമെ അവിടെ പരമ്പരാഗതമായി എന്റെ കുടുംബത്തിൽ നിന്നും വികാരിമാരായിരുന്നിട്ടുള്ളവർ ഉൾപ്പെടെ ഞാൻ വട്ടക്കുന്നേൽ കുടുംബത്തിലെ 28-ാമത്തെ പട്ടക്കാരനുമായിരുന്നു. എന്നിരുന്നാലും കാതോലിക്കാ ഭാഗത്തുനിന്നും പട്ടമേറ്റതിനാലും മണർകാട്ട് പള്ളിയിൽ കക്ഷിഭിന്നതകൾ നിലനിന്നിരുന്നതുകൊണ്ടും പൂർവ്വികന്മാരായ പട്ടക്കാരെപ്പോലെ മണർകാട്ടു പള്ളിയിൽ വി. കുർബ്ബാന ചൊല്ലുവാൻ ശ്രമിച്ചില്ല. ആസന്നഭാവിയിൽ സമാധാനം ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു മണർകാട്ട് പള്ളിയിലേക്കായി പട്ടമേറ്റത്. പക്ഷേ ഞാൻ എന്നെങ്കിലും മണർകാട്ട് പള്ളിയിൽ പോകണമെന്ന് എന്റെ അപ്പന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഞാനോ എന്റെ വീട്ടിൽ മറ്റാരെങ്കിലുമോ ഇപ്രകാരം ആഗ്രഹിച്ചിരുന്നില്ല. അതിനാൽ ഞാൻ കോട്ടയം മാർ ഏലിയാ ചാപ്പൽ വികാരിയെ സഹായിച്ചുകൊണ്ടിരുന്നു. ബി.ഡി. പാസ്സായശേഷം കശ്ശീശായാകുന്നതുവരെ ഏലിയാ ചാപ്പലിലെ സണ്ടേസ്കൂളിലും ചാപ്പൽ ഇടവകയിലെ ഇതര പ്രവർത്തനങ്ങളിലും ഞാൻ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ മുൻനിർത്തി പള്ളിയിൽ നിന്നും വെള്ളി മറുവഹ്സാ തുടങ്ങിയ വിലപിടിച്ച സാധനങ്ങൾ എനിക്ക് സമ്മാനമായി നൽകുകയുണ്ടായി.

വട്ടക്കുന്നേൽ പൂർവ്വകുടുംബക്കാർ കടത്തനാട്ടു നിന്നും 15-ാം ശതകത്തിൽ, അക്കാലത്ത് തെക്കുംകൂർ രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന തിരുവഞ്ചൂരിൽ അധിനിവേശം ആരംഭിച്ചതിനുശേഷം മണർകാട്ട് പള്ളിയുടെ പ്രാരംഭകാലം അതായത് എ.ഡി. 1585 മുതൽ മണർകാട്ട് പള്ളിയിൽ അവർക്ക് അംഗത്വമുണ്ടായിരുന്നു. അതിനു പുറമെ, കുടുംബത്തിൽ ഓരോ തലമുറയിലുണ്ടായിരുന്ന പട്ടക്കാർ അവിടെ വികാരിസ്ഥാനവും വഹിച്ചിരുന്നു. ഇപ്രകാരം 28-ാമത്തെ പട്ടക്കാരനായിരുന്ന എന്റെ അവകാശം കുടുംബ പ്രതിനിധിയെന്ന നിലയിൽ പരമ്പരാഗതമായി വിലമതിക്കപ്പെട്ടിരുന്ന ഒരു കുടുംബാവകാശമായിരുന്നു. കൂടാതെ പൗരോഹിത്യചര്യയിൽ നിന്നു ലഭ്യമായിരുന്ന

ആദായത്തിന്റെ കാര്യത്തിൽ മണർകാട്ട് പള്ളിക്ക് ഏറ്റവും മുമ്പന്തിയിൽ തന്നെ സ്ഥാനവുമുണ്ടായിരുന്നു. ഈദൃശ സാഹചര്യങ്ങളിൽ ആദർശപരവും തത്ത്വാധിഷ്ഠിതവുമായ എന്റെ നിലപാട് നിമിത്തം, പ്രസ്തുത അവകാശങ്ങൾ കൈവെടിയുവാനുള്ള തീരുമാനം, കുടുംബചരിത്രത്തിൽ സംഭവിച്ച മഹത്തായ ഒരു പരിത്യാഗം തന്നെയായിരുന്നു. എന്നാൽ ഈ പ്രതിസന്ധിയിൽ വട്ടക്കുന്നേൽ കുടുംബാംഗങ്ങൾ മൂല്യാധിഷ്ഠിതമായ എന്റെ നിലപാടിൽ എന്നോടുകൂടെ ഉറച്ചുനിന്നുവെന്ന വസ്തുത ഞാൻ അഭിമാനപുരസരം അനുസ്മരിക്കുന്നു. സത്യം, നീതി, വിശ്വസ്തത എന്നീ ക്രിസ്തീയ മൂല്യങ്ങൾ, എത്രയും ലാഭദായകമായ ഭൗതികാവകാശങ്ങളേക്കാൾ അഭികാമ്യമായി വട്ടക്കുന്നേൽ കുടുംബാംഗങ്ങൾ വിലമതിക്കുന്നുവെന്നതു നൂറ്റാണ്ടുകളിലായി ഈ കുടുംബക്കാർ പിന്തുടർന്നു പോന്നിട്ടുള്ള ക്രൈസ്തവ ധർമ്മശാസ്ത്രത്തിന് മകുടോദാഹരണമായി പരിലസിക്കുന്നു. സർവ്വോപരി, "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു" എന്ന് അരുളിച്ചെയ്ത നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിനുവേണ്ടി ഭവനങ്ങൾ, നിലങ്ങൾ ആദിയായ ഐഹിക നേട്ടങ്ങൾ ത്യജിച്ച് തന്നെ അനുഗമിക്കുന്നവർക്ക് ഇവയെല്ലാം നൂറുമടങ്ങ് ലഭിക്കുമെന്ന വാഗ്ദാനം (വി. മത്തായി 19:29) തന്റെ ശ്ലൈഹിക സിംഹാസനത്തിലേക്ക് എന്നെ ഉയർത്തിയതിൽ നിറവേറ്റിയിരിക്കുന്നുവെന്നതും, സങ്കീർത്തനക്കാരൻ 58:11-ൽ ഖണ്ഡിതമായി പറയുന്നപ്രകാരം "ആകയാൽ നീതിമാന് പ്രതിഫലമുണ്ട് നിശ്ചയം; ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവമുണ്ട് നിശ്ചയം എന്ന് മനുഷ്യർ പറയും" എന്ന വേദവാക്യം ഇക്കാര്യത്തിൽ പ്രത്യക്ഷമായി അന്വർത്ഥമായിരിക്കുന്നുവെന്നതും എത്രയും ദിവ്യാത്മപ്രചോദകമായ പരമാർത്ഥങ്ങളാണ്.

1948 ജൂൺ 27-നു കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നെ കോട്ടയം കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ വികാരിയായി നിയമിച്ചു. കൂടാതെ കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ സഭകളുടെ ലോകകൗൺസിൽ സമ്മേളനത്തിൽ സംബന്ധിക്കാൻ ആംസ്റ്റർഡാമിലേക്കു പോയപ്പോൾ തൽസ്ഥാനത്തേക്കു കോട്ടയം ചെറിയപള്ളി, പുത്തൻപള്ളി, കുരിശുപള്ളി എന്നിവയുടെ വികാരിയായി 1948 ഏപ്രിൽ 15-നു ഞാൻ നിയമിക്കപ്പെട്ടു. ഡിസംബറിൽ ഫാ. ഫീലിപ്പോസ് തിരിച്ചുവന്നു ചുമതലകൾ തിരിച്ചെടുക്കുന്നതുവരെ സെമിനാരി സംബന്ധമായ കർത്തവ്യങ്ങൾക്കു പുറമെ ഞാൻ ഈ സ്ഥാനവും വഹിച്ചു."

ഈ ചുരുങ്ങിയ കാലഘട്ടത്തിൽ വൈദികനെന്ന നിലയിൽ ഫാ. മാത്യൂസ് വളരെയധികം തിളങ്ങിയിരുന്നു. കോട്ടയം കാരാപ്പുഴ ചാപ്പലിലായിരുന്നു വിശുദ്ധ കുർബ്ബാന അർപ്പിച്ചു വന്നത്. ആരാധനയിലെ ഏകാഗ്രത, കുർബ്ബാന മദ്ധ്യേയുള്ള ആശയനിർഭരമായ പ്രഭാഷണം എന്നിവ എല്ലാവരെയും ആകർഷിച്ചിരുന്നു. "വട്ടക്കുന്നേലച്ചന്റെ കുർബ്ബാന വളരെ ആകർഷണീയമാണ്.

പ്രസംഗവും ശ്രദ്ധാർഹമാണ്. പ്രസംഗം ഞാൻ ഏലിയാ ചാപ്പലിൽ അച്ചന്റെ കുർബ്ബാനയുള്ള ദിവസങ്ങളിൽ നഷ്ടപ്പെടുത്താറില്ല." മലങ്കരസഭയുടെ അനിഷേധ്യ അവൈദികനേതാവായിരുന്ന കെ. സി. മാമ്മൻ മാപ്പിള ഇങ്ങനെ പറഞ്ഞതായി അതു കേട്ട സി. പി. ജോർജ് കുഴിമറ്റം ഒരു ലേഖനത്തിൽ എഴുതിയിരുന്നു.

ഒരിക്കൽ സുറിയാനി ആരാധന റിക്കാർഡു ചെയ്യാൻ വന്ന ഒരു വിദേശ സംഘം മാർ ഏലിയാ ചാപ്പൽ വികാരി വാളനടിയിൽ ഫാ. റ്റി. എസ്. തോമസിന്റെയും വി. കെ. മാത്യൂസിന്റെയും സുറിയാനി ഗാനങ്ങളാണു റിക്കാർഡു ചെയ്തത്. ഇതിൽനിന്നു ഇവരുടെ ആരാധനയുടെ മാധുര്യം മനസ്സിലാക്കാവുന്നതേയുള്ളു. പ്രഭാഷണം എഴുതുന്നതിലും ചെയ്യുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്ന അച്ചന്റെ പ്രൗഢഗംഭീരങ്ങളായ പ്രതിവാര പ്രഭാഷണങ്ങൾ 1946-ൽ ചർച്ചു വീക്കിലി ആരംഭിക്കുമ്പോൾ മുതൽ ദീർഘകാലം അതിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. സഭയുടെ ആണ്ടടക്കമുള്ള വേദവായനക്രമത്തെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത പ്രഭാഷണങ്ങൾ തയ്യാറാക്കി വന്നത്.

1943-ലെ സമുദായകേസ് വിധിയിൽ പരാജയപ്പെട്ട പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും 1946 ഓഗസ്റ്റ് 8-ാം തീയതി ഒന്നിനെതിരെ രണ്ട് ജഡ്ജിമാർ അപ്പീലനുവദിക്കുകയും ചെയ്തു. ഇതിനെതിരെ കാതോലിക്കാഭാഗം കൊടുത്ത റിവ്യൂ ഹർജി തിരു-കൊച്ചി ഹൈക്കോടതി 1951 ഡിസംബർ 21-ാം തീയതി തള്ളിക്കളഞ്ഞു. അനന്തരം ഇന്ത്യൻ ഭരണഘടനയുടെ 136-ാം വകുപ്പുപ്രകാരം സുപ്രീംകോടതിയിൽ പ്രത്യേകാനുമതി അപ്പീലിനപേക്ഷിക്കുകയും 1952 ഏപ്രിൽ 14-ാം തീയതി അപ്പീലനുമതി ലഭിക്കുകയും ചെയ്തു. ഇതപര്യന്തം വ്യവഹാരത്തിൽ അടിക്കടി തോൽവി ഭവിച്ചുകൊണ്ടിരുന്നതിനാൽ സഭാന്തരീക്ഷത്തിൽ പൊതുവെ നിരാശ നിഴലിക്കുകയും സഭാമക്കൾ നിർവീര്യരാകയും ചെയ്തിരുന്നു. ഈ പതനത്തിൽ സഭയിൽ ഒരു ആദ്ധ്യാത്മിക ഉണർവും, വീറും ഉദ്ദീപിപ്പിക്കുവാനായി സഭാകേന്ദ്രത്തിൽനിന്നും രൂപവൽക്കരിച്ച പദ്ധതികളുടെ നടത്തിപ്പിനു നേതൃത്വം നൽകുവാൻ ഫാ. വി. കെ. മാത്യൂസിനു അവസരം ലഭിച്ചു. മലങ്കര സഭാമാസിക, ചർച്ച് വീക്കിലി എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസംഘത്തിൽ അംഗമായി പ്രവർത്തിച്ചു സഭാസംബന്ധമായ അനേകം ലേഖനങ്ങൾ എഴുതുകയും കൂടാതെ സഭാസേവകൻ എന്ന വാരിക 1950 ഏപ്രിലിൽ ഇസ്സഡ്. എം. പാറേട്ടിന്റെ പ്രധാന ചുമതലയിൽ ആരംഭിച്ചപ്പോൾ അതിന്റെ സഹപത്രാധിപർ എന്ന നിലയിൽ എതിർഭാഗത്തെ ജിഹ്വയായ സഭാചന്ദ്രികയുടെ പത്രാധിപരായിരുന്ന കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായുമായി ഭിന്നാഭിപ്രായമുള്ള വിഷയങ്ങളിൽ കാതോലിക്കാ ഭാഗത്തിനനുകൂലമായി സംവാദത്തിലേർപ്പെട്ട്, കാതോലിക്കാഭാഗത്തിന്റെ നിലപാടിലെ സത്യവും നീതിയും നിയമസാധുതയും സഭാംഗങ്ങ

ളുടെ മുമ്പാകെ വെളിപ്പെടുത്തുകയും, തൽഫലമായി സഭാമക്കളുടെ ഐക്യ ദാർഢ്യം സഫലീഭവിക്കുകയും ചെയ്തു. ഇപ്രകാരം സഭാംഗങ്ങളെ ബുദ്ധി പരമായും വൈകാരികമായും സുസ്ഥിരമാക്കിക്കൊണ്ടിരുന്ന അവസരത്തി ലായിരുന്നു റിവ്യൂഹർജി തള്ളിക്കളഞ്ഞുകൊണ്ടുള്ള തിരു-കൊച്ചി ഹൈക്കോ ടതിയുടെ എത്രയും നിരാശാജനകമായ വിധിയുടെ കനത്ത ആഘാതം സഭാ ഗാത്രത്തിന്മേൽ നിപതിച്ചത്. സഭാമക്കൾ ഭഗ്നാശരാകാതെ കൂറും, സഹന ശക്തിയും വിശ്വസ്തതയും അഭംഗുരം പാലിച്ചു സത്യസഭയിൽ ഉറച്ചുനിൽക്കു വാൻ അവരെ പ്രാപ്തരാക്കി. ആ സമയം പ. കാതോലിക്കാ ബാവാ ഉത്തരേ ന്ത്യൻ പര്യടനത്തിലായിരുന്നു. കൽക്കട്ടയിൽ വച്ച് കേസ് തോറ്റതായി അറിഞ്ഞ പ. ബാവാ തിരുമേനി ഉടനെ തന്നെ അയച്ച കമ്പി സന്ദേശം ഇപ്ര കാരമായിരുന്നു: "ദുഃഖവെള്ളിയാഴ്ച സത്യത്തെ കുരിശ്ശിൽ തറച്ചു. ഞായ റാഴ്ച താൻ ഉയിർത്തെഴുന്നേറ്റു." കേസ് വിധിച്ചത് ഒരു വെള്ളിയാഴ്ചയാ യിരുന്നു. തിരുമേനിയുടെ സന്ദേശത്തിൽ സുനിശ്ചിതമായി മുന്നറിയിച്ചിരുന്ന പ്രകാരം 1958 സെപ്റ്റംബർ 12-ാം തീയതിയിലെ സുപ്രീംകോടതി വിധിയുടെ ഫലമായി സത്യം ഉയിർത്തെഴുന്നേൽക്കുകയും പ്രസ്തുത പ്രവചനം നിറ വേറുകയും ചെയ്തു.

രണ്ടാം സത്യം

പ്രതികൂലമായ വിധി അറിഞ്ഞ തിരുമേനി ഉടൻ നാട്ടിലേക്ക് തിരിച്ചു. മടക്ക യാത്രയിൽ സംസ്ഥാനത്തിൽ പ്രവേശിച്ചശേഷം അടൂർ മുതൽ കോട്ടയം വരെ പ. ബാവാ തിരുമേനിക്ക് ലഭിച്ച വരവേൽപ്പ് വർണ്ണോജ്ജ്വലവും, പ്രൗഢഗംഭീ രവും തികച്ചും അഭൂതപൂർവ്വവുമായിരുന്നു. നാനാപ്രകാരേണയും ഒരു രാജ കീയ ജൈത്രയാത്രയുടെ പ്രതീതി ജനിപ്പിക്കുന്ന ആ വരവേൽപ് സഭാചരി ത്രത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. തോൽവിയെ വിജ യമാക്കി രൂപാന്തരപ്പെടുത്തിയ ആ മഹാസംഭവത്തെക്കുറിച്ച് അന്ന് ശെമ്മാ ശനായിരുന്ന മക്കാറിയോസ് മെത്രാപ്പോലീത്താ 1986 ആഗസ്റ്റിലെ മലങ്കര സഭാ മാസികയിൽ "സത്യപ്രതിജ്ഞയ്ക്ക് പിമ്പിൽ" എന്ന ശീർഷകത്തിൽ എത്രയും ഹൃദയസ്പർശിയായ രീതിയിൽ വിവരിച്ചിട്ടുണ്ട്. അതിലെ പ്രസ ക്തമായ ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:

"കോട്ടയത്ത് നമ്മുടെ വൈദിക സെമിനാരിയിൽ (അന്ന് എം.ഡി. സെമി നാരി) ഞാൻ ഒരു നാലാം വർഷ വിദ്യാർത്ഥിയായിരുന്നു. ശെമ്മാശ പട്ടമേ റ്റിട്ട് ഏതാനും മാസങ്ങളെ ആയിരുന്നുള്ളു. 1951-ലെ ക്രിസ്തുമസ് അവധിക്ക് ഡിസംബർ 21-ാം തീയതി ... വീട്ടിലേക്കുള്ള യാത്രയ്ക്ക് ഞങ്ങളെല്ലാവരും തയ്യാറായി കഴിഞ്ഞ ശേഷമാണ് ... വിതയത്തിലിന്റെ വിധിയെന്നറിയപ്പെ ടുന്ന കേരള ഹൈക്കോടതി (യഥാർത്ഥത്തിൽ തിരു-കൊച്ചി ഹൈക്കോടതി വിധിയുടെ) വിവരങ്ങൾ മനോരമയിൽ ലഭിച്ചത്. അവിടെ നിന്നും അന്ന്

വൈദിക സെമിനാരിയുടെ പ്രിൻസിപ്പലായിരുന്ന വി. കെ. മാത്യൂസ് റമ്പാനെ (പിന്നീട് കാതോലിക്കാ ബാവാ തിരുമേനി) അറിയിക്കുകയും ചെയ്തു. വെള്ളിടി വെട്ടിയതുപോലെയുള്ള അനുഭവമായിരുന്നു അത്. ...”

അനന്തരം ശെമ്മാശൻ മാത്യൂസ് റമ്പാന്റെ നിർദ്ദേശപ്രകാരം പഴയസെമിനാരിയിലേക്കു പോയി കാര്യങ്ങൾ വിവരിച്ചശേഷം ഇപ്രകാരം തുടരുന്നു.

“പഴയസെമിനാരിയിലെത്തി മാനേജരച്ചനേയും (ഫാ. റ്റി. സി. ജേക്കബ്) മണലിലച്ചനെയും (മണലിൽ യാക്കോബ് കത്തനാർ) കണ്ട് സംസാരിച്ചു. അടുത്ത ദിവസംതന്നെ പഴയസെമിനാരിയിൽ ഒരു നേതൃസമ്മേളനം കൂടണമെന്നും അതിന് വി. കെ. മാത്യൂസ് റമ്പാൻ നേതൃത്വം നൽകണമെന്നും പൊതുവെ അഭിപ്രായമുള്ളതായി അവരിൽ നിന്നും ഗ്രഹിക്കുകയും എം.ഡി. സെമിനാരിയിൽ മടങ്ങിച്ചെന്ന് ആ വിവരം റമ്പാച്ചനെ ധരിപ്പിക്കുകയും ചെയ്തു. അടുത്ത ദിവസംതന്നെ നേതൃസമ്മേളനം പഴയസെമിനാരിയിൽ വച്ച് റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. കൽക്കട്ടയിൽ നിന്നു മടങ്ങിയെത്തുന്ന പ. ബാവാ തിരുമേനിക്ക് ആയിരം കാറുകളുടെ അകമ്പടിയോടെ കൊട്ടാരക്കര നിന്നും കോട്ടയത്തേയ്ക്ക് ഒരു സ്വീകരണം നൽകണമെന്നും, തിരുമേനി തിരിച്ചെഴുന്നള്ളുമ്പോൾ താമസത്തിന് മനോഹരമായ ഒരു പുതിയ അരമനക്കെട്ടിടം ഉണ്ടാക്കണമെന്നും തീരുമാനിച്ചു. മേൽപ്പറഞ്ഞ വൻകാര്യങ്ങളെല്ലാം സാധിതപ്രായമാകുന്നതിന് ഏതാനും ദിവസങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. തോറ്റ്, നിലംപരിശായി വീണെന്നു കരുതിയിരുന്ന ഒരു സമുദായം ഇതെങ്ങനെ സാധിക്കുവാൻ പോകുന്നുവെന്ന് പലരും സംശയിച്ചു. പക്ഷേ വി. കെ. മാത്യൂസ് റമ്പാച്ചന്റെ സുധീരമായ നേതൃത്വവും ആത്മധൈര്യവും, പരാജയബോധത്തിന്റെ നിദ്രയിൽ നിന്നും സഭാംഗങ്ങളെ തട്ടിയുണർത്തി. തളർന്നുപോയെന്നു വിചാരിച്ചിരുന്ന സിരകളിൽ അദ്ദേഹം വിശ്വാസത്തിന്റെയും ധീരതയുടെയും ആത്മവീര്യം കുത്തിവച്ചു. അത് സഭാംഗങ്ങളെ പ്രബുദ്ധരാക്കി. ബാവായുടെ കൽക്കട്ടായിൽ നിന്നുമുള്ള ആഗമനദിനം അടുത്തുവരുംതോറും തങ്ങളുടെ എല്ലാമായിരുന്ന ആ പുണ്യപുരുഷന് കേരളം അതുവരെ ദർശിച്ചിട്ടില്ലാതിരുന്ന വമ്പിച്ച സ്വീകരണം നൽകുന്നതിനുള്ള വ്യാപകമായ ഒരുക്കങ്ങൾ നാടെങ്ങും ആരംഭിച്ചു കഴിഞ്ഞിരുന്നു. കൊട്ടാരക്കര മുതൽ കോട്ടയം വരെയുള്ള രാജവീഥികൾ തോരണങ്ങളുടെയും, കമാനങ്ങളുടെയും, അലങ്കാരങ്ങളുടെയും പ്രളയമായി മാറിക്കഴിഞ്ഞിരുന്നു. സമ്മേളനത്തിന് മാർ ഏലിയാ ചാപ്പലിന്റെ (ഇന്ന് ഏലിയാ കത്തീഡ്രൽ) മുൻവശത്തുള്ള മൈതാനം സജ്ജമാക്കുന്നതിന് കോട്ടയത്തുള്ള യുവജനങ്ങൾ ചുറുചുറുക്കോടെ അദ്ധ്വാനിച്ചു. ഈ ഒരുക്കങ്ങളെപ്പറ്റി ദിനംതോറും മനോരമയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ഔദ്യോഗിക പ്രസ്താവനകളും വാർത്തകളും ജനങ്ങൾക്ക് ആവേശം പകർന്നു കൊടുത്തു. വട്ടക്കുന്നേൽ മാത്യൂസ് റമ്പാച്ചന്റെ നിർദ്ദേശപ്രകാരം മേൽപറഞ്ഞ വാർത്തകളും

പ്രസ്താവനകളും എഴുതിയുണ്ടാക്കി എല്ലാ ദിവസവും സന്ധ്യയ്ക്ക് മനോരമയിൽ പോയി കെ. സി. മാമ്മൻ മാപ്പിളയെ വായിച്ചു കേൾപ്പിച്ച് അംഗീകാരം വാങ്ങി പ്രസ്സിൽ കൊടുക്കുന്ന ചുമതല എന്നിൽ തന്നെയാണ് വന്നുചേർന്നത്. ... സ്വീകരണത്തിന്റെ തലേരാത്രി റമ്പാച്ചൻ എന്നെ വിളിച്ച് സ്വീകരണ സമ്മേളനത്തിൽ സംബന്ധിക്കുന്ന ജനലക്ഷങ്ങൾ ഏറ്റുചൊല്ലുന്നതിന് ഒരു സത്യപ്രതിജ്ഞാവാചകം എഴുതിയുണ്ടാക്കണമെന്നാവശ്യപ്പെട്ടു. ... സത്യപ്രതിജ്ഞാവാചകം പലവുരു എഴുതി റമ്പാച്ചനെ വായിച്ചു കേൾപ്പിച്ച് മാറ്റങ്ങളും തിരുത്തലുകളും വരുത്തി അവസാനരൂപം കൊടുത്തു കഴിഞ്ഞപ്പോഴേക്കും രാത്രിയുടെ മദ്ധ്യയാമം പിന്നിട്ടു. ... 'ഓർത്തഡോക്സ് സഭയുടെ ചൈതന്യം ജ്വലിക്കുന്നു' എന്ന് അടുത്ത ദിവസത്തെ പത്രങ്ങൾ വിശേഷിപ്പിച്ച അടൂർ മുതലുള്ള സ്വീകരണ ഘോഷയാത്ര കോട്ടയത്തെത്തിയപ്പോഴേക്കും എം.ഡി. സെമിനാരിയും പരിസരങ്ങളും ഒരു മനുഷ്യ മഹാസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. പ്രതിജ്ഞാവാചകം വായിക്കുന്നതിനുള്ള സമയം. രണ്ടാം കൂനൻ കുരിശു സത്യപ്രതിജ്ഞയെന്ന് വിഖ്യാതി സമ്പാദിച്ച താഴെ പറയുന്ന സത്യപ്രതിജ്ഞ റമ്പാച്ചൻ ചൊല്ലിക്കൊടുക്കുകയും ജനലക്ഷങ്ങൾ എഴുന്നേറ്റുനിന്ന് അത് ഉറച്ച ശബ്ദത്തിൽ ഏറ്റുചൊല്ലുകയും ചെയ്തു. 'മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ആവർത്തിച്ച് പ്രഖ്യാപനം ചെയ്യുകയും, ആ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷചിഹ്നമായ പരിശുദ്ധ കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്തതികളും എന്നാളും നിലനിൽക്കുന്നതാണെന്ന് ദൈവതിരുനാമ മുമ്പാകെ പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു." ആ മനുഷ്യമഹാസമുദ്രം 1951 ഡിസംബർ 31-ാം തീയതി ചൊല്ലിക്കൊടുത്തപ്രകാരം പ്രതിജ്ഞാവാചകം ഏറ്റുചൊല്ലുകയും അന്നേക്ക് ഏകദേശം 300 വർഷങ്ങൾക്ക് മുമ്പ് 1653-ൽ നടന്ന ഒന്നാം കൂനൻകുരിശു സത്യത്തിന് സമാനമായ മറ്റൊരു സർവ്വജന സത്യപ്രതിജ്ഞയായി ഈ മഹാസംഭവത്തിന് സഭാചരിത്രത്തിൽ സ്ഥാനം ലഭിക്കുകയും ചെയ്തു."

മെത്രാപ്പോലീത്താ

സമുദായക്കേസ് സംബന്ധിച്ച തിരു-കൊച്ചി ഹൈക്കോടതിയിൽ നിന്നുള്ള പ്രതികൂല വിധിയുടെ പശ്ചാത്തലത്തിൽ സഭാംഗങ്ങൾക്കു നവോന്മേഷം പകരാനും സഭയുടെ എപ്പിസ്കോപ്പൽ നേതൃനിരയിൽ ശക്തരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനുംവേണ്ടി 1951 മെയ് 17-നു മലങ്കര മെത്രാപ്പോലീത്താ കൂടിയായ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ വിളിച്ചുകൂട്ടിയ മലങ്കര അസോസിയേഷൻ ഫാ. പി. ഇ. ദാനിയേൽ, ഫാ. വി. കെ. മാത്യൂസ് എന്നിവരെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1951 സെപ്റ്റംബർ 21-നു രണ്ടു പേർക്കും റമ്പാൻ സ്ഥാനം നൽകി. ഇവരെയും വളരെ നേരത്തെ തെരഞ്ഞെടുത്തിരുന്നിട്ടും സ്ഥാനം സ്വീകരിക്കാതിരുന്ന പാറേട്ട് മാത്യൂസ് കത്തനാരെയും ബാവാ തന്നെ നാമനിർദ്ദേശം ചെയ്ത് പിന്നീട് മലങ്കര

അസോസിയേഷൻ അംഗീകരിച്ച മൂക്കഞ്ചേരിൽ എം. പി. പത്രോസ് റമ്പാൻ, ഫാ. ഇ. മാത്യൂസ് എന്നിവരെയും 1953 മെയ് 15-നു ഗീവറുഗീസ് രണ്ടാമൻ ബാവാ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു മെത്രാൻ സ്ഥാനത്തേക്കു ഉയർത്തിയപ്പോൾ മലങ്കരസഭയ്ക്കു ഒരു പുതുശക്തി ലഭിച്ചു. നമ്മുടെ കഥാ പുരുഷനു മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരാണു നൽകപ്പെട്ടത്. ആദ്യം കോട്ടയം ഇടവകയുടെ അസിസ്റ്റന്റായി നിയമിക്കാൻ തീരുമാനിച്ചു എങ്കിലും അതു മാറ്റി 1960-ൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതലയാണു നൽകപ്പെട്ടത്. ഏഴു വർഷം സാധാരണ ഭദ്രാസന ഭരണം ലഭിച്ചില്ലെങ്കിലും അതിനേക്കാൾ ഉത്തരവാദിത്വമേറിയ സ്ഥാനങ്ങൾ വഹിക്കേണ്ടി വന്നു. 1955-ൽ ബാവാ കാതോലിക്കേറ്റ് ഓഫീസിന്റെ മേൽനോട്ടം ഭരമേൽപിച്ചു. അങ്ങനെ സഭാകേന്ദ്രത്തിന്റെ നിയന്ത്രണം മാർ അത്താനാസ്യോസിന്റെ കരങ്ങളിൽ എത്തി. വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി, മലങ്കര അസോസിയേഷൻ എന്നിവയുടെ നടത്തിപ്പിൽ ബാവായെ സഹായിക്കേണ്ട ചുമതലയും വഹിക്കേണ്ടി വന്നു. ഇതെല്ലാം കാര്യക്ഷമമായി നടത്തുന്നതിനുള്ള കഴിവ് മാർ അത്താനാസ്യോസ് അസൂയാർഹമാംവിധം പ്രകടിപ്പിച്ചു. സഭാസമാധാനത്തെ തുടർന്നു പുത്തൻകാവിൽ 1958 ഡിസംബർ 26-നു ചേർന്ന സംയുക്ത അസോസിയേഷൻ ആദ്യന്തം നിയന്ത്രിക്കുന്നതിനുള്ള ചുമതലയും ബാവാ നൽകി. ഈ യോഗമാണ് മണലിൽ യാക്കോബ് കത്തനാരെയും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും ട്രസ്റ്റിമാരായി തെരഞ്ഞെടുത്തത്. പിന്നീട് പല സുപ്രധാനയോഗങ്ങളും ബാവായ്ക്കുവേണ്ടി നിയന്ത്രിക്കേണ്ടി വന്നു. ഭരണകാര്യങ്ങൾ സംബന്ധിച്ചു താൽക്കാലിക ക്രമീകരണങ്ങൾ ചെയ്യാൻ വേണ്ടി 12-1-59, 16-1-59 എന്നീ തീയതികളിൽ ചേർന്ന മേൽപട്ടക്കാരുടെ സമ്മേളനം, അസംതൃപ്തരായ പാത്രിയർക്കീസ് പക്ഷക്കാരെ സമാധാനപ്പെടുത്തുന്നതിനായി 12-2-59-ൽ കൂടിയ നേതൃസമ്മേളനം, 20-2-59-ൽ കൂടിയ മാനേജിംഗ് കമ്മിറ്റി, 21-2-59-ൽ കൂടിയ സുന്നഹദോസ്, 15-9-59-ൽ കൂടിയ മാനേജിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി 16-1-69-ൽ എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ യോഗം, സഭാ പുരോഗമന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റികളെ നിശ്ചയിക്കുവാനായി 18-2-1960-ൽ പഴയസെമിനാരിയിൽ കൂടിയ പുതിയ മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമയോഗം, പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കു എതിരായി ശിക്ഷണ നടപടികൾക്കായി 28-4-60; 27-5-60; 7-6-60 തീയതികളിൽ കൂടിയ സുന്നഹദോസ് എന്നീ യോഗങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. 1959 ജൂലൈ 12-ാം തീയതി പഴയസെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഓർമ്മ ദിവസം പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ അത്താനാസ്യോസിനെ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് ഉയർത്തി. കൂടാതെ 28-4-60-ൽ കൂടിയ സുന്നഹദോസ് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധിയായി

വർക്കിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. ആ നിലയിൽ വർക്കിംഗ് കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷസ്ഥാനം ലഭിച്ചു. അന്നേ ദിവസം കൂടിയ മാനേജിംഗ് കമ്മിറ്റി സഭയുടെ റൂൾ കമ്മിറ്റിയുടെ പ്രസിഡണ്ടായും കൂടാതെ കാതോലിക്കേറ്റിന്റെ കീഴിലുള്ള സ്കൂളുകൾ ഒരു കോർപറേറ്റിന്റെ കീഴിൽ 1954-ൽ സംവിധാനം ചെയ്തപ്പോൾ അതിലെ മാനേജ്മെന്റ് ബോർഡിന്റെ പ്രസിഡണ്ടായും 14-5-54-ൽ നിയമിച്ചു. ഡിസംബർ 1955 വരെ ആ ചുമതല വഹിച്ചു. 1958 ഓഗസ്റ്റ് 30-നു പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ മാനേജ്മെന്റിനായി നിയോഗിച്ച സ്പെഷ്യൽ കമ്മിറ്റിയുടെ പ്രസിഡണ്ടായും നിയമിച്ചു. ഒരു വർഷം ആ സ്ഥാനത്ത് തുടർന്ന് പ്രവർത്തിച്ചു. കാതോലിക്കേറ്റ് ആഫീസ് നടത്തിപ്പിന്റെ ചുമതല നിർവ്വഹണം കാതോലിക്കാ ബാവായുടെ കൽപനകൾ, പള്ളികളിലും സഭാസ്ഥാപനങ്ങളിലുമുണ്ടാകുന്ന ഭിന്നതകൾ, സഭ വക ആതുരാലയങ്ങൾ, ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഭരണഘടനാ ഭേദഗതികൾ, വരവുചിലവ് കണക്കുകൾ മുതലായ കാര്യങ്ങൾ കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് സഭാംഗങ്ങളിൽ പൊതുവെ മതിപ്പും അഭിനന്ദനവും വർദ്ധിപ്പിക്കാനും മെത്രാപ്പോലീത്തായ്ക്കു സാധിച്ചു.

സുപ്രീംകോടതി വിധിയെ തുടർന്ന് 1958-ൽ ഉണ്ടായ സഭാസമാധാനത്തിനുശേഷം ചേർന്നിട്ടുള്ള സുപ്രധാനങ്ങളായ എപ്പിസ്കോപ്പൽ സുന്നഹദോസുകളുടെയും മലങ്കര അസോസിയേഷനുകളുടെയും മാനേജിംഗ് കമ്മിറ്റികളുടെയും നടത്തിപ്പിൽ കാതോലിക്കാബാവായുടെ നിർദ്ദേശാനുസരണം നേതൃത്വം നൽകിയിട്ടുള്ളത് മാത്യൂസ് മാർ അത്താനാസ്യോസാണ്. 1960-ൽ അദ്ദേഹത്തെ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിച്ചു. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ചിതറിപ്പാർത്തുകൊണ്ടിരുന്ന സുറിയാനി സഭാംഗങ്ങളെ വല്ലപ്പോഴും സന്ദർശിച്ചു വന്നത് സ്ലീബാദാസ സമൂഹാദ്ധ്യക്ഷനായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹം തന്റെ ഇന്ത്യൻ മിഷനറി യാത്രകളിൽ സുറിയാനിക്കാരെ കാണുകയും അവരുടെ ആത്മിക ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ ഇതിനകം ഇടവകകളും ഉടലെടുത്തിരുന്നു. പിന്നീട് ബാഹ്യകേരള ഭദ്രാസനത്തിനു രൂപംനൽകിയപ്പോൾ ബഥനിയുടെ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ആയിരുന്നു ചുമതല വഹിച്ചത്. പ്രായാധിക്യം കൊണ്ടു ഭദ്രാസനഭരണം നടത്താൻ കഴിയാതെ വന്നപ്പോൾ നിയമിക്കപ്പെട്ട മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഭരണകാലത്താണ് ബാഹ്യകേരള ഭദ്രാസനം ഇന്നത്തെ നിലയിൽ ഉയർന്നതും 150-ൽ പരം പള്ളികളുള്ള പല ഭദ്രാസനങ്ങളായി വളർന്നതും. മലങ്കരസഭയിലെ ഏറ്റവും വലിയ ഇടവകയെന്നു വിശേഷിപ്പിക്കപ്പെടുന്ന ബോംബെ ദാദർ ഇടവകയും ബാഹ്യകേരളത്തിലാണെന്ന് ഓർക്കണം. മാത്യൂസ് മാർ അത്താനാസ്യോസും തന്റെ അരുമ ശിഷ്യന്മാരായ പ്രമുഖ വൈദികരും ചേർന്നാണു

ബാഹ്യകേരളത്തെ മലങ്കരസഭയുടെ തിലകക്കുറിയാക്കിയതെന്നും സാഭി മാനം പറയാൻ സാധിക്കും.

ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ 1974-ൽ തന്റെ കീഴിലുള്ള പള്ളികൾക്കു കോട്ടയത്തു നിന്ന് അയച്ചുകൊടുത്ത താഴെപ്പറ യുന്ന കത്തിൽ മലങ്കരസഭയുടെ ആധുനിക നിലയെന്തെന്നു പറഞ്ഞിരുന്നു. “നാട്ടിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചു നിങ്ങൾ അറിയുന്നതു പത്രങ്ങളിൽ നിന്നും ഇവിടെ നിന്നും ലഭിക്കുന്ന കത്തുകളിൽ നിന്നുമായിരിക്കുമല്ലോ. ആദ്യം തന്നെ നമുക്കു നിങ്ങളെ ഗുണദോഷിക്കുവാനുള്ളതു പത്രറിപ്പോർട്ടു കളെ ആശ്രയിച്ചു മലങ്കരസഭാകാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരു മാനിക്കരുത് എന്നാണ്. കേരളത്തിൽ നിന്നും പുറത്തു നിന്നും പുറപ്പെടുന്ന ഇംഗ്ലീഷ്-മലയാളം പത്രങ്ങളിൽ വരുന്നതായ വാർത്തകൾ പലപ്പോഴും അവാ സ്തവങ്ങളും അബദ്ധങ്ങളും അയഥാർത്ഥങ്ങളുമാണെന്നുള്ളതാണു സത്യാ വസ്ഥ. പ്രചരണം ഒരു തന്ത്രമാകയാൽ സഭയുടെ എതിരാളികൾ അതു വേണ്ടവണ്ണം ഉപയോഗിച്ചു നമ്മുടെ ആളുകളെ വഴിതെറ്റിക്കാൻ ആവോളം ശ്രമിക്കുന്നു. ഈ അവസരത്തിൽ ‘മലയാള മനോരമ’ ഒഴിച്ചുള്ള പത്രങ്ങ ളിൽ പ്രത്യക്ഷപ്പെടുന്ന പ്രസ്താവനകളും വാർത്തകളും സൂക്ഷിച്ചു വേണം വിശ്വസിക്കുവാനെന്നു ഗുണദോഷിക്കേണ്ടി വന്നതിൽ നമുക്കു ഖേദമുണ്ട്.

1958-ൽ ഉണ്ടായ സമാധാനം സഭാമക്കളിൽ വളരെയധികം സന്തോഷവും ഒട്ടേറെ പ്രതീക്ഷകളും ഉളവാക്കിയിരുന്നല്ലോ. എന്നാൽ വളർച്ചയുടെ പുതിയ പാതയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സഭയുടെ ഭരണസ്വാതന്ത്ര്യം ഇല്ലാതാക്കി ഇവിടെ അധികാരം സ്ഥാപിക്കുന്നതിനും ഇവിടുത്തെ ആഭ്യ ന്തര കാര്യങ്ങളിൽ ഇടപെടുന്നതിനുമുള്ള ശ്രമങ്ങൾ പാത്രിയർക്കീസ് ബാവാ സമാധാനം ഉണ്ടായിക്കഴിഞ്ഞ് അധികം താമസിക്കുന്നതിനു മുമ്പുതന്നെ ആരംഭിച്ചു. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കാതോലിക്കാബാവ കേവലം പാത്രിയർക്കീസിനു വിധേയനായ കീഴ്സ്ഥാനിയാണെന്നും ആ നില യിൽ അദ്ദേഹത്തിന്റെ കൽപനയനുസരിച്ചു പ്രവർത്തിക്കുവാൻ കടമയുള്ള വനാണെന്നുമാണ് പാത്രിയർക്കീസ് ബാവായുടെ ഭാവം. കാനോനും സഭാ ഭരണഘടനയ്ക്കും പാരമ്പര്യങ്ങൾക്കും എതിരായി അവകാശപ്പെടുന്ന ഈ അധികാരം സ്ഥാപിക്കുന്നതിനുവേണ്ടി ഇതിനകം പല നടപടികളും എടുത്തു കഴിഞ്ഞു. സഭയുടെ ഐക്യവും ഐശ്വര്യവും ആഗ്രഹിച്ചിരുന്ന സഭാംഗ ങ്ങൾ പാത്രിയർക്കീസ് ബാവായുടെ ചുവടുതെറ്റിയ കാൽവെയ്പുകളെക്കു റിച്ചു വലിയ പ്രസിദ്ധീകരണം കൊടുക്കാതെ ഒതുക്കിവെയ്ക്കുകയാണ് ചെയ്തത്. തന്മൂലം സഭ പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു പ്രവേശിച്ചു. എന്നാൽ സമാധാന ഉടമ്പടികൾക്ക് എതിരായുള്ള പാത്രിയർ ക്കീസ് ബാവായുടെ അവകാശവാദങ്ങളിന്മേൽ നാം മൗനം അവലംബിച്ചു സമാധാനം സംരക്ഷിച്ചുകൊണ്ടിരുന്നതു കൂടുതൽ കടന്നാക്രമണത്തിന്

അദ്ദേഹത്തെ പ്രേരിപ്പിച്ചുവെന്ന് ഓർക്കുമ്പോൾ സങ്കടം തോന്നുന്നു. പക്ഷേ 12 വർഷം കഴിഞ്ഞപ്പോൾ ആ വ്യവസ്ഥിതിക്കു കാലഹരണമുണ്ടായതായി അദ്ദേഹം ചിന്തിച്ചോ എന്തോ?

പാത്രിയർക്കീസ് ബാവായുടെ തുറന്നാക്രമണത്തിന്റെ ഏറ്റവും പ്രധാന ഘട്ടമുണ്ടായത് 1970-ൽ ആണ്. ഈ സഭയുടെ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടവുമില്ല, സിംഹാസനവുമില്ല എന്നുള്ള അദ്ദേഹത്തിന്റെ 1970-ലെ 203-ാം നമ്പർ കൽപനയായിരുന്നു ആ കടന്നാക്രമണം. പരിശുദ്ധ തോമ്മാശ്ലീഹാ ഒരു അപ്പസ്തോലനും പ്രധാനാചാര്യനും പിതാക്കന്മാരുടെ പിതാവും മലങ്കരസഭയുടെ സ്ഥാപകനും ആണെന്നും സഭയുടെ സിംഹാസനം അദ്ദേഹത്തിന്റേതാണെന്നും ഈ സഭ എക്കാലവും വിശ്വസിച്ചിട്ടുണ്ട്. സഭ സംബന്ധിച്ചുള്ള എല്ലാ രേഖകളും അവ സമ്മതിക്കുന്നതുമാണ്. മലങ്കര മെത്രാപ്പോലീത്താമാർ പൂർവ്വകാലം മുതൽ മലങ്കര സിംഹാസനത്തിൽ ഉപവിഷ്ടരാണെന്നു അവകാശപ്പെട്ടിരുന്നു എന്നു കാണിക്കുന്ന രേഖകൾ അനവധിയാണ്. ഇവിടെ കാതോലിക്കാ സിംഹാസനം ഉണ്ടായശേഷം കാതോലിക്കാമാർ മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢരാണെന്നുള്ള കാര്യം സഭാംഗങ്ങൾക്കു ചിരപരിചയവുമായിത്തീർന്നിട്ടുണ്ട്.

1972-ൽ ഒരു ഡെലിഗേറ്റിനെ ഇങ്ങോട്ടയച്ചതോടുകൂടി കടന്നാക്രമണം ഒരു പടി കൂടി മുന്നോട്ടു കടന്നു. ശീമക്കാരായ മെത്രാപ്പോലീത്താമാർ കാലാകാലങ്ങളിൽ മലങ്കരയിൽ വരികയും ആദരപൂർവ്വം സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഇവിടെ വന്നവരിൽ പലരും മലങ്കരസഭയുടെ ഭരണം കൈയടക്കുന്നതിനും മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനം അപഹരിക്കുന്നതിനും ശ്രമിച്ചിട്ടുണ്ടെന്നുള്ളത് പരസ്യമായ രഹസ്യം മാത്രമാണ്. അവരിൽ ചിലർ പാത്രിയർക്കാ പ്രതിനിധികളാണെന്നു സ്വയം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടെങ്കിലും ഈ സഭ അവരെ അപ്രകാരം അംഗീകരിച്ചിട്ടില്ല. ഈ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കാ ആയിരിക്കുകയും ഇവിടുത്തെ ഭരണം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യുമ്പോൾ ഇവിടെ പാത്രിയർക്കീസിന്റെ ഡെലിഗേറ്റിന് ഒരു പ്രകാരത്തിലും സ്ഥാനമില്ലെന്നുള്ളത് നിഷ്പക്ഷമതികൾ സമ്മതിക്കാതിരിക്കില്ല. ഡെലിഗേറ്റ് ഇന്ത്യ വിടേണ്ടിവന്നപ്പോൾ പാത്രിയർക്കീസ് ബാവാ എടുത്ത നടപടി കുറച്ചുകൂടി കഠിനമായിരുന്നു. സഭയുടെ ആഭ്യന്തരകാര്യത്തിലേക്കു കടന്നിട്ടു കടവിൽ പോൾ റമ്പാനും, പെരുമ്പള്ളി പള്ളി വികാരി ഗീവറുഗീസ് കശ്ശീശായ്ക്കും, സി. എം. തോമസ് കശ്ശീശായ്ക്കും, മേൽപട്ടം കൊടുക്കുകയാണദ്ദേഹം ചെയ്തത്. മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കുന്ന ആളിനു മാത്രം മേൽപട്ടം കൊടുക്കുന്ന പതിവാണു നമ്മുടേത്. ഭദ്രാസന ഇടവകപ്പള്ളി പ്രതിപുരുഷയോഗം തെരഞ്ഞെടുക്കുന്ന രീതി മുൻ പാത്രിയർക്കീസ് ഭാഗത്തിനുണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇതൊന്നും കൂടാതെ ഭരണഘട

നയും കാനോനും ഉടമ്പടികളുമെല്ലാം ലംഘിച്ച് മൂന്നുപേരെ രഹസ്യമായി വിളിച്ച് ഇവിടെ കുഴപ്പം സൃഷ്ടിക്കുന്നതിനു മേൽപട്ടം കൊടുത്ത് ഇങ്ങോട്ട യച്ചത് എത്രമാത്രം ഗൗരവതരമാണെന്നു പറയേണ്ടതില്ലല്ലോ.

അവസാനമായി 92 വയസ്സുള്ള പ. കാതോലിക്കാ ബാവായോടു 13 കാര്യ ങ്ങൾ ഉന്നയിച്ചും മറുപടി ചോദിച്ചുകൊണ്ട് അയച്ചിട്ടുള്ള കത്താണ്. ഈ സഭയിലെ മേലദ്ധ്യക്ഷന്മാരുടെമേലും കാതോലിക്കാബാവായുടെ മേലും ശിക്ഷണനടപടിയെടുക്കണമെങ്കിൽ അതിനുള്ള അധികാരം ഇവിടുത്തെ സുന്നഹദോസിനാണെന്നു സഭാഭരണഘടന അനുശാസിക്കുമ്പോൾ ഇപ്ര കാരം പ്രവർത്തിച്ചിട്ടുള്ളത് ഈ സഭയുടെ ആഭ്യന്തര സ്വാതന്ത്ര്യം നശിപ്പിച്ച് ഇതിന്റെ മേൽക്കോയ്മ കരസ്ഥമാക്കുന്നതിനാണെന്നുള്ളതു സമ്മതിക്കാതി രിക്കാൻ തരമില്ല. മറ്റു പല കാര്യങ്ങളും പാത്രിയർക്കീസ് ബാവാ പ്രവർത്തി ച്ചിട്ടുണ്ടെങ്കിലും വിസ്തരഭയത്താൽ അവ വിടുകയാണ് ചെയ്യുന്നത്. പാത്രി യർക്കീസ് ബാവായെ ഈദൃശ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിച്ചത് അദ്ദേഹ ത്തിന്റെ സ്വന്ത അഭിലാഷം മാത്രമല്ല, മലങ്കരസഭയിലെ സ്ഥാനമോഹികളായ ചില പട്ടക്കാരുടെയും അത്മായരുടെയും പ്രേരണയും അതിന്റെ പിന്നിലുണ്ട്. 1958-ൽ ഉണ്ടായ സമാധാനത്തിനും 1964-ൽ ഉണ്ടായ കാതോലിക്കാ സ്ഥാനാ രോഹണത്തിനും എതിരായി പ്രവർത്തിച്ചവരാണ് സഭയെ നശിപ്പിക്കുവാൻ കച്ചകെട്ടി ഇന്നും ഇറങ്ങിയിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാം. സഭയുടെ പുരോഗമന പ്രയാണത്തിൽ പ്രമുഖസ്ഥാനം ആഗ്രഹിച്ചിട്ടു സാധിക്കാതെ വന്നിട്ടുള്ള പുതുമുഖങ്ങളും ഇവരിലുണ്ട്. ഈ തരത്തിലുള്ള വിധ്വംസക പ്രവർത്തകരുടെ വിനാശ പ്രവർത്തനങ്ങൾക്കു പാത്രിയർക്കീസ് ബാവാ താങ്ങായി നിൽക്കുന്നതു കാണുമ്പോൾ അതിയായ ദുഃഖം തോന്നുന്നു. എന്നാൽ മുൻ പാത്രിയർക്കീസ് ഭാഗം മുഴുവനും ഈ സംരംഭത്തിൽ അവ രോടു കൂടിയുണ്ടെന്നു വിചാരിക്കേണ്ട. ദീർഘദൃഷ്ടിയുള്ളവരും വിവേക ബുദ്ധിയുള്ളവരും കാര്യങ്ങളുടെ നിജസ്ഥിതി കണ്ണുതുറന്നു മനസ്സിലാക്കാൻ തയ്യാറുള്ളവരും ഈ വിധ്വംസക പ്രവർത്തകരിൽ നിന്ന് അകന്നു ഇവിടുത്തെ പരിശുദ്ധ സുന്നഹദോസിനോടു ചേർന്നു നിൽക്കുന്നുണ്ടെന്നുള്ളതു ആശ്വാ സകരമാണ്."

പൊതുവേ ദൂരയാത്ര ചെയ്യുന്നതിൽ താൽപര്യമില്ലാതിരുന്ന മെത്രാപ്പോ ലീത്തായ്ക്കു ബാഹ്യകേരളത്തിന്റെ ചുമതലക്കാരൻ എന്ന നിലയിൽ പല യാത്രകളും നടത്തേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം 1958-ൽ സിംഗപ്പൂരിലും മല യായിലും പര്യടനം നടത്തുകയും കോലാലമ്പൂർ പള്ളിയുടെ കൂദാശയും സിംഗപ്പൂർ പള്ളിയുടെ ശിലാസ്ഥാപനവും നടത്തുകയും ചെയ്തു. 1973-ൽ മോസ്കോയിൽ നടന്ന റഷ്യൻ ഓർത്തഡോക്സ് സഭാ പാത്രിയർക്കീസ് അലക്സിസിന്റെ മെത്രാനഭിഷ കനകജൂബിലിയിൽ ദാനിയേൽ മാർ പീല ക്സിനോസ് മെത്രാപ്പോലീത്തായോടൊപ്പം മാർ അത്താനാസ്യോസ് മലങ്കര

ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്തു. ആഗോള ക്രൈസ്തവ സഭകളെപ്പറ്റി വിശാലമായ വീക്ഷണം ലഭിക്കുന്നതിനും പരസ്പര സമ്പർക്കത്തിന്റെ പ്രാധാന്യം നേരിട്ടു മനസ്സിലാക്കുന്നതിനും ഈ പര്യടനങ്ങൾ ഉപകരിച്ചു.

കോട്ടയം എം.ഡി. സെമിനാരിയിൽ 1970 ഡിസംബർ 31-നു ചേർന്ന മലങ്കര അസോസിയേഷൻ മാത്യൂസ് മാർ അത്താനാസ്യോസിനെ കാതോലിക്കാ ബാവായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

തെരഞ്ഞെടുപ്പിനെ തുടർന്ന് ഞാൻ 1971 ജനുവരി 10-ലെ ചർച്ചു വീക്കിലിയിൽ തിരുമേനിയെപ്പറ്റി ഇപ്രകാരം എഴുതി:

"കാൽ ശതാബ്ദത്തിനു മുമ്പു സഭാസേവനരംഗത്തു കാലുകുത്തിയനാൾ മുതൽ സഭയുടെ കേന്ദ്രസ്ഥാനത്തുതന്നെ നിലകൊണ്ടിട്ടുള്ള ബാഹ്യകേരള ഭദ്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഡിസംബർ 31-ാം തീയതി തെരഞ്ഞെടുത്തപ്പോൾ മലങ്കര അസോസിയേഷൻ അദ്ദേഹത്തിന്റെ സേവനനിരതമായ സഭാപ്രവർത്തനങ്ങൾക്ക് ഒരംഗീകാരം നൽകുകയാണ് ചെയ്തത്.

പ. കാതോലിക്കാ ബാവായുടെ അസിസ്റ്റന്റു കൂടിയായ നിയുക്ത കാതോലിക്കായ്ക്ക് അടുത്ത മാർച്ച് 27-ാം തീയതി 64 വയസ്സു തികയും. അനുഭവ പരിചയവും പാണ്ഡിത്യവുമുള്ള മെത്രാപ്പോലീത്തായുടെ മുഖത്ത് ഒരു യുവാവിന്റെ പ്രസരിപ്പും തന്റേടവുമാണ് ആർക്കും ദർശിക്കുവാൻ കഴിയുക. വെള്ളിക്കമ്പികളെ വെല്ലുന്ന താടിമീശ ഒഴിച്ചാൽ 64 വയസ്സിന്റെ ലക്ഷണമൊന്നും ഇല്ല. പൊതുരംഗത്ത് അധികം പ്രത്യക്ഷപ്പെടാനിഷ്ടമില്ലാതിരുന്ന മെത്രാപ്പോലീത്തായ്ക്ക് മലങ്കരസഭയുടെ രോഗം എന്താണെന്നും അതിനുള്ള ചികിത്സയെന്താണെന്നും ശരിക്കറിയാം. തന്നിമിത്തം അവധാനപൂർവ്വം ചിന്തിക്കാതെ പ്രശ്നങ്ങൾക്കു പ്രതിവിധി നിർദ്ദേശിക്കുന്ന സ്വഭാവക്കാരനല്ല അദ്ദേഹം. മറ്റുള്ളവരെ പ്രസാദിപ്പിക്കുന്നതിനു വേണ്ടി ഭംഗിവാക്കുകൾ പറയുകയോ കാര്യങ്ങൾ മറച്ചുവച്ചു സംസാരിക്കുകയോ ചെയ്യാറില്ലാത്ത നിയുക്ത കാതോലിക്കാ ശരിയെന്നു ബോദ്ധ്യമുള്ള സ്വാഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്ന പ്രകൃതക്കാരനാണ്.

ദാനിയേൽ കേസിൽ ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റി കോട്ടയം ജില്ലാക്കോടതിയിൽ മൊഴികൊടുക്കേണ്ട ചുമതല പണ്ഡിതോചിതമായ നിലയിൽ നിർവ്വഹിച്ചത് അത്താനാസിയോസ് മെത്രാപ്പോലീത്തായായിരുന്നു. അതുപോലെതന്നെ മുമ്പ് കോട്ടയം ജില്ലാക്കോടതി സ്പെഷൽ ബഞ്ചിൽ നടന്ന സമുദായക്കേസിൽ കാനോൻ വിദഗ്ദ്ധനായ സാക്ഷി എന്ന

നിലയിൽ മൊഴി കൊടുത്ത ഇദ്ദേഹത്തെ, കാലം ചെയ്ത ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്വർണ്ണമോതിരം സമ്മാനിച്ചു ബഹുമാനിച്ചതും സ്മരണീയമാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി കാതോലിക്കായുടെ അസിസ്റ്റന്റ് എന്ന നിലയിൽ എപ്പിസ്കോപ്പൽ സുന്നഹദോസുകളിലേയും, മലങ്കര അസോസിയേഷൻ യോഗങ്ങളിലേയും, മാനേജിംഗ് കമ്മിറ്റി യോഗങ്ങളിലേയും "സ്പീക്കറാ"ണ് ഇദ്ദേഹം. അസാമാന്യ നിയന്ത്രണപാടവവും കഴിവും ഇല്ലാത്ത ഏതൊരാളും പരാജയപ്പെടുന്ന ഒരു പദവിയാണ് സഭയിലെ ഈ സ്പീക്കർ സ്ഥാനം. ദൈവകാരുണ്യത്തിൽ നിന്നു ലഭ്യമായ ശക്തികൊണ്ടു മാത്രമാണ് സഭയുടെ ഈ പരമാധികാരസമിതികൾ നിയന്ത്രിച്ചുകൊണ്ടുപോകുവാൻ കഴിയുന്നതെന്നു മെത്രാപ്പോലീത്താ ഒരഭിമുഖസംഭാഷണത്തിൽ പറയുകയുണ്ടായി. ഭിന്നതലങ്ങളിൽ നിലകൊള്ളുന്ന മൂവായിരത്തിൽപരം സഭാപ്രതിനിധികൾ സംബന്ധിക്കുന്ന മലങ്കര അസോസിയേഷൻ യോഗം സമർത്ഥമായി നിയന്ത്രിക്കുന്ന ഭാരം പലപ്പോഴും അദ്ദേഹത്തിലാണ് നിക്ഷിപ്തമാകുക. കുശാഗ്രബുദ്ധിയായ ഏതു ചോദ്യകർത്താവിനേയും തൃപ്തിപ്പെടുത്തുന്നതിനുള്ള കഴിവും ആവശ്യമുള്ളപ്പോൾ മടുപ്പിക്കുന്നതിനു തക്ക മുനയുള്ള അമ്പുകളും അദ്ദേഹത്തിന്റെ ആവനാഴിയിൽ ഉണ്ട്. എതിരഭിപ്രായക്കാരെ മുറിപ്പെടുത്താതെ യുക്തിയുക്തമായ മറുപടികൾകൊണ്ട് കീഴടക്കുന്നതിന് ഇദ്ദേഹം ശ്രമിക്കാറുണ്ട്.

പൗരോഹിത്യ പദവിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിൽ ശ്രദ്ധാലുവായ നിയുക്ത കാതോലിക്കാ ലളിത ജീവിതം നയിക്കാനിഷ്ടപ്പെടുന്നു. ബിഷപ്പുമാരുടെ പ്രതാപകാലം കഴിഞ്ഞുവെന്നു നേരത്തെ അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ അനുസ്മരിപ്പിക്കുകയുണ്ടായി.

മാർ ഏലിയാ കത്തീഡ്രലിനോടനുബന്ധിച്ചുള്ള ചെറിയ കെട്ടിടത്തിൽ താമസിക്കുന്ന ഇദ്ദേഹത്തിനു വലിയ അരമനകൾ ഉണ്ടാക്കുന്നതിലോ അവയിൽ താമസിക്കുന്നതിലോ താൽപര്യമില്ല. "രണ്ടുമൂന്നു മുറികളുള്ള ഒരു ചെറിയ കെട്ടിടം വേണം. മൂന്നു നാലുപേർ ഒന്നിച്ചു വന്നാൽ ഇരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണം." ഇതാണ് അദ്ദേഹത്തിന്റെ മനസ്സിലുള്ള അരമനയുടെ ചിത്രം.

വൈദിക സെമിനാരിയുമായി കാൽ ശതാബ്ദക്കാലത്തിലധികം ബന്ധമുള്ള അത്താനാസ്യോസ് മെത്രാപ്പോലീത്താ ചെറിയതോതിൽ നടന്നുവന്ന സെമിനാരിയെ ബി.ഡി. ഡിഗ്രി കോളജായി ഉയർത്തി. മലങ്കരസഭയുടെ വിശാലമായ വയലിൽ വേല ചെയ്യുന്നതിനു ത്യാഗസമ്പന്നരും, സേവന സന്നദ്ധരുമായ ഒട്ടധികം വൈദികരെ വളർത്തിയെടുത്ത് "കൊയ്ത്തിന്റെ ഉടമസ്ഥന്" കാഴ്ചവെച്ചുവെന്നത് അത്ര പെട്ടെന്നു വിസ്മരിക്കാവുന്ന ഒരു ചെറിയ നേട്ടമല്ല.

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണസംവിധാനമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനരംഗങ്ങളിലും പരിവർത്തനം ആവശ്യമാണെന്നും പത്തു വർഷത്തിനകം ഈ മാറ്റങ്ങൾ കൈവരുത്താൻ കഴിയത്തക്കവണ്ണം ഒരഖിലേന്ത്യാ വീക്ഷണത്തോടുകൂടി പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും മെത്രാപ്പോലീത്താ ആഗ്രഹിച്ചിരുന്നു. കാലം ചെയ്ത മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ അടിസ്ഥാനമിട്ട ബാഹ്യകേരള ഭദ്രാസനത്തെ ബലിഷ്ഠമായി പണിതുയർത്തിയ പിൻഗാമിക്കു അഖിലേന്ത്യാ വീക്ഷണം കൂടാതെ പ്രവർത്തിക്കുവാൻ സാദ്ധ്യവുമല്ല.

ആരാധനാ പരിഷ്ക്കരണത്തിൽ ഉത്സുകനായ ഇദ്ദേഹം കുർബ്ബാന തക്സാ ഇംഗ്ലീഷിൽ തർജ്ജിമ ചെയ്തു പ്രസിദ്ധപ്പെടുത്തുകയും ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഇംഗ്ലീഷിൽ വി. കുർബ്ബാന ചൊല്ലുകയും ചെയ്തത് പ്രബുദ്ധരായ സഭാംഗങ്ങളുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

ഇദ്ദേഹം 1958-ൽ സിംഗപ്പൂർ, മലയാ എന്നീ രാജ്യങ്ങളും, ഏതാനും വർഷങ്ങൾക്കു മുമ്പ് സോവിയറ്റു റഷ്യയും അടുത്തകാലത്തു വിശുദ്ധനാടുകളും സന്ദർശിക്കുകയുണ്ടായി. ഇടവക സന്ദർശനാർത്ഥം അദ്ദേഹം പല പ്രാവശ്യം ഇന്ത്യൻ പര്യടനം നടത്തിയിട്ടുണ്ട്. സഭയും കൂദാശകളും, കൃംതാ പ്രാർത്ഥനാഗീതങ്ങൾ, ദുഃഖവെള്ളിയാഴ്ചയിലെ ഗീതങ്ങൾ, ഇംഗ്ലീഷിലുള്ള കുർബ്ബാന തക്സാ എന്നീ പുസ്തകങ്ങൾ മെത്രാപ്പോലീത്താ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മാർ ഏലിയാ കത്തീഡ്രലിന്റെ വടക്കുവശത്തെ മുന്തിരിയും മുല്ലയും റോസും മറ്റുമുള്ള പൂന്തോട്ടം നിത്യവും മെത്രാപ്പോലീത്തായുടെ പരിചരണത്താൽ പുളകം കൊള്ളാറുണ്ട്. കളകൾ പറിച്ചു മണ്ണു പുരണ്ട കൈകളും നീണ്ട് ഇടതിങ്ങിയ വെണ്മയേറിയ താടിമീശയും ചെടികളെ അറിഞ്ഞും അറിയാതെയും തലോടാറുണ്ട്. സഭയുടെ വിശാലമായ മുന്തിരിത്തോട്ടത്തിൽ പണി ചെയ്യുന്നതിനു മെത്രാപ്പോലീത്തായെ സഹായിച്ച അനേകം ഘടകങ്ങളിൽ ഒന്നാണ് ഈ പൂന്തോട്ടമെന്ന് പറയാം. സഭയാകുന്ന ഉദ്യാനത്തിലെങ്ങും ഒരു പരിമള കുസുമം പോലെ സുഗന്ധം പരത്തി മെത്രാപ്പോലീത്താ ഭാവിയിൽ പരിലസിക്കട്ടെ എന്നാശംസിക്കുന്നു.”

പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ കാലം ചെയ്തതിനെ തുടർന്ന് അടുത്ത കാതോലിക്കായായി ദാനിയേൽ മാർ പീലക്സിനോസോ മാത്യൂസ് മാർ അത്താനാസ്യോസോ വരുമെന്നു സഭയിൽ പലരും കരുതിയിരുന്നു. എന്നാൽ മലങ്കര അസോസിയേഷൻ എല്ലാം കൊണ്ടും അർഹനായ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെയാണു പിൻഗാമിയായി തെരഞ്ഞെടുത്തത്.

ഔഗേൻ മാർ തീമോത്തിയോസിന്റെ പിൻഗാമിയായി മുകളിൽ പറഞ്ഞ രണ്ടു മെത്രാപ്പോലീത്താമാരിൽ ഒരാൾ വരുമെന്നുറപ്പായി. ഇരുവരും സ്ഥാനത്തിനുവേണ്ടി മത്സരിച്ചില്ലെങ്കിലും ആഗ്രഹിച്ചിരുന്നില്ലെന്നു പറയാനാവില്ല.

വാഴിക്കുന്നു

ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ അസിസ്റ്റന്റായിരുന്ന ദാനിയേൽ മാർ പീലക്സിനോസിനെ, തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പരോക്ഷമായി അനുകൂലിക്കുകയും അടുത്ത കാതോലിക്കാ മറ്റാരും ആകാനിടയില്ലെന്നു പലപ്പോഴും പീലക്സിനോസ് മെത്രാപ്പോലീത്തായോടു പറയുകയും ചെയ്തിട്ടുണ്ട്. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കാതോലിക്കാ ആകുന്നതിൽ ശക്തമായ എതിർപ്പുണ്ടായിരുന്ന കോട്ടയം ഗ്രൂപ്പിലെ കുര്യൻ ഏബ്രഹാമും (ഉപ്പൂട്ടിൽ കുഞ്ഞച്ചൻ), പീലക്സിനോസ് മെത്രാപ്പോലീത്താ കാതോലിക്കാ ആകണമെന്നാഗ്രഹിച്ചു കരുനീക്കങ്ങൾ നടത്തിയിരുന്നു. ഒരു മെത്രാപ്പോലീത്തായുടെ സ്ഥാനോചിതമായ അന്തസ്സ് നിലനിർത്തണമെന്നു മറ്റാരെയുംകാൾ നിർബന്ധമുണ്ടായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മാധ്യമപ്രവർത്തകരുമായി അകന്നാണു നിലനിന്നിരുന്നത്. ബാഹ്യകേരള ഭദ്രാസന ഭരണസംബന്ധമായ ക്രമീകരണത്തെ പ്രസ്തുത ഭദ്രാസനത്തിലെ സ്വാധീനമുള്ള ചില വ്യക്തികൾ നേരത്തെ ശക്തമായി എതിർത്തിരുന്നു. ആ എതിർപ്പ് അദ്ദേഹത്തിനു കാതോലിക്കാ സ്ഥാനം ലഭിക്കാതിരിക്കാൻ വേണ്ടി അവർ തിരിച്ചുവിട്ടുമിരുന്നു.

മാത്യൂസ് മാർ അത്താനാസ്യോസിനു 60 വയസ്സായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ച് ഒരു ലേഖനം 1967 മാർച്ച് 27-ലെ മലയാള മനോരമയുടെ ഞായറാഴ്ച പതിപ്പിൽ ചേർത്തിരുന്നു. ലേഖനത്തിന്റെ ഒടുവിൽ അദ്ദേഹത്തിന് ഉപരിസ്ഥാനങ്ങൾ ലഭിക്കുമെന്നും ആശംസിച്ചിരുന്നു. ഈ വാചകം അദ്ദേഹം പറഞ്ഞ് എന്നെക്കൊണ്ട് എഴുതിച്ചതാണെന്നു ചില പ്രമാണികൾ കരുതുകയും ആ ലേഖനം എനിക്ക് ചില പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്തു. സാധാരണഗതിയിൽ പലരുടെയും ഷഷ്ടിപൂർത്തി സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തുന്ന ലേഖനത്തെപ്പോലെ മാത്രമായിരുന്നു ഈ ലേഖനവും. ലേഖനം അച്ചടിച്ചു വന്നപ്പോൾ മാത്രമാണു എതിരുള്ളവരും മെത്രാപ്പോലീത്തായും അതു കാണുന്നത്. മറ്റു ചില മെത്രാപ്പോലീത്താമാരെപ്പോലെ അദ്ദേഹം പത്രം ഓഫീസുകൾ സന്ദർശിക്കുകയോ പത്രാധിപന്മാരുമായി കുശലപ്രശ്നങ്ങൾ നടത്താൻ സമയം ചെലവഴിക്കുകയോ ചെയ്യുന്ന വ്യക്തി അല്ലായിരുന്നു. അതേസമയം പത്രപ്രവർത്തകരുമായി ഏതാണ്ടു നല്ല ബന്ധവും നിലനിർത്തിയിരുന്നു. പിന്നീട് നിയുക്ത കാതോലിക്കായായി മാർ അത്താനാസ്യോസ് തന്നെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.

കോട്ടയം: 26-10-1975. പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ

ബസ്സേലിയോസ് ഔഗേൻ പ്രഥമൻ വാർദ്ധക്യസഹജമായ അനാരോഗ്യം മൂലം സഭാ ഭരണത്തിൽ നിന്നു പൂർണ്ണമായി വിട്ടൊഴിയാൻ തീരുമാനിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയുക്ത കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ നാളെ (തിങ്കൾ) രാവിലെ കോട്ടയം പഴയസെമിനാരിയിൽ വച്ചു പൗരസ്ത്യ കാതോലിക്കാ ആയി വാഴിക്കുന്നതാണ്.

വാർദ്ധക്യസഹജമായ അനാരോഗ്യം മൂലം പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു പ്രയാസം തോന്നുന്നതുകൊണ്ടു സഭാഭരണം പൂർണ്ണമായി വിട്ടൊഴിയണമെന്നു തീരുമാനിച്ചിരിക്കുന്നതായി അറിയിച്ചും, തന്റെ പിൻഗാമിയുടെ കാതോലിക്കാ സിംഹാസനാരോഹണത്തോടുകൂടി താൻ സഭാഭരണം പൂർണ്ണമായി വിട്ടൊഴിയുന്നതാകയാൽ അദ്ദേഹത്തിന്റെ സിംഹാസനാരോഹണം എത്രയുംവേഗം നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുംകൊണ്ടുള്ള ഒരു കൽപന പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ഒക്ടോബർ 11-നു പ. സുന്നഹദോസിന് അയച്ചിരുന്നു. പഴയസെമിനാരിയിൽ ഒക്ടോബർ 21-നു ചേർന്ന സുന്നഹദോസ് യോഗം ഇക്കാര്യം പരിഗണിച്ചു.

പ. ബാവായ്ക്കു 91 വയസ്സു കഴിഞ്ഞിരിക്കുന്ന ഈ അവസ്ഥയിൽ ഈ അഭ്യർത്ഥന സ്വീകരിക്കേണ്ടതാണെന്നും അദ്ദേഹത്തിന്റെ പിൻഗാമിയുടെ സിംഹാസനാരോഹണം കഴിവതും വേഗം നടത്തണമെന്നുമായിരുന്നു സുന്നഹദോസിന്റെ നിശ്ചയം.

സ്ഥാനാരോഹണത്തിനുള്ള സ്ഥലവും സമയവും നിശ്ചയിക്കുന്നതിനും ഇതിലേക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനുമായി സുന്നഹദോസ് സെക്രട്ടറിയും തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായുമായ ദാനിയേൽ മാർ പീലക്സിനോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ സുന്നഹദോസ് നിയോഗിക്കുകയും ചെയ്തു.

ഈ സബ് കമ്മിറ്റിയുടെ നിശ്ചയപ്രകാരം പുതിയ കാതോലിക്കായുടെ സ്ഥാനാരോഹണം നാളെ (തിങ്കൾ) പഴയസെമിനാരിയിൽ വച്ചു നടക്കുന്നതാണ്. നാളെ ഏഴു മണിക്ക് വിശുദ്ധ കുർബ്ബാന ആരംഭിക്കും. തുടർന്ന് സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കുന്നതാണ്.

കാതോലിക്കാ വാഴ്ച പ്രമാണിച്ച് സമുദായം വക കോളജുകൾക്കും, സ്കൂളുകൾക്കും തിങ്കളാഴ്ച അവധിയായിരിക്കുമെന്ന് സമുദായ ഓഫീസിൽ നിന്നുള്ള അറിയിപ്പിൽ പറയുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിൽ നടത്തുന്ന പബ്ലിക് പരീക്ഷകൾക്ക് ഇതു ബാധകമാകയില്ലെന്നും അറിയിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

കാതോലിക്കാ വാഴ്ചയോടനുബന്ധിച്ച് ഇന്ന് വൈകിട്ട് 3.30-നു മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റ് നഗറിൽ (പഴയ സെമിനാരി) പതാക ഉയർത്തുന്നതാണെന്നും 4 മണിക്കു വോളന്റിയർമാരുടെയും ക്രമീകരണക്കമ്മിറ്റി അംഗങ്ങളുടെയും യോഗം അവിടെവച്ചു നടക്കുന്നതാണെന്നും സമുദായ സെക്രട്ടറി പി. സി. ഏബ്രഹാമിന്റെ അറിയിപ്പിൽ പറയുന്നു.

ഒരുക്കങ്ങൾ

നിയുക്ത കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ ഇന്നു പഴയസെമിനാരിയിലെ കാതോലിക്കേറ്റ് നഗറിൽ വച്ചു പൗരസ്ത്യ കാതോലിക്കായായി വാഴിക്കുന്നതു സംബന്ധിച്ച ക്രമീകരണങ്ങൾ പൂർത്തിയായി.

സ്ഥാനാരോഹണച്ചടങ്ങിന്റെ മുന്നോടിയായി പഴയസെമിനാരിയിലെ കാതോലിക്കേറ്റ് നഗറിൽ ഇന്നലെ മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, കാതോലിക്കേറ്റ് പതാക ഉയർത്തി. ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു.

കാൽനാട്ടുകർമ്മം മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പഴയസെമിനാരി ചാപ്പലിന്റെ തെക്കുവശത്തുള്ള മുറ്റത്തിന്റെ കിഴക്കു ഭാഗത്താണ് സ്ഥാനാരോഹണമണ്ഡപം തയ്യാറാക്കിയിട്ടുള്ളത്. മുറ്റത്തുനിന്ന് സ്ത്രീകൾക്കും തെക്കുവശത്തുള്ള റബർതോട്ടത്തിൽ നിന്ന് പുരുഷന്മാർക്കും സ്ഥാനാരോഹണ ശുശ്രൂഷ കാണാം.

സ്ഥാനാരോഹണ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു കേരളത്തിലും വെളിയിലുമുള്ള വിവിധ സഭാമേലദ്ധ്യക്ഷന്മാരെ ക്ഷണിച്ചിട്ടുണ്ട്.

രാവിലെ ഏഴു മണിക്കു പ്രാർത്ഥന ആരംഭിക്കും. എട്ടു മണിയോടെ ആരംഭിക്കുന്ന വിശുദ്ധ കുർബ്ബാനയ്ക്കു സുന്നഹദോസ് സെക്രട്ടറി ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കാർമ്മികത്വം വഹിക്കും.

വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ചാണ് സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിക്കുക. ഈ ശുശ്രൂഷയിൽ സീനിയർ മെത്രാപ്പോലീത്താ മാത്യൂസ് മാർ ഈവാനിയോസ് നേതൃത്വം നൽകും.

സ്ഥാനാരോഹണച്ചടങ്ങിൽ സംബന്ധിക്കുന്ന സമുദായാംഗങ്ങൾ തികഞ്ഞ അച്ചടക്കം പാലിക്കണമെന്നു സമുദായ സെക്രട്ടറി പി. സി. ഏബ്രഹാമിന്റെ അറിയിപ്പിൽ പറയുന്നു. ശുശ്രൂഷയോടനുബന്ധിച്ച് കാണിക്ക ശേഖരണം ഉണ്ടായിരിക്കും.

ചരിത്രം സൃഷ്ടിച്ച മഹാ സംഭവം

1975–ൽ സഭാ സെക്രട്ടറിയായിരുന്ന പി. സി. ഏബ്രഹാം ഇങ്ങനെ എഴുതി:

ഓർത്തഡോക്സ് സഭയിലും റോമൻ കത്തോലിക്കാ സഭ പോലെയുള്ള മറ്റു പുരാതന സഭകളിലും സഭാമേലദ്ധ്യക്ഷന്മാർ റിട്ടയർ ചെയ്യുന്ന പതിവോ അതിനു ഭരണഘടനാപരമായ വ്യവസ്ഥയോ ഇല്ല. അധികാരങ്ങളും പദവികളും സ്വയം ത്യജിച്ചുകൊണ്ടു സമുന്നതമായ സ്ഥാനത്തുനിന്നു വിരമിക്കുന്ന പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ നൂതന ചരിത്രം സൃഷ്ടിക്കുക മാത്രമല്ല, അത്യന്തം മാതൃകാപരമായ ഒരു നടപടി സ്വീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

വാർദ്ധക്യസഹജമായ ക്ലേശങ്ങളും ശരീരാസ്വാസ്ഥ്യങ്ങളും ആരംഭിച്ചപ്പോൾ മുതൽ തന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാനും പടിപടിയായി ചുമതലകൾ വിട്ടുകൊടുക്കാനും ശ്രദ്ധിച്ചിരുന്ന പ. ബാവായുടെ സഭാസ്നേഹത്തിന്റെയും ദീർഘദൃഷ്ടിയുടെയും മകുടോദാഹരണമാണ് അഭൂതപൂർവ്വമായ ഈ സ്ഥാനത്യാഗം. ആരുടെയെങ്കിലും അഭിപ്രായമോ ആവശ്യമോ അനുസരിച്ചു നടന്ന ഒരു നടപടിയുമല്ലിത്. തന്റെ വാർദ്ധക്യത്തിൽ സ്വാഭാവികമായുണ്ടാകുന്ന ക്ഷീണവും ശരീരദൗർബ്ബല്യങ്ങളും താൻ സ്വജീവനെപ്പോലെ സ്നേഹിക്കുന്ന സഭയുടെ ഭരണനടത്തിപ്പിനും പുരോഗതിക്കും ഒരുവിധത്തിലും ഹാനികരമാകരുതെന്നുള്ള ദൃഢനിശ്ചയത്തിന്റെ ഫലമാണ് ഈ നടപടി. സഭ എക്കാലവും ഈ സംഭവത്തെ കൃതജ്ഞതാപുരസ്സരവും അഭിനന്ദനപൂർവ്വവും സ്മരിക്കാതിരിക്കില്ല.

ഇന്ന് മലങ്കരസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തേക്കു പ്രവേശിക്കുന്ന ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്കു പുതിയ ചുമതലകൾ അവിചാരിതമായിട്ടല്ല വന്നുചേർന്നത്. അംഗീകൃത ഭരണഘടനയനുസരിച്ചുള്ള അസോസിയേഷൻ തെരഞ്ഞെടുപ്പും, പ. കാതോലിക്കാ ബാവായും സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ഉൾപ്പെട്ട എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഏകകണ്ഠമായ തീരുമാനവുമനുസരിച്ച് അദ്ദേഹം നിയുക്ത കാതോലിക്കാസ്ഥാനം പ്രാപിച്ചിട്ട് ഏതാനും വർഷങ്ങളായി. ഈ കാലഘട്ടം സമുന്നത ഉത്തരവാദിത്വങ്ങൾ വഹിക്കാനുള്ള ഒരുക്കത്തിന്റെ അവസരമായിരുന്നു. സഭയിലെ ട്രസ്റ്റിമാർക്കും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയെന്ന നിലയിൽ എനിക്കും അദ്ദേഹവുമായി അടുത്തു പെരുമാറുവാൻ ഇടവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്ത് അദ്ദേഹത്തെപ്പറ്റി ഞങ്ങൾക്കു തോന്നിയിട്ടുള്ള മതിപ്പ് വളരെ ശുഭപ്രതീക്ഷകൾക്കു വക നൽകുന്നു.

സഭയുടെ ഇന്നത്തെ പരീക്ഷണഘട്ടവും സങ്കീർണ്ണങ്ങളായിത്തീർന്നിരിക്കുന്ന വിവിധ പ്രശ്നങ്ങളും ആത്മവിശ്വാസത്തോടു കൂടി അഭിമുഖീകരി

ക്കാൻ സഹായിക്കുന്നതു ദൈവാനുഗ്രഹത്താൽ നമ്മൾ അംഗീകരിച്ച ഭരണഘടനയാണ്. വ്യവസ്ഥാപിതമായ രീതികളും നടപടികളും സ്വീകരിച്ച് സഭയെ മുമ്പോട്ടു നയിക്കാൻ ഇന്നു കൂടുതൽ സൗകര്യങ്ങൾ അതു പ്രദാനം ചെയ്യുന്നു.

ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നു ശിക്ഷണത്തോടുകൂടി പ്രവർത്തിക്കാനും ഇന്ന് അഭിഷിക്തനാകുന്ന അഭിനവ കാതോലിക്കാ ബാവായ്ക്കു കലവറ കൂടാതെയുള്ള പിന്തുണ നൽകാനും നാം ദൃഢനിശ്ചയം ചെയ്താൽ നമ്മെ അഭിമുഖീകരിക്കുന്ന വിഷമതകൾ പരിഹരിക്കാനുള്ള ശക്തി ദൈവം നമുക്കു പ്രദാനം ചെയ്യാതിരിക്കയില്ല. ആ അനുസ്മരണയോടു കൂടി സഭാംഗങ്ങൾ ഇന്നത്തെ ശുശ്രൂഷകളിൽ സംബന്ധിക്കണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു.

പതറാതെ നിലകൊള്ളുക: മാർ ഔഗേൻ ബാവാ

മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിലെ നിർണ്ണായകമായ ഈ ഘട്ടത്തിൽ കാതോലിക്കാ സിംഹാസനത്തിന്റെയും ഇന്നു നമ്മുടെ പിൻഗാമിയായി വാഴിക്കപ്പെടുന്ന പൗരസ്ത്യ കാതോലിക്കായുടെയും പിന്നിൽ അണിനിരക്കണം. വാർദ്ധക്യസഹജമായ അനാരോഗ്യംമൂലം സഭാഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുവാൻ നമുക്കു ബുദ്ധിമുട്ടുള്ളതിനാൽ നാം ജീവിച്ചിരിക്കുമ്പോൾതന്നെ നമ്മുടെ പിൻഗാമി വാഴിക്കപ്പെടേണ്ടതാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ടാണ് സഭാഭരണം പൂർണ്ണമായി വിട്ടൊഴിയാൻ നാം തീരുമാനിച്ചിട്ടുള്ളത്. ഈ ഒരു ബോധം സർവ്വശക്തനായ ദൈവത്തിൽ നിന്നാണ് നമുക്കുണ്ടായത്. കാതോലിക്കാസ്ഥാനം ഒഴിയുന്നതു കിഴക്കൻ സഭകളുടെ ചരിത്രത്തിൽ ആദ്യ സംഭവമാണ്. കാതോലിക്കായുടെ കാലശേഷം പിൻഗാമി വാഴിക്കപ്പെടുകയെന്നതാണ് കീഴ്വഴക്കം. എന്നാൽ ഈ ഘട്ടത്തിൽ നാം സ്ഥാനം ഒഴിയുകയും നമ്മുടെ പിൻഗാമി കാതോലിക്കാ സിംഹാസനാരോഹണം നടത്തുകയും ചെയ്യേണ്ടതു സഭയുടെ സർവ്വതോമുഖമായ പുരോഗതിക്ക് ആവശ്യമാണെന്നു നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എതിർപ്പുകളെയും പ്രതിസന്ധികളെയും ഈശ്വരാനുഗ്രഹത്താൽ വിജയകരമായി തരണം ചെയ്ത ചരിത്രമാണ് നമ്മുടെ സഭയ്ക്കുള്ളത്. നമ്മുടെ മഹാരഥന്മാരായ മുൻഗാമികളുടെ കാലടിപ്പാതകളിലൂടെയാണ് നാമും ഇത്രനാൾ സഞ്ചരിച്ചത്. ആ പാരമ്പര്യം തുടരുകയും സഭയെ സമർത്ഥമായി നയിക്കുകയും ചെയ്യുമെന്നു നമുക്കു ബോദ്ധ്യമുണ്ട്. സഭാംഗങ്ങളുടെ സ്നേഹബഹുമാനാദരവുകൾ ആർജ്ജിച്ചുകൊണ്ടു ഭരണം നടത്തുവാൻ ദൈവം നമ്മെ അനുവദിച്ചു. ഇപ്പോൾ നമ്മുടെ പിൻഗാമി വാഴിക്കപ്പെടുന്നതു കാണുവാനുള്ള ഭാഗ്യവും ദൈവം നമുക്കു നൽകിയിരിക്കുകയാണ്. ദൈവം നൽകിയ എല്ലാ കഴിവുകളും സഭയ്ക്കുവേണ്ടി അർപ്പിച്ചു എന്ന ബോദ്ധ്യം നമുക്കുണ്ട്.

പരിശുദ്ധ പിതാക്കന്മാരുടെ കാലടിപ്പാതകളിലൂടെത്തന്നെ സഞ്ചരിക്കുവാൻ ദൈവംതമ്പുരാൻ നമ്മുടെ പിൻഗാമിക്കും അവസരം നൽകട്ടെ. സഭയ്ക്കു ശോഭനമായ ഭാവി നാം ആശംസിക്കുകയും നമ്മുടെ പിൻഗാമിയുടെ പിന്നിൽ പതറാതെ നിലകൊള്ളുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

അഞ്ചാമത്തെ കാതോലിക്കാ സ്ഥാനം ഏറ്റു

28-10-75, കോട്ടയം: മലങ്കര മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കായായി ഇന്നലെ അവരോധിച്ചു. ചരിത്രമുറങ്ങുന്ന പഴയസെമിനാരിയുടെ തിരുമുറ്റത്തു സജ്ജമാക്കിയിരുന്ന പ്രത്യേക മദ്ബഹായിൽ നടന്ന ലളിതവും അനാഡംബരവും അത്യന്തം ഭക്തിനിർഭരവുമായ സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് ഒട്ടധികം വൈദികരും ജനങ്ങളും ഉൾപ്പെട്ട പ്രാതിനിധ്യ സ്വഭാവമുള്ള ഒരു സദസ്സ് സാക്ഷി നിന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ അതിപ്രധാനവും അവിസ്മരണീയവുമായ ഈ സ്ഥാനാരോഹണച്ചടങ്ങിനു സുന്നഹദോസ് പ്രസിഡന്റും സീനിയർ മെത്രാപ്പോലീത്തായുമായ മാത്യൂസ് മാർ ഈവാനിയോസ് നേതൃത്വം നൽകി. സ്ഥാനാരോഹണച്ചടങ്ങിനു മുമ്പു വി. കുർബ്ബാന അർപ്പിച്ചതും ആരാധനകൾ നയിച്ചതും സുന്നഹദോസ് സെക്രട്ടറിയും തുമ്പമൺ ഭദ്രാസനാധിപനുമായ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായായിരുന്നു.

സുന്നഹദോസിലെ രണ്ടംഗങ്ങളൊഴികെയുള്ള എല്ലാ മെത്രാപ്പോലീത്തമാരും സഹോദരീ സഭകളിലെ ബിഷപ്പുമാരും അനേകം വൈദികരും ഭക്തജനങ്ങളും പങ്കെടുത്ത സ്ഥാനാരോഹണച്ചടങ്ങുകൾ നാലു മണിക്കൂറോളം നീണ്ടുനിന്നു.

കേരളത്തിനു വെളിയിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന ജോസഫ് മാർ പക്കോമിയോസ്, സ്തേപ്പാനോസ് മാർ തേവോദോസ്യോസ് എന്നീ മെത്രാപ്പോലീത്താമാർക്കാണു ചടങ്ങിൽ സംബന്ധിക്കാൻ കഴിയാതെ പോയത്. എന്നാൽ ചടങ്ങ് അവസാനിച്ചപ്പോഴേയ്ക്കും തേവോദോസ്യോസ് മെത്രാപ്പോലീത്താ എത്തിച്ചേർന്നു. മാത്യൂസ് മാർ കൂറിലോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ മക്കാറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടു കൂടിയാണ് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ആരാധനകൾ നയിച്ചത്.

തിരുവല്ലാ ബിഷപ്പ് സഖറിയാസ് മാർ അത്താനാസ്യോസ്, തൊഴിയൂർ ഇടവകയുടെ പൗലൂസ് മാർ പീലക്സിനോസ്, സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് ടി. എസ്. ജോസഫ്, ബിഷപ്പ് എം. എം. ജോൺ എന്നിവരും ചടങ്ങിൽ സംബന്ധിച്ചിരുന്നു.

ഇന്നലെ രാവിലെ ഏഴു മണിക്കു പഴയസെമിനാരി ചാപ്പലിൽ പ്രഭാത പ്രാർത്ഥനയാരംഭിച്ചു. അവിടെ കബറടങ്ങിയിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ ആദ്ധ്യാത്മിക ചൈതന്യം തുടിച്ചുനിന്ന അന്തരീക്ഷത്തിൽ നടന്ന പ്രഭാത പ്രാർത്ഥനകൾക്കുശേഷം മെത്രാപ്പോലീത്താമാരും വൈദികരും ശുശ്രൂഷക്കാരും ഘോഷയാത്രയായി പള്ളിയങ്കണത്തിൽ സജ്ജമാക്കിയിരുന്ന സ്ഥാനാരോഹണ മണ്ഡപത്തിലേക്കു നീങ്ങി. എല്ലാവർക്കും പിന്നിലായി കാതോലിക്കാ സ്ഥാനാർത്ഥി മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും മദ്ബഹായിലെത്തി.

എട്ടു മണിക്കു സ്ഥാനാരോഹണ മണ്ഡപത്തിൽ മൂന്നാം മണിയുടെ നമസ്കാരം നടന്നു. തുടർന്നു മെത്രാപ്പോലീത്താമാർ അംശവസ്ത്രങ്ങളണിയുകയും ആരാധനയുടെ ആദ്യഘട്ടത്തിലേക്കു കടക്കുകയും ചെയ്തു.

"അപ്പോസ്തോലികമായ പരമോന്നതസ്ഥാനത്തേക്കു പരിശുദ്ധ റൂഹാ അങ്ങയെ വിളിക്കുന്നു" എന്നറിയിച്ചുകൊണ്ടു വി. സുന്നഹദോസ് സ്ഥാനാർത്ഥിയുടെ മുമ്പിൽ മുട്ടുകുത്തി. തുടർന്ന് "ആ വിളിയെ ഞാൻ സ്വീകരിച്ച് അംഗീകരിക്കുന്നു" എന്നു പ്രഖ്യാപിച്ചുകൊണ്ടു സ്ഥാനാർത്ഥി സുന്നഹദോസിന്റെ തിരുമുമ്പിൽ കുമ്പിട്ടു. സുന്നഹദോസ് പ്രസിഡന്റും സീനിയർ മെത്രാപ്പോലീത്തായുമായ മാത്യൂസ് മാർ ഈവാനിയോസ് സ്ഥാനാർത്ഥിയുടെ കൈപിടിച്ചെഴുന്നേൽപിച്ചു. തുടർന്നു സ്ഥാനാർത്ഥിയെ മെത്രാപ്പോലീത്താമാർ ചേർന്നു പുതിയ പരമോന്നത സ്ഥാനത്തേക്കുള്ള അംശവസ്ത്രങ്ങൾ അണിയിക്കുകയും വി. കുർബ്ബാന ആരംഭിക്കുകയും ചെയ്തു.

മൂന്നു ഗുണങ്ങൾ

വിശുദ്ധ കുർബ്ബാനമദ്ധ്യേ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ചെയ്ത ലഘുപ്രസംഗത്തിൽ ഒരു നല്ല ഇടയന്റെ മൂന്നു ഗുണങ്ങൾ വിശദീകരിച്ചു.

'ഇന്ന് മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സുസ്മരണീയമായ ദിവസമാണെന്നു' പ്രഖ്യാപിച്ചുകൊണ്ടാണു മെത്രാപ്പോലീത്താ പ്രസംഗം ആരംഭിച്ചത്. അദ്ദേഹം തുടർന്നു: "പ. കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമന് അനാരോഗ്യംമൂലം ചുമതലകൾ നിർവഹിക്കാൻ ബുദ്ധിമുട്ടായതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായ മാത്യൂസ് മാർ അത്താനാസ്യോസ് കിഴക്കിന്റെ കാതോലിക്കായായി അവരോധിക്കപ്പെടുകയാണ്.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായമാണ് ഇന്ന് ഏവൻഗേലിയോനിൽ വായിക്കുന്നത്. നല്ല ഇടയന്റെ മൂന്നു ലക്ഷണങ്ങൾ അവിടെ എടുത്തു പറയുന്നുണ്ട്.

ഒന്നാമതു നല്ല ഇടയൻ വാതിലിലൂടെ കടക്കുന്നവനാകുന്നു. വാതിൽ കാവൽക്കാരൻ അവനു വാതിൽ തുറന്നു കൊടുക്കുന്നു. ആ വാതിലിലൂടെ അകത്തു കടക്കുന്ന ഇടയൻ ആടുകളെ പേർചൊല്ലി വിളിക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിയുന്നു. അവ ഇറങ്ങിച്ചെല്ലുന്നു. വേദഭാഗം നമ്മെ പഠിപ്പിക്കുന്നതു വാതിലിലൂടെ കടക്കുന്നവനാണ് നല്ല ഇടയൻ എന്നാണ്. പുറം വാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. അവൻ തന്റെ ആടുകളെയും ആടുകൾ അവനെയും അറിയുന്നില്ല. അതിനാൽ ആടുകൾ അവനെ അനുസരിക്കുന്നില്ല.

രണ്ടാമത്, നല്ല ഇടയൻ ആട്ടിൻപറ്റങ്ങളെ പച്ചയായ പുൽപ്പുറങ്ങളിലേക്കു നയിക്കുന്നു. സഭാമക്കളാകുന്ന ആടുകൾക്കു പ്രതിബന്ധങ്ങൾ തരണം ചെയ്ത് ആത്മീയമായ ആഹാരം ലഭ്യമാക്കുക എന്നതു നല്ല ഇടയന്റെ ചുമതലയാണ്.

മൂന്നാമത്, നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു. കൂലിക്കാരനോ ചെന്നായ് വരുന്നതു കണ്ട് ഓടിക്കളയുന്നു. ചെന്നായ് ആട്ടിൻ പറ്റത്തെ ഛിന്നഭിന്നമാക്കിക്കളയുന്നു.

സഭാപിതാവ് സഭാമക്കളെ സംബന്ധിച്ചിടത്തോളം നല്ല ഇടയനാണ്. നേരായ വാതിലിലൂടെ അകത്തു പ്രവേശിക്കുന്നയാളാണ് യഥാർത്ഥ പിതാവ്. അദ്ദേഹം നല്ലയിടയനാണ്. നേരായ മാർഗ്ഗത്തിലൂടെയല്ലാതെ സഭയുടെ നേതൃസ്ഥാനത്തു വരുന്നയാൾ നല്ലയിടയനല്ല.

സഭാമക്കൾക്കു നല്ല മേച്ചിൽസ്ഥലങ്ങൾ കണ്ടെത്താനുള്ള ചുമതല സഭാപിതാവിന്റേതാണ്. ലക്ഷക്കണക്കിനുള്ള സഭാമക്കൾക്കായി നല്ല മെത്രാന്മാരെ സഭയ്ക്കു നൽകാനുള്ള ചുമതല നേതാവിനാണ്. സഭാമക്കളെ ചെന്നായ്ക്കളിൽനിന്നു രക്ഷിക്കാനുള്ള ഉത്തരവാദിത്വവും സഭാതലവന്റേതു തന്നെ.

ഇന്നു ചെന്നായ്ക്കൾ ധാരാളമായി ആട്ടിൻപറ്റത്തിലേക്കു കയറിവരുന്ന കാലമാണ്. അതു കണ്ടു നല്ല ഇടയൻ ഓടിപ്പോവുകയില്ല. യുദ്ധം ചെയ്ത് ആടുകളെ രക്ഷിക്കും. നമുക്കിന്നു നല്ല ഇടയനെ ലഭിക്കുന്നു. സമർത്ഥനായ നല്ലയിടയനായി നിന്റെ ദാസനെ വാഴിക്കണമേ എന്നു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

പ്രസംഗാനന്തരം മേൽപട്ടക്കാർ സ്ഥാനാർത്ഥിയെ ത്രോണോസിന്റെ മുമ്പിലേക്കു നയിച്ചു. അവിടെ നിന്നുകൊണ്ട് അദ്ദേഹം വിശ്വാസപ്രതിജ്ഞ (അമാലോഗിയാ) ചൊല്ലി.

മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഭരണവും മേൽനോട്ടവും സഭാ പാരമ്പര്യങ്ങൾക്കും കാനോൻ നിയമങ്ങൾക്കും സഭയുടെ ഭരണഘടനയ്ക്കും അനുസൃതമായി മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിനോടുള്ള വിധേയത്വത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയാലും ശക്തിയാലും നിർവ്വഹിച്ചു കൊള്ളാമെന്ന് സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത സത്യപ്രതിജ്ഞയിൽ കാതോലിക്കാബാവാ പറഞ്ഞു. വിശ്വാസപ്രഖ്യാപനത്തിന്റെ പൂർണ്ണ രൂപം താഴെച്ചേർക്കുന്നു.

പൗരസ്ത്യ കാതോലിക്കാസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട ബലഹീനനായ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായായ ഞാൻ ഈ മദ്ബഹായുടെ മുമ്പാകെയും ഈ പ. സുന്നഹദോസിന്റെ മുമ്പാകെയും അതിന്റെ അദ്ധ്യക്ഷനായ മാത്യൂസ് മാർ ഈവാനിയോസ് സീനിയർ മെത്രാപ്പോലീത്താ മുമ്പാകെയും എന്റെ വിശ്വാസം ഏറ്റുപറയുന്നു.

1. നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ പ. ശ്ലീഹന്മാരെയും അവരുടെ മദ്ധ്യസ്ഥത മുഖാന്തരം സർവ്വപിതാക്കന്മാരെയും ഇന്നയോളമുള്ള സ്തുതി ചൊവ്വാക്കപ്പെട്ട മൽപ്പാന്മാരെയും ഭരമേൽപിച്ചപ്രകാരമുള്ള സത്യ വിശ്വാസവും ഞാൻ പാലിക്കും. ആയതു പിതൃപുത്ര പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു ക്നൂമാകളിൽ അറിയപ്പെടുന്ന ഏകദൈവത്തിലുള്ള വിശ്വാസം തന്നെ.

പിതാവ് ജനകനാകുന്നു. പുത്രനോ പിതാവിൽ നിന്നു ജനിച്ചവനാകുന്നു. റൂഹാ പിതാവിൽ നിന്നു പുറപ്പെടുകയും ചെയ്യുന്നു.

അവർ മൂവരും ശ്രേഷ്ഠതയിലും ശക്തിയിലും അധികാരത്തിലും ബഹുമാനത്തിലും തുല്യതയുള്ളവരും ഏകസ്വഭാവം ഏകയിഷ്ടം ഏകസാരാംശം എന്നിവ ഉള്ളവരുമാകുന്നു.

2. രണ്ടാമത്തെ ക്നൂമാ തന്റെയും തന്റെ പിതാവിന്റെയും തന്റെ പരിശുദ്ധ റൂഹായുടെയും തിരുഹിതപ്രകാരം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി പ. റൂഹായിൽ നിന്നും കന്യകമറിയാമിൽ നിന്നും നമ്മുടെ രക്ഷയ്ക്കുവേണ്ടി ജഡധാരണം ചെയ്തു മനുഷ്യനായിത്തീർന്നു. താൻ നിമിത്തം തന്റെ മാതാവ് ദൈവമാതാവാകുന്നു.

3. തന്റെ ദൈവത്വം തന്റെ മനുഷ്യത്വത്തോടു പ്രകൃതപ്രകാരവും ക്നൂമാ പ്രകാരവും കലർപ്പോ സമ്മിശ്രമോ വ്യത്യാസമോ കലക്കമോ കൂടാതെ സംയോജിപ്പിച്ചു തന്റെ ദൈവത്വം ഒരുനിമിഷം പോലും മനുഷ്യത്വത്തിൽ നിന്നു ഒട്ടും തന്നെ വിട്ടുപിരിയാതിരുന്നു.

അതായതു ജഡധാരണം ചെയ്ത ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു. അവൻ തന്നെ കഷ്ടപ്പെട്ടു ജഡത്തിൽ മരിച്ചു. കബറടക്കപ്പെടുകയും

കബറിൽ നിന്ന് ഉത്ഥാനം ചെയ്യുകയും സ്വർഗ്ഗത്തിലേക്കു കരേറുകയും ജീവനുള്ളവരെയും മരിച്ചുപോയവരെയും വിധിപ്പാൻ വരാനിരിക്കുകയും ചെയ്യുന്നു.

4. പരിശുദ്ധ സഭയുടെ ഏഴു കൂദാശാ രഹസ്യങ്ങളിൽ ഞാൻ വിശ്വസിക്കുന്നു. തിരുവെഴുത്തുകളുടെ രണ്ടു നിയമങ്ങൾ ഞാൻ സ്വീകരിക്കുന്നു. ശ്ലൈഹികമായ പാരമ്പര്യം ഞാൻ ഏറ്റുപറയുന്നു. പരിശുദ്ധാത്മാവിന്റെ മദ്ധ്യസ്ഥതയിൽ ഞാൻ വിശ്വസിക്കുന്നു. പ. കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ ഞാൻ അംഗീകരിക്കുന്നു.

5. നിഖ്യായിലും കുസ്തന്തീനോസിലും എഫേസൂസിലും ദൈവാത്മാവിൽ കൂടപ്പെട്ട മൂന്നു പൊതു സുന്നഹദോസുകളിൽ പരിശുദ്ധ പിതാക്കന്മാരാൽ നിശ്ചയിച്ചിട്ടുള്ളതെല്ലാം ഞാൻ അംഗീകരിക്കുന്നു.

6. പ. സഭ ആദിമുതൽ ഇന്നോളം തള്ളിക്കളഞ്ഞിട്ടുള്ള എല്ലാ വിശ്വാസ വിപരീതങ്ങളെയും ഞാൻ തള്ളിപ്പറയുന്നു. എല്ലാ പരിശുദ്ധ ശ്ലീഹന്മാരെയും പ്രത്യേകിച്ച് ശ്ലീഹന്മാരിൽ മുമ്പനായ മാർ പത്രോസിനെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായെയും അറിയിപ്പുകാരെയും പിതാക്കന്മാരെയും സത്യവിശ്വാസികളായ മൽപാന്മാരെയും എല്ലാ പരിശുദ്ധ പിതാക്കന്മാരെയും ഞാൻ സ്വീകരിക്കുന്നു.

7. സഭയിൽ ഉണ്ടായിട്ടുള്ളവയും ഇനിയും ഉണ്ടാകുവാനിരിക്കുന്നതുമായ നിയമാനുസൃതമായ പ. സുന്നഹദോസുകളെയും അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനവും മലങ്കര കാതോലിക്കാ സിംഹാസനവും തമ്മിലുള്ള നിയമാനുസൃത ബന്ധത്തെയും ഞാൻ അംഗീകരിക്കുന്നു. എന്നെ ഭരമേൽപിച്ചിട്ടുള്ള ഈ ആട്ടിൻകൂട്ടത്തിന്റെ ഭരണവും മേൽനോട്ടവും സഭാപാരമ്പര്യങ്ങൾക്കും കാനോൻ നിയമങ്ങൾക്കും സഭയുടെ ഭരരണഘടനയ്ക്കും അനുസൃതമായി മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിനോടുള്ള വിധേയത്വത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയിലും ശക്തിയിലും നിർവഹിച്ചുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. മേൽപറഞ്ഞ കാര്യങ്ങളിൽ നിന്ന് ഒട്ടും തന്നെ മാറുകയില്ലെന്നും ഞാൻ വാഗ്ദത്തം ചെയ്യുന്നു.

ഇവ സ്വന്ത മനസ്സാലെയും സ്വന്ത ഇഷ്ടപ്രകാരവും ഞാൻ എഴുതി ഒപ്പിട്ടിരിക്കുന്നു. നമ്മുടെ മതത്തിന്റെ മഹാപുരോഹിതനായ യേശുമശിഹാ തന്റെ കൃപയിൽ എന്നെ കാത്തു നയിക്കുന്നതിനായി എനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ പ. സുന്നഹദോസിനോടും സഭ മുഴുവനോടും എളിയവനും ബലഹീനനുമായ ഞാൻ അപേക്ഷിക്കുന്നു.

വിശ്വാസ പ്രഖ്യാപനത്തിനു ശേഷം സ്ഥാനാർത്ഥി സീനിയർ മെത്രാപ്പോലീത്തായുടെ കൈമുത്തി. തുടർന്ന് സ്ഥാനാരോഹണച്ചടങ്ങിന്റെ പരമപ്രധാന ഭാഗമായ “ഓക്സിയോസ്” വിളി മുഴങ്ങി.

“മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യസിംഹാസനത്തിന്റെ ഉന്നതപ്പെട്ട കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് യോഗ്യൻ യോഗ്യൻ” എന്നർത്ഥമാകുന്ന ഓക്സിയോസ് മൂന്നു പ്രാവശ്യം മുഴങ്ങി. അപ്പോൾ മേൽപട്ടക്കാർ സ്ഥാനാർത്ഥിയെ കസേരയിലെടുത്തുയർത്തുകയും അദ്ദേഹം സ്ലീബായാൽ ഭക്തജനങ്ങളെ ആശീർവദിക്കുകയും ചെയ്തു.

തുടർന്ന് സഭയുടെ ചുമതലഭാരങ്ങളെല്ലാം ഏൽപിക്കുന്നതിന്റെ പ്രത്യക്ഷോദാഹരണമായ അംശവടി നൽകൽ ചടങ്ങാണു നടന്നത്. സീനിയർ മെത്രാപ്പോലീത്താ അംശവടിയുടെ തലയ്ക്കലും മറ്റു മെത്രാപ്പോലീത്താമാർ മൂപ്പുമുറയനുസരിച്ചും ഏറ്റവും ഒടുവിൽ സ്ഥാനാർത്ഥിയും അംശവടിയിൽ പിടിച്ചു. അനന്തരം സ്ഥാനാർത്ഥിയൊഴികെ എല്ലാവരും കൈക്കു കീഴെ അംശവടിയിന്മേൽ പിടിക്കുകയും ചെയ്തു. തുടർന്ന് പുതിയ കാതോലിക്കാ ആ വടികൊണ്ടു വിശ്വാസികളെ അനുഗ്രഹിച്ചു. ഇതോടെ സ്ഥാനാരോഹണ കർമ്മങ്ങൾ പര്യവസാനിക്കുകയും മേൽപട്ടക്കാരും ശുശ്രൂഷകന്മാരും സമാധാനത്തിന്റെ ചുംബനം നടത്തുകയും കൈയസൂരി നൽകുകയും ചെയ്തു.

പിന്നീട് വി. കുർബാനയുടെ അവശേഷിച്ച ഭാഗം അഭിനവ കാതോലിക്കായുടെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു. വി. കുർബാനാനന്തരം ഹാരാർപ്പണം നടന്നു.

മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസിനുവേണ്ടി സെക്രട്ടറി ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായും സമുദായ സെക്രട്ടറി പി. സി. ഏബ്രഹാമും വൈദിക സെമിനാരിക്കുവേണ്ടി പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ചെറിയപള്ളിക്കുവേണ്ടി ബേബി അലക്സും ഹാരങ്ങൾ അർപ്പിച്ചു. തുടർന്ന് വിവിധ ഭദ്രാസനങ്ങൾക്കും പള്ളികൾക്കും സഭയിലെ ഇതര സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയും ഹാരാർപ്പണം നടന്നു.

അനന്തരം നടന്ന അനുമോദനയോഗത്തിൽ സീനിയർ മെത്രാപ്പോലീത്താ മാത്യൂസ് മാർ ഈവാനിയോസ് അദ്ധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അനുമോദന പ്രസംഗം നടത്തി. പുതിയ കാതോലിക്കാ മറുപടി പ്രസംഗം ചെയ്തു.

മോതിരം, മാല

കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയ്ക്കുശേഷം അഭിനവ കാതോലിക്കായും, മെത്രാപ്പോലീത്താമാരും കാതോലിക്കേറ്റ് അരമനയിൽ എത്തി പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായെ സന്ദർശിച്ചു. തദവസരത്തിൽ പ. ഔഗേൻ ബാവാ പിൻഗാമിക്കു ഒരു കനകമോതിരം സമ്മാനിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അണിഞ്ഞിരുന്നതാണ് ഈ മോതിരം. സ്ഥാനാഭിഷേക ശുശ്രൂഷയ്ക്കു മുമ്പ് ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ഉപയോഗിച്ചിരുന്ന മാലയും പ. ഔഗേൻ ബാവാ കൊടുത്തയയ്ക്കുകയുണ്ടായി.

എം.ഡി. സെമിനാരിയിൽ താമസിച്ചുവരുന്ന അഭിനവ കാതോലിക്കാ ഏതാനും ആഴ്ചകൾക്കുള്ളിൽ കാതോലിക്കേറ്റ് അരമനയിലേക്കു താമസം മാറ്റുന്നതാണ്. ബസ്സേലിയോസ് കോളജിലും എം.ഡി. സെമിനാരി ഹൈസ്കൂളിലും പബ്ലിക് പരീക്ഷ നടന്നുകൊണ്ടിരിക്കുന്നതിനാലാണു കാതോലിക്കാ സ്ഥാനാരോഹണം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു നടത്താൻ കഴിയാതെ പോയത്.

സഭാസമാധാനത്തിനുശേഷം ചേർന്നിട്ടുള്ള സഭയുടെ സുപ്രധാനമായ എപ്പിസ്കോപ്പൽ സുന്നഹദോസുകളിലും അസോസിയേഷൻ യോഗങ്ങളിലും മാനേജിംഗ് കമ്മിറ്റിയിലും കാതോലിക്കാ ബാവായുടെ നിർദ്ദേശാനുസരണം നേതൃത്വം നൽകി ഭരണപരിചയം ലഭിച്ച മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തന്നെയാണു അടുത്ത കാതോലിക്കാ എന്നു സഭാംഗങ്ങൾ എല്ലാവരും ചിന്തിച്ചുറച്ചിരുന്നു. തന്നിമിത്തം അസോസിയേഷൻ 1970 ഡിസംബർ 31-നു അദ്ദേഹത്തെ കാതോലിക്കായുടെ പിൻഗാമിയായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തപ്പോൾ ആർക്കും വിസ്മയം തോന്നിയതുമില്ല.

സഭാഭരണം സുഗമമായി നടത്തിക്കൊണ്ടു പോകാൻ പ്രായാധിക്യം മൂലം സാധിക്കുന്നില്ലെന്നുള്ള ബോധ്യത്തോടുകൂടി നവതി കഴിഞ്ഞ ഔഗേൻ ബാവാ 1975 സെപ്തംബറിൽ തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വമനസ്സാലെ ഒഴിഞ്ഞുകൊടുത്തിരുന്നു. പിന്നീട് കാതോലിക്കാ സ്ഥാനവും വിട്ടുകൊടുത്തതിനു ശേഷമാണ് 1975 ഒക്ടോബർ 27-നു ചരിത്രം പള്ളിയുറങ്ങുന്ന കോട്ടയം പഴയസെമിനാരിയിൽ വച്ചു മാർ അത്താനാസ്യോസിനെ മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കായായി അവരോധിച്ചത്.

കാതോലിക്കാ സ്ഥാനാരോഹണച്ചടങ്ങിനു സീനിയർ മെത്രാപ്പോലീത്താമാരായ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നിവരാണ് അന്ന് പ്രധാന കാർമ്മികത്വം വഹിച്ചത്. ഭക്തിനിർഭരമായ ചടങ്ങുകൾക്കും സ്ഥാനാരോഹണത്തിനും ശേഷം കാതോലിക്കാ ബാവാ എന്ന നിലയിൽ ചെയ്ത പ്രഥമ പ്രസംഗം അതിശ്രദ്ധേയമായ ഒന്നാണ്. അതു ചുവടെ ചേർക്കുന്നു.

“മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തു പരിശുദ്ധ സുന്നഹദോസിലൂടെ പരിശുദ്ധ റൂഹാ ബലഹീനനായ എന്നെ ഉയർത്തിയിരിക്കുന്ന ഈ അവസരത്തിൽ സമ്മിശ്രവികാരങ്ങളോടുകൂടിയാണ് ഞാനിവിടെ നിൽക്കുന്നത്. മാർത്തോമ്മാ ശ്ലീഹാ തന്റെ മജ്ജയും മാംസവും ഈ മണ്ണിൽ

വീഴ്ത്തി വളർത്തിയെടുത്ത പൗരാണികമായ ഈ ക്രൈസ്തവസഭയുടെ പ്രധാന നേതൃസ്ഥാനത്തേക്കു അവരോധിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ ദൈവതിരുമുമ്പാകെ പൂർണ്ണമായി സമർപ്പിച്ചും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ പൂർണ്ണമായി ആശ്രയിച്ചും കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലകളിലുള്ള അതിഗൗരവമായ ചുമതലകൾ ഞാൻ ഏറ്റവും വിനീതമായി ഏറ്റെടുക്കുകയാണ്. കടന്നുപോയ പിതാക്കന്മാരുടെ മദ്ധ്യസ്ഥത എപ്പോഴും എനിക്കായി ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ പരിശുദ്ധ പിതാവായ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി പിതാക്കന്മാരുടെ പിതാവെന്ന നാമം അന്വർത്ഥമാക്കിയിരിക്കുകയാണ്. 92 വയസ്സു കഴിഞ്ഞ പ. ബാവാ മലങ്കര സഭയിലുണ്ടായിട്ടുള്ള എല്ലാ മേൽപട്ടക്കാരെക്കാൾ കൂടുതൽ വർഷം ജീവിച്ചിരിക്കുന്നയാളാണ്. ലോകത്തെമ്പാടുമുള്ള സഭകളുടെ പ്രധാന മേലദ്ധ്യക്ഷന്മാരിൽ ഏറ്റവും പ്രായം കൂടിയ ദേഹവും തിരുമേനി തന്നെ. തിരുമനസ്സിലേക്ക് എന്നോടുള്ള പൈതൃകമായ വാത്സല്യം എനിക്കു നല്ലവണ്ണം ബോദ്ധ്യമുണ്ട്. 1964-ൽ അദ്ദേഹം കാതോലിക്കാ ആയപ്പോൾ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി എന്നെ നിയമിച്ചു. 1970-ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി എന്നെ തെരഞ്ഞെടുത്തതു മുതൽ അദ്ദേഹത്തിന്റെ ചുമതലകൾ എന്നെ ഭരമേൽപിക്കുവാൻ തുടങ്ങി. 1975 സെപ്റ്റംബർ 24-ാം തീയതി മലങ്കര മെത്രാപ്പോലീത്താസ്ഥാനവും ഇന്ന് കാതോലിക്കാ സ്ഥാനവും എന്നെ ഭരമേൽപിച്ചിരിക്കുകയാണ്. സ്ഥാനമാനങ്ങൾ വിട്ടൊഴിഞ്ഞു വിശ്രമ ജീവിതം തെരഞ്ഞെടുക്കുക സാധാരണ ആളുകൾക്ക് അത്ര എളുപ്പമുള്ള കാര്യമല്ല. ആത്മീയതയിൽ അങ്ങേയറ്റം ഉയർന്നവർക്കു മാത്രമേ അപ്രകാരം ചെയ്യാൻ സന്നദ്ധതയുണ്ടാവുകയുള്ളു. അങ്ങനെ വിനീതനെന്നു വിഖ്യാതനായ പരിശുദ്ധ തിരുമേനി സ്വയംപരിത്യാഗിയെന്നുള്ള പ്രശസ്തി മാത്രമല്ല മഹാപരിശുദ്ധനും സഭാസ്നേഹിയുമാണെന്നും തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്റെ ജീവിതകാലത്തു തന്നെ അദ്ദേഹത്തിന്റെ പിൻഗാമിയെ അനുഗ്രഹിച്ച് സഭയെ പുതിയ കൈകളിൽ ഏൽപിച്ചു സംതൃപ്തിയടയുവാനുള്ള വാഞ്ഛയും അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചു. കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും സ്ഥാനം ഞാൻ ഏറ്റെടുത്തെങ്കിലും പരിശുദ്ധ ബാവായെ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ഞാൻ കാണുന്നു. അദ്ദേഹം വലിയ ബാവായാണ്. കാതോലിക്കാ പിതാവാണ്. പിതാക്കന്മാരുടെ പിതാവാണ്. ആ നിലയിൽ അദ്ദേഹത്തെ ബഹുമാനിച്ച് അദ്ദേഹത്തിന്റെ ചേവടികളിൽ തൊട്ടുകൊണ്ടും അദ്ദേഹത്തിനു വിധേയനായും മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനം ഞാൻ ഏറ്റെടുക്കുന്നു. തിരുമനസ്സിലെ ശിഷ്ടായുസ്സ് എല്ലാവിധത്തിലും അനുഗ്രഹപ്രദമായിരിക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കണം.

ഈ സഭ ഒരു എപ്പിസ്കോപ്പൽ സഭയാണ്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അതിലെ ഏറ്റവും പ്രധാനപ്പെട്ട സംഘം. അതിലെ അംഗങ്ങൾ ഏവരുടെയും സഹകരണം ഞാൻ അങ്ങേയറ്റം വിലമതിക്കുന്നു.

എന്നെക്കാൾ പത്തിരുപത് വയസ്സ് പ്രായക്കൂടുതലുള്ള മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സഭയുടെ സീനിയർ മെത്രാപ്പോലീത്താ യാണ്. അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഞാൻ വിലമതിക്കുന്നു. ഞാൻ ഏറ്റെടുത്തിരിക്കുന്ന ചുമതലകൾ ഭംഗിയായി നിർവഹിക്കുന്നതിനു മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി എന്നിവയുടെ സമ്പൂർണ്ണ സഹകരണം ഉണ്ടാകുമെന്ന് എനിക്കുത്തമ വിശ്വാസമുണ്ട്. അങ്ങനെ ചെയ്യണമെന്ന് അവയിലെ അംഗങ്ങളോടു ഞാൻ അപേക്ഷിക്കുന്നു. സത്യവിശ്വാസികളായ സകല വൈദികഗണവും വിശ്വാസികളും എന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുകയും എന്നെ സ്നേഹിക്കുകയും എല്ലാ കാര്യങ്ങളിലും എന്നോടൊത്തു പ്രവർത്തിക്കുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്. മലങ്കരയിൽ അങ്ങോളമിങ്ങോളമുള്ള സഭാമക്കളുടെ സ്നേഹവും വാത്സല്യവും ആസ്വദിക്കാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. തുടർന്നും ഞാനതു പ്രതീക്ഷിക്കുന്നു. അഹറോനും ഹൂരും ദീർഘദർശിമാരിൽ തലവനായ മോശയുടെ ഇരുവശത്തുനിന്ന് അദ്ദേഹത്തിന്റെ കരങ്ങൾക്കു ശക്തി നൽകിയതുപോലെ ഈ സഭയുടെ അംഗങ്ങൾ എന്റെ സഹായത്തിനായി ഉണ്ടെന്നുള്ളത് എനിക്ക് പ്രത്യാശ നൽകുന്നു. മലങ്കര സഭയ്ക്ക് ഇന്ത്യയിലും വിദേശത്തും സുഹൃദ്ബന്ധമുള്ള അനേകം സഭകളുണ്ട്. ഇത് എക്യുമെനിക്കൽ യുഗമാണല്ലോ. എന്റെ സ്ഥാനാരോഹണത്തിന്റെ ഈ ദിവസം സകല സഭകളേയും അവയിലെ അദ്ധ്യക്ഷന്മാരേയും ഞാൻ ഓർക്കുന്നു. അവരോടുള്ള സുഹൃദ്ഭാവം പുതുക്കി രേഖപ്പെടുത്തുകയും ചെയ്യുന്നു. റോമൻ കത്തോലിക്കാ സഭയും പാശ്ചാത്യ-പൗരസ്ത്യ ഓർത്തഡോക്സ് സഭകളും അതിലുൾപ്പെടുന്നു. അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെ കൽപനയിൽ പറഞ്ഞിട്ടുള്ള അന്ത്യോഖ്യൻ സഭയുമായുള്ള ഈ സഭയുടെ സ്നേഹബന്ധം ഞാൻ സ്മരിക്കുകയാണ്. എങ്കിലും അചിരേണ ഈ രണ്ടു സഭകളും നിയമാനുസൃതമായുള്ള സമ്പൂർണ്ണ സ്നേഹബന്ധത്തിൽ എത്തിച്ചേരുമെന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയിൽ അസ്വസ്ഥതകൾ കൊടുമ്പിരികൊണ്ടിരിക്കുന്ന സമയത്താണ് ഈ സ്ഥാനത്തു ഞാൻ അവരോധിക്കപ്പെട്ടിരിക്കുന്നത്. സഭയെ ഒന്നായി ഞാൻ കാണുന്നു. ഏതാനും ആളുകളുടെ നേതൃത്വത്തിൽ സഭയ്ക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘത്തെ ഞാൻ കാണാതിരിക്കുന്നില്ല. സഭയുടെ സംരക്ഷണത്തിന് അവരുടെ പ്രവർത്തനങ്ങളെ പ്രതിരോധിക്കാതെ നിവൃത്തിയില്ല. എങ്കിലും അവരോടെനിക്കു സ്നേഹമാണുള്ളത്. സഭാവിരുദ്ധമായ അവരുടെ നടപടി വിട്ടു സഭയുടെ യഥാർത്ഥ മക്കളായി അവർ

തീരുന്നതിനു ഞാൻ അഭിലഷിക്കുകയും ആയതിനുവേണ്ടി പ്രാർത്ഥിക്കുകയും അവർ അപ്രകാരം ചെയ്യുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

കേരളത്തിലെ ക്രൈസ്തവ സഭകളെ പ്രത്യേകം ഞാൻ പരിഗണിക്കുന്നു. വിവിധ സാഹചര്യങ്ങൾകൊണ്ടു യോജിപ്പില്ലാതെ നിലകൊള്ളുന്നുവെങ്കിലും ഇവിടത്തെ കത്തോലിക്കാ, സി.എസ്.ഐ, മാർത്തോമ്മാ, ആഞ്ഞൂര്, കൽദായ മുതലായ സഭകൾ ഒരേ രക്തത്തിൽ നിന്നുള്ള സഭകളാകുന്നുവെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല.

അവയും ബാഹ്യകേരളത്തിലുള്ള മറ്റു സഭകളും ഓർത്തഡോക്സ് സഭയും യോജിച്ച് അഖിലഭാരതസഭ ഉണ്ടാകുന്നതു ഞാൻ സ്വപ്നം കാണുകയാണ്. കേവലം കിനാവു മാത്രമല്ല അതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിവിധ സഭകളിൽ നിന്നു, എന്റെ സ്ഥാനാരോഹണവേളയിൽ വന്നു സംബന്ധിച്ച് അതിനെ ധന്യമാക്കിയിട്ടുള്ള സഭാമേലദ്ധ്യക്ഷന്മാർക്കും ജനങ്ങൾക്കും എന്റെ കൃതജ്ഞത.

രണ്ടായിരം കൊല്ലം പഴക്കമുള്ള സഭയാണെങ്കിലും ഇന്നും ബാല്യദശയിൽ മാത്രം ഈ സഭ സ്ഥിതിചെയ്യുന്നു. അതിനു പ്രത്യേക കാരണങ്ങളുമുണ്ട്. അവയെ ഈ ഘട്ടത്തിൽ അവതരിപ്പിക്കേണ്ട കാര്യമില്ല.

ഇതിന്റെ ഭാവി കരുപിടിപ്പിക്കുന്നതിനുള്ള ഭാരമാണ് എന്നിൽ നിക്ഷിപ്തമായിട്ടുള്ളത്. അത് നിസ്സാരമായ കാര്യമൊന്നുമല്ല. ദൈവമാണു സകലത്തെയും സമ്പൂർണ്ണമാക്കുന്നത്. മനുഷ്യനു അസാദ്ധ്യമായതു ദൈവത്തിനു സാദ്ധ്യമാകുന്നു. ബലഹീനനായ എന്നെ കൈപിടിച്ചു നടത്തി ഈ ചുമതലയ്ക്ക് എന്നെ വഴിനടത്തുന്നതിന് ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ എപ്പിസ്കോപ്പൽ സഭകൾ തമ്മിലുള്ള ഐക്യം ബാവാ വിഭാവനം ചെയ്തു എങ്കിലും കൂടുതൽ സഹകരണത്തിനു മാത്രമേ രംഗം ഒരുക്കാൻ സാധിച്ചുള്ളു. നിലയ്ക്കൽ സെന്റ് തോമസ് പള്ളി നിർമ്മാണം, സംയുക്ത ക്രൈസ്തവ വിദ്യാഭ്യാസ പ്രശ്നങ്ങൾ, കോട്ടയത്തെ സുറിയാനി പഠനഗവേഷണകേന്ദ്രം മുതലായ എക്യുമെനിക്കൽ കാര്യങ്ങളിൽ ബാവാ തിരുമേനി പ്രത്യേകം താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ കേസുകളും മറ്റും സഭയുടെ ശ്രദ്ധ നല്ല കാര്യങ്ങളിൽ നിന്നു കുറെയെല്ലാം തിരിച്ചുവിട്ടു എന്നു പറയുന്നതായിരിക്കും ശരി. 1976 ഓഗസ്റ്റിലെ ആലുവാ തൃക്കുന്നത്തു സെമിനാരി കൈയേറ്റം, തെയോഫിലോസ് മെത്രാപ്പോലീത്തായുടെ കാർ കത്തിക്കൽ തുടങ്ങിയ സ്കഡ്മിസൈലുകളെ കാതോലിക്കാ ബാവാ നിയമനടപടികളാകുന്ന പേട്രിയട്ട് മിസൈലുകൾ കൊണ്ടു നിഷ്ഫലമാക്കി.

പിന്നീട് എറണാകുളം സ്പെഷൽ കോടതിയിൽ സമുദായക്കേസിൽ പ. ബാവായെ വിസ്തരിക്കുകയും സഭയുടെ യഥാർത്ഥ നിലപാട് വിശദമാക്കുകയും ചെയ്തു. എന്നാൽ ആ കേസിന്റെ അപ്പീലിൽ ഹൈക്കോടതി സിംഗിൾ ബഞ്ചിൽ നിന്നു ബാവായ്ക്ക് എതിരായ വിധിയാണുണ്ടായത്. പക്ഷേ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് കാതോലിക്കാ ബാവായുടെ നിലപാട് അരക്കിട്ടുറപ്പിച്ചുകൊണ്ട് 1990 ജൂൺ 1–നു വിധി പ്രസ്താവിച്ചു. തുടർന്ന് പാത്രിയർക്കീസ് ഭാഗം അതിനെതിരെ സുപ്രീംകോടതിയിൽ സ്റ്റേയ്ക്കും അപ്പീലിനും വേണ്ടി ഹർജികൾ സമർപ്പിച്ചു. ഈ കേസുകളിലും താൻ ജയിക്കുമെന്നുള്ള ഉത്തമവിശ്വാസമാണു ബാവായെ ഭരിച്ചത്. ഒരു സഭാകേസിലും താൻ പരാജയപ്പെട്ടിട്ടില്ലെന്നു ബാവാ മുമ്പ് മനോരമയ്ക്കു നൽകിയ ഒരഭിമുഖത്തിൽ സൂചിപ്പിച്ചിരുന്നു.

പരിശുദ്ധ ഔഗേൻ ബാവാ 1975 ഡിസംബർ 8–നു കാലംചെയ്തു. സഭയുടെ പരിപൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്ത മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ പിറ്റേവർഷം യൂറോപ്പിൽ പര്യടനം നടത്തുകയും തുടർന്ന് റഷ്യൻ ഓർത്തഡോക്സ് സഭയുടെ അത്യുന്നത ബഹുമതിയായ 'ഓർഡർ ഓഫ് വ്ളാഡിമർ' സ്വീകരിക്കുകയും ഉണ്ടായി. ഈ സന്ദർശനത്തിന്റെ പ്രതിസന്ദർശനമായിട്ടാണ് 1977 ഫെബ്രുവരിയിൽ റഷ്യൻ സഭയുടെ പീമൻ പാത്രിയർക്കീസ് മലങ്കരയിൽ എത്തിയത്. തിരിച്ചെത്തിയശേഷം ഏപ്രിൽ ഒന്നിനു മൂറോൻ കൂദാശ നടത്തുകയും മെയ് 16–നു മാവേലിക്കരയിൽ ചേർന്ന മലങ്കര അസോസിയേഷൻ അഞ്ചുപട്ടക്കാരെ മേൽപട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും ചെയ്തു. ആ വർഷം തന്നെ മാവേലിക്കരയിലെ മിഷൻ ട്രെയിനിംഗ് സെന്റർ ബാവാ ഉദ്ഘാടനം ചെയ്തു.

1978–ൽ ആന്ധ്രായിലെ ചുഴലിക്കാറ്റുമൂലം ആയിരക്കണക്കിന് ആളുകൾ ഭവനരഹിതരായി. മറ്റു ജനവിഭാഗങ്ങളോടൊപ്പം മലങ്കരസഭയും ആന്ധ്രാ ദുരിതാശ്വാസനിധി ശേഖരിച്ചു സഹായം നൽകി.

ഇതിനിടയിൽ കാതോലിക്കേറ്റ് അരമനയുടെ രണ്ടാംഘട്ടം പണി ബാവാ പൂർത്തിയാക്കി. ഇതിനുവേണ്ടി ഇന്ത്യയിലും വിദേശത്തുമുള്ള ഒട്ടധികം സഭാസ്നേഹികൾ ഗണ്യമായ സംഭാവന ചെയ്തിരുന്നു. 1951–ൽ തിരു–കൊച്ചി ഹൈക്കോടതി സമുദായക്കേസിൽ ഓർത്തഡോക്സ് വിഭാഗത്തിനു ദോഷകരമായി വിധി പ്രസ്താവിച്ചതിനെ തുടർന്ന് കാതോലിക്കാ ബാവായുടെ ആസ്ഥാനമായ പഴയസെമിനാരി വിട്ടുകൊടുക്കേണ്ടി വന്നാൽ ബാവായ്ക്കു താമസിക്കാൻ വേണ്ടി കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ ഒന്നര ലക്ഷത്തോളം രൂപ ശേഖരിച്ചു വാങ്ങിയതാണ് ദേവലോകം അരമനയിരിക്കുന്ന സ്ഥലവും ചെറിയ കെട്ടിടവും. ഈ സ്ഥലത്തു ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമന്റെ കാലത്തു ഇന്നത്തെ അരമനയുടെ ആദ്യഘട്ടം പണി പൂർത്തിയാക്കി. കോലഞ്ചേരിയിലെ പ്രമുഖ കോൺട്രാക്ടറായിരുന്ന എം.

ചാക്കോപ്പിള്ളയുടെ നേതൃത്വത്തിലായിരുന്നു ഒന്നാംനില പണിതീർന്നത് (അരമന പണിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ 'എം. ചാക്കോപ്പിള്ള: മഹാനായ ശിൽപി' എന്ന പുസ്തകത്തിൽ കാണുക). പിന്നീട് സമുദായക്കേസ് സുപ്രീംകോടതിയിൽ എത്തിയതിനാൽ അരമനപണി തുടരാൻ സാധിച്ചില്ല. ഔഗേൻ ബാവായുടെ കാലത്തും പ്രശ്നങ്ങൾ വിട്ടുമാറാഞ്ഞതിനാൽ അരമനപ്പണി തുടർന്നു നടന്നില്ല.

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസിന്റെ ഭരണകാലമായപ്പോഴാണ് ഇക്കാര്യത്തിലും ഒരു മുന്നേറ്റം ഉണ്ടായത്. സഭാദ്ധ്യക്ഷന്റെ സ്ഥാനോചിതമായ ഔദ്യോഗിക വസതി എന്ന നിലയിൽ അരമന മനോഹരമായി നിർമ്മിച്ചു. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാർക്കും ഒന്നിച്ചു വരുമ്പോഴും താമസിക്കാനുള്ള സൗകര്യം ഇപ്പോൾ അരമനയിലുണ്ട്. സഭയുടെ ഭൗതികനേട്ടങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണിത്. 1979-ൽ ബാവാ അമേരിക്കൻ ഭദ്രാസനം സന്ദർശിക്കുകയുണ്ടായി. അടുത്തവർഷം മെയ് ഒന്നിനു കോട്ടയത്തു ചേർന്ന മലങ്കര അസോസിയേഷൻ കാതോലിക്കാ ബാവായുടെ പിൻഗാമിയായി മാത്യൂസ് മാർ കൂറിലോസിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

1982 സഭയെ സംബന്ധിച്ചു ഒരു സുപ്രധാന വർഷമായിരുന്നു. ജനുവരി 2-നു കാതോലിക്കാ ബാവാ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുമായി സംഭാഷണം നടത്തി. കാതോലിക്കേറ്റ് സപ്തതി സെപ്തംബർ 12-നു അന്നത്തെ രാഷ്ട്രപതി സെയിൽസിംഗ് കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയും വിദേശ സഭാപ്രതിനിധികൾ അതിൽ പങ്കെടുക്കുകയും ചെയ്തത് ഒരവിസ്മരണീയ സംഭവമായിരുന്നു. ജോർജിയൻ സഭയുടെ 'ഓർഡർ ഓഫ് സെന്റ് ജോർജ്' എന്ന അത്യുന്നത ബഹുമതി പ്രസ്തുത സഭയിലെ ഇലിയ ബാവാ കാതോലിക്കാ ബാവായെ അണിയിച്ചു. സപ്തതി ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ വിദേശ സഭാപ്രതിനിധികൾക്കു എറണാകുളത്തു മാർ ഔഗേൻ നഗറിൽ വടക്കൻ ഭദ്രാസനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ നൽകപ്പെട്ട സ്വീകരണം ചരിത്രപ്രധാനമാണ്. അന്നു കാതോലിക്കാ ബാവാ ചെയ്ത പ്രസംഗത്തിൽ സഭ നേരിടുന്ന പ്രശ്നങ്ങളും സഭയുടെ ആധുനിക സ്ഥിതിഗതികളും വിവരിച്ചു. അതിശ്രദ്ധേയമായ ആ പ്രസംഗം ചുവടെ ചേർക്കുന്നു:

സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്ന മാർത്തോമ്മാ മക്കൾ

"ഏറെ ആളുകൾ ഈ യോഗത്തിൽ സംസാരിക്കുകയുണ്ടായി. സംസാരിക്കുക മാത്രമല്ല, ഓരോ ചടങ്ങിൽ ഭാഗഭാക്കാകുകയും ചെയ്തിട്ടുണ്ട്. അവരെ അഭിസംബോധന ചെയ്യുക എന്നു വെച്ചാൽ അതു തന്നെ ദീർഘ സമയത്തേക്ക് നടത്തേണ്ടതായ കൃത്യമായി വരും. പൊതുവായി മാത്രം അതു

കൊണ്ട് പറയുകയാണ്. വിദേശത്തെ അർമീനിയൻ സഭയിൽ നിന്നും റുമേനിയൻ സഭയിൽ നിന്നും വന്നിട്ടുള്ള തിരുമേനിമാരെ, നാട്ടിലുള്ള സഭകളെ പ്രതിനിധാനം ചെയ്തുകൊണ്ട് ഇവിടെ സംസാരിച്ചിട്ടുള്ള സി.എസ്.ഐ. ബിഷപ്പ്, കാൽഡിയൻ സഭയുടെ പൗലോസ് മെത്രാപ്പോലീത്താ, അയ്മേനികളായി സംസാരിച്ചിട്ടുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ സ്നേഹഭാജനങ്ങളായ സി. എം. സ്റ്റീഫൻ, ഇ. ജോൺ ജേക്കബ്, റ്റി. എസ്. ജോൺ, നായർ സൊസൈറ്റി പ്രസിഡന്റ് കളത്തിൽ വേലായുധൻനായർ, ഓൾ ഇന്ത്യാ മുസ്ലീം ലീഗ് പ്രസിഡന്റ് ഇബ്രാഹിം സുലൈമാൻ സേട്ട്, അതുപോലെതന്നെ കൊച്ചിൻ മേയർ ശേഷാദ്രി, പ്രിയപ്പെട്ട ജനങ്ങളെ,

പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിലേക്ക് പരിശുദ്ധാത്മശക്തിയാൽ ഉയർത്തപ്പെട്ടിരിക്കുന്ന ബലഹീനനായ നമുക്കും നമ്മുടെ പ്രഗല്ഭരായ സഹോദര മെത്രാപ്പോലീത്തന്മാർക്കും പ്രബുദ്ധരായ മലങ്കരസഭ നൽകിയ അത്യുജ്ജ്വലവും ആവേശകരവും അതുല്യവുമായ ഈ സ്വീകരണത്തിൽ പങ്കെടുക്കുന്ന നമ്മുടെ ഹൃദയം ദൈവംതമ്പുരാനോടുള്ള കൃതജ്ഞതകൊണ്ട് നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. ഹൃദയം തിങ്ങിനിറയുമ്പോൾ വാക്കുകൾ വിരളമായിത്തീരുന്നുവെന്നുള്ള കവി വാക്യം ഇന്നു നമുക്കു പൂർണ്ണമായും യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. എറണാകുളം നഗരം മനുഷ്യമഹാസമുദ്രമമായിത്തീരത്തക്കവണ്ണമുള്ള ഒരു മഹത്തായ സ്വീകരണമാണ് ഇന്നു ഞങ്ങൾക്ക് ലഭിച്ചത്! മലങ്കരസഭാമക്കളുടെ അലതല്ലുന്ന ആവേശവും അതിരറ്റ സഭാസ്നേഹവും ഒരിക്കൽക്കൂടി അനുപമമായ രീതിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇതു കേവലം ബലഹീനനായ നമുക്കോ സഹോദര മെത്രാപ്പോലീത്തന്മാർക്കോ ഉള്ള ഒരു സ്വീകരണം മാത്രമല്ല, മറിച്ച് അഭിമാനധന്യരായ, സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്ന മാർത്തോമ്മാ മക്കളായ മലങ്കര നസ്രാണികൾ നൂറ്റാണ്ടുകളായി ഏതൊരു സിംഹാസനത്തെ ബഹുമാനിച്ചാദരിച്ചുവോ, ഏതൊരു സിംഹാസനത്തിന്റെ നിലനിൽപിനുവേണ്ടി പോരാടിയോ, ഏതൊരു സിംഹാസനത്തെ ജീവനു തുല്യം സ്നേഹിക്കുന്നുവോ ആ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തോടും വാണരുളിയിട്ടുള്ള പിതാക്കന്മാരോടുമുള്ള തങ്ങളുടെ വിധേയത്വവും, വിശ്വാസവും ഇന്ന് ഒരിക്കൽ കൂടി ഉറക്കെ പ്രഖ്യാപിച്ചിരിക്കയാണ്. ഇതു കണ്ട് സ്വർഗ്ഗം സന്തോഷിക്കുന്നു. ശ്ലീഹന്മാർ ആനന്ദിക്കുന്നു. തോമ്മാ ശ്ലീഹാ തന്റെ അനുഗ്രഹങ്ങളുടെ കരം ഇവിടേക്ക് നീട്ടിയിരിക്കുന്നു.

കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ നാമത്തിലാണല്ലോ ഈ നഗർ അറിയപ്പെടുന്നതും. അദ്ദേഹത്തിന്റെ സ്മരണ ഈ സഭാമക്കളുടെ മനസ്സിൽ മായാതെ, മറയാതെ, മങ്ങാതെ നിലനിൽക്കുമെന്നുള്ളതിന് സംശയമില്ല. അദ്ദേഹം ഈ സഭയ്ക്കു നൽകിയ സുധീരമായ നേതൃത്വവും ദൈവാശ്രയത്തോടുകൂടിയ നടത്തിപ്പും

നമുക്ക് എന്നും അഭിമാനിക്കാവുന്നതാണ്. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യത്തേയും സിംഹാസനത്തേയും ചോദ്യം ചെയ്തുകൊണ്ട് തന്നെ പാട്ടിലാക്കുവാൻ ശ്രമിച്ച യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന് വേദശാസ്ത്രത്തിൽ അധിഷ്ഠിതമായി ചുട്ട മറുപടി കൊടുത്തുകൊണ്ട് വിരുദ്ധോപദേശം നിറഞ്ഞ പടിഞ്ഞാറൻ വിഷക്കാറ്റിനെ ചക്രവാളത്തിനപ്പുറത്തു നിറുത്തിയ മഹാമേരുവാണ് ഔഗേൻ തിരുമേനി. മലങ്കര നസ്രാണികളുടെ തലമുറതലമുറയായുള്ള സനാതന വിശ്വാസം ചോദ്യം ചെയ്തപ്പോഴാണ് അദ്ദേഹത്തിന്റെ സഭാസ്നേഹവും നിശ്ചയദാർഢ്യവും അന്ത്യോഖ്യാ പാത്രിയർക്കീസ് അറിഞ്ഞത്. ഈ വിരുദ്ധോപദേശത്തെ അനുകൂലിച്ച ചിലരോട് പൂർവ്വികമായ നമ്മുടെ വിശ്വാസത്തിന് കോട്ടമോ വാട്ടമോ വരുത്തുന്ന യാതൊന്നും താൻ പ്രവർത്തിക്കയില്ലെന്നും തന്റെ പൂർവ്വികന്മാർ ഏതൊരു സിംഹാസനത്തിൽ ആരൂഢനായി മലങ്കരസഭയെ നയിച്ചുവോ, ഏതൊരു സിംഹാസനത്തിന്റെ അധിപനായി തന്നെ ഭരമേൽപിച്ചുവോ, ആ സിംഹാസനത്തെ ഉപേക്ഷിച്ചുകൊണ്ട് മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായിരിക്കുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ഉജ്ജ്വലമായ ഭാഷയിൽ, നിവർന്നു നിന്നു മറുപടി കൊടുത്ത പ. ഔഗേൻ ബാവായുടെ പാവനസ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കനായി നിന്നുപോകുന്നു.

മലങ്കരസഭയെ തന്റെ കാൽക്കീഴിലാക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ചെയ്ത ഒരു കടുംകൈയത്രേ ഈ സഭയിൽ ന്യൂനപക്ഷമായ ഒരു വിഘടിതഗ്രൂപ്പിനെ സൃഷ്ടിക്കുവാൻ കാരണമായത്. കർത്താവിന്റെ അപ്പോസ്തോലനും മലങ്കരസഭയുടെ സ്ഥാപകനുമായ മാർത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യമില്ലെന്നും പൗരോഹിത്യമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് സിംഹാസനമില്ലെന്നും സിംഹാസനമില്ലാത്തതുകൊണ്ട് അധികാരമില്ലെന്നും തന്മൂലം ഈ സഭ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലായിരിക്കണമെന്നും വരുത്തിവയ്ക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. മാർത്തോമ്മായ്ക്ക് പട്ടമില്ലെന്നും സിംഹാസനമില്ലെന്നും ക്രൈസ്തവസഭയിൽപെട്ട ആരെങ്കിലും പറയുവാൻ തുനിയുമോ എന്നു ചിന്തിച്ചുപോകുന്നു. പൗരാണിക സഭകൾ ഈ വേദവിപരീതത്തെ പുച്ഛിച്ചു തള്ളിയിരിക്കയാണ്. റൂമേനിയൻ സഭാ പ്രതിനിധിസംഘത്തിന്റെ തലവനും പണ്ഡിതനുമായ തിയോക്ടിസ്റ്റോസ് മെത്രാപ്പോലീത്താ ഇതെക്കുറിച്ച് പറഞ്ഞതായി പത്രത്തിൽ വായിച്ചത് ഇത്തരുണത്തിൽ സ്മരിക്കുന്നു. അദ്ദേഹം പറഞ്ഞത് മാർത്തോമ്മായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നത് ഒന്നുകിൽ വഞ്ചന കൊണ്ടോ അല്ലെങ്കിൽ അജ്ഞത കൊണ്ടോ ആണ് എന്നാണ്. ഇതു തന്നെയാണ് എല്ലാ സഭകളുടെയും അഭിപ്രായം. വേദവിപരീതമാകുന്ന ഈ കടുംകൈ സ്വാർത്ഥലാഭത്തിനുവേണ്ടി തന്ത്രപൂർവ്വം എഴുതിവിടുവാൻ സിറിയൻ സഭാദ്ധ്യക്ഷന്റെ കൈകൾ ഉയർന്നല്ലോ എന്ന് ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു.

മാർത്തോമ്മായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നത് മാർത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യ നൽവരം നൽകിയ കർത്താവിന്റെ അധികാരത്തെയാണ് എന്നും മനസ്സിലാക്കണം. ഈ കടുത്ത വേദവിപരീതം പ്രചരിപ്പിച്ച് സഭയിൽ കലഹത്തിന്റെ വിത്തു വിതച്ച അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തെറ്റ് അക്ഷന്തവ്യമാണ്. ക്രൈസ്തവസഭയുടെ പ്രാരംഭദശയിൽ കടലുകൾ കടന്ന് ഇവിടെയെത്തി സഭ സ്ഥാപിക്കുകയും കൂദാശകളും പട്ടത്വ നൽവരങ്ങളും നമ്മുടെ പൂർവ്വികന്മാർക്ക് നൽകി സഭയെ ഉറപ്പിക്കുകയും ഈ മണ്ണിൽ അലിഞ്ഞുചേരുകയും ചെയ്ത ആ പുണ്യവാന്റെ സഭയിൽപെട്ടവരാരും ഈ വേദവിപരീതം പറഞ്ഞ് ശാപഗ്രസ്തരായിത്തീരരുതേയെന്ന് ഓർമ്മിപ്പിക്കുന്നു. ആരെങ്കിലും അത് പറയുന്നുവെങ്കിൽ അപ്പോസ്തോലന്റെ രക്തം വീണു കുതിർന്ന മണ്ണിൽ നിന്നാണ് അദ്ദേഹത്തിനെതിരായി ശബ്ദിക്കുന്നതെന്നു മനസ്സിലാക്കണമേയെന്നു വിനീതമായി ഓർമ്മിപ്പിക്കുന്നു.

ഈ സ്വീകരണം നടത്തുന്നത് വടക്കൻ ഭദ്രാസനങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ്. മലങ്കരയിലെ മറ്റു ഭദ്രാസനങ്ങളിൽപെട്ടവരും ഇതിൽ പങ്കെടുക്കുന്നുണ്ട്. ഈ സഭയെക്കുറിച്ച് നാം കേസുകാരും വഴക്കുകാരുമാണെന്നു പറയുകയും ചിന്തിക്കുകയും ചെയ്യുന്നവരുമുണ്ട്. ഇവിടെയാരാണ് ബഹളങ്ങൾ സൃഷ്ടിക്കുന്നത്. പതിനാറാം ശതാബ്ദത്തിൽ വിദേശീയാധികാരം ഇവിടെ വരുന്നതുവരെയുള്ള മലങ്കരസഭയുടെ ചരിത്രം വഴക്കുകളുടെ ചരിത്രമല്ല, യോജിപ്പിന്റെ ചരിത്രമാണ്. മാർത്തോമ്മാശ്ലീഹാ ഇവിടെ ഒരു സഭ സ്ഥാപിച്ചു. ഒരു സ്വതന്ത്ര സഭ, ഒരു ദേശീയസഭ. തന്റെ പരിരക്ഷകനായ കർത്താവിനോടു മാത്രം വിധേയത്വമുള്ള സഭ. അദ്ദേഹം സ്ഥാപിച്ച സഭ അന്ത്യോഖ്യാ പാത്രിയർക്കീസിന് വിധേയമായിട്ടുള്ള ഒരു സഭയായിരുന്നില്ല. അതതുകാലങ്ങളിൽ അനേകരുമായി ഈ സഭ അടുത്ത് ഇടപെട്ടിട്ടുണ്ട്. അടുത്തുകൂടിയവർ അധികാരം പ്രയോഗിക്കുവാൻ തുടങ്ങിയപ്പോൾ മാത്രം അവരെ ചെറുത്തു പരാജയപ്പെടുത്തിയ പാരമ്പര്യത്തിന്റെ അവകാശികളാണ് മലങ്കരനസ്രാണികൾ. വിദേശാധിപത്യത്തെ കടലുകൾക്കപ്പുറം നിറുത്തിയ ചരിത്രസത്യം നമുക്കു അഭിമാനപൂർവ്വം കല്പിച്ചുതന്നവരാണ് നമ്മുടെ പൂർവ്വികപിതാക്കൾ. വിദേശാധിപത്യത്തേയും വിശ്വാസവിപരീതത്തേയും കൂനൻ കുരിശുസത്യം ചെയ്തും മാവേലിക്കര പടിയോലയെഴുതിയും തകർത്തവരുടെ അനന്തരഗാമികളാണ് നാം. സനാതന ഹൈന്ദവ സംസ്ക്കാരത്തിന്റെ പരിലാളനയേറ്റു വളർന്ന ഈ സഭയെ വൈദേശികശക്തികൾക്കോ വൈദേശിക മേധാവിത്വത്തിനോ ഒരിക്കലും പരാജയപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നു മലങ്കര നസ്രാണികളുടെ പ്രബുദ്ധമായ ചരിത്രം വിളിച്ചറിയിക്കുന്നു. ഈ സഭ ആചന്ദ്രതാരം സ്വാതന്ത്ര്യത്തിന്റെ ശീതളഛായയിൽ തന്നെ വളരുമെന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

മലങ്കരസഭ സമാധാന വ്യവസ്ഥകൾ അങ്ങേയറ്റം പാലിച്ചുകൊണ്ട് നാം

മുന്നോട്ടുപോയി. എന്നാൽ സഭാസമാധാനത്തെ തകർത്തുകൊണ്ട് അബ്ദള്ളാ പാത്രിയർക്കീസിനെപ്പോലെ യാക്കൂബ് തൃതീയൻ ചെയ്തുകൊണ്ടിരിക്കുന്ന മലങ്കരസഭാ നശീകരണപ്രവർത്തനങ്ങൾക്ക് ചരിത്രം മാപ്പു നൽകുകയില്ല. അത് ഇന്ന് ഒരു റിബൽ കാതോലിക്കായിലും അധികാരമില്ലാത്ത ഒരു അസോസിയേഷനിലും വരെ എത്തിയിരിക്കയാണ്. 1958-ൽ നടന്ന യോജിപ്പിനു വിരുദ്ധമായി മലങ്കരസഭ യാതൊന്നും ചെയ്തിട്ടില്ലെന്നും ചെയ്യുകയില്ലെന്നും ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ചില സ്ഥലങ്ങളിലൊക്കെ അക്രമത്തിലൂടെയും ഭീഷണികളിലൂടെയും ചില പള്ളികൾ പിടിച്ചെടുക്കുവാൻ വിഘടിത ഗ്രൂപ്പുകാർ ശ്രമിക്കുന്നുണ്ട്. പള്ളികൾ കുത്തിത്തുറന്ന് അകത്തു കയറിക്കൂടുന്നതിൽ അവർക്കു നേതൃത്വം നൽകുന്ന മെത്രാന്മാരും കാതോലിക്കായും പുറകോട്ടല്ല. അക്രമവും അനീതിയും പ്രവർത്തിക്കുന്നവരെ കൈകാര്യം ചെയ്യേണ്ടത് ഗവൺമെന്റും കോടതികളും പോലീസുമാണ്. കോടതികൾ സത്യവും നീതിയും ന്യായവും നോക്കി വിധിക്കുമെന്ന് നമുക്കുറപ്പുണ്ട്. എന്നാൽ കോടതിവിധികൾ നടപ്പാക്കുന്നതിനും ദേവാലയങ്ങൾക്കുള്ളിലെ ആരാധന അലങ്കോലപ്പെടുത്തുന്നതിനെ തടയുന്നതിനും ഗവൺമെന്റിനു വേണ്ടതുപോലെ സാധിക്കുന്നില്ലെന്നുള്ള പരാതി പലപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയതാല്പര്യങ്ങളുടെ പേരിൽ പക്ഷപാതിത്വം കാണിക്കുന്ന നേതാക്കന്മാരെക്കുറിച്ച് നാം ഇവിടെ ഒന്നും പറയുന്നില്ല. സ്വാധീനിക്കുന്നുണ്ടെങ്കിൽ അത് രാഷ്ട്രീയകക്ഷികൾക്ക് പൊതുവെ ദോഷമായി പരിണമിക്കുമെന്നു മാത്രമേ നാം പറയുന്നുള്ളു.

മലങ്കരസഭയിൽപ്പെട്ട ആളുകൾ അന്യോന്യം തല്ലി നശിക്കരുതെന്നു കരുതി നാം ഒത്തുതീർപ്പിന്റെ ശ്രമങ്ങൾ പലപ്പോഴും നടത്തിയിട്ടുണ്ട്. അതെല്ലാം അധികാരമോഹം വർദ്ധിച്ച അന്തോഖ്യാ പാത്രിയർക്കീസന്മാരാണ് തകർത്തു കളഞ്ഞിട്ടുള്ളത്. ഒടുവിൽ 1958-ലെ സുപ്രധാനമായ സുപ്രീംകോടതിവിധിയിൽ കൂടി മലങ്കരസഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ പരാജയമടഞ്ഞ പാത്രിയർക്കീസ് സമാധാനം പറഞ്ഞു കാതോലിക്കേറ്റിനെ സമീപിച്ചു. മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായി നാം പാത്രിയർക്കീസിനെ സ്വീകരിച്ചു. ഈ സഭയുടെ ഭരണഘടനയ്ക്കു വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്ന് ഉറപ്പിച്ചു പറഞ്ഞ പാത്രിയർക്കീസ് അതിനെ ലംഘിച്ചപ്പോൾ അറബിക്കടലിനു അക്കരെത്തന്നെ നിൽക്കേണ്ടിവന്ന ദുരവസ്ഥ അവർ മനസിലാക്കി. ഇന്ന് അദ്ദേഹം മലങ്കരസഭയുമായുള്ള ബന്ധത്തിൽ നിന്നു സ്വയം അന്യനായിത്തീർന്നിരിക്കുകയാണ്.

നമ്മുടെ ഗവൺമെന്റിനോട് ഈ മലങ്കരസഭയ്ക്ക് ഒരപേക്ഷയുണ്ട്. ഇന്നു സഭയ്ക്കുവേണ്ടി പക്ഷപാതിത്വത്തോടെയോ ന്യായരഹിതമായോ എന്തെങ്കിലും ചെയ്യണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. എന്നാൽ സത്യവും നീതിയും സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്നു ഞാൻ

കരുതുന്നു. വടക്കുള്ള ഭദ്രാസനങ്ങളിലെ ജനങ്ങളോട് ഒരു വാക്കു ഞാൻ പറയട്ടെ. ഒരു കാലത്ത് ഈ വിഭാഗങ്ങളിലുള്ളവർക്ക് സ്ഥാനം നൽകിയി ല്ലെന്നുള്ള പ്രചരണങ്ങളായിരുന്നു കേട്ടുകൊണ്ടിരുന്നത്. പക്ഷേ ഈ കുറ്റം ആരോപിച്ചവർ മെത്രാന്മാരായി വാഴിച്ചവരിൽ അധികം പങ്കും തെക്കർ തന്നെ യാണെന്നത് അത്ഭുതമല്ലേ? വിഘടിത അസോസിയേഷൻ തെരഞ്ഞെടുത്ത പ്രധാന ചുമതലക്കാരും തെക്കർ തന്നെ. കാര്യങ്ങൾ അറിയുവാൻ ആഗ്രഹി ക്കുന്നവർ ഇതിന്റെയൊക്കെ യാഥാർത്ഥ്യം മനസ്സിലാക്കണമെന്നു മാത്രം നാം അഭ്യർത്ഥിക്കുന്നു.

റൂമേനിയ, അർമ്മേനിയ എന്നീ വിദേശസഭകളിൽ നിന്നും പ്രതിനിധികൾ ഈ സ്വീകരണത്തിൽ പങ്കെടുക്കുന്നുണ്ട്. പൗരാണികമായ ഈ സഭയോ ടുള്ള സ്നേഹമത്രെ അവരുടെ സാന്നിദ്ധ്യത്തിൽ നാം ദർശിക്കുന്നത്. അവ രുടെയും ഇതര സമുദായാംഗങ്ങളുടെയും സാന്നിദ്ധ്യവും ആശംസകളും നാം വിലമതിക്കുന്നു. നമ്മുടെ സ്ഥാനാരോഹണവേളയിൽ മാർപാപ്പാ തിരുമേനി അയച്ചുതന്ന ആശംസാ സന്ദേശവും ഈ അവസരത്തിൽ സന്തോഷപൂർവ്വം നാം സ്മരിക്കുന്നു.

വാത്സല്യഭാജനങ്ങളെ, നാം വലിയനോമ്പിലേക്ക് പ്രവേശിക്കയാണല്ലോ. ഈ നോമ്പ്, സഭയിൽ അഴിഞ്ഞാടുന്ന പൈശാചികശക്തികളെ പരാജയ പ്പെടുത്തുന്നതിനുള്ള അവസരമാണ്. ഉപവാസത്താലും പ്രാർത്ഥനയാലും മാത്രമേ ഈ ശക്തി മാറിപ്പോകുകയുള്ളു. ജയം നൽകുന്ന സ്ലീബായിൽ സങ്കേ തപ്പെട്ടുകൊണ്ട് പൈശാചിക പ്രവർത്തനങ്ങൾ സഭയിൽ നിന്ന് നീങ്ങിപ്പോ കുവാൻ നാമേവരും പ്രാർത്ഥിക്കണം.

നമ്മെയും അഭിനവ മെത്രാപ്പോലീത്തന്മാരേയും അഭിനന്ദിച്ചും മലങ്കര സഭയിൽ ഇപ്പോഴത്തെ പ്രതിസന്ധിയിൽ ചെയ്യേണ്ട കാര്യങ്ങളെ അവതരി പ്പിച്ചും സംസാരിച്ച പ്രശസ്ത വ്യക്തികളോട് നമുക്കുള്ള കൃതജ്ഞത അറി യിക്കുന്നു. ഈ സ്വീകരണ വിജയത്തിനുവേണ്ടി അഹോരാത്രം പണിയെടു ത്തവരെ ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.

മാർപാപ്പാ - കാതോലിക്കാ സംഭാഷണം

ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച എക്യുമെനിക്കൽ യുഗാരംഭത്തെ തുടർന്നു വിവിധ സഭകൾ തമ്മിൽ സമ്പർക്ക സംഭാഷണങ്ങൾ വർദ്ധിക്കു കയും ഭിന്നതകളുടെ വൻമതിലുകൾ ഇടിഞ്ഞു തുടങ്ങുകയും പരസ്പര ധാര ണയും സ്നേഹവും വളരുകയും ചെയ്യുകയുണ്ടായി. സഭകളുടെ ലോക കൗൺസിലും അതിന്റെ ദേശീയ-പ്രാദേശിക സമിതികളായ നാഷണൽ ക്രിസ്ത്യൻ കൗൺസിലും കേരള ക്രിസ്ത്യൻ കൗൺസിലും എല്ലാം ഈ സഭാസഹകരണ-സമ്പർക്ക-സന്ദർശനങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്തുവരികയാണല്ലോ. ശതാബ്ദങ്ങളായി പരസ്പരം നോക്കാതെയും

കാണാതെയും സംസാരിക്കാതെയും ചിരിക്കാതെയും കഴിഞ്ഞുകൂടി വന്ന വിവിധ സഭാനേതാക്കൾ ഒരേ വേദിയിൽ അണിനിരക്കുകയും ഉള്ളുതുറന്നു ചർച്ചകൾ നടത്തുകയും ചെയ്തതാണു ക്രൈസ്തവ ചക്രവാളത്തിൽ അടുത്തകാലത്തു ഉദിച്ച പ്രകാശമാനമായ വെള്ളിനക്ഷത്രം. ഈ അന്തരീക്ഷത്തിലാണ് 1964-ൽ പോൾ ആറാമൻ മാർപാപ്പായും ഔഗേൻ കാതോലിക്കാ ബാവായും സമന്മാരെന്നനിലയിൽ ഒന്നിച്ചിരുന്നു ബോംബെയിൽ വച്ചു കൂടിക്കാഴ്ച നടത്തിയത്. ഈ സംഭാഷണം മലങ്കരസഭയും റോമൻ കത്തോലിക്കാസഭയും തമ്മിലുള്ള സൗഹൃദത്തെ വളരെയധികം പോഷിപ്പിച്ചു. അന്നത്തെ ബോംബെ കർദ്ദിനാൾ വലേറിയൻ ഗ്രാഷ്യസിന്റെ അരമനയിൽ നടന്ന കൂടിക്കാഴ്ചയെപ്പറ്റിയുള്ള വിശദവിവരങ്ങൾ "മാർ ഔഗേൻ കാതോലിക്കാബാവാ" എന്ന പുസ്തകത്തിൽ കാണുക. പരിശുദ്ധ ഔഗേൻ പ്രഥമൻ തുടങ്ങിവച്ച സംഭാഷണത്തിന്റെ തുടർച്ചയെന്നു വിശേഷിപ്പിക്കാവുന്ന വിധത്തിലുള്ളതായിരുന്നു മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ 1983 ജൂൺ മൂന്നിനു വത്തിക്കാനിൽ എത്തി ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ കണ്ടതും ഹൃദയം തുറന്നു സംഭാഷണം നടത്തിയതും. ഹൃദ്യമായ സ്വീകരണം, പരസ്പരാലിംഗനം, സമ്മാനദാനം, സംഭാഷണം, ലഞ്ചു സൽക്കാരം എന്നിവയെല്ലാം അവിസ്മരണീയമായ സന്ദർശനത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു. സന്ദർശനവേളയിൽ മാർപാപ്പായെ ബാവാ തിരുമേനി മലങ്കരയിലേക്കു ക്ഷണിക്കുകയും അദ്ദേഹം ആ ക്ഷണം സ്വീകരിച്ചു കോട്ടയത്തും എത്തുകയുണ്ടായി. ബാവാ തിരുമേനിയുടെ വത്തിക്കാൻ സന്ദർശനത്തെപ്പറ്റി സെക്രട്ടറി ഫാ. സഖറിയ പേരങ്ങാട്ട് ഒരു പുസ്തകം എഴുതിയിട്ടുള്ളതിനാൽ തത്സംബന്ധമായ വിശദവിവരങ്ങൾ ഇവിടെ വിട്ടുകളയുകയാണ്. 1983 ജൂൺ മൂന്നിനു വത്തിക്കാനിൽ വച്ചു മാർപാപ്പായും ബസ്സേലിയോസ് മാത്യൂസ് ഒന്നാമനും തമ്മിൽ നടന്ന സംഭാഷണവേളയിൽ കൈമാറിയ സന്ദേശങ്ങളാണു ചുവടെ ചേർക്കുന്നത്.

കാതോലിക്കാബാവായുടെ സന്ദേശം

പരിശുദ്ധ പിതാവേ, കർത്താവിൽ നമ്മുടെ സ്നേഹാദരവുകൾ അത്യന്തം അർഹിക്കുന്ന സഹോദരാ,

ദൈവത്തോട് കൃതജ്ഞനായിക്കൊണ്ട് അങ്ങയെ അഭിവാദനം ചെയ്യുവാൻ നമുക്ക് അത്യധികം സന്തോഷമുണ്ട്. ഇന്നു നമ്മുടെ കൂടിവരവു നടക്കുവാനിടയായത് ദൈവത്തിന്റെ അപ്രമേയമായ കൃപ മൂലമാണ്. പുരാതനമായ പരിശുദ്ധ റോമൻ സഭയെ സന്ദർശിക്കുവാനും അപ്പോസ്തലരിൽ പ്രമുഖരായ വി. പത്രോസും വി. പൗലോസും വിശ്രമംകൊള്ളുന്ന സ്ഥലങ്ങളിൽ പ്രാർത്ഥിക്കുവാനും, അന്ത്യോക്യയിലെ വി. ക്ലിമ്മീസ് ഉൾപ്പെടെ നിരവധി സഹോദരന്മാരുടെ രക്തംകൊണ്ട് പരിപാവനമായിത്തീർന്ന ഈ നാട്ടിൽ

നിന്നും അനുഗൃഹീതരാകുവാനും, നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ വിശുദ്ധാവശിഷ്ടങ്ങൾക്ക് ബഹുമാനം അണയ്ക്കുവാനും സാധിച്ചതിൽ നമുക്ക് പ്രത്യേകമായ ചാരിതാർത്ഥ്യമുണ്ട്. ഇതു നിവർത്തിച്ചുതന്ന പരിശുദ്ധ പിതാവിനും റോമൻ സഭയ്ക്കും നാം കൃതജ്ഞത രേഖപ്പെടുത്തുന്നു.

അങ്ങേയ്ക്ക്, ഞങ്ങൾ ഒരു ചെറിയ സഭയുടെ അഭിവാദനങ്ങൾ കൊണ്ടുവരുന്നു. വി. തോമസ് അപ്പോസ്തോലന്റെ പ്രേഷിതസേവനവും സാക്ഷിമരണവും മൂലം രൂപംകൊണ്ട ഈ സഭ മറ്റേതു സഭയേയും പോലെ പുരാതനവും, അതിന്റെ ചരിത്രത്തെയും സ്വകീയതയെയുംപറ്റി അഭിമാനം കൊള്ളുന്നതുമാണ്. നമ്മുടെ ഈ കൂടിവരവ് ഒരർത്ഥത്തിൽ വി. തോമസ് അപ്പോസ്തലനും, വി. പത്രോസ്-പൗലോസ് അപ്പോസ്തോലന്മാരും, അവരുടെ പിൻഗാമികൾ വഴി സമ്മേളിക്കുന്ന സംഭവത്തെയാണ് അനുസ്മരിപ്പിക്കുന്നത്.

1969-ൽ, പുണ്യശ്ലോകനായ പൗലോസ് ആറാമൻ പാപ്പാ തിരുമേനിയെ നമ്മുടെ മുൻഗാമി പുണ്യശ്ലോകനായ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ഇന്ത്യൻ നഗരമായ ബോംബെയിൽ വച്ച് ആശ്ലേഷിക്കുകയുണ്ടായി. എന്നാൽ ഇന്ത്യയിലെ പുരാതന ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ഔദ്യോഗിക സന്ദർശനാർത്ഥം റോമിൽ വരുന്നത് ഇദംപ്രഥമമാണ്.

സഭാചരിത്രത്തിൽ ആദ്യത്തെ നാലു നൂറ്റാണ്ടുകാലം നമ്മുടെ സഭകൾ രണ്ടും പരസ്പരം വിശ്വാസത്തിൽ യോജിച്ചു കഴിഞ്ഞിരുന്നു. ഇപ്പോഴും നാം ആ പൊതു പാരമ്പര്യത്തിൽ നിലനില്ക്കുന്നു. ചരിത്രത്തിലെ അത്യാഹിതങ്ങളും മാനുഷികമായ അഹന്തയും നമ്മെ വേർതിരിച്ചു നിർത്തിയതുമൂലം നാം അന്യോന്യം ബന്ധത്തിൽ കഴിയാത്ത അവസ്ഥയിലെത്തിയതാണ്. ഇനിയും അനുതാപപൂർവ്വം, കർത്താവിന്റെ തിരുഹിതത്തിനനുയോജ്യമായവിധം നാം ചരിത്രത്തെ പുനരായി സൃഷ്ടിക്കുകയാണ് വേണ്ടത്.

നമുക്ക് അന്യോന്യം യോജ്യതയുള്ള വസ്തുതകൾ വിയോജിതയുള്ളവയേക്കാൾ വളരെ അധികമാണ്. നിഖ്യായിലേയും കുസ്തന്തീനോപ്പോലീസിലേയും എപ്പേസോസിലേയും മൂന്ന് ആകമാന സുന്നഹദോസുകളും മഹദ് സമ്മേളനങ്ങളിൽ പിതാക്കന്മാർ ശരിയായി വ്യാഖ്യാനിച്ചു തന്നതും നാം സ്വീകരിക്കുന്നതുമായ അപ്പോസ്തലിക വിശ്വാസവും, നമുക്കു തമ്മിൽ പരസ്പര സംഭാഷണത്തിനും ഭാവി ഐക്യത്തിനും അടിസ്ഥാനമായി സ്ഥിതി ചെയ്യുന്നു.

നാം വിശ്വസിക്കുന്നത് അനുഗൃഹീത വിശുദ്ധ ത്രിത്വത്തിലാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക മഹനീയ സത്യദൈവം സൃഷ്ടിയല്ല. അവിടുന്ന് സ്വയംസ്ഥിതനും ഏകകർത്താവായ യേശുക്രിസ്തുവിലും നാം വിശ്വസിക്കുന്നു. അവിടുന്ന് പിതാവായ ദൈവത്തിന്റെ ഏക പുത്രനും

മനുഷ്യവത്ക്കരണം പ്രാപിച്ച വചനവും ആണ്. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണവിടുന്ന്, പൂർണ്ണ ദൈവികത്വത്തിൽ പിതാവിനോടും പരിശു ദ്ധാത്മാവിനോടും ചേർന്നുള്ള ഏകത്വത്തിൽ നിത്യം സ്ഥിതിചെയ്യുന്നു. പൂർണ്ണ മാനുഷികത്വത്തിൽ അവിടുന്ന് സാരാംശം തന്നെയുള്ളവനുമാണ്. അവിടുന്നു ഒരേ ദൈവിക-മാനുഷിക സ്വഭാവവും, ആളത്വവുമായി, അന്യോന്യം വേർപിരിയാതെയും, പരസ്പരം കലർന്നുപോകാതെയും, ഒന്നു മറ്റൊന്നായി ഭവിക്കാതെയും, സംയോജിച്ചു സ്ഥിതിചെയ്യുന്ന നമ്മുടെ കർത്താവും ദൈവവുമായ നമ്മുടെ രക്ഷകനാകുന്നു. പിതാവിൽ നിന്നു പുറ പ്പെടുകയും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്ക പ്പെടുകയും ചെയ്യുന്ന ജീവദായകനും പൂർത്തീകരിക്കുന്നവനുമായ ഏക പരി ശുദ്ധാത്മാവിലും നാം വിശ്വസിക്കുന്നു.

പഴയ-പുതിയ നിയമങ്ങളുൾക്കൊള്ളുന്ന നമ്മുടെ വിശുദ്ധ ഗ്രന്ഥങ്ങൾ അടിസ്ഥാനപരമായി ഒന്നുതന്നെയാണ്. സഭയേയും, പൗരോഹിത്യം, കൗദാ ശിക രഹസ്യങ്ങൾ ഇവയെയും ആസ്പദമാക്കിയുള്ള നിലപാടുകളിൽ നിന്നും നാം തമ്മിൽ വളരെയധികം യോജ്യതയുണ്ട്. ലോകത്തിൽ നിർവഹിക്കുവാൻ ബാദ്ധ്യസ്ഥതയുള്ള അപ്പോസ്തലികസേവനം നമുക്കു പൊതുവായുള്ള താണ്. അതുകൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി പ്രവർത്തി ക്കുവാനും, രക്ഷണ്യ സുവിശേഷം ഉദ്ഘോഷിക്കുവാനും സ്നേഹത്താല ധിഷ്ഠിതമായ സേവനം ഏവർക്കും എത്തിച്ചു കൊടുക്കുവാനും, നീതിയും സമാധാനവും ലോകത്തിൽ നിലനിർത്തുന്നതിനുവേണ്ടി കർമ്മപദ്ധതിയി ലേർപ്പെടുവാനും നമുക്ക് കടമയുണ്ട്.

ഇവയെല്ലാം ആസ്പദമാക്കി നാം തമ്മിൽ അടിസ്ഥാനപരമായ ഐക്യം നിലനിൽക്കുന്നു. എന്നാൽ നൂറ്റാണ്ടുകളായി അപ്രധാനങ്ങളായ കാര്യങ്ങൾ നമ്മെ വേർതിരിച്ചു നിർത്തുവാൻ നാം അവസരം കൊടുത്തു. 20-ാം നൂറ്റാ ണ്ടിന്റെ ഉത്തരാർദ്ധത്തിലാകട്ടെ, ശാസ്ത്രീയ വികസനം മൂലം വിദൂരത ബാധ കമാവാതെ ബന്ധങ്ങൾ കാര്യമായി പുലർത്തുവാൻ സാധിച്ചു. പാണ്ഡിത്യ ത്തിന്റെ വളർച്ച മൂലം ചരിത്രത്തെ കൂടുതൽ വസ്തുനിഷ്ഠമായി വിലയിരു ത്തുവാൻ കഴിഞ്ഞു. ഈ അടിസ്ഥാനത്തിൽ നമ്മുടെ ഭിന്ന ചരിത്രങ്ങളെ ശരിയായവിധം പഠിച്ച് ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ സഭകൾ നില നിർത്തി വന്ന സമ്പർക്കത്തിന്റെ അടിസ്ഥാനതത്വം വിശദമാക്കുവാൻ ഇന്നു നമുക്കു പവിത്രമായ ഒരു ചുമതലയുണ്ട്. പഴയ നിലപാടുമായി ചേർന്നു പോകാവുന്നവിധം ഒരു പുതിയ വ്യവസ്ഥിതി, മറ്റ് ഓർത്തഡോക്സ് സഭക ളുമായി യോജിച്ച്, നാം പ്രവർത്തിക്കണം. പവിത്രമായ ഈ ചുമതലയിൽ നിന്നും വ്യതിചലിക്കാതെ പുരോഗമിക്കണമെന്നുള്ളതാണു നമ്മുടെ പ്രത്യാശ.

ഞങ്ങൾ വരുന്നത്, വളരെയാളുകളും സാമ്പത്തിക ഭദ്രതയുള്ളവരെങ്കിലും, ലക്ഷക്കണക്കിനു മനുഷ്യർ ദാരിദ്ര്യത്തിന്റെയും അഗതിത്വത്തിന്റെയും

വലയിലുൾപ്പെട്ടുകഴിയുന്ന ഒരു ദേശത്തുനിന്നുമാണ്. ചൂഷണം ചെയ്യുന്ന പിടിപാടുകളിൽ നിന്ന് സാധുക്കളെ സമുദ്ധരിക്കുകയും, ക്ലേശത്തിൽ നിന്ന് അവർക്കു വിമുക്തി നൽകുകയും ചെയ്യുവാൻവേണ്ടി നമ്മുടെ സഭകൾ രണ്ടും സഹകരിക്കുന്നത് എത്രയോ ക്രിസ്തീയമായിരിക്കും! പക്ഷേ, ചരിത്രപ്രധാനമായ ഈ സമ്മേളനത്തിന്റെ പരിണിതഫലമെന്നവണ്ണം, മനുഷ്യസേവനം ലക്ഷ്യമാക്കി പരസ്പര സംഭാഷണവും സഹകരണവും നിർവഹിക്കുവാൻ രണ്ടു സഭകളിൽ നിന്നുമായി ഒരു കമ്മീഷനെ നിയമിക്കുന്നതു സമുചിതമായിരിക്കും.

നമ്മുടെ ഇന്നത്തെ ഈ കൂടിവരവു സാധിതമാക്കിയതു ദൈവമാണ്. അവിടുന്നുതന്നെ അവിടുത്തെ വഴിയിൽകൂടെ നമ്മെ നയിച്ചുകൊള്ളും. കർത്താവ് റോമൻ കത്തോലിക്കാസഭയെ അനുഗ്രഹിക്കുകയും, ഈ മഹാസഭയെ അവിടുത്തെ മാർഗ്ഗത്തിൽകൂടെ നയിക്കുവാനാവശ്യമായ ആരോഗ്യവും ദീർഘായുസ്സും പരിശുദ്ധ പിതാവിനു നൽകുകയും ചെയ്യട്ടെ. പരിശുദ്ധാത്മാവ് നമ്മെ എല്ലാം യേശുക്രിസ്തു പ്രാർത്ഥിച്ച ഐക്യത്തിലേക്കു നടത്തട്ടെ.

തുടർന്ന് മാർപാപ്പാ ജോൺ പോൾ രണ്ടാമൻ പ. കാതോലിക്കാബാവായെയും സംഘത്തെയും അഭിവാദനം ചെയ്തു:

വി. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിക്ക് പ. മാർപാപ്പായുടെ സ്വാഗതം

പരിശുദ്ധ പിതാവേ,

അങ്ങയെയും കൂടെയുള്ള ബഹുമാന്യ പ്രതിനിധിസംഘത്തെയും പത്രോസ്-പൗലോസ് അപ്പോസ്തലന്മാരുടെ സാക്ഷ്യത്തിനു മകുടം ചാർത്തിയ ഈ നഗരത്തിലേക്ക് ഇന്നു ഞാൻ സ്വാഗതം ചെയ്യുന്നത് അത്യന്തം സന്തോഷത്തോടും ഹൃദയപൂർവ്വവുമാണ്.

അങ്ങയിലൂടെ വി. തോമസ് അപ്പസ്തോലന്റെ സുവിശേഷ പ്രസംഗത്തിൽ ആരംഭം കുറിച്ച ഒരു സഭയെ ഞാൻ അഭിവാദനം ചെയ്യുന്നു. അപ്പോസ്തലന്മാരുടെ സുഹൃദ്ബന്ധം അവർ അനുധാവനം ചെയ്ത യേശുക്രിസ്തുവിൽ നമ്മെ സംയോജിതരാക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനശേഷം അവർ ഭീതിയെയും സംശയത്തെയും അതിജീവിച്ചു, കർത്താവിനെ ലോകത്തിൽ ഉദ്ഘോഷിച്ചു.

“എന്റെ കർത്താവും എന്റെ ദൈവവുമേ!” (യോഹ. 20:28) എന്നു തോമസ് അപ്പോസ്തലൻ ചെയ്ത പ്രസ്താവന ക്രിസ്തുവിലുള്ള വിശ്വാസപ്രഖ്യാപനത്തെ എക്കാലത്തേയ്ക്കും സൂചിപ്പിക്കുന്നു. അവിടത്തെ ദൈവികത്വം, രക്ഷാകരമായ കർതൃത്വം, കാണുകയും തൊടുകയും ചെയ്യാവുന്നവിധം

യഥാർത്ഥമായി നടന്ന അവിടത്തെ ശാരീരിക പുനരുത്ഥാനം, ഇവയെ എല്ലാം അതുദ്ഘോഷിക്കുന്നു. അപ്പോസ്തലന്മാർ വഴി ഇന്നേയോളം തുടർന്നു വരുന്ന ഈ വിശ്വാസാടിസ്ഥാനത്തിലാണു നാം ഇന്നു സമ്മേളിക്കുന്നത്.

"ദൈവത്തിന്റെ ഏക പുത്രൻ ഏക കർത്താവായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു." എന്ന നിഖ്യാ-കുസ്തന്തീനോപ്പോലീസ് വിശ്വാസ പ്രമാണത്തിലൂടെ നമ്മുടെ ഇരുസഭകളും ഈ വിശ്വാസത്തെയാണ് ഏറ്റുപറയുന്നത്.

ചരിത്രത്തിലെ സങ്കീർണ്ണമായ സംഭവവികാസങ്ങൾ നമ്മുടെ സഭകളെ പരസ്പരം നൂറ്റാണ്ടുകളായി അകറ്റി നിർത്തി. നാം അന്യോന്യം അറിയാതെ മാത്രമല്ല, പരസ്പരം എതിർക്കുന്നവിധത്തിലും കഴിഞ്ഞു കൂടുവാൻ ഇടയായിട്ടുണ്ട്.

ഓരോ സഭയും മറ്റേ സഭയുടെ സാംസ്കാരികവും ഭാഷാപരവും മാത്രമല്ല ചരിത്രപരവും ഭൂമിശാസ്ത്രപരവും രാഷ്ട്രീയവും ആയ ഘടകങ്ങളെ മനസ്സിലാക്കുവാൻ യത്നിച്ചില്ല. ഈ കാരണത്താൽ അപകടകരമായവിധം നാം അന്യോന്യം ബന്ധം കൂടാതെ കഴിയുവാനിടയായി. തന്മൂലം കൂടുതൽ കൂടുതൽ വ്യത്യാസങ്ങൾ സഭകൾ തമ്മിൽ ഉണ്ടാകുകയും, രൂപഭേദങ്ങൾ നിലവിൽ വന്ന് ചിലപ്പോൾ ആശയക്കുഴപ്പങ്ങൾതന്നെ പ്രകടിതമാകുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി ഭാരങ്ങൾ വർദ്ധിക്കുകയും അവയുടെ അനുഭവം കൂടുതൽ വിഷമകരമായിത്തീരുകയും ഉണ്ടായി.

ആഴമായ വേദശാസ്ത്രപഠനം, അതിലുപരി സഭകൾ തമ്മിൽ നേരിട്ടുണ്ടായ സമ്പർക്കം, ഇവ മൂലം, നമ്മെ വേർതിരിച്ചു നിറുത്തിവന്ന മേഖലകൾ ഏവയെന്നു തിട്ടപ്പെടുത്തുവാൻ ഇപ്പോൾ നമുക്ക് കഴിയുന്നുണ്ട്. ഇരുസഭകളും തമ്മിൽ നിലവിലുള്ള അതിഗാഢമായ കൂട്ടായ്മയെ കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാനും നമുക്കു കഴിയുന്നു.

രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ ദർശകരായി സംബന്ധിക്കുവാൻ വിവിധ സഭകളാൽ നിയോഗിതരായി വന്നുചേർന്നിരുന്ന ആ പ്രഗത്ഭസമൂഹത്തെ ഇപ്പോൾ എന്റെ മനോനയങ്ങൾകൊണ്ടു കാണുകയാണ്. ആ കൂട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രതിനിധികളുമുണ്ടായിരുന്നു. അവരുടെ നേരെ കത്തോലിക്കാ സഭയ്ക്കുള്ള അഗാധവും അനുസ്യൂതവുമായ കൃതജ്ഞത ഒന്നുകൂടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. സുന്നഹദോസിൽ അവർ നിശ്ശബ്ദരായിരുന്നു എങ്കിലും ശ്രദ്ധപതിച്ചുകൊണ്ടുള്ള അവരുടെ സാന്നിദ്ധ്യം, മറ്റു ക്രിസ്ത്യാനികളുടെ നേരെ കത്തോലിക്കാ സഭ അനുവർത്തിക്കേണ്ട നയത്തിനു രൂപരേഖ നൽകുവാൻ യത്നിച്ച വേളയിൽ വളരെ വിലയുള്ളതായിരുന്നു. സാഹോദര്യ നിർവിശേഷമായ ബഹുമാനം അവർക്കു നൽകുവാൻ സുന്നഹദോസിനെ അതു പ്രചോദിപ്പിച്ചു.

വിശ്വാസപരമായ വിഷയത്തിൽ സഭകൾ നിലനിർത്തുന്ന ഐക്യത്തെപ്പറ്റി വസ്തുനിഷ്ഠമായ ഗവേഷണം നടത്തുന്നതിനുപയുക്തമായ സന്ദർഭം അതു പ്രദാനം ചെയ്തു. സഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവയെന്നു ശരിയായവിധം വേർതിരിച്ചു മനസ്സിലാക്കുവാനും, ആ വ്യത്യാസങ്ങളെ നേരിട്ടുകൊണ്ട് അവയ്ക്കു നിവാരണം കണ്ടുപിടിക്കുവാനാവശ്യമായ മാർഗ്ഗം നിർദ്ദേശിക്കുവാനും അതു സഹായിച്ചു. സുന്നഹദോസിലെ പര്യാലോചനകൾ, ആ നേതാക്കളുടെ കായികവും ആദ്ധ്യാത്മികവുമായ സാന്നിദ്ധ്യത്തോട് വളരെയധികം കടപ്പെട്ടിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

സുന്നഹദോസ് മറ്റു ക്രിസ്ത്യാനികളുടെ നേരെ കത്തോലിക്കാ സഭ അവലംബിക്കേണ്ട സാഹോദര്യ മനോഭാവം പ്രകടിപ്പിക്കുക മാത്രമല്ല ചെയ്തത്, പൊതുവായ വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും അടിസ്ഥാനം അനുസ്മരിക്കുകയും ചെയ്തു. പൗരസ്ത്യസഭകൾക്ക് 'ശരിയായ കൂദാശകളും, അതിലുപരി അപ്പോസ്തോലിക പിൻതുടർച്ച വഴി പൗരോഹിത്യവും കുർബ്ബാനയുമുള്ളതിനാൽ അവ നാമുമായി വളരെ ഉറ്റ ബന്ധത്തിൽ ഇപ്പോഴും കഴിയുന്നു' എന്ന് ആ സഭകളെ ആസ്പദമാക്കി സുന്നഹദോസ് സുദൃഢം പ്രസ്താവിച്ചു. അതിനും പുറമെ, 'ആ സഭകളിലോരോന്നിനെയും കുർബ്ബാന മൂലം ദൈവത്തിന്റെ സഭ പണിതുയരുന്നു' എന്നും ചൂണ്ടിക്കാണിച്ചു (യൂണിറ്റാറ്റിസ് റെഡിന്റെ ഗ്രാറ്റിയോ: 15).

ഈ വിധത്തിൽ പുനരായി കണ്ടെത്തിയ വിവരവും കൗദാശികവുമായ ഐക്യത്തിന്റെ അടിസ്ഥാനത്തിലാണു രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കാ സഭയും പൗരസ്ത്യസഭകളും തമ്മിൽ ഭാവിയിലുണ്ടായിരിക്കേണ്ട ബന്ധം എപ്രകാരമായിരിക്കണമെന്നു വ്യക്തമാക്കിയത്. അതതു കാലത്തിനു യോജിച്ചവണ്ണം യഥേഷ്ടം വ്യാഖ്യാനിക്കാവുന്നതോ ദുർഗ്രഹമോ അല്ല.

കാലയവനികയ്ക്കുള്ളിൽ മിക്കവാറും മറഞ്ഞു, പൊടിപറ്റി, കണ്ണുകൾ കൊണ്ടു കാണുവാൻ അസാദ്ധ്യമായിത്തീർന്നു പോയിരുന്ന ഈ സത്യത്തെ പഠനവും നേരിട്ടുള്ള സമ്പർക്കവുമാണ് വെളിപ്പെടുത്തി കാണിച്ചുതന്നത്.

മനുഷ്യഹൃദയത്തെ ഉജ്ജ്വലമാക്കി മനസ്സിനു പ്രകാശം നൽകുന്ന കർത്താവ് അവിടുത്തെ ഹിതം ശരിയായ സമയത്തു നമ്മെ മനസ്സിലാക്കി അതു പ്രായോഗികമാക്കുവാനാവശ്യമായ ശക്തി പ്രദാനം ചെയ്യുന്നു. അവിടുന്നു വാഴ്ത്തപ്പെട്ടവനായിരിക്കട്ടെ.

ലോകം വിശ്വസിക്കേണ്ടതിന് അവിടുത്തെ ശിഷ്യന്മാർ ഒന്നായിരിക്കണമെന്ന് (യോഹ. 17:21) അനുശാസിക്കുന്ന കർത്താവിന്റെ ഹിതം നിറവേറ്റുവാൻ ആഗ്രഹിച്ചുകൊണ്ടുള്ള നമ്മുടെ ഇന്നത്തെ കൂടിക്കാഴ്ചയെ അവിടുന്നു തീർച്ചയായും അനുഗ്രഹിക്കുന്നു.

“ചിതറിപ്പോയിരിക്കുന്ന ദൈവമക്കളെ ഒരുമിച്ചു ചേർക്കുവാൻ’ (യോഹ. 11:52) യേശുക്രിസ്തു കുരിശിന്മേൽ മരിച്ചു.

ക്രിസ്തുവിന്റെ പ്രാർത്ഥനയോടും അവിടുത്തെ രക്ഷണ്യവ്യാപാരത്തോടും വിശ്വസ്ഥരായിരിക്കണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹം.

നമ്മുടെ ഈ കൂടിക്കാഴ്ചയിലന്തർലീനമായി സ്ഥായിയായി നിൽക്കുന്ന സാഹോദര്യത്തിന്റെ ആത്മാവ്, കത്തോലിക്കാസഭയിലേയും മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭയിലേയും വിശ്വാസികളുടെ ഇടയിൽ, പ്രത്യേകിച്ചും അവർ പരസ്പരം സാമീപ്യത്തിൽ കഴിയുന്നിടത്തെല്ലാം, പ്രചരിക്കുമെന്നാണെന്റെ പ്രത്യാശ. അവർ തമ്മിൽ ശരിയായ ധാരണ വളരട്ടെ. അന്യോന്യ ബഹുമാനവും സ്നേഹവും അവരുടെ മദ്ധ്യത്തിൽ വർദ്ധിക്കട്ടെ. സാമൂഹ്യവും സാംസ്കാരികവും ആയ രംഗങ്ങളിലും, അതിലുപരിയായി ഇടവകതലത്തിലും സാഹോദര്യവും, സൃഷ്ടിപരമായ സഹകരണവും പുലർത്തുന്നതിനും അത് സാധിതമാകട്ടെ. ഈദൃശ പ്രവർത്തന പരിപാടികൾ മൂലം നമ്മുടെ ചുറ്റുമുള്ളവരുടെ ഇടയിൽ യേശുക്രിസ്തുവിനെ നമ്മുടെ ദൈവവും കർത്താവുമായി സാക്ഷീകരിക്കുവാൻ നമുക്കു കഴിയട്ടെ.

ദേശീയതലത്തിൽ ക്രൈസ്തവൈക്യപ്രസ്ഥാനം വളരേണ്ടത് എല്ലാ ക്രിസ്ത്യാനികളുടെയും സംയോജനം സാധിതമാകുവാൻ നിർണ്ണായക പ്രാധാന്യം അർഹിക്കുന്നതാണ്.

ക്രിസ്തീയ സമൂഹത്തിന്റെ പ്രത്യേക ലക്ഷണമാണ് ഐക്യം. ഏതുവിധത്തിലുള്ള വിഭജനവും അതിനെ വികലമാക്കുന്നു. ചിലപ്പോൾ ഐക്യത്തിന്റെ സ്വഭാവത്തെ അത് അലങ്കോലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വസൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ ആ അതിവിശുദ്ധ ലക്ഷ്യത്തെ അത് അപായപ്പെടുത്തുന്നു എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട് (യൂണിറ്റാറ്റിസ് റെഡിന്റെ ഗ്രാറ്റിയോ: 1).

ഐക്യത്തിനുവേണ്ടി ഈവിധം പ്രതിഷ്ഠിരാകുവാനുള്ള യേശുക്രിസ്തുവിന്റെ ആഹ്വാനം നാം ഇതുവരെയും അറിയാതെ കഴിയുന്നവരെ ഉദ്ദേശിച്ചു മാത്രമല്ല നിർബന്ധിതമായിരിക്കുന്നത്. പരമ്പരാഗതമായി ക്രിസ്തുമതാവലംബികളെങ്കിലും, ഇന്ന് അതിൽനിന്നുമുലഞ്ഞ്, ക്രൈസ്തവ വിശ്വാസത്തെ പരിത്യജിക്കുവാനോ ലാഘവപ്പെടുത്തുവാനോ പോലും ഉദ്യമിക്കുന്ന ജനതകളെ സംബന്ധിച്ചും, അത് അത്യന്താപേക്ഷിതമായിത്തീർന്നിട്ടുണ്ട്.

പരിശുദ്ധ പിതാവിനെ ഈ വസ്തുത ഉറപ്പായി മനസ്സിലാക്കണമെന്നെനിക്കാഗ്രഹമുണ്ട്. ക്രിസ്തീയ ഐക്യം അധികരിച്ചു ചെയ്യേണ്ട യത്നങ്ങളിൽ ഒന്നിനെയും കത്തോലിക്കാസഭ ഇടവകതലത്തിൽ നിർവഹിക്കേണ്ട ചുമതലകൾ, വേദശാസ്ത്രാധിഷ്ഠിതമായ ചർച്ചകൾ, അന്യോന്യ

സംഭാഷണം ഇവയെല്ലാം നാം തന്നെ പ്രയോഗത്തിൽ വരുത്തുന്നതായിരിക്കും. ഇതിലെല്ലാം അപ്പുറം നാം പ്രാർത്ഥനയിൽ ജാഗരൂകരാകണം. രക്ഷ എന്നതുപോലെ, ഐക്യവും ദൈവത്തിന്റെ ദാനമാണ്. അത് മനുഷ്യഹിതത്തിനും യത്നത്തിനും അധിഷ്ഠിതമായിട്ടല്ല. ദൈവത്തിന്റെ കരുണയ്ക്കു വിധേയമായി മാത്രമാണ് പ്രാവർത്തികമാകേണ്ടത് (റോമർ 9:16).

നമ്മുടെ ഏക കർത്താവിന് പൊതുസാക്ഷ്യം നിർവഹിക്കുവാനും നമ്മുടെ രക്ഷകനായ യേശുക്രിസ്തു മാത്രമാണ് ലോകത്തിന്റെ ജീവൻ എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഇന്നത്തെ മനുഷ്യർക്ക് ആവശ്യമായ സേവനം നൽകുവാനും വേണ്ടി ക്രിസ്ത്യാനികളുടെ സമ്പൂർണ്ണമായ ഐക്യം സാധിതമാകുവാൻ യത്നിക്കുന്നതിലേയ്ക്ക് കത്തോലിക്കാസഭ സർവ്വാത്മനാ സന്നദ്ധമാണ്.

ഈ ആശയപ്രകടന വെളിച്ചത്തിൽ പരിശുദ്ധ പിതാവേ, ഞാൻ അങ്ങയെ പരസ്പരം സ്നേഹത്തിന്റെ ആത്മാവിൽ ബഹുമാനപൂർവ്വം അഭിവാദനം ചെയ്യുന്നു. ഈ കൂടിക്കാഴ്ച സാധിതമാക്കിയ ദൈവം അനുഗൃഹീതനായിരിക്കട്ടെ. ഇനിയും നമുക്കു നേരിടുവാനുള്ള പ്രതിബന്ധങ്ങളെ അതിജീവിച്ച്, ഒരുമിച്ചുള്ള കുർബാനാർപ്പണത്തിൽ ഭാഗഭാക്കുകളാകുന്ന സമ്പൂർണ്ണ ഐക്യത്തിൽ നമുക്ക് അന്യോന്യം കാണുവാൻ ദൈവം സഹായിക്കട്ടെ.

ദൈവത്തിന് സഭയിലും യേശുക്രിസ്തുവിലും എന്നും എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ (എഫേസ്യർ 3:21).

1985 ഫെബ്രുവരി 8-നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു മാർപാപ്പായും കാതോലിക്കായും തമ്മിൽ നടന്ന കൂടിക്കാഴ്ചയും സംഭാഷണവും പ്രസംഗങ്ങളും തികച്ചും അവിസ്മരണീയമാണ്. മലങ്കരസഭയുടെ ചരിത്രത്തിലെ സന്തോഷങ്ങളുടെ ഒരു ഉഷസ്സായി അതു നിലകൊള്ളുകയും ചെയ്യുന്നു. അവിടെ കാതോലിക്കാ ബാവായും മാർപാപ്പായും ചെയ്ത പ്രസംഗങ്ങൾ ഒട്ടും ചുരുക്കാതെ വരുംതലമുറകളുടെ പഠനത്തിനു വേണ്ടി ഇവിടെ ചേർക്കുകയാണ്. ബാവായുടെ സ്വാഗതപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു:

മാർപാപ്പായ്ക്ക് സ്വാഗതം

പരിശുദ്ധ ജോൺ മാർപാപ്പാ, കർത്താവിൽ പ്രിയപ്പെട്ട അതിബഹുമാന്യ സഹോദരാ,

ക്രിസ്തുവിൽ നിറഞ്ഞുകവിയുന്ന സന്തോഷത്തോടെയാണ് ഞങ്ങളുടെ ഈ നഗരത്തിലേക്കും ഈ സഭയിലേക്കും അങ്ങയെ സ്വാഗതം ചെയ്യുന്നത്. 1983 ജൂൺ മാസത്തിൽ നാം റോമിലുള്ള അങ്ങയുടെ ആസ്ഥാനം സന്ദർശിച്ച അവസരത്തിൽ നല്കിയ ക്ഷണം സ്വീകരിക്കുകയും അവിടുത്തെ സാന്നിദ്ധ്യത്തിൽ നമ്മുടെ ഈ എളിയ വസതിയെ അനുഗ്രഹിക്കുകയും ചെയ്തതിൽ ഞങ്ങൾക്ക് അങ്ങയോടു വളരെയധികം നന്ദിയുണ്ട്.

അപൂർവ്വമായ ബഹുമതിയാണ് അങ്ങ് ഇന്ന് ഞങ്ങൾക്ക് നല്കുന്നത്. 20 ലക്ഷത്തിൽ താഴെ മാത്രം അംഗസംഖ്യയുള്ള ഞങ്ങളുടെ സഭയെ അങ്ങ് ഇന്നു ബഹുമാനിക്കുന്നു. അതിന്റെ സ്ഥാപകനും ക്രിസ്തുവിൽ ഞങ്ങളുടെ പിതാവുമായ മാർത്തോമ്മാശ്ലീഹായെ അങ്ങ് ഇന്നു ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ എളിയ പിൻഗാമിയായ ബലഹീനനായ നമ്മെയും അങ്ങ് ഇന്നു ബഹുമാനിക്കുന്നു.

ആയിരത്തിത്തൊള്ളായിരത്തിലധികം വർഷങ്ങൾക്കു മുമ്പ് അപ്പോസ്തോലനായ മാർത്തോമ്മായുടെ രക്തസാക്ഷിനിണം ഈ പുണ്യഭൂമിയിൽ ചിന്തപ്പെട്ടു. അദ്ദേഹത്തിന്റെ പുണ്യ മൃതശരീരം ഈ മണ്ണിൽ സംസ്കരിക്കപ്പെട്ടു. ഈ നാട്ടിൽ വച്ച് ഇന്ന് അദ്ദേഹത്തിന്റെ പിൻഗാമിക്ക് പരിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പിൻഗാമിയെ സ്വാഗതം ചെയ്യുവാനുള്ള സവിശേഷസൗഭാഗ്യം സിദ്ധിച്ചിരിക്കുന്നു. നമ്മുടെ ദൈവമായ കർത്താവിന്റെ വാഴ്ത്തപ്പെട്ട തിരുനാമത്തിനു മഹത്വം.

അഞ്ച് ശതകങ്ങൾക്കു മുമ്പു വരെ അവിഭജിതമായ ഏക ക്രിസ്തീയസഭ മാത്രമേ ഈ നാട്ടിൽ ഉണ്ടായിരുന്നുള്ളു. മാർത്തോമ്മായുടെ മക്കൾ ഒറ്റ ആട്ടിൻകൂട്ടമായിരുന്നു. അവർ എല്ലാക്കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും ഉള്ള അവിഭക്ത സഭയുമായി ഒന്നായിരുന്നു. എന്നാൽ ഇന്ന് മാർത്തോമ്മായുടെ മക്കൾ ദയനീയമാംവിധം വിഭജിതരാണ്. പടിഞ്ഞാറു നിന്നു വന്ന ഞങ്ങളുടെ ക്രൈസ്തവ സഹോദരങ്ങൾ അവിടെ നിലവിലുള്ള എല്ലാ വിഭജനങ്ങളും ഇവിടെയും എത്തിച്ചു. ഭാരതത്തിനു പുറത്തു നിന്നു ക്രിസ്തുവിന്റെ നാമത്തിൽ വന്ന സകലരേയും ക്രിസ്തുവിന്റെ ഏകശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ സ്വാഗതം ചെയ്തുകൊണ്ട് ഈ രാജ്യത്തിലെ ഏക സഭയായി ഒരിക്കൽ ഞങ്ങൾ നിലനിന്നിരുന്നു. ആ വിധത്തിലാണ് പതിനാറാം ശതകത്തിൽ പോർച്ചുഗീസുകാരെയും ഞങ്ങൾ സ്വീകരിച്ചത്. അതിന്റേതായ പരിണിതഫലങ്ങളോടു കൂടെ.

ഹാ, ഞങ്ങളുടെ നിർഭാഗ്യം! ആ ഐക്യം ഞങ്ങൾക്കിന്നാര് പുനഃസ്ഥാപിച്ചു തരും! നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ മുറിവുകൾ ആരിന്ന് സൗഖ്യമാക്കും! സകല ക്രൈസ്തവരുമായുള്ള ആ ഐക്യത്തിനായി എത്ര ഉൽക്കടമായി ഞങ്ങളിന്നു വാഞ്ഛിക്കുന്നു! അജഗ്രഹണം അവസാനിപ്പിക്കുവാനും പ്രലോഭനം മൂലമുള്ള സഭാപരിവർത്തന വ്യഗ്രതയിൽ നിന്ന് പിൻവാങ്ങുവാനും മാത്രം എല്ലാ ക്രൈസ്തവർക്കും സാധിച്ചിരുന്നെങ്കിൽ! വേർപെട്ട സഹോദരങ്ങൾ എന്ന ആത്മാർത്ഥതയോടെ ഒരുമിച്ചു കൂടുവാനും സഹോദരീസഹോദരങ്ങൾ എന്ന നിലയിൽ പരസ്പരം സംസാരിക്കുവാനുമെങ്കിലും നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ! രണ്ടാം വത്തിക്കാന്റെ ആത്മാവ് ഈ ദേശത്ത് പ്രബലപ്പെട്ടിരുന്നെങ്കിൽ!

അങ്ങയുടെ സന്ദർശനം ഞങ്ങൾക്ക് പുതിയ പ്രത്യാശ നൽകുന്നു. ഇവിടെ ഭാരതത്തിൽ പ്രലോഭനം മൂലമുള്ള സഭാപരിവർത്തനം അവസാനിപ്പിക്കുവാനും ആത്മാർത്ഥമായ ഡയലോഗ് ആരംഭിക്കുവാനും ഞങ്ങൾക്ക് സഹായം ആവശ്യമാണ്. നമ്മുടെ പൊതുവായ ചരിത്രത്തെക്കുറിച്ചും ഓർത്തഡോക്സുകാരേയും റോമൻ കത്തോലിക്കരേയും തമ്മിൽ വേർതിരിക്കുന്ന ഘടകങ്ങളെക്കുറിച്ചും ഒരു പൊതുധാരണയിൽ എത്തേണ്ടത് ആവശ്യമാണ്. നിഖ്യാകുസ്തന്തീനോസ്പോലീസ്, എഫേസൂസ് എന്നീ മൂന്ന് സാർവത്രിക സുന്നഹദോസുകളിലെ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം നമ്മുടെ പൊതു മുതലാണ്. അതിനെ നാം അറിഞ്ഞുൽഘോഷിക്കേണ്ടുന്ന ആവശ്യം നമുക്കുണ്ട്.

ഏകദേശം പതിനാലു വർഷങ്ങൾക്കു മുമ്പ് നമ്മുടെ ആദരണീയനായ സഹോദരൻ വിയന്നയിലെ കർദ്ദിനാൾ കേണിഗ് പുരാതന പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും റോമൻ കത്തോലിക്കാ സഭയിലെയും വേദശാസ്ത്രജ്ഞന്മാരെ ആഗോളാടിസ്ഥാനത്തിൽ ഒരുമിച്ചു കൂട്ടുന്നതിനു മുൻകൈ എടുത്തു. നമ്മെ തമ്മിൽ അകറ്റുന്ന ഘടകങ്ങളോടൊപ്പം നമ്മെ ഒരുമിപ്പിക്കുന്നവയെക്കുറിച്ചും ആഴമായി ചർച്ച ചെയ്യുന്നതിനു വേണ്ടി 1972 മുതൽ 1979 വരെ ഈ വേദശാസ്ത്രജ്ഞന്മാർ നാലു പ്രാവശ്യം വിയന്നായിൽ സമ്മേളിച്ചു. ആയിരം പേജോളമുള്ള പ്രമാണ രേഖകൾ അവർ രൂപപ്പെടുത്തി. അനവധി മേഖലകളിൽ യോജിപ്പ് കണ്ടെത്തുകയും അടിസ്ഥാനപരമായി വിയോജിക്കുന്ന ഘടകങ്ങളെ വേർതിരിച്ചു കാണിക്കുകയും ചെയ്തു. കർദ്ദിനാൾ കേണിഗിന്റെ അഭ്യർത്ഥനയനുസരിച്ച് ഞങ്ങളുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ പ്രമാണരേഖകൾ പഠിച്ചു. ഇവയെക്കുറിച്ചു ഒരുമിച്ചു പഠിക്കുന്നതിനായി ഭാരതത്തിൽ ഒരു സംയുക്ത കമ്മീഷൻ ഉണ്ടാക്കുന്നതിന് ഭാരത കത്തോലിക്കാ ബിഷപ്സ് കോൺഫ്രൻസിലെ ഞങ്ങളുടെ സഹോദരങ്ങൾക്ക് ഞങ്ങൾ എഴുതി. ഇത് അഞ്ചു വർഷം മുമ്പായിരുന്നു. ഞങ്ങൾ ഇപ്പോഴും ഒരു മറുപടിക്കായി കാത്തിരിക്കുന്നു.

പ്രലോഭനം മൂലമുള്ള സഭാപരിവർത്തന പ്രശ്നം വ്യക്തിപരമായി അങ്ങയോടും അങ്ങയുടെ സഭയിലെ മറ്റ് അധികാരികളോടും ഒന്നിലധികം പ്രാവശ്യം ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്. റോമൻ കത്തോലിക്കർ ഓർത്തഡോക്സുകാരുടെ ഇടയിൽ നടത്തുന്ന സഭാപരിവർത്തന പ്രവർത്തനം രണ്ടാം വത്തിക്കാൻ കൗൺസിൽ നിരുത്സാഹപ്പെടുത്തിയിട്ടുണ്ടെന്ന് ഞങ്ങൾ മനസിലാക്കുന്നു. വത്തിക്കാനിൽ നിന്നുള്ള അധികാരികൾ ചില ഭാരത കത്തോലിക്കാ ബിഷപ്പുമാരോട് "ഓർത്തഡോക്സ് സഭ നിങ്ങളുടെ സുവിശേഷ വയൽ അല്ല" എന്ന് ഞങ്ങളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ വച്ചു തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ സഭാനേതാക്കൾ ഞങ്ങളുടെ ആളുകളെ സന്ദേഹാസ്പദമായ മാർഗ്ഗങ്ങളിൽകൂടി നിങ്ങളുടെ സഭയിലേക്ക് ആകർഷിക്കുന്ന പ്രവർത്തനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

അങ്ങയുടെ ഇപ്പോഴത്തെ ഈ സന്ദർശനം ഞങ്ങൾക്ക് പുതിയ പ്രത്യാശ നല്കുന്നു. ഡയലോഗ് ആരംഭിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പ്രലോഭനം മൂലമുള്ള സഭാപരിവർത്തനം അവസാനിക്കും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. രാഷ്ട്രസേവനത്തിലും ഇതര മതവിശ്വാസികളുമായുള്ള ഡയലോഗിലും ഓർത്തഡോക്സുകാർക്കും റോമൻ കത്തോലിക്കർക്കും ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിയുമെന്ന് ഞങ്ങൾ ആശിക്കുന്നു. ഇതര മതവിശ്വാസികളുമായി ഇപ്രകാരമുള്ള ഡയലോഗുകൾ നടത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അങ്ങ് മുമ്പുതന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ടല്ലോ. അത് ഉടനെതന്നെ നടപ്പിൽ വരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ഞങ്ങളുടെ രാഷ്ട്രത്തിന്റെ ഐക്യത്തെ സംബന്ധിച്ചിടത്തോളം ഇത് പരമപ്രധാനമാണ്.

നമ്മുടെ ലോകത്തിൽ ഇന്ന് വളരെയധികം ദാരിദ്ര്യവും പ്രയാസവും ഉണ്ട്. ഈ രാജ്യത്ത് അനേക ദശലക്ഷങ്ങൾ വിശന്നു ജീവിക്കുന്നു. ഭക്ഷണവും പാർപ്പിടവും വസ്ത്രവും അവർക്കാവശ്യത്തിനു കിട്ടുന്നില്ല. കോടിക്കണക്കിനാളുകൾ വേണ്ടത്ര ആരോഗ്യസംരക്ഷണം ലഭിക്കാതെ വലയുന്നു. ഇവരെ സേവിക്കുന്നതിൽ നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

യുദ്ധത്തിന്റെ കാർമേഘങ്ങൾ മാറിപ്പോകുന്നില്ല. അണ്വായുധ ദുരന്തമാകുന്ന ഡെമോക്ലീസിന്റെ വാൾ മനുഷ്യരാശിയുടെ മേൽ ഇപ്പോഴും തൂങ്ങിനിൽക്കുന്നു. മാനവസമൂഹം അതിന്റെ ശാസ്ത്രസാങ്കേതിക വിജ്ഞാനവും വൈദഗ്ധ്യവും ദൈവദത്തമായ അറിവും കഴിവും യുദ്ധത്തിനും ധനലാഭത്തിനുംവേണ്ടി നഷ്ടപ്പെടുത്തുന്നു. അണ്വായുധങ്ങളെ ഭൂമിയിൽനിന്നു ബഹിഷ്കരിക്കുവാനും നമ്മുടെ തലയ്ക്കു മീതെയുള്ള ബഹിരാകാശത്തെ എല്ലായുദ്ധായുധങ്ങളിൽ നിന്നും വിമുക്തമാക്കുവാനും നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. മനുഷ്യവർഗത്തിന്റെ മുഴുവൻ പ്രയോജനത്തിനും സമാധാനപരമായ ഉപയോഗത്തിനും വേണ്ടി ബഹിരാകാശം മനുഷ്യരാശിയുടെ പൊതുമുതലായി തീരണം. ശാസ്ത്രത്തേയും സാങ്കേതിക വിജ്ഞാനത്തേയും യുദ്ധം, ലാഭമോഹം എന്നിവയുടെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുവാനും ദാരിദ്ര്യം, രോഗം, അജ്ഞത, അനീതി മുതലായവ വിപാടനം ചെയ്യുന്നതിന് ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുവാനും ഒരു വലിയ പരിശ്രമം ആവശ്യമായിരിക്കുന്നു. സന്മനസ്സുള്ള എല്ലാവരോടുമൊപ്പം നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

രാഷ്ട്രങ്ങൾ തമ്മിലുള്ള ശക്തിതുലനവും വാണിജ്യബന്ധങ്ങളും അങ്ങേയറ്റം നീതിരഹിതമായി തീർന്നിരിക്കുന്നു. പല രാജ്യങ്ങളും ഇന്ന് ഋണബാദ്ധ്യതയാകുന്ന മഹാസമുദ്രത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. വടക്കും തെക്കും (വികസിതരാഷ്ട്രങ്ങളും വികസ്വരരാഷ്ട്രങ്ങളും) തമ്മിലുള്ള ഡയലോഗ് നീതിപൂർവ്വകമായി തീരുമാനത്തിൽ എത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. പാശ്ചാത്യ ലോകത്തിന്റെ ആദ്ധ്യാത്മിക നേതാവ് എന്ന നിലയിൽ

അന്തർദേശീയ സാമ്പത്തിക രാഷ്ട്രീയബന്ധങ്ങളിൽ നീതിപുലർത്തുവാൻ അങ്ങ് അവിടുത്തെ വലിയ കഴിവുകൾ ഉപയോഗപ്പെടുത്തുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതോടൊപ്പം ഒരു രാഷ്ട്രത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ബാഹ്യശക്തികൾ ഇടപെടുകയില്ലെന്ന് ഉറപ്പുവരുത്തുവാനും ഏതെങ്കിലും ചേരി ചേരാതെ രാഷ്ട്രങ്ങൾക്ക് അവർ സ്വയം തീരുമാനിക്കുന്ന മാർഗ്ഗങ്ങളിൽ കൂടി അവയുടെ വികസനം സാദ്ധ്യമാക്കിത്തീർക്കാനും അവിടുത്തെ വലിയ പ്രേരകശക്തി ഉപയോഗപ്പെടുത്തും എന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

നമ്മുടെ ഏക ഇടയനായ യേശുക്രിസ്തുവിലാകുന്നു നമ്മുടെ പ്രത്യാശ. അവിടുത്തെ സ്നേഹം നമ്മെയെല്ലാം നയിക്കുന്ന പ്രകാശമാകട്ടെ. സകല മാനവരാശിക്കും നീതിപൂർവ്വകമായ സമാധാനം കൈവരുവാൻ ഇടയാകട്ടെ. ദരിദ്രർ ആനന്ദിക്കുകയും കർത്താവിനെ പുകഴ്ത്തുകയും ചെയ്യട്ടെ. മർദ്ദനവും അനീതിയും അവസാനിക്കുകയും ലോകം നീതിയുടെയും സമാധാനത്തിന്റേയും പാതകളിൽ ചരിക്കുകയും ചെയ്യട്ടെ. മനുഷ്യൻ മേലിൽ യുദ്ധം അഭ്യസിക്കാതിരിക്കട്ടെ, ലോകജനതകൾ ഏകമാനവ സമൂഹമായി പരസ്പര വിശ്വാസത്തിലും അന്യോന്യ സേവനത്തിലും ഐക്യത്തിൽ ജീവിക്കുവാൻ പഠിക്കട്ടെ.

നാം ഒന്നായിതീരണം എന്നുള്ള കർത്താവിന്റെ പ്രാർത്ഥന സഫലമാകട്ടെ. അവിടുത്തെ രാജ്യം വരട്ടെ.

ഞങ്ങളെ കാണാൻ വന്നതിനായി ഞങ്ങൾ അങ്ങേക്കു വീണ്ടും നന്ദി പറയുന്നു. ഞങ്ങളുടെ സ്നേഹാദരങ്ങളുടെ ഈ എളിയ പ്രതീകങ്ങളെ സ്വീകരിച്ചാലും!

മാർപാപ്പായുടെ മറുപടി

പരിശുദ്ധ പിതാവേ, പ്രിയ സ്നേഹിതരെ, കർത്താവിൽ സഹോദരന്മാരേ,

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ" (2 കൊരി. 13:14).

വിശ്വാസത്തിന്റെ ഈ വാക്കുകളുമായി നിങ്ങളെ അഭിവാദ്യം ചെയ്യാൻ എനിക്കു സന്തോഷമുണ്ട്. വിശുദ്ധ പൗലൂസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ അഭിവാദ്യം ചെയ്ത വാക്കുകളാണിത്.

തന്റെ സ്നേഹംകൊണ്ടു നമ്മെ നിറയ്ക്കുകയും സത്യത്തിന്റെ നിറവിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്ന ദൈവാത്മാവിനു സ്തുതിയായിരിക്കട്ടെ. ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് സമ്പൂർണ്ണ ഐക്യത്തിൽ ഒന്നിച്ച് ദൈവഹിതം നിറവേറ്റാൻ ഹൃദയങ്ങളിൽ പ്രേരണ നൽകുന്നതും

ഇതേ ആത്മാവാണ്. പിതാവിനോടുള്ള ഈ പ്രാർത്ഥനയിൽ യേശുവിന്റെ ആഗ്രഹവും ഇതു തന്നെയായിരുന്നു. "നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ട തിനു തന്നെ."

മൂന്നു വർഷം മുമ്പ് അങ്ങ് എന്നെ സന്ദർശിച്ചത് ഓർക്കുന്നു. തമ്മിൽ തമ്മിലും ക്രിസ്തുവുമായും കൂടുതൽ ഐക്യത്തിലേക്കുള്ള യാത്രയുടെ ഒരു സുപ്രധാന ഘട്ടമായിരുന്നു അത്. അന്നുതന്നെ നമ്മുടെ കൂടിക്കാഴ്ചയും അപ്പോസ്തോലന്മാരായ പത്രോസിന്റെയും പൗലൂസിന്റെയും കബറിടങ്ങളി ലേക്ക് അങ്ങു നടത്തിയ തീർത്ഥയാത്രയും ആദരവോടെ ഞാൻ അനുസ്മ രിക്കുന്നു. സഹോദരസ്നേഹവും പ്രതീക്ഷയും നിറഞ്ഞുതുളുമ്പുന്ന വാക്കു കളുമായി അന്ന് അങ്ങ് എന്നോടു സംസാരിച്ചത് ഓർക്കുന്നു. "പശ്ചാത്തപി ക്കുകയും ദൈവഹിതപ്രകാരം ചരിത്രത്തെ പുനഃസൃഷ്ടിക്കുകയും ചെയ്യു കയാണ് നമ്മുടെ കടമ" എന്ന് അങ്ങ് പറയുകയുണ്ടായി. നാം ഇപ്പോൾ ദൈവ ഹിതം നിറവേറ്റുന്ന പ്രക്രിയയിലാണ്. ഇന്നത്തെ നമ്മുടെ ലഘുവായ കൂടി ക്കാഴ്ച അതിന്റെ നല്ലൊരു അടയാളമാണ്. ഐക്യത്തിലേക്കുള്ള നമ്മുടെ യാത്രയിൽ ഇനി താമസം ഉണ്ടായിക്കൂടാ. നമ്മുടെ തിരിവുകൾ എല്ലാ ക്രിസ്തുവിശ്വാസികളിലേയും തിരിവുകൾ സുവിശേഷ പ്രഘോഷണത്തിനും നമ്മുടെ ദൗത്യനിർവഹണത്തിനും ഒരു തടസമാണ്.

കത്തോലിക്കരും ഇന്ത്യയിലെ ഓർത്തഡോക്സ് സഭയും തമ്മിലുള്ള സഹോദര നിർവിശേഷമായ ബന്ധം വളർന്നുവരാൻ അങ്ങു പലപ്പോഴായി താല്പര്യം പ്രദർശിപ്പിച്ചത് എനിക്കറിയാം. റോമിൽ അങ്ങു ചരിത്രപ്രധാന മായ സന്ദർശനം നടത്തിയപ്പോൾ ഞാൻ അങ്ങയോടു പറഞ്ഞതുപോലെ, 'സഭൈക്യത്തിന് പ്രാദേശികതലത്തിൽ വലിയ പ്രാധാന്യമുണ്ട്. ക്രിസ്തീയ സമുദായത്തിന്റെ മുഖമുദ്രയാണ് ഐക്യം. വിവിധ ഭാഗങ്ങളിലുള്ള ചേരിതി രിവ് അതിനു കളങ്കം ചാർത്തുന്നു.'

നമ്മെ അഭിമുഖീകരിക്കുന്ന അടിയന്തിര പ്രേഷിത പ്രശ്നങ്ങൾ പരിഹരി ക്കാൻ നമ്മുടെ സഭകൾക്കു ഫലപ്രദമായ വഴികൾ കണ്ടെത്താൻ കഴിയട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

സഹോദര സ്നേഹത്തിലൂടെയും വേദശാസ്ത്രപരമായ ആശയവിനിമ യത്തിലൂടെയും നമുക്ക് മുന്നോട്ടു പോകാം; കാരണം ഈ വഴികളിലൂടെയാണ് ക്രിസ്ത്യാനികൾക്കിടയിലും ലോകത്തിലും അനുരഞ്ജനം ഉണ്ടാവേണ്ടത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഗ്രഹമനുസരിച്ച് ഇക്കാര്യത്തിൽ പങ്കുചേരാൻ കത്തോലിക്കാസഭ തയ്യാറാണെന്ന് ഞാൻ ഉറപ്പു പറയുന്നു.

അങ്ങയേയും ഞങ്ങളുടെ പ്രതിനിധിസംഘത്തേയും വിശുദ്ധസ്ഥലത്തു

വച്ച് അഭിവാദ്യം ചെയ്യാൻ കഴിഞ്ഞത് സന്തോഷകരമാണ്. നാം തമ്മിലുള്ള ഭിന്നതകൾ തരണം ചെയ്ത്, പരിശുദ്ധ അൾത്താരയിൽ ഒന്നിച്ചു ദിവ്യബലി അർപ്പിക്കുന്ന സുദിനം വേഗം സമാഗതമാകട്ടെ എന്നു ഞാൻ സർവ്വശക്തനോടു പ്രാർത്ഥിക്കുന്നു. ഈ കൂടിക്കാഴ്ചയ്ക്കു വേണ്ടി ഞാൻ അങ്ങയോടു നന്ദി പറയുന്നു. സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം അങ്ങയുടെ മേലും ജനങ്ങളുടെ മേലും ഉണ്ടാവട്ടെ. യേശുക്രിസ്തുവിൽ എന്റെ സ്നേഹം ഉറപ്പു നൽകുന്നു.

നേട്ടങ്ങൾ

മലങ്കരയിലെ അഞ്ചാം കാതോലിക്കായുടെ കാലത്ത് സഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ബഹുമുഖമാണ്. വിദ്യാർത്ഥി പ്രസ്ഥാനം തുടങ്ങിയ ആദ്ധ്യാത്മിക സംഘടനകളുടെ പുരോഗതിക്കു പുറമെ പ്രായമായ സ്ത്രീപുരുഷന്മാർക്കു വേദശാസ്ത്ര സംബന്ധമായ വിജ്ഞാനം പ്രദാനം ചെയ്യുന്നതിനായി ഓർത്തഡോക്സ് വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'ദിവ്യബോധനം' അൽമായ വേദശാസ്ത്ര പഠനപദ്ധതി ഒരു പുതിയ കാൽവെയ്പാണ്. വളർന്ന് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വൈദിക സെമിനാരിയിലെ പണ്ഡിതന്മാരായ സ്റ്റാഫംഗങ്ങളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്.

ഈ കാലഘട്ടത്തിൽ ആദ്ധ്യാത്മികരംഗത്ത് കാലാനുസൃതമായ വളർച്ചയും തളർച്ചയും ഉണ്ടായിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കാൻ കഴിയും. സഭയ്ക്കു ത്യാഗനിർഭരമായ സേവനം ചെയ്തിട്ടുള്ള തന്റെ മുൻഗാമികളോടുള്ള ഭക്ത്യാദരങ്ങളുടെ പ്രതീകമെന്ന നിലയിൽ നാലു കാതോലിക്കാ ബാവാമാരുടെയും കബറിടങ്ങൾ പുതുക്കിപ്പണിയുന്നതിനും അവയെല്ലാം ഭക്തജനങ്ങളുടെ തീർത്ഥാടനകേന്ദ്രങ്ങളാക്കുന്നതിനും ബാവായ്ക്കു സാധിച്ചിട്ടുണ്ട്. പാമ്പാക്കുട ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഒന്നാം കാതോലിക്കാ മുറിമറ്റത്തിൽ മാർ ബസ്സേലിയോസ് പൗലോസ് ഒന്നാമന്റെ കബർ പുതുക്കിപ്പണിയുന്നതിനു ബാവായുടെ അറിവോടെ ഇസ്സഡ്. എം. പാറേട്ടാണു പണം ചെലവാക്കിയത്. അവഗണിക്കപ്പെട്ടു കിടന്ന വള്ളിക്കാട്ടു ദയറായും രണ്ടാം കാതോലിക്കായായ പരിശുദ്ധ ഗീവറുഗീസ് ഒന്നാമന്റെ കബറിടവും പുതുക്കിപ്പണിയുന്നതിൽ മാത്യൂസ് പ്രഥമൻ ബാവാ പ്രത്യേകം താൽപര്യം പ്രകടിപ്പിക്കുകയും ഗണ്യമായ ഒരു തുക ചെലവഴിക്കുകയും ചെയ്തു.

ദേവലോകത്തു കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ, പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നിവരുടെ കബറിടങ്ങളും അടുത്തകാലത്ത് അത്യാധുനിക രീതിയിൽ അതിമനോഹരമായി പുതുക്കിപ്പണിതു. ഇക്കാര്യത്തിൽ റിട്ട. ചീഫ് എൻജിനീയർ അടങ്ങപ്പുറത്തു എ. എം. മാത്യുവിന്റെ സേവനവും ബാവാ പ്രയോജനപ്പെടുത്തി.

മെഡിക്കൽ രംഗത്തും ബാവായുടെ ശ്രദ്ധ കാര്യമായി പതിഞ്ഞു. സഭയ്ക്കു ലഭിച്ച കങ്ങഴ എം.ജി.ഡി.എം. ആശുപത്രിയുടെ വികസനത്തിന്റെ വിശദാംശങ്ങളെല്ലാം ബാവാ അപ്പഴപ്പോൾ അറിയുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. രോഗഗ്രസ്തനാകുമ്പോൾ കങ്ങഴ ആശുപത്രിയിലാണു ബാവാ ചികിത്സാർത്ഥം പോയിക്കൊണ്ടിരുന്നതും. കങ്ങഴ ആശുപത്രി സ്ഥാപകനും തന്റെ അയൽവാസിയുമായിരുന്ന പി. ഗീവറുഗീസിന്റെ സേവനങ്ങളിൽ ബാവായ്ക്കു വലിയ മതിപ്പാണുണ്ടായിരുന്നത്. ബാവായുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് "മനോഹരനായ മനുഷ്യസ്നേഹി" എന്ന പി. ഗീവറുഗീസിന്റെ ജീവചരിത്രം രചിക്കാനിടയായതും (പുസ്തകത്തിന് അവതാരിക എഴുതി. അതു പ്രകാശനം ചെയ്തു. ഗ്രന്ഥകർത്താവായ എന്നെ പൊന്നാടയും ചാർത്തി ബഹുമാനിച്ചു.). കോലഞ്ചേരി, പരുമല ആശുപത്രികളുടെ വളർച്ചയിലും ബാവാ സന്തുഷ്ടനായിരുന്നു.

സഭയുടെ വികസനത്തെ മുൻനിറുത്തി പുതിയ ഭദ്രാസനങ്ങൾ രൂപവൽക്കരിക്കുന്നതിനും കൂടുതൽ മെത്രാന്മാരെ വാഴിക്കുന്നതിനും ബാവാ ശ്രദ്ധിച്ചു. രണ്ടു പ്രാവശ്യമായി പത്തുപേർക്കു മെത്രാൻ പട്ടം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാവിധത്തിലും യോഗ്യരായ അഞ്ചുപേരെ കൂടി മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കാനും കഴിഞ്ഞു.

സഭയിലെ ഭൂരിപക്ഷം വൈദികരും തന്റെ ശിഷ്യന്മാരാകയാൽ ഭരണരംഗത്ത് ഒരു വലിയ ഇടയന്റെ ആജ്ഞാശക്തി ഫലപ്രദമാക്കാൻ സാധിച്ചു. മറ്റൊരു കാതോലിക്കായ്ക്കും ആ അസുലഭ ഭാഗ്യം സിദ്ധിച്ചിട്ടില്ല. അതുപോലെ തന്നെ സുന്നഹദോസിലെ എല്ലാ അംഗങ്ങളും അതിന്റെ അദ്ധ്യക്ഷനോട് അതുല്യമായ സ്നേഹവും വിധേയത്വവുമാണു പ്രകടിപ്പിച്ചുകൊണ്ടിരുന്നത്.

സുന്നഹദോസിലെ ഒരംഗമായ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് സഭകളുടെ ലോക കൗൺസിലിന്റെ ഒരു പ്രസിഡന്റായതും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കേരള ക്രിസ്ത്യൻ കൗൺസിലിന്റെ പ്രസിഡന്റായതും ബാവായുടെ എക്യുമെനിക്കൽ വീക്ഷണത്തിന്റെ പ്രതീകമായും കണക്കാക്കാം. നാഷണൽ ക്രിസ്ത്യൻ കൗൺസിൽ, കെ.സി.സി., ബൈബിൾ സൊസൈറ്റി മുതലായ സംഘടനകളുമായുള്ള സഹകരണം സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായുള്ള വൈദിക സെമിനാരിയുടെ അഫിലിയേഷൻ മുതലായ കാര്യങ്ങളും നേട്ടങ്ങളുടെ പട്ടികയിൽ ചേർക്കാവുന്നതാണ്.

വൈദേശിക സഭകളുമായുള്ള ബന്ധത്തേക്കാൾ കൂടുതൽ അഭികാമ്യം കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുമായിട്ടുള്ളതാണെന്ന പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അഭിപ്രായത്തെ

ആദരിക്കുന്ന ബാവാ കേരളത്തിലെ കൽദായ, മാർത്തോമ്മാ, സി.എസ്.ഐ., കത്തോലിക്കാ സഭകളുമായി സഹകരിക്കുന്നതിൽ മാത്രമല്ല ഐക്യത്തിൽ എത്തുന്നതിനും സിറിയൻ ഓർത്തഡോക്സ് സഭയുമായുള്ള ബന്ധം അന്യൂനം നിലനിറുത്തുന്നതിനും ആഗ്രഹിച്ചു. ഇക്കാര്യം വളരെ നേരത്തെ തന്നെ ബാവാ പരസ്യമായി പ്രസ്താവിച്ചിട്ടുമുണ്ട്. രോഗഗ്രസ്തനായ തനിക്കു ഇക്കാര്യം സഫലമാക്കാൻ സാധിച്ചില്ലെങ്കിൽ പിൻഗാമിയായ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ കാലത്ത് അതു നടക്കുമെന്നുള്ള പ്രതീക്ഷ ബാവായ്ക്ക് ഉണ്ടായിരുന്നു. സഭയുടെ സത്യവിശ്വാസവും സ്വത്തും ഒട്ടും നഷ്ടപ്പെടുത്താതെ അതെല്ലാം സംരക്ഷിച്ച ബാവായോടു മലങ്കരസഭയ്ക്കുള്ള കൃതജ്ഞത വാചാമഗോചരമാണ്.

“മാർത്തോമ്മാ നാമം”

മാർത്തോമ്മാശ്ലീഹായുടെ അപ്പസ്തോലിക സിംഹാസനത്തിന്മേൽ ആരൂഢനായ നിമിഷം തന്നെ തന്റെ ഔദ്യോഗിക സ്ഥാനനാമത്തിൽ കൂടി സാധിതപ്രായമാക്കിയ ഒരു നേട്ടം, മാർത്തോമ്മാ ആറാമന്റെ കാലം മുതൽ (എ.ഡി. 1765-1808) നഷ്ടപ്പെട്ടിരുന്നതും പിൽക്കാലത്ത് നവീകരണക്കാർ അന്യായമായി കൈയടക്കിയതുമായ മാർത്തോമ്മാ എന്ന സ്ഥാനനാമം വീണ്ടെടുക്കുകയെന്നതായിരുന്നു. ഇപ്രകാരം മാർത്തോമ്മാശ്ലീഹായുടെ നാമം കാതോലിക്കായുടെ പദവിസംജ്ഞയിൽ കൂട്ടിച്ചേർത്ത് “ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ” എന്ന പേരിലാണ് അത്താനാസ്യോസ് സ്ഥാനാരോഹണം ചെയ്തത്. സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് “മാർത്തോമ്മാ നാമവും കാതോലിക്കോസും” എന്ന ശീർഷകത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ‘മാർത്തോമ്മാ’, മാർ ദീവന്നാസ്യോസ് എന്നീ നാമങ്ങളുടെ ചരിത്രപശ്ചാത്തലം വിവരിച്ചിട്ടുണ്ട്. മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് പാത്രിയർക്കീസ് മലങ്കരയിലേക്കയച്ച ചില മേൽപട്ടക്കാർ, മാർത്തോമ്മാ അഞ്ചാമൻ, ‘ദീവന്നാസ്യോസ്’ എന്ന നാമം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, യവന പുരാണത്തിൽ മദ്യ ദേവനായി അറിയപ്പെടുന്ന പ്രസ്തുത നാമം തികച്ചും അസ്വീകാര്യമായി തള്ളിക്കളഞ്ഞതായി വിവരിച്ചശേഷം, അദ്ദേഹത്തിന്റെ പിൻഗാമി മാർത്തോമ്മാ ആറാമനെക്കുറിച്ച് ഇപ്രകാരം പറയുന്നു: “മഹാൻ സ്ഥാനം നൽകപ്പെട്ട ആറാം മാർത്തോമ്മായ്ക്ക്, റോമാ സഭയിൽ ചേർന്ന് നസ്രാണികളെയും തന്റെ ഭരണത്തിൽ കൊണ്ടുവരണമെന്ന് മോഹം ഉണ്ടായി. അതു സാധിക്കാൻ റോമാസഭയിൽ ചേർന്ന് പേര് ചീത്തയായി. മാർത്തോമ്മാ എന്ന പേരു മാറ്റി ദീവന്നാസ്യോസ് എന്ന പേരു സ്വീകരിക്കണമെന്ന് സിറിയാക്കാർ ആവശ്യപ്പെട്ടു. അപകടത്തിൽ ചാടി ബലഹാനി സംഭവിച്ച മെത്രാൻ അവരുടെ നിർദ്ദേശം സ്വീകരിക്കാൻ നിർബന്ധിതനായിത്തീർന്നു. അതോടുകൂടി നമ്മുടെ തറവാട്ടുപേരും - തോമ്മാ - നഷ്ടപ്പെട്ടു. പിന്നെ വന്ന മലങ്കര മെത്രാപ്പോലീത്തന്മാരെല്ലാം ദീവന്നാസ്യോസ് നാമം

കൊണ്ട് തൃപ്തിപ്പെട്ടു. തറവാട് വിറ്റ് പുതിയ സ്ഥലം വാങ്ങി അവിടെ താമസമാക്കിയ തരത്തിൽ എന്നു പറയാമോ? പിന്നീട് ഏകദേശം ഒരു ശതാബ്ദത്തിനുശേഷം നവീകരണക്കാർ മാർത്തോമ്മാ എന്ന പേര് കൈയടക്കിയതിനെക്കുറിച്ച് ഇസ്സഡ്. എം. പാറേട്ട് ഇപ്രകാരം പറയുന്നു. 'റോയൽ കോർട്ട് വിധി' എന്ന് സാധാരണ പറയാറുള്ള അപ്പീൽ വിധിയിലൂടെ (എ.ഡി. 1889) ജോസഫ് ദീവന്നാസ്യോസും അനുഗാമികളും വിജയിച്ചു. പക്ഷേ 'തോറ്റ നവീകരണ സുറിയാനിക്കാർ' ആ തോൽവിയിലൂടെ ഒരു വിജയം കൈവരിച്ചു. അവർ "മാർത്തോമ്മാ" എന്ന പേരിൽ ഒരു സഭ സ്ഥാപിച്ച് തറവാട്ടുപേര് കൈയടക്കി. തോമസ് അത്താനാസ്യോസിന്റെ മരണശേഷമാണ് അവർക്ക് അതിനുവേണ്ട പ്രചോദനം ലഭിച്ചത് (മലബാർ സുറിയാനിക്കാരും സി.എം. എസും., പി. ചെറിയാൻ, പേജ് 297). നവീകരണക്കാർ അങ്ങനെ കൈയടക്കിയത് എന്നാണെന്ന് (എന്താണെന്ന്) ദീവന്നാസ്യോസ് നാമത്തിൽ കടിച്ചുതൂങ്ങി കിടന്ന നമ്മുടെ ആളുകൾ മനസ്സിലാക്കിയില്ല. കൂനൻകുരിശുസത്യം വഴി പൂർവ്വസ്ഥാനത്ത് ഉറച്ചുനിന്ന നാം 'പുത്തൻകൂറ്റുകാരും' പതിനഞ്ചാം ശതകത്തിൽ ഇവിടെവന്ന റോമാക്കാർ 'പഴയകൂറ്റുകാരും' ആയതുപോലെ തന്നെ. അതിന്റെ ഒരു ആവർത്തനമായിരുന്നു, നവീകരിച്ചവർ പൂർവ്വികമായ തറവാട്ടുപേര് എടുത്തപ്പോൾ ഉണ്ടായ പ്രതികരണവും. പൂർവ്വിക നാമത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ നമ്മുടെ കഴിവുകേടാണോ ഇതൊക്കെ കാണിക്കുന്നത്?" ലേഖകൻ കാര്യകാരണസഹിതം ചൂണ്ടിക്കാണിക്കുന്ന ചരിത്രപരമായ അപാകതകൾ പാടെ നീക്കി പിതൃനാമമായ 'മാർത്തോമ്മാ' എന്ന പദവും കൂടി കാതോലിക്കായുടെ സ്ഥാനനാമത്തിന്റെ അവിഭാജ്യഘടകമായി കൂട്ടിച്ചേർത്ത് പദാർത്ഥപരമായ കലാസുഭഗതയും ശ്രവണമാധുര്യവും സമ്യക്കായി ഒത്തിണങ്ങി ഐക്യരൂപ്യം പ്രാപിച്ചിരിക്കുന്ന 'ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ' എന്ന പദവിന്യാസം മുഖേന പഴയ തറവാട്ടുപേര് വീണ്ടെടുക്കുവാൻ സാധിച്ചതിൽ കുടുംബാംഗങ്ങൾക്കും സഭാമക്കൾക്ക് ആകമാനമായും അഭിമാനം കൊള്ളാവുന്നതാണ്.

കാതോലിക്കാ ആയശേഷം തുമ്പമൺ ഭദ്രാസനം വിഭജിച്ചു ചെങ്ങന്നൂർ ഭദ്രാസനം രൂപവൽക്കരിച്ചതിനോടനുബന്ധിച്ചു മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും ദാനിയേൽ മാർ പീലക്സിനോസും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി. ഇടവകതലങ്ങളിൽ ചില പ്രതിഷേധപ്രകടനങ്ങളും നടന്നു.

രണ്ട് പ്രാവശ്യം മെത്രാൻ സ്ഥാനാഭിഷേകം ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയിട്ടുണ്ട്. ഒന്നാമത്തേത് 1978 മെയ് 15-ാം തീയതി പഴഞ്ഞി സെന്റ് മേരീസ് ദേവാലയത്തിൽ വച്ചായിരുന്നു. അന്ന് വാഴിക്കപ്പെട്ട മെത്രാന്മാർ താഴെപ്പറയുന്നവരാണ്:

1. യാക്കോബ് മാർ പോളിക്കർപ്പോസ്, 2. സഖറിയാ മാർ ദീവന്നാസ്യോസ്,

3. ഗീവറുഗീസ് മാർ ദീയസ്കോറോസ്, 4. മാത്യൂസ് മാർ ബർന്നബാസ്, 5. യൂഹാനോൻ മാർ അത്താനാസ്യോസ്.

രണ്ടാം പ്രാവശ്യം മാവേലിക്കര പുതിയകാവ് ദേവാലയത്തിൽ വച്ച് 1985 മേയ് 15-ാം തീയതി താഴെപ്പറയുന്ന 5 മെത്രാന്മാരെ വാഴിച്ചു.

1. മാത്യൂസ് മാർ എപ്പിപ്പാനിയോസ്, 2. ഫീലിപ്പോസ് മാർ യൗസേബിയോസ്, 3. തോമസ് മാർ അത്താനാസ്യോസ്, 4. ഗീവറുഗീസ് മാർ ഈവാനിയോസ്, 5. പൗലോസ് മാർ മിലിത്തിയോസ്.

ഒന്നു രണ്ടു മെത്രാന്മാരുടെ ഭദ്രാസന പ്രവർത്തനങ്ങളിൽ ഏതാണ്ട് അതൃപ്തനായിരുന്ന മാത്യൂസ് പ്രഥമൻ ബാവാ അക്കാര്യം പലരോടും പറഞ്ഞിട്ടുമുണ്ട്.

മൂറോൻ കൂദാശ

രണ്ടു പ്രാവശ്യം മൂറോൻ കൂദാശ ചെയ്തു. ആദ്യത്തേത് 1977 ഏപ്രിൽ 1-ാം തീയതി 40-ാം വെള്ളിയാഴ്ച കോട്ടയം പഴയസെമിനാരിയിൽ വച്ചും, രണ്ടാമത്തേത് 1988 മാർച്ച് 25-ാം തീയതി 40-ാം വെള്ളിയാഴ്ച കോട്ടയം ദേവലോകം അരമനയിൽ വച്ചുമായിരുന്നു.

വൈദികനായശേഷം അമേരിക്കയിൽ ചെന്നു വിവാഹിതനായ ഒരാൾ തന്നെ യഥാസ്ഥാനപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബസ്സേലിയോസ് മാത്യൂസ് ഒന്നാമനെഴുതിയ കത്തിനു മറുപടിയായി ബാവാ ഇപ്രകാരം എഴുതി:

''സമുദായക്കേസ് ഹൈക്കോടതിയിൽ കേട്ടുകൊണ്ടിരിക്കയാണ്. സ്പെഷൽ കോടതിയിൽ നിന്ന് അങ്ങോട്ടു മാറ്റിയ വിവരം അറിഞ്ഞിരിക്കുമല്ലോ. കേസിന്റെ തീരുമാനം വലിയ താമസം കൂടാതെഴുതാം. ദൈവകൃപയാൽ നമുക്കു ദോഷം ഒന്നും വരികയില്ലെന്നാണു എന്റെ വിശ്വാസം. ഇപ്പോൾ കേട്ട ഒരു കാര്യം കൂടി എഴുതുന്നു. ഏറെനാളായി രോഗശയ്യയിൽ കഴിഞ്ഞു കൂടിയിരുന്ന ചർച്ചു വീക്കിലി എഡിറ്റർ എൻ. എം. ഏബ്രഹാം അകാലത്തു നിര്യാതനായി. അയാൾക്കു പകരം ഇപ്പോൾ എഡിറ്റർ ആയിരിക്കുന്നതു കെ. വി. മാമ്മനാണ് (എം. കുര്യനാണ് - ഗ്രന്ഥകർത്താവ്).

അച്ചനെ യഥാസ്ഥാനപ്പെടുത്തുന്ന കാര്യം കത്തിൽ എഴുതിയിരുന്നല്ലോ. മറ്റു ചിലരിൽ നിന്നും ആ രീതിയിലുള്ള അപേക്ഷകൾ വന്നിട്ടുണ്ട്. ആ കാര്യത്തെപ്പറ്റി എന്റെ ഓർമ്മയിൽ സുന്നഹദോസ് തീരുമാനം ഉണ്ട്. അതിനു മുമ്പും ഉണ്ടായിട്ടുണ്ടെന്നാണ് അറിവ്. അങ്ങനെയുള്ള ഒരു കാര്യത്തെപ്പറ്റി എനിക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നു ചിന്തിക്കയാണ്. തലപ്പത്തിരുന്നുകൊണ്ട് സുന്നഹദോസ് നിശ്ചയങ്ങൾ എനിക്ക് അവഗണിക്കുവാൻ ഒക്കുമോ! വരും

ഫലം മനസ്സിലാക്കിക്കൊണ്ടു തന്നെയാണല്ലോ അച്ചനുൾപ്പെടെ മറ്റുള്ളവർ വിവാഹത്തിനു മുതിർന്നത്. അതിന്റെ പരിണിതഫലങ്ങൾ അനുഭവിക്കുവാനും സന്നദ്ധനാകേണ്ടതു ക്രൈസ്തവധർമ്മമാണ്. ഈ സഭയിൽ മാത്രമല്ല എല്ലാ കിഴക്കൻ സഭകളിലുമുള്ള നിയമമാണ്. സുന്നഹദോസ് മറിച്ചു എന്തെങ്കിലും ചെയ്തെങ്കിലേ എനിക്കു പ്രവർത്തിക്കുവാൻ ഒക്കുകയുള്ളു. അങ്ങനെ സുന്നഹദോസിനു ഒരു തീരുമാനം ഉണ്ടാക്കുക എളുപ്പമാണെന്നു തോന്നുന്നില്ല. കാര്യങ്ങൾ തുറന്നു എഴുതുന്നതിൽ തെറ്റിദ്ധരിക്കരുത്.

പ്രിയനും കുടുംബത്തിനുംവേണ്ടി നാം പ്രാർത്ഥിക്കുന്നു. ദൈവംതമ്പുരാൻ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ഒന്നാമൻ

മൂന്നു ഭദ്രാസനങ്ങൾ

മലങ്കര ഓർത്തഡോക്സ് സഭയിലെ ഇപ്പോഴത്തെ ബോംബെ, മദ്രാസ്, ഡൽഹി എന്നീ മൂന്നു ഭദ്രാസനങ്ങളെ ബോംബെ, മദ്രാസ്, ഡൽഹി, കൽക്കട്ട, അമേരിക്ക എന്നീ അഞ്ചു ഭദ്രാസനങ്ങളാക്കി വിഭജിക്കുന്നതിനും കൊല്ലം ഭദ്രാസനം വിഭജിച്ചു കൊല്ലം, തിരുവനന്തപുരം എന്നിങ്ങനെ രണ്ടു ഭദ്രാസനങ്ങളാക്കുന്നതിനും 1978 ഫെബ്രുവരിയിൽ ചേർന്ന സുന്നഹദോസ് തീരുമാനിച്ചു.

മേൽപട്ടസ്ഥാനത്തേക്കു മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിട്ടുള്ള അഞ്ചു വൈദികരുടെ വാഴ്ചയോടുകൂടി നടപ്പിൽ വരത്തക്കവണ്ണമാണു മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശപ്രകാരം പ. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് ഈ സുപ്രധാനമായ തീരുമാനം കൈക്കൊണ്ടത്.

കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെന്റർ ചാപ്പലിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസിൽ മാത്യൂസ് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ കൂറിലോസ്, ഫീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും പ്രത്യേക ക്ഷണപ്രകാരം നിയുക്ത മെത്രാന്മാരായ സഖറിയാ റമ്പാൻ, യാക്കോബ് റമ്പാൻ, മാത്യൂസ് റമ്പാൻ, ഗീവറുഗീസ് റമ്പാൻ, യൂഹാനോൻ റമ്പാൻ എന്നിവരും സംബന്ധിച്ചിരുന്നു.

മേൽപട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടവരുടെ സ്ഥാനാരോഹണം താമസിയാതെ തന്നെ നടത്തുന്നതാണ്. അവരുടെ സ്ഥാനാരോഹണത്തിന്റെ

സ്ഥലവും തീയതിയും അതു സംബന്ധിച്ചുള്ള മറ്റു കാര്യങ്ങളും പിന്നീടു നിശ്ചയിക്കും. ഓർത്തഡോക്സ് സഭാനേതൃത്വം ഏറ്റെടുത്തു നടത്തുന്ന ആന്ധ്രാപ്രദേശിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി ഓഗസ്റ്റ് മാസത്തിലെ ആദ്യ ഞായറാഴ്ച സഭ ആകമാനം ഒരു കവർപിരിവു നടത്തണമെന്നും ഇതു ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുള്ള സണ്ടേസ്കൂൾ സിലബസ് പരിശോധിച്ച് ആവശ്യമായ ശുപാർശകൾ സുന്നഹദോസിന് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഇതിന്റെ അദ്ധ്യക്ഷൻ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആയിരിക്കുന്നതാണ്. സുന്നഹദോസിൽ സമർപ്പിക്കപ്പെട്ട ആരാധനാ നടപടിക്രമം പരിശോധിക്കുന്നതിനായി യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു.

സഭയുടെ ഇന്നത്തെ പ്രശ്നങ്ങൾ സംബന്ധിച്ചും സുപ്രധാനങ്ങളായ തീരുമാനങ്ങൾ പ. സുന്നഹദോസ് കൈക്കൊള്ളുകയുണ്ടായി. മന്ത്രിസഭ നൽകിയ ഉറപ്പുകളും കോടതിവിധികളും പാലിക്കാതെ ഗവണ്മെന്റ് അനാസ്ഥ കാണിക്കുന്നതിൽ സുന്നഹദോസ് ഉൽക്കണ്ഠ പ്രകടിപ്പിച്ചു.

റഷ്യൻ സന്ദർശനം

റഷ്യൻ പാത്രിയർക്കീസ് പീമന്റെ ക്ഷണമനുസരിച്ചു പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ 1982 സെപ്തംബറിൽ റഷ്യ സന്ദർശിച്ചു. രണ്ടു സഭകളും രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധം സുദൃഢമാക്കുവാൻ ഈ പര്യടനം സഹായകമാകുമെന്നു ഗവണ്മെന്റ് പ്രതിനിധികളും സഭാ നേതാക്കളും ഒരു സ്വീകരണയോഗത്തിൽ പറഞ്ഞു. മലങ്കര സഭാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഇത്തരം ഒരു ഡലിഗേഷൻ റഷ്യ സന്ദർശിക്കുന്നത് ഇതാദ്യമായിരുന്നു.

അന്ന് പ്രഭാതത്തിൽ മോസ്കോയിൽ എത്തിയ മാത്യൂസ് പ്രഥമനെയും മറ്റും സ്വീകരിക്കാൻ പാത്രിയർക്കീസും മെത്രാന്മാരും ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരും മറ്റും വിമാനത്താവളത്തിൽ വന്നിരുന്നു. വി.ഐ.പി. സ്വീകരണ സൽക്കാരങ്ങളാണ് എല്ലായിടത്തും ഡലിഗേഷനു നൽകപ്പെട്ടത്. പാത്രിയർക്കാ അരമനയിൽ വച്ചു ഓർഡർ ഓഫ് വ്ളാഡിമർ എന്ന ബഹുമതി ബാവായ്ക്കു നൽകി അദ്ദേഹത്തെ ബഹുമാനിച്ചു. മോസ്കോ സന്ദർശനം കഴിഞ്ഞ് യുക്രേനിയൻ റിപ്പബ്ലിക്കിലെ പ്രധാന നഗരമായ ഒഡേസ്സയിലെ വിമാനത്താവളത്തിൽ എത്തിയ ബാവായേയും മറ്റും ഇന്ത്യൻ കോൺസൽ ജനറലും മലയാളി വിദ്യാർത്ഥികളും ചേർന്ന് സ്വീകരിച്ചു. അവിടുത്തെ ആർച്ചുബിഷപ്പ് സെർഗീസും ഇന്ത്യൻ കോൺസൽ ജനറലും സ്വീകരണ സൽക്കാരങ്ങൾ നൽകി. ഒഡേസ്സയിൽ നിന്നു ചരിത്രപ്രധാനമായ കീവിലും പോയി.

അവിടത്തെ സ്വീകരണത്തിനുശേഷം പ്രധാനപ്പെട്ട സ്ഥലങ്ങളും പള്ളികളും കണ്ടു. കീവിൽ നിന്നു ബാവായും മറ്റും മോസ്കോയിൽ നടന്ന ലോകമത സമാധാന സമ്മേളനത്തിൽ സംബന്ധിക്കാൻ വീണ്ടും മോസ്കോയിൽ എത്തി. ഈ സമ്മേളനത്തിന്റെ രക്ഷാധികാരികളിൽ ഒരാളായ ബാവായാണു ആമുഖപ്രസംഗം ചെയ്തത്. മോസ്കോയിൽ നിന്നു ലിവോവിലേക്കു പോയ ബാവായെ ആർച്ചുബിഷപ്പ് നിക്കോളായും സംഘവും ചേർന്ന് ഹൃദ്യമായി വരവേറ്റു. പ്രധാനപ്പെട്ട പള്ളികളും സന്യാസാശ്രമങ്ങളും സന്ദർശിച്ചശേഷം ഇന്ത്യൻ അംബാസഡർ മോസ്കോയിൽ നടത്തിയ സ്വീകരണ സൽക്കാര ത്തിലും സംബന്ധിച്ചു. സന്ദർശനം വിജയപ്രദമാക്കാൻ റഷ്യൻ പാത്രിയർക്കീ സിനെ പ്രതിനിധാനം ചെയ്ത് ആർച്ച്ബിഷപ്പ് മൽക്കിസദേക്ക് ഡലിഗേഷനെ എല്ലായിടത്തും അനുഗമിച്ചിരുന്നു. പിന്നീട് അർമ്മീനിയായിലെ ഓർത്ത ഡോക്സ് സഭാകേന്ദ്രമായ എച്ച്മിയാഡ്സനിൽ നടത്തപ്പെട്ട മൂറോൻ കൂദാ ശയിൽ ബാവായും സംഘാംഗങ്ങളും സംബന്ധിച്ചു. ആറു കോടി അംഗങ്ങ ളുള്ള അർമ്മീനിയൻ സഭാംഗങ്ങളെ കൊണ്ടു കത്തീഡ്രലും പരിസരപ്രദേശ ങ്ങളും നിറഞ്ഞിരുന്നു.

മദ്ബഹായിൽ വച്ചു നടന്ന ഈ വിശുദ്ധ ശുശ്രൂഷയിൽ അർമ്മീനിയൻ കാതോലിക്കോസ് പ. വസ്ക്കൻ ഒന്നാമനോടൊപ്പം പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കായും, റഷ്യൻ പാത്രിയർക്കീസ് പീമൻ, ജോർ ജിയൻ പാത്രിയർക്കീസ് ഡേവിഡ് നാലാമൻ, കോൺസ്റ്റാന്റിനോപ്പിൾ പാത്രി യർക്കീസ് ഷിനൂക്ക് ഗലൂസ്റ്റർ, ജറുശലേം പാത്രിയർക്കീസ് യറീഷാ ഡർഗോ റിയൻ എന്നിവരും കർദ്ദിനാൾ വില്ലി ബ്രാൻഡ്, ആംഗ്ലിക്കൻ സഭയുടെ ലണ്ടൻ ആർച്ചുബിഷപ്പ് തുടങ്ങി അനേകം വിഷിഷ്ടാതിഥികളും സംബന്ധിച്ചു. മല ങ്കരസഭയുമായി വി. കുർബ്ബാന ഐക്യമുള്ള അർമ്മീനിയൻ ഓർത്തഡോക്സ് സഭയുടെ ഈ ശുശ്രൂഷയിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും അംശവസ്ത്ര ങ്ങളണിഞ്ഞു പങ്കെടുത്തു.

നേരത്തെ അർമ്മീനിയായുടെ തലസ്ഥാനമായ ഐരവാൻ വിമാനത്താ വളത്തിൽ എത്തിയ പ. കാതോലിക്കാ ബാവായേയും സംഘത്തേയും വസ്ക്കൻ കാതോലിക്കോസും മെത്രാപ്പോലീത്തന്മാരും ജനങ്ങളും ചേർന്നു സ്വീകരിച്ചു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണ ജൂബിലി സമ്മേളനത്തിലും വിശിഷ്ടാതിഥികളോടൊപ്പം കാതോലിക്കാ ബാവായും പ്രസംഗിച്ചു. പിന്നീട് അവിടെനിന്നു മോസ്കോയിലേക്കു മടങ്ങി.

കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാർ ഉണ്ടാകണമെന്നു 1976 ജൂണിൽ തുമ്പമൺ മാത്തൂർ സെന്റ് ജോർജ് പള്ളിയുടെ കുരിശുംതൊട്ടി കൂദാശയോടനുബന്ധിച്ചു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥ മൻ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഞാൻ അഭിപ്രായ പ്പെട്ടു. അതിനു മറുപടിയായി അർമ്മീനിയായിൽ കാതോലിക്കായുടെ കീഴിൽ

പാത്രിയർക്കീസുമാർ ഭരണം നടത്തുന്നുണ്ടെന്നും ഇന്ത്യയിൽ അക്കാര്യം ഭാവിയിൽ നടപ്പാക്കാൻ കഴിയുമെന്നും ബാവാ പറഞ്ഞു. മലങ്കരദീപം ആ സമ്മേളനത്തെപ്പറ്റി 1976 ജൂലൈ ഒന്നിനു പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടാണു ചുവടെ ചേർക്കുന്നത്:

കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാർ ഉണ്ടാകണം

പത്തനംതിട്ട: ഇന്ത്യൻ ഓർത്തഡോക്സ് സഭ വളർന്നു വികസിക്കുകയും വിശാലമായ ഡൽഹി, ബോംബെ, മദ്രാസ് മുതലായ ഭദ്രാസനങ്ങൾ രൂപവൽക്കരിക്കുകയും ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ കാതോലിക്കേറ്റിന്റെ കീഴിൽ പാത്രിയർക്കീസന്മാരെ വാഴിച്ച് പ്രസ്തുത ഭദ്രാസനങ്ങളിലേക്ക് നിയോഗിക്കണമെന്ന് ചർച്ച് വീക്കിലി പത്രാധിപസമിതി അംഗമായ കെ. വി. മാമ്മൻ നിർദ്ദേശിച്ചു.

അർമ്മീനിയൻ ഓർത്തഡോക്സ് സഭാധിപനായ വസ്കൻ കാതോലിക്കായുടെ കീഴിൽ യറുശലേമിലും മറ്റും പാത്രിയർക്കീസന്മാരുണ്ടെന്നും സഭയുടെ വളർച്ചയ്ക്കനുസൃതമായ പുരോഗതി കൈവരുത്തണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മാത്തൂർ സെന്റ് ജോർജ് പള്ളിയുടെ പുതിയ കുരിശുംതൊട്ടി കൂദാശയ്ക്കു മുമ്പ് പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മഹായോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭാംഗങ്ങൾക്കു മനസ്സിലാകാത്ത സുറിയാനിഭാഷ ആരാധനയിൽ നിന്ന് ഒഴിവാക്കണമെന്നും വ്യക്തമായ തക്സായിക്കു രൂപംനൽകാൻ കഴിവുള്ള ദൈവശാസ്ത്രജ്ഞന്മാർ സഭയിൽ ഉണ്ടെന്നും മാമ്മൻ പറഞ്ഞു. ഒരു ദേശീയസഭയെന്ന നിലയിൽ മലങ്കരസഭയുടെ പുരോഗതി അപര്യാപ്തമാണെന്നും സഭയ്ക്ക് ശോഭനമായ ഭാവിയാണുള്ളതെന്നും നിയമസഭാ സ്പീക്കർ ടി. എസ്. ജോൺ, പി. ജെ. തോമസ് എം. എൽ. എ., എന്നിവരും പറഞ്ഞു. രാഷ്ട്രീയ കാര്യങ്ങളിൽ സഭാംഗങ്ങൾ പിന്നോക്കം തള്ളപ്പെടാതിരിക്കാൻ പ്രത്യേകം കരുതേണ്ടതുണ്ടെന്ന് ഫാ. ടി. ഇ. ജോർജ് അനുസ്മരിപ്പിച്ചു.

(മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മഞ്ഞനിക്കര വച്ചു കാലം ചെയ്തതിനെ തുടർന്ന് മലങ്കരയിൽ ഒരു പാത്രിയർക്കീസിനെ വാഴിക്കണമെന്നു പറഞ്ഞുകൊണ്ടു മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ (പിന്നീട് മാർ ഔഗേൻ കാതോലിക്കാ ബാവാ) വട്ടശ്ശേരിൽ തിരുമേനിക്ക് എൻ. എം. ഏബ്രഹാം മുഖേന ഒരു സന്ദേശം അയച്ചുകൊടുത്തത് പ്രസിദ്ധമാണ്. മലങ്കരയിൽ പാത്രിയർക്കീസിനെ വാഴിക്കണമെന്ന് "മലയാള മനോരമ" ഒരു മുഖപ്രസംഗം എഴുതിയ കാര്യം പ്രസിദ്ധ സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് 'മലങ്കര നസ്രാണികൾ' എന്ന ചരിത്രഗ്രന്ഥത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ ഭരണകാലത്തു നടന്ന രണ്ടു വമ്പിച്ച സമ്മേളനങ്ങളെപ്പറ്റി എടുത്തു പറയേണ്ടതുണ്ട്. ഒന്ന് 1982 സെപ്തംബർ 2-നു നടന്ന കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി സമ്മേളനമാണ്. അന്ന് ബാവായുമായി മനോരമ ലേഖകൻ നടത്തിയ അഭിമുഖവും മാർപാപ്പാ ജോൺ പോൾ രണ്ടാമൻ അയച്ച സന്ദേശവും ചുവടെ ചേർക്കുന്നു.

അഖില ഭാരതസഭ എന്റെ സ്വപ്നം

ഇന്ത്യയിലെ വിവിധ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കാൻ കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി ആഘോഷം ഇടയാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനായി പ്രവർത്തിക്കാൻ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ സന്നദ്ധമാണ്. അക്കാര്യത്തിൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിനു വിധേയമായി വേണ്ടതു ചെയ്യാൻ കഴിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ഇന്ത്യയുടെ അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹായോടുള്ള ഭക്തി പുലർത്തിപ്പോരുന്ന ഇന്ത്യൻ സഭകൾ സ്നേഹത്തിലും പരസ്പര വിശ്വാസത്തിലും ഒന്നിച്ചു പ്രവർത്തിക്കണം. അന്യോന്യം സഹകരിക്കുന്നതിന് വിശ്വാസവും ആചാരങ്ങളും ഒരു തടസ്സമാവില്ലെന്നു തന്നെയാണ് എന്റെ വിശ്വാസം. ഒരേ പാരമ്പര്യം പുലർത്തുന്ന സഭകൾ യോജിച്ചുണ്ടാകുന്ന ഒരു അഖില ഭാരത സഭയാണ് എന്റെ സ്വപ്നം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ മലയാള മനോരമയ്ക്ക് അനുവദിച്ച അഭിമുഖ സംഭാഷണ വേളയിലാണ് ഇങ്ങനെ പറഞ്ഞത്.

ചോ: സഭാപുരോഗതിയെ സംബന്ധിച്ചിടത്തോളം സപ്തതി ആഘോഷം ഒരു വഴിത്തിരിവായിരിക്കുമെന്നാണോ അങ്ങ് പറയുന്നത്?

ഉ: ഈ ആഘോഷം വിദേശ സഭാപ്രതിനിധികളെ സ്വീകരിക്കുന്നതിനു മാത്രമുള്ള ഒരു പരിപാടിയല്ല. എല്ലാ പള്ളികളെയും സ്ഥാപനങ്ങളെയും ഭവനങ്ങളെയും ആഘോഷത്തിൽ പങ്കെടുപ്പിക്കത്തക്കവിധം ആത്മീയ പ്രാധാന്യം നൽകിയാണ് പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഭാവിപ്രവർത്തനങ്ങൾക്ക് അത് ഉത്തേജനം നൽകുകയും ചെയ്യും. വിദേശ സഭാ ബന്ധങ്ങൾ വ്യാപകമായ ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കില്ല. ആ സഭകളുമായി മലങ്കരസഭയ്ക്കുള്ള ബന്ധം ശക്തിപ്പെടുകയും അത് ആത്യന്തികമായി അഖിലലോക സഭൈക്യത്തിനു വഴി തെളിയിക്കുകയും ചെയ്യും.

ചോ: കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിച്ചിട്ട് 70 വർഷമായല്ലോ. ഈ കാലയളവിൽ സഭ കൈവരിച്ച പുരോഗതി തൃപ്തികരമാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ഉ: സഭയുടെ ദൗത്യനിർവഹണവും പുരോഗതിയും ദേശീയ സ്വഭാവവും അതിന്റെ സ്വയംശീർഷകത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. അടിമത്തത്തിൽ കഴിയുന്ന ഒരു സഭയ്ക്ക് ഇവ മൂന്നും സ്വാംശീകരിക്കാൻ എളുപ്പമല്ല. ഇക്കാര്യം മുൻനിർത്തിയാണ് 1912–ൽ കാതോലിക്കേറ്റ് മലങ്കരയിലേക്കു മാറ്റി സ്ഥാപിച്ചത്. എന്നാൽ കഴിഞ്ഞ 70 വർഷം മലങ്കരസഭയെ സംബന്ധിച്ചിടത്തോളം കഠിനമായ യാതനയുടെ കാലഘട്ടമായിരുന്നു. അടുത്ത കാലത്തെങ്ങും ഇത്രമാത്രം എതിർപ്പുകൾ മറ്റൊരു സഭയും നേരിട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു കൈയിൽ വാളും മറുകൈയിൽ കുലശ്ശേരും പിടിച്ചുകൊണ്ടാണ് പരിശുദ്ധ പിതാക്കന്മാർ സഭ പണിതിട്ടുള്ളത്. ഇന്നും ആ സ്ഥിതിവിശേഷം മാറിയിട്ടില്ല.

വിദേശ മേധാവിത്വത്തിന്റെ മറകളിൽ നിന്നുകൊണ്ട് സ്വന്തം സഭാമക്കളിൽ ഒരു വിഭാഗം നടത്തിപ്പോന്ന പോരാട്ടങ്ങൾ സഭയുടെ സപ്തനാഡികളും തകർത്തു കളഞ്ഞു. ആ നിന്ദ്യാവസ്ഥയിൽ നിന്ന് പരിപൂർണ്ണമായി വിമുക്തി നേടാൻ ഇനിയും സഭയ്ക്ക് കഴിഞ്ഞിട്ടില്ല. സഭയുടെ പുരോഗതി വിലയിരുത്തുമ്പോൾ ഈ വക കാര്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. എന്തായാലും സപ്തതി ആഘോഷം സഭയുടെ പുരോഗതിയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി തീരുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ചോ: ഭാവിപുരോഗതിക്ക് ഇപ്പോഴത്തെ വ്യവഹാരങ്ങൾ തടസ്സമല്ലേ?

ഉ: സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ദൗത്യനിർവഹണത്തിന് അത്യന്താപേക്ഷിതമാണ്. ഇവിടത്തെ പ്രത്യേക സാഹചര്യത്തിൽ അവ സംരക്ഷിക്കാൻ നീതിന്യായ കോടതികളെ പലപ്പോഴും ആശ്രയിക്കേണ്ടി വരുന്നു. അത് ഒഴിച്ചുകൂടാൻ ആവാത്ത ഒരു ദുർവിധിയാണ്. ഏതെങ്കിലും വിധത്തിൽ വ്യവഹാരങ്ങൾ അവസാനിപ്പിച്ചാൽ നന്നായിരുന്നു. എന്നാൽ അതിനുവേണ്ടി ഇതുവരെ നടത്തിയ ശ്രമങ്ങൾ പരാജയപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്.

മേൽപ്പറഞ്ഞ മൗലിക തത്വങ്ങൾ ബലികഴിക്കാതെ സമാധാനം ഉണ്ടാവുമെങ്കിൽ അതു വലിയൊരു അനുഗ്രഹമാണ്. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ അതു മിക്കവാറും അസാദ്ധ്യമാണെന്നു കരുതേണ്ടിയിരിക്കുന്നു.

ചോ: വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളായ പ്രഗത്ഭ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സഭയ്ക്ക് നേട്ടമായിരിക്കില്ലേ?

ഉ: വിവിധ രംഗങ്ങളിൽ ഉന്നതസ്ഥാനം വഹിച്ചിട്ടുള്ളവരും വഹിക്കുന്നവരുമായ സഭാംഗങ്ങളുടെ സേവനം സഭാപുരോഗതിക്ക് പ്രയോജനപ്പെടുമെന്ന അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു. ആവശ്യം വരുമ്പോഴൊക്കെ അവരുടെ

സഹായം തേടാറുണ്ട്. അതു കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു. സഭയുടെ ഔദ്യോഗിക സമിതികളിൽ അങ്ങനെയുള്ളവർക്ക് കൂടുതലായി പ്രാതിനിധ്യം നൽകും.

ചോ: സഭാകാര്യങ്ങളിൽ യുവാക്കൾക്ക് കൂടുതൽ പങ്കാളിത്തവും ചുമതലയും നൽകുന്നതു നല്ലതല്ലേ?

ഉ: ഈ അഭിപ്രായത്തോടും പരിപൂർണ്ണമായി യോജിക്കുന്നു. യുവജന പ്രസ്ഥാനം വിദ്യാർത്ഥി പ്രസ്ഥാനം തുടങ്ങിയവ സഭാസേവനത്തിനു പുതിയ തലമുറയെ ഒരുക്കുന്ന കളരികളാണ്. എന്നാൽ ആധുനിക സമൂഹത്തിൽ രാഷ്ട്രീയത്തിന്റെ സ്വാധീനം വർദ്ധിച്ചത് ചെറുപ്പക്കാരെ കൂടുതലായി ആ രംഗത്തേക്ക് ആകർഷിക്കുവാൻ കാരണമായിട്ടുണ്ട്. അതിന് പല മാതാപിതാക്കളും മക്കളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇത് ഇളംതലമുറയുടെ വീക്ഷണത്തെ ബാധിച്ചിട്ടുണ്ട്. സന്യാസ ജീവിതരംഗം തന്നെ ഉദാഹരണം. സഭാപുരോഗതിയെ സംബന്ധിച്ചിടത്തോളം സന്യാസജീവിതം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. എന്നാൽ ആ രംഗത്തേക്കു കടന്നുവരാൻ യുവതീയുവാക്കൾ അത്രയൊന്നും തൽപരരല്ല. ഇതിനൊരു മാറ്റം വരുത്താൻ മാതാപിതാക്കളാണ് മുൻകൈയെടുക്കേണ്ടത്.

ചോ: പ്രേഷിത പ്രവർത്തനം ക്രൈസ്തവ സഭകളുടെ മുഖ്യ ദൗത്യമാണല്ലോ. ആ രംഗത്ത് ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണോ?

ഉ: ഈ രംഗത്തു സഭയുടെ പ്രതീക്ഷാനുസരണം ചുമതല നിർവഹിക്കാൻ കഴിഞ്ഞിട്ടില്ല. സുവിശേഷ പ്രവർത്തനം കഴിയുന്നത്ര വിപുലമാക്കാൻ ശ്രമിച്ചു വരുകയാണ്. വൈദിക സെമിനാരി, മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ എന്നിവ അതിനുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ അനുയോജ്യരായ യുവാക്കൾ കൂടുതലായി മുന്നോട്ടു വരുന്നില്ല. ദൈവവിളിയുള്ളവരെ കണ്ടെത്താൻ സഭ വേണ്ടതെല്ലാം ചെയ്യുന്നുണ്ട്.

ചോ: കുട്ടികൾക്കു ആത്മീയ കാര്യങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതിന് ഇപ്പോഴത്തെ സണ്ടേസ്കൂൾ പ്രസ്ഥാനം പര്യാപ്തമാണോ?

ഉ: സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കി വരികയാണ്. പാഠ്യപദ്ധതിയിലും പുസ്തകങ്ങളുടെ ഉള്ളടക്കത്തിലും മാറ്റം വരുത്തുന്നുണ്ട്.

ചോ: ആതുര സേവനരംഗത്തു സഭ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കിവരുന്നത്?

ഉ: ആശുപത്രികൾ, അഭയഭവനുകൾ, ബാലഭവനുകൾ, വയോജന ഭവനുകൾ എന്നിവയ്ക്കു പുറമെ ഭവനദാന പദ്ധതികളും സാധുക്കളായ

വിദ്യാർത്ഥികൾക്കുവേണ്ടി വിദ്യാഭ്യാസ നിധിയും ഏർപ്പെടുത്തിയിട്ടുണ്ട്. ആന്ധ്രായിലെ പുനരധിവാസ പദ്ധതി തുടങ്ങി കേരളത്തിനു വെളിയിലും ജീവകാരുണ്യ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു വരുന്നു.

ചോ: വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്കു 'ഡൊണേഷൻ' സ്വീകരിക്കുന്നതിനെപ്പറ്റി എന്താണ് അഭിപ്രായം? ഉടുപ്പിയിലും മറ്റും ഏർപ്പെടുത്തിയിട്ടുള്ളതുപോലെയുള്ള ഡൊണേഷൻ രീതിയാണോ ഇവിടെയും?

ഉ: ലക്ഷക്കണക്കിനു രൂപ കടമെടുത്താണ് പുതിയ കോളജുകളും മറ്റും സ്ഥാപിച്ചിട്ടുള്ളത്. തന്മൂലം സഭയ്ക്ക് സാമ്പത്തികമായ പരാധീനതകളുണ്ട്. അതുകൊണ്ടാണ് സന്മനസ്സുള്ളവരിൽനിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നത്. ആ തുക പൊതു നന്മയ്ക്കായി വിനിയോഗിക്കുന്നു. അത് ദുർവിനിയോഗം ചെയ്യുന്നുമില്ല. മറ്റുള്ളവർ സ്വമനസാലേ ചെയ്യുന്ന ഒരു സൽപ്രവൃത്തിയായി ഇതിനെ കണ്ടാൽ ആക്ഷേപത്തിനു സ്ഥാനമില്ല.

ചോ: സഭയുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും ചെയ്യേണ്ടതില്ലേ?

ഉ: അതിനാണ് എം.ഡി. കൊമേർഷ്യൽ സെന്റർ തുടങ്ങിയ ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. സഭാവശ്യങ്ങൾ നിറവേറ്റിക്കൊണ്ടുപോകുന്നതിനുള്ള ധനാഗമമാർഗ്ഗം എന്നതിൽ കവിഞ്ഞ് ഒരു ലക്ഷ്യവും ഇത്തരം പരിപാടികൾകൊണ്ട് ഉദ്ദേശിച്ചിട്ടില്ല.

ചോ: മറ്റു സഭകളെ അപേക്ഷിച്ചു അത്മായക്കാർക്ക് ഓർത്തഡോക്സ് സഭയിൽ പ്രത്യേകം സ്ഥാനം ഉണ്ടോ?

ഉ: സഭയുടെ എല്ലാ രംഗങ്ങളിലും അത്മായക്കാർക്ക് അർഹമായ സ്ഥാനം നൽകിവരുന്നു. അത്മായക്കാരെ ഇത്രയധികം സഹകരിപ്പിക്കുന്ന സഭകൾ ഉണ്ടെന്നു തോന്നുന്നില്ല. ഇടവകപ്പൊതുയോഗം, ഇടവക മാനേജിംഗ് കമ്മിറ്റി, മലങ്കര അസോസിയേഷൻ, മലങ്കര മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, ഭദ്രാസന പൊതുയോഗം, ഭദ്രാസന കൗൺസിൽ എന്നിവയിലെല്ലാം അയ്മേനികൾക്കാണ് ഭൂരിപക്ഷം. കാതോലിക്കായേയും മെത്രാന്മാരേയും തെരഞ്ഞെടുക്കുന്നതും അയ്മേനികൾക്കു ഭൂരിപക്ഷമുള്ള അസോസിയേഷനാണ്. സഭയുടെ മൂന്നു ട്രസ്റ്റികളിൽ ഒരാൾ അയ്മേനിയാണ്.

ചോ: ഓർത്തഡോക്സ് സഭ ഒരു ഓട്ടോസെഫാലസ് ചർച്ച് ആണെന്നു പറയുന്നതിന്റെ അർത്ഥം എന്ത്? ആവശ്യം എന്ത്?

ഉ: മലങ്കര ഓർത്തഡോക്സ് സഭ ഒരു ഓട്ടോസെഫാലസ് ചർച്ചാണ്. അതായത് അതിനു സ്വന്തം തലവനുണ്ട്. അതു കാതോലിക്കായാണ്. മറ്റൊരു സഭയെയും ആശ്രയിക്കാതെ എല്ലാ കാര്യങ്ങളും നടത്തുന്നതിന് ഓട്ടോസെഫാലസ് സഭയ്ക്ക് അധികാരമുണ്ട്. അതായതു സഭയുടെ ആത്മീയവും ലൗകികവും ദേശീയവുമായ എല്ലാ കാര്യങ്ങളും നടത്താനുള്ള അവകാശം.

മാർപാപ്പായുടെ ആശംസ

കിഴക്കിന്റെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് കാതോലിക്കായ്ക്ക്.

കിഴക്കിന്റെ കാതോലിക്കേറ്റ് ഇന്ത്യയിൽ പുനഃസ്ഥാപിക്കപ്പെട്ടതിന്റെ 70-ാം വാർഷികം പ്രമാണിച്ച് 1982 സെപ്റ്റംബർ അഞ്ചു മുതൽ പന്ത്രണ്ടു വരെ നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കാൻ ഒരു പ്രതിനിധിയെ അയയ്ക്കണമെന്നുള്ള താങ്കളുടെ ക്ഷണം ഞാൻ വളരെയേറെ വിലമതിക്കുന്നു.

സുപ്രധാനമായ ഈ വാർഷികാഘോഷങ്ങളിൽ ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരും വൈദികരും വിശ്വാസികളും പങ്കെടുക്കുമെന്ന് എനിക്കറിയാം. പരിശുദ്ധ സിംഹാസനത്തിൽ നിന്നു തന്നെയുള്ള ഒരു പ്രതിനിധി സംഘത്തിന്റെ സാന്നിദ്ധ്യം നാം തമ്മിൽ നിലവിലുള്ള ആത്മീയ സൗഹൃദത്തിന്റെ വ്യാപ്തിയുടെ അടയാളമായിരിക്കും. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും തമ്മിലുള്ള ഐക്യം ശക്തമാക്കാനും പുഷ്ടിപ്പെടുത്താനും അതു പകരിക്കും.

ഈ പരിചിന്തനകൾ മുൻനിർത്തിയാണ് മറ്റ് അതിഥികളോടും പ്രതിനിധിസംഘങ്ങളോടും ഒപ്പം കത്തോലിക്കാസഭയുടെ ഒരു പ്രതിനിധിസംഘത്തെ അയയ്ക്കാൻ എനിക്കു സന്തോഷമുള്ളത്. വാർഷികാഘോഷവേളയിൽ നടക്കുന്ന തിരുകർമ്മങ്ങളിലും പ്രാർത്ഥനകളിലും പഠനങ്ങളിലും അവരും പങ്കാളികളാകട്ടെ.

പരിശുദ്ധനായ അങ്ങേയ്ക്കുവേണ്ടിയും അങ്ങയുടെ വൈദികർക്കുവേണ്ടിയും വിശ്വാസികൾക്കുവേണ്ടിയും ഇന്ത്യയിലെ ഓർത്തഡോക്സ് സിറിയൻ സഭകളുടെ ഐക്യത്തിനുവേണ്ടിയും ഞാൻ ഹൃദയംഗമമായി ദൈവത്തോടു പ്രാർത്ഥിക്കുന്നുവെന്ന് ഉറപ്പുതരുന്നു.

വത്തിക്കാനിൽ നിന്ന്,
1982 സെപ്റ്റംബർ 2.

1984 ഫെബ്രുവരി 26-നു നടത്തപ്പെട്ട മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ചരമ കനകജൂബിലിയെപ്പറ്റിയുള്ള റിപ്പോർട്ടാണ് ചുവടെ ചേർക്കുന്നത്.

27-2-1984: സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ഓർത്തഡോക്സ് സഭ ഇന്ത്യൻ ദേശീയത്വത്തിൽ വിമോചനത്തിന്റെ ശക്തമായ കണ്ണിയാണെന്ന് ഉപരാഷ്ട്രപതി എം. ഹിദായത്തുള്ള പ്രസ്താവിച്ചു.

മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമ കനകജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

മലങ്കരസഭയുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ വിദേശ മേൽക്കോയ്മയ്ക്കെതിരേ പോരാടിയ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതദർശനം ഉദാത്തമാണെന്ന് ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യത്തെ സ്നേഹിച്ച വട്ടശ്ശേരിൽ മെത്രാപ്പോലീത്തായ്ക്ക് നിരവധി വിഷമസന്ധികളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. വിശ്വാസധീരനും വിജ്ഞാന പാരംഗതനുമായിരുന്ന അദ്ദേഹം സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗം അനുഷ്ഠിക്കാൻ തയ്യാറായി.

ഓർത്തഡോക്സ് സഭ അതിപുരാതനമായ പൗരസ്ത്യ സഭയാണ്. ക്രൈസ്തവസംഹിതകളുടെ അടിസ്ഥാനഘടകമായ വിമോചനത്തിന്റെ തത്ത്വശാസ്ത്രം ഈ സഭ ഉയർത്തിപ്പിടിച്ചു. ഭാരതത്തിലെ ഇതര ക്രൈസ്തവ സമൂഹങ്ങൾക്ക് വിമോചനത്തിന്റെ കാഹളം മുഴക്കാൻ ഈ സഭയുടെ ദർശനം കരുത്തേകി.

ക്രിസ്തുവിന്റെ ക്രൂശീകരണം നമ്മെ ഉദ്ബോധിപ്പിക്കുന്നതും വിമോചനത്തിന്റെ തത്ത്വശാസ്ത്രമാണ്. ക്രൈസ്തവസമൂഹത്തിന്റെ മുഖമുദ്രയായിത്തീർന്നിരിക്കുന്ന ഈ അടിസ്ഥാന ഘടകം നമ്മുടെ ദേശീയ സ്വാതന്ത്ര്യ പ്രക്രിയയിൽ ശക്തമായ ഒരു വിശ്വാസ ധാരയായിരിക്കുന്നു.

ദേശീയ പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ നമുക്കു പല വിഷമസന്ധികളും നേരിടേണ്ടി വരും. സഭയിലും സമൂഹത്തിലും ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ വലിയ പ്രശ്നങ്ങളുടെ നാന്ദിയാകാതെ ശ്രദ്ധിക്കണം. സമാധാനവും ഐശ്വര്യവും കൈവരിക്കാൻ ഈ വസ്തുത അടിസ്ഥാനപ്രമാണമായി സ്വീകരിക്കണം.

മറ്റു മതങ്ങളുടെ വിശ്വാസത്തെ ചെറുക്കാൻ ഒരു മതവും പഠിപ്പിക്കുന്നില്ല. “നിങ്ങളുടെ മതം നിങ്ങളുടേത്. എന്റെ മതം എന്റേത്. എന്നാൽ എല്ലാവരും ഈശ്വരനിൽ വിശ്വസിക്കുന്നു. മനുഷ്യ നന്മയാണ് പ്രധാനം” - ഖുറാനിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഉപരാഷ്ട്രപതി വ്യക്തമാക്കി.

മനുഷ്യനന്മയാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണം. ആ നന്മ കണ്ടെത്താൻ പുണ്യവാനും പണ്ഡിതനുമായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ യത്നിച്ചു. പൊറുക്കാനും സഹിക്കാനുമുള്ള നമ്മുടെ ദേശീയ പൈതൃകം വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ഉൾക്കൊണ്ടിരുന്നു. അദ്ദേഹം സൗമ്യനും ക്ഷമാശീലനുമായിരുന്നു.

സ്നേഹത്തിലൂടെ വിശ്വാസം പ്രകടിപ്പിക്കാൻ കഴിയണം. മതത്തെ നന്നായി മനസ്സിലാക്കാതെ അതു പറ്റില്ല. ഈശ്വരൻ സൃഷ്ടിച്ച എല്ലാത്തിനെയും സ്നേഹിക്കാൻ നമുക്കു കഴിയണം.

നീതിയും സത്യവും സ്വാതന്ത്ര്യവും ഉറപ്പിക്കാൻ ത്യാഗം സഹിക്കാൻ നാം സന്നദ്ധരാകണം. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതദർശനം അതിനു നമുക്കൊരു പ്രചോദനമാകട്ടെയെന്ന് ഉപരാഷ്ട്ര പതി ആശംസിച്ചു.

നമ്മുടെ മതവിശ്വാസം പൂർണമാകുന്നത് സഹിഷ്ണതയിൽ കൂടിയാണ്. എല്ലാ മതങ്ങളും നമ്മെ പഠിപ്പിക്കുന്നതും അതു തന്നെയാണ്. സഹിഷ്ണത അടിസ്ഥാനപ്രമാണമായി സ്വീകരിച്ചുകൊണ്ട് വിമോചനത്തിന്റെ പടനായ കരാകാൻ ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.

എം.ഡി. സെമിനാരി വളപ്പിൽ ചേർന്ന മഹാസമ്മേളനത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ആദ്ധ്യക്ഷ്യം വഹിച്ചു.

സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ട മലങ്കരസഭാഭാസുരൻ ഒരു യഥാർത്ഥ ക്രൈസ്തവ നായകനായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസം അടി യുറച്ചതായിരുന്നു. വേദനകളിലും പ്രശ്നങ്ങളിലും പതറാതെ ജീവിതമൂല്യ ങ്ങൾ ഉയർത്തിപ്പിടിക്കാൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീ ത്തായ്ക്ക് കഴിഞ്ഞുവെന്ന് കാതോലിക്കാബാവാ പ്രസ്താവിച്ചു.

ദൈവത്തിന്റെ ആയുധമായി പ്രവർത്തിക്കാൻ കഴിഞ്ഞതാണ് വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ ജീവിതവിജയം. 1912-ൽ ഇന്ത്യയിൽ കാതോലിക്കേറ്റ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞത് സഭാഭാസുരനു ലഭിച്ച ദൈവകൃപ മൂലമാണ്.

കാതോലിക്കേറ്റ് നമ്മുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും പ്രതീകമാണ്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പു തന്നെ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ഇന്ത്യയിൽ സ്വാതന്ത്ര്യദീപ്തി പകർന്നു. അദ്ദേ ഹത്തിന്റെ ദീർഘവീക്ഷണം മൂലം ഭാരതീയസഭകളുടെ മൗലികത അംഗീക രിക്കപ്പെട്ടു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് വിശുദ്ധിയുടെയും ഉദ്ഗ്രഥനത്തിന്റെയും മകുടോദാഹരണമാണ്. അദ്ദേഹത്തിന്റെ ജീവിതം സഭാവിശ്വാസികൾക്ക് മഹ ത്തായ മാതൃകയാണ്.

പതിനഞ്ചു ലക്ഷം ഓർത്തഡോക്സ് സഭാ വിശ്വാസികൾക്ക് മാത്രമല്ല ഇന്ത്യയിലെ എല്ലാ ജനവിഭാഗത്തിനും വട്ടശേരിൽ മെത്രാപ്പോലീത്തായുടെ വിമോചനത്തിന്റെ തത്ത്വശാസ്ത്രം ആവേശം പകരുമെന്ന് കാതോലിക്കാ ബാവാ പ്രത്യാശ പ്രകടിപ്പിച്ചു.

മതേതരസ്വഭാവം പൂർണ്ണമായി നിലനിർത്താനും വിശ്വാസങ്ങൾക്ക് വിശാ ലമായ കാഴ്ചപ്പാട് നേടിയെടുക്കാനും ക്രൈസ്തവസഭകളുടെ പ്രവർത്തനം

മൂലം കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി കെ. കരുണാകരൻ ആശംസാ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

സെന്റ് തോമസ് ഭാരതത്തിൽ വന്നതിനെത്തുടർന്ന് ക്രിസ്തുമതത്തെപ്പറ്റി പഠിക്കാൻ ഭാരതീയർ സഹിഷ്ണുത കാട്ടി. ആ സഹിഷ്ണുത ഇന്നും ശക്തമായി നിലനിർത്താൻ നമുക്കു കഴിഞ്ഞു.

സമാധാനം തകർക്കപ്പെടുമ്പോൾ ദുഃഖിക്കുകയല്ല വേണ്ടത്. ദുഃഖത്തിൽ നിന്നുള്ള മോചനത്തിനായി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രാർത്ഥന ആയുധമാക്കി.

ഐക്യം പുനഃസ്ഥാപിക്കപ്പെടുവാനും ദേശീയത്വം വീണ്ടെടുക്കാനും ഈശ്വരനെ ആരാധിക്കുന്നതിലൂടെ കഴിയും. വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തെളിയിച്ച ദേശസ്നേഹത്തിന്റെ മാർഗം അതിനൊരു മാതൃകയാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

എളിയവരിൽ എളിയവനായി ജീവിച്ചതാണ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മഹത്വമെന്ന് കേന്ദ്ര വിദേശകാര്യസഹമന്ത്രി എ. എ. റഹിം പറഞ്ഞു.

സഭയെ സ്വാതന്ത്ര്യത്തിലൂടെ വളർത്തിയെടുക്കാൻ മലങ്കരസഭാ ഭാസുരൻ അനുഷ്ഠിച്ച സേവനം മഹത്താണ്. സ്നേഹവും സേവനവും മുഖമുദ്രയാക്കി ജീവിതം നയിക്കാൻ കേന്ദ്രമന്ത്രി റഹിം ആഹ്വാനം ചെയ്തു.

നേതൃത്വം ത്യാഗത്തിന്റെ പര്യായമാണെന്നു തെളിയിക്കാൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിനു കഴിഞ്ഞെന്ന് തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ പറഞ്ഞു.

വെല്ലുവിളികളെ നേരിടാനും സമാധാനവും ഐശ്വര്യവും നേടിയെടുക്കാനും ഈശ്വരോപാസനയിലൂടെ കഴിയുമെന്ന് അദ്ദേഹത്തിന്റെ ജീവിതം പഠിപ്പിച്ചു. അതൊരു മാതൃകയാക്കാൻ സഫ്രഗൻ മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.

മഹാത്മാഗാന്ധി രാഷ്ട്രത്തിനു സ്വാതന്ത്ര്യം നേടിത്തന്നതുപോലെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സഭയ്ക്കു സ്വാതന്ത്ര്യം നേടിത്തന്നെന്ന് സ്വാഗതപ്രസംഗത്തിൽ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി.

മലങ്കരസഭാഭാസുരന്റെ സമർപ്പണ ജീവിതം മൂലം ഇന്ത്യയിൽ സ്വാതന്ത്ര്യത്തിന്റെ വിത്തുപാകാൻ കഴിഞ്ഞെന്നു സമ്മേളനത്തിൽ നന്ദി പ്രകാശിപ്പിച്ച മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു പറഞ്ഞു.

കോട്ടയത്തേക്കുള്ള മാർഗമദ്ധ്യേ ഇന്നലെ കൊച്ചിയിലെത്തിയ ഉപരാഷ്ട്ര പതി എം. ഹിദായത്തുള്ളയ്ക്ക് വിമാനത്താവളത്തിൽ ഹൃദ്യമായ വരവേൽപു നൽകി.

സ്വീകരണച്ചടങ്ങിൽ മന്ത്രി വയലാർ രവി, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ജോസഫ് മാർ പക്കോമിയോസ്, യാക്കൂബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ, നിയുക്ത മെത്രാൻ കെ. ഐ. പൗലോസ് റമ്പാൻ, കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റീസ് കെ. ഭാസ്കരൻ, ജസ്റ്റീസ് ഫാത്തിമാബീവി തുടങ്ങിയവർ പങ്കെടുത്തു.

മലങ്കരസഭാഭാസുരൻ അനശ്വര ജ്യോതിസ്സ്

സൂര്യനെപ്പോലെ പ്രകാശിക്കുകയും സൂര്യൻ ഗോളങ്ങളെ ആകർഷിക്കുന്നതുപോലെ മറ്റുള്ളവരെ ആകർഷിക്കുകയും ചെയ്ത ഒരു ഉജ്ജ്വല ജ്യോതിസ്സായിരുന്നു വട്ടശ്ശേരിൽ തിരുമേനി എന്ന് മന്ത്രി ആർ. ബാലകൃഷ്ണപിള്ള പ്രസ്താവിച്ചു.

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമ കനകജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് എം. ഡി. സെമിനാരി വളപ്പിൽ ചേർന്ന സമ്മേളനത്തിൽ ആശംസ അർപ്പിക്കുകയായിരുന്നു അദ്ദേഹം. ജാതിമതചിന്താഗതികൾക്കതീതമായി മനുഷ്യരെ ഏകോദരസഹോദരങ്ങളെപ്പോലെ കരുതി പ്രവർത്തിച്ചാലേ ശാന്തിയും സമാധാനവും ലഭിക്കുകയുള്ളുവെന്ന് മന്ത്രി പറഞ്ഞു. “മലങ്കരസഭയ്ക്ക് പ്രകാശം പരത്തിയ മാർഗദീപം” എന്നാണ് മന്ത്രി പി. ജെ. ജോസഫ് വട്ടശ്ശേരിൽ തിരുമേനിയെ വിശേഷിപ്പിച്ചത്. ഭൗതികലോകത്തിന് നൽകാൻ കഴിയാത്ത സമാധാനം മനുഷ്യവർഗത്തിനു നൽകാൻ ആധ്യാത്മിക നേതൃത്വത്തിനു മാത്രമേ കഴിയൂ എന്ന് മന്ത്രി പറഞ്ഞു.

കാലത്തിന് മായ്ക്കാനാവാത്ത കാൽപ്പാടുകൾ പതിച്ചു കടന്നുപോയിട്ടുള്ള പുണ്യശ്ലോകന്മാർ എല്ലാ മതവിഭാഗങ്ങളിൽപെട്ടവരുടെയും സ്നേഹവും ബഹുമാനവും ആർജ്ജിക്കുന്നുവെന്ന് മന്ത്രി എൻ. ശ്രീനിവാസൻ പ്രസ്താവിച്ചു.

ദക്ഷിണേന്ത്യൻ സഭയ്ക്ക് ഓർത്തഡോക്സ് സഭയോടുള്ള പൂർവ്വകാല സൗഹൃദം അനുസ്മരിച്ചുകൊണ്ട് പ്രസംഗം ആരംഭിച്ച ബിഷപ്പ് എം. സി. മാണി തപോധനനും ക്രാന്തദർശിയുമായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ വ്യക്തിപ്രഭാവത്തെ പ്രശംസിച്ചു.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരഭൂമിയിൽ ജീവൻ അർപ്പിക്കുവാൻപോലും തയ്യാറായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് വിനയസമ്പന്നനും പക്വമതിയുമായിരുന്നുവെന്നു ഗാന്ധിജി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എ. ടി. ദേവസ്യ പറഞ്ഞു.

വട്ടശ്ശേരിൽ തിരുമേനിയുടെ പാവനസ്മരണയ്ക്ക് കോട്ടയം പൗരാവലിക്കുള്ള ആദരാഞ്ജലി അർപ്പിച്ചുകൊണ്ടാണ് നഗരപിതാവ് കെ. എ. അയ്യപ്പൻപിള്ള പ്രസംഗിച്ചത്.

സോഷ്യൽ വെൽഫയർ ബോർഡ് ചെയർമാൻ സാറാമ്മ ജേക്കബ്, ഉമ്മൻചാണ്ടി എം.എൽ.എ., ടി. എസ്. ജോൺ എം.എൽ.എ. എന്നിവരും ആശംസകൾ നേർന്നു. ചരമ കനകജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് അഖില മലങ്കര അടിസ്ഥാനത്തിൽ സൺഡേസ്ക്കൂൾ കുട്ടികൾക്കുവേണ്ടി നടത്തിയ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ റീനാ എം. ജേക്കബും (കോട്ടയം) പ്രസംഗിക്കുകയുണ്ടായി.

വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെമ്മോറിയൽ എൻഡോവ്മെന്റിലേക്കുള്ള ഒരു ലക്ഷം രൂപ എൻഡോവ്മെന്റ് കമ്മിറ്റി ട്രഷറർ ഡോ. പി. വി. കോശി ചടങ്ങിൽ പരിശുദ്ധ കാതോലിക്കാബാവായെ ഏൽപിച്ചു. അവശവിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി അഞ്ചു ലക്ഷം രൂപ എൻഡോവ്മെന്റിലേക്ക് സംഭരിക്കുന്നതാണ്.

ചരമജൂബിലിയോടനുബന്ധിച്ച് സൺഡേസ്ക്കൂൾ അസോസിയേഷൻ അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തിയ പ്രസംഗ-പ്രബന്ധ മത്സര വിജയികൾക്ക് കാതോലിക്കാബാവാ സമ്മാനം നൽകി.

ജൂബിലി സ്മാരക സുവനീറിന്റെ പ്രകാശനം വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഫാ. ജേക്കബ് മണലിലിന് ഒരു കോപ്പി നൽകി ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

കാതോലിക്കാബാവായുടെ റോം പര്യടനം ഉൾക്കൊള്ളുന്നതും ബാവായുടെ സെക്രട്ടറി ഫാ. സഖറിയ പേരങ്ങാട്ട് എഴുതിയതുമായ “മരുശാദ്വലങ്ങളിലൂടെ” എന്ന പുസ്തകത്തിന്റെ പ്രകാശനം ചടങ്ങിൽ നടന്നു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് ഒരു കോപ്പി നൽകി കാതോലിക്കാബാവായാണ് പുസ്തകപ്രകാശനം നിർവഹിച്ചത്.

റാണി ജോർജ്, വിമ്മി മറിയം ജോർജ്, റ്റിറ്റി അലക്സ് എന്നിവരുടെ ഇമ്പമാർന്ന ഗാനങ്ങളും പോലീസ് ബാൻഡിന്റേയും, എം.ജി.എം. കൊയറിന്റെയും ഗാനാലാപനങ്ങളും ചടങ്ങിന് ചൈതന്യം പകർന്നു.

കോട്ടയം ഏലിയാ കത്തീഡ്രൽ ഗായകസംഘം കാതോലിക്കാ മംഗളഗാനം ആലപിച്ചു. ചരമജൂബിലി ആഘോഷത്തെ മലങ്കര സഭാചരിത്രത്തിലെ അവിസ്മരണീയ സംഭവമാക്കി മാറ്റിയ എല്ലാവർക്കും നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് കൃതജ്ഞത പറഞ്ഞു. “മലങ്കരസഭയുടെ അരുമസന്താനം” എന്നു വിശേഷിപ്പിച്ചുകൊണ്ടു മുൻ കേന്ദ്രമന്ത്രി സി. എം. സ്റ്റീഫന്റെ സ്മരണയ്ക്കു നിയുക്ത കാതോലിക്കാ ആദരാഞ്ജലി അർപ്പിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവായുടെ ആശീർവാദത്തെ തുടർന്ന് കരിമരുന്നു കലാപ്രകടനവും നടന്നു.

വട്ടശ്ശേരിൽ തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പഴയസെമിനാരി ചാപ്പലിൽ ഇന്നലെ രാവിലെ ഒൻപതു മണിക്കു പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മൂന്നിൻമേൽ കുർബാന അർപ്പിച്ചു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, സഖറിയാസ് മാർ ദീവന്നാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു. അമേരിക്കൻ ഭദ്രാസനാധിപൻ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു.

സഭാഭാസുരന്റെ ജന്മസ്ഥലമായ മല്ലപ്പള്ളിയിൽ നിന്നു കാൽനടയായി എത്തിയ തീർത്ഥാടകർ ഉൾപ്പെടെ വമ്പിച്ച ജനാവലി ചടങ്ങിൽ പങ്കെടുത്തു.

ഭാസുരസ്മരണ

പാരതന്ത്ര്യത്തിൽ നിന്നു സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്കു സഭയെ നയിച്ച മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ചരമകനകജൂബിലിയോട് അനുബന്ധിച്ച് ഇന്നലെ നടന്ന റാലി നഗരഹൃദയത്തെ മണിക്കൂറുകളോളം ഭക്തിനിർഭരമാക്കി.

സഭയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കാൻ പ്രാണൻപോലും പണയം വച്ച് ഇരവും പകലും പോരാടിയ തിരുമേനിയുടെ അപദാനങ്ങൾ ഭക്തസഹസ്രങ്ങൾ ഏറ്റുപാടി.

മലങ്കരയുടെ നാനാദിക്കുകളിൽനിന്നു സി.എം.എസ്. കോളജ് പരിസരത്ത് ഒത്തുചേർന്ന ഭക്തജനങ്ങൾ ഗാനാലാപവുമായി എം.ഡി. സെമിനാരിയിലെ മാർ ദീവന്നാസിയോസ് നഗറിലേക്കു നീങ്ങി.

കാതോലിക്കേറ്റ് പാതാകയുമേന്തി സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാമും സെക്രട്ടറി ഇ. ജെ. ജോസഫും പൈലറ്റ് ജീപ്പിൽ റാലിക്കു വഴിയൊരുക്കി. മനോഹരമായ വേഷവിധാനത്തോടെ സെന്റ് ജോസഫ്സ് സ്കൂൾ ബാൻഡ് കാഹളമൂതി നീങ്ങി. തൊട്ടുപുറകെ തിരുമേനിയുടെ ചിത്രം വഹിച്ച അലങ്കരിച്ച രഥവും.

വെള്ള സാരിയണിഞ്ഞ്, കുരിശടയാളമുള്ള വെള്ളക്കൊടികളുമായി കങ്ങഴ ആശുപത്രിയിലെ നഴ്സിംഗ് വിദ്യാർത്ഥിനികളും രഥത്തെ അനുഗമിച്ചു. പിന്നിൽ എം.ജി.ഡി.എം. ഗായകസംഘം ഭക്തിഗാനമുതിർത്തു.

പൊൻ, വെള്ളിക്കുരിശുകൾ വെയിലിൽ വെട്ടിത്തിളങ്ങി. പിന്നിൽ പുത്തൻകാവ് സ്കൂൾ ബാൻഡ് അടികൾ ചിട്ടപ്പെടുത്തി. നൂറുനൂറു മുത്തുക്കുടകൾ പിന്നെ അലൗകിക കാന്തി പകരുകയായി.

ഗിരിദീപം സ്കൂൾ ബാൻഡിനു പിന്നിൽ വെള്ളയണിഞ്ഞ സണ്ടേസ്കൂൾ വിദ്യാർത്ഥികൾ തിരുമേനിയുടെ വിജയഗീതം പാടി. "വേദനയുടെ വൻ തിരയടിയിൽ/ധീരതയോടിത്തിരു സഭയാം/പാവനനൗക നയിച്ചോനേ/വീര്യനിധേ – വിജയിക്കുക മേൽമേൽ."

തിരുവല്ലാ എം.ജി.എം. സ്കൂൾ ബാൻഡിനും, സെന്റ് മെർസലിനാസ് ബാൻഡിനും പിന്നിലായി അണിനിരന്ന വിദ്യാർത്ഥികളും സ്ത്രീകളും കൈയിലേന്തിയ മഞ്ഞക്കൊടികൾ തിരമാലകൾ പോലെ ഇളകിയാടി. ചെറിയപള്ളി ഗായകസംഘം ഈണം മീട്ടി.

മാനേജിംഗ് കമ്മിറ്റിയുടെയും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെയും വൈദികരുടെയും എം.ഡി. സ്കൂൾ ബാൻഡിന്റെയും പിന്നിലായി അലങ്കരിച്ച രഥത്തിൽ പരിശുദ്ധ കാതോലിക്കാ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായും മെത്രാപ്പോലീത്താമാരും സഞ്ചരിച്ചു.

ബസേലിയോസ് കോളജ് വിദ്യാർത്ഥികളുടെയും ഗായകസംഘത്തിന്റെയും പിന്നിലായി അണിനിരന്ന പുരുഷന്മാർ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ നേടിയെടുത്ത സ്വാതന്ത്ര്യം പരിരക്ഷിക്കാൻ പ്രതിജ്ഞയെടുത്തു നീങ്ങി.

മണിക്കൂറുകളോളം നഗരത്തെ ഭക്തിലഹരിയിൽ ആറാടിച്ച റാലി ദീവന്നാസിയോസ് നഗറിൽ എത്തിച്ചേർന്നതിനെ തുടർന്നു പൊതുസമ്മേളനം ആരംഭിച്ചു.

കാലം ചെയ്തു

പതിനാറു കൊല്ലം മലങ്കരസഭയുടെ പരമാധികാരിയായിരുന്ന ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ 1996 നവംബർ 8-നു കാലം ചെയ്തു. കബറടക്കം പിറ്റേദിവസം ദേവലോകം ചാപ്പലിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. മൃതദേഹം 8-നു രാത്രി പഴയസെമിനാരിയിൽ കൊണ്ടുപോയി. മൃതദേഹം 9-നു രാവിലെ മാർ ഏലിയാ കത്തീഡ്രലിൽ കൊണ്ടുവന്നശേഷം വിലാപയാത്രയും നഗരികാണിക്കലും കഴിഞ്ഞു ദേവലോകത്തു കൊണ്ടുപോവുകയാണുണ്ടായത്. രോഗബാധിതനായ ബാവാ പിൻഗാമിയുടെ അതുല്യമായ പരിരക്ഷയിൽ മരണംവരെയും സന്തുഷ്ടനായിട്ടാണു കഴിഞ്ഞത്. മരിക്കുന്നതിനു രണ്ടു ദിവസം മുമ്പ്, ബാവാ സൂക്ഷിച്ചിരുന്ന സഭാവക സാധനങ്ങൾ, സമ്പാദിച്ച വിലപിടിപ്പുള്ള സ്ഥാവരജംഗമ സ്വത്തുക്കൾ, കണക്കുകൾ, ബുക്കുകൾ എല്ലാം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ അദ്ദേഹം ഏൽപ്പിച്ചു. നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ്, സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറെക്കര, ബാവായുടെ പ്രൈവറ്റ്

സെക്രട്ടറി ഔഗേൻ റമ്പാൻ എന്നിവരുടെ സാന്നിധ്യത്തിൽ രേഖകൾ ഏറ്റു വാങ്ങി മാത്യൂസ് ദ്വിതീയൻ ബാവാ ഒപ്പു വച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാര പാരമ്പര്യങ്ങൾ സംരക്ഷിക്കുവാൻ നല്ല പോർപൊരുതിയ ആ ശ്രേഷ്ഠ മഹാചാര്യൻ ഓട്ടം തികയ്ക്കുകയായിരുന്നു.

അനാരോഗ്യം മൂലം 1991 ഏപ്രിൽ 27-ന് മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും സ്ഥാനങ്ങൾ ഒഴിഞ്ഞെങ്കിലും മലങ്കരസഭയിലെ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ അദ്ദേഹം 'വലിയ ബാവാ' ആയി ജീവിച്ചു. അവർ അദ്ദേഹത്തിന് സ്നേഹവും ബഹുമാനവും ആദരവും നിർലോപം നൽകി. പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന പരുമല പള്ളിയിലും രണ്ടാം കാതോലിക്കായെ കബറടക്കിയ വള്ളിക്കാട്ടു ദയറായിലും സുപ്രസിദ്ധമായ പത്തനംതിട്ട മാക്കാംകുന്ന് മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷനിലും റിട്ടയർ ചെയ്ത ശേഷവും സംബന്ധിച്ചിട്ടുണ്ട്. നിശ്ചയദാർഢ്യത്തോടും അർപ്പണബോധത്തോടും സഭയെ നയിച്ച ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗം എക്യുമെനിക്കൽ പ്രസ്ഥാനത്തിനു തീരാനഷ്ടമാണെന്നു മാർത്തോമ്മാ സഭാപരമാദ്ധ്യക്ഷൻ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ മുംബൈയിൽ നിന്നയച്ച അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ബാവായുടെ ദേഹവിയോഗത്തിൽ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ആന്റണി പടിയറ അത്യഗാധമായ ദുഃഖം രേഖപ്പെടുത്തി. സീറോമലബാർ സഭയുടെ സിനഡ് യോഗം ചേരവെയാണു കർദ്ദിനാൾ ദുഃഖവാർത്തയറിഞ്ഞത്. സീറോ മലബാർ ഹയരാർക്കിക്കുവേണ്ടി അദ്ദേഹം അനുശോചനം അറിയിച്ചു. 1970 മുതൽ കാതോലിക്കാ ബാവായുമായി വ്യക്തിപരമായ സൗഹൃദമുണ്ടെന്നു കർദ്ദിനാൾ അനുസ്മരിച്ചു. സഭാപരമായ കാര്യം മാത്രമല്ല, വ്യക്തിപരമായ കാര്യങ്ങൾപോലും ബാവായുമായി സംസാരിച്ചിരുന്നു. എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കും തീരാനഷ്ടമാണ് ഈ മരണമെന്നു കർദ്ദിനാൾ പറഞ്ഞു.

മഹാരാഷ്ട്ര ഗവർണർ ഡോ. പി. സി. അലക്സാണ്ടർ: പരിശുദ്ധ ബാവായുടെ വേർപാടിൽ അത്യന്തം ദുഃഖിക്കുന്നു. പ്രതിസന്ധിയുടെ നാളുകളിൽ ആ മഹായിടയൻ നൽകിയ സുധീരവും സുദൃഢവുമായ നേതൃത്വം സഭാമക്കൾ എന്നെന്നും നന്ദിയോടെ ഓർമിക്കും.

ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ: സഭാ ഐക്യരംഗത്തു ബാവാ നൽകിയിട്ടുള്ള ധീരവും ക്രിയാത്മകവുമായ നേതൃത്വം ആദരവോടെ അനുസ്മരിക്കുന്നു. അദ്ദേഹത്തിനു സ്വന്തം സഭയോടുണ്ടായിരുന്ന സ്നേഹവും

പ്രതിബദ്ധതയും താപസജീവിതത്തിന്റെ എളിമയും എല്ലാവർക്കും മാതൃകയാണ്. അഭിവന്ദ്യനായ ബാവായുടെയും മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെയും ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ബിഷപ്പ് സാം മാത്യു: പരിശുദ്ധ ബാവാ സി.എസ്.ഐ. സഭയുടെ ഉത്തമ സ്നേഹിതനും മദ്ധ്യകേരള മഹായിടവകയുടെ അഭ്യുദയകാംക്ഷിയുമായിരുന്നു. എപ്പിസ്കോപ്പസിയുടെ ഔന്നത്യം ഉയർത്തിപ്പിടിക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പാണ്ഡിത്യം കൊണ്ടും സമഭാവനകൊണ്ടും ആദർശനിഷ്ഠകൊണ്ടും അനുകരണീയമായ പ്രവർത്തനശൈലിയുടെ ഉടമയായിരുന്നു അദ്ദേഹം.

പരിശുദ്ധ ബാവായുടെ ദേഹവിയോഗത്തിൽ മുഖ്യമന്ത്രി ഇ. കെ. നായനാർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. പരിശുദ്ധ പാത്രിയർക്കീസിന്റെ പ്രതിനിധിയായി മലങ്കര സന്ദർശിക്കാനെത്തിയ ആലപ്പോ ആർച്ച് ബിഷപ്പ് യൂഹാനോൻ മാർ ഗ്രീഗോറിയോസ് ദേവലോകം അരമനച്ചാപ്പലിലെത്തി പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായ്ക്ക് അന്തിമോപചാരം അർപ്പിച്ചു.

അന്ത്യാഞ്ജലി

മലങ്കരയിലെ ഇരുപതു ലക്ഷത്തിന്റെ ആത്മീയ സ്രോതസ്സായിരുന്ന അഞ്ചാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമന്റെ ഭൗതിക ശരീരം ധ്യാനമന്ത്രങ്ങളുടെയും ധൂപപരിമണത്തിന്റെയും സാന്ദ്രതയിൽ കബറടക്കി.

വെള്ളിയാഴ്ച കാലംചെയ്ത മാത്യൂസ് പ്രഥമന്റെ ഭൗതിക ശരീരം ദേവലോകത്തു കാതോലിക്കേറ്റ് അരമന ചാപ്പലിനോടു ചേർന്നു മുൻഗാമിമാരായ മൂന്നാം കാതോലിക്കാ ഗീവറുഗീസ് ദ്വിതീയന്റെയും നാലാം കാതോലിക്കാ ഔഗേൻ പ്രഥമന്റെയും കബറിടങ്ങളുടെ ഇടതുവശത്തു നേരത്തെ തയ്യാറാക്കിയ കബറിലാണ് കബറടക്കിയത്.

നൂറുകണക്കിനു വൈദികരെയും വിശ്വാസികളായ ലക്ഷങ്ങളെയും സാക്ഷിനിർത്തി മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസിന്റെയും പ്രധാന കാർമ്മികത്വത്തിലായിരുന്നു അന്ത്യശുശ്രൂഷ.

മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ആന്റണി പടിയറ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ആർച്ച് ബിഷപ്പ് ഡോ. സിറിൽ മാർ ബസേലിയോസ്, കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി, സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് ഡോ. സാം മാത്യു, മാർത്തോമ്മാ സഭയുടെ കോട്ടയം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ

അത്താനാസ്യോസ്, കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു വട്ടക്കുഴി എന്നിവരും അന്ത്യശുശ്രൂഷയിൽ പങ്കുചേർന്നു.

ഓർത്തഡോക്സ് സഭയിലെ സീനിയൻ മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, ഗീവർഗീസ് മാർ ദീയസ്കോറോസ്, പൗലോസ് മാർ മിലിത്തിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, സഖറിയാ മാർ അന്തോനിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, പൗലോസ് മാർ പക്കോമിയോസ് എന്നിവരും അന്ത്യശുശ്രൂഷയിൽ സഹകാർമ്മികരായിരുന്നു.

അര നൂറ്റാണ്ടു മുമ്പ് അന്തരിച്ച പിതാവ് വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെ കുർബാന കുപ്പായം അണിഞ്ഞുകൊണ്ടു സ്വർണ്ണക്കുരിശും സ്വർണ്ണമാലയും വെള്ളിയിൽ പണിത അംശവടിയും അഴിച്ചുമാറ്റി എളിമയുടെ പ്രതീകമായ മരക്കുരിശും പിടിച്ചു കാതോലിക്കേറ്റ് അരമന ചാപ്പലിലെ യാത്രപറച്ചിലിനു ശേഷമാണു മാത്യൂസ് പ്രഥമന്റെ ഭൗതിക ശരീരം കബറിടത്തിലേക്കു കൊണ്ടുവന്നത്.

അനുശോചന യോഗം

കേരളത്തിലെ ക്രൈസ്തവസഭകളുടെ കെട്ടുറപ്പിനും ഐക്യത്തിനുമുള്ള ശ്രമങ്ങളിൽ മാർഗ്ഗദീപമായിരുന്നു പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായെന്ന് ആർച്ച് ബിഷപ്പ് ജോസഫ് മാർ പൗവ്വത്തിൽ അഭിപ്രായപ്പെട്ടു.

സഭാസൗഹാർദ്ദത്തിന്റെ ഉത്തമമാതൃകയായ നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രധാന പ്രേരണശക്തി മാത്യൂസ് പ്രഥമൻ ബാവായായിരുന്നു. നിലയ്ക്കൽ ദേവാലയത്തിന്റെ കാര്യത്തിലും മറ്റു പ്രവർത്തനങ്ങളിലും അദ്ദേഹം പിൻഗാമി മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കു കൈത്താങ്ങായി.

ദേവലോകം അരമനമുറ്റത്തു നടന്ന അനുശോചന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്പ്.

സ്വന്തം സഭപോലെ മറ്റു സഭകളുടെ കാര്യത്തിലും ബാവാ ശ്രദ്ധവച്ചിരുന്നു. കത്തോലിക്കാസഭയുമായി ഔദ്യോഗിക ചർച്ച തുടങ്ങിയതിനു മുൻകൈയെടുത്തതും ഡയലോഗ് കമ്മീഷനു തുടക്കക്കാരനായതും മറ്റാരുമല്ല. അതിന്റെ പുരോഗതിയിൽ അദ്ദേഹം തൃപ്തനായിരുന്നു.

നിശ്ചയദാർഢ്യമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ഉറച്ച തീരുമാനമെടുക്കാനും എടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കാനുമുള്ള കഴിവ് ശ്രദ്ധേയ

മായിരുന്നു. മലങ്കരസഭയ്ക്കു തനതായ നയപരിപാടികൾ രൂപവൽക്കരിക്കാനും ആരാധനാക്രമങ്ങൾ ഏർപ്പെടുത്താനും ശ്രദ്ധിച്ചിരുന്ന ബാവാ സഭയുടെ ഭദ്രതയും കാത്തുസൂക്ഷിച്ചു.

ധൈര്യവാനും നിശ്ചയദാർഢ്യമുള്ള മനസ്സിന് ഉടമയുമായിരുന്ന മാത്യൂസ് പ്രഥമൻ ബാവാ, എല്ലാ നല്ല ഗുണങ്ങളുടെയും വിളനിലമായിരുന്നു എന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ അനുസ്മരിച്ചു.

ഭാരമില്ലാത്ത മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. അതിനു കാരണം അദ്ദേഹത്തിന്റെ വിശ്വാസമായിരുന്നു. തിരുസഭ ദൈവത്തിന്റേതാണ്. അതു താങ്ങാൻ ആരും വേണ്ട. എന്തു സംഭവിച്ചാലും ദൈവികമായ സഹായം ഉണ്ടാകും എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. നമ്മൾ ചെയ്യേണ്ട ജോലി ആത്മാർത്ഥമായി ചെയ്യുക. ബാക്കി ദൈവത്തിന്റെ കരങ്ങളിലാണ്. ഈ ചിന്തയുണ്ടായാൽ പിന്നെ ക്ലേശിക്കേണ്ടി വരില്ല. സുഖമായി മനസ്സമാധാനത്തോടെ ഉറങ്ങാം.

അനുശോചനമറിയിച്ചും അന്ത്യകർമ്മങ്ങളിൽ പങ്കെടുത്തും സഭയുടെ ദുഃഖത്തിൽ പങ്കുചേർന്ന എല്ലാ മതമേലദ്ധ്യക്ഷന്മാർക്കും വൈദികർക്കും വിശ്വാസികൾക്കും മറ്റുള്ളവർക്കും ബാവാ നന്ദി പറഞ്ഞു. ദേവലോകത്ത് എത്തി അന്ത്യോപചാരമർപ്പിച്ച കർദ്ദിനാൾ ആന്റണി പടിയറയ്ക്ക് അദ്ദേഹം പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു.

മാത്യൂസ് പ്രഥമൻ ബാവാ കാത്തുസൂക്ഷിച്ച മൂല്യങ്ങളും ഉയർന്ന ചിന്തയും ജീവിതത്തിൽ പകർത്തി അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തണമെന്നു മന്ത്രി ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. ശാലീനവും സ്നേഹനിർഭരവുമായ പെരുമാറ്റത്തിനുടമയായിരുന്നു അദ്ദേഹം. എല്ലാവരെയും ഒന്നുപോലെ കാണുവാനും ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്താനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

മലങ്കരസഭ ബലിഷ്ഠമായ അടിത്തറയിൽ മുന്നേറുന്നതിൽ ബാവാ വഹിച്ച പങ്ക് ശ്ലാഘനീയമാണെന്നു തിരുവനന്തപുരം ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് പറഞ്ഞു. ത്യാഗോജ്വലമായ ജീവിതം പൂർത്തിയാക്കിയാണ് അദ്ദേഹം കടന്നുപോയത്. ദീർഘമായ ഇഹലോകജീവിതത്തിന്റെ പ്രതിഫലം സ്രഷ്ടാവിൽ നിന്ന് ഏറ്റുവാങ്ങുന്നതിനായി സ്വർഗ്ഗസ്ഥനായി. സഭയുടെ സ്വതന്ത്രസ്വഭാവവും അനന്യതയും കാത്തുസൂക്ഷിച്ച ബാവാ ഐക്യസംവാദങ്ങൾക്കു പ്രത്യേകം കരുതൽ നൽകി.

ക്രൈസ്തവലോകത്തിന് അനിഷേധ്യ നേതൃത്വം നൽകിയ അഭിവന്ദ്യ വ്യക്തിയായിരുന്നു ബാവായെന്ന് സി.എസ്.ഐ. ബിഷപ്പ് സാം മാത്യു അഭിപ്രായപ്പെട്ടു. നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് അദ്ദേഹം

പ്രചോദനമായിരുന്നു. മതസൗഹാർദത്തിനു ഭീഷണി ഉയർന്നപ്പോൾ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാൻ അദ്ദേഹം സ്വീകരിച്ച മാർഗ്ഗം എന്നും മാതൃകയാണ്.

മാനവമൈത്രിക്കും മലങ്കരസഭയ്ക്കുംവേണ്ടി അക്ഷീണം പ്രയത്നിച്ച ബാവായുടെ വേർപാട് തീരാനഷ്ടമാണെന്നു മാർത്തോമ്മാ സഭയുടെ കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ അത്താനാസ്യോസ് പറഞ്ഞു. വ്രതശുദ്ധിയുടെ പൊൻനാളം അസ്തമിച്ചിട്ടില്ല. അതു സ്വർഗ്ഗീയ ഭവനങ്ങളെ കൂടുതൽ ദീപ്തമാക്കും.

സഭാവിശ്വാസികളുടെ പുരോഗതിക്കുവേണ്ടി പാറപോലെ ഉറച്ചുനിന്ന ആദ്ധ്യാത്മികാചാര്യനായിരുന്നു മാത്യൂസ് പ്രഥമൻ ബാവായെന്ന് ഡപ്യൂട്ടി സ്പീക്കർ സി. എ. കുര്യൻ പറഞ്ഞു.

എടുക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിന്ന് ഏവർക്കും മാതൃകയായി ജീവിച്ച ബാവായുടെ വിയോഗം കനത്ത നഷ്ടമാണെന്നു മന്ത്രി പി. ജെ. ജോസഫ് പറഞ്ഞു.

അനിഷേധ്യസ്ഥാനം

മലയാള മനോരമ 1996 നവംബർ 9-നു പ്രസിദ്ധീകരിച്ച മുഖപ്രസംഗം:

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിലും, ഭരണപരിഷ്ക്കാരങ്ങൾ വരുത്തി സഭയുടെ പേരും പെരുമയും ആഗോളതലത്തിൽ എത്തിക്കുന്നതിലും അസാധാരണശേഷി പ്രകടിപ്പിച്ച സഭാദ്ധ്യക്ഷനായിരുന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ. നിർഭാഗ്യകരമായ വ്യവഹാരങ്ങളുടെ ഇടയിലും സഭയെ ഒരുമിച്ചുകൊണ്ടു പോകാൻ കഴിഞ്ഞ വലിയ ഇടയനെന്ന് അദ്ദേഹത്തെ ചരിത്രം എന്നും സ്മരിക്കും. ധിഷണാവൈഭവവും ഭരണസാമർത്ഥ്യവും കർമ്മനൈപുണ്യവും ഒന്നിച്ചു വിളങ്ങിയ ബാവായുടെ പതിനഞ്ചു വർഷത്തെ ഭരണകാലത്തു സഭ ആദ്ധ്യാത്മിക, ലൗകികതലങ്ങളിൽ ഒരുപോലെ മുന്നേറിയെന്നതും ചരിത്ര വസ്തുത തന്നെ.

പൗരോഹിത്യ പാരമ്പര്യമുള്ള വട്ടക്കുന്നേൽ കുടുംബത്തിൽ ജനിച്ച മാത്യൂസിൽ നിന്നു പരിശുദ്ധ ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവായിലേക്കുള്ള വളർച്ച ദൈവനിയോഗമായിരുന്നു. സുറിയാനിയിൽ പാണ്ഡിത്യം നേടി പൗരസ്ത്യസഭകളുടെ ബോധനത്തെ സ്വാംശീകരിച്ച അദ്ദേഹം ആധുനിക വേദശാസ്ത്രത്തിലും ജ്ഞാനിയായിരുന്നു. തുടർന്ന് പാശ്ചാത്യ സഭാചരിത്രവും, പാശ്ചാത്യ വേദശാസ്ത്ര പദ്ധതികളും മുൻവിധിയില്ലാതെ പഠിച്ച അദ്ദേഹം ക്രൈസ്തവ സമൂഹത്തിന്റെ വ്യത്യസ്തമുഖങ്ങളെ ഒന്നിച്ചും

വ്യത്യസ്തമായും സമീപിക്കുകയും ഓരോന്നിന്റെയും ഗുണമേന്മകളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ചെയ്തിരുന്നു.

മലങ്കരസഭയുടെ പ്രശ്നങ്ങളെല്ലാം പഠിക്കുകയും, ഭരണത്തിൽ പരിചയസമ്പന്നത നേടിയെടുക്കുകയും ചെയ്തശേഷമാണ് മലങ്കര മെത്രാപ്പോലീത്തായായി അദ്ദേഹം സ്ഥാനാരോഹണം ചെയ്തത്. തന്റെ മുൻഗാമി പരിശുദ്ധ ഔഗേൻ കാതോലിക്കാ ബാവായുടെ കീഴിൽ നിയുക്ത കാതോലിക്കായായി സേവനമനുഷ്ഠിച്ച കാലഘട്ടം തന്റെ ഭരണപാടവം പരിപോഷിപ്പിക്കുന്നതിനായി അദ്ദേഹം പ്രയോജനപ്പെടുത്തി. അതിനു മുമ്പു ബാഹ്യകേരള ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തിന്റെ പരിപാലനത്തിന്റെ കീഴിൽ, ബാഹ്യകേരള ഭദ്രാസനം അമേരിക്ക, മുംബൈ, ഡൽഹി, കൽക്കട്ട, മദ്രാസ് എന്നിങ്ങനെ വളർന്നു വികസിച്ചു.

ഈ അനുഭവസമ്പത്തോടെയാണു മലങ്കര മെത്രാപ്പോലീത്താ ആയി സഭയുടെ ഭരണം നടത്തിയത്. പുതിയ ഭദ്രാസനങ്ങൾ പിറന്നു. നൂറുകണക്കിനു പള്ളികൾ പുതുതായി സ്ഥാപിക്കപ്പെട്ടു. കേരളത്തിനകത്തും പുറത്തും കാതോലിക്കേറ്റ് സെന്ററുകൾ തുറന്നു. നിരവധി വിദ്യാലയങ്ങൾ, കോളജുകൾ, ആശുപത്രികൾ, ആസ്ഡ്രാമിഷൻ തുടങ്ങിയവയെല്ലാം സഭയുടെ ആകമാനവികസനത്തിലെ ചിലതു മാത്രം. സഭാഭരണസമിതികളുടെ ഉത്തരവാദിത്വം കൃത്യമായി നിർവചിക്കുകയും ഓരോന്നും അതിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഭരണനേതൃത്വത്തിന്റെ കാര്യശേഷി പതിന്മടങ്ങായി വർദ്ധിച്ചു.

വൈദികപട്ടം സ്വീകരിച്ച് ഏതാനും വർഷങ്ങൾക്കകം ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പിൻസിപ്പലായിത്തീർന്ന അദ്ദേഹം തികഞ്ഞ ഉത്തരവാദിത്വബോധത്തോടെയാണു ഭരണം നിർവഹിച്ചത്. ഒരു പെറ്റി സെമിനാരിയായിരുന്ന ഈ കേന്ദ്രം ബിരുദകോഴ്സുള്ള വലിയ സ്ഥാപനമായി.

ആരാധനക്രമങ്ങൾക്കെല്ലാം അടുക്കും ചിട്ടയും ഉണ്ടായിരിക്കണമെന്നതിൽ അദ്ദേഹം നിർബന്ധബുദ്ധി പുലർത്തി. ആരാധനാക്രമങ്ങളിൽ ഭാഷാപരവും നിഷ്ഠാപരവുമായി അദ്ദേഹം വരുത്തിയ മാറ്റങ്ങൾ ശ്രദ്ധേയമായിരുന്നു. മലയാളം അറിഞ്ഞുകൂടാത്തവർക്കും ആരാധനകളിൽ പങ്കുകൊള്ളത്തക്കവിധം കുർബാനക്രമവും, പ്രത്യേക ശുശ്രൂഷകളും അദ്ദേഹം ഇംഗ്ലീഷിലാക്കി. കുർബാനയിൽ പങ്കെടുത്താൽ മാത്രം പോരാ, അതനുഭവിക്കുക തന്നെ വേണമെന്ന വിശ്വാസം ആളുകളിൽ അങ്ങനെ വളർന്നു വന്നു.

എക്യുമെനിസത്തിലും അദ്ദേഹം തന്റേതായ സംഭാവനകൾ നൽകി. മാർ പാപ്പായുമായി രണ്ടു തവണ ബാവാ നടത്തിയ കൂടിക്കാഴ്ചയിലൂടെ പരസ്പരം മനസ്സിലാക്കുവാനും റോമൻ കത്തോലിക്കാ സഭയുമായുള്ള സംവാദത്തിനു തുടക്കം കുറിക്കാനും കഴിഞ്ഞു. ദൈവശാസ്ത്രപഠനരംഗത്തു സഭകൾ തമ്മിലുള്ള സഹകരണം വളർന്നതും ബാവായുടെ ഭരണകാലത്താണ്.

ഒരു പ്രസംഗകൻ എന്ന നിലയിൽ തികച്ചും സ്വന്തമായ ശൈലിയുടെ ഉടമസ്ഥനാണ് ബാവാ. ഗാംഭീര്യം കലർന്ന ശബ്ദം വേദികളിൽ നിന്നു മുഴങ്ങും. ഈ ശബ്ദവും, എല്ലാത്തിനും ക്രമവും ചിട്ടയും ഉണ്ടാകണമെന്ന നിർബന്ധവുമായിരിക്കണം, ബാവാ കർക്കശക്കാരനാണെന്ന തോന്നൽ ചിലരിലെങ്കിലും ഉളവാക്കിയതെന്നു തോന്നുന്നു. എന്നാൽ കരുത്തിനും കണിശത്തിനും ഉള്ളിലായി സ്നേഹവും നൈർമ്മല്യവും നിറഞ്ഞ ഒരു ഹൃദയം തുടിക്കുന്നുണ്ടായിരുന്നു.

സഭയുടെ സർവതോമുഖമായ അഭിവൃദ്ധിക്കു കാരണക്കാരനായ ബാവാ 1991-ൽ വിരമിച്ചശേഷം ആലസ്യബാധിതനായിട്ടാണു ശിഷ്ടായുസ്സ് കഴിച്ചത്. “എന്റെ മുൻഗാമികൾ എന്നെ വഴിനടത്തുന്നു” എന്നു ബാവാ എപ്പോഴും പറയാറുണ്ടായിരുന്നു. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും പുതിയ ഒരു പാത കൂടി സൃഷ്ടിച്ചു മാതൃക കാട്ടിക്കൊണ്ടാണു കടന്നുപോയിരിക്കുന്നത്.

അന്ത്യ കല്പന

മലങ്കരസഭയിൽ നിലവിലുള്ള അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും കേസുകളും എല്ലാം സമാധാനപരമായി പര്യവസാനിപ്പിച്ച് എല്ലാവരും ദൈവസ്നേഹത്തിലും പരസ്പര ഐക്യത്തിലും വർത്തിക്കണമെന്നുള്ളത് എന്റെ വലിയൊരു അഭിലാഷമാണ്. അതിനുവേണ്ടി ഞാൻ എന്നും മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അന്ത്യകല്പനയിൽ പറയുന്നു.

84 വയസ്സ് പൂർത്തിയായപ്പോൾ ബാവാ എഴുതിവച്ച അവസാന കല്പന 1996 നവംബർ 8-നാണു തുറന്നത്. പ്രസക്ത ഭാഗങ്ങൾ താഴെച്ചേർക്കുന്നു:

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമോന്നതവും പരിശുദ്ധവുമായ അദ്ധ്യക്ഷസ്ഥാനത്തേക്കു പരിശുദ്ധ റൂഹാമൂലം ബലഹീനനായ എന്നെ ദൈവം വിളിച്ചടുപ്പിച്ച നാളുകൾ അസ്വസ്ഥതകളും ഛിദ്രവാസനകളും സഭയിൽ മുളപൊട്ടിക്കൊണ്ടിരുന്ന കാലമായിരുന്നെങ്കിലും സഭയെ ദൈവം നയിക്കുമെന്ന ഉറച്ച വിശ്വാസം എനിക്കു ശുഭാപ്തിവിശ്വാസം നൽകിയിരുന്നു.

പരിശുദ്ധ സഭയെക്കുറിച്ച് എനിക്ക് ഒരിക്കലും ആകുലപ്പെടേണ്ടി വന്നിട്ടില്ല. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവം നൽകിയിട്ടുള്ള നന്മകളിൻ പ്രകാരം പരമാവധി പ്രവർത്തിക്കുക മാത്രമേ ചെയ്തിട്ടുള്ളു.

കർത്താവേശുമിശിഹായുടെ ശിഷ്യന്മാരിലൊരുവനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട പൗരാണികമായ ഒരു സഭയാണു നമ്മുടേത്. നമുക്കു നമ്മുടേതായ ചരിത്രവും പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും വിശ്വാസാചാരങ്ങളും ആരാധനാരീതികളും ഭരണസംവിധാനങ്ങ

ളുമുണ്ട്. അവയൊക്കെയും ഭേദപ്പെടുത്തുവാനും മാറ്റിമറിക്കുവാനും കാലാകാലങ്ങളിൽ പലപ്പോഴും ശ്രമങ്ങളും പ്രലോഭനങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ടെങ്കിലും അവയെല്ലാം അതിജീവിച്ച് ദൈവത്തിന്റെ പരിശുദ്ധ സഭ ഇന്നും സത്യവിശ്വാസത്തിൽ മാറ്റം കൂടാതെ നിലനിൽക്കുന്നു.

നമ്മുടെ പൂർവികർ പ്രാണത്യാഗത്തോളം കഷ്ടതകൾ സഹിച്ചു പരിപാലിച്ച സഭയുടെ സ്വാതന്ത്ര്യവും സത്യവിശ്വാസവും കുറ്റംകൂടാതെ പരിപാലിക്കുവാനും അവരുടെ കാലടികൾ പിന്തുടരുവാനും ദൈവം ബലഹീനനായ എനിക്കും ശക്തി നൽകി.

മലങ്കരസഭ ഇന്നു നാനാവിധത്തിൽ വളർന്നു വികസിച്ചു. ആത്മികവും സാമൂഹികവും ജീവകാരുണ്യപരവുമായ മേഖലകളിൽ പടർന്നു പന്തലിച്ച് അനേകർക്ക് ആശ്വാസം നൽകി. ആയതിൽ എന്റെ ഹൃദയം ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

ധാരാളം പുതിയ ദേവാലയങ്ങളും ഭദ്രാസനങ്ങളും ആരാധനാലയങ്ങളും ആതുരാലയകേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മിഷൻ പ്രവർത്തന കേന്ദ്രങ്ങളും വിവിധ സ്ഥാപനങ്ങളും പുതുതായി സ്ഥാപിക്കുവാനും മുമ്പുണ്ടായിരുന്നവ വികസിപ്പിക്കുവാനും ദൈവം ഇടയാക്കി.

നമ്മുടെ സഭ ഒരു എപ്പിസ്കോപ്പൽ സഭയാണ്. സഭയുടെ ആത്മികവും ലൗകികവുമായ കാര്യങ്ങളുടെ പ്രധാന ഭാരവാഹിത്വം മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണ്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസും സഭാ മാനേജിംഗ് കമ്മിറ്റിയും വർക്കിംഗ് കമ്മിറ്റിയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും പരസ്പര ബഹുമാനത്തോടും അച്ചടക്കത്തോടും മേലദ്ധ്യക്ഷസ്ഥാനത്തോടുള്ള വിധേയത്വത്തിലും വർത്തിച്ചുകൊള്ളണമെന്നു ഞാൻ ഉപദേശിക്കുന്നു.

എന്റെ സഭാ ജീവിതകാലമൊക്കെയും മറ്റുള്ള സഹോദരസഭകളുമായി ഐക്യത്തിലും സ്നേഹത്തിലുമാണു കഴിഞ്ഞിട്ടുള്ളത്. ലോകത്തുള്ള എല്ലാ സഭകളും ഒന്നായിച്ചേരണമെന്നും ഒരുമിച്ചു ദൈവത്തെ മഹത്വപ്പെടുത്തണമെന്നും ഉള്ളത് എന്റെ ജീവിതാഭിലാഷമായിരുന്നു. പല എക്യുമെനിക്കൽ സമ്മേളനങ്ങളിലും ഞാനതു പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ സഭയുടെ സത്യവിശ്വാസം കൈവെടിയാതെ മറ്റെല്ലാ ക്രിസ്തീയ സഭകളുമായി നിങ്ങൾ സ്നേഹത്തിലും സാഹോദര്യത്തിലും വർത്തിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

ഭാരതത്തിൽ മതങ്ങൾ മതങ്ങളെ എതിർക്കുന്ന പ്രവണത അടുത്തയിടയായി വളർന്നുവരുന്നുണ്ട്. എല്ലാ മതത്തിൽപ്പെട്ടവരും സഹോദരങ്ങളാണെന്ന ബോധത്തിൽ, ആരുടെയും ഹൃദയത്തെ വ്രണപ്പെടുത്താത്ത സാഹോദര്യ

ബന്ധം എല്ലാ മതങ്ങളുമായി നിങ്ങൾ പുലർത്തണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ അളവറ്റ സ്നേഹത്തെക്കുറിച്ചു പലപ്പോഴും നിങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ദൈവം സ്നേഹം തന്നെ. തന്റെ വലിയ സ്നേഹം നമ്മുടെ രക്ഷയ്ക്കായി സ്വന്തം പുത്രനെ ക്രൂശുമരണത്തോളം ഏൽപിച്ചു കൊടുത്തത് നമ്മുടെ വലിയൊരു പ്രത്യാശയാകുന്നു. 'എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചപ്രകാരം തന്നെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം' എന്ന കർത്താവിന്റെ കല്പന നിങ്ങളും പാലിക്കണമെന്നു ഞാൻ ഉപദേശിക്കുന്നു.

ആ കർത്തൃസ്നേഹത്തിൽ വസിച്ചുകൊണ്ട് ബലഹീനരായവരെ നിങ്ങൾ കഴിവുള്ളിടത്തോളവും സഹായിക്കണം. 'നിങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രന്മാർക്കു കൊടുക്കുക. എന്നാൽ സ്വർഗരാജ്യത്തിൽ നിങ്ങൾക്കു നിക്ഷേപം ഉണ്ടാകും' എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുള്ളത് വ്യക്തികളായും ഇടവകളായും സഭയായും നാം മറക്കരുത് എന്ന് ദൈവസ്നേഹത്തിൽ ഞാൻ ഉപദേശിക്കുന്നു.

'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എനിക്കും ചെയ്തു. ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു ചെയ്യാതിരുന്നിടത്തോളം എനിക്കാകുന്നു ചെയ്യാഞ്ഞത്' എന്നാണു കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്. വിശക്കുന്നവനു ഭക്ഷണം കൊടുക്കുക, ദാഹിക്കുന്നവനു കുടിപ്പാൻ കൊടുക്കുക, അതിഥികളെ ചേർത്തുകൊള്ളുക, നഗ്നനെ ഉടുപ്പിക്കുക, രോഗികളെ സന്ദർശിക്കുക, തടവിലിരിക്കുന്നവരെ ചെന്നു കാണുക എന്നിങ്ങനെയുള്ള പുണ്യപ്രവൃത്തികളിൽ കൂടി യേശുക്രിസ്തുവിന്റെ സ്നേഹം ലോകത്തിൽ നിങ്ങൾ പ്രതിഫലിപ്പിക്കണമെന്നും ഞാൻ അതിയായി ആഗ്രഹിക്കുന്നു.

നിങ്ങളേവരും വിശുദ്ധ ജീവിതം നയിച്ച് രക്ഷയിലേക്കു വളരുവാൻ താൽപര്യമുള്ളവരായിരിക്കണം. സഭയുടെ കല്പനകൾ മുടക്കം കൂടാതെ പാലിക്കണം. സഭയ്ക്കു പൊതുവായും പള്ളികൾക്കും ഇടവകകൾക്കും നിങ്ങൾ കൊടുക്കേണ്ട വിഹിതങ്ങൾ ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ള താലന്തുകൾക്കനുസരണമായി കുറവു കൂടാതെ കൊടുക്കുവാൻ എപ്പോഴും ഉത്സാഹിക്കണം. നിങ്ങൾ ദൈവസന്നിധിയിൽ ഉയർത്തുന്ന പ്രാർത്ഥനകളും നോമ്പനുഷ്ഠാനങ്ങളും ആയതിനു നിങ്ങളെ ശക്തരാക്കുവാൻ ഞാൻ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 1996 നവംബർ 9-നു പ്രസിദ്ധപ്പെടുത്തിയ ലേഖനം

മലങ്കരസഭയെ ഭാരതസഭയായി ഉയർത്തിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ജീവിതവും പ്രവർത്തനവും സഭയ്ക്കു ലഭിച്ച മഹാഭാഗ്യം. സഭയുടെ നാനാവിധ വളർച്ചയ്ക്ക് അദ്ദേഹം വിലപ്പെട്ട സേവനം അനുഷ്ഠിച്ചു. സഭാവിശ്വാസങ്ങളിലും ആചാരങ്ങളിലും അടിയുറച്ചുനിന്ന വലിയ ബാവായുടെ പ്രവർത്തനങ്ങളെല്ലാം തത്വാധിഷ്ഠിതമായിരുന്നു. ബാവായുടെ കരുത്തായിരുന്നു സഭയുടെ ശക്തി.

വലിയ ബാവാ കാലംചെയ്ത വാർത്ത അറിയുമ്പോൾ ഞാൻ വിശുദ്ധ ബലി അർപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബാവായുടെ അന്ത്യസമയത്തു ഒപ്പം ഇല്ലായിരുന്നെങ്കിലും ആ ജീവൻ വെടിയുന്ന നിമിഷത്തിൽ ഞാൻ ജീവന്റെ ബലി അർപ്പിക്കുകയായിരുന്നു. വലിയ ബാവാ ഭാഗ്യസ്മരണാർഹനാണ്. കുർബാനമദ്ധ്യേ ഞാനദ്ദേഹത്തെ സ്മരിച്ചു.

വലിയ ബാവായുടെ ജീവിതവും പ്രവർത്തനവും സഭയ്ക്കും സമൂഹത്തിനും ലഭിച്ച മഹാഭാഗ്യമായിരുന്നു. ഞങ്ങൾ തമ്മിൽ വർഷങ്ങളുടെ ബന്ധമുണ്ട്. സഭയുടെ കാര്യങ്ങളിൽ ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്നു നമുക്കറിയാം.

വലിയ ബാവാ എനിക്ക് ആചാര്യനും പിതാവുമായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയ നേതൃത്വത്തിൽ പ്രവർത്തിക്കാനും വ്യക്തിപരമായി മനസ്സിലാക്കാനും എനിക്കും കഴിഞ്ഞിട്ടുണ്ട്. ഞാനദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തതു ഒരനുഭവമായി മനസ്സിൽ തങ്ങിനിൽക്കുന്നു.

ഞങ്ങൾ ഒന്നിച്ചാണ് 1953 മെയ് 15-ാം തീയതി വെള്ളിയാഴ്ച മേൽപ്പട്ടസ്ഥാനത്തേയ്ക്ക് വിളിക്കപ്പെട്ടത്. വലിയ ബാവായുടെ കർമ്മകേന്ദ്രമായിരുന്ന കോട്ടയം ഏലിയാ കത്തീഡ്രലിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ് ഞങ്ങൾക്കു മേൽപ്പട്ടസ്ഥാനം തന്നത്.

പുണ്യശ്ലോകനായ ഗീവർഗീസ് ദ്വിതീയൻ ചൊരിഞ്ഞ സ്നേഹവും പ്രാർത്ഥനയും ഞങ്ങൾക്ക് എന്നും കരുത്തായി. 1951 സെപ്റ്റംബർ 21-നു വെള്ളിയാഴ്ച ഞങ്ങൾക്ക് റമ്പാൻ സ്ഥാനം തന്നതും 1959 ജൂലൈ 12-നു ഞായറാഴ്ച ഞങ്ങളെ മെത്രാപ്പോലീത്താമാരായി ഉയർത്തിയതും ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷയിലായിരുന്നു. ഗീവർഗീസ് ദ്വിതീയൻ ബാവായെ സ്മരിക്കുമ്പോൾ ഞങ്ങൾ ഇതൊക്കെ ഓർമിക്കാറുണ്ടായിരുന്നു.

ഞങ്ങൾ ഇതിനു മുമ്പും ഒന്നിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. അദ്ദേഹം വട്ടക്കുന്നേൽ വി. കെ. മാത്യൂസ് ആയിരിക്കുമ്പോൾ ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ അദ്ധ്യാപകനായിരുന്നു. ഔഗേൻ ബാവാ പ്രിൻസിപ്പൽ ആയിരിക്കുമ്പോൾ സെമിനാരിയുടെ വൈസ് പ്രിൻസിപ്പൽ ആയിരുന്നു. ഞാനും കൂടെ പഠിപ്പിച്ചിട്ടുണ്ട്. സെമിനാരിയുടെ വളർച്ചയിൽ ബാവായ്ക്ക് വലിയ പങ്കുണ്ട്.

നിയുക്ത കാതോലിക്കാ ആയി തെരഞ്ഞെടുത്തപ്പോൾ എന്നെ അദ്ദേഹം ആശ്ലേഷിച്ചതു മനസ്സിൽ പച്ചപ്പായി നിൽക്കുന്നു. അന്നു പറഞ്ഞ വാചകം ഇന്നും എന്റെ മനസ്സിലുണ്ട്. "വിശ്വസ്തനായ പിൻഗാമിയായിരിപ്പാൻ ദൈവം ആബൂനെ അനുഗ്രഹിക്കട്ടെ."

വലിയ ബാവാ ജീവിച്ചിരിക്കുമ്പോൾതന്നെ പിൻഗാമിയായി സ്ഥാനമേൽക്കാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പരുമലയിൽ നിന്നു സ്ഥാനാരോഹണം കഴിഞ്ഞ് ദേവലോകത്തു വന്നപ്പോൾ അദ്ദേഹം എന്നെ അനുഗ്രഹിച്ചു. സന്തോഷം കൊണ്ട് ആ കണ്ണിൽ നിന്നു അശ്രുകണങ്ങൾ പൊഴിയുന്നതു ഞാൻ കണ്ടു. ആ സ്നേഹം ബാവാ എന്നും കാണിച്ചിരുന്നു. ഈ വ്യാഴാഴ്ച അവസാനമായി കാണുമ്പോൾ ആ മുഖത്തു കൃപയുടെ നീർച്ചാലുകൾ ഒഴുകുന്നതു ഞാൻ കണ്ടു.

വലിയ ബാവായുടെ മരണം ഭാഗ്യമരണമാണെന്നു ഞാൻ കരുതുന്നു. നവതിയിലെത്തി നിൽക്കുമ്പോഴാണ് അദ്ദേഹം കടന്നുപോയത്. തൊണ്ണൂറുകാരനായിരുന്നെങ്കിലും കാണുമ്പോഴെല്ലാം എന്റെ മനസ്സിൽ ആ പഴയ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് ആണ് നിറഞ്ഞുനിൽക്കുന്നത്. സഭയ്ക്കു വേണ്ടി ആവേശോജ്ജ്വലമായി അദ്ദേഹം സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

സഭയുടെ ഏതു കാര്യവും ആധികാരികമായി അദ്ദേഹം പറയുമായിരുന്നു. വലിയ ബാവായുടെ ആത്മബോധ്യം എന്നെ ആകർഷിച്ചിരുന്നു. മാർത്തോമ്മാ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ അദ്ദേഹം യത്നിച്ചു. സഭാ സ്ഥാപകൻ മാർത്തോമ്മാശ്ലീഹാ ആണെന്നും മാർത്തോമ്മാ പാരമ്പര്യം തന്റെ രക്തത്തിലുണ്ടെന്നും ബാവാ തെളിയിച്ചു. കാതോലിക്കായായി സ്ഥാനമേറ്റപ്പോൾ പേരിനൊപ്പം മാർത്തോമ്മായുടെ നാമം കൂടി അദ്ദേഹം ചേർത്തത് അതിനൊരു ദൃഷ്ടാന്തമാണ്.

തോമാശ്ലീഹായുടെ പാരമ്പര്യം സഭയ്ക്കും ഉണ്ടായിരിക്കണമെന്നു വലിയ ബാവാ അടിയുറച്ചു വിശ്വസിച്ചു. അന്ത്യംവരെയും ആ തത്വം പാലിക്കുകയും ചെയ്തു. തന്റെ നിലപാടിൽ സഹകരിക്കാത്തവരോട് നിസഹകരിക്കാൻ മടിയുണ്ടായില്ല.

സഭയുടെ വിശ്വാസത്തിൽ അദ്ദേഹത്തിനു ഉത്തമബോധ്യം ഉണ്ടായിരുന്നു.

കാനോൻ വിദഗ്ദ്ധനായിരുന്നു. വിശ്വാസകാര്യത്തിൽ ആധികാരികമായി സംസാരിക്കാനുള്ള ജ്ഞാനമുണ്ടായിരുന്നു.

സഭാസേവനത്തിൽ എന്നും സ്മരിക്കപ്പെടുന്നതാണ് അദ്ദേഹത്തിന്റെ ബാഹ്യകേരള ഭദ്രാസനത്തിലെ പ്രവർത്തനങ്ങൾ.

ഈ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തായായിരുന്നു വലിയ ബാവാ. അദ്ദേഹത്തിന്റെ കീഴിൽ വളർന്ന ഈ ഭദ്രാസനം ഇന്ന് ആറായി വളർന്നിരിക്കുകയാണ്. അമേരിക്ക, മുംബൈ, ഡൽഹി, കൽക്കട്ട, ചെന്നൈ, കാനഡ.

അദ്ദേഹത്തിന്റെ ഭരണകാലത്തു തന്നെയാണ് കേരളത്തിലും പുതിയ ഭദ്രാസനങ്ങൾ ഉണ്ടായത്. തിരുവനന്തപുരം, ചെങ്ങന്നൂർ, ഇടുക്കി, ബത്തേരി.

കൂടുതൽ ഭദ്രാസനങ്ങൾ ഉണ്ടായതോടെ സഭയുടെ വികസനത്തിൽ വികേന്ദ്രീകരണനയം അദ്ദേഹം നടപ്പാക്കി. സഭാഗാത്രത്തിൽ പ്രസരിപ്പിന്റെ പുതിയ പാത തെളിയിക്കാൻ ഇതു മൂലം ബാവായ്ക്ക് കഴിഞ്ഞു. സഭയുടെ ആത്മീയവളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തന പരിപാടികളും അദ്ദേഹത്തിന്റെ കാലത്തു നടപ്പാക്കി.

ആരാധനാക്രമങ്ങൾക്ക് അടുക്കും ചിട്ടയും ഉണ്ടാക്കാനും ആരാധന മലയാളത്തിലാക്കാനും വലിയ ബാവാ നേതൃത്വം നൽകി. ആരാധനാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ പരിശ്രമിച്ചു. ആരാധനാ പുസ്തകങ്ങൾ പരിഷ്കരിച്ചതും ഗണനീയമായ നേട്ടമാണ്. ഭാഷാപരവും നിഷ്ഠാപരവുമായി അദ്ദേഹം വരുത്തിയ മാറ്റങ്ങൾ ശ്രദ്ധേയമാണ്.

മലയാളം അറിയാത്തവർക്കും ആരാധനയിൽ പങ്കുകൂടാൻ വിശുദ്ധ കുർബാനക്രമവും ആരാധനകളും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. ഹിന്ദിയിലും തമിഴിലും അതു ഭാഷാന്തരപ്പെടുത്തി. ഓർത്തഡോക്സ് സഭയുടെ ആരാധനയുടെ ആത്മീയ പ്രൗഢി അങ്ങനെ അന്യഭാഷകളിലും എത്തിച്ചു.

വൈദിക സെമിനാരിയുടെ നേതൃത്വത്തിലുള്ള 'ദിവ്യബോധനം' പഠന പരിപാടിയിലൂടെ അത്മായർക്കു വീക്ഷണപരമായ ദാർഢ്യം നൽകാൻ നേതൃത്വം നൽകിയതു വലിയ ബാവായാണ്. സഭയുടെ നിലപാടും ആത്മീയ കാഴ്ചപ്പാടും അത്മായർക്ക് വെളിപ്പെടുത്താൻ ഈ പഠനപരിപാടിയിലൂടെ കഴിഞ്ഞത് വലിയ നേട്ടം തന്നെയാണ്.

ദൈവശാസ്ത്രപഠനരംഗത്തു ഇതരസഭകളുമായി സഹകരിച്ചു നീങ്ങാൻ വലിയ ബാവാ സന്മനസ്സു കാണിച്ചു. വൈദിക സെമിനാരിയെ അതിനായി ഒരുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. അതുപോലെ സണ്ടേസ്കൂൾ, മിഷൻ, ബാലസമാജം, മർത്തമറിയം സമാജം എന്നിവയുടെ പ്രവർത്തനവും ശക്തിപ്പെടുത്തി. മിഷൻ പ്രവർത്തനം ഭാരതത്തിലൊട്ടാകെ വ്യാപിപ്പിച്ച്

ഓർത്തഡോക്സ് സഭയെ ഭാരതസഭയായി ഉയർത്താൻ അദ്ദേഹമാണ് ചുവടുവച്ചത്.

കാതോലിക്കാ സിംഹാസനത്തിനു കീഴിൽ പുതിയൊരു കൂട്ടായ്മ സൃഷ്ടിക്കാൻ വലിയ ബാവായുടെ കാലത്തു കഴിഞ്ഞിട്ടുണ്ട്. മേൽപ്പട്ടക്കാരുടെ സുന്നഹദോസും സഭയുടെ ഭരണസംവിധാനവും ശക്തിപ്പെടുത്തി. സഭാ സെക്രട്ടറിയേറ്റിനു തുടക്കം കുറിക്കുകയും ചെയ്തു.

സഭയുടെ ആത്മീയ വളർച്ച ലക്ഷ്യംവച്ചു പ്രവർത്തനം നടത്തിയപ്പോഴും എക്യുമെനിക്കൽ രംഗത്തും ശ്രദ്ധയൂന്നി. ഞങ്ങൾ ഒന്നിച്ചാണ് റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചത്. മാർപാപ്പാ കേരളത്തിൽ വന്നപ്പോൾ വലിയ ബാവായെ പോയി സന്ദർശിക്കുകയും ചെയ്തു. തുടർന്ന് റോമൻ കത്തോലിക്കാ സഭയുമായുള്ള സംവാദത്തിനു അദ്ദേഹത്തിന്റെ കാലത്തു തുടക്കം കുറിച്ചു.

അതുപോലെ ഓറിയന്റൽ സഭകളുമായും ബൈസന്റിയൻ സഭകളുമായും ഉള്ള സംവാദത്തിനും സഹകരണത്തിനും തുടക്കമിട്ടു. സഭകളുടെ ലോക കൗൺസിലുമായുള്ള ഓർത്തഡോക്സ് സഭയുടെ ബന്ധം ശക്തിപ്പെടുത്താനും സഭകളുടെ ദേശീയ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ശക്തിപ്പെടുത്താനും അദ്ദേഹത്തിന്റെ കാലത്തു കഴിഞ്ഞു.

നിലയ്ക്കൽ പ്രശ്നം രൂക്ഷമായി നിന്നപ്പോൾ അവിടെ സമാധാനം സൃഷ്ടിക്കനുള്ള പ്രവർത്തനങ്ങളിൽ വലിയ ബാവാ എനിക്കു പിന്തുണ തന്നിട്ടുണ്ട്. ഞാൻ മാത്രമല്ല, ഇതര സഭാംഗങ്ങളും സമുദായക്കാരും അത് സ്മരിക്കുന്നു.

വലിയ ബാവായിൽ ഞാൻ ദർശിച്ച മറ്റൊരു പ്രത്യേകത ഏതൊരു എതിർപ്പിനെയും നേരിടാനുള്ള ധൈര്യമാണ്. ഒരിക്കലും അധൈര്യപ്പെട്ടു കണ്ടിട്ടില്ല. തത്വാധിഷ്ഠിതമായിരുന്നു പ്രവർത്തനങ്ങൾ. തത്വം വിട്ട് ഒന്നും ചെയ്തിട്ടില്ല. അതാണ് അദ്ദേഹത്തിന്റെ കരുത്ത്. വലിയ ബാവായുടെ ദേഹവിയോഗം മൂലം നമുക്കു നഷ്ടപ്പെടുന്നതു ആ കരുത്തും ശക്തിയുമാണ്.



8

ആറാം കാതോലിക്കാ
പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ

"മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻ മുഖം" എന്ന കവിവാക്യം മലങ്കരസഭയുടെ പരമോന്നത മന്നവനായിരുന്ന മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെപ്പറ്റിയാണോ പണ്ട് എഴുതിയത് എന്നൊരു സന്ദേഹം! സഭയുടെ കാർമേഘാന്തരീക്ഷം ഏതാണ്ടു മാറി രാഹുവിന്റെ പിടിയിൽ നിന്ന് മോചിതനായ ചന്ദ്രനെപ്പോലെ പ്രകാശിച്ച ആറാം കാതോലിക്കായാണ് എന്തുകൊണ്ടും മലങ്കര കണ്ട കാതോലിക്കാമാരിൽ ഒരു വലിയ ഭാഗ്യവാൻ. ഒരു നൂറ്റാണ്ടു നീണ്ടുനിന്ന സഭാക്കേസ് ഏതാണ്ട് പരിസമാപ്തിയിൽ എത്തുന്നു. ഭിന്നിച്ചു നിന്നവർ ഒന്നിച്ചു വരുന്നു. സഭ സപ്തഭൂഖണ്ഡങ്ങളിലും വ്യാപിക്കുന്നു. സഭയുടെയും സഭാംഗങ്ങളുടെയും സാമ്പത്തികനില മെച്ചപ്പെടുന്നു. സഭയുടെ സൽപ്രവർത്തനങ്ങൾക്ക് സഭാംഗങ്ങൾ കൈതുറന്ന് പണം നൽകുന്നു. സ്ഥാപനങ്ങൾ ഉയരുന്നു. ഇന്ത്യയുടെ മറ്റു സ്ഥാപനങ്ങളിലും ബാലഗ്രാമുകളും സുവിശേഷപ്രവർത്തന കേന്ദ്രങ്ങളും സെമിനാരികളും രൂപം കൊള്ളുന്നു. ഭദ്രാസനങ്ങളുടെ എണ്ണം കൂടുന്നു. വൈദികസെമിനാരിയും ആദ്ധ്യാത്മിക പ്രവർത്തനങ്ങളും എക്യുമെനിക്കൽ രംഗവും വളർച്ച പ്രാപിക്കുന്നു. ജനങ്ങളുടെ ആത്മീയജീവിതം മെച്ചപ്പെടുത്താനുള്ള കർമ്മപരിപാടികളും സാമ്പത്തിക സുതാര്യതയും ഭരണം ശക്തിപ്പെടുത്താനുള്ള നടപടികളുമായിരുന്നു സഭാദ്ധ്യക്ഷനു നേരിട്ട മുഖ്യപ്രശ്നങ്ങൾ.

ചന്ദ്രനെ ചുറ്റിനിൽക്കുന്ന താരങ്ങളെപ്പോലെ ദൈവശാസ്ത്ര വിജ്ഞാനത്തിന്റെ വെളിച്ചം പകരുന്ന മെത്രാപ്പോലീത്തന്മാർ കാതോലിക്കായെ കൂടുതൽ പ്രകാശിപ്പിച്ചു. നിയുക്ത കാതോലിക്കായും മെത്രാച്ചന്മാരിൽ ഭൂരിപക്ഷവും മികച്ച മേധാശക്തിയുള്ളവരാകയാൽ സഭയുടെ ഭാവിയെപ്പറ്റി ബാവായ്ക്ക് ആശങ്കയ്ക്ക് ഒട്ടും അവകാശവുമില്ലായിരുന്നു. മുൻ കാതോലിക്കാമാർ, ഇളകിമറിയുന്ന നഗരത്തിലെ കപ്പൽ യാത്രക്കാരായിരുന്നു എങ്കിൽ മാത്യൂസ് ദ്വിതീയൻ ബാവാ മേഘമേലാപ്പിനു മുകളിലുള്ള നീലനിർമ്മലാകാശത്തിലൂടെ വായുവേഗത്തിൽ സഞ്ചരിക്കുന്ന സൂപ്പർക്ലാസ്സ് യാത്രക്കാരനായിരുന്നു. ഇങ്ങനെ സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന മാത്യൂസ് ദ്വിതീയൻ ബാവാ മലങ്കരസഭയുടെ മാത്രമല്ല എക്യുമെനിക്കൽ പ്രസ്ഥാനത്തിനും ഇതരസഭകൾക്കും ഒരു മുതൽക്കൂട്ടാണെന്നു പറയുമ്പോൾ അതിൽ ഭംഗിവാക്കുകൾക്ക് ഭൂരിപക്ഷമില്ലെന്നും ഓർക്കണം.

തിരുമേനിയെപ്പറ്റി അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ അഡ്വ. ടി. എം.

ചെറിയാൻ 1990-ൽ എഴുതിയിരിക്കുന്ന രണ്ടുമൂന്ന് വാചകങ്ങൾ ഉദ്ധരിക്കട്ടെ: "ആരുടെയും സ്നേഹവും ബഹുമാനവും പെട്ടെന്ന് പിടിച്ചുപറ്റാൻ കഴിവുള്ള വിശുദ്ധമായ വിനയത്തിന്റെ വിലാസകേന്ദ്രമായ മുഖത്തോടു കൂടിയ കൂറിലോസ് തിരുമേനിയെ വർണ്ണിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. കാരണം സ്വർഗ്ഗീയമായ ആ പ്രകാശത്തിന്റെ ഒരംശംപോലും പകർത്തുവാൻ ഛായാഗ്രഹണ വിദഗ്ദ്ധന്മാർക്കുപോലും കഴിഞ്ഞിട്ടില്ല. ഫോട്ടോഗ്രാഫിയിൽ ഒതുങ്ങാത്ത ഒരു നിഷ്ക്കളങ്ക തേജഃപുഞ്ജത്തെ വാക്കുകൾ കൊണ്ട് വരച്ചുകാട്ടാൻ അസമർത്ഥമായ എന്റെ തൂലികയ്ക്ക് ആവില്ല. ഒരു കാര്യം തിരുമേനിയെ ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർ സമ്മതിക്കും. ദൈവത്തിന്റെ കൃപ തിരുമേനിയുടെ മുഖത്തുനിൽക്കുന്നു എന്ന്. ഏതു മനുഷ്യനെയും തന്നിലേക്കാകർഷിക്കുന്ന തേജസ്സ് സദാ പ്രസരിപ്പിക്കുന്ന ആകാരസൗഷ്ഠവം ദൈവം അപൂർവ്വം ചിലർക്ക് മാത്രമേ നൽകിയിട്ടുള്ളു" (പ്രകാശഗോപുരം, ടി. എം. ചെറിയാൻ, പേജ് 37-38).

പുഞ്ചിരി ദൈവശക്തി ഉൾക്കൊള്ളുന്ന ഒരത്ഭുത പ്രതിഭാസമാണ്. വിരിയുന്ന പൂവിനുള്ളിലേക്ക് കടക്കാൻ വെമ്പുന്ന വായുപോലെ ക്ഷീണിത മനസ്സുകൾക്ക് പുഞ്ചിരി ആശ്വാസദായകവുമാണെന്ന് ഓർക്കുക.

ആയിരത്തിത്തൊള്ളായിരത്തി നാൽപതുകളിൽ ഞാൻ പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിലും മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് സണ്ടേസ്കൂളിലും പഠിക്കുമ്പോൾ ഞങ്ങളുടെ പള്ളിക്കെട്ടിടത്തിൽ താമസിച്ചുകൊണ്ട് സുറിയാനി പഠിച്ച കൃശഗാത്രനായ മാത്യൂസ് അച്ചൻ ആരാണെന്നോ സ്വദേശം എവിടെയാണെന്നോ കൗമാരം കഴിഞ്ഞ എനിക്ക് നിശ്ചയമില്ലായിരുന്നു. പള്ളിയിൽ താമസിച്ചുകൊണ്ട് ഞങ്ങളുടെ പ്രശസ്തനായ വികാരിയും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ സ്ഥാപകനേതാക്കളിൽ ഒരാളും പ്രമുഖ സുറിയാനി പണ്ഡിതനുമായ തെങ്ങുംതറയിൽ ഗീവറുഗീസ് കോർ എപ്പിസ്കോപ്പായുടെ വീട്ടിൽപോയി സുറിയാനി പഠിക്കുന്നതും ബേസിൽ ദയറായിൽ എത്തി ദൈവശാസ്ത്രം പഠിക്കുന്നതും വീണ്ടും പള്ളിമുറിയിൽ വന്നു താമസിക്കുന്നതും കണ്ടിട്ടുണ്ട്. ഞങ്ങളെ കാണുമ്പോൾ അദ്ദേഹം പുഞ്ചിരിക്കുകയും ചിലപ്പോൾ തലോടുകയും കുശലങ്ങൾ ചോദിക്കുകയും ചെയ്യുമായിരുന്നു. തന്നിമിത്തം തിരുമേനിയുമായുള്ള അടുപ്പത്തിന് എട്ടു ദശകത്തെ പ്രായമുണ്ട്. എന്നിരുന്നിട്ടും അച്ചന്റെ വ്യക്തമായ ചിത്രം ഇന്നും മനസ്സിന്റെ ഭിത്തിയിൽ മായാതെ നിൽക്കുന്നുണ്ട്.

മാത്യൂസ് ദ്വിതീയൻ ബാവാ കൊല്ലത്തിനടുത്തുള്ള പെരിനാട്ടിലെ പുതുശ്ശേരിലഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുളയുടെയും അന്നമ്മയുടെയും എട്ടു മക്കളിൽ മൂത്തപുത്രനാണെന്നും അദ്ദേഹം 1915 ജനുവരി 30-നാണ് ജനിച്ചതെന്നും മറ്റുമുള്ള വിവരങ്ങൾ വർഷങ്ങൾക്കു ശേഷമാണ് മനസ്സിലാക്കാൻ സാധിച്ചത്. പിന്നീട് അദ്ദേഹത്തിന്റെ ജീവചരിത്രം, പത്രം ഓഫീസിലെ ജോലി

യുടെ ഭാഗമായി തയ്യാറാക്കാനുള്ള ചുമതല കൂടി വന്നുചേർന്നപ്പോൾ വിശ ദാംശങ്ങളിലേക്കും കടക്കേണ്ടി വന്നു. ഒരാൾക്ക് അപ്രതീക്ഷിതമായി ഉന്നത സ്ഥാനങ്ങൾ ലഭിക്കുമ്പോഴോ അദ്ദേഹം മരിക്കുമ്പോഴോ പെട്ടെന്ന് ഉപയോ ഗിക്കുന്നതിനുവേണ്ടിയാണ് പത്രം ഓഫീസിൽ പ്രമുഖ വ്യക്തികളുടെ ജീവ ചരിത്രവും പ്രസക്തമായ ചിത്രങ്ങളും തയ്യാറാക്കി വയ്ക്കുന്നത്.

ഹൈസ്കൂൾ പഠനം കഴിഞ്ഞ് ഇ. മാത്യൂസ് കോട്ടയം പഴയസെമിനാരി, പത്തനംതിട്ട ബേസിൽ ദയറാ, കൽക്കട്ട ബിഷപ്സ് കോളജ്, ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ കോളജ് എന്നിവിടങ്ങളിൽ പഠിച്ചു ദൈവശാസ്ത്ര ത്തിൽ അവഗാഹം നേടി. 1941-ൽ ശെമ്മാശപട്ടവും അധികം വൈകാതെ വൈദികപട്ടവും സ്വീകരിച്ച അദ്ദേഹം ഓതറ ദയറായിൽ കഷ്ടപ്പാടുകളും പട്ടിണിയും സഹിച്ച് ഏതാനും വർഷങ്ങൾ ചെലവഴിച്ചു. ഈ കാലഘട്ട ത്തിലാണ് തട്ടാൻ ഉലയിലിട്ട് സ്വർണ്ണക്കട്ടി ഉരുക്കി തനിക്കിഷ്ടമുള്ള ഉരുപ്പ ടിയാക്കി മാറ്റുന്നതുപോലെ ഫാ. മാത്യൂസിനെ - എയ്ഞ്ചൽ അച്ചനെ - ദൈവം പ്രയാസങ്ങളുടെ തീച്ചൂളയിലൂടെ കടത്തിവിട്ടു മലങ്കര മെത്രാപ്പോ ലീത്തായുടെയും കാതോലിക്കായുടെയും കണ്ണഞ്ചിപ്പിക്കുന്ന കനകസിംഹാ സനത്തിലേക്ക് ആനയിച്ചത്. ഇതിലധികമായി ഒരാളെ ദൈവത്തിന് എങ്ങനെ ഉയർത്താനാകും, അനുഗ്രഹിക്കാനാകും!

വൈദികനായിരിക്കുമ്പോൾ പെരിനാട്, മംഗലം, മദ്രാസ്, കൽക്കട്ട, ഡൽഹി എന്നിവിടങ്ങളിൽ വികാരിയായും ഏതാനും വർഷം സേവനം അനുഷ്ഠിച്ചി ട്ടുണ്ട്. കോട്ടയം എം.ഡി. യിലെ വൈദിക സെമിനാരിയിലും കുറച്ചുനാൾ പഠിപ്പിച്ചു.

കോട്ടയം എം.ഡി. സെമിനാരിയിൽ 1951-ൽ ചേർന്ന മലങ്കര അസോസി യേഷൻ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തതിനെ തുടർന്ന് 1953 മെയ് 15-ന് ഗീവറുഗീസ് ദ്വിതീയൻ ബാവാ മറ്റു നാലുപേരോടൊപ്പം മാത്യൂസ് റമ്പാന് മേൽപട്ടസ്ഥാനം നൽകി. 38-ാം വയസ്സിൽ മേൽപട്ടക്കാരനായ മാത്യൂസ് ദ്വിതീയൻ ബാവാ മലങ്കരസഭയെ 21-ാം നൂറ്റാണ്ടിലേക്ക് നയിച്ചു. ആരോഗ്യവും കർമ്മശേഷിയും ആത്മീയശക്തിയും വിട്ടുപിരിയാഞ്ഞതാണ് അതിനുള്ള കാരണം.

മെത്രാനായശേഷം കൊല്ലം ഭദ്രാസനത്തിന്റെ സഹായമെത്രാൻ, മെത്രാ പ്പോലീത്താ, കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമി എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചു. 1991 ഏപ്രിൽ 29-ന് പരുമല വച്ച് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ മുഖ്യകാർമ്മികത്വത്തിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന പേരിൽ കാതോ ലിക്കായായി അവരോധിക്കപ്പെട്ടു. പിറ്റേദിവസം ബാവാ അഞ്ച് മേൽപട്ടക്കാരെ വാഴിച്ചു.

മെത്രാപ്പോലീത്താ എന്ന നിലയിലും കാതോലിക്കാ എന്ന നിലയിലും ഒരു സമുന്നത സന്യാസിവര്യനെന്ന നിലയിലും ഒട്ടധികം ആശ്രമങ്ങളും രണ്ട് കോളജുകളും (കൊട്ടാരക്കര, അടൂർ), രണ്ട് എഞ്ചിനിയറിംഗ് കോളജുകളും, ഒരു മെഡിക്കൽ കോളജും ധാരാളം വിദ്യാലയങ്ങളും സ്ഥാപിച്ചുകൊണ്ട് വളരെയധികം യുവതീയുവാക്കളെ സേവനത്തുറകളിലേക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.

പ്രസംഗ സഞ്ചാര പര്യടനങ്ങൾക്ക് ഇഷ്ടമുള്ള കാതോലിക്കാ ബാവാ മിക്ക പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങളിലും പര്യടനം നടത്തുകയും രാജ്യാന്തര ക്രൈസ്തവ മഹാസമ്മേളനങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. വാർത്താവിനിമയ യാത്രാസൗകര്യങ്ങൾ അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്നതിനാൽ ലോകം ചെറുതാകുന്നു. തന്നിമിത്തം ലോകത്തിന്റെ ഏതു ഭാഗത്തും ഒരാൾക്ക് മണിക്കൂറുകൾക്കകം എത്താനും സാധിക്കുന്നു. ഈ ശാസ്ത്രപുരോഗതി മുതലെത്ത സമുന്നത വ്യക്തിയാണ് മാത്യൂസ് ദ്വിതീയൻ ബാവാ. സഭയുടെ ആഭിമുഖ്യത്തിലുള്ള സമൂഹവിവാഹത്തിന്റെയും ഭവനദാന പ്രസ്ഥാനത്തിന്റെയും ഉപജ്ഞാതാവും പ. ബാവാ തന്നെയാണ്.

കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ നിലകളിലുള്ള ഭാരിച്ച ചുമതലകൾക്കു പുറമെ സഭാംഗങ്ങളുടെ ആത്മീയരംഗങ്ങളിലെ നിത്യജീവിതച്ചടങ്ങുകളുമായി ഇടപെടുന്നതിനും ബാവാ സമയം കണ്ടെത്തി. തിരക്കേറിയ പരിപാടികൾക്കിടയിലും സമനില തെറ്റാത്ത ബാവായുടെ ചിരിയും ചിന്തയും സന്തോഷവും ഏതൊരു വ്യക്തിയേയും ഹഠാദാകർഷിക്കുന്നതായിരുന്നു. സഭയിൽ സമ്പൂർണ്ണ സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടി ദീർഘനേരം പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്ത തിരുമേനിയുടെ ഭരണകാലത്തുതന്നെ സഭയിൽ ഏതാണ്ട് പൂർണ്ണയോജിപ്പുണ്ടായി. അതുകൊണ്ടാണ് ബാവാ വലിയ ഭാഗ്യവാൻ എന്ന് നേരത്തെ പറഞ്ഞത്.

ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ട ബാവാ തിരുമേനിയുടെ നിഘണ്ടുവിൽ കോപം എന്നൊരു വാക്ക് കാണാനാവില്ല. എന്നാൽ അകാരണമായി കോപിക്കുന്ന ഒരു സന്ദർഭത്തിനു സാക്ഷിയാകാൻ എനിക്കിടയായി. 1997 നവംബർ 26 ബുധനാഴ്ച. സമയം സന്ധ്യ കഴിഞ്ഞു. രംഗം ദേവലോകം അരമന. എന്റെ മാന്യ സുഹൃത്തും പ്രശസ്ത ഗ്രന്ഥകർത്താവും ആയിരുന്ന എം. കുര്യൻ രചിച്ച "വിശ്വസഭാവേദിയിലെ വിശ്രുതനായിക സാറാ ചാക്കോ" എന്ന ജീവചരിത്രം പ. ബാവാ പ്രകാശനം ചെയ്യണമെന്നഭ്യർത്ഥിക്കാനാണ് ഞങ്ങൾ പോയത്. സഭകളുടെ ലോകകൗൺസിൽ സെക്രട്ടറി ഡോ. കോൺറാഡ് റെയ്സർ ഡിസംബർ ഒന്നിന് ദേവലോകത്ത് വന്നു പ. ബാവായെ സന്ദർശിക്കുന്ന അവസരത്തിൽ, സഭാകൗൺസിലിന്റെ മുൻ പ്രസിഡണ്ടായ സാറാ ചാക്കോയുടെ ജീവചരിത്രം അദ്ദേഹത്തിന് കോപ്പി നൽകി പ്രകാശനം ചെയ്യണമെന്നതായിരുന്നു ഞങ്ങളുടെ ആഗ്രഹം.

ഞങ്ങൾ ബാവായെ സന്ദർശിക്കുന്നതിനു മുമ്പ് അവിടെ എം.ഡി. കൊമേഴ്സ്യൽ സെന്ററിന്റെ വാടക സംബന്ധിച്ച ചില ക്രമക്കേടുകളെപ്പറ്റി ബന്ധപ്പെട്ടവരുമായി വളരെയധികം ഗൗരവപൂർവ്വം ബാവാ ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സഭാ സെക്രട്ടറി എ. കെ. തോമസ്, ട്രസ്റ്റി പി. സി. ഏബ്രഹാം, സി. എൻ. ജോർജ്, ഫാ. കെ. വി. വറുഗീസ്, കെ. സി. മാത്യു എന്നിവരായിരുന്നു ചർച്ചയിൽ പങ്കെടുത്തത്. ദീർഘനേരം ചർച്ച ചെയ്തിട്ടും കുഴപ്പങ്ങൾക്ക് പരിഹാരം കാണാതെ ചർച്ച ഒന്ന് നിർത്തി ബാവാ തിരുമേനി അല്പം അസ്വസ്ഥനായിരിക്കുമ്പോഴാണ് എം. കുര്യനും ഞാനും കൈ മുത്തി പുസ്തകപ്രകാശന കാര്യം അറിയിച്ചത്. "നിങ്ങൾ പറയുമ്പോഴൊക്കെ പുസ്തകം പ്രകാശനം ചെയ്യാൻ എന്താ ഞാൻ നിങ്ങളുടെ പാവയോ മറ്റോ ആണോ" എന്ന് ബാവാ ചോദിച്ചു. വർഷങ്ങളായി തിരുമേനിയുടെ വറ്റാത്ത സ്നേഹം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ഞങ്ങൾ അല്പം നിരാശരായി തിരിച്ചുപോന്നു. മോശമായ അന്തരീക്ഷത്തിൽ തിരുമേനിയെ കണ്ടതു തന്നെ ബുദ്ധിമോശമായിപ്പോയി എന്നും ചൂടുപിടിച്ചു നിന്ന ഒരന്തരീക്ഷത്തിൽ പൊട്ടിത്തെറിച്ചതാണെന്നും ഞങ്ങൾക്കു തോന്നി. വീട്ടിൽ വന്നിട്ടും തിരുമേനിയുടെ വാക്കുകൾ സൃഷ്ടിച്ച വിഷാദം മനസ്സിൽ നിറഞ്ഞുനിന്നു.

രാത്രി 9.30. ദേവലോകത്തു നിന്ന് ബാവാ തിരുമേനി എന്നെ ഫോണിൽ വിളിച്ചു. "നിങ്ങൾ വന്നപ്പോൾ ഞാൻ അൽപം പരുഷമായി സംസാരിച്ചു പോയി. പ്രത്യേക സാഹചര്യത്തിൽ ഉണ്ടായതാണ്. ഒന്നും തോന്നരുത്."

ഇതു കേട്ടപ്പോൾ എനിക്ക് ബാവാ തിരുമേനിയോടുള്ള മതിപ്പ് എവറസ്റ്റോളം ഉയർന്നു. ഒരു ചെറിയ മനുഷ്യനായ ഞാൻ ഒരു വലിയ മനുഷ്യന്റെ ശബ്ദം കേട്ടു. മഹാവ്യക്തികളുടെ മഹത്വം മനസ്സിലാക്കാൻ എന്തിനു പുസ്തകങ്ങൾ പരതണം. ഇതുപോലെയുള്ള ഒരു ക്ഷമാപണം പോരെ?

സഭാകവി സി. പി. ചാണ്ടിയെപ്പറ്റി ജോയ്സ് തോട്ടയ്ക്കാടും ഞാനും ചേർന്നു രചിച്ച 'സഭാകവി സി. പി. ചാണ്ടി: മലങ്കരസഭയുടെ 'സ്വർഗ്ഗീയ കിന്നരം' എന്ന പുസ്തകം 1997 ജൂൺ 29-ന് പത്തനംതിട്ട മാക്കാംകുന്ന് പള്ളിയിൽ വച്ച് പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്യുകയും സി. പി. ചാണ്ടിയെ പൊന്നാട അണിയിച്ച് ബഹുമാനിക്കുകയും മലങ്കരസഭയിൽ നക്ഷത്രംപോലെ ശോഭിക്കുന്ന അദ്ദേഹത്തിന് 'സഭാതാരം' അവാർഡ് നൽകുകയും ഉണ്ടായി. യഥാർത്ഥ സഭാസേവനം ചെയ്യുന്നവരെ മാനിക്കാനും അഭിനന്ദിക്കാനും മാത്യൂസ് ദ്വിതീയൻ ബാവാ മറ്റാരെയുംകാൾ മുന്നിലായിരുന്നുവെന്ന് തറപ്പിച്ചു പറയാം. അതുപോലെതന്നെ ദേവലോകം അരമന ചാപ്പലിൽ വച്ച് "മാർ ഔഗേൻ കാതോലിക്കാ ബാവാ" എന്ന എന്റെ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പും മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ ജീവചരിത്രവും യഥാക്രമം പി. സി. ചെറിയാൻ മടുക്കാനിക്കും, പി. സി. ഏബ്രഹാം

പടിഞ്ഞാറേക്കരയ്ക്കും നൽകി പ്രകാശനം ചെയ്തതും മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ്. കൂടാതെ 1995 ഓഗസ്റ്റിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ "പാറേട്ട് മാർ ഈവാനിയോസ്" എന്ന പുസ്തകം പാമ്പാടി ദയറാ പ്പള്ളിയിൽവച്ച് ഫാ. സഖറിയ പെരിയോർമറ്റത്തിന് കോപ്പി നൽകിക്കൊണ്ട് ബാവാ പ്രകാശനം നിർവഹിച്ചു. ഈ ചടങ്ങുകളിൽ വച്ചെല്ലാം തന്നെ പുസ്തകസംബന്ധമായ എന്റെ എളിയ സേവനങ്ങളെ പ. ബാവാ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള വിവരം നന്ദിപൂർവ്വം രേഖപ്പെടുത്തേണ്ടത് എന്റെ കടമയാണെന്ന് ഞാൻ കരുതുന്നു.

വൈദികരുടെ ശമ്പളപദ്ധതി പരിഷ്ക്കരിച്ചത് ഒരു വലിയ നേട്ടം തന്നെയാണ്. കൂടുതൽ നേട്ടങ്ങൾ സഭാസമാധാന പുനഃസ്ഥാപനം വഴി കൊയ്തു കൂട്ടുവാൻ ബാവാ തിരുമേനിക്ക് സാധിച്ചു. ബാവാ തിരുമേനിയുടെ ശതാഭിഷേകം പ്രമാണിച്ച് കേരളത്തിലെ പ്രമുഖ പത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി, ഇന്ത്യൻ എക്സ്പ്രസ് മുതലായവ ബാവായെപ്പറ്റി പ്രത്യേക ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. ജനുവരി 31-ലെ ഇന്ത്യൻ എക്സ്പ്രസ് പ്രസിദ്ധപ്പെടുത്തിയ എന്റെ ലേഖനമാണ് ചുവടെ ചേർക്കുന്നത്:

Catholicos: a godman among people

Hundreds of Church members from all over India and abroad paid their respects and love to His Holiness Baselius Marthoma Mathews II, the Catholicos and supreme head of the Malankara Orthodox Syrian Church, on his 84th birthday on Friday.

Consecrated Bishop in 1953, he had been serving the Church in various capacities for over four decades. In 1991, he was elevated to the Throne of St. Thomas, to preside over the destiny of his ancient and resurgent church.

H.H. Mathews II, being the head of the oldest Orthodox Church in India established by St. Thomas in 52 AD, is the doyen among the prelates. Since he is very healthy and active he is always on the move.

He mingles with the young and the old, rich and poor. His wide contacts compel him to travel more and more to renew the relationships.

Very often he will be away in the US or the Gulf countries for a few days to visit and bless his sheep. Nobody in Kottayam will know his whereabouts until he returns to the Catholicate palace.

Born in a middle class Syrian Christian family in Perinad, near Kollam on January 30, 1915, he had his higher education in Culcutta and New York. After theological studies he took charge of the Othara Dayara, near Thiruvalla, as his centre of religious work.

Uncompromising in the fundamentals of the Church and unremitting in his ascesticism, he has won the respect of one and all. He fills the role of the moral and spiritual leader and he has come to be regarded as the incarnation of sanyasa.

He believes that moral strength of the Church and its manifold services depend upon a dedicated band of sanyasins who live for the poor, leaving behind the riches and material pleasures of the world. He could start a number of convents, and ashrams and recruit a lot of educated young men. The colleges and schools founded by him cater to the needs of less privileged boys and girls. He thinks that it is only through education that the Christian values enshrined in the Bible can be spread all over India and the mission of the Church fulfilled.

The 'Balagrams' and social service centres started in the North Indian States are intended to witness Christian love without conversions.

Achieving the acme of self-discipline through fasting, penance and meditation, the Catholicos has become a godman in the real sense of the term. His compassion filled heart is so delicately sensitive to the suffering of human beings.

In fact he has dedicated himself to the service of the poor by living in their midst - a radiant and ever ready centre of comfort and cheer.

To spread the love of God, the Catholicos has brought into existence several organisations like the Marriage Aid fund and House donation Scheme. Through these agencies he brings hope and comfort to hundreds of poor girls and the downtrodden.

Naturally, his mind is ever occupied with the problems of reestablishing real peace in his 20 lakh strong Church. He believes that it can be secured without discarding cardinal principles through God's grace.

Besides being an ecumenical leader, his eyes are always on unity and cooperation among the episcopal Churches in Kerala.

The Nilackal Ecumenical Church, which paved the way for communal harmony in Kerala reflects his broad vision as far as co-operation among the churches and different communities is concerned.

Consequently, he has taken upon himself the mission of spreading the message of goodwill and love. He is for complete prohibition and believes that liquor is the number one enemy of modern man.

He exhorts every member of the Church to adhere to the teachings of Christ and not swerve from the path of religious, social and moral rectitude.

Let us pray to God to extend his fruitful life so that others may draw happiness in the years to come.

K. V. Mammen

സമാധാനത്തിന്റെ വഴിയിൽ

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 84-ാം ജന്മദിനം പ്രമാണിച്ച് മലയാള മനോരമയ്ക്കനുവദിച്ച അഭിമുഖ സംഭാഷണമാണ് ചുവടെ ചേർക്കുന്നത്. എം. ജയപ്രസാദ് നടത്തിയ ഈ അഭിമുഖ സംഭാഷണം 1998 ജനുവരി 30-ന് പ്രസിദ്ധീകരിച്ചു.

'ഞാനോ ബലഹീനനും പാപിയുമായ ദാസനാകുന്നു.'

21 ഭദ്രാസനങ്ങൾക്കും 19 മേൽപ്പട്ടക്കാർക്കും നൂറുകണക്കിന് പള്ളികൾക്കും ലക്ഷക്കണക്കിന് വിശ്വാസികൾക്കും ഇടയനായ കിഴക്കിന്റെ കാതോലിക്കാ സർവ്വ കരുത്തും ദൈവത്തിന്റെ കാൽക്കൽ സമർപ്പിച്ചു സ്വയം ദുർബലനാവുന്നു. പിന്നെയും പറയുന്നു.

'ഞാനോ ബലഹീനനും പാപിയുമായ ദാസനാകുന്നു.'

സഭയിലെ വിശ്വാസികൾക്ക് മുഴുവൻ അങ്ങാണ് ആത്മീയബലം. 84 വർഷങ്ങൾ ചോർത്താത്ത ശാരീരികബലവുമുണ്ട്. പിന്നെ എന്തുകൊണ്ടാണ് സ്വയം ഇങ്ങനെ വിശേഷിപ്പിക്കുന്നത്?

ദൈവത്തിന്റെ കൃപയല്ലാതെ എനിക്കൊന്നുമില്ല. എനിക്കെന്തെങ്കിലും ഉണ്ടെങ്കിൽ അതെല്ലാം ദൈവത്തിന്റേതാണ്. മിടുക്കും സാമർത്ഥ്യവും എല്ലാം ദൈവം തരുന്നതാണ്.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അങ്ങനെയാണ്. കൊല്ലം പെരിനാട് പുതുശേരിലഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുളയുടെയും അന്നമ്മയുടെയും മൂത്ത പുത്രന്റെ നിയോഗമതാണ്. 1915 ജനുവരി 30-ന് ജനനം. 1938-ൽ കോറൂയോ പട്ടം, 1941 മെയ് 25-ന് കശീശാപട്ടം, 1951 സെപ്റ്റംബർ 21-ന് റമ്പാൻ, 1953 മെയ് 15-ന് എപ്പിസ്കോപ്പാ, 1959 ജൂലൈ 12-ന് മെത്രാപ്പോലീത്താ, 1965-ൽ കൊല്ലം ഭദ്രാസനാധിപൻ, 1991 ഏപ്രിൽ 27-ന് മലങ്കര മെത്രാപ്പോലീത്താ, രണ്ടു ദിവസത്തിനുശേഷം പൗരസ്ത്യ കാതോലിക്കാ.

പുത്തൻവീട്ടിലെ കൊച്ചുണ്ണൂണ്ണി ഓതറ സെന്റ് ജോർജ് ദയറായിലെ 'ഏഞ്ചലച്ചനായി' മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്റെ ഉന്നതപ്പെട്ട കാതോലിക്കാ 'യോഗ്യൻ, യോഗ്യൻ, യോഗ്യനാ'യി പരിണമിച്ചപ്പോഴും കാത്തുസൂക്ഷിക്കുന്നത് ആ നിയോഗം. ഈ നൂറ്റാണ്ടിലെ ആയിരം പൂർണ്ണചന്ദ്രന്മാർ അതിനു സാക്ഷി. ആ വിശ്വാസ വഴികളിലൂടെ അദ്ദേഹത്തോടൊപ്പം അൽപനേരം.

സഭാമേലദ്ധ്യക്ഷൻ എന്ന നിലയ്ക്ക് സഭയ്ക്കുവേണ്ടി എന്തുചെയ്യാൻ കഴിഞ്ഞുവെന്ന് കരുതുന്നു?

(ചിരിച്ചുകൊണ്ട്) എനിക്ക് ചെയ്യാൻ കഴിയുന്നതൊക്കെ ഞാൻ ചെയ്യുന്നു. ഞാൻ നിരാശനല്ല. ഞാൻ വളരെ സന്തോഷവാനാണ്. ഞാൻ കടന്നുപോയാലും എനിക്ക് തൃപ്തിയാണ്. സഭയ്ക്കുണ്ടായ ഭൗതികനേട്ടങ്ങൾക്കൊപ്പം വിശ്വാസികൾക്ക് ആത്മീയ ഉണർവുണ്ടായി.

സഭാകേസുകളിൽ കഴിഞ്ഞ വർഷം ഓർത്തഡോക്സ് വിഭാഗത്തിന് വിജയവർഷമായിരുന്നല്ലോ. അതിനെപ്പറ്റി എങ്ങനെ വിലയിരുത്തുന്നു?

സഭയുടെ വിജയം കേസ് ജയിച്ചതുകൊണ്ട് മാത്രമല്ല. സഭയുടെ ലക്ഷ്യപ്രാപ്തി സമാധാനമാണ്. സഭയുടെ ദൗത്യം ദൈവവും മനുഷ്യരും ഒന്നാകണമെന്നാണ്. ഈ അകൽച്ച മാറ്റുന്നതിലുള്ള വിജയമാണ് സഭയുടെ യഥാർത്ഥ വിജയം.

വിജയങ്ങൾ ഐക്യത്തിലേക്കുള്ള വഴിയൊരുക്കമോ?

ശ്രമിക്കുന്നുണ്ട്. പക്ഷേ..... ബഹുജനം പലവിധമല്ലേ? ഈ ലക്ഷ്യത്തിൽ തന്നെ പല ലക്ഷ്യങ്ങൾ ഉണ്ട്. അധ്വാനിക്കുക എന്നതു മാത്രമാണ് നമ്മുടെ ദൗത്യം. ഫലം തരുന്നത്, തരേണ്ടത് ദൈവമാണ്.

രണ്ടായിരമാണ്ടിലേക്ക് ഇനി രണ്ടു വർഷം കൂടി. അടുത്ത നൂറ്റാണ്ടിൽ സഭാപ്രവർത്തന രീതികളിൽ കാതലായ മാറ്റം പ്രതീക്ഷിക്കുന്നുണ്ടോ?

എന്റെ വിശ്വാസം അനുസരിച്ച് ക്രിസ്തു ആണ് സമ്പൂർണ്ണൻ. ഒരു ദൈവഭക്തന് ഇതിലെന്തു മാറ്റം കാണാൻ.

ആരാധനക്രമത്തിലും മറ്റും താൽക്കാലിക മാറ്റങ്ങൾ ചിലർ ആവശ്യപ്പെടുന്നുണ്ടല്ലോ. വിവാഹചടങ്ങുകൾ പരിഷ്ക്കരിക്കുന്ന കാര്യവും അടുത്തിടെ ചർച്ചാവിഷയമായി?

പരിശുദ്ധാത്മാവ് പിതാവിലും പുത്രനിലും സാരാംശത്തിൽ ഏകനായി സഭയെ നയിക്കുന്നു എന്നാണ് വിശ്വാസം. അതിനു വിധേയമായി പ്രവർത്തിക്കയാണ് ലക്ഷ്യം. അതിൽനിന്ന് മാറിപ്പോകാൻ സാധ്യതയില്ലെന്ന് പറയാൻ പറ്റില്ല. To err is human (ചിരിച്ചുകൊണ്ട്) മനുഷ്യൻ ബലഹീനനും കൂടിയാണല്ലോ?

വിശ്വാസികളുടെ എണ്ണംകൂടുന്നു. ദൈവത്തിനു നിരക്കാത്ത പ്രവൃത്തികളും, എന്തുകൊണ്ടാണിങ്ങനെ?

നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നാളെ അങ്ങനെ അല്ലാതിരിക്കാൻ കഴിഞ്ഞാൽ ഭാഗ്യമെന്ന് കരുതിയാൽ മതി. എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളും ശാന്തിയുടെയും സമാധാനത്തിന്റെയും

വഴി പറയുന്നു. എന്നാൽ സമൂഹത്തിൽ സ്പർദ്ധ വർദ്ധിക്കുകയും ചെയ്യുന്നു. തത്വസംഹിതകളുടെ പരാജയമാണോ?

അല്ല, മറിച്ച് കൈകാര്യം ചെയ്യുന്ന മനുഷ്യരുടെ ബലഹീനതകൊണ്ട് സംഭവിക്കുന്നതാണ്.

ഭക്തി കൂടുതൽ പ്രകടനാത്മകമാവുകയാണോ?

(ആർത്ത് ചിരിച്ചുകൊണ്ട്) ഞാൻ താങ്കളെ കാണുമ്പോൾ സ്നേഹം കൊണ്ട് ചിരിച്ചാൽ മറ്റൊരാൾക്ക് അത് ചിലപ്പോൾ പ്രകടനമായി തോന്നാം. ബഹുമാനത്തിന്റെ സ്നേഹപ്രകടനം വേറൊരാൾക്ക് ആരോപണമുണ്ടാക്കാം. പ്രകടിപ്പിക്കാൻ ഒന്നും ചെയ്യരുത്. സ്വാഭാവികമായ പ്രകടനം പരാജയപ്പെടുത്താനും ശ്രമിക്കരുത്.

മതസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്നുണ്ടല്ലോ?

സർക്കാരിന് ഇടപെടാം. സഹായിക്കാനാണെങ്കിൽ. പിടിച്ചടക്കാനാണെങ്കിൽ അതിന് എതിർപ്പുണ്ടാകും. സഹായിക്കാനാണെങ്കിൽ എന്തിന് എതിർക്കണം. മറിച്ചാണെങ്കിൽ, ആദ്ധ്യാത്മികമായി ചിന്തിക്കുന്നവർക്ക് വേദനയുണ്ടാകും. ആദ്ധ്യാത്മികവേദികളുടെ സ്വാതന്ത്ര്യം ഹനിക്കാൻ ഇടയാകുന്നത് പ്രയാസമുണ്ടാക്കും.

സർക്കാർ സഹായം എത്രത്തോളമാകാം?

എത്ര വേണമെങ്കിലും സഹായിക്കാം.

വീണ്ടും ഒരു തെരഞ്ഞെടുപ്പ് കാലമാണ്?

രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി നീതിപൂർവ്വകമായും നിഷ്പക്ഷരായും നിസ്വാർത്ഥരായും രാജ്യസേവനം കാഴ്ചവയ്ക്കുന്നവരാണ് സ്ഥാനങ്ങളിൽ വരേണ്ടത്. എന്റെ ആഗ്രഹം എല്ലാ പാർട്ടികളും ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് പരസ്പര വിശ്വാസത്തോടും സൗഹാർദ്ദത്തോടും ചർച്ച ചെയ്ത് ഭാരതത്തിന്റെ മക്കളുടെ ഉന്നമനത്തിനും ഉദ്ധാരണത്തിനും വേണ്ടി പ്രയത്നിക്കണമെന്നാണ്.

സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന ഇന്ത്യയെപ്പറ്റി?

സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാത്തതാണ് ഇന്ത്യയുടെ കുറവ്. സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുമ്പോൾ അത് പാരതന്ത്ര്യമാകുന്നു. കള്ള് കുടിക്കാൻ ഒരാൾക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ അത് അവനെ ദുരാഗ്രഹങ്ങളുടെ ചങ്ങലയ്ക്കിടുന്നു.

കള്ള് നിരോധിച്ചാലോ?

സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം തടയാനാകും.

വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുകയുമാവില്ലേ അത്?

അല്ല. തീകുണ്ഡത്തിൽ കൈയിടാൻ പോകുന്ന മകനെ നിങ്ങൾ തടയില്ലേ.

കുറെ പുസ്തകങ്ങൾ എഴുതാനുണ്ടെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. എഴുതി തുടങ്ങിയോ?

'കർത്താവിന്റെ കുരിശിലെ തിരുമൊഴികൾ' എന്ന പുസ്തകം പൂർത്തിയാക്കി അച്ചടിക്കാൻ നൽകി. വേദപുസ്തകത്തിലെ ഏഴു വചനങ്ങൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതുപോലെ വിശദീകരിക്കുകയാണ്.

ആത്മകഥ?

ശെമ്മാശന്മാർ കുറിപ്പുകളെഴുതുന്നുണ്ട്. എനിക്ക് സമയം കിട്ടാത്തതാണ് പ്രശ്നം.

ഏഞ്ചലച്ചൻ, മാലാഖ, സത്യവാനും ഉന്നതഗോപുരവുമായ മാർ കൂറിലോസ്... എന്നിങ്ങനെ അങ്ങയെ പലർ പലതരത്തിൽ വിശേഷിപ്പിക്കുന്നു. എങ്ങനെ അറിയപ്പെടാനാണ് താങ്കൾക്ക് ഇഷ്ടം?

'ബലഹീനനായ ഒരു മനുഷ്യൻ' അല്ലെങ്കിൽ 'ദൈവത്തിന്റെ കൃപ വേണ്ടിയിരിക്കുന്ന ഒരു മനുഷ്യൻ എന്ന്.' എനിക്കുള്ളതല്ലേ എനിക്കുള്ളു.

ശതാഭിഷേക മംഗളാശംസ

ആലംബഹീനന്റെ അത്താണിയും നിരാശ്രയന്റെ പ്രത്യാശയുമായ ക്രിസ്തുവിന്റെ വചനങ്ങൾ നിധിപോലെ മനസ്സിൽ സൂക്ഷിച്ച് ആത്മീയതയുടെ പാതയിലൂടെ ആത്മഹർഷവുമായി മുന്നേറുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് ശതാഭിഷേകത്തിന്റെ ധന്യത. 84-ന്റെ മധുരം പങ്കുവയ്ക്കാൻ ദേവലോകം അരമനയിലെത്തിയ സഭാവിശ്വാസികൾ ബാവായ്ക്ക് സ്നേഹത്തിന്റെ നനവുള്ള ഹൃദയോപഹാരങ്ങൾ സമ്മാനിച്ചു.

ജന്മദിനം പ്രമാണിച്ച് ബാവാ ദേവലോകം അരമനചാപ്പലിൽ രാവിലെ കുർബാന അർപ്പിച്ചു. നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസിന്റെ നേതൃത്വത്തിൽ നടന്ന സ്തോത്ര ശുശ്രൂഷകളെ തുടർന്ന് ബാവാ ജന്മദിന കേക്ക് മുറിച്ചു.

അരമനചാപ്പലിൽ ചേർന്ന അനുമോദന യോഗത്തിൽ നിയുക്ത കാതോലിക്കാ അദ്ധ്യക്ഷത വഹിച്ചു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ അത്താനാസ്യോസ് (മൂവാറ്റുപുഴ), സക്കറിയാസ് മാർ നിക്കോളാസ്

(അമേരിക്ക), ഫാ. ഡോ. കെ. എം. ജോർജ്, കണ്ണൂർ സർവകലാശാല പ്രോ വൈസ്ചാൻസിലർ ഡോ. അലക്സാണ്ടർ കാരയ്ക്കൽ, സഭാസെക്രട്ടറി എ. കെ. തോമസ്, പ്രഫ. ഇ. ജെ. ജോൺ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് ശതാഭിഷേകത്തോടനുബന്ധിച്ച് സമൂഹവിവാഹ പദ്ധതിയിലൂടെ വിവാഹിതരായവർക്ക് സ്വീകരണവും സമ്മാനദാനവും നടന്നു. നവദമ്പതികൾ ബാവായ്ക്ക് പൂച്ചെണ്ട് നൽകി ആദരിച്ചപ്പോൾ അദ്ദേഹം അവരെ മധുരം നൽകി അനുമോദിച്ചു.

ഭക്തി, വിശുദ്ധി, വിശ്വസ്തത എന്നിവയോടെ സത്യസന്ധതയോടും പരമാർത്ഥ സ്നേഹത്തോടും കൂടെ ആത്മാർത്ഥ ശുശ്രൂഷ ചെയ്യുന്നവരുടെ കുടുംബങ്ങളെ ദൈവം അനുഗ്രഹിക്കുമെന്ന് ബാവാ പറഞ്ഞു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഭദ്രദീപം കൊളുത്തി യോഗം ഉദ്ഘാടനം ചെയ്തു. തോമസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.

പരുമലയിൽ 1993 ജനുവരിയിൽ ആരംഭിച്ച സമൂഹവിവാഹ പദ്ധതിയുടെ ഏഴാംഘട്ടമായി 49 ദമ്പതികൾക്ക് 15,000 രൂപ വീതം 7,35,000 രൂപ വിതരണം ചെയ്തു. ശതാഭിഷേകത്തോടനുബന്ധിച്ച് ഈ വർഷം 84 വിവാഹങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സഭയെ നേരിടുന്ന പ്രശ്നങ്ങളെ സമർത്ഥമായി നേരിടാൻ മലങ്കര അസോസിയേഷൻ ഉടനടി വിളിച്ചുകൂട്ടണമെന്ന് ജന്മദിനാശംസകൾ നേർന്നവർ പിന്നീട് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ അഡ്വ. തോമസ് രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ആവശ്യപ്പെട്ടു. ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഏബ്രഹാം തരകൻ, പി. സി. ചെറിയാൻ മടുക്കാനി, ബേബി അലക്സ്, അഡ്വ. സഖറിയ കോശി മുതലായവർ പ്രസംഗിച്ചു. കെ. വി. മാമ്മൻ, അസോസിയേഷൻ ഉടൻ വിളിച്ചു കൂട്ടണമെന്നഭ്യർത്ഥിക്കുന്ന പ്രമേയം അവതരിപ്പിച്ചു.

വട്ടശ്ശേരിൽ തിരുമേനിക്കും പ. ബസേലിയോസ് ഗീവറുഗീസ് രണ്ടാമനും മറ്റും തികഞ്ഞ സഭാസ്നേഹികളും കുശാഗ്രബുദ്ധിമാന്മാരുമായ ഒട്ടധികം ഉപദേശകരുണ്ടായിരുന്നു. പ്രതിസന്ധികൾ വരുമ്പോൾ അവരോട് അഭിപ്രായം ചോദിക്കുകയും അവയെ മാനിച്ച് സഭാദ്ധ്യക്ഷന്മാർ പ്രവർത്തിക്കുകയും ചെയ്തുവന്നു. മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ആശ്രയിക്കാവുന്ന മേധാശക്തിയുള്ള സഭാനേതാക്കൾ ചുരുക്കം. വ്യവസായങ്ങളും ബ്ലേഡുകമ്പനികളും മറ്റും നടത്തി പണമുണ്ടാക്കിയവർ മാത്രമാണ് ഇന്നത്തെ നേതാക്കന്മാരിൽ പലരും. ആധ്യാത്മിക ജീവിതം അന്യമായ അവരിൽ പലർക്കും സഭാനേതൃത്വം ഒരലങ്കാരം മാത്രം. രണ്ടാംനിര നേതാക്കളെ വളർത്തിയെടുക്കാനും ശ്രമമില്ല. എനിക്കുശേഷം പ്രളയം എന്ന് ചിന്തിക്കുന്നവരെ ആശ്രയിക്കുന്ന കാലത്തോളം ഈ സഭയ്ക്ക് വേണ്ടവിധം പുരോഗമിക്കാൻ സാധ്യമല്ല.

കാതോലിക്കേറ്റിന്റെ സപ്തതി പ്രമാണിച്ച് 1982 സെപ്റ്റംബർ രണ്ടിന് നിയുക്ത കാതോലിക്കാ ആയിരുന്ന മാത്യൂസ് മാർ കൂറിലോസ് പ്രസിദ്ധപ്പെടുത്തിയ 'എത്ര എത്ര അഗ്നിപരീക്ഷകൾ' എന്ന ലേഖനമാണ് ചുവടെ ചേർക്കുന്നത്:

സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഉണ്ടായിട്ടുള്ള ഒട്ടേറെ വെല്ലുവിളികളെയും അഗ്നിപരീക്ഷണങ്ങളെയും അതിജീവിച്ച ചരിത്രമാണ് മലങ്കര ഓർത്തഡോക്സ് സഭയ്ക്കുള്ളത്.

ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ച ഈ സഭ പ്രതിസന്ധികളെ നേരിട്ടപ്പോഴെല്ലാം തീച്ചൂളയിൽ നിന്ന് പുറത്തുവരുന്ന കനകക്കട്ടിപോലെ ശോഭിക്കുകയായിരുന്നു. ഇന്നും സഭ ചില പരീക്ഷണങ്ങളെയും പ്രശ്നങ്ങളെയും നേരിടുന്നുണ്ട്. എന്നാൽ സഭയുടെ നിലനിൽപ്പിനെയോ വളർച്ചയെയോ ഹനിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ലെന്നു പറയുമ്പോൾ കാര്യവിവരമുള്ളവർ നിഷേധിക്കുമെന്ന് തോന്നുന്നില്ല.

പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടെയും ബ്രിട്ടീഷ്കാരുടെയും മത-രാഷ്ട്രീയ സമ്മർദ്ദങ്ങൾ, പല ക്രൈസ്തവ സഭാവിഭാഗങ്ങളുടെ കടന്നാക്രമണങ്ങൾ - മലങ്കരസഭയുടെ സംഭവബഹുലമായ ചരിത്രത്തിലെ കയ്പ് നിറഞ്ഞ അദ്ധ്യായങ്ങളാണ് ഇവ.

എന്നാൽ എതിർപ്പുകളെ തൃണവൽഗണിച്ച് ആഗോളവീക്ഷണത്തോടെ പ്രവർത്തിക്കുന്ന മലങ്കരസഭ പുരോഗതിയുടെ പാതയിൽ അതിവേഗം മുന്നേറിക്കൊണ്ടിരുന്നു.

പതിനഞ്ച് ഭദ്രാസനങ്ങളും ആയിരത്തിൽപരം പള്ളികളും 15 ലക്ഷത്തിലേറെ ജനങ്ങളും ഉള്ള മലങ്കരസഭയ്ക്ക് 9 കോളജുകളും 20 ആശുപത്രികളും ഉണ്ട്. 166 സ്കൂളുകളും 11 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും സഭയുടേതായി വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു.

ഒരു ഒന്നാംകിട തിയോളജിക്കൽ സെമിനാരിയും 12 അനാഥശാലകളും സഭയ്ക്കുണ്ട്. 11 ആശ്രമങ്ങളിലും 10 മഠങ്ങളിലുമായി നൂറുകണക്കിന് വൈദികരും കന്യാസ്ത്രീകളും സേവനം അനുഷ്ഠിക്കുന്നു.

ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസിയേഷനും മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനവും യുവജനപ്രസ്ഥാനവും വ്യക്തമായ ലക്ഷ്യബോധത്തോടും അർപ്പണബുദ്ധിയോടും കൂടി സഭയിൽ പ്രവർത്തിച്ചുവരുന്ന ആദ്ധ്യാത്മിക സംഘടനകളാണ്. മർത്തമറിയം വനിതാ സമാജത്തിന്റെയും സ്ലീബാദാസസമൂഹത്തിന്റെയും പ്രാർത്ഥനായോഗത്തിന്റെയും പ്രവർത്തനങ്ങൾ ഇതിനു പുറമെയാണ്.

വൈദ്യശുശ്രൂഷാരംഗത്ത് മലങ്കരസഭയ്ക്ക് അവഗണിക്കാനാവാത്ത സ്ഥാനമാണുള്ളത്. കോലഞ്ചേരി മലങ്കര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, കങ്ങഴ മാർ ഗീവറുഗീസ് ദിവന്നാസിയോസ് മെമ്മോറിയൽ ഹോസ്പിറ്റൽ, പരുമല മാർ ഗ്രീഗോറിയോസ് മിഷൻ ആശുപത്രി എന്നിവ കേരളത്തിലും പുറത്തും അറിയപ്പെടുന്ന സ്ഥാപനങ്ങളാണ്.

തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കൈപ്പട്ടൂരിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ഇഗ്നേഷ്യസ് ആശുപത്രി, കൊല്ലം ഭദ്രാസനം വകയായി ശാസ്താംകോട്ടയിലുള്ള മാർ തേവോദോസിയോസ് മെഡിക്കൽ മിഷൻ, മലബാർ ഭദ്രാസനം വകയായി തെക്കേ വയനാട്ടിൽ കാര്യമ്പാടിയിൽ ആരംഭിച്ചിട്ടുള്ള ആശുപത്രി എന്നിവയും പ്രത്യേക പരാമർശം അർഹിക്കുന്നു.

റാന്നി-പെരുനാട്ടിൽ ബഥനിമഠത്തിന്റെ ചുമതലയിലുള്ള മാർ തേവോദോസിയോസ് സ്മാരക ആശുപത്രി, തടാകം ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രി എന്നിവയും മികച്ച സേവനമാണ് ചെയ്തുവരുന്നത്. സഭയിലെ ചില ഇടവകകൾ സ്വന്തനിലയിൽ നടത്തിവരുന്ന ആശുപത്രികൾ ഇതിനു പുറമെയാണ്.

സുവിശേഷവേലയുടെ കാര്യത്തിലും മലങ്കരസഭ മുന്നണിയിൽ നിൽക്കുന്നു. സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനി ആരംഭിച്ച സുവിശേഷവേല കൂടുതൽ വ്യാപകമായത് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സ്ലീബാദാസ സമൂഹത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടെയാണ്. മാവേലിക്കര സെന്റ് പോൾസ് ആശ്രമം, ഭിലായ് മിഷൻ, ആൻഡമാൻസ് മിഷൻ എന്നിവ ഈ രംഗത്തെ നാഴികക്കല്ലുകളാണ്.

വിവാഹസഹായ ഫൗണ്ടേഷൻ, ആതുരസഹായ ഫൗണ്ടേഷൻ, ഭവനദാനപദ്ധതി എന്നിവയുടെ പ്രവർത്തനങ്ങളും അഭിമാനത്തിനു വക നൽകുന്നു. അടുത്തകാലത്ത് ആന്ധ്രയിൽ സഭ നടത്തിയ സേവനങ്ങൾ ഏവരുടെയും മുക്തകണ്ഠമായ പ്രശംസ നേടുകയുണ്ടായി.

സഭയുടെ ആദ്യത്തെ വിദ്യാലയമായ എം.ഡി. സ്കൂൾ 1893-ൽ പുലിക്കോട്ടിൽ തിരുമേനിയാണ് ആരംഭിച്ചത്. എം.ജി.എം. ആദിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരുമല തിരുമേനി തുടങ്ങി. ഇപ്പോൾ എം.ഡി. കോർപ്പറേറ്റ് മാനേജ്മെന്റിൽ നൂറിലധികം സ്കൂളുകൾ ഉണ്ട്.

പത്തനംതിട്ട കാതോലിക്കേറ്റ്, കോട്ടയം ബസേലിയോസ്, സുൽത്താൻ ബത്തേരി സെന്റ് മേരീസ്, പത്തനാപുരം സെന്റ് സ്റ്റീഫൻസ്, കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ്, പാമ്പാടി കുറിയാക്കോസ് ഗ്രീഗോറിയോസ്, അടൂർ സെന്റ് സിറിൾസ് തുടങ്ങിയവ സഭാവക കോളജുകളാണ്. പത്തനാപുരത്ത് ഒരു ട്രെയിനിംഗ് കോളജും ഉണ്ട്.

സന്യാസസമൂഹങ്ങളുടെ കൂട്ടത്തിൽ റാന്നി-പെരുനാട് ബഥനി ആശ്രമം, പത്തനാപുരം താബോർ ദയറ, ഓതറയിലും ചെങ്ങമനാട്ടും ഉള്ള ദയറാകൾ, തടാകം ക്രിസ്തുശിഷ്യാശ്രമം, കിഴക്കമ്പലം ബേത്‌ലഹേം കോൺവെന്റ്, കടമ്പനാട് നസറേത്ത് കോൺവെന്റ്, ശൂരനാട് ബസാലേൽ കോൺവെന്റ്, കുന്നംകുളം മേരി മഗ്ദലിൻ കോൺവെന്റ്, ബഥനി കോൺവെന്റ് എന്നിവയുടെ പേരുകൾ എടുത്തുപറയാവുന്നവയാണ്.

ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തും രാഷ്ട്രീയ-സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിച്ച പ്രഗത്ഭരായ പ്രതിഭാശാലികളിൽ പലരും മലങ്കരസഭയുടെ സന്താനങ്ങളാണെന്നുള്ളത് അഭിമാനകരമായ ഒരു വസ്തുതയാണ്. പാണ്ഡിത്യംകൊണ്ടും സഭാസ്നേഹംകൊണ്ടും ഭക്തിനിർഭരമായ ജീവിതംകൊണ്ടും പരിപുഷ്ടമായ വിധത്തിലുള്ള വൈദിക മേലദ്ധ്യക്ഷന്മാർ ദൈവകൃപയാൽ ഈ സഭയ്ക്കുണ്ട്. പൂർവ്വിക പിതാക്കന്മാർ ഏൽപിച്ച വിശ്വാസാചാര പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനു മടിയില്ലാത്ത പ്രബുദ്ധരായ ജനലക്ഷങ്ങളാണ് സഭയുടെ യഥാർത്ഥ ശക്തി. ആയിരക്കണക്കിനു ഭക്തജനങ്ങളെ ആകർഷിക്കുന്ന പരുമല സെമിനാരി സഭയുടെ ഒരമൂല്യ സമ്പത്താണ്.

മലങ്കരസഭയുടെ പൗരാണികത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായ കാതോലിക്കേറ്റിന്റെ പുനസ്ഥാപന സപ്തതി ആഘോഷിക്കുന്ന ഈ സന്ദർഭം വളരെ പ്രധാനപ്പെട്ടതാണ്. വിവിധ കർമ്മമണ്ഡലങ്ങളിൽ സഭയുടെ ദൗത്യം നിർവഹിക്കുന്നതിനു കൂടുതൽ അർപ്പണബോധത്തോടെ പ്രവർത്തിക്കുമെന്ന് ഇത്തരുണത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. ദൈവം അതിനു കൃപ നൽകും, നൽകട്ടെ.

സഹനത്തിൻ ഗാഥപോലെ ജീവിതം

സഹനത്തിന്റെ ഗാഥയാണ്, ഹൃദയത്തിന്റെ ശുഭ്രതയാണ്, വാക്കിന്റെയും ചിന്തയുടെയും തെളിമയാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ.

ഇത്ര ശുഭ്രതയും ഹൃദയത്തിനു തെളിച്ചവുമുള്ളവർ നമ്മുടെ ചുറ്റുവട്ടത്ത് എത്രയുണ്ടെന്നറിഞ്ഞു കൂടാ. വെളുപ്പ് നന്മയുടെ നിറമാകുന്നു. നന്മ എന്ന പ്രകാശഗോപുരത്തെ സാക്ഷിനിർത്തിയാണ് കൊല്ലം പെരിനാട് പുതുശേരി ലഴികത്ത് ഇടിക്കുളയുടെയും അന്നമ്മയുടെയും പുത്രൻ, കൊച്ചുണ്ണൂണ്ണി എന്ന ഇ. മാത്യൂസ്, നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസായി മാറിയത് (ജനനം: 1915 ജനുവരി 30).

പെരിനാട് എൻ.എസ്.എസ്. ഹൈസ്കൂളിലും പിന്നീട് കൽക്കട്ട ബിഷപ്സ് കോളജിലും പഠിച്ച ഓതറ സെന്റ് ജോർജ് ദയറായിൽ അംഗവും

ഒരു വർഷം കഴിഞ്ഞ് അദ്ധ്യക്ഷനുമായ മാത്യൂസച്ചനെ അക്കാലത്ത് ആളു കൾ വിളിച്ചിരുന്നത് 'ഏഞ്ചലച്ചൻ' എന്നായിരുന്നു. അമ്പത്തിമൂന്നു വർഷത്തെ വൈദിക ജീവിതത്തിനിപ്പുറവും, വിശുദ്ധിയുടെ ആ പരിവേഷം നിലനിൽ ക്കുന്നു.

സഹനത്തിന്റെ ഗാഥയാണ് ഓതറ ദയറയിലെ പത്താണ്ട് നീണ്ട ജീവിതം. 'അന്ന് ഞാൻ ഒത്തിരി കഷ്ടപ്പെട്ടിട്ടുണ്ട്. കരഞ്ഞിട്ടുണ്ട്. ഒരുപാട് അദ്ധ്വാനി ച്ചിട്ടുണ്ട്. നന്നായി കിളയ്ക്കുമായിരുന്നു.' മെത്രാപ്പോലീത്താ ഓർക്കുന്നു. പട്ടി ണികിടന്ന ദിനങ്ങളും കുറവല്ല.

ഒരിക്കൽ, പത്തനംതിട്ടയ്ക്കുള്ള യാത്രയ്ക്കിടയിൽ, കെ. സി. മാമ്മൻ മാപ്പി ളയും ഇ. ജോൺ ഫിലിപ്പോസും ദയറയിൽ കയറി. മാത്യൂസച്ചൻ അഥവാ ഏഞ്ചലച്ചൻ അവർക്ക് ചോറു വിളമ്പി. ചോറിനു വല്ലാത്തൊരു നനവു തോന്നിയ ജോൺ ഫിലിപ്പോസിന് അച്ചൻ തന്റെ കഞ്ഞിയിലെ വെള്ളമൂറ്റി തങ്ങൾക്ക് വിളമ്പിയതാണെന്ന് മനസ്സിലായി. 'ദയറയ്ക്ക് ആവശ്യമുള്ള നെല്ല് ഞാൻ മേൽപ്പാടത്തു നിന്നെത്തിക്കാൻ ഏർപ്പാടു ചെയ്യാം' എന്ന് ജോൺ ഫിലിപ്പോസ് വാഗ്ദത്തം ചെയ്തിട്ടാണ് അന്ന് യാത്രയായത്.

ബിഷപ് തോമസ് മാർ മക്കാറിയോസ് കെ. സി. തോമസ് എന്ന ബാലനാ യിരുന്നപ്പോൾ ദയറായിൽ ഒരിക്കൽ ചെന്നിരുന്നു. 'നിനക്കു ചോറു മാത്രം കഴിച്ചേ പരിചയമുള്ളോ?' എന്നു ചോദിച്ച ഏഞ്ചലച്ചൻ ബാക്കി കൂടി പറഞ്ഞു 'ഇന്നതില്ല. ബജ്റക്കഞ്ഞിയേയുള്ളു.'

ദയറയിലെ ആ ജീവിതമാണ് ഏഞ്ചലച്ചനെ ഋഷിപ്രഭാവനാക്കിയത്.

ഏഞ്ചലച്ചൻ കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായാവുമ്പോൾ (1953) പള്ളിയും ചാപ്പലും കൂടി 107 എണ്ണമാണുണ്ടായിരുന്നത്. അവ മെത്രാ പ്പോലീത്തായുടെ സംഘാടകശേഷികൊണ്ട് 232 ആയി. രണ്ടു കോളജും 20 ഹൈസ്ക്കൂളും ഒരാശുപത്രിയും നാലു കോൺവെന്റും ഏഴ് ആശ്രമവും ഭദ്രാ സനത്തിനു കീഴിലുണ്ടായി (ഇവയിൽ 100 സ്ഥാപനങ്ങളോളം തിരുവനന്ത പുരം ഭദ്രാസനം സ്ഥാപിതമായപ്പോൾ വിട്ടുകൊടുത്തു. പാചകക്കാരന്റെ മുതൽ നിയുക്ത കാതോലിക്കായുടെ വരെ ജോലിചെയ്യുന്ന അദ്ദേഹത്തിനു (ഷൂ അദ്ദേഹം സ്വയം പോളീഷ് ചെയ്യുന്നു) 75-ാം ജന്മദിനാഘോഷമല്ല പ്രധാനം. അതു നിമിത്തമായി സാധുക്കൾക്ക് 75 വീട് നൽകപ്പെടുന്നുണ്ടല്ലോ എന്നതാണ്.

ദിവസം 19 മണിക്കൂർ ജോലി. പ്രാർത്ഥന, ധ്യാനം, നിരന്തര യാത്രകൾ, ദൈവത്തിങ്കലേക്കുള്ള ഈ പാതയിൽ ആരൊക്കെയാണ് പ്രേരണയായത്? സമ്പന്നമായിരുന്നുവോ മെത്രാപ്പോലീത്തായുടെ കുട്ടിക്കാലം?

ഒരു സാധാരണ കർഷക കുടുംബത്തിലാണ് ഞാൻ ജനിച്ചത്. സദാ അദ്ധ്വാനിക്കുന്ന ആളായിരുന്നു പിതാവ്. മുത്തശ്ശിയായ തങ്കച്ചി (കൊട്ടാര ക്കര നെല്ലിക്കുന്നം ഏലിയാമ്മ) വഴിയാണ് എന്നിൽ ഭക്തിയുണ്ടായത്. അവ രുടെ ശ്രദ്ധയിലാണ് ഞാൻ വളർന്നത്. പെരിനാട് എൻ.എസ്.എസ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കട്ടിയാട്ട് ശിവരാമപ്പണിക്കരും നെറ്റി യിൽ ഗോപി തൊട്ടു വന്നിരുന്ന രംഗാചാരിയും എന്റെ ഭക്തി കണ്ട് പുരോ ഹിതനാവാൻ പ്രേരിപ്പിച്ചു. അക്കാലത്ത് കൊല്ലം ഭദ്രാസനാധിപനും പിന്നീട് കാതോലിക്കായുമായ ഗീവർഗീസ് ദ്വിതീയന്റെ ജീവിതവും നിഷ്ഠയും എന്നെ ആകർഷിച്ചിരുന്നു.

പൗരോഹിത്യജീവിതത്തിനു മാതാപിതാക്കൾ അനുകൂലികളായിരുന്നോ?

അല്ല. എതിർപ്പായിരുന്നു. എട്ടു മക്കൾക്കിടയിൽ (അഞ്ച് ആണ്, മൂന്ന് പെണ്ണ്) മൂത്തവനായിരുന്നു ഞാൻ. എന്നെ അച്ചനാക്കാനുള്ള വൈമനസ്യ മായിരുന്നില്ല കാരണം. അന്ന് അച്ചന്മാരെക്കുറിച്ച് നിശിതമായ വിമർശനങ്ങ ളുണ്ടായിരുന്നു. അച്ചനായശേഷം, അവരുടെ പ്രതീക്ഷയ്ക്കുമേൽ ഞാനു യർന്നു.

മാതാപിതാക്കളുള്ളപ്പോൾ ഞാൻ വീട്ടിൽ പോകുമായിരുന്നു. ഇപ്പോൾ പത്തു പതിനഞ്ച് വർഷമായി വീട്ടിൽ പോയിട്ട്. സഹോദരിമാരും സഹോദര ന്മാരും ഇപ്പോൾ ഇങ്ങോട്ടു വരും.

സ്കൂളിൽ പഠിക്കുമ്പോൾ കുസൃതിക്കാരനായിരുന്നോ? കളികളിൽ പങ്കെ ടുത്തിരുന്നോ?

കുസൃതിക്കാരനൊന്നുമായിരുന്നില്ല. ബാഡ്മിന്റനും വോളിബോളും കളി ച്ചിട്ടുണ്ട്. സ്കൂൾ ടീമിലൊക്കെയുണ്ടായിരുന്നു.

ക്യാപ്റ്റനായിരുന്നോ?

ഇല്ല.

സഭയുടെ മാത്രമാണ് ക്യാപ്റ്റനായത്. അല്ലേ?

ഏയ്, ഞാനടിമയല്ലേ, സഭയുടെയും നിങ്ങളുടെയും.

പഠിക്കുമ്പോൾ ഏതു വിഷയമായിരുന്നു ഇഷ്ടം?

ചരിത്രം.

ആരെങ്കിലുമായി തല്ലുകൂടിയിട്ടുണ്ടോ?

ഞാനാരെയും തല്ലിയിട്ടില്ല.

തല്ലണമെന്ന് തോന്നിയിട്ടുണ്ടോ?

അതിപ്പോഴും തോന്നാറുണ്ട്. ചില കാര്യങ്ങൾ കാണുമ്പോൾ.

വേദപുസ്തകത്തിൽ തിരുമേനിക്കിഷ്ടപ്പെട്ട ഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ.

കൺവെൻഷൻ പ്രസംഗങ്ങളിലും മറ്റും സ്ഥിരമായി ഉദ്ധരിക്കാറുള്ള ഒരു കഥയുണ്ടോ?

അതു കുഞ്ഞേ, ഒരു തുണിക്കടയിൽ തുണി എടുക്കാൻ ചെല്ലുമ്പോലെയാ. അവിടെ പച്ചയുണ്ട്, നീലയുണ്ട്, ചുവപ്പുണ്ട്, മഞ്ഞയുണ്ട്...

തിരുമേനി സാരഥ്യം ഏറ്റെടുത്തശേഷം കൊല്ലം ഭദ്രാസനത്തിനുണ്ടായ വളർച്ച വളരെ വലുതാണ്. ഇതിനൊക്കെ പണം എവിടെ നിന്നു വന്നു?

ഞാൻ മലേഷ്യയിലും ഗൾഫിലുമൊക്കെ പോയി പിരിച്ചിട്ടുണ്ട്. ഈ രീതിയിലൊരു ചിന്താഗതി മുമ്പുണ്ടായിട്ടില്ല.

പിരിവിന്റെ ആയുധം എന്താണ്?

സ്നേഹം. എല്ലാറ്റിലുമുപരി ദൈവകൃപ.

മതം മനുഷ്യന് ആവശ്യമാണോ?

കണിശമായും. ഇല്ലെന്നു പറയുന്നവർക്കുപോലും മതം ഉണ്ട്. മതാധിഷ്ഠിതമാണ് അവരുടെ നിലപാട്. അവരെക്കൊണ്ട് നല്ല കാര്യങ്ങൾ ചെയ്യിക്കുന്നത് മതമാണ്. നന്നായി പ്രാർത്ഥിക്കുന്നവൻ നന്നായി ജീവിക്കും. ജീവിക്കണമെന്ന ചിന്തയുടെ വേര് മതത്തിലാണ്.

അപ്പോൾ മതത്തെ നിഷേധിക്കുന്ന കമ്മ്യൂണിസത്തോടുള്ള തിരുമേനിയുടെ നിലപാടറിയാൻ താൽപര്യമുണ്ട്.

കമ്മ്യൂണിസത്തിന്റെ ബാഹ്യമായ നിലപാട് എനിക്കിഷ്ടമാണ്; സ്ഥിതിസമത്വം, സാധുക്കളോടുള്ള കരുണ എന്നിവ. കമ്മ്യൂണിസമൊക്കെ യഥാർത്ഥ മതത്തിന്റെ പരാജയത്തോടുള്ള റിയാക്ഷനായിട്ടാണ് വന്നത്.

ഇന്ത്യയിലും കേരളത്തിലും അങ്ങനെ തന്നെയായിരുന്നോ?

എവിടെയും അങ്ങനെയാണ്.

ഒരേ പാഠങ്ങൾ പഠിപ്പിക്കുന്ന സഭകൾക്കകത്തും സഭകൾ തമ്മിലുമൊക്കെയുള്ള ഭിന്നിപ്പിന് എങ്ങനെ ന്യായീകരണം കണ്ടെത്തും?

Right use of a misuse is not a disuse, but a right use.

ഇതാരുടെ വാചകമാണ്?

എന്റേതാണ്.

ഒരു ദാർശനികന്റെ വാചകം പോലെയുണ്ടല്ലോ?

ഞാൻ വെറുമൊരു സാധാരണ മനുഷ്യനാണ് കുഞ്ഞേ.

സഭകൾ തമ്മിൽ കൂടിച്ചേരാനാവാത്ത എന്തു വ്യത്യാസമാണുള്ളത്?

വിശ്വാസങ്ങളിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്.

സഭകൾ ഒന്നാകുമെന്ന വിശ്വാസം തിരുമേനിക്കുണ്ടോ?

ദൈവത്തിന് ഒന്നും അസാധ്യമായിട്ടില്ല. ദൈവത്തിനു വിധേയമായി എല്ലാവരും പൂർണ്ണമായി സമർപ്പിച്ചു കഴിഞ്ഞാൽ ആ സമയം ആസന്നമാവും.

മതം ചിലപ്പോൾ വലിയ പ്രശ്നങ്ങൾക്ക് കാരണമാവുന്ന മുഹൂർത്തങ്ങളില്ലേ? നിലയ്ക്കൽ പ്രശ്നം തന്നെ ഉദാഹരണമായെടുത്താൽ.....

സാക്ഷാത്തായ ഒരു മതം ആർക്കും ഒരുപദ്രവവും ചെയ്യില്ല. ഗുരുനാനാക്കിന്റെ പാഠങ്ങൾ സാക്ഷാൽക്കരിക്കാത്തവരാണ് പഞ്ചാബിൽ കുഴപ്പമുണ്ടാക്കുന്നത്. മതം കൈകാര്യം ചെയ്യുന്നവരാണ് പ്രശ്നമുണ്ടാക്കുന്നത്. നിലയ്ക്കൽ പ്രശ്നം മതക്കാരിൽ ചിലരാണുണ്ടാക്കിയതെങ്കിലും അത് പരിഹരിച്ചതും മതം തന്നെയാണ്.

നിലയ്ക്കൽ പ്രശ്നം പരിസമാപ്തിയിലെത്തിച്ചതിൽ അങ്ങേയ്ക്കുള്ള പങ്ക് വലുതായിരുന്നു എന്ന് കേട്ടിട്ടുണ്ട്.

എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികൾ അടങ്ങിയ നിലയ്ക്കൽ കമ്മിറ്റിയുടെ പ്രസിഡന്റായ ഞാൻ വടവാതൂർ സെമിനാരിയിൽ വിളിച്ച ഒരു യോഗത്തിനു വൈകിയാണ് ചെന്നത്. ചെങ്കോട്ടുകോണം ആശ്രമത്തിലെ സ്വാമി സത്യാനന്ദ സരസ്വതിയും മറ്റും ഇതിൽ പ്രതിഷേധിച്ചു പോയിരുന്നു. തിരുവനന്തപുരത്തു ചെന്ന ഞാൻ ആശ്രമത്തിലേക്ക് ചെല്ലാമെന്ന് പറഞ്ഞു. ഒടുവിൽ കൂടിക്കാഴ്ച ഡി. ദാമോദരൻ പോറ്റിയുടെ വീട്ടിൽ നടന്നു. സ്വാമിയെ ആലിംഗനം ചെയ്തു ഞാൻ പറഞ്ഞു: “നിലയ്ക്കൽ പ്രശ്നം സംസാരിക്കാനല്ല മാപ്പു ചോദിക്കാനാണ് ഞാൻ വന്നത്.” പ്രശ്നം അവിടെ തീർന്നു.

മതം രാഷ്ട്രീയവുമായി കളികളിലേർപ്പെടുന്നത് നന്നാണോ?

മതവും രാഷ്ട്രീയത്തിലെ പൊളിറ്റിക്സുമായി ഇടപഴകുന്നതു കുഴപ്പമാണ്. മതത്തിന് അതിന്റേതായ പൊളിറ്റിക്സുണ്ട്. നല്ല ശമരിയാക്കാരൻ ശത്രുവിനെപ്പോലും സ്നേഹിക്കുന്നതാണ് മതത്തിന്റെ രാഷ്ട്രീയം. ഇതാണ് ക്രിസ്തു പഠിപ്പിച്ചത്. ഇങ്ങനെ വന്നാൽ ഒരു ഹിന്ദുവിന് ക്രിസ്ത്യാനിയെ ഉപദ്രവിക്കാൻ സാധിക്കുമോ?

‘ആറാം തിരുമുറിവ്’ തിരുമേനി വായിച്ചിട്ടുണ്ടോ?

ഞാൻ കുറച്ച് വായിച്ചു. അത് ഭയങ്കരമാ കുഞ്ഞേ. ക്രിസ്തുവിന് ആറാം തിരുമുറിവൊന്നുമില്ല. അതു വെറും ചവറാണ്. ഒരുപാട് ഉപകാരങ്ങളുള്ള മതം കരിതേച്ച് അടിസ്ഥാനം തകർക്കുക എന്നത് കോടിജനങ്ങളെ മുറിപ്പെടുത്തുന്ന കാര്യമാണ്. ഇത്തരം നീക്കങ്ങൾ എല്ലാം നിരോധിക്കണം.

കസൻദ് സാക്കിസിന്റെ 'ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്' വായിക്കുകയുണ്ടായോ?

ഇല്ല. പക്ഷേ, അമേരിക്കയിൽ വച്ച് ഒരു സുഹൃത്ത് പറഞ്ഞു കസൻദ് സാക്കിസ് സദുദ്ദേശ്യത്തോടെ എഴുതിയ പുസ്തകമായിരുന്നു അതെന്ന്. ഇറ്റ് വാസ് മിസ്അണ്ടർസ്റ്റുഡ്, മിസ് ഇന്റർപ്രെട്ടഡ്, ആന്റ് മിസ് റപ്രസന്റഡ്, മൂന്ന് 'മിസ്' ആണ്.

സാക്ഷാത്തായ മതത്തെ ഇല്ലായ്മ ചെയ്യാൻ ബുദ്ധിമുട്ടാണ്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ഉയിർത്തെഴുന്നേൽപ്പ് തന്നെ ഉദാഹരണം.

ചവറ മധുസുദനൻ പിള്ളയെ കൊന്നതിനു വധശിക്ഷ ലഭിച്ച കോടാകുളങ്കര വാസുപിള്ളയുടെ ദയാഹർജിയിൽ തിരുമേനി ഒപ്പുവച്ചതായി....

ഉവ്വ്. ഞാൻ ഒപ്പിട്ടിട്ടുണ്ട്. മതം കൃപയുടെ മാർഗ്ഗമാണ്. ഒരു പാപിയും നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കുന്നില്ല.

ഈ അർത്ഥത്തിൽ, ഇന്ദിരാ ഘാതകരുടെ വധശിക്ഷയ്ക്കും തിരുമേനി എതിരാണോ?

അതെ, പക്ഷെ എന്റെ ഈ അഭിപ്രായം തെറ്റിദ്ധരിക്കാൻ ഇടയുണ്ട്.

നമ്മുടെ നാട്ടിലെ രാഷ്ട്രീയത്തെപ്പറ്റി എന്തു തോന്നുന്നു?

നല്ല അടിസ്ഥാനമുള്ളതായിരുന്നെങ്കിൽ ഇത്ര അപചയമുണ്ടാവുമായിരുന്നില്ലല്ലോ. ഉദാരത നിറഞ്ഞ ഏകാധിപത്യത്തേക്കാൾ അപകടകരമാണ് പരാജയപ്പെട്ട ജനാധിപത്യം. പരാജയപ്പെട്ട ക്രിസ്ത്യാനിയെക്കാൾ അക്രൈസ്തവനാണ് നല്ലത്. ചത്ത സിംഹത്തേക്കാൾ ജീവനുള്ള പട്ടിയാണ് നല്ലത്.

സാധാരണ എന്താണ് വായിക്കാറുള്ളത്?

മതഗ്രന്ഥങ്ങളാണ്. ആശ്രമജീവിതത്തെക്കുറിച്ചുള്ളതാണ് ഏറെ ഇഷ്ടം. വിവേകാനന്ദ സാഹിത്യസർവസ്വം വായിച്ചിട്ടുണ്ട്.

അസുഖങ്ങൾ?

അല്പം ഷുഗറുണ്ട്. തുടങ്ങിയിട്ട് അധികനാളായില്ല.

രാഷ്ട്രീയക്കാരിൽ ആരോടാണ് അടുപ്പം?

എല്ലാവരോടും അടുപ്പമാണ്. എന്നാൽ കരുണാകരനെയാണ് കൂടുതൽ പരിചയം.

ഇ. എം. എസിനെയോ?

അദ്ദേഹത്തെ എനിക്കറിയാം. അദ്ദേഹത്തിന് എന്നെ അറിയാമെന്ന് തോന്നുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം സദസ്സിലിരുന്ന് കേട്ടിട്ടുണ്ട്. നായനാരെ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസിന്റെ അരമനയിൽവച്ച് ഒരിക്കൽ കണ്ടിട്ടുണ്ട്. എം. എം. ലോറൻസിനെ ഈയിടെ ഡൽഹിക്കുള്ള വിമാനത്തിൽ കണ്ടു. എസ്. രാമചന്ദ്രൻ പിള്ളയെ ഒരു സ്കൂൾ കാര്യത്തിനായി അടുത്ത കാലത്ത് ഞാൻ പാളയം സെന്റ് ജോർജ് പള്ളിയിൽ നിന്ന് വിളിച്ചിരുന്നു. "ഞാൻ എ. കെ. ജി. സെന്ററിലേക്ക് വരാം" എന്നു ഞാൻ പറഞ്ഞപ്പോൾ, "വേണ്ട, ഞാനങ്ങോട്ടു വരാം" എന്ന് പിള്ള പറഞ്ഞു.

മെത്രാനായിരിക്കുക സുഖമാണോ?

ഈ പ്രയാസത്തിലുള്ള സുഖമേയുള്ളു. ഇതിനൊക്കെയുള്ള പ്രതിവിധി ദൈവസന്നിധിയിൽ കിട്ടുമെന്ന വിശ്വാസക്കാരനാണ് ഞാൻ.

മരണത്തെ ഭയമുണ്ടോ?

മരണം പ്രമോഷനാണ്. ദൈവസന്നിധിയിലേക്കുള്ള യാത്രയല്ലേ...

അവശേഷിക്കുന്ന ആഗ്രഹം?

പുതിയനിയമത്തിന് ഒരു കമന്ററി എഴുതണം.

സഭയെക്കുറിച്ചുള്ള സ്വപ്നമെന്താണ്?

ഭാരതീയതയിലാണ് എനിക്ക് താൽപര്യം.

ഒടുവിൽ തിരുമേനി എന്നോട് ചോദിക്കുന്നു. ഇതിന് രാമചന്ദ്രനോട് ഞാനെങ്ങനെയാണ് നന്ദി പറയേണ്ടത്?

ഞാൻ: ചുമ്മാ 'നന്ദി' എന്നു പറഞ്ഞാൽ മാത്രം മതി.

തിരുമേനി പൊട്ടിച്ചിരിക്കുന്നു.

(നിയുക്ത കാതോലിക്കായായപ്പോൾ മനോരമയുടെ പ്രതിനിധി രാമചന്ദ്രനുമായി നടത്തിയ അഭിമുഖ സംഭാഷണമാണിത്)

കേരളത്തിലെ ക്രൈസ്തവസഭയുടെ വിഭജനപ്രവണതയും സഭാനേതൃത്വം മനസ്സിലാക്കി അതിനുള്ള മരുന്ന് കണ്ടുപിടിച്ച് പ്രയോഗിക്കേണ്ടതാണ്. സഭയുടെ വിശ്വാസം, വേദോപദേശങ്ങൾ എന്നിവയെപ്പറ്റി സഭാംഗങ്ങൾക്ക് വേണ്ടത്ര അറിവില്ലെന്നുള്ളത് അത്യന്തം സങ്കടകരമായ ഒരു സ്ഥിതി

വിശേഷമാണ്. അതുകൊണ്ടാണ് സഭയിൽ വൈദേശിക സ്വാധീനം ഉണ്ടായപ്പോൾ വേദോപദേശപ്രധാനമല്ലാത്ത കാരണങ്ങളാൽ സഭ വിഭജിക്കപ്പെടുകയും പല അധികാരികളുടെ കീഴിൽ അമരുകയും ചെയ്തത്.

സഭൈക്യത്തിന്റെ യുഗത്തിൽ കഴിയുന്ന കേരളത്തിലെ എപ്പിസ്കോപ്പൽ സഭകൾ തങ്ങൾ എവിടെയാണ് നിലകൊള്ളുന്നതെന്ന് നിശ്ചയമില്ലാതെ ഒഴുകുകയാണ്. ആദ്ധ്യാത്മിക മൂല്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള സുറിയാനിക്കാരുടെ ഈ പോക്ക് സഭയുടെ ദൗത്യനിർവഹണത്തിനും സാക്ഷ്യത്തിനും ഏൽപിച്ചുകൊണ്ടിരിക്കുന്ന ആഘാതം ആരും ഒരു സ്കെയിലുപയോഗിച്ച് അളന്നറിയുന്നില്ല. സ്വയംഭരണാവകാശമുള്ളതും അപ്പോസ്തോലിക പിൻതുടർച്ചയുള്ളതുമായ മലങ്കരസഭയ്ക്ക് ആരാധനകളിലും പ്രാർത്ഥനകളിലും കൂദാശകളിലും വിശ്വാസങ്ങളിലും ആചാരങ്ങളിലും പൗരസ്ത്യ പാരമ്പര്യമുണ്ട്. വേദപുസ്തകത്തിലെ ഉപദേശങ്ങളെ മാനിച്ചുകൊണ്ട് സുവിശേഷരംഗത്ത് മുന്നേറുകയാണ് ഇന്നത്തെ ഒരു മുഖ്യ ആവശ്യം.

കേരളത്തിലെ ഒന്നായിരുന്ന മലങ്കരസഭയിലെ കൽദായസഭ, റോമൻ കത്തോലിക്കാ സഭ, സിറിയൻ ഓർത്തഡോക്സ് സഭ, ഓർത്തഡോക്സ് സുറിയാനി സഭ, തൊഴിയൂർ സഭ (സ്വതന്ത്ര സുറിയാനി സഭ) ചർച്ച് ഓഫ് സൗത്ത് ഇന്ത്യാ, മാർത്തോമ്മാ സുറിയാനി സഭ എന്നീ എപ്പിസ്കോപ്പൽ സഭകൾ യേശുക്രിസ്തുവിന്റെ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും കൊടിക്കീഴിൽ അണിനിരന്നാലേ ഭാരതത്തിൽ നമ്മുടെ സാക്ഷ്യം ശക്തമാവുകയുള്ളു.

കാനോൻ

ക്രൈസ്തവസഭയുടെ ചിട്ടയോടുകൂടിയ ഭരണത്തിനുവേണ്ടി രൂപവൽക്കരിച്ചിട്ടുള്ള നിയമസംഹിതയാണു കാനോൻ അഥവാ സഭാനിയമം. 2000 വർഷത്തെ പാരമ്പര്യമുള്ള മലങ്കരസഭയ്ക്കു സ്വന്തമായ ഒരു കാനോൻ ഇല്ല. ഇന്നത്തെ സ്ഥിതിഗതികളുടെ പശ്ചാത്തലത്തിൽ ഒരു കാനോൻ രചിക്കാൻ കഴിവുള്ള ദൈവശാസ്ത്രജ്ഞന്മാർ, വേദശാസ്ത്രജ്ഞന്മാർ എന്നിവരാൽ ധന്യമാണു മലങ്കരസഭ. മറ്റു പല അടിസ്ഥാന കാര്യങ്ങളിലെന്നപോലെ കാനോൻ തയ്യാറാക്കാൻ സഭയ്ക്കു സാധിച്ചിട്ടില്ല എന്നത് ഒരു വലിയ കുറവാണ്.

എന്തെങ്കിലും കുഴഞ്ഞ പ്രശ്നം വരുമ്പോൾ പാരമ്പര്യത്തിന്റെ പേരിൽ 13-ാം നൂറ്റാണ്ടിൽ മഹാനായ ബാർ എബ്രായ എന്ന മഫ്രിയാന അഥവാ കാതോലിക്കാ രചിച്ച ഹൂദായ കാനോനിലെ തങ്ങൾക്കു സ്വീകാര്യമായ വകുപ്പുകൾ ആണ് ഉദ്ധരിക്കുന്നത്. കാലഹരണപ്പെട്ട ഈ കാനോൻ മലങ്കര സഭയ്ക്ക് ഇന്ന് ഒട്ടും സ്വീകാര്യമല്ല. എന്നാൽ കാനോന്റ പേരിൽ നടത്തിയ കള്ളക്കളികൾ മൂലം സഭയ്ക്കുണ്ടായ ദോഷങ്ങൾ സഭാംഗങ്ങൾ അറിഞ്ഞിരിക്കണം. സാർവ്വത്രിക സുന്നഹദോസ്, സഭാപിതാക്കന്മാർ എന്നിവരുടെ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് കാനോൻ രൂപംകൊണ്ടിട്ടുള്ളത്.

ബാർ എബ്രായയുടെ കാനോനെപ്പറ്റിയും അതിന്റെ അപ്രസക്തിയെപ്പറ്റിയും അതു ഭാഗികമായി തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയ പാമ്പാക്കുട കോനാട്ട് ഏബ്രഹാം കത്തനാർ ഹൂദായ (വിശദീകരണമുള്ള) കാനോന്റെ അവതാരികയിൽ ഇപ്രകാരം പറയുന്നു:

അവതാരിക

പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളുടെ പ്രകാശം എന്ന അപരാഭിധാനത്താൽ സുപ്രസിദ്ധനും, പൗരസ്ത്യ കാതോലിക്കാമാരുടെ ഗണത്തിൽ അഗ്രഗണ്യനും, അഗാധ പണ്ഡിതനുമായിരുന്ന മാർ ഗ്രീഗോറിയോസ് ബാർ എബ്രായ എന്ന പരിശുദ്ധ പിതാവിനാൽ വിരചിതമായിട്ടുള്ള അനേകം വിശിഷ്ട ഗ്രന്ഥങ്ങളിൽ ഒന്നാണ് ഹൂദായ കാനോൻ. "അബു അൽഫ്രജ്" എന്നു കൂടി പേരുള്ള ഈ വിശുദ്ധൻ ക്രി. 1225-ൽ ഭൂജാതനായി. സ്വദേശം കപ്പദൂക്യായിൽ മിലിത്തീനി എന്ന പട്ടണമായിരുന്നു. ഇദ്ദേഹം ഗർഭസ്ഥിതനായിരുന്ന കാലത്ത് യുദ്ധഭീതി നിമിത്തം മാതാപിതാക്കൾ ഒളിച്ചോടി നടക്കവെ, ഫ്രാത്ത് നദിതീരത്തുവച്ച് ഇദ്ദേഹത്തെ പ്രസവിക്കാനിടയായതു കാരണം "കടവിന്റെ പുത്രൻ" എന്നർത്ഥമുള്ള ബാർ എബ്രോയൊ എന്നു നാമകരണം ചെയ്യപ്പെട്ടു. അവിടെനിന്ന് അവർ അന്ത്യോഖ്യാ പട്ടണത്തിലെത്തി സ്ഥിരവാസമാരംഭിച്ചു. അവിടെവച്ച് ഇദ്ദേഹം റമ്പാനായിത്തീരുകയും തുടർന്ന് എപ്പിസ്കോപ്പായായി

ലാക്കാബീൻ, ബേറോവാ, ഹലാബ് ഈ ഇടവകകളിൽ മാറി മാറി ഭരണം നടത്തുകയും ചെയ്തു. ക്രി. 1264-ൽ പൗരസ്ത്യ കാതോലിക്കായായി അവരോധിക്കപ്പെട്ടു. ക്രി. 1286-ൽ മാറാഗാ എന്ന സ്ഥലത്തുവച്ച് കർത്താവിൽ നിദ്ര പ്രാപിച്ചു. തന്റെ മരണസമയത്തെ സൂചിപ്പിച്ചുകൊണ്ട് വളരെ മുമ്പു തന്നെ ഇദ്ദേഹം ഒരു പദ്യം എഴുതിവച്ചിരുന്നതായി പറയപ്പെടുന്നു. സുറിയാനി, ഗ്രീക്ക്, അറബി, ലത്തീൻ, എബ്രായ മുതലായ പല ഭാഷകളിലും വിവിധ ശാസ്ത്രങ്ങളിലും ഇദ്ദേഹം അതിനിപുണനായിരുന്നതിനും പുറമെ ഒരു തികഞ്ഞ വാഗ്മിയും അത്ഭുതസിദ്ധികളോടു കൂടിയ ഒരു വിശുദ്ധനുമായിരുന്നു. മുപ്പതിൽപരം വിശിഷ്ട ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

ക്രി. 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈ വിശുദ്ധൻ ആ കാലത്തിനനുയോജ്യമായ നിലയിൽ ആത്മീയവും ലൗകികവുമായ അനേകം നിയമങ്ങളെ ക്രോഡീകരിച്ച് നിർമ്മിച്ചിട്ടുള്ളതാണ് ഈ ഹൂദായ കാനോൻ. ഇന്നും ആത്മീയ സംഗതികളിൽ ഈ ഗ്രന്ഥം മാത്രമാണ് ആധാരമായിട്ടുള്ളതെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

ആധുനിക കാലത്ത് ഈദൃശ ഗ്രന്ഥങ്ങൾ വളരെ ദുർലഭവും, സുറിയാനി ഭാഷാപരിജ്ഞാനം തികച്ചും അപര്യാപ്തവുമാകയാൽ ഇതിന്റെ ഒരു മലയാള പരിഭാഷ ഏറ്റം അത്യാവശ്യമാണ്. പരേതനായ എന്റെ വന്ദ്യപിതാവ് വളരെക്കാലം മുമ്പുതന്നെ ഇതിന്റെ പരിഭാഷ ആരംഭിച്ച്, ജീവനിക്ഷേപം മാസികയിൽ അത് ഖണ്ഡശ്ശഃ പ്രസിദ്ധം ചെയ്തിരുന്നു. കുറഞ്ഞ പക്ഷം പത്തദ്ധ്യായങ്ങളെങ്കിലും പ്രസിദ്ധം ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തിൽ ആരംഭിച്ച് ആ ഉദ്യമം കൃത്യാന്തരങ്ങളാൽ പൂർത്തിയാക്കുവാനിടയായില്ല. ഈ സംരംഭം പൂർത്തിയാക്കിക്കണ്ടാൽ കൊള്ളാമെന്നാഗ്രഹമുള്ള ആളുകൾ നമ്മുടെ സഭയിൽ അനേകരുണ്ട്. വൈദികരും അവൈദികരുമായ പല സ്നേഹിതന്മാരും എന്നെ അതിനു നിർബന്ധിച്ചിരുന്നു. ഇങ്ങനെ അനേകരുടെ നിർബന്ധപൂർവ്വമായ അഭിലാഷത്തെ ആദരിച്ചാണ് ഞാൻ ഈ ഉദ്യമത്തിൽ ഏർപ്പെട്ടത്. ആദ്യത്തെ പത്തദ്ധ്യായങ്ങൾ ഇപ്പോൾ ഈ നിലയിൽ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

സുറിയാനി ഭാഷാ സാഹിത്യലോകത്ത് ഇതപര്യന്തം ഉദയം ചെയ്തിട്ടുള്ളതിൽ ഏറ്റം ഉജ്ജ്വലമായ താരം ഗ്രീഗോറിയോസ് ബാർ എബ്രായയാണ്. സുറിയാനി ഭാഷ ഏറ്റം വിദഗ്ദ്ധവും ശാസ്ത്രീയവുമായി കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള നൈപുണ്യം അനാദൃശവുമാണ്. പ്രത്യേകിച്ച് ഇതൊരു നിയമഗ്രന്ഥവും. ഈ ചുറ്റുപാടിൽ കേവലം പരിമിതമായ എന്റെ ഭാഷാ പരിജ്ഞാനത്തെ ആശ്രയിച്ചുകൊണ്ട് ഇതിനു ഞാൻ തുനിഞ്ഞത് അൽപം സാഹസമായിപ്പോയില്ലേ എന്നു പോലും എനിക്കു ഭീതിയില്ലാതില്ല. ഇതിനൊരു പരിഹാരമെന്നവണ്ണം, ഇതിന്റെ കയ്യെഴുത്തുപ്രതി ഞാൻ ബ. മാറാച്ചേരിൽ ഇട്ടീരാ മൽപാനച്ചനെ കാണിക്കയും അദ്ദേഹം ഇത്

ആദ്യവസാനം പരിശോധിക്കുകയുമുണ്ടായി. അദ്ദേഹത്തോടുള്ള എന്റെ ഹൃദയപൂർവ്വമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മൂലഗ്രന്ഥത്തിൽ ആകെ നാൽപതദ്ധ്യായങ്ങളാണുള്ളതെങ്കിലും ഇനി അവശേഷിക്കുന്ന മുപ്പതദ്ധ്യായങ്ങൾ മിക്കവാറും ഇക്കാലസ്ഥിതിക്കു കാര്യമായ പ്രയോജനമില്ലാത്ത ലൗകികനിയമങ്ങളാണ്. ആകയാൽ തൽക്കാലം അവയെ ഉപേക്ഷിക്കുന്നു.

മുഖവുര

"ഒരാൾ വിശ്വാസത്തിന്റെ നിലനിൽപ്പിനെ ലക്ഷ്യമാക്കിക്കൊണ്ട് ഒരു പ്രവൃത്തി ചെയ്തിട്ട് അത് സഭാക്രമീകരണങ്ങളുടെ അടിസ്ഥാനതത്വങ്ങൾക്കു വിരുദ്ധമായി പരിണമിക്കുന്നപക്ഷം അതുകൊണ്ട് എന്തു പ്രയോജനമാണുള്ളതെന്ന് നമ്മുടെ ഒരു മഹാൻ പറഞ്ഞിരിക്കുന്നു. ആകയാൽ ഈ നിയമഗ്രന്ഥത്തിൽ സർവ്വപ്രധാനമായി ആത്മീയവും ലൗകികവുമായ നീതിനിഷ്ഠയാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. ഇവയെ ആചരിക്കാതിരുന്നാൽ സുപ്രധാനമായ വിശ്വാസപാലനത്തിനു കോട്ടം തട്ടുകയും അന്യമതസ്ഥരാൽ അതു നിന്ദിക്കപ്പെടാനിടവരികയും ചെയ്തേക്കാം. സഭാപരങ്ങളും ലൗകികങ്ങളുമായ സകല നിയമങ്ങളും നാൽപതദ്ധ്യായങ്ങളിൽ ഖണ്ഡികകളായി വിഭജിച്ച്, ആവശ്യമായ "ഹൂദായ" സഹിതം, ഇതിൽ ഞാൻ ക്രമീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ സഭയ്ക്കും ശുശ്രൂഷകന്മാർക്കും പ്രത്യേക പരിഗണനയും നൽകിയിട്ടുണ്ട്. സഭാപരമായ നിയമങ്ങൾക്കു ക്ലിമ്മീസിന്റെ എട്ടു ഗ്രന്ഥങ്ങളിലുള്ള ശ്ലീഹന്മാരുടെ കാനോനുകളും ആദായിയുടെ ഉപദേശവും പൊതുസുന്നഹദോസ് നിശ്ചയങ്ങളുമാണ് ഞാൻ അവലംബമാക്കിയിരിക്കുന്നത്. ലൗകിക നിയമങ്ങളിൽ യൗനായ രാജാക്കന്മാരെയും ഏതു നിലയിലായിരുന്നാലും നീതിനിഷ്ഠയെ ലക്ഷ്യമാക്കിയിരിക്കുന്ന ഇതരന്മാരെയും എനിക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. ഓരോ നിയമവും അതാതിന്റെ നിർമ്മാതാവിന്റെ നാമത്തിൽ തന്നെയാണ് ഉദ്ധരിച്ചിരിക്കുന്നത്. അപ്രസിദ്ധന്മാരിൽ നിന്ന് പരമ്പരയാ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ ഹൂദായ എന്ന തലക്കെട്ടിൽ ഞാൻ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ പിതാക്കന്മാരിൽ നിന്ന് ഞാൻ അംഗീകരിച്ചിട്ടുള്ളതുപോലെതന്നെ അസ്വീകാര്യമായ ആളുകളിൽ നിന്നു പോലും സ്വീകാര്യങ്ങളായ നിയമങ്ങളെ ഞാൻ അംഗീകരിച്ചിട്ടുണ്ട്. അറിയോസുകാർ അന്ത്യോഖ്യയിൽ വച്ച് നിശ്ചയിച്ചിട്ടുള്ള 25 നിയമങ്ങൾ, ഗൻഗാറാ പട്ടണത്തിൽ വച്ച് മക്കെദോന്യർ ചെയ്ത 20 നിയമങ്ങൾ, ലേയോന്റെ കൂട്ടർ കൽക്കീദൂനായിൽ വച്ച് ഏർപ്പെടുത്തിയ 27 നിയമങ്ങൾ ഇവയാണ് അത്."

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1923-ൽ മർദ്ദീനിൽ എത്തി ഏലിയാസ് പാത്രിയർക്കീസിനെ കണ്ടു സംഭാഷണം

നടത്തുകയും തർക്കങ്ങൾ എല്ലാം തീർക്കുകയും ചെയ്തു. മടക്കയാത്രയിൽ ബഥനിയുടെ മാർ ഈവാനിയോസും പാറേട്ട് മാത്യൂസ് കത്തനാരും ബോംബെയിൽ എത്തി വട്ടശ്ശേരിൽ തിരുമേനിയേയും കൂടെ അയച്ച മാർ യൂലിയോസിനേയും, സെക്രട്ടറി ചെറിയമഠത്തിൽ സ്കറിയാ മൽപാനേയും മറ്റും സ്വീകരിച്ചു. തദവസരത്തിൽ ബഥനിയുടെ മാർ ഈവാനിയോസ് താൽപര്യപൂർവ്വം കാനോനെ സംബന്ധിച്ച തർക്കങ്ങൾക്ക് കൂടിക്കാഴ്ചയിൽ വല്ല തീരുമാനവും ഉണ്ടായോ എന്നു ദീവന്നാസ്യോസിനോടാരാഞ്ഞു. വട്ടശ്ശേരിൽ തിരുമേനി ഇങ്ങനെ മറുപടി നൽകി. "ഇക്കാര്യം സർവ്വപ്രധാനമായിത്തന്നെ നാം ഗണിച്ചിരുന്നു. ഏലിയാസ് പാത്രിയർക്കീസ് ബാവായോടു ഇതിനെപ്പറ്റി സംസാരിക്കുകയുണ്ടായി. തൃപ്തികരമായ വിധത്തിലൊന്നും അവിടുന്നു മറുപടി കൽപിച്ചില്ല. 18 അക്കം കള്ള കാനോനാണെന്നും, ശീമയിൽ നടപ്പിലിരിക്കുന്ന എ അക്കം തന്നെയാണു മലങ്കരയിലും ഉറപ്പിക്കേണ്ടതെന്നും അപേക്ഷിച്ചതിന് 'അത്തൂൻയോദ് ഈ നൂൻ' (നിങ്ങൾക്ക് അറിയാമല്ലോ) എന്നു മാത്രമായിരുന്നു മറുപടി.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ മുടക്കിയതു മലങ്കര അംഗീകരിക്കുന്ന കാനോനും, തിരുവിതാംകൂറിലേയും, കൊച്ചിയിലേയും റോയൽ കോടതികളുടെ വിധികൾ മൂലവും മുൻനടപടികൾ മൂലവും അംഗീകരിക്കപ്പെട്ടിരിക്കുന്ന സഭയുടെ ഭരണഘടനയ്ക്കും എതിരായിട്ടാണെന്നും മുടക്കു തികച്ചും അസ്വീകാര്യവും അസത്യവുമായ കാരണങ്ങളിൽ അധിഷ്ഠിതമാണെന്നും മലങ്കരസഭമേൽ പാത്രിയർക്കീസിനു ലൗകികാധികാരം ഉണ്ടെന്നു സമ്മതിക്കാഞ്ഞതു മൂലമാണെന്നും വട്ടശ്ശേരിൽ തിരുമേനിയും കൂട്ടുട്രസ്റ്റികളും വാദിച്ചു. കാനോന്റെയും മറ്റും പേരിൽ കോടതികളിൽ പോലും കള്ളം പറഞ്ഞു ഹൈന്ദവ ജഡ്ജിമാരുടെ നിന്ദയ്ക്കു പാത്രീഭവിച്ച മാർ യൂലിയോസ് മെത്രാപ്പോലീത്താ പട്ടാപ്പകൽ പറഞ്ഞ രണ്ടു കല്ലുവച്ച കള്ളങ്ങൾ ഇതാ: സമുദായക്കേസിന്റെ വിചാരണ കോട്ടയം ജില്ലാക്കോടതിയിൽ നടക്കുന്ന കാലം. മാർ യൂലിയോസിനെ തെള്ളി വക്കീൽ (ടി. ജെ. മാത്യു) ക്രോസ് വിസ്താരം ചെയ്തു.

1. അബ്ദേദ് മശിഹായെ മുടക്കിയെന്നും അതുകൊണ്ട് അദ്ദേഹം പാത്രിയർക്കീസല്ലാതായിത്തീർന്നു എന്നും പാത്രിയർക്കീസ് കക്ഷി വാദിച്ചിരുന്നു. അതു സംബന്ധിച്ചു അന്ത്യോഖ്യയിൽ നിന്ന് ഒരു രേഖയും വരുത്തി കോടതിയിൽ കൊടുത്തു. 1905-ൽ മുടക്കി എന്നാണു രേഖയിൽ പറഞ്ഞിരുന്നത്. അതു കേസിനു ദോഷമാണെന്നു കണ്ട് 1903 എന്നു വളരെ സമർത്ഥമായി തിരുത്തി. മഷി ചുരണ്ടിക്കളഞ്ഞു അതിലോലമായ കടലാസ് പുറത്ത് ഒട്ടിച്ചു പെട്ടെന്നു കണ്ടുപിടിക്കാനാവാത്തവിധത്തിൽ ആണ് അത് നടത്തിയത്. എന്നാൽ ടി. ജെ. മാത്യു വക്കീൽ ഭൂതക്കണ്ണാടി വരുത്തി കൃത്രിമം ജഡ്ജിയെ ബോദ്ധ്യപ്പെടുത്തി (ഈ കത്ത് യഥാർത്ഥത്തിൽ മഞ്ഞനിക്കര വച്ചു 1938-ൽ

മാർ യൂലിയോസ് എഴുതിയതാണെന്നു താൻ കണ്ടതായി അന്നവിടെ മൽപാനായിരുന്ന ഫാ. ഡോ. വി. സി. സാമുവേൽ "സ്വാനുഭവവേദി" എന്ന തന്റെ ആത്മകഥയിൽ പറഞ്ഞിട്ടുണ്ട്).

2. എ. അക്കം കാനോനോ, 18 അക്കം കാനോനോ മഞ്ഞനിക്കര ദയറായിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതെന്ന ചോദ്യത്തിനു 18 അക്കം എന്നു മാർ യൂലിയോസ് മറുപടി നൽകി. അങ്ങനെ എങ്കിൽ ആ കാനോന്റെ ഒരു പ്രതി ഹാജരാക്കാമോ എന്നു തെള്ളി വക്കീൽ ചോദിച്ചു. ഹാജരാക്കാം എന്ന് മാർ യൂലിയോസ് മറുപടി നൽകി. പക്ഷെ അവിടെ ഉണ്ടായിരുന്നത് പാരീസിൽ അച്ചടിച്ച എ അക്കം കാനോന്റെ പ്രതിയായിരുന്നു. അതു വക്കീലിന് അറിയാമായിരുന്നു. 18 അക്കം വേണമെങ്കിൽ വേറെ എഴുതണം. ഇതിനു കുറെ സമയം പിടിക്കും. രണ്ടാഴ്ചയോളം വക്കീൽ മെത്രാപ്പോലീത്തായെ വിസ്തരിച്ചു. ദിവസവും കാനോന്റെ പ്രതി ആവശ്യപ്പെടും. മെത്രാപ്പോലീത്താ എന്തെങ്കിലും ഒഴികഴിവു പറഞ്ഞു രക്ഷപെടും. 18 അക്കം വന്നില്ല. ജഡ്ജിക്ക് ഇക്കാര്യത്തിലും ഈ ദിവ്യന്റെ തനിനിറം മനസ്സിലായി.

അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബോംബെയിൽ വന്നപ്പോൾ കൊണ്ടുവന്ന കാനോനെപ്പറ്റി റീത്തിൽ പോയ മാർ ഈവാനിയോസ് ഇങ്ങനെ പറയുന്നു:

500 കൊല്ലം പഴക്കമുള്ള കാനോൻ പുസ്തകത്തിന്റെ ഒരു കൈയെഴുത്തുപ്രതി ബാവാതിരുമനസ്സിലെ കൈവശം അപ്പോൾ ഉണ്ടെന്നു കേട്ടതിനാൽ ഞങ്ങൾക്കെല്ലാവർക്കും വളരെ വിസ്മയവും അത്ഭുതവും തോന്നി. അതും ഇവിടെയുള്ള കയ്യെഴുത്തു കാനോൻ പുസ്തകങ്ങളും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ എന്നു പരിശോധിപ്പാനായിരുന്നു ഉടനെ ഞങ്ങൾ ഉദ്യമിച്ചത്. എല്ലാം ഒന്നിന്റെ പകർപ്പു തന്നെ എന്നു ബോദ്ധ്യപ്പെട്ടു. ഹൂദായ കാനോൻ എന്നു പറയപ്പെടുന്നത്, പല സുന്നഹദോസുകളിലേയും പ്രമേയങ്ങൾ, വിശുദ്ധ പിതാക്കന്മാരുടെ കൽപനകൾ, അവരുടെ ഉപദേശങ്ങൾ എന്നിവ അനുക്രമം എഴുതി ചേർക്കപ്പെട്ടിട്ടുള്ള ഒരു പുസ്തകമാണെന്ന് ഏവർക്കും അറിയാവുന്നതാണല്ലോ. ഈ പുസ്തകത്തെ സംബന്ധിച്ചിടത്തോളം കാര്യവശാൽ പല പര്യവേഷണങ്ങളും നടത്തുവാൻ നമുക്കിടയായിട്ടുണ്ട്. പൂർവിക സുന്നഹദോസുകളിൽ സംബന്ധിച്ച പിതാക്കന്മാരുടെ ഭാഷ യൗനായയായിരുന്നതുകൊണ്ട് ആ ഭാഷയിലായിരുന്നു പ്രമേയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ശരിപകർപ്പും അതോടൊന്നിച്ച് അതിന്റെ അനുപദ ഇംഗ്ലീഷു തർജ്ജിമയും കൂട്ടിച്ചേർത്ത് അച്ചടിക്കപ്പെട്ടിട്ടുള്ള പുസ്തകത്തിനും 19-ാം ശതവർഷത്തിന്റെ മദ്ധ്യകാലത്തോടടുത്ത് പഴയസെമിനാരിയിലും അനന്തരം സി. എം. എസ്. വിദ്യാശാലയിലും സുറിയാനി ഭാഷാഭ്യസനം നടത്തിയിരുന്നപ്പോൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ കാനോൻ തർജ്ജിമയ്ക്കും,

പരുമല കബറടങ്ങിയിട്ടുള്ള വന്ദ്യപിതാവായ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ സ്വന്തം കൈപ്പടയിൽ എഴുതപ്പെട്ടിട്ടുള്ള സുറിയാനി കാനോൻ പുസ്തകത്തിന്റെ പകർപ്പുകളും തർജ്ജിമകളും ഒന്നുതന്നെയെന്നും നമുക്കു ബോധ്യപ്പെട്ടിട്ടുണ്ട്. വട്ടിപ്പണക്കേസിനു ട്രസ്റ്റികളുടെ ഭാഗത്തു നിന്നു ഹാജരാക്കപ്പെട്ടിട്ടുള്ളതും '18 അക്കം' എന്ന പേരിൽ അറിയപ്പെടുന്നതുമായ കാനോൻ പുസ്തകം മാത്രം ഇവയിൽ നിന്ന് സർവ്വപ്രധാനമായ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായിരിക്കുന്നു. അത് വ്യാജനിർമ്മിതമാണെന്നുള്ളത് നിസ്തർക്കമാണ്.

കള്ളക്കളി

സ്വന്തമായി കാനോൻ ഇല്ലാത്തതിനാൽ ഹൂദായ കാനോനാണ് മലങ്കര സഭ അംഗീകരിച്ചിരിക്കുന്നതെങ്കിലും സഭാകേസുകളിൽ ഹൂദായ കാനോന്റെ വിവിധ പതിപ്പുകൾ കോടതികളുടെ പരിഗണനയിൽ വന്നിട്ടുണ്ട്. ഇവയിൽ സഭയ്ക്കു ബാധകമായ പ്രതി ഏതെന്നതിനെ സംബന്ധിച്ച വ്യത്യസ്തങ്ങളായ തീരുമാനങ്ങളാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ, മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടന അംഗീകരിക്കപ്പെട്ടതോടെ ഈ തർക്കങ്ങൾക്ക് വിരാമമായി. ഭരണഘടനയുടെ 5-ാം വകുപ്പ്, സഭയുടെ ബാധകമായ കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ടതും 1898-ൽ പാരീസിൽ അച്ചടിച്ചതുമായ ഹൂദായ കാനോനാണെന്ന് വ്യക്തമാക്കുന്നു.

കാനോൻ സംബന്ധിച്ച തർക്കങ്ങൾ ആദ്യമായി ഉയർന്നത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും തോമസ് മാർ അത്താനാസ്യോസ് (നവീകരണ മാർത്തോമ്മാ വിഭാഗം) മെത്രാപ്പോലീത്തായും തമ്മിലുള്ള കേസുകളിലാണ്. പാത്രിയർക്കീസിനാൽ വാഴിക്കപ്പെടാത്ത തോമസ് മാർ അത്താനാസ്യോസിന് സഭയുടെ സ്വത്തുക്കളിലുള്ള അവകാശം സംബന്ധിച്ചായിരുന്നു കേസുകൾ. അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭയിൽ യാതൊരു അധികാരവുമില്ലെന്നു കാണിക്കുവാൻ നവീകരണവിഭാഗം 'മലങ്കര കാനോൻ' എന്നൊരു നൂതന സൃഷ്ടി കോടതിയിൽ ഹാജരാക്കി. തിരുവിതാംകൂറിലേയും കൊച്ചിയിലേയും പരമോന്നത കോടതികളായിരുന്ന റോയൽ കോടതികൾ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി കേസുകൾ വിധിച്ചു.

കാനോൻ തർക്കം കൂടുതൽ പ്രസക്തമായത് പിന്നീടുണ്ടായ വട്ടിപ്പണക്കേസിലാണ്. ആറാം മാർത്തോമ്മാ വലിയ മാർ ദീവന്നാസ്യോസ് 1808-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിക്ഷേപിച്ച വട്ടിപ്പണമായ 10,500 രൂപയ്ക്കുള്ള (3000 പൂവരാഹൻ) പലിശ രണ്ടു കൂട്ടർ അവകാശപ്പെട്ടപ്പോൾ അവകാശികൾ ഏതെന്ന് തീരുമാനിക്കുന്നതിന് ബ്രിട്ടീഷ് അധികാരികൾ തിരുവനന്തപുരം ജില്ലാകോടതിയിൽ (1913-ൽ) ഫയൽചെയ്ത കേസാണിത്.

1911-ൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് മുടക്കുകയും തൽസ്ഥാനത്ത് മാർ കൂറിലോസിനെ മലങ്കര മെത്രാനായി പാത്രിയർക്കീസ് അവരോധിക്കുകയും ചെയ്തു. കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ ഈ മുടക്ക് അസാധുവാണെന്ന് പ്രഖ്യാപിച്ചു. പാത്രിയർക്കീസ് പക്ഷത്തേക്ക് മാറിയ വൈദിക-അത്മായ ട്രസ്റ്റികളെ നീക്കം ചെയ്ത് പുതിയ ട്രസ്റ്റിമാരെ യോഗം തെരഞ്ഞെടുത്തു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസും പുതിയ ട്രസ്റ്റിമാരും (മെത്രാൻ കക്ഷി) ഒരു ഭാഗത്തും പാത്രിയർക്കീസ് ബാവായെ അനുകൂലിച്ച മാർ കൂറിലോസും മുൻ വൈദിക-അത്മായ ട്രസ്റ്റിമാരും (ബാവാ കക്ഷി) മറുഭാഗത്തുമായി വട്ടപ്പണക്കേസിലെ വിസ്താരം നടന്നു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയതിന്റെ നിയമസാധുതയായിരുന്നു കേസിലെ പ്രധാന തർക്കവിഷയം. മെത്രാപ്പോലീത്തായെ മുടക്കുവാൻ കാനോൻപ്രകാരം പാത്രിയർക്കീസിന് അധികാരമുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കേണ്ടതായി വന്നു. ഇതിനായി പാത്രിയർക്കീസിനെ പിന്താങ്ങുന്ന വിഭാഗം, കേസിൽ 18-ാം അക്കമായി തെളിവിൽ സ്വീകരിച്ച കാനോൻ ഫയൽ ചെയ്തു. മലങ്കര മെത്രാപ്പോലീത്താ സമർപ്പിച്ച കാനോൻ 'എ' അക്കമായി നമ്പരിട്ടു.

തിരുവിതാംകൂർ റോയൽ കോടതിയിലെ കേസിൽ ഹാജരാക്കിയ കാനോൻ പതിപ്പുകൾ വട്ടിപ്പണക്കേസിന്റെ പരിഗണനയിൽ വന്നിരുന്നില്ല. എന്നാൽ 18 അക്കം കാനോന്റെ തന്നെ ഒരു പകർപ്പാണ് ഈ കോടതിയിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഭാഗത്തുനിന്നും ബോധിപ്പിച്ചിരുന്നതെന്ന് പാത്രിയർക്കീസ് വിഭാഗം വാദിച്ചു.

18 അക്കം കാനോനും 'എ' അക്കം കാനോനും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ പാത്രിയർക്കീസിന്റെ അധികാരം സംബന്ധിച്ചാണ്. അവ താഴെ കൊടുത്തിട്ടുള്ളപ്രകാരം സംഗ്രഹിക്കാം.

1. 18 അക്കം കാനോൻപ്രകാരം പാത്രിയർക്കീസിനോ കാതോലിക്കായ്ക്കോ മാത്രമാണ് മൂറോൻ കൂദാശ ചെയ്യുവാൻ അധികാരം. പാത്രിയർക്കീസ് അധികാരപ്പെടുത്താതെ ഒരു മെത്രാപ്പോലീത്തായ്ക്കോ എപ്പിസ്കോപ്പായ്ക്കോ ഇതിനധികാരമില്ല. എന്നാൽ 'എ' അക്കം പ്രകാരം ഏതൊരു മെത്രാപ്പോലീത്തായ്ക്കും, പാത്രിയർക്കീസിന്റെ അധികാരമില്ലാതെ തന്നെ, മൂറോൻ കൂദാശ ചെയ്യാം.

2. കിഴക്കിന്റെ കാതോലിക്കായും (തെഗ്രീസിലെ മഫ്രിയാനാ) മെത്രാന്മാരും അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴ്പ്പെട്ടിരിക്കണമെന്ന് 18 അക്കം കാനോൻ അനുശാസിക്കുന്നു. 'എ' അക്കത്തിൽ ഈ ഭാഗം കാണുന്നില്ല.

പാത്രിയർക്കീസിന്റെ അധികാരസീമയിൽ കാതോലിക്കായോ കാതോലിക്കായുടെ അധികാരസീമയിൽ, ക്ഷണിക്കപ്പെടാതെ പാത്രിയർക്കീസോ പ്രവേശിക്കുവാൻ പാടില്ലെന്ന് 'എ' അക്കം വ്യക്തമാക്കുന്നു. കാതോലിക്കായെ കൂടാതെ പാത്രിയർക്കീസിനെ വാഴിച്ചുകൂടാ എന്നും അപ്രകാരം ചെയ്യുന്ന പക്ഷം കിഴക്കർക്കു തനിച്ച് കാതോലിക്കായെ വാഴിക്കുവാൻ അവകാശമുണ്ടെന്നും 'എ' അക്കം തുടർന്നു പ്രസ്താവിക്കുന്നു.

3. 18 അക്കം കാനോൻ അനുസരിച്ച് പാത്രിയർക്കീസിന്റെ താൽപര്യപ്രകാരമല്ലാതെ കിഴക്കിന്റെ കാതോലിക്കായ്ക്ക് തനിച്ച് കാതോലിക്കായെയോ (മഫ്രിയാനയെയോ) മെത്രാപ്പോലീത്തായെയോ വാഴിക്കുവാനുള്ള അധികാരമില്ല; പാത്രിയർക്കീസാണ് കാതോലിക്കായെ വാഴിക്കേണ്ടത്. എന്നാൽ മൂന്ന് മെത്രാപ്പോലീത്താമാർ ചേർന്ന് പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരം ഒരു മെത്രാപ്പോലീത്തായെയോ എപ്പിസ്കോപ്പായെയോ വാഴിക്കുന്നതിൽ തെറ്റില്ല. 'എ' അക്കം കാനോനിൻ ഈ ഭാഗങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

4. പാത്രിയർക്കീസിന്റെ അധികാരസീമയെ 18 അക്കത്തിൽ സിംഹാസനമെന്നും മെത്രാപ്പോലീത്തായുടെ പരിധിയെ ഇടവകയെന്നും നാമകരണം ചെയ്തിട്ടുള്ളപ്പോൾ ഈ രണ്ട് അധികാരാതിർത്തികളെയും സൂചിപ്പിക്കുന്നതിനു സിംഹാസനമെന്ന പദം എ അക്കത്തിൽ ഉപയോഗിച്ചിരിക്കുന്നു.

5. 18 അക്കം കാനോൻപ്രകാരം മെത്രാപ്പോലീത്താമാരെയും എപ്പിസ്കോപ്പാമാരെയും പുറത്താക്കുവാനുള്ള അധികാരം പാത്രിയർക്കീസിനും കാതോലിക്കായ്ക്കുമുണ്ട്. എന്നാൽ 'എ' അക്കത്തിൽ ഇതെക്കുറിച്ച് പരാമർശമില്ല.

വട്ടിപ്പണക്കേസിൽ 'എ' അക്കത്തോടൊപ്പം അതിനു സദൃശങ്ങളായ 4 കാനോനുകൾ കൂടി ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഭാഗത്തു നിന്നും ഹാജരാക്കി. അതിലൊന്ന് (തെളിവിൽ 'ബി' അക്കമിട്ട പ്രമാണം) പ. പരുമല തിരുമേനിയുടെ കൈപ്പടയിലുള്ളതായിരുന്നു.

'എ' അക്കം മാത്രമായിരുന്നു കേസിൽ ഹാജരാക്കിയ അച്ചടിച്ച കാനോൻ. 1898-ൽ പാരീസിൽ പ്രസിദ്ധീകരിച്ചതും ബാർ എബ്രായയാൽ എഴുതപ്പെട്ടതുമായ ഹൂദായ കാനോനിൽ പാരീസ് ലൈബ്രറിയിൽ സൂക്ഷിച്ചിരുന്നതും 1498-ൽ എഴുതപ്പെട്ടതുമായ കാനോനെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണിത്. പാത്രിയർക്കീസിന്റെ മലങ്കരയിലെ പ്രതിനിധിയായിരുന്ന സ്ലീബാ മാർ ഒസ്താത്തിയോസിന്റെ കൈപ്പടയിലുള്ളതാണ് 18 അക്കം കാനോൻ എന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ ഭാഗത്തു നിന്നും തർക്കിച്ചു.

വട്ടിപ്പണക്കേസിൽ തിരുവനന്തപുരം ജില്ലാക്കോടതി 'എ' അക്കം കാനോനാണ് ശരിയായ കാനോനെന്നു വിധിയെഴുതി. 18 അക്കം തിരസ്കരിച്ചു. 'എ' അക്കം സ്വീകരിക്കുവാൻ താഴെപ്പറയുന്ന ന്യായങ്ങളാണ് ജില്ലാക്കോടതി ചൂണ്ടിക്കാണിച്ചത്.

1. കേസിലെ 5-ാം പ്രതിയും പാത്രിയർക്കീസ് ഭാഗം വൈദികട്രസ്റ്റിയുമായ കോനാട്ട് കോര മാത്തൻ മൽപ്പാൻ പ്രസിദ്ധീകരിച്ചുവന്ന 'ജീവ നിക്ഷേപം' എന്ന മാസികയിൽ കാനോൻ പരിഭാഷപ്പെടുത്തി ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നു. കാനോൻ നിയമത്തിൽ പാണ്ഡിത്യം നേടിയ മൽപ്പാൻ ശരിയായ കാനോനല്ലേ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൂ?

2. യൂലിയസ് അൽവാരിസ് മെത്രാപ്പോലീത്തായെ മുടക്കിക്കൊണ്ടുള്ള പാത്രിയർക്കീസിന്റെ കൽപനയിൽ (ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ മുടക്കി ഏതാനും മാസങ്ങൾ കഴിഞ്ഞ്) സൂചനയായി കാണിച്ചിരുന്നത് 'എ' അക്കം കാനോനിലെ പ്രസക്തങ്ങളായ നിശ്ചയങ്ങളാണ്. ഇവ 18 അക്കത്തിൽ ഇല്ല താനും. ഈ കൽപനയിൽ പാത്രിയർക്കീസ് ഭാഗം മലങ്കര മെത്രാപ്പോലീത്താ മാർ കൂറിലോസും അദ്ദേഹത്തിന്റെ പിൻഗാമി മാർ പൗലോസ് അത്താനാസിയോസും പാത്രിയർക്കിസ് ബാവായുടെ മലങ്കരയിലെ പ്രതിനിധി സ്ലീബാ മാർ ഒസ്താത്തിയോസും പാത്രിയർക്കീസും മലങ്കരയിൽ വന്ന ശേഷം വാഴിച്ച മാർ സേവേറിയോസും ഒപ്പിട്ടിരുന്നു.

3. പാത്രിയർക്കീസ് ബാവാ മലങ്കരയിലെ ജനങ്ങൾക്കായി പുറപ്പെടുവിച്ച ഒരു കൽപനയിൽ 26 വയസ്സിനു മുമ്പ് ആർക്കും കശ്ശീശ്ശയായി പട്ടം നൽകരുതെന്ന് ഉദ്ബോധിപ്പിച്ചിരുന്നു. ഇത് 'എ' അക്കം കാനോനിനനുസൃതമാണ്. 18 അക്ക പ്രകാരമല്ല.

4. പാത്രിയർക്കീസിന്റെ പ്രതിനിധി മാർ ഒസ്താത്തിയോസ് കാനോനെപ്പറ്റി പഠിക്കണമെന്നാഗ്രഹിച്ചവർക്കു വിതരണം ചെയ്തത് 'എ' അക്കം കാനോന്റെ പ്രതികളായിരുന്നുവെന്നും കേസിന്റെ തെളിവെടുപ്പുവേളയിൽ സമ്മതിച്ചു.

വട്ടിപ്പണക്കേസിന്റെ അപ്പീലിൽ (1923-ൽ) തിരുവിതാംകൂർ ഹൈക്കോടതി 18 അക്കമാണ് ശരിയായ കാനോനെന്ന് അഭിപ്രായപ്പെട്ടു. നവീകരണക്കാരുടെ കേസിലെ വിധി 18 അക്കം കാനോനെ അടിസ്ഥാനമാക്കിയായിരുന്നു എന്ന പാത്രിയർക്കീസ് ഭാഗത്തിന്റെ വാദം ശരിയാണെന്നു തെറ്റിദ്ധരിച്ചാണ് ഹൈക്കോടതി ഈ അഭിപ്രായത്തിലെത്തിയത്. 18 അക്കം കാനോന്റെ വെളിച്ചത്തിൽ പാത്രിയർക്കീസിന് മലങ്കര മെത്രാപ്പോലീത്തായെ മുടക്കുവാൻ അധികാരമുണ്ടെന്നും വട്ടശ്ശേരിൽ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ മുടക്കിയിട്ടുള്ളത് സാധുവാണെന്നും ഹൈക്കോടതി തീർപ്പു കൽപ്പിച്ചു.

എന്നാൽ തിരുവിതാംകൂർ ഹൈക്കോടതി തന്നെ (1928-ൽ) പ്രസ്തുത വിധി പുനഃപരിശോധിക്കുകയും ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ മുടക്കിയത് അസാധുവാണെന്നും മുടക്ക് സാമാന്യനീതിക്ക് നിരക്കുന്നതല്ലെന്നും ഉത്തരവായി.

വട്ടശ്ശേരിൽ തിരുമേനിയും കൂട്ടരും സഭയ്ക്കിതരാകുകയോ പുതിയ സഭ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല എന്നും ഹൈക്കോടതി തീർച്ചപ്പെടുത്തി. പാത്രിയർക്കീസിനു മലങ്കരയിലുള്ള അധികാരങ്ങൾ ഫലത്തിൽ ഇല്ലാതാക്കിക്കൊണ്ട് (അപ്രത്യക്ഷമാകുന്ന ബിന്ദുവിൽ എത്തിച്ചുകൊണ്ട്) മൂറോൻ കൂദാശ ചെയ്യുന്നതിനും മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതിനുമുള്ള അധികാരത്തോടുകൂടി, അബ്ദേദ് മിശിഹാ പാത്രിയർക്കീസ് സെലൂക്യയിൽ നിന്നും മലങ്കരയിലേയ്ക്ക് 1912-ൽ മാറ്റി സ്ഥാപിച്ച കാതോലിക്കാ സ്ഥാപനം അംഗീകരിച്ചതിലൂടെ വട്ടശ്ശേരിൽ തിരുമേനിയും കൂട്ടരും സഭയ്ക്കിതരരായെന്നു പാത്രിയർക്കീസ് വിഭാഗം ആരോപിച്ചിരുന്നു.

വട്ടിപ്പണക്കേസിന്റെ വിധി മൂലം യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയാണെന്നും വട്ടിപ്പണത്തിന്റെ പലിശയ്ക്ക് അദ്ദേഹവും അദ്ദേഹത്തിന്റെ പക്ഷത്തുള്ള മറ്റു ട്രസ്റ്റിമാരുമാണ് അർഹരെന്നും വന്നു ചേർന്നു.

വട്ടിപ്പണക്കേസിൽ അവസാന തീർപ്പുണ്ടായി ഏതാനും ആഴ്ച കഴിഞ്ഞപ്പോൾ മലങ്കര സഭയിലുണ്ടായിരുന്ന പാത്രിയർക്കീസിന്റെ പ്രതിനിധി യൂലിയോസ് മാർ ഏലിയാസ് രണ്ട് ദിവസങ്ങൾക്കുള്ളിൽ ഒരു ഉടമ്പടി എഴുതി കൊടുക്കുവാൻ വട്ടശ്ശേരിൽ തിരുമേനിയോടാവശ്യപ്പെട്ടു. അതോടൊപ്പംതന്നെ, 'അന്ത്യോഖ്യൻ സിംഹാസനത്തിനെതിരെ ഗൗരവതരമായ പാതകങ്ങൾ ചെയ്തതിനാലും ഭരണത്തിലിരുന്ന പാത്രിയർക്കീസിനെ ധിക്കരിച്ചതിനാലും തിരുമേനിയെ മുടക്കുന്നതായി' കാണിച്ച് മാർ യൂലിയോസ് കൽപന കൊടുക്കുകയുമുണ്ടായി.

1934 ഡിസംബർ 26-നു മലങ്കര അസോസിയേഷൻ കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന്, കാതോലിക്കാ ബാവാ തന്നെ മലങ്കര മെത്രാപ്പോലീത്തായുടെ ചുമതലകൾ കൂടി വഹിക്കണമെന്നു തീരുമാനിക്കുകയും ഗീവർഗീസ് ദ്വിതീയൻ ബാവായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കുകയും സഭാഭരണഘടന പാസ്സാക്കുകയും ചെയ്തു.

1935 ആഗസ്റ്റ് 22-നു മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുവാൻ പാത്രിയർക്കീസ് വിഭാഗം അവരുടെ പക്ഷത്തുള്ള പള്ളിപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം കരിങ്ങാച്ചിറയിൽ കൂടി. ഈ യോഗത്തിൽ മാർ പൗലോസ് അത്താനാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കുകയും കാതോലിക്കാ വിഭാഗക്കാരായ വൈദിക അത്മായ ട്രസ്റ്റികളെ നീക്കം ചെയ്തു എന്നു രേഖപ്പെടുത്തി പുതിയ വൈദിക ട്രസ്റ്റിയെയും അത്മായ ട്രസ്റ്റിയെയും നിയമിക്കുകയുമുണ്ടായി. കാതോലിക്കാ വിഭാഗത്തിൽ നിന്ന് സഭ വക സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിന് വ്യവഹാരം നടത്തുവാൻ പുതിയ ഭാരവാഹികളെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തു.

ഈ തീരുമാനപ്രകാരം പുതിയ സ്ഥാനികൾ വാദികളായി 1938-ൽ കോട്ടയം ജില്ലാക്കോടതിയിൽ ഫയൽ ചെയ്ത കേസാണ് 1958-ലെ സുപ്രീംകോടതി വിധിയിലവസാനിച്ച സമുദായക്കേസ്.

'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ' എന്ന പുതിയ സഭ സ്ഥാപിച്ചതിനാലും ഒന്നാം പ്രതി, കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമാണെന്ന് അവകാശപ്പെട്ടതിനാലും മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിനാലും മൂറോൻ കൂദാശ ചെയ്യുവാനും മെത്രാപ്പോലീത്താമാരെ വാഴിക്കുവാനും മെത്രാപ്പോലീത്തന്മാർക്ക് ഇടവക ഭാഗിച്ചു കൊടുക്കുവാനും പാത്രിയർക്കീസിന്റെ അനുമതി ആവശ്യമില്ലെന്ന നിലപാടു കൈക്കൊണ്ടതിനാലും റശ്ശീശാ കാതോലിക്കായ്ക്ക് കൊടുക്കുവാൻ വ്യവസ്ഥ ഉണ്ടാക്കിയതിനാലും കാതോലിക്കാ വിഭാഗം സഭയ്ക്കിതരരായി എന്നും പാത്രിയർക്കീസ് വിഭാഗം കേസിൽ തർക്കിച്ചു. സഭയിലെ സ്വത്തുക്കളുടെ ഉടമസ്ഥത പുരാതന യാക്കോബായ സഭയ്ക്കും അതിന്റെ ഭാരവാഹികളായ തങ്ങൾക്കുമാണെന്നായിരുന്നു വാദികളുടെ അവകാശവാദം.

കാനോൻ, കാതോലിക്കേറ്റ് എന്നീ വിഷയങ്ങളോട് വാദികൾ കൈക്കൊണ്ട സമീപനവും മെത്രാന്മാരെ വാഴിക്കുവാനും മുടക്കുവാനും പാത്രിയർക്കീസിനുള്ള അധികാരം സംബന്ധിച്ച നിലപാടു മൂലം അവരാണ് സ്വയം സഭയിൽ നിന്നും വേർപെട്ടതെന്ന് കാതോലിക്കാ വിഭാഗവും വാദിച്ചു.

കേസിലെ വാദികളും പ്രതികളും പരസ്പരം ഉന്നയിച്ച ആരോപണങ്ങളിൽ തീരുമാനമെടുക്കുന്നതിന് ശരിയായ കാനോൻ ഏതെന്നു നിർണ്ണയിക്കേണ്ടത് ആവശ്യമായി വന്ന വട്ടിപ്പണക്കേസിൽ 'എ' അക്കമായി നമ്പരിട്ട പ്രമാണമാണ് ശരിയായ കാനോനെന്നു സമർത്ഥിച്ചുകൊണ്ട് കാതോലിക്കാ പക്ഷത്തിനനുകൂലമായ വിധി പ്രസ്താവിച്ചു. എന്നാൽ 18 അക്കമാണ് ശരിയായ കാനോനെന്ന ജില്ലാക്കോടതി വിധി അസ്ഥിരപ്പെടുത്തി കേരള ഹൈക്കോടതി രേഖപ്പെടുത്തി.

സമുദായകേസ് സുപ്രീംകോടതിയിലെത്തി. വട്ടിപ്പണക്കേസിൽ തീരുമാനമായതോ വട്ടിപ്പണക്കേസിൽ അവശ്യം ഉണ്ടായിരിക്കേണ്ടിയിരുന്നതോ ആയ തർക്കങ്ങൾ തന്നെയാണ് കാതോലിക്കാ വിഭാഗം സഭയ്ക്കിതരരായി എന്നു കാണിക്കുവാൻ പാത്രിയർക്കീസ് വിഭാഗം ഉന്നയിച്ചിട്ടുള്ളതെന്നു കോടതി കണ്ടെത്തി. ഈ തർക്കങ്ങളിൽ കാതോലിക്കാ പക്ഷത്തിനനുകൂലമായി വട്ടിപ്പണക്കേസിൽ തീരുമാനം ചെയ്തിട്ടുള്ളതാണെന്നും അവ പുനഃപരിശോധിക്കുന്നതിനു വാദതടസം (റസ് ജുഡിക്കേറ്റാ) ഉണ്ടെന്നും സുപ്രീംകോടതി വിധിച്ചു.

കേസിലെ ഇരുകക്ഷികളും പരസ്പരം ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ, ഏതെങ്കിലും വിഭാഗം സഭയ്ക്കിതരരായി എന്നു പരിശോധി

ക്കുന്നതിനു മാത്രമാണ് ജില്ലാക്കോടതിയും ഹൈക്കോടതിയും കാനോൻ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നത്.

പാത്രിയർക്കീസ് വിഭാഗം ഉന്നയിച്ചിരുന്ന പരാതികൾ മുമ്പേ തന്നെ വട്ടിപ്പണക്കേസിൽ തീരുമാനിക്കപ്പെട്ടിരുന്നതിനാൽ കാനോൻ വിഷയത്തിൽ പ്രത്യേകമായി തീരുമാനം ചെയ്യേണ്ടിയിരുന്നില്ല എന്നായിരുന്നു സുപ്രീംകോടതിയുടെ നിലപാട്. ഈ പതനത്തിൽ, സഭാഭരണഘടനയിൽ 'എ' അക്കം കാനോൻ സ്വീകരിക്കുകയും 18 അക്കം തിരസ്കരിക്കുകയും ചെയ്തതു മൂലം കാതോലിക്കാ വിഭാഗം സഭയ്ക്ക് പുറത്തു പോകുകയോ സഭ സ്ഥാപിക്കുകയോ ഉണ്ടായോ എന്നു പരിശോധിക്കണമെന്നു വാദികൾ ആവശ്യപ്പെട്ടു. എന്നാൽ ഇത്തരത്തിലുള്ള തർക്കം അവരുടെ അന്യായത്തിലില്ല എന്നു കോടതി ചൂണ്ടിക്കാട്ടി. കാനോൻ സംബന്ധിച്ച പരാതി, ഈ നിലയിലും, പരിഗണനാർഹമല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് സുപ്രീംകോടതി കാതോലിക്കാ പക്ഷത്തിനനുകൂലമായി ജില്ലാക്കോടതി ഡിക്രി സ്ഥിരപ്പെടുത്തിക്കൊണ്ട് സമുദായകേസിൽ അന്തിമവിധി പുറപ്പെടുവിച്ചു.

1990–ൽ കേരള ഹൈക്കോടതി തീർപ്പു കൽപ്പിച്ച രണ്ടാം സമുദായക്കേസിൽ, മുൻ കേസുകളിലെ വിധികളുടെ അടിസ്ഥാനത്തിൽ 'എ' അക്കമാണ് ശരിയായ കാനോൻ എന്നു കാതോലിക്കാപക്ഷവും 18 അക്കമാണു ശരിയായ കാനോനെന്നു പാത്രിയർക്കീസ് പക്ഷവും വാദിച്ചു. വട്ടിപ്പണകേസിലും സമുദായ കേസിലും കാനോൻ കാര്യത്തിൽ ഉണ്ടായ തീരുമാനങ്ങൾ റെസ് ജൂഡിക്കേറ്റ ആകുന്നില്ലെന്നു ഹൈക്കോടതി തീർപ്പു കൽപ്പിച്ചു. ശരിയായ കാനോൻ ഏതെന്നു കാണുന്നതിന് കേസിൽ സ്വതന്ത്രമായ തെളിവുകൾ ഉണ്ടായിരുന്നതുമില്ല. ഇക്കാരണങ്ങളാൽ കാനോൻ തർക്കത്തിൽ പ്രത്യേകമായി ഹൈക്കോടതി തീരുമാനം കൈക്കൊണ്ടില്ല. എന്നാൽ, 1934–ലെ സഭാഭരണഘടന സഭയിലെ എല്ലാ അംഗങ്ങൾക്കും പള്ളികൾക്കും സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് ഹൈക്കോടതി വിധിക്കുകയുണ്ടായി.

1998 ഏപ്രിൽ മുതൽ 1999 ജൂൺ വരെ

കഴിഞ്ഞ 15 മാസം, രാഷ്ട്രത്തിനെന്നപോലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കും വളരെ നിർണ്ണായകമായ ഒരു കാലഘട്ടമായിരുന്നു. കാറ്റും കോളും നിറഞ്ഞ സാഗരത്തിലൂടെ സഞ്ചരിക്കുന്ന ഒരു കപ്പലിനെ ദൃഢനിശ്ചയത്തോടും ലക്ഷ്യബോധത്തോടും നയിക്കുന്ന സമർത്ഥനായ ഒരു കപ്പിത്താനെപ്പോലെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സഭാനൗകയെ നയിച്ചു എന്നു പറയുമ്പോൾ അദ്ദേഹത്തിനു നോട്ട പ്പിശകൊന്നും ഉണ്ടായില്ല എന്നർത്ഥമില്ല. സഭാസമാധാനശ്രമം സംബന്ധിച്ച പ്രതിസന്ധികൾ, യഥാസമയം മലങ്കര അസോസിയേഷൻ നടത്താതിരുന്നത്, സുപ്രീംകോടതിയിലെ കേസിന്റെ അനിശ്ചിതമായ ഗതി, കടമറ്റം, കോല ഞ്ചേരി, കട്ടച്ചിറ പള്ളി പ്രശ്നങ്ങൾ, വൈദിക മർദ്ദനം, വടക്കൻ പ്രദേശത്തെ നിലയ്ക്കാത്ത പള്ളിക്കേസുകൾ, മൂവാറ്റുപുഴ അരമനയ്ക്കു നേരെ പാതിരാ ത്രിയിൽ ഉണ്ടായ കിരാതമായ കടന്നാക്രമണങ്ങൾ, പാത്രിയർക്കീസ് വിഭാ ഗത്തിന്റെ വ്യാജപ്രസ്താവന പ്രളയം, കുന്നംകുളം ഭദ്രാസനത്തിലെ അക്രൈ സ്തവ പ്രവണതകൾ, കണ്ടനാട് ഭദ്രാസനത്തിലെ മെത്രാന്മാരുടെ പരസ്പര സഹകരണരാഹിത്യം, മലങ്കരസഭ അറിയാതെ ഒരു മെത്രാനെ വാഴിച്ചു കൊണ്ടുള്ള പാത്രിയർക്കീസ് ബാവായുടെ അനധികൃത കൈകടത്തൽ, നിയ മവിരുദ്ധ പള്ളിപ്രതിപുരുഷയോഗം കൂടി പുതിയ ഭാരവാഹികളെ തെരഞ്ഞെ ടുക്കാനുള്ള വിരുദ്ധ ഗ്രൂപ്പിന്റെ നീക്കം, ക്രൈസ്തവ മതപീഡനം എന്നിവ എല്ലാം കഴിഞ്ഞ ഒരു വർഷത്തെ സഭാചരിത്രത്തിലെ കരിപുരണ്ട അധ്യായ ത്തിലെ ഖണ്ഡികകളാണ്. ഇവ സംബന്ധിച്ച വിശദവിവരങ്ങൾ സഭയ്ക്കോ സഭാംഗങ്ങൾക്കോ ഒട്ടും ഭൂഷണമല്ലാത്തതിനാൽ വിട്ടുകളയുകയാണ്. എന്നാൽ ഈ കറുത്ത അധ്യായങ്ങൾ യഥാർത്ഥ വെളിച്ചത്തിലേക്കു നയി ക്കുവാൻ സഹായമാകുമെന്നുള്ള അഭിപ്രായത്തിന് അടിസ്ഥാനമില്ലെന്നു പറ യാനും സാധ്യമല്ല.

ഈ കാർമേഘങ്ങൾക്കിടയിലും സഭാചക്രവാളത്തിൽ വെള്ളിരേഖകൾ കാണാൻ കഴിഞ്ഞു എന്നത് സഭയെ സംബന്ധിച്ചിടത്തോളം ശുഭകരമാണ്. വിഘടിത മെത്രാന്മാർ സ്റ്റാറ്റസ്കോയുടെ ആനുകൂല്യം ലഭിക്കാൻ സഭാ ഭര ണഘടന അംഗീകരിച്ചു എന്ന് കോടതികളെ അറിയിച്ചതും മുൻ പാത്രിയർ ക്കീസ് ഭാഗത്തെ വളരെയധികം കഴിവും യോഗ്യതകളുമുള്ള മൂന്നു മെത്രാ ന്മാർ ഭരണഘടനയോട് വിധേയത്വം പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടു കാതോലിക്കേറ്റിന്റെ കൊടിക്കീഴിൽ വന്നതും സമാധാനത്തിനും അനുരഞ്ജ നത്തിനുംവേണ്ടിയുള്ള പ. കാതോലിക്കാ ബാവായുടെ നിലയ്ക്കാത്ത ആഹ്വാ നങ്ങളും പ്രവർത്തനങ്ങളും, നിയമസമാധാന പ്രശ്നങ്ങൾ സർക്കാരിന്റെ ഉന്നതകേന്ദ്രങ്ങളിൽ വേണ്ടവിധം എത്തിക്കുന്നതിനു നടത്തിയ നിവേദനം,

വിരുദ്ധ വിഭാഗത്തിനു വീര്യം പകർന്നു വന്ന ഒരു മെത്രാപ്പോലീത്തായുടെ അകാല തിരോധാനം, മൂറോൻ കൂദാശ, 1999 മെയ് മാസം ആദ്യം സുപ്രീം കോടതി ചില സുപ്രധാന പ്രശ്നങ്ങളിൽ അവസാന തീർപ്പു കൽപിച്ചത്, പള്ളിപ്രതിപുരുഷയോഗം കൂടാനുള്ള വിഘടിത വിഭാഗത്തിന്റെ നീക്കങ്ങളെ തടഞ്ഞുകൊണ്ടുള്ള കോടതി ഉത്തരവ്, പാത്രിയർക്കീസിന്റെ കൽപന എന്നിവ ഐക്യവിരോധികളുടെ ആത്മവീര്യത്തിന്റെയും എതിർപ്പിന്റെയും അടിത്തറ തകർത്തു.

കഴിഞ്ഞ വർഷത്തെ സുപ്രധാന സംഭവങ്ങളിൽ ആദ്യത്തേത് 1998 മാർച്ച് 29-നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടത്തപ്പെട്ട കാതോലിക്കാ ദിനാഘോഷമായിരുന്നു. ആ വമ്പിച്ച സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ ചെയ്ത പ്രസംഗം സഭയുടെ സമാധാനം സംബന്ധിച്ച അന്യൂനവും അസന്ദിഗ്ദ്ധവുമായ നിലപാട് ഒരിക്കൽ കൂടി വ്യക്തമാക്കുന്നതായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ സംബന്ധിച്ച കോട്ടയം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ “മലങ്കരസഭയിലെ കാതോലിക്കാമാർ” എന്ന ഞാൻ രചിച്ച ജീവചരിത്രപ്രധാനമായ സഭാചരിത്രം പ. കാതോലിക്കാ ബാവായ്ക്ക് ആദ്യകോപ്പി നൽകി പ്രകാശനം ചെയ്തു. സഭാചരിത്ര സംബന്ധമായി ഇതുവരെ രചിച്ചിട്ടുള്ളതിൽ വച്ചേറ്റവും കമനീയവും കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും വളരെ മെച്ചപ്പെട്ടതുമായ ഈ പുസ്തകത്തിൽ അതീവ സന്തുഷ്ടനായ ബാവാ തിരുമേനി എന്നെ വേദിയിലേക്കു ക്ഷണിച്ചുകൊണ്ടു യോഗ ഭാരവാഹികൾ ബാവായെ നേരത്തെ അണിയിച്ച പൂമാല എടുത്ത് എന്റെ കഴുത്തിൽ ചാർത്തിയ നിമിഷം ജീവിതത്തിൽ അവിസ്മരണീയമായി എന്നും അവശേഷിക്കുമെന്നുള്ളതിനു രണ്ടു പക്ഷമില്ല.

പ്രസ്തുത യോഗത്തെപ്പറ്റി 30-3-98-ലെ മാതൃഭൂമിയിൽ വന്ന നല്ല റിപ്പോർട്ടാണു ഞാനുദ്ധരിക്കുന്നത്. മറ്റു ചില പത്രങ്ങളുടെ ഏതാനും കോപ്പികളിൽ മാത്രമേ ഈ റിപ്പോർട്ട് കാണാൻ കഴിഞ്ഞുള്ളു. പത്രങ്ങൾ വാർത്ത ചേർക്കാത്തതു മൂലം വായിക്കാത്തവർക്കുവേണ്ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മലങ്കരസഭാ ഭരണഘടനപ്രകാരം ഐക്യത്തിനു തയ്യാറാകണം: കാതോലിക്കാ ബാവാ

മലങ്കരസഭാ ഭരണഘടനപ്രകാരം ഐക്യത്തിനു തയ്യാറാകണമെന്നു ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ പ്രസ്താവിച്ചു. കാതോലിക്കാ ദിനാഘോഷത്തോടനുബന്ധിച്ചു ഞായറാഴ്ച കോട്ടയം മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ കോട്ടയം, കോട്ടയം-സെൻട്രൽ ഭദ്രാസനങ്ങളുടെ നേതൃത്വത്തിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കാതോലിക്കാ ബാവാ.

മലങ്കരസഭാ ഭരണഘടനയെപ്പറ്റി ബോധവാന്മാരായി ഓരോരുത്തരും മാറുകയാണ് വേണ്ടത്. നിങ്ങൾ സഹോദരന്മാരാകുന്നു എന്ന് പത്രോസ് ശ്ലീഹാ, അന്ത്രയോസ് ശ്ലീഹാ, മാർത്തോമ്മാ ശ്ലീഹാ തുടങ്ങിയവരെപ്പറ്റി യേശു ക്രിസ്തു പറഞ്ഞത് മനസ്സിലാക്കി ഒന്നിപ്പിന്റെയും സഹിഷ്ണുതയുടെയും പാത പിന്തുടരണമെന്നു ബാവാ അഭ്യർത്ഥിച്ചു. 'ക്രിസ്ത്യാനിറ്റി'യിൽ നിന്നും 'ചർച്ച്യാനിറ്റി'യിലേക്കുള്ള ഇന്നത്തെ പോക്ക് ക്രിസ്തുമതത്തിന്റെ തന്നെ വിശ്വാസങ്ങളെ പ്രതികൂലമായി ബാധിക്കും. ഇതു വേദപുസ്തകം വിസ്മരിച്ചുകൊണ്ടുള്ള പോക്കാണ്.

പത്രോസ് ശ്ലീഹായ്ക്കു സിംഹാസനമുണ്ടെങ്കിൽ തോമ്മാശ്ലീഹായ്ക്കും സിംഹാസനമുണ്ട്. അതില്ലെന്നു പറയുന്നതു സഹിക്കാവുന്നതിലും മേലെയാണ്. 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു'വെന്നു പറഞ്ഞ യേശു ക്രിസ്തുവിനെ ധിക്കരിക്കലാവുമത്.

പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് എല്ലാ ബഹുമാനങ്ങളും നൽകാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ സ്വർഗ്ഗപിതാവിന്റെ ആജ്ഞാനുസരണം ചരിക്കുന്ന മലങ്കര സുറിയാനി സഭയ്ക്ക് സഭാഭരണകാര്യങ്ങളിൽ ഭരണഘടനയുടെ തീരുമാനങ്ങളാണു വലുത് - ബാവാ പറഞ്ഞു. "ഒരുമിച്ചു മുമ്പോട്ടു പോകാം. ആരും ഒന്നും ചെയ്യില്ല. എന്റെ കാലശേഷം സമാധാനമുണ്ടാക്കാമെന്നും വിചാരം വേണ്ട. അവസാന വിജയം നമ്മുടെ സഭയുടേതായിരിക്കും. കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ. മലങ്കര ഓർത്തഡോക്സ് സഭ വിജയത്തിലേക്കു മുന്നേറട്ടെ." ബാവാ പറഞ്ഞു നിർത്തി. വിശ്വാസികൾ അത് ഏറ്റുചൊല്ലി.

കാതോലിക്കാ ദിനാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ച തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ഓർത്തഡോക്സ് സഭയുടെ ഐക്യം നിലനിർത്താനും മലങ്കരസഭയുടെ അഭിമാനം സംരക്ഷിക്കാനും ആബാലവൃദ്ധം സഭാസ്നേഹികളും ഉണരണമെന്നു പറഞ്ഞു.

മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു, ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ, ഡോ. സാമുവൽ ചന്ദനപ്പള്ളി, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, പ്രൊഫ. ടൈറ്റസ് വർക്കി എന്നിവർ പ്രസംഗിച്ചു. മലങ്കരസഭാ ഭക്തിപ്രമേയം ഫാ. സി. ജെ. പുന്നൂസ്, പി. സി. ചെറിയാൻ മടുക്കാനി എന്നിവർ അവതരിപ്പിച്ചു. ബേബി അലക്സ് സ്വാഗതം ആശംസിച്ചു. ഫാ. എം. സി. ജോർജ് നന്ദി പറഞ്ഞു.

ഇതിനിടയിൽ മലങ്കര അസോസിയേഷൻ എത്രയുംവേഗം വിളിച്ചു കൂട്ടണമെന്നുള്ള മുറവിളി വൈദികരിൽ നിന്നും മറ്റും ഉയർന്നുകൊണ്ടിരുന്നു. കേസ് ഒന്നു തീർന്നുകൊള്ളട്ടെ എന്നും അതിനു മുമ്പ് കോടതി, അസോസിയേഷൻ സംബന്ധിച്ചു വല്ലതും നിർദ്ദേശിച്ചാൽ പൊല്ലാപ്പാകുമോ എന്നും

കരുതിയാണ് അസോസിയേഷൻ വിളിച്ചു കൂട്ടാത്തതെന്ന ഔദ്യോഗിക നില പാട് സഭാസ്നേഹികൾക്കു മനസ്സിലാക്കാൻ പ്രയാസമായിരുന്നു. മാർച്ച് 29-നു ചേർന്ന കോട്ടയം സമ്മേളനത്തിൽ സഭാ വർക്കിംഗ് കമ്മിറ്റിയിലെ ഒരു പ്രമുഖ അംഗം രണ്ടു മൂന്നാഴ്ചയ്ക്കകം കേസിന്റെ അന്ത്യതീരുമാനമാകുമെന്ന് പറ ഞ്ഞുകൊണ്ട് അതുവരെ ക്ഷമിച്ചുകൂടെ എന്നും ചോദിച്ചു. പക്ഷേ ഒന്നര വർഷം കഴിഞ്ഞാണ് 1999 മെയ് അഞ്ചിനു കേസ് പരിഗണനയ്ക്കു വന്നതും ചില പ്രധാനപ്പെട്ട കാര്യങ്ങളിൽ തീർപ്പുണ്ടായതും. എന്നാൽ അസോസി യേഷൻ തീയതി ഓഗസ്റ്റിൽ കൂടുന്ന കോടതി നിശ്ചയിക്കാനാണു സാധ്യത. എന്തായാലും രണ്ടായിരാമാണ്ടിലേ മലങ്കര അസോസിയേഷൻ ചേരുകയുള്ളു എന്ന കാര്യം ഏതാണ്ട് ഉറപ്പാണ്. മെയ് ആദ്യം കേസ് എടുക്കുന്നതു സംബ ന്ധിച്ചു രണ്ടു മാസം മുമ്പ് പ. കാതോലിക്കാ ബാവാ തന്നെ ഡൽഹിക്കു പറന്ന് അഡ്വക്കറ്റായ എഫ്. എസ്. നരിമാനെ കണ്ടിരുന്നു എന്ന കാര്യം മിക്ക സഭാംഗങ്ങളും അറിഞ്ഞിരിക്കില്ല.

സഞ്ചാരപരിപാടികളിലും ഇടവകതലങ്ങളിലുള്ള ചടങ്ങുകളിലും പതി വുപോലെ പങ്കെടുത്തുകൊണ്ടിരുന്ന ബാവാ സഭാതലത്തിലെ തർക്കവിതർക്ക ങ്ങൾ സംബന്ധിച്ച് ഏതാണ്ട് അസ്വസ്ഥനായിരുന്നു എന്ന് അദ്ദേഹത്തെ കാണുന്നവർക്കു മനസ്സിലാക്കാമായിരുന്നു. ഇക്കാര്യം ബാവാ തന്നെ പല രോടും സൂചിപ്പിച്ചിട്ടുമുണ്ട്. തിരക്കുപിടിച്ച പരിപാടികൾക്കിടയിലും സഭാ ചരിത്രഗ്രന്ഥങ്ങൾ ഒരിക്കൽ കൂടി പഠിക്കുന്നതിനും സുപ്രീംകോടതിവിധി കൂലംകഷമായി മനസ്സിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. 1999 ജനുവരിയിൽ "യാച്ചാരം: മലങ്കരസഭയുടെ മഹത്വമേറിയ സേവന സരണി" എന്ന പുസ്തകത്തിന്റെ അവതാരിക എഴുതി വാങ്ങുന്നതിനു ദേവ ലോകം അരമനയിൽ ചെന്നപ്പോൾ ബാവാ സുപ്രീംകോടതിവിധി വീണ്ടും വീണ്ടും വായിക്കുകയും ചില വാചകങ്ങൾക്ക് അടിവരയിടുകയും ചെയ്യു ന്നുണ്ടായിരുന്നു. ഞാൻ തന്നെ എഡിറ്റു ചെയ്ത ചില മലങ്കര സഭാചരിത്ര പുസ്തകങ്ങൾ ബാവാ മറിച്ചു നോക്കിയപ്പോൾ സ്വയപ്രശംസ എന്ന് ആരെ ങ്കിലും വിശേഷിപ്പിച്ചാലും ശരി, എനിക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം ഉണ്ടായി എന്ന കാര്യവും മറച്ചുവയ്ക്കാനാഗ്രഹിക്കുന്നില്ല.

യാച്ചാരം ബാലഗ്രാമിന്റെ വളർച്ച

മലങ്കരസഭയുടെ ഇന്നത്തെ ഏറ്റവും വലിയ മിഷനറി പ്രവർത്തനമാണു ഹൈദരബാദിനടുത്തുള്ള യാച്ചാരം സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാം എന്നു പറഞ്ഞാൽ ഭിന്നാഭിപ്രായം പറയാൻ ആളുണ്ടാവില്ല. ഒന്നര ദശാബ്ദം കൊണ്ട് ഈ സേവനകേന്ദ്രം പ്രതീക്ഷാതീതമായി വളർന്നു. കഴിഞ്ഞ ഒരു വർഷത്തെ നേട്ടം വിവരണാതീതവുമാണ്. പ്രശ്നങ്ങൾക്കിടയിൽ ബാലഗ്രാ മിനു വേണ്ടി കാതോലിക്കാ ദിനപ്പിരിവിൽ നിന്നു 10 ലക്ഷം രൂപാ ബാവാ

അനുവദിച്ചത് ബാവായ്ക്ക് ആ മിഷൻ രംഗത്തോടുള്ള താൽപര്യം കൊണ്ടാണെന്ന് എടുത്തുപറയേണ്ടതുണ്ട്. ഹൈദരാബാദിനടുത്തുള്ള യാച്ചാരത്തു കുഷ്ഠരോഗികളുടെ രോഗബാധിതരല്ലാത്ത നൂറിൽപരം കുട്ടികളെ ആധുനികരീതിയിൽ സംരക്ഷിച്ചും പഠിപ്പിച്ചും വളർത്തി പുനരധിവസിപ്പിക്കുന്ന ബാലഗ്രാം, ബാവാ രണ്ടുതവണ സന്ദർശിക്കുകയും ഇത്തരം കേന്ദ്രങ്ങൾ ഉത്തരേന്ത്യയിലെങ്ങും ആരംഭിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ വർഷം അനുവദിച്ച 10 ലക്ഷം രൂപ കൊണ്ടു കൂടിയാണ് യാച്ചാരത്തു നാലേക്കർ സ്ഥലം വാങ്ങി ഐ. ടി. സി. സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. യാച്ചാരത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി കഷ്ടപ്പെട്ടു പ്രവർത്തിക്കുന്ന സുവിശേഷസംഘം പ്രസിഡന്റ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ, മാനേജർ തോമസ്കുട്ടി അച്ചൻ മുതലായവരുടെ സേവനങ്ങളിൽ ബാവായ്ക്കു വളരെ സംതൃപ്തിയാണുള്ളത്. നിലയ്ക്കാത്ത തിരമാലകൾക്കിടയിൽ ഒരു കുളിർ കാറ്റെന്നപോലെയാണ് തീരാത്ത സഭാ പ്രശ്നങ്ങൾക്കിടയിൽ ഇത്തരം മിഷൻ പ്രവർത്തനം.

കഴിഞ്ഞ ഫെബ്രുവരി 21-നു നടത്തപ്പെട്ട യാച്ചാരം ബാലഗ്രാമിന്റെ 14-ാം വാർഷികത്തിൽ അവിടത്തെ സെന്റ് ഗ്രിഗോറിയോസ് ആശുപത്രിയിൽ, കാലംചെയ്ത കൊച്ചി ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്മാരകമായി രണ്ടു ലക്ഷം രൂപയുടെ ഒരു വാർഡ് സ്ഥാപിക്കാൻ സാധിച്ചു. കൊച്ചി ഭദ്രാസനത്തിലോ സഭാതലത്തിലോ കാര്യമായ ഒരു സ്മാരകവും അദ്ദേഹത്തിനില്ലെന്ന വസ്തുതയുടെ വെളിച്ചത്തിൽ ഈ സ്മാരകം തികച്ചും ഉചിതമാണ്. കൂടാതെ ബാലഗ്രാമിന്റെ ചരിത്രവും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതും കെ. വി. മാമ്മൻ രചിച്ചതുമായ “യാച്ചാരം: മലങ്കരസഭയുടെ മഹത്വമേറിയ സേവനസരണി” എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. കാമരാജിന് ആദ്യപ്രതി നൽകിക്കൊണ്ട് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ ഫാ. ജോസഫ് വെണ്ടറപ്പിള്ളി അദ്ധ്യക്ഷത വഹിച്ച വാർഷികയോഗത്തിൽ കേരളത്തിൽ നിന്ന് എത്തിയിരുന്ന കെ. സി. ഈപ്പൻ കണ്ടത്തിൽ, ഡോ. തോമസ് മാണി തട്ടുങ്കൽ, ഡോ. പി. സി. തോമസ് കൊച്ചി, കെ. വി. മാമ്മൻ, ഫാ. ജി. ജോൺ മാവേലിക്കര മുതലായവർ പ്രസംഗിക്കുകയും 80 കഴിഞ്ഞ മെത്രാപ്പോലീത്തായെ അനുമോദിക്കുകയും ചെയ്തു. ട്രഷറർ മാമ്മൻ ഏബ്രഹാം പുസ്തകം തയ്യാറാക്കിയ കെ. വി. മാമ്മനു പാരിതോഷികവും സമ്മാനിച്ചു. കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ, തോമസ്കുട്ടി അച്ചൻ മുതലായവരെ സംബന്ധിച്ചിടത്തോളം ഈ അവസരം സംതൃപ്തിയുടെയും സന്തോഷത്തിന്റെയും നിമിഷങ്ങളായിരുന്നു. പുസ്തക പ്രസിദ്ധീകരണത്തിനു വേണ്ടിവന്ന തുകയുടെ സിംഹഭാഗവും (47000 രൂപ) സംഭാവന

ചെയ്ത മാന്നാർ തേവേരിൽ തട്ടാരുപറമ്പിൽ ടി. മത്തായി, ടി. ചാക്കോ (ഇരുവരും ന്യൂയോർക്ക്) എന്നിവർ മറ്റു സഭാസ്നേഹികൾക്ക് ഒരു മാതൃകയാണെന്നു പറഞ്ഞില്ലെങ്കിൽ അതു കൃത്യവിലോപമായിരിക്കുമെന്നത്രേ കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ (യാച്ചാരം) അഭിപ്രായം.

യാച്ചാരത്തെ ഐ. ടി. സി. പ്രവർത്തനം ഇക്കൊല്ലം ആരംഭിച്ചു എന്നതും ബാലഗ്രാമിന്റെ വളർച്ചയിലെ ഒരു നാഴികക്കല്ലാണ്.

സഭയുടെ മിഷൻ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷം ഡൽഹി ഭദ്രാസനത്തിൽ ആരംഭിച്ച ശാന്തിഗ്രാമിന്റെ (ഹരിയാനയിലെ ഗുഡ്ഗാവ് ജില്ലയിൽപെട്ട മണ്ടാവർ എന്ന ഗ്രാമമാണ് ശാന്തിഗ്രാമിന്റെ കേന്ദ്രം) ഡയറക്ടർ സ്ഥാനവും കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ ഏറ്റെടുത്തു. സഭയുടെ ഉത്തരേന്ത്യൻ വികസന രംഗത്തെ ഒരു പുതിയ കാൽവെയ്പാണിത്. എന്നാൽ മിഷൻ പ്രവർത്തനരംഗത്തു പ്രതിജ്ഞയോടുകൂടി പ്രവർത്തിക്കാൻ പറ്റിയ വ്യക്തികളുടെ കുറവ് കഴിഞ്ഞ കാലത്തെപ്പോലെ തുടരുന്നു.

പ. കാതോലിക്കാ ബാവാ രക്ഷാധികാരിയായും മിഷൻ ബോർഡ് പ്രസിഡന്റ് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡന്റായും, ഡൽഹി ഭദ്രാസനത്തിന്റെ ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ചെയർമാനായും ഉള്ള ഒരു കമ്മിറ്റിയായിരിക്കും ശാന്തിഗ്രാമിന്റെ ചുമതല വഹിക്കുന്നത്.

തടാകം ക്രിസ്തുശിഷ്യാശ്രമം വിസിറ്റർ മെത്രാപ്പോലീത്താ ഫീലിപ്പോസ് മാർ യൗസേബിയോസിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രിയും സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാമും വളർന്നു.

നിവേദനം

വടക്കൻ പ്രദേശത്തെ പള്ളികളിൽ വിഘടിത ഗ്രൂപ്പിന്റെ നിയമ ലംഘനം ഒരു തരത്തിലും അനുവദിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരത്തു ചെന്നു കാതോലിക്കാ ബാവാ മുഖ്യമന്ത്രിക്കു 1998 ജൂലൈ മാസത്തിൽ ഒരു നിവേദനം സമർപ്പിക്കുകയും നിയമലംഘനം അനുവദിക്കുകയില്ലെന്നു മുഖ്യമന്ത്രി ഉറപ്പു നൽകുകയും ചെയ്തത് പ്രധാനപ്പെട്ട ഒരു സംഭവവികാസമായിരുന്നു. തത്സംബന്ധമായ കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലങ്കരസഭയുടെ സ്വാതന്ത്ര്യവും, കാതോലിക്കാ ബാവായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അവകാശാധികാരങ്ങളും സ്ഥിരീകരിച്ച 1995-ലെ സുപ്രീംകോടതിവിധി അതേപടി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും ഒരുതരത്തിലും നിയമലംഘനം അനുവദിക്കരുതെന്നും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു.

കോടതിവിധി നടപ്പാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി ഇ. കെ. നായനാർക്ക് നിവേദനം നൽകിയതിനു ശേഷം സംസാരിക്കുകയായിരുന്നു പ. ബാവാ.

സമാധാനത്തിന്റെയും, സഹവർത്തിത്വത്തിന്റെയും പാതയാണ് സഭ എന്നും പിന്തുടർന്നിട്ടുള്ളത്. എന്നാൽ ഇത് അംഗീകരിക്കുവാനുള്ള താൽപര്യം പാത്രിയർക്കീസ് പക്ഷം കാണിക്കുന്നില്ല. നിയമലംഘനം അനുവദിക്കുവാനും, മലങ്കരസഭയുടെ സ്വാതന്ത്ര്യം ബലികഴിക്കുവാനും സാദ്ധ്യമല്ല. ധർമ്മവും നീതിയും നടപ്പാക്കേണ്ട വൈദിക ശ്രേഷ്ഠരടക്കമുള്ളവർ നിയമം കയ്യിലെടുക്കുവാനാണ് ശ്രമിക്കുന്നത്. നിയമലംഘനത്തിനവർ ആഹ്വാനം ചെയ്യുന്നത് ക്രിസ്തീയമല്ല. പരിപാവനമായി കരുതേണ്ട ദേവാലയങ്ങളിൽ അക്രമവും സമരപരിപാടികളും നടത്തി, സംഘർഷാവസ്ഥ സംജാതമാക്കി, സർക്കാരിനെക്കൊണ്ട് ആരാധനാലയങ്ങൾ പൂട്ടിയിടീപ്പിക്കുവാനാണ് ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നത്. കടമറ്റത്തേയും കട്ടച്ചിറയിലേയും സംഭവങ്ങൾ ചൂണ്ടിക്കാട്ടി പ. ബാവാ പറഞ്ഞു.

കട്ടച്ചിറയിൽ പഴയപള്ളി പൊളിച്ചു മാറ്റി പുതിയ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് ഓർത്തഡോക്സ് പക്ഷത്തിന് ഹൈക്കോടതി അനുമതി നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവ് നടപ്പാക്കുന്നതിനെ വിഘടിത സഭാമേലദ്ധ്യക്ഷന്മാർ ഉൾപ്പെടെയുള്ള ആളുകൾ എതിർത്തത് നിയമവാഴ്ചയോടുള്ള പരസ്യമായ വെല്ലുവിളിയാണ്.

കടമറ്റം പള്ളിയിലാവട്ടെ വി. കുർബ്ബാനയ്ക്കുശേഷം പള്ളിയിൽ പ്രവേശിച്ച ഒരു സംഘം ആളുകൾ വികാരിയെ അനാവശ്യമായി തടഞ്ഞുവയ്ക്കുകയായിരുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പോലീസ് എത്തിയ ശേഷമാണു വികാരി മോചിതനായത്. ശാരീരികമായും, മാനസികമായും ക്ഷീണിതനായ വികാരിയച്ചനെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നു.

ക്രൈസ്തവ മൂല്യങ്ങൾക്കും, സമുദായ മൂല്യങ്ങൾക്കും എതിരാണ് ആരാധനാലയങ്ങൾ കയ്യേറുന്നതും, നിയമവാഴ്ചയേയും, കോടതിവിധിയേയും, വെല്ലുവിളിക്കുന്നതും. നിയമലംഘനത്തിന് ചില ഉന്നത സർക്കാർ ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നു എന്നത് ഖേദകരമാണ് - ബാവാ പറഞ്ഞു.

മലങ്കരസഭയുടെ കീഴിലുള്ള എല്ലാ ഇടവകപ്പള്ളികളും, ആരാധനാലയങ്ങളും, സ്ഥാപനങ്ങളും സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതാണെന്നും, എല്ലാ അവകാശാധികാരങ്ങളും മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ആണെന്നും സുപ്രീംകോടതി വിധിച്ചിട്ടുണ്ട്.

1934-ൽ മലങ്കര അസോസിയേഷൻ പാസ്സാക്കിയ ഭരണഘടന സാധുവാ

ണെന്നും, എല്ലാ ഇടവകപ്പള്ളികൾക്കും സഭാംഗങ്ങൾക്കും ബാധകമാണെന്നും, സഭാചരിത്രത്തിലെ മുൻ വ്യവഹാരങ്ങളിലെ അന്തിമവിധികളും, ആധികാരിക രേഖകളും വിശകലനം ചെയ്തിട്ട് സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് സഭകളില്ല, ഒരു സഭയേയുള്ളു എന്നാണ് സുപ്രീംകോടതി അഭിപ്രായപ്പെട്ടിരിക്കുന്നത്. എന്നിട്ടും ചിലർ ഭിന്നിപ്പു തുടരുകയാണ്. സഭാ വിശ്വാസികൾക്ക് നീതിയും ന്യായവും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാവണം. പ. ബാവാ ആവശ്യപ്പെട്ടു.

മുൻ പാത്രിയർക്കീസ് പക്ഷത്തെ മൂന്ന് മെത്രാന്മാരും ഭരണഘടനയെ അംഗീകരിച്ചിട്ടുണ്ട്. എല്ലാവർക്കും ബാധകമായ ഭരണഘടന അംഗീകരിച്ച് സമാധാനവും സഹവർത്തിത്വവും പുലർത്തുന്നതിന് യത്നിക്കണം. ബാവാ അഭ്യർത്ഥിച്ചു.

തെയോഫോറസ് റമ്പാൻ, വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം, സഭാസെക്രട്ടറി എ. കെ. തോമസ് തുടങ്ങിയവർ നിവേദക സംഘത്തിലുണ്ടായിരുന്നു.

അനുവദിക്കില്ല

നിയമം കൈയിലെടുക്കാനും ആരാധനാലയം കയ്യേറാനും, ആരെയും അനുവദിക്കുകയില്ലെന്ന് മുഖ്യമന്ത്രി നായനാർ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള നിവേദകസംഘത്തിന് ഉറപ്പുനൽകി.

തർക്കം എന്തു തന്നെ ആയാലും ആരുടെയും ആരാധനാലയത്തിൽ കയറി അക്രമം കാട്ടാനും, പ്രാർത്ഥന തടസ്സപ്പെടുത്താനും അനുവദിക്കരുത് എന്നാണ് സർക്കാർ നയം. ഇത്തരം അക്രമങ്ങൾക്കെതിരെ കർശന നടപടികളെടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി വിഭാഗീയ ചിന്താഗതിയോടെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി കണ്ടാൽ അവർക്കെതിരെ നടപടി ഉണ്ടാവും. മുഖ്യമന്ത്രി പറഞ്ഞു.

കോലഞ്ചേരി പള്ളിയിലും, കടമറ്റം പള്ളിയിലും വിശ്വാസികൾ എന്നു പേരുള്ളവർ കാട്ടിക്കൂട്ടിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ. ബാവാ മുഖ്യമന്ത്രിയോട് വിശദീകരിച്ചു.

1995–ലെ കോടതിവിധി നടപ്പാക്കാൻ നടപടികൾ കൈക്കൊള്ളണമെന്ന ബാവായുടെ ആവശ്യത്തിന് കോടതിവിധി പഠിച്ച് ഉപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മുഖ്യമന്ത്രി അറിയിച്ചു.

പിന്നീട് തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് എം.എൽ.എ. മാരോട് ബാവാ സഭാപ്രശ്നങ്ങൾ വിശദീകരിച്ചു.

കെ. എം. മാണി, ഉമ്മൻ ചാണ്ടി, കടമ്മനിട്ട രാമകൃഷ്ണൻ, ടി. എസ്. ജോൺ, തോമസ് ചാഴികാടൻ, ആർ. ബാലകൃഷ്ണപിള്ള, കെ. നാരായണ ക്കുറുപ്പ്, ശോഭന ജോർജ്, എം. മുരളി, സി. എഫ്. തോമസ്, പ്രകാശ് ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, ജി. സുധാകരൻ എന്നീ എം.എൽ.എ. മാർ യോഗത്തിനെത്തി.

ധീരമായ നിലപാട്

കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ വ്യക്തവും ധീരവുമായ നിലപാടെടുത്ത ആളാണെന്ന് പറഞ്ഞു പ. ബാവാ അഭിനന്ദിച്ചു. മാർ ഏലിയാ കത്തീഡ്രലിൽ ഡോ. തോമസ് മാർ അത്താനാസ്യോസിനു നൽകിയ സ്വീകരണ സമ്മേളനത്തിൽ അദ്ധ്യ ക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു പ. ബാവാ. വിശ്വാസ സംരക്ഷ ണത്തിന്റെ പേരിൽ നടക്കുന്ന കിരാതമായ സമരമുറകളെ ബാവാ അപല പിച്ചു. അക്രമവും കയ്യേറ്റവും നടത്തി ജനത്തിന്റെ ഇടയിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും, നിയമവ്യവസ്ഥയെ തകിടം മറിക്കുകയുമാണ് ചിലർ ചെയ്യു ന്നത്.

നല്ല സാക്ഷ്യമുള്ളവരാകേണ്ട ക്രിസ്ത്യാനികൾ ഇന്ന് മറ്റ് സമൂഹങ്ങൾക്കി ടയിൽ അന്യപ്പെടുകയാണ്. വിശ്വാസ സംരക്ഷകർ എന്ന വ്യാജേന പ്രാകൃ തരായ ആളുകൾപോലും ചെയ്യാൻ മടിക്കുന്ന കിരാതമായ സമരമുറകൾ പ്രദർശിപ്പിച്ച് ക്രിസ്തീയ സഭയുടെ മാന്യത തകർക്കുകയാണ് ചില കേന്ദ്ര ങ്ങൾ ചെയ്യുന്നത്. നീതിന്യായ വ്യവസ്ഥകൾക്ക് യാതൊരു വിലയും ഇവർ കൽപ്പിക്കുന്നില്ല. കടമറ്റം പള്ളിയിൽ ഉണ്ടായ സംഭവത്തെ സ്പർശിച്ച് ബാവാ പറഞ്ഞു. നല്ല ഇടയരാകേണ്ട ചില വൈദികർ ഇത്തരം സമരാഭാസങ്ങൾക്ക് കൂട്ടുനിൽക്കുന്നതാണ് ഏറെ ആക്ഷേപകരം.

സഭ എന്നാൽ എന്താണെന്നും, എന്തിനു വേണ്ടിയാണെന്നും, നമ്മെ ഏൽ പിച്ചിരിക്കുന്ന ദൗത്യം എന്താണെന്നും മനസ്സിലാക്കുന്നതിൽ നാം തികച്ചും പരാജയപ്പെട്ടതായി പ. ബാവാ പറഞ്ഞു.

ശരിയെന്ന് ഉത്തമബോദ്ധ്യമുള്ള കാര്യങ്ങൾ മാത്രമേ താൻ ചെയ്തിട്ടുള്ളു എന്ന് മറുപടി പ്രസംഗത്തിൽ മാർ അത്താനാസ്യോസ് പറഞ്ഞു. അസാധ്യ മായ സാഹചര്യത്തിൽ സാധിക്കും എന്നുള്ള പ്രത്യാശയാണ് ക്രിസ്തീയ പ്രത്യാശ. ചെയ്യാവുന്ന കാര്യങ്ങൾ ഉറച്ച മനസ്സോടെ ചെയ്യുക, ബാക്കി കാര്യ ങ്ങൾ ദൈവത്തിനു വിടുക. ഇത്തരം ചിന്തയാണ് ജീവിതത്തിലുടനീളം തന്നെ നയിക്കുന്നതെന്നു മെത്രാപ്പോലീത്താ പറഞ്ഞു.

ലോകത്തിന്റെ പരിവർത്തനത്തിനു ചുക്കാൻ പിടിക്കേണ്ട സഭ അതിന്റെ ചാലകശക്തി നഷ്ടപ്പെടുത്തിയ നൂറ്റാണ്ടാണ് 20-ാം നൂറ്റാണ്ട്. പുതിയ

നൂറ്റാണ്ടിലെങ്കിലും ഭിന്നതകൾ വെടിഞ്ഞ് ലോകത്തിനു നല്ല സാക്ഷ്യം നൽകുന്ന ഒന്നായി ക്രിസ്തീയ സഭ മാറട്ടെ എന്ന് മെത്രാപ്പോലീത്താ പ്രത്യാശിച്ചു.

മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു, സഭാട്രസ്റ്റി പി. സി. ഏബ്രഹാം, ബസേലിയോസ് കോളജ് പ്രിൻസിപ്പൽ പി. സി. ഏലിയാസ്, മുനിസിപ്പൽ കൗൺസിലർ പി. സി. ചെറിയാൻ എന്നിവർ അനുമോദനങ്ങൾ നേർന്നു. കത്തീഡ്രൽ വികാരി ഫാ. സി. ഒ. ജോർജ് സ്വാഗതവും ട്രസ്റ്റി പി. പി. മാത്യു നന്ദിയും പറഞ്ഞു.

ഇതേസമയം പ്രായത്തിന്റെ ക്ലേശങ്ങൾക്കു ദീർഘകാല അവധി നല്കിക്കൊണ്ട് കാതോലിക്കാ ബാവാ ഇന്ത്യയിലും ഗൾഫ് രാജ്യങ്ങളിലും വിദൂരസ്ഥമായ ആസ്ത്രേലിയായിലും പറന്നെത്തുകയും ചിതറിപ്പാർക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങളെയും ഇതര സഭാവിഭാഗങ്ങളിലെ സമുന്നതരായ വ്യക്തികളെയും മറ്റും കാണുകയും പ്രത്യേക പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തുവന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കോട്ടയത്തു നിന്നു ഖത്തറിൽ എത്തുകയും അവിടുത്തെ പള്ളിജൂബിലി കഴിഞ്ഞു നേരേ ആസ്ട്രേലിയായിലേക്കു പറക്കുന്നതിനുള്ള വിസാ ലഭിക്കാഞ്ഞതിനാൽ കോട്ടയത്തു തിരിച്ചെത്തി പിറ്റേദിവസം ബോംബെ വഴി ആസ്ട്രേലിയായിൽ ചെന്നെത്തുകയും ചെയ്ത ബാവായുടെ മിന്നൽ പര്യടനം വിസ്മയത്തോടെയല്ലാതെ വീക്ഷിക്കാനാവില്ല. സർവ്വോപരി ഒക്ടോബർ ഒടുവിൽ ആസ്ട്രേലിയയിൽ സന്ദർശനം നടത്തിയ ബാവാ പരിപാടി പൂർത്തിയാക്കി ആ മാസം 30-നു തിരുവനന്തപുരം വഴി തിരിച്ചെത്തി പിറ്റേദിവസം പരുമല പെരുന്നാളിനു മുഖ്യകാർമ്മികത്വം വഹിച്ചു എന്നു മനസ്സിലാക്കുമ്പോഴാണ് ബാവായുടെ അഭാവം കാണാൻ കാത്തിരിക്കുന്ന കുറുക്കന്മാരുടെ ചാട്ടങ്ങൾ അടിമുതൽ മുടി വരെ തെറ്റുന്നത്. ആസ്ട്രേലിയയിലെ പരിപാടിയെപ്പറ്റി കഴിഞ്ഞ ജനുവരിയിൽ മലങ്കരസഭാ മാസികയിൽ വന്ന റിപ്പോർട്ടാണു താഴെ ഉദ്ധരിക്കുന്നത്.

ആസ്ട്രേലിയ സന്ദർശിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ഊഷ്മളമായ വരവേൽപ്പ് നൽകി. ആംഗ്ലിക്കൻ സഭ, യൂണിറ്റിംഗ് ചർച്ച്, ഗ്രീക്ക് ഓർത്തഡോക്സ്, കോപ്റ്റിക് ഓർത്തഡോക്സ്, അർമ്മേനിയൻ ഓർത്തഡോക്സ്, ആസ്ട്രേലിയൻ കത്തോലിക്കാ സഭ, സിഡ്നി മാർത്തോമ്മാ ചർച്ച്, റുമേനിയൻ ഓർത്തഡോക്സ്, അന്ത്യോക്യൻ ഓർത്തഡോക്സ് എന്നീ സഭകളിലെ മതമേലദ്ധ്യക്ഷന്മാരും, വൈദികരും ആസ്ട്രേലിയൻ ഗവണ്മെന്റിനെ പ്രതിനിധാനം ചെയ്ത് ഇമിഗ്രേഷൻ മിനിസ്റ്റർ ഫിലിപ്പ് റുഡോക്കും സിഡ്നിയിലെ ഓർത്തഡോക്സ്, മാർത്തോമ്മാ, കത്തോലിക്കാ സഭകളിലെ ആളുകൾ അടക്കം വലിയ ഒരു ജനാവലിയും

സ്വീകരണത്തിൽ പങ്കുകൊണ്ടു. പ. ബാവാ തിരുമേനി സമുചിതമായ മറുപടി പ്രസംഗവും നടത്തി. യോഗത്തിൽ വൈസ്പ്രസിഡന്റ് ജേക്കബ് ചെറിയാൻ സ്വാഗതവും, സെക്രട്ടറി ജോർജി ഏബ്രഹാം കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്നുള്ള ദിവസങ്ങളിൽ പ. ബാവാ ആസ്ട്രേലിയൻ ഗവ. ജനറൽ സർ വില്യം ഡീൻ, ഇന്ത്യൻ ഹൈകമ്മീഷണർ ജി. പാർത്ഥസാരഥി എന്നിവരെയും കണ്ട് സംഭാഷണം നടത്തുകയുണ്ടായി.

ആസ്ട്രേലിയൻ കൗൺസിൽ ഓഫ് ചർച്ചസ്, അർമ്മേനിയൻ ഓർത്തഡോക്സ് ചർച്ച്, കോപ്റ്റിക് ഓർത്തഡോക്സ് ചർച്ച്, വത്തിക്കാൻ എംബസ്സി എന്നിവരും പ്രത്യേകമായ സ്വീകരണങ്ങൾ പ. ബാവായ്ക്കു നൽകുകയുണ്ടായി.

ബാവായുടെ ദോഹ സന്ദർശനം

ദോഹയിൽ ഓർത്തഡോക്സ് പള്ളി സ്ഥാപിച്ചതിന്റെ രജത ജൂബിലിയിൽ സംബന്ധിക്കാൻ പ. കാതോലിക്കാ ബാവാ 1998 ഒക്ടോബർ 7-നു ബോംബെ ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ കൂറിലോസുമൊന്നിച്ച് ദോഹയിൽ എത്തി.

ദോഹ വിമാനത്താവളത്തിൽ ഇന്ത്യൻ എംബസി ഭാരവാഹികളും ഫാ. കുര്യാക്കോസ് തണ്ണിക്കോട്, ഫാ. കോശി അലക്സ്, ഇടവക ഭാരവാഹികൾ എന്നിവർ ചേർന്ന് സ്വീകരിച്ച് സെന്റ് തോമസ് ഇടവകയിലേക്ക് ആനയിച്ചു. ലുത്തിനിയായ്ക്കു ശേഷം ബാവാ ചെയ്ത ലഘുപ്രസംഗത്തിൽ സഭയിൽ സമാധാനത്തിനുവേണ്ടി സുപ്രീംകോടതി വിധിയനുസരിച്ച് എന്തു വിട്ടു വീഴ്ചയ്ക്കും തയ്യാറാണെന്നും, 21-ാം നൂറ്റാണ്ട് മലങ്കരസഭയിൽ സമാധാനത്തിന്റെ യുഗമായിരിക്കട്ടെ എന്നും പറഞ്ഞു. 20-ാം നൂറ്റാണ്ടിൽ സഭയ്ക്കുണ്ടായ നേട്ടങ്ങൾ അവഗണിക്കാനാവില്ല. അതിൽ 1912-ലെ കാതോലിക്കാ സിംഹാസന പുനഃസ്ഥാപനം, 1934-ലെ സഭാ ഭരണഘടന, 1995-ലെ സുപ്രീം കോടതിവിധി എന്നിവ ചരിത്രപ്രധാനമാണെന്ന് തിരുമേനി ഓർമ്മിപ്പിച്ചു. 1995-ലെ സുപ്രീംകോടതിവിധിയെ മലങ്കര മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരത്തോട് തിരുമേനി ഉപമിച്ചു. ഒക്ടോബർ 9-ാം തീയതി ജൂബിലി സമാപനസമ്മേളനം പ. ബാവാ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

1970-73 കാലഘട്ടത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെ അന്ത്യോഖ്യർ ചോദ്യം ചെയ്തിരുന്നപ്പോൾ മാർത്തോമ്മായുടെ നാമത്തിൽ തന്നെ ദോഹയിൽ ദേവാലയം ആരംഭിച്ച സ്ഥാപകരുടെ ദീർഘവീക്ഷണത്തെ തിരുമേനി ശ്ലാഘിച്ചു. “ദി മലങ്കര സെന്റ് തോമസ് ഓർത്തഡോക്സ് പാരീഷ്” എന്നു പേരിട്ടതിനേയും അഭിനന്ദിച്ചു. സഭാമക്കൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പ്രാർത്ഥനയ്ക്ക് കൂടുതൽ മുൻഗണന നൽകി ആത്മീയ മുന്നേറ്റം നടത്തണമെന്നു തിരുമേനി ആഹ്വാനം ചെയ്തു. ഇടവക മെത്രാപ്പോലീത്താ

ഗീവറുഗീസ് മാർ കൂറിലോസ് അദ്ധ്യക്ഷനായിരുന്നു. പ്രായത്തിന് അവധി നൽകിക്കൊണ്ട് ഇവിടെയെത്തിയ പരിശുദ്ധ ബാവായ്ക്കു സഭയെ 21-ാം നൂറ്റാണ്ടിലേയ്ക്കു നയിക്കുന്നതിനാവശ്യമായ ആയുസ്സും ആരോഗ്യവും നൽകുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും സഭാ സമാധാനത്തിനുവേണ്ടി പ. ബാവാ ചെയ്യുന്ന എല്ലാ ശ്രമങ്ങൾക്കും സഭയുടെ പിന്തുണയുണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജൂബിലി സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്ന ഖത്തറിലെ ഇന്ത്യൻ അംബാസഡർ ആർ. എൽ. നാരായൺ പ. ബാവായുടെ മുഖകാന്തിയെ പ്രശംസിക്കുകയും ഇന്ത്യയിലെ മാമുനിമാരുടെ ഗണത്തിൽ പ. ബാവായെ ഗണിക്കാമെന്നു പറയുകയും ചെയ്തു. കേരളത്തിലെ ക്രൈസ്തവ പാരമ്പര്യം ഇന്ത്യൻ ചരിത്രത്തിന്റെ ഭാഗമാണെന്നു ചൂണ്ടിക്കാട്ടുകയും മാർത്തോമ്മാ ശ്ലീഹാ കൊളുത്തിയ സുവിശേഷ ദീപനാളം 2000 വർഷമായി പരിരക്ഷിച്ചുപോന്ന ഓർത്തഡോക്സ് സഭയെ അഭിനന്ദിക്കുകയും ചെയ്തു. ജൂബിലി സംബന്ധിച്ചു ജീവകാരുണ്യ പ്രവർത്തനത്തിലേയ്ക്ക് ശേഖരിച്ച അഞ്ചു ലക്ഷം രൂപ ബാവാ തിരുമേനിയെ ഏൽപ്പിച്ചു,

പിറ്റേദിവസം ബാവാ തിരുമേനി മാർ ഗ്രിഗോറിയോസ് ദേവാലയത്തിലേയ്ക്ക് പോയി. അവിടെ നൽകിയ സ്വീകരണത്തിൽ ഇന്ത്യൻ എംബസ്സിയിലെ ഒന്നാം സെക്രട്ടറി സിബി ജോർജ് മുഖ്യാതിഥിയായിരുന്നു. സ്വീകരണ സമ്മേളനത്തിൽ വച്ച് 25 വർഷം മുമ്പ് ദോഹയിൽ ഓർത്തഡോക്സ് ദേവാലയം സ്ഥാപിച്ച സ്ഥാപകപ്രവർത്തകരെ തിരുമേനി അഭിനന്ദിച്ചു.

ഏഴു വർഷത്തിനു മുമ്പ് ബാവാ ഇടവകയിലേക്കു വന്ന കാര്യം പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഈ ഇടവകയെ എന്നും ഓർക്കുവാനായി ഇവിടെനിന്ന് അന്നു നൽകിയ മാല സ്ഥിരമായി അണിയുന്ന വിവരം ഓർമ്മിപ്പിക്കുകയും കുരിശും മാലയും ഉയർത്തിക്കാട്ടിക്കൊണ്ട് “ഇതു നിങ്ങളുടെ സ്നേഹത്തിന്റെ പ്രതീകമാണ്” എന്നു പറയുകയും ചെയ്തു. “നിങ്ങൾ ഇതു പൗരസ്ത്യ കാതോലിക്കായ്ക്കു നൽകിയ സമ്മാനമാണ്, M.G.O.P (Mar Gregorios Orthodox Parish) എന്ന് ആലേഖനം ചെയ്ത കുരിശും മാലയും പൗരസ്ത്യ കാതോലിക്കേറ്റ് ഉള്ളിടത്തോളം കാലം നിങ്ങളുടെ ഓർമ്മയ്ക്കായി നിലനിൽക്കും. ഇത്രയും പ്രായമായ തനിക്ക് ഇനിയും ഈ മനോഹരമായ ദേവാലയത്തിലേയ്ക്ക് കടന്നുവരുവാനും സ്നേഹമുള്ള നിങ്ങളെയൊക്കെ കാണുവാനും നിങ്ങളുടെ ഊഷ്മളമായ സ്നേഹവായ്പുകൾ അനുഭവിക്കുവാനും സർവ്വശക്തൻ അനുവദിക്കുമോ എന്നറിയില്ല” എന്നു ബാവാ വികാരനിർഭരമായ സ്വരത്തിൽ പറഞ്ഞപ്പോൾ സദസ്യർ കണ്ണുകൾ തുടയ്ക്കുന്നത് കണ്ടു.

അന്നു വൈകിട്ട് ബാവാ തിരുമേനിയുടെ ബഹുമാനാർത്ഥം പാഴ്സനേജിൽ നടത്തപ്പെട്ട സ്നേഹവിരുന്നിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരും

കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്.ഐ., യാക്കോബായ ഇടവകകളിലെ വികാരിമാരും മറ്റ് വിശിഷ്ടാതിഥികളും സംബന്ധിച്ചു.

കരിസ്മാറ്റിക് - ഉണർവ് പ്രാർത്ഥനകൾ

സഭയിൽ കഴിഞ്ഞ വർഷം ശക്തിപ്രാപിച്ച കരിസ്മാറ്റിക് ഉണർവും പ്രാർത്ഥനയും സംബന്ധിച്ചു ബാവായും കോട്ടയം ഭദ്രാസനാധിപനും പുറപ്പെടുവിച്ച കൽപനകൾ ചുവടെ ചേർക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്താമാരുടെയും ഇടവക വികാരിമാരുടെയും അറിവോ സമ്മതമോ അനുവാദമോ കൂടാതെ നടത്തപ്പെടുന്ന കരിസ്മാറ്റിക്-ഉണർവ് പ്രസ്ഥാനങ്ങളിൽ സംബന്ധിക്കുന്നതിൽ നിന്നു സഭാംഗങ്ങളെ കർശനമായി പ. കാതോലിക്കാ ബാവാ നിരോധിച്ചു.

മലങ്കരസഭയിലെ എല്ലാ പള്ളികൾക്കും അയച്ച 43/98-ാം നമ്പർ കൽപ്പന പ്രകാരമാണീ കാര്യം അറിയിച്ചിട്ടുള്ളത്.

ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്ക് സഭയുടെ കൂദാശാനുഷ്ഠാനങ്ങളിലോ ഔദ്യോഗികമായ ചുമതലകളിലോ പങ്കാളിത്തം ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് വികാരിമാരെ പ. കാതോലിക്കാ ബാവാ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരിസ്മാറ്റിക് ഉണർവ് പ്രസ്ഥാനങ്ങളോട് സഭയുടെ സമീപനം എന്തായിരിക്കണമെന്ന് അറിയുവാൻ അനേകർ താൽപ്പര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ ഫെബ്രുവരി മാസം കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് പ. കാതോലിക്കാ ബാവായെ ചുമതലപ്പെടുത്തിയതനുസരിച്ചാണ് ഈ കാര്യത്തിൽ സഭയുടെ ഔദ്യോഗിക നിലപാട് അറിയിക്കുന്നത്.

കർത്താവിൽ നമ്മുടെ വാത്സല്യ മക്കളേ, നമ്മുടെ സഭ പല പ്രതിസന്ധികളിൽ കൂടിയാണ് കടന്നുപോകുന്നതെങ്കിലും സഭാംഗങ്ങളിൽ വിശ്വാസതീക്ഷ്ണതയും ആരാധനകളിലുള്ള ഭാഗഭാഗിത്വവും വർദ്ധിച്ചു വരുന്നതായി കാണുന്നതിൽ നാം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ചുരുക്കം പേരെങ്കിലും പാശ്ചാത്യ മാതൃകയിലുള്ള ഉണർവ്വ് പ്രസ്ഥാനങ്ങളിൽ ആകൃഷ്ടരായി നമ്മുടെ സഭയുടെ പ്രാർത്ഥനകളിലും കൂദാശാനുഷ്ഠാനങ്ങളിലും കൂടിയുള്ള ആത്മീയ വളർച്ചയെ തുച്ഛീകരിക്കുവാൻ ശ്രമിക്കുന്നതിൽ നാം ഖേദിക്കുന്നു. ഈ തരത്തിലുള്ള കരിസ്മാറ്റിക് ഉണർവ് പ്രസ്ഥാനങ്ങളോട് നമ്മുടെ സമീപനം എന്തായിരിക്കണമെന്ന് അറിയുവാൻ അനേകർ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതിനാലും ഈ വിഷയത്തെ സംബന്ധിച്ച് ഫെബ്രുവരി മാസം കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനം ചെയ്ത് നമ്മെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും ഈ കാര്യത്തിൽ സഭയുടെ ഔദ്യോഗിക നിലപാട് നാം അറിയിക്കുന്നു.

പാശ്ചാത്യരീതിയിലുള്ള ഉണർവ് യോഗങ്ങളിൽ അനവധി അത്ഭുതങ്ങൾ നടക്കുന്നു എന്ന അവകാശവാദം അനേകരെ അങ്ങോട്ട് ആകർഷിക്കുന്നതായി അറിയുന്നു. നമ്മുടെ കർത്താവ് എന്തു പഠിപ്പിച്ചിരുന്നുവെന്ന് നാം മനസ്സിലാക്കണം. ദൈവരാജ്യ സ്ഥാപനങ്ങളിൽ അടയാളമായിട്ടാണ് നമ്മുടെ കർത്താവ് മനുഷ്യാവതാരകാലത്ത് സൗഖ്യദാനം തുടങ്ങിയ അത്ഭുതങ്ങൾ പ്രവർത്തിച്ചത്. അത്ഭുതപ്രവൃത്തികൾ മൂലം ആരെയും തന്നിലേക്ക് അടുപ്പിക്കുവാൻ കർത്താവ് ആഗ്രഹിച്ചില്ല. മാത്രമല്ല താൻ ചെയ്ത സൗഖ്യദായക ശുശ്രൂഷയിലെ അത്ഭുതങ്ങൾ ആരോടും പറയരുതെന്ന് കർശനമായി വിലക്കുകയും ചെയ്തിരുന്നു (മർക്കോസ് 1:43-44, മത്തായി 8:4, മർക്കോസ് 3:12, 5:43, 7:36, 8:30, 9:9). തന്നോടുകൂടെ ശുശ്രൂഷ ചെയ്യുവാൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തപ്പോൾ വ്യക്തിപരമായി ഒരു അടയാളവും നൽകി മിശിഹാതമ്പുരാൻ അവരെ ആകർഷിച്ചില്ല, മറിച്ച് തന്നെത്തന്നെ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് തന്റെ പിന്നാലെ വരുവാൻ ആണ് കർത്താവ് കൽപ്പിച്ചത് (മത്തായി 16:24, മർക്കോസ് 8:34, ലൂക്കോസ് 9:23). ക്രൂശ് വഹിക്കുന്നതിനുള്ള സന്നദ്ധതയാണ് യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിന്റെ വലിയ അടയാളം.

നമ്മുടെ ദൈനംദിന ജീവിതം തന്നെ ഒന്ന് പരിശോധിക്കുന്നുവെങ്കിൽ, നാം അർഹിക്കുന്നതിൽ കവിഞ്ഞ നന്മകൾ ദൈവത്തിൽ നിന്ന് നമുക്ക് ഏവർക്കും ലഭിക്കുന്നുണ്ടല്ലോ. അതിൽ കൂടുതലായ അടയാളങ്ങൾ അന്വേഷിക്കുന്നത് പരീശന്മാരാണെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നു (മത്തായി 12:38-40, 16:1-4, മർക്കോസ് 8:11, ലൂക്കോസ് 11:29) എന്നീ വേദഭാഗങ്ങളിൽ അടയാളം അന്വേഷിച്ച പരീശന്മാരോട് നമ്മുടെ കർത്താവ് ഇപ്രകാരം കൽപ്പിച്ചതായി കാണുന്നു. "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കുകയില്ല." ഈ ആശയം തന്നെ വി. യോഹന്നാൻ ശ്ലീഹായും സാക്ഷിക്കുന്നു. "ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും" (വി. യോഹന്നാൻ 12:32). ഇവിടെ അത്ഭുതങ്ങളല്ല കുരിശാണ് ക്രിസ്തുവിന്റെ അടയാളമെന്ന് താൻ നമ്മെ പഠിപ്പിക്കുന്നു.

കർത്താവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്ന് അവകാശപ്പെട്ടവരോട്, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവർത്തിക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. അന്ന് ഞാൻ അവരോട്, അധർമ്മം പ്രവർത്തിക്കുന്നവരെ നിങ്ങൾ എന്നെ വിട്ടുപോകുവിൻ എന്ന് കർത്താവ് കൽപ്പിക്കുന്നു (വി. മത്തായി 7:22-23). 70 അറിയിപ്പുകാർ മടങ്ങിവന്ന് തങ്ങൾ ചെയ്ത അത്ഭുതപ്രവൃത്തികളെക്കുറിച്ചു പറഞ്ഞപ്പോഴും, "ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ" എന്ന് കർത്താവ് കൽപ്പിക്കുന്നു (ലൂക്കോസ് 10:20).

ഈ സത്യം നല്ലവണ്ണം ഗ്രഹിച്ച വ്യക്തിയായിരുന്നു വിശുദ്ധനായ പൗലോസ് ശ്ലീഹാ. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കാൻ ഇടവരരുത്" (ഗലാത്യർ 6:14) എന്ന് ശക്തമായി അദ്ദേഹം ഉദ്ഘോഷിച്ചു. വി. പൗലോസ് അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും തന്റെ പ്രശംസ മുഴുവനും ക്രൂശിലായിരുന്നു. "യഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്ന് (1 കൊരി. 1:22) ൽ നാം വായിക്കുന്നു. ക്രൂശ് വഹിക്കാനുള്ള സന്നദ്ധതയിലല്ലാതെ മറ്റ് യാതൊരുവിധ പ്രകടനാത്മകതയിലും വി. വേദപുസ്തകം ഊന്നൽ നൽകിയില്ല. പുരാതനമായ നമ്മുടെ സഭയിൽ ഈ പാരമ്പര്യമാണ് പിൻതുടരുന്നത്. ദിനംതോറും പ്രാർത്ഥനയിലും നോമ്പിലും ഉപവാസത്തിലും കൗദാശികാനുഭവങ്ങളിലും കൂടി ദൈവിക സ്വഭാവത്തിലും തേജസ്സിലും വളരുമ്പോൾ പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ദൈവകൃപ സ്വാഭാവികമായി നമുക്കു ലഭിക്കും. കാനാവിലെ കല്യാണത്തിന് നമ്മുടെ കർത്താവ് സന്നിഹിതനായിരുന്നതു കൊണ്ടാണല്ലോ വീഞ്ഞ് പോരാതെ വന്ന സാഹചര്യത്തിൽ അവർക്ക് സഹായം ലഭിച്ചത്. പ്രയാസഘട്ടങ്ങളിലാണ് ദൈവത്തെ വിളിക്കുവാൻ മനുഷ്യൻ കൂടുതൽ പ്രേരിതരാകുന്നതെങ്കിലും ശരിയായ ആത്മീയത ആ വിധത്തിലല്ല നാം വളർത്തിയെടുക്കേണ്ടത്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ നിരന്തരമായി അനുഭവിച്ചുകൊണ്ട് സമൃദ്ധിയായ ജീവനിൽ വളരുന്നതാണ് നമ്മുടെ ശരിയായ ആത്മീയത (യോഹ. 6:53-58, 10:10). ഇപ്രകാരം നമ്മുടെ കഷ്ടതകൾ ദൈവം തരുന്ന വരദാനങ്ങളാണെന്നും വിശ്വാസ സ്ഥിരതയിൽ കൂടി ഭാഗ്യവാനാകുന്നതിനുള്ള ദൈവിക മുഖാന്തിരങ്ങളാണ് അവയെന്നും മനസ്സിലാക്കുന്നതിന് നമുക്ക് സാധിക്കണം (റോമ. 5:3, യാക്കോ. 1:2, 12).

ഭൗതിക സമൃദ്ധിയിലേക്ക് പെട്ടെന്ന് വളർന്നവരിൽ ഉണ്ടാകുന്ന ശൂന്യതാബോധവും കുടുംബബന്ധങ്ങളിൽ വന്നിട്ടുള്ള താളപ്പിഴകളും ആധിയും ഉത്കണ്ഠയും വളർത്തിയെടുത്തിട്ടുണ്ടെന്ന് നാം മനസ്സിലാക്കുന്നു. അതിൽ നിന്ന് അത്ഭുതകരമായ ഒരു വിടുതൽ ആരും ആഗ്രഹിച്ചുപോകും. എന്നാൽ കഷ്ടപ്പാടുകൾ പല കാരണങ്ങളാലാകാം ഉണ്ടാകുന്നത്. ചിലത് നമ്മുടെ സൂക്ഷ്മതക്കുറവുകൊണ്ടാകാം. അല്ലെങ്കിൽ നമ്മുടെ തിന്മയുടെ ഫലമായിട്ടാകാം. വേറെ ചിലത് നമ്മെ ശുദ്ധീകരിക്കാനുമാകാം. മറ്റു ചിലത് സ്വാർത്ഥത വെടിഞ്ഞ് യേശുക്രിസ്തുവിന്റെ ക്രൂശിനോട് താദാത്മ്യപ്പെട്ട് മറ്റുള്ളവർക്ക് കൂടുതൽ നന്മ ചെയ്യുവാൻ നമുക്ക് പ്രേരണ നൽകുന്നതിനാവാം (കൊലോ. 1:24, എഫേ. 3:13). ഇവിടെ നമ്മുടെ കഷ്ടതകളിൽ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ശാന്തമായി ചിന്തിച്ച് അതനുസരിച്ച് ജീവിതശൈലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി

ക്രിസ്തുവിനോട് കൂടുതൽ അടുക്കുവാനുള്ള സന്ദർഭമാക്കുകയാണ് വേണ്ടത്. ചില വൈകാരികതലത്തിൽ ലഭിക്കുന്ന ഇളക്കം ഒരു മറുമരുന്നായി പലരും കണക്കാക്കാറുണ്ട്. എന്നാൽ നൈമിഷികമായ ഈ അനുഭവം ആത്മീയത യുടെ ആകെത്തുകയാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

അതുപോലെ തന്നെ പ്രവചനവും ദൈവദൂത് പറയുവാനുള്ള വരവും സ്വയം അവകാശപ്പെടുന്ന ചിലരും ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. ഇക്കൂട്ടരിൽ ചിലർ സഭയ്ക്കുള്ളിൽ മറ്റൊരു സഭയെന്നു തോന്നത്തക്കരീതിയിൽ സംഘടനകളുണ്ടാക്കുന്നതായും അവരുടെ പ്രമുഖ നേതാക്കളെ ദൈവമായി കണക്കാക്കി ആരാധിക്കുന്നതായും നാം അറിയുന്നു. ഇത് എത്രയോ ലജ്ജാകരം. പ. ത്രിത്വമൊഴികെ നമുക്ക് ദൈവമില്ല. സഭയിലെ പരിശുദ്ധരായ ആത്മീയ പിതാക്കന്മാരല്ലാതെ നേതാക്കന്മാരാരുമില്ല. ദൈവിക വെളിപാടുകൾ നേരിട്ട് ലഭിച്ചവർപോലും സഭയുടെ അനുമതിയോടുകൂടി ശുശ്രൂഷ നടത്തിയെന്നാണ് വേദപുസ്തകം സാക്ഷിക്കുന്നത്. ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് നമ്മുടെ കർത്താവ് ശൗലിന് പ്രത്യക്ഷപ്പെട്ടുവെങ്കിലും പരിശുദ്ധാത്മ നൽവരത്തിനുള്ള കൈവെപ്പിനായി അനന്യാസിന്റെ അടുക്കൽ പോയതായി നാം വായിക്കുന്നു (അപ്പോ. 9:17). ബർന്നബാസിനെയും പൗലോസിനെയും സുവിശേഷവേലയ്ക്ക് അയച്ചതും സഭ തന്നെ (അപ്പോ. 13:23). “ഞങ്ങൾ കൽപ്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്ന് പുറപ്പെട്ട് നിങ്ങളുടെ വാക്കുകളാൽ ഭ്രമിച്ചു” എന്ന് അപ്പസ്തോല പ്രവൃത്തികൾ 15-ാം അദ്ധ്യായം 24-ാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നത് സ്വയം നൽവരങ്ങൾ അവകാശപ്പെടുന്നവരെക്കുറിച്ചായിരിക്കണം. പരിശുദ്ധനായ പരുമല തിരുമേനിയെപ്പോലെയുള്ള വിശുദ്ധന്മാരിൽ കൂടി അനേകം അത്ഭുതങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവരാരും യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടില്ല. അത്ഭുത രോഗശാന്തി അവകാശപ്പെട്ടുകൊണ്ട് പത്രങ്ങളിലും മറ്റ് മാധ്യമങ്ങളിലും നൽകുന്ന പരസ്യങ്ങൾ ക്രിസ്തുവിന്റെ ജീവിതത്തിനും ഉപദേശത്തിനും വിരുദ്ധമാണ്.

ഉപരിപ്ലവമായ ആത്മീയതയുടെ മുഖംമൂടി ധരിച്ച് മറ്റു ലക്ഷ്യങ്ങൾക്കുവേണ്ടി നടത്തുന്ന ഉണർവ്വു പ്രസ്ഥാനങ്ങളെ തിരിച്ചറിയുവാൻ സഭാംഗങ്ങൾ ജാഗരൂകരായിരിക്കണം. ആത്മീയതയുടെ മാർഗ്ഗങ്ങൾ താൽക്കാലിക നേട്ടങ്ങളെ ലക്ഷ്യം വെച്ചുകൊണ്ടുള്ളവയല്ല, നേരെമറിച്ച് നമ്മെ ദൈവീകരിക്കാൻ ഉപകരിക്കുന്നവയാണ്. ക്രൂശ് വഹിക്കുന്നതിനുള്ള സന്നദ്ധതയാണ് ആത്മീയതയുടെ ഉൾകാമ്പ്. ആയതിനാൽ നമ്മുടെ സഭയിലെ ഭദ്രാസന മെത്രാപ്പോലീത്താമാരുടെയും ഇടവക വികാരിമാരുടെയും അറിവോ സമ്മതമോ അനുവാദമോ കൂടാതെ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങളിലും കൂട്ടായ്മകളിലും സംബന്ധിക്കുന്നതിൽ നിന്ന് നാം നിങ്ങളെ കർശനമായി നിരോധിച്ചിരിക്കുന്നു. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്ക് സഭയുടെ

കൂദാശാനുഷ്ഠാനങ്ങളിലോ ഔദ്യോഗികമായ ചുമതലകളിലോ ഭാഗഭാഗിത്വം ഉണ്ടായിരിക്കുന്നതല്ല. ഈ കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് വികാരിമാരെ നാം ചുമതലപ്പെടുത്തുന്നു.

സ്നേഹത്തിന്റെ അപ്പസ്തോലനായ വി. യോഹന്നാൻ ശ്ലീഹാ തന്റെ രണ്ടാം ലേഖനത്തിൽ അരുളിച്ചെയ്യുന്നത് കേൾപ്പിൻ. ഈ വിശ്വാസം, അഥവാ കർത്താവിന്റെ തിരുശരീരമാകുന്ന പ. സഭയുടെ വിശ്വാസം കൊണ്ടുവരാത്തവരെ ഭവനത്തിൽ കയററരുത്. അങ്ങനെയുള്ളവരുമായി കുശലപ്രശ്നം പോലും നടത്തരുത് (2 യോഹ. 8:11). വി. പൗലോസ് ശ്ലീഹായും എത്ര കർശനമായി ഈ കാര്യങ്ങളെക്കുറിച്ച് നിഷ്കർഷിച്ചിരിക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. പ. സഭയുടെ വിശ്വാസത്തെ ലംഘിച്ച് ഇളക്കി പഠിപ്പിക്കുന്നത് ദൈവത്തിന്റെ ദൂതനായാലും അവൻ ശപിക്കപ്പെട്ടവൻ.. ആകയാൽ സഭാവിശ്വാസത്തിൽ വളരുവിൻ, ഉയരുവിൻ. ആരും വ്യതിചലിച്ചുപോകരുത്. അതാണ് നമ്മുടെ ആഗ്രഹം.

വാത്സല്യമക്കളെ, നമ്മുടെ ഇടവകയിലെ ആത്മീയ വളർച്ചയ്ക്കുവേണ്ടി ബോധപൂർവ്വമായ ഒരു ശ്രമം ഇത്തരുണത്തിൽ നമുക്ക് ആവശ്യമായിരിക്കുന്നു. സഭയുടെ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ള കുടുംബപ്രാർത്ഥന സന്ധ്യയ്ക്കും പ്രഭാതത്തിലും നിർബ്ബന്ധമായും എല്ലാ കുടുംബങ്ങളിലും നടത്തിയിരിക്കണം. വേദപുസ്തകം ദിനംപ്രതി വായിച്ചു പഠിക്കുന്നതിൽ നിങ്ങൾ ശുഷ്കാന്തിയുള്ളവരാകണം. ഇടവകയുടെ ആഭിമുഖ്യത്തിൽ ആഴ്ചതോറും ബൈബിൾ ക്ലാസ്സുകൾ നടത്തണം. ഇടവകകളെ വാർഡുകളായി തിരിച്ച് എല്ലാ വാർഡുകളിലും ഒരാഴ്ചയിൽ ഒരു ദിവസം വീതം പ്രാർത്ഥനായോഗം ക്രമീകരിച്ചു നടത്തണം. ഇടവകാംഗങ്ങൾ ക്രമമായി നോമ്പനുഷ്ഠിക്കുകയും വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നുണ്ടെന്നു ഉറപ്പുവരുത്താൻ ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. സാമ്പത്തിക പ്രതിസന്ധി, മദ്യപാനം, അഹങ്കാരം, രോഗം മുതലായവ കൊണ്ട് പ്രശ്നങ്ങളുള്ള കുടുംബങ്ങൾ ഇടവക വികാരിമാർ ഒറ്റയായും സുവിശേഷ സംഘങ്ങൾ കൂട്ടമായും പതിവായി സന്ദർശിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്തി കുടുംബങ്ങളിൽ ശാശ്വത സമാധാനം കണ്ടെത്തുവാനുള്ള നടപടി കൈക്കൊള്ളണം. മശിഹായുടെ മണവാട്ടിയായ സഭ സ്വർഗ്ഗീയ ഭാഗ്യങ്ങൾ നിറഞ്ഞ പറുദീസയ്ക്കു സദൃശ്യമായി വളരുവാൻ നമുക്ക് പ്രാർത്ഥിക്കാം. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് “സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവിഷ്ടം ചെയ്യുന്നവനാണ്. മറ്റ് എന്തിനേക്കാളും ജീവിതമാണ് സർവ്വപ്രധാനം. ഇത് നാം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആകയാൽ ക്രൈസ്തവജീവിതം നയിക്കുവാൻ ശ്രമിക്കുക. അപ്രകാരം സ്വർഗ്ഗരാജ്യത്തിന് അവകാശികളാകൂ.”

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മറ്റൊരു കൽപന

കോട്ടയം ഇടവകയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കൽപന.

ആത്മീയ ഉണർവിന്റെ പേരിൽ സഭയുടെ ആരംഭം മുതൽക്കേ പലവിധത്തിലുള്ള ഉണർവ്വു പ്രസ്ഥാനങ്ങൾ ഉടലെടുത്തിട്ടുണ്ട്. അപ്പോസ്തോലിക സഭയിൽ ആത്മീയ നൽവരത്തിന്റെ പേരിൽ വിശ്വാസികളെ ചൂഷണം ചെയ്യുന്ന പ്രവണതകൾ പ. പൗലോസ് അപ്പോസ്തോലൻ നിരുത്സാഹപ്പെടുത്തി. ആത്മീയ ഫലമാണ് ആത്മീയ വരത്തേക്കാൾ മനുഷ്യനും സഭയ്ക്കും പ്രയോജനപ്പെടുന്നതെന്നു പൗലോസ് ശ്ലീഹാ പഠിപ്പിച്ചു (1 കൊരി. 13:1–3).

ആദ്യ നൂറ്റാണ്ടുകളിൽ സഭയിൽ വളർന്ന ആത്മീയ ഉണർവ്വു പ്രസ്ഥാനങ്ങൾ കാലക്രമത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു വേദവിപരീതത്തിൽ കലാശിച്ചു.

ഇക്കാലത്ത് ആത്മീയ ഉണർവ്വിന്റെ പേരിൽ പല പ്രസ്ഥാനങ്ങളും സഭയ്ക്കകത്തും പുറത്തും ഉടലെടുത്തിട്ടുണ്ട്. ഉദാ. സഭയ്ക്കകത്തു തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള വിടുതൽ പ്രസ്ഥാനം. ഇതും ഒരു തരം കരിസ്മാറ്റിക് ഉണർവ്വു പ്രസ്ഥാനമാണ്. ഈ പ്രസ്ഥാനം സഭയിൽ ആരംഭിച്ചപ്പോൾ സഭയ്ക്കകത്തു വലിയ ആത്മീയ ഉണർവ്വ് ഉളവാകുമെന്നു പലരും പ്രതീക്ഷിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്നാൽ കാലക്രമേണ ഇതു രണ്ടു കൂട്ടരായി പിരിയുകയും പരസ്പരം വിമർശിക്കുകയും ചെയ്യുന്നു. ഇതിൽ ഒരു ഗ്രൂപ്പ് (തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള) അതിന്റെ ഇപ്പോഴത്തെ ലീഡറായ ഒരു സ്ത്രീയെ ക്രിസ്തുവായി കരുതുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു പട്ടക്കാരനെ വിളിച്ചു ചോദിച്ചപ്പോൾ ഇപ്രകാരം ഒരു പ്രസ്താവന എഴുതി തന്നു. 'ശാന്തമ്മാമ്മ ക്രിസ്തുവാകുന്നു, ത്രിത്വത്തിൽ ഒരുവളാകുന്നു, ശാന്തമ്മാമ്മയ്ക്കു സ്തുതി അർപ്പിക്കുന്നതു ശരിയാകുന്നു.' ഇങ്ങനെ ആത്മീയ പരിവേഷമണിഞ്ഞ ആത്മീയ പ്രസ്ഥാനം വേദവിപരീതത്തിൽ കലാശിച്ചിരിക്കുകയാണ്. 'ശാന്തമ്മാമ്മ ഈ വീടിന്റെ നാഥയാകുന്നു' എന്ന് ഈ ഗ്രൂപ്പിൽപെട്ട പലരുടെയും വീടുകളിൽ എഴുതി വച്ചിട്ടുണ്ട്. ഇത്രമാത്രം വേദവിപരീതം പഠിപ്പിക്കുന്ന, സഭയ്ക്കകത്തുള്ള ഈ ഗ്രൂപ്പിന് എതിരായി നടപടികൾ സ്വീകരിക്കുവാൻ അമാന്തിക്കരുത്. കുട്ടംപേരൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഉപദേശിയും പ്രവാചകയും ഇതിന് മറ്റൊരു ഉദാഹരണമാണ്.

'ജീം ബേയിക്കർ' എന്ന സുപ്രസിദ്ധ അമേരിക്കൻ ടി.വി. കരിസ്മാറ്റിക് പ്രസംഗകൻ അനേക ലക്ഷങ്ങളെ തന്റെ പ്രസംഗത്തിൽ കൂടി സ്വാധീനിച്ചു. തന്റെ പ്രസംഗത്തിലൂടെ ശ്രോതാക്കളെ ആത്മീയ ഉണർവ്വുള്ളവരാക്കി. താൻ ആവശ്യപ്പെടുന്നതിലധികം സംഭാവനകൾ നൽകി ഈ കരിസ്മാറ്റിക്

പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചു. എന്നാൽ ഒരു സുപ്രഭാതത്തിൽ ഈ വ്യക്തിയുടെ രഹസ്യജീവിതത്തിന്റെ മ്ലേച്ഛമായ കാര്യങ്ങൾ പുറത്തായി. ഇപ്രകാരം ആത്മീയ പരിവേഷമണിഞ്ഞ ഈ സുവിശേഷകന്റെ മ്ലേച്ഛമായ ജീവിതം തന്റെ ശ്രോതാക്കളുടെ വിശ്വാസത്തെ നശിപ്പിച്ചു.

അതുകൊണ്ട് അമിതമായ ആത്മീയ പരിവേഷങ്ങളിൽ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും ധാർമ്മിക അധഃപതനത്തിലും വേദവിപരീതത്തിലും മാത്രമെ കലാശിക്കൂ. വി. മർക്കോസ് 13:21–23, 'അന്ന് ആരെങ്കിലും നിങ്ങളോടു കൂടെ ക്രിസ്തു ഇവിടെ എന്നോ, അതാ അവിടെ എന്നോ പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകരും എഴുന്നേറ്റു, കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും; നിങ്ങളോ സൂക്ഷിച്ചുകൊൾവിൻ, ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ.' ഈ വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെയാണ് എക്കാലത്തും ഭക്തിയുടെ പരിവേഷമണിഞ്ഞ് ആത്മീയ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചു മനുഷ്യനെ ചൂഷണം ചെയ്യുന്നത്. ഇത്തരത്തിലുള്ള ആത്മീയ പ്രവണതകൾ സഭയിൽ ഉണ്ടാകുമെന്ന് മശിഹാതമ്പുരാൻ മുന്നറിയിപ്പ് നൽകി. 'ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേര് എടുത്തു വന്നു പലരേയും തെറ്റിക്കും' (വി. മത്താ. 24:5).

അതുകൊണ്ട് ആത്മീയ ഉണർവ്വിന്റെ പേരിൽ ഉടലെടുക്കുന്ന പ്രസ്ഥാനങ്ങളെ മേൽപ്പറഞ്ഞ വേദഭാഗത്തിന്റെ വെളിച്ചത്തിലാണു വിലയിരുത്തേണ്ടത്. ഈ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട 'കരിസ്മാറ്റിക് പ്രസ്ഥാന' ത്തെ, പലരും നല്ലതെന്നു കരുതുന്നു. എന്നാൽ ഈ വിധത്തിലുള്ള ആത്മീയ അനുഭവങ്ങൾ മറ്റു മതങ്ങളിലുള്ള പ്രസ്ഥാനങ്ങളിൽ ദൃശ്യമാണ്. ഉദാ. സായിബാബ പ്രസ്ഥാനം, മാതാ അമൃതാനന്ദ, ശബരിമല, തിരുപ്പതി തുടങ്ങിയവ. ആൾക്കൂട്ടങ്ങൾ, പ്രചാരണം, വരുമാനം എന്നിവയാണ് ഒരു പ്രസ്ഥാനത്തിന്റെ വിജയമായി കണക്കാക്കുന്നതെങ്കിൽ അതിൽ മുൻപന്തിയിൽ നിൽക്കുന്നത് ശബരിമലയും തിരുപ്പതിയുമാണ്.

ആത്മീയ ഉണർവ്വ് പ്രസ്ഥാനങ്ങളെല്ലാം മനുഷ്യന്റെ പ്രശ്നങ്ങൾക്കു പരിഹാരം വരുത്തുന്നതും വിജയിക്കുന്നതുമായി വളരെ പബ്ലിസിറ്റി കൊടുക്കാറുണ്ട്. പ്രശ്നനിർഭരനായ മനുഷ്യൻ ഇതിനാലാകർഷിക്കപ്പെട്ട് ചൂഷണം ചെയ്യപ്പെടുന്നു. മതം മനുഷ്യന്റെ പ്രശ്നങ്ങളെ പരിഹരിക്കുന്ന കുറുക്കുവഴിയല്ല. അങ്ങനെ പഠിപ്പിക്കുന്നതു ക്രിസ്തീയമല്ല. ആത്മീയ ഉണർവ്വുപ്രസ്ഥാനങ്ങളെല്ലാം പ്രശ്നപരിഹാര വാഗ്ദത്തത്തിന്റെ പേരിൽ, മനുഷ്യനെ അവയെ അഭിമുഖീകരിക്കുന്നതിൽ നിന്നു വിമുക്തനാക്കുന്നു. എന്നാൽ സാക്ഷാൽ വിശ്വാസം, പ്രശ്നങ്ങളെ ആത്മധൈര്യത്തോടെ അഭിമുഖീകരിക്കുന്നതിന്, മനുഷ്യന് ആവശ്യമായിരിക്കുന്ന പരിശീലനം നൽകുന്നതാണ്. പ്രശ്നങ്ങളെ

നേരിടുന്നതിനുള്ള പ്രത്യാശയും, സഹനശക്തിയും മനുഷ്യനു ദൈവകൃപയിലൂടെയാണു ലഭിക്കുന്നത്. പ്രശ്നങ്ങളെ ഇല്ലാതാക്കാനുള്ള പരിശ്രമവും അവയെ അഭിമുഖീകരിക്കുവാനുള്ള വിമുഖതയും മനുഷ്യനെ ആത്മീയമായി ബലഹീനനാക്കുന്നു. നേരെമറിച്ച് വിശ്വാസത്തോടെ പ്രശ്നങ്ങളെ നേരിടുന്ന മനുഷ്യനു മാത്രമേ ആത്മീയമായ വളർച്ചയും ബലവും ലഭിക്കുകയുള്ളു. ജീവിതത്തിലുണ്ടാകുന്ന കഷ്ടതയും പ്രയാസവും രോഗവും മറ്റും ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാണ് (1 പത്രോസ് 4:13-19). പൗരസ്ത്യ സഭയുടെ മന്ദീഭവിച്ചുപോകുന്ന ആത്മീയ ചൈതന്യം വീണ്ടെടുക്കുവാൻ സഭ എന്തു ചെയ്യണം? മേൽപ്പറഞ്ഞ രീതിയിലുള്ള ആത്മീയ ഉണർവ്വ് പ്രസ്ഥാനങ്ങളെ അനുകരിക്കണമെന്നാണ് ചിലർ പറയുന്നത്. നല്ലതെല്ലാം സ്വീകരിക്കണമെന്നാണ് ഇങ്ങനെയുള്ളവരുടെ അഭിപ്രായം. ഇപ്രകാരമുള്ള അനുകരണഭ്രമം പൗരസ്ത്യ സഭാവിശ്വാസികളുടെ ആത്മീയ പാപ്പരത്തമാണ് കാണിക്കുന്നത്. പൗരസ്ത്യ സഭയുടെ ആത്മീയ ജീവിതാനുഭവമുള്ള ഒരു വിശ്വാസിയും ഇപ്രകാരം അന്ധമായി അനുകരിക്കപ്പെടണമെന്നാവശ്യപ്പെടുകയില്ല. പൗരസ്ത്യ സഭയ്ക്ക് അതിന്റേതായ ആത്മീയ ജീവിതദർശനമുണ്ട്. അത് മനസ്സിലാക്കി, ജീവനുമായി ബന്ധപ്പെടുത്തേണ്ടതാണ് സഭയുടെ ആത്മീയ ഉണർവ്വിന് ആവശ്യമായിട്ടുള്ളത്. സ്വന്തം വീട്ടിലെ സമൃദ്ധമായ ആഹാരം അനുഭവിക്കാതെ അയൽവക്കത്തെ വീട്ടിലെ ആഹാരത്തിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത കുട്ടികളുടെ സ്വഭാവമാണ്. ഇന്ന് അനുകരിക്കണമെന്ന് പറയുന്ന ഓർത്തഡോക്സ് സഭയിലെ ചിലരിൽ കാണുന്ന പ്രവണതയും ഇതു തന്നെയാവണം. മകൻ അയച്ചുകൊടുത്തത് ഡോളറാണെന്നു മനസ്സിലാക്കാതെ, അവയെ വെറും പടങ്ങളായി കണ്ട് അലമാരയിൽ സൂക്ഷിച്ചുവെച്ചിട്ട് പട്ടിണി കിടന്ന അമ്മയുടെ അനുഭവമാണ് ഓർത്തഡോക്സ് വിശ്വാസികൾക്ക് ഇപ്പോഴുള്ളത്. സ്വന്തം സഭയുടെ ആത്മീയ ജീവിതദർശനം മനസ്സിലാക്കാതെ, അത് മാറ്റിവച്ചിട്ട് ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്നു. ഈ ആത്മീയ ദാരിദ്ര്യത്തിന്റെ ലക്ഷണമാണ് അനുകരണഭ്രമം.

ഭദ്രാസന ആസ്ഥാനം

കോട്ടയം ഭദ്രാസനത്തിന്റെ പുതിയ ആസ്ഥാനമന്ദിരത്തിന്റെ (കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് സെന്റർ) ശിലാസ്ഥാപനകർമ്മം പ. കാതോലിക്കാ ബാവാ കഴിഞ്ഞ നവംബറിൽ നിർവ്വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ്, വൈദികശ്രേഷ്ഠർ, അത്മായ പ്രമുഖർ തുടങ്ങി അനേകം ആളുകൾ സംബന്ധിച്ചു.

മന്ദിര നിർമ്മാണഫണ്ട് ഉൽഘാടനകർമ്മം പ. ബാവാ ചേന്നാട്ടുമറ്റം സി. കെ. ആൻഡ്രൂസിൽ നിന്ന് തുക സ്വീകരിച്ച് നിർവ്വഹിച്ചു. കോട്ടയം കലക്ട്രേറ്റിന് സമീപം ഏലിയാ കത്തീഡ്രലിനു കിഴക്കു ഭാഗത്തായിട്ടാണ് ഈ മൂന്നു

നില സമുച്ചയം നിർമ്മിക്കുന്നത്. അമ്പത് ലക്ഷം രൂപാ ചെലവ് പ്രതീക്ഷിക്കുന്ന ഈ മന്ദിരത്തിൽ വിവിധ ആത്മീയ സംഘടനകൾക്കുള്ള ഓഫീസ്, കോൺഫ്രൻസ് ഹാൾ, അതിഥികൾക്കുള്ള മുറി, ചാപ്പൽ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. പ. പാമ്പാടി തിരുമേനിയുടെ നാമത്തിൽ പണിയപ്പെടുന്ന ഈ സ്ഥാപനത്തിന്റെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മുളന്തുരുത്തിയിൽ വി. കുർബാന

സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ സമാധാനവാഞ്ഛയുടെ പശ്ചാത്തലത്തിൽ കാതോലിക്കാ ബാവാ കഴിഞ്ഞ വർഷം ഡിസംബർ 20-ന് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലത്തിനു ശേഷമാണ് മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ മാർത്തോമ്മൻ പള്ളിയിൽ പ്രവേശിക്കുന്നത്.

കക്ഷിവഴക്കു മൂലം ദീർഘകാലം പൂട്ടിക്കിടന്നിരുന്ന മുളന്തുരുത്തി പള്ളിയിൽ കോടതി ഇടപെട്ടാണ് അനുരഞ്ജനമുണ്ടാക്കുകയും ഏതാനും വർഷങ്ങൾക്കു മുമ്പ് പള്ളി തുറക്കുകയും ചെയ്തത്. ഇരുവിഭാഗങ്ങളും തവണമുറയനുസരിച്ചാണ് വി. കുർബ്ബാന അർപ്പിക്കുന്നത്. 20-നു ഞായറാഴ്ച ഓർത്തഡോക്സ് സഭയുടെ തവണയായിരുന്നു. പ. ബാവാ പള്ളിയിൽ പെരുന്നാളിന് എത്തുമെന്നറിഞ്ഞ് പാത്രിയർക്കീസ് വിഭാഗം കോടതിയെ സമീപിക്കുകയും പ്രശ്നം ഉണ്ടാക്കുകയും ചെയ്തു.

എറണാകുളം ജില്ലാക്കോടതി പ. ബാവായെ പള്ളിയിൽ പ്രവേശിക്കുവാൻ അനുവദിക്കുകയും തടസ്സം സൃഷ്ടിക്കുന്നവരെ നീക്കുവാൻ പോലീസിന് ഉത്തരവു നൽകുകയും ചെയ്തു. പ. ബാവാ പള്ളിയിൽ പ്രവേശിക്കുന്നതിന് തടസ്സം ഒന്നുമുണ്ടായില്ല.

പ. ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂന്നിൻമേൽ കുർബ്ബാനയ്ക്ക് കൊച്ചി ഭദ്രാസനാധിപൻ സഖറിയാ മാർ അന്തോണിയോസ്, ഇടവക വികാരി ഫാ. കെ. ജെ. കുര്യാക്കോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

കുർബ്ബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനം പ. ബാവാ ഉത്ഘാടനം ചെയ്തു. സഖറിയ മാർ അന്തോണിയോസ് അദ്ധ്യക്ഷത വഹിച്ചു. ഭിന്നതകൾ വെടിഞ്ഞ് മലങ്കര സഭാംഗങ്ങൾ എല്ലാവരും ഒന്നാകണമെന്നതാണ് തന്റെ ഏറ്റവും വലിയ ആഗ്രഹമെന്ന് പ. ബാവാ പ്രസ്താവിച്ചു. കാതോലിക്കോസും പാത്രിയർക്കീസും ഒരുപോലെ മലങ്കര സഭാഭരണഘടനയ്ക്കു വിധേയരാണെന്നും, എത്ര ഉന്നതരായാലും സഭാ ഭരണഘടനയ്ക്ക് കീഴ്പ്പെടണമെന്നും, ഭരണഘടന അനുസരിച്ചേ സഭയിൽ ഭരണം നടത്തുവാൻ സാധിക്കുകയുള്ളു എന്നും പ. ബാവാ പ്രസ്താവിച്ചു.

വാഴൂർ പള്ളി കൂദാശ

ദേവാലയങ്ങൾ പണിതുയർത്തുന്നതിലല്ല അതിന്റെ പവിത്രത കാത്തു സൂക്ഷിക്കുന്നതാണ് പ്രധാനമെന്ന് പ. കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു. യറുശലേം ദേവാലയം പണിയുവാൻ ദാവീദ് രാജാവ് ആഗ്രഹിച്ചെങ്കിലും ദൈവം അനുവദിച്ചില്ല. പകരം അദ്ദേഹത്തിന്റെ മകനായ ശലോമോനാണ് ആ ഭാഗ്യം ലഭിച്ചത്. അതുപോലെ ദേവാലയം പണിയുക എന്നത് ദൈവ നിയോഗമാണ്. അത് പണിയുന്നതിന് മനസ്സും, ശരീരവും, ആത്മാവും ഒരുക്കമുള്ളതായിരിക്കണം. പ. ബാവാ ഓർമ്മിപ്പിച്ചു. പുതുക്കിപ്പണിത വാഴൂർ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ചേർന്ന പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു പ. ബാവാ. വാഴൂർ പള്ളിയുടെ പുതിയ ദേവാലയത്തിൽ സ്നേഹവും, സൗഹൃദവും, മതസൗഹാർദ്ദവും വിളയട്ടെ എന്ന് ബാവാ ഓർമ്മിപ്പിച്ചു.

വാഴൂർ വാഴ്വിന്റെ ഊരാണെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് അഭിപ്രായപ്പെട്ടു. ജനകോടികൾ ഭക്ത്യാദരവോടെ വീക്ഷിക്കുന്ന ത്രിവേണിസംഗമത്തെ സൂചിപ്പിക്കുന്ന രീതിയിൽ പ്രധാനപ്പെട്ട മൂന്ന് റോഡുകളുടെ സംഗമസ്ഥാനത്ത് പ്രൗഢഗാംഭീര്യത്തോടെ ഉയർന്നു നിൽക്കുന്ന വാഴൂർ പള്ളി മലമേൽ ശോഭിക്കുന്ന വിളക്കുപോലെ ശോഭിക്കട്ടെ എന്ന് നിയുക്ത ബാവാ ആശംസിച്ചു.

ചെറിയമഠത്തിലെ വലിയ യാക്കോബ് കത്തനാർ കോട്ടയം ഭദ്രാസനത്തിൽ അനേകം ദേവാലയങ്ങൾ സ്ഥാപിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു താപസ ശ്രേഷ്ഠനായിരുന്നുവെന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് അഭിപ്രായപ്പെട്ടു.

അമ്പതു ലക്ഷം രൂപ ചിലവാക്കി പണിത വാഴൂർ പള്ളിയുടെ കൂദാശയും പെരുന്നാളും 1998 ഡിസംബർ 25 മുതൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

കാഞ്ഞിരമറ്റത്തു കയ്പു തന്നെ

കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ കുർബ്ബാന അർപ്പിക്കാനെത്തിയ ഓർത്തഡോക്സ് വിഭാഗത്തെ, പാത്രിയർക്കീസ് വിഭാഗം തടസ്സപ്പെടുത്തി.

മാത്യു പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായാണ് കാഞ്ഞിരമറ്റം പള്ളി വികാരി. അദ്ദേഹത്തിന് അസുഖമായതിനെ തുടർന്ന് ആറാഴ്ചത്തേക്ക് കുർബ്ബാന അർപ്പിക്കുവാൻ ഫാ. തോമസ് വർഗ്ഗീസിനെ ഇടവക മെത്രാപ്പോലീത്താ സഖറിയാ മാർ അന്തോണിയോസ് താൽക്കാലിക കൽപന മൂലം ചുമതലപ്പെടുത്തി.

നവംബർ 15-ന് ഫാ. തോമസ് വർഗ്ഗീസ് കുർബ്ബാന അർപ്പിക്കുവാൻ എത്തിയപ്പോൾ പാത്രിയർക്കീസ് വിഭാഗം അതു തടഞ്ഞു. ശുശ്രൂഷക്കാരെയും ഓർത്തഡോക്സ് വിശ്വാസികളെയും അവർ ഭീഷണിപ്പെടുത്തി ഓടിച്ചു. പള്ളിയിൽ പ്രവേശിക്കുവാനും ആരാധന നടത്തുവാനും ആവശ്യമായ പോലീസ് സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിഭാഗം കോടതിയെ സമീപിച്ചു.

മാത്യു പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായ്ക്കു പകരം ഇടവക മെത്രാപ്പോലീത്തായുടെ കൽപ്പനയനുസരിച്ച് ഫാ. തോമസ് വർഗ്ഗീസിന് കുർബ്ബാന അർപ്പിക്കാനാവുന്നതാണെന്ന് എറണാകുളം ഒന്നാം ക്ലാസ്സ് അഡീഷനൽ ജില്ലാ മജിസ്ട്രേറ്റ് കോടതി വിധിച്ചു. അതിനുവേണ്ട സംരക്ഷണം നൽകുവാൻ മൂവാറ്റുപുഴ ഡി.വൈ.എസ്.പി. ക്കും മറ്റു ബന്ധപ്പെട്ടവർക്കും കോടതി നിർദ്ദേശം നൽകി.

അതിനെ തുടർന്ന് പാത്രിയർക്കീസ് വിഭാഗം കയറിയിറങ്ങി ആളുകളെ ഭീഷണിപ്പെടുത്തുകയും ആരും പള്ളിപ്പരിസരത്തു വരികപോലും ചെയ്യരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ശുശ്രൂഷക്കാരെ തെരഞ്ഞുപിടിച്ച് പ്രത്യേക ഭീഷണി മുഴക്കുകയും പള്ളിയിൽ കയറരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഡിസംബർ 13-ാം തീയതി ഫാ. തോമസ് വർഗീസ്, മാത്യു പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പാ തുടങ്ങിയവർ പള്ളിയിൽ എത്തി. നേരത്തേതന്നെ വൻ പോലീസ് സന്നാഹവും എത്തിയിരുന്നു.

ഓർത്തഡോക്സ് വിശ്വാസികളെ പാത്രിയർക്കീസുകാർ വീട്ടുപടിക്കൽ വച്ചുതന്നെ തടഞ്ഞിരുന്നതിനാൽ അവർക്ക് പള്ളിയിൽ എത്തുവാൻ കഴിഞ്ഞില്ല. നേരത്തെ പള്ളിയിൽ കയറിക്കൂടിയ വളരെ കുറച്ച് ആളുകൾ മാത്രമേ പള്ളിയിൽ ഉണ്ടായിരുന്നുള്ളു.

എട്ടരയ്ക്കു വി. കുർബ്ബാന തുടങ്ങുമെന്ന് ഉറപ്പായപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിലെ ഫാ. ജോൺ ചാത്തോത്ത് കുർബ്ബാന തടയുമെന്ന് ആർത്തട്ടഹസിച്ചുകൊണ്ട് പള്ളിയിലേക്ക് ഓടിക്കയറി. “സത്യവിശ്വാസികൾ” അദ്ദേഹത്തെ ഒരു പള്ളിമുറിയിൽ ഇട്ടു പൂട്ടി.

കുടിയേറ്റ ജൂബിലി

ഇക്കൊല്ലം ആദ്യം നടന്ന മീനങ്ങാടി പള്ളിയിലെ കുടിയേറ്റ ജൂബിലി സമ്മേളനത്തിലും തിരക്കുപിടിച്ച പരിപാടികൾക്കിടയിൽ പ. കാതോലിക്കാ ബാവാ പങ്കെടുത്തു.

അര നൂറ്റാണ്ടിന്റെ ആരാധനാ ചരിത്രം അയവിറക്കി മീനങ്ങാടി സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിൽ കുടിയേറ്റത്തിന്റെ ജൂബിലിയും പള്ളി കൂദാശയും നടന്നു. ഇടവകയിലെ മുഴുവനാളുകളുടെയും ശ്രമഫലമായി

സുവർണ ജൂബിലി വർഷത്തിൽ 25 ലക്ഷത്തിലേറെ രൂപ ചെലവിൽ നിർമ്മിച്ച പള്ളിയുടെ കൂദാശ നടത്തി. ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് എന്നിവരെ കൽപറ്റയിൽ നിന്ന് നൂറു കണക്കിനു വാഹനങ്ങളുടെ അകമ്പടിയോടെയാണ് മീനങ്ങാടിയിലേക്ക് എതിരേറ്റത്.

മതം പഠിപ്പിക്കുന്നത് സ്നേഹമാണെന്ന് അനുഗ്രഹപ്രഭാഷണത്തിൽ പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ബോധിപ്പിച്ചു. ആരാധനയും അനുഷ്ഠാനവും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകുമ്പോഴാണ് അസമാധാനവും നാശവും സംഭവിക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നവൻ സഹജീവികളെ സ്നേഹിക്കുന്നു. നന്നായി പ്രാർത്ഥിക്കുന്നവൻ ആനന്ദം അനുഭവിക്കുന്നു. ഉൾപ്രേരണയും ദൈവവിശ്വാസവും ഉണ്ടാവുമ്പോഴാണ് ദേവാലയം ഉണ്ടാവുന്നത്. മനസ്സിനെ ശുദ്ധവും ശക്തവും ആക്കാനുള്ള അന്തരീക്ഷം ദേവാലയം പ്രദാനം ചെയ്യുന്നു. നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.

മതസൗഹാർദ സമ്മേളനം

നിലയ്ക്കൽ സെന്റ് തോമസ് ചർച്ച് ആൻഡ് എക്യുമെനിക്കൽ സെന്റർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 1998 ജൂൺ 6-നു ശനിയാഴ്ച സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ മതസൗഹാർദസമ്മേളനം നടന്നു. "സർവധനമ സമഭാവ" എന്നതായിരുന്നു വിഷയം. വേദപാരായണത്തോടെ ആരംഭിച്ച സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പൗവത്തിൽ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ ശ്രീരാമകൃഷ്ണാശ്രമത്തിലെ സ്വാമി തത്വമയാനന്ദ, സ്വാമി സൂക്ഷ്മാനന്ദ, ഇമാം അൽ ഹാജ് ഹുസൈൻ മൗലാന, എ. സെയ്ദ് മുഹമ്മദ് ബീരാൻ, അഡ്വ. പി. ആർ. രാജഗോപാൽ, മാർ കുര്യാക്കോസ് കുന്നശ്ശേരി, ഏബ്രഹാം ഇട്ടിച്ചെറിയ എന്നിവർ പ്രസംഗിച്ചു.

കേരളത്തിലെ കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ, യാക്കോബായ സി.എസ്.ഐ. സഭകളുടെ സംയുക്ത പ്രവർത്തനവേദിയായ സെന്റ് തോമസ് ചർച്ച് ആൻഡ് എക്യുമെനിക്കൽ സെന്റർ ട്രസ്റ്റ് മതസൗഹാർദ്ദ സമ്മേളനത്തിനു വേദിയൊരുക്കിയത് രണ്ടാം തവണയാണ്.

രാഷ്ട്രീയ, സാമുദായിക രംഗത്ത് നിസ്വാർത്ഥ സേവനം നടത്തുന്നവർ ഇന്നു നാമാവശേഷമായെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു. ക്രിസ്ത്യൻ അവാർഡ് ഫൗണ്ടേഷന്റെ ധിഷണ അവാർഡ് പ്രമുഖ സാമൂഹിക പ്രവർത്തകനും പ്രഭാഷകനുമായ കെ. ടി. ഇടിക്കുളയ്ക്കു സമ്മാനിച്ചു പ്രസംഗിക്കുകയായിരുന്നു

അദ്ദേഹം. രാഷ്ട്രപുരോഗതിക്കു നിസ്വാർത്ഥ സേവനം നടത്തുന്ന ജനതയാണ് ആവശ്യം. സ്വാർത്ഥത വെടിഞ്ഞ രാഷ്ട്രസേവകർ രാജ്യത്തിന്റെ അഭിമാനമാണെന്ന് അദ്ദേഹം പറഞ്ഞു. ഡോ. കെ. എം. തരകൻ അദ്ധ്യക്ഷത വഹിച്ചു. അഡീഷനൽ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബു പോൾ, പോൾ മണലിൽ, മാടവന ബാലകൃഷ്ണപിള്ള, അഡ്വ. ജോസഫ് ജോൺ, പ്രഫ. എം. കെ. ചെറിയാൻ കൊഴുവല്ലൂർ, റവ. ഡോ. മാത്യു വൈദ്യൻ, തോമസ് നീലാർമഠം. ജോളി അടിമത്തറ, ജോസ് കുര്യൻ പുളിയേരിൽ, ഫാ. ജോൺ തോമസ്, സന്തോഷ് മാങ്ങാനം, കെ. ടി. ഇടിക്കുള എന്നിവർ പ്രസംഗിച്ചു.

പുസ്തക പ്രകാശനം

വിശ്വാസമാകുന്ന പാറമേൽ ഉറച്ച ജീവിതമാണു ബിഷപ് ജറോം നയിച്ചിരുന്നതെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൊല്ലത്തു പ്രസ്താവിച്ചു.

തീർത്തും ലളിതജീവിതം നയിച്ചിരുന്ന ബിഷപ് ജറോമിന് ഒട്ടേറെ പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം അദ്ദേഹം അചഞ്ചലനായി നിലകൊണ്ടത് വിശ്വാസത്തിന്റെ തീക്ഷ്ണതകൊണ്ടാണെന്നു ബാവാ ചൂണ്ടിക്കാട്ടി. മോൺ. ഡോ. ഫെർഡിനാൻഡ് കായാവിൽ രചിച്ച 'ബിഷപ് ജറോം, കാലത്തിന്റെ കർമയോഗി' എന്ന പുസ്തകത്തിന്റെ പ്രകാശനം 1998 ഓഗസ്റ്റ് 14-നു നിർവഹിക്കുകയായിരുന്നു കാതോലിക്കാ ബാവാ.

ബിഷപ് ജറോം സമൂഹത്തിന് ഉത്തമ മാതൃക കാട്ടിത്തന്ന വിശിഷ്ട വ്യക്തിയായിരുന്നുവെന്നു യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച കൊല്ലം ബിഷപ് ഡോ. ജോസഫ് ജി. ഫെർണാണ്ടസ് ചൂണ്ടിക്കാട്ടി. അദ്ദേഹം വിശുദ്ധ ജീവിതത്തിന്റെ മാതൃകയായിരുന്നു. പല ഭാഷകളും വശത്താക്കി. ചരിത്ര ഗവേഷകനായിരുന്നു. പഠിക്കാനുള്ള താൽപര്യമായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകതയെന്നു ബിഷപ് ജോസഫ് ജി. ഫെർണാണ്ടസ് പറഞ്ഞു.

'ബിഷപ് ജറോം: കാലത്തിന്റെ കർമയോഗി' എന്ന പുസ്തകം മലയാള മനോരമ പഴ്സനൽ ആൻഡ് അഡ്മിനിസ്ട്രേഷൻ ജനറൽ മാനേജർ രാജൻ മാത്യുവിനു നൽകിക്കൊണ്ടാണു കാതോലിക്കാ ബാവാ പ്രകാശനം ചെയ്തത്.

85-ാം ജന്മദിനം

കാതോലിക്കാ ബാവായുടെ 85-ാം ജന്മദിനം പ്രമാണിച്ചു 1998 ജനുവരി 30-ന് സഭയുടെ ഒരു പ്രമുഖ കേന്ദ്രമായ തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ ഒരു വമ്പിച്ച അനുമോദന സമ്മേളനം നടത്തപ്പെട്ടു. പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്ത അന്നത്തെ ലോക്സഭാ ഡപ്യൂട്ടി സ്പീക്കർ പി. എം. സഈദ് ചെയ്ത പ്രസംഗത്തിൽ മതഭ്രാന്ത് ഉയർത്തുന്ന വെല്ലുവിളി

നേരിടാൻ മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും വക്താക്കളായി രാജ്യത്തെ സാമുദായിക നേതാക്കൾ പ്രവർത്തിക്കണമെന്നു പ്രസ്താവിച്ചു.

ബാവായെപ്പോലുള്ള നേതാക്കൾ സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും വക്താക്കളായി രംഗത്തു വരണമെന്നും സഈദ് അഭ്യർത്ഥിച്ചു. നീതിയുടെയും സത്യത്തിന്റെയും ഭാഗത്തുനിന്നു പ്രവർത്തിച്ച പാരമ്പര്യമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്. തോമസ് അപ്പോസ്തോലന്റെ പിന്തുടർച്ചയുള്ള സഭ സ്വാതന്ത്ര്യസമരത്തിലും രാജ്യനിർമ്മിതിയിലും നിർണ്ണായക പങ്കു വഹിച്ചെന്നും സഈദ് പറഞ്ഞു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഓതറയിലെ ദയറായിൽ നിന്നു തുടങ്ങിയ സമർപ്പിത ജീവിതത്തിനുടമയായ ബാവാ സഭാ ഐക്യപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവാണെന്നു മെത്രാപ്പോലീത്താ പറഞ്ഞു. യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിൽ യോജിപ്പുണ്ടാകേണ്ട കാലമാണിത്. ബാവായ്ക്ക് ഇതിലുള്ള താൽപര്യം ആശാവഹമാണ് - മെത്രാപ്പോലീത്താ പറഞ്ഞു.

ആർച്ച് ബിഷപ് മാർ ജോസഫ് പൗവത്തിൽ ചെയ്ത പ്രഭാഷണത്തിൽ സഭാഐക്യത്തിലെ പ്രഭാപൂരമാണ് ബാവായെന്നു പറഞ്ഞു. സുവനീർ പ്രകാശനവും പൗവത്തിൽ നിർവഹിച്ചു.

ശതാഭിഷേക വിവാഹ സഹായധന വിതരണം ബിഷപ് സാം മാത്യു നിർവഹിച്ചു. നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പി. ജെ. കുര്യൻ, ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ., മാമ്മൻ മത്തായി എം.എൽ.എ., സഭാസെക്രട്ടറി എ. കെ. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച പരിശുദ്ധ ബാവായുടെ ജീവചരിത്രം സഭാ അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാമിനു നൽകി പി. എം. സഈദ് പ്രകാശനം ചെയ്തു.

സിറിയൻ ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ സക്കറിയാസ് മാർ നിക്കോളവാസ് ആശംസകൾ അറിയിച്ചു.

മാർപാപ്പായുടെയും കാന്റർബറി ആർച്ച് ബിഷപ്പ് ജോർജ് കേറിയുടെയും സന്ദേശങ്ങൾ സഭാ പി.ആർ.ഒ. പ്രഫ. ഇ. ജെ. ജോൺ വായിച്ചു. വിവാഹ സഹായം, ഭവനദാനം, പുനരധിവാസം, തൊഴിലവസരം, ഭവനിർമ്മാണം തുടങ്ങിയ ശതാഭിഷേക പദ്ധതികൾക്കു ചടങ്ങിൽ തുടക്കം കുറിച്ചു.

ഹൃദയശസ്ത്രക്രിയാ വിദഗ്ദ്ധൻ ഡോ. കെ. എം. ചെറിയാൻ, ഡോ. സാമുവൽ ചന്ദനപ്പള്ളി, സഭാകവി സി. പി. ചാണ്ടി എന്നിവർക്കു കാതോലിക്കേറ്റ് അവാർഡുകൾ കാതോലിക്കാ ബാവാ വിതരണം ചെയ്തു. പതിനായിരം രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

ജന്മദിനത്തോടനുബന്ധിച്ചു ബാവാ കേക്ക് മുറിച്ചു. ഭാരതത്തിൽ ന്യൂന പക്ഷങ്ങളുടെ കണ്ണീർ തുടയ്ക്കാൻ ഭരണാധികാരികൾ തയാറാകണമെന്നു കാതോലിക്കാ ബാവാ മറുപടി പ്രസംഗത്തിൽ പറഞ്ഞു. വിശ്വസിക്കാനും വിശ്വാസം പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പാക്കണം, സ്നേഹവും സേവനവും മുഖമുദ്രയാക്കി ക്രൈസ്തവർ വിശുദ്ധ ജീവിതമുള്ളവരാകണം. ബാവാ പ്രസ്താവിച്ചു.

സുന്നഹദോസ്

മലങ്കരസഭയുടെ ഐക്യത്തിനും ശാശ്വത സമാധാനത്തിനും കൂട്ടായ പരിശ്രമം ഉണ്ടാകണമെന്ന് പ. കാതോലിക്കാ ബാവാ കോട്ടയം സോഫിയാ സെന്ററിൽ കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ച് പ്രസ്താവിച്ചു.

ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചു വരുന്ന ക്രൈസ്തവ പീഡനത്തിൽ സുന്നഹദോസ് ഉത്കണ്ഠ രേഖപ്പെടുത്തി. നിർബന്ധിത മത പരിവർത്തനവും നിർബന്ധിത പുനഃമതപരിവർത്തനവും കുറ്റകരവും നിർഭാഗ്യകരവുമാണ്. ഭാരതത്തിന്റെ മതസൗഹാർദ്ദവും സഹിഷ്ണുതാ പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ കേന്ദ്രസർക്കാർ ജാഗ്രത പുലർത്തണമെന്ന് സുന്നഹദോസ് ആവശ്യപ്പെട്ടു.

പ്രധാന നിശ്ചയങ്ങൾ

ക്രിസ്താബ്ദം 2000 മഹാജൂബിലിയായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ ആചരിക്കും. ആഘോഷങ്ങളുടെ നടത്തിപ്പിനായി ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ചെയർമാനായുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഓർത്തഡോക്സ് സെമിനാരിയുടെ വൈസ് പ്രിൻസിപ്പലായി ഫാ. ഡോ. ജേക്കബ് കുര്യനെ നിയമിച്ചു. സഭകളുടെ ലോക കൗൺസിലിന്റെ വിവിധ കമ്മിറ്റികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഫീലിപ്പോസ് മാർ യൗസേബിയോസ്, ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. ജേക്കബ് കുര്യൻ എന്നിവരെ സുന്നഹദോസ് അനുമോദിച്ചു.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഓഫീസ് സെക്രട്ടറിയായി കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറി ഫാ. റ്റി. എ. ജേക്കബിനെ നിയമിച്ചു. ജോസഫ് മാർ ദീവന്നാസിയോസ് പുലിക്കോട്ടിൽ രണ്ടാമന്റെ 90-ാം ചരമ വാർഷികം കോട്ടയത്ത് ജൂലൈയിൽ ആചരിക്കും. എം.ഡി. സെമിനാരി സ്കൂളിൽ പുതുതായി പണിയുന്ന ഹയർ സെക്കണ്ടറി ബ്ലോക്ക് ഇദ്ദേഹത്തിന്റെ ചരമ നവതി സ്മാരകമായിരിക്കും.

കൂടുതൽ ബാറുകളും ഡിസ്റ്റിലറികളും അനുവദിക്കുന്ന കേരള

സർക്കാരിന്റെ മദ്യനയം പുനഃപരിശോധിക്കണമെന്നും സഭയിലെ വിശ്വാസികൾ മദ്യപാനത്തിൽ നിന്നു പിൻതിരിയണമെന്നും സുന്നഹദോസ് ആഹ്വാനം ചെയ്തു.

മദ്യവിരുദ്ധ ഉപവാസം

1998 മാർച്ച് 9-നു കോട്ടയത്തു നടന്ന മത-സഭാ മേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ പ. കാതോലിക്കാ ബാവായും ഉപവസിച്ചുകൊണ്ടു കേരളത്തിലെ മദ്യനിരോധന പ്രവർത്തനങ്ങൾക്കു നവജീവൻ പകർന്നു. സമ്മേളനത്തിന്റെ ചുരുങ്ങിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മദ്യവിപത്തിനും സർക്കാരിന്റെ മദ്യനയത്തിനുമെതിരെ ക്രിസ്തുരാജ കത്തീഡ്രൽ അങ്കണത്തിൽ മതമേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ നടന്ന ഉപവാസത്തിൽ ജാതിമതഭേദമെന്യേ ഒത്തുകൂടിയ മദ്യവിരുദ്ധ പ്രവർത്തകർ സഹനസമരത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു. മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിലായിരുന്നു സമരം.

മദ്യത്തിനെതിരെയുള്ള ഗാനങ്ങളും മതസൗഹാർദ്ദത്തിന്റെ പുത്തൻ മാതൃകയൊരുക്കിയ പ്രാർത്ഥനകളും പള്ളിയങ്കണത്തിൽ നിറഞ്ഞൊഴുകി. ഭഗവത് ഗീത, ബൈബിൾ, ഖുർ-ആൻ എന്നിവയിൽ നിന്നെടുത്ത വചനങ്ങൾ ഉപവാസ പന്തലിനെ ധന്യമാക്കി. 9.30-ന് ആരംഭിച്ച് ഉപവാസം മൂന്നിന് അവസാനിച്ചു.

കത്തീഡ്രൽ അങ്കണത്തിൽ ആയിരങ്ങളെ സാക്ഷിനിർത്തി മാർത്തോമ്മാ സഭയുടെ ഒഫിഷ്യേറ്റിങ്ങ് മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സമരം ഉദ്ഘാടനം ചെയ്തു. മദ്യവിമുക്തമായ പുത്തൻ നൂറ്റാണ്ടു പിറക്കാൻ നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഡിസ്റ്റിലറികളുടെ എണ്ണം വർദ്ധിപ്പിച്ച് കേരളത്തെ മദ്യത്തിൽ ആറാടിക്കാനുള്ള സർക്കാർ നീക്കം അനുവദിക്കില്ല. മദ്യവിപത്തിൽ നിന്നു രാജ്യത്തെയും മനുഷ്യനെയും രക്ഷിക്കാനുള്ള ശ്രമമാണ് ഉപവാസമെന്ന് അദ്ദേഹം പറഞ്ഞു. മദ്യംകൊണ്ട് അബ്കാരിയും സർക്കാരും മാത്രമേ പണക്കാരാകുന്നുള്ളു. അധ്വാനിക്കുന്നവന്റെ പണംകൊണ്ട് അബ്കാരി സമ്പന്നനാകുന്ന വ്യവസ്ഥിതി മാറണം. മദ്യം നിരോധിച്ചാൽ നിരവധി പേർക്കു തൊഴിൽ നഷ്ടപ്പെടുമെന്നാണ് സർക്കാർ വാദിക്കുന്നത്. ഇതു കേട്ടാൽ തോന്നുക എല്ലാവർക്കും തൊഴിലുണ്ടെന്നാണ് - അദ്ദേഹം പറഞ്ഞു.

മദ്യനിരോധനം, നയമല്ലെങ്കിലും മദ്യത്തെ പ്രോത്സാഹിപ്പിക്കില്ലെന്നു പറഞ്ഞ സർക്കാർ ഇപ്പോൾ പുതിയ അബ്കാരി നയത്തിലൂടെ വിരുദ്ധനയം സ്വീകരിച്ചിരിക്കയാണെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ചൂണ്ടിക്കാട്ടി. വഞ്ചനാപരമായ ഈ നിലപാടി

നെതിരെ സമരമല്ലാതെ മറ്റു മാർഗ്ഗമില്ല. ഉപവാസ സമരം തുടക്കം മാത്ര മാണ്. മദ്യനയത്തിനെതിരേ പ്രതികരിക്കാൻ എല്ലാ സംഘടനകളും രംഗ ത്തിറങ്ങണമെന്നു ബാവാ പറഞ്ഞു.

കാതോലിക്കാ ബാവാ, ബിഷപ്പുമാരായ മാർ കുര്യാക്കോസ് കുന്നശ്ശേരി, വിൻസെന്റ് സാമുവൽ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ഡോ. സാം മാത്യു, ഡോ. പീറ്റർ തുരുത്തിക്കോണം, ഗീവർഗീസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, മോൺ. മാത്യു വെള്ളാനിക്കൽ, മോൺ. മാത്യു ഏറത്തേടം, ഫാ. ജോൺ ചേത്തലിൽ, ഫാ. വർഗീസ് മുഴുത്തേറ്റ്, പി. സി. യോഹന്നാൻ റമ്പാൻ, ഇമാം മുഹമ്മദ് നദീർ മൗലവി, സ്വാമി ശുഭാംഗാ നന്ദ, ജയപ്രകാശ് നാരായണൻ, ഫാ. തോമസ് തൈത്തോട്ടം, സന്ദീപ് ചൈതന്യ, ഫാ. ജോൺ എർണ്യാകുളത്തിൽ, മോഡി പി. ജോർജ് പത്തിയൂർ, ഫാ. ജേക്കബ് പോൾ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഇ. ആർ. വിജയൻ, എം.എൽ.എ. മാരായ കെ. എം. മാണി, ഉമ്മൻ ചാണ്ടി, കെ. സി. ജോസഫ്, തോമസ് ചാഴികാടൻ എന്നിവർ നേതൃത്വം നൽകി.

തിരുവനന്തപുരത്ത് മദ്യലേലം തടയാനെത്തിയ വൈദികരും കന്യാസ്ത്രീ കളും ഉൾപ്പെട്ട സത്യഗ്രഹസംഘത്തെ പോലീസ് മർദ്ദിച്ചതിൽ യോഗം പ്രതി ഷേധിച്ചു. മദ്യവിരുദ്ധ സമരങ്ങളെ മർദ്ദിച്ചൊതുക്കാനാണു തീരുമാനമെങ്കിൽ മദ്യശാലകൾ തുറക്കാൻ അനുവദിക്കില്ലെന്നു മുന്നറിയിപ്പു നൽകി.

തിരുവനന്തപുരത്തു മദ്യവിരുദ്ധ പ്രവർത്തകർക്കു നേരെയുണ്ടായ അക്രമം മുൻകൂട്ടി തയാറാക്കിയതാണെന്ന് നെയ്യാറ്റിൻകര ബിഷപ്പ് വിൻസെന്റ് സാമു വൽ അഭിപ്രായപ്പെട്ടു. മദ്യവിരുദ്ധ പ്രവർത്തകരെ മർദ്ദിച്ചൊതുക്കാനാണു സർ ക്കാരിന്റെ തീരുമാനമെങ്കിൽ അതു മാറ്റേണ്ടി വരും. ഈ അവസ്ഥ തുടർന്നാൽ തിരുവനന്തപുരം ജില്ലയിലെ കള്ളുഷാപ്പുകളൊന്നും തുറക്കാൻ അനുവദി ക്കില്ല.

സമൂഹത്തിന്റെ സംസ്കാരം തന്നെ മദ്യം നശിപ്പിക്കുന്നുവെന്നറിഞ്ഞിട്ടും സർക്കാർ അതിനെ പ്രോത്സാഹിപ്പിക്കുന്നതു നിന്ദ്യമാണ്. സംസ്കാര സമ്പന്ന മായ കേരളത്തിൽ മദ്യനിരോധനം ആവശ്യമാണ്. എന്തു പീഡനം സഹിച്ചും അതിനായി പോരാടുമെന്നു ബിഷപ് പറഞ്ഞു.

സമാപന പ്രാർത്ഥനയ്ക്ക് ഇമാം മുഹമ്മദ് നദീർ മൗലവി നേതൃത്വം നൽകി. ജോഷ്വാ മാർ ഇഗ്നാത്തിയോസിൽ നിന്നു നാരങ്ങാനീര് വാങ്ങി കുടി ച്ചാണ് മതമേലദ്ധ്യക്ഷന്മാർ ഉപവാസം അവസാനിപ്പിച്ചത്. തുടർന്ന് മാർ കുര്യാ ക്കോസ് കുന്നശ്ശേരി സമാപന സന്ദേശം നൽകി.

അറിഞ്ഞോ അറിയാതെയോ മദ്യവിപത്തിലകപ്പെട്ട നാടിനു പുതിയ സംസ്കാരവും കാഴ്ചപ്പാടും ജീവിതരീതിയും ആവശ്യമാണെന്ന് അദ്ദേഹം

അഭിപ്രായപ്പെട്ടു. മദ്യത്തിനു മാന്യത നൽകുന്ന നാടായി നാം അധഃപതിച്ചിരിക്കുന്നു. കുടുംബത്തിലെ വിശേഷങ്ങൾക്കു മദ്യം വിളമ്പുന്ന പതിവ് അവസാനിപ്പിച്ചാൽ മദ്യസംസ്കാരത്തിൽ നിന്ന് ഒരു പരിധി വരെ രക്ഷപെടാം. മദ്യത്തിനു മാന്യത കൽപ്പിക്കുന്ന രീതി മാറണം. മനംമാറ്റത്തിന്റെ സൂചനയായി മാറിയ ഉപവാസ സമരം മദ്യത്തിനെതിരെയുള്ള വിമോചന സമരത്തിന്റെ തുടക്കമാവട്ടെയെന്നു മാർ കുന്നശ്ശേരി പറഞ്ഞു.

നവീകരിക്കണം

മദ്രാസിൽ കഴിഞ്ഞ വർഷം മെയ് മാസത്തിൽ നടത്തപ്പെട്ട ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിലും കോട്ടയത്തു ഈ വർഷം മാർച്ചിൽ നടന്ന യുവജന സംഗമത്തിലും പ. കാതോലിക്കാ ബാവാ ചെയ്ത പ്രസംഗങ്ങൾ ചിന്തോദ്ദീപകവും ശ്രദ്ധേയവും ആയിരുന്നു. ഭൂമുഖത്തെ നവീകരിക്കുന്ന ദൈവിക പ്രക്രിയയിൽ യുവാക്കൾ കൂടുതൽ പങ്കാളികളാകണമെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർദ്ദേശിച്ചു. ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം മദ്രാസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവാ. യുവാക്കൾ സഭയുടെയും സമൂഹത്തിന്റെയും വെളിച്ചമാണെന്നും അവർ ക്രിസ്തുവിൽ നവീകരിക്കപ്പെടേണ്ടവരാണെന്നും ബാവാ ചൂണ്ടിക്കാട്ടി.

കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ 1999 മാർച്ച് 21-ന് നടന്ന വമ്പിച്ച യുവജനസംഗമവും ബാവാ ഉദ്ഘാടനം ചെയ്തു. സ്വഭാവവൈശിഷ്ട്യമുള്ള ഒരു യുവതലമുറ പുതിയ നൂറ്റാണ്ടിൽ സഭയിൽ വളരണം. സഭാമക്കളുടെ ഐക്യവും വിശ്വാസത്തിന്റെ ശക്തിയും വിളിച്ചറിയിക്കുന്ന സംഗമം എന്റെ മനസ്സിൽ നിന്നു ദുഃഖങ്ങൾ തുടച്ചു മാറ്റിയിരിക്കുന്നു - പ. ബാവാ പറഞ്ഞു. സംസ്കാര സമ്പന്നരും ഉത്തമന്മാരുമായ മക്കളെയാണ് സഭയും ഭാരതവും ആഗ്രഹിക്കുന്നത്. അതിനുതകുംവിധമുള്ള ജീവിതവിശുദ്ധി ഉൾക്കൊള്ളണം. മദ്യം, മയക്കുമരുന്ന്, മറ്റു ലഹരിപദാർത്ഥങ്ങൾക്കെതിരെ നിലകൊള്ളണം. നമ്മുടെ ധനം നഷ്ടപ്പെടുമ്പോൾ ഒന്നും നഷ്ടപ്പെടുന്നില്ല. ആരോഗ്യം നഷ്ടപ്പെടുമ്പോൾ കുറച്ച് നഷ്ടപ്പെടുന്നു. എന്നാൽ സ്വഭാവം നശിക്കുമ്പോൾ എല്ലാം നഷ്ടപ്പെടുന്നു - പ. ബാവാ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സഭ ഒരു സ്വതന്ത്ര സഭയാണ്. അത് സ്വതന്ത്രമായി വളരുന്നതിന് അവസരം ഉണ്ടാകണം. സഭയുടെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കാനുള്ളതല്ല. സഭയുടെ സമാധാനം അണുവിടപോലും തകരുവാൻ നാം ജീവിച്ചിരിക്കുന്ന കാലത്തോളം സമ്മതിക്കുകയില്ല. സഭ ഇന്നും നിലനിൽക്കുന്നത് സഭയിലെ പൂർവ്വികരായ വിശുദ്ധന്മാരുടെ പ്രാർത്ഥനയും അവരുടെ ജീവിതവിശുദ്ധിയും കൊണ്ടാണ് - പ. കാതോലിക്കാ ബാവാ ഉൽബോധിപ്പിച്ചു.

പാത്രിയർക്കീസ് ബാവായെ ഞാൻ അങ്ങേയറ്റം പൂജിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. സഭയിൽ സമാധാനമുണ്ടാകണമെന്നുള്ള പാത്രിയർക്കീസ് ബാവായുടെ ആഗ്രഹം അദ്ദേഹത്തിന്റെ വിശാല മനസ്സിന്റെയും ഉന്നതമായ കാഴ്ചപ്പാടിന്റെയും പ്രതിഫലനമാണ് - പ. ബാവാ പറഞ്ഞു.

മൂറോൻ കൂദാശ

പത്തു വർഷം മുമ്പ് കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ഇക്കഴിഞ്ഞ മാർച്ച് 26-നു (നാൽപതാം വെള്ളിയാഴ്ച) ദേവലോകം അരമനചാപ്പലിൽ തന്റെ ആദ്യത്തെ മൂറോൻ കൂദാശ അതർഹിക്കുന്ന തികഞ്ഞ പരിശുദ്ധിയോടു കൂടി നടത്തി. പതിനായിരത്തോളം സഭാംഗങ്ങൾ ഈ സുദീർഘമായ ആദ്ധ്യാത്മിക ശുശ്രൂഷയിൽ പങ്കെടുത്തു. ഒമ്പതു മണിക്കൂർ നീണ്ട ശുശ്രൂഷ ആരാധനയുടെ മകുടമായ വി. കുർബ്ബാനയോടും ബാവായുടെ അതിശ്രദ്ധേയമായ പ്രഭാഷണത്തോടും കൂടിയാണ് തീർന്നത്. 140 ലിറ്റർ തൈലം ശുദ്ധതയുടെ ശുദ്ധസ്ഥലത്തെ ത്രോണോസിൽ നിക്ഷേപിച്ചു. തുടർന്ന് ചടങ്ങുകൾ സമാപിച്ചു. ദൈവസാന്നിദ്ധ്യവും ആത്മീയ പരിമളവും നിറഞ്ഞുനിന്ന ശുശ്രൂഷയിലൂടനീളം പ. ബാവായിൽ പ്രായത്തിന്റെയോ ഉപവാസത്തിന്റെയോ ക്ഷീണമൊന്നും ദർശിക്കാനായില്ല. അദ്ദേഹത്തിന്റെ മുഖാരവിന്ദം ടി.വി. യിലും വർദ്ധിത ശോഭയോടെ തുടിച്ചുനിന്ന കാഴ്ച അവിസ്മരണീയം തന്നെ. മുഖകാന്തികൊണ്ടു ചന്ദ്രസാഹോദര്യം വഹിച്ച് അഖണ്ഡ സൗന്ദര്യസാരസർവ്വസ്വമായിത്തീർന്ന ബാവായെ കണ്ടപ്പോൾ താബോർ മലയിലെ ഉപമിക്കാനാവാത്ത ആത്മീയ പ്രകാശപ്രളയമാണു മനസ്സിൽ ആന്ദോളനം ചെയ്തത്. സഭയുടെ ആസ്ഥാനത്തു നടത്തപ്പെട്ട രണ്ടാമത്തെ മൂറോൻ കൂദാശയിൽ നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസും മറ്റ് മെത്രാപ്പോലീത്താമാരും സഹകാർമ്മികരായിരുന്നു.

നേട്ടങ്ങൾ കോട്ടങ്ങൾ

ആറാം കാതോലിക്കായുടെ കഴിഞ്ഞ പത്തു വർഷത്തെ ഭരണം നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും കാലഘട്ടമായിരുന്നു. സമുദായസൗഹാർദ്ദം, സാമൂഹ്യപ്രശ്നങ്ങളിൽ ഇതരസഭകളുമായുള്ള സഹകരണം എന്നീ രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ സാധിച്ചു. എതിർചേരിയിൽ നിന്ന ഏതാനും മെത്രാന്മാരുടെ സഹകരണം ആർജ്ജിക്കുന്നതിനും അവരെ സ്വാഗതം ചെയ്യുന്നതിനും സാധിച്ചതും ഒരു നേട്ടമാണ്. അത്യാധുനികരീതിയിലുള്ള പരുമലപള്ളി നിർമ്മാണം, കോട്ടയം വൈദിക സെമിനാരിയുടെ വമ്പിച്ച വളർച്ച, നാഗ്പൂർ സെമിനാരിയുടെ ആരംഭം, ഭിലായ് എൻജിനീയറിംഗ് കോളജ് എന്നിവ ബാവായുടെ കാലത്തെ നേട്ടങ്ങളിൽ പെടുന്നു. പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജിന്റെ സമർത്ഥമായ

നേതൃത്വത്തിൽ പുരോഗമിച്ചു വരുന്ന കോട്ടയം സെമിനാരിയുടെ വൈസ് പ്രിൻസിപ്പലായി പ്രശസ്ത ദൈവശാസ്ത്രജ്ഞനും പണ്ഡിതനുമായ ഫാ. ഡോ. ജേക്കബ് കുര്യൻ ഈ വർഷം നിയമിക്കപ്പെട്ടു. സെമിനാരിയുടെ വികസനത്തിനുവേണ്ടി ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഗൾഫ് രാജ്യങ്ങളിൽ നടത്തിയ ധനശേഖരണം മൂലം അരക്കോടിയിലധികം രൂപ ലഭിച്ചു എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

ഈ വർഷം നടന്ന സെമിനാരി കോൺവൊക്കേഷനിൽ റോൾഫ് കോഫെ (ജർമ്മനി) മുഖ്യപ്രഭാഷണം ചെയ്തു. വേദശാസ്ത്രജ്ഞൻ ദൈവത്തെ സ്തുതിക്കുകയും മനുഷ്യന്റെ ദുഃഖം അകറ്റുകയും ചെയ്യണമെന്ന് ജർമ്മൻ സഭകളുടെ എക്യുമെനിക്കൽ വിഭാഗം തലവൻ ബിഷപ്പ് ഡോ. റോൾഫ് കോഫെ ഓർത്തഡോക്സ് സെമിനാരിയിൽ ഈ വർഷം നടന്ന ബിരുദദാന ചടങ്ങിൽ പ്രസ്താവിച്ചു. വേദശാസ്ത്രത്തിന്റെ ലക്ഷ്യവും സംഭാവനയും ദൈവസ്തുതിയും മനുഷ്യശുശ്രൂഷയും ഭംഗിയായി നിർവ്വഹിക്കുകയാണ്. അതിനുള്ള അഭ്യസനമാണ് വേദശാസ്ത്ര വിദ്യാലയങ്ങളിൽ നടക്കേണ്ടത്.

ഓരോ തലമുറയും ദൈവത്തിങ്കലേക്ക് തിരിയുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും വേണം. സഭാഭിന്നതകളോ രാഷ്ട്രീയ ഇടപെടലുകളോ ക്രൈസ്തവ ദൗത്യനിർവഹണത്തിന് വിഘാതം സൃഷ്ടിക്കരുത്.

ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്ന 'ഭൂമിയിൽ സ്വർഗ്ഗം' എന്ന ആശയം വളരെ മഹത്വമുള്ളതാണ്. വലതുവശത്തു സ്വർഗ്ഗരാജ്യവും ഇടതു വശത്ത് നീതിനിഷ്ഠമായ ജനായത്ത ഭരണസംവിധാനവും വളർന്നു വരണം. സഭാചരിത്രത്തിൽ പലപ്പോഴും ഇതു രണ്ടും കൂട്ടികുഴച്ചതിനാൽ വേണ്ടത്ര പ്രാധാന്യം രണ്ടിനും ലഭിച്ചില്ല.

രാഷ്ട്രീയ ഭരണകൂടവും വിശ്വാസവും തമ്മിൽ ആരോഗ്യകരമായ ബന്ധം പാലിക്കണം. രണ്ടും പരസ്പരം ദുർബലപ്പെടുത്തരുത്. 'ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും' കൊടുക്കുവാനാണ് കർത്താവ് ആവശ്യപ്പെട്ടത് - അദ്ദേഹം പറഞ്ഞു. ദൈവത്തിന്റെ വിളികേട്ട് അനുസരിക്കുവാൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പ. കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. ദൈവത്തോടു ചേർന്ന് മഹത്തായ കാര്യങ്ങൾ ചെയ്യുവാനാണ് ദൈവം വൈദികരെ വിളിച്ചിരിക്കുന്നത് പ. ബാവാ പറഞ്ഞു.

സണ്ടേസ്കൂൾ യുവജനപ്രസ്ഥാനം എന്നിവയും പുരോഗതിയുടെ പാതയിൽ തന്നെ. സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ടി. ജെ. ജോഷായുടെ നേതൃത്വം സംഘടനയ്ക്കു നവജീവൻ പകർന്നിരിക്കുന്നു. പ്രധാനമായും സഭയുടെ വിവിധ സേവന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന കാതോലിക്കാ ദിനപ്പിരിവ് 60 ലക്ഷം രൂപയിൽ കവിഞ്ഞു എന്നതും അഭിമാനകരമായ മറ്റൊരു നേട്ടമാണ്. ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാന

ത്തിന്റെ വളർച്ചയും സാമ്പത്തിക സ്വയംപര്യാപ്തതയും ആധുനിക കാലത്തെ അഭിമാനകരമായ ഒരു വിജയകഥയാണ്. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെയും മുൻ ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസിന്റെയും സഹപ്രവർത്തകരുടെയും പ്രതിജ്ഞാബദ്ധമായ സേവനങ്ങൾക്കു പ. ബാവാ അങ്ങേയറ്റത്തെ പ്രോത്സാഹനമാണ് നൽകിയത്. സമർത്ഥരായ വിദ്യാർത്ഥികളുടെ മാർഗ്ഗനിർദ്ദേശ ക്യാമ്പുകളിൽ ബാവായുടെ സാന്നിദ്ധ്യം എന്നും ഉണ്ടായിരുന്നു. പുതിയ ജനറൽ സെക്രട്ടറി ഫാ. ഡോ. എം. സി. ചെറിയാൻ പണ്ഡിതനും സന്യാസിയും അനുഭവസമ്പന്നനുമായ ഒരു പ്രധാന വിദ്യാർത്ഥി നേതാവാകയാൽ സംഘടനയുടെ ഭാവിയെപ്പറ്റി ആർക്കും ആശങ്കയ്ക്ക് അവകാശമില്ല.

നവതി സമ്മേളനം

കഴിഞ്ഞ ഡിസംബർ 27-നു പത്തനംതിട്ടയിൽ ചേർന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 90-ാം വാർഷികവും ബാവായാണ് ഉദ്ഘാടനം ചെയ്തത്. ദാർശനിക സന്ദേശങ്ങൾ ഉൾക്കൊണ്ടു സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ യുവതലമുറ തയ്യാറാകണമെന്ന് കാതോലിക്ക ബാവാ ഉദ്ബോധിപ്പിച്ചു.

സമൂഹ നന്മയ്ക്കായിട്ടാണ് ക്രിസ്തു യാതനകളും ദുരിതങ്ങളും അനുഭവിച്ചത്. അതു നാം മനസ്സിലാക്കണം. ദൈവത്തിന്റെ സന്നിധിയിൽ ഉണർന്നു ജീവിക്കാൻ കഴിയണം. ദൈവികമായ ആദർശങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുകയും അശരണർക്കായി അവ പ്രയോജനപ്പെടുത്തുകയും വേണമെന്ന് ബാവാ പറഞ്ഞു.

സുൽത്താൻബത്തേരി ഭദ്രാസനാസ്ഥാന മന്ദിരം ബാവാ 1999 ജൂൺ രണ്ടാം തീയതി കൂദാശ ചെയ്തശേഷം ഉദ്ഘാടനം ചെയ്തു.

സഭാഭരണരംഗത്തെ കെട്ടുറപ്പ് അഭികാമ്യമായ നിലയിൽ ആയിരുന്നില്ല. കാര്യക്ഷമമായ ഭദ്രാസന ഭരണസംവിധാനങ്ങളും ജനങ്ങളുടെ ആദ്ധ്യാത്മിക നിലവാരവും ലക്ഷ്യത്തിൽ നിന്നു വളരെ അകലെയാണു സ്ഥിതി ചെയ്യുന്നത്. മെത്രാപ്പോലീത്താമാരിൽ ചിലരെയെങ്കിലും നിലയ്ക്കു നിറുത്താനോ ആജ്ഞാശക്തി പ്രയോഗിച്ചു സുന്നഹദോസിനോ, സുന്നഹദോസ് അദ്ധ്യക്ഷനോ നേർപാതയിൽ ചരിപ്പിക്കാനോ സാധിച്ചില്ലെന്നുള്ള വിമർശനം അസ്ഥാനത്തല്ല. അമേരിക്കൻ ഭദ്രാസന ഭരണപ്രശ്നങ്ങൾ സഭയ്ക്കോ ഭദ്രാസനത്തിനോ സഭാതലവനോ ഭദ്രാസനത്തിൽ ഇരുചേരികളായി നിന്ന് വഴക്കടിച്ചുകൊണ്ടിരിക്കുന്ന മെത്രാന്മാർക്കോ ഒട്ടും ഭൂഷണമല്ല. തിരുവനന്തപുരം, കണ്ടനാട്, കുന്നംകുളം പ്രശ്നങ്ങൾ ആരുടെ കുറ്റം കൊണ്ടാണെങ്കിലും ഇതിനകം പരിഹരിക്കാൻ സാധിക്കാഞ്ഞതിന്റെ ഉത്തരവാദിത്തം ഗണ്യമായും സഭാദ്ധ്യക്ഷനിൽ അല്ലാതെ മറ്റാരിലുമല്ല സ്ഥിതിചെയ്യുന്നത്. സഭയുടെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും വേണ്ടി കേസു നടത്തുന്നതിനോടൊപ്പം

സഭയിലെ ആഭ്യന്തര പ്രശ്നങ്ങളും അപ്പോഴപ്പോൾ പരിഹരിക്കേണ്ടതായി രുന്നു. യഥാർത്ഥത്തിൽ തിരുവനന്തപുരം ഇടവക നിർമ്മിച്ച ബസ്സേലിയോസ് മന്ദിരത്തിന്റെ വാടക കേന്ദ്രം ആവശ്യപ്പെടാതെ അവർ തന്നെ എടുക്കാൻ അനുവദിക്കുക; പ്രശ്നം തീരും.

സഭാദ്ധ്യക്ഷൻ മിക്ക ദിവസങ്ങളിലും പല പരിപാടികൾ മൂലം ആസ്ഥാ നത്ത് ഇല്ലാതിരിക്കുന്ന അവസ്ഥ സഭാഭരണത്തിന്റെ കാര്യക്ഷമതയ്ക്കു ദോഷം ചെയ്യും. പലപ്പോഴും നിയുക്ത കാതോലിക്കായും ആസ്ഥാനത്തു കാണുകയില്ല. വൈദികർക്കു നിറവേറ്റാനാവുന്ന കർമ്മങ്ങൾ കൂടുതൽ ഉത്ത രവാദിത്വങ്ങൾ വഹിക്കുന്ന അത്യുന്നത സ്ഥാനി പ്രായത്തെയും ആരോഗ്യ ത്തെയും അവഗണിച്ചു നടത്താൻ ഓടിനടക്കുന്നത് ഒട്ടും ഭൂഷണമല്ല. കാതോ ലിക്കായ്ക്കു മലങ്കരസഭയിൽ മാർപാപ്പായുടെ സ്ഥാനമാണുള്ളതെന്ന് അഞ്ചാം കാതോലിക്കാ പ്രഖ്യാപിച്ചിരുന്നു. മാർപാപ്പാ ഏതെങ്കിലും വിവാഹ കൂദാശയ്ക്കോ വീടു കൂദാശയ്ക്കോ, മാമ്മോദീസായ്ക്കോ, ചരമവാർഷിക കുർബ്ബാനയ്ക്കോ കന്റീൻ ഉദ്ഘാടനവേളയിലെ അനുഗ്രഹ പ്രഭാഷണ ത്തിനോ പോകുന്നുണ്ടോ എന്ന ചോദ്യം സ്വാഭാവികമായി ഉയരും. മാർപാപ്പാ ദൈവദത്തമായ ഉന്നതസ്ഥാനത്തിനും പദവിക്കും നിരക്കാത്ത യാതൊരു പരി പാടിയിലും പങ്കെടുക്കാറില്ല. ചില സഭാംഗങ്ങളുടെ പ്രതാപപ്രകടനങ്ങൾക്കു സഭാദ്ധ്യക്ഷൻ ഒരുപകരണമായി മാറിക്കൂടാ. പ്രസിദ്ധമായ മലങ്കര സഭയ്ക്കു അതിനു യോജിച്ച ഒരു ഭരണക്രമവും സെക്രട്ടറിയേറ്റും കെട്ടിപ്പടുക്കാൻ ഈ നൂറ്റാണ്ടിലും സാധിച്ചില്ല എന്നുള്ളത് ഒരു വലിയ കുറവാണ്. നോമ്പിൽ വിവാഹം അനുവദിക്കുകയില്ലെന്നു കൽപന ഇറക്കുകയും അതോടൊപ്പം അനുവദിക്കുകയും ചെയ്യുന്ന രീതി കല്പനയുടെ വിലയില്ലാതാക്കുകയാണ്. ഒഴിച്ചു കൂടാനാവാത്ത സാഹചര്യങ്ങളെന്നു ബോദ്ധ്യപ്പെട്ടാൽ വിവാഹം അനു വദിച്ചു കൊടുക്കുന്നതാവും കൂടുതൽ അഭികാമ്യം.

ഇടവകകൾ ഭരിക്കേണ്ട ഇടയന്മാരായ ചില മെത്രാന്മാർ സഭയുടെ ആസ്ഥാ നത്തു വന്നു സ്കൂൾ-കോളജ് അദ്ധ്യാപകരെ ഇന്റർവ്യൂ ചെയ്ത് അവരിൽ നിന്നു വൻ തുകകൾ കോഴ വാങ്ങുന്നതും ജീവിതലക്ഷ്യം നേടി എന്നു ചിന്തിക്കുന്നതും ആ പണം ഉപയോഗിച്ചു പുതിയ വിദ്യാലയങ്ങൾ സമ്പാദി ക്കുന്നതും ക്രിസ്തുവിന്റെ സുവിശേഷം, സഭയുടെ ദൗത്യം എന്നിവയുമായി യാതൊരു ബന്ധവുമുള്ള കാര്യങ്ങളല്ല. കൈക്കൂലി കൊടുത്തു ജോലി നേടുന്ന അദ്ധ്യാപകർക്കു സഭയോടും വിദ്യാലയത്തോടും കുട്ടികളോടും പ്രതിബദ്ധത ഉണ്ടാവില്ല. അർഹിക്കുന്നവർക്കു കിട്ടേണ്ട ജോലി പലപ്പോഴും കൂടുതൽ പണം സംഘടിപ്പിക്കുന്നവർക്കു ലഭിക്കുന്നു എന്ന കാര്യവും നിസ്സാ രമായി തള്ളിക്കളയാവുന്നതല്ല. ഇക്കാര്യങ്ങളിൽ സുദൃഢമായ നിലപാടെടു ക്കേണ്ടതും സഭാദ്ധ്യക്ഷനാണ്. അതുണ്ടാവുന്നില്ല. സുവിശേഷ സേവന പ്രവർ ത്തനങ്ങളെയും ആദ്ധ്യാത്മിക കാര്യങ്ങളെയും വേണ്ടവിധം പോഷിപ്പിക്കാൻ

ശ്രദ്ധിക്കാതെ സാമ്പത്തികരംഗത്തു മുഖ്യമായും ശ്രദ്ധചെലുത്തുകയും ആഗോളാടിസ്ഥാനത്തിൽ പണം പിരിച്ചു സ്ഥാപനങ്ങളും കെട്ടിടങ്ങളും പടുത്തുയർത്തുകയും ചെയ്യുന്ന പ്രവണത സഭയുടെ യഥാർത്ഥ വളർച്ചയെ മുരടിപ്പിക്കുന്നതായി ചൂണ്ടിക്കാട്ടാൻ സാധിക്കും. സുവിശേഷ പ്രവർത്തനത്തിനു പ്രാമുഖ്യം കൽപിച്ചാൽ വലിയ സ്ഥാപനങ്ങൾക്കു പ്രസക്തിയില്ല.

കോടതിയുടെ തടസ്സം ഇല്ലാതിരുന്നിട്ടും മലങ്കര അസ്സോസിയേഷൻ യഥാസമയം വിളിച്ചുകൂട്ടാൻ കഴിയാതെ വന്നതിനാൽ ഏതാനും ഭദ്രാസനങ്ങളിൽ അധികാരമുള്ള മെത്രാന്മാരെ നിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. കാലംചെയ്ത മെത്രാന്മാരുടെ ഭദ്രാസനങ്ങൾ ഭരണഘടനയനുസരിച്ചു മലങ്കര മെത്രാപ്പോലീത്താ ഏറ്റെടുത്തിട്ടുണ്ടെന്നല്ലാതെ ശരിയായ ഭരണം നടക്കുന്നില്ലെന്നുള്ളതാണു വസ്തുത. പ്രായാധിക്യം മൂലം ഭരണം നടത്താൻ കഴിവില്ലാത്തവർക്കു സഹായ മെത്രാന്മാരെ നിയോഗിക്കാനോ പുതിയ മെത്രാന്മാരെയോ കഴിവുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയോ തെരഞ്ഞെടുക്കാനോ സാധിക്കുന്നില്ല.

സഭയുടെ വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നിവ ഒരുവിധത്തിൽ പറഞ്ഞാൽ അലങ്കാര സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്. മാനേജിംഗ് കമ്മിറ്റിയിൽപെട്ട അഗണ്യമല്ലാത്ത ഒരു വിഭാഗം മദ്യപിക്കുന്നവരും സഭയുടെ ചരിത്രം, വിശ്വാസം, കേസിൽ സഭയുടെ നിലപാട് മുതലായ കാര്യങ്ങളിൽ വേണ്ടത്ര വിവരം ഇല്ലാത്തവരുമാണ്. മറ്റു പരിഗണനകൾ വച്ചു മാനേജിംഗ് കമ്മിറ്റിയിലേക്കു അയോഗ്യരായ ചിലരും നോമിനേറ്റു ചെയ്യപ്പെടുന്നു. തന്നിമിത്തം പ്രഗത്ഭരും സഭാകേസരികളും ആയിരുന്നവർ വിഹരിച്ച സ്ഥലം കുറുനരികളുടെ കുഴിമാടങ്ങളായി മാറിയിട്ടുണ്ടെന്ന വിമർശനം നിഷേധിക്കാനാവില്ല. മലങ്കരസഭയ്ക്കു ശോഭനമായ ഭാവി ഉണ്ടോ എന്നു ചോദിച്ചാൽ സഭ മുന്നോട്ടു പോകുന്നു എന്നല്ലാതെ ശരിയായ ഉത്തരം കണ്ടുപിടിക്കാൻ ഇന്ന് പ്രയാസമാണ്.

നിയുക്ത കാതോലിക്കാ

മലങ്കരസഭയിലെ ഏഴാമത്തെ കാതോലിക്കായായി മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരിക്കുന്ന തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ ബാലനായിരിക്കുമ്പോൾ തന്നെ സഭാ സേവനത്തിനു വിളിച്ചതു തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. പത്തനാപുരം താബോർ ദയറായിലെ സന്യാസജീവിതവും പഠനവും, ഉന്നത ബിരുദങ്ങൾ നേടിയ ഉത്തമനായ ഒരു വൈദികശ്രേഷ്ഠനെ വളർത്തിയെടുക്കാൻ സഹായിച്ചു.

തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിരാ തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും പുത്രനായി 1921 ഒക്ടോബർ 29-നു ജനിച്ച

നിയുക്ത കാതോലിക്കാ എം.എ., ബി.റ്റി. ബിരുദങ്ങൾ നേടി പത്തനാപുരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, കോളജ് പ്രൊഫസർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഗീവർഗീസ് രണ്ടാമൻ കാതോലിക്കായിൽ നിന്നു ശെമ്മാശപട്ടവും വൈദികപട്ടവും ഏറ്റ നിയുക്ത കാതോലിക്കായ്ക്കു 1965 മെയ് 16-നു പ. ഔഗേൻ ബാവാ റമ്പാൻ സ്ഥാനം നൽകി. അതേവർഷം ഡിസംബർ 28-നു കോട്ടയത്തു ചേർന്ന മലങ്കര അസോസിയേഷൻ മേൽപട്ടസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. കാലംചെയ്ത ഫീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നിവരോടൊപ്പം തോമസ് റമ്പാച്ചനെ 1966 ഓഗസ്റ്റ് 24-ന് തോമസ് മാർ തിമോത്തിയോസ് എന്ന പേരിൽ ഔഗേൻ ബാവാ വാഴിച്ചു.

യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മംഗളം നേർന്നുകൊണ്ട് ഒരു കൽപന അയച്ചിരുന്നു. മൂന്നുപേരും പ്രശസ്തരും മേൽപട്ടസ്ഥാനത്തിന് എല്ലാവിധത്തിലും യോഗ്യരും സഭയുടെ ശക്തികേന്ദ്രങ്ങളും ആണെന്നു കൽപനയിൽ പറഞ്ഞിരുന്നു. മെത്രാൻ സ്ഥാനാഭിഷേക ചടങ്ങും തുടർന്നു നടന്ന സ്വീകരണ സമ്മേളനവും കോലഞ്ചേരിയിലെങ്ങും ഒരാദ്ധ്യാത്മിക ഉത്സവപ്രതീതി ജനിപ്പിച്ചിരുന്നു. സ്ഥാനാഭിഷേക ചടങ്ങുകൾ മലയാള മനോരമയ്ക്കുവേണ്ടി റിപ്പോർട്ടു ചെയ്യുന്നതിന് എനിക്കാണു ഭാഗ്യം ലഭിച്ചത്. തന്നിമിത്തം കോലഞ്ചേരിയിലെ മെത്രാൻ സ്ഥാനാഭിഷേകം മൂന്നര ദശാബ്ദം പിന്നിട്ടിട്ടും ഇന്നലെ നടന്ന സംഭവം പോലെ എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു.

1966-ൽ മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത മെത്രാപ്പോലീത്താ ബഹുമുഖ സേവന പ്രവർത്തനങ്ങൾക്കിടയിൽ ഭദ്രാസനത്തിൽ കൂടുതൽ പള്ളികളും ആശ്രമങ്ങളും മറ്റും സ്ഥാപിച്ചു കുടിയേറ്റക്കാരുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിച്ചു. പല പള്ളികളും പുതുക്കിപ്പണിതു. ഇതിനു വേണ്ടി ധാരാളം പണവും ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ചാത്തമംഗലത്ത് ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ഭദ്രാസനാസ്ഥാനം ഒരു മുതൽക്കൂട്ടു തന്നെയാണ്. 1992 സെപ്റ്റംബർ 10-ന് പരുമലയിൽ ചേർന്ന മലങ്കര അസോസിയേഷൻ തോമസ് മാർ തീമോത്തിയോസിനെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മലബാർ ഭദ്രാസനത്തിന്റെ സഹായമെത്രാനായി നിയോഗിക്കപ്പെട്ടതിനെ തുടർന്ന് പത്തനാപുരം ദയറായിലും കാതോലിക്കേറ്റ് അരമനയിലും ആയി നിയുക്ത കാതോലിക്കാ താമസിച്ചു വരുന്നു. കാതോലിക്കാ ബാവായുടെ സാമീപ്യം മൂലം ഭരണകാര്യങ്ങളിൽ വേണ്ടത്ര അറിവും പരിചയവും നേടാൻ സാധിക്കുന്നുണ്ട്. ഈ സൗകര്യം നേരത്തെ ഈ സ്ഥാനം വഹിച്ചിട്ടുള്ളവർക്ക് ഇത്തരത്തിൽ ലഭിച്ചിരുന്നില്ല. ഉപവാസവും പ്രാർത്ഥനയും ആത്മീയതയും മുഖമുദ്രയാക്കിയിട്ടുള്ള നിയുക്ത കാതോ

ലിക്കാ സഭയുടെ ഭാഗധേയം നിർണ്ണയിച്ച സിദ്ധന്മാരായ പിതാക്കന്മാർ തെളിച്ച പാതയിലൂടെയാണ് സഞ്ചരിക്കുന്നത്.

സുൽത്താൻബത്തേരി ഭദ്രാസനകേന്ദ്രം

ജാതിയുടേയും കക്ഷിയുടേയും വ്യത്യാസങ്ങൾ മറന്ന് ഭാരത മക്കൾ എന്ന നിലയിൽ പരസ്പര സ്നേഹത്തിൽ ജീവിക്കണമെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ. ഓർത്തഡോക്സ് സഭയുടെ ബത്തേരി ഭദ്രാസന ആസ്ഥാനത്ത് നിർമ്മിച്ച ബിഷപ്സ് ഹൗസും ചാപ്പലും കൂദാശ ചെയ്തതിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനം 1999 ജൂൺ 2-ന് ഉദ്ഘാടനം ചെയ്തു പ്രസ്താവിച്ചു.

“പരിശുദ്ധ പാത്രിയർക്കീസ് ബാവായെ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന വ്യക്തിയാണു ഞാൻ. ഇതു സത്യമാണ്. ഇന്നു പരസ്പരം അറിഞ്ഞു കൊണ്ട് നമ്മൾ യുദ്ധം ചെയ്യുകയാണ്. അതു നിർത്തി നമുക്ക് ഒന്നാവാൻ യത്നിക്കാം.” കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു.

ഉന്നത വിദ്യാഭ്യാസവും അഗാധ ചിന്തകളും ഇല്ലാത്തതാണ് മൈത്രി കുറയാൻ കാരണം. യോജിപ്പ്, സ്നേഹം, വിശ്വാസം, പരിചയം, പ്രാർത്ഥന എന്നിവയാണ് നമുക്കു ജീവിതത്തിൽ അനിവാര്യമായ ഘടകങ്ങൾ. ദൈവത്തിൽ നിന്നു വൻ കാര്യങ്ങൾ പ്രതീക്ഷിക്കുകയും ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യുകയുമാണു വേണ്ടത്. മഹത്തായ കാര്യങ്ങൾക്കായി പ്രാരംഭ കാലത്തു കഷ്ടപ്പെട്ടവരെ പിൽക്കാലത്ത് പുത്തൻ തലമുറ വിസ്മരിക്കരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഒന്നുമില്ലായ്മയിൽ നിന്നു ബത്തേരി ഭദ്രാസനവും ബിഷപ്സ് ഹൗസും കെട്ടിപ്പടുത്ത കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായെ ബാവാ അഭിനന്ദിച്ചു. പണ്ട് മലബാർ ഭദ്രാസനത്തിൽ ആയിരുന്നപ്പോൾ വയനാട്ടുകാർ നൽകിയ പിന്തുണയും സഹകരണവും ഇന്നു ബത്തേരി ഭദ്രാസനത്തിനും അഭംഗുരം ലഭ്യമാവുന്നതുകൊണ്ടാണ് ഇത്രയേറെ ഉയർച്ച ഉണ്ടായതെന്ന് അദ്ധ്യക്ഷത വഹിച്ച നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് അനുസ്മരിപ്പിച്ചു.

ഭദ്രാസന മന്ദിരത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നിർധനർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ഉദ്ഘാടനം മാത്യൂസ് മാർ എപ്പിഫാനിയോസ് നിർവഹിച്ചു.

ഏതു മതവിശ്വാസിയായാലും ദൈവം സ്നേഹമാണെന്നും ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും പഠിപ്പിക്കുകയാണ് ആവശ്യമെന്ന് കോഴിക്കോട് ബിഷപ് ഡോ. മാക്സ്വെൽ നൊറോണ ചൂണ്ടിക്കാട്ടി. പുതിയ സഹസ്രാബ്ദത്തിന്റെ പടിവാതിലിൽ എത്തിയിരിക്കുന്ന നമ്മൾ മെച്ചപ്പെട്ട ലോകം

കെട്ടിപ്പടുക്കാൻ പരിശ്രമിക്കണമെന്ന് മാനന്തവാടി ബിഷപ്പ് മാർ ഇമ്മാനുവൽ പോത്തനാമൂഴി പറഞ്ഞു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലത്തു തന്നെ സഭയിൽ പൂർണ്ണസമാധാനം കൈവവരട്ടെയെന്ന് മാർത്തോമ്മാ സഭയുടെ കുന്നംകുളം-മലബാർ ഭദ്രാസനാധിപൻ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ ആശംസിച്ചു.

കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ വിജ്ഞപ്തി പ്രസംഗം നടത്തി.

പരേതർ

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഓർത്തഡോക്സ് സഭയിലെ ചില പ്രമുഖ വ്യക്തികൾ കടന്നുപോയി. ഫാ. ഡോ. വി. സി. ശാമുവേൽ, ഫാ. പ്രൊഫ. പി. എ. ശാമുവേൽ തണ്ണിത്തോട്, ഫാ. കുറ്റിയിൽ യോഹന്നാൻ പുത്തൻകാവ്, സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ ജഗൻ പീലിപ്പോസ്, പ്രമുഖ ഹാർഡ്വെയർ മർച്ചന്റ് പി. പി. ഉക്രു കുന്നംകുളം, സഭാഭൂഷൺ മത്തായി മാത്യൂസ്, സണ്ടേസ്കൂൾ പബ്ലിക്കേഷൻ ഓഫീസറും റിട്ട. ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായ റ്റി. റ്റി. ചാക്കോ തോട്ടയ്ക്കാട് മുതലായവർ സൃഷ്ടിച്ച വിടവ് അത്രവേഗം നികത്താനാവില്ല.

സഭാതർക്ക വിതർക്കങ്ങൾ കൊണ്ടു കൂടി പ്രസിദ്ധരായ പെരുമ്പള്ളി ഗീവറുഗീസ് മാർ ഗ്രിഗോറിയോസ്, ജീവിതകാലം മുഴുവൻ "വിശ്വാസയോദ്ധാവായി"രുന്ന കടിയൻതുരുത്തിൽ യേശു കത്തനാർ എന്നിവരും അക്കര കടന്നു. ഇക്കഴിഞ്ഞ മെയ് 31-ന് അന്തരിച്ച യേശു കത്തനാരോടൊപ്പം, പുതുപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ മുറ്റത്തു കക്ഷിവഴക്കിന്റെ അശുഭപ്രതീകമായി നിലകൊണ്ടിരുന്ന കൊച്ചുപള്ളിയും മഴയത്ത് മണ്ണിലമർന്നു.

ദീർഘകാലം പള്ളിയിലെ ഒരു സഹപട്ടക്കാരനായിരുന്ന യേശുക്കത്തനാരെ പള്ളിമുറ്റത്തു തയ്യാറാക്കിയിരുന്ന കല്ലറയിൽ സംസ്ക്കരിക്കാൻ പ. കാതോലിക്കാ ബാവായും ഇടവകക്കാരും ആഗ്രഹിച്ചിരുന്നു എങ്കിലും അച്ചന്റെ പത്നിക്കും മക്കളിൽ ചിലർക്കും അതു സ്വീകാര്യമല്ലാതെ വന്നു. അവരുടെ അഭിലാഷപ്രകാരം അവർക്കിഷ്ടമുള്ള മെത്രാന്മാരുടെ കാർമ്മികത്വത്തിൽ മൃതദേഹം പുതുപ്പള്ളിപ്പള്ളിയിൽ അടക്കണമെന്നു ശഠിച്ചതുകൊണ്ടാണ് ആയുഷ്കാലം മുഴുവൻ സേവിച്ച പുതുപ്പള്ളി പള്ളിയിൽ നിന്നു മൂന്നു കിലോമീറ്റർ അകലെ അത്ര അറിയപ്പെടാത്ത തൃക്കോതമംഗലത്തെ ഒരു പള്ളിയിൽ സംസ്ക്കരിക്കാൻ ഇടയായതെന്നറിയുന്നു. നിരോധനമുള്ളവരും മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കാത്തവരുമായ മെത്രാന്മാർക്ക്

പുതുപ്പള്ളിപ്പള്ളിയിൽ പ്രവേശിക്കാൻ ആവില്ലെന്നു റിസീവർമാരും ഹൈക്കോടതിയും ചൂണ്ടിക്കാട്ടിയിരുന്നു. മലങ്കരസഭയിലെ ഭിന്നിപ്പിന്റെ അമരക്കാരനും ഓർത്തഡോക്സ് സഭ, മുടക്കപ്പെട്ടവരാണെന്നു വിശേഷിപ്പിക്കുന്ന മേൽപട്ടക്കാരനുമായ ഏബ്രഹാം മാർ ക്ലിമ്മീസിന്റെ കാർമ്മികത്വത്തിലാണു 'വിശ്വാസയോദ്ധാവിന്റെ' മൃതദേഹം സംസ്കരിച്ചത് (കാതോലിക്കാ ബാവായും അദ്ദേഹത്തിന്റെ അനുയായികളും മുടക്കപ്പെട്ടവരാകയാൽ അവരോടു സംസാരിക്കുന്നവരും മുടക്കപ്പെട്ടവരാകും എന്ന മാർ ക്ലിമ്മീസിന്റെ പുത്തൻകുരിശിലെ പുത്തൻ പ്രഖ്യാപനവും 'വൃദ്ധൻ പുന്നൂസിന്റെ' കൈ 1958-ൽ മുത്തിയതും ഇവിടെ ഓർക്കേണ്ടതുണ്ട്.) പനി മൂലം തോമസ് മാർ ദീവന്നാസ്യോസിനു സ്ഥലത്ത് എത്തി മണ്ണോടു മണ്ണുച്ചരിക്കാൻ സാധിച്ചില്ല.

മൃതദേഹം സെന്റ് ജോർജ് പള്ളിക്കു സമീപം ചെളിവെള്ളത്താൽ ചുറ്റപ്പെട്ട പാടത്തുപള്ളിയിൽ കൊണ്ടുവന്നു പ്രാർത്ഥന നടത്തിയശേഷമാണ് തിരിച്ചുകൊണ്ടുപോയത്. മൃതദേഹവും കൊണ്ട് പുതുപ്പള്ളിപ്പള്ളിയിൽ ബലമായി കയറിയേക്കുമെന്ന് സംശയമുണ്ടായിരുന്നതിനാൽ റിസീവർമാർ നേരത്തെ പള്ളിയും ഗേറ്റും പൂട്ടി, ഏദൻതോട്ടത്തിനു മാലാഖമാരെ കാവലാക്കിയതുപോലെ പോലീസുകാരെ പള്ളിക്കു ചുറ്റും വിന്യസിച്ചിരുന്നു. പുതുപ്പള്ളിപ്പള്ളി സംബന്ധിച്ചു താൻ കൊടുത്തിട്ടുള്ള മിക്ക കേസുകളിലും വിജയിച്ചിട്ടുണ്ടെന്നു പറയുമായിരുന്ന യേശുക്കത്തനാർ അന്ത്യവിധി വന്നപ്പോൾ വിജയം കണ്ടില്ല. അച്ചന്റെ തിരോധാനത്തോടെ പുതുപ്പള്ളിപ്പള്ളി ഒരു നവയുഗത്തിന്റെ കവാടത്തിലാണ്.

ഒടുവിലത്തെ കേസ് സംബന്ധിച്ചു 1999 ജൂൺ രണ്ടിലെ മലയാള മനോരമയിൽ വന്ന വാർത്തയാണു ചുവടെ ചേർക്കുന്നത്.

യേശുക്കത്തനാരുടെ സംസ്കാരം: മക്കളുടെ ഹർജി തള്ളി

കൊച്ചി: നിര്യാതനായ കോട്ടയം പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി സഹപട്ടക്കാരൻ കടിയൻതുരുത്തിൽ യേശു കത്തനാരുടെ സംസ്കാരത്തിന് പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട നാലു മെത്രാപ്പോലീത്താമാരെയും തങ്ങൾ നിർദ്ദേശിക്കുന്ന വൈദികരെയും അനുവദിക്കണമെന്നാവശ്യപ്പെട്ട് യേശു കത്തനാരുടെ മക്കൾ നൽകിയ ഹർജി ഹൈക്കോടതി തള്ളി. കുര്യാക്കോസ് യേശു കത്തനാരുടെ സംസ്കാര ശുശ്രൂഷകൾ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുമെന്ന് വികാരിയുടെ അഭിഭാഷകൻ അറിയിച്ചതിനെ തുടർന്നാണിത്.

പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി പതിറ്റാണ്ടുകളായി റിസീവർ ഭരണത്തിലാണ്. മരിച്ച യേശു കത്തനാർ 1944 മുതൽ പള്ളിവികാരിയായിരുന്നുവെന്ന് ഹർജിയിൽ പറഞ്ഞിരുന്നു. പിന്നീട് കേസുണ്ടായി. ഒത്തുതീർപ്പനുസരിച്ച് മൂന്നു ഞായറാഴ്ച കൂടുമ്പോൾ ഒരിക്കൽ ഇദ്ദേഹം ശുശ്രൂഷകൾ

നടത്തിവന്നു. തിങ്കളാഴ്ച വെളുപ്പിനു രണ്ടു മണിക്കാണ് യേശു കത്തനാർ മരിച്ചത്. മൃതദേഹം മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

പള്ളി സെമിത്തേരിയിൽ വൈദികർക്കായി തിരിച്ചിട്ടുള്ള ഭാഗത്ത് നേരത്തെ തന്നെ കല്ലറ നിർമ്മിച്ചിട്ടുണ്ട്. അവിടെ സംസ്കാരം നടത്തുന്നതിന് ഏബ്രഹാം മാർ ക്ലിമ്മീസ്, തോമസ് മാർ ദീവന്നാസ്യോസ്, ജോസഫ് മാർ ഗ്രിഗോറിയോസ്, യൂഹാനോൻ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരെയും ഹർജിക്കാർ നിർദ്ദേശിക്കുന്ന വൈദികരെയും ഡീക്കൻമാരെയും പങ്കെടുപ്പിക്കാനും പള്ളിയിലെ സ്വർണ്ണക്കുരിശ് ഉപയോഗിക്കാനും അനുവദിക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. ഇതിനാവശ്യമായ നിർദ്ദേശം റിസീവർമാർക്ക് നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

മറ്റ് ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാരെ പുതുപ്പള്ളി പള്ളിയിൽ നടക്കുന്ന ശുശ്രൂഷകളിൽ പങ്കെടുപ്പിക്കാൻ കഴിയില്ലെന്ന് എതിർപക്ഷം വാദിച്ചു. അതേ ഭദ്രാസനത്തിലെ മെത്രാപ്പോലീത്താ പങ്കെടുക്കുന്നതിൽ വിരോധമില്ല. ഈ സാഹചര്യത്തിൽ മറ്റ് മെത്രാപ്പോലീത്താമാരെ പങ്കെടുപ്പിക്കണമെന്ന് റിസീവർമാർക്ക് നിർദ്ദേശം നൽകാൻ കഴിയില്ലെന്ന് ജസ്റ്റിസ് ജി. ശശിധരൻ ചൂണ്ടിക്കാട്ടി.

പള്ളിപൂട്ടൽ പ്രസ്ഥാനം

1998-ൽ വടക്കൻ പ്രദേശത്തെ പ്രബലമായ കോലഞ്ചേരി, കടമറ്റം പള്ളികൾ പൂട്ടുന്നതിനും കട്ടച്ചിറ പള്ളി പൂട്ടിക്കുന്നതിനും വേണ്ട കരുക്കൾ നീക്കുന്നതിനു യാക്കോബായ വിഭാഗം ശ്രമിക്കുകയും സർക്കാരിന്റെയും ഉന്നതരായ ചില ഉദ്യോഗസ്ഥന്മാരുടെയും ഒത്താശ മൂലം ഒരതിരുവരെ വിജയിക്കുന്നതിനും തീവ്രവാദികൾക്കു സാധിച്ചു.

പള്ളികളിൽ പ്രകോപനാന്തരീക്ഷം ഇല്ലെങ്കിലും അതിനുവേണ്ടി വാടക ഗുണ്ടകളെ ഇറക്കിയും പിന്നിൽ നിന്നു സഹായിച്ചുമാണ് 144 പ്രഖ്യാപിക്കുന്നതും പള്ളി പൂട്ടി "വിജയാഘോഷ ശുശ്രൂഷ" നടത്തുന്നതും. കോലഞ്ചേരിയിലും, കടമറ്റത്തും വിഘടിതവിഭാഗം ലക്ഷ്യം നേടി എങ്കിലും ശക്തരായ ഓർത്തഡോക്സുകാരുടെ ചെറുത്തുനിൽപ്പു മൂലം കട്ടപ്പുറത്ത് നഷ്ടമാണ് ഉണ്ടായത്. ഈ മൂന്ന് പള്ളികളിലെ സംഭവവികാസങ്ങളും സഭാചരിത്രത്തിലെ കറുത്ത അദ്ധ്യായങ്ങളാണ്. ഇത്തരം ദൈവനിഷേധ നീക്കങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ മൂന്നു പള്ളികൾ സംബന്ധിച്ചു നടന്ന കാര്യങ്ങൾ ഭാവിതലമുറകൾക്കു വേണ്ടി ചുരുക്കമായി രേഖപ്പെടുത്തുകയാണ്. യൂദായും, ബറബാസും അറിയപ്പെടുന്നതുപോലെ ഈ നാറിയ നാടകങ്ങളിലെ വില്ലന്മാരെങ്കിലും കുറെക്കാലം സഭാചരിത്രത്തിൽ വിസ്മരിക്കപ്പെടാതിരിക്കും; സംശയമില്ല.

കടമറ്റം

കാതോലിക്കാ പക്ഷത്തിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ 1986 മുതൽ കടമറ്റം പള്ളി ഭരണം നടത്തി വന്നു. പിന്നീട് പാത്രിയർക്കീസ്, കാതോലിക്കാ വിഭാഗങ്ങൾക്ക് അമ്പതു ശതമാനം വീതം പങ്കാളിത്തമുള്ള രീതിയിൽ ഭരണക്രമീകരണം ഉണ്ടായി. രണ്ടു വികാരി, രണ്ടു ട്രസ്റ്റി, രണ്ടു ഭാഗത്തുനിന്നും 15 വീതം കമ്മിറ്റിക്കാർ എന്നിവരടങ്ങുന്ന ഭരണസമിതി ഭരണം നടത്തി വന്നു. മുൻ ധാരണയനുസരിച്ച് സുപ്രീംകോടതിയുടെ അന്തിമ വിധി വരെ ഇത് തുടർന്നു.

സുപ്രീംകോടതി വിധിക്കുശേഷം നേരത്തെ നൽകിയ ഒരു കേസിന്റെ വിധി 1997 മാർച്ച് 21-ന് ഓർത്തഡോക്സ് വിഭാഗത്തിന് അനുകൂലമായി ഉണ്ടായി. അതിൻപ്രകാരം 1934-ലെ ഭരണഘടന അംഗീകരിക്കുന്നവർ അധികാരത്തിലെത്തി. ഈ ഘട്ടത്തിൽ പള്ളിയിൽ ഒരു വിഭാഗം പാത്രിയർക്കീസുകാർ ഡോ. തോമസ് മാർ അത്താനാസ്യോസിനോടൊപ്പം 1934-ലെ ഭരണഘടന അംഗീകരിച്ചു. എന്നാൽ അന്ത്യോഖ്യാ വിശ്വാസത്തിൽ ഉറച്ചുനിന്ന വിഭാഗം ശക്തി പ്രാപിച്ചു. ഇവർ ഭരണസമിതിക്കു എതിരായ തന്ത്രങ്ങളും ഭീഷണികളുമായി പല പ്രാവശ്യം രംഗത്തെത്തിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ കണ്ടനാട് ഭദ്രാസനത്തിൽ പൂർണ്ണയോജിപ്പുണ്ടാക്കണമെന്ന ചിന്തകളുമായി കോട്ടയത്തു യോഗങ്ങൾ നടന്നു. കേസ് വിജയിച്ച സാഹചര്യത്തിൽ യോജിപ്പോ, അനുരഞ്ജനമോ ആവശ്യമില്ല എന്ന നിലപാടാണ് വടക്കൻ പ്രദേശത്തുള്ളവർ സ്വീകരിച്ചത്. എന്നാൽ പ. കാതോലിക്കാ ബാവാ യോജിപ്പിനായി 100/97-ാം നമ്പർ കൽപന അയച്ചു.

കൽപനപ്രകാരം വികാരി ഫാ. ജോർജ് കട്ടക്കയത്തെ മാറ്റി പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട (അത്താനാസിയോസ് പക്ഷം) ഫാ. ഗീവറുഗീസ് പുന്നക്കുഴിയെ വികാരിയായും പഴയ വികാരി ഫാ. ജോർജ് കട്ടക്കയത്തെ സഹവികാരിയായും നിയമിച്ചു.

ഭരണഘടനപ്രകാരം ഇടവകഭരണത്തിൽ വികാരിയുടെ മേലും ട്രസ്റ്റിയുടെ മേലും നേരിട്ടുള്ള നിയന്ത്രണം ഇടവക മെത്രാപ്പോലീത്തായിക്കേ ഉള്ളു. ഇതിനു വിരുദ്ധമായി പ. കാതോലിക്കാ ബാവാ വികാരിമാരേയും ട്രസ്റ്റിമാരേയും നിയമിച്ച നടപടിയെ അതായത് 100-ാം നമ്പർ കൽപനയ്ക്ക് എതിരെ ഓർത്തഡോക്സ് വിഭാഗം തന്നെ കേസ് കൊടുത്തു.

കടമറ്റത്ത് 100-ാം നമ്പർ കൽപന അനുസരിക്കണമെന്ന് എല്ലാവരോടും കർശനമായ ഭാഷയിൽ പറഞ്ഞു. കടമറ്റത്തുള്ള ഓർത്തഡോക്സ് വിഭാഗം ഭരണഘടനാ വിരുദ്ധമായ ഈ നടപടിയോട് ഒട്ടും യോജിച്ചില്ല. നിരന്തരമായ സംഭാഷണങ്ങളും യോഗങ്ങളും ദേവലോകം മുതൽ കടമറ്റം വരെ

നടന്നു. പകുതി സമ്മതത്തോടെ 100-ാം നമ്പർ കൽപന കടമറ്റത്തുകാർ അംഗീകരിച്ചു.

അതോടൊപ്പം തന്നെ ഒത്തുതീർപ്പു വ്യവസ്ഥ അനുസരിച്ച് പഴയ വികാരിമാരെ മാറ്റി പകരം ഫാ. ജോസഫ് കളപ്പുരയിൽ വികാരിയായും മാർ അത്താനാസിയോസ് വിഭാഗത്തിൽപെട്ട ഫാ. പ്രിൻസ് കളപ്പുരയ്ക്കൽ സഹവികാരിയായും നിയമിതനായി. 24 കമ്മിറ്റിക്കാരും ഉൾപ്പെട്ട ഭരണസമിതി 1998 ജനുവരി 18-ന് ഭരണം ആരംഭിച്ചു.

പ്രഥമ കമ്മിറ്റിയുടെ ഒന്നാമത്തെ അജണ്ട പ. കാതോലിക്കാ ബാവായ്ക്ക് സ്വീകരണം നൽകുന്നതായിരുന്നു. പ. കാതോലിക്കാ ബാവായാൽ നിയമിക്കപ്പെട്ട അഞ്ചു പേർ കമ്മിറ്റിയിൽ പ. ബാവായ്ക്ക് സ്വീകരണം നൽകുന്നതിനെ എതിർത്തു വിയോജനക്കുറിപ്പ് എഴുതി. അന്നു മുതൽ വീണ്ടും ഭിന്നാഭിപ്രായം ശക്തമായി. 'യോജിപ്പ് ശരിയല്ല. സ്വീകരണം ഇപ്പോൾ ആവശ്യമില്ല' എന്ന നിലപാടിൽ ഈ അഞ്ചുപേർ ഉറച്ചു നിന്നു. ഇവർ ഈ സമയം മാർ ദീവന്നാസിയോസിന്റെ നിർദ്ദേശങ്ങളിലേക്കും തീരുമാനങ്ങളിലേക്കും കാലുമാറിക്കഴിഞ്ഞിരുന്നു.

1998 ഫെബ്രുവരി അഞ്ചിനു പ. കാതോലിക്കായ്ക്ക് കടമറ്റത്ത് സ്വീകരണം

ദീവന്നാസിയോസ് പക്ഷക്കാരനായ ഒരച്ചൻ മൂവാറ്റുപുഴ കോടതിയിൽ നിന്നു പ. ബാവാ കടമറ്റത്ത് കയറുന്നതിനെതിരെ സ്റ്റേ വാങ്ങി. പ. ബാവായെ കടമറ്റത്തു കയറ്റുകയില്ല എന്ന വാദവും തർക്കവും ആയി. ഉന്തും തള്ളും ബഹളവും സ്വീകരണ സമയത്തു ശക്തമായി. ഒരുവിധം സ്വീകരണ ചടങ്ങുകളും കുർബ്ബാനയും കഴിഞ്ഞു. അതോടെ മാർ ദീവന്നാസിയോസ് വിഭാഗം വളരെ ശക്തിപ്പെടുവാൻ ഇടയായി. മാർ അത്താനാസിയോസിനോടൊപ്പം വന്ന ന്യൂനപക്ഷത്തിൽ ഭൂരിപക്ഷവും ദീവന്നാസിയോസിനോടൊപ്പം ചേർന്നു നിന്നു.

പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഡോ. മാത്യൂസ് മാർ സേവേറിയോസും ഡോ. തോമസ് മാർ അത്താനാസിയോസും മാറിയും ഒരുമിച്ചും കടമറ്റത്ത് ആത്മീയ കാര്യങ്ങളിൽ പങ്കെടുത്തുകൊണ്ടിരുന്നു. നേരത്തെ നിശ്ചയിച്ച സമയബന്ധിത പരിപാടി അനുസരിച്ച് ഇലക്ഷൻ നടത്തുവാൻ ശ്രമിച്ചു. സുപ്രീംകോടതി വിധി അനുസരിച്ച് 1934-ലെ ഭരണഘടനയോട് വിധേയത്വം പ്രഖ്യാപിക്കുന്നവർക്കേ ഇലക്ഷനിൽ പങ്കെടുത്ത് വോട്ടു ചെയ്യുവാൻ സാധിക്കുകയുള്ളു എന്ന് ഓർത്തഡോക്സ് വിഭാഗം വാദിച്ചു.

1998 ജൂൺ 21-നു കടമറ്റത്ത് കൂടിയപ്പോൾ ദിവന്നാസിയോസ് വിഭാഗം സംഘടിച്ച്, കൂറുമാറിയ മൂന്നു കമ്മിറ്റിക്കാരെ ക്രൂരമായി മർദ്ദിച്ചു. ജൂൺ 28-നു

കടമറ്റത്ത് ഭരണഘടനപ്രകാരം ഇലക്ഷൻ നടന്നു. എൻ. യു. മത്തായിയെയും കെ. പി. പൗലോസിനെയും ട്രസ്റ്റിമാരായി തെരഞ്ഞെടുത്തു. ഓരോ വിഭാഗത്തിലും 11 കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി 24 അംഗ ഭരണസമിതിയെ തെരഞ്ഞെടുത്തു. അന്നു തന്നെ അധികാര കൈമാറ്റവും നടന്നു.

ജൂലൈ ഒന്നിന് വികാരി ഫാ. ജോസഫ് കളപ്പുരയിലിനെ ദിവന്നാസിയോസ് വിഭാഗം പള്ളിയിലെ ഗേറ്റിൽ തടഞ്ഞു. ട്രസ്റ്റി കെ. പി. പൗലോസിനെ (പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നു വന്ന) ദിവന്നാസിയോസ് വിഭാഗം ക്രൂരമായി ആക്രമിച്ചു. 65 വയസ്സുള്ള കെ. പി. പൗലോസ് ഒരു തരത്തിൽ രക്ഷപ്പെട്ടു. പിന്നീട് ഡോ. മാർ അത്താനാസിയോസ് കടമറ്റത്ത് കുർബാനയ്ക്ക് എത്തിയപ്പോൾ ദിവന്നാസിയോസ് വിഭാഗത്തിൽപ്പെട്ടവർ തടഞ്ഞു. വികാരി ഇടപെട്ട് മാർ അത്താനിയോസിനെ തിരിച്ചയച്ചു.

തുടർന്ന് പല പ്രാവശ്യം ഭരണക്രമങ്ങളിൽ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ജൂലൈ 12-നു വി. കുർബ്ബാനയ്ക്കു ശേഷം വികാരി ഫാ. ജോസഫ് കളപ്പുരയിലിനെ കടമറ്റം പള്ളിയിൽ 56 പേർ ചേർന്നു പൂട്ടിയിട്ടു. വൈകിട്ട് നാലര മണിയോടെ പോലീസും ആർ.ഡി.ഒ. യും എത്തിയിട്ടും വാതിൽ തുറന്നില്ല. തീവ്രവാദികളുടെ നേതാവായ ഫാ. ആദായി ജേക്കബ് വന്നു വാതിൽ തുറക്കാൻ പറഞ്ഞപ്പോൾ വാതിൽ തുറന്നു. വികാരിയെ മോചിപ്പിച്ചു.

ആഗസ്റ്റ് ഒന്നിന് പുത്തൻകുരിശു സ്റ്റേഷനിൽ ആർ.ഡി.ഒ. ഇരു വിഭാഗങ്ങളേയും വിളിച്ചു. ദിവന്നാസിയോസ് വിഭാഗം അവർക്ക് ഒരച്ചനെ വികാരിയായി നിയമിക്കണമെന്ന് വാശി പിടിച്ചു. ദിവന്നാസിയോസ് വിഭാഗത്തിൽപ്പെട്ട ഒരു വികാരിയെ നിയമിക്കുവാൻ സാധിച്ചില്ലെങ്കിൽ പ്രശ്നങ്ങൾ വർദ്ധിപ്പിക്കും എന്നു പറഞ്ഞു. ആർ.ഡി.ഒ. ഏകപക്ഷീയമായി, യാതൊരു പ്രകോപനവും ഇല്ലാത്ത സാഹചര്യത്തിൽ 144 പ്രഖ്യാപിക്കുവാൻ ഉത്തരവായതായി അറിയിച്ചു. പിറ്റേദിവസം കടമറ്റത്ത് ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ച് പള്ളി പൂട്ടി. പ്രശസ്തമായ കടമറ്റംപള്ളി യാതൊരു കാരണവും ഇല്ലാതെ പൂട്ടപ്പെട്ടു.

പാത്രിയർക്കീസ് വിഭാഗം കടമറ്റത്ത് പോയേടം പള്ളിക്കു (ചെറിയപള്ളി) സമീപം പാത്രിയർക്കീസ് കക്ഷിക്കു വേണ്ടി എൻ. പി. വറുഗീസിന്റെ പേരിൽ വാങ്ങിയിരുന്ന സ്ഥലത്ത് ഒരു ഷെഡ്ഡുണ്ടാക്കി ആരാധന നടത്തി. കടമറ്റം പള്ളിയിൽ കാതോലിക്കാ ബാവായുടെ മെത്രാച്ചൻ നിയമിച്ച യഥാർത്ഥ വികാരിയെ അറിയിക്കാതെ ശവസംസ്കാരം തുടങ്ങിയ കർമ്മങ്ങൾ മറുപക്ഷത്തെ വൈദികർ നടത്തിവന്നു. തന്നിമിത്തം ഓർത്തഡോക്സു വിഭാഗം കടുത്ത നിരാശയിലായി.

കടമറ്റം പള്ളിയിൽ സംഘർഷം: 56 പേർ അറസ്റ്റിൽ

ഇരുവിഭാഗം വിശ്വാസികൾ തമ്മിൽ തർക്കം നിലനിൽക്കുന്ന കടമറ്റം

പള്ളിയിൽ സംഘർഷം. ഞായറാഴ്ച കുർബാനയെ തുടർന്ന് പള്ളിയകത്ത് കടന്ന ഒരു വിഭാഗം വിശ്വാസികൾ, അടുത്തയിടെ പള്ളിയിൽ നടന്നതായി പറയുന്ന ഭരണസമിതി തിരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് വികാരി ഫാ. ജോസഫ് കളപ്പുരക്കലിനെ തടഞ്ഞുവെച്ചു. പള്ളിയുടെ വാതിലുകൾ അകത്തുനിന്ന് തഴുതിട്ട് വികാരിയോടൊപ്പം മണിക്കൂറുകൾ പള്ളിയകത്തിരുന്ന വിശ്വാസികളെ വൈകിട്ട് ആർ.ഡിഒ. യും ഉന്നത പോലീസ് ഉദ്യോഗസ്ഥരും ഇടപെട്ട് വാതിൽ തുറപ്പിച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു. പാത്രിയർക്കാ വിഭാഗത്തിൽപ്പെട്ട 56 പേരെ അറസ്റ്റ് ചെയ്ത് പോലീസ് അവരെ ഉടനടി പുത്തൻകുരിശ് പോലീസ് സ്റ്റേഷനിലേക്ക് മാറ്റി.

വിശ്വാസികളെ അറസ്റ്റ് ചെയ്ത വിവരമറിഞ്ഞ് സ്റ്റേഷനിലെത്തിയ തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, അവരെ വിട്ടയക്കണമെന്നാവശ്യപ്പെട്ട് സ്റ്റേഷനിൽ സത്യഗ്രഹത്തിനൊരുങ്ങിയെങ്കിലും ഫലമുണ്ടായില്ല. അറസ്റ്റ് ചെയ്യപ്പെട്ട വിശ്വാസികളേയും കൊണ്ട് കോടതിയിലേക്ക് നീങ്ങിയ പോലീസ് വാഹനത്തിന്റെ മുന്നിലും മെത്രാപ്പോലീത്താ കയറി നിന്നെങ്കിലും ഡി.വൈ.എസ്.പി. മാർട്ടിൻ കെ. മാത്യു ഇടപെട്ട് അദ്ദേഹത്തെ അനുനയിപ്പിച്ച് പിന്മാറ്റുകയായിരുന്നു.

ഞായറാഴ്ച രാവിലെ കടമറ്റം പള്ളിയിൽ പതിവുള്ള കുർബാന ആരംഭിക്കുന്നതിന് മുമ്പുതന്നെ തർക്കവും ബഹളവും തുടങ്ങിയിരുന്നു. ഇതേ തുടർന്ന് എട്ടരമണിക്ക് നടക്കേണ്ട കുർബാന ഏറെ വൈകിയാണ് ആരംഭിച്ചത്.

കുർബാന കഴിഞ്ഞ് പതിനൊന്നര മണിയോടെ വികാരി പുറത്തേയ്ക്കിറങ്ങാൻ തുടങ്ങുമ്പോൾ നൂറോളം പേരടങ്ങുന്ന പാത്രിയർക്കാ വിശ്വാസികൾ പള്ളിയകത്ത് നിലയുറപ്പിച്ചിരുന്നു.

രംഗം വഷളാകുന്നതറിഞ്ഞ് വികാരി വീണ്ടും മദ്ബഹയിലേക്ക് പിൻവാങ്ങിയെങ്കിലും വിശ്വാസികൾ പിരിഞ്ഞുപോയില്ല. പള്ളിഭരണ സമിതിയിലേക്ക് നടത്തിയതായി പറയുന്ന തിരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ ആരാഞ്ഞ അവർ വികാരിയെ തടഞ്ഞു വെയ്ക്കുകയായിരുന്നുവെന്ന് പരാതിയുണ്ട്. വിവരമറിഞ്ഞ് ഡി.വൈ.എസ്.പി. മാർട്ടിൻ കെ. മാത്യു, പുത്തൻകുരിശ് സി.ഐ. കെ. ബി. വേണുഗോപാൽ എന്നിവരുടെ നേതൃത്വത്തിൽ വലിയൊരു സംഘം പോലീസ് സ്ഥലത്തെത്തി. രണ്ടരമണിയോടെ ആർ.ഡി.ഒ. കെ. പി. രാമചന്ദ്രനും പള്ളിയിലെത്തി. പള്ളിക്ക് പുറത്ത് തടിച്ചുകൂടിയ കാതോലിക്കാ വിഭാഗക്കാരടക്കമുള്ള വിശ്വാസികളെ സംഘർഷം ഒഴിവാക്കാനായി നീക്കംചെയ്ത പോലീസ് പള്ളി തുറപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

തുടർന്ന് സ്ഥലത്തെത്തിയ സഭാ വൈദിക സെമിനാരി പ്രിൻസിപ്പൽ ഡോ.

ആദായി ജേക്കബ് കോർഎപ്പിസ്കോപ്പായുമായി സംസാരിച്ചു പോലീസ് പള്ളി തുറപ്പിക്കുകയായിരുന്നു. നെഞ്ചിന് വേദന അനുഭവപ്പെടുന്നു എന്ന് പരാതിപ്പെട്ട വികാരിയെ പോലീസ് കോലഞ്ചേരി മെഡിക്കൽ മിഷൻ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. അറസ്റ്റ് ചെയ്ത വിശ്വാസികളെ രാത്രി പോലീസ് കോലഞ്ചേരി മജിസ്ട്രേട്ടിന്റെ കൂടി ചുമതല വഹിക്കുന്ന ഫോർട്ടുകൊച്ചി മജിസ്ട്രേട്ട് മുമ്പാകെ ഹാജരാക്കി.

അറസ്റ്റ് ചെയ്തവരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് തോമസ് മാർ ദിവന്നാസിയോസിന്റെ ആഭിമുഖ്യത്തിൽ കന്യാസ്ത്രീകളടക്കം ഒരു സംഘം വിശ്വാസികൾ പുത്തൻകുരിശ് പോലീസ് സ്റ്റേഷനു മുന്നിൽ നിലയുറപ്പിച്ചിരിക്കുകയാണ്. രാത്രി വൈകിയും ഇവർ സ്റ്റേഷനു മുന്നിൽ പ്രാർത്ഥന തുടരുകയാണ്. വിവരമറിഞ്ഞ് യാക്കോബായ സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡണ്ട് ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, കൊച്ചി ഭദ്രാസനാധിപൻ ജോസഫ് മാർ ഗ്രിഗോറിയോസ് എന്നിവർ സ്ഥലത്തെത്തിയിരുന്നു.

(മാതൃഭൂമി, 13-7-98)

സുപ്രീംകോടതിവിധിയനുസരിച്ച് ഭരണഘടനപ്രകാരം ഭരിക്കപ്പെടുവാൻ കടമറ്റം പള്ളിയിലെ ഇരുവിഭാഗവും തയ്യാറായതിന്റെ വെളിച്ചത്തിലാണ് ദീർഘകാലമായി കേസ് നിലവിലിരുന്ന പള്ളിയിൽ സമാധാനമുണ്ടായത്. ഇരുവിഭാഗത്തിലേയും വൈദികർ ഭരണഘടന അംഗീകരിച്ചു. അതനുസരിച്ച് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ് എന്നിവരോടാലോചിച്ച് പ. ബാവാ വികാരിമാരെ നിയമിക്കുകയും അത് ഇരുവിഭാഗവും അംഗീകരിക്കുകയും ചെയ്തു. പുതിയ ഒരു കമ്മിറ്റിയേയും ഭരണസമിതിയേയും മെത്രാപ്പോലീത്താമാരോട് ആലോചിച്ച് ബാവാ നിയമിച്ചിരുന്നു. ആ ഭരണസമിതിയുടെ കാലാവധി ജൂൺ മുപ്പതിനു തീർന്നു. അതനുസരിച്ച് നിയമാനുസൃത പൊതുയോഗം കൂടുവാനുള്ള അറിയിപ്പു പുറപ്പെടുവിച്ചു. വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുവാനുള്ള അപേക്ഷാഫോറവും വിതരണം ചെയ്തു. വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കാതെ പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വിഭാഗം ആളുകൾ തെരഞ്ഞെടുപ്പു ബഹിഷ്കരിച്ചു. നിയമാനുസൃതം കൂടിയ പൊതുയോഗം പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുവാൻ പാത്രിയർക്കീസ് വിഭാഗം തയ്യാറല്ല. അവരാണ് ഇപ്പോൾ വികാരിയെ അധിക്ഷേപിക്കുന്നതും പുതിയ ഭരണസമിതിയെ തടയുന്നതും. ആളുകളെ ഇളക്കി ബഹളം വയ്ക്കുന്നതിന്റെ പിന്നിൽ മാർ ദീവന്നാസ്യോസ് ആണ് പ്രവർത്തിക്കുന്നത്. വീടുതോറും കയറിയിറങ്ങി ആളുകളെ സംഘടിപ്പിച്ചാണ് പള്ളിയിൽ ബഹളം ഉണ്ടാക്കുന്നത്. നീതിന്യായ വ്യവസ്ഥകളോടുള്ള കടുത്ത അവഹേളനമാണ് പാത്രിയർക്കീസു വിഭാഗം നടത്തുന്നതെന്ന്

കടമറ്റം പള്ളി വികാരി ഫാ. ജോസഫ് കളപ്പുരയ്ക്കൽ പറഞ്ഞു. ഇടവക യിലെ ഭൂരിപക്ഷത്തിനും കക്ഷിവഴക്കിൽ താൽപര്യമില്ല. എന്നാൽ പാത്രി യർക്കീസ് കക്ഷിയിൽപെട്ട തീവ്രവാദികൾ എന്തു വിലകൊടുത്തും പള്ളി പൂട്ടിക്കും എന്നു പറഞ്ഞു നടക്കുകയാണ് – ഒരു ഓർത്തഡോക്സ് വിശ്വാസി പറഞ്ഞു.

ജൂലൈ 19 ഞായറാഴ്ച രാവിലെ പാത്രിയർക്കീസ് വിഭാഗം പള്ളിയിലെ കാഷ് കൗണ്ടർ ഉപരോധിച്ചു. കൗണ്ടറിൽ ലഭിക്കുന്ന പണം ഏകപക്ഷീയ മായി വിനിയോഗിക്കുന്നു എന്നാരോപിച്ചാണ് കാഷ് കൗണ്ടർ ഉപരോധിച്ചത്. 2500–ഓളം ഇടവകാംഗങ്ങളുള്ള പള്ളിയിൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ നാനൂറോളം പേരെ മാത്രം ഉൾപ്പെടുത്തിയാണ് ഇടവക രജിസ്റ്റർ ഉണ്ടാക്കി യതെന്നും, പാത്രിയർക്കീസു വിഭാഗത്തെ അറിയിക്കാതെയാണ് ഇടവക തെര ഞ്ഞെടുപ്പ് നടത്തിയതെന്നും പാത്രിയർക്കീസ്പക്ഷം പറയുന്നു. നീതിയും ന്യായവും തങ്ങൾക്കെതിരാണെന്നു കണ്ട സാഹചര്യത്തിലാണ് പാത്രിയർക്കീ സുപക്ഷം പുതിയ സമരമുറയുമായി രംഗത്ത് വന്നിരിക്കുന്നത്.

കട്ടച്ചിറയിൽ പരാജയപ്പെട്ട പാത്രിയർക്കീസ് കക്ഷിക്കാർ സർവ്വശക്തിയും സംഭരിച്ച് കടമറ്റത്ത് പോരാടുവാനാണ് തീരുമാനമെടുത്തിരിക്കുന്നത്. വേണ്ടി വന്നാൽ ഒന്നോ രണ്ടോ രക്തസാക്ഷികളുണ്ടാകണം. ചോര ചിന്തേണ്ടി വന്നാലും പിന്മാറരുത് എന്ന് മാർ ദീവന്നാസ്യോസ് സ്വന്തം കക്ഷിയിൽപെട്ട വരോട് ആഹ്വാനം ചെയ്തു.

സുപ്രധാന കൽപന

ഡോ. തോമസ് മാർ അത്താനാസ്യോസ്, ഡോ. മാത്യൂസ് മാർ സേവേറി യോസ് എന്നിവരെ കണ്ടനാട് ഭദ്രാസനത്തിലെ മെത്രാന്മാരായി നിയമിച്ചു കൊണ്ടും അവരെ ഭദ്രാസനത്തിലെ എല്ലാ അംഗങ്ങളും അവരുടെ സ്ഥാന ത്തിനടുത്ത ബഹുമാനാദരങ്ങളോടും സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടും മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ പ. ബസേ ലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ അയച്ച 85/98 നമ്പർ കൽപന യുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

കർത്താവിൽ പ്രിയരേ,

ദൈവകൃപയാൽ ബഹു. സുപ്രീംകോടതിയിൽ നിന്നുണ്ടായ തീരുമാന ങ്ങളെ തുടർന്ന് മുൻ പാത്രിയർക്കീസ് പക്ഷത്തായിരുന്നു കണ്ടനാട് മെത്രാ സനത്തിൽ ഭരണം നടത്തിവന്നിരുന്ന ഡോ. തോമസ് മാർ അത്താനാസി യോസ് മെത്രാപ്പോലീത്താ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭര ണഘടനയും അതനുസരിച്ചുള്ള ഭരണസംവിധാനങ്ങളും മലങ്കര മെത്രാപ്പോ ലീത്തായും കിഴക്കിന്റെ കാതോലിക്കായും ആയ നമ്മുടെ മേലദ്ധ്യക്ഷതയും അംഗീകരിച്ചും സമ്മതിച്ചും രേഖാമൂലം നമുക്ക് എഴുതി തന്നിട്ടുള്ളതാണ്.

അതേ തുടർന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയോടും കണ്ടനാട് മെത്രാസന ഇടവകഭരണം സംബന്ധിച്ച് നാം താൽക്കാലിക ക്രമീകരണങ്ങൾ ചെയ്ത് ടി. മെത്രാസനത്തിലെ മെത്രാപ്പോലീത്തന്മാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ് എന്നിവർക്ക് നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതാണ്. ടി ഭരണക്രമീകരണങ്ങൾ ടി മെത്രാസനത്തിലെ എല്ലാ പള്ളികളേയും ഈ കൽപന മുഖാന്തിരം നാം അറിയിക്കുന്നതാകുന്നു.

ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരം ഭേദഗതി ചെയ്തിട്ടുള്ള മലങ്കരസഭാ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് നാം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം വിളിച്ചുകൂട്ടി സഭാ മാനേജിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തതിനുശേഷം ടി കമ്മിറ്റിയുമായി ആലോചിച്ച് സഭാഭരണഘടനാനുസരണം മെത്രാസന ഭരണം സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ ചെയ്യുന്നതുവരെ, സഭാ സമാധാനത്തെ കരുതി നാം ചെയ്യുന്ന താഴെ പറയുന്ന ഭരണക്രമീകരണം നിലനിൽക്കുന്നതാണ്.

കണ്ടനാട് മെത്രാസനത്തിൽ ഇടവക മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ട് ഇപ്പോൾ ഭരണം നടത്തി വരുന്ന നമ്മുടെ സഹോദരന്മാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും പരസ്പരം സഹകരിച്ച് യാതൊരു കാരണവശാലും ഭിന്നതകൾക്ക് ഇടനൽകാതെ ടി മെത്രാസന കാര്യങ്ങൾ നടത്തേണ്ടതാണ്.

മുമ്പ് ഇരുപക്ഷത്തുനിന്നും വികാരിമാരെയും പട്ടക്കാരെയും നിയമിച്ചതനുസരിച്ച് ഇരുഭാഗങ്ങളായി പള്ളി ആരാധനകളും മറ്റ് കർമ്മാദികളും നടത്തിവരുന്ന കണ്ടനാട് മെത്രാസനത്തിലെ ഇടവക പള്ളികളിൽ ടി മെത്രാപ്പോലീത്താമാർ ഇരുവരും കൂടി ആലോചിച്ച് പരസ്പര സമ്മതപ്രകാരം യോജിപ്പായി എല്ലാ കാര്യങ്ങളും നടത്തേണ്ടതാണ്.

അഭിവന്ദ്യരായ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും, ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെയും പ്രത്യേക നിയന്ത്രണത്തിലായിരുന്ന ടി ഭദ്രാസനത്തിലെ പള്ളികളിൽ അവരവർ തന്നെ ഭരണം നടത്തിക്കൊള്ളേണ്ടതാണ്.

കണ്ടനാട് മെത്രാസന സംബന്ധമായ എല്ലാ കാര്യങ്ങളും, പ്രത്യേകിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ടി മെത്രാപ്പോലീത്തന്മാർ രണ്ടുപേരും ആലോചിച്ച് പരസ്പര സമ്മതത്തോടുകൂടി സമാധാനപരമായി പരിഹരിക്കുന്നതിന് ശ്രമിക്കണം.

നമ്മുടെ ഈ കൽപനപ്രകാരം ഭരണകാര്യങ്ങൾ നടത്തുന്നതിന് എന്തെങ്കിലും പ്രയാസങ്ങളോ തടസങ്ങളോ ഉണ്ടായാൽ ആ സംഗതിയിൽ നാം ചെയ്യുന്ന തീരുമാനം അന്തിമതീരുമാനം ആയിരിക്കുന്നതും ബന്ധപ്പെട്ട എല്ലാവരും അനുസരിച്ചു നടന്നുകൊള്ളേണ്ടതുമാകുന്നു.

എല്ലാ കാര്യങ്ങളും മലങ്കരസഭാ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായും നാം നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും ഈ കൽപനയിലെ നിർദ്ദേശങ്ങൾ പാലിച്ചും പ. സഭയിൽ ശാശ്വത സമാധാനം ഉണ്ടാകണം എന്നുള്ള ആഗ്രഹത്തോടുകൂടിയും നടത്തിക്കൊള്ളണം.

കണ്ടനാട് മെത്രാസനത്തിലെ എല്ലാ വികാരിമാരും മറ്റു പട്ടക്കാരും ഇടവകജനങ്ങളും മേൽ നിർദ്ദേശങ്ങൾക്കു വിധേയമായി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെയും, ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെയും മെത്രാസനത്തിലെ മെത്രാപ്പോലീത്തന്മാരായി അവരുടെ സ്ഥാനത്തിനടുത്ത ബഹുമാനാദരവുകളോടു കൂടി സ്വീകരിച്ചും അംഗീകരിച്ചും നടന്നുകൊള്ളേണ്ടതാണ്.

1998 ജൂലൈ 11-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

ഈ കൽപന പല ഓർത്തഡോക്സ് പള്ളികളിലും വായിച്ചില്ലത്രെ.

മെയ് 18-നു ഒരു മാസത്തേക്കു കൂടി പള്ളി പൂട്ടിയ നടപടി ദീർഘിപ്പിച്ചു. അതു തുടർന്നുകൊണ്ടിരുന്നു. ഒരു മാസം കഴിഞ്ഞ് ഓർത്തഡോക്സ് വിഭാഗം പള്ളിയിൽ ആത്മീയ കാര്യങ്ങൾ നടത്തിതരണമെന്ന് ഹൈക്കോടതിയിൽ റിട്ട് നൽകി. ഇതിൽ കളക്ടർ നടപടി സ്വീകരിക്കണമെന്ന് കോടതി നിർദ്ദേശിച്ചു.

ആഴ്ചയിൽ രണ്ടു ദിവസം പള്ളി തുറന്നിടണമെന്നും അൽമേനികളും ഭക്തജനങ്ങളും മാത്രം പള്ളിയിൽ പ്രവേശിച്ചാൽ മതി എന്നും ജില്ലാ കളക്ടർ വി. പി. ജോയി നിർദ്ദേശിച്ചു.

കളക്ടറുടെ ഓർഡറിനെതിരെ വികാരിമാരായ ഫാ. ഒ. ഐ. പൗലോസ്, ഫാ. എം. വി. ഏബ്രഹാം എന്നിവർ ഹൈക്കോടതിയിൽ പരാതി നൽകി. ഹൈക്കോടതി വാദം കേട്ട് കളക്ടറുടെ ഓർഡർ സ്റ്റേ ചെയ്തു.

കളക്ടർ വി. പി. ജോയി ആഗസ്റ്റ് 3-ന് ഹൈക്കോടതിയിൽ എത്തി 'തീരുമാനത്തിന്റെ കാര്യം' വിശദീകരിക്കണമെന്ന് അറിയിച്ചു. കളക്ടർക്ക് എത്തിച്ചേരുവാൻ ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ സാധിക്കത്തില്ലെന്ന് അറിയിച്ചു. ആഗസ്റ്റ് 7-ന് എത്തിച്ചേരണമെന്ന് കോടതി നിർദ്ദേശിച്ചു. ആഗസ്റ്റ് 7-നു രാഷ്ട്രപതി എറണാകുളത്ത് വരുന്നതിനാൽ അസൗകര്യമാണെന്ന് കളക്ടർ അറിയിച്ചു. കോടതി അത് അംഗീകരിച്ചു. ആഗസ്റ്റ് 11-ന് ഹൈക്കോടതിയിൽ ഹാജരായി 'ഓർഡർ കാര്യം' വിശദീകരിക്കണമെന്ന് അറിയിച്ചു.

ഇങ്ങനെ കോടതി കയറി കയറി കടമറ്റത്ത് കാര്യങ്ങൾ മുന്നോട്ട് പോയി. കളക്ടറുടെ ഏകപക്ഷീയമായ തീരുമാനങ്ങളാണു കോലഞ്ചേരി, കടമറ്റം പള്ളികളിലെ പ്രശ്നങ്ങളെ നയിക്കുന്നത് എന്നും പള്ളി പൂട്ടുന്ന തിൽ മാർ ദീവന്നാസിയോസ് പക്ഷക്കാരനായ കളക്ടർ വി. പി. ജോയി മുഖ്യ പങ്കു വഹിച്ചിട്ടുണ്ടെന്നും ജനങ്ങൾ ആരോപിച്ചു. യാതൊരു പ്രകോപന സാഹച ര്യവും ഇല്ലാതെയാണ് കോലഞ്ചേരി പള്ളി പൂട്ടിയത്.

ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ കോലഞ്ചേരി, കടമറ്റം പള്ളികളിലെ വാർത്തകൾ നൽകുവാൻ മലയാള പത്രങ്ങൾ തമ്മിൽ മത്സരം.

പത്രങ്ങളുടെ മത്സരം

എല്ലാ പത്രത്തിന്റെയും ലേഖകർ പ്രത്യേകം എത്തി വാർത്തകൾ ശേഖ രിക്കുന്നു. അമിത പ്രാധാന്യത്തോടെ പാത്രിയർക്കീസ് വിഭാഗത്തിന് അനു കൂലമായി വാർത്തകൾ നൽകുന്നു.

'മനോരമ മുതൽ ദേശാഭിമാനി വരെ' പാത്രിയർക്കീസ് വിഭാഗത്തിന് അനു കൂലമായ വാർത്തയാണ് കോലഞ്ചേരിയിലും കടമറ്റത്തും പ്രസിദ്ധീകരിക്കു ന്നത്. ഓർത്തഡോക്സ് വിഭാഗം നൽകുന്ന വാർത്തകൾ പ്രസിദ്ധീകരിക്കു ന്നില്ല. ഇതിൽ വ്യാപകമായ പ്രതിഷേധം വർദ്ധിക്കുകയാണ്.

കടമറ്റം വികാരിയെ പള്ളിയിൽ പൂട്ടിയ സംഭവത്തിൽ പ്രതിഷേധിച്ച് പ. കാതോലിക്കാ ബാവായുടെ പ്രസ്താവന മലയാള മനോരമയിൽ ഉണ്ടായി രുന്നു. കോട്ടയത്തും കൊച്ചി കോർപ്പറേഷൻ ഭാഗത്തും ആ വാർത്ത വന്നു. എന്നാൽ കോലഞ്ചേരിയിലും കടമറ്റത്തും പ. ബാവായുടെ പ്രസ്താവന അടിച്ച വാർത്ത 'മനോരമയിൽ' ഇല്ലായിരുന്നു. വാർത്തകൾ പ്രസിദ്ധീകരി ക്കുന്നതിൽ പത്രങ്ങൾ ഇരട്ടത്താപ്പുനയം പുലർത്തുകയാണ്. കടമറ്റത്തും കോലഞ്ചേരിയിലും മാർ ദീവന്നാസിയോസ് മനോരമയെ 'നുണരമ' എന്നും അതു വായിക്കരുതെന്നും പല പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്. എങ്കിലും മനോ രമ ഈ പ്രദേശങ്ങളിൽ പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായി എഴു തുന്നതായി പറയപ്പെടുന്നു. സുപ്രീംകോടതി വിധിയെ തുടർന്ന് മാതൃഭൂമി പാത്രിയർക്കീസ് പക്ഷത്തിന്റെ മുഖപത്രമായി. പാത്രിയർക്കീസ് വിഭാഗക്കാർ മനോരമ നിർത്തി മാതൃഭൂമി വായിക്കുവാൻ തുടങ്ങിയിട്ട് കാലം കുറെയായി.

സഭാവാർത്തകൾ അറിയുവാൻ ഓർത്തഡോക്സ് സഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രമുഖ വ്യക്തികളും മനോരമയോടൊപ്പം മാതൃഭൂമിയും വരു ത്തുവാൻ തുടങ്ങി. ഇതോടെ മാതൃഭൂമി സഭാവാർത്തകൾക്ക് സ്ഥാനം നൽകി കുതിച്ചു കയറുന്നു.

കടമറ്റം, കോലഞ്ചേരി ഭാഗത്ത് മംഗളം, ദീപിക എന്നീ പത്രങ്ങളുടെ

അനവധി കോപ്പികൾ പാത്രിയർക്കീസ് വിഭാഗം വിലയ്ക്കു വാങ്ങുകയാണ്. എത്ര കോപ്പി വാങ്ങുന്നുവോ അത്രയും കോപ്പി ഫ്രീയായി ഈ പ്രദേശത്ത് നൽകുന്നുണ്ട്. ദേശാഭിമാനിയിലും പാത്രിയർക്കീസ് അനുകൂല വാർത്തകൾ ധാരാളം പ്രത്യക്ഷപ്പെടുന്നു. സഭാകേസ് വഴി പത്രങ്ങൾ സർക്കുലേഷനു വേണ്ടി മത്സരിക്കുന്ന സാഹചര്യമാണ്. എന്നാൽ പത്രങ്ങളിൽ നിന്നും ഓർത്ത ഡോക്സ് സമുദായത്തിന്റെ സ്വാധീനവും വാർത്തകളും ചോർന്നുപോകു വാൻ തുടങ്ങിയിട്ട് കാലം കുറെയായി. പത്രങ്ങളെയോ സാദാ പ്രസിദ്ധീകര ണങ്ങളെയോ വേണ്ടവണ്ണം ഉപയോഗിക്കുവാൻ ഓർത്തഡോക്സ് സഭയ്ക്കു സാധിക്കുന്നില്ല എന്ന് പരക്കെ ആരോപണം ഉണ്ട്. വാർത്തകൾ മാധ്യമ ങ്ങൾക്ക് കൊടുക്കുന്നതിൽ ഓർത്തഡോക്സ് സഭ യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ല എന്ന് പത്രപ്രവർത്തകരും ആരോപിക്കുന്നു.

(മലങ്കരസഭാ ദീപം 1998 ഓഗസ്റ്റ് 16-31)

കട്ടച്ചിറ പള്ളി

കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിൽ ആരാധനാ സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞു ന്യൂനപക്ഷമായ പാത്രിയർക്കീസ് ഭാഗം 1998 ജൂൺ-ജൂലൈ മാസ ങ്ങളിൽ പഠിച്ച പണി പതിനെട്ടും നോക്കിയശേഷം പരുക്കുപറ്റാതെ വിജയ കരമായി പിന്മാറി. പള്ളിയുടെ ചരിത്രവും സമരാഭാസങ്ങളുടെ ചിത്രവും മനസ്സിലാക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു കരുതുന്നു.

കറ്റാനം - കായംകുളം ഇടവകകളിൽ നിന്നുള്ള കുറച്ചാളുകൾ ചേർന്ന് വേലിക്കകത്തു കോശി മകൻ കോശിയുടെ സ്വന്ത വസ്തുവിൽ 1955-ൽ സ്ഥാപിച്ച കട്ടച്ചിറ പള്ളി ആ പ്രദേശത്തെ ക്രിസ്ത്യാനികളുടെ ആത്മീയ കാര്യങ്ങൾ നിർവഹിച്ചുവന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാഗമായ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ നിയമിക്കുന്ന വൈദികർ പള്ളിയിൽ വി. കുർബാനയും മറ്റും നടത്തിവന്നു.

29-06-1972-ൽ വേലിക്കകത്തു കോശി മകൻ കോശി മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭയിലെ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസ് പേർക്ക് 59 സെന്റ് പുരയിടം 5000 രൂപാ വില പറ്റിക്കൊണ്ട് കൊടുക്കുകയും ചെയ്തു.

പള്ളിയും പരിസരവും കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തായുടെ അധീ നതയിലായി. അദ്ദേഹം നിയമിക്കുന്ന അച്ചന്മാർ അദ്ദേഹത്തിനുവേണ്ടി പള്ളി ശുശ്രൂഷ ചെയ്തുവന്നു. ഇടവകജനങ്ങൾ ഇത് അംഗീകരിച്ചും വന്നിരുന്നു.

എന്നാൽ 1970-75 കാലഘട്ടത്തിൽ പാത്രിയർക്കീസ് വിഭാഗവും കാതോ ലിക്കോസ് വിഭാഗവും തമ്മിൽ തർക്കം ഉണ്ടാവുകയും 9-1-1971 രാത്രിയിൽ പാത്രിയർക്കീസ് വിഭാഗം പഴയ പള്ളിയുടെ മുകൾഭാഗം പൊളിച്ചു കളയു

കയും ഓർത്തഡോക്സ് വിഭാഗത്തിന്റെ അച്ചന്മാർ പള്ളിയിൽ പ്രവേശിക്കാതിരിക്കുവാൻ ഗേറ്റ് പൂട്ടുകയും മറ്റും ചെയ്തപ്പോൾ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ഒന്നാം വാദിയായും ഇടവകപ്പള്ളി വികാരി രണ്ടാം വാദിയായും മാവേലിക്കര സബ്കോടതിയിൽ 1996/187 ആയി കേസ് കൊടുക്കുകയും 71/76-ൽ മുഞ്ഞിനാട്ടു പുത്തൻവീട്ടിൽ വൈ. ബേബി, ഠാഹത്തറയിൽ എം. പാപ്പി, കുമ്പനാട്ടുതറയിൽ അനിയൻ തുടങ്ങിയ പ്രതികളോ അവർക്കു കീഴായി പാത്രിയർക്കീസ് വിഭാഗത്തിൽ മറ്റാരെങ്കിലുമോ ഓർത്തഡോക്സ് പക്ഷത്തിന്റെ പള്ളിയിൽ ശുശ്രൂഷ ചെയ്യുവാനുള്ള അവകാശത്തെ തടയരുതെന്നും പള്ളിയിൽ പാത്രിയർക്കീസ് പക്ഷത്തിന്റെ അച്ചന്മാരെ ശുശ്രൂഷ ചെയ്യുന്നതിൽനിന്നും പള്ളിമുതലുകൾ കടത്തിക്കൊണ്ടു പോകുന്നതിൽനിന്നും കുരിശുംതൊട്ടിയിലെ സംഭാവന ശേഖരിക്കുന്നതിൽ നിന്നും മറ്റും നിരോധിക്കുകയും ചെയ്തു.

തുടർന്ന് പാത്രിയർക്കീസ് പക്ഷക്കാർ, ഓർത്തഡോക്സ് പക്ഷക്കാർ വില കൊടുത്ത പള്ളിയുടെ വിലയാധാരം അസ്ഥിരപ്പെടുത്തണമെന്നും മറ്റും കാണിച്ച് ഓർത്തഡോക്സ് പക്ഷക്കാരെ പ്രതികളാക്കി കേസ് കൊടുക്കുകയും ചെയ്തു. മാവേലിക്കര ഒഫീഷ്യൽ റിസീവർ റ്റി. എൻ. വിജയനെ പള്ളി റിസീവറായി കോടതി ചുമതലപ്പെടുത്തുകയും രണ്ടു കേസുകളും പിന്നീട് എറണാകുളം പള്ളിക്കോടതിയിലേക്കു മാറ്റുകയും അവ യഥാക്രമം 187/77 എന്നും 17/76 എന്നും നമ്പരിടുകയും ചെയ്തു. മാവേലിക്കര സബ് കോടതിയുടെ വിധിയെ തുടർന്നു പാത്രിയർക്കീസ് പക്ഷം മറ്റൊരു സ്ഥലത്തു സ്വന്തമായി ഒരു പള്ളി സ്ഥാപിക്കുകയും അവിടെ അവർ ഇപ്പോഴും ആരാധന നടത്തിവരികയും ചെയ്യുന്നു.

മേൽ നമ്പർ കേസുകൾ നിലവിലിരിക്കെ പുതിയ പള്ളി പണിയുവാൻ അനുവാദത്തിനുവേണ്ടി ഓർത്തഡോക്സ് പക്ഷം കോടതിയിൽ അപേക്ഷ കൊടുത്തു. കോടതി അനുവദിച്ചതിന്റെ വെളിച്ചത്തിൽ 1,50,000/- രൂപ ഓർത്തഡോക്സ് പക്ഷം കോടതിയിൽ കെട്ടിവച്ച് റിസീവർ റ്റി. എൻ. വിജയൻ പള്ളി പണി പൂർത്തിയാക്കുകയും ചെയ്തു.

കേസുകളിൽ തെളിവെടുത്ത് 1986-ൽ പള്ളിക്കോടതി വിധിയുണ്ടായി. രണ്ടു കേസുകളും ഓർത്തഡോക്സ് പക്ഷത്തിന് അനുകൂലമായി തീർപ്പായി. പാത്രിയർക്കീസ് പക്ഷക്കാർ പള്ളിയിൽ കയറുന്നതും മറ്റും ശാശ്വതമായി നിരോധിച്ച് ഉത്തരവായി. രണ്ടു കേസുകളിലും പാത്രിയർക്കീസ് വിഭാഗം 142/85, 140/86 എന്നീ നമ്പരുകളിലായി ഹൈക്കോടതിയിൽ അപ്പീലുകൾ ബോധിപ്പിച്ചുവെങ്കിലും 1997 ജൂൺ 17-ന് രണ്ട് അപ്പീലുകളും ഓർത്തഡോക്സ് പക്ഷത്തിന് അനുകൂലമായി തീരുകയും ചെയ്തു. ഓർത്തഡോക്സ് പക്ഷത്തിലെ തിരുമേനിമാർ നിയമിക്കുന്ന അച്ചന്മാർക്കു മാത്രമേ പള്ളിയിൽ ആരാധനയ്ക്ക് അവകാശമുള്ളൂ എന്നും പള്ളിയുടെ സ്വത്തുക്കൾ ഓർത്തഡോക്സ്

സഭയുടെ മാത്രമാണെന്നും വിധിക്കുകയും മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയും നേതൃത്വവും അംഗീകരിക്കാത്തവരെ പള്ളിയിൽ പ്രവേശിപ്പിക്കുന്നതിൽ നിന്നും ശാശ്വതമായി നിരോധിക്കുകയും ചെയ്തു. പള്ളിക്കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് എറണാകുളം ഡിസ്ട്രിക്ട് കോടതിയുടെ നിയന്ത്രണത്തിൽ നടക്കണമെന്നും അതുവരെ പള്ളിയുടെ സ്വത്തുക്കൾ റിസീവർ സൂക്ഷിക്കണമെന്നും തീരുമാനിച്ചു.

ഈ വിധിയിന്മേൽ സ്റ്റേയ്ക്കുവേണ്ടി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ പാത്രിയർക്കീസ് പക്ഷക്കാർ അപ്പീൽ കൊടുത്തുവെങ്കിലും സാരാംശത്തിലേക്കു കടക്കാതെ എറണാകുളം കോടതിയുടെ നിയന്ത്രണത്തിൽ തെരഞ്ഞെടുപ്പ് നടക്കട്ടെ എന്നു പറഞ്ഞ് സ്റ്റേ നൽകിയില്ല.

തുടർന്ന് ഓർത്തഡോക്സ് വിഭാഗം ഇപ്പോൾ ആരാധന നടത്തിക്കൊണ്ടിരിക്കുന്ന പഴയ പള്ളി ജീർണ്ണിച്ചതിനാൽ 19-6-1988-ൽ പുതിയ പള്ളിയിൽ കയറി ആരാധന നടത്തുവാനും പഴയ ഓലമേഞ്ഞ പള്ളി എത്രയും പെട്ടെന്ന് പൊളിച്ചുമാറ്റുവാനും ഓർത്തഡോക്സ് പക്ഷക്കാരെ CMP 3518/98-ാം നമ്പർ ഉത്തരവുപ്രകാരം ഹൈക്കോടതി ഡിവിഷൻ ബഞ്ച് അനുവദിച്ചു. എന്നാൽ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാതിരിക്കാൻവേണ്ടി പാത്രിയർക്കീസ് പക്ഷക്കാർ ധാരാളം ആളുകളെ പല ഭാഗങ്ങളിൽ നിന്നും ബസുകളിലും മറ്റും ഇറക്കി നിരോധനം നിലവിലുള്ള സ്ഥലത്തേക്കു കടന്നുകയറി തിരുമേനിമാരുടെയും അച്ചന്മാരുടെയും നേതൃത്വത്തിൽ കോടതി വിധിയെ ധിക്കരിച്ചു.

ഹൈക്കോടതി വിധി നടപ്പിലാക്കാൻ കഴിയാത്തതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 24-6-98-ൽ CMP 3073/98-ാം നമ്പർ ഉത്തരവുപ്രകാരം ഓർത്തഡോക്സ് പക്ഷത്തിന് പള്ളി ആരാധന നടത്തുവാനും മറ്റും ആവശ്യമായ പോലീസ് സംരക്ഷണം നൽകണമെന്ന് ആലപ്പുഴ പോലീസ് സൂപ്രണ്ടിനും മാവേലിക്കര സർക്കിൾ ഇൻസ്പെക്ടർക്കും നിർദ്ദേശം നൽകി.

21-ന് ഞായറാഴ്ച വിശുദ്ധ കുർബാന മുടക്കിയതിലും പുതിയ പള്ളിയിൽ ആരാധന നടത്തുവാൻ സാധിക്കാത്തതിലുമുള്ള പ്രതിഷേധത്തിലാണ് ഓർത്തഡോക്സ് പക്ഷം.

ഹൈക്കോടതി വിധിയെ മാനിച്ച് പരമാവധി സംയമനം പാലിക്കണമെന്നും സമാധാന മാർഗ്ഗങ്ങളിൽ കൂടി മാത്രം പുതിയ പള്ളിയിൽ ആരാധന നടത്തിയാൽ മതിയെന്നും പ. കാതോലിക്കാ ബാവായും ഇടവക മെത്രാപ്പോലീത്താ മാർ എപ്പിഫാനിയോസും വിശ്വാസികളെ ഓർമ്മിപ്പിച്ചു.

ആവശ്യപ്പെട്ടു

മാവേലിക്കര കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുമായി

ബന്ധപ്പെട്ട ഹൈക്കോടതി വിധി നടപ്പാക്കാൻ അമാന്തിക്കരുതെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ സർക്കാരിനോട് ആവശ്യപ്പെട്ടു.

പള്ളിയിൽ ഞായറാഴ്ച ആരാധന നിഷേധിച്ച നടപടിയിൽ പ്രതിഷേധിച്ചു മാവേലിക്കര സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ചേർന്ന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ സുപ്രീംകോടതി വിധിയും ഹൈക്കോടതി വിധിയും നടപ്പാക്കാൻ വിസമ്മതിക്കുന്ന സർക്കാർ നടപടിയിൽ യോഗം പ്രതിഷേധിച്ചു.

യോഗത്തിനുശേഷം ബുദ്ധ ജംഗ്ഷൻ വരെ പ്രതിഷേധ മാർച്ചു നടത്തി. മാർച്ചിനുശേഷം പോലീസ് സർക്കിൾ ഓഫീസിനു മുമ്പിൽ നടത്തിയ ധർണ ഫാ. ഡോ. ഒ. തോമസ് ഉദ്ഘാടനം ചെയ്തു.

ആക്ഷൻ കമ്മിറ്റി ചെയർമാൻ ഫാ. മത്തായി വിലനിലത്ത്, കൺവീനർ എ. എം. തോമസ്, ഭദ്രാസന സെക്രട്ടറി ഫാ. പി. എം. ജോൺ, വൈദികരായ ഇ. പി. വർഗീസ് ഇടവന, ജോസഫ് സാമുവൽ തറയിൽ, നെത്സൺ ജോൺ, ഐസക് തോമസ്, അലക്സ് പി. സഖറിയ, ജോൺസ് ഈപ്പൻ, മുൻ എം. പി. തോമസ് കുതിരവട്ടം, ജോസഫ് എം. പുതുശേരി, ജേക്കബ് തോമസ് അരികുപുറം തുടങ്ങിയവർ നേതൃത്വം നൽകി.

അതേസമയം മഞ്ഞനിക്കര ദയറാ തലവൻ ബെന്യാമിൻ മാർ ഒസ്താത്തിയോസ് പിറമാടം ദയറാ തലവൻ കുര്യൻ ജോൺ റമ്പാൻ എന്നിവർ കട്ടച്ചിറ പള്ളിയിലെത്തി യാക്കോബായ സഭാംഗങ്ങളുമായി ചർച്ച നടത്തി.

മെഴുവേലി, കുണ്ടറ, നല്ലില, കുമരകം, കോതമംഗലം എന്നീ പാത്രിയർക്കാ ഇടവകകളിൽ നിന്നും എത്തിയ ആളുകൾ പള്ളിപ്പരിസരത്തുണ്ട്.

കട്ടച്ചിറ സെന്റ് തോമസ് പള്ളിയിൽ ഓർത്തഡോക്സ് പക്ഷത്തിന് ആരാധന നടത്താൻ അനുവദിച്ചിട്ടുള്ള ഹൈക്കോടതി ഉത്തരവു നടപ്പാക്കാൻ വിമുഖത കാട്ടിയ പോലീസ് നടപടിക്കെതിരെ ഓർത്തഡോക്സ് വിഭാഗം ഹൈക്കോടതിയിൽ ഹർജി നൽകി.

ഓർത്തഡോക്സ് പക്ഷത്തിനുവേണ്ടി അഡ്വ. സി. കെ. കോശി കോടതിയിൽ ഹാജരായി. ഹൈക്കോടതി ഉത്തരവ് എത്രയും പെട്ടെന്ന് നടപ്പാക്കിക്കിട്ടാൻ വ്യവസ്ഥാപിതമായ മാർഗങ്ങൾ ഓർത്തഡോക്സ് പക്ഷം തേടുമെന്നു സഭാ മാനേജിംഗ് കമ്മിറ്റി അംഗം അഡ്വ. ജോസഫ് ജോൺ അറിയിച്ചു.

കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ഓലമേഞ്ഞ പഴയ കെട്ടിടം പൊളിക്കുന്നതിനും പുതിയ പള്ളിയിൽ ചടങ്ങുകൾ നടത്തുന്നതിനും പോലീസ് സംരക്ഷണം നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. ഓല

മേഞ്ഞ പഴയ കെട്ടിടമാണ് പള്ളിയായി ഉപയോഗിച്ചു വന്നിരുന്നത്. കോൺക്രീറ്റിൽ നിർമ്മിച്ച പുതിയ പള്ളി ഉപയോഗിക്കുന്നതിന് അനുമതി തേടി ഓർത്തഡോക്സ് പക്ഷം കോടതിയെ സമീപിച്ചു. മാവേലിക്കര കോടതി ടി. എൻ. വിജയനെ റിസീവറായി നിയമിച്ചു.

പഴയ പള്ളി പൊളിക്കുന്നതിനും ഫാ. ജോൺസ് ഈപ്പന് പുതിയ പള്ളിയിൽ ചടങ്ങുകൾ നടത്തുന്നതിനും പോലീസ് സംരക്ഷണം നൽകണമെന്ന് കോടതി ഉത്തരവിട്ടു. ഈ ഉത്തരവ് നടപ്പാക്കാൻ ചെന്ന റിസീവർക്ക് പള്ളിയുടെ പരിസരത്ത് കടക്കാൻ കഴിഞ്ഞില്ല. ആയിരത്തോളം ആളുകൾ ചേർന്ന് തടസ്സം സൃഷ്ടിച്ചതാണ് കാരണം. കുറത്തിക്കാട് സബ് ഇൻസ്പെക്ടർക്ക് രേഖാമൂലം പരാതി നൽകിയെങ്കിലും പോലീസ് സംരക്ഷണം ലഭിച്ചില്ലെന്ന് റിസീവർ ഹൈക്കോടതിയെ അറിയിച്ചു.

ജസ്റ്റീസ് പി. എ. മുഹമ്മദ്, ജസ്റ്റീസ് ജി. ശിവരാജൻ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചാണ് കേസ് പരിഗണിച്ചത്. പള്ളിയുടെ പരിസരപ്രദേശങ്ങളിൽ ക്രമസമാധാന ഭീഷണിയുണ്ടെന്ന് വ്യക്തമാകുന്നതായി കോടതി ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ പോലീസ് സംരക്ഷണം ഏർപ്പെടുത്തേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ആലപ്പുഴ എസ്. പി., മാവേലിക്കര സി. ഐ. എന്നിവർക്ക് കോടതി ഉത്തരവ് നൽകി.

പുതിയ പള്ളി കൂദാശ:
ഉപവാസക്കാർ മാറാൻ പോലീസ് നിർദ്ദേശം

ജൂൺ 27, 1998. കായംകുളം. പുതിയ കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഇന്നു രാവിലെ ഏഴിനു വികാരി ഫാ. ജോൺസ് ഈപ്പൻ നിർവഹിക്കുമെന്ന് ആക്ഷൻ കൗൺസിൽ ചെയർമാൻ ഫാ. മത്തായി വിലനിലത്ത്, മാനേജിംഗ് കമ്മിറ്റിയംഗം അഡ്വ. ജോസഫ് ജോൺ എന്നിവർ അറിയിച്ചു.

ആരാധനയെച്ചൊല്ലി തർക്കം നിലനിൽക്കുന്നതിനാൽ പള്ളിപ്പരിസരത്തു കനത്ത പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്. പള്ളിയോട് ചേർന്ന് ഓർത്തഡോക്സ് വിഭാഗം ആരാധന നടത്തുന്ന ചാപ്പൽ കോടതി നിർദ്ദേശപ്രകാരം പൊളിച്ചു മാറ്റും. കോടതി നിയമിച്ച റിസീവർ അഡ്വ. ടി. എൻ. വിജയൻ രാവിലെ ഗേറ്റ് തുറന്നു കൊടുക്കും. തുടർന്ന് ഇടവകാംഗങ്ങളോടൊപ്പമായിരിക്കും വികാരി ഫാ. ജോൺസ് ഈപ്പൻ പള്ളിയിൽ പ്രവേശിക്കുക.

പള്ളിയിൽ ആരാധന നടത്താൻ തങ്ങൾക്കും അവകാശമുണ്ടെന്നു പ്രഖ്യാപിച്ച് പള്ളിപരിസരത്ത് ഉപവാസം നടത്തുന്ന പാത്രിയർക്കീസ് വിഭാഗക്കാരോട് അവിടെനിന്നു മാറുവാൻ പോലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. പള്ളി

പരിസരത്തു കെട്ടി ഉയർത്തിയ താൽക്കാലിക ടെന്റ് പോലീസ് നീക്കം ചെയ്തിട്ടുണ്ട്.

ഇതിനിടെ പോലീസ് നടപടിയിൽ പ്രതിഷേധിച്ച് പള്ളി പരിസരത്തു പ്രകടനം നടത്തി. മുപ്പതോളം വൈദികർ നേതൃത്വം നൽകി.

കോടതിവിധി നടപ്പാക്കുവാൻ എല്ലാ സമാധാനകാംക്ഷികളും സഹകരിക്കണമെന്നു പ. കാതോലിക്കാ ബാവാ അഭ്യർത്ഥിച്ചു. ആരാധന നടത്തുവാൻ പോലീസ് സംരക്ഷണം നൽകണമെന്നു കോടതി നിർദ്ദേശിച്ചിരിക്കെ ആരാധനയ്ക്കുള്ള അവസരം എത്രയും പെട്ടെന്ന് ഒരുക്കിത്തരണമെന്ന് ഓർത്തഡോക്സ് വിഭാഗം ആക്ഷൻ കമ്മിറ്റിയും ആവശ്യപ്പെട്ടു.

കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഓർത്തഡോക്സ് പക്ഷം കുർബാന അർപ്പിച്ചു. വികാരി ഫാ. ജോൺസ് ഈപ്പന്റെ നേതൃത്വത്തിൽ രാവിലെ 6.30-നു പുതിയ പള്ളിയുടെ കൂദാശ നടന്നു. തുടർന്നായിരുന്നു കുർബാന. റിസീവറുടെ പാസ് ലഭിച്ച ഇടവകാംഗങ്ങൾ പങ്കെടുത്തു.

ഹൈക്കോടതി ഉത്തരവുപ്രകാരം പള്ളിയോടു ചേർന്നുള്ള ചാപ്പൽ പൊളിച്ചുമാറ്റി. കനത്ത പോലീസ് സംരക്ഷണയിലായിരുന്നു കൂദാശയും കുർബാനയും. പള്ളിപ്പരിസരത്തേക്കു പ്രകടനം നയിച്ച പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട വികാരിയുൾപ്പെടെ 13 പേരെ അറസ്റ്റ് ചെയ്തു.

റിസീവർ അഡ്വ. ടി. എൻ. വിജയൻ എത്തിയാണു പള്ളിഗേറ്റ് തുറന്നു കൊടുത്തത്. അപ്പോൾ പാത്രിയർക്കീസ് വിഭാഗക്കാർ ബന്യാമിൻ മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിൽ തങ്ങൾക്കും പള്ളിയിൽ ആരാധനയ്ക്ക് അവകാശം നൽകണമെന്നാവശ്യപ്പെട്ടു പള്ളിപ്പരിസരത്തേക്കു കടക്കാൻ ശ്രമിച്ചെങ്കിലും പോലീസ് അനുവദിച്ചില്ല. തുടർന്നു ചെറിയ തോതിൽ ഉന്തും തള്ളും ഉണ്ടായി. പോലീസ് പരമാവധി സംയമനം പാലിച്ചു.

പാത്രിയർക്കീസ് വിഭാഗക്കാർ ബന്യാമിൻ മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിൽ കുരിശിൻതൊട്ടിക്കു സമീപം തടിച്ചു കൂടിനിന്നു. അവർ അകത്തേക്കു പ്രവേശിക്കുന്നതു പോലീസ് തടഞ്ഞു. ഡി.വൈ.എസ്.പി. കൈലാസ് നാഥ് സംസാരിച്ചതിനെ തുടർന്ന് പിന്മാറാൻ ബന്യാമിൻ മാർ ഒസ്താത്തിയോസ് തീരുമാനിച്ചു.

എന്നാൽ ഒമ്പതു മണിക്കു പള്ളിപ്പരിസരത്തു പ്രകടനമായി നീങ്ങിയ പാത്രിയർക്കീസ് വിഭാഗം വൈദികരായ ഫാ. റോയി ജോർജ്ജ്, ഫാ. പോൾ മാത്യു, ട്രസ്റ്റി കെ. ജെ. വർഗീസ്, ബേബി, ജോർജ്, യോഹന്നാൻ, അനിയൻ, ഫിലിപ്പോസ്, ആനി ജോർജ്, ഗ്രേസി ബാബു, മറിയാമ്മ മാത്യു, അമ്മിണി, തങ്കമ്മ വർഗീസ്, സാറാമ്മ എന്നിവരെ അറസ്റ്റ് ചെയ്തു പിന്നീട് വിട്ടയച്ചു.

കഴിഞ്ഞ 19-നാണു പുതിയ പള്ളിയിൽ ഓർത്തഡോക്സ് പക്ഷത്തിനു ആരാധന നടത്താൻ അനുവദിച്ചു ഹൈക്കോടതി വിധി വന്നത്. അതനുസരിച്ച് 21-ന് ആരാധന നടത്താൻ ശ്രമിച്ചെങ്കിലും പോലീസ് സംരക്ഷണം ലഭിക്കാതിരുന്നതിനാൽ നടന്നില്ല. പാത്രിയർക്കീസ് പക്ഷം തങ്ങൾക്കും ആരാധനാസൗകര്യം ആവശ്യപ്പെട്ടു പള്ളിപ്പരിസരത്തു നിലയുറപ്പിച്ചിരുന്നു.

ആരാധന നടത്താൻ സംരക്ഷണം ആവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗം നൽകിയ ഹർജി അനുവദിച്ചു ഹൈക്കോടതി എസ്. പി. ക്കും മാവേലിക്കര സി.ഐ. ക്കും നിർദ്ദേശം നൽകിയതിനെ തുടർന്ന് വെള്ളിയാഴ്ച രാത്രി തന്നെ പാത്രിയർക്കീസ് വിഭാഗക്കാരെ പള്ളിപ്പരിസരത്തു നിന്നു നീക്കിയിരുന്നു.

കുർബാന കഴിഞ്ഞ് റിസീവർ പള്ളിഗേറ്റ് പൂട്ടി. ഇനി ജൂലൈ അഞ്ചു മുതൽ പള്ളിയിൽ ആരാധന നടത്തും. സ്ഥലത്തു പോലീസ് ക്യാമ്പ് ചെയ്യുന്നുണ്ട്.

ഫാ. ജോൺസ് ഈപ്പൻ വികാരി

കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ വികാരി ഓർത്തഡോക്സ് പക്ഷക്കാരനായ ഫാ. ജോൺസ് ഈപ്പനാണെന്ന് എറണാകുളം അഡീഷനൽ ജില്ലാ ജഡ്ജി ജെ. ദേവദാനം വിധിച്ചു. പള്ളിയുടെ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക ഫാ. ജോൺസ് തയാറാക്കണമെന്നും കോടതി ഉത്തരവിട്ടു.

മാത്യൂസ് മാർ എപ്പിഫാനിയോസ്, വികാരി ഫാ. ജോൺസ് ഈപ്പൻ എന്നിവരെ കേസിൽ കക്ഷിചേർക്കാനും ഉത്തരവുണ്ട്. വികാരിയായി തന്നെ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പാത്രിയർക്കീസ് പക്ഷത്തെ ഫാ. റോയി ജോർജ്ജ് നൽകിയ അപേക്ഷ കോടതി തള്ളി. ഫാ. റോയി ജോർജിനു കട്ടച്ചിറ പള്ളി വികാരിയാകാൻ അവകാശമില്ലെന്നും അദ്ദേഹം മൂന്നാംകുറ്റി പള്ളിയുടെ വികാരിയാണെന്നും കോടതി ചൂണ്ടിക്കാട്ടി.

സത്യഗ്രഹം നിറുത്തി

കായംകുളം കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിൽ പാത്രിയർക്കീസ് വിഭാഗം നടത്തിവന്ന സത്യഗ്രഹ പരിപാടികൾ നിർത്തി വച്ചു. കോടതിയിൽ നിന്നു തിരഞ്ഞെടുപ്പു പ്രക്രിയകൾ ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശിച്ചതിനെത്തുടർന്ന് തിരഞ്ഞെടുപ്പിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുവേണ്ടിയാണ്, സത്യഗ്രഹ പരിപാടികൾ താൽക്കാലികമായി നിർത്തിവച്ചത്.

സഭയിൽ മേൽപ്പട്ടക്കാരുടെ സാന്നിദ്ധ്യത്തിൽ എന്തുവന്നാലും ആരാധനാസ്വാതന്ത്ര്യം ലഭിക്കുന്നിടംവരെ അവകാശ സംരക്ഷണ യജ്ഞത്തിൽ നിന്നും പിന്നോട്ടില്ലെന്നു ദൃഢനിശ്ചയം ചെയ്ത നൂറുകണക്കിനു വിശ്വാസി

കൾ പ. പാത്രിയർക്കീസ് ബാവായ്ക്കുള്ള പിന്തുണയും വിശ്വാസവും ദൃഢപ്പെടുത്തി. സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വിശ്വാസികൾ ഞായറാഴ്ച പള്ളിയുടെ കുരിശടിയ്ക്കു മുന്നിൽ നടന്ന കൂട്ടായ്മയിൽ പങ്കെടുത്തു.

ബാഹ്യകേരള ഭദ്രാസനാധിപൻ തോമസ് മാർ തിമോത്തിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വിശ്വാസ സംരക്ഷണ സമ്മേളനത്തിൽ, സത്യവിശ്വാസ സംരക്ഷണത്തിന്റെ തുടർനടപടികൾ വിശദീകരിച്ചു. എന്നും സമാധാനത്തിനുവേണ്ടി നിലകൊണ്ടിട്ടുള്ള സഭ, കട്ടച്ചിറപ്പള്ളി പ്രശ്നത്തിലും സമാധാനം കൈവിട്ടില്ലെന്നും, പള്ളിയിലെത്തിയ ആയിരക്കണക്കിനു വിശ്വാസികൾ സമാധാനത്തോടെയുള്ള സഹനസമരമാണു നടത്തിയതെന്നും പറഞ്ഞു. കോടതിവിധിയെ അംഗീകരിക്കുന്നതായി പറഞ്ഞ മെത്രാപ്പോലീത്താ, അവകാശ സംരക്ഷണത്തിനുവേണ്ടി തുടർനടപടികൾ കൈക്കൊള്ളുമെന്നു പ്രസ്താവിച്ചു. തിരഞ്ഞെടുപ്പു പ്രക്രിയ ജനാധിപത്യ രീതിയിലല്ലെങ്കിൽ സമരം മൂന്നാം ഘട്ടത്തിലേക്കു പ്രവേശിക്കുമെന്നും പറഞ്ഞു.

കട്ടച്ചിറപ്പള്ളിയിൽ സത്യഗ്രഹസമരം താൽക്കാലികമായി നിർത്തിവയ്ക്കുന്നുവെങ്കിലും, സഹനസമരം തുടരുമെന്നു യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ സിംഹാസനപ്പള്ളികളുടെ അധിപൻ ബന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ് പറഞ്ഞു. വിശ്വാസ സംരക്ഷണസമിതി ജനറൽ കൺവീനർ ഫാ. ഏബ്രഹാം മണ്ണിക്കരോട്ട്, ഫാ. പി. കെ. ബാബു, ഫാ. റോയി ജോർജ് എന്നിവർ പ്രസംഗിച്ചു.

ഞായറാഴ്ച രാവിലെ, പള്ളിയിൽ ആരാധനയ്ക്കായി ഓർത്തഡോക്സ് വിഭാഗക്കാർ എത്തിയപ്പോൾ റിസീവർ അഡ്വ. ടി. എൻ. വിജയൻ, ആരാധനയ്ക്കായി പള്ളി തുറന്നു കൊടുത്തു. ഡി.വൈ.എസ്.പി. കൈലാസ് നാഥ്, സി. ഐ. മാരായ രവീന്ദ്രപ്രസാദ്, ജേക്കബ് ജോബ് എന്നിവരുടെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹവും എത്തിയിരുന്നു.

പാത്രിയർക്കീസ് പക്ഷം കുരിശിൻതൊട്ടിക്കു സമീപം, പ്രാർത്ഥന നടത്തി നിന്നു. ഓർത്തഡോക്സ് പക്ഷം ആരാധന നടത്തി പിരിഞ്ഞശേഷം, പാത്രിയർക്കീസ് പക്ഷത്തിന്റെ നേതൃത്വത്തിൽ സെമിത്തേരിയിൽ ധൂപപ്രാർത്ഥന നടത്തി. ധൂപപ്രാർത്ഥനയ്ക്ക്, തോമസ് മാർ തിമോത്തിയോസ് നേതൃത്വം നൽകി.

ഇതിനിടെ, സഭയിലെ തർക്കങ്ങൾ സഭാതലത്തിൽ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (സി.വൈ.എം.) ന്റെ നേതൃത്വത്തിൽ കട്ടച്ചിറയിലേക്ക് ശാന്തിയാത്ര നടത്തി.

കട്ടച്ചിറപ്പള്ളിയിൽ യാക്കോബായ വിശ്വാസികൾക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിക്കണമെന്നാവശ്യപ്പെട്ട്, മലങ്കര യാക്കോബായ യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഉപവാസം തോമസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. റോയി ജോർജ് അദ്ധ്യക്ഷനായിരുന്നു.

മലങ്കര യാക്കോബായ സിറിയൻ സണ്ടേസ്കൂൾ അസോസിയേഷന്റെ സെൻട്രൽ കമ്മിറ്റി യോഗം പ്രസിഡണ്ട് ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി, കട്ടച്ചിറപ്പള്ളിയിൽ പാത്രിയർക്കീസ് വിഭാഗത്തിന് ആരാധനാസ്വാതന്ത്ര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഇടവകക്കാരുടെ സഹനസമരത്തിന് പിന്തുണ പ്രഖ്യാപിക്കുന്ന പ്രമേയം, ജനറൽ സെക്രട്ടറി കെ. പി. കുര്യാക്കോസ് അവതരിപ്പിച്ചു.

(മാതൃഭൂമി 13-7-1998)

മൂവാറ്റുപുഴ അരമന കൈയേറ്റം

സുപ്രീംകോടതി വിധിയെ തുടർന്നു നടത്തപ്പെട്ട അനുരഞ്ജന ചർച്ചകൾ ചില പിടിവാശികളിൽ ഉടക്കി എത്തും പിടിയുമില്ലാതെ നിൽക്കുന്ന ചുറ്റുപാട്. 1998-ന്റെ രണ്ടാം പാദത്തിൽ വടക്കൻ പ്രദേശങ്ങളിലെ ചില പള്ളികളിൽ തർക്കങ്ങളും കൈയേറ്റങ്ങളും സംഘർഷവും സംഘട്ടനവും ഉണ്ടായിക്കൊണ്ടിരുന്നു. ദൈവാരാധനയ്ക്കും ആത്മീയജീവിത പരിപോഷണത്തിനും വേണ്ടി നിർമ്മിച്ച ദേവാലയങ്ങൾ നിയമനിഷേധ വക്താക്കളായ ചട്ടമ്പികളുടെയും സമനില തെറ്റിയ 'പട്ട'ക്കാരുടെയും ഗുണ്ടകളുടെയും കള്ളന്മാരുടെയും ഭിന്ദ്രൻവാലയെപ്പോലുള്ള ആദംഗവാദികളുടെയും വിഹാരരംഗങ്ങളായി മാറി. കേസും പോലീസും "പള്ളിക്കകത്തെ പരിപാവനമായ ഘേരാവോകളും" നിയമസമാധാന പ്രശ്നങ്ങൾ തന്നെ സൃഷ്ടിച്ചു.

സർക്കുലേഷനും നാണയത്തിനുംവേണ്ടി വലിയ പത്രങ്ങൾ പോലും നാണമില്ലാതെ നുണപ്രവാഹത്തെ അണ തകർത്തു തുറന്നു വിട്ടു. പത്തു പത്രം കൂടാൻവേണ്ടി അക്രമികളുടെ വാർത്തകൾ വെണ്ടക്കാ അക്ഷരത്തിൽ നിരത്തി അവരുടെ കേന്ദ്രങ്ങളിൽ എത്തിച്ചു ചില പത്രങ്ങൾ കാര്യം സാധിച്ചു. ഈ പശ്ചാത്തലത്തിൽ എൻ. ഐ. തോമസ് മൂവാറ്റുപുഴ മലങ്കര സഭാദീപ (1998 നവംബർ 16-30) ത്തിൽ 'ഒരു മാധ്യമനയം' എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വാർത്ത ചിന്താർഹമായി തോന്നിയതിനാൽ അത് ഉദ്ധരിക്കുകയാണ്.

"മനോരമ പത്രം ഓർത്തഡോക്സ് സഭാംഗങ്ങൾ നടത്തുന്ന ഒരു പത്രം തന്നെയാണ്. പക്ഷെ സഭയുടെ പത്രമല്ല. നമ്മിൽ പലരുടെയും ധാരണ തിരുത്താൻ അതിന്റെ മാനേജ്മെന്റിന്റെ വക്താക്കൾ ഒളിഞ്ഞും തെളിഞ്ഞും പലരോടും പറഞ്ഞിട്ടുമുണ്ട്.

പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു കുട്ടി നേതാവിന്റെ പ്രസ്താവനയ്ക്കു പോലും മാതൃഭൂമി പത്രം 4 കോളം അച്ച് നിരത്തും. പത്രത്തിന്റെ ക്യാൻവാസിംഗ്, ഏജന്റുമാർ വീടു സന്ദർശിച്ചു നടത്തുമ്പോൾ വിഷയം ചോദിച്ചാൽ അവർ പറയും നിങ്ങൾക്കു മനോരമയുണ്ടല്ലോ എന്ന്. മറിച്ച് മനോരമയാ

കട്ടെ പാത്രിയർക്കീസ് വിഭാഗത്തിന്റെ ആരെങ്കിലും തുമ്മിയാൽ അതു വാർത്തയാക്കാൻ തത്രപ്പെടുന്നു. ഈ കമ്പോള വാഴ്ചയിൽ ഇതിൽ കൂടുതൽ ധാർമ്മികതയൊന്നും നാം ആരിൽ നിന്നും പ്രതീക്ഷിച്ചിട്ടു കാര്യമില്ല.

അഭിവന്ദ്യനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 80-ാം പിറന്നാൾ കൊച്ചി എഡീഷനിൽ പ്രസിദ്ധീകരിക്കാത്തതിൽ പരിഭവപ്പെട്ടിട്ടു കാര്യമില്ല. പകരം പാത്രിയർക്കീസ് വിഭാഗത്തിലെ തോമസ് മാർ ദീവന്നാസ്യോസിന്റെ 70-ാം പിറന്നാൾ ഫ്രണ്ട് പേജിൽ ബാനർ ടൈപ്പു ഫോട്ടോയിൽ അതും മൾട്ടികളറിൽ പ്രസിദ്ധീകരിച്ചല്ലോ. പോരേ?

മൂല്യം, എന്നൊക്കെപ്പറയുന്നത് അവസരംപോലെ മുഖപ്രസംഗത്തിന് ഉപയോഗിക്കാൻ പറ്റിയ വാക്കുകളാണ്. പിന്നെ കടപ്പാട്, അങ്ങോട്ടും ഇങ്ങോട്ടും ഒക്കെയുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ എഡീഷനുകൾ ഇറങ്ങുന്ന ഈ കാലത്ത് വാർഡുഭൂരിപക്ഷം നോക്കി പ്രവർത്തനം നടത്തുന്നത് വിനാശകരമാണ്. ആരോടും ഒരു പ്രത്യേക പരിഗണനയും വേണ്ട. പക്ഷെ അവസര സമത്വം നൽകണം.

24 ലക്ഷം വരുന്ന ഇന്ത്യയിലെ രണ്ടാമത്തെ ക്രൈസ്തവ വിഭാഗത്തിനു പറ്റിയ പാളിച്ച അതിന്റെ സ്വന്തം ശക്തി മനസ്സിലാക്കാത്തതാണ്. അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അതു നേടിയെടുക്കുന്നതിനുള്ള കരുത്ത് ഓർത്തഡോക്സ് സഭയ്ക്കുണ്ട്. നീതിക്കുവേണ്ടി പോരാടുമ്പോൾ തിരിച്ചടി സ്വാഭാവികം. പക്ഷെ ഉയർത്തെഴുന്നേൽപിനു മൂന്നുനാൾ നിശ്ചയം.

ഓർത്തഡോക്സ് സഭയ്ക്കു ഒരു മാധ്യമ നയവും ഒരു മാധ്യമ സെല്ലും വേണം. മാധ്യമരംഗത്ത് നാം പിന്തള്ളപ്പെട്ടു പോകരുത്. പലരും പലതും ഉണ്ട് എന്ന് മേനി പറഞ്ഞിട്ടു കാര്യമില്ല. മലങ്കരസഭാദീപത്തിന് ഈ കാര്യത്തിൽ പലതും ചെയ്യാൻ കഴിയും, കഴിയണം. താൻ ഏറ്റവും അധികം സ്നേഹിക്കുന്ന പത്രമാണ് സർക്കുലേഷനുവേണ്ടി പാത്രിയർക്കീസ് വിഭാഗത്തിന്റെ വ്യാജവാർത്തകൾ കൊച്ചി-അങ്കമാലി പ്രദേശങ്ങളിൽ വലുതാക്കിക്കൊടുത്തു തന്റെ ഭദ്രാസന ഭരണത്തിനു തുരങ്കം വയ്ക്കുന്നതിൽ മുഖ്യപങ്കു വഹിച്ചതെന്നും വടക്കൻ പ്രദേശങ്ങളിൽ കെട്ടടങ്ങിയ തർക്കങ്ങൾക്കു വഴിമരുന്നിട്ടു കൊടുത്തതെന്നും കാലംചെയ്ത ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് പലതവണ പലരോടും പറഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു രഹസ്യമല്ലെന്നുള്ളതും ഇവിടെ സ്മരണീയമാണ്."

ഒരു പത്രത്തിന് ഇന്ന് ഒരു പ്രത്യേക വിഭാഗത്തിന്റെ വാർത്തകൾ മാത്രം കൊടുത്തു മുന്നോട്ടു പോകാനാവില്ല. പാർട്ടിപത്രങ്ങൾ പോലും മറ്റു പാർട്ടികളുടെയും സമുദായങ്ങളുടെയും മറ്റും വാർത്ത കൊടുക്കും. അല്ലെങ്കിൽ നിലനിൽപ്പില്ല. കാരണം പത്രം ഇന്നു ലാഭേച്ഛയോടുകൂടി നടത്തുന്ന ഒരു വൻ വ്യവസായമാണ്. തന്നിമിത്തം ഉടമസ്ഥർ ഒഴിച്ചുള്ള പത്രാധിപന്മാർ

തൊഴിലാളികളാണ്. പത്രസ്വാതന്ത്ര്യം എന്നു പറയുന്നത് ഉടമസ്ഥന്റെ സ്വാതന്ത്ര്യം മാത്രമാണ്. ശമ്പളം വാങ്ങി, പറയുന്നതുപോലെ എഴുതുന്ന പത്ര ത്തൊഴിലാളിക്ക് ഒരു സ്വാതന്ത്ര്യവും ഇല്ല. ഒരു പെഗ് അടിച്ചശേഷം മദ്യ ത്തിനും പുകവലിക്കും എതിരായി പ്രസംഗിക്കുന്ന പത്രാധിപന്മാർ പോലും പത്രം വ്യവസായമാകയാൽ മദ്യത്തിന്റെയും സിഗററ്റിന്റെയും വൻ പരസ്യം ഇടാതിരിക്കാനാവില്ലെന്നു ബോധപൂർവ്വം പറയുമ്പോൾ പത്രധർമ്മവും മൂല്യ ങ്ങളും പ്രമാണങ്ങളും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തവും അപ്രത്യ ക്ഷമാകുകയാണ്. ഓരോ സമുദായത്തിനും പത്രം വേണം. പത്രത്തിനു ഒരു പ്രത്യേക സമുദായത്തെ പണ്ടത്തെപ്പോലെ ഇന്ന് ആവശ്യവുമില്ല. പത്രം ആളുകളെ നന്നാക്കാനല്ലെന്ന് അതു നടത്തുന്നവരും വായിക്കുന്ന ഭൂരിപ ക്ഷവും മനസ്സിലാക്കുന്നുണ്ട്. ജനങ്ങളെ നന്നാക്കാമെന്ന് ഒരു പത്രമുടമയും പണ്ടും ഇന്നും പ്രതിജ്ഞ ചെയ്തിട്ടുമില്ലല്ലോ.

ഈ പശ്ചാത്തലത്തിൽ സമുദായ വഴക്കു പത്രത്തിന്റെ വൻ വളർച്ചയ്ക്കും അമിത ലാഭത്തിനും ഉപപകരിക്കുന്നു എന്നു കണ്ടുകൊണ്ടാണു പള്ളി വഴ ക്കുകൾക്കുവേണ്ടി വളരെയധികം സ്ഥലം അതതു പ്രദേശങ്ങളിൽ നൽകു ന്നത്.

ഈ പശ്ചാത്തലത്തിലാണ് ഒരു കീഴ്കോടതി വിധി വന്നപ്പോൾ 1998 സെപ്തംബർ 19-ന് അർദ്ധരാത്രി ഒരു സംഘം വൈദികരും ഗുണ്ടകളും പാപ ത്തിന്റെ പാനീയവും ഉൾക്കൊണ്ട് ഓർത്തഡോക്സ് സഭയുടെ വകയായ മൂവാറ്റുപുഴ അരമനയ്ക്കു കല്ലെറിയാനും കെട്ടിടം കൈയേറാനും ശ്രമം നട ത്തിയതും പോലീസുമായുള്ള സംഘട്ടനത്തിൽ പലർക്കും പരുക്കുപറ്റിയതും. ശെമ്മാശന്മാരെ സ്വർഗ്ഗീയപാതയിൽ നയിച്ച് ദൈവശാസ്ത്രവും അജപാല നക്രമങ്ങളും പഠിപ്പിക്കേണ്ട ഒരു വേദശാസ്ത്രജ്ഞനാണത്രെ പാതിരാ നമ സ്കാര സമയത്ത് സുബോധമില്ലാതെ ഈ അക്രമ നമസ്കാരക്രമം അനു സരിച്ചു പ്രവർത്തിച്ചത്. ശിഷ്യന്മാർക്കു മഹത്തായ ജീവിതമാതൃക കാട്ടിയ അദ്ദേഹത്തിന്റെ ഇക്കാര്യത്തിൽ നിരപരാധിയായ ഭാര്യയിൽ നിന്നാണ് ടെലി ഫോൺ വഴി അക്രമി സംഘത്തലവൻ ആദിയായവരുടെ ആദ്യത്തെ നീക്കം എതിരാളികൾക്കും പോലീസിനും നേരത്തെ ലഭിച്ചത്.

മൂവാറ്റുപുഴ അരമന ആക്രമണത്തെപ്പറ്റി 22-9-98-ൽ ഹിന്ദു പത്രം പ്രാധാന്യം നൽകി പ്രസിദ്ധപ്പെടുത്തിയ ഡബിൾകോളം വാർത്ത ചുവടെ ചേർക്കുന്നു.

Alert in Muvattupuzha

Kochi Sept. 21. The police are keeping a strict vigil in Muvattupuzha and other areas where there are large populations of Syrian Orthodox Christians, following Saturday midnight's attack on the Metropolitan House at Muvattupuzha which is the headquarters of the Kandanad diocese.

The four policemen, who had been injured in the attack by one faction of the Syrian Orthodox Church on the Metropolitan's House have been discharged from hospital.

An ASI, a headconstable and two constables had been injured when the police tried to foil the attack on the official residence of the Metropolitan, Thomas Mar Athanasios. The Muvattupuzha DySP, Mr. Martin K. Mathew was hurt in the stone-throwing by the gang.

Mr. Martin said some 70 men, led by priests and armed with sticks and knives had tried to break into the compound of the Metropolitan's House in a bid to take over the House. When the attempt was foiled, the gang started throwing stones at the House as well as the nearby church.

The police reinforcement caned and chased away the gang. In the meantime, the gang members pelted stones at the police too and the DySp and the four policemen were injured. The police rounded up 23 and on Sunday produced them in court which sent them to ten days judicial custody. Several people including priests were injured in the lathicharge and the scrambling that followed and have been hospitalised.

The attack on the Metropolitan's House is part of a series of violent incidents in the ongoing row between the two factions in the Syrian Orthodox Church - the Jacobite Syrians and the Orthodox Syrians. The attack created a tense situation on Sunday in Muvattupuzha, Kandanad, Mulamthuruuthy, Kolencherry, Kadamattom and other places where there were large populations of Syrian Orthodox Christians.

The situation was back to normal on Monday and there were no incidents, police said.

മൂവാറ്റുപുഴ അരമന കൈയേറ്റം സംബന്ധിച്ചു 21-9-98-ൽ മലയാള മനോരമ പ്രസിദ്ധപ്പെടുത്തിയ സിംഗിൾ കോളം വാർത്തയാണു ചുവടെ ചേർക്കുന്നത്.

കണ്ടനാട് ഭദ്രാസന ആസ്ഥാനത്ത് സംഘർഷം

കണ്ടനാട് ഭദ്രാസന ആസ്ഥാനവും ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ ഔദ്യോഗിക വസതിയുമായ മൂവാറ്റുപുഴ ബിഷപ്പ് ഹൗസിലേക്ക് അനധികൃതമായി കടക്കാൻ ഒരു സംഘം ആളുകൾ ശ്രമിച്ചതിനെ തുടർന്നുണ്ടായ സംഘർഷത്തിൽ ഡി.വൈ.എസ്.പി. അടക്കം നിരവധി പോലീസുകാർക്കു പരിക്കേറ്റു.

ശനിയാഴ്ച രാത്രി പന്ത്രണ്ടു മണിയോടെ വൈദിക സെമിനാരി

പ്രിൻസിപ്പൽ ആദായി ജേക്കബ് കോറെപ്പിസ്കോപ്പാ, ഫാ. ജോയി ആലുങ്കൽ, ഫാ. സ്ലീബാ വട്ടമേവിൽ, ഫാ. ജോർജ് ചേന്നോത്ത് എന്നിവരുടെ നേതൃത്വത്തിൽ അരമന കോമ്പൗണ്ടിലേക്കു കടന്നു കയറുകയായിരുന്നുവെന്നു പോലീസ് പറഞ്ഞു.

ഗേറ്റ് അടച്ചിട്ടിരുന്നതിനാൽ മതിൽ ചാടിക്കടന്നാണു വൈദികർ ഉൾപ്പെടെയുള്ളവർ കോമ്പൗണ്ടിൽ കടന്നത്. ഇവർ ഇഷ്ടികക്കഷണങ്ങളും കല്ലും ബിഷപ്പ് ഹൗസിലേക്ക് എറിഞ്ഞു. അരമന കോമ്പൗണ്ടിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് തടയാൻ ശ്രമിച്ചെങ്കിലും സംഘം അവർക്കു നേരെയും ആക്രമണം അഴിച്ചുവിട്ടു.

എ.എസ്.ഐ. കേശവൻനായർ കോൺസ്റ്റബിൾമാരായ രമേശൻ, സജിമോൻ എന്നിവരെ പരിക്കുകളോടെ മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിനിടെ ഡി.വൈ.എസ്.പി. മാർട്ടിൻ കെ. മാത്യു, സി. ഐ. പി. കെ. ദേവരാജൻ എന്നിവരുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് എത്തി അതിക്രമിച്ചു കയറിയ 23 പേരെ കസ്റ്റഡിയിലെടുത്തു. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടു. രണ്ടു വാഹനങ്ങളും പോലീസ് പിടിച്ചെടുത്തിട്ടുണ്ട്.

അറസ്റ്റ് ചെയ്ത 23 പേരെയും മൂവാറ്റുപുഴ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് തോമസ് കുര്യന്റെ വസതിയിൽ ഹാജരാക്കി. 29 വരെ റിമാൻഡിൽ വയ്ക്കാൻ മജിസ്ട്രേട്ട് ഉത്തരവായി.

അറസ്റ്റ് ചെയ്ത 23 പേർക്കു പുറമെ ആദായി ജേക്കബ് കോറെപ്പിസ്കോപ്പാ, ഫാ. ജോയി ആലുങ്കൽ, ഫാ. സ്ലീബാ പോൾ വട്ടമേവലിൽ എന്നിവർ ഉൾപ്പെടെ എഴുപതോളം പേരെയും പ്രതികളാക്കിയാണു പോലീസ് കേസെടുത്തിട്ടുള്ളത്.

പിറവം സി. ഐ. ഡി. സലിംരാജ്, കോതമംഗലം സി. ഐ. മാത്യു പോൾ, എസ്. ഐ. മാരായ വി. അഗസ്റ്റിൻ, പി. ഡി. കരുണാകരൻ, എസ്. ശശി എന്നിവരുടെ നേതൃത്വത്തിൽ വൻ പോലീസ് സംഘം അരമന പരിസരത്തു നിലയുറപ്പിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ അരമനയിൽ ശനിയാഴ്ച അർദ്ധരാത്രി ഫാ. ആദായി ജേക്കബ്, ഫാ. ജോയി ആലുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ആക്രമണത്തിൽ കണ്ടനാട് ഭദ്രാസന കൗൺസിലിന്റെ അടിയന്തരയോഗം പ്രതിഷേധിച്ചു. യോഗത്തിൽ ഡോ. തോമസ് അത്താനാസ്യോസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോർജ് സി. ചാലപ്പുറം, ചിറക്കുടക്കുന്നേൽ ജോൺ കോറെപ്പിസ്കോപ്പാ, ഫാ. ഐസക്ക് ഇടപ്പിള്ളിമറ്റം, ട്രസ്റ്റി കെ. എ. തോമസ്, മർക്കോസ് മാമല, കെ. എ. ജോർജ്, കെ. എം. ഐസക്ക്, തങ്കമ്മ ദാനിയേൽ എന്നിവർ പ്രസംഗിച്ചു.

മൂവാറ്റുപുഴ ഭദ്രാസന അരമനയിൽ ശനിയാഴ്ച രാത്രി നടന്ന ആക്രമണത്തെ മലങ്കര സഭാ ഐക്യ സമിതിയോഗം അപലപിച്ചു.

നടന്നത് എന്ത്?

മൂവാറ്റുപുഴയിൽ നടന്നതെന്താണെന്നുള്ളത് ഈ റിപ്പോർട്ടിൽ നിന്നു വ്യക്തമല്ല. വടക്കൻ വായനക്കാരെ വെറുപ്പിക്കാതിരിക്കുവാൻ വേണ്ടിയുള്ള ഒരു റിപ്പോർട്ടാണത്. ശരിയായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കണ്ടനാട് ഭദ്രാസന ആസ്ഥാനമായ മൂവാറ്റുപുഴ അരമന കയ്യേറാൻ 19 ശനിയാഴ്ച രാത്രിയിൽ സംഘടിതമായ ശ്രമം നടന്നു. 1991 മുതൽ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയാണ് മൂവാറ്റുപുഴ അരമന. അരമനയുൾപ്പെടെയുള്ള വസ്തുക്കൾ ഒന്നാം കാതോലിക്കാ ആയിരുന്ന മുറിമറ്റത്തിൽ മാർ ഈവാനിയോസ് മലങ്കരസഭയ്ക്കുവേണ്ടി സമ്പാദിച്ചതാണ്. പിന്നീട് കാതോലിക്കാ ആയ ഔഗേൻ ബാവായുടെയും മുമ്പിലത്തെ ഔദ്യോഗിക വസതിയായിരുന്നു മൂവാറ്റുപുഴ അരമന. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ ശ്രേഷ്ഠ കാതോലിക്കായും കുറെക്കാലം അവിടെ താമസിച്ചിട്ടുണ്ട്. എക്കാലവും അത് മലങ്കരസഭയുടെ സ്വത്ത് ആയിരുന്നു. ശനിയാഴ്ച രാവിലെ തന്നെ അരമന കയ്യേറുവാൻ ഒരു പറ്റം ആളുകൾ വന്നിരുന്നു. അവർ അരമനയിലേക്കുള്ള പാതയിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും അവിടേക്കുള്ള ടെലിഫോൺ ബന്ധം വിഛേദിക്കുകയും ചെയ്തു. പോലീസ് ഉടൻതന്നെ ഇടപെട്ടതിനാൽ അക്രമസംഭവങ്ങൾ ഒന്നുമുണ്ടായില്ല. ശനിയാഴ്ച രാവിലെതന്നെ ഒരു വലിയ സംഘം ആളുകൾ തോമസ് മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ അരമനയ്ക്കു അടുത്തുള്ള കടാതി പള്ളിയിൽ എത്തിയിരുന്നു. പോലീസ് ഇടപെട്ടതുകൊണ്ട് അവർ അരമനയിലേക്കു നീങ്ങിയില്ല. ദീവന്നാസ്യോസ് അവിടെത്തന്നെ താമസിച്ച് ആളു കൂട്ടുകയും കയ്യേറ്റ പദ്ധതി ആസൂത്രണം ചെയ്യുകയും ചെയ്തു.

പോലീസ് അരമനയിൽ എത്തി സംരക്ഷണം ഏറ്റെടുത്തു. ഗെയിറ്റു പൂട്ടി അവർ തന്നെ താക്കോൽ സൂക്ഷിക്കുകയും ചെയ്തു. രാത്രിയിൽ അഞ്ചു പോലീസുകാർ അരമനമുറ്റത്ത് കാവലുണ്ടായിരുന്നു. അരമന ആക്രമിക്കുമെന്നറിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചന് സംരക്ഷണം നൽകാനായി കണ്ടനാട് ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വലിയ ഒരു സംഘം ആളുകൾ പകൽ അരമനയിൽ എത്തിയിരുന്നു. പ്രശ്നം ഒന്നുമുണ്ടാകുകയില്ല, പൂർണ്ണസംരക്ഷണം നൽകിക്കോളാം എന്ന് പോലീസ് ഉറപ്പുനൽകിയതിന്റെ പശ്ചാത്തലത്തിൽ വൈകിട്ടോടെ അവർ പിരിഞ്ഞുപോയി.

രാത്രി പന്ത്രണ്ടു മണിയോടെ രണ്ടു വാഹനങ്ങളിലും നടന്നും മറ്റുമായി നൂറോളം അക്രമികൾ വൈദിക സെമിനാരി പ്രിൻസിപ്പൽ ആദായി ജേക്കബ്,

ഫാ. ജോയി ആലുങ്കൽ, ഫാ. സ്ലീബാ, ഫാ. ജോർജ് ചേന്നോത്ത് എന്നിവ രുടെ നേതൃത്വത്തിൽ അരമനപ്പടിക്കൽ എത്തി. ഗേറ്റ് പൂട്ടിയിരുന്നതിനാൽ അച്ചന്മാരുൾപ്പെടെയുള്ള ആളുകൾ മതിൽ ചാടിക്കടന്ന് അരമന വളപ്പിൽ പ്രവേശിച്ചു. തടയുവാൻ ശ്രമിച്ച പോലീസുകാരെ തള്ളിമാറ്റി അവർ അരമ നയിലേക്കു നീങ്ങി. കാവലുണ്ടായിരുന്ന പോലീസ് ഫോൺ ചെയ്തു അറിയിച്ചതനുസരിച്ച് ഉടൻതന്നെ രണ്ടു വാഹനങ്ങളിൽ കൂടുതൽ പോലീസ് പാഞ്ഞെത്തി.

അവിടെ അടുത്ത് റ്റി.ബി. യിൽ താമസിക്കുകയായിരുന്ന ഡി.വൈ.എസ്.പി. മാർട്ടിൻ കെ. മാത്യുവും ബഹളം കേട്ട് ഇറങ്ങിവന്നു. അക്രമികളിലാരോ അദ്ദേഹത്തിന്റെ നേരെ ഇഷ്ടിക വലിച്ചെറിഞ്ഞു, അദ്ദേഹത്തിനു പരുക്കേറ്റു.

പോലീസുമായി ഉന്തും തള്ളും വാക്കുതർക്കവും ഉണ്ടാകുന്നതിനിടയ്ക്ക് ഫാ. സ്ലീബാ വട്ടമേവിൽ ഒരു പോലീസുകാരനെ തല്ലി. അതോടെ പോലീസ് തിരിച്ചു തല്ലി. പോലീസ് ലാത്തിവച്ചു തല്ലിയപ്പോൾ വൈദികരടക്കമുള്ള അക്ര മികൾ അവിടെയുണ്ടായിരുന്ന വിറക് കഷണങ്ങളും മരക്കൊമ്പും ഉപയോ ഗിച്ച് പോലീസിനെയും തല്ലി. ഇതിനിടെ കൂടുതൽ പോലീസ് സ്ഥലത്തെത്തി. അതോടെ അക്രമികൾ ഓടുവാൻ തുടങ്ങി. ഗേറ്റിൽ നിറയെ പോലീസ് ആയി രുന്നതുകൊണ്ട് അക്രമികൾക്ക് പെട്ടെന്ന് ഓടി രക്ഷപ്പെടുവാൻ കഴിഞ്ഞില്ല. ഫാ. ആദായി ജേക്കബ്, ഫാ. ജോയി ആലുങ്കൽ, ഫാ. സ്ലീബാ വട്ടുമേവിൽ എന്നിവരെ പരുക്കുകളോടും എ.എസ്.ഐ. കേശവൻ നായർ, കോൺസ്റ്റ ബിൾമാരായ രമേശൻ, സജിമോൻ എന്നിവരെ പരുക്കുകളോടും ആശുപ ത്രിയിൽ പ്രവേശിപ്പിച്ചു. ഫാ. ആദായി ജേക്കബിന്റെ കൈക്കും തോളിനും പ്ലാസ്റ്റർ ഇട്ടിട്ടുണ്ട്.

അരമനയിൽ അതിക്രമിച്ചു കയറിയ 23 പേരെ പോലീസ് അറസ്റ്റു ചെയ്തു. അക്രമികൾ വന്ന രണ്ട് വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലെടുത്തു. വൈദി കരടക്കം എഴുപതോളം പേർക്കെതിരായി കേസെടുത്തു. അക്രമം കഴിഞ്ഞ പ്പോൾ രാത്രി തന്നെ പിറമാടം ദയറാ അധിപൻ കുര്യൻ ജോൺ റമ്പാനും മലേകുരിശ് ദയറാ അധിപൻ ഗീവർഗീസ് ഈരാളി റമ്പാനും പോലീസ് സ്റ്റേഷ നിലും ആശുപത്രിയിലും എത്തി.

അങ്കമാലി, കണ്ടനാട്, കൊച്ചി ഭദ്രാസനങ്ങളിൽ നിന്ന് ഒന്നിച്ച് ആയിര ത്തോളം ആളുകൾ വന്നു അരമന കൈയേറാനായിരുന്നു അക്രമികൾ പ്ലാൻ ചെയ്തിരുന്നത്. എന്നാൽ അവർക്ക് ഒരുപോലെ സമയനിഷ്ഠ പാലിക്കുവാൻ കഴിഞ്ഞില്ല എന്ന് പാത്രിയർക്കീസ് കക്ഷിയിൽപെട്ട ഒരു വൈദികൻ പറഞ്ഞു. അക്രമം കഴിഞ്ഞാണ് ഇവർ അങ്കമാലിയിൽ നിന്നും മൂവാറ്റുപുഴയിൽ എത്തി യത്. അവർ വന്ന പല വാഹനങ്ങളും പോലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷ നിലേക്ക് കൊണ്ടുപോയി. തിരുവാങ്കുളം, മുളന്തുരുത്തി തുടങ്ങിയ

ഭാഗങ്ങളിൽ നിന്നുള്ളവർ നേരത്തെ എത്തിയിരുന്നു. അക്രമത്തിന്റെ പ്രധാന സൂത്രധാരന്മാർ മാർ ദീവന്നാസ്യോസും, ഫാ. ആദായി ജേക്കബും ആയിരുന്നു. ഇനിയും ഉടനെയെങ്ങും ആക്രമണം നടത്തുവാനുള്ള സ്ഥിതിയിലല്ല വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ആദായി ജേക്കബ് എന്ന് ആശുപത്രിയിൽ നിന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രതിഷേധം

മൂവാറ്റുപുഴ ഭദ്രാസന അരമനയിൽ ശനിയാഴ്ച രാത്രി നടന്ന ആക്രമണത്തെ മലങ്കര സഭാഐക്യ സമിതിയോഗം അപലപിച്ചു. കോലഞ്ചേരി ട്രിനിറ്റി ഹോമിൽ ചേർന്ന കണ്ടനാട് ഭദ്രാസന വൈദികരുടെയും ബസ്ക്യാമ്മമാരുടെയും യോഗം അരമന ആക്രണത്തിൽ പ്രതിഷേധം രേഖപ്പെടുത്തി.

പാത്രിയർക്കീസ് വിഭാഗം വൈദികരുടെ നേതൃത്വത്തിൽ ഗുണ്ടകളും യാക്കോബായ വിശ്വാസികളും ചേർന്നു കണ്ടനാട് ഭദ്രാസന ആസ്ഥാനമായ മൂവാറ്റുപുഴ അരമന ആക്രമിച്ചതിൽ വ്യാപകമായ പ്രതിഷേധം ഉയർന്നു. സെപ്റ്റംബർ 23 ബുധനാഴ്ച ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസിന്റെയും വർക്കിംഗ് കമ്മിറ്റിയുടെയും പ്രത്യേക യോഗം അക്രമത്തിൽ ഉൽക്കണ്ഠ രേഖപ്പെടുത്തി.

അർദ്ധരാത്രിയിൽ മൂവാറ്റുപുഴ അരമന ആക്രമിക്കുകയും ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായേയും അരമന ജീവനക്കാരേയും കയ്യേറ്റം ചെയ്യുകയും ചെയ്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് സുന്നഹദോസിന്റെയും വർക്കിംഗ് കമ്മിറ്റിയുടെയും സംയുക്ത യോഗം ഗവണ്മെന്റിനോട് അഭ്യർത്ഥിച്ചു. അക്രമത്തിൽ പ്രതിഷേധം രേഖപ്പെടുത്തുന്ന പ്രമേയം ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ അവതരിപ്പിച്ചു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, തോമസ് മാർ അത്താനാസ്യോസ്, തെയോഫോറസ് റമ്പാൻ തുടങ്ങിയവർ സംസാരിച്ചു. ഡോ. ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ആസ്ഥാനത്തും, അല്ലപ്ര സമ്മേളനത്തിലും ഉണ്ടായ അക്രമങ്ങളേയും യോഗം അപലപിച്ചു.

വിഘടിത കക്ഷിയിലെ മെത്രാന്മാരും വൈദികരും അക്രമപ്രവർത്തനങ്ങൾക്കു കൂട്ടുനിൽക്കുകയും വ്യാജപ്രസ്താവനകളിറക്കുകയും നുണ പ്രചാരണം നടത്തുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നത് അപലപനീയമാണെന്ന് ഓർത്തഡോക്സ് സഭാസെക്രട്ടറി എ. കെ. തോമസ് കാതോലിക്കേറ്റ് ഓഫീസിൽ നിന്നിറക്കിയ പത്രപ്രസ്താവനയിൽ പറഞ്ഞു.

മൂവാറ്റുപുഴ അരമനയിൽ അർദ്ധരാത്രിയിൽ വൈദികരുടെ നേതൃത്വത്തിലാണ് ഗുണ്ടകൾ അക്രമത്തിനായി വന്നത്. മതിൽ ചാടിക്കടന്ന് അവർ അരമനയ്ക്കു നേരെ കല്ലേറു നടത്തുകയും അവിടെ കാവലുണ്ടായിരുന്ന പോലീസുകാരെ മർദ്ദിക്കുകയും ചെയ്തു. കോടതി ഉത്തരവു നൽകാനാണ് അവർ അവിടെ വന്നതെന്നു പറയുന്നു. അത് കള്ളമാണ്. അർദ്ധരാത്രിയിലാണോ കോടതി ഉത്തരവ് നൽകുവാൻ വരേണ്ടത്? അതിന് കോടതി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരില്ലേ? മൂവാറ്റുപുഴ, പാത്രിയർക്കീസു കക്ഷിക്കാരുടേതാണെന്ന അവകാശവാദത്തിൽ യാതൊരു കഴമ്പുമില്ല. ഒന്നാം കാതോലിക്കാ ആയിരുന്ന മുറിമറ്റത്തിൽ മാർ ഈവാനിയോസ് ഓർത്തഡോക്സ് സഭയ്ക്കു വേണ്ടിയാണ് അരമനയുടെ സ്ഥലം വാങ്ങിയത്. പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലാണ് ഇപ്പോഴത്തെ അരമന പണിതത്. മലങ്കര ഓർത്തഡോക്സ് സഭയിലെ കണ്ടനാടു ഭദ്രാസനാധിപൻ എന്ന നിലയിലാണ് ശ്രേഷ്ഠ കാതോലിക്കാ അവിടെ താമസം തുടങ്ങിയത്. അദ്ദേഹം വിഘടിത വിഭാഗം നേതാവും കാതോലിക്കായും ആയപ്പോൾ അരമനയിൽ നിന്ന് ഇറങ്ങിത്തരണമെന്ന് പ. കാതോലിക്കാ ബാവാ ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം അധികം താമസിയാതെ അവിടെ നിന്നു താമസം മാറ്റി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവിടെ താമസിച്ചു വരികയാണ്. പ. കാതോലിക്കാ ബാവായോടും ഭരണഘടനയോടും വിധേയത്വം ഉള്ളയാളാണ് അദ്ദേഹം. പിന്നെ എങ്ങനെയാണ് മൂവാറ്റുപുഴ അരമന പാത്രിയർക്കീസ് കക്ഷിയുടേതാകുന്നത്. ഡോ. തോമസ് മാർ അത്താനാസ്യോസ് സഭാഭരണഘടനപ്രകാരം പ്രവർത്തിക്കുന്ന ആളാണ്. അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയും ആക്രമിച്ചും മൂവാറ്റുപുഴ അരമന പിടിച്ചെടുക്കാൻ ശ്രമിക്കുന്നത് തികച്ചും പ്രതിഷേധാർഹമാണ്. കോടതിവിധി പൂർണ്ണമായും എതിരായപ്പോൾ അക്രമംകൊണ്ട് പള്ളികളും അരമനകളും കീഴടക്കുവാനുള്ള തന്ത്രം നടപ്പില്ല. അക്രമം നടത്തുന്നവരെ പിന്തുണയ്ക്കുവാൻ രാഷ്ട്രീയ പ്രവർത്തകർ വരുന്നത് അപലപനീയമാണെന്നും പ്രസ്താവനയിൽ പറയുന്നു.

ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക നാവായ 'മലങ്കരസഭ മാസിക'യുടെ 1998 ഒക്ടോബർ ലക്കത്തിൽ വന്ന റിപ്പോർട്ടാണ് താഴെ ഉദ്ധരിക്കുന്നത്. സഭാചരിത്രത്തിലെ ഒരു കറുത്ത (അർദ്ധരാത്രി) അദ്ധ്യായ മാണിതെങ്കിലും ഭാവിചരിത്രകാരന്മാർക്കുവേണ്ടി ഇതു വിശദമായി രേഖപ്പെടുത്തേണ്ടത് ആവശ്യമാണെന്നുള്ള ചിന്തകൊണ്ടാണിപ്രകാരം ചെയ്യുന്നത്.

അരമനയ്ക്കു നേരെ അർദ്ധരാത്രിയിൽ ആദംഗവാദികളുടെ ആക്രമണം

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയും കാതോലിക്കേറ്റിന്റെ കീഴിലുള്ള കണ്ടനാടു ഭദ്രാസനാസ്ഥാനവുമായ മൂവാറ്റുപുഴ അരമനയിൽ സെപ്തംബർ 19-നു ശനിയാഴ്ച അർദ്ധരാത്രിയിൽ മാരകായുധങ്ങളുമായി ഏതാനും വൈദികരും അനുയായികളും അനധികൃതമായി കടന്നു കുഴപ്പമുണ്ടാക്കാൻ നടത്തിയ ശ്രമങ്ങൾ പോലീസിന്റെ സമയോചിതമായ ഇടപെടലുകൾ മൂലം വിഫലമായി. പതിരാനമസ്കാരം നടത്തേണ്ട സമയത്ത് സൃഷ്ടിച്ച സംഘർഷത്തിൽ ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ഉൾപ്പെടെ ഏതാനും പോലീസുകാർക്കും പോലീസിനെ കണ്ടു വിരണ്ടോടി വീണ അക്രമിസംഘത്തിലെ മറ്റു ചിലർക്കും പരുക്കേറ്റു.

ഫാ. ആദായി ജേക്കബ് എന്ന വൈദികന്റെ നേതൃത്വത്തിൽ നൂറോളം ആദംഗ (തീവ്ര) വാദികളാണു ഒരു പ്രകോപനവും കൂടാതെ അടച്ചിട്ടിരുന്ന ഗേറ്റ് തള്ളിത്തുറക്കാനാവാതെ മതിൽ ചാടിക്കടന്ന് അരമനയ്ക്കു നേരെ കല്ലും ഇഷ്ടികയും എടുത്തെറിഞ്ഞത്. ഈ കല്ലേറിനെ തടയാൻ അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ശ്രമിച്ചെങ്കിലും അവർക്കും കല്ലേറ്റു. ഡി.വൈ.എസ്.പി. മാർട്ടിൻ കെ. മാത്യുവിന്റെ നേതൃത്വത്തിൽ കൂടുതൽ പോലീസെത്തി. അക്രമികളിൽ 23 പേരും രണ്ടു വാഹനങ്ങളും കസ്റ്റഡിയിലെടുക്കപ്പെട്ടു. മറ്റുള്ളവർ ജീവനുംകൊണ്ടു പലായനം ചെയ്തു.

സുപ്രീംകോടതി വിധിയെ തുടർന്ന് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ വിധിപ്രകാരം മലങ്കര സഭാഭരണഘടന അംഗീകരിക്കുകയും പ. കാതോലിക്കാ ബാവായെ നിരുപാധികം അംഗീകരിച്ചു ഭദ്രാസനഭരണം നടത്തുകയും ചെയ്യുന്നതിൽ രോഷാകുലരായ ചില തീവ്രവാദികളാണു സമാധാനകാംക്ഷികൾ ഉറങ്ങിക്കിടക്കവെ ഈ നിന്ദ്യമായ കൈയേറ്റം നടത്തിയത്.

തങ്ങൾ നേടിയെടുത്ത ഏതോ കോടതിവിധി മൂവാറ്റുപുഴ അരമനയിൽ ഉറങ്ങിക്കിടന്ന മെത്രാപ്പോലീത്തായെ ഏൽപ്പിക്കാനാണു തങ്ങൾ പാതിരാത്രിയിൽ എത്തിയതെന്നത്രേ ആദംഗവാദികളുടെ അഭിപ്രായം. കോടതിവിധി സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുവാനുള്ള സംവിധാനം കോടതിക്കു തന്നെ ഉള്ള സ്ഥിതിക്കു കൂട്ടമായി അസമയത്തു വന്നു മതിൽ ചാടി കോടതിവിധി ഏൽപ്പിക്കുന്ന ഏർപ്പാട് ലോകചരിത്രത്തിൽ ഇത് ആദ്യമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇതിനിടയിൽ മൂവാറ്റുപുഴ അരമന, കാലംചെയ്ത പൗലൂസ് മാർ പീലക്സിനോസിന്റെ വകയാണെന്നുള്ള ചിലരുടെ ഭാഷ്യം പച്ചക്കള്ളത്തിന്റെ പ്രത്യക്ഷമായ നിർവ്വചനമാണ്. മലങ്കരയിലെ ഒന്നാം കാതോലിക്കാ

ആയി രുന്ന പ. ബസേലിയോസ് പൗലൂസ് പ്രഥമൻ കണ്ടനാടു ഭദ്രാസന മെത്രാ പ്പോലീത്തായായിരുന്നപ്പോൾ പുലിക്കോട്ടിൽ തിരുമേനിയുടെ അനുമതിയോടെ ആസ്ഥാനം നിർമ്മിക്കാനായി മൂവാറ്റുപുഴ ടൗണിൽ എം. സി. റോഡരികിൽ 300 രൂപാ കൊടുത്തു വാങ്ങിയ സ്ഥലമാണ് ഇന്നത്തെ മൂവാറ്റുപുഴ അരമനയും ചാപ്പലും കൊമേഴ്സ്യൽ സെന്ററും ഉൾപ്പെടുന്ന സ്ഥലം. 300 രൂപാ അന്നു കൊടുക്കുവാനില്ലായിരുന്നതിനാൽ പ്രോമിസറി നോട്ടെഴുതി കൊടുക്കുകയും പിന്നീട് പണം നൽകുകയുമാണുണ്ടായത്. ആസ്ഥാനത്തിനു സ്ഥലം വാങ്ങാൻ പോലും കാശില്ലാതിരുന്ന മെത്രാപ്പോലീത്താ ഒരു ചെറിയ അരമനപോലും പണിയാതെ കടന്നുപോയി. പിന്നീട് ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ നടത്തിയ സമാധാനാലോചനകൾ തകർക്കപ്പെട്ടതിനെ തുടർന്ന് കാതോലിക്കാ ഭാഗത്തേക്കു ചേർന്ന ശേഷം നേരത്തെ മൂവാറ്റുപുഴ അരമനയ്ക്കുവേണ്ടി വാങ്ങിയ സ്ഥലത്ത് ഒരു ഷെഡും ചാപ്പലും ഏതാനും വർഷങ്ങൾക്കുശേഷം ഒരു ചെറിയ അരമനക്കെട്ടിടവും നിർമ്മിച്ച് അവിടെ താമസിക്കുകയായിരുന്നു. 1958-ൽ സഭയിൽ സമാധാനം പുനഃസ്ഥാപിച്ചശേഷം കണ്ടനാടു ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ ഔഗേൻ മാർ തിമോത്തിയോസിന്റെ സഹായമെത്രാനായി പൗലൂസ് മാർ പീലക്സിനോസ് നിയമിക്കപ്പെട്ടു. ഔഗേൻ മാർ തിമോത്തിയോസിനെ കാതോലിക്കാ സ്ഥാനത്തേക്കു തെരഞ്ഞെടുത്തതിനെ തുടർന്ന് കണ്ടനാടു ഭദ്രാസനത്തിന്റെ ചുമതല വഹിച്ചു വന്ന മാർ പിലക്സിനോസ് മൂവാറ്റുപുഴ അരമനയിൽ താമസിച്ചു. അധികം താമസിയാതെ മാർത്തോമ്മാ സിംഹാസനത്തിന്റെയും 203-ാം നമ്പർ കൽപനയുടെയും പേരിൽ സഭയിൽ വീണ്ടും ഭിന്നിപ്പ് ഉണ്ടാക്കുകയും മാർ പിലക്സിനോസ് വിഘടിതരുടെ വക്താവായിത്തീരുകയും ചെയ്തു. പിന്നീട് അദ്ദേഹത്തെ യഥാർത്ഥ കാതോലിക്കായുടെ അധികാരമൊന്നുമില്ലാതെ ശ്രേഷ്ഠ കാതോലിക്കായായി പാത്രിയർക്കീസ് മലങ്കരസഭ അറിയാതെ ഉയർത്തുകയും അദ്ദേഹം മൂവാറ്റുപുഴയിൽ താമസിക്കുകയും ചെയ്യുകയായിരുന്നു. ഡോ. തോമസ് മാർ അത്താനാസ്യോസ് ശ്രേഷ്ഠ കാതോലിക്കായുടെ പ്രായാധിക്യത്തെ തുടർന്നു സഹായമെത്രാനായി. ശ്രേഷ്ഠ കാതോലിക്കാ കാലം ചെയ്യുകയും മലേൽകുരിശു ദയറായിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ഇതിനിടയിൽ ഉണ്ടായ സുപ്രീം കോടതി വിധിയെ തുടർന്നു മറ്റൊരു ശ്രേഷ്ഠ കാതോലിക്കായ്ക്കു സ്ഥാനം ഇല്ലാതെ വന്നു. സുപ്രീംകോടതി വിധിയും ഭരണഘടനയും അംഗീകരിക്കാൻ വിസമ്മതിക്കുന്ന ഒരു വിഭാഗം ആളുകളാണ് അതു രണ്ടും അംഗീകരിക്കുന്ന ഡോ. അത്താനാസ്യോസിനെ പുകച്ചു പുറത്താക്കാൻ വിഫലശ്രമം നടത്തുന്നത്. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ കാതോലിക്കാ ബാവായുടെ കീഴിലുള്ള മൂവാറ്റുപുഴ അരമന കാതോലിക്കാ ബാവാ തന്നെ കൈയേറാൻ ശ്രമിക്കുന്നു എന്നുള്ള ആരോപണം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശയായിട്ടാണു കാണേണ്ടത്.

മാർ അത്താനാസ്യോസ്, പാത്രിയർക്കീസ് വിഭാഗം മെത്രാനല്ലെന്നു വിഘടിതർ സമ്മതിക്കുന്നതിനാൽ ഓർത്തഡോക്സു സഭ വക അരമനയിൽ നിന്ന് അദ്ദേഹത്തെ പിടിച്ചിറക്കാൻ എന്താണു ന്യായം എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ മലങ്കരസഭ ഒന്നേയുള്ളു. രണ്ടു ചിന്താഗതിക്കാർ ഉണ്ടാവും. അതുകൊണ്ട് സഭ രണ്ടാകുന്നതെങ്ങനെയെന്ന് ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു. അരമന ആക്രമണക്കേസിൽ അറസ്റ്റിലായ ക്രിമിനലുകൾക്കു ജാമ്യം നൽകിയിരിക്കുകയാണ്. മാരകായുധങ്ങൾ കൈവശം വച്ചതിനും അന്യായമായി സംഘം ചേർന്നു പൊതുമുതൽ നശിപ്പിച്ചതിനും പോലീസിനെ ആക്രമിച്ചു പരുക്കേൽപ്പിച്ചതിനും മറ്റുമാണ് ക്രിമിനൽ കേസ് ചാർജ്ജ് ചെയ്തിരിക്കുന്നത്.

അരമനയ്ക്കു നേരേ ആക്രമണം നടത്തിയില്ലത്രെ

മൂവാറ്റുപുഴ അരമനയ്ക്കു നേരേ യാക്കോബായ വിഭാഗം ആക്രമണം നടത്തിയെന്ന പോലീസ് പ്രചാരണം പച്ചക്കള്ളമാണെന്ന് എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, തോമസ് മാർ ദീവന്നാസ്യോസ് എന്നിവർ വ്യത്യസ്ത പ്രസ്താവനകളിൽ അറിയിച്ചു. പോലീസ് നടപടിയിൽ പ്രതിഷേധിക്കാൻ സെപ്തംബർ 27-നു സഭ ദുഃഖാചരണം നടത്തും.

ശ്രേഷ്ഠ കാതോലിക്കാ താമസിച്ചിരുന്ന അരമനയ്ക്കെതിരെ യാക്കോബായ വിഭാഗം ആക്രമണം നടത്തിയെന്നതു തെറ്റിദ്ധാരണാജനകമാണ്. അരമന മന്ദിരത്തിന്റെ ഉടമസ്ഥാവകാശം തങ്ങൾക്കാണ്. അതിനാൽ ആക്രമണത്തിന്റെ ആവശ്യമേയില്ല. സംഘർഷമുണ്ടാകുമ്പോൾ ലാത്തി ഉപയോഗിക്കുന്നതിനു പകരം എതിർ വിഭാഗത്തിന്റെ ഗുണ്ടകൾ നൽകിയ വിറകു കമ്പുകളാണ് പോലീസ് ഉപയോഗിച്ചതെന്നു പ്രസ്താവനയിൽ പറയുന്നു. മർദ്ദനമേറ്റ പള്ളി ട്രസ്റ്റിയേയും വൈദിക സെമിനാരി പ്രിൻസിപ്പലിനെയും വൈദികരേയും മറ്റും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കോടതിവിധിയുമായി വന്ന വിശ്വാസികളെ ജയിലിൽ അടച്ചതു നീതീകരിക്കാനാവില്ല. ഇതിനു നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥരെ ശിക്ഷിക്കണമെന്നു ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.

മൂവാറ്റുപുഴയിൽ യാക്കോബായ സഭയിലെ വൈദികർക്കു നേരേയുണ്ടായ മർദ്ദനത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തി പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നു കണ്ടനാട് ഭദ്രാസന വൈദിക ട്രസ്റ്റിയും കേരള ക്രിസ്ത്യൻ യൂത്ത് അസോസിയേഷൻ പ്രസിഡന്റുമായ ഫാ. റിജോ നിരപ്പുകണ്ടം ആവശ്യപ്പെട്ടു.

അരമന ആക്രമിച്ച കേസിലെ 23 പ്രതികൾക്കും ജാമ്യം

ശനിയാഴ്ച രാത്രി മൂവാറ്റുപുഴ അരമന ആക്രമിച്ച കേസിൽ റിമാൻഡ് ചെയ്യപ്പെട്ട 23 പേർക്കും ജാമ്യം അനുവദിച്ചു. അരമനയിലോ പരിസരത്തോ കയററുതെന്ന നിബന്ധനയോടുകൂടിയാണ് മൂവാറ്റുപുഴ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് തോമസ് കുര്യൻ ജാമ്യം അനുവദിച്ചത്. ഓരോരുത്തർക്കും 10,000 രൂപയുടെ ബോണ്ടും നൽകണം. കണ്ടനാട് ഭദ്രാസന ആസ്ഥാനവും ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ ഔദ്യോഗിക വസതിയുമായ മൂവാറ്റുപുഴ അരമനയ്ക്കു നേരേ ശനിയാഴ്ച അർദ്ധരാത്രിയോടെയാണ് ആക്രമണമുണ്ടായത്.

മാരകായുധങ്ങൾ കൈവശം വയ്ക്കൽ, അന്യായമായി സംഘം ചേരൽ, പൊതുമുതൽ നശിപ്പിക്കൽ, പോലീസിനെ ആക്രമിക്കൽ എന്നീ കുറ്റങ്ങളുടെ പേരിലാണ് കേസ്.

ബാവായുടെ പത്രസമ്മേളനം

മൂവാറ്റുപുഴയിലെ അരമന കൈയേറ്റത്തെ ന്യായീകരിച്ചും മറ്റും ചില പത്രങ്ങളിൽ വലിയ തലക്കെട്ടുകളിൽ വാർത്തകൾ മത്സരചിന്തയോടെ അനുദിനം പ്രത്യക്ഷപ്പെട്ടപ്പോൾ പ. കാതോലിക്കാ ബാവാ സ്വാഭാവികമായും വളരെയധികം അസ്വസ്ഥനായി. അക്രൈസ്തവരും മറ്റും ഗീബൽസ് തന്ത്രപ്രകാരമുള്ള ഇത്തരം വ്യാജവാർത്തകൾ വിശ്വസിക്കാനിട വരുമെന്നും ബാവാ ചിന്തിച്ചു. വേണ്ടവിധം പത്രലേഖകരെ കാണാതിരുന്നതിനാൽ സഭാകേന്ദ്രത്തിന്റെ പല പ്രസ്താവനകളും കൊടുക്കാതിരിക്കുകയും കൊടുക്കുന്നതു തന്നെ ആരും കാണാത്ത ചില എഡിഷനുകളിൽ മാത്രം ഒതുക്കുകയും ചെയ്തുവന്നു. ഈ പശ്ചാത്തലത്തിൽ വ്യാപകമായതോതിൽ പ്രതിപ്രചാരണം നടത്തണമെന്നും അതിനുവേണ്ടി ഒരു പ്രത്യേക വാരികയോ മറ്റോ പ്രസിദ്ധീകരിക്കുകയോ നിലവിലുള്ള ഏതെങ്കിലും പ്രസിദ്ധീകരണം ഏറ്റെടുക്കുകയോ സഭയുടെ ഔദ്യോഗിക നാവായ 'മലങ്കരസഭാ മാസിക' രണ്ടാഴ്ചയിലൊരിക്കൽ ഇറക്കുകയോ ചെയ്യണമെന്നും ഇതിനുവേണ്ടി പ്രത്യേകം വിളിച്ചു കൂട്ടിയ കമ്മിറ്റി അഭിപ്രായപ്പെട്ടുവെങ്കിലും അതൊന്നും പ്രാവർത്തികമാക്കാൻ സാധിച്ചില്ല. 1998 സെപ്തംബർ 21-നു ബാവാ തന്നെ നേരിട്ടു ഫോണിൽ വിളിച്ചു കൂട്ടിയവരിൽ ഫാ. ടി. ജെ. ജോഷ്വ, ഫാ. ഡോ. കെ. എം. ജോർജ്, അരമന മാനേജർ ഫാ. റ്റി. ജി. സഖറിയ, തോമസ് നീലാർമഠം, പോൾ മണലിൽ, ഫാ. സാം കുട്ടമ്പേരൂർ മുതലായവരെ കൂടാതെ ഞാനുമുണ്ടായിരുന്നു. പ. ബാവാ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്ന പ്രശ്നം ചർച്ച ചെയ്തു എങ്കിലും തീരുമാനമായില്ല.

സഭയുടെ ഒരു പ്രമുഖ കേന്ദ്രമായ മൂവാറ്റുപുഴ അരമന കൈയേറ്റപ്രശ്നം

ഒരു നിസാര കാര്യമല്ലെന്നും ബാവാ തന്നെ ഒരു പത്രസമ്മേളനം വിളിച്ചു കൂട്ടി പറയേണ്ട കാര്യങ്ങൾ പറയുകയാണു വേണ്ടതെന്നും ഞാൻ അഭിപ്രായപ്പെട്ടപ്പോൾ പത്രസമ്മേളനം ബാവായുടെ ഉന്നതസ്ഥാനത്തിനു നിരക്കുന്നതാണോ എന്ന സംശയം ചില അംഗങ്ങൾ ഉന്നയിച്ചു. എങ്കിലും ഒരു വലിയ പ്രശ്നത്തെ മുൻനിർത്തിയുള്ള പത്രസമ്മേളനം മൂലം ലഭിക്കുന്ന പ്രചാരണത്തിന്റെ വ്യാപ്തി സയുക്തികം ചൂണ്ടിക്കാട്ടിയപ്പോൾ എല്ലാവരും ആ നിർദ്ദേശം അംഗീകരിക്കുകയാണുണ്ടായത്. അതനുസരിച്ച് പത്രസമ്മേളനത്തിൽ നൽകേണ്ട പ്രസ്താവന അന്നുതന്നെ ബാവാ തിരുമേനിയുമായി അഭിമുഖ സംഭാഷണം നടത്തി തയ്യാറാക്കുന്ന ചുമതല സാധാരണ സംഭവിക്കുന്നതു പോലെ നിർദ്ദേശം വച്ച എന്നിൽ നിക്ഷിപ്തമായി. ഞാൻ പ്രസ്താവന തയ്യാറാക്കുകയും കേസിന്റെ പശ്ചാത്തലത്തിൽ പ്രതികൂലമായ വല്ല നിയമ പ്രശ്നവും അതിൽ കടന്നുകൂടിയിട്ടുണ്ടോ എന്നു നോക്കാൻ അഡ്വ. കെ. ജോർജിനെ ഏൽപിക്കുകയും ചില തിരുത്തലുകൾ വരുത്തി പ്രസ്താവനയുടെ കോപ്പികൾ പത്രലേഖകർക്കു യഥാസമയം നൽകുവാൻ തക്കവണ്ണം എടുക്കുകയുമാണുണ്ടായത്. സെപ്തംബർ 28-നു ദേവലോകം അരമനയിൽ വച്ചു നടത്തിയ പത്രസമ്മേളനത്തിൽ മിക്ക പത്രങ്ങളുടെയും പ്രതിനിധികൾ സംബന്ധിച്ചു. പത്രസമ്മേളനത്തിൽ ബാവായുടെ പ്രസംഗം, ചോദ്യോത്തരങ്ങൾ എന്നിവയ്ക്കു പുറമെ അഡ്വ. കെ. ജോർജ് ഇപ്പോഴത്തെ സ്ഥിതിഗതികളും സുപ്രീംകോടതിവിധിയുടെ വ്യാപ്തിയും പണ്ഡിതോചിതമായി വിശദീകരിച്ചു കൊടുത്തു.

പത്രസമ്മേളന വാർത്ത സെപ്തംബർ 29-ലെ എല്ലാ പത്രങ്ങളിലും നല്ല പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. ചില മലയാള പത്രങ്ങൾ ഏതാനും എഡീഷനുകളിൽ മാത്രമേ വാർത്ത ചേർത്തുള്ളു എങ്കിലും ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് എന്നീ പത്രങ്ങൾ കേരളത്തിൽ വിതരണം ചെയ്ത എല്ലാ കോപ്പികളിലും വാർത്ത ഇട്ടിരുന്നു. 'മലങ്കര സഭാമാസിക'യെ കൂടാതെ ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്, മാതൃഭൂമി, മലയാള മനോരമ എന്നീ പ്രധാനപ്പെട്ട പത്രങ്ങളിൽ വന്ന വാർത്തകളാണു ചുവടെ ചേർക്കുന്നത്.

Catholicos sees bid to sabotage SC verdict

By Our Staff Reporter

Kottayam, Sept. 28, 1998

The Catholicos of the East, Moran Mar Baselius Marthoma Mathews II, supreme head of the Malankara Orthodox Syrian Church, has called upon the authorities to expedite legal action against those who were responsible for the series of attacks against places of worship and other institutions belonging to the Church.

Addressing a press conference at the Cathholicate Palace here today, the Catholicos said the attack on the official residence of Dr. Thomas Mar Athanasius Metropolitan at Muvattupuzha and the propaganda being spread by interested parties, had created a serious situation. It was no more possible to remain as a silent spectator if the attack against Church properties continued, he said.

According to him, he was committed to the Supreme Court judgment in the Church case and would continue to take steps to implement it. However, there was a concerted move to sabotage the judgment by creating a law and order issue, he alleged. He pointed out that the judgment had made it clear that the Catholicos had total authority over the Church properties. The attempt was to upset the implementation of the Supreme Court verdict in this regard.

The Catholicos said the benefit of status quo as on May 20, 1995 was applicable only to those who had signed their allegiance to the Church Constitution of 1934. Accordingly, the Metropolitans of Kandanad, Anganaly and Thrissur had signed their allegiance and many others had expressed their support. Dr. Thomas Mar Athanasius was functioning after signing his allegiance to the Constitution. The Catholicos suspected that the incidents at Muvattupuzha were the result of the attempt to capture the official residence of the Metropolitan.

Reacting to a question, the Catholicos said he was sure whether the Antiochen Patriarch was supportive of these actions. “However, I am equally unsure whether these people would be bold enough to act the way they are doing, without his support”, the Catholicos said.

He said the ordination of Mar Kuriakose Julius by the Patriarch the other day at Damascus was illegal under the Constitution of 1934, as the Catholicos was not consulted in this regard.

He alleged that the attack at Muvattupuzha was the latest in a series of such attacks and was aimed at the closing down of churches. The Catholicos called upon his followers not to get agitated over such incidents and to work earnestly for the implementation of the Supreme Court verdict.

(The Hindu, sept 29)

Catholicos wants strict action against ‘ex-Patriarch’ faction

Kottaayam Sept 28, 1998: Catholicos Baselius Marthoma Mathews II, who is also the Malanakara Metropolitan, has called on the Government to take stringent measures against the attempts by the “ex-Patriarch” faction to take over places of worship and related institutions.

Addressing mediapersons at the Catholicate Palace at Devalokam today, the Catholicos warned that attacks and take overs would not be tolerated any more.

The attack on the official residence of Dr. Thomas Mar Athanasius Metropolitan at Muvattupuzha on September 19 midnight has created a most serious situation. After unleashing the attack, the interested parties were propagating gossips and untruths.

The Catholicos denied the allegation made by the “ex-Patriarch” faction that he was about to take over the Muvattupuzha aramana.

After the Supreme Court verdict of May 20, 1995 and the subsequent apex court orders dated March 25, 1996 and February 5, 1997, there was only one Church and not two groups. The Catholicos can enter any church and related institutions as per the Supreme Court verdict. Still he had not visited any of the disputed places in view of his desire to maintain peace and tranquility in the Church, the Catholicos said. The allegation that he was about to enter the Muvaattupuzha aramana was fraudulent propaganda, he explained.

The Catholicos termed the ordination of Kuriakose Mar Julios Metropolitan by the Patriarch in Damascus as illegal.

The ordination was led by the Patriarch in Damascus yesterday. The Patriarch can ordain a bishop for the Malankara Church only in consultation with the Catholicos, as per the Supreme Court verdict which upheld the constitution of the Church passed in 1934.

Referring to the attack on Dr. Thomas Mar Athanasius Metropolitan and the Muvattupuzha aramaana, the Catholicos asked, “Is it at midnight that a copy of the court order was being allegedly served at the aramana by some priests and others escorted by assailants carrying lethal weapons?”

He said the attacks were intended to block the execution of the Supreme Court verdict. Only those Metropolitans who declare allegiance to the 1934 constitution can have the benefit of status quo as on May 20, 1995, as per the Supreme Court verdict. The status quo was not for continuance of groups.

Consequently, the Metropolitans of Kandanad, Angamaly and Thrissur had declared their allegiance to the constitution. Many other Metropolitans had favoured this step. It was in accordance with the Supreme Court verdict that Dr. Thomas Mar Athanasius Metropolitan has been functioning in association with Kandanad Metropolitan Mathews Mar Severios after declaring the allegiance. The midnight onslaught was an attempt to take over his official residence at Muvattupuzha, it is to be suspected, the Catholicos said.

The attacks were one in a series by interested parties at Kolenchery, Kattachira, Allapra etc. to ensure closure of these churches. The Catholicos urged the faithful to remain calm even in the face of provocations.

(The Indian Express, Nov. 29, 1998)

അരമന ആക്രമണം - നടപടി വേണം: കാതോലിക്കാ ബാവാ

കോട്ടയം: അക്രമമാർഗ്ഗത്തിലൂടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കൈയേറാൻ നടക്കുന്ന ശ്രമങ്ങൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് സഭയ്ക്കെതിരെ നടക്കുന്ന ആക്രമണങ്ങളും കയ്യേറ്റങ്ങളും ഇനി നോക്കിയിരിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയായ മൂവാറ്റുപുഴ അരമനയ്ക്കെതിരെ സെപ്തംബർ 19-ന് അർദ്ധരാത്രിയിൽ നടന്ന ആക്രമണത്തെപ്പറ്റി അസത്യം പ്രചരിപ്പിക്കാൻ ശ്രമമുണ്ട്. തങ്ങൾ നേടിയെടുത്ത ഏതോ കോടതിവിധിയുടെ പകർപ്പ് നൽകാനാണ് അരമനയിലെത്തിയതെന്നാണ് ഇവർ പറയുന്നത്. അർദ്ധരാത്രിയിൽ സംഘം ചേർന്ന് ആയുധങ്ങളുമായാണോ വിധിപ്പകർപ്പ് നൽകാനെത്തുന്നതെന്ന് കാതോലിക്കാ ബാവാ ചോദിച്ചു.

ചില വൈദികരാണ് ആക്രമണത്തിന് നേതൃത്വം നൽകിയതെന്നത് ഏറ്റവും വേദനാജനകമാണ്. എത്ര തന്നെ പ്രകോപനവും ആക്രമണവും നടത്തിയാലും സഭാതർക്കങ്ങളിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കാനുള്ള നടപടി തുടരും. ക്രമസമാധാന പ്രശ്നമുണ്ടാക്കി കോടതിവിധി അട്ടിമറിക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

1995-ലെ സുപ്രീംകോടതി വിധിയോടെ മാർ അത്താനാസിയോസ് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനെയും സഭാ ഭരണഘടനയേയും അംഗീകരിച്ച് പ്രവർത്തിച്ചു വരികയാണ്. അദ്ദേഹത്തെ അപായപ്പെടുത്തുക എന്ന ഉദ്ദേശ്യവും ആക്രമണത്തിന് പിന്നിലുണ്ടെന്ന് കാതോലിക്കാ ബാവാ ആരോപിച്ചു. മാർ അത്താനാസിയോസ് മൂവാറ്റുപുഴ അരമന വിടണമെന്ന കീഴ്ക്കോടതി വിധി ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതാണ്.

മൂവാറ്റുപുഴ അരമന സന്ദർശിക്കാൻ തനിക്ക് യാതൊരു ഉദ്ദേശ്യവുമില്ലായിരുന്നുവെന്ന് ഒരു ചോദ്യത്തിന് കാതോലിക്കാ ബാവാ മറുപടി നൽകി.

പാത്രിയർക്കീസിന്റെ പിന്തുണ ഇപ്പോഴത്തെ സംഭവങ്ങൾക്ക് പിന്നിലുണ്ടോ എന്ന് ഉറപ്പില്ല.

സുപ്രീംകോടതിവിധി നടപ്പാക്കി കിട്ടുന്നതിനും ന്യൂനപക്ഷ സമുദായത്തിന്റെ ഭരണഘടനാദത്തമായ ആരാധനാ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനും സർക്കാർ നടപടിയെടുക്കണമെന്നും കാതോലിക്കാ ബാവാ അഭ്യർത്ഥിച്ചു.

തിയോഫോറസ് കോർഎപ്പിസ്കോപ്പാ, ഫാ. ടി. ജെ. ജോഷ്വ, ഫാ. കെ. എം. ജോർജ്, ഫാ. എം. ഒ. ജോൺ, ഫാ. സാം കുട്ടംപേരൂർ, ഫാ. ഗീവർഗീസ്, ഫാ. ടി. ജി. സഖറിയ, ഫാ. കെ. എം. സഖറിയ, സഭാ ട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, അസോസിയേഷൻ സെക്രട്ടറി എ. കെ. തോമസ്, കെ. വി. മാമ്മൻ, പി. പി. മാത്യു, ഇ. ജെ. ജോൺ, അഡ്വ. കെ. ജോർജ്, തോമസ് നീലാർമഠം എന്നിവരും സന്നിഹിതരായിരുന്നു.

(മാതൃഭൂമി, കോട്ടയം സെപ്റ്റംബർ. 29, 1998)

ആരാധനാലയങ്ങൾ കയ്യേറുന്നതു സർക്കാർ തടയണം: കാതോലിക്കാ ബാവാ

കോട്ടയം: അക്രമമാർഗ്ഗത്തിലൂടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കൈയേറാൻ നടക്കുന്ന ശ്രമങ്ങൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് സഭയ്ക്കെതിരെ നടക്കുന്ന ആക്രമണങ്ങളും കയ്യേറ്റങ്ങളും ഇനി നോക്കിയിരിക്കാനാവില്ലെന്ന് പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ ഔദ്യോഗിക വസതിയായ മൂവാറ്റുപുഴ അരമനയ്ക്കു നേരെ 19-നു അർദ്ധരാത്രി നടന്ന സംഘടിതമായ ആക്രമണവും തുടർന്ന് ചില തൽപ്പരകക്ഷികൾ നടത്തുന്ന നുണപ്രചരണവും അത്യന്തം ഗൗരവമായ സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. നിയമം കയ്യിലെടുത്ത് എന്തക്രമവും കാണിക്കാനുള്ള ഒരു സംഘമാളുകളുടെ ശ്രമത്തിനെതിരെ കർശനമായ നിയമനടപടി വേണം.

അർദ്ധരാത്രി വാടകഗുണ്ടകളേയും കൂട്ടി ദേവാലയങ്ങളും അരമനകളും ആക്രമിക്കുകയെന്ന നിലപാട് അത്യന്തം ഹീനവും അപലപനീയവുമാണ്. ചില വൈദികരാണ് ഈ ആക്രമണത്തിനു നേതൃത്വം നൽകിയതെന്നത് ഏറ്റവും വേദനാകരമാണ്. എത്രതന്നെ പ്രകോപനവും ആക്രമണവും നടത്തിയാലും സഭാതർക്കങ്ങളിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി

നടപ്പാക്കാൻ വേണ്ട നടപടികൾ തുടരുക തന്നെ ചെയ്യും. ക്രമസമാധാന പ്രശ്നമുണ്ടാക്കി കോടതിവിധി അട്ടിമറിക്കാൻ ശ്രമിക്കുന്നവർ വൃഥാവ്യായാമമാണു നടത്തുന്നത്.

സഭയിലെ ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങളിൽ കാതോലിക്കാ പക്ഷത്തിന് അനുകൂലമായി സുപ്രീംകോടതി അസന്ദിഗ്ധമായി വിധി പ്രഖ്യാപിച്ചിട്ടുണ്ട്. സഭയുടെ ആരാധനാലയങ്ങളിലും വസ്തുവകകളിലും പരിപൂർണാധികാരം കാതോലിക്കാ ബാവായ്ക്കാണെന്നും വിധിയിൽ പ്രത്യേകം എടുത്തുപറയുന്നുണ്ട്. ഈ വിധി നടപ്പാക്കുന്നത് തടയാനാണു ചിലർ അക്രമമാർഗ്ഗം സ്വീകരിക്കുന്നത്.

സുപ്രീംകോടതിവിധി അനുസരിച്ച് 1934-ലെ ഭരണഘടന സ്വീകരിച്ച് വിധേയത്വം എഴുതിക്കൊടുക്കുന്നവർക്കു മാത്രമേ സ്റ്റാറ്റസ്കോ അനുവദിക്കുന്നുള്ളു. അതനുസരിച്ച് കണ്ടനാട്, അങ്കമാലി, തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താമാർ സുപ്രീംകോടതി വിധി മാനിച്ച് എഴുതിത്തരുകയുണ്ടായി. മറ്റു പല മെത്രാന്മാരും ഇതിനോട് അനുഭാവം പ്രകടിപ്പിക്കുകയും ചെയ്തു.

സുപ്രീംകോടതി വിധി അംഗീകരിച്ചാണ് ഡോ. തോമസ് മാർ അത്താനാസിയോസ് ഭരണഘടനയോട് വിധേയത്വം പ്രകടിപ്പിച്ച് കണ്ടനാട് മെത്രാപ്പോലീത്താ മാത്യൂസ് മാർ സേവേറിയോസുമായി സഹകരിച്ചു പ്രവർത്തിച്ചു വരുന്നത്. ഇദ്ദേഹത്തിന്റെ ഔദ്യോഗിക വസതി പിടിച്ചെടുക്കാനാണു അക്രമം നടത്തിയതെന്നു കരുതുന്നു.

മലങ്കരയിലെ ഒന്നാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് പൗലോസ് ഒന്നാമൻ മാർ ഈവാനിയോസ് എന്ന പേരിൽ നൂറു വർഷം മുമ്പ് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന കാലത്ത് തന്റെ ആസ്ഥാനത്തിനു വേണ്ടി വാങ്ങിയതാണ് മൂവാറ്റുപുഴ അരമന സ്ഥിതിചെയ്യുന്ന സ്ഥലം.

ഇദ്ദേഹത്തിൻെറ കാലശേഷം കാതോലിക്കായെ സ്വീകരിച്ച ഔഗേൻ മാർ തീമോത്തിയോസ് മൂവാറ്റുപുഴയിൽ ഒരു ഷെഡും, ചെറിയ ചാപ്പലും പിന്നീട് അരമനയും നിർമ്മിച്ചു. 1958-ൽ സഭയിൽ സമാധാനം പുനഃസ്ഥാപിച്ചശേഷം കണ്ടനാട് ഇടവകയുടെ സഹായ മെത്രാനായി നിയമിക്കപ്പെട്ട പൗലോസ് മാർ പീലക്സിനോസ് ആയിരുന്നു, തുടർന്ന് അവിടെ താമസിച്ചത്. സഭയിൽ വീണ്ടും ഭിന്നിപ്പുണ്ടായതിനെ തുടർന്ന് മാർ പീലക്സിനോസിനെ പാത്രിയർക്കീസ് നിയമവിധേയമല്ലാതെ ശ്രേഷ്ഠ കാതോലിക്കായായി അവരോധിച്ചു. അദ്ദേഹത്തിന്റെ സഹായമെത്രാനായി ഡോ. തോമസ് മാർ അത്താനാസിയോസ് അരമനയിൽ താമസിച്ചു. 1995-ലെ സുപ്രീംകോടതി വിധിയോടെ മാർ അത്താനാസിയോസ് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനേയും സഭാഭരണഘടനയേയും അംഗീകരിച്ചു പ്രവർത്തിച്ചുവരികയാണ്. ഇദ്ദേഹത്തെ അപായപ്പെടുത്തുക എന്ന ഉദ്ദേശ്യവും ആക്രമണത്തിനു പിന്നിലുണ്ട്.

സഭയുടെ ആരാധനാലയങ്ങളിൽ ഈയിടെ ചില തൽപ്പരകക്ഷികൾ നടത്തിയ ആക്രമണങ്ങളുടെ തുടർച്ചയാണിത്. കടമറ്റം, കോലഞ്ചേരി, കട്ടച്ചിറ, അല്ലപ്ര എന്നിവിടങ്ങളിൽ ആക്രമണങ്ങൾ നടത്തി പള്ളികൾ പൂട്ടിച്ചു. കടമറ്റത്തെ വൈദികനെ കുർബാനയ്ക്കു ശേഷം മണിക്കൂറുകളോളം പള്ളിക്കുള്ളിൽ പൂട്ടിയിട്ട നീചവും പൈശാചികവുമായ സംഭവത്തിനു പിന്നിലും ഈ അക്രമികളാണ്. മറ്റു സ്ഥലങ്ങളിൽ നിന്നു വാടകഗുണ്ടകളെ കൊണ്ടുവന്നു ക്രമസമാധാനം തകർന്നെന്നു വരുത്തുന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ഒരേ സഭയിൽപ്പെട്ട വിശ്വാസികളെ ചേരിതിരിച്ചു കലഹിക്കാൻ പ്രേരിപ്പിക്കുന്നതു ഹീനമായ നടപടിയാണ്.

അക്രമങ്ങളിൽ പ്രകോപിതരാകാതെയിരിക്കാനും നീതിയും ന്യായവും നടപ്പാക്കിക്കിട്ടുന്നതിനായി പ്രവർത്തിക്കാനും സഭാവിശ്വാസികളെ ബാവാ ആഹ്വാനം ചെയ്തു. സഭയിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ നിയമപരമായി പരിഹരിക്കുന്നതിനും, സുപ്രീംകോടതി വിധി നടപ്പാക്കിക്കിട്ടുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ന്യൂനപക്ഷ സമുദായത്തിന്റെ ഭരണഘടനാദത്തമായ ആരാധനാസ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനു സർക്കാർ നടപടി ഉണ്ടാകുമെന്നു പ്രത്യാശിക്കുന്നതായി അദ്ദേഹം പറഞ്ഞു.

(മലയാള മനോരമ, കോട്ടയം എഡീഷൻ, സെപ്തം. 29, 1998)

മൂവാറ്റുപുഴ അരമന കൈയേറ്റം ന്യായീകരിക്കാനാവാത്ത നടപടി: പ. കാതോലിക്കാ ബാവാ

(സെപ്തംബർ 19-ന് ശനിയാഴ്ച രാത്രി ഉണ്ടായ മൂവാറ്റുപുഴ അരമന കൈയേറ്റത്തെ തുടർന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കാതോലിക്കേറ്റ് അരമനയിൽ നടത്തിയ പത്രസമ്മേളനത്തിൽ പ്രസ്താവിച്ച കാര്യങ്ങളാണിത്).

അക്രമമാർഗ്ഗത്തിലൂടെ ആരാധനാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും കയ്യേറാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. സദാചാരമൂല്യങ്ങൾ തൃണവൽഗണിച്ച് നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് സഭയ്ക്കെതിരെ നടത്തുന്ന തുടർച്ചയായ ആക്രമണങ്ങളും കയ്യേറ്റങ്ങളും ഇനി നോക്കിയിരിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയായ മൂവാറ്റുപുഴ അരമനയ്ക്കുനേരെ സെപ്റ്റംബർ 19 അർദ്ധരാത്രി നടന്ന സംഘടിതമായ ആക്രമണവും തുടർന്ന് ചില തൽപരകക്ഷി

കൾ നടത്തുന്ന നുണപ്രചാരണവും അത്യന്തം ഗൗരവതരമായ സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നത്. നിയമം കയ്യിലെടുത്ത് എന്തക്രമവും കാണിക്കുവാനുള്ള ഒരു സംഘമാളുകളുടെ ശ്രമത്തിനെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കണം.

മൂവാറ്റുപുഴ അരമനയ്ക്കെതിരെ തികച്ചും ആസൂത്രിതമായ ആക്രമണമാണ് നടന്നത്. രാത്രി 2 മണിയോടെ ഏതാനും വാഹനങ്ങളിൽ വന്നിറങ്ങിയ 200-ഓളം പേർ മാരകായുധങ്ങളുമായി അരമനയ്ക്കെതിരെ ആക്രമണം നടത്തുകയായിരുന്നു. അരമനയ്ക്കു മുന്നിൽ അപ്പോൾ കാവലുണ്ടായിരുന്ന പോലീസുകാരെ ആക്രമിക്കുകയും വൈദികരടക്കമുള്ളവർ മതിൽചാടി അകത്തു കടക്കാൻ ശ്രമിക്കുകയും ചെയ്തു. അരമനയ്ക്കു നേരെ ശക്തമായ കല്ലേറു നടത്തി. കൂടുതൽ പോലീസ് സ്ഥലത്തെത്തിയതോടെ അക്രമികളെ തടയാനും അറസ്റ്റു ചെയ്യാനും സാധിച്ചു.

അർദ്ധരാത്രി വാടകഗുണ്ടകളേയും കൂട്ടി ദേവാലയങ്ങളും അരമനകളും ആക്രമിക്കുകയെന്ന നിലപാട് അന്ത്യന്തം ഹീനവും അപലപനീയവുമാണ്. ചില വൈദികരാണ് ഈ ആക്രമണത്തിനു നേതൃത്വം നൽകിയതെന്നത് ഏറ്റവും വേദനാകരമാണ്. എത്രതന്നെ പ്രകോപനവും അക്രമവും നടത്തിയാലും സഭാതർക്കങ്ങളിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കാൻ വേണ്ട നടപടികൾ തുടരുക തന്നെ ചെയ്യും. ക്രമസമാധാന പ്രശ്നമുണ്ടാക്കി കോടതിവിധി അട്ടിമറിക്കാൻ ശ്രമിക്കുന്നവർ വൃഥാവ്യായമമാണ് നടത്തുന്നത്.

അർദ്ധരാത്രി നടന്ന ഹീനമായ ഈ ആക്രമണം പൊതുജനങ്ങളിൽ അത്യന്തം പ്രതിഷേധമുളവാക്കിയതിനെ തുടർന്ന് അസത്യം പ്രചരിപ്പിക്കാനാണ് ഇതിന്റെ ഉത്തരവാദികൾ ശ്രമിക്കുന്നത്. തങ്ങൾ നേടിയെടുത്ത ഏതോ കോടതിവിധിയുടെ പകർപ്പു നൽകാനാണ് അരമനയിലെത്തിയതെന്നാണ് ഇവർ പറയുന്നത്. അർദ്ധരാത്രി കഴിഞ്ഞ് സംഘം ചേർന്ന് ആയുധങ്ങളുമായാണോ വിധിപ്പകർപ്പ് നൽകാനെത്തുന്നത്? കേരളത്തിലെ ചിന്തിക്കുന്ന ജനങ്ങൾ ഈ നുണപ്രചാരണവും അക്രമികളുടെ തനിനിറവും തിരിച്ചറിയുന്നുണ്ട്.

സഭയിലെ ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങളിൽ കാതോലിക്കാ പക്ഷത്തിന് അനുകൂലമായി സുപ്രീംകോടതി അസന്ദിഗ്ധമായി വിധി പ്രഖ്യാപിച്ചിട്ടുണ്ട്. സഭയുടെ ആരാധനാലയങ്ങളിലും വസ്തുവകകളിലും പരിപൂർണ്ണാധികാരം കാതോലിക്കാ ബാവായ്ക്കാണെന്നും വിധിയിൽ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഈ വിധി നടപ്പാക്കുന്നതു തടയാനാണു ചിലർ അക്രമമാർഗ്ഗം സ്വീകരിക്കുന്നത്.

സുപ്രീംകോടതിവിധി അനുസരിച്ച് 1934-ലെ ഭരണഘടന സ്വീകരിച്ച് വിധേയത്വം എഴുതികൊടുക്കുന്നവർക്ക് മാത്രമേ സ്റ്റാറ്റസ്കോ അനുവദിക്കുന്നുള്ളു. ആയതനുസരിച്ച് കണ്ടനാട്, അങ്കമാലി, തൃശൂർ ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ സുപ്രീംകോടതി വിധി മാനിച്ച് എഴുതിത്തന്നു. മറ്റു പല മെത്രാന്മാരും ഇതിനോട് അനുഭാവം പ്രകടിപ്പിക്കുകയുണ്ടായി.

സുപ്രീംകോടതിവിധി അംഗീകരിച്ചാണ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഭരണഘടനയോട് വിധേയത്വം പ്രകടിപ്പിച്ച് കണ്ടനാട് മെത്രാപ്പോലീത്താ മാത്യൂസ് മാർ സേവേറിയോസുമായി സഹകരിച്ചു പ്രവർത്തിച്ചു വരുന്നത്. ഇദ്ദേഹത്തിന്റെ ഔദ്യോഗിക വസതി പിടിച്ചെടുക്കാനാണ് അർദ്ധരാത്രി അക്രമം നടത്തിയതെന്നു കരുതുന്നു. മലങ്കരയിലെ ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് ഒന്നാമൻ, മാർ ഈവാനിയോസ് എന്ന പേരിൽ 100 വർഷം മുമ്പ് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന കാലത്ത് തന്റെ ആസ്ഥാനത്തിനുവേണ്ടി വാങ്ങിയതാണ് മൂവാറ്റുപുഴ അരമന സ്ഥിതിചെയ്യുന്ന സ്ഥലം. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ അനുവാദ പ്രകാരം 300 രൂപ കൊടുത്താണ് സ്ഥലം തീറു വാങ്ങിയത്.

ഇദ്ദേഹത്തിന്റെ കാലശേഷം കാതോലിക്കായെ സ്വീകരിച്ച ഔഗേൻ മാർ തിമോത്തിയോസ് മൂവാറ്റുപുഴയിൽ ഒരു ഷെഡും, ചെറിയ ചാപ്പലും, പിന്നീട് അരമനയും നിർമ്മിച്ചു. 1958-ൽ സഭയിൽ സമാധാനം പുനഃസ്ഥാപിച്ചശേഷം കണ്ടനാട് ഇടവകയുടെ സഹായ മെത്രാനായി നിയമിക്കപ്പെട്ട പൗലോസ് മാർ പീലക്സിനോസ് ആയിരുന്നു തുടർന്ന് അവിടെ താമസിച്ചത്. സഭയിൽ വീണ്ടും ഭിന്നിപ്പുണ്ടായതിനെ തുടർന്ന് മാർ പീലക്സിനോസിനെ പാത്രിയർക്കീസ്, നിയമവിധേയമല്ലാതെ ശ്രേഷ്ഠ കാതോലിക്കായായി അവരോധിച്ചു. അദ്ദേഹത്തിന്റെ സഹായമെത്രാനായി ഡോ. തോമസ് മാർ അത്താനാസിയോസ് അരമനയിൽ താമസിച്ചു. 1995-ലെ സുപ്രീംകോടതി വിധിയോടെ മാർ അത്താനാസിയോസ് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനേയും സഭാഭരണഘടനയേയും അംഗീകരിച്ച് പ്രവർത്തിച്ചു വരികയാണ്. ഇദ്ദേഹത്തെ അപായപ്പെടുത്തുക എന്ന ഉദ്ദേശ്യവും ആക്രമണത്തിന്റെ പിന്നിലുണ്ട്.

സഭയുടെ ആരാധനാലയങ്ങളിൽ അടുത്തിട ചില തൽപ്പരകക്ഷികൾ നടത്തിയ ആക്രമണങ്ങളുടെ തുടർച്ചയാണിത്. കടമറ്റം, കോലഞ്ചേരി, കട്ടച്ചിറ, അല്ലപ്ര എന്നിവിടങ്ങളിൽ ആക്രമണങ്ങൾ നടത്തി പള്ളികൾ പൂട്ടിച്ചു. കടമറ്റത്തെ വൈദികനെ കുർബാനയ്ക്കു ശേഷം മണിക്കൂറുകളോളം പള്ളിക്കുള്ളിൽ പൂട്ടിയിട്ട നീചവും പൈശാചികവുമായ സംഭവത്തിനു പിന്നിലും ഈ അക്രമികളാണ്. മറ്റു സ്ഥലങ്ങളിൽ നിന്നു വാടകഗുണ്ടകളെ കൊണ്ടുവന്നു

ക്രമസമാധാനം തകർന്നെന്നു വരുത്തുന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ഒരേ സഭയിൽപ്പെട്ട വിശ്വാസികളെ ചേരിതിരിച്ചു കലഹിക്കാൻ പ്രേരിപ്പിക്കുന്നതു ഹീനമായ നടപടിയാണ്.

അക്രമങ്ങളിൽ പ്രകോപിതരാകാതെയിരിക്കാനും നീതിയും ന്യായവും നടപ്പാക്കിക്കിട്ടുന്നതിനായി പ്രവർത്തിക്കാനും സഭാവിശ്വാസികളെ ബാവാ ആഹ്വാനം ചെയ്തു. സഭയിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ നിയമപരമായി പരിഹരിക്കുന്നതിനും, സുപ്രീംകോടതി വിധി നടപ്പാക്കിക്കിട്ടുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു ന്യൂനപക്ഷ സമുദായത്തിന്റെ ഭരണഘടനാദത്തമായ ആരാധനാസ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിന് സർക്കാർ നടപടി ഉണ്ടാകുമെന്നു പ്രത്യാശിക്കുന്നു.

സഭാസ്വാതന്ത്ര്യം കാത്തു സംരക്ഷിക്കാൻ ജാഗരൂകരായിരിക്കുക: കാതോലിക്കാ ബാവാ

(മൂവാറ്റുപുഴ അരമന കൈയേറ്റത്തെ തുടർന്ന് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ദേവലോകം അരമനയിൽ വച്ച് സെപ്റ്റംർ 28-ന് നടത്തിയ പത്രസമ്മേളനത്തിൽ മലങ്കരസഭയുടെ ഇന്നത്തെ പൊതുവായ സ്ഥിതിയെപ്പറ്റി പറഞ്ഞ കാര്യങ്ങളാണു ചുവടെ ചേർത്തിരിക്കുന്നത്.)

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയും പത്രോസ് ശ്ലീഹാ സ്ഥാപിച്ച അന്ത്യോക്യൻ സഭയും ശിഷ്യന്മാർ തമ്മിലുണ്ടായിരുന്നതുപോലുള്ള സ്നേഹബന്ധമാണ് നിലനിർത്തേണ്ടത്. ഒരു അപ്പസ്തോലൻ മറ്റൊരു അപ്പസ്തോലന്റെ കീഴ്സ്ഥാനിയാണെന്ന ചിന്ത വേദപുസ്തക വിരുദ്ധമാണ്.

ഭാരതീയ സഭാപിതാക്കന്മാരും സഭയ്ക്കും പുറത്തുനിന്നുണ്ടായ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ അന്ത്യോഖ്യയിൽ നിന്നു നേടിയ സഹകരണം ആദികാലങ്ങളിൽ അഭികാമ്യമായിരുന്നു. എന്നാൽ പിന്നീട് അത് മലങ്കരസഭാസ്വാതന്ത്ര്യത്തെ അപകടപ്പെടുത്തുന്നതാണെന്നു ബോദ്ധ്യമായതിനെ തുടർന്ന് ഇവിടെ കാതോലിക്കാ സ്ഥാപനം നിലവിൽ വന്നിട്ടുള്ളതാണ്. അതും കാനോനിക പാത്രിയർക്കീസ് ആയിരുന്ന അബ്ദുൾ മിശിഹാ പാത്രിയർക്കീസ് ബാവായുടെ സഹകരണത്തോടു കൂടിയായിരുന്നു. അദ്ദേഹത്തിന്റെ കൽപനയിൽ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കേണ്ടത് മലങ്കരസഭയുടെ അഭംഗുരമായ നിലനിൽപിന് ആവശ്യമാണെന്നും കാതോലിക്കോസും അദ്ദേഹത്തോടു കൂടിയുള്ള മെത്രാന്മാരും സഭയുടെ ആത്മികം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവഹിക്കുമെന്നും പറയുന്നതോടൊപ്പം പാത്രിയർക്കീസ് സിംഹാസനവുമായുള്ള സ്നേഹബന്ധം നിലനിൽക്കണമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനു പുറമെ മലങ്കരസഭയിലെ മെത്രാന്മാർക്കു തന്നെ കാതോലിക്കാമാരെ വാഴിക്കുവാൻ അധികാരമുണ്ടെന്നും അത് ആർക്കും തടയാവുന്നതല്ലെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

പത്രോസ് തൃതീയൻ പാത്രിയർക്കീസ് 1876-ൽ മുളന്തുരുത്തിയിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ രൂപംകൊണ്ട മലങ്കര അസോസിയേഷനിൽ സഭയുടെ എല്ലാ തലങ്ങളുടെയും പ്രാതിനിധ്യമുണ്ട്. റോയൽ കോടതി വിധിയിലും ആർത്താറ്റു പള്ളിക്കേസ് വിധിയിലും മലങ്കര മെത്രാപ്പോലീത്താ, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിയായിരിക്കണമെന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്.

1934-ൽ അംഗീകരിച്ചു നിലനിന്നിരുന്ന സഭാ ഭരണഘടനപ്രകാരം അസോസിയേഷന്റെ തിരഞ്ഞെടുപ്പും അതനുസരിച്ച് മലങ്കര സുന്നഹദോസിന്റെ അംഗീകാരവും ഇല്ലാത്തവരും കാതോലിക്കോസിനാൽ വാഴിക്കപ്പെടാത്തവരുമായ മേൽപ്പട്ടക്കാരുടെ സ്ഥാനത്തിന് സാധുത്വമുണ്ടാവില്ല.

1958-ലെ സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിൽ ഉണ്ടായ സഭാ സമാധാനവും പരസ്പര സ്വീകരണവും മൂലം സ്വീകരിക്കപ്പെട്ട പാത്രിയർക്കീസിനെ ഭരണഘടനയുടെ 114-ാം വകുപ്പനുസരിച്ച് കാതോലിക്കാ വാഴ്ച നടത്തുന്ന സുന്നഹദോസിന്റെ അദ്ധ്യക്ഷനായി ക്ഷണിച്ചു. ആ ക്ഷണം പാത്രിയർക്കീസ് സ്വീകരിച്ച് കാതോലിക്കാ വാഴ്ചയിൽ പങ്കെടുത്തു. പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും അധികാര പരിധി നിർണ്ണയിച്ചു പാത്രിയർക്കീസിന്റെ ആവശ്യപ്രകാരം മലങ്കര സുന്നഹദോസ് വേണ്ട തീരുമാനം ചെയ്തു.

രണ്ടാമത്തെയും മൂന്നാമത്തെയും അഞ്ചാമത്തെയും ആറാമത്തെയും കാതോലിക്കാമാരെ ഇവിടെയുള്ള മെത്രാന്മാർ ചേർന്നാണ് വാഴിച്ചത്. കാതോലിക്കാമാരുടെ സ്ഥാനം കോടതിയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. കോടതി അംഗീകരിച്ച ഭരണഘടന സഭയിലെ എല്ലാ സ്ഥാനികളും സ്വീകരിക്കാതെ നിവൃത്തിയില്ല. മലങ്കരസഭ ഒന്നേയുള്ളു എന്നും സുപ്രീംകോടതിവിധിയിൽ നിന്നു വ്യക്തമാകുന്നതാണ്. ഈ സഭയിലെ മെത്രാന്മാരും കീഴ്സ്ഥാനികളും എല്ലാം 1934-ലെ ഭരണഘടന സ്വീകരിക്കുന്നവരും ഭരണഘടനയോട് വിധേയത്വവും കൂറും ഉറപ്പിച്ച് പുലർത്തുന്നവരുമായിരിക്കണം. അവർക്കു മാത്രമേ കോടതി നിർദ്ദേശിച്ച സ്റ്റാറ്റസ്ക്കോയുടെ പ്രയോജനം അവകാശപ്പെടുവാൻ കഴിയുകയുള്ളു എന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

1934-ലെ സഭാ ഭരണഘടന പാത്രിയർക്കീസ് സ്വീകരിച്ചിട്ടുണ്ടെന്നും അത് പാത്രിയർക്കീസിനും ബാധകമായാൽ ഭരണഘടനാനുസരണമേ പാത്രിയർക്കീസിന് മലങ്കരസഭ സംബന്ധിച്ച് പ്രവർത്തിക്കാനാവൂ എന്നും സുപ്രീംകോടതി തീരുമാനിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് ഭരണഘടനയിൽ പറയുന്നതല്ലാതെയുള്ള യാതൊരു ആത്മീയ സ്ഥാനവും പാത്രിയർക്കീസിന് ഉണ്ടാകുന്നതല്ല എന്ന് പ്രത്യക്ഷമാണല്ലോ. ഭരണഘടനയോട് കൂറും വിധേയത്വവും പ്രഖ്യാപിക്കുന്നതും പുലർത്തുന്നതും കേവലം വാക്കാൽ മാത്രമല്ല. ഭരണ

ഘടനാനുസരണമുള്ള സഭാധികാരികൾക്ക് കീഴ്പ്പെട്ടും പ്രവർത്തിക്കണം. അപ്രകാരം പ്രവർത്തിക്കാതെ പ്രത്യക്ഷമായും പരോക്ഷമായും അവഗണിച്ചും ലംഘിച്ചുംകൊണ്ട് പ്രവർത്തിക്കുകയും കൂട്ടത്തിൽ ഭരണഘടന അംഗീകരിക്കുകയും അതിനോട് വിധേയത്വം പുലർത്തുകയും ചെയ്യുന്നു എന്ന് അവകാശപ്പെടുന്നത് അർത്ഥശൂന്യമാണ്. മലങ്കരസഭയിൽ ഇപ്പോഴും വിഭിന്ന ഗ്രൂപ്പുകൾ രണ്ട് ഭാഗങ്ങളായി നിലനിൽക്കുന്നു എന്നും യാക്കോബായ വിഭാഗത്തിൽ സുന്നഹദോസും സുന്നഹദോസ് അദ്ധ്യക്ഷനും ഉണ്ടെന്നും പ്രഖ്യാപിച്ച് നടക്കുകയും കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനുമായ നമ്മുടെ അധികാരാവകാശങ്ങൾ അംഗീകരിക്കാതെ നിഷേധിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ ഭരണഘടനയ്ക്കു വിധേയത്വവും അതിനോടു കൂറുള്ളവരുമല്ലെന്നു പ്രത്യക്ഷമാണല്ലോ. അങ്ങനെ ഉള്ളവർക്ക് അവർ അവകാശപ്പെടുന്നതുപോലെ സുപ്രീംകോടതി വിധിക്കു മുമ്പുള്ള സ്ഥിതിയോ അല്ലെങ്കിൽ അവസ്ഥയോ (സ്റ്റാറ്റസ്ക്കോ) ഒരു നിലയിലും ലഭിക്കുന്നതല്ല. നിയമാനുസരണമുള്ള ഭരണക്രമങ്ങളും അധികാരങ്ങളും സ്വീകരിക്കാതെ ഭിന്നിച്ചു പ്രതിബന്ധം സൃഷ്ടിക്കുന്നവരെ ബന്ധപ്പെട്ട അധികാരികൾ തടയണം. നിയമവാഴ്ച പുലർത്തണം. അതാണ് ഇന്നത്തെ ധർമ്മവും ഭരണാധികാരികളുടെ ചുമതലയും എന്ന് വ്യക്തമാണ്. അതാണ് നാം ആവശ്യപ്പെടുന്നത്. മനഃപൂർവ്വം ചിലർ പ്രകോപനപരമായ ചുറ്റുപാടുകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അവരെപ്പോലെ അക്രമമാർഗ്ഗങ്ങൾ സ്വീകരിക്കാതെ ക്രിസ്തുവിന്റെ പ്രവൃത്തികളെ മാതൃകയാക്കുകയും നന്മയാൽ തിന്മയെ ജയിക്കുകയുമാണ് ഇന്ന് വേണ്ടത്. ദൈവത്തിൽ ആശ്രയിച്ച് പ്രവർത്തിച്ചാൽ ദൈവം പ്രതിഫലം നൽകും. സത്യവും നീതിയും തോറ്റ ചരിത്രമില്ല. സഭയുടെ സ്വാതന്ത്ര്യം കാത്തുസംരക്ഷിക്കാൻ സഭാംഗങ്ങൾ ജാഗരൂകരായിരിക്കുകയും മുടങ്ങാതെ പ്രാർത്ഥിക്കുകയും ചെയ്താൽ ഇരുട്ടിനെ തട്ടിനീക്കുന്ന സുപ്രഭാതം നമ്മോടുകൂടെ പ്രകാശിക്കുക തന്നെ ചെയ്യും. അതാണല്ലോ വെളിച്ചത്തിന്റെ സന്തതികൾക്ക് വേണ്ടതും.

ലക്ഷക്കണക്കിനു കോപ്പികളിൽ ഈ പത്രസമ്മേളന വിവരങ്ങൾ വേണ്ട പ്രാധാന്യത്തോടെ വന്നതിനെ തുടർന്ന് പാത്രിയർക്കീസ് ഭാഗത്തെ ചില പ്രസ്താവന മല്ലന്മാരുടെയും വില്ലന്മാരുടെയും തൂലികകളിലെ മഷി തീരുകയും അവർ പത്തി മടക്കുകയും ചെയ്തു എന്നത് ഒരു വസ്തുതയാണ്. കൂടാതെ കോട്ടയം ഭാഗത്തു വിരുദ്ധ നീക്കങ്ങൾക്കു നേതൃത്വം നൽകി വന്ന സമ്പന്നനും വിദ്വാനും ആയിരുന്ന പെരുമ്പള്ളി മാർ ഗ്രിഗോറിയോസ് രോഗിയാകുകയും എഴുതാനും വായിക്കാനും തന്ത്രങ്ങൾ മെനയാനും സംസാരിക്കാനുമുള്ള ശക്തി ക്രമേണ നഷ്ടപ്പെടുകയും ചെയ്തു. ശ്രേഷ്ഠ കാതോലിക്കാസ്ഥാനം ആഗ്രഹിച്ച ധനികനായ അപര മെത്രാച്ചന് ഒരു നിശ്ചിത

സ്ഥലത്തു മാത്രമേ സ്വാധീനമുള്ളുവെങ്കിലും സുപ്രീംകോടതി വിധിയാണ് അദ്ദേഹത്തിനും കടക്കാനാവാത്ത കടമ്പ സൃഷ്ടിച്ചതെന്നുള്ളതും ഒരു രഹസ്യമല്ല. അങ്ങനെ അധികാരമില്ലാത്ത ശ്രേഷ്ഠ കാതോലിക്കാസ്ഥാനം അന്യം നിന്നുപോയി. ദൈവം അന്യത്ര ചിന്തയേൽ എന്നല്ലാതെ എന്തുപറയാനാവും.

സമാധാനത്തിന്റെ പാതയിൽ ചരിക്കുക

ദീർഘനാളത്തെ വ്യവഹാരങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ട് രാജ്യത്തെ പരമോന്നത നീതിപീഠത്തിൽ നിന്ന് ഉണ്ടായിട്ടുള്ള അന്തിമ ഉത്തരവും കോടതി അംഗീകരിച്ച് ഉറപ്പിച്ചിരിക്കുന്ന സഭാഭരണഘടനയും അനുസരിച്ച് സഭയുടെ അഖണ്ഡതയും ഐക്യവും കാത്ത് സംരക്ഷിച്ച് സമാധാനത്തിന്റെ പാതയിലൂടെ മുന്നേറി ക്രൈസ്തവസാക്ഷ്യം ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാൻ മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു.

ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ചേർന്ന അങ്കമാലി, കൊച്ചി, കണ്ടനാട്, കുന്നംകുളം ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ, കൗൺസിൽ അംഗങ്ങൾ, സഭാ വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു പ. ബാവാ.

സുപ്രീംകോടതിയുടെ അന്തിമവിധി തങ്ങൾക്ക് അനുകൂലമാണെന്ന് പ്രചരിപ്പിച്ച് സഭാന്തരീക്ഷം കൂടുതൽ കലുഷിതമാക്കി സഭൈക്യത്തിന് വിഘാതം സൃഷ്ടിച്ചിരിക്കുന്നവരുടെ നിഗൂഢശ്രമങ്ങളെ ഗൗരവപൂർവ്വം വീക്ഷിച്ച് നീതിനിർവ്വഹണം ഉറപ്പുവരുത്തുവാൻ ഗവണ്മെന്റ് സത്വരനടപടികൾ കൈക്കൊള്ളണമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് ആവശ്യപ്പെട്ടു.

കോടതിവിധി മാനിച്ചും സഭാഭരണഘടനയ്ക്ക് കൂറും വിധേയത്വവും പ്രഖ്യാപിച്ചും പ്രതിജ്ഞ എടുത്ത താനുൾപ്പെടെയുള്ള മെത്രാപ്പോലീത്തന്മാരുടെ നടപടി പ. അന്ത്യോഖ്യാ പാത്രിയർക്കീസിനെ നിഷേധിക്കുന്നതായി വ്യാഖ്യാനിച്ച് നിയമം കൈയിലെടുത്ത് ഇടവക-ഭദ്രാസന ഭരണകാര്യങ്ങളിൽ അനധികൃതമായി ഇടപെടുന്നവരുടെ നടപടികളെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നുവെന്ന് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി.

പാത്രിയർക്കീസ് ബാവാ ദമസ്കോസിലെ അരമനചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചപ്പോൾ അനുരഞ്ജനത്തിന് തയ്യാറായ മെത്രാപ്പോലീത്താമാർ ആരാധനയിൽ സംബന്ധിച്ചു തന്നിമിത്തം ബാവായുടെ കൽപന നിരാകരിച്ച് വി. ബലി ബഹിഷ്കരിച്ച മെത്രാപ്പോലീത്താമാരുടെ പാത്രിയർക്കാ

വിശ്വാസവും ഭക്തിയും വിചിത്രമായിരിക്കുന്നുവെന്ന് യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. സകല വ്യവസ്ഥാപിത ഭരണക്രമങ്ങളും കോതിവിധികളും അവഗണിച്ചുകൊണ്ട് ഏവരേയും എന്നാളും വഞ്ചിക്കാമെന്നുള്ള ചിന്ത മൗഢ്യമാണെന്ന് കൊയ്നോണിയായിലെ അനധികൃത കൈയേറ്റ നടപടികൾ വിശദീകരിച്ചുകൊണ്ട് ഡോ. ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

ചരിത്രപ്രസിദ്ധവും പൗരാണികവുമായ കോലഞ്ചേരി, കടമറ്റം പള്ളികൾ അടച്ചുപൂട്ടി ആരാധന മുടക്കിയിരിക്കുന്ന അനധികൃത നടപടി അപലപനീയവും പ്രതിഷേധാർഹവുമാകയാൽ പള്ളികൾ തുറന്ന് ആരാധനാ സൗകര്യം പുനഃസ്ഥാപിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ഗവണ്മെന്റിനോടാവശ്യപ്പെട്ടു.

ഭാവിപരിപാടികൾക്ക് രൂപംനൽകുവാൻ വടക്കൻ ഭദ്രാസനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഉന്നത അധികാര കർമ്മ സമിതി രൂപവൽക്കരിക്കുവാൻ യോഗം പ. കാതോലിക്കാ ബാവായോട് അപേക്ഷിച്ചു.

ഗീവർഗീസ് മാർ കൂറിലോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, പൗലോസ് മാർ മിലിത്തിയോസ്, സഖറിയാസ് മാർ അന്തോണിയോസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാരും, ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ, കെ. സി. സഖറിയ കോർഎപ്പിസ്കോപ്പാ, ഫാ. ഡോ. എ. ടി. ഏബ്രഹാം, പ്രൊഫ. ടി. എം. പൈലി, സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി എ. കെ. തോമസ്, ടി. എം. വറുഗീസ്, എം. ടി. പോൾ എന്നിവരും പ്രസംഗിച്ചു. അങ്കമാലി ഭദ്രാസന സെക്രട്ടറി ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ പ്രമേയം അവതരിപ്പിച്ചു.

പൊള്ളയായ പള്ളിപ്രതിപുരുഷ യോഗം

സുപ്രീംകോടതി വിധിയെ തുടർന്ന് നിലയും വിലയും അറ്റുപോയ പാത്രിയർക്കീസ് വിഭാഗം, അണികളെ പിടിച്ചു നിറുത്താനും പണം പിരിക്കാനും വേണ്ടി വിധിന്യായത്തിനു സാരമായ മാറ്റം വരുത്തി ഡിപ്പണി രചിച്ചു പ്രചരിപ്പിച്ചു. വേണ്ടത്ര സഭാചരിത്രബോധമില്ലാത്ത സാധാരണക്കാർക്കു ചരടു പിടിക്കുന്നവരുടെ കുടലതന്ത്രങ്ങളുടെ പൊരുളു മനസ്സിലാക്കാൻ സാദ്ധ്യമല്ല. തന്നിമിത്തം ഒരു സഭയേയുള്ളു എന്നു പരമോന്നത കോടതി ചൂണ്ടിക്കാട്ടിയിട്ടും പ്രത്യേക സുന്നഹദോസും അദ്ധ്യക്ഷനും പള്ളിപ്രതിപുരുഷ യോഗവും ഒക്കെ ഉണ്ടെന്നു പറഞ്ഞു പരാജയബോധം മറയ്ക്കാൻ നടത്തിയ സാഹസത്തിലൊന്നാണു പള്ളിപ്രതിപുരുഷ യോഗം എന്ന ഓലപ്പാമ്പ്. ഈ പുരുഷയോഗം നിയമപരമായും സാമാന്യ മര്യാദപ്രകാരവും അപഹാസ്യ

മാണെന്നു പാത്രിയർക്കീസു ബാവായും, കാതോലിക്കാ ബാവായും, കോടതികളും ചൂണ്ടിക്കാട്ടി. യോഗം നടത്തരുതെന്നു കാണിച്ചു ഡമസ്കസിലുള്ള സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കേറ്റിൽ നിന്നും, 1998 ഡിസംബർ 14-നു നമ്പർ ഇ 213/98 വെച്ച് സഖാ പ്രഥമൻ ബാവ അയച്ചുകൊടുത്ത കൽപനയിൽ ഇങ്ങനെ പറയുന്നു.

പാത്രിയർക്കീസ് ഗ്രൂപ്പിലെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് നമ്മുടെ പള്ളികളിലെ പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടുവാൻ പോകുന്നതായി അടുത്ത നാളുകളിൽ നമ്മുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. കാതോലിക്കേറ്റിന് മലങ്കര അസോസിയേഷൻ വിളിക്കുന്നതിന് അധികാരമില്ലെന്ന് നിങ്ങൾ കോടതിയിൽ പെറ്റീഷൻ കൊടുത്തിരിക്കുകയാണല്ലോ. അപ്പോൾ പാത്രിയർക്കീസ് ഗ്രൂപ്പിനുവേണ്ടി അസോസിയേഷൻ യോഗം വിളിക്കുന്നതിന് നിങ്ങൾക്കെങ്ങനെ സാധിക്കും? ബഹു. ജഡ്ജിമാർ മുൻ വിധിയോടെ പെറ്റീഷൻ സംബന്ധിച്ച തീരുമാനമെടുക്കാൻ ഇത് ഇടയാക്കും. നിങ്ങൾ അഡ്വക്കേറ്റ്സുമായി ഈ പ്രശ്നം വിശദമായി പഠിക്കണം. അല്ലെങ്കിൽ നിങ്ങൾ അപകടത്തിലാവും. സ്റ്റാറ്റസ്കോ നിലനിർത്തുന്നതിനായി നമ്മുടെ എല്ലാ മെത്രാപ്പോലീത്തന്മാരും അവരുടെ ഭരണഘടന സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം നിങ്ങളെല്ലാവരും ഭരണഘടനാനുസൃതമായി കടമ നിർവ്വഹിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നാണ്. അപ്പോൾ, നിലവിലുള്ള അംഗങ്ങൾക്കു പകരം പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് നിങ്ങളുടെ കീഴിലുള്ളവരുടെ സമാന്തര യോഗം നിങ്ങൾക്കെങ്ങനെ വിളിക്കുവാൻ കഴിയും. നിങ്ങൾ അപ്രകാരം ചെയ്യുന്നു എങ്കിൽ ജഡ്ജ്മെന്റിന്റെ ആനുകൂല്യം നിങ്ങൾക്ക് നഷ്ടപ്പെടും. നമ്മുടെ അവിടെയുള്ള സഭയെ സംബന്ധിച്ച് നിങ്ങളുടെ ആശയവും ഉദ്ദേശ്യവും എന്താണെന്ന് നമുക്കറിയില്ല. സഭയുടെ പരമോന്നത തലവൻ എന്ന നിലയിൽ അവിടെ നടക്കുന്നതെന്തെന്ന് വിശദമായി അറിയുവാൻ നമുക്കു കൂടി അവകാശമുണ്ട്. നിങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് യാതൊന്നും നിങ്ങൾ അറിയിക്കുന്നില്ല. നമ്മുടെ അറിവോ സമ്മതമോ കൂടാതെ, അസോസിയേഷൻ യോഗം നിങ്ങൾ വിളിച്ചു കൂട്ടുന്നു. അവസാനം, നിങ്ങളുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതായി നാം കൽപന തരണമെന്നും നിങ്ങൾ നമ്മോട് ആവശ്യപ്പെടും. നിങ്ങളുടെ അപേക്ഷ നിരസിക്കപ്പെട്ടാൽ, അതുമൂലം നിങ്ങൾ നമ്മോട് കോപിക്കുകയും, ആ വാർത്ത നമുക്കെതിരായി പ്രചരിക്കുകയും ചെയ്യും.

നമ്മുടെ ലക്ഷ്യം നേടുന്നതിന് കൂടുതൽ സൽബുദ്ധിയും കടമയും നമുക്കുണ്ടാകണം. അവിടുത്തെ നമ്മുടെ സഭയിൽ യഥാർത്ഥ സമാധാനവും ഐക്യവും ഉണ്ടായിക്കാണുവാൻ നാം ആഗ്രഹിക്കുന്നു. നിങ്ങളെല്ലാവരും ആ ലക്ഷ്യത്തിൽ പ്രവർത്തിക്കുമെന്ന് നാം ആശിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും സന്തോഷപ്രദമായ ക്രിസ്തുമസും പുതുവത്സരവും ആശംസിക്കുന്നു.

അപ്പോസ്തോലികാനുഗ്രഹങ്ങൾ നിങ്ങൾക്ക് നാം നേരുന്നു. ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

പാത്രിയർക്കീസുബാവ സമാധാനകാംക്ഷിയാണെന്നും അദ്ദേഹം മലങ്കരയിലെ സ്ഥിതിഗതികൾ ശരിയ്ക്കറിയുന്നില്ലെന്നും ഈ കത്തിൽ നിന്നു വ്യക്തമാണ്. ഈ കാര്യം തന്നെ ഡോ. ഡി. ബാബു പോൾ 1998 നവംബർ 16-20 ലക്കം മലങ്കരസഭാദീപത്തിൽ എഴുതി. ലേഖനത്തിലെ പ്രസക്തഭാഗം കാണുക:

"സക്കാ ബാവായെ ഏറ്റവും അടുത്ത് അറിയാവുന്ന മലങ്കര സഭാംഗം എന്ന നിലയിൽ പറയട്ടെ. അദ്ദേഹം അബ്രഹാമിന്റെ മകനാകയാൽ ഈ ഭവനത്തിന് രക്ഷയുണ്ടാകും. തീരെ ശുദ്ധനായിപ്പോയി എന്ന് തോന്നിയേക്കാം. കയറ് നീട്ടി നീട്ടി ഇടുകയാണെന്ന് കരുതിയാൽ മതി. ആ വള്ളി വലുതാവുമ്പോൾ ചെറുവള്ളികൾക്ക് പോഷണം നിലയ്ക്കും. 1995-ൽ തന്നെ കാതോലിക്കാ ബാവായെ സ്വീകരിച്ചു കഴിഞ്ഞു. സുപ്രീംകോടതി വിധി പൂർണ്ണമായി സ്വീകരിച്ചുകൊണ്ട്. മുടക്ക് നീക്കി കൽപന വന്നില്ലെന്ന് വേണമെങ്കിൽ പറയാം. അപ്പോൾ 95-ലെ കൽപനയ്ക്ക് യോഗ്യമായ പ്രതിസ്പന്ദനം ഇവിടെ നിന്ന് ഉണ്ടായില്ലെന്ന് പാത്രിയർക്കീസ് പക്ഷത്തിനും ആരോപിച്ചു കൂടേ? അന്ത്യോഖ്യാ ബന്ധം വിഛേദിച്ചുകൊണ്ടുള്ള 1975 (?) ലെ മലങ്കര സുന്നഹദോസ് തീരുമാനം സുപ്രീംകോടതി വിധിയോടെ അപ്രസക്തമായെങ്കിലും ഔപചാരികമായി റദ്ദ് ചെയ്തിട്ടില്ല എന്ന് പറഞ്ഞുകൂടേ?"

പള്ളിപ്രതിപുരുഷയോഗം വിളിച്ചു കൂട്ടാനുള്ള പെരുമ്പള്ളി മാർ ഗ്രിഗോറിയോസിന്റെ അവസാന നീക്കങ്ങളെ തുടർന്ന് പ. കാതോലിക്കാ ബാവാ അദ്ദേഹത്തിനു കത്ത് അയച്ചു.

പള്ളിപ്രതിപുരുഷ യോഗം വിളിച്ചു കൂട്ടാനുള്ള ശ്രമം നിയമവിരുദ്ധം

മലങ്കരസഭയിലെ ഇടവകപ്പള്ളി പ്രതിപുരുഷന്മാരെ ഉൾപ്പെടുത്തി പാത്രിയർക്കീസ് വിഭാഗത്തിലെ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഒരു അഖില മലങ്കര പള്ളി പ്രതിപുരുഷയോഗം വിളിച്ചു കൂട്ടാൻ നടത്തുന്ന ശ്രമങ്ങൾ നിയമവിരുദ്ധവും അനധികൃതവുമാണെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ വ്യക്തമാക്കി.

ഗീവർഗീസ് മാർ ഗ്രിഗോറിയോസിന്റെ നീക്കങ്ങളെ അപലപിച്ചുകൊണ്ടു കാതോലിക്കാ ബാവാ അദ്ദേഹത്തിനയച്ച കത്തിന്റെ പ്രസക്ത ഭാഗങ്ങളാണ് ചുവടെ:

"1998 ഡിസംബർ 7-നു തിരുമേനി അയച്ച ഒരു രേഖ നമ്മുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. 1998 ഡിസംബർ 4-നു ചേർന്ന പ. സഭയുടെ മാനേജിംഗ്

കമ്മിറ്റി (പാത്രിയർക്കീസ് വിഭാഗം) ഒരു അഖില മലങ്കര പള്ളി പ്രതിപുരുഷ യോഗം ഇടവകപ്പള്ളി പ്രതിപുരുഷന്മാരെ ഉൾപ്പെടുത്തി കൂടേണ്ടതാണെന്നു തീരുമാനിച്ചതായി അതിൽ പറയുന്നു.

1934-ലെ ഭരണഘടന (ഭേദഗതി ചെയ്തപ്രകാരം) മുൻ പാത്രിയർക്കീസ് പക്ഷം അംഗീകരിച്ചിട്ടുണ്ടെന്നും അതിൽ നിന്ന് ഒഴിഞ്ഞു മാറാനാവില്ലെന്നും സുപ്രീംകോടതി വിധിയിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം തിരുമേനിക്ക് അറിവുള്ളതാണല്ലോ. എങ്കിലും 1934-ലെ ഭരണഘടനാ വ്യവസ്ഥകളും കേരള ഹൈക്കോടതിയുടെ നിരോധനാജ്ഞകളും (പ്രസ്തുത നിരോധനാജ്ഞ സുപ്രീംകോടതി വ്യത്യാസപ്പെടുത്തിയിട്ടില്ല) ലംഘിച്ച് നോട്ടീസുകൾ പുറപ്പെടുവിക്കുന്നതിനും തുടർനടപടികൾ എടുക്കുന്നതും നമ്മെ അത്ഭുതപ്പെടുത്തുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്നു.

ചില ഔദ്യോഗിക സ്ഥാനങ്ങൾ / പദവികൾ അവകാശപ്പെടുന്നതിന് ഏതൊരാളും 1934-ലെ ഭരണഘടന അനുസരിക്കുകയും അതിനോടു കൂറു പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് 1996 മാർച്ച് 25-ലെയും 1997 ഫെബ്രുവരി 5-ലേയും സുപ്രീംകോടതി ഉത്തരവുകളിൽ നിന്നു വ്യക്തമാണ്. വിധി പുറപ്പെടുവിച്ച 1995 ജൂൺ 20-ലെ സ്ഥിതി ചില ഔദ്യോഗിക സ്ഥാനങ്ങളേയും പദവികളേയും സംബന്ധിച്ചിടത്തോളം ടി വ്യവസ്ഥയ്ക്ക് വിധേയമായി അതേപടി തുടരേണ്ടതാണെന്ന് ടി രണ്ട് ഉത്തരവുകളും വ്യക്തമാക്കിയിട്ടുണ്ട്.

കോടതി നടപടികൾ തുടർന്നുകൊണ്ടിരിക്കെ പാത്രിയർക്കീസ് വാഴിച്ച മൂന്നു മെത്രാപ്പോലീത്താമാർ സുപ്രീംകോടതിയുടെ അവസാന തീർപ്പിനു ശേഷം ഭരണഘടനയോടു കൂറു പ്രഖ്യാപിക്കുകയും കാതോലിക്കായ്ക്കു പ്രഖ്യാപനങ്ങൾ എഴുതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തിരുമേനി ഇതേവരെ 1934-ലെ ഭരണഘടനയോടു കൂറു പ്രഖ്യാപിച്ചിട്ടില്ലെന്നു കാണുന്നതിൽ നമുക്കു ഖേദമുണ്ട്.

സുപ്രീംകോടതി തീർപ്പു വഴി കെട്ടടങ്ങിയ സഭാവിഭാഗീയത വീണ്ടും ജ്വലിപ്പിക്കാൻ തിരുമേനി ശ്രമിക്കുന്നതായി കാണുന്നത് ഖേദകരമാണ്.

മലങ്കര മെത്രാപ്പോലീത്താ കൂടിയായ കിഴക്കിന്റെ കാതോലിക്കാ ആണ് മലങ്കരസഭയുടെ ആദ്ധ്യാത്മിക, ഭൗതിക തലവൻ. കാതോലിക്കോസ് അദ്ധ്യക്ഷനായുള്ള ഒരു സുന്നഹദോസ് മാത്രമേയുള്ളു. തിരുമേനി അവകാശപ്പെടുന്ന സ്ഥാനം ഭരണഘടനാനുസൃതമല്ല. നോട്ടീസുകൾ അയയ്ക്കുന്നതിനോ മലങ്കരയിലെ ഇടവക പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം വിളിച്ചു കൂട്ടാനോ തിരുമേനിക്ക് അധികാരമോ, അവകാശമോ ഇല്ല.

തിരുമേനിയുടെ പ്രവൃത്തി കോടതിയുടെ നീതിന്യായ നടപടികളിന്മേലുള്ള കൈകടത്തലും 1934-ലെ ഭരണഘടനയോടുള്ള വെല്ലുവിളിയും ഭരണഘടനാനുസൃതമുള്ള അധികാരികളെ അവഹേളിക്കലുമാണ്.

തിരുമേനി ഇപ്പോഴും വിഭാഗീയതയിൽ നിലയുറപ്പിച്ചിരിക്കുന്നത് ദൗർഭാഗ്യകരമാണ്. സമാധാനത്തിലും രഞ്ജിപ്പിലും കൂടിയാണ് കർത്താവിനെ നാം സാക്ഷീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുമേനിക്കു വഴികാട്ടുകയും നല്ല ആലോചന നൽകുകയും ചെയ്യുമെന്നും തിരുമേനിയും ബന്ധപ്പെട്ടവരും സമുദായ നന്മയെക്കരുതി ഇപ്പോഴത്തെ നടപടികളിൽ നിന്നു പിന്മാറുമെന്നും നാം വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ

കാതോലിക്കേറ്റ് അരമന, കോട്ടയം

(മനോരമ, 17-1-99)

അതേസമയം പുത്തൻകുരിശിൽ 99 മാർച്ച് 15-നു ചേർന്ന, അനധികൃത യാക്കോബായ സുറിയാനിസഭാ പള്ളിപ്രതിപുരുഷയോഗം സഭാ ഭാരവാഹികളെ തെരഞ്ഞെടുത്തു. സഭയിൽ സമാധാനം ഉണ്ടാകാൻ ബുദ്ധിമുട്ടാണെന്നും മൂന്നു മെത്രാന്മാർ കാതോലിക്കാ ഭാഗത്തേക്കു പോയതുകൊണ്ടു ജനങ്ങളെ കാതോലിക്കാ ഭാഗത്തിനു കിട്ടുകയില്ലെന്നും ആരു പോയാലും താൻ സഭ വിട്ടു പോകയില്ലെന്നും യോഗം ഉൽഘാടനം ചെയ്ത കിഴക്കിന്റെ (വഴക്കിന്റെ) വലിയ മെത്രാപ്പോലീത്താ ഏബ്രഹാം മാർ ക്ലിമ്മീസ് പ്രസ്താവിച്ചു. പള്ളിപ്രതിപുരുഷയോഗം സംബന്ധിച്ച് 16-3-99-ൽ മലയാള മനോരമ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു:

“മെത്രാൻ കക്ഷികൾ മുടക്കപ്പെട്ടവരാണ്. അവരോട് സംസർഗ്ഗം പുലർത്തുന്നവരും മുടക്കപ്പെട്ടവർ തന്നെ. തോമാശ്ലീഹായുടെ സിംഹാസനത്തെയും അംഗീകരിക്കാം. എന്നാൽ പത്രോസിന്റെ സിംഹാസനത്തെ വിട്ടുള്ള വിശ്വാസം പറ്റില്ല” - മാർ ക്ലിമ്മീസ് പറഞ്ഞു.

സഭാ സമാധാനത്തിനുവേണ്ടി താനടക്കം പലരും ‘മുടക്കപ്പെട്ട’ കാതോലിക്കാ ബാവായുമായി സംസാരിച്ചിരുന്നു എങ്കിലും ഫലമുണ്ടായില്ലെന്നും മാർ ക്ലിമ്മീസ് വെളിപ്പെടുത്തി (മുടക്കപ്പെട്ടവരോട് സംസർഗ്ഗം പുലർത്തിയതിനാൽ മാർ ക്ലിമ്മീസിന്റെ സിദ്ധാന്തപ്രകാരം അദ്ദേഹവും സ്വയം മുടക്ക് ഏറ്റുവാങ്ങി.).

വീണ്ടും പിളർക്കരുത്

സുപ്രീംകോടതിയെയും നീതിന്യായ നടപടികളെയും അവഗണിച്ച് പുത്തൻകുരിശിൽ മലങ്കരസഭാ പള്ളിപ്രതിപുരുഷയോഗം ചിലർ വിളിച്ചു കൂട്ടിയതു സഭാവിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുവാനും സഭയെ പിളർക്കുവാനുമുള്ള ശ്രമത്തിന്റെ ഭാഗമാണെന്നു മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയത്തു പ്രസ്താവിച്ചു.

സുപ്രീംകോടതിയുടെ അവസാന തീർപ്പനുസരിച്ച് ഒരു സഭയും ഒരു ഭരണഘടനയുമേയുള്ളു. മലങ്കര മെത്രാപ്പോലീത്താ കൂടിയായ കിഴക്കിന്റെ കാതോലിക്കായാണ് മലങ്കരസഭയുടെ ആദ്ധ്യാത്മിക, ഭൗതിക തലവൻ. കാതോലിക്കോസ് അദ്ധ്യക്ഷനായുള്ള ഒരു സുന്നഹദോസ് മാത്രമേയുള്ളു. വസ്തുതകളും യാഥാർത്ഥ്യങ്ങളും മനസ്സിലാക്കി സഭാംഗങ്ങൾ ഒറ്റക്കെട്ടായി നിലകൊള്ളണമെന്നും വിഭാഗീയ പ്രവർത്തകരെ ഒറ്റപ്പെടുത്തി സമാധാനവും ഐക്യവും നിലനിർത്തണമെന്നും ബാവാ ഉദ്ബോധിപ്പിച്ചു.

പുത്തൻകുരിശിൽ നടന്ന യോഗം കോടതിയോടുള്ള അവഹേളനവും നീതിന്യായ നടപടികളിന്മേലുള്ള കൈകടത്തലുമാണ്. 1934-ലെ സഭാഭരണഘടനയോടുള്ള വെല്ലുവിളിയും ഭരണഘടനാനുസാരമുള്ള അധികാരികളെ അവഹേളിക്കലുമാണ്. ആ യോഗത്തിൽ എടുത്തതായി പറയുന്ന തീരുമാനങ്ങളൊന്നും ഇക്കാരണങ്ങളാൽ സഭയ്ക്ക് ഒരു തരത്തിലും ബാധകമല്ലെന്നു ബാവാ അറിയിച്ചു.

സഭയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന വിശ്വാസികൾ ഒറ്റക്കെട്ടായി നിന്ന് ഈ വെല്ലുവിളിയെ നേരിടണം. സഭാ ഭരണഘടനയോടു കൂറും വിധേയത്വവും പ്രഖ്യാപിച്ചിട്ടുള്ള തോമസ് മാർ ദീവന്നാസ്യോസ് വിഭാഗീയ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതു സങ്കടകരമാണ്. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും മാർഗ്ഗം അദ്ദേഹം സ്വീകരിക്കണമെന്നും ബാവാ അഭ്യർത്ഥിച്ചു.

(മനോരമ, 17-3-1999)

സുപ്രീംകോടതി വിധി അംഗീകരിച്ചു നടപ്പാക്കാൻ പാത്രിയർക്കീസ് പക്ഷം തയ്യാറായാൽ ആ നിമിഷം സഭയിൽ ശാശ്വത സമാധാനവും വൈകാരിക ഐക്യവും ഉണ്ടാകുമെന്ന് ഓർത്തഡോക്സ് സഭയിലെ നാലു മെത്രാപ്പോലീത്താമാർ കൊച്ചിയിൽ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി.

ദീർഘനാളത്തെ വ്യവഹാരത്തിന് അന്ത്യം കുറിച്ച് രാജ്യത്തിന്റെ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച അന്തിമ ഡിക്രിയും വിധിന്യായത്തിൽ വ്യക്തമാക്കിയിരിക്കുന്ന സഭാ ഭരണഘടനയും അംഗീകരിച്ചു നടപ്പാക്കി സമാധാനം യാഥാർത്ഥ്യമാക്കണമെന്നു പൗലോസ് മാർ മിലിത്തിയോസ് (കുന്നംകുളം), സക്കറിയാസ് മാർ അന്തോണിയോസ് (കൊച്ചി), പൗലോസ് മാർ പക്കോമിയോസ് (അങ്കമാലി, ഇടുക്കി), ഡോ. മാത്യൂസ് മാർ സേവേറിയോസ് (കണ്ടനാട്), ഭദ്രാസന സെക്രട്ടറിമാരായ ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പാ, ഫാ. ജോൺ തേനുങ്കൽ, ഫാ. ജോർജ് മറ്റം, ഫാ. സൈമൺ വാഴപ്പിള്ളി എന്നിവർ ആവശ്യപ്പെട്ടു.

കോടതിവിധിയിലോ ഭരണഘടനയിലോ ഇല്ലാത്ത എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡന്റ് സ്ഥാനം സ്വയം ഏറ്റെടുത്ത് കോടതി വിലക്കുകളും

വ്യവസ്ഥാപിത ഭരണക്രമങ്ങളും അവഗണിച്ച് 'മലങ്കരസഭാ പള്ളിപ്രതിപുരുഷയോഗ'മെന്ന പേരിൽ പുത്തൻകുരിശിൽ വിളിച്ചു കൂട്ടിയ യോഗവും യോഗ തീരുമാനങ്ങളും അതർഹിക്കുന്ന ഗൗരവത്തോടെ തള്ളിക്കളയാൻ പ്രസ്താവന സഭാംഗങ്ങളെ ആഹ്വാനം ചെയ്തു.

പ. കാതോലിക്കാ ബാവായെയും മെത്രാപ്പോലീത്താമാരെയും മുടക്കിക്കൊണ്ടു പ. പാത്രിയർക്കീസ് ബാവാ അയച്ചിരുന്ന കൽപ്പന അനധികൃതവും അസാധുവുമാണെന്നു സുപ്രീംകോടതി അസന്ദിഗ്ദമായി പ്രഖ്യാപിച്ചിരിക്കെ 'മെത്രാൻ കക്ഷിക്കാർ മുടക്കപ്പെട്ടവരാണ്. അവരോടു സംസർഗ്ഗം പുലർത്തുന്നവരും മുടക്കപ്പെട്ടവർ' എന്ന മാർ ക്ലിമ്മീസിന്റെ പ്രസ്താവന വിചിത്രവും കോടതി അലക്ഷ്യവുമാണ്.

പുത്തൻകുരിശ് യോഗം നിരോധിച്ചുകൊണ്ടുള്ള കോടതിയുടെ കൽപ്പന കൈപ്പറ്റാതിരുന്നതിനെ തുടർന്ന് അരമന വാതിക്കൽ പതിച്ച ഉത്തരവിനെക്കുറിച്ചു യാതൊന്നും അറിഞ്ഞുകൂടെന്നു യോഗത്തെ അറിയിച്ച മാർ ദീവന്നാസിയോസിന്റെ പ്രസ്താവന ഖേദകരമാണ്.

കൈയൂക്കുകൊണ്ട് എന്തുമാകാമെന്ന നീക്കത്തെ ചെറുത്തു നിയമവാഴ്ച ഉറപ്പുവരുത്താൻ സഭാമക്കൾ ഒറ്റക്കെട്ടായി ദൈവാശ്രയബോധത്തോടെ പ്രവർത്തിക്കണമെന്നു പ്രസ്താവന ആഹ്വാനം ചെയ്തു.

യോഗവും ഇലക്ഷനും നിയമ വിരുദ്ധം: കോടതി

1999 മാർച്ച് 15-നു പുത്തൻകുരിശിൽ നടന്ന യാക്കോബായ സുറിയാനി സഭയുടെ പള്ളി പ്രതിപുരുഷയോഗവും അവിടെ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളും നിയമവിരുദ്ധമാണെന്ന് സബ്കോടതി വിധിച്ചു. മെത്രാപ്പോലീത്തൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, വൈദിക കോ-ട്രസ്റ്റി എന്നീ സ്ഥാനങ്ങൾ ഒഴികെ മറ്റ് സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ തൽസ്ഥാനങ്ങളിൽ തുടരുന്നത് സബ് ജഡ്ജി പി. ജി. ജേക്കബ് വിലക്കിയിട്ടുണ്ട്. ഈ പദവികളുടെ കാര്യത്തിൽ യോഗത്തിനു മുമ്പുള്ള സ്ഥിതി തുടരണം. കുര്യാക്കോസ് ചേന്നക്കാടൻ, ജോർജ് പോത്തൻ പൂതിയോട്ട് എന്നിവർ നൽകിയ ഹർജിയിലാണ് ഈ വിധി.

മെത്രാപ്പോലീത്തൻ - വൈദിക ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പ് ഹർജിക്കാരെ നേരിട്ട് ബാധിക്കാത്തതുകൊണ്ടാണ് ആ സ്ഥാനങ്ങൾ കോടതി ഒഴിവാക്കിയത്. ഹർജിക്കാർ ഈ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യരല്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. അതിനാൽ അവർക്ക് അപരിഹാര്യമായ നഷ്ടമുണ്ടായെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്.

സബ്കോടതി ഈ ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി ആദ്യം സ്റ്റേ

ചെയ്തിരുന്നു. പിന്നീട് ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ചാണ് സബ് കോടതി വാദം കേട്ട് തീർപ്പ് കൽപ്പിച്ചത്.

യോഗം വിളിച്ചു ചേർത്ത കോതമംഗലം തോമസ് മാർ ദീവന്നാസ്യോസ് 1934-ലെ ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. അതിനാൽ സുപ്രീംകോടതി വിധിയനുസരിച്ച് അദ്ദേഹത്തിന് അങ്കമാലി മെത്രാപ്പോലീത്താ എന്ന നിലയിൽ മാത്രമേ സ്റ്റാറ്റസ്കോയുള്ളു. അതിനുപരിയായി അദ്ദേഹം ഏറ്റെടുത്ത സ്ഥാനവും ആ അധികാരമുപയോഗിച്ച് വിളിച്ചുചേർത്ത യോഗവും നിയമവിരുദ്ധമാണെന്നതായിരുന്നു ഹർജിക്കാരുടെ വാദം. ഈ വാദം കോടതി അംഗീകരിച്ചു.

നിയമവിരുദ്ധമായി ചേർന്ന യോഗം ഹർജിക്കാർക്ക് അപരിഹാര്യമായ നഷ്ടമുണ്ടാക്കുന്ന തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്ന് കോടതി പറഞ്ഞു. അതിനാൽ യോഗത്തിൽ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളും നിയമവിരുദ്ധമാണ്. അത്മായ ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പ് ഹർജിക്കാർക്ക് അപരിഹാര്യമായ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. പുത്തൻകുരിശ് യോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരെ വിലക്കുന്നത് പാത്രിയർക്കീസ് പക്ഷത്തിന് നഷ്ടമുണ്ടാക്കില്ല. കാരണം നേരത്തെ തെരഞ്ഞെടുക്കപ്പെട്ടവർ ആ പദവികളിലെല്ലാം തുടർന്നു വരികയായിരുന്നു. സുപ്രീംകോടതി വിധിയനുസരിച്ച് അവർ പുതിയ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പു വരെ തുടരുകയാണ് വേണ്ടത്, കോടതി പറഞ്ഞു.

(മനോരമ, 15-4-1999)

ശബരിമലയിൽ തിരക്കു മൂലം കഴിഞ്ഞ ജനുവരി 14-നു മണ്ണിടിഞ്ഞു 53 അയ്യപ്പഭക്തന്മാർ മരിക്കുകയും പലർക്കും പരുക്കു പറ്റുകയും ചെയ്തു. പരുക്കേറ്റവരെ മറ്റു പരിപാടികൾ റദ്ദു ചെയ്തുകൊണ്ട് പ. ബാവാ പത്തനംതിട്ട ആശുപത്രിയിൽ എത്തി സന്ദർശിക്കുകയും ആശ്വാസം പകരുകയും ചെയ്തപ്പോൾ അദ്ദേഹം സകല മതവിശ്വാസികളുടെയും നിറഞ്ഞ ആദരവും അഭിനന്ദനവും ആർജ്ജിക്കുകയായിരുന്നു. ശിലാഹൃദയരും മതതീവ്രവാദികളുമായ ബി.ജെ.പി. ക്കാരെപ്പോലും ബാവായുടെ സന്ദർശനം പിടിച്ചു കുലുക്കി. ക്രൈസ്തവ സ്നേഹപ്രകടനം കടലാസിൽ ഒതുങ്ങി നിൽക്കുന്നതല്ലെന്നും അസഹ്യമായ വേദനപോലും അപഹരിക്കുന്നതാണെന്നും പരുക്കേറ്റവർക്കും മനസ്സിലായി.

സുപ്രീംകോടതി ഡിക്രി: തർക്കങ്ങളും വസ്തുതയും

രണ്ടാം സമുദായക്കേസ് ഡിക്രിയിൽ സുപ്രീംകോടതി അക്കമിട്ടു പറഞ്ഞ പ്രഖ്യാപനങ്ങൾ താഴെപ്പറയുന്നപ്രകാരം സംഗ്രഹിക്കാം:

1. കാനോൻ സംബന്ധിച്ച തർക്കത്തിന്റെ പ്രസക്തി പന്നീടുണ്ടായ സംഭവ വികാസങ്ങളുടെയും അവയുടെ ഫലങ്ങളുടെയും വെളിച്ചത്തിൽ നഷ്ടപ്പെട്ടിട്ടുള്ളതാണ്.

2. ഈ കേസിലെ പ്രതികൾക്ക് (പാത്രിയർക്കീസ് വിഭാഗത്തിന്) സുപ്രീംകോടതിയുടെ 1958-ലെ സമുദായക്കേസ് വിധിക്കുശേഷമുള്ള നടപടികളുടെയും പെരുമാറ്റത്തിന്റെയും അടിസ്ഥാനത്തിൽ, കാതോലിക്കേറ്റിന്റെ പുനരുദ്ധാരണത്തിന്റെയോ എ-14 അക്ക പ്രമാണത്തിന്റെയോ (1912-ൽ അബ്ദേദ് മിശിഹാ പാത്രിയർക്കീസ് കാതോലിക്കേറ്റു പുനരുദ്ധരിച്ചതിനോടു ബന്ധപ്പെട്ടു പുറപ്പെടുവിച്ച കൽപന) സാധുത ചോദ്യം ചെയ്യത്തക്കതല്ല.

3. മലങ്കരസഭയിൽ മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും മറ്റ് ആത്മീയ കാര്യങ്ങൾ നടത്തുന്നതിനുമുള്ള അധികാരം കാതോലിക്കോസിനു നൽകുകയാൽ, പാത്രിയർക്കീസ് അതുവരെ കൈകാര്യം ചെയ്തുകൊണ്ടിരുന്ന മേൽപറഞ്ഞ അധികാരങ്ങൾ അദ്ദേഹത്തിനു പൂർണ്ണമായും നഷ്പ്പെട്ടിട്ടില്ലായിരിക്കാം. എന്നാൽ ഇന്ത്യയിൽ മേൽപറഞ്ഞ അധികാരങ്ങളോടു കൂടിയ ഒരു കേന്ദ്രം, പാത്രിയർക്കീസ് സ്വയം സ്ഥാപിച്ചതിനുശേഷം അദ്ദേഹത്തിന് ആ അധികാരങ്ങൾ ഏകപക്ഷീയമായി, അതായതു കാതോലിക്കോസിനോടാലോചിക്കാതെ, നടപ്പാക്കാൻ കഴിയില്ലായെന്നു വിധിക്കുന്നതു യുക്തിസഹമാകുന്നു. കാതോലിക്കോസിനോടാലോചിച്ചു മാത്രമേ അദ്ദേഹത്തിനു മേൽപറഞ്ഞ അധികാരങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കൂ. മെത്രാപ്പോലീത്തായായോ മലങ്കര മെത്രാപ്പോലീത്തായായോ നിയമിക്കപ്പെടുന്നയാൾ, സെമിനാരി കേസിൽ ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതുപോലെ, ജനങ്ങളാൽ സ്വീകരിക്കപ്പെട്ടിരിക്കണം. മെത്രാപ്പോലീത്താമാരെ വാഴിക്കുവാനുള്ള പാത്രിയർക്കീസിന്റെ അധികാരം ഇപ്പോൾ 1934-ലെ ഭരണഘടനയ്ക്കു വിധേയമാണ്.

4. കാതോലിക്കേറ്റിന്റെ പുനരുദ്ധാരണത്താലും എ-14 അക്കം കൽപന നൽകിയതിനാലും 1934-ലെ ഭരണഘടന സ്വീകരിച്ചതിനാലും (താഴെ രേഖപ്പെടുത്തിയിട്ടുള്ളതാണ്) പാത്രിയർക്കീസിന്റെ അധികാരം അസ്തമനാവസ്ഥയിലേക്കെത്തിച്ചേർന്നേക്കാം. എങ്കിലും മലങ്കരസഭ ഒരു വിഭാഗമായിരിക്കുന്ന സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി അദ്ദേഹം തുടരുന്നു. ആത്മീ

യമായി കാതോലിക്കോസിനുപരിയായ സ്ഥാനമാണു പാത്രിയർക്കീസിനുള്ളത്. എന്നിരുന്നാലും മലങ്കരസഭയുടെമേലോ അതിന്റെ വസ്തുക്കളിന്മേലോ യാതൊരു ഭൗതികാധികാരവും പാത്രിയർക്കീസിനില്ല; ഒരിക്കലുമുണ്ടായിരുന്നിട്ടുമില്ല.

5. പാത്രിയർക്കീസിനാൽത്തന്നെ 1876-ൽ മുളന്തുരുത്തി സുന്നഹദോസിലെ തീരുമാനപ്രകാരം സ്ഥാപിതമായ മലങ്കര അസോസിയേഷന്റെ 1934-ൽ സാധുവായി വിളിച്ചു കൂടപ്പെട്ട യോഗത്തിലാണു 1934-ലെ ഭരണഘടന അംഗീകരിച്ചത്. പാത്രിയർക്കീസിന്റെയും അനുയായികളുടെയും സുപ്രീംകോടതിയുടെ 1958-ലെ വിധിക്കുശേഷമുള്ള നടപടികളുടെയും പെരുമാറ്റത്തിന്റെയും അടിസ്ഥാനത്തിൽ പാത്രിയർക്കീസ് വിഭാഗത്തിനു ഭരണഘടനയുടെ ന്യായയുക്തതയേയോ സാധുതയേയോ ചോദ്യം ചെയ്യാൻ കഴിയുന്നതല്ല.

6. കാതോലിക്കേറ്റിന്റെ പുനരുദ്ധാരണവും എ-14 അക്കം കൽപനയും 1934-ലെ സഭാഭരണഘടനയും സമുദായക്കേസിൽ ഇരുവിഭാഗങ്ങളും നിരത്തിയ വിവിധ അവകാശവാദങ്ങളും തർക്കങ്ങളും സുപ്രീംകോടതിയുടെ 1958-ലെ വിധിയും പൂർണ്ണമായി അറിഞ്ഞുകൊണ്ടു തന്നെയാണ് എ-19 അക്കം കൽപന (1958-ലെ സ്വീകരണ കൽപന) യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് പുറപ്പെടുവിച്ചത്. അതിനാൽ, പാത്രിയർക്കീസ്, കാതോലിക്കേറ്റിന്റെ പുനരുദ്ധാരണം 1934-ലെ ഭരണഘടന എന്നിവയുടെ സാധുത പൂർണ്ണമായും സ്വീകരിച്ചിരിക്കുന്നുവെന്നും അതിന്മേലുള്ള സകല എതിർപ്പുകളും ഉപേക്ഷിച്ചിരിക്കുന്നുവെന്നും തീർപ്പു കൈക്കൊള്ളേണ്ടിയിരിക്കുന്നു. പ്രതികളിൽ ചിലരുൾപ്പെടെ പാത്രിയർക്കീസ് ഭാഗത്തുള്ള പലരും ഭരണഘടന സ്വീകരിക്കുകയും അതിനു കീഴ്പ്പെട്ടു നിന്നുകൊള്ളാമെന്നു പ്രതിജ്ഞയെടുക്കുകയും ചെയ്തു. ഇപ്പോൾ അവർക്കു മറുപാടു തിരിയുവാനോ അതിനെ ചോദ്യം ചെയ്യുവാനോ സാദ്ധ്യമല്ല.

7. കാതോലിക്കോസുപയോഗിച്ച സ്ഥാനപദങ്ങൾക്കെതിരായി ("പരി ശുദ്ധ"യെന്നു കാതോലിക്കോസിന്റെ പേരിനോടു ചേർത്തുപയോഗിച്ചത്) "കിഴക്ക് പ. മാർത്തോമ്മായുടെ സിംഹാസനത്തിലാരൂഢനായിരിക്കുന്നു" വെന്നു പ്രയോഗിച്ചതും ഉദാഹരണം) പാത്രിയർക്കീസ് എതിർപ്പുന്നയിച്ചുവെങ്കിലും മലങ്കര സുന്നഹദോസിന്റെ കാനോനികമായ ക്ഷണം സ്വീകരിച്ച് ഇന്ത്യയിലേക്കു വന്ന് 1964 മെയ് 22-ാം തീയതി പുതിയ കാതോലിക്കായെ വാഴിച്ചതിനാൽ പാത്രിയർക്കീസ്, ഇതു സംബന്ധിച്ച എതിർപ്പുകൾ പരിത്യജിച്ചതായി പരിഗണിക്കേണ്ടതാണ്. കാതോലിക്കാ വാഴ്ചയ്ക്കു തലേദിവസം കാതോലിക്കേറ്റിന്റെ ഭൂമിശാസ്ത്രപരമായ അധികാരപരിധി വ്യക്തമായി നിർവ്വഹിക്കുകയും മദ്ധ്യപൂർവ്വപ്രദേശത്തെ ചില പ്രദേശങ്ങൾ കാതോലിക്കായുടെ അധികാരത്തിൽ നിന്നൊഴിവാക്കി അധികാരസീമ പുതുക്കി നിർണ്ണയിക്കുകയും ചെയ്തുവെന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

8. എപ്പിസ്കോപ്പൽ സ്വഭാവത്തെപ്പറ്റിയുള്ള പ്രഖ്യാപനത്തെ സംബന്ധിച്ചിടത്തോളം മലങ്കരസഭ 1934-ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളത്ര എപ്പിസ്കോപ്പലാണെന്നു മാത്രമേ വിധിക്കേണ്ടതുള്ളു. മുകളിൽ പറഞ്ഞ ഭരണഘടന ഇടവകപ്പള്ളിക്കാര്യങ്ങളേയും നിയന്ത്രിക്കുന്നതും (ഭരിക്കുന്നതും) പ്രാബല്യത്തോടെ നിലനിൽക്കുന്നതുമാണ്.

9. പാത്രിയർക്കീസും ആകമാന സുന്നഹദോസും കാതോലിക്കോസിനെ മുടക്കിയിട്ടുള്ളത്, അതിനു നിദാനമായിരിക്കുന്ന കാരണങ്ങളും ആരോപണങ്ങളും അനുവദനീയവും സംഗതവുമല്ലായെന്ന കാരണത്താൽ, അസാധുവാണ്. 1972 മുതൽ 1975 വരെയുള്ള കാലഘട്ടത്തിൽ കാതോലിക്കോസും പാത്രിയർക്കീസും നടത്തിയ കത്തിടപാടുകൾക്കു മുമ്പ്, മലങ്കരസഭയുടെ മേൽ പാത്രിയർക്കീസ് അനുഭവിച്ചുപോന്ന ആത്മീയ മേൽക്കോയ്മ (അദ്ദേഹത്തിന്റെ ആരോപണങ്ങളാലും പ്രഖ്യാപനങ്ങളാലും) നഷ്ടപ്പെട്ടുവെന്നു കരുതാവുന്നതല്ല. മലങ്കരയിൽ പാത്രിയർക്കീസിന്റെ ആത്മീയ മേൽക്കോയ്മ 1934-ലെ ഭരണഘടനയിൽ പറയുന്നതാണ്.

10. മലങ്കരസഭയുടെ പൊതുസ്വത്തുക്കൾ സുപ്രീംകോടതിയുടെ 1958-ലെ വിധിയിൽ പ്രഖ്യാപിച്ചിരിക്കുന്നതുപോലെ മലങ്കര മെത്രാപ്പോലീത്തായിലും മറ്റും നിക്ഷിപ്തമായിരിക്കും.

ഇടവകപ്പള്ളികൾ:

ഇടവകപ്പള്ളികളെ സംബന്ധിച്ച സുപ്രീംകോടതി വിധിന്യായത്തിലെ താഴെപ്പറയുന്ന പ്രഖ്യാപനം ഡിക്രിയുടെ ഭാഗമായി ചേർത്തിട്ടുള്ളതാണ്:

"എന്നാൽ ഞങ്ങളുടെ അഭിപ്രായത്തിൽ, ഇടവകപ്പള്ളികളുടെ അഭാവത്തിൽ അവയുടെ അവകാശങ്ങളെ ബാധിക്കത്തക്കവിധം ഒരു പ്രഖ്യാപനം നൽകത്തക്കതല്ല. അതുപോലെ മലങ്കരയിലെ ഇടവകപ്പള്ളികളുടെ വസ്തുക്കൾ കാതോലിക്കായിലോ മലങ്കര മെത്രാപ്പോലീത്തായിലോ ഇടവക മെത്രാപ്പോലീത്തായിലോ നിക്ഷിപ്തമായിരിക്കുമെന്നു പ്രഖ്യാപിക്കത്തക്കതുമല്ല. യഥാർത്ഥത്തിൽ അപ്രകാരമുള്ള വ്യക്തമായ നിവൃത്തി ഈ കേസിൽ ചോദിച്ചിട്ടില്ല. എന്നാൽ എപ്പിസ്കോപ്പൽ സ്വഭാവമെന്ന പ്രഖ്യാപനംകൊണ്ട് പള്ളികളുടെ സ്വത്തുക്കളും അവയുടെ നിയന്ത്രണവും മലങ്കര മെത്രാപ്പോലീത്തായിലോ ഇടവക മെത്രാപ്പോലീത്തായിലോ നിക്ഷിപ്തമാകുമെന്നാണർത്ഥമാക്കുന്നതെങ്കിൽ ബന്ധപ്പെട്ട കക്ഷികളെ, കക്ഷി ചേർക്കാതെ വാദികൾക്ക് അത്തരത്തിലുള്ള പ്രഖ്യാപനം അവകാശപ്പെടത്തക്കതല്ല. .... ഇത്തരത്തിലുള്ള അന്യായ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ഇടവകപ്പള്ളിക്കാര്യങ്ങളും 1934-ലെ ഭരണഘടന വ്യവസ്ഥ ചെയ്യുന്നിടത്തോളം, അതിൻപ്രകാരം ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യേണ്ടതാണെന്നു മാത്രമേ രേഖപ്പെടുത്തേണ്ടതുള്ളു."

ക്നാനായ സമുദായം

ക്നാനായ സമുദായത്തെ സംബന്ധിച്ച താഴെപ്പറയുന്ന പ്രഖ്യാപനവും സുപ്രീംകോടതി ഡിക്രിയുടെ ഭാഗമാണ്:

“അപ്പീൽവാദികളുടെയും അപ്പീൽപ്രതികളുടെയും പണ്ഡിതരായ അഭിഭാഷകരുടെ വാദം കേട്ടശേഷവും അവർ എഴുതി നൽകിയ സമർപ്പണങ്ങൾ പരിശോധിച്ചശേഷവും ഞങ്ങളുടെ അഭിപ്രായം ഡിവിഷൻ ബഞ്ചിന്റെ (കേരള ഹൈക്കോടതിയുടെ) തീർപ്പു പ്രത്യേക ഭേദഗതിയോടെ ശരിവയ്ക്കണമെന്നാണ്. ഒരു കൂട്ടം ആളുകൾ തങ്ങൾ പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരത്തിൽ വിശ്വസിക്കുന്നുവെന്നു പറയുകയും അതവരുടെ വിശ്വാസപ്രമാണമായിരിക്കുകയും ചെയ്യുമ്പോൾ കോടതിയ്ക്ക്, ‘അതു പാടില്ല, നിങ്ങളുടെ ആത്മീയ മേലധികാരി കാതോലിക്കോസാണ്’ എന്നു പറയുവാൻ സാദ്ധ്യമല്ലാത്തതിനാലാണ് ഭേദഗതി ആവശ്യമായിരിക്കുന്നത് (ഇന്ത്യൻ) ഭരണഘടനയുടെ 25-ാം അനുച്ഛേദം നൽകുന്ന പരിരക്ഷയും പരിഗണിക്കേണ്ടതാണ്. ഡിവിഷൻ ബഞ്ചിന്റെ തീർപ്പ് പാത്രിയർക്കീസിന്റെ സ്ഥാനത്തിനു യാതൊരു വ്യത്യാസവും വരുത്തുന്നതല്ല. കാതോലിക്കോസ് ക്നാനായ സമുദായത്തിന്റെ ആത്മീയ മേലധികാരിയാണെന്നു പ്രഖ്യാപിച്ചിട്ടുണ്ടെന്നു പറയുക മാത്രമാണു ചെയ്യുന്നത്. പിന്നീട് പറയുന്നത്, ലൗകികകാര്യങ്ങളിൽ, 1934-ലെ മലങ്കര അസോസിയേഷന്റെ ഭരണഘടന, ഇരു ഭരണഘടനകളും പൊരുത്തപ്പെടുന്നതുവരെ ക്നാനായ ഭരണഘടനയ്ക്കു വിധേയമായി മാത്രം നടപ്പാക്കണമെന്നതാണ്. ഈ കേസിന്റെ എല്ലാ വസ്തുതകളും സാഹചര്യങ്ങളും വച്ചുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചാൽ മതിയാകും.

19-ാം പ്രതി (ക്നാനായ സമുദായം) തങ്ങളുടെ പ്രവർത്തനവും പെരുമാറ്റവും മൂലം തങ്ങൾ സഭയിലെ ഒരവിഭാജ്യഘടകമാണെന്ന നില കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം, 1934-ലെ മലങ്കരസഭാ ഭരണഘടന അവരെ ഭരിക്കുന്നതാണ്. എന്നാൽ ക്നാനായ സമുദായം മറിച്ചു തീരുമാനിക്കുന്നതുവരെ ക്നാനായ ഭരണഘടനയ്ക്കു വിധേയമായിരിക്കുമത്.”

ഭരണഘടനാ ഭേദഗതി

കേസിലെ ഇരുഭാഗത്തിന്റെയും നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം 1934-ലെ ഭരണഘടനയുടെ 71-ഉം 46-ഉം വകുപ്പുകൾ സുപ്രീംകോടതി ഭേദഗതി ചെയ്തു. ഓരോ പള്ളിയിടവകയിലെയും ഇടവകാംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാതിനിധ്യത്തോടെ, കൂടുതൽ ജനാധിപത്യപരമായി, മലങ്കര അസോസിയേഷനും മെത്രാസന ഇടവകയോഗവും രൂപവൽക്കരിക്കുന്നതിലേക്കാണ് സുപ്രീംകോടതി ഈ വകുപ്പുകൾ ഭേദഗതി ചെയ്തത്. ഇതും സുപ്രീംകോടതി ഡിക്രിയുടെ ഭാഗമായി ചേർത്തു.

സഭാഭരണഘടനയോടുള്ള പ്രഖ്യാപനം

1971-നു ശേഷമുള്ള 'ചില ഔദ്യോഗിക സ്ഥാനികൾ' അവരുടെ സ്ഥാനങ്ങളിൽ തുടരണമോയെന്ന്, സുപ്രീംകോടതി ഭേദഗതി ചെയ്ത ഭരണഘടനാവകുപ്പ്പ്രകാരം വിളിച്ചുചേർക്കുന്ന മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി തീരുമാനം ചെയ്യുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചു. അതുവരെ 'തൽസ്ഥിതി' തുടരുവാനും കോടതി ഉത്തരവായി. എന്നാൽ ഈ വ്യവസ്ഥ ഭരണഘടനയോടു കൂറുപ്രഖ്യാപിക്കുന്നവർക്കു മാത്രമായിരിക്കുമെന്നു സുപ്രീംകോടതി ഡിക്രിയിൽ പ്രത്യേകം നിഷ്കർഷിച്ചു.

തുടർന്ന് സുപ്രീംകോടതി ഡിക്രിയിൽ താഴെപ്പറയുന്നപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ഈ അപ്പീലിനടിസ്ഥാനമായ കേരള ഹൈക്കോടതി ഡിക്രി മേൽവിവരിച്ചിട്ടുള്ളിടത്തോളം ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു."

സുപ്രീംകോടതി ഡിക്രിയും മെത്രാപ്പോലീത്താമാർക്കെതിരെയുള്ള നിരോധനവും

കേരള ഹൈക്കോടതി ഡിക്രിയിൽ, പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്താമാരുടെ വാഴ്ച നിയമാനുസൃതമല്ലെന്നു പ്രഖ്യാപിച്ചു. അവരെ നിരോധിച്ചുത്തരവുണ്ടാകുകയും ചെയ്തു. ഈ നിരോധന ഉത്തരവ് സുപ്രീംകോടതി ഭേദഗതി ചെയ്തിട്ടില്ലെന്നതാണു രണ്ടാം സമുദായക്കേസ് വിധിയിലെ മർമ്മപ്രധാനമായ സംഗതി. എന്നാൽ സഭയിലെ 'ചില ഔദ്യോഗിക സ്ഥാനികൾക്ക്' പുതുതായി രൂപവൽക്കരിക്കുന്ന മാനേജിംഗ് കമ്മിറ്റി, തീരുമാനം കൈക്കൊള്ളുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാമെന്ന സുപ്രീംകോടതിയുടെ 25-3-1996-ലെ ഉത്തരവിന്റെ ആനുകൂല്യത്തിനു തങ്ങളും അർഹരാണെന്നാണ് പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്താമാർ അവകാശപ്പെട്ടിരുന്നത്. ഇവരുടെ വാഴ്ച സംബന്ധിച്ചു കോടതി വ്യക്തമായ തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിൽ ഇവർ ഈ ഉത്തരവിന്റെ ആനുകൂല്യത്തിനർഹരല്ലെന്നത് വ്യക്തമാണ്.

സഭയ്ക്കുള്ളിൽ രണ്ടു വിഭാഗമെന്ന വാദം

സുപ്രീംകോടതി വിധിപ്രകാരം പുതുതായി രൂപവൽക്കരിക്കുന്ന മാനേജിംഗ് കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊള്ളുന്നതുവരെയും രണ്ടു വിഭാഗങ്ങളിലായി നിലകൊള്ളുവാനാണ് 25-3-1996-ലെ ഉത്തരവു മുഖേന സുപ്രീംകോടതി നിർദ്ദേശിച്ചതെന്ന് പാത്രിയർക്കീസ് വിഭാഗം തർക്കിച്ചു. കാതോലിക്കോസിനോ ഭരണഘടനയ്ക്കോ പാത്രിയർക്കീസ് വിഭാഗം കീഴ്പ്പെടേണ്ടതില്ലെന്നും ഇവർ വാദിച്ചു. എന്നാൽ 5-2-1997-ലെ ഉത്തരവിൽ, എല്ലാ സ്ഥാനികളേയും സഭാഭരണഘടന ബന്ധിക്കുന്നതാണെന്നും ഭരണഘടനയോടു കൂറു

പ്രഖ്യാപിക്കുന്നവർക്കു മാത്രമേ സഭയിലെ സ്ഥാനങ്ങൾ വഹിക്കുവാൻ സാധിക്കൂ എന്നും പ്രഖ്യാപിച്ചതിനാൽ ഇതു സംബന്ധിച്ച തർക്കങ്ങൾ അപ്രസക്തമായി.

1934-ലെ ഭരണഘടന പാത്രിയർക്കീസിനെ പൂർണ്ണമായും ഒഴിവാക്കി രൂപം കൊടുത്തിട്ടുള്ളതാണെന്ന നിലപാടായിരുന്നു ഒന്നും രണ്ടും സമുദായക്കേസുകളിൽ പാത്രിയർക്കീസ് വിഭാഗം കൈക്കൊണ്ടത്. സഭാഭരണഘടന മലങ്കര മെത്രാപ്പോലീത്തായെ സർവ്വാധിപതിയാക്കിയിരിക്കുകയാണെന്ന് പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്താമാർ രണ്ടാം സമുദായക്കേസിൽ എഴുതി ബോധിപ്പിച്ച തർക്കങ്ങളിൽ ആരോപിച്ചിരുന്നതുമാണ്.

സുപ്രീംകോടതിയുടെ 5-2-1997-ലെ ഉത്തരവിനുശേഷവും പാത്രിയർക്കീസ് വിഭാഗത്തിലുള്ള ചില മെത്രാപ്പോലീത്താമാർ, തങ്ങൾ 1934-ലെ ഭരണഘടനയെയോ അതിൽ പറയുന്ന കാതോലിക്കോസിനെയോ അംഗീകരിക്കുന്നില്ലെന്നു പറഞ്ഞ് സഭാംഗങ്ങളുടെയിടയിൽ പ്രസംഗിച്ചു നടന്നു. എന്നാൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ദീവന്നാസിയോസ് എന്നിവരുൾപ്പെടെയുള്ള പല പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്താമാരും 1934-ലെ ഭരണഘടനയോടു കൂറും വിധേയത്വവും പ്രഖ്യാപിക്കുന്നതായി വിവിധ കേസുകളിൽ സത്യവാങ്മൂലം എഴുതി കോടതിയിൽ ബോധിപ്പിച്ചു.

പാത്രിയർക്കീസിന്റെ പരമാദ്ധ്യക്ഷത

അന്ത്യോഖ്യാ പാത്രിയർക്കീസ് സഭയുടെ പരമാദ്ധ്യക്ഷനാണെന്നു സുപ്രീംകോടതി വിധിച്ചുവെന്നും ആ നിലയിൽ പാത്രിയർക്കീസിനു മലങ്കരസഭയിൽ സജീവമായ അധികാരമുണ്ടെന്നുമായിരുന്നു പാത്രിയർക്കീസ് വിഭാഗം ഉയർത്തിയ മറ്റു ചില തർക്കങ്ങൾ.

മെത്രാപ്പോലീത്താമാരെ വാഴിക്കുവാനുള്ള പാത്രിയർക്കീസിന്റെ അധികാരം 1934-ലെ ഭരണഘടനയ്ക്കു വിധേയമാണെന്നു സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. പാത്രിയർക്കീസിനുള്ള മറ്റധികാരങ്ങളും (അവ ഉണ്ടായിരുന്നാൽ തന്നെ) കാതോലിക്കോസിനോടാലോചിച്ചു മാത്രമേ പ്രാവർത്തികമാക്കുവാൻ സാധിക്കൂ എന്നും കോടതി വിധിച്ചു.

പാത്രിയർക്കീസിന്റെ അധികാരങ്ങൾ അസ്തമനാവസ്ഥയിലേക്കെത്തിച്ചേർന്നേക്കാമെന്ന സന്ദേഹം വീണ്ടും രേഖപ്പെടുത്തിയശേഷം, മലങ്കരസഭ ഒരു വിഭാഗമായിരിക്കുന്ന സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി പാത്രിയർക്കീസ് തുടരുന്നുവെന്നും അദ്ദേഹം കാതോലിക്കോസിനേക്കാളുയർന്ന ആത്മീയ തലവനായി നിലകൊള്ളുന്നുവെന്നും 1934-ലെ ഭരണഘടന പാത്രിയർക്കീസിനെയും പാത്രിയർക്കീസ് വിഭാഗത്തെയും ബന്ധിക്കുന്നതാണെന്നും പ്രഖ്യാപിച്ചതിനാൽ ഇതു സംബന്ധിച്ച സുപ്രീംകോടതി വിധി

ദുർഗ്രാഹ്യമല്ല. എങ്കിലും, 1934-ലെ ഭരണഘടനയുടെ ഒന്നാം വകുപ്പിലും ഭരണഘടനയുടെ അഞ്ചാം വകുപ്പിൽ പറയുന്ന കാനോനിലും രേഖപ്പെടുത്തിയിരിക്കുന്നതിലുപരിയായ സ്ഥാനവും അധികാരവും പാത്രിയർക്കീസിനു സുപ്രീംകോടതി വിധിയിൽ നൽകിയിട്ടുണ്ടെന്നു പാത്രിയർക്കീസ് പക്ഷം അവകാശപ്പെട്ടു. ഈ വാദമുന്നയിച്ചുകൊണ്ട് സഭയിലെ ഔദ്യോഗിക സ്ഥാനികൾ അന്ത്യോക്യാ പാത്രിയർക്കീസ് മുമ്പാകെ കൂറും വിധേയത്വവും പ്രഖ്യാപിച്ചു പ്രതിജ്ഞ ചെയ്യണമെന്നു പാത്രിയർക്കീസ് വിഭാഗം അവകാശപ്പെട്ടു. എന്നാൽ, ഇക്കാര്യത്തിലേക്ക് നിർദ്ദേശമുണ്ടാകണമെന്നു കാണിച്ച് പാത്രിയർക്കീസ് വിഭാഗം സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത ഹർജി, 5-5-1999-ൽ കോടതി പരിഗണിച്ചപ്പോൾ, ഇരുവിഭാഗത്തെയും വാദം പൂർത്തിയായശേഷം, പാത്രിയർക്കീസ് വിഭാഗം അഭിഭാഷകൻ പിൻവലിച്ചു.

ഇടവകപ്പള്ളികളുടെ നിലയും മാർത്തോമ്മായുടെ സിംഹാസനവും

ഇടവകപ്പള്ളികൾ സ്വതന്ത്ര ഘടകങ്ങളാണെന്നു സുപ്രീംകോടതി കണ്ടെത്തിയെന്നും മാർത്തോമ്മായുടെ സിംഹാസനം കേവലമൊരു സ്ഥാനപദം മാത്രമാണെന്നു സുപ്രീംകോടതി രേഖപ്പെടുത്തിയെന്നും പാത്രിയർക്കീസ് വിഭാഗം അവകാശപ്പെട്ടു.

മലങ്കരസഭ 1934-ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളിടത്തോളം എപ്പിസ്കോപ്പൽ സ്വഭാവമുള്ളതാണെന്നും 1934-ലെ ഭരണഘടന ഇടവകപ്പള്ളിക്കാര്യങ്ങളിലും പ്രാബല്യത്തോടെ നിലനിൽക്കുമെന്നും സുപ്രീംകോടതി വിധിച്ചിട്ടുണ്ടെങ്കിലും ഇടവകപ്പള്ളികളുടെ അഭാവത്തിൽ ഒരു പ്രഖ്യാപനം നൽകത്തക്കതല്ലെന്ന സുപ്രീംകോടതിയുടെ പരാമർശം പാത്രിയർക്കീസ് വിഭാഗം അവരുടെ തർക്കവാദങ്ങളിലുയർത്തിക്കാട്ടി. ഇടവകപ്പള്ളികളുടെ സ്വത്തുക്കൾ അല്ലെങ്കിൽ ഉടമസ്ഥത സംബന്ധിച്ചു മാത്രമാണ് ഇപ്രകാരം പ്രഖ്യാപിച്ചതെന്നും പള്ളികളുടെ ഭരണം സംബന്ധിച്ചു സുപ്രീംകോടതി വ്യക്തമായ തീർപ്പു കൽപ്പിച്ചുവെന്നുമുള്ള വസ്തുത അംഗീകരിക്കാൻ പാത്രിയർക്കീസ് പക്ഷത്തെ ഒരു വിഭാഗം തയ്യാറായിരുന്നില്ല.

ശ്ലീഹന്മാരുടെ സിംഹാസനം സംബന്ധിച്ചു സുപ്രീംകോടതി ഇപ്രകാരമാണു പ്രഖ്യാപിച്ചിട്ടുള്ളത്.

"യഥാർത്ഥത്തിൽ ഒരു അപ്പോസ്തോലനും ഒരു സിംഹാസനവും ഒരിടത്തും സ്ഥാപിച്ചിട്ടില്ല. ഇതൊരു സ്ഥാനപദം മാത്രമാണ്."

സുപ്രീംകോടതി വിധിയുടെ മറ്റൊരു ഭാഗത്തു മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഒരു സ്ഥാനപദമാണെന്നു പറഞ്ഞിട്ടുള്ളതിനെ മാത്രം ഉയർത്തിപ്പിടിച്ചായിരുന്നു ഇതു സംബന്ധിച്ചു വാദങ്ങളുന്നയിച്ചത്.

അനുരഞ്ജനശ്രമം

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മലങ്കരസഭയിലെ ഇരുവിഭാഗത്തിന്റെയും പ്രതിനിധികൾ ചേർന്ന് ഒരു അനുരഞ്ജനശ്രമം നടത്തി. 194-ലെ ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുള്ള ബന്ധമാണു മലങ്കരസഭയ്ക്കു പാത്രിയർക്കീസുമായുള്ളതെന്നായിരുന്നു കാതോലിക്കാ പക്ഷത്തിന്റെ നിലപാട്. എന്നാൽ, സഭാഭരണഘടനയിൽ നൽകിയിട്ടുള്ളതിലുപരിയായ സ്ഥാനം പാത്രിയർക്കീസിനു സുപ്രീംകോടതി വിധിയിൽ നൽകിയിട്ടുണ്ടെന്നും അതിനാൽ സുപ്രീംകോടതി വിധിയനുസരിച്ചുള്ളതാകണം മലങ്കര-പാത്രിയർക്കീസ് ബന്ധമെന്നുമുള്ള നിലപാട് പാത്രിയർക്കീസ് വിഭാഗം കൈക്കൊണ്ടു. ഇക്കാര്യത്തിലെ വിയോജിപ്പും മാർ ഗ്രീഗോറിയോസിന്റെ അകാല നിര്യാണവും ഈ അനുരഞ്ജനശ്രമം ഫലപ്രാപ്തിയിലെത്തുന്നതിനു വിഘാതമായി.

മലങ്കര അസോസിയേഷൻ

25-3-1996-ലെ സുപ്രീംകോടതി ഉത്തരവുപ്രകാരം ഓരോ ഇടവകയിലേയും കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇടവകകളിൽ നിന്നും അസോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ മലങ്കര മെത്രാപ്പോലീത്താ കൂടിയായ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൽപനകൾ പുറപ്പെടുവിച്ചു. എന്നാൽ പാത്രിയർക്കീസ് പക്ഷത്തുള്ള പള്ളികൾ ഇതിനോടു സഹകരിച്ചില്ല.

സുപ്രീംകോടതിയുടെ 5-2-1997-ലെ ഉത്തരവിൽ, കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എന്നതു മാറ്റി ഇടവകാംഗങ്ങളുടെ എണ്ണത്തിന്റെയടിസ്ഥാനത്തിൽ ഇടവകകളിൽ നിന്നുള്ള അസോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ നിർദ്ദേശിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ വീണ്ടും കൽപനകൾ പുറപ്പെടുവിച്ചു.

പാത്രിയർക്കീസ് വിഭാഗം ഈ കൽപനകളും നിരാകരിച്ചു. പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ മലങ്കര മെത്രാപ്പോലീത്താസ്ഥാനം സുപ്രീംകോടതി അംഗീകരിച്ചിട്ടില്ലെന്നായിരുന്നു ഇവരുടെ നിലപാട്. മലങ്കര യാക്കോബായ സുറിയാനി സഭയുടെ സുന്നഹദോസ് പ്രസിഡന്റെന്ന നിലയിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് 4-3-1997-ൽ പാത്രിയർക്കീസ് വിഭാഗം പള്ളികൾക്കയച്ച കൽപനയിൽ താഴെപ്പറയുന്നപ്രകാരം എഴുതി:

“ഇടവകപ്പള്ളികളുടെ തീരുമാനം പ. പിതാവിനെ (പാത്രിയർക്കീസിനെ) അറിയിച്ചു. പ. സിംഹാസനത്തിൽ നിന്നു കൽപന ലഭിക്കുന്ന മുറയ്ക്കു നിങ്ങളെ നാം അറിയിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം നിങ്ങൾ

പ്രവർത്തിക്കേണ്ടതുമാണ്. അതുവരെ മറുഭാഗത്തു നിന്നു ലഭിക്കുന്ന നോട്ടീസുകൾക്കും നിർദ്ദേശങ്ങൾക്കും നിങ്ങൾ യുക്തമായ മറുപടി കൊടുക്കണമെന്നു പൈതൃക വാത്സല്യത്തോടെ നിങ്ങളെ നാം ഉപദേശിക്കുന്നു."

ഈ കൽപനയോടൊപ്പം പള്ളികൾക്കയച്ച നോട്ടീസിൽ ഇടവകപ്പള്ളി പൊതുയോഗങ്ങൾ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളണമെന്നും അവ കാതോലിക്കോസിനയച്ചു കൊടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

"1. കോട്ടയം കാതോലിക്കായ്ക്കു മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നോട്ടീസയയ്ക്കുവാൻ അധികാരമില്ല.

2. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു എന്ന കാതോലിക്കായുടെ പ്രയോഗം ബഹു. സുപ്രീംകോടതി വിധിക്ക് എതിരാണ്.

3. പ. സഭയുടെ യോജിപ്പിനുവേണ്ടി ഇരുവിഭാഗവും കൂട്ടായി വിളിക്കേണ്ട അസ്സോസിയേഷൻ യോഗം ഏകപക്ഷീയമായി വിളിച്ചിരിക്കുന്നത് അനധികൃതമാണ്.

4. സുപ്രീംകോടതി വിധിയിലും ഡിക്രിയിലും പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കാതെ അസോസിയേഷൻ വിളിച്ചുകൂട്ടുവാൻ നടത്തുന്ന ശ്രമം അസാധുവും അംഗീകരിക്കാവുന്നതുമല്ല.

5. മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രക്ഷാധികാരിയും പ. സഭയുടെ ആത്മീയ അദ്ധ്യക്ഷനുമായ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ അറിവോ ആശീർവാദമോ കൂടാതെ അസോസിയേഷൻ യോഗം വിളിക്കുവാൻ ആർക്കും അവകാശമില്ല."

മലങ്കര അസോസിയേഷൻ ചേരുന്നതു സംബന്ധിച്ച ഈ തർക്കങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു 5-5-1999-ൽ സുപ്രീംകോടതിയുടെ പരിഗണിക്കുവന്ന ഏതാനും ഹർജികൾ പാത്രിയർക്കീസ് പക്ഷം ബോധിപ്പിച്ചിരുന്നത്. ഈ ഹർജികളിന്മേലുള്ള കോടതി നടപടികളിൽ (താഴെ വിശദമായി ചേർത്തിട്ടുള്ളതാണ്) ഒരു ഹർജി പാത്രിയർക്കീസ് വിഭാഗം അഡ്വക്കേറ്റ് പിൻവലിച്ചു. മറ്റൊന്നിൽ പരിഗണിക്കണമെന്നാവശ്യപ്പെടുന്നില്ല എന്നു ബോധിപ്പിക്കുകയും ചെയ്തു.

പാത്രിയർക്കീസ് - കാതോലിക്കോസ് കത്തുകൾ

പാത്രിയർക്കീസ് കാതോലിക്കോസിനയച്ച 21-3-1998-ലെ കത്തും കാതോലിക്കോസ് പാത്രിയർക്കീസിനയച്ച 24-4-1998-ലെ കത്തും സഭാചരിത്രത്തിലെ നാഴികക്കല്ലുകളായിരിക്കും.

പാത്രിയർക്കീസ് കാതോലിക്കോസിനയച്ച കത്ത്

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O. BOX: 22260

By the Grace of God

No. E59/98 March 21, 1998

Mar Baselios Marthoma Mathews II
Cathollicos of the East
Catholicate Aramana, Kottayam, Kerala, India

Dear Brother in Christ,

As we are the Supreme Spiritual head of the Universal Syrian Orthodox Church, the division and disunity in our Church in Malankara are hurting us very much and we feel that there is an urgent need to establish peace and unity in the Church at the earliest. The Honorable Supreme Court of India has pronounced a judgment on 20th June 1995 in the Church case which was filed by your faction. Therefore it is just and proper to have peace and unity between the two factions of the Church in Malankara according to its verdict. It is our responsibility to safeguard the faith traditions of the church since its members believe that and the Apostolic succession through the Patriarch is a matter of faith. Matters of faith remain as unchangeable proclamations and the Hon. Supreme Court of India has confirmed the status of the Patriarch in its judgment. We very earnestly hope that peace and unity can be established in the letter and spirit of the judgment of the Hon. Supreme Court.

On the basis of the discussion which we had with our Metropolitans in India who visited us recently, we are under the impression that your faction is not willing to establish peace and unity between the two factions in the Malankara Church according to the judgment of the Hon. Supreme Court, but only on the basis of the 1934 constitution which is amendable at any time. We hope that you will not insist to establish peace and unity only on the basis of the 1934 constitution which is only a part of the findings of the judgment. A reply from you will help us a lot to understand your standpoint. We expect your response at the earliest. We keep you in our prayers.

With best wishes, yours in Christ.

Ignaatius Zakka I
Patriarch of Antioch and All the East
Supreme head of the Universal Syrian Orthodox Church

Copy to: H.G. Mor Gregorios Geeverghese Metropolitan, President of the Holy Episcopal Synod in Malankara of the Patriarchal faction.

കാതോലിക്കോസ് പാത്രിയർക്കീസിനയച്ച കത്ത്

The Malankara Orthodox Syrian Church

CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS II
CATHOLICOS OF
THE APOSTOLIC THRONE OF ST. THOMAS
AND
MALANKARA METROPOLITAN

BY THE GRACE OF GOD

No. 52/98 April 24, 1998

Moran Mor Ignatius Zakka I Iwas
Patriarch of Antioch & All the East
Syrian Orthodox Patriarchate,
Babtouma, P.O. Box. 22260, Damascus - Syria.

Your Holiness,

1. Peace and Unity have been the foremost objective of the Malankara Church. Your Holiness will recall the historic exchange of letters after the final judgement dated 12th September, 1958 of the Supreme Court of India. His Holiness Ignatius Yacob III in December, 1958 recorded in his Kalpana to bring forth peace in the Malankara Church "we hereby accept with pleasure Mar Baselius Geevarghese as Catholicos...." Our eminent predecessor of revered memory, His Holiness Baselius Geevarghese II simultaneously responded "we for the sake of peace in the church are pleased to accept Moran Mor Ignatius Yakoob III as Partriarch of Antioch subject to the constitution passed by the Malankara Syrian Christian Association and now in force."

2. There was cordiality amongst our people for many years thereafter. But then came the sorrowful events too painful to recall. Ultimately, the Supreme Court of India, in June, 1995, by its judgment upheld and affirmed the constitution of 1934 but directed amendments of only two clauses to provide for proportionate representation from parish churches to the Malankara Association and the Diocesan Assemblies, and concluded.

"We hope that the unity and integrity of the Malankara Church will be maintained and continued by the above arrangement. ..."

3. In that hope, immediately after the judgement, we publicly expressed our desire and strong wish that this is the time for us to become one bearing in mind the Lord's prayer "as Thou Father art in me and I in the thee."

4. Thereafter again by order dated 5/2/1997, the Supreme Court of India, upholding the supremacy of the constitution directed that "any and every person claiming to be entitled to any office or post in the Malankara Church shall be bound by and shall swear allegiance to the 1934 constitution."

5. This brief recital of events remains indelibly in our mind, and we are therefore greatly pained by any talk once again of "factions."

6. The Malankara Church is a division of the Orthodox Syrian Church. The Primate of the Orthodox Syrian Church is the Patriarch of Antioch. The Malankara Church was founded by St. Thomas the Apostle and is included in the Orthodox Syrian Church of the East and the Primate of the Orthodox Syrian Church of the East is the Catholicos.

7. This, Your Holiness, is the solemn declaration of the constitution of the Malankara Orthodox Syrian Church. And it is the very same constitution that provides that "the Malankara Church shall recognise the Patriarch canonically consecrated with the co-operation of the Catholicos." Regrettably - (and presumably only due to the most unfortunate events of 1975) when Your Holiness was consecrated, the co-operation of our predecessor His Holiness Baselius Marthoma Mathews I was not sought. But all this is now in the past - in the present, the paramount need is for unity and peace.

8. It is the responsibility of everybody, your Holiness, to safeguard the faith and traditions of the church. The apostolic succession imparted through the Patriarch of Antioch and through the Catholicos of the East are equally valid and equally efficatious and recognised in the golden words of the 1913 Kalpana (Ext. A 14) of Patriarch Abdul Messiah:

"We rest confident that the Catholicos and Metropolitans Your shepherds - will fulfil all your wants. The Catholicos, aided by the Metropolitans, will ordain melpattakkars, in accordance with the canons of our Holy fathers and consecrate Holy Mooron. In your Metropolitans is vested the sanction and authority to install a Catholicos when a Catholicos died. No one can resist you in the exercise of this right and, do all things properly, and in conformity with precedents with the advice of the committee, presided over by Dionysius, Metropolitan of Malankara. We beseech your love and counsel in the name of our Lord Jesus that Ye faint not in your true faith of Saint Peter, on which is built, the Holy Catholic and apostolic Church. What we enjoin your true love is that the unlawful conduct of a usurper, may not induce you to love sever that com-

munion which is the bound of connecting you with the Apostolic Throne of Antioch." The above has been quoted in the judgement of the Hon'ble Supreme Court with emphasis adeed in italics by the judges themselves. The Supreme Court of India after setting out 'the fundamental facts which decide the fate of the main dispute' conclude as follows;

"Now what do the above facts signify? Do they not show that Patriarch had, by 1964, recognised and accepted the revival of the Catholicate A-13, A-14 and the 1934 Constitution? Do they not show that the patriarch has also given up his objections to the use of the words "seated on the throne of St. Thomas in the East" and to the "qualification" added by Catholicos in A-20? We think, they do. Once this is so, it is no longer open to the Patriarch or his followers to contend that the revival of Catholicate was not in accordance with the religious tenets and faith of the Syrian Jacobite Christian Church, that the constitution of 1934 was not duly and validly passed or that the power and authority of the Patriarch as obtaining prior to 1912 remains and continues unaffected and undiminished. In this connection, it is relevant to remind ourselves that it was the contention of the Patriarch group in Vattipanam suit that the Catholicos group had, by espousing the cause of and the revival of Catholicate, reduced the power of the Patriarch to a vanishing point and have thereby become aliens to the faith. The power and authority of the Catholicos under A-13 and A-14 was affirmed, re-enforced and enlarged in the 1934 constitution (as amended in 1951) and yet under Ex. A19 the Patriarch accepted with pleasure Mar Baselius Geevarghese as the Catholicos. At the same time, it is equally significant to note that the 1934 constitution does not repudiate the Patriarch. On the contrary, it reaffirms that he is the primate of the Orthodox Syrian Church of which the Malankara Church is said to be a part - though it is true, all the effective powers excercised by the Patriarch prior to 1912 were vested in the Catholicos under Ex. A13 and Ext. A14."

9. We wish to add that the status of the Patriarch as confirmed by the Supreme Court of India is only the one as envisaged in the constitution of 1934 - nothing more, but nothing less either.

10. To conclude we wish to state that the prestige and influence of the throne of Antioch here in Malankara depend very largely upon wise co-operation. The Malankara Church with its catholicate and synod of Bishops and the Association has certainly to adhere to the provisions of the constitution in all matters. We wish to reiterate that we in Malankara desire to resume the cordial relationship between the Patriarchate and the Catholicate. We only maintain that it has to be in terms of our 1934 constitution. But that does not mean any kind of disrespect or hostility towards the throne of Antioch. There are enough provi-

sions in the constitution to keep our connection meaningful and alive.

We always keep Your Holiness in our prayers,

With regards and respect.

Your Holiness' brother in Christ

Baselius Mar Thomas Mathews II
Catholicos of the East and Malankara Metropolitan

5-5-1999-ലെ സുപ്രീംകോടതി നടപടികൾ

പാത്രിയർക്കീസ് വിഭാഗത്തു നിന്നു ഹാജരാക്കിയ ആറ് ഹർജികളാണ് 5-5-1999-ൽ സുപ്രീംകോടതിയുടെ പരിഗണനയിൽ വന്നത്.

ഡിക്രിയിലെ തിരുത്തലുകൾ

രണ്ടാം സമുദായക്കേസ് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ തയ്യാറാക്കിയ ഡിക്രിയിലെ പിഴവുകൾ തിരുത്തണമെന്നു കാണിച്ചുള്ളതായിരുന്നു പാത്രിയർക്കീസ് പക്ഷത്തിന്റെ ഒരു ഹർജി.

മലങ്കര അസോസിയേഷനിലേക്കു നാമനിർദ്ദേശം ചെയ്യപ്പെടുന്ന മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്കു കാതോലിക്കോസ്, മലങ്കര മെത്രാപ്പോലീത്താ തുടങ്ങിയ സ്ഥാനികളുടെ തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ലെന്ന, ഭരണഘടനയുടെ 71-ാം വകുപ്പിലെ വിശദീകരണം ഡിക്രി തയ്യാറാക്കിയപ്പോൾ ചേർക്കാതിരുന്നതും 71-ാം വകുപ്പിലെ മറ്റൊരു വിശദീകരണം (ഓരോ കുടുംബത്തിനും ഓരോ വോട്ടാണുണ്ടായിരിക്കുക എന്നത്) തെറ്റായി ചേർത്തതും തിരുത്തണമെന്നതായിരുന്നു ഈ ഹർജിയിലെ ഒന്നാമത്തെ അപേക്ഷ. ഇതു തിരുത്തപ്പെടേണ്ടതാണെന്നതിനോടു കാതോലിക്കാ പക്ഷവും യോജിച്ചു. (കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഇടവകാംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മലങ്കര അസോസിയേഷനിലേക്കുള്ള പ്രതിനിധികളെ ഇടവകകളിൽനിന്നും തെരഞ്ഞെടുക്കണമെന്നു സുപ്രീംകോടതി തീരുമാനിച്ചപ്പോൾ കുടുംബം സംബന്ധിച്ച വിശദീകരണം ഒഴിവാക്കേണ്ടതായിത്തീർന്നു).

സുപ്രീംകോടതി ഡിക്രിയോടൊപ്പം, അതിന്റെ ഭാഗമായി, 19-12-1913-ലെ അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ബാവായുടെയും 9-12-1958-ലെ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെയും 16-12-58-ലെ ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും കൽപനകൾ ചേർത്തതു ശരിയല്ലെന്നും അവ ഡിക്രിയിൽ നിന്നും ഒഴിവാക്കണമെന്നുമായിരുന്നു പാത്രിയർക്കീസ് ഭാഗത്തിന്റെ തുടർന്നുള്ള അപേക്ഷ. ഉഭയസമ്മതപ്രകാരം ഈ അപേക്ഷയും സുപ്രീംകോടതി അനുവദിച്ചു.

(മേൽപറഞ്ഞ എല്ലാ കൽപനകളെപ്പറ്റിയും വിധിന്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്. ഈ ഡിക്രിയുടെ ഭാഗമായി ചേർക്കണമെന്നു കോടതിയുടെ പ്രത്യേക നിർദ്ദേശമുണ്ടായിരുന്നില്ല.)

ഇരുവിഭാഗവുമുള്ള പള്ളികൾ

മലങ്കരസഭയിലെ ചില പള്ളികളിൽ ഇരുവിഭാഗത്തിലേയും വികാരിമാരും ഭരണസമിതികളും ഉള്ളതിനാൽ അതു സംബന്ധിച്ച് താഴെപ്പറയുന്ന നിവൃത്തികൾ അനുവദിക്കണമെന്നു കാണിച്ചുള്ളതായിരുന്നു പാത്രിയർക്കീസ് പക്ഷം ബോധിപ്പിച്ച മറ്റൊരു ഹർജി.

1. ഇരുവിഭാഗവുമുള്ള പള്ളികളിൽ ഇരുവിഭാഗത്തിന്റെയും രജിസ്റ്ററുകൾ പരിഗണിച്ച് ഇടവകയോഗ രജിസ്റ്റർ തയ്യാറാക്കണം.
2. ഇരുവിഭാഗവുമുള്ള പള്ളികളിൽ ഓരോ വിഭാഗത്തിന്റെയും വികാരി 71-ഉം 46-ഉം വകുപ്പുകളെ സംബന്ധിച്ചിടത്തോളം വികാരിമാരായിരിക്കണം.
3. അടച്ചിട്ടിട്ടുള്ള പള്ളികളുടെ കാര്യത്തിൽ അവ അടച്ചിട്ട കാലത്തെ രജിസ്റ്ററുകളുടെ അടിസ്ഥാനത്തിലാവണം മെത്രാസന ഇടവകയോഗത്തിലേക്കും മലങ്കര അസോസിയേഷനിലേക്കുമുള്ള അടുത്ത തെരഞ്ഞെടുപ്പു നടത്തേണ്ടത്.

ഇടവകകളിൽ 1-5-1999-ൽ പ്രാബല്യത്തിലുള്ള രജിസ്റ്ററുകളുടെ അടിസ്ഥാനത്തിലാവണം ഓരോ ഇടവകയിലേയും അംഗത്വം കണക്കിലെടുക്കേണ്ടതെന്നും പാത്രിയർക്കീസ് വിഭാഗം ഈ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഈ ഹർജി ദീർഘമായി വാദിച്ചുവെങ്കിലും പാത്രിയർക്കീസ് വിഭാഗം അഡ്വക്കേറ്റ് ഹർജി പരിഗണിക്കണമെന്നാവശ്യപ്പെടുന്നില്ല (പ്രസ് ചെയ്യുന്നില്ല) എന്നവസാനം ബോധിപ്പിക്കുകയും ഇക്കാര്യം രേഖപ്പെടുത്തിക്കൊണ്ട് കോടതി ഹർജി തള്ളുകയും ചെയ്തു.

മലങ്കര അസോസിയേഷൻ തെരഞ്ഞെടുപ്പും പാത്രിയർക്കീസിനോടുള്ള പ്രതിജ്ഞയും

കോടതി ഉത്തരവുപ്രകാരം നടത്തുവാൻ പോകുന്ന മലങ്കരസഭയിലെ തെരഞ്ഞെടുപ്പ് നീതിപൂർവ്വമായി നടത്തപ്പെടുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളുണ്ടാകണമെന്നും സഭയുടെ പ്രധാന ആത്മീയ മേലദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസിനോട് കൂറും വിധേയത്വവും രേഖപ്പെടുത്തി പ്രതിജ്ഞ ചെയ്യുവാൻ സഭയിലെ ഔദ്യോഗിക സ്ഥാനികളോട് നിർദ്ദേശിക്കണമെന്നും കാണിച്ചുള്ളതായിരുന്നു മറ്റൊരു ഹർജി.

ഈ ഹർജിമേലും ഇരുഭാഗത്തിന്റെയും വാദം കോടതി കേട്ടു. തുടർന്ന് പാത്രിയർക്കീസ് വിഭാഗം അഭിഭാഷകൻ ഹർജി പിൻവലിക്കുകയും അക്കാരണത്താൽ കോടതി ഹർജി തള്ളുകയും ചെയ്തു.

വി. കുർബ്ബാനയിൽ പാത്രിയർക്കീസിന്റെ അനുസ്മരണം

വി. കുർബ്ബാനയിൽ പാത്രിയർക്കീസിന്റെ പേരു ചേർത്തു സ്തുതി ചൊല്ലുവാൻ കാതോലിക്കോസിന് നിർദ്ദേശം നൽകണമെന്നായിരുന്നു മറ്റൊരു ഹർജിയിലെ അപേക്ഷ. സുപ്രീംകോടതി നിർദ്ദേശിച്ച തെരഞ്ഞെടുപ്പു നടത്തുവാൻ ഒരു 'അമ്പയറെ' നിയമിക്കണമെന്നും ഈ ഹർജിയിൽ അപേക്ഷിച്ചിരുന്നു. ഈ ഹർജിയും സുപ്രീംകോടതി തള്ളി ഉത്തരവായി.

ഈ കേസിൽ അവശേഷിച്ച രണ്ടു ഹർജികൾ, മലങ്കര അസോസിയേഷൻ അംഗങ്ങളുടെയും മെത്രാസന ഇടവകയോഗം അംഗങ്ങളുടെയും തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള സമയം ദീർഘിപ്പിക്കണമെന്നും മാത്യൂസ് ദ്വിതീയൻ ബാവായുടെ കൽപനകളുടെ അടിസ്ഥാനത്തിൽ നടത്തിയ ഇടവകതലത്തിലെ തെരഞ്ഞെടുപ്പിന്റെ ഫലം സംബന്ധിച്ച രേഖകൾ കോടതിയിൽ ഹാജരാക്കണമെന്നും കാണിച്ചുള്ളവയാണ്.

ഈ ഹർജികളുടെ പരിഗണനാവേളയിൽ, തന്റെ വ്യക്തിപരമായ അസൗകര്യം മൂലം വാദം തുടരുവാൻ നിവൃത്തിയില്ലെന്നും കേസു മാറ്റണമെന്നും പാത്രിയർക്കീസ് വിഭാഗം അഭിഭാഷകൻ അഭ്യർത്ഥിച്ചു. അതിനാൽ ആഗസ്റ്റ് രണ്ടാം വാരത്തിലേക്ക് കേസ് അവധി മാറ്റി.

കത്തിയും കുറുവടിയും ഏന്തി പള്ളിയിലേക്ക്

ദൈവത്തെ ഒട്ടും ഭയമില്ലാത്ത - വിവരമില്ലാത്ത - നാമധേയ ക്രിസ്ത്യാനികളാണെങ്കിലും ഇത്രയധികം താഴാൻ ചിലർക്ക് എങ്ങനെ സാധിക്കും? ആയുധം എടുക്കാത്ത മൃഗങ്ങൾ എത്ര ഭേദം. തൃശൂരിനടുത്തുള്ള മരോട്ടിച്ചാൽ പള്ളിയിൽ 13-6-1999 ഞായറാഴ്ച നടന്ന "സായുധാരാധനയുടെ ഭീകര ചിത്രമാണ്" മാതൃഭൂമി 14-6-1999 ൽ താഴെപ്പറയുംപ്രകാരം പ്രസിദ്ധപ്പെടുത്തിയത്. അക്രമികൾക്കു തല്ലു കിട്ടി. ദൈവഭയമുള്ള ഹൈന്ദവ ഉദ്യോഗസ്ഥന്മാർ പള്ളിയും പൂട്ടി മുദ്ര വച്ചു.

തൃശൂർ: മലങ്കര യാക്കോബായ സഭയിലെ രണ്ട് വിഭാഗം വിശ്വാസികൾ തമ്മിലുണ്ടായ സംഘട്ടനത്തെ തുടന്ന് ഞായറാഴ്ച രാവിലെ മരോട്ടിച്ചാൽ സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. പള്ളി പൂട്ടി മുദ്ര വച്ചു. ലാത്തിച്ചാർജിൽ പരിക്കേറ്റ ഒരാളെ തൃശൂർ അശ്വിനി ആസ്പത്രിയിലാക്കി.

സംഘർഷത്തോടനുബന്ധിച്ച് 54 പേർക്കെതിരെ ഒല്ലൂർ പോലീസ് കേസെടുത്തിട്ടുണ്ട്. പള്ളിയിലും പരിസരത്തും നിന്നായി കത്തി, കമ്പി, ആണിയടിച്ച കുറുവടി, കേബിൾ എന്നിവ കണ്ടെടുത്തതായി പോലീസ് പറഞ്ഞു.

ജില്ലാ പോലീസ് സൂപ്രണ്ട് എ. ഹേമചന്ദ്രൻ, ഒല്ലൂർ സി.ഐ. മണിയൻ എന്നിവരുടെ നേതൃത്വത്തിൽ വൻ പോലീസ് സംഘം സ്ഥലത്തെത്തിയി

രുന്നു. പോലീസ് നായയെ കൊണ്ടുവന്നും പരിശോധന നടത്തി. ബോംബ് സ്ക്വാഡ് എസ്.ഐ. കെ. കെ. ഗോപിയുടെ നേതൃത്വത്തിലുള്ള സംഘവും എത്തിയിരുന്നു. പള്ളിയുടെ പരിസരത്തുനിന്ന് നാടൻ ബോംബ് പോലെ ചിലവ കണ്ടെത്തിയെങ്കിലും പരിശോധനയിൽ ഇവ ഭയപ്പെടുത്താൻ വേണ്ടി കല്ലും മറ്റും കെട്ടിവെച്ച പൊതികളാണെന്ന് വ്യക്തമായി.

മാന്ദാമംഗലം കളപ്പുരയ്ക്കൽ ബൈജു (30) വിനാണ് പരിക്കേറ്റത്. നെറ്റിയിലാണ് മുറിവ്.

പാത്രിയർക്കീസിന്റേതെന്ന് പറയുന്ന കൽപന പള്ളിയിൽ വായിക്കണമെന്ന് വാദിക്കുന്ന വിഭാഗം ശനിയാഴ്ച അർദ്ധരാത്രിയോടെ പള്ളിയിൽ സ്ഥാനം പിടിച്ചിരുന്നുവെന്ന് പോലീസ് പറഞ്ഞു. ഇതെ തുടർന്ന് അപ്പോൾ മുതൽ സ്ഥലത്ത് പോലീസ് ക്യാമ്പ് ചെയ്തു. രാവിലെ 6.30-ഓടെയാണ് എതിർവിഭാഗം എത്തിയത്. ഇവരിൽ കുറച്ചുപേർ പള്ളിയിലേയ്ക്ക് കടക്കാൻ ശ്രമിക്കവേ ഉള്ളിലുണ്ടായിരുന്നവരിൽ ഏതാനുംപേർ പുറത്തേക്ക് വന്നു. ഇവർ തമ്മിൽ കയ്യാങ്കളിയുണ്ടാകുമെന്ന് വ്യക്തമായപ്പോഴാണ് ലാത്തിച്ചാർജ്ജ് നടത്തിയതെന്ന് പോലീസ് പറഞ്ഞു. ഔദ്യോഗികപക്ഷത്തുള്ള പള്ളിവികാരി സി. കെ. പൗലോസ് പള്ളിയിലേക്ക് വന്നില്ല.

പ്രശ്നം മൂർച്ഛിച്ചതോടെ സ്ത്രീകളുൾപ്പെടെ നൂറോളം പേരെ പോലീസ് സംഭവസ്ഥലത്തുനിന്നു നീക്കി. വിമത വിഭാഗത്തിലുള്ള വികാരി ഫാ. റെജി കുഴിക്കാട്ടിലിനെയും സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

ഐ.പി.സി. 452 പ്രകാരമാണ് 54 പേർക്കെതിരെ കേസ്സെടുത്തിരിക്കുന്നത്. ഇവരെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് (നമ്പർ-3) ജാമ്യത്തിൽ വിട്ടയച്ചു.

പള്ളി മുദ്രവെച്ചതോടെ ഇനി ഏതെങ്കിലും സിവിൽ കോടതിയുടെ ഉത്തരവുണ്ടായാലേ തുറക്കാനാകൂവെന്ന് റവന്യൂ അധികൃതർ പറഞ്ഞു. അല്ലെങ്കിൽ ഇരുകൂട്ടരും ഒത്തുതീർപ്പിന് തയ്യാറാകണം.

പാത്രിയർക്കീസ് ബാവായുടേതെന്നു പറയുന്ന ഒരു കൽപ്പനയെച്ചൊല്ലിയാണ് പ്രശ്നം. തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസിനെ ഭരണകാര്യങ്ങളിൽ നിന്നു നീക്കിയതായാണ് വിവാദ കൽപ്പനയിൽ പറയുന്നത്. ഇതു പള്ളിയിൽ വായിക്കണമെന്ന് ഒരു വിഭാഗം പറയുമ്പോൾ കൽപന വ്യാജമാണെന്നും അതിനാൽ പള്ളിയിൽ വായിക്കേണ്ടെന്നും പള്ളി വികാരി സി. കെ. പൗലോസ് ഉൾപ്പെടുന്ന വിഭാഗം വാദിക്കുന്നു.

(മാതൃഭൂമി 14-6-1999)

കുരിശുപള്ളിയും പൂട്ടി മുദ്രവച്ചു

മരോട്ടിച്ചാൽ: സംഘർഷ സാധ്യതയെ തുടർന്ന് സെന്റ് ജോർജ് യാക്കോബായ പള്ളിയുടെ കുരിശുപള്ളിയും ആർ.ഡി.ഒ. പൂട്ടി മുദ്രവച്ചു. കുരിശുപള്ളിയുടെ ഭരണവും പള്ളി റിസീവറായ വില്ലേജ് ഓഫീസറെ ഏൽപിക്കണമെന്ന് ആർ.ഡി.ഒ. പി. സുഗതൻ അറിയിച്ചു.

ഒരു വിഭാഗം വിശ്വാസികൾ കുരിശുപള്ളി കൈയേറാൻ ശ്രമിക്കുന്നുവെന്ന പരാതിയെത്തുടർന്ന് പള്ളി പരിസരത്ത് ഇന്നലെ ശക്തമായ കാവൽ ഏർപ്പെടുത്തി. പാത്രിയർക്കീസ് ബാവായുടേതെന്ന് ഒരു വിഭാഗവും വ്യാജമെന്നു മറുവിഭാഗവും പറയുന്ന കൽപനയെച്ചൊല്ലി ഉടലെടുത്ത സംഘർഷം കഴിഞ്ഞ ഞായറാഴ്ച വിശ്വാസികൾ തമ്മിലുണ്ടായ സംഘട്ടനത്തിലും പോലീസ് ഇടപെടലിലുമാണ് കലാശിച്ചത്. ഇതിനെ തുടർന്ന് ആർ.ഡി.ഒ. പള്ളി പൂട്ടി ഭരണം റിസീവറെ ഏൽപിക്കുകയായിരുന്നു.

കപ്പേള മുദ്രവയ്ക്കുന്ന സമയത്ത് ഇരുവിഭാഗം വിശ്വാസികളും എത്തിയിരുന്നു. അതിക്രമിച്ചു കടക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്ന് ആർ.ഡി.ഒ. ഇരുവിഭാഗത്തിനും മുന്നറിയിപ്പു നൽകി.

അതിനിടെ, പാലക്കാട് ജില്ലയിലെ മംഗലം ഡാം, ചെറുകുന്നം സെയിന്റ് തോമസ് യാക്കോബായ പള്ളിയും തർക്കത്തെ തുടർന്ന് പൂട്ടി മുദ്ര വച്ചു. പള്ളിഭരണം റിസീവറെ ഏൽപിച്ചു.

പള്ളിക്കും സ്ഥലത്തിനും പോലീസ് സംരക്ഷണവും ഏർപ്പെടുത്തി. വിശ്വാസികൾ ഇരുപക്ഷമായി തിരിഞ്ഞതിനാൽ ഞായറാഴ്ച സംഘർഷത്തിനിടയുണ്ടെന്നു പോലീസ് റിപ്പോർട്ട് നൽകിയതിനെ തുടർന്നാണ് നടപടി.

മലങ്കരസഭയിലെ തർക്കങ്ങളാണ് ഇവിടെയും പ്രശ്നം സൃഷ്ടിച്ചത്. മെയ് 11-നു കോതമംഗലം തോമസ് മാർ ദിവന്നാസ്യോസ് നിയമിച്ച വികാരി ഫാ. റോയി പോൾ കളത്തികുടിയെ മാറ്റി തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസ് ഫാ. ജോൺസൺ ഇടിഞ്ഞുകുഴിയെ പുതിയ വികാരിയായി നിയമിച്ചു.

ഇന്നലെ ഇരുപക്ഷക്കാരും തങ്ങൾ അനുകൂലിക്കുന്ന വികാരിമാരേയും കൂട്ടി പള്ളിയിൽ കുർബാന നടത്താൻ തയാറെടുത്തിരുന്നു. ഇതേത്തുടർന്നാണ് പോലീസ് ശനിയാഴ്ച രാത്രി 10-നു പള്ളിപൂട്ടി മുദ്രവച്ചത്.

പ്രശ്നമുണ്ടാക്കി പള്ളികൾ അടച്ചിടാനുള്ള സാഹചര്യം ഒരുക്കുന്നത് അക്രൈസ്തവവും സഭാകേസിൽ സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങൾക്കു വിരുദ്ധവുമാണെന്ന് യൂഹാനോൻ മാർ മിലിത്തിയോസ് പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

(മനോരമ 21-6-1999)

വിടവാങ്ങി

സഭയിൽ സന്യാസപ്രസ്ഥാനങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിനു നവ ചൈതന്യം പകർന്ന ബാവാ തിരുമേനി 1998 ജനുവരി 30-നു ശതാഭിഷിക്ത നായി. 2006 ജനുവരി 26-ന് ദിവംഗതനായി. ഭൗതികദേഹം ശാസ്താംകോട്ട ഹോറേബ് ആശ്രമം ചാപ്പലിൽ കബറടക്കി.

ആറാം കാതോലിക്കായുടെ ഭരണാന്ത്യകാലത്തോടടുത്ത് നടത്തിയ ചില സ്വകാര്യ പണനിക്ഷേപ ഇടപാടുകൾ മൂലം അഞ്ചു കോടിയോളം രൂപ സഭയ്ക്കു നഷ്ടപ്പെട്ടു. കൂടാതെ ദേവലോകം കാതോലിക്കേറ്റ് അരമനയും ചാപ്പലും രൂപംകൊണ്ടപ്പോൾ തന്റെ പിൻഗാമികളെയെല്ലാം കാതോലിക്കേറ്റ് ചാപ്പലിൽ കബറടക്കണമെന്ന് പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ പ്രകടിപ്പിച്ച അന്ത്യാഭിലാഷവും അതംഗീകരിച്ചുകൊണ്ടുള്ള പ. മാത്യൂസ് പ്രഥ മൻ ബാവായുടെ സുചിന്തിത തീരുമാനവും കണക്കിലെടുക്കാതെ മാത്യൂസ് ദ്വിതീയൻ ബാവായെ വിദൂരമായ ശാസ്താംകോട്ടയിൽ സംസ്ക്കരിച്ചതു മൂലം സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷത്തിനും അദ്ദേഹത്തിന്റെ കബറിടത്തിൽ എത്താനും പ്രാർത്ഥിക്കാനും സാധിക്കുന്നില്ലെന്നുള്ള ദുഃഖസത്യവും വിസ്മ രിക്കാനാവില്ല. മേലിൽ സഭയുടെ പൊതുസ്വത്തായ ഒരു കാതോലിക്കാബാവാ യേയും കോട്ടയത്തെ കാതോലിക്കേറ്റ് ചാപ്പലിനു വെളിയിൽ കൊണ്ടുപോയി സംസ്ക്കരിക്കാൻ ഇടയാക്കരുതെന്നാണ് മുൻ കാതോലിക്കാമാരെപ്പോലെ സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും അഭിപ്രായപ്പെടുന്നത്.

നേരത്തെ പാമ്പാക്കുട ചെറിയപള്ളിയിലും വാകത്താനം വള്ളിക്കാട്ടു ദയറാ ചാപ്പലിലും ശാസ്താംകോട്ടയിലും കബറടക്കപ്പെട്ട മൂന്നു ബാവാമാ രുടെയും ഭൗതികാവശിഷ്ടങ്ങൾ കാതോലിക്കേറ്റ് അരമന ചാപ്പലിൽ കൊണ്ടു വന്നു സംസ്കരിച്ചു എല്ലാ ബാവാമാരുടെയും ഓർമ്മപ്പെരുനാൾ ഒന്നിച്ചു ആചരിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. മാർത്തോമ്മാശ്ലീഹായുടെ അസ്ഥികൾ മൈലാപ്പൂർ നിന്നു എഡേസയിലേക്കു കൊണ്ടുപോയ ചരിത്രം നമ്മുടെ മുമ്പിലുണ്ടല്ലോ.

മലങ്കരസഭയെ തെക്കരെന്നും വടക്കരെന്നും ഒട്ടും വേർതിരിച്ചു കാണാതെ സഭയെ ഒന്നായി കണ്ടു സഭയ്ക്കുവേണ്ടി അതുല്യ സേവനം അനുഷ്ഠിച്ചു കോട്ടയം പഴയസെമിനാരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യസ്മരണാർ ഹരായ പുലിക്കോട്ടിൽ തിരുമേനിമാരുടെയും പ. വട്ടശ്ശേരിൽ തിരുമേനിയു ടെയും മഹത്തായ മാതൃക ഒട്ടും മങ്ങലേൽക്കാതെ നമ്മുടെ മുമ്പിൽ തിള ങ്ങുന്നുണ്ടല്ലോ.



9

മലങ്കരസഭയുടെ ഏഴാം കാതോലിക്കാ പ. മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ, ആത്മപരിത്യാഗത്തിന്റെ പ്രകാശത്തിൽ താബോറിന്റെ അവസ്ഥയിലൂടെയാണ് വളർന്നത്. ജീവിതത്തിന്റെ വസന്തങ്ങളിൽ ദാരിദ്ര്യവും ഉപവാസവും മൗനവും സ്വീകരിക്കാൻ വീടുവിട്ടിറങ്ങി. മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ് കുഞ്ഞോമ്മാച്ചൻ എന്ന സി. ടി. തോമസിനെ 1939-ൽ കണ്ടെത്തിയത്. പത്തനാപുരത്ത് മൗണ്ട് താബോർ സന്യാസപ്രസ്ഥാനം തുടങ്ങിയ തോമ്മാ മാർ ദീവന്നാസ്യോസ് പുതിയകാവ് പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ വന്നപ്പോൾ അഞ്ചാം തുബ്ദേൻ വായിച്ചത് ചെട്ടികുളങ്ങര ഗവണ്മെന്റ് മലയാളം സ്കൂൾ വിദ്യാർത്ഥിയായ കുഞ്ഞോമ്മാച്ചനായിരുന്നു. കുഞ്ഞോമ്മാച്ചന്റെ ഹൃദ്യമായ വായനയിൽ ആകൃഷ്ടനായ അദ്ദേഹം അപ്പനെ വിളിപ്പിച്ചു. തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിരാ തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായ സി. ടി. തോമസിനെ ദയറായിലേക്ക് വേണമെന്ന് ആവശ്യപ്പെട്ടു. മകനെ യാതൊരു വൈമനസ്യവും കൂടാതെ ദൈവവേലയ്ക്കായി പിതാവ് വിട്ടുകൊടുത്തു. അങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ എത്തിയ സി. ടി. തോമസാണ് പിന്നീട് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ വലിയബാവാ ആയിത്തീർന്നത്.

1921 ഒക്ടോബർ 29-നാണ് സി. ടി. തോമസ് ജനിച്ചത്. സി. ടി. തോമസിന്റെ പ്രൈമറിസ്കൂൾ പഠനം പുതിയകാവ് പള്ളിയുടെ പ്രൈമറി സ്കൂളിലായിരുന്നു. എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കുകയും സണ്ടേസ്കൂളിൽ മുടങ്ങാതെ പഠിക്കുകയും ചെയ്ത തോമസിന്റെ ബാല്യകാലം പുതിയകാവ് പള്ളിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മദ്ബഹാ ശുശ്രൂഷയ്ക്ക് 1933-ൽ പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ കൈവെയ്പു നൽകി. സി. ടി. തോമസിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ മുഖ്യ മാതൃക മാതാപിതാക്കളായിരുന്നു. അവർ പ്രാർത്ഥനാജീവിതം ഉള്ളവരും ദൈവഭക്തിയുള്ളവരും ആയിരുന്നു.

താബോർ മലയിൽ യേശുവിനുണ്ടായ രൂപാന്തരീകരണത്തെപ്പറ്റി ഗ്രഹിച്ച തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പത്തനാപുരത്തു സ്ഥാപിച്ച സന്യാസകേന്ദ്രമാണ് മൗണ്ട് താബോർ ദയറാ. 'മറുരൂപ സമൂഹം' എന്നർത്ഥമുള്ള 'സൊസൈറ്റി ഓഫ് ദ ഓർഡർ ഓഫ് ദ സേക്രട്ട് ട്രാൻസ്ഫിഗറേഷൻ' എന്ന സന്ന്യാസപ്രസ്ഥാനം ആരംഭിച്ചു.

മൗണ്ട് താബോർ ദയറായിൽ എത്തിയ സി. ടി. തോമസിന് ഗുരുവിന്റെ കൂടെയുള്ള ജീവിതം ഒരു പുതിയ അനുഭവമായിരുന്നു. പന്ത്രണ്ടാം വയസ്സിൽ പുതിയകാവ് പള്ളിയിലെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കയറിത്തുടങ്ങിയ സി. ടി. തോമസിന് ആരാധനയും നോമ്പും ഉപവാസവും ജീവിതവ്രതമായി. അരക്കെട്ടും തടിക്കുരിശുമായി സന്ന്യാസിയുടെ കുപ്പായം അണിഞ്ഞപ്പോൾ പുത്തൻ അനുഭവമായി. ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ സന്യാസദർശനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ സി. ടി. തോമസിനു കഴിഞ്ഞു. ക്രിസ്തീയ രൂപാന്തരത്തിനുള്ള ജീവിതപരിശീലനമായിരുന്നു തോമ്മാ ദീവന്നാസ്യോസ് ലക്ഷ്യമാക്കിയത്.

മൗണ്ട് താബോർ ദയറായിൽ സന്യാസജീവിതം സി. ടി. തോമസ് പിന്നിട്ടത് കഠിന വ്രതനിഷ്ഠയോടാണ്. ഗുരുവിന്റെ കൂടെ ദയറായിൽ സുറിയാനി, സഭാവിശ്വാസ പാഠം, ആരാധനാപരിശീലനം എന്നിവയും ഉണ്ടായിരുന്നു. ഓർത്തഡോക്സ് സഭയുടെ വിശിഷ്ട പാരമ്പര്യങ്ങളായ നോമ്പ്, യാമപ്രാർത്ഥനകൾ, ധ്യാനം, വേദപഠനം, സന്യാസജീവിതബോധനം, കായികാഭ്യാസം എന്നിവ പരിശീലിച്ചു. ധ്യാനം, പരിപൂർണ്ണ മൗനം, മിത ഭാഷണം, കുമ്പസാരം, ആത്മീയ വായന, കുർബാനാനുഭവം എന്നിവ ജീവിതവ്രതം പോലെയായി.

ദയറാ ജീവിത പരിശീലനത്തോടൊപ്പം സ്കൂൾ പഠനവും തുടർന്നു. തോമ്മാ മാർ ദീവന്നാസ്യോസ് 1926-ൽ സ്ഥാപിച്ച സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലായിരുന്നു ഹൈസ്കൂൾ പഠനം. പ്രാരംഭകാലത്ത് ദയറായ്ക്ക് സ്വന്തമായ കെട്ടിടമോ സാമ്പത്തിക ഭദ്രതയോ ഉണ്ടായിരുന്നില്ല. ഓലഷെഡ്ഡായിരുന്നു ദയറാ. പകൽ ഓലഷെഡ്ഡിലും രാത്രിയിൽ സ്കൂളിലെ ക്ലാസ്സ് മുറിയിലും ആശ്രമവാസികൾ കഴിഞ്ഞു. ജീവിതമാർഗ്ഗം മുഖ്യമായും കൃഷിയായിരുന്നു. അതിനിടയിലായിരുന്നു സി. ടി. തോമസിന്റെ പഠനവും ദയറാ പരിശീലനവും. ദയറാ അന്തേവാസികൾക്കു ഓരോ ജോലി നിശ്ചയിച്ചു നൽകിയിരുന്നു. സന്യാസജീവിതത്തിന്റെ തീക്ഷ്ണമായ അനുഭവങ്ങളും കഠിനമായ അച്ചടക്കവും ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ വചനങ്ങളും സി. എം. തോമസിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ദയറാ ജീവിത പരിശീലനത്തിന്റെ പ്രാഥമിക പടിയായി സി. ടി. തോമസ് 1941-ൽ ശെമ്മാശ്ശപട്ടം സ്വീകരിച്ചു.

കോളജ് വിദ്യാഭ്യാസത്തിനായി ഇന്റർമീഡിയറ്റിനു കോട്ടയം സി.എം.എസ്. കോളജിൽ ചേർന്നു. അക്കാലത്ത് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെയും പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെയും കീഴിൽ പരിശീലനത്തിന് അവസരം ലഭിച്ചു. പരിശുദ്ധ ഔഗേൻ ബാവായായിരുന്നു ദിദിമോസ് പ്രഥമന്റെ സുറിയാനി മല്പാൻ.

തമിഴ്നാട്ടിൽ തൃശ്ശിനാപ്പള്ളി നാഷണൽ കോളജിലായിരുന്നു ബിരുദ പഠനം. അവിടെ ബി.എ. യ്ക്കു ഐച്ഛികം കണക്കായിരുന്നു. തുടർന്ന് പത്തനാപുരം സെന്റ് സ്റ്റീഫൻസിൽ പഠിപ്പിക്കാൻ തോമ്മാ മാർ ദീവന്നാസ്യോസ് നിയോഗിച്ചു. അദ്ധ്യാപകനായപ്പോൾ കണക്കു മാത്രമല്ല എല്ലാ വിഷയവും പഠിപ്പിക്കുമായിരുന്നു. ശെമ്മാശ്ശനായിരിക്കുമ്പോഴാണ് വിദ്യാർത്ഥികളെ പഠിപ്പിക്കാനെത്തിയത്. ശെമ്മാശ്ശന്റെ നേതൃത്വത്തിൽ സ്കൂളിൽ ഒരു പ്രെയർഗ്രൂപ്പ് തുടങ്ങി. പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവുകൾക്കു പുറമേ കുട്ടികൾക്ക് മൂല്യബോധം പകരുന്ന കാര്യങ്ങളാണ് പ്രെയർ ഗ്രൂപ്പിലൂടെ പകർന്നു കൊടുത്തത്.

ഹ്രസ്വകാലത്തെ അദ്ധ്യാപനത്തിനു ശേഷം അദ്ദേഹം കാൺപൂർ ക്രൈസ്റ്റ് ചർച്ച് കോളജിൽ ഉപരിപഠനത്തിനു പോയത് ഇംഗ്ലീഷ് ഐച്ഛികമായെടുത്ത് പഠിക്കാനാണ്. സ്കൂളിൽ കണക്കും മറ്റു വിഷയങ്ങളും പഠിപ്പിച്ചപ്പോൾ ഇംഗ്ലീഷ് ഏറെ ഇഷ്ടമായി. എന്നാൽ കണക്കിൽ നിന്ന് അദ്ദേഹം സ്വന്തം ജീവിതത്തിൽ സ്വീകരിച്ചത് അതിന്റെ ഋജുത്വമായിരുന്നു. ആ ഋജുത്വം സംസാരത്തിലാണ് വന്നുചേർന്നത്. ദയറാ പരിശീലനകാലത്ത് രാത്രിയിൽ പരിപൂർണ്ണ മൗനവും പകൽ മിതമായ മൗനവും പരിശീലിച്ച ദിദിമോസ് പ്രഥമന്റെ ജീവിതശൈലിയുടെ മുഖമുദ്ര ആ ഋജുത്വവും മൗനവുമായിത്തീർന്നു. ആത്മപരിത്യാഗം ജീവിത വിശുദ്ധിയിലേക്ക് ഉയർത്തി.

മദ്രാസ് മെസ്റ്റൺ ട്രെയിനിംഗ് കോളജിൽ നിന്നു ബി.എഡ്. സമ്പാദിച്ചിട്ടാണ് അദ്ദേഹം തൃശ്ശിനാപ്പള്ളി പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായെത്തിയത്. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ തമിഴ്നാട് മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന പൊന്നയ്യാ ഹൈസ്കൂളിൽ 1955 മുതൽ 1959 വരെ ഫാ. സി. ടി. തോമസ് സേവനമനുഷ്ഠിച്ചു. 1961-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി.

സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചതിനെ തുടർന്ന് 1962-ൽ പെൺകുട്ടികൾക്ക് മാത്രമായി മൗണ്ട് താബോർ ഹൈസ്കൂൾ തുടങ്ങി. രണ്ട് സ്കൂളിലും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും അച്ചടക്കം പരിപാലിക്കുന്നതിനും തോമസച്ചൻ വളരെ ശ്രദ്ധിച്ചു. പൊതുവിജ്ഞാനം മാത്രമല്ല പൊതു മര്യാദകളും അസംബ്ലിയിൽ പഠിപ്പിച്ചു.

തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി 1964-ൽ സെന്റ് സ്റ്റീഫൻസ് കോളജ് സ്ഥാപിച്ചപ്പോൾ സി. ടി. തോമസച്ചൻ അവിടെ ഇംഗ്ലീഷ് വിഭാഗം മേധാവിയും വൈസ് പ്രിൻസിപ്പലുമായി. ആ സ്ഥാനത്ത് പ്രവർത്തിക്കുമ്പോഴാണ് മെത്രാൻസ്ഥാനമേൽക്കുന്നത്.

സന്യാസാർത്ഥിയായി താബോർ ദയറായിലെത്തിയ സി. ടി. തോമസിനെ പഠിപ്പിച്ചും പരിശീലിപ്പിച്ചും ദീവന്നാസ്യോസ് തിരുമേനി തന്റെ പിൻഗാമിയാക്കുകയാണ് ചെയ്തത്. സന്യാസ പരിശീലനം പൂർത്തിയായപ്പോൾ ഡീക്കൻ സി. ടി. തോമസിന് വൈദികപട്ടം നൽകി. 1950 ജനുവരി 26-ന് പത്തനാപുരം താബോർ ദയറാ ചാപ്പലിൽ വെച്ചായിരുന്നു ശുശ്രൂഷകൾ നടന്നത്. ശെമ്മാശ്ശപട്ടവും വൈദികപട്ടവും നൽകിയത് പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായായിരുന്നു. റമ്പാൻസ്ഥാനവും മെത്രാൻസ്ഥാനവും നൽകിയത് ഔഗേൻ പ്രഥമൻ കാതോലിക്കാ ആയിരുന്നു. റമ്പാൻസ്ഥാനം 1965 മെയ് 16-നും മെത്രാൻസ്ഥാനം 1966 ആഗസ്റ്റ് 24-നുമാണ് ലഭിച്ചത്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ വെച്ചായിരുന്നു മെത്രാൻസ്ഥാനാഭിഷേകം.

മെത്രാൻസ്ഥാനം ഏറ്റതിനുശേഷം മലബാർ ഭദ്രാസനത്തിന്റെ സഹായ മെത്രാനായിട്ടാണ് 1966 നവംബർ 11-ന് തോമസ് മാർ തീമോത്തിയോസ് മലബാറിൽ എത്തുന്നത്. താബോറിന്റെ മണ്ണിൽ നിന്നു ലഭിച്ച സന്യാസപരിശീലനവും അച്ചടക്കവും വിശ്വാസസ്ഥിരതയും സഭാതീക്ഷ്ണതയുമായിരുന്നു ഭദ്രാസന ഭരണത്തിനെത്തിയപ്പോൾ തീമോത്തിയോസ് തിരുമേനിക്കുണ്ടായിരുന്ന കൈമുതൽ. താബോറിൽ നിന്ന് മറ്റൊരു മലമുകളിൽ എത്തിയപ്പോൾ തന്റെ ആസ്ഥാനത്തിന് മൗണ്ട് ഹെർമ്മോൻ എന്നാണ് പേരിട്ടത്. പ്രാർത്ഥനയിലൂടെയും ധൂപത്തിലൂടെയും തീമോത്തിയോസ് തിരുമേനി മലബാറിൽ ആദ്ധ്യാത്മിക നവീകരണമുണ്ടാക്കി. മലബാർ ഭദ്രാസനത്തിന്റെ ആധുനിക ശില്പിയാണ് ഈ പിതാവ്.

1930-കളിൽ കുടിയേറ്റത്തോടൊപ്പം ധാരാളം ഓർത്തഡോക്സുകാർ മലബാറിൽ എത്തിയെങ്കിലും 1953-ലാണ് മലബാർ ഭദ്രാസനം രൂപംകൊണ്ടത്. അന്നത്തെ മദ്രാസ് സംസ്ഥാനത്തിലെ മലബാറും കർണ്ണാടകയിലെ ദക്ഷിണ കാനറ, ഇന്നത്തെ തമിഴ്നാട്ടിലെ ഗുഡല്ലൂർ പ്രദേശങ്ങളും ഉൾപ്പെടുത്തി 1953-ൽ മലബാർ ഭദ്രാസനം രൂപീകരിച്ചപ്പോൾ പത്രോസ് മാർ ഒസ്താത്തിയോസ് പ്രഥമ മെത്രാപ്പോലീത്തായായി. പിന്നീട് കേരളം രൂപംകൊണ്ടപ്പോൾ അന്നത്തെ മലബാർ പ്രദേശം പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളായി വിഭജിക്കപ്പെട്ടെങ്കിലും ഭദ്രാസന നാമം മലബാർ എന്നു തന്നെ തുടർന്നു.

പത്രോസ് മാർ ഒസ്താത്തിയോസിനു ശേഷം മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ആയി തീമോത്തിയോസ് തിരുമേനി സ്ഥാനമേൽക്കുമ്പോൾ മല

ബാറിൽ 80 പള്ളികളാണ് ഉണ്ടായിരുന്നത്. മിക്കവയും ഓലമേഞ്ഞ കെട്ടിട ങ്ങളായിരുന്നു. അരമനയും ഉണ്ടായിരുന്നില്ല. ഭദ്രാസനത്തിലെ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു കിടന്നു. ഭദ്രാസനാധിപൻ എന്ന നിലയിൽ തീമോത്തിയോസ് തിരുമേനി ആദ്യം സണ്ടേസ്കൂൾ പ്രസ്ഥാനം ശക്തിപ്പെടുത്തി. പിന്നീട് യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്ത നങ്ങളും സജീവമാക്കി. മർത്തമറിയം സമാജവും ക്രിയാത്മകമായി പ്രവർ ത്തനം തുടങ്ങി. ഇതോടൊപ്പം പുതിയ ഇടവകകൾ തുടങ്ങാനും തിരുമേനി പരിശ്രമിച്ചു.

മാർ തീമോത്തിയോസ് മലബാർ ഭദ്രാസനത്തെ ശക്തിപ്പെടുത്തിക്കൊ ണ്ടിരുന്നപ്പോഴാണ് സഭയിൽ വീണ്ടും പ്രതിസന്ധികൾ തുടങ്ങിയത്. അതിന്റെ തിക്താനുഭവം ഏറെ ഉണ്ടായത് മലബാറിലാണ്. എന്നാൽ തിരുമേനിയുടെ പ്രാർത്ഥനയും ദൈവവിശ്വാസവും കൊണ്ട് മലബാർ ഭദ്രാസനത്തിലെ പ്രശ്ന ങ്ങൾ ഓരോന്നായി അവസാനിച്ചു. വൈദികരും അത്മായരും ഒറ്റക്കെട്ടായി തിരുമേനിയുടെ കീഴിൽ അണിനിരന്നു. 1967-ൽ ചാത്തമംഗലത്ത് അരമന യ്ക്കുവേണ്ടി സ്ഥലം വാങ്ങുകയും അരമന പണിയുകയും ചെയ്തു. 1974-ൽ ചുങ്കത്തറയിൽ ആരംഭിച്ച കൺവെൻഷൻ മലബാറിലെ പ്രധാന ആദ്ധ്യാത്മിക സംഗമങ്ങളിൽ ഒന്നായി.

മലബാർ ഭദ്രാസനത്തിൽ തിരുമേനി ആരംഭിച്ച അട്ടപ്പാടി മിഷൻ സഭയ്ക്ക് വലിയൊരു മുതൽക്കൂട്ടാണ്. എരുമമുണ്ടയിൽ 1982-ൽ ആരംഭിച്ച സെന്റ് തോമസ് ഹോം, 1990-ൽ ചേവായൂരിൽ ആരംഭിച്ച സെന്റ് ഗ്രിഗോറിയോസ് ഗൈഡൻസ് സെന്റർ എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളും തിരുമേനിയുടെ ഭരണകാലത്ത് ആരംഭിച്ചവയാണ്. മെത്രാൻസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചത് അർഹരായ 25 പേർക്ക് വീടുകൾ നിർമ്മിച്ചു നൽകിക്കൊ ണ്ടായിരുന്നു.

മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നാലു ദശാബ്ദങ്ങൾ പ്രവർത്തിച്ച തീമോത്തിയോസ് തിരുമേനി സഭാംഗങ്ങൾക്ക് നവീനമായ ആദ്ധ്യാത്മിക ചൈതന്യം പകർന്നു. മലബാർ ഭദ്രാസനത്തിൽ പിൻഗാമി യായി ഡോ. സഖറിയാ മാർ തെയോഫിലോസിനെ ആശീർവദിച്ചുകൊണ്ടാണ് മലബാറിന്റെ ഈ നല്ല ഇടയൻ ദേവലോകത്തേക്ക് വന്നത്. നിയുക്ത കാതോ ലിക്കാ ആയി തോമസ് മാർ തീമോത്തിയോസിനെ പരിശുദ്ധ സുന്നഹദോസ് ഐകകണ്ഠ്യേന തിരഞ്ഞെടുക്കുകയായിരുന്നു. പിന്നീട് മലങ്കര അസ്സോസി യേഷൻ ഈ പിതാവിനെ ഔദ്യോഗികമായി 1992-ൽ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു.

സഭയുടെ സങ്കീർണ്ണമായ ഘട്ടത്തിലാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ഇരുപതാമത്തെ മലങ്കര മെത്രാപ്പോലീത്താ

ആയും ഏഴാമത് പൗരസ്ത്യ കാതോലിക്കാ ആയും സ്ഥാനമേറ്റത്. 2005 ഒക്ടോബർ 29-ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ പരിശുദ്ധ പിതാവ് 2005 ഒക്ടോബർ 31-നാണ് പൗരസ്ത്യ കാതോലിക്കാ സ്ഥാനമേറ്റത്.

മലങ്കരയുടെ അമരക്കാരനെന്ന നിലയിൽ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ സംഭാവനകൾ അനവധിയാണ്. മലങ്കരസഭയിൽ സമ്പൂർണ്ണ ജനാധിപത്യം നടപ്പാക്കാൻ വലിയബാവാ നേതൃത്വം നല്കി. അഞ്ചു വർഷത്തെ ഭരണത്തിനിടയിൽ നാലു തവണ മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടുകയും അതിൽ ആദ്ധ്യക്ഷം വഹിച്ച് ഒരു തവണ തന്റെ പിൻഗാമിയെയും മറ്റൊരു തവണ കൂട്ടുട്രസ്റ്റികളെയും അടുത്ത രണ്ടു തവണകളിലായി പതിനാല് മെത്രാന്മാരെയും തിരഞ്ഞെടുത്തു. മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുത്ത ഈ പതിനാലു പേർക്ക് മെത്രാൻസ്ഥാനം നൽകാനുള്ള ഭാഗ്യവും പരിശുദ്ധ പിതാവിന് ലഭിച്ചു. 2009 ഏപ്രിൽ 3-ന് വിശുദ്ധ മൂറോൻ കൂദാശ ചെയ്തു. പള്ളി ഇടവകപ്പൊതുയോഗങ്ങളിൽ വനിതകൾക്ക് അംഗത്വം നൽകിയതും പരിശുദ്ധ ദിദിമോസ് ബാവായുടെ ഭരണകാലത്താണ്. മലങ്കര അസ്സോസിയേഷനിൽ വരണാധികാരിയായി രണ്ടു തവണ ഒരു വനിതയെ നിയമിച്ചതും ദിദിമോസ് ബാവായാണ്.

മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും പരിശുദ്ധ പിതാവിന്റെ ഏറ്റവും വിശിഷ്ടമായ സംഭാവന സഭയിലെ ആത്മീയ നവോത്ഥാനമാണ്. തന്റെ ഭരണകാലത്ത് ദിദിമോസ് ബാവാ സഭാഗാത്രത്തിൽ ആത്മീയ നവോത്ഥാനത്തിന്റെ നിശ്ശബ്ദ അലകളുയർത്തി. പൗരസ്ത്യ സന്യാസിമാരുടെ ജീവിതവും ശൈലിയും അതേപടി ജീവിതത്തിൽ നടപ്പാക്കിയ പിതാവാണ് ദിദിമോസ് പ്രഥമൻ ബാവാ. പ്രാർത്ഥനയും ഉപവാസവും നോമ്പും ആ ജീവിതക്രമത്തിന്റെ വ്യതിരിക്തതകളായിരുന്നു. സഭയെ രൂപാന്തരപ്പെടുത്താൻ വിശ്വാസികൾക്ക് ഈ പുണ്യപിതാവ് ആത്മീയമായ കരുത്തു പകർന്നു.

സഭാഗാത്രത്തിലേക്ക് ഈ പുണ്യപിതാവ് പകർന്ന ഊർജ്ജം മലങ്കരസഭയിൽ ഒരു ആത്മീയ വിപ്ലവത്തിനു വഴിയൊരുക്കി. പ്രാർത്ഥന, ധ്യാനം, മൗനം എന്നിവയിലൂടെ ഈ മഹർഷിവര്യൻ സഭയെ ശക്തീകരിച്ചു. പ്രതിസന്ധികളിലും ഭിന്നതകളിലും വ്യവഹാരങ്ങളിലും ഉലഞ്ഞ സഭയെ അചഞ്ചലമായ വിശ്വാസത്തോടെയും ദൈവാശ്രയത്തോടെയും നയിച്ചു.

ആർത്തിരമ്പുന്ന തിരമാലകളെയും കലങ്ങിമറിയുന്ന സംഘങ്ങളെയും ഒരു സന്യാസിയുടെ നിസ്സംഗതയോടെ സമീപിക്കാനുള്ള ഇച്ഛാശക്തിയാണ് ഈ മഹാത്മാവിന്റെ പ്രത്യേകത. വിശ്വാസ തീക്ഷ്ണതയിൽ കരുപ്പിടിപ്പിച്ചതാണ് ദിദിമോസ് പ്രഥമന്റെ വേദശാസ്ത്രം. ക്രിസ്തുശിഷ്യനായ ദിദിമോസ് എല്ലാം കണ്ടു വിശ്വസിച്ചെങ്കിൽ ദിദിമോസ് പ്രഥമൻ വലിയബാവാ എല്ലാം

അനുദർശിച്ചും അനുശീലിച്ചും അനുഭവിച്ചും വിശ്വസിച്ചു. കഠിനമായ താപസഭക്തിയിൽ സ്ഫുടം ചെയ്ത ആ ജീവിതം മലങ്കരയിൽ അവതരിപ്പിച്ച ആത്മീയ ലഹരി നിശ്ശബ്ദമായ ആത്മീയ വിപ്ലവം തന്നെയായിരുന്നു.

കൂദാശകളുടെ അനുഷ്ഠാനം മുതൽ വൈദികരുടെ അച്ചടക്കം വരെയുള്ള കാര്യത്തിൽ നവീനമായ കാഴ്ചപ്പാടോടെ ദിദിമോസ് ബാവാ പ്രവർത്തിച്ചു. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റശേഷം ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ 2006 ഒക്ടോബർ 12-ന് പരുമലയിൽ വിളിച്ചുകൂട്ടിയ മലങ്കര അസ്സോസിയേഷനിൽ വച്ചാണ് കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസിനെ നിയുക്ത കാതോലിക്കാ ആയി തിരഞ്ഞെടുത്തത്. നിയുക്ത കാതോലിക്കായുടെ തിരഞ്ഞെടുപ്പ് കോടതി മുഖേന തടസ്സപ്പെടുത്താൻ ശ്രമം ഉണ്ടായിരുന്നെങ്കിലും ഇതു സംബന്ധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടായത് പ. ബാവായുടെ പ്രാർത്ഥനയുടെ ശക്തികൊണ്ടു തന്നെയായിരുന്നു. ദിദിമോസ് പ്രഥമൻ ബാവായുടെ ഭരണനിർവ്വഹണ പ്രവർത്തനങ്ങളിൽ തുടർന്ന് നിയുക്ത കാതോലിക്കായുടെ പങ്കാളിത്തവും സഹകരണവും ശക്തമായിരുന്നു.

പുതിയൊരു നേതൃനിരയെ അവതരിപ്പിച്ചുകൊണ്ടായിരുന്നു ദിദിമോസ് ബാവായുടെ ഭരണകാലം അരങ്ങേറിയത്. സഭയുടെ വളർച്ചയുടെ സൂചനയായി എടുത്തു പറയാനുള്ള ഒരു കാര്യം ഭദ്രാസനങ്ങളുടെ വളർച്ചയാണ്. മലങ്കരസഭയ്ക്ക് ഇപ്പോൾ മുപ്പത്തൊന്നു ഭദ്രാസനങ്ങളാണ് ഉള്ളത്. അതിൽ അഹമ്മദ്ബാദ്, ബാംഗ്ലൂർ, ബ്രഹ്മവാർ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ ഭദ്രാസനങ്ങൾ ദിദിമോസ് ബാവായുടെ ഭരണകാലത്ത് രൂപംകൊണ്ടവയാണ്. ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിച്ചു. ഏറ്റവും കൂടുതൽ അംഗങ്ങളുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരിക്കാനുള്ള മഹാഭാഗ്യവും ദിദിമോസ് ബാവായ്ക്കു ലഭിച്ചു. ദിദിമോസ് പ്രഥമൻ ഉൾപ്പെടെ മലങ്കരയിൽ ഇപ്പോൾ 30 മെത്രാപ്പോലീത്താമാരുടെ സാന്നിദ്ധ്യമാണുള്ളത്.

മെത്രാന്മാരുടെ തിരഞ്ഞെടുപ്പിൽ പല കാലത്തും പെരുമാറ്റച്ചട്ടങ്ങളും മാനദണ്ഡങ്ങളും ഉണ്ടായിരുന്നെങ്കിലും അച്ചടക്കത്തിന്റെ കാര്യത്തിൽ അതീവ ജാഗ്രതയുള്ള ദിദിമോസ് ബാവായാണ് മെത്രാൻ തിരഞ്ഞെടുപ്പിന് വ്യക്തമായ ഒരു മാനദണ്ഡവും പെരുമാറ്റച്ചട്ടവും രൂപീകരിച്ചത്. 2009-ൽ പാമ്പാക്കുടയിലും 2010-ൽ ശാസ്താംകോട്ടയിലും നടത്തിയ മലങ്കര അസ്സോസിയേഷനുകളിൽ ഈ ചട്ടങ്ങൾ കർശനമായി നടപ്പാക്കി. മലങ്കര അസ്സോസിയേഷനിൽ പാരമ്പര്യപ്രകാരമുള്ള മലങ്കര മെത്രാന്റെ അംശവസ്ത്രം ധരിക്കുന്ന പതിവ് പുനഃസ്ഥാപിച്ചത് ദിദിമോസ് പ്രഥമനാണ്.

ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് നടന്ന ചരിത്രപ്രധാനമായ ഒരു സംഗമമായിരുന്നു 2008 നവംബർ 16-ന് കോട്ടയം ബസേലിയോസ് കോളജ് ഗ്രൗണ്ടിൽ നടന്ന കോട്ടയം മഹാസമ്മേളനം. മലങ്കരയുടെ വിവിധ കേന്ദ്രങ്ങളിൽനിന്നു പതിനായിരങ്ങൾ ഒത്തുകൂടിയ ഈ സമ്മേളനം അന്ത്യോഖ്യൻ ഭക്തരുടെ നിയമലംഘനങ്ങളോടും നീതി നടപ്പാക്കുന്നതിൽ സർക്കാർ കാണിക്കുന്ന വിവേചനത്തോടും ഉള്ള പ്രതിഷേധം കൂടിയായിരുന്നു. മലങ്കര സഭാമക്കളെ ഉണർത്തുന്നതിനും സഭയുടെ പ്രതിസന്ധിഘട്ടത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനും കോട്ടയം സമ്മേളനം പ്രചോദനമായി.

ലോകത്തിലെ വിവിധ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് അവസരങ്ങളുണ്ടായി. ദിദിമോസ് ബാവായുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് കിറിൾ മെത്രാപ്പോലീത്താ, അർമ്മീനിയൻ സുപ്രീംകാതോലിക്കാ കരേക്കിൻ രണ്ടാമൻ, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ്, സലീഷ്യൻ കാതോലിക്കാ ആരാം പ്രഥമൻ എന്നിവർ മലങ്കര സന്ദർശിച്ചു. സഭകളുടെ ലോകകൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോബിയാ ദേവലോകത്ത് എത്തി ദിദിമോസ് പ്രഥമനെ സന്ദർശിച്ചു. ആഫ്രിക്കൻ രാജ്യമായ ലെസോത്തോയിലെ ഉപ പ്രധാനമന്ത്രി ആർബാർഡ് ലിഹാഹ്ലയും ദേവലോകത്ത് വന്ന് പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. കോപ്റ്റിക് സഭാതലവൻ പോപ്പ് ഷെനൗഡാ മൂന്നാമനെ കെയ്റോയിൽ വച്ചും അസീറിയൻ പാത്രിയർക്കീസ് ദിൻഹാ നാലാമനെ ഷിക്കാഗോയിൽ വച്ചും സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി അർമ്മീനിയൻ സുപ്രീം കാതോലിക്കായ്ക്കും സിസിലിയാ കാതോലിക്കാ ആരാം പ്രഥമനും എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനും പരിശുദ്ധ ദിദിമോസ് പ്രഥമൻ മലങ്കരസഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് തോമസ്' നൽകി ആദരിച്ചു.

മലങ്കരസഭയുടെ നവോത്ഥാനത്തിനു നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെ 'സഭാതേജസ്സ്' എന്ന സ്ഥാനനാമം നൽകി ആദരിച്ചതും ദിദിമോസ് പ്രഥമനാണ്.

അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾക്കു ശേഷം 2010 ഒക്ടോബർ 31-ന് പരിശുദ്ധ പിതാവ് മലങ്കര മെത്രാപ്പോലീത്താസ്ഥാനം ഒഴിഞ്ഞു. 2010 നവംബർ 1-ന് തന്റെ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയനെ വാഴിച്ചതോടെ കാതോലിക്കാസ്ഥാനവും പരിശുദ്ധ പിതാവ് ത്യജിച്ചു. തൊണ്ണൂറാം ജന്മദിനത്തിൽ സ്വന്തം ഇഷ്ടപ്രകാരം

സ്ഥാനത്യാഗം ചെയ്ത ദിദിമോസ് പ്രഥമനെ 2010 ഒക്ടോബർ 29-ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരയുടെ വലിയബാവാ ആയി പ്രഖ്യാപിച്ചു.

ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമൊഴിഞ്ഞത് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിച്ചുകൊണ്ടാണ് - മുൻഗാമിയിൽ നിന്ന് അഭിഷിക്തനായ ദിദിമോസ് പ്രഥമൻ ബാവാ പിൻഗാമിയെ വാഴിച്ചുകൊണ്ടാണ് സ്ഥാനത്യാഗം ചെയ്തത്. ഒരു സന്യാസിയുടെ നിസ്സംഗതയോടെ, ദിദിമോസ് പ്രഥമൻ ബാവാ അധികാരം വിട്ടൊഴിഞ്ഞത് സ്വന്തം ഇഷ്ടപ്രകാരമായിരുന്നു. പിൻഗാമിയെ വാഴിക്കാൻ പരുമലപ്പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ദിദിമോസ് പ്രഥമൻ മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

2014 ആദ്യം വരെയും വളരെ ശാന്തമായി കാതോലിക്കേറ്റ് അരമനയിൽ പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകിയിരുന്നു. 2014 മെയ് മാസത്തിൽ പരുമല ആശുപത്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ പരിചരണത്തിൽ ആയിരുന്നു. തന്റെ ഇഹലോകജീവിതത്തിനു പരിസമാപ്തി ആയിരിക്കുന്നു എന്നു മനസ്സിലായപ്പോൾ ഭക്ഷണം പോലും വെടിഞ്ഞ് ആ സമയത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം ഒരുങ്ങി കിടന്നു.

2014 മെയ് മാസം 26-നു ആ സമയം സമാഗതമാവുന്നു എന്ന് മെഷീൻ അറിയിച്ചുകൊണ്ടിരുന്നു. അഭിവന്ദ്യ തിരുമേനിമാരും ആശ്രമാംഗങ്ങളും, വൈദികഗണവും ആ മുറിയിൽ സന്നിഹിതരായിരുന്നു. പിതാക്കന്മാരുടെ നേതൃത്വത്തിൽ സന്ധ്യാനമസ്കാരം നടത്തി. അതിനു മുമ്പുതന്നെ അഭിവന്ദ്യ ഐറേനിയോസ് തിരുമേനിയും ബ. യൽദോ അച്ചനും അടുത്തിരുന്ന് പ്രാർത്ഥനകളും വിശ്വാസപ്രമാണവും ചൊല്ലിക്കൊണ്ടിരുന്നു. അപ്പോൾ ഉണ്ടായിരുന്ന അഭിവന്ദ്യ പിതാക്കന്മാർ എല്ലാവരും പരിശുദ്ധ പിതാവിന്റെ നെറ്റിയിൽ സ്ലീബാ വച്ചുകൊണ്ട് പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്ന സമയം പ. പിതാവിന്റെ ജീവൻ പിതൃസന്നിധിയിലേക്ക് പറന്നുപോയി. മുറിയിലെ അന്തരീക്ഷം വളരെ ശാന്തമായിരുന്നു. ഡോക്ടേഴ്സ് എത്തി മരണം സ്ഥിരീകരിച്ചു. കുന്നംകുളത്തായിരുന്ന പ. ബാവാ തിരുമേനി വേഗം വന്നെത്തി. ഭൗതികദേഹം എംബാം ചെയ്തു സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് കസേരയിൽ ഇരുത്തി. അപ്പോഴേക്കും വലിയ ഒരു ജനതതി ആശുപത്രിയിൽ തടിച്ചുകൂടിയിരുന്നു. മൃതദേഹം പുറത്തേക്കിറക്കുന്നതിന് ജനത്തിരക്കുമൂലം അസാദ്ധ്യമായിരുന്നെങ്കിലും എല്ലാവരും സംയമനം പാലിച്ചു. പ. പിതാവ് കാലം ചെയ്തു എന്നുള്ള ദുഃഖസന്ദേശം എല്ലാ ചാനലുകളും അറിയിച്ചതിനാൽ ലോകം മുഴുവനും വാർത്ത അല്പസമയത്തിനുള്ളിൽ എത്തിയിരുന്നു. ആംബുലൻസിൽ ഭൗതികദേഹം പരുമല കബറിങ്കലും, പള്ളിയിലും വച്ചു പ്രാർത്ഥനകൾ നടത്തിയശേഷം രാത്രിയിൽ തന്നെ പഴയസെമിനാരിയിൽ എത്തിച്ചു. സെമിനാരി ചാപ്പലിൽ ഭൗതികദേഹം വച്ചു പ്രാർത്ഥനകൾ രാത്രി

മുഴുവനും തുടർന്നു. അതിരാവിലെ വി. കുർബാനയ്ക്കുശേഷം നഗരികാണിക്കൽ ആരംഭിച്ചു. ദേവലോകം അരമനയിലെ ക്രമങ്ങളും യാത്രചോദിക്കലും കഴിഞ്ഞ് രഥത്തിൽ ഭൗതികദേഹം വച്ച് വിലാപയാത്ര ആരംഭിച്ചു. പുതുപ്പള്ളി പള്ളിയിലും പ്രവേശിപ്പിച്ച് യാത്ര ചോദിക്കൽ കഴിഞ്ഞ് തിരുവല്ല, മാവേലിക്കര, പന്തളം അടൂർ വഴി രാത്രി 2 മണി ആയപ്പോഴേക്കും പത്തനാപുരം ദയറാ ചാപ്പലിൽ ഒരുക്കിയിരുന്ന ഉയർന്ന പീഠത്തിൽ പടിഞ്ഞാറോട്ടഭിമുഖമായി വച്ചു.

പൊതുജനങ്ങൾക്ക് തിക്കും തിരക്കും കൂടാതെ ഭൗതികദേഹം ദർശിക്കുന്നതിനും, കൈമുത്ത് മുതലായവയും സൗകര്യമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നു. പ. ബാവാ തിരുമേനിയും, സഭയിലെ എല്ലാ മേല്പട്ടക്കാരും, വൈദികരും, സഹോദരി സഭകളിലെ പിതാക്കന്മാരും വമ്പിച്ച ഒരു ജനതതിയും എത്തിയിരുന്നു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ മന്ത്രിസഭാംഗങ്ങളും സന്നിഹിതരായിരുന്നു. പിതാവിന്റെ ജീവിതകാലത്തു തന്നെ ഒരുക്കിയിരുന്ന കബറിൽ തന്റെ ബഹുമാന്യനായ ഗുരുവിന്റെ കബറിനു സമീപം ഒരു മണിയോടുകൂടി കബറടക്കം കഴിഞ്ഞു.

മലങ്കരസഭയുടെ സമഗ്ര വളർച്ചയ്ക്ക് നിസ്തുല സംഭാവന നൽകിയ അതുല്യ വ്യക്തിത്വമാണ് പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ. ആ ആത്മിക കരങ്ങളിൽ മലങ്കരസഭയുടെ തീർത്ഥാടനം അചഞ്ചലമായി മുന്നോട്ടു നീങ്ങി. ആ തീർത്ഥാടന പാതയിൽ വിശുദ്ധി പകർന്നത് പ. ദിദിമോസ് ബാവായുടെ പ്രാർത്ഥനയും ത്യാഗവുമാണ്.

പ. വലിയബാവായുടെ കബറടക്കവേളയിൽ പിൻഗാമി നടത്തിയ ചരമ പ്രസംഗം

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഭൗതികമായി ഏറ്റവും അധികം നഷ്ടം, മനസ്സിൽ ശക്തിപ്പെടുന്ന സമയമാണിത്. 40 വർഷക്കാലം മേൽപട്ടക്കാരനായി, മഹാചാര്യനായി മലങ്കരസഭയെ വഴിനടത്തിയ പ. വലിയ ബാവാ പഴയ തലമുറയിലെ 'അവസാനത്തെ' കണ്ണിയാണ്.

മലങ്കരസഭയുടെ സുവർണ്ണ കാലഘട്ടത്തിൽ 1966-ൽ കോലഞ്ചേരിയിൽ വച്ച് വാഴിക്കപ്പെട്ട പിതാവാണ് പ. വലിയ ബാവാ. സഭകൾ യോജിച്ച് പ്രവർത്തിച്ച സുവർണ്ണ കാലമായിരുന്നു അത്. ശാശ്വതസമാധാനം സഭയിൽ ഓളം വെട്ടിനിൽക്കുന്ന സമയത്താണ് അദ്ദേഹം മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടത്.

പ്രതിസന്ധിഘട്ടത്തിൽ 'പ്രാർത്ഥനയാണു ബലം' എന്നു വിശ്വസിച്ച പിതാവാണ് പ. വലിയ ബാവാ. സുപ്രധാന വിഷയങ്ങൾ വരുമ്പോൾ ഞാൻ വലിയ ബാവായുടെ അടുക്കൽ പോയി 'തിരുമേനിയുടെ കൈകൾ ബലഹീ

നനായ എന്റെ ശിരസ്സിൽ വച്ച് പ്രാർത്ഥിക്കണമെന്നു' പറയുമ്പോൾ ആ കൈകൾ എന്റെ ശിരസ്സിൽ വച്ച് പ്രാർത്ഥിക്കും. ഒരു പോറൽ പോലും ഏൽക്കാതെ ഉദ്ദേശിച്ച കാര്യങ്ങൾ എല്ലാം സാധ്യമാകുമ്പോൾ ഈ പിതാവിന്റെ പ്രാർത്ഥനയുടെ ബലം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ആദ്യത്തെ സുന്നഹദോസ് വിളിച്ചു കൂട്ടിയപ്പോഴും തിരുമേനിയുടെ കൈ എന്റെ ശിരസ്സിൽ വച്ച് പ്രാർത്ഥിച്ചശേഷമാണ് സുന്നഹദോസ് ആരംഭിച്ചത്. അസാദ്ധ്യമായ പല കാര്യങ്ങളും വലിയ തിരുമേനിയുടെ പ്രാർത്ഥനയാൽ ഭംഗിയായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിസന്ധി ഉണ്ടാകുമ്പോൾ ഇനി ആരോടു പോയി ചോദിക്കും എന്നത് എന്റെ മനസ്സിനെ അലട്ടുന്നു. ആത്മാർത്ഥതയുള്ള പ്രാർത്ഥനയുടെ ഒരു മാതൃക നമുക്ക് ഭൗതികമായി നഷ്ടപ്പെടുന്നു. എന്നാലും പ. പിതാവ് സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കും.

മലങ്കരസഭയെ നമ്മുടെ പിതാക്കന്മാർ നയിച്ചിട്ടുള്ളത് നിയമം കൊണ്ടല്ല. മനുഷ്യസ്വാധീനവും കൈക്കരുത്തും കൊണ്ടല്ല, പണംകൊണ്ടും അല്ല. നിരന്തരമായ പ്രാർത്ഥനയുടെ ബലംകൊണ്ടാണ്. പ്രാർത്ഥിക്കുന്ന മനസ്സുകളുടെ നിലവിളി ദൈവസന്നിധിയിൽ എത്തും. അവിടെ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളുടെ നേട്ടംകൊണ്ട് മാത്രമാണ് 2000 വർഷം പഴക്കമുള്ള ഈ സഭ നിലനിൽക്കുന്നത്.

നമ്മുടെ പിതാക്കന്മാർ അതിബുദ്ധിശാലികൾ ഒന്നുമല്ല. നമ്മുടെ പിതാക്കന്മാർ തന്ത്രശാലികളുമല്ല. നമ്മുടെ പിതാക്കന്മാർ സാധാരണക്കാരാണ്. പക്ഷേ അവർ പ്രാർത്ഥിക്കുമായിരുന്നു. അവർക്കു തന്ത്രങ്ങളില്ല, അവർക്കു രാഷ്ട്രീയമില്ല, അവർക്കു ധനത്തിന്റെ സ്വാധീനം കൊണ്ട് കാര്യ സാദ്ധ്യവുമില്ല. കൈക്കരുത്തുകൾ ഉപയോഗിക്കാറില്ല. അസത്യം പറഞ്ഞ് കാര്യങ്ങൾ നേടാൻ ഇഷ്ടപ്പെടാറില്ല. എന്നാൽ സത്യത്തിന്റെയും പ്രാർത്ഥനയുടെയും വഴിയിലൂടെ അവർ സഞ്ചരിച്ചു. മലങ്കരസഭയെ നേരിന്റെ വഴിയിലൂടെ നയിച്ചവരാണ് നമ്മുടെ പിതാക്കന്മാർ. ആ പിതാക്കന്മാരിലെ അവസാനത്തെ കണ്ണികളിൽ ഒരാളാണ് പരിശുദ്ധ വലിയ ബാവാ തിരുമേനി.

പ്രിയമുള്ളവരേ, നമുക്ക് അല്പം നൊമ്പരം ഉണ്ട്. വലിയ ബാവായുടെ അഭാവം മൂലം ഉണ്ടാകുന്ന നൊമ്പരം ശക്തമാണ്. സ്വർഗ്ഗസന്നിധിയിൽ ഇരുന്ന് ഈ പിതാവ് നമ്മുടെ സങ്കടം കേൾക്കും. നമുക്കായി പ്രാർത്ഥിക്കും. ഈ സഭ മുന്നേറും. 21-ാം നൂറ്റാണ്ടിൽ ഈ സഭയ്ക്ക് ഒരു പോറലും ഏൽക്കാതെ മുമ്പോട്ടു പോകുവാൻ കഴിയും. ദൈവസന്നിധിയിൽ സ്വാധീനമുള്ള, കരുത്തുള്ള പിതാക്കന്മാർ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി കാത്തിരിപ്പുണ്ട്. പ. വലിയ ബാവായുടെ മദ്ധ്യസ്ഥത യാചിച്ച് പ്രസംഗം അവസാനിപ്പിക്കുന്നു.

(പ. വലിയ ബാവായുടെ കബറടക്കശുശ്രൂഷാമദ്ധ്യേ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടത്തിയ പ്രസംഗ സംഗ്രഹം. 28-5-2014)

ആദ്ധ്യാത്മികതയുടെ സങ്കീർത്തനം

ദിദിമോസ് വലിയ ബാവായ്ക്ക് ആദരാഞ്ജലി

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ആയിരുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ കാലം ചെയ്തതോടെ ഭാരതീയ ക്രൈസ്തവ ചരിത്രത്തിലെ ഒരദ്ധ്യായത്തിനു തിര ശീല വീഴുന്നു. വ്യക്തിജീവിതത്തെ ആധ്യാത്മികതയുടെ ഭാഗമായി മാത്രം കണ്ട ആ മഹായോഗിയുടെ യാത്ര നമുക്കായി കർമ്മപാഠങ്ങൾ ശേഷിപ്പിച്ചു കൊണ്ടാണ്.

ക്രൈസ്തവ സന്യാസജീവിതത്തെ അതിന്റെ പരിപൂർണ്ണതയിൽ സ്വീക രിച്ച വലിയ ബാവാ സഭാഭരണത്തോടൊപ്പം ആധ്യാത്മികതയുടെ സ്വച്ഛത യിൽ ജീവിക്കാനാണിഷ്ടപ്പെട്ടത്. നല്ല ജീവിതം തന്നെ യഥാർത്ഥ സുവി ശേഷം എന്ന വിശ്വാസസംഹിത ദിദിമോസ് ബാവായുടെ ജീവിതത്തെ സംബ ന്ധിച്ച് അന്വർത്ഥമായിരുന്നു. ദൈവവിളി ഹൃദയത്തിൽ പതിഞ്ഞ്, ജീവിതം ബലിയാക്കാൻ കൊതിച്ച് പന്ത്രണ്ടാം വയസ്സിൽ പള്ളിയുടെ മദ്ബഹായിൽ ആദ്യമായി കയറിയ ഒരു ബാലൻ ആദ്ധ്യാത്മിക പാതയിലൂടെ സഞ്ചരിച്ചെ ത്തിയ ദൂരം മാതൃകാപരവും പ്രചോദനാത്മകവുമാണ്.

പ്രതിസന്ധി ഘട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അമരത്തെ ത്തിയ ദിദിമോസ് പ്രഥമൻ ബാവാ കേവലം അഞ്ചു വർഷം മാത്രമേ ആ സ്ഥാനത്തിരുന്നുള്ളുവെങ്കിലും സഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കു ചുക്കാൻ പിടിച്ചു. സഭാപ്രശ്നങ്ങൾ കൊടുമ്പിരിക്കൊണ്ട കാല മായിരുന്നിട്ടും തോൽവിയും ജയവും എണ്ണി കണക്കുകൂട്ടാനോ കണക്കു തീർക്കാനോ തുനിഞ്ഞില്ല. ദൈവാശ്രയം മാത്രം കൈമുതലാക്കി പ്രാർത്ഥന യോടെ അദ്ദേഹം സഭയെ നയിച്ചു. കഠിനാദ്ധ്വാനത്തിലും കഷ്ടപ്പാടിലും സ്ഫുടം ചെയ്തെടുത്ത വ്യക്തിത്വമാണു പരിശുദ്ധ വലിയ ബാവായുടേത്. മലബാർ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നപ്പോൾ അവികസിത പ്രദേ ശങ്ങളും സാമ്പത്തികക്ലേശം അനുഭവിക്കുന്ന ഭദ്രാസനവും വെല്ലുവിളിയാ യെങ്കിലും പ്രതിസന്ധികളിൽപോലും ഉറച്ച കാൽവെയ്പോടെ മുന്നോട്ടുപോ കാൻ പ്രാർത്ഥനാജീവിതം അദ്ദേഹത്തെ സഹായിച്ചു.

സഭാചരിത്രത്തിൽ റെക്കോർഡുകളിട്ടാണു സ്ഥാനത്യാഗം ചെയ്തത്. 14 പേരെ മെത്രാപ്പോലീത്താമാരായി വാഴിച്ചു ചരിത്രം സൃഷ്ടിച്ചതോടെ മല ങ്കരസഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗസംഖ്യ എക്കാല ത്തേതിലും വലുതായി – 33 പേർ. താരതമ്യേന ചെറുപ്പക്കാരായ മെത്രാപ്പോ ലീത്താമാർ സ്ഥാനമേറ്റതോടെ സുന്നഹദോസിലെ അംഗങ്ങളുടെ ശരാശരി പ്രായവും കുറഞ്ഞു.

മറ്റു സഭകളുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നതിൽ ബാവാ ശ്രദ്ധ ചെലുത്തി. റഷ്യൻ ഓർത്തഡോക്സ് സഭയുടെ ബിഷപ്പും അർമീനിയൻ ഓർത്തഡോക്സ് സഭ, ഇത്യോപ്യൻ ഓർത്തഡോക്സ് സഭ എന്നിവയുടെ തലവന്മാരും ബാവായുടെ ക്ഷണം സ്വീകരിച്ചു കേരളത്തിലെത്തിയിട്ടുണ്ട്.

പേരുകേട്ട ധ്യാനഗുരുവും മികച്ച അദ്ധ്യാപകനുമായിരുന്നു പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ ഏറെക്കാലത്തെ അദ്ധ്യാപനത്തിനിടെ ഇംഗ്ലീഷ് സാഹിത്യത്തിന്റെ വിശാലതയിലേക്ക് എത്രയോ വിദ്യാർത്ഥികളെ നയിക്കാനായി. പാട്ടു കേൾക്കാനിഷ്ടപ്പെട്ടു. ഇംഗ്ലീഷിൽ ചാൾസ് ലാംബിനെയും മലയാളത്തിൽ വൈക്കം മുഹമ്മദ് ബഷീറിനെയും സ്വന്തം എഴുത്തുകാരായി കണ്ടു.

എല്ലാവരെയും സ്നേഹിക്കാനും എല്ലാറ്റിലും മിതത്വം പാലിക്കാനുമുള്ള കഴിവാണ് അദ്ദേഹത്തെ പ്രിയങ്കരനാക്കിയത്. പുറംമോടികളില്ലാതെ, ഹൃദയസുതാര്യതയോടെയും സന്തോഷത്തോടെയും ജീവിക്കാൻ ബാവായ്ക്കു കഴിഞ്ഞു. യഥാർത്ഥ സന്യാസിവര്യന്റെ പ്രശാന്തത എന്നും ഒപ്പമുണ്ടാവുകയും ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായ്ക്ക് മലയാള മനോരമയുടെ ആദരാഞ്ജലി.

(മനോരമ എഡിറ്റോറിയൽ, മെയ് 28, 2014)

(പോൾ മണലിൽ രചിച്ച *ഒരു മഹർഷി സംസാരിക്കുന്നു*, ഏലിയാസ് കോശി റമ്പാൻ രചിച്ച *ആശ്രമ ആരാമത്തിൽ വിടർന്ന പനിനീർപുഷ്പം* എന്നീ ഗ്രന്ഥങ്ങളോട് കടപ്പാട്)



10

മലങ്കരസഭയുടെ എട്ടാം കാതോലിക്കാ പ. മാർത്തോമ്മാ പൗലോസ് രണ്ടാമൻ

...സ്വർഗ്ഗത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു... 2010 നവംബർ 1-നു പരുമല സെമിനാരിയിൽ നിന്നും മലങ്കരസഭയുടെ താപസശ്രേഷ്ഠനായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമന്റെ വിറയലില്ലാത്ത ശബ്ദം ഉയർന്നുപൊങ്ങി. തോമസ് മാർ അത്താനാസ്യോസ് സീനിയർ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയ വി. കുർബാന മദ്ധ്യേ പൗലൂസ് മാർ മിലിത്തിയോസ് മലങ്കര മെത്രാപ്പോലീത്തായെ പ. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ആയി വാഴിക്കുന്ന മഹനീയ മുഹൂർത്തമായിരുന്നു അത്. വലിയ ഇടയനടുത്ത *അഹറോന്റെ തളിർത്ത വടി* പിൻഗാമിക്കു കൈമാറിക്കൊണ്ട് *വലിയ ബാവാ* തന്റെ പ്രാർത്ഥനയുടെ ആഴങ്ങളിലേയ്ക്കു പിൻവാങ്ങുക മാത്രമായിരുന്നില്ല ആ നിമിഷം, സ്വകരങ്ങളാൽ പിൻഗാമിയെ വാഴിച്ച ആദ്യ പൗരസ്ത്യ കാതോലിക്കാ എന്ന നിലയിൽ ചരിത്രത്താളുകളിൽ സ്വനാമം തങ്കലിപികളിൽ എഴുതിച്ചേർക്കുക കൂടിയായിരുന്നു.

സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, മൂന്നു മലങ്കര മെത്രാന്മാരെ വാഴിക്കുകയും രണ്ടു പ്രാവശ്യം മലങ്കര മെത്രാൻ സ്ഥാനം വഹിക്കുകയും ചെയ്ത തൊഴിയൂരിന്റെ കിടങ്ങൻ ഗീവർഗീസ് മാർ പീലക്സീനോസ്, എം. ഡി. സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ എന്നീ പ്രഗത്ഭർക്കു ശേഷം നസ്രാണി ഉരുക്കുകോട്ടയായ കുന്നംകുളത്തുനിന്ന് മലങ്കര മെത്രാൻ സ്ഥാനത്തെത്തിയ നാലാമൂഴക്കാരനായ പൗലൂസ് ദ്വിതീയനിൽ വലിയ പ്രതീക്ഷയാണ് മലങ്കരസഭ വെച്ചുപുലർത്തിയത്. പ. ദിദിമോസ് പ്രഥമൻ തുടങ്ങിവെച്ച *കാദീശല് ഈത്തോ* - സഭയുടെ ശുദ്ധീകരണം - പൂർത്തിയാക്കാനും, മലങ്കരസഭയെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കി പുതിയ ഉയരങ്ങളിലേയ്ക്കു നയിക്കുവാനും യുവത്വം വിടാത്ത പുതിയ ഇടയന്റെ ഊർജ്ജസ്വലതയ്ക്ക് സാധിക്കുമെന്നു സഭ മുഴുവൻ പ്രതീക്ഷിച്ചതിൽ അത്ഭുതമില്ല.

അല്പം പിന്നോട്ട്

പഴഞ്ഞി മങ്ങാട് കൊള്ളന്നൂർ എന്ന സാധാരണ കർഷക കുടുംബത്തിൽ കെ. ഐ. ഐപ്പിന്റെയും കുഞ്ഞീറ്റിയുടെയും പുത്രനായി 1946 ആഗസ്റ്റ് 30-നു ജനിച്ച കെ. ഐ. പോളിനെ പ. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിഹാസനത്തിലേയ്ക്ക് ഉയർത്തിയതിന്റെ മുഖ്യ കാരണക്കാരൻ കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമനാണ്. അര നൂറ്റാണ്ടിലധികം നീണ്ടുനിന്ന കീഴ്വഴക്കം ലംഘിച്ചുകൊണ്ട് 36-ാം വയസിൽ എറണാകുളം സെന്റ് മേരീസ് പള്ളി സഹവികാരി കെ. ഐ. പോൾ കത്തനാരെ മേല്പട്ടസ്ഥാനത്തേയ്ക്ക് അദ്ദേഹം നിർദ്ദേശിച്ചു. 1982 ഡിസംബർ 28-നു തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ ചേർന്ന മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തതിനെ തുടർന്ന് 1985 മെയ് 15-നു പൗലോസ് മാർ മിലിത്തിയോസ് എന്ന പേരിൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ വെച്ച് മേല്പട്ടക്കാരനായി വാഴിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിക്കു ശേഷം ഏറ്റവും കുറഞ്ഞ പ്രായത്തിൽ മേല്പട്ടസ്ഥാനത്തേയ്ക്കുയർത്തപ്പെട്ട മാർ മിലിത്തിയോസ് അന്നേ ശ്രദ്ധാകേന്ദ്രമായി. തലേവർഷം രൂപീകരിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തായായി 1985 ആഗസ്റ്റ് 1-നു മാർ മിലിത്തിയോസ് ചുമതലയേറ്റു.

2005-ൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനമേറ്റ പ. ദിദിമോസ് പ്രഥമൻ അന്നു മുതൽതന്നെ തനിക്കൊരു പിൻഗാമി എന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഈ താത്പര്യത്തെ മാനിച്ച പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2006-ൽ പൗരസ്ത്യ കാതോലിക്കാ/മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു പിൻഗാമിയെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. സ്തേഫാനോസ് മാർ തേവോദോസ്യോസ്, തോമസ് മാർ മക്കാറിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നിവരുടെ പേരുകൾ സുന്നഹദോസിൽ ഉയർന്നുവന്നു എങ്കിലും കൂട്ടത്തിൽ യുവാവായ പൗലൂസ് മാർ മിലിത്തിയോസിനെയാണ് സുന്നഹദോസ് നാമനിർദ്ദേശം ചെയ്തത്. ഈ ശുപാർശ 2006 ഒക്ടോബർ 12-നു പരുമല സെമിനാരിയിൽ കൂടിയ അസോസിയേഷൻ ഐകകണ്ഠേന അംഗീകരിച്ചതോടെ മാർ മിലിത്തിയോസ്, ശ്രേഷ്ഠ നിയുക്ത കാതോലിക്കായും അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്തായുമായി.

തിരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയായ ഉടൻതന്നെ പ. ദിദിമോസ് പ്രഥമൻ ഭരണച്ചുമതലകൾ ഓരോന്നായി പിൻഗാമിയെ ഏല്പിച്ചു വിശ്രമത്തിനുള്ള ഒരുക്കം തുടങ്ങി. അത്യുന്നത മഹാപുരോഹിതനടുത്ത തന്റെ അവകാശങ്ങളായ മേല്പട്ട സ്ഥാനാരോഹണവും വി. മൂറോൻ കൂദാശയും പൂർത്തീകരിച്ചതോടെ തനിക്കു സ്ഥാനത്യാഗം ചെയ്തു വിശ്രമിക്കണമെന്ന പ. ദിദിമോസ് പ്രഥമന്റെ ആവശ്യം ശക്തമായി. അപ്രതീക്ഷിതമായി 2010 ഒക്ടോബർ 30-നു

യാത്രയിലായിരുന്ന പിൻഗാമിയെ വിളിച്ചുവരുത്തി മലങ്കര മെത്രാപ്പോലീത്താ യുടെ ചുമതലകൾ ഏല്പിച്ച് അദ്ദേഹം സ്ഥാനത്യാഗം ചെയ്തു. അതിന്റെ പരിപൂർത്തിയായിട്ടാണ് നവംബർ 1-നു തന്റെ കരങ്ങളാൽത്തന്നെ പ. ദിദി മോസ് പ്രഥമൻ പിൻഗാമിയെ സിംഹാസനാരോഹണം നടത്തിയത്.

സന്ദർഭവശാൽ സൂചിപ്പിക്കട്ടെ, 2006 സുന്നഹദോസിൽ കാതോലിക്കാ സ്ഥാനത്തേയ്ക്കു പരിഗണിക്കപ്പെട്ട മാർ തേവോദോസ്യോസ്, മാർ മക്കാറി യോസ്, മാർ എപ്പിഫാനിയോസ് ഇവർ മൂവരും 2010 നവംബറിനു മുമ്പ് കാലംചെയ്തു. അതോടെ പൗലൂസ് ദ്വിതീയന്റെ തിരഞ്ഞെടുപ്പ് *ദൈവഹിതം* എന്ന ഒരു വിശ്വാസം ജനങ്ങൾക്കിടയിൽ പരന്നു.

ശ്രദ്ധേയമായ തുടക്കം

വിപ്ലവകരമായ ഒരു ചുവടുവെപ്പുമായാണ് പൗലൂസ് ദ്വിതീയൻ ഭരണം ആരംഭിച്ചത്. 21 വയസു പൂർത്തിയായ വനിതകൾക്കും പള്ളിപൊതുയോഗ ങ്ങളിൽ പൂർണ്ണ പ്രാതിനിത്യം നൽകി 2011-ൽ മലങ്കരസഭാ ഭരണഘടന ഭേദഗതി ചെയ്തു. അതോടൊപ്പം ഇടവകതലത്തിൽ കൈക്കാരൻ, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയ സ്ഥാനങ്ങൾ വഹിക്കാനും സ്ത്രീക ൾക്ക് അവകാശമായി. നേരത്തെ സ്ത്രീകൾക്ക് വോട്ടവകാശമില്ലാതെ പൊതുയോഗാംഗത്വം നൽകിയ ദിദിമോസ് പ്രഥമന്റെ ചുവടുപിടിച്ചു നടത്തിയ ഈ കാലോചിത തീരുമാനം പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. പക്ഷേ ഇതിനെ തിരെ ഇന്നും ചില കോണുകളിൽ മുറുമുറുപ്പ് ഉയരുന്നുണ്ട്. പലവിധത്തിൽ അതിനെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നുമുണ്ട്.

കാതോലിക്കേറ്റ് ശതാബ്ദി

1912-ൽ മലങ്കരയിൽ സ്ഥാപിച്ച പൗരസ്ത്യ കാതോലിക്കേറ്റിന്റെ ശതാബ്ദി 2012-ൽ മലങ്കരസഭ വിപുലമായി കൊണ്ടാടി. പ്രാദേശിക - ഭദ്രാസനതല ആഘോഷങ്ങളുടെ പരിസമാപ്തി കുറിച്ചുകൊണ്ട് 2012 നവംബർ 25-നു എറണാകുളം മറൈൻഡ്രൈവിൽ വിപുലമായ സമ്മേളനം നടത്തി. ടിബറ്റൻ ആത്മീയാചാര്യനായ ദലൈയ്‌ലാമാ ആയിരുന്നു മുഖ്യാതിഥി. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പൗലൂസ് ദ്വിതീയൻ ഐക്യത്തിന്റെ ശംഖോലി യാണ് മുഴക്കിയത്. പ. ബാവായുടെ പ്രസംഗത്തിന്റെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

കാതോലിക്കേറ്റ് ശതാബ്ദി പ്രഭാഷണം

വാത്സല്യ മക്കളെ,

ഇതൊരു ധന്യനിമിഷമാണ്. മലങ്കരസഭയുടെ ചരിത്രത്തിലെ അപൂർവ്വ സുഭഗതയാണ്. ഈ വേദിയെ അലങ്കരിക്കുന്ന മഹാത്മാക്കളുടെ നിറസാ ന്നിദ്ധ്യം ഇതിന്റെ ഗരിമയും മഹിമയും വാനോളമുയർത്തുന്നു. സനാതനവും

പൂർവ്വികവുമായ നമ്മുടെ പാരമ്പര്യത്തിനും സംസ്കൃതിയ്ക്കും ഉതകുംവിധം സന്നിഹിതരായിരിക്കുന്ന മഹാതേജസ്വികളെ ആദരിക്കുക എന്നത് നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണെന്ന് നാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്തുവിന്റെ സഭയുടെ ബലഹീന ദാസനായി മാർത്തോമ്മായുടെ ശ്ലൈഹിക സിംഹാസനത്തിൽ ശുശ്രൂഷിക്കുമ്പോൾ നമുക്ക് ഒരേ സമയം ഒരു ഭാരവും ഒരു സ്വപ്നവുമുണ്ട്. അഞ്ഞൂറ് വർഷങ്ങളോളം നീളുന്ന നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രം, അഥവാ നമ്മുടെ സാമൂഹിക ജീവിത ചരിത്രം ശേഷിപ്പിച്ചിരിക്കുന്ന മുറിവുകളാണ് നമ്മെ ഭാരപ്പെടുത്തുന്നത്. ദൈവരാജ്യത്തിനായുള്ള വലിയ ദർശനത്തോടെ പരിശുദ്ധ സഭയുടെ കെട്ടുപണി നിർവ്വഹിക്കുന്നതിനേക്കാളും സ്വയ പ്രതിരോധത്തിനും സ്വാതന്ത്ര്യ പോരാട്ടത്തിനും നമ്മുടെ ശ്രദ്ധയൂന്നുന്നതിന് ഒരു പരിധിയോളം നാം നിർബന്ധിക്കപ്പെടുകയായിരുന്നു.

നിശ്ചയമായും അതിബലവത്തായ അധീശത്വങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും നാം ഇരയായിട്ടുണ്ട്. നാം ഒരിക്കലും കലഹങ്ങളും വ്യവഹാരങ്ങളും കാംക്ഷിക്കുന്നില്ല. അധികാരവും സമ്പത്തും അന്വേഷിക്കുന്നില്ല. മറിച്ച് നീതിയും ന്യായപാലനവുമാണ് ആഗ്രഹിക്കുന്നത്. ഏതെങ്കിലുംതരത്തിലുള്ള അവിഹിതമായ അവകാശമോ ആനുകൂല്യമോ അല്ല, എന്നാൽ നമുക്ക് അർഹമായത് മാത്രമാണ് ആവശ്യപ്പെട്ടത്. മഹത്തായ നമ്മുടെ ജനാധിപത്യവും അതിന്റെ നിയമസംഹിതയും സകല പൗരന്മാർക്കും, എല്ലാ തരത്തിലുമുള്ള അക്രമങ്ങളിൽ നിന്നും, ദുര പൂണ്ട ബാഹ്യശക്തികളുടെ കടന്നുകയറ്റത്തിൽ നിന്നും, നിയമപരമായ സുരക്ഷ വാഗ്ദാനം ചെയ്യുന്നുണ്ട്. നാം അഭ്യർത്ഥിക്കുന്നത്, ഇന്ത്യൻ പൗരന്മാരെന്ന നിലയിലുള്ള നീതിപൂർവ്വമായ ഈ പരിരക്ഷയാണ്. ഭാരതത്തിന്റെ പരമോന്നത കോടതി നമ്മുടെ നിലപാടുകളെ ആവർത്തിച്ച് ശരിവച്ചിരിക്കുന്നു.

ഭരണകർത്താക്കളോട് ഒരു വാക്ക്, ഞങ്ങൾ സമാധാനപ്രിയരാകുന്നു. ഞങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് യാതൊരുവിധ അവിശുദ്ധ മാർഗ്ഗവും അവലംബിക്കേണ്ടതില്ല. ഈ രാജ്യത്തിന്റെ നിയമം അനുവദിക്കുന്ന അർഹതപ്പെട്ട നീതി, നിഷേധിക്കപ്പെടാതിരിപ്പാനും, സമൂഹത്തിലെ ഭിന്നതയെ ദൂരീകരിപ്പാനും അകൈതവമായ ധീരതയോടും ഇച്ഛാശക്തിയോടും പ്രവർത്തിക്കുക.

മലങ്കരയുടെ വാത്സല്യമക്കളെ,

നമുക്ക് ഒരു സ്വപ്നമുണ്ട്. നാം നിങ്ങളേവരോടുമായിട്ടാകുന്നു പറയുന്നത്.

സമ്മേളിച്ചിരിക്കുന്നവരോടും എത്തിച്ചേരാൻ കഴിയാതെ പോയവരോടും ദൂര സ്ഥരോടും സമീപസ്ഥരോടും ഒപ്പം നിൽക്കുന്നവരോടും വിഘടിച്ചുനിൽക്കു ന്നവരോടുമായിട്ടാകുന്നു ഈ ആഹ്വാനം.

നാം ഒന്നാണ്. ഒരേ രക്തവും ഒരേ കുടുംബവും.

നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും.

നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാ കണം. ഒരു ശരീരമായി ദൈവത്തെ ആരാധിക്കുന്നവരാകണം.

നിങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. ആരാണ് നമ്മുടെ ഐക്യം തകർത്തത്? ആരാണ് നമ്മുടെ സമാധാനപരമായ സഹവർത്തിത്വത്തെ ഭയ പ്പെടുന്നത്?

ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ചവനായ മാർത്തോമ്മായുടെ പാവനമാർഗ്ഗ ത്തിന്റെ യശസ്സ് കളങ്കപ്പെടുത്തുവാൻ കുത്സിത ശ്രമങ്ങൾ നടത്തുന്നത് ആരാണ്?

എല്ലാ ധാരണകളെയും ഉഭയസമ്മതങ്ങളെയും കാറ്റിൽ പറത്തുന്നതാ രാണ്?

വിസ്മരിക്കരുത്: ഐക്യത്തിന്റെ മധുരം നാം ഒരിക്കൽ നുകർന്നതാണ്. എത്രയോ അനുഗൃഹീതമായ അനുഭവമായിരുന്നു!

ഈ കഴിഞ്ഞ ഞായറാഴ്ച നാം കെയ്റോയിലായിരുന്നു. അലക്സാന്ത്രി യൻ പാത്രിയർക്കീസും പോപ്പുമായ തെവോദ്രോസ് രണ്ടാമന്റെ സ്ഥാനാരോ ഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനുള്ള ക്ഷണമനുസരിച്ച് അവിടെ എത്തിയതാണ്. ലോകത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരോടും, അന്ത്യോ ഖ്യയുടെ പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ യോടും ചേർന്ന് നാമും പ. മദ്ബഹായിൽ, ദിവ്യമായ ആ ശുശ്രൂഷയിൽ പങ്കുചേർന്നു. നമ്മുടെ കർത്താവ് ഓർമ്മിപ്പിക്കുന്ന പൂർണ്ണ സഹോദര സ്നേഹത്തോടെ നാം അദ്ദേഹത്തിന് ആശംസകൾ അർപ്പിക്കുകയുണ്ടായി.

മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും സിംഹാസ നത്തിലെ പരിശുദ്ധരായ പൂർവ്വഗാമികളെപ്പോലെ, സകല മനോവിനയ ത്തോടും നാം പറയുന്നു. മലങ്കരയിൽ സമാധാനവും ഐക്യവും പുലരുന്ന തിന് നാം ആഗ്രഹിക്കുന്നു

നമ്മുടെ പ്രിയ മക്കളെ,

നിങ്ങളുടെ പ്രധാന ഇടയന്റെ വാത്സല്യത്തോടും ഹൃദയഭാരത്തോടും നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. നമുക്ക് സമാധാനത്തിലേക്ക് ചുവടു വയ്ക്കാം. അനുരഞ്ജനത്തിന്റെയും ക്ഷമയുടെയും സൗഖ്യദാനത്തിന്റെയും

പുതുയുഗ കാഹളങ്ങളായിത്തീരാം. സമാധാനപ്രഭുവായ ക്രിസ്തുവിന്റെ സാക്ഷ്യമുള്ള അനുകാരികളാകാം. പൊറുക്കുവാനും ക്ഷമിക്കുവാനും ഒരുക്കമാണ്. ക്രിയാത്മകമായ ആത്മീയ പ്രതികരണം സന്മനസ്സോടെ നാം സ്വാഗതം ചെയ്യുന്നു.

ഭാരതസഭയുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി മഹാരഥികളായ പൂർവ്വികന്മാർ ചൊരിഞ്ഞ കണ്ണീർ പ്രവാഹങ്ങളോടും നമ്മുടെ ആറ്റുപുറത്ത് വർക്കി ആശാൻ എന്ന ആനപ്പാപ്പി മുതൽ മലങ്കര വർഗ്ഗീസ് വരെയുള്ള ധീരവീരന്മാരായ സഭാംഗങ്ങളുടെ രക്തസാക്ഷിത്വങ്ങളോടും നമുക്ക് ഭാരമേറിയ ആത്മീയ ഉത്തരവാദിത്വമുണ്ട്. മഹാജ്ഞാനം കൊണ്ടും സുധീരമായ ഇടപെടലുകൾ കൊണ്ടും അവർ നമുക്ക് വേണ്ടതെല്ലാം നൽകിയിട്ടുണ്ട്. ഭരണഘടനാപരമായും കാനോനികമായും അജപാലനപരമായും നമ്മെ സജ്ജരാക്കി ഒരുമയോടെ സഹവസിക്കുന്നതിന് പ്രാപ്തരാക്കി. സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നതിലെ ഐശ്വര്യത്തിനും സൗന്ദര്യത്തിനും എതിരു നിൽക്കുന്നവരുണ്ടാകും. അക്രമത്തിനും അനൈക്യത്തിനും മനഃപൂർവ്വം പ്രേരിപ്പിക്കുന്ന, അത്തരം ആളുകൾ ചുരുക്കമാണ്. നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടം നമ്മെ കയ്പുള്ളവരാക്കിയിട്ടില്ല. ക്രിസ്തുവെന്ന ദൃഷ്ടാന്തത്തെ പിന്തുടരുക, രാഷ്ട്രപിതാവായ മഹാത്മാഗാന്ധി കാട്ടിത്തന്നതുപോലെയും ക്രിസ്തീയ മാതൃക പിൻപറ്റിയും ജീവിക്കുക. ഹൃദയപൂർവ്വം ക്ഷമിക്കുക. നമ്മെ അധീനപ്പെടുത്തുവാൻ ശ്രമിച്ചവരോടുള്ള വിദ്വേഷത്തെ വെടിയുക. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ ഭരമേൽപ്പിച്ചിട്ടുള്ളത് ചരിത്രത്തിന്റെ ഈ നിമിഷങ്ങളിൽ വർത്തമാനകാല സാഹചര്യത്തിൽ നാം ധ്യാനിക്കേണ്ടതുണ്ട് എന്ന് നാം ഓർമ്മിപ്പിക്കട്ടെ. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ താൻ എഴുന്നേറ്റ് യെശയ്യാവിന്റെ പുസ്തകത്തിൽ നിന്ന് വായിക്കുന്നു: “ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ച് അയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.’

പ്രിയമക്കളെ, അനീതിയുടെയും ദാരിദ്ര്യത്തിന്റെയും, കഷ്ടതയുടെയും, സംഘർഷങ്ങളുടെയും, യുദ്ധങ്ങളുടെയും ഈ ലോകത്ത് നമ്മുടെ പവിത്രമായ ഉത്തരവാദിത്വം ഇതാണ്.

കോലഞ്ചേരി, ചേലക്കര, മാന്തളിർ, ...

1995, 2002 വർഷങ്ങളിൽ മലങ്കരസഭയ്ക്ക് അനുകൂലമായ സുപ്രീംകോടതി വിധികൾ വന്നിട്ടും എറണാകുളം ജില്ലയിലെ പള്ളികളിൽ വിഘടിത വിഭാഗത്തിന്റെ കടന്നുകയറ്റവും പള്ളി പൂട്ടിക്കലും നിരന്തരം നിർബാധം നടന്നു

വന്നു. ഭരണകൂടത്തിലെ ചിലരുടെ വഴിവിട്ടുള്ള സഹായം അവർക്കു ബലമായി. അപ്രകാരം പൂട്ടിച്ച കണ്ടനാടു ഭദ്രാസനത്തിലെ ഏറ്റവും പ്രമുഖ ദേവാലയമായ കോലഞ്ചേരി പള്ളിയിൽ ഇതു സ്ഫോടനാത്മകമായ നിലയിലെത്തി. അനുകൂലമായ കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുറന്ന പള്ളിയിൽ പിന്നീടു നടന്ന സംഭവങ്ങൾ പൗലൂസ് ദ്വിതീയൻ ഉപവാസജ്ഞം നടത്തുന്നതിലാണ് കലാശിച്ചത്. അതിനെപ്പറ്റി അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ:

"... അർഹമായ നീതിയ്ക്കു വേണ്ടി മലങ്കര ഓർത്തഡോക്സ് സഭയുടെ വടക്കൻ പ്രദേശങ്ങളിലെ സഭാമക്കൾ പോരാടുമ്പോൾ അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാൻ വേണ്ടി 2011 സെപ്റ്റംബർ 11-ാം തീയതി ഞായർ അഞ്ചു മണി മുതൽ 2011 സെപ്റ്റംബർ 18-ാം തീയതി ഞായർ രാത്രി 11 മണി വരെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ ബലഹീനനായ ഞാൻ, അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായോടൊപ്പം ഒരു ഉപവാസ പ്രാർത്ഥനായജ്ഞം നടത്തുകയുണ്ടായി. അതിലേക്ക് നയിച്ച സാഹചര്യം താഴെ രേഖപ്പെടുത്തുന്നു.

2011 സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച രാവിലെ വി. കുർബ്ബാന കഴിഞ്ഞ് ദേവലോകം അരമനയിൽ വിശ്രമിക്കുന്ന സമയം. 12 മണിയായപ്പോൾ ഒരു ഫോൺകോൾ. ദുഃഖം നിറഞ്ഞ ശബ്ദത്തോടെ അഭിവന്ദ്യ സേവേറിയോസ് തിരുമേനി അങ്ങേതലയ്ക്കൽ. കോലഞ്ചേരി പള്ളി പൂർണ്ണമായും ഓർത്തഡോക്സ് വിഭാഗത്തിനാണെന്നുള്ള കോടതി വിധിയുടെ പശ്ചാത്തലത്തിൽ വി. കുർബ്ബാന അനുഷ്ഠിക്കുവാൻ ചെന്ന തിരുമേനിയേയും, വൈദികരേയും വിശ്വാസികളെയും പോലീസ് ഉദ്യോഗസ്ഥന്മാർ തടയുകയും, പള്ളി പരിസരത്തുനിന്ന് ആട്ടിയോടിക്കുകയും ചെയ്തു എന്ന് വളരെ ദുഃഖത്തോടെ അറിയിച്ചു. ഇതിനെതിരെ ഒരു പ്രതിഷേധ യോഗം കൂടുവാൻ ആഗ്രഹം ഉണ്ടെന്നും അത് ഉദ്ഘാടനം ചെയ്തു തരണമെന്നും എന്നോട് ആവശ്യപ്പെട്ടു. ഉച്ചഭക്ഷണം പോലും കഴിക്കാതെ ഞാൻ കോലഞ്ചേരിക്ക് പുറപ്പെട്ടു. സന്ധ്യയോടെ ദേവലോകത്ത് തിരിച്ചെത്താം എന്ന് പറഞ്ഞാണ് ഇറങ്ങിയത്. കോലഞ്ചേരിയിൽ രാത്രി താമസിക്കേണ്ടി വരുമെന്ന് സ്വപ്നത്തിൽപോലും കരുതിയില്ല. ആയതിനാൽ മരുന്ന്, വസ്ത്രം, പണം ഇവയൊന്നും എടുക്കാതെയാണ് യാത്ര. അവിടെ എത്തുമ്പോൾ കോലഞ്ചേരി പള്ളിമുറിയിൽ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി, ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി, വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, വികാരി ജേക്കബ് കുര്യൻ അച്ചൻ, കൈക്കാരൻ സണ്ണി എന്നിവർ ശോകമൂകരായി ഇരിക്കുന്നുണ്ട്. കാര്യമായി ആരും ഒന്നും തന്നെ സംസാരിക്കുന്നില്ല. നെടുവീർപ്പുകൾ മാത്രം. കോടതിവിധികൾ രാഷ്ട്രീയത്തിൽ മുങ്ങി

മരിക്കുന്നത് ഹൃദയഭേദകമായി തോന്നി. ആ വേദന എല്ലാവരും പങ്കുവയ്ക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ബാവാ ഒരു നടപടിയിലേക്ക് നീങ്ങിയാൽ തീർച്ചയായും സർക്കാരിൽ നിന്ന് നീതി ലഭിക്കുമെന്ന പ്രതീക്ഷ അവരുടെ വാക്കുകളിൽ നിന്ന് മനസ്സിലായി. പെട്ടെന്ന് എന്തെങ്കിലും ഒന്നു പറയാൻ എനിക്കാവുന്നുമില്ല. അവർ എന്താണ് എന്നിൽ നിന്നു പ്രതീക്ഷിക്കുന്നത് എന്നത് വ്യക്തമാകുന്നുമില്ല. നിങ്ങൾ പറയുന്നത് വ്യക്തമാക്കാൻ ഞാൻ ആവശ്യപ്പെട്ടു. ഒരു ഉപവാസ പ്രാർത്ഥനായജ്ഞം തന്നെ ബാവാ പ്രഖ്യാപിക്കണം. ഞങ്ങളും ഒപ്പമുണ്ട്. ഉപവാസയജ്ഞത്തിന്റെ ഭവിഷ്യത്തിനെപ്പറ്റി ഞാനും എന്റെ മനസ്സ് തുറന്നു. ഏതാണ്ടിപ്രകാരമാണത്. സർക്കാർ വഴങ്ങാൻ സാധ്യതയില്ല. നീതിനിർവ്വഹണത്തേക്കാൾ അധികാരം നിലനിർത്തുന്നതിൽ ശ്രദ്ധ ചെലുത്തുന്ന ഒരു ഭരണകൂടമാണിത്. നാം വലിയ തീച്ചൂളയിലേക്ക് എടുത്തുചാടണമോ? ഒന്നും നേടാനായില്ലെങ്കിൽ സമൂഹത്തിന്റെ മുമ്പിൽ നാം പരിഹസിക്കപ്പെടും.

എന്നാൽ ഇങ്ങനെയൊക്കെയാണെങ്കിലും ഇപ്രകാരം ഒരു പരീക്ഷണം നടത്തണമെന്ന് നാം നിശ്ചയിക്കുകയാണെങ്കിൽ ഞാൻ എന്തിനും തയ്യാറാണ്. മലങ്കരസഭയുടെ അഭിമാനമാണ് എനിക്ക് വലുത്. അത് സംരക്ഷിക്കപ്പെടുവാൻ ഏത് തീച്ചൂളയിലേക്കും എടുത്തുചാടാൻ ഞാൻ ഒരുക്കമാണ്. ഇത്രയും പറഞ്ഞ് പള്ളിയുടെ മദ്ബഹായിൽ കയറി രണ്ട് നിമിഷം പ്രാർത്ഥിച്ചു. ഉപവാസ പ്രാർത്ഥനായജ്ഞം പ്രഖ്യാപിച്ചു. ആദ്യം പള്ളിയുടെ പടിഞ്ഞാറുഭാഗത്തുള്ള കുരിശുപള്ളിക്കരികെ കിഴക്ക് ഭാഗത്ത് ഞാനും അഭിവന്ദ്യ സേവേറിയോസ് തിരുമേനിയും രണ്ട് കസേരകളിൽ ഇരുന്നു. ആരോ ഒരു പന്തൽ വലിച്ചു കെട്ടി. രണ്ട് കട്ടിൽ കൊണ്ടുവന്നു. ചാനലുകളിൽ വാർത്ത പടർന്നു കയറി. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഫോൺ കോളുകൾ വരാൻ തുടങ്ങി.

പലവിധ അഭിനന്ദനങ്ങളും വിമർശനങ്ങളും ഞങ്ങൾ കേൾക്കുന്നുണ്ടായിരുന്നു. സർക്കാർ നിഷേധാത്മകനയം ഞങ്ങളുടെ നേരെ സ്വീകരിച്ചു. ദിവസങ്ങൾ കഴിയുന്തോറും ഞങ്ങളുടെ ശരീരം ക്ഷീണിക്കുന്നുണ്ടായിരുന്നെങ്കിലും മലങ്കരയുടെ മക്കൾ സഭയോടുള്ള സ്നേഹം നിമിത്തമായി സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തെരുവിലേക്ക് ഇറങ്ങുന്നുണ്ടായിരുന്നു. പല രാഷ്ട്രീയ നേതാക്കന്മാർ, വിവിധ സമുദായ സ്നേഹിതർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, വിവിധ സഭാമേലദ്ധ്യക്ഷന്മാർ എന്നിവർ ഉപവാസ പന്തലിലേക്ക് ഒഴുകുകയായിരുന്നു. മലങ്കരസഭാ വിശ്വാസികൾ മിക്കവാറും എല്ലാ ഭദ്രാസനങ്ങളിൽ നിന്നും കടന്നുവന്ന് അവരുടെ പിന്തുണയും, ഐക്യദാർഢ്യവും അറിയിച്ചുകൊണ്ടിരുന്നു. രണ്ട് ദിവസം കൂടി കഴിഞ്ഞപ്പോൾ ഉപവാസയജ്ഞം കുരിശുപള്ളിയങ്കണത്തിൽ നിന്ന് ചാപ്പലിനകത്തേക്ക് മാറ്റപ്പെട്ടു. സെപ്റ്റംബർ 18 ഞായറാഴ്ച ആയപ്പോൾ സഭയുടെ വിശ്വാസികൾ രോഷം കൊണ്ട് തിളച്ചു മറിഞ്ഞു.

അന്നു തന്നെ മുഖ്യമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റും ഓർത്ത ഡോക്സ്, യാക്കോബായ പ്രതിനിധികളും ചേർന്ന് വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. പതിനഞ്ചു ദിവസത്തിനുള്ളിൽ ഇരു കൂട്ട ർക്കും (ഓർത്തഡോക്സ്, യാക്കോബായ) സ്വീകാര്യമായ ഒരു തീരുമാനം എടുക്കും. അപ്രകാരം സമവായത്തിൽ എത്തുന്നില്ലെങ്കിൽ കോടതി വിധി സംശയലേശമെന്യേ നടപ്പിലാക്കും എന്നതായിരുന്നു തീരുമാനം.

ഈ തീരുമാനം സർക്കാർ പ്രതിനിധി എന്ന നിലയിൽ എറണാകുളം ജില്ലാ കളക്ടർ രേഖാമൂലം തന്നതിന്റെ പേരിൽ ഞാനും അഭിവന്ദ്യ സേവേറിയോസ് തിരുമേനിയും ഉപവാസയജ്ഞം അവസാനിപ്പിച്ചു. പക്ഷേ നാളിതുവരെ (രണ്ടു വർഷം കഴിഞ്ഞിട്ടും) ഈ പ്രശ്നം സമവായത്തിൽ കൊണ്ടുവരുവാനോ, കോടതിവിധി നടപ്പിലാക്കുവാനോ സംസ്ഥാന ഭരണകൂടത്തിന് കഴിഞ്ഞി ല്ലായെന്നത് ഖേദത്തോടെ അറിയിക്കുന്നു. എന്തുകൊണ്ട് ഈ സാഹസിക യജ്ഞത്തിന് സഭയുടെ തലവൻ തീരുമാനമെടുത്തു? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് എനിക്ക് നിങ്ങളെ അറിയിക്കാനുള്ളത്.

1. നീതിയ്ക്കുവേണ്ടി ദാഹിക്കുന്നവരോടൊപ്പം ആയിരിക്കാൻ ആഗ്രഹിച്ചു (വി. മത്തായി 5:6).

2. സ്വയം അപമാനിക്കപ്പെട്ടാലും മലങ്കരസഭ അപമാനിക്കപ്പെടരുതെന്ന് വിചാരിച്ചു.

3. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തേയും തദ്ദേശീയതയേയും നിരസിക്കാ നുള്ള സാഹചര്യത്തോടുള്ള പ്രതിരോധം.

5. നീതിരഹിത ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കാനാവുമോ എന്ന സാഹ സിക പരിശ്രമം.

6. വിശ്വാസികൾ നേരിടുന്ന പ്രതിസന്ധികളിൽ സഭാനേതൃത്വം മെയ്യന ങ്ങുന്നവരല്ലെന്ന സങ്കല്പത്തെ തച്ചുടയ്ക്കൽ.

7. ശരിയും തെറ്റുകളും ആപേക്ഷികമെങ്കിലും ശരിയെ സമൂഹമദ്ധ്യേ അട യാളപ്പെടുത്താനുള്ള അധ്വാനം.

8. യേശുക്രിസ്തുവിന്റെ അന്ത്യനാളുകളോടുള്ള ഐക്യദാർഢ്യം.

... ഞങ്ങൾ എന്തു നേടി എന്ന് ചോദിക്കുന്നവർ ഉണ്ടാകും. ഒന്നും നേടി യില്ലെന്ന് പരിഹസിക്കാൻ ആളുണ്ടാകാം. ഒന്നു ഞാൻ പറയാം. ഇക്കാര്യ ത്തിൽ ഞാൻ പ്രതീക്ഷിച്ചത് നേടി എന്നു തന്നെയാണ് എന്റെ ബോധ്യം...”

ഒരു നടപടിയും ഉണ്ടായില്ല. കോലഞ്ചേരി പള്ളി 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധി വരുന്നതുവരെ പൂട്ടിക്കിടന്നു. പക്ഷേ വടക്കൻ ഭദ്രാ സനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി മലങ്കര സഭയുടെ ഇതര ഭാഗങ്ങളിലു ള്ളവർക്ക് ബോദ്ധ്യം വരുവാൻ ഈ സംഭവം ഉപകരിച്ചു.

ഭരണവർഗ്ഗത്തിലെ ചിലരുടെ പിന്തുണയുണ്ടെങ്കിൽ ചെറുകിട ഉദ്യോഗസ്ഥർക്കുപോലും എന്തും ചെയ്യാമെന്നു തെളിയിച്ച സംഭവമാണ് ചേലക്കര പള്ളിയിൽ നടന്നത്. ഏകപക്ഷീയമായ നടപടിയിലൂടെ ഉദ്യോഗസ്ഥവൃന്ദം അനർഹമായി ചേലക്കരപ്പള്ളി വിഘടിത വിഭാഗത്തിനു കൈവശം കൊടുത്തു. എന്നു മാത്രമല്ല, പള്ളിയിൽ പ്രവേശിച്ച നിയമാനുസൃത വികാരിയെ തുറുങ്കിലടയ്ക്കുകയും ചെയ്തു. തെറ്റ് ബോദ്ധ്യപ്പെട്ടു ഉദ്യോഗസ്ഥ നടപടികൾ കോടതി റദ്ദുചെയ്ത് വികാരി തടവിൽനിന്നും മോചിതനായപ്പോഴേയ്ക്കും ഏതാണ്ട് ഒരാഴ്ച കഴിഞ്ഞിരുന്നു!

ഇതിനിടയിലുണ്ടായ ശുഭോദർക്കമായ സംഭവമാണ് മാന്തളിർ പള്ളിയുടേത്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ മാന്തളിർ സെന്റ് തോമസ് പള്ളി സഭാതർക്കത്തെ തുടർന്ന് 1975-ൽ പൂട്ടപ്പെട്ടു. കോടതിവിധികൾ അനുകൂലമായതിനെ തുടർന്ന് 2008-ൽ മലങ്കരസഭ പള്ളി നടത്തിഎടുക്കുകയും അറ്റകുറ്റപ്പണികൾ നടത്തി ആരാധന പുനരാരംഭിക്കുകയും ചെയ്തു. വിഘടിത വിഭാഗം 2011-ൽ കലാപമുണ്ടാക്കി വീണ്ടും പള്ളി പൂട്ടിച്ചു. 2015-ൽ അനുകൂല കോടതിവിധി വാങ്ങി മലങ്കരസഭ പള്ളി തുറക്കുകയും അന്നുമുതൽ പ്രശ്നരഹിതമായി ആരാധന നടത്തിവരികയും ചെയ്യുന്നു.

അന്തർസഭാ ബന്ധങ്ങൾ

പൗരസ്ത്യ സഭകളിൽ എക്യുമെനിക്കൽ രംഗത്തേയ്ക്ക് ആദ്യം കാൽവെച്ചത് മലങ്കരസഭയാണ്. അഖിലലോക സഭാ കൗൺസിലിനു പ്രാരംഭമിട്ട 1937-ലെ എഡിൻബറോ കോൺഫ്രൻസിൽ സഭാദ്ധ്യക്ഷനായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായടക്കം പങ്കെടുത്ത് മലങ്കരസഭ ആ രംഗത്ത് സുദൃഢമായ കാൽവെപ്പു നടത്തി. ആബോ അലക്സിയോസ് മാർ തേവോദോസ്യോസ് ഒ.ഐ.സി., ഫീലിപ്പോസ് മാർ തേയോഫിലോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഫാ. ഡോ. കെ. എം. ജോർജ് എന്നിവരുടെ നേതൃത്വത്തിൽ മലങ്കരസഭയുടെ അന്തർസഭാ ബന്ധങ്ങൾ വളർന്നുകൊണ്ടേയിരുന്നു.

എന്നാൽ ഇടയ്ക്ക് ഈ ബന്ധങ്ങൾ ശിഥിലമായി. കിഴക്കൻ യൂറോപ്പിലുണ്ടായ രാഷ്ട്രീയ മാറ്റങ്ങൾ അതിനൊരു ഹേതുവാണെങ്കിലും യഥാർത്ഥ പ്രശ്നം ഇടക്കാലത്തുണ്ടായ മലങ്കരസഭയുടെ ഉദാസീനത ആയിരുന്നു. കൂട്ടത്തിൽ കേരളത്തിനകത്തുനിന്നും പുറത്തുനിന്നും മലങ്കരസഭയുടെ അന്തർസഭാ ബന്ധങ്ങൾ തകർക്കാനും അതുവഴി മലങ്കരസഭയുടെ സ്വത്വം തന്നെ ഇല്ലാതാക്കി അതിനെ ഒരു കോളനി മാത്രമാക്കി ചിത്രീകരിക്കാനുമുള്ള തീവ്രശ്രമം ചിലർ നടത്തിയിരുന്നു എന്നതും ഒരു വസ്തുതയാണ് (അത് ഇന്നും തുടരുന്നു).

പൗലൂസ് ദ്വിതീയന്റെ ഭരണകാലത്ത് ഈ അവസ്ഥയ്ക്ക് നാടകീയ മാറ്റം

വന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് അന്തർസഭാബന്ധ വകുപ്പിന്റെ ചുമതല ഏറ്റതോടെ പഴയബന്ധങ്ങൾ വീണ്ടും ഇഴചേർത്തെടുക്കാൻ സാധിച്ചു. പരസ്പര സന്ദർശനങ്ങളും സഹകരണവും പുനരാരംഭിച്ചു. ഓറിയന്റൽ സഭകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുക എന്നതായിരുന്നു ആദ്യപടി.

2012 നവംബർ 18-നു ഈജിപ്തിലെ കെയ്റോയിൽ വച്ച് കോപ്റ്റിക്ക് പോപ്പ് തെവോദ്രോസ് ദ്വിതീയന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രത്യേക ക്ഷണിതാവായി പങ്കാളിത്വം വഹിച്ചുകൊണ്ടാണ് പുതുയുഗത്തിനു നാന്ദി കുറിച്ചത്. പിറ്റേവർഷം മാർച്ചിൽ ആഡീസ് അബാബായിൽ നടന്ന എത്യോപ്യൻ പാത്രിയർക്കീസ് ആബുനാ മത്ഥ്യാസിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ. പൗലൂസ് ദ്വിതീയൻ സഹകാർമ്മികനായി.

വീണ്ടും 2017-ൽ പൗലൂസ് ദ്വിതീയൻ എത്യോപ്യ സന്ദർശിച്ചു. എത്യോപ്യൻ സഭയുടെ ഏറ്റവും വലിയ ആഘോഷമായ സ്ലീബാ പെരുന്നാളിലെ *മെസ്കൽ* ആഘോഷത്തിനു മുഖ്യകാർമികത്വം വഹിക്കാൻ പാത്രിയർക്കീസിന്റെ പ്രത്യേക ക്ഷണമനുസരിച്ചാണ് ആഡീസ് അബാബായിൽ എത്തിയത്. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ആഡീസ് അബാബായിലെ മെസ്കൽ ആഘോഷത്തിൽ മുഖ്യ കാർമ്മികനായി അദ്ദേഹം തീജ്ജ്വാല തെളിയിച്ചു.

അർമ്മേനിയൻ അപ്പോസ്തോലിക സഭ എന്ന് ഔദ്യോഗികമായി അറിയപ്പെടുന്ന അർമേനിയൻ ഓർത്തഡോക്സ് സഭയുടെ സുപ്രീം കാതോലിക്കാ കരേക്കിൻ ദ്വിതീയന്റെ ക്ഷണമനുസരിച്ച് പൗലൂസ് ദ്വിതീയനും മലങ്കരസഭാ പ്രതിനിധികളും 2015 ഏപ്രിലിൽ അർമേനിയായിൽ എത്തി. ഹോളി എച്മിയാഡ്സിനിൽ വെച്ച് ഏപ്രിൽ 22-നു നൂറു വർഷം മുമ്പ് അർമ്മേനിയൻ വംശഹത്യയിൽ വധിക്കപ്പെട്ടവരെ വിശുദ്ധരായി പ്രഖ്യാപിക്കുന്ന ശുശ്രൂഷയിൽ അദ്ദേഹം പങ്കെടുത്തു. തുടർന്ന് അന്ന് അർമ്മേനിയായിൽ എത്തിച്ചേർന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാരായ കോപ്റ്റിക് പോപ്പ് തെവദ്രോസ് ദ്വിതീയൻ, അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ, അർമേനിയൻ സുപ്രീം കാതോലിക്കാ കരേക്കിൻ ദ്വിതീയൻ, മലങ്കരയുടെ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ, സിലിസിയായിലെ അർമ്മേനിയൻ കാതോലിക്കാ അരാം പ്രഥമൻ എന്നിവർ ഹോളി എച്മിയാഡ്സിനിൽ ഒരു ഉന്നതതല യോഗം ചേർന്നു. 1965-ലെ ആഡീസ് അബാബാ സമ്മേളനത്തിനുശേഷം ആദ്യമായാണ് പൗരസ്ത്യ സഭാദ്ധ്യക്ഷന്മാർ ഇപ്രകാരം ഒരുമിച്ചു ചേരുന്നത്. തൊട്ടുമുമ്പ് വധിക്കപ്പെട്ട എത്യോപ്യൻ യുവാക്കളുടെ ദുഃഖാചരണത്തിലായിരുന്ന എത്യോപ്യൻ പാത്രിയർക്കീസും വീട്ടുതടങ്കലിൽ കഴിയുന്ന എറിട്രിയൻ പാത്രിയർക്കീസും മാത്രമാണ് പങ്കെടുക്കാതിരുന്ന പൗരസ്ത്യ സഭാദ്ധ്യക്ഷന്മാർ. നിലച്ചുപോയ ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയുടെ പുനരുദ്ധാരണത്തിന്റെ നാന്ദി

യായാണ് ഈ യോഗം വിലയിരുത്തപ്പെടുന്നത്. സിലിസിയായിലെ അർമ്മീനിയൻ കാതോലിക്കാ 2105-ൽ ലെബനോനിലെ ആന്റിലിയാസിൽ നടത്തിയ മൂറോൻ കൂദാശയിലും വിശിഷ്ടാതിഥിയായി പൗലൂസ് ദ്വിതീയൻ പങ്കെടുത്തു.

റോമൻ കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിലും ഇക്കാലയളവിൽ ശാക്തീകരണം ഉണ്ടായി. ദീർഘവർഷങ്ങളായി റോമൻ കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമം നടത്തുന്ന വിയന്നാ ആസ്ഥാനമാക്കിയുള്ള *പ്രൊ ഓറിയന്റെ* 2013-ൽ പൗലൂസ് ദ്വിതീയൻ സന്ദർശിച്ചു. പ്രസിഡന്റ് ഡോ. യോഹാൻ മാർട്ടെയുടെ നേതൃത്വത്തിൽ അദ്ദേഹത്തിനു ഊഷ്മള സ്വീകരണമാണ് നൽകിയത്. വിയന്നയിൽ കർദ്ദിനാൾ ക്രിസ്റ്റോഫ് ഷോൺബോണിന്റെ അതിഥിയായി ആണ് അദ്ദേഹം താമസിച്ചത്.

2012-ൽ പോപ്പ് ബനഡിക്ട് പതിനാറാമൻ, പൗലൂസ് ദ്വിതീയൻ കാതോലിക്കായെ റോം സന്ദർശിക്കുന്നതിനു ക്ഷണിച്ചിരുന്നു. പക്ഷേ അപ്രതീക്ഷിതമായുണ്ടായ അദ്ദേഹത്തിന്റെ സ്ഥാനത്യാഗം മൂലം ഈ പ്രക്രിയ മന്ദീഭവിച്ചു. പക്ഷേ പിൻഗാമി പോപ്പ് ഫ്രാൻസിസ് മുൻഗാമിയുടെ ക്ഷണം ആവർത്തിക്കുകയും നേരിട്ടു കാണാൻ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. അതിനെ തുടർന്ന് 2013 സെപ്റ്റംബർ 5-നു പൗലൂസ് ദ്വിതീയനും സംഘവും റോമിലെത്തി പോപ്പ് ഫ്രാൻസിസിന്റെ അതിഥിയായി രണ്ടു ദിവസം താമസിച്ചു. സഹോദരതുല്യനായി ഔദ്യോഗികമായി സ്വീകരിച്ചു എന്നതിലുപരി, ഊഷ്മളമായ വ്യക്തിബന്ധമാണ് ഇരുവരും പുലർത്തിയത്.

2015 ജൂലൈയിൽ മൗണ്ട് ലബാനോനിലെ ഷാർഷെ ദയറായിൽ വെച്ച് പൗലൂസ് ദ്വിതീയനെ അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൗനാൻ സ്വീകരിച്ചാദരിച്ചതും ഈ ശാക്തീകരണത്തിന്റെ ഭാഗമായി കണക്കാക്കാം.

2014-ൽ ഇംഗ്ലണ്ട് സന്ദർശിച്ച പൗലൂസ് ദ്വിതീയനെ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ആസ്ഥാനമായ ലാംബത്ത് കൊട്ടാരത്തിൽ ഒരു എക്യൂമെനിക്കൽ യോഗം ചേർന്നാണ് ആദരിച്ചത്. ലണ്ടനിലെ എല്ലാ ഓറിയന്റൽ ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ, ആംഗ്ലിക്കൻ സഭകളുടേയും പ്രതിനിധികളും, ചർച്ചസ് ടുഗതർ ഇൻ ബ്രിട്ടൻ ആൻഡ് അയർലണ്ട്, ചർച്ചസ് ടുഗതർ ഇൻ ഇംഗ്ലണ്ട് മുതലായവയും പങ്കെടുത്ത ഹൃദ്യവും സജീവവുമായ ഒരു ഒത്തുചേരലായിരുന്നു അത്.

മാർട്ടിൻ ലൂതറിന്റെ മതനവീകരണത്തിന്റെ അഞ്ഞൂറാം വാർഷികം പ്രമാണിച്ച് ജർമ്മനിയിലെ ഇവാഞ്ചലിക്കൽ സഭകൾ 2017-ൽ സംഘടിപ്പിച്ച ആഘോഷ പരിപാടികളിൽ ഇതര പൗരസ്ത്യ സഭാ തലവന്മാരോടൊപ്പം

പൗലൂസ് ദ്വിതീയനും വിശിഷ്ടാതിഥിയായി പങ്കെടുത്തു. അവിടെ വെച്ച് മദ്ധ്യപൗരസ്ത്യ ദേശത്ത് ക്രിസ്തുമതത്തിന്റെ ഭാവി എന്ന വിഷയത്തെപ്പറ്റി നടന്ന സെമിനാറിൽ പ്രബന്ധം അവതരിപ്പിക്കുകയും മദ്ധ്യപൗരസ്ത്യ ദേശത്തെ പീഡിത സഹോദരന്മാരെപ്പറ്റി മലങ്കരസഭയ്ക്കുള്ള ഉൽക്കണ്ഠ അറിയിക്കുകയും ചെയ്തു.

തീർച്ചയായും 2010 മുതൽ മലങ്കരസഭയുടെ അന്തർസഭാ ബന്ധങ്ങൾ പുതു ജീവൻ പ്രാപിച്ചു വളരുകയാണ്. അതു മുമ്പോട്ടു കൊണ്ടുപോവുക എന്ന ദൗത്യം നിസാരമായി കാണാവുന്ന ഒന്നല്ലെന്നു മാത്രം.

സെമിനാരി ദ്വിശതാബ്ദി

1815-ലാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ നേതൃത്വത്തിൽ കോട്ടയത്ത് *പഠിത്തവീട്* സ്ഥാപിച്ചത്. നസ്രാണി കത്തനാർമാർക്ക് ഏകീകൃതവും ക്രമീകൃതവുമായ വൈദിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കോട്ടയത്തെ സെമിനാരി സാംസ്കാരിക കേരളത്തിന്റെ അഭിമാനമായി വളർന്നു. ഇന്ത്യയിലെ ആദ്യ *റോമൻ കത്തോലിക്കാ ഇതര* സെമിനാരി എന്നതിലുപരി കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ പഴയ സെമിനാരിയുടെ സ്ഥാനം ഏറെ ഉയരത്തിലാണ്. സംസ്ഥാനത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രാരംഭമിട്ട സ്ഥാപനം, കേരളത്തിൽ മലയാളം ആദ്യം അച്ചടിച്ച സ്ഥലം, അച്ചടിച്ച ഗ്രന്ഥങ്ങളുടെ ആദ്യ ലൈബ്രറി, ആദ്യ ബഹുഭാഷാ വിദ്യാലയം... എന്നിങ്ങനെ അനേക സ്ഥാനങ്ങൾ സെമിനാരിയ്ക്കു സ്വന്തമാണ്.

സെമിനാരിയുടെ ദ്വിശതാബ്ദി ആഘോഷങ്ങൾ 2014 ഫെബ്രുവരിയിൽ ആരംഭിച്ച് 2015-ൽ അവസാനിച്ചു. പക്ഷേ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ ഈ ആഘോഷം ഒരു ചലനവും സൃഷ്ടിച്ചില്ല എന്നതാണ് ദൗർഭാഗ്യകരമായ യാഥാർത്ഥ്യം. *പഴയ സെമിനാരി* എന്ന മഹത്തായ പൈതൃകത്തെ ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരി എന്ന് സങ്കുചിതമാക്കിയ ദർശനമാണ് ഈ അപചയത്തിനു കാരണം എന്നു നിസംശയം പറയാം.

പരുമല കാൻസർ സെന്റർ

1975-ലാണ് പരുമലയിൽ മാർ ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ ആരംഭിക്കുന്നത്. 50 കിടക്കകളോടെ ആരംഭിച്ച ആ സ്ഥാപനം ഇന്ന് 350 കിടക്കകളുള്ള മൾട്ടി - സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആയി വളർന്നിട്ടുണ്ട്. മദ്ധ്യ കേരളത്തിൽ കാൻസർ ചികിത്സയ്ക്കുള്ള ഒരു സമുന്നത കേന്ദ്രം ഉണ്ടാകണമെന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം 2009 ഓഗസ്റ്റ് 24-നു തറക്കല്ലിട്ടു പണി ആരംഭിച്ചു. വളരെയേറെ പ്രതിബന്ധങ്ങളിൽ കൂടി കടന്ന് 200 കോടി രൂപയോളം ചിലവിട്ട് പണി പൂർത്തിയാക്കിയ പരുമല

കാൻസർ സെന്റർ 2016 നവംബർ 23-നു കൂദാശ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പൗലൂസ് ദ്വിതീയന്റെ അതിഥിയായി മലങ്കര സന്ദർശിച്ച എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ മത്ഥിയാസ് ആണ് കാൻസർ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

സ്നേഹസ്പർശം

2016 ഓഗസ്റ്റ് 30-നു പൗലൂസ് ദ്വിതീയന് 70 വയസ് പൂർത്തിയായി. വിപുലമായ സപ്തതി ആഘോഷങ്ങൾ നടത്താനുള്ള ആലോചനകൾ അദ്ദേഹം നിരാകരിച്ചു. പകരം നിർദ്ധനരായ കാൻസർ രോഗികൾക്ക് കൈത്താങ്ങലേകുവാൻ *സ്നേഹസ്പർശം* എന്നൊരു നവീന പദ്ധതി ആരംഭിക്കുകയാണ് ചെയ്തത്. അഞ്ചു കോടി രൂപാ സമാഹരിക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതിയിലേയ്ക്കു നാളിതുവരെ 1.63 കോടി രൂപ ലഭിച്ചു. ഒരു കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

തിരഞ്ഞെടുക്കപ്പെടുന്ന സമിതികളുടേയും സ്ഥാനികളുടേയും കാലാവധി അഞ്ചു വർഷമെന്നു ക്ലിപ്തപ്പെടുത്തിയിട്ടുള്ളതിനാൽ 2012 മാർച്ച് 7-നും 2017 മാർച്ച് ഒന്നിനും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടി കൂട്ടുട്രസ്റ്റിമാരേയും അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളേയും തിരഞ്ഞെടുത്തു. തുടർന്ന് പുതിയ മാനേജിംഗ് കമ്മിറ്റി, പുതിയ അസോസിയേഷൻ സെക്രട്ടറിയെയും തിരഞ്ഞെടുത്തു.

മലങ്കര അസോസിയേഷൻ യോഗങ്ങൾ

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്. 2012 മാർച്ച് 7. അദ്ധ്യക്ഷൻ: പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ. വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം. ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 129 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു). മാനേജിംഗ് കമ്മിറ്റിയംഗങ്ങളുടെ എണ്ണം 174 ആയി വർദ്ധിപ്പിച്ചു. ഇതിൽ 141 പേർ തെരഞ്ഞെടുക്കപ്പെടുന്നവരും 33 പേർ നാമനിർദേശം ചെയ്യപ്പെടുന്നവരും ആയിരിക്കും.

കോട്ടയം എം.ഡി. സെമിനാരി. 2017 മാർച്ച് 1 ബുധൻ. അദ്ധ്യക്ഷൻ: പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ. വൈദികട്രസ്റ്റിയായി ഫാ. ഡോ. എം. ഒ. ജോണിനെയും അത്മായട്രസ്റ്റിയായി ജോർജ് പോളിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 141 പേരെ തെരഞ്ഞെടുത്തു (പിന്നീട് 33 പേരെ നോമിനേറ്റ് ചെയ്തു).

മെത്രാന്മാരുടെ സ്ഥലംമാറ്റ വിവാദം

ദശാബ്ദമായി പണി പൂർത്തിയാകാതെ കിടന്ന ദേവലോകത്തെ ഓഫീസ് സമുച്ചയം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചെങ്കിലും സഭയുടെ ഭരണ

സംവിധാനം ഇക്കാലയളവിൽ ജീർണ്ണിക്കുകയായിരുന്നു. മാനേജിംഗ് കമ്മിറ്റിയുടെ നിലവാരത്തകർച്ചയാണ് ഇതിന്റെ പ്രധാന കാരണം. ഒരു വിഭാഗം അംഗങ്ങൾ വെറും *ബഹളസേന*യായി അധഃപതിച്ച് തങ്ങളുടെ കണ്ഠബലം കൊണ്ട് സഭയെ നിയന്ത്രിക്കുന്ന സ്ഥിതിയിലെത്തി. ഈ മോശമായ അവസ്ഥയുടെ ഉത്തുംഗതയായിരുന്നു പോയ വർഷങ്ങളിൽ അരങ്ങേറിയ മെത്രാൻ സ്ഥലംമാറ്റ വിവാദം.

ചിലർ തികച്ചും വ്യക്തിപരമായ കാരണങ്ങളാൽ തങ്ങൾക്കിഷ്ടമില്ലാത്ത ഇടവക മെത്രാന്മാരെ *പാഠം പഠിപ്പിക്കുവാൻ* കണ്ടെത്തിയ മാർഗ്ഗമാണ് മെത്രാൻ സ്ഥലംമാറ്റം. ഇഷ്ടക്കാരെ വേണ്ടപ്പെട്ട ഭദ്രാസനങ്ങളിൽ തിരുകികയറ്റുക എന്ന വാഗ്ദാനം നടപ്പാക്കാനും ചിലർക്ക് ഇത് ആവശ്യമായിരുന്നു. അതേസമയം തന്നെ, കഴിവുള്ളവരുടെ സേവനം എല്ലാ ഭദ്രാസനത്തിനും ലഭിക്കുക എന്നതാണ് സമയബന്ധിത മെത്രാൻ സ്ഥലംമാറ്റം കൊണ്ട് ഉദ്ദേശിക്കുന്നതെന്നു പ്രചരണവും നടത്തി.

വിപുലമായ തയാറെടുപ്പുകളാണ് മെത്രാൻ സ്ഥലംമാറ്റത്തിനായി ചില കേന്ദ്രങ്ങൾ സ്വീകരിച്ചത്. പലയിടത്തും രഹസ്യയോഗങ്ങൾ ചേർന്ന് തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു. മാറ്റപ്പെടുന്ന മെത്രാന്മാരുടെ പട്ടിക വരെ പുറത്തിറങ്ങി. ഇതെല്ലാം മാനേജിംഗ് കമ്മിറ്റിയാണ് മെത്രാന്മാരെ *ആക്കുകയും നീക്കുകയും* ചെയ്യുന്നത് എന്ന മിഥ്യാധാരണയുടെ പുറത്തായിരുന്നു. പ്രചരണം കൊടുമ്പിരി കൊണ്ടതോടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസും അസ്വസ്ഥമായി. തങ്ങളുടെ ഭരണഘടനാപരമായ അധികാരത്തിൽ ആരും കൈകടത്തുന്നത് അവർ ഇഷ്ടപ്പെട്ടില്ല. എപ്പിസ്ക്കോപ്പൽ സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും നേർക്കുനേർ ഏറ്റുമുട്ടുന്ന രീതിയിൽ സ്ഥിതിഗതികൾ സ്ഫോടനാത്മകമായി.

തലനാരിഴയുടെ ഭാഗ്യത്തിനാണ് മാനേജിംഗ് കമ്മിറ്റിയിൽ ഏറ്റുമുട്ടൽ ഒഴിവായത്. സഭാഭരണഘടനപ്രകാരം മാനേജിംഗ് കമ്മിറ്റിക്കു മെത്രാൻ സ്ഥലംമാറ്റത്തിലുള്ള പങ്ക് വ്യാഖ്യാനിച്ചു കിട്ടിയതോടെ തൽപ്പരകക്ഷികൾ ഭഗ്നാശരായി. *ട്രാൻസ്ഫർ ചെയ്യും* എന്നു ഭീഷണി മുഴക്കി മെത്രാന്മാരെ വിരട്ടുവാനുള്ള ചിലരുടെ മോഹം കരിഞ്ഞുണങ്ങിയതോടെ തന്ത്രം മാറ്റി. ഒറ്റയ്ക്കൊറ്റയ്ക്ക് വളഞ്ഞാക്രമിക്കുക എന്ന ശൈലിയിലേയ്ക്കു കാര്യങ്ങൾ എത്തിച്ചേർന്നു. അതും ഏറ്റവും തരംതാഴ്ന്ന ശൈലിയിൽ. അതിന്നും തുടരുകയാണ്. മെത്രാന്മാർ തങ്ങൾക്കെതിരെയുള്ള ആക്രമണം ചെറുക്കാൻ ഒറ്റക്കെട്ടായി എന്നതാണ് ഇതിന്റെ മറുവശം. മാനേജിംഗ് കമ്മിറ്റിയുടെ അപചയം, ഇതര സമിതികളേയും സഭാഭരണ സംവിധാനത്തെത്തന്നെയും പ്രതികൂലമായി ബധിച്ചു എന്നതാണ് വർത്തമാനകാല യാഥാർത്ഥ്യം.

മാനേജിംഗ് കമ്മിറ്റിയുടെ നിലവാരം ഉയർന്നേ പറ്റൂ. അതിനു കർശന നടപടികൾ സ്വീകരിക്കാത്തപക്ഷം സഭയുടേത് അധോഗതിയാവും. ഭരണ

ഘടന കർശനമായി നടപ്പാക്കുകയും, സമിതികൾ സമയബന്ധിതമായി കൂടുകയും ക്രിയാത്മകമായി ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കുകയും ചെയ്താൽ കുറെയൊക്കെ മാറ്റം വരാം. പക്ഷേ അടിസ്ഥാന ചികിത്സ അനിവാര്യമാണ്.

കടന്നുപോയവർ

2010 ഒക്ടോബർ അവസാനം സ്ഥാനമൊഴിഞ്ഞ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ രാജകീയ മഹാപുരോഹിതനായിത്തന്നെ തന്റെ ശിഷ്ടജീവിതം ചിലവഴിച്ചു. ദേവലോകം അരമനയിൽ കാതോലിക്കാമാർക്കടുത്ത തന്റെ വസതിയിൽത്തന്നെ പിൻഗാമിയുടെ പുത്രതുല്യമായ പരിചരണങ്ങൾ ഏറ്റുവാങ്ങി പ്രാർത്ഥനയിലും ധ്യാനത്തിലും തന്റെ വിശ്രമദിനങ്ങൾ അദ്ദേഹം പ്രയോജനപ്രദമായി ചിലവഴിച്ചു. അതിനിടയിലും തന്റെ ആഗ്രഹംപോലെ തീർത്ഥാടനകേന്ദ്രങ്ങളും പള്ളികളും സന്ദർശിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. നിഷ്ഠയുള്ള, പ്രയോജനപ്രദമായ ആ ദീർഘജീവിതം ശാന്തമായും സന്തോഷത്തോടെയും 2014 മെയ് 26-നു അവസാനിച്ചു. തന്റെ ആഗ്രഹംപോലെ തന്റെ പിതൃഭവനമായ പത്തനാപുരം ദയറായിൽ അത്യുന്നത മഹാപുരോഹിതനടുത്ത ബഹുമാനങ്ങളോടെ അദ്ദേഹത്തെ കബറടക്കി.

1966-ൽ ഏതാനും പള്ളികൾ മാത്രമുള്ള അവികസിത മലബാർ ഭദ്രാസനത്തിലേയ്ക്ക് അയയ്ക്കപ്പെട്ട മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ തന്റെ കഠിനാദ്ധ്വാനത്താലും നിഷ്ഠയും അച്ചടക്കവുമുള്ള പ്രവർത്തനങ്ങളാലും അതിനെ മലങ്കരയിലെ ഏതു വികസിത ഭദ്രാസനത്തിനോടും കിടപിടിക്കുന്നതാക്കിയിട്ടാണ് അവിടെനിന്നും വിടവാങ്ങിയത്. ഇന്ന് മലബാർ, സുൽത്താൻ ബത്തേരി, ബ്രഹ്മവാർ ഭദ്രാസനങ്ങളായി പുനഃക്രമീകരിച്ച പഴയ മലബാർ ഭദ്രാസനത്തിലെ ഓരോ മണൽത്തരിക്കും മാർ തീമോത്തിയോസിന്റെ പാദസ്പർശനത്തിന്റെ പുളകമുണ്ട്.

മലങ്കരയിലെ അത്യുന്നത മഹാപുരോഹിതന്റെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ കേവലം അഞ്ചു വർഷം മാത്രമാണ് ദിദിമോസ് പ്രഥമൻ ഇരുന്നത്. പക്ഷേ അതൊരു പുതുയുഗത്തിന്റെ നാന്ദി ആയിരുന്നു. മിതഭാഷിയായ ആ താപസശ്രേഷ്ഠന്റെ ചിട്ടയുള്ള പ്രവർത്തനങ്ങൾ സഭയിൽ അച്ചടക്കം മടക്കി കൊണ്ടുവരുവാൻ ആരംഭിച്ചു. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ശ്രേഷ്ഠമായ മലങ്കരസഭയ്ക്കുള്ള ഉറച്ച അടിത്തറ തന്റെ പിൻഗാമിക്കു കൈമാറിയാണ് ദിദിമോസ് പ്രഥമൻ കടന്നുപോയത്.

വാക്കും പ്രവൃത്തിയും സമഞ്ജസിപ്പിച്ച, അവസാന ശ്വാസംവരെ കർമ്മനിരതനായിരുന്ന ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് 2012 ഫെബ്രുവരി 16-നു കടന്നുപോയി. ഭദ്രാസനഭരണം ഒഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും തന്റെ

സംഘടനാപാടവവും വാക്ചാതുരിയും മലങ്കര മുഴുവൻ അനുഭവവേദ്യമാക്കി തിരക്കുപിടിച്ച ജീവിതംതന്നെ നയിച്ച മാർ ഒസ്താത്തിയോസിനെ അദ്ദേഹത്തിന്റെ *സന്തോഷവും കിരീടവു*മായ മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിലാണ് കബറടക്കിയത്.

തകർന്നടിഞ്ഞ അമേരിക്കൻ ഭദ്രാസനത്തെ ശൂന്യതയിൽ നിന്നും പടുത്തുയർത്തി കെട്ടുറപ്പുള്ള രണ്ടു ഭദ്രാസനങ്ങളായി വളർത്തിയ ശേഷം വിടവാങ്ങി നാട്ടിലെത്തി വിശ്രമിച്ചിരുന്ന മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ 2012 ഡിസംബർ 9-നു കാലംചെയ്തു. മാതൃ ഇടവകയായ വളയംചിറങ്ങര പള്ളിയിൽ കബറടക്കി.

ഇവരെ കൂടാതെ ഡൽഹിയുടെ ഇയ്യൂബ് മാർ പീലക്സിനോസ് (20-11-2011, പത്തനാപുരം ദയറാ), മാവേലിക്കരയുടെ പൗലൂസ് മാർ പക്കോമിയോസ് (1-8-2012 - പെരുനാട് ബഥനി ആശ്രമം), കോട്ടയത്തിന്റെ ഗീവർഗീസ് മാർ ഈവാനിയോസ് (12-4-2013, ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ), മലബാറിന്റെ സഖറിയാ മാർ തെയോഫിലോസ് (24-10-2017, കോയമ്പത്തൂർ തടാകം ആശ്രമം) എന്നിവരും ഇക്കാലത്ത് കടന്നുപോയി.

പാത്രിയർക്കീസ്

അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ഈവാസ് 2014 മാർച്ച് 21-നു ജർമ്മനിയിലെ കീൽ എന്ന സ്ഥലത്തു വച്ചു 81-ാമത്തെ വയസിൽ കാലം ചെയ്തു. കബറടക്കം മാർച്ച് മുപ്പതിനു ദമാസ്ക്കസിനു സമീപമുള്ള മാറാത്ത് സെയ്ദാനാ പള്ളിയിൽ നടത്തി. 1970-കളിൽ മലങ്കരയിലെ വിഭാഗീയതയ്ക്ക് തുടക്കമിട്ടത് ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ആണെങ്കിലും അത് ഇന്നത്തെ നിലയിൽ വഷളാക്കിയതിൽ സഖാ പ്രഥമൻ വഹിച്ച പങ്ക് ചെറുതല്ല. അവസാന കാലത്തെ അദ്ദേഹത്തിന്റെ നിസഹായതയോ നിസംഗതയോ വിഘടിത വിഭാഗത്തിൽ *മെത്രാൻ പെരുമഴ*യ്ക്കു കാരണമായി. അത് അദ്ദേഹത്തിനു തന്നെ അസഹ്യമായതിനാലാവണം അന്ത്യകാലത്ത് പുതിയ വാഴ്ചകൾ തടയാൻ അദ്ദേഹം നിർബന്ധിതനായത്.

കാലം ചെയ്ത പ. സഖാ പ്രഥമൻ പാത്രിയർക്കീസിന്റെ പിൻഗാമിയായി മാർ ഇഗ്നാത്യോസ് അപ്രേം ദ്വിതീയൻ 2014 മെയ് 29-ന് ദമസ്ക്കോസിനടുത്തുള്ള മാറാത്ത് സെയ്ദാനയിലെ കത്തീഡ്രലിൽ വച്ചു സിറിയൻ സഭാദ്ധ്യക്ഷനായി വാഴിക്കപ്പെട്ടു. മലങ്കരസഭയുടെ അറിവോ സമ്മതമോ സഹകരണമോ കൂടാതെയാണ് അദ്ദേഹത്തെ വാഴിച്ചത്. എങ്കിലും മലങ്കരയെ സംബന്ധിച്ചു ശുഭപ്രതീക്ഷകൾ ഉയർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രാരംഭ നടപടികൾ. പട്ടത്വവും സ്ഥാനമാനങ്ങളും വാരിക്കോരിക്കൊടുക്കുന്ന നടപടി അദ്ദേഹം കർശനമായി തടഞ്ഞു.

എന്നാൽ 2015 ഫെബ്രുവരിയിലെ മലങ്കര സന്ദർശനവേളയിൽ അനുരഞ്ജനകാംക്ഷി എന്ന അപ്രേം ദ്വിതീയന്റെ പ്രതിഛായയ്ക്കു ഭംഗം വരുന്ന ചില നടപടികൾ അദ്ദേഹത്തിൽ നിന്നുണ്ടായി. കോടതികൾ പ്രശ്നപരിഹാരത്തിനു ഉപയുക്തമല്ല എന്ന പ്രസ്താവനയും, രണ്ടും രണ്ട് സഭകളാണ് എന്ന നിലപാടുമാണ് വിവാദത്തിനിടയാക്കിയത്. അതോടെ സമാധാന പ്രതീക്ഷകൾക്കു മങ്ങലേറ്റു. എങ്കിലും സന്ദർശനാന്ത്യത്തിൽ ഡൽഹിയിൽ വെച്ചു ശുഭ പ്രതീക്ഷ നൽകിയിട്ടാണ് അദ്ദേഹം മടങ്ങിയത്.

2015 ഏപ്രിൽ 24-ന് അർമ്മീനിയായിലെ ഹോളി എച്മിയാഡ്ചിനിൽ വെച്ച് അപ്രേം ദ്വിതീയനും പൗലൂസ് ദ്വിതീയനും കൂടിക്കണ്ടു. ദശാബ്ദങ്ങളുടെ ഇടവേളയ്ക്കു ശേഷമാണ് ഇരു സഭാദ്ധ്യക്ഷന്മാരും സംഗമിച്ചത്. സഹോദര തുല്യമായ സ്നേഹബഹുമാനങ്ങളോടെ നടന്ന ആ കൂടിച്ചേരൽ ഐക്യപ്രതീക്ഷകൾ വാനോളം ഉയർത്തി. പക്ഷേ ആ പ്രതീക്ഷകളെ നിലനിർത്തുന്ന നടപടികളല്ല ഇരുഭാഗത്തുനിന്നും പിന്നീടുണ്ടായത്.

കോടതിവിധി

കോലഞ്ചേരി മുതലായ പള്ളികളിൽ മലങ്കരസഭയ്ക്ക് അനുകൂലമായി ലഭിച്ച കോടതിവിധികൾ നടപ്പാക്കുന്നതിനെതിരെ അപ്പീലുമായി വിഘടിത വിഭാഗം വീണ്ടും കോടതിയെ സമീപിച്ചു. കീഴ്കോടതികളിൽ എല്ലാം കേസുകൾ തള്ളപ്പെട്ടതോടെ അവർതന്നെ വീണ്ടും സുപ്രീംകോടതിയെ സമീപിച്ചു. വിശദമായി പഠിച്ച് അപ്പീലുകൾ തള്ളി 2017 ജൂലൈ 3-ന് സുപ്രീംകോടതി വിശദമായ വിധി പ്രസ്താവിച്ചു. മലങ്കരസഭയിൽ സമാന്തര ഭരണം അനുവദിക്കില്ലെന്ന വ്യക്തമായ സന്ദേശമാണ് കോലഞ്ചേരി, മണ്ണത്തൂർ, വാരിക്കോലി എന്നീ മൂന്നു പള്ളികളുടെ വിധിനടത്ത് ചോദ്യംചെയ്ത് യാക്കോബായ വിഭാഗം നൽകിയതും കീഴ്കോടതികൾ തള്ളിയതുമായ കേസുകളിലെ അപ്പീൽ ഹർജികൾ തള്ളിക്കൊണ്ട് പ്രഖ്യാപിച്ചത്. തുടർന്ന് ജൂലൈ 5-ന് നെച്ചൂർ പള്ളിയെപ്പറ്റിയും, അതിനുശേഷം മറ്റൊരു ബഞ്ച് കണ്യാട്ടുനിരപ്പ് പള്ളിയെപ്പറ്റിയും സമാനവിധി പുറപ്പെടുവിച്ചു.

ജൂലൈ 3 വിധിയിലെ പ്രധാന വസ്തുതകൾ താഴെ പറയുന്നവയാണ്.

1. 1995-ലെ സുപ്രീംകോടതിവിധി ഇടവകപ്പള്ളികൾക്ക് ബാധകമാണ്.

2. 1934-ലെ മലങ്കരസഭാ ഭരണഘടനയനുസരിച്ചു മാത്രം ഇടവകപ്പള്ളികൾ ഭരിക്കപ്പെടണം.

3. 2002-ലെ യാക്കോബായ ഭരണഘടന അസാധുവാണ്.

4. 1934-ലെ മലങ്കരസഭാ ഭരണഘടന ഒഴികെയുള്ള ഉടമ്പടികളും മറ്റും ഇടവകപ്പള്ളി ഭരണത്തിനു ഉപയോഗിക്കാൻ പാടില്ല.

അപ്പീലുമായി സുപ്രീംകോടതിയെ സമീപിച്ചവർക്ക് ഇനിയൊരിക്കലും പ. അന്ത്യോഖ്യാ പാത്രിയർക്കീസിനെ മറപിടിച്ച് മലങ്കരസഭയിൽ അരാജകത്വം അഴിച്ചുവിടാൻ അനുവദിക്കില്ല എന്ന വ്യക്തമായ മറുപടിയാണ് ലഭിച്ചത്. മറുവശത്ത് മലങ്കരസഭയുടെ പിതാവ് മലങ്കരമെത്രാപ്പോലീത്താ സ്ഥാനം കൂടി വഹിക്കുന്ന പൗരസ്ത്യ കാതോലിക്കാ ആണെന്ന് വ്യക്തമാക്കിയപ്പോൾ ത്തന്നെ 1934-ലെ മലങ്കരസഭാ ഭരണഘടനയുടെ ചട്ടക്കൂടിൽ നിന്ന് ഒരു സഭാ സ്ഥാനിയും സ്ഥാപനവും സ്വതന്ത്രരല്ല എന്ന സന്ദേശവും കോടതി നൽകി.

ഒരു സഭ, ഒരു നിയമം, ഒരു ഭരണക്രമം എന്ന അടിസ്ഥാന പ്രമാണത്തി ലൂന്നിയാണ് ഇത്തവണ സുപ്രീംകോടതി വിധി പ്രഖ്യാപിച്ചത്. ആ നിയമം 1934-ലെ മലങ്കരസഭാ ഭരണഘടനയാണെന്നു ആവർത്തിച്ചു വ്യക്തമാക്കു കയും ചെയ്തു. 2017 നവംബർ 15-നു വിഘടിത വിഭാഗത്തിന്റെ റിവ്യൂ ഹർജി കൂടി സുപ്രീംകോടതി തള്ളിയതോടെ നിയമയുദ്ധം ഒരു അടഞ്ഞ അദ്ധ്യായ മായി.

അനന്തരം

മലങ്കരസഭയുടെ വാദങ്ങൾ പൂർണ്ണമായും ശരിവച്ച് 2017 ജൂലൈ 3-നു സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയെപ്പറ്റി അപ്രതീക്ഷിതമെന്നു തന്നെ പറയണം. 1934-ലെ ഭരണഘടയുടെ സാർവലൗകികത്വം, പൗരസ്ത്യ കാതോ ലിക്കായുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനം ഇവയൊക്കെ അടിവരയിട്ടുറപ്പിച്ച ഈ വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ട് മലങ്കരസഭയിൽ ശാശ്വതമായ ഐക്യവും സമാധാനവും നിലവിൽ വരുത്തുമെന്നു ബഹുഭൂരിപക്ഷവും ആഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്തു. സെമിത്തേരി പോലും പങ്കു വെക്കാനാകില്ല എന്ന വിധി അതിനു മാർഗ്ഗരേഖയാകുമെന്നു ഏവരും പ്രതീ ക്ഷിച്ചു.

സഭാകേന്ദ്രവും ഇത്തരത്തിലാണ് പ്രതികരിച്ചത്. ഐക്യത്തിനു ആഹ്വാനം ചെയ്തുകൊണ്ട് 2017 ജൂലൈ 11-നു 185/2017-ാം നമ്പറായി സഭാസമാധാനവും ഐക്യവും ആഹ്വാനം ചെയ്ത് പൗലൂസ് ദ്വിതീയൻ ഒരു പൊതു കല്പന ഇറക്കി. 2017 ഓഗസ്റ്റ് മാസത്തിൽ ചേർന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഇത് അംഗീകരിച്ചു. അതേ മാസം ചേർന്ന മാനേജിംഗ് കമ്മിറ്റി അതിനു പിന്തു ണയും പ്രഖ്യാപിച്ചു. അതാണ് മലങ്കരസഭയുടെ ഔദ്യോഗിക നിലപാട്.

മറുവശത്ത് താൻ സമാധാനത്തിനും ഐക്യത്തിനും സന്നദ്ധനാണെന്നു പാത്രിയർക്കീസ് അപ്രേം ദ്വിതീയനും അറിയിച്ചു. അനൗപചാരികമായി ചർ ച്ചകൾ ആരംഭിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതനുസരിച്ച് എപ്പി സ്ക്കോപ്പൽ സുന്നഹദോസിന്റെ അറിവോടെ രണ്ടു മെത്രാന്മാർ ബെയ്റൂ ട്ടിലെത്തി അപ്രേം ദ്വിതീയനെ കണ്ടു. കാര്യങ്ങൾ ശുഭകരമായി പര്യവസാനി ക്കുമെന്നു കേസും കലഹവുംകൊണ്ട് ഉപജീവിക്കുന്ന ഇരുപക്ഷത്തേയും

അതീവ പരിമിത ന്യൂനപക്ഷമൊഴികെ ഏതാണ്ട് എല്ലാവരുംതന്നെ വിശ്വസിച്ചു തുടങ്ങി.

എന്നാൽ സംഗതികൾ ഇതെഴുതുമ്പോൾ ശുഭോദർക്കമായല്ല നീങ്ങുന്നത്. അതിനു കാരണം, കേസിൽ പരാജയപ്പെട്ട കക്ഷികളേക്കാൾ ഈ വിധി വലിയ പ്രഹരം നൽകിയത് സഭയ്ക്കുള്ളിലെ 'വിഭജനവാദി'കൾക്കാണ് എന്നതാണ്. ഇത്രയും സമഗ്രമായ വിധി അവർ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ് സത്യം. മേൽസ്ഥാനങ്ങൾ മോഹിക്കുന്നവരും, കസേരയുടെ കാല് ഇളകുമോ എന്ന ഭയം ഉള്ളവരും, കേസുകൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതിൽ തത്പരരായ ചിലരും സമാധാനത്തിനു തുരങ്കം വയ്ക്കുന്നു എന്ന ഭയം പല കോണിലും ഉയരുന്നുണ്ട്. അതു ശരിവയ്ക്കുന്ന തരത്തിലാണ് വരിക്കോലി പോലുള്ള ദൗർഭാഗ്യകരമായ പല സംഭവങ്ങളും പിന്നീട് അരങ്ങേറിയത്.

ഇന്ന് സഭയുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി ഐക്യവും സമാധാനവും ഉണ്ടാക്കുക എന്നതാണ്. ലഭ്യമായ സുവർണ്ണാവസരം ഏതാനും വ്യക്തികളുടെ സ്വാർത്ഥ താത്പര്യത്തിനായി കളഞ്ഞു കുളിക്കുന്നവർ കാട്ടുന്നത് ദൈവനിന്ദയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിയണം. കലഹവും അശാന്തിയും തുടരാൻ യത്നിക്കുന്നവർക്കുള്ള മറുപടി പൗലൂസ് ദ്വിതീയന്റെ 2017 ജൂലൈ 11-ലെ ചാക്രിക കല്പനയിൽ ഉണ്ട്. ... *കലഹം പിശാചിന്റെ കൗശലമാണ്, സമാധാനം ദൈവത്തിന്റെ ദാനമാണ്* ...

(തയ്യാറാക്കിയത് പ്രമുഖ സഭാചരിത്ര ഗവേഷകനായ ഡോ. എം. കുര്യൻ തോമസ്)

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ: ലഘു ജീവിതരേഖ

പഴഞ്ഞി മങ്ങാട് കൊള്ളന്നൂർ കെ. ഐ. ഐപ്പിന്റെ മകനായി 1946 ഓഗസ്റ്റ് 30-ന് ജനിച്ചു. തൃശൂർ സെന്റ് തോമസ് കോളജിൽ നിന്ന് ബി.എസ്.സി.യും ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് ജി.എസ്.ടി. യും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി. യും കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് എം.എ. യും കരസ്ഥമാക്കി. 1973 മെയ് 31-ന് ശെമ്മാശപട്ടവും 1973 ജൂൺ 2-ന് വൈദികപട്ടവും സ്വീകരിച്ചു. 1982 ഡിസംബർ 28-ന് തിരുവല്ലയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1983 മെയ് 14-ന് പരുമലയിൽ വച്ച് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി. 1985 മെയ് 15-ന് പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, പൗലോസ് മാർ മിലിത്തിയോസ് എന്ന നാമത്തിൽ എപ്പിസ്കോപ്പായായി വാഴിച്ചു. പുതിയതായി രൂപീകരിച്ച കുന്നംകുളം ഭദ്രാസനാധിപനായി 1985 ഓഗസ്റ്റ് 1-നു ചുമതലയേറ്റു. 2006-ൽ പരുമലയിൽ ചേർന്ന മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. 2010 നവംബർ മാസം 1-നു മുൻഗാമിയായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ എന്ന പേരിൽ മലങ്കരസഭാ അദ്ധ്യക്ഷനായി അഭിഷേകം ചെയ്യപ്പെട്ടു.

ഗ്രന്ഥങ്ങൾ: വചനം വിടരുന്നു, വിനയസ്മിതം, നിഷ്കളങ്കതയുടെ സൗന്ദര്യം, അനുഭവങ്ങൾ ധ്യാനങ്ങൾ, ജീവിതകാഴ്ചകൾ, മരുഭൂമിയിലെ വിരുന്നുഭോജനം.

മലങ്കരസഭയുടെ പുതിയ നേതൃത്വം

 

ഫാ. ഡോ. എം. ഒ. ജോൺ (വൈദിക ട്രസ്റ്റി), ജോർജ് പോൾ (അൽമായ ട്രസ്റ്റി), അഡ്വ. ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി)

അനുബന്ധം 1

നാലു കാതോലിക്കാമാരുടെ കൂടെ

കഴിഞ്ഞ അര നൂറ്റാണ്ടായി മലങ്കരസഭയുടെ അകത്തളത്തിൽ നിന്നു കൊണ്ടു നാലു കാതോലിക്കാമാരുമായി അടുത്തിടപെടുന്നതിനും സഭയുടെ ഉള്ളുകള്ളികൾ ഉള്ളിൽവച്ചുകൊണ്ടും നിർണ്ണായകഘട്ടങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിച്ച അവൈദികരുടെ മുന്നണിയിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നതിനും അസുലഭ ഭാഗ്യം ലഭിച്ച അതുല്യ വ്യക്തിയാണ് സമുദായത്തിന്റെ അവൈദിക ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ച പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര. സഭാ സെക്രട്ടറി എന്ന നിലയിലും മറ്റും കാതോലിക്കാമാരുമായി മറ്റാരെയുംകാൾ ദീർഘകാലം കൂടുതൽ അടുത്തിടപെട്ടിട്ടുള്ള അദ്ദേഹത്തിന് അതേപ്പറ്റി എത്ര പേജുകൾ വേണമെങ്കിലും എഴുതാനാവും. പരമരഹസ്യങ്ങൾ സൂക്ഷിക്കുന്നതിനും വിശ്വസ്തരായ വ്യക്തികളോടു ചിലതെല്ലാം ഹൃദയം തുറന്നു സരസമായി പങ്കുവയ്ക്കുന്നതിനും ഒട്ടും ഓർമ്മക്കുറവില്ലാതിരുന്ന അദ്ദേഹത്തിനു സന്തോഷമേ ഉണ്ടായിരുന്നുള്ളു. വാകത്താനം കാതോലിക്കാ പ. ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ തന്റെ വല്യമ്മയുടെ സഹോദരപുത്രനായിരുന്നതിനാൽ ചെറുപ്പത്തിലേ അദ്ദേഹത്തെ കാണാൻ ഏബ്രഹാമിനു ഭാഗ്യം ഉണ്ടായിട്ടുണ്ട്. കോട്ടയം സർക്കാർ സ്കൂളിലാണു ഗീവറുഗീസ് ഒന്നാമൻ പഠിച്ചത്. തന്റെ വല്യമ്മച്ചി സുഖമില്ലാതെ കിടന്ന അവസരത്തിൽ ഡ്രൈവറായ പിള്ളേപ്പ ഓടിച്ചു വന്ന തങ്ങളുടെ കാറിൽ ഗീവറുഗീസ് ഒന്നാമൻ വീട്ടിൽ എത്തുന്നതും മുറ്റം മുതൽ മുറി വരെ വിരിച്ചിട്ട പായിലൂടെ നടന്നുവരുന്നതും മറ്റും അന്നു കൊച്ചുബാലനായിരുന്ന ഏബ്രഹാം ഇന്നലെ നടന്ന സംഭവം പോലെയാണു ഓർക്കുന്നത്.

1951-ൽ സമുദായക്കേസിൽ കാതോലിക്കാ കക്ഷി തോറ്റതിനെ തുടർന്ന് മാതൃസഹോദരൻ കൂടിയായ കെ. സി. മാമ്മൻ മാപ്പിളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡിഫൻസ് കമ്മിറ്റിയുടെ കൺവീനർമാരായി ഫാ. കെ. ഫീലിപ്പോസും, പി. സി. ഏബ്രഹാമും നിയോഗിക്കപ്പെട്ടതിനെ തുടർന്നാണ് ഏബ്രഹാം സമുദായരംഗത്തു കാലുകുത്തുന്നത്. പിന്നീട് ദേവലോകം അരമനയിരിക്കുന്ന സ്ഥലം വാങ്ങുന്നതിനുവേണ്ടി കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പണപ്പിരിവിൽ 110000 രൂപ ലഭിച്ചു. ഒന്നര ലക്ഷം രൂപയായിരുന്നു വേണ്ടത്. മാമ്മൻ മാപ്പിള 10000 രൂപയുടെ ചെക്കു കൂടി കൊടുത്തശേഷം ബാക്കി ഏബ്രഹാമും എം. സി. മാത്യുവും കൂടി സ്വരൂപിക്കാൻ ആവശ്യപ്പെട്ടു. എം. സി. മാത്യു 15000 രൂപയും പി. സി. ഏബ്രഹാം 16000 രൂപയും സമാഹരിച്ചു ദേവലോകം വസ്തു ഉടമയായ കെ. എം. ഏബ്രഹാമിനു ഒന്നര ലക്ഷം രൂപ നൽകി. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ

വസ്തുവിന്റെ ആധാരം മാളിയേക്കൽ എം. സി. മാത്യുവിന്റെയും പി. സി. ഏബ്രഹാമിന്റെയും പേരിലാണു എഴുതിയത്. ആധാരം സൂക്ഷിച്ചുവയ്ക്കാൻ മാനേജരച്ചനായ ഫാ. റ്റി. സി. ജേക്കബിനെ ഏൽപിക്കുകയും ചെയ്തു. തുടർന്ന് 1958-ൽ സഭാസമാധാനമുണ്ടായശേഷമാണ് വസ്തു കാതോലിക്കേറ്റിന്റെ പേരിൽ എഴുതിക്കൊടുത്തത്. തോട്ടം ഉടമസ്ഥൻ കൂടിയായ ഏബ്രഹാമിനു മിച്ചഭൂമി പ്രശ്നം ഒഴിവാക്കാൻ എത്രയുംവേഗം ഈ വസ്തുവിന്റെ ഉടമസ്ഥാവകാശം കൈവിടേണ്ട ആവശ്യവും ഉണ്ടായി. ഇതിനകം താൻ മുടക്കിയ 16000 രൂപയിൽ 10000 രൂപയും പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ തിരിച്ചുകൊടുത്തിരുന്നു. ബാക്കിയുള്ള 6000 രൂപ സമാധാനത്തെ തുടർന്നു വട്ടിപ്പണത്തിന്റെ പലിശ ലഭിച്ചപ്പോൾ നൽകി ഇടപാടു തീർത്തു. ആഴ്ച തോറും ബാവായ്ക്കു ഏബ്രഹാമിനെ കാണണം. ചെന്നില്ലെങ്കിൽ വിളിപ്പിക്കും. എന്തെങ്കിലും സഭാപ്രശ്നം ഉണ്ടായാൽ സഭാനേതാക്കന്മാരെ വിളിച്ചുവരുത്തി കൂടിയാലോചിക്കുന്ന സ്വഭാവക്കാരനായിരുന്നു ധിഷണാശാലിയായ ബാവാ. കൂടെ നിൽക്കുന്ന വൈദികരെപ്പറ്റി പോലും ആരും അറിയാതെ പലരോടും ആരാഞ്ഞറിയും, എന്തിന് കുശിനിക്കാരോടും മറ്റുള്ളവരെപ്പറ്റിയുള്ള അഭിപ്രായം, പഠിച്ച സന്യാസിവര്യൻ ചോദിച്ചറിയും. ദേവലോകത്തു ചെല്ലുമ്പോൾ പണ്ടേ, അവിടെയുള്ള മാവിലെ മാങ്ങയും മറ്റും ബാവാ ജന്മിക്കുള്ളത് എന്നു പറഞ്ഞു കുറെ ഏബ്രഹാമിനു കൊടുത്തുവിടുമായിരുന്നു.

1966-ൽ മലങ്കര അസോസിയേഷൻ സെക്രട്ടറിയായപ്പോൾ പ. ഔഗേൻ ബാവായുടെ കൂടെ പ്രവർത്തിക്കാൻ സാധിച്ചു. ഏതു പ്രശ്നവും സെക്രട്ടറിയോടു ചർച്ച ചെയ്യുന്ന സ്വഭാവമായിരുന്നു ഔഗേൻ ബാവായുടേത്. 'അവിരാച്ചൻ' കാണാതെ ഒന്നും ചെയ്യരുതെന്ന് നിർബന്ധവും ബാവായ്ക്കുണ്ടായിരുന്നു. ശീമവാസത്തിനിടയിൽ നേരത്തെ ഔഗേൻ ബാവായ്ക്കുണ്ടായ ചില തിക്താനുഭവങ്ങൾ കാതോലിക്കാ എന്ന നിലയിൽ അവരോധിക്കപ്പെട്ടപ്പോഴും പൊന്തിവന്നിട്ടുണ്ടാവും എന്നാണു ഏബ്രഹാം വിശ്വസിക്കുന്നത്. ചില പ്രത്യേക ആവശ്യത്തിനുള്ള ഹെഡിംഗ് പേപ്പറിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്നു പോരെ എന്നു വൈകാരിക ഐക്യത്തിന്റെ പേരിൽ ചില സമുദായ നേതാക്കൾ ഒരിക്കൽ നിർദ്ദേശിച്ചപ്പോഴും ബാവാ ചുമന്ന മഷികൊണ്ടു മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായ എന്നു കൂടി എഴുതിച്ചേർത്തുകൊണ്ടിരുന്നത് ഈ പശ്ചാത്തലത്തിലാണത്രെ.

പ്രായാധിക്യം മൂലം മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും ഒഴിയുന്നു എന്നു കാണിച്ചുള്ള കത്തും പി. സി. ഏബ്രഹാമിനെയാണ് ഏൽപിച്ചത്. മുൻഗാമിയുടെ ഈ മാതൃക വട്ടക്കുന്നേൽ ബാവായും പിന്തുടരുമോ എന്ന് ഏബ്രഹാം ചോദിച്ചപ്പോൾ 'കണിശമായും' എന്ന മറുപടിയാണു ലഭിച്ചത്. രോഗിയായപ്പോൾ വട്ടക്കുന്നേൽ ബാവായുടെ രാജിക്കത്തും ഏബ്രഹാമിനെയാണ് ഏൽപിച്ചത്. വട്ടക്കുന്നേൽ ബാവാ ഏതു

പ്രശ്നത്തിലും തീരുമാനം എടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നതിനാൽ ഭരണകാര്യങ്ങളിൽ കാര്യക്ഷമത ഉണ്ടായിരുന്നു.

അഞ്ചാം കാതോലിക്കായുടെ രഹസ്യ സ്വഭാവമുള്ള വിൽപത്രത്തിലെ കാര്യങ്ങളൊക്കെ അതിന്റെ കോപ്പി കൈവശമുണ്ടായിരുന്ന ഏബ്രഹാമിനു നിശ്ചയമുണ്ടായിരുന്നു. മാത്യൂസ് രണ്ടാമൻ ബാവായോടും വളരെ അടുത്തി ടപെടുന്ന ഏബ്രഹാം, സഭയിൽ അഡ്മിനിസ്ട്രേഷൻ ഇല്ലെന്നും ബാവായുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തണമെന്നും മറ്റും പറഞ്ഞപ്പോൾ ആറാം കാതോലിക്കാ ചിരിക്കുക മാത്രമാണു ചെയ്തത്.

സഭാകേസിന്റെ നടത്തിപ്പുകാരിൽ പ്രമുഖനായിരുന്ന ഏബ്രഹാം ഇതു സംബന്ധിച്ച യാത്രയ്ക്കും മറ്റും സ്വന്തം കൈയിൽ നിന്നാണു പണം ചെല വഴിച്ചിരുന്നത്. നാലു കാതോലിക്കാമാരിൽ പ്രവർത്തനശൈലി കൊണ്ടും സുതാര്യതകൊണ്ടും തേജസുകൊണ്ടും കുറിച്ചി ബാവായാണു ഒന്നാം സ്ഥാന ത്തെന്നത്രെ ഏബ്രഹാം വിശ്വസിച്ചത്.



അനുബന്ധം 2

കാതോലിക്കാമാരുടെ കാശിന്റെ വരത്തുപോക്ക്

മലങ്കരസഭയെ നല്ലവണ്ണം സേവിച്ചശേഷം കാലംചെയ്ത ഏഴു കാതോലിക്കാമാരുടെയും സാമ്പത്തികനിലയും പണം ഇടപാടുകളും പഠനാർഹമാണ്. ഒന്നും രണ്ടും കാതോലിക്കാമാർക്കു ഭരണവും അരമനകളും കാര്യമായ വരുമാനമാർഗ്ഗങ്ങളും ഇല്ലായിരുന്നു. ഏഴര മാസം മാത്രം സിംഹാസനത്തിൽ ഇരുന്ന ഒന്നാം കാതോലിക്കാ മുറിമറ്റത്തിൽ പ. പൗലോസ് പ്രഥമൻ ബാവ മെത്രാനായിരുന്നപ്പോൾ മൂവാറ്റുപുഴയിൽ ഇന്നു കാണുന്ന അരമനയിരിക്കുന്ന സ്ഥലം 300 രൂപയുടെ പ്രോമിസറി നോട്ടെഴുതിക്കൊടുത്താണു വാങ്ങിയത്. സ്ഥലം വാങ്ങാൻ പോലും പണം ഇല്ലാതിരുന്ന മെത്രാപ്പോലീത്താ ഒരു അരമന നിർമ്മിച്ചില്ല എന്നത് ഒരിക്കലും അദ്ദേഹത്തിന്റെ ഒരു കുറ്റമോ കുറവോ അല്ലല്ലോ. സ്വന്തം ഇടവകയായ കോലഞ്ചേരി പള്ളിക്കാർ പുണ്യജീവിതം നയിച്ച ഒന്നാം കാതോലിക്കായെ കക്ഷിവഴക്കിന്റെ പേരിൽ പള്ളിയിൽ നിന്ന് ഇറക്കി വിട്ടു തലയിൽ ശാപം കയറ്റി വച്ചു.

രണ്ടാം കാതോലിക്കാ റമ്പാനായിരിക്കുമ്പോൾ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്ന് അദ്ദേഹത്തെ കക്ഷിഭ്രാന്തു പിടിച്ചവർ ഓടിച്ചു വിട്ടു, കക്ഷിവഴക്കിന്റെ പശ്ചാത്തലത്തിൽ നിന്നു ജീവരക്ഷാർത്ഥം ഓടി സ്വദേശത്ത് എത്തിയപ്പോൾ വാകത്താനത്തുള്ള സ്വന്തം കുടുംബാംഗങ്ങളിൽ ചിലരാണു റമ്പാച്ചനു താമസിക്കാനുള്ള ഒരു ചെറിയ കെട്ടിടം സജ്ജമാക്കിയത്. അദ്ദേഹത്തിന്റെ ആവശ്യത്തിനുവേണ്ട പണം അന്ന് ഇല്ലായിരുന്നു. മുപ്പതു മാസം മാത്രം കാതോലിക്കാ ആയിരുന്ന കാരുചിറ ഗീവറുഗീസ് ഒന്നാമൻ ബാവാ ഉദരരോഗത്തെ തുടർന്നു നടത്തപ്പെട്ട ശസ്ത്രക്രിയയ്ക്കുശേഷം 1928-ൽ കാലം ചെയ്യുകയായിരുന്നു.

ശെമ്മാശനായ കാലം മുതൽ കിട്ടിയ പണത്തിനും ചെലവാക്കിയ പണത്തിനുമെല്ലാം കൃത്യമായ കണക്ക് അന്നന്ന് എഴുതുന്ന ഡയറിയിൽ അദ്ദേഹം കുറിച്ചിട്ടു. അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ 'കാതോലിക്കേറ്റിന്റെ നിധി' (വള്ളിക്കാട്ട് ദയറാ, കോട്ടയം, 2006) എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ഇവ വായിക്കാം.

മൂന്നാം കാതോലിക്കാ പ. ഗീവറുഗീസ് രണ്ടാമൻ ബാവായും സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്നു. സമുദായക്കേസു നടത്താൻ വലിയ തുക വേണ്ടിവന്നു. പല പള്ളികളിൽ നിന്നും പരുമലയിൽ നിന്നും ഒട്ടധികം സഭാസ്നേഹികളിൽ നിന്നും പണം പിരിച്ചാണു കേസു നടത്തി ജയിച്ചത്. 1958-ൽ സുപ്രീംകോടതി

യിൽ നിന്ന് അനുകൂലമായ അന്ത്യവിധി ലഭിച്ചു. എതിർഭാഗത്തു നിന്നു കോട തിച്ചെലവിനത്തിൽ ഒരു ലക്ഷം രൂപ വാങ്ങിയില്ല. കാരണം വിഘടിതരായ തോറ്റവരും സ്വന്തം സഭയിലെ അംഗങ്ങൾ ആകയാൽ അവരിൽ നിന്നും പണം ഈടാക്കേണ്ടതില്ലെന്ന ചില പ്രമുഖ നേതാക്കന്മാരുടെ ഉപദേശം പ. ബാവാ സ്വീകരിച്ചു. കേസിനിടയിൽ പഴയസെമിനാരിയിൽ നിലച്ചുപോയ വൈദിക സെമിനാരി 1940-കളിൽ എം.ഡി. യിൽ ആരംഭിക്കുന്നതിനുള്ള ശ്രമത്തിനിട യിൽ ഫാ. കെ. പീലിപ്പോസും യു.സി. കോളജ് പ്രിൻസിപ്പൽ എ. എം. വർക്കിയും കുറെ പണത്തിനുവേണ്ടി ഗീവറുഗീസ് രണ്ടാമൻ ബാവായെ സമീ പിച്ചപ്പോൾ "സെമിനാരി പുനരാരംഭിക്കുന്നതു കൊള്ളാം, എന്നോടു ചക്രം ഒന്നും ചോദിച്ചേക്കരുത്" എന്ന് പറഞ്ഞു. ഇതേത്തുടർന്നു ഫാ. പീലി പ്പോസും, എ. എം. വർക്കിയും പണം പിരിച്ചാണു വൈദിക സെമിനാരി എം.ഡി. യിൽ പുനരാരംഭിച്ചത്.

1951-ൽ സമുദായക്കേസ് തോറ്റപ്പോൾ സഭാകേന്ദ്രമായ പഴയസെമിനാരി നഷ്ടപ്പെടുമെന്നു പോലും സംശയം ഉണ്ടായി. തുടർന്ന് ബാവ കുറെ വർഷം ചെറിയമഠത്തിൽ സ്കറിയാ മൽപാൻ നിർമ്മിച്ച മാങ്ങാനം എബനേസർ ദയ റായിൽ പാർത്തു. ഇതിനു മുമ്പുതന്നെ കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃ ത്വത്തിൽ ഏതാനും ദിവസങ്ങൾ കൊണ്ട് ഒന്നര ലക്ഷത്തോളം രൂപ ശേഖ രിച്ചു ദേവലോകം കാതോലിക്കേറ്റ് അരമന ഇരിക്കുന്ന സ്ഥലം വാങ്ങി. പക്ഷെ അവിടെ ഒരു കുടുംബം താമസിച്ച വീടല്ലാതെ ബാവായ്ക്കു താമസിക്കുന്ന തിനോ കുർബ്ബാന ചൊല്ലുന്നതിനോ സൗകര്യമുള്ള കെട്ടിടവും ചാപ്പലും ഇല്ലാ യിരുന്നു. ഇങ്ങനെയിരിക്കെ വലിയ സഭാസ്നേഹിയും കോലഞ്ചേരിയിലെ പ്രമുഖ കൺട്രാക്ടറുമായ ചാക്കോപ്പിള്ളയെ ക്ഷണിച്ചു വരുത്തി. അദ്ദേഹം ദേവലോകം അരമനയുടെ ഒന്നാം നില നിർമ്മിച്ചു കൊടുത്തു. സഭയിലെ സ്ത്രീകൾ പണം പിരിച്ചു ദേവലോകം അരമനയോടനുബന്ധിച്ചുള്ള ചാപ്പലും പണിതു നൽകി.

പ. ഗീവറുഗീസ് രണ്ടാമൻ, പ. ഔഗേൻ പ്രഥമൻ, പ. മാത്യൂസ് പ്രഥമൻ എന്നിവരുടെ സാമ്പത്തികനില, പണമിടപാടുകൾ എന്നിവയെപ്പറ്റി മൂന്നും നാലും ബാവാമാരുടെ സെക്രട്ടറിയായിരുന്ന ഫാ. ടി. ജി. സഖറിയ രചിച്ച "കാതോലിക്കാ ബാവാമാരുടെ കാലടികളിൽ" എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: "പ. ഗീവറുഗീസ് രണ്ടാമൻ ബന്ധുക്കൾക്കുപോലും ഒന്നും കൊടുക്കുകയില്ലായിരുന്നു. വന്നു കാണുന്നതു സന്തോഷമാണ്. അങ്ങേയറ്റം വണ്ടിക്കൂലി കൊടുത്തെങ്കിൽ ആയി. കല്യാണം നടത്തിക്കൊ ടുക്കാൻ ആരും വിളിക്കുകയില്ല. മിക്കവർക്കും പേടിയാണ്. വ്യക്തിപരമായി വലിയ അടുപ്പം ഉണ്ടെങ്കിൽ പോകും. അത്ര തന്നെ.

ദ്രവ്യാഗ്രഹം ഇല്ലായിരുന്നു. പണം തീരെ ഇല്ലാതിരുന്ന കാലമായിരുന്നു എന്നും ഓർക്കണം. ഒരു പേഴ്സണൽ ബാങ്ക് അക്കൗണ്ടേ ഉണ്ടായിരുന്നുള്ളു.

സഭയുടെ അക്കൗണ്ടും അതു തന്നെ. കിട്ടുന്ന പണം കൈപ്പെട്ടിയിൽ സൂക്ഷിക്കും. ബാങ്കിൽ ഇട്ടാൽ പാസ്സ്ബുക്ക് കിട്ടുന്നതുവരെ ബുക്കിനെപ്പറ്റി ചോദിച്ചുകൊണ്ടിരിക്കും. പൈസ സ്വന്തമായി എണ്ണി പെട്ടിയിൽ സൂക്ഷിക്കും. ഒരിക്കൽ പെട്ടിയിൽ നോക്കിയപ്പോൾ രണ്ടു രൂപയുടെ കുറവുണ്ടായിരുന്നു. അപ്പോൾ തന്നെ പെട്ടിയിലെ പണം മുഴുവൻ എണ്ണിനോക്കാൻ എന്നോടാവശ്യപ്പെട്ടു. ഞാൻ എണ്ണിനോക്കിക്കൊണ്ടിരിക്കുമ്പോൾ ആരോ ഒരാൾക്കു രണ്ടു രൂപ വണ്ടിക്കൂലി കൊടുത്ത കാര്യം ഓർമ്മിപ്പിച്ചു. ബാവായ്ക്കു സമാധാനമായി.

ഔഗേൻ ബാവായുടെ കാലത്തും ഭരണസംവിധാനത്തിൽ മാറ്റം വരുത്തിയിരുന്നില്ല. കുറിച്ചി ബാവായുടെ കാലത്തു സഭയ്ക്കു രണ്ടേ രണ്ട് അക്കൗണ്ടുകളേ ഉണ്ടായിരുന്നുള്ളു. ഒന്നു സഭയുടെ പൊതുവായ അക്കൗണ്ട്. രണ്ട് റശ്ശീശാ അക്കൗണ്ട്. ഇതിൽ ബാവായ്ക്കു കിട്ടുന്ന കൈമുത്തും വിവാഹത്തിനും മറ്റും ലഭിക്കുന്ന സംഭാവനകളും ചേർക്കും. ശവസംസ്കാരത്തിനു പോയാൽ കൈമുത്തു വാങ്ങുകയില്ല. ഈ രണ്ടാമത്തെ അക്കൗണ്ടിലെ പണം ഓഫീസ് അറിയാതെ ചെലവാക്കുകയില്ലായിരുന്നു.

1934-ൽ കാതോലിക്കാ നിധിപിരിവ് ആരംഭിച്ചതിനെ തുടർന്ന് കേന്ദ്രത്തിന്റെ സാമ്പത്തികനില മെച്ചപ്പെട്ടു വന്നു. ആദ്യത്തെ പിരിവിൽ 22000-ൽ പരം രൂപ ലഭിച്ചു. ഇന്നു വലിയ നോമ്പിലെ 36-ാം ഞായറാഴ്ചത്തെ ആഗോളതലത്തിലുള്ള നിധിപിരിവ് 10 കോടിയോളം രൂപയാണ്. ഈ പണം സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു.

ഔഗേൻ ബാവായുടെ കാലത്തും പണത്തിനു വിഷമമായിരുന്നു. അദ്ദേഹവും പഴയ സംവിധാനത്തെ അംഗീകരിച്ചു. എന്നാൽ വടക്കുള്ള തന്റെ നാട്ടിൽ ഒരു സ്ഥാപനം ഉണ്ടാകണമെന്ന ആഗ്രഹത്തെ മുൻനിറുത്തി ഔഗേൻ ബാവാ രണ്ടാമത്തെ അക്കൗണ്ടിൽ നിന്ന് കുറെ പണം കൊടുത്തിട്ടുണ്ട്. കോടനാട്ട് ഇന്ന് നല്ല രീതിയിൽ നടത്തപ്പെടുന്ന ഔഗേൻ ഹൈസ്കൂളാണ് ഈ സ്ഥാപനം. ഇത് ആ ദേശത്തിന്റെ കെടാവിളക്കാണല്ലോ.

മാത്യൂസ് പ്രഥമൻ ബാവായ്ക്ക് സ്വന്തമായി ധാരാളം പണം ഉണ്ടായിരുന്നു. ബാഹ്യകേരളത്തിൽ നിന്നും കുടുംബസ്വത്തിൽ നിന്നും മറ്റും ലഭിച്ച പണം ബാവാ രണ്ട് അക്കൗണ്ടിലും ചേർക്കാതെ സൂക്ഷിക്കുകയും ഇഷ്ടാനുസരണം വിനിയോഗിക്കുകയും ചെയ്തുപോന്നു. ബാഹ്യകേരള ഭദ്രാസനാധിപൻ എന്ന നിലയിൽ തന്റെ പേരിൽ ഉണ്ടായിരുന്ന പണം ഭദ്രാസനം വിഭജിച്ചപ്പോൾ പുതിയ ഭദ്രാസനങ്ങൾക്ക് നൽകി. ഏറ്റവും കൂടുതൽ തുക ഡൽഹി ഭദ്രാസനത്തിനാണ് നൽകിയത്. ഇതിനെല്ലാം കൃത്യമായി കണക്കുകൾ എഴുതി സൂക്ഷിക്കുകയും വർഷം തോറും ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും പതിവായിരുന്നു. പണത്തിനുവേണ്ടി ആരുടെ

അടുക്കലും തിരുമേനി കൈനീട്ടുമായിരുന്നില്ല. പഠിക്കുന്ന കാലത്തുപോലും താനൊരു പൈസ കടം വാങ്ങിയിട്ടില്ലെന്ന് ഒരിക്കൽ എന്നോടു പറഞ്ഞു. അതുകൊണ്ട് പണപ്പിരിവു നടത്തി ഒരു സ്ഥാപനവും ഉണ്ടാക്കിയിട്ടുമില്ല. രാഷ്ട്രീയക്കാരെ കണ്ട് സ്വാധീനം ചെലുത്തി ഒരു കാര്യവും അദ്ദേഹം നേടാൻ ശ്രമിച്ചിട്ടില്ല. ഒരിക്കൽ എന്നോടു പറഞ്ഞു: 'എന്റെ കൈയിൽ പണ മുണ്ട്. ഞാനാർക്കും അതു കൊടുക്കുകയില്ല. കാരണം എനിക്ക് ഒരവശത വന്നാൽ ചികിത്സയ്ക്കു വേണ്ടി മറ്റുള്ളവർ ബുദ്ധിമുട്ടാൻ ഇടയാകരുത്. എന്റെ മുൻഗാമി പണത്തിനുവേണ്ടി വിഷമിച്ചിട്ടുണ്ട്. പിൻഗാമിക്ക് അങ്ങനെ സംഭ വിക്കരുത്. ഇതിനുവേണ്ടിയാണ് എന്റെ പണം പ്രധാനമായും സൂക്ഷിക്കു ന്നത്. പിന്നീട് ബാവായുടെ ഓഫീസിലുള്ളവരുടേയും കൂടെ നിന്നവരുടേയും പ്രേരണ മൂലമോ പ്രത്യേക താൽപര്യം മൂലമോ എന്നു തോന്നുമാറ് രണ്ട് ഓഫീസുകൾ പ്രത്യക്ഷപ്പെട്ടു. കേന്ദ്രത്തിൽ ബാവായുടെ അടുത്തു വരുന്ന പരാതികൾക്കും കേസുകൾക്കും മറ്റും പേഴ്സണൽ ഓഫീസ് തന്നെ ബാവാ യുടെ അറിവോടെയാണെങ്കിലും അവരുടെ താൽപര്യത്തിന്റെ വെളിച്ചത്തിലും തീരുമാനങ്ങൾ ചെയ്തു തുടങ്ങി. ബാവായുടെ സന്തതസഹചാരികളായി അടുത്തുനിന്നു സേവനം അനുഷ്ഠിക്കുന്നവർക്ക് സാധാരണഗതിയിൽ ഉണ്ടാ കാവുന്ന സ്വാധീനം മനസ്സിലാക്കാവുന്നതാണല്ലോ. പേഴ്സണൽ കാര്യങ്ങൾ നോക്കാൻ നിയോഗിക്കപ്പെട്ട ശെമ്മാശന്മാരും വൈദികരും ബാവായുടെ ഓഫീസിൽ വരുന്ന പണവും കൈകാര്യം ചെയ്തുകൊണ്ടിരുന്നു. ബാവാ രോഗബാധിതനായി ശയ്യാവലംബിയായതു മുതൽ മരണം വരെയും ഈ സംവിധാനം തന്നെയാണ് തുടർന്നത്.

വട്ടക്കുന്നേൽ ബാവായുടെ കാലശേഷവും പഴയ സംവിധാനം തുടർന്നു. മാത്യൂസ് രണ്ടാമൻ ബാവായ്ക്കു വരുന്ന പണം ഓഫീസ് അറിയാതെ ചെല വഴിക്കപ്പെട്ടു വന്നു. പണ്ട് പ്രായവും അനുഭവ സമ്പന്നതയുമുള്ള ആളുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്നതും ബാവായുമായി ബന്ധപ്പെട്ടതും ആയ സംഗതികൾ തുടർന്ന് പേഴ്സണൽ കാര്യങ്ങൾക്കുവേണ്ടി നിയോഗിക്കപ്പെട്ട പക്വമതികളല്ലാത്ത ചെറുപ്പക്കാരും വേണ്ടത്ര പരിചയസമ്പത്ത് ഇല്ലാത്തവ രുമാണ് കൈകാര്യം ചെയ്തത്. കാതോലിക്കേറ്റ് ഓഫീസ്, ബാവായുടെ ഓഫീസ്, അരമന മനേജ്മെന്റ് ഓഫീസ് എന്നീ മൂന്നു ഓഫീസുകൾ വേണ്ടത്ര പരസ്പരബന്ധമില്ലാതെ പ്രവർത്തിച്ചു. യഥാർത്ഥത്തിൽ അരമന മാനേജർ വേണ്ടവിധം ഒന്നും അറിഞ്ഞിരുന്നില്ല. ആരും അറിയിച്ചതുമില്ല. ബാവായുടെ പ്രോഗ്രാം പോലും മാനേജർ അറിഞ്ഞിരുന്നില്ല.

ബാവായ്ക്ക് ശാസ്താംകോട്ടയോട് വലിയ സ്നേഹം വരാനുള്ള കാരണം പറയാം. ചാവടിയിൽ സി. ടി. ഈപ്പൻ അച്ചന്റെ വകയായി ശാസ്താംകോട്ട യിൽ ഒരു ഹൈസ്കൂളും നൂറേക്കർ സ്ഥലവുമുണ്ടായിരുന്നു. കാലക്രമേണ കൈയേറ്റം മൂലം കുറെ സ്ഥലം പലരുടെ കൈവശം വന്നു. ശാസ്താംകോട്ട

ഫാ. സി. ടി. ഈപ്പൻ ട്രസ്റ്റിന്റെ പ്രസിഡന്റ് എന്ന നിലയിൽ തിരുമേനി സ്ഥലത്തിനു ചുറ്റും മതിൽകെട്ടി നിറച്ചു തെങ്ങിൻതൈകൾ വച്ചും കെട്ടിടങ്ങൾ പണിതും കൂടുതൽ കൈയേറ്റമുണ്ടാകാതെ തടഞ്ഞു. പ്രകൃതിസുന്ദരമായ ശാസ്താംകോട്ടയിൽ ഇന്ന് ഈപ്പൻ ട്രസ്റ്റിന്റേതായി ലക്ഷങ്ങൾ മുടക്കി ഒരു ബൈബിൾ കോളജും നടത്തിവരുന്നു. അവിടെ അന്ത്യവിശ്രമം കൊള്ളണമെന്നാണ് ബാവായ്ക്ക് ആഗ്രഹമെന്ന് എന്നോട് പറഞ്ഞിട്ടുണ്ട്. തിരുമേനിക്ക് അവിടെ കബറിടം പണികഴിപ്പിക്കുന്നതായും മനസ്സിലാക്കുന്നു. ഈ ആഗ്രഹം എല്ലാ കാതോലിക്കാമാരുടെയും അന്ത്യവിശ്രമസ്ഥലം കാതോലിക്കേറ്റ് അരമന ചാപ്പൽ ആയിരിക്കണമെന്ന ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ആഗ്രഹത്തിന് ചേരുന്നതല്ല. ഒരാൾ ആഗ്രഹിക്കുന്നു, പിന്നെ സഭാംഗങ്ങൾ യുക്തമായത് ചെയ്യുന്നു. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ പഴയസെമിനാരി ചാപ്പലിൽ അടക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം. പക്ഷേ ആലുവായിൽ കബറടക്കി. കാതോലിക്കാമാരുടെ കബറിടങ്ങൾ ഒരു സ്ഥലത്തായിരിക്കുന്നതാണ് എന്തുകൊണ്ടും അഭികാമ്യം.

പ്രഗത്ഭനായിരുന്ന ആറാം കാതോലിക്കാ ഭാരണകാലത്തു ലഭിച്ചതും വിദേശങ്ങളിൽ നിന്നും ശേഖരിച്ചതുമായ ലക്ഷക്കണക്കിനു രൂപ അദ്ദേഹം ആരംഭിച്ച കോളജുകൾ, ഒട്ടധികം വിദ്യാലയങ്ങൾ, ബൈബിൾ കോളജ്, ആശ്രമങ്ങൾ, പള്ളികൾ, കോൺവെന്റുകൾ മുതലായവയ്ക്കു വേണ്ടി ചെലവഴിച്ചു. ഇത്രയധികം ജനസേവന പ്രധാനമായ സ്ഥാപനങ്ങൾ ഉണ്ടാക്കിയ മറ്റൊരു കാതോലിക്കാ ബാവായും മലങ്കരസഭയിൽ ഉണ്ടായിട്ടില്ല.

എന്നാൽ ആറും ഏഴും കാതോലിക്കാമാരുടെ ജീവിതസായാഹ്നത്തിലെ സുതാര്യമല്ലാത്ത ചില പണം ഇടപാടുകൾ അവർക്കും സഭയ്ക്കും ഒട്ടും ഭൂഷണമല്ലാതായി. അവരിലൂടെ സഭയ്ക്കു ലഭിച്ച പണത്തിന്റെ ഒരു ഭാഗം (സഭാമക്കൾ സഭയുടെ ദൗത്യനിർവഹണത്തിനുവേണ്ടി കൈതുറന്നു നൽകിയ പണം) ബോധപൂർവ്വം അല്ലെങ്കിലും നഷ്ടപ്പെടുത്തിയ വഴികൾ ഇന്ന് ഒരു രഹസ്യവുമല്ല. ആറാം കാതോലിക്കായ്ക്കു ലഭിച്ച പണത്തിന്റെ ഒരു ഭാഗം വേണ്ടത്ര ഉറപ്പില്ലാതെ (അധികം ആരും അറിയാതെ) അമിത പലിശക്കാർക്കും ബ്ലേഡു കമ്പനി പ്രമാണികൾക്കും നൽകിയതും ഒടുവിൽ കിട്ടാതെ പോയതും രഹസ്യമല്ല. ഒരാൾ കൂടുതൽ പലിശ നൽകാമെന്നു പറഞ്ഞ് ഒരു കോടി രൂപ വാങ്ങി വൈകാതെ ആത്മഹത്യ ചെയ്തതിനാൽ കൊടുത്ത പണം വെള്ളത്തിലായി. ആറാം കാതോലിക്കായ്ക്കു മൊത്തം അഞ്ചു കോടിയിൽപരം രൂപ സ്വകാര്യ സമ്പാദ്യം ഉണ്ടായിരുന്നുവെന്നും അതിൽ പകുതിയേ കുറെ വർഷങ്ങൾ പരിശ്രമിച്ചിട്ടും സഭയ്ക്കു തിരിച്ചു കിട്ടിയുള്ളു എന്നുമാണ് അറിവ്.

ഏഴാം കാതോലിക്കാ മലബാർ ഭദ്രാസനത്തിന്റേതുൾപ്പെടെ കോടിക്കണ

ക്കിനു രൂപ കാതോലിക്കാസ്ഥാനം ഏറ്റെടുക്കാൻ കോട്ടയത്തേക്കു പോകുന്നതിനു മുമ്പ് കോഴിക്കോട്ടെ ഒരു പ്രമുഖ ബാങ്കിൽ നിന്നു പിൻവലിച്ചു. മലബാർ ഭദ്രാസനത്തിന്റെ കണക്കിൽപെട്ടിരുന്ന രൂപ ഭദ്രാസനത്തിന് തിരികെ നൽകിയെന്നും, ബാക്കി വൈദികക്ഷേമനിധിയ്ക്കും പത്തനാപുരം ദയറായ്ക്കും നൽകിയെന്നുമാണ് ബാവായോടടുത്ത കേന്ദ്രങ്ങൾ പറയുന്നത്. മേലിൽ ഒരു കാതോലിക്കായും ചെയ്യാൻ പാടില്ലാത്ത തെറ്റായ മാതൃകയാണിതെന്നുള്ളതിനു രണ്ടുപക്ഷമില്ല. വലിയ ബാവാമാർ ചെറിയ തെറ്റുപോലും ചെയ്യരുതല്ലോ.

എല്ലാ മേൽപട്ടക്കാരുടെയും സ്വകാര്യ വരുമാനം അവരുടെ വ്യക്തിത്വത്തെ മാത്രം അടിസ്ഥാനപ്പെടുത്തി ലഭിക്കുന്നതല്ലല്ലോ. സഭയിൽ അവർക്കുള്ള ഉന്നതസ്ഥാനവും അവർ കിട്ടുന്ന പണം നല്ല കാര്യങ്ങൾക്കു വേണ്ടി മാത്രം ചെലവഴിക്കുമെന്നുള്ള ബോധ്യവുമാണു സഭാംഗങ്ങൾ വൻ തുകകൾ സംഭാവനകൾ നൽകുന്നതിന്റെ അടിസ്ഥാനം. ഈ വരുമാനം ഇഷ്ടാനുസരണം ചെലവഴിക്കാതെ ഓഡിറ്റിംഗിനു വിധേയമാക്കി ചെലവഴിക്കുന്നതാണു അഭികാമ്യം. സാമ്പത്തികരംഗത്തെ സുതാര്യത ഏതൊരു ഗവണ്മെന്റിനും അതിലുപരി സഭയ്ക്കും അനിവാര്യമാണ്. വിശ്വാസികൾക്കു സന്മാതൃകയും.

അനുബന്ധം 3

മലങ്കരയിലെ കാതോലിക്കാമാർ

വർഗീസ് ജോൺ, തോട്ടപ്പുഴ

(മേൽപട്ടസ്ഥാനാഭിഷേകം, **കാതോലിക്കാ സ്ഥാനാരോഹണം**, സ്ഥാനത്യാഗം, നിര്യാണം എന്ന ക്രമത്തിൽ)

1. മാർ ബസേലിയോസ് പൗലോസ് I	17.05.1877	**15.09.1912**	02.05.1913
2. മാർ ബസേലിയോസ് ഗീവർഗീസ് I	09.02.1913	**30.04.1925**	17.12.1928
3. മാർ ബസേലിയോസ് ഗീവർഗീസ് II	08.09.1912	**15.02.1929**	03.01.1964
4. മാർ ബസേലിയോസ് ഔഗേൻ I	15.02.1927	**22.05.1964**	(27.10.1975) 08.12.1975
5. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I	15.05.1953	**27.10.1975**	(29.04.1991) 08.11.1996
6. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് II	15.05.1953	**29.04.1991**	(31.10.2005) 26.01.2006
7. മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് I	24.08.1966	**31.10.2005**	(01.11.2010) 26.05.2014
8. മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II	15.05.1985	**01.11.2010**	

(സ്ഥാനത്യാഗം ചെയ്ത തീയതി ബ്രാക്കറ്റിൽ)

അനുബന്ധം 4

കാതോലിക്കാമാരുടെ ജീവചരിത്രഫലകങ്ങൾ

വർഗീസ് ജോൺ, തോട്ടപ്പുഴ

മാർ ബസേലിയോസ് പൗലോസ് I

ജനനം. 1836 ജനുവരി 17/1011 മകരം 6 'പൂരാടം' നക്ഷത്രം.

കോലഞ്ചേരി ഇടവകയിൽ മുറിമറ്റത്തു കുര്യന്റെയും മറിയത്തിന്റെയും മൂന്നാമത്തെ പുത്രനായി ജനിച്ചു.

ശെമ്മാശു-കശീശാ പട്ടങ്ങളേറ്റ തീയതികൾ ലഭിച്ചിട്ടില്ല. ശെമ്മാശുപട്ടം ചേപ്പാടു മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കശീശാ പട്ടം യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും സ്വീകരിച്ചതായി കരുതപ്പെടുന്നു.

1876 ജൂൺ 29/1052 മിഥുനം 17 വ്യാഴാഴ്ച. മുളന്തുരുത്തി സുന്നഹദോസിൽ വച്ച് (മൂന്നാം ദിവസം) സുറിയാനിക്കാരുടെ സമൂഹക്കാരനായി (24 അംഗ മാനേജിംഗ് കമ്മിറ്റിയിലേക്ക്) തെരഞ്ഞെടുക്കപ്പെട്ടു.

1877 മാർച്ച് 25 - മീനം 13 (സുറിയാനി കണക്ക്) ഞായറാഴ്ച. കുറുപ്പംപടി പള്ളിയിൽ വച്ച് മാർ ഇഗ്നാത്തിയോസ് പത്രോസ് III പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനം നൽകി.

1877 മെയ് 17/1052 ഇടവം 5 വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പെരുന്നാൾ. കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച്, പ. പത്രോസ് III പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 'മാർ ഈവാനിയോസ്' എന്ന പേരിൽ 'കണ്ടനാടു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ഇതോടൊപ്പം കരവട്ട് ശെമവൂൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും (മരണം 1886 ഒക്ടോബർ 2) വാഴിക്കപ്പെട്ടു. സഹകാർമ്മികർ - കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്, കടവിൽ പൗലോസ് മാർ അത്താനാസിയോസ്, അമ്പാട്ടു ഗീവർഗീസ് മാർ കൂറിലോസ്, ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പരുമല) എന്നീ മെത്രാപ്പോലീത്താമാർ. സ്ഥാനാഭിഷേകത്തിനുശേഷം വി. കുർബ്ബാന പൂർത്തീകരിച്ചത് പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായായിരുന്നു.

രണ്ടു ദിവസം കഴിഞ്ഞ് (ഇടവം 7) ചാലിശ്ശേരി പള്ളിയിൽ വച്ചു പ. പാത്രിയർക്കീസ് ബാവാ സ്താത്തിക്കോൻ നൽകി. അതനുസരിച്ച് താഴെ പറയുന്ന 21 പള്ളികളുടെ ഭരണം ഏല്പിച്ചു. കണ്ടനാട്ടു മർത്തമറിയം; തെക്കൻ പറവൂർ; ചെമ്പിൽ; കുറിഞ്ഞി; പുറ്റുമാനൂർ; കണ്യാട്ടുനിരപ്പ്; നെച്ചൂർ; മാമ്മലശ്ശേരി; പിറവം; ഓണക്കൂർ; കോലഞ്ചേരി; കോട്ടൂർ; പാമ്പാക്കുട; രാമമംഗലം; മുളക്കുളം; മണ്ണൂത്തൂർ; വടകര; കുഴിക്കാട്ടുകുന്ന്; പുതുവേലി; പാലക്കുഴ; കടമറ്റം.

ക്നാനായ ഭദ്രാസന രൂപീകരണത്തോടെ (1910) രാമമംഗലം പള്ളി ആ ഭദ്രാസനത്തിൽ ചേർത്തു.

1878 ജൂൺ 16/1053 മിഥുനം 4 പെന്തിക്കോസ്തി ഞായറാഴ്ച. മാമ്മലശ്ശേരി പള്ളിയിൽവച്ച് സ്താത്തിക്കോൻ വായിക്കപ്പെട്ടു. കസേരയിൽ എടുത്ത് പള്ളിയ്ക്കു മൂന്നു പ്രദക്ഷിണം വച്ച് ഓക്സിയോസ് വിളിച്ച് ഏവൻഗേലിയോൻ (വി. യോഹന്നാൻ 10:1–16) വായിച്ചു. കണ്ടനാട്, പുറ്റുമാനൂർ, കണ്യാട്ടുനിരപ്പ്, കോലഞ്ചേരി, പാമ്പാക്കുട, രാമമംഗലം, വടകര, പാലക്കുഴ എന്നീ പള്ളിക്കാർ സംബന്ധിച്ചു.

പ. പത്രോസ് III ബാവാ വാഴിച്ച ആറു മേല്പട്ടക്കാരിൽ മറ്റാർക്കും സുന്ത്രോണിസോ നടത്തിയതായി രേഖയില്ല.

1889 ജൂലൈ 29 തിങ്കളാഴ്ച. കോട്ടയം പഴയസെമിനാരിയിൽ വച്ച് അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ കടവിൽ പൗലോസ് മാർ അത്താനാസിയോസ് (പ്രധാന കാർമ്മികൻ), പരുമല മാർ ഗ്രീഗോറിയോസ് (സഹകാർമ്മികൻ) എന്നിവരോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

1911 ആഗസ്റ്റ് 19/ചിങ്ങം 6 (സു.ക.) ശനിയാഴ്ച–മറുരൂപ പെരുന്നാൾ. മുളന്തുരുത്തി മാർതൊമ്മൻ പള്ളിയിൽ പ. അബ്ദുള്ളാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂറോൻ കൂദാശയിൽ സഹകാർമ്മികത്വം വഹിച്ചു.

1912 സെപ്റ്റംബർ 8/1088 ചിങ്ങം 24 ഞായറാഴ്ച. പരുമല സെമിനാരിയിൽ വച്ച് കല്ലാശ്ശേരി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് മലങ്കരയിലെ മൂന്നാം കാതോലിക്കാ) യുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് (പ്രധാന കാർമ്മികൻ), വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് (സഹകാർമ്മികൻ) എന്നിവരോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

1912 സെപ്റ്റംബർ 15/കന്നി 2 (സു.ക.) /1088 ചിങ്ങം 31 ഞായറാഴ്ച. നിരണം സെന്റ് മേരീസ് പള്ളിയിൽവച്ച് മാർ ഇഗ്നാത്തിയോസ് അബ്ദേദ്

മശിഹാ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു. സഹകാർമ്മികർ: വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ്, കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രിഗ്രോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ. ഇതോടെ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടു.

1913 ഫെബ്രുവരി 9/1088 മകരം 28 ഞായറാഴ്ച. ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽവച്ച് കരവട്ട് യൂയാക്കിം മാർ ഈവാനിയോസ്, കാരുചിറ ഗീവർഗീസ് മാർ പീലക്സിനോസ് (മലങ്കരയിലെ രണ്ടാം കാതോലിക്കാ) എന്നീ മെത്രാപ്പോലീത്താമാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായോടൊപ്പം സഹകാർമ്മികത്വം വഹിച്ചു. മറ്റു സഹകാർമ്മികർ - വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ്, കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ.

1913 മെയ് 2/മേടം 19 (സു.ക.) / 1088 മേടം 20 വെള്ളിയാഴ്ച. രാവിലെ 8 മണിക്ക് പാമ്പാക്കുട ചെറിയപള്ളിയിൽവച്ച് കാലം ചെയ്തു. പിറ്റേന്ന് യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്വത്തിലും കബറടക്കം നടത്തി.

മറ്റു വിവരങ്ങൾ

പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടേയും (മരണം 1902 നവംബർ 2) കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടേയും (മരണം 1907 നവംബർ 2) കബറടക്കശുശ്രൂഷകളിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു.

കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതിനെ (1907 നവംബർ 2) തുടർന്ന് കുറച്ചുകാലം പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അങ്കമാലി ഭദ്രാസന ഭരണം നിർവ്വഹിച്ചിട്ടുള്ളതായി പറയപ്പെടുന്നു.

മാർ ബസ്സേലിയോസ് ഗീവർഗീസ് I

1870 ജനുവരി 11/1045 ധനു 29 ചൊവ്വ. ഭരണി നക്ഷത്രം. വാകത്താനം കാരുചിറ കുടുംബത്തിൽ ജനിച്ചു.

1886 ജൂൺ 13 / 1061 മിഥുനം 1 (M.E. & സു.ക.) പെന്തിക്കോസ്തി ഞായർ. കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ സ്ഥാനമേറ്റു. വാകത്താനം സെന്റ് ജോൺസ് പള്ളി.

1890 ജൂൺ 1/1065 ഇടവം 20 (M.E. & സു.ക.) പെന്തിക്കോസ്തി ഞായർ. കടവിൽ തിരുമേനിയിൽ നിന്ന് യൗഫ്പദിയക്കിനോ സ്ഥാനമേറ്റു. കുറിച്ചി പള്ളി കല്ലാശ്ശേരിൽ പുന്നൂസ് (പ. ഗീവർഗീസ് II ബാവാ) കോറൂയോ സ്ഥാന മേറ്റത് ഇതോടൊപ്പമാണ്.

1892 സെപ്റ്റംബർ 18/1068 കന്നി 4 (M.E.) / കന്നി 6 (സു.ക.) ഞായർ. കടവിൽ തിരുമേനിയിൽ നിന്ന് ശംശോനോ സ്ഥാനമേറ്റു. വാകത്താനം വലിയപള്ളി.

1896 ആഗസ്റ്റ് 16 / 1072 ചിങ്ങം 2 (M.E.) ചിങ്ങം 4 (സു.ക.) ഞായർ. കട വിൽ തിരുമേനിയിൽനിന്ന് കശീശാ പട്ടം ഏറ്റു. ആലുവ സെമിനാരി.

1896 ആഗസ്റ്റ് 23 / 1072 ചിങ്ങം 9 (M.E.) / ചിങ്ങം 11 (സു.കു.) ഞായർ. പ. അബ്ദേദ് മശിഹാ II ബാവായും പ. പൗലോസ് I ബാവായും മെത്രാപ്പോ ലീത്താമാരും ചേർന്ന സുന്നഹദോസ് “ഗീവർഗീസ് മാർ പീലക്സിനോസ്” എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. ചെങ്ങന്നൂർ പഴയ സുറി യാനിപ്പള്ളി. യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സ്ഥാന മേറ്റത് ഇതോടൊപ്പമാണ്.

1925 ഏപ്രിൽ 30/1100 മേടം 18 (M.E.) / മേടം 17 (സു.ക.) വ്യാഴം. വട്ട ശ്ശേരിൽ തിരുമേനിയും കല്ലാശ്ശേരിൽ തിരുമേനിയും ചേർന്ന സുന്നഹദോസ് “മാർ ബസേലിയോസ് ഗീവർഗീസ് I” എന്ന പേരിൽ പൗരസ്ത്യ കാതോലി ക്കായായി വാഴിച്ചു. നിരണം വലിയപള്ളി.

1925 മെയ് 1/1100 മേടം 19 (M.E.) /മേടം 18 (സു.ക.) വെള്ളി. ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ വാഴിച്ചു. നിരണം വലിയ പള്ളി.

1928 ഡിസംബർ 17/1104 ധനു 3 (M.E.)/ ധനു 4 (സു.ക.) തിങ്കൾ. രാവിലെ 8 മണിക്ക് നെയ്യൂർ ആശുപത്രിയിൽ വച്ച് കാലം ചെയ്തു. പിറ്റേന്ന് വാക ത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി.

മാർ ബസേലിയോസ് ഗീവർഗീസ് II

1874 ജൂൺ 16 ചൊവ്വ (?). കുറിച്ചി കല്ലാച്ചേരി കുടുംബത്തിൽ ഉലഹന്നാന്റെയും ആച്ചിയമ്മയുടെയും പുത്രനായി ജനിച്ചു. ബാല്യകാല നാമം - പുന്നൂസ്.

1890 ജൂൺ 1 ഞായർ. കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടമേറ്റു - കുറിച്ചിപള്ളി.

1892 ഏപ്രിൽ 24 ഞായർ. കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടമേറ്റു.

1898 നവംബർ 24 / വൃശ്ചികം 12 (സുറിയാനി കണക്ക്) / 1074 വൃശ്ചികം 10 (ME) വ്യാഴം. പ. പരുമലതിരുമേനിയിൽ നിന്ന് കശീശാപട്ടമേറ്റു - കോട്ടയം പഴയസെമിനാരി.

1898 നവംബർ 27 / വൃശ്ചികം 15 (സു.ക.) / 1074 വൃശ്ചികം 13 (ME) ഞായർ. പ. പരുമല തിരുമേനിയിൽ നിന്ന് റമ്പാൻ സ്ഥാനമേറ്റു.

1911 സെപ്റ്റംബർ 7 വ്യാഴം. കോട്ടയം എം.ഡി. സെമിനാരി അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

1912 സെപ്റ്റംബർ 8 / ചിങ്ങം 26 (സു.ക.) / 1088 ചിങ്ങം 24 (M.E.) ഞായർ. പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ "ഗീവർഗീസ് മാർ ഗ്രീഗോറിയോസ്" എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമികരായിരുന്നു - പരുമല പള്ളി.

1929 ഫെബ്രുവരി 15 വെള്ളി - മായൽത്തോപ്പെരുന്നാൾ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായും ചേർന്ന സുന്നഹദോസിനാൽ "മാർ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ" എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു - കോട്ടയം മാർ ഏലിയാ ചാപ്പൽ.

1934 ഡിസംബർ 26 ബുധൻ. കോട്ടയം എം.ഡി. സെമിനാരി അസോസിയേഷൻ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

1964 ജനുവരി 3 വെള്ളി. വെളുപ്പിന് 4.30-ന് കാലം ചെയ്തു. പിറ്റേന്ന് ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ കബറടക്കി.

വി. മുറോൻ കൂദാശകൾ. പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ 1932 ഏപ്രിൽ 22 (40-ാം വെള്ളിയാഴ്ച) നും 1951 ഏപ്രിൽ 20 (40-ാം വെള്ളിയാഴ്ച) നും കോട്ടയം പഴയസെമിനാരിയിൽ രണ്ടു പ്രാവശ്യം വി. മൂറോൻ കൂദാശ ചെയ്തു.

മേൽപ്പട്ട വാഴ്ചകൾ

a) ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഹകാർമ്മികത്വം വഹിച്ചിട്ടുള്ള മേൽപ്പട്ടവാഴ്ചകൾ (കാതോലിക്കാ / മെത്രാപ്പോലീത്താ/ എപ്പിസ്കോപ്പാ വാഴ്ചകൾ)

1912 സെപ്റ്റംബർ 15 / കന്നി 2 (സു.ക.) / 1088 ചിങ്ങം 31 (M.E.) ഞായർ. പ. ബസേലിയോസ് പൗലോസ് ഒന്നാമൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണം (പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപനം) - നിരണം സെന്റ് മേരീസ് വലിയപള്ളി.

1913 ഫെബ്രുവരി 9 ഞായർ / മകരം 27 (സു.ക.) / 1088 മകരം 28 (M.E.). കാരുചിറ ഗീവർഗീസ് മാർ പീലക്സിനോസ് (പിന്നീട് രണ്ടാം കാതോലിക്കാ), കരവട്ട് യൂയാക്കിം മാർ ഈവാനിയോസ് എന്നിവരുടെ മെത്രാപ്പോലീത്താ വാഴ്ച - ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി.

1925 ഏപ്രിൽ 30 വ്യാഴം. പ. ബസേലിയോസ് ഗീവർഗീസ് ഒന്നാമൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണം - നിരണം സെന്റ്മേരീസ് വലിയ പള്ളി.

1925 മെയ് 1 വെള്ളി. ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ വാഴ്ച - നിരണം സെന്റ് മേരീസ് വലിയപള്ളി.

b) പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാബാവാ പ്രധാന കാർമ്മികത്വം വഹിച്ചിട്ടുള്ള മേൽപ്പട്ട വാഴ്ചകൾ (മെത്രാപ്പോലീത്ത/ എപ്പിസ്കോപ്പാ വാഴ്ചകൾ)

1929 ഫെബ്രുവരി 15 വെള്ളി - മായൽത്തോപ്പെരുന്നാൾ. ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ മെത്രാപ്പോലീത്താ യായി ഉയർത്തി - കോട്ടയം മാർ ഏലിയാ ചാപ്പൽ.

1929 ഫെബ്രുവരി 16 ശനി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി), യാക്കോബ് മാർ തെയോഫിലോസ് (ബഥനി) എന്നിവരെ എപ്പിസ്കോപ്പാമാരായി വാഴിച്ചു - കോട്ടയം മാർ ഏലിയാ ചാപ്പൽ.

1930 നവംബർ 3 തിങ്കൾ - പരുമലപെരുന്നാൾ. ഗീവർഗീസ് മാർ പീലക്സിനോസ് (പുത്തൻകാവ്) എപ്പിസ്കോപ്പായെ വാഴിച്ചു - പരുമലപ്പള്ളി.

1933 മെയ് 25 വ്യാഴം – സ്വർഗ്ഗാരോഹണപെരുന്നാൾ. ജോസഫ് മാർ സേവേറിയോസ് (വാളക്കുഴി) എപ്പിസ്കോപ്പായെ വാഴിച്ചു – തിരുവല്ല ബഥനിപ്പള്ളി.

1934 ജൂൺ 1 – സ്വർണ്ണവെള്ളിയാഴ്ച. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ പീലക്സിനോസ്, ജോസഫ് മാർ സേവേറിയോസ് എന്നീ എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി – കോട്ടയം പഴയസെമിനാരി.

1938 ഏപ്രിൽ 7 വ്യാഴം – വചനിപ്പുപെരുന്നാൾ. അലക്സിയോസ് മാർ തേവോദോസിയോസ് (ബഥനി) എപ്പിസ്കോപ്പായെ വാഴിച്ചു – കണ്ടനാട് കർമ്മേൽ ദയറ.

1940 മെയ് 6 തിങ്കൾ. തോമ്മാ മാർ ദിവന്നാസിയോസ് എപ്പിസ്കോപ്പായെ വാഴിച്ചു – മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളി.

1941 ഏപ്രിൽ 8 ചൊവ്വ. അലക്സിനോസ് മാർ തേവോദോസിയോസ്, തോമ്മാ മാർ ദിവന്നാസിയോസ് എന്നീ എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി – ആലുവ യു.സി. കോളജ് ചാപ്പൽ.

1953 മെയ് 15 വെള്ളി. പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരെ എപ്പിസ്കോപ്പാമാരായി വാഴിച്ചു – കോട്ടയം മാർ ഏലിയാ ചാപ്പൽ.

1959 ജൂലൈ 12 ഞായർ. ടി അഞ്ച് എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി – കോട്ടയം പഴയസെമിനാരി.

മലങ്കര അസോസിയേഷൻ യോഗങ്ങൾ

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ച മലങ്കര അസോസിയേഷൻ യോഗങ്ങൾ

കോട്ടയം എം.ഡി. സെമിനാരി (1934 ഡിസംബർ 26, 1951 മെയ് 17, 1959 സെപ്റ്റംബർ 16), പുത്തൻകാവ് സെന്റ് മേരീസ് പള്ളി (1958 ഡിസംബർ 26), നിരണം സെന്റ് മേരീസ് പള്ളി (1962 മേയ് 17).

മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ

1884 ജൂൺ 25 (1059 മിഥുനം 13). പെരുമ്പാവൂരിനടുത്തുള്ള വെങ്ങോല തുരിത്തി കുടുംബത്തിൽപ്പെട്ട ചേറ്റാകുളത്തുംകര അബ്രഹാം കത്തനാരുടേയും പുത്തൻകുരിശ് വാളയിൽ അന്നമ്മയുടേയും ദ്വിതീയ പുത്രനായി ജനിച്ചു. മാമ്മോദീസാ പേര് മത്തായി.

1901. വടക്കൻപറവൂർ മാർ തൊമ്മൻ പള്ളിയിൽ വെച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽനിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു.

1905. അസിറിയായിലെ നിനുവയിലുള്ള മാർ മത്തായി ആശ്രമത്തിൽ വെച്ച് പൂർണ്ണ ശെമ്മാശുപട്ടം ഏറ്റു. തുറബ്ദീനിലുള്ള മാർ ഔഗേൻ ദയറായിൽ വെച്ച് 'ഔഗേൻ' എന്ന പേര് സ്വീകരിച്ചു.

1908. യരുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് പ. അബ്ദുള്ളാ പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നൽകി.

1909 ജൂൺ 6 / ഇടവം 24 (സു.ക.) ഞായർ. കോട്ടയം ചെറിയപള്ളിയിൽ വച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഔഗേൻ റമ്പാന് കശീശാപട്ടം നൽകി.

1927 മെയ് 15 ഞായർ. യരുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് പ. ഏലിയാസ് മൂന്നാമൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 'ഔഗേൻ മാർ തീമോത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. തുടർന്ന് പാത്രിയർക്കീസ് വിഭാഗത്തിന്റെ കണ്ടനാട് ഭദ്രാസനാധിപനായി.

1943 ഒക്ടോബർ 9. കാതോലിക്കാ കക്ഷിയിൽ ചേർന്നു.

1962 മെയ് 17 വ്യാഴം. നിരണം സെന്റ് മേരീസ് പള്ളിയിൽ കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

1964 ജനുവരി 3 വെള്ളി. പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ കാലം ചെയ്തതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായി.

1964 മെയ് 22 സ്വർണ്ണവെള്ളി. കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പ. യാക്കോബ് മൂന്നാമൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

1966 ആഗസ്റ്റ് 24 ബുധൻ. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ വച്ച് മൂന്നു മേല്പട്ടക്കാരെ വാഴിച്ചു.

1967 ഡിസംബർ 21 വ്യാഴം (മാർ തോമ്മാ ശ്ലീഹായുടെ ഓർമ്മ). കോട്ടയം പഴയസെമിനാരിയിൽ വിശുദ്ധ മൂറോൻ കൂദാശ നടത്തി.

1975 ഫെബ്രുവരി 16 ഞായർ. നിരണം സെന്റ് മേരീസ് പള്ളിയിൽ വച്ച് അഞ്ചു മേല്പട്ടക്കാരെ വാഴിച്ചു.

1975 സെപ്റ്റംബർ 24 ബുധൻ. മലങ്കര മെത്രാപ്പോലീത്താസ്ഥാനം പിൻഗാമിയെ ഏല്പിച്ചു.

1975 ഒക്ടോബർ 27 തിങ്കൾ. സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് പിൻഗാമി (മാർ തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ) കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

1975 ഡിസംബർ 8 തിങ്കൾ. രാവിലെ 9.25 ന് കാലം ചെയ്തു. പിറ്റേന്ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടക്കി.

മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I

1907 മാർച്ച് 27. കോട്ടയം വടക്കൻമണ്ണൂർ വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെയും മറിയാമ്മയുടെയും ഇളയ പുത്രനായി ജനിച്ചു.

1907 മെയ് 12 ഞായർ. വടക്കൻമണ്ണൂർ പള്ളിയിൽവച്ച് മാമോദീസാ.

1945 ആഗസ്റ്റ് 18 ശനി (ചിങ്ങം 5. സുറിയാനികണക്ക്). കോട്ടയം പഴയ സെമിനാരിയിൽ വച്ച് പ. ഗീവറുഗീസ് II ബാവായിൽ നിന്ന് മ്സമ്രോനോ പട്ടമേറ്റു.

1945 ആഗസ്റ്റ് 19 ഞായർ (ചിങ്ങം 6. സു.ക.) മറുരൂപപ്പെരുന്നാൾ. കോട്ടയം മാർ ഏലിയാ ചാപ്പൽ - പ. ഗീവർഗീസ് II ബാവായിൽ നിന്ന് ശെംശോനോ (പൂർണ്ണ ശെമ്മാശൻ) പട്ടമേറ്റു.

1946 ഒക്ടോബർ 27 ഞായർ. കോട്ടയം മാർ ഏലിയാ ചാപ്പൽ. പ. ഗീവർഗീസ് രണ്ടാമൻ ബാവായിൽ നിന്ന് കശീശപട്ടമേറ്റു.

1951 മെയ് 17 വ്യാഴം. കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ ഫാ. പി. ഇ. ദാനിയേലിനും (മാർ പീലക്സിനോസ്), ഫാ. ഇ. മാത്യൂസിനും (പ. മാത്യൂസ് II ബാവാ) ഒപ്പം മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു.

1951 സെപ്റ്റംബർ 21 വെള്ളി. കോട്ടയം പഴയസെമിനാരി. പ. ഗീവർഗീസ് രണ്ടാമൻ ബാവാ ഫാ. പി. ഇ. ദാനിയേലിനും (മാർ പീലക്സിനോസ്), ഫാ. ഇ. മാത്യൂസിനും (പ. മാത്യൂസ് II ബാവാ) ഒപ്പം റമ്പാൻ സ്ഥാനം നൽകി.

1953 മെയ് 15 വെള്ളി. കോട്ടയം മാർ ഏലിയാ ചാപ്പൽ. പ. ഗീവർഗീസ് II ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റു നാലുപേരോടൊപ്പം 'മാർ അത്താനാസിയോസ്' എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു.

1959 ജൂലൈ 12 ഞായർ. കോട്ടയം പഴയസെമിനാരി. പ. ഗീവർഗീസ് II ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റു നാലുപേരോടൊപ്പം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു.

1960. ബാഹ്യകേരള ഭദ്രാസനാധിപനായി നിയമിതനായി.

1970 ഡിസംബർ 31 വ്യാഴം. കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

1975 സെപ്റ്റംബർ 24 ബുധൻ. പ. ഔഗേൻ ബാവാ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റെടുത്തു.

1975 ഒക്ടോബർ 27 തിങ്കൾ. കോട്ടയം പഴയസെമിനാരി. പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

1990 സെപ്റ്റംബർ 26 ബുധൻ. കങ്ങഴ ആശുപത്രിയിൽ വച്ച് തൈലാഭിഷേകം.

1991 ജനുവരി 3. ദേവലോകം അരമന ചാപ്പലിൽ കന്തീലാ.

1991 ഏപ്രിൽ 27 ശനി. പൗരസ്ത്യ കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനങ്ങൾ ഒഴിഞ്ഞു.

1996 നവംബർ 8 വെള്ളി. രാവിലെ 7.40-ന് കാലം ചെയ്തു. പിറ്റേന്ന് കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

വി. മൂറോൻ കൂദാശ

പ. മാർത്തോമ്മാ മാത്യൂസ് I ബാവാ 1977 ഏപ്രിൽ 1-ന് പഴയസെമിനാരിയിൽ വച്ചും 1988 മാർച്ച് 25-ന് ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ചും വി. മൂറോൻ കൂദാശ ചെയ്തു.

മേല്പട്ട വാഴ്ചകൾ

പ. ബാവായുടെ പ്രധാനകാർമ്മികത്വത്തിൽ 1978 മെയ് 15-ന് പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വച്ചും 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് സെന്റ്മേരീസ് പള്ളിയിൽ വച്ചും അഞ്ചു പേരെ വീതം എപ്പിസ്കോപ്പാമാരായി വാഴിച്ചു. ആദ്യം വാഴിക്കപ്പെട്ടവരിൽ നാല് എപ്പിസ്കോപ്പാമാരെ (യൂഹാനോൻ മാർ അത്താനാസിയോസ് ഒഴികെ) 1981 ഫെബ്രുവരി 28-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്താമാരായി ഉയർത്തി.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് II

1915 ജനുവരി 30. കൊല്ലം പെരിനാട് പുതുശേരഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുളയുടെയും അന്നമ്മയുടെയും മൂത്ത പുത്രനായി ജനിച്ചു.

1938. കുണ്ടറ സെമിനാരി. പ. ഗീവർഗീസ് II ബാവായിൽ നിന്ന് കോറൂയോ പട്ടമേറ്റു.

1941 മെയ് 6 ചൊവ്വ (വി. ഗീവർഗീസ് സഹദായുടെ പെരുനാൾ). പൊങ്ങലടി (അടൂർ പറന്തൽ പള്ളി) പ. ഗീവർഗീസ് II ബാവായിൽ നിന്ന് ശെംശോനോ (പൂർണ്ണ ശെമ്മാശൻ) പട്ടമേറ്റു.

1941 മെയ് 25 ഞായർ. കോട്ടയം പഴയസെമിനാരി പ. ഗീവർഗീസ് II ബാവായിൽ നിന്ന് കശീശാപട്ടമേറ്റു

1951 സെപ്റ്റംബർ 21 വെള്ളി. കോട്ടയം പഴയസെമിനാരി. പ. ഗീവർഗീസ് II ബാവാ റമ്പാൻ സ്ഥാനം നൽകി. ഇതോടൊപ്പം ഫാ. വി. കെ. മാത്യൂസ് (പ. മാത്യൂസ് I ബാവാ), ഫാ. പി. ഇ. ദാനിയേൽ (മാർ പീലക്സിനോസ്) എന്നിവർക്കും റമ്പാൻസ്ഥാനം നൽകി.

1953 മെയ് 15 വെള്ളി. കോട്ടയം മാർ ഏലിയാ ചാപ്പൽ. പ. ഗീവർഗീസ് II ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റു നാലു പേരോടൊപ്പം 'മാർ കൂറിലോസ്' എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു.

1959 ജൂലൈ 12 ഞായർ. കോട്ടയം പഴയസെമിനാരി. പ. ഗീവർഗീസ് II ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റു നാലു പേരോടൊപ്പം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു.

1965. കൊല്ലം ഭദ്രാസനാധിപനായി നിയമിതനായി.

1980 മെയ് 1 വ്യാഴം. കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

1991 ഏപ്രിൽ 27 ശനി. പ. മാർതോമ്മാ മാത്യൂസ് I ബാവാ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റെടുത്തു.

1991 ഏപ്രിൽ 29 തിങ്കൾ. പരുമല സെമിനാരി. പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലുള്ള സുന്നഹദോസിനാൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

1999 മാർച്ച് 26. നാല്പതാം വെള്ളിയാഴ്ച കോട്ടയം ദേവലോകം അരമന ചാപ്പലിൽ വച്ച് വിശുദ്ധ മൂറോൻ കൂദാശ നടത്തി.

2006 ജനുവരി 26: ദേവലോകം അരമനയിൽ വച്ച് കാലം ചെയ്തു. ജനുവരി 28-നു ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ കബറടക്കി.

മേൽപട്ട വാഴ്ചകൾ

പ. ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പരുമല സെമിനാരിയിൽ വച്ച് 1991 ഏപ്രിൽ 30-ന് അഞ്ചും 1993 ആഗസ്റ്റ് 16-ന് രണ്ടും എപ്പിസ്കോപ്പാമാരെ വാഴിച്ചു. കോട്ടയം പഴയസെമിനാരിയിൽ വച്ച് 1991 ഒക്ടോബർ 25-ന് ഏഴ് എപ്പിസ്കോപ്പാമാരെയും 1993 സെപ്റ്റംബർ 22-ന് ഒരു (മാത്യൂസ് മാർ സേവേറിയോസ്) എപ്പിസ്കോപ്പായെയും മെത്രാപ്പോലീത്താമാരായി ഉയർത്തി. പരുമല സെമിനാരിയിൽ വച്ച് 2005 മാർച്ച് 5-ന് നാല് എപ്പിസ്കോപ്പാമാരെ വാഴിച്ചു.

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് I

1921 ഒക്ടോബർ 29: തിരുവല്ലാ നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായി മാവേലിക്കരയിൽ ജനിച്ചു (പേര് സി. ടി. തോമസ്).

1942 മാർച്ച് 11 (പാതിനോമ്പ് ബുധനാഴ്ച): കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ - പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കോറൂയോ പട്ടമേറ്റു.

1947 മെയ് 22 വ്യാഴം (സ്വർഗ്ഗാരോഹണപെരുനാൾ): തിരുവല്ല ബഥനി അരമന ചാപ്പൽ - പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് ശംശോനോ (പൂർണ്ണ ശെമ്മാശ്ശൻ) പട്ടമേറ്റു.

1950 ജനുവരി 25 ബുധൻ: പത്തനാപുരം താബോർ ദയറാ - പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കശീശ്ശാ പട്ടമേറ്റു.

1965 മെയ് 16 ഞായർ: പത്തനാപുരം താബോർ ദയറാ - പ. ഔഗേൻ ബാവാ, റമ്പാൻ സ്ഥാനം നൽകി.

1965 ഡിസംബർ 28 ചൊവ്വ: കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ മറ്റ് നാലുപേരോടൊപ്പം മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

1966 ആഗസ്റ്റ് 24 ബുധൻ: കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി - പ. ഔഗേൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റ് രണ്ടുപേരോടൊപ്പം 'മാർ തീമോത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

1966 നവംബർ 11: മലബാർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

1968 ഫെബ്രുവരി 2: മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

1992 സെപ്തംബർ 10 വ്യാഴം: പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

2005 ഒക്ടോബർ 29 ശനി: പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താസ്ഥാനം ഏറ്റെടുത്തു.

2005 ഒക്ടോബർ 31 തിങ്കൾ: പരുമല സെമിനാരിയിൽ 'ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ' എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

2006 സെപ്തംബർ 21, ഒക്ടോബർ 12: പരുമല സെമിനാരിയിൽ രണ്ടു തുടർ യോഗങ്ങളായി കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു.

2007 മാർച്ച് 21: പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിവരുടെയും മാനേജിംഗ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പുകൾ നടത്തി.

2008 സെപ്തംബർ 11: പാമ്പാക്കുട എം.ടി.എം. ഹയർ സെക്കൻഡറി സ്കൂളിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ഏഴു പേരെ തെരഞ്ഞെടുത്തു.

2009 ഫെബ്രുവരി 19 വ്യാഴം: പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വച്ച് ഏഴ് മേല്പട്ടക്കാരെ വാഴിച്ചു.

2009 ഏപ്രിൽ 3 വെള്ളി: ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ വി. മൂറോൻ കൂദാശ ചെയ്തു.

2010 ഫെബ്രുവരി 17: ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെടുത്തു.

2010 മെയ് 12 ബുധൻ: കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് ഏഴ് മേല്പട്ടക്കാരെ വാഴിച്ചു.

2010 ഒക്ടോബർ 31: സ്ഥാനത്യാഗം ചെയ്തു.

2010 നവംബർ 1 തിങ്കൾ: പരുമല സെമിനാരിയിൽ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ വാഴിച്ചു.

2014 ഫെബ്രുവരി 21 വെള്ളി: ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കന്തീലാ ശുശ്രൂഷ സ്വീകരിച്ചു.

2014 മെയ് 26 തിങ്കൾ: വൈകിട്ട് 7.30-ന് പരുമല ആശുപത്രിയിൽ വച്ച് കാലം ചെയ്തു.

2014 മെയ് 28 ബുധൻ: പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ഭൗതികശരീരം വൈകുന്നേരം 4 മണിക്ക് കബറടക്കി.

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ

1946 ഓഗസ്റ്റ് 30: പഴഞ്ഞി മങ്ങാട് കൊള്ളന്നൂർ കെ. ഐ. ഐപ്പിന്റെ മകനായി ജനിച്ചു (പേര് കെ. ഐ. പോൾ).

1972 ഏപ്രിൽ 8: പരുമല സെമിനാരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും കോറൂയോ പട്ടമേറ്റു.

1973 മെയ് 31: കൊരട്ടി സീയോൻ സെമിനാരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും പൂർണ്ണ ശെമ്മാശുപട്ടമേറ്റു.

1973 ജൂൺ 2: പരുമല സെമിനാരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും കശ്ശീശാ പട്ടമേറ്റു.

1982 ഡിസംബർ 28: തിരുവല്ല എം.ജി.എം. സ്കൂളിൽ നടന്ന മലങ്കര അസോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു.

1983 മെയ് 14: പരുമല സെമിനാരിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) റമ്പാൻ സ്ഥാനം നൽകി.

1985 മെയ് 15: മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് പൗലോസ് മാർ മിലിത്തിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനമേറ്റു.

1985 ഓഗസ്റ്റ് 1: കുന്നംകുളം ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്താ യായി ചുമതലയേറ്റു.

2006 ഒക്ടോബർ 12: പരുമല സെമിനാരിയിൽ നടന്ന മലങ്കര അസോസിയേഷൻ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുത്തു.

2010 ഒക്ടോബർ 31: പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായി ചുമതലയേറ്റെടുത്തു.

2010 നവംബർ 1: പരുമല സെമിനാരിയിൽ വച്ച് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റു. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികൻ ആയിരുന്നു. മുൻഗാമിയാൽ വാഴിക്കപ്പെട്ട ആദ്യ പൗരസ്ത്യ കാതോലിക്കാ.

2012 മാർച്ച് 7: പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു.

വൈദികട്രസ്റ്റിയായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അത്മായട്രസ്റ്റിയായി എം. ജി. ജോർജ് മുത്തൂറ്റിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 129 പേരെ തെരഞ്ഞെടുത്തു (പിന്നീട് 30 പേരെ നോമിനേറ്റ് ചെയ്തു). മാനേജിംഗ് കമ്മിറ്റിയംഗങ്ങളുടെ എണ്ണം 174 ആയി വർദ്ധിപ്പിച്ചു.

2012 നവംബർ 18: കെയ്റോയിൽ നടന്ന കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. തെവദ്രോസ് രണ്ടാമൻ പോപ്പിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രത്യേത ക്ഷണിതാവായി സംബന്ധിച്ചു.

2012 നവംബർ 25: എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ടിബറ്റൻ ആത്മീയാചര്യൻ ദലൈലാമാ മുഖ്യാതിഥി ആയിരുന്നു.

2013 ഫെബ്രുവരി 28: ആഡിസ് അബാബയിൽ നടന്ന എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പ. ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണശുശ്രൂഷയിൽ മുഖ്യ അതിഥിയായി പങ്കെടുത്തു.

2013 സെപ്റ്റംബർ 5: വത്തിക്കാനിൽ വച്ച് റോമൻ കത്തോലിക്കാ സഭയുടെ തലവൻ പ. ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി.

2013 സെപ്റ്റംബർ 9: ആംഗ്ലിക്കൻ സഭാ ആസ്ഥാനമായ ലാംബത്ത് പാലസിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

2015 ഏപ്രിൽ 24: അർമേനിയായിൽ 1915-ൽ നടന്ന വംശവിച്ഛേദനത്തിന്റെ നൂറാം അനുസ്മരണ ശുശ്രൂഷയിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

2015 ഏപ്രിൽ 25: അന്ത്യോഖ്യൻ സിറിയക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. ഇഗ്നാത്തിയോസ് അപ്രേം രണ്ടാമനുമായി അർമേനിയായിൽ വച്ച് കൂടിക്കാഴ്ച നടത്തി.

2015 ജൂലൈ 20: അർമേനിയൻ രക്തസാക്ഷികളുടെ സ്മരണാർത്ഥം ബെയ്റൂട്ടിൽ നടന്ന അനുസ്മരണ ശുശ്രൂഷയിലും അർമേനിയൻ സഭയുടെ വി. മൂറോൻ കൂദാശയിലും മുഖ്യാതിഥിയായി പങ്കെടുത്തു.

2017 മാർച്ച് 1: കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റിയായി ഫാ. ഡോ. എം. ഒ. ജോണിനെയും അത്മായട്രസ്റ്റിയായി ജോർജ് പോളിനെയും തെരഞ്ഞെടുത്തു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 141 പേരെ തെരഞ്ഞെടുത്തു (പിന്നീട് 33 പേരെ നോമിനേറ്റ് ചെയ്തു).

(തയ്യാറാക്കിയത്: ജോയ്സ് തോട്ടയ്ക്കാട്)

ആശ്രമപ്രസ്ഥാനം ശക്തി ആർജ്ജിക്കണം

പുരാതന അപ്പോസ്തോലിക സഭകളിൽ ആരംഭിച്ച ആശ്രമങ്ങളും, ദയറാകളും മറ്റും പ്രതിഫലേച്ഛ കൂടാതെ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മുദ്രാവാക്യങ്ങളെ മുറുകെപ്പിടിച്ചു കൊണ്ടു നടത്തിവരുന്ന ബഹുമുഖ സേവന പ്രവർത്തനങ്ങൾ ക്രൈസ്തവസമൂഹത്തിന്റെ ഫലപ്രദമായ ദൗത്യനിർവഹണമെന്ന നിലയിൽ സഭകളുടെ മുഖഛായ തന്നെ മാറ്റി. സഭകളുടെ ജീവകാരുണ്യ പ്രവർത്തനം - മറ്റുള്ളവർക്കു എല്ലാവിധത്തിലും നന്മ ചെയ്യുക - എന്നതാണു യഥാർത്ഥത്തിലുള്ള ക്രൈസ്തവസാക്ഷ്യം. വിശുദ്ധനായ അന്തോണിയോസ് ഈജിപ്തിൽ ആരംഭിച്ച സന്യാസപ്രസ്ഥാനം ഇന്നു ക്രൈസ്തവ സഭകൾ മാത്രമല്ല, ഇതര മതങ്ങളും ഉത്സാഹപൂർവ്വം ഏറ്റു നടത്തുന്നുണ്ട്. സഹജീവികളായ പാവപ്പെട്ടവരെ പ്രത്യേകം കരുതുകയും അവർക്കുവേണ്ടി ത്യാഗം അനുഷ്ഠിച്ച് ജീവിതം ധന്യമാക്കുകയും ചെയ്യുക എന്ന ചിന്താഗതി മത വർഗ്ഗ വർണ്ണ ഭേദമെന്യേ ഇന്ന് ഏത് കാലത്തെക്കാളും കൂടുതൽ പ്രസക്തവുമായിട്ടുണ്ട്. മനുഷ്യസേവന കേന്ദ്രങ്ങൾ, അനാഥ-ആതുര സ്ഥാപനങ്ങൾ, ബാല-വൃദ്ധ ഭവനങ്ങൾ, പട്ടിണി നിവാരണ പ്രസ്ഥാനങ്ങൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ മുതലായവ ഇന്ന് പ്രധാന സേവനമണ്ഡലങ്ങളാണല്ലോ. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ള മനുഷ്യസേവന പ്രവർത്തനങ്ങളാണ് പൊതുവെ വിജയപ്രദമായിത്തീരുന്നതെന്നും കാണാൻ കഴിയും. അതുകൊണ്ട് ആശ്രമപ്രസ്ഥാനത്തിന്റെ അന്തസ്സത്ത ഈശ്വരനെ മുൻനിറുത്തിയുള്ള ബഹുതല ആദ്ധ്യാത്മിക സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാണെന്നു സമർത്ഥിക്കാനാവും.

മലങ്കരസഭയും വിഭിന്ന ഭദ്രാസനങ്ങളും, ഇടവകകളും സംഘടനകളും സ്ഥാപനങ്ങളും സേവനസന്നദ്ധരായ ചില വ്യക്തികളും വിവിധ രംഗങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യസേവനങ്ങളുടെ വൈപുല്യം സാധാരണക്കാർക്കു മനസ്സിലാകാത്തതു ആശ്രമങ്ങളും മറ്റും വേണ്ടത്ര പ്രചരണവും പ്രസിദ്ധീകരണവും നടത്താത്തതുകൊണ്ടാണ്. വിളക്കു കത്തിച്ചു പറയിൻ കീഴിൽ വയ്ക്കുന്ന സ്വഭാവം എന്നേ മാറ്റേണ്ടിയിരിക്കുന്നു. ആശ്രമങ്ങളുടെയും മറ്റും നല്ല പ്രവർത്തനങ്ങൾ അറിയുന്തോറും ആളുകൾ അവയിൽ താൽപര്യം എടുക്കുകയും കൂടുതൽ സഹകരിക്കുകയും ചെയ്യുമെന്നുള്ളതാണു അനുഭവചരിത്രം.

സന്യാസാശ്രമങ്ങൾ ആരംഭിച്ച് അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞാണു അവയെപ്പറ്റി മലങ്കരസഭ അറിയുന്നതും ആശ്രമങ്ങൾ ആരംഭിക്കുന്നതും. എം. ഡി. സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ

ദീവന്നാസ്യോസ് അഞ്ചാമൻ മേൽപട്ടസ്ഥാനം ഏൽക്കാൻ മർദ്ദീനിൽ എത്തിയപ്പോൾ അന്ത്യോക്യയിലും പേർഷ്യയിലുമുള്ള സഭകൾ സന്ദർശിക്കുകയും അവരുടെ ദയറാകൾ കണ്ടു വിസ്മയഭരിതനാകുകയും ചെയ്തു. ആ സ്വാധീനത്തിന്റെ ഫലമായിട്ടാണു മലങ്കരയിലെ പ്രഥമ ദയറായായ വെട്ടിക്കൽ ദയറ അഥവാ ആശ്രമം അദ്ദേഹം മുളന്തുരുത്തി ഇടവകയുടെ വെട്ടിക്കൽ കുരിശുപള്ളിയോടു ചേർന്നുള്ള കെട്ടിടത്തിൽ 1872-ൽ ആരംഭിച്ചത്.

20-ാം നൂറ്റാണ്ടിൽ വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ 1918-ൽ ആരംഭിച്ച റാന്നി ബഥനി ആശ്രമവും 1930-ൽ തോമ്മാ മാർ ദീവന്നാസ്യോസ് ആരംഭിച്ച പത്തനാപുരം താബോർ ദയറായും ഇന്നു മലങ്കരസഭയിലുള്ള ദശക്കണക്കിനാശ്രമങ്ങളുടെയും ദയറാകളുടെയും ശൃംഖലകളിലെ ആദ്യ കണ്ണികളാണ്. അവയുടെ പട്ടികയൊന്നും നിരത്താൻ ഇവിടെ ഉദ്ദേശ്യമില്ല. സകല ദയറാകളുടെയും ആശ്രമങ്ങളുടെയും സന്യാസിനീസന്യാസ സ്ഥാപനങ്ങളുടെയും മറ്റു സേവനകേന്ദ്രങ്ങളുടെയും സ്ഥാപനം, ചരിത്രം, ഇന്നത്തെ പ്രവർത്തകർ, ബഹുമുഖ പ്രവർത്തനങ്ങൾ എന്നിവ തയ്യാറാക്കി എത്രയും വേഗം പ്രസിദ്ധപ്പെടുത്തേണ്ടതിന്റെ അനിവാര്യതയിലേക്കു വിരൽചൂണ്ടാനാണ് ഇത്രയും പറഞ്ഞത്. ഇതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതി രൂപവൽക്കരിക്കുകയും വേണ്ട സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഭയും ഭദ്രാസനങ്ങളും, മേൽപട്ടക്കാരും, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളും ആരംഭിച്ച് നല്ല നിലയിൽ നടത്തി വന്ന ചില ആശ്രമങ്ങൾക്കുണ്ടായിട്ടുള്ള തടസ്സങ്ങളും മാന്ദ്യവും നീക്കി അവയെ പുനരുദ്ധരിക്കേണ്ടതുണ്ട്. ആശ്രമങ്ങൾ സഭയുടെ ആത്മീയ ജീവിത പരിപോഷണ സ്രോതസ്സുകളും ഉത്തമന്മാരായ മേൽപട്ടക്കാരുടെയും വൈദികരുടെയും നഴ്സറികളുമാണല്ലോ.

മദർ സൂസൻ കുരുവിളയുടെ കണ്ടനാട് ആശ്രമം

സാധാരണഗതിയിൽ സഭയും ഭദ്രാസനങ്ങളും മേൽപട്ടക്കാരും ചില പ്രമുഖ ഇടവകകളും മിഷൻ ബോർഡുപോലെയുള്ള സുവിശേഷ സേവന പ്രസ്ഥാനങ്ങളും മറ്റും നടത്തുന്ന ദയറാകൾ, ആശ്രമങ്ങൾ, മഠങ്ങൾ, അനാഥ ബാലികാബാലഭവനങ്ങൾ, വൃദ്ധഭവനങ്ങൾ മുതലായവകളിൽ നിന്നും തികച്ചും വ്യത്യസ്തമായി ദൈവകൃപയുടെ പ്രേരണയാൽ ഒരു സിസ്റ്റർ ആരംഭിച്ച് നാലര ദശാബ്ദമായി നല്ല നിലയിൽ നടത്തിവരുന്ന ഒരു ബഹുമുഖ സേവനകേന്ദ്രമായ കണ്ടനാട് (മുളന്തുരുത്തി) മാർ ഗ്രീഗോറിയോസ് ആശ്രമത്തിലേക്കു അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. ആശ്രമ സ്ഥാപകയായ സിസ്റ്റർ സൂസൻ കുരുവിളയുടെയും (ഇപ്പോൾ മദർ) 1973-ൽ ആരംഭിച്ച ആശ്രമത്തിന്റെയും ചരിത്രം അത്ഭുതകരവും അപ്രതീക്ഷിത ദൈവിക നടത്തിപ്പിന്റെയുമാണ്. മലങ്കര സഭാസാഗരത്തിലെ ബഹുമുഖ സേവനകേന്ദ്രമായ ഒരു ചെറിയ തുരുത്താണ് കണ്ടനാട് ആശ്രമം എന്നു വിശേഷിപ്പിച്ചാലും തെറ്റില്ല. സ്ഥാപകയായ മദർ സൂസൻ കുരുവിളയുടെ ജീവചരിത്രവും ആശ്രമത്തിന്റെ ചരിത്രവും ഇതിനകം പുസ്തകങ്ങളിലും പത്രമാസികകളിലും വന്നിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. ഇന്നു നവതിയുടെ നറുംനിലാവിൽ നിലനിന്നുകൊണ്ടു തന്റെ പ്രവർത്തനത്തെ ദൈവം ധാരാളമായി അനുഗ്രഹിച്ചു വളർത്തിയതിൽ മദർ വിനയപൂർവ്വം ആനന്ദക്കണ്ണീർ പൊഴിക്കുന്ന കാഴ്ച ആശ്രമത്തിൽ എത്തുന്ന ആരെയും വിസ്മയഭരിതരായി ത്രസിപ്പിക്കാൻ പര്യാപ്തമാണ്.

സ്ഥാപകയുടെയും സ്ഥാപനത്തിന്റെയും ചരിത്രസംഗ്രഹത്തിലേക്കു കടക്കുന്നതിനു മുമ്പ് പ്രവർത്തനനിരതമായ ആശ്രമത്തിന്റെ ചരിത്രത്തിലേക്കു ഒന്ന് എത്തിനോക്കാം. കഴിഞ്ഞ 45 വർഷത്തിനിടയിൽ ഒട്ടധികം പാവപ്പെട്ടവരെ സഹായിച്ചും സംരക്ഷിച്ചും ചരിത്രം സൃഷ്ടിച്ച മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ ഇപ്പോൾ നൂറിൽപരം അന്തേവാസികളാണുള്ളത്. അനാഥരും, സാധുക്കളും, പാവപ്പെട്ട വിദ്യാർത്ഥിനീവിദ്യാർത്ഥികളും, അംഗഹീനരും, വൃദ്ധരും മറ്റും ഉൾപ്പെട്ട ഗ്രൂപ്പുകൾക്കു പ്രത്യേകം പ്രത്യേകം കെട്ടിടങ്ങളിലാണു താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. സൗജന്യ ചികിത്സാസഹായത്തിനുള്ള ക്ലിനിക്, സാധുരോഗികൾക്കുവേണ്ടിയുള്ള ആംബുലൻസ് സർവീസ്, ജോലിയില്ലാത്ത പാവപ്പെട്ടവർക്കു ജോലി നൽകാനുള്ള ക്രാഫ്റ്റ് സ്കൂൾ മുതലായവ ആശ്രമപ്രവർത്തന പദ്ധതികളുടെ ഭാഗമാണ്.

അന്തേവാസികളായ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി അവർക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യം നൽകുകയും അവരെ ഉത്തമപൗരന്മാരാക്കി



മാറ്റുകയും ചെയ്യുന്ന രീതി ഏറെ അഭിലഷണീയമായി തോന്നി. കൂടാതെ സൗജന്യമായി ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളും നടത്തുന്നു.

സാധു വിധവകളുടെ പെൺമക്കൾക്കു വിവാഹസഹായം നൽകുന്നതും ഭവനരഹിതർക്കു വീടുവച്ചുകൊടുക്കുന്നതും ആശ്രമത്തിന്റെ സേവനപ്രവർത്തനത്തിൽ ഉൾപ്പെടുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങളോടു സഹാനുഭൂതിയോടു പ്രതികരിക്കുകയും നല്ല ശമര്യക്കാരനോടു തുല്യം പ്രവർത്തിക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും വിശക്കുന്നവർക്കു ഭക്ഷണം നൽകി പോറ്റുകയും ചെയ്യുന്നതിൽ അവർണ്ണനീയമായ ആനന്ദം കണ്ടെത്തുന്ന മദർ സൂസൻ കുരുവിളയ്ക്ക് ഇക്കാര്യത്തിൽ പ്രായത്തിന്റെ ക്ഷീണം ഒന്നുമില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ 91-കാരിക്കു 19-കാരിയുടെ ഉത്സാഹവും ഊർജ്ജവും.

മദർ സൂസൻ: കൃപയിലൂടെ

പ. പരുമല തിരുമേനിയുടെ പാദസ്പർശത്താൽ അനുഗൃഹീതമായ വളഞ്ഞവട്ടം തൈക്കടവിൽ കുരുവിള-തങ്കമ്മ ദമ്പതികളുടെ പുത്രിയായി 1927 ജൂലൈ 26-നു കുഞ്ഞമ്മ എന്ന സൂസൻ ജനിച്ചു. മുടങ്ങാത്ത കുടുംബപ്രാർത്ഥനയും പള്ളിആരാധനകളും കുഞ്ഞമ്മയുടെ ആദ്ധ്യാത്മിക ജീവിതത്തെ പോഷിപ്പിച്ചു. പന്ത്രണ്ടാം വയസ്സിൽ നിരണം ഇലഞ്ഞിക്കൽ ചാപ്പലിലെ പ്രാർത്ഥനാവേളയിൽ ദൈവവിളി ഉണ്ടായി. പതിമൂന്നാം വയസ്സിൽ പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിലെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ സംബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ ശരീരം ആസകലം അതികഠിനമായി വേദന ഉണ്ടാകുകയും കർത്താവിന്റെ പഞ്ചക്ഷതങ്ങൾ രക്തം വമിച്ച് പ്രത്യക്ഷപ്പെടുകയും ചെയ്തു. ചൊവ്വാ, വെള്ളി, മറ്റ് പ്രത്യേക അവസരങ്ങളിലും അതികഠിനവേദനയോടെ രക്തം വമിച്ച് കർത്താവിന്റെ പീഡാനുഭവയാതന അനുഭവിക്കുന്നു. ഈ 'വേദന'യുടെ അന്ത്യം പ്രത്യേകം ദൈവകൃപാകടാക്ഷം ബാലികയിൽ ഉണ്ടായിക്കൊണ്ടിരുന്നു.

ബാലികയുടെ ആത്മീയ ജീവിത പ്രത്യേകതകളെ ഡോക്ടർമാരും സഭാദ്ധ്യക്ഷന്മാരും വേറെ വേറെ പരിശോധിച്ചു. ഒന്നും പിടികിട്ടിയില്ല. "അത്ഭുത കന്യക"യായി വളർന്നുവന്ന കുഞ്ഞമ്മ, പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പ്രിയങ്കരിയായ ആത്മീയ പുത്രിയായി തീർന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കൽ പോയി പ്രാർത്ഥിച്ച് ആ മദ്ധ്യസ്ഥത മൂലം കൃപാകടാക്ഷത്തിൽ വളർന്നു. ആത്മീയമായി ഉയർന്ന കുഞ്ഞമ്മയെ 17-ാം വയസ്സിൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ, സിസ്റ്റർ സൂസൻ കുരുവിള എന്ന നാമത്തിൽ കന്യാസ്ത്രീയാക്കി. 'കല്ലാശ്ശേരിൽ ബാവ'യുടെ കാലശേഷം മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ നേതൃത്വത്തിൽ സിസ്റ്റർ, നിത്യകന്യാവ്രത ജീവിതസപര്യ നിർവിഘ്നം തുടർന്നു.

അസാധാരണ ആത്മീയ നൽവരം ദാനമായി ലഭിച്ച സിസ്റ്റർ സൂസന്, പരുമല തിരുമേനിയുടെ ജന്മനാട്ടിൽ ഒരു ധർമ്മസ്ഥാപനം തുടങ്ങുവാനുള്ള “ദൈവിക ദൂത്” ലഭ്യമായി. അങ്ങനെ 1973-ൽ മുളന്തുരുത്തി-കണ്ടനാട് റോഡരികിൽ വേഴപ്പറമ്പിൽ “മാർ ഗ്രീഗോറിയോസ് ആശ്രമം” സ്ഥാപിതമായി.

1991-ൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ച മാർ ഗ്രീഗോറിയോസ് ആശ്രമം ചാപ്പലിൽ യാമപ്രാർത്ഥനകളും വി. കുർബ്ബാനയും നിർവിഘ്നം നടന്നുവരുന്നു. ഈ പ്രസ്ഥാനത്തിന്റെ ആത്മീയ സ്രോതസ്സാണ് ഈ ചാപ്പൽ.

പത്തു വർഷം മുമ്പ് സിസ്റ്റർ സൂസൻ കുരുവിളയെ മദർ സൂസൻ എന്ന പേരിൽ ആശ്രമം മദർ ആക്കുകയും ആശ്രമം അംഗമായ ഫാ. മാത്യുവിനെ റമ്പാനാക്കുകയും ആശ്രമം അംഗങ്ങളായ ഡെയ്സി, മറിയാമ്മ എന്നിവരെ സിസ്റ്റർ നവോമി, സിസ്റ്റർ മറിയാമ്മ എന്നീ പേരുകളിൽ സിസ്റ്റേഴ്സ് ആക്കുകയും ചെയ്തുകൊണ്ട് പ. ദിദിമോസ് പ്രഥമൻ ബാവാ, ആശ്രമപ്രവർത്തനങ്ങൾക്ക് സഭാതല അംഗീകാരം നൽകി.

1973-ൽ വെറുംകൈയോടെ മുളന്തുരുത്തിയിലേക്ക് വന്ന സിസ്റ്ററെ “കൃപയിലൂടെ” ദൈവം നടത്തി ഇന്നു കാണുന്ന ആശ്രമം ഉളവാക്കി. ആ ദൈവം തന്റെ വിളിയെ തീർച്ചയായും കൃപയിലൂടെ തന്നെ പൂർത്തീകരിക്കുമെന്ന് മദർ സൂസൻ ഉറച്ച് വിശ്വസിക്കുന്നു.

ഒരു ദൃക്സാക്ഷിയുടെ അനുഭവ വിവരണം

മദർ സൂസൻ കുരുവിളയുടെ നവതിയോടനുബന്ധിച്ച് കഴിഞ്ഞ സെപ്തംബറിലെ ‘മലങ്കര സഭാ’ മാസികയിൽ പ്രസിദ്ധീകരിച്ച അവരുടെ ജീവചരിത്ര പ്രധാനമായ ലേഖനത്തോടനുബന്ധിച്ച് വർഷങ്ങൾക്ക് മുമ്പ് അത്ഭുതകന്യകയെ നേരിട്ടു കണ്ട റിട്ട. ക്യാപ്റ്റൻ കെ. എസ്. ജോസഫ് (കണ്ണൻതുരുത്തിൽ, പരിയാരം, കോട്ടയം 21) എഴുതി അയച്ച കുറിപ്പാണു ചുവടെ ചേർക്കുന്നത്.

ഏകദേശം 73 വർഷങ്ങൾക്കു മുമ്പ് മാക്കാംകുന്ന് പള്ളിയിൽ വെച്ച് ദുഃഖവെള്ളിയാഴ്ച കുഞ്ഞമ്മ എന്ന പെൺകുട്ടിയുടെ ദേഹത്ത് അത്ഭുതകരമായി കർത്താവിന്റെ പഞ്ചക്ഷതങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. ഏതാനും ദിവസങ്ങൾക്കുശേഷം അവൾ കോട്ടയത്ത് വരുന്നു എന്നറിഞ്ഞ് ഞാനും രണ്ട് കൂട്ടുകാരും കൂടി കുരിശുപള്ളിക്കു സമീപം അവർ താമസിച്ച വീട്ടിൽ പോയി. ആ പെൺകുട്ടി ഒരു മുറിയിൽ കസേരയിൽ ഇരിക്കുകയായിരുന്നു. ഞങ്ങൾ കൈവെള്ളയിലെ ആണിപ്പാടുകൾ കണ്ടു. ആ മുറിയിൽ അയ്മനം കല്ലുങ്കത്ര പള്ളി വികാരി ചാലാശ്ശേരി അച്ചനും വേറെ രണ്ടുമൂന്നു ആളുകളും ഉണ്ടായിരുന്നു. ഏകദേശം പത്തു മിനിറ്റ് കഴിഞ്ഞ് പുരപ്പുറത്ത് ആലിപ്പഴം

വീഴുന്നപോലെ ശബ്ദം ഉണ്ടായി. തുടർന്ന് പല്ലി മുട്ടായി പോലെ വെളുത്ത സാധനം മുറിക്കകത്ത് മുകളിൽ നിന്ന് ചിതറി വീഴുവാൻ തുടങ്ങി. ഞങ്ങൾ ആ അത്ഭുതം കണ്ട് സ്തംഭിച്ച് നിന്നുപോയി. ചാലാശ്ശേരിൽ അച്ചൻ അതു സ്വർഗ്ഗത്തിൽ നിന്ന് വീണ മന്ന ആണെന്നു പറഞ്ഞു രുചിച്ചുനോക്കി പുളി രസമായിരുന്നു.

എനിക്ക് അന്ന് പന്ത്രണ്ടു വയസ്സ് പ്രായമായിരുന്നു. ബാലമനസ്സായിരുന്നതുകൊണ്ട് ഒട്ടും സംശയിക്കാതെ അത് ദൈവം കാണിച്ച അത്ഭുതമായിട്ട് പരിപൂർണ്ണമായി വിശ്വസിച്ചു. ഇപ്പോഴും വിശ്വസിക്കുന്നു. തുടർന്ന് ആ പെൺകുട്ടി പാത്താമുട്ടത്തുള്ള ബഹുമാനപ്പെട്ട മാളിയേക്കൽ കുറിയാക്കോസ് റമ്പാച്ചന്റെ പള്ളിയിൽ കുറെ ദിവസങ്ങൾ താമസിച്ചു. അത്ഭുതങ്ങൾ അവിടെയും ആവർത്തിച്ചു. രോഗികൾ സൗഖ്യമായി. ആളുകൾ തടിച്ചുകൂടി.

മലങ്കരസഭാ മാസികയിലെ ലേഖനത്തിൽ പറയുന്നതുപോലെ കുഞ്ഞമ്മ എന്ന പെൺകുട്ടിക്ക് ആദ്യം കർത്താവ് വെളിപ്പെടുന്നത് ഇലഞ്ഞിക്കൽ കുടുംബ വകയായി ആ തറവാട്ടുമുറ്റത്തുള്ള ദേവാലയത്തിൽ വച്ചാണ്. ഈ ദേവാലയത്തിന് ഒരു അത്ഭുത ചരിത്രമുണ്ട്. ആ കാര്യത്തെപ്പറ്റി മാമ്മൻ മാപ്പിള തന്റെ “ജീവിത സ്മരണകൾ” എന്ന പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട് (പേജ് 10, 11).

നൂറ്റാണ്ടുകൾക്കു മുമ്പ് ഇലഞ്ഞിക്കൽ തറവാട്ടുമുറ്റത്ത് മാർ ഗ്രീഗോറിയോസിന്റെ നാമത്തിൽ ഒരു ദേവാലയം പണിയാൻ ഇടയായത് അതിശയം തന്നെ. ആ ദേവാലയം പണിയിച്ച ഗൃഹനാഥന്റെ കൊച്ചുമകൾക്ക് അതേ ദേവാലയത്തിൽ വച്ച് കർതൃദർശനം ഉണ്ടായതും അത്ഭുതം. ആ പെൺകുട്ടിയുടെ ദേഹത്ത് കർത്താവിന്റെ പഞ്ചക്ഷതങ്ങൾ പ്രത്യക്ഷപ്പെട്ടതും മന്നാപൊഴിഞ്ഞതും അവരുടെ പ്രാർത്ഥനയിൽ രോഗസൗഖ്യം ഉണ്ടായതും അതിശയങ്ങൾ തന്നെ.

തിരുസഭയിൽ കന്യാസ്ത്രീയായും പിന്നീട് മദറായി ഉയർത്തപ്പെടുകയും, വെറും കൈയായി മുളന്തുരുത്തിയിൽ ചെന്ന് ഒട്ടും പ്രതീക്ഷിക്കാത്തിടത്തു നിന്ന് കിട്ടിയ സാമ്പത്തിക സഹായം കൊണ്ട് മനോഹരമായ ഒരു ദേവാലയം മറ്റൊരു പരിശുദ്ധ ഗ്രീഗോറിയോസിന്റെ നാമത്തിൽ പണിയിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതു വലിയ ദൈവകൃപ തന്നെയാണ്.

മേൽപ്പറഞ്ഞ സെപ്റ്റംബർ ലക്കത്തിലെ വാർത്ത കണ്ടതിനുശേഷം ഞാൻ മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ ചെന്ന് അമ്മയെ കണ്ടു. പഴയ കാര്യങ്ങൾ ഓർമ്മിപ്പിച്ചപ്പോൾ വളരെ സന്തോഷിച്ചു. അടുത്ത് വിളിച്ചിരുത്തി ഫോട്ടോ എടുപ്പിച്ചു. അനുഗ്രഹിച്ചയച്ചു.

സഭാമക്കൾ മുളന്തുരുത്തിയിലെ മാർ ഗ്രീഗോറിയോസ് ആശ്രമവും അവിടെ 91-ാം വയസ്സിലും ആരോഗ്യവതിയായി കഴിയുന്ന അമ്മയേയും സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുന്നതു നല്ലതാണെന്നു പറയട്ടെ.